ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം

Indian Orthodox Sabha Charithra Vijnanakosam
(Encyclopaedia on Church History)

By

Fr. Dr. Joseph Cheeran

Publisher	:	**K. V. Mammen Kottackal** Kottackal Publishers, P. B. 10, Manganam Kottayam - 686018 Phone: 0481 - 2578936
First Published	:	Dec., 2007
Copy Right Reserved		
Typesetting & Printing	:	Sophia Print House, Kottayam Ph: 3255054
Cover	:	Equations, Kottayam Ph: 3203114

Rs. 500/-

ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം

ഫാ. ഡോ. ജോസഫ് ചീരൻ

പ്രസാധകൻ:

കെ. വി. മാമ്മൻ

കോട്ടയ്ക്കൽ പബ്ളിഷേഴ്സ്

പി. ബി. 10, മാങ്ങാനം, കോട്ടയം 686 018 കേരളം

ഫോൺ: 0481 – 2578936

ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം
2. ജഗദീശ് ചന്ദ്രബോസ്
3. മാർ ഇഗ്നാത്യോസിന്റെ സപ്തലേഖനങ്ങൾ (പരിഭാഷ)
4. സെമിനാർ പ്രബന്ധങ്ങൾ (എഡിറ്റർ)
5. സഭാജ്യോതിസ് മാർ ദീവന്നാസ്യോസ്
6. മലങ്കരസഭയും കേരള സംസ്കാരവും
7. ഇന്ത്യൻ ഓർത്തഡോക്സ് സഭ: വിമർശാത്മക പഠനം
8. മലങ്കരയുടെ പ്രവാചകൻ
9. സഭയിലെ പ്രതിസന്ധികൾ (എഡിറ്റർ)
10. ഭാരതത്തിലെ പ്രാചീന ബൈബിൾ (പഠനം, വ്യാഖ്യാനം)
11. ആധുനിക മലയാള കവിതയും ബൈബിളും (ഗവേഷണ പ്രബന്ധം)
12. മഹാത്മാവായ കർമ്മയോഗി
13. ഒരു പരദേശയാത്രയുടെ കഥ (എഡിറ്റർ)
14. ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രവും സംസ്കാരവും (സഹ ഗ്രന്ഥകാരൻ)
15. വട്ടശ്ശേരിൽ തിരുമേനി: മലങ്കരസഭയുടെ കോട്ട (സഹ ഗ്രന്ഥകാരൻ)
16. സിറിയൻ പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗം (സഹ ഗ്രന്ഥകാരൻ)
17. സണ്ടെസ്കൂൾ അധ്യാപകസഹായി (എഡിറ്റർ)
18. സംസ്കാര പഠനങ്ങൾ (ജനറൽ എഡിറ്റർ)
19. അക്ഷരങ്ങളുടെ ആചാര്യൻ (ഷഷ്ടിപൂർത്തി ഉപഹാരഗ്രന്ഥം)
20. പത്രാധിപലേഖനങ്ങൾ
21. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ
22. ഓർത്തഡോക്സ് പ്രഭാഷണങ്ങൾ
23. ഓർത്തഡോക്സ് പള്ളിപ്പാട്ടുകൾ
24. മലങ്കരസഭയിലെ പടിയോലകൾ
25. ഇന്ത്യൻ ഓർത്തഡോക്സ് സഭ (എ. ഡി. 52–2007)
26. സഭാ ദർശൻ (3 മണിക്കൂർ, വീഡിയോ കാസറ്റ്)
27. സുറിയാനി സംഗീതം (ഓഡിയോ കാസറ്റ്)
28. മാർത്തോമ്മായുടെ ഇന്ത്യൻ ഓർത്തഡോക്സ് സഭ (അച്ചടിയിൽ; ഇംഗ്ലീഷ്)
29. കണ്ടനാട് ഗ്രന്ഥവരി (എഡി. വ്യാഖ്യാനം, അച്ചടിയിൽ)

സമർപ്പണം

അർഹതയ്ക്ക് ആനുപാതികമായ ശ്രദ്ധയും ആദരവും അംഗീകാരവും ലഭിക്കാതെ അസ്തമിച്ച രണ്ട് തേജോഗോളങ്ങൾ മലങ്കരസഭാചരിത്രത്തിൽ വഴിവിളക്കുകളായി ദിവ്യപ്രഭ ചൊരിയുന്നു. മാർത്തോമ്മാശ്ലീഹായുടെ സ്മരണയും പേറി നില്ക്കുന്ന പാലൂർ-ചാട്ടുകുളങ്ങരപ്പള്ളിയുടെ പുനർനിർമ്മാണം, ആർത്താറ്റ്-കണ്ടനാട് പടിയോലകളുടെ പ്രഖ്യാപനം, പ്രഥമ മലയാളം ബൈബിളിന്റെ 1811-ലെ വിവർത്തനം, കോട്ടയം പഴയ സെമിനാരിയുടെ നിർമ്മാണം, തിരുവിതാംകൂർ-കൊച്ചി പ്രദേശത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രോദ്ഘാടനം, വംശപാരമ്പര്യം മാത്രം പരിഗണിച്ച് നടന്നിരുന്ന പകലോമറ്റം മെത്രാൻവാഴ്ചയുടെ അസ്തമയം, പൊതുസഭാതെരഞ്ഞെടുപ്പിന്റെ പിൻബലത്തോടെ മെത്രാന്മാരെ കണ്ടെത്തുന്ന ജനാധിപത്യ വ്യവസ്ഥയുടെ ഉദയം എന്നിങ്ങനെ 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മലങ്കരസഭയെ ആധുനികയുഗത്തിലേക്ക് നയിച്ച സംക്രമണനായകനാണ് അവരിൽ പ്രാതഃസ്മരണീയൻ; **പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ.**

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായാണ് കേരളത്തെ പൊതുവിലും മലങ്കരസഭയെ സവിശേഷമായും 20-ാം നൂറ്റാണ്ടിലെ നവോത്ഥാനത്തിലേക്ക് സഫലമായി സംക്രമിപ്പിച്ച മറ്റൊരു യുഗപുരുഷൻ. അദ്ദേഹം നവീകരണത്തിന്റെ മേലങ്കിയണിഞ്ഞ് മലങ്കരസഭയെ വിഴുങ്ങുവാൻ വന്ന പാശ്ചാത്യസംരംഭങ്ങളുടെ നേരെ കൊടുങ്കാറ്റായി നിലകൊണ്ടു. കേരളപതാക, സുറിയാനി സുവിശേഷകൻ, ഇടവകപത്രിക എന്നീ പത്രങ്ങളും അച്ചടിയിലേക്ക് പ്രവേശിക്കാതിരുന്ന കുർബ്ബാനതക്സാ, കൂദാശക്രമങ്ങൾ (രണ്ടും സുറിയാനി), മലയാളം നമസ്കാര-കുർബ്ബാനക്രമങ്ങൾ തുടങ്ങിയവയും അച്ചടിച്ച് പ്രസി



പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായും



ഢീകരിച്ചു. ഒന്നാമത്തെ ദയറ വെട്ടിയ്ക്കലിൽ സ്ഥാപിച്ചു. സഭാതലത്തിൽ വൈദികസംഘം, മഹാജനസഭ, ജാത്യൈക്യസംഘം, വിജാതീയമിഷൻ, വിദ്യാർത്ഥിപ്രസ്ഥാനം, സണ്ടെസ്കൂൾ പ്രസ്ഥാനം, സഭാ അഭിവർദ്ധിനീ സംഘം എന്നിവ സ്ഥാപിച്ചു. 1873-ൽ പരുമലയിലും 1876-ൽ മുളന്തുരുത്തിയിലും ചേർന്ന പള്ളിപ്രതിപുരുഷയോഗങ്ങൾ മുഖേന മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ, സഭാ മാനേജിംഗ് കമ്മിറ്റി എന്നിങ്ങനെ സമീപകാലത്തെ സുപ്രീംകോടതി വിധികൾ മൂലം തിളക്കം വർദ്ധിച്ച ജനാധിപത്യശൈലിയിലുള്ള സഭാഭരണവേദികൾക്ക് രൂപം നൽകി. പരുമല, മുളന്തുരുത്തി സുന്നഹദോസുകൾ പ്രഖ്യാപിച്ച നിശ്ചയങ്ങളിലൂടെ സഭയുടെ കേന്ദ്രതല ഭരണം വ്യവസ്ഥാപിതമാക്കി. കുന്നംകുളം സെഹിയോൻ ബംഗ്ലാവ്, വെട്ടിയ്ക്കൽ, കോട്ടയം (എം. ഡി.), പരുമല, മാവേലിക്കര (കോട്ടപ്പുറം) എന്നിവിടങ്ങളിൽ വൈദികസെമിനാരികൾ സ്ഥാപിച്ച ആ ക്രാന്തദർശി കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങളിലായി 250-ലേറെ മലയാളം പള്ളിക്കൂടങ്ങളും ഏതാനും ഇംഗ്ലീഷ് വിദ്യാലയങ്ങളും സ്ഥാപിച്ച് അവയിൽ ജാതിമത വർണ്ണലിംഗഭേദമെന്യേ സാർവത്രിക വിദ്യാഭ്യാസം നൽകി സാക്ഷരകേരളത്തിന് അടിസ്ഥാനശിലയിട്ടു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മുടക്കു കല്പനകളുടെ മുന ഒടിച്ച് അനുരഞ്ജന കലയുടെ വിജയമാണ് തന്റെ ശക്തി എന്ന് ചരിത്രത്തെ ബോധ്യപ്പെടുത്തി. വൈദേശികവും ആഭ്യന്തരവുമായ സർവ ശിഥിലീകരണ പ്രവണതകളെയും പരാജയപ്പെടുത്തി ദിഗ്വിജയം നേടിയ അദ്ദേഹത്തിന്റെ പിന്നിൽ മലങ്കരസഭ ഐക്യത്തോടെ നിലകൊണ്ടു.

മാർഗ്ഗദർശനം നൽകുന്ന ചൂണ്ടുപലകകൾ ആയി ഈ രണ്ട് സഭാപിതാക്കന്മാർ ആധുനിക മലങ്കരസഭയുടെ ചരിത്രത്തിൽ ഭാവികരണീയങ്ങൾ എന്തെന്ന് മൂകമെങ്കിൽപ്പോലും ഉച്ചത്തിൽ പ്രബോധനം നൽകുന്നുണ്ട്.

കർമ്മധീരരും യുഗസ്രഷ്ടാക്കളുമായ ഈ പരിശുദ്ധപിതാക്കന്മാരുടെ ധന്യസ്മരണകൾക്കു മുമ്പിൽ ഈ കൃതിയെ വിനയപൂർവം സമർപ്പിക്കുന്നു.

- ഗ്രന്ഥകർത്താവ്

Telegrams: Devalokam Telephone: 0481-2574323, 2578500
E-mail-orthodox@md4.vsnl.net.in Fax: 0481-2570569

The Malankara Orthodox Syrian Church

Catholicate of the East

Baselios Marthoma Didymus I
Catholicos of
The Apostolic Throne of
St. Thomas
And Malankara Metropolitan

Catholicate Palace
Kottayam - 686 038
Kerala, India

നവംബർ 27, 2007

സഭാചരിത്ര വിജ്ഞാനകോശം സഭയ്ക്ക് ഒരു മുതൽകൂട്ട്

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വാത്സല്യവാൻ കെ. വി. മാമ്മന് വാഴ്വ്!

പ്രിയനെ,

പരിശുദ്ധ സഭയുടെ ചരിത്രസംബന്ധമായ വസ്തുതകളെ ക്രോഡീകരിച്ചുകൊണ്ട് പ്രിയൻ പ്രസിദ്ധപ്പെടുത്തുന്ന "ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം" എന്ന പുസ്തകത്തെക്കുറിച്ച് അറിയുവാൻ ഇടയായതിനാൽ നാം അത്യധികമായി സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സഭാചരിത്ര ഗ്രന്ഥങ്ങളിൽ നിന്നു വേറിട്ട ഒരു ഉദ്യമമായി നാം ഇതിനെ മനസ്സിലാക്കുന്നു. തിരക്കിട്ട ജീവിത സാഹചര്യത്തിൽ സുദീർഘമായ വായന സുസാദ്ധ്യമല്ലാത്ത ഇക്കാലത്ത് ഒരു 'റഫറൻസ് ഗ്രന്ഥം' എന്ന നിലയിൽ വേഗത്തിൽ സമീപിക്കുന്നതിനും വിഷയങ്ങൾ അപഗ്രഥിക്കുന്നതിനും ഇതു പ്രയോജനപ്പെടും എന്നതിൽ രണ്ട് പക്ഷമില്ല.

പൂർവ്വകാല ചരിത്ര അവബോധത്തിൽ നിന്ന് മാത്രമേ ഭാവിയിലേക്കുള്ള സുശക്തമായ ചുവടുവെയ്പ് സാധ്യമാകുകയുള്ളൂ. പൗരാണികതയെ അഭിമാനപൂർവ്വം താലോലിക്കുന്ന നമ്മുടെ സഭയ്ക്ക് ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാകും എന്ന് നമുക്ക് ഉത്തമ ബോധ്യമുണ്ട്.

സഭാചരിത്ര രചനകളിൽ ഗ്രന്ഥകർത്താവായ നമ്മുടെ പ്രിയമുള്ള ജോസഫ് ചീരൻ കത്തനാരും പ്രസാധകനായ പ്രിയനും പ്രകടിപ്പിക്കുന്ന ഔത്സുക്യത്തെ നാം പ്രത്യേകം ശ്ലാഘിക്കുന്നു. പരിശുദ്ധ സഭയോടും പിതാക്കന്മാരോടുമുള്ള സ്നേഹവും ആദരവുമാണ് അതിന് പ്രേരകം എന്ന് നാം മനസ്സിലാക്കുന്നു. ശ്രമകരമായ ഈ ദൗത്യം ഏറ്റെടുക്കുവാനും പൂർത്തീകരിക്കുവാനും കഴിഞ്ഞതിൽ പ്രിയനെ നാം അനുമോദിക്കുന്നു. സഭാംഗങ്ങൾക്ക് മാത്രമല്ല ചരിത്ര പഠിതാക്കൾക്കെല്ലാം ഈ ഗ്രന്ഥം പ്രചോദനവും സഹായകവുമാകട്ടെ എന്ന് നാം ആശംസിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

അവതാരിക

മലയാള ദൈവശാസ്ത്ര സാഹിത്യത്തിലെ ഒരു ക്ലാസിക് കൃതി

ഭാരതസഭയുടെ ഉത്ഭവത്തെക്കുറിച്ചും ചരിത്രത്തിൽ അതിന്റെ വളർച്ചയെക്കുറിച്ചും വ്യക്തമായ വിശദീകരണം നൽകുന്ന സഭാചരിത്ര ഗ്രന്ഥങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ ദക്ഷിണേന്ത്യ സ്വാധീനമാക്കിയപ്പോൾ അവർ അന്ന് ഭാരതത്തിലുണ്ടായിരുന്ന സഭയുമായി ഇടപെട്ടു. അവരും അവർക്കു ശേഷം വന്ന വിദേശികളും ഭാരതസഭയെ പല തട്ടുകളായി മുറിച്ചുമാറ്റുന്നതിൽ പ്രധാന പങ്കുവഹിച്ചു. വിഭജനത്തിനു മുൻപും പിൻപുമായി വളർന്ന ഭാരതസഭയെക്കുറിച്ച് വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളാണ് എന്നും പ്രസിദ്ധീകരിച്ചു വന്നിട്ടുള്ളത്. അങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ തലമുറകൾക്ക് നൽകുന്ന ചിന്താക്കുഴപ്പങ്ങളും അനവധിയാണ്. കഠിനമായ അദ്ധ്വാനത്തിലൂടെ ശ്രദ്ധാപൂർവ്വമായ പഠനം നടത്തി ആധികാരികവും കാലോചിതവുമായ ചരിത്ര ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയെന്നത് അനുപേക്ഷണീയമാണ്. മാത്രവുമല്ല, അഭ്യസ്തവിദ്യരായ ക്രൈസ്തവർ ധാരാളമുള്ള കേരളത്തിൽ മലയാളഭാഷയിൽ തന്നെ അപ്രകാരമുള്ള ഗ്രന്ഥങ്ങൾ രചിക്കേണ്ടതുണ്ട്.

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ബഹു. ഡോ. ജോസഫ് ചീരനച്ചൻ 'ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം' എന്ന പേരിൽ ഈ ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിലൂടെ മലയാള ക്രൈസ്തവ സാഹിത്യത്തിന് അനൽപ്പമായ സംഭാവനയാണു നൽകുന്നത്. നിലവിലിരിക്കുന്ന മറ്റ് സമാന ഗ്രന്ഥങ്ങൾ പരിശോധിച്ചശേഷം ഒരു തനിയാവർത്തനമാകാതെ ഓരോ വിഷയത്തെക്കുറിച്ചും വിശദീകരിക്കുവാൻ അച്ചൻ ശ്രമിച്ചിരിക്കുന്നത് അഭിനന്ദനാർഹമാണ്. കേരളത്തിലെ വിവിധ മതസമൂഹങ്ങളിൽ അതുല്യ സംഭാവനകൾ നൽകിയിട്ടുള്ള മലങ്കരസഭയെക്കുറിച്ച് മലയാളത്തിൽ ഉണ്ടായിട്ടുള്ള ക്രൈസ്തവ



റഫറൻസ് ഗ്രന്ഥങ്ങളി ലൊക്കെ അപ്രധാനവും വികലവുമായ രീതിയിൽ ചില സൂചനകൾ മാത്രമാണു ള്ളത്. ചീരനച്ചന്റെ ഈ ഉദ്യമം ഒരു പരിധി വരെയെങ്കിലും ആ കുറവ് നികത്തും എന്ന് വിശ്വസിക്കാം.

മലയാള ദൈവശാസ്ത്ര സാഹിത്യത്തിലെ ഒരു ക്ലാസിക് കൃതി എന്ന രീതിയിൽ വിശേഷിപ്പിക്കാവുന്ന ഈ സഭാചരിത്ര വിജ്ഞാനകോശത്തിൽ സഭയിലെ എല്ലാ വിഷയങ്ങളും ഒരേ പ്രാധാന്യത്തോടെ വിവരിക്കുവാൻ ശ്രമിച്ചിട്ടില്ലെങ്കിലും പ്രധാന ചരിത്രസംഭവങ്ങൾ, വ്യക്തിനാമങ്ങൾ, സ്ഥല നാമങ്ങൾ, ആശയങ്ങൾ, പദപ്രയോഗങ്ങൾ, വിശ്വാസവിഷയങ്ങൾ, അനു ഷ്ഠാനങ്ങൾ, ഇതര സഭാബന്ധങ്ങൾ, ആരാധന, ദൈവശാസ്ത്രം, ആത്മീ യത തുടങ്ങിയ പല സഭാവിഷയങ്ങളെക്കുറിച്ചും മഹത്തായ വിശദീക രണം നൽകുന്നുണ്ട്.

ഒരു ചരിത്ര വിജ്ഞാനകോശം എന്ന നിലയിൽ ഈ ഗ്രന്ഥത്തിന്റെ പ്രത്യേകത വായനക്കാർക്കാവശ്യമായ വിഷയങ്ങളെക്കുറിച്ചുള്ള സംക്ഷി പ്ത വിവരം നൽകിയിരിക്കുന്നു എന്നതാണ്. ഒരു വിഷയത്തിന്റെ തന്നെ തുടർച്ചയായ ആവിഷ്ക്കരണമല്ലാത്തതുകൊണ്ട് ഒറ്റയിരുപ്പിൽ ഈ കൃതി വായിച്ചുതീർക്കണമെന്ന് നിർബന്ധവുമില്ല. അക്ഷരമാലക്രമത്തിൽ എഴു തപ്പെട്ടിരിക്കുന്ന ഓരോ വിഷയത്തിന്റെയും ആഴവും പരപ്പും വ്യക്തമാക്കു വാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്.

മലയാളത്തിൽ ഇതഃപര്യന്തം ഉണ്ടായിട്ടുള്ള വിജ്ഞാനകോശങ്ങളുടെ ശ്രേണിയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് നമ്മുടെ വൈദികസെമിനാരി പ്രസിദ്ധീകരിച്ചിരിക്കുന്ന 'മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാന കോശം' എന്നത്. ശൈലിയിലും അവതരണരീതിയിലും അതിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന 'ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം' എന്ന ഈ ഗ്രന്ഥം മലങ്കരസഭാ പൈതൃകത്തിന്റെ അടുത്ത സംഭാവനയായി കണക്കാക്കാവുന്നതാണ്.

ഏതൊരു വിജ്ഞാനകോശത്തിന്റെയും സൃഷ്ടിക്കു പിന്നിൽ അതിന്റെ പരമമായ ലക്ഷ്യം എന്തെന്നും ആർക്കുവേണ്ടിയാണ് അത് ഉദ്ദേശിച്ചിരി ക്കുന്നതെന്നും വ്യക്തമായ ചിന്തയുണ്ടാകണം. ഭാരത സഭാമക്കൾക്ക് സഭാ പരമായ ജീവിതത്തോടു ബന്ധപ്പെട്ട് അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളുടെ സംഗ്രഹമായിട്ടുവേണം ഈ സഭാചരിത്ര വിജ്ഞാനകോ ശത്തെ മനസ്സിലാക്കുവാൻ. മലങ്കരസഭയിലെ ചരിത്രവഴികളും സ്മാര കങ്ങളും ചരിത്രജീവികളും എന്തൊക്കെയെന്നും ആരൊക്കെയെന്നും ഈ ഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

ഭാരതസഭയെപ്പറ്റി ധാരാളം കാര്യങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾപ്പെടു ത്തിയിട്ടുണ്ടെങ്കിലും ഇതു വായിക്കുമ്പോൾ അനുവാചകരിൽ ചിലർക്കെ

ങ്കിലും കുറച്ചുകൂടി അറിഞ്ഞാൽ കൊള്ളാമെന്നു തോന്നാനിടയുണ്ട്. ഗ്രന്ഥ കർത്താവ് ഇതിലും വലിയ ദൗത്യങ്ങൾ സമൂഹ നന്മയ്ക്കുവേണ്ടി നിറവേറ്റുമെന്നും പ്രത്യാശിക്കാം. പ്രസംഗകർക്കും അദ്ധ്യാപകർക്കും, ചരിത്രാന്വേഷികൾക്കും മാത്രമല്ല, സാധാരണജനങ്ങൾക്കു കൂടി ഈ ഗ്രന്ഥം വിജ്ഞാനം പകരട്ടെ എന്നാശംസിക്കുന്നു. സർവ്വേശ്വരന്റെ വരപ്രസാദത്തിൽ ആശ്രയിച്ചുകൊണ്ട് മലയാളത്തിലെ എല്ലാ സത്യാന്വേഷികൾക്കും വേണ്ടി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

(ഒപ്പ്)

പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ
(നിയുക്ത കാതോലിക്കാ)

ദേവലോകം, കോട്ടയം
പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാൾ,
2007 നവംബർ 24

വാങ്മുഖം

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ മലയാള സാഹിത്യ വിഭാഗത്തിൽ കേരളചരിത്രവും സംസ്കാരവും ബിരുദ-ബിരുദാനന്തര ബിരുദതലങ്ങളിൽ 1984 മുതൽ 2000 വരെ പഠിപ്പിക്കാൻ നിയോഗം ലഭിച്ച പ്പോൾ ഒരു സത്യം ബോധ്യപ്പെട്ടു: മലയാളഭാഷയിൽ രചിക്കപ്പെട്ട സംസ് കാര-ചരിത്രഗ്രന്ഥങ്ങളിൽ, രണ്ടായിരം വർഷത്തെ അഭിമാനാർഹമായ പൈതൃകവും പാരമ്പര്യവും ക്രിയാത്മക സാന്നിധ്യവും അവകാശപ്പെട്ടു പോരുന്ന മലങ്കരസഭയുടെ - ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ - സംഭാ വനകളെപ്പറ്റിയുള്ള പരാമർശങ്ങൾ ഏറെക്കുറെ ശൂന്യപ്രായമായിരുന്നു. ചരിത്രകാരന്മാർ സ്വസമുദായപ്രണയികളും അപരസമുദായകാര്യങ്ങളിൽ ഉദാസീനരും ചിലപ്പോഴൊക്കെ പരമതാസഹിഷ്ണുക്കളും ആയിരുന്നു എന്നത് മാത്രമായിരുന്നില്ല അതിന് കാരണം; വിശ്വാസ്യമായ സ്രോത സ്സുകളെ ആധാരമാക്കി രചിച്ച ചരിത്രഗ്രന്ഥങ്ങൾ സാംസ്കാരിക കേര ളത്തിന്റെ അങ്കണത്തിലേക്ക് പ്രതിഷ്ഠിക്കുവാൻ സഭ വേണ്ടത്ര ശ്രദ്ധ കാണിച്ചിരുന്നില്ല എന്നതുകൂടെയാണ്. ഉദയംപേരൂർ സുന്നഹദോസിന് ശേഷം ആർച്ച്ബിഷപ്പ് മെനേസ്സിസ് നടത്തിയ ജൈത്രയാത്രക്കിടയിൽ മലങ്കരസഭയുടെ സമ്പന്നമായ രേഖാസഞ്ചയവും പൈതൃകങ്ങളും അഗ്നി ജ്വാലകൾ വിഴുങ്ങി എന്ന് കാടടച്ച് വെടിവയ്ക്കുന്ന വിദ്യയിലൂടെ സഭ യുടെ ഗവേഷണരംഗത്തെ നിസ്സംഗതയെയും കുറ്റകരവും അക്ഷന്തവ്യ വുമായ നിഷ്ക്രിയത്വത്തെയും ന്യായീകരിക്കുന്ന നിലപാടാണ് സഭയുടെ ഔദ്യോഗിക നേതൃത്വം എക്കാലവും അവലംബിച്ചു പോന്നിട്ടുള്ളത്. തന്മൂലം മലങ്കരസഭയുടെ ചരിത്രം വേലിക്കെട്ടുകളില്ലാത്ത കെട്ടുകഥക ളുടെ ആവർത്തനവിരസമായ ഐതിഹ്യമാലയായിത്തീർന്നു.

ഈ പശ്ചാത്തലത്തിലാണ് യുണൈറ്റഡ് ബോർഡ് ഓഫ് ക്രിസ്ത്യൻ ഹയർ എജ്യുക്കേഷൻ ഇൻ ഏഷ്യ എന്ന സംഘടന അനുവദിച്ച അതീവ പരിമിതമായ റിസർച്ച് ഫെല്ലോഷിപ്പിന്റെ പിൻബലത്തിൽ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെയുള്ള ക്രിസ്ത്യൻ കേന്ദ്രങ്ങളിലെ പ്രാചീന ഗ്രന്ഥപ്പുരകളും സെമിനാരി ആർക്കൈവ്സുകളും അരമനകളും മല്പാൻ ഭവനങ്ങളും സന്ദർശിച്ച് ഒരന്വേഷണം നടത്തുവാൻ ഇതെഴുതുന്ന ആൾ തുനിഞ്ഞത്. ആ യജ്ഞം എന്നെ അദ്ഭുതപ്പെടുത്തി. എന്റെ പ്രധാന അന്വേഷണവിഷയം മലങ്കരസഭയിലെ ആരാധനാ സാഹിത്യത്തിന്റെ പരിണാമം ആയിരുന്നെങ്കിലും ഞാൻ കണ്ടെത്തിയ പല പുരാരേഖകളും ഇരുളടഞ്ഞ മലങ്കരസഭാചരിത്രത്തിന്റെ ഇടനാഴികകളിൽ പ്രകാശം പര ത്തുവാൻ കെല്പുള്ളവയായിരുന്നു. എന്നെ പ്രതീക്ഷിച്ച് അവ ചിതലിന്റെ ആക്രമണത്തെ അതിജീവിച്ചതിന്റെ കഥകൾ പുളകമണിയിച്ചു. പാശ്ചാ

ത്യവും പൗരസ്ത്യവുമായ സുറിയാനി ഗ്രന്ഥങ്ങൾ, കർസോനി രേഖകൾ, വട്ടെഴുത്തിൽ ആലേഖനം ചെയ്ത വട്ടെഴുത്ത് ഉടമ്പടികൾ, അപ്രകാശിത കൈയെഴുത്ത് ഗ്രന്ഥങ്ങൾ, ഡയറിക്കുറിപ്പുകൾ, കത്തുകളുടെ പകർപ്പുകൾ അങ്ങനെ നിരവധി ഉപാദാനരേഖകൾ – പ്രാഥമിക സ്രോതസ്സുകൾ – എനിക്ക് ശേഖരിക്കാനായി. ആലുവാ കോളജിലെ അധ്യാപകൻ എന്ന നിലയിൽ പല സഭാകേന്ദ്രങ്ങളും ചുവപ്പുപരവതാനി വിരിച്ചുതന്നത് നന്ദിയോടെ ഓർക്കുന്നു. സ്വന്തം വീട്ടുകാരണവന്മാർ അസൂയാകലുഷിതമായ അസഹിഷ്ണുതയോടെ എന്റെ മുമ്പിൽ തെളിയുന്ന ദീപങ്ങളെ സംഘടിതമായി കെടുത്തുവാൻ ശ്രമിച്ചത് എന്റെ യാത്രയിൽ ആവേശം പകർന്നതും ഓർക്കുന്നു. പൂർവഗാമികളായ യാതൊരു സഭാചരിത്രകാരന്റെയും നഖപ്പാടേല്ക്കാത്ത കന്യകാത്വമുള്ള ഈ മണ്ണാണ് എന്റെ ജീവചരിത്ര രചനകളുടെയും സഭാചരിത്ര രചനകളുടെയും അപൂർവതയ്ക്കും ശക്തിക്കും ഹേതു. അപൂർവതകൾക്ക് അംഗീകാരം കിട്ടാൻ സമയമെടുക്കും എന്ന് ഞാൻ മനസ്സിലാക്കുന്നു.

മലങ്കരസഭയുടെ തിളക്കമാർന്ന അധ്യായങ്ങളെ സാംസ്കാരിക കേരളത്തിന് അവഗണിക്കാനാവാത്തവിധം വരച്ചുകാട്ടുവാൻ നടത്തിയ ശ്രമങ്ങളാണ് ഞാൻ മുൻകൈ എടുത്ത് സ്ഥാപിച്ച സംഘടനകളും പ്രസ്ഥാനങ്ങളും മാസികകളും. ഔദ്യോഗിക അനുമതികൾക്കായുള്ള ശ്രമങ്ങൾക്ക് നേരെ കൊട്ടാരവാതിലുകൾ കൊട്ടിയടക്കപ്പെട്ട അനുഭവങ്ങൾ എന്റെ ലക്ഷ്യബോധത്തെ തളർത്തുന്നില്ല. സഭയുടെ നെറ്റിപ്പട്ടം അണിഞ്ഞാൽ ഈ സംരംഭങ്ങൾക്ക് ഫലസിദ്ധി വർദ്ധിക്കുമെന്നറിയാമെങ്കിലും സാംസ്കാരിക പ്രവർത്തനങ്ങൾ സഭാപരിഗണനയുടെ വിഷയമേ അല്ല എന്ന ചിന്തയിൽ അഭിരമിക്കുന്ന, ഉറക്കം നടിക്കുന്നവരെ ആർക്കാണ് ഉണർത്തുവാൻ കഴിയുക?

കഴിഞ്ഞ കാൽനൂറ്റാണ്ടിലേറെക്കാലം നടത്തിയ പഠനങ്ങളും മനനങ്ങളും അന്വേഷണങ്ങളും ഈ വിജ്ഞാനകോശത്തിലൂടെ ആവിഷ്കരിക്കപ്പെടുമ്പോൾ അനല്പമായ അഭിമാനവും ആഹ്ലാദവും അനുഭവിക്കുന്നു. അക്ഷരവൈരികളല്ലാത്ത കുറെപ്പേരുടെ മുമ്പിൽ ഒരു പുരുഷായുസ്സിന്റെ സമ്പാദ്യങ്ങൾ സംവേദനം ചെയ്യുവാൻ ദൈവകൃപ അവസരം ഒരുക്കിയത് അകംകണ്ണുകൊണ്ട് കാണുന്നത് മൂലമാണ് ഈ പ്രയത്നം സഫലമായി എന്ന് കരുതുന്നത്.

പ്രതിഭാശാലികളായ ഒരു സംഘം പേർ കൂട്ടായി ചർച്ച ചെയ്ത് തയാറാക്കേണ്ടുന്ന ഒരു വലിയ ലക്ഷ്യത്തിലേക്കാണ് ഈ 'വാമനസദൃശൻ' കൈ ഉയർത്തുന്നത്. ഇല്ലാത്ത 'ബാലപ്രഭവ'ത്തെക്കുറിച്ച് ദുഃഖിച്ചിട്ടെന്തു ഫലം? അണ്ണാർക്കണ്ണനും തന്നാലാവത് എന്ന പ്രമാണമാണ് ഈ രചനയുടെ

പിന്നിലെ പ്രായോഗിക മന്ത്രം. രണ്ടു വിസ്തൃത ഗ്രന്ഥങ്ങൾ അഭിനവ വിജ്ഞാനകോശ രചനയിൽ സഹായകമായി. ഒന്ന് ക്രൈസ്തവ സാഹിത്യസമിതി 1986-ൽ പ്രസിദ്ധീകരിച്ച സഭാചരിത്രനിഘണ്ടു. ഇന്ത്യൻ സഭയുടെ പശ്ചാത്തലത്തിൽ തയാറാക്കിയ ഗ്രന്ഥമെന്ന് ചുമതലക്കാർ അവകാശപ്പെടുന്നെങ്കിലും ഇന്ത്യൻ സഭാചരിത്ര പഠനത്തിന് ആ ഗ്രന്ഥം വളരെയൊന്നും സഹായകമല്ല. ഇംഗ്ലീഷിൽ ലഭ്യമായ കോശങ്ങളെ ആവശ്യത്തിലേറെ ഉപജീവിച്ചതിനാലാകാം ഇപ്രകാരം സംഭവിച്ചത്. മനഃപൂർവ്വം ആകാനിടയില്ലെങ്കിലും മലങ്കരസഭാചരിത്ര വിദ്യാർത്ഥികൾക്ക് നിരാശ നല്കുന്നതാണ് അതിന്റെ ഉള്ളടക്കം. ഒന്നുരണ്ടുദാഹരണങ്ങൾ കാണുക. ഗ്രീഗോറിയോസ് ശീർഷകത്തിൽ 2 പേരെ മാത്രമാണ് നിഘണ്ടു പരാമർശിച്ചത്. 1665-ൽ വന്ന യെരുശലേം മെത്രാൻ ഗ്രീഗോറിയോസിനെയും പരുമല മാർ ഗ്രീഗോറിയോസിനെയും. അതിൽത്തന്നെ 1665-ൽ വന്ന ഗ്രീഗോറിയോസിന്റെ നാമത്തോട് ചേർന്ന് അബ്ദുൽ ജലീൽ എന്ന വ്യക്തിനാമം ചേർക്കാനും അദ്ദേഹത്തിന്റെ കബറിടം വടക്കൻ പറവൂരിലാണെന്ന് വിവരിക്കാനും ആ ചരിത്രനിഘണ്ടു ശ്രമിച്ചില്ല. 1751-ൽ വന്ന ഗ്രീഗോറിയോസ്, പാമ്പാടി മാർ ഗ്രീഗോറിയോസ്, ആലുവായിൽ കബറടങ്ങിയ ഗ്രീഗോറിയോസ് എന്നിവരെപ്പറ്റി പരാമർശമേയില്ല. മലങ്കര സഭയുടെ ചരിത്രപരമായ അഭിമാനം എന്ന് പറയാവുന്ന കാതോലിക്കേറ്റ് സ്ഥാപനം, ആർത്താറ്റ് പടിയോല, കണ്ടനാട് പടിയോല എന്നിവയെപ്പറ്റിയും ഒന്നാം കാതോലിക്കാ, രണ്ടാം കാതോലിക്കാ, നാലാം കാതോലിക്കാ എന്നിവരെപ്പറ്റിയും കടവിൽ അത്താനാസ്യോസ്, കുറ്റിക്കാട്ടിൽ അത്താനാസ്യോസ്, ശെമവൂൻ അത്താനാസ്യോസ്, സ്തേഫാനോസ് മാർ അത്താനാസ്യോസ് തുടങ്ങി ഇന്ത്യൻ സഭാചരിത്രത്തിൽ അവഗണിക്കാൻ പറ്റാത്ത നിരവധി വിഷയങ്ങളെപ്പറ്റി ഈ മലയാള സഭാചരിത്ര നിഘണ്ടുവിൽ ശീർഷകങ്ങളേ ഇല്ല. തന്മൂലം രണ്ടായിരത്തോളം ശീർഷകങ്ങളുള്ള ഈ മലയാള സഭാചരിത്ര നിഘണ്ടു ഇന്ത്യയിലെ അവിഭക്ത സഭയുടെ പാരമ്പര്യധാരയിൽ ഉറച്ചുനില്ക്കുന്ന ഓർത്തഡോക്സ് സഭയുടെ ചരിത്രപഠനത്തിന് ഒട്ടും സഹായകരമല്ലാതെയാണിരിക്കുന്നത്. എന്നാലും മലങ്കരസഭയ്ക്ക് വെളിയിലുള്ള ചില ശീർഷകങ്ങൾ തയാറാക്കുവാൻ ഈ നിഘണ്ടു ഈ ഗ്രന്ഥകാരനെ സഹായിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥരചനയെ കൂടുതൽ സഹായിച്ച ഗ്രന്ഥം ഓർത്തഡോക്സ് വൈദികസെമിനാരി അതിന്റെ 175-ാം വാർഷികത്തോടനുബന്ധിച്ച് 1993-ൽ പ്രസിദ്ധീകരിച്ച *മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശ*മാണ്. ഒരു ഡസൻ ലോകപ്രശസ്തരായ ദൈവശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ അറുപതോളം വിശിഷ്ട ലേഖകർ ചേർന്ന് തയാറാക്കിയ രണ്ടായിരത്തോളം ശീർഷകങ്ങളാണ് ഈ കോശത്തിലുള്ളത്. ഇതിലെ മിക്ക ശീർ

ഷകങ്ങളും ഈ ചരിത്രവിജ്ഞാനകോശത്തിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സ്വകീയമായ വിവരണമാണ് നല്കിയിട്ടുള്ളത്. ആശയം സ്വീകരിച്ചിട്ടുണ്ട്, പരിഷ്കരിച്ചിട്ടുണ്ട്; ചില ഭാഗങ്ങളിൽ തിരുത്തിയിട്ടുണ്ട്; സർവത്ര സംക്ഷേപിച്ചിട്ടുമുണ്ട്. അതിലില്ലാത്ത ആയിരത്തിലേറെ ശീർഷകങ്ങൾ പുതുതായി ചേർത്തിട്ടുമുണ്ട്. *സഭാവിജ്ഞാനകോശം* വിശ്വാസ വിഷയങ്ങൾക്കാണ് ഊന്നൽ നല്കിയിട്ടുള്ളത്. ഈ കോശത്തിൽ സഭാചരിത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കാണ് പ്രാധാന്യം നല്കിയിട്ടുള്ളത്.

ഇതിൽ കൂടുതൽ ശീർഷകങ്ങൾ ചേർത്തും തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തിയും ഒരു പരിഷ്കരിച്ച പതിപ്പ് 2012-ൽ, പൗരസ്ത്യ കാതോലിക്കേറ്റിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഉണ്ടാകണമെന്ന് പ്രത്യാശിക്കുന്നു. ഇതിലുള്ള മൂവായിരം ശീർഷകങ്ങളുടെ സ്ഥാനത്ത് അയ്യായിരം ശീർഷകങ്ങളെങ്കിലും ഉൾപ്പെടുത്തുവാൻ കഴിയണം.

അതീവ സാഹസികതയോടും സഭാചരിത്ര പ്രതിബദ്ധതയോടും കൂടി ഈ വിജ്ഞാനകോശത്തിന്റെ പ്രസാധനം ഏറ്റെടുത്ത കോട്ടയ്ക്കൽ പബ്ലിഷേഴ്സിനോടും അതിന്റെ ഉടമയും മാന്യ സുഹൃത്തുമായ കെ. വി. മാമ്മനോടും എന്റെ നന്ദി വാക്കുകൾക്കതീതമാണ്. ആ തപസ്യയുടെയും സഭാസ്നേഹത്തിന്റെയും മുമ്പിൽ ഞാൻ തലകുനിക്കുന്നു. സഭയുടെ കൊമ്പിനെ ഉയർത്തുവാൻ നടത്തുന്ന ഈദൃശ സംരംഭങ്ങളെ ദൈവം ഫലപ്രദമാക്കട്ടെ.

ആറു മാസം കൊണ്ട് ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തു കോപ്പി അനായാസമായി തയാറാക്കുവാൻ ദൈവം എന്നെ അനുവദിച്ചു. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ എഴുതി പ്രസിദ്ധീകരിച്ച രണ്ടു ഡസനിലേറെ ഗ്രന്ഥങ്ങൾ ഈ ഗ്രന്ഥം തയാറാക്കുവാനുള്ള റിഹേഴ്സൽ ആയിരുന്നുവെന്ന് ഈ ഉദ്യമം പൂർത്തിയായപ്പോൾ ബോധ്യപ്പെട്ടു. കോണി വച്ചു കൊടുത്താൽ ഉയരങ്ങളിലേക്കുള്ള കയറ്റത്തിന്റെ വേഗം വർദ്ധിക്കുമെന്ന ചിന്തയിൽ കോണി വച്ചു തരാതെയും ആരാനും വച്ചുതരുന്ന കോണികളെ തട്ടിത്തെറിപ്പിച്ചും അതീവ ജാഗ്രത കാണിച്ച അധികാരസ്ഥാനങ്ങളെ കാലുഷ്യം കലരാത്ത നിസ്സംഗതയോടെ കാണാൻ ഇന്നെനിക്ക് കഴിയും. കോണികൾ നഷ്ടപ്പെടുമ്പോൾ ദൈവം എനിക്കായി മുളപ്പിച്ചത് അതിശക്തമായ ചിറകുകളാണ്. ഒരു സംഘം എഴുത്തുകാരെ തെരഞ്ഞെടുത്ത് അന്യൂനമായ ഒരു സഭാചരിത്രവും ഹൂ ഈസ് ഹൂ ഉൾപ്പെടെയുള്ള ചരിത്ര വിജ്ഞാനകോശവും തയാറാക്കേണ്ടതിന്റെയും മറ്റും ആവശ്യകത ബോധ്യപ്പെടുത്തി ചില പ്രസ്ഥാന നായകന്മാരെ അറിയിച്ചിട്ടും ഫലമില്ലാതെ പോയ സ്വപ്നമാണ് ഈ ഗ്രന്ഥ പ്രസിദ്ധീകരണത്തിലൂടെ സാഫല്യം തേടുന്നത്.

ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുവാൻ ആവാതെ പോയ ശീർഷകങ്ങളെപ്പറ്റി ദുഃഖമുണ്ട്. കൂടുതൽ വിസ്തൃതമായ ഒരു ചരിത്ര വിജ്ഞാനകോശത്തിൽ അവയ്ക്കിടം ലഭിക്കട്ടെ എന്ന് പ്രത്യാശിക്കുന്നു. ഈ കോശം അവതരിപ്പിക്കുന്നത് എന്റെ ബാല്യകാലസുഹൃത്തും ശ്രേഷ്ഠ നിയുക്ത കാതോലിക്കായും ആയ അഭിവന്ദ്യ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ ആണ്. സഭയുടെ പൊതു ചുമതലകളും അഞ്ചാറ് മെത്രാസനങ്ങളുടെ ചുമതലകളും നിർവഹിക്കുന്നതിനിടയിൽ സമയം കണ്ടെത്തി എന്റെ അഭ്യർത്ഥനപ്രകാരം അവതാരിക എഴുതിത്തന്ന അദ്ദേഹത്തോട് ഞാൻ അതീവ കൃതജ്ഞനാണ്. ഈ ചരിത്ര വിജ്ഞാനകോശത്തിന് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കിയത് പ്രസിദ്ധ സഭാചരിത്ര സാഹിത്യകാരനും എന്റെ വന്ദ്യസുഹൃത്തും ആയ അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ ആണ്. പ്രസന്നമധുരമായ ആ കുറിപ്പുകളെ – പ്രത്യേകിച്ചും ഒരു ഡോക്ടറൽ തീസീസ് തയാറാക്കുന്ന ബദ്ധപ്പാടിനിടയിൽ തയാറാക്കിയത് – അതീവകൃതജ്ഞതയോടെ വിലമതിക്കുന്നു. ഫാ. സണ്ണി ചാക്കോ, ജോയ്സ് തോട്ടയ്ക്കാട് തുടങ്ങിയവർ ഈ ഗ്രന്ഥം ഒരു യാഥാർത്ഥ്യമാകാൻ പല തരത്തിൽ പങ്കുവഹിച്ചു. ഈ എളിയ ഉദ്യമത്തെ പ്രോത്സാഹിപ്പിച്ച എല്ലാ സഹൃദയരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ നവീന ചരിത്ര വിജ്ഞാനകോശം ദിവ്യകൃപയെ നമിച്ചു കൊണ്ട് സഹൃദയ സമക്ഷം ഏല്പിക്കുന്നു.

ഫാ. ഡോ. ജോസഫ് ചീരൻ

നവം. 2, പരുമലപ്പെരുന്നാൾ
ആലുവാ

വിജ്ഞപ്തി

ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശത്തെ ഒരതി സാഹസിക ചുവടുവയ്പ്പും നാഴികക്കല്ലുമെന്നു വിശേഷിപ്പിക്കുന്നതിലും അവകാശപ്പെടുന്നതിലും അതിരറ്റ സന്തോഷമുണ്ട്. അതിന്റെ പിന്നിലുള്ള ദീർഘനാളത്തെ കഠിനാധ്വാനവും വലിയ സാമ്പത്തിക ബാധ്യതകളുമാണു സാഹസിക പ്രവർത്തനമെന്ന് എടുത്തുപറയാനുള്ള മുഖ്യ കാരണങ്ങൾ.

പ്രബുദ്ധരും പ്രശസ്തരുമായ ഓർത്തഡോക്സ് സഭാംഗങ്ങളുടെ പഠനത്തിനും ബോധവൽക്കരണത്തിനും വേണ്ടി കഴിഞ്ഞ മൂന്നു ദശകങ്ങൾക്കിടയിൽ സഭാചരിത്രം, ഭാഗ്യസ്മരണാർഹരായ സഭാപിതാക്കന്മാരുടെ ജീവചരിത്രം എന്നിവ സംബന്ധിച്ച മുപ്പതിൽപരം പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾക്കു സാധിച്ചു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. അതേസമയം സവിശേഷ സുഭഗത്വമാർന്ന ഒരു സഭാചരിത്ര വിജ്ഞാനകോശത്തിന്റെ വലിയ കുറവുണ്ടെന്നുള്ള ബോധവും ആടലും അത്തരം പ്രാമാണികമായ ഒരു ഗ്രന്ഥം രചിക്കണമെന്നുള്ള ചിന്തയും ചിരാഭിലാഷവും വളരെ നാളുകളായി മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ അതിവേഗം കടന്നുപോകുന്നതിനാലും ഇവിടെ ആർക്കും സുസ്ഥിര നഗരമില്ലാത്തതിനാലും ജീവിതം മേഘജ്യോതിസ്സുപോലെ ക്ഷണികമാകയാലും "ഇവിടെയവശേഷിക്കയില്ലാരുമീ, ഞാനു" മെന്ന കവിവാക്യം ഓർക്കുന്നതിനാലും എത്രയും വേഗം വിജ്ഞാനകോശം ഇറക്കണമെന്ന ആഗ്രഹത്തിന് ആവേശവും ശക്തിയും വർദ്ധിച്ചു. മുമ്പിൽ ബലമുള്ള മതിലുണ്ടായിരുന്നു എങ്കിലും മറികടക്കാൻ ചില ചെറിയ വാതിലുകളും തുറക്കപ്പെട്ടു.

സഭയോ ബഹുമുഖ കഴിവുകളും സാമ്പത്തികശേഷിയുമുള്ള മറ്റാരെങ്കിലുമോ അവശ്യമെങ്കിലും സാമ്പത്തികദൃഷ്ട്യാ ആകർഷകമല്ലാത്തതും ലാഭപ്രതീക്ഷയ്ക്കു വകയില്ലാത്തതുമായ ഈ രംഗത്തു കടന്നുവരാൻ മടിച്ചുനിൽക്കുന്ന സാഹചര്യത്തിലാണു ഞങ്ങൾ ഇവിടെ എടുത്തുചാടിയിരിക്കുന്നതെന്നു പറയുന്നതാവും ഏറെ ശരി.

വളരെയധികം പ്രയത്നവും ഇന്നു സമയത്തെ തടയുന്ന അപ്രതീക്ഷിതമായ ഹർത്താൽ, ബന്ത് മുതലായ പ്രതിബന്ധങ്ങളെ നേരിടാനുള്ള മനക്കരുത്തും ഇച്ഛാശക്തിയും അനിവാര്യമായ ഒരു സൽസംരംഭമാണു സഭാസംബന്ധവും പ്രയോജനപ്രദവുമായ പ്രസിദ്ധീകരണവും വിപണനവും എന്നു ഞങ്ങൾക്കും അറിയാം. സർവ്വോപരി വളർന്നു വരുന്ന തലമുറയ്ക്കും ജ്ഞാനം ആർജ്ജിക്കുന്ന ക്വിസ് മത്സരക്കാർക്കും ഈ പുസ്തകം

അറിവിന്റെ കനക നിറമുള്ള പുഷ്പങ്ങൾ നിറഞ്ഞ ഒരു മേച്ചിൽ സ്ഥലമായിരിക്കും.

തരംതാണ സാങ്കല്പിക പ്രണയകഥകൾ എഴുതിച്ചും കൃതിമമായി വരച്ച വികൃത വനിതാചിത്രങ്ങളോടൊപ്പം അവ അച്ചടിച്ചും വൻതോതിൽ പരസ്യം ചെയ്തും വിമലാഭമായ സ്ത്രീ സൗന്ദര്യത്തെ അംഗപ്രത്യംഗം വികലമാക്കി ബഹുവർണ്ണങ്ങളിൽ പകർത്തിയും വിറ്റു ലക്ഷക്കണക്കിനു പണമുണ്ടാക്കിയ ശേഷം തങ്ങളാണു സംസ്ക്കാര കേദാരങ്ങൾ എന്നു കടലാസിൽ പല നിറത്തിലുള്ള മഷി പുരട്ടി വലിയ അക്ഷരങ്ങളിൽ മാലോകരെ അറിയിക്കുന്ന മൂല്യരഹിത പുസ്തക പ്രസാധകരുമായി മത്സരിക്കാൻ വിജ്ഞാനകോശങ്ങളും നിഘണ്ടുക്കളും സോദ്ദേശ്യത്തോടെ പ്രസിദ്ധപ്പെടുത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഒരിക്കലും സാധ്യമല്ല.

അറിവു കുറഞ്ഞവരിൽ അന്ധവിശ്വാസ ചിന്തകൾ ലോകാന്ത്യം വരെ നിലനിൽക്കത്തക്കവിധം ജാതകഫലപുസ്തകങ്ങളും കള്ള പ്രണയകഥകൾ തിരുകിക്കയറ്റി നിറംകലർന്ന നീലഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തി ലോലമാനസരെ വഴിതെറ്റിച്ചു പണം വാരുന്നവർ “ശ്രീഭൂവിലസ്ഥിര അസംശയം” എന്ന കവിവാക്യം ഓർത്താൽ വളരുന്ന തലമുറകൾക്കു നന്ന്.

വിബുധകാമിതമായ വിജ്ഞാനകോശങ്ങൾ റഫറൻസ് ഗ്രന്ഥങ്ങളാകയാൽ അവ ആചന്ദ്രതാരം ശോഭിച്ചു നിൽക്കും. അവ സംസ്ക്കാര സമ്പന്നരുടെ വസതികളിലും നല്ല ലൈബ്രറികളിലും മികച്ച സ്ഥാപനങ്ങളിലും പഠനത്തിനുവേണ്ടി സൂക്ഷിക്കപ്പെടും.

ഈ സഭാചരിത്ര വിജ്ഞാനകോശം പ്രസിദ്ധീകരിക്കാൻ ആരെങ്കിലും നിങ്ങളോട് ആവശ്യപ്പെട്ടോ എന്നു ചോദിച്ചാൽ നിഷേധാർത്ഥത്തിലേ മറുപടി നൽകാൻ കഴിയൂ. എന്നാൽ നാം പെറ്റമ്മയെപ്പോലെ സ്നേഹിക്കുന്ന മലങ്കരസഭയ്ക്കുവേണ്ടി പര പ്രേരണകൂടാതെ ഏറ്റെടുത്തു ചെയ്യേണ്ട ഒരു ചുമതലയാണിതെന്നും ദൈവാത്മപ്രചോദിതമാണെന്നും പിതൃസ്വത്തു ചെലവാക്കി മഹത്തായ സഭാചരിത്രം എഴുതിയ ഇസ്സഡ്. എം. പാറേട്ടിനെപ്പോലെ വിശ്വസിക്കുന്നവർക്കു മുൻചോദ്യത്തിനു മറുപടി നൽകേണ്ട കാര്യമില്ല. ഈ പുസ്തകം അനശ്വരമായി നിലകൊള്ളുമെന്നുള്ളതിൽ ഞങ്ങൾക്കു സംശയമില്ല. ഇതു മണലാരണ്യത്തിൽ നടന്നു പതിഞ്ഞു ക്ഷണത്തിൽ മാഞ്ഞുപോകുന്ന കാൽപ്പാടല്ല, പാറയിൽ തറച്ച പാദപാദങ്ങളുടെ തുടച്ചുമാറ്റാനാവാത്ത പാടായിരിക്കും. ഈ ചിന്ത കുറെയൊക്കെ ആത്മസംതൃപ്തിയും അരുളുന്നുണ്ട്.

ഈ വിജ്ഞാനകോശ പ്രസിദ്ധീകരണത്തിൽ സഭാധ്യക്ഷനും തപോധനനും സംഫുല്ല ശോഭിതനുമായ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ കാതോലിക്കാബാവായും സർവ്വർക്കും ഒരുപോലെ

സമാദരണീയനും മുഖശ്രീ കൊണ്ട് സോമസാഹോദര്യം വഹിക്കുന്നവനും സമുന്നതനുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും പ്രകടിപ്പിച്ച താല്പര്യവും നൽകിയ പ്രോത്സാഹനവും പുസ്തകത്തിന് ആധികാരിക സൗരഭവും പരിവേഷവും നൽകിയിരിക്കുന്നു എന്ന വസ്തുത അനല്പമായ അഭിമാനത്തോടും സംതൃപ്തിയോടും അറിയിക്കുന്നതിൽ അതിരറ്റ സന്തോഷമുണ്ട്.

ഈ ഗ്രന്ഥ പ്രസിദ്ധീകരണം സംബന്ധിച്ചുണ്ടായ ചില അവിസ്മരണീയ സംഭവങ്ങൾ അപ്രതീക്ഷിതവും വിസ്മയകരവും ആകയാൽ അവ ദൈവ നടത്തിപ്പാണെന്നു തന്നെ ഞങ്ങൾ വീണ്ടും ഉറച്ചു വിശ്വസിക്കുന്നു. തികച്ചും സുതാര്യമായ അക്കാര്യങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട അനുവാചകരുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. ഈ പുസ്തക പ്രസിദ്ധീകരണ പ്രശ്നത്തെപ്പറ്റി പല മാസങ്ങളായി പ്രാർത്ഥനാപൂർവ്വം ചിന്തിച്ചുകൊണ്ടിരുന്നു. അടുത്ത ചില സുഹൃത്തുക്കളുടെയും അകലെയുള്ള ആദരണീയരായ ഏതാനും അഭ്യുദയകാംക്ഷികളുടെയും താല്പര്യവും മനോഭാവവും നേരിട്ട് അറിയാൻ വേണ്ടി വ്യക്തിപരമായ ഒരു കത്തും അയച്ചു. അവരിൽ ചിലർ ഇത്തരത്തിലുള്ള ഒരു ഗ്രന്ഥം സഭയ്ക്ക് അനിവാര്യമാണെന്നും അത് ഉടനെ ഇറക്കണമെന്നും പുസ്തകം വാങ്ങി കഴിവുള്ള പ്രോത്സാഹനം നൽകാമെന്നും വാഗ്ദാനം ചെയ്തു. പണത്തിന്റെ കുറവുകൊണ്ട് ശ്രദ്ധേയമായ ഈ സൽ ഗ്രന്ഥം ഉണ്ടാകാതെ പോകരുതെന്നു നിർബന്ധമുള്ള ചുരുക്കം ചിലരും ഉണ്ടായിരുന്നു. എന്നിരിക്കിലും രണ്ടു ലക്ഷത്തിൽ പരം രൂപ എങ്ങനെ സമാഹരിക്കും എന്ന അധീര ചിന്ത മനസ്സിനെ ആകുലപ്പെടുത്താതിരുന്നില്ല. എന്നാൽ ലക്ഷ്യം നേടാനാവും എന്ന ബോധ്യത്തിനു വൈകാതെ സ്ഥിരപ്രതിഷ്ഠയും ലഭിച്ചു. ഇങ്ങനെയിരിക്കെ ഞങ്ങളുടെ എല്ലാ പുസ്തകങ്ങളും ചൂടപ്പം പോലെ വാങ്ങി വായിക്കുകയും പഠിക്കുകയും സംശയങ്ങൾ ഉണ്ടെങ്കിൽ പലപ്പോഴും ഫോണിലൂടെ ചോദിച്ചുമനസ്സിലാക്കുകയും ചെയ്യുന്ന, അശീതി കഴിഞ്ഞ, തികഞ്ഞ സഭാസ്നേഹിയും ഉന്നതകുലജാതയുമായ ഒരു മാന്യ വനിത, പുസ്തകത്തിന്റെ പ്രസിദ്ധീകരണച്ചെലവു സംബന്ധിച്ച കാര്യങ്ങൾ ആത്മാർത്ഥമായി ആരാഞ്ഞറിഞ്ഞശേഷം ഞങ്ങൾ ഒന്നും ചോദിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യാതെ തന്നെ പുസ്തകത്തിന്റെ ഡി.റ്റി.പി. ചെലവുകൾക്കെന്നു പറഞ്ഞു സസന്തോഷം ഒരു ചെക്കെഴുതിത്തന്നു. തെല്ലൊരദ്ഭുതത്തോടെ എന്നു തന്നെ പറയട്ടെ, ചെക്കു കിട്ടിയപ്പോൾ ഞങ്ങളുടെ ആദ്യ ചുവടുവയ്പ്പു വലതുകാൽ വച്ചുള്ളതാണെന്നു കൂടുതൽ

മിയാമ പുന്നൻ

വ്യക്തമായി.

ദൈവത്തിനുവേണ്ടി കൗമാരം മുതലേ സ്വജീവിതം സമർപ്പിച്ചശേഷം അതു മറ്റുള്ളവരുടെ നന്മയ്ക്കായി ചെലവഴിച്ചു മുന്നോട്ടു കൊണ്ടു പോകുന്ന എൺപതു കഴിഞ്ഞ മറ്റൊരഭിജാതയായ വനിത സഭയിൽ ഇതാദ്യമായി പ്രസിദ്ധീകരിക്കുന്ന ചരിത്രവിജ്ഞാനകോശത്തെപ്പറ്റി അറിഞ്ഞപ്പോൾ അതിന്റെ കവറിനും അച്ചടിക്കും വേണ്ടി നല്ല ഒരു സംഖ്യ ടെലിഫോണിലൂടെ വിളിച്ചു വാഗ്ദാനം ചെയ്തു. അതോടെ വിജ്ഞാന കോശോദയം കൂടുതൽ പ്രകാശമാനമായി. മറ്റു ചെലവുകൾക്കായി ഏതാനും സുഹൃത്തുക്കൾ മൂന്നും നാലും അക്കങ്ങളുള്ള സംഖ്യകൾ അയ ച്ചുതന്നു. ചിലർ വീട്ടിൽ വന്നു പണം നൽകി. പണം അയച്ചു തന്ന ആരും കേവലം പ്രശസ്തിക്കു വേണ്ടിയോ ഒരു മികച്ച റഫറൻസ് പുസ്തകം കിട്ടുമെന്നു ചിന്തിച്ചോ നൽകിയതല്ല. ഒരു ഈടുറ്റ പുസ്തകം സഭയ്ക്കു ലഭിക്കുമെന്ന സംതൃപ്തിയാണ് ഈ പ്രോത്സാഹനങ്ങളിൽ നിഴലിക്കു ന്നതെന്നു കാണാൻ ഞങ്ങൾക്കു കഴിയുന്നുണ്ട്.

സഭയ്ക്കുവേണ്ടി എല്ലാം ത്യജിച്ചു ത്യാഗനിർഭരമായ ജീവിതം നയി ക്കുകയും സഭയുടെ അതിരുകളെ ലളിതജീവിതം നയിച്ചു വിശാലമാക്കു കയും പരുമല തിരുമേനിയുടെ കണ്ണിലുണ്ണിയായി സഭാസേവനരംഗത്തു പ്രവർത്തിക്കുകയും ചെയ്ത പുണ്യസ്മരണാർഹനായ മൂക്കഞ്ചേരിൽ ഗീവറുഗീസ് റമ്പാച്ചൻ, സഹോദരപുത്രനും സ്ലീബാദാസ സമൂഹാധ്യ ക്ഷനും മിഷനറിവീരനും അവികസിത മലബാർ ഭദ്രാസനത്തിന്റെ ശില് പിയും അവിടുത്തെ പ്രഥമ മെത്രാപ്പോലീത്തായുമായ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ്, സഹോദരിയും പുണ്യചരിതയുമായ ബഥനിയിലെ സിസ്റ്റർ ശൈനോ മുതലായവരെ മലങ്കരസഭയ്ക്കു പ്രദാനം ചെയ്ത കുലീന കുടുംബത്തിൽ ജനിക്കുകയും കോട്ടയത്തെ ഒരുത്തമ ക്രിസ്തീയ ഭവനമായ താഴത്തങ്ങാടി പള്ളത്തുശ്ശേരിൽ വർക്കിസാറിന്റെ പുത്രനും തോട്ടം ഉടമയുമായ പി. വി. പുന്നന്റെ പത്നീപദം സ്വീകരിച്ച ശേഷം ഭർതൃഗൃഹത്തിൽ വലതുകാൽ വച്ചു കയറുകയും ചെയ്ത മിയാമ പുന്നൻ നൽകിയ ചെക്കിന് ആദ്യമേ അകമഴിഞ്ഞ നന്ദി പറയുന്നു.

മലങ്കരസഭയുടെ ഒരു സുശക്തകേന്ദ്രമായ മധ്യതിരുവിതാംകൂറിലെ പ്രശസ്തമായ തൈക്കടവിൽ കുടുംബത്തിലെ അംഗവും കണ്ടനാട് മാർ ഗ്രിഗോറിയോസ് ആശ്രമത്തിന്റെ സ്ഥാപകയുമായ മദർ സൂസൻ കുരുവിള തന്ന ഗണ്യമായ തുകയ്ക്കും ഞങ്ങൾ നിറഞ്ഞ ഹൃദയത്തോടെ ഒരു ക്രിസ് തീയ സുകൃതമായ കൃതജ്ഞത പറഞ്ഞില്ലെങ്കിൽ ഞങ്ങളുടെ ഭാഗത്ത് അത് ഒരു വലിയ അപരാധമായി അവശേഷിക്കും. നന്ദിയും പരസ്യവും തെല്ലും ആവശ്യപ്പെടാത്ത, ആഗ്രഹിക്കാത്ത, സൗമ്യതയുടെ പര്യായമായ

ഈ നാരീമണികൾ ഞങ്ങളുടെ കർത്തവ്യമായ ഈ രഹസ്യം വെളിപ്പെടുത്തൽ ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നു. അതോടൊപ്പം തങ്ങൾക്കു ദൈവം നൽകുന്ന പണത്തിന്റെ ഒരംശം സമ്പന്നരായ മറ്റുള്ളവരും സൽക്കാര്യങ്ങൾക്കുവേണ്ടി നൽകുന്നതിന് ഇവരുടെ മാതൃകാപരമായ സംഭാവനകളെപ്പറ്റിയുള്ള പരാമർശം സൽപ്രേരണ ചെലുത്തുമെന്നും പ്രതീക്ഷിക്കുകയാണ്.

ഈ പുസ്തക പ്രസിദ്ധീകരണത്തിൽ ഞങ്ങൾക്കു മറക്കാനാവാത്ത പ്രോത്സാഹനം നൽകിയ പ്രമുഖ സഭാസ്നേഹികളുടെ മുൻനിരയിൽ, ദീർഘകാലം മലങ്കര അസോസ്യേഷൻ സെക്രട്ടറി, സഭാ ട്രസ്റ്റി എന്നീ നിലകളിൽ നിസ്വാർത്ഥമായും അന്യൂനമായും വലിയ സേവനം അനുഷ്ഠിച്ച പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര, പ്രശസ്തമായ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുടെ സ്ഥാപക ഡയറക്ടറും ശിശുരോഗ വിദഗ്ധനും ആലുവാ ഫെലോഷിപ്പ് ഹൗസിന്റെ ഒരു പ്രധാന പ്രവർത്തകനുമായ ഡോ. കെ. സി. മാമ്മൻ തയ്യിൽ കണ്ടത്തിൽ, പ്രമുഖ വാർത്താ ഏജൻസിയായ യു. എൻ. ഐ. യുടെ മുൻ കോ-ഓർഡിനേറ്ററും പ്രസാർ ഭാരതി കോർപ്പറേഷൻ അംഗവുമായ ഡോ. ജോർജ് വറുഗീസ് തുമ്പമൺ, ദോഹയിലെ പ്രഥമ ഓർത്തഡോക്സ് പള്ളി സ്ഥാപകനേതാവും 'ആനപ്പാപ്പി' എന്ന പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്താൻ എട്ടുവർഷം മുമ്പ് കാൽലക്ഷം രൂപാ ശേഖരിച്ച് അയച്ചുതന്ന സഭാസ്നേഹിയും, റിട്ടയർ ചെയ്ത ശേഷം തിരിച്ചെത്തി ഇപ്പോൾ കറുകച്ചാലിൽ ഒരു പള്ളി സ്ഥാപിക്കാൻ നേതൃത്വം നൽകുന്ന വ്യക്തിയുമായ തോമസ് കുര്യൻ പനയമ്പാല, സഭയിലും രാഷ്ട്രീയ രംഗത്തും സജീവമായി പ്രവർത്തിക്കുന്ന മുൻ എം.പി. തോമസ് കുതിരവട്ടം കല്ലിശ്ശേരി, പ്രതിഷ്ഠയോടെ സാമൂഹ്യ സേവനത്തിൽ മുഴുകിയിരിക്കുന്ന വർഗീസ് ഈപ്പൻ മദ്രാസ് (കൂടത്തുംമുറിയിൽ, വെണ്ണിക്കുളം), അമേരിക്കൻ ഭദ്രാസന സെക്രട്ടറി റവ. ഫാ. ജോൺ തോമസ് എന്നിവരോടുള്ള നന്ദിയും സ്നേഹവും പ്രത്യേകം രേഖപ്പെടുത്തുന്നു.

പുസ്തകത്തിനുള്ള കടലാസു വാങ്ങാൻ ബഹ്റൈനിൽ നിന്ന് അഞ്ചക്കമുള്ള ഒരു തുക സ്നേഹിതന്മാരിൽ നിന്നും മറ്റും ശേഖരിച്ച് അയച്ചുതന്നത് എന്റെ ഉത്തമനായ സീനിയർ സുഹൃത്തും പ്രമുഖ സ്ലീബാദാസനുമായിരുന്ന തൃപ്പൂണിത്തുറ പാടത്തു പി. പി. വർക്കിയുടെ പുത്രനും ബഹറിനിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനും അവിടുത്തെ ഇടവകയിലെ വലിയ ഉത്സാഹിയും ഒരു നല്ല സഭാസ്നേഹിയുമായ പി. വി. പോളാണ്. എന്റെ ഇളയ സഹോദരസ്ഥാനീയനായ പോളിന്റെയും കുടുംബാംഗങ്ങളുടെയും താല്പര്യവും സ്നേഹവും ഞങ്ങളുടെ അകമഴിഞ്ഞ കൃതജ്ഞത അർഹിക്കുന്നു.

സഭയുമായി ബന്ധപ്പെട്ട ചില പ്രമുഖരുടെ ഫോട്ടോകളും ബയോഡേറ്റായും ഗ്രന്ഥത്തിൽ ചേർക്കാനായി ആവശ്യപ്പെട്ട് എഴുതി എങ്കിലും ലഭിച്ചില്ല. ആളയച്ചും മറ്റും ഫോട്ടോ ശേഖരിക്കാനുള്ള ആളും വിപുലമായ സംവിധാനവും സമയവും ഞങ്ങൾക്ക് ഇല്ലാഞ്ഞതിനാൽ അതിനുവേണ്ടി കൂടുതൽ ശ്രമിച്ചില്ല. അത് ഒരു കുറവാണെന്നു സമ്മതിക്കുന്നു. ലഭ്യമായ ഫോട്ടോകൾ മാത്രം അനുബന്ധമായി അവസാനം ചേർക്കുകയാണ്.

അതേസമയം സഭാംഗങ്ങളും, അഴിമതിക്കാരുമായ ഉയർന്ന ഉദ്യോഗസ്ഥന്മാരേയും ബാർഹോട്ടൽ ഉടമകളെയും ബ്ലേഡ് കമ്പനി നടത്തി ഇടപാടുകാരുടെ ലക്ഷങ്ങൾ അപഹരിച്ച 'മിടുക്കന്മാരെ'യും കൂടുതൽ പലിശ വാങ്ങുന്നവരെയും തെറ്റായ മാർഗ്ഗത്തിലൂടെ പണം ആർജിക്കുന്നവരെയും പറ്റിയുള്ള വിവരങ്ങൾ ചേർത്ത് പുസ്തകത്തെ കളങ്കപ്പെടുത്തിയിട്ടില്ലെന്നു പറയട്ടെ. സുകുമാരഗുണങ്ങളുള്ള സാധിഷ്ഠരായ സഭാംഗങ്ങൾക്കാണു ഞങ്ങൾ പ്രാധാന്യം കൽപ്പിച്ചിട്ടുള്ളത്.

മലങ്കരസഭയുടെ ഞായറാഴ്ചകളിലെയും മാറാനായപ്പെരുന്നാളുകളിലെയും മറ്റും സ്വർഗ്ഗീയ ആരാധനകളിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ഇന്ന് ഭക്തിപൂർവ്വം പങ്കെടുത്തു വരുന്നത്. അവർക്ക് സഭയോടുള്ള സ്നേഹവും താല്പര്യവും അളന്നു തിട്ടപ്പെടുത്താനും സാധ്യമല്ല. സഭയുടെ ആവശ്യങ്ങൾക്കു നിർണ്ണായക ഘട്ടങ്ങളിൽ പണമോ ആഭരണങ്ങളോ നൽകുന്നതിലും അവർ ഒട്ടും പിന്നിലല്ലെന്നാണു ചരിത്രം സാക്ഷിക്കുന്നത്. നിരണം ഇലഞ്ഞിക്കൽ പീത്തമ്മ തങ്കച്ചിയുടെ, തങ്ക അങ്കി സമാനം തിളങ്ങുന്ന മാതൃക ഇന്നും ആരും അറിയാതെ പല വനിതകൾ പിന്തുടരുന്നുണ്ട്. എന്നാൽ സ്ത്രീകൾക്ക് അവർ അർഹിക്കുന്ന സ്ഥാനം സഭ നൽകാത്തത് ഒട്ടും ശരിയല്ല. സൗമ്യതയുടെ ഇരിപ്പിടങ്ങളായ അവർ അവകാശവാദങ്ങളുടെ പ്ലാക്കാർഡുകളും പിടിച്ചു അരമന അങ്കണങ്ങളിൽ ഒരിക്കലും അണിനിരക്കുകയില്ല. ഇതൊക്കെ മനസ്സിലാക്കി ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിന്റെ ആരംഭദശകത്തിൽ തന്നെ സ്ത്രീകൾക്കു നിരീക്ഷകരുടെ സ്ഥാനമല്ല പൂർണ്ണ അംഗത്വമാണു നൽകേണ്ടത്. ഇതിനുവേണ്ടി ഭരണഘടന ഒന്നു ഭേദഗതി ചെയ്യേണ്ട കാര്യമേയുള്ളല്ലോ.

സഭാകേന്ദ്രമായ ദേവലോകത്തെ കാതോലിക്കേറ്റ് അരമന ചാപ്പൽ സ്ത്രീകളുടെ സംഭാവനയുടെ സന്തതിയാണ്. അവിടെ ആദ്യം ഉയർന്ന സഭാ ഓഫീസ് പ്രധാനമായും ഫാ. കെ. ഫീലിപ്പോസി (പിന്നീട് മാർ തെയോഫിലോസ്) ന്റെ പ്രേരണ മൂലം ഒരു പ്രശസ്ത വനിതയായ ഡോ. മിസിസ്സ് പുന്നൻ ലൂക്കോസ് നിർമ്മിച്ചുകൊടുത്തതാണ്. ഇതൊക്കെ വൈകി ജനിച്ച, വായിക്കാത്ത, ഇന്നത്തെ സഭാംഗങ്ങളിൽ പലർക്കും ഒരു പക്ഷേ അജ്ഞാതമായിരിക്കും. സ്ത്രീശക്തിയെപ്പറ്റി നമുക്കു വേണ്ടത്ര

അറിവും ഇല്ലല്ലോ.

ദേവലോകത്തു നിർമ്മിച്ചുകൊണ്ടിരിക്കുന്നതും പണിതീരാത്തതുമായ സഭാസെക്രട്ടറിയേറ്റ് മന്ദിരത്തിന്റെ പണി പൂർത്തിയാക്കാനുള്ള അവസരം നമ്മുടെ സ്ത്രീകൾക്കു ഒരു പദ്ധതിയിലൂടെ നൽകിയാൽ ഒരു വർഷം കൊണ്ടു പണി തീർക്കാനുള്ള പണം അവർ തരും. ആവശ്യമായ അർത്ഥം സ്ത്രീകൾ ഭർത്താക്കന്മാരിൽ നിന്നും സ്വദേശത്തും വിദേശങ്ങളിലും ജോലിയും നല്ല ശമ്പളവുമുള്ള മക്കളിൽ നിന്നും ചെറു തേനീച്ചകളെപ്പോലെ ശേഖരിച്ചു നൽകും. ഇതേപ്പറ്റി പരിശുദ്ധ സുന്നഹദോസിനും വർക്കിംഗ് കമ്മറ്റിക്കും മാനേജിംഗ് കമ്മറ്റിക്കും ആലോചിച്ചു തീരുമാനിക്കാവുന്നതേയുള്ളൂ.

ഈ വിജ്ഞാനകോശത്തിന്റെ ആവശ്യകതയും മാഹാത്മ്യവും മനസ്സിലാക്കിക്കൊണ്ടും ഇത് സഭയ്ക്ക് ഒരു മുതൽക്കൂട്ടാണെന്ന് എടുത്തുപറഞ്ഞുകൊണ്ടും ഒരു നല്ല ആശംസയിലൂടെ അനുഗ്രഹിക്കുകയും തദ്വാരാ അതിന് ഔദ്യോഗിക പരിവേഷം സമ്മാനിക്കുകയും ചെയ്ത സഭയുടെ പരമാധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവായോടുള്ള അതിരറ്റ ആദരം അറിയിച്ചുകൊള്ളുന്നു.

വിജ്ഞാനകോശം മുഴുവൻ വായിച്ച ശേഷം അർത്ഥനിർഭരമായ അവതാരികയാകുന്ന മേലങ്കികൊണ്ട് അലങ്കരിച്ചിരിക്കുന്നത് മലങ്കരസഭയുടെ ഈ നൂറ്റാണ്ടിലെ വളർച്ചയ്ക്കും പുരോഗതിക്കും പ്രതിജ്ഞാബദ്ധനായി ചുക്കാൻ പിടിക്കാൻ ജനലക്ഷങ്ങൾ ഏകകണ്ഠമായി നിയോഗിച്ചിരിക്കുന്ന ഭാവനാസമ്പന്നനും ഉല്പന്നശോഭിതനുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായാണ്. ഗ്രന്ഥകർത്താവിനെപ്പോലെ തന്നെ സഭാംഗങ്ങളുടെ ഒരു പ്രമുഖ കേന്ദ്രമായ കുന്നംകുളത്തു ജനിച്ചു വളർന്ന ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ഇന്നു സടകുടഞ്ഞെഴുന്നേറ്റിരിക്കുന്ന പ്രബുദ്ധരായ മലങ്കരസഭാമക്കളുടെ പ്രതീക്ഷയും പ്രതീകവുമാണ്. നിലയ്ക്കാത്ത സഞ്ചാരങ്ങൾ, വലിയ ജോലിത്തിരക്കുകൾ എന്നിവയ്ക്കിടയിലും തിരുമേനി ഞങ്ങളോടു പ്രകടിപ്പിച്ച സന്മനസ്സിനും അനുപമ പ്രോത്സാഹനത്തിനും സ്നേഹത്തിനും നീഹാരശീകര മനോഹരമായ ഈ അവതാരികയ്ക്കും വിനീതമായ കൂപ്പുകൈ.

പുസ്തകത്തെ ആസ്വാദനത്തിന്റെയും അനുമോദനത്തിന്റെയും നറുമലർ ഹാരമണിയിച്ചിരിക്കുന്നത് കുന്നംകുളത്തെ പ്രശസ്തമായ പുലിക്കോട്ടിൽ കുടുംബത്തിലെ ഒരിളംതലമുറക്കാരനും പ്രമുഖ സഭാചരിത്രകാരനും മലങ്കരസഭാ പത്രാധിപസമിതി അംഗവും സാഹിത്യപ്രേമിയും ഗ്രന്ഥകാരനും അഭിഭാഷകനുമായ പി. സി. മാത്യുവാണ്. പഠന ഗവേഷണങ്ങൾക്കു പ്രായം തടസ്സമല്ലെന്നു പറഞ്ഞുകൊണ്ട് സപ്തതിയിൽ എത്തി നിൽക്കുന്ന

അഡ്വ. മാത്യു ഡോക്ടറേറ്റിനുള്ള പ്രബന്ധം കാലിടറാതെ കാലടി സർവ്വകലാശാലയിൽ അവതരിപ്പിച്ചു കാത്തിരിക്കുകയാണ്. അദ്ദേഹം ഞങ്ങളുടെ നല്ല സുഹൃത്തും ഞങ്ങളോടൊപ്പം സഭാചരിത്ര-ജീവചരിത്ര ഗ്രന്ഥങ്ങൾ രചിക്കുന്ന അറിവും വിവേകവും നിറഞ്ഞ സംസ്ക്കാരസമ്പന്നനുമാണെന്ന വസ്തുത ഞങ്ങളുടെ സന്തോഷത്തെ ഇരട്ടിക്കുകയാണ്. ഒട്ടും അതിശയോക്തി തൊട്ടു തേച്ചിട്ടില്ലെന്നുറപ്പിച്ചു പറയാനാവാത്ത അഭിനന്ദനം ഈ ഗ്രന്ഥത്തിന് ഒരു കനകതിലകം തന്നെയാണ്.

വിജ്ഞാനകോശം രചിച്ചിരിക്കുന്നതു മലങ്കരസഭയിൽ ഇന്നുള്ള ഏറ്റവും വലിയ സഭാചരിത്രകാരനും റിട്ട. പ്രൊഫസറും വലിയ പണ്ഡിതനും പ്രമുഖ വൈദികനും വാക്പടുവുമായ റവ. ഫാ. ഡോ. ജോസഫ് ചീരൻ ആണ്. സഭ, അതിന്റെ വിശ്വാസാചാരങ്ങൾ, ദൈവശാസ്ത്ര സങ്കല്പങ്ങൾ, കാനോനുകൾ, പടിയോലകൾ, ആരാധന, കോട്ടങ്ങൾ, നേട്ടങ്ങൾ, നന്നാകാനുള്ള മാർഗ്ഗങ്ങൾ എന്നിവയെപ്പറ്റി ആധികാരികമായി പറയാനും എഴുതാനും ഇന്ന് ഇതുപോലെ മറ്റാരും ഇല്ലെന്നഭിപ്രായപ്പെടുന്നത് അച്ചനെ പുകഴ്ത്താനല്ല, അദ്ദേഹത്തെ കൂടുതൽ അടുത്തറിയാവുന്നതുകൊണ്ടാണ്. മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, സുറിയാനി എന്നീ ഭാഷകളിൽ നല്ല അവഗാഹമുള്ള ഒരു പ്രഗല്ഭ വ്യക്തിക്കു മാത്രമേ നഭസ്തല വിശാലമായ, പാരാവാരത്തീരപ്പരപ്പുപോലെ കിടക്കുന്ന, വിഷയങ്ങളെ വാറ്റി വറ്റിച്ചു സത്തെടുത്ത് ഇത്തരത്തിൽ മഹിമ തങ്ങിയ ഒരു റഫറൻസ് ഗ്രന്ഥം തയാറാക്കാൻ സാധിക്കുകയുള്ളു. എല്ലാറ്റിനും ഉപരി സുല്ലിടാത്ത, പ്രായക്ലേശങ്ങളെ പടിക്കുപുറത്തു നിറുത്തിക്കൊണ്ടുള്ള, അനുപമ പഠനഗവേഷണതാല്പര്യവും ചെറു തേനീച്ചകളെ കണ്ടു പഠിച്ചതെന്നു തോന്നുമാറ് മധുരതരമായ വിജ്ഞാനശകലങ്ങൾ സംഭരിച്ചു 'മടിയന്മാർക്കും' നൽകുന്നതിനുള്ള ഹൃദയവിശാലതയും അത്യുത്സാഹവും അതുല്യമായ ക്ഷമാശീലവും ക്ഷീണിക്കാത്ത മനസ്സും അപാരമായ കഴിവുകളും കുറഞ്ഞസമയം കൊണ്ട് പുസ്തകം പൂർത്തിയാക്കാൻ സഹായിച്ചു. അല്പം വടക്കനെന്നു തെക്കുള്ളവർക്കു വിശേഷിപ്പിക്കാവുന്ന ബ. അച്ചന്റെ, ആഴത്തിൽ വേരോടിയിട്ടുള്ള കഴിവുകൾ കണ്ടു മനസ്സിലാക്കി അവ നഷ്ടപ്പെടാതെ സഭയ്ക്കുവേണ്ടി ഒരളവുവരെയെങ്കിലും സദുദ്ദേശ്യത്തോടെ ചൂഷണം ചെയ്യാൻ കഴിഞ്ഞു എന്നതും കവറിനും കടലാസിനും അച്ചടിക്കുമുള്ള പണം സമാഹരിച്ചതുമാണ് ഇപ്പോൾ തെക്കനും വടക്കനുമല്ലാത്ത പ്രസാധകൻ നിർവഹിച്ച പ്രധാന പങ്ക്. തിരിഞ്ഞുനോക്കുമ്പോൾ ഓർത്തഡോക്സ് സഭയുടെ ഒരു പ്രധാന ശക്തികേന്ദ്രമായ കുന്നംകുളത്തെ "ഉന്നതരും ഉത്തമരുമായ മക്കൾ" രചിച്ച ഈ കൃതി ഒരു വലിയ ദൈവാനുഗ്രഹം എന്നു വായിക്കുന്ന സഭാസ്നേഹികൾക്കു സ്വാഭിമാനം തറപ്പിച്ചു പറയാനാവും. ജീവിതത്തിന്റെ അപരാഹ്നത്തിൽ നിന്നു കടക്കാൻ

ശ്രമിക്കുന്ന പ്രസാധകന് ഈ പുസ്തകത്തെപ്പറ്റി ഇതിലധികം ഒന്നും പറയാനില്ല.

ഈ പുസ്തകത്തിന്റെ ഡി. റ്റി. പി. ഭംഗിയായി ചെയ്തു തന്ന എന്റെ യുവ സ്നേഹിതനും സഭാചരിത്ര-ഗവേഷണ രംഗങ്ങളിൽ വലിയ ഉത്സുകനും ഗ്രന്ഥകാരനും സോഫിയാ പ്രിന്റ് ഹൗസ് ഉടമയുമായ ജോയ്സ് തോട്ടയ്ക്കാടിനോടും, അതിമനോഹരമായി കവർ രൂപകല്പന ചെയ്ത കോട്ടയത്തെ ക്രിയേറ്റീവ് ആർട്ടിസ്റ്റായ ജിനുവിനോടും (ഇക്വേഷൻസ്) കമനീയമായി മുദ്രണം ചെയ്തുതന്ന ലേണേഴ്സ് ഓഫ്സെറ്റ് പ്രസുടമകളോടും ഞങ്ങൾക്കുള്ള നന്ദി സസന്തോഷം രേഖപ്പെടുത്തുന്നു.

ഈ റഫറൻസ് ഗ്രന്ഥം സംബന്ധിച്ച പ്രീ പബ്ലിക്കേഷൻ ബ്രോഷർ അച്ചടിച്ച് സഭയിലെ എല്ലാ മേല്പട്ടക്കാർക്കും സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും വർക്കിംഗ് കമ്മിറ്റി അംഗങ്ങൾക്കും പ്രമുഖ സഭാ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും മറ്റും അയച്ചുകൊടുത്തു. പിന്നീട് റിമൈൻഡറും അയച്ചു. ചതുർവർണ്ണ ബ്രോഷർ അച്ചടിച്ച് തപാലിൽ മേലെഴുത്തും എഴുതി അയയ്ക്കുന്നതിനു തന്നെ പതിനായിരത്തിൽ പരം രൂപ ചെലവായി. സഭാസ്നേഹികൾ വായിക്കുന്ന മനോരമ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ പല തവണ പരസ്യം ചെയ്തതിനുള്ള ചെലവു വേറെ. സഭയുടെ പരമാധ്യക്ഷനും മേല്പട്ടക്കാരിൽ മൂന്നുപേരും 'സഭാകാര്യ വിശാരദന്മാരായ' മാനേജിംഗ് കമ്മിറ്റി അംഗങ്ങളിൽ നാലഞ്ചു പേരും മാത്രമേ പ്രതികരിച്ചുള്ളൂ. സഭാ പ്രസിദ്ധീകരണ രംഗത്തെ ഈ പ്രതിഭാസം ഏതാണ്ടു നേരത്തെ പ്രതീക്ഷിച്ചതായിരുന്നതിനാൽ ധനനഷ്ടത്തിൽ പ്രത്യേകിച്ചു ഖേദമൊന്നുമില്ല. പൊതുവായ സഭാകാര്യങ്ങളിലും സഭാജീവിത നിഷ്ഠകളിലും സഭയുടെ ചരിത്രം, വിശ്വാസാചാരങ്ങൾ എന്നിവയിലും ഉന്നത സമിതികളിലെ പ്രമുഖരെന്നു വിചാരിക്കപ്പെടുന്ന ചിലർക്കെങ്കിലും വേണ്ടത്ര അറിവോ അവഗാഹമോ താൽപര്യമോ ഇപ്പോഴും ഇല്ലെന്നുള്ളതിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ തെളിവാണ് ഈ അക്ഷര വിരോധത്തിലധിഷ്ഠിതമായ പ്രതികരണരാഹിത്യം എന്ന നിഗമനത്തിൽ അനുഭവങ്ങളെ മുൻനിറുത്തി എത്തിച്ചേരുന്നതിൽ ആർക്കും ഞങ്ങളെ കുറ്റപ്പെടുത്താനാവില്ലല്ലോ.

താണ തറ രാഷ്ട്രീയ ശൈലിയിൽ പരസ്യങ്ങൾ, നോട്ടീസുകൾ, നേരിട്ടുള്ള ശകടപ്രദക്ഷിണങ്ങൾ, ഭവനസന്ദർശനങ്ങൾ, സ്വകാര്യ കത്തുകൾ മുതലായവയിലൂടെ വൻ തോതിൽ പണം ചെലവാക്കിയും വോട്ടു പിടിച്ചും ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതുപോലെ സഭയുടെ ഉന്നത സമിതികളിൽ എത്തുന്ന ചിലർ ഉത്സവവേളകളിൽ മദമിളകുന്ന കുംഭികളുടെ ചലിക്കുന്ന ശിരോലങ്കാരമെന്ന രീതിയിലാണു സ്ഥാനമാനങ്ങളെ കണ

ക്കാക്കുന്നതെന്നു പറഞ്ഞാൽ സാധാരണക്കാരായ സഭാംഗങ്ങളിൽ ഭൂരി പക്ഷവും അതിനോടു വിയോജിക്കുകയില്ല.

എത്ര പ്രഗല്ഭനായാലും പ്രസംഗകനായാലും കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങളെപ്പോലെയും ഇലകൊഴിഞ്ഞും ഫലമില്ലാ തെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ പോലെയും സ്ഥിതി ചെയ്യുന്നതു കൊണ്ടു ഒരു പ്രയോജനവും ആർക്കും ഇല്ലല്ലോ.

മാനേജിംഗ് കമ്മറ്റിയിൽ കടന്നുകൂടുന്ന ചിലർക്കെങ്കിലും യോഗത്തിൽ സഭാസംബന്ധമായി കഴമ്പുള്ള ഒരു ചോദ്യമോ സംശയമോ പോലും ഉന്ന യിക്കാനുള്ള ശരിയായ കാര്യവിവരമോ വിവേകമോ അറിവോ കമ്മിയാ ണെന്നു അവർക്കു തന്നെ അറിയാം. പുതിയ അംഗങ്ങൾക്ക് നടപടിക്രമ ങ്ങൾ, മാനേജിംഗ് കമ്മിറ്റിയിൽ സ്വീകരിക്കേണ്ട നിലപാട്, സൽപ്പെരുമാറ്റം, പ്രാർത്ഥന, മതോപദേശസാരങ്ങൾ, വേദപുസ്തകം, സഭാകേസുകളുടെ അടിസ്ഥാനം, സഭാചരിത്രം മുതലായവയിൽ നല്ല പരിശീലനം നൽകേണ്ട താണ്. പഴക്കം ചെന്നവരും ഓർമ്മ പുതുക്കാൻ ഇതിൽ പങ്കെടുക്കുന്നതു കൊള്ളാം. അല്ലെങ്കിൽ മാനേജിംഗ് കമ്മിറ്റി അന്തിച്ചന്തകളേക്കാൾ നില വാരം താണ ചില നിയമസഭകളെപ്പോലെയും ചില പാർലമെന്റ് സെഷനു കളെപ്പോലെയും ആയിത്തീരാനിടയുണ്ട്.

വേണ്ടത്ര സഭാ സ്നേഹവും സഭാസേവനപ്രതിബദ്ധതയും ധാർമ്മിക ജീവിതവും വായനയും ഇല്ലാത്തവർ പണക്കൊഴുപ്പിന്റെ ബലത്തിൽ ഉന്നത സമിതികളിൽ കയറിപ്പറ്റുന്നതുകൊണ്ടാണ് ക്രൈസ്തവ സഭകൾക്കു പലപ്പോഴും നവജീവൻ ഉണ്ടാകാതെ പോകുന്നതെന്നു വിശ്വസിക്കുന്നവർ ഒട്ടും കുറവല്ല. സഭയെ തങ്ങളുടെ അനുദിന ജീവിതത്തിന്റെ ഭാഗമായി കണ്ടു സമയവും പണവും സോദ്ദേശ്യത്തോടെ ചെലവിട്ട് ത്യാഗപൂർവ്വം സേവനം ചെയ്ത മുൻ തലമുറയിലെ പ്രമുഖാംഗങ്ങളും ഇന്നത്തെ ചില ലിപി വിരോധികളും സ്ഥാനമോഹികളുമായ അംഗങ്ങളും തമ്മിൽ ആന യും എറുമ്പും പോലെയുള്ള അന്തരമാണുള്ളത്. ഉന്നതസ്ഥാനങ്ങൾ നഷ്ട പ്പെടുമ്പോൾ സഭയ്ക്കെതിരെ വാളെടുക്കുന്ന ചില വ്യക്തികളും ഇല്ലാതില്ല.

ഏതാനും വർഷങ്ങളായി ഞങ്ങൾ മാത്രമാണു പ്രധാനമായും സഭാച രിത്രം സൽചരിതരായ സഭാപിതാക്കന്മാരുടെ ജീവചരിത്രം എന്നിവ സഭാംഗങ്ങളുടെ ബോധവൽക്കരണാർത്ഥം പ്രസിദ്ധപ്പെടുത്തുന്നത്. അവ ആവശ്യപ്പെടുന്ന ദേശക്കാരെപ്പറ്റിയും വായിച്ചു പ്രയോജനപ്പെടുത്തുന്ന ഈ നാട്ടിലും പുറത്തും ഉള്ള പരിമിതമായ സഭാസ്നേഹികളെപ്പറ്റിയും കുറെയൊക്കെ ഞങ്ങൾക്കറിയാം. വൈദികരിൽ നല്ല ഒരു ഭാഗം പുസ്തക ങ്ങൾ കാണാറില്ല; തൊടാറുമില്ല. മാനേജിംഗ് കമ്മറ്റിയിൽ ഇന്നുള്ള പലരും ഞങ്ങളുടെ അനുവാചകരുടെ പരിമിത ലിസ്റ്റിനു പുറത്താണ്. ഉന്നതസ്ഥാ

നികൾക്കു പുസ്തകങ്ങൾ ഫ്രീയായി അയച്ചുകൊടുത്താൽ മിക്കവരും സമയക്കുറവുകൊണ്ടായിരിക്കാം കിട്ടി എന്നു കാണിച്ചു 25 പൈസായുടെ ഒരു മേഘദൂത് കാർഡ് പോലും മറുപടിയായി എഴുതി അയയ്ക്കാറില്ല. ഇതൊന്നും മാറ്റാൻ ശ്രമിച്ചിട്ടു കാര്യവുമില്ലെന്നറിയാം. സൗജന്യമായി ലഭിക്കുന്ന പുസ്തകങ്ങൾ മിക്കവരും വായിക്കാറില്ല. അതൊരു മനശ്ശാസ്ത്ര തത്വമാണ്. കളർ പടങ്ങൾ ഉണ്ടെങ്കിൽ ചുരുക്കം ചിലർ ഒന്നു മറിച്ചു നോക്കിയേക്കും. അതുകൊണ്ട് അവർക്കും മറ്റുള്ളവർക്കും ഒരു പ്രയോജനവും സിദ്ധിക്കുകയില്ല. തന്നിമിത്തം യാത്രാക്ലേശങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും സഹിച്ചു പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുകയും തപാൽ ചെലവു വഹിച്ച് നല്ല സാമ്പത്തികശേഷിയുള്ളവർക്കും അയച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു രീതിയും മേലിൽ തുടരേണ്ടതില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയാണുണ്ടായത്.

സഭാസംബന്ധമായ പുസ്തക പ്രസിദ്ധീകരണ രംഗത്തെ സ്വയം സംസാരിക്കുന്ന ചില കാലിക പ്രശ്നങ്ങൾ സാന്ദർഭികമായി പരാമർശിച്ചു എന്നല്ലാതെ ആരെയും കുറ്റപ്പെടുത്താൻ ഇവിടെ ആഗ്രഹമില്ല. അതു ഞങ്ങളുടെ ലക്ഷ്യവുമല്ല. അതിന്റെ ആവശ്യവും ഇല്ല. പ്രയോജനവും ഇല്ല. ആരോടും പരിഭവവും ഇല്ല. പുസ്തക പ്രസിദ്ധീകരണവും വായനയും വളരണം, വളർത്തണം. തളർത്തരുത്. ക്ഷീണം വന്നാൽ അത് ആത്യന്തികമായി സഭയെ ആയിരിക്കും ബാധിക്കുക. അങ്ങനെ ഒരിക്കലും വരാതിരിക്കട്ടെ എന്ന പ്രാർത്ഥനയോടും തികഞ്ഞ ആത്മ സംതൃപ്തിയോടും ഈ സഭാചരിത്ര വിജ്ഞാനകോശത്തെ ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരുപോലെ ഹിതകരമായ കുളിർമ നൽകുന്ന നിശാന്ത സമീരണൻ കണക്കെ ദൈവപ്രസാദമുള്ള യഥാർത്ഥ സഭാസ്നേഹികളുടെ വിമല കരങ്ങളിൽ അത്യുന്നതങ്ങളിലെ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് അഭിമാനത്തോടും ആഹ്ലാദത്തോടും അതിലുപരി ആദരത്തോടും ഒരു ക്രിസ്മസ് സമ്മാനമായി സമർപ്പിക്കുന്നതിൽ അതിരറ്റ സന്തോഷമുണ്ട്.

കെ. വി. മാമ്മൻ കോട്ടയ്ക്കൽ

മാങ്ങാനം, കോട്ടയം-18

മാർത്തോമ്മാ ശ്ലീഹായുടെ ദുഖ്റോനോ

21-12-2007

പുസ്തകാസ്വാദനം

'ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം' എന്ന ബൃഹത്ഗ്രന്ഥം വായിച്ചുതീർത്തപ്പോൾ വിസ്മയം കൊണ്ട് അത് മടക്കി മേശപ്പുറത്ത് വെക്കാൻ തോന്നാതെ താളുകൾ വാത്സല്യപൂർവ്വം വീണ്ടും, വീണ്ടും മറിച്ചു നോക്കി കുറേനേരം ഇരുന്നുപോയി. മൂവായിരത്തിൽപരം ശീർഷകങ്ങൾ! വിജ്ഞാനത്തിന്റെ തിളങ്ങുന്ന ശിലാപാളികൾ ഒന്നൊന്നായി സസൂക്ഷ്മം പെറുക്കി അടുക്കി വച്ചിരിക്കുന്നു! അതിന്റെ ശില്പമനോഹാരിത മനസ്സിനും, ഹൃദയത്തിനും ഒരുപോലെ കുളിർമയേകുന്നു. എത്ര ഹൃദ്യമായ വിവരണങ്ങൾ! സൂക്ഷ്മമായ പ്രതിപാദനം. നിഷ്പക്ഷമായ അവലോകനം. സഭാചരിത്രപരമായ ഏതെങ്കിലും വാക്കോ, ശൈലിയോ, ഭാഷാപ്രയോഗമോ അറിയാൻ ഈ സഭാചരിത്രവിജ്ഞാനകോശമെടുത്ത് നിവർത്തിയാൽ അന്വേഷകന് പൂർണ്ണസംതൃപ്തി നൽകുന്ന വിവരണം അർത്ഥപുഷ്ടിയോടെ ഇതിൽ കാണാമെന്നുള്ളത് ഉറപ്പാണ്. അതിലാണല്ലോ ഉത്തമമായ ഒരു വിജ്ഞാനകോശത്തിന്റെ മേന്മ കിടക്കുന്നത്. 'അക്കോയ്മെറ്റായ്' എന്ന അപരിചിത വിദേശ ക്ലിഷ്ടപദത്തിന്റെ അർത്ഥ വിശദീകരണം മുതൽ 'അകായികൾ' എന്ന തനി നാടൻ പദപ്രയോഗത്തിന്റെ ഊഷ്മള സാരസ്യം വരെ ഇതിലുണ്ട്. ചുരുക്കത്തിൽ ഗ്രന്ഥരചയിതാവ് സഭയുടെ എല്ലാ മേഖലകളിലും കടന്നുചെന്ന് പരിശോധിച്ച് വിഭവശേഖരണം നടത്തിയിട്ടുണ്ടെന്ന് ഗ്രന്ഥം ഒന്നു മറിച്ചു നോക്കിയാൽ സൂക്ഷ്മദൃഷ്ടികൾക്ക് മനസ്സിലാകും.

ഈ ഗ്രന്ഥം പൂർണ്ണമായി ഒരു വ്യക്തി തനിച്ച് തയാറാക്കിയതാണെന്ന് സാധാരണക്കാർക്ക് വിശ്വസിക്കാൻ പ്രയാസമാണ്. പ്രഗല്ഭമതികളായ മനീഷികളെ അടുത്തറിയാനും അവരുടെ ധൈഷണിക ക്രിയകളെ വിലയിരുത്താനും അസ്മാദൃശന്മാർക്ക് കഴിഞ്ഞെന്നു വരില്ല. എന്നാൽ ഈ ഉൽകൃഷ്ടകൃതിയുടെ പ്രണേതാവായ ഫാദർ ഡോ. ജോസഫ് ചീരനെ അടുത്തറിയാവുന്ന ക്രാന്തദർശികൾക്ക് അദ്ദേഹം ഈ ഗ്രന്ഥരചന തനിച്ച് നടത്തി എന്നതിൽ അദ്ഭുതം തോന്നുകയില്ല. 'ഇന്ത്യൻ ഓർത്തഡോക്സ് സഭ: ഒരു വിമർശനാത്മക ചരിത്രം' എന്ന അമൂല്യഗ്രന്ഥം രചിച്ച തൂലിക പല അദ്ഭുതങ്ങളും ഭാവിയിൽ സൃഷ്ടിക്കുമെന്ന് 1993-ൽ ആ പുസ്തകം പുറത്തിറങ്ങിയപ്പോൾ തന്നെ ദീർഘവീക്ഷണ ചതുരരായ അനുവാചകർ പ്രവചിച്ചിരുന്നതാണ്. ഒന്നരലക്ഷം അനുഷ്ഠിപ്പുവൃത്തത്തിലുള്ള സംസ്കൃതശ്ലോകങ്ങൾ അടങ്ങിയ വ്യാസമഹാഭാരതം മലയാളത്തിലേക്ക് പദാനുപദം പദ്യത്തിൽ വിവർത്തനം ചെയ്ത കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാന്റെയും, ശബ്ദതാരാവലി ഭാഷാനിഘണ്ടു ഇരുപതു വർഷത്തെ കഠിനപ്രയത്നം കൊണ്ട് തനിച്ച് രചിച്ച ശ്രീകണ്ഠേശ്വരം പത്മനാ

ഭപിള്ളയുടെയും വംശം കേരളത്തിൽ നിന്ന് കുറ്റിയറ്റു പോയിട്ടില്ലെന്ന് ലോകത്തിന് ഒരിക്കൽ കൂടി കാട്ടിക്കൊടുക്കുവാൻ ജഗന്നിയന്താവ് ചീര നച്ചനെ ഉപയോഗിച്ചു എന്നു മാത്രം. സർവ്വശക്തനായ ദൈവം തമ്പുരാന് അസാദ്ധ്യമായി ഒന്നുമില്ലല്ലോ.

പണ്ഡിതന്മാരായ എഴുത്തുകാരുടെ കൂട്ടായ പ്രയത്നത്തിന്റെ ഫലമായി വിജ്ഞാനകോശങ്ങൾ പ്രസിദ്ധീകരിക്കുന്ന കാഴ്ച നമുക്ക് സുപരിചിത മാണ്. എന്നാൽ ഒറ്റയ്ക്ക് ഒരു വ്യക്തി ഇത്തരം ഭഗീരഥപ്രയത്നങ്ങൾ നടത്തുകയെന്നത് അത്യപൂർവ്വമാണ്. ഇംഗ്ലീഷുഭാഷയിൽ ആദ്യമായി ഡിക്ഷ്ണറി എഴുതി പ്രസിദ്ധീകരിച്ചതു നിർദ്ധനനായ ഡോ. സാമുവൽ ജോൺസൺ ഒറ്റയ്ക്ക് പ്രയത്നിച്ചിട്ടാണെന്ന് വായിച്ചിട്ടുണ്ട്. ഡോ. ജോൺ സന്റെ ജീവചരിത്രമെഴുതിയ ജയിംസ് ബോസ്ബെൽ അതിനെക്കുറിച്ച് ഹൃദയസ്പർശിയാംവണ്ണം എഴുതിയ ചരിത്രം നമ്മുടെ മുൻപാകെ ഉണ്ട്. ഇസഡ്. എം. പാറേട്ട് 'മലങ്കര നസ്രാണികൾ' പത്തു വാല്യം വാർദ്ധക്യ ത്തിലേക്ക് കാലൂന്നിയശേഷം രോഗം തളർത്തിയ കൈവിരലുകളിൽ പ്രയാ സപ്പെട്ട് പേന പിടിച്ച് ഒറ്റയ്ക്ക് എഴുതി തറവാട്ടുവക സ്വത്തെടുത്ത് പ്രസി ദ്ധീകരിച്ചു എന്ന കാര്യം മലയാളികൾക്ക് അറിവുള്ളതാണ്. അങ്ങനെ യുള്ള ലബ്ധപ്രതിഷ്ഠരായ 'ഒറ്റയാൻ'മാരുടെ മുൻനിരയിലേക്ക് ചീരന ച്ചൻ ഇതാ കടന്നുവന്നിരിക്കുന്നു. പ്രബുദ്ധരായ മലയാളമണ്ണിന്റെ മക്ക ൾക്ക് ആ സവ്യസാചിയെ ആദരിക്കാതിരിക്കാൻ കഴിയില്ല. ഭൗതികമായ യാതൊന്നും പ്രതീക്ഷിച്ചല്ല അദ്ദേഹം മഹത്തും ബൃഹത്തുമായ ഈ ഗ്രന്ഥം ദീർഘകാലത്തെ പ്രയത്നത്തിലൂടെ സാക്ഷാൽകരിച്ചിരിക്കുന്നത്. തന്റെ സർഗ്ഗചേതന നിറഞ്ഞ വിശാലമനസ്സിൽ തിങ്ങി നിറഞ്ഞു തുളുമ്പി നിൽക്കുന്ന വിജ്ഞാനവീചിയുടെ അമൃതധാര സഹൃദയ സരണിയിലേക്ക് തുറന്നു വിട്ടു എന്നു മാത്രം.

ഈ മഹത്തും അനുപമവുമായ ഗ്രന്ഥം ചീരനച്ചനെകൊണ്ട് എഴുതി ക്കാൻ പ്രചോദനം കൊടുത്ത മാങ്ങാനം കോട്ടയ്ക്കൽ പബ്ലിഷേഴ്സിന്റെ ജീവാത്മാവും പരമാത്മാവുമായ കെ. വി. മാമ്മനെ അക്ഷരപ്രേമികൾ ഹൃദ യംഗമമായി അനുമോദിക്കുക തന്നെ ചെയ്യും. ചീരനച്ചന്റെ ഹൃദയാങ്കുര ങ്ങൾക്ക് ഓജസും വീറും പകർന്നു നൽകി ഗ്രന്ഥരചനയെ പരിപോഷി പ്പിക്കുവാൻ കെ. വി. മാമ്മന്റെ കരങ്ങളാണ് നിസ്തന്ദ്രം പ്രയത്നിച്ചത്. കുചേലവൃത്തം വഞ്ചിപ്പാട്ട് രചിക്കുവാൻ മാർത്താണ്ഡവർമ്മ മഹാരാജാ വാണല്ലോ രാമപുരത്തു വാരിയരെ പ്രോത്സാഹിപ്പിച്ചത്. മഗ്ദലന മറിയം ഖണ്ഡകാവ്യമെഴുതാൻ മഹാകവി വള്ളത്തോളിനെ പുലിക്കോട്ടിൽ യൗസേപ്പ് റമ്പാൻ പ്രേരിപ്പിച്ചു. അങ്ങനെയുള്ള 'അഗ്നിമാരുതയോഗങ്ങൾ' സാഹിത്യചരിത്രത്തിൽ പലതും കാണാം. കെ. വി. മാമ്മൻ മുൻപിൻ നോക്കാതെയും, വമ്പിച്ച സാമ്പത്തിക ബാധ്യത കണക്കാക്കാതെയും എടു

ത്തുചാടിയതിനാലാണ് ഈ ഗ്രന്ഥമെന്നല്ല ഇതുപോലെയുള്ള അനേകം പുസ്തകങ്ങൾ ഓർത്തഡോക്സ് സഭയ്ക്കും തദ്വാര ഭാഷാസാഹിത്യ ത്തിനും കൈവന്നത്. ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള പ്രസാധകക്കുറിപ്പ് വായനക്കാർ ഏറെ ഇഷ്ടപ്പെടും. എത്ര എത്ര ഗ്രന്ഥങ്ങൾ സ്വയം എഴു തിയും മറ്റുള്ളവരെ കണ്ടുപിടിച്ച് എഴുതിച്ചും അദ്ദേഹം സഭയുടെ സാഹി ത്യശേഖരം പുഷ്ടിപ്പെടുത്തി എന്നതിന് കണക്കില്ല. ഇത് ഒരു ദൈവനി യോഗമായി കണക്കാക്കിയാൽ മതി. എത്രയോ ലക്ഷം സഭാംഗങ്ങൾ ഈ പുരാതനമായ ഓർത്തഡോക്സ് സഭയിൽ ഉണ്ട്. അവർക്കാർക്കും ഈ ദൗത്യം തിരഞ്ഞെടുക്കുവാൻ തോന്നിയിട്ടില്ലല്ലൊ. സംഘടനാശേഷിയും, എഴുതാൻ കഴിവും, ആരോടും കടം പറയാതെ പ്രസിദ്ധീകരിക്കാൻ തക്ക സാമ്പത്തികശേഷിയും ഉള്ളവർ സഭയിൽ പലരും കാണും. അവരാരും തിരിഞ്ഞുനോക്കാത്ത ലാഭരഹിത ദുഷ്ക്കരസരിത്തിലൂടെയാണ് പ്രസാ ധകന്റെ പ്രയാണം. ജോലി ചെയ്യുന്നവൻ കൂലിക്ക് അർഹനാണ്. ഓർത്ത ഡോക്സ് സഭാപെരുമയെക്കുറിച്ചും, സഭാപിതാക്കന്മാരെക്കുറിച്ചും ഒട്ട ധികം ഗ്രന്ഥങ്ങൾ ഇതിനകം രചിക്കുകയും പ്രസാധനം ചെയ്യുകയും ചെയ്ത എഴുപത്തേഴു വയസ്സ് പിന്നിട്ട മാമ്മച്ചനോടു സഭയ്ക്കുള്ള കടപ്പാട് നിസ്സീമമാണ്.

പരിശുദ്ധ കാതോലിക്കാബാവാ ദിദിമോസ് പ്രഥമൻ തിരുമേനിയുടെ ആശംസാസന്ദേശം ഈ ഗ്രന്ഥത്തിന് ഒരു രക്ഷാകവചമായി പരിശോഭി ക്കുന്നു. തിരുമേനി അവിടുത്തെ വാത്സല്യവാൻ ചീരനച്ചന്റെയും, കെ. വി. മാമ്മന്റെയും സദുദ്യമം എത്ര കണ്ട് ഇഷ്ടപ്പെട്ടിരിക്കുന്നു എന്ന് ശ്ലൈഹിക ആശംസ വായിച്ചാൽ ആർക്കും ഗ്രഹിക്കാവുന്നതാണ്.

ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസനാധിപനും ശ്രേഷ്ഠ നിയുക്ത കാതോലിക്കായുമായ പൗലൂസ് മാർ മിലിത്തിയോസ് തിരുമേ നിയുടെ അവതാരിക ഈ ഗ്രന്ഥത്തിന് ഒരു മുതൽകൂട്ട് തന്നെയാണ്. തിരക്കേറിയ ജീവിതത്തിനിടയിൽ - അല്ല ഓട്ടത്തിനിടയിൽ - ഇതിനു സമയം കണ്ടെത്തിയതും ഒരദ്ഭുതമാണ്. സഭാചരിത്രവിജ്ഞാനകോശം സഭയിൽ അവശ്യം ഉണ്ടാകേണ്ട പുസ്തകമാണെന്നും ആ കുറവ് ഒരള വുവരെ നികത്തിയെന്നും പറയുമ്പോൾ സഭാംഗങ്ങൾ അതിനോട് ഒട്ടും വിയോജിക്കുകയില്ല. ചരിത്ര സങ്കല്പം തുടിക്കുന്ന ഭാവനയാൽ ആകർഷ കമായ ചിത്രവർണ്ണാങ്കിത പുറംചട്ടയോടും കമനീയമായ അച്ചടിയോടും കൂടി അതീവ അരുമയോടെ അണിയിച്ചൊരുക്കിയ ഈ സൽഗ്രന്ഥം പരിമി തമായ വിലയ്ക്ക് വിതരണം ചെയ്യാൻ പ്രസാധകൻ തയ്യാറായത് ആയാസ മെന്യേ പലരും വാങ്ങി വായിക്കട്ടെ എന്ന ചിന്ത കൊണ്ടായിരിക്കാനേ വഴിയുള്ളൂ. ക്രൈസ്തവസഭാംഗങ്ങൾ എല്ലാവരും നിശ്ചയമായും ഓരോ ഭവനത്തിലും ഓരോ കോപ്പി വാങ്ങി റഫറൻസ് ഗ്രന്ഥമെന്ന നിലക്ക്

ഈ വിശിഷ്ട കൃതി ഉപയോഗിക്കണം. വീട്ടിലെ വളർന്നുവരുന്ന കുട്ടികൾക്ക്, മാതാപിതാക്കൾ എങ്ങനെയാണ് ഈ റഫറൻസ് ഗ്രന്ഥം ഉപയോഗിക്കേണ്ടതെന്ന് വായിച്ചശേഷം പറഞ്ഞുകൊടുക്കണം. സണ്ടേസ്കൂളുകളിൽ സമ്മാനം കൊടുക്കുവാൻ ഈ പുസ്തകം ഉപയോഗിച്ചാൽ അതു ലഭിക്കുന്ന കുട്ടികൾക്ക് ആജീവനാന്തം ഇതിന്റെ മധുരഫലങ്ങൾ ആസ്വദിക്കാൻ കഴിയും. ഇടവകഗ്രന്ഥശാലകളിലും എത്രയും വേഗം ഈ പുസ്തകം വാങ്ങി സൂക്ഷിക്കുവാൻ ശ്രമിച്ചാൽ സ്റ്റോക്ക് തീർന്നെന്ന് കേട്ട് നിരാശപ്പെടാതെ കഴിയാം.

ഓർത്തഡോക്സ് സഭാചരിത്രവിജ്ഞാനകോശം പോലെയുള്ള മൂല്യവത്തായ സുകൃതഗ്രന്ഥങ്ങൾ ഫാദർ ജോസഫ് ചീരന്റെ തൂലികയിൽ നിന്ന് ഇനിയും നമുക്ക് ലഭിക്കാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഗ്രന്ഥകർത്താവിനും, പ്രസാധകനും അഭിനന്ദനത്തിന്റെ വാടാമലരുകൾ അർപ്പിക്കുന്നു.

അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ

കുന്നംകുളം
ഡിസംബർ 1, 2007

ഉള്ളടക്കം

സമർപ്പണം		v
പ. കാതോലിക്കാബാവായുടെ ആശംസ		vii
അവതാരിക	ശ്രേഷ്ഠ നിയുക്ത ബാവാ	ix
വാങ്മുഖം		xii
വിജ്ഞപ്തി		xvii
പുസ്തകാസ്വാദനം		xxviii

അ എന്ന അക്ഷരത്തിൽ തുടങ്ങുന്ന ശീർഷകങ്ങൾ	1	ത എന്ന അക്ഷരത്തിൽ തുടങ്ങുന്ന ശീർഷകങ്ങൾ	357
ആ	56	ദ	391
ഇ	90	ധ	418
ഈ	106	ന	421
ഉ	113	പ	442
ഊ	120	ഫ	526
എ	125	ബ	532
ഏ	137	ഭ	550
ഐ	144	മ	558
ഒ	147	യ	646
ഓ	152	ര	668
ക	160	ല	672
ഖ	290	വ	679
ഗ	291	ശ	718
ജ	332	ഷ	732
ഞ	350	സ	733
ട	351	ഹ	774
ഡ	354	റ	783

അനുബന്ധം	791
സഭയും കേസുകളും അഭിഭാഷകരും	793
കണ്ടനാട് മാർ ഗ്രീഗോറിയോസ് ആശ്രമം	808

അ

അംബ്രോസ് (339–397): മിലാനിലെ മെത്രാൻ. വി. അഗസ്റ്റീനോസിന്റെ മാനസാന്തരത്തിന് കാരണക്കാരൻ. കൂദാശകളെപ്പറ്റിയുള്ള പ്രസംഗങ്ങൾ വിശ്വവിശ്രുതങ്ങൾ.

അംശവടി: തലവന്മാരായ സഭാസ്ഥാനികളുടെ സ്ഥാനചിഹ്നം. ശെമ്മാശന്മാരുടെ തലവൻ ആർച്ച് ഡീക്കനും കഹനേന്മാരുടെ തലവനായ റീശ് കൊഹനെ സ്ഥാനികൾക്കും ആശ്രമാദ്ധ്യക്ഷന്മാർക്കും മേലധികാരചിഹ്നമായി സ്ഥാനദാനശുശ്രൂഷയിൽ അംശവടി നൽകുന്നു. മരമോ ലോഹമോ ആകാം. അറ്റം വളഞ്ഞ് ചിലപ്പോൾ ഒറ്റസർപ്പപ്പത്തിയുടെയും ഇരട്ടസർപ്പപ്പത്തിയുടെയും ആകൃതി നല്കാറുണ്ട്. അഗ്രത്തിൽ ഒരു കുരിശു കാണും. കത്തോലിക്കാസഭയിൽ ക്രൂശിതരൂപം മാത്രമേ ഉണ്ടാവൂ. സർപ്പമായി മാറിയ മോശയുടെ വടിയെ സർപ്പാകൃതി സൂചിപ്പിക്കുന്നു. വെള്ളിയിൽ പണിതും സ്വർണ്ണം പൂശിയും ഉപയോഗിക്കാറുണ്ട്. നവാഭിഷിക്തരായ മേല്പട്ടക്കാർ സ്ഥാനചിഹ്നമായി ലഭിക്കുന്ന അംശവടികൊണ്ട് ജനത്തെ ഔപചാരികമായി മൂന്ന് വട്ടം റൂശ്മാ ചെയ്യുന്നു. ശവസംസ്കാരവേളയിൽ മരം കൊണ്ടുള്ള അംശവടി പിടിപ്പിക്കും. ഔദ്യോഗിക കർമ്മാനുഷ്ഠാനങ്ങളിലും ഇടയത്വത്തിന്റെ പ്രബോധനവേളകളിലും അംശവടി ഉപയോഗിക്കും. സ്ഥാനാരോഹണത്തിൽ അംശവടി ദാനം പ്രതീകാത്മകമായ ഒരനുഷ്ഠാനമാണ്. പ്രത്യേക പ്രാർത്ഥനയോടെ അത് ധരിക്കുന്നു.

അംശവസ്ത്രങ്ങൾ: *'ആരാധനയിലെ വസ്ത്രങ്ങൾ'* എന്ന ശീർഷകം കാണുക.

അകപ്പറമ്പ്: അങ്കമാലിയ്ക്കടുത്ത് നെടുമ്പാശ്ശേരി വിമാനത്താവളത്തിന് സമീപം ദേശീയപാതയിൽ നിന്നും തീവണ്ടിപ്പാതയിൽ നിന്നും കാണാനാവുന്ന പ്രൗഢഗംഭീരമായ പ്രാചീന ദേവാലയം. എ. ഡി 9–ാം നൂറ്റാണ്ടിൽ പേർഷ്യൻ മേല്പട്ടക്കാരായ മാർ ശാബോർ, മാർ അഫ്രോത്ത് എന്നിവരുടെ നേതൃത്വത്തിൽ പണിയപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു. പാലൂർ പ്രദേശത്തുനിന്ന് ക്രൈസ്തവജനത തെക്കോട്ട് വ്യാപിച്ചതിന്റെ ഒരു നാഴികക്കല്ല്. പൊന്നാനി തുറമുഖം കേന്ദ്രമാക്കി നടന്ന വിദേശ വ്യാപാരം കൊടുങ്ങല്ലൂരിലേക്കു മാറിയതാകാം ഈ വ്യാപനത്തിന്റെ പശ്ചാത്തലം.

അക്സനിയോ: (സുറിയാനി) അന്യർ, പരദേശി എന്നർത്ഥം.

അകായികൾ: അകത്ത് ഒതുങ്ങി നില്ക്കുന്ന ദേശീയവാദികൾ എന്ന നിലയിൽ ഓർത്തഡോക്സുകാരെ ചില പ്രദേശങ്ങളിൽ പാത്രിയർക്കീസ് പക്ഷക്കാർ പരിഹസിക്കാറുണ്ട് (ഉദാ. കുന്നംകുളം).

അക്കരെ കുരിയൻ: *'സി. ജെ. കുര്യൻ'* എന്ന ശീർഷകം കാണുക.

അക്കല്ദാമ: യൂദാ, ദേവാലയത്തിൽ വലിച്ചെറിഞ്ഞ മുപ്പത് വെള്ളിക്കാശ് കൊടുത്ത് പരദേശികളുടെ ശവസംസ്കാരത്തിനായി വാങ്ങിയ കുശവന്റെ നിലം രക്തനിലം എന്നർത്ഥമുള്ള അക്കല്ദാമ എന്ന് വിളിക്കപ്പെട്ടു.

അക്കാക്കിയോസ്: കോൺസ്റ്റാന്റിനോപ്പിളിന്റെ പാത്രിയർക്കീസ് (471–489). റോമിന്റെ അധീശാവകാശവാദത്തെ എതിർത്തു. സിനഡ് നിശ്ചയങ്ങളുടെ ആത്മാവാണ് പ്രധാനം എന്ന് വാദിച്ചു. സീനോ ചക്രവർത്തി 482-ൽ പ്രസിദ്ധീകരിച്ച ഹൈനോലിക്കോൺ പ്രമാണം രചിച്ചു. ഇത് റോമ്മാ - പൗരസ്ത്യസഭകൾ തമ്മിൽ ഭിന്നതയുണ്ടാക്കി. അതാണ് അക്കേഷ്യൻ സ്ക്കിസം. 482-ൽ ആരംഭിച്ച ഭിന്നത 518-ൽ ജസ്റ്റീനിയൻ അധികാരത്തിൽ വന്നതോടെ അവസാനിച്ചു.

അക്കാക്കിയോസ് - കൈസരിയാ: പാലസ്തീനിലെ കൈസര്യായിലെ ബിഷപ്പ് ആയിരുന്ന യൂസേബിയോസ് പംഫീലിയുടെ ശിഷ്യനും പിൻഗാമിയും. അറിയോസ് പക്ഷക്കാരൻ. 343-ലെ സാർദിക്യൻ സിനഡ് മുടക്കി. 359-ൽ സെലൂഷ്യൻ സിനഡിൽ ഹോമോയിയൻ പ്രമാണം അവതരിപ്പിച്ചു. 360-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡിന്റെ തീരുമാനങ്ങൾ ഇദ്ദേഹം രേഖപ്പെടുത്തി. 363-ൽ അന്ത്യോഖ്യയിൽ വച്ച് നിഖ്യാ വിശ്വാസ പ്രമാണം അംഗീകരിച്ചു. വാലൻസ് ചക്രവർത്തിയുടെ കാലത്ത് വീണ്ടും അറിയോസിന്റെ പക്ഷം ചേർന്നു. 365-ൽ ലാംസാക്കസ് സിനഡ് മുടക്കി. 17 പുസ്തകങ്ങൾ രചിച്ചു. അവയിൽ ചിലത് മാത്രം ഭാഗികമായി അവശേഷിക്കുന്നു.

അക്കാക്കിയോസ്: സെലൂഷ്യൻ കാതോലിക്കാ. നിസിബിൻ വേദശാസ്ത്രകേന്ദ്രത്തിൽ അന്ത്യോഖ്യൻ കൃതികൾ പഠിച്ച് നെസ്തോറിയാ നിലപാട് സ്വീകരിച്ചു. 486-ൽ ബേത് - അദ്രേയിയിൽ ഇദ്ദേഹം വിളിച്ച സിനഡിൽ നെസ്തോറിയോസ്, ദിയഡോർ, തേവോദോറോസ് എന്നീ നെസ്തോറിയൻ ഉപദേഷ്ടാക്കളെ സഭാപിതാക്കന്മാരായി അംഗീകരിച്ചു. പട്ടക്കാരുടെയും മേല്പട്ടക്കാരുടെയും വിവാഹവും പുനർവിവാഹവും ആ സിനഡ് അംഗീകരിച്ചു.

അക്കാമ്മ പോൾ: അഖില മലങ്കര മർത്ത മറിയം വനിതാസമാജം ജനറൽ സെക്രട്ടറി. മാവേലിക്കര ചെറുകോൽ ചെമ്പകശ്ശേരി കുടുംബത്തിലെ അംഗം. മുൻ സഭാസെക്രട്ടറി പോൾ മത്തായിയുടെ ഭാര്യ.

അക്കേഫാലി: 'തലയില്ലാത്തവർ' എന്ന് പദാർത്ഥം. 5-ാം നൂറ്റാണ്ടിൽ കൽക്കിദൂൻ വിവാദത്തിലെ ഒരു വിഘടിത വിഭാഗം.

അക്കോയ്മെറ്റായ്: ഉറക്കമില്ലാത്തവൻ എന്നർത്ഥം. അലക്സാണ്ട്രിയൻ സന്യാസി. എ. ഡി. 400-ൽ ഈ ഓർത്തഡോക്സ് സന്യാസസമൂഹം സ്ഥാപിച്ചു. ദാരിദ്ര്യം, കഠിനാദ്ധ്വാനം, സുവിശേഷവേല, സങ്കീർത്തനാലാപം ഇവ മുദ്രാവാക്യങ്ങൾ. കോൺസ്റ്റാന്റിനോപ്പിളിലെ ഈ പ്രസ്ഥാനം നെസ്തോറിയൻ എതിർപ്പുമൂലം അവിടംവിട്ട് ബിഥുന്യയിൽ ആശ്രമം സ്ഥാപിച്ചു. ഏകസ്വഭാവവാദത്തെ ഇവർ എതിർത്തു. 448-ൽ യൂത്തിക്കോസിനെതിരായ പ്രമാണത്തിൽ ഒപ്പു വച്ചു. തുടർന്ന് നെസ്തോറിയോസിന്റെ പക്ഷം സ്വീകരിച്ച ഇവരെ ജോൺ II പാപ്പാ 534-ൽ മുടക്കി.

അക്വിനാസ്, തോമസ്. വി.: ഇറ്റലിയിലെ കത്തോലിക്കാ വേദശാസ്ത്രജ്ഞൻ. 1244-ൽ ഡൊമിനിക്കൻ സന്യാസിയായി. ക്രൈസ്തവേതരരെ ദാർശനികമായി നേരിടാൻ 'സുമ്മാ കോൺട്രാജൻ ടൈൽസ്' രചിച്ചു. അഞ്ചു സിദ്ധാന്തങ്ങൾ അവതരിപ്പിച്ചു. 1. ദൈവത്തെ പൂർണ്ണമായി അറിയുക അസാധ്യം. 2. പാപമൊഴിച്ച് സർവ്വത്തിന്റേയും ആദികാരണം ദൈവം. 3. മനുഷ്യസ്വാതന്ത്ര്യത്തിന് പരിമിതികൾ ഉണ്ട്. 4. സ്വാതന്ത്ര്യം നന്മയ്ക്കോ തിന്മയ്ക്കോ ഉപയോഗിക്കാം. 5. ദൈവകരുണയാണ് മനുഷ്യന്റെ ഏക അവലംബം. ദൈവവിജ്ഞാനീയം, യുക്തിശാസ്ത്രം, ധർമ്മശാസ്ത്രം, തുടങ്ങിയ വിഷയങ്ങളിൽ പാശ്ചാത്യ ക്രൈസ്തവസഭയുടെ ആധികാരിക വക്താവ്.

അക്വിലാ: ഹേഡ്രിയൻ ചക്രവർത്തിയുടെ കാലത്ത് (117-138) വോണ്ടസിലെ സിനോപ്പിൽ ജീവിച്ച ഇദ്ദേഹം പഴയനിയമം ഗ്രീക്കിൽ പകർത്തി; പദാനുപദ വിവർത്തനമായിരുന്നു അത്. മൂലഭാഷയോട് വിശ്വസ്തത പുലർത്തിയെന്ന് ഒറിഗൻ, ജെറോം എന്നിവർ സാക്ഷിക്കുന്നു.

അക്വില്ലാ: പൊന്തോസുകാരൻ യഹൂദൻ (അ. പ്ര. 18:1-4). കൂടാരപ്പണി കുലത്തൊഴിൽ. വി. പൗലൂസിന്റെ ഉറ്റമിത്രം. ആദ്യകാല ക്രൈസ്തവൻ.

അക്വേറിയൻസ്: കുർബ്ബാനയ്ക്ക് വീഞ്ഞിന് പകരം വെള്ളം ഉപയോഗിക്കുന്ന സഭാവിഭാഗം.

അക്ഷര രത്നപ്രകാശിക (എ. ആർ. പി.): കുന്നംകുളത്ത് പുലിക്കോട്ടിൽ ഇട്ടൂപ്പ് 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ആരംഭിച്ച പ്രസ്സ്.

പുസ്തകപ്രസാധനവും നടന്നു. എ. ആർ. പി. പ്രസ്സ് എന്ന് പറയും. ആത്മ പോഷിണി, കഥാമാലിക എന്നീ മാസികകൾ ഇവിടെ നിന്ന് പ്രസിദ്ധീക രിച്ചു. മലങ്കരസഭയുടെ കുർബ്ബാനതക്സാ, ഹാശാ പ്രുമിയോൻ, ആനീദാ, ആണ്ടുതക്സാ എന്നിവയുടെ മലയാള വിവർത്തനങ്ങൾ ആദ്യം പ്രസി ദ്ധീകരിച്ചത് ഇവിടെ നിന്നാണ്. സഭാകാഹളവും ഇവിടെ നിന്ന് പ്രസിദ്ധീ കരിച്ചു. എഴുത്തച്ഛന്റെ കിളിപ്പാട്ട് കൃതികൾ, എ. ആർ. പി. നിഘണ്ടു എന്നിവ മികച്ച സംഭാവനകൾ ആണ്. മനോരമപ്പത്രം തിരുവിതാംകൂറിൽ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ നിരോധിച്ച് മുദ്ര വച്ചപ്പോൾ പത്രം ഏതാനും മാസങ്ങൾ കുന്നംകുളം എ. ആർ. പി. പ്രസ്സിൽ നിന്ന് അച്ചടിച്ച് വിതരണം ചെയ്തു.

അഖണ്ഡന്മാർ: അന്ത്യോഖ്യൻ പാത്രിയർക്കീസിനോട് അഖണ്ഡത പാലിക്കുന്നവർ എന്ന അർത്ഥത്തിൽ ആ കക്ഷിക്കാർ ചില പ്രദേശങ്ങ ളിൽ അഖണ്ഡന്മാർ എന്ന് വിളിക്കപ്പെടുന്നു.

അഖിലലോക കൗൺസിൽ, സഭകളുടെ: 1948 ഓഗസ്റ്റ് 23-ന് ആംസ്റ്റർഡാമിൽ വച്ച് രൂപവൽക്കരിച്ചു. കത്തോലിക്കാ സഭയും സാൽവേ ഷൻ ആർമിയും വിട്ടുനിന്നു. 322 സഭകളുടെ കൂട്ടായ്മ. ക്രിസ്തീയ ചൈതന്യം, ലോകസമാധാനം, സഹവർത്തിത്വം ഇവ ലക്ഷ്യമാക്കുന്നു. സഭൈക്യമെന്ന ലക്ഷ്യവുമുണ്ട്. 1910-ൽ എഡിൻബറോയിൽ ചേർന്ന ലോക മിഷനറിസമ്മേളനം ആരംഭം കുറിച്ചു. 1920-കളിൽ രൂപീകൃതമായ ഇന്റർനാഷണൽ മിഷനറി കൗൺസിൽ, ലൈഫ് ആൻഡ് വർക്ക് പ്രസ്ഥാനം, ഫെയ്ത്ത് ആൻഡ് ഓർഡർ പ്രസ്ഥാനം എന്നിവയിലൂടെ വളർന്നു വന്ന എക്യുമെനിസം എന്ന ആശയം 1937 -ലെ ഓക്സ്ഫോർഡ് ഫെയ്ത്ത് ആൻഡ് ഓർഡർ സമ്മേളനത്തിലും എഡിൻബറോ ലൈഫ് ആൻഡ് വർക്ക് സമ്മേളനത്തിലും ശക്തമായി. മലങ്കരസഭയിലെ ഗീവറു ഗീസ് II കാതോലിക്കാ, അലക്സിയോസ് റമ്പാൻ, ഡീക്കൻ കെ. പീലി പ്പോസ് എന്നിവർ പങ്കെടുത്ത എഡിൻബറോ സമ്മേളനം വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് ഉണ്ടാകണമെന്ന് നിശ്ചയിച്ചു. 1948-ൽ 147 സഭകൾ ആംസ്റ്റർ ഡാമിൽ ചേർന്ന് സംഘടനയ്ക്ക് ഔപചാരികമായി രൂപംനൽകി. കൗൺസിലിന്റെ പ്രസിഡണ്ടുമാരിൽ ഒരാളായി മലങ്കരസ ഭാംഗവും നസ്രാണിസിംഹം എം. എ. ചാക്കോയുടെ പുത്രിയുമായ മിസ് സാറാ ചാക്കോയെയും കേന്ദ്രസമിതിയിലേക്ക് അലക്സിയോസ് മാർ തേവോദോസ്യോസിനെയും തെരഞ്ഞെടുത്തു. ജനീവയിലാണ് കൗൺസി ലിന്റെ ആസ്ഥാനം. 1948-ന് ശേഷം ഇവാൻസ്റ്റൻ (1954), ന്യൂഡൽഹി (1961), ഉപ്സാല (1968), നൈറോബി (1975), വാൻകൂവർ (1983), കാൻബറ (1991) തുടങ്ങിയ സ്ഥലങ്ങളിൽ അസംബ്ലികൾ സമ്മേളിച്ചു. മലങ്കരസഭയിലെ മിസ് സാറാ ചാക്കോ (പ്രസിഡന്റ്), ഫാ. പോൾ വർഗ്ഗീസ് (അസോസ്യേറ്റ്

ജനറൽ സെക്രട്ടറിയും എക്യുമെനിക്കൽ ആക്ഷൻ എന്ന വകുപ്പിന്റെ ഡയറക്ടറും), സി. ഐ. ഇട്ടി (വികസനത്തിന്റെ ജനപങ്കാളിത്തം കമ്മീഷൻ ഡയറക്ടർ), ഫാ. ഡോ. കെ. സി. ജോസഫ് (കൗൺസിലിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറി), ഫാ. ഡോ. കെ. എം. ജോർജ്ജ് (ബോസ്സെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസോസ്യേറ്റ് ഡയറക്ടർ) എന്നിവർ കൗൺസിലിന്റെ ആസ്ഥാനത്ത് പ്രവർത്തിച്ചു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് പ്രസിഡന്റ് (1983–91), സെൻട്രൽ കമ്മിറ്റി അംഗം (1968 –91), എക്സിക്യൂട്ടീവ് കമ്മറ്റി അംഗം (1975–91), ഫെയ്ത്ത് ആൻഡ് ഓർഡർ കമ്മീഷൻ അംഗം (1968–75), ചർച്ച് ആൻഡ് സൊസൈറ്റി ഡിപ്പാർട്ട്മെന്റ് മോഡറേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് സെൻട്രൽ കമ്മറ്റി അംഗമായിരുന്നു. ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് കൗൺസിലിന്റെ സമ്മേളനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഫാ. ഡോ. വി. സി. ശാമുവേൽ ഫെയ്ത്ത് ആൻഡ് ഓർഡർ കമ്മറ്റി അംഗമായും ഫാ. ഡോ. കെ. എം. ജോർജ്ജ് പ്രോഗ്രാം കമ്മിറ്റി മോഡറേറ്ററായും സെൻട്രൽ കമ്മറ്റി അംഗമായും മേരി തോമസ്, ഡോ. എൽസി ഫിലിപ്പ് എന്നിവർ സെൻട്രൽ കമ്മറ്റി അംഗങ്ങളായും പ്രവർത്തിച്ചു.

അഗപ്പെ (1): ഗ്രീക്കുപദം. സ്നേഹം എന്നർത്ഥം. ഭോഗവാസനയ്ക്കു മുൻതൂക്കമുള്ള ഈറോസിൽ നിന്ന് സാത്വികസ്നേഹത്തെ വ്യവഹരിക്കുവാൻ സെപ്റ്റ്വജിന്റ് ബൈബിളിൽ ആദ്യമായി ഈ പദം ഉപയോഗിച്ചു. സമവീക്ഷണ സുവിശേഷങ്ങളിലും യോഹന്നാനിലും പൗലൂസിലും ഈ പദം ആവർത്തിച്ച് കാണുന്നു. ലത്തീനിലെ കാരിത്താസ്, ഇംഗ്ലീഷിലെ ചാരിറ്റി എന്നിവ സമാനാർത്ഥ പദങ്ങൾ ആണ്.

അഗപ്പെ (2): കുർബ്ബാനയോട് ചേർന്ന് നടത്തിവന്ന സമൂഹസദ്യയ്ക്ക് സ്നേഹവിരുന്ന് എന്ന അർത്ഥത്തിൽ അഗപ്പെ എന്ന പദം ഉപയോഗിക്കുന്നു. ഓർത്തഡോക്സ് സഭയിൽ കുർബ്ബാനയ്ക്ക് ശേഷം നൽകുന്ന ബുർക്ക്സാ അതിമഹനീയമായ അഗപ്പെ പാരമ്പര്യത്തിന്റെ അവശിഷ്ട രൂപമാണ്. പല സ്ഥലങ്ങളിലും കുർബ്ബാനയ്ക്ക് ശേഷം നടത്തുന്ന ഭക്ഷണവിതരണം അഗപ്പെയുടെ കാലോചിതരൂപമാണ്. വി. കുർബ്ബാനാന്ത്യത്തിൽ കാർമ്മികൻ നടത്തുന്ന യാത്രയയപ്പ് സന്ദേശത്തിലെ 'വഴിയാഹാരങ്ങൾ' അഗപ്പെയെ സൂചിപ്പിക്കുന്നു.

അഗമ്യത, ദൈവത്തിന്റെ: ദൈവത്തിന്റെ അക്ഷോഭ്യാവസ്ഥ, നിർവികാരാവസ്ഥ. നിർഗുണബ്രഹ്മം സമാന്തര സങ്കല്പമാണ്. ഗ്രീക്കു സ്വാധീനത്തിലുള്ള ഈ പരമ്പരാഗത ദൈവശാസ്ത്രചിന്തയെ വില്യം ടെമ്പിൾ തുടങ്ങിയ ആധുനികർ അനുകൂലിക്കുന്നില്ല. ദൈവം സ്നേഹമാണ് എന്ന

പുതിയനിയമ ദർശനം അവർ ചൂണ്ടിക്കാട്ടുന്നു. നീതിയും കരുണയും സമമ്വയിക്കുന്ന അചിന്ത്യമായ അവസ്ഥയാകാം.

അഗസ്റ്റസ് സീസർ: ഗായസ് ജൂലിയസ് ഒക്ടോവിയൻ സീസറിന് റോമൻ സെനറ്റ് നൽകിയ ബഹുമതിപ്പേര്. ബി. സി. 63-ൽ ജനനം. ബി. സി. 31 മുതൽ എ. ഡി. 14 വരെ ഭരണം. അദ്ദേഹം 4 തവണ ജനസംഖ്യ യുടെ കണക്കെടുത്തു. രണ്ടാം കനേഷകുമാരിയുടെ കാലത്താണ് യേശു വിന്റെ ജനനം (വി. ലൂക്കോസ് 2:1).

അഗസ്റ്റിൻ, വി. കാന്റർബറി: റോമ്മിലെ സെന്റ് അന്ത്രയോസിന്റെ സന്യാസാശ്രമത്തിലെ അഗസ്റ്റിനെ മഹാനായ പാപ്പാ ഗ്രിഗറി 596-ൽ കെന്റി ലേക്ക് മിഷനറി ആയി അയച്ചു. കെന്റിലെ രാജാവും മറ്റും ക്രിസ്തുമതം സ്വീകരിച്ചു. അഗസ്റ്റിൻ കാന്റർബറിയിലെ പ്രഥമ ആർച്ച് ബിഷപ്പായി അവ രോധിക്കപ്പെട്ടു. 604-ൽ അന്തരിച്ചു.

അഗസ്റ്റിൻ, വി. ഹിപ്പോ (354-430): വിജാതീയ പിതാവിന് ക്രൈ സ്തവ മാതാവിൽ (മോണിക്ക) വടക്കേ ആഫ്രിക്കയിൽ ജനിച്ചു. കാർത്തേ ജിൽ നിയമപഠനത്തിനിടയിൽ ക്രിസ്തീയവിശ്വാസം ഉപേക്ഷിച്ചു. സാഹി ത്യകാരനായി. 15 വർഷം ഒരു വെപ്പാട്ടിയോടൊത്ത് ജീവിച്ചു. 373-ൽ മണി ക്കയിൻ വിശ്വാസിയായി. മിലാനിൽ പ്രൊഫസർ. ബിഷപ്പ് അംബ്രോസിന്റെ സ്വാധീനത്തിൽ 387 ഈസ്റ്ററിന്റെ തലേദിവസം സ്നാനം സ്വീകരിച്ചു. 391-ൽ വൈദികനായി. 395-ൽ ഹിപ്പോയിൽ മെത്രാൻ. 430 ആഗസ്റ്റ് 28-ന് അന്ത രിച്ചു. സിറ്റി ഓഫ് ഗോഡ്, കൺഫെഷൻസ് എന്നിവ ലോകോത്തര ഗ്രന്ഥ ങ്ങൾ. പാശ്ചാത്യ വേദശാസ്ത്രത്തിന്റെയും ദർശനത്തിന്റെയും പിതാവ്. രക്ഷാപദ്ധതിയിൽ കൃപയുടെ സ്ഥാനം ഊന്നിപ്പറഞ്ഞു. അദ്ദേഹത്തിന്റെ സന്യാസനിയമങ്ങൾ 11-ാം നൂറ്റാണ്ടു മുതൽ അംഗീകാരം നേടി. ഡൊമി നിക്കൻസ്, അഗസ്റ്റീനിയൻ ഹെർമിറ്റ്സ്, സെർവിറ്റ്സ്, ഉർസുലിൻ, വിസി റ്റേഷൻ കന്യാസ്ത്രീകൾ എന്നീ സംഘടനകൾ അവ പാലിക്കുന്നു. അഗ സ്റ്റീനിയൻ കാനോനാകൾ ഓസ്റ്റിൻ, ബായ്ക്ക്, റെഗുലർ എന്നീ പേരുക ളിൽ അറിയപ്പെടുന്നു. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവ അടി സ്ഥാനം, ലാറ്ററൻ സിനഡുകൾ ഇവ അംഗീകരിച്ചു. ആതുരശുശ്രൂഷയ്ക്ക് മുൻഗണന.

അഗ്നാത്തെയൂസ്: 1653-ൽ കൊച്ചിക്കായലിൽ മുക്കിക്കൊല്ലപ്പെട്ട അഹത്തള്ള മെത്രാച്ചൻ എഴുതിയ പൗരസ്ത്യ സുറിയാനി ലിപിയിലുള്ള കത്തിൽ സ്വന്തം പേർ രേഖപ്പെടുത്തിയിട്ടുള്ളത് ചൈനയുടെയും ഇന്ത്യ യുടെയും അഗ്നാത്തെയൂസ് എന്നാണ്. ഇഗ്നാത്തിയോസിന്റെ അലക്സാ ണ്ട്രിയൻ രൂപമാകാം (‘*അഹത്തള്ളാ*’ ‘*വെളുത്തച്ചന്റെ ഓർമ്മ*’ എന്നീ ശീർഷകങ്ങൾ കാണുക).

അഗ്നിനരകം: അന്ത്യന്യായവിധിക്ക് ശേഷം ശിക്ഷ വിധിക്കപ്പെട്ടവർ നിത്യമായ ദണ്ഡവിധിയുടെ സ്ഥാനമായ അഗ്നിനരകം അവകാശിക്കുമെന്ന് വിശ്വാസം. കെടാത്ത തീയും ചാകാത്ത പുഴുവും – അതാണ് ഈ ഭയങ്കര സ്ഥലത്തെപ്പറ്റി പ്രാർത്ഥനകളിൽ കാണുന്നത്.

അഗ്നി: അഗ്നിനരകം, അഗ്നിസിംഹാസനം, അഗ്നിനദി, അഗ്നിമയൻ, അഗ്നിപ്രളയം തുടങ്ങിയ പദപ്രയോഗങ്ങൾ ഓർത്തഡോക്സ് ആരാധന ക്രമങ്ങളിൽ സുലഭം. അഗ്നി ഇറങ്ങി ഏലിയാവിന്റെ യാഗം സ്വീകരിക്ക പ്പെട്ടത്, അഗ്നിരഥത്തിൽ ഏലിയാ സ്വർഗ്ഗാരോഹണം ചെയ്തത്, അഗ്നി നാവുകളുടെ സാദൃശ്യത്തിൽ പ. റൂഹാ പെന്തിക്കോസ്തിനാളിൽ അവ തരിച്ചത്, അഗ്നിസർപ്പങ്ങൾ ഇസ്രായേൽ പാളയത്തിൽ മരണം വിതച്ചത്, സോദോമിൽ അഗ്നിയും ഗന്ധകവും വർഷിപ്പിച്ചത്, ഈ ഭൂമി അഗ്നിക്കായി കാത്തിരിക്കുന്നു തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധേയം. മദ്ബഹാ അഗ്നി, അവിടത്തെ പൂജ അഗ്നി, അഗ്നിയുടെ പരിചരണം, ആരാധനയുടെ അഗ്നി ജ്വാലയിൽ എരിയായ്‌വാൻ കഹനകളേ ശ്രദ്ധിപ്പിൻ, തിരുശരീരരക്തങ്ങ ളാകുന്ന പാപപരിഹാരപ്രദമായ തീക്കട്ട, ബലിയിൽ ശുശ്രൂഷിച്ച പുരോ ഹിതന്റെ കൈകളെ അഗ്നിജ്വാല ബാധിക്കരുതേ എന്നിങ്ങനെ ആരാധന യെയും കൂദാശകളെയും ദിവ്യരഹസ്യങ്ങളെയും അഗ്നി എന്ന വിശേഷണം ചേർത്തു നാം ഉപയോഗിക്കുന്നു. ഋഗ്വേദത്തിൽ അഗ്നി പുരോഹിതനാണ്; യാഗസംവഹകനാണ്. അഗ്നി എരിയുന്ന ധൂപക്കുറ്റി ഈ പ്രതീകത്തെ ധ്വനിസാന്ദ്രമാക്കുന്നു. മാലാഖമാർ അഗ്നിമയർ ആണ്. അഗ്നിജ്വാലാവൃ തർ ആണ്. പരിശുദ്ധാത്മ പ്രതീകമാണ് അഗ്നി. ഗ്രീക്ക് മിത്തോളജിയിൽ അഗ്നി സ്വർഗ്ഗത്തിലെ ദേവ രഹസ്യമാണ്.

അഗ്നിരഥം: ഏലിയ അഗ്നിത്തേരിൽ സ്വർഗ്ഗാരോഹണം ചെയ്തു. ന്യായവിധിക്കായി പുത്രൻ സന്നിഹിതനാകുന്നത് അഗ്നിസിംഹാസന ത്തിൽ.

അഗ്നിനദി: നല്ലവരേയും ദുഷ്ടരേയും വേർതിരിക്കുവാൻ ഒഴുകുന്ന അഗ്നിനദിയെപ്പറ്റി ബൈബിളിൽ പരാമർശമുണ്ട്.

അഗ്നിപരീക്ഷ: കുറ്റപരിശോധനയ്ക്ക് ട്യൂട്ടോണിയക്കാർ നിയമവി ധേയമായി അഗ്നിപരീക്ഷ നടത്തിയിരുന്നു. ക്രിസ്ത്യൻ പുരോഹിതന്മാർ ഇത് നിർവഹിക്കുന്നു. മൂന്ന് ദിവസങ്ങൾക്കു ശേഷം പൊള്ളൽ വ്രണം പഴുത്താൽ ആരോപണം സത്യം; അല്ലെങ്കിൽ വ്യർത്ഥം. 1215-ൽ ലാറ്ററൻ സിനഡ് ഇത് വിലക്കി. ബാബേലിൽ ശദ്രക്, മേശക്, അബേദനഗോ എന്നി വർ അഗ്നിച്ചൂളയിലെറിയപ്പെട്ടു. രാമായണത്തിൽ അഗ്നിയിൽ സീത ചാരി ത്രശുദ്ധി തെളിയിച്ചു.

അങ്കമാലി പടിയോല: അർക്കദിയാക്കോൻ ഗീവറുഗ്ഗീസിനെ അനുനയിപ്പിച്ച് മലങ്കരസഭയെ റോമിന് കീഴിൽ കൊണ്ടുവരാമെന്ന് തീരുമാനിച്ച ഗോവൻ ആർച്ച് ബിഷപ്പ് മെനേസ്സിസ് അർക്കദിയാക്കോനെ ഭരണത്തിൽ പങ്കാളിയാക്കാൻ ഒരു വിശ്വാസപ്രതിജ്ഞയിൽ ഒപ്പുവയ്ക്കണമെന്ന് വ്യവസ്ഥ ഉന്നയിച്ചു. പ്രതിജ്ഞാപത്രത്തിൽ ഒപ്പിട്ടില്ലെന്ന് മാത്രമല്ല മലങ്കരയുടെ പൂർവിക വിശ്വാസം ആവർത്തിച്ച് പ്രഖ്യാപിക്കുവാൻ അർക്കദിയാക്കോൻ അങ്കമാലിയിൽ ഒരു പള്ളിപ്രതിപുരുഷയോഗം വിളിച്ചുചേർത്തു. ഇതിന് നല്ല പ്രതികരണം ഉണ്ടായി. ബാബിലോൺ പാത്രിയർക്കീസ് അയയ്ക്കുന്ന മെത്രാന്മാരെ മാത്രമേ സ്വീകരിക്കൂ എന്ന് നിശ്ചയിച്ചു. ഈ തീരുമാനങ്ങളെ അങ്കമാലി പടിയോല എന്ന് വിളിക്കുന്നു. 1597-ലോ 98-ലോ ആണ് യോഗം നടന്നത്.

അങ്കമാലി വെസ്റ്റ്: *'മലങ്കരസഭ, ഭദ്രാസനങ്ങൾ'* എന്ന ശീർഷകം കാണുക.

അങ്കമാലി ഈസ്റ്റ്: *'മലങ്കരസഭ, ഭദ്രാസനങ്ങൾ'* എന്ന ശീർഷകം കാണുക.

അങ്കമാലി സഭാചരിത്രത്തിൽ: കേരളത്തിന്റെ വിദേശവ്യാപാര തുറമുഖം പാലൂർ പ്രദേശത്തുള്ള പൊന്നാനിയിൽ നിന്ന് തെക്കോട്ടു മാറി കൊടുങ്ങല്ലൂരിൽ കേന്ദ്രീകരിച്ചതോടെ പാലൂരിൽ നിന്ന് ചെറായി, പറവൂർ പ്രദേശങ്ങളിലേക്കും അചിരേണ തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയായ അങ്കമാലി പ്രദേശങ്ങളിലേക്കും കുടിയേറ്റങ്ങൾ ഉണ്ടായി. 5-ാം നൂറ്റാണ്ടിൽ വി. ഗീവറുഗീസിന്റെ നാമത്തിൽ അങ്കമാലിയിൽ പള്ളിയുണ്ടായി. 9-ാം നൂറ്റാണ്ടിൽ മാർ ശാബോർ - മാർ അഫ്രോത്ത് മെത്രാന്മാർ അകപ്പറമ്പിൽ പള്ളി സ്ഥാപിച്ചു. 1568-ൽ പേർഷ്യയിൽ നിന്ന് വന്ന മാർ അബ്രഹാം അങ്കമാലിയെ ആസ്ഥാനമാക്കി. 1597-ൽ അദ്ദേഹം അങ്കമാലിയിൽ കബറടങ്ങി. അങ്കമാലി ചെറിയപള്ളി ഗീവറുഗീസ് അർക്കദിയോക്കോൻ പണിയിച്ചു. ഒന്നാം മാർത്തോമ്മായുടെ കബറിടം ഇവിടെയാണ്. അങ്കമാലിയിൽ ഒരു വേദപഠനകേന്ദ്രം ഉണ്ടായിരുന്നു. 1876-ൽ അങ്കമാലി ഭദ്രാസനകേന്ദ്രമായി. 1897-ൽ സുറിയാനി കത്തോലിക്കർ അങ്കമാലിയിൽ യോഗം ചേർന്ന് അങ്കമാലി പടിയോലയ്ക്ക് രൂപം നല്കി. പല പടിയോലകളിലും ആദ്യം ഒപ്പിടുവാനുള്ള അവകാശം അങ്കമാലിക്കു ലഭിച്ചു. 'അങ്കമാലി - നിരണം പള്ളിതൊട്ട്' എന്ന ശൈലി ആവിർഭവിച്ചു. ചില അർക്കദിയാക്കോന്മാരുടെ ആസ്ഥാനം അങ്കമാലി ആയിരുന്നു. അങ്കമാലി സെന്റ് മേരീസ് പള്ളിയിലാണ് അങ്കമാലിയുടെ പ്രഥമ മെത്രാൻ അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസിന്റെ കബറിടം. 2002-ൽ അങ്കമാലിയെ വെസ്റ്റ്, ഈസ്റ്റ് എന്ന് രണ്ട് ഭദ്രാസനങ്ങളായി വിഭജിച്ചു. ആലുവ തൃക്കുന്നത്തു സെമിനാരി

അവിഭക്ത അങ്കമാലിയുടെ ആസ്ഥാനം.

അങ്കമാലി നിരണം മുതൽ: പല പടിയോലകളിലും ഒപ്പിടുന്ന ക്രമം അങ്കമാലി, നിരണം എന്നിങ്ങനെ തുടങ്ങിയിരുന്നു. തിരുവിതാംകൂർ സംസ്ഥാനത്തെ രണ്ട് സുറിയാനികേന്ദ്രങ്ങൾ ആയിരുന്നു അങ്കമാലിയും നിരണവും.

അങ്കമാലി ഭദ്രാസനം: *'മലങ്കരസഭ, ഭദ്രാസനങ്ങൾ'* എന്ന ശീർഷകം കാണുക.

അങ്കാറ സുന്നഹദോസുകൾ: ഏഷ്യാമൈനറിൽ ഗലാത്യയിൽ അൻസീറാ പട്ടണം ആധുനിക തുർക്കിയിൽ അങ്കാറ എന്നറിയപ്പെടുന്നു. എ. ഡി 273-ലും 297-ലും 314-ലും പ്രാദേശിക സിനഡുകൾ ഇവിടെ ചേർന്നു. 358-ൽ മറ്റൊരു സിനഡും കൂടി. 375-ൽ മറ്റൊരു സിനഡും ചേർന്നു. പേറെദ്‌യൂത്തെ സ്ഥാനികൾക്ക് (കോർഎപ്പിസ്ക്കോപ്പാ) സഭ അനുവദിച്ചാൽ ശെമ്മാശന്മാരെയും കശ്ശീശന്മാരെയും പട്ടംകെട്ടുവാൻ 314-ലെ സിനഡിന്റെ 13-ാം കാനോനിൽ അനുവാദം കാണുന്നു.

അങ്കറയ്ക്കാ: അറബിയിൽ മേലുടുപ്പിന് പറയുന്ന പേര്. മലങ്കരയിലെ സുറിയാനിക്കാരായ പുരുഷന്മാർ അങ്കറയ്ക്കായും ഇടക്കെട്ടും നിർബന്ധമായും ധരിച്ചിരിക്കണമെന്ന് പത്രോസ് III പാത്രിയർക്കീസ്ബാവാ കൊച്ചി കോട്ടയിൽ നിന്ന് ഇറക്കിയ കല്പനയിൽ കാണുന്നു.

അങ്കി: യഹൂദന്മാരുടെ ഉൾക്കുപ്പായം. പുറങ്കുപ്പായം പ്രഭുക്കന്മാരും ധനികരും റബിമാരും ധരിച്ചിരുന്നു. യേശുവിന്റെ അങ്കി പടയാളികൾ ചീട്ടിട്ട് അവകാശം നിർണ്ണയിച്ചു (യോഹ. 19:23-24). ഈ അങ്കിയെ പുരസ്കരിച്ച് ലോയ്ഡ് ഡഗ്ലാസ്, 'ദി റോബ്' എന്ന പേരിൽ നോവലെഴുതി. മേലങ്കി എന്ന പേരിൽ അത് വിവർത്തനം ചെയ്യപ്പെട്ടു. മേല്പട്ടക്കാരും പട്ടക്കാരും പുറങ്കുപ്പായത്തിനുള്ളിൽ ധരിക്കുന്ന ചുവപ്പ് - കറുപ്പ് ഉൾക്കുപ്പായങ്ങൾ അങ്കി തന്നെ.

അങ്കോറൈറ്റ്: ക്രൈസ്തവ സന്യാസപ്രസ്ഥാനത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തി. ഇവർ കഠിനമായ ഏകാന്തവാസം നയിച്ചു.

അച്ചൻ: ആര്യൻ ദുഷിച്ച് അച്ചൻ എന്ന ശബ്ദം ഉണ്ടായി. ശ്രേഷ്ഠൻ എന്ന് അർത്ഥം. പിതൃവാചിയായ ദ്രാവിഡപദം അപ്പൻ ആണ്: ഗുരുവായൂരപ്പൻ, വൈക്കത്തപ്പൻ. അച്ചൻ ക്രമേണ അധ്യക്ഷൻ, യജമാനൻ, തലവൻ എന്നീ അർത്ഥങ്ങളിൽ പ്രസിദ്ധമായി; കുരങ്ങച്ചൻ, പുലിയച്ചൻ. 1811-ൽ പ്രസിദ്ധീകരിച്ച ബൈബിളിന്റെ മലയാളം വിവർത്തനത്തിൽ യജമാനൻ എന്ന പദത്തിന് പകരം അച്ചൻ എന്ന് ഉപയോഗിച്ചിരിക്കുന്നു. 17,

18, 19 നൂറ്റാണ്ടുകളിൽ കത്തനാർമാരുടെ അധ്യക്ഷനും തലവനുമായ മെത്രാനെ അച്ചൻ എന്ന് *നിരണം ഗ്രന്ഥവരി* വിശേഷിപ്പിച്ചു. പിന്നീട് മെത്രാൻ എന്ന പദം സ്ഥിരപ്പെട്ടപ്പോൾ ഇടവകയുടെ അധ്യക്ഷനായ കത്ത നാരെ അച്ചൻ എന്ന് വിളിച്ചുവരുന്നു. ഇടക്കാലത്ത് ഇടവകയിലെ സീനി യർ വൈദികനെ കത്തനാരച്ചൻ എന്നും മൂപ്പച്ചൻ എന്നും വിളിച്ചിരുന്നു.

അച്ഛൻ: ദ്രാവിഡശബ്ദമായ 'അപ്പൻ' പിതൃവാചിയായി കേരളീയർ ഉപയോഗിച്ചപ്പോൾ ആര്യാധിനിവേശം പ്രബലമായ 8-ാം നൂറ്റാണ്ടു മുതൽ ആര്യവല്ക്കരണത്തിന്റെ ഭാഗമായി അച്ഛൻ പിതൃവാചിയായി സ്വീകരി ക്കപ്പെട്ടു. ആര്യൻ, അയ്യൻ, അജ്ജൻ, അച്ചൻ എന്ന് രൂപപരിണാമം.

അച്ചൻ: മാതൃഭവനത്തെ അച്ചൻവീട് എന്നും മാതൃസഹോദരനെ അച്ചൻ എന്നും വിളിക്കുന്നു. അച്ചൻ ചില സ്ഥലങ്ങളിൽ അച്ചാച്ചനും അമ്മാച്ചനും ഒക്കെ ആയിട്ടുണ്ട്.

അച്ചപ്പൻ: അമ്മയുടെ അപ്പൻ.

അച്ചമ്മ: അമ്മയുടെ അമ്മ.

അച്ചാച്ചൻ: മാതൃസഹോദരൻ, ജ്യേഷ്ഠസ്ഥാനികളെയും ഈ പേരിൽ വിളിക്കാറുണ്ട്. ചില സ്ഥലങ്ങളിൽ അമ്മാച്ചനെയും ആങ്ങളയെയും ഭർ ത്താവിനെയും ഈ പേരിൽ സ്നേഹപൂർവ്വം സംബോധന ചെയ്യുന്നു.

അച്ചാമ്മ ജോൺ മത്തായി (1894-1977): നിരണം ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ പുത്രി. വൈ. ഡബ്ലു. സി. എ. യുടെ ദേശീയാധ്യക്ഷ സ്ഥാനി. നെഹ്രു മന്ത്രിസഭയിൽ അംഗമായ ഡോ. ജോൺ മത്തായിയുടെ ഭാര്യ. ഇ. ജോൺ കുരുവിള, ഇ. ജോൺ ഫിലിപ്പോസ്, ഇ. ജോൺ ജേക്കബ് എന്നിവരുടെ സോദരി. ബോംബെ ദാദർ പള്ളി സ്ഥാപിക്കാൻ നേതൃത്വം നല്കി. ഇന്ത്യാ വിഭജനകാലത്ത് അഭയാർത്ഥികൃാമ്പുകളിൽ വിലപ്പെട്ട സേവനം കാഴ്ചവച്ചു. സോഷ്യൽ വെൽഫെയർ ബോർഡ് അധ്യക്ഷ ആയി രുന്നു. അന്ത്യകാലം തൃശ്ശൂരിൽ ചെലവഴിച്ചു. ഇവർ സൗജന്യമായി തൃശ്ശൂർ - അരനാട്ടുകരയിൽ നൽകിയ സ്ഥലത്താണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി യുടെ ഒരു പഠനകേന്ദ്രം പ്രവർത്തിക്കുന്നത്. 1955-ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ബഹുമാനിച്ചു. 1977-ൽ തിരുവനന്തപുരത്തു വച്ച് നിര്യാ തയായി.

അച്ചാരം: ഉഭയസമ്മതപ്രകാരമുള്ള ഉടമ്പടിയുടെ ഉറപ്പിനായി വാങ്ങു ന്നവർ (സ്വീകർത്താവ്) വില്ക്കുന്നവന് നൽകുന്ന മുൻകൂർ തുക - അഡ്വാ ൻസ്.

അഞ്ച് ദുഃഖരഹസ്യങ്ങൾ: 1. ക്രിസ്തുവിന്റെ ഗത്സമനയിലെ വ്യഥ.

2. ക്രിസ്തുവിന്റെ പീഡകൾ. 3. മുൾമുടിധാരണം 4. കുരിശുമേന്തിയുള്ള യാത്ര. 5. കുരിശുമരണം.

അഞ്ച് സന്തുഷ്ട രഹസ്യങ്ങൾ: 1. കന്യകമറിയാമ്മിനോടുള്ള വചനിപ്പ്. 2. മറിയാം - ഏലിശ്ബാ സന്ദർശനം. 3. യേശുവിന്റെ ജനനം. 4. ദേവാലയ സമർപ്പണം. 5. ദേവാലയത്തിൽ യേശുവിനെ കണ്ടെത്തുന്നത്.

അഞ്ചുവണ്ണം: ഭാസ്കര രവിവർമ്മ I ജോസഫ് റബ്ബാന് നല്കിയ ജൂത ചെപ്പേടിലും കൊല്ലം തരീസാ ചെപ്പേടിലും പരാമർശിക്കപ്പെട്ട പദം. അഞ്ച് ദ്രവ്യങ്ങളുടെ വ്യാപാരകുത്തകാവകാശമാണെന്നും ഐങ്കമ്മാളരുടെ സംരക്ഷണാധികാരമാണെന്നും രണ്ട് പക്ഷമുണ്ട്. കൊല്ലം പട്ടണത്തിൽ ഈ ബഹുമതിക്കാർ ചുങ്കം, തരക് എന്നിവ പിരിച്ചിരുന്നു. തട്ടാൻ, കരുവാൻ, കൊല്ലൻ, ആശാരി, മൂശാരി എന്നിവരാണ് ഐങ്കുടിക്കമ്മാളർ.

അജ്ഞാനകുഠാരം: ചെറുശ്ശേരി ചാത്തുനായർ രചിച്ച ഒരു കിളിപ്പാട്ടു കാവ്യം. ക്രിസ്തുമത വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ഇതര മതങ്ങളെ താരതമ്യം ചെയ്തു വിലയിരുത്തുന്ന ഒരു വിമർശകാവ്യം. വർണ്ണ വിവേചനത്തിന്റെ പൊള്ളത്തരവും വിഗ്രഹാരാധനയുടെ നിഷ്ഫലതയും ബഹുദേവതാരാധനയുടെ ബലഹീനതയും ചർച്ച ചെയ്യുന്ന ഈ കാവ്യം ക്രിസ്തുമതം എന്തുകൊണ്ട് ഭാരതനവോത്ഥാനത്തെ സഹായിക്കും എന്ന് വിശദമാക്കുന്നു. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായംകുളം ഫീലിപ്പോസ് റമ്പാനും ചേർന്ന് പരിഭാഷപ്പെടുത്തി 1811 -ൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച ബൈബിൾ കേരളത്തിലുണ്ടാക്കിയ നവോത്ഥാന ചിന്തയുടെ ആവിഷ്ക്കാരമാണ് അജ്ഞാനകുഠാരം. ചാത്തുനായർ ജോസഫ് ഫെൻ എന്ന പേർ സ്വീകരിച്ച് ക്രിസ്തുമതത്തിൽ ചേർന്നു. 19-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ നവോത്ഥാനം മുഴുവൻ ഈ കൃതി പ്രതിഫലിപ്പിക്കുന്നു.

അഞ്ഞൂർ: മലബാർ സ്വതന്ത്ര സുറിയാനിസഭയുടെ ആസ്ഥാനം. പാലൂർ പ്രദേശത്ത് സ്ഥിതിചെയ്യുന്ന തോലൂർ, തൊഴിയൂർ, പുന്നത്തൂർ, ചെമ്മണ്ണൂർ, ആലത്തൂർ എന്നീ അഞ്ച് ഊരുകളുടെ സങ്കേതമാവാം.

അഞ്ഞൂർ ചാത്തം: അഞ്ഞൂർ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന കാട്ടുമങ്ങാട്ട് കൂറിലോസിന്റെ ശ്രാദ്ധം മിഥുനം 27-ന് നടത്തുന്നു. സമീപ പ്രദേശത്ത് ഈ അനുസ്മരണം അഞ്ഞൂർ ചാത്തം എന്ന പേരിൽ അറിയപ്പെടുന്നു.

അഞ്ഞൂർ മെത്രാന്മാർ: '*മലബാർ സ്വതന്ത്ര സുറിയാനിസഭ*' എന്ന ശീർഷകം കാണുക.

അഞ്ഞൂർ പള്ളി: വി. ഗീവറുഗീസിന്റെ നാമത്തിൽ അഞ്ഞൂരിൽ

പനക്കൽ താരു പുന്നത്തൂർ രാജാവിൽ നിന്ന് വില കൊടുത്തു വാങ്ങിയ പുരയിടത്തിൽ കാട്ടുമങ്ങാട്ട് കൂറിലോസ് സ്ഥാപിച്ച ദേവാലയം. ഈ ഭദ്രാസനപ്പള്ളിയിൽ ശാക്രുള്ള മഫ്രിയാനയിൽ നിന്ന് ലഭിച്ച വി. ഗീവറുഗീസിന്റെ തിരുശേഷിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം കൂറിലോസ് ഒഴികെ തൊഴിയൂരിലെ എല്ലാ മെത്രാന്മാരും ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു.

അഞ്ഞൂർ പേപ്പട്ടി വിഷചികിത്സ: അഞ്ഞൂർ പള്ളിസ്ഥാപകൻ മുളന്തുരുത്തിക്കടുത്ത് ആദിവാസി വൈദ്യന്മാരിൽ നിന്ന് പേപ്പട്ടി വിഷത്തിനുള്ള ഒറ്റമൂലികയും ചില ആയുർവേദ വൈദ്യവിധികളും അഭ്യസിച്ചിരുന്നു. അഞ്ഞൂർ പള്ളിയിൽ ഈ ചികിത്സകൾ നടത്തിയിരുന്നു. ഭൂതബാധ ഒഴിപ്പിക്കുന്ന മാനസികചികിത്സ ഇപ്പോഴും നടത്തുന്നുണ്ട്.

അഞ്ഞൂർ നെയ്യ്: വിചിത്രമായ ആയുർവേദ വിധിയനുസരിച്ച് അഞ്ഞൂർ പള്ളിയിൽ ചികിത്സകരായ വൈദികരുടെ നേതൃത്വത്തിൽ തയാറാക്കുന്ന നെയ്യ്. സന്ധികളിൽ ഇവ പുരട്ടുന്നത് രോഗശമനത്തിന് സഹായകമാണത്രേ.

അഞ്ഞൂർ സഭ: '*മലബാർ സ്വതന്ത്ര സുറിയാനിസഭ*' എന്ന ശീർഷകം കാണുക.

അട: അരിമാവോ ഗോതമ്പ് മാവോ കുഴച്ച് ഇലയിൽ പരത്തി നാളികേരവും ശർക്കരയും (പഞ്ചസാരയും) ചേർത്ത് ഉള്ളിൽ പരത്തിവച്ച് ഇലയോടെ മടക്കി ചുട്ടോ (ചട്ടിയിൽ) പുഴുങ്ങിയോ തയാറാക്കുന്ന കേരളീയ പലഹാരം.

അടപ്രഥമൻ: അട കൊത്തിനുറുക്കി പാകം ചെയ്യുന്ന ഒരു തരം മികച്ച പായസം.

അടയാളം: സൂചിതാർത്ഥ ധ്വനിയുള്ള പദാർത്ഥമോ, സംഭവമോ അദ്ഭുതമോ ആകാം. ക്രിസ്തുവിന്റെ പല അദ്ഭുതങ്ങളെയും വി. വേദം അടയാളങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു.

അടക്കം: ശവസംസ്കാരം. അടക്കം കഴിഞ്ഞു, കബറടക്കുക, കബറടങ്ങുക എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

അടക്കവും ഒതുക്കവും: സ്ത്രൈണശാലീനതയെപ്പറ്റിയുള്ള മൂല്യസങ്കല്പം. വിനയം, പാകത, അച്ചടക്കം, മിതഭാഷണം, മന്ദഭാഷണം, മന്ദസ്മിതം, ലജ്ജ, മന്ദഗമനം, ചിട്ടകളും നിഷ്ഠകളും എന്നിവയെ ഈ ശൈലി സമഗ്രമായി ഉൾക്കൊള്ളുന്നു.

അടച്ചുതുറപ്പാട്ട്: നാലാം കല്യാണം എന്ന വിവാഹച്ചടങ്ങ്. വധൂവര

ന്മാരെ വധൂഗൃഹത്തിലേക്ക് ആനയിക്കുന്നത് അന്നാണ്. അത് കഴിഞ്ഞേ അടുത്ത ബന്ധുക്കൾ തിരിച്ചുപോകൂ. അടഞ്ഞ വാതിലിന് മുമ്പിൽ വധൂ മാതാവും മറ്റും പാടുന്ന പാട്ടാണിത്. വാതിൽ, തുറക്കുവാൻ പല പ്രലോഭനങ്ങളും പാട്ടിൽ വാഗ്ദാനം ചെയ്യും. പാട്ടിന്റെ ഒടുവിൽ വാതിൽ തുറന്ന് മണവാളനും മണവാട്ടിയും പുറത്തുവരും. ഡോ. പി. ജെ. തോമസ് ക്രിസ്ത്യാനികളുടെ ഈ അനുഷ്ഠാനപ്പാട്ടുകൾ കിട്ടാവുന്നിടത്തോളം *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന ഗ്രന്ഥത്തിൽ സമാഹരിച്ചിട്ടുണ്ട്. ഈ ചടങ്ങുകൾ അപ്രത്യക്ഷമായി തുടങ്ങിയെങ്കിലും ക്നാനായ സമുദായക്കാർ കുറെ അനുഷ്ഠാനച്ചടങ്ങുകൾ നിലനിർത്തിപ്പോരുന്നുണ്ട്.

അടിച്ച് കാച്ചുക: വി. കുർബ്ബാനയ്ക്ക് അതത് ദിവസത്തേക്കുള്ള അപ്പം തയ്യാറാക്കുന്ന പ്രവൃത്തി. മരത്തിലോ ലോഹത്തിലോ തയാറാക്കിയ നിശ്ചിത വൃത്താകാരമുള്ള അച്ചിൽ തലേദിവസം പുളിപ്പ് ചേർത്ത് കുഴച്ച് പാകപ്പെടുത്തിയ ഗോതമ്പുമാവ് പതിച്ച് പരത്തി അഗ്നിയിൽ ചൂടുപിടിപ്പിച്ച ചട്ടുകത്തിൽ വച്ച് കാച്ചി വേവിച്ചെടുക്കുന്നു.

അടിമ വയ്ക്കുക: കുഞ്ഞുങ്ങളെ ദേവാലയത്തിൽ അടിമയായി സമർപ്പിക്കുന്ന ചടങ്ങ്. സമർപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങളെ പുരോഹിതൻ മദ്ബഹാ നടയിൽ കിടത്തുകയോ മുട്ടുകുത്തിയ്ക്കുകയോ ചെയ്യുന്നു. അതോടെ കുഞ്ഞ് ദേവാലയത്തിന്റെ അടിമയായി. പുരോഹിതൻ വിധിക്കുന്ന പ്രായശ്ചിത്തവും വഴിപാടും സമർപ്പിച്ച് അടിമ വിടർത്തുകയും ചെയ്യാറുണ്ട്.

അടിമപ്പണം: അടിമയെ വീണ്ടെടുക്കുവാൻ പുരോഹിതൻ നിശ്ചയിക്കുന്ന വഴിപാട് തുക.

അടിയൻ: ഫ്യൂഡൽ സംസ്കാരത്തിൽ മേലാളനോട് കീഴാളൻ ഉപയോഗിക്കുന്ന ഉപചാരപദം. രാജാവും ഫ്യൂഡൽ സംസ്കാരവും നാട്ടിൽ അസ്തമിച്ചതോടെ ആ സംസ്കാരം സഭയിൽ ചേക്കേറി. ഒപ്പം ഉപചാരപദങ്ങളും.

അടിയന്തിരം: അനുഷ്ഠാനപ്രധാനമായ കർമ്മങ്ങൾ. പുലകുളി, ശ്രാദ്ധം, വിവാഹം തുടങ്ങിയവ. മരണാനന്തരശേഷക്രിയകൾ ഈ പദപ്രയോഗത്തിൽ അറിയുന്നു. പള്ളിയിലെ ആരാധനകൾ, ശ്മശാനത്തിലെ ധൂപപ്രാർത്ഥന, വീട്ടിലെ പ്രാർത്ഥനകൾ, ധൂപാർച്ചന, സദ്യ, കൈമുത്ത്, ദക്ഷിണ തുടങ്ങിയവ മുഖ്യചടങ്ങുകൾ.

അടിയറ തീരുക: രാജാവിന്റെ പ്രീതിയും സംരക്ഷണവും ഉറപ്പാക്കുവാൻ അടിയറ തീരുക എന്ന ഒരു ചടങ്ങ് തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. ഒരു നിശ്ചിത തുക രാജാവിന് തിരുമുൽക്കാഴ്ച സമർപ്പിക്കുക

യാണ് അതിന്റെ ചടങ്ങ്. ആറാം മാർത്തോമ്മാ ഇപ്രകാരം അടിയറ തീർത്ത തായി ചരിത്രത്തിൽ കാണുന്നുണ്ട്.

അടികൾ: ദേവന്റെ ദാസന്മാർ. അവരുടെ തലവൻ അടിയാതിരിപ്പാട്.

അടിയാളൻ: ദാസൻ. പ്രാചീന മലയാള രൂപം.

അടുപ്പൂട്ടി: കുന്നംകുളം നഗരത്തിലെ ഒരു കുന്ന്. 1928 തുലാം 15 ന് ശിലയിട്ട് 1929 മേടം 23 ന് വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ ഗീവറുഗീസ് II കാതോലിക്കാ സ്ഥാപിച്ച ഒരു ദേവാലയം ഇവിടെയുണ്ട്. ആയിരത്തിലേറെ വീട്ടുകാരുണ്ട്. ഒക്ടോബറിലെ പെരുന്നാളിന് 75 ലേറെ നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരെ കൂട്ടി എഴുന്നള്ളിക്കുന്ന ചടങ്ങ് ടൂറിസ്റ്റുകളെ ആകർഷിക്കുന്നു.

അടുപ്പൂട്ടി ആശുപത്രി: മലങ്കര മെഡിക്കൽ മിഷന്റെ ആശുപത്രി കുന്നംകുളം അടുപ്പൂട്ടിയിൽ 1977-ൽ സ്ഥാപിതമായി. പത്ത് ഏക്കർ സ്ഥലത്ത് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. 70 കിടക്കകളോടെ 1978 മെയ് 14-ന് പ. മാത്യൂസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്തു. ഇപ്പോൾ സിൽവർ ജൂബിലി പിന്നിട്ട ആശുപത്രിയിൽ ബഹുനില കെട്ടിടങ്ങളും ഏറെക്കുറെ എല്ലാ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. ആധുനിക സജ്ജീകരണങ്ങളുള്ള ഈ ആശുപത്രിയോടനുബന്ധിച്ച് പ്രശസ്തമായ ഒരു നേഴ്സിംഗ് കോളജ് പ്രവർത്തിക്കുന്നു. ആരംഭകാലം മുതൽ കെ. ടി. പാവുണ്ണി സെക്രട്ടറി എന്ന നിലയിൽ ആശുപത്രിയുടെ പ്രവർത്തനങ്ങളെ വികസിപ്പിക്കുന്നു.

അടുപ്പുട്ടി കോൺവെന്റ്: സെന്റ് മേരി മാഗ്ദലിൻ കോൺവെന്റ് തോമ്മാ മാർ ദീവന്നാസ്യോസ് (നിരണം) 1946 നവം. 22-ന് ആരംഭിച്ചു. താബോർ മഠത്തിലെ മൂന്ന് കന്യാസ്ത്രീകൾ പ്രാരംഭകർ. 1961-ൽ ഗീവർഗീസ് ദ്വിതീയൻ ബാവാ നാമകരണം ചെയ്തു. 1966-ൽ കാക്കശ്ശേരി ജോസഫ് കോറെപ്പിസ്കോപ്പാ അടുപ്പൂട്ടിയിൽ ദാനമായി നൽകിയ സ്ഥലത്ത് പണിത കോൺവെന്റും ചാപ്പലും യൂഹാനോൻ മാർ സേവേറിയോസ് 1967 ഡിസം. 28-ന് കൂദാശ ചെയ്തു. 1976-ൽ യു. പി. സ്കൂൾ, ഹൈസ്കൂൾ, മന്ദബുദ്ധികൾക്ക് സ്കൂൾ, സ്ത്രീ സംരക്ഷണ ശരണാലയം എന്നിവ പത്ത് കന്യാസ്ത്രീകളുടെ മേൽനോട്ടത്തിൽ നടത്തുന്നു.

അഡോപ്ഷനിസം: വചനം യേശു എന്ന മനുഷ്യനിൽ ആവസിച്ച് ദൈവശക്തി പകർന്ന് കൊടുത്ത് ദൈവപുത്രനായി ദത്തെടുത്തു എന്ന വേദവിപരീതം. സമോസാട്ടായിലെ പൗലേയുടെ ഡയനമിറ്റ് മൊണ്ടാർക്കിയനിസം എന്ന 3-ാം നൂറ്റാണ്ടിലെ ദൈവശാസ്ത്രത്തിൽ നിന്ന് ഉടലെടുത്തു. ദത്തെടുക്കൽ ക്രിസ്തുശാസ്ത്രം എന്ന് ഇത് അറിയപ്പെടുന്നു. 260 -ൽ

അന്ത്യോഖ്യൻ മെത്രാനായ ഇദ്ദേഹത്തിന്റെ ഈ ചിന്ത അവിടുത്തെ സിനഡ് മൂന്ന് വട്ടം നിരാകരിച്ചു, സ്ഥാനഭ്രഷ്ടനാക്കി. ഈ വീക്ഷണം തർസൂസിലെ ദിയഡോർ, മൗപ്സുവെസ്റ്റിയായിലെ തിയദോർ, നെസ്തോർ എന്നിവരെ സ്വാധീനിച്ചു. പുത്രന്റെ ദൈവത്വത്തിന് ന്യൂനതയുണ്ടെന്ന ഈ ചിന്ത അറിയോസിലുണ്ട്. 13-ാം നൂറ്റാണ്ടോടുകൂടി അഡോപ്ഷനിസം ദൈവശാസ്ത്ര ചർച്ചയിൽ നിന്ന് അപ്രത്യക്ഷമായി.

അഡിസ് അബാബ: എത്യോപ്യൻ തലസ്ഥാനം. ചക്രവർത്തി ഹെയിലി സലാസി ഇവിടെ വച്ച് 1965 ജനുവരിയിൽ ഓറിയന്റൽ ഓർത്ത ഡോക്സ് സഭാതലവന്മാരുടെ സിനഡ് വിളിച്ചുകൂട്ടി. നേരത്തെ ഗീവറു ഗീസ് ദ്വിതീയൻ കാതോലിക്കായുടെ നിർദ്ദേശപ്രകാരം വിളിച്ചുചേർത്ത സിനഡിൽ ഔഗേൻ പ്രഥമൻ കാതോലിക്കായുടെ നേതൃത്വത്തിൽ മലങ്ക രയിൽ നിന്ന് പ്രതിനിധിസംഘം പങ്കെടുത്തു.

അഡ്വെന്റിസ്റ്റ് സഭകൾ: ക്രിസ്തുവിന്റെ രണ്ടാം വരവിന് അമിത പ്രാധാന്യം നൽകുന്നു. 1843, 1844 വർഷങ്ങൾ രണ്ടാം വരവിന്റെ വർഷങ്ങ ളായി പ്രഖ്യാപിച്ച ഇവാഞ്ചലിക്കൽ അഡ്വന്റിസ്റ്റ് വിഭാഗം നാമാവശേഷ മായി. സെക്കണ്ട് അഡ്വന്റ് ക്രിസ്ത്യൻസ്, സെവൻത്ഡേ അഡ്വെന്റിസ്റ്റ് വിഭാഗങ്ങൾ ഇപ്പോഴുമുണ്ട്. 1831 ൽ ഇവ ആരംഭിച്ചു. ഏഴാം ദിവസം ആച രിക്കണമെന്ന നിർബന്ധം സെവൻത്ഡേ അഡ്വന്റിസ്റ്റുകൾക്കുണ്ട്. ഇന്ത്യ യിൽ പല ഭാഗങ്ങളിൽ ഇവർക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപ ത്രികളുമുണ്ട്.

അത്തനഗോറസ് (2-ാം നൂറ്റാണ്ട്): ആതൻസിലെ ക്രിസ്തുശാസ്ത്ര ജ്ഞനായ അപ്പോളജിസ്റ്റ്. 'മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച്' എന്ന ഒരു ഗ്രന്ഥം രചിച്ചു. ഈ ഗ്രന്ഥം പുനരുത്ഥാനത്തെ ന്യായീകരിച്ചു. ത്രിത്വോപദേശത്തെ അദ്ദേഹം സ്ഥിരീകരിച്ചു. മരണം കൊണ്ടുപോലും വിവാഹബന്ധം വേർപെടുന്നില്ലെന്ന് പഠിപ്പിച്ചു.

അത്താനാസ്യോസ്, മാർ (295-373): അലക്സാന്ത്രിയായിൽ ജനനം. ആഫ്രിക്കൻ മരുഭൂമികളിൽ വി. അന്തോണിയോസിന്റെ ശിഷ്യൻ. ബിഷപ്പ് അലക്സാണ്ടറുടെ സെക്രട്ടറി ശെമ്മാശൻ. 325 ലെ നിഖ്യാ സിനഡിൽ 'പുത്രൻ പിതാവിനോട് സാരാംശത്തിൽ സമത്വമുള്ളവൻ' എന്ന അംഗീകൃത നിർവചനത്തിന്റെ അവതാരകൻ. ഇത് പ്രചരിപ്പിക്കു വാൻ ജീവിതം സമർപ്പിച്ചു. അലക്സാന്ത്രിയായിലെ മെത്രാനായി. അറി യോസിന്റെ പ്രബലഹസ്തങ്ങൾ ഇദ്ദേഹത്തെ വേട്ടയാടി പീഡിപ്പിച്ചു, നാടു കടത്തി. ഒടുവിൽ ചക്രവർത്തി വാലൻസ് തിരിച്ചുവരുത്തി, 366 ൽ. പിന്നീട് ജീവിതം ശാന്തമായിരുന്നു. അന്തോണിയോസിന്റെ ജീവിതം, വചനം ജഡ മായതിനെക്കുറിച്ച്, പുറജാതികൾക്കെതിരെ എന്നീ കൃതികൾ രചിച്ചു.

നിഖ്യാ സുന്നഹദോസിന്റെ പ്രഖ്യാപനങ്ങൾ എന്ന ലേഖനവും രചിച്ചു. ക്രിസ്തുദൈവശാസ്ത്രത്തെ സംബന്ധിച്ച് നിഖ്യാ വിശ്വാസപ്രമാണത്തിൽ കാണുന്നത് അത്താനാസ്യോസിന്റെ ദർശനവും സിദ്ധാന്തവുമാണ്.

അത്താനാസ്യോസ് ഗാമാലോ (597-630): അന്ത്യോഖ്യൻ പാത്രിയർക്കീസ്. റോമും പേർഷ്യയും തമ്മിലുണ്ടായ യുദ്ധകാലത്ത് പേർഷ്യൻ സഭാംഗങ്ങളെ മഫ്രിയാനയുടെ ഭരണത്തിൽ തുടരുവാൻ സ്വാതന്ത്ര്യം നൽകി. കൽക്കിദൂൻ സിനഡിനെ അനുകൂലിക്കുന്നവരെയും എതിർക്കുന്നവരെയും ഒരു ധാരണയിലെത്തിക്കുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞു. ഏകസ്വഭാവ - ഇരുസ്വഭാവ വിശ്വാസികളെ സമന്വയിപ്പിക്കുവാൻ അലക്സാന്ത്രിയൻ പാത്രിയർക്കീസായിരുന്ന അനസ്താസിന്റെ സഹായം ഇദ്ദേഹത്തിനു ലഭിച്ചു. 630-ൽ അന്തരിച്ചു.

അത്താനാസ്യോസ് VII പാത്രിയർക്കീസ്: 1090 ഡിസംബറിൽ പാത്രിയർക്കീസായ ഇദ്ദേഹം മെലിത്തോൻ എന്ന സ്ഥലത്തു പഠിച്ചു. ബർസൗമ്മായുടെ ആശ്രമത്തിൽ അംഗമായി. അബുൻ ഫർഡ്ജ് എന്നായിരുന്നു ആദ്യനാമം. പ്രശ്നസങ്കീർണ്ണമായിരുന്ന അദ്ദേഹത്തിന്റെ ഭരണകാലം. 1129-ൽ അന്തരിച്ചു.

അത്താനാസ്യോസ്, മാർ: ചേപ്പാട്ട് മാർ ദീവന്നാസ്യോസിന്റെ കാലത്ത് 1825 -ൽ വൃശ്ചികം 3 -ന് ഇസഹാക്ക് റമ്പാനൊന്നിച്ച് ഇദ്ദേഹം കൊച്ചിയിലെത്തി. തൊഴിയൂർ മെത്രാന്മാർക്ക് പട്ടമില്ലെന്നും തന്മൂലം ആ പൗരോഹിത്യ പിൻതുടർച്ചയിലുള്ള ചേപ്പാട്ട് മെത്രാച്ചൻ, കൂത്തൂർ കൂറിലോസ് എന്നിവർ വീണ്ടും പട്ടമേല്ക്കണമെന്നും ഇദ്ദേഹം ശഠിച്ചു. പല പ്രമുഖവൈദികരും വീണ്ടും പട്ടമേറ്റു. അവരെ ചേപ്പാട്ട് മെത്രാച്ചൻ മുടക്കി. സർക്കാർ ചേപ്പാട്ട് മെത്രാച്ചനെ അനുകൂലിച്ചു. വീണ്ടും പട്ടമേറ്റ വൈദികർക്ക് തടവും പിഴയും കല്പിച്ചു. സർക്കാർ ഇടപെട്ട് മാർ അത്താനാസ്യോസിനെ എട്ട് മാസങ്ങൾക്ക്ശേഷം 1825 മീനം 20 ന് നാടുകടത്തി.

അത്താനാസ്യോസ്, തോമസ് മാർ (1837-1893): മാരാമൺ പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ പുത്രനായി 1837 ഒക്ടോബറിൽ ജനിച്ചു. പഴയസെമിനാരി, സി. എം. എസ്. ഹൈസ്കൂൾ എന്നിവിടങ്ങളിലും മദ്രാസിലുമായി വിദ്യാഭ്യാസം നടത്തി വൈദികനായി. മാരാമൺ ഇടവകയിൽ നിയമിതനായി. 1868 മെയ് 31 ന് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ഇദ്ദേഹത്തെ മേല്പട്ടക്കാരനാക്കി. 1877-ൽ അത്താനാസ്യോസിന്റെ പിൻഗാമിയായി കോട്ടയം പഴയസെമിനാരിയിൽ മലങ്കര മെത്രാപ്പോലീത്തായുടെ ചുമതലകളിൽ പ്രവേശിച്ചു. സെമിനാരിക്കേസിൽ ഇദ്ദേഹമായിരുന്നു പ്രധാന പ്രതി. മുൻഗാമി പ്രസിദ്ധപ്പെടുത്തിയത് എന്നവകാശപ്പെട്ട് സെമിനാരിക്കേസിന്റെ ആവശ്യത്തിലേക്കായി മലങ്കരക്കാനോൻ

എന്ന ഒരു വ്യാജരേഖ രണ്ടാംപതിപ്പ് എന്ന് വിവരിച്ചുകൊണ്ട് പ്രസിദ്ധപ്പെടുത്തുകയും കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും തോറ്റപ്പോൾ ഇദ്ദേഹം റോയൽക്കോടതിയിൽ അപ്പീൽ നൽകി. ഇവിടെയും ഭൂരിപക്ഷവിധി അദ്ദേഹത്തിനെതിരായിരുന്നു. മഹാരാജാവ് മുൻകൈ എടുത്തു നടത്തിയ അനുരഞ്ജനശ്രമത്തോട് ഇദ്ദേഹം സഹകരിച്ചില്ല. ഭൂരിപക്ഷവിധി നടപ്പിലാക്കുവാൻ രാജാവ് കല്പനയായി. 1889-ലെ റോയൽക്കോടതി വിധിയനുസരിച്ച് സ്ഥാനചിഹ്നങ്ങളും പഴയസെമിനാരിയും അദ്ദേഹം ഒഴിഞ്ഞ് കേസിൽ ജയിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന് കൈമാറി. നവീകരണക്കാർ ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഔദ്യോഗികമായി 'മാർത്തോമ്മാസഭ' എന്ന പേരിൽ നവീന സഭ രൂപീകരിച്ചു. 1893 ആഗസ്റ്റ് 10 ന് നിര്യാതനായി. മാരാമൺ പള്ളിയിൽ കബറടങ്ങി.

അത്താനാസ്യോസ്, ഡോ. തോമസ് മാർ: വിഘടിതസഭയിൽ പൗലൂസ് മാർ പീലക്സിനോസ് വൈദികപട്ടവും സാക്കാ I പാത്രിയർക്കീസ് മേല്പട്ടവും നൽകി. 1995 -ലെ സുപ്രീംകോടതി വിധിയെ തുടർന്നു കാതോലിക്കേറ്റിൽ ചേർന്നു. കാതോലിക്കാ മാത്യൂസ് II കണ്ടനാടിന്റെ മെത്രാപ്പോലീത്താ ആയി നിയമിച്ചു. മുവാറ്റുപുഴ ബിഷപ്പ്സ് ഹൗസ് ആസ്ഥാനമാക്കി കണ്ടനാട് ഈസ്റ്റിന്റെ ചുമതലകൾ നിർവഹിക്കുന്നു. ചിന്തകനും എഴുത്തുകാരനും പ്രഭാഷകനും. ഏതാനും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കണ്ടനാട് ഡയോസിഷൻ ബുള്ളറ്റിനിലെ മെത്രാപ്പോലീത്തായുടെ കത്ത് എന്ന പംക്തി ശ്രദ്ധേയം.

അത്താനാസ്യോസ്, തോമസ് മാർ: പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ കെ. ടി. തോമസിന്റെയും ഏലിയാമ്മയുടെയും മകൻ. ജനനം 3-4-1939. 1970-ൽ ഔഗേൻ ബാവാ ശെമ്മാശുപട്ടവും 1970 മെയ് 26 ന് ദാനിയേൽ മാർ പീലക്സീനോസ് കശ്ശീശാപട്ടവും നൽകി. ബറോഡ, ആനന്ദ് തുടങ്ങി നിരവധി ഇടവകകളിൽ വികാരി. ഒരു ഡസനോളം പള്ളികൾ ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ സ്ഥാപിച്ചു. 1983 മെയ് 14 ന് പരുമലയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് റമ്പാനാക്കി. 1985 മെയ് 15 ന് പുതിയകാവ് കത്തീഡ്രലിൽ വച്ച് മാത്യൂസ് I കാതോലിക്കാ മെത്രാൻസ്ഥാനം നൽകി. 1985 ആഗസ്റ്റ് 25 ന് മെത്രാപ്പോലീത്താ ആക്കി. 1985 ആഗസ്റ്റ് 1 ന് ചെങ്ങന്നൂരിന്റെ ചുമതല നല്കി. ബാലസമാജം, എം. ഒ. സി. എഡ്യൂക്കേഷൻ സോഷ്യൽ സർവീസ് സൊസൈറ്റി എന്നിവയുടെ പ്രസിഡണ്ട് ആയും സിനഡ് സെക്രട്ടറിയായും സേവനം ചെയ്തു.

അത്താനാസ്യോസ്, പൗലൂസ് മാർ (1833-1907): വടക്കൻപറവൂർ

കടവിൽ കൂരൻ അവിരാ വർക്കിയുടെ മകൻ. 1833 വൃശ്ചികം 19 ന് ജനനം. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് 1846 കുംഭം 10 ന് ശെമ്മാശുപട്ടവും യൂയാക്കീം മാർ കൂറിലോസ് 1854 മകരം 6 ന് കശ്ശീശാപട്ടവും നൽകി. കോട്ടയം പഴയസെമിനാരിയിൽ മല്പാൻ. 1876 ഡിസം. 3 ന് വടക്കൻപറവൂർ പള്ളിയിൽ വച്ച് പത്രോസ് III പാത്രിയർക്കീസ് മെത്രാപ്പോലീത്താ ആയി വാഴിച്ച് കോട്ടയത്തിന്റെ ചുമതല നല്കി. 1891 മാർച്ച് മുതൽ അങ്കമാലിയുടെ ചുമതലയും ലഭിച്ചു. 1907-ൽ ആലുവാ തൃക്കുന്നത്ത് സെമിനാരി സ്ഥാപിച്ചു. ഗീവറുഗീസ് I കാതോലിക്കാ, ഗീവറുഗീസ് II കാതോലിക്കാ, ഔഗേൻ I കാതോലിക്കാ, പാമ്പാടി മാർ ഗ്രീഗോറിയോസ്, പാറേട്ട് മാർ ഈവാനിയോസ് എന്നിവർക്ക് കശ്ശീശാപട്ടം നല്കി. മക്കാബിയർ, രൂത്ത്, തൂബിത്ത്, മസുമൂർ എന്നീ വേദപുസ്തക ഭാഗങ്ങൾ സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്തു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലിക്കമ്മറ്റിയുടെ അധ്യക്ഷൻ ആയിരുന്നു. 1907 നവം. 2 ന് അന്തരിച്ചു. ആലുവ തൃക്കുന്നത്തു സെമിനാരിയിൽ കബറടങ്ങി. കാരുചിറ ഗീവർഗീസ് റമ്പാൻ (രണ്ടാം കാതോലിക്കാ) ഇദ്ദേഹത്തിന്റെ സെക്രട്ടറി ആയിരുന്നു.

അത്താനാസ്യോസ്, പൗലൂസ് മാർ (1869-1953): അയ്യമ്പിള്ളി തെക്കേക്കര കുറ്റിക്കാട്ടിൽ മത്തായി - അന്ന ദമ്പതിമാരുടെ മകൻ. ജനനം 23-1-1869. അമ്പാട്ട് കൂറിലോസ് 1879 ഏപ്രിൽ 21 ന് കോറൂയോസ്ഥാനവും ചാത്തുരുത്തി മാർ ഗ്രീഗോറിയോസ് 1898 നവം. 25 ന് കശ്ശീശാസ്ഥാനവും നവം. 28 ന് റമ്പാൻ സ്ഥാനവും നൽകി. കോട്ടയം എം. ഡി. സെമിനാരിയിൽ മല്പാനായിരുന്നു. 1910 ജൂൺ 9 ന് അകപ്പറമ്പിൽ വച്ച് അബ്ദുള്ളാ II പാത്രിയർക്കീസ് മേല്പട്ടക്കാരനായി വാഴിച്ചു. ആലുവ സെമിനാരിയുടെ ചുമതലയേറ്റു. അങ്കമാലി, കണ്ടനാട്, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം, കൊച്ചി എന്നിങ്ങനെയുള്ള മെത്രാസനങ്ങളിലെ പാത്രിയർക്കീസ് വിഭാഗം പള്ളികളുടെ ചുമതല വഹിച്ചു. ആലുവായിലെ വലിയ തിരുമേനി എന്നറിയപ്പെടുന്നു. അന്ധമായ പാത്രിയർക്കാഭക്തി പുലർത്തിയ അദ്ദേഹത്തെ ആ ഭാഗക്കാർ വിശ്വാസസംരക്ഷകൻ എന്ന് വിശേഷിപ്പിക്കുന്നു. അന്ത്യകാലങ്ങളിൽ കാഴ്ച നഷ്ടപ്പെട്ടു. പിൻഗാമിയായി വയലിപ്പറമ്പിൽ മാർ ഗ്രീഗോറിയോസിനെ ചുമതലയേല്പിച്ച് 1958 ജനു. 25 ന് അദ്ദേഹം അന്തരിച്ചു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടക്കപ്പെട്ടു.

അത്താനാസ്യോസ്, മാത്യൂസ് മാർ (1818-1877): മാരാമൺ പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ സഹോദര പുത്രൻ. 1818 മേടം 10 ന് ജനിച്ചു. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ശെമ്മാശുപട്ടം നൽകി. നവീകരണപദ്ധതികൾ നടപ്പാക്കിയതിന്റെ പേരിൽ മലങ്കര മെത്രാൻ മുടക്കി.

മല്പാൻ ഇദ്ദേഹത്തെ സിറിയായിൽ അയച്ചു. 1842 ഫെബ്രു. 14 ന് ഏലിയാസ് II ബാവാ മെത്രാനായി വാഴിച്ചതായി അവകാശപ്പെട്ട 1843 മെയ് മാസത്തിൽ കൊച്ചിയിലെത്തി. കണ്ടനാട്ട് വച്ച് മലങ്കര മെത്രാൻ വിളിച്ചുകൂട്ടിയ പ്രതിപുരുഷയോഗത്തിൽ നവാഗത മെത്രാൻ പതിവിൻപടി സുസ്താത്തിക്കോൻ സീനിയർ മെത്രാപ്പോലീത്തായെ ഏല്പിക്കുകയോ വായിക്കുകയോ ചെയ്തില്ല. പിന്നീട് ഏതാനും അനുയായികളെ കല്ലുങ്കത്രയിൽ വിളിച്ചു സുസ്താത്തിക്കോൻ വായിച്ചുവത്രേ. കൃത്രിമമായിരുന്നു ആ സുസ്താത്തിക്കോൻ. അതിന്റെ ഒറിജിനൽ ആരും കണ്ടിട്ടില്ല. വിവാദങ്ങളുടെ മധ്യേ സഭ ആവശ്യപ്പെട്ടതനുസരിച്ച് യൂയാക്കീം മാർ കൂറിലോസ് മലങ്കരയിലെത്തി. മലങ്കര മെത്രാപ്പോലീത്താസ്ഥാനം ചേപ്പാട്ടു മെത്രാച്ചൻ രാജിവച്ചു. പുതിയ മലങ്കര മെത്രാപ്പോലീത്താ ആയി പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനെ സ്ഥിരപ്പെടുത്തിക്കൊണ്ട് 1852-ൽ മഹാരാജാവ് വിളംബരം പ്രസിദ്ധപ്പെടുത്തി. മർദ്ദീനിൽ ചെന്ന് മേല്പട്ടസ്ഥാനം ഏറ്റ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് നവീകരണ മെത്രാനിൽ നിന്ന് സഭയെ മോചിപ്പിക്കാൻ നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ 1873 ലെ പരുമല യോഗതീരുമാനപ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസ് ക്ഷണിക്കപ്പെട്ടു. ക്ഷണം സ്വീകരിച്ച് മലങ്കരയിലെത്തിയ പത്രോസ് III മഹാരാജാവിനെ കണ്ട് മുടക്കപ്പെട്ട അത്താനാസ്യോസിന്റെ പേരിൽ നൽകപ്പെട്ട വിളംബരം പിൻവലിക്കുവാൻ അഭ്യർത്ഥിച്ചു. അത് സഫലമായി. നിരന്തരമായി അഭ്യർത്ഥിച്ചിട്ടും പാത്രിയർക്കീസുമായി ഒരു കൂടിക്കാഴ്ചയ്ക്ക് പാലക്കുന്നത്ത് മെത്രാച്ചൻ സന്നദ്ധനാവാഞ്ഞത് ദുരൂഹമായിരിക്കുന്നു. തിരു-കൊച്ചി മഹാരാജാക്കന്മാർ വിളംബരം റദ്ദാക്കി. അദ്ദേഹം കോടതികൾക്കു വിധേയനായി. 1868 ൽ പിൻഗാമിയായി ഏബ്രഹാം മല്പാന്റെ പുത്രനെ തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ വാഴിച്ചു. തൊഴിയൂരിൽ ആലത്തൂർ പനയ്ക്കൽ യൗസേഫ് മാർ കൂറിലോസിനെയും വാഴിച്ചു. 1877-ൽ നവീകരണത്തിന്റെ ഈ പ്രഥമ മെത്രാൻ അന്തരിച്ചു. മാരാമൺ പള്ളിയിൽ അടക്കപ്പെട്ടു.

അത്താനാസ്യോസ്, മാത്യൂസ് മാർ: *'ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് I'* എന്ന ശീർഷകം കാണുക.

അത്താനാസ്യോസ്, യൂഹാനോൻ മാർ (1928-1980): കോട്ടയം ചക്കാലപ്പറമ്പിൽ വടക്കേപ്പറമ്പിൽ വർക്കി - അന്നമ്മ ദമ്പതികളുടെ മകൻ. ജനനം 21-3-1928. ബിരുദാനന്തരം ഇംഗ്ലണ്ടിൽ വച്ച് വേദശാസ്ത്രത്തിൽ ഉപരിപഠനം. കോളജധ്യാപകജോലി രാജിവച്ച് ബഥനി ആശ്രമത്തിൽ ചേർന്നു. 1956 ജൂൺ 14 ന് മാത്യൂസ് മാർ അത്താനാസ്യോസ് കശ്ശീശാപട്ടം നൽകി. ബഥനി സുപ്പീരിയർ ആയി. 1978 മേയ് 15 ന് പഴഞ്ഞി പള്ളിയങ്കണത്തിൽ വച്ച് മാത്യൂസ് I കാതോലിക്കാ മേല്പട്ടം നൽകി.

കോട്ടയത്തിന്റെ സഹായ മെത്രാനായി നിയമിച്ചു. ബഥനിയുടെ വിസിറ്റർ ബിഷപ്പ് ആയിരുന്നു. 1980 ഒക്ടോബർ 12 ന് നിര്യാതനായി. റാന്നി - പെരുനാട് ബഥനി ആശ്രമം ചാപ്പലിൽ കബറടക്കി.

അത്താനാസ്യോസ്, ശെമവൂൻ മാർ: 1849-ൽ മലങ്കരയിൽ വന്ന റമ്പാൻ, മെത്രാനായശേഷം 1880 ൽ റീശീസാ ശേഖരിക്കുവാൻ മലങ്കരയിലെത്തി. കൂടെ സ്ലീബാ ശെമ്മാശനും ഉണ്ടായിരുന്നു. റമ്പാനായിരുന്നപ്പോൾ ആർത്താറ്റ് പള്ളിയിൽ വൈദിക വിദ്യാർത്ഥികളുടെ മല്പാൻ ആയിരുന്നു. 1889 മാർച്ച് 19 ന് നിര്യാതനായി. കോട്ടയം പുത്തൻപള്ളിയിൽ കബറടക്കപ്പെട്ടു.

അത്താനാസ്യോസ്, സ്തേഫാനോസ് മാർ: നവീകരണത്തിന്റെ പ്രഥമ മെത്രാൻ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ പ്രതിരോധിക്കുവാൻ 1845-ൽ അയക്കപ്പെട്ട യൂയാക്കീം കൂറിലോസിനെ സഹായിക്കുവാൻ അയക്കപ്പെട്ട മെത്രാൻ. കൂടെ ശെമവൂൻ എന്ന റമ്പാനും ഉണ്ടായിരുന്നു. ഇരുവരും കുറെനാൾ ആർത്താറ്റ് സെഹിയോൻ ബംഗ്ലാവിൽ വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചു. മാർ കൂറിലോസിനെയും മാർ അത്താനാസ്യോസിനെയും തിരു-കൊച്ചി സർക്കാരുകൾ പുറത്താക്കി. അത്താനാസ്യോസ് തിരിച്ചുപോയി. അദ്ദേഹം നൽകിയ അപേക്ഷപ്രകാരം ലണ്ടനിലെ അധികൃതർ മലങ്കരയിലെ പള്ളികൾക്ക് യഥേഷ്ടം മെത്രാന്മാരെ സ്വീകരിക്കുവാൻ അനുവാദം നല്കി.

അത്താനേഷ്യൻ ക്രീഡ്: നിഖ്യാവിശ്വാസപ്രമാണത്തിൽ നിന്നും അപ്പോസ്തോലിക വിശ്വാസപ്രമാണത്തിൽ നിന്നും വ്യത്യസ്തം. പൗരസ്ത്യസഭകൾ ഇത് അംഗീകരിച്ചിട്ടില്ല. 17-ാം നൂറ്റാണ്ടു മുതൽ റഷ്യൻ ആരാധനാക്രമത്തിൽ പ്രവേശിച്ചു. ലൂതറൻസഭ ഇതുപയോഗിക്കുന്നു. ആംഗ്ലിക്കൻ സഭയിൽ ആണ്ടിൽ 13 ദിവസം ഇത് ഉപയോഗിക്കുന്നു. ഇത് പില്ക്കാലത്ത് രചിക്കപ്പെട്ടതും അത്താനാസ്യോസിന്റെ പേരിൽ പ്രചരിപ്പിക്കപ്പെട്ടതുമാകാം.

അദ്ഭുതപ്രവൃത്തികൾ: അടയാളങ്ങൾ, വീര്യപ്രവൃത്തികൾ. അവയുടെ പാരമ്യമാണ് പുനരുത്ഥാനം. ദൈവരാജ്യം സമാഗതമായി എന്ന് പ്രഖ്യാപിക്കുന്ന സമകാല സാക്ഷ്യങ്ങൾ. അനുതാപം ഉണർത്തുക ലക്ഷ്യം. ഇന്നും അവ സംഭവിക്കുന്നു. പലപ്പോഴും അവ തിരിച്ചറിയപ്പെടാറില്ല. പ്രസിദ്ധിയും പ്രചാരവും പണസമ്പാദനവും ലക്ഷ്യം വയ്ക്കുന്നവരെ വേർതിരിച്ചറിയണം. പ്രകൃതിയുടെ മേൽ ദൈവം ഇടപെടുന്ന അസാധാരണ സംഭവങ്ങൾ ആണ് അദ്ഭുതങ്ങൾ. അറിവിന്റെ പരിമിതിയെപ്പറ്റി ബോധ്യമുള്ള ആധുനികശാസ്ത്രം അവയെ നിഷേധിക്കുന്നില്ല.

അതിവിശുദ്ധസ്ഥലം: ദേവാലയത്തിലെ അതിപ്രധാനഭാഗം. പഴയ നിയമദേവാലയത്തിലും ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മാത്രം പ്രവേശിക്കുന്ന അതിവിശുദ്ധസ്ഥലം ഉണ്ടായിരുന്നു. തിരശ്ശീലകൊണ്ട് മറക്കപ്പെട്ട ഇവിടെ രക്തം യാഗമായി സമർപ്പിച്ചിരുന്നു. പുതിയനിയമ ദേവാലയത്തിൽ കിഴക്കുഭാഗത്ത് ത്രോണോസ് സ്ഥിതിചെയ്യുന്ന ഭാഗമാണിത്. വി. ബലി അർപ്പിക്കുന്നത് ഇവിടെയാണ്. വേദി എന്ന നിലയിൽ അല്പം ഉയർത്തിപ്പണിയുന്നു. സ്വർഗ്ഗത്തിന്റെ പ്രതീകം. ആരാധനകൾക്കായി മാത്രം തിരശ്ശീല മാറ്റുന്നു. പുരോഹിതസ്ഥാനികൾക്കും പൂർണ്ണ ശെമ്മാശന്മാർക്കും മാത്രമേ പ്രവേശിക്കുവാൻ കാനോനികമായി അനുവാദമുള്ളൂ. ബലിപീഠവും ഏവൻഗേലിയോൻ പീഠവും ആരാധനയിലെ അധ്യക്ഷന്റെ ഇരിപ്പിടവും ആണ് പ്രധാന ഉപകരണങ്ങൾ. ഇവിടെ ഉപയോഗിക്കുന്ന എല്ലാ വിരികളിലും കുരിശടയാളം വേണം. പ്രധാനാചാര്യൻ വി. തൈലം ഉപയോഗിച്ച് ബലിപീഠത്തിന്റെ കൂദാശ പൂർണ്ണമാക്കുന്നു.

അത്തിവൃക്ഷം: വി. മത്തായി 21:19. യഹൂദ മതത്തിന്റെ പ്രതീകം. നഥാനിയേലിനെ അത്തിവൃക്ഷച്ചുവട്ടിൽ വച്ച് പരിചയമുണ്ടെന്ന് യേശു പ്രസ്താവിച്ചു.

അഥേന: ആധുനിക ഗ്രീസിന്റെ തലസ്ഥാനം. അഥീന എന്ന ഗ്രീക്ക് ദേവതയിൽ നിന്ന് പേർ സിദ്ധിച്ചു. പെരിക്ലീസിന്റെയും സോക്രട്ടീസിന്റെയും ജന്മസ്ഥലം. കല, സാഹിത്യം, തത്വചിന്ത, കായികപ്രകടനങ്ങൾ എന്നിവയ്ക്ക് പ്രസിദ്ധി നേടിയ ഈ സ്ഥലം പൗലൂസ് ശ്ലീഹാ സന്ദർശിച്ചു (അ. പ്ര. 17–ാം അധ്യായം).

അദ്രവത്വം: അനശ്വരത. ഭൗതികശരീരം ദ്രവത്വവിധേയമാണ്; ആത്മീയശരീരം ദ്രവത്വാതീതവും. സൃഷ്ടിയുടെ മരണം ദ്രവത്വത്തിൽ നിന്നും അദ്രവത്വത്തിലേക്കുള്ള കവാടമാണ്. നശ്വരം, അനശ്വരം; അനിത്യം, നിത്യം; ദ്രവത്വം, അദ്രവത്വം ഈ ദ്വന്ദങ്ങൾ സമാനാർത്ഥ സൂചകങ്ങളാണ്.

അനന്യാസ്: 1. എ. ഡി. 47–52 വരെ മഹാപുരോഹിതൻ (അ. പ്ര. 23: 2–5; 24:1). 2. നിലം വിറ്റതിനെപ്പറ്റി പത്രോസിനോട് വ്യാജം പറഞ്ഞ അനന്യാസും സഫീറയും (അ. പ്ര. 5:1–11). 3. മാനസാന്തരപ്പെട്ട ശൗലിന്മേൽ (പൗലൂസ്) കൈവച്ച് കാഴ്ച നൽകിയ അനന്യാസ് (അ. പ്ര. 9:10–17; 22:12).

അനസ്താസിയോസ് (491–518): 491 ൽ റോമ്മാ ചക്രവർത്തിയായി. അന്ത്യോഖ്യായിലെ സേവേറിയോസ് പാത്രിയർക്കീസിനെ അനുകൂലിച്ചു. 'ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യേണമേ' എന്ന ഭാഗം കൗമ്മായിൽ ചേർത്തു. കൽക്കിദൂൻ അനുകൂലി ഫ്ളേവിയന്റെ സ്ഥാനത്ത് മാർ സേവേറിയോസിനെ നിയമിച്ചു. 518 ജൂലൈ 9 ന് അന്തരിച്ചു.

അനാത്തിമ: (ഗ്രീക്ക്) ശപിക്കപ്പെട്ടത്. തെറ്റായ വേദശാസ്ത്രസിദ്ധാന്ത ങ്ങളെ അനാത്തിമ എന്ന് പറയും.

അനാബാപ്റ്റിസ്റ്റുകൾ: അനാ എന്ന ഗ്രീക്കു പദത്തിന് വീണ്ടും എന്നർത്ഥം. വീണ്ടും സ്നാനമേല്ക്കുന്നവരെ ഈ പേരിൽ വിളിക്കും. 16–ാം നൂറ്റാണ്ടിൽ യൂറോപ്പിൽ മുളച്ചുപൊങ്ങിയ ഈ പ്രസ്ഥാനത്തെ ലൂതർ, കാൽവിൻ, സ്വിംഗ്ലി എന്നീ നവീകരണനേതാക്കൾ പോലും അനുകൂലി ച്ചില്ല. അവരൊക്കെ ശിശുസ്നാനം അംഗീകരിച്ചു. ആധുനിക പെന്തക്കോ സ്തു വിഭാഗങ്ങൾ അനാബാപ്റ്റിസ്റ്റുകൾ ആണ്.

അനാഫോറ (1): കുർബ്ബാനയിലെ അപ്പം.

അനാഫോറാ (2): കാസാ പീലാസകളെ മൂടുന്ന ശോശപ്പാ.

അനാഫോറാ (3): ക്രമം എന്നർത്ഥമുള്ള ടാക്സിസ് എന്ന ഗ്രീക്കിന്റെ സുറിയാനിരൂപമാണ് തക്സാ. അനാഫോറാ എന്നാൽ ബലി അർപ്പിക്കുക എന്നർത്ഥം. പദവിയിൽ കയറുന്നതു മുതൽ ത്രിത്വത്തിന്റെ റൂശ്മാ ഉൾപ്പെ ടെയുള്ള ഭാഗവും ഒടുവിലെ കൃതജ്ഞതാ പ്രാർത്ഥനയും ചേർന്നതാണ് അനാഫോറാ. 70–ൽ പരം അനാഫോറാകൾ സുറിയാനിസഭയിലുണ്ട്. എല്ലാം അച്ചടിയിൽ വന്നിട്ടില്ല. ഒരു ഡസനോളം അനാഫോറാകൾ വിവർ ത്തനം ചെയ്ത രൂപത്തിൽ മലങ്കരസഭ ഉപയോഗിക്കുന്നു. എല്ലാറ്റിന്റേയും മാതൃക മാർ യാക്കോബിന്റെ ക്രമം ആണ്. 14–ാം നൂറ്റാണ്ടുവരെ അനാഫോ റാകൾ രചിക്കപ്പെട്ടു. ക്രമങ്ങൾ പലതെങ്കിലും ക്രമീകരണം ഒന്നു തന്നെ.

അനാളജി: അനാലോഗോൺ എന്ന ഗ്രീക്കുപദത്തിന് താരതമ്യ ചിത്രണം എന്നർത്ഥം. ആശയ സാന്ദ്രതയും ഗംഭീരധ്വനിയും ഉള്ളവയെ സമാനതയുള്ള രൂപകങ്ങളിലൂടെയും പ്രതിമാനങ്ങളിലൂടെയും ആവിഷ്ക രിക്കുന്ന സമ്പ്രദായത്തെ അനാളജി എന്ന് പറയും. അവ്യാഖ്യേയങ്ങളെ ഇപ്രകാരം വ്യാഖ്യാനിക്കാം.

അനുതാപം: തെറ്റ് ചെയ്തു എന്ന അവബോധവും പരിഹാരം കാണാ നുള്ള ത്വരയും ആവർത്തിക്കുകയില്ലെന്ന നിശ്ചയവും അനുതാപത്തിന്റെ ഭാഗങ്ങൾ. മാനസാന്തരത്തിലേക്കുള്ള കവാടമാണത്. അനുതാപത്തിന്റെ കൂദാശയാണ് കുമ്പസാരം.

അനുതാപ സങ്കീർത്തനങ്ങൾ: കുമ്പസാരിക്കുന്നവരും കുർബ്ബാന ചൊല്ലുന്നവരും അനുഭവിക്കുന്നവരും ചൊല്ലുവാൻ സഭ നിർദ്ദേശിച്ചിട്ടുള്ള വയാണ് അനുതാപ സങ്കീർത്തനങ്ങൾ. 6, 32, 38, 51, 102, 129, 142 ഇവയാ ണവ.

അൻസൈറാ സുന്നഹദോസുകൾ: '*അങ്കാറ സുന്നഹദോസുകൾ*'

എന്ന ശീർഷകം കാണുക.

അന്ന: കന്യകമറിയാമ്മിന്റെ അമ്മ. കത്തോലിക്കാസഭയിൽ ഇവരെ വിശുദ്ധയായി പ്രഖ്യാപിച്ചു.

അന്നാ ജോർജ്ജ്: നിരണത്ത് ജോർജ്ജിന്റെയും അന്നയുടെയും മകൾ. 1927 ൽ ജനിച്ചു. ഐ.എ.എസ്. കേഡറിൽ പ്രവേശിച്ച ആദ്യ ഇന്ത്യൻ വനിത. 1951-ൽ സിവിൽ സർവ്വീസിൽ പ്രവേശിച്ചു. ഇന്ത്യയിലെ ആദ്യത്തെ വനിതാ സബ് കളക്ടർ; ആദ്യ വനിതാ സെക്രട്ടറി. 1989-ൽ 'പത്മവിഭൂഷൺ' ലഭിച്ചു. പുരാണ കഥാ നിഘണ്ടു കർത്താവായ പൈലോ പോളിന്റെ പേരക്കിടാവ്. ധനകാര്യ സെക്രട്ടറിയായിരുന്ന മൽഹോത്ര ഭർത്താവ്.

അന്നക്കുട്ടി: ജോസഫ് ചെറുവത്തൂർ രചിച്ച മലയാള നോവൽ.

അന്നാ കരിനീനാ: ലിയോ ടോൾസ്റ്റോയി എഴുതിയ നോവൽ. മലയാള വിവർത്തനമുണ്ട്.

അന്നദാ: ശ്രാദ്ധ ആരാധനകൾ, സദ്യ എന്നിവയ്ക്ക് ഈ പദം ഉപയോഗിക്കും.

അനിൻ മോറിയോ: കുർബ്ബാന, മാമ്മോദീസാ തുടങ്ങിയ കൂദാശകളിൽ പരിശുദ്ധാത്മാവാസത്തിന്റെ ആഘോഷണം കഴിഞ്ഞ് നടത്തുന്ന കാർമ്മിക പ്രാർത്ഥന. 'കർത്താവേ ഉത്തരമരുളേണമേ' എന്നർത്ഥം. ബാലിന്റെ പുരോഹിതന്മാരെ വെല്ലുവിളിച്ച ഏലിയാവിന്റെ പ്രാർത്ഥനയോട് സാമ്യമുണ്ട്. ഈ പ്രാർത്ഥന മൂന്ന് പ്രാവശ്യം ചൊല്ലിയശേഷം സമർപ്പിത പദാർത്ഥങ്ങളിന്മേൽ കാർമ്മികവാക്യം ചൊല്ലി മുമ്മൂന്ന് പ്രാവശ്യം സ്ലീബാ ഭാഷയിൽ ആശീർവദിച്ച് മുദ്രയിടുന്നു.

അനിനു റാഹേം അലൈൻ: 'ഉത്തരമരുളി ഞങ്ങളോട് കരുണ ചെയ്യേണമേ' എന്നർത്ഥം. നാല്പത് കുമ്പിടീൽ നടത്തുമ്പോൾ ഒടുവിലത്തെ പത്ത് കുമ്പിടലുകൾക്ക് ഈ പ്രാർത്ഥന ചൊല്ലുന്നു.

അന്താഴം: കോട്ടകളുടെയും പ്രാചീന ദേവാലയങ്ങളുടെയും വണ്ണം കൂടിയ ഭിത്തികളിൽ ഘടിപ്പിച്ച വാതിലുകൾക്ക് അകത്തുനിന്ന് ബന്ധിക്കുവാനായി ചുമരിലെ പഴുതിൽ അടച്ച വാതിലുകളോട് ചേർത്ത് ക്രമീകരിച്ച ദീർഘ ചതുരാകൃതിയിലുള്ള മരത്തിന്റെ ബീം. ചുമരിൽ നിന്ന് ചുമരിലേക്ക് അന്താഴം വലിച്ചിട്ടാൽ ചുമരുകൾ തകർക്കാതെ വാതിൽ ഭേദിക്കാനാവില്ല. പഴയ ദേവാലയ വാതിലുകൾക്ക് ഈ സംവിധാനം കാണുന്നുണ്ട്.

അന്തം ചാർത്തൽ: ചന്തം ചാർത്തൽ എന്നും പറയും. വിവാഹത്ത

ലേന്ന് ദേശത്തെ ക്ഷുരകൻ മണവാളന്റെ ക്ഷൗരം നിർവഹിക്കുന്ന ചടങ്ങ്. 'പതിനേഴു പരിഷമേൽ മാപ്പിളമാരേ അന്തം ചാർത്താൻ കയറ്റി ഇരുത്തട്ടേ' എന്ന് ചോദിച്ചാണ് ഔപചാരികമായ ഈ ചടങ്ങ് നിർവഹിച്ചിരുന്നത്. ക്ഷുരകന് പ്രതിഫലമായി ചില അവകാശങ്ങൾ നൽകും. ഈ സമയത്തു പാടാൻ അന്തം ചാർത്തു പാട്ടുണ്ട്. മാർത്തോമ്മൻ പാട്ട് എന്ന് പറയും. കുന്നംകുളം, പഴഞ്ഞി എന്നീ പ്രദേശങ്ങളിൽ ഈ പതിവ് ഇപ്പോഴുമുണ്ട്.

അന്തിക്രിസ്തു: അന്തിമകാലത്തെ വ്യാജക്രിസ്തു. ഈ അധർമ്മമൂർത്തിയെപ്പറ്റി 2 തെസ്സ. 2:7 ൽ കാണാം. ക്രിസ്തുവിന്റെ രണ്ടാംവരവിന് മുമ്പായി കള്ളക്രിസ്തുക്കളും എതിർക്രിസ്തുക്കളും വരും എന്ന് ബൈബിൾ.

അന്തിപ്പാസ്: വെളി. 2:13. ഡൊമിഷ്യൻ പീഡയിൽ രക്തസാക്ഷിയായ പെർഗുവിലെ മെത്രാൻ. അറിയിപ്പുകാരിൽ ഒരുവൻ.

അന്തിയാക്കോസ്: മക്കാബിയരുടെ കാലത്ത് റോമ്മിലെ സ്ഥാനപതി ആയിരുന്ന നൂമേനിയോസിന്റെ പിതാവ്.

അന്തിയോക്കസ് എപ്പിപ്പാനസ്: 1 മക്കാ. 1:10. സെലൂക്കസ് വംശത്തിൽ നാലാമൻ. യവന സംസ്കാരം നിലനിർത്താൻ പാടുപെട്ടു. യഹൂദന്മാരെ കൊന്നൊടുക്കി. സീയൂസ് ദേവന്റെ അൾത്താര പ്രതിഷ്ഠിച്ചു. യൂദാ മക്കാബിയസും മറ്റും തിരിച്ചടിച്ചു. ഭ്രാന്തനായി ബി. സി. 164-ൽ മരിച്ചു.

അന്തിമാളൻകാവ്: അന്തിമഹാകാളൻ = ശിവൻ. ശിവാലയങ്ങൾ. തലപ്പള്ളി രാജാവായ മണക്കുളം രാജാവ് കുന്നംകുളം പടിഞ്ഞാറെ അങ്ങാടിയിലും ശക്തൻതമ്പുരാൻ തെക്കേ അങ്ങാടിയിലും ഉണ്ടായിരുന്ന അന്തിമാളൻകാവുകൾ പ്രജകളായ സുറിയാനിക്രിസ്ത്യാനികൾക്ക് ആരാധനകൾക്കായി വിട്ടുകൊടുത്തു. രണ്ടും മാർ കുറിയാക്കോസ് സഹദായുടെ നാമത്തിൽ പ്രതിഷ്ഠിച്ച് ക്രൈസ്തവർ ആരാധന നടത്തി. പിന്നീട് സമീപത്തു വലിയപള്ളി പണിതപ്പോഴും ഈ കാവുകൾ അതേ രൂപത്തിലും ഉപയോഗത്തിലും നിലനിർത്തി.

അന്തീമോസ്: 535 ൽ കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയർക്കീസ്. കൽക്കിദൂൻ വിശ്വാസത്തിന്റെ വക്താവ്. പിന്നീട് നിലപാട് മാറ്റി. തന്മൂലം സിംഹാസനം ത്യജിക്കേണ്ടി വന്നു. അന്ത്യോഖ്യയിലെ മാർ സേവേറിയോസിനോട് യോജിച്ച ഇദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ നാം സ്മരിക്കുന്നുണ്ട്.

അന്തിയുടെ നമസ്കാരം: സന്ധ്യയുടെ നമസ്കാരം. ഒരു നൂറ്റാണ്ടിന്

മുമ്പ് വരമൊഴിയിലും ഈ പ്രയോഗം ഉണ്ടായിരുന്നു. അന്തിമാനം, അന്തിക്കുളി etc.

അന്തോണിയോസ്, വി. (251–356): ലൗകികതയുടെ അതിപ്രസരത്തിൽ മനംനൊന്ത് സന്യാസവ്രതം സ്വീകരിച്ച് ഈജിപ്ഷ്യൻ മരുഭൂമിയിൽ ഏകാന്തവാസം നയിച്ച ഇദ്ദേഹം ക്രൈസ്തവ സന്യാസപ്രസ്ഥാനത്തിന് ദൃഢമായ രൂപഭാവങ്ങൾ നൽകി. അറിയോസിനെതിരെ നിലകൊണ്ട ഇദ്ദേഹത്തിന്റെ ജീവചരിത്രം വി. അത്താനാസ്യോസ് രചിച്ചു.

അന്തോണിയോസ്, സഖറിയാ മാർ: പുനലൂർ ആറ്റുമാലിൽ വരമ്പത്ത് ഡബ്ല്യു. സി. ഏബ്രഹാമിന്റെ മകൻ. ജനനം 19–7–1946. ബി. എ., ജി. എസ്. റ്റി., ബി. ഡി. ബിരുദങ്ങളെടുത്തു വൈദികനായി. നെടുമ്പായിക്കുളം, കുളത്തൂപ്പുഴ, കൊല്ലം കാദീശാ പള്ളികളിൽ പ്രവർത്തിച്ചു. കൊല്ലം അരമനയുടെ മാനേജർ. 1991 ഏപ്രിൽ 30 ന് പരുമലയിൽ വച്ച് മാത്യൂസ് II കാതോലിക്കാ എപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. കൊച്ചി ഭദ്രാസനത്തിന്റെ ചുമതല നല്കി. സ്ലീബാദാസ സമൂഹം, മർത്ത മറിയം വനിതാസമാജം, യൂഹാനോൻ മാർ സേവേറിയോസ് ഫൗണ്ടേഷൻ എന്നിവയുടെ അധ്യക്ഷനായി സേവനം ചെയ്തു.

അന്യഭാഷ: മറുഭാഷ, ഭാഷാവരം. പെന്തിക്കോസ്തി നാളിലെ വിചിത്രാനുഭവം. ശ്ലീഹന്മാർ സംസാരിച്ച അന്യഭാഷ ശ്രോതാക്കൾക്ക് സ്വന്തം ഭാഷയിൽ മനസ്സിലായി. ഇത് പിന്നീട് ആവർത്തിക്കപ്പെട്ടില്ല. അന്യഭാഷയും വ്യാഖ്യാനവും പിന്നീട് പരസ്പരപൂരകമായി. പൗലൂസ് അത് നിരുത്സാഹപ്പെടുത്തി. പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന്റെ ഏകലക്ഷണമല്ലിത്. താളമേളം സൃഷ്ടിക്കുന്ന വിഭ്രാന്തിയിൽ ഉച്ചരിക്കുന്ന നിരർത്ഥകപദങ്ങളായി അന്യഭാഷ ഇന്ന് പരിഹാസ്യമാവുന്നുണ്ട്.

അന്യവത്ക്കരണം: ദൈവസംസർഗ്ഗത്തിൽ നിന്ന് അന്യമാകൽ. പാപമാണ് ഹേതു. ആത്മീയ മരണം തന്നെയാണിത്. ദൈവത്തിൽ നിന്ന് അകലുമ്പോൾ മനുഷ്യനിൽ നിന്നും അകലുന്നു. ദൈവസംസർഗ്ഗത്തിലേക്കുള്ള തിരിച്ചുവരവാണ് രക്ഷ.

അന്യാപദേശം: കാവ്യാലങ്കാരങ്ങളിലൊന്ന്. അലിഗറി എന്ന് ഇംഗ്ലീഷിൽ പറയും. നല്ല ശമരിയാക്കാരന്റെ കഥ, ലാസറിന്റെയും ധനവാന്റേയും ഉപമ തുടങ്ങിയ പല വേദഭാഗങ്ങളും അന്യാപദേശമാണ്. ആ ഭാഗങ്ങളെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചു കൂടാ. ആദിവ്യാഖ്യാതാക്കൾ ഇത് ശ്രദ്ധിച്ചിരുന്നു. പല ആധുനിക വ്യാഖ്യാതാക്കളും വേദപുസ്തകത്തിന്റെ അക്ഷരങ്ങൾക്ക് അമിതപ്രാധാന്യം നൽകുന്നതിനാൽ പല വേദസത്യങ്ങളും അവരുടെ കൈപ്പിടിയിൽ ഒതുങ്ങാതെ വരുന്നു.

അന്യോന്യം: തൃശൂർ ജില്ലയിൽ കടവല്ലൂർ ക്ഷേത്രത്തിൽ നടത്തുന്ന ഋഗ്വേദപരീക്ഷ. തൃശൂർ - തിരുനാവായ് വേദപാഠശാലകളിലെ അന്തേവാസികൾ പങ്കെടുക്കുന്നു. അഭിമുഖമായി ഇരുന്ന് നടത്തുന്ന മത്സരമായതിനാൽ അന്യോന്യം എന്ന് പേർ വന്നു. 'കടവല്ലൂർ കടന്നിരിക്കുക' എന്നത് ബഹുമതിയായി കരുതിവന്നു. ഇടക്കാലത്ത് നിന്നുപോയ മത്സരം പുനരാരംഭിച്ചിട്ടുണ്ട്.

അന്ത്യപ്രലോഭനം, ക്രിസ്തുവിന്റെ: ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന പേരിൽ കസാൻ ദ് സാക്കീസ് എഴുതിയ നോവലിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം എന്ന പേരിൽ വിവാദപരമായ ഒരു നാടകം മലയാളത്തിൽ ഉണ്ടായി. ക്രൂശിൽ കിടക്കുന്ന ക്രിസ്തുവിന് മറിയയുമായി കുടുംബജീവിതം നയിക്കുവാനുള്ള പ്രലോഭനമുണ്ടായി എന്ന ഭാവനയാണ് കൃതിയുടെ പ്രമേയം.

അന്ത്യഅത്താഴം: ക്രൂശാരോഹണത്തിന്റെ തലേ രാത്രിയിൽ മർക്കോസിന്റെ (മർക്കോസ് പത്രോസിന്റെ മകൻ എന്ന് പാരമ്പര്യം) മാളികയിൽ വച്ച് നടന്ന സംഭവം. ശിഷ്യരുടെ പാദംകഴുകൽ, വി. കുർബ്ബാനയുടെ സ്ഥാപനം പെസഹായിലെ പങ്കാളിത്തം എന്നിവയാണ് അവിടെ നടന്നത്. അവിടെ ക്രിസ്തു ഉച്ചരിച്ച അതേ സ്ഥാപനക്രിയകൾ ഓരോ കുർബ്ബാനയിലും പുരോഹിതൻ സ്ഥാപനവചനങ്ങളായി ഉച്ചരിക്കുന്നു.

അന്ത്യോഖ്യ: ഈ പേരിൽ മൂന്ന് സ്ഥലങ്ങൾ ഉണ്ട്. 1. റോമ്മാ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളുടെ തലസ്ഥാനം. 2. ഏഷ്യാമൈനറിലെ അന്ത്യോഖ്യാ. ബി. സി. 2-ാം നൂറ്റാണ്ടിൽ റോം ഇത് പിടിച്ചടക്കി പിസിദിയൻ പ്രോവിൻസിന്റെ തലസ്ഥാനമാക്കി. 3. പേർഷ്യയിൽ അന്ത്യോഖ്യൻ നിവാസികൾ താമസിച്ച സ്ഥലം. ആദ്യ അന്ത്യോഖ്യ ബി. സി. 300-ൽ സെലൂക്കസ് സ്ഥാപിച്ചു, പിതാവിന്റെ പേരിട്ടു. ഗ്രീക്കും സുറിയാനിയും അവിടെ സംസാരഭാഷ. ക്രിസ്തുശിഷ്യർക്ക് ഇവിടെവച്ച് ക്രിസ്ത്യാനി എന്ന് പേർ ഉണ്ടായി. ഇത് പില്ക്കാലത്ത് പാത്രിയർക്കേറ്റ് ആയി. ആസ്ഥാനം പലപ്പോഴും മാറി. ഇപ്പോൾ ഡമാസ്ക്കസിലാണ്. സിറിയൻ സഭയുടെ അധ്യക്ഷനുമായി മലങ്കരസഭയ്ക്ക് 18-ാം നൂറ്റാണ്ടു മുതൽ ബന്ധമുണ്ടായി. സിറിയൻസഭയുടെ പാത്രിയർക്കീസ് ആദ്യമായി ഇന്ത്യൻ സഭയിൽ പ്രവേശിക്കുന്നത് 1875 -ലാണ്. പത്രോസ് III ന് ശേഷം അബ്ദുള്ളാ II, അബ്ദൽ മശിഹാ, ഏലിയാസ് III, യാക്കോബ് III, സാഖാ I എന്നീ സിറിയൻ സഭാദ്ധ്യക്ഷന്മാർ ഇന്ത്യ സന്ദർശിച്ചു. മലങ്കരസഭയാൽ സ്വീകരിക്കപ്പെട്ട പാത്രിയർക്കീസിന് ചില സ്ഥാനമാനങ്ങൾ മലങ്കരസഭാ ഭരണഘടനയിൽ നൽകിയിട്ടുണ്ട്.

അന്ത്യോഖ്യൻ ഡലിഗേറ്റ്: മലങ്കരസഭയിൽ 20-ാം നൂറ്റാണ്ടിൽ വന്ന

പല സിറിയൻ മെത്രാന്മാരും അന്ത്യോഖ്യൻ ഡലിഗേറ്റ് എന്ന് പില്ക്കാലത്ത് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. കാനോനുകളിലോ സഭാപാരമ്പര്യത്തിലോ സഭാഭരണഘടനയിലോ ഇല്ലാത്ത ഈ പദവി അന്ത്യോഖ്യൻ സഭയുടെ കോളനിയാണ് മലങ്കരസഭ എന്ന പ്രതീതി ജനിപ്പിച്ചിട്ടുണ്ട്. 1881 ൽ റീശീസാ പിരിവിനായി വന്ന ശെമവൂൻ മാർ അത്താനാസ്യോസിനോടൊപ്പം വന്ന സ്ലീബാ ശെമ്മാശൻ 1909 -ൽ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാനായി വന്നത് അന്ത്യോഖ്യൻ ഡലിഗേറ്റ് എന്ന് അവകാശപ്പെട്ടുകൊണ്ടാണ്. അതിനുശേഷം ഏലിയാസ് മാർ യൂലിയോസും പിന്നീട് അപ്രേം ആബൂദി തീമോത്തിയോസും ആ സ്ഥാനം അവകാശപ്പെട്ടു. പാത്രിയർക്കീസ് ഭാഗത്തെ മെത്രാന്മാരുടെ മേൽ ഇവർ ഭരണം നടത്തിയിരുന്നു. 1958-ലെ സഭാ യോജിപ്പോടെ ആ പദവിയുടെ പ്രസക്തി നഷ്ടപ്പെട്ടു.

അന്ത്യോഖ്യൻ സുന്നഹദോസ്: 341 -ൽ കുസ്തന്തീൻ ചക്രവർത്തിയും 97 മെത്രാന്മാരും ചേർന്ന് ഈ സിനഡിൽ നിഖ്യാവിശ്വാസപ്രമാണത്തിന് പകരം നാലു വിശ്വാസപ്രമാണങ്ങൾ വിഫലമായി അവതരിപ്പിച്ചു. സഭാഭരണപരമായി 25 കാനോനാകൾ രൂപപ്പെട്ടതായി പാരമ്പര്യമുണ്ട്. ഇവ പലതും ഹൂദായകാനോനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അന്ത്യോഖ്യൻ ദൈവശാസ്ത്രം: സമസോട്ടയിലെ പൗലൂസ്, ലൂസിയൻ, അൻസീറിയിലെ സല്ലാസ്, ജോൺ ക്രിസോസ്റ്റം, മൊപ്സുവെസ്റ്റിയായിലെ തിയദോർ, നെസ്തോർ, തേവോദോറോസ് എന്നിവർ പ്രധാനികൾ. ഇവർക്ക് മാനുഷിക യാഥാർത്ഥ്യമാണ് അടിസ്ഥാനം. ഈ ചിന്ത നെസ്തോർ വികസിപ്പിച്ചു. അലക്സാന്ത്രിയായിലെ കൂറിലോസ് വിയോജിച്ചു. 431-ലെ എഫേസൂസ് സിനഡ് ഈ ചിന്തയെ തിരസ്കരിച്ചു.

അന്ത്യോഖ്യാ വിശ്വാസം: 1970-കളിൽ മലങ്കരയിൽ ഉദ്ഭവിച്ച സഭാതർക്കങ്ങളിൽ രൂപംകൊണ്ട ഒരു പദം. പാത്രിയർക്കീസിന്റെ അധീശത്വം എന്നാണ് സഭാപാരമ്പര്യങ്ങളിലെങ്ങും ഇല്ലാത്ത ഈ പദത്തിന് ചിലർ നൽകുന്ന വ്യാഖ്യാനം.

അന്ത്യോഖ്യൻ സുറിയാനിസഭ: ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിലെ ഒരു പ്രമുഖ ദേശീയസഭ. പത്രോസ് ശ്ലീഹായെ സഭാസ്ഥാപകനായി ഗണിച്ച് വരുന്നു. പ്രസിദ്ധ വേദവിദ്യാപീഠങ്ങളിലൊന്ന് ഇവിടെ ആയിരുന്നു. ക്രിസ്തുവിലെ മനുഷ്യ-ദൈവസ്വഭാവങ്ങൾക്ക് ഐക്യത്തേക്കാൾ വ്യതിരിക്തത കല്പിച്ചു. കൽക്കിദൂൻ സിനഡ് ആദ്യം അംഗീകരിച്ചു. മാർ സേവേറിയോസ് അതിനെ എതിർത്തു. 518-ന് ശേഷം കൽക്കിദൂന്യർ ശക്തിപ്പെട്ടു. മറുഭാഗത്തെ ശക്തിപ്പെടുത്തിയത് അലക്സാന്ത്രിയായിൽ നിന്ന് പട്ടമേറ്റ (542) ബിഷപ്പ് യാക്കോബ് ബുർദ്ദാന ആണ്.

കൽക്കിദൂന്യർ ഇവരെ യാക്കോബായക്കാർ എന്ന് വിളിച്ചു. പേർഷ്യയിലെ ഓർത്തഡോക്സ് വിശ്വാസികളെ യാക്കോബ് ബുർദ്ദാന പിന്തുണച്ചു. അവരുടെ തലവന് മഫ്രിയാന എന്ന് പേർ നല്കി. മഫ്രിയാനയെ കീഴ്പ്പെടുത്തുവാൻ പാത്രിയർക്കീസന്മാർ ശ്രമിച്ചുവന്നു. 869-ൽ കഫർത്തൂത്തായിൽ ചേർന്ന സിനഡ് ഈ സ്ഥാനികളുടെയും അധികാരപരിധികളെ നിയമവത്ക്കരിച്ച് വ്യവസ്ഥപ്പെടുത്തി. എഡേസായിലെ യാക്കോബ്, മൂശെ ബർ കീപ്പാ, ദീവന്നാസ്യോസ് ബർസ്ലീബി, മീഖായേൽ റാബോ, ബാർ എബ്രായ എന്നിവർ പ്രസിദ്ധ ചിന്തകരാണ്. 13-ാം നൂറ്റാണ്ടിന് ശേഷം ഗണ്യമായ സംഭാവനയുണ്ടായില്ല. മുസ്ലീം ഭരണത്തിൽ അംഗസംഖ്യ അനുദിനം കുറയുന്നു. ആസ്ഥാനം മർദീൻ, ഹോംസ്, ഡമാസ്കസ് എന്നിവിടങ്ങളിലേക്ക് അന്ത്യോഖ്യയിൽ നിന്ന് കാലാകാലങ്ങളിൽ മാറ്റപ്പെട്ടു. ഒന്നരലക്ഷം ആളുകൾ ഇന്ന് ആ സഭയിലുണ്ട്. തുർക്കിയിലും, യൂറോപ്പിലും സിറിയയിലും ലബനോനിലും അമേരിക്കയിലുമായി അവർ ചിതറിപ്പാർക്കുന്നു (കാലിഫോർണിയായിലെ ഒരിടവക പാത്രിയർക്കീസിനെ ത്യജിച്ച് പൗരസ്ത്യ കാതോലിക്കായെ സ്വീകരിച്ച് 2007 മുതൽ തൃശൂർ മെത്രാസനത്തിന്റെ ഒരു മിഷൻ കേന്ദ്രമായി പ്രവർത്തിക്കുന്നു). അറബിയാണ് മിക്കവരുടെയും ഭാഷ. സുറിയാനി, സെമിനാരിയിൽ പഠിപ്പിക്കുന്നുവെന്ന് മാത്രം. തൂർ അബ്ദീനിലും ഒന്നു രണ്ട് ഗ്രാമങ്ങളിലും സിറിയക്ക് സംസാരിക്കുന്നു. സുറിയാനിയുടെ പാശ്ചാത്യലിപിയും ഉച്ചാരണവും ഇവർ ഉപയോഗിക്കുന്നു. മലങ്കരസഭയിൽ ഒരു വിഭാഗം ഇപ്പോഴും അന്ത്യോഖ്യൻ സഭയുടെ ഭാഗമാണെന്ന് അനധികൃതമായി അവകാശപ്പെടുന്നു. ഓർത്തഡോക്സ് പാരമ്പര്യങ്ങൾക്ക് വിരുദ്ധമായി സിറിയൻ സഭാദ്ധ്യക്ഷൻ അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അന്ത്യോഖ്യാ - മലങ്കര ബന്ധം: 1958-ൽ യോജിച്ച മലങ്കരസഭയിൽ 1970-കളിൽ അന്ത്യോഖ്യൻസഭയുടെ പ്രോത്സാഹനത്തോടെ ഭിന്നത ആരംഭിച്ചപ്പോൾ ഇരു സഭകളും തമ്മിലുള്ള ചരിത്രപരവും കാനോനികവുമായ ബന്ധത്തെ നിഷ്കൃഷ്ടമായി അവലോകനം ചെയ്ത് ഫാ. ഡോ. വി. സി. ശമുവേൽ രചിച്ച പ്രാമാണിക ഗ്രന്ഥം.

അന്ത്രയോസ് (ബാവാ?): 1678-ൽ രണ്ടാം മാർത്തോമ്മായുടെ കാലത്ത് മലങ്കരയിലെത്തിയ വിദേശി. ഇദ്ദേഹം യാതൊരു വൈദികകർമ്മവും അനുഷ്ഠിച്ചതായി അറിവില്ല. മദ്യപനായിരുന്നു. കല്ലടയാറ്റിൽ വീണ് മുങ്ങിമരിച്ചു. കല്ലടമുത്തപ്പൻ എന്ന് അറിയപ്പെടുന്നു. കല്ലടയിലും പുത്തൻകാവിലും ഇദ്ദേഹത്തിന്റെ ഓർമ്മ ആഘോഷിക്കുന്നു. ഇദ്ദേഹത്തെ ബാവ എന്നു വിശേഷിപ്പിക്കുന്നവരുണ്ട്. പുത്തൻകാവിൽ ഇദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ സ്ഥാപിച്ചതായി പറയപ്പെടുന്നു. പുത്തൻകാവ് വലിയപ്പൻ, കല്ലട വലിയപ്പൻ എന്നീ പേരുകളിലും അറിയപ്പെടുന്നു.

അന്ത്രയോസ് ശ്ലീഹാ: യോനായുടെ മകൻ, പത്രോസിന്റെ സഹോദരൻ, കർത്തൃശിഷ്യൻ. കപ്പദോക്യ, ബിഥുന്യ, ഗലാത്യ, അഖായ എന്നിവിടങ്ങളിൽ സുവിശേഷമറിയിച്ചു. ഗ്രീക്ക്-റഷ്യൻ പാരമ്പര്യങ്ങളുടെ ജനയിതാവായി അറിയപ്പെടുന്നു. പത്രാസ് എന്ന സ്ഥലത്തുവച്ച് ഗുണനചിഹ്നാകൃതിയിലുള്ള കുരിശിൽ തറക്കപ്പെട്ട് രക്തസാക്ഷി മരണം പ്രാപിച്ചു. ഈ ആകൃതിയിലുള്ള കുരിശിന് അന്ത്രയോസിന്റെ കുരിശ് എന്ന് പറയാറുണ്ട് (വി. മത്തായി 4:18).

അപ്പൻ: അബ്ബ എന്ന സെമിറ്റിക് പദം ദ്രാവിഡ ഭാഷയ്ക്ക് നൽകിയ സംഭാവന. ഖരാദേശവും പുരുഷലിംഗപ്രത്യയവും ചേർത്താൽ 'അപ്പൻ' ആയി. ദ്രാവിഡ ഭാഷകളിൽ പിതൃവാചിയായ ശബ്ദം. ഗുരുവായൂരപ്പൻ, ഏറ്റുമാനൂരപ്പൻ, വൈക്കത്തപ്പൻ എന്നീ പ്രയോഗങ്ങളിൽ ഈ ദ്രാവിഡ സംജ്ഞ നിലനിൽക്കുന്നു. ശൈവ-വൈഷ്ണവ മതങ്ങളുടെ ആഗമനകാലത്ത് ആര്യ ഭാഷ കേരളത്തിൽ പ്രവേശിച്ചില്ല എന്ന് വ്യക്തം.

അപ്പച്ചൻ: പിതാവ്.

അപ്പവും ഇറച്ചിക്കറിയും: സുറിയാനി ക്രിസ്ത്യാനികളുടെ നോമ്പുവീടൽ വിഭവം. അരിമാവിൽ കള്ളോ യീസ്റ്റോ ചേർത്ത് പുളിപ്പിച്ച് അപ്പം (വെള്ളഅപ്പം) തയാറാക്കുന്നു. കോഴിയോ, ആടോ, മാടോ ഇറച്ചിക്കറിയ്ക്ക് വിഭവമാകാം. നോമ്പുകാലങ്ങളിൽ സസ്യാഹാര ഭക്ഷണം പതിവാക്കുന്ന ക്രിസ്ത്യാനി ഭവനങ്ങളിൽ നോമ്പുവീടൽ ആഘോഷിക്കുവാൻ ഈ വിഭവങ്ങൾ ഉപയോഗിക്കുന്നു.

അപ്പവും പഴവും: വി. ഗീവറുഗ്ഗീസ് സഹദായുടെ നേർച്ചയ്ക്കുള്ള വിഭവങ്ങളാണിവ. പൈതങ്ങളുടെ നേർച്ചയിലും ഇവ തന്നെയാണ് വിഭവങ്ങൾ. അരിമാവും നാളികേരവും ശർക്കരയും ചേർത്തു കലക്കി കുറുക്കിയ മിശ്രിതം തിളപ്പിച്ച് കോരിയൊഴിച്ച് ഈ നെയ്യപ്പം തയാറാക്കുന്നു. വെളിച്ചെണ്ണയിലും ഇതുണ്ടാക്കാം. ചില സ്ഥലങ്ങളിൽ ചക്കരയപ്പം എന്ന് പറയും. ശ്രാദ്ധ ദിനങ്ങളിലും പെരുന്നാൾ ദിനങ്ങളിലും ഇവ നേർച്ചയായി നല്കുന്നു. അപ്പവും പഴവും വിളമ്പിയതിനുശേഷം പിടിയും ഇറച്ചിക്കറിയും പിന്നീട് സദ്യയും വിളമ്പുന്നു.

അപ്പവും വീഞ്ഞും: കുർബ്ബാനയുടെ പദാർത്ഥങ്ങൾ. പുളിപ്പ് ചേർത്ത അപ്പവും വെള്ളം കലർത്തിയ വീഞ്ഞും ഉപയോഗിക്കുന്നു. അതത് ദിവസത്തേയ്ക്കാവശ്യമുള്ള അപ്പം അതത് ദിവസം അടിച്ച് കാച്ചി തയാറാക്കുന്നു. ക്രിസ്തു പെസഹായിൽ ഉപയോഗിച്ച അതേ പദാർത്ഥങ്ങൾ ആണിവ. അതത് ദിവസത്തേക്ക് ഉണങ്ങിയ മുന്തിരി തലേദിവസം വെള്ളത്തിലിട്ട് പിറ്റേദിവസം പിഴിഞ്ഞെടുത്ത് തയാറാക്കുന്നവരുമുണ്ട്. അർമ്മീനിയൻ സഭ

പുളിപ്പുപയോഗിക്കുന്നില്ല.

അപ്പാപ്പൻ: പിതാമഹൻ, പിതൃസഹോദരൻ.

അപ്പാസാമി പിള്ള എ. എസ്., ദിവാൻബഹദൂർ (1848–1927): 1848–ൽ തിരുനെൽവേലിയിൽ ജനിച്ചു. 1871–ൽ ആംഗ്ലിക്കൻ സഭാംഗം. വക്കീൽ ആയിരുന്നു. 1901–ൽ മുഴുവൻസമയ സുവിശേഷകൻ. ബിഷപ്പ് എ. ജെ. അപ്പാസാമിയുടെ പിതാവ്. 1927–ൽ അന്തരിച്ചു. 1. വൈ ഐ ആം എ ക്രിസ്ത്യൻ. 2. ഐഡലേറ്ററി റഫ്യൂട്ടഡ്. 3. ലൈഫ് ഓഫ് കൃഷ്ണ പിള്ള 4. ആത്മജ്ഞാനബോധിനി. 5. വാനപ്രസ്ഥം. 6. ലറ്റേഴ്സ് എബൗട്ട് സാൽവേഷൻ. 7. ദി ഇറ്റേർണൽ ഡിവൈൻ സൺ. 8. ദി ഡിവൈൻ ബെർത്ത് ഓഫ് ദി ഇറ്റേർണൽ സൺ 9. ഫിഫ്റ്റി ഇയേഴ്സ്, 10. പിൽഗ്രിമേജ് ഓഫ് എ കൺവർട്ട് തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു.

അപ്പാസാമി എ. ജെ., ബിഷപ്പ് (1891–1976): അയ്യാദുരൈ യേശുദാസൻ അപ്പാസാമി പാളയംകോട്ടയിൽ 1891 സെപ്തം. 3–ന് ജനിച്ചു. 1915–ൽ അമേരിക്കയിലും പിന്നീട് ഹാർവാർഡ്, ഓക്സ്ഫോർഡ്, മാഗ്ബർഗ് എന്നീ സർവകലാശാലകളിലും പഠിച്ചു. ഡോക്ടറേറ്റ് നേടി. ഹൈന്ദവഭക്തിമാർഗ്ഗവുമായി ക്രിസ്തുമതത്തെ താരതമ്യം ചെയ്ത് പഠിച്ചു. 1923–ൽ സി. എൽ. എസ്. ൽ ജോലി സ്വീകരിച്ചു. കൽക്കട്ട ബിഷപ്പ്സ് കോളജിൽ അധ്യാപകൻ. 1946–ൽ പാളയംകോട്ടയിലെ ആർച്ച് ഡീക്കൻ, ദക്ഷിണേന്ത്യൻ സഭയുടെ (സി. എസ്. ഐ.) രൂപീകരണത്തിന് നേതൃത്വം നൽകി. 1950–ൽ കോയമ്പത്തൂർ ബിഷപ്പ് ആയി. 1959–ൽ വിരമിച്ചു. 1972–ൽ അന്തരിച്ചു. 1. ക്രിസ്ത്യാനിറ്റി ആന്റ് ഭക്തിമാർഗ്ഗ, 2. ടെമ്പിൾ ബെൽ, 3. വാട്ട് ഈസ് മോക്ഷ?, 4. ക്രൈസ്റ്റ് ഇൻ ദി ഇന്ത്യൻ ചർച്ച്, 5. ദി ഗോസ്പൽ ആൻഡ് ഇന്ത്യാസ് ഹെറിട്ടേജ്, 6. ക്രിസ്ത്യൻ ടാസ്ക് ഇൻ ഇൻഡിപ്പെൻഡൻഡ് ഇന്ത്യ 7. സുന്ദർസിംഗ്: എ ബയോഗ്രാഫി. 8. മൈ തിയോളജിക്കൽ ക്വസ്റ്റ് എന്നിവ പ്രധാന ഗ്രന്ഥങ്ങൾ.

അപ്പോക്കാലിപ്റ്റിക് സാഹിത്യം: വെളിപ്പെടുത്തുന്ന എന്ന് അർത്ഥം. ഭാവികാര്യങ്ങൾ വെളിപ്പെടുത്തുന്ന പുസ്തകങ്ങൾ. യഹൂദന്മാരുടെ അപ്പോക്കാലിപ്റ്റിക് ഗ്രന്ഥങ്ങൾ ബി. സി. 200–നും എ. ഡി. 100–നും ഇടയിൽ എഴുതപ്പെട്ടു. ലോകാവസാനമാണ് പ്രതിപാദ്യം. പ്രവാചകന്മാർ സമലോക പ്രശ്നങ്ങൾ കൈകാര്യം ചെയ്തു. ദാനിയേലിന്റെ വെളിപാട് മികച്ച ഉദാഹരണം. ഈനോക്കിന്റെ പുസ്തകങ്ങൾ, ബാരൂക്കിന്റെ വെളിപാട്, എസ്രയുടെ 4–ാം പുസ്തകം, മോശയുടെ ആരോഹണം, ജൂബിലീസ്, യെശയ്യാവിന്റെ സ്വർഗ്ഗാരോഹണം, പന്ത്രണ്ട് ഗോത്രപിതാക്കന്മാരുടെ നിയമപുസ്തകം ഇവ പഴയനിയമ അപ്പോക്കാലിപ്റ്റിക് ഗ്രന്ഥങ്ങൾ. വെളിപാട് പുസ്തകം, പത്രോസിന്റെ വെളിപാട് എന്നിവ പുതിയനിയമ

അപ്പോക്കാലിപ്റ്റിക് ഗ്രന്ഥങ്ങൾ.

അപ്പോല്ലോസ്: അ. പ്ര. 18:24. വേദപണ്ഡിതൻ. വാഗ്മി. അലക്സാന്ത്രിയക്കാരൻ. എഫേസൂസിൽ പ്രസംഗിച്ചു. അക്വില്ലയും പ്രിസ്കില്ലയും ക്രിസ്തുമതം സ്വീകരിച്ചു. കൊരിന്തിൽ പ്രശസ്തനായി. അദ്ദേഹം ഒരു കക്ഷിയുടെ നേതാവായി. പിന്നീട് കൊരിന്തിൽ ബിഷപ്പായി എന്ന് പാരമ്പര്യം.

അപ്പോസ്തലൻ: അയക്കപ്പെട്ടവൻ. 1. പത്രോസ് 2. അന്ത്രയോസ് 3. യാക്കോബ് 4. യോഹന്നാൻ 5. ഫീലിപ്പോസ് 6. ബർതുൽമായി 7. മത്തായി 8. തോമസ് 9. അല്പായിയുടെ പുത്രൻ യാക്കോബ് 10. തദ്ദേവൂസ് 11. ക്നാനായക്കാരൻ ശെമവൂൻ 12. യൂദാ സ്കരിയോത്താ. മത്ഥിയാസ്, പൗലൂസ്, ബർന്നബാസ്, അന്തോനിക്കോസ്, യൂനിയാവ് (റോമ. 16–17) എന്നിവരെയും കർത്താവിന്റെ സഹോദരൻ യാക്കോബിനെയും (ഗലാ. 1:19) വേദപുസ്തകം അപ്പോസ്തലൻ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

അപ്പോസ്തോലികം: സഭയുടെ നാലു ലക്ഷണങ്ങളിലൊന്ന്. വിശ്വാസ തുടർച്ചയും അഖണ്ഡതയും ദൗത്യബോധവും കൈവെപ്പും പിന്തുടർച്ചയും ഈ പദം അർത്ഥമാക്കുന്നു.

അപ്പോസ്തോലിക കാനോൻ: 85 കാനോനുകളുടെ സമാഹാരം. പൗരോഹിത്യം, സഭയിലെ ഔദ്യോഗിക ചുമതലകൾ, വൈദികസ്ഥാനികളുടെ ജീവിതപ്രമാണങ്ങൾ എന്നിവയാണ് 4–ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഈ കൃതിയിലെ പ്രധാന പ്രമേയങ്ങൾ. 6–ാം നൂറ്റാണ്ടിൽ ലത്തീൻ വിവർത്തനമുണ്ടായി. പാശ്ചാത്യസഭയുടെ കാനോൻ ആയിത്തീർന്നു.

അപ്പോസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻ: എ. ഡി. 4–ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ രചിക്കപ്പെട്ടു. ക്ലമന്റിലൂടെ വി. അപ്പോസ്തോലന്മാരുടെ കല്പനകൾ എന്നാണ് പൂർണ്ണനാമം. ഈ എട്ടു പുസ്തകങ്ങളെ ക്ലീമ്മീസിന്റെ എട്ടു പുസ്തകങ്ങൾ എന്ന് ഹൂദായ കാനോൻ പരാമർശിക്കുന്നു. ആദ്യത്തെ ആറ് പുസ്തകങ്ങൾ ഡിഡസ്കാലിയായോട് സാദൃശ്യം പുലർത്തുന്നു. ഡിഡാക്കേയിലെ കുറെ വാക്യങ്ങൾ ഇതിലുണ്ട്. കുർബ്ബാന തക്സായും അപ്പോസ്തോലിക കാനോനാകളും ഇതിലുണ്ട്. പലപ്പോഴും അറിയോസിനോട് ആഭിമുഖ്യം പുലർത്തിയിട്ടുണ്ട്.

അപ്പോക്രിഫാ: ബി. സി. 2–ാം നൂറ്റാണ്ടു മുതൽ എ. ഡി. 2–ാം നൂറ്റാണ്ടു വരെ യഹൂദ സഭയിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ. ഒളിച്ചു വക്കപ്പെട്ടത് എന്നർത്ഥം. കാല, സാഹചാര്യാദികാര്യങ്ങളെ അടിസ്ഥാനമാക്കി വേണം ഇവയെ ഗ്രഹിക്കുവാൻ. നവീകരണക്കാർ ഇവയെ കാനോനിക ബൈബിളിന്റെ ഭാഗമെന്ന് കരുതിയില്ല. കത്തോലിക്കാ-ഓർത്തഡോക്സ് സഭകൾ

ബൈബിൾ കാനോനിൽ ഉൾപ്പെടുത്തി. പെഷീത്തായിൽ ഇവയുണ്ട്. താഴെ പറയുന്നവയാണ് അപ്പൊക്രിഫൽ ഗ്രന്ഥങ്ങൾ.

അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ: 1. എസ്ദ്രാസ് I. 2. എസ്ദ്രാസ് II. 3. തൂബീദ്. 4. ജൂഡിത്. 5. ദാനിയേലിന്റെ അനുബന്ധം. 6. സൂസന. 7. ബേലും പെരുമ്പാമ്പും. 8. എസ്തേറിന്റെ അനുബന്ധം. 9. മനശ്ശെയുടെ പ്രാർത്ഥന. 10. ബാരൂക്ക്. 11. യെറമിയായുടെ ലേഖനം. 12. എക്ലീസിയാസ്റ്റിക്കസ്. 13. ശലോമോന്റെ ജ്ഞാനം. 14. മക്കുബായർ I. 15. മക്കുബായർ II.

അപ്പോസ്തോലിക പിന്തുടർച്ച: കർത്താവിൽ നിന്നു ലഭിച്ച പൗരോഹിത്യം, അപ്പോസ്തോലിക വിശ്വാസം, അപ്പോസ്തോലിക ജീവിത മാതൃക, അപ്പോസ്തോലിക കൈവെപ്പ് ഇവയെ അർത്ഥമാക്കുന്നു.

അപ്പോസ്തോലിക പിതാക്കന്മാർ: അപ്പോസ്തോലന്മാരുടെ കാലത്തോടടുത്ത് ജീവിച്ച - ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ - റോമ്മിലെ ക്ലീമ്മീസ്, അന്ത്യോഖ്യയിലെ ഇഗ്നാത്യോസ്, സ്മിർണയിലെ പോളിക്കാർപ്പോസ്, ഡിഡാക്കേ, ബർന്നബാസിന്റെ ലേഖനം, ഹെർമ്മാസിന്റെ ഇടയൻ, ഹിയറാപ്പോലീസിലെ പാപ്പിയാസ് എന്നീ വ്യക്തികൾക്കും ഗ്രന്ഥങ്ങൾക്കും സഭ പ്രത്യേക ആധികാരികത - വേദപുസ്തകം കഴിഞ്ഞാൽ അടുത്ത സ്ഥാനം - നൽകുന്നു.

അപ്പോളിനാറീസ്: ലവോദിക്യയിലെ ബിഷപ്പ്. അറിയോസിനെ എതിർത്തു. ക്രിസ്തുവിൽ ദൈവത്വത്തിന് കൂടുതൽ ഊന്നൽ കൊടുത്തത് ന്യൂനതയായി. മനുഷ്യാത്മാവിന്റെ സ്ഥാനത്ത് ലോഗോസ് ആണെന്ന് പഠിപ്പിച്ചു. യേശുവിലെ മനുഷ്യത്വം പൂർണ്ണമല്ല എന്ന് സാരം. 381–382 ൽ കൂടിയ കോൺസ്റ്റാന്റിനോപ്പിൾ സിനഡുകൾ ഈ പോരായ്മ ചൂണ്ടിക്കാട്ടി.

അപ്പോസ്റ്റസി: വിശ്വാസത്യാഗികൾ എന്ന് അർത്ഥം. ഇവരെ സഭയിൽ തിരിച്ചെടുക്കുന്നതിനെപ്പറ്റിയുള്ള വിവാദങ്ങൾ സഭാചരിത്രത്തിൽ കാണാം. ചില കാനോനാകളിലും ആ പരാമർശമുണ്ട്.

അപ്പോളജിസ്റ്റുകൾ: ക്രിസ്തുമതത്തിനെതിരായ നിലപാടുകളെ ചെറുത്ത് വിശ്വാസപരമായ താത്വിക അടിസ്ഥാനം യുക്ത്യധിഷ്ഠിതമായി പടുത്തുയർത്തിയ പണ്ഡിതരായ വിശ്വാസ സമർത്ഥകർ. ക്വാപ്രാത്തൂസ് (എ. ഡി. 125), ആതൻസിലെ അരിസ്തദെസ് (140), താസ്യൻ (175), ആതൻസിലെ അഥനഗോറസ് (180), അന്ത്യോഖ്യായിലെ തെയോഫിലോസ് (190), രക്തസാക്ഷിയായ യൂസ്തീനോസ് (150), സർദീസിലെ മെലിത്തോ (177) മുതലായവർ ഈ ഗണത്തിൽ പെടുന്നു.

അപ്രമാദിത്വം: 1870 ജൂലായ് 18 ന് ഒന്നാം വത്തിക്കാൻ സിനഡിൽ

പീയൂസ് മാർപാപ്പാ അപ്രമാദിത്വം എന്ന സിദ്ധാന്തം അവതരിപ്പിച്ചു. രക്ഷക്കാവശ്യമായ വിശ്വാസസത്യമായി (ഡോഗ്മാ) കത്തോലിക്കാസഭ അതിനെ അംഗീകരിച്ചു. വിവാദങ്ങളുയർന്നപ്പോൾ ചില വിശദീകരണങ്ങൾ കൂട്ടിച്ചേർത്തു. കത്തോലിക്കാസഭയുടെ ഈ നിലപാട് സഭകളുടെ ഐക്യ ചർച്ചകളിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു.

അപ്രേം, മാർ (306-373): പരിശുദ്ധാത്മാവിന്റെ വീണ, സന്യാസ നേതാവ്, ആദ്ധ്യാത്മിക കവി, വേദശാസ്ത്രജ്ഞൻ, മല്പാൻ എന്നീ നിലകളിൽ പ്രകീർത്തിക്കപ്പെടുന്നു. റോമ്മാ സാമ്രാജ്യത്തിൽ നിസിബീസിൽ അക്രൈസ്തവ മാതാപിതാക്കളുടെ മകനായി ജനിച്ചു. നിസിബീസിലെ മാർ യാക്കോബ് അഭയം കൊടുത്തു പഠിപ്പിച്ച് ശെമ്മാശനാക്കി. നിഖ്യാ സിനഡിൽ പങ്കെടുത്തു. നിസിബീസ് വേദപാഠശാലയിൽ മുഖ്യഗുരുവായി. ഒരു വരിയിൽ ഏഴു ദീർഘസ്വരങ്ങൾ ചേർന്ന ഒരു വൃത്തം സുറിയാനി കാവ്യലോകത്ത് മാർ അപ്രേമിന്റെ സ്വന്തം. ആരാധനക്രമങ്ങളിൽ ഇദ്ദേഹത്തിന്റെ അപേക്ഷകളോ വർണ്ണനകളോ പ്രബോധനങ്ങളോ നിശ്ചയമായും കാണാം. ഈ വൃത്തം എട്ട് വ്യത്യസ്ത രാഗങ്ങളിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

അപ്രേം, ആബുദി: 1958-ലെ സഭാസമാധാനത്തിന് ശേഷം മഞ്ഞനിക്കര ഏലിയാസ് III ബാവായുടെ കബറിങ്കൽ ശുശ്രൂഷകൻ എന്ന നിലയിൽ യാക്കോബ് III പാത്രിയർക്കീസ് അയച്ച റമ്പാൻ. 1958 ലെ ഐക്യം തകരാൻ പ്രധാന കാരണക്കാരൻ. സമാധാനത്തിൽ അസംതൃപ്തരായ ചിലരും പാത്രിയർക്കീസും ഇദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചു. പിന്നീട് മാർ തീമോത്തിയോസ് എന്ന പേരിൽ ഇദ്ദേഹത്തെ പാത്രിയർക്കീസ് മെത്രാനായി വാഴിച്ച് ഡലിഗേറ്റ് എന്ന നിലയിൽ ഇന്ത്യയിലേക്കയച്ചു. ഇന്ത്യാ സർക്കാർ ഇദ്ദേഹത്തിന്റെ വിസായുടെ കാലാവധി നീട്ടിക്കൊടുക്കാഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന് തിരികെപ്പോകേണ്ടി വന്നു. ആസ്ത്രേലിയായിൽ മേല്പട്ടക്കാരനായി പ്രവർത്തിക്കുന്നു.

അലക്സ് കുരമ്പിൽ കോറെപ്പിസ്കോപ്പാ: കടമ്പനാട് കുരമ്പിൽ കെ. ഒ. തോമസിന്റെ പുത്രൻ. എം. എ., ജി. എസ്. ടി. പാസ്സായി. ചായലോട് സെന്റ് ജോർജ്ജ് മൗണ്ട് ആശ്രമാംഗം. 23-6-1962 ൽ കശ്ശീശ്ശാ; 26-11-1987 ൽ കോർഎപ്പിസ്കോപ്പാ. കാൺപൂർ, അലഹബാദ്, ലക്നോ, ഡൽഹി, തുടങ്ങിയ പള്ളികളിൽ സേവനം ചെയ്തു. അടൂർ സെന്റ് സിറിൾസ് കോളജ് പ്രിൻസിപ്പൽ, ആശ്രമം സുപ്പീരിയർ, മാനേജിംഗ് കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

അപ്രേം I, പാത്രിയർക്കീസ് (1887-1957): 1887-ൽ മൂസലിൽ ജനിച്ചു. യെരുശലേമിലും പാരീസിലും പഠിച്ചു. 1907 ൽ അപ്രേം എന്ന പേരിൽ റമ്പാനായി, കശ്ശീശയായി. മൂസൽ സെമിനാരിയിൽ അധ്യാപകൻ.

1918-ൽ ഏലിയാസ് III, സേവേറിയോസ് എന്ന പേരിൽ സിറിയയുടെ മെത്രാനാക്കി. 1933-ൽ സിറിയൻ പാത്രിയർക്കീസായി. ഗീവറുഗീസ് II കാതോലിക്കാ സമാധാനശ്രമങ്ങൾക്ക് ഇദ്ദേഹത്തെ പാത്രിയർക്കാ ആസ്ഥാനത്ത് ചെന്ന് സന്ദർശിച്ചു; ഫലമുണ്ടായില്ല. 'വൃദ്ധൻ പുന്നൂസ്' എന്ന് കാതോലിക്കായെ ഇദ്ദേഹം പരിഹസിച്ചു മലങ്കരയിലേക്ക് കത്തയച്ചു. 1958-ലെ സഭാസമാധാനകാലത്ത് മറുകക്ഷിയിലുണ്ടായിരുന്ന എല്ലാ മെത്രാന്മാരെയും ഇദ്ദേഹമാണ് വാഴിച്ചത്. സിറിയയിലെ അറബിസാഹിത്യപരിഷത്തിന്റെ ആദരവിന് യോഗ്യമായ കൃതികൾ രചിച്ചു. 1957 ജൂൺ 23-ന് ദിവംഗതനായി.

അഫ്യൂഷൻ: മാമ്മൂദീസായ്ക്ക് വെള്ളം തലയിലും ശരീരത്തിലും കോരി ഒഴിക്കുന്ന സമ്പ്രദായം. ഓർത്തഡോക്സ് സഭയിലും പടിഞ്ഞാറൻ സഭകളിലും ഈ രീതിയാണുള്ളത്. കുട്ടികളുടെ ആരോഗ്യം, വെള്ളത്തിന്റെ ലഭ്യത, മൂറോന്റെ ഉപയോഗം, മുതിർന്ന ആളുകളുടെ മാമ്മൂദീസാ തുടങ്ങിയ പ്രായോഗിക പരിഗണനകളാണ് ഈ സ്നാനശൈലിയെ അനിവാര്യമാക്കിയത്.

അബിഹു: അഹറോന്റെ പുത്രൻ (പുറ. 6:23). ദൈവസന്നിധിയിൽ കല്പനയ്ക്കു വിരോധമായി അന്യ അഗ്നി കൊണ്ടുവന്നു. സഹോദരൻ നാദാബിനൊപ്പം ശിക്ഷയേറ്റ് ദഹിച്ചുപോയി.

അബ്ഗാർ (ബി. സി. 4-എ. ഡി. 50): എഡേസ്സൻ രാജാവ്. രോഗിയായ തന്നെ സൗഖ്യമാക്കുവാൻ അദ്ദേഹം യേശുവിനോട് കത്തു മൂലം അഭ്യർത്ഥിച്ചതായും കർത്തൃശിഷ്യൻ - അറിയിപ്പുകാരിൽ ഒരാളും മാർത്തോമ്മായുടെ ശിഷ്യനും ആയ ആദായി (തദ്ദായി) കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം അദ്ദേഹത്തെ എഡേസ്സായിൽ സന്ദർശിച്ച് രോഗശാന്തി നൽകിയതായും അപ്രകാരം എദേസ്സായിൽ സഭ രൂപംകൊണ്ടതായും ചരിത്രകാരനായ യൂസേബിയോസ് രേഖപ്പെടുത്തിയിട്ടുണ്ട്. യൽദൊ മാർ ബസ്സേലിയോസ് ഉപയോഗിച്ച പള്ളിക്രമപുസ്തകങ്ങളിൽ അബ്ഗാർ രാജാവിന്റെ പേർ രേഖപ്പെടുത്തിയിട്ടുണ്ട്. കറുത്തവനായ അബ്ഗാർ എന്ന് സുറിയാനിസഭയുടെ പ്രാർത്ഥനാപുസ്തകങ്ങളിൽ പരാമർശമുണ്ട്.

അബ്ദം: വർഷം എന്നർത്ഥം. വർഷഗണനയ്ക്ക് പല കലണ്ടറുകൾ ഉണ്ടായിട്ടുണ്ട്. ക്രിസ്ത്വബ്ദം, ശകാബ്ദം എന്നീ പ്രയോഗങ്ങൾ നോക്കുക. കാലവിഭജനത്തിനും യുഗവിഭജനത്തിനും അബ്ദം എന്ന സങ്കേതം ഉപയോഗിക്കുന്നു. ബി. സി 3761 ൽ പ്രപഞ്ചോല്പത്തി സംഭവിച്ചു എന്ന് കണക്കാക്കി ഹീബ്രു അബ്ദം നിലവിൽ വന്നു. റോം സ്ഥാപിച്ചതിന്റെ ഓർമ്മയ്ക്ക് ബി. സി. 753-ൽ റോമൻ അബ്ദം ആരംഭിച്ചു. ബി. സി. 312-ൽ

സെലൂക്കസ് രാജവംശം സ്ഥാപിച്ചതിന്റെ ഓർമ്മയ്ക്ക് ഗ്രീക്ക് അബ്ദം നിലവിൽ വന്നു (ഈ വർഷ സങ്കല്പമാണ് മലങ്കരയിൽ വന്ന പല വിദേശ സഭാധ്യക്ഷന്മാരും ഉപയോഗിച്ചിട്ടുള്ളത്. എ. ഡി. 622 ൽ മുഹമ്മദ് നബി മക്കയിൽ നിന്ന് മദീനയിലേക്ക് പലായനം ചെയ്ത സംഭവം ഹിജറാ അബ്ദത്തിന് ഹേതു. എ. ഡി. 825-ൽ കൊല്ലം തുറമുഖം സ്ഥാപിച്ചതിനെ തുടർന്ന് കൊല്ലവർഷം ആരംഭിച്ചു. എ. ഡി. 78 ൽ ശകവർഷം ആരംഭിച്ചു. മലങ്കരസഭ 20-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ ജൂലിയൻ കലണ്ടർ ഉപയോഗിച്ചു. അതിന് ശേഷം ഗ്രീഗോറിയൻ കലണ്ടർ ഉപയോഗിച്ചു വരുന്നു. മകരം 1 ജനുവരി 1 എന്ന പരിവർത്തനം അങ്ങനെ ഉണ്ടായി.

അബ്ദുള്ളാ II, പാത്രിയർക്കീസ്: 1875 ൽ മലങ്കരയിലെത്തിയ അബ്ദുള്ളാ ഗ്രീഗോറിയോസ് മെത്രാൻ 1906-ൽ അന്ത്യോഖ്യാ പാത്രിയർക്കീസായി. മെത്രാനായിരിക്കുമ്പോൾ മലങ്കരയിൽ വച്ച് 1876-ൽ പത്രോസ് III പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. പിന്നീട് പരാജയപ്പെട്ട പാത്രിയർക്കാസ്ഥാനാർത്ഥിയായ ഇദ്ദേഹം റോമ്മാസഭയിൽ ചേർന്നു. അബ്ദുൽ മശിഹാ ബാവായുടെ ഫർമാൻ സർക്കാരിനെക്കൊണ്ട് പിൻവലിപ്പിച്ച് അദ്ദേഹം മാതൃസഭയിലെത്തി പാത്രിയർക്കീസാവുകയാണുണ്ടായത്. പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, കൊച്ചുപറമ്പിൽ കൂറിലോസ് എന്നിവർക്ക് 1908 മെയ് 31 ന് മേല്പട്ടം നൽകി. നേരത്തെ സ്ലീബാ ഒസ്താത്തിയോസിന് മെത്രാൻസ്ഥാനം നൽകിയപ്പോൾ മലങ്കര മുഴുവൻ ഭരിക്കാനുള്ള സുസ്താത്തിക്കോൻ അനധികൃതമായി നൽകി. 1909 -ൽ മാർ അബ്ദുള്ളാ മലങ്കരയിലെത്തി. മുൻഗാമി ചെയ്തതുപോലെ ഇദ്ദേഹവും മലങ്കര മെത്രാനോട് ലൗകികാധികാര സമ്മതിയുടെ ഉടമ്പടി ആവശ്യപ്പെട്ടു. വട്ടശ്ശേരിൽ മെത്രാച്ചൻ തന്റെ മുൻഗാമിയെപ്പോലെ ഈ അഭ്യർത്ഥന നിരസിച്ചു. വട്ടശ്ശേരിൽ മെത്രാച്ചനുമായി നീരസത്തിലായിരുന്ന വൈദിക-അത്മായട്രസ്റ്റികൾ പാത്രിയർക്കീസിന് പിന്തുണ നൽകി. പാത്രിയർക്കീസ് 1911-ൽ മലങ്കര മെത്രാനെ അകാനോനികമായി മുടക്കി. ഇതു കക്ഷിവിഭജനത്തിനും വ്യവഹാരങ്ങൾക്കും ഇടയാക്കി. ഉടമ്പടി കൊടുക്കുവാൻ മനസ്സുള്ളവർക്ക് അബ്ദുള്ളാ മേല്പട്ടസ്ഥാനം നൽകി. സമാന്തര മലങ്കര അസോസ്യേഷനു രൂപം നല്കി. 1911-ൽ ഇദ്ദേഹം സ്വദേശത്തേയ്ക്ക് മടങ്ങി. 1915 നവം. 25-ന് യെരുശലേമിൽ വച്ച് അന്തരിച്ചു. അവിടെത്തന്നെ കബറടക്കപ്പെട്ടു.

അബ്ദുൽ മശിഹാ, പാത്രിയർക്കീസ്: 1895-ൽ ഇദ്ദേഹം അന്ത്യോഖ്യാ പാത്രിയർക്കീസായി. സർക്കാരിന്റെ ഫർമാൻ പിൻവലിക്കപ്പെട്ടതിനാൽ സ്ഥാനം നഷ്ടപ്പെട്ടു. 1909-ൽ അബ്ദുള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ മുടക്കിയപ്പോൾ ബഥനിയുടെ മാർ ഈവാനിയോസ് അന്ത്യോഖ്യൻ സീനിയർ പാത്രിയർക്കീസായ

ഇദ്ദേഹത്തെ വിവരങ്ങൾ ധരിപ്പിച്ചു. അദ്ദേഹം മുടക്ക് വ്യർത്ഥമെന്ന് കല്പന അയച്ചു. തുടർന്ന് മലങ്കരയുടെ ക്ഷണപ്രകാരം അദ്ദേഹം മലങ്കരയിലെത്തി. സഭയുടെ അപേക്ഷയനുസരിച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ പൗരസ്ത്യ കാതോലിക്കായായി 1912-ൽ നിരണത്തുവച്ച് വാഴിക്കുകയും പൗരസ്ത്യകാതോലിക്കേറ്റിന്റെ കാനോനിക അധികാരങ്ങൾ നല്കുന്ന കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ഇതോടെ പ്രവർത്തനം കുറേക്കാലമായി നിലച്ചുപോയ കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിതമായി. കാതോലിക്കായെ വാഴിക്കുവാൻ മെത്രാന്മാരുടെ സംഘത്തെ അനുവദിക്കുന്ന കല്പനയും നല്കി. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, ഗീവറുഗീസ് മാർ പീലക്സീനോസ്, യൂയാക്കീം മാർ ഈവാനിയോസ് എന്നീ മൂന്ന് പേർക്ക് അദ്ദേഹം മെത്രാൻ സ്ഥാനം നൽകി. 1913 -ൽ അദ്ദേഹം തിരിച്ചുപോയി. 1915 ആഗസ്റ്റ് 15-ന് കാലം ചെയ്തു മർദ്ദീനിലെ പാത്രിയർക്കാ ആസ്ഥാനത്ത് കബറടക്കപ്പെട്ടു.

അബ്ഹായ്: നിഖ്യായിലെ മെത്രാൻ. നിഖ്യാ വിശ്വാസത്തിന്റെ സംരക്ഷണത്തിനായി പ്രവർത്തിച്ചു. ജൂലൈ 15 ന് ഇദ്ദേഹത്തെ ഓർക്കുന്നു. തുബ്ദേനിൽ ഇദ്ദേഹത്തെപ്പറ്റി പരാമർശമുണ്ട്. റോമ്മിന്റെ തേവോദോസ്യോസ് ചക്രവർത്തിയുടെ കാലത്താണ് (401-450) ഇദ്ദേഹം നിഖ്യായിൽ മേല്പട്ടക്കാരനായി പ്രവർത്തിച്ചത്.

അബ്ബാ: പിതാവ് എന്ന് അർത്ഥമുള്ള അരമായ പദം. ഖരാദേശവും ഇരട്ടിപ്പും വന്ന് 'അപ്പൻ' ഉണ്ടായി. സന്യാസാശ്രമങ്ങളുടെ അധിപന്മാരെ അബ്ബാ, ആബോ എന്നൊക്കെ വിളിക്കുന്നു.

അബ്രഹാം: തേരഹിന്റെ മകൻ. ബാബിലോണിയയിലെ കൽദയരുടെ ഊരിൽ നിന്ന് വാഗ്ദത്ത ദേശത്തേയ്ക്ക് പിതാവിനോടും സഹോദരപുത്രനായ ലോത്തിനോടും ഒന്നിച്ച് യാത്രയായി. ഹാരാൻ, ശേഖേം, ബെരോൻ എന്നീ ദേശങ്ങളിലൂടെ കനാനിലെത്തി. അവിടെ ക്ഷാമം ഉണ്ടായപ്പോൾ മിസ്രയീമിലേയ്ക്ക് പോയി. പിന്നീട് ലോത്ത് യോർദ്ദാൻ താഴ്വരയിലും അബ്രഹാം കനാനിലും വസിച്ചു. ഇസഹാക്കിനെ ബലി കഴിക്കാൻ സന്നദ്ധനായി. ഹാഗാറിനെയും മകൻ യിശ്മായേലിനെയും വേദനയോടെ ഉപേക്ഷിച്ചു. ബി. സി. 1900-1700 നും മദ്ധ്യേയാണെന്ന് ജീവിതകാലത്തെപ്പറ്റി അഭിപ്രായമുണ്ട്. അബ്രഹാമിന്റെ മടി എന്ന് സ്വർഗ്ഗത്തെ വിശേഷിപ്പിക്കുന്നു. അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്ന് പ്രയോഗമുണ്ട്. വിവാഹശുശ്രൂഷയിൽ ഈ മൂന്നു പൂർവ്വപിതൃദമ്പതികളെയും ഓർക്കുന്നുണ്ട്. വിശ്വാസികളുടെ പിതാവായി വേദപുസ്തകം വാഴ്ത്തുന്നു. വാഗ്ദത്തപുത്രനായിരുന്ന ഇസഹാക്കിനെ ചിലപ്പോൾ ക്രിസ്തുവിന്റെ മുൻകുറിയായി പിതാക്കന്മാർ വർണ്ണിച്ചിട്ടുണ്ട്.

ഇസഹാക്കിന്റെ ബലിസമർപ്പണത്തെ യേശുവിന്റെ ക്രൂശീകരണത്തോട് താരതമ്യം ചെയ്യുന്ന ഭാഗങ്ങൾ ഹാശാ നമസ്കാരത്തിലുണ്ട്.

അബ്രഹാം, മാർ: 16-ാം നൂറ്റാണ്ടിൽ മലങ്കരയിലെത്തിയ കൽദായ മെത്രാൻ. പറങ്കികളുടെ അപായശ്രമത്തെ ഇദ്ദേഹം അതിജീവിച്ചു. അവസരവാദി. 1565-ൽ പാപ്പാ അങ്കമാലിയുടെ ആർച്ച്ബിഷപ്പായി നിയമിച്ചു. രോഗിയായപ്പോൾ ഗീവറുഗീസ് അർക്കദിയാക്കോന് ഭരണം ഏല്പിച്ചു കൊടുത്തു. 1597-ൽ ഇദ്ദേഹം അന്തരിച്ചു. അദ്ദേഹം പണിയിച്ച അങ്കമാലി കിഴക്കേപ്പള്ളിയിൽ കബറടങ്ങി. ബാബിലോൺ പാത്രിയർക്കീസ് 1578-ൽ അയച്ച മാർ ശെമവൂനുമായി നിരന്തരം ഉരസലായിരുന്നു. അവർ പരസ്പരം മുടക്കി. മാർ അബ്രഹാമിന്റെ പരാതിയെ തുടർന്ന് മാർ ശെമവൂനെ പറങ്കികൾ ലിസ്ബണിലേക്കും അതുവഴി റോമിലേക്കും അയച്ചു. അദ്ദേഹം ഫ്രാൻസിസ്ക്കൻ സന്യാസാശ്രമത്തിൽ വച്ച് 1599-ൽ അന്തരിച്ചു.

മാർ അബ്രഹാം അന്തരിച്ചശേഷമാണ് ഉദയംപേരൂർ സിനഡ് കൂടുവാനുള്ള ഒരുക്കങ്ങൾ ആർച്ച്ബിഷപ്പ് ത്വരിതപ്പെടുത്തിയത്.

അബ്രഹാം, ഡോ. സി. ഇ. (1898-1985): കോഴഞ്ചേരി മേലുകര ചെറുതോട്ടത്തിൽ 1898 ജനു. 17-ന് ജനിച്ചു. വിദ്യാഭ്യാസം സെറാമ്പൂരിലും കൽക്കട്ടായിലും നടത്തി. സെറാമ്പൂരിൽ അധ്യാപകനായി. റജിസ്ട്രാറും പ്രിൻസിപ്പലുമായി. എസ്. സി. എം. സെക്രട്ടറി, മാർത്തോമ്മാ സുവിശേഷസംഘം സെക്രട്ടറി, യുവജനസഖ്യം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. വിദേശ യൂണിവേഴ്സിറ്റികളിൽ ചൈന, ബർമ്മിംഗ്ഹാം, പ്രിൻസ്റ്റൻ etc. വിസിറ്റിംഗ് പ്രൊഫസർ. സഭാചരിത്ര ഗ്രന്ഥകർത്താവായിരുന്നു. 1985 മാർച്ച് 19-ന് മദ്രാസിൽ നിര്യാതനായി.

അബ്രഹാം മല്പാൻ, പാലക്കുന്നത്ത് (-1846): കോട്ടയം പഴയ സെമിനാരി മല്പാൻ. ചേപ്പാട്ട് മെത്രാച്ചന്റെ സമകാലികൻ. വിദേശിയായ അത്താനാസ്യോസിൽ നിന്ന് 1825-ൽ വീണ്ടും പട്ടമേറ്റതിനെ തുടർന്ന് ചേപ്പാട്ട് മെത്രാച്ചനും സർക്കാരും ഇദ്ദേഹത്തെ ശിക്ഷിച്ചു. നവീകരണ ആശയങ്ങൾ പഠിപ്പിച്ചു. 1837 മുതൽ കുർബാനയിൽ നവീകരണം അനധികൃതമായും ഏകപക്ഷീയമായും നടപ്പിലാക്കി മുടക്ക് ഏറ്റുവാങ്ങി. സഹോദരപുത്രനായ മാത്യൂസ് ശെമ്മാശനെ മർദീനിലയച്ചു. അദ്ദേഹം മെത്രാൻസ്ഥാനം അവകാശപ്പെട്ട് തിരിച്ചെത്തി. ഇദ്ദേഹവും അബ്രഹാം മല്പാനും കൈതയിൽ ഗീവറുഗീസ് മല്പാനും നവീകരണം മലങ്കരയിൽ പ്രചരിപ്പിച്ചു. 1846 ചിങ്ങം 24-ന് നിര്യാതനായി. മാരാമൺ പള്ളിയിൽ കബറടക്കപ്പെട്ടു. ഭക്തനായ ഒരു പട്ടക്കാരനായിരുന്നു. നവീകരണക്കാർ സ്വീകരിച്ച പാശ്ചാത്യ സമ്പ്രദായങ്ങൾ അദ്ദേഹത്തിന് സ്വീകാര്യമായിരുന്നില്ല. കാനോനാപ്രാർത്ഥനകൾ മരണംവരെയും മുടക്കം കൂടാതെ നടത്തി

യിരുന്നതായി താഴത്ത് ചാണ്ടപ്പിള്ള കത്തനാർ രേഖപ്പെടുത്തിയിട്ടുണ്ട്.

അബ്രഹാം മല്പാൻ, കോനാട്ട് (1908–1987): പാമ്പാക്കുട കോനാട്ട് മലങ്കര മല്പാനും വൈദികട്രസ്റ്റിയുമായിരുന്ന മാത്തൻ കോറെപ്പിസ്കോപ്പായുടെ പുത്രൻ. 1908 മാർച്ച് 30 ന് ജനിച്ചു. ഔഗേൻ മാർ തീമോത്തിയോസിന്റെ പ്രഗത്ഭ ശിഷ്യൻ. 1930–ൽ ഗുരുവിൽ നിന്ന് കശ്ശീശാസ്ഥാനം സ്വീകരിച്ചു. പാമ്പാക്കുട വലിയപള്ളി വികാരി. മലങ്കരമല്പാൻ ബഹുമതി ലഭിച്ചു. ശരിയായ ഹൂദായ കാനോൻ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. വൈദികട്രസ്റ്റിയായി. സ്വന്തം ഉടമസ്ഥതയിലുള്ള മാർ യൂലിയോസ് പ്രസ്സിൽ നിന്ന് സുറിയാനിയിലും മലയാളത്തിലുമുള്ള ആരാധനാഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. കുർബ്ബാനതക്സ, ആണ്ടുതക്സാ, കൂദാശക്രമങ്ങൾ, ശ്ഹീമ നമസ്കാരം (പദ്യം), നോമ്പിലെ നമസ്കാരം (പദ്യം), കന്തീലാക്രമം, കഹനൈത്താക്രമം മുതലായവ വിവർത്തനം ചെയ്തു. പിതാവിന്റെ പുതിയനിയമവിവർത്തനം പ്രസിദ്ധീകരിച്ചു. വി. സുവിശേഷങ്ങളുടെ വ്യാഖ്യാനം പ്രസിദ്ധീകരിച്ചു. സുറിയാനി പെങ്കീസാ നമസ്കാരം മൂന്ന് ബൃഹത് വാല്യങ്ങളായി എഡിറ്റ് ചെയ്ത് ഇദ്ദേഹം പ്രസിദ്ധപ്പെടുത്തി. ദീർഘകാലം പാമ്പാക്കുട പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്നു. മാർത്തോമ്മായുടെ സിംഹാസനം, പൗരോഹിത്യം എന്നിവയെ പാത്രിയർക്കീസ് ചോദ്യം ചെയ്ത് നിഷേധിച്ചപ്പോൾ അതിനെതിരെ പുസ്തകം രചിച്ചും ലേഖനങ്ങൾ എഴുതിയും പ്രഭാഷണങ്ങൾ നടത്തിയും വിശ്വാസികളെ ചരിത്രയാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്തി സത്യത്തിൽ ഉറപ്പിച്ചു.

അബ്രഹാം മല്പാൻ, റ്റി. ജി.: മുളന്തുരുത്തി കാട്ടുമങ്ങാട്ട് ത്ളാക്കുളം കുടുംബത്തിൽ 1916 ഡിസംബർ 18–ന് ജനിച്ചു. 1930–ൽ അന്തോണിയോസ് ദയറായിൽ അംഗമായി. മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിച്ചു. ഓമല്ലൂർ ദയറായിൽ വൈദികപഠനം. 16–7–1941 ൽ മഞ്ഞനിക്കര ദയറായിൽ വച്ച് മാർ ഏലിയാസ് യൂലിയോസ് കശ്ശീശാപട്ടം നൽകി. മദ്രാസ്, വെപ്പറി, പിറമാടം എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. മംഗലാപുരം, ബ്രഹ്മവാർ, പാറത്തോട്, പൊൻകുന്നം, പെരുവ, തുമ്പമൺ, തിരുവനന്തപുരം പള്ളികളിൽ വികാരിയായും മഞ്ഞനിക്കര ദയറാ മാനേജർ ആയും പ്രവർത്തിച്ചു. 1964–ൽ വന്ന യാക്കൂബ് III പാത്രിയർക്കീസിന്റെ ദ്വിഭാഷിയായി പ്രവർത്തിച്ചു. ദീർഘകാലം കോട്ടയം വൈദികസെമിനാരിയിൽ മല്പാനായി സേവനം ചെയ്തു.

അമ്പലം പള്ളി: കുന്നംകുളം തെക്കേ അങ്ങാടിയിൽ 1805–ൽ ശക്തൻ തമ്പുരാൻ ക്രിസ്ത്യാനികൾക്ക് സൗജന്യമായി വിട്ടുകൊടുത്ത അന്തിമാളൻകാവ് ക്രിസ്ത്യാനികൾ മാർ കുറിയാക്കോസ് സഹദായുടെ നാമത്തിൽ പള്ളിയായി ഉപയോഗിച്ചു. ഇതിനെ തദ്ദേശീയർ അമ്പലം പള്ളി

എന്ന് വിളിക്കുന്നു.

അഭിഷേകം: ക്രിസ്തു (മശിഹാ) എന്നാൽ അഭിഷിക്തൻ എന്ന് അർത്ഥം. മാമ്മൂദീസായിൽ പരിശുദ്ധാത്മാഭിഷേകം ലഭിക്കുന്ന സ്നാനാർത്ഥിയെ ശുദ്ധീകരിച്ച ഒലിവെണ്ണകൊണ്ടും മൂറോൻ കൊണ്ടും മുദ്രണം ചെയ്ത് അഭിഷേകം ചെയ്യുന്നു. പട്ടംകൊടയിൽ തൈലം കൂടാതെ അഭിഷേകം നടത്തുന്നു. തൈലം കൊണ്ട് പട്ടംകൊടയിൽ അഭിഷേകം ചെയ്യുന്ന സഭകൾ ഉണ്ട്. പണ്ട് രാജാക്കന്മാരെയും പുരോഹിതന്മാരേയും പ്രവാചകന്മാരെയും സ്ഥാനാരോഹണം ചെയ്യുന്ന വേളയിൽ അഭിഷേകം ചെയ്തിരുന്നതായി വി. വേദം സാക്ഷിക്കുന്നു. സ്ഥിരീകരണകൂദാശയിലും രോഗികളുടെ ശുശ്രൂഷയിലും കന്തീലാ ശുശ്രൂഷയിലും തൈലം പൂശുന്നു. പള്ളിക്കൂദാശയിൽ തബിലൈത്താ, ബലിപീഠം, ഉപകരണങ്ങൾ, ദേവാലയഭിത്തികൾ, കട്ടിളപ്പടികൾ, മാമ്മൂദീസാ തൊട്ടി എന്നിവയെ മൂറോൻ കൊണ്ട് അഭിഷേകം ചെയ്യുന്നു. ശിലാസ്ഥാപനത്തിലും മൂറോനഭിഷേകമുണ്ട്. മൃതശരീരത്തിൽ ശുദ്ധീകരിക്കാത്ത ഒലിവെണ്ണ ഒഴിക്കുന്ന പതിവുണ്ട്. അഭിഷേകത്തിലൂടെ ശിശു ക്രിസ്തുവിന്റെ സാഹോദര്യം സ്വീകരിക്കുന്നു.

അമലോത്ഭവസിദ്ധാന്തം: 1854 ഡിസം. 8 ന് പീയൂസ് IX മാർപാപ്പാ നടത്തിയ വിശ്വാസപ്രഖ്യാപനപ്രകാരം മറിയാം ഗർഭസ്ഥശിശുവായിരിക്കേ ജന്മപാപത്തിൽ നിന്ന് ദൈവകൃപയാൽ മുക്തയായി എന്ന് കത്തോലിക്കാ സഭ വിശ്വസിക്കുന്നു. മറ്റൊരു സഭയും ഇത് അംഗീകരിക്കുന്നില്ല. ഗബ്രിയേലിന്റെ വചനിപ്പോടുകൂടി മറിയാമ്മിന്റെ ശുദ്ധീകരണവും യേശുവിന്റെ ഗർഭോല്പാദനവും നടന്നുവെന്നാണ് ഗ്രഹിക്കാവുന്നത്. ക്രിസ്തുമൂലമുള്ള രക്ഷ മറിയാമ്മിനും ആവശ്യമായതിനാൽ കത്തോലിക്കാ ചിന്തകരായ തോമസ് അക്വിനാസും ഡൊമിനിക്കൻ സന്യാസിമാരും കത്തോലിക്കാ സഭയുടെ വേദവിപരീതപരമായ ഡോഗ്മയെ അനുകൂലിക്കുന്നില്ല.

അമാലേക്യർ: ഏശാവിന്റെ വംശപരമ്പരയിൽപ്പെട്ടവർ. ദേശാന്തര സഞ്ചാരികൾ. യിസ്രായേല്യരും ഇവരും തമ്മിൽ നിത്യശത്രുതയിലായിരുന്നു. തന്മൂലം ഇവർ തമ്മിൽ തലമുറകളായി യുദ്ധപരമ്പരകൾ നടന്നിരുന്നു.

അമാലോഗിയാ: ജനങ്ങളുടെ വിശ്വാസം എന്നോ ഒരേ വിശ്വാസം എന്നോ അർത്ഥമാക്കുന്നു. പട്ടംകൊടയ്ക്ക് മുമ്പായി ശെമ്മാശൻ, കശ്ശീശാ, എപ്പിസ്കോപ്പാ എന്നീ സ്ഥാനാർത്ഥികൾ സഭയുടെ പരമ്പരാഗതമായ വിശ്വാസസംഹിതകൾ കാർമ്മികന്റേയും സഭയുടേയും മുമ്പാകെ പരസ്യമായി വായിച്ച് പ്രഖ്യാപിച്ച് ഒപ്പുവച്ച് പ്രധാനകാർമ്മികനെ ഏല്പിക്കുന്ന വിശ്വാസപ്രമാണ സംഹിതയാണ് അമാലോഗിയാ. എല്ലാ വൈദിക

സ്ഥാനങ്ങൾക്കും ഇത് വായിക്കുന്ന പതിവുണ്ടെങ്കിലും കീഴ്സ്ഥാനികൾക്ക് ഇവ സഭ ഉദ്ദേശിച്ചിട്ടില്ല. കശ്ശീശായ്ക്കും ശെമ്മാശനും ഇത് കാർമ്മികൻ വായിച്ച് അതിന്റെ രത്നച്ചുരുക്കം മാത്രം സ്ഥാനാർത്ഥി ഏറ്റുപറഞ്ഞ് ഒപ്പിടുമ്പോൾ മേല്പട്ടസ്ഥാനാർത്ഥി ഇത് സ്വയം വായിക്കുന്നു. മേല്പട്ടസ്ഥാനാർത്ഥി വായിക്കുന്നത് അമാലോഗിയായുടെ വിസ്തൃതരൂപമാണ്. അതിന് ശൽമൂസാ എന്ന് പറയും. കാർമ്മികന്റെ മുമ്പിലാണ് വിശ്വാസപ്രതിജ്ഞ നടത്തുന്നതെങ്കിലും കാർമ്മികനെ സാക്ഷിയാക്കി സഭയുടെ മുമ്പാകെയാണ് വിശ്വാസപ്രതിജ്ഞ യഥാർത്ഥത്തിൽ നടത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥി താനായിരിക്കുന്ന സ്ഥാനത്തിനുചിതമായ സ്ഥാന വസ്ത്രങ്ങൾ അണിഞ്ഞ് ഈ പ്രതിജ്ഞ പ്രഖ്യാപിച്ച് ഒപ്പിട്ടതിനു ശേഷമേ അഭിഷേകച്ചടങ്ങുകൾക്കായി 'പ. റൂഹാ നിന്നെ വിളിക്കുന്നു' എന്ന് പ്രഖ്യാപിച്ച് കാർമ്മികൻ സ്ഥാനാർത്ഥിയെ കൈപിടിച്ച് ആഘോഷപൂർവ്വം മദ്ബഹായിലേക്കും ബലിപീഠത്തിന്റെ സന്നിധിയിലേക്കും സമീപിപ്പിക്കുകയുള്ളൂ. നാം ഇന്ന് ഉപയോഗിക്കുന്ന അമാലോഗിയ മിയാഫിർക്കാത്ത് 'ഉത്തരാഫ്രിക്ക' എന്ന സ്ഥലത്തു വച്ച് രചിക്കപ്പെട്ടതാണ്. വിശ്വാസപ്രഖ്യാപനത്തോടൊപ്പം അതത് സ്ഥാനികൾ നിർവഹിക്കുവാൻ പ്രതീക്ഷിക്കുന്ന സേവനങ്ങളെപ്പറ്റിയുള്ള പ്രബോധനങ്ങളും അമാലോഗിയാ ഉൾക്കൊള്ളുന്നുണ്ട്.

അസോസ്യേഷൻ (ചരിത്രം): മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന് മുഴുവൻ പേർ. മലങ്കരയിലെ പള്ളികളുടെ കേന്ദ്രീകൃത പ്രതിപുരുഷ യോഗമാണിത്. 1599-ൽ ഉദയംപേരൂരിൽ ചേർന്ന സുന്നഹദോസും 1653-ലെ ആലങ്ങാട്ട് സുന്നഹദോസും 1809-ൽ ചേർന്ന കണ്ടനാട് സുന്നഹദോസും 1836-ലെ മാവേലിക്കര സുന്നഹദോസും വിശാലമായ അർത്ഥത്തിൽ മലങ്കര അസോസ്യേഷൻ എന്ന പേർ അർഹിക്കുന്നു എങ്കിലും ഈ പേർ ഔദ്യോഗികമായി ആദ്യം സ്വീകരിച്ചത് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പരുമലയിൽ 1873 സെപ്തം. 8-ന് ചേർന്ന പള്ളിപ്രതിപുരുഷയോഗത്തിലാണ്. ആ യോഗത്തിൽ വച്ച് തന്നെ മാനേജിംഗ് കമ്മറ്റി, പ്രവർത്തനശൈലിക്കാവശ്യമായ നിയമാവലി എന്നിവ തീരുമാനിക്കപ്പെട്ടു. 1876 ജൂൺ 27 മുതൽ 30 വരെ ചേർന്ന മുളന്തുരുത്തി സുന്നഹദോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ രക്ഷാധികാരി ആയും അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അധ്യക്ഷനുമായ അസോസ്യേഷനെ സ്ഥിരീകരിച്ചു. 1934-ലെ സഭാഭരണഘടന മലങ്കരസഭയുടെ മുഖ്യ അധികാര നിർവഹണവേദിയായി അംഗീകരിച്ച അസോസ്യേഷൻ 1958-ലെയും 1995-ലെയും സുപ്രീംകോടതി വിധികളിലൂടെ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. അസോസ്യേഷൻ യോഗങ്ങളുടെ വിവരം.

1. പരുമല സെമിനാരി. 1873 സെപ്തം. 8; 2. മുളന്തുരുത്തി. 1876 ജൂൺ 27–30; 3. വെളിയനാട്. 1877 ജനു. 27–30; 4. പരുമല. 1878 ഫെബ്രു. 18; 5. പുതുപ്പള്ളി. 1879 ഏപ്രിൽ 26; 6. കോട്ടയം പഴയസെമിനാരി 1886 സെപ്തം. 11–13; 7. കോട്ടയം പഴയസെമിനാരി. 1892 മാർച്ച് 30, 31; 8. കോട്ടയം പഴയ സെമിനാരി. 1895 നവം. 21–23; 9. കോട്ടയം പഴയസെമിനാരി. 1901 ഏപ്രിൽ 24, 25; 10. കോട്ടയം പഴയസെമിനാരി. 1908 ഫെബ്രു. 27; 11. കോട്ടയം പഴയസെമിനാരി. 1909 നവം. 25–27, 12. കോട്ടയം എം. ഡി. സെമിനാരി 1911 സെപ്തം. 7; 13. കോട്ടയം പഴയസെമിനാരി. 1930 സെപ്തം. 4; 14. കോട്ടയം എം. ഡി. 1931 ജൂലൈ 10; 15. കോട്ടയം. എം. ഡി. 1934 ഡിസം. 26; 16. കോട്ടയം എം. ഡി. 1951 മെയ് 17; 17. പുത്തൻകാവ് 1958 ഡിസം. 26; 18. കോട്ടയം എം. ഡി. 1959 സെപ്തം. 16; 19. നിരണം. 1962 മെയ് 17; 20. കോട്ടയം എം. ഡി. 1965 ഡിസംബർ 28; 21. കോട്ടയം. എം. ഡി. 1970 ഡിസം. 31; 22. നിരണം 1974 ഒക്ടോ. 2; 23. മാവേലിക്കര. 1977 മേയ് 16; 24. കോട്ടയം എം. ഡി. 1980 മേയ് 1; 25. തിരുവല്ല സ്കൂൾ. 1982 ഡിസം. 28; 26. കോട്ടയം എം. ഡി. 1985 ഒക്ടോ. 23; 27. കോട്ടയം. എം. ഡി. 1987 ഡിസം. 29; 28. പത്തനംതിട്ട കോളജ് 1989 ഡിസം. 28; 29. പരുമല. 1992. സെപ്തം. 10; 30. പരുമല. 1994 മേയ് 26; 31. പരുമല. 2002 മാർച്ച് 20; 32. പരുമല 2004 ജൂൺ 10; 33. പരുമല സെമിനാരി. 2005 സെപ്തം. 21 & ഒക്ടോ. 12. 34. പരുമല സെമിനാരി 2007 മാർച്ച് 21.

അമേരിക്ക: '*മലങ്കരസഭയിലെ ഭദ്രാസനങ്ങൾ*' എന്ന ശീർഷകം കാണുക.

അമ്മാനുവേൽ: ദൈവം നമ്മോടുകൂടെ എന്നർത്ഥം. ഏശായ പ്രവാചകൻ ആദ്യമായി ഈ പദം ഉപയോഗിച്ചു. യശ. 7:14; 8:6; 9:6. മനുഷ്യാവതാരത്തിൽ ഈ പ്രവചനം നിറവേറി.

അമ്മ: മാതൃവാചിയായ ശബ്ദം. ദ്രാവിഡഭാഷകളിൽ കാണുന്ന ഈ പദം സെമിറ്റിക് ഭാഷയിലെ 'ഏമോ'യുടെ തൽഭവരൂപമാകാം. മലയാളികൾ ഏവരും മാതൃവാചിയായി ഈ ശബ്ദം ഉപയോഗിക്കുന്നു.

അമ്മാച്ചൻ: മാതൃസഹോദരൻ. അമ്മാവൻ എന്നും പ്രാദേശികമായി വ്യത്യാസമുണ്ട്.

അമ്മായി: പിതൃസഹോദരി, മാതൃസഹോദരപത്നി, വൈദികരുടെ പത്നി എന്നിവരെ ഈ പദംകൊണ്ട് സുറിയാനി ക്രിസ്ത്യാനികൾ വ്യവഹരിക്കുന്നു. ചില സ്ഥലങ്ങളിൽ ഭർത്തൃമാതാവിനെയും ഭാര്യാമാതാവിനെയും അമ്മായി എന്ന് വിളിക്കും. പട്ടക്കാരുടെ ഭാര്യമാരായ ബസ്ക്യാമ്മമാരെ വടക്കൻപ്രദേശങ്ങളിൽ 'അമ്മായി' എന്നു വിളിക്കാറുണ്ട്.

അമ്മായിയമ്മ: ഭർത്തൃമാതാവും ഭാര്യാമാതാവും. പക്ഷേ, അങ്ങനെ നേരിട്ട് സംബോധന ചെയ്യുക പതിവില്ല.

അമ്മായിയപ്പൻ: ഭർത്തൃപിതാവും ഭാര്യാപിതാവും. പക്ഷേ അപ്രകാരം നേരിട്ട് സംബോധന ചെയ്യുക പതിവില്ല.

അമ്മായിയമ്മച്ചോർ: വിവാഹം കഴിഞ്ഞ് മണവാളന് ഭാര്യാമാതാവ് നൽകുന്ന വിഭവസമൃദ്ധമായ ആദ്യ ഭക്ഷണം.

അമ്മായിയമ്മപ്പോര്: പുത്രഭാര്യയും പുത്രമാതാവും തമ്മിലുണ്ടാവുന്ന ഐതിഹാസികമായ ശീതസമരം. പരസ്പരം ഇണങ്ങുന്നത് വരെ ഈ പോര് – ഒരർത്ഥത്തിൽ റാഗിങ് – തുടരും. ഇണങ്ങിയില്ലെങ്കിൽ മരണം വരെ. 'മറിയാമ്മ' നാടകത്തിലെ (രചന: കൊച്ചീപ്പൻ തരകൻ) പ്രമേയം അമ്മായിയമ്മപ്പോരാണ്.

അമ്മീറാ: പുളിപ്പുള്ള അപ്പം എന്നർത്ഥം. കുർബ്ബാന സ്ഥാപനത്തിലുപയോഗിച്ച ലഹമ്മോ – സാധാരണ അപ്പം – ആണ് ഈ പാരമ്പര്യം തുടരാനുള്ള ഹേതു. പുളിപ്പില്ലാത്ത അപ്പത്തെ 'പത്തീറ' എന്ന് പറയും. നമ്മുടെ പത്തിരി ഇതിന്റെ തൽഭവമാണ്.

അമാവാസി: ചന്ദ്രൻ പൂർണ്ണമായി മറയ്ക്കപ്പെടുന്ന ദിനം. അമാവാസിക്കുശേഷം 15–ാം ദിവസം പൂർണ്ണചന്ദ്രൻ ദൃശ്യമാവും. അമാവാസി ദിവസം 'ഒരിക്കൽ' മാത്രം അരിഭക്ഷണം കഴിക്കുന്നത് പുരാതന കേരളീയാചാരമാണ്.

അയ്യമ്പിള്ളി സെന്റ് ജോൺസ് പള്ളി: കൊച്ചി ഭദ്രാസനം. 1902 ഫെബ്രു. 15 ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II നൽകിയ കല്പനപ്രകാരം പരുമല മാർ ഗ്രീഗോറിയോസ് താല്ക്കാലിക ഷെഡിൽ കുർബ്ബാന അർപ്പിച്ചു. അബ്ദുള്ള II ബാവാ 1911 ജനു. 28 ന് ശിലയിട്ടു. 1962 ജനു. 28 ന് നാലും അഞ്ചും ത്രോണോസുകൾക്ക് ശിലയിട്ടു. 1962 ഏപ്രിൽ 29 ന് ഗീവറുഗീസ് II കാതോലിക്കാ താത്ക്കാലിക കൂദാശ നടത്തി. 1964 ജൂൺ 12 ന് യാക്കോബ് III ബാവ കൂദാശ ചെയ്തു. ജനു. 7–ന് പ്രധാന പെരുന്നാൾ.

അയിത്തം: അശുദ്ധം എന്ന പദത്തിന്റെ തൽഭവം. ജാതിവർണ്ണവ്യവസ്ഥ നിലവിലിരുന്ന സ്ഥലങ്ങളിൽ വർണ്ണങ്ങളുടെ തരഭേദമനുസരിച്ച് ജന്മസിദ്ധമായി അയിത്തം കല്പിച്ചു. അവർണ്ണരെ പൊതുവെ അയിത്തജാതിക്കാർ എന്നു വിളിച്ചുവന്നു. അയിത്തമുള്ളവർ മേൽജാതിക്കാരിൽ നിന്ന് നിശ്ചിതദൂരം മാറി നില്ക്കണം. ജാതി താഴും തോറും ദൂരവും കൂടും. ഋതുമതികളായ സ്ത്രീകൾക്കും പ്രസവിച്ച സ്ത്രീകൾക്കും അയിത്തം കല്

പിച്ചിരുന്നു. പ്രസവം കഴിഞ്ഞ സ്ത്രീ അശുദ്ധി തീരുവാൻ കുഞ്ഞുമായി ആദ്യം പള്ളിയിൽ വരുമ്പോൾ പള്ളിയ്ക്ക് പുറത്ത് പ്രവേശനകവാടത്തിൽ വച്ച് നടത്തുവാനായി സിറിയൻ നാടുകളിൽ ഒരു ശുശ്രൂഷ നടത്താറുണ്ട്. മലങ്കരയിലെ ചില പള്ളികളും പ്രസവസ്തോത്രം എന്ന പേരിൽ അതു നടത്താറുണ്ട്. ബൈബിളിന്റെ പ്രചാരവും ബ്രിട്ടീഷ് ഭരണവും വിദ്യാഭ്യാസവും കേരളത്തെ പ്രബുദ്ധമാക്കിയപ്പോൾ നവോത്ഥാന കേരളം പിറന്നു. ഇന്ന് അയിത്താചരണം നിയമവിരുദ്ധമാണ്.

അരക്കെട്ട്: അംശവസ്ത്രത്തിന്റെ ഭാഗമാണ് ഇടക്കെട്ട്. പട്ടാളക്കാർ, രാജാക്കന്മാർ തുടങ്ങിയവർക്ക് ഇത് യൂണിഫോമിന്റെ ഭാഗം. ലോഹം, തുകൽ, ചണം, തുണി, നൂൽ എന്നിവകൊണ്ട് അരക്കെട്ട് നിർമ്മിക്കാം. ഒരുങ്ങുക എന്ന് അരകെട്ടുക എന്ന ശൈലിക്കർത്ഥമാണ്. ശുശ്രൂഷക്കാർക്ക് അരകെട്ടുക നിർബന്ധമാണ്. ശെമ്മാശന്മാരുടെ ഊറാറ ഈ അർത്ഥത്തിൽ വികസിച്ചു വന്നതാണ്. ഉടുപ്പ് ധരിക്കുന്ന സ്ത്രീകൾ (ദൈവമാതാവിന്റെ സൂനോറോ - അരക്കച്ച - പ്രസിദ്ധം), വൈദികർ എന്നിവർ അരക്കെട്ട് ധരിക്കുന്നു. കളരിയിലേക്കുള്ള അഭ്യാസികൾ അരക്കച്ച മുറുക്കുന്നതും ഇതു തന്നെ.

അരപ്പള്ളി: വി. മാർത്തോമ്മായുടെ പേരിൽ അറിയപ്പെടുന്ന തിരുവിതാംകോട്ട് പള്ളിയെ അരപ്പള്ളി എന്ന് പറയാറുണ്ട്. തോമ്മാശ്ലീഹാ ഏഴര പള്ളികൾ സ്ഥാപിച്ചു എന്ന ഐതിഹ്യത്തിൽ നിന്നാണ് 'അരപ്പള്ളി' ഐതിഹ്യത്തിന്റെ പിറവി.

അരക്കുർബ്ബാന: 1836-ലെ മാവേലിക്കര സുന്നഹദോസിനു ശേഷം നവീകരണശ്രമങ്ങൾ പരാജയപ്പെട്ട ഒരു വിഭാഗം മിഷനറിമാരുടെ നേതൃത്വത്തിൽ 'കൊച്ചിൻ അവാർഡ്' പ്രകാരം പിരിഞ്ഞുപോയി എങ്കിലും അസംതൃപ്തരായ ഒരു നവീകരണവിഭാഗം സഭയിൽ തുടർന്നു. പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ നേതൃത്വത്തിൽ അവർ വി. കുർബ്ബാനയിലെ ചില പതിവുകൾ വെട്ടിക്കുറച്ച് കുർബ്ബാന ചൊല്ലുവാൻ തുടങ്ങി. വികൃതമാക്കപ്പെട്ട ഈ ആരാധന ചരിത്രത്തിൽ അരക്കുർബ്ബാന എന്ന പേരിൽ അറിയപ്പെടുന്നു.

അരമന: അരചമന എന്ന അർത്ഥത്തിൽ രാജഗൃഹങ്ങളെ ഈ പേരിൽ വ്യവഹരിച്ചു. മലങ്കരസഭയിൽ ഇപ്പോൾ മെത്രാസനഭവനങ്ങൾക്ക് ഈ പദം ഉപയോഗിക്കുന്നു. ഒരു തലമുറ മുമ്പുവരെ മെത്രാന്മാരുടെ വാസസ്ഥാനങ്ങൾ സെമിനാരികളും ദയറാകളും ആശ്രമങ്ങളും ആയിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ രാജാക്കന്മാരും അരമനകളും ഫ്യൂഡൽ പാരമ്പര്യങ്ങളും അസ്തമിച്ച് പഴങ്കഥകളായപ്പോൾ ക്രൈസ്തവസഭയിലേക്ക് അവ സംക്രമിച്ചിട്ടുണ്ട്. മെത്രാസനഭവനങ്ങളുടെ രൂപഭാവങ്ങളും ആശ്രമങ്ങളു

ടേതിൽ നിന്ന് വ്യത്യാസപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ദയറാകളും ദയറാക്കാരും ഏറിവരുന്നെങ്കിലും ദയറാസംസ്കാരം വിദൂരസ്ഥമായിക്കൊണ്ടിരിക്കുന്നതായി അനുഭവസ്ഥർ സാക്ഷിക്കുന്നു.

അരാമ്യഭാഷ: സുറിയപ്രദേശത്തിന്റെ പഴയപേർ അരാം. ഇവരുടെ ഭാഷ അരാമ്യഭാഷ. പാലസ്തീനിൽ പ്രചരിച്ചു. യേശുവും ശിഷ്യന്മാരും സംസാരിച്ചത് ഈ ഭാഷയാണ്. അരമായഭാഷ സുറിയാനിയുടെ ഒരു രൂപമാണ്. ക്രിസ്തുവിന്റെ കാലത്ത് എബ്രായഭാഷ മൃതഭാഷയായിരുന്നതിനാൽ എബ്രായ പഴയനിയമം അരമായയിലേക്ക് വിവർത്തനം ചെയ്തു വായിച്ചിരുന്നു.

അരിസ്റ്റോട്ടിൽ (ബി. സി. 384 – 322): ഗ്രീക്കു ദാർശനികൻ പ്ലേറ്റോയുടെ ശിഷ്യൻ. 335-ൽ ഏതൻസിലെ വിദ്യാപീഠം സ്ഥാപകൻ, അലക്സാണ്ടർ ചക്രവർത്തിയുടെ ഗുരു. ആത്മാവ് ശരീരത്തോടൊപ്പം നശിക്കുന്നുവെന്ന് പഠിപ്പിച്ചു. തർക്കശാസ്ത്രം, നീതിശാസ്ത്രം, രാഷ്ട്രതന്ത്രം, സാഹിത്യ തത്വശാസ്ത്രം ഇവയിൽ പ്രാമാണികഗ്രന്ഥങ്ങൾ എഴുതി. വസ്തുനിഷ്ഠവും നിർവചനപരവുമായ സ്വന്തം ദർശനം രൂപപ്പെടുത്തി. 322-ൽ യൂബിയാചാൽസിൽ വച്ച് അന്തരിച്ചു.

അരുളിക്കാ: സൂക്ഷ്മാർത്ഥത്തിൽ പറഞ്ഞാൽ തിരുശേഷിപ്പ് പേടകം. സുറിയാനിയിൽ ഗ്ലൂസ്ക്കോമെ എന്നു പറയുന്ന ഈ പേടകം പട്ടമേൽക്കുന്ന കശ്ശീശായെ സ്ഥാനചിഹ്നമായി ഏല്പിച്ചിരുന്നു. പള്ളിയിലെ വിശുദ്ധന്റെ തിരുശേഷിപ്പ് സൂക്ഷിക്കുന്ന ഈ പേടകം പള്ളിപ്രദക്ഷിണങ്ങൾക്കുപയോഗിച്ചിരുന്നു. ഉയിർപ്പു ശുശ്രൂഷയുടെ പ്രദക്ഷിണത്തിൽ ഇതുപയോഗിക്കുവാൻ ആണ്ടുതക്സായുടെ സുറിയാനി കുറിപ്പിൽ ഇപ്പോഴും നിർദ്ദേശിച്ചിട്ടുണ്ട്. ഇതാണ് 'ഐക്കൺ' ആയി കഴുത്തിലണിയുന്ന പാരമ്പര്യമായി മാറിയത്. ഈ പേടകം ഉയർത്തിയാണ് പെരുന്നാളിൽ പ്രദക്ഷിണം കഴിഞ്ഞ് കാർമ്മികൻ ജനങ്ങളെ ആശീർവദിക്കുന്നത്. കുർബ്ബാന സുരക്ഷിതമായി സൂക്ഷിക്കുവാനും യാത്രയായി കൊണ്ടുപോവാനും ഇത് ഉപയോഗിക്കുന്നു. സാധാരണയായി ത്രോണോസിൽ സൂക്ഷിക്കുന്നു. കോപ്റ്റിക് സഭയിൽ ഐക്കണുകൾ ശുദ്ധീകരിക്കുന്ന ശുശ്രൂഷാക്രമമുണ്ട്.

അർക്കദിയാക്കോൻ: മേല്പട്ടക്കാരന്റെ സഹായിയും വക്താവും മദ്ബഹായിലെ ക്രമീകരണചുമതലക്കാരനുമായി ശെമ്മാശന്മാരുടെ തലവൻ എന്നർത്ഥമുള്ള ഈ സ്ഥാനി ആരാധനയിൽ വലിയ പങ്കു വഹിച്ചിരുന്നു. ഇദ്ദേഹത്തിന്റെ പട്ടംകൊടയിൽ നൽകുന്ന അംശവടി അദ്ദേഹത്തിന്റെ മേലധികാരത്തെ സൂചിപ്പിക്കുന്നു. അർക്കദിയാക്കോന്റെ അംശവടിയെ ദുർബലമായെങ്കിലും ഓർമ്മിപ്പിക്കുവാനും സൂചിപ്പിക്കാനുമാണ്

ഇപ്പോൾ കശ്ശീശന്മാരും ശെമ്മാശന്മാരും മറ്റും ആരാധനയിലെ ആഹ്വാന ങ്ങളും മധ്യസ്ഥപ്രാർത്ഥനകളും മറ്റും നടത്തുമ്പോൾ മെത്രാന്റെ അംശ വടി കടമെടുത്തുപയോഗിക്കുന്നത്.

പട്ടംകൊട, പള്ളിക്കൂദാശ, മൂറോൻകൂദാശ തുടങ്ങിയ പ്രധാനശുശ്രൂ ഷകളിൽ ഇപ്പോഴും അർക്കദിയാക്കോൻ ചൊല്ലേണ്ടിയ ഭാഗങ്ങൾ കാണു ന്നുണ്ട്. സീനിയർ വൈദികർ അത് മേല്പ്പട്ടക്കാരന്റെ അംശവടി കടമെ ടുത്ത് പിടിച്ച് ചൊല്ലും.

മദ്ബഹായിലെ ഭരണം അദ്ദേഹത്തിനുള്ളതാണ്. കശ്ശീശന്മാരെ അവ രവരുടെ ഇരിപ്പിടങ്ങളിൽ മദ്ബഹായിൽ നിർദ്ദേശിച്ച് അവരെ ആസനസ്ഥ രാക്കുന്നതും മദ്ബഹായിൽ നടത്തേണ്ടിയ വായനകൾക്ക് അനുയോജ്യരെ ചുമതലപ്പെടുത്തുന്നതും അർക്കദിയാക്കോന്റെ ചുമതലയായി ഹൂദായ കാനോനിൽ വിവരിച്ചിട്ടുണ്ട്. നമ്മുടെ പട്ടംകൊട പുസ്തകത്തിൽ അർക്കദി യാക്കോന്റെ സ്ഥാനദാനക്രമം എടുത്ത് കളഞ്ഞിട്ടില്ല.

മലങ്കരസഭയിൽ ജാതിക്ക് കർത്തവ്യൻ എന്ന് കൂടെ വിളിക്കപ്പെട്ടിരുന്ന അർക്കദിയാക്കോൻ ഇന്നത്തെ മലങ്കര മെത്രാപ്പോലീത്തായ്ക്ക് സമാ ന്തരസ്ഥാനിയായ കശ്ശീശാ സ്ഥാനിയായിരുന്നു. ഉദയമ്പേരൂർ സിനഡിന്റെ കാലത്ത് ഗീവർഗ്ഗീസ് അർക്കദിയാക്കോനും പിന്നീട് ഒന്നാം മാർത്തോമ്മാ മെത്രാനായിത്തീർന്ന തോമ്മാ അർക്കദിയോക്കാനും അപ്രകാരം സമുദാ യത്തിന്റെ ആകമാന നേതാക്കൾ ആയിരുന്നു. അവർ സമുദായത്തെ പ്രതി നിധീകരിച്ച് രാജസദസ്സുകളിലും മറ്റും പങ്കെടുക്കും. ആത്മീയകാര്യങ്ങൾ അതത് പള്ളികളിലെ വൈദികരും അവരുടെ ആത്മീയനേതാവായ പേറെദ് യൂത്തായും ചേർന്ന് നിർവ്വഹിച്ചിരുന്നു. റോമ്മിലേക്ക് തോമ്മാ അർക്കദിയാ ക്കോൻ എഴുതിയ ഒരു കത്തിൽ, 'തോമ്മാ അർക്കദിയാക്കോൻ, ക്രിസ്തു വിന്റെ കശ്ശീശാ' എന്ന സ്ഥാനനാമം രേഖപ്പെടുത്തിയാണ് ഒപ്പിട്ടിരിക്കു ന്നത്. പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് പകലോമറ്റം വീട്ടുകാർ ഈ സ്ഥാനം വഹിച്ചിരുന്നതിനാൽ തുടർന്ന് അർക്കദിയാക്കോന്മാരും അതിന്റെ വികസിതരൂപമായ മാർത്തോമ്മാ മെത്രാന്മാരും 1816 വരെ ആ കുടുംബത്തിൽ നിന്നുള്ളവർ ആയിരുന്നു. 16-ാം നൂറ്റാണ്ടിലെ പ്രാമാണ്യം പരിഗണിച്ച് ഇവർ തോമ്മാശ്ലീഹായുടെ കാലം മുതൽ സഭാഭരണം കൈപ്പ റ്റിയിരുന്നു എന്ന് പറയുന്നത് ചരിത്രമല്ല, അത്യുക്തി ചേർന്ന ചരിത്രാഭാ സമാണ്.

അർക്കദിയാക്കോൻ, ഗീവറുഗ്ഗീസ്: മലങ്കരയിൽ 16-ാം നൂറ്റാണ്ടിൽ ഭരണം നടത്തിയ മാർ അബ്രഹാമിന്റെ കാലത്ത് ഇദ്ദേഹമായിരുന്നു അർ ക്കദിയാക്കോൻ. ആർച്ച്ബിഷപ്പ് മെനേസ്സിന് 1599-ൽ ഉദയംപേരൂർ സുന്നഹദോസ് വിളിച്ചുകൂട്ടിയതിൽ ഇദ്ദേഹം പങ്കെടുക്കുവാനും കാനോ

നാകളിൽ ഒപ്പിടുവാനും നിർബദ്ധനായി.

അർക്കദിയാക്കോൻ, തോമ്മാ: ഇദ്ദേഹം അർക്കദിയാക്കോൻ ഗീവർഗ്ഗീസിന് ശേഷം ആ പദവി വഹിച്ചു. ഇദ്ദേഹത്തിന്റെ കാലത്താണ് 'അഹത്തള്ളാ സംഭവം' ഉണ്ടായത്. ഇതിനെ തുടർന്ന് മട്ടാഞ്ചേരി കൽക്കുരിശിൽ ആലാത്തു കയറിൽ പിടിച്ച് റോമ്മിനെ പരിത്യജിക്കുന്ന കൂനൻകുരിശു സത്യത്തിന് ഇദ്ദേഹം നേതൃത്വം നൽകി. പിന്നീട് 1653-ൽത്തന്നെ ആലങ്ങാട്ട് വച്ച് ഇദ്ദേഹത്തെ അലക്സാന്ത്രിയൻ പൂർവ്വമാതൃകയിൽ 12 വൈദികർ ചേർന്ന് സഭയുടെ തീരുമാനപ്രകാരം കൈവച്ച് ഒന്നാം മാർത്തോമ്മാ എന്ന പേരിൽ അഭിഷേകം ചെയ്തു. പകലോമറ്റം തറവാട്ടുകാരനായ ഇദ്ദേഹമാണ് മലങ്കരസഭാചരിത്രത്തിലെ മലയാളിയായ ആദ്യത്തെ മെത്രാൻ. കൂടുതൽ വിവരങ്ങൾക്ക് '*മാർത്തോമ്മാ I*' എന്ന ശീർഷകം കാണുക.

അർണ്ണോസ് പാതിരി (1681-1732): ഹംഗറിക്കാരൻ മിഷണറി. കത്തോലിക്കാ വൈദികൻ. 1681-ൽ ജനനം. ജോൺ ഏർണസ്റ്റ് ഹാജ്സൽഡൺ എന്ന് മുഴുവൻ പേര്. ഏർണസ്റ്റിന്റെ തത്ഭവം അർണ്ണോസ്. 1701-ൽ ഗോവ, കൊടുങ്ങല്ലൂർ, കടുത്തുരുത്തി, ചേറ്റുവാ, മുട്ടം എന്നിവിടങ്ങളിൽ വേല ചെയ്തു. തൃശ്ശൂർ ജില്ലയിലെ വേലൂരിൽ ഒടുവിൽ താമസിച്ചു. കിളിപ്പാട്ടുരീതിയിൽ ചതുരന്ത്യം, പുത്തൻപാന, ഉമ്മാപർവം, വ്യാകുല പ്രബന്ധം എന്നീ കൃതികൾ അദ്ദേഹം രചിച്ചു. ആദ്യത്തെ മലയാള ഭാഷാ നിഘണ്ടു, ഗ്രന്ഥഭാഷയുടെ വ്യാകരണം എന്നിവ രചിച്ച ഇദ്ദേഹം മലയാളം, സംസ്കൃത ഭാഷകളിൽ അസാമാന്യ വ്യുല്പത്തി സമ്പാദിച്ചു. 1732-ൽ ദിവംഗതനായി.

അലക്സാണ്ടർ: 313 മുതൽ 328 വരെ അലക്സാന്ത്രിയൻ ബിഷപ്പ്. 12 പട്ടക്കാരുടെ കൗൺസിൽ ഇദ്ദേഹത്തെ മെത്രാനായി വാഴിച്ചു. നിഖ്യാസിനഡിൽ സംബന്ധിച്ചു. ഇദ്ദേഹത്തിന്റെ സിക്രട്ടറിയായിരുന്നു അത്താനാസ്യോസ് ശെമ്മാശൻ.

അർമ്മീനിയൻ സഭ: ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ ഒരു ദേശീയ ഓട്ടോസിഫാലസ് സഭ. ക്രിസ്തുമതം ഔദ്യോഗിക മതമായി പ്രഖ്യാപിച്ച ആദ്യ ലോകരാഷ്ട്രം (301) ഇതാണ്. തദ്ദായിയും, ബർത്തലോമ്യായും സഭാസ്ഥാപകരെന്ന് കരുതപ്പെടുന്നു. രണ്ട് സ്വതന്ത്രതലവന്മാരുടെ സ്വതന്ത്ര കാതോലിക്കേറ്റുകൾ. ഒന്ന് ലെബനോൻ ആസ്ഥാനമായ സിസിലെ കാതോലിക്കാ (1921). മറ്റൊന്ന് എച്ച്മിയാഡ്സെൻ കേന്ദ്രമായ കാതോലിക്കേറ്റ്. ഇദ്ദേഹത്തിന്റെ കീഴിൽ കോൺസ്റ്റാന്റിനോപ്പിളിലും യെരുശലേമിലും ഓരോ പാത്രിയർക്കേറ്റുണ്ട്. 2 കാതോലിക്കേറ്റിലും കൂടി 45 ലക്ഷത്തിലധികം അംഗങ്ങളുണ്ട്. മലങ്കരസഭയിൽ പല കാലങ്ങളിലായി വന്ന ചില വിദേശസഭാധ്യക്ഷന്മാർ അർമ്മീനിയൻ സഭാംഗങ്ങളാണ്. കേര

ളവുമായി നടന്നിരുന്ന വിദേശവ്യാപാരത്തിൽ സജീവപങ്കാളിത്തം വഹിച്ച അർമ്മീനിയൻ വ്യാപാരികൾ മൂലമാണ് ഇത് സാധ്യമായത്.

ഇവർ വി. കുർബ്ബാനയിൽ പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കുന്നു. വെള്ളം കലർത്താതെ വീഞ്ഞ് ഉപയോഗിക്കുന്നു. യേശുക്രിസ്തുവിന്റെ ജനനവും മാമ്മൂദീസായും ഒന്നിച്ച് ജനു 6 ന് ആഘോഷിക്കുന്നു. അർമ്മീനിയയിലെ വസ്ക്കൻ കാതോലിക്കാ 1963-ൽ മലങ്കരസഭ സന്ദർശിച്ചു.

അയിത്താലോഹോ: '*അഹത്തള്ള*' എന്ന ശീർഷകം കാണുക.

അരനാഴികനേരം (1): സുറിയാനി ക്രിസ്ത്യാനികളുടെ സാമൂഹ്യ ജീവിത പശ്ചാത്തലത്തിൽ പാറപ്പുറം (കെ. ഇ. മത്തായി) എഴുതിയ നോവൽ. പാപബോധവും അതിന്റെ പ്രത്യാഘാതങ്ങളുമാണ് പ്രമേയം.

അരനാഴികനേരം (2): മലയാള ചലച്ചിത്രം. പാറപ്പുറത്ത് രചിച്ച അരനാഴികനേരം എന്ന നോവലാണ് അവലംബം.

അൽബേസിലഹേം: ഉച്ച നമസ്ക്കാരം, യൽദാ, കഹനൈത്താ എന്നീ ക്രമങ്ങളിൽ കാണുന്ന ഒരു ഗാനം.

അൽമത്തി: ശെമ്മാശന്മാർ കറുത്ത കുപ്പായത്തിന് മീതെ ധരിക്കുന്ന ഒരു വിചിത്ര അംശവസ്ത്രം. ഗോഗുൽത്തായുടെ മുകളിൽ അണിയുന്ന വസ്ത്രത്തോട് ഇതിന് സാദൃശ്യമുണ്ട്. തൊഴിയൂർ സഭയിലും കുന്നംകുളം പ്രദേശത്തും ഇത് ഇപ്പോഴും അണിയുന്നുണ്ട്.

അൽ ശുബ്ക്കോനോ: വി. കുർബ്ബാനയിൽ കാർമ്മികൻ പടിഞ്ഞാറോട്ട് തിരിഞ്ഞ് കൈ മലർത്തി പ്രാർത്ഥനയ്ക്കായി നടത്തുന്ന അപേക്ഷയുടെ ആദ്യ ഭാഗം.

അൽ ശെമവൂൻ: സഭയുടെ അടിസ്ഥാന ഘടകങ്ങളെപ്പറ്റി വിവരിക്കുന്ന രാത്രി നമസ്ക്കാരത്തിലെ 'കുംപൗലൂസ്' രാഗത്തിലുള്ള ഒരു ഗാനം. ഈ ഗാനം കൈമുത്ത് ഗാനമായും ഉപയോഗിക്കുന്നു.

അലക്സാണ്ടർ വൈദ്യൻ, ഫാ.: തേവലക്കര വാഴയിൽ ഫാ. പി. കെ. മത്തായി വൈദ്യന്റെ മകൻ. ജനനം 22-1-1955. 25-8-1978 ൽ വൈദികൻ. കോറെപ്പിസ്ക്കോപ്പാ സ്ഥാനം ലഭിച്ച ഇദ്ദേഹം തിരുവനന്തപുരം, നാലാഞ്ചിറ, പേരൂർക്കട, കുമാരപുരം തുടങ്ങിയ ഇടവകകളിൽ വികാരി, ഭദ്രാസന ഓഫീസ് സിക്രട്ടറി, വൈദികയോഗം സെക്രട്ടറി, സഭാ മാനേജിംഗ് കമ്മറ്റിഅംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

അലക്സാണ്ടർ ഡി. കാമ്പോ: 1653-ലെ കൂനൻകുരിശുസത്യം കഴിഞ്ഞ് വാഴിക്കപ്പെട്ട ഒന്നാം മാർത്തോമ്മായുടെ നാല് വൈദിക ഉപദേഷ്

ടാക്കളിൽ ഒരാളായ പറമ്പിൽ ചാണ്ടിക്കത്തനാർ പിന്നീട് കത്തോലിക്കാ സഭയിൽ ചേർന്ന് സമാന്തര മെത്രാനായി. അദ്ദേഹം അലക്സാണ്ടർ ഡി. കാമ്പോ എന്ന പേരിൽ അറിയപ്പെടുന്നു.

അലക്സാണ്ടർ കെ. എം., ഫാ. (1925–1984): മാവേലിക്കര പുതിയകാവ് കെ. സി. മത്തായിയുടെ പുത്രൻ. ജനനം 27–8–1925. കൽക്കട്ടായിൽ നിന്ന് B. D. അമേരിക്കയിൽ നിന്ന് S. T. M. 15–5–1958 ന് വൈദികൻ. കൽക്കട്ട, താഴത്തങ്ങാടി, കാരാപ്പുഴ, മാന്നാർ, കുട്ടംപേരൂർ, വേങ്ങൽ, തിരുവല്ല എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു. വൈദികസെമിനാരിയിൽ (കോട്ടയം) വൈസ് പ്രിൻസിപ്പൽ, ധ്യാനപ്രസംഗകൻ, മാനേജിംഗ് കമ്മറ്റിയംഗം. 18–11–1984 ൽ അന്തരിച്ചു.

അലക്സാണ്ടർ പി. സി., ഡോ.: 20–3–1921 ന് മാവേലിക്കര പടിഞ്ഞാറേതലക്കൽ ജെയ്ക്കബ് ചെറിയാന്റെ പുത്രനായി ജനിച്ചു. M.A., M. Litt., D. Litt. എന്നീ ബിരുദങ്ങൾ നേടി. 1948 ൽ I.A.S. ൽ ചേർന്നു. ഭരണതന്ത്രജ്ഞൻ എന്ന നിലയിൽ ചെറുകിട വ്യവസായ വകുപ്പിൽ ഡവലപ്പ്മെന്റ് കമ്മീഷ്ണർ, വിദേശവ്യാപാര-വാണിജ്യ സെക്രട്ടറി, U. N. O. യിൽ അസി. സിക്രട്ടറി ജനറൽ, ഇന്റർനാഷണൽ ട്രേഡ് സെന്ററിന്റെ (ജനീവ) എക്സിക്യൂട്ടീവ് തലവൻ, പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പ്രിൻസിപ്പൽ സിക്രട്ടറി, രാജീവ് ഗാന്ധിയുടെ പ്രിൻസിപ്പൽ സിക്രട്ടറി, ബ്രിട്ടണിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ, മഹാരാഷ്ട്രാ ഗവർണർ എന്നീ നിലകളിൽ പ്രവർത്തിച്ചു. വാഗ്മിയും എഴുത്തുകാരനുമാണ്. ഇപ്പോൾ രാജ്യസഭാംഗം. 'ദി ഡച്ച് ഇൻ മലബാർ', ബുദ്ധിസ്റ്റ് ഇൻ കേരളാ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്സ് ഇൻ ഇന്ത്യ മുതലായ കൃതികൾ രചിച്ചു.

അലക്സാണ്ടർ, ജോസഫ് കെ.: നിരണം ഭദ്രാസനവികാരി ജനറൽ കണിയാന്ത്ര കെ. ജെ. അലക്സാണ്ടർ കോറെപ്പിസ്ക്കോപ്പായുടെ മകൻ. 25–11–1925 ൽ ജനിച്ചു. കോട്ടയം ഗവ. കോളേജ് പ്രിൻസിപ്പൽ, കോളിജിയേറ്റ് എജ്യുക്കേഷൻ ഡയറക്ടർ, ശാസ്ത്രഅക്കാദമി പ്രസിഡണ്ട്, വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡണ്ട്, കേരള യൂണിവേഴ്സിറ്റി സെനറ്റ് – സിൻഡിക്കേറ്റ് അംഗം, എം. ഡി. കോർപ്പറേറ്റ് ഗവേണിംഗ് ബോർഡ് അംഗം, കാതോലിക്കേറ്റ് ഡിഫൻസ് കൺവീനർ, സഭാ പ്ലാനിംഗ് കമ്മറ്റിഅംഗം, അസോസ്യേഷൻ ചീഫ് ഇലക്ഷൻ ഓഫീസർ, വിദ്യാർത്ഥിപ്രസ്ഥാനം ഓറിയന്റേഷൻ കോഴ്സിന്റെ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. സാമ്പത്തിക വിഷയങ്ങളിൽ പത്തോളം ഗ്രന്ഥങ്ങൾ രചിച്ചു. മലയാളത്തിലെ ആദ്യത്തെ ചരിത്രഗ്രന്ഥവും പ്രഥമ മലങ്കര സഭാചരിത്രഗ്രന്ഥവുമായ *നിരണം ഗ്രന്ഥവരി*യുടെ താളിയോലകൾ കണിയാന്ത്ര കുടുംബത്തിൽ നിന്ന് കണ്ടെടുക്കുകയും തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്ര

റിയിൽ കൊടുത്ത് അത് പകർത്തിയെഴുതിച്ചെടുക്കുകയും ചെയ്തത് ഇദ്ദേഹമാണ്.

അലക്സന്ത്രയോസ് മല്പാൻ (1865-1938): നിരണം മട്ടയ്ക്കൽ കുടുംബാംഗം. കോട്ടയം പഴയസെമിനാരിയിൽ മാനേജർ. വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്തൻ. കാതോലിക്കേറ്റിന്റെ കാവൽ ഭടൻ. സി. ജെ. കുര്യന്റെ ഗുണ്ടകളുടെ മർദ്ദനമേറ്റു. കുർബ്ബാന തക്സായും പ്രുമിയോനുകളും തർജ്ജിമ ചെയ്തു. 1938 ആഗസ്റ്റ് 29-ന് നിര്യാതനായി. നിരണം വലിയപള്ളിയിൽ കബറടക്കി.

അലക്സാണ്ടർ കാരയ്ക്കൽ, ഡോ.: വാഗ്മിയും സംഘാടകനും വിദ്യാഭ്യാസപ്രവർത്തകനുമായ ഇദ്ദേഹം കല്ലൂപ്പാറ ചക്കുംമൂട്ടിൽ മാത്തുള്ള കുരുവിളയുടെ പുത്രനായി ജനിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ പ്രൊഫസർ, കോട്ടയം ബസേലിയോസ് കോളജ് പ്രിൻസിപ്പൽ, കണ്ണൂർ സർവകലാശാല പ്രോ. വൈസ് ചാൻസിലർ, വൈസ് ചാൻസലർ എന്നീ പദവികൾ വഹിച്ച അദ്ദേഹം മലങ്കര അസോസ്യേഷൻ സെക്രട്ടറിയായി പ്രവർത്തിച്ചു (2002-2007). രാജ്യാന്തര തലത്തിലുള്ള നിരവധി പുരസ്ക്കാരങ്ങൾ ചരിത്രകാരനായ ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ *സഭാ വത്സലൻ* എന്ന പദവി നൽകി ആദരിച്ചിട്ടുണ്ട്. 1969 മുതൽ സഭാ മാനേജിംഗ് കമ്മിറ്റിയംഗം.

അലക്സാണ്ട്രിയ: ഈജിപ്തിന്റെ തലസ്ഥാനം. ബി. സി. 332-ൽ അലക്സാണ്ടർ സ്ഥാപിച്ചു. പ്രധാന തുറമുഖം. ഇന്ത്യൻ വിദേശ വാണിജ്യത്തിന്റെ കേന്ദ്ര തുറമുഖം ഇതായിരുന്നു. അലക്സാണ്ട്രിയൻ സംസ്ക്കാരം കേരളത്തിലും കേരളത്തിലെ ബുദ്ധമത സംസ്ക്കാരം അലക്സാണ്ട്രിയാ വഴി പടിഞ്ഞാറൻ രാജ്യങ്ങളിലും വ്യാപിക്കുവാൻ ഈ വിദേശ വ്യാപാരം ബി. സി. നൂറ്റാണ്ടുകൾ മുതൽ കാരണമായി. പൗരസ്ത്യ പാശ്ചാത്യ സംസ്കാര സംഗമ ഭൂമിയായി, കോസ്മോപോളിറ്റൻ സമൂഹം - ഇവിടെ നിവസിച്ചു. ഇവിടത്തെ ലൈബ്രറിയും മ്യൂസിയവും വിശ്വപ്രസിദ്ധമായിരുന്നു. തത്വചിന്തകനായ ഫൈലോ ഇവിടെ ജീവിച്ചു. റോം കഴിഞ്ഞാൽ സാമ്രാജ്യത്തിൽ രണ്ടാം സ്ഥാനം അലക്സാണ്ട്രിയക്കായിരുന്നു.

അലക്സാണ്ട്രിയൻ പാപ്പാ: അലക്സാന്ത്രിയായിലെ പാത്രിയർക്കീസ് പാപ്പാ എന്ന് വിളിക്കപ്പെടുന്നു.

അലക്സാണ്ട്രിയൻ സഭ: അറിയിപ്പുകാരനായ മാർക്കോസിന്റെ പേരിൽ സഭാസിംഹാസനം അറിയപ്പെടുന്നു. അലക്സാണ്ട്രിയൻ വൈദിക കലാലയം വിശ്വപ്രസിദ്ധം. ഇതിന്റെ ഉപാധ്യക്ഷൻ പാന്റീനസ് എ. ഡി. 190-ൽ മലങ്കരസഭയുടെ ക്ഷണപ്രകാരം ഇവിടം സന്ദർശിച്ചു. വിദേശവാ

ണിജ്യം പൊന്നാനി – അലക്സാണ്ട്രിയാ തുറമുഖങ്ങൾ വഴിയായതിനാൽ മലങ്കരസഭയുടെ ആദ്യകാല ബന്ധങ്ങൾ അലക്സാണ്ട്രിയായുമായിട്ടായിരുന്നു. സെന്റ് തോമസ് കേരളത്തിലെത്തിയതും ഈ വാണിജ്യമാർഗ്ഗത്തിലൂടെയാണ്. പൊന്നാനിക്കടുത്തുള്ള പാലൂരിലാണല്ലോ അദ്ദേഹം ആദ്യത്തെ ഭാരതീയ ദേവാലയം സ്ഥാപിച്ചത്. കൽകിദൂൻ വിശ്വാസത്തെ എതിർത്ത സഭ ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ ഒരു പാത്രിയർക്കേറ്റാണ്. ഇദ്ദേഹം പോപ്പ് എന്ന് വിളിക്കപ്പെടുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബത്തിൽ ഒന്നാം സ്ഥാനം ഈ സഭയ്ക്കുണ്ട്.

അലക്സാണ്ട്രിയൻ കൈവെപ്പ്: എ. ഡി. 4–ാം നൂറ്റാണ്ടു വരെയും അലക്സാണ്ട്രിയൻ സഭയിൽ പട്ടക്കാരെയും മെത്രാന്മാരെയും വാഴിക്കുന്ന കൈവെപ്പുശുശ്രൂഷ നടത്തിയിരുന്നത് തെരഞ്ഞെടുക്കപ്പെട്ട് നിയമിക്കപ്പെട്ട 12 പട്ടക്കാരുടെ പ്രിസ്ബിറ്ററിയൻ കൗൺസിലാണ്. ബിഷപ്പിനെ ആവശ്യമായി വരുമ്പോൾ കൗൺസിലിലെ ഒരാളെ തെരഞ്ഞെടുത്ത് ശേഷം 11 പേർ ചേർന്ന് മെത്രാനായി വാഴിക്കും. പുതിയ മെത്രാൻ ഒരാളെ തെരഞ്ഞെടുത്ത് പട്ടംകൊടുത്ത് കൗൺസിലിന്റെ അംഗസംഖ്യ 12 തന്നെയായി നിജപ്പെടുത്തും. ആദിമസഭയിൽ നിലവിലിരുന്ന ഈ പൗരോഹിത്യദാന സമ്പ്രദായം നിഖ്യാ സുന്നഹദോസിൽ വച്ചാണ് ഭേദപ്പെടുത്തിയത്. ആദിമ ശതകങ്ങളിൽ അലക്സാണ്ട്രിയൻ സഭയുടെ പാരമ്പര്യങ്ങളും പഠിപ്പിക്കലുകളുമായി ഉറ്റബന്ധം പുലർത്തിയിരുന്ന മലങ്കരസഭയിലും പട്ടക്കാരുടെ സംഘം പട്ടക്കാരെ വാഴിച്ചുവന്നതിനാലാണ് മെത്രാന്മാരെപ്പറ്റി അക്കാലങ്ങളിൽ പരാമർശമില്ലാത്തത്. 12 വൈദികർ ചേർന്ന് മെത്രാനെ വാഴിക്കാൻ 1653–ൽ അഹത്തള്ളാ നിർദ്ദേശിച്ചതും ഒന്നാം മാർത്തോമ്മായെ 12 പട്ടക്കാർ ചേർന്ന് വാഴിച്ചതും ഈ അലക്സാണ്ട്രിയൻ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. കൂനൻകുരിശിന് മുമ്പ് തന്നെ മലങ്കരസഭ സഹായാഭ്യർത്ഥനയുമായി അലക്സാണ്ട്രിയൻ സഭാധികൃതരെ കത്ത് മൂലവും ദൂതൻ മൂലവും ബന്ധപ്പെട്ടിരുന്നതിന് സമകാലരേഖകളുടെ പിന്തുണയുണ്ട്. സവിശേഷമായ അലക്സാണ്ട്രിയൻ കൈവെപ്പ് ചരിത്രപരമായ യാഥാർത്ഥ്യമെന്ന് തെളിയിക്കുന്ന നിരവധി രേഖകൾ മലയാളത്തിലും ഇംഗ്ലീഷിലും ഇന്ന് ലഭ്യമാണ്.

അലക്സാണ്ട്രിയൻ പട്ടംകൊട: ഇന്നത്തെ രൂപത്തിൽ ത്രിവിധ വൈദികസ്ഥാനങ്ങൾ ആദിമസഭയിൽ ഓരോ കാലത്തും ഓരോ സ്ഥലത്തും വികസിച്ചുവന്നവയാണ്. 'കഹനൂസാ' ആണ് നൽവരം. ഈ നൽവരം പട്ടംകൊടയിൽ ലഭിക്കുന്നു. കശ്ശീശാ, എപ്പിസ്ക്കോപ്പാ എന്നിവ തസ്തികാനാമങ്ങളും അധികാര ദൂരപരിധിയുടെ വിഷയങ്ങളും ആയിരുന്നു. അപ്പോസ്തോല പ്രവൃത്തികളിൽ ഇവ പര്യായപദമായി ഉപയോഗിച്ചിട്ടുണ്ട്. തസ്തികാനാമം വ്യത്യസ്തമാണെങ്കിലും നൽവരം ഒന്നു തന്നെ

യായിരുന്നു. നിഖ്യായിൽ വച്ച് ഈ സ്ഥാനങ്ങളുടെ ചുമതലകൾ വ്യവസ്ഥ ചെയ്തു. എന്നിരുന്നാലും വിശാലമായ അർത്ഥത്തിൽ സഭാഐക്യം എന്ന ആശയം ചർച്ച ചെയ്യുമ്പോൾ അലക്സാണ്ട്രിയൻ സഭയിലും ഇന്ത്യൻ സഭയിലും നിലവിലിരുന്നിരുന്ന ശ്ലൈഹിക പട്ടംകൊടയുടെ ശൈലി മനസി ലുണ്ടായിരിക്കുന്നത് ഐക്യചർച്ചകളെ ശക്തിപ്പെടുത്താതിരിക്കുകയില്ല.

അലക്സാണ്ട്രിയൻ ദൈവശാസ്ത്രം: ക്ലിമ്മീസ്, ഒറിഗൻ, അത്താ നാസ്യോസ്, അലക്സാണ്ട്രിയായിലെ കൂറിലോസ്, അലക്സാണ്ട്രിയാ യിലെ ദീയസ്ക്കോറോസ് ഇവരാണ് അലക്സാണ്ട്രിയൻ ദൈവശാസ് ത്രത്തിന്റെ മുഖ്യവക്താക്കൾ. പ്ലേറ്റോണിക് വീക്ഷണമാണിവയുടെ ദാർശനിക പശ്ചാത്തലം. വചനം ജഡമായിത്തീർന്നു എന്ന തത്വം അവർ സമർത്ഥമായി വ്യാഖ്യാനിച്ചു. ദൈവത്വവും, മനുഷ്യത്വവും സമ്പൂർണ്ണത യിൽ യേശുവിൽ ഒന്നിച്ചു എന്ന് ഇവർ അവകാശപ്പെട്ടു. ഈ സംയോജന ത്തിന്റെ ഫലമായി ഏക ആളത്വമായി യേശു ജീവിച്ചു. അന്ത്യോഖ്യൻ ദൈവശാസ്ത്രം രണ്ടു സ്വഭാവമായി ക്രിസ്തു സ്ഥിതിചെയ്തു എന്ന് വാ ദിച്ചപ്പോൾ രണ്ടു സ്വഭാവങ്ങൾ തമ്മിൽ ആളത്വപരവും ആന്തരീയവുമായ യോജിപ്പുണ്ടായതിനാൽ യേശുക്രിസ്തു ജഡധാരണം ചെയ്ത വചനമായ ദൈവത്തിന്റെ ഏക സ്വഭാവം ആകുന്നു എന്ന് ഇവർ സിദ്ധാന്തിച്ചു.

അലിഗറി: പ്രതീകങ്ങളോ, ദൃഷ്ടാന്തങ്ങളോ, രൂപകങ്ങളോ ഉപയോ ഗിച്ച് ഒരു സംഭവത്തെയോ, സന്ദേശത്തെയോ ആവിഷ്ക്കരിക്കുന്ന രചനാ സങ്കേതത്തെ അലിഗറി എന്ന് പറയും. മാലോപമ, മാലാരൂപകം എന്നിവ യുടെ സംഘാതമായിരിക്കും ഇത്. മുടിയനായ പുത്രൻ, നല്ല ശമരിയാക്കാ രൻ എന്നീ ഉപമകളും ഉത്തമഗീതവും അലിഗറിയുടെ മികച്ച ഉദാഹരണ ങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

അൽമായർ: അവൈദികർ ഈ പേരിൽ (ഒൽമൊ = ലോകം) വിളി ക്കപ്പെടുന്നു. പ്രൊട്ടസ്റ്റണ്ട് സഭകളിൽ ഭരണകാര്യങ്ങളിൽ സിംഹഭാഗവും നിർണ്ണയിക്കുന്നത് ഇവരാണ്. കത്തോലിക്കാസഭയിൽ ഇർക്ക് നിർണ്ണായക സ്ഥാനങ്ങളില്ല. ഓർത്തഡോക്സ് സഭയിൽ അൽമായ വ്യക്തികൾക്കും അവർക്ക് ഭൂരിപക്ഷമുള്ള സമിതികൾക്കും നിർണ്ണായക പ്രാധാന്യമുണ്ട്. അൽമായർക്ക് മഹാഭൂരിപക്ഷമുള്ള സമിതികളാണ് ഇടവക – മെത്രാസന – കേന്ദ്രതലത്തിലെ എല്ലാ പ്രധാനകാര്യങ്ങളും നിശ്ചയിക്കുന്നത്. ഫെയ്ത്ത്, ഓർഡർ, ഡിസിപ്ലിൻ എന്നിവ മാത്രം പുരോഹിത സമിതി കളിൽ നിക്ഷിപ്തമാണ്. എല്ലാ മെത്രാൻ സ്ഥാനികളേയും തെരഞ്ഞെ ടുക്കുന്നത് സഭ മുഴുവനും ചേർന്നിട്ടാണ്. പണ്ടും വികാരിയുടെ അദ്ധ്യ ക്ഷതയിൽ പള്ളിയോഗമാണ് ഇടവകയുടെ എല്ലാ കാര്യങ്ങളും നിശ്ചയിച്ചിരുന്നത്. 1934-ൽ സഭാഭരണഘടന രൂപംകൊണ്ടപ്പോൾ അൽ

മായരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അവരിൽ കുട്ടികൾ, യുവാക്കൾ, യുവതികൾ, വിദ്യാർത്ഥികൾ തുടങ്ങിയവർക്കൊക്കെ ആത്മീയ സംഘടനകൾ ഉണ്ട്. അവർക്ക് വേദശാസ്ത്രാദ്ധ്യാപനം നല്കുവാൻ *ദിവ്യബോധനം* പദ്ധതിയുണ്ട്. മഹാജനസഭ അൽമായ സംഘടനയായിരുന്നു. മലങ്കരസഭയുടെ പാർലമെണ്ടായ അസോസ്യേഷനിൽ 60% അംഗങ്ങളിലധികം അൽമായക്കാർ ആണ്.

അവതാരം: അദൃശ്യനായ ദൈവം ദൃശ്യരൂപത്തിൽ ഭൂമിയിൽ കാണപ്പെടുന്നതിനെയാണ് അവതാരം എന്ന് പറയുന്നത്. വൈഷ്ണവ മതത്തിലെ ദശാവതാരകഥ ഓർക്കുക. അവതാരത്തിന് അവിടെ മനുഷ്യരൂപം അനിവാര്യമല്ല. ഒറ്റ പ്രവൃത്തി പോലും അവതാരകൃത്യമായി ഭാഗവതം വാഴ്ത്തിയിട്ടുണ്ട്. ഒരിക്കലായി ദൈവം പ്രകൃത്യാതീതമായി സ്ത്രീയിൽ മനുഷ്യനായി പിറന്നു എന്ന ക്രിസ്തുമനുഷ്യാവതാര യാഥാർത്ഥ്യം അനന്യമാണ്. ക്രിസ്തുവിന്റെ അവതാരദൗത്യം കാലദേശാതീതമായി സഭയിലൂടെ തുടരുന്നതിനാൽ സഭയെ ക്രിസ്തുവിന്റെ ശരീരമായ ദൈവരാജ്യസാന്നിധ്യമായി വിശേഷിപ്പിക്കാറുണ്ട്.

അവ്പ്പത്യക്കിനോ: സബ്ഡീക്കൺ. ഹൂഫോദിയാക്കോൻ എന്ന ഗ്രീക്കു പദത്തിന് 'പൂർണ്ണ ശെമ്മാശന് താഴെ' എന്നർത്ഥം. മ്സമ്റോനോ, കോറൂയോ, അവ്പ്പത്യക്കിനോ, ശെംശോനോ എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം മൂന്ന്, നാല്, അഞ്ച്, ആറ് പട്ടങ്ങൾ എന്ന് പറയാറുണ്ട്. ഓരോ സ്ഥാനവും ഊറാറ കെട്ടുന്ന വിധത്തിൽ നിന്ന് തിരിച്ചറിയാം. ഈ സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് മദ്ബഹായ്ക്ക് താഴെയാണ് വർത്തനരംഗം. ആറാം പട്ടം മുതലേ അവർക്ക് മദ്ബഹായിൽ ചുമതലയുള്ളു. മൂന്നാം പട്ടക്കാരന് പാട്ടിന്റെ ചുമതലയാണ് (സങ്കീർത്തനപുസ്തകം സ്ഥാനചിഹ്നം), നാലാം പട്ടക്കാരന് വായനച്ചുമതല (ഏവൻഗേലിയോൻ ഒഴിച്ചുള്ള വേദപുസ്തകം സ്ഥാനചിഹ്നം), അഞ്ചാം പട്ടക്കാരന് വാതിൽകാവൽ ചുമതല (മെഴുകുതിരി സ്ഥാനചിഹ്നം). ഈ സ്ഥാനികൾക്ക് മുട്ടുകുത്തി നിന്ന് സ്ഥാനം പ്രാപിക്കേണ്ടതില്ല. അനുവാദസ്ഥാനങ്ങൾ ആണ്. പണ്ട് ഈ സ്ഥാനം കോറെപ്പിസ്ക്കോപ്പായും നൽകിയിരുന്നു. ഇവർക്ക് അമാലോഗിയാ വായനയോ തൊപ്പിയോ ശുശ്രൂഷാക്കുപ്പായം പോലുമോ താത്വികമായി ഇല്ല. മദ്ബഹായിൽ പ്രവേശനവും ഇല്ല. എന്നാൽ പ്രയോഗത്തിൽ പലതും വ്യത്യാസപ്പെട്ടിരിക്കുന്നു. ഊറാറ മാറിലൂടെ ചുറ്റി ഇടത്തേതോളിലൂടെ അതിന്റെ രണ്ട് അറ്റങ്ങൾ മുമ്പോട്ടും പിമ്പോട്ടുമായി ധരിക്കുന്നു.

അശ്രുധാര: കുന്നംകുളം എം. ജെ. ഡി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തുമ്പമൺ ഫാ. റ്റി. കെ. തോമസിന്റെ അകാല ചരമത്തിൽ ദുഃഖിച്ച് മഹാകവി ജോസഫ് ചെറുവത്തൂർ 1941-ൽ എഴുതി പ്രസിദ്ധീകരിച്ച വിലാപകാവ്യം.

അസീറിയൻ സഭ: കിഴക്കിന്റെ സഭ, പേർഷ്യൻസഭ എന്നീ പേരുകളിൽ അറിയപ്പെടുന്നു. ആദായിയും ശിഷ്യൻ മാറിയുമാണ് സഭയുടെ സ്ഥാപകർ. പലപ്പോഴും പീഡനങ്ങൾ സഹിച്ചു. 291-ൽ സെലൂക്യ ടെസിഫോണിൽ മേല്പട്ടക്കാരനായ പാപ്പാ ബാർ ആഗായി പേർഷ്യൻ സഭയുടെ തലവൻ സ്ഥാനം അവകാശപ്പെട്ടു. 410-ൽ സെലൂക്യയിലും 424-ൽ മർക്കബ്ത്തായിലും ചേർന്ന സിന്നഡുകൾ ഇദ്ദേഹത്തെ കാതോലിക്കാ എന്ന് വിളിച്ചു. 486-ൽ കാതോലിക്കാ നെസ്തോർ വിശ്വാസം സ്വീകരിച്ചു. പിന്നീട് ഇവർ നെസ്തോറിയർ എന്നറിയപ്പെട്ടു. 5-ാം നൂറ്റാണ്ടു മുതൽ മലങ്കരസഭയ്ക്ക് ഈ സഭയുമായി ബന്ധമുണ്ടായി. ഈ സഭയുടെ ഒരു ശാഖ ഇപ്പോൾ തൃശ്ശൂരിലുണ്ട്. അസീറിയൻ സഭയുടെ കാതോലിക്കേറ്റ് പില്ക്കാലത്ത് പാത്രിയർക്കേറ്റായി പ്രഖ്യാപിക്കപ്പെട്ടു.

അസ്ഥിക്കുഴി: പുതിയ മൃതശരീരം സംസ്ക്കരിക്കുവാൻ കുഴിയെടുക്കുമ്പോൾ ലഭിക്കുന്ന മനുഷ്യാസ്ഥികളും മറ്റും നിക്ഷേപിക്കുന്ന കിണർ. പ്രാചീന ദേവാലയങ്ങളിലെ ശ്മശാനങ്ങളിൽ ഇവ ഇപ്പോഴും കാണാം.

അഹത്തള്ളാ: 1653-ലെ കൂനൻകുരിശു പ്രതിജ്ഞയ്ക്കു മുമ്പ് പൗരസ്ത്യമേല്പട്ടക്കാർക്കായി മലങ്കരസഭ പൗരസ്ത്യ സഭാകേന്ദ്രങ്ങളിലേക്ക് കത്തുകളും, ദൂതന്മാരെയും അയച്ചു. അതിന് പ്രതികരണമായി വന്ന പൗരസ്ത്യമെത്രാനാണ് അഹത്തള്ളാ. ഇദ്ദേഹത്തിന്റെ കത്തിൽ നിന്ന് ഇദ്ദേഹത്തെ ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസായി അലക്സാണ്ട്രിയായിലെ പാപ്പാ അയച്ചതാണെന്ന് മനസ്സിലാകും. ഇദ്ദേഹത്തെ മൈലാപ്പൂരിലെ പോർച്ചുഗീസ് അധികാരികൾ ബന്ധനസ്ഥനാക്കി. തോമ്മാശ്ലീഹായുടെ കബറിടം സന്ദർശിക്കാനെത്തിയ രണ്ടു ശെമ്മാശന്മാർ വശം ഇദ്ദേഹം വിവരം കൊച്ചിയിലറിയിച്ചു. കൊച്ചികടൽ വഴി പോർച്ചുഗീസ് സങ്കേതത്തിലേക്ക് കൊണ്ടുപോയ അഹത്തള്ളായെ മോചിപ്പിക്കുവാൻ മലങ്കരസഭ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. ഈ പോരാട്ടത്തിൽ അഹത്തള്ളായെ കായലിൽ മുക്കിത്താഴ്ത്തിക്കൊന്നതായി വാർത്ത പ്രചരിച്ചു. ആരും അദ്ദേഹത്തെ പിന്നീട് കണ്ടിട്ടില്ല. ഈ ദാരുണസംഭവം നടന്നതിന്റെ പ്രതിഷേധമായിട്ടാണ് മട്ടാഞ്ചേരിയിലെ കൽക്കുരിശിൽ ആലാത്തുകയർകെട്ടി സുറിയാനിക്കാർ കൂനൻകുരിശു പ്രതിജ്ഞ പ്രഖ്യാപിച്ചത്. അഗാത്തെയൂസ് എന്ന് സ്വന്തം നാമം എഴുതിയ ഈ അലക്സാന്ത്രിയൻ മേലദ്ധ്യക്ഷന്റെ കത്തിലെ നിർദ്ദേശപ്രകാരമാണ് അലക്സാന്ത്രിയൻ സഭയിലെ പ്രാചീന ശൈലിയെ അനുസ്മരിപ്പിക്കുമാറ് പന്ത്രണ്ട് പട്ടക്കാർ ചേർന്ന് കൈ വച്ച് തോമ്മാ അർക്കദിയാക്കോനെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ മെത്രാനായി വാഴിച്ചത്.

അഹറോൻ: മോശയോടൊപ്പം ദൈവം വിളിച്ച് വേർതിരിച്ച ആദ്യ

മഹാപുരോഹിതൻ. ലേവിഗോത്രത്തിൽ അമ്രാം - യോഖബേദ് ദമ്പതികളുടെ പുത്രൻ, മോശയുടെ ജ്യേഷ്ഠൻ, മോശയുടെ വക്താവ്. അഹറോനും മക്കൾക്കുമായി പൗരോഹിത്യവും സ്ഥാനവസ്ത്രവും നൽകി. ക്രിസ്തുവിലെ പുരോഹിതന്റെ നിഴലായി അഹറോനെ വീക്ഷിക്കാം. ബലിയുടെ ചരിത്രത്തിൽ അപൂർണ്ണതയുടെ നാഴികക്കല്ലായി അഹറോനെയും രക്തരഹിതബലി എന്ന പൂർണ്ണതയുടെ ലക്ഷ്യസ്ഥാനമായി ക്രിസ്തുവിനെയും ചിത്രീകരിക്കാം.

അൾത്താര: ബലിപീഠം. '*ത്രോണോസ്*' എന്ന ശീർഷകം കാണുക.

അഴിക്കകം: മദ്ബഹായ്ക്ക് താഴെ അഴിയിട്ട് വേർതിരിച്ച സ്ഥലം. ഇവിടെ പ്രാർത്ഥനകൾ നടത്തുന്നു. മാമ്മൂദീസായും വിവാഹവും ഇവിടെ വച്ച് നടത്തുന്നു. വായനക്കാരും പാട്ടുകാരും താഴ്ന്ന ശെമ്മാശന്മാരും നില്ക്കാൻ ഉദ്ദേശിക്കപ്പെട്ട സ്ഥലം. മദ്ബഹാ അതിവിശുദ്ധ സ്ഥലമെങ്കിൽ ഇത് വിശുദ്ധ സ്ഥലമെന്ന് വിശേഷിപ്പിക്കാം.

അഴിപ്പുര: പരുമലയിൽ 1873 മുതൽ ചാത്തുരുത്തി മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി) ശെമ്മാശന്മാരെ പഠിപ്പിച്ചിരുന്ന ചെറിയ കെട്ടിടം. 1990-കളിലാണ് കെട്ടിടം പൊളിച്ചു കളഞ്ഞത്.

അറബിക്കാനോൻ: നിഖ്യാ സുന്നഹദോസിന്റേത് എന്ന് വിശേഷിപ്പിച്ച് 9-ാം നൂറ്റാണ്ടിൽ അലക്സാന്ത്രിയാ, അന്ത്യോഖ്യാ എന്നീ പാത്രിയർക്കാകേന്ദ്രങ്ങൾക്ക് അധികാരം നൽകുന്നതായി എഴുതിയുണ്ടാക്കി പൗരസ്ത്യനാടുകളിൽ പ്രചരിപ്പിച്ച നിയമാവലി. നിഖ്യായുടെ കാനോനുകൾ 20 എണ്ണമാണ്.

അറബി-സൂറിയാനി കർസോനി: സുറിയാനി ലിപികൾ ഉപയോഗിച്ച് അറബി ഭാഷ എഴുതുന്ന രീതി. അറബിക് ഗാർസുനി എന്ന് പറയും. ഗർശോൻ കണ്ടുപിടിച്ചതിനാൽ ഗാർസുനി. അതിന്റെ തത്ഭവം കർസോനി.

അറിയിപ്പുകാർ: യേശു എഴുപത് പേരെ പ്രേഷിത പ്രവർത്തനങ്ങൾക്കായി അയച്ചു. ഇസ്രായേലിന് പുറത്താണ് ഇവരുടെ ദൗത്യം. മാർക്കോസും ലൂക്കോസും ചേർന്നാൽ എഴുപത്തിരണ്ട് ആയി.

അറിയോസ്: 4-ാം നൂറ്റാണ്ടിൽ അലക്സാന്ത്രിയായിലെ പട്ടക്കാരൻ. യേശു പിതാവിനോട് സമൻ അല്ല എന്ന് പഠിപ്പിച്ചു. വചനം സൃഷ്ടിയാണ്, അതില്ലാത്ത ഒരു കാലം പിതാവിനുണ്ടായിരുന്നു, വചനം പരിശുദ്ധാത്മാവിനെ സൃഷ്ടിച്ചു എന്നൊക്കെ പഠിപ്പിച്ചു. ഇതിന്റെ ആവർത്തനമാണ് യഹോവാ സാക്ഷികളുടെ ഉപദേശം.

എ. ഡി. 325-ൽ കൂടിയ നിഖ്യാ സിനഡ് ഈ ഉപദേശത്തെ തിരസ്ക്ക

രിച്ചു. പുത്രൻ പിതാവിനോടു സമത്വമുള്ളവൻ എന്ന അത്താനാസ്യോസിന്റെ വാദം അംഗീകരിച്ചു.

അറിവാസ്: പൗരസ്ത്യ ബിഷപ്പുമാരെ കേരളത്തിലേക്ക് കൊണ്ടുവരുവാൻ മുളന്തുരുത്തിപ്പള്ളിക്കാർ മുഖേന മലങ്കരസഭ ഏർപ്പാടാക്കിയ അർമ്മീനിയൻ വ്യാപാരികളിലൊരാൾ. ഇവരാണ് 1685-ലെ മാർ യെൽദൊ മഫ്രിയാനയെയും മാർ ഈവാനിയോസിനെയും കൊണ്ടുവന്നത്. പ്രതിഫലം യഥാസമയം കൊടുക്കാഞ്ഞതിൽ കോപിച്ച് ഈ വ്യാപാരികൾ മുളന്തുരുത്തിപ്പള്ളിയിൽ നിന്ന് മാർ ഈവാനിയോസിനെ ഇറക്കിക്കൊണ്ടുപോയെങ്കിലും കളപ്പുരയ്ക്കൽ ചാക്കോകത്തനാരുടെ സന്ദർഭോചിതമായ ഇടപെടൽ മൂലം മാർ ഈവാനിയോസിനെ മോചിപ്പിക്കുവാനും കരാറു പറഞ്ഞ തുക പെട്ടെന്നുണ്ടാക്കികൊടുക്കുവാനും കഴിഞ്ഞു. മുളന്തുരുത്തി പള്ളിയിൽ സൂക്ഷിച്ചിരുന്ന ഒരു പ്രാർത്ഥനാപുസ്തകത്തിന്റെ ആമുഖ പേജുകളിൽ കുറിച്ചുവച്ചിരുന്ന ഈ സമകാല സാക്ഷ്യം ഫാ. ഡോ. ജോസഫ് ചീരന്റെ ഗവേഷണങ്ങൾക്കിടയിൽ കണ്ടെടുത്ത് പ്രസിദ്ധീകരിക്കപ്പെട്ടു. അറിവാസും കുത്തന്തീനും എന്നാണ് കുറിപ്പിൽ അർമ്മീനിയൻ വ്യാപാരികളുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുള്ളത്.

അറേബ്യൻ ക്രിസ്ത്യാനികൾ: റോമ്മാ, പേർഷ്യൻ സാമ്രാജ്യങ്ങളുടെ അതിർത്തിപ്രദേശങ്ങളിൽ താമസിക്കുന്നവർ. 584- ൽ ഈ വിഭാഗം ഇല്ലാതെയായി.

ആ

ആകൽകറുസാ: വഴക്കു തിന്നുന്നവൻ, വഴക്കാളി എന്ന് ഈ സുറിയാനി പദങ്ങൾക്കർത്ഥം. സാത്താന്റെ പര്യായം.

ആക്കൊലൈറ്റ്: തിരി കത്തിക്കുക, തിരി പിടിക്കുക തുടങ്ങിയ ശുശ്രൂഷകൾ അനുഷ്ഠിക്കുന്ന പാശ്ചാത്യസഭയിലെ ശുശ്രൂഷാസ്ഥാനി. നമ്മുടെ ശെമ്മാശുഗണത്തിലെ അഞ്ചാം പട്ടം; അവ്പ്പദ്യക്കിനോ.

ആഗസ്റ്റിനോസ്, ഔറേലിയസ് (354-430): '*അഗസ്റ്റിൻ, വിശുദ്ധ*' എന്ന ശീർഷകം കാണുക.

ആഗായി: മാർത്തോമ്മായുടെ ശിഷ്യൻ. ആദായി തന്നെയെന്ന് ഒരു പക്ഷമുണ്ട്. ഉറഹായിലെ സുവിശേഷകൻ.

ആംഗ്ലിക്കൻ സഭ / ആംഗ്ലിക്കനിസം: നവീകരണത്തോട് ആഭിമുഖ്യമുള്ള സഭാസമൂഹം. ഇംഗ്ലണ്ട്, അയർലണ്ട്, വെയിത്സ്, സ്കോട്ട്ലണ്ട്, യു. എസ്. എ., കാനഡ, ബർമ്മ, സിലോൺ, വെസ്റ്റ് ഇൻഡീസ്, ആസ്ത്രേലിയ, ന്യൂസിലാണ്ട്, വെസ്റ്റാഫ്രിക്കാ തുടങ്ങിയ സഭാസമൂഹങ്ങൾ ഈ പേരിൽ അറിയപ്പെടുന്നു. ആംഗ്ലോ-കാത്തലിക് എന്ന ഹൈ ചർച്ചുകാരും ഈവാഞ്ചലിക്കൽ മുൻതൂക്കമുള്ള ലോ ചർച്ചുകാരും അടങ്ങിയ ഈ സഭകൾ കാന്റർബറി ആർച്ച്ബിഷപ്പിന്റെ മേൽനോട്ടത്തിലാണ്. ഇന്ത്യയിലെ സി. എൻ. ഐ., സി. എസ്. ഐ. വിഭാഗങ്ങൾ ഇതിൽപ്പെടുന്നു. ഇവരുടെ വിശ്വാസസംഹിതയിൽ മുപ്പത്തൊമ്പത് പ്രമാണങ്ങൾ ഉണ്ട്. ഇവയുടെ അടിസ്ഥാനതത്വങ്ങൾക്ക് ലാംബത്ത് ക്വാഡ്രിലറ്ററൻ എന്ന് പറയും. ആരാധന, സുവിശേഷം, സേവനം ഇവ മുദ്രാവാക്യങ്ങൾ. 19-ാം നൂറ്റാണ്ടിൽ കോട്ടയം സെമിനാരിയിൽ നമുക്കു ബന്ധമുണ്ടായത് ആംഗ്ലിക്കൻ സഭയുടെ ലോചർച്ച് വിഭാഗങ്ങളുമായിട്ടാണ്. ഹൈ ചർച്ച്കാർക്ക് ഓർത്തഡോക്സ് വിശ്വാസാചാരങ്ങളോട് മിക്ക വിഷയങ്ങളിലും സാധർമ്മ്യമുണ്ട്.

ആംഗ്ലിക്കൻ മിഷണറിമാർ: ഡോ. ക്ലോഡിയസ് ബുക്കാനനും ആറാം മാർത്തോമ്മായും തമ്മിൽ 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ നടന്ന കൂടിക്കാഴ്ചയ്ക്കുശേഷം ആംഗ്ലിക്കൻ മിഷണറിമാരോടുള്ള ആഭിമുഖ്യം വർദ്ധിച്ചു. പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായംകുളം

ഫീലിപ്പോസ് റമ്പാനും ചേർന്ന് സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്ത മലയാളം ബൈബിൾ 1811-ൽ ബോംബെ കൊറിയർ പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ചതോടെ ആഭിമുഖ്യം ശതഗുണീഭവിച്ചു. കേണൽ മൺറോയും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും തമ്മിലുള്ള സൗഹൃദം ആ ആഭിമുഖ്യത്തെ പുതിയ സരണികളിലേക്ക് തിരിച്ചുവിട്ടു. കോട്ടയം പഴയസെമിനാരിയിൽ അദ്ധ്യാപകരായി എത്തിയ തോമസ് നോർട്ടൺ, ബെഞ്ചമിൻ ബെയിലി, ജോസഫ് ഫെൻ, ഹെൻറി ബേക്കർ, പീറ്റ് തുടങ്ങിയ മിഷണറിമാർ ബൈബിൾ പരിഭാഷ, വിദ്യാലയസ്ഥാപനം, സുവിശേഷവത്ക്കരണം എന്നീ മേഖലകളിൽ ചെയ്ത സേവനം ചെറുതല്ല. പ്രൊട്ടസ്റ്റണ്ട് മാതൃകയിൽ മലങ്കരസഭയെ നവീകരിക്കുവാൻ നടത്തിയ അപക്വശ്രമങ്ങളാണ് ആ ബന്ധം വിച്ഛേദിക്കുവാൻ മാവേലിക്കര സുന്നഹദോസിനെ നിർബന്ധിച്ചത്.

ആങ്ങള: ആൺ + കൾ എന്ന ശബ്ദം സഹോദരൻ എന്ന അർത്ഥത്തിൽ ആങ്ങളയായി. കുഞ്ഞാങ്ങള ഉച്ചാരണലോപം കൊണ്ടും വൈലക്ഷണ്യം കൊണ്ടും കുഞ്ഞാഞ്ഞയും ആങ്ങള ഞാഞ്ഞയും ആയിട്ടുണ്ട് ചില പ്രദേശങ്ങളിൽ.

ആചാര്യൻ: കൊഹനൊ എന്ന സുറിയാനി പദത്തിന്റെ തർജ്ജിമയായി ആചാര്യൻ, പട്ടക്കാരൻ, കത്തനാർ, അച്ചൻ, വൈദികൻ, കശ്ശീശ എന്നീ പദങ്ങൾ ഉപയോഗിച്ചുവരുന്നു. കഹനൂസാ ആണ് നൽവരം. കൂദാശാനുഷ്ഠാനമാണ് ജോലി. പ്രകാശനം, ശുദ്ധീകരണം എന്നിവയുടെ നൽവരപ്രതീകമായി രണ്ടു താലന്ത് സ്വീകരിക്കുന്നു എന്ന് കാണിപ്പാൻ രണ്ടു കാൽമുട്ടുകൾ കുത്തിനിന്ന് സ്ഥാനം പ്രാപിക്കുകയും രണ്ടു നൽവരങ്ങളുടെ സ്ഥാനനൽവര ചിഹ്നമായി യഥാക്രമം വേദപുസ്തകവും, സ്ലീബായും സ്ഥാനചിഹ്നമായി പട്ടംകൊടയിൽ സ്വീകരിക്കുകയും ചെയ്യുന്നു (കശ്ശീശയുടെ സ്ഥാനചിഹ്നദാനം സുറിയാനി പട്ടംകൊടപുസ്തകത്തിൽ നിർദേശമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രയോഗത്തിൽ അത് കാണുന്നില്ല. സ്ലീബാ, ഏവൻഗേലിയോൻ എന്നിവയോടൊപ്പം ഐക്കണും തിരുശേഷിപ്പ് പേടകവും സ്ഥാനചിഹ്നമായി നൽകുവാൻ പ. യൽദൊ മഫ്രിയാനയുടെ പട്ടംകൊട പുസ്തകത്തിൽ നിർദ്ദേശമുണ്ട്. മാർ മീഖായേൽ റാബോ പാത്രിയർക്കീസിന്റെയും ബാർ എബ്രായയുടെയും പട്ടംകൊട പുസ്തകത്തിന്റെ പകർപ്പാണീ പുസ്തകം).

ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ: 1653-ൽ ഒന്നാം മാർത്തോമ്മാ ആലങ്ങാട്ട് വച്ച് മെത്രാനായി വാഴിക്കപ്പെട്ടപ്പോൾ നിയമിക്കപ്പെട്ട നാലു വൈദിക ഉപദേഷ്ടാക്കളിൽ ഏറ്റവും വിശ്വസ്തനായി നിന്ന ആൾ. കല്ലിശ്ശേരിയിൽ വെട്ടിക്കുന്നേൽ തറവാട്ടിൽ ജനനം. ഉപദേഷ്ടാക്കളിൽ

മറ്റുള്ളവർ കൂറുമാറി എങ്കിലും ഇദ്ദേഹം ത്യാഗബുദ്ധിയോടെ ഒന്നാം മാർ ത്തോമ്മായെ വിശ്വസ്തതയോടെ അനുഗമിച്ച് മൃത്യു വക്ത്രത്തിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. കുശാഗ്രബുദ്ധിയായ ഇദ്ദേഹം മാർത്തോമ്മായോ ടൊപ്പം തടവിലാക്കപ്പെട്ടു എന്നും സന്ദർശകരായ രണ്ടു പേരുടെ വേഷം ധരിച്ച് രക്ഷപ്പെട്ടു എന്നും ചരിത്രം പറയുന്നു. പോർച്ചുഗീസുകാരുടെ റോമ്മൻ അധീശതന്ത്രങ്ങളെ ജീവിതകാലം മുഴുവൻ ചെറുത്തു. ഒന്നാം മാർത്തോമ്മായോടുകൂടി പോർത്തുഗീസുകാരുടെയും കത്തോലിക്കരു ടേയും ഒറ്റപ്പെടുത്തൽ, പരിഹാസം, വധഭീഷണി തുടങ്ങിയവയെ അതിജീ വിച്ചു. കൂനൻകുരിശു സത്യം പാലിക്കുവാൻ ത്യാഗപരമ്പരകൾ അനു ഭവിച്ചു. 1659 മേടം 27-ന് അന്തരിച്ച് കല്ലിശ്ശേരി പള്ളിയിൽ സംസ്ക്ക രിക്കപ്പെട്ട ഇദ്ദേഹം *പൗലൂസിന്റെ ചരിത്രം* എന്ന ഒരു പദ്യകൃതി രചിച്ചു. മാർഗ്ഗംകളിപ്പാട്ടുകൾ ഇദ്ദേഹം ക്രോഡീകരിക്കുകയോ രചിക്കുകയോ ചെയ്തിട്ടുണ്ട്.

ആണ്ടാരംഭം: ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതു മുതൽ ജനു. 1 നമുക്ക് ആണ്ടാരംഭം. അന്ന് കർത്താവിന്റെ ചേലാകർമ്മം, മാർ ബസേലി യോസ്, ഗ്രിഗോറിയോസ് പിതാക്കന്മാരുടെ ഓർമ്മ എന്നിവ നടത്തുന്നു. ഏതാനും വർഷങ്ങളായി നവവത്സര ജാഗരണം എന്ന പേരിൽ സന്ധ്യാ പ്രാർത്ഥനയോട് ചേർന്ന് വിജിൽ നടത്തുന്നു. ചിലർ വിജിലിന്റെ അന്ത്യ ത്തിൽ രാത്രിയിൽ കുർബ്ബാന നടത്തുന്നു.

നേരത്തെ നമ്മുടെ ആണ്ടാരംഭം മകരം 1 ന് ആയിരുന്നു. കൊല്ലവർഷ ഗണനയിൽ ആണ്ടാരംഭം ചിങ്ങം 1 ന് ആണ്. പുരാതന കേരളത്തിലും ജ്യോതിഷ പാരമ്പര്യത്തിലും ആണ്ടാരംഭം മേടം 1 ന് ആയിരുന്നു. വർ ഷാരംഭത്തിന് വിഷു എന്നാണ് പറഞ്ഞിരുന്നത്. സെമറ്റിക് പാരമ്പര്യ ത്തിലും മേടം 1 ആണ് ആണ്ടാരംഭം. കൽദായക്കാരിലൂടെ പകർന്ന് കിട്ടിയ കല്പഗണിതശാസ്ത്രവും മേടം 1 ന് ആണ്ടാരംഭമായി ഗണിക്കുന്നു. ആരാ ധനാപരമായ ആണ്ടാരംഭം നമുക്ക് നവം. ആദ്യം വരുന്ന ഞായർ ആണ്. ഒക്ടോബർ 30-നോ 31-നോ ഞായർ വന്നാൽ അത് ആരാധനയുടെ ആണ്ടാരംഭമായി പരിഗണിക്കും.

ആണ്ടുതക്സാ: കർത്താവിന്റെ ജനനപ്പെരുന്നാൾ മുതൽ പെന്തി ക്കോസ്തി ഉൾപ്പെടെ ആണ്ടടക്കമുള്ള പെരുന്നാൾ ശുശ്രൂഷകളുടെ പ്രാർ ത്ഥനക്രമം ഈ പേരിൽ അറിയപ്പെടുന്നു. പഴയ എഴുത്തുക്രമങ്ങളിൽ യൽദാ, ദനഹാ, ഊശാന, ദുഃഖവെള്ളി, ദുഃഖശനിയുടെ ശൂബ്ക്കോനോ, ഉയിർപ്പ്, പെന്തിക്കോസ്തി എന്നീ ക്രമങ്ങളേ ഉണ്ടായിരുന്നുള്ളൂ. അവ പല അർത്ഥത്തിലും രൂപഭാവത്തിലും ഇപ്പോഴത്തെ ക്രമങ്ങളിൽ നിന്ന് വ്യത്യസ്തവുമായിരുന്നു. ഇപ്പോഴത്തെ ആണ്ടുതക്സായിൽ മുൻ

ക്രമങ്ങൾക്കു പുറമേ, പാതിനോമ്പ്, നോമ്പാരംഭത്തിലെ ശൂബ്ക്കോനോ, വാദെ ദൽമ്മീനാ, പെസഹാ, സ്വർഗ്ഗാരോഹണം എന്നീ ക്രമങ്ങൾ കൂടെ ചേർത്തതായി കാണുന്നു. ആണ്ടുതക്സാക്രമങ്ങൾ അവയുടെ സ്വഭാവ വിഷയഭേദമനുസരിച്ച് പള്ളിക്കുവെളിയിൽ, നമസ്ക്കാരമേശയിൽ, മദ്ബഹായിൽ എന്നിങ്ങനെ വ്യത്യസ്ത സ്ഥലങ്ങളിൽ വെച്ച് നടത്തുന്നു. ഓല, വെള്ളം തുടങ്ങിയവ ഉപയോഗിച്ചുള്ള അനുഷ്ഠാനങ്ങളും വ്യത്യസ്തദിശകളിലുള്ള പ്രദക്ഷിണങ്ങളും ഉണ്ട്. മൂറോൻ കൂദാശ അണ്ടുതക്സായുടെ ഭാഗമായി ആണ്ടുതോറും നടത്തിയിരുന്നു. അത് രേഖപ്പെടുത്തിയ ആണ്ടു തക്സാ കണ്ടിട്ടുണ്ട്. പല സ്ഥലങ്ങളിലും കാലങ്ങളിലുമായിട്ടാണ് ആണ്ടുതക്സാ ക്രമങ്ങൾ ഇന്ന് കാണുന്നരൂപത്തിൽ പരിണമിച്ചിട്ടുള്ളത്.

ആത്മപോഷിണി (1): കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡിസെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പുസ്തക പ്രസാധകസംഘം. സ്ഥാപക ചീഫ് എഡിറ്റർ ഫാ. ഡോ. ജോസഫ് ചീരൻ.

ആത്മപോഷിണി (2): 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കുന്നംകുളം അക്ഷരരത്നപ്രകാശിനി (A. R. P.) പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന സാഹിത്യ മാസിക. പില്ക്കാലത്ത് മലങ്കര റീത്തിൽ ചേർന്ന പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ മാനേജരും സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, മഹാകവി വള്ളത്തോൾ നാരായണമേനോൻ തുടങ്ങിയവർ വിവിധകാലങ്ങളിൽ പത്രാധിപന്മാരുമായി പ്രവർത്തിച്ച ഈ ആദ്യകാല മാസിക ഭാഷാഗദ്യ സാഹിത്യശാഖകൾക്ക് വളർച്ചയേകി. പല യുവകവികൾക്കും ഈ മാസിക കളരിയായിരുന്നു. കുന്നംകുളം വലിയങ്ങാടിയിലുള്ള പഴയപള്ളിയുടെ തൊട്ടടുത്ത തെക്കേങ്ങാടിയിലെ കെട്ടിടവും ഇതിന്റെ ഓഫീസായി പ്രവർത്തിച്ചിട്ടുണ്ട്. ഇതിന്റെ പത്രാധിപരായി വള്ളത്തോൾ കുന്നംകുളത്ത് താമസിക്കുമ്പോഴാണ് ഓർത്തഡോക്സ് സഭയിലെ കഷ്ടാനുഭവആഴ്ചയിലെ പ്രുമിയോൻ ഭാഷ തിരുത്തുന്നതിനിടയിൽ ലഭിച്ച പ്രചോദനം കൊണ്ട് മഗ്ദലന മറിയം ഖണ്ഡകാവ്യം രചിച്ചത്. പഴയപള്ളിക്കടുത്തുള്ള മണക്കുളം രാജായുടെ സഹായത്തോടെ കുന്നംകുളം തലപ്പള്ളി രാജാക്കന്മാരുടെ കോവിലകത്തുള്ള കഥകളിക്കോപ്പുകൾ ഉപയോഗിച്ച് കഥകളിയെ പ്രോത്സാഹിപ്പിക്കുവാൻ കേരളകലാമണ്ഡലം എന്ന പേരിൽ ഒരു സ്ഥാപനം കേരളത്തിലാദ്യം കുന്നംകുളത്ത് വള്ളത്തോൾ സ്ഥാപിച്ചതും ഇക്കാലത്താണ്. പിന്നീട് കുന്നംകുളത്തു നിന്ന് ചെറുതുരുത്തിയിലേയ്ക്ക് വള്ളത്തോൾ താമസം മാറ്റിയതിന് ശേഷമാണ് കേരളകലാമണ്ഡലത്തിന്റെ ആസ്ഥാനം ചെറുതുരുത്തിയിലേക്ക് മാറ്റി സ്ഥാപിച്ചച്ചത്. ആത്മപോഷിണിയുടെ കുറേ പഴയലക്കങ്ങൾ ബൈണ്ട് ചെയ്ത് കേരളസാഹിത്യ അക്കാദമിയുടെ ചുമതലയിൽ അയ്യംതോളിൽ പ്രവർ

ത്തിക്കുന്ന അപ്പൻ തമ്പുരാൻ സ്മാരക ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുണ്ട്.

ആത്മാവ്: ദൈവചൈതന്യം പൊരുന്നി ആവസിച്ച് പ്രപഞ്ചത്തെ പരിണാമരമണീയമാക്കുന്നു. മനുഷ്യനിലെ അഭൗമാംശമായ ആത്മാവ് ദൈവസൃഷ്ടിയാണ്. റൂഹാ എന്നാൽ കാറ്റ് എന്ന് അർത്ഥം. ദൈവാത്മാവിനെയും മനുഷ്യാത്മാവിനെയും ബൈബിളിൽ ഈ പദം കൊണ്ട് വിവരിച്ചിട്ടുണ്ട്. ആത്മാവിന്റെ ഇച്ഛകളെ ദൈവാഭിമുഖമാക്കുന്നത് ദൈവാത്മാവാണ്. പാപോന്മുഖമാക്കുന്നത് ദുഷ്ടാത്മാവാണ്. ആത്മലോകം ഒരു യാഥാർത്ഥ്യമാണ്. ശിക്ഷയോ രക്ഷയോ അനുഭവിക്കുന്നത് ആത്മാവും ശരീരവും കൂടെയാണ്. ജീവചൈതന്യത്തിന്റെ ദൈവാഭിമുഖ്യത്തെ പരിശുദ്ധാത്മാവ് എന്നും പാപാഭിമുഖ്യത്തെ ദുരാത്മാവ് എന്നും വിശേഷിപ്പിക്കാം.

ത്രിത്വത്തിലെ മൂന്നാമനാണ് പരിശുദ്ധാത്മാവ്. ദൈവവുമായി ഏകസാരാംശം. പിതാവിന്റെ ജനകത്വമോ പുത്രന്റെ ജനനമോ ഇല്ല. വ്യാഖ്യാനാതീതമായി കാലാതീതമായി പിതാവിൽ നിന്ന് പുറപ്പെടുന്നു. പിതവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെടുന്നു. പൂർത്തിയാക്കുന്നു; ശുദ്ധീകരിക്കുന്നു, നയിക്കുന്നു. വചനിപ്പിൽ, മാമ്മൂദീസായിൽ ഒക്കെ ആ പ്രവർത്തനമുണ്ട്. പരിശുദ്ധ റൂഹായെ ആഹ്വാനം ചെയ്യുന്ന നാലു ശുശ്രൂഷകൾ ഉണ്ട്. 1. മാമ്മൂദീസാ, 2. കുർബ്ബാന, 3. പട്ടംകൊട, 4. മൂറോൻ കൂദാശ. മാമ്മൂദീസായിൽ പരിശുദ്ധാത്മ നൽവരം ഏവർക്കും ലഭിക്കുന്നു. എന്നാൽ പ. ആത്മാവിനെ ക്ഷണിച്ചുവരുത്തി വിഭജിച്ചുകൊടുക്കുന്ന നൽവരം ലഭിക്കുന്നത് പട്ടംകൊടയിലാണ്. പ. റൂഹാ നൽവരദാനത്തിന്റെ മുഖ്യ മുഖാന്തിര പ്രതീകം മേൽപ്പറഞ്ഞ നാലു ശുശ്രൂഷകളിലും കാർമ്മികന്റെ കൈവെപ്പാണ്. പെന്തിക്കോസ്തിനാളിൽ അഗ്നിനാവിന്റെ ആകൃതിയിൽ അവതരിച്ച പ. റൂഹാ മറ്റൊരു കാര്യസ്ഥനായി സഭയെ സർവ്വ സത്യത്തിലും വഴി നടത്തുന്നു. മനുഷ്യന്റെ പ്രകൃത്യാത്മാവിനെ പ. ആത്മാവ് ദൈവികതയിലേക്ക് വളർത്തുന്നു. എല്ലാ നന്മകളും ആത്മാവിന്റെ ഫലങ്ങളാണ്. എല്ലാ നല്ല വരങ്ങളും ആത്മാവിന്റേതാണ്. പഴയ – പുതിയ നിയമങ്ങളിലും പൗലൂസിന്റെ കത്തുകളിലും ഇതിനെക്കുറിച്ച് സ്പഷ്ടമായി പ്രതിപാദിക്കുന്നുണ്ട്.

വ്യക്തിത്വത്തിന് സമൂലമായുണ്ടാകുന്ന ദൈവാഭിമുഖമായ പരിവർത്തനമാണ് ആത്മീയത. ആ ജീവിതത്തിലേക്കുള്ള ഉപനയനമാണ് വീണ്ടും ജനനമായ മാമ്മൂദീസാ. ഇതാണ് പ. ആത്മദൗത്യം. പെന്തിക്കോസ്തി മുതൽ ഇത് സാർവത്രിക യാഥാർത്ഥ്യമായി. ആരാധനകളും അനുഷ്ഠാനങ്ങളും ധാർമ്മികക്രിയകളും ആത്മീയതയെ പരിപോഷിപ്പിച്ച് പരിപൂർണ്ണതയിലേക്ക് നയിക്കുന്ന മുഖാന്തിരങ്ങളാണ്. സ്നേഹത്തിൽ അധിഷ്ഠി

തമായ ജീവിതശൈലി തന്നെയാണ് ദൈവരാജ്യം. ഈ സ്നേഹസാന്ദ്രത വ്യക്തി - സാമൂഹികബന്ധങ്ങളെ മധുരോദാരവും ആനന്ദസാന്ദ്രവുമാക്കുന്നു. ജീവിതനിഷേധവും അനുഷ്ഠാനവിധികളും അദ്ഭുതപ്രകടനങ്ങളും ആത്മീയതയുടെ അനിവാര്യ ഭാഗമല്ല. അത് ജീവിതത്തെ അതിന്റെ സമഗ്രതയിൽ അംഗീകരിക്കുന്നു. അനുഷ്ഠാനവിധികളെ പൂർണ്ണതയിലേക്ക് നയിക്കുന്ന മാർഗ്ഗങ്ങൾ മാത്രമായി സ്വീകരിക്കുന്നു; പ്രകടനപരതയെ ലക്ഷ്യമാക്കുന്നതേയില്ല.

സഭയോടുള്ള ഐക്യം, കൂദാശാസംസർഗ്ഗം, തിരുവെഴുത്തുകളുടെ പഠനവും ധ്യാനവും; നോമ്പും ജാഗരണങ്ങളും, ആത്മീയഗുരുക്കളുടെ മാതൃകകൾ, കൂട്ടായ്മകൾ എന്നിവ ആത്മീയതയെ വളർത്തുവാൻ സഹായിക്കുന്ന ഘടകങ്ങളാണ്.

ആത്മീയൻ: പരിശുദ്ധാത്മാവിനാൽ, പ്രചോദിതമായ മനസ്സും വാക്കും കർമ്മവും പുലർത്തുന്നവനാണ് ആത്മീയൻ. സശരീരനും ശരീരാഭിലാഷങ്ങൾ ഉള്ളവനുമാണെങ്കിലും അത് അവന്റെ മനോ - വാക് - കർമ്മങ്ങളെ നിയന്ത്രിക്കുവാൻ അവൻ അനുവദിക്കുകയില്ല. ശരീരത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുമെങ്കിലും അവന്റെ ജീവിതലക്ഷ്യം അതായിരിക്കുകയില്ല. തന്മൂലം വി. പൗലൂസിന്റെ ഭാഷയിൽ ജഡസ്വഭാവവും ആത്മീയസ്വഭാവവും ഭിന്നവും വിപരീതവുമാണ്. ആത്മീയദാഹങ്ങളെ ശമിപ്പിക്കുവാൻ ആത്മീയൻ ജീവിതം സമർപ്പിക്കുമ്പോൾ ജഢികാഭിലാഷപൂർത്തീകരണത്തിനായി ജഢികർ ജീവിതം സമർപ്പിക്കുന്നു. മാലാഖമാരെ ആത്മീയർ 'റൂഹോനേ' എന്ന് നമ്മുടെ ആരാധനാക്രമങ്ങൾ വിവരിച്ചിട്ടുണ്ട്.

ആത്മലോകം: മരണം ശരീരത്തെയും ആത്മാവിനെയും വേർപിരിക്കുന്നു. ആത്മാവ് ശരീരാപേക്ഷ കൂടാതെ സ്വയം സ്ഥിതിചെയ്യുന്ന അവസ്ഥയാണ് ആത്മലോകം. പഞ്ചേന്ദ്രിയ പരിമിതികളില്ലാത്ത ജീവിതം. 'സാക്ഷികളുടെ വലിയൊരു സമൂഹത്തിൽ' അവർ സന്നിഹിതരാണ്. അവർ ആരാധനയിൽ സംബന്ധിക്കുന്നു. ദൈവകൃപയാൽ അവർ വളരുന്നു. ന്യായവിധിയെ അഭിമുഖീകരിക്കാനുള്ളവർ ആണവർ. അബ്രഹാമിന്റെ മടി എന്നോ പറുദീസാ എന്നോ അവരുടെ വാസസ്ഥാനത്തെ വി. ബൈബിൾ വിവരിച്ചിട്ടുണ്ട്.

ആദാം: മനുഷ്യൻ എന്ന് പദത്തിന്റെ അർത്ഥം. പ്രപഞ്ചാവിർഭാവ വിവരണത്തിൽ അതേപദം മോശ ഉപയോഗിച്ചു. മനുഷ്യോത്ഭവത്തെപ്പറ്റി നിലവിലുള്ള വിശ്വാസത്തെ രേഖപ്പെടുത്തുകയും ചെയ്തു. ഉല്പത്തിപുസ്തകത്തിന്റെ ആദ്യ അധ്യായങ്ങൾ ചരിത്ര സത്യങ്ങളെന്ന് ശഠിക്കാറില്ല. മനുഷ്യന് ദൈവസാദൃശ്യം കൈവന്ന സാഹചര്യവും ദൈവസംസർഗ്ഗം നഷ്ട

പെടുത്തുവാൻ പാപവാസന അവന്മേൽ ആധിപത്യം ചെലുത്തിയതിന്റെ മഹനീയവും ദയനീയവുമായ അവസ്ഥകളും ആദാമിന്റെ ചിത്രീകരണം നമുക്ക് നൽകുന്നു. തന്മൂലം മനുഷ്യൻ ദൈവസഖിത്വത്തിനും പാപസഖിത്വത്തിനും സാധ്യതയുള്ളവനാണെന്ന നിത്യസത്യം ആദാം വെളിപ്പെടുത്തുന്നു. ആദാമിന്റെ അവസ്ഥയും ചരിത്രവും കഥയും ഒരു മനുഷ്യന്റെ അവസ്ഥയും ചരിത്രവും കഥയുമായി വിവരിക്കപ്പെട്ടിരിക്കുന്നുവെങ്കിലും അത് അതേസമയം മനുഷ്യവർഗ്ഗത്തിന്റേത് കൂടിയാണ്. ആദാമിൽ എല്ലാവരും മരിക്കുന്നു, ഒന്നാമത്തെ ആദാം തുടങ്ങിയ ബൈബിൾ പ്രയോഗങ്ങളെ ഈ അർത്ഥത്തിൽ ഗ്രഹിക്കാവുന്നതാണ്. ആദാം ഒരേ സമയം സംജ്ഞാനാമവും സാമാന്യനാമവുമാണ്. ക്രിസ്തുവിനെ രണ്ടാം ആദാം എന്ന് വിശേഷിപ്പിക്കുന്നതും ദൈവസാദൃശ്യമുള്ള പൂർണ്ണ മനുഷ്യലോക പ്രതിനിധി എന്ന നിലയിൽ ഗ്രഹിക്കാവുന്നതാണ്.

ആദാമ്യപാപം (ജന്മപാപം): അനുസരണക്കേട് മനുഷ്യനെ ദൈവത്തിൽ നിന്ന് അന്യനാക്കി. ഇതാണ് പാപസംബന്ധമായ മരണം. ആദാമിലെ പാപസാദ്ധ്യതയും പാപാഭിമുഖ്യവും കല്പനലംഘനത്തിലൂടെ പ്രകടവും ദൃശ്യവും ആയി. ഇത് മനുഷ്യന്റെ പൊതുവായ അവസ്ഥയാണ്. ആദാമിനെ മുൻനിർത്തി അത് വിശദീകരിക്കപ്പെട്ടു. വർഗ്ഗനാമമെന്ന നിലയിൽ ആദാമിന്റെ പതനം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പതനം തന്നെ. ആദാം വ്യക്തിനാമമെന്ന നിലയിൽ, തലമുറകളിലേയ്ക്ക് വ്യാപിക്കുന്ന പാപച്ചങ്ങലയുടെ ആദ്യകണ്ണിയാണ്. ജനിതകശാസ്ത്രത്തിന്റെ പിൻബലത്തോടെ ഇത് വ്യാഖ്യാനിക്കാവുന്നതാണ്. ജനനമോ അതിന് കാരണമായ സ്ത്രീപുരുഷ ബന്ധമോ പാപമാണെന്ന ചിന്ത പൗരസ്ത്യ ദൈവശാസ്ത്രചിന്ത സ്വീകരിക്കുന്നില്ല. എന്നാൽ ജനനത്തിലൂടെ പാപസ്വഭാവമുള്ള ഒരു ചങ്ങലയിൽ മനുഷ്യൻ കണ്ണിയായിത്തീരുന്നു.

ആദായി: ക്രിസ്തു തെരഞ്ഞെടുത്തയച്ച എഴുപത് അറിയിപ്പുകാരിൽ ഒരാൾ. വി. തോമ്മാശ്ലീഹാ ഇദ്ദേഹത്തെ എഡേസ്സാ രാജാവായ അബ്ഗാറിനു, ക്രിസ്തുവിന്റെ നിയോഗപ്രകാരം രോഗശമനം നൽകുവാൻ അയച്ചു. രോഗവിവരം കാണിച്ച് രാജാവ് ക്രിസ്തുവിന് ഹാനാൻ എന്ന ദൂതൻ വശം കത്തയച്ച വിവരവും ക്രിസ്തു മറുപടി നൽകിയ വിവരവും യൗസേബിയോസ് രേഖപ്പെടുത്തിയിട്ടുണ്ട്. എ. ഡി. 90-നും 95-നും ഇടയ്ക്ക് ആദായി എഡേസായിൽ സഭ സ്ഥാപിച്ചു. എ. ഡി. 75 മുതൽ 120 വരെ അദ്ദേഹം പ്രവർത്തിച്ചു. 'അപ്പോസ്തോലനായ ആദായിയുടെ വിശ്വാസ സത്യങ്ങൾ' എന്ന കൃതി രചിച്ചുവത്രേ.

19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സിറിയൻ സഭയിൽ നിന്ന് മലങ്കരയിലെത്തിയ യൂയാക്കീം മാർ കൂറിലോസ് തിരു-കൊച്ചി പ്രദേശങ്ങളിൽ നിന്ന്

ബഹിഷ്കൃതനായ കാലത്ത് മലബാറിൽ ഉൾപ്പെട്ടിരുന്ന പോർക്കളം എന്ന സ്ഥലത്ത് (കുന്നംകുളത്തിനും പഴഞ്ഞിയ്ക്കും ഇടയിൽ) സ്ഥാപിച്ച പള്ളി മാർ ആദായിയുടെ നാമത്തിലാണ്. കൽദായ ശൈലിയിൽ ഇദ്ദേഹം അദ്ദായി എന്ന് അറിയപ്പെടുന്നു.

ആദിമുതല്വൻ: ക്രിസ്തുവർഷം ആദ്യശതകങ്ങളിൽ വിരചിക്കപ്പെട്ട ചെന്തമിഴ് ഭാഷയിലെ സംഘം കൃതികളിൽ ദൈവത്തെ ഈ പേരിൽ അവതരിപ്പിച്ചിരിക്കുന്നു. ആദിമുതലേ ഉള്ളവൻ, ആദികാരണൻ, സ്രഷ്ടാവ് എന്നീ അർത്ഥങ്ങളാണ് ആ പദത്തിനുള്ളത്. ഈ പദം പശ്ചാത്തലമാക്കി പില്ക്കാല വൈഷ്ണവമതം വിഷ്ണുവിനെ ആദിപുരുഷൻ എന്ന് വർണ്ണിച്ചിട്ടുണ്ട്. എന്നേക്കും ഉള്ളവൻ എന്ന അർത്ഥം കല്പിക്കാം.

ആണ്ടുചാത്തം: മരിച്ചുപോയവരുടെ ഓർമ്മയ്ക്കും പുണ്യത്തിനുമായി നടത്തുന്ന പുരോഹിതകർമ്മാനുഷ്ഠാനങ്ങൾ. പള്ളിയിലെ കുർബ്ബാന, ശ്മശാനത്തിലെ ധൂപപ്രാർത്ഥന, വീട്ടിലെ ധൂപപ്രാർത്ഥന, ദക്ഷിണ സമർപ്പണം, സദ്യ എന്നിവ ഇതിന്റെ ഭാഗങ്ങൾ ആണ്. ശ്രാദ്ധം എന്ന പദത്തിന്റെ തൽഭവമാണ് ചാത്തം. പരിശുദ്ധന്മാരുടെ ഓർമ്മയ്ക്കും ഈ പദം ഉപയോഗിക്കും. ഉദാ. മുത്തപ്പന്റെ ചാത്തം. ക്രൈസ്തവേതര സമുദായങ്ങളിലും ചാത്തമുണ്ട്. ബലിയിടൽ പ്രധാന ചടങ്ങാണ്. പിതൃക്കൾക്ക് ഭക്ഷണം കൊടുക്കുക എന്ന സങ്കല്പം ഇതിലുണ്ട്. പിതൃക്കൾ കാക്കയുടെ രൂപത്തിൽ വന്ന് ബലിപിണ്ഡം (ചോറ്) സ്വീകരിക്കുന്നുവെന്ന് പ്രബല വിശ്വാസം.

ആതൻ: ക്രിസ്തുവർഷാരംഭത്തിൽ കേരളത്തിൽ ക്രിസ്തുമതത്തിനായിരുന്നു പ്രാബല്യമെന്ന് ആധുനിക ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നു. അക്കാലത്ത് ആതൻ എന്ന് ഉപയോഗിക്കപ്പെട്ട നാമം ആദാം എന്ന പദത്തിന്റെ തൽഭവമാണെന്ന് അവർ നിരീക്ഷിക്കുന്നു. നെടുംചേര ലാതൻ തുടങ്ങിയ രാജകീയനാമങ്ങൾ പോലും ക്രിസ്തുമത സാന്നിധ്യത്തിന്റെ തെളിവായി ഗവേഷകർ പ്രതിപാദിച്ചിട്ടുണ്ട്.

ആണ: ദൃഢപ്രതിജ്ഞ. ദൈവനാമത്തിൽ ആണയിടുന്നവരുണ്ട്.

ആദ്യവസാനക്കാരൻ: പ്രധാന ചുമതലക്കാരൻ. അയാളുടെ സാന്നിധ്യം എപ്പോഴും ഉണ്ടാവും.

ആദ്യന്തവിഹീനൻ: ആദിയും അന്തവും ഇല്ലാത്തവൻ. അനാദ്യന്തൻ. ദൈവത്തിന്റെ പര്യായം.

ആദ്യജാതൻ (കടിഞ്ഞൂൽ): കുടുംബത്തിൽ നേതൃസ്ഥാനം, പന്തിയിൽ പ്രമുഖസ്ഥാനം, പൈതൃകാനുഗ്രഹങ്ങൾക്കവകാശി, രണ്ട് ഓഹരി

തുടങ്ങിയവ കടിഞ്ഞൂലിന്റെ അവകാശം. രാജവംശത്തിൽ അയാൾ കിരീടാവകാശിയാണ്. യഹൂദപാരമ്പര്യത്തിൽ ഇവ വില വാങ്ങി വില്ക്കാവുന്ന സ്ഥാനമാണ്. പെസഹായിൽ മിസ്രയിം കടിഞ്ഞൂലുകൾ സംഹരിക്കപ്പെട്ടു. ഇസ്രയേൽ കടിഞ്ഞൂലുകൾ സംരക്ഷിക്കപ്പെട്ടു. യേശുക്രിസ്തു ദൈവത്തിന്റെയും സർവസൃഷ്ടിയുടെയും ആദ്യജാതൻ എന്ന് വേദം സാക്ഷിക്കുന്നു. സംഘംകൃതികളിലെ ആദിമുതല്വൻ എന്ന അർത്ഥം കല്പിക്കാം. ദൈവത്തിന്റെ ആദ്യജാതൻ ദൈവത്തിന്റെ ഏക ജാതനും ത്രിത്വത്തിലെ രണ്ടാമനുമായ വചനമാം ദൈവമാണ്. ഏശാവും രൂബേനും ആദ്യജാതന്മാർ ആയിരുന്നു. ആദ്യജാതന്മാർ സഭയ്ക്ക് നൽകേണ്ടിയിരുന്ന നികുതിയാണ് തലവരിപ്പണം അഥവാ റീശീസാ. കർത്താവും പത്രോസും ആദ്യജാതന്മാരായിരുന്നു. അതാണ് 4 ദ്രഹ്മ നികുതി കൊടുത്തതിന്റെ കാരണം. കടിഞ്ഞൂൽ ദൈവത്തിനുള്ളത് എന്നത് പഴയനിയമസഭയുടെ പാരമ്പര്യം. ആടിനെ ബലികഴിച്ച് ഇസഹാക്കിനെ വീണ്ടെടുത്തത് ഓർക്കാം.

ആദ്യഫലം: കാർഷിക വിളവുകൾ, മൃഗസമ്പത്ത്, മക്കൾ എന്നിവയുടെ ആദ്യഫലം ദൈവത്തിന് സമർപ്പിക്കുക എന്നത് പ്രാചീന മതസംസ്ക്കാരങ്ങളുടെ ഭാഗമായിരുന്നു. വിളവുകൾ നൽകിയതിന്റെ കൃതജ്ഞതാസൂചകമായ സ്തോത്രാർപ്പണമായും ശിഷ്ടഫലങ്ങൾ അനുഗ്രഹിക്കപ്പെടുന്നതിന്റെ മുഖാന്തിരമായും ആദ്യഫലം യഹോവയ്ക്കുള്ളത് എന്ന് യഹൂദസഭാപ്രമാണമെഴുതി. മക്കളെ വൈദികവൃത്തിക്ക് നേരുന്നതിന്റെ പിന്നിൽ ഈ പശ്ചാത്തലമാണുള്ളത്. പെസഹാ കഴിഞ്ഞ് ഏഴാഴ്ച കഴിഞ്ഞ് വരുന്ന അമ്പതാം ദിവസം (പെന്തക്കോസ്തി) വാരപ്പെരുന്നാൾ എന്ന പേരിൽ യഹൂദസഭ ആദ്യഫലാർപ്പണം ഒരു പെരുന്നാളായി ആഘോഷിച്ചിരുന്നു.

ആദ്യഫലപ്പെരുന്നാൾ: പുറ. 34:26, സംഖ്യ 28:26. ആവ. 26:1–11 എന്നീ ഭാഗങ്ങളിൽ കാണുംപ്രകാരം വാരപ്പെരുന്നാളിൽ ഔപചാരികമായും ആഘോഷമായും ആദ്യഫലങ്ങൾ ദേവാലയത്തിൽ സമർപ്പിച്ചിരുന്നു. ക്രൈസ്തവ സഭകൾ ഇത് പിന്തുടരുന്നു. പ്രധാന പള്ളി വരുമാനമാർഗ്ഗം കൂടിയാണിത്. ഇത് പരിണമിച്ചാണ് മാസവരി തുടങ്ങിയ പള്ളിപ്പിരിവുകൾ രൂപംകൊണ്ടത്. പല നവീകരണസഭകളിലും ആരാധനാസമയങ്ങളിൽ സമാഹരിക്കപ്പെടുന്ന കാണിക്കകൾ മദ്ബഹായിൽ കൊണ്ടുവന്ന് കാർമ്മികൻ പ്രത്യേക സ്തോത്രപ്രാർത്ഥന നടത്തുന്ന പതിവുണ്ട്. ഇപ്പോഴും ഗ്രാമപ്രദേശങ്ങളിലെ കർഷകർ അവരുടെ വിളവുകളിൽ ഒരു ഭാഗം ആരാധനകൾക്കായി വരുമ്പോൾ കൊണ്ടുവന്ന് സമർപ്പിക്കുന്ന പതിവുണ്ട്. കോഴി, താറാവ്, ആട് തുടങ്ങിയ പക്ഷിമൃഗാദികളും ഇവയിൽപ്പെടുന്നു. വീടുകളിൽ വാഴ, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ കായ്ക്കുമ്പോൾ ആദ്യത്തെ വിളവ് ഇപ്പോഴും നല്കുന്നത് പോലെ, ആദ്യശമ്പളം ദേവാലയങ്ങൾക്ക് നല്കുന്നവരും ഉണ്ട്.

ആനന്ദപ്പള്ളി (അടൂർ) സെന്റ് കുറിയാക്കോസ് പള്ളി: കൊല്ലം ഭദ്രാസനം 1905-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ന്റെ കല്പന പ്രകാരം സ്ഥാപിച്ച പള്ളി. ആദ്യ ദേവാലയത്തിന് വട്ടശ്ശേരിൽ റമ്പാനും പുതുക്കിപ്പണിതപ്പോൾ ഗീവറുഗീസ് II കാതോലിക്കായും പിന്നീട് മാത്യൂസ് മാർ കൂറിലോസും ശിലാസ്ഥാപനം നടത്തി.

ആനപ്പാപ്പി (1): വർക്കി വർഗ്ഗീസ് എന്ന് പേരുള്ള ആനപ്പാപ്പിയുടെ ജീവചരിത്രം. കെ. വി. മാമ്മനും അഡ്വ. പി. സി. മാത്യുവും ചേർന്ന് തയാറാക്കിയ ഈ പുസ്തകം മാങ്ങാനം കോട്ടക്കൽ പബ്ളീഷേഴ്സ് പ്രസിദ്ധീകരിച്ചു.

ആനപ്പാപ്പി (വർക്കി വർഗ്ഗീസ്) (2): 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ സമുദായക്കേസുമായി ബന്ധപ്പെട്ട് സെമിനാരിയിലെ ആസ്ഥാനത്ത് താമസിച്ചിരുന്ന മലങ്കര മെത്രാപ്പോലീത്താ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന് വധഭീഷണിയെ നേരിടേണ്ടിവന്നു. ആപത്ഘട്ടമായപ്പോൾ സുഹൃത്തുക്കൾ അഭ്യാസിയായ ഒരു അസാമാന്യ മല്ലനെ തിരുവല്ല ഭാഗത്തു നിന്ന് കൊണ്ടുവന്ന് മെത്രാപ്പോലീത്തായുടെ അംഗരക്ഷകനായി കോട്ടയം പഴയസെമിനാരിയിൽ പാർപ്പിച്ചു. നെടുമ്പ്രം പെരിങ്ങര ആറ്റുപുറത്ത് വർക്കി വർഗ്ഗീസ് എന്ന് പേരുള്ള ഇദ്ദേഹം ആകാരമഹിമ കൊണ്ട് ആനപ്പാപ്പി എന്ന് വിളിക്കപ്പെട്ടു. ഏതാനും ദിവസങ്ങൾക്കകം 1912 മാർച്ച് 30-ന് എതിരാളികൾ സെമിനാരിയ്ക്ക് സമീപമുള്ള മീനച്ചിലാറിന്റെ മണൽപ്പുറത്ത് വച്ച് ഇദ്ദേഹത്തെ മൃഗീയമായി വധിച്ചു. കോട്ടയം പുത്തൻപള്ളി ശ്മശാനത്തിൽ സംസ്കരിച്ചു.

ആനപ്പെരുന്നാൾ: കേരളീയ ക്രിസ്തുമതം ആവിർഭവിച്ചത് ബുദ്ധ-ജൈന മതങ്ങളിൽ നിന്നാണ്. തോമ്മാശ്ലീഹായിൽ നിന്ന് സുവിശേഷം ഗ്രഹിച്ച യഹൂദരും ബുദ്ധ - ജൈന മതാനുയായികളും ക്രിസ്തുമതം സ്വീകരിച്ചു. ഇപ്രകാരം ക്രിസ്തുമതം കേരളത്തിൽ ആദ്യം രൂപപ്പെട്ടത് പാലൂർ - ചാട്ടുകുളങ്ങര പ്രദേശത്താണ്. ഇവിടെനിന്ന് വിവിധ കാരണങ്ങളാൽ വിവിധകാലത്ത് വിവിധ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തവരിലൂടെയാണ് ക്രിസ്തുമതം കേരളത്തിലെങ്ങും വ്യാപിച്ചത്. ബുദ്ധ - ജൈനമത ഉത്സവങ്ങളിൽ ആനയെഴുന്നെള്ളിപ്പ് അവിഭാജ്യഭാഗമായിരുന്നു. അവരിൽ നിന്ന് മതപരിവർത്തനം ചെയ്ത ആദിമ കേരളീയ ക്രിസ്ത്യാനികൾ അവരുടെ നവീന ദേവാലയങ്ങൾക്ക് പള്ളി എന്ന് പൂർവ്വികനാമം നൽകി. പള്ളിപ്പെരുന്നാളുകൾക്ക് ആനയെഴുന്നെള്ളിപ്പ് അവിഭാജ്യ ഭാഗവുമാക്കി. പില്ക്കാലത്ത് അവശിഷ്ട ബുദ്ധ - ജൈന മതാനുയായികൾ ഹിന്ദുമതം രൂപവത്കരിച്ചപ്പോൾ അവരും പൂർവ്വിക ആനയെഴുന്നെള്ളിപ്പ് ഉത്സവങ്ങളുടെ ഭാഗമാക്കി. ഇതര പ്രദേശങ്ങളിലേയ്ക്ക് കുടിയേറി പാർത്തവർ ഈ

പതിവ് പല കാരണങ്ങളാൽ നിർത്തലാക്കിയെങ്കിലും പാലൂർ പ്രദേശത്തെ (കുന്നംകുളം – പഴഞ്ഞി) പൂർവ്വിക ക്രൈസ്തവർ അവരുടെ പള്ളി പെരുന്നാളുകൾക്ക് ആനയെഴുന്നള്ളിപ്പ് അനിവാര്യ ഭാഗമായി തുടർന്നുവരുന്നു. ആനയില്ലാത്ത പെരുന്നാൾ അവർക്ക് സങ്കല്പിക്കാനാവില്ല. തന്മൂലം ആ പ്രദേശത്തെ പെരുന്നാളുകൾ പള്ളികൾക്കു പുറമേ വീടുകളിലും തെരുവുകളിലും കടകളിലും ചമയങ്ങളിലും അലങ്കാരങ്ങളിലും ആഘോഷിക്കപ്പെടുന്ന – നാട്ടുകാരെല്ലാവരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പങ്കാളികളാവുന്ന – ദേശീയോത്സവങ്ങളാണ്. അവ സമാപിക്കുന്നത് ജാതിമതഭേദ പരിഗണനയില്ലാത്ത പൊതുസദ്യ നടത്തിയാണ്. ഒരുപാട് പേർക്ക് വാർഷിക ഉപജീവനമാർഗ്ഗമേകുവാനും ഈ പെരുന്നാൾ ശൈലി ഉതകിയിട്ടുണ്ട്.

ആനവാതിൽ: രാജാക്കന്മാർ കോട്ടയിൽ നിന്ന് നഗരസന്ദർശനാർത്ഥവും മറ്റും സഞ്ചരിച്ചിരുന്നത് ആനപ്പുറത്തുള്ള അമ്പാരിയിലാണ്. തന്മൂലം കോട്ടയുടെ പ്രധാന പ്രവേശനദ്വാരം ആനയ്ക്ക് നിർബാധം കടക്കാവുന്ന ഉയരവും വിസ്തൃതിയും ഉള്ളതായിരിക്കും. ക്രമേണ ഈ വാതിൽ ആനവാതിൽ എന്ന് അറിയപ്പെട്ടു. പള്ളികളുടെ മതിൽകെട്ടുകൾക്കകത്തും ആന പ്രവേശിക്കേണ്ടതുള്ളതിനാൽ അവിടെയും വാതിൽ ആനവാതിലായി. പ്രധാന വാതിൽ എന്ന അർത്ഥത്തിൽ പള്ളിയിലെ പ്രധാന പ്രവേശനകവാടം അചിരേണ ആനവാതിൽ എന്ന് അറിയപ്പെട്ടു. വാതിൽപ്പലകകളുടെ ഘനവും അന്താഴത്തിന്റെ ബലവും ഈ പദപ്രയോഗത്തെ കൂടുതൽ അർത്ഥവ്യാപ്തിയുള്ളതാക്കി.

ആനിമിസം: പ്രകൃതിയിലെ പദാർത്ഥങ്ങൾക്കും ശക്തികൾക്കും ദിവ്യചൈതന്യം കല്പിച്ച് മനുഷ്യൻ അവയെ ആരാധിച്ചിരുന്നു. സൂര്യൻ, ചന്ദ്രൻ, അഗ്നി, കാറ്റ്, മഴ തുടങ്ങിയവ ആരാധനാകേന്ദ്ര വിഷയങ്ങൾ ആയത് അങ്ങനെയാണ്. ഈ പ്രാകൃതാരാധനാ സമ്പ്രദായത്തിന്റെ പരിഷ്കൃതവും വികസിതവുമായ രൂപങ്ങളാണ് പില്ക്കാല വ്യവസ്ഥാപിത മതങ്ങളുടെ ആരാധനാ സങ്കേതങ്ങൾ.

ആനീദ: ആനീദൊ എന്നാൽ മരിച്ചവൻ എന്നർത്ഥം. അനീദാ എന്ന് തൽഭവം. എല്ലാ മരിച്ചവരേയും ഓർക്കുന്ന ദിവസം ആനീദാ ഞായർ ആണ്. ശവസംസ്ക്കാരത്തിന്റെ 12 ക്രമങ്ങൾ ചേർന്ന കൂദാശക്രമം ആനീദാ പുസ്തകം എന്ന പേരിലാണ് പരാമർശിക്കുക. മരിച്ചവരെ ഓർക്കുന്ന കുർബ്ബാന ആനീദാ കുർബ്ബാനയാണ്. ദേശ്യ ഭാഷയിൽ അത് 'അന്നദ' ആയിട്ടുണ്ട്. അന്നത്തെ സദ്യ 'അന്നദ'യാണ്. മരണാടിയന്തിരങ്ങൾ അന്നദ തന്നെ. പള്ളിയിലെ കുർബ്ബാന ശ്മശാനത്തിലെ ധൂപപ്രാർത്ഥന, വീട്ടിലെ ധൂപപ്രാർത്ഥന, ദക്ഷിണ നൽകൽ, ആശീർവ്വാദം, സദ്യ

എന്നിവ ആനീദായുടെ വിവിധ ചടങ്ങുകൾ ആണ്. നെയ്യപ്പവും പഴവും കോഴിക്കറിയും ആനീദായുടെ വിഭവങ്ങളായി പരിഗണിക്കപ്പെടാറുണ്ട്.

ആന്ത്രോപ്പോളജി ഓഫ് സിറിയൻ ക്രിസ്ത്യൻസ്: റാവു ബഹദൂർ അനന്തകൃഷ്ണയ്യർ സുറിയാനി ക്രിസ്ത്യാനികളുടെ വംശീയ - സാമൂഹ്യ - സാംസ്ക്കാരിക ചരിത്രത്തെപ്പറ്റി നടത്തിയ പഠനം 1926-ൽ (338 പേജ്) പ്രസിദ്ധപ്പെടുത്തി. 17 സചിത്ര അധ്യായങ്ങൾ. സഭാചരിത്രം, സാമൂഹിക നില, വിവാഹച്ചടങ്ങുകൾ, സാമൂഹ്യവും സഭാപരവും ആയ ഘടന, ആരാധനാനുഷ്ഠാനങ്ങൾ, വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങൾ, വസ്ത്രം, ആചാരം, ചമയങ്ങൾ തുടങ്ങി മലബാറിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രവും സംസ്ക്കാരവും ഈ ഗ്രന്ഥം ചർച്ച ചെയ്യുന്നു.

ആന്റിനോമിയനിസം: നിയമ നിഷേധം എന്ന് പദാർത്ഥം. ക്രിസ്ത്യാനി ക്രിസ്തുവിൽ സ്വതന്ത്രനായതിനാൽ അവന് നിയമവും ചട്ടങ്ങളും അനാവശ്യം എന്ന ചിന്ത. വ്യവസ്ഥാപിത സഭകളുടെ അച്ചടക്കം ചോദ്യം ചെയ്യപ്പെട്ട നവീകരണകാലത്താണ് ഈ ചിന്ത ഉത്ഭവിച്ചതെങ്കിലും നവീകരണസഭകൾ നിയമങ്ങളെ പാടേ നിഷേധിച്ചില്ല. എന്നാൽ 20-ാം നൂറ്റാണ്ടിൽ പ്രത്യക്ഷപ്പെട്ട അനാബാപ്റ്റിസ്റ്റുകൾ ഈ ചിന്തയെ അവലംബിക്കുന്നു. കേരളത്തിലെ പെന്തക്കോസ്തു വിഭാഗങ്ങളെ ഇതിന്റെ വക്താക്കളായി ഗണിക്കാവുന്നതാണ്. നൂറ്റാണ്ടുകളിലൂടെ സഭയിൽ രൂപപ്പെട്ട് പരിണമിച്ചുണ്ടായ നിയമവ്യവസ്ഥകളെ ഇവർ വേദപുസ്തക പിൻബലം അവകാശപ്പെട്ട് ചോദ്യം ചെയ്യുന്നു.

ആഡീസ് അബാബാ: എത്യോപ്യൻ തലസ്ഥാനം. മലമുകളിലെ പട്ടണം. ഇവിടെയുള്ള ആഫ്രിക്കാഹാളിൽ നിന്ന് ഭൂഖണ്ഡം മുഴുവൻ വീക്ഷിക്കാം. ഓറിയന്റൽ ഓർത്തഡോക്സ് സഭാ സിനഡ് 1965-ൽ ഹെയിലി സലാസി ചക്രവർത്തി ഇവിടെ വച്ച് വിളിച്ചുകൂട്ടി. '*അഡീസ് അബാബ്*' എന്ന ശീർഷകം കാണുക.

ആബീലേന്മാർ: മരണവേളകളിലെ പ്രൊഫഷണൽ വിലാപക്കാർ യഹൂദാസഭയിലും (മർക്കോ. 5:35) രാജകൊട്ടാരങ്ങളിലും ഫ്യൂഡൽ പ്രഭുമന്ദിരങ്ങളിലും ഉണ്ടായിരുന്നു. ലോകത്തിന് രക്ഷയുണ്ടാവാൻ വിലപിച്ച് പ്രാർത്ഥിക്കുന്ന ക്രൈസ്തവ സന്യാസിമാരും ഈ പേരിൽ അറിയപ്പെടുന്നു. ദീർഘകാലം പശ്ചാത്താപകാലമായി വിധിക്കപ്പെട്ടവരേയും ഈ പേരിൽ പരാമർശിക്കാറുണ്ട്.

ആബൂൻ - ആബൂന: നമ്മുടെ പിതാവ് എന്ന് അർത്ഥം. അച്ചൻ, എന്നും ഫാദർ എന്നും ഉള്ള പദത്തിന്റെ അർത്ഥമാണെങ്കിലും മേല്പട്ട

ക്കാരെ മാത്രം ഈ സുറിയാനിപദം കൊണ്ട് വിവക്ഷിക്കുന്നു. ആബോ, ആബൂന എന്നീ പദങ്ങൾ ഇതേ അർത്ഥത്തിൽ ആശ്രമാദ്ധ്യക്ഷരായ വൈദികരെ സൂചിപ്പിക്കാറുണ്ട്. ആബോ ഗീവറുഗ്ഗീസ്, ആബോ യൂഹാനോൻ എന്നീ പ്രയോഗങ്ങൾ ഓർക്കാവുന്നതാണ്.

ആഭരണങ്ങൾ (നസ്രാണികളുടെ): സ്ഥാനവും പദവിയും അനുസരിച്ചേ പണ്ട് ആഭരണങ്ങൾ ധരിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. സുറിയാനി ക്രിസ്ത്യാനികൾക്ക് താഴെപറയുന്ന ആഭരണങ്ങൾ ധരിക്കുവാൻ ചെപ്പേടുകൾ നല്കിയ രാജാക്കന്മാർ അനുവദിച്ചിട്ടുണ്ട്. ഉച്ചിപ്പൂവ്, നെറ്റിപ്പട്ടം, കൈത്തള, കച്ചപ്പുറം, തോൾവള, വീരശൃംഖല, കാൽച്ചിലമ്പ് തുടങ്ങിയവ അവയിൽപ്പെടുന്നു. വിവാഹസമയത്ത് മുമ്പ് അണിഞ്ഞിരുന്ന 'പൊന്നിൻപൂവ്' എന്ന പ്രയോഗത്തിൽ ഇത്തരം ആഭരണങ്ങളുടെ ഒരു സെറ്റ് ഉൾപ്പെടുന്നു. ഒരു നൂറ്റാണ്ടിന് മുമ്പ് കുന്നംകുളം പനക്കൽ തറവാട്ടിൽ അപ്രകാരം ഇരുപത് സെറ്റ് പൊന്നിൻ പൂവുകൾ ഉണ്ടായിരുന്നു. ഒരു സെറ്റിന് നൂറിലേറെ പവൻ (800 ഗ്രാം) സ്വർണ്ണം ആവശ്യമായിരുന്നു. അവയിൽ സ്വർണ്ണമോതിരം, സ്വർണ്ണമാല, സ്വർണ്ണത്താലി എന്നിവ വിവാഹശുശ്രൂഷയിലെ അവശ്യഘടകങ്ങളായി ഇപ്പോഴും ഉപയോഗിക്കുന്നു.

ആമ്മാൻ ആമ്മീൻ: കാസാ പീലാസാകൾ ഉയർത്തി ആഘോഷിച്ച ശേഷം ത്രിത്വത്തിലെ ആളത്തങ്ങൾ നമ്മോടുകൂടെ എന്ന് കാർമ്മികൻ കുർബ്ബാനയിൽ പ്രഖ്യാപിക്കുന്ന മൂന്നു വാകൃങ്ങൾക്ക് ആമ്മാൻ ആമ്മീൻ എന്ന് പ്രതിവാക്യം പറഞ്ഞിരുന്നു. ഇതിലെ ആമ്മാൻ കാർമ്മികവാക്യത്തിന്റെ അന്ത്യപദവും ആമ്മീൻ യഥാർത്ഥ പ്രതികരണവാക്യവും ആകുന്നു.

ആമ്മേൻ (ആമ്മീൻ): പ്രാർത്ഥനയുടെ അന്ത്യത്തിൽ കാർമ്മികന്റെ പ്രാർത്ഥനയെ ആംഗീകരിച്ച് തങ്ങളുടേതാക്കുന്ന അർത്ഥത്തിൽ ആരാധകർ ഉപയോഗിക്കുന്ന എബ്രായപദത്തിന് അപ്രകാരം തന്നെ, സത്യമായി എന്നൊക്കെ അർത്ഥം പറയാം. ക്രിസ്തുവിന്റെ പേർ ആയി വെളി. 3:14-ൽ ഈ പദം കാണുന്നു. അന്ത്യം എന്ന അർത്ഥത്തിൽ ദേശ്യപ്രയോഗമുണ്ട്.

ആമ്മീൻ: കോടതിയുത്തരവുകൾ, അറിയിപ്പുകൾ എന്നിവ എത്തിച്ചുകൊടുക്കുന്ന കോടതിയുദ്യോഗസ്ഥനെ ആമ്മീൻ എന്ന് പറയും. ഉത്തരവുകൾ നടപ്പാക്കാൻ ആമ്മീൻ കൂടെ കാണും. ജപ്തികളിലും കൂടെ കാണും.

ആമോസ്: ബി. സി. 8-ാം നൂറ്റാണ്ടിൽ ജീവിച്ച സാമൂഹ്യനീതിയ്ക്കുവേണ്ടിയും ആർഭാടത്തിനും ധൂർത്തിനും എതിരായും പ്രവചിച്ച കർഷക പാരമ്പര്യത്തിൽ നിന്ന് വിളിച്ചുചേർക്കപ്പെട്ട പ്രവാചകൻ. നീതിയുടെ പ്രവാചകൻ എന്ന് അറിയപ്പെടുന്നു. ആമോസിന്റെ പ്രവചനപുസ്തകം

പ്രായോഗികമായ സാമൂഹ്യ പരിവർത്തനത്തിന്റെ സന്ദേശം നൽകുന്നു.

ആമോസ്: ഏശായാ പ്രവാചകന്റെ പിതാവ്.

ആയിസ്തപ്പാട്: വി. കുർബ്ബാനയ്ക്കു മുമ്പായി കാർമ്മികൻ നടത്തുന്ന മാനസികവും ശാരീരികവുമായ ഒരുക്കങ്ങൾക്ക് ആയിസ്തപ്പാട് എന്ന് പറഞ്ഞിരുന്നു.

ആരാധന (ക്രിസ്തീയം): കുർബ്ബാന എന്ന സഭയുടെ പൊതു ആരാധന, കുടുംബത്തിലും മറ്റും നടത്തുന്ന യാമപ്രാർത്ഥന, വ്യക്തിഗത പ്രാർത്ഥന ഇവയൊക്കെ ക്രിസ്തീയാരാധനയുടെ ഭാഗങ്ങൾ. പഴയനിയമാരാധനയുടെ പശ്ചാത്തലത്തിലാണ് പുതിയനിയമ ആരാധനകൾ രൂപം കൊണ്ടത്. ഏക ദൈവാരാധന യഹൂദമതത്തെ അനന്യമാക്കുന്നു. മോശയുടെ കാലത്ത് ആരാധനയ്ക്കു ഒരു കൂടാരവും വ്യവസ്ഥാപിതമായ ആരാധനാ സങ്കേതങ്ങളും ഉണ്ടാവാൻ തുടങ്ങി (ബി. സി. 15-ാം നൂറ്റാണ്ട്). ബി. സി. 7-ാം നൂറ്റാണ്ടിൽ അത് പൂർണ്ണവും ക്രമീകൃതവുമായി. ദാവീദിന്റെ കാലത്ത് യെരുശലേം ആരാധനയുടെ കേന്ദ്രസ്ഥാനമായി. ദേവാലയത്തിൽ ഉപയോഗിക്കാൻ ഗായകസംഘങ്ങളും വ്യക്തിഗത സങ്കീർത്തനങ്ങളും രചിക്കപ്പെട്ടു. പഴയനിയമ ആരാധന അനുഷ്ഠാനനിബദ്ധവും കൃതജ്ഞതാപ്രഘോഷണവും കൂട്ടായ്മയിൽ അധിഷ്ഠിതവും ദൈവാഭിമുഖ ജീവിത സംബന്ധിയും ആയിരുന്നു.

പുതിയനിയമ ആരാധന അപ്പം മുറിക്കൽ എന്ന വി. കുർബ്ബാനയിൽ കേന്ദ്രീകൃതമാണ്. ആരാധന ആനന്ദജനകമാണ്. സ്തുതിയും സ്തോത്രവും അതിന്റെ മർമ്മമാണ്. ആദികാല ആരാധനാകേന്ദ്രങ്ങൾ സിനഗോഗുകൾ ആയിരുന്നു. വായന, വ്യാഖ്യാനം, കീർത്തനം, ധ്യാനം എന്നീ പശ്ചാത്തലത്തിൽ ക്രിസ്തീയ പരസ്യാരാധനയ്ക്ക് രണ്ട് ഭാഗങ്ങൾ രൂപപ്പെട്ടു. 1. വചന ശുശ്രൂഷ. 2. ബലിയർപ്പണം. ഞായറാഴ്ചകൾ ആരാധനാദിനമായി. വീടോ പൊതുസ്ഥലമോ ആരാധനാസ്ഥലമായി.

വായനയും അധ്യക്ഷന്റെ വ്യാഖ്യാനവും ആദ്യം നടക്കും. പിന്നീട് ശെമ്മാശന്റെ നേതൃത്വത്തിൽ ജനം പ്രാർത്ഥിക്കും. അവയെ കാർമ്മികൻ ഉപസംഹരിക്കും. പിന്നീട് പരസ്പരാലിംഗനം - സമാധാന ചുംബനം വരെ വേദപഠിതാക്കൾക്കും സംബന്ധിക്കാം. സമാധാനദാനത്തോടെ സ്തോത്രബലി ആരംഭിക്കും. ജനങ്ങൾ കാഴ്ചയായി കൊണ്ടുവരുന്ന അപ്പവീഞ്ഞുകൾ ശെമ്മാശൻ അധ്യക്ഷന്റെ മുമ്പിൽ വിരിച്ചൊരുക്കിയ മേശയിലേക്ക് ആഘോഷപൂർവ്വം കൊണ്ടുവരും. ഇവയെ അധ്യക്ഷൻ വാഴ്ത്തി ശുദ്ധീകരിച്ച് ജനങ്ങൾക്ക് നൽകുന്നു (പിന്നീട്). പിന്നീട് സ്ഥാപനവചനങ്ങൾ ചൊല്ലി പരിശുദ്ധാത്മാവാവാസപ്രാർത്ഥന നടത്തി അപ്പവീഞ്ഞുകളെ

വാഴ്ത്തും. അതുകഴിഞ്ഞ് അത് ജനത്തിന് വിതരണം ചെയ്യും. പിന്നീട് കൃതജ്ഞതാ പ്രാർത്ഥനയും ആശീർവാദവും ആണ്. ജീവകാരുണ്യ പ്രവർത്തനത്തിനുള്ള പണം അധ്യക്ഷനെ ഏല്പിച്ച് ജനം പിരിയും. 4-ാം നൂറ്റാണ്ടിന് ശേഷം പള്ളികളും മറ്റും രാജകീയമായി. ആരാധനയ്ക്കും ലിഖിതവും നിയതവുമായ രൂപങ്ങൾ ഉണ്ടായി. സുറിയാനി, അലക്സാണ്ട്രിയൻ, റോമൻ, ഗ്രീക്കു ക്രമങ്ങൾ ഉണ്ടായി. പെരുന്നാളുകൾ നിലവിൽവന്നു. സഹദേന്മാരുടെ ഓർമ്മ, ഈസ്റ്റർ, യൽദാ, ദനഹാ ഇവയൊക്കെ പ്രത്യേകം കൊണ്ടാടി. ക്രമേണ ആരാധനക്രമങ്ങൾ വളർന്നു വ്യത്യാസപ്പെട്ടു. എതിർക്രമങ്ങളും നിലവിൽ വന്നു. ലൂഥറും കാൽവിനും സ്വിംഗ്ളിയും ഹെൻറി VIII എന്നിവർ പുതിയ തക്സാകൾ ഉപയോഗിച്ചു. 18-ാം നൂറ്റാണ്ടിൽ പ്യൂരിറ്റൻസ് ലിഖിതക്രമം ഉപേക്ഷിച്ചു. ആധുനിക ആരാധനയിൽ കത്തോലിക്കാസഭ പരിഷ്ക്കാരങ്ങൾ ഏറെ പരീക്ഷിക്കുന്നു. ജനങ്ങളെ ഉൾക്കൊള്ളാനുള്ള ശ്രമം കൂടിയിട്ടുണ്ട്. പ്രാദേശികഭാഷ അംഗീകരിക്കപ്പെട്ടു. ഓർത്തഡോക്സ് സഭയും കാലോചിതമായ ആരാധനകൾക്ക് ശ്രമിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടുവരെ വളർന്നുകൊണ്ടേയിരുന്ന ആരാധനാക്രമങ്ങൾ ഇപ്പോഴും ഏറെക്കുറെ അതേപടി ഉപയോഗത്തിലിരിക്കുന്നു.

ആരാധനയിലെ വസ്ത്രങ്ങൾ: സാധാരണ വസ്ത്രങ്ങൾക്കു പുറമേ കറുത്ത ഉടുപ്പ്, വെള്ള ഉടുപ്പ്, ഊറാറ, കൈയ്യുറകൾ, ഇടക്കെട്ട്, കാപ്പ, ചെരിപ്പ് എന്നിവ കശ്ശീശന്മാരും ഇവയ്ക്കു പുറമേ ശീലമുടി, പത്രസീൻ എന്നിവ മേല്പട്ടക്കാരും കറുത്തകുപ്പായം, വെള്ളക്കുപ്പായം, ഊറാറ എന്നിവ ശെമ്മാശന്മാരും ധരിക്കുന്നു. വെള്ളക്കുപ്പായവും ഊറാറയുമാണ് അടിസ്ഥാന അംശവസ്ത്രങ്ങൾ - സ്ലീബാ, അംശവടി, ഐക്കൺ, കുരിശുമാല തുടങ്ങിയവ വിവിധ വൈദികസ്ഥാനികളുടെ സ്ഥാനചിഹ്നവും ആകുന്നു. പഴയനിയമ പൗരോഹിത്യ വേഷവും പുതിയനിയമ വ്യാഖ്യാനങ്ങളും ഇവയ്ക്കോരോന്നിനും നൽകാം. ഇവ അണിയുമ്പോൾ നടത്തുന്ന പ്രാർത്ഥനകളിൽ അവയുടെ പ്രതീകാത്മകത വ്യക്തമാക്കപ്പെട്ടിരിക്കുന്നു. *'അംശവസ്ത്രം'* എന്ന ശീർഷകം കാണുക.

ആരാധനയും മിഷനും: ആരാധനയിൽ നിന്ന് മിഷൻ പ്രചോദനം. മിഷന്റെ ലക്ഷ്യം ആരാധന. ആരാധനയുടെ ആനന്ദത്തിലേക്ക് സർവരേയും സ്വാഗതം ചെയ്യുന്ന സാക്ഷ്യമാണ് മിഷൻ. ഏശായുടെ ദർശനം (6:1-8) ഈ പാരസ്പര്യം വ്യക്തമാക്കുന്നു.

ആരാധനാസംഗീതം: സംഗീതകല പ്രാചീനകാലം മുതലേ ആരാധനാ മാധ്യമമായി സർവ മതങ്ങളും ഉപയോഗിക്കുന്നുണ്ട്. യഹൂദപാരമ്പര്യത്തിൽ സംഗീതവും സംഗീതോപകരണങ്ങളും ഗായകസംഘവും ഉണ്ടായിരുന്നു. 6-ാം നൂറ്റാണ്ടിൽ മാർപ്പാപ്പാ ഗ്രിഗറി ആവിഷ്ക്കരിച്ച ഗ്രിഗോറിയൻ

സംഗീതമാണ് കത്തോലിക്കാസഭയുടെ ഔദ്യോഗിക സംഗീതശൈലി. മാർ അപ്രേം, മാർ യാക്കോബ്, മാർ ബാലായി എന്നീ കവികളിലൂടെ സുറിയാനിസഭയുടെ സംഗീതശൈലി രൂപപ്പെട്ടു. കർണ്ണാടകസംഗീതം, ഹിന്ദുസ്ഥാനിസംഗീതം എന്നീ ദക്ഷിണ-ഉത്തരേന്ത്യൻ സംഗീതങ്ങൾ ക്ഷേത്രസംഗീതമായി വികസിച്ചവയാണ്. മലങ്കരസഭ, സുറിയാനിസഭയുടെ സംഗീത പാരമ്പര്യം പിന്തുടരുന്നു. രാഗവൈവിധ്യങ്ങളെ നിറങ്ങൾ എന്നും പറയും. ചിട്ടപ്പെടുത്തിയ സംഗീതസാകല്യത്തെ 'എക്കാറ' എന്ന് പറയും. മിക്ക ഗാനങ്ങൾക്കും എട്ട് രാഗവൈവിധ്യങ്ങളുണ്ട്. ഓരോ ദിവസത്തിനും ഞായറാഴ്ച ഉൾപ്പെടെയുള്ള പെരുന്നാളുകൾക്കും ഇന്ന ഇന്ന പാട്ടുകൾക്ക് ഇന്നയിന്ന രാഗങ്ങൾ എന്ന് ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഓരോ കൂദാശയ്ക്കും അവയുടെ ഭാവങ്ങളെ ആസ്പദമാക്കി രാഗവൈവിധ്യങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. സമൂഹാരാധനയിൽ ഇവയുടെ പരിജ്ഞാനമുള്ള ഒരു ലീഡർ കൂടിയേ തീരൂ. ആരാധനയുടെ ഏകാഗ്രത നിലനിർത്തുവാനും വിരസത ഒഴിവാക്കുവാനുമുള്ള ഇത്ര സൂക്ഷ്മമായ സംഗീത മർമ്മജ്ഞത ഏതെങ്കിലും മതങ്ങളിലോ സഭകളിലോ ഉള്ളതായി അറിവില്ല.

ആലോഹോ: ദൈവം എന്ന അർത്ഥത്തിൽ ഏലോഹീം എന്ന എബ്രായപദത്തിന്റെ സുറിയാനി തൽഭവം. ആലാഹാ, അല്ലാഹു തുടങ്ങിയവയും വിവിധ തൽഭവരൂപങ്ങൾ തന്നെ.

ആൽഫയും ഒമേഗയും: ഗ്രീക്ക് അക്ഷരമാലയിലെ ആദ്യ - അന്ത്യ അക്ഷരങ്ങൾ. ആദിയും അന്തവും എന്ന് ശൈലിയുടെ അർത്ഥം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായി ഈ അക്ഷരങ്ങൾ ക്രൈസ്തവ കലാരൂപങ്ങളിൽ ഉപയോഗിക്കുന്നു. ദൈവത്തെയും ക്രിസ്തുവിനെയും പരാമർശിക്കുവാൻ ഈ ശൈലി ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട് (വെളി. 1:8; 2:6; 22:13).

ആലേഫും താവും: സുറിയാനിയിലെ ആദ്യ - അന്ത്യ അക്ഷരങ്ങൾ. ആൽഫയും ഒമേഗയും എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു.

ആലേഫിന്റെ ദയറ: ആലേഫ് എന്നാൽ ആയിരം എന്നർത്ഥം. സിറിയയിലെ ഒരു ദയറ ആണിത്. ഒരു കാലത്ത് ആയിരങ്ങൾ ഇതിലെ അന്തേവാസികൾ ആയിരുന്നു.

ആശീർവാദം: പിതാവ് മക്കളെ, രാജാവ് പ്രജകളെ, ഗുരു ശിഷ്യരെ അനുഗ്രഹിക്കുന്നു. അനുഗ്രഹത്തിന്റെ ഉറവ ദൈവം. ദൈവികാനുഗ്രഹങ്ങൾ സഭയിൽ പുരോഹിതൻ വഴി ലഭിക്കുന്നു. കശ്ശീശാ സ്ഥാനമെങ്കിലും ഏല്ക്കാത്ത ഒരാൾക്ക് അനുഗ്രഹം ദാനം ചെയ്യാൻ അനുവാദമില്ല. കശ്ശീശാ പട്ടംകൊടയിൽ ലഭിക്കുന്ന നൽവരമാണ് അനുഗ്രഹിക്കുവാനുള്ള ഔപചാരികമായ അധികാരം. ത്രിത്വനാമം (ശൂബഹോ) ചൊല്ലിയും

തലയിൽ കൈവച്ചും പ്രത്യേക അനുഗ്രഹവാകൃങ്ങൾ ഉച്ചരിച്ചും കൈമുത്തിയും ചിലപ്പോൾ അംശവസ്ത്രങ്ങൾ മുത്തിച്ചും ആശീർവാദം നൽകുന്നു. ആശീർവാദം നൽകാനുള്ള അഭ്യർത്ഥനയാണ് പലപ്പോഴും ബാറെക്മോർ. അത് സ്വീകരിച്ച് കാർമ്മികൻ ജനങ്ങളെ വാഴ്ത്തുന്ന കാർമ്മിക വാകൃമാണ് 'ശുബഹോ.' അതിന്റെ സ്വീകരണവാകൃമാണ് "മെന്ഓലം.." ആശീർവദിക്കാനുള്ള നൽവരത്തിന്റെ സ്ഥാനചിഹ്നമാണ് സ്ലീബാ. പള്ളിക്കൂദാശയിൽ മദ്ബഹായിലെ ഉപകരണങ്ങളെ മൂറോൻ അഭിഷേകം ചെയ്യുന്നു. കൂദാശകളിലും ശുശ്രൂഷകളിലും അപ്പവീഞ്ഞുകൾ, വെള്ളം, ഓല, തൈലം തുടങ്ങിയവയെ ആശീർവദിക്കുന്നതിന് പ്രത്യേകം കാർമ്മികാനുഷ്ഠാനങ്ങളുമുണ്ട്. സ്ലീബാ ഭാഷയിലാണ് എല്ലാ ആശീർവാദവും. അത് സ്വീകരിക്കുന്നതും കുരിശുവരച്ചിട്ടാണ്. ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്ന ഭക്ഷണ, കാർഷിക വിളവുകളും ആശീർവദിച്ചിട്ടാണ് വിതരണം ചെയ്യുന്നത്. കുർബ്ബാനകളിലെ ആശീർവാദ സമയങ്ങളിൽ ത്രോണോസിൽ നിന്ന് കാർമ്മികൻ വഴിയായി അനുഗ്രഹം ഒഴുകുന്നതിന് സ്പഷ്ടമാക്കുമാറ് ഇടതുകൈ ത്രോണോസിൽ സ്പർശിച്ചുകൊണ്ട് വലതുകൈ ജനത്തിന് നേരെ ഉയർത്തി ആശീർവദിക്കുന്നു. സമൂഹാരാധനകളിൽ കാർമ്മികന്റെ ആശീർവാദം കഴിഞ്ഞ് പിരിഞ്ഞുപോകുന്ന പാരമ്പര്യമാണ് ഉള്ളത്.

ആശുപത്രികൾ, മലങ്കരസഭയിൽ: കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, എം. ജി. ഡി. എം. ആശുപത്രി കങ്ങഴ, മിഷൻ ആശുപത്രി പരുമല, സെന്റ് മേരീസ് ഇരവിപേരൂർ, മാർ തേവോദോസ്യോസ് ശാസ്തമംഗലം, ചെറിയപള്ളി കോട്ടയം, തേവോദോസ്യോസ് റാന്നി പെരുനാട്, സെന്റ് ആൻഡ്രൂസ് പുത്തൻകാവ്, പുതുപ്പാടി, സെന്റ് മേരീസ് വള്ളംകുളം, മലങ്കര മിഷൻ കുന്നംകുളം, പാറേട്ട് ആശുപത്രി പുതുപ്പള്ളി, കൈപ്പട്ടൂർ, തടാകം, മാത്തൂർ, കല്ക്കത്താ, പോത്താനിക്കാട്, പുത്തനങ്ങാടി തുടങ്ങിയവ പ്രമുഖ ആശുപത്രികൾ ആണ്.

ആശ്രമം: ജീവിതഘട്ടങ്ങളെ അടിസ്ഥാനമാക്കി ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥാനം, സന്യാസം എന്നീ നാല് ആശ്രമങ്ങൾ ഭാരതീയ സംസ്ക്കാരത്തിലുണ്ട്. സന്യാസികൾ തപോവൃത്തിയുമായി കഴിയുന്ന സ്ഥലങ്ങളും ഈ പേരിൽ അറിയപ്പെടുന്നു. സുറിയാനിയിൽ ദയറ എന്ന് പറയും. ക്രിസ്തുമതത്തിന് പുറമേ ബുദ്ധ - ജൈന - ഹൈന്ദവമത പ്രസ്ഥാനങ്ങൾക്കും ആശ്രമങ്ങൾ ഉണ്ട്. അച്ചടക്കം, ബ്രഹ്മചര്യം, ദാരിദ്ര്യം ഇവയാണ് ആശ്രമങ്ങളുടെ മുദ്രാവാകൃങ്ങൾ. യഹൂദമതത്തിലും സന്യാസപ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നു.

4-ാം നൂറ്റാണ്ടിൽ ക്രിസ്തുമതം രാജകീയമതമായപ്പോൾ ഉണ്ടായ

ലൗകികതയുടെ വേലിയേറ്റങ്ങളോടുള്ള പ്രതിഷേധ പ്രതികരണമായി ക്രൈസ്തവസഭയിൽ ആശ്രമജീവിതത്തോട് ആഭിമുഖ്യമുണ്ടായി. മരുഭൂമികളിൽ ആശ്രമങ്ങൾ രൂപംകൊണ്ടു. എ. ഡി. 350-ൽ അന്തോണിയോസ് രൂപം നൽകിയ പ്രസ്ഥാനം പിന്നീട് പന്തലിച്ചു. അന്തോണിയോസിന്റെ ജീവചരിത്രം അത്താനാസ്യോസ് രചിച്ചതോടെ അലക്സാണ്ട്രിയായിൽ 4-ാം നൂറ്റാണ്ടിൽ ബസ്സേലിയോസ് സന്യാസപ്രസ്ഥാനത്തിന് നേതൃത്വം നൽകി. 6-ാം നൂറ്റാണ്ടിലെ ബനിഡിക്ടിന്റെ ആശ്രമശൈലിയാണ് പാശ്ചാത്യസഭകൾ പിൻതുടരുന്നത്. യെരുശലേമിലെ മാർക്കോസിന്റെ ദയറാ, കാതോലിക്കേറ്റ് ആസ്ഥാനമായിരുന്ന മാർ മത്തായിയുടെ ദയറാ ഇവ ശ്രദ്ധേയം.

ആശ്രമം ദയറായും ആശ്രമസ്ഥർ ദയറായക്കാരുമാണ്. സ്ത്രീപുരുഷന്മാർക്ക് ഈ സ്ഥാനം നൽകുന്നതിന് വ്യത്യസ്ത ശുശ്രൂഷക്രമമുണ്ട്. ആശ്രമാധ്യക്ഷന്മാരാണ് സ്ഥാനം നൽകുക. ഇത് പട്ടംകൊടയോ കൂദാശയോ അല്ല. സുറിയാനി പാരമ്പര്യത്തിൽ ദയറായസ്ഥാനം സ്വീകരിച്ച പുരുഷന്മാരെ റമ്പാൻ എന്ന് വിളിക്കും. തലയിൽ മസ്നപ്സയും കുരിശുമാലയുമാണ് പ്രത്യേകവേഷം. പണ്ട് ദയറായിൽ നിന്നാണ് മെത്രാന്മാരെയും സഭാധ്യക്ഷന്മാരെയും വൈദികരെയും തെരഞ്ഞെടുത്ത് നിയമിച്ചിരുന്നത്. ആ പാരമ്പര്യത്തിൽ നിന്ന് മെത്രാനാകുന്നതിന് മുമ്പ് റമ്പാൻ സ്ഥാനം നൽകുന്ന പതിവുണ്ടായി. പുരോഹിതസ്ഥാനമില്ലാത്ത റമ്പാന്മാരെ ശർവ്വോയോ റമ്പാൻ എന്ന് പറയും. ഹൂദായകാനോൻ ദയറായക്കാർക്ക് മാംസഭക്ഷണം വിലക്കിയിട്ടുണ്ട്. വേദഗ്രന്ഥങ്ങളും ആരാധനാക്രമങ്ങളും പകർത്തിയെഴുതുക, പ്രമാണഗ്രന്ഥങ്ങൾ രചിക്കുക, വിശ്വാസപരിശീലനവും അധ്യാപനവും നടത്തുക തുടങ്ങിയവ ദയറാകളുടെ പ്രവർത്തനരീതി ആയിരുന്നു. ദയറാപ്രസ്ഥാനം ശക്തിപ്പെട്ട കാലങ്ങളിലാണ് സഭ ചൈതന്യവത്തായിട്ടുള്ളത്. മർദ്ദീനിൽ മെത്രാൻ പട്ടമേൽക്കുവാൻ പോയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് സിറിയൻ സഭയിലെ ആശ്രമപ്രസ്ഥാനത്തിൽ നിന്ന് പ്രചോദനം ആർജ്ജിച്ച് മലങ്കരസഭയിൽ ദയറാ പ്രസ്ഥാനം ആരംഭിച്ചു. ഒന്നാമത്തെ ആശ്രമം - ദയറാ - മുളന്തുരുത്തിയിലെ വെട്ടിക്കൽ ദയറാ ആണ്. അവിടെ നേരത്തെ ഉണ്ടായിരുന്ന കുരിശും കെട്ടിടവും ദയറായ്ക്കായി വേർതിരിച്ചു. 1872 മീനം 26-ന് ചാത്തുരുത്തിൽ ഗീവറുഗീസ് കോറിയ്ക്ക് പുലിക്കോട്ടിൽ മെത്രാച്ചൻ മുളന്തുരുത്തിപ്പള്ളിയിൽ വച്ച് റമ്പാൻസ്ഥാനം നൽകി വെട്ടിക്കൽ ദയറായിലെ അധിപനായി നിയമിച്ചു. മൂക്കഞ്ചേരിൽ ഗീവറുഗീസ് റമ്പാൻ തുടങ്ങി അനുയായികളായ റമ്പാന്മാർ അവിടെ താമസമാക്കി. ഏറെതാമസിയാതെ പരുമലയിൽ ആരംഭിച്ച സെമിനാരിയിലെ സേവനത്തിനായി ചാത്തുരുത്തി റമ്പാൻ നിയോഗിക്കപ്പെട്ടപ്പോൾ മൂക്കഞ്ചേരിൽ റമ്പാൻ വെട്ടിക്കൽ ദയറായുടെ അധിപൻ ആയി.

ആശ്രമപ്രസ്ഥാനം, മലങ്കരയിൽ: ദയറാ, ആശ്രമം, കോൺവെന്റ് എന്നീ സുറിയാനി - മലയാളം - ഇംഗ്ലീഷ് പദങ്ങൾ സാമാന്യേന സന്യാസ ഭവനങ്ങളെ കുറിക്കുന്നു. മേല്പട്ടസ്ഥാനമേല്ക്കുവാൻ മർദ്ദീനിലെത്തിയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ അന്ത്യോഖ്യൻ പേർഷ്യൻ സഭകളിലെ ദയറാകൾ സന്ദർശിച്ച് അദ്ഭുതപരവശനായി. ആ സ്വാധീനത്തിന്റെ ഫലമായി അദ്ദേഹം മലങ്കരസഭയിലെ ആദ്യത്തെ ദയറാ - ആശ്രമം - മുളന്തുരുത്തി ഇടവകയിൽ വെട്ടിയ്ക്കൽ കുരിശുപള്ളിയോട് ചേർന്ന കെട്ടിടത്തിൽ 1872-ൽ ആരംഭിച്ചു. വെട്ടിക്കൽ ദയറായ്ക്കു ശേഷം 1918-ൽ ഫാ. പി. റ്റി. ഗീവർഗ്ഗീസും ഫാ. അലക്സിയോസും ചേർന്ന് റാന്നി പെരുന്നാട്ടിൽ ബഥനി ആശ്രമം സ്ഥാപിച്ചു. Order of Imitation of Christ (O. I. C.) എന്ന് ഈ പ്രസ്ഥാനം അറിയപ്പെടുന്നു. കുന്നംകുളത്തും കുഴിമറ്റത്തും ശാഖകൾ ഉണ്ട്. ആബോ ഗീവറുഗ്ഗീസ്, ആബോ അലക്സിയോസ്, ആബോ യൂഹാനോൻ, ഫാ. അലക്സാണ്ടർ, ഫാ. കുറിയാക്കോസ്, ഫാ. പൗലൂസ്, ഫാ. സോളമൻ, ഫാ. സ്റ്റീഫൻ തുടങ്ങിയവർ സുപ്പീരിയർ സ്ഥാനം വഹിച്ചു. ബഥനി കോൺവെന്റിന് കുന്നംകുളത്തും കോട്ടയത്തും ശാഖകൾ ഉണ്ട്. ഇവരുടെ നേതൃത്വത്തിൽ സ്കൂളുകളും ആശുപത്രികളും നടത്തിവരുന്നു. **പത്തനാപുരം താബോർ ദയറാ:** 1930-ൽ ഫാ. സി. എം. തോമസ് സ്ഥാപിച്ചു. തൃശ്ശിനാപ്പിള്ളി, ബ്രഹ്മവാർ, നിലമ്പൂർ, മൈലം, മധുരമല, കുര്യനയം എന്നീ ശാഖകൾ പ്രവർത്തിക്കുന്നു. കോളജുകൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, ഭവനദാനം, വിവാഹ സഹായം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ആണ് സുപ്പീരിയർ. **പത്തനാപുരം മൗണ്ട് താബോർ കോൺവന്റ്:** 1930-ൽ ഫാ. സി. എം. തോമസ് സ്ഥാപിച്ചു. സ്ത്രീകളുടെ ഇടയിൽ ദയറായുടെ സമാന്തരസേവനങ്ങൾ നിർവഹിക്കുന്നു. **ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം:** 1960-ൽ മാത്യൂസ് മാർ കൂറിലോസ് സ്ഥാപിച്ചു. മാർ എപ്പിപ്പാനിയോസ് സുപ്പീരിയർ. **പുതുപ്പാടി സെന്റ് പോൾസ്:** 1958-ൽ ഫാ. എം. വി. ജോർജ്ജ് സ്ഥാപിച്ചു. ബാലഭവനങ്ങൾ, സുവിശേഷവേല എന്നിവ നടത്തുന്നു. കെ. ഐ. ഫിലിപ്പ് റമ്പാൻ സുപ്പീരിയർ. **പുതുപ്പാടി കോൺവെന്റ്:** 1978-ൽ സ്ഥാപിച്ചു. ശിശുഭവനം, ബാലികാഭവൻ, വൃദ്ധഭവൻ, ആശുപത്രി എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. **റാന്നി ഹോളി ട്രിനിറ്റി ആശ്രമം:** 1970-ൽ ഫാ. റ്റി. ഇ. ജോർജ്ജ് സ്ഥാപിച്ചു. **തിരുവനന്തപുരം ഹോളി ക്രോസ് കോൺവെന്റ്:** 1985-ൽ മാർ ദീയസ്ക്കോറോസ് ആരംഭിച്ചു. വികലാംഗ ബാലഭവനം നടത്തുന്നു. **തടാകം ക്രിസ്തുശിഷ്യാശ്രമം:** 1936-ൽ ബിഷപ്പ് പെക്കൻഹാം വാൽഷ് സ്ഥാപിച്ചു. **ഓതറ കോൺവെന്റ്:** 1934-ൽ സ്ഥാപിതം. **കിഴക്കമ്പലം കോൺവെന്റ്:** 1937-ൽ സ്ഥാപിച്ചു. ബോംബെയിൽ ശാഖയുണ്ട്. **കടമ്പനാട് കോൺവെന്റ്:** 1966-ൽ സ്ഥാപിച്ചു. ആശുപത്രി,

ഹോസ്റ്റലുകൾ തുടങ്ങിയവയാണ് മുഖ്യ പ്രവർത്തനരംഗങ്ങൾ. **ശൂരനാട് കോൺവെന്റ്:** 1968-ൽ ബർസ്കീപ്പാ റമ്പാൻ സ്ഥാപിച്ചു. **മൈലപ്ര കുറിയാക്കോസ് ദയറാ:** പി. ഐ. മാത്യൂസ് റമ്പാൻ സ്ഥാപിച്ചു. **അടുപ്പൂട്ടി കോൺവെന്റ്.** തോമ്മാ മാർ ദീവന്നാസ്യോസ് സ്ഥാപിച്ചു. **മേരി മാതാ ആശ്രമം, തിരുവനന്തപുരം:** ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 2006-ൽ സ്ഥാപിച്ചു. ഇവയാണ് മലങ്കരസഭയിൽ നിലവിലുള്ള പ്രമുഖ ദയറാകളും ആശ്രമങ്ങളും കോൺവെന്റുകളും.

ആരാധനാവർഷം: ക്രിസ്തുവിന്റെ രക്ഷാകരമായ ചരിതത്തിലെ സംഭവങ്ങളെ കേന്ദ്രമാക്കി വിവിധ ഘട്ടങ്ങളായി ആരാധനാവർഷത്തെ തിരിച്ചിട്ടുണ്ട്. പൊതുവായി ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങൾ. 1. സുബോറോകാലം. കൂദൊശ് ഇത്തോ മുതൽ ആരംഭിക്കുന്നു. 2. യൽദാ-ദനഹാകാലം. ക്രിസ്തുമസിന് മുമ്പുള്ള ആഴ്ച മുതൽ വലിയനോമ്പ് തുടങ്ങുന്നതുവരെ. 3. നോമ്പുകാലം. കൊത്തീനെ മുതൽ ഉയിർപ്പു വരെ. 4. ക്യംതാകാലം. ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെ. 5. പെന്തിക്കോസ്തിക്കാലം. പെന്തിക്കോസ്തി മുതൽ ആഗസ്റ്റ് 5 വരെ. 6. തേജസ്കരണകാലം: ആഗസ്റ്റ് 6 മുതൽ സെപ്തം. 13 വരെ. 7. സ്ലീബാകാലം. സെപ്തം. 14 മുതൽ കൂദൊശ് ഈത്തോ വരെ.

ആർച്ച് ഡീക്കൻ: '*അർക്കദിയാക്കോൻ*' എന്ന ശീർഷകം കാണുക.

ആർത്താറ്റ്: ആർത്താട്ട് എന്ന പദത്തിന്റെ പരിണാമം വന്ന രൂപം. 1599-ലെ ഉദയംപേരൂർ സുന്നഹദോസിന് നേതൃത്വം നൽകി മലങ്കരസഭയെ റോമിന്റെ തൊഴുത്തിൽ കെട്ടിയ ആർച്ച്ബിഷപ്പ്, സുന്നഹദോസ് തീരുമാനങ്ങൾ നടപ്പിലായി എന്ന് ഉറപ്പ്വരുത്തുവാൻ പള്ളികൾ സന്ദർശിച്ചതിന്റെ ഭാഗമായി സുന്നഹദോസിനെ ബഹിഷ്കരിച്ച ഏക ഇടവകയായ പാലൂരിലെ പള്ളിയിലെത്തി. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർ പള്ളിയുടെ വീരസന്താനങ്ങൾ ബിഷപ്പിനെതിരെ അദ്ദേഹത്തിന്റെ വീരപരാക്രമങ്ങൾ വേദപാരമ്പര്യത്തിന് നിരക്കുന്നതല്ലെന്ന് പ്രബോധിപ്പിക്കുന്ന ഒരു പ്രഹസനം അവതരിപ്പിച്ചു. ഇളിഭ്യനായ ആർച്ച്ബിഷപ്പിനെയും പരിവാരത്തെയും പാലൂർ - ചാട്ടുകുളങ്ങര ഇടവകകൾ ആർത്ത് ആട്ടിപുറത്താക്കി. ഈ ചരിത്രസംഭവത്തോടെ ന്യൂനപക്ഷം വരുന്ന ആർച്ച് ബിഷപ്പിന്റെ അനുയായികൾ പാലൂർ പള്ളിയുടെ കീഴ്പ്പള്ളിയായിരുന്ന ചാവക്കാട് ഒതുങ്ങിക്കൂടി. പാലൂർ - ചാട്ടുകുളങ്ങര ഇടവകക്കാരെ മേൽസംഭവത്തിന്റെ അടിസ്ഥാനത്തിൽ അവർ ആർത്താട്ടുകാർ എന്ന് പരിഹസിച്ച് വിളിച്ചു. ആ പരിഹാസപ്പേർ ബോധപൂർവ്വമായും സംഘടിതമായും സോദ്ദേശ്യമായും പ്രചരിപ്പിക്കപ്പെട്ടു. ക്രമേണ പാലൂർ ചാട്ടുകുളങ്ങര എന്ന പേർ ആർത്താട്ടിന് വഴിമാറി. ക്രമേണ അത് ആർത്താറ്റ് ആയി. അയർത്ത അറ്റം എന്ന

അർത്ഥത്തിൽ ആ പേർ വന്നു എന്ന് ചിലർ അനുമാനിച്ചിട്ടുണ്ട്. അതിന് ഭാഷാശാസ്ത്രത്തിന്റെയോ ചരിത്രത്തിന്റെയോ പിൻബലമില്ല.

ആർത്താറ്റ് അരമന: കുന്നംകുളം മെത്രാസനത്തിന്റെ ആസ്ഥാനം ആർത്താറ്റ് സ്ഥിതിചെയ്യുന്നു. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ (ശ്രേഷ്ഠ നിയുക്ത കാതോലിക്കാ) അരമന അതിവിസ്തൃതമാണ്. അതീവ വികസന സാധ്യതകൾ ഉള്ളതുമാണ്. കുന്നംകുളം - ഗുരുവായൂർ റോഡിൽ ആർത്താറ്റ് പള്ളിയുടെ സമീപത്ത് സ്ഥിതിചെയ്യുന്നു.

ആർത്താറ്റ് കമ്പോളം (അങ്ങാടി): പൊന്നാനി - അലക്സാണ്ട്രിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് നടന്നിരുന്ന വിദേശ വ്യാപാരത്തിന്റെ കേന്ദ്രമായിരുന്നു ആർത്താറ്റ് (പാലൂർ - ചാട്ടുകുളങ്ങര), ചെമ്മണ്ണൂർ, ആലത്തൂർ എന്നിവിടങ്ങളിലെ കമ്പോളങ്ങൾ. പൊന്നാനിയിൽ നിന്ന് തുറമുഖം കൊടുങ്ങല്ലൂരിലേക്ക് മാറിയപ്പോൾ പ്രാധാന്യം കുറഞ്ഞുവെങ്കിലും ചാവക്കാട്-കൊച്ചി വ്യാപാരം പ്രബലമായിരുന്നു. ചരക്കുകൾ ജലമാർഗ്ഗം കയറ്റി അയച്ചിരുന്നത് ആർത്താറ്റ് പള്ളിയുടെ താഴ്‌വാരത്തിലുള്ള ചാട്ടുകുളത്തിൽ നിന്നായിരുന്നു. ചാട്ടുകുളത്തു നിന്ന് ചാവക്കാടിനെ ബന്ധിപ്പിക്കുന്ന തോടുവഴി ചരക്കുകൾ ആദ്യം ചാവക്കാട്ടും പിന്നീട് കൊച്ചിയിലും എത്തും. തന്മൂലം 18-ാം നൂറ്റാണ്ടുവരെയും ആർത്താറ്റ് കമ്പോളം സജീവമായിരുന്നു. 1789-ൽ ടിപ്പുവിന്റെ പടയോട്ടം ഈ കമ്പോളത്തെ തകർക്കുകയും കമ്പോളക്കാരും കമ്പോളനിവാസികളും സമീപപ്രദേശങ്ങളിലേക്ക് പലായനം ചെയ്യുകയും ചെയ്തു.

ആർത്താറ്റ് നോമ്പ്: നോമ്പുകാലങ്ങളിൽ ആളുകൾ നൂറുകണക്കിന് പള്ളിയിൽ താമസിച്ച് നോമ്പ് നോല്ക്കുന്നു. ആർത്താറ്റ് നോമ്പു നോല്ക്കുക എന്നത് ഒരു വഴിപാടും നേർച്ചയുമായി നേരുന്ന പതിവ് പുരാതനകാലം മുതലുണ്ട്. ഇതിനുള്ള താമസസൗകര്യവും ക്രമീകരിച്ചിട്ടുണ്ട്.

ആർത്താറ്റ് പടിയോല: മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയുടെ തലപ്പള്ളി എന്ന നിലയിൽ പാലൂർ - ചാട്ടുകുളങ്ങര (ആർത്താറ്റ്) പള്ളി സഭയ്ക്കുവേണ്ടി പല ദൗത്യങ്ങളും ത്യാഗപൂർവ്വം ഏറ്റെടുത്തിട്ടുണ്ട്. 6-ാം മാർത്തോമ്മാ സഭയെ വഞ്ചിച്ച് കത്തോലിക്കാസഭയിൽ പോയി നിരാശനായി മാതൃസഭയെ അഭയംപ്രാപിച്ച 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ സഭാചാഞ്ചാട്ടങ്ങളെ അതിനിശിതമായി എതിർക്കുന്ന ഒരു ദേശീയ സ്വാതന്ത്ര്യ വിളംബരം പ്രഖ്യാപിക്കുവാൻ ഈ പുരാതനഇടവക നിശ്ചയിച്ചു. ഇന്ത്യൻസഭയുടെ സ്വാതന്ത്ര്യത്തിന്റെ മാഗ്നാക്കാർട്ട എന്ന് ചരിത്രം വിശേഷിപ്പിക്കുന്ന ഈ പ്രഖ്യാപനം ആർത്താറ്റ് പടിയോല എന്ന പേരിൽ അറിയപ്പെടുന്നു. പടിയോല എന്ന് പേർ വീണെങ്കിലും ചെപ്പേടിൽ

വട്ടെഴുത്തിലാണ് രേഖ എഴുതിയിട്ടുള്ളത്. ഈ ലേഖകൻ അതിന്റെ അസ്സൽ കണ്ടെടുത്ത് ഇപ്രകാരം അത് വിവർത്തനം ചെയ്തിട്ടുണ്ട്. "കൊല്ലം 981-ാമത് മകരം ഞായറ്റിൽ പുത്തൻകൂർ സുറിയാനിക്കാരായ ആർത്താറ്റ് എടവകക്കാർ എല്ലാവരുംകൂടി നമ്മുടെ ബാവ ദീവന്നാസ്യോസ് തിരുമുമ്പിൽ എഴുതിവച്ച പടിയോലയാവിത്.

നമ്മുടെ ജനങ്ങളിൽ ചിലർ പരദേശക്കാരുടെ എടത്തൂട് ഉപദേശം കേക്കയാൽ റോമ്മാ വിച്ചാതത്തിലേക്ക് തിരിഞ്ഞുപോയി വഴക്കുപിടിച്ച് പള്ളിയും പറമ്പും പകുത്ത് നറുക്കിട്ടെടുപ്പാൻ എട വന്നു. അബദ്ധം കൊണ്ട് വളരെ വ്യാകുലത്തിന് ഇടവന്നതിനാൽ മേലാൽ അങ്ങനെ വരാതിരിപ്പാൻ വേണ്ടി, റോമ്മായിൽ നിന്നോ ബാബേലിൽ നിന്നോ അന്തിയോക്കിയായിൽ നിന്നോ മറ്റു വല്ല പരദേശത്തുനിന്നോ യാതൊരു മെത്രാന്മാരുടേയും ഉപദേശവും നടപ്പുകളും ഒരുനാളും കേട്ട് വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമ്മാശ്ലീഹായുടെ പൂർവ്വീകവിശ്വാസവും ചട്ടങ്ങളും അനുസരിച്ച് നടന്നുകൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെപെറ്റ അമ്മയുടെ ആർത്താറ്റ് പള്ളിനടയിൽ വച്ച് എഴുതിയ (ത്)

തെക്കേക്കര കുര്യത് കത്തനാർ (ഒപ്പ്)

1. ചെറുവത്തൂർ കുഞ്ഞാത്തു. 2. പനയ്ക്കൽ താരു. 3. കൂത്തൂർ ചുമ്മാർ. 4. കോലാടി ഇട്ടൂപ്പ്. 5. കാക്കശ്ശേരി മാത്തു. 6. ചുങ്കത്ത് ഇയ്യാവു. 7. തോലത്ത് പാത്തു. 8. ചീരൻ പാത്തു. 9. പുലിക്കോട്ടിൽ താരു. 10. കിടങ്ങൻ ചേറുണ്ണി. 11. മണ്ടുമ്പാൻ കുഞ്ഞാത്തു. 12. തെങ്ങൂങ്ങൻ കുരിയാക്കു (12 പേരും പേരിന് നേരെ ഒപ്പിട്ടിട്ടുണ്ട്. ഭാഷയും ലിപിയും വിവർത്തനത്തിൽ ഏറെക്കുറെ ആധുനികമാക്കിയിട്ടുണ്ട്. വിവർത്തകൻ ഫാ. ഡോ. ജോസഫ് ചീരൻ. 1806-ൽ കൊച്ചി രാജാവായ ശക്തൻതമ്പുരാനും ആറാം മാർത്തോമ്മാ വലിയ മാർ ദീവന്നാസ്യോസിനും സമർപ്പിച്ച ഈ പടിയോല 1995-ൽ പറവൂരിലെ പാലിയത്തച്ചന്മാരുടെ പുരാവസ്തുശേഖരത്തിൽ നിന്നാണ് കണ്ടുകിട്ടിയത്). ഇന്ത്യൻ ദേശീയസമരമോ അതിന്റെ നേതാക്കളോ ജനിച്ചിട്ടില്ലാത്ത ഒരു കാലത്ത്, കോളനിവാഴ്ച സഭകളിലും രാഷ്ട്രത്തിലും സാർവത്രികമായിരുന്ന ഒരു കാലത്ത് ദേശീയബോധവും സ്വാതന്ത്ര്യതൃഷ്ണയും ശരിയായ ദിശയിലുള്ള സഭാചരിത്ര ദർശനവും പ്രത്യക്ഷരം തുടിക്കുന്ന ഈ പടിയോല, 1811 -ലെ മലയാളം ബൈബിളിന്റെ വിവർത്തകനും അക്കാലത്തെ കുന്നംകുളം സുറിയാനിക്കാരുടെ അനിഷേധ്യ വൈദികനേതാവും മല്പാനും കോട്ടയം പഴയസെമിനാരിയുടെ സ്ഥാപകനും പകലോമറ്റം കുടുംബമെത്രാൻവാഴ്ച അസ്തമിപ്പിക്കുവാൻ നേതൃത്വം നൽകിയ മഹാത്മാവുമായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ തലപ്പള്ളിയുടെ ആഹ്വാനമെന്ന നിലയിൽ തയാറാക്കി.

ആർത്താറ്റ് പത്താക്ക്: 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ, 1811-ലെ മലയാളം ബൈബിളിന്റെ വിവർത്തകരിലൊരാളായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ പുനർനിർമ്മാണം പൂർത്തിയായ പാലൂർ-ചാട്ടുകുളങ്ങര എന്ന് പേരുകേട്ട ആർത്താറ്റ് തലപ്പള്ളി കൽക്കട്ട മിഷനറി റവ. ഡോ. ക്ലോഡിയസ് ബുക്കാനൻ 1808 ജനുവരി 14 ന് സന്ദർശിച്ചു. അതിബൃഹത്തായ ആ ദേവാലയവും അതിന്റെ പാരമ്പര്യവും ആ മിഷനറിയെ അദ്ഭുതപ്പെടുത്തി. ആ സന്ദർശനത്തെപ്പറ്റി സ്വഡയറിയിൽ രേഖപ്പെടുത്തിയ പ്രസക്തവാക്യം ഇപ്രകാരം വിവർത്തനം ചെയ്തു ചേർക്കുന്നു: "മലബാറിലുള്ള എല്ലാ പള്ളികളുടേയും പേരിൽ ഒരു വലിയ സ്വർണ്ണമെഡൽ ഈ പള്ളിക്കു സമ്മാനിക്കുവാനുള്ള എന്റെ ഉദ്ദേശ്യം അറിഞ്ഞ് ഉത്സാഹഭരിതരായി ധാരാളം ആളുകൾ അവിടെയെത്തി. ... ഒരു കോളേജ് മെഡലിന്റെ 3 ഇരട്ടി വലുപ്പമുള്ള ആ മെഡലിന്റെ ഒരു പുറത്ത് യോർദ്ദാനിലെ ക്രിസ്തുവിന്റെ സ്നാനവും മറുപുറത്ത് മാമ്മൂദീസായ്ക്കായി ഉപനയിക്കപ്പെടുന്ന ഒരു ശിശുവിന്റെ ചിത്രവും കൊത്തിയിരുന്നു. എല്ലാവരുടേയും മുമ്പാകെ അത് ത്രോണോസിൽ ഞാൻ സമർപ്പിച്ചു. കൂടെ സാധുജനസഹായത്തിനുള്ള ഒരു നിധിയും." ഈ മെഡൽ 'പത്താക്ക്' എന്ന് അറിയപ്പെടുന്നു. ഈ പത്താക്ക് കണ്ട് ആകൃഷ്ടനായി 1909-ൽ അബ്ദുള്ള പാത്രിയർക്കീസ് അനധികൃതമായി അത് കൈവശപ്പെടുത്തുകയും നിയമനടപടികളിലൂടെ പള്ളിക്കാർ വീണ്ടെടുക്കുകയും ചെയ്തു. ആർത്താറ്റ് കുന്നംകുളം പള്ളിയുടെ കേന്ദ്രഓഫീസ് സ്ഥിതിചെയ്യുന്ന കുന്നംകുളം പഴയപള്ളി ഓഫീസിൽ വികാരിയുടെയും കൈക്കാരന്റെയും കൂട്ടുസൂക്ഷിപ്പിൽ ഇത് ഭദ്രമായി സംരക്ഷിക്കുന്നു.

ആർത്താറ്റ് പള്ളി: മാർത്തോമ്മാശ്ലീഹായുടെ സുവിശേഷം കേട്ട പാലൂരിലെ യഹൂദരും ബുദ്ധ-ജൈന മതക്കാരും അവിടെയുണ്ടായിരുന്ന സിനഗോഗ് ക്രൈസ്തവ ദേവാലയമായി ഉപയോഗിച്ചു ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിച്ചു. പാലൂരിലെ പുരാതന പാരമ്പര്യമനുസരിച്ച് ബുദ്ധസന്യാസപാരമ്പര്യമുള്ള ചീവരധാരികളെ - അവർ പിന്നീട് ചീരൻ കുടുംബപ്പേരായി - പുരോഹിതവൃത്തി ഏല്പിച്ചു. യഹൂദക്രിസ്ത്യാനികൾക്കായിരുന്നു ഇവിടെ മുൻതൂക്കം. ക്രിസ്തുവർഷാരംഭത്തിൽ പ്രബലമായിരുന്ന വിദേശവ്യാപാരത്തിന്റെ കേരളത്തിലെ തുറമുഖമായിരുന്ന പൊന്നാനിയുടെ തുറമുഖ പട്ടണമായ പാലോറ - പാലൂർ - കേരള ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലാണ്. തന്മൂലം ഇവിടത്തെ പള്ളി തലപ്പള്ളി എന്ന് അറിയപ്പെട്ടു. ഈ പള്ളി ഉൾപ്പെട്ട താലൂക്ക് തലപ്പള്ളി താലൂക്ക് എന്നും ഈ പ്രദേശം ഉൾപ്പെട്ട രാജവംശം തലപ്പള്ളി രാജവംശം എന്നും അറിയപ്പെട്ടു. വിദേശ വ്യാപാരകേന്ദ്രമായിരുന്നതിനാൽ തുറമുഖം കൈവശപ്പെടുത്തുവാൻ ചേര-ചോള-പാണ്ഡ്യന്മാർ തമ്മിൽ ഈ പ്രദേശത്ത് യുദ്ധ

പരമ്പരകൾ അഴിച്ചുവിട്ടു. യുദ്ധക്കളം ഇന്നും 'പോർക്കളം' എന്ന പേരിൽ പാലൂർ പ്രദേശത്ത് അറിയപ്പെടുന്നു. യുദ്ധങ്ങൾ മൂലം പാലൂർ നിവാസികൾ തെക്കോട്ട് പലായനം ചെയ്തതോടെ പാലൂർ നസ്രാണികൾ അവരുടെ പാരമ്പര്യവുമായി കേരളത്തിലെങ്ങും വ്യാപിച്ചു. അങ്കമാലി, പറവൂർ, കുറുപ്പമ്പടി, കുറവിലങ്ങാട്, നിരണം, ഓമല്ലൂർ, കോട്ടയം, പത്തനംതിട്ട, കോഴഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയ കുടുംബചരിത്രങ്ങളിൽ അവർ വടക്ക് കുന്നംകുളം, ചാവക്കാട് പ്രദേശങ്ങളിൽ നിന്ന് കുടിയേറിപ്പാർത്തവരാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പലവട്ടം പുതുക്കിപ്പണിത പള്ളി - തലപ്പള്ളി - ആദ്യകാലത്ത് മലങ്കരസഭയുടെ ആസ്ഥാനമായിരുന്നു. അലക്സാണ്ട്രിയൻ സഭാബന്ധത്തിന്റെ സംസ്കാരമുദ്രകൾ ഇവിടത്തെ സഭാജീവിതത്തിൽ കാണാം. ടിപ്പു സുൽത്താൻ 1789-ൽ പള്ളി തീവച്ചു നശിപ്പിച്ചു. അങ്ങാടി കൊള്ളയടിക്കുകയും ചെയ്തു. കുറേക്കാലമായി റോമ്മാക്കാരുമായുള്ള തർക്കങ്ങളിൽ പെട്ട് പൂട്ടിക്കിടന്ന പള്ളി ശക്തൻതമ്പുരാന്റെ സഹായത്തോടെ നറുക്കെടുപ്പ് നടത്തി തർക്കമൊഴിഞ്ഞ് ലഭിക്കുവാൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) സഫലമായി നേതൃത്വം നൽകി. ഇന്ന് കാണുന്ന ബൃഹത്‌രൂപത്തിൽ അതിന്റെ പുനർ നിർമ്മാണത്തിനും അദ്ദേഹം നേതൃത്വം നൽകി. 1808 ജനുവരി 14 -ന് ക്ലോഡിയസ് ബുക്കാനൻ ഈ പള്ളി സന്ദർശിച്ച് മലങ്കരയിലുള്ള എല്ലാ പള്ളികൾക്കും വേണ്ടി വിപുലമായ ഒരു സുവർണ്ണ മെഡൽ സമ്മാനിച്ചു. നവീകരണകാലത്ത് പഴയ സെമിനാരി നവീകരണക്കാരുടെ കൈവശമായപ്പോൾ സ്തേഫാനോസ് അത്താനാസ്യോസ്, ശെമവൂൻ റമ്പാൻ (പിന്നീട് മാർ അത്താനാസ്യോസ്) എന്നിവരുടെ നേതൃത്വത്തിൽ ഈ പള്ളിയിൽ ഉണ്ടായിരുന്ന സെഹിയോൻ ബംഗ്ലാവ് മലങ്കരസഭയുടെ സെമിനാരി ആയി പ്രവർത്തിച്ചു. കാട്ടുമങ്ങാട്ട് മെത്രാന്മാർക്ക് അഭയം നൽകിയതും തൊഴിയൂരിലേക്ക് മെത്രാന്മാരാവാനുള്ള വൈദികരെ തിരഞ്ഞെടുത്ത് നൽകി അവരെ സംരക്ഷിച്ചിരുന്നതും ഈ പള്ളിയാണ്. ഈ പള്ളിയുടെ ചരിത്രം പി. സി. കുഞ്ഞാത്തു രചിച്ചിട്ടുണ്ട്. ആർത്താറ്റ് പള്ളിപ്പാട്ട്, ആർത്താറ്റ് പടിയോല എന്നിവ പ്രസിദ്ധം. കുന്നംകുളം മെത്രാസനം സ്ഥാപിച്ചപ്പോൾ ആസ്ഥാനം താല്ക്കാലികമായി ഇവിടെയാണ് ക്രമീകരിച്ചത്. നൂറുകണക്കിനാളുകൾ നോമ്പുകാലത്ത് പള്ളിയിൽ താമസിച്ച് നോമ്പാചരിക്കുന്നു. കോട്ടയം സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് I, പരുമല സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II എന്നിവർ ഈ ഇടവകക്കാരാണ്. മാർ മാത്യൂസ് I ബാവാ ഇതിനെ കത്തീഡ്രൽ ആയി പ്രഖ്യാപിച്ചു.

ആർത്താറ്റ് പള്ളിക്കേസ്: മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളി

എന്ന നിലയിൽ ഈ പള്ളി സ്വന്തമാക്കുവാൻ സഭാവിഭജനവാദക്കാരെല്ലാം ശ്രമിച്ചു. 5-ാം മാർത്തോമ്മായുടെ കാലത്തുണ്ടായ വിവാദങ്ങളെ തുടർന്ന് പൂട്ടിയിട്ട പള്ളി 1805-ൽ പൂർവിക അവകാശികൾക്ക് കിട്ടി. റോമ്മാക്കാർ തൊട്ടടുത്ത് ഒരു സമാന്തര ദേവാലയം സ്വന്തമായുണ്ടാക്കി. 19-ാം നൂറ്റാണ്ടിൽ നവീകരണവാദികൾ അവകാശമുന്നയിച്ചത് ആർത്താറ്റ് കേസിന് വിഷയമായി. ഒടുവിൽ 1905-ൽ പൂർവികാവകാശികൾക്കനുകൂലമായി കൊച്ചി റോയൽ കോടതി വിധിച്ചു. ഇതോടെ നവീകരണക്കാർ തൊട്ടടുത്ത് അവരുടേതായ പള്ളി സ്ഥാപിച്ചു. ഒടുവിൽ പാത്രിയർക്കീസ് കക്ഷി കേസിന് പ്രത്യക്ഷമായി പോകാതെ വിവിധ കാരണങ്ങളാൽ അടർന്ന് അസംതൃപ്തരായി പോരുന്നവരെ ഉൾപ്പെടുത്തി സമീപത്തു തന്നെ ഒരു പള്ളി സ്ഥാപിച്ചു. സ്ലീബാ മാർ ഒസ്താത്തിയോസ് ഇതിന് നേതൃത്വം നൽകി. പാതാളവാതിലുകൾ അതിനോടു പ്രബലതപ്പെടുകയില്ല. എല്ലാ കേസുകളേയും അതിജീവിച്ച് പാലൂർ - ചാട്ടുകുളങ്ങര (ആർത്താറ്റ്) മാർ ത്തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളിയിപ്പോഴും അവിഭക്ത മലങ്കരസഭയുടെ പൂർവിക അവകാശികളുടെ കൈവശത്തിൽ തുടരുന്നു. ദൗർഭാഗ്യവശാൽ ആർത്താറ്റ് പള്ളികേന്ദ്രമായ ആർത്താറ്റ് മഹാഇടവകയും ആർത്താറ്റ് ആസ്ഥാനമായ മെത്രാപ്പോലീത്തായും തമ്മിൽ ഒടുവിലുണ്ടായ ആഭ്യന്തര വ്യവഹാരങ്ങൾ 2007-ൽ രാജിയായി.

ആർത്താറ്റ് പള്ളിപ്പാട്ട്: 1789-ൽ ടിപ്പുവിന്റെ പടനായകർ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരയുടെ തലപ്പള്ളി കൂടെയായ പാലൂർ-ചാട്ടുകുളങ്ങര ആർത്താറ്റ് ദേവാലയം അഗ്നിക്കിരയാക്കിയത് ആ പുരാതന ഇടവകയുടെ മനസ്സിൽ അഗാധമായ പൊള്ളലുണ്ടാക്കി. ദശകങ്ങളോളം പൂട്ടിക്കിടന്ന പള്ളിയുടെ അനാഥത്വം അവരെ വേദനിപ്പിച്ചു. ഒടുവിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ ശക്തൻതമ്പുരാന്റെ സഹായത്തോടെ നറുക്കെടുപ്പിലൂടെ തർക്കമൊഴിഞ്ഞ പള്ളി കൈവശം കിട്ടിയപ്പോൾ ഇടവക ആനന്ദനൃത്തം ചെയ്തു. ഈ ഹൃദയസ്പൃക്കായ സംഭവങ്ങളെ വർണ്ണിച്ചുകൊണ്ട് പനക്കൽ ഇക്കാക്കു കുരിയപ്പൻ എന്ന അനുഗൃഹീത കവി 1829-ൽ രചിച്ച കൃതിയാണ് ആർത്താറ്റ് പള്ളിപ്പാട്ട്. ദൃക്സാക്ഷി വിവരണമെന്ന നിലയിൽ അതിന്റെ ചരിത്രമൂല്യം വലുതാണ്. വ്യാഖ്യാന സഹിതം അതിന്റെ പരിഷ്കരിച്ച പതിപ്പ് അഡ്വ. പി. സി. മാത്യു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുറേ വർഷങ്ങൾക്കു മുമ്പ് എം. വി. ചീരൻ ഒരു പതിപ്പ് പ്രസിദ്ധപ്പെടുത്തി.

ആർത്താറ്റ് പള്ളിപ്പാട്ടും ചരിത്രരേഖകളും: ആർത്താറ്റ് പള്ളിപ്പാട്ടിന് വ്യാഖ്യാനം തയാറാക്കി അഡ്വ. പി. സി. മാത്യു പ്രസിദ്ധീകരിച്ച ഗ്രന്ഥം.

ആർത്താറ്റ് പുത്തൻപള്ളി: ട്രസ്റ്റിമാർ തമ്മിലുള്ള ഭിന്നതയിലാരംഭിച്ച് പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ അബ്ദുള്ള ബാവാ മുടക്കിയതോടെ ആവിർഭവിച്ച ഭിന്നത പാലൂർ-ചാട്ടുകുളങ്ങര എന്ന് പുരാതന നാമമുള്ള ആർത്താറ്റ് ഇടവകയിലും പ്രകടമായി. തീരെ ന്യൂനപക്ഷമായതിനാൽ ആ പുരാതനപള്ളിയ്ക്കു സമീപം 12 പേരുടെ പേരിൽ അന്ത്യോഖ്യാസിംഹാസനത്തിന് വേണ്ടി ഒരു സമാന്തര ദേവാലയം പണിയാൻ സ്ലീബാ മാർ ഒസ്താത്തിയോസ് നേതൃത്വം നൽകി. 1920 ഒക്ടോ. 9 ന് ശിലാസ്ഥാപനം നടത്തി. 1930 മാർച്ച് 19 ന് മാർ ഒസ്താത്തിയോസ് കാലം ചെയ്യുന്നതുവരെയും ഇവിടെ താമസിച്ചു ഇവിടെത്തന്നെ കബറടങ്ങി. ഒസ്താത്തിയോസിന് ശേഷം മാർ യൂലിയോസ് ചുമതല വഹിച്ചു. 1958-ൽ സഭാഐക്യത്തോടെ പള്ളി കൊച്ചി ഭദ്രാസനത്തിൽ ലയിച്ചു. ഇതിൽ അതൃപ്തരായി ഒരു ഗ്രൂപ്പ് വ്യവഹാരം ആരംഭിച്ചത് നിലനില്ക്കുന്നു. 1962 മാർച്ച് 17-ന് പൗലൂസ് മാർ സേവേറിയോസ് ഇവിടെ വച്ച് കാലം ചെയ്തു 18 ന് ഇവിടെതന്നെ കബറടങ്ങി. ആദ്യകബർ വടക്കുഭാഗത്തും രണ്ടാമത്തെ കബർ തെക്കുഭാഗത്തും പള്ളിയകത്ത് സ്ഥിതിചെയ്യുന്നു.

ആർത്താറ്റ് മെത്രാന്മാർ: മലങ്കര മെത്രാപ്പോലീത്തന്മാരായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ, ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ എന്നിവരും കാട്ടുമങ്ങാട്ട് മെത്രാന്മാരുടെ പിൻഗാമികളായ എല്ലാ തൊഴിയൂർ മെത്രാന്മാരും മാർത്തോമ്മാസഭയിലെ യൂയാക്കീം മാർ കൂറിലോസും നിയുക്ത കാതോലിക്കാ പൗലൂസ് മിലിത്തിയോസും ആർത്താറ്റ് മെത്രാന്മാർ ആണ്.

ആർത്താറ്റ് സെമിനാരി: നവീകരണകാലത്ത് കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശമായപ്പോൾ ആർത്താറ്റ് പഴയപള്ളിയിൽ സെഹിയോൻ ബംഗ്ലാവ് പണിത് അവിടെ വൈദികസെമിനാരി പ്രവർത്തിച്ചു. സിറിയയിൽ നിന്ന് വന്ന സ്തേഫാനോസ് മാർ അത്താനാസ്യോസ്, യൂയാക്കീം മാർ കൂറിലോസ്, ശെമവൂൻ റമ്പാൻ (പില്ക്കാലത്ത് മാർ അത്താനാസ്യോസ്) എന്നിവർ ഇവിടെ അദ്ധ്യാപകരായിരുന്നു. വെട്ടിക്കലും, പരുമലയിലും വൈദികസെമിനാരി ആരംഭിച്ചപ്പോൾ ഇത് നിന്നുപോയി.

ആർത്താറ്റ് രക്തസാക്ഷികൾ: 1789-ൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മതംമാറ്റത്തിന് ശ്രമമുണ്ടായി. ടിപ്പുവിന്റെ പടനായകർ ആളുകളെ നിർബന്ധപൂർവ്വം മതംമാറ്റത്തിന് വിധേയരാക്കി. വിസമ്മതിച്ചവരെ വഴിപോക്കർ കാണുമാറ് പള്ളിക്കു സമീപമുള്ള ഉയർന്ന വൃക്ഷങ്ങളുടെ ശിഖരങ്ങളിൽ കെട്ടിത്തൂക്കിക്കൊന്നു. ഇപ്രകാരം വീരചരമം പ്രാപിച്ച തങ്ങളുടെ പ്രിയപ്പെട്ട പൂർവ്വിക രക്തസാക്ഷികളെപ്പറ്റി അവരെ തൂക്കിക്കൊന്ന

വൃക്ഷങ്ങൾ ചൂണ്ടിക്കാട്ടി പാലൂർ-ചാട്ടുകുളങ്ങരയിലുള്ള ആർത്താറ്റ് ക്രിസ്ത്യാനികൾ പറഞ്ഞതായി തന്റെ സ്മരണകളിൽ (1808-ലെ സന്ദർശന വേളയിൽ) ഡോ. ക്ലോഡിയസ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു മൂലം രക്തസാക്ഷികളുടെ നഗരമെന്ന് ചില ചരിത്രകാരന്മാർ കുന്നംകുള ത്തെ വിശേഷിപ്പിച്ചിട്ടുണ്ട്.

ആർത്താറ്റ് ശവക്കോട്ട: മലങ്കരസഭയിലെ ഏറ്റവും വിസ്തീർണ്ണമുള്ള ശവക്കോട്ടയാണിത്. പള്ളിപ്പറമ്പു കൂടാതെ ശവക്കോട്ടയ്ക്കു മാത്രം 4 1/2 ഏക്കർ വിസ്തീർണ്ണവും അതിന് ഗംഭീരമായ ചുറ്റുമതിലുമുണ്ട്. 1800-ൽ പടിഞ്ഞാറുഭാഗത്തായിരുന്നു ശ്മശാനമെന്ന് ഫ്രാൻസിസ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്. 1899-ൽ ഇത് വടക്കോട്ട് മാറ്റി സ്ഥാപിച്ചു. ഇതിൽ ഒരു പള്ളിയുമുണ്ട്.

ആലങ്ങാട് പള്ളി: ആലുവാ - പറവൂർ റോഡിൽ യൂണിയൻ ക്രിസ് ത്യൻ കോളജിന് സമീപം ഉള്ള പള്ളി ഇപ്പോൾ കത്തോലിക്കാസഭയുടെ കൈവശമാണ്. കൂനൻകുരിശുസത്യത്തെ തുടർന്ന് 1653-ൽ ഒന്നാം മാർ ത്തോമ്മാമെത്രാനായി പകലോമറ്റം തോമ്മാ അർക്കദിയാക്കോനെ 12 പട്ടക്കാർ ചേർന്ന് വാഴിച്ചത് ഈ പള്ളിയിൽ വച്ചാണ്.

ആലങ്ങാട് സുന്നഹദോസ്: 1653-ൽ മട്ടാഞ്ചേരി കൂനൻകുരിശു സത്യത്തിന് ശേഷം മലങ്കരയിലെ പള്ളികളുടെ പ്രതിപുരുഷന്മാർ ഇവിടെ സമ്മേളിച്ചു. അതാണ് ആലങ്ങാട് സുന്നഹദോസ്. അഹത്തള്ളാ ബാവാ യുടെ കത്തിലെ നിർദ്ദേശപ്രകാരം തോമ്മാ അർക്കദിയാക്കോനെ 12 വൈദി കർ ചേർന്ന് ഒന്നാം മാർത്തോമ്മാ എന്ന പേരിൽ മെത്രാനായി വാഴിക്കു വാൻ ഈ സുന്നഹദോസ് തീരുമാനിച്ചു. ഒരു മേല്പട്ടക്കാരനെ ലഭിക്കു വാൻ പൗരസ്ത്യസഭകളെ ബന്ധപ്പെടുവാൻ തീരുമാനിച്ച യോഗം ഒന്നാം മാർത്തോമ്മായുടെ ഉപദേഷ്ടാക്കളായി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ, വേങ്ങൂർ ഗീവറുഗീസ്, പള്ളിവീട്ടിൽ ചാണ്ടി, കടവിൽ ചാണ്ടി എന്നീ നാലു വൈദികരെ നിയമിക്കുകയും ചെയ്തു.

ആലത്തൂർ: കുന്നംകുളത്തിനടുത്ത് തൊഴിയൂരിന്റെ ഒരു ഭാഗം. ആല ത്തൂർ അങ്ങാടി ഒരു കാലത്ത് പ്രസിദ്ധം. ആലത്തൂർ ശർക്കര, ആലത്തൂർ നമ്പി, ആലത്തൂർ മണിപ്രവാളം എന്നീ ശൈലികളും മലയാളത്തിൽ പ്രസിദ്ധം.

ആലത്തൂർ മെത്രാന്മാർ: തൊഴിയൂരിൽ ആലത്തൂർ പനയ്ക്കൽ എന്ന ഒരു തറവാടുണ്ട്. അതിലെ ഒരംഗമാണ് പാലക്കുന്നത്ത് മാർ അത്താ നാസ്യോസിൽ നിന്ന് മെത്രാൻപട്ടമേറ്റ ആലത്തൂക്കാരൻ യൗസേപ്പ് മാർ കൂറിലോസ്. ഇദ്ദേഹമാണ് തൊഴിയൂർ ഒരു സ്വതന്ത്ര സഭയാണ് എന്ന

വാദം ഉയർത്തിയത്. ഇദ്ദേഹത്തിന് ശേഷം മാർ അത്താനാസ്യോസ് എന്ന ഒരു മെത്രാൻ ആ കുടുംബത്തിൽ നിന്നുണ്ടായി. ഇപ്പോൾ സ്ഥാനമൊഴി ഞ്ഞിരിക്കുന്ന ജോസഫ് മാർ കൂറിലോസും ആലത്തൂർ പനയ്ക്കൽ കുടും ബാംഗമാണ്. പ്രസിദ്ധമായ പനയ്ക്കൽ കുടുംബത്തിന്റെ ഒരു ശാഖയാ ണിത്.

ആലുവാ വട്ടമേശ സമ്മേളനം: ആലുവായിലെ അത്താനാസ്യോസ് മുതൽപേർ വാദികളും ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ മുതൽപേർ പ്രതികളും ആയി മലങ്കരസഭയിലെ സമുദായക്കേസ് നടക്കുന്ന കാലത്ത് ഔഗേൻ മാർ തീമോത്തിയോസിന്റെ നേതൃത്വത്തിൽ നടന്ന ഒരു സന്ധി ശ്രമം. കാതോലിക്കായുടെയും മേൽപ്പട്ടക്കാരുടെയും മേൽ പരിശുദ്ധാത്മ നൽവരത്തിന്റെ ഒരു പ്രാർത്ഥന നടത്തിയാൽ മാത്രമേ അവരെ സ്വീകരി ക്കാനാവൂ എന്ന് മാർ യൂലിയോസും കൂട്ടരും ശഠിച്ചു. അപകർഷബോധം ഒട്ടുമില്ലെങ്കിലും സഭാഐക്യത്തിന് അത് അനിവാര്യമെങ്കിൽ അത് നട ക്കട്ടെ എന്ന് ഗീവറുഗീസ് II കാതോലിക്കാ സമ്മതിച്ച് കാതോലിക്കാ ബാവാ ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെത്തി. പക്ഷേ, നേരത്തെ യൂലിയോസ് സ്ഥലംവിട്ടിരുന്നു. 1941 മാർച്ചിൽ (മീനം 11-16) നടന്ന ആലുവാ വട്ടമേശ സമ്മേളനത്തിന്റെ ഐക്യശ്രമങ്ങൾ പരാജയപ്പെട്ടു. പാത്രിയർ ക്കീസ് ഭാഗത്തെ ഈ കബളിപ്പിക്കൽ ഔഗേൻ തീമോത്തിയോസിനെ വേദനിപ്പിച്ചു. അദ്ദേഹം കണ്ടനാട്ട് ഭദ്രാസനത്തിന്റെ പള്ളി പ്രതിപുരുഷ യോഗം വിളിച്ചുചേർത്തു. അതിന്റെ തീരുമാനപ്രകാരം കാതോലിക്കേറ്റിൽ ചേർന്നു. ആലുവാ വട്ടമേശ സമ്മേളനകാലത്ത് ഓർത്തഡോക്സ് സഭാ നേതാക്കൾ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജും പാത്രിയർക്കീസ് കക്ഷിനേതാക്കൾ മാർ അത്താനാസ്യോസിന്റെ ആസ്ഥാനമായ തൃക്കു ന്നത്ത് സെമിനാരിയും കേന്ദ്രീകരിച്ചാണ് ചർച്ചകൾ നടത്തിയിരുന്നത്. ആലുവാ യു. സി കോളജിന്റെ സ്ഥാപകരിൽ പ്രധാനിയായ പ്രൊഫ. കെ. സി. ചാക്കോ ആണ് ആലുവാ സമ്മേളനത്തിന് ഔഗേൻ തീമോത്തി യോസിനോടൊപ്പം മുൻകൈ എടുത്തത്.

ആഹാബ്: പിതൃസഹോദരൻ എന്ന് അർത്ഥം. ഇസ്രായേലിന്റെ ഏഴാമ ത്തെ രാജാവ്. ഇസബേൽ ഭാര്യ. ഏലീശാ പ്രവാചകന്റെ കാലത്ത് ജീവിച്ചു. ആഹാബ് - ഇസബേൽ - നാബോത്ത് - ഏലീശാ എന്നിവർ അടങ്ങിയ ചരിത്രകഥ 1. രാജാ. 17, 18, 19 അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഈ പേരിൽ ഒരു കള്ള പ്രവാചകൻ ജീവിച്ചിരുന്നതായി യിരമ്യാവ് 29: 21 -ൽ കാണുന്നു.

ആഹായ്: എന്റെ സഹോദരർ എന്ന് അർത്ഥം. വി. പൗലൂസിന്റെ ലേഖനം വായിക്കുമ്പോൾ തെക്കുഭാഗത്ത് നിന്ന് വായനക്കാരൻ ഈ പദം

ആദിയിലും അവസാനത്തിലും അഭിസംബോധനയായി ഉപയോഗിക്കും. മൂപ്പ് സൂചിപ്പിക്കുന്ന വടക്കുഭാഗത്ത് യഹൂദ ക്രിസ്ത്യാനികളും താരതമ്യേന മൂപ്പ് കുറഞ്ഞ പുറജാതി ക്രിസ്ത്യാനികൾ തെക്കുഭാഗത്ത് എന്നിങ്ങനെ ദേവാലയത്തിൽ നിലയുറപ്പിച്ചിരുന്ന ഒരു കാലത്ത് സഭയിൽ വേരുറച്ചുപോയ ഒരു പതിവ്.

ആഹോദാബൂയ്: റോമ്മൻ-പേർഷ്യാ സാമ്രാജ്യങ്ങൾ യുദ്ധത്തിലായിരുന്ന കാലത്ത് മെത്രാൻവാഴ്ചക്കായി പേർഷ്യൻ സ്ഥാനാർത്ഥികൾ റോമ്മൻ സാമ്രാജ്യത്തിലെ മേല്പട്ടക്കാരെ സമീപിക്കുക അപകടകരമായപ്പോൾ പൂർവ്വികപതിവുകൾ വിച്ഛേദിച്ച് യെരുശലേം സിന്നഡ് എ. ഡി. 231-ൽ മെത്രാന്മാരെ വാഴിക്കുവാനുള്ള അധികാരത്തോടെ ആഹോദാബൂയ് എന്ന ആളിനെ സെലൂക്യയുടെ മേല്പട്ടക്കാരനായി വാഴിച്ചു. കൂടെ പോയ കോംയേശു വധിക്കപ്പെട്ട സാഹചര്യത്തിൽ ഈ തീരുമാനം എടുത്തതോടെ പേർഷ്യൻസഭ സ്വയംപര്യാപ്തയായി. ആഹോദാബൂയ് ആദ്യത്തെ പേർഷ്യൻ കാതോലിക്കാ ആയി പരിഗണിക്കപ്പെടുന്നു.

ആളത്വം, ക്രിസ്തുവിന്റെ: '*ക്രിസ്തുവിജ്ഞാനീയം*' എന്ന ശീർഷകം കാണുക.

ആറാം മണിനമസ്ക്കാരം (ഉച്ച): യഹൂദസഭയുടെ ക്രമീകരണപ്രകാരം മധ്യാഹ്നം. സൗകര്യത്തെപ്രതി പ്രഭാത പ്രാർത്ഥനയോടുകൂടെ നടത്തുന്നു. എല്ലാ ദിവസവും ദൈവമാതാവ്, പരിശുദ്ധന്മാർ, മരിച്ചുപോയവർ എന്നിവരെ ഈ യാമപ്രാർത്ഥനയിൽ ഓർത്ത് ബാലായിയുടെ അപേക്ഷയും സേവേറിയോസിന്റെ മാനീസായും കൗമ്മായും വിശ്വാസപ്രമാണവും ധൂപപ്രാർത്ഥനകളും ചൊല്ലി അവസാനിപ്പിക്കും. നോമ്പുകാലങ്ങളിൽ ഉച്ചനമസ്ക്കാരം വേറിട്ട് നടത്തും. ആ ദിവസങ്ങൾ ഉപവാസദിനങ്ങളാകയാൽ 40 കുമ്പിടീൽ ഉച്ചനമസ്ക്കാരം കഴിഞ്ഞു നിർബന്ധം. സാധാരണദിനങ്ങളിൽ ഉച്ചനമസ്ക്കാരം നേരത്തെയാണെങ്കിലും ചൊല്ലിയിട്ടേ കുർബ്ബാന അർപ്പിക്കുക പതിവുള്ളൂ.

ആറാം തിരുമുറിവ്: കസാൻദ്‌ സാക്കീസിന്റെ ദി ലാസ്റ്റ് ടേംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് (ക്രിസ്തുവിന്റെ അന്ത്യപ്രലോഭനം) എന്ന നോവലിനെ ആധാരമാക്കി ആന്റണി രചിച്ച നാടകം. വിവാദങ്ങളും എതിർപ്പുകളും വർദ്ധിച്ചപ്പോൾ സർക്കാർ ഈ നാടകം നിരോധിച്ചു.

ആബോക്സബ്വോ: രാത്രിനമസ്ക്കാരത്തിലും മറ്റും എക്ബായായി ഉപയോഗിക്കുന്ന ഒരു ലഘു സുറിയാനിഗീതത്തിന്റെ ആരംഭം. ആ രാഗത്തിനും ആ പേർ ഉപയോഗിക്കുന്നു.

ആലവട്ടം: രാജകീയ എഴുന്നെള്ളത്തുകളിലും ആനയെ ഉപയോഗി

ക്കുന്ന പെരുന്നാളുകളിലും ഉപയോഗിക്കുന്ന വൃത്താകൃതിയിലുള്ള വിശേഷ അലങ്കാരം. ഇത് ക്രിസ്ത്യൻ പദവികളിൽ പെടുന്നതായി ചേപ്പേടുകൾ വിവരിക്കുന്നു. കുട, ആലവട്ടം, വെൺചാമരം ഇവ ആനയെഴുന്നള്ളിപ്പിന്റെ ആഘോഷ ഉപകരണങ്ങളാണ്.

ആലുവിളക്ക്: പിരമിഡ് ആകൃതിയിൽ ഒരേ തണ്ടിൽ നിന്ന് വൃത്താകൃതിയിൽ സജ്ജമാക്കുന്ന വിളക്ക്. ഓരോ പാത്രത്തിലും എണ്ണയും തിരിയുമിട്ട് കത്തിച്ചാൽ മനോഹരദൃശ്യമാണ്. പുരാതന ദേവാലയങ്ങളിൽ ഇത് കാണാറുണ്ട്. വഴിപാടായി ആളുകൾ ഇത് കത്തിക്കുവാൻ നേർച്ചകൾ നേരാറുണ്ട്. ആലുവിളക്കിന്റെ ആകൃതിക്ക് ഉദ്ദേശം 10 അടി (3 മീറ്റർ) ഉയരവും അടിഭാഗത്ത് മൂന്ന് അടി (ഒരു മീറ്റർ) വ്യാസവും കാണും.

ആലുവാ കോളജ്: മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിച്ചിരുന്ന കെ. സി. ചാക്കോ, സി. പി. മാത്യു, വി. എം. ഇട്ട്യേര, എ. എം. വർക്കി എന്നിവർ എക്യുമെനിക്കൽ ദർശനത്തോടു കൂടി ആരംഭിച്ച പുരാതന കലാലയം. 1921-ൽ സ്ഥാപിച്ചു. എ. എം. വർക്കിയായിരുന്നു പ്രഥമ പ്രിൻസിപ്പൽ. മധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ഗണ്യമായ സംഭാവന നൽകി. ഓർത്തഡോക്സ്-പാത്രിയർക്കീസ്, മാർത്തോമ്മാ, സി.എസ്.ഐ. വിഭാഗങ്ങളിലെ വ്യക്തികളുടെ കൂട്ടായ്മ ഭരണം നടത്തുന്നു. ഇവിടത്തെ ചാപ്പൽ ഔഗേൻ മാർ തീമോത്തിയോസ് പൂർണ്ണ കൂദാശ നിർവ്വഹിച്ചതാണ്. തോമ്മാ മാർ ദീവന്നാസ്യോസ്, അലക്സിയോസ് മാർ തേവോദോസിയോസ് എന്നിവരെ ഈ ചാപ്പലിൽ വച്ച് ഗീവറുഗ്ഗീസ് II കാതോലിക്കാ മെത്രാപ്പോലീത്തന്മാരായി ഉയർത്തി.

ആലുവാ സെമിനാരി: അമ്പാട്ട് കൂറിലോസിന് ശേഷം കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് അങ്കമാലിയുടെ മെത്രാനായ കാലത്ത് അങ്കമാലിയുടെ ആസ്ഥാനമായി ആലുവായിൽ സ്ഥലം വാങ്ങി. അദ്ദേഹത്തിന്റെ സിക്രട്ടറി വാകത്താനം കാരുചിറ ഗീവറുഗീസ് റമ്പാന്റെ അത്യദ്ധ്വാനം കൊണ്ട് ആസ്ഥാനം പണിതു. കടവിൽ അത്താനാസ്യോസ്, കുറ്റിക്കാട്ടിൽ അത്താനാസ്യോസ്, വൈലിപ്പറമ്പിൽ ഗ്രിഗോറിയോസ്, ഡോ. ഫീലിപ്പോസ് തെയോഫിലോസ് എന്നീ അങ്കമാലി മെത്രാപ്പോലീത്തന്മാർ ആലുവായിലെ തൃക്കുന്നത്ത് സെമിനാരി ആസ്ഥാനമാക്കി ഭരണം നടത്തുകയും അവിടെ കബറടങ്ങുകയും ചെയ്തു. സഭായോജിപ്പിന് മുമ്പ് കുറേക്കാലം ഇവിടം വൈദികസെമിനാരിയായി പ്രവർത്തിച്ചു. സഭാചന്ദ്രിക എന്ന മാസിക ഇവിടെ നിന്ന് കുറേക്കാലം പ്രസിദ്ധീകരിച്ചു.

ആലീസ് മാണി: മലങ്കരസഭയിലെ പ്രഥമ ബി. ഡി. ബിരുദധാരിയായ വനിത. ജബൽപൂർ ലിയോണാർഡ് തിയോളജിക്കൽ കോളജിൽ നിന്നും ബി. ഡി. ബിരുദമെടുത്തു. ദീർഘകാലം മർത്തമറിയം വനിതാസമാജ

ത്തിന്റെ സെക്രട്ടറി ആയിരുന്നു. സമാജം മലങ്കരയിലുടനീളം വ്യാപകമാക്കുവാൻ പരിശ്രമിച്ചു. അവിവാഹിത. നിര്യാതയായി.

ആൽമരം: പുണ്യവൃക്ഷമെന്ന് ഭാരതീയചിന്ത. ക്ഷേത്രമുറ്റത്ത് ആല് വളർത്തും. ചുറ്റും പ്രദക്ഷിണം വയ്ക്കും. ഞെട്ട് കനം കുറവായതിനാൽ ഇലകൾ എപ്പോഴും ഇളകി ചുവട്ടിൽ കാറ്റ് ഉണ്ടാകും. തന്മൂലം ശുദ്ധവായു ലഭ്യം.

ആനക്കോൽ: ഒരുതരം അളവ്. ഒരു ദണ്ഡ്. നാലുകോൽ നീളം. ഉദ്ദേശം മൂന്ന് മീറ്റർ. ക്നായിത്തോമ്മായ്ക്ക് കൊടുങ്ങല്ലൂരിൽ 'ആറ് വളഞ്ഞതിനകം ആനക്കോലാൽ ഇരുനൂറ്റി നാല്പത്തിനാല് കോൽ ഭൂമി' അളന്ന് കൊടുക്കുന്ന കാര്യം ചെപ്പേടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചേര കോൻ രാജാവ് ഉദകപൂർവ്വം നൽകിയ ഭൂമി. അടുത്തകാലം വരെയും അങ്ങാടി പ്രദേശങ്ങളിൽ ഭൂമി അളക്കുന്നത് കോൽ കണക്കിനാണ്. റോഡ് സൈഡിൽ ഇത്ര കോൽ ഭൂമി. ഒരു കോലിന് ഇത്ര വില എന്നൊക്കെയായിരുന്നു. സെന്റും ഏക്കറും പ്രവേശിച്ചത് പില്ക്കാലത്താണ്. ആശാരിക്കണക്കിന് രണ്ടര അടിയാണ് ഒരു കോൽ.

ആനവാൽ: ആനവാലിന്റെ അറ്റത്തുള്ള രോമം ആനവാൽ എന്ന് അറിയപ്പെടുന്നു. ഇത് മുറിച്ചെടുത്ത് സ്വർണ്ണംകെട്ടി മോതിരമുണ്ടാക്കി ആനവാൽ മോതിരം അണിയാറുണ്ട്. രാപ്പനിയും ഭയവും അകറ്റുവാൻ ഇത് ഉപകരിക്കുമെന്ന് ഒരു വിശ്വാസമുണ്ട്.

ആനക്കഴുത്ത്: ശിരസും ഉടലും വിസ്തൃതം. കഴുത്ത് താരതമ്യേന ഇടുങ്ങിയത്. അതാണ് ആനക്കഴുത്ത്. മതിലുകൾ ഈ ആകൃതിയിൽ പണിയാറുണ്ട്. നല്ല കനത്തിൽ പണിതുയർത്തും. മുകളിൽ കഴുത്തുപോലെ വണ്ണംകുറയും. അതിന്മുകളിൽ താഴത്തേക്കാൾ വണ്ണത്തിൽ ഉപരിതലം പണിയും. ഈ നിർമ്മാണ വൈഭവം മൂലം മതിലിന് മുകളിൽ വീഴുന്ന മഴവെള്ളം മതിലിൽകൂടെ ഒലിച്ചിറങ്ങാതെ വീടിന്റെ ഇറയത്ത് നിന്ന് വീഴുന്ന പോലെ വീഴും. മതിലിന് ബലക്ഷയമുണ്ടാകയില്ല. പള്ളികളുടേയും കോട്ടകളുടേയും ക്ഷേത്രങ്ങളുടേയും പുരാതന മതിൽക്കെട്ടുകൾ ആനക്കഴുത്ത് ശൈലിയിലാണ് പണിതിട്ടുള്ളത്.

ആബോ: പിതാവ് എന്ന് അർത്ഥം. ആശ്രമങ്ങളുടെ അധ്യക്ഷന്മാരെ (സുപ്പീരിയർമാരെ) ആബോ ചേർത്തു വ്യവഹരിക്കും. ഉദാ. ആബോ ഗീവറുഗ്ഗീസ്, ആബോ യൂഹാനോൻ.

ആബുദി: 1958-ലെ സഭായോജിപ്പിന് ശേഷം മഞ്ഞനിക്കര ദയറായിലെ ശുശ്രൂഷകനായി പാത്രിയർക്കീസിനാൽ നിയോഗിക്കപ്പെട്ട റമ്പാൻ. അപ്രേം അബൂദി റമ്പാൻ. ഇദ്ദേഹം ക്രമേണ അന്ത്യോഖ്യൻ ഡലിഗേറ്റായി

നിയമിക്കപ്പെട്ടു. പിന്നീട് മാർ തീമോത്തിയോസ് എന്ന പേരിൽ മെത്രാനായി യാക്കോബ് തൃതീയനാൽ ഏകപക്ഷീയമായി നിയമിക്കപ്പെട്ടു. സഭാസമാധാനത്തിന് ഭീഷണിയായപ്പോൾ സർക്കാർ ഇദ്ദേഹത്തിന്റെ വിസയുടെ കാലാവധി നീട്ടിക്കൊടുക്കുവാൻ വിസമ്മതിച്ചു. തന്മൂലം ഇദ്ദേഹത്തിന് തിരിച്ചുപോകേണ്ടതായി വന്നു.

ആർപ്പിടുക: ആർത്ത് സ്വീകരിക്കുക, ആർത്താട്ടിപ്പുറത്താക്കുക രണ്ടും കുന്നംകുളം നസ്രാണി പാരമ്പര്യത്തിലുണ്ട്. ആർച്ച് ബിഷപ്പ് മെനേസ്സിസിനെ ആർത്താട്ടി പുറത്താക്കി ആർത്താട്ടുകാർ എന്ന പേർ നേടി. വിവാഹഘോഷയാത്രകളിലും മെത്രാന്മാർക്കും മറ്റും ഉള്ള സ്വീകരണങ്ങളിലും ആർപ്പിടുക ഇന്നും പതിവാണ്. വിവാഹിതരായ ദമ്പതികളെ പള്ളിയിൽ നിന്ന് വീട്ടിലേയ്ക്ക് അയക്കുമ്പോഴും വിവാഹപ്പന്തലിൽ കയറ്റുമ്പോഴും അവർക്ക് മധുരം കൊടുക്കുമ്പോഴും അവരെ മണിയറയിലേക്ക് ആനയിക്കുമ്പോഴും ആർപ്പിടുക പതിവാണ്.

ആപ്പുദ്യക്കിനോ: ശെമ്മാശന്മാരിൽ അഞ്ചാം പട്ടക്കാരൻ. വാതിൽ കാവൽ ജോലി. കത്തിച്ച മെഴുകുതിരി സ്ഥാനചിഹ്നം. കറുത്ത കുപ്പായത്തിന് മീതെ വെളുത്തകുപ്പായവും ഊറാറയും തൊപ്പിയും ധരിക്കുന്നു. ഉപശെമ്മാശൻ, അർദ്ധശെമ്മാശൻ എന്നിങ്ങനെ അർത്ഥം നൽകാം. അനുഗ്രഹത്തിന്റെ സ്ഥാനം. പണ്ട് കോറെപ്പിസ്ക്കോപ്പന്മാരും ഈ സ്ഥാനം കൊടുത്തിരുന്നു.

ആർച്ച്ബിഷപ്പ്: മെത്രാപ്പോലീത്തായുടെ പാശ്ചാത്യനാമം. മെത്രാന്മാരുടെ തലവൻ. ആർച്ച്ബിഷപ്പ് മെനേസ്സിസ്, ആർച്ച്ബിഷപ്പ് ഈവാനിയോസ് എന്നിവരെ ശ്രദ്ധിക്കുക. സീറോ മലങ്കരസഭയിലും മലങ്കര കത്തോലിക്കാസഭയിലും ഈ പദം ഉപയോഗിക്കുന്നു.

ആർമി, സാൽവേഷൻ: ഒരു ക്രൈസ്തവ സമൂഹം. ഇതിലെ അധ്യക്ഷന്മാരുടെ വസ്ത്രധാരണവും റാങ്കുകളും പട്ടാളശൈലിയിലാണ് ഉപയോഗിക്കാറുള്ളത്.

ആയാർ: വായുമണ്ഡലത്തിന്റെ സുറിയാനിപദം. ആയാറിൽ ദുഷ്ടാത്മാക്കൾ പതിയിരിക്കുമെന്ന് സങ്കല്പം.

ആനന്ദസ്വരൂപൻ: പ. റൂഹായെ ആനന്ദസ്വരൂപൻ എന്ന് ക്രൈസ്തവ പാരമ്പര്യത്തിൽ വ്യവഹരിക്കുന്നു. സച്ചിദാനന്ദ സങ്കല്പത്തിലും ഇത് കാണുന്നുണ്ട്.

ആനന്ദതൈലം: മാമ്മൂദീസായിൽ മൂറോന് മുമ്പായി മുദ്രയിടുവാൻ ഉപയോഗിക്കുന്ന സൈത്തിന്റെ വിശേഷണം.

ആറപ്പൂവേ...: എതിരേല്പ്പുകൾക്ക് ആർപ്പിടുമ്പോൾ ഉപയോഗിക്കുന്ന ഒരു പദമാണിത്.

ആറാം പട്ടം: പൂർണ്ണ ശെമ്മാശുസ്ഥാനം. കറുത്തകുപ്പായം, വെള്ളക്കുപ്പായം, ഊറാറാ, തൊപ്പി എന്നിവ ധരിക്കും. ഈ സ്ഥാനത്തിന് അമാലോഗിയാ വായനയും ഒപ്പിടലുമുണ്ട്. ഒരു താലന്ത് സ്വീകരിക്കുന്നതിന്റെ സൂചനയായി വലത് കാൽമുട്ട് കുത്തി പട്ടമേല്ക്കുന്നു. കുരിശുമാലയും വായിക്കാനുള്ള ഏവൻഗേലി പുസ്തകവും സ്ഥാനചിഹ്നമായി നൽകുവാൻ നിർദ്ദേശം പട്ടംകൊടപുസ്തകത്തിൽ മൂലഭാഷയിൽ കാണുന്നുണ്ടെങ്കിലും കൊടുക്കുന്ന പതിവില്ല.

ആംഗ്ളോ കത്തോലിസിസം: ആംഗ്ലിക്കൻ സഭയിലെ ഹൈ-ചർച്ച് പ്രസ്ഥാനത്തിന്റെ ആധുനിക സംജ്ഞ. ക്രിസ്തീയ വിശ്വാസപ്രമാണത്തിന്റെ വിശ്വാസപരവും ആരാധനാപരവുമായ വസ്തുതകൾക്ക് ഊന്നൽ നൽകുന്നു. റോമൻ കത്തോലിക്കാസഭയോടും മറ്റു പുരാതന സഭകളോടും ആംഗ്ലിക്കൻസഭയുടെ തനിമ നഷ്ടപ്പെടാതെ സഹവർത്തിത്വത്തിൽ കഴിയുന്നു. ആംഗ്ലിക്കൻസഭയും പൗരസ്ത്യ ഓർത്തഡോക്സ് സഭകളും തമ്മിൽ ഐക്യപ്പെടുന്നതിനുവേണ്ടി 1906-ൽ ആരംഭിച്ച പ്രാർത്ഥനാസംഘമാണ് ഇംഗ്ലണ്ട് ആസ്ഥാനമായ 'ആംഗ്ലിക്കൻ ആൻഡ് ഈസ്റ്റേൺ ചർച്ചസ് അസോസ്യേഷൻ.' ഇവർക്ക് 'സോബർനോസ്റ്റ്' എന്ന പേരിൽ ഒരു പ്രസിദ്ധീകരണമുണ്ട്.

1839 മുതൽ ആംഗ്ലിക്കൻ സഭയിൽ സന്യാസ സഭകൾ പ്രവർത്തിക്കുന്നു. സൊസൈറ്റി ഓഫ് ഹോളിട്രിനിറ്റി (1939), കന്യകമറിയാമിന്റെ സമൂഹം (1848), വി. യോഹന്നാന്റെ സമൂഹം (1851), വി. മാർഗരറ്റിന്റെ സമൂഹം (1855) എന്നിവയാണ് പ്രധാനം. ഇവയിലെ സന്യാസികളും സന്യാസിനികളും വിവിധ സാമൂഹ്യ സേവനങ്ങൾക്ക് നേതൃത്വം നൽകുന്നു.

പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ പലതും ഓൾഡ് കാത്തലിക്ക് സഭയും ആംഗ്ലിക്കൻ സഭയുടെ പട്ടത്വം അംഗീകരിക്കുന്നുണ്ട്.

ആതൻസ്: ഗ്രീസിന്റെ വൈജ്ഞാനിക തലസ്ഥാനം. പൗലൂസ് ശ്ലീഹായുടെ രണ്ടാം മിഷണറിയാത്രയിൽ ഈ എപ്പിക്യൂറിയൻ - സ്റ്റോയിക് നഗരത്തിൽ ക്രിസ്തീയസഭ സ്ഥാപിതമായി. അത്താനഗോറസ്, അരിസ്റ്റോയിഡ്സ് എന്നീ വിശ്വാസസംരക്ഷകർ ഇവിടെ ജീവിച്ചു. നാസിയാൻസിലെ ഗ്രിഗോറിയോസ്, ബസ്സേലിയോസ് എന്നിവർ ഇവിടെ പഠിച്ചു. 1833-ൽ ഗ്രീക്ക് ഓർത്തഡോക്സ് സഭ സ്വതന്ത്രമായി. ആതൻസിലെ ആർച്ച് ബിഷപ്പിന്റെ കീഴിൽ ഗ്രീക്കുസഭ ഓട്ടോസിഫാലസ് സഭയായി തുടരുന്നു.

ആനാ-ഡോമിനി: ലാറ്റിൻ പ്രയോഗം. കർത്താവിന്റെ വർഷം. എ. ഡി. എന്ന ചുരുക്കെഴുത്തിന്റെ വിപുല രൂപം. ക്രിസ്തുവിന്റെ ജനനം അടി സ്ഥാനപ്പെടുത്തുന്നു. എന്നാൽ ക്രിസ്തു ജനിച്ച വർഷത്തെപ്പറ്റി പണ്ഡിതർ ക്കിടയിൽ ഏകാഭിപ്രായമില്ല.

ആഭിചാരം: ദുഷ്ടാത്മാക്കളുടെ സേവയിൽ നടത്തുന്ന പ്രകൃത്യതീത മായ ദുഷ്ട പ്രവർത്തനം. 1. ശമു. 28 ലും പുറ. 28 ലും ആവ. 18 ലും ഗലാ. 5–ലും മന്ത്രവാദത്തെ ശപിക്കുന്നു. തെർത്തുല്യനും വി. അഗസ്റ്റിനും ഇവ യുടെ ദുഷ്ടഫലത്തെപ്പറ്റി ബോധവാന്മാർ ആയിരുന്നു. വി. ഹിപ്പോളിറ്റസ്, വി. ക്രിസോസ്റ്റം തുടങ്ങിയവർ മന്ത്രവാദത്തിലുള്ള വിശ്വാസത്തെ എതിർ ത്തു. കേരളത്തിൽ ഒടിവയ്ക്കുക, ചാത്തനെ അയയ്ക്കുക തുടങ്ങിയ ആഭിചാരപരമായ ദുർമ്മന്ത്രവാദം പ്രൊഫഷണലായി നടത്തുന്നവരുണ്ട്. മാറാരോഗങ്ങളുടെ ചികിത്സ, അനാശാസ്യമായ വശീകരണങ്ങൾ എന്നിവ ആഭിചാരക്കാരുടെ മേഖലയാണ്.

ആംസ്റ്റർഡാം അസംബ്ലി: 1948 ആഗസ്റ്റ് 22 മുതൽ സെപ്തം. 4 വരെ ഹോളണ്ടിലെ ആംസ്റ്റർഡാമിൽ ചേർന്ന W. C. C. യുടെ പ്രഥമ സമ്മേ ളനം. ഇതിൽ മലങ്കരസഭയെ പ്രതിനിധീകരിച്ച് അലക്സിയോസ് മാർ തേവോദോസ്യോസ്, ഫാ. കെ. ഫീലിപ്പോസ് എന്നിവർ പങ്കെടുത്തു. കൗൺസിലിന്റെ പ്രസിഡണ്ടുമാരിൽ ഒരാളായി മിസ് സാറാ ചാക്കോയും കേന്ദ്രസമിതിയിലേക്ക് മാർ തേവോദോസ്യോസും തെരഞ്ഞെടുക്കപ്പെട്ടു.

ആവാഹനം: പ. ആത്മാവ് പ്രാപിക്കുന്നതിന്റെ ലക്ഷ്യമായി ഊതുന്ന സമ്പ്രദായം. കർത്താവിന്റെ ശിഷ്യന്മാരുടെ മേൽ കർത്താവ് ഊതി (യോഹ. 20:22). ആദാമിൽ ജീവശ്വാസത്തെ ഊതിക്കയറ്റിയതായി സൃഷ്ടി കഥയിൽ വർണ്ണനയുണ്ട്. ഓർത്തഡോക്സ് സഭയുടെ മാമ്മൂദീസായിൽ ശിശുവിന്റെ മേലും തൊട്ടിയിലെ ജലത്തിന്മേലും പട്ടംകൊടയിൽ സ്ഥാ നാർത്ഥിയുടെ മുഖത്തും കാർമ്മികർ ഊതുന്ന (മൂന്നു വട്ടം) അനുഷ്ഠാനം നിലവിലുണ്ട്.

ഇ

ഇക്കാക്കു കുരിയപ്പൻ, പനയ്ക്കൽ: 1829-ൽ വിരചിതമായ ആർത്താറ്റ് പള്ളിപ്പാട്ടിന്റെ കർത്താവ്. പാലൂർ-ചാട്ടുകുളങ്ങര (ആർത്താറ്റ്) പള്ളി 18-ാം നൂറ്റാണ്ടിൽ പുത്തൻകൂർ-പഴയകൂർ തർക്കത്തെത്തുടർന്ന് പൂട്ടിക്കിടന്നതും 1789-ൽ ടിപ്പു സുൽത്താന്റെ കാലത്തെ പടയോട്ടത്തിൽ അഗ്നിയ്ക്കിരയായതും പില്ക്കാലത്ത് 1811-ലെ മലയാളം ബൈബിളിന്റെ വിവർത്തകനും കോട്ടയം പഴയസെമിനാരി സ്ഥാപകനുമായ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങൾ മുഖേന, കൊച്ചി രാജാവ് ശക്തൻ തമ്പുരാന്റെ സഹായത്താൽ നറുക്കെടുപ്പിലൂടെ പൂർവ്വിക സുറിയാനിക്കാർക്ക് ലഭിച്ചതുമായ ചരിത്രസംഭവങ്ങൾ ദൃക്സാക്ഷിയുടെ സത്യസന്ധതയോടെ ആവിഷ്കരിക്കുന്ന കൃതിയാണിത്. '*ആർത്താറ്റ് പള്ളിപ്പാട്ട്*' എന്ന ശീർഷകം കാണുക.

ഇഗ്നാത്തിയോസ്: ഏറെക്കാലമായി അന്ത്യോഖ്യൻ പാത്രിയർക്കീസന്മാരുടെ സ്ഥാനപ്പേർ.

ഇഗ്നാത്തിയോസ് നൂറോനോ (35-107): അഗ്നിമയൻ എന്നർത്ഥം. ക്രിസ്തു താലോലിച്ച (മത്താ. 18:2; മർക്കോ. 9:36) ശിശുവാണ് പില്ക്കാലത്ത് അന്ത്യോഖ്യൻ മെത്രാനായിത്തീർന്ന ഇഗ്നാത്തിയോസ് എന്നു പാരമ്പര്യം. ഇതിന്റെ ഗ്രീക്കുരൂപം ദൈവത്തെ വഹിക്കുന്നവൻ എന്ന് അർത്ഥമുള്ള 'തെയോഫോറോസ്' ആണ്. പത്രോസ് സ്ഥാപിച്ച അന്ത്യോഖ്യൻ സഭയിൽ ഏവോദോസ്യോസിന്റെ പിൻഗാമി. ട്രോജൻ ചക്രവർത്തിയുടെ കാലത്ത് ബന്ധനസ്ഥനായി റോമിലേക്കുള്ള യാത്രയിൽ ത്രാലസ്, മഗ്ന്വേഷ്യ, എഫേസൂസ്, റോം, ഫിലാഡൽഫിയ, സ്മിർണാ എന്നീ സഭകൾക്കും പോളിക്കാർപ്പോസിനുമായി ഏഴ് ലേഖനങ്ങൾ എഴുതി. പല സഭകളിലും ഇക്കാലത്ത് എപ്പിസ്ക്കോപ്പാ, കശ്ശീശാ, ശെമ്മാശൻ എന്നീ വൈദിക സ്ഥാനങ്ങൾ നിലവിൽ വന്നതായി അദ്ദേഹത്തിന്റെ ലേഖനങ്ങൾ സാക്ഷിക്കുന്നു. റോമ്മിൽ സിംഹങ്ങൾക്കു ഭക്ഷണമായി ഇദ്ദേഹം രക്തസാക്ഷിമരണം പ്രാപിച്ചു. ഇദ്ദേഹത്തിന്റെ പേരിൽ ഒരു അന്നാഫുറ സുറിയാനി കുർബ്ബാന തക്സായിലുണ്ട്.

ഇഗ്നാത്യോസ് പാത്രിയർക്കീസ്: 1653-ൽ അലക്സാന്ത്രിയൻ പാപ്പാ

അയച്ച അഹത്തള്ളാ മലങ്കരസഭാചരിത്രത്തിൽ അറിയപ്പെടുന്നത് ഇഗ്നാത്തിയോസ് പാത്രിയർക്കീസ് എന്ന പേരിലാണ്.

ഇഗ്നാത്തിയോസ് ലയോള (1491–1556): ജസ്യൂട്ട് (ഈശോ) സഭയുടെ സ്ഥാപകൻ. പ്രഭുവായി ജനിച്ചു. പട്ടാളക്കാരൻ. 1521-ൽ യുദ്ധത്തിൽ മുറിവേറ്റു. ക്രിസ്തുചരിതവും വിശുദ്ധന്മാരുടെ ചരിത്രങ്ങളും വായിച്ച് ക്രിസ്തുമതം സ്വീകരിച്ചു. ആത്മീയപരിശീലനം (Spiritual Excercise) (1535), കോൺസ്റ്റിറ്റ്യൂഷൻസ്, നിയമങ്ങൾ എന്നീ ഗ്രന്ഥങ്ങൾ രചിച്ചു. 1537-ൽ മാർപ്പാപ്പായിൽ നിന്ന് പട്ടമേറ്റു. 1534-ൽ വി. ഫ്രാൻസിസ് സേവ്യർ ഉൾപ്പെടെ ആറു പേരുമായി ചേർന്ന് 'സൊസൈറ്റി ഓഫ് ജീസസ്' എന്ന സംഘടന - ജസ്വീത്തർ - സ്ഥാപിച്ചു. ഉദയംപേരൂർ സുന്നഹദോസിന് ശേഷം ഇവരുടെ പ്രവർത്തനങ്ങൾ മലങ്കരസഭയിലും ഉണ്ടായിരുന്നു. ദാരിദ്ര്യം, വിശുദ്ധി, തീർത്ഥയാത്ര ഇവയാണിവരുടെ മുദ്രാവാക്യങ്ങൾ. 1556-ൽ അന്തരിച്ചു. 1622-ൽ ഇദ്ദേഹം വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു.

ഇഗ്നാത്തിയോസിന്റെ സപ്ത ലേഖനങ്ങൾ: മാർ ഇഗ്നാത്യോസ് നൂറോനോയുടെ ലേഖനങ്ങളുടെ മലയാള വിവർത്തനം. വിവർത്തകൻ: ഫാ. ഡോ. ജോസഫ് ചീരൻ. പ്രസാധകൻ: ജോയ്സ് തോട്ടയ്ക്കാട്.

ഇടപ്പള്ളി സമ്മേളനം: 1653-ലെ കൂനൻകുരിശ് സത്യം കഴിഞ്ഞ് അനന്തരനടപടികളെക്കുറിച്ച് ആലോചിക്കുവാൻ 1653 ഫെബ്രുവരിയിൽ ഇവിടെ ചേർന്ന യോഗമാണ് തോമ്മാ അർക്കദിയാക്കോനെ ബിഷപ്പായി വാഴിക്കുവാനും നാലു വൈദിക പ്രമുഖരെ ഉപദേഷ്ടാക്കളായി നിയമിക്കാനും തീരുമാനിച്ചത് എന്ന് പ്രബലമായ ഒരഭിപ്രായമുണ്ട്.

ഇടയൻ, ഹെർമാസിന്റെ: രണ്ടാംനൂറ്റാണ്ടിൽ ജീവിച്ച വി. ക്ലിമീസിന്റെ സമകാലീനനായ അപ്പോസ്തോലിക പിതാവ് രചിച്ച ഗ്രന്ഥം. അനുതാപത്തിന്റെ മാലാഖ ഇടയവേഷത്തിൽ പ്രത്യക്ഷപ്പെട്ടതുകൊണ്ട് ഇടയനെന്ന് ഗ്രന്ഥനാമം. 2, 3 നൂറ്റാണ്ടുകളിൽ ഗ്രീക്കുസഭകളിൽ തിരുവചനത്തിന് തുല്യം ഈ ഗ്രന്ഥം ഉപയോഗിക്കപ്പെട്ടു. അതിലെ ധാർമ്മിക പ്രമാണങ്ങൾ ശ്രദ്ധേയം.

ഇടയലേഖനങ്ങൾ: തീമോത്തിയോസിന് എഴുതിയ രണ്ടും തീത്തോസിനെഴുതിയ ഒന്നും ഉൾപ്പെടെ വി. പൗലൂസിന്റെ 3 ലേഖനങ്ങളെ ഇടയലേഖനങ്ങൾ എന്ന് പറയുന്നു. സഭാശുശ്രൂഷകരുടെ തെരഞ്ഞെടുപ്പ്, അവരുടെ യോഗ്യതകൾ, ചുമതലകൾ ഇവയ്ക്കു മുഖ്യസ്ഥാനം നൽകിയതിനാൽ ഈ പേരുണ്ടായി. മേലദ്ധ്യക്ഷന്മാർ ഇടവകയിൽ പരസ്യപ്പെടുത്തുവാൻ അയയ്ക്കുന്ന അറിയിപ്പുകളും ഇടയലേഖനങ്ങൾ ആണ്. ഫ്യൂഡൽ ശൈലിയിൽ അവ കല്പന എന്ന് വിശേഷിപ്പിക്കപ്പെടുന്നു.

ഇടയന്മാർ: വൈദികർ ഇടയന്മാർ ആണ്. ഇവരുടെ തലവന്മാർക്ക് – ശെമ്മാശന്മാരുടെയും വൈദികരുടെയും സന്യാസിമാരുടെയും – ഇടയ ചിഹ്നമായി ഇടയവടി, അംശവടി എന്ന പേരിൽ സ്ഥാനചിഹ്നമായി നൽകുന്നു. ഇടയന്റെ സ്ഥാനത്തേക്കാൾ ജോലിയെയാണ് അംശവടി സൂചിപ്പിക്കുന്നത്.

ഇടവക: ഇടയന്റെ അധികാരപരിധിയാണ് ഇടവക (ഇടയന്റെ വക). ഇടവകയുടെ കേന്ദ്രം പള്ളി. ഒരു പള്ളിയിൽ ആരാധിപ്പാൻ കൂടിവരുന്നവരും ആത്മീയ ദിഷ്ടതികൾ നടത്തുന്നവരുമായ വിശ്വാസികളുടെ പ്രദേശത്തെ ഇടവക എന്ന സംജ്ഞ കുറിക്കുന്നു. സമാന്തരമായി ക്ഷേത്രങ്ങളുടെ തട്ടകം എന്ന സംജ്ഞ മറ്റു മതങ്ങളിലുണ്ട്. ഫ്യൂഡൽ ശൈലിയിൽ പ്രഭുഭവനങ്ങൾ ഇടം എന്നറിയപ്പെട്ടു. ഇടത്തിന്റെ പരിധിപ്രദേശങ്ങളെ ഇടവക എന്ന് പറയാം. മഹായിടയൻ ആണ് ബിഷപ്പ്. അദ്ദേഹത്തിന്റെ അധികാരപരിധിയിലുള്ള ഇടവകകളുടെ സമുച്ചയത്തെ മഹായിടവക എന്ന് പറയും. കുടുംബം, ഇടവക, മെത്രാസനം, പൊതുസഭ എന്നിവയാണ് സഭയുടെ പ്രധാന ഘടകതലങ്ങൾ. ഇടവകക്കാരുടെ ബന്ധപ്പെട്ട രേഖകൾ, ഇടവകപ്പള്ളിയിൽ ഇടവക വികാരിയുടെ ചുമതലയിൽ തയാറാക്കി സൂക്ഷിക്കുന്നു. എല്ലാ ഇടവകകൾക്കും മെത്രാസനയോഗത്തിലും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗത്തിലും പങ്കാളിത്തമുണ്ട്. കുറഞ്ഞത് ഒരു വൈദിക പ്രതിനിധിയും ഒരു അവൈദിക പ്രതിനിധിയും അതിൽ സംബന്ധിക്കുന്നു. ഇടവക ഭരണത്തിന് മെത്രാപ്പോലീത്താ നിയമിക്കുന്ന വികാരിയുടെ മേൽനോട്ടത്തിന് ഇടവക പൊതുയോഗവും ഇടവക കമ്മറ്റിയും മറ്റു ചുമതലക്കാരുമുണ്ട്. സഭാ ഭരണഘടന ഈ വ്യത്യസ്ത സ്ഥാനികളുടെയും സമിതികളുടെയും ജോലികളും അധികാരങ്ങളും നിർവചിച്ചിട്ടുണ്ട്.

ഇടവകപ്പത്രിക: മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഉടമസ്ഥതയിൽ കോട്ടയം പഴയസെമിനാരിയിൽ സെന്റ് തോമസ് പ്രസിൽനിന്ന് 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പ്രസിദ്ധീകരിച്ചിരുന്ന മലങ്കരസഭയിലെ ആദ്യത്തെ ഔദ്യോഗിക സഭാമാസിക. സഭയുടെ ഔദ്യോഗിക ജിഹ്വ ആയിരുന്ന ഈ മാസികയുടെ ആദ്യ പത്രാധിപർ ഇ. എം. ഫിലിപ്പ് ആയിരുന്നു. ജ്ഞാനനിക്ഷേപം, മലയാളമിത്രം, സഭാതാരക തുടങ്ങിയ നവീകരണക്കാരുടെ പ്രസിദ്ധീകരണങ്ങൾക്ക് സഭയുടെ ഔദ്യോഗിക മറുപടികൾ നൽകി സഭയെ കെട്ടുറപ്പിലും ഐക്യത്തിലും വളർത്തിയ ഈ മാസിക 20–ാം നൂറ്റാണ്ടിലെ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ മുടക്കിനെത്തുടർന്നുണ്ടായ സമുദായക്കേസിന്റെ കോലാഹലങ്ങൾക്കിടയിൽ നിലച്ചുപോയി. പിന്നീട് മലങ്കരസഭ എന്ന പേരിൽ സഭയ്ക്കൊരു ജിഹ്വയുണ്ടായത് പതിറ്റാണ്ടുകൾക്ക് ശേഷം

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായുടെ കാലത്താണ്.

ഇടവകപ്പത്രിക: കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന കുടുംബമാസിക. 2003 ഏപ്രിലിൽ പ്രസിദ്ധീകരണം ആരംഭിച്ചു. ഫാ. ഡോ. ജോസഫ് ചീരൻ സ്ഥാപക ചീഫ് എഡിറ്റർ.

ഇടവകപ്പട്ടക്കാരൻ: ഇടവകയിലെ പൊതുയോഗം ഇടവകയിലെ ആവശ്യാനുസരണം വൈദികസ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുക, അവർ പട്ടമേറ്റ് ആയുഷ്കാലം മുഴുവൻ ആ ഇടവകയിൽ സേവനം അനുഷ്ഠിക്കുക – ഇതായിരുന്നു മലങ്കരയിലെ പതിവ്. പട്ടംകൊടയിൽ അർക്കദിയാക്കോനും മേല്പട്ടക്കാരനും പട്ടം കൊടുക്കുന്നത് ഏത് ഇടവകയിലേക്കാണെന്ന് കാർമ്മികവാക്യത്തോടൊപ്പം പറയുകയും പട്ടംകൊട പുസ്തകത്തിൽ എഴുതുകയും ചെയ്യുമായിരുന്നു. 1934–ൽ പാസ്സാക്കി നിലവിൽ വന്ന സഭാഭരണഘടന ഈ സമ്പ്രദായം നിറുത്തലാക്കി. ഇപ്പോൾ ഇടവകയ്ക്ക് വേണ്ടി പട്ടം കൊടുക്കലില്ല; മെത്രാസനത്തിനുവേണ്ടിയാണ് വൈദികരെ പട്ടംകെട്ടുന്നത്; മെത്രാന്മാരെ പൊതുസഭയ്ക്ക് വേണ്ടിയും. ഈ ശൈലിയാണ് സ്ഥലംമാറ്റം സാധ്യമാക്കിത്തീർത്തത്.

ഇടവകയോഗം: ക്രമമായി കുമ്പസാരിക്കുന്നവരും ക്രമമായി പള്ളിഭോഗങ്ങൾ വീഴ്ചവരാതെ കൊടുക്കുന്നവരുമായ സഭാംഗങ്ങളായ ഇരുപത്തിയൊന്നു വയസ്സ് തികഞ്ഞ പുരുഷന്മാർ ഇടവകവികാരിയുടെ അദ്ധ്യക്ഷതയിൽ നിശ്ചിതമായ സ്ഥലത്തും സമയത്തും പ്രഖ്യാപിത അജണ്ടയിലെ വിഷയങ്ങൾ സംബന്ധിച്ച് തീരുമാനിക്കുവാൻ ചേരുന്ന ഇടവകയുടെ യോഗം. കൈക്കാരൻ, സെക്രട്ടറി, ഓഡിറ്റർ ഇവരെ നിശ്ചയിക്കുകയും കമ്മറ്റിയെ നിശ്ചയിക്കുകയും ബഡ്ജറ്റ്, വരവ് ചെലവ് കണക്ക് തുടങ്ങിയവ പാസാക്കുകയും ചെയ്യുന്ന പൊതുയോഗത്തിന് സഭാ ഭരണഘടനയ്ക്ക് വിധേയമായി വിപുലമായ അധികാരങ്ങളുണ്ട്. തീരുമാനങ്ങൾ മെത്രാപ്പോലീത്തായുടെ അംഗീകാരത്തിന് വിധേയം; അപ്പീലുകൾക്ക് സൗകര്യമുണ്ട്. പള്ളിയുടെ ഭരണം സഭാനിയമങ്ങൾക്കും പൊതുയോഗനിശ്ചയങ്ങൾക്കും വിധേയമായി വികാരിയും കൈക്കാരനും ഒന്നിച്ച് നിർവഹിക്കുന്നു. ഇതിന്റെ അംഗത്വം, സ്ഥാനികൾ, ലക്ഷ്യം, അധികാരപരിധി, വിളിച്ചുകൂട്ടൽ തുടങ്ങി എല്ലാ നിർവഹണ സമ്പ്രദായങ്ങളെയും സഭാഭരണഘടനയിൽ നിർവചിച്ച് വിവരിച്ചിട്ടുണ്ട്. പള്ളിയുടെ ആധ്യാത്മിക ട്രസ്റ്റ് കാര്യങ്ങൾ ഒഴിച്ചുള്ള നിർവഹണങ്ങളിൽ ഇടവകയോഗത്തിന് ജനാധിപത്യ മാതൃകയിൽ വിപുലമായ അവകാശങ്ങളും കർത്തവ്യങ്ങളുമുണ്ട്. Faith, Order, Discipline എന്നീ വിഷയങ്ങളിൽ മാത്രം അവർ പ്രവേശിച്ചുകൂടാ. പഴയ മന്റം, നാട്ടുകൂട്ടം എന്നിവയുടെ പരമ്പരാഗതപ്രവർത്തനം ഇടവകയോഗത്തിൽ കൂടെ നിർവഹിക്കപ്പെടുന്നു.

ഇടിമക്കൾ: സെബദിമക്കൾ ആയ യോഹന്നാനും യാക്കോബും ഇടിയുടെ മക്കൾ (ബ്നായർ ഗേശ്) എന്ന് വിളിക്കപ്പെട്ടു (മാർ. 3:17). അവരുടെ വാചാലതയാണ് കാരണമെന്ന് ജെറോം.

ഇടുക്കി മെത്രാസനം: 1982 -ൽ കോട്ടയം വിഭജിച്ചും ഹൈറേഞ്ച് പള്ളികളെ ഉൾപ്പെടുത്തിയും ഇടുക്കി രൂപീകരിച്ചു. 40 ഓളം പള്ളികൾ ഉണ്ട്. കുമളി-കട്ടപ്പന റോഡിൽ ചക്കുപള്ളം എന്ന സ്ഥലത്ത് ആസ്ഥാനം - ഗത്ശീമോൻ അരമന - സ്ഥിതിചെയ്യുന്നു. മാത്യൂസ് മാർ ബർന്നബാസ് പ്രഥമ സാരഥി. ഇടുക്കി ഓർത്തഡോക്സ് മെഡിക്കൽ സെന്റർ, കുളമാവ് സോഷ്യൽ വെൽഫെയർ സെന്റർ എന്നിവ പ്രവർത്തിക്കുന്നു.

'*മലങ്കരസഭ, ഭദ്രാസനങ്ങൾ*' എന്ന ശീർഷകം കാണുക.

ഇട്ടിത്തൊമ്മൻ കത്തനാർ, ആഞ്ഞിലിമൂട്ടിൽ: '*ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ*' എന്ന ശീർഷകം കാണുക.

ഇട്ടി: വാത്സല്യസൂചകമായി ചേർക്കുന്ന ഒരു പ്രാക്പ്രയോഗം. ഇട്ടിയവിര, ഇട്ടിമാണി, ഇട്ടിമാത്തു, ഇട്ടിഅന്നം എന്നീ പേരുകൾ ഉദാഹരണം.

ഇട്ടി, സി. ഐ.: കോട്ടയം പുതുപ്പള്ളി തറയിൽ എൻ. പി. ഇട്ടിയുടെ പുത്രൻ. ജനനം 1927 ഫെബ്രു. 13. ആലുവ. യു. സി; മദ്രാസ് ക്രിസ്ത്യൻ കോളജുകളിൽ നിന്ന് ബിരുദാനന്തരബിരുദം നേടി. അമേരിക്കയിൽ വേദശാസ്ത്രപഠനം നടത്തി. ഇന്തോനേഷ്യയിൽ എസ്. സി. എം. സെക്രട്ടറി, മദ്രാസ് എസ്. സി. എം. സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. 1960-1978 വരെ അഖിലലോക സഭാകൗൺസിലിന്റെ (WCC) ജനീവായിലെ കേന്ദ്ര ഓഫീസിൽ പ്രവർത്തിച്ചു. WCC കേന്ദ്ര ഓഫീസിൽ പ്രവർത്തിച്ച ആദ്യ സഭാംഗം. യു. എൻ. ഒ. യുടെ എക്കണോമിക് ആൻഡ് സോഷ്യൽ കമ്മീഷൻ ഫോർ ഏഷ്യാ ആൻഡ് പസഫിക് ഡിപ്പാർട്ട്മെണ്ടിൽ കൺസൾട്ടന്റ് ആയി പ്രവർത്തിച്ചു. 1987 -ന് ശേഷം ഡബ്ല്യു. സി. സി. യുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവന്നു. 2005-ൽ അന്തരിച്ചു.

ഇട്ടീരാ: ഇട്ടി + അവിര (അവിര = അബ്രഹാം). ഇട്ട്യേര, ഇട്ടിയവിര, ഇട്ടിയവര എന്നീ രൂപങ്ങളുമുണ്ട്.

ഇട്ടീരാ മല്പാൻ, എം. റ്റി.: കോതമംഗലം ചെറിയപള്ളിയിലെ മാറാച്ചേരിൽ കുടുംബാംഗം. കോനാട്ട് മാത്തൻ മല്പാൻ ഗുരു. കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസിൽ നിന്ന് കശ്ശീശാപട്ടം ഏറ്റു. പാമ്പാക്കുട വലിയപള്ളിയിലും കോതമംഗലം ചെറിയപള്ളിയിലും സേവനം. പാമ്പാക്കുടയിലും ആലുവാ സെമിനാരിയിലും മല്പാനായി പ്രവർത്തിച്ചു. ചേലാട്ട് കുളങ്ങാട്ടിൽ അച്ചാമ്മയാണ് ബസ്ക്യാമ്മ. 'പരിശുദ്ധാത്മാവും

പട്ടത്വവും' എന്ന പ്രാമാണികഗ്രന്ഥം രചിച്ചു. 1961 ഒക്ടോ. 10 ന് അന്തരിച്ചു. കോതമംഗലം ചെറിയപള്ളിയിൽ കബറടക്കപ്പെട്ടു.

ഇട്ടൂപ്പ് റമ്പാൻ: കുന്നംകുളം ആർത്താറ്റ് ഇടവകാംഗം. 1811 -ലെ മലയാളം ബൈബിൾ വിവർത്തനത്തിന്റെ സംരംഭകൻ. ആർത്താറ്റ് പടിയോലയുടെയും കണ്ടനാട് പടിയോലയുടെയും ശില്പി. കോട്ടയം പഴയസെമിനാരിയുടെ സ്ഥാപകനും പ്രഥമ പ്രിൻസിപ്പലും. കൂടുതൽ വിവരങ്ങൾക്ക് '*ദീവന്നാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് I*' കാണുക.

ഇട്ടൂപ്പ് റൈട്ടർ, പുകടിയിൽ (1821–1869): അച്ചടിച്ച് പ്രസിദ്ധീകരിച്ച (1869) ആദ്യത്തെ മലയാളം സഭാചരിത്രത്തിന്റെ ഗ്രന്ഥകർത്താവ്. 'മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം' മികച്ച ഗവേഷണ ഗ്രന്ഥമാണ്. നവീകരണത്തോടുള്ള ആഭിമുഖ്യം പലപ്പോഴും മറനീക്കി പുറത്തു വരുന്നുണ്ട്. ഇത്രയേറെ ചരിത്രരേഖകൾ പരിശോധിച്ച സഭാചരിത്രകാരന്മാർ ഏറെയില്ല. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ സതീർത്ഥ്യൻ. കോട്ടയം പുകടിയിൽ കുടുംബാംഗമായ ഇദ്ദേഹം 1864–ൽ ബ്രിട്ടീഷ് കൊച്ചിയിൽ നിന്ന് അക്കര കുര്യൻ റൈട്ടർ പ്രസിദ്ധീകരിച്ച 'പശ്ചിമതാരക' എന്ന പത്രത്തിന്റെ പത്രാധിപർ ആയി കുറേക്കാലം പ്രവർത്തിച്ചിട്ടുണ്ട്. കയ്യെഴുത്തുരൂപത്തിൽ ലഭ്യമായ ഒരു പ്രാചീന സഭാചരിത്രവും *നിരണം ഗ്രന്ഥവരി*യും അദ്ദേഹം ഗ്രന്ഥരചനയ്ക്ക് അവലംബമാക്കിയെന്നു കരുതുന്നു. ചില വർഷങ്ങൾ, ആ പുസ്തകത്തിൽ ചേർത്തിട്ടുള്ളത് പിശകായിട്ടാണ്. പാലക്കുന്നത്ത് വലിയ മെത്രാച്ചന്റെ റൈട്ടർ എന്ന നിലയിൽ സഭയുടെ ഔദ്യോഗികരേഖകൾ പരിശോധിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് 1906–ലും മൂന്നാം പതിപ്പ് 2004–ലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇട്ടൂപ്പ് എഴുതിയ സഭാചരിത്രത്തെ വിമർശിച്ചുകൊണ്ട് ആ കാലഘട്ടത്തിൽ തന്നെ (1872–ൽ) കേരളത്തിലെ റോമ്മൻ കത്തോലിക്കാ വിഭാഗം കൂനമ്മാവ് ആശ്രമത്തിൽ നിന്ന് 'കേരള രാജ്യത്തിലെ സത്യവേദ ചരിത്രം' എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇട്ടൂപ്പ് കത്തനാർ, ചക്കരയകത്തൂട്ട്: പകലോമറ്റം കുടുംബവാഴ്ച നിലനിന്നുകാണുവാൻ അത്യധ്വാനം ചെയ്ത അങ്കമാലിയിലെ ഈ വൈദികനാണ് 7–ാം മാർത്തോമ്മാ അകാലനിര്യാണം പ്രാപിച്ചപ്പോൾ ദത്ത് മൂലം പകലോമറ്റം കുടുംബക്കാരനായി മേൽവിലാസം നേടിയ വൈദികനെ മരണശയ്യയ്ക്ക് സമീപം വിളിച്ചുവരുത്തി ശയ്യാവലംബിയായിരുന്ന ഏഴാം മാർത്തോമ്മായുടെ ചേതനയറ്റുകൊണ്ടിരുന്ന കൈ തലയിൽ വച്ച് 'കൈവെപ്പ്' പ്രാപിച്ചു എന്ന് അവകാശപ്പെട്ട് എട്ടാം മാർത്തോമ്മായെ മെത്രാനാക്കാൻ നേതൃത്വം നൽകിയത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്.

അകാനോനികവും അനധികൃതവുമായ ഈ വാഴ്ച പകലോമറ്റം കുടും ബവാഴ്ചയുടെ അസ്തമയം ഉറപ്പുവരുത്തി.

ഇത്താക്ക്: കേരളീയ സുറിയാനിക്രിസ്ത്യാനികളുടെ ഒരു പേര്. ഇസ ഹാക്ക് (ഐസക്ക്) എന്ന ബൈബിൾ നാമത്തിന്റെ മലയാള രൂപപരി ണാമം. ഇത്താപ്പിരി, സാക്കു എന്നീ രൂപഭേദങ്ങളുമുണ്ട്.

ഇൻക്വിസിഷൻ: വേദവിപരീതികളെ വിസ്തരിക്കുവാനും ശിക്ഷിക്കു വാനും 1184 മുതൽ കത്തോലിക്കാ സഭാനേതൃത്വത്തിൽ യൂറോപ്പിൽ നില വിൽവന്ന മതകോടതികൾ. ഇന്ത്യയിൽ ഗോവയിൽ ഇത് പ്രവർത്തിച്ചു. മരണശിക്ഷ വരെ നൽകിയിരുന്നു. മതത്തിന്റെ മുൻവിധികളും അശാ സ്ത്രീയ കാഴ്ചപ്പാടുകളും ഇൻക്വിസിഷനെ അന്ധമാക്കിയിരുന്നു. വേദവി പരീതങ്ങളെ വലിയൊരളവിൽ തടയാനായി. പക്ഷെ, പലപ്പോഴും സ്വതന്ത്ര ചിന്തകരുടെ ചിറകരിഞ്ഞു.

ഇന്ത്യൻ ഓർത്തഡോക്സ് സഭ: വിമർശനാത്മക ചരിത്രം: ഫാ. ഡോ. ജോസഫ് ചീരൻ രചിച്ച മലങ്കര സഭാചരിത്രം.

ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും: ഫാ. ഡോ. ജോസഫ് ചീരൻ രചിച്ച മലങ്കര സഭാചരിത്രം.

ഇന്ത്യൻ ഓർത്തഡോക്സ് സഭ: ചരിത്രവും സംസ്കാരവും: ഫാ. ഡോ. ജോസഫ് ചീരൻ, അഡ്വ. പി. സി. മാത്യു, കെ. വി. മാമ്മൻ എന്നിവർ സംയുക്തമായി രചിച്ച ബൃഹത് സഭാചരിത്രം. കോട്ടയ്ക്കൽ പബ്ലീഷേഴ്സ് (മാങ്ങാനം, കോട്ടയം) പ്രസിദ്ധീകരണം.

ഇന്ത്യൻ ഓർത്തഡോക്സ് സഭ: എ. ഡി. 52–2007: ഫാ. ഡോ. ജോസഫ് ചീരൻ രചിച്ച മലങ്കര സഭാചരിത്രം. കോട്ടയ്ക്കൽ പബ്ലീഷേഴ്സ് (മാങ്ങാനം, കോട്ടയം) പ്രസിദ്ധീകരണം.

ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം: രചന: ഫാ. ഡോ. ജോസഫ് ചീരൻ. പ്രസാധകൻ: കെ. വി. മാമ്മൻ.

ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് എ. ഡി. 52–2008: ഇംഗ്ലീഷി ലുള്ള മലങ്കര സഭാചരിത്രം. രചന: ഫാ. ഡോ. ജോസഫ് ചീരൻ. വിവർ ത്തനം: ഡോ. മിസ്സിസ് ആനി ഡേവിഡ്. പ്രസാധകൻ: കെ. വി. മാമ്മൻ.

ഇന്ത്യയിൽ, ക്രിസ്തുമതം: എ. ഡി. 52-ൽ ക്രിസ്തുശിഷ്യൻ മാർ ത്തോമ്മാശ്ലീഹാ ഇന്ത്യയിൽ സഭ സ്ഥാപിച്ചു. പൊന്നാനി-അലക്സാന്ത്രിയ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രിസ്തുവിന് മുമ്പ് മുതൽ ഉണ്ടായിരുന്ന വിദേശവ്യാപാരം ഇത് സാധ്യമാക്കി. എല്ലാ ക്രൈസ്തവസഭകളും ഈ

പൊതുപാരമ്പര്യം അവകാശപ്പെടുന്നു. പാലൂരിലെ പള്ളിതൊട്ട് പല കേന്ദ്രങ്ങളിലും പള്ളികളും ആരാധനകളും പൗരോഹിത്യവും ഏർപ്പാടാക്കിയ ശ്ലീഹാ മൈലാപ്പൂരിൽ വച്ച് എ. ഡി. 72-ൽ രക്തസാക്ഷിത്വം വരിച്ചതായും അവിടെത്തന്നെ സംസ്കരിക്കപ്പെട്ടതായും (ഡിസംബർ 18-21) പിന്നീട് ഉറഹായിലേക്ക് അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം കൊണ്ടുപോയതായും അവിഭക്ത ക്രൈസ്തവപാരമ്പര്യവും യൂസേബിയോസ്, ജെറോം തുടങ്ങിയ ആദ്യകാല സഭാചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ക്രിസ്ത്യാനികളുടെ സുറിയാനിപൈതൃകവും സുറിയാനി സുവിശേഷവും മാർത്തോമ്മാ പൈതൃകത്തിന്റെ ഭാഗം തന്നെയാണ്. 190-ൽ പ്രത്യേക ക്ഷണപ്രകാരം വന്ന പാന്റീനസ് ഇന്ത്യൻ സഭയുടെ അലക്സാന്ത്രിയൻ ബന്ധത്തേയും ക്നായിത്തോമ്മാ പേർഷ്യൻ ബന്ധത്തെയും അനിഷേധ്യമാക്കുന്നു. വിദേശവ്യാപാരം മൂലം നാടിന്റെ ഭണ്ഡാരത്തെ ഐശ്വര്യപൂർണ്ണമാക്കുന്നതിൽ ക്രിസ്ത്യാനികൾ വഹിച്ച പങ്കാളിത്തവും നേതൃത്വവും അവർക്ക് ഭരണാധികാരികൾ വിവിധ കാലങ്ങളിൽ നൽകിയ ചെപ്പേടുകളിൽ നിന്ന് വായിച്ചെടുക്കാം. പ്രാകൃതമതം, ബുദ്ധമതം, ജൈനമതം, യഹൂദമതം തുടങ്ങിയ മതങ്ങളിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവരാണ് ആ മതത്തിലെ പൂർവ്വികർ. പിന്നീട് ശൈവ - വൈഷ്ണവ-ബ്രാഹ്മണമതങ്ങൾ കേരളത്തിലെത്തിയ കാലം സംഘർഷപൂരിതമായിരുന്നു. ആര്യമതാധിനിവേശം, ആഘോഷപൂർവം പൂർവ സംസ്കാരങ്ങളെ ഇല്ലായ്മ ചെയ്തതായി ചരിത്ര ഗവേഷകർ സിദ്ധാന്തിക്കുന്നു. അലക്സാണ്ഡ്രിയ, പേർഷ്യ, അർമ്മീനിയ തുടങ്ങിയ ക്രൈസ്തവ കേന്ദ്രങ്ങൾ ഇന്ത്യൻ സഭയുമായി ബന്ധം പുലർത്തിയിരുന്നു.

16-ാം നൂറ്റാണ്ടുവരെ അവിഭക്തമായിരുന്ന ഇന്ത്യൻ സഭ മലങ്കരസഭയെന്നും മലങ്കര സുറിയാനിസഭയെന്നും അറിയപ്പെട്ടു. പോർച്ചുഗീസുകാർ ഈ സഭയെ റോമ്മിന് കീഴിലാക്കുവാൻ നടത്തിയ നിരന്തരശ്രമങ്ങളുടെ വിജയസ്ഥാനമാണ് ആർച്ച് ബിഷപ്പ് മെനേസ്സിന് 1599-ൽ നടത്തിയ ഉദയംപേരൂർ സുന്നഹദോസ്. പാലൂർ - ചാട്ടുകുളങ്ങര, തിരുവിതാംകോട് എന്നീ രണ്ടു ഇടവകകൾ ഒഴിച്ച് മറ്റെല്ലാവരും റോമ്മിന്റെ ഭരണവും വിശ്വാസവും അംഗീകരിച്ചു. 1653-ൽ ഭൂരിപക്ഷവും ഇതിൽ നിന്നു പിൻമാറി. അതിനെയാണ് മട്ടാഞ്ചേരിയിലെ കൂനൻകുരിശു പ്രതിജ്ഞ എന്ന് പറയുന്നത്. തൽഫലമായി പൂർവിക മലങ്കരസഭയും കത്തോലിക്കാസഭയും വേർപിരിഞ്ഞു. മിഷനറിമാരുമായി 19-ാം നൂറ്റാണ്ടിലാരംഭിച്ച സൗഹൃദം ആദ്യം ആംഗ്ലിക്കൻ സഭയുടെയും പിന്നീട് മാർത്തോമ്മാസഭയുടെയും ഉദയത്തിന് ഹേതുവായി. മറ്റ് വ്യത്യസ്ത സാഹചര്യങ്ങളിൽ ആവിർഭവിച്ചവയാണ് കൽദായ, തൊഴിയൂർ സഭകൾ. 20-ാം നൂറ്റാണ്ടിൽ വിവിധ അനാബാപ്റ്റിസ്റ്റ് വിഭാഗങ്ങളും മുളച്ചു പൊന്തി. 1947-ൽ ദക്ഷിണേന്ത്യൻ പ്രൊട്ടസ്റ്റണ്ട് വിഭാഗങ്ങൾ

സി. എസ്. ഐ. എന്ന പേരിലും 1970-ൽ ഉത്തരേന്ത്യൻ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ സി. എൻ. ഐ. എന്ന പേരിലും സഭാ യൂണിയനുകൾ രൂപീകരിച്ചു. ഇന്ത്യൻ ജനസംഖ്യയുടെ 2.5 ശതമാനമേ എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ചേർന്നാൽ വരുന്നുള്ളൂ. ഇന്ത്യൻ സംസ്കാരത്തെ പ്രകാശത്തിലേക്കും പരിഷ്കാരത്തിലേക്കും നയിക്കുവാൻ ക്രിസ്തുമതം സഹായകമായി. പ്രത്യേകിച്ചു 19-ാം നൂറ്റാണ്ടു മുതൽ ഉണ്ടായ ഭാരതീയ നവോത്ഥാന യത്നങ്ങൾക്കു ബൈബിളും ക്രിസ്തുമതവും നിർണ്ണായക പങ്ക് വഹിച്ചു. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, അച്ചടി, പത്രപ്രവർത്തനം, ജീവകാരുണ്യ പ്രവർത്തനം, കുടുംബസങ്കല്പം എന്നീ മേഖലകളിൽ ഇന്ത്യ നേടിയ വളർച്ചയിൽ ക്രിസ്തുമത സ്വാധീനം പ്രകടമാണ്.

ഇന്ത്യയിലെ ഐക്യസഭകൾ: 1947-ൽ രൂപംകൊണ്ട ദക്ഷിണേന്ത്യൻ സഭ (സി. എസ്. ഐ.) ഐക്യസഭയാണ്. ആംഗ്ലിക്കൻ സഭ, പ്രിസ്ബിറ്റീരിയൻ സഭ, ദക്ഷിണേന്ത്യ ഐക്യസഭ, ബ്രിട്ടീഷ് മെത്തേഡിസ്റ്റ് സഭ, ബാസൽ മിഷൻ എന്നിവ അംഗസഭകൾ ആയിരുന്നു. 1970-ൽ രൂപംകൊണ്ട ഉത്തരേന്ത്യൻ സഭയിൽ (സി. എൻ. ഐ.) ഉത്തരേന്ത്യൻ ബ്രിട്ടീഷ് ബാപ്റ്റിസ്റ്റ് സഭകൾ, ഇന്ത്യൻ ബ്രദറൻ സഭ, ഡിസൈപ്പിൾസ് ഓഫ് ക്രൈസ്റ്റ്, ആംഗ്ലിക്കൻ സഭ, ബ്രിട്ടീഷ് മെത്തേഡിസ്റ്റ് സഭ, യുണൈറ്റഡ് ചർച്ച് ഓഫ് നോർത്തേൺ ഇന്ത്യ എന്നിവയാണ് അംഗസഭകൾ. ഇവ രണ്ടും മാർത്തോമ്മാസഭയുമായി കുർബ്ബാനസംസർഗ്ഗം സ്വീകരിച്ചിട്ടുണ്ട്. മൂന്ന് സഭകളും ചേർന്ന ഒരു ജോയിന്റ് കൗൺസിൽ പ്രവർത്തിക്കുന്നു. സ്നാനം, പട്ടത്വം തുടങ്ങിയ വിഷയങ്ങളിൽ ഐക്യം പൂർണ്ണമായിട്ടില്ല.

ഇന്ത്യയിലെ മറ്റ് സഭാവിഭാഗങ്ങൾ: പൗരസ്ത്യസ്വഭാവമുള്ള സഭകൾ ഇവയാണ്. **1. പൗരസ്ത്യകല്ദായസഭ.** കൂനൻകുരിശ് സത്യത്തിന് ശേഷം ലത്തീൻവല്ക്കരണത്തെ എതിർത്ത ഒരു കത്തോലിക്കാ വിഭാഗം. തൃശ്ശൂരിൽ ശക്തൻ തമ്പുരാൻ പുത്തൻപേട്ടയിൽ വ്യാപാരാഭിവൃദ്ധിക്കായി കുടിയേറ്റി പാർപ്പിച്ച ക്രിസ്ത്യാനികൾക്കായി തൃശ്ശൂരിലെ മർത്തമറിയം പള്ളി പണിയിച്ചു കൊടുത്തതോടെ ഇവർ ശക്തിപ്പെട്ടു. ഇവർ പിന്നീട് പൂർണ്ണമായും നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചു. ഇവരെ സുറായികൾ എന്നും പറയും. മാർ തോമ്മാ റോക്കോസ്, മാണി കത്തനാർ, അബ്ദീശോ തൊണ്ടനാട്, മാർ യോഹന്നാൻ മേലൂസ്, മാർ ഔദീശോ തൊണ്ടനാട്, മീഖായേൽ അഗസ്റ്റിൻ കോറെപ്പിസ്ക്കോപ്പാ, മാർ അബിമേലേക് തീമോത്തിയോസ് (1908-1945), കോനിക്കര പൗലൂസ് കശ്ശീശാ (1945-1952), മാർതോമ്മാ ധർമ്മോ (1952-68) എന്നിവർ ഭരണം നടത്തി. ഈ സഭയിലെ രണ്ടു വിഭാഗങ്ങൾ യോജിച്ച് ഇപ്പോൾ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തായുടെ ഭരണത്തിൽ ഏകോപിച്ച് കഴിയുന്നു. ഈ സഭയുടെ കൈവെപ്പും കൂദാശകളും സാധുവായി മലങ്കരസഭ ഗണിക്കുന്നു.

2. തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭ: കാട്ടുമങ്ങാട്ട് കൂറിലോസ് മെത്രാൻസ്ഥാനം അവകാശപ്പെട്ടപ്പോൾ ആറാം മാർത്തോമ്മായും ചെങ്ങന്നൂർ മാർ ഈവാനിയോസും അതിനെ ചോദ്യം ചെയ്തു. സ്ഥാനം സ്വീകരിച്ചതിനനുകൂലമായി രേഖകളോ സാക്ഷികളോ ഇല്ലാതിരുന്നതിനാൽ തിരുക്കൊച്ചിയിൽ നിന്ന് ഇദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ ഇദ്ദേഹത്തിനും സഹോദരങ്ങൾക്കും ആദ്യം കുന്നംകുളത്തും പിന്നീട് തൊഴിയൂരിലും (മലബാറിൽ) അഭയം നല്കി. പിന്നീട് നവീകരണകാലത്തു പതിവിന് വിപരീതമായി ആർത്താറ്റ് ഇടവകയുടെ അംഗീകാരം കൂടാതെ ആർത്താറ്റ് പട്ടക്കാരിലൊരാൾ ആയിരുന്ന പനക്കൽ യൗസേഫ് കശ്ശീശാ, പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിൽ നിന്ന് തൊഴിയൂരിന് വേണ്ടി മെത്രാൻ സ്ഥാനമേറ്റു. തൽസംബന്ധമായി ഉണ്ടായ കേസിൽ അദ്ദേഹം ജയിച്ചു. അന്നുമുതൽ ആ സഭ സ്വതന്ത്ര സുറിയാനി സഭയായി അറിയപ്പെടുന്നു. നേരത്തെ ആ സഭയിലെ കിടങ്ങൻ മാർ പീലക്സീനോസ് മലങ്കരസഭയിലെ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, പുന്നത്ര മാർ ദീവന്നാസ്യോസ്, ചേപ്പാട്ട് മാർ ദീവന്നാസ്യോസ് എന്നീ മേല്പട്ടക്കാരെ മലങ്കരസഭയ്ക്കായി വാഴിച്ചു. മലങ്കരസഭ ആ സഭയ്ക്കായി കൂത്തൂരെ കൂറിലോസിനെ വാഴിച്ചു. എന്നാൽ സ്വതന്ത്രസഭാവാദം ഉയർത്തിയശേഷം ഈ ബന്ധം സ്വയം ഇല്ലാതായി. തൊഴിയൂർക്കാർക്കു മാർത്തോമ്മാസഭ മേല്പട്ടക്കാരെ വാഴിക്കുന്നു; അവർ തിരിച്ചും. ഇപ്പോഴും മലങ്കരസഭയുടെ പൂർവിക വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇവർ തുടരുന്നു. ഇപ്പോൾ സിറിൾ മാർ ബസ്സേലിയോസ് ആണ് സഭയുടെ ചുമതല വഹിക്കുന്നത്. ഒരു ഡസനോളം പള്ളികളും അത്രയും പട്ടക്കാരും ഉണ്ട്. പണ്ട് സർപ്പവിഷ ചികിത്സയ്ക്ക് ഇവിടം പേരുകേട്ടിരുന്നു. മാനസികരോഗ ചികിത്സ ഇപ്പോഴും നടത്തുന്നുണ്ട്. ഇവരുടെ ഇപ്പോഴത്തെ കൈവെപ്പും കൂദാശകളും സാധുവായി മലങ്കരസഭ ഗണിക്കുന്നില്ല. **പാശ്ചാത്യസഭകൾ: കത്തോലിക്കാസഭ, സീറോ മലബാർസഭ.** കൂനൻകുരിശിലെ സത്യത്തിൽ പൂർവിക വിശ്വാസത്തിന്റെ പ്രതിജ്ഞയിൽ പങ്കെടുക്കാതെ 1599 ലെ നിശ്ചയങ്ങളിൽ ഉറച്ചുനിന്നവർ. പറമ്പിൽ ചാണ്ടിക്കത്തനാർ, അലക്സാണ്ടർ ഡി. കാമ്പോ എന്ന പേരിൽ ഇവരുടെ ആദ്യത്തെ തദ്ദേശീയ മെത്രാനായി. പിന്നീട് കുറേക്കാലം ലത്തീൻ ഭരണത്തിൽ. 1887-ൽ തൃശൂർ, കോട്ടയം മെത്രാന്മാരുണ്ടായി. 1923 ൽ സ്വതന്ത്ര റീത്തായി. ഇപ്പോൾ സീറോ മലബാർ സഭയിൽ കർദ്ദിനാളും ആർച്ച്ബിഷപ്പന്മാരും മറ്റും ഉണ്ട്. **ലത്തീൻ കത്തോലിക്കർ:** ഫ്രാൻസിസ് സേവ്യർ മൂലം ഗോവയിലും തീരപ്രദേശങ്ങളിലും ലത്തീൻസഭ രൂപംകൊണ്ടു. ആചാരങ്ങൾ പാശ്ചാത്യം. അതിരൂപതകളും കർദ്ദിനാളും ആർച്ചുബിഷപ്പന്മാരുമുള്ള ഈ സഭ ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള കത്തോലിക്കാ വിഭാഗമാണ്. **മലങ്കര കത്തോലിക്കാ റീത്ത്:** ബഥനിയുടെ മാർ ഈവാ

നിയോസ് കത്തോലിക്കാ സഭയിൽ 1930 സെപ്റ്റംബർ 20 ന് ചേർന്ന് ഈ റീത്ത് സ്ഥാപിച്ചു. ആവശ്യമായ ഭേദഗതികളോടെ ഓർത്തഡോക്സ് ആരാധനാക്രമങ്ങളും വൈദികവേഷങ്ങളും ഉപയോഗിക്കുന്നു. തിരുവനന്തപുരം അതിരൂപതയുടെ ആർച്ച്ബിഷപ്പ്, മേജർ ആർച്ച്ബിഷപ്പ് എന്ന് പരാമർശിക്കപ്പെടുന്നു. കാതോലിക്കാ എന്ന വിശേഷണം റോം കൊടുക്കാതെ തന്നെ സ്വയം ഉപയോഗിക്കുന്നു. **പ്രൊട്ടസ്റ്റന്റ് സഭകൾ:** മാർത്തോമ്മാ സഭ, സി. എസ്. ഐ., സി. എൻ. ഐ. മറ്റ് സെക്ടേറിയൻ വിഭാഗങ്ങൾ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. ഇവരുമായി മലങ്കരസഭയ്ക്ക് കൈവെപ്പിലോ കൂദാശാസാധുതയിലോ ബന്ധമില്ല.

ഇന്ത്യാ മാഗ്നാ: വലിയ ഇന്ത്യ എന്നർത്ഥം. പേർഷ്യൻ സാമ്രാജ്യത്തിന്റെ അധീനതയിലായിരുന്ന എത്യോപ്യായും ഇന്ത്യയും ഉൾപ്പെട്ട വലിയ ഒരു ഭൂപ്രദേശത്തെ പരാമർശിക്കുവാൻ ഈ പദം ഉപയോഗിച്ചിരുന്നു. ക്രിസ്തുവിന് മുമ്പേ വിദേശ വ്യാപാരം മൂലം വിശ്വപ്രസിദ്ധിയാർജിച്ച കേരളം ഉൾപ്പെട്ട ഇന്ത്യയും ഈ പ്രയോഗത്തിന്റെ പരിധിയിൽ വരുമെന്ന് ചില ചരിത്രകാരന്മാർ കരുതിയിട്ടില്ല. സിന്ധുനദിയാണ് ഹിന്ദു എന്ന പദത്തിന്റെ നിഷ്പത്തിയുടെ ആധാരം. ഇന്ത്യ ഉൾപ്പെടാത്ത ഒരു ഭൂപ്രദേശം ആ പദപ്രയോഗം കൊണ്ട് വിവക്ഷിക്കപ്പെടാവുന്നതല്ല.

ഇംപ്രിമാത്തൂർ: ഇത് അച്ചടിക്കാം എന്ന അർത്ഥത്തിൽ ബന്ധപ്പെട്ട അധികാരികൾ പുസ്തകം അച്ചടിക്കാൻ നൽകുന്ന ലൈസൻസ്. ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ 1679 വരെ ഈ നിയമം നിലവിലുണ്ടായിരുന്നു. അടുത്തകാലം വരെ കത്തോലിക്കരുടെ ഗ്രന്ഥങ്ങളിലും മെത്രാന്റെ ഇംപ്രിമാത്തൂർ ലഭിച്ചതായി രേഖപ്പെടുത്തിയിരുന്നു.

ഇമ്മാനുവേൽ/അമ്മാനുവേൽ: 'ദൈവം നമ്മോടുകൂടെ' എന്ന് അർത്ഥം (മത്താ. 1:22, 23), (ഏശാ. 7:14). യേശുവിന്റെ ജനനത്തോടെ ഈ പ്രവചനം യാഥാർത്ഥ്യമായി.

ഇയ്യു, സി. വി.: 1895 ജൂലൈ 7 ന് കുന്നംകുളം ചുങ്കത്ത് വറീയതിന്റെ ഏകപുത്രനായി ജനിച്ചു. രണ്ടാം ലോകമഹായുദ്ധകാലത്ത് കൊച്ചിയുടെ വാർ ആൻഡ് വെൽഫയർ ഓഫീസർ ആയി പ്രവർത്തിച്ചു. 1920-ൽ കൽക്കത്തായിലും 1922-ൽ ബാംഗ്ലൂരിലും നടന്ന ഇന്ത്യാ, ബർമ്മ, സിലോൺ വൈ.എം.സി.എ. കളുടെ എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിങ്ങുകളിൽ പങ്കെടുത്ത അദ്ദേഹം 1938-ലും 1948-ലും കൊച്ചി പ്രജാക്ഷേമസഭയിലേക്ക് എം. എൽ. സി. യായി (ഇന്നത്തെ എം. എൽ. എ.) തെരഞ്ഞെടുക്കപ്പെട്ടു. തിരു - കൊച്ചി സംയോജനമല്ല കേരള രൂപീകരണമാണ് അഭലഷണീയമെന്ന് നിയമസഭയിൽ ആദ്യം അഭിപ്രായപ്പെട്ടത് അദ്ദേഹമാണ്. 1946-ൽ നടന്ന ഡർബാറിൽ വച്ച് ബ്രിട്ടീഷുകാർ അദ്ദേഹത്തിന് വെൽഫയർ

മെഡൽ സമ്മാനിച്ചു. ചരിത്രപണ്ഡിതനായ അദ്ദേഹത്തെ ഡൻമാർക്കിലെ രാജകുമാരനും ഡോ. പി. ജെ. തോമസും അവരുടെ ചരിത്രഗ്രന്ഥങ്ങളിലേക്ക് ആവശ്യപ്പെട്ട വിലപ്പെട്ട അറിവുകൾ തന്ന ആളായി സി. വി. ഇയ്യുവിനെ ആദരപൂർവ്വം സ്മരിച്ചിട്ടുണ്ട്. ദീർഘകാലം സഭാ മാനേജിംഗ് കമ്മറ്റി അംഗമായിരുന്ന ഇദ്ദേഹത്തിന്റെ ബന്ധങ്ങൾ ബ്രിട്ടീഷ് പാർലമെന്റംഗങ്ങൾ, അമേരിക്കൻ സെനറ്റർമാർ, റഷ്യൻ മതമേധാവികൾ, ക്രീസിലെ രാജകുടുംബാംഗങ്ങൾ എന്നിവരിലേക്ക് വ്യാപിച്ച് കിടക്കുന്നു. കുന്നംകുളത്ത് അത്യാദരവുകളോടെ ഇയ്യച്ചൻ എന്ന് വിളിക്കപ്പെട്ടിരുന്ന കുലീന സാന്നിധ്യവും ഗംഭീരാകാരനുമായിരുന്നു ഈ മഹാപുരുഷൻ 1971 സെപ്റ്റംബർ 17-ന് നിര്യാതനാകുകയും അദ്ദേഹം അത്യധികം അഭിമാനിച്ച ആർത്താറ്റ് പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു.

ഇരവികൊത്തൻ: കൊത്തൻ എന്ന സുറിയാനി പദത്തിന് പ്രഭു എന്നർത്ഥം. ഈ പദത്തോട് ആദരസൂചകമായി ബഹുവചനക്കുറി ചേർത്ത് വൈദികരെ കൊത്തനാർ എന്ന് വിളിച്ചിരുന്നു. അതിന്റെ തൽഭവരൂപമാണ് കത്തനാർ. കർത്തൻ + ആൾ = കത്തനാർ എന്ന് രൂപം കൊടുക്കുന്നതിനേക്കാൾ ഭാഷാ വ്യാകരണം അനുകൂലിക്കുന്നത് കൊത്തൻ + ആർ എന്ന രൂപപരിമാണമാണ്. പഴയ ചെപ്പേടിൽ കോർത്തൻ എന്നല്ല കൊത്തൻ എന്നാണ് കാണുന്നത്. സംഘകാലത്ത് ദേശീയനാമങ്ങൾ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നതിന്റെ ഉദാഹരണമാണ് ഇരവി. ഇരവികൊത്തൻ എന്നു പറഞ്ഞാൽ പുരോഹിതനായ ഇരവി എന്ന് അർത്ഥം. ഇദ്ദേഹം 3-ാം നൂറ്റാണ്ടിൽ മഹോദയപുരത്തെ ക്രൈസ്തവ നേതാവായിരുന്നു. വീരരാഘവ ചക്രവർത്തി നൽകിയ പദവികൾ വിവരിക്കുന്ന ചെപ്പേട് ആണ് ഇരവികൊത്തൻ ചെപ്പേട്.

ഇരവികൊത്തൻ ചെപ്പേട്: ചെപ്പേടിൽ സൂചിതമായ ഗ്രഹനില എ. ഡി. 230, 680, 775, 1320 എന്നീ വർഷങ്ങൾക്കു യോജിക്കും. ഇരവികൊത്തൻ മഹാദേവർ പട്ടണത്തിലെ വണിക്ശ്രേഷ്ഠനാണ്. വീരരാഘവ ചക്രവർത്തി അദ്ദേഹത്തിന് നൽകുന്ന പദവികളാണ് ചെപ്പേടിന്റെ പ്രതിപാദ്യം. മലങ്കര മെത്രാപ്പോലീത്തായുടെ കൈവശത്തിൽ ദേവലോകത്ത് ഇത് സൂക്ഷിച്ചിരിക്കുന്നു. “ഹരിശ്രീ മഹാഗണപതായെ നമഃ ശ്രീ വീരരാഘവ ചക്രവർത്തിയുടെ ശ്രേഷ്ഠരാജത്വം നടക്കുന്ന മകരവ്യാഴം മീനമാസം ഇരുപത്തിഒന്നാംതീയതി ശനിയാഴ്ച രോഹിണി നാൾ പെരുങ്കോയിലകത്തിരുന്നരുളി മകോതൈയർ പട്ടണത്ത് ഇരവി കൊത്തനായ ചേരമാൻ ലോകപ്പെരുംചെട്ടിയ്ക്ക് മണിഗ്രാമപട്ടം നാം കൊടുത്തിരിക്കുന്നു (?). വിളാവാടയും പവഗത്താങ്കും മറ്റവകാശങ്ങളും കടത്തു വാണിജ്യവും വാണിജ്യത്തിന് കുത്തകയും മുൻചൊല്ലും മുൻനടയും പഞ്ചവാദ്യവും ശംഖും പകൽവിളക്കും പാവാടയും ആന്ദോളവും കൊറ്റക്കുടയും വടുകപ്പറയും

ഇടുപടി തോരണവും നാലു ചേരിയിലെ കുത്തകയും നാം കൊടുത്തിരിക്കുന്നു. വാണിയരെയും ഐങ്കമ്മാളരെയും നാം അടിമ കൊടുത്തിരിക്കുന്നു. പറകൊണ്ടളന്ന് കട്ടികൊണ്ട് തൂക്കി നൂലുകൊണ്ട് അളന്ന് എണ്ണുന്നതിലും എടുക്കുന്നതിലും ഉപ്പ്, ശർക്കര, വിളക്കെണ്ണ തൊട്ട് കസ്തൂരി വരെയുള്ള എല്ലാറ്റിനും തരകും അതിനടുത്ത ചുങ്കവും കൂടെ നഗരത്തിന് കർത്താവായ ഇരവികൊത്തന് നാം കൊടുത്തിരിയ്ക്കുന്നു. കൊടുങ്ങല്ലൂരാഴി മുതൽ ഗോപുരം വരെയുള്ള സ്ഥലത്ത് വിശേഷാൽ നാലു തളിയ്ക്കും തളിക്കടുത്ത ഗ്രാമത്തിനും ഇടയിൽ ഇവ രണ്ടും ചേരമാർ ലോകപ്പെരുംചെട്ടിയായി ഇരവികൊത്തന് നീർ മുതലായി നാം ചെപ്പേടെഴുതി കൊടുത്തിരിക്കുന്നു. ഇവന്റെ മക്കൾക്കും അവരുടെ സന്തതികൾക്കും പാരമ്പര്യാവകാശമായി മേല്പറഞ്ഞവയെല്ലാം കൊടുത്തിരിക്കുന്നു.

ഇതറിയുന്ന പന്നിയൂർ ഗ്രാമവും ചൊവ്വര ഗ്രാമവും വേണാടും ഓടനാടും ഏറനാടും വള്ളുവനാടും അരികെ ചന്ദ്രാദിത്യന്മാരുള്ള നാളത്തേയ്ക്ക് കൊടുത്തിരിക്കുന്നു.

ചെപ്പേടെഴുതിയ ചേരമാൻ പെരുംതട്ടാൻ നമ്പി ചടയൻ (ഒപ്പ്)"

ഇരുന്നൂറ്റിമൂന്നാം നമ്പർ കല്പന: 1970 ജൂൺ 27-ന് അന്ത്യോഖ്യായുടെ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് പൗരസ്ത്യ കാതോലിക്കാ ഔഗേൻ ബാവായ്ക്ക് അയച്ച കത്തിന്റെ നമ്പർ. കുപ്രസിദ്ധമായ ഈ കല്പനയിലാണ് വി. മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യവും തദ്വാരാ സിംഹാസനവും അദ്ദേഹം നിഷേധിച്ചതും പുതിയ വിവാദങ്ങൾക്ക് തിരികൊളുത്തിയതും. അര നൂറ്റാണ്ടുകാലം വ്യയഹേതുകമായ വ്യവഹാരങ്ങൾക്കു ശേഷം 1958-ൽ കാതോലിക്കേറ്റിന് അനുകൂലമായി ഉണ്ടായ സുപ്രീം കോടതി വിധിയെ തുടർന്നു കാതോലിക്കേറ്റിന്റെ കീഴിൽ സംയോജിച്ച സഭ വീണ്ടും ഭിന്നിക്കുന്നതിന്റെ താത്വിക അടിസ്ഥാനം ഈ കല്പനയാണ്. അതിന്റെ പ്രസക്തഭാഗം ഇങ്ങനെ:

"ഒന്നാമത്, നാലാം ശതാബ്ദത്തിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടതിന് ശേഷം ഒരു കാതോലിക്കായും മഫ്രിയാനയും ഈ പദവി (മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം) ഉപയോഗിച്ചിട്ടില്ല. രണ്ടാമത്, തോമസ് അപ്പോസ്തോലൻ 'മാർത്തോമ്മായുടെ സിംഹാസനം' എന്ന് പറയത്തക്കവണ്ണം ഒരു സിംഹാസനം സ്ഥാപിച്ചിട്ടില്ല. കാരണം, വി. യോഹന്നാൻ 20:21-24 ൽ വ്യക്തമായി കാണുന്നപ്രകാരം അദ്ദേഹം ഒരു പട്ടക്കാരൻ അല്ലായിരുന്നു. ഒരു പട്ടക്കാരൻ പോലും അല്ലാതിരുന്ന അദ്ദേഹം ഒരു മേല്പട്ടക്കാരൻ ആകുന്നതെങ്ങനെ? ഒരു മേല്പട്ടക്കാരനാകാതെ ഒരു സിംഹാസനം സ്ഥാപിക്കുന്നതെങ്ങനെ? ഇക്കാരണംകൊണ്ട് അദ്ദേഹം ആരെയെങ്കിലും മേല്പട്ടക്കാരനായി വാഴിച്ചെന്നോ കാതോലിക്കാ

സിംഹാസനം സ്ഥാപിച്ചെന്നോ യാതൊരു പൗരാണിക ഗ്രന്ഥകാരനും സൂചിപ്പിക്കുന്നില്ല. മൂന്നാമത്, അഞ്ചാം ശതാബ്ദത്തിൽ കാതോലിക്കാ സ്ഥാപനം അപഹരിച്ച്കൊണ്ടുപോയ നെസ്തോറിയാക്കാർ പോലും അത് തോമ്മാശ്ലീഹായുടെ സിംഹാസനത്തോട് ബന്ധപ്പെടുത്തിയിട്ടില്ല. നാലാമത്, എക്ലിസിയാസ്റ്റിക്കിയുടെ രണ്ടാം ഭാഗത്തിന്റെ ആരംഭത്തിൽ ബാർ എബ്രായ തോമ്മാശ്ലീഹായെക്കുറിച്ച് പറയുന്നത് കാതോലിക്കേറ്റ് സ്ഥാപിച്ച ആളെന്ന നിലയിലല്ല, പിന്നെയോ കിഴക്കൻ പ്രദേശങ്ങളിൽ സുവിശേഷം പ്രസംഗിച്ച ആളെന്ന നിലയിലത്രേ. .... അഞ്ചാമത്, നാം അങ്ങയെ വാഴിച്ചത് പൗരസ്ത്യ കാതോലിക്കായായിട്ടാണ്, മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലേക്കല്ല. അതുകൊണ്ട് വേദവിപരീതത്തിൽ വീഴാതെ ഈ സ്ഥാനം മാറ്റുവാൻ അങ്ങേയ്ക്ക് അധികാരം ഇല്ലാത്തതാകുന്നു...”

വേദപുസ്തകത്തിന്റെ ഈ ബാലിശ വ്യാഖ്യാനവും വക്രവീക്ഷണവും സഭയിൽ ഭിന്നതയുണ്ടാക്കുമെന്ന് കാതോലിക്കാ മറുപടി നൽകിയത് അവഗണിക്കപ്പെട്ടു. തുടർന്ന് സഭയിൽ ഭിന്നത ഉണ്ടാവുക തന്നെ ചെയ്തു.

ഇരുസ്വഭാവവാദം: യേശുക്രിസ്തുവിൽ പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും സംയോജിക്കപ്പെട്ടിരുന്നു. ഈ യോജിപ്പിൽ ഊന്നിയാണ് അലക്സാന്ത്രിയൻ ദൈവശാസ്ത്രം ക്രിസ്തുവിനെ നിർവചിച്ചത്. അന്ത്യോഖ്യൻ ക്രിസ്തുശാസ്ത്രത്തിന്റെ വക്താവായ നെസ്തോർ രണ്ടു സ്വഭാവങ്ങളെ ഉയർത്തിക്കാണിച്ചു. എ. ഡി. 451 –ലെ കൽക്കിദൂൻ സിനഡ് ക്രിസ്തുദൈവശാസ്ത്രത്തെ രണ്ടു സ്വഭാവങ്ങളെ അടിസ്ഥാനമാക്കി നിർവചിച്ചു. രണ്ടു സ്വഭാവങ്ങളും യോജിച്ച് ഒരു ആളത്വം രൂപപ്പെട്ടതിന് ശേഷം രണ്ടു സ്വഭാവങ്ങളിൽ താൻ സ്ഥിതി ചെയ്തു എന്ന പ്രയോഗം ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ നിരാകരിച്ചു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളെ ഏകസ്വഭാവവാദികൾ എന്നും കൽക്കിദൂൻ നിർവചനം സ്വീകരിച്ച കത്തോലിക്കരേയും കിഴക്കൻ ഓർത്തഡോക്സ് സഭകളെയും ഇരുസ്വഭാവവാദികൾ എന്നും വിളിച്ചു. മലങ്കരസഭയും കത്തോലിക്കാ സഭയും പരസ്പരം സ്വീകാര്യമായ ഒരു നിർവചനം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഇല്ലപ്പണം: വരന്റെ കാരണവർ വധുവിന്റെ കാരണവർക്ക് സ്ത്രീധനത്തിന് ആനുപാതികമായി നൽകുന്ന തുക. ഈ പതിവ് ഇപ്പോൾ ഇല്ല.

ഇല്ലം: ആധാരാർത്ഥം. ആധാരിക വിഭക്തിയുടെ പ്രത്യയം ആണ് ഇൽ. ആവാസം ആധാരമായതിനാൽ വീടിന് ഇല്ലം എന്ന് പേരായി. മലയാള ബ്രാഹ്മണർ ഗൃഹത്തിന് ഈ ദ്രാവിഡപദം ഉപയോഗിക്കുന്നു.

ഇവാഞ്ചലിക്കൽ സഭകൾ: വേദപുസ്തകത്തിന്റെ അക്ഷരിക

പ്രാമാണ്യവും വേദവ്യാഖ്യാനത്തിൽ വ്യക്തിസ്വാതന്ത്ര്യവും സുവിശേഷ പ്രചരണത്തിൽ വ്യക്തികൾക്കുള്ള ഉത്തരവാദിത്വവും ഉന്മേഷം പ്രാപിച്ച് പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ ഇവാഞ്ചലിക്കലിസത്തിലേക്ക് പാശ്ചാത്യക്രൈസ്തവ സമൂഹത്തെ നയിച്ചു. പരമ്പരാഗതവും ലിഖിതവുമായ ആരാധനാരൂപങ്ങളുടെ സ്ഥാനത്ത് വേദവായന, ഗീതാലാപനം, സുവിശേഷ പ്രസംഗം, സ്വതന്ത്ര പ്രാർത്ഥന എന്നിവ സ്വാഗതം ചെയ്യപ്പെട്ടു. ഒരർത്ഥത്തിൽ നവീകരണവാദികളായ ലോ ചർച്ചുകാരുടെ നവോത്ഥാനം ഇവാഞ്ചലിക്കൽ പ്രസ്ഥാനങ്ങളിൽ പ്രകടമായി. മിഷനറി സമൂഹങ്ങൾക്ക് അവ ജന്മം നൽകി. ആംഗ്ലിക്കൻസഭയിലെ ഇവാഞ്ചലിക്കൽ വിഭാഗങ്ങളിൽനിന്നാണ് ചർച്ച് മിഷനറി സൊസൈറ്റിയുടെ (സി.എം.എസ്.) ഉദയം. ലണ്ടൻ മിഷനറി സൊസൈറ്റി (എൽ.എം.എസ്.), ഇംഗ്ലണ്ടിലെ കോൺഗ്രിഗേഷണൽ സഭ, പ്രസ്ബിറ്റീരിയൻ സഭ, മെത്തേഡിസ്റ്റ് സഭ ഇവയിലെ വ്യക്തികൾ ചേർന്ന് 1795-ൽ ഉണ്ടാക്കിയ ഇവാഞ്ചലിക്കൽ മിഷനറി സംഘമാണ്. കേരളത്തിലെ നവീകരണസഭകളെ ഈ വിഭാഗത്തിൽപ്പെടുത്താം. കേരളത്തിലെ നവീകരണസഭയായ മാർത്തോമ്മാ സഭയ്ക്ക് ഹൈചർച്ച് സങ്കല്പങ്ങളോട് ആഭിമുഖ്യം വർദ്ധിക്കുന്നു എന്ന് ആരോപിച്ച് 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മാർത്തോമ്മാസഭ പിളർന്ന് സെന്റ് തോമസ് ഇവാഞ്ചലിക്കൽസഭ രൂപംകൊണ്ടു. ഗൃഹസ്ഥരായ ബിഷപ്പുമാർ, നിശ്ചിതകാലത്തേയ്ക്കുള്ള മെത്രാൻ സ്ഥാനം, മിഷണറി ചൈതന്യം തുടങ്ങി ഫണ്ടമെന്റലിസത്തോട് വളരെ അടുത്തുനില്ക്കുന്ന പ്രോട്ടസ്റ്റന്റ് നിലപാടുകൾ ആ സഭ പ്രകടിപ്പിക്കുന്നുണ്ട്.

ഇസഹാക്ക്: അനുഗൃഹീത സുറിയാനി കവി. അന്ത്യോഖ്യൻ സഭയിലെ ആമീദിൽ ജനനം. അന്ത്യോഖ്യൻ പുരോഹിതൻ. സന്യാസാശ്രമങ്ങളുടെ അധിപൻ ആയിരുന്നു. 200 ലധികം മെമ്രാകൾ എഴുതി. കൃതികൾ 1073-ൽ ഒരു വാല്യമായി സമാഹരിച്ചിട്ടുണ്ട്.

ഇസഹാക്ക്: അബ്രഹാമിന്റെ വാഗ്ദത്ത പുത്രൻ. ഈ പേർ കേരളത്തിൽ ഇത്താക്ക്, സാക്കു, ചാക്കു എന്നിങ്ങനെ പരിണാമ വിധേയമായിട്ടുണ്ട്.

ഇസഹാക്കിന്റെ കെട്ടുകൾ: യാഗപീഠത്തിൽ അബ്രഹാം മകനെ - ഇസഹാക്കിനെ - ബന്ധിച്ചു. മാലാഖായുടെ കല്പനപ്രകാരം കെട്ടുകൾ അഴിക്കപ്പെട്ടു.

ഇസ്ലാം: മുഹമ്മദ് നബി സ്ഥാപിച്ചു (570-629). ദൈവത്തിന്റെ ഏകതയാണ് മുഖ്യ മർമ്മം. യേശു ഉൾപ്പെടെയുള്ളവർ പ്രവാചകന്മാർ. മുഹമ്മദ് അന്ത്യപ്രവാചകൻ. അള്ളാഹുവിലും മുഹമ്മദിലും ഉള്ള വിശ്വാസം, അഞ്ചു നേരത്തെ നമസ്കാരം, ധർമ്മം (സക്കാത്ത്) കൊടുക്കൽ, നോമ്പ്,

മെക്കയിലേക്കുള്ള തീർത്ഥാടനം എന്നിവ പ്രധാനം. ഖുറാനിലും പ്രവാചകന്റെ പാരമ്പര്യത്തിലും അടിയുറച്ച് നില്ക്കുന്നവരാണ് സുന്നികൾ. ഷിയാകൾ പ്രവാചകന്റെ അധികാരങ്ങൾ പിൻഗാമികൾക്കും നൽകുന്നു. ആഗാഖാന്റെ പിൻഗാമികളായി ഒരു വിഭാഗമുണ്ട്. സൂഫികൾ ഇസ്ലാമിലെ മിസ്റ്റിക്കുകൾ ആണ്. മിഷനറി മുന്നേറ്റമുള്ള മതമാണ് ഇസ്ലാം. ഒമ്പത് അടിസ്ഥാനങ്ങൾ ഇവയാണ്: 1. ഖുർ ആൻ. 2. സുന്ന (പാരമ്പര്യം) 3. ഇശ്ശ്മ (പണ്ഡിതാഭിപ്രായം) 4. ഖിയാസ് (യുക്തിവിചാരം) 5. സഹദാത്ത് (സാക്ഷ്യം) 6. സലാത്ത് (കാനോനിക പ്രാർത്ഥന) 7. റോസാ (ഉപവാസം) 8. സക്കാത്ത് (കാര്യവിചാരകത്വം) 9. ഹജ്ജ് (തീർത്ഥാടനം).

ഇറത്താഴ്: ക്രിസ്ത്യൻ ഭവനശില്പകലയനുസരിച്ച് മേല്പുരയുടെ താഴെ സജ്ജീകരിക്കുന്ന വരാന്ത. വീട്ടിലെ പ്രധാന കെട്ടിടത്തിന്റെ ഇറയം, താഴ്വാരം, ഇറത്താഴ്വ്, ഇറത്താവ്, ഇറമ്പ് എന്നീ പ്രാദേശിക ഭേദങ്ങളിൽ അറിയപ്പെടുന്നു. ഇതിന്റെ ആധുനിക രൂപമാണ് സിറ്റ്-ഔട്ട്.

ഇല വിളമ്പുക: സദ്യകൾക്കിലയിടുന്നതിന് ഉപയോഗിക്കുന്ന ശൈലി. നാക്കിലയുടെ കൂർത്തഭാഗം ഇരിക്കുന്ന ആളിന്റെ ഇടത്തേക്ക് വരത്തക്ക വിധം ഇല വിളമ്പുന്നു. ഇല വിളമ്പിയാൽ ഇലയുടെ കൂർത്തഭാഗം മടക്കി വയ്ക്കുന്നു. പണ്ട് വിരുന്നുസദ്യയിൽ വാഴയിലയുടെ ഈ കൂർത്തഭാഗം മാത്രമേ ഉപയോഗിച്ചിരുന്നുള്ളു.

ഇണ്ടേറി അപ്പം: തേങ്ങാപ്പാല് സമൃദ്ധിയായി ചേർത്ത് മധുരം ചേർക്കാതെ - കള്ളു ചേർക്കാതെ - ഉണ്ടാക്കുന്ന സുറിയാനി ക്രിസ്ത്യാനികളുടെ പലഹാരം. പാതിനോമ്പിനും പെസഹായ്ക്കും ഈ അപ്പം തയാറാക്കുന്നു.

ഈ

ഈ. ജെ. ജോൺ വക്കീൽ: '*ജോൺ വക്കീൽ, ഇ. ജെ.*' കാണുക.

ഈപ്പൻ, ഫാ. ഡോ. സി. റ്റി: 1895 ഫെബ്രുവരി 25-ന് അടൂർ നെല്ലിമൂട്ടിൽ ചാവടിയിൽ കുടുംബത്തിൽ ജനിച്ചു. സെറാമ്പൂർ, ചിക്കാഗോ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. വേദശാസ്ത്രജ്ഞൻ. മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു എങ്കിലും അദ്ദേഹം സ്ഥാനം സ്വീകരിച്ചില്ല. മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി, ഇന്റർ ചർച്ച് കമ്മറ്റി ഇവകളിൽ അംഗം. വൈദികസെമിനാരി അദ്ധ്യാപകൻ, ശാസ്താംകോട്ട റസിഡൻഷ്യൽ സ്കൂളിന്റെ സ്ഥാപകൻ, സ്റ്റാർ ഓഫ് ദി ഈസ്റ്റിന്റെ സ്ഥാപകൻ, ഇവാൻസ്റ്റൺ അഖിലലോക സഭാകൗൺസിൽ അസംബ്ലിയിൽ സഭാപ്രതിനിധി, രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിരീക്ഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. അദ്ദേഹം സംഭാവന ചെയ്ത സ്ഥലത്താണ് ശാസ്താംകോട്ട മാർ തേവോദോസ്യോസ് മെമ്മോറിയൽ മെഡിക്കൽ മിഷൻ ആശുപത്രി പ്രവർത്തിക്കുന്നത്. 1977 ഏപ്രിൽ 1-ന് ദിവംഗതനായി.

ഈപ്പൻ പി. എം., ഫാ.: തിരുവനന്തപുരം പ്ലാവിനാൽ മത്തായിയുടെ പുത്രൻ. 1929 ജനുവരി 16 ന് ജനിച്ചു. 28-11-1953 ൽ വൈദികനായി. തിരുവനന്തപുരം പള്ളിയിൽ സുദീർഘകാലം വികാരിയായിരുന്നു. തിരുവനന്തപുരം പള്ളിക്ക് ചാപ്പലുകൾ ഉണ്ടായതും വിവാദവിഷയമായിത്തീർന്ന മാർ ബസ്സേലിയോസ് സ്മാരക കെട്ടിടം പണിയിക്കാൻ നേതൃത്വം നൽകിയതും വിവാഹിതനായ ഇദ്ദേഹമാണ്. കൗൺസിലംഗം, സമാജം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ പട്ടം മരപ്പാലം ഗാർഡൻസിലുള്ള വസതിയിൽ വിശ്രമജീവിതം നയിക്കുന്നു.

ഈപ്പൻ, ഫാ. ഡോ. പി. സി.: കാതോലിക്കേറ്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന വെണ്ണിക്കുളം പി. ഇ. ചെറിയാന്റെ സീമന്തപുത്രൻ. ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായുടെ സെക്രട്ടറി. വിദ്യാഭ്യാസ പ്രവർത്തകൻ, കോളജ് പ്രൊഫസർ, കോയമ്പത്തൂർ പള്ളി വികാരി തുടങ്ങിയ നിലയിൽ പ്രവർത്തിച്ചു. 2006-ൽ നിര്യാതനായി.

ഈൽ: എന്റെ ദൈവമേ എന്നർത്ഥം. ഹീബ്രു, സുറിയാനി, അറബി

തുടങ്ങിയ സെമിറ്റിക്ക് ഭാഷകളിൽ ദൈവത്തെക്കുറിക്കുന്ന മൂലശബ്ദം. ഏലോഹിം, ആലോഹോ, അല്ലാഹു എന്നീ പദങ്ങൾ അതീവ ശ്രദ്ധേയം.

ഈവാനിയോസ്, സ്വർണ്ണനാവുകാരൻ (ജോൺ ക്രിസോസ്റ്റം 344–407): അന്ത്യോഖ്യയിലെ മിലിത്തോസിൽനിന്ന് ക്രിസ്തീയ വിശ്വാസം പഠിച്ചു. സന്യാസവും അചിരേണ പൗരോഹിത്യവും സ്വീകരിച്ചു. അമൂല്യമായ വാഗ്മിത്വം സ്വർണ്ണനാവുകാരൻ എന്ന ബിരുദം നേടിക്കൊടുത്തു. 397–ൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായി. പ്രവാചകശബ്ദം മൂലം എതിർപ്പുകൾ നേരിട്ട് രാജ്യഭ്രഷ്ടനായി. പൊന്തോസിൽവച്ച് നിര്യാതനായി. പിന്നീട് തേവോദോസിയോസ് II ചക്രവർത്തിയുടെ കാലത്ത് ഭൗതികാവശിഷ്ടം രാജകീയ ബഹുമതികളോടെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് കൊണ്ടുവന്നു. ഇദ്ദേഹത്തിന്റെ പേരിൽ ഒരു അന്നാഫുറാ പ്രചാരത്തിലുണ്ട്. മികച്ച എഴുത്തുകാരൻ. കൃതികൾ നാലു വിഭാഗം. 1. വേദവ്യാഖ്യാനങ്ങൾ, 2. പ്രഭാഷണങ്ങൾ, 3. ധാർമ്മികവും സന്യാസ സംബന്ധവുമായ കൃതികൾ, 4. കത്തുകൾ. ഇവയിൽ പൗരോഹിത്യത്തെ സംബന്ധിച്ചുള്ള ആറു പുസ്തകങ്ങൾ അമൂല്യങ്ങൾ ആണ്.

ഈവാനിയോസ്, ഹിദായത്തുള്ള മാർ (1685–1693): കോതമംഗലത്ത് കബറടങ്ങിയ മാർ ബസേലിയോസ് യൽദോ മഫ്രിയാനയോടൊന്നിച്ച് 1685–ൽ മലങ്കരയിലെത്തി. അർമ്മീനിയൻ വ്യാപാരികളുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ വന്ന ഇദ്ദേഹത്തെ മഫ്രിയാന 1685–ൽ മെത്രാപ്പോലീത്തായായി അധികാരപ്പെടുത്തി. 1686–ൽ കണ്ടനാട്ടു വച്ച് മൂന്നാം മാർത്തോമ്മായ്ക്കും 1689–ൽ മണർകാട്ട് വച്ച് നാലാം മാർത്തോമ്മായ്ക്കും സ്ഥാനം നൽകി. മാർ മത്തായിയുടെ ദയറാ അംഗമായിരുന്ന അദ്ദേഹം മലങ്കരയിൽ വരുന്നതിന് തൊട്ടുമുമ്പാണ് 1685–ൽ മെത്രാൻ ആയത്. സുറിയാനിസഭയുടെ അടിസ്ഥാന പാരമ്പര്യങ്ങൾ മലങ്കരയിൽ ആദ്യമായി പ്രചരിപ്പിച്ച ഈ മേല്പട്ടക്കാരൻ 1693 ചിങ്ങം 3 ന് നിര്യാതനായി. മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ കബറടങ്ങി.

ഈവാനിയോസ്, യൂഹാനോൻ മാർ (1751–1794): 1751–ൽ വന്ന വിദേശസംഘത്തിലെ അംഗം. ഇദ്ദേഹത്തെ മലങ്കരയിലെത്തിയശേഷമാണ് മെത്രാനാക്കിയതെന്ന് ഒരു പക്ഷമുണ്ട്. ഇദ്ദേഹവും കൂടെ ചേർന്നാണ് 1770–ൽ നിരണത്തുവച്ച് 6–ാം മാർത്തോമ്മായെ ദീവന്നാസ്യോസ് എന്ന പേരിൽ അംഗീകരിച്ച് പുനരഭിഷേകം നടത്തിയത്. ശക്രള്ളാ മഫ്രിയാനയുടെയും ഗ്രീഗോറിയോസിന്റെയും കാലശേഷം ഇദ്ദേഹവും വലിയ മാർ ദീവന്നാസ്യോസും ഒന്നിച്ച് സഭാഭരണം നിർവഹിച്ചു. 1789–ൽ പുതിയകാവ് പള്ളിയിൽവച്ച് മാർ ഈവാനിയോസിന്റെയും മാർ ദീവന്നാസ്യോസിന്റെയും നേതൃത്വത്തിൽ ഒരു പള്ളി പ്രതിനിധിയോഗം ചേരുകയും ഒരു

പടിയോല അംഗീകരിക്കുകയും ചെയ്തു. “പുത്തൻക്രമ നമസ്കാരവും പട്ടം കെട്ടുകയും കാപ്പയിട്ട് കുർബ്ബാന ചൊല്ലുകയും പെൺകെട്ടും മാമ്മൂദീസായും പഴയക്രമം നടന്നു കൊള്ളത്തക്കവിധവും” ഈ പടിയോലയിൽ നിശ്ചയം കാണുന്നു. 1794 മേടം 6-ന് ഇദ്ദേഹം സെക്രട്ടറി കായംകുളം പീലിപ്പോസ് കശ്ശീശായ്ക്കും 6-ാം മാർത്തോമ്മായുടെ അനന്തിരവൻ മാത്തൻ കത്തനാർക്കും (പിന്നീട് 7-ാം മാർത്തോമ്മാ) ചെങ്ങന്നൂർ വച്ച് റമ്പാൻ സ്ഥാനം നൽകി. അദ്ദേഹം കാട്ടുമങ്ങാട്ട് കൂറിലോസിനെതിരെ നിയമനടപടി എടുക്കുവാൻ വലിയ മാർ ദീവന്നാസ്യോസിനെ പിന്തുണച്ചു. 1794 മേടം 7-ന് അദ്ദേഹം നിര്യാതനായി. ചെങ്ങന്നൂർ പള്ളിയിൽ കബറടക്കപ്പെട്ടു.

ഈവാനിയോസ്, മാർ (1748–1751): 5-ാം മാർത്തോമ്മായുടെ കാലത്ത് 1748-ൽ മാർ ഈവാനിയോസ് മലങ്കരയിലെത്തി. *നിരണം ഗ്രന്ഥവരി* 1748-ൽ എന്നും ഇട്ടൂപ്പ് റൈട്ടർ 1748-ന് കൊല്ലം 822-ൽ എന്നും ഫിലിപ്പ് 1739-ൽ എന്നും വ്യത്യസ്തമായിപ്പറഞ്ഞിട്ടുണ്ട്. പ്രതിമാ ഭഞ്ജകനായി അറിയപ്പെടുന്നയിദ്ദേഹം 5-ാം മാർത്തോമ്മായുമായി അനുരഞ്ജനപ്പെട്ടില്ല. മലങ്കരസഭ ഡച്ചുസർക്കാരിൽ പരാതിപ്പെട്ട് 1751-ൽ അദ്ദേഹത്തെ തിരിച്ചയച്ചു.

ഈവാനിയോസ്, പൗലൂസ് മാർ (1836–1913): *‘ബസ്സേലിയോസ് പൗലോസ് I, പ. മോറാൻ മാർ’* എന്ന ശീർഷകം കാണുക.

ഈവാനിയോസ്, യൂയാക്കീം മാർ (1858–1925): കണ്ടനാട്ട് കരോട്ടുവീട്ടിൽ 1858-ൽ ജനിച്ചു. കോനാട്ട് മാർ യൂലിയോസ് ആയിരുന്നു ഗുരു. മാർ യൂലിയോസിൽനിന്ന് ശെമ്മാശുപട്ടവും കശ്ശീശാപട്ടവും സ്വീകരിച്ചു. പഴയസെമിനാരിയിലും പരുമല സെമിനാരിയിലും ദീർഘകാലം താമസിച്ചു. യെരുശലേമിൽ വച്ച് മാർ അബ്ദുള്ളാ പാത്രിയർക്കീസ് റമ്പാൻ സ്ഥാനം നൽകി. 1913 മകരം 26 ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് അബ്ദൽ മശിഹാ പാത്രിയർക്കീസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. തുമ്പമൺ, കണ്ടനാട് മെത്രാസനങ്ങളുടെ ചുമതല വഹിച്ചു. പരുമലയായിരുന്നു ആസ്ഥാനം. 1925 ജൂൺ 6 ന് നിര്യാതനായി. പരുമല സെമിനാരിയിൽ കബറടങ്ങി.

ഈവാനിയോസ്, ഗീവറുഗീസ് മാർ (1882–1953): മാവേലിക്കര പണിക്കരുവീട്ടിൽ ജനിച്ചു. പ്രശസ്ത വൈദികൻ. മലങ്കരസഭയിലെ ആദ്യത്തെ പോസ്റ്റ് ഗ്രാഡ്വേറ്റ് വൈദികൻ. എം. എ. അച്ചൻ എന്ന് വിളിക്കപ്പെട്ടു. കോട്ടയം എം. ഡി. സെമിനാരി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, സെറാമ്പൂർ പ്രൊഫസർ എന്നീ നിലകളിൽ പ്രസിദ്ധൻ. വിദ്യാസമ്പന്നരായ വൈദിക നേതൃനിര സൃഷ്ടിക്കാൻ ത്യാഗപൂർവ്വം ശ്രമിച്ചു. 1919-ൽ റാന്നി

– പെരുനാട്ടിൽ ബഥനി സന്യാസപ്രസ്ഥാനത്തിന്റെ സ്ഥാപകരിലൊരാളും ആശ്രമാദ്ധ്യക്ഷനും എന്ന നിലയിൽ ആബോ ഗീവറുഗീസ് എന്ന് അറിയപ്പെട്ടു. അബ്ദുള്ളാ ബാവാ വട്ടശ്ശേരിൽ മെത്രാച്ചനെ അകാരണമായി മുടക്കിയപ്പോൾ ഗുരുവിന്റെ കൂടെ ഉറച്ചുനിന്നു. അന്ത്യോഖ്യായിലെ സീനിയർ പാത്രിയർക്കീസായ അബ്ദുൽ മശിഹാ ബാവായുമായി എഴുത്തുകുത്തുകൾ നടത്തി മുടക്ക് വ്യർത്ഥമാണെന്ന കല്പന വരുത്തി. തുടർന്ന് സീനിയർ പാത്രിയർക്കീസിനെ മലങ്കരയിൽ കൊണ്ടുവന്ന് 1912-ൽ പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കുവാൻ നേതൃത്വം നൽകി.

1925 മെയ് 1-ന് മാർ ഈവാനിയോസ് എന്ന പേരിൽ മാർ ബസ്സേലിയോസ് ഗീവർഗീസ് I ഇദ്ദേഹത്തെ എപ്പിസ്കോപ്പായായി വാഴിച്ചു. 1929-ൽ മെത്രാപ്പോലീത്താ സ്ഥാനംനേടി. 1930-ൽ മാതൃസഭയെ വഞ്ചിച്ച് കത്തോലിക്കാസഭയിൽ ചേർന്ന് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് എന്ന പേരിൽ മലങ്കര റീത്തിന്റെ സ്ഥാപകൻ ആയി. 1932-ൽ തിരുവനന്തപുരം ആർച്ച് ബിഷപ്പായി മാർപാപ്പാ നിയമിച്ചു. 1953-ൽ കാലം ചെയ്തു. *ഗിരിദീപം* എന്ന ആത്മകഥ എഴുതി. മികച്ച സംഘാടകനായ ഇദ്ദേഹത്തിന്റെ കബറിടം തിരുവനന്തപുരം പട്ടം സെമിനാരി ചാപ്പലിൽ ആണ്.

ഈവാനിയോസ്, പാറേട്ട് മാത്യൂസ് മാർ (1889-1980): പുതുപ്പള്ളി വലിയപാറേട്ട് മാത്തു - അച്ചാമ്മ ദമ്പതിമാരുടെ പുത്രൻ. 1889 ജനുവരി 19-ന് ജനിച്ചു. പഴയസെമിനാരിയിലും കൽക്കട്ട ബിഷപ്സ് കോളജിലും വൈദികവിദ്യാഭ്യാസം. 7-6-1899 ന് പുതുപ്പള്ളി വലിയപള്ളിയിൽ വച്ച് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് കോറൂയോ സ്ഥാനം നൽകി. 17-5-1908 ൽ യെരുശലേമിൽ വച്ച് ഊർശ്ലേം പാത്രിയർക്കീസ് പൂർണ്ണശെമ്മാശുപട്ടം നൽകി. 7-6-1920 ന് പരുമലസെമിനാരിയിൽ വച്ച് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് കശ്ശീശാപട്ടം നൽകി. ദീർഘകാലം പുതുപ്പള്ളിപള്ളി വികാരി. മെത്രാൻസ്ഥാനത്തേക്ക് പലപ്പോഴും തെരഞ്ഞെടുത്തു. 11-5-1953 ന് ഗീവറുഗീസ് ദ്വിതീയൻ പഴയസെമിനാരിയിൽ വച്ച് റമ്പാൻ സ്ഥാനവും 1953 മെയ് 15-ന് ഏലിയാ ചാപ്പലിൽ വച്ച് ഈവാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനവും നൽകി; 1959 ജൂലൈ 12-ന് മെത്രാപ്പോലീത്താ സ്ഥാനവും നൽകി. ആദ്യം കോട്ടയത്തിന്റെ സഹായി. പിന്നീട് പൂർണ്ണചുമതല. പുലിക്കോട്ടിൽ ദ്വിതീയൻ മെത്രാപ്പോലീത്തായുടെ അന്ത്യകാലം, വട്ടശ്ശേരിൽ മെത്രാച്ചന്റെയും പ. ഗീവറുഗീസ് ദ്വിതീയനുൾപ്പെടെ ആദ്യത്തെ 3 കാതോലിക്കാമാരുടെയും ഭരണകാലം, അബ്ദുള്ളാ, അബ്ദുൽ മശിഹാ, ഏലിയാസ് തൃതീയൻ എന്നിവരുടെ മലങ്കരസഭാ സന്ദർശനം, സ്ലീബാ മാർ ഒസ്താത്തിയോസ്, മാർ ഏലിയാസ് യൂലിയോസ് എന്നിവരുടെ ജീവിതം, കാതോലിക്കാ വാഴ്ച, ബഥനി മെത്രാച്ചന്റെ സഭാഭ്രംശം, സഭാഭരണഘടനയുടെ രൂപീകരണത്തിലെ പ്രതി

സന്ധികൾ തുടങ്ങി സഭാചരിത്രത്തിലെ പല നിർണ്ണായകഘട്ടങ്ങൾക്കും ഇദ്ദേഹം ദൃക്സാക്ഷിയും പങ്കാളിയുമാണ്. തന്മൂലം ഇദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകൾ സഭാചരിത്രരചനയിൽ വിലപ്പെട്ട സമകാല സാക്ഷ്യമായി പരിഗണിക്കപ്പെടുന്നു. ചരിത്രകാരൻ ഇസ്സഡ്. എം. പാറേട്ടിന്റെ സഹോദരൻ കൂടിയാണിദ്ദേഹം. പാമ്പാടി ദയറാ ആസ്ഥാനമായി സഭാഭരണം നിർവഹിച്ചു. മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ സ്ഥാനാരോഹണത്തിൽ സീനിയർ മെത്രാപ്പോലീത്തായെന്ന നിലയിൽ മുഖ്യനേതൃത്വം വഹിച്ചു. 1980 ഒക്ടോബർ 31-ന് കാലം ചെയ്തു. പാമ്പാടി ദയറായിൽ കബറടക്കി. ആധുനിക കോട്ടയം മെത്രാസനത്തിന്റെ ശില്പിയായി ഇദ്ദേഹം അറിയപ്പെടുന്നു. കോട്ടയം ബസേലിയോസ് കോളജിന്റെ സ്ഥാപനത്തിന് നേതൃത്വം നൽകി. ഇദ്ദേഹത്തിന്റെ ജീവചരിത്രം കെ. വി. മാമ്മൻ എഴുതിയിട്ടുണ്ട്.

ഈവാനിയോസ്, ഗീവറുഗീസ് മാർ: ഓതറ കീയത്ത് ജോർജ് - അന്നമ്മ ദമ്പതികളുടെ മകൻ. 1940 നവംബർ 14-ന് ജനിച്ചു. ഫാത്തിമാ കോളജിൽനിന്ന് ബി.എസ്.സി. ഇംഗ്ലണ്ടിലെ മാൻസ്ഫീൽഡ് കോളജിൽ നിന്ന് ഹീബ്രു-സുറിയാനി എം. എ., ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ദൈവശാസ്ത്രത്തിൽ എം. എ.

1963 മാർച്ചിൽ ശെമ്മാശ്ശൻ. 1973 ഡിസംബറിൽ കശ്ശീശാ. കാരാപ്പുഴ ചാപ്പൽ വികാരി. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ 1979 മാർച്ചിൽ റമ്പാൻസ്ഥാനം നൽകി. 1982 ഡിസംബർ 28-ന് തിരുവല്ല അസോസ്യേഷൻ മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. വൈദികസെമിനാരി അദ്ധ്യാപകൻ ആയ ഇദ്ദേഹത്തെ പുതിയകാവ് പള്ളിയിൽ വച്ച് മാർ ഈവാനിയോസ് എന്ന പേരിൽ മാത്യൂസ് പ്രഥമൻ ബാവാ എപ്പിസ്കോപ്പാ ആയി വാഴിച്ചു. 1985 ആഗസ്റ്റ് 1-ന് കോട്ടയത്തിന്റെ ചുമതല നൽകി. പലവട്ടം വിദേശ രാജ്യങ്ങൾ സന്ദർശിച്ച ഇദ്ദേഹം കോട്ടയത്തിന് ഒരു പുതിയ ആസ്ഥാനം (മാർ കുറിയാക്കോസ് ഗ്രീഗോറിയോസ് സെന്റർ) കോട്ടയം പട്ടണത്തിൽ സ്ഥാപിച്ചു. 'ഹൃദയശുദ്ധീകരണം' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്. എഴുത്തുകാരൻ, ധ്യാനഗുരു എന്നീ നിലകളിൽ അറിയപ്പെടുന്നു. ഇപ്പോൾ സെന്റ് തോമസ് വൈദികസംഘത്തിന്റെ അദ്ധ്യക്ഷൻ ആണ്.

ഈശോ നുഹറോ: ഒരു അനുതാപഗീതം. മാർ ഇഗ്നാത്യോസിന്റെ മെമ്രാ എന്ന് അറിയപ്പെടുന്നു. മാർ യാക്കോബിന്റെ അപേക്ഷയുടെ രാഗത്തിൽ എഴുതപ്പെട്ട ഈ ഗാനം മലങ്കരസഭയിൽ വ്യാപകമായി ഒരു നൂറ്റാണ്ടിലേറെക്കാലമായി ഉപയോഗിച്ചു വരുന്നു.

ഈശോ മ്ശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ: ഡിയോഗ്രാറ്റിയാസ് എന്ന ലാറ്റിൻ ശൈലിയുടെ മലയാള രൂപം. സത്യവിശ്വാസത്തിന്റെ

അടയാളവാക്യമായിരുന്ന ഈ വാക്യം പുരോഹിതന്മാരെ അഭിവാദ്യം ചെയ്യുവാൻ കത്തോലിക്കാസഭ ഉപയോഗിക്കുന്നു.

ഈശോ യാഹ്ബ്, മാർ: 16-ാം നൂറ്റാണ്ടിൽ പേർഷ്യയിൽനിന്ന് മലങ്കരയിൽ വന്ന വിദേശ മേലദ്ധ്യക്ഷന്മാരിലൊരാൾ. മാർ ദനഹാ, മാർ യൗസേഫ്, മാർ യാക്കോബ് എന്നിവരായിരുന്നു സംഘത്തിലെ മറ്റു മെത്രാന്മാർ.

ഈശോ സഭ: ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച (1534) സൊസൈറ്റി ഓഫ് ജീസസ്സ് എന്ന സന്യാസ സംഘടന. വി. ഫ്രാൻസിസ് സേവ്യർ ഇതിലെ അംഗമായിരുന്നു. ജെസ്വിത്തർ എന്ന് അറിയപ്പെട്ടു. 16-ാം നൂറ്റാണ്ടിൽ മലങ്കരസഭയിൽ കത്തോലിക്കാസഭയ്ക്കനുകൂലമായി ഭിന്നതയുണ്ടാക്കുവാൻ ഇവർ നേതൃത്വം നൽകി. തീരപ്രദേശങ്ങളിലെ സുവിശേഷ വേല മൂലം അനേകരെ ഫ്രാൻസിസ് സേവ്യർ കത്തോലിക്കാസഭയിൽ ചേർത്ത് ഇന്ത്യയിലെ ലത്തീൻസഭാ വിഭാഗത്തെ ശക്തിപ്പെടുത്തി.

ഈസ്റ്റർ: ക്രിസ്തുവിന്റെ പുനരുത്ഥാനപ്പെരുന്നാൾ. ക്രൈസ്തവ വിശ്വാസ കേന്ദ്രമർമ്മം ഉയിർപ്പുപെരുന്നാളാണ്. ഓർത്തഡോക്സ് സഭയുടെ എല്ലാ ഞായറാഴ്ചകളുടെയും പ്രധാന ധ്യാനവിഷയം ഉയിർപ്പാണ്. തന്മൂലം ഞായറാഴ്ചയ്ക്കും ഉയിർപ്പിനും ക്യംതാ എന്ന ഒരേ പദം ഉപയോഗിക്കുന്നു. പാസ്ക്ക എന്ന പേരിൽ ആദ്യ മൂന്ന് നൂറ്റാണ്ടുകളിൽ ആചരിച്ച ഉയിർപ്പ് പെരുന്നാൾ പീഡാനുഭവവും മരണവും ഉയിർപ്പും ഉൾപ്പെട്ട ഒരു സമഗ്ര ആഘോഷമായിരുന്നു. 4-ാം നൂറ്റാണ്ടിൽ ദുഃഖവെള്ളി വേറിട്ട് ആചരിച്ചു. നീസാൻ 14 -ന് ശേഷം വരുന്ന ഞായറാഴ്ച ഈസ്റ്റർ ആചരിക്കുവാൻ നിഖ്യാ സിനഡ് നിശ്ചയിച്ചു.

ആദിമസഭയിൽ ഈസ്റ്റർ ദിനത്തിൽ സമൂഹമായി മാമ്മൂദീസാ നൽകി. അതിന് മുമ്പുള്ള നോമ്പുദിനങ്ങൾ സ്നാനാർത്ഥികൾ വിശ്വാസം പഠിക്കുവാനുള്ള കാലഘട്ടം. പഠനം പൂർത്തിയായാൽ ഈസ്റ്ററിന് സമൂഹ മാമ്മൂദീസാ. സാധാരണഗതിയിൽ വലിയനോമ്പിൽ മാമ്മൂദീസാ പതിവില്ലാതെ വന്നത് ഈ സാഹചര്യത്തിലാണ്. ഉയിർപ്പു നടന്നത് രാത്രിയിലായതിനാൽ അന്നത്തെ ആരാധനകളും രാത്രിയിൽത്തന്നെ. ശ്ലോമ്മോയുടെ ശുശ്രൂഷയും അതിന്റെ ഒടുവിലെ സമാധാനം കൈമാറുന്ന അനുഷ്ഠാനവും പ്രദക്ഷിണവും ഉയിർപ്പിന്റെ പ്രഖ്യാപനവും ഒക്കെ ഈസ്റ്റർ കുർബാനയ്ക്കു മുമ്പായി നടത്തുന്ന ശുശ്രൂഷകളിലെ മുഖ്യഭാഗങ്ങളാണ്. മാമ്മൂദീസാ കഴിഞ്ഞു വെള്ളവസ്ത്രം ധരിച്ച് ഒരാഴ്ചയോളം സ്നാനമേറ്റവർ പതിവായി കുർബാന അനുഭവിക്കുന്നതിനെത്തുടർന്ന് ഒരാഴ്ചക്കാലം ഹേവോറെ (വെളുത്ത) ദിനങ്ങൾ എന്ന് ഇന്നും വിളിക്കപ്പെടുന്നു.

50 ദിവസത്തെ നോമ്പ് സമാപിക്കുന്നതിനാൽ ഈസ്റ്ററിനെ നാട്ടു

രീതിയിൽ നോമ്പുവീടൽ എന്നു പറയും. അമ്പത് ദിവസത്തെ സസ്യാഹാരവ്രതം അന്ന് സമാപിക്കും. സുറിയാനി ക്രിസ്ത്യാനികളുടെ ഈസ്റ്റർ വിഭവങ്ങളാണ് വെള്ളയപ്പവും ഇറച്ചിക്കറിയും. ഈസ്റ്റർ മംഗളാശംസകൾ രേഖപ്പെടുത്തിയ കാർഡുകൾ അയക്കാറുണ്ട്. ഉയിർപ്പിന്റെ സന്തോഷസൂചകമായും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശാരീരികനിലയെ പ്രതിനിധീകരിച്ചും ഞായറാഴ്ചകളിലും ഈസ്റ്റർ മുതൽ പെന്തിക്കോസ്തി വരെയും നമസ്കാരങ്ങളുടെ സമയത്ത് കുമ്പിടീൽ പതിവില്ല. ഈസ്റ്ററിന് വിശ്വാസികൾ ഏവരും കുർബാന അനുഭവിക്കുന്ന രീതിയുണ്ട്. ആരാധനാഗീതങ്ങൾക്ക് ഒന്നാംനിറം ഈസ്റ്റർ പെരുനാളിൽ ഉപയോഗിക്കുന്നു.

ദുഃഖവെള്ളിയാഴ്ച അടക്കംചെയ്ത കുരിശ് എടുത്ത് ചുവപ്പ് വസ്ത്രം ധരിപ്പിച്ച് മൂന്ന്വട്ടം ഉയിർപ്പ് പ്രഖ്യാപിക്കുന്നതും ഉയിർപ്പിലുള്ള വിശ്വാസം ജനം ഏറ്റുപറയുന്നതും സ്ലീബാ ആഘോഷം നടത്തുന്നതും ആഘോഷിച്ച സ്ലീബാ ചുംബിച്ച് ജനം പിരിയുന്നതും അന്നത്തെ ആരാധനയുടെ പ്രത്യേകതയാണ്. ഇപ്പോൾ സന്ധ്യയ്ക്കും ക്യംതായുടെ ക്രമം അത്യാവശ്യത്തെ പ്രതി നടത്താറുണ്ട്.

ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ: '*ഓർത്തഡോക്സ് സഭകൾ, ബൈസന്റൈയിൻ*' കാണുക.

ഈഹീദോയോ: ഏകാന്തവാസികളായ സന്യാസികളുടെ സമൂഹം.

ഈറേ: ഒരു വൃന്ദം മാലാഖമാരുടെ പേർ. ഉറക്കമില്ലാത്തവർ എന്നർത്ഥം.

ഈറോസ്: കാമം എന്ന് ഗ്രീക്കുഭാഷയിൽ അർത്ഥം. പുതിയനിയമം സ്നേഹം എന്ന അർത്ഥത്തിൽ 'അഗപ്പെ' ഉപയോഗിച്ചിരിക്കുന്നു.

ഉ

ഉച്ചിപ്പൂവ്: ശിരസ്സിലണിയുന്ന സ്വർണ്ണാഭരണം. ചെപ്പേടിലെ അവകാശങ്ങളിൽ ഇത് കാണുന്നുണ്ട്.

ഉണങ്ങെല്ല് കുത്തുക: ഉണക്ക (ങ്ങ) നെല്ല് കുത്തുക. സുറിയാനി ക്രിസ്ത്യാനികളുടെ കേരളീയ വിവാഹാഘോഷത്തിലെ ഒരു ചടങ്ങ്. കല്യാണ പലഹാരങ്ങളായി അച്ചപ്പം, കുഴലപ്പം, അവലോസ് പൊടി മുതലായവയും വിവാഹസദ്യയ്ക്ക് മുമ്പായി വിളമ്പുവാനുള്ള പാച്ചോറ് എന്നിവയ്ക്ക് ആവശ്യമായ പുഴുങ്ങാത്ത നെല്ലിന്റെ അരി (പച്ചരി) തയാറാക്കുന്ന ചടങ്ങ്. പിതൃസഹോദരിമാരാണ് ഇതിന്റെ അവകാശികൾ. വിവാഹദിനത്തിന് ഒരാഴ്ചയെങ്കിലും മുമ്പേ അവരെത്തും. ആഘോഷമായി ഉണക്കനെല്ല് ഉരലിലിട്ട് ഉലക്ക കൊണ്ട് ഇടിച്ച് ആവശ്യത്തിന് ഉണങ്ങല്ലരി തയാറാക്കും. ഉണങ്ങനെല്ല് കുത്ത്പാട്ട് പാടി തയാറാക്കുന്നു. അരി പൊടിച്ച് വിവിധ പലഹാരങ്ങൾ അമ്മായിമാർ ഉണ്ടാക്കും. നാലാം കല്യാണവും കഴിഞ്ഞ് തിരിച്ചുപോവുമ്പോൾ അവർക്ക് സമ്മാനമായി അവലോസ് പൊടി ഉരുക്കിയ ശർക്കരപ്പാനിയിൽ ഉരുട്ടിയെടുത്ത നാളികേര വലിപ്പത്തിലുള്ള ഉണ്ടകൾ കൊടുത്തയയ്ക്കും. ഉണ്ട ഉരുട്ടുക എന്ന് ഒരു ശൈലി തന്നെയുണ്ട്. അമ്മായിമാരുടെ കർത്തവ്യങ്ങളൊന്നും ഇപ്പോൾ പതിവില്ലെങ്കിലും അവർക്ക് 'ഉണ്ട' കൊടുത്തയയ്ക്കുന്ന വിവാഹാവകാശ പതിവ് കുന്നംകുളം ഭാഗത്ത് ഇപ്പോഴും നിലനില്ക്കുന്നു.

ഉടമ്പടി: രണ്ട് കക്ഷികൾ ഉഭയസമ്മതപ്രകാരം ചെയ്യുന്ന കരാർ. ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിയാണ് പഴയനിയമം എന്നും യേശുക്രിസ്തുവിലുള്ള പുതിയ ഉടമ്പടിയാണ് പുതിയനിയമമെന്നും ഉള്ള പദങ്ങൾക്കാധാരം. പഴയനിയമ ഉടമ്പടി പെസഹായിലെ മൃഗബലിയിലും പുതിയനിയമ ഉടമ്പടി പെസഹായിലെ പുതിയ ബലിപദാർത്ഥങ്ങളായ അപ്പവീഞ്ഞുകളിലും സൂചിതമാവുന്നു.

ഉടപ്രന്നോൾ: ഒരേ ഉടലിൽ നിന്ന് പിറന്നവർ എന്ന അർത്ഥത്തിൽ സഹോദരങ്ങൾക്ക് ഈ പദം ഉപയോഗിക്കുന്നു.

ഉടമ്പ്: ശരീരം എന്ന അർത്ഥത്തിലെ പഴയ മലയാളപദം. പഴയ

പ്രാർത്ഥനകളിൽ ഈ പദം കാണാം.

ഉടുമ്പ്: പ്രതലത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന ഒരു ജീവി.

ഉണർവ് പ്രസ്ഥാനം: 18-ാം നൂറ്റാണ്ടിൽ നവീകരണ നേതാവ് ജോൺ വെസ്ലി ആരംഭിച്ച പ്രസ്ഥാനം. തീക്ഷ്ണ പ്രബോധനങ്ങളും ദ്രുതഗതിയിലുള്ള പ്രാർത്ഥനയും ദ്രുതതാളത്തിന്റെ അകമ്പടിയോടെയുള്ള പാട്ടും ആവേശപൂർവമായ കൈകാൽ ചേഷ്ടകളും ഇതിന്റെ ലക്ഷണമായി കരുതപ്പെടുന്നു. രക്ഷാസൈന്യം, പെന്തക്കോസ്തു സഭകൾ തുടങ്ങിയവ ഈ ആരാധനാശൈലിയാണ് അവലംബിച്ചിട്ടുള്ളത്.

ഉത്തരേന്ത്യൻ സഭ: '*സി. എൻ. ഐ.*' കാണുക.

ഉത്രാടം: തിരുവോണത്തിന്റെ തലേദിവസം.

ഉദയംപേരൂർ സൂന്നഹദോസ്: 1599 ജൂൺ 20 മുതൽ 26 വരെ ഉദയംപേരൂരിൽ ഗോവയിലെ റോമൻ ആർച്ച് ബിഷപ്പിന്റെയും മലങ്കരയിലെ ഗീവർഗ്ഗീസ് അർക്കദിയാക്കോന്റെയും സംയുക്ത നോട്ടീസിൻപ്രകാരം ചേർന്ന മലങ്കരസഭയുടെ പള്ളിപ്രതിപുരുഷയോഗം. മാർത്തോമ്മായുടെ പൗരസ്ത്യ സഭാപൈതൃകങ്ങൾക്കു പകരം റോമ്മൻ കത്തോലിക്കാസഭയുടെ പാശ്ചാത്യ വിശ്വാസപാരമ്പര്യങ്ങൾ പോർച്ചുഗീസ് സ്വാധീനമുള്ള നാട്ടുരാജാക്കന്മാരുടെ മൗനസമ്മതപ്രകാരം കൂടിയ സുന്നഹദോസിൽ നിർദ്ദാക്ഷിണ്യം അടിച്ചേല്പിക്കപ്പെട്ടു. പത്തു വ്യവസ്ഥകൾ അർക്കദിയാക്കോനെക്കൊണ്ട് നേരത്തെ സമ്മതിപ്പിച്ചു. അവ: 1. നെസ്തോറിയൻ വിശ്വാസം ഉപേക്ഷിക്കുക. 2. ഒരു ക്രൈസ്തവസഭയും ഒരു വിശ്വാസവുമേ ഉള്ളൂ. 3. പാപ്പായുടെ ബൂളാ നിർദ്ദേശിക്കുന്ന വ്യവസ്ഥകളിൽ ഒപ്പുവെച്ച് അഡ്മിനിസ്ട്രേറ്റർ ആവുക. 4. സഭാ സംബന്ധമായ പുസ്തകങ്ങൾ ബിഷപ്പിനെ ഏല്പിക്കുക. 5. പാപ്പാ സാർവത്രിക സഭാതലവനെന്ന് സമ്മതിക്കുക. 6. ബാബിലോൺ പാത്രിയർക്കീസ് നെസ്തോറിയനും പാഷാണ്ഡനുമെന്ന് പ്രഖ്യാപിക്കുക. 7. പാപ്പാ അയയ്ക്കാത്ത പുരോഹിതന്മാരെ നിരാകരിക്കുക. 8. മലങ്കരയുടെ മേലദ്ധ്യക്ഷൻ മെനേസ്സീസ് ആണെന്ന് അംഗീകരിക്കുക. 9. മെനേസ്സീസ് തയാറാക്കുന്ന അജണ്ട ചർച്ച ചെയ്യാനുള്ള സിനഡിന് നോട്ടീസയക്കുകയും സിനഡിൽ പങ്കെടുക്കുകയും ചെയ്യുക. 10. ഇടവക സന്ദർശനത്തിൽ മെനേസ്സിസിനോടൊപ്പം സന്നിഹിതനാവുക. 153 വൈദികരും 660 ലേറെ അത്മായപ്രതിനിധികളും പങ്കെടുത്തു. 200ലേറെ കാനോനാകൾ വായിച്ച് ചർച്ച കൂടാതെ പാസ്സാക്കി. ത്രിത്വം, മനുഷ്യാവതാരം, ദൈവമാതാവ്, ജന്മപാപം, ബെസ്പുർക്കാന, പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥത, രൂപവണക്കം, റോസറി ഉപയോഗം, വേദഗ്രന്ഥങ്ങൾ, സഭയും അതിന്റെ ഘടനയും (വിശ്വാസപരം), സഭയുടെ

പരമാദ്ധ്യക്ഷൻ റോമിലെ പാപ്പായാണ്, ബാബിലോൺ പാത്രിയർക്കീസിനെ ഉപേക്ഷിക്കുക, നെസ്തോറിയൻ വിശുദ്ധരെ തിരസ്ക്കരിക്കുക, പുരോഹിതരുടെ ബ്രഹ്മചര്യം, ഇടവകവിഭജനവും വികാരിനിയമനവും, മലങ്കരയിലെ പുസ്തകങ്ങൾ ദഹിപ്പിക്കുകയോ തിരുത്തുകയോ വേണം, ട്രെൻഡ് സിനഡ് അംഗീകരിക്കുക, ഗോവയിലെ വിചാരണക്കോടതിയുടെ അധീശത്വം അംഗീകരിക്കുക എന്നിവയാണ് കാനോനകളിലെ മുഖ്യ വ്യവസ്ഥകൾ. മലങ്കരസഭയിൽ പാലൂർ-ചാട്ടുകുളങ്ങര (ആർത്താറ്റ്) ഇടവകയും തിരുവിതാംകോട്ട് ഇടവകയും സുന്നഹദോസിനെ ധീരമായി ബഹിഷ്കരിച്ചു.

ഉദയംപേരൂർ കാനോനാകൾ: 1599 ജൂൺ 20 മുതൽ 26 വരെ കൂടിയ ഉദയംപേരൂർ സുന്നഹദോസിന്റെ തീരുമാനങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥം ഈ പേരിൽ അറിയപ്പെടുന്നു. പൗരസ്ത്യഭരണം, ആരാധന, അനുഷ്ഠാനം, വിശ്വാസം തുടങ്ങിയവയെല്ലാം ഈ കാനോനാകൾ മൂലം വ്യത്യാസപ്പെട്ട് റോമൻ ശൈലിയിലായി. ക്രിസ്ത്യാനികൾ ആചരിച്ചുവന്ന കേരളീയ ആചാരങ്ങൾ പോലും വ്യത്യാസപ്പെട്ടു. പോർച്ചുഗീസ് ഭാഷയിൽ തയാറാക്കിയ ഈ നിശ്ചയങ്ങൾ പള്ളുരുത്തി യാക്കോബ് കത്തനാർ ഫ്രാൻസിസ്കോ റോസ് എന്ന പോർച്ചുഗീസ് പാതിരിയുടെ മേൽനോട്ടത്തിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ഇതിൽ ഏഴ് അദ്ധ്യായങ്ങൾ ഉണ്ട്. പോർച്ചുഗീസ്, മലയാളം, കർസോനി എന്നീ ഭാഷകളിൽ കാനോനാകൾ എഴുതി. 1599-ലെ മലയാള ഭാഷയുടെ പഠനത്തിന് ഈ കാനോനാകൾ സഹായിക്കുന്നു. *രണ്ടു പ്രാചീന ഗദ്യമാതൃകകൾ* എന്ന ഗ്രന്ഥത്തിൽ കാനോനാകൾ പൂർണ്ണമായും വ്യാഖ്യാനസഹിതം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പോർച്ചുഗീസുകാരുടെ ആഗമനകാലത്ത് നെസ്തോറിയൻ പാരമ്പര്യങ്ങൾ എന്ന് മുദ്ര കുത്തപ്പെട്ട പ്രാദേശിക പാരമ്പര്യ പഠനത്തിന് ഈ കാനോനകൾ സഹായകമാണ്. അതേസമയം കാനോനാകളിൽ സൂചിതമാവുന്ന പല വിശ്വാസ പാരമ്പര്യങ്ങളും കൊച്ചിക്കു ചുറ്റുമുള്ള പ്രദേശങ്ങളിൽ 16-ാം നൂറ്റാണ്ടിൽ വന്ന കൽദായ മെത്രാന്മാർ ഏർപ്പാടാക്കിയതാണെന്നും അവ സ്വീകരിക്കാതെ പൂർവിക മാർത്തോമ്മാ പാരമ്പര്യത്തിൽ അചഞ്ചലമായി ജീവിച്ചിരുന്ന സുറിയാനിസഭ മിക്ക പ്രദേശങ്ങളിലും സജീവമായിരുന്നു എന്നും ഓർക്കേണ്ടതാണ്.

ഉദയംപേരൂർ പള്ളി: കൊടുങ്ങല്ലൂർ ക്രിസ്ത്യാനികൾ വില്ലാർവട്ടം രാജാവിന്റെ സഹായത്തോടെ എ. ഡി. 6-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ പണിത തൃപ്പൂണിത്തുറ - വൈക്കം റോഡിൽ സ്ഥിതിചെയ്യുന്ന പള്ളി. അവിഭക്ത സഭ ഉദയംപേരൂർ സുന്നഹദോസിനും കൂനൻകുരിശുസത്യത്തിനും ശേഷം രണ്ട് ഭാഗമായി ധ്രുവീകരിക്കപ്പെട്ടപ്പോൾ ഈ പള്ളി കത്തോലിക്കാപക്ഷം ചേർന്നുനിന്നു.

ഉപമകൾ: അലങ്കാരശാസ്ത്രത്തിൽ സാമ്യമൂലകമായ ഒരലങ്കാരം. വർണ്ണ്യവിഷയം ശ്രോതാവിന് ഫലപ്രദമായി സുഗ്രഹമാക്കാൻ ഇതിന് ഏറെ കഴിവുണ്ട്. യേശു തന്റെ സന്ദേശം സാധാരണക്കാരായ ശ്രോതാക്കൾക്ക് സുഗ്രഹമാകാൻ ഈ സങ്കേതം ധാരാളം ഉപയോഗിച്ചു. വാക്യം, പദം, ശൈലി, പ്രമേയം, കഥ തുടങ്ങിയ അനേകം തലങ്ങളിൽ യേശു ഉപമകൾ പറഞ്ഞു. ഉപമകൾ ഉപദേശങ്ങൾക്ക് നവീനമായ മാനങ്ങൾ നൽകി. സന്ദേശംപോലെ അവതരണത്തിലും പുതുമയുണ്ടായി. എല്ലാ ഉപമകളുടെയും ഉപമേയം – വർണ്ണ്യവിഷയം – യേശുവിൽ സമാഗതമായ സ്വർഗ്ഗരാജ്യം ആയിരുന്നു. ഉപമകൾക്ക് കാലദേശോചിതമായ വ്യാഖ്യാന സാധ്യതകൾ ഏറെയുണ്ട്.

ഉപവാസവും നോമ്പും: ഭക്ഷണവർജ്ജനം ഉപവാസവും മത്സ്യമാംസാദി ഭക്ഷണവർജ്ജനം നോമ്പും ആകുന്നു. യഹൂദമതത്തിൽ ഇവ രണ്ടും ഉണ്ടായിരുന്നു. മോശയും ഏലിയാവും 40 ദിവസം നോമ്പു നോറ്റതായി മാർ അപ്രേം രേഖപ്പെടുത്തുന്നു. 1. ശമു. 7:6, ന്യായാ. 20:26, 2. ദിന. 20:3 ഇവ കാണുക. പരീശന്മാർക്ക് തിങ്കളും വ്യാഴവും ഉപവാസദിനങ്ങൾ. യേശു നാല്പത് ദിവസം മരുഭൂമിയിൽ ഉപവസിച്ചു (മർക്കോ. 2:20). അപ്പോസ്തോലന്മാർ ഉപവസിച്ചു (അ. പ്ര. 13:2, 14:23, 2 കൊരി. 2:27 എന്നീ ഭാഗങ്ങൾ നോക്കുക). ബുധൻ, വെള്ളി ഉപവാസത്തെപ്പറ്റിയും സ്നാനാർത്ഥിയുടെ ഉപവാസത്തെപ്പറ്റിയും ഡിഡാക്കേ വ്യക്തമാക്കുന്നുണ്ട്. സന്ധ്യതൊട്ട് സന്ധ്യവരെയാണ് ഉപവാസ ദൈർഘ്യം. ആദ്യം അത് ലാഘവപ്പെടുത്തി ഉച്ച തിരിഞ്ഞ് മൂന്നുമണി വരെ എന്നും വീണ്ടും ലാഘവപ്പെടുത്തി ഉച്ച വരെ എന്നും പ്രയോഗത്തിൽ വരുത്തി. 40 നോമ്പിലും 3 നോമ്പിലും ഉപവാസം നിർബന്ധം. ആ നോമ്പുകൾക്ക് പ്രത്യേക നമസ്കാരക്രമങ്ങളുണ്ട്. ഇപ്പോൾ അവയുടെ ഗദ്യ, പദ്യ വിവർത്തനങ്ങൾ ലഭ്യമാണ്. ഉച്ചനമസ്കാരം കഴിഞ്ഞ് 40 കുമ്പിടീലും നടത്തി ഓരോ ദിവസവും ഉപവാസം ഉപസംഹരിക്കുന്നു. ഉപവാസദിനങ്ങൾ ആകയാൽ ആ ദിവസങ്ങളിൽ സാധാരണഗതിയിൽ വി. കുർബാന നടത്തുക പതിവില്ല. ശനി, ഞായർ ദിവസങ്ങളിൽ നോമ്പിലെ നമസ്കാരമോ 40 കുമ്പിടീലോ ഇല്ല. പാതി നോമ്പിനും 40–ാം വെള്ളിയാഴ്ചയ്ക്കും കുർബാനയുണ്ട്. ഫെബ്രുവരി 2, മാർച്ച് 25 എന്നീ മാറാനായപ്പെരുന്നാളുകൾ ഉപവാസദിനങ്ങളിൽ വന്നാൽ ആ ദിവസങ്ങൾ ഉപവാസദിനങ്ങൾ ആയിട്ടല്ല പെരുനാൾ ദിനങ്ങളായി കണക്കാക്കും. ആ ദിവസങ്ങളിൽ പെരുനാളിന്റെ (പെങ്കീസാ) നമസ്കാരവും കുർബാനയും നിർബ്ബന്ധിതമാണ്.

40 നോമ്പ് അതിപുരാതനം. സ്നാനാർത്ഥികൾ ഈ കാലത്തെ വിശ്വാസപഠന പരിശീലനകാലമായി ഉപയോഗിച്ചു. കർത്താവിന്റെ ഉയിർപ്പ് പെരുന്നാളിന്റെ ഒരുക്കമായി 40 ദിവസവും, കഷ്ടാനുഭവധ്യാനമായി പത്തു

ദിവസവും, അങ്ങനെ ദിവസം 50 ആയി. അപ്പോസ്തോലന്മാരെ സ്മരിച്ച് ശ്ലീഹാ നോമ്പും (ജൂൺ 16-29) ദൈവമാതാവിന്റെ വാങ്ങിപ്പിനെ ആദരിക്കുവാൻ ശൂനോയോ നോമ്പും (ആഗസ്റ്റ് 1-15) കർത്താവിന്റെ ജനനം ആഘോഷിപ്പാൻ യൽദോ നോമ്പും (ഡിസംബർ 1-25) നടപ്പിലായി. എല്ലാ പൗരസ്ത്യസഭകൾക്കും ഈ നോമ്പുകൾ ദിവസങ്ങൾ വ്യത്യസ്തമാണെങ്കിലും നിലവിലുണ്ട്. മൂന്ന് നോമ്പ് സുറിയാനിസഭയിലേ ഉള്ളൂ.

ജഡത്തിന്റെ അഭിലാഷങ്ങളെ നിയന്ത്രിക്കുകയാണ് നോമ്പിന്റെ ദൈവശാസ്ത്രം. പ്രാർത്ഥനയ്ക്ക് ഏകാഗ്രതയും നിഷ്ഠയും കൈവരിക്കുവാനും ഇത് സഹായിക്കും. എല്ലാ നോമ്പുകളും ആശ്രമങ്ങളിലാണ് വളർന്ന് ശക്തിപ്പെട്ടത്. വൈദ്യശാസ്ത്രം ഉപവാസത്തെയും നോമ്പിനെയും പ്രോത്സാഹിപ്പിക്കുന്നുണ്ട് (കഷ്ടാനുഭവ ആഴ്ചത്തേയ്ക്ക് പ്രത്യേക നമസ്കാരക്രമവും കൗമ്മാകളും അനുഷ്ഠാനമുറകളുമുണ്ട്).

ഉപ്പാപ്പൻ: അപ്പന്റെ അനിയനെക്കുറിക്കുവാൻ സുറിയാനിക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന പദം. ചിലപ്പോൾ വൃദ്ധൻ എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിക്കുന്നു.

ഉപ്പ്രുശ്മാ: റൂശ്മായുടെ ഒപ്പ് (മുദ്ര) എന്നർത്ഥം. മേല്പട്ടക്കാരൻ പ്രത്യേക ശുശ്രൂഷ നടത്തി വിശുദ്ധീകരിച്ച സൈത്തെണ്ണ മാമ്മൂദീസായിക്കും രോഗികളുടെ തൈലാഭിഷേകത്തിനും ഉപയോഗിക്കുന്നു. മാമ്മൂദീസായിലെ സൈത്തിന് ആനന്ദതൈലം എന്നുകൂടി പേരുണ്ട്. മാമ്മൂദീസായിലെ മുദ്രണത്തിന് മുമ്പിലത്തെ ഉപ്പ്രുശ്മാ എന്നും രോഗികളുടെ തൈലാഭിഷേകത്തിന് ഒടുവിലത്തെ ഉപ്പ്രുശ്മാ എന്നും കത്തോലിക്കാസഭ തെറ്റായി ഉപയോഗിക്കുന്നു. രോഗമുള്ള ഏതവസ്ഥയിലും അനുതാപവേളകളിലും തൈലാഭിഷേക കൂദാശ സ്വീകരിക്കാം. സാധാരണ തൈലാഭിഷേകത്തിന് പുറമെ 'കന്തീലാ' എന്ന പേരിൽ അതി വിപുലമായ ഒരു തൈലാഭിഷേകവും സുറിയാനിസഭയിലുണ്ട്. അതിന്റെയും ഫലം ഒന്നു തന്നെ.

ഉപവിയുടെ സഹോദരിമാർ: കത്തോലിക്കാസഭയിൽ 1827-ൽ ഡബ്ലിനിൽ സ്ഥാപിതമായ സന്യാസിനിസംഘം. മദർ തെരേസ ഈ സംഘത്തിലെ അംഗമായിരുന്നു. ആംഗ്ലിക്കൻ സഭയിലും ഈ പേരിൽ സന്യാസിനി സമൂഹം ഉണ്ട്.

ഉമയാറ്റുകര സെന്റ് തോമസ് പള്ളി: ചെങ്ങന്നൂർ ഭദ്രാസനം. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം 1864-ൽ സ്ഥാപിക്കപ്പെട്ടു. തേക്കാട്ടിൽ ഏബ്രഹാം കത്തനാർ, റ്റി. എം. ഗീവറുഗീസ് കത്തനാർ എന്നിവരായിരുന്നു ആദ്യ

വികാരിമാർ. 1946 ഡിസംബർ 21-ന് ഗീവറുഗീസ് II കാതോലിക്കാ കൂദാശ ചെയ്തു. 1971-ലാണ് ശതാബ്ദി ആഘോഷിച്ചത്. 1988-ൽ ഒരു പാരിഷ് ഹാൾ പണിയിച്ചു.

ഉമ്മൻ മാമ്മൻ, ആർച്ച് ഡീക്കൻ (1830-1904): പുത്തൻകാവ് ആലുംമൂട്ടിൽ 1830 മാർച്ച് 24 ന് ജനനം. 1856-ൽ ഡീക്കൻ. 1859-ൽ കശീശ്ശ. കോടുകുളഞ്ഞി, കുന്നംകുളം, മല്ലപ്പള്ളി, മാവേലിക്കര ഇടവകകളിൽ പ്രവർത്തിച്ചു. 1900-ൽ മാവേലിക്കര ആർച്ച് ഡീക്കൻ ആയി. 1904 ആഗസ്റ്റ് 23-ന് അന്തരിച്ചു. ശലോമോന്റെ സുഭാഷിതങ്ങൾ, ബാലപ്രിയൻ, സുകൃതമുള്ള സ്ത്രീ, ഉത്തമസ്ത്രീകളുടെ കഥകൾ, എന്റെ രാജാവ്, ജോൺ ബനിയൻ, കുടുംബപ്രാർത്ഥന, രോഗത്തെപ്പറ്റിയുള്ള ധ്യാനം, പരിശുദ്ധാത്മാവിനെക്കുറിച്ച്, സ്ത്രീരത്നം, വിശുദ്ധ സ്ത്രീകൾ എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മാർത്തോമ്മാ സഭയിലെ പ്രശസ്ത വൈദികൻ.

ഉമ്മൻ കെ. ഇ., വെരി. റവ. (1881-1964): മാർത്തോമ്മാ സഭയിൽ അടങ്ങപ്രത്ത് കലമണ്ണിൽ 1881 നവംബർ 21-ന് ജനിച്ചു. മാർത്തോമ്മാസഭയിൽ ഡിവിഷൻ സെക്രട്ടറി, മാരാമൺ, ഇരവിപേരൂർ വികാരി, സുവിശേഷസംഘം സഞ്ചാര സെക്രട്ടറി, ലേഖക സെക്രട്ടറി, ജനറൽ സെക്രട്ടറി, ബാഹ്യകേരള മിഷനറി, സഭയുടെ വികാരി ജനറാൾ എന്നീ നിലകളിൽ പ്രവർത്തിച്ചു. സഭാശുശ്രൂഷകൾക്കു ചുമത്തിയിരുന്ന കാർമ്മിക ഫീസ് നിറുത്തലാക്കി. റോമ്മാ ലേഖനത്തിന് അദ്ദേഹം വ്യാഖ്യാനം രചിച്ചു. 1984 മെയ് 23-ന് അന്തരിച്ചു. അദ്ദേഹത്തിന്റെ പുത്രനാണ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ.

ഉമ്മൻ പി. എ. (ജഡ്ജി): ചേപ്പാട് പാലമൂട്ടിൽ അബ്രഹാം കത്തനാരുടെ പുത്രൻ. 1914 മേയ് 25 ന് ജനിച്ചു. കേരള ഹൈക്കോടതി അഡ്മിനിസ്ട്രേറ്റർ ജനറൽ, ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജി എന്നീ നിലകളിൽ ഔദ്യോഗിക ജീവിതം. സഭാ മാനേജിംഗ് കമ്മറ്റി അംഗം, അത്മായ അസോസ്യേഷൻ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 'ചേപ്പാട് മാർ ദീവന്നാസ്യോസ്' എന്ന ജീവചരിത്രം രചിച്ചു. വിമർശനസ്വഭാവമുള്ള ധാരാളം ലേഖനങ്ങൾ എഴുതി.

ഉമ്മൻചാണ്ടി: പുതുപ്പള്ളി കരോട്ടുവള്ളക്കാലിൽ കെ. ഒ. ചാണ്ടിയുടെ മകൻ. 1943 ഒക്ടോബർ 31 ന് ജനിച്ചു. അഖില കേരള ബാലജനസഖ്യം പ്രസിഡന്റ്, കെ. എസ്. യു. പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം 1970 മുതൽ പുതുപ്പള്ളി എം. എൽ. എ. ആണ്. കേരളത്തിൽ തൊഴിൽ മന്ത്രി, ആഭ്യന്തര മന്ത്രി, ധനമന്ത്രി, കോൺഗ്രസ് നിയമസഭാകക്ഷി നേതാവ്, മുഖ്യമന്ത്രി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ പ്രതിപക്ഷ നേതാവാണ്. പുതുപ്പള്ളി വലിയപള്ളി

ഇടവകാംഗം.

ഉമ്മൻ റ്റി. സി.: പുതുപ്പള്ളി തോണിപ്പുരയ്ക്കൽ ചാക്കോയുടെ പുത്രൻ. ബി. എ. പാസ്സായശേഷം ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി, കാസായുടെ ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ മാങ്ങാനം മന്ദിരത്തോടനുബന്ധിച്ചു സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

ഉമ്മൻ പീലിപ്പോസ്, കല്ലൂർ (1838–1880): തിരുവല്ല കല്ലൂർ കുടുംബത്തിൽ 1838-ൽ ജനിച്ചു. കുറെക്കാലം അദ്ധ്യാപകനായി പീലിപ്പോസാശാൻ എന്ന് അറിയപ്പെട്ടു. 1867-ൽ ആൾമാറാട്ടം അഥവാ ഒരു നല്ല കേളീസല്ലാപം പ്രസിദ്ധീകരിച്ചു. വില്യം ഷേക്സ്പിയറുടെ കോമഡി ഓഫ് എറേഴ്സ് എന്ന നാടകത്തിന്റെ നോവൽരൂപ വിവർത്തനമാണിത്. കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന *പശ്ചിമതാരക* എന്ന പത്രത്തിന്റെ പത്രാധിപർ ആയിരുന്നു. 1880 ജൂലൈ 20-ന് നിര്യാതനായി.

ഉയരുന്ന യവനിക: നാടകരചന, അവതരണം, അഭിനയം, വേദി, സംവിധാനം എന്നിവയെക്കുറിച്ച് സി. ജെ. തോമസ് എഴുതിയ നാടക പ്രമാണ ഗ്രന്ഥം.

ഉയിർപ്പ്: '*ഈസ്റ്റർ*' കാണുക. എല്ലാവരുടേയും ഉയിർപ്പും ന്യായവിധിയും വി. ബൈബിളും നിഖ്യാവിശ്വാസപ്രമാണവും വ്യക്തമാക്കുന്നു. 'വരാനുള്ള ലോകത്തിലെ പുതിയ ജീവൻ' യേശുവിന്റെ ഉയിർപ്പുമൂലം ലഭിച്ച പ്രത്യാശയാണ്.

ഉറഹാ (എഡേസ്സാ): ആധുനിക തുർക്കിയിലെ ഉറഫാ. പുരാതന നഗരം. ക്രിസ്ത്വബ്ദാരംഭത്തിൽ ഓസ്റോണിന്റെ തലസ്ഥാനം. രാജാവ് അബ്ഗാർ. തന്റെ കുഷ്ഠരോഗം സൗഖ്യമാക്കുവാൻ ക്രിസ്തുവിനോട് കത്തു മൂലം അഭ്യർത്ഥിച്ചു. കർത്തൃകല്പനപ്രകാരം പിന്നീട് ആദായി അബ്ഗാറിന് സൗഖ്യം നൽകി. തദനന്തരം പേർഷ്യയിലും അർമ്മീനിയായിലും ക്രിസ്തുമതം പ്രചരിച്ചു. ഇവിടത്തെ വേദശാസ്ത്ര വിദ്യാഭ്യാസം വിശ്വവിശ്രുതമാണ്. പാശ്ചാത്യ - പൗരസ്ത്യ സുറിയാനി ആരാധനാക്രമങ്ങൾ ഇവിടെവച്ച് വികാസം പ്രാപിച്ചു. ക്നായിതോമ്മായോടൊപ്പം വന്ന യൗസേപ്പ് മെത്രാൻ ഉറഹാക്കാരൻ. മാർത്തോമ്മായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽനിന്ന് കൊണ്ടുപോയത് ഉറഹായിലേക്ക്. ജൂലൈ 3-ലെ ദൂക്റോനോ ആരംഭിച്ചത് ഉറഹായിൽ. മാർ അപ്രേം (373) റാബുള്ള (435) ഇബ്ബാസ് (457) യാക്കോബ് (708) തുടങ്ങിയവർ ഉറഹായിലെ പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതരും കവികളുമാണ്.

ഊ

ഊക്കുക: സൂര്യനമസ്കാരം നടത്തി സ്നാനത്തിന്റെ ഭാഗമായി സൂര്യാഭിമുഖമായി ജലം തർപ്പണം ചെയ്യുന്ന ആരാധനാശൈലിയെ 'വെള്ളം ഊക്കുക' എന്ന് പറയും. ഊത്തു എന്ന് ഭൂതകാല പ്രയോഗം. മന്ത്രപൂർവകമായി നടത്തുന്ന ചടങ്ങാണിത്.

ഊതുക: സുറിയാനിസഭയിലെ ആചാരപരമായ ഒരനുഷ്ഠാനം. മാമ്മൂദീസായിൽ ശിശുവിന്മേലും ജലത്തിന്മേലും; കശ്ശീശാ പട്ടംകൊടയിൽ സ്ഥാനാർത്ഥിയുടെ മുഖത്തും മൂന്ന് തവണ പ്രതീകാത്മകമായി ഊതുന്നുണ്ട്. അശുദ്ധിയെ നീക്കം ചെയ്തു പരിശുദ്ധാത്മ സ്വീകരണത്തിന് ഒരുക്കുക എന്നതാണ് ഈ ക്രിയാനുഷ്ഠാനത്തിന്റെ സൂചകാർത്ഥം. സൃഷ്ടിയിൽ ദൈവം ആദാമിൽ ജീവശ്വാസം പ്രവേശിപ്പിച്ചതും 'നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ' എന്ന് പറഞ്ഞു ക്രിസ്തു സ്വശിഷ്യരുടെമേൽ ഊതിയതും പെന്തിക്കോസ്തിപ്പെരുനാളിൽ കൊടിയ കാറ്റ് ഉണ്ടായതുമായ വേദപുസ്തക സംഭവങ്ങളെ ഈ അനുഷ്ഠാനം ഓർമ്മിപ്പിക്കുന്നു. മാമ്മൂദീസായിൽ ശിശുവിന്റെ മേലും വെള്ളത്തിന്റെമേലും ഊതുന്ന സമയത്ത് പ്രത്യേക രഹസ്യപ്രാർത്ഥനകൾ കാർമ്മികൻ ചൊല്ലുന്നുണ്ട്.

ഊനം: ശാരീരികമായ അംഗഭംഗങ്ങൾ, മുറിവുകൾ. യാഗാർപ്പണത്തിന് തെരഞ്ഞെടുക്കുന്ന പക്ഷിമൃഗാദികൾ ഊനമില്ലാത്തവയാവണമെന്ന് കല്പനയുണ്ട്. വി. കുർബാനയ്ക്ക് തയാറാക്കുന്ന അപ്പം കരിയാതെ കൃത്യപാകത്തിലും ആകൃതിയിലും തയാറാക്കുന്നതിന്റെ പിന്നിൽ ഊനമില്ലാത്ത കുഞ്ഞാട് എന്ന യാഗ സങ്കല്പമാണുള്ളത്.

ഊഞ്ഞാൽ: മുകളിൽനിന്ന് കെട്ടി താഴേക്ക് ആടാൻ പാകത്തിൽ ഞാത്തിയിടുന്ന കയറിൽ ഇരിക്കാൻ പലകയോ മറ്റോ ക്രമീകരിച്ചാൽ ആടിരസിക്കാനുള്ള ഊഞ്ഞാൽ ആയി. കുട്ടികളെ ഉറക്കാൻ കിടത്തുന്ന തൊട്ടിലും ഒരുതരത്തിൽ ഊഞ്ഞാൽ തന്നെ. രാജകൊട്ടാരങ്ങളിലും മറ്റും ഊഞ്ഞാലിന്റെ കയർ, ഇരിപ്പിടം തുടങ്ങിയ ഭാഗങ്ങൾ സർവാലങ്കാരവിഭൂഷിതമായിരിക്കും. ഓണക്കാലത്ത് പ്രധാന കേരളീയ വിനോദങ്ങളിൽ - പ്രത്യേകിച്ചും സ്ത്രീകളുടെ - ഒന്ന് ഊഞ്ഞാലാട്ടമാണ്. തനിയെ ഊന്നി

യാടാം. പരസഹായത്തോടെയും ആടാം. ഓണക്കാലത്തെ നാടൻപാട്ടുകളിൽ ഊഞ്ഞാൽപ്പാട്ടുകളുമുണ്ട്.

ഊഞ്ഞാൽ കട്ടിൽ: രാജകൊട്ടാരങ്ങളിലും പ്രഭുഗൃഹങ്ങളിലും മെത്രാന്മാരുടെ പള്ളിയറകളിലും ഊഞ്ഞാൽകട്ടിൽ കാണാമായിരുന്നു. കട്ടിലിന്റെ നാലു മൂലകളും നാലു കമ്പികളിൽ മുകളിലേക്ക് ഉയർത്തി ക്രമീകരിക്കും. ഇരുന്ന് കാൽ നിലത്തൂന്നിയാൽ സ്വയം ആടാം. പരസഹായത്തോടെ കിടന്നാടുകയുമാവാം. അതിനൊക്കെ പ്രത്യേകം പരിജനങ്ങൾ കാണും. ആടിയുറങ്ങലും പാട്ടുകേട്ട് ഉറങ്ങലും ഉണർത്തുപാട്ടുകേട്ട് ഉണരലും ഒക്കെ ഫ്യൂഡൽ ശൈലിയുടെ ഭാഗമായിരുന്നു. പള്ളിക്കട്ടിൽ, പള്ളിയുറക്കം തുടങ്ങിയ ശൈലികൾ അങ്ങനെ ആവിർഭവിച്ചവയാണ്.

ഊഞ്ഞാൽ കസേര: പ്രഭു കുടുംബങ്ങളിലും പാർക്കുകളിലും ഇരുന്നാടാൻ ക്രമീകരിച്ച കസേര. ഇപ്പോൾ പൂമുഖത്തെ ഒഴിച്ചുകൂടാനാവാത്ത ആർഭാടവസ്തുക്കളിലൊന്നായിട്ടുണ്ട് ഊഞ്ഞാൽ കസേര.

ഊടാടുക: പ്രത്യേകം ലക്ഷ്യമൊന്നുമില്ലാതെ സഞ്ചരിക്കുക. സാത്താൻ ഊടാടി സഞ്ചരിക്കുന്നതായി വി. ബൈബിൾ രേഖപ്പെടുത്തുന്നുണ്ട്.

ഊട്ട്: ശ്രാദ്ധാടിയന്തിരങ്ങൾക്കും മറ്റും ശേഷം വൈദികർക്കായി വീട്ടിലോ അതിനായി സജ്ജീകരിച്ച മറ്റു സ്ഥലങ്ങളിലോ നൽകുന്ന വിഭവസമൃദ്ധമായ സദ്യ. നോമ്പുകാലങ്ങളിലും ഉപവാസദിനങ്ങളിലും സസ്യവിഭവങ്ങളും അല്ലാത്ത സമയങ്ങളിൽ സസ്യേതര വിഭവങ്ങളും ഒരുക്കുന്നു. ഊണ് എന്ന ക്രിയാനാമത്തിന്റെ പ്രയോജകരൂപം. ബ്രാഹ്മണ പുരോഹിതന്മാർക്കു ഊണ് നൽകാൻ ക്ഷേത്രങ്ങളോടനുബന്ധിച്ച് ഊട്ടുപുരകൾ ക്രമീകരിച്ചിരുന്നു. പള്ളികളിലെ ഭോജനശാലകളും ഊട്ടുപുര എന്നറിയപ്പെടാറുണ്ട്.

ഊട്ട് കഴിക്കുക: ശ്രാദ്ധദിനങ്ങളിലും മറ്റും പള്ളിയിലും ശ്മശാനത്തിലുമുള്ള ശുശ്രൂഷകൾക്ക് ശേഷം വീട്ടിൽചെന്ന് വൈദികന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രാർത്ഥന, ധൂപാർപ്പണം, കൈമുത്ത്, ദക്ഷിണസമർപ്പണം, ഭക്ഷണം ഇവയെ സമഗ്രമായി ഊട്ടു കഴിക്കുന്നു എന്ന ശൈലിയിൽ സംക്ഷേപിക്കാറുണ്ട്.

ഊട്ട് സദ്യ: പള്ളികളിലെ പെരുന്നാൾദിവസം നടത്തുന്ന പൊതുസദ്യകൾക്ക് ഊട്ട്, വെച്ചൂട്ട് തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാറുണ്ട്. പൊതുസദ്യകളിൽ സസ്യവിഭവങ്ങളാണ് സാധാരണ ഉപയോഗിക്കാറുള്ളത്. ഇപ്പോൾ പല പള്ളികളിലും കോഴിയിറച്ചി പതിവാക്കിയിട്ടുണ്ട്.

ഊനീസോ: ഊനീസാ - ഒരു പ്രത്യേക ഗണം സുറിയാനിപ്പാട്ട്.

ഊർ: എബ്രായപദം. തേജസ്, ജ്വാല എന്ന് അർത്ഥം. അബ്രഹാമിന്റെ പിതൃനഗരം. തെക്കൻ മെസ്സപ്പൊട്ടോമിയായിൽ യൂഫ്രട്ടീസ് നദിക്കരയിൽ ആധുനിക ഇറാക്കിലുണ്ടായിരുന്ന കൽദായ നഗരം.

ഗ്രാമം എന്നും പട്ടണം എന്നും ഉള്ള സാമാന്യ അർത്ഥത്തിൽ ഈ പദം ദ്രാവിഡ ഭാഷകളിലുപയോഗിക്കുന്നു. പാലൂർ, തൃശൂർ, പയ്യൂർ തുടങ്ങിയ സ്ഥലപ്പേരുകൾ ഉദാഹരണം.

ഊരാണ്മ/ഊരായ്മ: ഊരിന്റെ മേലധികാരം.

ഊരുവിലക്ക്: ഗ്രാമം മുഴുവൻ ഒരാളെ ഒറ്റപ്പെടുത്തുന്ന പ്രാചീന സാമൂഹ്യ - സാമുദായിക ശിക്ഷാസമ്പ്രദായം. സമുദായ നിയമങ്ങളെ ലംഘിക്കുന്നവർക്ക് ചില സമുദായങ്ങൾ ചില പ്രദേശങ്ങളിൽ ഇപ്പോഴും ഊരുവിലക്ക് കല്പിക്കാറുണ്ട്.

ഊരുഭംഗം: ഭാസൻ എഴുതിയ സംസ്കൃത നാടകം. ഭീമന്റെ പ്രഹരമേറ്റ് തുടയെല്ലൊടിഞ്ഞു കിടക്കുന്ന ദുര്യോധനൻ ആണ് ഇതിലെ കേന്ദ്ര കഥാപാത്രം. മകനോട് ഹിംസയുടെ മാർഗ്ഗം വെടിയാൻ ദുര്യോധനൻ ഉപദേശിക്കുന്നതാണ് പ്രമേയം. ബൈബിളിന്റെ സ്വാധീനത്തിലും തന്മൂലം കേരളത്തിലും വച്ചെഴുതപ്പെട്ട കൃതിയാണിതെന്നും ഭാസൻ കേരളീയനാണെന്നും അഭിപ്രായപ്പെടുവാൻ ആധുനിക ഗവേഷകർക്ക് ഈ നാടകം ധൈര്യം നൽകിയിട്ടുണ്ട്. കാളിദാസനും അനുകരണീയനായ ഭാസന്റെ കാലം, സ്ഥലം ഇവ ഇപ്പോഴും നിർണ്ണയിക്കപ്പെട്ടിട്ടില്ല.

ഊസിയാ: (ഗ്രീക്ക്) സാരാംശം.

ഊർശ്ലേം: സമാധാനത്തിന്റെ പട്ടണം. പ്രവാചകന്മാരെ കൊല്ലുന്നവൾ എന്ന് യേശു ഇതിനെ ദുഃഖത്തോടെ വിശേഷിപ്പിച്ചു.

ഊർശ്ലേം ദേവാലയം: ദൈവകല്പനപ്രകാരം ദാവീദ് സമാഹരിച്ച വിഭവങ്ങൾ ഉപയോഗിച്ച് സോളമൻ ചക്രവർത്തി ബി. സി. 973-ൽ ഈ ആലയം പണിതു. യഹൂദന്റെ ഏക ദേവാലയം. ലോകത്തെവിടെയുമുള്ള യഹൂദൻ ഇതിന്റെ നേരെ തിരിഞ്ഞ് പ്രാർത്ഥന നടത്തും. പലവട്ടം പുതുക്കിപ്പണിതു. ഇതിന്റെ നാശത്തെപ്പറ്റി യേശു പ്രവചിച്ചത് പില്ക്കാലത്ത് നിറവേറി. കല്ലിന്മേൽ കല്ല് ശേഷിക്കാതെ ഇത് തകർക്കപ്പെട്ടു. ഇതുവരെ പണിയാനായില്ല. വിലാപമതിൽ മാത്രം ബാക്കിയുണ്ട്. ഇതോടെ യഹൂദന്റെ ബലിയും പൗരോഹിത്യവും അന്യംനിന്നു.

ഊർശ്ലേം പട്ടണം: ദാവീദ് പണിത തലസ്ഥാന നഗരി (ബി.സി. 1017).

ഊർശ്ലേം യാത്രാവിവരണം: മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണം. കാലഗണനയിൽ മൂന്നാമത്തെ സഞ്ചാര സാഹിത്യ കൃതി. പരുമല മാർ ഗ്രീഗോറിയോസ് നടത്തിയ വിശുദ്ധ നാട് സന്ദർശന ത്തിന്റെ ഡയറി. 1895-ൽ ആദ്യ പതിപ്പ് പ്രസിദ്ധീകരിച്ചു. നിരവധി പതിപ്പു കൾ ഉണ്ടായി. യൂണിവേഴ്സിറ്റി തലത്തിൽ ഇത് പാഠപുസ്തകമായിട്ടുണ്ട്. സാഹിത്യകാരന്റെ അനുഗൃഹീത തൂലിക ഗ്രന്ഥരചനയെ കടാക്ഷിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തിലേയ്ക്ക് ഈ കൃതിയെ പരിചയപ്പെടുത്തിയത് ഡോ. സാമുവൽ ചന്ദനപ്പള്ളിയും പോൾ മണലിലുമാണ്. 2002 -ൽ ഗ്രന്ഥ ത്തിന്റെ പ്രഥമ പതിപ്പ് കണ്ടെത്തി പഠനത്തോടെയും അടിക്കുറിപ്പുകളോ ടെയും ജോയ്സ് തോട്ടയ്ക്കാട് പുനഃപ്രസിദ്ധീകരിച്ചു. 2005-ൽ കേരള സാഹിത്യ അക്കാദമിയും പ്രഥമ പതിപ്പിന്റെ പുനഃപ്രസിദ്ധീകരണം നട ത്തിയിട്ടുണ്ട്.

ഊറാറ: വൈദികസ്ഥാനികളുടെ അടിസ്ഥാന അംശവസ്ത്രം. ശുശ്രൂ ഷക്കുപ്പായത്തിന് മുകളിൽ ധരിക്കുന്നു. ശെമ്മാശന്റെ ഊറാറ തന്നെയാണ് കശ്ശീശായുടെ ഹമ്മനീഖോയ്. അതു തന്നെയാണ് മേല്പട്ടക്കാരന്റെ പത്ര സീൻ ആയ വലിയ ഊറാറ. ശെമ്മാശന്റെ ഊറാറ വീതി കുറഞ്ഞതാണ്. ഓരോ ശെമ്മാശസ്ഥാനത്തിനും അണിയാൻ പ്രത്യേക ശൈലികളുണ്ട്. കഴുത്തിൽ രണ്ടു വശത്തും മുമ്പിലേക്കിടുന്ന ഊറാറ തന്നെയാണ് കശ്ശീ ശായുടെ ഹമ്നീഖോ. മുമ്പിലേക്കും പുറകോട്ടുമായി രണ്ട് ഊറാറ സജ്ജീ കരിക്കുന്നതാണ് പത്രസീൻ. സ്ഥാനം വികസിക്കുന്നതോടെ ഊറാറയുടെ ആർഭാടവും രൂപവും ഭേദപ്പെട്ടിട്ടുണ്ട്. ഊറാറ പരിണമിച്ചും വികസിച്ചും രാജകീയമായതാണ് കാപ്പാ. ഇതൊക്കെ വിവിധ കാലങ്ങളിലും ദേശങ്ങളി ലുമായി വികസിച്ചുവന്ന കാർമ്മികന്റെ അംശവസ്ത്രസങ്കല്പത്തിലുള്ള പരിണാമങ്ങളാണ്. പുറങ്കുപ്പായത്തിന്റെ മുൻവശത്ത് ബോർഡർ ആയി ചുവപ്പുനിറത്തിൽ തുന്നിച്ചേർത്തിട്ടുള്ളതും ഊറാറ തന്നെ. ഇത് ധരിക്കാ തെ ശുശ്രൂഷകൾ നടത്തുവാൻ പാടില്ല. പുറങ്കുപ്പായമണിഞ്ഞ പട്ടക്കാരും മേല്പട്ടക്കാരും പ്രത്യേകം ഊറാറ ധരിക്കാത്തത് പുറങ്കുപ്പായത്തിന്റെ ഭാഗ മായി ഊറാറാ ഉള്ളതുകൊണ്ടാണ്. ശെമ്മാശന്മാർക്കു ഊറാറ വി. കുർ ബാന തുടങ്ങിയ പ്രധാന കൂദാശാനുഷ്ഠാനങ്ങളിൽ മതിയാവും. ഊറാ റായിൽ കുരിശുണ്ടായിരിക്കണം. അതണിയുമ്പോൾ ചൊല്ലേണ്ടിയ പ്രത്യേക പ്രാർത്ഥനകൾ ഉണ്ട്. കുർബാനയ്ക്കായി അണിയുമ്പോൾ ഊറാ റയും അതിന്റെ വികസിതരൂപമായ കാപ്പയും മേല്പട്ടക്കാർ റൂശ്മാ ചെയ്തുകൊടുക്കുന്ന പതിവുണ്ട്. പട്ടംകൊടയിൽ സ്ഥാനമേല്ക്കുന്ന സ്ഥാനാർത്ഥിയുടെ ഊറാറാ ആദ്യം വി. രഹസ്യങ്ങളിന്മേലും പിന്നീട് സ്ഥാനാർത്ഥിയുടെ ശിരസ്സിന് ചുറ്റും 'ല് തെശുബുഹത്തോ ലീക്കോറൊ' ചൊല്ലി ആഘോഷിച്ചാണ് കാർമ്മികൻ സ്ഥാനമേറ്റ ആളിന് ധരിക്കുവാൻ

നൽകുക. വൈദികരുടെ സ്ഥാനഭേദം ഊറാറ ധാരണഭേദം കൊണ്ട് തിരിച്ചറിയാം.

ഊറീം തുമ്മീം: യഹൂദ മഹാപുരോഹിതന്റെ അംശവസ്ത്രത്തിന്റെ ഭാഗങ്ങൾ. പുറ. 28:30, ലേവ്യ. 8:8, സംഖ്യ: 27:21 നോക്കുക. ശരിതെറ്റുകൾ, കളങ്ക നിഷ്കളങ്കതകൾ, ജീവമരണങ്ങൾ, അസ്തിനാസ്തികൾ എന്നിങ്ങനെയുള്ള വിപരീത ദ്വന്ദങ്ങളിൽ ദൈവഹിതം ഇവ ഉപയോഗിച്ച് മഹാപുരോഹിതൻ വെളിപ്പെടുത്തുമായിരുന്നു. ഇത് രണ്ട് ചീട്ടുകൾ ആണെന്നും കല്ലുകൾ ആണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. എഫോദ് എന്ന അംശവസ്ത്രത്തിലാണ് ഇവ ഘടിപ്പിക്കുന്നത്.

ഊരിയാവ്: ദാവീദ് രാജാവുമായി ബന്ധപ്പെട്ട ഒരു സൈനികൻ. ദേശസ്നേഹിയായ ഇദ്ദേഹത്തിന്റെ പ്രിയതമയാണ് ബർശേബാ. ഇവളെ അനധികൃതമായും അവിഹിതമായും ഊരിയാവിന്റെ വധം ഉറപ്പുവരുത്തിയും ദാവീദ് ഭാര്യയായി സ്വീകരിച്ചു. ഊരിയാവ് ഈ രാജകീയ സ്വാർത്ഥനാടകത്തിൽ ബലിയാടായി. നാഥാൻ പ്രവാചകന്റെ ഇടപെടലും തുടർന്നു ദാവീദിന്റെ അനുതാപവും 51-ാം സങ്കീർത്തനത്തിന്റെ പശ്ചാത്തലമാണ്. *ആ മനുഷ്യൻ നീ തന്നെ* എന്ന പേരിൽ ഈ പ്രമേയം ഉൾപ്പെടുത്തി സി. ജെ. തോമസ് ഒരു നാടകം രചിച്ചിട്ടുണ്ട്.

ഊഴം: ഓരോരുത്തർക്ക് അനുവദിച്ച സമയം, തവണക്രമം എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നു.

ഊഴിയം: രാജാവിനോ ക്ഷേത്രത്തിനോ കൂലിയില്ലാതെ നിർബന്ധമായി ചെയ്യാൻ ബാദ്ധ്യതയുള്ള ജോലി. ഒരുതരം അടിമവേലയാണിത്. ഒരു കാലത്ത് ക്രിസ്ത്യാനികൾ ക്ഷേത്രങ്ങളിലും മറ്റും ഊഴിയവേല ചെയ്യുവാൻ നിയമമുണ്ടായിരുന്നതായും പാലക്കുന്നത്ത് വലിയ മെത്രാച്ചൻ ഇടപെട്ട് ആ നിയമം ഇംഗ്ലീഷ് ഭരണാധികാരികളുടെ സഹായത്തോടെ റദ്ദാക്കിച്ചു എന്നും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

എ

എക്ബോ: പിന്നടി എന്നർത്ഥം. ശുശ്രൂഷകളിൽ പ്രുമിയോന് മുമ്പായി ചൊല്ലുന്ന ചെറുഗാനം. അതത് ശുശ്രൂഷകളുടെ ധ്യാനവിഷയം പ്രമേയം. പ്രുമിയോൻ ഇല്ലാത്ത ഗീതമാലകളിൽ കുക്കിലിയോൻ കഴിഞ്ഞുള്ള ശൂബ ഹോയും മെനഓലവും കഴിഞ്ഞ് ചൊല്ലുന്ന ഗാനം. ഇതിന്റെ ഒടുവിൽ 'സ്തൗമൻകാലോസ്' ചൊല്ലി 'കോലോ' എന്ന ഗീതം ആരംഭിക്കും.

എക്കാറ: വേര്, അടിസ്ഥാനം എന്ന് സുറിയാനിയിൽ അർത്ഥം. സുറിയാനിസഭ, മലങ്കരസഭ, മലങ്കര റീത്ത് തുടങ്ങിയ സുറിയാനിസഭകൾ ആരാധനാസംഗീതത്തിന് ഉപയോഗിക്കുന്ന സംഗീതമാലികയുടെ പ്രമാണ ഗ്രന്ഥം. സംഗീത ഭണ്ഡാരം എന്ന പുസ്തകം 'എക്കാറ' എന്ന പേരിൽ വ്യവഹരിക്കപ്പെടുന്നു. എട്ടു വ്യത്യസ്ത രാഗങ്ങളിൽ പാടാവുന്ന പാട്ടുകളും ഒറ്റ രാഗമുള്ള പാട്ടുകളും ഇതിൽ ക്രമീകരിച്ചിട്ടുണ്ട്. ഗുരുമുഖത്ത് നിന്ന് വേണം ഇവ അഭ്യസിക്കുവാൻ. അന്ത്യോഖ്യായിലെ വി. സേവേറിയോസ് (-538) ആണ് ഈ ചിട്ട ആവിഷ്കരിച്ചതെന്ന് കരുതപ്പെടുന്നു. ഇതിന്റെ സ്വാധീനം ഗ്രീക്ക് സംഗീതത്തിനുണ്ടെന്നും തിരിച്ചും അവകാശപ്പെടുന്നവരുണ്ട്. രാത്രി നമസ്കാരത്തിലെ മാവുർബാകൾക്ക് ആദ്യം എട്ട് 'നിറ'ങ്ങൾ - രാഗങ്ങളെ നിറങ്ങൾ എന്ന് പറയും - സംവിധാനം ചെയ്തു എന്നും മറ്റ് രാഗസംവിധാനങ്ങൾ പില്ക്കാലത്തുണ്ടായവയാണെന്നും അഭിപ്രായമുണ്ട്. ഓരോ ദിവസത്തിനും ഓരോ ശുശ്രൂഷയ്ക്കും ഏതേത് രാഗങ്ങൾ എന്നു എക്കാറ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ഏകാഗ്രത നിലനിർത്തുവാനും വിരസത അനുഭവപ്പെടാതിരിക്കുവാനും എക്കാറ സഹായകമാണ്.

എക്സ് ഓപ്പറേ ഓപ്പറേറ്റോ: വ്യവസ്ഥാപിത കൂദാശകൾ കൃപയുടെ മുഖാന്തിരങ്ങളാണ് എന്ന വാദം. അനുഷ്ഠാനകന്റെയോ സ്വീകാരകന്റെയോ ശുദ്ധിയോ അശുദ്ധിയോ തിരുക്കർമ്മങ്ങളെ പ്രതികൂലമായി ബാധിക്കുന്നില്ല. കാർമ്മികൻ, ശുശ്രൂഷാക്രമം, മാധ്യമം അനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം എന്നിവ വ്യവസ്ഥാപിതവും അംഗീകൃതവും ആണെങ്കിൽ കൂദാശകൾ കൃപയുടെ മുഖാന്തിരങ്ങൾ ആകും.

എക്സാർക്ക്: പാത്രിയർക്കീസിനും മെത്രാപ്പോലീത്തായ്ക്കും

ഇടയ്ക്കുള്ള ഒരു സ്ഥാനം. സ്വയംഭരണാവകാശമുള്ള ബൾഗേറിയ, സൈപ്രസ് തുടങ്ങിയ ഓർത്തഡോക്സ് സഭാമേധാവികൾക്കും ഈ പേര് ഉണ്ട്. എക്സാർക്കേറ്റ് എന്നത് പരിധിയുടെ പേര്.

എക്കോണമി: മനുഷ്യാവതാര കാലത്തിന് ഗ്രീക്കുഭാഷയിലെ വ്യവഹാരപദം. ദൈവം തന്റെ ഉണ്മയുടെ മഹത്വം മനുഷ്യാവതാരത്തിൽ പരിമിതപ്പെടുത്തി എന്നാണ് ഈ പദം നൽകുന്ന സന്ദേശം.

എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബോസെ: അഖിലലോക സഭാകൗൺസിലിന്റെ എക്യുമെനിക്കൽ പഠനഗവേഷണവേദി. സ്വിറ്റ്സർലണ്ടിലാണ് ബോസെ. ഹ്രസ്വകാല വേദശാസ്ത്ര - എക്യുമെനിക്കൽ പഠനങ്ങൾക്ക് ഇവിടെ അവസരമുണ്ട്.

എക്യുമെനിക്കൽ കൗൺസിലുകൾ: ഭൂമിയുടെ എല്ലാ ഭാഗങ്ങളിലുമുള്ള മെത്രാന്മാർ, സഭാപ്രതിനിധികൾ ഇവർ സമ്മേളിക്കുന്ന സമ്മേളനമാണ് എക്യുമെനിക്കൽ കൗൺസിൽ അഥവാ സാർവത്രിക സുന്നഹദോസുകൾ. ദൈവശാസ്ത്രം, ആരാധന ശിക്ഷണ ക്രമീകരണങ്ങൾ എന്നിവ ഇവിടെ അന്തിമമായി രൂപപ്പെടുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എ.ഡി. 325 (നിഖ്യ), 381 (കോൺസ്റ്റാണ്ടിനോപ്പിൾ), 431 (എഫേസൂസ്) എന്നിവയെ മാത്രവും മറ്റു ഓർത്തഡോക്സ് സഭകൾ ഇവയ്ക്കു പുറമേ 451 (കാൽസിഡോൺ), 553 (കോൺസ്റ്റാണ്ടിനോപ്പിൾ II), 680 – 81 (കോൺസ്റ്റാണ്ടിനോപ്പിൾ III), 787 (നിഖ്യ II) എന്നിങ്ങനെ ഏഴും റോമൻ കത്തോലിക്കാസഭ ഇവ കൂടാതെ 14 കൗൺസിലുകളും എക്യുമെനിക്കൽ കൗൺസിലുകളായി അംഗീകരിക്കുന്നു.

എക്യുമെനിക്കൽ പാത്രിയർക്കീസ്: അലക്സാന്ത്രിയാ പാത്രിയർക്കീസിനെ കാൽസിഡോൺ സിനഡിന് ശേഷം ഈ പേരിൽ വിളിക്കുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭകൾ കോൺസ്റ്റാണ്ടിനോപ്പിളിലെ പാത്രിയർക്കീസിന് ഈ ബഹുമതി നല്കുന്നു. 6-ാം നൂറ്റാണ്ടു മുതൽ രണ്ടു പേരും ഈ സ്ഥാനപ്പേര് ഉപയോഗിക്കുന്നു. അലക്സാന്ത്രിയ പാത്രിയർക്കീസ് പോപ്പ് എന്ന് വിളിക്കപ്പെട്ടു. അതിന്ശേഷമാണ് റോമിലെ പാത്രിയർക്കീസ് ആ പദം സ്വീകരിച്ചത്. ഈ സമാന്തരപദവികളെ റോം അംഗീകരിച്ചിട്ടില്ല.

എക്യുമെനിക്കൽ പ്രസ്ഥാനവും മലങ്കരസഭയും: അഖിലലോക സഭാകൗൺസിലിന്റെ മുന്നോടികളായ ലൈഫ് ആൻഡ് വർക്ക്, ഫെയ്ത്ത് ആൻഡ് ഓർഡർ, വിദ്യാർത്ഥിപ്രസ്ഥാനം, അന്തർദേശീയ മിഷണറി സമ്മേളനം എന്നിവയിൽ സജീവമായി പങ്കെടുത്തു. 1948-ൽ ആംസ്റ്റർഡാമിലും ഡബ്ല്യു. സി. സി. യുടെ സ്ഥാപകഅംഗം ആയിരുന്നു. ഡബ്ല്യു. സി. സി.

യുടെ എല്ലാ അസംബ്ലികളിലും പങ്കെടുക്കുന്നു. ഫാ. പോൾ വറുഗീസ്, ഫാ. ഡോ. കെ. എം. ജോർജ്ജ്, ഫാ. ഡോ. കെ. സി. ജോസഫ്, സി. ഐ. ഇട്ടി എന്നിവർ അതിന്റെ സ്റ്റാഫ് ആയിരുന്നു. സാറാ ചാക്കോ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, ഫാ. ഡോ. വി. സി. ശാമുവേൽ, ഫാ. ഡോ. കെ. എം. ജോർജ്ജ് എന്നിവർ സജീവ പ്രവർത്തകർ. മാർത്തോമ്മാസഭ, കത്തോലിക്കാസഭ, ലൂഥറൻ സഭ എന്നിവയുമായി മലങ്കരസഭ ഡയലോഗുകൾ നടത്തുന്നുണ്ട്.

എങ്കർത്താ: ഏഗർസോ = ലേഖനം. ഇതിന്റെ തൽഭവമായി എങ്കർത്താ (എംഗർത്താ) എന്ന പദം പഴയ മലയാള പുസ്തകങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാ. പൗലൂസ് ശ്ലീഹായുടെ എങ്കർത്താ.

എക്ളീസിയാസ്റ്റിക്കി (പുസ്തകം): എ. ഡി. 13-ാം നൂറ്റാണ്ടിൽ ഗ്രീഗോറിയോസ് ബാർ എബ്രായ രചിച്ച സഭാചരിത്രഗ്രന്ഥം. ഒന്നാം ഭാഗത്തിൽ പടിഞ്ഞാറൻ സുറിയാനിസഭയുടെയും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെയും ചരിത്രം. രണ്ടാം ഭാഗത്തിൽ പേർഷ്യയിലെ സഭയുടെ ചരിത്രം.

എച്ച്മിയാഡ്സിൻ: അർമ്മീനിയൻ സഭയുടെ അർമ്മീനിയൻ ആസ്ഥാനം. വേറെയും കാതോലിക്കേറ്റുകൾ ഉണ്ടെങ്കിലും പരമാധികാരം ഈ ആസ്ഥാനത്തിനാണ്.

എഡിൻബറോ കോൺഫ്രൻസ് (1910): അഖിലലോക മിഷനറി കോൺഫറൻസ്. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ മുന്നോടി. 160 മിഷനറി സംഘടനകളുടെ 1200 പ്രതിനിധികൾ പങ്കെടുത്തു. ഇതിൽവച്ച് അന്തർദേശീയ മിഷനറി കൗൺസിൽ രൂപീകരിച്ചു. അതിന്റെ പ്രവർത്തനകേന്ദ്രമായി ലണ്ടനിൽ ഒരു എഡിൻബറോ ഭവനം ആരംഭിച്ചു. ജോൺ ആർ. മോട്ട് അധ്യക്ഷനും ജെ. എച്ച്. ഓൾഡ്ഹാം സെക്രട്ടറിയുമായിരുന്നു.

എഡിൻബറോ കോൺഫ്രൻസ് (1937): വിശ്വാസവും പട്ടത്വവും സംബന്ധിച്ച് നടന്ന രണ്ടാമത്തെ അഖിലലോക സമ്മേളനം. ദൈവസ്നേഹം, ദൈവകൃപ, തിരുവചനം, കൂദാശകൾ, മതോപദേശങ്ങൾ, ആരാധന എന്നിവയുടെ തിരുവചനാധാരം ഇവയിൽ പൊതുവേ യോജിപ്പ് ദൃശ്യമായി. എന്നാൽ വ്യാഖ്യാനാധികാരം സഭയ്ക്കാണെന്നും വ്യക്തിഗതമാണെന്നും രണ്ട് അഭിപ്രായങ്ങൾ ശക്തമായി. സഭകളുടെ ലോക കൗൺസിൽ സംഘടിപ്പിക്കുവാനുള്ള അഭിപ്രായം കോൺഫ്രൻസ് സ്വീകരിച്ചു.

മലങ്കരസഭയെ പ്രതിനിധീകരിച്ച് പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ, ഫാ. അലക്സിയോസ് (പിന്നീട് ബഥനിയുടെ അലക്സി

യോസ് മാർ തേവോദോസ്യോസ്, ഫാ. സി. എം. തോമസ് (പിന്നീട് തോമ്മാ മാർ ദീവന്നാസ്യോസ്) എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

എഡേസാ: '*ഉറഹാ*' എന്ന ശീർഷകം കാണുക.

എത്തഗ്രസാഹ്...: പ്രധാന പട്ടംകൊടകളിലെ പട്ടംകൊട പ്രഖ്യാപനത്തിന്റെ കാർമ്മികവാക്യത്തിലെ ആദ്യ പദം.

എത്യോപ്യൻ സഭ: ഔദ്യോഗികമായി ക്രിസ്തുമതം ഇവിടെ 4-ാം നൂറ്റാണ്ടിലെത്തി. വി. അത്താനാസ്യോസിൽ നിന്ന് (അലക്സാണ്ട്രിയ) കൈവെപ്പ് സ്വീകരിച്ചു. കൽക്കിദൂൻ സിനഡിനെ നിരാകരിച്ച് ഏകസ്വഭാവവാദികൾ എന്ന് അറിയപ്പെട്ടു. അബിസീനിയൻ സഭ എന്നും വിളിക്കപ്പെടുന്ന ഈ സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിലെ അംഗമാണ്. അലക്സാണ്ട്രിയായിൽ നിന്ന് സ്വതന്ത്രയായ സഭയാണിത്. സബത്ത്, പരിച്ഛേദന, മാംസഭക്ഷണത്തിന്റെ ശുദ്ധാശുദ്ധ വിവേചനം എന്നീ യഹൂദാചാരങ്ങൾ അനുവർത്തിക്കുന്നു. എത്യോപ്യൻ സഭയ്ക്ക് ഇപ്പോൾ സ്വന്തമായ പാത്രിയർക്കേറ്റുണ്ട്.

എത്രോ: ധൂപം എന്ന് അർത്ഥം. മലങ്കരസഭയുടെ ആരാധനകളിൽ പ്രുമിയോൻ-സെദ്റാകൾക്ക് ശേഷംവരുന്ന കോലോകൾ കഴിഞ്ഞ് 'മൊറിയോറാഹേം' ചൊല്ലിയതിന്ശേഷം നടത്തുന്ന ധൂപപ്രാർത്ഥന എത്രോ എന്ന പേരിൽ അറിയപ്പെടുന്നു. ഈ ഹ്രസ്വപ്രാർത്ഥന കഴിഞ്ഞാൽ വീണ്ടും 'കോലോ'കളോ ബോവൂസോയോ കാണും.

എനിയോനോ: സ്തുതിപ്പ്, മറുപടി എന്ന് അർത്ഥം. ചില ഗീതങ്ങൾക്ക് ഈ പേർ പറയും. സങ്കീർത്തനവാക്യവും പാട്ടിന്റെ ഓരോ അടിയും മാറി മാറി ചൊല്ലും. ക്യംതാ പ്രാർത്ഥനയിലെ പ്രഭാത എനിയോനകൾ ഈ രൂപത്തിൽ രചിക്കപ്പെട്ടവയാണെങ്കിലും ഇപ്പോൾ സങ്കീർത്തനഭാഗം ഒന്നിച്ചും എനിയോനോ അടികൾ ഒന്നിച്ചുമാണ് പാടുന്നത്. എന്നാൽ പള്ളിക്കൂദാശ, പട്ടംകൊട തുടങ്ങിയ ശുശ്രൂഷകളിൽ പഴയ രീതി ഇപ്പോഴും തുടരുന്നു.

എൻഡിമൂസാ സിന്നഡ്: കുസ്തന്തീനോസ്പോലീസ് സഭാധ്യക്ഷന്റെ വസതിയിൽ കൂടിക്കൊണ്ടിരുന്ന വൈദികയോഗം. 448-ലെ ഇപ്രകാരമുള്ള ഒരു സിനഡിലാണ് എവുത്തിക്കോസിനെ (യൂത്തിക്കോസ്) സഭ നിരാകരിച്ചത്.

എൻ. സി. സി. (ഇന്ത്യ): നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്. കത്തോലിക്കർ, പെന്തക്കോസ്ത് എന്നീ വിഭാഗങ്ങൾ ഒഴിച്ചുള്ള 25 സഭകളുടെ ഭാരതത്തിലെ കൂട്ടായ്മ. ഡബ്ല്യു. സി. സി. യുടെ അനൗദ്യോഗിക

പ്രാദേശിക ഘടകം. 1914-ൽ സ്ഥാപിതമായി. നാഗ്പൂരിലാണ് ആസ്ഥാനം. സഭാംഗങ്ങളുടെ വിസ മുതലായ പ്രശ്നങ്ങളിൽ സർക്കാരുമായി ബന്ധപ്പെടുന്നു. എൻ. സി. സി. റിവ്യൂ എന്ന ഇംഗ്ലീഷ് മാസിക മുഖപത്രം. പഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നു. സഭൈക്യവേദികൾ ഒരുക്കുന്നു. സാമൂഹ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നു.

എപ്പാർക്കി: പൗരസ്ത്യസഭയിലെ സഭാഭരണഘടകം. അതിന്റെ അധിപനെ എപ്പാർക്ക് എന്ന് പറയും. മെത്രാപ്പോലീത്താ, ആർച്ച് ബിഷപ്പ് എന്ന് സാധാരണ ഉപയോഗിക്കുന്നു. നിഖ്യാ (325), കൽക്കിദൂനിയ (451) എന്നീ കൗൺസിലുകളിലെ കാനോനാകളിൽ ഈ പദപ്രയോഗം ധാരാളമായി കാണുന്നുണ്ട്.

എപ്പികൃൂരിയർ: ഒരുതരം തത്വചിന്തയെ (അപ്പോ. 17:8) പിന്തുടരുന്നവർ. എപ്പിക്കൂറസ് (ബി. സി. 341) സ്ഥാപകൻ. ആതൻസിൽ സ്വന്തം വിദ്യാലയം 306-ൽ സ്ഥാപിച്ചു. ആനന്ദം ജീവിതലക്ഷ്യം. മരണത്തോടെ എല്ലാം അവസാനിക്കുന്നു. ആഗ്രഹങ്ങളെ പരിമിതപ്പെടുത്തി സംതൃപ്തി കണ്ടെത്തുവാനും സൗഹൃദത്തിലൂടെ ആനന്ദം നേടാനും അവർ ശ്രമിച്ചു. ഈ ചിന്തയുടെ വികലമായ വികാസമാണ് തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന തത്വശാസ്ത്രം. യവനചിന്തയിലെ പ്രായോഗിക ഭൗതികവാദമാണിത്. ഭാരതത്തിലെ ചാർവാക ദർശനത്തോട് ദർശന സാധർമ്മ്യമുണ്ട്.

എപ്പിഫനി: '*ദനഹാ*' എന്ന ശീർഷകം കാണുക.

എപ്പിപ്പാനിയോസ്, മാത്യൂസ് മാർ: കൊല്ലം ഭദ്രാസനാധിപൻ. 1928 നവം. 25-ന് കൊട്ടാരക്കര ചെങ്കുളത്ത് ജനിച്ചു. 1957-ൽ ശെമ്മാശൻ; 1958-ൽ കശ്ശീശ. 1978-ൽ സന്യാസം സ്വീകരിച്ചു. ചെങ്ങമനാട് ആശ്രമത്തിൽ അംഗമായി. കോട്ടയം എം. ഡി. എച്ച്. എസ്. അദ്ധ്യാപകൻ, ചൊവ്വല്ലൂർ ബേസിക് ട്രെയിനിംഗ് സ്കൂൾ പ്രിൻസിപ്പൽ, ആശ്രമം സുപ്പീരിയർ, കൊല്ലം ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. 1983 മെയ് 14-ന് റമ്പാൻ. 1985 മെയ് 15-ന് മാത്യൂസ് പ്രഥമൻ കാതോലിക്കാ മേല്പട്ടസ്ഥാനം നൽകി. കൊല്ലം സഹായ മെത്രാനായി നിയമിച്ചു. 1991 മെയ് മുതൽ കൊല്ലത്തിന്റെ പൂർണ്ണ ചുമതല. സണ്ടേസ്കൂൾ പ്രസ്ഥാനം പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ഒരു ധ്യാനഗുരുവാണിദ്ദേഹം.

എപ്പിസ്ക്കോപ്പാ: എപ്പിസ്കോപ്പോസ് എന്ന ഗ്രീക്കുപദത്തിന് മേൽനോട്ടക്കാരൻ എന്ന് അർത്ഥം. ഓവർസീയർ, സൂപ്പർവൈസർ എന്നോ ഇംഗ്ലീഷിൽ പറയാം. ഇംഗ്ലീഷിലെ ബിഷപ്പും അറബിയിലെ മെത്രാനും ഇതു തന്നെ. എപ്പിസ്കോപ്പാ, കശ്ശീശാ എന്ന് പുരോഹിതസ്ഥാനങ്ങൾ വിഭജിക്കപ്പെടുന്നതിന് മുമ്പ് ആ പദങ്ങളെ – കശ്ശീശാ, എപ്പിസ്കോപ്പാ –

പര്യായപദങ്ങളായി ശ്ലൈഹികകാലത്ത് ഉപയോഗിച്ചു (പ്രവൃത്തി 20:17, 20:28 എന്നീ ഭാഗങ്ങൾ കാണുക). അവരുടെ നൽവരം പൊതുവായി കഹനൂസാ എന്ന് സുറിയാനി പാരമ്പര്യത്തിൽ അറിയപ്പെട്ടു. ഒരിടവകയിലെ കഹനയെ കശ്ശീശാ എന്നും പല ഇടവകകളെ സൂപ്പർവൈസ് ചെയ്യുന്ന കശ്ശീശായെ എപ്പിസ്കോപ്പാ എന്നും (യഥാക്രമം കശ്ശീശാ-എപ്പിസ്കോപ്പാ; കഹന - റീശ് കഹനെ) വിളിച്ചത് അധികാരപരിധിയേയും ജോലിയേയും ആധാരമാക്കിയാണ്. പില്ക്കാലത്ത് അവ തമ്മിൽ വിഭജനവും ദൗത്യനിർവചനങ്ങളും നൽവര വ്യാപാരങ്ങളിൽ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. വി. കുർബ്ബാനയും മാമൂദീസായും നടത്തുന്ന ആളിനെ യേശുക്രിസ്തുവിന്റെ കൗദാശിക സാന്നിദ്ധ്യത്തിന്റെ പ്രതീകം എന്ന നിലയിൽ അദ്ധ്യക്ഷൻ എന്ന് വിശേഷിപ്പിച്ചു. ഈ അദ്ധ്യക്ഷനെയാണ് ഇഗ്നാത്യോസിന്റെ ലേഖനങ്ങളിൽ എപ്പിസ്കോപ്പാ എന്ന് വിവരിച്ചിട്ടുള്ളത്. നിഖ്യാ സുന്നഹദോസ് വരെയും കശ്ശീശന്മാരും എപ്പിസ്കോപ്പാമാരും ആചാര്യനൽവരത്തിൽ വ്യത്യസ്തർ എന്ന ഇന്നത്തെ വിഭജനം ഇല്ലായിരുന്നു. തന്മൂലം അലക്സാന്ത്രിയൻ സഭയിൽ മെത്രാന്മാരെപ്പോലും അന്ന് വാഴിച്ചിരുന്നത് പട്ടക്കാരുടെ കൗൺസിൽ ആയിരുന്നു. നിഖ്യാ സുന്നഹദോസിന് ശേഷം റോമ്മൻ സാമ്രാജ്യത്തിൽ അത് നിരോധിക്കപ്പെടുകയും ആ നിരോധനം ലോകം മുഴുവനും നടപ്പാകുകയും ചെയ്തുവെങ്കിലും സഭാസംയോജന ചർച്ചകളിൽ ആദിമസഭയുടെ പാരമ്പര്യം പ്രയോജനപ്പെടുത്തുവാൻ സഭയ്ക്ക് സാധിക്കും.

എപ്പിസ്കോപ്പാ മാത്രം ചെയ്യേണ്ടുന്ന ചില കർത്തവ്യങ്ങൾ നിഖ്യാ സിനഡ് പ്രഖ്യാപിച്ചതിനാൽ എപ്പിസ്കോപ്പാ സഭയ്ക്ക് അനിവാര്യൻ എന്ന് എപ്പിസ്കോപ്പൽ സഭകൾ വിശ്വസിക്കുന്നു. മെത്രാപ്പോലീത്താ, കാതോലിക്കാ, പാത്രിയർക്കീസ്, പാപ്പാ തുടങ്ങിയവർ എപ്പിസ്കോപ്പൽ കൗൺസിലിന്റെ അദ്ധ്യക്ഷപദവിയുള്ള എപ്പിസ്കോപ്പന്മാർ ആണ്. അധികാരപരിധിയിലല്ലാതെ നൽവരങ്ങൾക്ക് വ്യത്യാസമില്ല. കർത്താവിൽ നിന്ന് പൗരോഹിത്യം ആദ്യം അപ്പോസ്തോലന്മാർക്കും അവരിലൂടെ നാനാസ്യഷ്ടി വിഭാഗങ്ങൾക്കും ലഭിച്ചു എന്നല്ലാതെ ഈ വിഷയത്തിൽ പത്രോസിന് പ്രത്യേക പ്രാധാന്യം ഉണ്ടെന്ന് കത്തോലിക്കാസഭ മാത്രമേ പഠിപ്പിച്ചിരുന്നുള്ളൂ.

എപ്പിസ്കോപ്പൽ: എപ്പിസ്കോപ്പൽ അധികാരം. വി. തൈലം കൂദാശകളുടെ നിർവഹണം, പള്ളി സ്ഥാപിച്ച് കൂദാശ ചെയ്യൽ, ഇടവകകളിലെ വിശ്വാസം, അച്ചടക്കം, പട്ടത്വം ഇവയുടെ മേൽനോട്ടം തുടങ്ങിയവ ഇവയിൽപ്പെടുന്നു.

എപ്പിസ്കോപ്പൽ സഭ: എപ്പിസ്കോപ്പന്മാർ അപ്പോസ്തോല സ്ഥാന

ത്തിരുന്ന് സഭയെ നയിക്കുന്ന സഭകൾ. എപ്പിസ്കോപ്പൽ സുന്നഹദോസ് വിശ്വാസം, ശിക്ഷണം, പട്ടത്വം തുടങ്ങിയ വിഷയങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്ന മേല്പട്ടക്കാരുടെ കൗൺസിൽ. എപ്പിസ്കോപ്പന്മാരുടെ കൈവെപ്പിലൂടെ അപ്പോസ്തോലിക പിന്തുടർച്ച അന്വർത്ഥമാക്കുന്ന രീതിയാണ് എപ്പിസ്കോപ്പൽ പിന്തുടർച്ച. സഭ നിശ്ചയിച്ച മെത്രാസന പരിധിയാണ് എപ്പിസ്കോപ്പായുടെ ഭരണാതിർത്തി. സഭയിലെ എല്ലാ പള്ളികളിലെയും വൈദിക-അത്മായ പങ്കാളിത്തമുള്ള അസോസ്യേഷനാണ് മലങ്കരസഭയിൽ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് നടത്തുന്നത്. എപ്പിസ്കോപ്പായുടെ ഔദ്യോഗിക സ്ഥാനചിഹ്നം അംശവടിയാണ്. വൈദികവസ്ത്രങ്ങളിൽ പത്രസീൻ, ശീലമുടി എന്നിവയും ഉണ്ട്.

എപ്പിസ്കോപ്പൽ സന്ദർശനം: പ്രവർത്തനങ്ങളെ വിലയിരുത്തുവാനുള്ള സംവിധാനം. 6-ാം നൂറ്റാണ്ടുമുതൽ സഭാകൗൺസിലുകൾ ക്രമമായി സന്ദർശനം നടത്തി. ത്രൈവാർഷിക സന്ദർശനം മദ്ധ്യശതകങ്ങളിൽ ആചാരം. ട്രെൻഡ് കൗൺസിൽ ദ്വിവാർഷിക സന്ദർശനം നിഷ്കർഷിച്ചു. കേസുകളുടെ വിധി പ്രസ്താവിച്ചിരുന്നത് ഇത്തരം സന്ദർശനവേളകളിൽ ആയിരുന്നു. 1853-ലെ കോട്ടയം പടിയോലയിൽ ഇത് നിഷ്ക്കർഷിച്ചിട്ടുണ്ട്.

എഫേസോസ് സഭ: യഹൂദ ക്രിസ്ത്യാനികളും വിജാതീയ ക്രിസ്ത്യാനികളും അടങ്ങിയത്. റോമാ സാമ്രാജ്യത്തിലെ ഏഷ്യാമൈനറിന്റെ തലസ്ഥാനമായിരുന്നു എഫേസോസ്. അർത്തേമീസ് ദേവിയുടെ (ഡയാന) മുഖ്യ ആരാധനാകേന്ദ്രം. പല ക്രൈസ്തവസഭാ സമ്മേളനങ്ങളും (മൂന്നാം സാർവത്രിക സിനഡ് ഉദാ.) ഇവിടെ നടന്നു. പൗലൂസിന്റെ ബന്ധം ലേഖനങ്ങളിൽ വ്യക്തം. യോഹന്നാനും തീമോത്തിയോസും ആദ്യകാലത്ത് ഇവിടെ ചുമതല വഹിച്ചു. യോഹന്നാൻ ഇവരെ സംബോധന ചെയ്താണ് ‘വെളിപാട്’ എഴുതുന്നത്.

എഫേസൂസ് സുന്നഹദോസുകൾ: എ. ഡി. 431-ലും 449-ലും ചേർന്ന കൗൺസിലുകൾ ശ്രദ്ധേയം. ആദ്യത്തേതിൽ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ് ആയ നെസ്തോറിനെ മുടക്കി. 449-ൽ കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളേവിയാൻ, സൈറസിലെ തിയോഡേറ്റ്, അന്ത്യോഖ്യായിലെ ഡോംനസ്സ് എന്നിവരെ മുടക്കി.

431-ലെ സിനഡ് അലക്സാണ്ട്രിയായിലെ കൂറിലോസിന്റെ നേതൃത്വത്തിൽ 431 ജൂൺ 22-ന് സമ്മേളിച്ചു. ദൈവത്തെ പ്രസവിച്ചവൾ എന്ന അലക്സാണ്ട്രിയൻ വിശേഷണം സ്വീകരിക്കുകയും ക്രിസ്തുവിനെ പ്രസവിച്ചവൾ എന്ന അന്ത്യോക്യൻ നിലപാടിന്റെ വക്താവായ നെസ്തോറിനെ നിരാകരിക്കുകയും ചെയ്തു. 200 പേർ സംബന്ധിച്ചു. നെസ്തോർ കൗൺസിലിനെ ബഹിഷ്കരിച്ചു. കൗൺസിലിൽ സംബന്ധിക്കുവാൻ വൈകിയെ

ത്തിയ അന്ത്യോഖ്യൻ സംഘം കൂറിലോസിനെയും മറ്റും സമാന്തര കൗൺസിൽ കൂടി മുടക്കി. ചക്രവർത്തി എല്ലാവരെയും തടവിലാക്കി. പിന്നീട് 433-ൽ അന്ത്യോഖ്യാ കൗൺസിൽ തീരുമാനത്തെ അംഗീകരിച്ചു.

അലക്സാണ്ട്രിയാ-അന്ത്യോഖ്യൻ ദൈവശാസ്ത്രങ്ങൾ തമ്മിൽ വീണ്ടും 448-ലെ ഒരു പ്രാദേശിക കൗൺസിലിൽ പ്രത്യക്ഷപ്പെട്ടു. ഇത് പരിഹരിക്കുവാൻ 449-ൽ എഫേസൂസിൽ തേവോദോസ്യോസ് II ചക്രവർത്തി വീണ്ടും കൗൺസിൽ വിളിച്ചു. കൂറിലോസിന്റെ പിൻഗാമി ദീയസ്കോറോസ് ആധ്യക്ഷ്യം വഹിച്ചു. ഏതാണ്ട് 130 പേർ പങ്കെടുത്തു. യൂത്തിക്കോസിനെ കുറ്റവിമുക്തനാക്കി. അലക്സാണ്ട്രിയൻ നിലപാടുകൾ കൗൺസിൽ ഉറപ്പിച്ചു. പാപ്പ അയച്ച ഒരു അനുരഞ്ജന നിർദ്ദേശം കൗൺസിൽ പരിഗണിക്കാഞ്ഞതിനാൽ അദ്ദേഹം ഈ കൗൺസിലിനെ 'കള്ളന്മാരുടെ സമ്മേളനം' എന്ന് വിളിച്ചു.

എബ്രായ ഭാഷ: ശേമ്യ കുലത്തിൽ വടക്കുപടിഞ്ഞാറൻ ഗണത്തിൽ കനാനിലെ ഭാഷ (ഏശ. 19:18). പഴയനിയമഭാഗങ്ങൾ ഭൂരിപക്ഷവും എബ്രായഭാഷയിൽ എഴുതപ്പെട്ടു. ചില ഭാഗങ്ങൾ മാത്രം അരമായ ഭാഷയിൽ. ഫിനിഷ്യൻ ലിപി ആദ്യം ഉപയോഗിച്ചു. വലത്ത് നിന്ന് ഇടത്തോട്ട് എഴുതുന്നു. പിന്നീട് അരമായ ലിപി പ്രചാരത്തിലായി. 22 അക്ഷരങ്ങൾ. വ്യഞ്ജനങ്ങൾ എഴുതും. പല ഉച്ചാരണഭേദങ്ങൾ. പദ്യ-ഗദ്യ വിഭാഗങ്ങൾ ഉണ്ട്. പ്രാസ പ്രധാനം. പദസമ്പത്ത് കുറവാണ്. വിചിത്രശൈലികളും പദപ്രയോഗങ്ങളും ഈ ഭാഷയിലുണ്ട്. ഇന്ന് മൃതഭാഷയാണ്.

എബ്രായക്കാർ: ഏബേരിന്റെ പിന്തുടർച്ച മൂലമെന്നും ഏബേർ (മറുകര) എന്ന അർത്ഥം മൂലമെന്നും രണ്ടു പക്ഷം. പൊതുവെ യിസ്രായേൽ എന്നറിയപ്പെടുന്നു. എബ്രായ സംസാരിക്കുന്നവർ എന്ന് താല്പര്യം.

എമനേഷൻ സിദ്ധാന്തം: പ്രപഞ്ചോല്പത്തി. ഒരു മൂല സ്രോതസ്സിൽ നിന്ന് വികിരണം പ്രാപിച്ച് വസ്തുക്കൾ ഉണ്ടായി. ബാബിലോണിയൻ, ഈജിപ്ഷ്യൻ, യവനായ, ജ്ഞാനമത പാരമ്പര്യങ്ങളുടെ നിലപാടാണിത്.

എം. എ. എഫ്.: '*വിവാഹ സഹായ ഫൗണ്ടേഷൻ*' എന്ന ശീർഷകം കാണുക.

എം. ജി. എം. അസോസ്യേഷൻ: ആർത്താറ്റ് കുന്നംകുളം ഇടവകയിൽ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ (പരുമല സെമിനാരിയും കോട്ടയം എം. ഡി. സെമിനാരിയും സ്ഥാപിച്ച ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ) സ്ഥാപിച്ച യാക്കോബായ സഭാ അഭിവർദ്ധിനീ സംഘം, പരുമല മാർ ഗ്രീഗോറിയോസ് കാലംചെയ്തതിനെ തുടർന്ന് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ അസോസ്യേഷൻ (എം. ജി. എം.

എ.) എന്ന പേർ 1904 മുതൽ സ്വീകരിച്ചു. മഹാഇടവകയിലെ സണ്ടേസ്കൂളുകൾ, സുവിശേഷവേല, കൺവെൻഷൻ, ചാരിറ്റി പ്രവർത്തനം തുടങ്ങിയവ നിർവഹിച്ചുപോന്നത് ഈ സംഘടനയാണ്. അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോഴും സജീവമാണ്. പരുമല പിതാവിന്റെ നാമത്തിൽ മലങ്കര സഭയിൽ ആദ്യമായി ഉണ്ടായ ഈ സംഘടനയ്ക്ക് പേരിട്ടത് പുലിക്കോട്ടിൽ തിരുമേനിയാണ്.

എം. ജി. എഫ്.: മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ എന്നതിന്റെ ചുരുക്കപ്പേര്. 1992-ൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ സ്ഥാപിച്ചു. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ രചനകളുടെ സമാഹരണവും പ്രസിദ്ധീകരണവും ലക്ഷ്യം. വിദ്യാഭ്യാസ, ചികിത്സാ സഹായങ്ങളും ഫൗണ്ടേഷൻ നൽകുന്നുണ്ട്.

എം. ഡി. സെമിനാരി: കോട്ടയത്ത് ബസേലിയോസ് കോളജ്, എം. ഡി. സെമിനാരി ഹൈസ്കൂൾ, എം. ഡി. സെമിനാരി, മലയാള മനോരമ, ഏലിയാ കത്തീഡ്രൽ, എം. ഡി. കൊമേഴ്സ്യൽ സെന്റർ എന്നിവ സ്ഥിതി ചെയ്യുന്ന ഇരുപത്തിരണ്ട് ഏക്കർ വിസ്തൃതിയുള്ള ഈ സ്ഥലം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കരസഭയ്ക്കുവേണ്ടി സമ്പാദിച്ച് കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഒന്നാമന്റെ സ്മാരകമായി ഒരു പുതിയ സെമിനാരി പണിയിച്ചു. കത്തോലിക്കാ സഭയിലെ നിധീരി മാണിക്കത്തനാരുമൊന്നിച്ച് സഭൈക്യം മുൻനിർത്തി അദ്ദേഹം സ്ഥാപിച്ച ജാതൈ്യക്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ വാങ്ങിയ സ്ഥലം. പോപ്പിന്റെ കല്പനപ്രകാരം മാണിക്കത്തനാർ പ്രസ്ഥാനത്തിൽനിന്ന് പിന്മാറിയതിനെത്തുടർന്ന് അദ്ദേഹത്തിന്റെ അവകാശങ്ങൾ കൊടുത്തുതീർത്ത് 1888-ൽ സഭയുടെ സ്വന്തമാക്കി എം. ഡി. സെമിനാരി പണിയിക്കുകയായിരുന്നു. പിന്നീട് അദ്ദേഹം തന്നെ 1893-ൽ അവിടെ എം. ഡി. ഹൈസ്കൂളും സ്ഥാപിച്ചു. പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം മുടങ്ങിയ ഘട്ടങ്ങളിൽ എം. ഡി. സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നിർബാധം നടത്തി. അദ്ദേഹം തന്നെയാണ് ഏലിയാ ചാപ്പലിന്റെയും സ്ഥാപകൻ. പല അസോസ്യേഷൻ യോഗങ്ങളും മെത്രാൻവാഴ്ചകളും നടന്ന ഈ പുണ്യഭൂമിയിൽ വച്ചാണ് കാതോലിക്കാ - മാർപാപ്പാ കൂടിക്കാഴ്ച നടന്നത്. പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗിക കത്തീഡ്രൽ ആണ് ഏലിയാ കത്തീഡ്രൽ.

എലിസബേത്ത്: ദൈവം എന്റെ പ്രതിജ്ഞ എന്നർത്ഥം. യോഹന്നാൻ സ്നാപകന്റെ മാതാവ്. സഖറിയാ പുരോഹിതന്റെ ഭാര്യ. പുരോഹിത കുടുംബാംഗം. കന്യകമറിയാമ്മിന്റെ ചാർച്ചക്കാരി. 'കർത്താവിന്റെ അമ്മ' എന്ന് മറിയാമ്മിനെ സംബോധന ചെയ്തു. എളിച്ചി, എളച്ചാർ, അച്ചാമ്മ, എൽസി,

ഏലിയാമ്മ, ലിസി, ലൈസ, എൽസാ തുടങ്ങിയ കേരളീയ നാമങ്ങൾ ഇതിന്റെ രൂപപരിണാമങ്ങൾ ആണ്.

എൽവീറാ കൗൺസിൽ: എ. ഡി. 306 കാലത്തെ മതപീഡനം കഴിഞ്ഞ് സ്പെയിനിൽ കൂടിയ കൗൺസിൽ. 81 കാനോൻ അംഗീകരിച്ചു. ശിക്ഷണനിയമങ്ങൾ ആണ് അധികവും. നടപടിദോഷങ്ങൾക്ക് വൈദികരെ മുടക്കുവാനുള്ള നിയമങ്ങളും അതിലുണ്ട്.

എസ്. സി. എം.: സ്റ്റുഡന്റ് ക്രിസ്ത്യൻ മൂവ്മെന്റ്. വേൾഡ് സ്റ്റുഡന്റ് ക്രിസ്ത്യൻ ഫെഡറേഷൻ ആണ് ആഗോള സംഘടന. ആസ്ഥാനം ജനീവ. 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കേംബ്രിഡ്ജിലും മറ്റുമുള്ള വിദ്യാർത്ഥി സംഘടനകളെ ഇതിന്റെ കീഴിൽ കോർത്തിണക്കി. മിഷണറിമാരാവാൻ പ്രചോദനം നൽകുന്ന സ്റ്റുഡന്റ് വോളന്ററി മൂവ്മെന്റ് ഇതിന്റെ ഘടകം. ലണ്ടനിലെ എസ്.സി.എം. പ്രസ് വില കുറച്ച് പുസ്തകങ്ങൾ നൽകുന്നു.

എവുക്കാറസ്തീയ: വി. കുർബാന. വിശുദ്ധ കുർബാനയുടെ ഗ്രീക്കു സംജ്ഞ. '*കുർബാന*' എന്ന ശീർഷകം കാണുക.

എവുത്തിക്കൂസ് (357-454): കോൺസ്റ്റാന്റിനോപ്പിളിലെ ഒരു ആശ്രമാദ്ധ്യക്ഷൻ. അലക്സാണ്ട്രിയ ദൈവശാസ്ത്ര പാരമ്പര്യത്തെ പിന്താങ്ങി. 448-ൽ കോൺസ്റ്റാന്റിനോപ്പിളിൽ ഫ്ളേവിയന്റെ അദ്ധ്യക്ഷതയിൽ കൂടിയ സിനഡ് ഇദ്ദേഹത്തെ ശപിച്ചു. 449-ലെ എഫേസോസ് സിനഡ് അദ്ദേഹത്തെ കുറ്റവിമുക്തനാക്കി.

എസ്. എ. എഫ്.: '*സിക്ക് എയ്ഡ് ഫൗണ്ടേഷൻ*' എന്ന ശീർഷകം കാണുക.

എസ്തപ്പാൻ: സ്തേപ്പാനോസ് പരിണമിച്ച ഒരു കേരളീയ ക്രൈസ്തവനാമം.

എസ്തേപ്പാനോസ്: സ്തേഫാനോസിന്റെ സുറിയാനി രൂപം.

എസ്തൂനോയോ: തൂൺ തപസ്വി എന്നർത്ഥം. ശെമവൂൻ ദെസ്തുനി ഈ വിഭാഗത്തിൽപ്പെട്ട സന്യാസവര്യൻ. '*ശെമവൂൻ ദെസ്തുനി*' എന്ന ശീർഷകം കാണുക.

എസ്ത്രംഗേലി: സുറിയാനിഭാഷയുടെ അലങ്കാരശൈലിയിലുള്ള ഒരു ലിപി സമ്പ്രദായം.

എസ്ഥേർ: ഹദസ്സെ (വെളുത്ത പുഷ്പമുള്ള ഒരു ചെടിയുടെ പേർ) പേർഷ്യൻ രാജ്ഞി. പേർഷ്യനിൽ നക്ഷത്രം എന്നർത്ഥമായ സ്ഥാറാ (star) ബാബിലോണിയൻ ദേവത ഇഷ്ത്താർ എന്നീ പേരുകളുമായി ബന്ധമുണ്ട്.

ശൂശൻ രാജധാനിയിലെ മൊർദ്ദേഖായിയുടെ (ചിറ്റപ്പൻ) വളർത്തു പുത്രി. അഹശ്വരേശ് രാജാവ് വസ്ഥി റാണിയെ ഉപേക്ഷിച്ച് പട്ടമഹിഷിയായി എസ്തേറിനെ സ്വീകരിച്ചു. ഈ രാജ്ഞിയാണ് ബൈബിളിലെ 'എസ്തേർ' പുസ്തകത്തിലെ ചരിത്ര നായിക. ഇവൾ മൂലം യഹൂദർ വംശനാശത്തിൽ നിന്ന് രക്ഷപ്പെട്ടു. 'പുരീം' പെരുനാളിന്റെ ഉത്ഭവം അതാണ്. എസ്ഥേറിന്റെ അനുബന്ധം എന്ന രചന കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭകളും സ്വീകരിച്ചിട്ടുണ്ട്.

എസ്സീന്യർ: ക്രിസ്തുവിന് മുമ്പ് ചാവുകടൽ തീരത്ത് സമൂഹമായി നിഷ്ഠകളോടെ ജീവിച്ച യഹൂദ സന്യാസവിഭാഗം. ജോസീഫസ്, ഫിലോ, പ്ലീനി എന്നിവർ ഇവരെ പരാമർശിക്കുന്നു. ചാവുകടൽച്ചുരുളുകൾ ഇവരുടെ കൈയെഴുത്തു ഗ്രന്ഥങ്ങൾ ആണ്. സമ്പാദ്യം പങ്കുവെച്ചു. ശബത്ത് തുടങ്ങിയ കല്പനകൾ കഠിനമായി ആചരിച്ചു. ലളിതജീവിതം, വെള്ളവസ്ത്രം, സ്നാനം, സമൂഹഭക്ഷണം, സൂര്യനമസ്കാരം ഇവ പ്രത്യേകതകൾ. രണ്ടു വർഷങ്ങൾക്കു ശേഷം മാത്രം പൂർണ്ണ അംഗത്വം. കർശനമായ അച്ചടക്കവ്യവസ്ഥകൾ. ക്രിസ്തുസഭയെ സ്വാധീനിച്ചിട്ടുണ്ട്.

എഴുന്നെള്ളിപ്പ്: '*പ്രദക്ഷിണം*' എന്ന ശീർഷകം കാണുക.

എഴുന്നെള്ളുക: രാജാക്കന്മാരുടെയും പ്രധാന പുരോഹിതന്മാരുടെയും ആഗമനത്തെക്കുറിക്കുന്ന ഫ്യൂഡൽ പദം. ആഘോഷമായി കുർബ്ബാന വിശ്വാസികൾക്ക് നൽകുവാൻ പടിഞ്ഞാറോട്ട് കൊണ്ടുവരുന്നതിനെയും എഴുന്നെള്ളിക്കുക എന്ന് പറയും. മലയാളഭാഷയിൽ രൂപപ്പെട്ട ഉപചാരപദങ്ങളിൽപ്പെടുന്നു.

എഴുപത്തിരണ്ട് അറിയിപ്പുകാർ: എഴുപതുപേരെ തെരഞ്ഞെടുത്ത് അവരെ ഈരണ്ട് പേരായി ഗ്രാമങ്ങളിലേക്ക് യേശു നിയോഗിച്ചു. അവരുടെ സന്ദേശം, പെരുമാറ്റം, നടപടികൾ എന്നിവയെക്കുറിച്ച് സ്പഷ്ടമായ നിർദ്ദേശങ്ങളും നൽകിയിരുന്നു. 'അരുളീനാഥൻ ഏവം' (ക്രൊലഹൂൻ മോറാൻ..) എന്ന സുറിയാനിഗാനം അതിന്റെ വർണ്ണനയാണ്. അറിയിപ്പിന്റെ സുവിശേഷം രചിച്ച മാർക്കോസ്, ലൂക്കോസ് എന്നിവരെ ഉൾപ്പെടുത്തിയാണ് സംഖ്യ 72 എന്ന് അറിയപ്പെട്ടത്. 72 അറിയിപ്പുകാർ ആകുന്ന തൂണുകളിന്മേൽ സഭ പണിയപ്പെട്ടതായി ഒരു സുറിയാനി ഗാനത്തിൽ (അൽ ശെമവൂൻ കീപ്പോ ബനിയോനോ...) വിവരിക്കുന്നുണ്ട്. മാറി, ആദായി തുടങ്ങിയവർ അറിയിപ്പുകാരുടെ സംഘത്തിൽപ്പെടുന്നു.

എഴുപത്തിരണ്ട് പദവികൾ: ഒന്നാം ചേരസാമ്രാജ്യത്തിന്റെ കാലത്ത് എ. ഡി. മൂന്നാം നൂറ്റാണ്ടിൽ വീരരാഘവ ചക്രവർത്തി ഇരവികൊത്തൻ (ഇരവികൊർത്തൻ?) എന്ന ക്രൈസ്തവ നേതാവിന് നൽകിയ ചെപ്പേടിൽ

(സ്ഥാണു രവിവർമ്മ കൊല്ലം തരീസാപ്പള്ളിക്ക് നൽകിയ ചെപ്പേടിലും) കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് 72 പദവികൾ നൽകുന്ന തായി പ്രഖ്യാപിച്ചിട്ടുണ്ട്. വിദേശ വാണിജ്യത്തിലൂടെ ധനസമൃദ്ധി കൈവ രിക്കത്തക്കവിധം കൊടുങ്ങല്ലൂർ, കൊല്ലം തുറമുഖങ്ങളും തുറമുഖനഗര ങ്ങളും സംവിധാനം ചെയ്തതിന്റെ അംഗീകാരമാണീ ചെപ്പേടുകളും അവ യിൽ രേഖപ്പെടുത്തിയ പദവികളും. സുറിയാനിക്രിസ്ത്യാനികൾക്ക് അക്കാ ലത്ത് കേരളീയ സമുദായങ്ങളിൽ രാജകീയാനുമതിയോടെ ലഭിച്ചിരുന്ന അംഗീകാരവും ബഹുമതിയും ഈ പദവികളിൽ വ്യക്തമാക്കുന്നു. താഴെ പ്പറയുന്നവയാണ് പദവികൾ:

1. അടിമ. 2. അൻമൂലം. 3. അറപ്പുര. 4. ആനമേൽ നീർമണ്ണ്. 5. ആർപ്പ്. 6. ആലവട്ടം. 7. ഇടുപടി. 8. ഉച്ചിപ്പൂവ്. 9. എടംപിരി ശംഖ്. 10. കച്ച. 11. കച്ച പ്പുറം. 12. കനകമുടി. 13. കാൽച്ചിലമ്പ്. 14. കുതിരസവാരി. 15. കുഴൽ. 16. കൈത്തള. 17. കൊടി. 18. ചണ്ണമേൽക്കട്ടി. 19. ചെങ്കൊമ്പ്. 20. ചെല്ലി. 21. തകിൽ. 22. തണ്ട്. 23. തഴ. 24. തീങ്ങലക്കറ്റൽ. 25. തൂക്കുമണ്വം. 26. തൊങ്ങൽ. 27. തോൾവള. 28. നഗരതോരണം. 29. നടയും നടത്തും. 30. നന്താവിളക്ക്. 31. നാങ്കുടി പരിഷയ്ക്കുടമ. 32. നായാട്ടുഭോഗം. 33. നാല് വായ്ക്കുരവ. 34. നെടിയകുട. 35. നെട്ടൂർപ്പെട്ടി. 36. നെറ്റിപ്പട്ടം. 37. നേർവാൾ. 38. പകൽവിളക്ക്. 39. പഞ്ചവട്ടം. 40. പഞ്ചവർണ്ണക്കുട. 41. പഞ്ചവാദ്യം. 42. പട്ടു മുണ്ട്. 42. പട്ടു ചട്ട. 44. പട്ടു റൂമാൽ. 45. പണിപ്പുടവ. 46. പതക്കം. 47. പന്തൽവിതാനം. 48. പരവതാനി. 49. പതിനേഴു പരിഷയ്ക്കുടമ. 50. പല്ലക്ക്. 51. പാവാട. 52. മണക്കോലം. 53. മദ്ദളം. 54. മുടിക്കീഴാഭരണം. 55. മുൻകൈ. 56. മുൻകൈയിൽ പതക്കം. 57. മുൻചൊല്ല്. 58. മുൻമൂലം. 59. മുരച്. 60. മെതിയടി. 61. രാജഭോഗം. 62. രാജസമക്ഷം ഇരിപ്പ്. 63. വലംപി രിശംഖ്. 64. വിരിപന്തൽ. 65. വീണ. 66. വീരമദ്ദളം (പെരുമ്പറ). 67. വീര ശൃംഖല. 68. വീരത്തണ്ട്. 69. വീരവാദ്യം. 70. വെഞ്ചാമരം. 71. ശംഖ്. 72. ഹസ്തകടകം.

വിവാഹം, പെരുന്നാളാഘോഷം, പ്രദക്ഷിണം, വ്യാപാരം, നിത്യജീ വിതം, യുദ്ധം, പുരോഹിതസ്ഥാനികൾക്ക് സ്വീകരണം തുടങ്ങിയ ആഘോ ഷവേളകളിൽ മിക്ക പദവികളും ഇന്നും ഉപയോഗിച്ചു വരുന്നു. ചില പദ വികൾക്ക് പാഠഭേദങ്ങൾ ഉണ്ട്.

ഏ

ഏ. ആർ. പി. പ്രസ്: '*അക്ഷരരത്നപ്രകാശിക*' കാണുക.

ഏക പരിശുദ്ധൻ: മാർത്തോമ്മാശ്ലീഹാ ഇന്ത്യൻ സഭയ്ക്ക് ഏക പരിശുദ്ധൻ. അതത് പള്ളിയുടെ മധ്യസ്ഥൻ അതത് പള്ളിയുടെ ഏക പരിശുദ്ധൻ എന്ന് പറയും. ആ പള്ളിയിൽ കുക്കിലിയോനുകളിൽ ആ പരിശുദ്ധന്റെ പേരിന് പ്രഥമ പരിഗണന നൽകും.

ഏകസ്വഭാവ വാദം: മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ ദൈവികസ്വഭാവം മാത്രമേ ഉള്ളൂ എന്ന് ഈ വാദം പഠിപ്പിക്കുന്നു. അപ്പോളിനാറിയസ്, യൂത്തിക്കൂസ് എന്നിവരെ ഈ വാദക്കാരെന്ന് മോണോഫിസൈറ്റ്സ് പറയും. കാൽസിഡോൺ സിനഡ് അംഗീകരിക്കാത്തവരെ ഈ പദം ഉപയോഗിച്ച് വിശേഷിപ്പിക്കുന്നത് തെറ്റാണ്. രണ്ടു സ്വഭാവങ്ങളും യോജിച്ച ഏക സ്വഭാവമാണ് ക്രിസ്തുവിൽ എന്നാണ് ഇവർ പഠിപ്പിച്ചത്. ആ വിശ്വാസക്കാരെ മിയാഫിസൈറ്റ്സ് എന്നാണ് പറയാവുന്നത്. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കാൽസിഡോൺ സിനഡിനെ എതിർക്കുന്നത് ക്രിസ്തുവിൽ മനുഷ്യസ്വഭാവം ഇല്ല എന്ന അർത്ഥത്തിലല്ല. പ്രത്യുത രണ്ട് സ്വഭാവവും അവിഭാജ്യമായി യോജിച്ചു എന്ന അർത്ഥത്തിലാണ്.

ഏദൻതോട്ടം: കിഴക്ക് ഏദനിൽ തോട്ടം. സുമേറിയൻ ഭാഷയിൽ സമതലം എന്നർത്ഥം. പറുദീസാ എന്ന പേർഷ്യൻ പദത്തിന്റെ പര്യായം. പീശോൻ, ഗീഹോൻ, ഹിദ്ദേക്കൻ, ഫ്രാത്ത് എന്നീ നദികളെ പുറപ്പെടുവിക്കുന്നു. ആദം-ഹവ്വാമാരുടെ ആദ്യ നിവാസഭൂമി. ഭൂമിശാസ്ത്രപരമായ ഏദൻ അജ്ഞാതം. അതിന്റെ ദൈവശാസ്ത്രപരമായ ആശയം പ്രധാനം.

ഏദോം: ഏശാവ് ഈ പേരിൽ (ചുവന്നവൻ) അറിയപ്പെടുന്നു. ചുവന്ന പായസത്തിന്റെ പേരിൽ. ഹോര്യരുടെ നിവാസഭൂമി ഏദോം. ഏദോമ്യരുടെ പൂർവ്വപിതാവ് ഏശാവ്.

ഏദോമ്യർ: ഏശാവിന്റെ വംശപരമ്പര. യിസ്രായേല്യരുമായി പക. ശൗൽ ഇവരെ ജയിച്ചു. ദാവീദ് ഏദോമിൽ കാവൽപട്ടാളത്തെ നിർത്തി. ശലോമോൻ അവിടെ കപ്പൽപുരയുണ്ടാക്കി.

ഏഫോദ്: പുരോഹിതവസ്ത്രങ്ങളിലെ പഞ്ഞിനൂലങ്കി. നീല-ധൂമ്ര-ചുവപ്പ് നൂലുകൾ പൊന്ന് എന്നിവ കൊണ്ട് ഏഫോദ് നിർമ്മിക്കുന്നു (പുറ. 28:28-35:27). സാധാരണ ഏഫോദും മഹാപുരോഹിതന്മാരുടെ ഏഫോദും അലങ്കാരപ്പണിയിൽ വ്യത്യാസപ്പെട്ടിരിക്കും. 1. ശമു. 23:9-12 വരെ കാണുക. യഹോവയെ പ്രതിനിധാനം ചെയ്യുന്ന സ്വർണ്ണരൂപം (1 ശമു. 21:9), പൊന്ന് പൊതിഞ്ഞ വസ്ത്രം (ഏശാ. 30:22, 2 രാജാ. 23:7), യഹോവയുടെ പെട്ടകം (1 ശമു. 14:18), ഗൃഹബിംബം (ഹോശ. 3:4; ന്യായാ. 17:5; 18:14, 17, 18, 20) എന്നീ അർത്ഥങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്.

ഏനോനോ നുഹറോ ശാറീറോ: കോലോ ആയി ഉപയോഗിക്കുന്ന ഒരു സുറിയാനി ഗാനം. 8 രാഗഭേദങ്ങൾ ഉണ്ട്.

ഏനോ: ഞാൻ എന്നർത്ഥം. ഞാൻ എന്ന ഉത്തമപുരുഷ സർവ നാമത്തിന്റെ രൂപ നിഷ്പത്തി. എൻ, ഏൻ, യാൻ - ഞാൻ എന്ന് കേരള പാണിനി. ഏനോ എന്ന സെമിറ്റിക് ഭാഷാപദമാകാം അടിസ്ഥാനരൂപം.

ഏബ്രഹാം, കെ. സി. (1899-1986): 1899 ജനു. 20 ന് അയ്യമ്പിള്ളി മാനപ്പിള്ള വീട്ടിൽ കൊച്ചക്കൻ ചാക്കോയുടെ പുത്രനായി ജനിച്ചു. ചെറായി രാമവർമ്മ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ. ഞാറയ്ക്കൽ നിന്ന് 1957, 1960, 1965 കളിൽ എം. എൽ. എ. ആയി. കെ. പി. സി. സി. ഉപാധ്യക്ഷനും പിന്നീട് അധ്യക്ഷനും ആയി. 1969-ൽ കോൺഗ്രസ് പ്രവർത്തകസമിതിയിൽ അംഗം. 1977 -ൽ ആന്ധ്രാ ഗവർണ്ണർ. 1986 മാർച്ച് 13 ന് നിര്യാതനായി.

ഏബ്രഹാം, എൻ. എം. (1905-1980): കോട്ടയം ഒളശ്ശ നാലാത്ര എൻ. ഐ. മാത്യു-ഏലിയാമ്മ ദമ്പതികളുടെ പുത്രൻ. 1905 ഏപ്രിൽ 5 ന് ജനനം. ആലുവാ യു. സി. കോളജിൽ നിന്ന് ബിരുദം. കോളജിന്റെ സഞ്ചാര സിക്രട്ടറിയായി ഇന്ത്യ, സിലോൺ, ബർമ്മ എന്നിവിടങ്ങളിൽ പര്യടനം നടത്തി. അദ്ധ്യാപകൻ, മലയാള മനോരമയുടെ അസിസ്റ്റന്റ് മാനേജർ, സീനിയർ അസിസ്റ്റന്റ് എഡിറ്റർ, ലീഡർ റൈറ്റർ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു. ആലുവ ഫെലോഷിപ്പ് ഹൗസ്, മഹിളാലയം, തടാകം എന്നിവിടങ്ങളിൽ പ്രവർത്തനം. ഓർത്തഡോക്സ് - മാർത്തോമ്മാ അനൗദ്യോഗിക ഡയലോഗിന്റെ സെക്രട്ടറി. 1946-ൽ കോട്ടയത്തു നിന്ന് ആരംഭിച്ച ചർച്ച് വീക്കിലിയുടെ സ്ഥാപക എഡിറ്റർ. മലങ്കരസഭയിലെ കക്ഷിവഴക്കുകൾ അവസാനിക്കുവാനും സഭാ സമാധാനത്തിനുമായി ഏറെ പ്രവർത്തിക്കുകയും എഴുതുകയും ചെയ്തു. 1980 ഫെബ്രു. 8 ന് നിര്യാതനായി.

ഏബ്രഹാം കോറെപ്പിസ്ക്കോപ്പാ, ടി. എസ്. (1896-1984): മലങ്കര സഭാ വൈദികട്രസ്റ്റി. അയിരൂർ തെങ്ങുംതോട്ടത്തിൽ കുടുംബാംഗം. എം. ജി. എം. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ. ബോംബെ, അയിരൂർ മതാപ്പാറ

ഇടവകകളിൽ പ്രവർത്തിച്ചു. പ. വട്ടശ്ശേരിൽ പിതാവിന്റെ പ്രശ്നസങ്കീർ ണ്ണമായ കാലത്ത് മലങ്കര മെത്രാപ്പോലീത്തായ്ക്ക് പിന്തുണയേകി. 1984 ഒക്ടോ. 30-ന് അന്തരിച്ചു.

ഏബ്രഹാം, ഫാ. ഡോ. വി. എം.: വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി. തുമ്പമൺ ഏറം മാത്തൂർ വടുതല വീട്ടിൽ പി. എ. മാത്യൂസിന്റെ പുത്രൻ. സെറാമ്പൂരിൽ നിന്നു ബി. ഡി. യും ചിക്കാഗോയിൽ നിന്നും ഡോക്ടറേറ്റും ലഭിച്ചു. അവിവാഹിതൻ. വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ശതാബ്ദിക്കു ചുക്കാൻ പിടിക്കുന്നു. നല്ല പ്രസംഗകനും സംഘാടകനും.

ഏമോദ് കീസോ: പല ആരാധനകളിലും പ്രാരംഭപ്രാർത്ഥനയും 51-ാം സങ്കീർത്തനവും കഴിഞ്ഞ് പാടുന്ന ഒരു പാട്ടിന്റെ പേർ.

ഏലിയാ കത്തീഡ്രൽ (കോട്ടയം): പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗിക കത്തീഡ്രൽ. പരുമല മാർ ഗ്രിഗോറിയോസിന്റെ വഴിപാട് ആദരിച്ച് താൻ പണിയിച്ച ഈ ദേവാലയം പുലിക്കോട്ടിൽ മാർ ദീവ ന്നാസ്യോസ് II മാർ ഏലിയാ പ്രവാചകന്റെ നാമത്തിൽ പ്രതിഷ്ഠിച്ചു. പല ചരിത്ര സംഭവങ്ങൾക്കും ഏലിയാ ചാപ്പൽ വേദിയായിട്ടുണ്ട്. മാത്യൂസ് പ്രഥമൻ ബാവാ, ജോൺ പോൾ II മാർപ്പാപ്പായെ ഇവിടെ വച്ച് സ്വീകരിച്ചു. നിരവധി അസോസ്യേഷൻ യോഗങ്ങളും രണ്ടു തവണ കാതോലിക്കാ സിംഹാസനാരോഹണവും ഇവിടെ നടന്നു. 1953-ലെ അഞ്ചു മെത്രാന്മാ രുടെ സ്ഥാനാഭിഷേകം, 1964-ൽ പ. ഔഗേൻ ബാവായുടെ വാഴ്ച എന്നിവ ഇവിടെ വച്ചായിരുന്നു.

ഏലിയാസ് പ്രഥമൻ പാത്രിയർക്കീസ്: എ. ഡി. 709-ൽ പാത്രിയർ ക്കീസായി. 724-ൽ കാലം ചെയ്തു.

ഏലിയാസ് II പാത്രിയർക്കീസ്: 1838-ൽ പാത്രിയർക്കീസായി. 1842-ൽ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് ഇദ്ദേഹത്തിൽ നിന്ന് സ്ഥാനമേറ്റതായി അവകാശപ്പെട്ടു. രേഖയൊന്നുമില്ല. മാർ യൂയാക്കീം കൂറിലോസിനെ മലങ്കരയിലേക്കയച്ചതിദ്ദേഹമാണ്. 1847-ൽ അന്തരിച്ചു.

ഏലിയാസ് III പാത്രിയർക്കീസ്: 1867-ൽ ജനിച്ചു. 1917 ഫെബ്രു. 25-ന് പാത്രിയർക്കീസായി. ബ്രിട്ടീഷ് വൈസ്രോയി ഇർവ്വിൻ പ്രഭുവിന്റെ ക്ഷണപ്രകാരം സമാധാനമുണ്ടാക്കുവാൻ അദ്ദേഹം 1931-ൽ മലങ്കരയി ലെത്തി. കാതോലിക്കേറ്റ് അംഗീകരിക്കുവാൻ മടിച്ചു. വട്ടശ്ശേരിൽ മെത്രാ ന്റെ മുടക്കുതീർത്ത് കല്പന കൊടുത്തു. പക്ഷേ, അത് വെളിച്ചം കണ്ടില്ല. വീണ്ടും മുടക്കുവാൻ നിഷ്ഫലമായി യത്നിച്ചു. ഏലിയാസ് യൂലിയോ സിനെ മലങ്കരയിലേയ്ക്കയച്ചത് ഇദ്ദേഹമാണ്. മലങ്കര സന്ദർശിച്ച നാലാ മത്തെ പാത്രിയർക്കീസ് 1934 ഫെബ്രു. 13-ന് മഞ്ഞനിക്കരയിൽ അന്തരിച്ച്

അവിടെ കബറടക്കപ്പെടുകയും ചെയ്തു.

ഏലീശാ: ദൈവം രക്ഷ എന്നർത്ഥം. ഏലിയാ പ്രവാചകന്റെ ശിഷ്യൻ (1 രാജ. 19-19). ബി. സി. 850 മുതൽ 800 വരെ പ്രവർത്തിച്ചു. യേഹൂ, ജെഹോ, ആഹാസ്, ജോ ആഷ് എന്നീ രാജാക്കന്മാരെ അഭിഷേകം ചെയ്തു. അദ്ഭുതപ്രവർത്തകൻ. 2. രാജാ. 2:19-21; 4:18-37; 8:1-6; 5:1-14; 13:21 എന്നീ ഭാഗങ്ങൾ കാണുക.

ഏവൻഗേലിയോൻ: ഗ്രീക്കു പദം. സുവിശേഷം എന്ന് അർത്ഥം. പുതിയനിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങൾ. എല്ലാ കൂദാശ കൾക്കും പ്രത്യേക ശുശ്രൂഷകൾക്കും പെരുന്നാൾ - ഞായർ ദിനങ്ങളിൽ സന്ധ്യ - പ്രഭാത പ്രാർത്ഥനകൾക്കും കഷ്ടാനുഭവ ആഴ്ചയിൽ എല്ലാ യാമപ്രാർത്ഥനകൾക്കും പാതിരാത്രിയുടെ കൗമ്മാകൾക്കും ഏവൻഗേലി യോൻ വായനയുണ്ട്. ഏവൻഗേലിയോൻ വായന കൃത്യമായി പറഞ്ഞാൽ പൂർണ്ണ ശെമ്മാശന്റെ കൃത്യമാണ്. നമ്മുടെ സഭയിൽ പതിവില്ലെങ്കിലും പൂർണ്ണശെമ്മാശന്റെ പട്ടംകൊടയിൽ സ്ഥാനചിഹ്നമായി ഏവൻഗേലി യോൻ കൊടുക്കുവാൻ മൂലഭാഷയിൽ നിർദ്ദേശമുണ്ടായിരുന്നു. സഭയിൽ പരസ്യമായി ഏവൻഗേലിയോൻ വായിക്കാനുള്ള അനുവാദത്തിന്റെ ചിഹ്ന മാണത്. പക്ഷേ മുമ്പും പിമ്പുമുള്ള റൂശ്മാകൾ നടത്തുവാൻ ശെമ്മാശന് അനുവാദമില്ല. പല ഓർത്തഡോക്സ് സഭകളിലും ഏവൻഗേലിയോൻ വായിക്കുന്നത് ശെമ്മാശന്മാർ തന്നെ. അർക്കദിയാക്കോന്റെ വാഴ്ചക്രമ ത്തിൽ സ്ഥാനം സ്വീകരിച്ച ആർച്ച് ഡീക്കൺ ഏവൻഗേലിയോൻ വായി ക്കാൻ നിർദ്ദേശമുണ്ട്. സ്തേഫാനോസ് ശെമ്മാശന്റെ ഓർമ്മപ്പെരുന്നാളിൽ പൂർണ്ണശെമ്മാശന്മാർ ഏവൻഗേലിയോൻ വായിച്ചിരുന്നതായി പൂർവ്വികർ പറഞ്ഞു കേട്ടിട്ടുണ്ട്.

ഏവൻഗേലിയോൻ പീഠം: ത്രോണോസ്, അവതരിച്ച വചനം തമ്പുരാന്റെ സിംഹാസനം. ഏവൻഗേലിയോൻ മേശ അരുളിച്ചെയ്ത വചനം തമ്പുരാന്റെ സിംഹാസനം. രണ്ടും കുരിശടയാളമുള്ള അലങ്കാര വസ്ത്രങ്ങൾ കൊണ്ട് അണിയിച്ചൊരുക്കും. ഏവൻഗേലിയോൻ വായന, പ്രസംഗം എന്നീ സമയങ്ങളിൽ മദ്ബഹായുടെ മധ്യത്തിൽ വയ്ക്കും. ആദ്യം ത്രോണോസിനും പിന്നീട് ഏവൻഗേലിയോൻ പീഠത്തിനും ധൂപം വീശണം. കശ്ശീശായുടെ സ്ഥാനചിഹ്നങ്ങളിൽ ഒന്ന് ഏവൻഗേലിയോൻ ആണ്. പ്രസംഗിക്കുവാനുള്ള നൽവരത്തിന്റെ അടയാളം. തന്മൂലം പ്രസംഗ പീഠത്തിൽ നിന്ന് പ്രസംഗിക്കുവാൻ കശ്ശീശായേക്കാൾ കുറഞ്ഞ വൈദി കസ്ഥാനിയെ ഔദ്യോഗികമായി അനുവദിക്കാറില്ല. ത്രോണോസിന്റെ വടക്കുഭാഗത്ത് വയ്ക്കുന്നതാണ് അഭികാമ്യം. ഹാശാ ആഴ്ചയിൽ ഇത് നമസ്ക്കാരമേശയോട് ചേർത്ത് വയ്ക്കും. ഏവൻഗേലിയോൻ മാത്രമേ

മദ്ബഹായിൽ നിന്ന് വായിക്കാറുള്ളൂ. ശ്ലീഹാവായനയും പഴയനിയമവായനയും മദ്ബഹായുടെ പടികളിലും നമസ്ക്കാരമേശയിലും വച്ചു വായിക്കുന്നു. പുസ്തകങ്ങളുടെ ശ്രേഷ്ഠതയുടെ തരതമഭേദങ്ങൾ ഇത് മൂലം വ്യക്തമാക്കുന്നു. അഭിമുഖമായുള്ള ധൂപംവീശലും ശുശ്രൂഷക്കാരന്റെ ആഹ്വാനവും ഓർത്തഡോക്സ് ആരാധനയിൽ ഏവൻഗേലിയോനുള്ള അതുല്യസ്ഥാനം വ്യക്തമാക്കുന്നു.

ഏശായ: യഹോവ എന്റെ രക്ഷ എന്ന് അർത്ഥം. പ്രവാചകഗ്രന്ഥങ്ങളിൽ ഏറ്റവും ദൈർഘ്യം ഏറിയത്. വായനക്കാരൻ മഹത്വമുള്ള എന്ന വിശേഷണം ചേർത്ത് പ്രവാചകന്റെ പേർ പ്രഖ്യാപിക്കുന്നു. ആമോസ്, ഹോശേയായ്ക്ക് ശേഷമാണ് ഏശായയുടെ കാലം. മീഖാ സമകാലികൻ. ഊസിയ, യോഥാം, ആഹാസ്, ഹെസക്കിയാ രാജാക്കന്മാർ സമകാലീനർ. പിതാവ് ആമോസ്. ഒരു പ്രവാചികയായിരുന്നു ഭാര്യ. ഷിയർ യാഷ്ഥത്, മഹേർ – ശാലാൽഹാശ് – ബസ് എന്ന് രണ്ട് പുത്രന്മാർ (8:3). മനശ്ശെയുടെ കാലത്ത് അറുക്കവാളിനാൽ രക്തസാക്ഷി മരണം പ്രാപിച്ചതായി ഐതിഹ്യം (എബ്രാ. 11:37).

ഏശായായുടെ പുസ്തകം: പദപ്രയോഗം, ശൈലി, പ്രമേയം, വേദശാസ്ത്രചിന്ത എന്നിവയുടെ അടിസ്ഥാനത്തിൽ 1–39 വരെ അദ്ധ്യായങ്ങൾ ആദ്യത്തെ ഏശായ, 40–55 വരെ മറ്റൊരു ഏശായ എന്നിങ്ങനെ രണ്ടു പേർ രചിച്ചവ സമാഹരിച്ചതാണ് ഈ പുസ്തകമെന്ന് വേദപണ്ഡിതർ പറയുന്നു. 56 മുതൽ 66 വരെ അദ്ധ്യായങ്ങൾ രണ്ടാം ഏശായായുടെ ശിഷ്യൻ എഴുതി എന്നും അഭിപ്രായമുണ്ട്. ബി. സി. 539–ലെ ബാബിലോൺ പിടിച്ചടക്കലിന് മുമ്പുള്ള കാലമാണ് ആദ്യഭാഗത്തെ പ്രമേയം. ഏശായായുടെ കാലശേഷം രണ്ടു നൂറ്റാണ്ട് കഴിഞ്ഞുള്ള കാലഘട്ടമാണ് പിന്നീടുള്ള ഭാഗങ്ങളിൽ കാണുന്നത്.

ഏഴരപ്പള്ളികൾ: മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ചവയായി അറിയപ്പെടുന്ന പള്ളികൾ. 1. പാലൂർ, 2. കൊടുങ്ങല്ലൂർ. 3. ഗോക്കമംഗലം, 4. പറവൂർ, 5. നിരണം, 6. ചായൽ, 7. കൊല്ലം എന്നിവയാണ് ഏഴ് പള്ളികൾ. തിരുവിതാംകോട്, മലയാറ്റൂർ എന്നിവിടങ്ങൾ അരപ്പള്ളിസ്ഥാനം അവകാശപ്പെടുന്നു. പള്ളികളുടെ എണ്ണത്തിലും സ്ഥലത്തിലും വ്യത്യാസമുള്ള വേറെ ലിസ്റ്റുകളുമുണ്ട്. പോർത്തുഗീസുകാരുടെ വരവിന്ശേഷം സഭാചരിത്രം എഴുതിത്തുടങ്ങിയ കാലത്ത് പ്രാമാണ്യം ഉണ്ടായിരുന്ന പള്ളികൾ എന്നേ ഇവയെ ഗണിക്കാനാവൂ. വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച പള്ളികളും ഇതിൽ കാണുമായിരിക്കാം.

ഏഴ് കല്പനകൾ, സഭയുടെ: '*കല്പനകൾ, സഭയുടെ*' എന്ന ശീർഷകം കാണുക.

ഏഴ് സൽഗുണങ്ങൾ: വിനയം, ഔദാര്യം, ജിതേന്ദ്രിയത്വം, സൗമ്യത, മിതത്വം, സഹോദരസ്നേഹം, ജാഗ്രത.

ഏഴ് അനുതാപസങ്കീർത്തനങ്ങൾ: സങ്കീ. 6, 32, 38, 51, 102, 130, 143 എന്നിവ അനുതാപസങ്കീർത്തനങ്ങൾ എന്ന് അറിയപ്പെടുന്നു. നോമ്പു കാലത്തും കുമ്പസാരത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായും കൂദാശകളുടെ ഒരുക്കസമയത്തും ഉപയോഗിക്കുന്നു.

ഏഴ് കൂദാശകൾ: 12-ാം നൂറ്റാണ്ടു മുതൽ കൂദാശകൾ 7 എന്ന് റോമൻ സഭ. ട്രെൻഡ് കൗൺസിൽ ഔദ്യോഗികമായി അംഗീകരിച്ചു. പൗരസ്ത്യ സഭകളിൽ ചിലതും റോമ്മൻ സഭയുമായി ഇടക്കാലത്തുണ്ടായ വേഴ്ച മൂലം അതു സ്വീകരിക്കുന്നു. പോർത്തുഗീസുകാരുടെ വരവിന്ശേഷം മലങ്കരസഭയും ഏഴു കൂദാശകൾ എന്ന സങ്കല്പം വച്ചുപുലർത്തിയെങ്കിലും ഇപ്പോൾ, *കൂദാശക*ളെന്ന പ്രയോഗവും ഏഴു കൂദാശകൾ എന്ന സങ്കല്പവും പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്രത്തിന് നിരക്കുന്നതല്ല എന്നു മനസ്സിലാക്കി കൂദാശകൾ എന്നതിനു പകരം പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ള *വി. രഹസ്യങ്ങൾ* എന്ന് ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. മാമ്മൂദീസാ, സ്ഥിരീകരണം (മൂറോൻ), കുർബ്ബാന, കുമ്പസാരം, തൈലാഭിഷേകം (രോഗികളുടെ), പട്ടത്വം, വിവാഹം ഇവയെയാണ് റോമ്മൻ സഭ ഏഴു കൂദാശകളായി കണക്കാക്കുന്നത്.

ഏഴ് വ്യഥകൾ, കന്യകമറിയാമ്മിന്റെ: റോമ്മൻ കത്തോലിക്കാ സങ്കല്പം. 1. ശീമോന്റെ പ്രവചനത്തിൽ 2. മിസറേമിലേക്കുള്ള പലായനം. 3. ശിശുവിനെ കാണാതായപ്പോൾ. 4. കാൽവറിപാതയിൽ. 5. കുരിശിൽ നിന്നിറക്കുമ്പോൾ 6. കുരിശിന്റെ ചുവട്ടിൽ. 7. യേശുവിന്റെ ശവസംസ്ക്കാരത്തിൽ.

ഏഴ് സനാതന സുകൃതങ്ങൾ: 1. വിശ്വാസം. 2. പ്രത്യാശ. 3. സ്നേഹം. 4. നീതി. 5. വിവേകം. 6. ആത്മസംയമനം. 7. സഹിഷ്ണുത. ആദ്യത്തെ മൂന്ന് വേദശാസ്ത്രപരമായ സദ്ഗുണങ്ങൾ. ബാക്കിയുള്ളവ നാല് മൗലിക സുകൃതങ്ങൾ.

ഏഴ് മൊഴികൾ, ക്രൂശിലെ: 1. ലൂക്കോസ് 23:34; 2. ലൂക്കോസ് 23: 43; 3. യോഹ. 19:26; 4. മത്താ: 27:46; 5. യോഹ. 19:28; 6. യോഹ. 19:30; 7. ലൂക്കോ. 23:46.

ഏഴ് സഭകൾ: വെളി. 1:3. 1. എഫേസോസ്, 2. സ്മിർണ, 3. പെർഗാമം, 4. ഇയത്തൈര, 5. സർദ്ദീസ്, 6. ഫിലാഡൽഫിയ, 7. ലവോദിക്യ.

ഏഴ് ശുശ്രൂഷകന്മാർ: അപ്ര. 6:1-6. ഒരു പൂർണ്ണ മദ്ബഹായിലെ

ശുശ്രൂഷകരുടെ എണ്ണം ഏഴ് എന്ന് കാനോൻ നിജപ്പെടുത്തിയിട്ടുണ്ട്.

ഏഴ് മഹാപാപങ്ങൾ: 1. അഹങ്കാരം, 2. ദുർമ്മോഹം, 3. കാമാസക്തി, 4. അസൂയ, 5. അമിതാഹാരം, 6. കോപം, 7. അലസത.

ഏഴ് പരിശുദ്ധാത്മദാനങ്ങൾ: 1. വിജ്ഞാനം, 2. ധാരണാശക്തി, 3. പര്യാലോചന, 4. സഹിഷ്ണുത, 5. അറിവ്, 6. ഭക്തി, 7. ദൈവഭയം.

ഏഴ് ലിബറൽ ആർട്ട്സ്: മതേതര വിദ്യാഭ്യാസത്തിന് ഏഴ് വിഷയം. 1. വ്യാകരണം. 2. പ്രഭാഷണം. 3. തർക്കശാസ്ത്രം. 4. സംഗീതം. 5. കണക്ക്. 6. ക്ഷേത്രഗണിതം. 7. വാനശാസ്ത്രം. ഇത് കഴിഞ്ഞ് ദൈവശാസ്ത്ര അഭ്യസനം.

ഏറ്റുപറച്ചിൽ: ഏറ്റുപറച്ചിൽ രണ്ടുണ്ട്. 1. പാപങ്ങൾ ഏറ്റുപറയുക. 2. വിശ്വാസം ഏറ്റുപറയുക. മൗദ്യോനൂസോ എന്ന സുറിയാനി വാക്കിന്റെ അർത്ഥം ഇതാണ്. ഇതിൽ നിന്ന് മവദ പറയുക എന്ന ഒരു പ്രാചീന മലയാളശൈലി ഉണ്ടായിട്ടുണ്ട്. മൗദ്യോനെ എന്നാൽ ഏറ്റുപറയുന്നവർ എന്നർത്ഥം. കുമ്പസാരത്തിന് ഈ പദം നാം ഉപയോഗിക്കുന്നു. സൊഹദെഉ മൗദ്യോനെ (സാക്ഷികളും ഏറ്റുപറയുന്നവരും) സുറിയാനിയിൽ പലപ്പോഴും ഒന്നിച്ചുപയോഗിക്കുന്നു.

ഐ

ഐ. എൻ. ആർ. ഐ.: യേശുവിന്റെ ക്രൂശിന് മുകളിൽ എഴുതി വച്ച കുറ്റകൃത്യത്തിന്റെ ലത്തീൻപദങ്ങളുടെ ആരംഭാക്ഷരങ്ങൾ. വലിയ നോമ്പിൽ മധുരം ചേർക്കാതെ സുറിയാനി ക്രിസ്ത്യാനികൾ ഉണ്ടാക്കുന്ന ഇണ്ടേറി അപ്പത്തിലെ 'ഇണ്ടേറി' ഇൻറി എന്നതിന്റെ പരിണത രൂപ ഭേദമായി വ്യാഖ്യാനിക്കാറുണ്ട്.

ഐക്കൺ (1): ഗ്രീക്കുപദം. പ്രതിരൂപം എന്ന് അർത്ഥം. ദൈവസാന്നിധ്യം വെളിപ്പെടുത്തുന്ന ചിത്രകലയെ ഐക്കൺ എന്ന് പറയും. പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലും ബൈസന്റയിൻ പാരമ്പര്യത്തിലും ഇതിന് പ്രാധാന്യമേറും. പല ഓർത്തഡോക്സ് സഭയിലും ഐക്കൺ കൂദാശ എന്ന ഒരു ശുശ്രൂഷാക്രമമുണ്ട്. യൽദൊ മഫ്രിയാനയുടെ പള്ളിക്രമപ്പുസ്തകത്തിൽ 'കൂദൊശ് യുക്ക്നെ' എന്ന പേരിൽ ഐക്കൺ കൂദാശക്രമമുണ്ട്. കശീശായ്ക്ക് പട്ടമേല്ക്കുമ്പോൾ സ്ഥാന ചിഹ്നമായി ഐക്കൺ നൽകുവാൻ സുറിയാനി പട്ടംകൊട പുസ്തകത്തിൽ നിർദ്ദേശമുണ്ട്. സിറിയൻ പാരമ്പര്യത്തിൽ ഐക്കൺ ഇല്ല. നമ്മുടെ പല പഴയപള്ളികളിലും കാണുന്ന ചുമർചിത്രങ്ങളും മറ്റും സിറിയൻ ബന്ധത്തെയല്ല, മറ്റ് ദേശീയ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധത്തെയാണ് കാണിക്കുന്നത്. അംശവസ്ത്രങ്ങളിലും പള്ളിവിരിപ്പുകളിലും ഒക്കെ സിറിയൻ സഭയിലും ഇപ്പോൾ ഐക്കണുകൾ ഉപയോഗിക്കുന്നു. മേല്പട്ടക്കാർ ഐക്കൺ മാലയിൽ ഉപയോഗിക്കാറുണ്ട്.

പ്രത്യേകം തയാറാക്കുന്ന പലകയിൽ പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ ക്രൈസ്തവ ഭക്തരായ ചിത്രകാരന്മാർ ഐക്കൺ പെയിന്റ് ചെയ്തു തയാറാക്കുന്നു.

ഐക്കൺ (2) (ICON): ഇന്ത്യൻ ക്രിസ്ത്യൻ ഓർത്തഡോക്സ് നെറ്റ് വർക്ക് എന്നതിന്റെ ചുരുക്കത്തിലുള്ള പ്രയോഗം. ഇന്റർനെറ്റിലെ അനൗദ്യോഗിക ഇ മെയിൽ ഗ്രൂപ്പ്. ഓർത്തഡോക്സ് സഭാ സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. 6000-ത്തോളം അംഗങ്ങൾ ഇതിലുണ്ട്. ആനുകാലിക സഭാചലനങ്ങൾ ചർച്ചകൾക്ക് വിഷയമാക്കുന്നു.

ഐക്കൺ വിവാദം: ഗ്രീക്കു - റോമൻ സഭകൾ ഐക്കൺ ഉപയോഗത്തെക്കുറിച്ച് എ. ഡി. 717 മുതൽ 843 വരെ നടത്തിയ വിവാദങ്ങൾ. 843-ൽ തേവോദോറോസ് ചക്രവർത്തിയുടെ കാലം മുതൽ റോം ഐക്കൺ ഉപയോഗത്തെ അനുകൂലിച്ചു.

ഐക്കണോസ്റ്റാസിസ്: ബൈസന്റയിൻ പള്ളികളിൽ മദ്ബഹായും ശേഷം ഭാഗവും വേർതിരിക്കുന്ന സ്ക്രീൻ. മരംകൊണ്ടോ കല്ലുകൊണ്ടോ നിർമ്മിക്കും. അതിന്മേൽ ചിത്രങ്ങൾ-ഐക്കണുകളും-കൊത്തിയിരിക്കും. മൂന്ന് വാതിലുകൾ കാണും. നടുവിലത്തേത് ബലിപീഠത്തിലേക്കുള്ള രാജകീയ വാതിൽ. മറ്റു രണ്ടും വശങ്ങളിലേക്കാണ്. മദ്ബഹായും അഴിക്കകവും തമ്മിലും അഴിക്കകവും പ്രാകാരവും തമ്മിലും വേർതിരിക്കുവാൻ ചിത്രങ്ങൾ കൊത്തിയ-കടഞ്ഞുണ്ടാക്കിയ അഴിമറകൾ-കടച്ചീക്കാലുകൾ പഴയപള്ളികളിൽ കാണാം. ബൈസന്റയിൻ - അലക്സാണ്ട്രിയൻ ശില്പകലയുടെ സ്വാധീനമായി ഇതിനെ മനസ്സിലാക്കാം. ഐക്കണുകൾ ഔദ്യോഗികമായി ഉപയോഗിച്ചിരുന്ന സഭകളുമായിട്ടായിരുന്നു മലങ്കര സഭയുടെ ആദ്യകാല ബന്ധങ്ങൾ. സിറിയൻസഭയ്ക്ക് ഐക്കൺ സ്വീകാര്യമായിരുന്നില്ല.

ഐപ്പ് തോമ്മാ കത്തനാർ, കോവൂർ (1842–1917): കോവൂരച്ചൻ. മാർത്തോമ്മാസഭയിലെ വികാരി ജനറാൾ. 1842 ൽ തിരുവല്ല കോവൂർ കുടുംബത്തിൽ ജനിച്ചു. 1858-ൽ ശെമ്മാശൻ. 1861-ൽ കശ്ശീശ. ശ്രീമൂലം പ്രജാസഭയിൽ തിരുവല്ല താലൂക്കിനെ പ്രതിനിധീകരിച്ചു. അഞ്ചുകൊല്ലം താലൂക്ക് മധ്യസ്ഥൻ ആയി സർക്കാർ നിയമിച്ചു. നവീകരണ നേതാവ്. സുവിശേഷ പ്രസംഗസംഘം, മാർത്തോമ്മാസമാജം, സമുദായാലോചന സഭ ഇവയുടെ അധ്യക്ഷൻ. 1889-ൽ സെമിനാരിക്കേസ് പരാജയപ്പെട്ടപ്പോൾ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായോട് ചേർന്നുനിന്ന് മാർത്തോമ്മാസഭയുടെ രൂപീകരണത്തിന് നേതൃത്വം നൽകി. മലയാളം സുറിയാനിലിപിയിൽ എഴുതുന്ന (കർസോനി) കലയിൽ സമർത്ഥൻ. 1917-ൽ അന്തരിച്ചു. തിരുവല്ല വി. ജി. എം. ഹാൾ അദ്ദേഹത്തിന്റെ സ്മാരകമാണ്.

ഐപ്പ് മെത്രാൻ: ‘*മാർത്തോമ്മാ IX*’ എന്ന ശീർഷകം കാണുക.

ഐപ്പൂരു മുതലാളി, പനയ്ക്കൽ: വർത്തക പ്രമാണിയും സഭാസ്നേഹിയും ധനാഢ്യനുമായ കുന്നംകുളം സ്വദേശി. കൊച്ചിയിൽ ഇദ്ദേഹത്തിന്റെ പാണ്ടികശാല 19-ാം നൂറ്റാണ്ടിന്റെ മധ്യ ദശകങ്ങളിൽ മലങ്കര സഭയുടെ ഓഫീസും ആസ്ഥാനവും സെക്രട്ടറിയേറ്റും ആയിരുന്നു. ഇവിടെ പുലിക്കോട്ടിൽ ദ്വിതീയൻ മെത്രാച്ചൻ സ്ഥാപിച്ച സെന്റ് തോമസ് പ്രസ്സിൽ നിന്ന് കേരള പതാക, സുറിയാനി സുവിശേഷകൻ, ഇടവകപത്രിക എന്നിവ

പ്രസിദ്ധീകരിച്ചു. മുളന്തുരുത്തി സുന്നഹദോസിന്റെ പ്രധാന സംഘാടകൻ. അയ്മേനികളിൽ ഇദ്ദേഹമാണ് കാനോനാകളിൽ ആദ്യം ഒപ്പു വച്ചത്. പുലിക്കോട്ടിൽ മെത്രാച്ചന്റെ പുരസ്കർത്താവ്. 19-ാം നൂറ്റാണ്ടിലെ സഭാചരിത്രത്തിൽ നിർണ്ണായക സ്ഥാനം വഹിച്ചു.

ഐമോസ്യം: ഐക്യം എന്ന അർത്ഥത്തിലുള്ള പ്രചാരലുപ്തമായ മലയാളപദം.

ഐസക്ക്, എം. യു. (ജസ്റ്റീസ്): മടത്തിമാലിയിൽ ഉതുപ്പിന്റെ പുത്രൻ. ജ. 1912 ഒക്ടോ. 12. നിയമവിശാരദൻ. കേരളാ ഹൈക്കോടതി ജഡ്ജി. സുപ്രീംകോടതി അഭിഭാഷകൻ. സഭാമാനേജിംഗ് കമ്മറ്റിഅംഗം, വൈസ്മെൻസ് ഇന്റർനാഷണൽ കൗൺസിലംഗം, വൈ.എം.സി.എ. ദേശീയ വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു.

ഐശായൻ: യിശ്ശായിയുടെ മകൻ. ദാവീദ്.

ഐറേനിയസ് (എ. ഡി. 150-202): ലയോൺസിലെ ബിഷപ്പ്. സ്മിർന്നാക്കാരൻ. ദൈവശാസ്ത്രജ്ഞൻ. ജ്ഞാനവാദത്തെ എതിർക്കുവാൻ സഭാപാരമ്പര്യങ്ങളെയും വേദവചനങ്ങളെയും അടിസ്ഥാനമാക്കി ഏകദൈവവിശ്വാസം, പിതൃപുത്ര ഐക്യം, സുവിശേഷങ്ങളുടെ ആധികാരികത, മനുഷ്യാവതാരത്തിലെ മാനുഷികത എന്നിവയെപ്പറ്റി ഈ സാർവ്വലൗകിക ദൈവശാസ്ത്രജ്ഞൻ പഠിപ്പിച്ചു.

ഐറേനിയസ്, ഡോ. യാക്കോബ് മാർ: കല്ലൂപ്പാറ ടി. ഒ. ചെറിയാന്റെ മകൻ. 15-8-1949 ൽ ജനിച്ചു. M. A. M. Ed., B.D. ബിരുദങ്ങൾ നേടി. പത്തനാപുരം ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായി. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. പത്തനാപുരം താബോർ ആശ്രമാംഗം. 8-2-1975 ൽ കശീശാ ആയി. 1993 ആഗസ്റ്റ് 16 ന് പരുമല വച്ച് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ മെത്രാനായി വാഴിച്ചു. മലബാറിന്റെ അസിസ്റ്റന്റ് സ്ഥാനം 2006 വരെ വഹിച്ചു. മദ്രാസിന്റെ പൂർണ്ണ ചുമതല. വൈദിക ശമ്പള പരിഷ്ക്കരണ കമ്മറ്റി കൺവീനർ, കോർപ്പറേറ്റ് കോളജുകളുടെ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ട് ആണ്.

ഒ

ഒ. ഐ. സി.: ഓർഡർ ഓഫ് ദി ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റിന്റെ ചുരുക്കരൂപം. ബഥനി ആശ്രമാംഗങ്ങൾ പേരിനോടൊപ്പം ഈ ചുരുക്കെഴുത്ത് ഉപയോഗിക്കുന്നു. ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ് (ക്രിസ്ത്വനുകരണം) തോമസ് അക്കംപിസ് രചിച്ച ഗ്രന്ഥമാണ്.

ഒനുവോയോ: സന്യാസവ്രതം സ്വീകരിച്ചവരിൽ ഒരു ഗണം.

ഒനേസിഫോറസ്: പ്രയോജനം വരുത്തുന്നവൻ എന്നർത്ഥം (2 തീമോ 1:16–18, 4:19).

ഒനേസിമോസ്: പ്രയോജനമുള്ളവൻ എന്നർത്ഥം. റോമിലെ കാരാഗൃഹത്തിൽ വച്ച് വി. പൗലൂസ് മാനസാന്തരപ്പെടുത്തി (ഫിലേ. 10). ഇഗ്നാത്തിയോസ് പരാമർശിക്കുന്ന എഫേസൂസ് ബിഷപ്പ് ഇദ്ദേഹമായിരിക്കാം.

ഒന്നാം മാർത്തോമ്മാ: '*മാർത്തോമ്മാ I*' എന്ന ശീർഷകം കാണുക.

ഒന്നാം നാൾ: ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ. ഞായറാഴ്ച. ആഴ്ചയുടെ കടിഞ്ഞൂൽ ദൈവത്തിന് സമർപ്പിക്കുന്നു.

ഒന്നാം സമുദായക്കേസ്: 1938–ൽ തുടങ്ങി. പൗലോസ് മാർ അത്താനാസ്യോസ് (ആലുവാ) മുതൽപേർ വാദികൾ. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ മുതൽപേർ പ്രതികൾ. പ്രതികൾക്കനുകൂലമായി കോട്ടയം ജില്ലാക്കോടതി വിധി (1943). ഹൈക്കോടതി വിധി 1956–ൽ വാദി ഭാഗത്തിനനുകൂലമായി. അന്തിമമായി സുപ്രീംകോടതി 1958–ൽ കാതോലിക്കാഭാഗത്തിനനുകൂലമായി വിധിച്ചു. കോടതിച്ചെലവ് നൽകണമെന്ന വിധിയെ മറികടക്കാൻ യാതൊരുപാധികളുമില്ലാതെ പാത്രിയർക്കീസ് ഭാഗം സഭാ ഐക്യത്തിനു തയ്യാറായി.

ഒബേദ്യാവ്: യഹോവയുടെ ദാസൻ എന്നർത്ഥം. ആഹാബ് രാജാവിന്റെ കാര്യവിചാരകൻ. ഒബേദ്യാവ് പ്രവാചകന്മാരെ ഒളിവിൽ സംരക്ഷിച്ചു. ബി. സി. 5–ാം നൂറ്റാണ്ടിൽ ഒരു ഒബേദ്യാ പ്രവാചകൻ ഉണ്ടായിരുന്നു; പഴയനിയമത്തിലെ ഒരധ്യായം മാത്രമുള്ള പുസ്തകത്തിന്റെ എഴുത്തുകാരൻ.

ഒമേഗ: ഗ്രീക്ക് അക്ഷരമാലയിലെ അന്ത്യാക്ഷരം. ആദ്യാക്ഷരം ആൽഫ. ആദ്യം അന്തം എന്നയർത്ഥത്തിൽ ആൽഫയും ഒമേഗയും എന്ന് ശൈലിയുണ്ട്. ഈ അക്ഷരങ്ങൾ ദൈവനാമ പ്രതിരൂപമായി പല പഴയ പള്ളികളിലും വരച്ചിട്ടുണ്ട്. '*ആൽഫ ഒമേഗ*' എന്ന ശീർഷകം കാണുക.

ഒമ്പതാംമണി നമസ്കാരം: ദിവസത്തിലെ ഒടുവിലത്തെ യാമം. ഉച്ചതിരിഞ്ഞ് 3 മണിയാണ് യഹൂദന്റെ ഒമ്പതാം മണി. ഈ യാമത്തിലെ നമസ്കാരം സാധാരണഗതിയിൽ പിറ്റേ സന്ധ്യയ്ക്കു മുമ്പായി സന്ധ്യാ നമസ്കാരത്തോട് ചേർന്ന് നടത്തുന്നു. ഈ യാമത്തിൽ മരിച്ചുപോയവരെ ഓർക്കുന്നു. കോലോ കഴിഞ്ഞ് മാർ ബാലായിയുടെ അപേക്ഷ (അനുഗ്ര ഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ...) കാണും. യേശു കുരിശിന്മേൽ മരിച്ച സമയം. നാഴികക്കണക്കനുസരിച്ച് 22 1/2 യുടെ നമസ്കാരം എന്നും പറ യും. പ്രാർത്ഥനാഗീതങ്ങൾക്ക് രാഗഭേദമുണ്ട്. കുർബാന അനുഭവിച്ച ദിവ സങ്ങളിൽ ഈ യാമ പ്രാർത്ഥനയ്ക്ക് കുമ്പിടൽ വേണ്ട.

ഒപ്പാരം, ഒപ്പാരി: ഉപമ എന്ന അർത്ഥത്തിൽ ലുപ്തപ്രചാരമായ ഭാഷാ പദം.

ഒപ്പുറൂശ്മാ: '*ഉപ്പ്റൂശ്മാ*' എന്ന ശീർഷകം കാണുക.

ഒമ്മോഓ: സുറിയാനി പാട്ടുകളിൽ രാഗഭേദങ്ങളുടെ ക്രമീകരണത്തി ൽ 'ഒ'യിൽ അവസാനിക്കുന്ന പദങ്ങളോട് ചേർക്കുന്ന നിരർത്ഥക ശബ്ദം. 'ഏ'യിൽ അവസാനിക്കുന്ന പദങ്ങൾക്ക് 'എയ്യെഎ' എന്നും ചേർക്കും.

ഒലീവ് മല: യെരൂശലേമിന് കിഴക്ക് സമുദ്രനിരപ്പിൽനിന്ന് 2600 അടി ഉയരത്തിലുള്ള മല. യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങൾക്കും സാക്ഷി. രണ്ടാം വരവിന്റെ സൂചന (മത്താ. 24:3, മർക്കോ 13:3), അന്ത്യ രാത്രി (ലൂക്കോസ് 21:37), സ്വർഗ്ഗാരോഹണം (പ്രവൃത്തി 1:12). ഗത്സമന, സ്വർഗ്ഗാരോഹണസ്ഥാനം ഇവിടെ പള്ളികളുണ്ട്. ഒലീവ് മലയുടെ അടി വാരത്തിൽ കന്യകമറിയാമ്മിന്റെ കല്ലറയും ദേവാലയവും ഉണ്ട്.

ഒരുക്കനാൾ: ശബത്തിന്റെ തലേദിവസം. പെസഹായുടെ തലേദിവ സവും ഈ പേരിൽ അറിയപ്പെട്ടു. ഈ ദിവസം യേശു വധിക്കപ്പെട്ടു (മത്താ. 27:62, മർക്കോ. 15:42, ലൂക്കോ. 23:54, യോഹ. 19:14, 31, 42).

ഒറ്റുബുധൻ: കഷ്ടാനുഭവആഴ്ചയിലെ ബുധൻ. യൂദാ ഒറ്റിക്കൊടുക്കു വാൻ സമ്മതിച്ചത് അന്നാണ് (മത്താ. 26:14-16).

ഒസ്താത്തിയോസ് (അന്ത്യോഖ്യാ): എ. ഡി. 337 നോടടുത്ത് അന്ത്യോഖ്യായിലെ മെത്രാൻ. അറിയോസിന്റെ പഠിപ്പിക്കലിനെതിരെ

വ്യക്തമായ നിലപാടെടുത്തു. അറിയോസ്യർ ഇദ്ദേഹത്തിനെ എതിർത്തു. തൽഫലമായി ത്രാക്യ എന്ന സ്ഥലത്തേക്ക് നാടുകടത്തപ്പെട്ടു.

ഒസ്താത്തിയോസ്, പത്രോസ് മാർ (1886–1968): തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ ചെറിയാൻ - പുരവത്ത് കുഞ്ഞുമറിയാമ്മ ദമ്പതികളുടെ പുത്രൻ. ജനനം 20–6–1886. തിരുവനന്തപുരം മഹാരാജാസിൽനിന്ന് ബി. എ. എൽ. റ്റി. സെറാമ്പൂരിൽ നിന്ന് ബി. ഡി. യൂയാക്കീം മാർ ഈവാനിയോസ് 4–5–1926 ന് വൈദികപട്ടം നൽകി. അദ്ധ്യാപകജോലി രാജിവച്ചു. സമ്പാദ്യം സുവിശേഷവേലയ്ക്കും അധഃകൃതോദ്ധാരണത്തിനുമായി ചെലവാക്കി. ഹരിജനോദ്ധാരണത്തിന്റെ സ്പെഷൽ ഓഫീസറായി കൊച്ചി സർക്കാർ നിയമിച്ചു. 1924 സെപ്തംബർ 14 ന് സ്ലീബാദാസ സമൂഹം സ്ഥാപിച്ചു. ഇരുപതിനായിരത്തിലേറെ അധഃകൃതർ അക്കാലത്ത് ക്രിസ്തുമതം സ്വീകരിച്ചു. 1943–ൽ ഗീവറുഗീസ് ദ്വീതിയൻ ബാവാ, റമ്പാൻ സ്ഥാനവും 1953 മെയ് 15 ന് ഏലിയാ ചാപ്പലിൽ വച്ച് മാർ ഒസ്താത്തിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനവും ജൂലൈ 12–ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്താ സ്ഥാനവും നൽകി. പുലിക്കോട്ടിൽ ജോസഫ് ദീവന്ന്യാസോസ് ആരംഭിച്ച വിജാതീയ മിഷൻ പരുമല മാർ ഗ്രീഗോറിയോസും അതേ തുടർന്ന് പത്രോസ് മാർ ഒസ്താത്തിയോസും സുശക്തമാക്കി. മിഷൻ സെന്ററുകളിൽ വാർഷിക സന്ദർശനം സമൂഹാധ്യക്ഷന്റെ നിർബന്ധ പരിപാടിയായിരുന്നു. അവികസിതമായിരുന്ന മലബാറിന്റെ ചുമതല ഇദ്ദേഹത്തിന് നൽകി. സംഭാവനയായി ലഭിച്ച കാറുകൾ പോലും സുവിശേഷവേലയുടെ ഫണ്ടിലേക്കായി വിറ്റു കാശാക്കിയ ഈ അഭിനവ പൗലോസ് അപ്പോസ്തലൻ വസ്ത്രം, ഭക്ഷണം, താമസസൗകര്യം, എഴുത്തുകുത്തുകൾ തുടങ്ങിയ ആവശ്യങ്ങളിൽ അതീവ ലാളിത്യക്കാരൻ ആയിരുന്നു. മുളന്തുരുത്തി കർമ്മേൽ ദയറാ ആസ്ഥാനമാക്കി ഭദ്രാസനഭരണവും സുവിശേഷവേലയും നിർവഹിച്ചുപോന്നു. 1968 ഫെബ്രുവരി 2 ന് ദിവംഗതനായി. കർമ്മേൽ ദയറായിൽ ആ കർമ്മയോഗിയെ കബറടക്കി. കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താക്കളുടെ ഗണത്തിൽ പേരെഴുതുവാൻ എന്തുകൊണ്ടും അർഹനായ ഇദ്ദേഹം വൈക്കം സത്യഗ്രഹത്തിലും പങ്കെടുത്തിട്ടുണ്ട്.

ഒസ്താത്തിയോസ്, സ്ലീബാ മാർ (1854–1930): പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ഗുരു കൂടെ ആയിരുന്ന ശെമവൂൻ മാർ അത്താനാസ്യോസിന്റെ കൂടെ ഒരു ശെമ്മാശൻ ആയി 1880–ൽ ഇദ്ദേഹം മലങ്കരയിലെത്തി. ആദ്യം പരുമലയിലും പിന്നീട് കോട്ടയം പഴയസെമിനാരിയിലും താമസിച്ചു. മലങ്കരയെ കോളനിയാക്കാൻ ശ്രമിച്ച പത്രോസ് തൃതീയന്റെ മോഹം യാഥാർത്ഥ്യമാക്കിയത് ഇദ്ദേഹമാണ്. കൺവൻഷൻ പ്രസംഗകൻ എന്ന നിലയിൽ മലങ്കരയിൽ സഞ്ചരിച്ച ശെമ്മാശൻ പുലി

ക്കോട്ടിൽ മെത്രാച്ചന്റെ കാലത്ത് കോളനിസ്ഥാപനം നടപ്പില്ലെന്നും പിൻഗാമിയുടെ കാലത്ത് സാധിക്കുമെന്നും കണക്കാക്കി. വട്ടശ്ശേരിൽ റമ്പാനും കൊച്ചുപറമ്പിൽ റമ്പാനും മെത്രാൻസ്ഥാനമേല്ക്കാൻ മർദ്ദീനിലേക്കയക്കപ്പെട്ടപ്പോൾ സ്ലീബാ ശെമ്മാശനും പോയി. 1908 മീനം 13-ന് മർദ്ദീനിൽ വച്ച് അബ്ദുള്ളാ ബാവാ ഇദ്ദേഹത്തിന് ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാൻപട്ടം നൽകുകയും മലങ്കര മുഴുവൻ ഭരിക്കാനുള്ള സുസ്ത്താത്തിക്കോൻ നൽകുകയും ചെയ്തു. നാട്ടിലെത്തിയ ഇദ്ദേഹം മെത്രാസനച്ചുമതല ആവശ്യപ്പെട്ടത് നിഷേധിക്കപ്പെട്ടു. അബ്ദുള്ളാബാവാ വട്ടശ്ശേരിൽ മെത്രാച്ചനെ മുടക്കി തിരിച്ചുപോയപ്പോൾ പാത്രിയർക്കീസ് അനുഭാവികളെ സംഘടിപ്പിക്കുവാൻ ഇദ്ദേഹം സഫലമായി യത്നിച്ചു. വ്യവഹാരങ്ങൾക്കും നേതൃത്വം നൽകി. ഹൂദായകാനോനിൽ 195 തിരുത്തുകൾ സ്വന്തം കൈകൊണ്ട് വരുത്തി പുതിയൊരു 18 അക്കം കാനോൻ ഇദ്ദേഹം സംഘടിപ്പിച്ചു കോടതിയിൽ ഹാജരാക്കി. അതിനെ പ്രതികൂലിച്ചും അനുകൂലിച്ചും കോടതിവിധികൾ ഉണ്ടായിട്ടുണ്ട്. കോനാട്ട് മല്പാനും സി. ജെ. കുരിയനും അന്തരിച്ചതോടെ മാർ ഒസ്താത്തിയോസ് ഒറ്റപ്പെട്ടു. പിന്നീട് വന്ന യൂലിയോസ് പ്രവർത്തനമാരംഭിച്ചതോടെ ഒസ്ത്താത്തിയോസ് അവഗണിക്കപ്പെട്ടു. കുന്നംകുളത്ത് ഒടുവിൽ ഒരു പള്ളിപ്പണി ആരംഭിച്ച് അവിടെ താമസമായി. അത് പൂർത്തിയാക്കാനായില്ല. യാക്കോബായക്കാർ, മശീഹൈക്യ സ്വഭാവം എന്നീ ഗ്രന്ഥങ്ങൾ ചമച്ചു. 1930 മാർച്ച് 19 ന് അദ്ദേഹം കാലം ചെയ്തു. അടുത്തദിവസം ആർത്താറ്റ് സിംഹാസന (പുത്തൻ) പള്ളിയിൽ അദ്ദേഹം കബറടക്കപ്പെട്ടു. 1990 കളിൽ അദ്ദേഹത്തെ പരിശുദ്ധനായി കബറടങ്ങിയ പള്ളിയിൽ ആദരിക്കുവാൻ സാഖാ പാത്രിയർക്കീസ് അനുവദിച്ചിട്ടുണ്ട്.

ഒസ്താത്തിയോസ്, ഡോ. ഗീവറുഗീസ് മാർ: മാവേലിക്കര മുണ്ടുവേലിൽ കൊച്ചിട്ടി-മറിയാമ്മ ദമ്പതികളുടെ മകൻ. ജനനം 9-12-1918. ജബല്പ്പൂരിൽ നിന്ന് ബി. ഡി., അമേരിക്കയിലെ ഡ്രൂം യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എ., യൂണിയൻ സെമിനാരിയിൽ നിന്ന് എസ്. റ്റി. എം. 9-8-1947 -ൽ ഔഗേൻ തീമോത്തിയോസ് കോറൂയോ; 10-5-1956 ൽ ദേവലോകത്ത് വച്ച് ഗീവറുഗീസ് II ബാവാ കശ്ശീശാ സ്ഥാനങ്ങൾ നൽകി. കുഴിമറ്റം, കൽക്കട്ട, ചങ്ങനാശ്ശേരി, കാരാപ്പുഴ, കോട്ടയം ഇവിടങ്ങളിൽ സേവനം ചെയ്തു. കോട്ടയം വൈദികസെമിനാരിയിൽ ദീർഘകാലം അധ്യാപകൻ, വൈസ് പ്രിൻസിപ്പൽ സ്ഥാനങ്ങൾ വഹിച്ചു. 1964 ഒക്ടോ. 2 നും 1974 ഒക്ടോബർ 2 നും കൂടിയ അസോസ്യേഷനുകൾ തെരഞ്ഞെടുത്തതിൻ പ്രകാരം 14-2-75 ന് പുത്തൻകാവ് പള്ളിയിൽ വച്ച് ദാനിയേൽ മാർ പീലക്സിനോസ് റമ്പാൻ സ്ഥാനവും 15-2-75 ന് നിരണത്ത് വച്ച് ഔഗേൻ I കാതോലിക്കാ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ

സ്ഥാനവും നൽകി. 1975 ഏപ്രിൽ 1 മുതൽ നിരണത്തിന്റെ ചുമതലയേറ്റു. 2006-ൽ റിട്ടയർ ചെയ്തു.

കെ. സി. സി. പ്രസിഡണ്ട്, സ്ലീബാദാസ സമൂഹം പ്രസിഡണ്ട് തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചു. ആന്ധ്ര, ആഫ്രിക്ക, അർമ്മീനിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. യുവജനപ്രസ്ഥാനം, മിഷൻ ബോർഡ്, വിവാഹസഹായനിധി, തിയോളജിക്കൽ ലിറ്ററേച്ചർ കമ്മറ്റി, ബൈബിൾ സൊസൈറ്റി അധ്യക്ഷസ്ഥാനങ്ങൾ വഹിച്ചു. മാവേലിക്കര സെന്റ് പോൾസ് സുവിശേഷ പരിശീലനകേന്ദ്രം, പുതുപ്പാടി ആശ്രമവും ബാലഭവനവും പനയമ്പാല കരുണഗിരി ബാലഭവനം, യാച്ചാരം ബാലഗ്രാം, ഹരിപ്പാട് ബാലഭവനം, ബാംഗ്ലൂർ ദയാ ഭവൻ എന്നിവയുടെ സ്ഥാപകൻ. ദൈവശാസ്ത്രജ്ഞൻ, കൺവൻഷൻ പ്രസംഗകൻ എന്നീ നിലകളിൽ ലോകപ്രശസ്തനായ ഇദ്ദേഹം മുപ്പതിലേറെ ഗ്രന്ഥങ്ങൾ രചിച്ചു. പല ഗ്രന്ഥങ്ങളും പലവിദേശ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. ലോക ക്രൈസ്തവസഭാ കേന്ദ്രങ്ങൾ പലവട്ടം സന്ദർശിച്ചു. ലോക കോൺഫ്രൻസുകളിൽ നേതൃത്വം നല്കി. മലങ്കരസഭയുടെ ജീവകാരുണ്യ രംഗവും മിഷൻ രംഗവും ഇദ്ദേഹത്തിലൂടെയാണ് സജീവമായിരിക്കുന്നത്. ത്രിത്വാധിഷ്ഠിത ദൈവശാസ്ത്രത്തിന്റെ വക്താവായ ഇദ്ദേഹം ഇപ്പോൾ സഭയിലെ സീനിയർ മെത്രാപ്പോലീത്താ (90) ആണ്.

ഓ

ഓക്സിയോസ്: അക്സിയോസ് (യോഗ്യൻ) എന്ന ഗ്രീക്കു ശബ്ദത്തിന്റെ സുറിയാനിരൂപം. മേല്പട്ടസ്ഥാനാരോഹണ ശുശ്രൂഷയുടെ അന്ത്യഭാഗത്ത് സ്ഥാനമേറ്റ മേല്പട്ടക്കാരൻ യോഗ്യൻ എന്ന് പ്രധാന കാർമ്മികൻ ചൊല്ലിക്കൊടുക്കുന്ന വാക്യം മൂന്ന് പ്രാവശ്യം ജനം ഏറ്റുപറയുന്നു. മേല്പട്ടസ്ഥാനികൾ ആദ്യമായി സ്വീകരിക്കപ്പെടുമ്പോഴും അദ്ദേഹത്തെ സിംഹാസനത്തിൽ മൂന്ന് പ്രാവശ്യം എടുത്തുയർത്തി ഓക്സിയോസ് പാടുന്നുണ്ട്. കോർഎപ്പിസ്കോപ്പയുടെ സ്ഥാനദാന ശുശ്രൂഷയിലും ഓക്സിയോസ് ഉണ്ട്.

ഓഗസ്തീനോസ്: '*ആഗസ്തീനോസ്*' എന്ന ശീർഷകം കാണുക.

ഓക്സ്ഫോർഡ് സമ്മേളനം (1937): എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ലൈഫ് ആന്റ് വർക്ക് വിഭാഗത്തിന്റെ 2-ാം സമ്മേളനം. സഭ, സമൂഹം, രാഷ്ട്രം എന്ന വിഷയം ചർച്ച ചെയ്തു. കത്തോലിക്കാസഭ പങ്കെടുത്തില്ല. റിപ്പോർട്ട് എട്ട് വാല്യങ്ങളായി പ്രസിദ്ധീകരിച്ചു.

ഓക്ക് സിനഡ് (എ.ഡി. 403): കൽക്കിദൂനിന്റെ പ്രാന്തപ്രദേശമായ 'ഓക്ക്' എന്ന സ്ഥലത്ത് പൗരസ്ത്യ റോമ്മാ ചക്രവർത്തിയുടെ കല്പന പ്രകാരം കൂടി. ഹെറാക്ലിയായിലെ ബിഷപ്പ് പൗലൂസ് (390–403) അധ്യക്ഷൻ. ക്രിസോസ്റ്റത്തെ വ്യാജകുറ്റം ചുമത്തി സ്ഥാനഭ്രഷ്ടനാക്കി.

ഓഗ്സ്ബർഗ് വിശ്വാസപ്രഖ്യാപനം: എ.ഡി. 1530–ൽ ലൂഥറൻ സഭ, കത്തോലിക്കാ നിലപാടിനെതിരെ ഓഗ്സ്ബർഗ് പട്ടണത്തിൽ ചാൾസ് അഞ്ചാമൻ ചക്രവർത്തിക്ക്, മാർട്ടിൻ ലൂഥറിന്റെ അനുമതിയോടെ 1530 ജൂൺ 25 ന് കൂടിയ യോഗത്തിന്റെ വിശ്വാസപ്രമാണം സമർപ്പിച്ചു. രണ്ടു ഭാഗങ്ങളിലായി 28 പ്രമാണങ്ങൾ. ആദ്യത്തെ 21 എണ്ണം ലൂഥറൻ വിശ്വാസമർമ്മങ്ങൾ. ബാക്കി റോമ്മൻ അനാചാരങ്ങൾക്കെതിരെയുള്ള പ്രതികരണങ്ങൾ. ലൂഥറൻ സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളായി ഇവ ഗണിക്കപ്പെടുന്നു.

ഓട്ടോസെഫാലസ്: ഗ്രീക്കുപദം. സ്വയംശീർഷകത്വം എന്നർത്ഥം. പൗരസ്ത്യസഭയുടെ ഘടന ഈ പേരിൽ അറിയപ്പെടുന്നു. ഓരോ സഭയും

ദേശീയ തലവന്മാരുടെ ഭരണങ്ങളിൽ സ്വയം പൂർണ്ണം. സാർവദേശീയ തലവൻ എന്ന സങ്കല്പമുള്ള റോമ്മൻസഭ പോലും തദ്ദേശീയ സ്വയം ശീർഷകത്വം ഒരു പരിധിവരെ അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്. അതത് ദേശത്തെ ദൃശ്യതലവൻ, അതത് സഭയുടെ തലവൻ എന്നാണ് ഓട്ടോ സിഫാലസ് എന്ന പദം അർത്ഥമാക്കുന്നത്.

ഓണം: ചിങ്ങമാസം അത്തം മുതൽ തിരുവോണം വരെ പത്തുനാളിലെ ഉത്സവം. അസ്സീറിയയിലെ ദേശീയ ഉത്സവം അസ്സീറിയക്കാർ കേരളതീരത്ത് കുടിയേറിപ്പാർത്തപ്പോൾ കേരളത്തിലും ആരംഭിച്ചു. ബലിവംശം ബാബിലോണിലെ നിനവേ ദേശത്തിലെ അസുരവംശമെന്ന് കേസരി എ. ബാലകൃഷ്ണപിള്ളയും എൻ. വി. കൃഷ്ണവാര്യരും സമർത്ഥിക്കുന്നു. അസ്സിറിയായിൽ നിന്ന് അസുരവംശം കുടിയേറിപ്പാർത്ത തൃപ്പൂണിത്തുറയിലാണിന്നും വിപുലമായ ഓണാഘോഷം. പുഷ്പോത്സവം എന്ന നിലയിൽ മേടമാസത്തിൽ ഇത് ആചരിച്ചുവന്നു. പ്രമുഖ ലോകസംസ്കാരങ്ങളിലെ വർഷാരംഭവും വസന്തോത്സവും മേടത്തിൽ. ജ്യോതിഷത്തിൽ മേടം രാശി ആദ്യരാശി. സെമിറ്റിക് സംസ്കാരത്തിൽ സൃഷ്ടികർമ്മം നടന്നത് മേടത്തിൽ.

പില്ക്കാലത്ത് വൈഷ്ണവാധിപത്യം വന്നപ്പോൾ ഓണത്തിലെ കേന്ദ്രസ്ഥാനം വാമനമൂർത്തിയ്ക്കായി. ഐതിഹ്യങ്ങൾ ആ കഥയ്ക്കനുരൂപമായി സൃഷ്ടിക്കപ്പെട്ടു. പിന്നീട് 9-ാം നൂറ്റാണ്ടിൽ കൊല്ലവർഷം ആരംഭിച്ചപ്പോൾ കൊയ്ത്തിന്റെ സമൃദ്ധി അടിസ്ഥാനമാക്കി ചിങ്ങമാസത്തിലേക്ക് ഓണാഘോഷം മാറ്റി. ആഘോഷങ്ങൾക്ക് ഹൈന്ദവാചാരങ്ങൾ വന്നത് ഇക്കാലം മുതലാണ്. ഓണപ്പാട്ട്, ഓണവില്ല്, ഓണപ്പന്ത്, ഓണത്തല്ല്, ഓണക്കളി, ഓണക്കാഴ്ച, ഓണസ്സദ്യ, ഓണപ്പഴം, ഓണക്കോടി, ഓണനിലാവ്, ഓണപ്പായസം, ഓണത്തുമ്പി, ഓണവെയിൽ, ഓണത്തുള്ളൽ, ഓണസമ്മാനം, ഓണാശംസകൾ, ഓണത്തപ്പൻ തുടങ്ങി ഓണത്തെ അനുസ്മരിക്കുന്ന ധാരാളം പദങ്ങൾ മലയാളത്തിലുണ്ട്. ശർക്കര ഉപ്പേരി, കായ വറുത്തത് തുടങ്ങിയവ നമ്മുടെ ഓണപ്പലഹാരങ്ങൾ. കാണം വിറ്റും ഓണം ഉണ്ണണം എന്നത് മലയാളത്തിലെ ശൈലി. മഹാബലിത്തമ്പുരാൻ അന്ന് പ്രജകളെ സന്ദർശിക്കുമെന്ന് ഐതീഹ്യം. മഹാബലിയെ വാമനൻ പാതാളത്തിലേക്കയച്ചു എന്നത് ഐതീഹ്യത്തിന്റെ ആദ്യഭാഗം. പൂവുകൊണ്ട് മുറ്റത്ത് പൂക്കളം തീർക്കുക, പൂവിളി കൊണ്ട് വസന്തത്തെ എതിരേല്ക്കുക, ഊഞ്ഞാലാടുക, ആകപ്പാടെ ആഹ്ലാദത്തിമിർപ്പിന്റെ കാലം. കർക്കിടകത്തിലെ പണിയില്ലാത്ത നാളുകൾക്കുശേഷം കൊയ്ത്തും മെതിയുമായി ആളുകൾ ഐശ്വര്യത്തിലേക്ക് വരുന്ന സമയമായതിനാൽ വസന്തത്തിന്റെ കാർഷികമേള കൂടിയാണ് ഓണം. അപ്പൻ എന്ന പ്രയോഗം കൊണ്ട് ഓണത്തപ്പൻ കേന്ദ്രകഥാപാത്രമായ ഓണം ആര്യാഗമനത്തിന് മുമ്പുള്ള

ദ്രാവിഡോത്സവമാണെന്ന് പറയാം.

ഓഫീർ: ഓഫീർ തങ്കത്തുകിലങ്കിയണിഞ്ഞ രാജ്ഞിയെപ്പറ്റി ദാവീദ് പാടുന്നു. ബി. സി. കാലം മുതൽ വിദേശ വാണിജ്യത്തിലേർപ്പെട്ടിരുന്ന ഈ കേരളീയ തുറമുഖം പൊന്നാനിയോ, ബേപ്പൂരോ ആണെന്ന് ഭാഷാ ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. തങ്ക കസവ് വസ്ത്രങ്ങൾ അക്കാലത്ത് കേരളത്തിലെ പ്രസിദ്ധ കയറ്റുമതി ഉല്പന്നമായിരുന്നു. മുചിരിയിലെ പ്രധാന തുറമുഖമായിരുന്നതിനാൽ പൊന്നാനിയും പദഘടനാസാദൃശ്യം കൊണ്ട് ബേപ്പൂരും ഓഫീർ അവകാശപ്പെടുന്നു.

ഓമല്ലൂർപള്ളി: തുമ്പമൺ ഭദ്രാസനത്തിലെ പുരാതന ദേവാലയം. ഓമല്ലൂർ ക്രിസ്ത്യാനികൾ പാലൂർ പ്രദേശത്ത് കുന്നംകുളം പ്രദേശത്തു നിന്നു വന്നവരെന്ന് ഓമല്ലൂർ വിളവിനാൽ കുടുംബചരിത്രത്തിൽ കാണുന്നു. 13-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ സ്ഥാപിതമായ പള്ളി അഗ്നിക്കിരയായി. 1575-ൽ കോയിക്കൽ കൊട്ടാരത്തിന്റെ സഹായത്തോടെ പുതിയ പള്ളി പണിതു. 1653-ലെ കൂനൻകുരിശു പ്രതിജ്ഞയിലും 1876-ലെ മുളന്തുരുത്തി സിനഡിലും പങ്കെടുത്തു. ഓമല്ലൂർ വലിയപള്ളിയിൽ 350 വീട്ടുകാരുണ്ട്. മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള ഈ ഇടവകാംഗങ്ങളാണ് ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായും ഫാ. ഡോ. വി. സി. ശമുവേലും.

ഓയാർ / ആയാർ (Air): വായുമണ്ഡലം എന്നർത്ഥം.

ഓയാറിൽ പതിയിരിക്കുന്നവർ: ശവസംസ്കാര ശുശ്രൂഷയിലെ ഒരു പ്രയോഗം. ദുഷ്ടാത്മാക്കളുടെ താവളമാണ് ഓയാർ എന്നു പ്രാചീന സങ്കല്പം.

ഓർത്തഡോക്സ് സഭകൾ, ഓറിയന്റൽ: എ.ഡി. 451-ൽ നടന്ന കൽക്കീദൂൻ സിനഡിനെ അംഗീകരിക്കാത്തവർ. കിഴക്കൻ സഭകളിൽനിന്ന് വേർതിരിച്ചറിയാൻ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ എന്നു പറയുന്നു. അലക്സാന്ത്രിയൻ, അന്ത്യോഖ്യൻ, ഇന്ത്യൻ, അർമ്മീനിയൻ, എത്യോപ്യൻ, എറിട്രിയൻ സഭകൾ ആണ് ഈ കുടുംബത്തിൽ ഉള്ളത്. അലക്സാന്ത്രിയൻ - അന്ത്യോഖ്യൻ സഭകൾ റോമ്മാ സാമ്രാജ്യത്തിലെ സഭകൾ എന്ന നിലയിൽ കൽക്കീദൂനിൽ പങ്കെടുത്തു. ഔദ്യോഗികമായി അതിനെ നിരാകരിച്ചു. മറ്റു മൂന്ന് സഭകൾ 1964 മുതൽ ഓറിയന്റൽ ഓർത്തഡോക്സ് എന്ന പൊതുസഭാനാമം സ്വീകരിച്ചു.

വേർതിരിയാനാവാത്തവിധം ദൈവസ്വഭാവവും മനുഷ്യസ്വഭാവവും യേശുവിൽ കൂടിച്ചേർന്നു എന്ന് ഈ സഭകൾ വിശ്വസിച്ചു. ഇരു സ്വഭാവങ്ങളുടെ ഒന്നിപ്പ് അടിവരയിട്ടുകൊണ്ട് മോണോഫിസൈറ്റ്, ഡയാഫിസൈറ്റ്

എന്നീ പദങ്ങൾ ഒഴിവാക്കി മിയാഫിസൈറ്റ് എന്ന പദപ്രയോഗമാണ് ഈ നിലപാടിന് അനുയോജ്യം. ഈ നിലപാടിനെ കിഴക്കൻ ഓർത്തഡോക്സു സഭകളും കത്തോലിക്കാസഭയും ഇന്ന് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

ബൈസന്റൈൻ (കിഴക്കൻ) ഓർത്തഡോക്സ് സഭകളുമായി ഡയലോഗുകൾ നടത്തുന്നു. ക്രിസ്തുശാസ്ത്രത്തിലും സഭാജീവിതത്തിലും അടിസ്ഥാനപരമായി ഇരുവിഭാഗങ്ങൾക്കും സമാനതയാണുള്ളതെന്ന് പരസ്പരം അംഗീകരിച്ചു. ഇവർ പുറപ്പെടുവിച്ച സംയുക്ത പ്രസ്താവന ഒരു സഭായോജിപ്പ് ആവശ്യമാണെന്ന് സൂചിപ്പിക്കുന്നു. റോമ്മൻ കത്തോലിക്കാ സഭയുമായും ഡയലോഗുകൾ 'പ്രോ-ഓറിയന്റെ' സംഘടന നടത്തുന്നു. മാർ പാപ്പായുടെ പരമാധികാരവും ചില കാനോൻ നിയമങ്ങളും ഐക്യത്തിന് വിഘ്ലാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ വേദി 1965-ൽ അഡിസ് അബാബയിൽ വച്ച് കൂടി എങ്കിലും അതിന്റെ പ്രവർത്തനം ഏറെ ഫലപ്രദമായിട്ടില്ല.

ഓർത്തഡോക്സ് സഭകൾ, ബൈസന്റൈൻ: 451-ലെ കൽക്കീദൂൻ സിനഡിൽ റോമ്മൻ സഭയോടൊപ്പം ഇരുസ്വഭാവവാദം സ്വീകരിച്ചവർ. ഗ്രീക്കു ഓർത്തഡോക്സു സഭകൾ എന്നും പറയും. 7 സിനഡുകളെ ഇവർ അംഗീകരിക്കുന്നു. ഈസ്റ്റേൺ ഓർത്തഡോക്സ് സഭകൾ എന്നും ഇവർക്കു പേരുണ്ട്. സ്വയംശീർഷകത്വമുള്ള സഭകളാണിവ. ഇവരെല്ലാം കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസിനെ സമന്മാരിൽ മുമ്പനെന്ന നിലയിൽ എക്യുമെനിക്കൽ പാത്രിയർക്കീസ് എന്നു വിളിക്കുന്നു. 1054-ൽ ആണ് ഇവർ റോമ്മൻ കത്തോലിക്കാ സഭയുമായി പിരിഞ്ഞത്. പത്തുകോടി വിശ്വാസികൾ ഉണ്ട്. കോൺസ്റ്റാന്റിനോപ്പിൾ, അലക്സാണ്ഡ്രിയ, അന്ത്യോഖ്യാ, യെരുശലേം, റഷ്യ, ബൾഗേറിയ, സെർബിയ, പോളണ്ട്, ചെക്കോസ്ലാവാക്യ, റുമേനിയ, ജോർജിയ, അൽബേനിയാ, ഗ്രീസ് തുടങ്ങിയ സ്ഥലങ്ങളിൽ ഇവർ വസിക്കുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബവുമായുള്ള യോജിപ്പ് ആസന്നമെന്ന് കരുതുവാൻ ന്യായമുണ്ട്.

ഓർത്തഡോക്സ് സെമിനാരി / പഴയസെമിനാരി: കോട്ടയം മീനച്ചിലാറിന്റെ തീരത്ത് 16 ഏക്കർ സ്ഥലത്ത് കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് / ജോസഫ് റമ്പാൻ (പിന്നീട് മാർ ദീവന്നാസ്യോസ്) 1814 ഫെബ്രുവരിയിൽ ശിലാസ്ഥാപനം നടത്തി. കേണൽ മൺറോ സഹായിച്ചു. 1815-ൽ പ്രവർത്തനം ആരംഭിച്ചു. സി. എം. എസ്സ്. മിഷണറിമാർ ആദ്യകാലത്ത് അദ്ധ്യാപകരായി സഹായിച്ചു. പിന്നീട് ആ ബന്ധം വിച്ഛേദിച്ചു. നവീകരണക്കാർക്ക് കുറെക്കാലം അധീനമായി. പുലിക്കോട്ടിൽ മാർ

ദീവന്നാസ്യോസ് ദ്വിതീയന്റെ കാലത്ത് റോയൽ കോടതി വിധി സെമിനാരിക്കേസിൽ അനുകൂലമായിരുന്നതിനാൽ അവകാശം തിരിച്ചുകിട്ടി. മലങ്കര മെത്രാപ്പോലീത്താമാരുടെയും 1912 മുതൽ കാതോലിക്കായുടെയും ഔദ്യോഗിക ആസ്ഥാനം. കക്ഷിവഴക്കു ശക്തിപ്പെട്ടപ്പോൾ വൈദിക വിദ്യാഭ്യാസം എം. ഡി. സെമിനാരിയിലേക്കു മാറ്റി. 1959 മുതൽ തുടർച്ചയായി പഴയസെമിനാരിയിൽ വൈദികവിദ്യാഭ്യാസം നടത്തിവരുന്നു. ഫാ. കെ. ഡേവിഡ്, സി. ജെ. സ്കറിയാ മല്പാൻ, ഔഗേൻ മാർ തീമോത്തിയോസ്, ഫാ. വി. കെ. മാത്യൂസ്, ഡോ. തെയോഫിലോസ്, ഡോ. ഗ്രീഗോറിയോസ്, ഫാ. ഡോ. കെ. എം. ജോർജ് എന്നിവർ കോളജ് പ്രിൻസിപ്പൽ സ്ഥാനത്തു സേവനം ചെയ്തു. 1965-ൽ സെറാമ്പൂരിൽ അഫിലിയേറ്റ് ചെയ്തു. 1974-ൽ സോഫിയാ സെന്റർ പണിതു. 1977-ൽ വടക്കുവശത്തെ കെട്ടിടം പുർത്തിയായി. 1980-ൽ മാർത്തോമ്മാ, സി. എസ്. ഐ. സെമിനാരികളുമായി സഹകരിച്ച് എഫ്. എഫ്. ആർ. ആർ. സി. (Federated Faculty for Research in Religion and Culture) രൂപീകരിച്ച് ബിരുദാനന്തര പഠനം തുടങ്ങി. 1984 മുതൽ അത്മായ വേദശാസ്ത്ര പരിശീലനം (ദിവ്യബോധനം) തുടങ്ങി. 1988-ൽ ബുക്സ്റ്റാളും 1989-ൽ സംഗീത വിദ്യാലയവും തുടങ്ങി. മാർ ബസേലിയോസ് മാത്യൂസ് I, മാർ തെയോഫിലോസ്, മാർ ഗ്രീഗോറിയോസ് ഇവരുടെ സ്മാരകമായി മൂന്നുനിലകളുള്ള സ്മൃതിസമുച്ചയം 2000-ൽ നിലവിൽ വന്നു. സഭാ മാനേജിംഗ് കമ്മറ്റിയും സിനഡും ഇവിടെ സമ്മേളിക്കുന്നു. ചാപ്പലിൽ സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് I, ജോസഫ് ദീവന്നാസ്യോസ് പുലിക്കോട്ടിൽ II, പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് എന്നിവരുടെ കബറിടങ്ങൾ ഉണ്ട്.

ഓർത്തഡോക്സ് യുവജനം: പൗരസ്ത്യ ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം.

ഓർത്തഡോക്സ് യൂത്ത് മാസിക: ഓർത്തഡോക്സ് യുവജന - വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ മാസിക. 1958 മുതൽ പ്രസിദ്ധീകരിച്ചത് 1996-ൽ നിന്നുപോയി. ഓർത്തഡോക്സ് യുവജനം എന്ന പേരിൽ യുവജനപ്രസ്ഥാനം 2005 മുതലും ദി ഗ്രിഗോറിയൻ എക്സ്പ്രഷൻസ് എന്ന പേരിൽ വിദ്യാർത്ഥിപ്രസ്ഥാനം 2006 മുതലും ഓരോ മാസിക പ്രസിദ്ധീകരിക്കുന്നു.

ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ: ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ശതാബ്ദിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്ന ബൈബിൾ വിവർത്തനം. ഒരു വിദഗ്ദ്ധ സംഘം ഇതിന്റെ വിവർത്തനം തയാറാക്കുന്നു. അതിനായി ഫാ. ജോൺ മാത്യു പള്ളി

പ്പാടിന്റെ ചുമതലയിൽ ഓഫീസ് പ്രവർത്തനം നടക്കുന്നു. ഡോ. സഖറിയാ മാർ തെയോഫിലോസ് അതിന്റെ കൺവീനർ. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ചീഫ് എഡിറ്റർ. ഫാ. ഡോ. ജോസഫ് ചീരൻ, ഫാ. ഡോ. മാത്യു ബേബി തുടങ്ങിയവർ ഭാഷാ വിദഗ്ദ്ധർ. 2009-ൽ പ്രസിദ്ധീകരിക്കുവാൻ ലക്ഷ്യമിടുന്നു.

ഓർത്തഡോക്സ് ഹെറാൾഡ്: മാർത്തോമ്മാ മാത്യൂസ് I കാതോലിക്കായുടെ കാലത്ത് ദേവലോകം അരമനയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന പത്രം. ഫാ. മാത്യൂസ് വർഗീസ് (ഷേബാലി) പത്രാധിപർ. പ്രഥമൻ ബാവാ രോഗബാധിതനായതോടെ (1990) പത്രം നിലച്ചു. ഇപ്പോൾ ഇതേ പേരിൽ ഓൺലൈൻ പ്രസിദ്ധീകരണമായി രംഗത്തുണ്ട്. ആഴ്ചയിൽ നാലു ലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഞായറാഴ്ചയിലെ ലക്കം അമേരിക്കയിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നു. വിദേശത്തുള്ള സഭാംഗങ്ങളെ സഭയുമായി ബന്ധപ്പെടുത്തി നിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ഓർത്തഡോക്സി: സത്യ ദൈവവിശ്വാസവും സത്യ ആരാധനയും പിന്തുടരുന്നവർ എന്ന നിലയിൽ പൗരസ്ത്യർ ഈ പേർ അവകാശപ്പെടുന്നു. വിശ്വാസവും ആരാധനയും പരസ്പര പൂരകമാണെന്ന് പൗരസ്ത്യ പിതാക്കന്മാർ പഠിപ്പിച്ചു. കിഴക്കൻ സഭകളും കൽക്കീദൂൻ സിനഡ് അംഗീകരിക്കാത്ത സഭകളും ഈ പേർ ഉപയോഗിക്കുന്നു.

ഓർമ്മപ്പെരുന്നാൾ: സഭാപിതാക്കന്മാരുടെ ഓർമ്മ ആണ്ടുതോറും പെരുനാൾ ആയി ആഘോഷിക്കുന്നു. സന്ധ്യാപ്രാർത്ഥന, പ്രദക്ഷിണം, ധൂപപ്രാർത്ഥന, പ്രഭാത പ്രാർത്ഥന, വി. കുർബാന, ധൂപപ്രാർത്ഥന, പ്രസംഗം, പ്രദക്ഷിണം, ആശീർവാദം, നേർച്ച (സദ്യ) തുടങ്ങിയവയാണ് പ്രധാന ചടങ്ങുകൾ. തീർത്ഥയാത്രകളും ആനയെഴുന്നെള്ളിപ്പും വാദ്യമേളങ്ങളും കരിമരുന്ന് പ്രയോഗങ്ങളും കലാപരിപാടികളും ചില സ്ഥലങ്ങളിൽ പതിവുണ്ട്. എബ്രാ. 13:7 ആണ് ഈ ആചരണത്തിന്റെ വേദാടിസ്ഥാനം.

ഓശാന/ഊശാന/ഹോശന്ന: ഞങ്ങളെ രക്ഷിച്ചാലും എന്നർത്ഥം. യെരുശലേമിലേക്കുള്ള യേശുവിന്റെ പ്രവേശനമാണ് ഈ പെരുന്നാളിന്റെ വിഷയം. വലിയനോമ്പിലെ 7-ാം ഞായറാഴ്ച ഈ പെരുന്നാൾ കൊണ്ടാടുന്നു. കുരുത്തോലകൾ പിടിച്ചുള്ള പ്രദക്ഷിണം, ഓലവാഴ്വിന്റെ ക്രമം തുടങ്ങിയവ കുർബാനയ്ക്കു പുറമേ അന്ന് നടത്തുന്നു. പൂവുകളും ഓലത്തണ്ടുകളും വിതറുകയും ചെയ്യുന്നു. വാഴ്ത്തിയ കുരുത്തോല വിശ്വാസികൾ ഭവനങ്ങളിൽ കൊണ്ടുപോയി പവിത്രമായി സൂക്ഷിക്കുന്നു.

ഓറിഗൻ (185–253): ക്രൈസ്തവ വേദശാസ്ത്രത്തിന് ദാർശനിക അടിത്തറ പാകിയ ആൾ. അലക്സാന്ത്രിയായിൽ ജനിച്ചു. പാന്റീനസിന്റെയും ക്ലീമ്മീസിന്റെയും ശ്രോതാവ്. അലക്സാന്ത്രിയ, കൈസറിയാ വിദ്യാകേന്ദ്രങ്ങളിൽ അദ്ധ്യാപകൻ. എഴുത്തുകാരൻ. ടയറിൽ വച്ച് നിര്യാതനായി. അഞ്ചു ഗണത്തിലുള്ള കൃതികൾ രചിച്ചു. 1. വേദവിമർശന പഠനം. 2. വ്യാഖ്യാനം. 3. വേദശാസ്ത്ര പഠനം. 4. വിശ്വാസസമർത്ഥനപരം. 5. പ്രായോഗികം. ആദ്യതത്വങ്ങൾ, കെൽസൂസിനെതിരെ, യോഹന്നാന്റെ സുവിശേഷത്തിനും ഉത്തമഗീതത്തിനും എഴുതിയ വ്യാഖ്യാനങ്ങൾ എന്നിവ പ്രധാന കൃതികൾ. ചില വിശ്വാസ വൈകല്യങ്ങൾ അദ്ദേഹത്തിന്റെ ചിന്തയിലും കൃതികളിലും ഉണ്ട്.

1. യേശുക്രിസ്തുവിനെ സൃഷ്ടിയാക്കി. 2. പരിശുദ്ധാത്മാവിനെ ക്രിസ്തുവിലും താഴ്ന്ന സൃഷ്ടിയാക്കി. 3. ശരീരത്തിന്റെ പുനരുത്ഥാനം ഇല്ലെന്ന് പഠിപ്പിച്ചു. 4. ന്യായവിധിയും നരകവും ഇല്ലെന്ന് പറഞ്ഞു. 5. പിശാചുക്കൾ രക്ഷിക്കപ്പെടും എന്ന് പഠിപ്പിച്ചു. 6. പുനർജന്മം പഠിപ്പിച്ചു.

പ്രധാന സംഭാവനകൾ: 1. ക്രൈസ്തവ വിജ്ഞാനീയത്തിന് അടിത്തറ പാകി. 2. വേദശാസ്ത്രത്തിൽ തത്വചിന്തയ്ക്കും യുക്തിബോധത്തിനുമുള്ള സ്ഥാനവും പ്രസക്തിയും വ്യക്തമാക്കി. 3. യുക്തിയ്ക്ക് നിരക്കുന്ന ക്രൈസ്തവ ചരിത്രവീക്ഷണം രൂപപ്പെടുത്തുവാൻ ശ്രമിച്ചു. 4. സർവപ്രപഞ്ചവും ദൈവത്തിൽ നിന്നാരംഭിച്ച് ദൈവത്തിൽ ചെന്നെത്തുന്ന ഒരു പ്രക്രിയയിൽ ക്രമീകൃതമായ ചിന്തയ്ക്ക് തുടക്കം കുറിച്ചു. 5. യേശുക്രിസ്തുവിൽ, ദൈവീകരിക്കപ്പെടുന്ന മനുഷ്യന്റെ ആത്യന്തികലക്ഷ്യവും മാതൃകയും കണ്ടെത്തി പൗരസ്ത്യ ആധ്യാത്മികതയ്ക്ക് അടിസ്ഥാനമിട്ടു.

ഓസിയോ, മോർ (257–357): കോർദോവായിലെ മെത്രാൻ. ഹോസിയൂസ് എന്നും പറയും. കുസ്തന്തീനോസ് ചക്രവർത്തിയുടെ ആത്മീയ ഉപദേഷ്ടാവ് (313–325). അറിയോസിന്റെ ഉപദേശം. അന്വേഷിപ്പാൻ അലക്സാന്ത്രിയായിലേക്കയക്കപ്പെട്ടു. അദ്ദേഹത്തിന്റെ റിപ്പോർട്ട് അനുസരിച്ച് ചക്രവർത്തി നിഖ്യാ സിനഡ് വിളിച്ചു കൂട്ടി (325). ഓസിയോ അദ്ധ്യക്ഷത വഹിച്ചിരിക്കാം. അത്താനാസ്യോസിനെ പിന്തുണച്ചു.

മലങ്കരസഭയിൽ, കോഴഞ്ചേരി നാരങ്ങാനം പള്ളി അദ്ദേഹത്തിന്റെ നാമത്തിൽ. കുന്നംകുളം അടുപ്പുട്ടി സെന്റ് ജോർജ് പള്ളി അദ്ദേഹത്തിന്റെ ഓർമ്മ പെരുന്നാളായി ആഘോഷിക്കുന്നു. ഒസിയോ എന്നാൽ വൈദ്യൻ എന്ന് അർത്ഥമുണ്ട്.

ഓൾ സെയ്ന്റ്സ് ഡേ: പാശ്ചാത്യസഭകൾ നവംബർ 1-ന് സർവ വിശുദ്ധന്മാരുടെയും ഓർമ്മ കൊണ്ടാടുന്നു.

ഓൾ സോൾസ് ഡേ: നവംബർ 2-ന് പാശ്ചാത്യസഭ സർവവിശ്വാസികളായ മരിച്ചുപോയവരുടെയും ഓർമ്മ നടത്തുന്നു. റോമ്മാസഭയുടെ സ്വാധീനഫലമായി മലങ്കരയിലെ ചില പള്ളികളിൽ ഈ ദിനം കൊണ്ടാടാറുണ്ട്. സുറിയാനി കലണ്ടർപ്രകാരം വലിയ നോമ്പിന്റെ പേത്തർത്തായുടെ തൊട്ടുമുമ്പുള്ള ഞായറാഴ്ചയാണ് എല്ലാ വിശ്വാസികളുടെയും ഓർമ്മ.

ഔഗേൻ: പേർഷ്യൻ ക്രൈസ്തവ സന്യാസപ്രസ്ഥാന സ്ഥാപകൻ. ഈജിപ്റ്റ് സ്വദേശം. മുത്തുകൾ പെറുക്കുന്ന മുക്കുവൻ. വി. പക്കോമിയോസിന്റെ ആശ്രമത്തിൽ ചേർന്നു. സിറിയായിൽ വന്ന് സുവിശേഷകനായി. 4-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇസ്ലാ മലയിൽ ആശ്രമം സ്ഥാപിച്ചു. 70 സന്യാസിമാരൊത്തു പേർഷ്യയിൽ വന്നു. ശിഷ്യന്മാർ പേർഷ്യയുടെ വിവിധ ഭാഗങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചു. 363-ൽ നിര്യാതനായി.

ഔഗേൻ കാതോലിക്കാ: '*ബസേലിയോസ് ഔഗേൻ I*' എന്ന ശീർഷകം കാണുക.

ഔസർ റോസേ: ബാർ എബ്രായ രചിച്ച കൂദാശകളുടെ വ്യാഖ്യാന ഗ്രന്ഥം. മലങ്കരസഭയിലെ ആദ്യ കോപ്പി തൊഴിയൂർ ആർക്കൈവ്സിലുണ്ട്. അതിന്റെ പകർപ്പ് പാമ്പാക്കുട കോനാട്ട് ലൈബ്രറിയിൽ ഉണ്ട്.

ഔഗേൻ മാർ തീമോത്തിയോസ്: '*ബസേലിയോസ് ഔഗേൻ I*' എന്ന ശീർഷകം കാണുക.

ഔഗേൻ മാർ ദീവന്നാസ്യോസ്: '*ദീവന്നാസ്യോസ്, ഔഗേൻ മാർ*' കാണുക.

ക

കക്കാട് (1): പാലൂർ – കുന്നംകുളം പ്രദേശത്തുള്ള ഒരു ഗ്രാമം. തലപ്പള്ളി രാജാക്കന്മാരുടെ ആസ്ഥാനം. ചിറളയം, മണക്കുളം, കക്കാട്, പുന്നത്തൂർ ശാഖകളിലെ നമ്പിടിമാരിൽ മൂപ്പുള്ള ആൾ കക്കാട് കാരണവപ്പാട് എന്ന് വിളിക്കപ്പെടുകയും തലപ്പള്ളിയുടെ ഭരണം നിർവഹിക്കുകയും ചെയ്യുന്നു. ക്രിസ്തുമതം സ്വീകരിക്കുവാൻ തീരുമാനിച്ച ഒരു പെരുമാളിനെ വധിച്ചതിനെത്തുടർന്ന് തങ്ങളുടെ ആഗ്രഹങ്ങൾക്ക് സാഫല്യം നൽകിയ നായർ പടത്തലവനെ പ്രബലരായ നമ്പൂതിരിമാർ നമ്പിടി സ്ഥാനം നൽകി ആദരിച്ച് തലപ്പള്ളിയുടെ ഭരണം നൽകിയെന്നും പദവികളിലും ആചാരാനുഷ്ഠാനങ്ങളിലും നമ്പൂതിരിമാരോട് തൊട്ടടുത്ത സമ്പ്രദായങ്ങൾ ആവിഷ്കരിച്ചു എന്നും ഐതിഹ്യം. പൊന്നാനി തുറമുഖത്ത് കേന്ദ്രീകരിച്ച് നടന്ന വിദേശ വ്യാപാരത്തിന്റെ മേൽനോട്ടം നിർവഹിക്കുവാൻ കക്കാട്ട് വട്ടക്കോട്ടയിൽ പെരുമാൾ താമസിച്ച കാലത്താണ് വാളുനമ്പി കൂടെയായിരുന്ന (അംഗരക്ഷകൻ) പടത്തലവൻ പെരുമാളിനെ വധിച്ചത്. കോട്ടയുടെ അവശിഷ്ടങ്ങൾ അവിടെ ഉണ്ടായിരുന്നതായി സഞ്ചാരികൾ സ്ഥിരീകരിച്ചിട്ടുണ്ട്. മാർ ഗ്രീഗോറിയോസിന്റെ നാമത്തിൽ അവിടെ ഒരു ഓർത്തഡോക്സ് ദേവാലയം സ്ഥിതിചെയ്യുന്നു.

കക്കാട് (2): പ്രാചീന നാടുകളുടെ വിഭജനത്തിൽ കാണുന്ന കർക്കാനാട്ട് ലോപിച്ച് കക്കാട് എന്ന പദം ഉണ്ടായി.

കക്കാട് കാരണവപ്പാട്: തലപ്പള്ളി രാജാക്കന്മാരുടെ ആസ്ഥാനമാണ് കക്കാട്. കക്കാട്, മണക്കുളം, ചിറളയം, പുന്നത്തൂർ എന്നിങ്ങനെ വിവിധ ശാഖകൾ ഈ രാജവംശത്തിനുണ്ട്. കക്കാട് ശാഖ അന്യം വന്നപ്പോൾ ഈ ശാഖകളിലെ തലവന്മാർ മൂപ്പ്മുറയിൽ കിരീടം പ്രാപിച്ചു. ഏത് ശാഖക്കാരനായാലും കിരീടാവകാശി കക്കാട് കാരണവപ്പാട് എന്നറിയപ്പെട്ടിരുന്നു. രാജഭരണം ഇല്ലാതായിട്ടും മൂപ്പ് സ്ഥാനി ആ പേരിൽ ഇന്നും അറിയപ്പെടുന്നു.

കക്കാട് കോട്ട: പുരാതനമായ ഒരു കോട്ട കക്കാട് ഉണ്ടായിരുന്നു. 19–ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ദേശചരിത്രമെഴുതിയ വാർഡും കോണ്ണറും ഇവിടെ കോട്ടയുടെ സാന്നിദ്ധ്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അടുത്തകാലം വരെ കോട്ടയുടെ അവശിഷ്ടം ഇവിടെ ദൃശ്യമായിരുന്നു. കക്കാട് വാളുനമ്പി വധിച്ച പെരുമാളിന്റെ കോട്ടയോ, തലപ്പള്ളി രാജാക്കന്മാരുടെ കോട്ടയോ ചേരരാജാക്കന്മാരുടെ കോട്ടയോ ആകാം. വട്ടക്കോട്ട എന്നായിരുന്നു പേർ.

കക്കാട് ഗുഹ: മഹാശിലായുഗത്തിന്റെ അവശിഷ്ടമായി കല്ലുകൊണ്ടുള്ള കട്ടിലുകൾ സജ്ജീകരിച്ച ഒരു പ്രാചീന ഗുഹ കക്കാട്ട് കാണാം. ബുദ്ധ - ജൈന സന്യാസിമാർ താമസിച്ചിരുന്ന മുനിമടയാണിതെന്ന് പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നു. ക്രിസ്തുമതത്തിന്റെ ആരംഭകാലത്ത് വിദേശവ്യാപാരകേന്ദ്രമായിരുന്ന പൊന്നാന്നി തുറമുഖത്തിന്റെ സമീപമായിരുന്ന പാലൂർ, കുന്നംകുളം പഴഞ്ഞി പ്രദേശങ്ങൾ - ബുദ്ധ / ജൈന സങ്കേതമായിരുന്നതിന്റെ സൂചനയാണ് കക്കാട്ടിലും പരിസരപ്രദേശത്തും കാണപ്പെടുന്ന നിരവധി ഗുഹകൾ.

കക്കാട്ട് രാജാവ്: തലപ്പള്ളി രാജവംശ ശാഖകളായ ചിറളയം, മണക്കുളം, കക്കാട്, പുന്നത്തൂർ കുടുംബങ്ങളിലെ മൂപ്പ് കൂടിയ ആളെ ഇന്നും കക്കാട് കാരണവപ്പാട് എന്ന രാജബഹുമതി നൽകി വിശേഷിപ്പിക്കുന്നു. ഭരണമൊന്നുമില്ലെങ്കിലും ആ ചരിത്ര ബഹുമതി നിലനിർത്തിപ്പോരുന്നു. കക്കാട് അധികാരികൾ പലപ്പോഴും കൊച്ചിയുടെ സാമന്തന്മാരായിരുന്നു. എന്നാൽ പുന്നത്തൂർ ശാഖ പലപ്പോഴും സാമൂതിരിയുമായി ഇണങ്ങിയിരുന്ന ചരിത്രമുണ്ട്. കൊച്ചിയുടെയും മലബാറിന്റെയും അതിർത്തി സംരക്ഷണച്ചുമതല കക്കാട് കാരണവപ്പാടിന്റെ ചുമതല വഹിക്കുന്ന തലപ്പള്ളി രാജാവിനായിരുന്നു.

കക്രോ: താലന്തുകളുടെ ഉപമയിൽ താലന്ത് എന്ന പദത്തിന് സുറിയാനി ഏവൻഗേലിയോന്റെ മലയാള വിവർത്തനത്തിൽ കക്രോ എന്ന ഏകവചനവും കക്രീൻ എന്ന് ബഹുവചനവും ഉപയോഗിച്ചിരിക്കുന്നു.

കഗാവ (1888–1960): ജപ്പാൻ ഗാന്ധി എന്ന് പ്രസിദ്ധി നേടിയ ക്രിസ്തീയ സാമൂഹ്യ പ്രവർത്തകൻ. തൊഴിലാളി-കർഷക സംഘടനകൾ രൂപീകരിച്ചു. യുദ്ധവിരുദ്ധ ലീഗ്, ദൈവരാജ്യപ്രസ്ഥാനം എന്നിവയ്ക്ക് നേതൃത്വം നൽകി. യേശുവിന്റെ മതം, ദൈവത്തിലൂടെയുള്ള പുതുജീവിതം, ക്രിസ്തുവും ജപ്പാനും, ചേരിയിൽനിന്നുള്ള പാട്ടുകൾ, ക്രൂശിനെപ്പറ്റിയുള്ള ധ്യാനം എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.

കക്ഷി: മലങ്കരസഭയിലെ വ്യവഹാര ചരിത്രത്തിലെ പരിചിതമായ ഒരു പദം. ഉദയംപേരൂർ സുന്നഹദോസിന്റെ (1599) പശ്ചാത്തലം തൊട്ട് കൂനൻ കുരിശു സംഭവപരമ്പരയുടെ കാലത്ത് മലങ്കരസഭയിൽ ദേശീയവാദികൾ, റോമ്മൻ അനുകൂലികൾ എന്ന് രണ്ടു കക്ഷികൾ രൂപപ്പെട്ടു. ദൗർഭാഗ്യ

വശാൽ ദേശീയകക്ഷി പുത്തൻകൂറ്റുകാർ എന്നും റോമ്മൻ കക്ഷി പഴയ കൂറ്റുകാരെന്നും തെറ്റായി പ്രചരിപ്പിക്കപ്പെട്ടു.

19-ാം നൂറ്റാണ്ടിൽ അന്ത്യോഖ്യയെ അംഗീകരിക്കുന്ന മലങ്കരസഭാ വിഭാഗം ബാവാകക്ഷികൾ എന്നും അന്ത്യോഖ്യായെ നിഷേധിക്കുന്ന നവീകരണപ്രസ്ഥാനക്കാർ മെത്രാൻ കക്ഷി എന്നും വിളിക്കപ്പെട്ടു.

20-ാം നൂറ്റാണ്ടിൽ ദേശീയവാദികളായ മലങ്കരസഭാ വിഭാഗം മെത്രാൻ കക്ഷിയെന്നും അന്ത്യോഖ്യൻ ഭരണം സ്വാഗതം ചെയ്യുന്ന വിഭാഗം ബാവാകക്ഷിയെന്നും അറിയപ്പെട്ടു.

18-ാം നൂറ്റാണ്ടിൽ മലങ്കരയിലെത്തിയ ചില അന്ത്യോഖ്യൻ മേലദ്ധ്യക്ഷന്മാർ അന്ത്യോഖ്യാ മലങ്കരബന്ധം പൂർവികമായിട്ടുള്ളതാണെന്ന് വാദിച്ച് മലങ്കരയെ അവരുടെ കോളനിയാക്കാൻ ശ്രമിച്ചിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഈ കോളനിവല്ക്കരണശ്രമം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ മുടക്കിന് കാരണമായി. മെത്രാപ്പോലീത്തായെ അനുകൂലിച്ച ഭൂരിപക്ഷം മെത്രാൻകക്ഷിയെന്നും പാത്രിയർക്കീസിനെ അനുകൂലിച്ചവർ ബാവാകക്ഷിയെന്നും അറിയപ്പെട്ടു. രണ്ടു ഭാഗവും നടത്തിയ വ്യവഹാരങ്ങൾ 1958-ലും 1995-ലും സുപ്രീംകോടതി വിധികൾ മൂലം മെത്രാൻകക്ഷിക്കനുകൂലമായി തീരുമാനിക്കപ്പെട്ടു. 1958-ൽ പൂർണ്ണമായും 1995-ന് ശേഷം ഭാഗികമായും സഭയിൽ യോജിപ്പുണ്ടായി. എന്നിട്ടും കക്ഷി പ്രയോഗവും തത്ഫലമായ കക്ഷിവഴക്കുകളും നിലവിലിരിക്കുന്നു.

കച്ച: കളരിയഭ്യാസികൾ കളരിവിദ്യയുടെ ഭാഗമായി ആയുധാഭ്യാസം നടത്തുന്നതിന് മുമ്പായി ധരിക്കുന്ന ഒരുതരം വസ്ത്രമാണ് അരക്കച്ച. കച്ച കെട്ടുക എന്നാൽ യുദ്ധത്തിന് ഒരുങ്ങുക എന്നർത്ഥമായി. പിന്നീട് ഏതുതരം ഒരുക്കത്തിനും കച്ചകെട്ടുക എന്ന ശൈലി ഉപയോഗത്തിൽ വന്നു. പട്ടാളക്കാരുടെ ബെൽട്ടിന്റെ സ്ഥാനത്താണ് കച്ച.

കേരളീയ ക്രൈസ്തവസ്ത്രീകൾ പിന്നിൽ ഞൊറിയിട്ട് ഉടുക്കുന്ന പത്തു മുഴം നീളമുള്ള ഉടുമുണ്ടിനും കച്ചയെന്ന് പറയും. വിവാഹാവസരത്തിൽ വധൂവരന്മാരുടെ എതിരേല്പിന്റെ ആഘോഷവേളയിൽ വധുവിന്റെ മാതാവിന് മണവാളൻ കച്ചകൊടുക്കുന്ന പതിവും വധുവിന്റെ മാതാവ് മരുമകന് മോതിരം (കച്ചമോതിരം) ഇടുവിക്കുന്ന പതിവും ചില പ്രദേശങ്ങളിൽ കാണുന്നുണ്ട്.

കച്ചം: പഴയമലയാളത്തിൽ ഉഭയസമ്മതം രേഖപ്പെടുത്തുന്ന ഉടമ്പടികൾക്ക് കച്ചം എന്നു ഉപയോഗിച്ചിരുന്നു. മൂഴിക്കുളം കച്ചം എന്ന പ്രയോഗം ശ്രദ്ധേയം. നീതിപൂർവ്വകമായി വ്യാപാരം നടത്തുമെന്ന് ഉടമ്പടി ചെയ്തവർ വടം കെട്ടിത്തിരിച്ച അതിർത്തിക്കകത്ത് വ്യാപാരത്തിനായി ചന്തകൾ

സജ്ജീകരിച്ച പതിവിൽ നിന്നാണ് കച്ചവടം എന്ന പദത്തിന്റെ നിഷ്പത്തി എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

കച്ചീട്ട്: രശീത് എന്ന അർത്ഥത്തിൽ ഉപയോഗിച്ചുവരുന്ന പഴയ മലയാളപദം.

കച്ചേരി: പഞ്ചായത്ത് ഗ്രാമസഭാതലം മുതൽ വിവിധ തലങ്ങളിലായി പ്രവർത്തിച്ചുവരുന്ന കോടതികളെ കച്ചേരി എന്നു പറഞ്ഞിരുന്നു. കച്ചേരിപ്പടി, കച്ചേരിമാളിക എന്നീ പ്രയോഗങ്ങൾ ഓർക്കുക.

കടം: അകൃത്യങ്ങളെ കടം എന്നും പാപം എന്നും ഓർത്തഡോക്സ് ആരാധനകൾ രണ്ടായി തിരിക്കുന്നു. ചെയ്യരുതാത്തത് ചെയ്യുന്നതാണ് പാപം. ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നത് കടം. കടമ ചെയ്യാതിരിക്കുന്നതാണ് കടം. കടപാപങ്ങൾ, കടങ്ങൾക്കു മോചനം, പാപങ്ങൾക്ക് പരിഹാരം എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

കടമുള്ള ദിവസങ്ങൾ: ഞായർ, മാറാനായ ദിനങ്ങൾ തുടങ്ങിയ പെരുന്നാളുകളെ കടമുള്ള ദിവസങ്ങൾ എന്ന് കത്തോലിക്കാ സഭ പറയും. അന്നേ ദിവസങ്ങളിൽ ദേവാലയാരാധനകളിൽ പങ്കെടുക്കുവാൻ വിശ്വാസികൾക്ക് കടമയുണ്ട് എന്നർത്ഥം. കുമ്പസാരവേളയിൽ പാപങ്ങളോടൊപ്പം കടങ്ങളും ഏറ്റു പറയേണ്ടതുണ്ട്.

കടമ്പനാട് പള്ളി: മാർത്തോമ്മാശ്ലീഹായുടെ പൈതൃകമുള്ള നിലക്കൽ പാരമ്പര്യം അവകാശപ്പെടുന്ന ഈ പള്ളി പത്തനംതിട്ട ജില്ലയിലാണ്. മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള ഈ പള്ളിയിൽ മൂന്നാം മാർത്തോമ്മാ കബറടങ്ങിയിരിക്കുന്നു. 1688 മേടം 9 ന് കബറടങ്ങിയ അദ്ദേഹത്തെ സ്ഥലവാസികൾ 'വലിയ അപ്പൂപ്പൻ' എന്ന് വിളിക്കുന്നു. തുമ്പമൺ, കായംകുളം, മാവേലിക്കര, കറ്റാനം, കൈപ്പട്ടൂർ, കുടശ്ശനാട്, ഓമല്ലൂർ, പത്തനംതിട്ട, കൂടൽ, മുള്ളനിക്കാട്, ശൂരനാട്, തഴവ, പുത്തൂർ, പട്ടാഴി, കൊട്ടാരക്കര, തെങ്ങമം എന്നിവിടങ്ങളിലെ പള്ളികളുടെ മാതൃദേവാലയമായ ഇവിടെ 900 ഇടവകക്കാർ ഉണ്ട്. 1822-ൽ ജീർണ്ണോദ്ധാരണം നടത്തി. 1988 ഏപ്രിൽ 22-ന് കത്തീഡ്രൽ ആയി പ്രഖ്യാപിക്കപ്പെട്ടു.

കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള (1859-1936): കട്ടക്കയം ക്രൈസ്തവ കാളിദാസൻ എന്ന് ഹാസ്യകവിതാഭാഗം. ശ്രീയേശുവിജയം എന്ന മഹാകാവ്യത്തിന്റെ കർത്താവ്. പാലാ സ്വദേശിയായ കത്തോലിക്കാ സഭാംഗം. ആസന്ന മരണ ചിന്താശതകം, യൂദ ജീവേശ്വരി, വില്ലാർവട്ടം, കലാവതി, സാറാ വിവാഹം, മാർത്തോമ്മാ ചരിതം, വനിതാമണി, മാത്തുതരകൻ എന്നിവയും അദ്ദേഹത്തിന്റെ കൃതികൾ ആണ്. 'വിജ്ഞാന രത്നാകരം' എന്ന ഒരു മാസികയും പ്രസിദ്ധീകരിച്ചിരുന്നു.

കടമറ്റം കുരിശ്: കടമറ്റം പള്ളിയിൽ തെക്കേ ഭിത്തിയിൽ കാണുന്ന പേർഷ്യൻ കുരിശ്. പാഹ്‌ലവി ഭാഷയിൽ മൂന്ന് വാക്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 'മാർ സംപൂർ എഴുതി' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തരീസാ ചെപ്പേട് കരസ്ഥമാക്കിയ സാപ്പോർ ഇദ്ദേഹമായിരിക്കാം.

കടമറ്റം പള്ളി: സെന്റ് ജോർജ് ദേവാലയം. എ.ഡി. 10-ാം നൂറ്റാണ്ടിൽ വിദേശത്തുനിന്നു വന്ന മാർ ആബോ, ആയിക്കുന്നത്ത് കർത്തായുടെ സഹായത്തോടെ സ്ഥാപിച്ചു എന്ന് ഐതിഹ്യം. ഈ പള്ളിയിലെ പേർഷ്യൻ കുരിശിലെ ലിഖിതം വായിക്കപ്പെട്ടിട്ടില്ല. മേടം 22, 23 പ്രധാന പെരുന്നാൾ. കണ്ടനാട് ഭദ്രാസനത്തിൽ ഐക്കരനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്നു. മഹാ മാന്ത്രികനായ കടമറ്റത്തു കത്തനാരുടെ ഭൗതികാവശിഷ്ടം മദ്ബഹായുടെ താഴെ വടക്ക് പ്രത്യേക കല്ലറയിൽ വണക്കത്തിനായി സൂക്ഷിച്ചിട്ടുണ്ട്. ഒരു കാലത്ത് സ്ഥലം കടൽത്തീരമായിരുന്നതിനാലാണ് ആ പേർ വന്നതെന്ന് അനുമാനിക്കുന്നു.

കടമറ്റത്തു കത്തനാർ: കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ *ഐതിഹ്യമാല* എന്ന ഗ്രന്ഥത്തിൽ (4-ാം ഭാഗം) ഇദ്ദേഹത്തെപ്പറ്റി ഒട്ടനവധി ഐതിഹ്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കടമറ്റത്ത് പള്ളി സ്ഥാപിച്ച മാർ ആബോയുടെ ശിഷ്യൻ ആണിദ്ദേഹമെന്നു പാരമ്പര്യം. കടമറ്റത്ത് സമ്പ്രദായം എന്ന മാന്ത്രികപദ്ധതി ഇദ്ദേഹം ശിഷ്യപരമ്പരയ്ക്കുപദേശിച്ച ശൈലീപദ്ധതിയാണെന്ന് പറയപ്പെടുന്നു. ശെമ്മാശനായിരിക്കേ വഴിതെറ്റി കാട്ടിൽ മന്ത്രവാദികളുടെ കൈയിലകപ്പെട്ടുവെന്നും അവിടെവച്ച് മന്ത്രവിദ്യ പരിശീലിച്ചെന്നും പിന്നീട് തിരിച്ചെത്തി വൈദികനായി കടമറ്റത്ത് പള്ളിയിൽ തുടർന്നുവെന്നും *ഐതിഹ്യമാല*യിൽ കാണുന്നു. *നിരണം ഗ്രന്ഥവരി*യിലും കടമറ്റത്ത് അച്ചന്മാരെപ്പറ്റി പരാമർശനമുണ്ട്.

കടുത്തുരുത്തി: കടൽത്തുരുത്തിൽ നിന്ന് പദനിഷ്പത്തി. ശുകസന്ദേശത്തിൽ സംസ്കൃതീകരിച്ച് 'സിന്ധുദ്വീപം' എന്ന് പ്രയോഗിച്ചിട്ടുണ്ട്. 14-ാം നൂറ്റാണ്ടിലെ ഉണ്ണുനീലി സന്ദേശത്തിൽ സ്ഥലപരാമർശമുണ്ട്. വടക്കുംകൂർ രാജാവിന്റെ സഹായത്താൽ പണിയപ്പെട്ട പള്ളി. ക്നാനായപ്പള്ളിയും സുറിയാനിപ്പള്ളിയുമുണ്ട്. പേർഷ്യക്കാരൻ അബ്രഹാം മെത്രാൻ 1590-ൽ വലിയപള്ളി പണിയിച്ചതായി പറയപ്പെടുന്നു. അദ്ദേഹം 1597 ൽ നിര്യാതനായപ്പോൾ ഗോവാ ആർച്ച്ബിഷപ്പ് മെനേസ്സീസ് പള്ളി ക്ലേശിച്ച് കൈവശപ്പെടുത്തി. പഴയ ദേവാലയത്തിന്റെ വാസ്തുശില്പം, പഴയ കരിങ്കൽ കുരിശുകൾ, ശിലാഫലകങ്ങൾ, കരിങ്കല്ലിൽ കൊത്തിയ പഴയ രൂപങ്ങൾ, വലിയ കരിങ്കൽകുരിശ്, മാമ്മൂദീസാ തൊട്ടി, താളിയോല പ്രമാണങ്ങൾ, പള്ളിമണി എന്നിവയൊക്കെ പള്ളിയുടെ പൗരാണികത്വം സൂചിപ്പിക്കുന്നു. കിഴക്കൻസഭയുടെ മൂന്ന് നോമ്പു ആചരണം ഇവിടെ പ്രധാനം.

കൺഫെഷൻ (1): ഒരു രക്തസാക്ഷിയുടെ വിശ്വാസ പ്രഖ്യാപനം.

കൺഫെഷൻ (2): ആരാധനയിൽ വിശ്വാസികൾ പൊതുവായോ വ്യക്തിപരമായോ രഹസ്യമായോ പട്ടക്കാരന്റെ മുമ്പിൽ നടത്തുന്ന പാപം ഏറ്റുപറച്ചിൽ. ഓർത്തഡോക്സ് - കത്തോലിക്കാ പാരമ്പര്യത്തിൽ കുമ്പസാരം.

കൺഫെഷൻ (3): വി. അഗസ്റ്റിൻ (ആഗസ്തീനോസ്) 400-ൽ എഴുതിയ ആത്മകഥ. അധാർമ്മികശൈലിയിൽ ജീവിച്ച അഗസ്റ്റിന്റെ മാനസാന്തരത്തിന്റെ കഥ ഇംഗ്ലീഷിലെ ആത്മകഥാ സാഹിത്യത്തിൽ ഉത്തമ കൃതിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

കൺവൻഷൻ: മാമ്മൂൽ, കീഴ്‌വഴക്കം, സമ്മേളനം എന്നിങ്ങനെ വിവിധ അർത്ഥങ്ങൾ. സുവിശേഷയോഗങ്ങൾക്ക് ഈ പദം വ്യാപകമായി ഉപയോഗിക്കുന്നു. നവീകരണത്തെ ചെറുക്കുവാൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് 1873-ലെ പരുമല സമ്മേളനത്തിൽ നടത്തിയ ആഹ്വാന പ്രകാരമാണ് മലങ്കരസഭയിൽ കൺവൻഷൻ പ്രസ്ഥാനം രൂപപ്പെട്ട് വളർന്നത്. മതേതര സമ്മേളനങ്ങൾക്കും ഈ പദം ഉപയോഗിക്കുന്നുണ്ട്.

കണി: ഉറക്കം ഉണർന്ന് ആദ്യം കാണുന്ന കാഴ്ച.

കണി കാണുക: കണി കാണാൻ കൊള്ളാവുന്ന ശുഭ വസ്തുക്കളുണ്ട്; കൊള്ളരുതാത്ത അശുഭ വസ്തുക്കളുമുണ്ട്. മേടം 1-ന് കണി വയ്ക്കുക, കണി കാണുക എന്നീ ചടങ്ങുകളുണ്ട്. കണി കാണാൻ വയ്ക്കുന്ന ശുഭ വസ്തുവാണ് വെള്ളരി. കണി വെള്ളരിക്കാ എന്ന് അതിന് പേർ. മറ്റൊരു ശുഭ വസ്തുവാണ് കണിക്കൊന്ന.

കണിയാൻ: ലക്ഷണം പറയുന്നവൻ. ജോത്സ്യൻ. മന്ത്രവാദിയ്ക്കും ചില സ്ഥലങ്ങളിൽ ഈ പേരുണ്ട്.

കണിയാൻപാട്ട്: മലയാള ഭാഷയിലെ നാടൻപാട്ടുകളിൽ ഒരു വിഭാഗം.

കണിയാന്ത്ര: നിരണം പ്രദേശത്തെ പ്രശസ്ത കുടുംബം. *നിരണം ഗ്രന്ഥവരി* യുടെ താളിയോലകൾ ഈ തറവാട്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. കോളിജീയേറ്റ് ഡയറക്ടറും എം. ജി. ഒ. സി. എസ്. എം. നേതാവുമായ പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ ഈ കുടുംബാംഗമാണ്.

കണ്ടനാട് ഗ്രന്ഥവരി: കൊച്ചി മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് (കടുങ്ങമംഗലത്ത് കബറിടം) എഴുതിയ കൈയെഴുത്ത് സഭാചരിത്രം.

നവീകരണ വിഭാഗം രൂപപ്പെടുന്നത്, പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ്, യൂയാക്കീം മാർ കൂറിലോസ്, സ്തേഫാനോസ് മാർ അത്താനാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, വെട്ടിക്കൽ ദയറാ സ്ഥാപനം, പരുമല സെമിനാരി സ്ഥാപനം, പത്രോസ് തൃതീയൻ ബാവായുടെ ആഗമനം, മുളന്തുരുത്തി സുന്നഹദോസ്, പരുമല സുന്നഹദോസ്, അസോസ്യേഷൻ - മാനേജിംഗ് കമ്മറ്റി രൂപീകരണം, മൂറോൻ കൂദാശ, ഇതര കൂദാശകൾ, 6 മെത്രാന്മാരുടെ പട്ടംകൊടകൾ, ഭദ്രാസന വിഭജനം, സെമിനാരി വ്യവഹാരം തുടങ്ങി 19-ാം നൂറ്റാണ്ടിൽ നടന്ന സഭാചരിത്ര സംഭവങ്ങൾ ഒരു ദൃക്സാക്ഷി എന്ന നിലയിൽ ഗ്രന്ഥകാരൻ വിവരിക്കുന്നു. സഭാചരിത്രത്തെപ്പറ്റി നിലവിലിരുന്ന ഐതിഹ്യങ്ങളും ധാരണകളും ആമുഖഭാഗത്തുണ്ട്. 19-ാം നൂറ്റാണ്ടിലെ മലങ്കര സഭാചരിത്രം സംബന്ധിച്ച നിരവധി ആധികാരിക രേഖകൾ ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നു. 1990-കളിലാണിതിന്റെ കൈയെഴുത്തുപ്രതി ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽപ്പെട്ടത്. വിസ്തൃതമായ പഠനത്തോടെ അത് പ്രസിദ്ധീകരിക്കത്തക്കവിധം അണിയറയിൽ ഫാ. ഡോ. ജോസഫ് ചീരൻ എന്ന സഭാചരിത്ര ഗവേഷകന്റെ നേതൃത്വത്തിൽ ഒരുക്കങ്ങൾ നടക്കുന്നു. 19-ാം നൂറ്റാണ്ടിലെ വിവാദവിഷയമായ സംഭവങ്ങളെപ്പറ്റി വിവിധ സഭകൾ ബോധപൂർവവും അല്ലാതെയും പില്ക്കാലത്ത് ചമച്ച പല ചരിത്രകഥകളും അടിസ്ഥാനരഹിതമെന്ന് ഈ സമകാലചരിത്രം സംശയാതീതമായി രേഖപ്പെടുത്തുന്നു.

കണ്ടത്തിൽ: തിരുവല്ല പ്രദേശത്തെ പ്രസിദ്ധ സുറിയാനി ക്രിസ്ത്യാനി കുടുംബം. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, കെ. സി. മാമ്മൻ മാപ്പിള, കെ. എം. ചെറിയാൻ, കെ. എം. മാത്യു തുടങ്ങി മലയാള മനോരമ സ്ഥാപകനും പത്രാധിപന്മാരും, ആലുവാ യു. സി. കോളജിന്റെ മുഖ്യ സ്ഥാപകനായ കെ. സി. ചാക്കോയും കണ്ടത്തിൽ കുടുംബക്കാരാണ്.

കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള: മനോരമക്കമ്പനിയുടെ സ്ഥാപകരിൽ പ്രധാനി. *കീർത്തനമാല* ഇദ്ദേഹത്തിന്റെ കൃതിയാണ്. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുമൊന്നിച്ച് പ്രവർത്തിച്ചു. മലങ്കര മഹാജനസഭ, ജാത്യൈക്യ സംഘം, മലയാളി മെമ്മോറിയൽ തുടങ്ങിയ പ്രസ്ഥാനങ്ങൾ നയിച്ചു. വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും ചേർന്ന് വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ച വി. കുർബ്ബാനക്രമത്തിലെ ഗാനങ്ങൾ ഇദ്ദേഹവും കൊട്ടാരത്തിൽ ശങ്കുണ്ണിയും ചേർന്ന് തയ്യാറാക്കിയതാണ്.

കണ്ടത്തിൽ പുത്തൻപുരയിൽ: കൂത്താട്ടുകുളം - വടകര പ്രദേശത്തെ പ്രശസ്ത വൈദിക കുടുംബം.

കണ്ടനാട് പടിയോല: 1809 ചിങ്ങം 1 ന് ഏഴാം മാർത്തോമ്മായുടെ 40-ാം അടിയന്തിരദിവസം 8-ാം മാർത്തോമ്മായുടെ അധ്യക്ഷതയിൽ ചേർന്ന സുന്നഹദോസ് - പള്ളിപ്രതിപുരുഷയോഗം - അംഗീകരിച്ച സുപ്രധാന തീരുമാനങ്ങൾ. 8-ാം മാർത്തോമ്മായുടെ ക്രമവിരുദ്ധമായ മെത്രാൻ സ്ഥാനപ്രാപ്തിയിൽ ഉണ്ടായ വിവാദങ്ങൾ ഈ പടിയോലയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭരണം നടത്താമെന്ന പ്രതിജ്ഞയിൽ അവസാനിച്ചു. കണ്ടനാട് പടിയോലയ്ക്ക് രൂപംനൽകിയ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെ റമ്പാനാക്കി അദ്ദേഹത്തിന്റെയും കായംകുളം പീലിപ്പോസ് റമ്പാന്റെയും ഉപദേശപ്രകാരം പടിയോലയിലെ വ്യവസ്ഥകൾക്കു വിധേയമായി സഭാഭരണം നിർവഹിച്ചുകൊള്ളാം എന്നാണ് 8-ാം മാർത്തോമ്മാ സുന്നഹദോസിൽ വച്ച് പ്രഖ്യാപിച്ചത്. പടിയോല പൂർണ്ണരൂപത്തിൽ താഴെ ചേർക്കുന്നു:

മശിഹാ പിറന്നിട്ട് 1809-ാം കാലം കൊല്ലം 985-മാണ്ട് ചിങ്ങമാസം 1-ാം തീയ്യതി എഴുതിവച്ച പടിയോല.

“1. ഉണ്ണികൾ പിറന്നാൽ 90 ദിവസത്തിന്നകം മാമ്മൂദീസാ മുക്കുകയും 2. പൈതങ്ങൾ ആകാശങ്ങളിൽ ഇരിക്കുന്ന നമസ്കാരവും നന്മ നിറഞ്ഞ മറിയവും വിശ്വസിക്കുന്നതും ഞായറാഴ്ചയും മാറാനായയും പ്രമാണങ്ങളും ഭൂഷകളും കൂദാശകളും പഠിക്കയും 3. കുരിശുമണി നേരത്ത് 11 നന്മനിറഞ്ഞ മറിയവും ഒരു ആകാശങ്ങളിൽ ഇരിക്കുന്നതും ചൊല്ലുന്ന കൗമ്മാപ്പടി നമസ്കാരങ്ങളിലും ജനങ്ങൾ എല്ലാവരും കൂടി അന്തിയിലും മയ്യലിലും കൂടി നമസ്കരിക്കുകയും 4. ഞായറാഴ്ചകളിലും പെരുന്നാളുകളിലും എല്ലാവരും പള്ളിയിൽ കുർബ്ബാന കാണുകയും 5. കല്പിക്കപ്പെട്ട നോമ്പുകൾ അഞ്ചും നോൽക്കയും 25 നോമ്പിലും 50 നോമ്പിലും കുമ്പസാരിച്ച് കുർബ്ബാന കൊള്ളുകയും ദ്രോഹപ്പെട്ടവർക്കു നോമ്പ് നോൽക്കുന്നതിന് വശമില്ലെങ്കിൽ വികാരിയും ദേശത്ത് പട്ടക്കാരും ബോധം വന്നാൽ അനുവാദംപോലെ നടന്നുകൊൾകയും 6. പെണ്ണുങ്ങളെ 14 വയസ്സിന്നകം കെട്ടിക്കയും പെണ്ണുകെട്ടുന്ന തലേ ഞായറാഴ്ച പള്ളിയിൽ വന്ന് നമസ്കാരങ്ങൾ കേൾപ്പിച്ച് കുമ്പസാരിക്കയും തലേ ഞായറാഴ്ച തന്നെ വിളിച്ചുചൊല്ലുകയും പെണ്ണുകെട്ടുന്നതിന് തെക്കേ ദിക്കിൽ ചെറുക്കന് ഒരു കുരിശും 3 മുടുകും പെണ്ണിന് കാതിലയും മൂന്നു കൂട്ടം കാശും ഒറ്റഴയും കൊടുത്ത് കൊന്തയും ഇടുവിച്ച് വടക്കേ ദിക്കിൽ ചെറുക്കനെ 7 മൊടുകും ഒരു കുരിശും അരഞ്ഞാണവും നെറ്റിപ്പട്ടവും പെണ്ണിന് കാതിലയും തളയും കൈക്കാറയും (?) തോൾവളയും നെറ്റിപ്പട്ടവും കഴുത്തിൽ 7 ഉരു പൊന്നിട്ട് കൊൾകയും പെണ്ണുകെട്ടി കരേറിയാൽ ഞായറാഴ്ച ഒരു നേരത്തെ വിരുന്നു കൊടുക്കയും കുടി വച്ചാൽ ഒരു നേരത്തെ വിരുന്നു കൊടുക്കുകയും കുർബ്ബാനയുടെ മുമ്പ് പെണ്ണുകെട്ടുകാർ പള്ളിയിൽ

വരികയും പസാരം, കെട്ടിപ്പാൻ തുടങ്ങുമ്പോൾ മുമ്പും പിറകും തർക്കിക്കുന്ന കാര്യം മര്യാദ അല്ലാത്തതാക കൊണ്ടും കൂദാശകൾക്കും തമ്പുരാന്റെ മനോഗുണങ്ങൾക്കും ഭേദാഭേദം ഇല്ലാത്തതാകകൊണ്ടും വയസ്സു മൂപ്പു പോലെ നിറുത്തി കെട്ടിച്ചുകൊൾകയും പിറ്റേ ഞായറാഴ്ചയ്ക്കകം കുടിവയ്ക്കലും വിരുന്ന് കൂടാതെ തേനുണ്ട് കുളിക്കയും പുളി കുടിയും കഴിച്ചുകൊൾകയും വാവൂസാ വാഴ്ചയ്ക്ക് ഓണപ്പുടവ കൊടുക്കയും വേണം. 7. പട്ടക്കാർ രണ്ടു നേരവും കൂടി നമസ്കരിച്ച് പള്ളിയിൽ പാർക്കയും മദ്യപാനം ചെയ്യാതെയും ആൾക്കാരുള്ള പള്ളിയിൽ ഞായറാഴ്ചയും പെരുന്നാൾക്കും കാലത്തും ഉച്ചനേരത്തും കുർബ്ബാന ചൊല്ലുകയും ഇടവകക്കാർ പട്ടക്കാർക്കു പസാരം കൊടുക്കുകയും 8. തെക്കും വടക്കും രണ്ട് പഠിത്തവീട്ടിൽ ഓരോരോ മല്പാന്മാർ ഇരുന്ന് പൈതങ്ങളെയും ശെമ്മാശന്മാരെയും പഠിപ്പിക്കുകയും പള്ളിയിൽ നിന്നും വരിയിട്ടെടുത്ത് അവർക്കു വേണ്ടുന്നത് ആണ്ടുതോറും കൊടുക്കയും പട്ടക്കാർ പള്ളിയ്ക്കടുത്ത ക്രമങ്ങൾ ഒക്കെയും തഴക്കി കുറവ് തീർത്ത് മല്പാന്മാരുടെ എഴുത്ത് യജമാനസ്ഥാനത്തു കൊണ്ടുവന്ന് കൊടുത്ത് കൂദാശ പ്രവൃത്തികൾക്ക് അനുവാദം വാങ്ങിച്ചുകൊൾകയും 9. പള്ളി മര്യാദകളും നടത്തേണ്ടതിനുള്ള ആണ്ടുതക്സാ ക്രമപ്പെടുത്തിയ പുസ്തകം പള്ളിക്കാര്യത്തിൽ നിന്നും വാങ്ങിച്ചുവച്ചുകൊൾകയും 10. എല്ലാ പള്ളികളിലും തിര (ശ്ശീല) തുറക്കുകയും പതിനാറ് പേരെ തെരഞ്ഞെടുത്ത് അവരുടെ പേർക്കു മുറി (നറുക്ക്) എഴുതി നടയിൽ വച്ച് അതിൽ മുറിയെടുത്തു വരുന്ന ആൾ ആ വത്സരം കൈസ്ഥാനം നടന്ന് പതിവിൻപടി ചെലവിട്ട്, വിശേഷാൽ ഉള്ളതിന് യോഗത്തെ ബോധിപ്പിച്ച് ചിലവർത്ത് ആണ്ടു തെകയുമ്പോൾ വികാരിയെയും യോഗത്തെയും ബോധിപ്പിച്ച് മുതൽചിലവിന്റെ കണക്ക് എഴുതിത്തീർത്ത് ഇരിപ്പുള്ള പണവും കെട്ടിവച്ച് കൈത്താനവും മാറ്റി വീണ്ടും മുറിയിട്ടെടുത്ത് വരുന്ന ആളിന്റെ പറ്റിൽ പണവും മുണ്ടുമുറിയും പെട്ടിപ്രമാണവും ശേഷമുള്ള മുതൽ കാരിയാൾ വശം ഏല്പിച്ച് മേൽപ്പൂട്ടിൽ വച്ച്, യജമാനസ്ഥാനത്തെ ആളായിട്ട് ഇടവക കത്തങ്ങളിൽ ഒരുത്തനെ നിശ്ചയിച്ച് മൂന്ന് പേരും തെരട്ടും പടിയോലയും കണ്ടിട്ട് അതിനോട് (ഒപ്പം) വച്ച് മൂന്ന് പൂട്ടും പൂട്ടി സൂക്ഷിച്ചുകൊൾകയും ആവക പൂട്ടിൽ നിന്നെടുത്ത് വെയ്ക്കേണ്ടുംനാളിൽ യജമാനസ്ഥാനത്തേയും വികാരിയേയും യോഗവും ബോധിപ്പിച്ച് ചിലവിട്ടുകൊള്ളുകയും പതിനാറ് പേർ പ്രാപ്തിയുള്ളവർ ഇല്ലാത്ത പള്ളികളിൽ നാലു പേരായിട്ടെങ്കിലും എഴുതിവച്ച് മുറയ്ക്കു നടത്തിക്കൊൾകയും കൈസ്ഥാനചീട്ടിൽ ഉൾപ്പെട്ട ആളുകളും വികാരിയും ഇടവക പട്ടക്കാരും കൂടി നിരൂപിച്ച് യോഗക്കുറി എഴുതുകയും യോഗകാരിയം വിചാരിച്ചുകൊള്ളുകയും നമസ്കാരവും കുർബ്ബാനയും മാമ്മൂദീസായും പെൺകെട്ടും യൽദായും ദനഹായും ഓശാനയും ദുഃഖവെള്ളിയാഴ്ചയും കൃംതായും പന്തെക്കുസ്തായും യാക്കോ

ബായക്കാർ സുറിയാനിക്കാരുടെ ക്രമത്തിന് നടന്നുകൊള്ളുകയും ഈ എഴുതിവച്ച ക്രമങ്ങൾ ഒന്നിനും ഭേദം വരുത്താതെ നടന്നുകൊള്ളുമാറും ആയതിന് ഭേദം വരുത്തി നടക്കുന്നുവെങ്കിൽ പള്ളിയ്ക്കു പുറത്തുനിന്ന്, കല്പിച്ച് ചെയ്യുന്ന ശിക്ഷയും പ്രായശ്ചിത്തവും ചെയ്ത് വീണ്ടും ഈ എഴുതിവച്ചതിൻവണ്ണം നടന്നുകൊള്ളുമാറ് സമ്മതിച്ച് ഈ പടിയോല എഴുതിവച്ച് അങ്കമാലി മുതൽപേർ ശേഷം അമ്പത്തിനാലു പള്ളിക്കാരും കൂടി എഴുതിവച്ച പടിയോല."

(ഈ പടിയോല ഇട്ടൂപ്പ് റൈട്ടർ തന്റെ സഭാചരിത്രത്തിൽ പല ഭേദഗതികളും വരുത്തി ചേർത്തിരിക്കുന്നു. ശരിയായ പാഠം ഒരു പുരാതന കൈയെഴുത്ത് സഭാചരിത്രവും കണ്ടനാട് ഗ്രന്ഥവരിയും പരിശോധിച്ച് ഫാ. ഡോ. ജോസഫ് ചീരൻ ഇതിൽ ചേർത്തിരിക്കുന്നു)

കണ്ടനാട് പള്ളി: കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും അതിർത്തിക്ക് സമീപം സ്ഥിതിചെയ്യുന്ന പ്രാചീന ദേവാലയം. പാലൂർ, കൊടുങ്ങല്ലൂർ, അങ്കമാലി എന്നീ കേന്ദ്രങ്ങൾക്ക് ശേഷം വടക്ക് കണ്ടനാടും തെക്ക് നിരണവും മലങ്കരസഭയുടെ തലസ്ഥാന ദേവാലയങ്ങളായി വർത്തിച്ചു. പകലോമറ്റം മെത്രാന്മാരിൽ പലരുടെയും ആസ്ഥാനമായിരുന്ന കണ്ടനാട് മർത്തമറിയം പള്ളിയിൽ 1728-ൽ 4-ാം മാർത്തോമ്മായും 1764-ൽ ശക്രള്ളാ മാർ ബസ്സേലിയോസ് മഫ്രിയാനയും കബറടങ്ങി. ആയിരത്തോളം ഇടവകക്കാരുണ്ട്. 1876-ൽ പത്രോസ് തൃതീയൻ മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചപ്പോൾ കണ്ടനാട് പള്ളി കേന്ദ്രമായി ഒരു ഭദ്രാസനം രൂപീകരിച്ചു. അന്ന് വാഴിക്കപ്പെട്ട ആറ് മെത്രാന്മാരിൽ ഒരാൾ - കരോട്ടുവീട്ടിൽ ശെമവൂൻ ദീവന്നാസ്യോസ് - കണ്ടനാട് ഇടവക വികാരി ആയിരുന്നു. കൊച്ചിയുടെ മെത്രാനായി നിയമിക്കപ്പെട്ട അദ്ദേഹത്തെ കൊച്ചി മെത്രാസനം സ്വീകരിക്കാതെ വന്നപ്പോൾ അദ്ദേഹം ജീവപര്യന്തം താമസിച്ചത് കണ്ടനാട് പള്ളിയിലാണ്. 8-ാം മാർത്തോമ്മായുടെ മെത്രാൻ വാഴ്ച സംബന്ധിച്ചുണ്ടായ വിവാദങ്ങൾ തീർക്കുവാൻ 1809 ചിങ്ങം 1 നും പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ സുസ്താത്തിക്കോൻ പരമ്പരാഗതമായ രീതിയിൽ വായിച്ചുകേട്ട് അംഗീകാരം നൽകുവാൻ 1843 ചിങ്ങം 3 നും മലങ്കര പള്ളിപ്രതിപുരുഷയോഗം ചേർന്നത് ഇവിടെയാണ്. 1809-ലെ സമ്മേളനത്തിൽ അംഗീകരിച്ച കണ്ടനാട് പടിയോല ഒരർത്ഥത്തിൽ മലങ്കരസഭയുടെ കാനോനും നടപടിക്രമവും ഭരണഘടനയുമാണ്. 1806-ൽ ഡോ. ക്ലോഡിയസ് ബുക്കാനൻ ഈ പള്ളി സന്ദർശിച്ചു. ഇവിടെവച്ചാണ് 6-ാം മാർത്തോമ്മാ പ്രാചീന സുറിയാനി ബൈബിൾ (ഇപ്പോൾ കേംബ്രിഡ്ജിൽ) ബുക്കാനന് സമ്മാനിച്ചത്.

കണ്ടനാട് ഭദ്രാസനം: '*ഭദ്രാസനങ്ങൾ, മലങ്കരസഭയിലെ*' എന്ന

ശീർഷകം കാണുക.

കണ്ടനാട് സുന്നഹദോസ് I: 1809 ചിങ്ങം 1 ന് കൂടി. മാർത്തോമ്മാ 8-ാമൻ അധ്യക്ഷത വഹിച്ചു. 7-ാം മാർത്തോമ്മായുടെ 40-ാം അടിയന്തിരം കോലഞ്ചേരിയിൽ നടത്തിയതിന് ശേഷം കൂടി. എട്ടാം മാർത്തോമ്മായുടെ സ്ഥാനാരോഹണത്തെപ്പറ്റി ഉണ്ടായ വിവാദങ്ങൾ വ്യവസ്ഥകൾക്കു വിധേയമായി പരിഹരിച്ചു. വ്യവസ്ഥ: 1. യോഗം പാസ്സാക്കിയ പടിയോലയിലെ നിശ്ചയങ്ങൾക്ക് വിധേയമായി ഭരണം നടത്തണം. 2. യോഗം 8-ാം മാർത്തോമ്മായുടെ ഉപദേശകരായി തെരഞ്ഞെടുത്ത് നിയമിച്ച കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) കായംകുളം പീലിപ്പോസ് റമ്പാൻ എന്നിവരുടെ ആലോചനപ്രകാരം മാത്രം സഭാഭരണം നിർവഹിക്കണം.

വൈദികസെമിനാരി സ്ഥാപിക്കുവാൻ വട്ടിപ്പണപ്പലിശ ഉപയോഗിക്കണമെന്ന റമ്പാന്മാരുടെ ഉപദേശം മെത്രാൻ സ്വീകരിച്ചില്ല. ഇതോടെ ഉഭയസമ്മതവും ഉടമ്പടിയും തകർന്നു. കേണൽ മൺറോയുടെ സഹായത്തോടെ സെമിനാരി സ്ഥാപനം നടന്നു. 8-ാം മാർത്തോമ്മാ അപ്രസക്തനായി. പുലിക്കോട്ടിൽ റമ്പാൻ മലങ്കര മെത്രാപ്പോലീത്താ ആയി രാജകീയ വിളംബരത്തിന്റെ പിൻബലത്തോടെ അംഗീകരിക്കപ്പെട്ടു. പകലോമറ്റം കുടുംബവാഴ്ച സഭയിൽ അസ്തമിക്കുവാൻ ഈ സംഭവപരമ്പരകൾ കാരണമായി.

കണ്ടനാട് സുന്നഹദോസ് II: അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് മേല്പട്ടസ്ഥാനം പ്രാപിച്ചുവെന്നവകാശപ്പെട്ടുകൊണ്ട് കൊച്ചിയിൽ പ്രത്യക്ഷപ്പെട്ട പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനോട് അതീവ കരുണാപൂർവം പൊരുത്തപ്പെടുവാൻ തയാറായ ചേപ്പാട് മാർ ദീവന്നാസ്യോസ് പുതിയ മെത്രാന്റെ സുസ്താത്തിക്കോൻ വായിച്ച് കേൾക്കുവാനും അംഗീകാരം നൽകുവാനുമായി ഒരു സുന്നഹദോസ് കണ്ടനാട് പള്ളിയിൽ 1843 ചിങ്ങം 3 ന് വിളിച്ചുകൂട്ടി. അനാവശ്യ വിവാദങ്ങൾ ഉന്നയിച്ച് യുവമെത്രാൻ സുസ്താത്തിക്കോൻ യോഗത്തിൽ വായിച്ചില്ല. ആ സുസ്താത്തിക്കോന്റെ ഒറിജിനൽ ആരും ഒരിക്കലും കണ്ടിട്ടില്ല. സെമിനാരിക്കേസിൽ അവസാനിച്ച വ്യവഹാര പരമ്പരകൾക്ക് ഇത് കാരണമായി.

കണ്ടിക്കൽ അച്ചൻ: കുന്നംകുളം-ആർത്താറ്റ് വികാരി ചെറുവത്തൂർ യാക്കോബ് കോറെപ്പിസ്കോപ്പാ. പഴഞ്ഞിയിൽ സെന്റ് മേരീസ് പള്ളിയിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ഇദ്ദേഹത്തിന് 1904 ഏപ്രിൽ 19 -ന് കോറൂയോ പട്ടം നൽകി. പാത്രിയർക്കീസ് വട്ടശ്ശേരിൽ മെത്രാച്ചനെ മുടക്കിയതിനാൽ അദ്ദേഹത്തിൽ നിന്ന് പട്ടമേല്ക്കുവാൻ ആരും തയാറാവാതിരുന്ന കാലത്ത് യാക്കോബ്

(ചാക്കുണ്ണി) ശെമ്മാശൻ സുധീരം വട്ടശ്ശേരിൽ മെത്രാപ്പോലീത്തായിൽ നിന്ന് പട്ടമേറ്റ് ആർത്താറ്റ് പള്ളിയിൽ സേവനം തുടങ്ങി. ഇത് ആർത്താറ്റ് പള്ളിക്കേസിന് കാരണമായി. ഈ കേസിലാണ് വട്ടശ്ശേരിൽ മെത്രാച്ചന്റെ മുടക്ക് സാധുവായിട്ടുള്ളതല്ല എന്ന് ആദ്യം വിധിയുണ്ടായത്. ചാക്കുണ്ണി അച്ചൻ 1958 -ൽ നിര്യാതനായി. ആർത്താറ്റ് പള്ളിയിൽ കബറടങ്ങി.

കതിനാ: ഇരിമ്പുകുറ്റിയിൽ (കതിനാക്കുറ്റി) വെടിമരുന്ന് അടിച്ച് കയറ്റുന്നു. തീ കൊടുക്കുമ്പോൾ സ്ഫോടനം ഉണ്ടാവുന്നു. പള്ളികളിലും ക്ഷേത്രങ്ങളിലും ആചാരപരമായ വെടി മുഴക്കുവാൻ കതിനാകൾ ഉപയോഗിക്കുന്നു. കതിനാവെടികൾ വഴിപാടായി അർപ്പിക്കാറുണ്ട്.

കത്തനാർ: കൊത്തൻ എന്നാൽ പ്രഭു എന്നർത്ഥം. കത്തൻ എന്ന് തത്ഭവം. ബഹുവചനക്കുറി ചേർത്ത് കത്തനാർ എന്ന രൂപം ഉണ്ടാവുന്നു. ലോർഡ് എന്ന അർത്ഥത്തിൽ ക്രൈസ്തവ പുരോഹിതന്മാരെ ഇപ്രകാരം വിശേഷിപ്പിക്കുന്നു. പഴയ മലയാളത്തിൽ കത്തങ്ങൾ എന്ന ബഹുവചന പ്രയോഗം ധാരാളം കാണുന്നു. 19–ാം നൂറ്റാണ്ടിൽപ്പോലും കശീശ്ശന്മാരെ പ്രഭു എന്ന അർത്ഥത്തിൽ കത്തനാർ എന്നും മേല്പട്ടക്കാരെ യജമാനൻ എന്ന അർത്ഥത്തിൽ അച്ചൻ എന്നും വ്യവഹരിച്ചിരുന്നു എന്നതിന് *നിരണം ഗ്രന്ഥവരി*യും 1811–ലെ ബൈബിൾ പരിഭാഷയും ഉദാഹരണം.

കത്തീഡ്രാ: ഗ്രീക്കു പദം. കത്തെദ്രാ ലത്തീൻ പദം. സിംഹാസനം എന്ന് അർത്ഥം. തത്തുല്യമായ സുറിയാനിപദം കുർസിയോ ആണ്.

കത്തീഡ്രൽ: എപ്പിസ്കോപ്പൽ സിംഹാസനം സ്ഥിതിചെയ്യുന്ന പള്ളി. പല വലിയപള്ളികളെയും കത്തീഡ്രൽ ആയി പ്രഖ്യാപിക്കുമ്പോൾ അർത്ഥം മാറുന്നു.

കത്തോലിക്കർ: കാതോലികം എന്നാൽ സാർവത്രികം എന്നർത്ഥം. സാർവത്രിക സഭ തങ്ങളാണ് എന്നവകാശപ്പെട്ടുകൊണ്ട് റോമ്മാ പാപ്പായുടെ കീഴിലുള്ളവർ ഈ പദം സഭാനാമമായി ഉപയോഗിക്കുന്നു. വാസ്തവത്തിൽ വിശ്വാസപ്രമാണത്തിൽ സഭയുടെ ലക്ഷണങ്ങളായി പറയുന്ന 4 വിഷയങ്ങളിൽ ഒന്നാണിത് (കാതോലികം, ശ്ലൈഹികം, ഏകം, വിശുദ്ധം). റോമൻ കത്തോലിക്കർ എന്ന് പൂർണ്ണനാമം. ആർ. സി. എന്ന് ചുരുക്കിപ്പറയും. ക്രൈസ്തവസമൂഹങ്ങളിൽ ഇവരാണ് ഭൂരിപക്ഷം. കത്തോലിക്കാ സമൂഹത്തിൽ ഇരുപതിലേറെ റീത്തുകൾ ഉണ്ട്.

കത്തോലിക്കർ – ഭാരതത്തിൽ: മൂന്ന് റീത്തുകൾ റോമിന്റെ കീഴിൽ. മൂന്നിനും ആഭ്യന്തര സ്വയംഭരണമുണ്ട്. ഏകോപിപ്പിക്കുവാൻ കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ ഉണ്ട്. സ്കൂളുകൾ, കോളജുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ തുടങ്ങിയവ ധാരാളം നടത്തുന്നു. 125 ലക്ഷം

വിശ്വാസികളും, 9000 വൈദികരും, 121 രൂപതകളും മൂന്ന് വിഭാഗങ്ങൾക്കും കൂടിയുണ്ട്.

കത്തോലിക്കർ - മലങ്കര: 1930-ൽ മലങ്കരസഭയിലെ പണിക്കർ വീട്ടിൽ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കത്തോലിക്കാസഭയിൽ ചേർന്നപ്പോൾ ഉണ്ടായ പുതിയ റീത്ത്. വ്യത്യാസപ്പെടുത്തിയ രൂപത്തിൽ ഓർത്തഡോക്സ് ക്രമങ്ങളും ആചാരങ്ങളും തുടരുന്നു. മെത്രാന്മാരുടെ വേഷം നമ്മുടേതു തന്നെ. അച്ചന്മാർ തൊപ്പിയും താടിയും ഉപേക്ഷിച്ചു. നിർബ്ബന്ധിത വൈദിക ബ്രഹ്മചര്യം നടപ്പിലാക്കി. അതിരൂപതകളും രൂപതകളുമുണ്ട്. മേജർ ആർച്ച് ബിഷപ്പിനെ റോമിന്റെ അനുവാദമില്ലാതിരുന്നിട്ടും സ്വയമായി കാതോലിക്കാ എന്ന് വിശേഷിപ്പിക്കുന്നു.

കത്തോലിക്കർ - ലാറ്റിൻ: 16-ാം നൂറ്റാണ്ടിലെ മിഷനറി പ്രവർത്തനം കൊണ്ട് മതപരിവർത്തനം ചെയ്ത കേരളീയ കത്തോലിക്കർ ആണിവർ. വ്യക്തിത്വമുള്ള ഒരു സഭ. അതിരൂപതകളും രൂപതകളും ഉണ്ട്.

കത്തോലിക്കർ - സീറോ മലബാർ: അവിഭക്ത മലങ്കരസഭയിൽ 1653-ലെ കൂനൻകുരിശു സത്യത്തിന് ശേഷം റോമ്മൻ ആധിപത്യത്തിൽ തുടരുന്നവരാണ് സീറോ മലബാർ റീത്തുകാർ. ആരാധനാഭാഷയായി ഇവരും ആദികാലങ്ങളിൽ സുറിയാനി ഉപയോഗിച്ചിരുന്നു. നിരവധി രൂപതകളും അതിരൂപതകളും ഉണ്ട്.

കനാൻ / കനാന്യർ: ഇസ്രായേലിന് യഹോവ നൽകിയ വാഗ്ദത്ത ഭൂമി. ഇന്നത്തെ ഇസ്രായേലും ലബനോനും ഇതിൽപ്പെടും. ഇവിടത്തെ നിവാസികൾ കനാന്യർ. ഇവർ കൃഷിയിലും വാണിജ്യത്തിലും മികച്ചു നിന്നു.

ക്നായിത്തോമ്മാ: '*തോമ്മസ് ക്നായി*' എന്ന ശീർഷകം കാണുക.

കന്തീലാ ശുശ്രൂഷ: കന്തീലാ (സുറി) = തിരി. ഓരോ ശുശ്രൂഷയുടേയും ആരംഭത്തിൽ ഓരോ തിരി കത്തിച്ച് (ആകെ അഞ്ചു തിരികൾ) നടത്തപ്പെടുന്ന, രോഗികൾക്കുള്ള വിപുലമായ തൈലാഭിഷേക ശുശ്രൂഷ. നേരത്തെ വലിയ നോമ്പിന്റെ ആരംഭത്തിൽ ഉച്ചനമസ്കാരം കഴിഞ്ഞ് അനുതാപത്തിന്റെ ക്രമമായ കന്തീലാക്രമം നടത്തിയിരുന്നത് പത്രോസ് തൃതീയൻ (പകരം ശുബ്ക്കോനോ ശുശ്രൂഷ കൂട്ടിച്ചേർത്തു) നിർത്തലാക്കി. ശുശ്രൂഷയുടെ ഒടുവിൽ ഏവരും തൈലം കൊണ്ട് മുദ്രയേല്ക്കുന്നു. മേല്പട്ടക്കാർക്കു പുറമെ അനുവാദമുള്ള പട്ടക്കാർക്കും ഈ വികസിതമായ തൈലാഭിഷേക ശുശ്രൂഷ നടത്താം. അഞ്ചു തിരികളും അഞ്ചു ശുശ്രൂഷകളും പഞ്ചേന്ദ്രിയങ്ങളെ കുറിക്കുന്നു. തളികയിൽ

ഗോതമ്പ് മാവ് കുഴച്ചത് പരത്തി അതിൽ ഒലിവെണ്ണ ഒഴിച്ച് കുരിശാകൃതിയിൽ 5 പഞ്ഞിത്തിരികൾ ക്രമീകരിക്കുന്നു. അവശേഷിക്കുന്ന തൈലം രോഗികളുടെ തൈലാഭിഷേകത്തിനായി ഉപയോഗിക്കാം. മേല്പട്ടക്കാർ, പട്ടക്കാർ, വിശ്വാസികൾ എന്നീ ഏത് വിഭാഗക്കാർക്കും അവശ്യാനുസരണം ഈ കൂദാശ നൽകാം.

കന്യകാജനനം: കന്യകയിൽ നിന്നുള്ള യേശുവിന്റെ ജനനം. അസംഭാവ്യതകളെ സംഭവ്യമാക്കുന്നവനാണ് ദൈവം. കുഞ്ഞാടിനെ പുറപ്പെടുവിച്ച വൃക്ഷം, ജലം പുറപ്പെടുവിച്ച തീക്കൽപ്പാറ, നാണയം പുറപ്പെടുവിച്ച മത്സ്യം എന്നീ മൂന്ന് വേദസംഭവങ്ങൾ ഈ അദ്ഭുത സംഭവത്തെ സമർത്ഥിക്കുവാൻ സഭ ഉപയോഗിക്കുന്നു. മറിയാമ്മിൽ നിന്ന് പരിശുദ്ധാത്മാവ് മൂലം പ്രകൃത്യതീതമായി യേശു ജനിച്ചു. മറിയാം നിത്യകന്യകയായിരുന്നു.

കന്യകമറിയാമ്മിന്റെ പാട്ട്: ഏലീശ്ബായെ സന്ദർശിച്ചപ്പോൾ മറിയാം പറഞ്ഞ ആത്മഗതം ലൂക്കോസ് 1-ാം അധ്യായത്തിൽ വിവരിക്കുന്നു. എല്ലാ ദിവസവും രാത്രിനമസ്കാരത്തിന്റെ ഭാഗമായി ഓർത്തഡോക്സ് സഭ ഈ പാട്ട് ഉപയോഗിക്കുന്നു.

കന്യകമറിയ വിജ്ഞാനീയം: വചനമാം ദൈവത്തിന്റെ മനുഷ്യാവതാരത്തിൽ മറിയാമ്മിന്റെ പങ്ക് എന്തെന്നന്വേഷിക്കുന്ന പഠനമേഖലയാണിത്.

കന്യാസ്ത്രീ: ദാരിദ്ര്യം, ജീവിതവിശുദ്ധി, അനുസരണം എന്നീ പ്രമാണങ്ങൾ പ്രകാരം വ്രതം വാഗ്ദാനം ചെയ്തു സന്യാസം സ്വീകരിച്ചവൾ. ഇത് പൗരോഹിത്യപദവിയല്ല. ആശ്രമത്തലവന്മാർ ഈ സ്ഥാനവും തദനുയോജ്യമായ വസ്ത്രങ്ങളും നൽകുന്നു.

കപ്പദോക്യൻ പിതാക്കന്മാർ: നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ച മൂന്ന് പ്രതിഭാശാലികളായ ദൈവശാസ്ത്രജ്ഞന്മാർ. 1. മഹനായ വി. ബസ്സേലിയോസ് (ഇദ്ദേഹം കപ്പദോക്യയിലെ കൈസരിയായിലെ മെത്രാപ്പോലീത്താ). 2. വി. ഗ്രിഗറി (നാസിയാൻസിലെ മേല്പട്ടക്കാരൻ). 3. വി. ഗ്രിഗറി (നിസ്സായിലെ മേല്പട്ടക്കാരൻ). 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസിൽ ഇവർ അറിയോസിനെതിരെ ഓർത്തഡോക്സ് വിശ്വാസം സമർത്ഥിച്ചു. റോമ്മാ സാമ്രാജ്യത്തിലെ ഒരു പ്രവിശ്യയായിരുന്നു ഏഷ്യൻ പ്രദേശങ്ങളുടെ കിഴക്കു ഭാഗത്തു സ്ഥിതിചെയ്ത കപ്പദോക്യ. ബസ്സേലിയോസും നിസ്സായിലെ ഗ്രീഗോറിയോസും സഹോദരങ്ങൾ. പിതാവ് ബസ്സേലിയോസ്. മാതാവ് എമ്മീലിയാ. ബസ്സേലിയോസും സുഹൃത്തായ നാസിയാൻസിലെ ഗ്രീഗോറിയോസും ചേർന്ന്

ഓറിഗന്റെ ആത്മീയ പ്രബോധനങ്ങളെ *ഫിലോക്കാലിയാ* എന്ന ഗ്രന്ഥത്തിൽ ക്രോഡീകരിച്ചു. അറിയോസ്, മക്കദോനിയോസ് എന്നിവർക്കെതിരെ പോരാടിയ ബസ്സേലിയോസ് സന്യാസനിയമങ്ങളെ പരിഷ്കരിച്ചു. എവുനേമിയോസിനെതിരെ, പരിശുദ്ധാത്മാവിനെക്കുറിച്ച്, എന്നിവ അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതികൾ. അദ്ദേഹം സ്ഥാപിച്ച സാമൂഹികപ്രസ്ഥാനത്തിൽ ആശുപത്രികൾ, വഴിയമ്പലങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകൾ, തൊഴിൽശാലകൾ എന്നിവയുണ്ടായിരുന്നു (330-379 ഭരണകാലം). നാസിയാൻസിലെ ഗ്രീഗോറിയോസ് (330-389) വേദശാസ്ത്രജ്ഞനും പ്രഭാഷകനും. ബിഷപ്പായ ഗ്രീഗോറിയോസ് പിതാവ്. നൊണ്ണ മാതാവ്. *ദൈവശാസ്ത്ര പ്രഭാഷണങ്ങൾ* എന്ന കൃതി ശ്രദ്ധേയം.

നിസ്സായിലെ ഗ്രീഗോറിയോസ് (335-394) നിസ്സായുടെ നക്ഷത്രം എന്ന് പ്രസിദ്ധൻ. തെയോസെബയെ എന്ന സ്ത്രീയെ വിവാഹം കഴിച്ചു. രണ്ടാം സാർവത്രിക സിനഡിൽ പ്രധാന പങ്കുവഹിച്ചു. വേദവ്യാഖ്യാനങ്ങൾ, വിശ്വാസസമർത്ഥനം, ആധ്യാത്മികം, പ്രഭാഷണങ്ങൾ, എഴുത്തുകൾ എന്ന് അദ്ദേഹത്തിന്റെ രചനകളെ അഞ്ചായി തിരിക്കാം. മോശയുടെ ജീവിതത്തെക്കുറിച്ചും ഉത്തമഗീതത്തെക്കുറിച്ചും ഭാഷ്യങ്ങൾ എഴുതി. വി. ത്രിത്വം, പ. ആത്മാവ് എന്നീ വിശ്വാസസത്യങ്ങളെക്കുറിച്ച്, ആകമാന സഭാപാരമ്പര്യം ഇവരുടെ സംഭാവനകളിൽ അധിഷ്ഠിതമാണ്.

കപ്യാർ: മാമ്മൂദീസായിലെ ഉപേക്ഷണവാക്യം ആരംഭിക്കുന്നത് സുറിയാനിയിൽ കോപാർ എന്ന പദത്തിലാണ്. ഈ പ്രതിജ്ഞാ വാക്യം ചൊല്ലിക്കൊടുക്കുവാൻ നിയോഗിക്കപ്പെട്ട ആൾക്ക് കപ്യാർ എന്ന് പേർ വന്നതാകാം. മദ്ബഹായിലെ ഔദ്യോഗിക നിയമനം ലഭിക്കുന്ന ശുശ്രൂഷക്കാരനാണ് ഇന്നത്തെ കപ്യാർ. ബഹുമാനാർത്ഥം കപ്യാരച്ചൻ എന്നു പറയും. കപ്യാരുടെ ജോലിയെ 'കപ്പിത്തം' എന്നു പറയാറുണ്ട്.

കപ്പർത്തൂത്താ സുന്നഹദോസ് (ക്ഫർതൂത്തേ) എ. ഡി. 869: അന്ത്യോഖ്യൻ പാത്രിയർക്കീസ് സുറിയാനിസഭയുടെ പടിഞ്ഞാറൻ വിഭാഗത്തിന്റെയും തെഗ്രീസിലെ മഫ്രിയാന / കാതോലിക്കോസ് കിഴക്കൻ വിഭാഗത്തിന്റെയും തലവന്മാർ ആയി 629-ലെ മോറൂസോ കാതോലിക്കായുടെ വാഴ്ചയോടു കൂടി അറിയപ്പെട്ടു. 649-ൽ ഇവരുടെ പരസ്പര സഹകരണം ഉറപ്പാക്കുവാൻ തിയോദോറാ പാത്രിയർക്കീസിന്റെ കാലത്തുണ്ടായ ഉടമ്പടിപ്രകാരം തലവന്മാരുടെ വാഴ്ചയിൽ ഇവർ പരസ്പരം പ്രധാന കാർമ്മികത്വം വഹിക്കുന്നു. 9-ാം നൂറ്റാണ്ടിൽ ഇവർ തമ്മിലുള്ള ബന്ധം വഷളായി. ബസ്സേലിയോസ് ലോവാസർ II (856-860) ഉം യോഹന്നാൻ പാത്രിയർക്കീസും പരസ്പരം മുടക്കി. തുടർന്ന് തൽപരിഹാരാർത്ഥം പാശ്ചാത്യരുടേയും പൗരസ്ത്യരുടേയും ഒരു സുന്നഹദോസ് യോഹന്നാൻ

പാത്രിയർക്കീസ് 869-ൽ കഫർത്തൂത്തായിൽ വിളിച്ചുചേർത്തു. അവിടെ എട്ടു തീരുമാനങ്ങൾ ഉണ്ടായി. അവ: 1. ക്ഷണിക്കുമ്പോഴല്ലാതെ തെഗ്രീസിലെ ഇടവകകളിൽ ഭരണരീത്യാ അന്ത്യോഖ്യാ പാത്രിയർക്കീസ് പ്രവേശിക്കരുത്. 2. ഇരുവരും ഒന്നിച്ചുകൂടുമ്പോൾ മഫ്രിയാന പാത്രിയർക്കീസിന്റെ വലത്തുഭാഗത്ത് ഒന്നാമനായി ഉപവിഷ്ടനാകണം; പിന്നാലെ പേർ പ്രസ്താവിക്കപ്പെടുകയും കുർബാന അനുഭവിക്കയും വേണം. 3. മഫ്രിയാന ജീവിച്ചിരിക്കെ അദ്ദേഹത്തിന്റെ സമ്മതംകൂടാതെ പാത്രിയർക്കീസിനെ വാഴിക്കരുത്. മറിച്ചായാൽ പൗരസ്ത്യർക്ക് സ്വയമായി മഫ്രിയാനായെ വാഴിക്കാൻ അധികാരമുണ്ടായിരിക്കും. 4. മഫ്രിയാനയാൽ നിരോധിക്കപ്പെടുന്ന എപ്പിസ്കോപ്പാ പാത്രിയർക്കീസിനാലും നിരോധിക്കപ്പെട്ടവനായിരിക്കും. പൂർണ്ണവിവരങ്ങൾ ബാർ എബ്രായയുടെ ഹൂദായ കാനോനിൽ (1266-86) ഏഴാം അധ്യായം ഒന്നാം ഖണ്ഡികയിലുണ്ട്. 18 അക്കം കാനോൻ പരിഭാഷയിൽ ഈ കാനോനാകൾ ചേർത്തിട്ടില്ല. എന്നാൽ ഹോളണ്ടിൽ നിന്ന് സിറിയയിലെ ശീശക് മെത്രാച്ചൻ പ്രസിദ്ധീകരിച്ച കാനോനിൽ ഇത് ഒഴിവാക്കിയിട്ടില്ല. അതിന്റെ പ്രതികൾ വെട്ടിക്കൽ സെമിനാരിയിൽ സുലഭമായി സൂക്ഷിച്ചിട്ടുണ്ട്.

കപ്പൂച്ചിയൻ വൈദികർ: കത്തോലിക്കാ സഭയിൽ ഫ്രാൻസിസ്ക്കൻ ക്രമത്തിന്റെ ഉപശാഖ. ഉർബിനോയിലെ മാത്തിയോഡി ബാസ്സി (1552) ആണ് സ്ഥാപകൻ. അംഗങ്ങൾക്ക് 'കപ്പൂച്ചി' എന്ന് വിളിക്കുന്ന അങ്കിയും ചെരുപ്പും താടിമീശയും കാണും. സുവിശേഷ പ്രവർത്തനത്തിന് പ്രാധാന്യം.

കബർ, ക്രിസ്തുവിന്റെ: സുറിയാനി - അറബി പദം. ശവക്കുഴി, ശ്മശാനം, അറ എന്നൊക്കെ അർത്ഥം. അരിമത്യായിലെ യൗസേപ്പും നിക്കോദിമോസും പീലാത്തോസിന്റെ അനുവാദപ്രകാരം ക്രിസ്തുവിന്റെ ഭൗതികശരീരം മൂറും അകിലും ചേർത്ത മിശ്രിതത്തിൽ കേത്താനശീലയിൽ പൊതിഞ്ഞ് യഹൂദശൈലിയിൽ കബറടക്കി. പാറയിൽ വെട്ടിയ പുതിയ കല്ലറ. സംസ്കാരാനന്തരം പീലാത്തോസ് മുദ്രവച്ച് ഭദ്രമാക്കി വയ്ക്കുവാൻ പ്രമാണിമാരെ അനുവദിച്ചു. ദുഃഖവെള്ളിയുടെ ആരാധനയിൽ ഇവയെല്ലാം അനുഷ്ഠാനമായി ചെയ്യുന്നുണ്ട്.

കബിലാന: സ്വീകരിക്കുക എന്നർത്ഥം. കാസാ പീലാസകൾ മൂടുന്ന അലംകൃതമായ തുണിക്കഷണം.

കമ്മിറ്റി മാളിക: കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (ജോസഫ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ) സ്ഥാപിച്ച കോട്ടയം പഴയസെമിനാരിയുടെ പടിഞ്ഞാറുഭാഗത്തുള്ള മൂന്നാംനില കെട്ടിടം. മാനേജിംഗ് കമ്മറ്റി കൂടുന്ന സ്ഥലം. 1815-ൽ സ്ഥാപിതമായ ഈ

കമ്മിറ്റി മാളിക സഭാചരിത്രത്തിലെ നിരവധി സംഭവങ്ങൾക്ക് സാക്ഷി. 1990-കൾ വരെ സഭാ മാനേജിംഗ് കമ്മിറ്റി ഇവിടെയാണ് സമ്മേളിച്ചിരുന്നത്. ഇപ്പോൾ സെമിനാരി കോമ്പൗണ്ടിലുള്ള സ്മൃതി എന്ന കെട്ടിട സമുച്ചയത്തത്തിലെ ഓഡിറ്റോറിയത്തിലാണ് കമ്മിറ്റി കൂടുന്നത്.

കമ്മീസ്: അറബി - പേർഷ്യൻ - ഹിന്ദി ഭാഷകളിൽ ഉൾക്കുപ്പായം. കേരളീയ ക്രൈസ്തവ പുരോഹിതർ ധരിക്കുന്ന വെളുത്ത അയഞ്ഞ വീട്ടുവസ്ത്രം. തൽസ്ഥാനത്ത് ആംഗ്ലിക്കൻ ശൈലിയിൽ കാസക്ക് സ്ഥാനം പിടിച്ചുവെങ്കിലും ആദ്യ പട്ടം ഏല്ക്കുമ്പോൾ കമ്മീസ് തന്നെ ധരിക്കുവാൻ നിഷ്ക്കർഷിക്കാറുണ്ട്.

കയ്പ്പ് നീർ: ദുഃഖവെള്ളിയുടെ ആരാധനയിൽ ചെന്നിനായകം, ചൊറുക്കാ എന്നിവയുടെ മിശ്രിതത്തിൽ അടക്കം ചെയ്യാനുള്ള കുരിശിന്റെ കൊമ്പുകൾ മുക്കും. മിശ്രിതം അടങ്ങിയ ബേസിന്റെ മുകളിൽവച്ച് കുരിശ് പനീർ കൊണ്ട് കഴുകും. മുൻ മിശ്രിതത്തിൽ അതും കലരും. കുരിശിൽ നിന്നുള്ള വാഴ്വിന്റെ പ്രതീകമായി ഈ കയ്പുനീർ എല്ലാവരും രുചിച്ചതിന് ശേഷമാണ് പുറത്തുവരിക. ക്രിസ്തുവിന്റെ കഷ്ടപ്പാടുകളിൽ പങ്കുചേരുന്നതിന്റെ അനുഷ്ഠാന പ്രതീകമാണ് ഈ കയ്പ്പുനീർ ആസ്വാദനം. മലയാളഭാഷയിൽ കഷ്ടത, ദുഃഖം, വേദന തുടങ്ങിയവയുടെ പ്രതീകമാണ് കയ്പ്.

കരാഘോഷം: കുർബാന, മാമ്മൂദീസാ, പട്ടംകൊട, മൂറോൻ കൂദാശ എന്നിവയിൽ വി. രഹസ്യങ്ങൾ, വെള്ളം, സ്ഥാനാർത്ഥി, തൈലം ഇവകളുടെ മീതെ കാർമ്മികൻ രഹസ്യപ്രാർത്ഥനകൾ ചൊല്ലി ആഘോഷപൂർവം കൈകൾ ചലിപ്പിച്ച് ആവസിപ്പിക്കുന്നു. പ. റൂഹായുടെ ആവാസം. മാലാഖമാരോടൊത്തു സ്തുതിപ്പുകളിൽ പങ്കുചേരൽ എന്നീ ആത്മീയ അനുഭവങ്ങൾ കരാഘോഷത്തിലൂടെ സൂചിതമാവുന്നു. ആഘോഷപൂർവമായ കൈവെപ്പും കരാഘോഷം തന്നെ. ഈ സമയത്ത് കാർമ്മികൻ ചൊല്ലുന്ന രഹസ്യപ്രാർത്ഥന ക്രൊയ്ത്തൊാദ് റൂഹോ കാദീശോ (പരിശുദ്ധാത്മ വിളി) യുടെ പ്രാർത്ഥനയാണ്.

കരിങ്ങാച്ചിറ പള്ളി: എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ കനകക്കുന്ന് കൊട്ടാരത്തിന്റെ പടിഞ്ഞാറ് എറണാകുളം-മൂവാറ്റുപുഴ റോഡിൽ സ്ഥിതിചെയ്യുന്നു. കൊച്ചി ഭദ്രാസനത്തിലെ ഈ സെന്റ് ജോർജ് പള്ളി എ. ഡി. 722-ൽ പണിതെന്നും 812-ൽ പുതുക്കിപ്പണിതെന്നും 'നാനം മോനം' ഭാഷയിൽ കൊത്തിയ ഒരു ശിലാലിഖിതം ഇവിടെയുണ്ട്. തൃപ്പൂണിത്തുറ കൊട്ടാരത്തിൽനിന്ന് പുറപ്പെടുന്ന ഓണത്തിന്റെ അത്തച്ചമയത്തിന്റെ ഘോഷയാത്രയിൽ കരിങ്ങാച്ചിറ കത്തനാരും പങ്കെടുക്കുന്നത് പരമ്പരാഗതമായ പതിവാണ്. 1685-ൽ കോതമംഗലത്ത് കാലം ചെയ്ത

യൽദോ ബസ്സേലിയോസ് മഫ്രിയാനയുടെ തിരുശേഷിപ്പ് ഇവിടെ സ്ഥാപിച്ചു. ഡിസംബർ 3-ലെ തമുക്ക് പെരുനാളിന്റെ വിഷയം ഇതാണ്. പഴം, അരിപ്പൊടി വറുത്തത്, ശർക്കര, തേങ്ങാപ്പീര ഇവ ചേർത്തുണ്ടാക്കുന്ന പലഹാരമാണ് (തമുക്ക്) അന്നത്തെ നേർച്ച. മെയ് 7-ന് ഗീവറുഗീസ് സഹദായുടെ പെരുനാൾ. തൃപ്പൂണിത്തുറ നടമേൽ, കടുംഗമംഗലം, കണ്യാട്ട് നിരപ്പ്, പുത്തൻകുരിശ്, കുറുഞ്ഞി, വടവുകോട്, വരിക്കോലി, കുരിക്കാട്, കരപ്പുറം, കാക്കനാട്, നിറാമ്മോൾ എന്നിവയുടെ മാതൃദേവാലയം. ഒരു ഹൈസ്കൂളും രണ്ടു പ്രൈമറി സ്കൂളുകളും 7 കുരിശിൻതൊട്ടികളുമുണ്ട്. കൊച്ചിയിലെ മഹാരാജാക്കന്മാർ ഈ പള്ളിയോട് ഭക്തി പുലർത്തുന്നു.

കരിയാറ്റിൽ യൗസേപ്പ് മല്പാൻ / മെത്രാൻ (1742–1786): ആലങ്ങാട് 1742 മെയ് 5 –ന് ജനനം. ആലങ്ങാട് സെമിനാരിയിലും റോമിലെ അർബൻ കോളജിലും വൈദികപഠനം. ലത്തീൻ, പോർത്തുഗീസ്, സുറിയാനി എന്നീ ഭാഷകളിൽ പണ്ഡിതൻ. 1766–ൽ പട്ടക്കാരൻ. ആലങ്ങാട് സെമിനാരി മല്പാൻ. റോമുമായി ഐക്യപ്പെടുവാൻ 6–ാം മാർത്തോമ്മായുടെ ദൗത്യവുമായി ഇദ്ദേഹം 1778–ൽ റോമ്മിലേക്ക് പാറേമ്മാക്കൽ തോമ്മാ കത്തനാരുമൊന്നിച്ച് യാത്രയായി. തദ്ദേശീയരായ മെത്രാന്മാരുടെ ഭരണത്തിനുവേണ്ടി വാദിച്ച കത്തോലിക്കരുടെ പ്രമുഖ നേതാക്കളായിരുന്നു ഇവർ. 6–ാം മാർത്തോമ്മാ ഇവർ വശം റോമ്മിലേക്ക് ഒരു കത്ത് കൊടുത്തയച്ചിരുന്നതായി *നിരണം ഗ്രന്ഥവരി*യിൽ സമകാല പ്രസ്താവമുണ്ട്. 1789–ൽ മല്പാനെ കൊടുങ്ങല്ലൂരിന്റെ ആർച്ച് ബിഷപ്പായി റോം അഭിഷേകം ചെയ്തു. തദ്ദേശീയ മെത്രാൻ എന്ന ആശയത്തോട് വിയോജിച്ചുനിന്ന ഒരു വലിയ വിഭാഗം ആ സഭയിലുണ്ടായിരുന്നു. അവർക്ക് മല്പാന്റെ ശ്രമങ്ങൾ ഇഷ്ടപ്പെട്ടില്ല. ഏതായാലും കരിയാറ്റ് ബിഷപ്പ് സ്ഥാനമേറ്റു മടങ്ങുംവഴി ഗോവയിൽ വച്ച് 1786–ൽ സെപ്തംബർ 10 –ന് സംശയകരമായ ചുറ്റുപാടിൽ അകാലമൃതിയടഞ്ഞു. അവിടെത്തന്നെ സംസ്കരിക്കപ്പെട്ടു. ഈ യാത്രയുടെ വിവരണമാണ് മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം – *വർത്തമാനപ്പുസ്തകം*. മല്പാന്റെ പ്രസിദ്ധകൃതിയാണ് *വേദതർക്കം*. 1751–ൽ വന്ന വിദേശ സഭാദ്ധ്യക്ഷന്മാർ അർമ്മീനിയക്കാർ ആണെന്ന് അദ്ദേഹം *വേദതർക്ക*ത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

കർത്താവ്: ലോർഡ് എന്നതിന്റെ വിവർത്തനം. ഗ്രീക്ക് – കുരിയോസ്. പഴയനിയമം യഹോവയ്ക്ക് നൽകിയ ഈ വിശേഷണം കൊണ്ട് സുവിശേഷകരും വി. പൗലൂസും ക്രിസ്തുവിനെ വിശേഷിപ്പിച്ചു. സ്രഷ്ടാവ്, രക്ഷകൻ, പ്രഭു, യജമാനൻ എന്നീ വിവിധ അർത്ഥങ്ങൾ ഈ പദത്തിന് നൽകാം.

കർത്തൃദിനം: കർത്താവിന്റെ പുനരുത്ഥാനത്തെ പ്രതി ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ചയെ കർത്തൃദിനം എന്നു പറയുന്നു (വെളിപാട് 1:10).

കർത്തൃപ്രാർത്ഥന: കർത്താവ് പഠിപ്പിച്ച പ്രാർത്ഥന. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....' ഇത്യാദി (മത്താ. 6:9-13).

കർത്തൃമേശ: ഒടുവിലത്തെ അത്താഴം ഒരുക്കിയ മേശ. കുർബ്ബാന അർപ്പിക്കുന്ന ബലിപീഠം. കുർബ്ബാന എന്ന അർത്ഥത്തിലും ഉപയോഗിക്കും.

കർത്തൃശിഷ്യന്മാർ: 12 അപ്പോസ്തോലന്മാർ ഉൾപ്പെടെയുള്ള ക്രിസ്തുശിഷ്യന്മാർ.

കർദ്ദിനാൾ: ഒരു ദേവാലയത്തോട് സ്ഥിരമായി ബന്ധപ്പെട്ട വൈദികൻ. ക്രമേണ റോമിലെ ഇടവകപ്പട്ടക്കാർക്കും പ്രാന്ത പ്രദേശങ്ങളിലെ ഏഴു ബിഷപ്പുമാർക്കും പിന്നീട് 14 ബിഷപ്പുമാർക്കും ഈ പേർ വന്നു. ക്രമേണ മാർ പാപ്പായുടെ കീഴിൽ റോമ്മിലെ കർദ്ദിനാൾമാർ പ്രഭുപദവിയുള്ള ഒരു സംഘമായി. പാപ്പായുടെ ഉപദേശകർ ആയി. കാർഡിനൽ പുരോഹിതൻ, കാർഡിനൽ ഡീക്കൻസ്, കാർഡിനൽ ബിഷപ്സ് എന്ന് 3 വിഭാഗങ്ങൾ. പാപ്പ ഇവരെ നാമനിർദ്ദേശം ചെയ്യുന്നു. ഇവർക്ക് സ്ഥാന വസ്ത്രങ്ങളും അധികാരചിഹ്നങ്ങളുമുണ്ട്. പാപ്പായെ രഹസ്യമായി തെരഞ്ഞെടുക്കുവാനുള്ള അവകാശം 1179-ലെ ലാറ്ററൻ കൗൺസിൽ കർദ്ദിനാൾമാർക്കു നൽകി. 1938-മുതൽ പാശ്ചാത്യർക്കു വെളിയിൽ നിന്നും കർദ്ദിനാൾ നിയമനം ഉണ്ടായി. ചില ഇന്ത്യക്കാർ അപ്രകാരം ഈ സ്ഥാനത്ത് വന്നു. ജോസഫ് പാറേക്കാട്ടിൽ, ആന്റണി പടിയറ, വർക്കി വിതയത്തിൽ എന്നിവർ ഈ സ്ഥാനം നേടിയവരിൽപ്പെടുന്നു.

കർമ്മം: ശരീരാത്മ മനസ്സുകളുടെ വ്യാപാരം എന്ന നിലയിൽ ചിന്തയും വാക്കും കരണചലനങ്ങളും കർമ്മങ്ങൾ. കർമ്മഫലം അനുഭവിച്ചേ തീരൂ. ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിൽ എന്ന് ഭാരതീയ മത ചിന്ത. ഫലചിന്ത കൂടാതെ കർമ്മം ചെയ്യണമെന്ന് ഭഗവത്ഗീത. മതപരമായ അനുഷ്ഠാനം എന്ന അർത്ഥത്തിൽ കർമ്മം എന്നത് അനുഷ്ഠിക്കുന്നവനെ കാർമ്മികൻ എന്നും അനുഷ്ഠാനവേളയിലെ വസ്ത്രങ്ങൾക്ക് കാർമ്മിക വസ്ത്രങ്ങൾ എന്നും പ്രവർത്തനങ്ങൾക്ക് കാർമ്മികക്രിയ എന്നുമൊക്കെ പറയും.

കർമ്മണി പ്രയോഗം: കർമ്മത്തെ അർത്ഥവ്യത്യാസം കൂടാതെ കർത്തൃസ്ഥാനത്ത് പ്രയോഗിക്കൽ. കർമ്മം പ്രത്യയം കൂടാതെ പ്രയോഗിക്കും. അർത്ഥവ്യത്യാസം വരാതിരിക്കുവാൻ കർത്തൃപദത്തോട് 'ആൽ'

എന്ന പ്രയോജികാ വിഭക്തിപ്രത്യയം ചേർക്കും. സഭയിലെ കൂദാശക ളിൽ മിക്കവാറും കാർമ്മികവാക്യങ്ങളെല്ലാം കർമ്മിണി പ്രയോഗത്തിലാണ് പ്രഖ്യാപിക്കുന്നത്. പട്ടം കെട്ടപ്പെടുന്നു; മുദ്ര കുത്തപ്പെടുന്നു; വാഴ്ത്ത പ്പെടുന്നു എന്നിവ ഉദാഹരണങ്ങൾ.

കർമ്മലീത്താക്കാർ: പാലസ്തീനിലെ കർമ്മേൽ ഗിരിയിൽ ബർട്ട് ഹോൾഡ് എന്ന സന്യാസി 1154-ൽ കർമ്മലീത്താ സഭയ്ക്ക് തുടക്കം കുറിച്ചു. കുരിശുയുദ്ധത്തിന് ശേഷം യൂറോപ്പിലെത്തി. സന്യാസിനീ വിഭാഗം രൂപമെടുത്തു. 16-ാം നൂറ്റാണ്ടിൽ ആവിലായിലെ സെന്റ് തെരേസ വീര്യവും ശക്തിയും പകർന്നു. ഇന്ന് ലോകവ്യാപകമായ പ്രസ്ഥാനമായി ട്ടുണ്ട്. കേരള സഭാചരിത്രത്തിൽ, ജെസ്യൂട്ട് മിഷനറിമാരുടെ കാഠിന്യ ങ്ങളിൽ നിന്ന് മുക്തിപ്രാപിച്ച് കത്തോലിക്കാസഭയിൽ തുടരുവാൻ കർമ്മ ലീത്താക്കാരുടെ പ്രവർത്തനം സഹായകമായി.

കർമ്മേൽ: ദൈവത്തിന്റെ മുന്തിരിത്തോട്ടം എന്ന് അർത്ഥം. ആമോസ് 1:2, 9:3, മീഖാ 7:14, നഹൂം 1:4 എന്നീ വേദഭാഗങ്ങളിൽ കർമ്മേൽ മലയുടെ പരാമർശമുണ്ട്. ഇവിടെവച്ചാണ് ഏലിയാ പ്രവാചകൻ ബാൽ – ആശേരാ പ്രവാചകന്മാരെ തോല്പിച്ചത്. കർമ്മേൽ മലമേൽ ഏലിയായുടെ യാഗം പ്രസിദ്ധം. ഹെബ്രോന് തെക്കുള്ള ഒരു ഗ്രാമത്തിനും കർമ്മേൽ എന്ന് പേർ (യോശു. 15:55).

കർമ്മേൽ ദയറാ: എറണാകുളം ജില്ലയിലെ മുളന്തുരുത്തിയ്ക്കു സമീപം. 1829-ൽ കുരിശുസ്ഥാപനം. മാർ കുറിയാക്കോസ് സഹദായുടെ നാമത്തിൽ അവിടെ ഒരു പള്ളി സ്ഥാപിച്ചു. കരോട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് അവിടെ ഒരു ദയറാ സ്ഥാപിച്ച് അവിടെ താമസ മാക്കി. 1938 ഏപ്രിൽ 7-ന് അലക്സിയോസ് മാർ തേവോദോസ്യോസ് എപ്പിസ്കോപ്പാ ഇവിടെവച്ച് വാഴിക്കപ്പെട്ടു. സ്ലീബാദാസ സമൂഹ സ്ഥാപ കൻ മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ 1943 മുതൽ ദയറായെ ആസ്ഥാന മാക്കി. മെത്രാനായശേഷവും അവിടെ താമസം തുടർന്നു. അദ്ദേഹത്തിന്റെ കബറിടവും അവിടെയാണ്. ഓർമ്മപ്പെരുന്നാൾ ഫെബ്രുവരി 2. അദ്ദേഹ ത്തിന്റെ ജന്മശതാബ്ദി പ്രമാണിച്ച് അവിടെ മാർ ശിമയോൻ ഹോം എന്ന ഒരു വൃദ്ധമന്ദിരം പ്രവർത്തിക്കുന്നു. സ്ലീബാ ദാസ സമൂഹത്തിന്റെ ആസ്ഥാനം.

കർസോനി: സുറിയാനി ലിപിയിൽ മലയാളം ഭാഷ എഴുതുന്ന സങ്കേ തമാണ് കർസോനി / ഗാർസുനി. സുറിയാനിയിൽ അറബി എഴുതുന്നത് അറബിക് ഗാർസുനി. സ്വന്തമായി ലിപിയില്ലാതിരുന്ന സംസ്കൃതം ഇപ്ര കാരം ഹിന്ദുസ്ഥാനി, മലയാളം തുടങ്ങിയ ലിപികളിൽ എഴുതപ്പെട്ടിരുന്നു.

കലണ്ടർ: കാലവിഭജനം. സൂര്യനെ അടിസ്ഥാനപ്പെടുത്തി സൗര കലണ്ടറുകളും ചന്ദ്രനെ അടിസ്ഥാനപ്പെടുത്തി ചാന്ദ്രകലണ്ടറുകളുമുണ്ട്. ജൂലിയൻ - ഗ്രിഗോറിയൻ, ഹിജറാ കലണ്ടറുകൾ ഉദാഹരണം. ക്രിസ്തു വർഷം, ശകവർഷം, ഹിജറാവർഷം, യൗനായവർഷം, കൊല്ലവർഷം, കലി വർഷം ഇങ്ങനെ നിരവധി വർഷഗണനകൾ ഉണ്ട്. മലങ്കരസഭ അരശതാ ബ്ദത്തിലേറെയായി ഗ്രീഗോറിയൻ കലണ്ടർ പിന്തുടരുന്നു. മകരം 1 ജനു വരി 1, മകരം 6 ജനുവരി 6, കുംഭം 2 ഫെബ്രുവരി 2, മീനം 25 മാർച്ച് 25 തുടങ്ങിയ പെരുന്നാൾ ദിവസങ്ങൾ അതോടെ ഇംഗ്ലീഷ് തീയതികളിലേക്ക് വ്യത്യാസപ്പെട്ടു. നോമ്പുദിവസങ്ങളും മാറി. മലങ്കരയിൽ വന്ന പല വിദേശ സഭാദ്ധ്യക്ഷന്മാരും യൗനായ അബ്ദവും സുറിയാനി മാസക്കണക്കുമാണ് ഉപയോഗിച്ചിരുന്നത്. മേടം 1-ാം തീയതി അടിസ്ഥാനമാക്കിയുള്ള അസ്സീ റിയൻ കലണ്ടറും ജ്യോതിഷ സമ്പ്രദായവും കല്പഗണിതവുമാണ് ചരി ത്രാതീതകാലം മുമ്പ് ഭാരതത്തിലുണ്ടായിരുന്നതെന്ന് കേസരി എ. ബാല കൃഷ്ണപിള്ള സ്ഥാപിച്ചിട്ടുണ്ട്.

കല്പന: രാജകീയ ലേഖനങ്ങൾ, ഉത്തരവുകൾ. ഫ്യൂഡലിസം സഭ യിൽ പടർന്നപ്പോൾ മെത്രാന്മാരുടെ അറിയിപ്പുകളും അഭ്യർത്ഥനകളും കല്പന എന്ന് പരാമർശിക്കപ്പെട്ടു. ഈ അർത്ഥത്തിൽ ഒരു നൂറ്റാണ്ടു മുമ്പ് 'സാധനം' എന്ന പദം ഉപയോഗിച്ച് വന്നു. സങ്കല്പനം എന്ന് കാവ്യചർച്ച യിൽ അർത്ഥം.

കല്പനകൾ, സഭയുടെ: സഭയുടെ കല്പനകൾ 7. അവ താഴെ ചേർക്കുന്നു: 1. ഞായറാഴ്ചകളിലും മാറാനായ മുതലായ ദിവസങ്ങളിലും വി. കുർബാനയിൽ സംബന്ധിക്കണം. 2. കല്പിക്കപ്പെട്ട നോമ്പുകൾ ആച രിക്കണം. 3. ബുധൻ, വെള്ളി ദിനങ്ങളിൽ വിലക്കപ്പെട്ട ഭക്ഷണസാധന ങ്ങൾ വർജ്ജിക്കണം. 4. പട്ടക്കാരന്റെ മുമ്പാകെ പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കണം. 5. വി. കുർബാന അനുഭവിക്കണം. 6. വിരോധിക്ക പ്പെട്ട നാളുകളിൽ വിവാഹബന്ധത്തിൽനിന്ന് ഒഴിഞ്ഞിരിക്കണം. 7. നേർച്ച കൾ, ദശാംശം, റീശീസാ തുടങ്ങിയ പള്ളിഭോഗങ്ങൾ ക്രമമായും കൃത്യ മായും നൽകണം.

കല്പനകൾ, പത്ത്: ന്യായപ്രമാണത്തിന്റെ അടിസ്ഥാനമായി പുറ പ്പാട് പുസ്തകം നിർദ്ദേശിക്കുന്നവയും മോശ മുഖേന ദൈവം നൽകിയ തുമായ പത്തു കല്പനകൾ. ഇതിൽ ആദ്യത്തെ അഞ്ചെണ്ണം ദൈവാഭിമു ഖവും അടുത്ത അഞ്ചെണ്ണം മനുഷ്യാഭിമുഖവും ആകുന്നു.

കല്യാണം: '*വിവാഹം*' എന്ന ശീർഷകം കാണുക.

കല്യാണം കുളിപ്പിക്കുക: വിവാഹത്തലേന്ന് സദ്യയ്ക്ക് മുമ്പായി

അതത് വീട്ടിൽ വധൂവരന്മാരെ ഔപചാരികമായി കുളിപ്പിക്കൽ. വേദിയിൽ നിലവിളക്ക് കത്തിച്ചിരിക്കും. പട്ടുവിരിച്ച മുക്കാലിയിലിരുത്തി സദസ്സിന്റെ അനുവാദം മൂന്ന് പ്രാവശ്യം ചോദിച്ചുവാങ്ങി തലയിൽ അല്പം എണ്ണ തൊടും, മൂന്ന് പ്രാവശ്യം. ഇത് പിതൃസഹോദരിയുടെ അവകാശമാണ്. അതുകഴിഞ്ഞ് മാതൃസഹോദരൻ കൈപിടിച്ചെഴുന്നേൽപ്പിച്ച് വേദിയ്ക്ക് താഴെ കൊണ്ടുപോയി കുളിപ്പിക്കലിന്റെ പ്രതീകമായി തലയിലെ എണ്ണ തോർത്തുകൊണ്ട് തുടച്ചെടുക്കുകയും കാലിൽ വെള്ളമൊഴിച്ച് തുവർത്തുകയും ചെയ്യും. അതുകഴിഞ്ഞ് അമ്മായി നെല്ലുനീർ വീഴ്ത്തും. ഇതിനായി നെന്മണി വിതറിയ വെള്ളത്തിൽ മോതിരം മുക്കി മൂന്നു പ്രാവശ്യം സദസ്സിന്റെ അനുവാദത്തോടെ നെറ്റിയിൽ കുരിശിന്റെ മുദ്ര ചാർത്തും. അതുകഴിഞ്ഞ് മാതൃസഹോദരൻ കൈപിടിച്ച് വേദിയിലേക്കാനയിച്ച് അലങ്കരിച്ച ഇരിപ്പിടത്തിൽ ഉപവിഷ്ടനാക്കും. കുരവയുടെ അകമ്പടിയുണ്ടാകും. ഇതു കഴിഞ്ഞ് പരമ്പരാഗതമായ കല്യാണപ്പാട്ടുകൾ ആലപിക്കും. അതിന് ശേഷം വൈദികനോ തറവാട്ടിലെ കാരണവരോ മധുരം ആശീർവദിച്ച് സദസ്സിന്റെ അനുവാദം മൂന്നുപ്രാവശ്യം ചോദിച്ച് മധുരം നൽകും (തേങ്ങാ ചിരകി അതിൽ പഞ്ചസാര മിശ്രണം ചേർത്താണ് 'മധുരം' തയാറാക്കുക). മധുരം കൊടുത്താൽ വിവാഹപ്പന്തലിൽ വച്ച് സന്ധ്യാനമസ്കാരം നടത്തും. അതുകഴിഞ്ഞ് സദ്യ. മധുരം കൊടുക്കുന്നതിന് മുമ്പ് വിവാഹ സമ്മാനങ്ങൾ നൽകുവാൻ അവസരം ഒരുക്കാറുണ്ട്. അടുത്തബന്ധുക്കളെയെല്ലാം രണ്ടു ദിവസത്തേക്കായാണ് ക്ഷണിക്കുക. തലേദിവസം പ്രധാന ചടങ്ങ് കല്യാണം കുളിപ്പിക്കൽ ആണ്. പല പ്രദേശങ്ങളിലും ഇത് നിന്നുപോയി. കുന്നംകുളം പ്രദേശത്ത് ഈ പതിവ് അഭംഗം തുടരുന്നുണ്ട്.

കല്യാണപ്പാട്ടുകൾ: ഒരാഴ്ച നീണ്ടുനിന്ന ആർഭാടപൂർണ്ണമായ ഉത്സവമായിരുന്നു സുറിയാനിക്രിസ്ത്യാനികളുടെ വിവാഹം. തലേ ഞായറാഴ്ച കല്യാണം വിളിച്ചുചൊല്ല്, വ്യാഴാഴ്ച പന്തലിന്റെ കാലുനാട്ടൽ, ശനിയാഴ്ച പന്തൽ പൂർത്തിയാക്കൽ, ഉണങ്ങ നെല്ലുകുത്ത്, കല്യാണം ചന്തം ചാർത്തൽ, കുളിപ്പിക്കൽ, നെല്ല് നീര് വീഴ്ത്തൽ, മധുരം കൊടുക്കൽ അങ്ങനെ പോകുന്നു ചടങ്ങുകൾ. തറവാട്ട് കാരണവർ, സ്യാലൻ, പിതൃസഹോദരി, മാതൃസഹോദരൻ, ദേശത്തെ പട്ടക്കാരൻ ഇവർക്കൊക്കെ അതിൽ പ്രത്യേകം അവകാശങ്ങളും കർത്തവ്യങ്ങളുമുണ്ട്. ആഘോഷച്ചടങ്ങുകളിൽ മയിലാഞ്ചിപ്പാട്ട്, അന്തംചാർത്ത് പാട്ട്, അയനിപ്പാട്ട്, പന്തൽപ്പാട്ട്, വാഴ്വ് പാട്ട്, എണ്ണപ്പാട്ട്, കുളിപ്പാട്ട്, അടച്ച് തുറപ്പാട്ട്, വിളക്ക് തൊടീൽപ്പാട്ട് എന്നീ നാടൻപാട്ടുകൾ പാടും. മാർത്തോമ്മൻ പാട്ട് ആണ് പ്രധാനം. 'നീരാർ കുഴലി...' എന്നാരംഭിക്കുന്ന പ്രാചീന ഗാനവും ഇതിൽപ്പെടും.

കല്യാണം വിളിച്ച് ചൊല്ല്: വിവാഹത്തിന്റെ പങ്കാളികൾ അവരുടെ

മേൽവിലാസവും വയസ്സും, വിവാഹത്തീയതി, വിവാഹസ്ഥലം എന്നിവ രണ്ടാഴ്ചമുമ്പ് വരന്റെയും വധുവിന്റെയും പള്ളികളിൽ പരസ്യാരാധന യുടെ മദ്ധ്യേ പ്രസിദ്ധപ്പെടുത്തും. സഭയുടെ പൊതു അനുമതിയ്ക്കുവേ ണ്ടിയാണിത്. അനുമതി നല്കുവാൻ തടസമുണ്ടെങ്കിൽ ആയത് കാർമ്മി കനെ അറിയിക്കുവാൻ ഏവർക്കും അവകാശമുണ്ട്. മുമ്പൊക്കെ പസാര മുള്ള കാലത്ത് സ്ത്രീധനത്തുകയും പ്രസിദ്ധപ്പെടുത്തിയിരുന്നു. ഈ സമ യത്ത് ചുമതലപ്പെട്ട ഒരാൾ മദ്ബഹാ മുമ്പാകെ തിരി കത്തിച്ചുപിടിച്ച് നില്ക്കും. ഇതെല്ലാം വിവാഹത്തെ കുറ്റമറ്റ ഒരു കൂദാശയാക്കാനുള്ള നട പടികളാണ്.

കല്യാണം വിളിച്ചുചൊല്ലു കുറി: വിവാഹം വിളിച്ചുചൊല്ലുവാൻ ഇടവകകൾ (വധൂവരന്മാരുടെ) പരസ്പരം കൈമാറുന്ന സാക്ഷ്യപത്രം. വരനെ സംബന്ധിച്ച വിവരങ്ങൾ അവിടത്തെ വികാരിയും വധുവിനെ സംബന്ധിച്ച വിവരങ്ങൾ അവിടത്തെ വികാരിയും സാക്ഷ്യപ്പെടുത്തി നൽകും. ചില സ്ഥലങ്ങളിൽ ഈ കുറി നിർബന്ധമാണ്. ചില സ്ഥലങ്ങ ളിൽ കുടുംബനാഥൻ വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയാൽ മതി.

കല്യാണക്കുറി (1): വിവാഹ കൂദാശ നടത്തുന്ന ഇടവകയുടെ വികാ രിക്ക് പങ്കാളിയെക്കുറിച്ച് അവിടത്തെ വികാരി നൽകുന്ന ഔദ്യോഗിക സാക്ഷ്യപത്രം. വിളിച്ചുചൊല്ല് നടത്തിയശേഷമേ ഇത് നൽകൂ. പേര്, ജന നത്തീയതി, മാമ്മൂദീസ, കുമ്പസാരം തുടങ്ങി എല്ലാ വിവരവും അതിൽ ചേർത്തിരിക്കും. വി. കുർബ്ബാനാ സംസർഗമുള്ള സഭകളിലേക്കു മാത്രമേ കല്യാണക്കുറി നമ്മുടെ സഭയിൽ നിന്നു കൊടുക്കാറുള്ളു.

കല്യാണക്കുറി (2): വിവാഹ ക്ഷണക്കത്തിനും ഈ പദം ഉപയോ ഗിക്കുന്നുണ്ട്.

കല്യാണക്കുമ്പസാരം: വിവാഹ കൗൺസിലിംഗ്. വിവാഹത്തിന് മുമ്പ് ഇത് നിർബന്ധമാണ്.

കല്യാണം മുടക്കുക: കല്യാണം വിളിച്ചുചൊല്ലിയാൽ തടസവാദം ഉന്നയിക്കാനുള്ള അവകാശം ഉപയോഗിച്ച് തടസവാദങ്ങൾ ഉന്നയിച്ച് കല്യാണം മുടക്കുന്ന പതിവ് ചിലപ്പോൾ ഉണ്ടാകാറുണ്ട്.

കല്ലട വലിയപ്പൻ: '*അന്ത്രയോസ് ബാവാ*' എന്ന ശീർഷകം കാണുക.

കല്ലറ: '*കബർ*' കാണുക. മഹാശിലായുഗകാലത്തെ കുടക്കല്ലുകൾ കല്ലറകളാണെന്ന് വിലയിരുത്തുന്നവരുണ്ട്. പാലൂർ പ്രദേശങ്ങളിൽ ഇപ്ര കാരമുള്ള കുടക്കല്ലുകൾ പലയിടത്തുമുണ്ട്. കുന്നംകുളത്തിന് സമീപം ചെറമനേങ്ങാട് കുറക്കല്ല്പറമ്പ് തന്നെയുണ്ട്.

കല്ലുങ്കത്ര പടിയോല: ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ഔദ്യോഗി കമായി കണ്ടനാട്ട് വിളിച്ചുചേർത്ത പ്രതിപുരുഷയോഗത്തിൽ പാലക്കു ന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് തന്റെ സുസ്താത്തിക്കോൻ വായിക്കാതെ വിവാദങ്ങളുണ്ടാക്കി രക്ഷപ്പെട്ടു. പിന്നീട് അനുകൂലികളായ ചിലരെ കോട്ടയത്തിനടുത്ത് കല്ലുങ്കത്ര വിളിച്ചുകൂട്ടി സ്ഥാനപത്രം വായി ച്ചതായി പറയപ്പെടുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റേതെന്ന് വിശേ ഷിപ്പിച്ച ആ സ്ഥാനപത്രത്തെ ബലപ്പെടുത്തുന്ന ചില നിശ്ചയങ്ങൾ അന ധികൃതമായി പാസ്സാക്കി. ആ നിശ്ചയങ്ങളെ കല്ലുങ്കത്ര പടിയോല എന്ന് വിശേഷിപ്പിക്കുന്നു. 1843 സെപ്തംബർ 15-നാണ് യോഗം ചേർന്നത്. പ്രസിദ്ധ പള്ളികളൊന്നും ഈ പടിയോലയിൽ ഒപ്പിട്ടിട്ടില്ല.

കല്ലുങ്കത്ര പള്ളി (സെന്റ് ജോർജ്): പുന്നത്ര മാർ ദീവന്നാസ്യോസ് 1817-ൽ തറക്കല്ലിട്ടു. കോട്ടയം ചെറിയപള്ളിയുടെ ശാഖാ ദേവാലയം. 1832-ൽ സ്വതന്ത്ര ഇടവക. കല്ലുങ്കത്ര സമ്മേളനവും പടിയോലയും ഈ പള്ളിയെ പ്രശസ്തമാക്കി. കക്ഷിവഴക്കുകൾ ഇവിടെ രൂക്ഷമായിരുന്നു.

കല്ലൂപ്പാറ പള്ളി: തിരുവല്ലായ്ക്ക് സമീപം. നിരണത്തുനിന്ന് പിരിഞ്ഞു. പള്ളിയിൽ രണ്ടു പ്രതിമകളും കൊത്തുപണികളും കിഴക്കും പടിഞ്ഞാറും പാലി ഭാഷയിലുള്ള രണ്ട് ശിലാലിഖിതങ്ങളുമുണ്ട്. 800 വർ ഷത്തെ പഴക്കം അവകാശപ്പെടുന്നു.

കല്ക്കത്ത ഭദ്രാസനം: '*മലങ്കരസഭയിലെ ഭദ്രാസനങ്ങൾ*' എന്ന ശീർഷകം കാണുക.

കൽക്കദൂൻ സുന്നഹദോസ്: 451-ൽ നടന്നു. 500 -ലേറെപ്പേർ സംബ ന്ധിച്ചു. അലക്സാന്ത്രിയായിലെ ദീയസ്ക്കോറോസിനെ മുടക്കി. റോമിലെ ലിയോായുടെ തുംസാ വിശ്വാസപ്രമാണം അംഗീകരിച്ചു. ഒരു വിശ്വാസപ്ര സ്താവന പുറപ്പെടുവിച്ചു. കുസ്തന്തീനോസ്പോലീസിനെ റോമിനു തുല്യം ഉയർത്തി. ഇരു സ്വഭാവവാദം ഈ സിന്നഡിന്റെ പേരിൽ അറിയ പ്പെടുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഇതിനെ അംഗീകരി ക്കുന്നില്ല. ഇന്നത്തെ ബൈസന്റയിൻ - കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് വിഭാ ഗങ്ങൾ ഈ സിന്നഡ് അംഗീകരിക്കുന്നു.

കൽക്കുരിശ് (പേർഷ്യൻ): കരിങ്കല്ലിൽ കൊത്തിയെടുത്ത കുരിശു കൾ. പേർഷ്യൻ ശൈലിയിലാണ്. ഒന്ന് മൈലാപ്പൂരിൽ, ഒന്ന് കോട്ടയം വലിയപള്ളിയിൽ, ഒന്ന് കടമറ്റം പള്ളിയിൽ, ഒന്ന് മുട്ടുചിറ പള്ളിയിലും. ഈ കുരിശുകളിൽ ചില ലിഖിതങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മലങ്കര സഭയുടെ പേർഷ്യൻ ബന്ധത്തെ ഇവ സൂചിപ്പിക്കുന്നു.

കൽദായർ: പ്രാചീന കേരള സംസ്കാരത്തിന് കൽദായ സംസ്കാര

വുമായി അഭേദ്യബന്ധമുണ്ടെന്നും അസ്സീറിയൻ പ്രദേശങ്ങളിൽ നിന്ന് വിപുല സംഘങ്ങളായി കേരളത്തിൽ കുടിയേറിപ്പാർത്ത പേർഷ്യക്കാരാണ് ആ ബന്ധത്തിന്റെ അടിത്തറ എന്നും കേസരി എ. ബാലകൃഷ്ണപിള്ള. ഇന്ത്യൻ പുരാണങ്ങളിൽ പരാമർശിക്കുന്ന അസുരന്മാർ കൽദായരായിരുന്നുവെന്നും ഇന്ത്യൻ ജ്യോതിഷത്തിന്റെ സാങ്കേതിക അടിത്തറയായ കല്പഗണിതം കൽദായക്കാരുടെ ഇറക്കുമതി ആണെന്നും അദ്ദേഹം സിദ്ധാന്തിക്കുന്നു. പുരാണകാലത്ത് നിനവേയുമായി ഭാരതത്തിന് കൊടുക്കൽ വാങ്ങൽ ബന്ധമുണ്ടായിരുന്നുവെന്ന് ശ്രീകൃഷ്ണ പൗത്രൻ അനിരുദ്ധന്റേയും ഉഷയുടേയും പ്രേമകഥയെ പരിശോധിച്ചുകൊണ്ട് എൻ. വി. കൃഷ്ണവാരിയരും സിദ്ധാന്തിച്ചിട്ടുണ്ട്. ക്രിസ്തുവിന് മുമ്പുമുതലേ നിലനിന്ന ഈ സംസ്കാരപ്രവാഹമാണ് ഓണത്തിന്റെ സാർവദേശീയതയുടെ ഹേതുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

കൽദായ മെത്രാന്മാർ: കേരളസഭയ്ക്ക് പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്നു. എ. ഡി 431-ൽ ആ സഭ നെസ്തോറിയൻ ആയി. അവിടത്തെ കാതോലിക്കാ - മഫ്രിയാനമാർ മലങ്കരസഭയെ പരോക്ഷമായി സഹായിച്ചിട്ടുണ്ട്. 1490 -ൽ തോമ്മാ, യൂഹാനോൻ, യാബ് ആലോഹോ, യാക്കോബ് എന്നീ 4 മെത്രാന്മാരെ കൽദായ പാത്രിയർക്കീസ് ഇന്ത്യയിലേക്കയച്ചു. 16-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ വന്ന മാർ ശെമഓൻ, 1708-ൽ വന്ന മാർ ഗബ്രിയേൽ എന്നിവർ ആ സഭയുടെ മെത്രാന്മാരാണ്. പ്രാദേശികമായി മലങ്കരയിൽ പല ഭാഗങ്ങളിലും അവരുടെ സ്വാധീനം ഉണ്ടായിരുന്നു. അതിന്റെ പശ്ചാത്തലത്തിൽ മലങ്കരസഭ മുഴുവൻ നെസ്തോറിയമാണെന്ന് ഉദയംപേരൂർ സുന്നഹദോസിന്റെ സംഘാടകർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ചിലപ്പോഴൊക്കെ കൈവെപ്പ് ലഭിക്കുവാൻ അവരുടെ സഹായം തേടിയിട്ടുണ്ട് എന്നുവരികിലും വിശ്വാസ - ഭരണവിഷയങ്ങളിൽ അവരെ പ്രവേശിപ്പിച്ചിരുന്നില്ല. കൽദായ മെത്രാന്മാർ അവിവാഹിതർ. ഉപയോഗിച്ച ഭാഷ പൗരസ്ത്യ സുറിയാനി. എങ്കിലും ആരാധനക്രമങ്ങൾ വ്യത്യസ്തമായിരുന്നു.

കൽദായസഭ: സുമേറിയൻ സംസ്കാര പശ്ചാത്തലത്തിൽ ഉദ്ഭവിച്ച ക്രൈസ്തവസഭ. പൗരസ്ത്യ സുറിയാനിസഭ, പേർഷ്യൻ സഭ, ബാബിലോണിയൻ സഭ, സെലൂക്യൻ സഭ, അസ്സീറിയൻ സഭ എന്നീ പേരുകൾ ഉണ്ട്. മാർത്തോമ്മായുടെ ശിഷ്യരായ മാർ ആദായി, മാർ മാറി എന്നിവർ ആ സഭയെ സ്ഥാപിച്ചു. ഇന്ത്യ, ചൈന, ടിബത്ത് എന്നി പ്രദേശങ്ങളിൽ ഈ സഭ വ്യത്യസ്തകാലങ്ങളിൽ മിഷണറിമാരെ അയച്ചിട്ടുണ്ട്. 5-ാം നൂറ്റാണ്ടിൽ ഈ സഭ നെസ്തോറിനെ സ്വീകരിച്ചു. അതോടെ കാതോലിക്കായിൽ നിന്ന് വ്യത്യസ്തമായി പേർഷ്യയിലെ ഓർത്തഡോക്സ് തലവൻ മഫ്രിയാന എന്നു വിളിക്കപ്പെട്ടു. കൽദായ സഭകൾക്ക് കത്തോലിക്കാ -

നെസ്തോർ വിഭാഗങ്ങൾ ഉണ്ട്. കേരളത്തിലെ കൽദായർ 2 കക്ഷികളായിരുന്നു. ഇപ്പോൾ രണ്ടും ഏകോപിച്ച് ഏകവിഭാഗമായി കഴിയുന്നു. ഈ ചെറിയ സഭയുടെ ആസ്ഥാനം തൃശൂർ ആണ്. ഏതാനും വൈദികരും ഏതാനും പള്ളികളും ഉണ്ട്. ആദ്യത്തെ രണ്ടു സാർവത്രിക സിന്നഡുകളെ മാത്രം അംഗീകരിക്കുന്ന മശിഹായിൽ രണ്ടു സ്വഭാവങ്ങളും രണ്ടു ക്നൂമ്മാകളും എന്ന് വിശ്വസിക്കുന്നു. ഇവരുടെ കൂദാശകൾ സാധുവായി മലങ്കര ഓർത്തഡോക്സ് സഭ അംഗീകരിക്കുന്നു; വിശ്വാസ വിപരീതങ്ങളെ അംഗീകരിക്കുന്നില്ല.

കൽദായ സുറിയാനി: സുറിയാനിഭാഷയുടെ പൗരസ്ത്യ രൂപം. ലിപി വിന്യാസം, ഉച്ചാരണം എന്നിവയിൽ അല്പം വ്യത്യാസമുണ്ട്. സ്വരങ്ങളായി കുത്തുപുള്ളികൾ ഉപയോഗിക്കുന്നു. വ്യാകരണം വ്യത്യസ്തമല്ല. മലങ്കരയിൽ നിലവിലിരുന്നത് കൽദായ സുറിയാനിയാണ്. ഭവിഷ്യമഹാപുരാണത്തിലും മറ്റും ഉപയോഗിച്ച പദങ്ങളും തൽഭവമായും തൽസമമായും മലയാളത്തിൽ കാണുന്ന സുറിയാനി രൂപങ്ങൾക്കും കൽദായ ശൈലിയോടാണ് കൂടുതൽ സാദൃശ്യം. കൽദായ ലിപിയിലും കർസോനി എഴുത്തുകൾ കാണുന്നു

പകലോമറ്റം മെത്രാന്മാരും അവർക്കു ശേഷവും കൽദായ സുറിയാനിയാണ് ഏറിയ കൂറും ഉപയോഗിച്ചിരുന്നത്. ഇന്നത്തെ പാശ്ചാത്യസുറിയാനിയിലേക്ക് മാറിയത് യൂയാക്കീം കൂറിലോസിന്റെ (1843–1875) കാലത്താണെന്ന് സംശയിക്കണം. 17–ാം നൂറ്റാണ്ടിലും 18–ാം നൂറ്റാണ്ടിലും വിദേശ സഭാധ്യക്ഷന്മാർ പാശ്ചാത്യ സുറിയാനി പ്രചരിപ്പിച്ചിരുന്നു.

കവണി: സുറിയാനി ക്രിസ്ത്യാനി വനിതകളുടെ ചട്ടയ്ക്ക് മീതെ ധരിക്കുന്ന മേൽവസ്ത്രം. കരയോ, കസവോ കാണും. ആരാധനയിൽ ശിരോവസ്ത്രമായും ഉപയോഗിക്കുന്നു. കച്ചയും കവണിയും എന്ന ശൈലി ശ്രദ്ധേയം. മന്ത്രകോടിയെ കവണി എന്ന് പറയാം.

കശ്ശീശാ: മൂപ്പൻ എന്നർത്ഥം. ഗ്രീക്കിൽ സമാനപദം പ്രസ്ബിറ്റർ. പഴയനിയമകാലം മുതൽ ഇവർ സിനഗോഗിന്റെ ഭരണച്ചുമതലയിലും മറ്റും നിയമിക്കപ്പെട്ടു. പുതിയനിയമ സഭയിൽ സഭയുടെ പ്രാദേശിക യൂണിറ്റുകളിൽ കൈവെപ്പ് നല്കി കശ്ശീശന്മാരെ അധ്യക്ഷന്മാരായി നിയമിച്ചു. ഇടവകകളിലെ അധ്യക്ഷന്മാരെ കശ്ശീശന്മാർ എന്നും പല ഇടവകകൾ ചേർന്ന പ്രവിശ്യയിലെ അധ്യക്ഷന്മാരെ എപ്പിസ്ക്കോപ്പാ എന്നും വിളിച്ചു. എപ്പിസ്ക്കോപ്പാ (ഓവർസീയർ) മേൽനോട്ടക്കാരനായ കശ്ശീശ ആയിരുന്നു. കശീശ–എപ്പിസ്ക്കോപ്പാ സ്ഥാനങ്ങളുടെ പൗരോഹിത്യ നൽവരം ഏകമായിരുന്നു. തന്മൂലം ഈ രണ്ടു പദങ്ങളും പര്യായപദങ്ങളായി ഉപയോഗിക്കപ്പെട്ടു. അ. പ്ര. 20:17, 28; തീത്തോസ് 1:5–8; 1. പത്രോസ് 5:1;

റോമ: 11:8; 1 തെസ. 5:12, 13 എന്നീ ഭാഗങ്ങളിൽ ഇത് വ്യക്തമാണ്. ഒരിട വകയിൽത്തന്നെ ഒന്നിലേറെ കശ്ശീശന്മാർ ഉണ്ടായിരുന്നു. അവരുടെ മേൽ നോട്ടക്കാരനായി അവരിലൊരാളെ എപ്പിസ്ക്കോപ്പാ ആയി വേർതിരിച്ചു. അലക്സാന്ത്രിയായിലും മറ്റും കശ്ശീശന്മാരുടെ സംഘമാണ് മെത്രാന്മാരെ പട്ടംകൊടുത്ത് നിയമിച്ചത്. കശ്ശീശ്ശാ-എപ്പിസ്കോപ്പാ സ്ഥാനികളുടെ പരിധികൾ വിഭജിക്കപ്പെട്ടത് നിഖ്യായിൽ വച്ചാണ്. പൗരോഹിത്യ സ്ഥാനികളുടെ സാധുതയെപ്പറ്റി വിവാദമുണ്ടാവുന്നിടത്തെല്ലാം ഈ ശ്ലൈഹിക ശൈലിയുടെ പ്രകാശം സ്വീകാര്യമാവേണ്ടതാണ്. മെത്രാൻ സ്ഥാനിയ്ക്ക് പട്ടംകൊടയിൽ സ്ഥാനചിഹ്നമായി നൽകുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് അംശവടി മാത്രമാണ് എന്നത് ചിന്തോദ്ദീപകമാണ്. ഒരാളെ ആദ്യം ശെമ്മാശ്ശനായും പിന്നീട് കശീശ്ശാ ആയും പിന്നീട് എപ്പിസ്കോപ്പാ ആയും ആവർത്തിച്ച് പട്ടംകൊടുക്കുന്ന സമ്പ്രദായം ബാർ എബ്രായ ആവിഷ്ക്കരിച്ചതാണ്. ഒരാൾ മേല്പട്ടസ്ഥാനം ഏല്ക്കുന്നത് കീഴ്പട്ടങ്ങൾ സ്വീകരിച്ചതിന് ശേഷം ആയിരുന്നില്ല. നേരിട്ട് മേല്പട്ടം സ്വീകരിക്കുകയായിരുന്നു പതിവ്. കശ്ശീശാപട്ടം ഏറ്റ ഒരാൾ മേല്പട്ടസ്ഥാനത്തേക്ക് വിളിക്കപ്പെട്ടാൽ ആ ആളിന്റെ മേൽ വീണ്ടും പട്ടംകൊട ശുശ്രൂഷയല്ല; സ്ഥാനാരോഹണ ശുശ്രൂഷ മാത്രമാണ് നടത്തിയിരുന്നത്. കാതോലിക സഭ ഒരാളിന് രണ്ടു പ്രാവശ്യം പട്ടം കൊടുക്കുന്നതിനെ അനുകൂലിക്കുന്നില്ല. കശ്ശീശാ പട്ടം ഏറ്റ ആളിന് എപ്പിസ്കോപ്പാ ആയി പട്ടം കൊടുക്കുമ്പോൾ പ്രസക്തിയില്ലാതെ ഒരേ ക്രിയകൾ ആവർത്തിക്കേണ്ടി വരുന്നതിലെ വിരസത ശ്രദ്ധിച്ചാൽ മനസ്സിലാവും. ഓരോ പട്ടംകൊടയും അതിൽത്തന്നെ പൂർണ്ണമാവുന്ന രീതിയിലാണ് പട്ടംകൊടയിലെ പ്രാർത്ഥനകളുടെയും ചടങ്ങുകളുടെയും ക്രിയകളുടെയും സ്വഭാവം. ഒരാളുടെമേൽ ഒരേ പാട്ടുകളും ക്രിയകളും ചടങ്ങുകളും ആവർത്തിക്കുവാൻ പട്ടംകൊടയെപ്പറ്റിയുള്ള സഭയുടെ ദർശനം അനുവദിക്കുന്നുണ്ടെന്ന് തോന്നുന്നില്ല.

കഹന: കാഹേൻ എന്ന് എബ്രായ പദം. കൊഹനൊ എന്ന സുറിയാനി രൂപത്തിന്റെ തത്ഭവം. പുരോഹിതൻ എന്നർത്ഥം. ഓർത്തഡോക്സ് പട്ടംകൊട ക്രമത്തിൽ കഹനൂസാ എന്ന ഒരു പട്ടംകൊട ക്രമമില്ല. ആ സ്ഥാനത്ത് കശ്ശീശാ - എപ്പിസ്കോപ്പാ ക്രമങ്ങളാണുള്ളത്. ആദ്യവിഭാഗത്തിന് കഹനേന്മാർ എന്നും രണ്ടാം വിഭാഗത്തിന് റീശ് കൊഹനേന്മാർ എന്നും പറയും. കൂദാശാനുഷ്ഠാനമാണ് കഹനൂസായുടെ ദൗത്യം. പൗരോഹിത്യനൽവരമുള്ള സഭയുടെ പ്രതിപുരുഷനായി സഭയിൽ വച്ച് സൃഷ്ടിക്കു മുഴുവനും വേണ്ടി കഹനേന്മാർ - കശ്ശീശായും എപ്പിസ്കോപ്പായും - ആചാര്യവേല ചെയ്യുന്നു. കഹനൂസായുടെ നൽവരങ്ങൾ രണ്ടാണ്. ശുദ്ധീകരിക്കുക; പ്രകാശിപ്പിക്കുക. കൂദാശകളും പ്രബോധനവും അതിന്റെ ധർമ്മങ്ങൾ. സ്ലീബായും ഏവൻഗേലിയോനും അതിന്റെ സ്ഥാനി

കചിഹനങ്ങൾ. കഹനൂസായുടെ നൽവരം പ്രാപിക്കുന്നവർക്ക് ഇവ നൽകുവാൻ പട്ടംകൊടക്രമത്തിൽ നിർദ്ദേശമുണ്ട്. രണ്ട് താലന്തുകൾ - നൽവരങ്ങൾ - പ്രാപിക്കുന്നതിന്റെ സൂചനയായിട്ടാണ് കഹനാ സ്ഥാനാർത്ഥികൾ രണ്ടു കാൽമുട്ടുകളും മടക്കിനിന്ന് സ്ഥാനംപ്രാപിക്കുന്നതെന്ന് കത്തോലിക്കാ - കൽദായ - ഓർത്തഡോക്സ് പട്ടംകൊടക്രമങ്ങളുടെ വ്യാഖ്യാനത്തിൽ കാണുന്നുണ്ട്.

കഹനൈത്തായുടെ ക്രമം: മേല്പട്ടക്കാർ, പട്ടക്കാർ, പൂർണ്ണ ശെമ്മാശ്ശന്മാർ എന്നിവരുടെ ശവസംസ്കാരക്രമം. ഉള്ളടക്കം പരിശോധിച്ചാൽ ഈ ക്രമം ശെമ്മോശന്മാർക്ക് യോജിക്കുന്നില്ല. കൂദാശാനുഷ്ഠാനകരും കഹനൂസായുടെ നൽവരം പ്രാപിച്ചവരും ആണ് ക്രമത്തിൽ വിഷയമാവുന്നത്. ശെമ്മാശന്മാരെ അതിന്റെ പരിധിയിൽ വരുത്തിയത് പിന്നീടാകാം. 8 ക്രമങ്ങൾ ഉണ്ട്. സൗകര്യംപോലെ ഭാഗികമായോ പൂർണ്ണമായോ നടത്താം. നഗരികാണിക്കൽ എന്ന ഒരു യാത്രചോദിക്കലും കൈമുത്തി അന്ത്യ അനുഗ്രഹം പ്രാപിക്കുന്ന ഒരു ചടങ്ങും ഒടുവിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോ ക്രമത്തിനും ഒന്നു മുതൽ ക്രമമായി എട്ടു രാഗങ്ങൾ ഉപയോഗിക്കുന്നു.

കള്ളപ്പം: കള്ള് അരിമാവിൽ ചേർത്ത് തയാറാക്കുന്ന വെള്ളേപ്പം. സുറിയാനി ക്രിസ്ത്യാനികളുടെ നോമ്പുവീടലിന് പരമ്പരാഗതമായി തയാറാക്കുന്ന വിഭവം; വെള്ളേപ്പവും ഇറച്ചിക്കറിയും. ചില സ്ഥലങ്ങളിൽ തേങ്ങാപ്പാലും ശർക്കരയും / പഞ്ചസാര ചേർത്ത് ആവിയിൽ വേവിച്ചെടുക്കുന്ന വിഭവത്തെ കള്ളപ്പം, വട്ടേപ്പം, കിണ്ണത്തപ്പം എന്നൊക്കെ പറയും.

കാക്കശ്ശേരി: കുന്നംകുളം-പാലൂർദേശത്ത് ക്രിസ്ത്യാനികൾക്കും ബ്രാഹ്മണർക്കും പൊതുവായിട്ടുള്ള കുലീന കുടുംബനാമം. സാമൂതിരിയുടെ പണ്ഡിതസദസ്സായ പതിനെട്ടരക്കവികളിൽ കാക്കശ്ശേരി ഭട്ടതിരി ഉൾപ്പെടുന്നു. പൗരസ്ത്യ സിറിയൻ സണ്ടേസ്കൂൾ അസോസ്യേഷൻ സ്ഥാപിക്കുന്നതിന് മുമ്പ് രൂപംകൊണ്ട് പ്രവർത്തനമാരംഭിച്ച കുന്നംകുളം പഴഞ്ഞി സിറിയൻ സണ്ടേസ്കൂൾ അസോസ്യേഷന്റെ സ്ഥാപകനേതാവായിരുന്ന ചിറ്റഞ്ഞൂർ സ്വദേശിയായ പീറ്റർ എം. കാക്കശ്ശേരി കുന്നംകുളം സിറിയൻ ബുക്ക് ഡിപ്പോ സ്ഥാപകനും മാനേജരും ആയിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ വെ. റവ. കാക്കശ്ശേരി ജോസഫ് കോറെപ്പിസ്ക്കോപ്പാ സഭാ മാനേജിംഗ് കമ്മറ്റി-ഭദ്രാസന കൗൺസിൽ അംഗം, ആർത്താറ്റ് - കുന്നംകുളം വികാരി, സ്കൂൾ മാനേജർ എന്നീ സ്ഥാനങ്ങളിൽ ശോഭിച്ച അവിവാഹിതനും മല്പാനും ആയിരുന്നു.

കാക്കു (യാക്കോബ്): ജേക്കബ് എന്ന പേര് യാക്കോബ്, കാക്കു, കാക്കുണ്ണി, ചാക്കു, ചാക്കുണ്ണി, ചാക്കോ, ചാക്കോച്ചൻ, കാങ്ങു

എന്നിങ്ങനെ രൂപഭേദം പ്രാപിച്ചതായി പ്രാദേശിക പാരമ്പര്യങ്ങൾ കേരളത്തിൽ കാണുന്നുണ്ട്.

കാക്കു മല്പാൻ (1) (യാക്കോബ്): ആർത്താറ്റ് - കുന്നംകുളം ഇടവകയിൽ രണ്ടു തലമുറകളായി പനയ്ക്കൽ കുടുംബത്തിൽ നിന്ന് രണ്ടു പേർ ഈ നാമത്തിൽ അറിയപ്പെടുന്നു. ആദ്യത്തെ യാക്കോബ് മല്പാൻ 1850-കളിൽ ജീവിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ 1865-ൽ ആമീദിൽ വച്ച് മേല്പട്ടക്കാരനായി അഭിഷേകം പ്രാപിച്ച് കൊച്ചിയിലെത്തിയപ്പോൾ അദ്ദേഹത്തെ സ്വന്തം ഇടവകയിലേക്ക് സ്വാഗതം ചെയ്യുവാൻ കൊച്ചിയിലെത്തിയ സംഘത്തിന്റെ നേതാവ് പനയ്ക്കൽ കാക്കുമല്പാൻ ആയിരുന്നു. കുന്നംകുളത്ത് നവീകരണസംരംഭങ്ങളെ ചെറുത്തുനിന്ന ഇദ്ദേഹം 1873 ചിങ്ങം 25 ന് പരുമലയിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് വിളിച്ചുകൂട്ടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനിൽ പങ്കെടുക്കുകയും അന്ന് രൂപംകൊണ്ട സഭാ മാനേജിംഗ് കമ്മറ്റിയിലെ നാലു വൈദികരിൽ രണ്ടാമനായി തെരഞ്ഞെടുക്കപ്പെടുകയും സഭാട്രസ്റ്റ് സ്വരൂപിക്കുന്നതിനുള്ള ചുമതലക്കാരിലൊരാളായി നിയമിക്കപ്പെടുകയും ചെയ്തു.

കാക്കു മല്പാൻ II (യാക്കോബ്): കുന്നംകുളം പനയ്ക്കൽ കുടുംബത്തിൽ നിന്ന് 19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ മറ്റൊരു കാക്കു മല്പാനച്ചൻ പ്രസിദ്ധി നേടി. വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ എന്നിവരൊന്നിച്ച് പനയ്ക്കൽ യാക്കോബ് മല്പാൻ കുറച്ചുകാലം കോട്ടയം വൈദികസെമിനാരിയിൽ സുറിയാനി പഠിപ്പിച്ചു. ആരാധനാക്രമങ്ങൾ മാതൃഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിന് അദ്ദേഹം നേതൃത്വം നൽകി. ശ്ഹീമ്മാനമസ്കാരം, ആനീദ, ആണ്ടുതക്സാ, ഹാശാനമസ്കാരം എന്നിവയിൽ നിന്ന് നിരവധി സുറിയാനി ഗീതങ്ങൾ അദ്ദേഹം വൃത്താനുവൃത്തം വിവർത്തനം ചെയ്തു. ഇന്ന് പ്രയോഗത്തിലുള്ള പല ആരാധനാഗീതങ്ങളും ആദ്യം മലയാളത്തിൽ അവതരിപ്പിച്ചത് സുറിയാനി പണ്ഡിതനായ പനയ്ക്കൽ യാക്കോബ് കത്തനാർ ആണ്. പുലിക്കോട്ടിൽ തിരുമേനിയുടെ ശിഷ്യനായ ഇദ്ദേഹം പരുമലയിൽ പഠിച്ച് പ. മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് പട്ടമേറ്റു. മലയാളം, സംസ്കൃതം, തമിഴ്, സുറിയാനി ഭാഷകളിൽ അവഗാഹമുണ്ടായിരുന്നു. സുറിയാനി കീർത്തനമാല, മാർ ദീവന്നാസ്യോസ് വിംശതി തുടങ്ങി ഒരു ഡസനോളം കാവ്യങ്ങൾ ഇദ്ദേഹം രചിച്ചു. വിശ്വാസസംബന്ധമായ പ്രസംഗങ്ങളും ലേഖനങ്ങളും ലഘു പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചു. മലയാളത്തിൽ ആദ്യത്തെ കുർബ്ബാനവ്യാഖ്യാനം 1905-ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ വി. കുർബ്ബാനധ്യാനം ആണ്. പ്രതിഭാശാലിയായ ഇദ്ദേഹം ആർത്താറ്റ് സിംഹാസനപ്പള്ളി, ചേലക്കരപ്പള്ളി എന്നിവിടങ്ങളിൽ സേവനം

നടത്തി. ഒടുവിൽ വിവാഹിതനായിരുന്നിട്ടുപോലും അദ്ദേഹത്തെ കത്തോലിക്കാസഭ സ്വീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്തു. കുന്നംകുളത്തിനടുത്ത് പുതുശ്ശേരിപള്ളിയിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

കാട്ടുമങ്ങാട്ട് കൂറിലോസ് I : 18-ാം നൂറ്റാണ്ടിൽ മുളന്തുരുത്തി ഇടവകയിലെ കാട്ടുമങ്ങാട്ട് കുടുംബത്തിലെ കുരിയൻ എന്ന ആൾ കൂറിലോസ് എന്ന പേരിൽ ശക്രുള്ളാ മഫ്രിയാനയിൽ നിന്ന് കശ്ശീശാപട്ടം ഏറ്റു. മാർ ഗ്രിഗോറിയോസിൽ നിന്ന് റമ്പാൻ സ്ഥാനവും ഏറ്റു. മെത്രാൻസ്ഥാനമേറ്റതായി അവകാശപ്പെട്ട ഇദ്ദേഹത്തിനെതിരെ 6-ാം മാർത്തോമ്മാ (വലിയ മാർ ദീവന്നാസ്യോസ്) സർക്കാരിൽ പരാതി നൽകി. ചെങ്ങന്നൂരിൽ കാലം ചെയ്ത മാർ ഈവാനിയോസും പരാതിയെ പിൻതാങ്ങി. വിസ്താരത്തിൽ തനിക്കനുകൂലമായ രേഖകളോ സാക്ഷികളോ ഹാജരാക്കപ്പെടാതിരുന്നതു മൂലം ഇദ്ദേഹവും അനുയായികളും തിരുവിതാംകൂറിലും പിന്നെ കൊച്ചിയിലും മെത്രാൻ സ്ഥാനോചിതകർമ്മങ്ങൾ നടത്തുവാൻ പാടില്ലെന്ന് വിധിയായി. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) ഇദ്ദേഹത്തെയും സംഘത്തെയും കുന്നംകുളത്ത് അഭയം നൽകി പാർപ്പിച്ചു. പിന്നീട് പനക്കൽ താരു മുതലാളിയുടെ സഹായത്തോടെ കുന്നംകുളത്തിനടുത്ത് ബ്രിട്ടീഷ് മലബാറിൽ തൊഴിയൂരിൽ പുന്നത്തൂർ രാജാവിൽ നിന്ന് കുറെ സ്ഥലം വിലകൊടുത്തു വാങ്ങി അവിടെ പള്ളിയും താമസസ്ഥലവും ക്രമീകരിച്ചു. പേപ്പട്ടിവിഷ ചികിത്സയും അതിന്റെ ഒറ്റമൂലികയും കൈവശമുണ്ടായിരുന്ന കൂറിലോസ് ക്രമേണ പ്രസിദ്ധനായി. സഹോദരനെ പിൻഗാമിയായി വാഴിച്ച് 1802 മിഥുനം 27 ന് അഞ്ഞൂരിൽ അന്തരിച്ച് കബറടക്കപ്പെട്ടു.

കാട്ടുമങ്ങാട്ട് കൂറിലോസ് II: കാട്ടുമങ്ങാട്ട് കൂറിലോസ് I തൊഴിയൂരിൽ താമസിച്ചുവരവേ സഹോദരൻ ഗീവറുഗ്ഗീസ് റമ്പാനെ കൂറിലോസ് എന്ന പേരിൽ 1794-ൽ മെത്രാനായി വാഴിച്ചതായി പറയപ്പെടുന്നു. ഇദ്ദേഹത്തിന്റെ സുസ്താത്തിക്കോൻ ആരും കണ്ടിട്ടില്ല. സ്വാത്വികനായ ഇദ്ദേഹം പകർത്തി എഴുതിയ സുറിയാനി പുതിയനിയമം തൊഴിയൂരിലുണ്ട്. അതിൽ സ്വസഹോദരനെ വൈദികനായ കൂറിലോസ് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. തൊഴിയൂർ സ്ഥാപകനെഴുതിയുപയോഗിച്ച കുർബ്ബാനതക്സായിൽ സ്വന്തം പേര് കൂറിലോസ് കശ്ശീശാ എന്ന് 1768-ൽ (ഡിസം. 19) നാല് വ്യത്യസ്ത ഭാഗങ്ങളിൽ (പു. 255, 296, 315, 332) രേഖപ്പെടുത്തിയിട്ടുണ്ട്.

കൂറിലോസ് II തൊഴിയൂരിൽ ചീരൻ മാർ പീലക്സീനോസിനെ മെത്രാനായി വാഴിച്ച് ചുമതയേല്പിച്ച് 1795-ൽ സ്വദേശത്തേക്ക് മടങ്ങി. അദ്ദേഹം അന്ത്യംവരെയും വെട്ടിക്കൽ കുരിശുപള്ളിയിൽ താമസിച്ചു. അദ്ദേഹത്തിന്റെ സുറിയാനി കൈയക്ഷരം അതിമനോഹരമാണ്. 1809/1810-ൽ

ഇദ്ദേഹം നിര്യാതനായി. വെട്ടിക്കൽ ദയറായിൽ കബറടക്കപ്പെട്ടു. '*മലബാർ സ്വതന്ത്രസഭ*' എന്ന ശീർഷകം കാണുക.

കാട്ടുമങ്ങാട്ട് ബാവാമാർ: '*തൊഴിയൂർ സഭ*' എന്ന ശീർഷകം കാണുക (മലബാർ സ്വതന്ത്ര സുറിയാനി സഭ).

കാണിക്ക: ദേവാലയത്തിലും യോഗങ്ങളിലും സ്വമേധയാ നൽകുന്ന സ്തോത്രകാഴ്ച.

കാണിക്കവഞ്ചി: സ്തോത്രകാഴ്ച ശേഖരിക്കുന്ന ഭണ്ഡാരം.

കാത്തിരിപ്പ്: സ്വർഗ്ഗാരോഹണപ്പെരുന്നാൾ കഴിഞ്ഞ് പെന്തിക്കോസ്തിപ്പെരുന്നാൾ വരെ പത്തുദിവസം കാത്തിരിപ്പിന്റെ നാളുകൾ എന്ന് പറയും. ആ നാളുകളിൽ വിവാഹം നടത്താറില്ല. അപ്രഖ്യാപിത നോമ്പു ദിനങ്ങൾ ആയി ആചരിക്കുന്നു. അപ്പോസ്തോലന്മാർ പരിശുദ്ധാത്മദാനത്തിനായി കാത്തിരുന്ന ദിനങ്ങൾ. പെന്തിക്കോസ്തിയുടെ ശുശ്രൂഷയിൽ മൂന്ന് ശുശ്രൂഷകളിലായി മൂന്നുവട്ടം മുട്ടുകുത്തി ഔപചാരികമായി കാത്തിരിപ്പ് അനുഷ്ഠിക്കുന്നു.

കാതോലികം: സാർവത്രികം എന്ന് അർത്ഥം. നിഖ്യാ വിശ്വാസപ്രമാണം സഭയുടെ ലക്ഷണങ്ങളായി നിർവചിക്കുന്ന നാല് പ്രത്യേകതകളിൽ ആദ്യത്തേത്. ഈ പദം റോമൻ കത്തോലിക്കർ സഭാനാമമായി ഉപയോഗിക്കുന്നു. ദൃശ്യം, അദൃശ്യം, സ്വർഗ്ഗീയം, ഭൗമികം എന്നിങ്ങനെ സർവതലസ്പർശിയായ രക്ഷാസാധ്യതയെ ഈ പദം അർത്ഥമാക്കുന്നു. സഭയുടെ ഏക വിശ്വാസവും ശ്ലൈഹികതയും വിശുദ്ധിയും പാലിക്കുന്ന മേഖലകൾ ഈ പദത്തിന്റെ പരിധിയിൽപ്പെടുന്നു.

കാതോലിക്ക: സാർവത്രിക സഭയുടെ പിതാവ്. പേർഷ്യൻ സഭയുടെ തലവൻ പാപ്പാ ബാർ ആഹായ് 291 നോടടുത്ത് ഈ നാമം സ്വീകരിച്ചു. അതോടെ മെത്രാൻസ്ഥാനം ലഭിക്കുവാൻ പേർഷ്യയിൽ തന്നെ സംവിധാനമായി. 4–ാം നൂറ്റാണ്ടോടെ ഈ സ്ഥാനം അംഗീകൃതമായി. 410–ൽ പേർഷ്യൻസഭ നിഖ്യാ വിശ്വാസം സ്വീകരിച്ചു. ആസ്ഥാനം സെലൂഷ്യാ. 485–ൽ കാതോലിക്കാ, നെസ്തോറിയൻ ആയി.

ഇതോടെ നെസ്തോറിനെ സ്വീകരിക്കാത്ത വിഭാഗം വേർതിരിഞ്ഞു. അവർ തെഗ്രീസ് ആസ്ഥാനമാക്കി മഫ്രിയാനയെ വാഴിച്ചു. മോറൂസോ ആണ് ആദ്യത്തെ മഫ്രിയാന.

മലങ്കരയിൽ 1685–ൽ വന്ന യൽദോ മാർ ബസ്സേലിയോസ് കാതോലിക്കായും മഫ്രിയാനയും എന്ന് രണ്ട് സ്ഥാനനാമങ്ങളും ഒന്നിച്ചുപയോഗിച്ചു. അദ്ദേഹം അലക്സാന്ത്രിയാ പാത്രിയർക്കീസുമായിട്ടാണ് ബന്ധം

പുലർത്തിയിരുന്നത്. ഈ മൂന്നു സ്ഥാനികളുമായും മലങ്കരയ്ക്ക് ബന്ധ മുണ്ടായിരുന്നു. തെഗ്രീസിലെ മഫ്രിയാനേറ്റ് അന്യംനിന്ന് പോയപ്പോൾ അലക്സാണ്ട്രിയായുടെ ആശീർവാദത്തോടെ മാർ മത്തായിയുടെ ദയറാ ആസ്ഥാനമാക്കി കാതോലിക്കാ - മഫ്രിയാന എന്ന സ്ഥാനം ആവിർഭവിച്ചതാവാം. 1751-ൽ വന്ന ശാക്രള്ള മഫ്രിയാനയും കാതോലിക്കാ - മഫ്രിയാന സ്ഥാനി ആയിരുന്നിരിക്കണം.

ഈ കാതോലിക്കാ-മഫ്രിയാന സംയുക്ത സ്ഥാപനം എന്ന അർത്ഥ ത്തിലാണ് 1912-ൽ കാതോലിക്കേറ്റ് മലങ്കരയിലേക്ക് പുനഃസ്ഥാപിച്ചത്. മലങ്കരയിൽ വന്ന രണ്ടു കാതോലിക്കാമാരും അന്ത്യോഖ്യൻ ബന്ധത്തിലു ള്ളവരല്ല എന്നാണ് പാത്രിയർക്കീസുമാരുടെ മലങ്കരസന്ദർശനത്തിൽ നിന്ന് വ്യക്തമായത്.

കാതോലിക്കാമാർ, മലങ്കരയിലെ:

പ. മോറാൻ മാർ ബസ്സേലിയോസ് പൗലൂസ് I (1836-1913): ഒന്നാം കാതോലിക്ക. കോലഞ്ചേരി മുറിമറ്റത്തിൽ കുരിയൻ-മറിയാമ്മ ദമ്പതി കളുടെ മകൻ. ജനനം 19-1-1836. പാമ്പാക്കുട യോഹന്നാൻ മല്പാൻ ഗുരു. യൂയാക്കീം കൂറിലോസ് ഉപരിപാഠങ്ങൾ അഭ്യസിപ്പിച്ചു. യൂയാക്കീം കൂറി ലോസ് 1843-ൽ ശെമ്മാശനാക്കി. 1852-ൽ കശ്ശീശാ. കോലഞ്ചേരിപള്ളി വികാരി. 1877 മാർച്ച് 25-ന് കുറുപ്പമ്പടി പള്ളിയിൽ വച്ച് പത്രോസ് III റമ്പാനാക്കി.

1877 മെയ് 17 പത്രോസ് തൃതീയൻ ബാവാ കുന്നംകുളം ചിറളയം പള്ളി യിൽ വച്ച് മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്ത് കണ്ടനാടിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയി നിയമിച്ചു. 1912 സെപ്തം. 15-ന് നിരണ ത്തുവച്ച് അബ്ദുൽ മശിഹാ പാത്രിയർക്കീസ് അദ്ധ്യക്ഷനായ സിനഡ് പൗരസ്ത്യ കാതോലിക്ക ആയി സ്ഥാനാരോഹണം നടത്തി. ഗീവറുഗീസ് പീലക്സിനോസ്, യൂയാക്കീം ഈവാനിയോസ് എന്നിവരെ ചെങ്ങന്നൂർ വച്ച് പാത്രിയർക്കീസ് വാഴിച്ചപ്പോൾ സഹകാർമ്മികൻ. പരുമല മാർ ഗ്രിഗോറിയോസിന്റെ കന്തീലയ്ക്കും കബറടക്കത്തിനും മുഖ്യകാർമ്മിക നായി. 1911 മുളന്തുരുത്തി മൂറോൻ കൂദാശയിൽ സഹകാർമ്മികൻ. 1913 മെയ് 3 ന് കാലം ചെയ്തു. പാമ്പാക്കുട ചെറിയപള്ളിയിൽ കബറടക്കി. പില്ക്കാലത്ത് പാറേട്ട് ഈവാനിയോസും മാത്യൂസ് പ്രഥമൻ ബാവായും കബറിടം ആധുനികരീതിയിൽ രണ്ടു ഘട്ടമായി പരിഷ്ക്കരിച്ചു.

പ. മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് I (1869-1928): രണ്ടാം കാതോലിക്ക. വാകത്താനം കാരുചിറ പൗലൂസിന്റെ രണ്ടാമത്തെ പുത്രൻ. ജനനം 1869 ജനുവരി 11. കളപ്പുരയ്ക്കൽ പൗലൂസ് കത്തനാർ, വട്ടശ്ശേരിൽ

മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ എന്നിവർ ഗുരുനാഥന്മാർ. 1885 ജൂലൈ 16-ന് കോറൂയോ; 1892 സെപ്തം. 18-ന് ശെമ്മാശൻ, 1896 ആഗസ്റ്റ് 16-ന് കശ്ശീശാ, 1896 ആഗസ്റ്റ് 23-ന് റമ്പാൻ എന്നീ സ്ഥാനങ്ങൾ കടവിൽ അത്താനാസ്യോസിൽ നിന്നും. 1908-1910 വരെ ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ. അബ്ദുൽ മശിഹാ ബാവ 1913 ഫെബ്രുവരി 9-ന് മെത്രാപ്പോലീത്താ ആക്കി. കോട്ടയം-അങ്കമാലി മെത്രാനായി. ആലുവാ തൃക്കുന്നത്തു സെമിനാരി, പുതുശ്ശേരി എം. ജി. ഡി. സ്കൂൾ, വാകത്താനം. എൽ. പി. ബി. സ്കൂൾ, എൽ. പി. ജി. സ്കൂൾ, ഇത്തിത്താനം സ്കൂൾ, വള്ളിക്കാട്ട് ദയറാ ചാപ്പൽ പൂർത്തീകരണം എന്നിവ അദ്ദേഹത്തിന്റെ സംഭാവന. 1925 മെയ് 1 ന് നിരണം അസോസ്യേഷൻ തെരഞ്ഞെടുത്തത നുസരിച്ച് 1925 ഏപ്രിൽ 30-ന് നിരണത്ത് വച്ച് ബസ്സേലിയോസ് ഗീവറു ഗീസ് പ്രഥമൻ എന്ന പേരിൽ കാതോലിക്ക ആയി. ബഥനിയുടെ മാർ ഈവാനിയോസിനെ വാഴിച്ചു. 1928 ഡിസം. 17-ന് നെയ്യൂർ ആസ്പത്രിയിൽ കാലം ചെയ്തു. ആസ്ഥാനമായ വള്ളിക്കാട്ട് ദയറായിൽ കബറടക്കി. പ. മാത്യൂസ് പ്രഥമൻ ബാവാ ഈ കബറിടം ആധുനിക രീതിയിൽ പുനർ നിർമ്മാണം ചെയ്തു.

പ. മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് II (1874-1964): മൂന്നാം കാതോലിക്കാ. കുറിച്ചി കല്ലാശ്ശേരിൽ ഉലഹന്നാൻ-ആച്ചിയമ്മ ദമ്പതികളുടെ പുത്രൻ. ജനനം 16-6-1874. പേര് പുന്നൂസ്. 1890 ജൂൺ 1 ന് കോറൂയോ - കടവിൽ അത്താനാസ്യോസ്. 1892 ഏപ്രിൽ 25 ന് ശെമ്മാശ്ശൻ - കടവിൽ തിരുമേനി. 1898 നവം. 24 ന് (കോട്ടയം പഴയസെമിനാരി) റമ്പാൻ - പരുമല മാർ ഗ്രിഗോറിയോസ്. 1911 സെപ്തം. 7 ന് കോട്ടയം എം. ഡി. അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1912 സെപ്തം. 8 ന് പരുമലയിൽ വച്ച് അബ്ദുൽ മശിഹാ ബാവാ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനാക്കി. നിരണത്തിന്റെ ചുമതല. 1929 ഫെബ്രു. 15 ന് കോട്ടയം ഏലിയാചാപ്പലിൽ വച്ച് പൗരസ്ത്യ കാതോ ലിക്കയായി സിനഡ് സ്ഥാനാരോഹണം നടത്തി. 1934 ഡിസം. 26 എം. ഡി. അസോസ്യേഷൻ മലങ്കര മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുത്തു. സഭാസമാധാനത്തെ പ്രതി സിറിയയിൽ അപ്രേം പ്രഥമനെ സന്ദർശിച്ചു. സന്ദർശനം വിഫലമായി. 1932 ഏപ്രിൽ 22-നും 1951 ഏപ്രിൽ 20-നും മൂറോൻ കൂദാശകൾ കോട്ടയം പഴയസെമിനാരിയിൽ നടത്തി. ഒന്നാം കാതോലിക്കായുടെ സ്ഥാനാരോഹണം, ബഥനി ഈവാനിയോസിന്റെ മെത്രാൻവാഴ്ച, രണ്ടാം കാതോലിക്കാ, യൂയാക്കീം ഈവാനിയോസ് എന്നിരുടെ മെത്രാൻ വാഴ്ച, രണ്ടാം കാതോലിക്കാ വാഴ്ച എന്നിവയിൽ സഹകാർമ്മികൻ.

1929 ഫെബ്രു. 15-ന് ബഥനി ഈവാനിയോസിനെ മെത്രാപ്പോലീത്താ

ആയി ഉയർത്തി. 1929 ഫെബ്രു. 26-ന് പാമ്പാടി മാർ ഗ്രിഗോറിയോസ്, ബഥനി തെയോഫിലോസ് ഇവരെ മെത്രാന്മാരാക്കി (മാർ ഏലിയാ ചാപ്പൽ). 1930 നവം. 3 ന് പരുമലയിൽ വച്ച് പുത്തൻകാവ് പീലക്സീനോസിനെ മെത്രാനായി വാഴിച്ചു. 1933 മെയ് 25 - ജോസഫ് സേവേറിയോസ് മെത്രാനായി (തിരുവല്ല ബഥനി). 1934 ജൂൺ 1 പാമ്പാടി ഗ്രിഗോറിയോസ്, പുത്തൻകാവ് പീലക്സീനോസ്, വാളക്കുഴി സേവേറിയോസ് എന്നിവരെ മെത്രാപ്പോലീത്തന്മാരാക്കി (കോട്ടയം പഴയസെമിനാരി). 1938. ഏപ്രിൽ 7 - അലക്സിയോസ് തേവോദോസിയോസ് മെത്രാൻ (കണ്ടനാട് കർമ്മേൽ ദയറ). 1940 മെയ് 6 - തോമ്മാ ദീവന്നാസ്യോസ് മെത്രാൻ (പുതിയകാവ്). 1941 ഏപ്രിൽ 8 - തേവോദോസ്യോസ്, ദീവന്നാസ്യോസ് എന്നിവരെ മെത്രാപ്പോലീത്തന്മാരാക്കി (ആലുവാ യു. സി. കോളജ് ചാപ്പൽ). മാർ ബസ്സേലിയോസ് യൽദൊ, പരുമല മാർ ഗ്രിഗോറിയോസ് എന്നിവരെ പരിശുദ്ധന്മാരായി പ്രഖ്യാപിച്ചു.

1953 മെയ് 15 - പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരെ മെത്രാന്മാരാക്കി (കോട്ടയം ഏലിയാ ചാപ്പൽ). 1959 ജൂലൈ 12 അഞ്ചു പേരെയും മെത്രാപ്പോലീത്തന്മാരാക്കി (കോട്ടയം പഴയസെമിനാരി). 1942 ഒക്ടോ. 9-ന് ഔഗേൻ തീമോത്തിയോസിനെയും 1958 ഡിസം. 16-ന് മാർ ഗ്രിഗോറിയോസ്, മാർ സേവേറിയോസ്, മാർ ക്ലിമ്മീസ്, മാർ പീലക്സീനോസ് എന്നിവരെയും കാതോലിക്കേറ്റിലേക്ക് സ്വീകരിച്ചു. ദേവലോകം കാതോലിക്കാമാരുടെ ആസ്ഥാനമാക്കിയത് ഇദ്ദേഹമാണ്. പെങ്കീസാ സുറിയാനി നമസ്ക്കാരക്രമങ്ങൾ 2 വാല്യമായി അച്ചടിച്ചു. 1958-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഭരണഘടനയ്ക്ക് വിധേയമായി സ്വീകരിച്ച് സഭയിൽ സമാധാനം ഉണ്ടാക്കി. എഡിൻബറോ സമ്മേളനത്തിൽ പങ്കെടുത്തു. 1964 ജനുവരി 3-ന് കാലം ചെയ്തു. ദേവലോകം അരമനചാപ്പലിൽ കബറടങ്ങി.

പ. മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ I (1884-1975): നാലാം കാതോലിക്ക. വെങ്ങോല തുരുത്തി ചേട്ടാകുളത്തുംകര അബ്രഹാം കശ്ശീശാ - അന്നമ്മ ദമ്പതിമാരുടെ പുത്രൻ. ജനനം 26-6-1884. ആദ്യനാമം മത്തായി. കോനാട്ട് മാത്തൻ മല്പാൻ സുറിയാനിയിൽ ഗുരു. കോട്ടയം എം. ഡി. യിലും സിറിയായിലും ഉപരിപഠനം. കടവിൽ പൗലൂസ് മാർ അത്താനാസ്യോസിൽ നിന്ന് ശെമ്മാശുപട്ടം. 1908-ൽ യരുശലേമിലെ ഔഗേൻ ദയറായിൽ വച്ച് അബ്ദുള്ള ബാവായിൽ നിന്ന് ഔഗേൻ എന്ന പേരിൽ റമ്പാൻ. കോട്ടയം ചെറിയപള്ളിയിൽ വച്ച് സ്ലീബാ ഒസ്താത്തിയോസ് കശ്ശീശാപട്ടം നൽകി. 1927 മെയ് 15-ന് യരുശലേമിലെ മർക്കോസിന്റെ ദയറായിൽ വച്ച് ഏലിയാസ് തൃതീയൻ, തീമോത്തിയോസ്

എന്ന പേരിൽ കണ്ടനാടിന്റെ മെത്രാപ്പോലീത്തായായി വാഴിച്ച് നിയമിച്ചു. കോടനാട് സീയോൻ ആശ്രമം, വടകര ഹൈസ്കൂൾ, പിറവം സെമിനാരി മിഡിൽസ്കൂൾ, കോലഞ്ചേരി ഹൈസ്കൂൾ എന്നിവ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന സമാധാനശ്രമങ്ങൾ വിഫലമായതിനെത്തുടർന്ന് 1942-ലെ കണ്ടനാട് ഭദ്രാസനയോഗ തീരുമാനപ്രകാരം കാതോലിക്കേറ്റിൽ ചേർന്നു. അക്കാലത്താണ് പിറവത്തുവച്ച് അദ്ദേഹം ശാരീരികമായി മർദ്ദനം ഏറ്റത്. വൈദികസെമിനാരി പ്രിൻസിപ്പൽ, കണ്ടനാട് - തുമ്പമൺ ഭദ്രാസനാധിപൻ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹമാണ് മൂവാറ്റുപുഴ അരമനയുടെ സ്ഥാപകൻ. വിശ്വാസസത്യങ്ങൾ, മരണാനന്തരാവസ്ഥ, സുന്നഹദോസുകൾ, പരമയാഗം, ആണ്ടടക്കമുള്ള ഹൂത്തോമ്മോ എന്നീ കൃതികൾ രചിച്ചിട്ടുണ്ട്. മൂറോൻകൂദാശ, വിവിധ തൈലം കൂദാശകൾ, വിവിധ പട്ടംകൊടകൾ, പള്ളിക്കൂദാശ, ഹൂത്തോമ്മോ, മൂന്നു നോമ്പിലേയും വലിയ നോമ്പിലേയും പെങ്കീസാ നമസ്കാരങ്ങൾ എന്നിവയുടെ വിവർത്തകൻ, മാർ ഗീവറുഗീസ് സഹദാ, മാർ തോമ്മാ, പ. പരുമല തിരുമേനി എന്നിവരുടെ പെരുന്നാൾ പെങ്കീസാ നമസ്കാരത്തിന്റെ രചയിതാവ് തുടങ്ങിയ നിലകളിൽ മലങ്കരയുടെ ആരാധനാ സാഹിത്യത്തിന് മികച്ച സംഭാവനകൾ നല്കി. മാത്തൻ മല്പാൻ രചിച്ച പുതിയനിയമ പരിഭാഷ ഇദ്ദേഹം പ്രസിദ്ധീകരണയോഗ്യമാക്കി.

1958-ലെ സഭാസമാധാനത്തിന് ശേഷം യോജിച്ച കണ്ടനാടിന്റെ സീനിയർ മെത്രാപ്പോലീത്താ ആയി. 1962 മെയ് 17-ന് തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് 1964 മെയ് 22-ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് യോജിച്ച സഭയുടെ കാതോലിക്കാ ആയി യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ സുന്നഹദോസ് സ്ഥാനാരോഹണം നടത്തി. 1965-ൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി അഡിസ് അബാബയിൽ വിളിച്ചുകൂട്ടിയ ദേശീയ സഭാതലവന്മാരുടെ ഓറിയന്റൽ ഓർത്തഡോക്സ് സഭാ സിനഡിൽ ഇന്ത്യൻ ദേശീയസഭയുടെ തലവൻ എന്ന നിലയിൽ പങ്കെടുത്തു. പാത്രിയർക്കീസിനെ സന്ദർശിച്ച് വി. തോമ്മാശ്ലീഹായുടെ ഭൗതികാവശിഷ്ടം മലങ്കരയിൽ കൊണ്ടുവന്നു. ബോംബെയിൽ വച്ച് പോൾ ആറാമൻ മാർപ്പാപ്പായെ സന്ദർശിച്ച് സംഭാഷണങ്ങൾ നടത്തി.

1966 ആഗസ്റ്റ് 24-ന് കോലഞ്ചേരിയിൽ വച്ച് ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ മൂന്നു മെത്രാപ്പോലീത്തന്മാരെ വാഴിച്ചു. 1967 ഡിസംബർ 21-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മൂറോൻ കൂദാശ ചെയ്തു. മാർത്തോമ്മായുടെ പൗരോഹിത്യം നിഷേധിക്കുന്ന 1970-ലെ കുപ്രസിദ്ധമായ 203-ാം നമ്പർ കത്തിന് പണ്ഡിതോചിതമായി പ്രതിഷേധക്കത്തയച്ചു. സമീപകാലത്ത് ലോകം കണ്ട ഏറ്റവും മികച്ച സുറിയാനി

പണ്ഡിതനാണിദ്ദേഹം. ജീവിച്ചിരിക്കുന്ന രക്തസാക്ഷി എന്നറിയപ്പെട്ടിരുന്ന ഇദ്ദേഹം 1975 സെപ്തം. 24-ന് സ്ഥാനത്യാഗം ചെയ്തു. 1975 ഡിസം. 8-ന് കാലം ചെയ്തു. ദേവലോകം ചാപ്പലിൽ കബറടങ്ങി.

പ. മോറാൻ മാർ ബസ്സേലിയോസ്സ് മാർത്തോമ്മാ മാത്യൂസ് I (1907-1996): അഞ്ചാം കാതോലിക്കാ. കോട്ടയം വടക്കൻമണ്ണൂർ വട്ടക്കുന്നേൽ കുരിയൻ കത്തനാർ-മറിയാമ്മ ദമ്പതിമാരുടെ ഇളയപുത്രൻ. ജനനം 1907 മാർച്ച് 27. തിരുവനന്തപുരം മഹാരാജാസ് കോളജിലും കൽക്കട്ട ബിഷപ്പ്സ് കോളജിലും പഠിച്ചു. 1945 ആഗസ്റ്റ് 18 ന് മ്സമ്രോനോ - ഗീവറുഗ്ഗീസ് ദ്വിതീയൻ. കോട്ടയം പഴയസെമിനാരി. ആഗസ്റ്റ് 19. പൂർണ്ണ ശെമ്മാശൻ (ഏലിയാ ചാപ്പൽ). 1946 ഒക്ടോ. 27. കശീശാ (ഏലിയാ ചാപ്പൽ). 1951 മെയ് 17 എം. ഡി. അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 1951 സെപ്തം. 21. റമ്പാൻ (പഴയസെമിനാരി). 1953 മെയ് 15. മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ (ഏലിയാ ചാപ്പൽ). 1959 ജൂലൈ 12-ന് മെത്രാപ്പോലീത്താ (പഴയസെമിനാരി). 1960 ബാഹ്യകേരള ഭദ്രാസനാധിപൻ. 1970 ഡിസം. 31. എം. ഡി. അസോസ്യേഷൻ പൗരസ്ത്യ കാതോലിക്കായുടെ പിൻഗാമിയായി തിരഞ്ഞെടുത്തു. 1975 സെപ്തം. 24. മലങ്കര മെത്രാപ്പോലീത്താ. 1975 ഒക്ടോ. 27. പൗരസ്ത്യ കാതോലിക്കായായി പഴയസെമിനാരിയിൽ വച്ച് സിനഡ് വാഴിച്ചു.

1977 ഏപ്രിൽ 1-ന് കോട്ടയം പഴയസെമിനാരിയിലും 1988 മാർച്ച് 25-ന് ദേവലോകത്തും വി. മൂറോൻ കൂദാശകൾ നിർവ്വഹിച്ചു. 1978 മെയ് 15-ന് യാക്കോബ് മാർ പോളിക്കാർപ്പോസ്, ഗീവർഗീസ് മാർ ദീയസ്ക്കോറോസ്, സഖറിയ മാർ ദീവന്നാസ്യോസ്, മാത്യൂസ് മാർ ബർണബാസ്, യൂഹാനോൻ മാർ അത്താനാസ്യോസ് എന്നീ അഞ്ചു പേരെയും 1985 മെയ് 15-ന് മാത്യൂസ് മാർ എപ്പിപ്പാനിയോസ്, ഫീലിപ്പോസ് മാർ യൗസേബിയോസ്, തോമസ് മാർ അത്താനാസ്യോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, പൗലോസ് മാർ മിലിത്തിയോസ് എന്നീ അഞ്ചുപേരെയും എപ്പിസ്ക്കോപ്പന്മാരായി വാഴിച്ചു. 1981 ഫെബ്രു. 28-ന് ആദ്യ ബാച്ചിലെ നാലുപേരെ മെത്രാപ്പോലീത്തന്മാരായി ഉയർത്തി. ഒന്നും രണ്ടും കാതോലിക്കാമാരുടെ കബറിടങ്ങൾ ആധുനികരീതിയിൽ നിർമ്മിച്ചു. അൽവാറിസ് മാർ യൂലിയോസിന്റെ ഭൗതികാവശിഷ്ടങ്ങൾ കണ്ടെത്തി അവ സമാഹരിച്ച് കബർ ഗോവാ പള്ളിയിൽ ക്രമീകരിച്ചു. ദേവലോകം അരമനയുടെ പണി പൂർത്തിയാക്കി.

റഷ്യൻ പാത്രിയർക്കീസ് *ദി ഓർഡർ ഓഫ് സെന്റ് വ്ളാഡിമർ*, റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ സെമിനാരി *അക്കാദമി ഫെല്ലോ*, ജോർജ്ജിയൻ കാതോലിക്കാ *ദി ഓർഡർ ഓഫ് സെന്റ് ജോർജ്ജ്*, അമേരി

ക്കയിലെ നോബിൾ കാനോനിയൻ ഓഫ് ദി സ്വാൻ, *ഗ്രാൻഡ് പ്രിലേറ്റ്, ഗ്രാൻഡ് കോളർ* എന്നീ ബഹുമതികൾ നൽകി. *കൂദാശകൾ* എന്ന ഗ്രന്ഥം രചിച്ചു. സെറാമ്പൂർ സർവ്വകലാശാല മധുരയിൽ വച്ച് ഡോക്ടറേറ്റ് നൽകി ആദരിച്ചു. റഷ്യാ, റുമേനിയ, അർമ്മീനിയ, ബൾഗേറിയ, അമേരിക്ക, റോം, വത്തിക്കാൻ തുടങ്ങിയ ക്രൈസ്തവകേന്ദ്രങ്ങൾ സന്ദർശിച്ചു. സംഘാടകൻ, മികച്ച ഭരണകർത്താവ്, കാനോൻ വിദഗ്ദ്ധൻ, സെമിനാരി പ്രിൻസിപ്പൽ, വർക്കിംഗ് കമ്മറ്റി ഉപാധ്യക്ഷൻ, കാതോലിക്കേറ്റ് സ്കൂൾ ബോർഡ് പ്രസിഡണ്ട്, കാതോലിക്കേറ്റ് ആൻഡ് എം. ഡി. സ്കൂൾ മാനേജർ, 1977 ലെ റഷ്യയിലെ അഖിലലോക സർവമതസമ്മേളനത്തിന്റെ രക്ഷാധികാരി, മോസ്കോയിൽ വച്ചു നടന്ന നിരായുധീകരണ സമ്മേളനത്തിന്റെ അധ്യക്ഷൻ എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ വഹിച്ചു. ഇദ്ദേഹത്തിന്റെ കാലത്താണ് മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട, അമേരിക്ക, കുന്നംകുളം, ചെങ്ങന്നൂർ, തിരുവനന്തപുരം, സുൽത്താൻബത്തേരി എന്നീ പുതിയ ഭദ്രാസനങ്ങൾ ഉണ്ടായതും സെമിനാരിയിലെ *ദിവ്യബോധന* പദ്ധതി, ലിറ്റർജിക്കൽ മ്യൂസിക് സ്കൂൾ ആയ ശ്രുതി എന്നിവ ആരംഭിച്ചതും. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുമായി ആദ്യം പാപ്പായുടെ ആസ്ഥാനത്തുവച്ചും പിന്നീട് കാതോലിക്കായുടെ കത്തീഡ്രൽ ആയ കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ചും നടന്ന സൗഹൃദ സംഭാഷണങ്ങൾ ചരിത്രപ്രസിദ്ധമാണ്. സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ സഹായത്തോടെ ദുഃഖവെള്ളി നമസ്ക്കാരം, പെരുന്നാൾ ശുശ്രൂഷാക്രമങ്ങൾ, കൂദാശാക്രമങ്ങൾ, കന്തീല, കഹനൈത്താ ക്രമങ്ങൾ, കുർബ്ബാനയുടെ അതത് ദിവസത്തെ ഗീതങ്ങൾ, ബുധനാഴ്ച നമസ്കാരം എന്നിവ മലയാളത്തിൽ പ്രസിദ്ധീകരിച്ചത് ആരാധനാസാഹിത്യത്തിന് മികച്ച മുതൽക്കൂട്ടായി. എൻ. സി. സി., കെ. സി. സി. എന്നിവയിൽ ഇക്കാലത്ത് സഭ അംഗത്വമെടുത്തു. എൻ. സി. സി. യിൽ ബഹുമതി നേടി. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് ആരാധനാക്രമങ്ങൾ സുന്നഹദോസ് അംഗീകാരത്തോടെ പ്രസിദ്ധീകരിച്ചു. ബാലിക-ബാല സമാജങ്ങൾ ആരംഭിച്ചു. 1991 ഏപ്രിൽ 27-ന് സ്ഥാനത്യാഗം ചെയ്തു. 1996 നവം. 8-ന് കാലം ചെയ്തു. ദേവലോകം കാതോലിക്കേറ്റ് അരമനചാപ്പലിൽ കബറടക്കി.

പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് II (1915-2006): ആറാം കാതോലിക്ക. കൊല്ലം പെരിനാട് പുതുശേരഴികത്ത് പുത്തൻവീട്ടിൽ ഇടിക്കുള-അന്നമ്മ ദമ്പതിമാരുടെ മൂത്തപുത്രൻ. ജനനം 30-1-1915. 1938 കോറൂയോ - ഗീവറുഗീസ് ദ്വിതീയൻ (കുണ്ടറ സെമിനാരി). 1941 മെയ് 6 പൂർണ്ണശെമ്മാശൻ (പൊങ്ങലടി). 1941 മെയ് 25. കശീശ്ശ (കോട്ടയം പഴയസെമിനാരി). 1951 സെപ്തം. 21 റമ്പാൻ (പഴയസെമിനാരി). 1953 മെയ് 15. മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ (ഏലിയാ ചാപ്പൽ). 1959

ജൂലൈ 12 മെത്രാപ്പോലീത്താ (പഴയസെമിനാരി). 1965 കൊല്ലം ഭദ്രാസ നാധിപൻ. 1980 മെയ് 1. എം. ഡി. അസോസ്യേഷൻ കാതോലിക്കായുടെ പിൻഗാമിയാക്കി. 1991 ഏപ്രിൽ 27-ന് മലങ്കര മെത്രാപ്പോലീത്താ. 1991 ഏപ്രിൽ 29-ന് ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ നേതൃത്വത്തിൽ സിനഡ് പൗരസ്ത്യ കാതോലിക്കാ ആയി വാഴിച്ചു (പരുമല).

1991 ഏപ്രിൽ 30-ന് ഇയ്യോബ് മാർ പീലക്സീനോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, ഗീവറുഗീസ് മാർ കൂറിലോസ്, സഖറിയാ മാർ അന്തോ ണിയോസ്, മാത്യൂസ് മാർ സേവേറിയോസ് എന്നിവരെ പരുമല വച്ചും 25-10-1993 ൽ പൗലോസ് മാർ പക്കോമിയോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ് എന്നിവരെ പരുമല വച്ചും എപ്പിസ്ക്കോപ്പന്മാരായി വാഴിച്ചു. ഏഴു പേരെയും കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്ത ന്മാരാക്കി.

ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. സഖറിയ മാർ തെയോ ഫിലോസ്, ഔഗേൻ മാർ ദീവന്നാസ്യോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നിവരെ പരുമലയിൽ വച്ച് 2005-ൽ എപ്പിസ്ക്കോപ്പ ന്മാരാക്കി. മാവേലിക്കര, യു. കെ. & യൂറോപ്പ് എന്നീ ഭദ്രാസനങ്ങൾ പുതു തായി രൂപീകരിച്ചു. 1999 മാർച്ച് 26-ന് ദേവലോകത്ത് വച്ച് മൂറോൻ കൂദാശ നടത്തി.

ഓതറ ദയറായിൽ വൈദികനായി കഴിയുമ്പോൾ മുതൽ സുറിയാനി-ഇംഗ്ലീഷ് ഭാഷാപണ്ഡിതനായ അദ്ദേഹം ഏയ്ഞ്ചൽ അച്ചൻ എന്ന് അറി യപ്പെട്ടു. മികച്ച ധ്യാനഗുരു, കൺവൻഷൻ പ്രസംഗകൻ, സെമിനാരി അദ്ധ്യാപകൻ എന്ന നിലയിലും അറിയപ്പെട്ട അദ്ദേഹം കൊല്ലത്തിന്റെ ആദ്യത്തെ മുഴുവൻസമയ മെത്രാൻ എന്ന നിലയിൽ ഭദ്രാസനത്തെ മുഖ്യ ധാരയിലേക്ക് കൊണ്ടുവന്നു. പള്ളികൾ, സ്കൂളുകൾ, കോളജുകൾ, ദയറാ കൾ, കോൺവെന്റുകൾ തുടങ്ങി അദ്ദേഹം സ്ഥാപിച്ച അത്രയും സ്ഥാപന ങ്ങൾ സമീപകാലത്ത് ഒരു മേല്പട്ടക്കാരനും സ്ഥാപിച്ചിട്ടില്ല. അദ്ദേഹ ത്തിന്റെ കാലത്ത് 1995-ൽ ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി സുപ്രീംകോടതിയുടെ വിധിയുണ്ടായി. 2002-ൽ സുപ്രീംകോടതി നിരീ ക്ഷകൻ ജസ്റ്റീസ് മളീമഠിന്റെ സാന്നിദ്ധ്യത്തിൽ നടന്ന അസോസിയേഷൻ താത്വികമായി യോജിച്ച മലങ്കരസഭയുടെ അധിപനായി പൗരസ്ത്യ കാതോലിക്കാ പ. മാത്യൂസ് ദ്വിതീയനെ വീണ്ടും തിരഞ്ഞെടുപ്പു നടത്തി സ്ഥിരീകരിച്ചു. മറുഭാഗം പരുമല അസോസ്യേഷൻ ബഹിഷ്കരിച്ചതുമൂലം ഫലത്തിൽ യോജിപ്പുണ്ടായില്ല. എങ്കിലും അങ്കമാലി, തൃശൂർ, കണ്ടനാട് മെത്രാസനങ്ങൾ ഭാഗികമായി ഐക്യത്തിലേക്ക് വന്നു. മാർ തോമസ് അത്താനാസ്യോസ്, മാർ അബ്രഹാം സേവേറിയോസ്, യൂഹാനോൻ മാർ

മിലിത്തോസ്, സഖറിയാ മാർ നിക്കോളവോസ് എന്നിവർ കാതോലി ക്കേറ്റിലേക്ക് സ്വീകരിക്കപ്പെട്ടു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് 'പരി ശുദ്ധൻ' എന്നും സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് ദീവ ന്നാസ്യോസ് 'സഭാജ്യോതിസെ'ന്നും ഉള്ള സിനഡ് നിശ്ചയം ഇദ്ദേഹം പ്രഖ്യാപിച്ചു.

2005 നവം. 30-ന് സ്ഥാനത്യാഗം ചെയ്തു. 2006 ജനുവരി 26-ന് ദേവ ലോകം അരമനയിൽ വച്ച് കാലം ചെയ്തു. അദ്ദേഹം മരണപത്രത്തിൽ നിർദ്ദേശിച്ചപ്രകാരം ശാസ്താംകോട്ടചാപ്പലിൽ ജനു. 27-ന് കബറടക്കി.

പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് I: ഏഴാം കാതോലിക്ക. തിരുവല്ല നെടുമ്പ്രം മുളമൂട്ടിൽ ഇട്ടിയവിര തോമസ് -ശോശാമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ. ജനനം 29-10-1921. 1942 മാർച്ച് 11-ന് കോറൂയോ ഗീവറുഗ്ഗീസ് II (കാരാപ്പുഴ ചാപ്പൽ). 12-5-1947 പൂർണ്ണശെമ്മാശൻ (തിരുവല്ല ബഥനി അരമനചാപ്പൽ). 25-1-1950 കശ്ശീശാ (പത്തനാപുരം താബോർ ദയറ). 28-12-1965. എം. ഡി. അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു. 24-8-1966. മാർ തിമോത്തി യോസ് മെത്രാപ്പോലീത്ത (കോലഞ്ചേരി - പ. ഔഗേൻ ബാവാ). 11-11-1966. മലബാറിന്റെ അസിസ്റ്റണ്ട്. 2-2-1968. മലബാറിന്റെ പൂർണ്ണചുമതല. 10-9-1992 പരുമല അസോസ്യേഷൻ കാതോലിക്കായുടെ പിൻഗാമിയായി തിരഞ്ഞെടുത്തു. 2005 ഒക്ടോ. 30-ന് മലങ്കര മെത്രാപ്പോലീത്താ ആയി. ഒക്ടോബർ 31-ന് ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് അധ്യക്ഷ നായ സിനഡ് അദ്ദേഹത്തെ പൗരസ്ത്യ കാതോലിക്കാ ആയി വാഴിച്ചു. പത്തനാപുരം ദയറായുടെ അധിപൻ, അദ്ധ്യാപകൻ, കോളജ് പ്രിൻസി പ്പൽ, യുവജനപ്രസ്ഥാനം അധ്യക്ഷൻ എന്നീ നിലകളിൽ ശ്രദ്ധേയമായി പ്രവർത്തിച്ചു. മലബാറിന്റെ അവികസിതാവസ്ഥ മാറ്റിയെടുത്തു. താല് ക്കാലിക ഷെഡുകൾ സ്ഥിരം കെട്ടിടപ്പള്ളികൾ ആയി. ചാത്തമംഗലത്ത് ആർ. ഇ. കോളജിന് സമീപം മൗണ്ട് ഹെർമ്മോൻ അരമന പണിയിച്ച് പുതിയ ആസ്ഥാനം ഉണ്ടാക്കി.

അങ്കമാലിയുടെയും ഇടുക്കിയുടെയും ക്നാനായ ഭദ്രാസനത്തിന്റെയും ചുമതല വഹിക്കുന്നു. 2006 സെപ്തം. 21, ഒക്ടോബർ 12 എന്നീ തീയതി കളിൽ അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ ചേർന്ന പരുമല അസോസ്യേ ഷൻ 8-ാം കാതോലിക്കാ ആയി കുന്നംകുളം മെത്രാസനത്തിന്റെ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ ഏകകണ്ഠമായി തെരഞ്ഞെ ടുത്തു.

കാതോലിക്കാസ്ഥാപനം മലങ്കരയിൽ: അന്ത്യോഖ്യായുടെ സീനി യർ പാത്രിയർക്കീസ് അബ്ദുൽ മശിഹാ ബാവാ പ്രത്യേക ക്ഷണപ്രകാരം

മലങ്കരയിലെത്തുകയും സഭയുടെ ക്ഷണപ്രകാരം കണ്ടനാടിന്റെ പൗലൂസ് മാർ ഈവാനിയോസിനെ മലങ്കരയിലെ പ്രഥമ കാതോലിക്കാ ആയി 1912 സെപ്തം. 15-ന് നിരണം പള്ളിയിൽ വച്ച് വാഴിക്കുകയും തൽസംബന്ധ മായ കാനോനികാധികാരങ്ങൾ നൽകുന്ന സുസ്താത്തിക്കോനും തുടർന്ന് പിൻഗാമികളെ വാഴിക്കുവാൻ സുന്നഹദോസിനെ അധികാരപ്പെടുത്തുന്ന കല്പനകളും പുറപ്പെടുവിക്കുകയും ചെയ്തു. അന്ത്യോഖ്യയിൽ രണ്ട് പാത്രിയർക്കീസന്മാർ ഉണ്ടാവുകയും അതിലൊരാൾ മലങ്കരയിലെത്തി മല ങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ മുടക്കു കയും ചെയ്ത സാഹചര്യമാണ് മലങ്കരയിലെ കാതോലിക്കേറ്റ് ഒരു യാഥാർത്ഥ്യമായിത്തീരുവാൻ കളമൊരുക്കിയത്. അന്നത്തെ മലങ്കര മെത്രാൻ 1934-ൽ നിര്യാതനാകുന്നതു വരെയും കാതോലിക്കായ്ക്ക് കാര്യ മായ അധികാര പ്രയോഗങ്ങൾ നടത്തുവാൻ പരിമിതികൾ ഏറെയുണ്ടാ യിരുന്നു. മൂന്നാം കാതോലിക്കായുടെ കാലത്ത് കാതോലിക്കാ-മലങ്കര മെത്രാപ്പോലീത്താസ്ഥാനങ്ങൾ ഒരാളിൽ ഒന്നിക്കുകയും അതിനാവശ്യ മായ വ്യവസ്ഥകളുള്ള സഭാഭരണഘടന 1934-ൽ അംഗീകരിക്കുകയും ചെയ്തതോടെ കാതോലിക്കേറ്റ് പ്രവർത്തനക്ഷമമായി. 869-ലെ കപ്പർ ത്തൂത്താ സിനഡിന്റെ നിശ്ചയപ്രകാരമാണ് കാതോലിക്കാ-പാത്രിയർക്കാ ബന്ധത്തെ സഭാഭരണഘടന വിശദീകരിച്ചത്. കക്ഷിവഴക്കുകൾ മൂലം ഒരു ഭാഗം ഈ സ്ഥാപനത്തെ അനുകൂലിച്ചില്ല. അനുരഞ്ജന ചർച്ചകളി ലെല്ലാം കാതോലിക്കാ സ്ഥാപനം ഇല്ലായ്മ ചെയ്യണമെന്നാണ് പാത്രി യർക്കാഭാഗം ആവശ്യപ്പെട്ടത്. ഒരു ഘട്ടത്തിൽ വട്ടശ്ശേരിൽ മെത്രാപ്പോ ലീത്താ അതിന് സമ്മതം മൂളിയെങ്കിലും ദൈവഗത്യാ അത് സംഭവിച്ചില്ല. 1958-ലെ സുപ്രീം കോടതി വിധിയെത്തുടർന്ന് സഭ യോജിച്ചതോടെ കാതോലിക്കാ സ്ഥാപനം ഏവർക്കും സ്വീകാര്യമായി. 1964-ൽ അന്ത്യോ ഖ്യാ പാത്രിയർക്കീസ് മലങ്കരസഭയുടെ ഭരണഘടനയനുസരിച്ച് മലങ്കര സഭാ സിനഡിന്റെ അധ്യക്ഷനായി 4-ാം കാതോലിക്കായെ വാഴിച്ചതോടെ എല്ലാ ഭിന്നതകളും അപ്രത്യക്ഷമാകേണ്ടതായിരുന്നു. എന്നാൽ കാതോ ലിക്കായുടെ സ്ഥാനാധികാരങ്ങളെ ചൊല്ലി പുതിയ വിവാദങ്ങൾ സഭയി ലുണ്ടാവുകയും സഭ വീണ്ടും ഭിന്നിക്കുകയും ചെയ്തു. ഒരു കാലത്ത് പാത്രിയർക്കീസിന് വിധേയനായിരുന്ന മഫ്രിയാന മാത്രമായി മലങ്കരയിലെ കാതോലിക്കാ പരിമിതപ്പെടണമെന്ന അന്ത്യോഖ്യൻ ചിന്തയാണ് പ്രശ്ന കാരണം. ഇത് പുതിയ വ്യവഹാരങ്ങൾക്കും പാത്രിയർക്കാ ബന്ധങ്ങൾ വിച്ഛേദിക്കുന്നതിനും കാരണമായി. രണ്ടും മൂന്നും കാതോലിക്കാമാരെ പ്പോലെ അഞ്ചും ആറും ഏഴും കാതോലിക്കാമാരെ വാഴിച്ചത് എപ്പി സ്ക്കോപ്പൽ സിനഡ് ആണ്. ഒന്നും രണ്ടും കാതോലിക്കാമാർ യഥാക്രമം പാമ്പാക്കുടയിലും വാകത്താനത്തും കബറടങ്ങി. മൂന്നാം കാതോലിക്കാ യുടെ കാലത്ത് ദേവലോകം അരമന ആസ്ഥാനം പണിതുയർത്തി. മൂന്നും

നാലും അഞ്ചും കാതോലിക്കാമാർ അവിടെ കബറടങ്ങി. ആറാം കാതോലിക്കാ അദ്ദേഹം നിർമ്മിച്ച ശാസ്താംകോട്ട ചാപ്പലിലാണ് കബറടങ്ങിയത്. മലങ്കരസഭയുടെ സ്വയംശീർഷകത്വത്തിന്റെ പ്രതീകമാണ് കാതോലിക്കേറ്റ്. മാർത്തോമ്മാശ്ലീഹായുടെ പിൻഗാമി എന്ന നിലയിൽ അദ്ദേഹം മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢൻ എന്ന് അറിയപ്പെടുന്നു. സിനഡിന്റെ അധ്യക്ഷൻ എന്ന നിലയിൽ സഭാഭരണഘടനകൾക്കും കാനോനാകൾക്കും വിധേയനായി മെത്രാന്മാരെ വാഴിക്കുന്നതും വി. മൂറോൻ കൂദാശ ചെയ്യുന്നതും അദ്ദേഹം തന്നെ. 1912 സെപ്തം. 27-നും 1913 ഫെബ്രു. 19-നും പാത്രിയർക്കീസ് പുറപ്പെടുവിച്ച കല്പനകൾ ആ സിംഹാസനത്തിന്റെ അധികാരപരിധികൾ കാതോലിക്കേറ്റിന്റേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ന് കക്ഷിവഴക്കുകളുടെ പശ്ചാത്തലത്തിൽ പാത്രിയർക്കീസ് ഭാഗത്തിന് ഒരു ശ്രേഷ്ഠ കാതോലിക്കാ ഉണ്ട്. പക്ഷേ, അദ്ദേഹത്തിന് കാനോനിക കാതോലിക്കായുടെ അധികാരാവകാശങ്ങൾ നൽകപ്പെട്ടിട്ടില്ല. മലങ്കരയിൽ നിന്ന് ഭ്രംശിച്ചുപോയ മലങ്കര റീത്തുകാരും കാനോനികാധികാരമില്ലാത്ത ഒരു കാതോലിക്കാ സ്ഥാനം അവകാശപ്പെട്ടുവരുന്നുണ്ട്.

കാതോലിക്കാ ദിനം: 1934-ൽ പ. ഗീവറുഗ്ഗീസ് ദ്വിതീയൻ മലങ്കങ്കര സഭയിൽ കാതോലിക്കാദിനം കൊണ്ടാടുവാനും കാതോലിക്കാനിധി ശേഖരിക്കുവാനും അയച്ച കല്പനപ്രകാരം ഈ ദിനാഘോഷവും കാതോലിക്കാ ദിനപ്പിരിവും നിലവിൽ വന്നു. വലിയ നോമ്പിൽ 36-ാം ഞായറാഴ്ചയാണ് കാതോലിക്കാദിനം. ഇപ്പോൾ ഇത് സഭാദിനം കൂടിയായി ആചരിക്കുന്നു.

കാതോലിക്കേറ്റ് അരമന: 1950 ഡിസം. 21-ലെ ഹൈക്കോടതിവിധി മലങ്കരസഭയ്ക്ക് ദോഷമായി. കോട്ടയം പഴയസെമിനാരിയുടെ കൈവശാവകാശം നഷ്ടപ്പെടുമോ എന്ന് സംശയമുയർന്നു. ഉടനെ ഒന്നരലക്ഷം രൂപാ പിരിച്ച് എട്ടേക്കർ വിസ്തൃതിയുള്ള ദേവലോകം കുന്ന് വിലയ്ക്കു വാങ്ങി. ചാപ്പൽ 1953-ലും പൂർത്തിയായ മദ്ബഹാ 1956 ഓഗസ്റ്റ് 15-നും കൂദാശ ചെയ്തു. ഓഫീസ് 1957-ലും അരമനയുടെ ആദ്യഭാഗം 1963-ലും പൂർണ്ണരൂപം 1980-ലും പൂർത്തിയാക്കി. 1982-ൽ ജോർജ്ജിയൻ കാതോലിക്കാ ഉദ്ഘാടനം ചെയ്തു. കാതോലിക്കാ-മലങ്കര മെത്രാന്റെ സെക്രട്ടറിയേറ്റ്, സുന്നഹദോസ്, അസോസ്യേഷൻ, കോളജ്, സണ്ടേസ്കൂൾ, മലങ്കരസഭാ മാസിക, കാതോലിക്കേറ്റ് പ്രസ്സ്, കോട്ടയം സെൻട്രൽ മെത്രാസനം, കാതോലിക്കേറ്റ് സ്കൂളുകൾ, മലങ്കര സഭാപത്രിക എന്നിവയുടെ ഓഫീസുകൾ ദേവലോകത്ത് പ്രവർത്തിക്കുന്നു.

കാതോലിക്കേറ്റ് ചിഹ്നം: പേർഷ്യൻ കുരിശ്, അംശവടി, സ്ലീബാ, മുടി ഇവ ചേർന്നതാണ് പൗരസ്ത്യ കാതോലിക്കേറ്റിന്റെ ചിഹ്നം. കുരിശിന്റെ ചട്ടക്കൂട്ടിൽ പേർഷ്യൻ ഭാഷാലിഖിതമുണ്ട്. പൗരസ്ത്യ കാതോലി

ക്കായുടെ ഔദ്യോഗിക മുദ്രയിൽ കേന്ദ്രസ്ഥാനത്ത് മാർത്തോമ്മാ ശ്ലീഹാ യുടെ ചിത്രവും വൃത്തപരിധിയിൽ 11 മാലാഖമാരും ഉണ്ട്. ആദ്യത്തേത് പതാകയിലും രണ്ടാമത്തേത് സീൽ (മുദ്ര) പതിക്കുന്നതിലും ഉപയോഗി ക്കുന്നു.

കാതോലിക്കേറ്റ് പതാക: കാതോലിക്കേറ്റ് ചിഹ്നം രേഖപ്പെടുത്തിയ മഞ്ഞപ്പതാക. സഭാദിനത്തിലും മറ്റും ഇത് ഉയർത്തുന്നു.

കാതോലിക്കേറ്റ് സെന്റർ: കക്ഷിവ്യവഹാരങ്ങൾ ഉടലെടുത്തപ്പോൾ മാതൃദേവാലയത്തിലെ ആരാധനകൾ തടസ്സപ്പെടുകയോ സമയബന്ധിത മാവുകയോ ചെയ്തപ്പോൾ കാതോലിക്കേറ്റിന് വിധേയമായി ഇടവക മെത്രാപ്പോലീത്തന്മാരുടെയും അവർ നിയമിക്കുന്ന വികാരിമാരുടെയും കീഴിൽ ആരാധനാ സ്വാതന്ത്ര്യം ഉറപ്പുവരുത്തുവാൻ പ്രത്യേകിച്ചും വട ക്കൻ ഭദ്രാസനങ്ങളിൽ ഇവ സ്ഥാപിതമായി.

കാത്തിസ്മാ: സുറിയാനി ഭാഷയിലെ ഒരു ഗാന വിഭാഗം.

കാദീശന്മാർ: പരിശുദ്ധന്മാർ എന്നർത്ഥമുള്ള 'കാദീശേ'യുടെ കൂടെ ബഹുവചനപ്രത്യയം ചേർത്ത് ഈ തൽഭവപദം സൃഷ്ടിച്ചിരിക്കുന്നു. പഴയ മലയാളത്തിൽ അനുനാസികം ചേർത്ത് കന്ദീശങ്ങൾ എന്ന രൂപവും കാണുന്നുണ്ട്.

കാദീശാത്താലോഹോ: ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന കൗമ്മാ ഭാഗത്തിന്റെ സുറിയാനി ഭാഗം. സന്ധ്യാപ്രാർത്ഥനയുടെയും പ്രഭാത പ്രാർത്ഥനയുടെയും ഒടുവിൽ ചൊല്ലുന്ന കൗമ്മാകൾ അതത് ദിവ സത്തെ രാഗത്തിൽ സംഗീതമായിട്ടാണ് പെരുന്നാളുകളിലും ഞായറാഴ്ച കളിലും ചൊല്ലുക. സന്ധ്യയിലെ എട്ടു രാഗങ്ങളും ഹാലേലൂയാ ചേർക്കാ തെയും പ്രഭാതത്തിലെ എട്ടു രാഗങ്ങൾ ഹാലേലൂയ്യാ ചേർത്തുമാണ് ആഘോഷമായി ചൊല്ലുക.

കാനോനിക നമസ്കാരം: ഏഴ് യാമങ്ങളിൽ ഓരോരോ ധ്യാനവി ഷയം മുൻനിർത്തി ഓർത്തഡോക്സ് സഭ ക്രമീകരിച്ച സഭയുടെ ഔദ്യോ ഗിക പ്രാർത്ഥനക്രമം. സഭയുടെ ജിഹ്വയായ വൈദികൻ ഇത് നടത്തുവാൻ കടപ്പെട്ടിരിക്കുന്നു. വേദപുസ്തകം, സഭയുടെ വിശ്വാസം, ആത്മീയ ജീവിതപുരോഗതി എന്നിവയെ ആധാരമാക്കി ഭക്തകവികൾ തയ്യാറാക്കിയ അതിവിപുലമായ പ്രാർത്ഥനാഗീത സമാഹാരമാണിത്. ഓരോ യാമത്തി ലും കൗമ്മാ, സ്ലൂസോ, സങ്കീർത്തന വായനകൾ, ഉപക്രമഗാനം, പ്രുമി യോൻ, സെദ്റോ, കോലോകൾ, ധൂപപ്രാർത്ഥന, വീണ്ടും കോലോകൾ, കുക്കിലിയോൻ, എക്ബോ, കോലോകൾ, ബോവൂസോ എന്നിങ്ങനെ യാണ് ക്രമീകരണം. ആറു ദിവസങ്ങൾക്കും വേറെ വേറെ ദീർഘ

പ്രാർത്ഥനാ സമുച്ചയം ഉണ്ട്. ദൈർഘ്യം നിമിത്തം ഒന്നിടവിട്ട പാദങ്ങളെ ശുബഹോ എന്നും മെനഗാലം എന്നും ഗ്രൂപ്പുകൾ ആയി തിരിച്ചിട്ടുണ്ട്. ഒന്നിടവിട്ട ആഴ്ചകളിൽ ഈ ഗ്രൂപ്പിലെ ഗാനങ്ങൾ മാറിമാറി ഉപയോഗിക്കുന്നു. ഒരാഴ്ച ശുബഹോ ഗ്രൂപ്പെങ്കിൽ അടുത്ത ആഴ്ച മെന്ഗാലം ഗ്രൂപ്പ്. ഏഴു യാമങ്ങളിൽ സന്ധ്യാ, സൂത്താറാ, പ്രഭാതം എന്നീ യാമങ്ങൾക്ക് രാഗഭേദം ഉപയോഗിക്കുന്നില്ല. രാത്രി, മൂന്നാം മണി, ആറാം മണി, ഒമ്പതാം മണി എന്നീ യാമങ്ങളിലെ പ്രാർത്ഥനകൾ അതത് ദിവസത്തെ രാഗത്തിൽ നടത്തുന്നു. അതത് ദിവസത്തെ കാനോനികനമസ്ക്കാരം നടത്താതെ വി. കുർബ്ബാന അനുഷ്ഠിക്കുവാൻ അനുവാദമില്ല. കാനോന നമസ്ക്കാരത്തിന്റെ ഗദ്യപരിഭാഷ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായും വൃത്താനുവൃത്താവിഷ്ക്കാരം കോനാട്ട് ഏബ്രഹാം മല്പാനും സഭാകവി വെണ്ണിക്കുളം സി. പി. ചാണ്ടിയും ചേർന്നും തയാറാക്കിയത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇത്ര സമ്പന്നമായ പ്രാർത്ഥനാക്രമം മറ്റേതെങ്കിലും സഭകൾക്കുള്ളതായി അറിവില്ല. മലങ്കരസഭയിൽ പ്രചരിച്ചിട്ടുള്ള എല്ലാ പ്രാർത്ഥനക്രമങ്ങളും കാനോനിക പ്രാർത്ഥനയുടെ ശൈലിയിലും മറ്റും തയ്യാറാക്കിയ ഭാഗികവിവർത്തനങ്ങൾ ആണ്. ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും മൂന്ന് നോമ്പിലെ ദിവസങ്ങൾക്കും വലിയനോമ്പിലെ അഞ്ചു ദിവസങ്ങൾക്കും ഹാശാ ദിനങ്ങൾക്കും വേറെ നമസ്ക്കാരക്രമങ്ങൾ ഉണ്ട്. ഞായറാഴ്ചകളിലും പെരുന്നാളുകളിലും ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളും ഒഴികെയുള്ള ദിവസങ്ങളിൽ കൗമ്മാ, ക്രൂബേന്മാരുടെ സ്തുതിപ്പ്, വിശ്വാസപ്രമാണം എന്നിവ ചൊല്ലുമ്പോൾ കുമ്പിടും. വലിയനോമ്പിലും മൂന്ന് നോമ്പിലും ഇവയ്ക്കു പുറമേ ഉച്ചനമസ്ക്കാരത്തോട് ചേർന്ന് 40 കുമ്പിടീൽ ഉണ്ട്. ഹാശാആഴ്ചയിൽ പ്രുമിയോൻ-സെദ്റാ വായനകളിലും ധ്യാനപൂർവ്വം കുമ്പിടാറുണ്ട്. സന്ധ്യക്കും പ്രഭാതത്തിനും ധൂപാർപ്പണവും കുക്കിലിയോനുകളും നമസ്ക്കാരസമയത്ത് ഉപയോഗിക്കും. സന്ധ്യയ്ക്ക് ഒരു തിരിയും സൂത്താറായ്ക്ക് രണ്ട് തിരിയും, രാത്രി നമസ്ക്കാരത്തിൽ ഒരു തിരിയും ത്രോണോസിൽ നമസ്ക്കാരസമയത്ത് യഥാസമയം കത്തിക്കും.

കാനോനുകൾ: ഗ്രീക്കുപദം. അളവുകോൽ എന്ന് അർത്ഥം. ഔപചാരിക സിനഡുകൾ എടുക്കുന്ന തീരുമാനങ്ങൾ, സഭയിൽ അംഗീകാരം നേടിയ പതിവുകൾ, സഭയുടെ അംഗീകാരം നേടിയ പിതാക്കന്മാരുടെ അഭിപ്രായങ്ങൾ എന്നിവയാണ് കാനോനുകൾ. മലങ്കരസഭ അംഗീകരിച്ച കാനോൻ ഹൂദായ കാനോൻ ആണ്. 1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ മുളന്തുരുത്തിയിൽ കൂടിയ മലങ്കര അസോസ്യേഷൻ ഇത് സംബന്ധിച്ച് തീരുമാനമെടുത്തതായി *കണ്ടനാട് ഗ്രന്ഥവരി*യിൽ കാണുന്നുണ്ട്. ഇതിന്റെ മലയാള വിവർത്തനം കോനാട്ട് ഏബ്രഹാം

മല്പാൻ തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലങ്കരസഭ അംഗീകരിച്ച കാനോൻ വേർതിരിച്ചറിയാൻ അതിനെ 1898-ലെ പാരീസ് കാനോൻ എന്ന് സഭാഭരണഘടനയിൽ വിശേഷിപ്പിച്ചിട്ടുണ്ട്. ഈ കാനോൻ, മാർ ഗ്രിഗോറിയോസ് ബാർ എബ്രായ എഡിറ്റ് ചെയ്ത് 13-ാം നൂറ്റാണ്ടിൽ തയാറാക്കിയതാണ്. മലങ്കരസഭാ വ്യവഹാരങ്ങളിൽ കോടതികൾ ഈ കാനോന് 'എ' അക്കം എന്ന് പേർ നൽകിയിരുന്നു. പാത്രിയർക്കീസിന്റെ കീഴിലുള്ള ശീശക്ക് മെത്രാച്ചൻ ഹോളണ്ടിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച് പ്രചരിച്ചിട്ടുള്ള സുറിയാനി കാനോൻ 'എ' അക്കം കാനോനോട് സമാനത പുലർത്തുന്നതായി കാണുന്നുണ്ട്.

കാനോൻ 18 അക്കം (1): വ്യവഹാര വിജയത്തിനായി ചമയ്ക്കപ്പെട്ട് മലങ്കരയിൽ മാത്രം പ്രചരിച്ച ചില കാനോനുകളുണ്ട്. അതിൽ ഒന്നാണ് കോടതി '18 അക്കം' എന്ന് വിശേഷിപ്പിച്ച കാനോൻ. ഇത് രണ്ടെണ്ണമുണ്ട്. സെമിനാരിക്കേസിൽ നവീകരണക്കാർക്കെതിരെ - അവർ ഹാജരാക്കിയ മലങ്കരക്കാനോനെ നേരിടുവാൻ - തയാറാക്കിയ കാനോൻ ആണിത്. ഹൂദായ കാനോനിൽ മുളന്തുരുത്തി സുന്നഹദോസിന്റെ ചില നിശ്ചയങ്ങളും മലങ്കരയിലെ ചില പ്രാചീന പതിവുകളും പൂർവ്വിക കാനോനാകളുടെ കൂടെ ചേർത്തെഴുതിയുണ്ടാക്കിയ കാനോൻ ആണിത്. പത്ത് പന്ത്രണ്ട് കാനോനാകൾ ഇപ്രകാരം 18 അക്കത്തിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ കൂട്ടിച്ചേർത്ത കാനോനാകൾ ഹോളണ്ടിൽ നിന്ന് ശീശക്ക് മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തിയ കാനോനിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ 18 അക്കം കാനോൻ സ്വീകരിച്ചും അംഗീകരിച്ചും കൊണ്ടാണ് സെമിനാരിക്കേസിൽ മലങ്കരസഭയ്ക്കനുകൂലമായ വിധിയുണ്ടായത്. സാങ്കേതികാർത്ഥത്തിൽ അത് തിരുത്ത് കാനോൻ ആണെങ്കിലും ആ തിരുത്തുകൾ ഒന്നും തന്നെ സഭാവിരുദ്ധം ആയിരുന്നില്ല. പുതുതായി എഴുതിയുണ്ടാക്കിയ പുസ്തകം പഴക്കം തോന്നിക്കുവാൻ കാപ്പിയിൽ മുക്കിയെടുത്തിരുന്നതിനാൽ *കാപ്പിക്കാനോൻ* എന്ന പേരും ഉണ്ടായി.

കാനോൻ 18 അക്കം (2): 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മെത്രാപ്പോലീത്തൻ ട്രസ്റ്റി ഒരു ഭാഗത്തും വൈദിക-അത്മായ ട്രസ്റ്റികൾ മറുഭാഗത്തുമായി ആവിർഭവിച്ച സമുദായക്കേസിൽ പാത്രിയർക്കാഭാഗം ഹാജരാക്കിയ കാനോൻ ആണ് ഈ ശീർഷകത്തിൽ വിവക്ഷിക്കുന്നത്. സെമിനാരിക്കേസിൽ ഹാജരാക്കിയ കാനോൻ ആണെന്ന് അവകാശപ്പെട്ടുകൊണ്ടാണ് ഈ കാനോൻ കോടതിയിൽ ഹാജരാക്കിയതും കോടതി അതിനെ വിലയിരുത്തിയതും. എന്നാൽ ഈ കാനോൻ സഭാവിശ്വാസങ്ങൾക്കും പാരമ്പര്യങ്ങൾക്കും നടപടികൾക്കും വിരുദ്ധമായ ഇരുനൂറിലേറെ തിരുത്തലുകൾ കൂട്ടിച്ചേർത്തും ഒട്ടേറെ വ്യവസ്ഥകൾ നീക്കം ചെയ്തും തയാറാക്കിയ വ്യാജകാനോൻ ആണ്. ഈ വ്യാജകാനോൻ

തയാറാക്കുവാനായി യഥാർത്ഥ കാനോനിൽ റഫ് വർക്ക് ചെയ്ത ഒറിജിനൽ പുസ്തകം കണ്ടെടുക്കപ്പെട്ടതോടെയാണ് ഈ വ്യാജകാനോന്റെ കഥ വെളിപ്പെട്ടത്. കുന്നംകുളത്ത് കാലംചെയ്ത അന്ത്യോഖ്യൻ മെത്രാൻ സ്ലീബാ മാർ ഒസ്താത്തിയോസ് ആണ് ഈ റഫ് വർക്ക് ചെയ്തിട്ടുള്ളത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സെമിനാരിക്കേസിൽ ഹാജരാക്കിയ കാനോനാണിതെന്ന പ്രചാരണം പൊതുവെ സഭാചരിത്രകാരന്മാർ പോലും അംഗീകരിക്കേ ഈ വ്യാജകാനോൻ നിർമ്മിക്കുവാൻ തയാറാക്കിയ പണിപ്പുരകാനോനും അതിലെ പെൻസിൽ കൊണ്ടെഴുതിയ നൂറുകണക്കിന് തിരുത്തുകളും നമ്മെ അദ്ഭുതപ്പെടുത്തുന്നു. ഈ വ്യാജകാനോൻ മഞ്ഞനിക്കരയിലെ മാടപ്പാട്ട് യാക്കോബ് മാർ യൂലിയോസിന്റെ പേരിൽ വിവർത്തനം ചെയ്യുകയും അന്ത്യോഖ്യാ പാത്രിയർക്കീസുമാരും കണിയാമ്പറമ്പിൽ അച്ചനും അത് ശരിയായ ഹൂദായ കാനോൻ ആണെന്ന് സാക്ഷ്യപ്പെടുത്തുകയും ഉദയഗിരി സെമിനാരി പബ്ലിക്കേഷൻസ് അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമുദായക്കേസിൽ ഹൈക്കോടതി ഈ കാനോൻ സാധുവായി പരിഗണിച്ചിരുന്നു. സുറിയാനി ഭാഷയും കാനോന്റെ ഉള്ളുകള്ളികളും അറിയാത്ത സാധാരണ വൈദികരും ജനങ്ങളും ഈ കാനോൻ സത്യകാനോൻ ആയി പരിഗണിക്കുന്നു.

കാനോൻ, മലങ്കര: സെമിനാരിക്കേസിൽ നവീകരണക്കാരുടെ ഭാഗത്തുനിന്ന് അച്ചടിച്ച് മലയാള വിവർത്തനമെന്ന് വിശേഷിപ്പിച്ച് ഈ കാനോൻ പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ് ഹാജരാക്കി. മുൻഗാമി പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് കണ്ടെടുത്ത് വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തിയതിന്റെ 2-ാം പതിപ്പ് എന്ന് മലങ്കര കാനോൻ അവകാശപ്പെട്ടു. സത്യത്തിൽ അതിനൊരു മൂലഭാഷാ സ്വരൂപമില്ല. നവീകരണാശയങ്ങൾക്കനുരൂപമായി എഴുതപ്പെട്ട ഒരു നിയമാവലിയാണത്. സ്വരൂപത്തിലോ, ഘടനയിലോ, ശൈലിയിലോ അതിന് ഹൂദായ കാനോന്റെ ഒരു ലക്ഷണവുമില്ല. 100 ശതമാനവും വ്യാജകാനോൻ. ഇതിനെ കോടതിയിൽ നേരിടുവാനാണ് മലങ്കരസഭ സാങ്കേതികമായി മാത്രം വ്യാജമെന്ന് പറയാവുന്ന *കാപ്പിക്കാനോൻ* ഹാജരാക്കിയത്.

കാനോൻ, വേദപുസ്തക: വേദപുസ്തകത്തിന്റെ ആധികാരികത നിർണ്ണയിക്കുന്ന അളവുകോൽ ആണ് വേദപുസ്തക കാനോൻ. പല ഘട്ടങ്ങളിലായാണ് വേദപുസ്തകത്തിന്റെ ആധികാരികത അംഗീകരിക്കപ്പെട്ടത്. പഴയനിയമ കാനോൻ രൂപവത്കരണത്തിൽ മൂന്ന് ഘട്ടങ്ങളുണ്ട്. ബി. സി. 400-നടുത്ത് പഞ്ചഗ്രന്ഥങ്ങൾക്ക് - തോറ (ന്യായപ്രമാണം) ആദ്യം അംഗീകാരം കിട്ടി. ബി. സി. 200 ആയപ്പോഴേക്കും പ്രവചനഗ്രന്ഥങ്ങൾക്ക് പൊതു അംഗീകാരം കിട്ടി. കെത്തുവീം (എഴുത്തുകൾ) ഒടുവിൽ അംഗീകാരം നേടി. എ. ഡി. 90-ൽ ജാമ്നായിൽ ചേർന്ന യഹൂദ സിനഡ് ആണ്

പഴയനിയമത്തിന് കാനോനികമായ അംഗീകാരം നൽകിയതെന്ന് വിശ്വസിക്കപ്പെടുന്നു. എബ്രായ പഴയനിയമത്തിൽ ഉൾപ്പെടാത്ത ചില കൃതികൾ ഗ്രീക്ക് തർജ്ജിമയായ സെപ്ത്വജന്റിൽ ഉണ്ട്. അപ്പൊക്രിഫയുടെ ഗണത്തിൽ ഇവ ഗണിക്കപ്പെട്ടു. പിന്നീട് 16-ാം നൂറ്റാണ്ടിൽ നവീകരണക്കാർ ഇവ തിരസ്ക്കരിച്ചു. ട്രന്റ് കൗൺസിൽ അവ സ്വീകരിച്ചു. 1870-ലെ വത്തിക്കാൻ കൗൺസിൽ അത് സ്ഥിരീകരിച്ചു. ഓർത്തഡോക്സ് സഭയുടെ കാനോനിലും ഇവയുണ്ട്.

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങളും പൗലൂസിന്റെ പതിമൂന്നു ലേഖനങ്ങളും എ. ഡി. 130-ഓടെ അംഗീകൃതമായി. പുതിയനിയമ കാനോന്റെ പൂർണ്ണരൂപം ലഭിക്കുന്നത് 325-ലെ നിഖ്യാ സുന്നഹദോസിന് നേതൃത്വം നൽകിയ അത്താനാസ്യോസിന്റെ (369) ഒരു ലേഖനത്തിലാണ്. 382-ൽ റോമിൽ വെച്ച് നടന്ന ഒരു കൗൺസിൽ പഴയ-പുതിയ നിയമ പുസ്തകങ്ങളുടെ ഒരു ലിസ്റ്റ്-കാനോനിക ഗ്രന്ഥങ്ങളുടെ പൂർണ്ണലിസ്റ്റ് -പുറപ്പെടുവിച്ചു. 495-ൽ ഗലേഷ്യസ് ഇത് പരിഷ്കരിച്ചു. ചുരുക്കിപ്പറഞ്ഞാൽ നിലവിലുള്ള നിരവധി സുവിശേഷങ്ങളും ലേഖനങ്ങളും പരിശോധിച്ച് ആദ്യകാല സാക്ഷ്യങ്ങളും സഭയുടെ അംഗീകാരവും വിലയിരുത്തി തിരുവെഴുത്തുകളെ സ്വീകാര്യമെന്നും അസ്വീകാര്യമെന്നും വേർതിരിച്ച് അവയെ ആധികാരികമായി വ്യാഖ്യാനിച്ചത് സഭാ കൗൺസിലുകളാണ്. സഭയോടുള്ള ബന്ധത്തിൽ മാത്രമേ വേദപുസ്തക വ്യാഖ്യാനം നടത്താവൂ എന്ന് പൂർവ്വികസഭകൾ നിഷ്ക്കർഷിക്കുന്നത് ഈ വേദപുസ്തക കാനോനീകരണ ചരിത്രം അറിയാവുന്നതു കൊണ്ടാണ്. ഓർത്തഡോക്സ് സഭ അംഗീകരിക്കുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് ഹൂദായ കാനോനിലുണ്ട്.

കാനോനീകരണം: സഭയിൽ നിന്ന് വാങ്ങിപ്പോയ പുണ്യാത്മാക്കളെ വിശുദ്ധ പദവിയിൽ പ്രഖ്യാപിക്കുന്ന നടപടിയാണിത്. പുരാതനസഭയിൽ രക്തസാക്ഷികൾക്കും 4-ാം നൂറ്റാണ്ടു മുതൽ വിശ്വാസസാക്ഷികൾക്കും ഈ പദവി നൽകി. സിനഡ് ആണ് പ്രഖ്യാപനം നടത്തുന്നത്. കാനോനീകരണം മൂലം ലഭിക്കുന്ന ബഹുമതികൾ. 1. വിശുദ്ധന്മാരുടെ പട്ടികയിൽ അംഗീകാരം. 2. സഭയുടെ പരസ്യ പ്രാർത്ഥനകളിൽ മധ്യസ്ഥൻ 3. ഇവരുടെ മധ്യസ്ഥതയിൽ ദേവാലയങ്ങൾ പ്രതിഷ്ഠിക്കാം. 4. ഓർമ്മപ്പെരുന്നാൾ സഭാ കലണ്ടറിൽ ഉൾപ്പെടുത്തും. 5. ഐക്കണുകൾ 6. തിരുശേഷിപ്പുകളെ ബഹുമാനിക്കുന്നു. ഓർത്തഡോക്സ് പാരമ്പര്യം ഈ പ്രവണതയെ ഒരുപാട് പ്രോത്സാഹിപ്പിക്കുന്നില്ല. പ്രാദേശികതയും അഴിമതിയും വളരുമെന്നതാവാം കാരണം. ഏറെക്കാലമായി സഭയുടെ പൊതു അംഗീകാരം സാർവ്വത്രികമായി നേടിയവരെയാണ് സഭ വിശുദ്ധരെന്ന് പ്രഖ്യാപിക്കുന്നത്. ഇതിന് വൈദിക-അവൈദിക സ്ത്രീ-പുരുഷ വ്യത്യാസങ്ങളൊന്നും

സഭ പരിഗണിക്കുന്നില്ല.

കാപ്പ: പ്രധാന കാർമ്മികന്റെ ആർഭാടപൂർണ്ണമായ പുറംകുപ്പായം. ചക്രവർത്തിമാരും മറ്റും ധരിച്ചിരുന്ന പുറംകുപ്പായം തന്നെ. 18-ാം നൂറ്റാണ്ടിൽ മലങ്കരയിൽ ഇത് പ്രാബല്യത്തിൽ വന്നതായി *നിരണം ഗ്രന്ഥവരി* സൂചിപ്പിക്കുന്നു. കൂദാശാനുഷ്ഠാനവേളകളിലും ആർഭാടപൂർണ്ണമായ പ്രദക്ഷിണവേളകളിലും ഇതുപയോഗിക്കുന്നു. നീതിയെയും മഹിമയെയും സൂചിപ്പിക്കുന്ന അംശവസ്ത്രം. കാപ്പക്കൂട്ട് എന്ന അംശവസ്ത്രസഞ്ചയത്തിൽ കാപ്പ കൂടാതെ ഹമ്നീഖാ, ഇടക്കെട്ട്, കൈയുറകൾ എന്നിവയും ശുശ്രൂഷക്കുപ്പായവും കാണാം. കറുത്ത പുറങ്കുപ്പായം മാറ്റി കൈ കഴുകി ഇവ അണിയുന്നു.

കാപ്പിക്കാനോൻ: '*കാനോൻ 18 അക്കം (1)*' എന്ന ശീർഷകം കാണുക.

കായംകുളം കാദീശാപ്പള്ളി: എ. ഡി. 824-ൽ വന്ന് കൊല്ലം തുറമുഖ നഗരം സ്ഥാപിച്ച മാർ സാപ്പോർ, മാർ ഫ്രോദ് എന്നിവരാണ് മലങ്കരയിൽ പ്രാചീനമായി കാദീശങ്ങൾ എന്ന് അറിയപ്പെടുന്നത്. അവർ സ്ഥാപിച്ച പള്ളികളെ കാദീശാപ്പള്ളികൾ എന്ന് പറയും. അതിലൊന്നാണ് കായംകുളം കാദീശാപ്പള്ളി. 824-ൽ സ്ഥാപിച്ചു. 6-ാം മാർത്തോമ്മാ കത്തോലിക്കാ സഭയുമായുള്ള ഐക്യചർച്ച നടത്തിയത് ഇവിടെവച്ചാണ്. 8-ാം മാർത്തോമ്മായുടെ ഉപദേശകരിലൊരാളും 1811-ലെ ബൈബിൾ വിവർത്തകരിൽ ഒരാളും ആയ ഫിലിപ്പോസ് റമ്പാൻ, മിഖായേൽ മാർ ദീവന്നാസ്യോസ് (പാത്രിയർക്കീസ് വിഭാഗം) എന്നിവർ ഈ ഇടവകക്കാർ ആയിരുന്നു.

കായംകുളം പീലിപ്പോസ് റമ്പാൻ: ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മാർ ഈവാനിയോസിന്റെ ശിഷ്യൻ. ഗുരു ഇദ്ദേഹത്തേയും 7-ാം മാർത്തോമ്മായെയും ഒന്നിച്ച് റമ്പാന്മാരാക്കി. ഡോ. ബുക്കാനൻ ആവശ്യപ്പെട്ടതനുസരിച്ച് ആറാം മാർത്തോമ്മാ വേദപുസ്തക പരിഭാഷയ്ക്കായി വടക്ക് നിന്ന് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെയും തെക്കുനിന്ന് പീലിപ്പോസ് റമ്പാനെയും നിയമിച്ചു. ഇരുവരും ചേർന്നാണ് 1811-ലെ മലയാളം ബൈബിളിന്റെ പരിഭാഷ നിർവഹിച്ചത്. കണ്ടനാട് സുന്നഹദോസിന്റെ നിശ്ചയപ്രകാരം ഇരുവരും 8-ാം മാർത്തോമ്മായുടെ ഔദ്യോഗിക ഉപദേഷ്ടാക്കളായി നിയമിക്കപ്പെട്ടു. പകലോമറ്റം കുടുംബവാഴ്ചയ്ക്കെതിരെ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും ഇദ്ദേഹവും ശക്തമായി പ്രതികരിക്കുകയും കേണൽ മൺറോ ഉൾപ്പെടെയുള്ള നേതാക്കളെ സന്ദർശിച്ച് ഔദ്യോഗികമായി പരാതി ബോധിപ്പിക്കുകയും ചെയ്തതിനെ തുടർന്നാണ് പകലോമറ്റം കുടുംബത്തിൽ നിന്നു മാത്രം മലങ്കര

മെത്രാന്മാരെ വാഴിക്കുന്ന 1665 മുതലുള്ള പതിവിന് മാറ്റമുണ്ടായത്. പല മല്പാൻ ഗൃഹങ്ങളിലും രണ്ട് റമ്പാന്മാരും സഞ്ചരിച്ച് പഠിപ്പിച്ചുവന്നു. കോട്ടയം സെമിനാരി നിർമ്മാണത്തിന് മുമ്പ് 1811 തുലാം 28-ന് ഇദ്ദേഹം അന്തരിച്ചു. അടൂർ കണ്ണങ്കോട് പള്ളിയിൽ കബറടങ്ങി. നിര്യാണത്തിൽ അനുശോചിച്ച് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (പഴയസെമിനാരി സ്ഥാപകൻ) സുറിയാനി കൂക്കോയോ രാഗത്തിൽ ഒരു വിലാപ കാവ്യം എഴുതിയിട്ടുണ്ട്.

കാരകിൽ: പഴയനിയമകാലത്ത് ശുദ്ധീകരണത്തിനായി ഉപയോഗിച്ചിരുന്ന സുഗന്ധവൃക്ഷം (ലേവ്യ. 14:4). ലെബാനോന്റെ ഐശ്വര്യത്തിന്റെയും സമ്പത്തിന്റെയും പ്രതീകം (സങ്കീ. 62:12).

കാരിസ്മാ: ഗ്രീക്ക് പദം. കൃപാവരം, പരിശുദ്ധാത്മ നൽവരം.

കരിസ്മാറ്റിക് മൂവ്മെന്റ്: പരിശുദ്ധാത്മ പ്രവർത്തനത്തിന് കൂടുതൽ ശക്തീകരണം നൽകുകയും സഭാജീവിതത്തിലും വ്യക്തിപരമായ ക്രിസ്തീയജീവിതത്തിലും പരിശുദ്ധാത്മ പ്രവർത്തനത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്ന ഒരു പ്രസ്ഥാനം. പെന്തക്കോസ്തു സ്വാധീനത്തിൽ കത്തോലിക്കാ - ഓർത്തഡോക്സ് സഭകളിൽ ഇതിന്റെ വേലിയേറ്റം കാണുന്നുണ്ട്. പരമ്പരാഗത ആരാധനാക്രമങ്ങളിൽ നിന്ന് വ്യത്യസ്തമായി കൂടുതൽ സ്വാതന്ത്ര്യവും അനൗപചാരികതയും കാരിസ്മാറ്റിക് പ്രാർത്ഥനകളിൽ ദൃശ്യമാണ്. ഉണർവ് ഗാനങ്ങൾ, വചനഘോഷണം, സാക്ഷി പറച്ചിൽ, രോഗശാന്തി എന്നിവ ഇതിന്റെ ഭാഗമാണ്. എന്നാൽ ഈ പ്രസ്ഥാനം സാമൂഹ്യവ്യതിയാനം, സഭയുടെ വ്യവസ്ഥാപിത ഘടനകൾ, പൗരോഹിത്യം ഇവയെ ഗൗരവത്തിലെടുക്കുന്നില്ല. സമാന്തര പൗരോഹിത്യം, സമാന്തര അനുഷ്ഠാനങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.

കാരുണ്യാ ഗൈഡൻസ് സെന്റർ: നഗരങ്ങളിലെ മെഡിക്കൽ കോളജ് ആശുപത്രികളോടനുബന്ധിച്ച് രോഗികൾക്ക് സൗജന്യമായി ഔഷധങ്ങൾ വിതരണം ചെയ്യുവാനും മാർഗദർശനം നൽകുവാനും കൂടെയുള്ളവർക്ക് സൗജന്യ താമസം, ഭക്ഷണസൗകര്യം എന്നിവ മിതമായി ക്രമീകരിക്കുവാനുമായി മലങ്കരസഭ കേന്ദ്രതലത്തിലും ഭദ്രാസനതലത്തിലും സംഘടിപ്പിച്ച ജീവകാരുണ്യ സ്ഥാപനങ്ങൾ.

കാരുണ്യപ്രവർത്തനങ്ങൾ: ഏഴെണ്ണം ശാരീരികം; ഏഴെണ്ണം ആത്മീയം. A. ശാരീരികം: 1. ഭക്ഷണം നൽകുക. 2. കുടിനീർ നൽകുക. 3. പരദേശികളെ സ്വീകരിക്കുക. 4. നഗ്നർക്ക് വസ്ത്രം നൽകുക. 5. രോഗികളെ സന്ദർശിക്കുക. 6. ബന്ധനസ്ഥരെ സന്ദർശിക്കുക. 7. മരിച്ചവരെ സംസ്ക്കരിക്കുക.

B. ആത്മീയം: 1. സംശയമനസ്കരെ ഉറപ്പിക്കുക. 2. ഭോഷന്മാരെ ഉപദേശിക്കുക. 3. പാപികളെ ഗുണദോഷിക്കുക. 4. കുറ്റങ്ങൾ ക്ഷമിക്കുക. 5. സങ്കടക്കാരെ സമാധാനിപ്പിക്കുക. 6. സഹനശക്തി കാട്ടുക. 7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവർക്കും വേണ്ടി പ്രാർത്ഥിക്കുക (ലേവ്യ 19:18; വി. മത്താ. 5:16).

കാർത്തികപ്പള്ളി സെന്റ് തോമസ് പള്ളി: 1599-ലെ ഉദയംപേരൂർ സിനഡിനു ശേഷം ആർച്ച് ബിഷപ്പ് മെനേസ്സിസ് ഇവിടത്തെ പഴയ ഗ്രന്ഥങ്ങളും രേഖകളും നശിപ്പിച്ചു. പള്ളിയിൽ രൂപങ്ങൾ പ്രതിഷ്ഠിച്ചു. മൂന്നാം മാർത്തോമ്മായുടെ ഒരു രൂപവും രണ്ട് ശിലാലിഖിതങ്ങളും ആയിരത്തി ഇരുനൂറിലധികം താളിയോലകളും കുറെ പ്രാചീന ഗ്രന്ഥങ്ങളും ഇവിടെയുണ്ട്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് കുറെക്കാലം ഇവിടെ താമസിച്ചു. പള്ളിക്കെട്ടിടത്തിൽ ഒരാശുപത്രി പ്രവർത്തിക്കുന്നു. അഞ്ഞൂറോളം കുടുംബങ്ങൾ ഉണ്ട്. ആനാരി, കരുവാറ്റ, മാതിരപ്പള്ളി, ഡാണാപ്പടി, മുതുകുളം മുതലായ പള്ളികൾ ഇവിടെ നിന്ന് പിരിഞ്ഞു പോയതാണ്.

കാരോൾ: നൃത്തം ചേർന്ന ആനന്ദഗാനം. ജനകീയ സ്വഭാവമുള്ള ഈ ഗാനരൂപം ഇറ്റാലിയൻ ഭാഷയിലെ കാരോള എന്ന പദത്തിൽ നിന്നുൽഭവിച്ചു. ക്രിസ്തുമസ് രാത്രികളിൽ കാരോൾ ഗാനങ്ങൾ പാടുന്ന സംഘങ്ങൾ വീടുതോറും സന്ദർശിക്കുന്നു. ക്രിസ്തുമസ് ഫാദറും നക്ഷത്രങ്ങളും മറ്റും കാരോൾ സംഘത്തിന്റെ ഭാഗമാണ്.

കാർത്തേജ്: ഉത്തരാഫ്രിക്കയിലെ നഗരം. രക്തസാക്ഷികളുടെ നഗരം എന്ന് പേരുണ്ട്. പട്ടംകൊടയ്ക്ക് മുമ്പായി വായിക്കുന്ന വിശ്വാസ പ്രഖ്യാപനം ഇവിടെവച്ച് രചിക്കപ്പെട്ടതാണ് (അമാലോഗിയാ). 251, 252, 254, 255, 256, 348, 390, 393-424, 525, 534 എന്നീ വർഷങ്ങൾ കാർത്തേജിൽ നടന്ന സിനഡുകൾ മൂലം പ്രാധാന്യം അർഹിക്കുന്നു.

കാൽവിൻ, ജോൺ (1509-1564): ഫ്രഞ്ച് മതനവീകരണ നേതാവ്. വേദശാസ്ത്രജ്ഞൻ. വൈദികൻ. പുതിയനിയമവ്യാഖ്യാതാവ്. നൃത്തം തുടങ്ങിയ കലകൾ നിരോധിച്ചു. മിക്ക പഴയനിയമഗ്രന്ഥങ്ങൾക്കും വ്യാഖ്യാനം രചിച്ചു. വിവിധ ഭാഷാപണ്ഡിതൻ. കാൽവിനിസം ഒരു പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്ര പദ്ധതിയാണ്. വിശ്വാസത്തിന്റെ ഏക അടിസ്ഥാനം വചനം, ആദാമിന്റെ വീഴ്ചയ്ക്ക് ശേഷം മനുഷ്യന്റെ സ്വതന്ത്രേച്ഛയ്ക്ക് പ്രസക്തിയില്ല, വിശ്വാസത്താൽ നീതീകരണം, നഷ്ടപ്പെടാത്ത കൃപ, രക്ഷയുടെ നിശ്ചിതത്വം, ഒഴികഴിവില്ലാത്ത മുൻനിർണ്ണയം എന്നിവ കാൽവിനിസത്തിന്റെ ഭാഗങ്ങൾ.

കാലം ചെയ്യുക: മേല്പട്ടക്കാരുടെ നിര്യാണത്തെ പരാമർശിക്കാൻ ഉപയോഗിക്കുന്ന ഒരു ഉപചാരശൈലി.

കാലം ചെയ്ത അച്ചൻ (1): കോട്ടയം ഓർത്തഡോക്സ് സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ കുന്നംകുളം പ്രദേശത്ത് ഈ പേരിൽ അറിയപ്പെടുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദം വരെയും പട്ടക്കാർ കത്തനാർ എന്ന പേരിലും മെത്രാന്മാർ യജമാനൻ എന്നർത്ഥമായ അച്ചൻ എന്ന പേരിലും വിളിക്കപ്പെട്ടിരുന്നു. ഇതിന്റെ ധാരാളം ഉദാഹരണങ്ങൾ 1811-ലെ റമ്പാൻ ബൈബിളിലും *നിരണം ഗ്രന്ഥവരി*യിലും കാണുന്നുണ്ട്.

കാലം ചെയ്ത അച്ചൻ (2): കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) യുടെ ലഘുജീവചരിത്രം. ഫാ. പി. എം. ജോസ് (പുലിക്കോട്ടിൽ ജോസഫ് കോറെപ്പിസ്ക്കോപ്പാ) എഴുതിയത്.

കാൽകഴുകൾ ശുശ്രൂഷ: അന്ത്യ അത്താഴത്തിൽ ക്രിസ്തു സ്വശിഷ്യരുടെ കാൽകഴുകിയതിനെ (യോഹ. 13:4-10) അനുസ്മരിക്കുവാൻ പെസഹാ വ്യാഴാഴ്ച പ്രാർത്ഥനകൾ പൂർത്തിയാക്കിയശേഷം നടത്തുന്ന അനുഷ്ഠാനം. കിഴക്കുപടിഞ്ഞാറായി വേദിയുടെ വടക്കും തെക്കും വശങ്ങളിലായി പന്ത്രണ്ട് ഇരിപ്പിടങ്ങളിൽ കഴുകപ്പെടാനുള്ളവർ (അവൈദികരോ വൈദികരോ) മൂപ്പുമുറയനുസരിച്ച് ഇരിക്കും. വടക്കേ വരിയിൽ കിഴക്കേ അറ്റത്ത് ഏറ്റവും മൂപ്പുള്ള ആൾ പത്രോസിന്റെ സ്ഥാനത്ത് ഇരിക്കും. ശിഷ്യന്മാരുടെ പാദം കഴുകിയ സംഭവം ഏവൻഗേലിയോൻ വായനയിൽ വായിക്കുന്ന മുറയ്ക്ക് കഴുകുന്ന ആൾ പുറങ്കുപ്പായം അഴിച്ചുവച്ച് അരയിൽ വെള്ളത്തൂവാല കെട്ടി വെള്ളത്തിന്മേൽ പ്രാർത്ഥന നടത്തിയശേഷം ഓരോരുത്തരുടെയും കാലുകൾ വെള്ളമൊഴിച്ച് കഴുകി വൃത്തിയാക്കിത്തുടച്ച് സൈത്തെണ്ണകൊണ്ട് കുരിശാകൃതിയിൽ മുദ്രയിടുന്നു. പത്രോസിന്റെ സ്ഥാനത്ത് ചെല്ലുമ്പോൾ പത്രോസും കർത്താവും തമ്മിലുണ്ടായ സംവാദം ഏവൻഗേലിയോൻ ഭാഗമായി വായിക്കുകയോ ബന്ധപ്പെട്ട സ്ഥാനികൾ സംഭാഷണമായി പറയുകയോ ചെയ്യും. കഴുകിയ ആളെ ബഹുമാന്യമായ ഇരിപ്പിടത്തിലിരുത്തി കഴുകപ്പെട്ടവർ ഗുരുവിന്റെ കാൽ കഴുകും. പത്രോസിന്റെ സ്ഥാനത്തുള്ള ആൾ പ്രാർത്ഥനാപൂർവ്വം സൈത്തെണ്ണകൊണ്ട് കുരിശാകൃതിയിൽ മുദ്രയിടും. അതുകഴിഞ്ഞ് സമാപനപ്രാർത്ഥന നടത്തും. ആദ്യകാലങ്ങളിൽ ഈ ശുശ്രൂഷ കഴിഞ്ഞ് വി. മൂറോൻ കൂദാശയും അതിനുശേഷം മാത്രം പെസഹാ കുർബ്ബാനയും നടത്തിയിരുന്നതായി ചില പ്രാചീന സുറിയാനി കയ്യെഴുത്ത് ആണ്ടുതക്സാകളിൽ കാണുന്നുണ്ട്. കാനോനിലും മൂറോൻകൂദാശ പെസഹാ വ്യാഴാഴ്ച

യിൽ നടത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. നാടകീയ പരിവേഷമുള്ള ഈ അനുഷ്ഠാനം പരിശീലനം ലഭിച്ചവർ നടത്തേണ്ടതുള്ളതിനാൽ സുറിയാനി സഭയിൽ മേല്പട്ടക്കാർ സന്നിഹിതരാകുന്ന പള്ളികളിലാണ് സാധാരണ പെസഹായുടെ കാൽകഴുകൽ ശുശ്രൂഷ നടത്താറുള്ളത്. കൂദാശാപരമായ പ്രാധാന്യമൊന്നും ഈ ശുശ്രൂഷക്കില്ല. കത്തോലിക്കാസഭയിൽ എല്ലാ പള്ളികളിലും വൈദികന്റെ പ്രധാന കാർമ്മികത്വത്തിൽ പെസഹായിലെ കാലുകഴുകൽ ശുശ്രൂഷ നടത്തുക പതിവാണ്. അർമ്മീനിയൻ സഭയിലും ഈ ശുശ്രൂഷ വൈദികർ നടത്തുന്നുണ്ട്.

സന്യാസം സ്വീകരിക്കുന്നതിന്റെ ഭാഗമായി സ്ഥാനാർത്ഥികളുടെ കാൽ റമ്പാൻ സ്ഥാനദാന ശുശ്രൂഷയിൽ ഔപചാരികമായി കഴുകാറുണ്ട്. ശുശ്രൂഷാമനോഭാവം അടിവരയിട്ടു കാണിക്കുകയാണ് ഈ അനുഷ്ഠാനത്തിന്റെ സന്ദേശം.

കാൽക്കുപ്പായം (കാക്കുപ്പായം): പാന്റ് സിന്റെ സ്ഥാനത്ത് വൈദികർ ധരിച്ചിരുന്ന അയഞ്ഞ പൈജാമ കാൽക്കുപ്പായം എന്ന പേരിൽ അറിയപ്പെട്ടിരുന്നു.

കാൽവറി: യേശുവിനെ കുരിശിച്ച സ്ഥലം. ഗോഗുൽത്താ എന്ന് അറമായ രൂപം. തലയോട്ടിയുടെ സ്ഥലം എന്നാണ് ആ ലാറ്റിൻ പദത്തിന്റെ അർത്ഥം. കുസ്തന്തീനോസ് രാജാവ് ഖനനം ചെയ്ത് ഈ സ്ഥലം കണ്ടുപിടിച്ചു. ആദാമിന്റെ തലയോട് സംസ്കരിക്കപ്പെട്ട സ്ഥലമാണിതെന്ന് സഭയുടെ ആരാധനാസാഹിത്യത്തിൽ ഒരു പാരമ്പര്യം കാണുന്നു. ഇസഹാക്കിന്റെ കെട്ടുകൾ അഴിച്ചത് ഇവിടെവച്ചെന്നും പാരമ്പര്യമുണ്ട്. കാൽവറിക്കുന്നിന്ന് തലയോടിന്റെ ആകൃതിയുള്ളതിനാൽ ആ പേരുണ്ടായി എന്നും പറയുന്നുണ്ട്.

കാവടി: അർദ്ധവൃത്താകൃതിയിൽ തോളിൽ ലഘുവായി ചുമക്കാൻ പാകത്തിൽ മുളകൊണ്ടോ ചൂരൽകൊണ്ടോ സജ്ജമാക്കിയ ഫ്രെയിം വർക്ക്. ഇത് പൂ കൊണ്ടോ മറ്റോ അലങ്കരിക്കും. അങ്ങനെ പൂക്കാവടി, പീലിക്കാവടി എന്നിവ ക്ഷേത്ര ഘോഷയാത്രകളിൽ ഉപയോഗിക്കും. കുന്നംകുളം സുറിയാനിക്കാരുടെ അങ്ങാടിപ്പള്ളിയുടെ മുമ്പിലൂടെ ആരാധനാസമയത്ത് വാദ്യഘോഷങ്ങൾ മുഴക്കി നീങ്ങിയ ഒരു കാവടി ഘോഷയാത്ര കാവടിക്കേസിന് കാരണമായിട്ടുണ്ട്.

കാവടിക്കേസ്: കുന്നംകുളം പള്ളിയുടെ മുമ്പിലൂടെ ആദ്യമായി കാവടിഘോഷയാത്ര നടത്തിയതിനെച്ചൊല്ലി ഉണ്ടായ സംഭവവികാസങ്ങളെപ്പറ്റി അഡ്വ. പി. സി. മാത്യു എഴുതിയ ലഘുഗ്രന്ഥം.

കാശ്: പണം എന്ന് പൊതുവേ അർത്ഥം. കേരളത്തിൽ ഉപയോഗിച്ചി

രുന്ന ഒരു നാണയം. ചില്ലിക്കാശ്, തങ്കക്കാശ്, വെള്ളിക്കാശ്, കാശിന് കൊള്ളാത്ത തുടങ്ങിയ പദപ്രയോഗങ്ങൾ ശ്രദ്ധിക്കുക. കാശുകാരൻ = പണക്കാരൻ. മൂന്ന് ചില്ലിക്കാശ് = ഒരു മുക്കാൽ. 4 മുക്കാൽ = 1 അണ. 16 അണ = 1 രൂപ (2 കാശ് = 1 മുക്കാൽ എന്ന നാണയ വ്യവസ്ഥയുമുണ്ട്).

കാശീശോ: '*കശ്ശീശാ*' എന്ന ശീർഷകം കാണുക.

കാസ്സക്ക്: നിലയങ്കി എന്ന് അർത്ഥം. സുറിയാനി പാരമ്പര്യത്തിലുള്ള കമ്മീസിന് പകരം പാശ്ചാത്യ മാതൃകയിൽ ഉള്ള കാസക്ക് വൈദികർ ധരിക്കുന്നു. സുറിയാനിസഭയിലെ പട്ടക്കാർ പുറങ്കുപ്പായത്തിനുള്ളിൽ കറുത്ത കാസക്കും മേല്പട്ടക്കാർ ചുവന്ന കാസക്കും ധരിക്കുന്നു. സാധാരണവസ്ത്രം വെള്ളക്കാസക്ക് (കമ്മീസ്).

കാസോലിക്കി: വി. കുർബ്ബാനയുടെ ഖണ്ഡിപ്പിന്റെ ശുശ്രൂഷാ സമയത്ത് ചൊല്ലുവാൻ ഓരോ ഞായറാഴ്ചയും പെരുന്നാളിനും പ്രത്യേകമായി നിർദ്ദേശിക്കപ്പെട്ട ഗാനം. അതത് ദിവസത്തിന്റെ ധ്യാനം വിഷയമാക്കി രചിച്ച പെങ്കീസാ നമസ്ക്കാരത്തിലെ ഒരു ഗാനമായിരിക്കും ഇത്. പൊതുവിന്നടുത്തത് എന്ന് പദത്തിന്റെ അർത്ഥം. കാതോലികം എന്നതിന്റെ നിർവചനമായി ഈ പദം സുറിയാനി വിശ്വാസപ്രമാണത്തിൽ ഉപയോഗിക്കുന്നു.

കാറ്റക്കിസം: വിശ്വാസ പ്രബോധനം. സണ്ടേസ്കൂൾ അഭ്യസനം. ചോദ്യോത്തര രൂപത്തിൽ ഇതിനാവശ്യമായ പാഠാവലികൾ തയാറാക്കുന്നു. വട്ടശ്ശേരിൽ മല്പാനച്ചൻ പ്രസിദ്ധപ്പെടുത്തിയ മതോപദേശസാരങ്ങൾ ഈ വകുപ്പിൽപ്പെടുത്താവുന്നതാണ്.

കാഷായവസ്ത്രം: ബഥനി ആശ്രമത്തിലെയും മറ്റും സന്യാസിമാർ ഉപയോഗിക്കുന്ന കാവിവസ്ത്രം.

കാസ: പാനപാത്രം. വി. കുർബ്ബാനയിൽ വെള്ളം സമമായി ചേർത്ത വീഞ്ഞ് സമർപ്പിക്കുന്ന പൂജാപാത്രം. സ്വർണ്ണം, വെള്ളി എന്നീ വിശിഷ്ട ലോഹങ്ങൾ കൊണ്ട് തയാറാക്കുന്നു. നിക്കൽ, സ്റ്റീൽ എന്നിവയും ഇപ്പോൾ ഉപയോഗിക്കുന്നു. വി. കുർബ്ബാനയ്ക്കുള്ള പൂജാപാത്രങ്ങൾ മറ്റ് യാതൊരു ആവശ്യത്തിനും ഉപയോഗിച്ചുകൂടാ. കഷ്ടപ്പാടുകൾ എന്ന അർത്ഥത്തിൽ കാസ ഒരു ശൈലിയായി ഉപയോഗിക്കുന്നു.

പൂർണ്ണശെമ്മാശന്മാർക്ക്, വി. കുർബ്ബാന കൊടുക്കുവാനുള്ള അനുവാദത്തിന്റെ പ്രതീകമായി കൂദാശ ചെയ്ത കാസായും കശ്ശീശായ്ക്ക് കുർബ്ബാന അർപ്പിക്കുവാനുള്ള അനുവാദത്തിന്റെ പ്രതീകമായി കൂദാശ ചെയ്യാത്ത കാസായും അക്കാര്യം സ്പഷ്ടമാക്കുന്ന കാർമ്മികവാക്യം ഉച്ച

രിച്ചുകൊണ്ട് പട്ടംകൊടയിൽ സ്ഥാനികചിഹ്നമായി നൽകുന്ന ഒരു പാരമ്പര്യം മലങ്കരയിലുള്ള ചില സുറിയാനി കൈയെഴുത്ത് പട്ടംകൊടക്രമത്തിൽ കാണുന്നുണ്ട്. പട്ടക്കാർ നിര്യാതരാകുമ്പോൾ അംശവസ്ത്രങ്ങളുടെ കൂടെ നെഞ്ചത്ത് കാസാ പിടിപ്പിക്കുന്ന ഒരു പാരമ്പര്യം ചില പ്രദേശങ്ങളിൽ അടുത്ത കാലം വരെ നിലവിലിരുന്നു.

കാറ്റക്കൂം (Cata Combs): ഭൂഗർഭ ശവക്കല്ലറകൾ. രക്തസാക്ഷികളുടെ ശവക്കല്ലറകളിൽ അനുസ്മരണ ശുശ്രൂഷകളും കുർബ്ബാനയും നടത്തിയിരുന്നു.

കാറ്റക്യൂമൻ: മാമ്മൂദീസായുടെ ഒരുക്കത്തിനായി വിശ്വാസപഠനം നടത്തുന്നവർ. ഈ പരിശീലനം ചിലപ്പോൾ വർഷങ്ങളോളം നീണ്ടുനിന്നു. കുർബ്ബാനയിൽ വിശ്വാസപ്രമാണം ചൊല്ലുന്നതുവരെ ഇവർക്ക് സംബന്ധിക്കാം. അതുകഴിഞ്ഞ് അവരെ പിരിച്ചയക്കും. ശേഷം ഭാഗങ്ങൾ മാമ്മൂദീസാ ഏറ്റവർക്ക് മാത്രം ഉള്ളതാണ്.

കാള പ്രതിമ: സീനായ് പർവതത്തിൽ ദൈവകല്പനപ്രകാരം പോയ മോശ മടങ്ങിഎത്താൻ വൈകിയപ്പോൾ അഹറോന്റെ നേതൃത്വത്തിൽ ഇസ്രായേൽ സ്വർണ്ണത്തിൽ കാളയുടെ വിഗ്രഹം തീർത്തു.

കാള എഴുന്നള്ളിപ്പ്: ഓച്ചിറ ഉത്സവത്തിലെ മുഖ്യ അനുഷ്ഠാനം.

കാളി: ഒരു പ്രാകൃത ദേവത. ഇത് ഭദ്രകാളി, രുധിര മഹാകാളി (ഉത്രാളി) എന്നിങ്ങനെ വിവിധരൂപങ്ങളിൽ അറിയപ്പെടുന്നു. ഒടുവിൽ സൗമ്യ ദേവതയായ ശൈവ ദേവതകളും (ഉമ, പാർവതി) ഈ പേരിൽ അറിയപ്പെട്ടു.

കാളി: ഒരു കുടുംബപ്പേർ. ക്രിസ്തുമത പരിവർത്തനം നടത്തിയ ആദിമ അക്രൈസ്തവ കുടുംബങ്ങളിൽ ഒന്ന്. മാർത്തോമ്മാ പട്ടം കൊടുത്ത ഒരു കുടുംബമെന്ന് പ്രാദേശിക ഐതിഹ്യം.

കാളിയാങ്കൽ: മറ്റൊരു കുടുംബം. ഇവരും മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചതായി പ്രാദേശികമായ ഐതിഹ്യമുണ്ട്. കാളി എന്ന ശൈവസങ്കല്പം ക്രിസ്ത്വബ്ദം ആദ്യശതകത്തിൽ കേരളത്തിലില്ലായിരുന്നുവെന്ന് ആധുനിക ചരിത്ര ഗവേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

കാളികെട്ടൽ: പേർഷ്യൻ ചക്രവർത്തി ഡേറിയസിന്റെ (ദാരുകൻ) പ്രതിമ സ്ഥാപിച്ച പാലൂർ പ്രദേശത്തെ ക്ഷേത്രങ്ങളെ ശൈവദേവതയായ കാളി തകർത്തു ശൈവസങ്കേതങ്ങളായി രൂപാന്തരപ്പെടുത്തി. ഈ വിജയം അതത് ക്ഷേത്രോത്സവങ്ങളിൽ കാളി ദാരിയയുദ്ധം എന്നും മുടിയേറ്റ് എന്നും പേരുകളിൽ ദൃശ്യനാടകാനുഷ്ഠാനമായി അവതരിപ്പിക്കാറുണ്ട്.

കാളിയുടെ വേഷം ധരിക്കുന്നതിനെ കാളികെട്ട് എന്ന് പറയും. ഈ ചരിത്ര സംഭവം പാലൂർ പ്രദേശത്തെ കാട്ടകാമ്പാൽ ക്ഷേത്രത്തിൽ നടന്നതാ യാണ് ഐതിഹ്യം.

കാളിയൻ: ഭാഗവതകഥയിൽ കൃഷ്ണന്റെ മർദ്ദനമേറ്റ് പരാജയപ്പെട്ട മഹാസർപ്പമാണ് കാളിന്ദീനദിയിലെ കാളിയൻ. യോർദ്ദാനിൽ മറഞ്ഞു കിടന്ന പഴയസർപ്പത്തിന്റെ തല യോർദ്ദാനിൽ സ്നാനമേല്പാൻ വന്ന ക്രിസ്തു മർദ്ദിച്ച് തകർത്തുവെന്നും അപ്രകാരം സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കുമെന്ന് ഏദനിൽ വച്ച് ദൈവം സർപ്പത്തിന് നൽകിയ ശാപം ഫലിച്ചു എന്നും സുറിയാനി ക്രിസ്ത്യാനികളുടെ മാമ്മൂദീസാക്രമ ത്തിൽ കാണുന്ന സൂചനയുടെ ഭാരതീയ വ്യാഖ്യാനമാണ് കാളിയമർദ്ദന കഥ എന്ന് ആധുനിക വിമർശകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'ഞാനാഗ്രഹി ക്കുന്ന നന്മയല്ല ആഗ്രഹിക്കാത്ത തിന്മയത്രേ ചെയ്യുന്നത്' എന്ന പൗലൂ സിന്റെ വാക്കുകളെ മുൻനിർത്തി ആധുനിക മനുഷ്യനിലെ ആന്തരീയ സംഘർഷത്തിന്റെ മനഃശാസ്ത്ര പ്രതീകമാണ് സുഗതകുമാരിയുടെ 'കാളി യമർദ്ദനം' എന്ന ആധുനിക കവിത വെളിപ്പെടുത്തുന്നതെന്നും ഉപദർശി ക്കപ്പെട്ടിട്ടുണ്ട്.

കിംഗ് ജെയിംസ് വെർഷൻ: 1611-ൽ ഓതറൈസ്ഡ് വെർഷൻ എന്ന പേരിൽ ബൈബിളിനുണ്ടായ ഇംഗ്ലീഷ് വിവർത്തനത്തിന്റെ മറ്റൊരു പേർ.

കിംഗ്, മാർട്ടിൻ ലൂതർ (1929–1968): നീഗ്രോ ബാപ്റ്റിസ്റ്റ് വൈദി കൻ. യു. എസ്. എ. യിലെ പൗരാവകാശ സമരനായകൻ. ബാപ്റ്റിസ്റ്റ് സഭയിലെ വൈദികന്റെ മകൻ. അറ്റ്ലാന്റായിൽ ജനിച്ചു. വർണ്ണവിവേചന ത്തിനെതിരെ സഫലമായി പടനയിച്ചു. 1960-ൽ വൈദികജോലി രാജിവെച്ച് മുഴുവൻസമയ സമരനായകനായി; അറസ്റ്റ് വരിച്ചു. സമരഫലമായി അമേ രിക്കയിൽ പൗരാവകാശ നിയമം പാസ്സാക്കി. 1964-ൽ അദ്ദേഹം നോബൽ സമ്മാനം നേടി. ഗാന്ധിജിയുടെ അക്രമരഹിത സമരം അദ്ദേഹം മാതൃക യാക്കി. 1968-ൽ ശത്രുക്കൾ അദ്ദേഹത്തെ വധിച്ചു. അദ്ദേഹം ഒരു ഗ്രന്ഥ കാരൻ കൂടി ആയിരുന്നു.

കിണ്ടിയും വെള്ളവും: വെള്ളം നിറച്ച് കുറേശ്ശെയായി ഒഴിക്കാൻ സംവിധാനമുള്ള ഓട്ടുപാത്രം. ഇപ്പോൾ സ്റ്റീൽ കൊണ്ടും നിർമ്മിക്കും. വെള്ളം നിറച്ച് കിണ്ടി വീടിന്റെ പ്രവേശനദ്വാരത്തിൽ വയ്ക്കും. അതിഥി കൾ വന്നാൽ കാൽ കഴുകി അകത്തു പ്രവേശിക്കും. ഗ്രാമങ്ങളിലും കൃഷി ക്കാരുടെ വീടുകളിലും ഇപ്പോഴും ഇത് കാണും. കിണ്ടിയുടെ സ്ഥാനം ഇപ്പോൾ ജഗ്ഗുകൾ കരസ്ഥമാക്കിയിട്ടുണ്ട്. തേച്ച് മിനുക്കിയ ഓട്ടുകിണ്ടി ഒരലങ്കാരം തന്നെ. പഴയ ഗൃഹങ്ങളിൽ കിണ്ടി, മുറുക്കിത്തുപ്പാനുള്ള കൈക്കോളാമ്പി, ചുണ്ണാമ്പുകുടുക്ക തുടങ്ങിയ ഓട്ടുപാത്രങ്ങൾ പൂമു

ഖത്തെ അവശ്യ ഗൃഹോപകരണങ്ങൾ ആയിരുന്നു. ഇപ്പോൾ വിവാഹച്ചട ങ്ങുകളിൽ വധൂവരന്മാരുടെ കാൽ കഴുകാനും മറ്റും കിണ്ടി ഉപയോഗി ക്കുന്നുണ്ട്.

കിയാമത്ത് നാൾ: ക്യംതാ എന്ന സെമറ്റിക് പദത്തിന്റെ അറബിരൂപം. ഉയിർപ്പിന്റെ നാൾ, ഒടുവിലത്തെ നാൾ എന്നൊക്കെ അർത്ഥം.

കിരീടം: വൈദികരും മേല്പട്ടക്കാരും ശിരസിൽ അണിയുന്ന തൊപ്പി. മുടി എന്നും പറയും. മത്തങ്ങാ മുടി, ശീലമുടി തുടങ്ങിയ പദപ്രയോഗ ങ്ങളും 'മുടികൾ മുടത്തൊട്ടിത്തകിടും...' എന്ന ഗാനവും ഓർക്കുക. വിവാ ഹത്തിലെ സാക്ഷാൽ കൂദാശയുടെ ക്രമത്തെ കിരീടം വാഴ്വ് എന്ന് പറ യുന്നു. കുരിശുമാല ശിരസ്സിൽ വാഴ്ത്തി അണിയിക്കുന്ന പതിവാണിപ്പോൾ ഉള്ളത്. നേരത്തെ അത് കിരീടം തന്നെ ആയിരുന്നു. ദമ്പതികൾ നിത്യമ ണവാളന്റെ മണവാട്ടിസഭയിലെ അംഗങ്ങളായി കിരീടധാരണം ചെയ്യപ്പെ ടുന്നു. മാമ്മൂദീസാ ഏറ്റ ആളിനെ കിരീടം ധരിപ്പിക്കുന്നുണ്ട്. ക്രിസ്ത്യാനി രാജകീയ പുരോഹിതവർഗ്ഗത്തിലെ അംഗമാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ അർത്ഥത്തിൽ അന്ത്യയാത്രയിൽ മൃതശരീരത്തിന്റെ ശിരസിൽ പുരുഷ ന്മാർക്ക് തൊപ്പി ധരിപ്പിക്കുന്ന പതിവ് ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്. പുരോഹിതന്മാരുടെയും മെത്രാന്മാരുടെയും മുടി – കിരീടം – അവരുടെ രാജകീയ ഭരണാവകാശത്തെ സൂചിപ്പിക്കുന്നു (മൽക്കൂസോ ശാലിത്തോ ബറവോ, കഹനൂസോ ബറവോ ഉബശ്മായോ = രാജാവിന്റെ ഭരണം ഭൂമിയിൽ, പൗരോഹിത്യത്തിന്റ ഭരണം ഭൂമിയിലും സ്വർഗ്ഗത്തിലും എന്ന് സഭ വിശ്വസിക്കുന്നു).

കിഴക്ക്: കിഴക്കോട്ട് അഭിമുഖമായി നിന്ന് ആരാധനകൾ നടത്തുന്ന ശൈലിയാണ് ക്രൈസ്തവ സഭകൾക്കുള്ളത്. ആംഗ്ലിക്കൻ സഭയുടെ പ്രാർ ത്ഥനാപ്പുസ്തകത്തിൽ അപ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കിഴക്ക് ദിക്കിന് വേദ പുസ്തകത്തിൽ പ്രാധാന്യമുണ്ട്. 1. ഏദൻതോട്ടം കിഴക്കാണ് (ഉല്പ. 2:8), 2. ഏദൻതോട്ടത്തിന്റെ വാതിൽ കിഴക്കാണ് (ഉല്പ. 3:24), 3. കെരൂബുകൾ ആലയത്തിന്റെ കിഴക്കേ പടിവാതിൽക്കൽ ചെന്നു നിന്നു (യെഹ. 10:19), 4. ദൈവതേജസ് കിഴക്കു വഴിയായി വന്നു (യെഹ. 43:1–2), 5. ആലയത്തി ന്റെ ദർശനം കിഴക്കോട്ട് (യെഹ. 44:1–2), 6. കിഴക്ക് നിന്ന് .... പുരുഷനെ വിളിക്കുന്നു (ഏശാ. 46:4), 7. നീതിയുടെ പുരുഷൻ കിഴക്ക് (ഏശാ. 41:2), 8. കർത്താവിന്റെ രണ്ടാമത്തെ വരവ് കിഴക്കുനിന്ന് (മത്താ. 24:27).

കീഴ്പ്പെടൽ സിദ്ധാന്തം: പുത്രൻ പിതാവിനും, റൂഹാ പിതാവിനും പുത്രനും കീഴ്പ്പെട്ടാണിരിക്കുന്നതെന്ന അറിയോസിന്റെയും മക്കദോനി യോസിന്റെയും വിരുദ്ധ ഉപദേശം. ഇവ യഥാക്രമം 325-ൽ നിഖ്യാ സുന്ന ഹദോസും 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സുന്നഹദോസും ഔപചാരിക

മായി നിരാകരിച്ചു.

കീർത്തനമാല (1): ശ്ഹീമ്മാ നമസ്ക്കാരം, ആനീദാ (കൂദാശക്രമ ങ്ങൾ), ആണ്ടുതക്സാ, ഹാശാ നമസ്ക്കാരം, നോമ്പിലെ നമസ്ക്കാരം, കുർബ്ബാനക്രമം എന്നീ സുറിയാനിക്രമങ്ങളിൽ നിന്ന് വൃത്താനുവൃത്തം മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ഗാനങ്ങളുടെ സമാഹാരം. ആരാധന മലയാളത്തിൽ എന്ന ആശയം പ്രാവർത്തികമാക്കുവാൻ നടത്തിയ ആദ്യ ത്തെ ശ്രമം. പരുമല മാർ ഗ്രീഗോറിയോസിൽ നിന്ന് 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പട്ടമേറ്റ് 1950-കളിൽ നിര്യാതനായി പുതുശ്ശേരി കത്തോ ലിക്കാപ്പള്ളിയിൽ കബറടങ്ങിയ കുന്നംകുളം പനയ്ക്കൽ യാക്കോബ് മല്പാൻ ആണ് ഇതിന്റെ പരിഭാഷകനും പ്രസാധകനും. കുന്നംകുളം ഏ. ആർ. പി. പ്രസിൽ ഇതിന്റെ പല പതിപ്പുകൾ അച്ചടിച്ചിട്ടുണ്ട്. സുറിയാനി കീർത്തനമാലയിലെ പല വിവർത്തനങ്ങളും അദ്ദേഹത്തിന്റെ മുൻഗാമി 1844-ൽ പട്ടമേറ്റ പനക്കൽ കാക്കു മല്പാൻ (യാക്കോബ് മല്പാൻ) തയാറാ ക്കിയിരുന്നതാണെന്ന് ഒരഭിപ്രായമുണ്ട്. സുറിയാനി, മലയാളം, സംസ് കൃതം, തമിഴ് ഭാഷാ പാണ്ഡിത്യം ഈ വിവർത്തനത്തിൽ തെളിഞ്ഞു കാണുന്നുണ്ട്.

കീർത്തനമാല (2): 1901-ൽ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള പ്രസിദ്ധീക രിച്ച ഗാനസമാഹാരം. 56 കീർത്തനങ്ങൾ ഇതിലുണ്ട്. കർണ്ണാടക - ഹിന്ദു സ്ഥാനി സംഗീതശൈലിയിൽ സുറിയാനി ആരാധനക്രമങ്ങളിലെ ഗാന ങ്ങൾ ആവിഷ്കരിക്കാനുള്ള ശ്രമം ഇതിൽ നടത്തിയിരിക്കുന്നു. മാർ ദീവന്നാസ്യോസ് സെമിനാരി, മാർ ദീവന്നാസ്യോസ് ജൂബിലി മംഗളം, മാർ ഗ്രീഗോറിയോസ് സ്മരണ തുടങ്ങിയ സ്വതന്ത്ര രചനകളും ഇതിലുണ്ട്.

കീറ്റുശീല: കീറത്തുണി. യേശുവിനെ കീറ്റുശീലയിൽ പൊതിഞ്ഞു കല്ലടാവിൽ കിടത്തി (ലൂക്കോ. 2:12).

കുക്കിലിയോൻ: ഗാനചക്രം. സുറിയാനിസഭയിൽ ദൈവമാതാവ്, പരിശുദ്ധന്മാർ, പട്ടക്കാർ, സ്ലീബാ, മരിച്ചുപോയവർ, അനുതാപം തുടങ്ങിയ വിവിധ വിഷയങ്ങളെ അധികരിച്ച് ധൂപാർച്ചനയോടെ നടത്തുന്ന ഗാന സമുച്ചയം. സങ്കീർത്തനം, എക്ബൊ, കോലോ, ബോവൂസോ എന്നീ 4 ഘടകങ്ങൾ ഒരു കുക്കിലിയോൻ സെറ്റിലുണ്ടാവും. ഓരോന്നിനും സ്ഥിരമായ നിർദ്ദിഷ്ട രാഗങ്ങൾ ഉണ്ട്. ഓരോ ദിവസത്തേക്ക് വ്യത്യസ്ത രാഗങ്ങളും ഉണ്ട്. ആവശ്യാനുസരണം ഇവയുടെ നിർദ്ദിഷ്ടസ്ഥാനങ്ങളിൽ സ്ലൂസോ, പ്രുമിയോൻ, സെദ്റാ, എത്രോ എന്നീ ഗദ്യപ്രാർത്ഥനകളും ഉപയോഗിക്കുന്നു.

കുഞ്ഞമ്മ: അമ്മയുടെ ഇളയ സഹോദരി. കൊച്ചമ്മ, ഉമ്മാമ്മ, ഇളയമ്മ

എന്നൊക്കെ പറയും.

കുഞ്ഞാട് (1): വി. കുർബ്ബാനയിൽ അപ്പം ഖണ്ഡിച്ച് വയ്ക്കുന്ന പല ആകൃതികളിൽ ഒന്ന്.

കുഞ്ഞാട് (2): ബൈസന്റയിൻ സഭകളിൽ കുർബ്ബാന അപ്പത്തിനുപ യോഗിക്കുന്ന ഔദ്യോഗിക പേർ.

കുഞ്ഞാട് (3): ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന യോഹന്നാൻ സ്നാപകന്റെ സാക്ഷ്യത്തിന്റെ അടിസ്ഥാന ത്തിൽ കുഞ്ഞാട് ക്രിസ്തുവിന്റെ പ്രതീകം. വി. കുർബ്ബാനയ്ക്ക് പീലാസാ യിൽ മുദ്രിതമായ അപ്പം സമർപ്പിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനകളിൽ 'രോമം കത്രിക്കുന്നവന്റെ മുമ്പിൽ കുഞ്ഞാട്, സ്വർഗ്ഗീയ പിതാവിന്റെ കുഞ്ഞാട്, കടിഞ്ഞൂൽ എന്നീ പ്രതീകബിംബങ്ങൾ ഉപയോഗിക്കുന്നു. ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ അപ്പം മുറിച്ച് ക്രമപ്പെടുത്തി വയ്ക്കുന്ന വിവിധ ആകൃതികളിൽ ഒന്ന് കുഞ്ഞാടിന്റെ ആകൃതിയാണ്.

ഇടയനും ആടുകളും എന്ന സങ്കല്പപ്രകാരം കുഞ്ഞാട് വിശ്വാസി യുടെ പ്രതീകമാണ്. 'സ്നാനം പ്രാപിപ്പൊരു കുഞ്ഞാട്' എന്നും 'ഈ തങ്കക്കുഞ്ഞാടിനെ നീ ഏല്ക്കുക പാവനയാം സഭയേ' എന്നും മാമ്മൂ ദീസാക്രമത്തിൽ ഓർത്തഡോക്സ് സഭ പാടുന്നു. വിശ്വാസികളുടെ സമൂ ഹമായ സഭയുടെ പ്രതീകമായും കുഞ്ഞാട് ബിംബം പ്രയോഗിക്കുന്നു. അംശവസ്ത്രങ്ങളായ കാപ്പാ, ഊറാറ, ശീലമുടി, പത്രസീൻ എന്നിവയിൽ കുഞ്ഞാടിന്റെ ഐക്കൺ തുന്നിച്ചേർക്കുന്ന പതിവുണ്ട്.

ബൈസന്റയിൻ സഭകളിൽ വി. കുർബ്ബാനയ്ക്ക് സമർപ്പിക്കുന്ന അപ്പ ത്തെ കുഞ്ഞാട് എന്നാണ് പറയുക. ലോകസ്ഥാപനത്തിന് മുമ്പേ കുരൾ അറുക്കപ്പെട്ട കുഞ്ഞാട് എന്ന് ക്രിസ്തു വേദഭാഗങ്ങളിൽ പരാമർശിക്ക പ്പെടുന്നുണ്ട്. ഇസഹാക്കിനെ മോചിപ്പിച്ച കുഞ്ഞാടും പെസഹാക്കു ഞ്ഞാടും ക്രിസ്തുവിന്റെ ബലിയെ സൂചിപ്പിച്ചു എന്ന അർത്ഥത്തിലാണ് നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു എന്ന വേദഭാഗം അർത്ഥസാന്ദ്രമാകുന്നത്. പെസഹായുടെ കൗമ്മായിലും ഓർത്തഡോക്സ് സഭ പെസഹാകുഞ്ഞാട് എന്ന ബിംബം ക്രിസ്തുവിനെ വിശേഷിപ്പിക്കു വാൻ ഉപയോഗിക്കുന്നു. ആദിമ ക്രിസ്ത്യാനികളുടെ അഭയകേന്ദ്രങ്ങളിലും ദേവാലയങ്ങളിലും കാറ്റക്കോമ്പുകളിലും ക്രിസ്ത്യാനിയുടെ പ്രതീകമായി ഭിത്തികളിൽ കുഞ്ഞാടിന്റെ ചിത്രം കൊത്തിവച്ചിരുന്നു. പ്രാചീന ദേവാല യങ്ങളിലെ മദ്ബഹാകളിലും മറ്റും കൊത്തിവച്ചിട്ടുള്ള ശില്പങ്ങളിൽ കുഞ്ഞാടിന്റെ രൂപവും കാണുന്നുണ്ട്.

കുടക്കല്ല്: കരിങ്കല്ലിന്റെ ശിലാപാളികൾ വൃത്താകൃതിയിൽ കുത്തി

നിർത്തി മുകളിൽ കമിഴ്ത്തുകല്ല് വച്ച് തുറന്ന കുടയുടെ ആകൃതിയിൽ സജ്ജീകരിക്കുന്നതാണ് കുടക്കല്ല്. മഹാശിലായുഗ സ്മാരകമായ ഈ കുട ക്കല്ലുകൾ കേരളത്തിന്റെ പല ഭാഗത്തും കാണപ്പെടുന്നു. ഇവ ശവകുടീര ങ്ങളാണെന്ന് അഭിപ്രായമുണ്ട്. മരം ഉപയോഗിച്ചുള്ള ഗൃഹനിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് വാസസ്ഥലങ്ങൾ ആയിരുന്നു ഇവയെന്ന് മറ്റൊരു അഭിപ്രായമുണ്ട്. ഗുരുവായൂരിനടുത്ത് അരിയന്നൂരിൽ ധാരാളം കുടക്ക ല്ലുകൾ കാണുന്നു. കുന്നംകുളത്തിനടുത്ത് ചെറമനേങ്ങാട് (ചേരമന ക്കാട്?) എന്ന സ്ഥലത്ത് കുടക്കല്ല്പറമ്പ് എന്ന പറമ്പിൽ മനോഹരമായ നിരവധി കുടക്കല്ലുകൾ ഇപ്പോഴും ഗംഭീരമായി കാലത്തെ അതിജീവിച്ച് നില്ക്കുന്നുണ്ട്. ചിലവ താഴെ വീണിട്ടുമുണ്ട്. കുടക്കല്ലുകളുടെ മൂടിക്കല്ലിന് രണ്ടര മീറ്ററോളം വ്യാസമുണ്ട്.

കുടിവെയ്ക്കുക: കുടിൽ എന്നാൽ വീട്. കുടി വെയ്ക്കുക, കുടി പാർക്കുക, കുടി പുറപ്പെടുക എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. വിവാഹം കഴിഞ്ഞ സ്ത്രീയെ പുരുഷന്റെ വീട്ടിൽ പ്രവേശിപ്പിക്കുന്നതിനെ കുടിവെപ്പ് എന്ന് പറഞ്ഞിരുന്നു. നമ്പൂതിരി സമുദായത്തിൽ ഈ ചടങ്ങും പദപ്രയോ ഗവും ഇപ്പോഴുമുണ്ട്.

കുടുമ: പുരുഷന്മാരുടെ വളർത്തിയ തലമുടി. മുൻ കുടുമ, പിൻ കുടുമ തുടങ്ങിയ സ്ഥാനപരാമർശം കൊണ്ട് ജാതി തിരിച്ചറിയാമായിരുന്നു. ക്രിസ് ത്യാനികളും കുടുമ വളർത്തിയിരുന്നതായി ഉദയമ്പേരൂർ കാനോനാകൾ വ്യക്തമാക്കുന്നുണ്ട്.

കുത്തുള്ള ദിവസങ്ങൾ: അശുഭ ദിനങ്ങളെ ഈ പേരിൽ പരാമർശി ക്കുന്നു. യിസ്രായേൽ ജനത യുദ്ധത്തിൽ പരാജയപ്പെട്ട ദിനങ്ങൾ ആണിവ. അവയെ അശുഭ ദിനങ്ങളായി നിത്യപ്രാർത്ഥനക്രമത്തിൽ വിവരിച്ചിരി ക്കുന്നു.

കുണ്ടറ: എ. ഡി 9-ാം നൂറ്റാണ്ടിൽ സാബോർ – അഫ്രോത്ത് പിതാക്ക ന്മാർ സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. 1678-ൽ അന്ത്രയോസ് (ബാവ) ഇവിടെ താമസിച്ചിട്ടുണ്ട്. മൂന്നാം കാതോലിക്കാ, മെത്രാനായിരുന്ന കാലത്ത് കുറെക്കാലം കുണ്ടറ സെമിനാരിയിൽ താമസിച്ചിരുന്നു.

ബ്രിട്ടീഷ് സർക്കാരിനെതിരായി വേലുത്തമ്പി ദളവ നടത്തിയ കുണ്ടറ വിളംബരം ചരിത്ര പ്രസിദ്ധമാണ്.

കുണ്ടറ സെന്റ് തോമസ് വലിയപള്ളി: തിരുവനന്തപുരം ഭദ്രാ സനത്തിലെ പ്രമുഖ ദേവാലയം. 825-ൽ സ്ഥാപിച്ചു എന്ന് ഐതിഹ്യം. മാവേലിക്കര, കുടശ്ശനാട്, തിരുവാങ്കോട്, നല്ലില, വെളിനല്ലൂർ, ആദിച്ച നല്ലൂർ, കടമ്പനാട് എന്നിവയുടെ ആദിമ ദേവാലയം. 1678-ൽ അന്ത്രയോസ്

(ബാവാ) ഇവിടെ വന്നു. കല്ലടയാറ്റിൽ വീണ് അന്തരിച്ച് അവിടെ അടക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഓർമ്മ കുംഭം 19–ന് കൊണ്ടാടുന്നു. മൂന്നാം തവണ പുതുക്കിപ്പണിത് 1970 ഡിസം. 20–ന് കൂദാശ നിർവ്വഹിച്ചു. സഖറിയാ മാർ ദീവന്നാസ്യോസ് ഈ ഇടവകയിലെ അംഗമായിരുന്നു. 600–ലേറെ വീട്ടുകാർ ഉണ്ട്.

കുത്തന്തീൻ (കുസ്തന്തീൻ): 1685–ൽ യൽദൊ മാർ ബസ്സേലിയോസ് കാതോലിക്കാ-മഫ്രിയാനയെ മുളന്തുരുത്തി പള്ളിക്കാരുമായി കൊച്ചി തുറമുഖത്തു വച്ചുണ്ടാക്കിയ കരാർപ്രകാരം ബെസ്രായിൽ നിന്ന് മലങ്കരയിൽ കൊണ്ടുവന്ന അർമ്മീനിയൻ വ്യാപാരി. അർമ്മീനിയാക്കാർ അക്കാലങ്ങളിൽ കൊച്ചി തുറമുഖത്ത് വ്യാപാരാർത്ഥം പതിവായി വന്നിരുന്നു.

കുന്നക്കുരുടി സെന്റ് ജോർജ്ജ് പള്ളി: അങ്കമാലി ഭദ്രാസനത്തിലെ പ്രമുഖ ദേവാലയം. 1715–ൽ സ്ഥാപിതം. 1895–ൽ കടവിൽ അത്താനാസ്യോസ് പുതിയ പള്ളിക്ക് ശിലയിട്ടു. 1901 വൃശ്ചികം 25–ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II, മാർ അത്താനാസ്യോസ്, മാർ ഈവാനിയോസ്, മാർ ഗ്രിഗോറിയോസ് എന്നിവരുടെ സഹകരണത്തിൽ കൂദാശ ചെയ്തു. 600–ലേറെ വീടുകൾ ഉണ്ട്. യൂയാക്കീം മാർ കൂറിലോസ് രചിച്ച ഒരു സുറിയാനി ഗാനത്തിൽ ഈ പള്ളിയുടെ മുഖമുദ്ര ദാരിദ്ര്യമാണെന്ന് വർണ്ണിച്ചിട്ടുണ്ട് (മെസ്ക്കീനൂസോ കുന്നക്കുരുടി).

കുന്നംകുളം: പാലൂർ പ്രദേശത്തെ പ്രമുഖ പട്ടണം. പൊന്നാനി–അലക്സാന്ത്രിയാ തുറമുഖങ്ങൾ തമ്മിൽ ക്രിസ്തുവിന് മുമ്പേ നടന്നിരുന്ന വ്യാപാരം നഗരത്തെ സമ്പന്നമാക്കി. ചാട്ടുകുളങ്ങര, ചെമ്മണ്ണൂർ, ആലത്തൂർ തുടങ്ങിയ പഴയ അങ്ങാടികളും ചാട്ടുകുളം, ചീരൻകുളം, അയ്യൻകുളം തുടങ്ങിയ ചരിത്രപ്രാധാന്യമുള്ള കുളങ്ങളും കോട്ടോൽ, കക്കാട്ട് വട്ടക്കോട്ട, ചെമ്മൺത്തിട്ട തുടങ്ങിയ കോട്ടകളും ഈ പ്രദേശത്താണ്. ചേരസാമ്രാജ്യ തലസ്ഥാനമായ പഴയവഞ്ചിയും (പഴഞ്ഞി) ജൈന–ബുദ്ധ–ശൈവ–ബ്രാഹ്മണ വേദപഠന കേന്ദ്രങ്ങളായ തിരുമറൈക്കാടും (വേദക്കാട്) ചൊവ്വന്നൂരും ഇവിടെയാണ്. അഗസ്ത്യ ദേവാലയം സ്ഥിതിചെയ്തിരുന്ന അകതിയൂരും പേർഷ്യൻ രാജാവിന്റെ പ്രതിമ സ്ഥാപിച്ചിരുന്ന കാട്ടകാമ്പാൽ ക്ഷേത്രവും ഇവിടെയാണെന്ന് അഭിപ്രായമുണ്ട്. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ആദ്യദേവാലയവും (പാലൂർ–ചാട്ടുകുളങ്ങര) ആദ്യ പുരോഹിത കുടുംബങ്ങളും ആ പേരുകളിൽ തന്നെ ഇവിടങ്ങളിൽ നിലനിൽക്കുന്നു (ചീരൻ, പുലിക്കോട്ടിൽ, ചെറുവത്തൂർ, മണ്ടുംപാല). ഹൈദർ ആലി ഇതിനെ നസ്രാണികളുടെ പട്ടണം എന്ന് വിശേഷിപ്പിച്ചു. തലപ്പള്ളി രാജാക്കന്മാരുടെ ആസ്ഥാനം ഇവിടെത്തന്നെ. കക്കാട്, ചിറളയം, മണ

ക്കുളം, പുന്നത്തൂർ എന്ന തലപ്പള്ളി രാജകുടുംബങ്ങൾ ഇവിടെയാണ്. ചിറമനേങ്ങാട്, കുടക്കല്ല്പറമ്പ്, ചൊവ്വന്നൂർ, എയ്യാൽ, കക്കാട്, പോർക്കുളം, ചിറക്കൽ ഗുഹകളും മുനിമടകളും ഇവിടെയുണ്ട്. ചേര-ചോള-പാണ്ഡ്യ രാജാക്കന്മാർ തമ്മിൽ ഒരു നൂറ്റാണ്ടു കാലം നടത്തിയ യുദ്ധവേദി-പോർക്കളം- ഇവിടെയാണ്. ബുദ്ധ-ജൈന-യൂദ കേന്ദ്രമായിരുന്നു ഇവിടം. ക്രൈസ്തവരുടെ ആദ്യകാല തലപ്പള്ളി ഇവിടെ ആയിരുന്നു. പിന്നീടാണ് കൊടുങ്ങല്ലൂരിലേക്കും അങ്കമാലിയിലേയ്ക്കും മാറിയത്. കോട്ടയം പഴയ സെമിനാരി സ്ഥാപകൻ, പരുമല സെമിനാരി സ്ഥാപകൻ, 8-ാം കാതോലിക്കാ, തൊഴിയൂരിലേയും മറ്റും ഒരു ഡസനിലേറെ മെത്രാപ്പോലീത്തന്മാർ എന്നിവർ ഈ നാട്ടുകാർ ആണ്. പത്തുമൈൽ ചുറ്റളവിൽ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ അമ്പതിലേറെ പള്ളികളുണ്ട്. ക്രൈസ്തവരുടെ പ്രാചീന സംസ്ക്കാരകേന്ദ്രം.

കുന്നംകുളം, അച്ചടിയുടെ നാട്: കൊച്ചി സംസ്ഥാനത്ത് ആദ്യത്തെ അച്ചടിശാല - 'പുലിക്കോട്ടിൽ ജോസഫ് കത്തനാര്ഴ്സ് പ്രസ് - 1850-കളിൽ കുന്നംകുളത്ത് ആരംഭിച്ചു. ഏഷ്യയിലെ ഒന്നാമത്തെ മാറാനായ സുറിയാനി പ്രസ് ആയിരുന്നു ഇത്. 1909-ൽ കോട്ടയം പഴയസെമിനാരിയിൽ കബറടങ്ങിയ മഹാനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായാണ് ഇത് സ്ഥാപിച്ചത്.

പാറേമ്മൽ - കൂത്തൂർ - ഇട്ടൂപ്പ് സ്ഥാപിച്ച വിദ്യാരത്നപ്രഭ അച്ചുകൂടം, പുലിക്കോട്ടിൽ ഇട്ടൂപ്പ് സ്ഥാപിച്ച അക്ഷരരത്നപ്രകാശിക (A. R. P.), മലയാളം ശോഭിനി എന്നീ ആദ്യകാല അച്ചുകൂടങ്ങളും കുന്നംകുളത്ത് പ്രവർത്തിച്ചു.

ഇന്നും കേരളത്തിൽ ഏറ്റവും അധികം അച്ചടിശാലകൾ ഉള്ളത് കുന്നംകുളത്താണ്. ഏറ്റവും കുറഞ്ഞ ചെലവിൽ അച്ചടിക്കാനുള്ള ഏർപ്പാടുകളും ഇവിടെയുണ്ട്.

കുന്നംകുളം അദ്ഭുതം: പ. പരുമല തിരുമേനി കുന്നംകുളത്ത് വച്ച് മരിച്ച ഒരു കുഞ്ഞിനെ ഉയിർപ്പിച്ചതായി ദൃക്സാക്ഷിയായ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ (അന്ന് പുന്നൂസ് റമ്പാൻ) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കുന്നംകുളവും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരും: പത്രോസ് തൃതീയൻ (19-ാം നൂറ്റാണ്ട്), അബ്ദുള്ള, അബ്ദുൽ മശിഹാ, ഏലിയാസ് തൃതീയൻ, യാക്കൂബ് തൃതീയൻ, സാഖാ പ്രഥമൻ (20-ാം നൂറ്റാണ്ട്) എന്നീ ആറ് അന്ത്യോഖ്യൻ പാത്രിയർക്കീസന്മാർ മലങ്കര സന്ദർശിച്ചിട്ടുണ്ട്. അവരിൽ നാലു പേരും കുന്നംകുളം സന്ദർശിച്ചു. പത്രോസ് ബാവായും അബ്ദുള്ളാ ബാവായും അബ്ദുൾ മശിഹാ ബാവായും സന്ദർ

ശനം ആരംഭിച്ചത് കുന്നംകുളത്തു നിന്നാണ്. നവീകരണക്കാരുമായി നടന്ന വ്യവഹാരം ഹേതുവായി ആർത്താറ്റ് പള്ളി പൂട്ടിക്കിടന്നതിനാൽ കുന്നംകുളത്തുള്ള ചിറളയം പള്ളിയിലാണ് പത്രോസ് തൃതീയൻ താമസിച്ചത്. വന്ന ആഴ്ചയിൽ കോനാട്ട് ഗീവറുഗീസ് കശ്ശീശായ്ക്ക് റമ്പാൻ സ്ഥാനവും മടക്കയാത്രയിൽ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് (ഒന്നാം കാതോലിക്കാ), കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവർക്ക് മെത്രാപ്പോലീത്താ സ്ഥാനവും അദ്ദേഹം ചിറളയം പള്ളിയിൽ വച്ച് നൽകി. ബാവായെ പട്ടാമ്പി തീവണ്ടിസ്റ്റേഷനിൽ നിന്ന് രാജോചിതമായി എതിരേറ്റതും തിരിച്ച് യാത്രയയപ്പ് നൽകിയതും കുന്നംകുളത്തുകാർ തന്നെ. അബ്ദുള്ള ബാവാ പഴയപള്ളിയിൽ ചേർന്ന ഒരു പൊതുയോഗത്തിൽ പങ്കെടുത്ത് മലങ്കരസഭയുടെ ഭരണത്തിൽ ആദ്യം ഇടപെട്ടത് കുന്നംകുളത്താണ്. ഡോ. ക്ലോഡിയസ് ബുക്കാനൻ പള്ളിക്ക് നൽകിയ സ്വർണ്ണ മെഡൽ അനധികൃതമായി കൊണ്ടുപോയതിൽ പ്രതിഷേധിച്ച് അദ്ദേഹത്തിന് ആദ്യം വക്കീൽ നോട്ടീസയച്ചത് കുന്നംകുളത്തുകാരാണ്. ഏലിയാസ് തൃതീയൻ അകാലനിര്യാണം പ്രാപിച്ചപ്പോൾ ഭയചകിതനായ മാർ യൂലിയോസ് പാത്രിയർക്കീസിന്റെ സ്ഥാനചിഹ്നങ്ങളും സ്വർണ്ണ ഉരുപ്പടികളും വിശ്വാസപൂർവ്വം സൂക്ഷിക്കാനേല്പിച്ചത് കുന്നംകുളം സ്വദേശി പനയ്ക്കൽ മാത്തുവിനെയാണ്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഡലിഗേറ്റ് എന്ന പദവി അവകാശപ്പെട്ട സ്ലീബാ മാർ ഒസ്താത്തിയോസിന്റെ ഒരു പ്രധാന പ്രവർത്തനരംഗം കുന്നംകുളമാണ്. അദ്ദേഹം കബറടങ്ങിയതും അവിടെത്തന്നെ.

കുന്നംകുളവും ആദിത്യവംശവും: കുന്നംകുളത്തെ സുറിയാനി ക്രിസ്ത്യാനികളെ ആദിത്യവംശം എന്ന് ആർത്താറ്റ് പള്ളിപ്പാട്ടിൽ വിശേഷിപ്പിച്ചിട്ടുണ്ട് (രചന 1825). സൂര്യനമസ്ക്കാരം ശീലിച്ച എസ്സീന്യ വംശത്തിന്റെ-ഒരു യഹൂദവിഭാഗം-പൈതൃകം ഈ വിശേഷണത്തിൽ ചരിത്രകാരന്മാർ ദർശിക്കുന്നു. പല പള്ളികളുടെയും ശില്പങ്ങളിൽ ഉദയസൂര്യന്റെ ദൃശ്യം കൊത്തിവച്ചതും ഈ പശ്ചാത്തലത്തിൽ സ്മരിക്കാവുന്നതാണ്. പകലോമറ്റം എന്ന കുടുംബപ്പേരിലും ഈ സ്വാധീനം ദൃശ്യമാണ്.

കുന്നംകുളവും ആർച്ച് ബിഷപ്പ് മെനേസ്സിസും: 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ തീരുമാനങ്ങൾ നടപ്പാക്കുവാനും പ്രാചീന ഗ്രന്ഥങ്ങൾ നശിപ്പിക്കുവാനുമായി ആർച്ച് ബിഷപ്പ് കുന്നംകുളം പള്ളിയിലെത്തി. തങ്ങളുടെ നിലപാട് വിവരിക്കുന്ന ഒരു പ്രഹസനം അവതരിപ്പിച്ച് കുന്നംകുളം ഇടവകക്കാർ ആർച്ച് ബിഷപ്പിനെ പള്ളിയിൽ നിന്ന് ആർത്ത് ആട്ടി ബഹിഷ്ക്കരിച്ചു. ഈ സംഭവമാണ് ആർത്താട്ടുകാർ എന്ന് ദേശനാമത്തിന് കാരണമായത്.

കുന്നംകുളവും ഉദയംപേരൂർ സുന്നഹദോസും: ഗോവയുടെ ആർച്ച്ബിഷപ്പ് അലക്സി ഡോം മെനേസ്സിസ് പോർച്ചുഗീസ് സഹായത്തോടെ അർക്കദിയാക്കോൻ ഗീവറുഗീസിന്റെ പിന്തുണ ഭീഷണി മൂലം ഉറപ്പു വരുത്തി 1599-ൽ ഉദയംപേരൂരിൽ കൂടിയ സുന്നഹദോസിൽ പങ്കെടുക്കാതിരുന്ന രണ്ടു പള്ളികളിലൊന്ന് കുന്നംകുളം - ആർത്താറ്റ് പള്ളി ആയിരുന്നു. സെന്റ് തോമസ് പൈതൃകം നിലനിർത്താൻ ത്യാഗപൂർവം നടത്തിയ പ്രയത്ന പരമ്പരകളിൽ തിളക്കമുള്ള ഒരു സംഭവം.

കുന്നംകുളം, കബറിടങ്ങൾ: കുന്നംകുളത്ത് ഓർത്തഡോക്സ് സഭയിലെ രണ്ട് മേല്പട്ടക്കാരുടെ കബറിടങ്ങളുണ്ട്. രണ്ടും ആർത്താറ്റ് പുത്തൻ (സിംഹാസന) പള്ളിയിലാണ്. ഒരു കബറിടം മലങ്കരയിൽ കക്ഷി വഴക്കുകൾ രൂക്ഷമാക്കിയ സ്ലീബാ മാർ ഒസ്താത്തിയോസിന്റേതാണ്. അദ്ദേഹം 1930 മാർച്ച് 19-ന് അന്തരിച്ചു. യോജിച്ച അവിഭക്ത കൊച്ചി മെത്രാസനത്തിന്റെ പൗലോസ് മാർ സേവേറിയോസ് പിതാവിന്റേതാണ് തെക്കു ഭാഗത്തുള്ള കബറിടം. അദ്ദേഹം 1962 മാർച്ച് 17-ന് അന്തരിച്ചു.

കുന്നംകുളം, കലാമണ്ഡലത്തിന്റെ ഈറ്റില്ലം: കേരളത്തിന്റെ തനത് ദൃശ്യകലാരൂപങ്ങളായ കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ അനുഷ്ഠാന പ്രധാനങ്ങളായ കലാമാതൃകകൾ രൂപപ്പെട്ടത് കുന്നംകുളം പ്രദേശങ്ങളിൽ വച്ചാണ്. കഥകളിയുടെ പ്രാഗ്‌രൂപമായ കൃഷ്ണനാട്ടം ആദ്യം അരങ്ങേറിയത് കുന്നംകുളത്തിനടുത്തുള്ള ഗുരുവായൂർ ക്ഷേത്രത്തിൽ വച്ചാണെന്ന് ഓർക്കുക. ഈ കലാരൂപങ്ങളെ ചിട്ടപ്പെടുത്തുവാനും ശാസ്ത്രീയമായി പരിശീലിപ്പിക്കുവാനും വികസിപ്പിക്കുവാനുമായി കേരള കലാമണ്ഡലം ആദ്യമായി ആരംഭിച്ചത് 1930 നവംബർ 9-ന് കുന്നംകുളത്താണ്. മണക്കുളം രാജാവിന്റെ പ്രോത്സാഹനവും വള്ളത്തോളിന്റെ നേതൃത്വവും കുന്നംകുളത്തെ പ്രേക്ഷകരും ഈ സംരംഭത്തെ അവിശ്വസനീയമാവുംവിധം വളർത്തി. കുന്നംകുളത്തുള്ള മണക്കുളം രാജാവിന്റെ കുടുംബവക കഥകളിക്കോപ്പുകളാണ് കലാമണ്ഡലത്തിന്റെ ആദ്യത്തെ ചമയങ്ങൾ. കുന്നംകുളം എ. ആർ. പി. പ്രസ്സിലെ പ്രൂഫ് റീഡർ ആയും ആത്മപോഷിണി മാസികയുടെ പത്രാധിപർ ആയും മഹാകവി വള്ളത്തോൾ കുന്നംകുളത്ത് താമസിക്കുമ്പോഴാണ് കുന്നംകുളത്ത് കേരള കലാമണ്ഡലം സ്ഥാപിതമായത്. ബാലാരിഷ്ടതകൾ മാറിയതിന് ശേഷം മുളങ്കുന്നത്ത്കാവിലേക്കും പിന്നീട് ചെറുതുരുത്തിയിലേക്കും കലാമണ്ഡലം വികസിക്കുകയുമാണുണ്ടായത്.

കുന്നംകുളവും കാതോലിക്കാമാരും: ഒന്നാം കാതോലിക്കാ മെത്രാൻ സ്ഥാനമേറ്റത് കുന്നംകുളം ചിറളയം പള്ളിയിൽ വച്ചാണ്. കാതോലിക്കാസ്ഥാനം അക്കാലങ്ങളിൽ ആകർഷകമായി ആരും

കരുതിയില്ല. രണ്ടാം കാതോലിക്കായ്ക്ക് ഒരു സ്വീകരണം കൊടുക്കാൻ പോലും ആരും സന്നദ്ധത പ്രകടിപ്പിച്ചില്ല. കുന്നംകുളത്തുകാർ അദ്ദേഹത്തിന് രാജോചിത സ്വീകരണം നൽകുകയും ചില പള്ളികൂദാശകളും പട്ടംകൊടയും അദ്ദേഹത്തെക്കൊണ്ട് നടത്തിക്കുകയും ചെയ്തു. മൂന്നാം കാതോലിക്കാ സ്ഥാനമേറ്റ് ആദ്യത്തെ ഹാശാശുശ്രൂഷകൾ നടത്തിയത് കുന്നംകുളത്താണ്. സഭാസമാധാനത്തിനായി മർദ്ദീനിലെത്തിയ അദ്ദേഹത്തിന് ജീവാപായം സംഭവിച്ചേക്കും എന്ന സംഭ്രമജനകമായ വാർത്തയോട് ക്രിയാത്മകമായി ആദ്യം പ്രതികരിച്ചത് കുന്നംകുളമാണ്. തത്ഫലമായി ബ്രിട്ടീഷ് സർക്കാരിന്റെ പ്രബലമായ അന്വേഷണം തുർക്കിയിലെത്തി, ബാവാ സുരക്ഷിതനായി തിരിച്ചെത്തി. നാലും അഞ്ചും ആറും ഏഴും കാതോലിക്കാമാർ കുന്നംകുളത്തെ നിത്യസന്ദർശകർ ആയിരുന്നു. 8-ാം കാതോലിക്കാ സ്ഥാനത്തേക്ക് കുന്നംകുളത്തുകാരനായ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. കാതോലിക്കേറ്റിന്റെ ശക്തമായ കോട്ടയാണ് കുന്നംകുളം. 1751-ൽ വന്ന ശാക്രുള്ള മഫ്രിയാന ഏതാനും കാലം കുന്നംകുളം ചിറളയം പള്ളിയിൽ താമസിച്ചിട്ടുണ്ട്.

കുന്നംകുളം ഗുഹകൾ: മഹാശിലായുഗ മനുഷ്യന്റെ പാർപ്പിടം ഗുഹകൾ ആണ്. വെട്ടുകല്ല് നിറഞ്ഞ ഭൂമി കണ്ടെത്തി അവിടെ ഗുഹകൾ നിർമ്മിച്ച് താമസസ്ഥലം ക്രമീകരിക്കുകയാണ് ചെയ്തത്. ഗുഹകൾക്കുള്ളിൽ ശിലാതല്പവും ക്രമീകരിക്കും. ചില ഗുഹകൾക്ക് ഒന്നിലേറെ അറകളും ഭൂമിയുടെ മുകൾപ്പരപ്പിൽ നിന്ന് കൽപ്പടവുകളും വെട്ടിയുണ്ടാക്കും. കേരളക്രൈസ്തവരുടെ പിള്ളത്തൊട്ടിലായ പാലൂർ പ്രദേശങ്ങളിൽ എയ്യാൽ, ചൊവ്വന്നൂർ, പോർക്കളം, ചിറക്കൽ എന്നിവിടങ്ങളിൽ അത്തരം ഗുഹകൾ നൂറ്റാണ്ടുകളെ അതിജീവിച്ച് ഇന്നും നിലനില്ക്കുന്നു. മരം ഗൃഹനിർമ്മാണത്തിന് ഉപയോഗിക്കുന്ന സാങ്കേതികവിദ്യ വശമാക്കുന്നതുവരെ ഗുഹകളായിരുന്നു പാർപ്പിടം. പൊന്നാനി-അലക്സാന്ത്രിയ തുറമുഖങ്ങൾ കേന്ദ്രമാക്കി നടന്ന വിദേശ വ്യാപാരമാണ് മഹാശിലായുഗ സംസ്ക്കാരത്തിന്റെ ഉടമകളായി ഈ ഗുഹാവാസികളെ പാലൂർ പ്രദേശത്തേക്ക് ആകർഷിച്ചത്. ഭൂഗർഭ ഗുഹകളിൽ നിന്ന് പാർപ്പിട നിർമ്മാണ രംഗത്തുണ്ടായ മഹാവിപ്ലവമാണ് ഭൂമിയ്ക്ക് മുകളിലെ ഗുഹാ നിർമ്മാണം. ഈ നവീന രൂപമാണ് കുടക്കല്ലുകൾ എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ജാംബവാന്റെ കുടുംബം, ബാലി-സുഗ്രീവന്മാർ എന്നിവരൊക്കെ രാജാക്കന്മാരായിരിക്കേ ഗുഹയിലാണ് വസിച്ചിരുന്നതെന്ന രാമായണ പരാമർശം ശ്രദ്ധിക്കുക.

കുന്നംകുളം - ചിറളയം പള്ളി: തലപ്പള്ളി രാജാക്കന്മാരിൽ പ്രബലശാഖയായ അയിനിക്കൂർ ചിറളയം തമ്പുരാക്കന്മാർ രാജകുടുംബത്തിന്റെ അംഗരക്ഷകരായും കൊച്ചിയെ കേന്ദ്രീകരിച്ച് നടക്കുന്ന വ്യാപാരത്തിൽ

നായകരായും സേവനം ചെയ്യുവാൻ പാലൂർ ചാട്ടുകുളങ്ങര പ്രദേശത്തു നിന്ന് കുറെ സുറിയാനിക്രിസ്ത്യാനികളെ കൊട്ടാരത്തിന് ചുറ്റുമായി കുടി പാർപ്പിച്ചു. ചിറളയം അങ്ങാടിയിലും തെക്കേ അങ്ങാടിയിലുമായി താമ സിച്ച ഇവർക്ക് കൊട്ടാരത്തിനടുത്ത് ഒരു പള്ളി രാജാവ് പണിയിച്ചു കൊടുത്തു. നിർമ്മാണകാലം കൃത്യമായി പറയാനാവില്ല. 18-ാം നൂറ്റാണ്ടിൽ രാജകീയ പ്രൗഢിയോടെ ആ പള്ളി പുതുക്കിപ്പണിതു. മാർ ലാസറിന്റെ നാമത്തിൽ സ്ഥാപിച്ച ആ ദേവാലയമാണ് ഇപ്പോൾ കാണുന്നത്. 1751-ൽ മലങ്കരയിൽ വന്ന വിദേശ മേല്പട്ടക്കാരിൽ പ്രധാനിയായ ശാക്രള്ള മഫ്രിയാന മാസങ്ങളോളം ഈ പള്ളിയിൽ താമസിച്ചു. വി. മദ്ബഹായിൽ കുദ്ശ് കുദിശീന്റെ മുകൾഭാഗത്തായി ശക്രള്ളാ ബാവായുടെ ചിത്രം രചിച്ചിട്ടുള്ളത് ഇന്നും കാണാം. ഹൈക്കലായുടെ ചുമരിൽ ഹവ്വാ ആദാ മിന് അറിവിന്റെ വൃക്ഷഫലം നൽകുന്ന ഏദൻതോട്ടത്തിന്റെ ചുമർചിത്രം കാണാം. പരുമല സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് കത്ത നാർ നവ പൂജാർപ്പണം നടത്തിയത് 1851-ൽ ഇവിടെയാണ്. പത്രോസ് തൃതീയൻ പാത്രിയർക്കീസ് 1875-ൽ മലങ്കര സന്ദർശനത്തിൽ ആദ്യമായി സന്ദർശിച്ചത് ഈ പള്ളിയാണ്. ഇവിടെവച്ച് കോനാട്ട് ഗീവറുഗീസ് കശ്ശീശായെ റമ്പാനാക്കുകയും ചെയ്തു. കരുമാംകുഴി പുലിക്കോട്ടിൽ പൗലൂസ് കത്തനാർ അവിടെ വികാരി ആയിരുന്നു. മടക്കയാത്രയിൽ പത്രോസ് തൃതീയൻ ഒടുവിൽ സന്ദർശിച്ച പ്രധാനപള്ളി ഇതായിരുന്നു. കൂടെ കടവിൽ അത്താനാസ്യോസ്, കോനാട്ട് യൂലിയോസ്, അമ്പാട്ട് കൂറിലോസ്, ചാത്തുരുത്തിൽ ഗ്രിഗോറിയോസ് എന്നീ മേല്പട്ടക്കാരും പരിവാരവും ഉണ്ടായിരുന്നു. ഇവിടെവച്ച് 1877 മെയ് 17-ന് കണ്ടനാടിന് വേണ്ടി മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെയും കൊച്ചിയ്ക്കുവേണ്ടി കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസി നെയും മേല്പട്ടക്കാരായി പാത്രിയർക്കീസ് വാഴിച്ചു. യാതൊരു തെര ഞ്ഞെടുപ്പും കൂടാതെ നേരത്തെ 4 മെത്രാന്മാരെ വാഴിച്ചതുപോലെ ഈ രണ്ടുപേരെയും വാഴിച്ച പാത്രിയർക്കീസിന്റെ അനധികൃതമായ സ്വേച്ഛാ ധികാരത്തിൽ പ്രതിഷേധമുള്ളതിനാൽ തൊട്ടടുത്ത് ഏതാനും വാര മാത്രം ദൂരമുള്ള കുന്നംകുളം പഴയപള്ളിയിൽ മലങ്കര മെത്രാപ്പോലീത്താ സന്നി ഹിതനായിരുന്നുവെങ്കിലും അദ്ദേഹം ഈ മെത്രാൻ സ്ഥാനാഭിഷേകത്തിൽ പങ്കെടുത്തില്ല.

കുന്നംകുളവും ജൂതന്മാരും: പൊന്നാനിയുടെ തുറമുഖപട്ടണമായ കുന്നംകുളം-പാലൂരിൽ പല ഘട്ടങ്ങളിലായി കുടിയേറിപ്പാർത്ത ജൂതന്മാ രുടെ കോളനിയുണ്ടായിരുന്നു. ചാട്ടുകുളങ്ങര പ്രദേശത്തെ ജൂതക്കുന്ന് യാതൊരു കുന്നുമില്ലാത്ത മണൽപ്രദേശമായ ചാവക്കാട് പ്രദേശത്താ ണെന്ന് ബോധപൂർവ്വമായ പ്രചരണം നടന്നിട്ടുണ്ട്. എന്നാൽ ജൂതക്കുന്നും

അവരുടെ സിന്നഗോഗും പാലൂരിലാണ് സ്ഥിതിചെയ്തിരുന്നത്. ഈ സിന്നഗോഗ് ആണ് മതപരിവർത്തനത്തെത്തുടർന്ന് ആദ്യത്തെ ക്രൈസ്തവ ദേവാലയമായിത്തീർന്നത്. എബ്രായ ലേഖനത്തിൽ വിവരിക്കുന്ന ജൂതദേവാലയ സങ്കല്പം ജൂതപൈതൃകമുള്ള പാലൂർ–ചാട്ടുകുളങ്ങര പള്ളിയിൽ നിലനിർത്തുവാൻ പലവട്ടം പള്ളി പുതുക്കിപ്പണിതിട്ടുപോലും ഇപ്പോഴും നിലനിർത്തിയിട്ടുള്ളത് പല ഐതിഹ്യങ്ങൾക്കും ഇട നല്കിയിട്ടുണ്ട്.

ജൂതശൈലിയിലുള്ള നഗരസംവിധാനം, ജൂത ശൈലിയിലുള്ള ഗൃഹ സംവിധാനം, വ്യാപാരാഭിമുഖ്യം, സംരംഭകശീലം, ബാങ്കിംഗ് വ്യവസായം തുടങ്ങിയ ജീവിതരംഗങ്ങളിൽ മാത്രമല്ല കുന്നംകുളത്തുള്ള പലരുടേയും ശരീരഘടനയിൽപോലും സ്പഷ്ടമായ ജൂതസാദൃശ്യം കാണുന്നതായി ചില വിദേശ ആന്ത്രപ്പോളജിസ്റ്റുകൾ (ഡോ. ഫ്രാൻസിസ് ബുക്കാനൻ) രേഖപ്പെടുത്തിയിട്ടുണ്ട്.

കുന്നംകുളവും ജൈന–ബുദ്ധ മതങ്ങളും: ക്രിസ്തുവിന് മുമ്പ് കേരളത്തിന്റെ വിദേശവ്യാപാരം മുചിരി (ബേപ്പൂർ–പാലൊറ– കൊടുങ്ങല്ലൂർ എന്നിങ്ങനെ മൂന്ന് മുഖങ്ങളുള്ള) തുറമുഖങ്ങളും അലക്സന്ത്രിയ തുറമുഖവും തമ്മിൽ ആയിരുന്നു. ഇതിൽ പാലൊറ പൊന്നാനിയുടെ തുറമുഖപട്ടണമായിരുന്നു. ഈ വിദേശ വ്യാപാരമാണ് വടക്കേ ഇന്ത്യയിൽ നിന്ന് ബുദ്ധ–ജൈന മതാനുയായികളെ പാലൂരിൽ (കുന്നംകുളം) കുടിയേറിപ്പാർക്കുവാൻ പ്രേരിപ്പിച്ചത്. 19–ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ പോലും കുന്നംകുളം തലസ്ഥാനമായ തലപ്പള്ളി പ്രദേശങ്ങളിൽ രണ്ടായിരത്തോളം ബുദ്ധ–ജൈന പഗോഡകൾ–ആരാധനാലയങ്ങൾ– ഉണ്ടായിരുന്നുവെന്ന് വാർഡും കോണറും രേഖപ്പെടുത്തിയതിൽ നിന്നും ഇപ്രദേശങ്ങളിൽ അവർക്കുണ്ടായിരുന്ന ശക്തി ഗ്രഹിക്കാം. കുന്നംകുളത്ത് പോർക്കളത്തുള്ള തിരുമറൈക്കാട് ആയിരുന്നു അവരുടെ പ്രധാന ആസ്ഥാനമെന്ന് 12–ാം നൂറ്റാണ്ടിൽ ചേക്കിഴാർ രചിച്ച പെരിയ പുരാണത്തിൽ വ്യക്തമായ പരാമർശമുണ്ട്. അത് പിന്നീട് ശൈവരും ബ്രാഹ്മണരും പിടിച്ചടക്കി. ശ്രുതിവനം, ശ്രുതികാന്താരം, വേദവനം, വേദക്കാട് എന്നിങ്ങനെ വിവിധ സംജ്ഞകളിൽ അറിയപ്പെടുന്ന മറൈക്കാട് ഒടുവിൽ പയ്യൂർ പട്ടേരിമാരുടെ ആസ്ഥാനമായിത്തീർന്നു. ശൈവ–വൈഷ്ണവ–ബ്രാഹ്മണ മുന്നേറ്റക്കാലത്ത് ഈ പഗോഡകൾ കാവുകളും ക്ഷേത്രങ്ങളുമായി. അവ ശേഷിച്ചവ ജീർണ്ണിച്ച് നാമാവശേഷമായി. കുന്നംകുളത്തെ ബുദ്ധ–ജൈന സംസ്ക്കാരത്തെ ഉൾക്കൊള്ളുവാൻ ശ്രമിച്ചതിന്റെ ഭാഗമായാണ് കേരള ബ്രാഹ്മണർ സസ്യാഹാരവ്രതക്കാർ ആയത്. കുന്നംകുളത്തുകാരുടെ ആനക്കമ്പം ബുദ്ധ–ജൈന സ്വാധീനത്തിന്റെ ഭാഗമാണ്. അഹിംസയിലധിഷ്ഠിതമായ അവരുടെ സാത്വികശൈലികൾക്കും ഈ പൂർവ്വികബന്ധം കാരണ

മായിട്ടുണ്ട്. പള്ളി തുടങ്ങിയ സംജ്ഞകൾ ബൗദ്ധരിൽ നിന്ന് ക്രൈസ്തവർ പകർത്തിയത് കുന്നംകുളത്തു വച്ചാണ്.

കുന്നംകുളം, നസ്രാണി ഗൂർ: 18–ാം നൂറ്റാണ്ടിൽ കുന്നംകുളം സന്ദർശിച്ച മൈസൂർ സുൽത്താൻ ഹൈദർ ആലി കുന്നംകുളത്തെ നസ്രാണി ഗൂർ - നസ്രാണികളുടെ പട്ടണം - എന്ന് വിശേഷിപ്പിച്ചു. കൊച്ചിയുടെ സ്ഥിതിവിവരക്കണക്കുകൾ 19–ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ രേഖപ്പെടുത്തിയ വാർഡും കോണ്ണറും 1800–ൽ കുന്നംകുളം സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനനും 1808–ൽ കുന്നംകുളം സന്ദർശിച്ച റവ. ഡോ. ക്ലോഡിയസ് ബുക്കാനനും 1804–ൽ ശക്തൻ തമ്പുരാനും ഈ വിശേഷണം ആവർത്തിച്ചിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികൾ അല്ലാതെ ആരും അന്ന് കുന്നംകുളം അങ്ങാടിയിൽ ഉണ്ടായിരുന്നില്ല. കുരിശാകൃതിയിൽ തീർത്ത അങ്ങാടിയും ജൂതശൈലിയിൽ സംവിധാനം ചെയ്ത ഗൃഹനിരകളും സുറിയാനി ക്രിസ്ത്യാനികൾ മാത്രം തിങ്ങിപ്പാർക്കുന്ന പട്ടണവും അഞ്ചു കിലോമീറ്റർ ചുറ്റളവിൽ 40–തോളം പള്ളികളുമുള്ള മറ്റു ക്രൈസ്തവകേന്ദ്രങ്ങൾ കേരളത്തിലില്ല. കേരളത്തിലുള്ള എല്ലാ ക്രൈസ്തവസമൂഹങ്ങളുടെയും സാന്നിധ്യം ഇവിടെ സജീവമാണ്.

കുന്നംകുളം പടിയോല: '*ആർത്താറ്റ് പടിയോല*' എന്ന ശീർഷകം കാണുക.

കുന്നംകുളം പത്താക്ക്: 1808 ജനുവരിയിൽ റവ: ഡോ. ക്ലോഡിയസ് ബുക്കാനൻ ആർത്താറ്റ് പള്ളിയിൽ സമർപ്പിച്ച സ്വർണ്ണ മെഡൽ, കുന്നംകുളം പത്താക്ക് എന്നറിയപ്പെടുന്നു. ഒരു വശത്ത് യേശുവിന്റെ മാമ്മൂദീസായും മറുഭാഗത്ത് മാമ്മൂദീസായ്ക്ക് സമർപ്പിക്കപ്പെടുന്ന ഒരു ശിശുവിന്റെ ചിത്രവും കൊത്തിയിട്ടുണ്ട്. 1909–ൽ ഈ പത്താക്ക് അബ്ദുള്ളാ പാത്രിയർക്കീസ് അനധികൃതമായി കൈവശപ്പെടുത്തി. പള്ളിക്കാർ വക്കീൽ നോട്ടീസയച്ചപ്പോൾ തിരിച്ചുനൽകി. ഓഫീസിൽ ഇന്നും അമൂല്യനിധിയായി സൂക്ഷിക്കുന്നു.

കുന്നംകുളം പള്ളിപ്പെരുന്നാളുകൾ: ഈ പ്രദേശത്തുള്ള ഓർത്തഡോക്സ് പള്ളികളിലെ പെരുന്നാളുകൾക്ക് ആനയെഴുന്നള്ളിപ്പ് ഒരു മുഖ്യ ചടങ്ങാണ്. ഓരോ അങ്ങാടിക്കാരും ദേശക്കാരും നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരുടെ പുറത്ത് കുട, ആലവട്ടം, വെൺചാമരം എന്നിവയോടും വാദ്യമേളങ്ങളോടും കൂടി രണ്ടു നേരവും പള്ളിയിലേക്ക് എഴുന്നള്ളിക്കും. ബുദ്ധ - ജൈന മതങ്ങളുടെ ഉത്സവ പാരമ്പര്യത്തിന്റെ ഭാഗമാണിത്. ഓരോ വീട്ടിലും ക്ഷണിക്കപ്പെട്ട ബന്ധുമിത്രാദികളുടെ സാന്നിധ്യം പെരുന്നാളുകളെ ഗ്രാമങ്ങളിലെ ദേശീയോത്സവമാക്കുന്നു. ആഘോഷങ്ങൾക്കു ശേഷം സൗജന്യമായ പൊതുസദ്യയും പെരുന്നാളിന്റെ ഭാഗമാണ്.

പെരുന്നാൾ പ്രദക്ഷിണങ്ങളിൽ ക്രിസ്ത്യൻ ചേപ്പേടുകൾ വിവരിക്കുന്ന മിക്ക അലങ്കാര വിഭവങ്ങളും ഉപയോഗിക്കുന്നു. കരിമരുന്നു പ്രയോഗം അന്ന് വീടുകളിൽ പോലും സാധാരണമാണ്.

കുന്നംകുളം - പള്ളികളുടെ നാട്: അഞ്ചു കിലോമീറ്റർ ചുറ്റളവിൽ താഴെപറയുന്ന പള്ളികൾ സ്ഥിതിചെയ്യുന്ന കുന്നംകുളം, 'പള്ളികളുടെ നാട്' എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്.

1. ആർത്താറ്റ് പഴയപള്ളി, 2. ആർത്താറ്റ് സിംഹാസനപ്പള്ളി, 3. ആർത്താറ്റ് സെമിനാരി പള്ളി, 4. കോട്ടപ്പടിപ്പള്ളി, 5. അരമനപ്പള്ളി, 6. മെയിൻ റോഡ് പള്ളി, 7. തെക്കേ അങ്ങാടിപ്പള്ളി, 8. പഴയപള്ളി, 9. പുത്തൻപള്ളി, 10. ചിറളയംപള്ളി, 11. വൈശേരി പള്ളി, 12. താഴേപാറയിൽ പള്ളി, 13. ബഥനിപള്ളി, 14. പാറയിൽ പള്ളി, 15. അടുപ്പൂട്ടി പള്ളി, 16. മലങ്കര ആശുപത്രി ചാപ്പൽ, 17. അടുപ്പൂട്ടി കോൺവെന്റ് ചാപ്പൽ, 18. ചൊവ്വന്നൂർ പള്ളി, 19. അയ്യമ്പറമ്പ് പള്ളി, 20. ചിറമനേങ്ങാട് പള്ളി, 21. മരത്തങ്കോട്ട് പള്ളി, 22. അക്കിക്കാവ് പള്ളി, 23. കരിക്കാട് പള്ളി, 24. കോട്ടോൽ പള്ളി, 25. ഐനൂർ പള്ളി, 26. പഴഞ്ഞിപ്പള്ളി, 27. കാട്ടകാമ്പാൽ പള്ളി, 28. പെങ്ങാമുക്ക് പള്ളി, 29. മൂലേപ്പാട് പള്ളി, 30. മങ്ങാട് പള്ളി, 31. പെരുന്തുരുത്തി പള്ളി, 32. ചിറ്റഞ്ഞൂർ പള്ളി, 33. പാറനൂർ പള്ളി, 34. കക്കാട് പള്ളി, 35. ചാലിശ്ശേരി പള്ളി. ഇവ കൂടാതെ തൊഴിയൂർ, മാർത്തോമ്മാ, കൽദായ, സി. എസ്. ഐ., കത്തോലിക്കാ പള്ളികൾ വേറെയുമുണ്ട്.

കുന്നംകുളം പഴയപള്ളി: 1789-ലെ ടിപ്പുസുൽത്താന്റെ പടയോട്ടത്തിൽ പാലൂർ-ചാട്ടുകുളങ്ങര-ചെമ്മണ്ണൂർ അങ്ങാടികൾ നശിപ്പിക്കപ്പെട്ടതോടെ അവിടങ്ങളിൽ നിന്ന് ആളുകൾ ചിതറി. കുറെപേർ തലപ്പള്ളി രാജാക്കന്മാരിലൊരാളായ മണക്കുളം തമ്പുരാനെ അഭയം പ്രാപിച്ചു. അദ്ദേഹം കുന്നംകുളം പടിഞ്ഞാറെ അങ്ങാടിയിൽ കൊട്ടാരത്തിനടുത്ത് അവരെ കുടിപാർപ്പിക്കുകയും അവരെ സ്വന്തം വ്യാപാരത്തിൽ നിയോഗിക്കുകയും അവിടെയുണ്ടായിരുന്ന അന്തിമാളൻകാവ് സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനയ്ക്കായി വിട്ടുകൊടുക്കുകയും ചെയ്തു. മാർ കുറിയാക്കോസ് സഹദായുടെ നാമത്തിൽ അതൊരു പള്ളിയായി. അതിന്റെ വികസിതരൂപമാണ് തൊട്ടടുത്ത് പണിത കലാസുന്ദരമായ പഴയപള്ളി. പള്ളിക്കുള്ളിൽ ചുമർചിത്രങ്ങളുണ്ട്. കുന്നംകുളം എം. ജെ. ഡി. ഹൈസ്ക്കൂളും ആർത്താറ്റ്-കുന്നംകുളം ട്രസ്റ്റ് പള്ളികളുടെ ഓഫീസും ഇവിടെയാണ്. കോട്ടയം പഴയസെമിനാരി സ്ഥാപകൻ ആണ് ഇന്ന് കാണുന്ന മാർ ലാസറസ് പഴയപള്ളിയുടെ സ്ഥാപകൻ. പെരുന്നാൾ ഡിസം. 26. ആത്മപോഷിണിയുടെ ഓഫീസ് കുറെക്കാലം ഈ പള്ളിയുടെ കെട്ടിടത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. മാർ ജോസഫ് ദീവന്നാസ്യോസ് സ്മാരക

ഹൈസ്കൂൾ (എം. ജെ. ഡി.) ഇവിടെ പ്രവർത്തിക്കുന്നു.

കുന്നംകുളം പുത്തൻപള്ളി: കോട്ടയം പഴയസെമിനാരിയിൽ 1816 നവം. 24-ന് കബറടങ്ങിയ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനോടുള്ള ആദരാതിരേകം നിമിത്തം അദ്ദേഹത്തിന്റെ സ്വദേശത്ത് ജന്മഗൃഹത്തിന് സമീപെയുള്ള കുന്നംകുളം പഴയപള്ളിയിൽ നാട്ടുകാർ ഒരു സ്മാരക കബറിടം പണിത് അദ്ദേഹത്തെ പരിശുദ്ധനായി ഗണിച്ച് പെരുന്നാളും മധ്യസ്ഥപ്രാർത്ഥനകളും നടത്തിവന്നിരുന്നു. നവീകരണകാലത്ത് പഴയപള്ളി സന്ദർശിച്ച ശീമയിലെ യൂയാക്കീം മാർ കൂറിലോസ് മെത്രാച്ചൻ ഇന്ത്യൻ വംശജനായ വിശുദ്ധനോടുള്ള ഭക്തിയിൽ കുപിതനാവുകയും സ്മാരക കബറിടം ചവുട്ടിത്തകർക്കുകയും ചെയ്തു. ദുഃഖിതരായ വിശ്വാസികൾ സ്മാരക കബറിടത്തിലെ കുരിശു പിടിച്ച് സത്യം ചെയ്തു: 'ഈ കുരിശ് ഒരു പള്ളി സ്ഥാപിച്ച് അതിൽ പ്രതിഷ്ഠിക്കും വരെ താഴെ വയ്ക്കുകയില്ല.' അതുമുതൽ ഓരോരുത്തർ ഊഴമിട്ട് പ്രതിജ്ഞ പാലിച്ചു. ഉറങ്ങുമ്പോൾ അവർ കുരിശു സ്വന്തം മാറിൽ കെട്ടിവയ്ക്കുമായിരുന്നുവത്രേ. നവീകരണകലഹത്തെ തുടർന്ന് പഴയപള്ളിയും പൂട്ടിയതോടെ സുറിയാനിക്കാർക്ക് ആരാധനാലയമില്ലാതെയായി. ഈ ഘട്ടത്തിൽ പഴഞ്ഞിപള്ളിയിൽ സേവനം അനുഷ്ഠിച്ചിരുന്ന പുലിക്കോട്ടിൽ ജോസഫ് കത്തനാർ (പരുമല സെമിനാരി സ്ഥാപകൻ) പൂർവിക വിശ്വാസ പ്രകാരം ആരാധന നടത്തുവാൻ ഒരു പുതിയ പള്ളി വക്കുവാനുള്ള അനുവാദത്തിനായി കൊച്ചി സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും അനുവാദം ലഭിക്കുകയും ചെയ്തു. ക്ഷണത്തിൽ കുന്നംകുളം വലിയങ്ങാടിയുടെ കിഴക്കുഭാഗത്ത് മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ ഒരു പള്ളി ഉയർന്നു. രാജകീയ വിളംബരത്തിന്റെ പിൻബലത്തിൽ അതി പ്രതാപത്തോടെ ഭരണം നടത്തുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ദിവാനെ സ്വാധീനിച്ച് പുതിയ പള്ളിയിൽ ആരാധന നടത്തുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. നിരോധന ഉത്തരവ് തൃണവൽഗണിച്ചുകൊണ്ട് 1852 വൃശ്ചികം 12-ന് കോട്ടയം പഴയ സെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാളിൽ സ്മാരക കബറിലെ കുരിശ് പുതിയ ദേവാലയത്തിൽ പ്രതിഷ്ഠിച്ച് പുലിക്കോട്ടിൽ ജോസഫ് കത്തനാർ വി. കുർബ്ബാന ചൊല്ലി. വിചാരണകൾക്ക് ശേഷം ഈ നടപടിയെ അധികൃതർ ശരിവച്ചു; നിയമനടപടികൾ പിൻവലിക്കുകയും ചെയ്തു. സിംഹപ്രതാപിയായ പാലക്കുന്നത്ത് മെത്രാച്ചന്റെ സുഗ്രീവാജ്ഞ മലങ്കരസഭയിൽ ആദ്യം പരാജയപ്പെട്ടത് ഈ കുന്നംകുളം സെന്റ് തോമസിന്റെ നാമത്തിലുള്ള കിഴക്കേ പുത്തൻപള്ളിയിൽ ആയിരുന്നു. ഈ വിജയമാണ് നവീകരണത്തിനെതിരെ പോരാടുവാനായി സമരരംഗത്തെ നായകനായി അദ്ദേഹത്തെ മലങ്കരസഭ പ്രതിഷ്ഠിക്കുവാൻ മുഖ്യഹേതു. 1889-ലെ റോയൽ

കോടതി വിധിയോടെ സഭ തന്നിലേല്പിച്ച ദൗത്യം അദ്ദേഹം വിശ്വസ്തയോടെ നിറവേറ്റി. പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മ പ്രധാന പെരുന്നാൾ ആയി ഇവിടെ ആഘോഷിക്കുന്നു.

കുന്നംകുളം പ്രഹസനം: സന്ദർശകനായ ആർച്ച് ബിഷപ്പിന്റെ മുമ്പിൽ മൂന്ന് കഥാപാത്രങ്ങളുള്ള ഒരു നാടകം കുന്നംകുളത്തുകാർ അവതരിപ്പിച്ചു.

1. പത്രോസ്. ആഗോളസഭയുടെ തലവൻ എന്ന നിലയിൽ തനിയ്ക്കും തന്റെ പിൻഗാമിയായ റോമ്മിലെ പാപ്പായ്ക്കും ക്രൈസ്തവർ കീഴടങ്ങണമെന്ന ആർച്ച് ബിഷപ്പിന്റെ നിലപാട് ഈ കഥാപാത്രം വിശദീകരിച്ചു.

2. തോമസ്. ആഗോളസഭയുടെ തലവൻ കർത്താവാണെന്നും താൻ സ്ഥാപിച്ച സഭയിൽ പത്രോസിന്റെ പേരു പറഞ്ഞ് അജമോഷണം നടത്തുന്നത് അക്രൈസ്തവമാണെന്നും തോമസ് ഭാരതസഭയുടെ നിലപാട് വിശദീകരിച്ചു.

3. വി. കുറിയാക്കോസ്. തർക്കവിഷയത്തിൽ പത്രോസിന്റെ നിലപാട് ശരിയല്ലെന്നും അവകാശവാദങ്ങൾ ഉപേക്ഷിച്ച് പത്രോസ് എത്രയുംവേഗം അജമോഷണം അവസാനിപ്പിക്കണമെന്നും വി. കുറിയാക്കോസിന്റെ വേഷക്കാരൻ മധ്യസ്ഥന്റെ നിലയിൽ വാദം ഉപസംഹരിച്ചതോടെ പ്രഹസനം അവസാനിക്കുന്നു. ലജ്ജിച്ച ആർച്ച് ബിഷപ്പിനെ ഇതോടെ വിശ്വാസികൾ ആർത്ത് ആട്ടി പള്ളിയിൽ നിന്ന് ബഹിഷ്ക്കരിച്ചു.

കുന്നംകുളവും പാന്റീനസും: എ. ഡി. 190–ൽ ബുദ്ധമതക്കാരുമായുള്ള ഒരു മതസംവാദത്തിൽ പങ്കെടുക്കുവാൻ പ്രത്യേക ക്ഷണപ്രകാരം അലക്സാന്ത്രിയൻ വൈദിക കലാശാലയുടെ ഉപാധ്യക്ഷൻ പാന്റീനസ് പൊന്നാനി തുറമുഖം വഴി കേരളത്തിലെത്തി. സംവാദത്തിന്റെ വേദി തിരുമറൈക്കാട് ആണെന്ന് പറയപ്പെടുന്നു. 2–ാം നൂറ്റാണ്ടിൽ കേരളത്തിലെ ക്രിസ്തുമത വികാസത്തിന് വിജയകരമായി നിർവഹിച്ച ഈ സംവാദം സഹായകമായി എന്ന് പറയപ്പെടുന്നു. ഇവിടെനിന്ന് ഒരു സുവിശേഷത്തിന്റെ പകർപ്പ് പാന്റീനസ് അലക്സാന്ത്രിയായിലേക്ക് കൊണ്ടുപോയതായി ചരിത്രത്തിൽ പരാമർശമുണ്ട്.

കുന്നംകുളവും പിണ്ടിപ്പെരുന്നാളും: ദീപാവലിക്കു സമാന്തരമായി ദനഹാപ്പെരുന്നാളിന്റെ സന്ധ്യയിൽ വീട്ടുമുറ്റത്ത് അലങ്കരിച്ച വാഴപ്പിണ്ടിയിൽ എണ്ണയൊഴിച്ച തവികൾ കലാപരമായ നിരകളിൽ കുത്തിവച്ച് തിരിയിട്ട് കത്തിക്കുന്ന ഒരു പതിവ് കുന്നംകുളത്തുള്ള സുറിയാനി ക്രിസ്ത്യാനികൾ ഇന്നും നിലനിർത്തുന്നു. പ്രകാശത്തിന്റെ പെരുന്നാൾ എന്ന ദനഹായുടെ അർത്ഥവും സന്ദേശവും ഈ ദീപ മഹോത്സവത്തിലൂടെ പ്രഖ്യാ

പിക്കുന്നു. മരണം നടന്ന വീടുകൾ ആ വർഷം ഈ പതിവിൽനിന്ന് വിട്ടു നിൽക്കും. പിണ്ടിപ്പെരുന്നാളും ദീപാവലി മഹോത്സവവും ക്ഷേത്രങ്ങളിൽ നടത്തുന്ന ചുറ്റുവിളക്കും ബുദ്ധ-ജൈന പാരമ്പര്യങ്ങളിൽ നിന്ന് പകർത്തിയ പൈതൃകമാവാം.

കുന്നംകുളത്തിന്റെ പ്രിയപ്പെട്ട മെത്രാന്മാർ: കുന്നംകുളത്തുകാരായ മേല്പട്ടക്കാരെപ്പോലെ കുന്നംകുളം പ്രദേശങ്ങൾക്ക് പ്രിയപ്പെട്ടവരാണ് പാമ്പാടിയിലെ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്, പുത്തൻകാവിൽ ഗീവറുഗീസ് മാർ പീലക്സീനോസ്, പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ, യൂഹാനോൻ മാർ സേവേറിയോസ്, മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ്, സ്ലീബാ മാർ ഒസ്താത്തിയോസ് എന്നീ പിതാക്കന്മാർ.

കുന്നംകുളം പേരുകൾ: കുന്നംകുളം പ്രദേശങ്ങളിൽ മാത്രമായി കാണുന്ന ചില പേരുകൾ ഉണ്ട്. മതഭേദം കൂടാതെ ഉപയോഗിക്കുന്ന അതി പുരാതന പേരുകളും ദ്രാവിഡശൈലിയിൽ തൽഭവ രൂപം പ്രാപിച്ച പേരുകളുമുണ്ട്. കുഞ്ഞൻ, മാണി, ഇട്ടി (മതഭേദമില്ലാത്തവ), താത്തു, താത്തുണ്ണി, കാക്കു, കാക്കപ്പൻ, കാക്കുണ്ണി, മാത്തുണ്ണി, മാത്തപ്പൻ, ഇട്ടൂപ്പ്, ഇട്ടൂപ്പുണ്ണി, ഇട്ട്യേര, വറിയത്, വറതപ്പൻ, വാറു, വാറപ്പൻ, വറതുണ്ണി, ഉക്കുറു, ഉക്രപ്പൻ, പൈലപ്പൻ, ചേറു, ചേറപ്പൻ, ചെറിയാക്കു, ചെറിയാക്കുണ്ണി, ചിമ്മൻ, കാങ്ങു, പാവു, പാവുണ്ണി, പാവുപ്പൻ, അമ്മിണി, കുഞ്ഞാമ്മ, ചെർച്ചി, ഇളച്ചി, മാത്തിരി, നേത്തി, തേത്തു, ചിന്നമ്മ, അമ്മാളു, കുഞ്ഞീറ്റി, ഇറ്റ്യേനം, കുഞ്ഞായി, കുഞ്ഞാത്രി, തങ്കമണി, അച്ചാമ്മ എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ ഉണ്ട്.

കുന്നംകുളവും ബുക്കാനന്മാരും: ടിപ്പു സുൽത്താന്റെ പടയോട്ടത്തിന് ശേഷം കൊച്ചി-മലബാർ പ്രദേശങ്ങളുടെ ഭൂപ്രകൃതിയും സാമൂഹ്യവ്യവസ്ഥിതികളും റിപ്പോർട്ടു ചെയ്യാൻ ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ 1800 (ഡിസംബർ 9) -ൽ കുന്നംകുളം സന്ദർശിച്ചു. കുന്നംകുളം നഗരത്തിന്റെ ശുചിത്വം, കൃഷി, സുറിയാനി ക്രിസ്ത്യാനികളുടെ പാപ്പായുമായി നടന്ന സന്ദർശനം, ടിപ്പുവിന്റെ പടതീ വച്ച് നശിപ്പിച്ച് മേൽക്കൂര നഷ്ടപ്പെട്ട നിലയിൽ കിടന്നിരുന്ന ആർത്താറ്റ് പള്ളി എന്നീ വിഷയങ്ങളെപ്പറ്റി സാമാന്യം നല്ല കുറിപ്പുകൾ തന്റെ ഡയറിക്കുറിപ്പിൽ അദ്ദേഹം എഴുതി വച്ചത് *ബുക്കാനന്റെ കേരളം* എന്ന പേരിൽ ഡോ. സി. കെ. കരീം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചാവക്കാട് പള്ളിയെപ്പറ്റിയും (പാലയൂർ എന്നല്ല, ചാവക്കാട് എന്ന് തന്നെയാണ് ബുക്കാനൻ രേഖപ്പെടുത്തിയിട്ടുള്ളത്) ആ പള്ളിയും കുന്നംകുളത്ത് അദ്ദേഹത്തെ സന്ദർശിച്ച പാപ്പായുടെ (പുലിക്കോട്ടിൽ മല്പാൻ-കോട്ടയം പഴയ

സെമിനാരി സ്ഥാപകൻ) മേലധികാരത്തിലുള്ള പള്ളികളും തിരുവിതാംകൂറിലെ ഒരു ബിഷപ്പിന്റെ ഭരണത്തിലാണെന്നതും ഗവേഷണ സാധ്യതയുള്ള സാക്ഷ്യങ്ങളാണ്.

1811-ലെ റമ്പാൻ ബൈബിൾ ബോംബെ കൊറിയർ പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ച ഡോ. ക്ലോഡിയസ് ബുക്കാനനും കുന്നംകുളം സന്ദർശിച്ചു. 1808 ജനുവരിയിലെ സന്ദർശനവേളയിലാണ് മലങ്കരയിലെ സകല പള്ളികൾക്കും തലപ്പള്ളിയായ പാലൂർ-ചാട്ടുകുളങ്ങര പള്ളിയുടെ ത്രോണോസിന്മേൽ ഒരു വലിയ സ്വർണ്ണമെഡലും സാധുജന സേവനത്തിനുള്ള ഒരു സംഖ്യയും കാണിയ്ക്കയായി സമർപ്പിച്ചത്. 1789-ൽ ടിപ്പു സുൽത്താൻ ഈ പള്ളി (ആർത്താറ്റ്) തീവച്ച് നശിപ്പിച്ചതായും മതപരിവർത്തനത്തിന് സന്നദ്ധരാകാതിരുന്ന സുറിയാനി ക്രിസ്ത്യാനി വീരന്മാരെ പള്ളിയ്ക്കു ചുറ്റുമുള്ള വൃക്ഷശിഖരങ്ങളിൽ തൂക്കിക്കൊന്നതായും ദൃക്സാക്ഷികളുടെ വിവരണത്തെ ആധാരമാക്കി തന്റെ 'സ്മരണക'ളിൽ ബുക്കാനൻ രേഖപ്പെടുത്തിയിട്ടുണ്ട്.

കുന്നംകുളം ഭദ്രാസനം: '*മലങ്കരസഭ, ഭദ്രാസനങ്ങൾ*' എന്ന ശീർഷകം കാണുക.

കുന്നംകുളവും മലങ്കര മെത്രാപ്പോലീത്തന്മാരും: ആധുനിക മലങ്കരസഭയുടെ ചരിത്രത്തിൽ മൂന്ന് പേർ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അലങ്കരിച്ചു.

1. കോട്ടയം പഴയസെമിനാരി സ്ഥാപകനും 1811-ലെ മലയാളം *റമ്പാൻ ബൈബിളിന്റെ* വിവർത്തകനും പകലോമറ്റം മെത്രാന്മാരുടെ കുടുംബവാഴ്ച അവസാനിപ്പിച്ച ആളുമായ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ.

2. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ, സഭാ മാനേജിംഗ് കമ്മറ്റി, അഖില മലങ്കര വൈദികസംഘം, മഹാജനസഭ, ജാത്യൈക്യസംഘം, വിജാതീയ മിഷൻ, സണ്ടേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം, 250-ലേറെ മലയാളം പ്രാഥമിക വിദ്യാലയങ്ങൾ, മലങ്കരയിലെ ദയറാ പ്രസ്ഥാനം, പരുമല സെമിനാരി, കോട്ടയം എം. ഡി. സെമിനാരി, വെട്ടിക്കൽ ദയറാ എന്നിങ്ങനെ ഒട്ടേറെ പ്രസ്ഥാനങ്ങൾക്ക് ജന്മം നൽകുകയും നവീകരണപ്രവണതയെ റോയൽ കോടതി വിധിയിൽ (1889) അവസാനിച്ച സെമിനാരിക്കേസിലൂടെ അസ്തമിപ്പിച്ച് കേരളസഭയെയും സമൂഹത്തെയും പുതിയ ഒരു നൂറ്റാണ്ടിലേക്ക് സംക്രമിപ്പിച്ച നവോത്ഥാന നായകൻ എന്ന് കീർത്തി നേടിയ മഹാത്മാവായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ.

3. സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, പുന്നത്ര മാർ ദീവന്നാസ്യോസ്, ചേപ്പാട്ട് മാർ ദീവന്നാസ്യോസ് എന്നീ മൂന്ന് മലങ്കര മെത്രാപ്പോലീത്തന്മാരെ തൽസ്ഥാനത്ത് അവരോധിച്ച തൊഴിയൂരിന്റെ കിടങ്ങൻ ഗീവറുഗ്ഗീസ് മാർ പീലക്സീനോസ്.

4. നാലാമത്തെ മലങ്കര മെത്രാപ്പോലീത്താ ആയി കുന്നംകുളത്തിന്റെ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ 2006 ഒക്ടോബറിൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

പലപ്പോഴും കുന്നംകുളം മലങ്കര മെത്രാപ്പോലീത്തന്മാരുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു. അബ്ദുള്ള ബാവ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ മുടക്കിയ കാലത്ത് അദ്ദേഹത്തോട് ഭൂരിപക്ഷം ഇടവകകളും യോജിച്ച് പിന്തുണ നൽകി എങ്കിലും മുടക്കപ്പെട്ട മെത്രാപ്പോലീത്തായിൽ നിന്ന് പട്ടമേൽക്കാൻ ആരും തയ്യാറായില്ല. ആ ഘട്ടത്തിൽ കുന്നംകുളത്തുകാരൻ ചെറുവത്തൂർ ചാക്കുണ്ണി (യാക്കോബ്) ശെമ്മാശൻ സുധീരമായി പട്ടമേറ്റ് ആർത്താറ്റ് ഇടവക ശുശ്രൂഷയിൽ പ്രവേശിച്ചു. മുടക്കപ്പെട്ട മെത്രാനിൽ നിന്ന് പട്ടമേറ്റ വൈദികന്റെ സ്ഥാന സാധുത വിവാദമായി; അതാണ് പ്രസിദ്ധമായ ആർത്താറ്റ് പള്ളിക്കേസിന് നിദാനമായത്. പാത്രിയർക്കീസിന്റെ മുടക്ക് അസാധുവാണെന്ന് ആദ്യം കോടതിവിധിയുണ്ടായത് ആർത്താറ്റ് കുന്നംകുളം പള്ളിക്കേസിലാണ്.

കുന്നംകുളവും, മാസികകളും: മലയാള സാഹിത്യലോകത്ത് പ്രബലശക്തിയായിരുന്ന 'ആത്മപോഷിണി' സാഹിത്യമാസിക, കുന്നംകുളം എ. ആർ. പി. (അക്ഷരരത്ന പ്രകാശിക) പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ പ്രഥമപാദത്തിൽ പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ നടത്തിയ ആത്മപോഷിണി, കവികൾക്കും നിരൂപകർക്കും മറ്റ് എഴുത്തുകാർക്കും പരിശീലനക്കളരിയായിത്തീർന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, മഹാകവി വള്ളത്തോൾ നാരായണമേനോൻ തുടങ്ങിയവർ അതിന്റെ വിവിധ കാലത്തെ പത്രാധിപന്മാർ ആയിരുന്നു. സഭാകാഹളം എന്ന മാസിക പുലിക്കോട്ടിൽ ജോസഫ് ശെമ്മാശൻ നടത്തിയിരുന്നു.

കഥാകൗതുകം എന്ന ഒരു കഥാമാസികയും ആത്മപോഷിണിയോടൊപ്പം പ്രസിദ്ധീകരിച്ചു. കുഞ്ഞാടുകളുടെ വെളിച്ചം എന്ന പേരിൽ തൊഴിയൂർ സഭ ഒരു സഭാമാസിക പ്രസിദ്ധീകരിച്ചിരുന്നു. കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡിസെന്ററിന്റെ ബാനറിൽ ഇടവകപത്രിക എന്ന ഒരു ക്രിസ്തീയ കുടുംബമാസിക പ്രസിദ്ധീകരിച്ച് വരുന്നു.

സർ സി. പി. മലയാള മനോരമ അടച്ചുപൂട്ടി മുദ്ര വയ്ക്കുകയും

തിരുവിതാംകൂറിൽ പത്രം നിരോധിക്കുകയും പത്രാധിപരായ കെ. സി. മാമ്മൻ മാപ്പിളയെ അറസ്റ്റ് ചെയ്യുകയും ചെയ്തപ്പോൾ കുന്നംകുളം എ. ആർ. പി. (അക്ഷരരത്ന പ്രകാശിക) പ്രസിൽ നിന്ന് പുലിക്കോട്ടിൽ ജോസഫ് ശെമ്മാശനും സഹോദരൻ ഇട്ടൂപ്പ് ഇട്ടൂപ്പും ചേർന്ന് മനോരമ നാലു ദിവസത്തിനുള്ളിൽ അച്ചടിച്ച് തിരുവിതാംകൂറിൽ എത്തിച്ചു വിതരണം ചെയ്തു. ഈ കൊച്ചി രാജ്യത്തെ മനോരമയും സർ സി. പി. തിരുവിതാംകൂറിൽ നിരോധിച്ചുവെങ്കിലും ഒമ്പതു മാസത്തോളം ഈ മനോരമ കുന്നംകുളത്തു നിന്ന് പ്രസിദ്ധീകരിച്ച് കൊച്ചി രാജ്യത്ത് വിതരണം ചെയ്തിരുന്നു.

കുന്നംകുളവും മെത്രാൻ വാഴ്ചകളും: 1. 1815 മാർച്ച് 21-ന് കോട്ടയം പഴയസെമിനാരി സ്ഥാപകൻ സഭാജ്യോതിസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിനെ കുന്നംകുളം പ്രദേശത്തുള്ള പഴഞ്ഞി സെന്റ് മേരീസ് പള്ളിയിൽവച്ച് കിടങ്ങൻ മാർ പീലക്സീനോസ് അഭിഷേകം ചെയ്തു.

2. 1877 മെയ് 17-ന് ഒന്നാം കാതോലിക്കാ മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസിനെയും കൊച്ചിയുടെ പ്രഥമ സാരഥി കണ്ടനാട് കരോട്ടു വീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസിനെയും പത്രോസ് തൃതീയൻ ബാവാ കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് അഭിഷേകം ചെയ്തു.

3. 1978 മെയ് 15-ന് യാക്കോബ് മാർ പോളിക്കാർപ്പോസ്, ഗീവറുഗ്ഗീസ് മാർ ദീയസ്കോറോസ്, സഖറിയാ മാർ ദീവന്നാസ്യോസ്, മാത്യൂസ് മാർ ബർന്നബാസ്, യൂഹാനോൻ മാർ അത്താനാസ്യോസ് എന്നീ അഞ്ചുപേരെ കുന്നംകുളത്ത് പഴഞ്ഞി പള്ളിയിൽ വെച്ച് അഞ്ചാം കാതോലിക്കാ മാത്യൂസ് പ്രഥമൻ എപ്പിസ്ക്കോപ്പന്മാരായി അഭിഷേകം ചെയ്തു.

4. തൊഴിയൂരിലെ കാട്ടുമങ്ങാട്ട് കൂറിലോസ് ദ്വിതീയൻ, പനവേലിൽ ജോസഫ് ഈവാനിയോസ്, ചീരൻ സ്കറിയാ പീലക്സീനോസ്, കിടങ്ങൻ ഗീവറുഗീസ് പീലക്സീനോസ്, കൂത്തുരെ ഗീവറുഗീസ് കൂറിലോസ്, ആലത്തൂർ പനയ്ക്കൽ യൗസേഫ് കൂറിലോസ്, മാളിയേക്കൽ അത്താനാസ്യോസ്, കരുമാംകുഴി പുലിക്കോട്ടിൽ ഗീവറുഗീസ് മാർ കൂറിലോസ്, കൂത്തൂർ കുറിയാക്കോസ് മാർ കൂറിലോസ്, ചീരൻ ഗീവറുഗീസ് മാർ കൂറിലോസ്, അയ്യംകുളങ്ങര പൗലൂസ് മാർ പീലക്സീനോസ്, കൂത്തൂർ മാത്യൂസ് മാർ കൂറിലോസ്, ആലത്തൂർ പനയ്ക്കൽ യൗസേഫ് മാർ കൂറിലോസ്, കൂത്തൂർ സിറിൽ മാർ ബസ്സേലിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ കുന്നംകുളം തൊഴിയൂരിൽ വച്ച് വിവിധ കാലങ്ങളിൽ വാഴിക്കപ്പെട്ടു.

മാർത്തോമ്മാ സുറിയാനിസഭയിലെ ചീരൻ യൂയാക്കീം മാർ കൂറിലോസ്, യാക്കോബായ സഭയിലെ ബെന്യാമിൻ മാർ ഒസ്താത്തിയോസ് എന്നിവരും കുന്നംകുളത്തുകാരാണ്.

കുന്നംകുളം, രക്തസാക്ഷികളുടെ നഗരം: ടിപ്പു സുൽത്താന്റെ പടനായകർ കുന്നംകുളം-പാലൂർ പള്ളിക്ക് തീവയ്ക്കുകയും സുറിയാനി ക്രിസ്ത്യാനികളെ മതംമാറ്റത്തിന് നിർബന്ധിക്കുകയും അതിന് തയ്യാറാകാത്ത വിശ്വാസവീരരെ പള്ളിക്കു ചുറ്റുമുള്ള ഉയർന്ന വൃക്ഷങ്ങളുടെ ശിഖരങ്ങളിൽ തൂക്കിക്കൊല്ലുകയും ചെയ്ത വിവരം *മെമ്മോയേർസ് ഓഫ് ഡോ. ബുക്കാനൻ* എന്ന ഗ്രന്ഥത്തിൽ ഡോ. ക്ലോഡിയസ് ബുക്കാനൻ രേഖപ്പെടുത്തിയിരിക്കുന്നു. ഉത്തരാഫ്രിക്കയിലെ കാർത്തേജിനെപ്പോലെ കുന്നംകുളവും രക്തസാക്ഷികളുടെ നഗരം എന്ന വിശേഷണം അർഹിക്കുന്നു.

കുന്നംകുളവും വിദേശ വ്യാപാരവും: പൊന്നാനി-അലക്സാന്ത്രിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് ക്രിസ്തുവിന് മുമ്പ് നടന്നിരുന്ന വിദേശ വ്യാപാരത്തിന്റെ ഒരു പ്രധാനകേന്ദ്രം കുന്നംകുളമായിരുന്നു. അഞ്ച് പതിറ്റാണ്ടിന് മുമ്പ് കുന്നംകുളത്തിന് സമീപമുള്ള എയ്യാൽ ഗുഹയിൽ നിന്ന് കണ്ടെടുക്കപ്പെട്ട റോമ്മൻ സ്വർണ്ണനാണയങ്ങൾ ഇക്കാര്യത്തിൽ അനിഷേധ്യമായ തെളിവു നൽകുന്നു. ക്രിസ്തുവിന്റെ കാലത്ത് ഭരണം നടത്തിയ റോമ്മാ കൈസർമാരുടെ ശിരസ് ആലേഖനം ചെയ്ത സ്വർണ്ണനാണയങ്ങൾ അക്കൂട്ടത്തിലുണ്ടായിരുന്നു. മുചിരിസമുച്ചയത്തിലെ കൊടുങ്ങല്ലൂരിന്റെ തുറമുഖപട്ടണമായ വടക്കൻപറവൂരിൽ നിന്നും സമാനമായ സ്വർണ്ണനാണയ ശേഖരം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. എയ്യാലിൽ നിന്ന് കിട്ടിയ റോമൻ സ്വർണ്ണനാണയങ്ങൾ തൃശ്ശൂർ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

കുന്നംകുളം വ്യാപാരമേഖല: കുന്നംകുളത്തെ പ്രധാന കാർഷികോല്പന്നവും വ്യാപാര വിഭവവും അടയ്ക്കയും അതിന്റെ രൂപഭേദങ്ങളും പനങ്കുരുവും അതിന്റെ രൂപഭേദങ്ങളുമാണ്. ബുക്ക് ബൈണ്ടിംഗ്, അച്ചടി എന്നിവയും പ്രധാനം തന്നെ. കേരളത്തിലെ മിക്ക പട്ടണങ്ങളിലും സ്റ്റേഷണറിരംഗത്തെ മുഖ്യ വ്യാപാരികൾ കുന്നംകുളത്തുകാർ ആണ്. തൃശ്ശൂർ, പാലക്കാട്, കോയമ്പത്തൂർ എന്നിവിടങ്ങളിലെ എണ്ണവ്യാപാരത്തിലും ബാഗ്ലൂർ, മദ്രാസ് എന്നിവിടങ്ങളിലെ ബേക്കറി, പപ്പടം എന്നിവയുടെ ഉല്പാദനത്തിലും അവർക്ക് നിർണ്ണായക പങ്കാളിത്തമുണ്ട്. ഒരു കാലത്ത് ചെമ്പ്, ഓട്ടുപാത്ര വ്യാപാരവും പ്രധാനമായിരുന്നു. പുസ്തക പ്രസാധനമാണ് മറ്റൊരു വ്യാപാരരംഗം.

കുന്നംകുളവും ശക്തൻ തമ്പുരാനും: 1804-ൽ കൊച്ചിരാജാവ് ശക്തൻ തമ്പുരാൻ കുന്നംകുളത്ത് എഴുന്നള്ളി. തമ്പുരാന്റെ ജീവചരിത്ര

കാരൻ പുത്തേഴത്ത് രാമമേനോൻ എഴുതുന്നു: "... പഴയപള്ളിയിൽ നിന്ന് ആർത്താറ്റേയ്ക്ക് പോകുമ്പോൾ വലിയങ്ങാടിയിൽ 'നടുപ്പന്തി' എന്ന സ്ഥലത്തെത്തി. ഹൈദരാലിഖാനെ കൊണ്ട് 'നസ്രാണിക്കമ്പോളം' എന്ന് പറയിപ്പിച്ച ആ അങ്ങാടിയെ നോക്കിക്കാണുകയും 'ഇവിടെ പണ്ടാരവക എന്തൊക്കെ?' എന്ന് കല്പിച്ച് ചോദിച്ചതിന് 'ഇവിടെ ഒക്കെ തലപ്പള്ളി രാജാക്കന്മാർക്കാണ്' എന്ന് ആരോ മറുപടി പറഞ്ഞതുകേട്ട് 'എന്നാൽ ഇന്ന് മുതൽക്ക് ഇവിടുന്നങ്ങോട്ട് നമ്മുടെ ജന്മം' എന്ന് കല്പിക്കുകയും ചെയ്തുവത്രേ." ഇതിൻപ്രകാരം കുന്നംകുളം തെക്കേ അങ്ങാടി കൊച്ചി പണ്ടാരം വക കാണഭൂമിയായി. അവിടുത്തെ പ്രജകൾ അതോടെ കൊച്ചി യുടെ കാണക്കുടിയാന്മാരായി. കാണവും ജന്മവും മാറിയതോടെ പ്രജ കൾക്ക് പള്ളി ഇല്ലാതായപ്പോൾ തെക്കേ അങ്ങാടിയിലുള്ള 'അന്തിമാളൻ കാവ്' ശക്തൻ തമ്പുരാൻ സുറിയാനിക്കാർക്ക് ആരാധനയ്ക്കായി നൽകി. ഇത് ഇന്നും അപ്രകാരം തുടരുന്നു.

തൃശൂരിന്റെ വ്യാപാരാഭിവൃദ്ധിക്കായി കുന്നംകുളത്തു നിന്ന് കുറെ സുറി യാനി ക്രിസ്ത്യാനികളെ തൃശൂരിലേക്ക് ശക്തൻ തമ്പുരാൻ ക്ഷണിച്ചു കൊണ്ടുപോയി 'പുത്തൻ പേട്ട'യിൽ അവരെ കുടിപാർപ്പിച്ചു. തൃശൂരിന്റെ വ്യാപാരാഭിവൃദ്ധിയായിരുന്നു ലക്ഷ്യം. അത് സഫലമായി. കൊള്ളന്നൂർ, പഴഞ്ഞിക്കാരൻ, ചാലശ്ശേരി തുടങ്ങിയ കുടുംബങ്ങൾ ഉദാഹരണം.

റോമ്മാ സുറിയാനിക്കാരുമായുള്ള തർക്കം മൂലം അര നൂറ്റാണ്ടിലേറെ ക്കാലം പൂട്ടിക്കിടന്ന പാലൂർ-ചാട്ടുകുളങ്ങരപള്ളിത്തർക്കത്തിൽ ശക്തൻ തമ്പുരാൻ ഇടപെടുകയും നറുക്കെടുപ്പിലൂടെ പ്രശ്നം പരിഹരിക്കുകയും ചെയ്തു. പള്ളി സുറിയാനിക്കാർക്കും, കുരിശും മറ്റും റോമൻ വിഭാഗ ത്തിനും ലഭിച്ചു. 1825-ൽ പനയ്ക്കൽ ഇക്കാക്കു കുരിയപ്പൻ രചിച്ച ആർ ത്താറ്റ് പള്ളിപ്പാട്ടിലും ശക്തൻതമ്പുരാന്റെ ജീവചരിത്രത്തിലും ഈ സംഭവം വിവരിക്കുന്നുണ്ട്.

കുന്നംകുളത്തെ സഭാസ്ഥാപനങ്ങൾ: അടുപ്പൂട്ടിയിൽ പ്രശസ്ത മായി പ്രവർത്തിക്കുന്ന മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി, പഴഞ്ഞി യിലെ എം. ഡി. കോളജ്, ബഥനി ആശ്രമവും ഇംഗ്ലീഷ് മീഡിയം ഹൈസ് കൂളും കോൺവെന്റും, സെന്റ് മേരി മഗ്ദലൈൻ കോൺവെന്റും സ്കൂളും, എം. ജെ. ഡി. ഹൈസ്കൂളും കോട്ടപ്പടിയിലെ വൃദ്ധമന്ദിരവും ആർത്താറ്റ് ഐ. ടി. സി. യും പ്രധാനപ്പെട്ട പൊതു സ്ഥാപനങ്ങളാണ്. കുന്നംകുളം ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളും പഴഞ്ഞി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും സമുദായം നേരത്തെ സർക്കാരിന് വിട്ടു കൊടുത്തവയാണ്.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് യുവജനപ്രസ്ഥാനം പ്രസി

ഡണ്ടായിരുന്ന കാലഘട്ടത്തിൽ യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര ആസ്ഥാനം കുന്നംകുളത്ത് പണിതെങ്കിലും ഇതുവരെ ആ കെട്ടിടം ആ ഉപയോഗത്തിലേക്ക് പ്രയോജനപ്പെടുത്തിയിട്ടില്ല. സി. വി. ഉക്രുകുട്ടി എന്ന കുന്നംകുളം സ്വദേശിയായ സഭാസ്നേഹി ദാനമായി നൽകിയ സ്ഥല ത്താണ് കെട്ടിടം പണിതത്. കുന്നംകുളത്തു നിന്നുമുള്ള രണ്ട് മലങ്കര മെത്രാപ്പോലീത്തന്മാർ സഭയ്ക്കു നൽകിയ സമഗ്ര സംഭാവനകളെ നന്ദി പൂർവ്വം അനുസ്മരിക്കാനായിരുന്നു ഈ ആസ്ഥാനം കേരളത്തിന്റെ മദ്ധ്യ ഭാഗമായ കുന്നംകുളത്ത് തുടങ്ങാൻ അന്നത്തെ നേതൃത്വം ആഗ്രഹിച്ചത്. ഇപ്പോൾ ഈ കെട്ടിടം വാടകയ്ക്കു കൊടുത്തിരിക്കുന്നു. യുവജനപ്ര സ്ഥാനം, കോട്ടയം പഴയസെമിനാരിക്കടുത്ത് ഏതാനും വർഷങ്ങൾക്കു മുമ്പ് ഒരു കെട്ടിടം വിലയ്ക്കു വാങ്ങി ആസ്ഥാനമാക്കിയിട്ടുണ്ട്.

കുന്നംകുളം സാഹിത്യകാരന്മാർ: അനുഗൃഹീതരായ ഏതാനും സാഹിത്യകാരന്മാരെ ഈ പ്രദേശം സംഭാവന ചെയ്തിട്ടുണ്ട്. സാമൂതിരി യുടെ പണ്ഡിതസദസ്സിലെ പ്രമുഖ അംഗങ്ങളായിരുന്ന പയ്യൂർ ഭട്ടതിരിമാ രാണ് അവരിൽ പ്രധാനികൾ. പയ്യൂർ മഹർഷിമാർ എന്ന പരമ്പരയിൽ അറിയപ്പെടുന്ന 3 കവികൾ നിരവധി സംസ്കൃത കൃതികളും വ്യാഖ്യാന ങ്ങളും രചിച്ചിട്ടുണ്ട്. അവരിലൊരാൾ വ്യാസപരമ്പരയിൽ പുരാണരചയി താവായിരുന്നുവോ എന്ന് അഭ്യൂഹമുണ്ട്. 'ആർത്താറ്റ് പള്ളിപ്പാട്ട്' രചിച്ച പനക്കൽ ഇക്കാക്കു കുരിയപ്പൻ, യാക്കോബ് നാടകം രചിച്ച (1902) പാറ മേൽ ഇട്ടൂപ്പ്, കവിതകളും വ്യാഖ്യാനങ്ങളുമായി ഒരു ഡസനിലേറെ കൃതി കൾ രചിച്ച പനയ്ക്കൽ യാക്കോബ് കത്തനാർ, വിവർത്തനം, കാവ്യം, വ്യാഖ്യാനം തുടങ്ങിയ മേഖലകളിൽ രണ്ടു ഡസനിലേറെ കൃതികൾ രചിച്ച സംസ്കൃത പണ്ഡിതൻ കൈക്കുളങ്ങര രാമവാരിയർ, പണ്ഡിത രാജൻ കാണിപ്പയ്യൂർ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്, പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ, നോവലുകളും, കാവ്യങ്ങളും രചിച്ച ജോസഫ് ചെറുവത്തൂർ, ചെറുകഥാകൃത്തുക്കളായി പ്രസിദ്ധി നേടിയ സി. വി. ശ്രീരാ മൻ, ഐപ്പ് പാറമേൽ, ഏകലവ്യൻ, കഥകളും മികച്ച ജീവചരിത്രങ്ങളും രചിച്ച അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, നാടകകൃത്തായ വി. ടി. ജോസഫ്, ജീവചരിത്രങ്ങളും സഭാചരിത്രഗ്രന്ഥങ്ങളുമായി രണ്ടു ഡസനി ലധികം കൃതികൾ രചിച്ച സീയോൻ സന്ദേശം, ഇടവകപത്രിക എന്നീ മാസികകളുടെ ചീഫ് എഡിറ്റർ ആയിരുന്ന ഫാ. ഡോ. ജോസഫ് ചീരൻ തുടങ്ങി ശ്രദ്ധേയരായ പല സാഹിത്യ പ്രണയികളും കുന്നംകുളം പ്രദേ ശത്തുകാരാണ്. തച്ചുശാസ്ത്ര വിശാരദൻ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരി, ചലച്ചിത്രനടൻ വി. കെ. ശ്രീരാമൻ തുടങ്ങിയ പ്രതിഭകളും ഇക്കൂട്ടത്തിൽപെടുന്നു.

കുന്നംകുളം സെമിനാരി: പ്രാചീനകാലം മുതലേ കുന്നംകുളം പ്രദേ

ശങ്ങളിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ മല്പാൻ പാഠശാലകൾ പ്രവർത്തിച്ചിരുന്നു. പഴഞ്ഞി, കുന്നംകുളം ചിറളയം എന്നീ പള്ളികളിൽ പ്രശസ്ത മല്പാൻ പള്ളിക്കൂടങ്ങൾ പ്രവർത്തിച്ചു. കുന്നംകുളം പുത്തൻപള്ളിയിൽ പനക്കൽ യാക്കോബ് മല്പാൻ ഏറെക്കാലം വൈദിക പരിശീലനത്തിന് നേതൃത്വം നൽകിയിട്ടുണ്ട്. കോട്ടയം വൈദിക സെമിനാരി നവീകരണക്കാരുടെ കൈവശത്തിലായപ്പോൾ സഭയുടെ പല ഭാഗങ്ങളിലായി അഞ്ചു സെമിനാരികൾ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ സ്ഥാപിച്ചു. അതിലൊന്നായിരുന്നു പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ സ്ഥാപിച്ച സെഹിയോൻ ബംഗ്ലാവ്. നവീകരണത്തെ ചെറുക്കുവാൻ ശീമയിൽ നിന്ന് അയക്കപ്പെട്ട സ്തേഫാനോസ് മാർ അത്താനാസ്യോസും ശെമവൂൻ റമ്പാനും (പിന്നീട് മാർ അത്താനാസ്യോസ്) സെഹിയോൻ ബംഗ്ലാവിൽ താമസിച്ച് മലങ്കരസഭയിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയിരുന്ന വൈദികവിദ്യാർത്ഥികൾക്കു പരിശീലനം നൽകി. അതോടെ കുന്നംകുളം പ്രദേശത്തുള്ള മല്പാൻ പാഠശാലകളുടെ പ്രവർത്തനം നിലച്ചുപോയി. കൂത്തൂർ ഗീവറുഗീസ് മല്പാൻ (പിന്നീട് കൂറിലോസ്), പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ (പിന്നീട് കോട്ടയം പഴയ സെമിനാരി സ്ഥാപകൻ) തുടങ്ങിയവർ കുന്നംകുളം പ്രദേശത്ത് വൈദിക പരിശീലനത്തിന് നേതൃത്വം നൽകിയ വൈദികശ്രേഷ്ഠരാണ്.

കുന്നംകുളവും സ്വദേശിപ്രസ്ഥാനവും: ആരാധന മാതൃഭാഷയിൽ എന്ന മുദ്രാവാക്യവുമായാണ് സ്വദേശിപ്രസ്ഥാനം മലങ്കരസഭയിൽ ആവിർഭവിച്ചത്. നവീകരണപ്രസ്ഥാനത്തിന്റെ സദ്ഫലങ്ങളിലൊന്നായിരുന്നു ആരാധന മാതൃഭാഷയിൽ എന്ന മുദ്രാവാക്യം. സഭയിലെങ്ങും അതിന്റെ അലയടികൾ പ്രത്യക്ഷപ്പെട്ടുവെങ്കിലും ആദ്യത്തെ ഫലം പുറപ്പെട്ടത് കുന്നംകുളത്തു നിന്നായിരുന്നു. കുന്നംകുളം പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ ആയിരുന്നു അതിന്റെ നേതാവ്. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് അതിനെ പ്രോത്സാഹിപ്പിച്ചില്ല. മലങ്കരസഭയുടെ ഹൃദയാവർജ്ജകമായ ആരാധനകളിൽ പ്രധാനമായ ഹാശാ-കഷ്ടാനുഭവ ആഴ്ചയിലെ ആറു ദിവസങ്ങളിലെ എല്ലാ യാമങ്ങളിലെയും നമസ്ക്കാരങ്ങളിൽ ചൊല്ലുന്ന കാവ്യാത്മക ഗദ്യധ്യാന പ്രബോധനങ്ങളായ പ്രുമിയോൻ-സെദ്റാ മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിക്കൊണ്ടായിരുന്നു അരങ്ങേറ്റം. പുലിക്കോട്ടിൽ മെത്രാച്ചന്റെ സഹോദരീപുത്രനും ഡോ. ചീരൻ വറുഗീസിന്റെ സ്യാലനുമായ ചെറുവത്തൂർ കുറിയാക്കോസ് കത്തനാരുടെ പ്രധാന നേതൃത്വത്തിൽ പ്രുമിയോൻ-സെദ്റാകളുടെ മലയാള വിവർത്തനം തയ്യാറാക്കി. സമുദായ പരിഷ്ക്കരണതല്പരരും പുരോഗമനാശയക്കാരുമായ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനും മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശനും (പിന്നീട്

സ്ലീബാദാസ സമൂഹ സ്ഥാപകൻ മാർ ഒസ്താത്തിയോസ്) അത് പ്രസാധനം ചെയ്തു. ആത്മപോഷിണി പത്രാധിപർ ആയി കുന്നംകുളത്തു താമസിച്ചിരുന്ന മഹാകവി വള്ളത്തോൾ നാരായണമേനോൻ വിവർത്തനത്തിന്റെ ഭാഷ സുദൃഢമാക്കി. സുറിയാനിഭാഷയോടും സംസ്ക്കാരത്തോടും അതീവ ഭ്രമമുണ്ടായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആയിരുന്നു അന്നത്തെ മലങ്കര മെത്രാപ്പോലീത്താ. രണ്ടാം കാതോലിക്കായും മൂന്നാം കാതോലിക്കായും അന്ന് മെത്രാപ്പോലീത്തന്മാരായിരുന്നു. 12-ാം നൂറ്റാണ്ടിൽ മാർ ദീവന്നാസ്യോസ് ബർ സ്ളീബി സുറിയാനിയിൽ ചമച്ച ഒരു വിശിഷ്ട ഗ്രന്ഥം മലയാളത്തിൽ വിവർത്തനം ചെയ്യുന്ന വികൃതിയെ – നികൃഷ്ടമായ സാഹസികതയെ – വി. പിതാക്കന്മാരാരും ആശീർവദിച്ചില്ല. ഒടുവിൽ സെറാമ്പൂർ പ്രൊഫസർ ആയിരുന്ന പി. റ്റി. ഗീവറുഗ്ഗീസ് കശ്ശീശായുടെ അവതാരികയും ആശംസയും ചേർത്ത് കുന്നംകുളം അക്ഷരരത്ന പ്രകാശിക (എ. ആർ. പി.) പ്രസ്സിൽ നിന്ന് 1918-ൽ വിജയകരമായി പുറത്തിറങ്ങി. അതൊരു ജൈത്രയാത്രയുടെ തുടക്കമായിരുന്നു. പിന്നീട് അതേ പ്രസ്സിൽ നിന്ന് അതേ പ്രസാധകർ വി. കുർബ്ബാന തക്സാ വിവർത്തനം ചെയ്തു മലയാളത്തിൽ പ്രസിദ്ധീകരിച്ചു. പരുമലപ്പെരുന്നാളിന് മലയാളം കുർബ്ബാനതക്സാ വില്പന നടത്തുവാൻ പോയ വില്പനക്കാരനെ നിരണം മെത്രാച്ചന്റെ (പിന്നീട് മൂന്നാം കാതോലിക്കാ) നിർദ്ദേശപ്രകാരം ഭക്തരായ വൈദികരും വിശ്വാസികളും ചേർന്ന് ഗളഹസ്തം ചെയ്യുകയും ആരെങ്കിലും ആ നികൃഷ്ട വിവർത്തനം വാങ്ങിയിട്ടുണ്ടെങ്കിൽ തിരിച്ചേല്പിച്ച് വില തിരിച്ചുവാങ്ങാൻ വി. മദ്ബഹായിൽ നിന്ന് തിരുമേനിമാർ തിരുവായ് മൊഴിയുകയും ചെയ്തു. സുറിയാനിഭാഷയിലുള്ള തക്സാ വച്ച് വീർപ്പുമുട്ടി മുക്കിയും മൂളിയും വിക്കിയും കുർബ്ബാന ചൊല്ലിയിരുന്ന വൈദികർ അവരുടെ ആഹ്ലാദം രഹസ്യമായി സൂക്ഷിച്ചു. തുടർന്ന് ആണ്ടു തക്സായും ആനീദാക്രമങ്ങളും പൂർണ്ണരൂപത്തിൽ വിവർത്തനത്തിന് തയാറാക്കി. കുളങ്ങര യൗസേഫ് കത്തനാർ, കോതമംഗലം മാറാശ്ശേരി ഇട്ടീര മല്പാൻ തുടങ്ങിയ വൈദിക പ്രമുഖർ ചെറുവത്തൂർ കുരിയാക്കോസ് കശ്ശീശയോട് സഹകരിക്കുവാൻ ധൈര്യപ്പെട്ടു. ആദ്യം കുന്നംകുളത്ത് മാത്രം നടന്ന മലയാള വിവർത്തനത്തിന്റെ അച്ചടി ക്രമേണ കോട്ടയത്തേക്കും പാമ്പാക്കുടയിലേക്കും വ്യാപിച്ചു. രാജപാതയായി ക്രമേണ വികസിച്ച ഈ ഇടുക്കുപാത ആദ്യം വെട്ടിത്തുറന്നത് കുന്നംകുളത്തു നിന്നാണ്. ഇന്ത്യൻ ദേശീയരംഗത്ത് അപ്പോഴും സ്വദേശിപ്രസ്ഥാനം ആരംഭിച്ചിരുന്നില്ല.

കുപ്രിയാനോസ്: '*സിപ്രിയൻ*' എന്ന ശീർഷകം കാണുക.

കുപ്രോസ് ദ്വീപ് (സൈപ്രസ്): മെഡിറ്ററേനിയൻ സമുദ്രത്തിലെ ഒരു ദ്വീപ്. ഫിനിഷ്യർ, പേർഷ്യർ, ഈജിപ്റ്റുകാർ, ഗ്രീക്കുകാർ, റോമ്മാ

ക്കാർ, തുർക്കികൾ എന്നിവർ വിവിധ കാലങ്ങളിൽ ഇവിടെ ആധിപത്യം ചെലുത്തി. മിശ്രസംസ്ക്കാരമാണ്. ബർണബാസിന്റെ ജന്മദേശം. പൗലോസ് സഭ സ്ഥാപിച്ചു. ബഥനിയിലെ ലാസറിനെ പ്രഥമ ബിഷപ്പായി നിയമിച്ചു. കുപ്രോസ് ദ്വീപിൽ നിന്ന് കുടിയേറിപ്പാർത്തവരുടെ സ്വാധീനത്തിലാണ് അറബിക്കടലിന്റെ പൊന്നാനിത്തുറമുഖപട്ടണമായ പാലൂർ പ്രദേശത്തെ കുന്നംകുളം പഴയപള്ളി, ചിറളയം പള്ളി, കോട്ടപ്പടിപ്പള്ളി എന്നിവ മാർ ലാസറിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടത്. ഇപ്പോൾ ഇവിടെയുള്ളത് ബൈസന്റയിൻ ഓർത്തഡോക്സ് സഭയാണ്. അവിടുത്തെ സ്വതന്ത്രസഭയുടെ തലവൻ ആർച്ച്ബിഷപ്പ് മക്കാറിയോസ് രാഷ്ട്രീയ ഭരണാധികാരിയായ പ്രസിഡണ്ടും ആയിരുന്നു.

കുമ്പസാരം: സഭയുടെ പ്രധാന കൂദാശകളിലൊന്ന്. കൂദാശക്രമങ്ങളിൽ കുമ്പസാരക്രമവും ഉണ്ട്. ഏറ്റുപറച്ചിൽ എന്ന് അർത്ഥമുള്ള മൗദ്യോനൂസോ എന്ന പദമാണ് സുറിയാനിയിൽ. ഇതിന്റെ തത്ഭവ ക്രിയാപദമായി *മവദ പറയുക* എന്ന് പോർത്തുഗീസ് ആഗമനത്തിന് മുമ്പ് മലങ്കരസഭയിൽ പരാമർശമുണ്ടായിരുന്നു. 'ഞാൻ പിഴയാളി' എന്ന പ്രാർത്ഥനയാണ് കുമ്പസാരത്തിന്റെ പൊതു പ്രാർത്ഥന. വി. മത്താ. 18, വി. യോഹ. 20; അ. പ്ര. 19; വി. യാക്കോബ് 6 എന്നീ അദ്ധ്യായങ്ങളിൽ പാപമോചനാധികാരം കശ്ശീശായ്ക്കു നൽകപ്പെട്ട പൗരോഹിത്യ നൽവരങ്ങളിലൊന്നായി പുരാതനസഭകൾ വിശ്വസിച്ചുപോരുന്നു. ആത്മപരിശോധന, പശ്ചാത്താപം, പട്ടക്കാരന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ, പാപമോചന പ്രഖ്യാപനം എന്ന് 4 ഭാഗങ്ങൾ കുമ്പസാരത്തിനുണ്ട്. കുമ്പസാരം അതിൽ തന്നെ പൂർണ്ണതയുള്ള കൂദാശയാണ്. എന്നാലും വി. കുർബ്ബാനാനുഭവത്തിനുള്ള ഒരുക്കമായി കുമ്പസാരത്തെ കാണുന്നു. വിവാഹം, പട്ടംകൊട, തൈലാഭിഷേകം, കുർബ്ബാന തുടങ്ങിയ ഏത് കൂദാശകൾക്കും മുമ്പ് ഒരുക്കത്തിന്റെ ഭാഗമായും കൗൺസിലിംഗിന്റെ ഭാഗമായും കുമ്പസാരം സഭയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സംഘർഷഭരിതമായ ഏത് ഘട്ടത്തിലും സത്യകുമ്പസാരം ഒരു ചികിത്സ പോലുമായി മനഃശാസ്ത്രജ്ഞർ നിർദ്ദേശിക്കുന്നു. സഭാമദ്ധ്യേ പാപങ്ങൾ പരസ്യമായി ഏറ്റുപറയുന്ന രീതി പ്രായോഗിക കാരണങ്ങളാൽ രഹസ്യസ്വഭാവത്തിലേക്ക് മാറി. അതിന്റെ സമയം, സൗകര്യം എന്നിവ പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. കുർബ്ബാനയ്ക്ക് മുമ്പായി പാപങ്ങൾ ഏറ്റുപറയുന്ന പതിവ് ഡിഡാക്കേയിൽ കാണുന്നു. ലൂതറും കാൽവിനും കുമ്പസാരത്തിന്റെ തത്വം അംഗീകരിച്ചിരുന്നു. പില്ക്കാലത്ത് പ്രൊട്ടസ്റ്റണ്ട് സഭകൾ ഈ കൂദാശയെ നിഷേധിച്ചു. അവരും കൗൺസലിംഗ് എന്ന പേർ നൽകി കുമ്പസാരത്തിന്റെ പ്രാധാന്യം അംഗീകരിച്ചിട്ടുണ്ട്.

കുമ്പിടീൽ: നമസ്ക്കാരങ്ങളിൽ കൗമ്മാ, ക്രൂബേന്മാരുടെ സ്തുതിപ്പ്,

വിശ്വാസപ്രമാണം എന്നിവ ചൊല്ലുമ്പോൾ മൂന്നു പ്രാവശ്യം വീതം കുമ്പിടുന്നു. കുരിശു വരച്ച് മുട്ടുകുത്തി നെറ്റി നിലത്ത് തൊടുവിക്ക എന്നതാണ് മുട്ടുകുത്തലിന്റെ സ്വഭാവം. വലിയനോമ്പിലും മൂന്നുനോമ്പിലും ഉച്ചനമസ്ക്കാരത്തോട് ചേർന്ന് 40 കുമ്പിടീൽ നടത്തുന്നു. ഹാശ ആഴ്ചയിൽ പ്രുമിയോൻ സെദ്റാകൾ വായിക്കുമ്പോഴും ധ്യാനപൂർവ്വം കുമ്പിടുന്നു. പെന്തിക്കോസ്തിയുടെ മൂന്ന് ശുശ്രൂഷകളിലും ഔപചാരികമായി മുട്ടുകുത്തൽ ഉള്ളതുകൊണ്ട് ആ ശുശ്രൂഷയെ മുട്ടുകുത്തലിന്റെ ക്രമങ്ങൾ എന്ന് പറയുന്നു. പള്ളിക്കകത്തും പുറത്തും മുട്ടുകുത്തിയുള്ള പ്രദക്ഷിണം വഴിപാടും നേർച്ചയുമായി നടത്താറുണ്ട്. പൂർണ്ണശെമ്മാശു പട്ടമേല്ക്കുന്ന ആൾ വലതുകാൽ മുട്ടുകുത്തിയും കശ്ശീശാപട്ടം ഏല്ക്കുന്ന ആൾ രണ്ട് കാൽ മുട്ടുകളും കുത്തി കുമ്പിട്ട് നിന്ന് ശുശ്രൂഷയിൽ പങ്കെടുക്കണമെന്നും ഇത് യഥാക്രമം ഒരു താലന്തും രണ്ടു താലന്തുകളും പ്രാപിക്കുന്നതിന്റെ പ്രതീകമായിട്ടാണെന്നും പട്ടംകൊടക്രമത്തിൽ കാണുന്നുണ്ട്. ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലും വി. കുർബ്ബാന അനുഭവിച്ച ദിവസവും കുമ്പിടൽ ഇല്ല.

കുംറാൻ സമൂഹം: യെരുശലേം ദേവാലയത്തിലെ അനീതികളോട് പൊരുത്തപ്പെടുവാനാവാതെ ചാവുകടലിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തെ കുംറാൻ മരുഭൂമിയിലേക്ക് വിശുദ്ധ ജീവിതം നയിക്കുവാൻ മാറിത്താമസിച്ച സന്യാസ സമൂഹം. 1947-ൽ കുംറാനിൽ നിന്ന് മൺഭരണികളിൽ ലിനനിൽ പൊതിഞ്ഞ വേദപുസ്തക തുകൽചുരുളുകൾ യാദൃച്ഛികമായി കണ്ടെത്തി. ബി. സി. 130 മുതൽ എ. ഡി. 135 വരെ ഈ സന്യാസ സമൂഹം ഇവിടെ ജീവിച്ചു. '*ചാവുകടൽ ചുരുളുകൾ*' എന്ന ശീർഷകം കാണുക.

കുരക്കേണികൊല്ലം: 'കൊല്ലം' എന്ന ശീർഷകം കാണുക.

കൂരമ്പാല സെന്റ് തോമസ് പള്ളി: ചെങ്ങന്നൂർ ഭദ്രാസനത്തിലെ ദേവാലയം. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം 1906-ൽ സ്ഥാപിതമായി. വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് റമ്പാച്ചൻ ശിലാസ്ഥാപനം നടത്തി. പന്തളം ടൗണിൽ 5 നിലയിൽ ഒരു കുരിശിൻതൊട്ടിയുണ്ട്. ഒരു അംഗീകൃത യു. പി. സ്കൂൾ പ്രവർത്തിക്കുന്നു. 300 വീട്ടുകാരുണ്ട്.

കുലശേഖരപുരം സെന്റ് തോമസ് പള്ളി: തിരുവനന്തപുരം ഭദ്രാസനത്തിലെ ദേവാലയം. 1962-ൽ തിരുവിതാംകോട് കെ. വി. ഗീവറുഗീസ് റമ്പാൻ സ്ഥാപിച്ചു. 1964-ൽ ഔഗേൻ ബാവാ കൂദാശ ചെയ്തു. ജൂലൈ 16, ഡിസം. 21 പ്രധാന പെരുന്നാളുകൾ.

കുരിശ്: ക്രൈസ്തവ മതചിഹ്നം. ക്രിസ്തുവിന്റെയും സഭയുടെയും പ്രതീകം. ഒരു കാലത്ത് കൊലമരം. ക്രിസ്തുവിന്റെ മരണം മൂലം കുരിശ് ശുഭചിഹ്നവും വിജയപതാകയുമായി. പല ആകൃതികളിൽ മരം, കല്ല്, ലോഹങ്ങൾ ഇവ കൊണ്ട് കുരിശ് നിർമ്മിക്കുന്നു. ക്രൂശിതരൂപമുള്ള കുരിശ് ക്രിസ്തുവിന്റെ മരണത്തിനും രൂപമില്ലാത്ത കുരിശ് ഉത്ഥാനത്തിനും പ്രാധാന്യം നൽകുന്നു. കൂദാശകളിലും മറ്റും വാഴ്വ് കുരിശാകൃതിയിലാണ്. ത്രോണോസിലും മറ്റും സ്ഥാപിക്കുന്ന കുരിശാണ് ആരാധനാകേന്ദ്രം. കുരിശ് സ്വയമേവ വിശുദ്ധമാകയാൽ അതു കൂദാശ ചെയ്യുന്നില്ല. പകരം ആഘോഷിച്ച് സ്ഥാപിക്കും. പൗരോഹിത്യത്തിലേക്കും കുടുംബജീവിതത്തിലേക്കും സന്യാസത്തിലേക്കും പ്രവേശിക്കുന്നവർക്കു ഔപചാരികമായി കുരിശുമാല കഴുത്തിൽ അണിയിക്കും. ഓർത്തഡോക്സ് സഭകളിൽ വാഴ്ത്തുവാനുള്ള നൽവരത്തിന്റെ പ്രതീകമായി കശീശായുടെ പട്ടംകൊട ശുശ്രൂഷയിൽ കുരിശു നൽകുവാൻ മൂലഭാഷയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇടയന്മാരും തലവന്മാരും ഉപയോഗിക്കുന്ന അംശവടിയിൽ കുരിശുണ്ട്. പള്ളി ഉപകരണങ്ങളിലെല്ലാം കുരിശ് മുദ്രണം ചെയ്ത അലങ്കാര വിരികൾ ഉപയോഗിക്കും. അംശവസ്ത്രങ്ങളിലും കുരിശിന്റെ ഐക്കൺ തുന്നിച്ചേർക്കും. ക്രൈസ്തവ പതാകയിൽ കുരിശു കാണും. പ്രദക്ഷിണങ്ങളിൽ കുരിശു മുമ്പിൽ കാണും. പ്രധാന കാർമ്മികന്റെ കൈയിലും കുരിശു കാണും.

കുരിശ് ആഘോഷിക്കുക: '*സ്ലീബാ ആഘോഷം*' എന്ന ശീർഷകം കാണുക.

കുരിശ് കുമ്പിടീൽ: ദുഃഖവെള്ളിയാഴ്ച നമസ്ക്കാരങ്ങൾക്കു ശേഷം നടത്തുന്ന സ്ലീബാ വന്ദനവിന്റെ ക്രമത്തിൽ രണ്ടാം പ്രദക്ഷിണത്തിന് മുമ്പേ കുരിശ് കുമ്പിടീൽ നടത്തുന്നു. "അതിനാലെ ഞങ്ങളുടെ ആത്മാക്കൾക്ക് രക്ഷ ഉണ്ടായി എന്ന സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു...." ഇത്യാദി വാക്യം ചൊല്ലി കാർമ്മികർ ധൂപം വീശി കുമ്പിടുന്നു. അപ്പോൾ ജനങ്ങൾ തൽസ്ഥാനത്ത് നിന്ന് കുമ്പിടും. മേശമേൽ വെള്ളത്തുണിയിൽ കിടത്തി വച്ച കുരിശിന്റെ മുമ്പിൽ എല്ലാവരും മുട്ടുകുത്തി കുരിശു ചുംബിക്കുന്ന രീതിയും അതത് സ്ഥാനങ്ങളിൽ കുമ്പിട്ട് ഓരോരുത്തരായി വന്ന് കുരിശ് മുത്തുന്ന രീതിയും ഉണ്ട്. ചിലയിടത്ത് മുത്തുവാൻ കുരിശ് മദ്ബഹായുടെ പടികളിൽ വയ്ക്കുന്നു. ഈ സമയം കാണിക്ക ഇടുന്നു. ദേശം മുഴുവൻ അന്ധകാരം ഉണ്ടായതിനെ സൂചിപ്പിക്കുവാൻ കുന്തിരിക്കപ്പുകകൊണ്ട് അന്ധകാരം ഈ സമയത്ത് സൃഷ്ടിക്കാറുണ്ട്.

കുരിശു മുത്തൽ: ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ചുംബിക്കുന്നതിന്റെ ഭാഗമായി ഉയിർപ്പ് പെരുന്നാളിൽ സ്ലീബാ ആഘോഷം നടത്തിയ

കുരിശു എല്ലാവരും മുത്തുന്നു.

വി. കുർബ്ബാന, കൂദാശകൾ, ശുശ്രൂഷകൾ എന്നിവയിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന്റെ പ്രതീകമായി ശുശ്രൂഷകളുടെ ഒടുവിൽ കാർമ്മികൻ ആരാധകരെ കുരിശു മുത്തിക്കാറുണ്ട്.

കുരിശ് വര: ക്രൂശിന്റെ പരാമർശവേളകളിൽ, കുമ്പിടുമ്പോൾ, പുരോഹിതസ്ഥാനികൾ റൂശ്മ ചെയ്യുമ്പോൾ, കുരിശു കാണുമ്പോൾ, പള്ളിയകത്ത് പ്രവേശിക്കുമ്പോൾ, വൈദികസ്ഥാനികൾ ത്രിത്വസ്തുതിയായ 'ശുബഹോ' ചൊല്ലുമ്പോൾ, വാഴ്‌വിന്റെ പ്രതീകമായി ധൂപം സ്വീകരിക്കുമ്പോൾ, ത്രിത്വനാമം ഉച്ചരിക്കുമ്പോൾ, കൈമുത്തുമ്പോൾ, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെ സ്മരിക്കുന്ന ധ്യാനവേളകളിലൊക്കെയും കുരിശു വരയ്ക്കുന്നു. കുരിശുവര എന്നാൽ പ്രാർത്ഥിക്കുക എന്ന അർത്ഥത്തിൽ ഒരു ശൈലിയായി ഉപയോഗിക്കുന്നു. നെറ്റിയിൽ നിന്ന് നെഞ്ചിലേക്കും ഇടത്തേ തോളിൽ നിന്ന് വലത്തേ തോളിലേക്കുമായി കുരിശു വരയ്ക്കുവാൻ വി. സേവേറിയോസ് പഠിപ്പിക്കുന്നു.

കുരിശുവരയുടെ സാരാംശം: മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിൽ ഇറങ്ങിയതിനെ അനുസ്മരിച്ച് നെറ്റിയിൽ നിന്ന് നെഞ്ചിലേക്കും ഇടത്തേതിന്റെ മക്കളായ നമ്മെ വലത്തേതിന്റെ മക്കളാക്കിത്തീർത്തതിനെ ഓർത്തു ഇടത്തേ തോളിൽ നിന്ന് വലത്തെ തോളിലേക്കും നാം കുരിശു വരയ്ക്കണം എന്ന് മാർ സേവേറിയോസ് നിർദ്ദേശിച്ചു.

കുറിയാക്കോസ് ഒ. സി. കോറെപ്പിസ്ക്കോപ്പാ: തേവനാൽ വെട്ടിക്കൽ ഓലിയിൽ കൂനപ്പിള്ളിൽ ചാക്കോയുടെ മകൻ. 24-6-1927 -ൽ ജനിച്ചു. ബി. എ., ബി. റ്റി., ബിരുദങ്ങൾക്ക് ശേഷം ലണ്ടനിൽ നിന്ന് പി. ഡി., പി. റ്റി. ബിരുദം നേടി. വിവാഹിതൻ. 1953-ൽ വൈദികൻ. 1982-ൽ കോറെപ്പിസ്ക്കോപ്പാ. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, തലക്കോട് സെന്റ് മേരീസ് ഹൈസ്ക്കൂൾ, തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോം, ഐ. ടി. സി. എന്നിവയുടെ സ്ഥാപകൻ.

കുറിയാക്കോസ് ഒ. ഐ. സി., ഫാ.: കോട്ടയം താഴത്തങ്ങാടി കാക്കരോത്ത് കുടുംബാംഗം. ബഥനി ആശ്രമാംഗം. രണ്ടു തവണ സുപ്പീരിയർ ആയി സേവനമനുഷ്ഠിച്ചു. ഏറെക്കാലം കുന്നംകുളം ബഥനി ആശ്രമത്തിന്റെ മാനേജർ. ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും, മലമുകളിലെ മഹർഷിമാർ, ബഥനി: മലമടക്കിലെ കെടാവിളക്ക് എന്നീ കൃതികൾ രചിച്ചു. ജോസഫ് മുണ്ടശ്ശേരി അവതാരിക എഴുതിയ *ഒരു വിദേശയാത്രയും കുറെ ചിതറിയ ചിന്തകളും* എന്ന കൃതിക്ക് കേരള

സാഹിത്യ അക്കാദമിയുടെ യാത്രാവിവരണകൃതിക്കുള്ള പുരസ്ക്കാരം ലഭിച്ചു. 1995-ൽ അന്തരിച്ചു.

കുരിശിന്റെ പെരുന്നാൾ: '*സ്ലീബാപ്പെരുന്നാൾ*' എന്ന ശീർഷകം കാണുക.

കുരിശിന്റെ വഴി: പീലാത്തോസിന്റെ കോടതിയിൽ നിന്ന് വിധിയേറ്റ കർത്താവ് കുരിശുമേന്തി ഗോഗുൽത്തായിലേക്ക് നടന്ന വിലാപയാത്രയെ ദുഃഖവെള്ളിയാഴ്ച ആരാധനയിൽ ഒരു പ്രദക്ഷിണം നടത്തി സഭ അനുസ്മരിക്കുന്നു. ഓർത്തഡോക്സ് ആരാധനയിലെ ഒന്നാം പ്രദക്ഷിണം ഈ സ്മരണയാണ്. കത്തോലിക്കർ ക്രൂശിതരൂപം ശവമഞ്ചത്തിൽ കിടത്തി നഗരി കാണിക്കുന്ന ഒരു പ്രദക്ഷിണം നടത്തും. വിശ്വാസികളുടെ കൈയ്യിൽ ഓരോ മരക്കുരിശും കാണും. വഴിയിൽ പലയിടത്തും മുട്ടുകുത്തി ക്രിസ്തു ഉച്ചരിച്ച വചനങ്ങളെ ധ്യാനപൂർവ്വം ചൊല്ലുകയും ചെയ്യും. ഈ നഗരികാണിക്കുന്ന പ്രദക്ഷിണം *കുരിശിന്റെ വഴി* എന്ന പേരിൽ വിശേഷിപ്പിക്കപ്പെടുന്നു.

കുരുത്തോല: യരുശലേമിലേക്കുള്ള യേശുവിന്റെ ആഗമനത്തിൽ ഒലീവിന്റെയും ഈന്തലിന്റെയും കുരുത്തോലകൾ വഹിച്ച് ആബാലവൃദ്ധം ജനങ്ങൾ യേശുവിനെ എതിരേറ്റു. ഈ സംഭവം സഭ ഔപചാരികമായി അനുഷ്ഠിക്കുന്ന ഓശാന ഞായറാഴ്ച തെങ്ങിന്റെ കുരുത്തോല വെട്ടിയെടുത്ത് കൈയിൽ പിടിച്ച് ജനങ്ങൾ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നു. മനുഷ്യാവതാര വ്യാപാരം പ്രപഞ്ചത്തെ മുഴുവനും സസ്യലതാദികളെ പ്രത്യേകിച്ചും ശുദ്ധീകരിക്കുന്നു എന്ന തത്വത്തിന്റെ പ്രതീകമായി അന്നേദിവസം പട്ടക്കാരുടെ കാർമ്മികത്വത്തിൽ സഭ കുരുത്തോല വാഴ്ത്തുന്ന ശുശ്രൂഷ നടത്തുന്നു. വാഴ്ത്തിയ ഓല അനുഗ്രഹത്തിനായി വീട്ടിൽ സൂക്ഷിക്കുന്നു. ക്രിസ്തുമസിന് ഈ ഓല ശേഖരിച്ച് തീജ്വാലക്കുഴിയിൽ സമർപ്പിക്കുന്നു.

സ്വീകരണവേളകളിൽ കുരുത്തോല കെട്ടിത്തൂക്കി വീടുകളും പാതകളും അലങ്കരിക്കുന്ന ശൈലി കേരളത്തിൽ പുരാതനമായുണ്ട്.

കുരിയൻ കത്തനാർ, കാട്ടുമങ്ങാട്ട്: '*കാട്ടുമങ്ങാട്ട് കൂറിലോസ്*' എന്ന ശീർഷകം കാണുക.

കുര്യൻ കണിയാമ്പറമ്പിൽ കോറെപ്പിസ്ക്കോപ്പാ: കാഞ്ഞിരമറ്റം സ്വദേശി. സ്ലീബാ മാർ ഒസ്താത്തിയോസിൽ നിന്ന് വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. സുറിയാനിഭാഷയിൽ പാണ്ഡിത്യം. പെഷീത്താ ബൈബിൾ പൂർണ്ണമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. സുറിയാനി സഭാചരിത്രം ഉൾപ്പെടെ മലങ്കരസഭാചരിത്രം സംബന്ധിച്ച് നിരവധി പുസ്തക

ങ്ങളും ചില ജീവചരിത്രങ്ങളും രചിച്ചു. യോജിച്ച സഭയിൽ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ ആയിരുന്നു. പാത്രിയർക്കീസ് ഭാഗത്തെ വൈദിക ട്രസ്റ്റിയായി പ്രവർത്തിക്കുന്നു. തിരുവല്ലായിൽ താമസിക്കുന്നു.

കുര്യൻ, എം.: 1923 ജൂലൈ 6-ന് ജനിച്ചു. മനോരമയിൽ അസി. എഡിറ്റർ ആയിരുന്നു. കോതമംഗലം പരുന്തുംകുഴി പി. കെ. മാത്യൂസിന്റെ പുത്രനായ ഇദ്ദേഹം കോട്ടയം സി. എം. എസ്. ഹൈസ്ക്കൂളിലും കോത മംഗലം മാർ ബേസിൽ സ്കൂളിലും അധ്യാപകൻ, എസ്. സി. എം. സാഹിത്യവിഭാഗം സിക്രട്ടറി, കെ. സി. സി. സിക്രട്ടറി, തിയോളജിക്കൽ ലിറ്ററേച്ചർ കൗൺസിൽ സിക്രട്ടറി, ചർച്ച് വീക്കിലി എഡിറ്റർ എന്നീ നില കളിൽ പ്രവർത്തിച്ചു. എം. എ. ചാക്കോ, സാറാ ചാക്കോ, സി. ഐ. ഇട്ടി എന്നിവരുടെ ജീവചരിത്രങ്ങൾ ഉൾപ്പെടെ ഒന്നര ഡസൻ കൃതികൾ രചിച്ചു. ഒരു ഡസൻ ഗ്രന്ഥങ്ങൾ എഡിറ്റ് ചെയ്തു. പതിമൂന്ന് കൃതികൾ വിവർ ത്തനം ചെയ്തു. പ്രമുഖ എക്യുമെനിക്കൽ പ്രവർത്തകൻ. ഭാര്യ ഡോ. ശോശാമ്മ കുര്യൻ.

കുര്യൻ റൈട്ടർ: കോട്ടയം അക്കര കുടുംബത്തിൽ കോര ഇട്ടീര യുടെ പുത്രനായി 1826-ൽ ജനിച്ചു. പ്രമുഖ വ്യാപാരി, തിരുവിതാംകൂർ, കൊച്ചി, മലബാർ രാജ്യങ്ങളിലെ അബ്കാരി കുത്തക ഏറ്റെടുത്ത് നടത്തി. ധനാഢ്യൻ. 1860-ൽ വെസ്റ്റേൺ സ്റ്റാർ എന്ന ഇംഗ്ലീഷ് പത്രവും 1865-ൽ പശ്ചിമതാരക എന്ന മലയാളപത്രവും ആരംഭിച്ച് നടത്തി. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ സതീർത്ഥ്യനും ഉറ്റ മിത്രവും. പില്ക്കാലത്ത് മെത്രാപ്പോലീത്തായുമായി പിണങ്ങി പുലിക്കോട്ടിൽ രണ്ടാ മൻ തിരുമേനിയുടെ വലംകൈയായി മാറി. അദ്ദേഹത്തെ മേല്പട്ടസ്ഥാന മേൽക്കുവാൻ അന്ത്യോഖ്യയ്ക്കു പോകുവാൻ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു. നവീകരണക്കാർക്കെ തിരായ വ്യവഹാരത്തിലും മുളന്തുരുത്തി സുന്നഹദോസിന്റെ നടത്തി പ്പിലും നിർണ്ണായക നേതൃത്വം നൽകി. ക്ഷിപ്രകോപിയായിരുന്ന പത്രോസ് തൃതീയന്റെ പോലും സ്നേഹവാത്സല്യങ്ങൾക്ക് പാത്രമായി. പുലിക്കോ ട്ടിൽ തിരുമേനിയുമായി പിണങ്ങിയ പത്രോസ് തൃതീയനെ നയത്തിൽ സമീപിച്ച് ഇരുവരെയും തമ്മിൽ വെളിയനാട് പള്ളിയിൽ വച്ച് അനുര ഞ്ജനപ്പെടുത്തി. മലങ്കരസഭാ അൽമായ ട്രസ്റ്റിയായി ദീർഘകാലം പ്രവർ ത്തിച്ചു. സി. ജെ. കുര്യൻ സഹോദരപുത്രനും ഇലഞ്ഞിക്കൽ ജോൺ വക്കീൽ സഹോദരീപുത്രനുമാണ്. രണ്ടു പേരെയും പഠിപ്പിക്കുകയും സഭാ രംഗത്തേക്ക് വരുവാൻ പ്രോത്സാഹനം കൊടുക്കുകയും ചെയ്തത് അദ്ദേ ഹമാണ്. 1886-ൽ നിര്യാതനായി.

കുര്യൻ, സി. ജെ.: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്

ദ്വിതീയൻ, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് എന്നീ മലങ്കര മെത്രാപ്പോലീത്തന്മാരുടെ കാലത്ത് അത്മായട്രസ്റ്റി ആയിരുന്നു. ട്രസ്റ്റിമാർ തമ്മിലുണ്ടായ അധികാര വടംവലിയിൽ ഇദ്ദേഹവും വൈദികട്രസ്റ്റി കോനാട്ട് മാത്തൻ മല്പാനും ഒരു പക്ഷത്തും വട്ടശ്ശേരിൽ മെത്രാപ്പോലീത്താ മറുഭാഗത്തുമായി ബലപരീക്ഷണം നടത്തി. ശക്തി വർദ്ധിപ്പിക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസിനെ കൂട്ടുപിടിച്ചു. വാശിയിൽ നിന്ന് വാശിയിലേക്ക് വഴുതി വീണു. അളവില്ലാത്ത ധനം വ്യവഹാരങ്ങൾക്കായി വ്യയം ചെയ്ത് സ്വയം നശിച്ചു. വ്യക്തിത്വമുള്ള അത്മായ നേതാവും രാഷ്ട്രീയ-സാമൂഹിക തലങ്ങളിൽ സ്വാധീനവും ശക്തിയും ഉള്ള അദ്ദേഹത്തെ പ്രയോജനപ്പെടുത്തുവാൻ മലങ്കരസഭയ്ക്ക് കഴിഞ്ഞില്ല. ശ്രീമൂലം അസംബ്ലി മെമ്പർ ആയിരുന്നു. 1924 മാർച്ച് 2-ന് 64-ാം വയസ്സിൽ അന്തരിച്ചു.

കുര്യൻ, പി. എച്ച്.: കേരള കേഡർ ഐ. എ. എസ്. ഉദ്യോഗസ്ഥൻ. കേരളത്തിലെ പല ജില്ലകളിലും കലക്ടർ സ്ഥാനം വഹിച്ചു. നെടുമ്പാശ്ശേരി വിമാനത്താവളം നിർമ്മാണത്തിന്റെ മുഖ്യ ചുമതല വഹിച്ചു. കോട്ടയം സൗത്ത് പാമ്പാടി സെന്റ് തോമസ് ഇടവകയിലെ പുല്ലൂക്കോട്ടയിൽ കുടുംബാംഗം.

കുര്യാക്കോസ് കോറെപ്പിസ്ക്കോപ്പാ, പാറയ്ക്കൽ: മീനടം പാറയ്ക്കൽ മാത്തന്റെ മകൻ. 30-11-1916 -ൽ ജനിച്ചു. പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം. 1929-ൽ കോറൂയോ. 1937-ൽ ശെമ്മാശൻ. 1938-ൽ വിവാഹാനന്തരം കശ്ശീശാപട്ടം. 1987-ൽ പൗരോഹിത്യ സുവർണ്ണ ജൂബിലി വർഷത്തിൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകി. പുതുപ്പള്ളി, മീനടം, തോട്ടയ്ക്കാട്, പള്ളം, കൈതമറ്റം എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. അധ്യാപകനും വാഗ്മിയും കഥാപ്രസംഗകനും. ഭദ്രാസന സിക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗം, മദ്യവർജ്ജന സമിതി സംസ്ഥാന അധ്യക്ഷൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. 5-12-1988 -ൽ അന്തരിച്ചു.

കുർബ്ബാന: കാഴ്ച എന്ന് അർത്ഥം. ക്രൈസ്തവാരാധനയുടെ കേന്ദ്രമായ ഈ കൂദാശയെ *കൂദാശകളുടെ കൂദാശ* എന്ന് പറയും. മാർക്കോ. 14, മത്താ. 26, ലൂക്കോ. 22, 1. കോരി. 11, യോഹ. 6, അ. പ്ര. 2, 20, 1 കോരി. 10 എന്നീ അദ്ധ്യായങ്ങൾ കാണുക. കർത്താവ് അന്ത്യ അത്താഴവേളയിൽ പഴയനിയമ പെസഹാ ആചരിക്കുകയും പുതിയനിയമ പെസഹാ രക്തരഹിതബലിയായി അപ്പവീഞ്ഞുകൾ ഉപയോഗിച്ച് സ്ഥാപിക്കുകയും രണ്ടാംവരവു വരെ അനുഷ്ഠിക്കുവാൻ വി. ശ്ലീഹന്മാരെ ചുമതലപ്പെടുത്തുകയും അതിനെ പുതിയനിയമത്തിലുള്ള തന്റെ ശരീരരക്തങ്ങൾ എന്ന് പെസഹായുടെ ഭാഷയിൽ വിശേഷിപ്പിക്കുകയും ചെയ്തു. കുർബ്ബാന

അനുസ്മരണവും ബലിയും സഭയുടെ സമ്പൂർണ്ണ ആരാധനയുമാകുന്നു. ആദം മുതൽ മനുഷ്യവർഗ്ഗം – ജീവനുള്ളവരും മരിച്ചവരും – മുഴുവനും സൃഷ്ടി മുഴുവനും കുർബ്ബാനയിലെ അനുസ്മരണ വിഷയങ്ങൾ ആണ്. ബലിയർപ്പണം, ക്രിസ്തുവിന്റെ രണ്ടാംവരവുൾപ്പെടെയുള്ള ജീവചരിത്ര സ്മരണ, വിശ്വാസപ്രഖ്യാപനങ്ങൾ, മൂല്യപ്രബോധനങ്ങൾ, മധ്യസ്ഥ പ്രാർത്ഥനകൾ തുടങ്ങിയവ ഉള്ളടക്കമായ ഈ കൂദാശ മറ്റെല്ലാ കൂദാശ കളെയും – അവ സ്വയം പൂർണ്ണങ്ങളാണെങ്കിലും – സമ്പൂർണ്ണവും സമ്പു ഷ്ടവുമാക്കുന്നു. ഉപവാസം ഒരുക്കത്തിന്റെ ഭാഗമായതിനാൽ അർപ്പണ സമയം സാധാരണഗതിയിൽ പ്രഭാതത്തിലാണ്. പ്രത്യേക അനുവാദ ത്തോടെയും ആവശ്യമെങ്കിലും സന്ധ്യയിലും ഉച്ചകഴിഞ്ഞും അർപ്പി ക്കുന്നു. കുർബ്ബാന വിരുന്നാകയാൽ ഉപവാസ (നോമ്പ്) ദിനങ്ങളിൽ അർപ്പിക്കുന്നില്ല. ഒരു ദിവസം, ഒരു ത്രോണോസിൽ ഒരു കുർബ്ബാന മാത്രം. ഒരു വൈദികന് ഒരു ദിവസം ഒരിക്കലേ അർപ്പണത്തിന് കാനോനികമായ അനുവാദമുള്ളൂ. പട്ടക്കാർക്ക് ഇഷ്ടമുള്ള പ്രുമിയോനും അനാഫുറയും ഉപയോഗിക്കാം. ഇന്നത്തെ കുർബ്ബാനയുടെ വിശ്വാസപ്രമാണം വരെയുള്ള ഭാഗം സ്നാനാർത്ഥികളായ വിശ്വാസപഠിതാക്കളെ ഉദ്ദേശിച്ചുള്ള ഭാഗമാണ്. ശേഷം ഭാഗം മാമ്മൂദീസാ ഏറ്റവർക്കുള്ളതും. 13–ാം നൂറ്റാണ്ടു വരെ അനാ ഫുറകൾ രചിക്കപ്പെട്ടിരുന്നു. ക്രൈസ്തവലോകത്തിന്റെ പല ഭാഗങ്ങളിൽ രൂപംകൊണ്ട അനാഫുറകളിൽ വി. യാക്കോബിന്റെ ക്രമമാണ് പൂർവ്വികം; മറ്റ് ക്രമങ്ങൾക്ക് മാതൃകയും. ഇനിയും മലയാളത്തിലേക്ക് പല ക്രമങ്ങളും വിവർത്തനം ചെയ്തിട്ടില്ല. വൈദേശികക്രമങ്ങൾ സ്വീകരിക്കപ്പെട്ടപ്പോഴും മധ്യസ്ഥപ്രാർത്ഥനകൾ ദേശീയ സ്വഭാവം പുലർത്തിയാണ് 20–ാം നൂറ്റാണ്ടു വരെ ഉപയോഗിച്ചിരുന്നത്. മലങ്കരസഭ കുർബ്ബാനയ്ക്ക് പുളിപ്പുള്ള അപ്പം (അമ്മീറ) ഉപയോഗിക്കുന്നു.

കുർസോൻ/കൊർസാൻ: 'കർസോനി' എന്ന ശീർഷകം കാണുക.

കുസ്തന്തീനോപോലീസ്/കോൺസ്റ്റാന്റിനോപ്പിൾ: പഴയ ബൈ സാന്റിയം നഗരം. കുസ്തന്തീനോസ് ചക്രവർത്തി എ. ഡി. 330–ൽ ആധു നീകരിച്ചു. ഇപ്പോൾ ടർക്കിയിലെ ഈസ്റ്റാംബൂൾ. കുസ്തന്തീനോസിന്റെ കാലശേഷം അത് കിഴക്കൻ റോമ്മാ സാമ്രാജ്യ സംസ്ഥാനമായി; 1453 വരെ. പിന്നീട് തുർക്കിയുടെ തലസ്ഥാനം. 381–ൽ അവിടത്തെ ബിഷപ്പിന് പാത്രിയർക്കീസിന്റെ പേരും സ്ഥാനവും ബഹുമതിയും നൽകി.

കുസ്തന്തീനോപോലീസിലെ സഭ: രണ്ടാം നൂറ്റാണ്ടു മുതൽ ഈ ഗ്രീക്കു നഗരത്തിൽ ക്രൈസ്തവസഭ ഉണ്ട്. നേരത്തെ ഇവിടത്തെ മെത്രാൻ ഹെരാക്ലീയ മെത്രാസനത്തിന് കീഴിലായിരുന്നു. പുതിയ റോം എന്ന പേരിൽ തലസ്ഥാനനഗരി ആയതോടെ ഇന്ന് പാത്രിയർക്കാ ആസ്ഥാ

നമായി. അലക്സാന്ത്രിയായുടെ രണ്ടാം സ്ഥാനം ഇതോടെ നഷ്ടമായി. ക്രമേണ റോമും കുസ്തന്തീനോപോലീസും അകന്നു. 6-ാം നൂറ്റാണ്ടു മുതൽ കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസ് എക്യുമെനിക്കൽ പാത്രിയർക്കീസ് എന്ന് അറിയപ്പെട്ടു. ബൈസാന്റിയൻ ഓർത്തഡോക്സ് വിശ്വാസികളുടെ തലവൻ ആണ് ഇദ്ദേഹം.

കുസ്തന്തീനോപോലീസ് സുന്നഹദോസുകൾ: 1. 381-ൽ തേവോദോസ്യോസ് I വിളിച്ചുകൂട്ടി. 150 മേല്പട്ടക്കാർ പങ്കെടുത്തു. അറിയോസിനെ നിരാകരിച്ചു. മക്കദോനിയോസിനെ തിരസ്കരിച്ചു. യേശുവിന്റെ മനുഷ്യത്വം പൂർണ്ണമല്ലെന്നു വാദിച്ച അപ്പോളിനാരിയസിനെ നിരാകരിച്ചു.

2. 553 -ൽ ജസ്റ്റീനിയൻ ചക്രവർത്തി വിളിച്ചുകൂട്ടി. യൂത്തിക്കൂസ് അധ്യക്ഷൻ. മൊപ്സെവപ്തിയിലെ തിയദോർ, സൈറസ്സിലെ തിയോഡററ്റ്, എഡേസ്സായിലെ ഈഹീബോ എന്നിവരെ സഭയ്ക്കെതിരായി പ്രഖ്യാപിച്ചു; റോമിന്റെ സ്വാധീനത്തിൽ.

3. 680-ൽ കുസ്തന്തീനോസ് IV വിളിച്ചുകൂട്ടി. ക്രിസ്തുവിന് ഒരിച്ഛയും ഒരു വ്യാപാരവും എന്ന ആശയത്തെയും അതിന്റെ വക്താക്കളെയും തള്ളി. കൽക്കിദൂന്യ നിശ്ചയങ്ങൾ ഉറപ്പിച്ചു.

ഇതിൽ രണ്ടും മൂന്നും കൗൺസിലുകൾ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നില്ല.

കുസ്തന്തീനോസ് ചക്രവർത്തി: 312-337 വരെ ഭരണം. 306-ൽ ചക്രവർത്തിയായി പ്രഖ്യാപനം. മാക്സന്റിയൂസുമായുള്ള യുദ്ധത്തിൽ (312) കുരിശ് അടയാളമായി സ്വീകരിച്ച് വിജയം പ്രാപിച്ചു. 313-ൽ ക്രിസ്തുമതം സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി; മിലാൻ വിളംബരത്തിലൂടെ. 325-ൽ നിഖ്യാ കൗൺസിൽ വിളിച്ചുകൂട്ടി. 324-ൽ ബൈസാന്റിയം പിടിച്ചെടുത്ത് തലസ്ഥാനനഗരിയാക്കി. ഞായറാഴ്ച ഒഴിവുദിനമായി പ്രഖ്യാപിച്ചു. ആസന്നമരണനായപ്പോൾ മാമ്മൂദീസാ സ്വീകരിച്ചു. ഇദ്ദേഹത്തിന്റെ മാതാവ് ഹെലേനി രാജ്ഞി കർത്താവിന്റെ കുരിശു കണ്ടെത്തുവാൻ വിജയകരമായി നടത്തിയ യത്നങ്ങളെ 'സ്ലീബായെ വന്ദിപ്പാനായ്...' എന്നാരംഭിക്കുന്ന ഗാനത്തിൽ സഭ പ്രകീർത്തിക്കുന്നുണ്ട്.

കുഴച്ച് വയ്ക്കുക: ഗോതമ്പ് മാവ് ഉപ്പും പുളിപ്പും ചേർത്ത് കുഴച്ച് വച്ച് പിറ്റേദിവസം വി. കുർബ്ബാനയ്ക്കുള്ള (ഹമ്മീറാ) അപ്പം തയാറാക്കുന്നു. അപ്പം തയാറാക്കാനായി ഉപയോഗിക്കുന്ന ഗോതമ്പ് മാവ്, വെള്ളം, ഉപ്പ്, പുളിപ്പ്, എണ്ണ എന്നിവ പഞ്ചഭൂതങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

കുഴിക്കാണം: വില കൊടുത്ത് വാങ്ങുന്ന ഭൂമിമേലുള്ള അവകാശ

മാണ് കാണം (കാണം വിറ്റും ഓണം ഉണ്ണണം). ശവം സംസ്കരിക്കുവാനുള്ള ഭൂമിയ്ക്കു വേണ്ടി പള്ളിയിൽ നൽകുന്ന പണമാണ് കുഴിക്കാണം.

കുറവിലങ്ങാട്ട് പള്ളി: എ. ഡി. 335–ൽ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടു എന്ന് വിശ്വസിച്ചു പോരുന്നു. പാലൂർ, മറ്റം മുതലായ അറബിക്കടൽതീരത്തു നിന്ന് ഒന്നാം ചേരസാമ്രാജ്യ കാലത്ത് യുദ്ധഭീതി കൊണ്ടും മറ്റും പലായനം ചെയ്ത പൂർവിക ക്രിസ്ത്യാനികളുടെ കേന്ദ്രമാണിത്. പാലോർ, മറ്റം എന്നീ ദേശത്തുകാർ എന്ന സംജ്ഞാരൂപമായി പാലോമറ്റം എന്ന കുടുംബപ്പേർ ഇവിടെവച്ച് രൂപപ്പെട്ടു. ഇത് സങ്കോചിച്ച് പാലമറ്റവും വികസിച്ച് പകലോമറ്റവും ആയി. കേരളത്തിന്റെ പല ഭാഗത്തും ചിതറിപ്പാർക്കുന്ന പുരാതന ക്രിസ്ത്യാനികളുടെ കുടുംബചരിത്രങ്ങൾ ഈ വസ്തുതകൾ സൂചിപ്പിക്കുന്നു. പാലൂർ – മറ്റം പ്രദേശത്തു നിന്ന് ജലമാർഗ്ഗം തെക്കോട്ടു സഞ്ചരിച്ചാൽ ആദ്യ തുറമുഖം ചെറായി ആണ്. ഈ തുറമുഖം വഴി പാലോർ – മറ്റക്കാർ ആദ്യം ആലങ്ങാട്ടും പിന്നീട് അങ്കമാലി, കുറുപ്പുംപടി വഴി തെക്കോട്ട് വ്യാപിക്കുകയുമാണുണ്ടായത്. കുറു + ആലങ്ങാട് = കുറുവലങ്ങാട് എന്ന ദേശനാമം ആലങ്ങാട്ട് കേന്ദ്രത്തെ അനുസ്മരിച്ചുണ്ടായതാകാം (വടക്കൻ പട്ടണങ്ങളായ കണ്ണൂർ, തലശ്ശേരി, വടകര, കോട്ടയം എന്നീ സ്ഥലങ്ങളിൽ നിന്ന് തെക്കോട്ട് പല കാലങ്ങളിൽ പല കാരണങ്ങളാൽ കുടിയേറിപ്പാർത്തവർ പുതിയ താമസ സ്ഥലങ്ങൾക്ക് തങ്ങൾ വിട്ടുപോന്ന പട്ടണങ്ങളുടെ പേരുകൾ നൽകിയ സംഭവങ്ങൾ അനിഷേധ്യമാണ്. പട്ടാമ്പിക്കടുത്ത് കണ്ണനൂരും തൃശ്ശൂരിനടുത്ത് തലശ്ശേരിയും കൂത്താട്ടുകുളത്തിനടുത്ത് വടകരയും കോട്ടയവും അതേ പേരുകളിൽ ഇന്നും നിലനില്ക്കുന്നു).

പതിനാറാം നൂറ്റാണ്ടിലെ ജാതിയ്ക്കുകർത്തവ്യൻ എന്നു പേരുള്ള അർക്കദിയാക്കോന്മാർ പലരും ഈ ഇടവകക്കാർ ആയിരുന്നു. ഒന്നാം മാർത്തോമ്മായുടെ നാലു ഉപദേശക വൈദികരിൽ ഒരാളായ ഈ ഇടവകപ്പട്ടക്കാരൻ പറമ്പിൽ ചാണ്ടി കത്തനാർ കത്തോലിക്കാ സഭയിലെ പ്രഥമ നാട്ടു മെത്രാനായതോടെ ഈ ഇടവക കത്തോലിക്കാ ഇടവകയായി മാറി. ചാണ്ടി മെത്രാന്റെയും പല ആർച്ച് ഡീക്കന്മാരുടെയും കബറിടം ഇവിടെയുണ്ട്. മൂന്ന് നോമ്പ് പെരുന്നാൾ ഇവിടെ പ്രധാനം.

കുറി കൊടുക്കുക: വിവാഹം, ഇടവകമാറൽ എന്നീ സന്ദർഭങ്ങളിൽ ഇടവക വികാരിമാർ പരസ്പരം നൽകുന്ന സാക്ഷ്യപത്രം ആണ് കുറി. കുർബ്ബാന സംസർഗ്ഗമുള്ള സഭകളിലെ ഇടവകകൾ തമ്മിലേ കുറി നൽകാറുള്ളൂ. മാർത്തോമ്മാ, തൊഴിയൂർ, സി. എസ്. ഐ. തുടങ്ങിയ സഭകളിലേയ്ക്കു കുറി കൊടുക്കുകയില്ല. അവരുടെ കുറികൾ സ്വീകരിക്കാറുമില്ല. അനൗപചാരിക സർട്ടിഫിക്കറ്റുകൾ സാക്ഷ്യപത്രമായി നൽകാറുണ്ട്.

കുറിയാക്കോസ് സഹദാ: ഗ്രീക്കു പദം. കർത്താവിന്റെ വക എന്നർത്ഥം. എ. ഡി. 304-ൽ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ മതപീഡനകാലത്ത് യൂലിത്തിയും മൂന്ന് വയസ്സുള്ള കുറിയാക്കോസും രക്തസാക്ഷികളായി. ചാവക്കാട് പള്ളി (ഇപ്പോൾ പാലയൂർ എന്ന് പ്രചരിപ്പിക്കപ്പെടുന്നു) ഈ നാമത്തിലാണ്. കുന്നംകുളത്തും ആ പൈതൃകമുള്ള പല സ്ഥലങ്ങളിലും അദ്ദേഹത്തിന്റെ നാമത്തിൽ കുരിശുപള്ളികളും ദേവാലയങ്ങളുമുണ്ട്.

കുറിയാക്കോസ് റമ്പാൻ, എം. സി. (1901-1958): പാത്താമുട്ടം മാളികയിൽ കുടുംബത്തിൽ 1901 ആഗസ്റ്റ് 31-ന് ജനനം. 1929-ൽ അധ്യാപകജോലി രാജിവച്ച് ശെമ്മാശുപട്ടം സ്വീകരിച്ചു. 1930-ൽ പാമ്പാടി മാർ ഗ്രീഗോറിയോസിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിച്ചു. കോട്ടയം പഴയസെമിനാരിയിൽ മാനേജർ ആയിരുന്നു. പാത്താമുട്ടം സ്ലീബാ പള്ളി, ദയറാ, പാത്താമുട്ടം ചാപ്പൽ എന്നിവ സ്ഥാപിച്ചു. 1936-ൽ റമ്പാൻ. സമുദായ സെക്രട്ടറി ആയിരുന്ന സമയത്ത് കാതോലിക്കാ ദിനപ്പിരിവ് ആരംഭിച്ചു. കോട്ടയം മെത്രാസന സെക്രട്ടറി, മലങ്കരസഭ മാസികയുടെ പത്രാധിപർ എന്നീ സ്ഥാനങ്ങൾ വഹിച്ച അദ്ദേഹം നിരവധി ലേഖനങ്ങളും ശ്രദ്ധേയങ്ങളായ ചില കൃതികളും രചിച്ചിട്ടുണ്ട്. 1958 ജൂലായ് 17-ന് അന്തരിച്ച് പാത്താമുട്ടത്ത് കബറടക്കി.

കുറിയ ചാക്കോ: പഴയ സഭാകലണ്ടറിൽ കുറിയ ചാക്കോ എന്ന പേർ കാണുന്നു. ഇത് കുറിയാക്കോസ് ആയിരിക്കണം. ചെറിയ യാക്കോബ് എന്നും പറയാറുണ്ട്. കുര്യൻ, കുര്യാക്കു, കുരിയപ്പൻ, കുരിയക്കുട്ടി തുടങ്ങിയ പേരുകൾക്കാധാരം ഈ കുറിയാക്കോ ആയിരിക്കണം.

കുറിച്ചി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി: കോട്ടയം ഭദ്രാസനം. 1832 മിഥുനം 29-ന് ചേപ്പാട് മാർ ദീവന്നാസ്യോസ് ഇതിന്റെ കൂദാശ നിർവഹിച്ചു. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ, പൗലൂസ് മാർ പക്കോമിയോസ് എന്നിവർ ഈ ഇടവകക്കാരാണ്. പ്രധാന പെരുന്നാൾ ജൂൺ 29.

കുറിയേലായിസോൻ: കുറിയേ (കർത്താവേ) ഏലായിവോൻ (കരുണ ചെയ്യേണമേ) രണ്ട് ഗ്രീക്കു പദങ്ങൾ. സുറിയാനി-ലത്തീൻ പാരമ്പര്യങ്ങളിൽ ഈ ഗ്രീക്കുപദം ഉപയോഗിക്കുന്നു. ബർത്തിമായിയുടെ പ്രാർത്ഥനയാണിത് (മാർക്കോ. 10:47). ലുത്തിനിയാകൾ, മദ്ധ്യസ്ഥ പ്രാർത്ഥനകൾ, പട്ടംകൊട, മാമ്മൂദീസാ തുടങ്ങിയ കൂദാശക്രമങ്ങളിലെ രഹസ്യപ്രാർത്ഥനകൾ എന്നീ വേളകളിൽ ജനങ്ങൾ ഈ പ്രാർത്ഥന ചൊല്ലുന്നു. പെന്തിക്കോസ്തിയിലെ മുട്ടുകുത്തലിന്റെ ശുശ്രൂഷകളുടെയും ഒടുവിലെ രഹസ്യ പ്രാർത്ഥനയുടെ സമയത്തും ആരാധനാമദ്ധ്യേ ഉപയോഗിക്കുന്ന

പല സങ്കീർത്തനങ്ങളുടെയും ആരംഭത്തിലും സ്തൗമൻകാലോസ് ആഹ്വാനത്തിന്റെ മറുപടിയായും ഇത് ചൊല്ലുന്നു. ക്രൈസ്തവ സന്യാസികൾ ഈ പ്രാർത്ഥന നിരന്തരമായി ഉരുവിടാറുണ്ട്.

കുറുപ്പമ്പടി മർത്തമറിയം പള്ളി: 1400-നോടടുത്ത് സ്ഥാപിതമായി എന്ന് കരുതുന്നു. എടശ്ശേരി, പുതുശ്ശേരി, കുറുപ്പൻ, പടയാട്ടി എന്നീ നാലു വീട്ടുകാർ ആയിരുന്നു പ്രാരംഭ പ്രവർത്തകർ. ആലങ്ങാട് പള്ളിയിൽ 1653-ൽ നടന്ന ഒന്നാം മാർത്തോമ്മായുടെ മെത്രാൻ വാഴ്ച, 1657-ലെ ഇടപ്പള്ളി സമ്മേളനം എന്നിവയിൽ നിർണ്ണായക പങ്ക് വഹിച്ചു. ഒന്നാം മാർത്തോമ്മായുടെ നാല് ഉപദേഷ്ടാക്കളിൽ ഒരാൾ മേക്കാട്ടച്ചൻ - വേങ്ങൂർ ഗീവറുഗ്ഗീസ് കത്തനാർ - ഈ ഇടവകക്കാരൻ ആയിരുന്നു. കോനാട്ട് മല്പാന്മാരുടെ ശിഷ്യന്മാർ ഭരിച്ചിരുന്ന പള്ളി കക്ഷിവഴക്കുണ്ടായപ്പോൾ പാത്രിയർക്കാഭാഗത്ത് ഉറച്ചുനിന്നു. പത്രോസ് III ബാവ ഇവിടെ ഹാശ ആഴ്ച നടത്തിയിട്ടുണ്ട്. യൂയാക്കീം കൂറിലോസ് ഈ പള്ളിയെ സ്വർണ്ണ നിക്ഷേപം എന്ന് വിശേഷിപ്പിച്ചു. പാത്രിയർക്കീസ് ഭാഗത്തെ അസോസ്യേഷനുകൾ പലതും ഇവിടെ ചേർന്നിട്ടുണ്ട്. ആയിരത്തിഅഞ്ഞൂറോളം വീട്ടുകാർ ഉണ്ട്. വേങ്ങൂർ, ക്രാരിയേലി, നെടുങ്ങപ്ര, കീഴില്ലം തുടങ്ങി പത്തു പള്ളികൾ ഇതിന്റെ ശാഖകൾ ആണ്. ഒരു കാതോലിക്കേറ്റ് സെന്റർ പ്രവർത്തിക്കുന്നു. ചീരോത്തോട്ടത്തിൽ പൗലൂസ് കോറെപ്പിസ്ക്കോപ്പാ, പൗരസ്ത്യ സുവിശേഷസമാജം സ്ഥാപകൻ ആത്തുങ്കൽ ഗീവറുഗ്ഗീസ് കോറെപ്പിസ്ക്കോപ്പാ, ഡോ. ഡി. ബാബു പോൾ എന്നിവർ ഈ ഇടവകക്കാരാണ്. പള്ളിവക ഒരു ഹൈസ്ക്കൂൾ പ്രവർത്തിക്കുന്നു.

കുറുപ്പമ്പടി പള്ളിച്ചരിത്രം: പള്ളിയിലെ പഴയ രേഖകൾ പരിശോധിച്ച് ആ പള്ളിയിലെ മഹർഷിതുല്യനായ ആത്തുങ്കൽ ഗീവറുഗ്ഗീസ് കോറെപ്പിസ്ക്കോപ്പാ രചിച്ച ചരിത്രം. ഇതിൽ ഇടവകയുടെ പ്രബല കുടുംബങ്ങളുടെ ചരിത്രവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കുറുപ്പമ്പടി സമ്മേളനം: 1931 ജൂലായ് 5-ന് ഏലിയാസ് III ബാവ കുറുപ്പമ്പടിപ്പള്ളിയിൽ വിളിച്ചുകൂട്ടിയ സമ്മേളനം. യോഗത്തിൽ പാത്രിയർക്കീസ് പ്രസംഗിച്ച് സ്ഥലംവിട്ടു. തുടർന്ന് എം. എ. ചാക്കോ, കെ. സി. മാമ്മൻ മാപ്പിള, പൂതക്കുഴിയിൽ അബ്രഹാം കത്തനാർ എന്നിവർ പ്രസംഗിച്ചു. തീരുമാനങ്ങളൊന്നും ഉണ്ടായില്ല.

കൂടാരപ്പെരുന്നാൾ: യഹൂദരുടെ മൂന്ന് പ്രധാന പെരുന്നാളുകളിൽ ഒന്ന്. മരുഭൂപ്രയാണത്തിലെ കൂടാരവാസം ഓർക്കുവാൻ ഒരാഴ്ചക്കാലം വെളിയിൽ കൂടാരം കെട്ടി താമസിക്കുന്നു (ലേവ്യ 23:40-43). ഈ പെരുന്നാളിലാണ് താബോർ മലയിൽ വച്ച് ക്രിസ്തുവിന്റെ മറുരൂപം (മഹത്വീകരണം) ഉണ്ടായത്. തന്മൂലം ആഗസ്റ്റ് 6-ന് ആചരിക്കുന്ന കൂടാരപ്പെരു

ന്നാളിന് മറുരൂപപ്പെരുന്നാൾ എന്നും പറയും. മാറാനായപ്പെരുന്നാൾ ആണ്. രാഗം 6. അതേദിവസം ബഥനി (റാന്നി-പെരുനാട്) കബറടങ്ങിയ അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ദിനമാണ്.

കൂട്ടുട്രസ്റ്റിമാർ: വട്ടിപ്പണപലിശ മലങ്കരമെത്രാപ്പോലീത്തായോടൊപ്പം ഒപ്പിട്ടു വാങ്ങുവാൻ ഒരു അൽമായ ട്രസ്റ്റിയും ഒരു വൈദികട്രസ്റ്റിയും ഉണ്ടാകണമെന്ന് 1840-ലെ കൊച്ചി പഞ്ചായത്ത് തീരുമാനിച്ചതിന്റെ വെളിച്ചത്തിലാണ് കൂട്ടു ട്രസ്റ്റിമാർ എന്ന സ്ഥാനം ഉണ്ടായത്.

മെത്രാന്മാരുടെ ഏകനായകഭരണം അവസാനിപ്പിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ ആയ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1873-ൽ പരുമലയിലും 1876-ൽ മുളന്തുരുത്തിയിലും ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗത്തിൽ വച്ച് മലങ്കര മെത്രാപ്പോലീത്താ ട്രസ്റ്റി, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നിങ്ങനെ സഭയിലെ 3 വിഭാഗങ്ങളുടെയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ചേർന്ന് സഭാഭരണം നിർവഹിക്കുക എന്ന ആശയം ഉയർത്തി. അപ്രകാരം 3 പേർ ട്രസ്റ്റികൾ ആയി. ബസ്ഗാസാ മുറിയുടെ മൂന്ന് താക്കോലുകൾ പ്രതീകാത്മകമായി മൂന്ന് ട്രസ്റ്റിമാർ കൈവശം വക്കുകയും ചെയ്തു. ഇവയുടെ അധികാര പരിധി പിന്നീട് 1934-ലെ ഭരണഘടന നിർവചിച്ചു.

കൂദാശകൾ: ദൈവകൃപ വ്യാപരിക്കുന്ന ദൃശ്യ ശുദ്ധീകരണ കർമ്മങ്ങളാണ് കൂദാശകൾ. രഹസ്യം എന്നർത്ഥമുള്ള മിസ്റ്റീറിയോൺ, റോസോ എന്നീ പദങ്ങളും പ്രതിജ്ഞ എന്നർത്ഥമുള്ള സാക്രമെന്റ് എന്ന പദവും ഉപയോഗത്തിലുണ്ട്. മനുഷ്യവർഗ്ഗത്തിനായി ക്രിസ്തു സമ്പാദിച്ച രക്ഷ സഭയിൽ നിക്ഷേപിച്ചിരിക്കുന്നു. ഈ കൃപകൾ വിതരണം ചെയ്യുന്ന കൃപാമാർഗ്ഗങ്ങളാണ് കൂദാശകൾ. പ്രധാന കൂദാശകൾ ഏഴ് ആണ്: 1. മാമ്മൂദീസാ, 2. സ്ഥിരീകരണം (മൂറോൻ), 3. കുർബ്ബാന, 4. കുമ്പസാരം, 5. തൈലാഭിഷേകം (രോഗികളുടെ), 6. വിവാഹം, 7. പട്ടത്വം. തോമസ് അക്വിനാസും കത്തോലിക്കരുടെ ട്രെന്റ് കൗൺസിലും ഏഴിനെ അനുകൂലിക്കുന്നു. *മതോപദേശസാര*ത്തിൽ വട്ടശ്ശേരിൽ മല്പാനും ഇതിനെ സ്വീകരിക്കുന്നു. 500 നോടടുത്ത് ജീവിച്ച ദീവന്നാസ്യോസ് അരയോപഗൈറ്റ് 6 കൂദാശകൾ സ്വീകരിക്കുന്നു (കുർബ്ബാന, മാമ്മൂദീസാ, മൂറോൻ, പട്ടംകൊട, സന്യാസം, ശവസംസ്കാരം). ബൈസന്റയിൻ സഭകൾ പൊതുവിൽ ഈ ലിസ്റ്റ് പിന്തുടരുന്നു. ബാർ എബ്രായ മ്നാറെസ്കുദിശായിൽ പട്ടത്വം, മൂറോൻ, മാമ്മൂദീസാ, കുർബ്ബാന, ശവസംസ്കാരം എന്നീ അഞ്ചു കൂദാശകൾ സ്വീകരിക്കുന്നു. എന്നാൽ 'സൽഗാ'യിൽ പള്ളിക്കൂദാശയും അദ്ദേഹം ഉൾപ്പെടുത്തുന്നു.

പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ കൂദാശകൾ എന്ന പദം ഉപയോഗിക്കാറില്ല. പകരം വി. രഹസ്യങ്ങൾ എന്നാണ് ഉപയോഗിക്കുന്നത്. കൂദാശകൾക്ക് നിർവചനവും കൊടുക്കാറില്ല. കൂദാശകൾ ഏഴാണെന്ന സങ്കല്പവും പൗരസ്ത്യ സഭകൾക്കില്ല. കത്തോലിക്കാ - ആംഗ്ലിക്കൻ ബന്ധത്തിൽ നിന്നുമാണ് കൂദാശകൾ എന്ന പ്രയോഗവും ഏഴു കൂദാശകൾ എന്ന സങ്കല്പവും മലങ്കരസഭയ്ക്കു ലഭിച്ചത്. ഈ സ്വാധീനം *മതോപദേശസാര*ത്തിലും മാത്യൂസ് പ്രഥമൻ ബാവാ മെത്രാപ്പോലീത്തായായിരിക്കുമ്പോൾ രചിച്ച *വി. കൂദാശകൾ* എന്ന ഗ്രന്ഥത്തിലുമുണ്ടെന്ന് ആധുനിക പൗരസ്ത്യ വേദശാസ്ത്രജ്ഞന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

കൂദാശകളുടെ സാധുത്വത്തിന് സാധുവായ കൈവെപ്പുള്ള കാർമ്മികൻ, ശരിയായ ഉദ്ദേശ്യം, ശരിയായ പദാർത്ഥങ്ങൾ, ശരിയായ കാർമ്മിക വാക്യം എന്നീ 4 ഘടകങ്ങൾ അനിവാര്യം. കൂദാശകളിലൂടെ ലഭിക്കുന്ന അദൃശ്യകൃപ വിശ്വാസം മൂലം സ്വീകരിക്കുന്നു. സുറിയാനിസഭയിൽ കശ്ശീശായ്ക്ക് നൽകുന്ന ഒരു നൽവരം (ദക്കിയോനോ) ശുദ്ധീകരിക്കുവാനുള്ള നൽവരമാണ്. ഇതിന്റെ പ്രതീകാത്മക സ്ഥാനചിഹ്നമായി സ്ലീബാ നൽകുവാൻ മൂലകൃതികളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂദാശകളെല്ലാം ക്രിസ്തു സ്ഥാപിച്ചവയും അപ്പോസ്തോലിക സഭയിൽ അനുഷ്ഠിച്ചിരുന്നവയുമാണ്. അടിസ്ഥാനകൂദാശകൾ എന്ന നിലയിൽ മാമ്മൂദീസായും മൂറോനും പട്ടത്വവും ആവർത്തിക്കപ്പെടുവാൻ പാടില്ല. എല്ലാ കൂദാശകളിലേയും മുദ്രണം ത്രിത്വനാമത്തിലാണ്. പട്ടംകൊടയിലെ കാർമ്മികൻ പ. റൂഹാ തന്നെയെന്ന് സുറിയാനിസഭ പ്രഖ്യാപിക്കുന്നു. എല്ലാ കൂദാശകളിലും കൂദാശയുടെ കാർമ്മികവാക്യം പൊതുവെ കർമ്മണി പ്രയോഗത്തിലാണ്. കർമ്മത്തിന്റെ കർത്താവ് പരിശുദ്ധാത്മാവാണ് എന്ന് ഈ പ്രയോഗം ധ്വനിപ്പിക്കുന്നു.

കൂദാശകൾ, വി.: സഭയിലെ വി. കൂദാശകളെ സംബന്ധിച്ച് മാത്യൂസ് പ്രഥമൻ കാതോലിക്കാ മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ എഴുതിയ വിശദമായ ഗ്രന്ഥം. കോട്ടയം പഴയസെമിനാരിയിൽ അധ്യാപകനായിരിക്കേ വൈദിക വിദ്യാർത്ഥികൾക്കു വേണ്ടി തയാറാക്കിയ ലക്ചർ നോട്ടുകളുടെ വിപുലനമാണീ ഗ്രന്ഥം.

കൂദൊശ് ഈത്തോ (സഭയുടെ ശുദ്ധീകരണം): സഭാ കലണ്ടറിലെ ആദ്യ ഞായർ. ഒക്ടോ. മുപ്പതോ തൊട്ടടുത്ത ഞായറോ ആണിത്. ആഗമനകാലത്തിന്റെ ആദ്യ ആഴ്ചയാണിത്.

കൂനൻകുരിശു സത്യം (1653): 1599-ലെ ഉദയംപേരൂർ സുന്നഹദോസ് പാലൂർ - ചാട്ടുകുളങ്ങര, തിരുവിതാംകോട് എന്നീ രണ്ടു പള്ളികളൊഴിച്ച് എല്ലാ ഇടവകകളെയും റോമിന് കീഴിലാക്കി. 54 വർഷം ഇതു തുടർന്നു. 1653-ൽ മലങ്കരസഭ അതിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ആ

വിമോചന പ്രതിജ്ഞ കൂനൻകുരിശു സത്യം എന്ന പേരിൽ അറിയപ്പെട്ടു. റോമൻ ആധിപത്യം ഉപേക്ഷിക്കാൻ തയാറായ സഭയുടെ അപേക്ഷപ്രകാരം അലക്സാന്ത്രിയാ പാപ്പാ (കോപ്റ്റിക് പാത്രിയർക്കീസ്) ഇന്ത്യ - ചൈന പ്രദേശങ്ങളുടെ പാത്രിയർക്കീസായി മാർ ഇഗ്നാത്തിയോസ് അഹത്തള്ളായെ അയച്ചു. അദ്ദേഹം ബന്ധനസ്ഥനായി. മലങ്കരസഭ മോചിപ്പിക്കുവാൻ കഠിനശ്രമം വിഫലമായി നടത്തി. പോർത്തുഗീസ് അധികാരികൾ അദ്ദേഹത്തെ കൊച്ചിക്കായലിൽ കെട്ടിത്താഴ്ത്തിക്കൊന്നു. അഭിമാന വിജൃംഭിതരായ മലങ്കര നസ്രാണികൾ മട്ടാഞ്ചേരി പള്ളിയിലെ കൂനൻകുരിശിൽ ആലാത്തു കയർ കെട്ടി അതിൽ പിടിച്ച് റോമ്മൻ ആധിപത്യത്തിനെതിരെ ഉഗ്രമായ ശപഥം പ്രഖ്യാപിച്ചു. "സന്തതിയുള്ള കാലം വരെ മാർതോമ്മാ ക്രിസ്ത്യാനികൾ റോമ്മാ വിശ്വാസം സ്വീകരിക്കുകയോ മാർപ്പാപ്പായുടെ അധികാരത്തിന് വിധേയരാകുകയോ ചെയ്യുകയില്ല." ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ പ്രതിജ്ഞാവാക്യം ചൊല്ലിക്കൊടുത്തു. ഇപ്രകാരം ഒരു പടിയോല എഴുതിയതായും സൂചനയുണ്ട്. രണ്ട് ലക്ഷം ക്രിസ്ത്യാനികളിൽ 400 പേരൊഴിച്ച് എല്ലാവരും ഈ നിലപാട് സ്വീകരിച്ചു. 1653 ജനു. 3-ന് ആണ് ഈ സംഭവം നടന്നത്. മട്ടാഞ്ചേരിയിൽ കൂടിയ സുറിയാനിക്കാർ തോമ്മാ അർക്കദിയാക്കോനെ നേതാവായി തെരഞ്ഞെടുത്തു. തുടർന്ന് അദ്ദേഹത്തെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ ഭരണകർത്താവും മെത്രാനുമായി ആലങ്ങാട്ടു പള്ളിയിൽ 12 പേർ (പേറെദ്‌യൂത്തേന്മാർ) കാർമ്മികത്വം വഹിച്ച് സഭ അദ്ദേഹത്തെ വാഴിച്ച് നിയമിച്ചു. മെത്രാന്റെ സാന്നിധ്യമില്ലാതെ നടന്ന ഈ മെത്രാൻ വാഴ്ചയ്ക്കെതിരെ റോമ്മാക്കാർ വിപുലമായ പ്രചാരവേല നടത്തി. കൂനൻകുരിശ് സത്യത്തിൽ പങ്കുചേർന്ന പലരും ഈ പ്രചാരണവലയിൽ കുടുങ്ങി റോമൻ ആധിപത്യത്തിന്റെ വലയിലേക്ക് മടങ്ങി. ഒന്നാം മാർത്തോമ്മായുടെ ഉപദേഷ്ടാക്കളായി നിയമിക്കപ്പെട്ടവരിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ മരണംവരെ കൂനൻകുരിശ് സത്യത്തിനുവേണ്ടി ത്യാഗപൂർവം നിലകൊണ്ടു. മറ്റു മൂന്നു പേരും റോമ്മൻ ക്യാമ്പിന്റെ ശക്തമായ പ്രലോഭനങ്ങൾക്ക് അധീനരായി. ഈ ചുവടുമാറ്റം ഒന്നാം മാർത്തോമ്മായുടെ സഭാഭരണത്തെ കയ്പുനീരിന്റെയും കണ്ണീരിന്റെയും താഴ്‌വരയാക്കി മാറ്റി. അദ്ദേഹം റോമ്മാക്കാരുടെ വേട്ടയാടലിന് ശാരീരികമായിപ്പോലും പലപ്പോഴും വിധേയനാകേണ്ടി വന്നു. അപകടങ്ങൾ തലമുടിയിഴ അകലത്തിൽ അദ്ദേഹത്തെ അനുഗമിച്ചു.

കൂറിലോസ്, യെരുശലേമിലെ (313 – 386): പാലസ്തീൻ സ്വദേശി. 325-ൽ ശെമ്മാശൻ, 345-ൽ വൈദികൻ. യരുശലേമിലെ മെത്രാനായി. സഭയുടെ കൂദാശകളെപ്പറ്റി സ്നാനാർത്ഥികൾക്കു പ്രബോധനം നൽകുന്ന ചുമതല വഹിച്ചു. 381-ലെ കുസ്തന്തീനോപ്പോലീസിലെ സിന്നഡിൽ

പങ്കെടുത്തു അറിയോസിനും മക്കദോനിനും എതിരെ നിലകൊണ്ടു. മതാധ്യയന സംബന്ധമായ രണ്ടു ഡസനിലേറെ പ്രബന്ധങ്ങൾ ഇദ്ദേഹത്തിന്റേതായി ലഭിച്ചിട്ടുണ്ട്. 'കൂദാശകളെക്കുറിച്ചുള്ള അഞ്ച് പ്രഭാഷണങ്ങൾ' ശ്രദ്ധേയം.

കൂറിലോസ്, അലക്സന്ത്രിയായിലെ: 412-ൽ അലക്സാന്ത്രിയയിൽ മെത്രാനായി. നെസ്തോറിയൻ സിദ്ധാന്തത്തിനെതിരെ പോരാടി. അദ്ദേഹത്തിന്റെ പിതൃവ്യൻ തെയോഫിലോസ് അലക്സാന്ത്രിയായിൽ മെത്രാനായിരുന്നു. അന്ത്യോഖ്യൻ വേദശാസ്ത്രത്തിനെതിരെ നിലകൊണ്ടു. 431-ൽ ആ യത്നം വിജയിച്ചു. ക്രിസ്തുവിന്റെ മാതാവ് എന്ന പദം നെസ്തോർ അവതരിപ്പിച്ചു. തെയോടോക്കോസ് – ദൈവമാതാവ് – എന്ന പദം കൂറിലോസും. ഈ നിലപാട് ആകമാന സഭയുടെ നിലപാടായി 431-ലെ എഫേസൂസ് കൗൺസിൽ അംഗീകരിച്ചു. മനുഷ്യാവതാരം ചെയ്ത ദൈവവചനത്തിന് ദൈവ – മനുഷ്യ സ്വഭാവങ്ങളുടെ യോജിപ്പിലെത്തിയ ഏകവ്യക്തിത്വത്തിന്റെ ഏകസ്വഭാവമായിരുന്നതിനാൽ അവനിൽ ദൈവം വേറിട്ടു നിന്ന ഒരു നിമിഷം പോലും ഇല്ലായിരുന്നു എന്നായിരുന്നു കൂറിലോസിന്റെ സിദ്ധാന്തം.

കൂറിലോസ് കാട്ടുമങ്ങാട്ട് I: '*കാട്ടുമങ്ങാട്ട് കൂറിലോസ് I*' കാണുക (മലബാർ സ്വതന്ത്ര സുറിയാനി സഭ).

കൂറിലോസ് കാട്ടുമങ്ങാട്ട് II: '*കാട്ടുമങ്ങാട്ട് കൂറിലോസ് II*' കാണുക (മലബാർ സ്വതന്ത്ര സുറിയാനി സഭ).

കൂറിലോസ് മെത്രാന്മാർ, തൊഴിയൂരിലെ: '*തൊഴിയൂർ മെത്രാന്മാർ*' കാണുക (മലബാർ സ്വതന്ത്ര സുറിയാനി സഭ).

കൂറിലോസ്, ഗീവറുഗ്ഗീസ് (കുത്തൂർ): '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

കൂറിലോസ്, കുറിയാക്കോസ് (കുത്തൂർ): '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

കൂറിലോസ്, ഗീവറുഗ്ഗീസ് (കരുമാംകുഴി പുലിക്കോട്ടിൽ): '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

കൂറിലോസ്, ഗീവറുഗ്ഗീസ് (ചീരൻ): '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

കൂറിലോസ്, മാത്യൂസ് (കുത്തൂർ): '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

കൂറിലോസ്, ജോസഫ് പ്രഥമൻ (പനയ്ക്കൽ ആലത്തൂർ): '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

കൂറിലോസ്, ജോസഫ് ദ്വിതീയൻ (ആലത്തൂർ പനയ്ക്കൽ): '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

കൂറിലോസ്, യൂയാക്കീം: പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണ വ്യഗ്രതയെക്കുറിച്ച് മലങ്കരസഭ നൽകിയ പരാതികളെക്കുറിച്ചന്വേഷിക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് 1846-ൽ അയച്ച ഉത്സാഹിയും ആജാനുബാഹുവുമായ മേല്പട്ടക്കാരൻ. തുർക്കിയിൽ തുറബ്ദീൻ സ്വദേശി. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനം രാജി വച്ചപ്പോൾ ആ പദവിയിൽ തന്നെ നിയമിച്ച കല്പന പാത്രിയർക്കീസിന്റേതായി പ്രസിദ്ധപ്പെടുത്തി. 1848-ലെ കൊല്ലം പഞ്ചായത്ത് ഈ അവകാശവാദം നിരാകരിച്ചു. കുറേക്കാലത്തേയ്ക്ക് തിരുവിതാംകൂർ - കൊച്ചി സംസ്ഥാനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടു. മലബാറിൽ പോർക്കളത്തും ചാലശ്ശേരിയിലും ഓരോ പള്ളി പണിത് അവിടങ്ങളിൽ താമസിച്ചു. സഭാകാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ അജാഗ്രത മൂലം തൊഴിയൂർ വ്യവഹാരം ഉണ്ടാവുകയും ആ കേസിലെ അവരുടെ വിജയം മൂലം അതൊരു സ്വതന്ത്ര സഭയായി മലങ്കരസഭയ്ക്ക് നഷ്ടപ്പെടുകയും ചെയ്തു. മലങ്കരസഭയുടെ തെരഞ്ഞെടുപ്പോടു കൂടി മെത്രാൻ സ്ഥാനത്തേയ്ക്ക് മർദ്ദീനിലേക്കയക്കപ്പെട്ട പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ വാഴ്ച തടയുവാൻ പല കത്തുകളും നേരിട്ടും മറ്റുള്ളവർ മുഖേനയും പാത്രിയർക്കീസിനയച്ചു. ഒടുവിൽ പട്ടമേറ്റ് വന്നപ്പോൾ അദ്ദേഹത്തിനെതിരായ നിലപാടുകൾ സ്വീകരിക്കുകയും ആഭ്യന്തരപ്രശ്നങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മലങ്കരയിൽ നിന്ന് ലഭിക്കുന്ന സമ്പത്ത് സഹോദരൻ മക്കുദിശാ ഗബ്രിയേൽ മുഖാന്തിരം തുറബ്ദീനിലേക്ക് അയച്ചുകൊണ്ടിരുന്നു. നവീകരണക്കാർക്കെതിരെ ചെറുവിരൽ പോലും അനക്കിയില്ല. ഇദ്ദേഹമാണ് പാശ്ചാത്യ സുറിയാനിയും അന്ത്യോഖ്യൻ ക്രമങ്ങളും ഇവിടെ ഫലപ്രദമായി പ്രചരിപ്പിച്ചത്. 1879 ചിങ്ങം 20-ന് അദ്ദേഹം നിര്യാതനായി. മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ കബറടക്കപ്പെട്ടു. ഇദ്ദേഹം സ്ഥാപിച്ച ചാലശ്ശേരി - പോർക്കളം പള്ളികൾ തൊഴിയൂർ പള്ളിക്കേസിലെ പരാജയത്തെത്തുടർന്ന് തൊഴിയൂർ ഇടവകയുടെ കൂറിലോസിന് ലഭിച്ചു. ഈ രണ്ടെണ്ണമാണ് തൊഴിയൂർ സ്വതന്ത്ര സഭയുടെ ആദ്യത്തെ ഇടവകപ്പള്ളികൾ. ഇദ്ദേഹത്തോടൊപ്പം വന്ന സഹോദരൻ മക്കുദിശാ ഗബ്രിയേൽ തിരുവല്ല ചാലക്കുഴി തറവാട്ടിൽ നിന്ന് വിവാഹം ചെയ്ത് അവിടെ താമസമാക്കി. നവീകരണത്തെ ചെറുക്കുവാൻ ഇദ്ദേഹത്തിന്റെ സഹായി ആയി വന്ന സ്തേഫാനോസ് അത്താനാസ്യോസും ശെമവൂൻ റമ്പാനും പരാജിതരായി സ്വദേശത്തേയ്ക്കു മടങ്ങി.

കൂറിലോസ്, അമ്പാട്ട് ഗീവറുഗ്ഗീസ് മാർ: അമ്പാട്ട് വടക്കൻ എന്ന കുടുംബക്കാർ പാലൂർ ചാട്ടുകുളങ്ങര ഇടവകയിൽ നിന്ന് 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ടിപ്പു സുൽത്താന്റെ മതപീഡനത്തെത്തുടർന്ന് അങ്കമാലി പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തവരാണ്. പത്രോസ് തൃതീയൻ പാത്രിയർക്കീസ് 1876 ഡിസംബർ 10-ന് വടക്കൻപറവൂർ പള്ളിയിൽ വച്ച് ഇദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി അഭിഷേകം ചെയ്തു. അങ്കമാലി മെത്രാസനത്തിന്റെ ചുമതലയേല്പിക്കുകയും ചെയ്തു. 1891 മാർച്ച് 9-ന് അന്തരിച്ചു. അങ്കമാലി സെന്റ് മേരീസ് പള്ളിയിൽ കബറടക്കപ്പെട്ടു.

കൂറിലോസ്, മാത്യൂസ് മാർ: '*ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ*' എന്ന ശീർഷകം കാണുക.

കൂറിലോസ്, ഗീവറുഗ്ഗീസ് മാർ: 1949-ൽ കോട്ടയത്തിനടുത്ത് കൊല്ലാട്ട് ജനിച്ചു. കാലിക്കറ്റ്, ശ്രീ വെങ്കിടേശ്വരാ യൂണിവേഴ്സിറ്റികളിൽ നിന്ന് ബി. എ., എം. എ. ബിരുദങ്ങളും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ നിന്ന് പാസ്റ്ററൽ തിയോളജിയിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമയും നേടി. 1975-ൽ വൈദികനായി. തിരുവനന്തപുരം സ്റ്റുഡന്റ് സെന്റർ വാർഡൻ, വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ക്രിസ്ത്യൻ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പല അന്താരാഷ്ട്ര സമ്മേളനങ്ങളിലും പങ്കെടുത്തു. 1989-ൽ മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1991 ഏപ്രിൽ 30-ന് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ പരുമലയിൽ വച്ച് അഭിഷേകം ചെയ്തു. ബോംബെയുടെ സഹായ മെത്രാനായും ഡോ. പീലിപ്പോസ് മാർ തെയോഫിലോസിന്റെ കാലശേഷം മെത്രാപ്പോലീത്താ ആയും നിയമിക്കപ്പെട്ടു. വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡണ്ടുമാരിൽ ഒരാളായി സേവനം അനുഷ്ഠിക്കുന്നു.

കൃപ: പ്രപഞ്ചസൃഷ്ടിയിലും അതിന്റെ വിമോചനപ്രക്രിയയിലും പ്രകടമാകുന്ന ദൈവസ്നേഹം. കൃപാമാർഗ്ഗങ്ങൾ ആയ കൂദാശകൾ അനുഷ്ഠിക്കുവാൻ വിശ്വാസിയെ വിളിച്ചടുപ്പിക്കുന്നത് ദൈവകൃപയാണെന്നു പട്ടംകൊട ശുശ്രൂഷയിൽ അർക്കദിയാക്കോൻ പ്രഖ്യാപിക്കുന്നുണ്ട്. കൃപയാൽ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടു എന്നത് ബൈബിൾ പ്രഖ്യാപിക്കുന്ന ഒരു ആത്യന്തിക സത്യമാണ്. ദൈവമാതാവിനെ വിശുദ്ധീകരിച്ചതിലും മനുഷ്യാവതാരം സംഭവിച്ചതിലും പശ്ചാത്തലമായി വർത്തിച്ചത് ദൈവകൃപയാണ്.

കൃപയുടെ വ്യാപാരങ്ങൾ: 1. പാപിയെ മാനസാന്തരപ്പെടുത്തുന്നു, 2. അജ്ഞാനിയെ പഠിപ്പിക്കുന്നു, 3. സംശയാലുക്കളെ ഗുണദോഷിക്കുന്നു, 4. ദുഃഖിതരെ ആശ്വസിപ്പിക്കുന്നു, 5. അപരാധം ക്ഷമിക്കുന്നു, 6. അന്യായം ക്ഷമാപൂർവ്വം സഹിക്കുന്നു, 7. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും

വേണ്ടി പ്രാർത്ഥിക്കുന്നു.

കൃപാവരം: ദൗത്യനിർവഹണത്തിന് ലഭിക്കുന്ന ആത്മീയവും ഭൗതികവുമായ നൽവരങ്ങളും സിദ്ധികളും സാഹചര്യങ്ങളും. മറ്റുള്ളവരുടെ ആത്മീയ വർദ്ധനയ്ക്ക് ഉതകണം (1 കോരി. 12:4, 8:11, 28).

കൃപാസനം: യെരുശലേം ദൈവാലയത്തിൽ യഹോവയുടെ നിയമപെട്ടകം സ്ഥാപിച്ചിരുന്നു. കട്ടിസ്വർണ്ണം കൊണ്ട് പൊതിഞ്ഞ ഈ പേടകം യഹോവയുടെ സാന്നിദ്ധ്യ പ്രതീകമായി കരുതിയിരുന്നു. അതാണ് കൃപാസനം. പുതിയനിയമ ദേവാലയത്തിൽ ത്രോണോസിനെ കൃപാസനം എന്ന് പറയാം.

കെത്തുബിം: എബ്രായ പദം. എഴുത്തുകൾ എന്നർത്ഥം. പഴയനിയമത്തിന്റെ ഒടുവിലത്തെ ഭാഗത്തിന് യഹൂദന്മാർ കെത്തുബിം എന്ന് പറയും. ക്രിസ്തീയ പണ്ഡിതർ ഈ ഭാഗത്തെ ഹഗിയോഗ്രാഫ് എന്ന് പറയും.

കെനോസിസം: ഫിലിപ്യർ 2: 5–11. സ്വയം ശൂന്യമാക്കുക എന്നർത്ഥം. വെറുമയാക്കൽ എന്നും പറയും. ദൈവത്വം നിലനിർത്തിക്കൊണ്ട് പരിമിതികളുള്ള മനുഷ്യത്വവുമായി സംയോജിക്കാനൊരുങ്ങിയ ക്രിസ്തുവിന്റെ സ്വയം വെറുമയാക്കലിന്റെ തത്വമാണ് കെനോസിസം സൂചിപ്പിക്കുന്നത്. പെസഹായുടെ കാൽ കഴുകൽ ശുശ്രൂഷയിൽ തലയിൽ മഹത്വകിരീടം മാത്രം നിലനിർത്തി പുറങ്കുപ്പായം അഴിച്ചുവച്ച് ദാസവേഷ പ്രതീകമായ തൂവാല അരയിൽ കെട്ടുന്ന ഓർത്തഡോക്സ് കാർമ്മികൻ കെനോസിസം ദൃശ്യമായി പ്രതീകഭാഷയിൽ അവതരിപ്പിക്കുന്നു.

കെറുഗ്മാ: ഗ്രീക്കുപദം. പ്രഖ്യാപനം എന്നർത്ഥം. ക്രിസ്തീയ വിശ്വാസത്തിന്റെ പ്രബോധനപരമായ 'ഡിഡാക്കേ' (പഠിപ്പിക്കൽ). കോറൂസൂസോ എന്ന് സുറിയാനി.

കെറുഗ്മയുടെ ഉള്ളടക്കം: 1. യേശുക്രിസ്തുവിൽ യഹൂദന്മാർ പ്രതീക്ഷിച്ച 'വരുവാനുള്ള യുഗം' ആരംഭിച്ചു. 2. യേശു മനുഷ്യപുത്രനും ദൈവപുത്രനും മശിഹായും ദാവീദ് പുത്രനും ആണ്; പ്രവചന പൂർത്തീകരണമാണ്. 3. യേശു നന്മ ചെയ്തു സഞ്ചരിച്ചു, സ്വർഗ്ഗീയസന്ദേശം നൽകി, രോഗികളെ സുഖപ്പെടുത്തി. 4. ക്രൂശ് യാദൃച്ഛികമോ ആകസ്മികമോ അല്ല, ദൈവപദ്ധതിയിൽ ഉൾപ്പെട്ടിരുന്നതാണ്. 5. യേശു തിരുവെഴുത്തുകളിൻ പ്രകാരം ഉയിർത്തെഴുന്നേറ്റു. 6. യേശു സ്വർഗ്ഗാരോഹണം ചെയ്തു സകലത്തിന്മേലും കർത്തൃത്വവും ആധിപത്യവും ഉള്ളവനായി അവരോധിക്കപ്പെട്ടു. 7. പുതിയ സമൂഹത്തിൽ പ. റൂഹായെ അയച്ചു. പുതിയ സമൂഹം ദൈവജനമാണ്; പുതിയ യിസ്രായേൽ. 8. ഈ പുതിയ സമൂഹത്തിൽ പാപമോചനവും അനുരഞ്ജനവും ലഭ്യമാണ്. അതാണ് രക്ഷ. 9. യേശു

വീണ്ടും വരും. പുതിയയുഗം സമ്പൂർണ്ണമാവും. ക്രിസ്തുവിന്റെ പ്രവൃത്തി അപ്പോഴേ പൂർത്തിയാവൂ.

കേണൽ ജോൺ മൺറോ: തിരുവിതാംകൂർ റാണി ഗൗരി ലക്ഷ്മി ബായിയുടെ കാലത്തെ ബ്രിട്ടീഷ് റസിഡന്റ്. സ്കോട്ട്ലണ്ട് സ്വദേശി; സ്ക്കോച്ച് പ്രസ്ബിറ്ററീരിയൻ സഭാംഗം. 1810-ൽ തിരുവിതാംകൂർ റസിഡണ്ട്. 1814 വരെ തിരുവിതാംകൂർ ദിവാനും ആയിരുന്നു. ഭരണകാര്യങ്ങളിൽ നിഷ്പക്ഷതയും കാര്യക്ഷമതയും പുലർത്തി. ക്ഷേത്രങ്ങളിൽ ക്രിസ്ത്യാനികൾ ചെയ്യേണ്ടിയിരുന്ന ഊഴിയം വേല (കൂലിയില്ലാത്ത പണി) യും ഞായറാഴ്ച ജോലിയും ഇദ്ദേഹത്തിന്റെ ഉപദേശപ്രകാരം റാണി നിർത്തലാക്കി. സർക്കാർ പബ്ലിക് സർവ്വീസിൽ സുറിയാനി ക്രിസ്ത്യാനികൾക്ക് ജോലി നൽകി; എല്ലാ ജില്ലാക്കോടതികളിലും സുറിയാനി ജഡ്ജിമാരെ നിയമിച്ചു. 1813-ൽ കോട്ടയത്ത് വൈദികസെമിനാരിക്ക് 16 ഏക്കർ സ്ഥലം, കെട്ടിടം പണിക്കുള്ള മരം, 20000 രൂപ എന്നിവ റാണിയെക്കൊണ്ട് സൗജന്യമായി കൊടുപ്പിച്ചു. സെമിനാരിപ്പണിക്കുവേണ്ടി വട്ടിപ്പണത്തിന്റെ പലിശ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ ഏല്പിച്ചു. 1815-ൽ ഇട്ടൂപ്പ് റമ്പാനെ മെത്രാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കുവാനും അഭിഷേകം ചെയ്യുവാനും അദ്ദേഹത്തിനനുകൂലമായി രാജകീയവിളംബരം 1816 ജനുവരിയിൽ പുറപ്പെടുവിക്കുവാനും സഫലമായി പ്രേരണ ചെലുത്തി. 1819-ൽ 2000 ഏക്കറോളം ഉള്ള മൺറോ തുരുത്ത് സഭയ്ക്ക് പതിച്ചു കൊടുത്തു. മലങ്കരസഭയും ആംഗ്ലിക്കൻ സഭയും തമ്മിൽ സഹകരണം ഉണ്ടാക്കുവാൻ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് 1816-നും 1818-നും ഇടയിൽ തോമസ് നോർട്ടൻ, ബഞ്ചമിൻ ബെയിലി, ഹെൻറി ബേക്കർ, ജോസഫ് ഫെൻ എന്നീ മിഷണറിമാർ കേരളത്തിൽ വന്നത്. നോർട്ടനെ കോട്ടയം സെമിനാരിയിൽ താമസിപ്പിക്കുവാൻ മൺറോ നിർദ്ദേശിച്ചുവെങ്കിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് (സെമിനാരി സ്ഥാപകൻ) അന്ന് നിരസിച്ചതിനാൽ അദ്ദേഹം ആലപ്പുഴ താമസിച്ചു. ഫെൻ സെമിനാരി പ്രവർത്തനത്തിലും ബെയിലി ബൈബിൾ വിവർത്തനത്തിലും ബേക്കർ സ്കൂളുകൾ സ്ഥാപിക്കുന്നതിലും പിന്നീട് ഏർപ്പെട്ടു. കൂടുതൽ വിവരങ്ങൾക്ക് '*നവീകരണം*', '*മാവേലിക്കര സുന്നഹദോസ്*' എന്നീ ശീർഷകങ്ങൾ കാണുക. 1819-ൽ തിരുവിതാംകൂർ റസിഡണ്ട് സ്ഥാനം രാജി വച്ച് മൺറോ സ്വദേശത്തേയ്ക്ക് തിരിച്ചുപോയി. രണ്ടു വർഷം കഴിഞ്ഞ് തിരിച്ചുവന്ന് മദ്രാസിൽ സൈന്യത്തിൽ മേജർ ജനറൽ വരെ ഉയർന്നു. 1825-ൽ സ്വദേശത്തേയ്ക്ക് മടങ്ങി. 1858-ൽ നിര്യാതനായി.

കേത്താനശീല: കോട്ടൺ (പരുത്തി) എന്ന പദത്തിന്റെ തത്ഭവം. യേശുവിന്റെ മൃതശരീരം കേത്താനശീലയിൽ പൊതിഞ്ഞു സംസ്കരിച്ചു. ദുഃഖവെള്ളിയാഴ്ച വെള്ളത്തുണിയിലാണ് നാം കബറടക്കം നടത്തുന്നത്.

കേംബ്രിഡ്ജ് ബൈബിൾ: 1806 നവം. 23, 24 തീയതികളിൽ കേരളത്തിന്റെ ബൈബിൾ പാരമ്പര്യത്തെക്കുറിച്ച് ഗവേഷണം നടത്തുവാൻ വന്ന കൽക്കട്ട ഫോർട്ട് വില്യം കോളജിലെ റവ. ഡോ. ക്ലോഡിയസ് ബുക്കാനൻ 6-ാം മാർത്തോമ്മായെ (വലിയ മാർ ദീവന്നാസ്യോസ്) കണ്ടനാട് വച്ച് സന്ദർശിച്ചു. മലങ്കരസഭ ദീർഘകാലമായി സംരക്ഷിച്ചുപോന്ന സുറിയാനി ബൈബിൾ ആറാം മാർത്തോമ്മാ ഡോ. ബുക്കാനന് സമ്മാനിച്ചു. അദ്ദേഹം ആ സുറിയാനി ബൈബിൾ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചു. അവിടത്തെ ലൈബ്രറിയിൽ ഇന്നും സൂക്ഷിക്കുന്നു. കേംബ്രിഡ്ജ് ബൈബിൾ എന്ന് അറിയപ്പെടുന്നു.

കേരള സംസ്കാരവും മലങ്കരസഭയും: മലങ്കര സഭയുടെ ചരിത്രം, സംസ്കാരം എന്നിവയെക്കുറിച്ച് പ്രൊഫ. ഫാ. ജോസഫ് ചീരൻ രചിച്ച ഗ്രന്ഥം.

കേരള കൗൺസിൽ ഓഫ് ചർച്ചസ്: കേരള സഭകളുടെ എക്യുമെനിക്കൽ വേദി. 1938-ൽ താംബരം ഇന്റർനാഷണൽ മിഷണറി സമ്മേളനം സഭകളുടെ യോജിച്ച പ്രവർത്തനത്തിനാഹ്വാനം നൽകി. കേരളത്തിലെ റീജിയണൽ ക്രിസ്ത്യൻ കോൺഫ്രൻസ് മദ്രാസ് റപ്രസന്റേറ്റീവ് ക്രിസ്ത്യൻ കൗൺസിലിന്റെ ശാഖയായി രൂപീകരിച്ചു. ആദ്യസമ്മേളനം 1940 ജൂലൈയിൽ കൊല്ലത്ത് ചേർന്നു. കെ. സി. ചാക്കോ, എ. എം. വർക്കി, കെ. കെ. കുരുവിള, പി. ഒ. ഫിലിപ്പ് എന്നിവർ ഇക്കാര്യത്തിൽ നേതൃത്വം നൽകി. 1945-ൽ കേരള റീജിയണൽ ക്രിസ്ത്യൻ കോൺഫ്രൻസ് പ്രവിശ്യാ കൗൺസിലായി; നാഷണൽ ക്രിസ്ത്യൻ കൗൺസിലിനോട് ബന്ധം സ്ഥാപിച്ചു. മാർതോമ്മാ സഭ, തിരു - കൊച്ചി ആംഗ്ലിക്കൻ ഡയോസിസ്, ദക്ഷിണ തിരുവിതാംകൂറിലെ സൗത്ത് ഇന്ത്യാ യുണൈറ്റഡ് ചർച്ച്, മലബാറിലെ യുണൈറ്റഡ് ചർച്ച് (ബാസൽ മിഷൻ), വൈ. എം. സി. എ., വൈ. ഡബ്ല്യു. സി. എ., എസ്. സി. എം., യൂണിയൻ ക്രിസ്ത്യൻ കോളജ്, മലയാളം ക്രിസ്ത്യൻ ലിറ്ററേച്ചർ സൊസൈറ്റി എന്നിവർ ആദ്യ കൗൺസിൽ അംഗങ്ങൾ. 1983-ൽ ഓർത്തഡോക്സ് സഭ അംഗമായി. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് 1984-88 വരെ അതിന്റെ പ്രസിഡണ്ട് ആയിരുന്നു. സഭകൾക്കിടയിൽ പരസ്പര ധാരണ ശക്തിപ്പെടുത്തുക, പൊതുതാത്പര്യമുള്ള വിഷയങ്ങളിൽ കൂട്ടായി പ്രവർത്തിക്കുവാൻ പ്രേരണ നൽകുക, നീതി-സമാധാന-വികസനങ്ങൾക്കായി യോജിച്ച് പ്രവർത്തിക്കാൻ ഉത്തേജനം നൽകുക, മർദ്ദിതർ, പീഡിതർ, ദലിതർ, അവഗണിക്കപ്പെട്ടവർ, ദരിദ്രർ എന്നിവർക്കു വേണ്ടി ശബ്ദമുയർത്തുവാൻ പ്രേരണ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ. വയോജന വിദ്യാഭ്യാസം, തൊഴിലില്ലായ്മ സർവ്വേ, സഭയിലും സമൂഹത്തിലും ജാതി സംബന്ധിച്ച പഠനം, ക്രിസ്തീയ ഭവനപ്രസ്ഥാനം, സമ്മർ മ്യൂസിക് സ്കൂൾ, ദൈവശാസ്ത്ര -

സാഹിത്യ കൗൺസിൽ, അവശ ക്രൈസ്തവ പ്രശ്നം, അന്ധവിദ്യാലയം തുടങ്ങിയ രംഗങ്ങളിൽ കെ. സി. സി. പ്രവർത്തിച്ചിട്ടുണ്ട്. നീതി, സമാധാനം, കൗൺസിലിംഗ് തുടങ്ങിയ മേഖലകളിൽ ബോധവത്ക്കരണ സെമിനാറുകൾ നടത്തുന്നു. വനിതാ കമ്മീഷൻ, യുവജന കമ്മീഷൻ, കറന്റ് അഫയേഴ്സ് കമ്മീഷൻ, ഇവാൻജലിസം കമ്മീഷൻ, സോഷ്യൽ കൺസേൺസ് കമ്മീഷൻ, കമ്മ്യൂണിക്കേഷൻ കമ്മീഷൻ, ഡയലോഗ് കമ്മീഷൻ എന്നിവ മുഖേന കെ. സി. സി. പ്രവർത്തിക്കുന്നു. പ്രസക്ത വിഷയങ്ങളിൽ പഠനം നടത്തി ഗ്രന്ഥങ്ങൾ തയാറാക്കി പ്രസിദ്ധീകരിക്കുവാനും കെ. സി. സി. ശ്രമിക്കുന്നുണ്ട്.

കേർ, റിച്ചാർഡ്ഹാൾ: 1806-ൽ കേരളത്തിൽ വന്ന് ആറാം മാർത്തോമ്മായുമായി കൂടിക്കാഴ്ച നടത്തിയ ആംഗ്ലിക്കൻ വൈദികൻ. മദ്രാസിലെ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാപ്ലെയ്ൻ ആയിരുന്ന അദ്ദേഹം മലങ്കര സഭയും ആംഗ്ലിക്കൻ സഭയും തമ്മിൽ ചില ധാരണകൾ ഉണ്ടാക്കുവാനുള്ള സാധ്യത ആരായുകയായിരുന്നു. പകലോമറ്റം മെത്രാന്മാരുടെ ദർശന ദാരിദ്ര്യവും നേതൃത്വ ദാരിദ്ര്യവും ഇക്കാര്യത്തിൽ പ്രതിബന്ധം സൃഷ്ടിച്ചുവെങ്കിലും ഡോ. ബുക്കാനന്റെയും കേണൽ മൺറോയുടെയും സഹായത്തോടെ കോട്ടയം പഴയസെമിനാരി സ്ഥാപകൻ സെമിനാരി അധ്യാപനത്തിൽ മിഷണറിമാരുടെ സഹകരണം പ്രയോജനപ്പെടുത്തുകയും സെമിനാരിയിൽ താമസിച്ച് മിഷണറിപ്രവർത്തനം നടത്താനുള്ള അവരുടെ തീരുമാനത്തെ തടയിട്ട് ചെറുത്ത് തോല്പിക്കുകയും ചെയ്തു.

കേസരി ബാലകൃഷ്ണപിള്ള എ.: കേരള സംസ്കാരത്തെപ്പറ്റി ആഴത്തിൽ ഗവേഷണം നടത്തിയ നിരൂപകനും ചരിത്രകാരനും. സംഘകാലമതം, കേരളത്തിലെ മിശ്രസംസ്കാരം, ഓണം, പറയി പെറ്റ പന്തിരുകുലം, പെരുന്തച്ചൻ, ക്നായിത്തോമ്മാ തുടങ്ങിയ വിവിധ വിഷയങ്ങളിൽ കല്പഗണിത ശാസ്ത്രത്തിന്റെ പിൻബലത്തോടെ ഗവേഷണം നടത്തിയ ഏക ചരിത്രകാരൻ. ഇദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളും നിഗമനങ്ങളും ഇരുളടഞ്ഞു കിടന്നിരുന്ന മലങ്കരസഭാ ചരിത്രത്തിലെ പല അധ്യായങ്ങളിലേക്കും വെളിച്ചവും ഉൾക്കാഴ്ചയും നൽകിയിട്ടുണ്ട്. പുരാണ പുരുഷന്മാരുടെ കാലഗണന അദ്ദേഹത്തിന്റെ മൗലിക സംഭാവനകളിൽ പ്രധാനമാണ്. ബഹുഭാഷാപണ്ഡിതനായ അദ്ദേഹം സംഘം കൃതികൾക്ക് നൽകുന്ന വ്യാഖ്യാനം, ചെപ്പേടുകളുടെ കാലനിർണ്ണയം തുടങ്ങിയവ പഠനീയങ്ങളാണ്.

കേരളപ്പിറവി: തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നു സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ട ഭൂപ്രദേശം ഭാഷ അടിസ്ഥാനമാക്കി ഒരു സംസ്ഥാനമായി 1956 നവംബർ ഒന്നിന് പ്രഖ്യാപിക്കപ്പെട്ടു. പ.

ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ ക്ഷണപ്രകാരം മലങ്കരസഭാ സന്ദർശനത്തിനെത്തിയ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയായിരുന്നു ഈ സമ്മേളനത്തിലെ മുഖ്യ അതിഥി.

കേരളം - മലയാളികളുടെ മാതൃഭൂമി: കേരള ചരിത്രത്തെപ്പറ്റി ഇ. എം. എസ്. നമ്പൂതിരിപ്പാട് എഴുതിയ ചരിത്രഗ്രന്ഥം.

കേരളചരിത്രം: എ. ശ്രീധരമേനോൻ എഴുതിയ കേരളചരിത്രം.

കേരളസംസ്കാരം: ഇടമറുക്, എ. ശ്രീധരമേനോൻ എന്നിവർ ഈ പേരിൽ കേരള സംസ്ക്കാരത്തെപ്പറ്റി ഓരോ ഗ്രന്ഥം രചിച്ചിട്ടുണ്ട്.

കേരളചരിത്ര (സംസ്കാര) നിഘണ്ടു: ഡോ. എസ്. കെ. വസന്തൻ ആലുവ യു. സി. കോളജിലെ ഫെല്ലോഷിപ്പിന്റെ സഹായത്തോടെ തയാറാക്കിയ റഫറൻസ് ഗ്രന്ഥം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു.

കേരളത്തിന്റെ സാംസ്കാരിക ചരിത്രം: കേരള സാഹിത്യ അക്കാദമിയുടെ ധനസഹായത്തോടെ പി. കെ. ഗോപാലകൃഷ്ണൻ തയാറാക്കിയ സംസ്കാര ചരിത്ര ഗവേഷണഗ്രന്ഥം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു.

കേരള ചരിത്രം: ലോഗൻ, പി. ശങ്കുണ്ണി നായർ, സി. അച്യുതമേനോൻ, ഇളംകുളം കുഞ്ഞൻപിള്ള, ശൂരനാട് കുഞ്ഞൻപിള്ള, എൻ. കെ. ജോസ് തുടങ്ങി നിരവധി പേർ രചിച്ച മലബാർ മാനുവൽ, കൊച്ചിൻ മാനുവൽ, തിരുവിതാംകൂർ മാനുവൽ തുടങ്ങിയ ഗവേഷണ രചനകൾ കേരളചരിത്ര സാഹിത്യത്തിന്റെ മുതൽക്കൂട്ടാണ്. ഒരു കൂട്ടം ലേഖകർ കേരളചരിത്രം എന്ന പേരിൽ തയാറാക്കിയ രണ്ടു വാല്യങ്ങൾ അടങ്ങിയ ബൃഹത് കേരളചരിത്രവും ശ്രദ്ധേയമാണ്.

കേരള മാഹാത്മ്യം: പരശുരാമൻ സൃഷ്ടിച്ചതാണ് കേരളമെന്നും ബ്രാഹ്മണരാണ് അതിന്റെ ഉടമകളെന്നും സ്ഥാപിക്കുവാൻ 16-ാം നൂറ്റാണ്ടിന് ശേഷം നിർമ്മിക്കപ്പെട്ട ഈ കൃതി ചരിത്രമല്ല; ചരിത്രാഭാസമാണ്; അജ്ഞാതകർത്തൃകവും.

കേരളപ്പഴമ: ഗുണ്ടർട്ട് രചിച്ച കേരളചരിത്രം.

കേരളോല്പത്തി: 16-ാം നൂറ്റാണ്ടിന് ശേഷം ഉണ്ടായ ഒരു അജ്ഞാതകർത്തൃകമായ കൃതി. പരശുരാമ കഥയ്ക്ക് കേന്ദ്രസ്ഥാനം. കേരളത്തിന്റെ ഉടമസ്ഥത ബ്രാഹ്മണർക്കാണ് എന്ന് സ്ഥാപിക്കാൻ സോദ്ദേശ്യമായി രചിച്ച ഐതിഹ്യമാല. ചരിത്രപരമായി ഇതിന് പറയത്തക്ക മൂല്യമില്ല.

കേയപ്പെരുമാൾ: ക്രിസ്തുമതം സ്വീകരിക്കുവാൻ (ബൗദ്ധമതം എന്ന് പാഠഭേദം) തീരുമാനിച്ച കേയപ്പെരുമാളെ അദ്ദേഹത്തിന്റെ അംഗരക്ഷക നായ (വാളുനമ്പി) കക്കാട്ട് നമ്പിടി ബ്രാഹ്മണരുടെ പിന്തുണയോടെ വധിച്ചു. ഇതിന് പാരിതോഷികമായിട്ടാണ് പാലൂർ-കുന്നംകുളം പ്രദേശ ങ്ങൾ ഉൾപ്പെട്ട തലപ്പള്ളിയുടെ രാജാവ് എന്ന സ്ഥാനം കക്കാട് നമ്പിടി മാർക്ക് ലഭിച്ചത്.

കേരളത്തിലെ ആദ്യകാല മതങ്ങൾ: ചരിത്രാതീതകാലത്ത് കേര ളത്തിൽ സംഘടിത മതങ്ങളൊന്നും ഉണ്ടായിരുന്നില്ല. പ്രകൃതിശക്തികൾ, വൃക്ഷങ്ങൾ, സർപ്പങ്ങൾ ഇവയെ ആരാധിക്കുന്ന വിവിധ സമൂഹങ്ങൾ ഉണ്ടായിരുന്നു. ഇവയെ മൊത്തത്തിൽ ദ്രാവിഡ മത വിശ്വാസാനുഷ്ഠാന ങ്ങൾ എന്ന് പറയാം. വിദേശവാണിജ്യം രൂപപ്പെട്ട് വളർന്നതോടെ ഉത്ത രേന്ത്യയിൽ നിന്ന് ദ്രാവിഡരെക്കൂടാതെ ബുദ്ധ-ജൈന മതക്കാരും അറ ബിക്കടൽ കടന്ന് അറബികൾ, യഹൂദന്മാർ, യവനർ തുടങ്ങിയവരും വന്നു. സിനഗോഗ്, മഠങ്ങൾ എന്നിവ ആരാധനാലയങ്ങളായി സ്ഥാപിക്കപ്പെട്ടു. എ. ഡി. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തുമതം കേരളത്തിലെത്തി. യഹൂദ ന്മാരും ബുദ്ധ-ജൈന മതക്കാരുമായിരുന്നു ആദ്യത്തെ കേരളീയ ക്രിസ് ത്യാനികൾ. ഇതോടെ ആദ്യകാല സിനഗോഗുകളും ബുദ്ധ-ജൈനപ്പള്ളി കളും ക്രിസ്തുമത ദേവാലയങ്ങളായി. പരിമിതമായ മതസാഹിത്യവും ആരാധനാസാഹിത്യവും ആദ്യം കേരളം കാണുന്നത് ക്രിസ്തുമതത്തി ലൂടെയാണ്. ക്രമേണ ശൈവ - വൈഷ്ണവ - ബ്രാഹ്മണ പ്രസ്ഥാനങ്ങൾ ആദ്യത്തെ ആറു നൂറ്റാണ്ടുകൾക്കിടയിൽ ഒന്നിനു പിറകെ ഒന്നായി വടക്കേ ഇന്ത്യയിൽ നിന്ന് കരമാർഗ്ഗമായും കടൽ മാർഗ്ഗമായും കേരളത്തിലെത്തി. കലഹങ്ങളും കലക്കങ്ങളുമുണ്ടായി. ഇതിനിടയിൽ ഇസ്ലാമും കേരളത്തി ലെത്തി. പഴയ ദ്രാവിഡ വിശ്വാസികൾ, ബുദ്ധ - ജൈന മതങ്ങൾ ഇവയി ലൊരു ഭാഗം ക്രിസ്തുമതത്തിന്റെ ഭാഗമായി. ഒരു ഭാഗം ശൈവ - വൈഷ്ണവ പ്രസ്ഥാനങ്ങളുമൊന്നിച്ച് ശാസ്താ മതക്കാരായി. മറ്റൊരു വിഭാഗം ഇസ്ലാമിൽ ലയിച്ചു. ഇതിന് ശേഷം എത്തിയ ബ്രാഹ്മണർ എല്ലാ വരെയും ഉൾക്കൊണ്ട് ഒരു മതം എന്ന ആശയം മുന്നോട്ടു വച്ചു. കുറെ പ്പേർ അതംഗീകരിച്ചു. കുറെപ്പേരെക്കൊണ്ട് അംഗീകരിപ്പിച്ചു. അതാണ് 9-ാം നൂറ്റാണ്ടിൽ പിറന്ന ഹൈന്ദവമതം. ബുദ്ധ - ജൈനപ്പള്ളികൾ ക്രമേണ ക്ഷേത്രങ്ങളായി. അവൈദികസാഹിത്യം ബോധപൂർവം നശിപ്പിക്കപ്പെട്ടു. ശൈവ-വൈഷ്ണവ പുരാണങ്ങളിൽ ഈ നരമേധങ്ങളുടെയും സാഹി ത്യസ്വാധീനത്തിന്റെയും സൂചനകൾ ലഭ്യമാണ്.

കേരളത്തിലെ ആദ്യകാല മതസാഹിത്യം: ഹൈന്ദവ വേദങ്ങളോ പുരാണങ്ങളോ ഇതിഹാസങ്ങളോ പ്രത്യക്ഷപ്പെടുന്നതിന് മുമ്പായി യഹൂ ദന്മാരിലൂടെ ബൈബിൾ പഴയനിയമവും ക്രിസ്തുമതത്തിലൂടെ ബൈബിൾ

പുതിയനിയമവും കേരളത്തിന് ലഭിച്ചു. സംഘം സാഹിത്യകൃതികളിൽ പ്രകടമാവുന്ന മൂല്യബോധത്തിന്റെ ഉൾച്ചരട് ബൈബിൾ സംസ്കാരജന്യമാണ്. കേരളത്തിലെ മതങ്ങളും സംസ്കാരങ്ങളും ബൈബിൾ സംസ്കാര പ്രവാഹത്തിൽ മുങ്ങിക്കുളിച്ച് സംസ്ക്കരിക്കപ്പെട്ടിട്ടുണ്ട്.

കൈ ആവസിപ്പിക്കൽ: വി. കുർബ്ബാനയിലും മറ്റും മാലാഖമാരുടെ സ്തുതിപ്പുകളിൽ പങ്കുചേരുന്നതിനെ പ്രതീകാത്മകമായി സൂചിപ്പിക്കുവാൻ വി. രഹസ്യങ്ങൾക്കു മുകളിൽ ഇരുകൈകളും ആവസിപ്പിക്കുന്നു. ഇരുകൈകളുടെയും വിരലുകൾ ചലിപ്പിച്ചുകൊണ്ടാണ് കൈകൾ അർദ്ധവൃത്താകൃതിയിൽ ഉയർത്തിയും താഴ്ത്തിയും ആവസിപ്പിക്കുന്നത്. പരിശുദ്ധാത്മവിളിയും പരിശുദ്ധാത്മ ആവാസവും നിർദ്ദേശിക്കുന്നു. മാമ്മൂദീസാ, കുർബ്ബാന, പട്ടംകൊട, മൂറോൻ എന്നിവയുടെ ശുശ്രൂഷയിൽ പരിശുദ്ധാത്മവിളിയുടെ രഹസ്യപ്രാർത്ഥന ചൊല്ലുമ്പോൾ കാർമ്മികൻ വെള്ളം, അപ്പവീഞ്ഞുകൾ, സ്ഥാനാർത്ഥി, തൈലം ഇവയുടെ മേൽ ക്രൊയ്ത്തൊാദ് റൂഹോ കാദീശോയുടെ (പരിശുദ്ധാത്മവിളിയുടെ) പ്രാർത്ഥന ചൊല്ലി കൈ ആഘോഷപൂർവം ആവസിപ്പിക്കുന്നു. കൂദാശകളിലും മറ്റു ശുശ്രൂഷകളിലും വലതുകൈ വാഴ്ത്തപ്പെടാനുള്ള പദാർത്ഥങ്ങളിൽ ആവസിപ്പിച്ചാണ് ത്രിത്വനാമത്തിലും മറ്റും റൂശ്മാ ചെയ്യുന്നത്.

കൈ ആഘോഷിക്കുക: '*കൈ ആവസിപ്പിക്കൽ*' എന്ന ശീർഷകം കാണുക.

കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് പള്ളി: തുമ്പമൺ ഭദ്രാസനം. 1849-ൽ സ്ഥാപിച്ചു. 1859 മേടം 27-ന് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് കൂദാശ ചെയ്തു. 1875-ൽ പുനർ നിർമ്മാണം ചെയ്തു. അതിന്റെ കൂദാശ 1890-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ നിർവഹിച്ചു. 1972-ൽ വീണ്ടും പുതുക്കിപ്പണിതു. 1988-ൽ പൂർത്തിയായി. മാത്യൂസ് I കാതോലിക്കാ കൂദാശ ചെയ്തു. 600-ഓളം കുടുംബങ്ങളുണ്ട്. ഒരു ഓഡിറ്റോറിയവും ഒരു ആശുപത്രിയും ആറ് കുരിശിൻതൊട്ടികളുമുണ്ട്. വൃശ്ചികം 23, 24 പ്രധാന പെരുന്നാൾ.

കൈകസ്തൂരി: വി. കുർബ്ബാനയിൽ വിശ്വാസികൾക്കു മാത്രമായുള്ള അന്നാഫുറായുടെ ആരാധനയുടെ പ്രാരംഭമായി വിശ്വാസികൾ തമ്മിലുള്ള ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായി ത്രോണോസിൽ നിന്ന് കാർമ്മികൻ ആരംഭിച്ച് ജനങ്ങൾക്ക് കൈമാറുന്ന ഹസ്തദാനം. ആദ്യകാലത്ത് ഇത് സ്നേഹചുംബനമായിരുന്നു. ഹാശ ആഴ്ചയിൽ ഇത് പതിവില്ല. ഉയിർപ്പ് പെരുന്നാളിൽ ഔപചാരികമായും ആഘോഷമായും ഇത് പുനഃസ്ഥാപിക്കപ്പെടുന്നു. അന്നത്തെ ശുശ്രൂഷ ശ്ലോമ്മോയുടെ ക്രമം എന്ന് അറിയപ്പെടുന്നു. ശൂബ്ക്കോനോക്രമത്തിലും ഔപചാരികമായി

കൈകസ്തൂരി നൽകുന്ന ചടങ്ങുണ്ട്. മേല്പട്ടക്കാരും പട്ടക്കാരും കീഴ്സ്ഥാനികളെ കൈമുത്തിച്ചും ജനങ്ങൾ പരസ്പരം കൈകൊടുത്തുമാണ് ഈ ചടങ്ങ് നിർവഹിക്കുന്നത്.

കൈക്കാരൻ: പള്ളിട്രസ്റ്റ് കൈകാര്യം ചെയ്യുന്ന ജോലി വികാരിയോടൊന്നിച്ച് നിർവഹിക്കുവാൻ പൊതുയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധി. ഇവരുടെ അംഗത്വം, തെരഞ്ഞെടുപ്പ്, അധികാരപരിധികൾ, കർത്തവ്യങ്ങൾ എന്നിവ സഭാഭരണഘടന നിർവചിച്ചിട്ടുണ്ട്. കൈക്കാരൻ തനിയെ ട്രസ്റ്റിയല്ല. കൈസ്ഥാനി എന്നും പറയും. രണ്ടു കൈക്കാരന്മാരെ തെരഞ്ഞെടുക്കുകയും അതിലൊരാൾ വികാരിയോടു കൂടെ പണം കൈകാര്യം ചെയ്യുകയും അപരൻ വികാരിയോടൊത്ത് കണക്കു സൂക്ഷിക്കുകയും ചെയ്യുന്ന സമ്പ്രദായം ഭരണഘടന നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്നു. മേല്പട്ടക്കാരുടെ എഴുത്തുകുത്തുകളിൽ പള്ളിക്കൈക്കാരന്മാർ എന്ന സംബോധന നിലനില്ക്കുന്നു. 16 കൈക്കാരന്മാരെയോ കുറഞ്ഞത് നാലു കൈക്കാരന്മാരെയോ തെരഞ്ഞെടുത്ത് അവർ നറുക്കിട്ടെടുത്തു ഓരോ വർഷം കൈക്കാരന്റെ ജോലി നിർവഹിക്കുകയും വേണമെന്ന് 1809 ചിങ്ങം 1-ന് എഴുതിവച്ച കണ്ടനാട് പടിയോലയിൽ കാണുന്നുണ്ട്.

കൈപിടിക്കുക: വിവാഹവേദിയിലേക്കും മണവറയിലേക്കും ദമ്പതികളെ കൈപിടിച്ച് ആനയിക്കുന്ന ചടങ്ങിന് കൈപിടിക്കുക എന്ന് പറയും. മാതൃസഹോദരൻ ആണ് ഈ കർമ്മം നടത്തുവാൻ ചുമതലപ്പെട്ട അവകാശി.

കൈപിടുത്തം: പാണിഗ്രഹണം കൈപിടുത്തത്തിന്റെ സംസ്കൃത രൂപം. വിവാഹം എന്നർത്ഥം. കൈപിടിപ്പിക്കൽ വിവാഹത്തിന്റെ സുപ്രധാന ചടങ്ങായതിനാൽ ആ ക്രിയയുടെ പേർ വിവാഹത്തിന്റെ പര്യായമായി. മലങ്കരസഭയിൽ ഏവൻഗേലിയോൻ വായിക്കുന്നതിന് തൊട്ടുമുമ്പാണ് കാർമ്മികൻ ദമ്പതികളെ കൈപിടിപ്പിച്ചിരുന്നത്. തൊഴിയൂർ സഭയും മാർത്തോമ്മാസഭയും ഈ പൈതൃകം വ്യത്യാസപ്പെടുത്തിയിട്ടില്ല. മലങ്കരസഭയിൽ ശുശ്രൂഷയുടെ ഒടുവിൽ ആണ് ഇപ്പോൾ കൈപിടിപ്പിക്കൽ നടത്താറുള്ളത്.

കൈപ്പ്നീർ: കഷ്ടതയുടെ പ്രതീകം. ദുഃഖവെള്ളയാഴ്ച കബറടക്ക ശുശ്രൂഷയ്ക്ക് മുമ്പായി ചെന്നിനായകവും ചൊറുക്കയും കലക്കിയുണ്ടാക്കിയ കയ്പുനീരിൽ കുരിശിന്റെ കൊമ്പുകൾ മുക്കും. കുരിശ് കുളിപ്പിക്കുന്ന പനീർ കയ്പുനീരിൽ വീഴ്ത്തും. ശുശ്രൂഷയുടെ അന്ത്യത്തിൽ കഷ്ടാനുഭവത്തിൽ പങ്കുചേരുന്നതിന്റെയും കുരിശിൽ നിന്നുള്ള വാഴ്വ് പ്രാപിക്കുന്നതിന്റെയും സൂചനയായി എല്ലാവരും അല്പം കയ്പുനീർ

കുടിച്ചുകൊണ്ടാണ് പള്ളിയിൽ നിന്ന് പുറത്തേക്കിറങ്ങുന്നത്.

കൈമുത്ത്: അനുഗ്രഹം പ്രാപിക്കുവാൻ വിശ്വാസികൾ ആരാധനകളുടെ അന്ത്യത്തിൽ പ്രധാന കാർമ്മികന്റെ വലത്കരമോ വലതുകരത്തിലുള്ള സ്ലീബായോ ചുംബിക്കുന്നതിനെ കൈമുത്ത് എന്ന് പറയും. പുരോഹിതസ്ഥാനികളെ അഭിവാദനം ചെയ്യുമ്പോഴും യാത്ര പറയുമ്പോഴും ശെമ്മാശന്മാർ മദ്ബഹായിലെ ഓരോ ദൗത്യം നിർവഹിക്കുമ്പോൾ അനുവാദസൂചകമായും കാർമ്മികന്റെ കൈമുത്തുക പതിവുണ്ട്. കൈമുത്തുന്നവർ 'ബാറെക്മോർ' എന്ന് പറയും. കാർമ്മികർ പരസ്യമായോ രഹസ്യമായോ ത്രിത്വസ്തുതി ഉച്ചരിക്കും. ശുശ്രൂഷാസമയത്ത് കൈ ലഭ്യമല്ലെങ്കിൽ പകരം കാപ്പാ ചുംബിക്കുന്ന പതിവും ഉണ്ട്. ഹാശാ ആഴ്ചയിൽ കൈമുത്ത് പതിവില്ല. കാർമ്മികർക്ക് നൽകുന്ന ദക്ഷിണയെ കൈമുത്ത് എന്ന് പറയുന്നു.

കൈവെപ്പ്: 'സ്യോം ഈദൊ' എന്ന സുറിയാനി പദത്തിന്റെ വിവർത്തനം. അനുഗ്രഹദാനത്തിനായി പുരോഹിതരും കാരണവന്മാരും തലയിൽ കൈവയ്ക്കുന്നതിനെപ്പറ്റിയും പറയാമെങ്കിലും പരിശുദ്ധാത്മദാനത്തിനും പട്ടംകൊടയ്ക്കും ഈ പദം സവിശേഷമായി ഉപയോഗിക്കുന്നു (അ. പ്ര. 8:17, 6:6, 1 തീമോ. 4:14; 5:22; 2 തീമോ. 1:6). അർത്ഥവത്തായ ഒരു ശുശ്രൂഷയുടെ ഒടുവിലാണ് കൈവെപ്പ് എന്ന ക്രിയ നടത്തുന്നത്. വി. കുർബ്ബാനയിൽ കാർമ്മികർ കൈ ആവസിപ്പിച്ച് പരിശുദ്ധറൂഹായെ ആവാഹിച്ചെടുത്ത് സ്ഥാനാർത്ഥിയുടെ ശിരസിൽ കൈ ആവസിപ്പിച്ച് നൽവരത്തെ സ്ഥാനാർത്ഥിയിലേക്ക് അഭിഷേകം മൂലം പകരുകയും ക്രൊയ്ത്തൊദ് റൂഹോ കാദീശോയുടെ പ്രാർത്ഥന രഹസ്യമായി ചൊല്ലുകയും സ്ഥാനാർത്ഥിയുടെ നെറ്റിയിൽ പട്ടാഭിഷേകപ്രഖ്യാപനം നടത്തിക്കൊണ്ട് ത്രിത്വനാമത്തിൽ മുദ്രണം നടത്തുകയും ചെയ്യുന്ന ഗൗരവപൂർണ്ണമായ ഒരു ശുശ്രൂഷയാണ് കൈവെപ്പിന്റെ മർമ്മഭാഗം. ഈ അഭിഷേക സമയത്ത് പൗരോഹിത്യഗണത്തിൽപെട്ട എല്ലാവരും പ്രധാന കാർമ്മികന്റെ കാപ്പാ വിടുർത്തി അത് വലതു കൈകൊണ്ട് പിടിച്ച് പരിശുദ്ധാത്മാഭിഷേകച്ചടങ്ങിൽ പങ്കാളികളാവുകയും പരിശുദ്ധാത്മ ദാനത്തിനായുള്ള കാത്തിസ്മാ എന്ന ഗാനം പരസ്യമായി ചൊല്ലുകയും ചെയ്യണം. ഈ ശുശ്രൂഷയെക്കൂടാതെ തലയിൽ കൈവെച്ചാൽ അത് ശ്ലൈഹിക കൈവെപ്പല്ല. മദ്ബഹായിൽ ശുശ്രൂഷകർക്കും പള്ളിയിലും മറ്റും പ്രസംഗകർക്കും മറ്റും നൽകുന്ന പ്രാർത്ഥനാപൂർവമായ അനുഗ്രഹദാനത്തെയും പരിമിതാർത്ഥത്തിൽ കൈവെപ്പ് എന്ന് പറയുന്നു.

കൈസരിയ: മെഡിറ്ററേനിയൻ തീരത്ത് സ്ഥിതിചെയ്യുന്നു. ശമര്യയുടെ തുറമുഖപട്ടണം. ഹെരോദാവ് പുതുക്കിപ്പണിയിച്ച് റോമ്മാ

ചക്രവർത്തിയുടെ പ്രീതിയ്ക്കായി കൈസരിയ എന്ന് പേരിട്ടു. പത്രോസും പൗലൂസും ഇവിടം സന്ദർശിച്ചു (അ. പ്ര 10. 1-24; 24:11). 3-ാം നൂറ്റാണ്ടിൽ പഠനകേന്ദ്രം. ഓറിഗനും യൗസേബിയോസും ഇവിടെ പ്രവർത്തിച്ചു.

കൈസറിയാ (കപ്പദോക്യയിലെ): കപ്പദോക്യൻ പിതാക്കന്മാരിൽ പ്രമുഖനായ വലിയ മാർ ബസ്സേലിയോസ്സ് ഇവിടത്തെ മെത്രാൻ ആയിരുന്നു.

കൈസരിയ ഫിലിപ്പ്യാ: ഫിലിപ്പോസിന്റെ കൈസരിയായിൽ വച്ചാണ് യേശു, മശിഹായാണെന്ന പ്രഖ്യാപനം ഉണ്ടാവുന്നത് (മത്താ. 16:13; മാർക്കോ. 8:27). പാൻ എന്ന യവനദേവന്റെ പേരിൽ പാനിയ എന്ന് അറിയപ്പെട്ടിരുന്നു. ഹെരോദാവ് മൂന്ന് മക്കൾക്കായി രാജ്യം വിഭജിച്ചപ്പോൾ ഈ പ്രദേശം ഫിലിപ്പിന് ലഭിച്ചു. പിതാവ് പണിത നഗരത്തിൽ നിന്ന് മകൻ പുതുക്കിപ്പണിത് പുനർനാമകരണം ചെയ്തതിനെ വേർതിരിച്ചറിയാൻ കൈസറിയാ ഫിലിപ്പിയാ എന്ന് പേരായി. പത്രോസ് ഏറ്റുപറഞ്ഞ ശ്ലൈഹിക വിശ്വാസമാകുന്ന പാറമേൽ തന്റെ സഭയെ പണിയുമെന്ന് യേശു പ്രഖ്യാപിച്ചതും ഇവിടെ വച്ചാണ്.

കൈസർക്കുള്ളത് കൈസർക്ക്: കൈസർക്ക് കരം കൊടുക്കുന്നത് ന്യായമോ എന്ന ചോദ്യത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തു നല്കിയ മറുപടി. ലൗകിക ഭരണത്തെ ക്രിസ്തു തള്ളിപ്പറഞ്ഞില്ല. ദൈവമുദ്രയുള്ള മനുഷ്യൻ ദൈവത്തിന്റെ വകയായതിനാൽ സ്വർഗ്ഗരാജ്യത്തിന് മുന്തിയ പരിഗണന നൽകണമെന്ന് യേശു പഠിപ്പിച്ചു.

കൊക്കർണി: ചാട്ടും തുടിയും കണ്ടുപിടിക്കുന്നതിന് മുമ്പ് കിണറ്റിൽ നിന്ന് വെള്ളം എടുക്കുവാൻ കരയിൽ നിന്ന് കിണറ്റിന്റെ അടിയോളം എത്തുന്ന ഒരു ചരിഞ്ഞ പാത കിണറിന്റെ കൊക്ക് എന്ന മട്ടിൽ വെട്ടിയുണ്ടാക്കിയിരുന്നു. ഇതിലൂടെ ഇറങ്ങിച്ചെന്നാണ് വെള്ളം ശേഖരിച്ചിരുന്നത്. ചില ക്ഷേത്രങ്ങളിലും പ്രാചീന ഇല്ലങ്ങളിലും കൊക്കർണികൾ ദുർല്ലഭമായി ഇപ്പോഴും കാണാം.

കൊച്ചമ്മ: അമ്മയുടെ അനിയത്തി. കുഞ്ഞമ്മ, ചിറ്റമ്മ, ചെറിയമ്മ എന്നീ രൂപഭേദങ്ങൾ. പട്ടക്കാരുടെ ഭാര്യയായ ബസ്ക്യാമ്മയെയും യജമാനപത്നിയെയും പിതാവിന്റെ രണ്ടാംഭാര്യയെയും ഈ പേരിൽ വ്യവഹരിക്കാറുണ്ട്.

കൊച്ചി: അറബിക്കടൽ തീരത്ത് പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെപ്പോലെ വിദേശവാണിജ്യത്തിൽ ഏർപ്പെട്ട തുറമുഖം. അറബികൾ, യഹൂദന്മാർ, അർമ്മീനിയക്കാർ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നീ മതസമുദായങ്ങൾ ഈ വ്യാപാരത്തിന് നേതൃത്വം വഹിച്ചു. കൊച്ചി

തുറമുഖ പട്ടണവും, തൃപ്പൂണിത്തുറ രാജതലസ്ഥാനവും ആയിരുന്നു. അറബിക്കടലിന്റെ റാണി എന്ന് കൊച്ചിയ്ക്ക് പേരുണ്ട്. കൊച്ചി തുറമുഖമാണ് കണ്ടനാട്, മുളന്തുരുത്തി ദേവാലയങ്ങളുടെ പ്രശസ്തിക്ക് മുഖ്യകാരണം. ഉദയംപേരൂർ സിന്നഡ്, കണ്ടനാട് സിന്നഡ്, മുളന്തുരുത്തി സിന്നഡ് എന്നിവയുടെ പിന്നിലും കൊച്ചിയുണ്ട്. പോർച്ചുഗീസ്, ഡച്ച് ആധിപത്യങ്ങൾ കൊച്ചിയുടെ പ്രാധാന്യം വർദ്ധിപ്പിച്ചു. 18, 19 നൂറ്റാണ്ടുകളിൽ ജലമാർഗ്ഗം മലങ്കരയിലെത്തിയ വിദേശ-സ്വദേശ സഭാധ്യക്ഷന്മാർ കപ്പലിറങ്ങിയ സ്ഥലവും കൊച്ചി തന്നെ.

കൊച്ചിൻ അവാർഡ്: 1836-ലെ മാവേലിക്കര സുന്നഹദോസിനെത്തുടർന്ന് വിദേശ മിഷണറിമാരുമായുള്ള സർവബന്ധങ്ങളും അവസാനിച്ചു. തുടർന്ന് സഭയുടെ സ്വത്തുക്കൾ വിഭജിക്കുവാൻ മലങ്കരസഭയുടേയും മിഷണറിമാരുടെയും തിരുവിതാംകൂർ സർക്കാരിന്റെയും പ്രതിനിധികൾ ഉള്ള ഒരു ആർബിട്രേഷൻ കമ്മറ്റി രൂപീകരിച്ചു. 1840 ഏപ്രിൽ 4-ന് ആ കമ്മറ്റി കൊച്ചിയിൽ ചേർന്ന് വിഭജനലിസ്റ്റ് പ്രഖ്യാപിച്ചു. ഈ സ്വത്ത് പങ്കിടൽ തീരുമാനം കൊച്ചിൻ അവാർഡ് എന്ന് അറിയപ്പെട്ടു. പ്രധാന തീരുമാനങ്ങൾ: 1. മിഷണറിമാർ വരുന്നതിന് മുമ്പുള്ള സ്വത്തുക്കൾ മലങ്കര സഭയ്ക്കിരിക്കണം. 2. മറ്റുള്ളവ മിഷണറിമാരും മദ്രാസിലെ കറസ്പോണ്ടിംഗ് കമ്മറ്റിയും റസിഡണ്ട് നിയമിക്കുന്ന ഒരാളും ചേർന്ന് 'സുറിയാനിക്കാരുടെ പ്രത്യേക ഗുണത്തിനായി' ഒരു ട്രസ്റ്റായി പാലിക്കണം. മലങ്കര മെത്രാൻ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ഇതിനെതിരെ അപ്പീൽ നൽകി. അപ്പീൽ സമിതി തർക്ക പരിഹാരത്തിനായി ഒരു കോടതിയെ ഏർപ്പാടാക്കാൻ വിധിച്ചു. അപ്പോഴേക്കും വിധി നടപ്പിലാക്കിക്കഴിഞ്ഞിരുന്നു.

കൊച്ചി ഭദ്രാസനം: '*മലങ്കരസഭയിലെ ഭദ്രാസനങ്ങൾ*' കാണുക.

കൊച്ചി മെത്രാസനാംഗങ്ങളായ മേല്പട്ടക്കാർ: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ (സഭാ ജ്യോതിസ്), പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ (പരുമല സെമിനാരി സ്ഥാപകൻ), ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ്, പൗലൂസ് മാർ പീലക്സീനോസ് (ശ്രേഷ്ഠ ബാവ), പൗലൂസ് മാർ സേവേറിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ് (സ്ലീബാദാസ സമൂഹ സ്ഥാപകൻ), ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ്, പൗലൂസ് മാർ മിലിത്തിയോസ് (ശ്രേഷ്ഠ നിയുക്ത കാതോലിക്കാ), ബന്യാമിൻ മാർ ഒസ്താത്തിയോസ് (പാത്രിയർക്കീസ് ഭാഗം) എന്നിവർ മലങ്കര സഭയിൽ അവിഭക്ത കൊച്ചി ഭദ്രാസനക്കാരായ മേല്പട്ടക്കാർ ആണ്. തൊഴിയൂരിലെ എല്ലാ മെത്രാന്മാരും മാർത്തോമ്മാ സഭയിലെ ചീരൻ യൂയാക്കീം കൂറിലോസിനെയും ഇക്കൂട്ടത്തിൽ ഗണിക്കാവുന്നതാണ്.

കൊച്ചിയും മലങ്കരസഭയും: കൊച്ചിയിലെ വ്യാപാര പ്രമുഖനായി രുന്ന കുന്നംകുളം പനക്കൽ ഐപ്പൂരുവിന്റെ പണ്ടകശാല പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലങ്കരസഭയുടെ ഓഫീസ് ആയിരുന്നു. യൂയാക്കീം മാർ കൂറിലോസ്, സ്തേഫാനോസ് മാർ അത്താനാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ എന്നിവർ കൊച്ചിയെ കേന്ദ്രമാക്കി പ്രവർത്തിച്ചു. പുലിക്കോട്ടിൽ മാർ ദീവന്നാ സ്യോസ് സെന്റ് തോമസ് പ്രസ് സ്ഥാപിച്ചതും കേരളപതാക എന്ന പത്രം പ്രസിദ്ധീകരിച്ചതും കൊച്ചിയിലെ ഈ പാണ്ടികശാലയിലാണ്. കൊച്ചി യിൽ വരുന്നവരും കപ്പൽ കയറുന്നവരുമായ എല്ലാ മേൽപ്പട്ടക്കാരുടെയും താവളം ഐപ്പൂരുവിന്റെ ഈ പാണ്ടികശാല ആയിരുന്നു. കൊച്ചി സംസ്ഥാ നത്തെ ക്രിസ്ത്യാനികളുടെ കാര്യത്തിൽ രാജാവിന്റെ ഉപദേശകൻ പന യ്ക്കൽ മുതലാളി ആയിരുന്നു. അദ്ദേഹം കൊട്ടാരം ഡർബാറിൽ വിശി ഷ്ടാംഗവും ആയിരുന്നു. കൊച്ചിയിലെ സുറിയാനി ക്രിസ്ത്യാനികളുടെ രാജഭക്തിയുടെയും കൊച്ചി രാജാക്കന്മാർ അവരോടു പുലർത്തിയ പ്രജാ വാത്സല്യത്തിന്റെയും കഥകൾ നിരവധിയാണ്. 'ശക്തൻ തമ്പുരാന്റെ' ജീവ ചരിത്രത്തിൽ ഇത് തെളിയിക്കുന്ന ധാരാളം ഉദാഹരണങ്ങൾ കാണുന്നുണ്ട്. പയ്യന്നൂരിൽ നിന്ന് പുറപ്പെട്ട് പഴയന്നൂർ വഴി പയ്യൂരും പൈവഞ്ചിയിലും പെരുമ്പടപ്പിലും കൊടുങ്ങല്ലൂരും വിവിധ കാലങ്ങളിൽ വ്യാപാരാഭിവൃ ദ്ധിയെപ്രതി ആസ്ഥാനങ്ങൾ ക്രമീകരിച്ചവരാണ് കൊച്ചി രാജാക്കന്മാർ എന്ന് ചരിത്രം അഭിപ്രായപ്പെടുന്നു. അവരുടെ സഞ്ചാരകേന്ദ്രങ്ങളിലൊ ക്കെയും വിശ്വസ്തരായിരുന്ന സുറിയാനി ക്രിസ്ത്യാനികളോട് കൊച്ചി രാജാക്കന്മാർ കാണിച്ചുപോന്ന വാത്സല്യം തന്മൂലം അനുപമമാണ്. മാട ഭൂപൻ, വഞ്ചീശൻ, ഗോശ്രീ എന്നീ വിശേഷണ പദങ്ങൾ കൊച്ചി രാജാ ക്കന്മാർ ഓരോ കാലത്ത് ഉപയോഗിച്ചിട്ടുണ്ട്.

കൊച്ചീപ്പൻ തരകൻ (1861–1940): മാവേലിക്കര പോളച്ചിറക്കൽ കുടുംബാംഗം. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ അനന്തരവനും മനോ രമയുടെ പ്രാരംഭ പ്രവർത്തകനും. കോട്ടയം മുനിസിപ്പൽ കൗൺസിൽ, ശ്രീമൂലം പ്രജാസഭ ഇവയിലെ അംഗം, കേരള ക്രൈസ്തവ സേവാ സമിതി സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. മറിയാമ്മ നാടകം, ബാലികാ സദനം, ചൂതപ്രബോധനം, മധുവർജ്ജനം, കുളവിലമാല എന്നിവയുടെ കർത്താവാണ്. 1940 മെയ് 21–ന് അന്തരിച്ചു.

കൊച്ചുകോശി, സി. കെ.: 1922 ഫെബ്രു. 10–ന് തിരുവല്ലാ ചെറുവ ട്ടോലി സി. കെ. കോശിയുടെയും കുഞ്ഞമ്മയുടെയും പുത്രനായി ജനിച്ചു. എൽ. എൽ. ബി. കഴിഞ്ഞ് ഐ. എ. എസിൽ ഉന്നതവിജയം വരിച്ചു. 1956 മുതൽ സബ്ബ് കളക്ടർ, ജില്ലാ കളക്ടർ, ഹരിജൻ വെൽഫയർ ഡയറ ക്ടർ, ആരോഗ്യ–ഭവന–തൊഴിൽ വകുപ്പുകളുടെ സെക്രട്ടറി എന്നീ

സ്ഥാനങ്ങൾ വഹിച്ചു. ആഭ്യന്തരവകുപ്പ് സ്പെഷൽ സെക്രട്ടറി, റവന്യൂ ബോർഡ് മെമ്പർ, വൈദ്യുതി ബോർഡ് ചെയർമാൻ എന്നീ സ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. മൂന്ന് കൃതികൾ രചിച്ചു. സഭയുടെ ആഭിമുഖ്യത്തിലുള്ള തിരുവനന്തപുരം സിവിൽ സർവ്വീസ് അക്കാദമിയുടെ ചെയർമാൻ.

കൊച്ചുതൊമ്മൻ അപ്പോത്തിക്കിരി, കന്നുകുഴിയിൽ (1851–1913): കേരള ക്രൈസ്തവരുടെ ആചാരങ്ങളെ പ്രതിപാദിക്കുന്ന 'പരിഷ്ക്കാരപ്പാതി' എന്ന സാമൂഹ്യനോവലിന്റെ കർത്താവ്. കോട്ടയം പുതുപ്പള്ളി കന്നുകുഴിയിൽ കുടുംബത്തിൽ ജനിച്ചു. സംസ്കൃതത്തിൽ വ്യുല്പത്തി. കെ. കെ. കുരുവിള എഞ്ചിനീയർ അനുജനും ഒ. എം. ചെറിയാൻ ജാമാതാവുമാണ്. '*പരിഷ്ക്കാരപ്പാതി*' കാണുക.

കൊടലൻ വാറു: അരോഗദൃഢഗാത്രനായ അഭ്യാസി. കുന്നംകുളം സ്വദേശി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ മർദ്ദീൻ യാത്രയിലും പിൻഗാമി ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവായുടെ ഹോംസ് യാത്രയിലും അംഗരക്ഷകനായും പരിചാരകനായും അനുയാത്ര ചെയ്തു. സിറിയൻ യാത്രയിലെ അപകട മുഹൂർത്തങ്ങളെ നേരിടുകയായിരുന്നു വാറുവിന്റെ ദൗത്യം. അദ്ദേഹം അത് വിജയകരമായി നിറവേറ്റി. കുന്നംകുളം എ. ആർ. പി. പ്രസ്സിലെ ജോലിക്കാരനായിരുന്നു വാറു.

കൊടിയും കുരിശും: കൊടിയും കുരിശും മുന്നിൽ നിർത്തി പുരോഹിതർക്ക് അകമ്പടി സേവിച്ചുകൊണ്ട് പെരുന്നാളുകളിൽ നടത്തുന്ന പ്രദക്ഷിണം. കുരിശ് അങ്കനം ചെയ്ത കൊടിയും സ്വർണ്ണ–വെള്ളി–മരക്കുരിശുകളും മുത്തുക്കുടകളും പള്ളിയുപകരണങ്ങളും ഇതിൽ വഹിച്ചിരിക്കും. പട്ടക്കാർക്ക് മുകളിൽ മേല്ക്കട്ടി എന്ന വിതാനിപ്പും ചെപ്പേടിൽ വിവരിച്ച പല ബഹുമതി വിഭവങ്ങളും കാണും. ദുഃഖവെള്ളിയാഴ്ചയിലെ പ്രദക്ഷിണങ്ങൾ ആർഭാടരഹിതമായിരിക്കും. പള്ളിപ്പെരുന്നാളുകൾക്ക് ബാന്റ്, വാദ്യം തുടങ്ങിയ മേളങ്ങൾ കാണും. ഏവൻഗേലിയോനും കുരിശും വഹിച്ച പുരോഹിതൻ പ്രദക്ഷിണവേളയിൽ ക്രിസ്തുവിന്റെ സ്ഥാനം വഹിക്കുന്നു.

കൊടിയേറ്റ്: പള്ളിപ്പെരുന്നാളുകളുടെ മുന്നോടിയായി പള്ളിമുറ്റത്ത് സ്ഥാപിച്ച ധ്വജത്തിൽ (കൊടിമരത്തിൽ) പ്രാർത്ഥനാപൂർവം പുരോഹിതപ്രമുഖൻ കൊടിയേറ്റുന്ന ചടങ്ങ്. കരിമരുന്ന് പ്രയോഗവും ചെണ്ടമേളവും ഒപ്പം കാണാറുണ്ട്. പെരുന്നാളിന്റെ ആഘോഷപൂർവമായ തുടക്കമാണ് കൊടിയേറ്റ്.

കൊടുങ്ങല്ലൂർ: തൃശൂർ ജില്ലയിലെ പുരാതന തുറമുഖം. വിദേശ

വാണിജ്യത്തിന്റെ ഭാഗമായി ഭിന്ന മതങ്ങളും ഭിന്ന സംസ്കാരങ്ങളും അവരുടെ ദേവാലയങ്ങളും ഇവിടെ സ്ഥാപിതമായി. മുസിരീസ് എന്ന പ്രാചീന തുറമുഖം ഇവിടെയാണെന്ന് കരുതുന്നു. ക്നായിത്തൊമ്മന് ലഭിച്ച ചെപ്പേടിൽ മഹാദേവർപട്ടണം ക്രിസ്ത്യാനികൾക്ക് ദാനം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുചിരി കൊടുങ്ങല്ലൂർ അല്ലെന്ന് ആധുനിക ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഐതിഹ്യങ്ങളുടെ പിൻബലം കൊടുങ്ങല്ലൂരിനുണ്ട്. ബുദ്ധമതകേന്ദ്രം തകർത്ത് ദേവീക്ഷേത്രം രൂപപ്പെട്ടു.

കൊടുങ്ങല്ലൂർ സെമിനാരി: 1540-ൽ ഫ്രാൻസിസ്ക്കൻ സന്യാസി ഫാ. വിൻസെന്റ് ലോഗോസ് സ്ഥാപിച്ചു. ലത്തീൻ രീതിയിൽ അഭ്യസിക്കപ്പെട്ട ഇവിടത്തെ വൈദികരെ മലങ്കരസഭ അംഗീകരിച്ചില്ല. ഇന്ത്യയിലെ ആദ്യത്തെ സെമിനാരിയാണിത്. 1552-ൽ ജസ്യൂട്ട്സ് കൊച്ചിയിൽ ഒരു സെമിനാരി സ്ഥാപിച്ചതോടെ ഇതിന്റെ പ്രാധാന്യവും സാംഗത്യവും കുറഞ്ഞു.

കൊത്തൻ: (സുറി) പ്രഭു എന്നർത്ഥം. പുരോഹിതന്മാരെ മലങ്കരസഭയിൽ ഇപ്രകാരം വിളിച്ചുവന്നു. കൊഹനോ പരിണമിച്ച് കഹന ആയതുപോലെ കത്തൻ എന്ന് രൂപപ്പെട്ടു. കത്തങ്ങൾ എന്ന് പറഞ്ഞിരുന്നു. പിന്നീട് ബഹുവചന പ്രത്യയം ചേർത്ത് കത്തനാർ രൂപപ്പെട്ടു.

കൊത്തിനെ: വെള്ളം വീഞ്ഞാക്കിയ സംഭവം നടന്ന കാനാ സുറിയാനിയിൽ കൊത്തിനെ ആണ്. ഈ സംഭവം സ്മരിക്കുന്ന വലിയ നോമ്പിന്റെ പേത്തർത്താ ഞായറാഴ്ചയ്ക്കും ഈ പേർ ഉപയോഗിക്കുന്നു.

കൊയ്നോണിയാ: ഗ്രീക്കുപദം. കൂട്ടായ്മ എന്നർത്ഥം (അ. പ്ര. 2:42). ദൈവത്തോടുള്ള കൂട്ടായ്മയുടെ പശ്ചാത്തലത്തിലാണ് മനുഷ്യർ തമ്മിലുള്ള കൂട്ടായ്മ സംഗതമാവുന്നത്.

കൊരട്ടി: കൊച്ചി ഭദ്രാസനത്തിന്റെ ആസ്ഥാനം. തൃശൂർ ജില്ലയിൽ അങ്കമാലി-ചാലക്കുടി റോഡിൽ നാഷണൽ ഹൈവേയുടെ അരികിൽ ഏക്കറുകളോളം വിസ്തൃതിയിൽ സ്ഥിതിചെയ്യുന്നു. കലാസുഭഗമായ ഈ ഇരുനില കെട്ടിടവും ചാപ്പലും പൗലൂസ് മാർ സേവേറിയോസ് നിർമ്മിച്ചു. അദ്ദേഹത്തിന്റെ സ്മാരകമാണ് അരമനക്കോമ്പൗണ്ടിലുള്ള പ്രൈമറി വിദ്യാലയം. കൊരട്ടിയ്ക്കടുത്ത് മാമ്പ്രയിൽ സീനായ് ആശ്രമത്തിൽ നിന്ന് കൊരട്ടിയിലേക്ക് ആസ്ഥാനം മാറ്റിയപ്പോൾ പുതിയ ആസ്ഥാനത്തിന്-കൃത്യമായി പറഞ്ഞാൽ സ്ഥലം ചിറങ്ങര ആണ്-സീയോൻ സെമിനാരി എന്ന് നാമകരണം ചെയ്തു. അദ്ദേഹം കാലം ചെയ്തു കുന്നംകുളം ആർത്താറ്റ് പുത്തൻപള്ളിയിൽ കബറടക്കപ്പെട്ടതിന്റെ ശേഷം യൂഹാനോൻ മാർ സേവേറിയോസ് 1966-ൽ ചുമതലയേറ്റു. വിശാലമായ പുരയിടത്തെ മനോ

ഹരമായ തെങ്ങിൻതോപ്പ് ആക്കി മാറ്റി. നാഷണൽ ഹൈവേയ്ക്ക് അഭിമുഖമായി ഗെയ്റ്റും കുരിശിൻതൊട്ടിയും സ്ഥാപിച്ചു. അദ്ദേഹം രോഗബാധിതനായപ്പോൾ യാക്കോബ് മാർ പോളിക്കാർപ്പോസ് അസിസ്റ്റന്റ് ആയി ചുമതലയേറ്റു. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ചാപ്പൽ പൂർണ്ണമായും പുതുക്കിപ്പണിതു. പൗലൂസ് മാർ സേവേറിയോസിന്റെ സ്മാരക കബറിടവും (കബർമുറിയുടെ തെക്കേഅറ്റം) യൂഹാനോൻ മാർ സേവേറിയോസിന്റെയും യാക്കോബ് മാർ പോളിക്കാർപ്പോസിന്റെയും കബറിടങ്ങളും (യഥാക്രമം വടക്കും മധ്യഭാഗത്തും) ഇവിടെയുണ്ട്. സഖറിയാ മാർ അന്തോണിയോസ് ആണ് ഇപ്പോഴത്തെ മെത്രാപ്പോലീത്താ.

കൊർന്നല്യോസ്: ഒരു റോമൻ ശതാധിപൻ. പത്രോസിൽ നിന്ന് സ്നാനമേറ്റു. വിജാതീയർക്ക് പരിശുദ്ധാത്മദാനം ഇദ്ദേഹത്തിന്റെ ഭവനത്തിൽ വച്ചുണ്ടായി (അ. പ്ര. 10).

കൊല്ലം: 9-ാം നൂറ്റാണ്ടിൽ കൊല്ലം പട്ടണവും കൊല്ലം തുറമുഖവും സജ്ജമാക്കപ്പെട്ടു. ഇതിന് സൂത്രധാരത്വം വഹിച്ചത് ശബർ ഈശോ എന്ന വിദേശ വ്യാപാരിയും അദ്ദേഹത്തോടൊപ്പം വന്ന മാർ സാബാർ മാർ അഫ്രോത്ത് എന്നീ മേല്പട്ടക്കാരുമായിരുന്നു. 825-ൽ നടന്ന ഈ സംരംഭത്തിലൂടെ വേണാടും തലസ്ഥാനമായ കൊല്ലവും പ്രാധാന്യം നേടി. ഇതിന്റെ കൃതജ്ഞതയാണ് കൊല്ലം തരീസാപള്ളി ചെപ്പേടിന്റെ പശ്ചാത്തലം. കൊല്ലവർഷം ആരംഭിക്കുവാനുള്ള ചരിത്രപരമായ കാരണവും ഇത് തന്നെ. 'ത്രീസായ് ശൂബഹോ' എന്നാൽ ഓർത്തഡോക്സ് എന്നർത്ഥം. അക്കാലത്ത് വിശ്വാസികളെ തരീസായ്ക്കൾ എന്ന് വിളിച്ചുവന്നു. '*തരീസാപ്പള്ളി ചെപ്പേട്*', '*ശാസനങ്ങൾ*' എന്നീ ശീർഷകങ്ങൾ കാണുക.

കൊല്ലം പഞ്ചായത്ത്: ചേപ്പാട്ട് ഫിലിപ്പോസ് മാർ ദീവന്നാസ്യോസ് (1825-1855) അധികാരത്തിലിരിക്കേ മെത്രാൻ പട്ടമേറ്റു എന്നവകാശപ്പെട്ട് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്താസ്ഥാനം അവകാശപ്പെട്ടത് വിവാദമായി. കാര്യങ്ങൾ അന്വേഷിക്കാൻ പാത്രിയർക്കീസ് അയച്ച യൂയാക്കീം മാർ കൂറിലോസിനെ സ്ഥാനം ഏല്പിച്ചുകൊണ്ട് മാർ ദീവന്നാസ്യോസ് സ്ഥാനം രാജിവച്ചു. രണ്ടുപേരും രാജകീയ വിളംബരം ലഭിക്കുവാനായി സർക്കാരിൽ അപേക്ഷിച്ചു. ഈ അവകാശവാദത്തിന്മേൽ തീരുമാനമെടുക്കാൻ സർക്കാർ 1848 ജനുവരിയിൽ നിയമിക്കപ്പെട്ട കമ്മറ്റി കൊല്ലം പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെടുന്നു. ജഡ്ജി കോലഫ് സായിപ്പ്, ഹജൂർ സെക്രട്ടറി വൈറ്റ്, മേലെഴുത്ത് അനന്തൻപിള്ള, പോലീസ് ശിരസ്തദാർ വെങ്കിട്ടരാമയ്യർ എന്നിവരാണ് കൊല്ലം പഞ്ചായത്തിലെ അംഗങ്ങൾ. 1852 മിഥുനം 9-ന് കമ്മറ്റി കൂടി

യൂയാക്കീം മാർ കൂറിലോസിന്റെ നിയമനപത്രം കൃത്രിമമാണെന്ന് തീരുമാനിച്ചു. കമ്മറ്റി ശുപാർശയിന്മേൽ പാലക്കുന്നത്ത് അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിച്ചുകൊണ്ട് 1852 ജൂലൈ 28-ന് രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി.

കൊല്ലം മെത്രാസനം: '*മലങ്കരസഭയിലെ ഭദ്രാസനങ്ങൾ*' എന്ന ശീർഷകം കാണുക.

കൊഹനോ: '*കശീശാ*' എന്ന ശീർഷകം കാണുക.

കൊഴുക്കട്ടപ്പെരുന്നാൾ: ഓശാനപ്പെരുന്നാൾ. തലേദിവസം കൊഴുക്കട്ട എന്ന പലഹാരം ഉണ്ടാക്കും. അരിമാവ് കുഴച്ച് കുമ്പിൾ ഉണ്ടാക്കി അതിൽ ശർക്കരയോ പഞ്ചസാരയോ തേങ്ങാ ചിരവിയതിനോട് ചേർത്ത് കുമ്പിളിന്റെ വായ്ഭാഗം ചേർത്തടച്ച് ആവിയിൽ പുഴുങ്ങി എടുക്കുന്നതാണ് കൊഴുക്കട്ട. യേശുവിനെ എറിയുവാൻ ശേഖരിച്ച കല്ലുകളുടെ പ്രതീകമാവാം ഉരുളൻകല്ലുകളോട് സാദൃശ്യമുള്ള കൊഴുക്കട്ട. ഏതായാലും അത് ഓശാനയുടെ വിഭവമാണ്. ഓശാനയുടെ തലേദിവസം കൊഴുക്കട്ട ശനിയാഴ്ച എന്ന് അറിയപ്പെടുന്നു.

കോട്ടക്കാവ് പള്ളി: മാർത്തോമ്മാ പാരമ്പര്യം അവകാശപ്പെടുന്ന വടക്കൻപറവൂരിലെ പള്ളി. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് പഴയപള്ളി അഗ്നിയ്ക്കിരയായി; പുതിയ ദേവാലയം പണിയപ്പെട്ടു. റോമ്മൻ കത്തോലിക്കരുടെ കൈവശമാണിത്. ക്ഷേത്രം പള്ളിയായി രൂപാന്തരപ്പെട്ടു എന്ന് ഐതിഹ്യം. പള്ളിയുടെ ക്ഷേത്രവുമായുള്ള ഭൂതകാല ഐതിഹ്യം ആധുനിക കേരളചരിത്ര വിജ്ഞാനീയത്തിന്റെ പശ്ചാത്തലത്തിൽ പുനഃപരിശോധന അർഹിക്കുന്നുണ്ട്. പാലൂർ നിന്നുള്ള വികാസമാവണം കോട്ടക്കാവ് പള്ളിയുടെ ചരിത്രപശ്ചാത്തലം എന്ന് അഭ്യൂഹിക്കപ്പെട്ടിട്ടുണ്ട്.

കോട്ടയം ചെറിയപള്ളി: മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ദേവാലയം. പോർത്തുഗീസ് ആധിപത്യകാലത്ത് തെക്കുംകൂറിന്റെ തലസ്ഥാനമായ കോട്ടയത്ത് സുറിയാനിക്രിസ്ത്യാനികൾ ധാരാളമായി കുടിയേറിപ്പാർത്തു. നേരത്തെ പാലൂരിൽ നിന്ന് അങ്കമാലിയിലേക്കും കോട്ടക്കാവിലേക്കും കുറവിലങ്ങാട്ടേയ്ക്കും വ്യാപിച്ചവരുടെ സന്തതിപരമ്പരകൾ ആണ് കൃഷിയിടങ്ങൾ തേടി ജനവാസം കുറഞ്ഞ കോട്ടയം പ്രദേശത്തേയ്ക്കു കുടിയേറിപ്പാർത്തത്. 1579-ൽ സെന്റ് മേരിയുടെ നാമത്തിലുള്ള ചെറിയപള്ളി കൂദാശ ചെയ്തു. ഇലച്ചായങ്ങൾ കൊണ്ട് നിർമ്മിച്ച ബൈബിൾ ദൃശ്യങ്ങൾ മദ്ബഹായുടെ ഭിത്തിയിൽ കാണാം. കല്ലുകളിലും തടികളിലും കൊത്തിയെടുത്ത ശില്പങ്ങളും ഉണ്ട്. കരിങ്കല്ലിൽ കൊത്തിയെടുത്ത നെടുംതൂണുകൾ, കുരിശ്, മയിലുകൾ, മനുഷ്യരൂപങ്ങൾ എന്നിവ

നാടകശാലയിലുണ്ട്. 1817-ൽ പുന്നത്ര മാർ ദീവന്നാസ്യോസും 1825-ൽ ചേപ്പാട്ട് മാർ ദീവന്നാസ്യോസും തൊഴിയൂരിന്റെ കിടങ്ങൻ ഗീവറുഗ്ഗീസ് മാർ പീലക്സിനോസിനാൽ ഇവിടെ വച്ച് മെത്രാന്മാരായി അഭിഷേചിക്കപ്പെട്ടു. തന്റെ ഔദ്യോഗിക ആസ്ഥാനം നവാഭിഷിക്തനായ പിൻഗാമി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന് ചുമതലയേല്പിച്ച് വലിയ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മഹാത്മാവായ ജോസഫ് മാർ ദീവന്നാസ്യോസ് ഈ പള്ളിയിൽ വിശ്രമജീവിതം നയിക്കുകയും ഇവിടെ വച്ച് അന്തരിക്കുകയും ചെയ്തു.

സെമിത്തേരിപ്പള്ളിയിൽ 1889-ൽ വിദേശിയായ ശെമവൂൻ അത്താനാസ്യോസ് കബറടങ്ങി. നെസ്തോറിയൻ മെത്രാൻ ഗബ്രിയേലിനെ 1731-ൽ കബറടക്കിയത് ചെറിയപള്ളിയിലാണ്. പുന്നത്ര മെത്രാച്ചന്റെയും ചേപ്പാട്ട് മെത്രാച്ചന്റെയും ഭരണകാലങ്ങളിൽ ഈ പള്ളി മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനമായിരുന്നിട്ടുണ്ട്. 800 ലധികം വീട്ടുകാരുണ്ട്.

കോട്ടയം പുത്തനങ്ങാടി കുരിശുപള്ളി: കോട്ടയം സെൻട്രൽ ഭദ്രാസനത്തിലുൾപ്പെടുന്ന പ്രമുഖ തീർത്ഥാടനകേന്ദ്രം. 1731-ൽ നേരത്തെ ഉണ്ടായിരുന്ന കുരിശിനോട് ചേർത്ത് ചെറിയ കുരിശുപള്ളിയായി. 1746-ൽ ഒരു പള്ളിയായി പുതുക്കിപ്പണിതു. 1898-ൽ പള്ളി പുതുക്കിപ്പണിയുകയും കൂദാശ നടത്തുകയും ചെയ്തു. അതോടനുബന്ധിച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ന്റെ കല്പനപ്രകാരം പരുമല മാർ ഗ്രീഗോറിയോസിന്റെ നിർദ്ദേശമനുസരിച്ച് കൽക്കുരിശ് ത്രോണോസിൽ പ്രതിഷ്ഠിച്ചു. 1895-ൽ പുലിക്കോട്ടിൽ തിരുമേനി ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു. ഇപ്പോൾ ഒരു ഹൈസ്ക്കൂൾ നടത്തുന്നു. 1905-ൽ ഈ കുരിശുപള്ളിക്ക് പുലിക്കോട്ടിൽ മെത്രാപ്പോലീത്താ ഒരിടവകപ്പള്ളിയുടെ എല്ലാ പദവികളും നൽകി. ഒരു നേത്രചികിത്സാകേന്ദ്രവും തയ്യൽ പരിശീലന കേന്ദ്രവും നടത്തുന്നു. പുതുഞായറാഴ്ച പ്രധാന പെരുന്നാൾ. പീസ് ലീഗിന്റെ പ്രവർത്തനങ്ങൾക്ക് ഇവിടം കേന്ദ്രമായിരുന്നു.

കോട്ടയം ഭദ്രാസനം: '*മലങ്കരസഭയിലെ മെത്രാസനങ്ങൾ*' കാണുക.

കോട്ടയം സെൻട്രൽ ഭദ്രാസനം: '*മലങ്കരസഭയിലെ മെത്രാസനങ്ങൾ*' കാണുക.

കോഡെക്സ് വത്തിക്കാനസ്: വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന ഗ്രീക്ക് ബൈബിളിന്റെ 4-ാം നൂറ്റാണ്ടിലെ കയ്യെഴുത്തുപ്രതി.

കോൺക്ലേവ്: കർദ്ദിനാൾമാരുടെ സമൂഹം. പുതിയ മാർപാപ്പായെ തെരഞ്ഞെടുക്കുവാൻ സമ്മേളിക്കുന്ന രഹസ്യമുറി. കർദ്ദിനാൾമാരുടെ മറ്റു സമ്മേളനങ്ങൾക്കും ഈ പേർ ഉപയോഗിക്കും.

കോൺഗ്രിഗേഷണലിസം: ഓരോ പ്രാദേശിക ഇടവകയ്ക്കും സ്വയം ഭരണം അനുവദിക്കുന്ന സഭാഭരണശൈലി. ക്രിസ്തു മാത്രം ഏക പൊതു തലവൻ. സഭാംഗങ്ങൾ പുരോഹിതന്മാരാണെന്നും ആദിമസഭയിൽ ഓരോ ഇടവകയ്ക്കും സ്വയംഭരണം അനുവദിച്ചിരുന്നുവെന്നും ഇവർ അവകാശപ്പെടുന്നു. നവീകരണ പശ്ചാത്തലത്തിൽ ഈ ആശയം തഴച്ച് വളർന്നു.

കോതമംഗലം പള്ളികൾ: പാലൂരിൽ നിന്ന് അങ്കമാലിയിലേക്കും പെരിയാർ തീരത്തേയ്ക്കും കുടിയേറിത്താമസിച്ച സുറിയാനി ക്രിസ്ത്യാനികൾ കുറുപ്പമ്പടി, കോതമംഗലം എന്നീ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തു. കൊടുങ്ങല്ലൂർ, കൊച്ചി തുറമുഖങ്ങൾ കേന്ദ്രീകരിച്ച് നടന്ന വിദേശ വ്യാപാരത്തിനാവശ്യമായ വനവിഭവങ്ങൾ കൃഷി ചെയ്യുകയും ശേഖരിക്കുകയുമായിരുന്നു ഇവരുടെ മുഖ്യജോലി. 1338-ൽ കോതമംഗലം കമ്പോളം സ്ഥാപിക്കപ്പെട്ടു. 1340-ൽ കന്യകമറിയാമ്മിന്റെ നാമത്തിൽ ആദ്യത്തെ പള്ളി സ്ഥാപിതമായി. 1504-ൽ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ പള്ളി ചെറിയപള്ളി എന്നും ആദ്യത്തേത് വലിയപള്ളിയെന്നും അറിയപ്പെട്ടു. 1685-ൽ യൽദൊ മാർ ബസ്സേലിയോസും മാർ ഈവാനിയോസും ഇവിടെ ചെറിയപള്ളിയിൽ എത്തി. രോഗബാധിതനും വൃദ്ധനുമായ മഫ്രിയാന ചെറിയപള്ളിയിൽ കാലം ചെയ്തു. മദ്ബഹായിൽ തെക്കുവശത്ത് അദ്ദേഹത്തിന്റെ കബറിടം കാണാം. ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 3. ചെറിയപള്ളി മലങ്കരയിലെ തീർത്ഥാടനകേന്ദ്രമാണ്. അങ്കമാലി ഭദ്രാസനത്തിലെ ഈ ഇടവകയിൽ അറുനൂറോളം കുടുംബങ്ങളും, ഹൈസ്ക്കൂൾ, ആശുപത്രി, എഞ്ചിനീയറിംഗ് കോളജ്, ആർട്ട്സ് ആൻഡ് സയൻസ് കോളജ് എന്നീ സ്ഥാപനങ്ങളുമുണ്ട്.

കോതമംഗലം ബാവ: മൂസലിന് സമീപം കൂദേദ് ഗ്രാമത്തിൽ ജനിച്ചു. 2-ാം മാർത്തോമ്മായുടെ കാലത്ത് മുളന്തുരുത്തി പള്ളിക്കാരും കൊച്ചിയിൽ വ്യാപാരിയായിരുന്ന അർമ്മീനിയക്കാരൻ കുസ്തന്തീനും തമ്മിലുണ്ടായ കരാറിന്റെ അടിസ്ഥാനത്തിൽ മൂസലിലെ മത്തായിയുടെ ദയറായിൽ നിന്ന് അലക്സാന്ത്രിയാ പാത്രിയർക്കീസുമായി സംസർഗ്ഗത്തിലായിരുന്ന കാതോലിക്കാ-മഫ്രിയാനാ സ്ഥാനിയായ യൽദൊ മാർ ബസ്സേലിയോസും മാർ ഈവാനിയോസും മലങ്കരയിലെത്തി. ആലസ്യവിധേയനായ മാർ ബസ്സേലിയോസ് കോതമംഗലം ചെറിയപള്ളിയിൽ എത്തി (സെപ്തം. 18) സെപ്തം. 29-ന് കാലം ചെയ്ത് ചെറിയപള്ളിയിൽ അടക്കപ്പെട്ടു. കൂടെ വന്ന ഈവാനിയോസ് എപ്പിസ്ക്കോപ്പായെ മൂറോൻ കൂദാശ നടത്തുവാൻ അധികാരമുള്ള മെത്രാപ്പോലീത്താ ആയി അവരോധിച്ച് സുസ്താത്തിക്കോൻ നൽകി. ഈ സുസ്താത്തിക്കോനും അദ്ദേഹത്തിന്റെ പള്ളിക്രമങ്ങളും ഫാ. ഡോ. ജോസഫ് ചീരൻ കണ്ടെടുത്ത് വിശദമായി പഠനം നടത്തിയിട്ടുണ്ട്. മലങ്കരയുടെ പ. സിന്നഡ് ഇദ്ദേഹത്തെ 1947-ൽ പരിശുദ്ധൻ

എന്ന് നാമകരണം ചെയ്തു പ്രഖ്യാപിച്ചു. ഏലിയാസ് തൃതീയൻ ബാവ വാഗ്ദാനം ചെയ്തിരുന്നപ്രകാരം കബറിടത്തിലെത്തിയിട്ടും പ്രഖ്യാപന മൊന്നും നടത്താതിരുന്നതിനാൽ പൗലൂസ് മാർ അത്താനാസ്യോസ് ശേഷം മെത്രാന്മാരുടെ ആലോചനയിൽ ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

കോതമംഗലം ബാവായുടെ ജീവചരിത്രം: ഐതിഹ്യങ്ങളുടെ അടിസ്ഥാനത്തിൽ കോതമംഗലംപള്ളി വികാരിയായിരുന്ന നെടുന്തള്ളിൽ ഗീവറുഗ്ഗീസ് കത്തനാർ മലയാളത്തിൽ ഗദ്യത്തിലും പദ്യത്തിലും മഫ്രി യാനയുടെ ജീവചരിത്രം രചിച്ചു. ഡോ. ഡി. ബാബു പോൾ 'എ സെയിന്റ് ഫ്രം കൂദേദ്' എന്ന പേരിൽ ഐതിഹ്യാധിഷ്ഠിതമായ ഒരു ലഘു ജീവച രിത്രം ഇംഗ്ലീഷിൽ രചിച്ചിട്ടുണ്ട്.

കോൺസ്റ്റന്റയിൻ (274-337): '*കുസ്തന്തീനോസ്*' കാണുക.

കോൺസ്റ്റാന്റിനോപ്പിൾ: '*കുസ്തന്തീനോപ്പോലീസ്*' കാണുക.

കോനാട്ട് കുടുംബം: 1789-ലെ ടിപ്പു സുൽത്താന്റെ പടയോട്ടത്തിന്റെ ഫലമായി പാലൂർ പ്രദേശത്തു നിന്ന് (കുന്നംകുളം) മാമ്മലശ്ശേരിയിലേക്ക് മാറിതാമസിച്ചവരാണ് കോനാട്ട് കുടുംബത്തിലെ മുൻ തലമുറക്കാർ. കോനാട്ട് മാർ യൂലിയോസിന്റെ പിതാവ് കുന്നംകുളം കോനാട്ട് മാത്തൻ എന്നാണ് അറിയപ്പെട്ടിരുന്നത്. കോനാട്ട് മാത്തന്റെ പിതാവ് ഗീവറുഗ്ഗീസ് കശ്ശീശാ പാലൂർ-ചാട്ടുകുളങ്ങര പള്ളിയിൽ ഒരു വികാരി ആയിരുന്നു. 1751-ൽ വിദേശത്തു നിന്ന് വന്ന മേലധ്യക്ഷരിൽ പ്രധാനി ശാക്രുള്ള മഫ്രി യാന കുന്നംകുളം ചിറളയം പള്ളിയിൽ താമസിച്ച കാലത്ത് ഇദ്ദേഹം മഫ്രിയാനയോട് ശിഷ്യപ്പെട്ട് സുറിയാനിയിൽ ഉപരിപഠനം നേടി. ടിപ്പു വിന്റെ പടയോട്ടമുണ്ടായപ്പോൾ തിരുവിതാംകൂറിലേക്ക് പലായനം ചെയ്ത നിരവധി കുടുംബങ്ങളിൽ ഈ കുടുംബവും ഉൾപ്പെടുന്നു. കോനാട്ട് ഗീവ റുഗ്ഗീസ് മല്പാൻ (പിന്നീട് മാർ യൂലിയോസ്) കുന്നംകുളം ചിറളയം പള്ളി യിൽ വച്ച് റമ്പാൻ സ്ഥാനമേറ്റത് ഈ മൂലകുടുംബസ്ഥാനം എന്ന നില യിലാണ്.

കോനാട്ട് ഗ്രന്ഥശാല: 18-ാം നൂറ്റാണ്ടു മുതൽ കോനാട്ട് കുടുംബം തലമുറകളായി മല്പാൻ ഭവനമായി പ്രവർത്തിച്ചു. അച്ചടി പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത അക്കാലങ്ങളിൽ കയ്യെഴുത്ത് ഗ്രന്ഥങ്ങൾ ശേഖരിക്കുവാനും സൂക്ഷിക്കുവാനും പകർത്തിയെഴുതി സൂക്ഷിക്കുവാനും കോനാട്ട് മല്പാ ന്മാർ അസാധാരണമായ താല്പര്യം പ്രദർശിപ്പിച്ചു. മലങ്കരയുടെ നാനാ ഭാഗത്തുമുള്ള പ്രാചീന ഇടവകകളിൽ നിന്നുള്ള വൈദിക വിദ്യാർത്ഥി കൾ മുഖേന പുസ്തകം ശേഖരിക്കുക സാധ്യമായിരുന്നു. വൈദിക

വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തി സുറിയാനി ഗ്രന്ഥങ്ങൾ പകർത്തി എഴുതുവാനും സൗകര്യമുണ്ടായിരുന്നു. തൊഴിയൂരിൽ മാത്രം ലഭ്യമായിരുന്ന ഔസർ റോസെ എന്ന ബൃഹത് കൃതി ഒരു കോനാട്ട് മല്പാൻ തൊഴിയൂരിൽ മാസങ്ങളോളം താമസിച്ച് പകർത്തിഎഴുതി തങ്ങളുടെ ഗ്രന്ഥശേഖരത്തെ സമ്പുഷ്ടമാക്കി. പുസ്തകങ്ങൾ ശേഖരിക്കുന്നതോടൊപ്പം അവയ്ക്ക് നമ്പർ കൊടുത്ത് വിശദമായ കാറ്റലോഗ് നിർമ്മിക്കുവാനും മല്പാന്മാർ ശ്രദ്ധിച്ചു. 13-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഹൂദായ കാനോന്റെ പകർപ്പും 15-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട വായനപ്പടി വേദപുസ്തകവും ഈ ശേഖരത്തിലെ അമൂല്യഗ്രന്ഥങ്ങളാണ്. ഏതാണ്ട് 200 സുറിയാനി കയ്യെഴുത്ത് ഗ്രന്ഥങ്ങളും തച്ചുശാസ്ത്രം, പഞ്ചതന്ത്രം, മർമ്മാണി, മാതംഗലീല, സഹസ്രയോഗം തുടങ്ങിയ അപൂർവഗ്രന്ഥങ്ങളും മറ്റും ഈ ഗ്രന്ഥശാലയെ വിലപ്പെട്ടതാക്കുന്നു. 1850-1930 കാലഘട്ടത്തിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട സഭാപരമായതും അല്ലാത്തതുമായ ഏതാണ്ടെല്ലാ കൃതികളും ഈ ഗ്രന്ഥശേഖരത്തിലുണ്ട്. കോനാട്ട് മാർ യൂലിയോസ്, മാത്തൻ മല്പാൻ, ഏബ്രഹാം മല്പാൻ എന്നിവരാണ് ഈ ഗ്രന്ഥശേഖരത്തെ വിപുലമാക്കിയത്. വിപുലമായ ഗവേഷണ സാധ്യതകളുള്ള ഈ ഗ്രന്ഥശാല ഇപ്പോൾ എയർകണ്ടീഷൻ ചെയ്ത് ഗവേഷകർക്കുള്ള എല്ലാ സൗകര്യവും ഒരുക്കിയിട്ടുണ്ട്.

കോനാട്ട് ജോൺസ് ഏബ്രഹാം, ഫാ. ഡോ.: പാമ്പാക്കുട സെന്റ് ജോൺസ് വലിയപള്ളിയിൽപ്പെട്ട മുൻ വൈദികട്രസ്റ്റി കോനാട്ട് അബ്രഹാം മല്പാനച്ചന്റെ മകൻ. ഞാർത്താങ്കൽ കോരത് മല്പാന്റെ ജാമാതാവ്. ബി.എ. ബിരുദാനന്തരം കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്നു ജി. എസ്. റ്റി. ഡിപ്ലോമായും സെറാമ്പൂർ യൂണിവേഴ്സിറ്റിയിലെ ബി. ഡി. ഡിഗ്രിയും സമ്പാദിച്ചു. പാരീസിലെ ലുവേയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്നു വേദശാസ്ത്രത്തിൽ ബിരുദാനന്തര പഠനം നടത്തി മാസ്റ്റർ ബിരുദം (M. Th.) കരസ്ഥമാക്കി. 1985 മുതൽ വൈദികസെമിനാരിയിൽ സുറിയാനിയും സഭാചരിത്രവും പഠിപ്പിക്കുന്നു. കണ്ടനാട് ഭദ്രാസന സെക്രട്ടറിയായും അഖില മലങ്കര വൈദിക സംഘം ജോയിന്റ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു വരുന്നു. ചരിത്രപ്രസിദ്ധമായ കോനാട്ട് ഗ്രന്ഥശേഖരത്തിന്റെ ഉടമ കൂടിയാണിദ്ദേഹം. ഇപ്പോൾ മലങ്കര സഭാ വൈദികട്രസ്റ്റി.

കോനാട്ട് മല്പാന്മാർ: കുന്നംകുളത്തു നിന്ന് മാമ്മലശ്ശേരിയിൽ കുടിയേറിപ്പാർത്ത കോനാട്ട് കുടുംബത്തിൽ, 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദം തൊട്ട് എല്ലാ തലമുറയിലും മല്പാൻ സ്ഥാനമുള്ള വൈദികർ ഉണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ കോനാട്ട് ഗീവറുഗ്ഗീസ് മല്പാൻ പാമ്പാക്കുടയിലേക്ക് വിവാഹം കഴിച്ചയച്ച സ്വസഹോദരിയുടെ

പുത്രൻ അബ്രഹാമിനെ പട്ടമേല്പിച്ച് തന്റെ പിൻഗാമിയാക്കി. ഇദ്ദേഹം പാമ്പാക്കുട വലിയപള്ളി പണിയിച്ച് അവിടം ആസ്ഥാനമാക്കി. ഇദ്ദേഹം കോട്ടയം പഴയസെമിനാരിയിൽ അധ്യാപകനും ചേപ്പാട്ട് ദീവന്നാസ്യോസിനോടൊപ്പം മെത്രാൻ സ്ഥാനാർത്ഥിയും ആയിരുന്നു (1780–1865). മാവേലിക്കര സിന്നഡിൽ പങ്കെടുത്തു. ഇദ്ദേഹത്തിന്റെ സഹോദരപുത്രൻ ഗീവറുഗ്ഗീസ് മല്പാനും (1829–1884) യോഹന്നാൻ മല്പാനും (1809 –1890) സമകാലീനർ. ഗീവറുഗ്ഗീസ് മല്പാൻ 1876–ൽ മാർ യൂലിയോസ് എന്ന പേരിൽ തുമ്പമൺ മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ ആയി. ഇദ്ദേഹത്തിന്റെ സഹോദരപുത്രൻ ആണ് മാത്തൻ കോറെപ്പിസ്ക്കോപ്പാ. ഇദ്ദേഹം പുലിക്കോട്ടിൽ ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ കാലത്ത് മല്പാനും വൈദികട്രസ്റ്റിയും ആയിരുന്നു. പാമ്പാക്കുട മാർ യൂലിയോസ് പ്രസിൽ നിന്ന് നമസ്ക്കാരക്രമം, നടപടിക്രമം തുടങ്ങിയവ പ്രസിദ്ധപ്പെടുത്തി. അടുത്ത തലമുറയിലെ കക്ഷിവഴക്കിൽ ഇദ്ദേഹം പാത്രിയർക്കീസ് കക്ഷിക്ക് നേതൃത്വം നൽകി. സുറിയാനിയിൽ നിന്ന് പുതിയനിയമം വിവർത്തനം ചെയ്തു. ഇദ്ദേഹത്തിന്റെ മകൻ ആണ് ഏബ്രഹാം മല്പാൻ. ഹൂദായ കാനോൻ വിവർത്തനവും കുർബാന തക്സാ, ആണ്ടു തക്സാ, ആനീദാ, കന്തീല, കഹനൈത്താ, ശ്ഹീമ്മാ നമസ്ക്കാരം, പെങ്കീസാ നമസ്ക്കാരം തുടങ്ങിയ ആരാധനക്രമങ്ങൾ ഇദ്ദേഹമാണ് അച്ചടിച്ച് പ്രസിദ്ധീകരിച്ചത്. ഇദ്ദേഹവും 1983–ൽ വൈദികട്രസ്റ്റിസ്ഥാനം അലങ്കരിച്ചിട്ടുണ്ട്. ഒടുവിലത്തെ രണ്ടു പേരെ സഭ ഔദ്യോഗികമായി മലങ്കര മല്പാൻ എന്ന ബിരുദം നല്കി ബഹുമാനിച്ചു. പാമ്പാക്കുട വലിയപള്ളിയിലെ പ്രത്യേക കബർകെട്ടിടത്തിൽ ഈ മല്പാന്മാരെ സംസ്കരിച്ചിരിക്കുന്നു.

കോപ്റ്റിക് സഭ: ഈഗുപ്തോസ് എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ച 'കോപ്റ്റ്' പദത്തിന് ഈഗുപ്തായ എന്നർത്ഥം. അലക്സാന്ത്രിയായിലെ ഓറിയന്റൽ ഓർത്തഡോക്സ് സഭ ഈ പേരിൽ അറിയപ്പെടുന്നു. '*അലക്സാന്ത്രിയൻ സഭ*' എന്ന ശീർഷകം കാണുക.

കോമരം: ദേവന്റേയോ ദേവിയുടെയോ ശക്തി ആവസിച്ച വെളിച്ചപ്പാടും പൂജാരിയും കോമരം ഉറഞ്ഞു തുള്ളി കല്പിക്കുന്നവ ദേവന്റെ/ദേവിയുടെ ആജ്ഞകളായി ചില ഭക്തർ സ്വീകരിക്കുന്നു.

കോമൺ പ്രെയർ, ദി ബുക്ക് ഓഫ്: ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഔദ്യോഗിക ആരാധനക്രമം. ഇതിൽ കാലത്തും വൈകിട്ടും ഉപയോഗിക്കേണ്ട പ്രാർത്ഥനാക്രമങ്ങൾ, കൂദാശകളുടെ ക്രമം, മറ്റു പരസ്യവും രഹസ്യവുമായ ആചാരങ്ങളുടെ ക്രമം എന്നിവ ഉൾപ്പെടുന്നു.

കോമൺ പ്രെയർ: ശ്ഹീമ്മാ നമസ്കാരം എന്ന സാധാരണ സുറിയാനി കാനോനാ നമസ്കാരം കോമൺ പ്രെയർ എന്ന പേരിൽ ഇംഗ്ലീഷിൽ

ഭാഷാന്തരം ചെയ്ത് കുരിശുമല ആശ്രമത്തിൽ നിന്ന് പ്രസിദ്ധപ്പെടുത്തി യിട്ടുണ്ട്.

കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി: ഗീവറുഗ്ഗീസ് II കാതോലിക്കായുടെ സ്മാരകമായി 1964 ജൂൺ 7–ന് ആശുപത്രിയുടെ ശിലാ സ്ഥാപനം യാക്കൂബ് III പാത്രിയർക്കീസ് നിർവഹിച്ചു. 1970 സെപ്തം. 14–ന് പ്രവർത്തനം ആരംഭിച്ചു. 20–ലേറെ ഡിപ്പാർട്ട്മെന്റുകളും 500–ലേറെ കിടക്കകളുമുണ്ട്. ചാപ്പലിന് ഔഗേൻ കാതോലിക്കാ 1968 മെയ് 22–ന് ശിലയിട്ടു. ആശുപത്രിയുടെ കീഴിൽ ഒരു സ്വാശ്രയ മെഡിക്കൽ കോളജും നേഴ്സിംഗ് കോളജും പ്രവർത്തിക്കുന്നു. ഫീലിപ്പോസ് മാർ തെയോഫി ലോസ്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് എന്നിവർ ഈ പ്രസ്ഥാ നത്തിന് സുധീര നേതൃത്വം നൽകി.

കോര കൊച്ചു കോരുള (1862–1931): മലങ്കരസഭാ അൽമായ ട്രസ്റ്റിയായിരുന്നു. സ്വർണ്ണ വ്യാപാരി. കോട്ടയം ചിറക്കടവിൽ കുടും ബാംഗം. 1931 മെയിൽ നിര്യാതനായി. കോട്ടയം ചെറിയപള്ളി ഇടവകാംഗം.

കോരിന്ത്: പുരാതന ഗ്രീസിന്റെ കേന്ദ്രസ്ഥാനം. ബി. സി. 146–ൽ റോമു മായി ഏറ്റുമുട്ടിയപ്പോൾ നശിച്ചു. ജൂലിയസ് സീസർ പുനർനിർമ്മിച്ച് വ്യാവ സായിക കേന്ദ്രമാക്കി. വി. പൗലൂസ് ഇവിടെ സഭ സ്ഥാപിച്ചു.

കോശി, ആർച്ച് ഡീക്കൺ (1825–1900): തിരുവല്ല തോട്ടപ്പുഴശ്ശേരി മുല്ലമംഗലം കുടുംബത്തിൽ ജനിച്ചു. 1885–ൽ കാന്റർബറി ആർച്ച്ബിഷപ്പ് ഡോക്ടർ ബിരുദവും ആർച്ച് ഡീക്കൺ പദവിയും നൽകി. സാമൂഹിക പരിഷ്കർത്താവും ബഹുഭാഷാ പണ്ഡിതനും ആയിരുന്നു. പുല്ലേലികുഞ്ചു (1882), പരദേശി മോക്ഷയാത്ര (വിവർത്തനം), തിരുപ്പോരാട്ടം (വിവർ ത്തനം), കണീറ്റുപദേശം, ആയയും മകനും, പത്തു വയസ്സുള്ള ഒരു പെൺ പൈതൽ, തിരുവവതാര മാഹാത്മ്യം, സത്യം എന്നിവ അദ്ദേഹം രചിച്ചു.

കോരുത് കെ. ജഡ്ജി (1907–2000): 1907 ജനുവരി 21–ന് പട്ടാഴി ശങ്കരംപള്ളി തെക്കേതിൽ കുഞ്ഞച്ചൻ തരകന്റെ മകനായി ജനിച്ചു. 1951 മുതൽ ആലപ്പുഴ, മാവേലിക്കര, തിരുവനന്തപുരം കോർട്ടുകളിൽ ജില്ലാ ജഡ്ജിയായും കോഴിക്കോട് സെഷൻസ് ജഡ്ജി ആയും പ്രവർത്തിച്ചു. 1962–ൽ റിട്ടയർ ചെയ്തു. പത്തനാപുരം സെന്റ് സ്റ്റീഫൻസ്, കൊട്ടാര ക്കര ഗ്രീഗോറിയോസ്, അടൂർ സിറിൾ എന്നീ കോളജുകളുടെ മുഖ്യ പ്ര വർത്തകൻ. കൊല്ലം ഭദ്രാസന കൗൺസിൽ, മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി എന്നിവയിൽ പ്രവർത്തിച്ചു. കേരള വൈ. എം. സി. എ. യുടെ പ്രമുഖ പ്രവർത്തകൻ. വൈസ്മെൻ റീജിയണൽ അവാർഡ് നേടിയിട്ടുണ്ട്. 2000 ഒക്ടോബർ 2–ന് നിര്യാതനായി.

കോരുത്, പി. സി.: സാഹിത്യകാരൻ, പ്രശസ്ത പത്രപ്രവർത്തകൻ. 1909 ഓഗസ്റ്റ് അഞ്ചിന് തിരുവല്ല പുളിക്കീഴിൽ ജനിച്ചു. മനോരമ (കോട്ടയം, കുന്നംകുളം), പൗരധ്വനി എന്നിവയിൽ പ്രവർത്തിച്ച അദ്ദേഹം പല മാസി കകളുടെയും പത്രാധിപരും സാഹിത്യപ്രവർത്തക സഹകരണസംഘ ത്തിൽ ഡയറക്ടറും ആയിരുന്നു. നോവൽ, നാടകം, തൂലികാചിത്രം, ഹസ്തരേഖാശാസ്ത്രം, കവിത എന്നീ ശാഖകളിലായി മുപ്പതോളം കൃതി കൾ രചിച്ചിട്ടുണ്ട്. കോട്ടയം ഏലിയാ കത്തീഡ്രൽ ഇടവകാംഗമായിരുന്നു. 1993 ഡിസംബർ 24-ന് നിര്യാതനായി. ജീവചരിത്രം കെ. വി. മാമ്മൻ രചിച്ചു.

കോരുത് മല്പാൻ ഞാർത്താങ്കൽ, ഫാ. എൻ. കെ.: വടവുകോട് ഞാർത്താങ്കൽ കുടുംബത്തിൽ 1914-ൽ ജനിച്ചു. ഔഗേൻ തീമോത്തി യോസ്, അബ്ദൽ ആഹാദ് റമ്പാൻ എന്നിവർ മുഖ്യ ഗുരുനാഥന്മാർ. വട വുകോട്, മലേക്കുരിശ് ദയറാ, കോട്ടയം പഴയസെമിനാരി എന്നിവയിൽ സുറിയാനി മല്പാൻ. 1945 മുതൽ മരണംവരെ വടവുകോട് വികാരി. ഏറെ ക്കാലം കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസിന്റെ സെക്രട്ടറി ആയിരുന്നു. ഈ സംഗീത കലാകാരൻ പാടിയ ആരാധനാഗീതങ്ങളും എക്കാറ ഗീത ങ്ങളും കാസറ്റുകളിൽ ലഭ്യമാണ്. മലങ്കര മല്പാൻ എന്ന ബഹുമതി നൽകി മലങ്കരസഭ ഇദ്ദേഹത്തെ ബഹുമാനിച്ചു. കൊച്ചി ഭദ്രാസന വൈദിക സെക്ര ട്ടറി, സീയോൻ സന്ദേശം മാസികയുടെ പത്രാധിപർ തുടങ്ങി വിവിധ നില കളിൽ പ്രവർത്തിച്ചു. 2001 ഡിസംബർ 23-ന് അന്തരിച്ചു.

കോർ-എപ്പിസ്ക്കോപ്പാ: ഗ്രാമത്തിന്റെ ബിഷപ്പ് എന്ന് അർത്ഥം. പട്ട ണങ്ങളിൽ മെട്രോപ്പോലീറ്റൻ ബിഷപ്പും ഗ്രാമങ്ങളിൽ കോറി-ബിഷപ്പും ശുശ്രൂഷ അനുഷ്ഠിച്ചു. പേർഷ്യൻ സഭയിൽ ഇവർ പേറെദ്യൂത്തെന്മാർ എന്ന് അറിയപ്പെട്ടു. മെത്രാപ്പോലീത്താ ലഭ്യനല്ലാതിരിക്കുമ്പോൾ സഭയുടെ തീരുമാനമുണ്ടെങ്കിൽ ഇവർ ശെമ്മാശു - കശ്ശീശാ പട്ടങ്ങൾ നൽകിയി രുന്നു. അടുത്തകാലത്തു പോലും യൗപ്പദ്യക്കിനോ ഉൾപ്പെടെയുള്ള താഴ്ന്ന ശെമ്മാശുസ്ഥാനികളെ ഇവർ കൈവെപ്പു കൊടുത്ത് സ്ഥാനം കൊടുത്തിരുന്നു. കാപ്പയ്ക്കു മീതെ ധരിക്കുവാൻ ഒരു ചെറിയ 'കാപ്പ' പ്രത്യേക അംശവസ്ത്രമായി ധരിക്കുന്നു. പട്ടക്കാർക്ക് കൊടുക്കുവാൻ ക്രമത്തിൽ നിർദ്ദേശിച്ച കുരിശുമാല ഇവർക്ക് ഔപചാരികമായി നൽ കുന്നു. ചുവന്ന കുപ്പായവും പട്ടക്കാർ ധരിക്കാതെയായ പുറങ്കുപ്പായവും ഇവർ ധരിക്കുന്നു.

കോലാടി: കുന്നംകുളം പ്രദേശത്തെ ഒരു പ്രശസ്ത കുടുംബം. പല പ്രശസ്ത വൈദികരെ സംഭാവന ചെയ്തിട്ടുണ്ട്. 1. കോലാടി ചാക്കുണ്ണി (യാക്കോബ്) കശ്ശീശാ. കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ സമകാ ലീനൻ. തൊഴിയൂർ ഇടവകയിലേക്ക് ആർത്താറ്റ് ഇടവകയോഗം നിശ്ചയിച്ച

മെത്രാൻ സ്ഥാനാർത്ഥി. 2. കോലാടി (വലിയ) പൗലൂസ് കശ്ശീശാ. 3. കോലാടി (ചെറിയ) പൗലൂസ് കശ്ശീശാ. 4. കോലാടി (താവും) ദാവീദ് കോറെപ്പിസ്ക്കോപ്പാ. സുറിയാനി മല്പാൻ. സുവിശേഷ തല്പരൻ. കുന്നംകുളം പ്രദേശത്ത് നിരവധിപേരെ ക്രിസ്തുമതത്തിൽ ചേർത്തു. അടുപ്പൂട്ടി സെന്റ് ജോർജ്ജ് പള്ളി സ്ഥാപിച്ചു. തൃശൂർ സെന്റ് ഇഗ്നേഷ്യസ് പള്ളിയുടെ നിർമ്മാണത്തിനായി അത്യധ്വാനം ചെയ്തു (1909) ഫണ്ടു സ്വരൂപിച്ചു. 5. കോലാടി കെ. റ്റി. ചാക്കുണ്ണി കശ്ശീശ. മാർത്തോമ്മാ സഭയിലെ വൈദികൻ. നിരവധി ബാലസാഹിത്യകൃതികൾ രചിച്ചു. 6. കോലാടി കെ. സി. വർഗ്ഗീസ് കശ്ശീശാ. തൊഴിയൂർ സഭയിലെ സീനിയർ വൈദികൻ. തൊഴിയൂർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ. 'മലബാർ സ്വതന്ത്ര സുറിയാനി സഭ' എന്ന പേരിൽ തൊഴിയൂർ സഭയുടെ ചരിത്രം രചിച്ചു. 2005-ൽ അന്തരിച്ചു; പോർക്കളം പള്ളിയിൽ കബറടക്കി.

കോലുവിളക്ക്: നീണ്ട ഇരുമ്പുകോലിന്റെ അറ്റത്ത് തൂക്കിയിടുന്ന വിളക്ക്. ക്രിസ്ത്യാനികളുടെ പദവികളിലൊന്നായി ചെപ്പേടുകളിൽ പരാമർശിക്കുന്നു. വിവാഹഘോഷയാത്രകളിലും കുന്നംകുളം പ്രദേശത്ത് പ്രാചീന സുറിയാനിപ്പള്ളികളുടെ പെരുന്നാൾ പ്രദക്ഷിണങ്ങളിലും കോൽവിളക്കു പിടിക്കുന്നു. ക്ഷേത്രങ്ങൾക്ക് പള്ളികളോടുള്ള ആധമർണ്യമാണ് ഈ ചടങ്ങ് സൂചിപ്പിക്കുന്നത്. സമീപ ക്ഷേത്രത്തട്ടകത്തിൽപ്പെട്ട അക്രൈസ്തവർ ആണ് കോൽവിളക്കു പിടിക്കുന്നത്.

കോലോ: സുറിയാനി പദത്തിന് ശബ്ദം, ഗാനം, രാഗം എന്നീ അർത്ഥങ്ങളുണ്ട്. ശുശ്രൂഷകളിൽ പ്രുമിയോനും എത്രോയും കഴിഞ്ഞു ചൊല്ലുന്ന ഗാനങ്ങളെയും കുക്കിലിയോൻ പരിവൃത്തത്തിൽ എക്ബോയ്ക്കും ബോവൂസോയ്ക്കും ഇടയിൽ ചൊല്ലുന്ന ഗാനങ്ങളെയും കോലോ എന്ന് പറയും. മിക്ക കോലോകൾക്കും എട്ട് വ്യത്യസ്ത രാഗങ്ങളിൽ - നിറങ്ങളിൽ - ചൊല്ലുവാൻ ചിട്ടകളുണ്ട്. ഓരോ കോലോയ്ക്കും കൂക്കോയോ, ബ്കൂൽമേദേം തുടങ്ങി തിരിച്ചറിയാൻ പേരുകളുമുണ്ട്. സുറിയാനി പാരമ്പര്യത്തിൽ വ്യത്യസ്ത വൃത്തങ്ങളും രാഗസംവിധാനങ്ങളുമുള്ള നാല്പതോളം കോലോകൾ ഉണ്ട്.

കോസ്മസ് ഇൻഡിക്കോപ്ലിസ്തീസ്: ഇന്ത്യയിലേക്ക് കപ്പൽ യാത്ര ചെയ്ത കോസ്മസ് എന്ന് പദങ്ങൾക്ക് അർത്ഥം. അലക്സാന്ത്രിയക്കാരൻ. 522-ൽ മലങ്കരയിലെത്തി. പിന്നീട് സന്യാസിയായി. യൂണിവേഴ്സൽ ക്രിസ്ത്യൻ ടോപ്പോഗ്രഫി എന്ന ഗ്രന്ഥം 535-ൽ ഗ്രീക്കു ഭാഷയിൽ രചിച്ചു. മലങ്കരസഭയുടെ പേർഷ്യൻ ബന്ധം ഈ കൃതിയിൽ വിശദമാക്കപ്പെട്ടിരിക്കുന്നു. കേരളം, സിലോൺ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച അദ്ദേഹം മെത്രാൻ ഉള്ള സഭാ സമൂഹവും, പുരോഹിതനും ജനങ്ങളും മാത്രമുള്ള

സഭാസമൂഹവും കണ്ടതായി സാക്ഷിക്കുന്നു.

കോറിക്കാപ്പാ: കോറെപ്പിസ്ക്കോപ്പാമാർ കാപ്പായുടെ പുറത്ത് ധരിക്കുന്ന ശീലമുടിയുടെ ആകൃതിയിലും ശൈലിയിലുമുള്ള അംശവസ്ത്രം.

കോറൂയോ (Reader): വായനക്കാരൻ. നാലാം പട്ടം എന്ന് പറയും. കോർഎപ്പിസ്ക്കോപ്പന്മാർ ഈ സ്ഥാനം നൽകിയിരുന്നു. സ്ഥാനചിഹ്നമായി ഏവൻഗേലിയോൻ ഒഴികെയുള്ള വേദപുസ്തകം നൽകും. കറുത്ത കുപ്പായവും ശുശ്രൂഷക്കുപ്പായവും മലങ്കരയിൽ തൊപ്പിയും ഉപയോഗിക്കും. ഊറാറ മുമ്പിലും പിന്നിലും ഗുണനചിഹ്നം ശൈലിയിൽ ചുറ്റിക്കെട്ടുന്നു. അമാലോഗിയാ വായന, ഒപ്പിടീൽ, മുട്ടുകുത്തി നില്ക്കൽ, പരിശുദ്ധാത്മാവാസത്തിന്റെ പ്രാർത്ഥന ഇവയൊന്നും ക്രമത്തിലും കാനോനിലും പറഞ്ഞിട്ടില്ല. പട്ടം ഏല്ക്കുന്ന ദിവസം മാത്രം ത്രോണോസ് മുത്തുവാൻ മദ്ബഹായിൽ കയറുവാൻ ഹൂദായ കാനോൻ ഇവരെ അനുവദിച്ചിട്ടുണ്ട്. ഇവർ ഹൈക്കലായിലെ ശുശ്രൂഷകർ ആണ്. ശെമ്മാശന്മാർ എന്ന പൊതുസംജ്ഞയിൽ ഇവരും ഉൾപ്പെടുന്നു.

കോർപ്പസ്ക്രിസ്റ്റി: ത്രിത്വഞായറാഴ്ചയ്ക്ക് - പെന്തിക്കോസ്തിക്ക് - ശേഷം വരുന്ന ഞായറാഴ്ച പാശ്ചാത്യസഭ ഈ പെരുന്നാൾ ആഘോഷിക്കുന്നു. അവർ അത് കുർബ്ബാന സ്ഥാപനപ്പെരുന്നാൾ ആയി കരുതുന്നു.

കൗക്ക്ബോ: നക്ഷത്രം എന്ന് അർത്ഥം. പീലാസായിൽ അപ്പത്തിന് മീതെ വയ്ക്കുന്ന ഗുണനചിഹ്നാകൃതിയിലുള്ള ലോഹ ഉപകരണം.

കൗൾ: ക്രൈസ്തവ സന്യാസിമാർ ധരിക്കുന്ന ശിരോവസ്ത്രത്തോടുകൂടിയ അങ്കി.

കൗളി ഫാദേഴ്സ്: ആംഗ്ലിക്കൻ സഭയുടെ പ്രഥമ സന്യാസ സമൂഹം. സൊസൈറ്റി ഓഫ് സെന്റ് ജോൺ ദി ഇവാഞ്ചലിസ്റ്റ് (S. S. J. E.) എന്നാണ് പൂർണ്ണനാമം. ഓക്സ്ഫോർഡിന് സമീപം കൗളി പട്ടണത്തിൽ ഈ സമൂഹം സ്ഥിതിചെയ്യുന്നു. 1866 ഡിസം. 27-ന് ഇത് സ്ഥാപിതമായി. പാതിവ്രത്യം, അനുസരണം, ദാരിദ്ര്യം എന്നീ മുദ്രാവാക്യങ്ങൾ. 1870-ൽ അമേരിക്കയിലും 1927-ൽ കാനഡായിലും ഘടകങ്ങൾ ആരംഭിച്ചു. 1874-ൽ ഇന്ത്യയിലും 1833-ൽ ദക്ഷിണാഫ്രിക്കയിലും പ്രവർത്തനം തുടങ്ങി. വിദ്യാഭ്യാസത്തിനും പ്രേഷിതപ്രവർത്തനത്തിനും പ്രാധാന്യം നൽകുന്നു.

കൗമ്മാ: "ദൈവമേ നീ പരിശുദ്ധനാകുന്നു...." എന്ന ത്രൈശുദ്ധകീർത്തനവും കർത്തൃപ്രാർത്ഥനയും കൃപനിറഞ്ഞ മറിയമേ ഇത്യാദി പ്രാർത്ഥനയും ചേർന്ന പ്രാർത്ഥനാസമുച്ചയത്തെ ഒരു പൂർണ്ണ കൗമ്മാ എന്ന് പറയും. ത്രൈശുദ്ധകീർത്തനത്തെ മാത്രമായും കൗമ്മാ എന്ന് പറയും.

മാലാഖമാരുടെ സ്തുതിപ്പ് ആണ് ത്രൈശുദ്ധകീർത്തനം എന്ന് ദുഃഖശനിയാഴ്ച സന്ധ്യയുടെ പ്രുമിയോനിൽ കാണുന്നു. സ്ലീബാ ആഘോഷവേളകളിലെ പ്രതിവാക്യമായി ത്രൈശുദ്ധകീർത്തനം ഉപയോഗിക്കും. കൗമ്മ എന്നാൽ നില എന്നർത്ഥം. നമസ്ക്കാരത്തിന്റെ മിനിയേച്ചർ രൂപമാണത്. 'എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു' എന്നിത്യാദി സ്തുതിപ്പിനെ ക്രൂബേന്മാരുടെ സ്തുതിപ്പ് എന്ന് പറയും. സൂത്താറാ പ്രാർത്ഥനയിൽ ഇത് നിത്യവും ചൊല്ലുന്നു. രാത്രി നമസ്ക്കാരത്തിൽ മൂന്ന് കൗമ്മാകൾ ഉണ്ട്. ഓരോന്നും ക്രൂബേന്മാരുടെ സ്തുതിപ്പോടെ വിഭജിക്കപ്പെട്ടിരിക്കുന്നു. നാലാം കൗമ്മായിൽ ഹാലേലൂയ്യാ എന്ന സ്തുതിപ്പ് മൂന്ന് പ്രാവശ്യം ചൊല്ലും. കൗമ്മാകൾ ചൊല്ലുമ്പോൾ മൂന്ന് പ്രാവശ്യം കുമ്പിടുന്നു. ഹാശാ ആഴ്ചയിൽ ഓരോ ദിവസത്തിനും പ്രത്യേക കൗമ്മാകൾ ഉണ്ട്. ദുഃഖവെള്ളിയാഴ്ച ഓരോ യാമത്തിനും പ്രത്യേക കൗമ്മാകൾ ഉണ്ട്.

കൗമ്മാ സഹദാ: ഒരു പരിശുദ്ധൻ. ഇദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ പുലിക്കോട്ടിൽ ദ്വിതീയൻ മെത്രാപ്പോലീത്താ മുഖേന മലങ്കരയിൽ പല പള്ളികളിലും സ്ഥാപിച്ചിട്ടുണ്ട്.

ക്യൂണിഫോം: ആപ്പിന്റെ ആകൃതിയിലോ അമ്പിന്റെ ആകൃതിയിലോ പുരാതന അസ്സീറിയൻ പേർഷ്യൻ ലിപികൾ എഴുതിയിരുന്നു. ക്യൂണിഫോം എന്നാൽ ലത്തീനിൽ ആപ്പ് എന്നർത്ഥം. സുമേര്യർ ഈ ലിപി കണ്ടുപിടിച്ചു. ചിത്രരൂപത്തിലുള്ള ആദ്യകാല ലിപിയുടെ കാലാന്തര വികാസമാണ് ഈ രൂപം.

ക്യൂറെറ്റ്: ഒരു ഇടവകയുടെ ചുമതലയുള്ള വൈദികൻ.

ക്നാനായക്കാർ: തെക്കുംഭാഗം സുറിയാനിക്കാർ എന്നും പറയും. കത്തോലിക്കരിലും ഓർത്തഡോക്സ്കാരിലുമായി മൂന്നു ലക്ഷത്തോളം ജനങ്ങൾ. കാനനിയോ എന്നാൽ വ്യാപാരി എന്നർത്ഥം. 345-ൽ കൊടുങ്ങല്ലൂരിൽ വന്ന തോമസ് കാനായോടൊപ്പം വന്ന ഇവർ കൊടുങ്ങല്ലൂർ നഗരത്തിൽ ക്രിസ്ത്യൻ തെരുവിന്റെ തെക്കേ പന്തിയിലും നേരത്തെയുള്ളവർ വടക്കേ പന്തിയിലും താമസവും വ്യാപാരവും നടത്തിയതിനാൽ തെക്കുംഭാഗർ എന്നുകൂടെ പേരായി. ഇരുകൂട്ടരുടെയും വ്യാപാരവിഭവങ്ങൾ, വിവാഹാചാരങ്ങൾ തുടങ്ങിയവ ആദ്യകാലത്തേ നിർവചിച്ചിരുന്നു. വിശ്വാസഭേദമില്ലെങ്കിലും ആചാരഭേദം ഇവർ നിലനിർത്തിപ്പോരുന്നു. വംശശുദ്ധി വിവാഹത്തിൽ സംരക്ഷിക്കുന്നുണ്ട്. ഇവരുടെ ജാത്യാചാരങ്ങൾ വിവരിക്കുന്ന പ്രത്യേക പാട്ടുകൾ ഉണ്ട്. പത്രോസ് തൃതീയൻ ക്നാനായക്കാരെ ഒരു പ്രത്യേക വിഭാഗമായി വേർതിരിച്ചു. അബ്ദുള്ള ബാവാ അവർക്കു വേണ്ടി ഇടവഴിക്കൽ മാർ സേവേറിയോസിനെ പ്രഥമ മെത്രാ

പ്പോലീത്താ ആയി വാഴിക്കുകയും ചെയ്തു.

ക്നാനായ ഭദ്രാസനം: '*മലങ്കരസഭയിലെ ഭദ്രാസനങ്ങൾ*' കാണുക.

ക്നായിത്തൊമ്മൻ: '*തോമസ് ക്നായി*' കാണുക.

ക്യംതാ: സുറിയാനി പദത്തിന് ഉയിർപ്പ് എന്നർത്ഥം. ക്രിസ്തുവിന്റെ ഉയിർപ്പ് ഈ ദിനത്തിൽ വലിയ പെരുന്നാളായി ആഘോഷിക്കുന്നു. '*ഈസ്റ്റർ*' കാണുക.

ക്യംതാ നമസ്കാരം: ഉയിർപ്പിന്റെ വിഷയങ്ങളെ ആധാരമാക്കി രചിച്ച പെങ്കീസാ (പെരുന്നാൾ നമസ്കാരം) ക്യംതാ മുതൽ പുതുഞായർ വരെ ഓരോ ദിവസത്തേയ്ക്കും (ഹേവോറെ) ആയി എട്ട് വ്യത്യസ്ത ക്യംതാ ക്രമങ്ങൾ ഉണ്ട്. അതിൽ ഒന്നു രണ്ടെണ്ണം മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. യഥാക്രമം എട്ട് രാഗങ്ങളിൽ അവ നടത്തുന്നു. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാനും, കോനാട്ട് മാത്തൻ മല്പാനും ചേർന്ന് പ്രസിദ്ധീകരിച്ച (1902) ക്യംതാ നമസ്ക്കാരത്തിലെ ഗാനങ്ങൾ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയും കൊട്ടാരത്തിൽ ശങ്കുണ്ണിയും ചേർന്ന് വൃത്താനുവൃത്തം തയാറാക്കി. മലങ്കരസഭയിൽ ക്യംതാ മുതൽ സ്ലീബാപ്പെരുന്നാൾ വരെ മാത്രമേ ഇത് ഉപയോഗിക്കുക പതിവുള്ളൂ.

ക്രിസോസ്റ്റം: '*ഈവാനിയോസ്, സ്വർണ്ണനാവുകാരനായ*' കാണുക.

ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ: നിരണം ഭദ്രാസനത്തിലെ കവിയൂർ കോട്ടൂർ മണ്ണിൽ പുത്തൻപുരയിൽ യോഹന്നാൻ-ഏലിയാമ്മ ദമ്പതികളുടെ മകൻ. 7-1-1955-ൽ ജനിച്ചു. സെറാമ്പൂരിൽ നിന്ന് ബി. ഡി., എം. റ്റി. എച്ച്. ബിരുദങ്ങളും അമേരിക്കയിലെ സാൻഫ്രാൻസിസ്കോ സെമിനാരിയിൽ നിന്ന് ഡോക്ടർ ബിരുദവും നേടി. 19-4-80 ന് അവുപ്പദ്യക്കിനോ. 29-5-82 ന് ശെമ്മാശൻ. 5-6-82 ന് കശ്ശീശാ. 28-1-98 ന് റമ്പാൻ. 5-3-2005 ന് പരുമലയിൽ വച്ച് എപ്പിസ്ക്കോപ്പാ ആയും 23-2-2006 ന് മെത്രാപ്പോലീത്താ ആയും പ. മാത്യൂസ് II കാതോലിക്കാ സ്ഥാനം നൽകി. 21-1-2007 മുതൽ നിരണം ഭദ്രാസന മെത്രാപ്പോലീത്താ.

മുണ്ടുകുഴി, ഇലവുങ്കൽ, പെരുമ്പെട്ടി, കടമങ്കുളം, മടത്തുംഭാഗം നോർത്ത്, തുങ്കൂർ, ഡാവൻകേരി, സാൻഫ്രാൻസിസ്കോ എന്നീ ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരം കാരുണ്യ ഗൈഡൻസ് സെന്റർ, കാരുണ്യ വിശ്രാന്തി ഭവൻ എന്നിവയുടെ കോ-ഓർഡിനേറ്റർ, മാവേലിക്കര മിഷൻ സെന്റർ, നെയ്യാറ്റിൻകര ബാലഭവൻ, എം. എ. എഫ്., എസ്. എ. എഫ്., സേവ് എ ഹാർട്ട് എന്നിവയുടെ കോ-പ്രസിഡണ്ട്, പനയമ്പാല കരുണഗിരി ബാലഭവൻ, മാവേലിക്കര മിഷൻ പരിശീലനകേന്ദ്രം

എന്നിവയുടെ അധ്യക്ഷൻ, നാഗ്പ്പൂർ സെമിനാരി വിസിറ്റിംഗ് പ്രൊഫസർ, കാരുണ്യ സന്യാസസമൂഹം സുപ്പീരിയർ എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുന്നു.

ക്രിസ്തു: ക്രിസ്റ്റോസ് എന്ന ഗ്രീക്കു പദത്തിന് അഭിഷിക്തൻ എന്നർത്ഥം (എബ്രായയിൽ മശീഹാ). രാജാവിനും പുരോഹിതനും പ്രവാചകനും അഭിഷേകമുണ്ട് (1 ശമു. 10:6–16:13; 1 ശമു. 24:6, 10; സങ്കീ. 2:2; 18:50; 105:15; ഏശാ: 45:1; ദാനി. 9:25;). യേശു ദൈവത്തിന്റെ ക്രിസ്തു (മാർക്കോ. 8:29; ലൂക്കോ. 9:20). അത് ദൈവിക വെളിപാടാണ് (മത്താ. 16:13–20). യേശു ആ വിശേഷണം സ്വയം ഉപയോഗിച്ചിട്ടുണ്ട് (യോഹ. 4:25 മു; 10:24 മു). പില്ക്കാലത്ത് പത്രോസ് യേശുവിനെ ക്രിസ്തുവെന്ന് പ്രസംഗിച്ചു (അ. പ്ര. 2:36). പൗലൂസ് യേശുക്രിസ്തു എന്നും ക്രിസ്തുയേശു എന്നും സമൃദ്ധിയായി ഉപയോഗിച്ചു. ക്രിസ്തുവിന്റെ രാജകീയ - പുരോഹിത - പ്രവാചക വംശത്തിൽ മാമ്മൂദീസായിലെ പരിശുദ്ധാത്മാഭിഷേകം മൂലം എല്ലാ ക്രിസ്ത്യാനികളും അംഗങ്ങളാകുന്നു. ക്രിസ്തുവിനെ ധരിക്കുക, ക്രിസ്തുവിന്റെ സഹോദരങ്ങളാവുക എന്നൊക്കെ പറയുന്നത് ഈ ക്രിസ്തുവല്ക്കരണത്തെയാണ്. മാമ്മൂദീസായിൽ ലഭിക്കുന്ന പരിശുദ്ധാത്മ ജനനം ക്രിസ്തുവത്ക്കരണം തന്നെ. മൂറോൻ അഭിഷേകം അതിന്റെ പൂർത്തീകരണവും സ്ഥിരീകരണവും. കൈവെപ്പാണ് അഭിഷേകത്തിന്റെ പ്രഥമ പ്രതീകം; തൈലം കൊണ്ടുള്ള അഭിഷേകം കൈവെപ്പ് മൂലം ലഭിച്ച അഭിഷേകത്തിന്റെ പൂർത്തീകരണവും സ്ഥിരീകരണവും. മാമ്മൂദീസായിൽ എന്നപോലെ സ്ഥിരീകരണ കൂദാശയിലും തൈലം കൂടാതെ കൈവെപ്പ് മാധ്യമമായി സ്വീകരിച്ച എപ്പിസ്ക്കോപ്പൽ സഭകൾ ഉണ്ട്.

ക്രിസ്മസ്: ഡിസംബർ 25. യേശുവിന്റെ ജന്മദിനമായി ആഘോഷിക്കുന്നു. ക്രിസ്മിസ എന്നാൽ ക്രിസ്തുവിന്റെ നാമത്തിലുള്ള കുർബ്ബാന എന്നർത്ഥം. ക്രിസ്തുമതം ദേശീയമതമായി അംഗീകരിക്കപ്പെട്ടതിന് ശേഷം ഈ പെരുന്നാൾ നിലവിൽ വന്നു. പൗരസ്ത്യ രാജ്യങ്ങളിൽ ജനനം, വിദ്വാന്മാരുടെ വരവ്, മാമ്മൂദീസാ എന്നിവ ചേർത്ത് ജനു. 6, 7 തിയ്യതികളിൽ ആഘോഷിച്ചു വന്നു. നേരത്തെ റോമ്മിൽ ഉത്സവദിനമായിരുന്ന ഡിസം. 25 ക്രിസ്തുജന്മദിനമായിത്തീർന്നത് 336-നോടടുത്താണ്. ജനന സംഭവം രാത്രിയിൽ ആചരിക്കുന്നു. പള്ളിക്കു വെളിയിൽ തീജ്വാല കത്തിച്ച് അതിൽ കുന്തുരുക്കം നിക്ഷേപിക്കുന്നു. ഇത് ജനനപ്പെരുന്നാളിലെ പ്രത്യേക ശുശ്രൂഷയാണ്. പണ്ട് തീജ്വാലക്കുഴിയുടെ മുമ്പിൽ ഒരു പ്രത്യേക ശുശ്രൂഷ നടത്തിയിരുന്നു. ഇപ്പോൾ വായനകൾ മാത്രമേ ഉള്ളൂ. സന്ധ്യാ പ്രാർത്ഥനയോട് ചേർത്തും രാത്രി പ്രാർത്ഥനയോടു ചേർത്തും ഇത് നടത്താറുണ്ട്. 25 ദിവസത്തെ നോമ്പ് അന്ന് അവസാനിക്കുന്നു. വെള്ള അപ്പവും ഇറച്ചിക്കറിയും കേക്കും പ്രത്യേക വിഭവങ്ങൾ. ക്രിസ്മസ് ട്രീ,

ക്രിസ്മസ് കാർഡ് എന്നീ അനുബന്ധങ്ങളുമുണ്ട്.

ക്രിസ്മസ് അവധി: അക്കാദമിക് വർഷത്തിലെ രണ്ടാം പരീക്ഷകൾ സാധാരണയായി ക്രിസ്മസിന് മുമ്പ് നടത്തപ്പെടുന്നു. അതുകഴിഞ്ഞാൽ പത്തു ദിവസത്തേക്ക് സ്കൂളുകളും കോളജുകളും അടയ്ക്കും. ക്രിസ്തുമസ് അവധി മാതൃഗൃഹം തുടങ്ങിയ ബന്ധുഗൃഹങ്ങൾ സന്ദർശിക്കുവാനും മറ്റുമുള്ള കാലമാണ്. ജീവനക്കാർക്കു ശമ്പളം നേരത്തെ കിട്ടുന്നതുകൊണ്ട് ക്രിസ്മസ് ഷോപ്പിംഗ് ബഹുകേമമാണ്.

ക്രിസ്മസ് കരോൾ: ക്രിസ്മസിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് മുതൽ ക്രിസ്മസ് ഗാനങ്ങൾ ആലപിച്ചുകൊണ്ട് വീടുകൾ സന്ദർശിക്കുന്ന ഏർപ്പാടിനെ ഇടവകകൾ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികൾ ആണ് മുഖ്യ പങ്കാളികൾ. ലഘുവായ വാദ്യങ്ങളും ക്രിസ്മസ് ഫാദറും കാണും. കരോൾ സംഘത്തിന് ഓരോ വീട്ടിൽ നിന്നും യഥാശക്തി നൽകുന്ന സംഭാവനകൾ സൺഡേസ്കൂളിന്റെയോ ഇടവകയുടെയോ ധനാഗമ മാർഗ്ഗങ്ങളിലൊന്നാണ്. വസന്തോത്സവം സ്വാഗതം ചെയ്തു പൂവിളിയാർത്തുകൊണ്ട് ഓണക്കാലത്ത് കൂട്ടംകൂട്ടമായി സഞ്ചരിക്കുന്ന ബാലസംഘത്തിന്റെ സ്മരണ ഉണർത്തുന്ന ഒരു ദൃശ്യമാണിത്. രാത്രിയിലാണെന്നേ വ്യത്യാസമുള്ളൂ. ക്രിസ്തുവിന്റെ തിരുപ്പിറവി ഈ കരോൾ സംഘങ്ങൾ വീട് തോറും പാടി അറിയിക്കുന്നു.

ക്രിസ്മസ് കാർഡ്: അച്ചടിച്ച ക്രിസ്മസ് കാർഡുകൾ കവറിലിട്ട് അയച്ച് പ്രിയപ്പെട്ടവർക്ക് ക്രിസ്മസ് സന്ദേശങ്ങളും ആശംസകളും നേരുന്നത് ക്രിസ്മസ് ആഘോഷത്തിന്റെ ഭാഗമായിട്ടുണ്ട്. ഫോൺ സുലഭമായതോടെ ഈ ജോലി ഫോണിലൂടെ ആയി തുടങ്ങി.

ക്രിസ്മസ് കേക്ക്: ക്രിസ്മസ് വിഭവം മുഖ്യമായും വിവിധ തരത്തിലുള്ള കേക്കുകളാണ്.

ക്രിസ്മസ് ട്രീ: വൈദ്യുതദീപങ്ങൾ കൊണ്ടും വർണ്ണക്കടലാസുകൊണ്ടും നക്ഷത്രക്കൂടുകൾ കൊണ്ടും വൃക്ഷങ്ങൾ അലങ്കരിക്കുകയും തല്ക്കാല ചെറു വൃക്ഷങ്ങൾ വീട്ടുമുറ്റത്ത് സൃഷ്ടിക്കുകയും ചെയ്യുന്നത് കൗതുകകരമായ കാഴ്ചയാണ്.

ക്രിസ്മസ് ഫാദർ: സാന്റാക്ലോസ് സങ്കല്പത്തിൽ ചുവന്ന ഉടുപ്പ്, വടി, താടിമീശ, തൊപ്പി, കൃത്രിമ മുഖം എന്നിവയുമായി കരോളിൽ പങ്കുചേരുന്ന ഈ കഥാപാത്രം സർവസാധാരണമായിട്ടുണ്ട്. ക്രിസ്മസ് അപ്പൂപ്പൻ എന്നും അറിയപ്പെടുന്നു.

ക്രിസ്മസ് സ്റ്റാർ: ക്രിസ്മസ് സീസണിൽ ഭവനങ്ങൾക്കു മുമ്പിൽ

ദീപം കൊളുത്തി അലങ്കരിച്ച വിവിധ രൂപത്തിലുള്ള നക്ഷത്രക്കൂടുകൾ ഒരു സാധാരണ കാഴ്ചയായിട്ടുണ്ട്. ക്രിസ്തു ജനിച്ച രാത്രിയിൽ ഉദിച്ച അസാധാരണ നക്ഷത്രമാണ് ഈ ആചാരത്തിന്റെ പ്രചോദനം.

ക്രിസ്തുയുഗം: ക്രിസ്തു, കാലത്തെ ക്രിസ്തുവിന് മുമ്പ്, ക്രിസ്തുവിന് പിമ്പ് എന്ന് (B.C., A.D.) വേർതിരിക്കുന്ന നാഴികക്കല്ലായി ചരിത്രത്തിൽ അറിയപ്പെടുന്നു. ക്രിസ്തുവിന്റെ ദർശനത്തിലേക്ക് ലോകം അനുക്രമം വളർന്ന് വികസിച്ചുകൊണ്ടേയിരിക്കുന്നതിനാൽ ക്രിസ്തുവിന് ശേഷമുള്ള നൂറ്റാണ്ടുകളെ ക്രിസ്തുയുഗം എന്ന് വിശേഷിപ്പിക്കാം. ലോകത്തിലെ രാഷ്ട്രീയ - സാമൂഹിക - സാംസ്കാരിക മേഖലകളെല്ലാം തന്നെ ബൈബിൾ നൽകിയ പ്രകാശം നുകർന്നുകൊണ്ട് പരിവർത്തനങ്ങളിലൂടെ പൂർണ്ണതയിലേക്ക് സഞ്ചരിക്കുന്നു. സ്ഥിതി സമത്വവാദം, വിമോചനവാദം, അപമാനവീകരണത്തിനെതിരായി നടക്കുന്ന പോരാട്ടങ്ങൾ, സാമ്പത്തിക, സാമൂഹിക, സാമുദായിക സ്വാതന്ത്ര്യ സമരങ്ങൾ, ചൂഷണം, മർദ്ദനം എന്നിവയ്ക്കെതിരെയുള്ള സംഘടിത പ്രവർത്തനം എന്ന് തുടങ്ങി ഒട്ടെല്ലാ മേഖലകളിലും പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുകയും നിർണ്ണായക സ്വാധീനമായി വർത്തിക്കുകയും ചെയ്യുന്ന ഉൾച്ചരട് യേശുക്രിസ്തുവാണ്. സാഹിത്യം, കല തുടങ്ങിയ ഉദാത്ത മേഖലകൾ പൂർണ്ണ മനുഷ്യനെ ആവിഷ്കരിക്കുവാൻ ഉറ്റുനോക്കുന്നത് ബൈബിളിലേക്കാണ്. ഈ യുഗം ദൈവരാജ്യത്തിന്റെ പൂർണ്ണതയെ ലക്ഷ്യം വച്ച് യാത്ര ചെയ്തുകൊണ്ടിരിക്കുന്നു.

ക്രിസ്തുവിജ്ഞാനീയം: ദൈവത്തിന്റെ പൂർണ്ണ വെളിപാട് ക്രിസ്തുവിൽ സാധ്യമായി. അവൻ വചനമാണ്. പിതാവാം ദൈവത്തിന്റെ സാരാംശമുള്ളവനും ത്രിത്വത്തിൽ രണ്ടാമനുമാണ്. ത്രിത്വഹിതപ്രകാരം സൃഷ്ടിയുടെ മുഖാന്തിരം. മഹിമകളെ വെടിഞ്ഞു മറിയാമ്മിൽ നിന്ന് ജഡം ധരിച്ച് പ്രത്യക്ഷപ്പെട്ടു. അവൻ പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമായ ഏക സ്വഭാവമായിരുന്നു. ക്രൂശു മരണത്തിലൂടെ പാപവീഴ്ച സംഭവിച്ച സൃഷ്ടി സംവിധാനത്തെ ദൈവവുമായി രമ്യപ്പെടുത്തി. അവനിൽ വിശ്വസിച്ച് അനുകരിക്കുന്നവർ ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കുള്ളവരായി പുതിയ ജീവൻ പ്രാപിച്ച് പാപത്തെ അതിജീവിച്ച് ക്രിസ്തുവിനോടു കൂടി പുതിയ സൃഷ്ടികളായി ജീവിക്കുന്നു. യേശു ആരെന്ന അന്വേഷണം അറിയോസിനെപ്പോലെയുള്ളവരെ വഴി തെറ്റിച്ചു. ത്രിത്വത്തിന്റെ സ്വഭാവം, അതിൽ യേശുവിന്റെ സ്ഥാനം, ത്രിത്വത്തിലെ ആളത്തങ്ങൾ തമ്മിലുള്ള ബന്ധം, അവരുടെ ഉല്പത്തി, വ്യാപാരം തുടങ്ങിയ കാര്യങ്ങൾ ആദ്യത്തെ അഞ്ചു നൂറ്റാണ്ടുകളിൽ ഏറെ വിവാദങ്ങൾക്ക് വഴിവച്ചു. അവയെപ്പറ്റിയുള്ള വിശദമായ ചർച്ചകൾക്കു ശേഷം സാർവത്രിക കൗൺസിലുകൾ രൂപം കൊടുത്ത വിശ്വാസപ്രമാണത്തിൽ സഭയുടെ ഔദ്യോഗിക നിലപാടുകൾ പ്രഖ്യാപിച്ചിരിക്കുന്നു. വിശ്വാസപ്രമാണത്തിലെ രണ്ടാം ഖണ്ഡിക ക്രിസ്തു

വിജ്ഞാനീയത്തെപ്പറ്റിയുള്ള സഭയുടെ അംഗീകൃത നിർവചനങ്ങൾ ആണ്.

ക്രിസ്തുശിഷ്യാശ്രമം, തടാകം: മലങ്കരസഭയുടെ കോയമ്പത്തൂരിനടുത്തുള്ള മിഷൻകേന്ദ്രം. 1936-ൽ ആംഗ്ലിക്കൻ ബിഷപ്പ് ആയിരുന്ന പെക്കൻ ഹാം വാൽഷ് സ്ഥാപിച്ചു. മിസ്സിസ് വാൽഷ്, കെ. സി. വർഗ്ഗീസ്, റ്റി. ഒ. മാത്യു, ഫാ. സി. വി. ജോൺ എന്നിവർ ആദ്യകാല അംഗങ്ങൾ. കെ. സി. വർഗ്ഗീസ് അച്ചൻ 1979-വരെ ഇതിന്റെ ആചാര്യ ആയിരുന്നു. പിന്നീട് എം. കെ. ജേക്കബ് അച്ചൻ. ഡോ. പീലിപ്പോസ് മാർ തെയോഫിലോസിനു ശേഷം യൗസേബിയോസ് മെത്രാപ്പോലീത്താ ആചാര്യ ആയും പൗലൂസ് മാർ മിലിത്തിയോസ് വിസിറ്റിംഗ് ബിഷപ്പായും പ്രവർത്തിക്കുന്നു. ഒരാശുപത്രിയും സ്കൂളും സമീപത്ത് പ്രവർത്തിക്കുന്നു. ആശ്രമത്തിന്റെ സപ്തതി 2007 ജനു. 6, 7, 8 തീയ്യതികളിൽ ആഘോഷിച്ചു. മണ്ണാർക്കാടിനടുത്തുള്ള തെങ്കര ആശ്രമം ഇതിന്റെ ശാഖയാണ്.

ക്രിസ്ത്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യാ (സി. സി. എ.): ഏഷ്യയിലെ ക്രിസ്ത്യൻ സഭകളുടെ എക്യുമെനിക്കൽ വേദി. ഈസ്റ്റ് ഏഷ്യാ ക്രിസ്ത്യൻ കോൺഫ്രൻസ് എന്ന് ആദ്യനാമം. 1957 മാർച്ചിൽ ഇന്തോനേഷ്യയിൽ ചേർന്ന യോഗം ഈ വേദി രൂപീകരിക്കാൻ നിശ്ചയിച്ചു. 1959 മെയ് 14-24 വരെ നടന്ന കോലാലമ്പൂർ അസംബ്ലിയിൽ വച്ച് ഉദ്ഘാടനം ചെയ്തു. 1964-ൽ ബാങ്കോക്ക് അസംബ്ലിയിൽ പരിഷ്കരിച്ചു. 1973-ൽ സിങ്കപ്പൂരിൽ വച്ച് ഭരണഘടനയുണ്ടാക്കി; പുതിയ പേരിട്ടു. സുവിശേഷ പ്രവർത്തനം, സേവനം, സാമൂഹിക വികസനം, മാനുഷിക വികസനം, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നീ മേഖലകളിൽ പഠനവും പ്രവർത്തനവും നടത്തുന്നു. ഏഷ്യയിലെ 16 രാജ്യങ്ങളിലായി 113 സഭാവിഭാഗങ്ങളും നാഷണൽ ക്രിസ്ത്യൻ കൗൺസിലും ഇതിൽ അംഗങ്ങളാണ്. പെന്തിക്കോസ്തിക്ക് തൊട്ടുമുമ്പുള്ള ഞായറാഴ്ച സ്ഥാപനദിനം പ്രാർത്ഥനാദിനമായി ആചരിക്കുന്നു (ഏഷ്യാ സൺഡേ). അഞ്ചു വർഷത്തിലൊരിക്കൽ അസംബ്ലി സമ്മേളിക്കുന്നു. 1988-ൽ സർക്കാർ സിങ്കപ്പൂരിൽ നിന്ന് സി. സി. എ. യെ പുറത്താക്കിയശേഷം സെക്രട്ടറിയേറ്റ് ജപ്പാൻ (ഒസാക്ക), ഹേങ്കോങ്ങ്, തായ്‌ലാണ്ട് (ചിയാങ്ങ്മായി), ഫിലിപ്പീൻസ് (മനില) എന്നീ നാലു സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു.

ക്രിസ്ത്യാനി: യേശുക്രിസ്തുവിന്റെ അനുയായികൾക്ക് അന്ത്യോഖ്യയിൽ വച്ച് ഈ പേർ ഉണ്ടായി (അ. പ്ര. 11:26). മാമ്മൂദീസായുടെ കൈവെപ്പിലൂടെ ഒരാൾ ക്രിസ്ത്യാനി ആവുന്നു. മൂറോൻ അഭിഷേകത്തിലൂടെ ആ സഭാംഗത്വം സ്ഥിരീകരിക്കപ്പെട്ട് പൂർത്തീകരിക്കപ്പെടുന്നു.

ക്രൂബേന്മാർ: ഒമ്പത് വൃന്ദം മാലാഖമാരിൽ ഒരു ഗണം. യെഹസ്കി

യേൽ ഇവരെ വർണ്ണിക്കുന്നു (10:14; 41:18). ഏദനിൽ ജീവവൃക്ഷം കാവൽ ചെയ്യുന്നു (ഉല്പ. 3:24). സാക്ഷ്യപെട്ടകത്തിന്റെ മൂടിമേൽ സ്വർണ്ണംകൊണ്ട് രണ്ടു ക്രോബേന്മാർ ചിറകു വിടർത്തി കൃപാസനം കാത്തുസൂക്ഷിക്കുന്നു (പുറ. 25:18 മു). ദൈവത്തിന്റെ രഥം ഇവർ വഹിക്കുന്നു (യെഹ. 10:1 മു). ഇവരുടെ തടികൊണ്ടുള്ള രൂപം ശലോമോന്റെ ദൈവാലയത്തെ അലങ്കരിച്ചു (1 രാജ. 6:26 മു). ഇവർ നിരന്തരം ദൈവത്തെ സ്തുതിക്കുന്നു (1. ഹാനോക്ക് 20:7; വെളി. 4:6 മു). അസംഖ്യം കണ്ണുകൾ ഉള്ളവരാണ് ക്രൂബേന്മാർ എന്ന് മാർ യാക്കോബിന്റെ അന്നാഫുറായിൽ പരാമർശമുണ്ട്. തിരിയുന്ന വാളുകൾ അവരുടെ ആയുധവും.

ക്രൂബേന്മാരുടെ സ്തുതിപ്പ്: സൂത്താറ നമസ്ക്കാരത്തിലും രാത്രി പ്രാർത്ഥനയിലും ചൊല്ലുന്ന ‘എന്നേക്കും തന്റെ ഇടത്തിൽ നിന്ന് കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു” ഇത്യാദി സ്തുതിപ്പിനെ ക്രൂബേന്മാരുടെ സ്തുതിപ്പ് എന്ന് പറയുന്നു. സ്ലീബാ ആഘോഷത്തിൽ ക്രൂബേന്മാർ ക്രിസ്തുവിനെ വാഴ്ത്തുന്നു എന്ന് വർണ്ണിക്കുന്നു.

ക്രൂബേന്മാരുടെ കൗമ്മാ: ക്രൂബേന്മാരുടെ സ്തുതിപ്പിനെ കൗമ്മാ എന്നും പറയും. മൂന്ന് പ്രാവശ്യം ചൊല്ലുമ്പോൾ അത്രയും തവണ കുമ്പിടുകയും ചെയ്യും.

ക്രൈസ്തവ പാരമ്പര്യം: യേശുക്രിസ്തുവിൽ നിന്ന് വാക്കിലും പ്രവൃത്തിയിലും ലഭിച്ച കല്പനകൾ, മാതൃകകൾ, അപ്പോസ്തോലന്മാരും അവരുടെ ശിഷ്യന്മാരും നൽകിയ വ്യാഖ്യാനങ്ങൾ, വിശദീകരണങ്ങൾ, ക്രിയാ വ്യാപാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിങ്ങനെ ക്രൈസ്തവ പാരമ്പര്യത്തെ നാലു അടിസ്ഥാന ധാരകളായി തിരിക്കാം.

1. വേദപുസ്തകം, 2. വി. കൂദാശകൾ, 3. വിശ്വാസസത്യങ്ങളും പ്രമാണങ്ങളും, 4. ആചാരാനുഷ്ഠാനങ്ങൾ.

ക്രൊയ്ത്തൊദ് റൂഹോ കാദീശോ: പരിശുദ്ധാത്മാവിന്റെ വിളി എന്നർത്ഥം. സഭയുടെ നാലു ശുശ്രൂഷകളിലാണ് ഈ പ്രാർത്ഥനയുള്ളത്. 1. കുർബ്ബാന, 2. മാമ്മൂദീസാ, 3. പട്ടംകൊട, 4. മൂറോൻ. പ്രധാന കാർമ്മികൻ പരിശുദ്ധാത്മവിളിയുടെ രഹസ്യപ്രാർത്ഥന ചൊല്ലിക്കൊണ്ട് യഥാക്രമം അപ്പവീഞ്ഞുകൾ, തൊട്ടിയിലെ ജലം, സ്നാനാർത്ഥി, തൈലം എന്നിവയുടെ മേൽ കൈ ആവാസത്തിന്റെ ക്രിയകൾ നടത്തുന്നു. ഈ പ്രാർത്ഥന കണ്ണീരോടെ നടത്തണമെന്ന് പട്ടംകൊട ക്രമത്തിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവാസം നടക്കുന്ന സമയമാണതെന്ന് അർക്കദിയാക്കോൻ തൽസമയം സഭയെ അറിയിക്കും. പട്ടംകൊടയിൽ പ്രധാന കാർമ്മികൻ രഹസ്യപ്രാർത്ഥന ചൊല്ലി കൈ കുർബ്ബാനമേലും

സ്നാനാർത്ഥിമേലും ആവസിപ്പിച്ച് അഭിഷേചിക്കുമ്പോൾ സന്നിഹിതരായ ആചാര്യസ്ഥാനീയരെല്ലാം പ്രധാന കാർമ്മികന്റെ കാപ്പാ ഉയർത്തി വിടുർത്തി അതിൽ പിടിച്ച് നീസേ റൂഹോ കാദീശോ എന്നു പരിശുദ്ധാത്മാഹ്വാനത്തിന്റെ പ്രാർത്ഥന ഉച്ചത്തിൽ പാടുവാൻ ക്രമീകരിച്ചിരിക്കുന്നു. ഈ ആവസിപ്പിന് ശേഷമാണ് അതത് കൂദാശകളിലെ ത്രിത്വനാമത്തിലുള്ള മുദ്രണം. പാശ്ചാത്യസഭകളുടെ കുർബ്ബാന തക്സായിലും മറ്റും എപ്പിക്ലീസിസിന്റെ ഈ പ്രാർത്ഥന കാണുന്നില്ല.

ക്ലീമ്മിസ്, റോമ്മിലെ (30-100): റോമ്മിലെ മൂന്നാമത്തെ മെത്രാൻ. അപ്പോസ്തോലിക പിതാവ്. ഫിലിപ്യ ലേഖനത്തിൽ (4:3) പരാമർശിക്കുന്നത് ഇദ്ദേഹത്തെയെന്ന് ഓറിഗനും യൂസേബിയോസും. ക്ലീമ്മിസിന്റെ ലേഖനങ്ങൾ 4-ാം നൂറ്റാണ്ടു വരെ പള്ളികളിൽ വായിക്കുമായിരുന്നു. പാത്രിയർക്കീസ് സ്ഥാനാർത്ഥികളുടെ മേൽ ഇദ്ദേഹത്തിന്റെ പുസ്തകത്തിലെ ഒരു പ്രാർത്ഥന നടത്തുവാൻ ഹൂദായ കാനോനിൽ നിർദ്ദേശമുണ്ട് (7: ഹൂദായ). അദ്ദേഹം രണ്ടു ലേഖനങ്ങളും കൂദാശാപരമായ എട്ടു പുസ്തകങ്ങളും എഴുതിയിട്ടുണ്ട് (ഹൂദായ കാനോൻ 7: ശ്ലീഹന്മാർ 81).

ക്ലീമ്മിസ്, അലക്സാന്ത്രിയാ (150-215): ആതൻസിൻ ഗ്രീക്കു മാതാപിതാക്കളിൽ നിന്ന് ജനിച്ചു. അലക്സാന്ത്രിയായിൽ പാന്റീനസിന്റെ ശിഷ്യനായി. പിന്നീട് അലക്സാന്ത്രിയൻ വൈദിക കലാശാലയിൽ മുഖ്യഗുരു. 'ഗ്രീക്കുകാരോടുള്ള ആഹ്വാനം, ഗുരു, സ്ട്രൊമത്തെയിസ് എന്നീ തത്വശാസ്ത്രഗ്രന്ഥങ്ങളും വേദവ്യാഖ്യാനങ്ങളും രചിച്ചു. പ്രധാന ദർശനങ്ങൾ. 1. വചനത്തെപ്പറ്റി യവന-ക്രൈസ്തവ ദർശനങ്ങൾ സമാനമാണ്. 2. സ്വയം അറിയുന്നവൻ ദൈവത്തെ അറിയുന്നു. കുടുംബജീവിതത്തിൽ പരീക്ഷകളേറും. അതിൽ നിന്ന് ലഭിക്കുന്ന ശിക്ഷണം ശ്രേഷ്ഠതരമാണ്.

ക്ലീമ്മിസ്, ഏബ്രഹാം മാർ: റാന്നി വയലാ കുടുംബത്തിൽ കൊച്ചിടിക്കുള - കളരിക്കൽ പെണ്ണമ്മ ദമ്പതികളുടെ 5-ാമത്തെ പുത്രനായി 1918 ഏപ്രിൽ 22-ന് ജനിച്ചു. അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദം. ഏലിയാസ് തൃതീയൻ ബാവാ ശെമ്മാശുപട്ടം നൽകി. പാലസ്തീനിൽ വൈദിക വിദ്യാഭ്യാസം. 1951 ഏപ്രിൽ 15-ന് ഹോംസിൽ വച്ച് പാത്രിയർക്കീസ് മെത്രാനാക്കി. 1958-ൽ സഭാ സമാധാനം ഉണ്ടായപ്പോൾ മാർ ക്ലീമ്മിസ് ക്നാനായ ഭദ്രാസനത്തോടൊപ്പം കാതോലിക്കേറ്റിൽ ചേർന്നു. കാതോലിക്കാ ഇദ്ദേഹത്തെ ക്നാനായ ഭദ്രാസനാധിപനായി നിയമിച്ച് 1959 ഫെബ്രു. 25-ന് നിയമന കല്പന നൽകി.

1975-ൽ സഭാവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതിനാൽ സഭയിൽ നിന്ന് ബഹിഷ്കൃതനായി. സാക്കാ പ്രഥമൻ പാത്രിയർക്കീസ് ഇദ്ദേഹത്തെ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ ആയി പ്രഖ്യാപിച്ചു.

2002 സെപ്റ്റംബർ 29-ന് കാലം ചെയ്തു.

ക്ലീമ്മിസ്, കുറിയാക്കോസ് മാർ: 1936-ൽ കോഴഞ്ചേരി നെല്ലിക്കൽ എന്ന സ്ഥലത്ത് ജനിച്ചു. 1964-ൽ വൈദികനായി. പത്തനംതിട്ട ബേസിൽ ദയറാ അംഗം. തുമ്പമൺ ഭദ്രാസന വൈദിക സെക്രട്ടറി. മങ്ങാട് (പുല്ലാട്), വെച്ചൂച്ചിറ എന്നിവിടങ്ങളിൽ വികാരി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ബോട്ടണി അധ്യാപകനായിരുന്നു. 1989 ഡിസം. 28-ന് അസോസ്യേഷൻ മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. 1991 ഏപ്രിൽ 30-ന് പരുമലയിൽ വച്ച് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ മെത്രാൻ സ്ഥാനം നൽകി. സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ ചുമതല വഹിക്കുന്നു.

ക്ലേറി (1): വൈദികർ പാശ്ചാത്യ മാതൃകയിൽ ധരിക്കുന്ന വെള്ളക്കാസക്കിന് ക്ലേറി എന്ന് പറയും.

ക്ലേറി (2): മദ്ബഹായിലെ ശുശ്രൂഷാവേളകളിൽ മാത്രം വൈദിക വസ്ത്രം ധരിക്കുവാൻ അനുവാദം നൽകി സ്ഥാനം നൽകിയ താഴ്ന്ന ശെമ്മാശുസ്ഥാനികൾക്ക് (കോറൂയോ, അവുപ്പദ്യക്കിനോ) ക്ലേറി എന്ന് പറയും.

ക്സൊസ്ത്തോസ് (257-258): റോമിലെ ബിഷപ്പ്. ഇദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. അദ്ദേഹത്തിന്റെ പേരിൽ ഒരു അനാഫുറ ഉണ്ട്.

ക്സൊസ്ത്തോസ് (117-126): പത്രോസ് ശ്ലീഹായുടെ പിൻഗാമിയായി ഒരു ക്സൊസ്ത്തോസ് ജീവിച്ചിരുന്നു.

ഖ

ഖണ്ഡിപ്പ്: വി. കുർബ്ബാനയിൽ കർത്താവിന്റെ കഷ്ടാനുഭവം, മരണം, ഉയിർപ്പ് എന്നിവയെ ക്രിയാരൂപത്തിൽ അനുസ്മരിക്കുന്ന കർമ്മം. രണ്ടാം റൂശ്മ കഴിഞ്ഞ് മറയിടുമ്പോൾ ഇത് നടത്തുന്നു. ഈ സമയത്ത് ഉപയോഗിക്കുവാൻ മാർ ദീവന്നാസ്യോസ് ബർ സ്ലീബി എഴുതിയ ഒരു വിശ്വാസ പ്രമാണവും മാർ യാക്കോബിന്റെ ഒരു കവിതയും അജ്ഞാത കർത്തൃക മായ മൂന്ന് വാകൃങ്ങളും കിടപ്പുണ്ട്. ഇവയിൽ ഏതെങ്കിലും ഒരെണ്ണം ഉപയോഗിച്ചാൽ മതിയെന്ന് കൈയെഴുത്തുക്രമങ്ങളിൽ നിർദ്ദേശിച്ചിരുന്നത് അച്ചടിയിൽ വിട്ടുപോയി. പ്രാവ്, മനുഷ്യൻ, സ്ലീബാ എന്നീ വിവിധ ആകൃതികളിൽ അപ്പം മുറിച്ച് ക്രമീകരിക്കുകയും അപ്പവീഞ്ഞുകളെ കലർത്തുകയുമാണ് ഈ സമയത്തു ചെയ്യുന്നത്. അതത് ദിവസത്തേയ്ക്ക് ക്രമീകരിച്ച ഗീതങ്ങളോ ലുത്തിനിയാകളോ ഈ സമയത്ത് ചൊല്ലുന്നു. കുരിശാരോഹണവും ഉയിർപ്പും ഇരുട്ടുള്ള സമയത്ത് ചരിത്രത്തിൽ നടന്നു. ആ അന്തരീക്ഷം സൃഷ്ടിക്കുവാൻ മറ ഇടുന്നു.

ഗ

ഗത്സമേന: എബ്രായപദം. ഒലിവ് ചക്ക് എന്നർത്ഥം. അന്ത്യഅത്താഴം കഴിഞ്ഞ് ക്രിസ്തു ഇവിടെ പ്രാർത്ഥിപ്പാനെത്തി. 'പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്ന് നീങ്ങിപ്പോകേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നടക്കട്ടെ' എന്ന് ഈ തോട്ടത്തിൽ വച്ച് പ്രാർത്ഥിച്ചു. രക്തധമനികൾ പൊട്ടി രക്തം വിയർപ്പുതുള്ളികൾ പോലെ ഒഴുകി. ശിഷ്യന്മാരോട് ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ എന്ന് മൂന്ന് വട്ടം പറഞ്ഞു. എങ്കിലും അവർ ഉറങ്ങിപ്പോയി. ഇവിടെ വച്ച് യൂദാ ചുംബനം മൂലം ക്രിസ്തുവിനെ കാട്ടിക്കൊടുത്തു. അവിടെവച്ച് യേശുവിനെ ബന്ധനസ്ഥനാക്കി. തോട്ടം ഇന്ന് തീർത്ഥാടനകേന്ദ്രമാണ്.

ഗബ്രിയേൽ ബിഷപ്പ്: നെസ്തോറിയ ബിഷപ്പ്. 1708–ൽ മലങ്കരയിൽ വന്ന് 1731–ൽ നിര്യാതനായി. കോട്ടയം ചെറിയപള്ളിയിൽ അടക്കി. 4–ാം മാർത്തോമ്മായുടെ കാലമായിരുന്നു. വിശ്വാസസ്ഥിരത ഇല്ലായിരുന്നു. എങ്കിലും കുറെ കത്തോലിക്കാ ഇടവകകളും സുറിയാനി ഇടവകകളും അദ്ദേഹത്തിന്റെ കീഴിൽ അദ്ദേഹത്തിന്റെ മരണംവരെ ഐക്യപ്പെട്ടു കഴിഞ്ഞു. അദ്ദേഹം നെസ്തോറിയൻ ആയിരുന്നു. മാർത്തോമ്മായുടെ (V) കത്തുകളിൽ ഇദ്ദേഹത്തിന്റെ പഠിപ്പിക്കലുകളെ വിമർശിക്കുന്നുണ്ട്.

ഗബ്രിയേൽ മാലാഖ: ദൈവപുരുഷൻ എന്നർത്ഥം. പ്രമുഖ ദൂതൻ (ദാനി. 8:17, 9:21, ലൂക്കോ. 1:19, 26 etc.) യേശുവിന്റെയും സ്നാപക യോഹന്നാന്റെയും ജനനത്തിന്റെ അറിയിപ്പുകാരൻ.

ഗമാലിയേൽ: ദൈവത്തിന്റെ ദാനം എന്നർത്ഥം. പൗലൂസിന്റെ ഗുരു. പരീശപ്രമാണി. സെന്നദ്രീം സംഘത്തിലെ അംഗം (അ. പ്ര. 32:3).

ഗംഗാറാ സുന്നഹദോസ്: റോമൻ പ്രവിശ്യ പഫലഗോണിയായുടെ തലസ്ഥാനം. ഇപ്പോൾ തുർക്കിയിലെ കാൻകിറി. ഇവിടെ 4–ാം നൂറ്റാണ്ടിൽ കൂടിയ പ്രാദേശിക സിന്നഡിൽ ഒരു യൂസേബിയോസ് ആധ്യക്ഷം വഹിച്ചു. വിവാഹത്തെ അശുദ്ധമെന്ന് ഗണിച്ചവരെ സിന്നഡ് ശപിച്ചു. ക്രിസ്ത്യാനികൾ സന്യാസം വരിച്ചേ മതിയാകൂ എന്നും ഞായറാഴ്ചയും ഉപവസിക്കണം എന്നും കൂദാശകൾ പട്ടക്കാരില്ലാതെയും നടത്താമെന്നുമുള്ള ചിന്ത

കളെ സിന്നഡ് നിരോധിച്ചു. ഈ സിന്നഡിന്റെ പല നിശ്ചയങ്ങളും ഹൂദായ കാനോനിൽ സ്വീകരിച്ചിട്ടുണ്ട്.

ഗായകസംഘം: ഗാനപ്രധാനമാണ് സുറിയാനിസഭയുടെ എല്ലാ ആരാധനകളും. സുറിയാനി സംഗീതം കൃത്യമായി പഠിച്ചവർക്ക് മാത്രമേ ഹൃദ്യമായ ആരാധന ഉറപ്പു വരുത്തുവാനാവൂ. പള്ളികളിൽ ഇതിന് സ്ഥിരമായ സംവിധാനം ഉണ്ടായിരുന്നു. ശെമ്മാശന്മാരുടെ ഒരു ഗണം തന്നെ പാട്ടു പാടുവാൻ പരിശീലനം ലഭിച്ചവരായി ഓരോ ഇടവകയിലും ഉണ്ടായിരുന്നു. മ്സമ്രോനേന്മാർ - പാട്ടുകാർ - എന്നാണ് ഇവരുടെ ഔദ്യോഗിക സ്ഥാനനാമം. മദ്ബഹായ്ക്ക് താഴെ നമസ്കാരമേശ കിടക്കുന്ന അഴിക്കകം ആണ് ഇവരുടെ സ്ഥാനം. ഇവർക്ക് സ്ഥാനം നൽകുവാൻ കോറെപ്പിസ്ക്കോപ്പന്മാർക്കും അനുവാദമുണ്ട്. സ്ഥാനചിഹ്നമായി സങ്കീർത്തനപ്പുസ്തകം നൽകുവാൻ പട്ടംകൊടക്രമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ സഭ മുഴുവൻ ആരാധനയിൽ പങ്കുചേരുന്നതാണ് ഓർത്തഡോക്സ് പാരമ്പര്യം.

ഗർസുനി: ഗാർസുനി, കാർസോനി, കർസോനി എന്നൊക്കെ പറയും. സുറിയാനി ലിപി ഉപയോഗിച്ച് മലയാളം എഴുതുന്നത് മലയാളം ഗർസുനി. സുറിയാനി ലിപിയിൽ അറബിക് എഴുതുന്നത് അറബിക് ഗാർസുനി. മലങ്കരയിൽ വന്ന വിദേശ മേലധ്യക്ഷന്മാരുടെ ക്രമങ്ങളിൽ രണ്ടുവിധ ഗാർസുനി എഴുത്തുകളും കാണുന്നു. നാട്ടു വൈദികരുടെ പള്ളിക്രമപ്പുസ്തകങ്ങളിൽ ആരാധനയ്ക്കു സഹായകമായ നിർദ്ദേശങ്ങളും കുറിപ്പുകളും ഗർസുനിയിലാണ് എഴുതിയിരുന്നത്.

ഗലാത്യർ: ഇന്നത്തെ ഫ്രാൻസ്. ഗോളിൽ നിന്ന് കുടിയേറിപ്പാർത്തവർ എന്ന് പദനിഷ്പത്തി. വി. പൗലോസ് ഇവിടെ സഭ സ്ഥാപിച്ചു. അവർക്ക് എഴുതിയ ലേഖനം പുതിയനിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗലീല: പാലസ്തീന്റെ വടക്ക് സെബലൂൻ, നഫ്താലി ഗോത്രങ്ങൾക്കവകാശമായി ലഭിച്ച ഭൂമി. ഗലീല തടാകം ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നു. ഗോതമ്പും മുന്തിരിയും പരുത്തിയും സമൃദ്ധം. നസറേത്ത്, നയിൻ, കപ്പർന്നഹൂം, കാനാ, തിബര്യോസ്, കോരസീൻ, ബേത്സയ്ദാ എന്നീ പട്ടണങ്ങൾ ഈ പ്രദേശത്താണ്. യേശു ഇവിടെ വളർന്നു. പല ഉപമകൾക്കും പശ്ചാത്തലഭൂമി. യൂദാ ഒഴിച്ച് എല്ലാ ശിഷ്യന്മാരും ഗലീലാക്കാർ. ഉയിർപ്പിന് ശേഷം യേശു പ്രത്യക്ഷനാകുന്നതും സകലജാതികളോടും സുവിശേഷം അറിയിപ്പാൻ കല്പിച്ചതും ഇവിടെ വച്ചാണ് (മർക്കോ. 16:7, 15-20).

ഗലീലക്കടൽ: കിന്നരേത്ത് (സംഖ്യ. 34:11) ഗന്നസർ (1 മക്കാ. 11:67)

തടാകമെന്നും ഇതിന് പേരുണ്ട്. 18 കി. മീറ്റർ നീളം, 11 കി. മീറ്റർ വീതി. സമുദ്രനിരപ്പിൽ നിന്ന് 683 അടി താഴെ. കൂടിയ ആഴം 126 അടി. തീരങ്ങൾ ജനനിബിഡം. ആ തീരങ്ങളിലാണ് മഗ്ദല, കോരസീൻ, ബെത്സയ്ദ, കപ്പർന്നഹൂം, തിബര്യോസ്, ഹിപ്പോ തുടങ്ങിയ പട്ടണങ്ങൾ. ഹെർമ്മോൻ മലയിലെ മഞ്ഞ് ഉരുകി സ്വച്ഛജലം നിറയുന്നു. മീൻപിടുത്തം പ്രധാന തൊഴിൽ.

ഗാർസിയാ, ഫ്രാൻസിസ്: 1599-ലെ ഉദയംപേരൂർ സിന്നഡ് കഴിഞ്ഞ് സ്റ്റീഫൻ ബ്രിട്ടോയ്ക്ക് ശേഷം 1641-ൽ ഇദ്ദേഹം അങ്കമാലിയുടെ ആർച്ച് ബിഷപ്പായി. ലത്തീൻവത്ക്കരണ വ്യഗ്രത, നയരാഹിത്യം, കാർക്കശ്യം എന്നിവ മൂലം സുറിയാനി പാരമ്പര്യക്കാർ ഉദയംപേരൂർ സംസ്കാരത്തെ വെറുത്തു. പൗരസ്ത്യ മേലധ്യക്ഷനെത്തേടി മലങ്കരയിൽ നിന്ന് പൗരസ്ത്യ സഭാകേന്ദ്രങ്ങളിലേക്ക് കത്തുകളും ദൂതന്മാരും അയയ്ക്കപ്പെട്ടു. ഇതിന്റെ ഫലമായി അലക്സാന്ത്രിയാ പാപ്പാ അഹത്തള്ളാ പാത്രിയർക്കീസിനെ അയച്ചു. അദ്ദേഹത്തെ പോർത്തുഗീസ് സഭാധികൃതർ ബന്ധനസ്ഥനാക്കി. കൊച്ചിക്കായലിൽ മുക്കിക്കൊന്നു. ഈ അരുംകൊലയിൽ മലങ്കരസഭ ക്ഷോഭിച്ചു. 1653-ലെ കൂനൻകുരിശുസത്യമായിരുന്നു അനന്തരഫലം. ഗാർസിയായുടെ ഭരണം 1659-ൽ അവസാനിച്ചു. ബന്ധനവിമുക്തി നേടിയ മലങ്കരസഭ തോമ്മാ അർക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ ആലങ്ങാട്ട് വച്ച് മെത്രാനായി വാഴിച്ചു.

ഗിരിദീപം: മലങ്കരസഭ വിട്ട് റോമൻ കത്തോലിക്കാ സഭയിൽ ചേർന്ന് മലങ്കര റീത്ത് പ്രസ്ഥാനം സ്ഥാപിച്ച ആർച്ച് ബിഷപ്പ് ഗീവറുഗ്ഗീസ് മാർ ഈവാനിയോസിന്റെ ആത്മകഥ. ബഥനിസ്ഥാപനം, വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനോടനുബന്ധിച്ച് കോട്ടയം പഴയസെമിനാരിയിലുണ്ടായ അസുഖകരങ്ങളായ സംഭവവികാസങ്ങൾ, അബ്ദുള്ള-അബ്ദുൽ മശിഹാ പാത്രിയർക്കീസുമാരുടെ ആഗമനം, ഒന്നാം കാതോലിക്കായുടെ വാഴ്ച തുടങ്ങി ഇരുപതാം നൂറ്റാണ്ടിന്റെ ഒന്നാം പാദത്തിലുണ്ടായ സഭാചരിത്ര സംഭവങ്ങളുടെ ദൃക്സാക്ഷി വിവരണം ഈ ആത്മകഥയിൽ ലഭ്യമാണ്. മുണ്ടൻമലയിൽ സ്ഥാപിച്ച ബഥനി ആശ്രമത്തെയാണ് അദ്ദേഹം ഗിരിദീപം എന്ന് വിശേഷിപ്പിച്ചത്. കുന്നംകുളം സ്വദേശിയും പ്രസാധകനും പത്രാധിപരും മാർ ഈവാനിയോസിന്റെ ആത്മമിത്രവുമായ പുലിക്കോട്ടിൽ ജോസഫ് റമ്പാനാണ് (പിന്നീട് റീത്തിൽ ചേർന്നു) ഈ കൃതി രചിച്ചതെന്ന് ചില സഭാചരിത്രകാരന്മാർ സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഗീതങ്ങൾ: പഴയനിയമ സഭ ആരാധനകളിൽ സങ്കീർത്തനങ്ങൾ പാടിയിരുന്നു. സംഗീത ഉപകരണങ്ങളും ഉപയോഗിച്ചു വന്നു. മറിയാമ്മിന്റെ

പാട്ട്, ശിമയോന്റെ പാട്ടുകൾ എന്നിവയും കാണുന്നു. സുറിയാനിസഭയുടെ നമസ്ക്കാരവും ആരാധനകളും സംഗീതമയമാണ്. നവീകരണകാലത്ത് സുറിയാനി ഭാഷയോടും സുറിയാനി സംഗീതത്തോടും താല്പര്യം കുറഞ്ഞവർ വീടുകളിലും സുവിശേഷയോഗങ്ങളിലും ആരാധനാലയങ്ങളിലും ഉപയോഗിക്കുവാൻ ലളിതമായ ഭാഷകളിൽ ഗാനങ്ങൾ രചിച്ചു. സുറിയാനി സഭകൾ പരസ്യാരാധനകളിൽ ഈ ഗാനങ്ങൾ ഉപയോഗിക്കുന്നില്ല. മലയാളത്തിൽ മോശവത്സലം, സാധു കൊച്ചുകുഞ്ഞുപദേശി, കെ. വി. സൈമൺ തുടങ്ങിയവർ ധാരാളം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.

ഗീവറുഗ്ഗീസ് കത്തനാർ: അങ്കമാലി വേങ്ങൂർ ഇടവകാംഗം. 1653 ഫെബ്രുവരിയിൽ ഇടപ്പള്ളിയോഗം നിയമിച്ച, മാർത്തോമ്മാ ഒന്നാമന്റെ നാല് വൈദിക ഉപദേഷ്ടാക്കളിൽ പ്രമുഖൻ. മാർ അഹത്തള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്ക് കൊടുത്തയച്ച കത്ത് ഇദ്ദേഹം സാക്ഷ്യപ്പെടുത്തിയ നിലയിൽ വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ കാണുന്നുണ്ട്.

ഗീവറുഗ്ഗീസ് ആത്തുങ്കൽ, കോറെപ്പിസ്ക്കോപ്പാ (1902–1992): ആയുഷ്ക്കാലം മുഴുവൻ കുറുപ്പംപടി പള്ളിയുടെ വികാരി. 27–10–1902 ൽ കുറുപ്പമ്പടി ഇട്ടൂപ്പ് ഉപദേശി – മറിയാമ്മ ദമ്പതിമാരുടെ മകനായി ജനിച്ചു. അധ്യാപകൻ, ഇൻസ്പെക്ടർ, ഹോമിയോ ബിരുദം. *കുറുപ്പമ്പടി പള്ളിച്ചരിത്രത്തിന്റെ* ഗ്രന്ഥകർത്താവ്. സഭയിൻകൂടാരം, ബൈബിൾ റിസർച്ച്, വി. ഗ്രന്ഥത്തിലൂടെ എന്നീ കൃതികളും രചിച്ചു. മലങ്കരയിലെ പ്രമുഖ മിഷനറി സംഘടനയായ പൗരസ്ത്യ സുവിശേഷസമാജം 1924–ൽ സ്ഥാപിച്ചു. സമാജത്തിന്റെ പേരിൽ 4 ഹൈസ്കൂളുകളും 8 യു. പി. സ്കൂളുകളും ഒരു കോളജും, അനാഥശാല, വൃദ്ധമന്ദിരം, പ്രസ്, മാസിക എന്നിവയും ആരംഭിച്ചു. എഴുത്തുകാരൻ, സംഘാടകൻ, വാഗ്മി എന്നീ നിലകളിൽ പ്രശസ്തൻ. പാത്രിയർക്കീസ് മല്പോനോ നാസീഹോ ബഹുമതി നല്കി. സാധുജനസേവനം ജീവിതവ്രതം, മലബാറിലും കർണ്ണാടകയിലും സുവിശേഷപ്രവർത്തനം. നിരവധി ഇടവകകൾ സ്ഥാപിച്ചു. 1997 നവം. 5–ന് ദിവംഗതനായി. കുറുപ്പമ്പടിയിൽ കബറടക്കി. വേഷത്തിലും ഭാഷയിലും ഭാവത്തിലും അദ്ദേഹം ഒരു മഹർഷി ആയിരുന്നു.

ഗീവറുഗ്ഗീസ് ഒന്നാമൻ കാതോലിക്കാ: '*ബസ്സേലിയോസ് ഗീവറുഗ്ഗീസ് പ്രഥമൻ*' കാണുക.

ഗീവറുഗ്ഗീസ്, ഫാ. ചീരൻ: 19–ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പഴഞ്ഞി മങ്ങാട് കാങ്ങുവിന്റെ മകനായി ജനിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1883 ഏപ്രിൽ 2–ന് ശെമ്മാശുപട്ടവും 1886 സെപ്തംബർ 21–ന് കശ്ശീശപട്ടവും നൽകി. പരുമല സെമിനാരിയിൽ മാർ ഗ്രീഗോറിയോസ് ഗുരു. പഴഞ്ഞി സെന്റ് മേരീസ് പള്ളിയിലെ ആയുഷ്ക്കാല

വികാരി. പെങ്ങാമുക്ക്, ചേലക്കര പള്ളികളിലും വികാരി. കാട്ടകാമ്പാൽ, മലേപ്പാട്, ഓട്ടുപാറ പള്ളികൾ സ്ഥാപിച്ചു. പില്ക്കാല ഇടവകകളായി ത്തീർന്ന മങ്ങാട്, പെരുന്തുരുത്തി, കരിക്കാട് എന്നിവിടങ്ങളിൽ വായനാ യോഗങ്ങൾ സ്ഥാപിച്ചു. പഴഞ്ഞി, കരിക്കാട്, കാട്ടകാമ്പാൽ, പെങ്ങാമുക്ക് തുടങ്ങിയ സ്ഥലങ്ങളിൽ ഏഴു സ്കൂളുകൾ സ്ഥാപിച്ചു. നവീകരണക്കാ രോടുള്ള വ്യവഹാരം സഫലമായി നയിച്ചു. വിവാഹിതനായ ഇദ്ദേഹം 1933 കർക്കിടകം 15-ന് അന്തരിച്ചു. പഴഞ്ഞി പള്ളിയിൽ കബറടക്കപ്പെട്ടു.

ഗീവറുഗ്ഗീസ് അഞ്ചൽ, ഫാ. കെ.: മണ്ണൂർ ചങ്ങരംപള്ളിൽ കോശി യുടെ പുത്രൻ. 10-1-1914 ൽ ജനിച്ചു. 17-2-1938 ൽ വൈദികനായി. അഞ്ചൽ അച്ചൻ എന്ന പേരിൽ പ്രസിദ്ധനായി. *അന്നാമ്മയും പാസ്റ്ററും* എന്ന ഗ്രന്ഥ ത്തിന്റെ കർത്താവാണ്. സുപ്രസിദ്ധ സുവിശേഷ പ്രസംഗകൻ. 1995 സെപ്റ്റംബർ 14-ന് നിര്യാതനായി.

ഗീവറുഗ്ഗീസ് റമ്പാൻ: മാവേലിക്കര പുതിയകാവ് കളയ്ക്കാട്ട് കുറ്റി യിൽ സി. കോശിയുടെ പുത്രൻ. 29-11-1932 ൽ ജനിച്ചു. ബി. ഡി., എസ്. റ്റി. എം., എം. എ. ബിരുദങ്ങൾ നേടി. 22-8-1970 ൽ വൈദികനായി. കാതോ ലിക്കേറ്റ് അരമനയിൽ ഡപ്യൂട്ടി സെക്രട്ടറിയായി പ്രവർത്തിച്ചു. മാർ ത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച തിരുവിതാംകോട് സെന്റ് മേരീസ് പള്ളി വക നഷ്ടപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുത്ത് പള്ളി പുനരുദ്ധരിച്ച് സഭയ്ക്ക് മുതൽക്കൂട്ടാക്കിയ സന്യാസിവര്യൻ.

ഗീവറുഗ്ഗീസ്, പി.: കങ്ങഴ മാർ ഗീവറുഗ്ഗീസ് ദീവന്നാസ്യോസ് മെമ്മോ റിയൽ ആശുപത്രിയുടെ സ്ഥാപകൻ. വ്യവസായ പ്രമുഖൻ; പൊതുകാ ര്യപ്രസക്തൻ. ഇദ്ദേഹം കങ്ങഴയിൽ സ്ഥാപിച്ച മാർ ഏലിയാ ചാപ്പൽ, ആശുപത്രി, നഴ്സിംഗ് സ്കൂൾ, ലബോറട്ടറി ടെക്നീഷ്യൻസ് സ്കൂൾ എന്നിവ സഭയ്ക്കുവേണ്ടി ഒരു ട്രസ്റ്റിനെ ഏല്പിച്ചു. കോട്ടയം എം. ഡി. കോമേർഷ്യൽ സെന്റർ ഇദ്ദേഹത്തിന്റെ ഉത്സാഹത്താൽ നിർമ്മിതമായി. 1983 നവം. 14-നു നിര്യാതനായി.

ഗീവറുഗ്ഗീസ് മല്പാൻ, കൈതയിൽ (1800-1855): പുതുപ്പള്ളി സ്വദേശി. കൈതയിൽ കുടുംബം. മാരാമൺ പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ അനുയായിയും സഹപ്രവർത്തകനും. കോട്ടയം പഴയസെമി നാരിയിൽ മല്പാനായി പ്രവർത്തിച്ചിട്ടുണ്ട്. നവീകരിച്ച തക്സ ഉപയോ ഗിച്ചു. 1855 മെയ് മാസത്തിൽ അന്തരിച്ചു.

ഗീവറുഗ്ഗീസ് രണ്ടാമൻ കാതോലിക്കാ: '*ബസ്സേലിയോസ് ഗീവറു ഗ്ഗീസ് ദ്വിതീയൻ*' കാണുക.

ഗീവറുഗ്ഗീസ് സഹദാ, വി.: പാലസ്തീനിൽ ഡിയോസ്പോലീസിൽ

എ. ഡി. 280-ൽ ജനിച്ചു. പിതാവും പിതാവിന്റെ മരണശേഷം ഇദ്ദേഹവും സൈനികരായി സേവനം അനുഷ്ഠിച്ചു. ഡയോക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് ജോലി രാജിവച്ച് രക്തസാക്ഷിയായി. പട്ടാളക്കാരുടെ പേട്രൻ സഹദാ ആയി ഗണിക്കപ്പെടുന്നു. ഒരു ഡ്രാഗണിൽ നിന്ന് രാജകുമാരിയെ രക്ഷിക്കുന്ന പടം പ്രസിദ്ധം. ഗ്രീക്ക് ഓർത്തഡോക്സ് സഭ ഇദ്ദേഹത്തെ വലിയ സഹദ എന്ന് വിളിക്കുന്നു. ജോർജ്ജിയയുടെയും ഇംഗ്ലണ്ടിന്റെയും ദേശീയ മദ്ധ്യസ്ഥൻ ആണ്. എ. ഡി. 303-ൽ രക്തസാക്ഷിത്വം വഹിച്ച ഇദ്ദേഹം മലങ്കരയിൽ പല പഴയ പള്ളികളുടെയും മദ്ധ്യസ്ഥൻ ആണ്. 1751-ൽ മലങ്കരയിൽ വന്ന ശാക്രള്ള മഫ്രിയാന സഹദായുടെ തിരുശേഷിപ്പുകൾ കൊണ്ടുവന്നതായും അത് ശിഷ്യനായ കൂറിലോസ് (കാട്ടുമങ്ങാട്ട്) കശ്ശീശായെ ഏല്പിച്ചതായും അദ്ദേഹം അത് തൊഴിയൂർ പള്ളിയിൽ സ്ഥാപിച്ചതായും തൊഴിയൂർ ആർക്കൈവ്സിൽ ഒരു പഴയ ഗ്രന്ഥത്തിൽ കാണുന്നു.

ഗീവറുഗ്ഗീസ് റമ്പാൻ, മൂക്കഞ്ചേരിൽ (1829-1898): ആർത്താറ്റ്-കുന്നംകുളം ഇടവകയിൽ നിന്ന് ടിപ്പുവിന്റെ പടയോട്ടത്തെത്തുടർന്ന് തൃപ്പൂണിത്തുറയിൽ താമസമാക്കിയ മൂക്കഞ്ചേരിൽ കുടുംബാംഗം. 1829 മേടം 22-ന് ജനിച്ചു. ചേപ്പാട്ട് മാർ ദീവന്നാസ്യോസിൽ നിന്ന് 1840-ൽ ശെമ്മാശുപട്ടവും 1851-ൽ തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ വച്ച് കശ്ശീശാപട്ടവും ഏറ്റു. 1875-ൽ പത്രോസ് തൃതീയൻ ബാവാ മുളന്തുരുത്തിയിൽ വച്ച് സുന്നഹദോസിന്റെ പിറ്റേദിവസം റമ്പാൻ സ്ഥാനം നൽകി. പഴയസെമിനാരിയിൽ മല്പാൻ ആയി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ നിയമിച്ചു. മലങ്കരസഭയിലെ പ്രഥമ ദയറാ ആയി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ സ്ഥാപിച്ച വെട്ടിക്കൽ ദയറായിൽ 1894 മുതൽ റീശ് ദയറോ ആയി സേവനം അനുഷ്ഠിച്ചു. 1898 കർക്കിടകം 6-ന് അന്തരിച്ചു. തൃപ്പൂണിത്തുറ നടമേൽ പള്ളിയിൽ കബറടക്കി.

ഗീഹാനാ: ഗീ-ഹിന്നോം എബ്രായ പദം = ഹിന്നോം താഴ്‌വര. ചപ്പും ചവറും മാലിന്യങ്ങളും തന്മൂലം അഗ്നിയും ഇവിടെ സ്ഥിരം കാണും. നരകം എന്നയർത്ഥത്തിലാണുപയോഗം. നിത്യ ശിക്ഷാവിധിയുടെ പ്രതീകം. ന്യായവിധിക്കു ശേഷമുള്ള ശിക്ഷാസ്ഥലമായി ഇതിനെ ചിത്രീകരിച്ചിട്ടുണ്ട്.

ഗുണ്ടർട്ട്, റവ. ഡോ. ഹെർമ്മൻ (1814-1893): ജർമ്മനിയിൽ ജനിച്ചു. സ്വിറ്റ്സർലണ്ടിൽ നിന്ന് ഡോക്ടർ ബിരുദം. 1836-ൽ മദ്രാസിൽ. 1839-ൽ തലശ്ശേരി-ഇല്ലിക്കുന്നിൽ മിഷണറി-സാഹിത്യ പ്രവർത്തനങ്ങൾ. 18 ഭാഷകൾ അറിയാമായിരുന്നു. മലയാളത്തിൽ രണ്ടു ഡസൻ ഗ്രന്ഥങ്ങൾ രചിച്ചു. ഇംഗ്ലീഷ്-മലയാളം നിഘണ്ടു, മലയാളം വ്യാകരണം-ചോദ്യോത്തരം,

സ്ഥിരീകരണത്തിനുള്ള ഉപദേശങ്ങൾ, സത്യവേദ ഇതിഹാസം, മതവിചാരണ, കേരളപ്പഴമ എന്നിവ പ്രധാന കൃതികൾ. 28 വർഷം കേരളത്തിൽ ചെലവഴിച്ചു. 1869-ൽ സ്വദേശത്തു പോയി. 1893 ഏപ്രിൽ 25-ന് അന്തരിച്ചു.

ഗൂദാ: സുറിയാനി പദം. കൂട്ടം, സമൂഹം, ക്ലാസ് എന്നൊക്കെ അർത്ഥം. ആരാധനയിൽ പാട്ടുപാടുന്ന രണ്ട് സംഘങ്ങളെ ഗൂദാകൾ എന്ന് പറയും. മാലാഖമാരുടെ ഗൂദാകൾ, പ്രവാചകരുടെ ഗൂദാകൾ എന്നീ ശൈലികൾ ശ്രദ്ധിക്കുക.

ഗെന്നസരെത്ത്: ഗലീലാ കടലിന്റെ പഴയ പേര്. '*ഗലീലാക്കടൽ*' എന്ന ശീർഷകം കാണുക.

ഗെരിസീം: ഏബാൻ പർവതത്തിന് തെക്ക് മെഡിറ്ററേനിയൻ സമുദ്രനിരപ്പിൽ നിന്ന് 2900 അടി ഉയരത്തിൽ സ്ഥിതിചെയ്തിരുന്ന ശമര്യ ഗ്രാമം. ശമര്യക്കാരുടെ ഇവിടെയുണ്ടായിരുന്ന ആരാധനാലയം മക്കാബിയരുടെ കാലത്തു നശിപ്പിക്കപ്പെട്ടു.

ഗൊഹൻതോ: സുറിയാനിപദം. രഹസ്യപ്രാർത്ഥന എന്നർത്ഥം. വി. കൂദാശകളുടെ - കുർബ്ബാന, മാമ്മൂദീസാ, പട്ടംകൊട etc. - ആരാധനക്രമങ്ങളിൽ ഗൊഹൻതോകൾ കാണുന്നു. ആ സമയത്ത് ശുശ്രൂഷകൻ ലുത്തിനിയാകൾ ചൊല്ലുകയോ ജനം കുറിയേലായിസോൻ ചൊല്ലുകയോ ചെയ്യുന്നു. പരിശുദ്ധാത്മാവാസ പ്രാർത്ഥനയുടെയും മറ്റും കൈകൾ ആഘോഷിക്കുന്ന ഭയങ്കര സമയങ്ങളിൽ ഗൊഹൻതോകൾ ഉണ്ട്. അർക്കദിയാക്കോനോ മറ്റു ശുശ്രൂഷക്കാരോ ആ സമയത്തിന്റെ പ്രാധാന്യം ജനത്തെ പ്രബോധനങ്ങളിലൂടെ അറിയിക്കുകയും മണികളും മറുവഹസാകളും മറ്റും കിലുക്കി ആഘോഷത്തിൽ പങ്കുചേരുകയും ചെയ്യുന്നു. വി. കുർബ്ബാനയിൽ വ്യക്തികളെ ഓർക്കുന്ന എല്ലാ പ്രാർത്ഥനകളും ഗൊഹൻതോകൾ ആണ്.

ഗോക്കമംഗലം: മാർത്തോമ്മാശ്ലീഹായുടെ പള്ളി സ്ഥാപന ലിസ്റ്റിലുള്ള ഒരു സ്ഥലം. ഈ സ്ഥലം കൃത്യമായി ഏതെന്ന് അറിഞ്ഞുകൂടാ.

ഗോഗുൽത്താ: തലയോടിടം എന്ന അർത്ഥത്തിൽ കാൽവറി എന്നു പേരുണ്ട്. തലയോട്ടിയുടെ ആകൃതിയുള്ള കുന്ന് എന്നും ആദാമിനെ സംസ്കരിച്ച ഇടമെന്നും സ്ഥലനാമത്തെക്കുറിച്ച് സഭാ പാരമ്പര്യമുണ്ട്.

ഗോഗുൽത്താ: പാതിനോമ്പിന് പള്ളിയുടെ മധ്യേ സ്ഥാപിക്കുന്ന മ്നോർത്തോ എന്ന പീഠത്തിന് സാധാരണയായി ഗോഗുൽത്താ എന്ന് പറയാറുണ്ട്. 'ഗോഗുൽത്താ നാട്ടുക' എന്ന ശൈലി ശ്രദ്ധിക്കുക.

'*കാൽവറി*' കാണുക.

ഗോണ്ടഫോറസ്: 'യൂദാസ് തോമസിന്റെ പ്രവർത്തനങ്ങൾ' എന്ന പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന രാജാവ്. എ. ഡി. ഒന്നാം നൂറ്റാണ്ടിൽ അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ, പഞ്ചാബ് എന്നീ പ്രദേശങ്ങൾ ഭരിച്ച ഒരു പാർത്ഥ്യൻ വംശ രാജാവായ ഗോണ്ടഫോറസിന്റെ നാണയങ്ങൾ 19-ാം നൂറ്റാണ്ടിൽ കണ്ടെത്തിട്ടുണ്ട്. ഗോണ്ടഫോറസിന്റെ നാട്ടിൽ മാർത്തോമ്മാ ശ്ലീഹാ അദ്ഭുതങ്ങൾ പ്രവർത്തിച്ചതായും സുവിശേഷം പ്രചരിപ്പിച്ചതായും സഭ സ്ഥാപിച്ചതായും പുസ്തകത്തിൽ പറയുന്നു. കേരള പശ്ചാത്തലത്തിൽ ഈ നാമം ഖണ്ഡപ്പരശു, ഗുണ്ടപ്പാരാജാ എന്നിങ്ങനെ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. മലയാളത്തിൽ കുണ്ടൻ എന്നാൽ പൊക്കം കുറഞ്ഞവൻ എന്ന് അർത്ഥമുണ്ട്. ആ നിലയിൽ കേരളത്തിലെ ഐതിഹ്യങ്ങളോട് ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ പേർഷ്യ (പോറെസ്) ക്കാരനായ വാമനൻ ആണോ ഗോണ്ടഫോറസ് എന്ന ചിന്ത സംഗതമാവുന്നു. അല്പം മണ്ണ് യാചിച്ച് അഭയം തരപ്പെടുത്തി ഒടുവിൽ രാജാവിനെ നാടുകടത്തി രാജ്യഭരണം പിടിച്ചെടുത്ത പേർഷ്യൻ അധിനിവേശ കഥയാണോ വാമനകഥയുടെയും ഓണാഘോഷ ഐതിഹ്യങ്ങളുടെയും പുറകിലുള്ളത്?

ഗോത്രം: വംശം, പിൻതലമുറ എന്നൊക്കെ അർത്ഥം. ഇസ്രായേൽ പന്ത്രണ്ടു ഗോത്രങ്ങൾ ആയി അറിയപ്പെടുന്നു. യാക്കോബിന്റെ മക്കൾ ആണ് ഗോത്ര പിതാക്കന്മാർ. ആര്യന്മാരിലും ഗോത്ര വിഭജനമുണ്ട്.

ഗോല്യാത്ത്: ഫെലിസ്ത്യ മല്ലൻ. ഇദ്ദേഹത്തെ ദാവീദ് ദ്വന്ദ്വ യുദ്ധത്തിൽ വധിച്ചു (1 ശമു. 17). "പൊക്കണവും കല്ലും കവിണയുമായ് വെന്നാൽ ഗോല്യാത്തിനെ ദാവീദും...." എന്ന് വിവാഹശുശ്രൂഷക്രമത്തിലെ ഒരു ഗീതത്തിലും കാണുന്നുണ്ട്.

ഗോവ: ഇന്ത്യൻ റിപ്പബ്ലിക്കിലെ 26-ാം സംസ്ഥാനം. മഹാരാഷ്ട്ര - കർണ്ണാടകങ്ങൾക്കിടയിൽ പടിഞ്ഞാറൻ സമുദ്രതീരത്ത് സ്ഥിതിചെയ്യുന്നു. 1510-1961 കാലത്ത് പോർച്ചുഗീസ് അധീനത്തിൽ. 'കിഴക്കേ റോം' എന്ന് വിളിക്കുന്നു. ഇവിടത്തെ ക്രിസ്ത്യാനികളിലെ പാശ്ചാത്യ സ്വാധീനമാണ് കാരണം. കൊങ്കിണിയും മറാത്തിയുമാണ് പ്രധാന ഭാഷകൾ. പോർച്ചുഗീസ് - ഇന്ത്യയുടെ തലസ്ഥാനം. ഇവിടത്തെ സഭാധ്യക്ഷന് ബിഷപ്പ്, ആർച്ച് ബിഷപ്പ്, കിഴക്കേ ഇന്ത്യയുടെ പാത്രിയർക്കീസ്, കർദ്ദിനാൾ എന്നീ സ്ഥാനങ്ങൾ ഉണ്ട്. ജനതയിൽ റോമൻ കത്തോലിക്കർക്കാണ് ഭൂരിപക്ഷം. മെനേസ്സിസ് ഇവിടത്തെ ആർച്ച് ബിഷപ്പ് ആയിരുന്നു. വി. ഫ്രാൻസിസ് സേവിയറുടെ ഭൗതികാവശിഷ്ടങ്ങൾ ഇവിടെയാണ്. സഭാസംയോജന ശ്രമങ്ങളിൽ മുഴുകിയ കരിയാറ്റിൽ ജോസഫ് മെത്രാൻ സംശയകരമായ

സാഹചര്യത്തിൽ അന്തരിച്ചത് ഗോവയിൽ വച്ചാണ്.

റോമ്മൻ കത്തോലിക്കാ സഭയിൽ നിന്നും മലങ്കരസഭയിലേക്ക് പോന്ന ഫാ. അൽവാറീസ് (പിന്നീട് മാർ യൂലിയോസ്) ഗോവയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുകയും പത്രപ്രവർത്തനത്തിലൂടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും പോർച്ചുഗീസ് - റോമൻ ഭരണാധികാരികളെ എതിർത്തുനില്ക്കുകയും ചെയ്തു. മെത്രാപ്പോലീത്തായുടെ കബറിടം ഇവിടെയാണ്.

ഗോവർണ്ണദോർ: പാലായിൽ, പാറേമ്മാക്കൽ കുടുംബത്തിൽ 1736-ൽ ജനിച്ച് 1761-ൽ വൈദികപട്ടം സ്വീകരിച്ച തോമ്മാ കത്തനാർ ഈ പേരിൽ അറിയപ്പെടുന്നു. 1786 മുതൽ അദ്ദേഹം കൊടുങ്ങല്ലൂരിൽ അതിരൂപത ഭരിച്ചു. സഭാസംയോജന ചർച്ചകൾക്കായി 6-ാം മാർത്തോമ്മായുടെ നിയോഗപ്രകാരം റോമ്മിൽ പോയ കരിയാറ്റിൽ ജോസഫ് മല്പാനെ ഇദ്ദേഹവും അനുഗമിച്ചു. ഇവരുടെ റോം യാത്രയുടെ കഥയാണ് മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമായ 'വർത്തമാനപ്പുസ്തകം' സഭാചരിത്ര - ഭാഷാ ചരിത്രങ്ങളിൽ ഈ ഗ്രന്ഥത്തിന് വൻ പ്രാധാന്യമുണ്ട്. മല്പാന്റെ മരണം സംബന്ധിച്ച കാര്യങ്ങൾ അടങ്ങിയ അധ്യായങ്ങൾ നീക്കം ചെയ്ത നിലയിലാണ് ഇത് പ്രസിദ്ധീകരിക്കപ്പെട്ടത്.

ഗ്മൂർത്തോ: മാണിക്യം എന്നർത്ഥം. ഇതിന്റെ തത്ഭവമാകാം മുത്ത് എന്ന മലയാള പദം. കാസാ പീലാസകൾ ക്രമീകരിക്കുന്ന ശീലക്കൂട്ടത്തിൽ ക്രമീകരിക്കുന്ന കൊച്ചു കുഷ്യൻ ആണ് ഇന്ന് ഈ പേരിൽ അറിയപ്പെടുന്നത്. അപ്പം സ്പർശിച്ച കൈകൾ തുടയ്ക്കുവാനും കുർബ്ബാന അനുഭവിച്ച ശിശുക്കളുടെ അധരങ്ങൾ തുടയ്ക്കുവാനും ഇത് ഉപയോഗിക്കുന്നു.

ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ: ജോയ്സ് തോട്ടയ്ക്കാട് 1992-ൽ സ്ഥാപിച്ചു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ദർശനങ്ങൾ പ്രചരിപ്പിക്കുന്നു; ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നു. പൗലോസ് മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻഫോ എന്ന വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്.

ഗ്നീസോ: സുറിയാനിപദം. നിഗൂഢമായ എന്ന് അർത്ഥം. വേദത്തിലെ ആത്മീയ മർമ്മങ്ങളെ വ്യാഖ്യാനിക്കുന്ന വർണ്ണനാപ്രധാനമായ ഗീതങ്ങൾക്ക് ഗ്നീസോ എന്ന് പറയും.

ഗ്രീക്കുഭാഷ: പാശ്ചാത്യ സംസ്ക്കാരത്തിന്റെ ഭാഷ. ഒരു കാലത്ത് ഇന്നത്തെ ഇംഗ്ലീഷിന്റെ പ്രാധാന്യം വഹിച്ചിരുന്നു. തത്വചിന്തകന്മാർ, ശാസ്ത്രജ്ഞന്മാർ, നാടകകൃത്തുക്കൾ, കവികൾ എന്നിവർ ഈ സംസ്കാരത്തെ സമ്പന്നമാക്കി. ഗ്രീക്ക് ഇതിഹാസങ്ങൾ, ഗ്രീക്ക് മിത്തോളജി, യവന

നാടക പാരമ്പര്യം, യവന തത്വശാസ്ത്രം, യൗനായ വർഷം എന്നിവ ലോക പ്രശസ്തമാണ്. ഗ്രേക്കോ-റോമൻ ലോകത്തിന്റെ പൊതുഭാഷ എന്ന നിലയിൽ പുതിയനിയമ വേദപുസ്തകത്തിലെ മിക്ക പുസ്തകങ്ങളും രചിക്കപ്പെട്ടത് ഗ്രീക്കു ഭാഷയിലാണ്. ഗ്രീക്കിന് ക്ലാസിക്കൽ ഗ്രീക്ക് എന്ന കഠിന രൂപവും ലളിതരൂപമായ 'കൊയ്നി ഗ്രീക്ക്' എന്ന സാമാന്യ രൂപവും ഉണ്ടായിരുന്നു.

ഗ്രീക്കുസഭ: കൽക്കിദോൻ സിന്നഡ് അംഗീകരിക്കുന്ന സഭാസമൂഹത്തെയും ആധുനിക ഗ്രീസിലെ ഓട്ടോസെഫലസ് സഭയെയും ഈ പേർ അർത്ഥമാക്കുന്നു. 8-ാം നൂറ്റാണ്ടു വരെ റോമ്മിനോട് ബന്ധപ്പെട്ടു. പിന്നീട് കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസിന്റെ കീഴിലായി. 1833-ൽ സഭ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പാത്രിയർക്കീസുമായുള്ള ബന്ധം വിച്ഛേദിച്ചു. ക്രമേണ സർക്കാർ, സഭയുടെ മേൽ ആധിപത്യം നേടി. ഒടുവിൽ 1850-ൽ പാത്രിയർക്കീസ് ഈ സഭയുടെ സ്വാതന്ത്ര്യം അംഗീകരിച്ചതോടെ ഇരു വിഭാഗവും അനുരഞ്ജനപ്പെട്ടു. ആത്മീയ നവോത്ഥാനം ലക്ഷ്യമിട്ട് പല സന്യാസ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. രാജ്യത്തെ ഔദ്യോഗിക മതമാണ് ഓർത്തഡോക്സ് ക്രിസ്തീയത. സ്കൂളുകളിൽ പൊതുവിദ്യാഭ്യാസവും മതവിദ്യാഭ്യാസവും നടക്കുന്നു. 85 ലക്ഷത്തോളം വിശ്വാസികളും നൂറിലേറെ മേല്പട്ടക്കാരുമുണ്ട്. ആതൻസിലെ ആർച്ച് ബിഷപ്പാണ് തലവൻ. ജൂലിയൻ കലണ്ടർ അനുസരിച്ചാണിവരുടെ നോമ്പുകളും പെരുന്നാളുകളും.

ഗ്രീക്കുവർഷം: പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ കേരളത്തിലെത്തിയ വിദേശീയ സഭാ മേലദ്ധ്യക്ഷന്മാർ അവരുടെ പള്ളിക്രമപ്പുസ്തകങ്ങളിൽ ആദ്യം ഗ്രീക്കുവർഷവും പിന്നീട് ക്രിസ്തുവർഷവും രേഖപ്പെടുത്തിയിരിക്കുന്നു. ചിലർ യൗനായ വർഷം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഹൂദായ കാനോനിൽ ചില സുന്നഹദോസുകളുടെ കാലം രേഖപ്പെടുത്തിയിട്ടുള്ളത് യൗനായ വർഷത്തിലാണ്. അലക്സാന്ത്രിയൻ സഭയുടെ സ്വാധീനം മൂലമാണ് ഈ വിദേശ സഭകളിൽ യൗനായ വർഷത്തിന് പ്രഥമ പരിഗണന ലഭിച്ചത്. ക്രിസ്തു വർഷത്തോട് 311/312 ചേർത്താൽ ക്രിസ്തു വർഷമായി.

ഗ്രീക്കു സംസ്കാരം: ക്രിസ്തുവിന് മുമ്പു മുതൽ ഗ്രീക്കു സംസ്കാരവും ഭാരത സംസ്കാരവും സമ്പർക്കത്തിലേർപ്പെട്ടു. യവന നാടക സാഹിത്യവും ഭരതമുനിയുടെ നാട്യശാസ്ത്രവും തമ്മിൽ ബന്ധമുണ്ട്. രാമായണം, ഭാരതം എന്ന ഭാരതീയ ഇതിഹാസങ്ങളും ഇലിയഡ്, ഓഡിസ്സീ എന്നീ യവന ഇതിഹാസങ്ങളും തമ്മിൽ യഥാക്രമം ഇതിവൃത്തപരമായ സമാനതകൾ ഉണ്ട്. കഥാപാത്രങ്ങളിലും സമാനത നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

പൊന്നാനി-അലക്സാന്ത്രിയ തുറമുഖങ്ങൾ കേന്ദ്രമാക്കി നടന്ന വിദേശ വ്യാപാരമാകാം ഈ സംസ്കാര മിശ്രണത്തിന്റെ സാഹചര്യം. ഗ്രീക്കു കോളനികൾ പൊന്നാനി പരിസരങ്ങളിലും ബുദ്ധ മത കോളനികൾ അല ക്സാന്ത്രിയായിലും അക്കാലത്ത് ഉണ്ടായിരുന്നതായി ചരിത്രരേഖകളുണ്ട്.

ഗ്രീഗോറിയൻ കലണ്ടർ: ജൂലിയൻ കലണ്ടറിലെ അപാകതകൾ തീർ ക്കുവാൻ 1582-ൽ പോപ്പ് ഗ്രിഗറി 13-ാമൻ ഏർപ്പെടുത്തിയ കലണ്ടർ. മല ങ്കരയിൽ ഓർത്തഡോക്സ് സഭ 1953 മുതൽ (കല്പന നമ്പർ 59/16-4 -1953) ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചു. മാർത്തോമ്മാ-തൊഴിയൂർ, പാത്രിയർക്കീസ് കക്ഷി ഇവർ 1952 മുതലും കൽദായ സഭ 1964 മുതലും അർമ്മീനിയൻ സഭ 1923-ലും ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചു. ഇന്ത്യ യിലെ കൽദായ സഭ 2000-ന് ശേഷം സ്വീകരിച്ചു.

ഗ്രീഗോറിയോസ്, അദ്ഭുതപ്രവർത്തകൻ (213-275): കപ്പദോക്യ യിൽ സുവിശേഷം പ്രചരിപ്പിച്ചു. നിയോ കൈസറിയായിലെ പൊന്തോ സിൽ ജനിച്ചു. ഓറിഗന്റെ ശിഷ്യനായി. ക്രിസ്തുമതം സ്വീകരിച്ചു. തിയോ ഡോറോസ് എന്ന് പഴയ പേർ മാറ്റി. നിയോ കൈസരിയായുടെ മെത്രാ നായി. ഒറിജനെക്കുറിച്ചെഴുതിയ 'വിടവാങ്ങൽ' ആണ് മുഖ്യകൃതി. താവ് മാറ്റർഗൂസ് (അദ്ഭുതപ്രവർത്തകൻ) എന്ന് വിളിക്കപ്പെടുന്നു.

ഗ്രീഗോറിയോസ്, നാസിയാൻസുസ് (330-389): കപ്പദോക്യൻ ദൈവശാസ്ത്രജ്ഞൻ. തേവോലോഗോസ് (ദൈവശാസ്ത്രജ്ഞൻ) എന്ന് സഭ ഔദ്യോഗികമായി ആദരിക്കുന്നു (വിജ്ഞാനസമുദ്രമായ തേവോ ലോഗോസ്). കപ്പദോക്യയിലെ നാസിയാൻസുസിലെ മെത്രാനായ ഗ്രീഗോ റിയോസിന്റെ മകൻ. വലിയ മാർ ബസ്സേലിയോസിന്റെ ആത്മസുഹൃത്ത്. രണ്ടുപേരും ചേർന്ന് 'ഫിലോകാലിയ' എന്ന ഗ്രന്ഥം ക്രോഡീകരിച്ചു. ദൈവശാസ്ത്രപരമായ ഗ്രന്ഥങ്ങൾ, പ്രസംഗങ്ങൾ, കത്തുകൾ, കവിത കൾ എന്നിങ്ങനെ പരന്നുകിടക്കുന്ന രചനകൾ. 'വേദശാസ്ത്ര പ്രഭാഷ ണങ്ങൾ' ആണ് പ്രൗഢകൃതി. 'ക്രൈസ്തവ ഡെമോസ്തനീസ്' എന്ന് അറിയപ്പെടുന്നു.

ഗ്രീഗോറിയോസ്, നിസ്സായിലെ (335-394): കപ്പദോക്യൻ പിതാ ക്കന്മാരിൽ മൂന്നാമൻ. നിസ്സായുടെ നക്ഷത്രം. ബസ്സേലിയോസിന്റെ സഹോ ദരൻ. കൈസര്യായിലെ സാഹിത്യകാരനും ഭാഷാധ്യാപകനുമായ ബസ്സേ ലിയോസ് പിതാവ്; എമ്മിലി മാതാവും. തെയോസെബിയാ എന്ന യുവ തിയെ വിവാഹം കഴിച്ചു. പിന്നീട് ആശ്രമജീവിതം സ്വീകരിച്ചു. യോഗി യായി. നിസ്സായിലേയും സെബസ്ത്യായിലെയും മെത്രാനായി. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സിന്നഡിൽ മുഖ്യപങ്കാളിത്തം വഹിച്ചു. അദ്ദേഹ ത്തിന്റെ കൃതികൾ: 1. വേദവ്യാഖ്യാനപരം. 2. വിശ്വാസ സമർത്ഥനപരം.

3. ആധ്യാത്മികവും സന്യാസപരവും. 4. പ്രഭാഷണങ്ങൾ. 5. എഴുത്തുകൾ എന്നിങ്ങനെ വിഭജിക്കാം. മനുഷ്യനെക്കുറിച്ചും കന്യാത്വത്തെക്കുറിച്ചും ഉള്ള പ്രബന്ധങ്ങൾ ശ്രദ്ധേയം.

ഗ്രീഗോറിയോസ്, ബാർ എബ്രായ (1226–1286): 1264 മുതൽ 1286 വരെ കിഴക്കിന്റെ കാതോലിക്കാ. 1226-ൽ യൂഫ്രട്ടീസ് ശാഖയായ മെലാസ് നദീതീരത്ത് മെലിത്തീനി നഗരത്തിൽ ജനനം. അഹറോൻ (എബ്രായ വംശജൻ) പിതാവ്. മാതാവ് അറബി വംശജ. യോഹന്നാൻ ബാർ എബ്രായ എന്ന് വിളിക്കപ്പെട്ടു. അബുൽ ഫറജ് എന്ന അറബി നാമവും അദ്ദേഹത്തിനുണ്ട്. 17-ാം വയസ്സിൽ ദയറാ ജീവിതം സ്വീകരിച്ചു. സുറിയാനി, അറബി, ഹീബ്രു, ഗ്രീക്ക് എന്നീ ഭാഷകളിലും വേദശാസ്ത്രം, തത്വജ്ഞാനം, വൈദ്യശാസ്ത്രം, സാഹിത്യശാസ്ത്രം എന്നീ വിഷയങ്ങളിലും പാണ്ഡിത്യം നേടി. 1246-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് മെത്രാൻ പട്ടമേറ്റു. 1264-ൽ സിലീഷ്യായിലെ സീസിൽ വച്ച് ബാർ എബ്രായ ഗ്രീഗോറിയോസ് എന്ന പേരിൽ തിഗ്രീസിന്റെയും കിഴക്കിന്റെയും കാതോലിക്കാ ആയി. 31 പുസ്തകങ്ങൾ അദ്ദേഹം എഴുതിയതായി സഹോദരൻ ബർസൗമ്മാ, ബാർ എബ്രായയുടെ ജീവചരിത്രത്തിൽ എഴുതിയിട്ടുണ്ട്. സഭാചരിത്രം, വേദശാസ്ത്രം, യുക്തിശാസ്ത്രം, നീതിശാസ്ത്രം, ധനതത്വശാസ്ത്രം, ഊർജ്ജതന്ത്രം, വൈദ്യശാസ്ത്രം, പ്രാണിശാസ്ത്രം, തത്വജ്ഞാനം, ജ്യോതിശാസ്ത്രം, ആത്മീയ പഠനം എന്നിവയാണ് ഗ്രന്ഥവിഷയങ്ങൾ. അദ്ദേഹത്തിന്റെ സഭാചരിത്രം - നാളാഗമം - പ്രശസ്തമാണ്. ഒന്നാംഭാഗത്തിൽ സൃഷ്ടിയുടെ ആരംഭം മുതൽ 1286 വരെയുള്ള ലോകചരിത്രം; രണ്ടാം ഭാഗത്തിൽ അഹറോന് ശേഷമുള്ള സഭാചരിത്രം; മൂന്നാംഭാഗത്തിൽ വി. തോമ്മാശ്ലീഹായ്ക്ക് ശേഷമുള്ള പൗരസ്ത്യസഭയുടെ ചരിത്രം എന്നിവ അടങ്ങിയിരിക്കുന്നു.

ഹൂദായ കാനോൻ ആണ് അദ്ദേഹത്തിന്റെ മറ്റൊരു സംഭാവന. ഈ നിയമഗ്രന്ഥം മലങ്കരസഭ സ്വന്തം കാനോനായി അംഗീകരിച്ചിട്ടുണ്ട്.

എബ്രായ, ഗ്രീക്ക്, സിറിയൻ, പേർഷ്യൻ, ഇന്ത്യൻ ഭാഷകളിലെ വിഖ്യാതങ്ങളായ 712 ഹാസ്യ കഥകൾ അദ്ദേഹം സമാഹരിച്ചിട്ടുണ്ട്. കുറെക്കാലം ജ്യോതിശാസ്ത്ര അധ്യാപകനായിരുന്നു.

സൽഗാ, മ്നാറസ് കുദിശെ തുടങ്ങിയ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ സുറിയാനി കൈയെഴുത്തുരൂപത്തിൽ മലങ്കരസഭയിൽ ഇപ്പോഴും കാണാം. പുസ്തകങ്ങൾ രചിക്കുവാൻ ഏകാഗ്രതയോടെ അദ്ദേഹം താമസിച്ചിരുന്ന ഗുഹയെപ്പറ്റി 'ഒരു പരദേശയാത്രയുടെ കഥ'യിൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'ഇത്ര

വലിയ സ്ഥാനത്തിലും മഹത്വത്തിലും ഇരുന്ന പരിശുദ്ധൻ തന്റെ ജീവിതകാലത്തെ നയിച്ചത് ഒരു വലിയ കരിങ്കല്ലിന്റെ ഉള്ളിൽ കൊത്തിയുണ്ടാക്കിയ ഒരു ചെറിയ ഗുഹയിലാണ്. ഇതിന്റെ അകത്ത് കഷ്ടിച്ച് ഒരാൾക്ക് കടക്കത്തക്ക ഒരു ദ്വാരമേ ഉണ്ടായിരുന്നുള്ളൂ. ഗുഹയുടെ വിസ്താരം രണ്ടു കോൽ (ഏകദേശം 5 അടി) നീളവും രണ്ടുകോൽ പൊക്കവും ഒരു കോൽ വീതിയുമാണ്. പടിഞ്ഞാറെ അറ്റത്ത് ഒരാൾക്ക് ഇരിക്കത്തക്ക ക്രമത്തിൽ ഒരു തിണ്ണ കാണാനുണ്ട്..." മൂസലിലെ മാർ മത്തായിയുടെ ദയറായിലാണ് അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹം രചിച്ച ബൃഹത് കൃതിയാണ് ഔസർ റോസെ. ഇതിന്റെ ഒന്നു രണ്ടു പ്രതികൾ - ഒന്ന് തൊഴിയൂരിലും അതിന്റെ പകർപ്പ് പാമ്പാക്കുടയിലും - കാണാനുണ്ട്. 1286 ജൂലൈ 30-ന് അദ്ദേഹം ദിവംഗതനായി. മൂസലിനടുത്ത് മാർ മത്തായിയുടെ ദയറായിൽ സംസ്കരിക്കപ്പെട്ടു.

ഗ്രീഗോറിയോസ്, അബ്ദുൽ ജലീൽ മാർ (1665-1671): 1653-ലെ കൂനൻകുരിശിലെ പ്രതിജ്ഞയ്ക്കുശേഷം മലങ്കരയോഗ തീരുമാനപ്രകാരവും അലക്സാന്ത്രിയൻ പൈതൃകമുള്ള ഇന്ത്യയുടെയും ചൈനയുടെയും പാത്രിയർക്കീസ് ഇഗ്നാത്യോസ് അഹത്തള്ളായുടെ നിർദ്ദേശപ്രകാരവും അന്നത്തെ അർക്കദിയാക്കോൻ തോമസ്, മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ പന്ത്രണ്ട് പേറെദ്യൂത്തെന്മാരുടെ (ശ്രേഷ്ഠ കശീശന്മാർ) കൈവെപ്പോടെ മെത്രാനായി. നേരത്തെ സഭയുടെ തീരുമാനപ്രകാരം മലങ്കരസഭയുമായി ബന്ധമുണ്ടായിരുന്ന പൗരസ്ത്യസഭാ തലവന്മാർക്ക് അയച്ചിരുന്ന അഭ്യർത്ഥനകൾക്ക് പ്രതികരണമായി മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ 1665-ൽ പൊന്നാനി തുറമുഖം വഴി മലങ്കരയിലെത്തി. തൊഴിയൂരിൽ നിന്ന് ഈ ലേഖകൻ അദ്ദേഹത്തിന്റെ സുസ്താത്തിക്കോൻ കണ്ടെടുത്തതിൽ അദ്ദേഹത്തെ ഊർശ്ലേം മെത്രാപ്പോലീത്താ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അറബി-ഗാർസുനിയിലെഴുതപ്പെട്ട സുസ്താത്തിക്കോനും 1668 കുംഭം 5-ന് അദ്ദേഹം എഴുതിയ കല്പനയും അദ്ദേഹം അർമ്മീനിയൻ സഭയുടെ ഊർശ്ലേം മെത്രാപ്പോലീത്താ ആണെന്ന് വ്യക്തമാക്കുന്നുണ്ട്. മലങ്കരസഭയിൽ പേറെദ്യൂത്താസ്ഥാനികൾ അക്കാലത്തുള്ളതായിടി സർക്കുലർ സാക്ഷിക്കുന്നു. അദ്ദേഹവും ഒന്നാം മാർത്തോമ്മായും യോജിച്ച് ഭരണം നടത്തി. അവർ രണ്ടു പേരും കൂടി ഒന്നാം മാർത്തോമ്മായുടെ അനന്തരവനെ രണ്ടാം മാർത്തോമ്മാ ആയി വാഴിച്ചു. അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് വടക്കൻപറവൂർ പള്ളിയിൽ വച്ച് 1671 ഏപ്രിൽ 14-ന് നിര്യാതനായി. പള്ളിയുടെ മദ്ബഹായുടെ അകത്ത് തെക്കുവശത്ത് അദ്ദേഹത്തെ കബറടക്കി. പത്രോസ് തൃതീയൻ 1876-ൽ ഈ പള്ളി സന്ദർശിച്ചപ്പോൾ കബർ പൊളിച്ചുമാറ്റുകയും ഭൗതികാവശിഷ്ടം ഹൈക്കലായിൽ മാറ്റി നിക്ഷേപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റേതായി

പ്രചരിപ്പിച്ചിട്ടുള്ള ചിത്രം 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അന്ത്യോഖ്യൻ വേഷങ്ങൾ അണിയിച്ച് ഭാവനയിൽ നിന്ന് നിർമ്മിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിന്റേതെന്ന് സംശയാതീതമായി പറയാവുന്ന യാതൊന്നും പറവൂർ പള്ളിയിൽ ഇല്ല. പാത്രിയർക്കീസ് ഭാഗം ഇദ്ദേഹത്തെ പരിശുദ്ധൻ എന്ന് 20-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പ്രഖ്യാപിച്ചു.

ഗ്രീഗോറിയോസ്, മാർ (1751-1773): മാർത്തോമ്മാ അഞ്ചാമന്റെ കാലത്ത് മലങ്കരയിലെത്തിയ വിദേശ സഭാധ്യക്ഷസംഘത്തിലെ ഒരംഗം. ഇവരുടെ വേഷവും ഭാഷയും പ്രകൃതിയും കണ്ടിട്ട് ഇവർ അർമ്മീനിയൻ സഭാധ്യക്ഷന്മാരെന്ന് അവരെ സന്ദർശിച്ച കരിയാറ്റിൽ ജോസഫ് മല്പാൻ 'വേദതർക്കം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ചാം മാർത്തോമ്മായുടെ കാലത്ത് അനുരഞ്ജനമുണ്ടായില്ലെങ്കിലും അദ്ദേഹം വാഴിച്ച ആറാം മാർത്തോമ്മായെ മാർ ഗ്രീഗോറിയോസ് നിരണം പള്ളിയിൽ വച്ച് മെത്രാപ്പോലീത്താ ആയി 1770 മിഥുനം 29-ന് (ജൂലൈ 10) വാഴിച്ചതോടെ അനുരഞ്ജനമുണ്ടായി. വിദേശസംഘാധ്യക്ഷൻ ശാക്രുള്ള മഫ്രിയാന, കൂറിലോസ് എന്ന പേരിൽ കശ്ശീശയായി പട്ടംകൊടുത്ത കാട്ടുമങ്ങാട്ട് കൂറിലോസ് കശ്ശീശായുടെ സംരക്ഷണയിൽ മുളന്തുരുത്തിയിൽ കാഴ്ച തീരെ മങ്ങിയ മാർ ഗ്രീഗോറിയോസ് അന്ത്യകാലം കഴിച്ചുകൂട്ടി. മാർ ഗ്രീഗോറിയോസിന്റെ സഹകരണത്തോടെ കാട്ടുമങ്ങാട്ട് കൂറിലോസ് കശ്ശീശാ 1772 വൃശ്ചികം 17-ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. കാറ്റാടി കുരുവിളക്കത്തനാർ ആണ് അന്ന് വി. കുർബ്ബാന അർപ്പിച്ചത്. മെത്രാൻ സ്ഥാനമാണ് കൂറിലോസ് കശ്ശീശ അന്ന് സ്വീകരിച്ചത് എന്ന് പ്രചരിച്ചു. മാർ ദീവന്നാസ്യോസും ഗ്രീഗോറിയോസിന്റെ കൂടെ വന്ന മാർ ഈവാനിയോസും ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കുവാൻ വിട്ട ദൂതന്മാരോട് തനിക്ക് ഇക്കാര്യം അറിഞ്ഞുകൂടാ എന്ന് മറുപടി നൽകി. മാർ ഗ്രീഗോറിയോസ് തന്റെ സ്വത്തുക്കൾ ഒസ്യത്ത് മുഖേന കൂറിലോസ്, ഗീവറുഗ്ഗീസ് എന്നിവർക്ക് എഴുതിവച്ച് 1773 മിഥുനം 27-ന് മുളന്തുരുത്തിയിൽ കാലം ചെയ്തു. അവിടെ കബറടക്കപ്പെടുകയും ചെയ്തു (വടക്ക് ഭാഗത്ത്). മൂന്ന് കിലോമീറ്റർ മാത്രം അകലെ മാർ ദീവന്നാസ്യോസും മാർ ഈവാനിയോസും ഉണ്ടായിരുന്നിട്ടും മരണ വിവരമോ കബറടക്ക വിവരമോ അവരെ ആരും അറിയിച്ചില്ല. വിവരം അറിഞ്ഞ് മാർ ഈവാനിയോസ് മുളന്തുരുത്തിയിലെത്തി കബറിൽ പ്രാർത്ഥിച്ച് മടങ്ങി. അവിടെ ഉണ്ടായിരുന്ന കാട്ടുമങ്ങാട്ട് കൂറിലോസ് റമ്പാൻ ഈവാനിയോസിനെ അഭിമുഖീകരിച്ചില്ല.

ഗ്രീഗോറിയോസ്, ഗീവറുഗ്ഗീസ് മാർ (പ. പരുമല തിരുമേനി) (1848-1902): മുളന്തുരുത്തി പള്ളത്തിട്ട ചാത്തുരുത്തിൽ കൊച്ചുമത്തായി -മറിയ ദമ്പതികളുടെ മകൻ. ജനനം 15-6-1848. ആശാൻ ഓണക്കാവിൽ അയ്യാ, മാണി എന്നിവരിൽ നിന്നും പിതൃവ്യൻ പള്ളത്തിട്ട ഗീവറുഗ്ഗീസ്

മല്പാനിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസവും സുറിയാനി ഭാഷാ ജ്ഞാനവും നേടി. കൊച്ചയ്പോരാ എന്നായിരുന്നു പേർ. 1857-ൽ സ്ലീബാ പെരുന്നാളിന് കരിങ്ങാശ്ര പള്ളിയിൽ വച്ച് പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിൽ നിന്ന് കോറൂയോ സ്ഥാനം സ്വീകരിച്ചു. കോനാട്ട് യോഹന്നാൻ മല്പാൻ, യൂയാക്കീം കൂറിലോസ് എന്നിവരിൽ നിന്ന് ഉപരിവിദ്യ നേടി. 1861-ൽ ശെമ്മാശുസ്ഥാനവും 1865-ൽ കശ്ശീശാ-കോറി സ്ഥാനങ്ങളും യൂയാക്കീം കൂറിലോസ് നൽകി. 1872 ഏപ്രിൽ 7-ന് ഗുരുവായ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയൻ മുളന്തുരുത്തിയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി താൻ സ്ഥാപിച്ച വെട്ടിക്കൽ ദയറായുടെ അധിപനായി നിയമിച്ചു. 1875-ൽ വന്ന പത്രോസ് തൃതീയൻ പരുമല സെമിനാരി മല്പാനായ റമ്പാനെ ദ്വിഭാഷിയാക്കി. 10-12-1876 ന് വടക്കൻപറവൂർ പള്ളിയിൽ വച്ച് ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആക്കി നിരണത്തിന്റെ ചുമതല നല്കി. മലങ്കര മെത്രാന്റെ വിശ്വസ്ത അനുയായി ആയി പരുമലയിൽ താമസിച്ചു. പരുമല അസോസ്യേഷൻ, മുളന്തുരുത്തി സുന്നഹദോസ്, മൂറോൻ കൂദാശ, മെത്രാൻ വാഴ്ച എന്നിവയിൽ പങ്കെടുത്തു. സന്ദിഗ്ദാവസ്ഥയിൽ, ശേഷം മെത്രാന്മാരെ മലങ്കര മെത്രാന്റെ കീഴിൽ അണിനിരത്തി. സിലോണിൽ വച്ച് 1892 ഇടവം 14-ന് റിനി വിലാത്തി തീമോത്തിയോസിനെ മെത്രാനാക്കുന്നതിൽ സഹകാർമ്മികത്വം വഹിച്ചു. ഇംഗ്ലീഷ് സ്കൂളുകൾ സ്ഥാപിച്ചു. 1902 നവംബർ 2-ന് 54-ാം വയസ്സിൽ കൊച്ചുതിരുമേനി കാലം ചെയ്തു. പരുമലയിൽ കബറടക്കി. 1896 മകരത്തിൽ നടത്തിയ വിശുദ്ധനാട് സന്ദർശനത്തെപ്പറ്റി *ഊർശ്ലേം യാത്രാവിവരണം* എന്ന യാത്രാവിവരണ ഗ്രന്ഥമെഴുതി. മലയാള ഭായിലെ ലക്ഷണമൊത്ത പ്രഥമ യാത്രാവിവരണ ഗ്രന്ഥമാണിത്. 1947 നവം. 2-ന് അദ്ദേഹത്തെ പരിശുദ്ധനായി സിനഡ് പ്രഖ്യാപിച്ചു. ലോകമെങ്ങും അദ്ദേഹത്തിന്റെ നാമത്തിൽ പള്ളികൾ വർദ്ധിച്ചു വരുന്നു.

ഗ്രീഗോറിയോസ്, ഗീവറുഗ്ഗീസ് മാർ (1889-1966): അങ്കമാലി നെടുമ്പാശ്ശേരിൽ പൈനാടത്ത് വയലിപ്പറമ്പിൽ തോമസ്-ശോശാമ്മ ദമ്പതികളുടെ ദ്വിതീയ പുത്രൻ. ജനനം 17-7-1889. ആലുവാ യു. സി. കോളജിൽ നിന്ന് ബി. എ. കൊല്ലവർഷം 1107-ൽ ഏലിയാസ് തൃതീയൻ ബാവാ ശെമ്മാശനാക്കി. 1109-ൽ പൗലൂസ് മാർ അത്താനാസ്യോസ് കശ്ശീശാപട്ടം നൽകി. നെടുമ്പാശ്ശേരി ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന ഇദ്ദേഹത്തെ 1946 കർക്കിടകം 22-ന് ഹോംസിലെ പാത്രിയർക്കാ ദേവാലയത്തിൽ വച്ച് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. അങ്കമാലിയുടെ അസിസ്റ്റന്റ് ആയ ഇദ്ദേഹം 1953 ജനുവരി 27-ന് അങ്കമാലിയുടെ പൂർണ്ണ ചുമതലയേറ്റു. സഭാചന്ദ്രിക

മാസിക ഇദ്ദേഹമാണ് ആരംഭിച്ചത്. 1958-ലെ സുപ്രീംകോടതി വിധിയെത്തുടർന്നു സഭയിൽ സമാധാനമുണ്ടായപ്പോൾ കാതോലിക്കേറ്റിൽ ചേർന്നു. 1959-ൽ കാതോലിക്കാ ഇദ്ദേഹത്തെ അങ്കമാലി മെത്രാനായി യോജിച്ച സഭയിൽ നിയമിച്ചു. അന്ത്യംവരെ കാതോലിക്കേറ്റിൽ ഉറച്ചു നിന്നു. 1966 നവം. 6-ന് അന്തരിച്ചു. ആലുവാ തൃക്കുന്നത്ത് സെമിനാരി ചാപ്പലിൽ കബറടക്കി.

ഗ്രീഗോറിയോസ്, കുറിയാക്കോസ് മാർ (പ. പാമ്പാടി തിരുമേനി 1885-1965): പാമ്പാടി പേഴമറ്റത്ത് ചാക്കോച്ചൻ-ഇളച്ചി ദമ്പതികളുടെ ആറാമത്തെ പുത്രൻ. ജനനം 5-4-1885. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാന്റെയും കോനാട്ട് മാത്തൻ മല്പാന്റെയും കീഴിൽ പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം. 5-2-1899 ൽ ശെമ്മാശുപട്ടവും 28-7-1906 ൽ പാമ്പാടി വലിയപള്ളിയിൽ വച്ച് കശ്ശീശാപട്ടവും ജൂലൈ 29-ന് റമ്പാൻ സ്ഥാനവും കടവിൽ പൗലോസ് മാർ അത്താനാസ്യോസ് നൽകി. 16-2-1929 ന് പ. ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ കോട്ടയം ഏലിയാ ചാപ്പലിൽ വച്ച് ഗ്രീഗോറിയോസ് എന്ന പേരിൽ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. 1934 ജൂൺ 1-ന് മെത്രാപ്പോലീത്താ സ്ഥാനം നൽകി. കോട്ടയം മെത്രാസനത്തിന്റെ ചുമതല വഹിച്ചു. കുന്നംകുളത്ത് പ്ലേഗ് പടർന്നു പിടിച്ചപ്പോൾ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ നിർദ്ദേശപ്രകാരം അവിടെയെത്തി കുന്നംകുളം നസ്രാണികളെ ആശ്വസിപ്പിക്കുകയും അവർക്കു വേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ആ ബാധ നീങ്ങിപ്പോയി. ഈ സംഭവത്തിന്റെ സ്മരണയ്ക്കായി എല്ലാ വർഷവും കുന്നംകുളം നസ്രാണികൾ അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാളിൽ സമൂഹമായി പോയി സംബന്ധിക്കുന്നു. മാതൃകാപരമായ ദയറാ ജീവിതത്തിന്റെ ഉടമ, അതിമനോഹരമായ സുറിയാനി കൈയക്ഷരം, മികച്ച പ്രാർത്ഥനാജീവിതം, മാതൃകാപരമായ ലാളിത്യം എന്നിവയുടെ പേരിൽ പ്രശസ്തനായ അദ്ദേഹത്തെ ഒരു പരിശുദ്ധനായി സഭ അനൗദ്യോഗികമായി പരിഗണിക്കുന്നു. പാമ്പാടി പള്ളിയിലും പുതുപ്പള്ളി പള്ളിയിലും അദ്ദേഹത്തിന്റെ പേരിൽ മദ്ബഹാകൾ സ്ഥാപിച്ചിട്ടുണ്ട്. 1965 ഏപ്രിൽ 5-ന് പാമ്പാടി ദയറായിൽ ദിവംഗതനായി. പള്ളിയോട് ചേർന്ന് വടക്കുഭാഗത്ത് അദ്ദേഹത്തെ കബറടക്കി.

ഗ്രീഗോറിയോസ്, ഡോ. പൗലോസ് മാർ (1922-1996): തൃപ്പൂണിത്തുറ തടിയ്ക്കൽ പൈലി-ഏലി ദമ്പതികളുടെ പുത്രൻ. ജനനം 9-8-1922. ഇൻഡ്യാനയിൽ നിന്ന് ബി. എ., ഓക്‌ലോമ-ലിസ്റ്റൽ യൂണിവേഴ്സിറ്റികളിൽ പഠിച്ച് എം. ഡിവും യേൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എസ്. റ്റി. എം. ബിരുദവും നേടി. ഓക്സ്ഫോർഡ്, ജർമ്മനിയിലെ ഗ്രിഗറി ഓഫ് നിസ്സാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ ഗവേഷണം. സെറാമ്പൂരിൽ നിന്ന്

ഡോക്ടറേറ്റ്. റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാഡമി, ഹംഗറിയിലെ ബുഡാപ്പസ്റ്റ് ലൂതറൻ തിയോളജിക്കൽ അക്കാഡമി, ചെക്കോസ്ലോവാക്യയിലെ ജാൻഹസ് ഫാക്കൽറ്റി എന്നിവിടങ്ങളിൽ നിന്ന് ഓണററി ഡോക്ടറേറ്റ്.

1959 ജനുവരിയിൽ ശെമ്മാശനായി. 2-11-62 ന് ഗീവറുഗ്ഗീസ് ദ്വിതീയൻ കശ്ശീശാപട്ടം നൽകി. 1975 ഫെബ്രു. 16-ന് നിരണത്തു വച്ച് ഔഗേൻ പ്രഥമൻ കാതോലിക്കാ ഇദ്ദേഹത്തെ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു ഡൽഹിയുടെ ചുമതല നല്കി.

പി. ആൻഡ് റ്റി. തിരു-കൊച്ചി യൂണിയൻ അസോസ്യേറ്റ് സെക്രട്ടറി, വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി, ആലുവാ ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി, എത്യോപ്യൻ ചക്രവർത്തിയുടെ ഉപദേഷ്ടാവ്, എത്യോപ്യൻ വിദ്യാഭ്യാസ വകുപ്പ് ഉപദേഷ്ടാവ്, ഡബ്ല്യു. സി. സി. യുടെ എക്യുമിനിക്കൽ വിഭാഗം ഡയറക്ടർ, ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ, ഡബ്ല്യു. സി. സി. പ്രസിഡണ്ട്, എൻ. സി. സി. ചെയർമാൻ, ഭാരതീയ ദാർശനിക കോൺഗ്രസ് പ്രസിഡണ്ട്, ഓറിയന്റൽ ഓർത്തഡോക്സ് കരിക്കുലം കമ്മറ്റി ചെയർമാൻ, വൈദികസംഘം പ്രസിഡണ്ട്, ദിവ്യബോധനം ചെയർമാൻ, സ്റ്റാർ ഓഫ് ദി ഈസ്റ്റ്, പുരോഹിതൻ എന്നിവയുടെ പത്രാധിപർ, സുന്നഹദോസ് സെക്രട്ടറി, ഫെയ്ത്ത് ആൻഡ് ഓർഡർ കമ്മീഷൻ അംഗം, കേരള, സെറാമ്പൂർ സെനറ്റ് അംഗം തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു.

ജർമ്മൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, അംഹാരിക്ക്, മലയാളം എന്നീ ഭാഷകളിൽ നിരവധി പ്രബന്ധങ്ങൾ രചിച്ചു. കോസ്മിക് മാൻ, ജോയ് ഓഫ് ഫ്രീഡം, സയൻസ് ഫോർ സെയ്ൻ സൊസൈറ്റീസ്, ഹ്യൂമൻ പ്രസൻസ്, ഫ്രീഡം ആൻഡ് അതോറിറ്റി തുടങ്ങിയ മുപ്പതിലേറെ വിശ്വ വിഖ്യാത ഗ്രന്ഥങ്ങളുടെ രചയിതാവ്, ചിന്തകൻ, പണ്ഡിതൻ, ദാർശനികൻ, ദൈവശാസ്ത്രജ്ഞൻ, ബൈബിൾ അധ്യാപകൻ, പ്രഭാഷകൻ, ജേർണലിസ്റ്റ്, എഴുത്തുകാരൻ എന്നിങ്ങനെ തിളക്കമാർന്ന വ്യക്തിത്വം. 1988-ലെ സോവ്യറ്റ്ലാൻഡ് നെഹ്റു അവാർഡ് ഉൾപ്പെടെ ഇരുപതോളം രാജ്യാന്തര അവാർഡുകളും ഒട്ടേറെ ബഹുമതികളും ലഭിച്ചു. ലോകസമാധാന പ്രസ്ഥാനത്തിന് നേതൃത്വം നൽകി. സോഫിയാ സെന്റർ, ദിവ്യബോധനം പഠന പദ്ധതി, ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്, കോട്ടയം വൈദിക സെമിനാരിയുടെ പുതിയ കെട്ടിടങ്ങൾ, തലക്കോട് മാർ ഗ്രീഗോറിയോസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിലുള്ള ബാലഭവനം, ഐ. ടി. സി. എന്നിവയും ഡൽഹി ഭദ്രാസന കേന്ദ്രവും അദ്ദേഹത്തിന്റെ സംഭാവന.

പ്രമുഖ പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞൻ. റോമ്മൻ

കത്തോലിക്കാ, ആംഗ്ലിക്കൻ സഭകളുമായുള്ള ബന്ധത്തിൽ മലങ്കരസഭയുടെ വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും വന്ന പൗരസ്ത്യ ഓർത്തഡോക്സിക്ക് നിരക്കാത്തവയെ വിവേചിച്ചറിയുവാനും വി. കൂദാശകളെയും മറ്റും വ്യാഖ്യാനിക്കുവാനും കഴിഞ്ഞു.

ഡൽഹി ഭദ്രാസനാസ്ഥാനത്തു വച്ച് 1996 നവം. 24-ന് കാലം ചെയ്തു. ഭൗതികദേഹം അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം കോട്ടയം വൈദികസെമിനാരിയുടെ വടക്കേമുറിയിൽ പിറ്റേന്ന് കബറടക്കി.

അന്താരാഷ്ട്രതലത്തിൽ പ്രസിദ്ധീകരിച്ച നിരവധി വിജ്ഞാനകോശങ്ങളിലും Who is who കളിലും അദ്ദേഹത്തിന്റെ ജീവചരിത്രം ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സമഗ്ര ജീവചരിത്രം 'പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര' എന്ന പേരിൽ ജോയ്സ് തോട്ടയ്ക്കാട് രചിച്ചു.

ഗ്രീഗോറിയോസ്, ഡോ. ഗബ്രിയേൽ മാർ: 1948 ഫെബ്രു. 10-ന് ജനിച്ചു. സെറാമ്പൂരിൽ നിന്ന് ബി. ഡി. യും പാരീസിൽ നിന്ന് മാസ്റ്റർ ബിരുദവും നേടി. ഹീബ്രു, അറമൈക്ക്, ഗ്രീക്ക് എന്നീ ഭാഷകളിൽ പ്രാവീണ്യം സമ്പാദിച്ചു. സെറാമ്പൂരിൽ നിന്ന് ഡോക്ടറൽ ബിരുദം നേടി. 1969 നവം. 4-ന് ഔഗേൻ കാതോലിക്കാ ശെമ്മാശുപട്ടവും 1974 ജനു. 8-ന് മാത്യൂസ് പ്രഥമൻ ബാവാ കശ്ശീശാപട്ടവും 2004 ആഗസ്റ്റ് 7-ന് മാത്യൂസ് ദ്വിതീയൻ ബാവ റമ്പാൻ സ്ഥാനവും നൽകി. അസോസ്യേഷൻ തെരഞ്ഞെടുപ്പിനെ തുടർന്ന് 2005 മാർച്ച് 5-ന് പരുമല സെമിനാരിയിൽ വച്ച് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ മെത്രാൻസ്ഥാനം നൽകി. 2005 ജൂൺ 24 മുതൽ തിരുവനന്തപുരം ഭദ്രാസനത്തിലേക്ക് നിയമിതനായി.

എഫ്. എഫ്. ആർ. ആർ. സി. യുടെ ഡയറക്ടർ, റജിസ്ട്രാർ, ഓർത്തഡോക്സ്-മാർത്തോമ്മാ ഡയലോഗ് കമ്മിറ്റിയംഗം, ഓർത്തഡോക്സ് -ലൂതറൻ ഡയലോഗ് കമ്മിറ്റിയംഗം, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ (കേരള) കമ്മിറ്റിയംഗം, തിരുവല്ല റ്റി. എൽ. സി. കമ്മിറ്റിയംഗം, സെറാമ്പൂർ യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിലംഗം, ഓർത്തഡോക്സ് യൂത്ത് മാസികയുടെ അസോസ്യേറ്റ് എഡിറ്റർ, സണ്ടേസ്കൂൾ കരിക്കുലം എഡിറ്റർ ഇൻ ചാർജ് എന്നീ സംരംഭങ്ങളിൽ പ്രവർത്തിച്ചു. കോട്ടയം പഴയസെമിനാരി അധ്യാപകൻ, വിവിധ ആശ്രമങ്ങളിലെ വിസിറ്റർ ബിഷപ്പ്, ശുശ്രൂഷകസംഘം, വനിത പുനരധിവാസകേന്ദ്രം, സോഫിയാ ബുക്സ് എന്നിവയുടെ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ എന്ന പ്രൊജക്ടിന്റെ ചീഫ് എഡിറ്റർ ആണ്. ദൈവതേജസ്സിലേക്ക്, Towards a New Humanity (Ed.), കുരിശും തേജസ്സും, ഗുരുമുഖത്തു നിന്നും, ആദ്ധ്യാത്മികതയുടെ യഥാർത്ഥ സ്രോതസ്സുകൾ, ഗുരുമുഖത്തുനിന്നും (രണ്ടാം ഭാഗം) എന്നീ ഗ്രന്ഥങ്ങളും നിരവധി

ലേഖനങ്ങളും എഴുതിയിട്ടുണ്ട്. ബർമ്മിംഗ്ഹാം ജോർജ്ജ് ബെൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'ഫെല്ലോ' ആണ്.

ഗ്ലൂസ്ക്കൂമോ: തിരുശേഷിപ്പ് പേടകം. കശ്ശീശായുടെ പട്ടംകൊട ക്രമത്തിൽ സ്ഥാനചിഹ്നങ്ങളായ സ്ലീബാ, ഏവൻഗേലിയോൻ എന്നിവയോടൊപ്പം ഗ്ലൂസ്ക്കോമായും നൽകുവാൻ പുരാതന പട്ടംകൊട ക്രമങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ കാലാനുസൃത വികസനരൂപമാണ് മാറിൽ മാലയായി അണിയുന്ന ഐക്കൺ എന്ന് അനുമാനിക്കാം. ഉയിർപ്പു പെരുന്നാളിന്റെ പ്രദക്ഷിണത്തിൽ ഗ്ലൂസ്ക്കൂമോയും ഉൾപ്പെടുന്നതായി ഇപ്പോഴും ആണ്ടു തക്സായുടെ സുറിയാനിക്രമത്തിലെ കുറിപ്പിൽ കാണുന്നുണ്ട്.

ചക്കരക്കടവ്: പറവൂരിനടുത്ത് ചെറായി ബീച്ചിലുള്ള കടവിന്റെ പഴയ പേര്. കടവിൽ എന്ന കുടുംബനാമത്തിന്റെ ഉത്ഭവ സാഹചര്യം ഇതാണ്. ജലമാർഗ്ഗ ഗതാഗതം മാത്രമുണ്ടായിരുന്ന കാലത്ത് പാലൂരിൽ ചാട്ടുകുളങ്ങരക്കടവിൽ നിന്നോ ചാവക്കാട് കടവിൽ നിന്നോ പൊന്നാനി തുറമുഖത്തു നിന്നോ ജലമാർഗ്ഗം സഞ്ചരിച്ചാൽ കുറഞ്ഞ സമയം കൊണ്ട് ഇവിടെയെത്താം. പാലൂരിൽ നൂറ്റാണ്ടു യുദ്ധം നടന്ന കാലത്ത് ഇതൊരു പലായനമാർഗ്ഗം ആയിരുന്നു. പാലൂരിലുള്ള പല കുടുംബപ്പേരുകളും ചെറായി, പറവൂർ ഭാഗങ്ങളിൽ വ്യാപിച്ചത് വിവിധ കാലങ്ങളിലായി നടന്ന പലായനങ്ങളുടെ ഫലമായിട്ടാണ്. ആലങ്ങാട് (ആലുവായ്ക്കടുത്ത്) ഉല്പാദിപ്പിച്ചിരുന്ന ശർക്കര ഈ കടവിൽ നിന്ന് തിരുവിതാംകൂർ-കൊച്ചി-മലബാർ പ്രദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്നതിനാൽ ഈ പേര് വന്നു. കോട്ടക്കാവ്, വടക്കൻപറവൂർ എന്നീ സ്ഥലങ്ങൾക്കുള്ള സഭാചരിത്ര പ്രാധാന്യത്തിന്റെ പശ്ചാത്തലം ഈ കടവ് ആണ്.

ചക്കാലയ്ക്കൽ: കൂത്താട്ടുകുളം വടകര പ്രദേശത്തെ ഒരു കുടുംബം. ഇവർ പാരമ്പര്യമായി ആയുർവേദ വൈദ്യന്മാരാണ്. ഈ കുടുംബത്തിന്റെ ശാഖകൾ ഇപ്പോൾ തൃശ്ശൂർ-മലബാർ പ്രദേശങ്ങളിലുണ്ട്.

ചക്കുപള്ളം: ഇടുക്കി മെത്രാസനത്തിന്റെ ആസ്ഥാനം. കുമളി-കട്ടപ്പന റോഡിൽ ആറാം മൈൽ.

ചക്രം (1): തിരുവിതാംകൂറിലെ പഴയ ഒരു നാണയം. പണം എന്നതിന്റെ പര്യായപദം.

ചക്രം (2): അശോക ചക്രവർത്തിയുടെ ഔദ്യോഗിക മുദ്ര. ബുദ്ധസ്തംഭങ്ങളിൽ കാണാം. അഹിംസാ, ശാന്തി എന്നിവയുടെ പ്രതീകമായി ഇന്ത്യൻ ദേശീയപതാകയിൽ ഈ മുദ്ര സ്വീകരിച്ചിരിക്കുന്നു. അനന്തമായ കാലത്തിന്റെ പ്രതീകം കൂടെയാണ് ചക്രം.

ചക്കരായ് ചെട്ടി (1880–1957): 1880 ജനു. 17–ന് ഹിന്ദു കുടുംബത്തിൽ ജനനം. ബിരുദമെടുത്ത് അധ്യാപകനായിരിക്കേ 1903–ൽ ക്രിസ്തുമതം സ്വീകരിച്ചു. മഹാത്മാഗാന്ധിയുടെ അനുയായി. സ്വാതന്ത്ര്യസമര രംഗത്ത് പ്രവർത്തിച്ചു. 1941–ൽ മദ്രാസിൽ മേയർ ആയി. ക്രിസ്ത്യൻ പാട്രിയറ്റ് വാരികയുടെ പത്രാധിപർ. ക്രിസ്തുവിജ്ഞാനീയത്തിൽ സ്വന്തം ഭാരതീയ കാഴ്ചപ്പാടുകൾ പുലർത്തി. ജീസസ് ദി അവതാർ (1926), ദി ക്രോസ് ആൻഡ് ഇന്ത്യൻ തോട്ട് (1932) എന്നിവ പ്രധാന ഗ്രന്ഥങ്ങൾ. 1957 ജൂണിൽ നിര്യാതനായി.

ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.): 1799–ൽ സ്ഥാപിതമായി. 19–ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ സി. എം. എസ്. മിഷണറിമാർ മലങ്കരസഭയുമായി ബന്ധപ്പെട്ടു. കോട്ടയം പഴയസെമിനാരിയുടെ ആദ്യകാല പ്രവർത്തനത്തിൽ മിഷണറിമാരുടെ സഹകരണം തേടുകയും ലഭിക്കുകയും ചെയ്തു. ഭാരതത്തെ സുവിശേഷീകരിക്കുവാൻ മലങ്കരയെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ബന്ധം ക്രമേണ മലങ്കര സഭയെ പ്രൊട്ടസ്റ്റണ്ട് രീതിയിൽ നവീകരിക്കുക എന്ന ലക്ഷ്യമായി വഴി വിട്ടപ്പോൾ സഭ അതിനെ ചെറുക്കുകയും ചേപ്പാട്ട് മാർ ദീവന്നാസ്യോസിന്റെ അധ്യക്ഷതയിൽ മാവേലിക്കരയിൽ 16–1–1836 ൽ ചേർന്ന സുന്നഹദോസ് – സഭാ പ്രതിനിധിയോഗം – മലങ്കരസഭയുടെ മിഷണറിബന്ധം വിച്ഛേദിക്കുകയും ചെയ്തു. പിന്നീട് സി.എം.എസ്. ഒരു സ്വതന്ത്ര സഭയായി. പില്ക്കാലത്ത് ലണ്ടൻ മിഷൻ സൊസൈറ്റി, ബാസൽ മിഷൻ തുടങ്ങിയവയുമായി യോജിച്ച് സി. എസ്. ഐ. സഭയിൽ വിലയിക്കുകയും ചെയ്തു.

ചട്ടയും മുണ്ടും: ഇന്ത്യയിലെ ക്രിസ്ത്യൻ സ്ത്രീകളുടെ പുരാതന വേഷം. അടക്കവും ഒതുക്കവും ആ വേഷത്തിന്റെ പ്രത്യേകതകൾ. വെള്ള മുണ്ട് ചുറ്റി പിന്നിൽ ഞൊറിഞ്ഞിട്ട് ധരിക്കുന്നു. കഴുത്തുമുതൽ മുണ്ടിന്മേൽ ഇറങ്ങിക്കിടക്കുന്ന ആവശ്യത്തിന് അയവുള്ള കുപ്പായം മേൽവസ്ത്രമായി ധരിക്കുന്നു.

ചർച്ച് ഓഫ് സൈപ്രസ്: സൈപ്രസ് ദ്വീപിലെ ബൈസന്റയിൻ ഓർത്തഡോക്സ് സഭ. നാലു ലക്ഷത്തോളം വിശ്വാസികൾ. മേല്പട്ടക്കാരെ ജനങ്ങൾ തെരഞ്ഞെടുക്കുന്നു. ഒരു സെമിനാരിയുണ്ട്. 1960–ൽ സ്വതന്ത്രമായി. രാഷ്ട്രത്തലവൻ സഭാധ്യക്ഷനായി.

ചർച്ച് വീക്കിലി: ആലുവാ ഫെലോഷിപ്പ് ഹൗസിൽ നിന്ന് പുറപ്പെടുന്ന എക്യുമെനിക്കൽ വാരിക. നാലു ലക്കങ്ങൾ ഒന്നിച്ച് ചേർത്ത് മാസിക ആയിട്ടാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. എൻ. എം. ഏബ്രഹാം, എം. കുര്യൻ, കെ. വി. മാമ്മൻ എന്നിവർക്ക് ശേഷം പ്രൊഫ. കെ. കെ.

ഏബ്രഹാം പത്രാധിപർ ആയി പ്രവർത്തിക്കുന്നു.

ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് ചർച്ച്: പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിലെ ഈ പള്ളി തുമ്പമൺ കുടിയേറ്റക്കാരുടേതാണ്. ആദ്യ ദേവാലയം അഗ്നിക്കിരയായെന്ന് വിശ്വസിച്ചു പോരുന്നു. 1875-ൽ പള്ളിക്ക് ശിലയിട്ടു. 265 കുടുംബങ്ങൾ ഉണ്ട്. ശതാബ്ദി പ്രമാണിച്ച് മാത്യൂസ് പ്രഥമൻ കാതോലിക്കാ പള്ളിയുടെ പുനർ നിർമ്മാണത്തിന് 1985 ഡിസം. 25-ന് ശിലയിട്ടു. നിർമ്മാണം പൂർത്തിയാക്കിയ പള്ളി മാത്യൂസ് ദ്വിതീയൻ കാതോലിക്കായുടെ പ്രധാന കാർമ്മികത്വത്തിൽ കൂദാശ ചെയ്തു. വി. ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള ഈ ദേവാലയം പ്രമുഖ ജോർജിയൻ തീർത്ഥാടനകേന്ദ്രമാണ്. മെയ് 6, 7 തീയതികളിലെ പെരുന്നാൾ നാടിന്റെ ദേശീയ ഉത്സവമാണ്.

ചവിട്ടുനാടകം: പോർച്ച്ഗീസ് ആധിപത്യകാലത്ത് കഥകളിക്ക് സമാന്തരമായി ക്രിസ്ത്യൻ പശ്ചാത്തല കഥകളെ ആധാരമാക്കി കൊച്ചി പ്രദേശത്ത് രൂപംകൊണ്ട ദൃശ്യകല. ചിന്നത്തമ്പിപ്പിള്ള, വേദനായകംപിള്ള എന്നീ തമിഴന്മാർ പ്രസ്തീനാ നാടകം, ബ്രേസീനാ നാടകം, യൗസേപ്പ് നാടകം, അല്ലേശു നാടകം എന്നിവയിലൂടെ പ്രസ്ഥാനം ചിട്ടപ്പെടുത്തി. കൈമുദ്രകളും, ചുവടുവപ്പുകളും പ്രധാനം. കളരി അഭ്യാസികൾക്കേ ഇത് അവതരിപ്പിക്കുവാൻ വേണ്ട മെയ്വഴക്കം സിദ്ധിക്കൂ. വീരരസപ്രധാനം. കേളികൊട്ട്, ദേവസ്തുതി, വിദൂഷകൻ എന്നിവയുണ്ട്. സംഗീതം, നൃത്തം, സംഭാഷണം, താളമേളങ്ങൾ, അഭിനയം ഇവ സമ്മേളിക്കുന്നു. കൊച്ചിക്കാരൻ വറീച്ചൻ അണ്ണാവിയുടെ 'കാറൽ മാൻ ചരിത്രം' പ്രസിദ്ധ ചവിട്ടു നാടക കൃതിയാണ്.

ചാക്കുണ്ണി അച്ചൻ, കോലാടി: കുന്നംകുളം സ്വദേശി. മാർത്തോമ്മാ സഭയിലെ വൈദികൻ. നിരവധി ബാലസാഹിത്യ കൃതികൾ രചിച്ചു.

ചാക്കുണ്ണി അച്ചൻ, ചെറുവത്തൂർ: കണ്ടിയ്ക്കൽ അച്ചൻ എന്ന് സാധാരണ അറിയപ്പെട്ടിരുന്ന കുന്നംകുളം ചെറുവത്തൂർ യാക്കോബ് കോർഎപ്പിസ്ക്കോപ്പാ കഴിഞ്ഞ തലമുറയിലെ പ്രശസ്ത വൈദികൻ ആയിരുന്നു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ അബ്ദുള്ളാ ബാവാ മുടക്കിയതിനെത്തുടർന്ന് വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് പട്ടമേല്ക്കുവാൻ സഭയിൽ ആരും തയ്യാറാകാതിരുന്ന കാലത്ത് ധീരമായ തീരുമാനമെടുത്ത് മുടക്കപ്പെട്ട മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാപട്ടം സ്വീകരിക്കുവാൻ ത്യാഗപൂർവ്വം സന്നദ്ധനായ ഓർത്തഡോക്സ് ദേശാഭിമാനി. പട്ടമേറ്റ് ആർത്താറ്റ് പള്ളിയിൽ സേവനം ആരംഭിച്ചപ്പോൾ അദ്ദേഹത്തിനെതിരെ ഉണ്ടായ വ്യവഹാരമാണ് ആർത്താറ്റ് പള്ളിക്കേസ് എന്ന പേരിൽ സഭാചരിത്ര ഗ്രന്ഥങ്ങളിൽ സ്ഥാനംപിടിച്ച വ്യവഹാരം. വട്ടശ്ശേരിൽ മെത്രാ

പ്പോലീത്തായെ പാത്രിയർക്കീസ് മുടക്കിയത് അസാധുവാണെന്ന് ആദ്യം കോടതി വിധി ഉണ്ടായത് ഈ കേസ്സിലാണ്. ഇദ്ദേഹം 1904 ഏപ്രിൽ 19-ന് പഴഞ്ഞി പള്ളിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. 1958-ൽ ദിവംഗതനായി, ആർത്താറ്റ് പള്ളിയിൽ കബറടക്കപ്പെട്ടു.

ചാക്കോ, ഡോ. കെ. എം.: കുറുപ്പമ്പടി കോച്ചേരിൽ മാത്തുവിന്റെ പുത്രൻ. ജനനം 1910 ഒക്ടോ. 24. മദ്രാസിൽ നിന്ന് എൽ. എം. പി. ബിരുദം നേടി. കുറുപ്പമ്പടി സെന്റ് മേരീസ് ആശുപത്രി സ്ഥാപിച്ചു. 1954-ലും 1962-ലും നിയമസഭാംഗമായി. കുറുപ്പമ്പടി ട്രെയിനിംഗ് സ്കൂൾ, പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്, കുറുപ്പമ്പടി കാതോലിക്കേറ്റ് സെന്റർ ഇവ യുടെ സ്ഥാപനത്തിൽ മുഖ്യ പങ്ക് വഹിച്ചു. സഭാ മാനേജിംഗ് കമ്മറ്റി, പീസ് ലീഗ് എന്നിവയിൽ പ്രവർത്തിച്ചു. 1983 ഏപ്രിൽ 10-ന് നിര്യാതനായി.

ചാക്കോ, കെ. സി.: എക്യുമെനിക്കൽ ദാർശനികൻ, ആത്മീയ ഗുരു, അധ്യാപക ശ്രേഷ്ഠൻ. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ്, ആലുവാ സെറ്റിൽമെന്റ്, ഫെലോഷിപ്പ് ഹൗസ്, ആലുവാ റൂറൽ മെഡിക്കൽ സെന്റർ എന്നിവയുടെ സംഘാടകൻ. നിരണം തയ്യിൽകണ്ടത്തിൽ ചെറിയാൻ മാപ്പി ളയുടെയും മറിയാമ്മയുടെയും പുത്രൻ. കെ. സി. മാമ്മൻമാപ്പിളയുടെ സഹോദരൻ. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് തത്വശാസ്ത്രത്തിൽ എം. എ. ബിരുദം. അവിടെത്തന്നെ അധ്യാപകൻ. ഡോ. എസ്. രാധാകൃ ഷ്ണൻ അവിടെ സഹപാഠി ആയിരുന്നു. എം. എ. യ്ക്ക് ഒന്നാം റാങ്കിന്റെ പേരിൽ യൂണിവേഴ്സിറ്റിയുടെ മില്ലർ സ്വർണ്ണ മെഡൽ ലഭിച്ചു. ആലുവാ മഹിളാലയം, കോയമ്പത്തൂർ ക്രിസ്തുശിഷ്യാശ്രമം എന്നിവ ഈ പ്രാർ ത്ഥനാ മനുഷ്യന്റെ സംഘാടക വൈഭവത്തെ പ്രകീർത്തിക്കുന്നു. അവൈ ദികൻ ആയിരിക്കേ ഇദ്ദേഹത്തെ മലങ്കര അസോസ്യേഷൻ മേല്പട്ടസ്ഥാ നത്തേയ്ക്ക് തെരഞ്ഞെടുത്തത് സ്വീകരിക്കാതെ ഒഴിഞ്ഞുമാറി. സഭയിലെ വ്യവഹാരങ്ങൾ തീർക്കാൻ ബിഷപ്പ് വാൽഷ്, ആർച്ച് ബിഷപ്പ് ഗോർ, വൈസ്രോയി ഇർവീൻ പ്രഭു എന്നിവരിലൂടെ മധ്യസ്ഥശ്രമങ്ങൾ നടത്തി. ആലുവാ വട്ടമേശസമ്മേളനത്തിന്റെ പ്രധാന സംഘാടകൻ ആയിരുന്നു. 1911-ൽ വൈ. എം. സി. എ. യെ പ്രതിനിധീകരിച്ച് കോൺസ്റ്റാണ്ടിനോപ്പി ളിൽ നടന്ന ലോക വിദ്യാർത്ഥിസമ്മേളനത്തിൽ പങ്കെടുത്തു. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആദ്യ രൂപമായിരുന്ന മലങ്കര സിറിയൻ സ്റ്റുഡൻസ് കോൺഫ്രൻസിന്റെ ശില്പി. ആംഗ്ലിക്കൻ-ഓർത്തഡോക്സ്- മാർ ത്തോമ്മാ സഭാ സഖ്യം ഇദ്ദേഹത്തിന്റെ വലിയ സ്വപ്നം ആയിരുന്നു. സഭാ സമാധാന ശ്രമങ്ങളിൽ മുഴുകിയിരിക്കേ 63-ാം വയസ്സിൽ 1947 സെപ്തം. 15-ന് അദ്ദേഹം അന്തരിച്ചു. തിരുമൂലപുരം പള്ളിയിൽ സംസ് കരിക്കപ്പെട്ടു. ഫെലോഷിപ്പ് ഹൗസിലെ ചാക്കോ ഹോംസ്, യു. സി. കോള

ജിലെ ചാക്കോ ഹോസ്റ്റൽ എന്നിവ അവിവാഹിതനായ ഇദ്ദേഹത്തിന്റെ നിത്യ സ്മാരകങ്ങൾ ആണ്.

ചാക്കോ, എം. എ.: അത്മായപ്രമുഖൻ. അയ്യമ്പിള്ളി മഴുവഞ്ചേരിപ്പറമ്പത്ത് കുഞ്ഞവിരാ - മറിയം ദമ്പതികളുടെ പുത്രനായി 1870 ഒക്ടോ. 19-ന് ജനിച്ചു. ചാക്കോ സൂപ്രണ്ട് എന്നറിയപ്പെടുന്ന ഇദ്ദേഹം കൊച്ചി രാജ്യത്തെ നായർ പട്ടാളം കമാണ്ടറും പോലീസ് കമ്മീഷണറും എക്സൈസ് വിഭാഗം തലവനുമായി പ്രവർത്തിച്ചു. 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ അബ്ദുള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെ മുടക്കിയ പ്രക്ഷുബ്ധമായ കാലാവസ്ഥയിൽ മലങ്കര മെത്രാപ്പോലീത്തായുടെ പിന്നിൽ അചഞ്ചലമായി നില്ക്കുകയും അനേകരെ ആ നിലപാടിലേക്ക് ധൈര്യപ്പെടുത്തുകയും ചെയ്തു. എറണാകുളം, തൃശൂർ, വടക്കാഞ്ചേരി പള്ളികൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി. തൃശൂരിൽ പള്ളിയില്ലാതിരുന്ന കാലത്ത് ഇരുപത്തിഅഞ്ച് കിലോമീറ്ററിലധികം ദൂരം വരുന്ന ആർത്താറ്റ് പള്ളിയിലേക്കും മുപ്പത് കിലോമീറ്ററിലധികം ദൂരം വരുന്ന ചേലക്കര പള്ളിയിലേക്കും തൃശ്ശൂരിലെ വീട്ടിൽ നിന്ന് സൈക്കിൾ ചവുട്ടി ഇദ്ദേഹം പതിവായി ആരാധനയിൽ പങ്കെടുക്കുമായിരുന്നു. സമുദായക്കേസിൽ സാക്ഷി പറയുവാൻ കോട്ടയം പഴയസെമിനാരിയിൽ താമസിച്ചുവരവേ 1941 ഓഗസ്റ്റ് 25-ാം തീയതി ഇദ്ദേഹം അന്തരിച്ചു. തൃശ്ശൂർ പടിഞ്ഞാറേക്കോട്ട സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ സ്മാരകമായിരുന്നു തൃശൂരിലെ ചാക്കോ മെമ്മോറിയൽ സ്കൂൾ. ലോക സഭാ കൗൺസിൽ പ്രസിഡന്റ് ആയിരുന്ന മിസ് സാറാ ചാക്കോ മകളും സഭാ പ്രവർത്തകനായ ഡോ. ചാക്കോ ജോർജ്ജ് മകനും ഹൈക്കോടതി ജസ്റ്റീസ് ആയിരുന്ന കടവിൽ പൗലോസ് ജഡ്ജി ജാമാതാവും ആയിരുന്നു. *മലങ്കര നസ്രാണി സിംഹം* എന്ന പേരിൽ ഇദ്ദേഹത്തിന്റെ ജീവചരിത്രം എം. കുര്യൻ 2006-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദീർഘകാലം സഭാ മാനേജിംഗ് കമ്മറ്റിഅംഗം ആയിരുന്നു. മലങ്കര മഹാജനസഭയിലെ പ്രമുഖ അംഗമായിരുന്നു. കെ. സി. മാമ്മൻ മാപ്പിള, ജോൺ വക്കീൽ എന്നിവരോടൊപ്പം സഭയിലെ അത്മായ നേതൃഗ്രൂപ്പിലെ സുശക്തനായ അംഗമായി ജീവപര്യന്തം സഭയെ സേവിച്ചു.

ചാക്കോ ജോർജ്ജ്, ഡോ.: പോലീസ് സൂപ്രണ്ട് എം. എ. ചാക്കോയുടെയും മേരിയുടെയും മൂന്നാമത്തെ സന്താനമായി ജനിച്ചു. 18 വർഷത്തോളം ഇംഗ്ലണ്ടിൽ ഡോക്ടർ ആയി പ്രാക്ടീസ് ചെയ്തു. മലങ്കര ഓർത്തഡോക്സ് മെഡിക്കൽ മിഷൻ സംഘടിപ്പിക്കുന്നതിലും കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി സ്ഥാപിക്കുന്നതിനും നേതൃത്വം നൽകി. കൊച്ചി ഭദ്രാസന കൗൺസിൽ, സഭാ മാനേജിംഗ് കമ്മറ്റി എന്നിവയിലെ സജീവ ആംഗം ആയിരുന്നു. തൃശൂർ ഓർത്തഡോക്സ് ഇടവകയുടെ

വികസനത്തിൽ അതീവ ശ്രദ്ധാലു. ചെമ്പൂക്കാവ്, നെഹ്രു നഗർ പള്ളികളുടെ നിർമ്മാണത്തിൽ നേതൃത്വം നൽകി. അരീപ്പാലം എം. സി. കുഞ്ഞിപ്പൈലിയുടെ മകൾ അച്ചാമ്മ സഹധർമ്മിണി. ഹേഗിൽ ബർമ്മാഷെൽ എഞ്ചിനീയർ മോഹൻ ചാക്കോ ജോർജ്ജും തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിലെ ചീഫ് ഫിസിഷ്യൻ ഡോ. വർഗ്ഗീസ് പോളിന്റെ ഭാര്യ വത്സയും മക്കൾ. 1981 ഏപ്രിൽ 11-ന് നിര്യാതനായി. തൃശ്ശൂർ പടിഞ്ഞാറെക്കോട്ട സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ കബറടക്കി.

ചാക്കോ ഉപദേശി: പ്രമുഖ സുവിശേഷകനും സഞ്ചാര മിഷനറിയും. പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് ഇടവകയിലെ കാരക്കാട്ട് കുടുംബാംഗം. 1905-ൽ ജനനം. 18-ാം വയസ്സിൽ സുവിശേഷവേലയ്ക്ക് സ്വയം പ്രതിഷ്ഠിച്ചു. കേരളത്തിലും തമിഴ്നാട്ടിലുമായി 250-തോളം പേരെ സഭയിലേക്കു ചേർത്തു. സ്ലീബാദാസസമൂഹത്തിലും ഇമ്മാനുവേൽ മിഷൻ സൊസൈറ്റിയിലും പ്രവർത്തിച്ചു. ഏതാനും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 1989 മെയ് 30-ന് നിര്യാതനായി.

ചാക്രിക ലേഖനം: സർക്കുലർ. ഒരു പ്രദേശത്തെ എല്ലാ പള്ളികൾക്കും അയക്കുന്ന ഔദ്യോഗിക അറിയിപ്പുകൾ. ഇപ്പോൾ മാർപ്പാപ്പയുടെ സാർവ്വത്രിക ലേഖനങ്ങൾ മാത്രം ഈ പേരിൽ അറിയപ്പെടുന്നു.

ചാട്ടുകുളം: തലപ്പള്ളി - ചാവക്കാട് താലൂക്കുകളുടെ അതിർത്തിയിൽ തലപ്പള്ളിയോട് ചേർന്ന് കിടക്കുന്ന വിശാലമായ ജലാശയം. ചാട്ട് എന്നാൽ ജലവാഹനം എന്നർത്ഥം. ചാവക്കാട് തുറമുഖം വരെ എത്തുന്ന ചാവക്കാട് തോട് ചാട്ടുകുളത്തിൽ യോജിക്കും. പണ്ട് ചാട്ടുകുളം കടവിൽ നിന്ന് ചാട്ടുകളിൽ - വഞ്ചികളിൽ - കയറി ഈ തോടുവഴി ആളുകൾ കുന്നംകുളം ക്രിസ്ത്യാനികളുടെ ഉടമസ്ഥതയിലുള്ള ചാവക്കാട് തുറമുഖത്തേക്കു യാത്ര ചെയ്തിരുന്നു. പുരാതനമായ, പൊന്നാനി തുറമുഖം കേന്ദ്രീകരിച്ച വിദേശ വ്യാപാരത്തിൽ പാലൂർ നിവാസികൾ പങ്കെടുത്തിരുന്നത് ഈ ജലമാർഗ്ഗം മുഖേനയാണ്. പാലൂരിലെ ജൂതക്കുന്നിൽ വസിച്ചിരുന്ന ജൂതന്മാർ ഈ വ്യപാരത്തിലെ നിർണ്ണായകപങ്കാളികൾ ആയിരുന്നു. പാലൂരിലെ ചാട്ടുകുളത്തിന്റെ തീരത്തുള്ള ഉയർന്ന കുന്നിൽ - ജൂതക്കുന്ന് എന്ന് പേർ - ജൂതരുടെ സിനഗോഗ് സ്ഥിതിചെയ്തിരുന്നു. പൊന്നാനി തുറമുഖത്ത് വന്നിറങ്ങിയ ക്രിസ്തുശിഷ്യൻ മാർത്തോമ്മാശ്ലീഹാ ചാവക്കാട് തോട് വഴി ചാട്ടുകുളത്ത് വന്നിറങ്ങിയാണ് പാലൂരിൽ സുവിശേഷമറിയിച്ചതും സ്വദേശീയരും വംശീയരുമായ യഹൂദരെയും തദ്ദേശവാസികളായ ബുദ്ധ-ജൈനമതക്കാരെയും മറ്റും ക്രിസ്തുമതത്തിൽ ചേർത്തും ജൂത സിനഗോഗ് രൂപഭേദപ്പെടുത്തി ഭാരതത്തിലെ ഒന്നാമത്തെ ക്രൈസ്തവ ദേവാലയമായി - തലപ്പള്ളി - അതിനെ പ്രതിഷ്ഠിച്ചതും. കുളം എന്നാൽ

തുറമുഖം എന്നാണ് പഴമ.

ചാട്ടുകുളങ്ങര അങ്ങാടി: പൊന്നാനി തുറമുഖം വഴി നടന്നിരുന്ന വിദേശ വാണിജ്യത്തിന്റെ കാലം മുതൽ കയറ്റുമതി ചരക്കുകൾ ശേഖരിക്കപ്പെടുകയും ഇറക്കുമതി ചരക്കുകൾ വിപണനം ചെയ്യപ്പെടുകയും ചെയ്ത പ്രസിദ്ധ അങ്ങാടികളിലൊന്ന്. ചെമ്മണ്ണൂർ അങ്ങാടി - ആലത്തൂർ അങ്ങാടി എന്നിവയാണ് മറ്റ് രണ്ട് അങ്ങാടികൾ. മൂന്നും പാലൂർ പ്രദേശത്ത് സ്ഥിതിചെയ്യുന്നു. പല യുദ്ധങ്ങളും ഈ അങ്ങാടികളെ വിവിധ കാലങ്ങളിൽ നശിപ്പിച്ചിട്ടുണ്ട്. പാലൂരിലെ ക്രിസ്തുമതത്തെയും ബുദ്ധ-ജൈന മതങ്ങളെയും കേരളത്തിന്റെ വിവിധ ഉൾനാടുകളിലെത്തിച്ചത് ഈ യുദ്ധങ്ങൾ സൃഷ്ടിച്ച പലായനങ്ങളാണ്. ഏറ്റവും ഒടുവിൽ അങ്ങാടി തീവെച്ച് നശിപ്പിക്കപ്പെട്ടത് 1789 കാലത്തുണ്ടായ ടിപ്പു സുൽത്താന്റെ പടയോട്ടങ്ങളെ തുടർന്നാണ്. ഇതേ തുടർന്ന് അങ്ങാടി കുന്നംകുളത്ത് പുതുതായി നിർമ്മിക്കപ്പെട്ടു. ചത്വരവീഥികളിലേക്ക് - നാലങ്ങാടി - ധ്രുവീകരിക്കപ്പെട്ടു.

ചാട്ടുകുളങ്ങരപള്ളി: '*ആർത്താറ്റ് പള്ളി*', '*തലപ്പള്ളി*', '*പാലൂർ പള്ളി*' എന്നീ ശീർഷകങ്ങൾ കാണുക.

ചാണ്ടപ്പിള്ളക്കത്തനാർ, താഴത്ത്: ദീർഘകാലം മലങ്കരസഭയുടെ വൈദികട്രസ്റ്റി. കോട്ടയം ചെറിയപള്ളി ഇടവകയിലെ പുന്നത്ര താഴത്ത് കുടുംബാംഗം. 1845 നവം. 13-ന് ജനനം. 1854-ലെ പെന്തിക്കോസ്തി പെരുന്നാളിന് 9-ാം വയസ്സിൽ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ പഴഞ്ഞി പള്ളിയിൽ വച്ച് കോറൂയോ പട്ടം നൽകി. നവീകരണത്തിന്റെ ആദ്യ തലമുറയിലെ മുതിർന്ന നേതാവ്. കോട്ടയം പഴയസെമിനാരി റോയൽ കോടതി വിധി മൂലം നഷ്ടമായപ്പോൾ 1895 മേടം 25-ന് കോട്ടയം സീയോൻകുന്ന് സ്വന്തമായി വാങ്ങി അവിടെ പുതിയ സെമിനാരി (എം. ടി.) സ്ഥാപിച്ചു. ഇദ്ദേഹം വികാരിയായ കോട്ടയം ചെറിയ പള്ളിക്കേസും ഒടുവിൽ നവീകരണക്കാർക്ക് ദോഷമായി വിധിച്ചു. മലങ്കര സഭയുടെ പാവനമായ വിശ്വാസാചാരാനുഷ്ഠാനങ്ങൾ നവീകരണ വ്യഗ്രതയുടെ പേരിൽ നവീകരണത്തിന്റെ രണ്ടാം തലമുറ നേതാക്കൾ വലിച്ചെറിയുന്നത് കണ്ട് നവീകരണത്തെച്ചൊല്ലി അദ്ദേഹം നിഷ്ഫലമായി ദുഃഖിച്ചു. സ്വന്ത ദുഃഖങ്ങൾ സകാരണം 'വിലാപങ്ങൾ' എന്ന കൃതിയിൽ അദ്ദേഹം വിശദമായി വ്യക്തമാക്കിയിട്ടുണ്ട്. പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് നിര്യാതനായപ്പോൾ സഭയുടെ വൈധവ്യം ഒഴിവാക്കുവാൻ തൊഴിയൂരിലെ മെത്രാന്മാരെ വരുത്തി തീത്തൂസ് പ്രഥമനെ മെത്രാപ്പോലീത്താ ആയി വാഴിക്കുവാൻ ഇദ്ദേഹം നിർണ്ണായക പങ്കു വഹിച്ചു. 1106 (1931) കർക്കിടകം 8-ന് നിര്യാതനായി. അദ്ദേഹം സ്ഥാപിച്ച പഴയചന്ത പ്പള്ളിയിൽ കബറടക്കി.

ചാണ്ടിക്കത്തനാർ, കടവിൽ: കൂനൻകുരിശു സത്യം കഴിഞ്ഞ് 1653-ൽ തോമസ് അർക്കദിയാക്കോനെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ ആലങ്ങാട്ട് വച്ച് പന്ത്രണ്ട് പട്ടക്കാരുടെ കാർമ്മികത്വത്തിൽ മലങ്കരസഭ മെത്രാനായി വാഴിച്ചു. ഭരണസൗകര്യത്തിനു വേണ്ടി നാലു വൈദികരെ ഉപദേഷ്ടാക്കളായി നിയമിച്ചു. അതിൽ ഒരാളാണ് കടവിൽ ചാണ്ടി കത്തനാർ. ഇദ്ദേഹം താമസംവിനാ മറുപക്ഷത്തേയ്ക്ക് കൂറുമാറി വികാരി ജനറൽ സ്ഥാനത്ത് നിയമിക്കപ്പെട്ടു.

ചാണ്ടിക്കത്തനാർ, പള്ളിവീട്ടിൽ (പറമ്പിൽ): ഒന്നാം മാർത്തോമ്മായുടെ നാല് ഉപദേഷ്ടാക്കന്മാരിലൊരാൾ. ഇദ്ദേഹവും പകലോമറ്റം കുടുംബക്കാരൻ ആയിരുന്നു. പോർച്ചുഗീസുകാർ നാടുവിട്ടുപോകുവാൻ ഡച്ചു സർക്കാർ ഉത്തരവിറക്കിയതിനെത്തുടർന്ന് റോമ്മാ മെത്രാൻ ജോസഫ് സെബസ്ത്യാനിക്ക് ഇന്ത്യ വിട്ടുപോകേണ്ടി വന്നു. കൂറുമാറി വന്ന പറമ്പിൽ ചാണ്ടിക്കത്തനാരെ അദ്ദേഹം റോമ്മാ വിഭാഗത്തിലേക്ക് സമാന്തര മെത്രാനായി നിയമിച്ചു. ഇദ്ദേഹം ബിഷപ്പ് അലക്സാണ്ടർ ഡി കാമ്പോ എന്ന പേരിൽ അറിയപ്പെടുന്നു. ഒന്നാം മാർത്തോമ്മായ്ക്ക് സാധുവായ കൈവെപ്പില്ല എന്ന പ്രചാരണം മൂലം കുറെ സുറിയാനിക്കാരെ ആകർഷിക്കുവാൻ അഭിനവ മെത്രാന് കഴിഞ്ഞു. പകലോമറ്റം കുടുംബത്തിൽ നിന്ന് പിൻഗാമിയെ വാഴിക്കുവാൻ ഇദ്ദേഹത്തെ റോം അനുവദിച്ചില്ല. കുറവിലങ്ങാട്ടുകാരനായ ഇദ്ദേഹം 1687-ൽ നിര്യാതനായി.

ചാണ്ടി, സഭാകവി സി. പി.: വെണ്ണിക്കുളത്ത് ചക്കാലക്കുന്നേൽ പീലിപ്പോസ് ഉപദേശിയുടെയും അക്കാമ്മയുടെയും മകനായി 1916 കുംഭം 13-ന് ജനിച്ചു. സംസ്കൃത ശാസ്ത്രി, സാഹിത്യ വിശാരദ് പരീക്ഷകൾ പാസ്സായി; ബേസിൽ ദയറായിൽ ചേർന്നു. 1945 മുതൽ സുറിയാനി ആരാധനക്രമങ്ങളിലെ ഗാനങ്ങൾ വൃത്താനുവൃത്തം മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ആരംഭിച്ചു. ഗീവറുഗീസ് ദ്വിതീയൻ ബാവാ, പുത്തൻകാവിൽ മാർ പീലക്സീനോസ്, വട്ടക്കുന്നേൽ ബാവാ, യൂഹാനോൻ സേവേറിയോസ് തുടങ്ങിയവർ ഇക്കാര്യത്തിൽ ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി. അരനൂറ്റാണ്ടുകാലത്തെ തപസ്യ മൂലം ശ്ഹീമ്മാ നമസ്ക്കാരം, പെരുന്നാൾ നമസ്ക്കാരം, കൂദാശാക്രമങ്ങൾ, കഷ്ടാനുഭവ ആഴ്ചയിലെ നമസ്ക്കാരം, കഹനൈത്താ, കന്തീല, പട്ടംകൊട, പള്ളികൂദാശ എന്നിവയുടെ ഗാനങ്ങൾ മലയാളത്തിൽ തയ്യാറാക്കി. പട്ടംകൊടയും പള്ളികൂദാശയും ഇനിയും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. മലയാളം, സുറിയാനി, സംസ്കൃതം എന്നീ ഭാഷകൾ അറിയാമായിരുന്ന അദ്ദേഹത്തെ ഔഗേൻബാവാ 1964-ൽ 'സഭാകവി'പ്പട്ടം നൽകി ആദരിച്ചു. കാതോലിക്കേറ്റ് ഹൈസ്കൂൾ അധ്യാപകൻ, സെമിനാരി അധ്യാപകൻ, തുമ്പമൺ ബാലസമാജം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ

പ്രവർത്തിച്ചു. *മലങ്കരസഭയുടെ സ്വർഗ്ഗീയ കിന്നരം* എന്ന പേരിൽ ഇദ്ദേഹത്തിന്റെ ജീവചരിത്രം കെ. വി. മാമ്മനും ജോയ്സ് തോട്ടയ്ക്കാടും ചേർന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുറുമൊഴികൾ, പരുമലതിരുമേനി, തെരഞ്ഞെടുത്ത പാട്ടുകൾ എന്നിവ ശ്രദ്ധേയമായ കൃതികൾ ആണ്.

ചാത്തം: ശ്രാദ്ധം എന്ന സംസ്കൃതപദം ഈ ശുദ്ധ ദ്രാവിഡപദത്തിന്റെ തത്ഭവമാണ്. മരിച്ചുപോയവരുടെ വാർഷിക സ്മരണയാണ് ആണ്ടു ചാത്തം കൊണ്ട് അർത്ഥമാക്കുന്നത്. പള്ളിയിലെ കുർബ്ബാന, ശവകുടീരത്തിലെ ധൂപപ്രാർത്ഥന, ഭവനത്തിലെ പ്രാർത്ഥനയും ധൂപനവും വിഭവസമൃദ്ധമായ ഊട്ട് (ഊണ്), ദക്ഷിണ നൽകൽ എന്നിവയും ചാത്തത്തിന്റെ പരിപാടികളാണ്. പുരോഹിതന്റെ കാർമ്മികത്വം ഇവയിൽ അനിവാര്യമാണ്. കേരളത്തിലെ മിക്ക മതങ്ങൾക്കും ചാത്തം ഉണ്ട്; ആഘോഷപരിപാടികൾ വ്യത്യസ്തമാകുമെന്നേയുള്ളൂ.

ചാപ്പൽ: കപ്പേള എന്ന ലത്തീൻ പദത്തിന്റെ തത്ഭവം. ഇടവകക്കാരില്ലാതെ ആശ്രമം, സെമിനാരി, മെത്രാസന ഭവനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളോട് ചേർത്ത് ക്രമീകരിക്കുന്ന ആരാധനാലയങ്ങളാണ് ചാപ്പലുകൾ. ഇടവകപ്പള്ളികളുടെ കീഴിൽ ആരാധനാ സൗകര്യം മുൻനിർത്തി ചാപ്പലുകൾ നിർമ്മിക്കാറുണ്ട്. ചാപ്പലുകളിലേയ്ക്ക് നിയോഗിക്കപ്പെടുന്ന വൈദികരെ ചാപ്ലെൻ എന്ന് പറയും.

ചാമ്പൽ ബുധനാഴ്ച: കരിക്കുറിപ്പെരുന്നാൾ. പൗരസ്ത്യ സഭകൾ കൊത്തിനെ കഴിഞ്ഞ് തിങ്കളാഴ്ച വലിയനോമ്പാരംഭിക്കുന്നു. പടിഞ്ഞാറൻ സഭകൾ ബുധനാഴ്ച ആരംഭിക്കുന്നു. അനുതാപ സൂചകമായി ഉണങ്ങിയ ഓല കരിച്ച് നെറ്റിയിൽ ചാരം കുഴമ്പാക്കി കുരിശു വരയ്ക്കും. അതാണവരുടെ നോമ്പാരംഭം. മലങ്കരസഭയിൽ തിങ്കളാഴ്ച ഉച്ചനമസ്ക്കാരത്തോടു ചേർന്ന് പട്ടക്കാർ കന്തീലായുടെ ക്രമം നടത്തി സൈത്ത് റൂശ്മാ ചെയ്യുകയും അനുതാപസൂചകമായി എല്ലാവരെയും കുരിശാകൃതിയിൽ പൂശുകയും ചെയ്തിരുന്നത് 1876-ൽ പത്രോസ് തൃതീയൻ ബാവാ നിർത്തലാക്കി. ഈസ്റ്ററിന്റെ തലേനാൾ നടത്തുവാൻ നിർദ്ദേശിക്കപ്പെട്ട ശൂബ്ക്കോനോയുടെ ക്രമം തൽസ്ഥാനത്ത് നിർദ്ദേശിക്കുകയും ചെയ്തു. കത്തോലിക്കാസഭകൾ ഏതാനും വർഷങ്ങളായി തിങ്കളാഴ്ച നോമ്പാരംഭം പതിവാക്കിയിട്ടുണ്ട്.

ചായൽ (നിലയ്ക്കൽ): റാന്നിയിൽ നിന്ന് 57 കി. മീറ്റർ കിഴക്ക് വനപ്രദേശം. ഒരു കാലത്ത് ജനനിബിഡം ആയിരുന്നു. മാർത്തോമ്മാ ശ്ലീഹാ ഇവിടെ പള്ളി സ്ഥാപിച്ചതായി ഐതീഹ്യമുണ്ട്. കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ നേതൃത്വത്തിൽ ഇവിടെ ഒരു എക്യുമെ

നിക്കൽ ആരാധനാലയം സ്ഥാപിച്ചിട്ടുണ്ട്. പുതുപ്പള്ളിയിലും ഒരു 'നില യ്ക്കൽ പള്ളി' ഉണ്ട്.

ചാത്തമംഗലം: കോഴിക്കോടിനടുത്ത് റീജിയണൽ എഞ്ചിനിയറിംഗ് കോളജ് നില്ക്കുന്ന സ്ഥലം. മലബാർ ഭദ്രാസനാസ്ഥാനമായ ഹെർമ്മോൻ അരമന ഇവിടെയാണ്. നിർമ്മിച്ചത് തോമസ് മാർ തീമോത്തിയോസ് (ഇപ്പോഴത്തെ പ. ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ).

ചാവക്കാട്: സെന്റ് കുറിയാക്കോസിന്റെ നാമത്തിൽ ഇവിടെയുള്ള പഴയ പള്ളി പാലൂർ ചാട്ടുകുളങ്ങര പള്ളിയുടെ ഒരു ചാപ്പൽ ആയിരുന്നു. ഈ പള്ളിയുടെ പേർ ചാവക്കാട് പള്ളി എന്നും. ചാട്ടുകുളങ്ങരപള്ളിയും ചാവക്കാട്ടുപള്ളിയും തിരുവിതാംകൂറിലുള്ള ഒരേ ബിഷപ്പിന്റെ കീഴിലാണെന്ന് 1800-ൽ രണ്ടു സ്ഥലങ്ങളും സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ സ്വഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1805-ൽ രണ്ട് പ്രദേശത്തുകാരുടെയും അഭിമാന പൈതൃകമായിരുന്നതും മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചതുമായ പാലൂർ-ചാട്ടുകുളങ്ങര പള്ളി ശക്തൻ തമ്പുരാന്റെ നേതൃത്വത്തിൽ സുറിയാനിക്കാർക്ക് തർക്കമൊഴിഞ്ഞ് കൊടുക്കേണ്ടി വരികയും ചാവക്കാട് സെന്റ് കുറിയാക്കോസ് പള്ളിയും ആർത്താറ്റ് കുരിശും ഏതാനും സ്ഥലങ്ങളും മാത്രം തങ്ങൾക്ക് ലഭിക്കുകയും ചെയ്തപ്പോൾ കത്തോലിക്കാ വിഭാഗം നിരാശരായില്ല. ചാവക്കാട് പള്ളിയെ അവർ പാലയൂർ പള്ളി എന്ന് വിളിക്കാനാരംഭിച്ചു. മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചത് ആ പള്ളിയാണെന്ന് വിപുലമായ പ്രചാരവേല സഭാതലത്തിൽ സംഘടിതമായി നടത്തി. ആ അദ്ധ്വാനം വലിയൊരളവിൽ ഫലിച്ചു എന്ന് വേണം പറയുവാൻ. ഐതീഹ്യങ്ങളുടെയും ചരിത്ര സ്മാരകങ്ങളുടെയും പിൻബലത്തോടെ ഈ അവാസ്തവ കഥ ചരിത്രമാക്കിയവർ ഐതീഹ്യങ്ങളുടെയും സ്മാരകങ്ങളുടെയും പുറകിലെ കൃത്രിമത്വം തിരിച്ചറിഞ്ഞില്ല. മ്യൂസിയം, ബോട്ടുകുളം, തളിയക്കുളം, തീർത്ഥാടനം തുടങ്ങി പ്രചാരവേലകൾ ഇന്നും അഭംഗം തുടരുന്നു. നാലാം നൂറ്റാണ്ടിലെ വിശുദ്ധനായ കുറിയാക്കോസ് സഹദായുടെ നാമത്തിലാണ് ആ പള്ളിയെന്ന് കത്തോലിക്കാ ചരിത്രകാരന്മാർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. നാലാം നൂറ്റാണ്ടിലെ വിശുദ്ധന്റെ നാമത്തിൽ ഒന്നാം നൂറ്റാണ്ടിൽ തോമ്മാശ്ലീഹാ പള്ളി വയ്ക്കുന്നതെങ്ങനെ എന്ന ചോദ്യത്തെ ഇപ്പോൾ ചരിത്രകാരന്മാർ ഗൗരവമായി പരിഗണിച്ചു തുടങ്ങിയിട്ടുണ്ട്.

ചാവക്കാട് തുറമുഖം: പൊന്നാനി-അലക്സാന്ത്രിയാ വിദേശ വ്യാപാരം നടത്തിയിരുന്ന കാലത്ത് മച്ചാട്-വെള്ളാനി മലകളിൽ നിന്നും തലപ്പള്ളി-തൃശ്ശൂർ താലൂക്കുകളിൽ നിന്നും വിഭവങ്ങൾ ശേഖരിച്ച് പൊന്നാനി തുറമുഖത്തേക്ക് എത്തിക്കുവാൻ ചാവക്കാട് ഒരു ഉപ

തുറമുഖം ഉണ്ടായിരുന്നു. ഇതിന്റെ ഉടമസ്ഥത കുന്നംകുളം ക്രിസ്ത്യാനികൾക്കാണെന്ന് 1800-ൽ ഈ പ്രദേശങ്ങൾ ഔദ്യോഗികമായി സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ തന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചാട്ടുകുളത്ത് നിന്ന് ചാവക്കാട് തോട് വഴിയായിരുന്നു തുറമുഖത്തേക്കുള്ള ഗതാഗതം. പില്ക്കാലത്ത് വ്യാപാരകേന്ദ്രം കൊച്ചി ആയപ്പോഴും ഈ ഉപ തുറമുഖം സജീവം ആയിരുന്നു. യുദ്ധക്കെടുതികൾ മൂലം പാലൂർ പ്രദേശത്തു നിന്ന് കേരളത്തിന്റെ ചെറായി തൊട്ടുള്ള തെക്കൻ പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തവർ ചാവക്കാട് തുറമുഖം വഴിയാണ് സ്വദേശം വിട്ടുപോയത്. ജലമാർഗ്ഗയാത്രയിൽ ചാവക്കാടിന് സമീപസ്ഥലമായിരുന്നു കൊടുങ്ങല്ലൂരും കൊച്ചിയും.

ചാവക്കാട് പാപ്പാ: തന്നെ സന്ദർശിച്ച ചാവക്കാട് പള്ളിയിലെയും കുന്നംകുളം പള്ളിയിലെയും വൈദികരെ പാപ്പാ എന്നാണ് 1800-ൽ ഡോ. ഫ്രാൻസിസ് ബുക്കാനൻ സ്വഡയറിയിൽ വിശേഷിപ്പിച്ചിട്ടുള്ളത്. രണ്ടു പേരും ഒരേ ബിഷപ്പിന്റെ കീഴിലാണെന്നും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. രണ്ടു പള്ളികളും ഔദ്യോഗികമായി ശക്തൻ തമ്പുരാന്റെ മധ്യസ്ഥതയിൽ നറുക്കിട്ട് പിരിയുന്നത് 1805-ൽ ആണ്. അതിനുശേഷമാണ് ചാവക്കാട് പള്ളി നില്ക്കുന്ന പ്രദേശത്തിന് പാലയൂർ എന്ന പേർ നൽകിയത്. മാർത്തോമ്മാ പൈതൃകത്തെ പാലയൂർ എന്ന് വിളിച്ച ചാവക്കാട്ട് അവർ പറിച്ചുനട്ടത് ചരിത്രത്തിൽ താല്ക്കാലികമായി വിജയിച്ചു.

ചാവുകടൽ: ഇതിൽ ജലജീവികളില്ല. തന്മൂലം റോമാക്കാർ ചാവുകടൽ എന്ന് വിളിച്ചു. ഉപ്പുകടൽ (ഉല്പ. 14:6; സംഖ്യ 34:3) എന്നും അരാബാക്കടൽ എന്നും (ആവ. 4:48; 2 രാജ. 14:25) കിഴക്കേ കടൽ (യെഹ. 47:18, യോവേ. 12:20) എന്നും ഇതിന് പേരുകൾ ഉണ്ട്. 47 മൈൽ നീളവും 39 മൈൽ വീതിയും ഉണ്ട്. യോർദ്ദാൻ നദി ഇതിൽ ചേരുന്നു. സോദോം, ഗോമോറ, മോശ മരിച്ച നേബോ പർവതം, പിസ്ഗാ കൊടുമുടി, കുമ്രാൻ സന്യാസ സമൂഹം എന്നിവ സമീപ പ്രദേശങ്ങളിലാണ്.

ചാവുകടൽച്ചുരുളുകൾ: 1947-നും 1956-നും ഇടയിൽ ചാവുകടൽ തീരത്ത് കുമ്റാൻ ഗുഹകളിൽ നിന്ന് ഈ വേദപുസ്തക തോൽച്ചുരുളുകൾ ഭരണികളിൽ അടക്കം ചെയ്യപ്പെട്ട നിലയിൽ യാദൃച്ഛികമായി കണ്ടെത്തി. ബി. സി. ഒന്നാം നൂറ്റാണ്ടിനും എ. ഡി. ഒന്നാം നൂറ്റാണ്ടിനും ഇടയിൽ എഴുതപ്പെട്ട എബ്രായ, അരാമ്യ കയ്യെഴുത്തുപ്രതികൾ. പഴയനിയമഗ്രന്ഥങ്ങളോടൊപ്പം അപ്പൊക്രിഫൽ ഗ്രന്ഥങ്ങളും ഉണ്ട്. ഇവയുടെ ഗവേഷണ പ്രാധാന്യം വളരെയാണ്.

ചിക്കാഗോ - ലാംബത്ത് പ്രമാണങ്ങൾ: 1886- ൽ ചിക്കാഗോവിൽ ചേർന്ന പ്രോട്ടസ്റ്റണ്ട് എപ്പിസ്ക്കോപ്പൽ സഭയുടെ നാലു പ്രമാണങ്ങൾ.

1888-ലെ ലാംബത്ത് കോൺഫ്രൻസ് ഇവ അംഗീകരിച്ചു.

1. പഴയ പുതിയ നിയമങ്ങൾ അടങ്ങിയ തിരുവെഴുത്തുകളിൽ രക്ഷക്കാവശ്യമായ എല്ലാക്കാര്യങ്ങളും ഉണ്ട്. അത് വിശ്വാസത്തിന്റെ ആത്യന്തിക ചട്ടവും തോതും ആകുന്നു.

2. അപ്പോസ്തോലിക വിശ്വാസപ്രമാണം സ്നാപന പ്രതീകവും നിഖ്യാ വിശ്വാസപ്രമാണം ക്രിസ്തീയ വിശ്വാസത്തിന്റെ മതിയായ പ്രസ്താവനയും ആകുന്നു.

3. സ്നാപനവും തിരുവത്താഴവും സ്ഥാപന വചനത്തോടു കൂടെയും കർത്താവ് ആജ്ഞാപിച്ച പദാർത്ഥങ്ങളോടു കൂടിയും നടത്തണം.

4. ചരിത്രപരമായ എപ്പിസ്ക്കോപ്പേറ്റ് സഭയുടെ ഐക്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന രാഷ്ടങ്ങളുടെയും ജനതകളുടെയും പ്രാദേശിക ആവശ്യപ്രകാരം പ്രയോഗിക്കുന്നവിധത്തിൽ പിന്തുടരണം.

ചിങ്ങവനത്ത് പുലത്തുരുത്തിൽ ചാക്കോ: ചിങ്ങവനം പുലത്തുരുത്ത് കുടുംബത്തിൽ ചാക്കോയുടെ മകൻ. ഇദ്ദേഹം *മാർ ദീവന്നാസ്യോസ് ചരിത്രഗാനം* എന്ന ഒരു ജീവചരിത്രകൃതി (പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായുടെ ചരിത്രം) 1901-ലും *മാർ ഗ്രിഗോറിയോസ് പാന* എന്ന പേരിൽ പരുമല മാർ ഗ്രിഗോറിയോസിന്റെ വിയോഗം വിഷയമാക്കി ഒരു ഗാന കൃതി 1903 -ലും രചിച്ചു (രണ്ടു കൃതികളും പഴയസെമിനാരിയിലെ മാർ തോമസ് അച്ചുകൂടത്തിൽ നിന്നാണ് പ്രസിദ്ധീകരിച്ചത്). ഈ അന്ധകവിയുടെ വർണ്ണനാവൈഭവവും ഭാഷാസിദ്ധിയും സഭാ സ്നേഹവും അനുപമം എന്ന് ആ കൃതികൾ സാക്ഷിക്കുന്നു. 1903 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ച *മാർ ഗ്രിഗോറിയോസ് പാന* എന്ന കൃതിയിൽ പരുമലപ്പള്ളി, കൊച്ചുതിരുമേനിയുടെ വിയോഗത്തിൽ കരഞ്ഞുകൊണ്ട് നടത്തുന്ന വിലാപമായി സങ്കല്പിച്ചെഴുതിയിരിക്കുന്ന 'സന്താപമേ സന്താപമേ' എന്നു തുടങ്ങുന്ന ഗാനമാണ് പരുമല തിരുമേനിയുടെ ഒന്നാം ഓർമ്മപ്പെരുന്നാൾ മുതൽ ഇന്നുവരെയുള്ള എല്ലാ പെരുന്നാളുകളിലും പ്രദക്ഷിണഗാനമായി പരുമല നിവാസികൾ ആലപിക്കുന്നത്. ഈ ഗാനം എഴുതിയത് ആരാണെന്ന് അറിയാതെയുള്ള ഈ ആലാപനം കവിയ്ക്ക് ലഭിച്ച അംഗീകാരമാണ്. മലങ്കര സഭാ മാസിക പ്രസിദ്ധീകരിച്ച *പരുമല സ്മൃതി* എന്ന ഗ്രന്ഥത്തിൽ (2002) ഈ കൃതി പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്തോത്രകീർത്തനം, പ്രാർത്ഥനാഗീതം എന്നീ രണ്ടു കൃതികൾ കൂടി ഈ ശ്രേഷ്ഠ കവി രചിച്ചിട്ടുണ്ട്.

ചിങ്ങവനം: ക്നാനായ ഭദ്രാസനത്തിന്റെ ആസ്ഥാനം ഇവിടെ സ്ഥിതി ചെയ്യുന്നു. ഇവിടെയുള്ള അപ്രേം സെമിനാരി ചാപ്പലിലാണ് ഏബ്രഹാം

മാർ ക്ലീമ്മീസ് മെത്രാപ്പോലീത്തായുടെ കബറിടം.

ചിങ്ങവനം സമ്മേളനം: 1958-ന് മുമ്പ് സഭാസമാധാന പുനഃസ്ഥാപനത്തിനായി പ്രവർത്തിച്ച 'പീസ് ലീഗ്' എന്ന സംഘടന 1950 ജനു. 9-ന് ചിങ്ങവനം മാർ എഫ്രേം സെമിനാരിയിൽ വിളിച്ചുചേർത്ത സമ്മേളനം. രണ്ടു ഭാഗത്തുമുള്ള മേല്പട്ടക്കാർ പങ്കെടുത്ത ഈ സമ്മേളനം നാലു പൊതു തത്വങ്ങൾ സ്വീകരിച്ചു.

1. അന്ത്യോക്യാ പാത്രിയർക്കീസ് ആകമാനസഭയുടെ തലവൻ ആകുന്നു. 2. പാത്രിയർക്കീസ് മലങ്കരസഭയെ കാതോലിക്കേറ്റായി പ്രഖ്യാപിക്കുന്നു. 3. ഈ തത്വങ്ങൾ അടിസ്ഥാനമാക്കി പാത്രിയർക്കീസും കാതോലിക്കായും ചേർന്ന് സ്വീകരിക്കുന്ന തീരുമാനങ്ങൾ രണ്ടു പക്ഷത്തെയും മേല്പട്ടക്കാർ സ്വീകരിക്കും. 4. ഈ തീരുമാനങ്ങൾ പാത്രിയർക്കീസിനെ അറിയിക്കാൻ മാർ യൂലിയോസിനെ ചുമതലപ്പെടുത്തി.

പീസ് ലീഗ് മറ്റ് ചില വ്യവസ്ഥകളും അവതരിപ്പിച്ചു: 1. കാതോലിക്കേറ്റ് പാത്രിയർക്കീസിന് ശൽമൂസാ നൽകണം. 2. പാത്രിയർക്കീസ് കൂദാശ ചെയ്യുന്ന മൂറോൻ മലങ്കരയിൽ ഉപയോഗിക്കണം. 3. കാതോലിക്കോസിന്റെ പേരിലുള്ള പരാതി പാത്രിയർക്കീസിന്റെ അടുക്കൽ മാത്രം ബോധിപ്പിച്ചുകൊള്ളണം.

ഈ വ്യവസ്ഥകൾ അസ്വീകാര്യമായതിനാൽ ബഥനിയുടെ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ വ്യവസ്ഥകളിൽ ഒപ്പുവയ്ക്കാതെ സമ്മേളനം ബഹിഷ്ക്കരിച്ചു. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായും ഓർത്തഡോക്സ് പക്ഷത്തെ മറ്റു മെത്രാന്മാരും ഭീഷണിമൂലം വ്യവസ്ഥകളിൽ ഒപ്പിട്ടു. പക്ഷേ, തിരിച്ചു ദേവലോകത്തെത്തി ഭീഷണി മൂലം ഒപ്പിട്ടുകൊടുത്തതാണെന്നും വ്യവസ്ഥകൾ അംഗീകരിക്കുന്നില്ലെന്നും പ്രസ്താവന ഇറക്കി. വ്യവസ്ഥകൾ പാത്രിയർക്കീസിനും സ്വീകാര്യമായിരുന്നില്ല. സഭാ സമാധാനമുണ്ടാകാത്തത് ഇരു പക്ഷത്തുമുള്ള മെത്രാന്മാരുടെ പിടിവാശി മൂലമാണെന്ന് ധരിച്ച, സഭാ വഴക്കുകളിൽ മനംമടുത്ത യുവതലമുറയുടെ രോഷമാണ് ചിങ്ങവനത്ത് അരങ്ങേറിയത്. ചിങ്ങവനം സമ്മേളനം പരാജയപ്പെട്ടു.

ചിത്തോല: ചിറ്റ് ശില. ത്രോണോസിനെ ചുറ്റിക്കെട്ടുന്ന അലങ്കാര ചിത്രപ്പണികളോടു കൂടിയ വസ്ത്രം.

ചിട്ടി: ഒരു സമ്പാദ്യ പദ്ധതി. മാസം തോറും ഒരു നിശ്ചിത സംഖ്യ ഒരു നിശ്ചിത കാലയളവിലേക്ക് അടച്ച് ഒരു വലിയ സംഖ്യ സ്വരൂപിക്കുന്ന ഒരു പദ്ധതി. കുറി നടത്തുന്നവൻ ചിട്ടിത്തലയാൾ (മുൻപൻ). അയാൾക്ക് നൽകുന്ന ലാഭം മുൻപൻ കമ്മീഷൻ. എല്ലാ വരിക്കാരിൽ നിന്നും ഓരോ

മാസവും ശേഖരിക്കുന്ന വലിയ സംഖ്യ ആവശ്യക്കാർക്ക് ലേലം ചെയ്തു കൊടുക്കുമ്പോൾ ലഭിക്കുന്ന ലേലാദായത്തിൽ മുൻപൻ കമ്മീഷൻ കഴിച്ചുള്ള ആദായം ചിട്ടി അംഗങ്ങൾക്ക് ലഭിക്കും. സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും പള്ളികളും സർക്കാരും ചിട്ടി നടത്തുന്നുണ്ട്. ഇതൊരു യഹൂദ സമ്പ്രദായമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ചിറളയം പള്ളി: '*കുന്നംകുളം ചിറളയം പള്ളി*' കാണുക.

ചിറ്റിലപ്പള്ളി: ചിറ്റ് തലപ്പള്ളി എന്ന് പൂർവ്വ രൂപം. തലപ്പള്ളിയുടെ ഉപനഗരം. തലപ്പള്ളി രാജാക്കന്മാരിലൊരു ശാഖയായ ചിറളയം തമ്പുരാക്കന്മാർ ചിറ്റിലപ്പള്ളിയിൽ താമസിച്ചിരുന്നതായി മണിപ്രവാളചമ്പുവിൽ – ഉണ്ണിയാടീചരിതം – സൂചനയുണ്ട്.

ചിറ്റം: ചെറിയ വഞ്ചിക്കുളം എന്ന അർത്ഥത്തിൽ ചിറ്റ് ചാട്ടുകളം ചിറ്റം ആയി ലോപിച്ചു. പഴഞ്ഞിയോട് ചേന്ന് പുഞ്ചപ്പാടത്തിന് മദ്ധ്യേ പൊന്നാനി വരെ എത്തുന്ന തോട് ആരംഭിക്കുന്നത് ചിറ്റക്കുളത്തിൽ നിന്നാണ്. ജലഗതാഗതം ഒരു പഴയ ഓർമ്മയായി പഴമക്കാർ സൂക്ഷിക്കുന്നു.

ചിറ്റപ്പൻ: അപ്പന്റെ ഇളയ സഹോദരൻ. കൊച്ചപ്പൻ, ഉപ്പാപ്പൻ, ഇളയപ്പൻ എന്നൊക്കെ പറയാം. അമ്മയുടെ ഇളയ സഹോദരിമാരുടെ ഭർത്താക്കന്മാരെയും പറയാം.

ചിറ്റായ്മക്കാരൻ: ശുശ്രൂഷ ചെയ്യുന്നവൻ. മദ്ബഹായിലെ ശുശ്രൂഷക്കാരെ ഈ പേരിൽ വിശേഷിപ്പിച്ചിരുന്നു.

ചീട്ടിടുക: ഭാഗ്യമോ ദൈവഹിതമോ അടിസ്ഥാനമാക്കി അവകാശിയെ നിശ്ചയിക്കുവാൻ അവലംബിച്ചിരുന്ന ഒരു മാർഗ്ഗം. കർത്താവിന്റെ മേലങ്കിയ്ക്ക് വേണ്ടി ചീട്ടിടുന്നതും യൂദാസിന്റെ പകരക്കാരനെ കണ്ടെത്തുവാൻ (അ. പ്ര. 1:25, 26) ചീട്ടിടുന്നതും വേദപുസ്തകത്തിൽ കാണുന്നു. സഭാചരിത്രത്തിൽ പാലൂർ-ചാട്ടുകുളങ്ങര പള്ളിയുടെ അവകാശത്തർക്കം ചീട്ടിട്ട് (നറുക്കെടുത്ത്) നിശ്ചയിച്ചതായി കാണുന്നു.

ചീരൻ വർഗ്ഗീസ്, ഡോ. (1882–1958): റാവു സാഹിബ് ഡോ. ചീരൻ വർഗ്ഗീസ് കുന്നംകുളം ചീരൻ തറവാട്ടിൽ വറീയത് മാത്തിരി ദമ്പതികളുടെ മകനായി 1882–ൽ ജനിച്ചു. കുന്നംകുളത്തുകാരനായ ആദ്യത്തെ ഡോക്ടർ. 1914–ൽ മദ്രാസിൽ നിന്ന് ബിരുദം നേടി. ചെറായി പൈനാടത്ത് മഴുവഞ്ചേരി നരിയതിന്റെ മകൾ അച്ചാമ്മ ഭാര്യ. മദ്രാസ്, ഊട്ടി, കടപ്പ, ഉഡുമൽപേട്ട, പൊള്ളാച്ചി, ചാവക്കാട്, മഞ്ചേരി, മലപ്പുറം, കോഴിക്കോട്, കോയമ്പത്തൂർ എന്നിവിടങ്ങളിൽ ഡോക്ടർ, ഹോസ്പിറ്റൽ സൂപ്രണ്ട്, ഡി. എം. ഒ. എന്നീ നിലകളിൽ പ്രവർത്തിച്ചു. മദ്രാസിലെ ഓർത്തഡോക്സ്

പള്ളിയുടെ സ്ഥാപകരിൽ പ്രമുഖൻ. സിറിയൻ വിദ്യാർത്ഥി കോൺഫ്രൻസിന്റെ മുഖ്യ സംഘാടകൻ, സ്ലീബാദാസ സമൂഹത്തിന്റെ മുഖ്യ പ്രോത്സാഹകൻ, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്സിന്റെ സ്ഥാപകരിലൊരാൾ, ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിന്റെ സ്ഥാപകസുഹൃത്ത് എന്നീ നിലകളിൽ സേവനം ചെയ്തു. റിട്ടയർ ചെയ്തു തൃശ്ശൂരിൽ താമസിച്ചുവരവേ അനുഗൃഹീത കുടുംബസ്ഥനായ അദ്ദേഹം 1958 മാർച്ച് 4-ന് ദിവംഗതനായി. തൃശ്ശൂർ പടിഞ്ഞാറെകോട്ട സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ കബറടക്കപ്പെട്ടു.

ചീരൻ വർഗ്ഗീസ്: '*വർഗീസ് ചീരൻ*' എന്ന ശീർഷകം കാണുക.

ചീരൻ കുടുംബം: പാലൂർ പ്രദേശത്ത് പ്രചാരത്തിലുണ്ടായിരുന്ന ഒരു അതിപ്രാചീന ഗാനത്തിൽ ക്രിസ്ത്യൻ കുടുംബങ്ങളുടെ ലിസ്റ്റ് ആരംഭിക്കുന്നത് ചീരൻ, പുലിക്കോടൻ, ചെറുവത്തൂർക്കാരൻ.... എന്നിങ്ങനെയാണ്. പാലൂർ പ്രദേശങ്ങളിലെ പ്രഥമ പുരോഹിത കുടുംബം. ചീരധാരികൾ (മരവുരി) ആയ ബുദ്ധ ഭിക്ഷുകളിൽ നിന്നാണ് ഈ പേർ ലഭിച്ചത്. ചീരൻ കുളം ഇന്നും ആ പേരിൽ തന്നെ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അവിടത്തെ ബുദ്ധവിഹാരം പില്ക്കാലത്ത് ഭഗവതിക്ഷേത്രമായി രൂപാന്തരപ്പെട്ടു. ബുദ്ധമതം സ്വീകരിച്ച യഹൂദന്മാർ എന്ന നിലയിലാണ് ഇവർക്ക് പൗരോഹിത്യ കുടുംബങ്ങളിൽ പ്രഥമസ്ഥാനം ലഭിച്ചത്. പകലോമറ്റം തുടങ്ങിയ കുടുംബങ്ങളുടെ പേരുകൾ മധ്യശതകങ്ങളിലാണ് മാർത്തോമ്മായുമായി ബന്ധപ്പെട്ട് പ്രചരിച്ചത്. പാലൂർ പ്രദേശങ്ങളിൽ അങ്ങനെയൊരു കുടുംബം ഇല്ല. കുടുംബത്തിന്റെ മുഴുവൻ പേർ ചീരൻകുളങ്ങര എന്നായിരുന്നതായി ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. പറവൂർ ഭാഗത്തെ കുളങ്ങര ഇതേ കുടുംബമാണ്. തൊഴിയൂർ സഭയിലെ സ്കറിയാ മാർ പീലക്സിനോസ്, ഗീവർഗ്ഗീസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്തന്മാരും മാർത്തോമ്മാ സഭയിലെ യൂയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പായും ചീരൻ കുടുംബക്കാർ ആണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ഇട്ടൂപ്പ് കത്തനാർ (മുളന്തുരുത്തി സുന്നഹദോസിൽ പങ്കെടുത്തു), തൊഴിയൂരിലെ വികാരി ജനറൽ ഇയ്യോബ് കത്തനാർ, ചാലശ്ശേരി ഇയ്യോബ് കത്തനാർ, പഴഞ്ഞി ഗീവറുഗ്ഗീസ് കത്തനാർ, ചാമക്കാട് ഗീവറുഗ്ഗീസ് കത്തനാർ, പഴഞ്ഞി യാക്കോബ് കത്തനാർ എന്നിവരും ഈ തലമുറയിൽ പഴഞ്ഞി സി. വി. ഏബ്രഹാം, സി. വി. ജോസഫ്, സി. എം. ജോസഫ്, സി. ഐ. ജോർജ്ജ്, സി. ഐ. ജോബ്, സി. എം. എഡ്‌വി (ജേക്കബ്) തുടങ്ങിയ വൈദികരും ചീരൻ കുടുംബക്കാർ ആണ്.

ചുമർ ചിത്രങ്ങൾ: പള്ളിച്ചുമരുകളിൽ ബൈബിൾ ദൃശ്യങ്ങൾ പച്ചിലച്ചായങ്ങൾ ചേർത്തു വരയ്ക്കുന്ന ചിത്രങ്ങൾ. മലങ്കരസഭയിലെ ചേപ്പാട്,

അങ്കമാലി, ചിറളയം, പഴഞ്ഞി തുടങ്ങിയ ദേവാലയങ്ങളിൽ ചുമർ ചിത്രങ്ങൾ കാണാം. ബൈസാന്റിയൻ പാരമ്പര്യത്തിൽ സാർവത്രികമാണ്. നവീകരണ പ്രഭാവകാലത്ത് പല പ്രാചീന ദേവാലയങ്ങളിലുമുള്ള ചുമർ ചിത്രങ്ങൾ വെള്ള പൂശി മറയ്ക്കുവാൻ ശ്രമിച്ചിരുന്നു. ചുമർ ചിത്രങ്ങൾ ഉള്ള പള്ളികൾക്ക് ഐക്കൺ പാരമ്പര്യമുള്ള അലക്സാന്ത്രിയൻ സഭയോടും മറ്റും ബന്ധമുണ്ടായിരുന്നുവോ എന്ന് അന്വേഷിക്കേണ്ടതാണ്.

ചുവരെഴുത്ത്: ഒരു ബൈബിൾ ശൈലി (ദാനി. 5-ാം അദ്ധ്യായം കാണുക). രാജാവിനെതിരെ 'മേനെ മേനെ തേക്കേൽ, ഉശഫർസീ' എന്നിങ്ങനെ ചുവരെഴുത്ത് നടത്തിയ കൈപ്പത്തിയെപ്പറ്റി അവിടെ പരാമർശമുണ്ട്. വിലയിരുത്തൽ, മുന്നറിയിപ്പ് എന്നൊക്കെ അർത്ഥം.

ചെകുത്താൻ: ശൈത്താൻ (അറബി), സോത്തോനോ (സുറിയാനി) എന്നീ പദങ്ങൾക്ക് പിശാച്, ശത്രു എന്നിങ്ങനെ അർത്ഥം കല്പിക്കാം.

ചെങ്കടൽ: മോശയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനത ഈജിപ്തിൽ നിന്ന് ചെങ്കടൽ അദ്ഭുതകരമായി തരണം ചെയ്ത് കനാനിലേക്ക് പുറപ്പെട്ടു. സൂയസ് തോട് ചെങ്കടലിനെയും മെഡിറ്ററേനിയൻ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്നു.

ചെങ്ങന്നൂർ പഴയ സുറിയാനിപള്ളി: ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളി. 12-ാം നൂറ്റാണ്ടിൽ നിർമ്മിതമെന്ന് പാരമ്പര്യം. പള്ളിയുടെ മുമ്പിൽ 50 അടി (ഒമ്പത് മീറ്റർ) ഉയരമുള്ള കരിങ്കൽ കുരിശുണ്ട്. കലാസുരഭിലമായ കൊത്തുപണികളും പ്രാചീന ഭാഷകളിലുള്ള ശിലാലിഖിതങ്ങളും പള്ളിയുടെ ഗവേഷണമൂല്യം വർദ്ധിപ്പിക്കുന്നു. ഓർത്തഡോക്സ്-മാർത്തോമ്മാ സഭകൾ ഒന്നിടവിട്ട ആഴ്ചകളിൽ തുല്യ അവകാശമായി ഉപയോഗിക്കുന്നു. 1751-ൽ വന്ന വിദേശ സഭാധ്യക്ഷന്മാരിൽ മാർ ഈവാനിയോസ് ഏറെക്കാലം ഇവിടെ താമസിച്ച് 1794-ൽ ഏപ്രിൽ 18-ന് ഇവിടെ കബറടങ്ങി. 1913 ഫെബ്രുവരി 9-ന് യൂയാക്കിം മാർ ഈവാനിയോസ്, വാകത്താനം ഗീവറുഗീസ് മാർ പീലക്സിനോസ് എന്നിവരെ ഇവിടെവച്ച് അബ്ദുൾ മശിഹാ പാത്രിയർക്കീസ് മേല്പട്ടക്കാരായി വാഴിച്ചു.

ചെങ്ങന്നൂർ ഭദ്രാസനം: '*മലങ്കരസഭയിലെ മെത്രാസനങ്ങൾ*' കാണുക.

ചെഞ്ചയ്യാ, പി. (1886-1959): 1886 ഡിസം. 8-ന് നെല്ലൂരിൽ ജനിച്ചു. ബ്രാഹ്മണൻ. 1901-ൽ സകുടുംബം ക്രിസ്തുമതം സ്വീകരിച്ചു. മദ്രാസ് ലോ കോളജിൽ അധ്യാപകൻ. പുതുക്കോട്ടയിൽ ഹൈക്കോർട്ട് ജഡ്ജിയായി. ഭാരതീയ ക്രിസ്തീയ ദൈവശാസ്ത്രം രൂപപ്പെടുത്തുന്നതിൽ പങ്കാളിയായി.

നിയമജ്ഞൻ, സ്വതന്ത്ര ചിന്തകൻ, ഭാരതീയ വേദശാസ്ത്രജ്ഞൻ, അത്മായ പ്രമുഖൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രസിദ്ധൻ.

ചെങ്ങമനാട് ബേത്‌ലഹേം ആശ്രമം: 1960-ൽ മാത്യൂസ് മാർ കൂറിലോസ് സ്ഥാപിച്ചു. ഐ. ടി. സി., സ്കൂളുകൾ എന്നിവ നടത്തുന്നു. എപ്പിപ്പാനിയോസ് മെത്രാപ്പോലീത്താ ഈ ആശ്രമത്തിലെ അംഗമാണ്. ഇപ്പോഴത്തെ സുപ്പീരിയർ സോളമൻ റമ്പാൻ ആണ്.

ചെപ്പേടുകൾ: കേരള ക്രൈസ്തവ സമൂഹത്തിന് തദ്ദേശീയ ഭരണ കർത്താക്കളിൽ നിന്ന് ചെമ്പുതകിടിൽ രേഖപ്പെടുത്തി ലഭിച്ച അവകാശ ങ്ങളും പദവികളും അടങ്ങിയ രേഖകളെ ചെപ്പേട് എന്ന് പൊതുവിൽ പറയാം. ഇരവികൊത്തൻ ചെപ്പേട് (വീരരാഘവ പട്ടയം), ക്നായിത്തൊമ്മൻ ചെപ്പേട്, തരീസാപ്പള്ളി ചെപ്പേട് ഇവയാണ് 72 പദവികൾ രേഖപ്പെടുത്തിയ മുഖ്യ ചെപ്പേടുകൾ. ചിലതൊക്കെ നഷ്ടപ്പെട്ടു. തരീസാപ്പള്ളി ഒന്നാം ചെപ്പേടിന്റെ ഒന്നാമത്തെ തകിടും രണ്ടാം ചെപ്പേടിന്റെ നാലാമത്തെ തകിടും തിരുവല്ലായിലെ മാർത്തോമ്മാ സഭയുടെ അധീനത്തിലുണ്ട്. തരീസാപ്പള്ളി ഒന്നാം ചെപ്പേടിന്റെ രണ്ടാമത്തെ തകിടും രണ്ടാം ചേപ്പേടിന്റെ രണ്ടും മൂന്നും തകിടുകളും ഇരവികൊത്തൻ ചെപ്പേടും ഓർത്തഡോക്സ് സഭയുടെ അധീനതയിൽ ദേവലോകത്തും ഉണ്ട്. വട്ടെഴുത്തിലാണ് രേഖകൾ. കാലഗണന സംശയാതീതമല്ല. വിദേശ വ്യാപാര നേതൃത്വം, തുറമുഖ നിർമ്മാണം, നഗര സംവിധാനം എന്നിവയ്ക്ക് ലഭിച്ച പാരിതോഷികങ്ങളാണ് ഈ ചെപ്പേടുകൾ.

ദേവലോകത്തുള്ള ചെപ്പേടുകളുടെ ഒറിജിനൽ എന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ള പകർപ്പുകൾ തയ്യാറാക്കി 2007 നവം. 24-ന് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ ആർക്കൈവ്സിൽ സ്ഥാപിച്ചിട്ടുണ്ട്.

ചെമ്മനം ചാക്കോ: പ്രശസ്ത കവി. മുളക്കുളം ചെമ്മനം വീട്ടിൽ യോഹന്നാൻ കത്തനാരുടെയും സാറാമ്മയുടെയും മകൻ. ജനനം 7-3-1926. കോളജ് ലക്ചറർ, ലെക്സിക്കൺ അസിസ്റ്റന്റ്, പബ്ലിക്കേഷൻ അസി. സൂപ്രണ്ട്, പബ്ലിക്കേഷൻ ഡയറക്ടർ (കേരള സർവകലാശാല) എന്നീ ചുമതലകൾ വഹിച്ചു. ആക്ഷേപഹാസ്യ പ്രധാനമായ ധാരാളം കവിതകൾ എഴുതി. കനകാക്ഷരങ്ങൾ, നെല്ല് എന്നിവ പ്രധാന സമാഹാരങ്ങൾ.

ചെമ്മനം വർഗീസ്, ഡോ.: പ്രമുഖ ഭിഷഗ്വരൻ. മുളക്കുളം മണ്ണൂക്കുന്നേൽ സെന്റ് മേരീസ് ഇടവകാംഗം. തിരുവനന്തപുരം മെഡി. കോളജിൽ നിന്ന് MBBS, MD ബിരുദങ്ങൾ നേടി. കോട്ടയം മെഡിക്കൽ കോളജ് പ്രൊഫസർ, മെഡിസിൻ വിഭാഗം രജിസ്ട്രാർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പ്രമേഹരോഗ ചികിത്സയിൽ പ്രാഗൽഭ്യം. പല ഗ്രന്ഥങ്ങളും രചിച്ചു.

ചെറമനേംകാട്: പാലൂർ പ്രദേശത്തെ മഹാശിലാസ്മാരകങ്ങൾ ധാരാളമുള്ള ഒരു ഗ്രാമം. ഇവിടത്തെ കുടക്കൽപറമ്പ് പ്രശസ്തം. ചേരമനക്കാട് എന്ന് വ്യാഖ്യാനമുണ്ട്. ചേരരാജാക്കന്മാരുടെ ശ്മശാന ഭൂമിയാണോ എന്ന് സംശയിക്കണം. ശ്രമണേം കാട് (ചെറമണൻ-ശ്രമണൻ) എന്നാണെങ്കിൽ ബുദ്ധ-ജൈന സങ്കേതം എന്നും അർത്ഥമാകാം. റോമൻ നാണയങ്ങൾ (ഒന്നാം നൂറ്റാണ്ടിലെ) കണ്ടുകിട്ടിയ ഇയ്യാൽ ഗുഹ ഈ ഗ്രാമത്തിന്റെ സമീപം സ്ഥിതിചെയ്യുന്നു.

ചെറായി സെന്റ് മേരീസ് വലിയപള്ളി: ജലമാർഗ്ഗപാതയിൽ പാലൂരിന്റെ അയൽ നഗരം. ചാവക്കാടിന്റെ അയൽ തുറമുഖം. ചക്കരക്കടവ് എന്ന് പഴയപേർ. കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ ഇവിടെ ആദ്യ കുർബ്ബാന അർപ്പിച്ചു. 1805-ൽ പള്ളിക്ക് ശക്തൻ തമ്പുരാൻ തീട്ടൂരം നൽകി. കോതമംഗലം ബാവായുടെ തിരുശേഷിപ്പ് ഇവിടെയുണ്ട്. 1840-ൽ പുതുക്കിപ്പണിതു. ജനു. 15-ന് പ്രധാന പെരുന്നാളിലെ ഓരി അപ്പം പ്രസിദ്ധം. പൗലൂസ് മാർ അത്താനാസ്യോസ് (കുറ്റിക്കാട്ടിൽ), പൗലൂസ് മാർ സേവേറിയോസ്, ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് പൗലൂസ് ദ്വിതീയൻ എന്നിവർ ഈ ഇടവകക്കാരാണ്. കൊച്ചി ഭദ്രാസനത്തിലാണ് ഈ ദേവാലയം.

ചെറിയ കുർബ്ബാന: റോമ്മാ സഭയിൽ ഞായറാഴ്ചയും പെരുന്നാളും ഒഴികെയുള്ള ദിവസങ്ങളിൽ ചുരുങ്ങിയ ക്രമത്തിൽ നടത്തുന്ന കുർബ്ബാന.

ചെറിയമ്മ: *'കൊച്ചമ്മ'* കാണുക.

ചെറിയാൻ, ഒ. എം. (1874-1944): പുതുപ്പള്ളി ഒറ്റപ്ലാക്കൽ കുടുംബത്തിൽ 12-7-1874 ന് ജനിച്ചു. വിദ്യാഭ്യാസാനന്തരം അദ്ധ്യാപകൻ. വിദ്യാഭ്യാസ വകുപ്പിൽ ചീഫ് ഇൻസ്പെക്ടർ ആയി. മലങ്കരസഭയിലെ പ്രമുഖ അത്മായ നേതാവായ ഇദ്ദേഹം സഭാഭരണഘടന തയാറാക്കുന്ന കമ്മറ്റിയുടെ കൺവീനർ ആയിരുന്നു. കാതോലിക്കാനിധി ശേഖരണ പ്രസ്ഥാനത്തിന്റെ ജീവനാഡിയായിരുന്നു. *ഹൈന്ദവ ധർമ്മസുധാകരം* 20 വാല്യങ്ങളായി അദ്ദേഹം രചിച്ച ഗ്രന്ഥമായിരുന്നു. മുപ്പതിനായിരം പേജ് അതിന്റെ കൈയെഴുത്ത് പ്രതിയ്ക്കുണ്ടായിരുന്നു. ആദ്യത്തെ ഏതാനും വാല്യങ്ങളേ പ്രസിദ്ധീകരിച്ചിട്ടുള്ളു. കാലകാലന്റെ കൊലയറ, മശിഹാ ഭക്തി ലഹരി, ക്രൈസ്തവ ധർമ്മനവനീതം, കാതോലിക്കാ സിംഹാസന ചരിത്രം എന്നിവ അദ്ദേഹത്തിന്റെ മറ്റു രചനകളാണ്. റാവു സാഹിബ് ബഹുമതി നേടിയ അദ്ദേഹം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ജ്വലിച്ചു നിന്ന പ്രതിഭാശാലി ആയിരുന്നു. 1944-ൽ അന്തരിച്ചു.

സ്കറിയാ എന്ന പേരിന്റെ തൽഭവമാണ് ചെറിയാൻ, ചേറു, ചേറപ്പൻ

എന്നിവ.

ചെറിയാൻ കണ്ടത്തിൽ, കെ. എം. (1897–1973): കെ. സി. മാമ്മൻ മാപ്പിളയുടെ സീമന്ത പുത്രൻ. മലയാള മനോരമ പത്രാധിപർ. സഭയിലെ അത്മായ നേതാവ്. ഇദ്ദേഹത്തിന്റെ കാലത്ത് മനോരമയുടെ പ്രചാരം കൂടി. കോഴിക്കോട് എഡിഷൻ, ബാലരമ എന്നിവ തുടങ്ങി. ആഴ്ചപ്പതിപ്പ് പുനരാരംഭിച്ചു. പത്രലോകത്ത് പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യാ, ഇന്ത്യൻ ആൻഡ് ഈസ്റ്റേൺ ന്യൂസ് പേപ്പർ സൊസൈറ്റി, കേരളത്തിലെ പത്രമുടമകളുടെ സംഘടന എന്നിവയുടെ പ്രസിഡണ്ടായിരുന്നു. 1965–ൽ പത്മശ്രീയും 1970–ൽ പത്മഭൂഷണും നൽകി രാഷ്ട്രം ഇദ്ദേഹത്തെ ആദരിച്ചു. 1973 മാർച്ച് 14–ന് അന്തരിച്ചു.

ചെറിയാൻ, ഡോ. കെ. എം.: 1975–ൽ ഇന്ത്യയിൽ, ഹൃദയം തുറന്ന് ആദ്യം ശസ്ത്രക്രിയ നടത്തിയ പ്രതിഭാശാലി. മദ്രാസിലെ കാർഡിയോ വസ്ക്കുലർ ഡിസീസസ് ഡയറക്ടർ ആയും മദ്രാസ് മെഡിക്കൽ മിഷൻ വൈസ് പ്രസിഡണ്ട് ആയും പ്രവർത്തിച്ചു. അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ ഇദ്ദേഹം വിസിറ്റിംഗ് പ്രൊഫസർ ആയിരുന്നു. 250–ലേറെ ഗവേഷണ പ്രബന്ധങ്ങൾ രചിച്ചു. 1990 മുതൽ രാഷ്ട്രപതിയുടെ ഓണററി സർജൻ ആയിരുന്നു. 1991–ൽ പത്മശ്രീ ബഹുമതി ലഭിച്ചു.

ചെറിയാൻ വക്കീൽ, കെ. (1892–1977): കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെ പുത്രൻ. 18–2–1892 ൽ ജനനം. മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ സഹോദരൻ. 1938 മുതൽ സഭാ വ്യവഹാരങ്ങൾക്ക് ചുക്കാൻ പിടിച്ചു. വർക്കിംഗ് കമ്മിറ്റി, റൂൾസ് കമ്മിറ്റി, മാനേജിംഗ് കമ്മിറ്റി എന്നിവയിൽ പ്രവർത്തിച്ചു. അവയുടെ പ്രവർത്തനങ്ങൾക്ക് വ്യവസ്ഥാപിതമായ കീഴ്വഴക്കങ്ങൾ ഉണ്ടാക്കി. 1958–ലെ സഭാ സമാധാന കല്പനയിൽ *1934–ലെ ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസിനെ സ്വീകരിക്കുന്നു* എന്ന വാചകം ചേർത്തത് ഇദ്ദേഹത്തിന്റെ നിർബ്ബന്ധം മൂലം ആയിരുന്നു. 1977 ഡിസംബർ 13–ന് നിര്യാതനായി.

ചെറിയാൻ, പി. സി.: രാഷ്ട്രീയ പ്രവർത്തകൻ. സഭാ മാനേജിംഗ് കമ്മറ്റിയംഗം, പ്ലാനിംഗ് കമ്മറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള നിയമസഭാ മെംബർ ആയിട്ടുണ്ട്. കോട്ടയം പടിഞ്ഞാറേക്കര കുടുംബാംഗം. 1989 ഓഗസ്റ്റ് 31–ന് അന്തരിച്ചു.

ചെറിയാൻ, ഡോ. സി. വി.: ചരിത്ര ഗവേഷകൻ, ഗ്രന്ഥകാരൻ, അധ്യാപകൻ. 1929 സെപ്തം. 29–ന് ബുധനൂരിൽ ജനിച്ചു. കേരള സർവകലാശാലയിൽ നിന്ന് ചരിത്രത്തിൽ ഡോക്ടർ ബിരുദം നേടി. കോട്ടയം സി.എം.എസ്. കോളജിൽ അധ്യാപകനും, കോട്ടയം എം. ജി. സർവകലാ

ശാലയിൽ ഇന്റർനാഷണൽ റിലേഷൻ ഡിപ്പാർട്ട്മെന്റിൽ പ്രൊഫസറുമായിരുന്നു. അമേരിക്കയിൽ ഗവേഷണം നടത്തുവാൻ ഫുൾബ്രൈറ്റ് സ്കോളർഷിപ്പും ഹാരി ട്രൂമാൻ അവാർഡും ലഭിച്ചു. എം. ജി. ഒ. സി. എസ്. എം. സീനിയർ വൈസ് പ്രസിഡണ്ട് ആയിരുന്നു. ഇംഗ്ലീഷിൽ മലങ്കര സഭയുടെ ചരിത്രം രചിച്ച ഇദ്ദേഹം ക്ലേറി പട്ടം സ്വീകരിച്ചിട്ടുണ്ട്.

ചെറിയാൻ, ഫാ. സി. സി.: കുന്നംകുളം മരത്തംകോട് ചുങ്കത്ത് ചേറുവിന്റെ പുത്രൻ. തൃശ്ശൂർ സെന്റ് തോമസ് കോളജിൽ നിന്ന് ബിരുദം നേടി. ബി. ഡി., എം. ടി. എച്ച്. ബിരുദങ്ങൾ എടുത്തു. കോട്ടയം വൈദിക സെമിനാരി ലൈബ്രേറിയൻ എന്ന നിലയിൽ ഫാക്കൽട്ടി അംഗമായി പ്രവർത്തിക്കുന്നു. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. സെമിനാരി ലൈബ്രറിയുടെ ആധുനീകരണത്തിലും, ആർക്കൈവ്സ്, മൈക്രോഫിലിം ലൈബ്രറി എന്നിവയുടെ രൂപീകരണത്തിലും നിർണ്ണായക പങ്കു വഹിച്ചു. സഭയിലെ അത്മായ വേദശാസ്ത്ര പരിശീലന പദ്ധതിയായ ദിവ്യബോധനത്തിന്റെ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദ തലത്തിലുള്ള കോഴ്സുകൾക്ക് മുഖ്യ സംഘാടകനാകുകയും അതിന്റെ കോ-ഓർഡിനേറ്റർ, രജിസ്ട്രാർ, ഗ്രന്ഥരചയിതാവ് എന്നീ ചുമതലകൾ വഹിക്കുകയും ചെയ്തു. ദിവ്യബോധനത്തിന് വേണ്ടി രണ്ട് ഡസനിലേറെ പാഠപുസ്തകങ്ങൾ പ്രസാധനം ചെയ്ത് സഭയുടെ വേദശാസ്ത്ര സാഹിത്യശാഖയെ പോഷിപ്പിച്ചു. നേർവഴിയിൽ, ഉപവാസം, പൗലൂസ് മാർ ഗ്രിഗോറിയോസ്, വിശുദ്ധ നാട് സന്ദർശനം തുടങ്ങിയ സ്വതന്ത്ര കൃതികൾ രചിച്ച ഇദ്ദേഹം കോട്ടയം ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വികാരിയായി പ്രവർത്തിക്കുന്നു.

ചെറിയാൻ ഈപ്പൻ: പൊതു പ്രവർത്തകനും ഫാക്ടറി തൊഴിലാളിയുമായിരുന്നു. വിദ്യാഭ്യാസത്തിനായി സോവിയറ്റ് യൂണിയനിലെത്തി. പിന്നീട് വ്യവസായി. അമേരിക്കയിലും റഷ്യയിലുമായി കമ്പ്യൂട്ടർ സിസ്റ്റംസ് ഇന്റഗ്രേഷൻ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. റോയി ഇന്റർനാഷണൽ ചിൽഡ്രൻസ് ഫൗണ്ടേഷന്റെ മുഖ്യ ചുമതലക്കാരൻ. ഫൗണ്ടേഷൻ വിവിധ രാജ്യങ്ങളിലുള്ള ബാലഭവനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു. *ഒരു സാധകന്റെ സഞ്ചാരം*, മാർ അപ്രേം രചിച്ച *ആദ്ധ്യാത്മിക സങ്കീർത്തനം*, *ഫിലോക്കാലിയ* തുടങ്ങിയ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ മഹത് ഗ്രന്ഥങ്ങൾ ഫൗണ്ടേഷന്റെ ചുമതലയിൽ അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നു.

ചേച്ചി: ജ്യേഷ്ഠ സഹോദരി, ജ്യേഷ്ഠ പത്നി തുടങ്ങി പ്രായക്കൂടുതലുള്ള ആരേയും വിളിക്കുന്ന പേർ. ചേട്ടത്തി (ഏടത്തി), ചേട്ടത്തിയമ്മ എന്നീ പ്രയോഗങ്ങളുമുണ്ട്.

ചേട്ടൻ: പ്രായക്കൂടുതലുള്ള സഹോദരൻ. പ്രായക്കൂടുതലുള്ള എല്ലാ പുരുഷന്മാരെയും ഈ പദം കൊണ്ട് വിളിക്കും. ചേച്ചിയുടെ ഭർത്താവ് ചേട്ടനാണ്. കൊച്ചിയിലും മലബാറിലും ഈ സ്ഥാനത്ത് 'ഏട്ടൻ' എന്ന പദം ഉപയോഗിക്കും. തിരുവിതാംകൂറിലാണ് ചേട്ടൻ, ചേട്ടത്തി പ്രയോഗങ്ങൾ ഉള്ളത്. തന്മൂലം തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റക്കാരെ മലബാറിലും കൊച്ചിയിലും പൊതുവെ 'ചേട്ടന്മാർ' എന്ന് പറയും. ഇതിന്റെ തത്ഭവ രൂപമാണ് സംസ്കൃതത്തിലെ ജ്യേഷ്ഠൻ.

ചേന്ദമംഗലം: വടക്കൻപറവൂരിന് സമീപമുള്ള പട്ടണം. വില്ലാർവട്ടം രാജവംശത്തിന്റെ തലസ്ഥാനം ആയിരുന്നിട്ടുണ്ട്. കൈത്തറി വസ്ത്രങ്ങൾക്ക് പ്രസിദ്ധം. ചേരന്മാരുടെ രണ്ടാം ഭരണത്തിൽ തലസ്ഥാനം ഇവിടെ ആയിരുന്നുവെന്ന് കേസരി. ഇവിടെ വെച്ചെഴുതിയ ചില സുറിയാനി കൈയെഴുത്ത് ഗ്രന്ഥങ്ങൾ ചില പ്രാചീന ഗ്രന്ഥപ്പുരകളിൽ കാണുന്നുണ്ട്.

ചേപ്പാട് പള്ളി: കായംകുളം - ഹരിപ്പാട് റോഡിൽ സ്ഥിതിചെയ്യുന്നു. സ്ഥാപനകാലം അറിഞ്ഞുകൂടാ. 1600-ൽ ആർച്ച് ബിഷപ്പ് മെനേസ്സിസ് ഇവിടം സന്ദർശിച്ചു. ധാരാളം ചുമർചിത്രങ്ങൾ ഈ പള്ളിയിലുണ്ട്. 13-ാം നൂറ്റാണ്ടിലെ ചിത്രങ്ങളാണിവ. മാവേലിക്കര സിന്നഡിന് നേതൃത്വം നൽകിയ മാർ ദീവന്നാസ്യോസ് നാലാമൻ (1825-1855) ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു. 1952-ൽ പുതുക്കിപ്പണിതു. 1956-ൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസി ഈ ദേവാലയം സന്ദർശിച്ചിട്ടുണ്ട്.

ചേരനാട്: കേരളം. ആദ്യ രാജാക്കന്മാർ ചേര രാജാക്കന്മാർ. തമിഴകം എന്ന തെക്കേ ഇന്ത്യയിലെ പ്രബലർ. പൊന്നാനി - അലക്സാന്ത്രിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ച വിദേശ വ്യാപാരം നാടിനെ സമ്പൽസമൃദ്ധമാക്കി. വ്യാപാരാർത്ഥവും മറ്റും കുടിയേറിപ്പാർത്ത ബുദ്ധ-ജൈന-യഹൂദ-അറബി-ഇസ്ലാം-ക്രൈസ്തവ മതങ്ങൾ ചേരനാടിന് മിശ്ര സാംസ്കാരിക മുഖം സമ്മാനിച്ചു. പഴയവഞ്ചി (പഴഞ്ഞി) ആയിരുന്നു ആദ്യ തലസ്ഥാനം. രാജകൊട്ടാരം പഴയന്നൂർ, പയ്യൂർ, കോട്ടോൽ, പെരുമ്പടപ്പ്, കൊടുങ്ങല്ലൂർ - തൃപ്പൂണിത്തുറ എന്നീ വിവിധ രാജ്യങ്ങളിൽ സ്ഥിതി ചെയ്തിരുന്നു. വിദേശവ്യാപാരം കൈവശപ്പെടുത്തുവാൻ ചോള-പാണ്ഡ്യ രാജ്യങ്ങൾ നിരന്തരം യുദ്ധം ചെയ്തു. ഈ യുദ്ധഭൂമിയാണ് പോർക്കളം എന്ന് കരുതുന്നു. അവിടെയുള്ള വേദക്കാട് - തിരുമറൈക്കാട് - ബുദ്ധ-ജൈന-ശൈവ മത പാഠശാലയായിരുന്നു. 12-ാം നൂറ്റാണ്ടിൽ രചിച്ച പെരിയ പുരാണത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ചേരന്മാരുടെ കാലത്തെ കേരള മതം മുഖ്യമായും ക്രിസ്തുമതം ആയിരുന്നുവെന്ന് സംഘകൃതികളെ ആധാരമാക്കിയുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു. ആദ്യ സംഘകൃതി എന്ന് അറിയപ്പെടുന്ന പതിറ്റ്പത്ത് ഗവേഷണ പഠനം അർഹിക്കുന്നു. അതിലെ

ആദ്യത്തെ പത്തുപാട്ടുകൾ നഷ്ടപ്പെട്ടുപോയത് സംശയകരമാണ്. സംഘ സാഹിത്യകൃതികളിലും പുരാണങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും ബൈബിളിന്റെ സ്വാധീനം കാണുന്നുണ്ട്. അക്കാലത്തെ ചേരനാട്ടിലെ ഭാഷ തമിഴായിരുന്നു. ക്രിസ്തുമത സംസ്കാരത്തിൽ ദ്രാവിഡ പ്രഭാവം കാണുന്നത് തന്മൂലമാണ്. പാലൂരിൽ ഇന്നും സ്ഥിതിചെയ്യുന്ന ചേരമന ക്കാടിനും (ചെറമനേങ്ങാട്) അവിടെയുള്ള കുടക്കല്ല് പറമ്പിനും ചേരഭര ണവുമായുള്ള ബന്ധം അന്വേഷിക്കപ്പെടേണ്ടതാണ്. പാലൂർ പ്രദേശത്ത് സ്ഥിതിചെയ്തിരുന്ന ചെമ്മൺതിട്ട കോട്ട, കക്കാട് വട്ടക്കോട്ട, പഴഞ്ഞി കോട്ട (കോട്ടോൽ) എന്നിവയ്ക്ക് ചേര രാജഭരണകാലവുമായുള്ള ബന്ധവും പരിശോധനാർഹമാണ്.

ചേരമാൻ പെരുമാൾ: മഹോദയപുരം കേന്ദ്രമാക്കി വാണ ചേര രാജാവ്. എ. ഡി. 820-844 ആണ് കാലമെന്ന് പറയപ്പെടുന്നു. ഒടുവിലത്തെ ചേരരാജാവെന്ന് പ്രസിദ്ധി. ഇക്കാലത്താണ് കൊല്ലം വിദേശ വ്യാപാര കേന്ദ്രമായി വികസിക്കുന്നത്. വിശദാംശങ്ങൾക്ക് '*കൊല്ലം*' കാണുക.

ചേലാകർമ്മം: ദൈവനിയോഗമായി ഇത് അബ്രഹാം നടപ്പിൽ വരു ത്തി. പുരുഷലിംഗത്തിന്റെ അഗ്രചർമ്മഛേദനം അങ്ങനെ ഒരു മതാചാ രവും മതപ്രവേശന കർമ്മവും തന്മൂലം മാമ്മൂദീസായുടെ നിഴലായ ആചാ രവുമായി. സ്ത്രീകളെ കൂടെ മതപ്രവേശന കർമ്മത്തിന് വിധേയരാക്കു വാൻ മാമ്മൂദീസാ ഉതകുന്നു. രണ്ടും ഉടമ്പടിയുടെ പ്രതീകം. ക്രിസ്തു മത പ്രവേശനത്തിന് ചേലാകർമ്മം അനിവാര്യമോ എന്ന തർക്കം യെരു ശലേമിൽ കൂടിയ ശ്ലൈഹിക സുന്നഹദോസ് നിഷേധ നിശ്ചയത്തോടെ പരിഹരിച്ചു. അബ്രഹാമിന്റെ പാരമ്പര്യമുള്ള അറബി - യഹൂദ - ഇസ്ലാം വംശജർ ചേലാകർമ്മം ശൈശവത്തിൽ നിർവഹിക്കുന്നു. ക്രിസ്തുവിന്റെ ചേലാകർമ്മപ്പെരുന്നാൾ ജനു. 1-ന് സഭ ആചരിക്കുന്നുണ്ട്. ഇതിന് പരി ച്ഛേദന എന്ന് വേദപുസ്തകത്തിൽ പരാമർശമുണ്ട്. പരിച്ഛേദന നിലവി ലുള്ള പ്രദേശങ്ങളിലെല്ലാം ബഹുഭാര്യത്വ സമ്പ്രദായം നിലവിലുണ്ട്. എത്യോപ്യൻ ഓർത്തഡോക്സ് സഭയിൽ ഈ ആചാരം നിലവിലുണ്ട്.

ചുങ്കത്തറ സെന്റ് ജോർജ്ജ് പള്ളി: മലബാർ ഭദ്രാസനം. 1952 ഫെബ്രു. 13-ന് സ്ഥാപിച്ചു. ഔഗേൻ മാർ തീമോത്തിയോസ് ആദ്യ ബലി അർപ്പിച്ചു. പുതിയ പള്ളിക്ക് 1970-ൽ തോമസ് മാർ തീമോത്തിയോസ് കല്ലിട്ടു. 1983 ജനു. 29-ന് മാർ തീമോത്തിയോസ് കൂദാശ ചെയ്തു. നില മ്പൂർ സെന്റർ കൺവൻഷൻ ഇവിടെവച്ച് നടത്തുന്നു. പ്രധാന പെരുന്നാൾ മെയ് 5, 6.

ചോഷപ്പെരുമാൾ: മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ അഭിമുഖീക രിച്ചതായി ഐതിഹ്യങ്ങളിൽ പറയുന്ന കേരള രാജാവിനെ പുരാതന കയ്യെ

ഴുത്ത് സഭാചരിത്രങ്ങളിൽ ചോഷപ്പെരുമാൾ എന്നാണ് പേർ കാണുന്നത്. ചോളപ്പെരുമാൾ ആണോ ഈ ചോഷപ്പെരുമാൾ? ചേര – ചോള – പാണ്ഡ്യ രാജാക്കന്മാർ ക്രിസ്തുവർഷത്തിന്റെ മുമ്പും പിമ്പുമുള്ള ദശകങ്ങളിൽ കേരളം ഭരിച്ചിട്ടുള്ളതുകൊണ്ട് ഈ അനുമാനത്തിൽ യുക്തിയുണ്ട്.

ജ

ജഗദീശ് ചന്ദ്രബോസ്: ശാസ്ത്രജ്ഞനായ സർ ജഗദീശ് ചന്ദ്രബോസിന്റെ ജീവചരിത്രം. ഫാ. ഡോ. ജോസഫ് ചീരൻ ഗ്രന്ഥകാരൻ. കേരള വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ചു.

ജഡം: മാംസം എന്ന് പദാർത്ഥം. തനിയെ പ്രയോഗിക്കുമ്പോൾ നിർജ്ജീവശരീരം എന്നും അർത്ഥമാകും. എന്നാൽ വേദപശ്ചാത്തലത്തിൽ വചനം ജഡം ധരിച്ചു ജഡത്തിൽ കഷ്ടതയേറ്റു, ജഡികൻ എന്നൊക്കെപ്പറഞ്ഞാൽ ശരീരിയായി; ശാരീരികം, അനാത്മീയൻ എന്നൊക്കെ അർത്ഥമാണ്. ആത്മീയന്റെ വിപരീത ഭാവമാണ് ജഡികൻ. ജഡത്തിന്റെ അഭിലാഷം, ജഡരക്തങ്ങളോട് ആലോചിച്ചില്ല എന്നൊക്കെപ്പറയുമ്പോൾ ഐന്ദ്രിയമായ വികാരപ്രപഞ്ചം, മാനുഷികബന്ധങ്ങൾ എന്നിങ്ങനെ അർത്ഥമാകും.

ജനനപ്പെരുന്നാൾ: ക്രിസ്തുജനനവേളയിലെ കുർബ്ബാനാർപ്പണം ക്രിസ്മസ് എന്ന പേരിന് കാരണമായി. ഡിസം. 25 ക്രിസ്തുവിന്റെ ജനനദിനമാണെന്നത് പല പാരമ്പര്യങ്ങളിൽ ഒന്നു മാത്രം. പൗരസ്ത്യസഭകൾ ജനനപ്പെരുന്നാളും ദനഹായും സംയുക്തമായി ജനുവരി 6-ന് ആഘോഷിച്ചു വന്നു. അർമ്മീനിയൻ സഭയിൽ ഇന്നും അങ്ങനെയാണ്. 4-ാം നൂറ്റാണ്ടു മുതൽ വിവിധ സഭകളിൽ ഡിസം. 25 ജനനപ്പെരുന്നാൾ ദിനമായി സ്വീകരിക്കപ്പെട്ടു. ഡിസം. 1 മുതൽ 25 ദിവസം നോമ്പിന്റെ പശ്ചാത്തലത്തിലാണ് നമ്മുടെ യൽദോപ്പെരുന്നാൾ. രാത്രിയിലെ ആരാധനകളും തീജ്ജ്വാല ശുശ്രൂഷയും അന്നത്തെ ആരാധനയുടെ പ്രത്യേകതകൾ. ക്രിസ്മസ് കാർഡ്, ക്രിസ്മസ് കരോൾ, ക്രിസ്മസ് ഫാദർ, ക്രിസ്മസ് ട്രീ, ക്രിസ്മസ് കേക്ക് തുടങ്ങി ക്രിസ്മസ് പദം ബന്ധപ്പെടുത്തി ധാരാളം പദങ്ങളും ശൈലികളും നിലവിലുണ്ട്. വെള്ള അപ്പവും ഇറച്ചിക്കറിയും നോമ്പുവീടലിന്റെ പ്രത്യേക വിഭവങ്ങൾ.

ജസ്റ്റിൻ മാർട്ടിയർ (100-165): വിശ്വാസ സമർത്ഥകൻ. അക്രൈസ്തവനായ ഇദ്ദേഹം രണ്ടാം നൂറ്റാണ്ടിൽ പാലസ്തീനിലെ നിയോപ്പോലീസിൽ ജനിച്ചു. ക്രിസ്തുമതം സ്വീകരിച്ചു. ഒടുവിൽ രക്തസാക്ഷിയാവുകയും ചെയ്തു. വിശ്വാസ സമർത്ഥനപരമായ ലേഖനങ്ങൾ ധാരാളം എഴുതി.

ജറോം, വി. (349–419): ഗ്രീക്ക് – ലത്തീൻ ഭാഷാ – സാഹിത്യ പണ്ഡിതൻ. വേദപുസ്തകത്തിന്റെ ലത്തീൻ പരിഭാഷ (വൾഗേറ്റ്) രചിച്ചു. വേദവ്യാഖ്യാനമെഴുതി. ഒരു ജീവചരിത്രഗ്രന്ഥവും ധാരാളം പ്രസംഗങ്ങളും കത്തുകളും ഇദ്ദേഹത്തിന്റേതായി ശേഖരിക്കപ്പെട്ടിട്ടുണ്ട്. അറിയോസിനും പേലേജിയസിനും എതിരെ പോരാടി. എബ്രായ ഭാഷയിലെ അപ്പൊക്രിഫൽ പുസ്തകങ്ങളുടെ ബന്ധം ഇദ്ദേഹം ആദ്യമായി നിരീക്ഷണവിധേയമാക്കി. സഭാചരിത്ര സാഹിത്യത്തിന് അതുല്യ സംഭാവനകൾ നൽകി.

ജാതിക്കുമ്മി: കേരളത്തിലെ ജാതിപ്പിശാചിനെതിരെ പണ്ഡിറ്റ് കെ. കറുപ്പൻ രചിച്ച കരളലിയിക്കുന്ന ഒരു സാമൂഹ്യ വിമർശകാവ്യം.

ജാതിയ്ക്ക് കർത്തവ്യൻ: രാജസദസ്സുകളിലും മറ്റും സമുദായത്തെ പ്രതിനിധീകരിക്കുവാൻ മലങ്കരസഭയിൽ സ്ഥിതിചെയ്തിരുന്ന ഒരു പദവി. വികാരി ജനറലിന് പകരമെന്ന് പറയാം. വലിയ ഇടവകകളിലുണ്ടായിരുന്ന പേറെദ്യൂത്തെ സ്ഥാനികൾ മറ്റു സഭകളിൽ ബിഷപ്പ് നിർവഹിച്ചിരുന്ന ആത്മീയ കർമ്മങ്ങൾ ചെയ്യുകയും ജാതിക്കു കർത്തവ്യൻ ബിഷപ്പിന്റെ ഭരണകൃത്യങ്ങൾ നിർവഹിക്കുകയുമായിരുന്നു പതിവ്. ഇവരെ ആർച്ച് ഡീക്കൻ എന്നോ അർക്കദിയാക്കോൻ എന്നോ പറയുമായിരുന്നു. ഏറ്റവും ഒടുവിലത്തെ അർക്കദിയാക്കോൻ *അർക്കദിയാക്കോൻ തോമ്മാ, കാശീശോ ദ് ക്രിസ്തു* എന്ന് രണ്ടു വരികളിലായി സുറിയാനി ഭാഷയിൽ എഴുതിയ ശേഷമാണ് ഔദ്യോഗിക രേഖകളിൽ മുദ്ര പതിപ്പിച്ചിരുന്നത്. തോമ്മാ അർക്കദിയാക്കോൻ 1653-ൽ മെത്രാൻ സ്ഥാനമേറ്റതോടെ സഭയിൽ അർക്കദിയാക്കോൻ സ്ഥാനവും പേറെദ്യൂത്തെ സ്ഥാനവും ക്രമേണ അസ്തമിച്ചു.

ജാത്യാഭിമാനി: 1909-ൽ അന്ത്യോഖ്യയുടെ അബ്ദുള്ളാ രണ്ടാമൻ പാത്രിയർക്കീസ് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെ ദുരുപദിഷ്ടമായി മുടക്കിയതിനെതിരെ പുറപ്പെട്ട ഒരു പ്രസിദ്ധീകരണമാണ് ജാത്യാഭിമാനി. മഹാജനസഭയുടെ നേതാക്കളായ കെ. സി. മാമ്മൻ മാപ്പിള, ഇ. ജെ. ജോൺ വക്കീൽ, എം. പി. വർക്കി, പൂതക്കുഴി ഏബ്രഹാം കത്തനാർ, എം. എ. ചാക്കോ, ഒ. എം. ചെറിയാൻ എന്നിവർ അതിന്റെ ശക്തികേന്ദ്രങ്ങൾ ആയിരുന്നു.

ജാത്യൈക്യസംഘം: കത്തോലിക്കാസഭയും മലങ്കരസഭയും ഐക്യപ്രവർത്തനങ്ങളിലേർപ്പെടുക എന്ന ലക്ഷ്യവുമായി 19-ാം നൂറ്റാണ്ടിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ രൂപം കൊടുത്ത എക്യുമെനിക്കൽ സംഘടന. കത്തോലിക്കാസഭയിലെ നിധിയിരിക്കൽ മാണിക്കത്തനാർ ഈ സംരംഭത്തോട് സഹകരിച്ചു. 1888 മാർച്ച് 24-ന് 3541 രൂപായ്ക്ക് കോട്ടയം എം. ഡി. സെമിനാരി പുരയിടവും

വുഡ്ലാൻഡ്സ് കെട്ടിടവും ചെമ്പകശേരി പുരയിടവും ഇരുവരുടെയും പേരിൽ തീറു വാങ്ങി. പിന്നീട് ഐക്യപ്രവർത്തനങ്ങളിൽ നിന്ന് റോമിന്റെ നിർദ്ദേശപ്രകാരം മാണിക്കത്തനാർ പിൻവാങ്ങി. സ്ഥലവില മാർ ദീവന്നാസ്യോസ് അടച്ചുതീർത്തു. ജാത്യൈക്യസംഘം നിലച്ചുപോയെങ്കിലും ബസ്സേലിയോസ് കോളജ്, എം. ഡി. സെമിനാരി, എം. ഡി. ഹൈസ്കൂൾ, എം. ഡി. കോമേർഷ്യൽ സെന്റർ, ഏലിയാ കത്തീഡ്രൽ തുടങ്ങിയ സഭാ സ്ഥാപന സമുച്ചയം അടങ്ങിയ വിസ്തൃത പുരയിടം സഭയ്ക്ക് സ്വന്തമായി. കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ സ്മാരകമാണ് എം. ഡി. യിലെ സ്ഥാപന സമുച്ചയം.

ജി. ഓലിക്കര: കേരള കോൺഗ്രസ് നേതാവായിരുന്നു. നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ട്. വാകത്താനം പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു. തോട്ടയ്ക്കാട് മാർ അപ്രേം പള്ളി ഇടവകാംഗം. നിര്യാതനായി.

ജിമ്മി ചാത്തുരുത്തി: 3-5-1920 ൽ മുളന്തുരുത്തിയിൽ ജനിച്ചു. കൊച്ചി പോർട്ട് ട്രസ്റ്റിൽ ഡപ്യൂട്ടി ചീഫ് അക്കൗണ്ടന്റ് ആയിരുന്നു. നാലു പുസ്തകങ്ങളും നിരവധി ലേഖനങ്ങളും രചിച്ചു. നിര്യാതനായി.

ജീവജലം: മോശ സലാമ റമ്പാൻ എഴുതിയ ആണ്ടടക്കമുള്ള പ്രസംഗക്കുറിപ്പുകൾ.

ജൂഡിത്ത്: 1. ഹിത്യനായ ബേരിയുടെ മകളും ഏശാവിന്റെ ഭാര്യയും (ഉല്പ. 26:34). 2. അപ്പൊക്രിഫൽ ഗ്രന്ഥം. മെരാരിയുടെ പുത്രിയും മനശ്ശെയുടെ വിധവയും ആയ ജൂഡിത്ത്.

ജൂലിയൻ കലണ്ടർ: ബി.സി. 46-ൽ ജൂലിയസ് സീസർ അംഗീകരിച്ച കലണ്ടർ. മാർച്ച് 21-ന് ശേഷം വരുന്ന പൗർണ്ണമിയുടെ പിറ്റേ ഞായർ ഈസ്റ്റർ എന്ന് ക്രമീകരിച്ചു. ഇത് നിഖ്യാ സിനഡ് അംഗീകരിച്ചു. ഇതിനെ പരിഷ്ക്കരിച്ച് 1582-ൽ ഗ്രിഗോറിയൻ കലണ്ടർ ഉണ്ടായി. 1952 വരെ മലങ്കരസഭയും ജൂലിയൻ കലണ്ടർ സ്വീകരിച്ചിരുന്നു.

ജേക്കബ് കുരിയൻ മാവേലിക്കര: 12-2-1884 ന് മാവേലിക്കര പടിഞ്ഞാറെതലയ്ക്കൽ കുടുംബത്തിൽ കൊച്ചു ചാക്കോ തരകന്റെ പുത്രനായി ജനിച്ചു. വാഗ്മിയും പത്രാധിപരും സാഹിത്യകാരനും അത്മായ നേതാവും പ്രജാസഭാ സാമാജികനും ആയിരുന്നു. 1914-ൽ ആരംഭിച്ച 'കേരളാഭിമാനി'യുടെ പത്രാധിപർ. ശ്രീമൂലം പ്രജാ സഭയിലെ പ്രായക്കുറവുള്ള അംഗം. 1917-ലെ പൗരസമത്വവാദ പ്രക്ഷോഭണത്തിന്റെ മുന്നണിപ്പോരാളി. കേരള ക്രൈസ്തവ സേവക സമിതിയുടെ സ്ഥാപക സിക്രട്ടറി. കേരള സേവകന്റെ പത്രാധിപർ, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ പ്രസിഡണ്ട്, സഭാ മാനേജിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച

ഇദ്ദേഹം 'കുഞ്ഞന്നാമ്മ' എന്ന പേരിൽ ഒരു ക്രിസ്തീയ സാമൂഹ്യ സംഗീത നാടകം രചിച്ചു.

ജേക്കബ് ജോൺ, ഡോ. തെക്കേക്കര: ആലുവ യു. സി. കോളജിലെ ഫാ. റ്റി. വി. ജോണിന്റെ പുത്രൻ. വെല്ലൂർ മെഡിക്കൽ കോളജിൽ പ്രവർത്തിച്ചു. ശിശുരോഗ ചികിത്സാ വിദഗ്ദ്ധൻ. വൈറോളജിയിൽ ഗവേഷണം. ലോക വൈദ്യശാസ്ത്ര സമ്മേളനങ്ങൾക്ക് നേതൃത്വം നൽകി. വെല്ലൂരിലെ മൈക്രോ ബയോളജി ആൻഡ് വൈറോളജി മേധാവിയാണ്. 1990-ൽ ഡോ. ബി. സി. റോയി അവാർഡ് നേടി.

ജേക്കബ് കുരിയൻ, ഫാ. ഡോ.: പാമ്പാടി മണ്ണാത്തിപാറയ്ക്കൽ ചാക്കോ കുരിയന്റെ മകൻ. 2-5-1950 ൽ ജനിച്ചു. കോട്ടയം നെടുമാവ് സ്വദേശി. 2-6-1979 ൽ വൈദികനായി. കോട്ടയം വൈദികസെമിനാരിയുടെ വൈസ് പ്രിൻസിപ്പൽ. മലങ്കര സഭാ മാസികയുടെ ചീഫ് എഡിറ്ററും സഭാ വിജ്ഞാനകോശത്തിന്റെ എക്സിക്യൂട്ടീവ് എഡിറ്ററും ആയിരുന്നു. ദിവ്യ ബോധനം ഗ്രന്ഥപരമ്പരയിൽ ഗ്രന്ഥകാരൻ. വിവിധ സഭാ ഡയലോഗുകളിൽ അംഗം, പ്രഭാഷകൻ, ലേഖകൻ, സംഘാടകൻ തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ചു വരുന്നു. ഓറിയന്റൽ ഓർത്തഡോക്സ് കരിക്കുലം ആക്ടിംഗ് സിക്രട്ടറി, കെ. സി. സി. ഡയലോഗ് കമ്മീഷൻ കൺവീനർ, കങ്ങഴ ആശുപത്രി ആക്ടിംഗ് സിക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു.

ജേക്കബ് മണലിൽ, ഫാ. (1901-1993): 1-10-1901 ൽ മാമ്മലശ്ശേരിൽ വർക്കിയുടെ മകനായി ജനിച്ചു. 1933-ൽ പട്ടമേറ്റു. മാമ്മലശ്ശേരി, തെക്കൻപറവൂർ, മാന്തുരുത്തേൽ പള്ളികളിൽ വികാരി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായുടെ സിക്രട്ടറിയായിരുന്നു. 1958-ൽ പുത്തൻകാവ് അസോസിയേഷൻ വൈദികട്രസ്റ്റിയായി തെരഞ്ഞെടുത്തു. മേല്പട്ടക്കാർ സ്വകാര്യ സമ്പത്ത് സമ്പാദിക്കുന്ന അകാനോനിക പ്രവണതയോട് പൊരുത്തപ്പെടാനാകാതെ 1965-ൽ ട്രസ്റ്റിസ്ഥാനം രാജി വച്ചു. മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം സ്ഥാനം സ്വീകരിച്ചില്ല. വ്യവഹാരങ്ങൾ നടത്തുന്നതിൽ നിസ്തുലമായ സേവനം അനുഷ്ഠിച്ചു. മരണംവരെ മാനേജിംഗ് കമ്മറ്റി അംഗം. ദീർഘകാലം വർക്കിംഗ് കമ്മിറ്റി അംഗം. 1993 ജനുവരി 17-ന് നിര്യാതനായി. മാന്തുരുത്തേൽ പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. മണലിൽ അച്ചന്റെ സഭാ സ്മരണകൾ എന്ന ചരിത്ര പ്രധാനമായ കൃതി കെ. വി. മാമ്മൻ പ്രസിദ്ധീകരിച്ചു.

ജേക്കബ്, സി. വി.: കോലഞ്ചേരി നെച്ചൂപ്പാടത്ത് വർക്കിയുടെ പുത്രൻ. 1933-ൽ ജനിച്ചു. സിന്തെറ്റിക് ഇൻഡസ്ട്രിയൽ കെമിക്കൽസ് ഉടമ. അമേരിക്കൻ സ്പൈസസ് ട്രേഡ് അസോസ്യേഷൻ, അമേരിക്കയിലെ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്നിവയിൽ അംഗം. കയറ്റുമതിയ്ക്കുള്ള ദേശീയ അവാർഡ് മൂന്നു വട്ടം ലഭിച്ചു. കോലഞ്ചേരി ആശുപത്രി ഗവേണിംഗ് ബോഡി അംഗം, സെന്റ് പീറ്റേഴ്സ് കോളജ് മാനേജിംഗ് ബോർഡ് സിക്രട്ടറി, കടയിരുപ്പ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ജേക്കബ് മണ്ണാറപ്രായിൽ കോറെപ്പിസ്ക്കോപ്പാ: ചാത്തമറ്റം എം. പി. പൗലൂസിന്റെ പുത്രൻ. ജനനം 28-5-1945. 10-6-1970 ൽ വൈദികൻ. ഭദ്രാസന സിക്രട്ടറി, വർക്കിംഗ് കമ്മിറ്റി മെമ്പർ, ആലുവ തൃക്കുന്നത്ത് സെമിനാരി മാനേജർ, വൈദികക്ഷേമനിധി ജനറൽ സിക്രട്ടറി, ആലുവ ബൈബിൾ സൊസൈറ്റി പ്രസിഡന്റ്, സഭാചന്ദ്രിക ചീഫ് എഡിറ്റർ, റൂൾ കമ്മിറ്റി മെമ്പർ, ട്രിബ്യൂണൽ (അസോസിയേഷൻ) മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മദ്യനിരോധനം, പൊതുപ്രവർത്തനം, സഭാപ്രവർത്തനം എന്നിവ പരിഗണിച്ച് നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

ജോർജ്ജ്, ഫാ. എം. പി.: പാമ്പാക്കുട കാരാനിലത്ത് എം. കെ. പൈലിയുടെ മകൻ. 11-9-1954 ൽ ജനിച്ചു. M.A., B. D., GST ബിരുദങ്ങൾ നേടി. റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാദമിയിൽ നിന്ന് സംഗീതത്തിൽ ഡിപ്ലോമ. ലണ്ടൻ സെന്റ് ആൽബർട്ട് സ്കൂളിൽ നിന്ന് സംഗീതത്തിൽ സർട്ടിഫിക്കറ്റ് എന്നിവ നേടി. കോട്ടയം വൈദികസെമിനാരിയിൽ അദ്ധ്യാപകനും ആരാധനാ സംഗീത പരിശീലനകേന്ദ്രമായ *ശ്രുതി*യുടെ ഡയറക്ടറും.

ജോർജ്ജ്, ഡീക്കൻ ഡോ. കെ. എ.: കണ്ടനാട് കല്ലറയ്ക്കൽ കെ. വി. ഏബ്രഹാമിന്റെ മകൻ. 5-7-1934 ൽ ജനനം. B. Sc., B.D, M. Th. ബിരുദങ്ങൾക്ക് ശേഷം വെസ്റ്റ് ജർമ്മനി ഹാംബർഗ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. വിവാഹിതൻ. 24-6-1951 ൽ യൗപ്പദ്യക്കിനോ. ഗ്രന്ഥകാരൻ. കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ അദ്ധ്യാപകൻ.

ജോർജ്ജ് സി. വി. കോറെപ്പിസ്ക്കോപ്പാ: വാകത്താനത്ത് ചിറത്തലാട്ട് നൈനാൻ വറുഗ്ഗീസിന്റെയും അച്ചാമ്മയുടെയും മകൻ. ബിരുദാനന്തരം ആലുവാ തൃക്കുന്നത്ത് സെമിനാരിയിലും മഞ്ഞനിക്കര ദയറായിലും വൈദികപഠനം നടത്തി. മിഖായേൽ മാർ ദീവന്നാസ്യോസ് മ്സമ്രോനോ, ഏലിയാസ് തൃതീയൻ ബാവ കോറൂയോ സ്ഥാനങ്ങൾ നൽകി. 1943-ൽ കശ്ശീശാ. 1967-ൽ കോർഎപ്പിസ്കോപ്പാ. വാകത്താനം ജെരുശലേം മൗണ്ട് ഹൈസ്കൂളിന്റെ സ്ഥാപക ഹെഡ്മാസ്റ്റർ. 1966-ൽ സംസ്ഥാന അദ്ധ്യാപക അവാർഡ് കരസ്ഥമാക്കി. സുവിശേഷ പ്രസംഗകൻ, മാനേജിംഗ് കമ്മിറ്റി അംഗം, കോട്ടയം ഭദ്രാസന സെക്രട്ടറി, സൺഡേസ്കൂൾ ഡയറക്ടർ, സൺഡേസ്കൂൾ ഡയറക്ടർ ജനറൽ എന്നീ സ്ഥാനങ്ങൾ

വഹിച്ചു. വിവാഹിതനായ ഇദ്ദേഹം വാകത്താനം, ചിങ്ങവനം പള്ളികളിലെ വികാരിയായിരുന്നു. നിര്യാതനായി.

ജോർജ്ജ്, എം. വി.: *'ഒസ്താത്തിയോസ്, ഡോ. ഗീവറുഗ്ഗീസ് മാർ'* കാണുക.

ജോൺ, ഫാ. ഡോ. എം. ഒ.: തുമ്പമൺ മഠത്തിൽ എം. കെ. ഉമ്മന്റെ പുത്രൻ. 11-11-1955 ൽ ജനിച്ചു. വിയറ്റ്നാം സർവ്വകലാശാലയിൽ നിന്ന് സഭാചരിത്രത്തിൽ ഡോക്ടറേറ്റ് നേടി. ഏതാനും വർഷക്കാലം കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ അദ്ധ്യാപകൻ. ആലുവാ തൃക്കുന്നത്ത് സെമിനാരി മാനേജർ ആയി പ്രവർത്തിച്ചു. ഗ്രന്ഥകാരൻ, മലങ്കരസഭാദീപം എന്ന ദ്വൈവാരികയുടെ സ്ഥാപക പത്രാധിപർ. ഇപ്പോൾ മാനേജിംഗ് കമ്മിറ്റി അംഗവും കുണ്ടറ സെമിനാരി മാനേജരും. അവിവാഹിതനാണ്.

ജോൺ, ഇലഞ്ഞിക്കൽ ഇ. ജെ.: മഹാജനസഭയുടെയും പൗരസമത്വവാദലീഗിന്റെയും സ്ഥാപകഅംഗം. നിരണം ഇലഞ്ഞിക്കൽ ചാക്കോച്ചന്റെ പുത്രൻ. കോട്ടയം അക്കര കുരിയൻ റൈട്ടറുടെ സഹോദരീപുത്രൻ. തിരുവനന്തപുരം ലോ കോളജിന്റെ പ്രിൻസിപ്പൽ. മഹാജനസഭയുടെ പ്രസിഡന്റ് ആയിരുന്നു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് മുടക്കിയപ്പോൾ ജോൺ വക്കീൽ മെത്രാപ്പോലീത്തായുടെ പിമ്പിൽ ശക്തിയായി നിലകൊണ്ടു. പാത്രിയർക്കീസ് വിഭാഗവുമായുള്ള ഏറ്റുമുട്ടലുകളിലും സന്ധിയാലോചനകളിലും ജോൺ വക്കീൽ മുൻനിരയിൽ ഉണ്ടായിരുന്നു. ബഥനി ആശ്രമം സ്ഥാപിക്കുവാൻ പെരുനാട് മുണ്ടൻ മലയിൽ 100 ഏക്കർ സ്ഥലം ദാനം ചെയ്തു. കാതോലിക്കേറ്റ് സ്ഥാപനത്തിന് നേതൃത്വം നൽകി. 1942 വൃശ്ചികം 28-ന് അന്തരിച്ചു. നിരണം പള്ളിയിൽ സംസ്കരിക്കപ്പെട്ടു. ഇ. ജോൺ സിറിയക്ക്, ഇ. ജോൺ കുരുവിള (പ്ലാന്റർ), അച്ചാമ്മ മത്തായി (കേന്ദ്രമന്ത്രി ജോൺ മത്തായിയുടെ പത്നി), കുഞ്ഞമ്മ ഈപ്പൻ, ഇ. ജോൺ ഫിലിപ്പോസ് (തിരു.-കൊച്ചി മന്ത്രിയും സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപകനേതാവും മുൻ മന്ത്രിയും), ഇ. ജോൺ ജേക്കബ് (കേരള കോൺഗ്രസ് നേതാവും മുൻ മന്ത്രിയും) എന്നിവർ മക്കൾ.

ജോൺ കുരുവിള: നിരണത്ത് ഇ. ജെ. ജോൺ വക്കീലിന്റെ മകൻ. സ്വാതന്ത്ര്യ സമര നേതാവ്. 1895 ഓഗസ്റ്റ് 28-ന് ജനിച്ചു. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തകൻ. അറസ്റ്റ് വരിച്ചു. 1969 ജനു. 9-ന് നിര്യാതനായി.

ജോൺ ജേക്കബ്, ഇ. (1913-1978): ഇ. ജെ. ജോൺ വക്കീലിന്റെ മകൻ. 23-8-1913 ൽ ജനിച്ചു. മർച്ചന്റ് നേവി ഓഫീസർ. കുട്ടനാട് കർഷകസംഘം പ്രസിഡന്റ്, ഫാർമേഴ്സ് ഫോറം മെമ്പർ. രാഷ്ട്രീയ പ്രവർത്തനത്തിൽ

അറസ്റ്റ് വരിച്ചിട്ടുണ്ട്. കേരള കോൺഗ്രസ്സിന്റെ സ്ഥാപകനേതാക്കളിലൊരാൾ. അതിന്റെ വൈസ് പ്രസിഡന്റ്. മൂന്ന് തവണ എം. എൽ. എ. കർഷക ഫെഡറേഷൻ പ്രസിഡന്റ് ആയി സ്വതന്ത്ര പ്രവർത്തനത്തിലേർപ്പെട്ടു. കേരളത്തിലെ മന്ത്രിയായിരുന്നു. ഭക്ഷ്യമന്ത്രിയായിരിക്കെ 1978 സെപ്തം. 25-ന് അന്തരിച്ചു.

ജോൺ പീലിപ്പോസ്, ഇ.: ഇ. ജെ. ജോൺ വക്കീലിന്റെ മകൻ. വക്കീലായ ഇദ്ദേഹം സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപകനേതാവ്. ജനകീയ ഭരണത്തിൽ മന്ത്രിയായി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ സ്ഥാപകനേതാക്കളിൽ ഒരാളായിരുന്നു. നിര്യാതനായി.

ജോൺ മത്തായി: കോലഞ്ചേരിയിൽ ഫാ. കെ. ടി. മത്തായിയുടെ പുത്രൻ. ഐ. പി. എസ്. നേടി. 1959-ൽ കാസർകോട് എ. എസ്. പി. 1972-ൽ പാലക്കാട് പോലീസ് സൂപ്രണ്ട്. ഡി. ജി. പി., ഇന്റലിജൻസ് വിഭാഗം തലവൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. കെ. എസ്. ആർ. ടി. സി. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, സിഡ്കോയുടെ മാനേജിംഗ് ഡയറക്ടർ, വൈദ്യുതി ബോർഡിൽ ചീഫ് വിജിലൻസ് ഓഫീസർ എന്നീ നിലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ച ഇദ്ദേഹത്തിന് രാഷ്ട്രപതിയുടെ അതിവിശിഷ്ട സേവാ മെഡൽ ലഭിച്ചു.

ജോൺ മാത്യൂസ്, ഫാ. ഡോ.: കൊല്ലം പുളിമൂട്ടിൽ സാമുവൽ മാത്യൂസിന്റെ പുത്രൻ. 18-12-1952 ൽ ജനിച്ചു. ഫോർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. 7-1-1989 ൽ കശ്ശീശാപട്ടം ഏറ്റു. കോട്ടയം പഴയ സെമിനാരിയിൽ പുതിയനിയമ അദ്ധ്യാപകൻ. സെന്റ് തോമസ് വൈദിക സംഘത്തിന്റെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ഇദ്ദേഹം അവിവാഹിതനാണ്.

ജോൺസ് എബ്രഹാം, ഫാ. ഡോ.: പാമ്പാക്കുട കോനാട്ട് ഏബ്രഹാം മല്പാന്റെ പുത്രൻ. 3-5-1966 ൽ ജനിച്ചു. B. A., B. D., M. Th., ഡോക്ടറേറ്റ് ബിരുദങ്ങൾ നേടി. കോട്ടയം പഴയസെമിനാരിയിൽ അദ്ധ്യാപകൻ. കണ്ടനാട് വൈദികസംഘം സെക്രട്ടറി, സെന്റ് തോമസ് വൈദികസംഘം ജോ. സെക്രട്ടറി, പാമ്പാക്കുട എ. ടി. എം. ഹൈസ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2007 മാർച്ച് 21-ന് വൈദികട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ടു. ഗ്രന്ഥകാരനും വാഗ്മിയുമാണ്.

ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ.: പത്രപ്രവർത്തകനും ഗവേഷകനും. കേരള സർവ്വകലാശാലയിൽ നിന്നു മലയാള ഭാഷയിലും സാഹിത്യത്തിലും എം. എ., സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് ബി.ഡി. യും കമ്മ്യൂണിക്കേഷനിൽ എം. ടി. എച്ചും. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ജേർണലിസം. മലയാള മനോരമയിൽ പത്രപ്രവർത്തനത്തിൽ

പ്രത്യേക പരിശീലനം. ഇപ്പോൾ മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ എം. ഫിൽ. ഗവേഷണ വിദ്യാർത്ഥി. കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ 1995 മുതൽ അദ്ധ്യാപകൻ. 5 കൃതികൾ രചിച്ചു.

ജോൺ മാത്യു കെ., ജസ്റ്റീസ്: മേപ്രാൽ കട്ടപ്പുറത്ത് സംസ്ഥാന ഡപ്യൂട്ടി ചീഫ് എൻജിനീയറായിരുന്ന കെ. എം. മാത്യുവിന്റെ പുത്രൻ. ബി. എൽ. പാസ്സായശേഷം 22-ാമത്തെ വയസ്സിൽ തിരുവല്ലയിൽ പ്രാക്ടീസ് ആരംഭിച്ചു. പിന്നീട് പ്രാക്ടീസ് ഹൈക്കോടതിയിലേക്ക് മാറ്റി. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിയമവിഭാഗം ഗസ്റ്റ് ലക്ചറർ, ഗവ. പ്ലീഡർ എന്നീ നിലകളിൽ ശോഭിച്ചു. 1984-ൽ കേരള ഹൈക്കോടതി ജഡ്ജിയായി. 1994-ൽ റിട്ടയർ ചെയ്തശേഷം സുപ്രീംകോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. പല കമ്മീഷനുകളുടെയും തലവൻ. സ്വാശ്രയ കോളജ് നടത്തിപ്പിന്റെ ഫീസ് നിശ്ചയിക്കാൻ നിയമിതമായ കമ്മീഷന്റെ തലവൻ. സഭാ മനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി എന്നിവയിൽ അംഗം ആയിരുന്നു. അസോസിയേഷൻ ട്രൈബ്യൂണലംഗമായും പ്രവർത്തിച്ച സഭാകാര്യ വിശാരദൻ.

പരുമല സെമിനാരിയിൽ 20-3-2002 ൽ ചേർന്ന ചരിത്രപ്രധാനമായ മലങ്കര അസോസിയേഷൻ യോഗത്തിന്റെ നടത്തിപ്പിൽ നിസ്തുല സേവനം ചെയ്തു. ഇതിലേക്കുള്ള നിരീക്ഷകനായി പ്രത്യേകം നിയോഗിച്ചിരുന്ന ജസ്റ്റിസ് വി. എസ്. മളീമഠ് (കേരള ഹൈക്കോടതിയിൽ ജസ്റ്റീസ് ജോൺ മാത്യുവിന്റെ സഹപ്രവർത്തകൻ) ആദ്യന്തം പങ്കെടുത്തിരുന്ന അസോസിയേഷന്റെ നടത്തിപ്പു സംബന്ധിച്ച നിരീക്ഷകന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള മുഴുവൻ ചുമതലയും സമർത്ഥമായി നിർവ്വഹിച്ചത് ജസ്റ്റീസ് ജോൺ മാത്യു ആയിരുന്നു. ഭാര്യ കേരള ധനകാര്യ സെക്രട്ടറിയായിരുന്ന കുന്നംകുളം ടി. കെ. ചാക്കുണ്ണിയുടെ പുത്രി പരേതയായ ഗ്രേസി.

ജോണി ജോർജ്ജ്, ഫാ.: മണ്ണത്തൂർ തെങ്ങുംപിള്ളിൽ സി. സി. വർഗ്ഗീസിന്റെ മകൻ. 21-5-1944 ൽ ജനിച്ചു. ബാംഗ്ലൂർ എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്ററിൽ പ്രോഗ്രാം സെക്രട്ടറി, ആലുവാ ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി, കോലഞ്ചേരി ആശുപത്രി ചാപ്ലെൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. സംഘാടകനും വാഗ്മിയും ഗ്രന്ഥകാരനുമാണ്.

ജോയൻ കുമരകം: ബാലസാഹിത്യകാരനും പത്രപ്രവർത്തകനും. 1937 ഫെബ്രു. 4-ന് കുമരകത്ത് ജനനം. 30 ബാലസാഹിത്യ ഗ്രന്ഥങ്ങൾ രചിച്ചു. ആകെ 50 ഗ്രന്ഥങ്ങൾ. സാഹിത്യ പ്രവർത്തക സംഘം അവാർഡ്, നാഷണൽ ക്രിസ്ത്യൻ അവാർഡ്, കാർട്ടൂണിസ്റ്റ് ശങ്കർ അവാർഡ് എന്നിവ

ലഭിച്ചു. കുഞ്ഞിച്ചായൻ എന്ന തൂലികാനാമത്തിലും എഴുതാറുണ്ട്. മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ പ്രവർത്തകൻ. അമേരിക്കയിൽ താമസം.

ജോയ്സ് തോട്ടയ്ക്കാട്: ഗവേഷകനും പത്രപ്രവർത്തകനും പ്രസാധകനും. സോഫിയാ ബുക്സ്, ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ, പൗലോസ് മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻഫോ, മലങ്കര ഓർത്തഡോക്സ് ഡോട്ട് ടിവി എന്നിവയുടെ സ്ഥാപകൻ. മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി*, ആദ്യത്തെ ലക്ഷണമൊത്ത യാത്രാവിവരണമായ *ഊർശ്ലേം യാത്രാവിവരണം* നാലാമത്തെ യാത്രാവിവരണമായ *കൊളംബ് യാത്രാവിവരണം* എന്നിവ ഉൾപ്പെടെ മുപ്പതോളം ഗ്രന്ഥങ്ങളുടെ പ്രസാധകൻ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പേഴ്സണൽ അസിസ്റ്റന്റ്, മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ സ്ഥാപക സെക്രട്ടറി, മലങ്കര ഓർത്തഡോക്സ് സഭാ വിജ്ഞാനകോശത്തിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. കൃതികൾ: പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര, കുട്ടികളുടെ തിരുമേനി, ആദിമസഭാ ജ്യോതിസ്സുകൾ (എഡി.), മലങ്കരസഭയുടെ സ്വർഗീയ കിന്നരം, കാതോലിക്കേറ്റിന്റെ നിധി (എഡി.)

ജോർജ്ജ് കുരിയൻ, ഫാ.: '*കൂറിലോസ്, ഗീവറുഗീസ് മാർ*' കാണുക.

ജോർജ്ജ് എം. മുത്തൂറ്റ്: കോഴഞ്ചേരി തേവർവേലിൽ നൈനാൻ മത്തായിയുടെ പുത്രൻ. 1911-ൽ ജനനം. 1939-40 ൽ വ്യവസായ ശൃംഖലയ്ക്കു തുടക്കമിട്ടു. പ്ലാന്റേഷൻ, ഹോട്ടലുകൾ, പേപ്പർ മില്ലുകൾ, ഇമ്പോർട്ട്, എക്സ്പോർട്ട് കമ്പനികൾ, ഹോസ്പിറ്റൽ കോംപ്ലക്സ്, എഞ്ചിനീയറിംഗ് ഇൻഡസ്ട്രി, മുത്തൂറ്റ് ഓട്ടോമൊബൈൽസ്, മുത്തൂറ്റ് ലീസിംഗ് ആൻഡ് ഫൈനാൻസ് തുടങ്ങിയ സ്ഥാപനങ്ങൾ തുടങ്ങി. ഡൽഹി സെന്റ് ജോർജ്ജ് സ്കൂളും കോഴഞ്ചേരി മുത്തൂറ്റ് മെഡിക്കൽ സെന്ററും മികച്ച കേന്ദ്രങ്ങൾ. മാനേജിംഗ് കമ്മറ്റി അംഗം, എം. ഡി. കൊമേഴ്സ്യൽ സെന്ററിന്റെ സ്ഥാപകനേതാക്കളിലൊരാൾ, സഭാ കോളജ് ഗവേണിംഗ് ബോർഡ് അംഗം, തുമ്പമൺ ഭദ്രാസന കൗൺസിലംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. വൈ. എം. സി. എ. പ്രവർത്തകൻ, റോട്ടറി ഡിസ്ട്രിക്ടിന്റെ ഒന്നാമത്തെ പോൾ ഹാരീസ് ഫെലോ. 1993 ജനു. 31-ന് നിര്യാതനായി.

ജോർജ്ജ്, മുത്തൂറ്റ് എം. ജി.: കോഴഞ്ചേരി തേവർവേലിൽ എം. ജോർജ്ജിന്റെ പുത്രൻ. മുത്തൂറ്റ് വ്യവസായ സാമ്രാജ്യത്തിന്റെ പ്രധാന ചുമതലക്കാരൻ. ഇപ്പോൾ മലങ്കരസഭയുടെ അൽമായ ട്രസ്റ്റി. ദീർഘ വർഷങ്ങളായി ഡൽഹി ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റിയംഗം.

ജോർജ്ജ്, ഇ. എം.: രാഷ്ട്രീയ പ്രവർത്തകൻ. കോട്ടയം വെള്ളൂർ

ഏലമാല കൊല്ലേട്ട് വറുഗീസ് മാണിയുടെ പുത്രനായി 1926 ഫെബ്രുവരി 16-ന് ജനിച്ചു. ബി. എ., ബി. എൽ. ബിരുദങ്ങൾ നേടി. മാർക്സിസ്റ്റു പാർട്ടി നേതാവായ ഇദ്ദേഹം കേരള നിയമസഭാംഗമായിരുന്നു. മികച്ച ട്രേഡ് യൂണിയൻ പ്രവർത്തകനായിരുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും, കാതോലിക്കേറ്റിന്റെ സുസ്ഥിരതയ്ക്കും വേണ്ടി വാദിച്ച വ്യക്തിയാണ്. 2006-ൽ നിര്യാതനായി.

ജോർജ്ജ്, ഫാ. ഡോ. കെ. എം.: ദാർശനികനും പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനും കവിയും ചിത്രകാരനും. വടക്കൻമണ്ണൂർ പുറകുളം മാത്യുവിന്റെ പുത്രൻ. 1946-ൽ ജനിച്ചു. ബെൽജിത്തിലെ ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്ന് വേദശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവും പാരീസ് കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും നേടി. കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ അദ്ധ്യാപകൻ, ഇപ്പോൾ പ്രിൻസിപ്പൽ. ജനീവയിൽ ബോസ്സെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രൊഫസ്സർ, അസ്സോ. ഡയറക്ടർ, ഡൽഹി ഓർത്തഡോക്സ് സെന്റർ സെക്രട്ടറി, നാഷണൽ ക്രിസ്ത്യൻ കൗൺസിൽ സെക്രട്ടറി, അഖിലലോക സഭാകൗൺസിൽ പ്രോഗ്രാം മോഡറേറ്റർ, കേന്ദ്ര കമ്മിറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. ഫ്രഞ്ച്, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ എഴുതുന്നു. സുപ്രസിദ്ധ പൗരസ്ത്യ ദൈവശാസ്ത്രജ്ഞൻ. ദിവ്യബോധനം ഗ്രന്ഥാവലിയിൽ രണ്ടു പുസ്തകങ്ങൾ എഴുതി. തിരുവചനഭാഷ്യത്തിൽ റോമ്മാ ലേഖന വ്യാഖ്യാനമെഴുതി. തീർത്ഥാടനം, പ്രവാസത്തിന്റെ നാളുകൾ, ദ് സൈലന്റ് റൂട്സ്, ഗോസ്പൽ ആന്റ് കൾച്ചർ, എന്റെ കൃപ നിനക്കു മതി, ആധുനികതയുടെ ദാർശനിക മാനങ്ങൾ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വിചാരശില്പികൾ, കൊച്ചുരാജകുമാരൻ (തർജ്ജമ) എന്നീ കൃതികൾ രചിച്ചു. ഓർത്തഡോക്സ് യൂത്ത്, സ്റ്റാർ ഓഫ് ദ് ഈസ്റ്റ്, പുരോഹിതൻ എന്നിവയുടെ എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ച അദ്ദേഹം മലങ്കരസഭയുടെ എല്ലാ ഡയലോഗു ഗ്രൂപ്പിലും നേതൃത്വം നൽകുന്നു. വിദേശ ലോകസമ്മേളനങ്ങളിൽ മലങ്കരസഭയെ പ്രതിനിധാനം ചെയ്യുന്നു.

ജോർജ്ജ് പുലിക്കോട്ടിൽ, ഫാ. ഡോ.: ആർത്താറ്റ് പുലിക്കോട്ടിൽ പി. വി. പാവുവിന്റെ മകൻ. 17-5-1967 ൽ ജനനം. ബിരുദാനന്തരം സെമിനാരി പഠനം. M. Th. കഴിഞ്ഞ് 1992 മാർച്ചിൽ കശീശാപട്ടം സ്വീകരിച്ചു. കോട്ടയം പഴയസെമിനാരി അദ്ധ്യാപകൻ. ജർമ്മനിയിലെ എർലാങ്ങൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. ചിക്കാഗോയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുന്നു. അവിവാഹിതൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ഇടവകപത്രികയുടെ അസോസ്യേറ്റ് എഡിറ്റർ.

ജോർജ്ജ്, ടി. ജെ. എസ്.: പ്രമുഖ പത്രപ്രവർത്തകൻ. മുംബൈയിലെ ഫ്രീ പ്രസ് ജേർണലിൽ പത്രപ്രവർത്തനം തുടങ്ങി. ഹിന്ദുസ്ഥാൻ ടൈംസിന്റെ ആദ്യരൂപമായ സർച്ച്ലൈറ്റിൽ റിപ്പോർട്ടർ, ഹോങ്കോങ്ങിൽ നിന്നുള്ള ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂവിന്റെ പൊളിറ്റിക്കൽ എഡിറ്റർ, ഏഷ്യാ വീക്ക് സ്ഥാപക പത്രാധിപർ, രാജ്യാന്തര പ്രസ് ഇൻസ്റ്റിറ്റ്യൂട്ട്, യുണൈറ്റഡ് നേഷൻസ് (ന്യൂയോർക്ക്) എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. ഇപ്പോൾ ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ എഡിറ്റോറിയൽ ഉപദേഷ്ടാവായി ബാംഗ്ലൂരിൽ താമസം. കൃഷ്ണമേനോൻ-എ ബയോഗ്രഫി, ദ ലൈറ്റ് ആൻഡ് ടൈംസ് ഓഫ് നർഗീസ്, റിവോർട്ട് ഇൻ മിൻഡാനോ: ദ റൈസ് ഓഫ് ഇസ്ലാം ഇൻ ഫിലിപ്പീൻസ് പൊളിറ്റിക്സ്, ലീ ക്വാൻ യൂസ് സിംഗപ്പൂർ, എൻക്വയർ ഡിക്ഷ്ണറി, എൻക്വയർ ഡിക്ഷ്ണറി ഓഫ് ക്വട്ടേഷൻസ്, ബയോഗ്രഫി ഓഫ് പോത്തൻ ജോസഫ് എന്നീ കൃതികളുടെ കർത്താവ്. ഏഷ്യൻ കോളജ് ഓഫ് ജേർണലിസത്തിന്റെ സ്ഥാപകനും ചെയർമാനും. തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകയിലെ തയ്യിൽ നെടിയുഴത്തിൽ കുടുംബാംഗം.

ജോർജ് വർഗീസ്: പ്രമുഖ പത്രപ്രവർത്തകൻ. 1947 ആഗസ്റ്റ് 20-ന് തുമ്പമൺ വി. ജി. ജോർജ്-ശോശാമ്മ ദമ്പതികളുടെ പുത്രനായി ജനിച്ചു. പന്തളം എൻ. എസ്. എസ്. കോളജ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. റാന്നി സെന്റ് തോമസ് കോളജ് അദ്ധ്യാപകൻ. ബാലജനസഖ്യത്തിന്റെ സജീവപ്രവർത്തകൻ. 1967-ൽ രണ്ടു മണിക്കൂർ തുടർച്ചയായി പ്രസംഗിച്ച് റിക്കോർഡ് സ്ഥാപിച്ചും 1971-ൽ യു. എൻ. ഐ. എന്ന അതിപ്രശസ്തമായ വാർത്താ ഏജൻസിയിൽ ചേർന്നു. 2007-ൽ റിട്ടയർ ചെയ്തു. രാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരെ പല വിദേശയാത്രകളിലും അനുഗമിച്ചിട്ടുണ്ട്. ആകാശവാണി, ദൂരദർശൻ എന്നിവയെ നിയന്ത്രിക്കുന്ന പ്രസാർഭാരതി കോർപ്പറേഷന്റെ ഡയറക്ടർ ആയി 2007-ൽ നിയമിതനായി. ദീർഘവർഷങ്ങളായി ഡൽഹി ഭദ്രാസനത്തിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മറ്റിയംഗം. മികച്ച പത്രപ്രവർത്തനത്തിനുള്ള നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ജോർജ്ജ് ജോസഫ്, ഡോ.: ഇപ്പോഴത്തെ മലങ്കര അസോസിയേഷൻ സെക്രട്ടറി. ഹൈസ്കൂൾ അദ്ധ്യാപകൻ. ചന്ദനപ്പള്ളി ഇടവകാംഗം. പരേതനായ ജോസഫ് കത്തനാരുടെ പുത്രൻ.

ജോർജ്ജിയൻ സഭ: നാലാം നൂറ്റാണ്ടിൽ റഷ്യയിലെ ജോർജ്ജിയായിൽ സഭ സ്ഥാപിതമായി. ആദ്യ കാലങ്ങളിൽ അന്ത്യോഖ്യയിലെയും പിന്നീട് കുസ്തന്തീനോപ്പോലീസിലെയും പാത്രിയർക്കീസന്മാരോട് വിധേയത്വത്തിൽ കഴിഞ്ഞു. 9-ാം നൂറ്റാണ്ടിൽ ഓട്ടോസെഫാലസ് സഭയായി.

1817 മുതൽ റഷ്യൻ മേല്പട്ടക്കാരുടെ ഭരണമായി. 1917-ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു; റഷ്യ അത് അംഗീകരിക്കുകയും ചെയ്തു. ഈ സഭയുടെ ഈലിയ II പാത്രിയർക്കീസ് മലങ്കരസഭ സന്ദർശിച്ചിട്ടുണ്ട്.

ജോർജ്ജ്, ഫാ. എം. വി.: '*ഒസ്താത്തിയോസ്, ഡോ. ഗീവറുഗ്ഗീസ് മാർ*' കാണുക.

ജോർജ്ജ് കുരിയൻ, ഫാ.: '*കൂറിലോസ്, ഗീവർഗ്ഗീസ് മാർ*' കാണുക.

ജോർജ്ജ്, ഫാ. റ്റി. ഇ.: '*ദീയസ്കോറോസ്, ഗീവർഗ്ഗീസ് മാർ*' കാണുക.

ജോഷ്വാ, ഫാ. ടി. ജെ.: കോന്നിയിൽ തെക്കിനേത്ത് കുടുംബത്തിൽ 1929-ൽ ജനിച്ചു. കൽക്കട്ട ബിഷപ്പ്സ് കോളജിൽ നിന്ന് ബി. ഡി. യും അമേരിക്കയിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് എസ്. ടി. എം. ബിരുദവും നേടി. 1955 മുതൽ ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ അദ്ധ്യാപകനാണ്. സെമിനാരി വൈസ് പ്രിൻസിപ്പൽ, ദിവ്യബോധനം ഡയറക്ടർ, സൺഡേസ്കൂൾ ഡയറക്ടർ ജനറൽ എന്നീ നിലകളിൽ പ്രവർത്തിച്ച അച്ചൻ അനുഗൃഹീത കൺവൻഷൻ പ്രസംഗകനും മികച്ച സംഘാടകനുമാണ്. യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് യൂത്ത് പത്രാധിപൻ, തിരുവചനഭാഷ്യം ജനറൽ എഡിറ്റർ, സഭാവിജ്ഞാനകോശം മാനേജിംഗ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ചങ്ങനാശ്ശേരി, കാരാപ്പുഴ, കുറിച്ചി, ആർപ്പൂക്കര, പള്ളം സെന്റ് പോൾസ് എന്നീ ഇടവകകളിൽ പ്രവർത്തിച്ചു. പ്രകാശത്തിലേക്ക്, അപ്പോസ്തോല പ്രബോധനങ്ങൾ, റോമ്മാ ലേഖന വ്യാഖ്യാനം തുടങ്ങി മുപ്പതിലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഒരു വർഷം യെരൂശലേമിലെ എക്യൂമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണം നടത്തി. റേഡിയോ - ടി. വി. പ്രഭാഷകൻ, മനോരമയിലെ ചിന്താവിഷയ ലേഖകൻ എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

ജോഷ്വാ, പ്രൊഫ. കെ.: തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് റിട്ട. ഇംഗ്ലീഷ് പ്രൊഫസർ. തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഓർത്തഡോക്സ് വോയ്സിന്റെ പത്രാധിപർ. അതിന്റെ വിമർശന സ്വഭാവത്തെ നേരിടുവാൻ സഭാധികൃതർ അദ്ദേഹത്തെ സഭയുടെ പ്രാഥമിക അവകാശങ്ങളിൽ നിന്ന് നിരോധിച്ചു. കോടതിയിൽ പോരാടി അദ്ദേഹം അന്തിമ വിജയം നേടി. പുതുതായി തിരുവനന്തപുരത്തിന്റെ ചുമതലയേറ്റ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് സഭാനേതൃത്വത്തിന്റെ അനുമതിയോടെ അദ്ദേഹത്തെ വീട്ടിൽചെന്നുകണ്ട് നിരോധനം നിരുപാധികം പിൻവലിച്ചു.

ജോസ് പാറക്കടവിൽ, പ്രൊഫ.: പത്തനംതിട്ട തെള്ളിയൂർ ജോർജ്ജിന്റെയും പെണ്ണമ്മയുടെയും മകനായി 21-4-1948 ൽ ജനിച്ചു. തുരുത്തിക്കാട് കോളജിൽ മലയാളം വിഭാഗം അദ്ധ്യക്ഷനും പിന്നീട് പ്രിൻസിപ്പലും ആയിരുന്നു. കേരള മദ്യനിരോധന കൗൺസിൽ, നവഭാരതവേദി ഇവയിൽ പ്രവർത്തിച്ച അദ്ദേഹം നിരവധി പുസ്തകങ്ങൾ രചിച്ചു. സഭയുടെ പി. ആർ. ഒ. ആയി പ്രവർത്തിച്ചു. ഇപ്പോൾ മലങ്കരസഭാ പത്രികയുടെ എഡിറ്റർ.

ജോസഫ് (പേർഷ്യൻ ബിഷപ്പ്): 1555-നും 1558-നും ഇടയിൽ കേരളത്തിലെത്തിയ 3 പൗരസ്ത്യ മെത്രാന്മാരിലൊരാൾ.

ജോസഫ് മെത്രാൻ (പേർഷ്യ): ക്നായിത്തൊമ്മനോടൊപ്പം മലങ്കരസഭയിലെത്തിയ ഉറഹാക്കാരൻ മെത്രാൻ. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

ജോസഫ് കത്തനാർ, ഇന്ത്യാക്കാരൻ: കൊടുങ്ങല്ലൂർ സ്വദേശി. മെത്രാന്മാർക്കുവേണ്ടി അർമ്മീനിയായിലേക്ക് 1490-ൽ പോയ സംഘത്തിലെ അംഗം. വൈദികപട്ടം സ്വീകരിച്ച് രണ്ട് മെത്രാന്മാരോടൊപ്പം തിരിച്ചെത്തി. കബ്രാളിന്റെ കൂടെ 1501-ൽ പോർത്തുഗലിലേക്ക് പോയി. ലിസ്ബൻ, വെനീസ്, റോം എന്നിവിടങ്ങൾ സന്ദർശിച്ചു. വെനീസിൽ വച്ച് മലങ്കരസഭയെപ്പറ്റി ഇദ്ദേഹം പറഞ്ഞ വിവരങ്ങൾ സമാഹരിച്ച് ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടു. കേരളത്തിൽ തിരിച്ചെത്തിയ ഇദ്ദേഹം 1518 വരെ കൊടുങ്ങല്ലൂർ വികാരി ആയിരുന്നു.

ജോസഫ്, ഇ. ജെ.: മലങ്കരസഭാ സെക്രട്ടറിയായിരുന്നു. സഭാട്രസ്റ്റി ആയിരുന്ന എറികാട്ട് കുഞ്ചപ്പന്റെ പുത്രൻ. സുദീർഘകാലം സഭാ സെക്രട്ടറി ആയിരുന്ന ഇദ്ദേഹം കോട്ടയം താഴത്തങ്ങാടി പള്ളി സ്ഥാപിക്കുവാൻ നേതൃത്വം നൽകി.

ജോസഫ് എം. പുതുശ്ശേരി: രാഷ്ട്രീയ നേതാവ്. പുതുശ്ശേരി കൈതയിൽ റിട്ട. അദ്ധ്യാപകൻ റ്റി. എ. മാമ്മന്റെ പുത്രനായി 1959 ഏപ്രിൽ 28 ന് ജനിച്ചു. ബാലജനസഖ്യം, യൂത്ത് ഫ്രണ്ട് വഴി രാഷ്ട്രീയത്തിൽ എത്തി. കല്ലൂപ്പാറ മണ്ഡലത്തെ പ്രതിനിധീകരിച്ച് 1991-ലും 2001-ലും 2006-ലും നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ചു. കേരള കോൺഗ്രസ് (എം) ജനറൽ സെക്രട്ടറിയായും പാർട്ടി വക്താവായും വിവിധ ഉന്നതതല കമ്മിറ്റി അംഗമായും പ്രവർത്തിക്കുന്നു. കല്ലൂപ്പാറ ഇടവകാംഗം. സഭാ മാനേജിംഗ് കമ്മറ്റിയംഗമായി പ്രവർത്തിച്ചിട്ടുണ്ട്. തികഞ്ഞ സഭാ സ്നേഹി.

ജോസഫ് കരിയാറ്റിൽ, മാർ (1742-1766): പറവൂരിനടുത്ത് ആലങ്ങാട് 1742 മെയ് 6-ന് ജനിച്ചു. റോമിൽ വൈദിക വിദ്യാഭ്യാസം. വൈദിക

പട്ടമേറ്റ് നാട്ടിലെത്തി. റോമിൽ തത്വശാസ്ത്രം, ദൈവശാസ്ത്രം, കാനോൻ എന്നിവയിൽ ഡോക്ടർ ബിരുദം നേടി. ആലങ്ങാട് സെമിനാരിയിൽ മല്പാൻ. ആറാം മാർത്തോമ്മാ കേരളത്തിലെ കത്തോലിക്കാ വിഭാഗവുമായി അനുരഞ്ജനപ്പെടുവാൻ ശ്രമിക്കുന്ന കാലമായിരുന്നു അത്. വിദേശിയനായ സാലസ് മെത്രാൻ അനുരഞ്ജനത്തെ ഭയപ്പെട്ടു. യൗസേപ്പ് മല്പാൻ ഇക്കാര്യത്തിൽ 6-ാം മാർത്തോമ്മായെ ധൈര്യപ്പെടുത്തി. 6-ാം മാർത്തോമ്മായുടെ ഒരു കത്തും വാങ്ങി മല്പാൻ റോമിലേക്ക് യാത്രയായി. പാപ്പ ഇദ്ദേഹത്തെ മെത്രാനായി 1783 ഫെബ്രുവരി 17-ന് ലിസ്ബണിൽ വച്ച് വാഴിക്കുകയും കൊടുങ്ങല്ലൂർ അതിരൂപതയുടെ ആർച്ച് ബിഷപ്പായി നിയമിക്കുകയും അനുരഞ്ജനശ്രമവുമായി മുന്നോട്ടുപോകുവാൻ അനുവദിക്കുകയും ചെയ്തു. എന്നാൽ മടക്കയാത്രയിൽ 1786 സെപ്തം. 9-ന് ഗോവയിലെ ആർച്ച്ബിഷപ്പിന്റെ ആസ്ഥാനത്തുവച്ച് അദ്ദേഹം സംശയകരമായ സാഹചര്യത്തിൽ നിര്യാതനായി. കൂടെയുണ്ടായിരുന്ന പാറേമ്മാക്കൽ തോമ്മാ കത്തനാർ ഈ സാഹസികമായ റോം യാത്രയെപ്പറ്റി എഴുതിയ *വർത്തമാനപ്പുസ്തക*മാണ് മലയാളത്തിലെ ഒന്നാമത്തെ യാത്രാവിവരണ കൃതി.

ജോസഫ് ചെറുവത്തൂർ (1906-1985): കുന്നംകുളം വറീയതിന്റെ മകൻ. 1906 സെപ്തം. 21-ന് ജനനം. അദ്ധ്യാപകൻ. സരള ബുക്ക് ഡിപ്പോ സ്ഥാപകൻ. വിസ്തൃത മനഃപാഠം, പുഞ്ചിരി, അന്നക്കുട്ടി, അശ്രുപൂജ, വിശുദ്ധ കാവ്യസങ്കീർത്തനങ്ങൾ, കലാവതി, ഇംഗ്ലീഷ്-മലയാളം ഡിക്ഷ്ണറി, മലയാളം-ഇംഗ്ലീഷ് നിഘണ്ടു തുടങ്ങി അമ്പതോളം കൃതികൾ അദ്ദേഹം രചിച്ചു. എല്ലാ സ്കൂൾ പാഠപുസ്തകങ്ങളുടെയും അതത് കാലത്തെ ഗൈഡുകൾ അദ്ദേഹം രചിച്ചു. പുസ്തകശാലയിലൂടെയും ട്രെയിനിലെ കംപാർട്ട്മെന്റുകളിലൂടെയും അദ്ദേഹം പുസ്തകവ്യാപാരം നേരിട്ട് നടത്തി. കേരള അക്ഷരശ്ലോക പരിഷത്തിന്റെ അദ്ധ്യക്ഷൻ ആയിരുന്നു. ഇത്രയും വൈവിധ്യമാർന്ന വിഷയങ്ങളിലും പ്രസ്ഥാനങ്ങളിലും ഇത്രയേറെ മലയാള കൃതികൾ രചിച്ച മറ്റൊരാൾ മലങ്കരസഭയിലുണ്ടായിട്ടില്ല. പുസ്തകരചന, പുസ്തക പ്രസാധനം, പുസ്തക വ്യാപാരം, അദ്ധ്യാപനം തുടങ്ങിയ പ്രവർത്തനമേഖലകളിൽ സ്വന്തം വഴിവെട്ടിയുണ്ടാക്കിയ മറ്റു മലയാളികൾ തന്നെ കാണുമോ എന്ന് സംശയമാണ്. ആരും വേണ്ടതു പോലെ സഹായിച്ചില്ല; വേണ്ടതുപോലെ അംഗീകരിച്ചുമില്ല. 1985 മാർച്ച് 29-ന് സഭാസ്നേഹിയായ ആ സാഹിത്യകാരൻ ദിവംഗതനായി. മരിക്കുമ്പോൾ അദ്ദേഹം പദ്യവിവർത്തനം ചെയ്ത കാവ്യസങ്കീർത്തനങ്ങൾ അദ്ദേഹം നിർദ്ദേശിച്ചതിൻപ്രകാരം മൃതദേഹത്തോടൊപ്പം വച്ചിരുന്നു.

ജോസഫ് കോറെപ്പിസ്കോപ്പാ പുലിക്കോട്ടിൽ: കുന്നംകുളം പുലിക്കോട്ടിൽ മാണി-ഇട്ട്യേനം ദമ്പതികളുടെ മകൻ. ജനനം 20-3-1929.

കസ്റ്റംസ് വകുപ്പിലെ ജോലി രാജിവച്ചു. 25-11-1948 ന് ഗീവറുഗ്ഗീസ് II ബാവ യൗപ്പദ്യക്കിനോ, 17-7-1951 ന് പൂർണ്ണ ശെമ്മാശുപട്ടം, 21-10-51 ൽ കശീശാപട്ടവും സ്വീകരിച്ചു. ഔഗേൻ ബാവ ഗുരു. ആർത്താറ്റ്-കുന്നംകുളം പള്ളികളിൽ സുദീർഘകാലം വികാരി. മനപ്പള്ളി, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. കുന്നംകുളം ഇടവകയിൽ മോളി തോലത്ത് സഹധർമ്മിണി. 1992 നവം. 25-ന് മാർ മിലിത്തിയോസ്, കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. ഭദ്രാസന കൗൺസിൽ, മാനേജിംഗ് കമ്മറ്റി, സീയോൻ സന്ദേശം പത്രാധിപസമിതി എന്നിവയിൽ അംഗമായ ഇദ്ദേഹം റേഡിയോ നാടകങ്ങളും ചെറുകഥകളും രചിച്ചിട്ടുണ്ട്. കോട്ടയം പഴയ സെമിനാരി സ്ഥാപകന്റെയും പരുമല സെമിനാരി സ്ഥാപകന്റെയും ജീവചരിത്രങ്ങൾ രചിച്ച ഇദ്ദേഹം റിട്ടയർ ചെയ്ത് 98 മുതൽ വിശ്രമജീവിതം നയിക്കുന്നു.

ജോസഫ് കോറെപ്പിസ്ക്കോപ്പാ, കെ. സി.: പഴഞ്ഞി കുറ്റിക്കാട്ടിൽ ചുമ്മാർ-ഇട്ട്യേനം ദമ്പതികളുടെ മകൻ. ജനനം 21-10-1932. ഗീവർഗ്ഗീസ് II കാതോലിക്കാ 1951 ഏപ്രിൽ 7-ന് പഴയസെമിനാരിയിൽ കോറൂയോ, 1953-ൽ മാർ അത്താനാസ്യോസ് യൗപ്പദ്യക്കിനൊ, 1954 ഏപ്രിൽ 9-ന് കുന്നംകുളം പഴയപള്ളിയിൽ വച്ച് ഔഗേൻ മാർ തീമോത്തിയോസിൽ നിന്ന് പൂർണ്ണശെമ്മാശൻ, 54 ഏപ്രിൽ 10-ന് പഴഞ്ഞിയിൽ വച്ച് കശ്ശീശാപട്ടവും നല്കി. പഴഞ്ഞി പ്രദേശത്തുള്ള എല്ലാ പള്ളികളുടെയും വികാരി. കുന്നംകുളം പഴഞ്ഞി സണ്ടെസ്കൂൾ അസോസ്യേഷന്റെ സ്ഥാപക സെക്രട്ടറി, കൊച്ചി ഭദ്രാസന സെക്രട്ടറി, ജില്ലാ ഇൻസ്പെക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. കൊച്ചി ഭദ്രാസന ഡയറക്ടറിയുടെ എഡിറ്റർ ആയ ഇദ്ദേഹം പഴഞ്ഞി എം. ഡി. കോളജ് സ്ഥാപക സെക്രട്ടറിയായിരുന്നു. ആർത്താറ്റ് അരമന കോംപ്ലക്സ് നിർമ്മാണത്തിൽ നിർണ്ണായകപങ്കു വഹിച്ചു. മൂലേപ്പാട് ഇടവകയിൽ കൊച്ചന്നയാണ് ഭാര്യ. 1993-ൽ പൗലോസ് മാർ മിലിത്തിയോസ് ഇദ്ദേഹത്തിന് കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകി. 2006 മുതൽ റിട്ടയർ ചെയ്തു വിശ്രമജീവിതം നയിക്കുന്നു.

ജോസഫ് ചീരൻ, ഫാ. ഡോ.: പഴഞ്ഞി ചീരൻ ഗീവറുഗ്ഗീസ് കശ്ശീശായുടെ പുത്രൻ മാത്തപ്പന്റെയും കുഞ്ഞാത്തിരിയുടെയും മകൻ. ജനനം 1-7-1945. തൃശ്ശൂർ സി. എം. എസ്. ഹൈസ്കൂളിലും, ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലും അദ്ധ്യാപകനായിരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് പി. എച്ച്. ഡി. നേടി.

10.8.68-ൽ കോറൂയോ (കൊരട്ടി). 28.6.69-ന് യൗപ്പദ്യക്കിനോ (കൊരട്ടി), 4.3.72-ന് പൂർണ്ണ ശെമ്മാശുപട്ടം (കൊരട്ടി). 11.3.1972-ന് കശ്ശീശാപട്ടം (പഴഞ്ഞി) എന്നിവ ഗുരു കൂടെയായ യൂഹാനോൻ മാർ സേവേറി

യോസിൽ നിന്ന് സ്വീകരിച്ചു. കൊച്ചി, കുന്നംകുളം, തൃശൂർ എന്നീ ഭദ്രാസനങ്ങളിൽ സേവനം ചെയ്തു. കൊച്ചി ഭദ്രാസന ഡയറക്ടറി (അസി. എഡിറ്റർ), പഴഞ്ഞി സുവനീർ (എഡിറ്റർ), ചൊവ്വന്നൂർ സുവനീർ (എഡി.), മാർ ദീവന്നാസ്യോസ് നവനി സുവനീർ (എഡി.), സീയോൻ സന്ദേശം-ഇടവക പത്രിക (ചീഫ് എഡിറ്റർ) എന്നിങ്ങനെ പ്രവർത്തിച്ചു. മാർ സേവേറിയോസ് ഫൗണ്ടേഷൻ, മാർ ദീവന്നാസ്യോസ് പഠനകേന്ദ്രം, എറണാകുളം സഭാചരിത്രസമിതി, കുന്നംകുളം ക്രിസ്ത്യൻ സ്റ്റഡി സെന്റർ എന്നിവയുടെ സ്ഥാപക അധ്യക്ഷൻ. രണ്ടു ഡസനിലധികം ഗ്രന്ഥങ്ങളും 250-ലേറെ ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ച ഇദ്ദേഹത്തിന്റെ ജീവചരിത്ര കുറിപ്പുകൾ അന്താരാഷ്ട്ര തലത്തിലുള്ള who is who ഗ്രന്ഥങ്ങളിൽ ചേർത്തിട്ടുണ്ട്.

യുവജനപ്രസ്ഥാനത്തിന്റെ ഭദ്രാസന സെക്രട്ടറി, വൈദിക സെക്രട്ടറി, കൗൺസിലംഗം, ജില്ലാ ഇൻസ്പെക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ റിസർച്ച് ഗൈഡ് ആണ്. ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിൽ മുഖ്യ ലേഖകരിലൊരാളായും വിദ്യാർത്ഥിപ്രസ്ഥാനം തയാറാക്കുന്ന ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ വിവർത്തകരിലൊരാളായും പ്രവർത്തിച്ചു. ഷഷ്ടിപൂർത്തി പ്രമാണിച്ച് 'അക്ഷരങ്ങളുടെ ആചാര്യൻ' എന്ന ഒരു സ്മാരക ഗ്രന്ഥം ഇദ്ദേഹത്തെപ്പറ്റി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'സഭാ ദർശൻ' എന്ന പേരിൽ മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള വീഡിയോ, ഒരു മണിക്കൂർ ദൈർഘ്യമുള്ള സുറിയാനി രാഗങ്ങളുടെ ഓഡിയോ കാസറ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥിപ്രസ്ഥാനം തയാറാക്കുന്ന ഓർത്തഡോക്സ് സ്റ്റഡി ബൈബിളിന്റെ ഭാഷാ വിദഗ്ദ്ധനായി സേവനം അനുഷ്ഠിക്കുന്നു.

ജോസഫ് വെണ്ടറപ്പിള്ളി, ഫാ.: തൃപ്പൂണിത്തുറ വർക്കി ഇട്ടന്റെ മകൻ. ജനനം 23-2-1930. വടവ്കോട് രാജർഷി ഹൈസ്കൂളിൽ അധ്യാപകൻ. 3-5-1966 ൽ വൈദികൻ. വൈദികസെമിനാരി അദ്ധ്യാപകൻ, കൊച്ചി ഭദ്രാസന സെക്രട്ടറി, അഡ്മിനിസ്ട്രേറ്റർ, മർത്ത മറിയം സമാജം വൈസ് പ്രസിഡന്റ്, സണ്ടേസ്കൂൾ ഡയറക്ടർ, ഡൽഹി ഭദ്രാസന സെക്രട്ടറി, ആന്ധ്രാ സൈക്ലോൻ റിലീഫ് പ്രോജക്റ്റ്, ചിൽഡ്രൻസ് വെൽഫെയർ ബോർഡ്, പ്രീസ്റ്റ് വെൽഫെയർ ഫണ്ട് എന്നിവയിൽ പ്രവർത്തിച്ച ഇദ്ദേഹം മികച്ച വാഗ്മി, സംഘാടകൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്. സഭാ വിഭജനകാലത്ത് വടക്കൻ ഭദ്രാസനങ്ങളിൽ ഇദ്ദേഹം നടത്തിയ പ്രസംഗ പര്യടനങ്ങൾ അവിസ്മരണീയമാണ്. ന്യൂയോർക്കിലെ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ അവാർഡിന് അർഹനായി. ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസിന്റെ സെക്രട്ടറി ആയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ സൺഡേസ്കൂൾ കരിക്കുലം കമ്മിറ്റി സെക്രട്ടറിയായും പ്രവർത്തിച്ചു.

ദീർഘകാലം സഭാ മാനേജിംഗ് കമ്മിറ്റിയിലും വർക്കിംഗ് കമ്മിറ്റിയിലും അംഗമായിരുന്ന ഇദ്ദേഹം സീയോൻ സന്ദേശം മാസികയുടെ എഡിറ്റർ ആയും അല്പകാലം പ്രവർത്തിച്ചു. 2006-ൽ നിര്യാതനായി.

ജ്ഞാനനിക്ഷേപം: മലയാളത്തിലെ മൂന്നാമത്തെ മാസിക. അച്ചടി യന്ത്രത്തിൽ അച്ചടിച്ച ആദ്യത്തെ മാസിക. 1848 നവംബറിൽ സി. എം. എസ്. (കോട്ടയം) പ്രസിൽ നിന്ന് പ്രസിദ്ധീകരിച്ചു. റവ. ബെഞ്ചമിൻ ബെയിലി ആണ് ഇത് പുറത്തിറക്കിയത്. ഒരു ചക്രം (3 പൈസ) ഒറ്റ പ്രതിയുടെ വില. ആർച്ച് ഡീക്കൻ ഉമ്മൻ കോശി എഴുതിയ 'പുല്ലേലി ക്കുഞ്ചു' എന്ന നോവൽ ഈ മാസികയിലൂടെയാണ് പുറത്തുവന്നത്. മുടക്കം കൂടാതെ ഇതിന്റെ പ്രസിദ്ധീകരണം നടന്നുവരുന്നു.

ജ്ഞാനവാദം: ആദ്യകാല വേദവിപരീതം. യഹൂദമതം, സൊറാ സ്ട്രിയ മതം, ക്രിസ്തുമതം എന്നിവയുടെ മിശ്രണമായ പുതിയ മതം. പ്രപഞ്ചത്തെക്കുറിച്ച് ദ്വൈതസിദ്ധാന്തം. പദാർത്ഥ പ്രപഞ്ചവും, ആത്മ പ്രപ ഞ്ചവും സ്രഷ്ടാക്കളായി ഡെമിയേർഗും ദൈവവും. രക്ഷ ലഭിക്കുന്നത് അദൃശ്യ ജ്ഞാന പ്രവർത്തനത്തിലൂടെ. ദൈവം ആത്യന്തിക നന്മയാണ്. തന്മൂലം മനുഷ്യാവതാരം അസാധ്യം.

ജ്ഞാന സ്നാനം: '*മാമ്മൂദീസാ*' കാണുക.

ജ്ഞാനികൾ: ശിശുവായ യേശുവിനെ സന്ദർശിച്ച് പൊന്നും മൂരും കുന്തുരുക്കവും സമ്മാനിച്ച വിദ്വാന്മാർ. ഈ മൂന്ന് വിദ്വാന്മാരിൽ ഒരാൾ ക്ഷത്രിയ രാജാവാണെന്ന് മാർത്തോമ്മായുടെ പേരിൽ മലങ്കരസഭയിൽ പ്രചാരത്തിലിരുന്ന അപ്പൊക്രിഫൽ സുവിശേഷത്തിൽ കാണുന്നു. അവർ മൂന്ന് രാജാക്കൾ ആണെന്ന പാരമ്പര്യവും മലങ്കരസഭയിലുണ്ട്. ജ്യോതിഷ ജ്ഞാനത്തിലൂടെയാണ് അവർ യേശുവിന്റെ ജനനം മനസ്സിലാക്കിയത്.

ഈ മൂന്നു രാജാക്കന്മാരിലൊരാൾ പിറവംകാരനാണെന്ന് തദ്ദേശവാ സികൾ വിശ്വസിക്കുന്നു. പിറവം വലിയപള്ളി മൂന്നു രാജാക്കന്മാരുടെ പേരിൽ പ്രശസ്തമായ ഒരു തീർത്ഥാടനകേന്ദ്രവുമാണ്. മൂന്ന് വിദ്വാന്മാർ പേർഷ്യാക്കാർ ആയിരിക്കാനാണ് സാധ്യത. മലങ്കരസഭയുടെ പേർഷ്യൻ ബന്ധ കാലത്ത് വന്ന മെത്രാന്മാരുടെയോ മറ്റോ സ്വാധീനത്താൽ പിറവം പള്ളിയിൽ മൂന്നു രാജാക്കളുടെ പെരുന്നാളും മറ്റും ആഘോഷിക്കാൻ തുടങ്ങിയത് പിന്നീട് ഇപ്പോഴത്തെ അവകാശവാദങ്ങളിലേക്കു നീങ്ങിയ താവാം. 19-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച പിറവത്തെ ക്നാനായ പള്ളിയും മൂന്നു രാജാക്കന്മാരുടെ രൂപവും മറ്റും പള്ളിക്കുള്ളിൽ സ്ഥാപിച്ച് ഈ വിശ്വാസത്തെ മുതലെടുക്കാൻ ശ്രമിച്ചിട്ടുണ്ട്.

ജ്ഞാനാർണ്ണവ തേവോലോഗോസ് (330-389): കപ്പദോക്യൻ

പിതാക്കന്മാരിൽ ഒരാളായ നാസിയാൻസസിലെ വി. ഗ്രീഗോറിയോസിനെ ദൈവശാസ്ത്രജ്ഞൻ (തേവോലോഗോസ്) എന്ന് സഭ ഔദ്യോഗികമായി പരാമർശിച്ചിട്ടുണ്ട്. ജ്ഞാനാർണ്ണവം = വിജ്ഞാനക്കടൽ (യാമോദ് ഹെക് മോസോ). കൂടുതൽ വിവരങ്ങൾക്ക് '*ഗ്രീഗോറിയോസ്, നാസിയാൻസസ്*' കാണുക.

ഞ

ഞായറാഴ്ച: ഏഴാം ദിവസം വിശുദ്ധം. അത് വിശ്രമദിനം. ആരാധനയുടെ മാത്രം ദിനം എന്ന് മോശയുടെ ന്യായപ്രമാണം. ക്രിസ്തുവിന്റെ ഉയിർപ്പ് മൂലം ഈ പ്രാധാന്യം ആഴ്ചവട്ടത്തിന്റെ ആദ്യദിനമായ ഞായറാഴ്ചയ്ക്ക് അപ്പസ്തോലന്മാർ നൽകി (പ്രവ. 20:7; 1 കോരി. 16:2; ലൂക്കോ. 24:27; 24:30; യോഹ. 20:24–29 എന്നീ ഭാഗങ്ങൾ കാണുക). വെളിപാട് പുസ്തകം ഞായറാഴ്ചയെ കർത്തൃദിനം എന്ന് വിശേഷിപ്പിക്കുന്നു (1:10). ഓരോ ഞായറാഴ്ചയും ഉയിർപ്പു പെരുനാൾ ആണ്. എ.ഡി. 200 മുതൽ ഞായറാഴ്ചയിലും ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയും മുട്ടുകുത്തൽ ഇല്ല. 321 മാർച്ച് 7-ന് മഹാനായ കുസ്തന്തീനോസ് ചക്രവർത്തിയുടെ കല്പനയെ തുടർന്നാണ് ഞായർ ഒഴിവുദിവസം ആയത്. ഞായറാഴ്ചയ്ക്കു പകരം വെള്ളിയാഴ്ച പൊതു ഒഴിവുദിനമായ നാടുകളിൽ അത് പൊതു ആരാധനാദിനമായി ആചരിക്കുന്നുണ്ട്.

ഞാറപ്പക്ഷി (pelican): ചുണ്ടു കൊണ്ട് സ്വന്തം ശരീരം കൊത്തിക്കീറി ഹൃദയത്തിൽ നിന്ന് കുഞ്ഞുങ്ങൾക്ക് രക്തം നല്കുന്ന ഈ പക്ഷിയുടെ രൂപം തിരുശരീര രക്തങ്ങളിലൂടെ സഭയെ പോഷിപ്പിക്കുന്ന യേശുക്രിസ്തുവിന്റെ പ്രതിരൂപമായി സഭയിൽ ഉപയോഗിച്ചിരുന്നു.

ട

ടില്ലിച്ച്, പോൾ (1886-1965): പ്രോട്ടസ്റ്റണ്ട് ദൈവശാസ്ത്രജ്ഞൻ. ലൂതറൻ പുരോഹിതന്റെ പുത്രൻ. സൈന്യത്തിൽ ചാപ്ലെൻ ആയും മാർബർഗിലെ ദൈവശാസ്ത്ര പ്രൊഫസർ ആയും പ്രവർത്തിച്ചു. 1933 മുതൽ അമേരിക്കയിൽ. അവിടെ കാൾ ബാർത്ത് ചിന്താപരമായി സ്വാധീനിച്ചു. ന്യൂയോർക്ക് യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ അധ്യാപകൻ. “സിസ്റ്റമേറ്റിക് തിയോളജി’ എന്ന ഗ്രന്ഥത്തിന്റെ കർത്താവ്.

ടെലമാക്കസ്, വി.: പൗരസ്ത്യസഭയിലെ ഒരു സന്യാസി. വന്യമൃഗങ്ങളുമായി മല്ലയുദ്ധം നടത്തുവാൻ റോമൻ കൊളീസിയത്തിൽ മനുഷ്യരെ ഇറക്കിവിടുകയും ഒരാളുടെ മരണംവരെ ദ്വന്ദയുദ്ധം നടത്തിക്കുന്നതുമായ ക്രൂരവിനോദങ്ങൾക്കെതിരെ ഈ സന്യാസി നിഷ്ഫലമായി പ്രതികരിച്ചു. 391 ജനു. 1 ന് അപ്രകാരം നടന്ന ദ്വന്ദയുദ്ധത്തിലെ പോരാളികളെ പിന്തിരിപ്പിക്കുവാൻ കൊളീസിയത്തിലെ യുദ്ധക്കളത്തിലേക്ക് ഇറങ്ങിച്ചെന്ന ടെലമാക്കസിനെ ആവേശഭരിതരായ കാണികൾ ഭ്രാന്തമായി പിച്ചിക്കീറിക്കൊന്നു. അദ്ദേഹം രക്തസാക്ഷിയായി. ഈ സംഭവം ഹൊണോറിയസ് ചക്രവർത്തിയെ ആഴത്തിൽ സ്പർശിച്ചു. അദ്ദേഹം ഈ നരമേധത്തിനെതിരെ കല്പനയിറക്കി. ആ വിനോദം അപ്രകാരം നിറുത്തലാക്കപ്പെട്ടു.

ടോൾസ്റ്റോയ്, ലിയോ (1828-1910): സമുദായ നവോത്ഥാന പ്രവർത്തകനായ റഷ്യൻ നോവലിസ്റ്റ്. റൂസ്സോയുടെ കൃതികൾ സ്വാധീനിച്ചു. അടിമകളുടെ ഉദ്ധാരണം ജീവിതലക്ഷ്യമായി സ്വീകരിച്ചു. 1851-ൽ റഷ്യൻ സേനാംഗമായി. 1855-ൽ ആദ്യ കൃതി. ജർമ്മനി, ഫ്രാൻസ്, ഇറ്റലി, സ്വിറ്റ്സർലണ്ട്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. നാട്ടിൽ തിരിച്ചെത്തി സ്കൂളുകൾ സ്ഥാപിച്ചു. യുദ്ധവും സമാധാനവും, അന്നാകരിനീനയും പ്രധാന നോവലുകൾ. ആചാരവിമർശകനായ ടോൾസ്റ്റോയിയെ റഷ്യൻ ഓർത്തഡോക്സ് സഭ പുറത്താക്കി. ക്രിസ്തുവിന്റെ ദിവ്യത്വം അംഗീകരിച്ചില്ല. ടോൾസ്റ്റോയിയുടെ അഹിംസാധിഷ്ഠിതമായ മനുഷ്യസ്നേഹം ഗാന്ധിജിയെ ആകർഷിച്ചിരുന്നു.

ട്രാലിയൻ സിനഡ്: 692-ൽ ചേർന്ന പൗരസ്ത്യ ബിഷപ്പുമാരുടെ കൗൺസിൽ. ജസ്റ്റീനിയൻ II ചക്രവർത്തിയുടെ കോൺസ്റ്റാണ്ടിനോപ്പി

ളിലെ കൊട്ടാരത്തിലെ ട്രാലസ് എന്ന് പേരിട്ട മുറിയിലാണ് സിന്നഡ് സമ്മേളിച്ചത്. വൈദികരുടെ വിവാഹം, വസ്ത്രധാരണം, പട്ടത്വത്തിന് വേണ്ട പ്രായപരിധി, വിവാഹം സംബന്ധിച്ച കാര്യങ്ങൾ എന്നിവ സംബന്ധിച്ച് കൗൺസിൽ തീരുമാനങ്ങൾ എടുത്തു.

ട്രീവിയം: വ്യാകരണം, അലങ്കാരം, തർക്കം എന്നീ മൂന്ന് ശാസ്ത്രവിഷയങ്ങൾക്ക് മധ്യകാലഘട്ടത്തിൽ കൊടുത്ത പൊതുനാമധേയം. ക്വാഡ്രിയവും ഉണ്ട്. ഇതിൽ സംഗീതം, അങ്കഗണിതം, ക്ഷേത്രഗണിതം, വാനശാസ്ത്രം എന്നിവ ഉൾപ്പെടുന്നു. ഇവയാണ് സപ്ത സ്വതന്ത്ര കലകൾ.

ടെഷ്യൻ (160): അസ്സീറിയ സ്വദേശിയായ വിശ്വാസസ്ഥാപകൻ; ജ്ഞാനവാദി. യവന തത്വശാസ്ത്രവും അലങ്കാരശാസ്ത്രവും പഠിച്ചു. റോമിൽ വച്ച് ക്രിസ്തുമതം സ്വീകരിച്ചു. ജസ്റ്റിൻ മാർട്ടിയറുടെ ശിഷ്യൻ. തിന്മയുടെ പ്രതീകമാണ് യവന സംസ്കാരമെന്ന് ടെഷ്യൻ വാദിച്ചു. ഡയറ്റെസറോൺ എന്ന കൃതിയാണ് അദ്ദേഹത്തെ പ്രശസ്തിയിലാക്കിയത്. നാലു സുവിശേഷങ്ങളും കൂട്ടിച്ചേർത്ത് എഡിറ്റ് ചെയ്തു തയാറാക്കിയ ക്രിസ്തുചരിതമാണ് ഡയറ്റെസറോൺ. വി. ഐറേനിയസ്, തെർത്തുല്യൻ, അലക്സാന്ത്രിയായിലെ ക്ലീമ്മീസ്, വി. ഹിപ്പോലിറ്റസ്, ഓറിഗൻ എന്നിവരുമായി നിരന്തരം സാഹിത്യരചനകളിലൂടെ അദ്ദേഹം സംവാദത്തിലേർപ്പെട്ടു. ടെഷ്യൻ അവലംബിച്ച വേദപുസ്തക രചനാരീതിയാണ് കഷ്ടാനുഭവാഴ്ചയുടെ ഏവൻഗേലിയോനുകളിൽ കാണുന്ന ശൈലി. നാലു സുവിശേഷങ്ങളിലേയും ഭാഗങ്ങൾ ആവശ്യാനുസരണം ഇടകലർത്തി സംഭവവിവരണം തയാറാക്കുവാനുള്ള പൂർവമാതൃക ടെഷ്യൻ ആകാം.

ടെലിയോളജി: പ്രപഞ്ചം സോദ്ദേശ്യമായി രൂപകല്പന ചെയ്ത് സംവിധാനം ചെയ്യപ്പെട്ട ഒരു പദ്ധതിയുടെ ഭാഗമാണെന്നും അതിന്റെ ക്രമവും താളവും ഒരു സംവിധായകന്റെ കലാവിരുതാണെന്നും ആ സംവിധായകൻ ദൈവമാണെന്നുമുള്ള ക്രിസ്ത്യൻ ദർശനം. പ്ലേറ്റോയും അരിസ്റ്റോട്ടിലും തുടങ്ങിവച്ച ഈ പദം തോമസ് അക്വിനാസിന്റെ നേതൃത്വത്തിൽ ഒരു വേദശാസ്ത്ര പദ്ധതിയായി വികസിപ്പിച്ചെടുത്തു.

ടൈപ്പോളജി: ദർശനങ്ങൾ, സിദ്ധാന്തങ്ങൾ ഇവയെ സമർത്ഥമായി ആവിഷ്കരിക്കുവാൻ ഗതകാലസംഭവങ്ങളെയും വ്യക്തികളെയും പ്രതീകങ്ങളായി വേദപുസ്തകത്തിലെ എഴുത്തുകാർ സ്വീകരിച്ചിട്ടുണ്ട്. ഈ ടൈപ്പുകളെപ്പറ്റിയുള്ള പഠനമാണ് ടൈപ്പോളജി. ക്രിസ്തുവിന്റെ മരണം, ഉയിർപ്പ് എന്നിവയെ യോനാ പ്രവാചകന്റെ ചില ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തുന്നത് കാണുക (വി. മത്തായി 12:19-41).

യിസ്രായേൽ ജനത കനാൻ യാത്രയുടെ ആരംഭത്തിൽ ചെങ്കടൽ

തരണം ചെയ്തത് പുതിയനിയമ സ്നാനത്തിന്റെ മുൻകുറി (1 കോരി. 10:1–6); യേശുവിന്റെ നിത്യപൗരോഹിത്യത്തിന്റെ പൗരാണിക പ്രതീകമാണ് മൽക്കിസദെക് (എബ്രാ. 6:20–27). കാൽവറിയിലെ പരമയാഗത്തിന്റെ നിഴ ലാണ് പെസഹാബലിയും പഴയനിയമ യാഗങ്ങളും (എബ്രായ 9–ാം അദ്ധ്യായം).

ട്രെന്റ് സുന്നഹദോസ്: 1545 ഡിസം. 31–ന് ചേർന്ന ഈ കൗൺസി ലിനെ കത്തോലിക്കാസഭ 19–ാം എക്യുമെനിക്കൽ (സാർവത്രിക) കൗൺ സിൽ എന്ന് വിശേഷിപ്പിക്കുന്നു. പ്രോട്ടസ്റ്റന്റ് വളർച്ചയെ പ്രതിരോധി ക്കുവാനും സഭാഭരണപരവും സദാചാരപരവുമായ പരിഷ്ക്കരണങ്ങൾ ഏർപ്പെടുത്തുവാനും പോപ്പ് പോൾ മൂന്നാമൻ 1537 മുതൽ ഒരുക്കം കൂട്ടി. അച്ചടക്കവും ഡോഗ്മായും ഒന്നിച്ചു ചർച്ച ചെയ്യേണ്ടതാണെന്നും നിഖ്യാ യുടെ തീരുമാനങ്ങൾ വിശ്വാസപരമായി സഭയുടെ അടിസ്ഥാനം ആയി രിക്കണമെന്നും മതവിശ്വാസങ്ങളുടെ അടിസ്ഥാനമായി വേദപുസ്തകവും പാരമ്പര്യവും ഒരുപോലെ സ്വീകരിക്കേണ്ടതാണെന്നും കൗൺസിൽ നിശ്ച യിച്ചു. ജന്മപാപം, നീതീകരണം, പുണ്യം, ഏഴു കൂദാശകൾ, വസ്തുഭേദ സിദ്ധാന്തം, ബെസ്പുർക്കാന, പുണ്യവാന്മാരോടുള്ള അപേക്ഷ, തിരുശേ ഷിപ്പുകൾക്കും പ്രതിരൂപങ്ങൾക്കുമുള്ള വണക്കം, പാപമോചനച്ചീട്ട് എന്നിവയെ സംബന്ധിച്ച് ഉപദേശപരമായ തീരുമാനങ്ങൾ സ്വീകരിച്ചു. പ്രോട്ടസ്റ്റാന്റിസത്തെ ചെറുക്കുവാനും സഭയിലെ അച്ചടക്കം വർദ്ധിപ്പിക്കു വാനും ഈ കൗൺസിലിന് കഴിഞ്ഞു.

ട്രൈത്തയിസം: ത്രിത്വത്തിൽ മൂന്ന് വ്യത്യസ്ത സത്തകളുണ്ട് എന്ന അബദ്ധോപദേശം. ത്രിത്വോപദേശത്തിന്റെ അടിസ്ഥാന തത്വമാണ് ഏക സാരാംശം. ഭാരതത്തിലെ ത്രിമൂർത്തി സങ്കല്പത്തിന് ഈ സിദ്ധാന്ത ത്തോട് ചായ്‌വുള്ളതായി തോന്നുന്നു.

ഡ

ഡക്കാപ്പോലീസ്: പാലസ്തീനിലെ സിതോപോലീസ്, ഹിപ്പോ, ഗദര, പെല്ല, ഫിലാദൽഫിയാ, ഗെരസ, ദിയോൻ, കനാഥ, ദമസ്ക്കോസ്, റഫന എന്നീ പത്ത് നഗരങ്ങളുടെ പൊതുനാമം.

ഡയലോഗ്: രണ്ടു വ്യക്തികളോ രണ്ടു ഗ്രൂപ്പുകളോ പരസ്പരം മന സ്സിലാക്കുവാൻ നടത്തുന്ന ചർച്ച. സഭകളും മതങ്ങളും ഇപ്രകാരം ഡയ ലോഗുകൾ സംഘടിപ്പിക്കാറുണ്ട്. മലങ്കരസഭയിൽ വിവിധ സഭകളോട് ഡയലോഗുകൾ നടത്തുവാനുള്ള വിദഗ്ദ്ധ സമിതികൾ പ്രവർത്തിക്കു ന്നുണ്ട്.

ഡയോക്ലീഷൻ ചക്രവർത്തി: മൂന്നാം നൂറ്റാണ്ടിൽ ക്രൈസ്തവസ ഭയെ പീഡിപ്പിച്ച റോമൻ ചക്രവർത്തി. ചക്രവർത്തിയെ ആരാധിക്കുവാൻ കല്പനയിറക്കി. ക്രൈസ്തവ രചനകൾ നിഷേധിക്കുക, ആരാധനാലയ ങ്ങൾ നശിപ്പിക്കുക, സർക്കാരുദ്യോഗങ്ങളിൽ നിന്ന് ക്രിസ്ത്യാനികളെ പിരിച്ചുവിടുക, ക്രിസ്ത്യൻ ആചാര്യന്മാരെ ജയിലിലിടക്കുക, വധിക്കുക എന്നിവയായിരുന്നു പരിപാടികൾ. ക്രിസ്തുമതത്തോട് അനുഭാവം പ്രക ടിപ്പിച്ച ഭാര്യ പ്രിസ്കയും പുത്രി വലേറിയയും പീഡിപ്പിക്കപ്പെട്ടു. 305-ൽ സ്ഥാനത്യാഗം ചെയ്ത ഇദ്ദേഹം 313-ൽ മരിച്ചു.

ഡൽഹി ഭദ്രാസനം: '*മലങ്കരസഭയിലെ മെത്രാസനങ്ങൾ*' എന്ന ശീർ ഷകം കാണുക.

ഡിഡാക്കേ: 'പന്ത്രണ്ട് അപ്പോസ്തോലന്മാർ മുഖേന ജാതികൾക്ക് കർത്താവ് നൽകുന്ന ഉപദേശം' എന്ന് ഗ്രന്ഥത്തിന്റെ പൂർണ്ണനാമം. ഡിഡാക്കേ എന്ന് ചുരുക്കപ്പേർ. എ. ഡി. 120-180 നു മദ്ധ്യേ എഴുതപ്പെട്ടു. പുതിയനിയമം കഴിഞ്ഞാൽ അടുത്ത പരിഗണന ഈ ലഘുകൃതിക്കുണ്ട്. ഉപവാസദിനങ്ങൾ, സ്നാനശൈലി, വി. കുർബ്ബാനാനുഷ്ഠാനം തുടങ്ങിയ കാര്യങ്ങളെപ്പറ്റി വ്യക്തമായ ഉൾക്കാഴ്ച ഈ കൃതിയിൽ നിന്ന് ലഭിക്കുന്നു.

ഡിഡസ്ക്കാലിയാ: മൂന്നാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ഗ്രീക്കിൽ വിരചിതമായ ഗ്രന്ഥം. ഉത്തര സിറിയായിൽ വച്ച് എഴുതപ്പെട്ടു. സുറിയാനി വിവർത്തനം ലഭ്യമാണ്. 'നമ്മുടെ രക്ഷകന്റെ പന്ത്രണ്ട് അപ്പോ

സ്തോലന്മാരുടെയും വിശുദ്ധ ശിഷ്യന്മാരുടെയും കാതോലിക ഉപദേശം' എന്ന് സുറിയാനി വിവർത്തനത്തിന്റെ തലക്കെട്ട്. മെത്രാന്മാരുടെ ചുമതലകൾ, അനുതാപം, ആരാധന, ശെമ്മാശന്മാരുടെയും ശെമ്മാശിനിമാരുടെയും കർത്തവ്യങ്ങൾ, സഭാ ഭരണം എന്നീ വിഷയങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നു.

ഡി നൊബിലി, റോബർട്ട്: 1605-ൽ ഇന്ത്യയിൽ വന്ന ഇറ്റാലിയൻ മിഷനറി. കാവിവസ്ത്രവും രുദ്രാക്ഷമാലയും ധരിച്ചു. ഭാരതീയ ഭക്ഷണ രീതികൾ, ലളിതമായ ആശ്രമജീവിതം എന്നിവ അവലംബിച്ചു. സംസ്കൃതവും തമിഴും പഠിച്ചു. ഇന്ത്യൻ വേദശാസ്ത്ര ദർശനം രൂപപ്പെടുത്തുവാൻ വിഫലശ്രമം നടത്തി.

ഡീമിത്തോളജൈസേഷൻ: പുതിയനിയമ പഠന നിരൂപണങ്ങളിലെ പുതിയ സമീപനം. മിത്തുകളുടെ ആവരണം അഴിച്ചുമാറ്റി ശുദ്ധമായ ചരിത്രം വീണ്ടെടുക്കുകയാണ് ഈ സമീപനത്തിന്റെ ലക്ഷ്യം. റുഡോൾഫ് ബുൾട്ട്മാൻ എന്ന ജർമ്മൻ പണ്ഡിതനാണ് ഈ നിരൂപണ ശൈലിയുടെ പ്രധാന വക്താവ്.

ഡിയറ്റസറോൻ: നാലു സുവിശേഷങ്ങൾ ആവശ്യാനുസരണം ഇടകലർത്തി അവിച്ഛിന്നമായ ക്രിസ്തുചരിത്രം രചിക്കുവാൻ 150-ൽ ടെഷ്യൻ നടത്തിയ ശ്രമം. 5-ാം നൂറ്റാണ്ടു വരെ സുറിയാനി ഭാഷാ പാരമ്പര്യമുള്ള പള്ളികളിൽ ഈ ഗ്രന്ഥം ഉപയോഗിച്ചു. ഇപ്രകാരം എഴുതപ്പെട്ട പഴയ പുതിയ നിയമങ്ങൾ അടങ്ങിയ ബൈബിളിന്റെ മലയാള പരിഭാഷ മലങ്കര സഭയിൽ പുരാതനമായിട്ടുണ്ടായിരുന്നു. *ഭാരതത്തിലെ പ്രാചീന സുവിശേഷം* എന്ന പേരിൽ ഈ അപൂർണ്ണകൃതി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ശ്ലൈഹിക രചനാശൈലി പില്ക്കാലത്ത് ടെഷ്യൻ ശാസ്ത്രീയമായി പരിഷ്കരിച്ചതാവാം. മലങ്കരസഭയുടെ കഷ്ടാനുഭവ ആഴ്ചയിലെ ഏവൻഗേലിയോൻ വായനകളിൽ ഈ ശൈലിയുടെ സ്വാധീനം കാണുന്നുണ്ട്.

ഡീക്കൺ: '*ശെമ്മാശൻ*' കാണുക.

ഡീഷ്യസ്: ക്രിസ്ത്യൻ പീഡനം അഴിച്ചുവിട്ട റോമ്മാ ചക്രവർത്തി. 249-ൽ ഭരണത്തിൽ പ്രവേശിച്ച ഇദ്ദേഹം 250-ൽ റോമിലെ മെത്രാൻ ഫേബിയനെ വധിച്ചുകൊണ്ട് പീഡനം ആരംഭിച്ചു. ചക്രവർത്തിക്ക് യാഗം നടത്തുവാൻ ആവശ്യപ്പെട്ടു. 251-ൽ ഇദ്ദേഹം മരിച്ചു.

ഡേമിയൻ, ഫാ. (1840-1889): സാധാരണ കർഷക പുത്രൻ. 1863-ൽ സാന്റ്‌വിച്ച് ദ്വീപു സമൂഹത്തിലേക്കയക്കപ്പെട്ടു. 1864-ൽ വൈദികൻ. ഹവായ്, മോളോക്കോ ദ്വീപുകളിൽ പ്രവർത്തിച്ചു. 1873-ൽ മൊളോക്കോയിലെ കുഷ്ഠരോഗികളുടെ കോളനിയിൽ ശുശ്രൂഷ തുടങ്ങി. അദ്ദേഹവും

ഈ ശുശ്രൂഷക്കിടയിൽ കുഷ്ഠരോഗിയായി. 1889-ൽ ദിവംഗതനായി.

ഡേവിഡ് ദാനിയേൽ: മാവേലിക്കര പുതിയകാവ് ആലുമ്മൂട്ടിൽ അമ്പായിക്കൽ ദാനിയേലിന്റെ മകൻ. 1931 ഏപ്രിൽ 14-ന് ജനനം. കേന്ദ്ര സർക്കാരിൽ ഉയർന്ന ഉദ്യോഗം വഹിച്ചു. ദി ഓർത്തഡോക്സ് ചർച്ച് ഓഫ് ഇന്ത്യ, ദൈവമാതാവിനെക്കുറിച്ചുള്ള ഗ്രന്ഥം ഇവ ഇംഗ്ലീഷിൽ രചിച്ചു.

ഡേവിഡ്, ഫാ. കെ.: കാതോലിക്കേറ്റിന്റെ ഭടൻ. ഹൈസ്കൂൾ അദ്ധ്യാപകൻ. സുദീർഘകാലം സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ കേന്ദ്ര തല പ്രവർത്തകൻ, ഡയറക്ടർ ജനറൽ, ടെക്സ്റ്റ് ബുക്ക് കമ്മറ്റി ചെയർ മാൻ. ആദ്യകാല സണ്ടേസ്കൂൾ കരിക്കുലവും ടെസ്റ്റ് പുസ്തകങ്ങളും തയാറാക്കിയ പണ്ഡിതൻ. കോറെപ്പിസ്ക്കോപ്പാ സ്ഥാനം ലഭിച്ചു. മലങ്കര സഭാ ചരിത്രം രചിച്ചു. ചന്ദനപ്പള്ളി സ്വദേശി. നിര്യാതനായി.

ഡേവിഡ്, ഡോ. കെ. എസ്.: കുന്നംകുളം സ്വദേശിയായ മനഃശാസ്ത്രജ്ഞൻ. മനഃശാസ്ത്രപരമായ ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചുകൊണ്ടിരിക്കുന്നു.

ഡൊമിനിക്കൻ: സ്പെയിൻകാരൻ ഡോമിനിക്ക് (1170–1221) പ്രസംഗത്തിനും പ്രബോധനത്തിനും പ്രാധാന്യം നൽകി സ്ഥാപിച്ച സന്യാസ സമൂഹം. സ്ത്രീകളുടെ വിഭാഗവും ഉണ്ട്. കത്തോലിക്കാ സഭയിൽ 14, 15 ശതകങ്ങളിൽ ശക്തി പ്രാപിച്ചു.

ഡോഗ്മ: വ്യക്തിപരമായ അഭിപ്രായം, പൊതുവായ തീരുമാനം, ആധികാരികമായ സിദ്ധാന്തം എന്നൊക്കെ അർത്ഥം. യരുശലേം കൗൺസിലിന്റെ തീരുമാനങ്ങൾ ഈ പദം കൊണ്ട് വിശേഷിപ്പിച്ചു (പ്രവൃത്തി 16:4). രക്ഷക്കാവശ്യമായ വിശ്വാസസത്യങ്ങളെ കത്തോലിക്കാസഭ ഡോഗ്മ എന്ന് പറയുന്നു. അവയെ ലംഘിക്കുന്നവർ വിശ്വാസത്തിന് അന്യരാണ്.

ഡോസെറ്റിസം: യേശുവിന് യഥാർത്ഥ മനുഷ്യശരീരം ഉണ്ടായിരുന്നില്ല എന്ന് പഠിപ്പിക്കുന്ന വേദവിപരീതം. മാർസിയണിസം, ജ്ഞാനവാദം എന്നിവയുടെ ചിന്താധാര ഇതാണ്. ഇഗ്നാത്തിയോസ് നൂറോനോ, പോളിക്കാർപ്പോസ്, ഐറേനിയസ്, തെർത്തുല്യൻ എന്നിവർ ഇതിനെ എതിർത്തു. 3-ാം നൂറ്റാണ്ടിൽത്തന്നെ ഇതിന്റെ ശക്തി ക്ഷയിച്ചു.

ത

തക്ശപ്തൊ (താ): അർത്ഥം അപേക്ഷ. സുറിയാനി ആരാധനാസാഹിത്യത്തിൽ ഒരു ഗീത വിഭാഗം.

തക്സാ (അന്നാഫുറാ): അർത്ഥം ക്രമം. ടാക്സിസ് എന്ന ഗ്രീക്കു പദത്തിന്റെ സുറിയാനി തൽഭവം. സഭയിലെ കൂദാശകളുടെയും ആരാധനകളുടെയും ടെക്സ്റ്റുകൾ തക്സാ എന്ന പൊതുപ്പേരിൽ അറിയപ്പെടുന്നുണ്ടെങ്കിലും വി. കുർബ്ബാന അർപ്പിക്കുവാൻ ഉപയോഗിക്കുന്ന പ്രാർത്ഥനക്രമങ്ങളെയാണ് തക്സാ എന്ന പേരിൽ പ്രത്യേകമായി വിശേഷിപ്പിക്കുന്നത്. യൽദാ, ദനഹാ, ഓശാന, ദുഃഖവെള്ളി, കൃംതാ, പെന്തിക്കോസ്തി തുടങ്ങിയ പെരുന്നാളുകളിൽ നടത്തുന്ന ആരാധനക്രമങ്ങളെ ആണ്ടുതക്സാ എന്ന് വിശേഷിപ്പിക്കാറുണ്ട്. കുർബ്ബാനയിൽത്തന്നെ ദർഗായിൽ കയറിയതിന് ശേഷം ഇറങ്ങുന്നതു വരെ നടത്തുന്ന പ്രാർത്ഥനാഭാഗത്തിനാണ് – അന്നാഫുറാ – തക്സാ എന്ന് സവിശേഷമായി അർത്ഥമാക്കുന്നത്. പല കാലങ്ങളിലും പല സ്ഥലത്തും ആയി ആവിർഭവിച്ച 70–ൽപ്പരം കുർബ്ബാന തക്സാകൾ ഓർത്തഡോക്സ് സുറിയാനിസഭയിലുണ്ട്. പലതും വിവർത്തനത്തിലും അച്ചടിയിലും വന്നിട്ടില്ല. വിവിധ എഴുത്തുകാർ രചിച്ചുവെങ്കിലും ഈ തക്സാകളുടെ ക്രമീകരണവും മാതൃകയും ആദ്യ തക്സാ എന്ന് അംഗീകരിക്കപ്പെട്ട വി. യാക്കോബിന്റെ തക്സായുടേതു തന്നെ. വിശ്വാസത്തിന്റെ നിർവചനങ്ങൾ കൃത്യമായി പ്രബോധിപ്പിക്കുവാനുള്ള ചുമതല ആരാധനക്രമങ്ങൾക്കുള്ളതുകൊണ്ടാണ് എഴുതി തയാറാക്കി അംഗീകരിക്കപ്പെട്ട തക്സാകൾ മാത്രം പൊതു ആരാധനകൾക്കായി ഉപയോഗിക്കുന്നത്. ഇപ്പോൾ കുർബ്ബാന തക്സാ ഇംഗ്ലീഷ്, ഹിന്ദി, തമിഴ് മുതലായ ഭാഷകളിൽ ലഭ്യമാണ്. മാർ യാക്കോബ്, മാർ ദീവന്നാസ്യോസ്, മാർ ഈവാനിയോസ് എന്നീ തക്സാകൾ ചേർത്ത് കുർബ്ബാന തക്സായുടെ സുറിയാനിരൂപം ആദ്യമായി അച്ചടിപ്പിച്ച് പുറത്തിറങ്ങിയത് പുലിക്കോട്ടിൽ (കുന്നംകുളം) ജോസഫ് കത്തനാഴ്സ് പ്രസിൽ നിന്ന് 1850 കളിൽ ആണ്. കുർബ്ബാന തക്സായുടെ ആദ്യ മലയാള പരിഭാഷ കുന്നംകുളം എ. ആർ. പി. പ്രസിൽ നിന്ന് 1917–ൽ പ്രസിദ്ധീകരിച്ചു. മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശനും പില്ക്കാലത്ത് റീത്തിൽ ചേർന്ന പുലിക്കോട്ടിൽ യൗസേപ്പ് ശെമ്മാശനും ആയിരുന്നു പ്രസാധകർ.

തദ്ദായി: യൂദാ ശ്ലീഹായുടെ മറ്റൊരു പേര്. യാക്കോബിന്റെ പുത്രൻ (ലൂക്കോ. 6:16). പാലസ്തീനിലും മെസപ്പട്ടോമിയായിലും അറേബിയായിലും സുവിശേഷം അറിയിച്ചു. പിന്നീട് പേർഷ്യയിലെത്തി. രോഗിയായിരുന്ന അബ്ഗാറിനെ സൗഖ്യമാക്കി. പേർഷ്യയിൽ ക്രിസ്തുമതം സ്ഥാപിച്ചു. 'തദ്ദായി ശ്ലീഹായുടെ പ്രവർത്തനങ്ങൾ' എന്ന ഗ്രന്ഥത്തിൽ അബ്ഗാർ രാജാവ് യേശുവുമായി നടത്തിയ കത്തിടപാടിനെക്കുറിച്ചും രാജാവ് ആവശ്യപ്പെട്ടപ്രകാരം സൗഖ്യദാനത്തിനായി തന്റെ ശിഷ്യൻ രാജാവിനെ സന്ദർശിക്കുമെന്ന് യേശു രാജാവിനെ അറിയിച്ചിരുന്നതിന്റെ പൂർത്തീകരണമായി തദ്ദായി ശ്ലീഹാ പേർഷ്യയിൽ എത്തിയതിനെക്കുറിച്ചും വിവരിച്ചിട്ടുണ്ട്. ബെറിത്തസ് പട്ടണത്തിൽ അദ്ദേഹത്തെ സംസ്കരിച്ചുവത്രേ.

തദ്ദേശിയീകരണം: ഒരു നാടിന്റെ സംസ്കാരത്തെ ആകാവുന്നത്ര ഉൾക്കൊള്ളുവാനും അതിന്റെ രൂപഭാവങ്ങളോട് ആവുന്നത്ര തന്മയീഭാവം പ്രാപിക്കുവാനും നടത്തുന്ന ശ്രമങ്ങൾ. ക്രിസ്തുമതം ലോകരാഷ്ട്രങ്ങളിൽ വളർന്നതങ്ങനെയാണ്. അടിസ്ഥാന തത്വങ്ങൾക്ക് മാറ്റം സംഭവിക്കാതെ ഓരോ നാടിന്റെയും സംസ്കാരത്തനിമകളോട് സംവദിക്കുവാനും അവയെ ആവശ്യമായ അളവിൽ ഉൾക്കൊള്ളുവാനും ശ്രമിച്ചു. സഭകളുടെ ആചാരാനുഷ്ഠാനങ്ങളിലും വിശ്വാസ വ്യാഖ്യാനങ്ങളിലും ഉണ്ടായ വ്യത്യസ്തതകൾ തദ്ദേശിയീകരണത്തിന്റെ അനിവാര്യ ഫലമാണ്. ഭാഷ, വേഷം, പേരുകൾ, ശില്പകല, സംഗീതാദി കലകൾ തുടങ്ങിയ മേഖലകളിലെ വൈജാത്യങ്ങളെ തദ്ദേശിയീകരണശ്രമം മൂലമുണ്ടായ വൈജാത്യങ്ങളായി വേണം ഗ്രഹിക്കുവാൻ. മിഷണറി പ്രവർത്തനത്തിൽ തദ്ദേശിയീകരണ സമീപനങ്ങൾ ഉദാരമാവേണ്ടതുണ്ട്.

തബിലൈത്താ: വിശിഷ്ടമായ പലകയോ ശിലാഫലകങ്ങളോ കൂദാശ ചെയ്ത് ത്രോണോസിന് പകരം ചെറു പീഠമായി അതിന്മേൽ കുർബ്ബാന അർപ്പിക്കാം. യാത്രയിൽ കൊണ്ടുപോകാമെന്ന് സാരം. കൂദാശ ചെയ്ത ത്രോണോസില്ലെങ്കിലും കൂദാശ ചെയ്ത തബിലൈത്താ ഒരു മേശയിലോ മറ്റോ വച്ച് അതിന്മേൽ ആവശ്യമായി വരുന്ന വിരികൾ ഇട്ട് കാസാ പീലാസകൾ വച്ച് കുർബ്ബാന അർപ്പിക്കാം. ത്രോണോസിനും തബിലൈത്തായ്ക്കും ഒരേ കൂദാശയാണ്. 15 ഇഞ്ച് നീളം (1 1/4 അടി) 9 ഇഞ്ച് വീതി (3/4 അടി) ഒരു ഇഞ്ച് ഘനം എന്നീ അളവുകളിൽ തീർത്ത പലകകൾ മേല്പട്ടക്കാരൻ നിർദ്ദിഷ്ട ശുശ്രൂഷക്രമം നടത്തി മൂന്ന് റൂശ്മാകൾ വീതം മൂന്ന് വട്ടം നടത്തി ഇത് കൂദാശ ചെയ്യുന്നു. ആദ്യത്തെ റൂശ്മാ മൂറോൻ കൂടാതെ മൂന്ന് പ്രത്യേക ശുശ്രൂഷകളോടെ നടത്തി ധൂപാർപ്പണം നടത്തുന്നു. രണ്ടാംവട്ട റൂശ്മാ മൂറോൻ ഉപയോഗിച്ച് മൂന്ന് പ്രത്യേക വാക്യങ്ങളോടെ നടത്തുന്നു. മൂന്നാം വട്ട റൂശ്മാ ത്രിത്വനാമത്തിൽ നട

ത്തുന്നു. അഭിഷേകം ചെയ്തതിന്റെ മറുപുറത്ത് കൂദാശയുടെ തീയതി, സ്ഥലം, കാർമ്മികന്റെ പേർ എന്നിവ കാനോനിൽ കാണിച്ച നിർദ്ദിഷ്ട വാക്യത്തിൽ – വി. ത്രിത്വം കൂദാശ ചെയ്തു – എഴുതിയിരിക്കണം. തബി ലൈത്താ സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ഹൂദായ കാനോനിൽ വിവരിച്ചിട്ടുണ്ട്.

തബീഥാ: സുറിയാനി. പേടമാൻ എന്നർത്ഥം. അ. പ്രവൃത്തി 9:36–ൽ ഉദാരമതിയായ തബീഥയെ പൗലൂസ് ശ്ലീഹാ പ്രാർത്ഥന മൂലം ഉയിർപ്പി ച്ചതായി പരാമർശമുണ്ട്.

തപ്പ്, ചതുരത്തപ്പ്, തംബുരു: വിവിധ വാദ്യമേളങ്ങൾ. പഴയനിയമ ആരാധനകളിൽ ഇവ ഉപയോഗിച്ചിരുന്നതായി സങ്കീർത്തനങ്ങളിൽ സൂച നയുണ്ട്.

തമുക്ക്: ചിരകിയ തേങ്ങാ ചേർത്ത് വറുത്തെടുത്ത അരിപ്പൊടിയും (അവുലോസ് പൊടി) പഴം നുറുക്കുകളും ചേർത്തുണ്ടാക്കുന്ന പലഹാരം. കരിങ്ങാച്ചിറപ്പള്ളിയിലെ പ്രസിദ്ധ നേർച്ച വിഭവം ഇതാണ്. ഈ പേരിൽ അറിയപ്പെടുന്ന ഒരു വാദ്യോപകരണവുമുണ്ട്.

തരക്: ചന്തയിൽ നടത്തുന്ന വ്യാപാരത്തിന്റെ ഒരംശം ചന്തയുടെ ഉട മസ്ഥന് അവകാശപ്പെട്ടതാണ്. ആ അംശമാണ് തരക്. ഉടമസ്ഥൻ വ്യക്തി യോ പള്ളിയോ ക്ഷേത്രമോ സർക്കാരോ മറ്റു സ്ഥാപനങ്ങളോ ആവാം. തരക് പിരിക്കുന്നവർ തരകൻ. ഇവർ പിന്നീട് സമൂഹത്തിലെ ഉപജാതി യായി. സർക്കാർ ഖജനാവിലേക്ക് ഉദാരമായി ധനം നൽകുന്നവർക്ക് ബഹു മതിപ്പേരായി ഇതുപയോഗിച്ചിട്ടുണ്ട്. പാറായിത്തരകനും തച്ചിൽ മാത്തു ത്തരകനും ഉദാഹരണം. നികുതി പിരിവുദ്യോഗസ്ഥന്മാർ കുലീനരായി രാജപ്രീതിയുള്ളവരായിരുന്നു. ഇവർ ബഹുമതിപ്പേരെന്ന നിലയിൽ ഈ സ്ഥാനപ്പേർ അനന്തര തലമുറകളിലും ഉപയോഗിച്ചു പോന്നു.

തരകൻ: '*തരക്*' കാണുക.

തരകൻ, ഡോ. കെ. എം.: 6–10–1930 ന് പുത്തൻകാവ് മാത്തൻ തരകന്റെയും മറിയാമ്മയുടെയും മകനായി ജനിച്ചു. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദം. കോതമംഗലം അത്തനേ ഷ്യസ് കോളജിൽ ഇംഗ്ലീഷ് പ്രൊഫസർ. അമേരിക്കയിൽ പിറ്റ്സ്ബർഗ് തിയോളജിക്കൽ കോളജിൽ വേദശാസ്ത്രം, സംസ്കാരം എന്നിവയിൽ ഉപരിപഠനം. മാർ ബസ്സേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും ദർശനങ്ങളെ ആധാരമാക്കി പോയറ്റിക് ആക്ട് എന്ന ഗ്രന്ഥം രചിച്ചു. മല യാള മനോരമ വാരികയുടെയും ഭാഷാപോഷിണിയുടെയും പത്രാധിപ രായും കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് ആയും സേവനം അനു

ഷ്ഠിച്ചു. വാഗ്മി, നിരൂപകൻ, പ്രബന്ധകാരൻ, വിവർത്തകൻ, നോവലിസ്റ്റ്, ചരിത്രകാരൻ, വേദപണ്ഡിതൻ എന്നീ നിലകളിൽ ബഹുമുഖ പ്രതിഭ. പാശ്ചാത്യ സാഹിത്യ തത്വശാസ്ത്രം, മലയാള നോവൽ സാഹിത്യ ചരിത്രം, മഗ്ദലനമറിയം: ഒരു മുക്തിഗാഥ എന്നീ കൃതികൾ ശ്രദ്ധേയം. ഏഴു നോവലുകളും പത്തൊമ്പത് ഗദ്യഗ്രന്ഥങ്ങളും മൂന്ന് ഇംഗ്ലീഷ് ഗ്രന്ഥങ്ങളും രചിച്ചു. 11 പുസ്തകങ്ങൾ മലയാളത്തിലേക്കും മൂന്ന് പുസ്തകങ്ങൾ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്തു. കേരള സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ ഒമ്പത് സാഹിത്യ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്. ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിന്റെ ജനറൽ എഡിറ്റർ ആയിരുന്നു. നിര്യാതനായി.

തരീസാ ചെട്ടികൾ: ക്രിസ്തുമതം സ്വീകരിച്ച വെള്ളാള ചെട്ടികൾ. കൊല്ലം കേന്ദ്രമാക്കി 9-ാം നൂറ്റാണ്ടിൽ ആരംഭിച്ച വിദേശ വാണിജ്യം പോഷിപ്പിക്കുവാൻ ഒരു വിഭാഗം തരീസായ്ക്കൾ തമിഴ്നാട് അതിർത്തിയിലുള്ള തിരുവിതാംകോട്ടേയ്ക്ക് വാസം മാറ്റി. കൊല്ലം ക്രിസ്ത്യാനികളുടെ പേരിൽ ഇവരും തരീസാചെട്ടികൾ എന്ന് വിളിക്കപ്പെട്ടു. ഓർത്തഡോക്സ് എന്ന ഗ്രീക്കു പദത്തിന്റെ സുറിയാനിരൂപമാണ് ത്രീസായ്. അതിന്റെ തത്ഭവമാണ് തരീസാ. തിരുവിതാംകോട് 'തരിയാ' തെരുവിൽ ഇവർ താമസിച്ചുവന്നു. ധാരിയായ്ക്കൾ എന്ന് ഇവർ വിളിക്കപ്പെട്ടിട്ടുണ്ട്. പില്ക്കാലത്ത് പലരും ക്രിസ്തുമതം ഉപേക്ഷിച്ചു. പലരും കായംകുളം, മാവേലിക്കര പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തു. ഇവരുടെ പുരുഷന്മാർക്കു മുൻ കുടുമയും കാതിൽ കടുക്കനും ഉണ്ടായിരുന്നു. വ്യാപാരമായിരുന്നു പ്രധാന തൊഴിൽ. ഇവരുടെ പിൻഗാമികളാണ് പിള്ളമാർ എന്നൊരു പക്ഷമുണ്ട്.

തരീസാപ്പള്ളി: കൊല്ലത്തെ ഓർത്തഡോക്സ് പള്ളി. ത്രീസായ് ശൂബഹോ (സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം) എന്നതിലെ ആദ്യ പദമായ ത്രീസായ് പദത്തിന്റെ തത്ഭവമാണ് തരീസാ. എ. ഡി. 824-ൽ കൊല്ലത്ത് കുടിയേറിപ്പാർത്ത ക്രിസ്ത്യാനികൾ ഈ പേരുകാരായിരുന്നു. അവരുടെ പള്ളിയും അവർക്ക് കിട്ടിയ ചെപ്പേടും ആ പേരിൽത്തന്നെ ചരിത്രത്തിൽ സ്ഥാനം പിടിച്ചു. ഈ കുടിയേറ്റക്കാർ ശബരീശോ എന്ന പ്രതിഭാശാലിയുടെ നേതൃത്വത്തിൽ കൊല്ലം തുറമുഖവും തുറമുഖ നഗരവും പണിതു. അങ്ങനെ കൊല്ലം വിദേശ വാണിജ്യകേന്ദ്രമായി. 825-ൽ നടന്ന സംഭവത്തിന്റെ സ്മരണയ്ക്കായി കൊല്ലവർഷം എന്ന ഒരു പുതിയ അബ്ദം നടപ്പിലായി എന്ന് ഒരു പ്രാചീന കൈയെഴുത്ത് സഭാചരിത്രത്തിൽ കാണുന്നു. പന്തളം രാജകുമാരനായി സ്വീകരിക്കപ്പെട്ട ശബരീശൻ ഈ പേർഷ്യൻ പ്രതിഭാശാലിയാണെന്ന് പ്രബലമായ ഒരഭിപ്രായമുണ്ട്. തരീസായ്ക്കൾക്കു വേണ്ടി വേണാട്ടരചൻ പണിയിച്ചു കൊടുത്തതാണ് തരീസാപ്പള്ളി. പള്ളി

യോടൊപ്പം പദവികളും തരക് പിരിക്കാൻ അധികാരവും അയ്ങ്കുടി കമ്മാളരുടെ മേൽ അധികാരവും സുറിയാനിക്കാർക്ക് വേണാടിന്റെ അധിപൻ നൽകി. അന്നത്തെ പള്ളി കടലെടുത്തു പോയി. പിന്നീട് പലവട്ടം പുതുക്കിപ്പണിത പള്ളിയാണ് ഇന്നുള്ളത്. '*തരീസാപ്പള്ളി ശാസനം*', '*തരീസാ ചെട്ടികൾ*' എന്നീ ശീർഷകങ്ങൾ കാണുക.

തരീസാപ്പള്ളി ചെപ്പേടുകൾ: എ. ഡി. 824-ന് കൊല്ലത്തെത്തിയ പേർഷ്യൻ വ്യാപാരി ശബരീശോ കൊല്ലത്തെ വിദേശ വ്യാപാരം സാധ്യമാക്കുന്ന തുറമുഖമായി പണിയുകയും തുറമുഖ നഗരം പുനഃസംവിധാനം ചെയ്യുകയും ചെയ്തത് വേണാട്ട് രാജാവായ സ്ഥാണു രവിവർമ്മയെ സമ്പൽസമൃദ്ധിയിലേക്ക് നയിച്ചു. 825-ൽ കൊല്ലത്തിന് പുതിയ ഒരു മുഖം ലഭിച്ചു. കൃതജ്ഞതാസൂചകമായി സബരീശോയ്ക്കും സംഘത്തിനും പള്ളി വയ്ക്കാൻ സൗകര്യം ഒരുക്കുകയും 72 പദവികളും അളവിന്മേലും തൂക്കത്തിന്മേലും മേലധികാരവും കൊല്ലം നഗരത്തിൽ ചുങ്കവും തരകും പിരിക്കുവാനുള്ള അവകാശവും ഐങ്കുടി കമ്മാളരുടെ മേൽ രക്ഷയും ശിക്ഷയും നടത്തുവാനുള്ള അധികാരങ്ങളും നൽകുന്ന ചെപ്പേടുകൾ നൽകുകയും ഈ സംഭവത്തിന്റെ സ്മരണയ്ക്കായി പുതിയ ഒരു അബ്ദം പ്രഖ്യാപിക്കുകയും ചെയ്തു. ഒന്നാം ചെപ്പേടിൽ മൂന്ന് തകിട്. ഒന്ന് ദേവലോകത്തും ഒന്ന് തിരുവല്ല പുലാത്തീനിലും ഉണ്ട്. ഒന്ന് നഷ്ടപ്പെട്ടു. 2-ാം ചെപ്പേടിന്റെ നാലു തകിടുകളിൽ ആദ്യത്തേത് നഷ്ടപ്പെട്ടു. രണ്ടും മൂന്നും തകിടുകൾ ദേവലോകത്തുണ്ട്. 4-ാം തകിട് പുലാത്തീനിലും ഉണ്ട്. ആര്യ എഴുത്തും വട്ടെഴുത്തുമാണ് ഉപയോഗിച്ചിട്ടുള്ളത്. കാലം 849 എന്ന് നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.

തരീസായ്ക്കൾ: ത്രീസായ് (ചൊവ്വാക്കപ്പെട്ട) വിശ്വാസികൾ എന്ന് പേർഷ്യൻ കുടിയേറ്റക്കാരായ ക്രിസ്ത്യാനികളെ വിളിച്ചിരുന്നു. ഓർത്തഡോക്സ് വിശ്വാസത്തിന്റെ സുറിയാനിരൂപമാണ് ത്രീസായ് ശൂബഹോ. കൊല്ലത്തും മയിലാപ്പൂരിലും തിരുവിതാംകോട്ടും ഉള്ള ക്രിസ്ത്യാനികൾ ഈ പേരിൽ വിളിക്കപ്പെട്ടിരുന്നു.

തൽമീദ് കൂൻ: ഗുരുനാഥന്മാരോ സീനിയറോ ആയ വൈദികരുടെ സാന്നിദ്ധ്യത്തിൽ ജൂനിയർ വൈദികൻ അവിടത്തെ ശിഷ്യൻ എന്നർത്ഥമുള്ള തൽമീദ് കൂൻ എന്ന് ഉച്ചരിച്ചതിന് ശേഷം ത്രിത്വസ്തുതിയായ ശുബഹോ... ചൊല്ലി ജനത്തെ ആശീർവദിക്കുന്നു.

തലക്കോട് മാർ ഗ്രീഗോറിയോസ് ട്രസ്റ്റ്: ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എറണാകുളം ജില്ലയിലെ മുളന്തുരുത്തി തലക്കോട്ട് 1975-ൽ സ്ഥാപിച്ച ഈ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സ്ഥാപനങ്ങൾ: 1. സെന്റ് മേരീസ് ബോയ്സ് ഹോം (ഫാ. ഒ.

സി. കുറിയാക്കോസ് സ്ഥാപിച്ചത്). 5 വയസ്സിനും 18 വയസ്സിനും മധ്യേയുള്ള ദരിദ്രരായ ആൺകുട്ടികൾക്ക് സൗജന്യ താമസ സൗകര്യവും വിദ്യാഭ്യാസവും നൽകുന്നു. 2. മാർ ഗ്രീഗോറിയോസ് ഐ. റ്റി. സി. ഫിറ്റർ, പ്ലംബർ, ഡ്രാഫ്റ്റ്സ്മേൻ, സിവിൽ, ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക്കൽ എന്നീ നാലു വിഭാഗങ്ങളിൽ പരിശീലനം നൽകുന്നു. 3. റേഡിയോ അസംബ്ലിംഗ് യൂണിറ്റ്. കെൽട്രോണുമായി യോജിച്ച് നടത്തുന്ന ഒരു തൊഴിൽദാന സംരംഭം.

തലവൻ: റീശ് എന്ന സുറിയാനി പദത്തിന്റെ അർത്ഥം പ്രധാനി, ഒന്നാമൻ, തലവൻ എന്നൊക്കെയാണ്. സഹദേന്മാരുടെ തലവൻ, വിലാപക്കാരുടെ തലവൻ, ശ്ലീഹന്മാരുടെ തലവൻ, മാലാഖമാരുടെ തലവൻ, ദീർഘദർശിമാരിൽ തലവൻ എന്നൊക്കെയുള്ള പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

തർവോദോ: കൊടിൽ എന്ന് അർത്ഥം. പൂജാ പാത്രങ്ങളിൽ സ്പൂൺ ഈ പേരിൽ അറിയപ്പെടുന്നു.

തലതൊട്ടപ്പൻ/തലതൊട്ടമ്മ: മാമ്മൂദീസാ നടത്തുമ്പോൾ ശിശുക്കളുടെ മധ്യസ്ഥനായി വിശ്വാസം ഏറ്റുപറയുന്ന ആൾ. ഏറ്റുപറഞ്ഞ വിശ്വാസത്തിൽ ശിശുവിനെ വളർത്തുവാൻ മധ്യസ്ഥർക്കു ചുമതലയുണ്ട്. പെൺകുഞ്ഞിന് സ്ത്രീയും ആൺകുഞ്ഞിന് പുരുഷനും. സഭാവിശ്വാസിയായിരിക്കണം. ഇപ്പോൾ കൈയിൽ പിടിച്ചാണ് പ്രതിജ്ഞ. ഒരു കാലത്ത് തലയിൽ കൈവച്ചുകൊണ്ട് ആയിരുന്നിരിക്കാം.

തൽമൂദ്: അർത്ഥം അറിവ്. യഹൂദ പാരമ്പര്യം രൂപപ്പെട്ട എഴുതപ്പെട്ടതും അല്ലാത്തതുമായ പാരമ്പര്യങ്ങൾ ഇതിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. വാമൊഴി പാരമ്പര്യങ്ങളും (മിഷ്നാ) റാബിമാരുടെ വ്യാഖ്യാനങ്ങളും (ഗെമാറാ) യും ഇതിൽ പെടും. രണ്ടാം നൂറ്റാണ്ടിൽ ഇത് പൂർത്തിയായി. യാഥാസ്ഥിതിക യഹൂദർ ഇതിനെ തോറ (നിയമഗ്രന്ഥങ്ങൾ) യ്ക്ക് തുല്യമായി പരിഗണിക്കുന്നു.

തർസോസ്: റോമാ സാമ്രാജ്യത്തിൽ കിലിക്യ പ്രവിശ്യയുടെ തലസ്ഥാനം. ബി. സി. 67-ൽ പോമ്പി നിർമ്മിച്ചു. സ്റ്റോയിക്ക് സിദ്ധാന്തത്തിന്റെ ആസ്ഥാനം. വി. പൗലൂസിന്റെ ജന്മസ്ഥലം. എപ്പിസ്ക്കോപ്പൽ ആസ്ഥാനം.

തഹലൂഫാ: പ്രതിനിധി എന്നർത്ഥം. സ്ലീബാ ഒസ്താത്തിയോസ്, ഏലിയാസ് യൂലിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തഹലൂപ്പാ എന്ന് വിളിക്കപ്പെട്ടിട്ടുണ്ട്.

തഴയ്ക്കാട്ട്പള്ളി ശാസനം: കുലശേഖര ചക്രവർത്തി രാജസിംഹൻ (1028-1043) ചാത്തൻ വടുകൻ, ചാത്തൻ ഇരവി എന്നീ ക്രിസ്ത്യൻ വ്യാപാ

രികൾക്ക് നൽകിയ അവകാശങ്ങളുടെ പ്രഖ്യാപനം. ഇരിങ്ങാലക്കുടയ്ക്കടുത്ത് തഴയ്ക്കാട്ട് പള്ളിയിൽ ഇത് സ്ഥാപിച്ചിട്ടുണ്ട്. വട്ടെഴുത്തിൽ 'ച' കാര 'ക' കാരങ്ങൾക്ക് വലിയ രൂപസാദൃശ്യമുണ്ട്. 'ച' എന്ന് വായിച്ച അക്ഷരം 'ക' ആണെങ്കിൽ ചാത്തൻ ശബ്ദം 'കത്തൻ' എന്ന പദമാവും. അപ്പോൾ അതിന് ക്രിസ്ത്യൻ പുരോഹിതരെ വിളിച്ചിരുന്ന പ്രഭു എന്നർത്ഥമായ 'കത്തൻ' എന്ന് വായിക്കാം. കച്ചവടസ്ഥലം നിർമ്മിക്കാനുള്ള അവകാശമാണ് ശാസനം നൽകുന്നത്.

തഴക്കര സെമിനാരി: കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശത്തിലായപ്പോൾ വൈദികവിദ്യാഭ്യാസത്തിനായി മലങ്കരയുടെ പല ഭാഗത്തും പെറ്റി സെമിനാരികൾ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ സ്ഥാപിച്ചു. മാവേലിക്കര ഇടവകയിലെ തഴക്കര സെമിനാരി അതിലൊന്നാണ്. അത് പൊതു സമുദായത്തിന് വിട്ടുകൊടുക്കുവാൻ ഇടവകക്കാർ വിസമ്മതിച്ചതിനാലാണ് പരുമലയിൽ സെമിനാരി നിർമ്മിക്കേണ്ടി വന്നത്.

തറഓക് മോറാൻ: അനുതാപ പ്രധാനമായ ഒരു സുറിയാനി ഗീതമാല. വ്യാഴം പ്രഭാതത്തിലെ ഈ ഗീതത്തിലെ ചില അടികൾ വി. കുർബ്ബാനയുടെ തൂയോബോ ശുശ്രൂഷയിൽ ചൊല്ലുന്നുണ്ട്.

താബോർ (1): യേശുവിന്റെ തേജസ്കരണം ഇവിടെ നടന്നു. മറുരൂപ മലയെന്നും പേരുണ്ട് (മത്താ. 17:1). ഭൂതകാല പ്രതിനിധികളായി മോശയും ഏലിയാവും വർത്തമാന പ്രതിനിധികളായി പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരും കാലാതീത സാന്നിദ്ധ്യമായ വചനം തമ്പുരാനും ഏകത്ര സമ്മേളിച്ചു. കൂടാരപ്പെരുന്നാളിന്റെ നാളുകളിൽ ഇത് സംഭവിച്ചു. കനാൻ യാത്രയുടെ അരക്ഷിത നാളുകളെ ഒരാഴ്ചക്കാലം കൂടാരപ്പെരുന്നാൾ ആഴ്ചയിൽ യഹൂദർ വർഷംതോറും അനുഭവിച്ചിരുന്നു. ആഗസ്റ്റ് 6-ന് കൂടാരപ്പെരുന്നാൾ നാം കൊണ്ടാടുന്നു. ബഥനിയിൽ കബറടങ്ങിയ ബാഹ്യ കേരള - കൊല്ലം ഇടവകകളുടെ അലക്സിയോസ് മാർ തേവോദോസിയോസിന്റെ ഓർമ്മപ്പെരുന്നാൾ അന്നാണ്.

താബോർ (2): 1934-ൽ നിരണം മെത്രാസനത്തിന്റെ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പത്തനാപുരത്ത് സ്ഥാപിച്ച ആശ്രമ പ്രസ്ഥാനത്തിന് താബോർ ആശ്രമം എന്ന് പേർ. ദിദിമോസ് പ്രഥമൻ കാതോലിക്കാ, സഖറിയാ മാർ ദീവന്നാസ്യോസ്, ഇയ്യോബ് മാർ പീലക്സീനോസ്, ഡോ. യാക്കൂബ് മാർ ഐറേനിയോസ് എന്നീ പിതാക്കന്മാർ താബോർ ആശ്രമസ്ഥരാണ്. സന്യാസിനീ സമൂഹവുമുണ്ട്.

താലന്ത്: പാലസ്തീനിലെ ഒരു തൂക്കം. ജന്മസിദ്ധമായി ലഭിച്ച കഴി

വുകൾ എന്ന് ശൈലീപരമായ അർത്ഥം.

താസ്യൻ: 'ടേഷ്യൻ' കാണുക.

താഴത്തച്ചൻ: '*ചാണ്ടപ്പിള്ളക്കത്തനാർ, താഴത്ത് പുന്നത്ര*' എന്ന ശീർഷകം കാണുക.

തിട്ടൂരം: തിട്ടപ്പെടുത്തുന്ന രേഖ. രാജകല്പനകൾ. പാലൂർ - ചാട്ടുകുളങ്ങര (ആർത്താറ്റ്) പള്ളി നറുക്കെടുപ്പിലൂടെ ഇരു കൂറ്റുകാർക്കുമായി വിഭജിച്ച് ശക്തൻ തമ്പുരാൻ നല്കിയ തിട്ടൂരം ആർത്താറ്റ് പള്ളിച്ചരിത്രത്തിൽ കാണുന്നുണ്ട്.

തിണ: പ്രദേശം. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ കേരളത്തെ അഞ്ച് തിണകളായി തിരിച്ചിരിക്കുന്നു. ഐന്തിണകൾ എന്ന് പറയും. 1. പാല, 2. മുല്ല. 3. നെയ്തൻ, 4. മരുതം, 5. കുറിച്ചി. സംഘകാല ക്രമീകരണമാണിത്.

തിയോടോക്കോസ്: ഗ്രീക്കുപദം. ദൈവത്തെ വഹിച്ചവൾ (പ്രസവിച്ചവൾ) എന്നർത്ഥം. സമാന സുറിയാനിപദം യൊൽദാസ് ആലോഹോ എന്നാണ്. ഇതിനെതിരെ നെസ്തോർ ആവിഷ്കരിച്ച പദമാണ് ക്രിസ്റ്റോടോക്കോസ് (ക്രിസ്തുവിനെ വഹിച്ചവൾ). അലക്സാന്ത്രിയായിലെ കൂറിലോസിന്റെ നേതൃത്വത്തിൽ എഫേസൂസ് കൗൺസിൽ ഈ പദം നിരാകരിക്കുകയും തിയോടോക്കോസ് എന്ന് വിശ്വാസപ്രമാണത്തിൽ അംഗീകരിക്കുകയും ചെയ്തു.

തിയോഡേഷ്യസ് I, മഹാനായ: '*തേവോദോസ്യോസ് I*' കാണുക.

തിയോഡേഷ്യസ് II: '*തേവോദോസ്യോസ് II*' കാണുക.

തിയോഡോറെറ്റ് (393-446): അന്ത്യോഖ്യാ സ്വദേശം. സൈറസിലെ ബിഷപ്പ്. നെസ്തോറിയൻ സിദ്ധാന്തങ്ങളെ അനുകൂലിച്ചു. ക്രിസ്തുവിനെ രണ്ടായി വിഭജിച്ചു എന്ന് ഇദ്ദേഹത്തെ അലക്സാന്ത്രിയായിലെ ദീയസ്കോറോസ് കുറ്റപ്പെടുത്തി. അദ്ദേഹത്തെ ശപിച്ചു. 449-ൽ നാടുകടത്തി. കൽക്കിദൂൻ സിന്നഡിന് ശേഷം നാട്ടിൽ തിരിച്ചെത്തി. അന്ത്യനാളുകൾ ശാന്തമായി ചെലവഴിച്ചു.

തിയോഡോർ, മോപ്സുവെസ്റ്റിയാ (350-428): അന്ത്യോഖ്യൻ ദൈവശാസ്ത്രജ്ഞൻ. ബൈബിൾ വ്യാഖ്യാതാവ്. 392-ൽ ബിഷപ്പായി. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സഭ നിരാകരിച്ചു.

തിയോസഫി: ദൈവജ്ഞാനശാസ്ത്രം.

തിയോസഫിക്കൽ സൊസൈറ്റി: വ്യക്തിനിഷ്ഠ ദൈവം, വ്യക്തിനിഷ്ഠമായ അനശ്വരത ഇവയെ നിഷേധിക്കുന്നു. നിരീശ്വരത്വം അനുകൂലിക്കുന്നു. ക്രിസ്തുവിനെ മനുഷ്യനായി മാത്രം കാണുന്നു. ക്രിസ്തീയതയിലെ ദൈവിക വെളിപ്പാടുകളെ നിഷേധിക്കുന്നു.

തിരശ്ശീല: വി. മദ്ബഹായെ വേർതിരിക്കുന്ന മറ. പഴയനിയമ ദേവാലയത്തിലും തിരശ്ശീല ഉണ്ടായിരുന്നു. സ്വർഗ്ഗത്തെയും ഭൂമിയേയും വേർതിരിക്കുന്ന ആകാശവിതാനത്തിന്റെയും ഭൂത - വർത്തമാന - ഭാവി കാലങ്ങളെ സൂചിപ്പിക്കുന്ന പ്രതീകമായും ഇരുട്ടിന്റെ പ്രതീകമായും ഇത് പ്രയോജനപ്പെടുന്നു. ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കു മുമ്പുള്ള അപൂർണ്ണ വെളിപാടിന്റെ കാലം, ക്രിസ്തുവിന്റെ മരണം, ഉയിർപ്പ് എന്നിവ നടന്ന ഇരുട്ടുള്ള സമയം, സ്വർഗ്ഗാരോഹണം കഴിഞ്ഞ് രണ്ടാംവരവ് വരെയുള്ള ക്രിസ്തുവിന്റെ ശാരീരിക അഭാവകാലം എന്നിവയെ വി. കുർബാനയിൽ തിരശ്ശീല വ്യഞ്ജിപ്പിക്കുന്നു. യവന നാടകങ്ങളിലും ദൃശ്യകലകളിലും ഇതേ സാങ്കേതിക ആവശ്യങ്ങൾക്കായി തിരശ്ശീല ഉപയോഗിക്കുന്നു. കേരളത്തിന്റെ തനത് ദൃശ്യകലാരൂപമായ കഥകളിയിലും തിരശ്ശീല ഉപയോഗിക്കുന്നു. കത്തോലിക്കാ - പ്രോട്ടസ്റ്റണ്ട് സഭകളിൽ മദ്ബഹായ്ക്ക് തിരശ്ശീല ഉണ്ടെങ്കിലും വി. കുർബ്ബാനയിൽ ഇപ്പോൾ അത് ഉപയോഗിക്കുന്നില്ല. സാധാരണഗതിയിൽ വടക്കോട്ട് വലിച്ച് തുറക്കുകയും തെക്കോട്ട് വലിച്ച് അടക്കുകയും ചെയ്യുന്നു. ബൈസന്റയിൻ സഭകളിൽ ഈ സ്ഥാനത്ത് മരം കൊണ്ടുള്ള സ്ക്രീൻ ഉപയോഗിക്കുന്നു. സ്ക്രീനിൽ നിറയെ ഐക്കണുകൾ വരച്ചിരിക്കും.

തിരുക്കുറൾ: തിരുവള്ളുവർ രചിച്ച തമിഴ് ധർമ്മസന്ദേശകൃതി. ദക്ഷിണേന്ത്യയുടെ പൊതു പൈതൃകം ഈ ധർമ്മസന്ദേശ കൃതിയ്ക്കുണ്ട്. സംഘകാല രചനയായ ഈ കൃതിയിൽ ബൈബിളിന്റെ പ്രകടമായ സ്വാധീനം കാണുന്നുണ്ട്.

തിരുമേനി: രാജാക്കന്മാരെയും ഭൂരാജാക്കന്മാരായിരുന്ന നമ്പൂതിരിമാരെയും വിശേഷിപ്പിച്ചിരുന്ന ഒരു ഫ്യൂഡൽ പദം. ഫ്യൂഡൽ വ്യവസ്ഥ നാട്ടിൽ അപ്രത്യക്ഷമായെങ്കിലും മലങ്കരസഭയിലെ മെത്രാന്മാരെ വിശേഷിപ്പിക്കുന്നതും, അവരെ വിളിക്കുന്നതും തിരുമേനിയെന്നാണ്.

തിരുവചനഭാഷ്യം: വൈദികസെമിനാരിയുടെ 175-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുതിയനിയമത്തിലെ 27 പുസ്തകങ്ങൾക്ക് 15 വാല്യങ്ങളായി 1990-ൽ സെമിനാരി അധ്യാപകർ രചിച്ച് പ്രസിദ്ധീകരിച്ച ധ്യാന പഠനാത്മക വ്യാഖ്യാന കൃതികൾ.

തിരുവനന്തപുരം സെന്റ് ജോർജ്ജ് പള്ളി: തിരുവനന്തപുരം

യൂണിവേഴ്സിറ്റി കോളജിന് മുമ്പിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ പണിയിച്ച ദേവാലയം. 1900 നവംബർ 22-ന് പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസും പരുമല മാർ ഗ്രീഗോറിയോസും ചേർന്ന് കൂദാശ ചെയ്തു. തിരുവാങ്കോട്ട് പള്ളിയുടെ കുരിശുപള്ളിയായി ഒരു പ്രാചീന ദേവാലയം ചാലയിൽ തേങ്ങിലയിൽ ഉണ്ടായിരുന്നതായി കെ. കെ. ലൂക്കോസ് ജഡ്ജി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് തിരുവനന്തപുരം പള്ളിക്ക് ബസ്സേലിയോസ് കെട്ടിട സമുച്ചയവും ഏതാനും ചാപ്പലുകളും നഗരത്തിലുണ്ട്.

തിരുവനന്തപുരം ഭദ്രാസനം: '*മലങ്കരസഭയിലെ മെത്രാസനങ്ങൾ*' കാണുക.

തിരുവള്ളുവർ: തിരുക്കുറൾ എന്ന തമിഴ് ധർമ്മകൃതിയുടെ കർത്താവ്. ഒരു ബ്രാഹ്മണന് (വരരുചി) ഒരു പറയ സ്ത്രീയിൽ ജനിച്ച 12 മക്കളിൽ ഒരാൾ എന്ന് ഐതിഹ്യം. തലപ്പള്ളി താലൂക്കിനോട് ചേർന്ന വള്ളുവനാട് താലൂക്ക് ഇദ്ദേഹത്തിന്റെ നാമം വഹിക്കുന്നു. തിരുക്കുറളിൽ ബൈബിളിന്റെ പ്രകടമായ സ്വാധീനം കാണുന്നുണ്ട്.

തിരുവാങ്കുളം: കൊച്ചി-തിരുവിതാംകൂർ അതിർത്തിയിൽ കൊച്ചിയിൽപ്പെട്ട ഒരു ഗ്രാമം. ഇവിടത്തെ ഓർത്തഡോക്സ് ദേവാലയം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ പുനർ നിർമ്മാണം ചെയ്തു കൂദാശ നടത്തി.

തിരുവാങ്കോട് പള്ളി: '*തിരുവിതാംകോട് പള്ളി*' കാണുക.

തിരുവാങ്കോട് റമ്പാൻ: പുതുപ്പള്ളി തൃക്കോതമംഗലം മാർ ശർബീൽ ദയറായുടെ സ്ഥാപകൻ കൂട്ടുങ്കൽ കെ. വി. ഗീവറുഗ്ഗീസ് റമ്പാൻ ഈ പേരിൽ അറിയപ്പെടുന്നു. 1890 ജൂലായ് 14-ന് അദ്ദേഹം പുതുപ്പള്ളി എറികാട്ട് കൂട്ടുങ്കൽ വർക്കിയുടെയും ശോശാമ്മയുടെയും മകനായി ജനിച്ചു. പേഴമറ്റത്ത് റമ്പാൻ (പാമ്പാടി തിരുമേനി), യൂയാക്കീം കൂറിലോസ്, മാർ തീമോത്തിയോസ് (ഔഗേൻ ബാവ), കടവിൽ മാർ അത്താനാസ്യോസ് എന്നിവരുടെ ശിഷ്യൻ. തൃക്കോതമംഗലം സെന്റ് മേരീസ് പള്ളി സ്ഥാപിക്കുവാൻ മുൻകൈയെടുത്തു. 1930-ൽ മീഖായേൽ ദീവന്നാസ്യോസ് ഇദ്ദേഹത്തെ റമ്പാനാക്കി. ശർബീൽ ദയറായിൽ കുറേക്കാലം പില്ക്കാല മെത്രാപ്പോലീത്തന്മാരായ യൂഹാനോൻ മാർ സേവേറിയോസ്, പറയരുകുളം യാക്കോബ് മാർ തീമോത്തിയോസ്, മാടപ്പാട്ട് യാക്കോബ് മാർ യൂലിയോസ് എന്നിവർ റമ്പാച്ചന്റെ ശിഷ്യന്മാർ ആയിരുന്നു. റമ്പാച്ചൻ കുറെക്കാലം പിറമാടം ദയറായിൽ താമസിച്ചു. 1941-ൽ തിരുവിതാംകോട്ട് നിയമിക്കപ്പെട്ടു. ദയറാ മാനേജരുമായി. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച അര

പ്പള്ളി എന്ന് ഐതിഹ്യമുള്ള പള്ളി ജീർണ്ണോദ്ധാരണം നടത്തി. കുലശേഖരം ഇടവക സ്ഥാപിക്കുകയും ചെയ്തു. '*തിരുവിതാംകോട് തരീസാപ്പള്ളിയും ചരിത്രവും*' എന്ന പുസ്തകം എഴുതി. മിഷൻ പ്രവർത്തനത്തിൽ സഫലമായി ഏർപ്പെട്ടു. 1970 ജൂലായ് 15-ന് തിരുവിതാംകോട് വച്ച് ദിവംഗതനായി; അവിടെ കബറടക്കുകയും ചെയ്തു.

തിരുവിതാംകോട് പള്ളി: മാർത്തോമ്മാ ശ്ലീഹായുടെ ഐതിഹ്യം പറയുന്ന ഇവിടത്തെ ഇടവകക്കാരെ തരീസായ്ക്കൾ എന്ന് പറയും. തമിഴ്നാട്ടിൽ കന്യാകുമാരി ജില്ലയിൽ സ്ഥിതിചെയ്യുന്നു. ഉദയംപേരൂർ സിന്നഡിൽ പങ്കെടുക്കാതിരുന്ന രണ്ടു പള്ളികളിൽ ഒന്ന് (മറ്റൊരു പള്ളി ചാട്ടുകുളങ്ങരപള്ളി ആണ്). ആൾപ്പാർപ്പില്ലാതെ ഈ പള്ളി അനാഥമായി കിടന്നിട്ടുണ്ട്. കരിങ്കൽത്തൂണുകളും തളങ്ങളുമായി പണിതിരിക്കുന്നു. കെ. വി. ഗീവറുഗ്ഗീസ് റമ്പാൻ ഇത് ഉദ്ധരിച്ചു. തമിഴ് ക്ഷേത്രമാതൃകയാണിതിനുള്ളത്. ഒരു ബാലഭവനവും ഏതാനും സ്വത്തുക്കളും ഈ പള്ളിക്കുണ്ട്. ഇപ്പോൾ ഒരു തീർത്ഥാടന - ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു.

തിരുവെഴുത്ത് വിളംബരം: സഭാധ്യക്ഷന്മാരെ രാജാക്കന്മാർ തൽസ്ഥാനങ്ങളിൽ അംഗീകരിച്ച് പുറപ്പെടുവിക്കുന്ന വിളംബരമാണ് സഭാചരിത്രത്തിൽ തിരുവെഴുത്ത് വിളംബരം എന്ന പേരിൽ അറിയപ്പെടുന്നത്. മലങ്കരസഭാ ചരിത്രത്തിൽ ഇപ്രകാരം ആദ്യത്തെ തിരുവെഴുത്ത് വിളംബരം പുറപ്പെടുന്നത് പകലോമറ്റം മെത്രാന്മാരുടെ കുടുംബവാഴ്ചയ്ക്കു ശേഷം സഭയുടെ പൊതു തെരഞ്ഞെടുപ്പിന്റെ പിൻബലത്തോടെ മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാനത്തേയ്ക്ക് കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ പ്രവേശിച്ചതോടെയാണ്. വിളംബരം എന്ന ആശയത്തിന് പിന്നിൽ ബ്രിട്ടീഷ് റസിഡണ്ടിന്റെ പ്രേരണയും ഉണ്ടായിരുന്നു. 1816 മകരം 21-ന് വിളംബരം പ്രസിദ്ധീകൃതമായി. വിവാദങ്ങളുടെ നടുവിൽ ഒടുവിലത്തെ രാജകീയ വിളംബരം പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി 1852 കർക്കിടകം 15-ന് പുറപ്പെട്ടു. ഈ വിളംബരം 1876 കുംഭം 23-ന് ദുർബലപ്പെടുത്തി മറ്റൊരു വിളംബരം പ്രഖ്യാപിക്കേണ്ടി വന്നതിനെത്തുടർന്ന് മെത്രാന്മാരുടെ അംഗീകാരം തിരുവെഴുത്ത് വിളംബരത്തിലൂടെ പ്രഖ്യാപിക്കുന്ന സമ്പ്രദായം അവസാനിച്ചു.

തിരുവോണം: '*ഓണം*' കാണുക.

തിരുശേഷിപ്പ്: അന്തരിച്ച വിശുദ്ധന്മാരുടെ അസ്ഥികളോ മറ്റു ശേഷിപ്പുകളോ അദ്ഭുതപ്രവർത്തനക്ഷമമാണെന്ന് പഴയനിയമ സംഭവങ്ങൾ സാക്ഷിക്കുന്നു (2 രാജാ. 13:21; 2 രാജാ. 2:14, അ. പ്ര. 5:15; 19:12). തിരുശേ

ഷിപ്പുകൾ (യൗസേപ്പിന്റെ) മോശ ഇസ്രായേൽ പാളയത്തിന് ചുറ്റും സ്ഥാപിച്ചതായി യഹൂദ പാരമ്പര്യം അവകാശപ്പെടുന്നു. പള്ളിയുടെ സ്ഥാപനത്തിൽ ശിലാസ്ഥാപനത്തിൽ പള്ളിയുടെ മദ്ധ്യസ്ഥന്റെ തിരുശേഷിപ്പ് മൂലക്കല്ലിൽ അടക്കം ചെയ്തിരുന്നു. തബിലൈത്തായിൽ തിരുശേഷിപ്പ് നിക്ഷേപിക്കുന്ന പതിവ് പാശ്ചാത്യ സഭകൾക്കുണ്ടായിരുന്നു. പള്ളിയിൽ തിരുശേഷിപ്പ് പേടകം സൂക്ഷിച്ചിരുന്നു. പ്രദക്ഷിണത്തിന് അതും ഉണ്ടാകണമെന്ന് ക്യംതായുടെ ക്രമത്തിലുണ്ട്. തിരുശേഷിപ്പുകൾ ലഭിക്കാതെ വന്നപ്പോൾ ആ സ്ഥാനം ഐക്കൺ പിടിച്ചുപറ്റി. കശ്ശീശാ പട്ടംകൊടയിൽ സ്ഥാനചിഹ്നമായി ഐക്കണും തിരുശേഷിപ്പ് പേടകവും (ഗ്ലൂസ്ക്കോമെ) കൊടുക്കുവാൻ പഴയ പട്ടംകൊടക്രമങ്ങളിൽ നിർദ്ദേശമുണ്ട്.

തിരുശേഷിപ്പുകൾ: വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടങ്ങളും അവരുടെ ശരീരത്തോട് ബന്ധപ്പെട്ട വസ്തുക്കളും. ബുദ്ധമത വിഹാരങ്ങളിൽ ഏതെങ്കിലും ബുദ്ധാവശിഷ്ടങ്ങൾ കാണും. ഏലിയാവിന്റെ അംശവസ്ത്രം (2 രാജാ. 2:14), ഏലീശായുടെ അസ്ഥികൾ (2 രാജാ. 18:21), പൗലൂസിന്റെ റൂമാൽ (അ. പ്ര. 19:12) ഉദാഹരണങ്ങൾ.

156–57 ൽ രക്തസാക്ഷിയായ പോളിക്കാർപ്പോസിന്റെ തിരുശേഷിപ്പുകൾ സഭ അമൂല്യമായി കരുതി. പള്ളിയുടെ ശിലാസ്ഥാപനത്തിൽ തിരുശേഷിപ്പുകൾ ഉൾപ്പെടുത്തിയിരുന്നു. അവ വിശുദ്ധ സാന്നിദ്ധ്യത്തിന്റെ മൂർത്തരൂപമെന്ന് വിശ്വസിച്ചുപോരുന്നു. തിരുശേഷിപ്പുകളുടെ പേരിൽ കള്ളനാണയങ്ങൾ പ്രചരിക്കുവാനിടയുള്ളതിനാൽ അവയ്ക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

തിരുശേഷിപ്പ് പേടകം: ഗ്ലൂസ്ക്കോമെ എന്ന് ആരാധനക്രമങ്ങളിൽ ഇതിനെ വിശേഷിപ്പിച്ചിട്ടുണ്ട്. തിരുശേഷിപ്പ് ലഭ്യമല്ലാതെ വന്നപ്പോൾ പള്ളി സ്ഥാപനയിലും കൂദാശയിലും അവരുടെ പേരുകൾ പ്രഖ്യാപിക്കുന്ന രീതി നിലവിൽ വന്നു. പട്ടമേൽക്കുന്ന കശ്ശീശായ്ക്കു സ്ഥാനചിഹ്നങ്ങളുടെ കൂട്ടത്തിൽ തിരുശേഷിപ്പ് പേടകവും നൽകുവാൻ പ്രാചീന പട്ടംകൊടക്രമങ്ങളിൽ നിർദ്ദേശമുണ്ട്. ഉയിർപ്പിന്റെ പ്രദക്ഷിണത്തിൽ ഇവ വഹിക്കുവാൻ പ്രത്യേക നിർദ്ദേശം ആണ്ടുതക്സായുടെ സുറിയാനിക്കുറിപ്പിൽ കാണുന്നുണ്ട്.

തിരുശേഷിപ്പ്, മാർ ഗീവറുഗ്ഗീസ് സഹദാ: 1751-ൽ മലങ്കരയിലെത്തിയ ശാക്രുള്ളാ മഫ്രിയാന മാർ ഗീവറുഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് കൊണ്ടുവന്നതായും അത് കാട്ടുമങ്ങാട്ട് കൂറിലോസ് കശ്ശീശായ്ക്ക് നൽകിയതായും അദ്ദേഹം അത് തൊഴിയൂർ ഭദ്രാസനപ്പള്ളിയിൽ സ്ഥാപിച്ചതായും തൊഴിയൂരിലെ ഒരു ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വട്ടശ്ശേരിൽ തിരുമേനി അന്ത്യോഖ്യയിൽ നിന്നും കൊണ്ടുവന്ന മാർ ഗീവറുഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് പഴയസെമിനാരി, കുണ്ടറ സെമി നാരി എന്നിവിടങ്ങളിൽ ഉണ്ട്. ഇതിൽ നിന്നുമെടുത്ത് പ്രസിദ്ധ ജോർജി യൻ തീർത്ഥാടനകേന്ദ്രങ്ങളായ പുതുപ്പള്ളിയിലും ചന്ദനപ്പള്ളിയിലും തിരുശേഷിപ്പ് ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്.

തിരുശേഷിപ്പ്, മാർ കൗമ്മാ തുടങ്ങിയവരുടെ: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ മർദ്ദീനിൽ ചെന്ന് മേല്പട്ടസ്ഥാനം ഏറ്റ് തിരിച്ചുപോരുമ്പോൾ മാർ കൗമ്മാ, മാർ യാക്കോബ് മപസ്ക്കൊ തുടങ്ങിയവരുടെ തിരുശേഷിപ്പുകൾ മലങ്ക രയിൽ കൊണ്ടുവന്നതായി അദ്ദേഹത്തിന്റെ യാത്രാവിവരണത്തിൽ കാണു ന്നുണ്ട്.

തിരുശേഷിപ്പ്, മാർത്തോമ്മായുടെ: മയിലാപ്പൂരിൽ രക്തസാക്ഷി യായ വി. തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ എ. ഡി. 394-ൽ ആഗസ്റ്റ് 22-ന് എഡേസ്സായിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ചു. ഈ സംഭവമാണ് ജൂലായ് 3-ന് ആഘോഷിക്കുന്ന ദുക്റോനോ പെരുന്നാളിന്റെ ചരിത്ര പശ്ചാത്തലമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. 1958-ലെ സഭാസമാധാ നത്തിന്റെ ശേഷം 1965-ൽ പ. ഔഗേൻ കാതോലിക്കാ ദമസ്ക്കോസിൽ ചെന്നപ്പോൾ മൂസൽ സെന്റ് തോമസ് ദേവാലയത്തിൽ സൂക്ഷിച്ച മാർ ത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിൽ ഒരംശം അവിടെനിന്ന് കൊണ്ടു വന്ന് ദേവലോകത്ത് പ്രത്യേക കബറിടം തയാറാക്കി അവിടെ സൂക്ഷിച്ചി ട്ടുണ്ട്.

തിരുസംഘം: മാർപ്പാപ്പായെ തെരഞ്ഞെടുക്കുന്ന കർദ്ദിനാൾമാരുടെ സംഘം.

തിരുഹൃദയം: 18-ാം നൂറ്റാണ്ടിൽ ആരംഭിച്ച ഒരു പദം. ഒരു കന്യാസ് ത്രീയ്ക്ക് രക്ഷകൻ തന്റെ ഹൃദയത്തെ പ്രത്യക്ഷപ്പെടുത്തിയത്രേ. ഇതാണ് ലിയോ 13-ാമൻ മനുഷ്യവർഗ്ഗത്തെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുവാൻ കാരണം. 1805 മുതൽ കന്യകമറിയാമിന്റെ തിരുഹൃദയവും ആരാധ്യമായി.

ഓർത്തഡോക്സ് സഭകൾ തിരുഹൃദയമുള്ള യേശുവിന്റെയോ കന്യക മറിയാമിന്റെയോ ചിത്രമോ തിരുക്കുടുംബത്തിന്റെ (യൗസേപ്പ്, മറിയാം, യേശു) ചിത്രമോ ദേവാലയങ്ങളിലോ ഭവനങ്ങളിലോ ഉപയോഗിക്കാറില്ല.

തീക്കട്ട: വി. കുർബ്ബാനയുടെ ഉപമാനം.

തീക്കടൽ: ന്യായവിധിനാളിൽ കാത്തിരിക്കുന്ന ഒരു അനുഭവം.

തീനരകം: ന്യായവിധിക്ക് ശേഷം ദുഷ്ടന്മാരെ കാത്തിരിക്കുന്ന

നരകീയ അനുഭവങ്ങൾ. കെടാത്ത തീയും ചാകാത്ത പുഴുവും എന്ന അനുഭവത്തെ പിതാക്കന്മാർ വർണ്ണിക്കുന്നു.

തീനിര: മാലാഖമാർ അഗ്നിമയന്മാർ. അവരുടെ വാസം അഗ്നിപ്രഭയിൽ. 'എരിതീ നിര വിട്ടീറേ ദൂതനിറങ്ങിച്ചെന്നു' എന്ന് സഭാകവി; തിങ്കളാഴ്ച പ്രഭാതനമസ്ക്കാരത്തിൽ.

തീണ്ടൽ: അശുദ്ധി കല്പിക്കപ്പെട്ട കീഴാളർ മേലാളരെ സ്പർശിക്കുന്നതാണ് തീണ്ടൽ. ഇപ്രകാരം തീണ്ടിയാൽ മേലാളൻ അശുദ്ധനാകുമെന്ന് സവർണ്ണ സംസ്കാരം പഠിപ്പിച്ചു. ഈ അശുദ്ധി സങ്കല്പമാണ് അയിത്തം. ഈ പൈശാചിക ആചാരം മൂലമാണ് കേരളത്തെ ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത്. ഇത് ഇല്ലായ്മ ചെയ്യാനുള്ള കുരിശുയുദ്ധം പല പ്രകാരത്തിൽ നയിച്ചവരാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II, പരുമല മാർ ഗ്രീഗോറിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ. വിജാതീയ മിഷന്റെയും സ്ലീബാദാസ സമൂഹത്തിന്റെയും പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്ന് അയിത്തോച്ചാടനം ആയിരുന്നു.

തീത്തോസ്: പൗലോസിന്റെയും ബർന്നബാസിന്റെയും സഹപ്രവർത്തകൻ. ക്രേത്ത സഭയുടെ എപ്പിസ്ക്കോപ്പാ. തീത്തോസിനും തീമോത്തിയോസിനും വി. പൗലൂസ് എഴുതിയ ലേഖനഭാഗങ്ങളാണ് മേല്പട്ടക്കാരുടെ പട്ടംകൊടയിലും അമാലോഗിയായിലും പട്ടംകൊടയുടെ പാട്ടുകളിലും പ്രബോധനങ്ങളായി സഭ നൽകുന്നത്.

തീബേൽ: പൊതുവിന്റെ എന്നർത്ഥം. പ്രത്യേക മെത്രാസനത്തിന് വേണ്ടിയല്ലാതെ വാഴിക്കുന്ന മെത്രാന്മാരെ തീബേലിന്റെ മെത്രാന്മാർ എന്ന് പറയും.

തീമഴ: ലോകാവസാനം തീമഴ പെയ്യും. ഈ ലോകം അഗ്നിക്കായി കാത്തിരിക്കുന്നു എന്ന് വി. വേദം.

തീമോത്തിയോസ്, അപ്രേം ആബൂദി: 1958-ൽ കൈവന്ന സഭാസമാധാനം തകർക്കാൻ പ്രധാന കാരണക്കാരൻ. മഞ്ഞനിക്കര കബറിലെ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട അപ്രേം ആബുദി റമ്പാനെ യാക്കോബ് II ബാവ, തീമോത്തിയോസ് എന്ന പേരിൽ മെത്രാനായി 1970-കളിൽ ഇന്ത്യയിലേക്കയച്ചത് 58-ലെ പരസ്പര സ്വീകരണ വ്യവസ്ഥകൾക്ക് വിരുദ്ധമായിരുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനവും നേതൃത്വവുമാണ് വീണ്ടുമൊരു പിളർപ്പിൽ മലങ്കരസഭയെ എത്തിച്ചത്.

തീമോത്തിയോസ്: വി. പൗലൂസിന്റെ സഹപ്രവർത്തകൻ. പൗലൂസ്

ഇദ്ദേഹത്തിനെഴുതിയ കത്തുകൾ ഇടയത്വ ലേഖനങ്ങൾ എന്ന് അറിയപ്പെടുന്നു. അധ്യക്ഷ സ്ഥാനാർത്ഥികളുടെ യോഗ്യതകളെ ഇവ വിവരിക്കുന്നു. കാരാഗൃഹവാസം അനുഭവിച്ചു. 97-ൽ എഫേസ്യയിൽ വച്ച് രക്തസാക്ഷിയായി. 356-ൽ കോൺസ്റ്റാന്റിയസ് ചക്രവർത്തി തിരുശേഷിപ്പുകൾ കോൺസ്റ്റാണ്ടിനോപ്പിളിലേക്ക് മാറ്റി.

തീമോത്തിയോസ്, ഔഗേൻ മാർ: '*ബസ്സേലിയോസ് ഔഗേൻ I*' എന്ന ശീർഷകം കാണുക.

തീമോത്തിയോസ്, റീനി വിലാത്തി മാർ: അമേരിക്കയിലെ പ്രോട്ടസ്റ്റണ്ട് എപ്പിസ്ക്കോപ്പൽ സഭയിലെ റിനി വിലാത്തി എന്ന പട്ടക്കാരനെ പാത്രിയർക്കീസിന്റെ അനുവാദപ്രകാരവും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II ന്റെ നിർദ്ദേശപ്രകാരവും 1892 ഇടവം 14-ന് പരുമല മാർ ഗ്രീഗോറിയോസിന്റെ നേതൃത്വത്തിൽ തീമോത്തിയോസ് എന്ന പേരിൽ സിലോണിൽ വച്ച് മലങ്കരസഭ വാഴിച്ചു. അദ്ദേഹത്തെ അമേരിക്കയിലേക്ക് നിയോഗിച്ചു. അദ്ദേഹത്തിന്റെ അന്ത്യം അമേരിക്കയിൽ വച്ചായിരുന്നു.

തീമോത്തിയോസ്, തോമസ് മാർ: '*ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ*', '*കാതോലിക്കാമാർ, മലങ്കരയിലെ*' എന്നീ ശീർഷകങ്ങൾ കാണുക.

തീർത്ഥാടനം: ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, പൗരാണിക കലാമൂല്യം നിലനിർത്തുന്ന സ്ഥലങ്ങൾ, പരിശുദ്ധ കബറിടങ്ങൾ ഇവയൊക്കെ തീർത്ഥാടനകേന്ദ്രങ്ങളാണ്. ഇവിടം സന്ദർശിക്കുന്നത് അനുഗ്രഹകരമെന്ന് വിശ്വാസികൾ കരുതുന്നു. മൈലാപ്പൂർ, ആർത്താറ്റ്, നിരണം, കണ്ടനാട്, മുളന്തുരുത്തി, കോതമംഗലം, ദേവലോകം, പരുമല, മണർകാട്, മഞ്ഞനിക്കര, വള്ളിക്കാട്ട്, പുതുപ്പള്ളി തുടങ്ങിയവ മലങ്കരസഭയിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രങ്ങളാണ്.

തുബ്ദേൻ (ദീപ്തിക്): വി. കുർബ്ബാനയുടെ ഭാഗമായി ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുമായി നടത്തുന്ന 18 മദ്ധ്യസ്ഥ പ്രാർത്ഥനകൾ. ഓരോ സെറ്റിലും 3 വീതം പ്രാർത്ഥനകൾ ഉണ്ട്. ഓരോ സെറ്റിലും 2 എണ്ണം (ഒന്ന് പരസ്യവും ഒന്ന് രഹസ്യവും) കാർമ്മികനും ഒന്ന് ശുശ്രൂഷക്കാരനും ചൊല്ലും. ഇന്ന് പ്രചാരത്തിലുള്ള ശുശ്രൂഷക്കാരൻ ചൊല്ലുന്ന തുബ്ദേനുകൾ 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് അച്ചടിച്ച് പ്രചരിച്ചത്. അതിനുമുമ്പ് ഹ്രസ്വവും അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകൾ ഉൾപ്പെടാത്തതുമായ തുബ്ദേനാണ് അച്ചടിക്രമത്തിലുണ്ടായിരുന്നത്. അതിനുംമുമ്പ് കൂടുതൽ ഹ്രസ്വമായ തുബ്ദേനുകൾ കൈയെഴുത്ത് കുർബ്ബാനക്രമത്തിൽ കാണുന്നുണ്ട്. മലങ്കരസഭയിൽ നിന്ന് 1890-കളിലും 1930

-കളിലും പിരിഞ്ഞുപോയ മാർത്തോമ്മാക്കാരും മലങ്കര റീത്തുകാരും ചെറിയ തുബ്ദേനുകളാണ് ഉപയോഗിക്കുന്നത്. അന്ത്യോഖ്യൻ ശൈലിയിൽ അപ്പവീഞ്ഞുകളുടെ വാഴ്‌വിന് ശേഷവും, അലക്സാന്ത്രിയൻ പാരമ്പര്യത്തിൽ സ്ഥാപനവചനങ്ങൾക്കു മുമ്പുമാണ് തുബ്ദേൻ ക്രമീകരിച്ചിട്ടുള്ളത്. തുബ്ദേനുകൾ എല്ലാം അർക്കദിയാക്കോൻ ആണ് ചൊല്ലിയിരുന്നത്. മാറി മാറിച്ചൊല്ലുന്ന സമ്പ്രദായം പിന്നീടുണ്ടായതാണ്. തുബ്ദേൻ വായനയിൽ അർക്കദിയാക്കോൻ സ്വന്തം അംശവടി പിടിക്കും; മറ്റുള്ളവർ തുബ്ദേൻ വായിക്കുമ്പോൾ കത്തിച്ച മെഴുകുതിരിയും; തുബ്ദേൻ എല്ലാം വിശ്വാസികളോടുള്ള പ്രബോധനങ്ങൾ ആണ്. വിശ്വാസികൾ കുറിയേലായിസോൻ (ഞങ്ങളോട് കരുണ ചെയ്യേണമേ) ചൊല്ലി ആ പ്രബോധനങ്ങളോട് പ്രതികരിക്കുന്നു. തുബ്ദേൻ സമയത്ത് ഇരിക്കുവാൻ അനുവാദം നല്കാറുണ്ട്.

തുമ്പമൺ പള്ളി: ക്രൈസ്തവകേന്ദ്രമായി വളർന്ന ഈ പ്രദേശത്ത് 1274 ചിങ്ങം 15-ന് പള്ളി സ്ഥാപിച്ചു. കരിങ്ങാട്ടിൽ സ്കറിയാ കത്തനാരും കണിച്ചേരിൽ കോരുതു കിയ്യാപ്പിള്ളയും മുളന്തുരുത്തി സിന്നഡിൽ പള്ളിയെ പ്രതിനിധീകരിച്ചു. ഇപ്പോൾ കത്തീഡ്രൽ ആണ്. 1948-ൽ എം. ജി. എം. ഹൈസ്ക്കൂൾ സ്ഥാപിതമായി.

തുമ്പമൺ ഭദ്രാസനം: '*മലങ്കരസഭയിലെ മെത്രാസനങ്ങൾ*' കാണുക.

തൂയോബോ ക്രമം: അനുതാപത്തിന്റെ ക്രമം. വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് മുപ്പത് മിനിട്ട് ദൈർഘ്യം വരുന്ന ഈ ക്രമം മൗനമായി നടത്തുന്നു. കാർമ്മികന്റെ മദ്ബഹാ പ്രവേശം, അപ്പവീഞ്ഞുകളുടെ സമർപ്പണം, അംശവസ്ത്രധാരണം, മധ്യസ്ഥപ്രാർത്ഥന, ധൂപാർച്ചന എന്നിവ ഈ സമയത്തു മറയിട്ട മദ്ബഹായിൽ നടക്കുന്നു. ദീർഘമായ ഈ ഒരുക്കശുശ്രൂഷ സുറിയാനിസഭയുടെ ഒരു പ്രത്യേകതയാണ്.

തൃക്കുന്നത്ത് സെമിനാരി, ആലുവാ: അങ്കമാലി മെത്രാസനത്തിന്റെ ആസ്ഥാനമാണ് ആലുവാ തൃക്കുന്നത്ത് സെമിനാരി. അവിഭക്ത സഭയിൽ അമ്പാട്ട് കൂറിലോസ് ഈ സ്ഥലം സമ്പാദിച്ചു. കടവിൽ പൗലൂസ് മാർ അത്താനാസ്യോസിന്റെ കാലത്ത് 1891-ന് ശേഷം വാകത്താനം കാരുചിറ ഗീവറുഗ്ഗീസ് റമ്പാന്റെ ഉത്സാഹത്തിൽ പണി പൂർത്തിയായി. അദ്ദേഹത്തിന്റെ കാലശേഷം 1907-ൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ഭരണത്തിൽ വന്നു. അദ്ദേഹത്തിന്റെ കാലശേഷം സഭയിൽ കക്ഷി വഴക്കുണ്ടായി. ഒരു കക്ഷിയുടെ നേതാവായി കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് സെമിനാരി ആസ്ഥാനമായി ഭരിക്കുകയും ഒരു ഭാഗത്തെപ്പള്ളികൾ മലങ്കര മെത്രാപ്പോലീത്താ

യുടെ ഭരണത്തിൽ തുടരുകയും ചെയ്തു. 1953-ന് ശേഷം പാത്രിയർക്കീസ് കക്ഷിയുടെ ഭരണവുമായി വയലിപ്പറമ്പിൽ ഗീവറുഗ്ഗീസ് മാർ ഗ്രീഗോറിയോസ് സെമിനാരി ആസ്ഥാനമാക്കി. അദ്ദേഹത്തിന്റെ കാലത്ത് 1958-ൽ ഇരു വിഭാഗങ്ങളും യോജിക്കുകയും പാത്രിയർക്കീസ് വിഭാഗം നിരുപാധികം കാതോലിക്കേറ്റിനെയും 1934-ലെ ഭരണഘടനയെയും അംഗീകരിച്ചതോടെ അങ്കമാലി മെത്രാസനം പൂർണ്ണമായും മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ കാതോലിക്കേറ്റിലെ മെത്രാസനമാവുകയും 1959-ൽ കാതോലിക്കാ നൽകിയ നിയമനകല്പനപ്രകാരം അങ്കമാലിയുടെ ചുമതല മാർ ഗ്രീഗോറിയോസ് നിർവഹിക്കുകയും ചെയ്തു. അതിനുശേഷം യോജിച്ച മലങ്കരസഭ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിനെ 1966 മുതൽ അങ്കമാലിയുടെ ചുമതലയേല്പിക്കുകയും അദ്ദേഹം തൃക്കുന്നത്ത് സെമിനാരി ആസ്ഥാനമായി ഭരണം നടത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ കാലശേഷം പൗലൂസ് മാർ പക്കോമിയോസിന് മെത്രാസനച്ചുമതല ഏല്പിച്ചു. ഇപ്പോൾ മലങ്കര മെത്രാപ്പോലീത്താ കൂടിയായ ദിദിമോസ് കാതോലിക്കായുടെ ഭരണത്തിലാണ് മെത്രാസനവും സെമിനാരിയും. മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റും പിൻഗാമിയുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ഭരണച്ചുമതല വഹിക്കുന്നു. കടവിൽ അത്താനാസ്യോസ്, കുറ്റിക്കാട്ടിൽ അത്താനാസ്യോസ്, വയലിപ്പറമ്പിൽ ഗ്രീഗോറിയോസ്, ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് എന്നിവരുടെ കബറിടങ്ങൾ തൃക്കുന്നത്ത് സെമിനാരിയിലാണ്.

തൃക്കോതമംഗലം സെന്റ് ജെയിംസ് പള്ളി: കോട്ടയം ഭദ്രാസനം. വാഴക്കാലായിൽ കോര ഉലഹന്നാൻ ദാനം ചെയ്ത സ്ഥലത്ത് 1911 ഫെബ്രു. 6-ന് സ്ഥാപിച്ചു. 1955 ജൂൺ 12-ന് 4-ാം പ്രാവശ്യം പള്ളി പുതുക്കിപ്പണിതു. 1985 ഫെബ്രു. 5-ന് പ. മാത്യൂസ് I കാതോലിക്കാ ഇതിന്റെ കൂദാശാപരമായ ശിലാസ്ഥാപനവും ഫെബ്രു. 6-ന് യൂഹാനോൻ മാർ സേവേറിയോസ് കൂദാശയും നിർവഹിച്ചു. ഒരു പാരിഷ് ഹാൾ, പൊതുക്കല്ലറ, ഒരാശുപത്രി എന്നിവയുണ്ട്. പ്രധാന പെരുന്നാൾ ജൂൺ 19-ന് ആഘോഷിക്കുന്നു.

തൃശ്ശൂർ സെന്റ് ഇഗ്നേഷ്യസ് പള്ളി: കൊച്ചി ഭദ്രാസനം. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം കുന്നംകുളം ഇടവകക്കാരായ വ്യാപാരികളുടെയും ഉദ്യോഗസ്ഥന്മാരുടെയും ഉത്സാഹഫലമായി പടിഞ്ഞാറേക്കോട്ടയിൽ സമ്പാദിച്ച വിസ്തൃതമായ സ്ഥലത്ത് 1909 തുലാം 1-ന് അബ്ദുള്ളാ പാത്രിയർക്കീസ് ശിലാസ്ഥാപനം നടത്തി. എം. എ. ചാക്കോ സൂപ്രണ്ടും കോലാടി ദാവീദ് ശെമ്മാശനും മറ്റും അശ്രാന്തപരിശ്രമം ചെയ്തു പണിപൂർത്തിയാക്കി 1911 മിഥുനം 4-ന് ആദ്യ കുർബ്ബാന അർപ്പിച്ചു. പുനർ നിർ

മ്മാണം ചെയ്ത മദ്ബഹായുടെ കൂദാശ ആദ്യവും പുതിയ രണ്ട് മദ്ബഹാകൾ കൂടെ പണിത് പുനർനിർമ്മാണം നടത്തിയ പള്ളിയുടെ കൂദാശ 25-5-1986 ലും യൂഹാനോൻ മാർ സേവേറിയോസ് നിർവഹിച്ചു. 6-3-1954 ൽ എം. പി. പത്രോസ് റമ്പാൻ (മാർ ഒസ്താത്തിയോസ്) കല്ലിട്ട ചെമ്പൂക്കാവ് സെന്റ് തോമസ് ദേവാലയം രജതജൂബിലി പ്രമാണിച്ച് 1879-ലും നെഹ്റു നഗർ മാർ ഗ്രിഗോറിയോസ് പള്ളി കൂദാശ 11-9-1977 ലും യൂഹാനോൻ മാർ സേവേറിയോസ് കൂദാശ ചെയ്തു. യാക്കോബ് മാർ പോളിക്കാർപ്പോസ് സഹ കാർമ്മികൻ ആയിരുന്നു (ഈ രണ്ട് ചാപ്പലുകളും ഇപ്പോൾ സ്വതന്ത്ര ഇടവകകൾ ആണ്). 1958-ലെ സഭാ സമാധാനത്തിന്റെ സ്മാരകമായി ബെസ് അവ്യൂസോ (സമാധാന ഭവനം) പണിതു. ചാക്കോ മെമ്മോറിയൽ ഓഡിറ്റോറിയം ഉണ്ട്.

തെക്കുംഭാഗർ: '*ക്നാനായക്കാർ*' കാണുക.

തെങ്കര: തടാകം ക്രിസ്തുശിഷ്യാശ്രമത്തിന്റെ ശാഖയായി പാലക്കാട് ജില്ലയിൽ മണ്ണാർക്കാടിനടുത്ത് പത്തേക്കർ സ്ഥലത്ത് ഒരാശ്രമം തെങ്കരയിലുണ്ട്. കഴിഞ്ഞ വർഷം ഒരു നല്ല പള്ളി നിർമ്മിച്ചു.

തെർത്തുല്യൻ: എ. ഡി. 155-നോടടുത്ത് ആഫ്രിക്കയിൽ കാർത്തേജിൽ ജനിച്ചു. 193-നോടടുത്ത് ക്രിസ്തുമതം സ്വീകരിച്ചു. അഭിഭാഷകൻ. കൃതികൾ വിശ്വാസസമർത്ഥനപരം, അബദ്ധോപദേശങ്ങൾക്കെതിരെയുള്ളവ, ധാർമ്മികവും ആത്മീയവുമായ ക്രമീകരണം ഉദ്ദേശിച്ചുള്ളവ എന്ന് 3 വിഭാഗങ്ങൾ. ജാതികളോട്, യഹൂദന്മാർക്കെതിരെ, സ്ക്കാപ്പുളാ എന്നിവ പ്രസിദ്ധ കൃതികൾ. വാലന്തീനിയൻ, ജ്ഞാനവാദം, മാർസിയനിസം എന്നിവയോട് പോരാടി. രക്തസാക്ഷിത്വത്തിന്റെ മേന്മ, ഉപവാസം, ക്ഷമാശീലം എന്നിവയെ പ്രകീർത്തിക്കുന്നു. പുനർവിവാഹം, സൈന്യസേവനം ഇവയെ വിമർശിക്കുന്നു. യവന തത്വചിന്തയെ നിരാകരിക്കുന്നു. 220-നോടടുത്ത് നിര്യാതനായി.

തെയോഫിലോസ്, വി.: 385 മുതൽ അലക്സാന്ത്രിയായിലെ പാത്രിയർക്കീസ്. കൂറിലോസിന്റെ മാതുലൻ. ക്രൈസ്തവേതര മതാനുയായികളെ അമർച്ച ചെയ്തു. കോപ്റ്റിക് - സിറിയൻ സഭകൾ അദ്ദേഹത്തെ വിശുദ്ധനായി കരുതുന്നു.

തെയോഫിലോസ്, വി.: എ. ഡി. 2-ാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ ബിഷപ്പ്. ത്രിത്വം എന്ന ആശയത്തിൽ ത്രിമൂർത്തി എന്ന പദം ആദ്യം ഉപയോഗിച്ച വേദശാസ്ത്രജ്ഞൻ.

തെയോഫിലോസ്, യാക്കോബ് മാർ: ബഥനി ആശ്രമാംഗം. ഗീവറുഗീസ് II കാതോലിക്കാ 1929 ഫെബ്രു. 16-ന് എപ്പിസ്ക്കോപ്പായാക്കി.

മാർ ഈവാനിയോസിനോടൊപ്പം റീത്ത് പ്രസ്ഥാനത്തിൽ ചേർന്നു.

തെയോഫിലോസ്, ഡോ. ഫിലിപ്പോസ് മാർ: കോട്ടയം കല്ലുപുരയ്ക്കൽ പുത്തൻപുരയിൽ കോരയുടെയും മറിയാമ്മയുടെയും പുത്രൻ. 1911 മെയ് 9-ന് ജനിച്ചു. ഇംഗ്ലണ്ടിൽ കാന്റർബറി അഗസ്റ്റിൻ കോളജിലും കാർഡിലും ഉപരി വിദ്യാഭ്യാസം. കാർഡിഫ് ചിക്കാഗോ യൂണിവേഴ്സിറ്റി, ഏഷൻസ് യൂണിവേഴ്സിറ്റികളിൽ നിന്ന് എം. എ., എം. ടി. എച്ച്., എം. സി. സി. ബിരുദങ്ങൾ. ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. 1929-ൽ കോറൂയോ. 1944-ൽ പൂർണ്ണശെമ്മാശൻ, അതേ വർഷം കശീശാ പട്ടങ്ങൾ എന്നിവ യഥാക്രമം വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, പാമ്പാടി മാർ ഗ്രിഗോറിയോസ്, ഗീവറുഗീസ് II കാതോലിക്കാ എന്നിവരിൽ നിന്നും സ്വീകരിച്ചു. കോട്ടയം ചെറിയപള്ളി വികാരി. 1966 ഫെബ്രു. 26-ന് റമ്പാൻസ്ഥാനവും 1966 ആഗസ്റ്റ് 24-ന് മെത്രാപ്പോലീത്താ പട്ടവും (കോലഞ്ചേരി) ഔഗേൻ പ്രഥമൻ കാതോലിക്കാ നൽകി. 1967-ൽ അങ്കമാലിയുടെയും 1979-ൽ ബോംബെയുടെയും ചുമതലയേറ്റു.

എഡിൻബറോ (1937), ആംസ്റ്റർഡാം (1939, 1948), ഇവാൻസ്റ്റൺ (1954), ന്യൂഡൽഹി (1961), ടോറന്റോ (1962), ആഡിസ് അബാബാ (1965), ലെനിൻഗ്രാഡ് (1965), ബുഡാപെസ്റ്റ് (1965), ഉപ്സാല (1968), നൈറോബി (1975) തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന അഖിലലോക വിദ്യാർത്ഥി-യുവജന-എക്യുമെനിക്കൽ-W C C ദൈവശാസ്ത്ര കോൺഫ്രൻസുകളിൽ മലങ്കരസഭയെ പ്രതിനിധീകരിച്ച ഇദ്ദേഹം മലങ്കരസഭയുടെ അംബാസഡർ എന്ന് അറിയപ്പെടുന്നു. ഓർത്തഡോക്സ് വൈദിക സെമിനാരി അധ്യാപകൻ, പ്രിൻസിപ്പൽ, വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി, WCC സെൻട്രൻ കമ്മിറ്റി അംഗം, വിദ്യാർത്ഥിപ്രസ്ഥാനം പ്രസിഡണ്ട്, ആലുവാ അന്ധവിദ്യാലയം ചെയർമാൻ, എസ്. പി. എഫ്. പ്രസിഡണ്ട്, തടാകം ആശ്രമം, കിഴക്കമ്പലം കോൺവെന്റ് ഇവയുടെ വിസിറ്റർ ബിഷപ്പ്, വളയഞ്ചിറങ്ങര ബാലഗ്രാം പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. വൈദിക സെമിനാരി സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തതും വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ കോട്ടയം, തിരുവനന്തപുരം, ബോംബെ, കോതമംഗലം, ആലുവാ ഹോസ്റ്റലുകൾ നിർമ്മിച്ചതും കോലഞ്ചേരി, കുന്നംകുളം മെഡിക്കൽമിഷൻ ആശുപത്രികൾ സ്ഥാപിച്ചതിലും ഇദ്ദേഹത്തിന് നിർണ്ണായകമായ പങ്കുണ്ടായിരുന്നു. 1997 സെപ്തം. 28-ന് അന്തരിച്ചു. ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടക്കി.

തെയോഫിലോസ്, ഡോ. സഖറിയ മാർ: ചെങ്ങരൂർ മഞ്ഞനാംകുഴിയിൽ എം. പി. ചാണ്ടപ്പിള്ളയുടെ പുത്രനായി 16-9-1952 ൽ ജനിച്ചു. പ്രസിദ്ധ കൺവൻഷൻ പ്രസംഗകൻ, ധ്യാനഗുരു. ദീർഘകാലം ഓർത്ത

ഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം ഹോസ്റ്റലുകളുടെ വാർഡൻ. പിന്നീട് വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 2005 മാർച്ച് 5-ന് മേല്പട്ടസ്ഥാനമേറ്റു. ആദ്യം മലബാർ ഭദ്രാസനത്തിന്റെ അസിസ്റ്റന്റ്. 2006-ൽ പൂർണ്ണ ചുമതല. ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ പ്രൊജക്ടിന്റെ കൺവീനർ. മികച്ച സംഘാടകൻ. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കോട്ടയത്തെ കേന്ദ്ര ഓഫീസ് പുതുക്കിപ്പണിയിച്ചു. അതിനോടു സമീപമുള്ള സ്ഥലം വാങ്ങി കെയ്റോസ് എന്ന അന്തർദേശീയ വിദ്യാർത്ഥി മന്ദിരവും ഫ്ളാറ്റ് സമുച്ചയവും പണിയിക്കുന്നതിന് നേതൃത്വം നൽകുന്നു. ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ സ്വന്ത നിലയ്ക്കും വിദ്യാർത്ഥി പ്രസ്ഥാനം മുഖാന്തിരവും നടത്തുന്നു. രക്തദാന പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവ്. ഇപ്പോൾ മർത്തമറിയം സമാജത്തിന്റെ പ്രസിഡണ്ടും വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡണ്ടും.

തെയോഫോറസ് റമ്പാൻ കോറെപ്പിസ്ക്കോപ്പാ: ആറാട്ടുപുഴ താഴത്തുതടത്ത് കുളഞ്ഞിക്കൊമ്പിൽ ടി ഒ. ചാക്കോയുടേയും ശോശാമ്മയുടെയും മകൻ. 9-8-1922 ൽ ജനിച്ചു. B. Sc., B. Ed., B. D. ബിരുദങ്ങൾ നേടി. ഇംഗ്ലണ്ടിലെ അഗസ്റ്റിൻ കോളജിൽ നിന്ന് ദൈവശാസ്ത്രത്തിൽ പി. ജി. ഡിപ്ലോമ നേടി. പത്തനംതിട്ട ബേസിൽ ദയറായിൽ അംഗം. 25-11-1948 ൽ ശെമ്മാശൻ. 1952-ൽ പൂർണ്ണ ശെമ്മാശൻ, 17-9-60 ൽ കശ്ശീശ. ഫാ. ഉമ്മൻ എന്നായിരുന്നു പേർ. യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി. പ്രൈവറ്റ് സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസ്യേഷൻ സംസ്ഥാന പ്രസിഡന്റ്, തുമ്പമൺ ഭദ്രാസന സെക്രട്ടറി, മാവേലിക്കര എം. എസ്. എസ്., തുമ്പമൺ എം. ജി. എസ്., പത്തനംതിട്ട കാതോലിക്കേറ്റ്, പുത്തൻകാവ്, തിരുവല്ല എം. ജി. എം. ഹൈസ്ക്കൂളുകളിൽ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തിന് 1969-ൽ സംസ്ഥാന അദ്ധ്യാപക അവാർഡും 1976-ൽ ദേശീയ അവാർഡും ലഭിച്ചു. സുന്നഹദോസ് ഓഫീസ് സെക്രട്ടറി, ഓർത്തഡോക്സ് - കത്തോലിക്കാ ഡയലോഗ് അംഗം, ദേവലോകം അരമന മാനേജർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി, ഡിഫൻസ് കമ്മിറ്റി, പരുമല കൗൺസിൽ, മിഷൻ ബോർഡ്, കോർപ്പറേറ്റ് കോളജ്, സ്കൂൾ ബോർഡ് എന്നിവയിൽ മെമ്പർ ആയി പ്രവർത്തിച്ചു. 1982 ജനു. 1-ന് മാത്യൂസ് I ബാവാ കോറെപ്പിസ്ക്കോപ്പാ സ്ഥാനവും 1987 ഓഗസ്റ്റ് 29-ന് തെയോഫോറോസ് എന്ന പേരിൽ റമ്പാൻ സ്ഥാനവും നൽകി. നിര്യാതനായി.

തെരഞ്ഞെടുപ്പ്: ഇടവക, മെത്രാസനം, പൊതുസഭ എന്നീ മൂന്ന് തലങ്ങളിലായിട്ടാണ് മലങ്കരസഭയിലെ ഭരണം നിർവഹിക്കപ്പെട്ടു പോരുന്നത്. ഇടവകപ്പൊതുയോഗം, ഭദ്രാസനപ്പൊതുയോഗം, മലങ്കര അസോസ്യേഷൻ എന്നീ മഹായോഗങ്ങളിലാണ് ഭരണഘടനയ്ക്ക് വിധേയമായി പ്രധാന

അധികാരങ്ങളും ചുമതലകളും സ്ഥിതിചെയ്യുന്നത്. ഇടവക കമ്മിറ്റി, ഭദ്രാസന കൗൺസിൽ, മാനേജിംഗ് കമ്മിറ്റി എന്നീ സമിതികൾ മഹാസമ്മേളനങ്ങളോടുള്ള വിധേയത്വത്തിൽ ഭരണഘടനാപരമായി തെരഞ്ഞെടുക്കപ്പെടുന്നു. ഭരണനിർവഹണത്തിനായി ഇടവക വികാരിയോടൊത്തും ഭദ്രാസന മെത്രാപ്പോലീത്തായോടൊത്തും മലങ്കര മെത്രാപ്പോലീത്തായോടൊത്തും അതത് മഹായോഗങ്ങൾ തെരഞ്ഞെടുക്കുന്ന കൈക്കാരനും ഭദ്രാസന സെക്രട്ടറിയും വൈദിക-അത്മായ ട്രസ്റ്റിമാരും യഥാക്രമം പ്രവർത്തിക്കുന്നു. തെരഞ്ഞെടുപ്പ് ഏകകണ്ഠമല്ലെങ്കിൽ ഭൂരിപക്ഷാഭിപ്രായ പ്രകാരം നിർവഹിക്കും. കണ്ടനാട് പടിയോലയിൽ നറുക്കെടുപ്പിലൂടെ ചുമതലക്കാരെ തെരഞ്ഞെടുക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. അതാണ് പ്രാചീന സമ്പ്രദായം, വോട്ടെടുപ്പ് ജനാധിപത്യയുഗത്തിന്റെ ശൈലിയാണ്. ശൈലി ഏതായാലും അധികാരം ലഭിക്കുന്നതിന്റെ മുഖ്യ അടിസ്ഥാനം തെരഞ്ഞെടുപ്പാണ്. വൈദികസ്ഥാനികളാവുമ്പോൾ തെരഞ്ഞെടുപ്പിന് ശേഷം അധികൃത സ്ഥാനികളുടെ കൈവെപ്പും അനിവാര്യമാണ്. അപ്പോസ്തോലിക കാലത്തും ജനങ്ങളുടെ തെരഞ്ഞെടുപ്പും അപ്പോസ്തോലന്മാരുടെ കൈവെപ്പും അനിവാര്യമായിരുന്നുവെന്ന് പ്രവൃത്തികളുടെ പുസ്തകത്തിലെ ഏഴു ശെമ്മാശന്മാരുടെ തെരഞ്ഞെടുപ്പും കൈവെപ്പും നിയമനവും സംശയരഹിതമായി സൂചിപ്പിക്കുന്നു.

തെശ്മെശ്ത്താ: ശുശ്രൂഷ എന്ന് അർത്ഥം. സ്ത്രീ-പുരുഷൻ-ശിശു എന്നിവരുടെ ശവസംസ്കാര ശുശ്രൂഷകൾ ഓരോന്നിനും നാലു ക്രമങ്ങൾ വീതമുണ്ട്. വൈദികസ്ഥാനികൾക്ക് എട്ട് ക്രമങ്ങളും. ഈ ക്രമങ്ങൾക്കാണ് സാധാരണഗതിയിൽ തെശ്മെശ്ത്താ എന്ന് പറയുന്നത്.

തേവലക്കര മർത്തമറിയം പള്ളി: എ. ഡി. 4-ാം നൂറ്റാണ്ടിൽ സ്ഥാപിച്ചതായി ഐതിഹ്യം. എ. ഡി. 905-ൽ തിഗ്രീസിൽ നിന്ന് വന്ന മാർ ആബോയുടെ കബറിടം ഇവിടെയാണ്. ഇപ്പോഴത്തെ പള്ളി 1971-ൽ കൂദാശ ചെയ്തു. 300-ലേറെ കുടുബങ്ങളുണ്ട്. തേവലക്കര വൈദ്യന്മാർ പ്രസിദ്ധരാണ്. ഡോ. കെ. എൽ. മാത്യു വൈദ്യൻ, ഫാ. അലക്സാണ്ടർ വൈദ്യൻ തുടങ്ങിയവർ ഈ ഇടവകക്കാരാണ്.

തേവോദോസ്യോസ് I (379-395): നിഖ്യാ നിശ്ചയങ്ങൾക്കു വേണ്ടി ജീവിച്ച റോമ്മാ ചക്രവർത്തി. 'മഹാനായ' എന്ന് വിളിക്കപ്പെടുന്നു. അധികാരമേറ്റതിന് ശേഷം ക്രിസ്തുമതം സ്വീകരിച്ച ഇദ്ദേഹം സാമ്രാജ്യത്തിൽ ശാന്തി ഉറപ്പാക്കുവാൻ നിഖ്യാ പ്രമാണങ്ങളെ യോജിക്കാത്ത സംഘടനകളെ 380-ൽ നിരോധിച്ചു. 381-ൽ കുസ്തന്തീനോപോലീസിൽ സാർവത്രിക സിന്നഡ് വിളിച്ചുചേർത്തു. തെസലോനിക്യയിലെ ജനക്കൂട്ടത്തെ കൊന്നതിന്റെ പേരിൽ മിലാനിലെ ബിഷപ്പ് അംബ്രോസ് ഇദ്ദേഹത്തെ

ശിക്ഷയ്ക്കു വിധിച്ചു. വിസമ്മതം പിൻവലിച്ച് ഒടുവിൽ ചക്രവർത്തി ശിക്ഷയ്ക്ക് കീഴടങ്ങി.

തേവോദോസ്യോസ് II (405–450): 431–ലെ എഫേസൂസ് സിന്നഡ് വിളിച്ച റോമ്മാ ചക്രവർത്തി. കുസ്തന്തീനോസ് I തൊട്ടുള്ള ചക്രവർത്തിമാരുടെ നിയമാവലികൾ കോഡക്സ് തേയോഡോസിയാനസ് എന്ന പേരിൽ 438–ൽ പ്രസിദ്ധീകരിച്ചു; പ്രാചീനതമമായ നിയമാവലിയാണിത്. കുസ്തന്തീനോപ്പോലീസിലെ ഉന്നത വിദ്യാപീഠം പുനഃസംഘടിപ്പിച്ചു. തലസ്ഥാനത്തുണ്ടായിരുന്ന കോട്ട വിപുലപ്പെടുത്തി അപ്രതിരോധ്യമാക്കി. 450–ൽ കുതിരപ്പുറത്തു നിന്ന് വീണതിനെത്തുടർന്ന് അന്തരിച്ചു.

തേവോദോസ്യോസ്, അലക്സിയോസ് മാർ (1888–1965): റാന്നി -പെരുനാട് ബഥനി ആശ്രമത്തിന്റെ സ്ഥാപകരിലൊരാൾ. നിരണം മട്ടയ്ക്കൽ മത്തായി–കുഞ്ഞാണ്ടമ്മ ദമ്പതിമാരുടെ പുത്രൻ. ജനനം. 28–8–1888. കോളജ് വിദ്യാഭ്യാസം കോട്ടയം സി. എം. എസ്. കോളജിൽ പൂർത്തിയാക്കി. കോട്ടയം ചെറിയപള്ളിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ശെമ്മാശുപട്ടം നൽകി. 1915 മുതൽ ഈസ്റ്റ് ബംഗാളിലെ ബാരിസോൾ ഡിവിനിറ്റി കോളജ്, ഇംഗ്ലണ്ടിലെ മെൽഫിസിലിം, സെറാമ്പൂർ എന്നിവിടങ്ങളിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം. 1918–ൽ പരുമല വച്ച് യൂയാക്കീം മാർ ഈവാനിയോസ് കശ്ശീശാപട്ടം നൽകി. 1920–ൽ ഫാ. പി. റ്റി. ഗീവർഗീസുമായി (മാർ ഈവാനിയോസ്) ചേർന്ന് സന്യാസവ്രതം സ്വീകരിച്ച് ബഥനി ആശ്രമം സ്ഥാപിച്ചു. ബഥനി മാർ ഈവാനിയോസ് കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ ആബോ അലക്സിയോസ് 1930–ൽ ബഥനി ആശ്രമത്തിന്റെ അധ്യക്ഷനായി. 1938 ഏപ്രിൽ 7–ന് കർമ്മേൽ ദയറായിൽ വച്ച് ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ മാർ തേവോദോസ്യോസ് എന്ന നാമത്തിൽ എപ്പിസ്ക്കോപ്പാ ആക്കി കൊല്ലത്തിന്റെയും ബാഹ്യകേരള ഭദ്രാസനത്തിന്റെയും ചുമതല നല്കി. ഇന്നത്തെ ബാഹ്യകേരള ഭദ്രാസനങ്ങൾക്ക് അടിത്തറ പാകിയ ഇദ്ദേഹത്തെ 1941 ഏപ്രിൽ 8–ന് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ് ചാപ്പലിൽ വച്ച് ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ മെത്രാപ്പോലീത്താ ആക്കി ഉയർത്തി. മാർ ഈവാനിയോസിന്റെ സഭാ ഭ്രംശത്തെത്തുടർന്ന് ബഥനി ആശ്രമത്തെ സുസംഘടിതമാക്കി പരിപോഷിപ്പിക്കുന്നതിനും പാത്രിയർക്കീസ് കക്ഷിയുടെ തത്വരഹിതമായ കപട സമാധാന ചർച്ചകളിൽ ചതിവുകൾ പറ്റാതെ തത്വാധിഷ്ഠിത സിദ്ധാന്തങ്ങളിൽ സഭയെ ചിട്ടപ്പെടുത്തുന്നതിലും ഇദ്ദേഹത്തിന്റെ പങ്കാളിത്തവും നേതൃത്വവും ശ്രദ്ധേയമായിരുന്നു. ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ നിന്ന് സുധീരം ഇറങ്ങിപ്പോയ അദ്ദേഹം 'ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്താ ആയി കഴിയുവാൻ ആഗ്രഹിക്കുന്നില്ല' എന്ന് പ്രസ്താവിച്ചു.

മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, വാളക്കുഴിയിൽ ജോസഫ് മാർ സേവേറിയോസ് എന്നിവർ സഭാത്യാഗം ചെയ്തപ്പോൾ ബഥനിയെ അതിന്റെ സ്ഥാപനോദ്ദേശ്യത്തിൽ ഉറപ്പിച്ചു നിർത്തുവാൻ ഇദ്ദേഹത്തിന്റെ നേതൃത്വം സഹായകമായി. മലങ്കരസഭയെ ലോക സഭകൾക്ക് പരിചയപ്പെടുത്തുന്നതിലും, എക്യുമെനിക്കൽ രംഗത്തേക്ക് ആരംഭ ഘട്ടത്തിൽ തന്നെ മലങ്കരസഭയെ പ്രവേശിപ്പിക്കുന്നതിലും നിർണ്ണായക പങ്ക് വഹിച്ചു. അഖില ലോക സഭാ കൗൺസിലിന്റെ കേന്ദ്ര കമ്മിറ്റിയംഗമായി ദീർഘകാലം പ്രവർത്തിച്ചു. 1965 ആഗസ്റ്റ് 6-ന് കൂടാരപ്പെരുന്നാൾ ദിനത്തിൽ ദിവംഗതനായി. റാന്നി-പെരുനാട് ബഥനി ആശ്രമം ചാപ്പലിൽ കബറടക്കി.

തേവോദോസ്യോസ്, ഡോ. സ്തേഫാനോസ് മാർ: കോട്ടയം പാത്താമുട്ടം കയ്യാലത്ത് ചാക്കോ കുരിയൻ-മറിയാമ്മ ദമ്പതികളുടെ 5-ാമത്തെ പുത്രൻ. ജനനം 2-10-1924. ജെയ്പൂർ സി. എ. ജെയിൻ കോളജിൽ നിന്ന് ബി. എ., ജബൽപ്പൂർ യൂണിവേഴ്സ്റ്റിയിൽ നിന്ന് എം. എ., ന്യൂയോർക്ക് ജനറൽ എപ്പിസ്കോപ്പൽ സെമിനാരിയിൽ നിന്ന് ബി. ഡി., കോണറ്റ് ബർക്കിലി ഡിവിനിറ്റി സ്കൂളിൽ നിന്ന് എസ്. റ്റി. എം. എന്നീ ബിരുദങ്ങൾ നേടി.

1946-ൽ ഗീവറുഗീസ് II കാതോലിക്കാ ശെമ്മാശപ്പട്ടവും 1947-ൽ കശ്ശീശാപട്ടവും നൽകി. പാച്ചിറ, വാകത്താനം, പള്ളം, താഴത്തങ്ങാടി, ജബൽപ്പൂർ, ദാദർ, മലയാ, സിങ്കപ്പൂർ, ബഹറീൻ, ദോഹ, അബുദാബി, ദുബായ്, ഭിലായ് എന്നിവിടങ്ങളിൽ വികാരി.

1974-ലെ നിരണം അസോസ്യേഷൻ മെത്രാൻസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. 1975 ഫെബ്രു. 15-ന് പുത്തൻകാവിൽ വച്ച് ദാനിയേൽ മാർ പീലക്സീനോസ് റമ്പാൻ സ്ഥാനം നൽകി. 1975 ഫെബ്രു. 16-ന് നിരണത്തുവച്ച് ഔഗേൻ കാതോലിക്കാ, മാർ തേവോദോസ്യോസ് എന്ന സ്ഥാനനാമത്തിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. 1976-79 വരെ മദ്രാസ് ഭദ്രാസനത്തിന്റെ ചുമതല വഹിച്ചു. 1979 മുതൽ കൽക്കട്ടാ മെത്രാസനത്തിന്റെ ചുമതലയിൽ തുടരുന്നു. 1991-ൽ ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരി ഓണററി ഡോക്ടറേറ്റ് നൽകി.

ഭിലായ് സെന്റ് തോമസ് മിഷൻ ഡയറക്ടർ, ഭിലായ് സെന്റ് തോമസ് കോളജിന്റെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മാനേജർ എന്നീ സ്ഥാനങ്ങൾ വഹിച്ച അദ്ദേഹമാണ് നാഗപ്പൂർ വൈദിക സെമിനാരിയുടെ മുഖ്യ സംഘാടകൻ. മക്കോഡിയ മിഷൻ, ഭിലായ് മിഷൻ സെന്റർ, ആശ്രമം, ആശുപത്രികൾ, സ്കൂളുകൾ എന്നിവയ്ക്ക് നേതൃത്വം നൽകിയ ഇദ്ദേഹം സഭയുടെ ഉത്തരേന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്കും സഭാവികാസത്തിനും നൽകിയ മികച്ച സേവനം പ്രശംസനീയമാണ്. 2007 നവം. 8-ന്

മസ്ക്കറ്റിൽ വച്ച് കാലംചെയ്തു. 10-ന് ഭിലായി സെന്റ് തോമസ് ആശ്രമത്തിൽ കബറടക്കി. ഉത്തരേന്ത്യൻ മണ്ണിനെയും മനുഷ്യരെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത 'പ്രവാസികളുടെ ഇടയൻ' അങ്ങനെ കേരളത്തിന് വെളിയിൽ കബറടക്കപ്പെടുന്ന മലയാളിയായ മലങ്കരസഭയിലെ ആദ്യ മെത്രാപ്പോലീത്തായായി.

തേവോദോറാ ചക്രവർത്തിനി (500-548): റോമ്മാ ചക്രവർത്തി യുസ്തിയാനോസിന്റെ ഭാര്യ. ഭരണത്തിൽ സജീവ സ്വാധീനം ചെലുത്തി. കൽക്കിദോന്യ സിനഡിനെ എതിർത്തവർക്ക് സംരക്ഷണം നൽകി. അന്ത്യോഖ്യയിലെ സേവേറിയോസും യാക്കോബ് ബുർദാനയും ഇവരുടെ സംരക്ഷണം അനുഭവിച്ചു. 548-ൽ തൊണ്ടയിൽ ക്യാൻസർ ബാധിച്ച് മരിച്ചു.

തേറ്റം: അനുതപിക്കുക എന്നർത്ഥം. തേറ്റം = അനുതാപം. അനുതാപ കീർത്തനം.

തേനപ്പം: ജിലേബി എന്ന മധുരപലഹാരത്തിന്റെ പഴയ പേർ. ഗർഭിണികളെ സന്ദർശിക്കുമ്പോൾ കൊണ്ടുപോകുന്ന പലഹാരങ്ങളിൽ പ്രമുഖ ഇനം.

തൈലങ്ങൾ: സഭയിൽ കൂദാശകൾക്കുപയോഗിക്കുന്ന മൂന്നു തൈലങ്ങൾ ഉണ്ട്. 1. മാമ്മൂദീസായിലുപയോഗിക്കുന്ന ആനന്ദതൈലം. 2. രോഗികളെ അഭിഷേകം ചെയ്യുന്ന തൈലം. 3. മൂറോൻ. ആദ്യത്തെ രണ്ട് തൈലങ്ങൾക്കും ശുദ്ധീകരണ ശുശ്രൂഷാക്രമം ഒന്നു തന്നെ. ഒടുവിൽ ഒന്നിച്ച് റൂശ്മാ ചെയ്യാം. രണ്ടു ശുശ്രൂഷയിലും ഉപയോഗിക്കാം. കൂദാശയുടെ ഒടുവിൽ ഒരു ഭാഗം മാറ്റി അതിന്മേൽ രോഗീലേപന തൈലത്തിന് മാത്രമായുള്ള റൂശ്മായും നടത്താം. അങ്ങനെ ചെയ്യുമ്പോൾ തെറ്റി ഉപയോഗിക്കാതിരിക്കുവാൻ കുപ്പികളിൽ രോഗീലേപനതൈലം എന്നും മാമ്മൂദീസായുടെ ആനന്ദതൈലം എന്നും പ്രത്യേകം എഴുതി വയ്ക്കും. സൈത്ത് വി. കുർബ്ബാനയ്ക്ക് മുമ്പായി മേല്പട്ടക്കാരൻ കൂദാശ ചെയ്യുന്നു. ഈ കൂദാശയ്ക്ക് ഒലിവെണ്ണ സംസ്ക്കരിക്കേണ്ടതില്ല. രോഗീലേപന തൈലം കന്തീലായുടെ ക്രമം നടത്തി പട്ടക്കാർക്കും കൂദാശ ചെയ്യാം. 1876 വരെ വലിയ നോമ്പാരംഭിക്കുന്ന തിങ്കളാഴ്ച ഉച്ചനമസ്ക്കാരം കഴിഞ്ഞ് പള്ളികളിൽ അനുതാപത്തിന്റെ വിപുല ക്രമമായ കന്തീലായുടെ ക്രമം നടത്തി പട്ടക്കാർ എല്ലാവരെയും മുദ്ര കുത്തിയിരുന്നു. മൂറോൻ തയ്യാറാക്കുവാൻ വിപുലമായ ക്രമീകരണങ്ങൾ ഉണ്ട്. അത് ഹൂദായ കാനോനിൽ വിവരിച്ചിട്ടുണ്ട്. ഒലിവെണ്ണയിൽ നിർദ്ദിഷ്ട അളവിൽ സുഗന്ധവർഗ്ഗങ്ങളും ഔഷധങ്ങളും ചേർത്ത് വിധിപ്രകാരം തിളപ്പിച്ച് അരിച്ച് തയാറാക്കുന്ന സുഗന്ധ തൈലം പെസഹാവ്യാഴാഴ്ച പാത്രിയർക്കീസിന്റേയോ കാതോലിക്കാ

യുടെയോ മെത്രാപ്പോലീത്തായുടെയോ പ്രധാന കാർമ്മികത്വത്തിൽ അതി വിപുലമായ ശുശ്രൂഷക്രമം നടത്തി ബാൽസാമൂൻ എന്ന വിശിഷ്ട സുഗന്ധം കലർത്തി കൂദാശ ചെയ്യുന്നു. മനുഷ്യത്വവും ദൈവത്വവും അദ്ഭുതകരമായി സമ്മേളിച്ച മശിഹായുടെ പ്രതീകമായ വി. മൂറോൻ തൈലം അഭിഷേകതൈലമായി പള്ളിക്കൂദാശയിലും കൈവെപ്പിന്റെയും പരിശുദ്ധാത്മ പൂർത്തീകരണമായ സ്ഥിരീകരണത്തിന്റെയും പ്രതീകമായി മാമ്മൂദീസായിലും ഉപയോഗിക്കുന്നു.

തൈലാഭിഷേകം, രോഗികളുടെ: യഹൂദസഭയിൽ നിന്നും സംക്രമിച്ച ഒരു ശുശ്രൂഷ. ഇത് ക്രിസ്തുവിന്റെ നിയോഗങ്ങളിൽ ഒന്നായിരുന്നു. ശിഷ്യർ അതനുസരിച്ചു (മർക്കോസ് 6:13). അപ്പോസ്തോലന്മാർ അത് പ്രബോധിപ്പിച്ചു (യാക്കോബ് 5:14–16). രോഗശാന്തിയും പാപമോചനവും ലക്ഷ്യമാക്കി നടത്തുന്ന ഈ ശുശ്രൂഷ സഭയിലെ പ്രധാന കൂദാശകളിലൊന്നാണ്. രോഗം വരുമ്പോഴൊക്കെ നടത്താം. സാധാരണ ശുശ്രൂഷക്രമത്തിന് പുറമേ കന്തീല – തിരി – എന്ന പേരിൽ അഞ്ച് ശുശ്രൂഷകൾ അടങ്ങിയ വിപുലമായ ഒരു ക്രമവും ഈ കൂദാശയ്ക്കുണ്ട്. ഈ ശുശ്രൂഷയിലൂടെ രോഗികളുടെ അഭിഷേകതൈലം പട്ടക്കാർക്കും കൂദാശ ചെയ്യാം. വലിയ നോമ്പാരംഭമായ തിങ്കളാഴ്ച അപ്രകാരം 1876 വരെ ചെയ്തിരുന്നു. തൽസ്ഥാനത്താണ് ഇപ്പോൾ ശൂബ്ക്കോനോ ശുശ്രൂഷ നടത്തുന്നത്.

തൈലം, മൃതശരീരത്തിൽ: ശവസംസ്ക്കാര ശുശ്രൂഷയിൽ മൃതശരീരത്തിൽ തൈലം വീഴ്ത്തുന്ന ചടങ്ങും തദവസരത്തിൽ ഒരു പ്രാർത്ഥനയും ഉണ്ട്. ഇതിന് കൂദാശ ചെയ്യാത്ത ഒലിവെണ്ണ മാത്രമേ ഉപയോഗിക്കാവൂ. അത് ലഭ്യമല്ലെങ്കിൽ പകരം കുന്തുരുക്കം ഇട്ടാൽ മതിയാകും.

തൊണ്ടനാട്, മാർ അബ്ദീശോ: പാലായ്ക്ക് സമീപം തൊണ്ടനാട് അന്തോണിയച്ചൻ മെത്രാനെക്കിട്ടാൻ മൂസലിലേക്ക് പോയി. 1862–ൽ മാർ ശീമോൻ പാത്രിയർക്കീസ് അദ്ദേഹത്തെ അബ്ദീശോ എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചയച്ചു. തൃശൂരിൽ ചെന്ന് മാർ ഏലിയാ മേലൂസ് മെത്രാനെ കണ്ടു. എളംതോട്ടത്തിൽ തന്റെ ആസ്ഥാനത്ത് മെത്രാപ്പോലീത്താ ആയി വർത്തിച്ചു. 1900 നവംബറിൽ ദിവംഗതനായി. തൃശ്ശൂരിൽ വലിയപള്ളിയുടെ മദ്ബഹായിൽ കബറടക്കി. പിന്നീട് ഭൗതികാവശിഷ്ടം 1954–ൽ തെക്കുവശത്ത് ചാപ്പലിലേക്ക് മാറ്റി പുതിയ കബറിൽ സംസ്കരിച്ചു.

തൊമ്മൻ എം.: തലയോലപ്പറമ്പ് തളിയേക്കൽ മലമേൽ പുത്തൻപുരയ്ക്കൽ മാത്യുവിന്റെയും അന്നമ്മയുടെയും മകൻ. 1–4–1905 ൽ ജനിച്ചു. ആലുവാ യു. സി. കോളജിൽ വിദ്യാർത്ഥി ആയിരിക്കേ കെ. സി. ചാക്കോയുടെ സ്വാധീനത്തിൽ ആകൃഷ്ടനായി. ആലുവാ സെറ്റിൽമെന്റ് ഹെഡ്

മാസ്റ്റർ, ആലുവാ ഫെലോഷിപ്പ് ഹൗസ് സെക്രട്ടറി, ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം, എസ്. സി. എം. എന്നിവയുടെ ജനറൽ സെക്രട്ടറി. ഇംഗ്ലണ്ടിലെ വെസ്റ്റ് കട്ട് ഹൗസിൽ വേദശാസ്ത്ര പഠനം നടത്തി. പ്രഭാഷകൻ, ധ്യാനഗുരു, എക്യുമെനിസ്റ്റ്, എഴുത്തുകാരൻ, പ്രാർത്ഥനാ മനുഷ്യൻ എന്നീ നിലകളിൽ പ്രശസ്തൻ. കുറേക്കാലം ചർച്ച് വീക്കിലിയുടെ ചുമതല വഹിച്ചു. അതിലെഴുതിയ പ്രതിവാര പ്രഭാഷണങ്ങളിലൂടെ ശ്രദ്ധേയനായി. പ്രഭാഷണങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1990 ജൂലൈ 21-ന് അന്തരിച്ചു. ആലുവാ കോളജ്കുന്ന് പള്ളിയിൽ സംസ്കരിച്ചു.

തൊഴിയൂർ: തോലൂർ, ആഞ്ഞൂർ എന്നൊക്കെ പേരുള്ള കുന്നംകുളത്തിനടുത്ത് പഴയ മലബാറിലെ ഒരു ഗ്രാമം.

തൊഴിയൂർ സഭ: '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

തോബീത്ത്: പഴയനിയമ കൃതികളിലെ ആശയം സൂചിതമായതും ബി. സി. 200-നോടടുത്ത് രചിക്കപ്പെട്ടതുമായ അപ്പോക്രിഫൽ ഗ്രന്ഥം. തോബിത്ത് മകൻ തോബിയാസ് സാറാ, റാഫേൽ മാലാഖ എന്നിവർ കഥാപാത്രങ്ങൾ. നിസ്വാർത്ഥനും പരക്ഷേമ തല്പരനുമായ തോബീത് അന്ധനാണ്. തന്മൂലം ഭാര്യ ഉൾപ്പെടെ എല്ലാവരാലും നിന്ദിതൻ. സാറ ഭൂതബാധിത. അവളെ വിവാഹം ചെയ്ത ഏഴു ഭർത്താക്കന്മാരെയും വിവാഹരാത്രികളിൽ തന്നെ വധിച്ചു. തോബിയാസ് മാലാഖയുടെ പ്രേരണയാൽ സാറയെ വിവാഹം ചെയ്തു. അവൾ ബാധയിൽ നിന്നും വിമുക്തയായി. അയാൾ കൈവശമുള്ള ഒരു തൈലം ഒഴിച്ച് പിതാവിനെ അന്ധത മാറ്റി സുഖപ്പെടുത്തി.

തോമസ് അപ്പോസ്തലൻ: '*മാർത്തോമ്മാ ശ്ലീഹാ*' കാണുക.

തോമ്മാ അർക്കദിയാക്കോൻ: '*പകലോമറ്റം മെത്രാന്മാർ*' '*ഒന്നാം മാർത്തോമ്മാ*' എന്നീ ശീർഷകങ്ങൾ കാണുക.

തോമ്മാ ക്നായി: എ. ഡി. 4-ാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് മലബാറിൽ കുടിയേറിപ്പാർത്ത സംഘത്തിന്റെ നേതാവായ വ്യാപാരി. സംഘത്തിൽ ഉറഹായിലെ മാർ യൗസേഫും ഉണ്ടായിരുന്നതായി ഐതിഹ്യം. കൂടെവന്ന 400-ഓളം പേരെ രാജാവ് നൽകിയ മഹാദേവർ പട്ടണത്തിന്റെ തെരുവിൽ തെക്കുഭാഗത്ത് വസിപ്പിച്ചു. 345-ലാണത്രേ ഈ സംഭവം. ഈ സംഘത്തിന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂർ തുറമുഖവും തുറമുഖനഗരവും പണിതീർത്തതിനാലാവാം രാജാവ് ഇദ്ദേഹത്തിന് പദവികൾ രേഖപ്പെടുത്തിയ ചെപ്പേടുകൾ (ക്നായിത്തൊമ്മൻ ചെപ്പേടുകൾ), കൊടുങ്ങല്ലൂരിൽ മഹാദേവൻ പട്ടണം എന്ന സ്ഥലം, പള്ളി പണിയാനുള്ള വിഭവങ്ങൾ എന്നിവ നൽകിയത്. ക്നായിത്തോമ്മാ, രാജാവിന്റെ കിരീട

ത്തിൽ പതിക്കാനുള്ള മുത്തുകളും രത്നങ്ങളും സമ്മാനിച്ചതായി ഒരു പ്രാചീന കൈയെഴുത്ത് സഭാചരിത്രത്തിൽ കാണുന്നു. ശില്പകോവിദ നായ ഇദ്ദേഹത്തെ രാജാവ് മരാമത്ത് മന്ത്രിയായി നിയമിച്ചുവെന്ന് കേരള ഐതിഹ്യത്തിൽ പറയുന്നു. പെരുന്തച്ചൻ ഇദ്ദേഹമാണെന്നും കേസരി എ. ബാലകൃഷ്ണപ്പിള്ള അഭിപ്രായപ്പെടുന്നു. കേരളത്തിലെ ആദ്യകാല കൊട്ടാരശില്പികളും നഗരശില്പികളും യഹൂദരാണെന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'കേരളം' മഹാകാവ്യത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നാട്ടുക്രിസ്ത്യാനികളോട് കലരാതെ വർഗ്ഗശുദ്ധി പാലിച്ച ഇവരുടെ പിൻമുറക്കാർ ആണത്രേ ക്നാനായക്കാർ '*ക്നാനായക്കാർ*' കാണുക.

തോമ്മാ കത്തനാർ, പാറേമ്മാക്കൽ: '*പാറേമ്മാക്കൽ തോമ്മാ കത്തനാർ*' കാണുക.

തോമസ് അക്വീനസ്: ഡൊമിനിക്കൻ സന്യാസാശ്രമത്തിലെ തത്വചിന്തകൻ. 1256-ൽ തിയോളജിക്കൽ മാസ്റ്റർ ബിരുദം നേടി. സുമ്മാ തിയോളജിക്ക എന്ന വിശ്രുത ഗ്രന്ഥം രചിച്ചു (1272). പ്ലേറ്റോയും അരിസ്റ്റോട്ടിലും അദ്ദേഹത്തെ സ്വാധീനിച്ചു. റോമ്മൻ കത്തോലിക്കാ സഭയുടെ ഔദ്യോഗിക മത തത്വശാസ്ത്രജ്ഞൻ.

തോമസിന്റെ വെളിപാട്: കാനോനികമല്ലാത്ത യുഗാന്ത വിജ്ഞാനീയ പ്രബന്ധം. 4-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മാണിയൻ അനുയായി എഴുതിയെന്ന് വിശ്വസിക്കപ്പെടുന്നു.

തോമസ് അത്താനാസ്യോസ് പാലക്കുന്നത്ത്: '*അത്താനാസ്യോസ്, പാലക്കുന്നത്ത് തോമസ് മാർ*' കാണുക.

തോമസ് മാർ അത്താനാസ്യോസ്: '*അത്താനാസ്യോസ്, തോമസ് മാർ*' കാണുക.

തോമസ് അത്താനാസ്യോസ്, ഡോ. മാർ: '*അത്താനാസ്യോസ്, ഡോ. തോമസ് മാർ*' കാണുക.

തോമസ് കുതിരവട്ടം: കല്ലിശ്ശേരി കുതിരവട്ടത്ത് പണിക്കരുവീട്ടിൽ വറുഗീസിന്റെ പുത്രനായി 1-6-1945 ൽ ജനിച്ചു. അഖില കേരള ബാലജന സഖ്യത്തിൽ പ്രവർത്തിച്ചു. 1976 മുതൽ കേരളാ കോൺഗ്രസ് (എം) ജനറൽ സെക്രട്ടറി. ട്രേഡ് യൂണിയൻ നേതാവ്. 1970 മുതൽ സഭാ മാനേജിംഗ് കമ്മറ്റി അംഗം. സഭ വക കോളജുകളുടെ ഗവേർണിംഗ് ബോർഡ് അംഗം. 1985-ൽ രാജ്യസഭാംഗമായി. ഒട്ടധികം അഖിലേന്ത്യാ കമ്മിറ്റികളിൽ അംഗമായിരുന്നു. ഓൾ കേരള രജിസ്റ്റേഡ് ചിട്ടി ഫോർമാൻസ് അസോസിയേഷൻ പ്രസിഡന്റ്, മലങ്കരസഭയുടെ ആർദ്ര ചാരിറ്റബിൾ സൊസൈറ്റി

ട്രഷറർ, ദിവ്യ സന്ദേശം മീഡിയാ സമിതിയംഗം, ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ എൻഡോവ്മെന്റ് കമ്മിറ്റിയംഗം, തിരുമൂലപുരം ബാലികാമഠം ഗവേണിംഗ് ബോർഡംഗം, ഫാ. ടി. ജി. സഖറിയാ ഫൗണ്ടേഷൻ ട്രഷറർ.

തോമസ് കെ. കെ. (കന്നുകുഴി): കോട്ടയം പുതുപ്പള്ളി കെ. കെ. കുരുവിള എഞ്ചിനീയറുടെ പുത്രൻ. 2–9–1882 ന് ജനനം. കോട്ടയം സി. എം. എസ്. കോളജിലും മദ്രാസ് ക്രിസ്ത്യൻ കോളജിലും മദ്രാസ് ലോ കോളജിലും പഠിച്ചു. ശ്രീമൂലം പ്രജാസഭ, തിരുവിതാംകൂർ ലജിസ്ലേറ്റീവ് കൗൺസിൽ, ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ എന്നിവയിൽ അംഗമായിരുന്നു. അഡീഷണൽ ഡിസ്ട്രിക് ആൻഡ് സെഷൻസ് ജഡ്ജിയായും കോട്ടയം മുനിസിപ്പൽ ചെയർമാൻ ആയും മലങ്കരസഭയുടെ അസോസ്യേഷൻ സെക്രട്ടറി ആയും പ്രവർത്തിച്ചു. 3–8–49 ൽ നിര്യാതനായി.

തോമസ്, പി. എം.: കാനം പറപ്പള്ളിത്താഴത്ത് കുടുംബത്തിൽ ജനനം. അലഹബാദ് കാർഷിക കോളജ്, അമേരിക്കയിലെ കോർണെൽ സർവകലാശാലാ എന്നിവിടങ്ങളിൽ പഠിച്ച് ഇന്ത്യാ ഗവണ്മെന്റിന്റെ കാർഷിക - ഭക്ഷ്യ കാര്യ വിദഗ്ദ്ധൻ എന്നീ നിലകളിൽ കേന്ദ്ര ഭക്ഷ്യവകുപ്പിൽ ജോയിന്റ് ഡയറക്ടർ, വെയർഹൗസിങ്ങ് കോർപ്പറേഷൻ സ്റ്റോറേജ് അഡ്വൈസർ, ഫുഡ് കോർപ്പറേഷൻ ഇന്ത്യയുടെ സോണൽ മാനേജർ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ചു. രാജ്യാന്തര രംഗത്ത് ഇന്ത്യൻ സേനയുടെയും യു. എൻ. ന്റെയും ഭക്ഷ്യകാര്യ വിദഗ്ദനായി സേവനം ചെയ്തു. 1990–ൽ നിര്യാതനായി.

തോമസ്, പി. സി.: തിരുവല്ലാ പൈനുംമൂട്ടിൽ പി. സി. ചാക്കോയുടെയും മറിയാമ്മയുടെയും മകൻ. 2–11–1918 ൽ ജനിച്ചു. കേരളാ കോൺഗ്രസിന്റെ എം. എൽ. എ. ആയിരുന്നു. സഭാ മാനേജിംഗ് കമ്മറ്റി അംഗമായിരുന്നു. 1993 ആഗസ്റ്റിൽ നിര്യാതനായി.

തോമസ്, പാലാമ്പടം പി. റ്റി. (1869–1951): 1869 ഫെബ്രു. 12–ന് കോട്ടയത്ത് ജനനം. അഭിഭാഷകനും പ്ലാന്ററും പൊതു പ്രവർത്തകനും. 'ടിവാൻഡ്രം ഡെയ്‌ലി ന്യൂസ്', 'പ്രതി ദിനം' എന്നീ പ്രസിദ്ധീകരണങ്ങളുടെ സ്ഥാപകൻ. തടിവ്യവസായി, ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം. രാജാവിൽ നിന്ന് മെഡൽ നേടി. സഭാരംഗത്ത് പ്രവർത്തിച്ചു. 3–5–1951 ൽ നിര്യാതനായി.

തോമസ്, പാലാമ്പടം പി. റ്റി. (1892–1959): കോട്ടയം പാലാമ്പടം പി. ടി. തോമസിന്റെ പുത്രൻ. 17–5–1892 ൽ ജനിച്ചു. പ്ലാന്റർ, പൊതു പ്രവർത്തകൻ, പൗരമുഖ്യൻ. വൈദ്യശാസ്ത്ര ബിരുദം നേടി. തേയില–റബ്ബർ

തോട്ട ഉടമ. കോട്ടയം മുൻസിപ്പൽ ചെയർമാൻ, തിരു-കൊച്ചി ലജിസ്ലേറ്റീവ് അസംബ്ലിയിൽ വിജയപുരം, പുതുപ്പള്ളി മണ്ഡലങ്ങളെ പ്രതിനിധീകരിച്ചു. പാത്രിയർക്കീസ് വിഭാഗത്തിന്റെ അത്മായപ്പോരാളി. സഭാസമാധാന പ്രവർത്തനങ്ങളിൽ സഹകരിച്ചു. 1959 ഫെബ്രുവരി 1-ന് നിര്യാതനായി.

തോമസ്, സി. ജെ.: കൂത്താട്ടുകുളം വടകരപ്പള്ളി വികാരി ചൊള്ള മ്പേൽ യോഹന്നാൻ കോർഎപ്പിസ്ക്കോപ്പായുടെ മകൻ. 1918 നവം. 14-ന് ജനനം. ശെമ്മാശുപട്ടം ഏറ്റ് ആലുവാ യു. സി. കോളജിൽ പഠിച്ചു. വൈദികവേഷം ഉപേക്ഷിച്ച് ആദ്യം കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിലും ഒടുവിൽ അതുപേക്ഷിച്ച് ഹ്യൂമനിസ്റ്റ് പ്രസ്ഥാനങ്ങളിലും മുഴുകി.

പ്രസിദ്ധ ഗ്രീക്ക് ട്രാജഡികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ആ മനുഷ്യൻ നീ തന്നെ, അവൻ വീണ്ടും വരുന്നു, 1128-ൽ ക്രൈം 27 എന്നിങ്ങനെ ബൈബിൾ പശ്ചാത്തലവും പ്രവാചക സ്വഭാവവും സമകാല പ്രസക്തവും ആയ സ്വതന്ത്ര നാടകങ്ങൾ രചിച്ചു. മലയാള നാടകത്തിന്റെ ആചാര്യനായ ഇദ്ദേഹം ഉയരുന്ന യവനിക എന്ന പ്രമാണഗ്രന്ഥം രചിച്ചു. ഈഡിപ്പസ്, ആന്റിഗണി, ജനുവരി ഒമ്പത്, കീടജന്മം, പിശുക്കന്റെ കല്യാണം, ലിസിസ്റ്റ്റാറ്റാ തുടങ്ങിയ വിവർത്തനങ്ങളും ഇവൻ എന്റെ പ്രിയ പുത്രൻ, ശലോമി, വിലയിരുത്തൽ, മതവും കമ്യൂണിസവും, സോഷ്യലിസം, നട്ടുച്ചയ്ക്കിരുട്ട്, മനുഷ്യന്റെ വളർച്ച, ധിക്കാരിയുടെ കാതൽ തുടങ്ങിയ സ്വതന്ത്രകൃതികളും രചിച്ചു. ഡെമോക്രാറ്റ്, കഥ, ചിത്രോദയം, പ്രസന്ന കേരളം, നവ സാഹിതി തുടങ്ങിയവയുടെ പത്രാധിപസമിതി അംഗം ആയിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആൾ ഇന്ത്യാ റേഡിയോ, ദക്ഷിണ ഭാഷാ ബുക്ക്ട്രസ്റ്റ്, ഡമോക്രാറ്റിക് പബ്ലിക്കേഷൻ എന്നിവയിൽ പ്രവർത്തിച്ചു.

മലയാള പുസ്തകങ്ങളുടെ കവർ പേജ് ആകർഷകമായി ഡിസൈൻ ചെയ്യുന്ന കല ഇദ്ദേഹമാണ് തുടങ്ങിവച്ചത്. മികച്ച അദ്ധ്യാപകനും സംഘാടകനുമായിരുന്ന ഈ പ്രതിഭാശാലി സാഹിത്യ നിരൂപകനായ പ്രൊഫ. എം. പി. പോളിന്റെ മകൾ റോസിയെ വിവാഹം ചെയ്തു. 1960 ജൂലൈ 14 ന് അന്തരിച്ചു.

തോമസ്, ഫാ. ഡോ. ഒ.: പ്രമുഖ കൗൺസലർ, വാഗ്മി. ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. കേരളാ സർവ്വകലാശാലയിൽ നിന്നും സോഷ്യോളജിയിൽ എം. എ. യും, സെറാംബൂർ സർവ്വകലാശാലയിൽ നിന്നും ബി. ഡി. യും, പാസ്റ്ററൽ കൗൺസലിംഗിൽ എം. ടി. എച്ചും, വെല്ലൂർ ക്രിസ്ത്യൻ കൗൺസലിംഗ് സെന്ററിൽ നിന്നും കൗൺസലിംഗിൽ ഡിപ്ലോമയും, ലണ്ടൻ ഹിത്രോപ്പ് കോളജിൽ നിന്നും മനഃശാസ്ത്രത്തിൽ ബിരുദാനന്തര ഡിപ്ലോമയും സെറാമ്പൂർ യൂണിവേ

ഴ്സിറ്റിയിൽ നിന്നു മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രൊഫസർ, പ്രത്യാശാ കൗൺസലിംഗ് സെന്റർ കോ - ഓർഡിനേറ്റർ, സെന്റ് പോൾസ് മിഷൻ ട്രയിനിംഗ് സെന്റർ അദ്ധ്യാപകൻ, പരുമല കൗൺസലിംഗ് സെന്റർ ഡയറക്ടർ, സ്നേഹലോകം മാസിക ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. സഭാ വൈദികട്രസ്റ്റിയായിരുന്നു. 6 കൃതികൾ രചിച്ചു.

തോമസ് പി. മുണ്ടുകുഴി കോർഎപ്പിസ്ക്കോപ്പാ: മുണ്ടുകുഴി പീലിപ്പോസ് മത്തായിയുടെ മകൻ. 24-6-1932 ൽ ജനിച്ചു. ബി. എ., എം. എ., ബി. ഡി. ബിരുദങ്ങൾ നേടി. വിവാഹിതൻ. 27-11-1966 ൽ വൈദികൻ. 15-7-1981 ൽ കോർഎപ്പിസ്ക്കോപ്പാ, സണ്ടേസ്കൂൾ ഡയറക്ടർ, വൈദിക സംഘം വൈസ് പ്രസിഡണ്ട്, മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. എൻ. എ. യോഹന്നാൻ മല്പാന്റെ (യൂഹാനോൻ മാർ സേവേറിയോസ്) 'വഴിത്തിരിവിലെ വെല്ലുവിളികൾ' എന്ന ഉപന്യാസ സമാഹാരവും *വൈദിക മിത്ര*വും കാതോലിക്കാ സിംഹാസനചരിത്രവും പ്രസിദ്ധീകരിച്ചു. അമേരിക്കൻ ഭദ്രാസനത്തിൽ സേവനത്തിലിരിക്കവേ 2007-ൽ അന്തരിച്ചു.

തോമസ് മാർ മക്കാറിയോസ്, ഡോ. : '*മക്കാറിയോസ്, ഡോ. തോമസ് മാർ*' കാണുക.

തോമസ്, ഫാ. കെ. ഒ.: വടകര കരോട്ടുവീട്ടിൽ യൗസേഫിന്റെ മകൻ. 29-6-1917 ൽ ജനിച്ചു. എം. എ. ബിരുദം നേടി. കോനാട്ട് ഏബ്രഹാം മല്പാൻ വൈദിക ഗുരു. വിവാഹിതനായി. 1946 ഏപ്രിലിൽ വൈദികനായി. മദ്രാസ്, കുറിച്ചി, വടകര എന്നീ ഇടവകകളിൽ സേവനം. വടകര ഹൈസ്കൂൾ മാനേജർ, കോട്ടയം സി. എം. എസ്. കോളജ് അധ്യാപകൻ, സുവിശേഷ പ്രസംഗകൻ, ധ്യാനഗുരു, കണ്ടനാട് കൗൺസിൽ വൈസ് പ്രസിഡണ്ട്, മാനേജിംഗ് കമ്മിറ്റി മെമ്പർ, മദ്യവർജ്ജന കമ്മിറ്റി പ്രവർത്തകൻ എന്നീ നിലകളിൽ സേവനം നിർവഹിച്ചു. നിര്യാതനായി.

തോമസ്, ഫാ. എൻ. എം.: പിറവം ഇടവകാംഗം. വടവുകോട് ആലപ്പാട്ട് ഫാ. എൻ. ജെ. മത്തായിയുടെ മകൻ. 5-8-1919 ൽ ജനിച്ചു. എം. എ. ബിരുദം നേടി. വിവാഹം കഴിഞ്ഞു. 29-8-1960 ൽ വൈദികനായി. എത്യോപ്യ, സാംബിയാ, ഏലൂർ, കുറുപ്പംപടി എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. വിദ്യാർത്ഥി കോൺഫറൻസ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. നിര്യാതനായി.

തോമസ്, എം. കുര്യൻ: സഭാചരിത്ര ഗവേഷകൻ. 1964 ഡിസംബർ 25-ന് അരീപ്പറമ്പ് മേലേടത്ത് എം. റ്റി. കുര്യൻ കത്തനാരുടേയും മറിയാ

മ്മയുടേയും പുത്രനായി ജനിച്ചു. ബിരുദാനന്തര ബിരുദവും, മാർക്കറ്റിംഗ് മാനേജ്മെന്റിൽ ബിരുദാനന്തര ഡിപ്ലോമായും. 1990 മുതൽ അഡ്വർടൈസിംഗ് ബിസിനസിൽ. അനേകം ലേഖനങ്ങളുടെ കർത്താവാണ്. 2000-ൽ മലയാള ഭാഷയിലെ പ്രഥമ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി* ആദ്യമായി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചു. മുന്നൂറിലധികം ടെലിവിഷൻ പരിപാടികൾ സംവിധാനം ചെയ്തു. *നസ്രാണി പഠനങ്ങൾ* എന്ന കൃതി രചിച്ചു.

തോമസിന്റെ നടപടികൾ: മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങളെ വിവരിക്കുന്ന ഈ ഗ്രന്ഥം 180-നും 230-നും മധ്യേ രചിക്കപ്പെട്ടു. എഡേസ്സാക്കാരൻ ഗ്രന്ഥകാരൻ. സുറിയാനിയിൽ നിന്ന് ഗ്രീക്കിലേക്കും ഗ്രീക്കിൽ നിന്ന് ലത്തീനിലേക്കും പിന്നീട് ക്രമേണ അർമ്മീനിയൻ, അറബിക്, എത്യോപ്യൻ, കോപ്റ്റിക്, ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ് എന്നീ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. 18-ാം നൂറ്റാണ്ടിൽ വിരചിതമായ റമ്പാൻപാട്ടും (തോമ്മാ റമ്പാൻ) ചില മാർഗ്ഗംകളിപ്പാട്ടുകളും യൂദാസ് തോമസിന്റെ പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിലെ പ്രമേയം ഇതിവൃത്തമായി സ്വീകരിച്ചിട്ടുണ്ട്. 1933-ൽ വലിയപാറേട്ട് മാത്യൂസ് കത്തനാർ (പാറേട്ട് മാർ ഈവാനിയോസ്) ഈ കൃതി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ആക്റ്റാത്തോമ്മാ എന്ന പേരിൽ ഇംഗ്ലീഷ് പരിഭാഷയുടെ മലയാളം പതിപ്പ് 2007-ൽ പ്രസിദ്ധീകരിച്ചു. മാർത്തോമ്മാശ്ലീഹായുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങളെല്ലാം ഈ പുസ്തകത്തിലെ പ്രമേയം ആധാരമാക്കിയുള്ളതാണ്. അതിന്റെ ചരിത്രമൂല്യം ഗവേഷകർ അംഗീകരിച്ചിട്ടുണ്ട്.

തോമ്മാ രാജാവ്, വില്ലാർവട്ടം: ക്രിസ്ത്വബ്ദം 9 മുതൽ 14 വരെ ശതാബ്ദങ്ങളിൽ കൊച്ചിയിലെ ചില ഭാഗങ്ങൾ വില്ലാർവട്ടം രാജവംശത്തിന്റെ ഭരണത്തിലായിരുന്നു. ഈ രാജവംശത്തിലെ രാജാക്കന്മാരുടെ പേർ പൊതുവിൽ തോമ്മാ എന്നായിരുന്നു. 1439-ൽ യൂജീനസ് പാപ്പാ 'മശിഹായിൽ നമ്മുടെ ഏറ്റവും പ്രിയപുത്രൻ ഭാരതീയരുടെ പ്രശസ്ത ചക്രവർത്തിയായ തോമ്മായ്ക്ക്' ഒരു കത്തയച്ചതായി രേഖയുണ്ട്. 1502-ൽ വാസ്ക്കോഡിഗാമയെ സന്ദർശിച്ച കേരള ക്രൈസ്തവർ ഈ രാജവംശത്തിന്റെ ചെങ്കോൽ ഗാമയ്ക്ക് സമർപ്പിച്ചതായി അസ്സീമാൻ, ഗുവയാ എന്നിവർ രേഖപ്പെടുത്തുന്നു. 1911-ൽ രചിച്ച കൊച്ചിൻ സെൻസസ് റിപ്പോർട്ടിൽ ഇതേപ്പറ്റി പരാമർശമുണ്ട്. പല കാലങ്ങളിലായി ചേന്നമംഗലം, ഉദയംപേരൂർ എന്നിവിടങ്ങൾ തലസ്ഥാനങ്ങൾ ആയിരുന്നു. ചേന്ന (മം) ഗലത്ത് തോമ്മാ രാജാവ് എന്ന് വട്ടെഴുത്തിൽ കൊത്തിയ ഒരു ശിലാഫലകം ഫോട്ടോസ്റ്റാറ്റിൽ പി. വി. മാത്യു എറണാകുളം അദ്ദേഹത്തിന്റെ പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തോമ്മാ പർവം: ഇന്ത്യയിൽ മാർത്തോമ്മാശ്ലീഹാ നിർവഹിച്ച

പ്രേഷിത പ്രവർത്തനങ്ങളെപ്പറ്റി നിരണം മാളിയേക്കൽ തോമ്മാ റമ്പാൻ 18-ാം നൂറ്റാണ്ടിൽ രചിച്ചതും റമ്പാൻപാട്ട് എന്ന് പേരുള്ളതുമായ പദ്യകൃതി. പകലോമറ്റം പാരമ്പര്യം ഉറച്ചശേഷം അത് നിലനിർത്തുവാൻ വേണ്ടി ഐതിഹ്യങ്ങളെ ആധാരമാക്കിയും ഭാവനാപരമായ കഥകൾ കൂട്ടിച്ചേർത്തും രചിച്ച കൃതി. മാർത്തോമ്മാ ശ്ലീഹാ ഓരോ സ്ഥലത്തും മാമ്മൂദീസാ നൽകിയവരുടെ സംഖ്യ പോലും ഈ കൃതി അവതരിപ്പിക്കുന്നുണ്ട്.

തോമ്മാ റോക്കോസ്, മാർ: 1861-ൽ കേരളത്തിൽ വന്ന കത്തോലിക്കാ-കൽദായ മെത്രാൻ. 1862-ൽ സ്വദേശത്തേക്ക് തിരിച്ചുപോവാൻ നിർബന്ധിതനായി. ലത്തീൻ അധികാരികൾ ഇദ്ദേഹത്തിന് ഭ്രഷ്ട് പ്രഖ്യാപിച്ചു.

തോറാ: എബ്രായ പദം. നിയമം എന്നർത്ഥം. മോശയുടെ അഞ്ചു പുസ്തകങ്ങൾ. യഹൂദരുടെ ഈ പ്രധാന മതഗ്രന്ഥം സിനഗോഗുകളിൽ വായിക്കും, വ്യാഖ്യാനിക്കും.

തോറ്റം: സ്തോത്രം എന്ന് അർത്ഥം. തോറ്റം പാട്ട് എന്ന പ്രയോഗം ശ്രദ്ധേയം.

ത്രിത്വ ഞായറാഴ്ച: പെന്തിക്കോസ്തിയ്ക്ക് ശേഷമുള്ള ആദ്യ ഞായർ.

ത്രിമൂർത്തി: ത്രിത്വത്തിന് ആദ്യം കൊടുത്ത പേർ ഗ്രീക്കിൽ ത്രിയാസ് എന്നാണ്. അന്ത്യോഖ്യൻ മെത്രാൻ തെയോഫിലോസ് രണ്ടാം നൂറ്റാണ്ടിൽ ഈ പദം ആദ്യമായി ഉപയോഗിച്ചു. ഈ ത്രിമൂർത്തിയിൽ ദൈവം, വചനം, ജ്ഞാനം എന്നിവ ഉൾപ്പെടുന്നു.

ത്രിയേകദൈവം: ക്രിസ്തു ദൈവശാസ്ത്രത്തിന്റെ കാതലായ തത്വം. ഏക സാരാംശവും മൂന്ന് ആളത്തങ്ങളും. പെന്തിക്കോസ്തി പെരുന്നാളിന്റെ ശുശ്രൂഷാക്രമത്തിൽ ത്രിത്വത്തെപ്പറ്റിയുള്ള ഉപദേശം നിർവചനരൂപത്തിൽ കാണാം. കപ്പദോക്യൻ പിതാക്കന്മാരുടെ ഉപദേശങ്ങളാണ് അതിൽ അടങ്ങിയിട്ടുള്ളത്. ത്രിത്വദർശനം ദൈവത്തെക്കുറിച്ചുള്ള പൂർണ്ണ വെളിപാടാണ്. ആ വെളിപാട് പുത്രൻ വെളിപ്പെടുത്തി. ത്രിമൂർത്തി സങ്കല്പവുമായി ത്രിത്വ ദർശനത്തിന് വലിയ ബന്ധമൊന്നുമില്ല. ത്രിത്വത്തിന്റെ മാതൃകയിൽ മൂന്ന് മതപ്രസ്ഥാനങ്ങളെ ഏകീകരിക്കുവാൻ നടത്തിയ വിഫലശ്രമമാണ് ത്രിമൂർത്തി സങ്കല്പം. എന്നാൽ സച്ചിദാനന്ദ ദർശനം ത്രിത്വത്തോട് പല അംശങ്ങളിലും ഒത്തുവരുന്നുണ്ട്. സഭയുടെ നാളിതുവരെയുള്ള ചരിത്രം ത്രിത്വ സംബന്ധമായ ചർച്ചകളിലും തർക്കങ്ങളിലും തീരുമാനങ്ങളിലും വ്യാപിച്ച് കിടക്കുന്നു.

ത്രീസായ് ശുബഹോ: സത്യ ആരാധന, സ്തുതി ചൊവ്വാക്കപ്പെട്ട (ഗ്രീക്കിൽ ഓർത്തഡോക്സ്). സഭയുടെ പ്രാചീനമായ വിശേഷണം. ഇതിന്റെ തൽഭവരൂപമാണ് തരീസാ.

ത്രീസായ് ശുബഹോ സംഘം: പുലിക്കോട്ടിൽ മഹാത്മാവായ ജോസഫ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ (ദ്വിതീയൻ) നവീകരണക്കാരെ നേരിടുവാൻ ഇടവക തോറും സ്ഥാപിച്ച ആത്മീയ സംഘടന. പല സ്ഥലത്തും വായനയോഗം എന്ന പേരിൽ ഇതറിയപ്പെട്ടു. പ്രാർത്ഥന, വേദവായന, പ്രസംഗം എന്നീ പരിപാടികൾ എല്ലാ ഞായറാഴ്ചയും പള്ളി ഉള്ള സ്ഥലത്തും പള്ളി ഇല്ലാത്ത സ്ഥലത്തും നടത്തും. പില്ക്കാലത്ത് ഈ വായനയോഗങ്ങൾ മിക്കതും ദേവാലയങ്ങളായി വളർന്നു. ഈ സംഘത്തെ പ്രബുദ്ധമാക്കുവാൻ മെത്രാപ്പോലീത്താ 'സുറിയാനി സുവിശേഷകൻ' എന്ന മാസികയും നടത്തിയിരുന്നു. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിലാണ് ഇന്ന് കാണുന്ന മിക്ക സണ്ടേ സ്കൂളുകളും സ്ഥാപിക്കപ്പെട്ടത്.

ത്രീസായ് ശുബഹോ സെന്റർ, പാമ്പാക്കുട: മലങ്കര മല്പാൻ സ്ഥാനം അലങ്കരിച്ച കോനാട്ട് കുടുംബത്തിലെ ഏബ്രഹാം മല്പാൻ, യോഹന്നാൻ മല്പാൻ, മാത്തൻ മല്പാൻ, ഏബ്രഹാം മല്പാൻ എന്നിവരുടെ ഓർമ്മ നിലനിർത്തുവാൻ യഥാക്രമം അന്ധപുനരധിവാസ കേന്ദ്രം, മെഡിക്കൽ സെന്റർ, ഗവേഷണ പഠനകേന്ദ്രം, കമ്മ്യൂണിറ്റിഹാൾ എന്നിവ അടങ്ങുന്ന സ്മൃതി സമുച്ചയമാണിത്. പുലിക്കോട്ടിൽ മെത്രാച്ചന്റെ ആഹ്വാനപ്രകാരം 1888-ൽ പാമ്പാക്കുടയിൽ കോനാട്ട് മാത്തൻ മല്പാൻ ആരംഭിച്ച ത്രിസായ് ശുബഹോ സംഘത്തിന്റെ ഓർമ്മ നിലനിർത്തുവാനാണ് ആ പേർ തന്നെ ഉപയോഗിച്ചത്.

ത്രൈസാഗിയോൻ: ത്രിസ് (മൂന്ന്) ഹാഗിയോസ് (വിശുദ്ധൻ). ഈ രണ്ട് പദങ്ങൾ കൊണ്ട് വിവക്ഷിക്കുന്നത് കൗമ്മായുടെ 'പരിശുദ്ധൻ' പദം ചേർന്ന മൂന്ന് വാക്യങ്ങളെയാണ്. 4-ാം വാക്യം സുറിയാനി സഭയിൽ മാത്രം. ആദ്യത്തെ മൂന്നു വാക്യങ്ങളും യേശുവിന്റെ കുരിശിന്റെ ഇരുഭാഗത്തു നിന്ന് മാലാഖമാർ പാടി എന്നും അത് കേട്ട് നാലാം വാക്യം അരിമത്യായിലെ യൗസേപ്പും നീക്കോദിമോസും ചേർന്ന് പാടി എന്നും ദുഃഖശനിയാഴ്ച സന്ധ്യയുടെ പ്രുമിയോൻ സെദ്റാകളിൽ കാണുന്നുണ്ട്. പെരുന്നാളുകളിലും മറ്റും ത്രൈസാഗിയോൻ എട്ട് വ്യത്യസ്ത രാഗത്തിൽ സന്ധ്യയിലും ഹാലേലൂയ്യാ ചേർത്ത് എട്ട് വ്യത്യസ്ത രാഗങ്ങളിൽ പ്രഭാതത്തിലും ചൊല്ലുന്നുണ്ട്. സാധാരണ ദിനങ്ങളിൽ കുമ്പിടുകയും ചെയ്യുന്നു. സ്ലീബാ ആഘോഷിക്കുമ്പോഴും ഇത് ആഘോഷപൂർവ്വം ചൊല്ലുന്നു.

ത്രോണോസ്: സിംഹാസനം. തബിലൈത്തായും ത്രോണോസും

ആണ് യഥാർത്ഥത്തിൽ മദ്ബഹാ. അൾത്താര ഇതു തന്നെ. ദൈവിക സിംഹാസനം, കർത്താവിന്റെ കബറിടം, ജീവവൃക്ഷമായ ഇമ്മാനുവേൽ, ഗോഗുൽത്താ, കർത്താവിന്റെ കുരിശ് എന്നിവയുടെ പ്രതീകമാണിത്. ത്രോണോസിനും തബിലൈത്തായ്ക്കും ഒരേ കൂദാശക്രമം. ആദ്യം മൂന്ന് ക്രമങ്ങളോടെ മൂന്ന് റൂശ്മായും ധൂപാർപ്പണവും പിന്നീട് മൂന്ന് വ്യത്യസ്ത വാക്യങ്ങളോടെ വി. മൂറോൻ കൊണ്ട് മുദ്രണം, ഒടുവിൽ ത്രിത്വനാമത്തിൽ മൂറോൻ കൂടാതെ മുദ്രണം ഇങ്ങനെ മൂന്ന് ഘട്ടമായാണ് മേല്പട്ടക്കാരൻ കൂദാശ നിർവ്വഹിക്കുന്നത്. അതിന് മുമ്പേ കൂദാശാപരമായ ശിലാസ്ഥാപനം നടത്തിയിരിക്കണം. കത്തോലിക്കാ സഭയിലും ബൈസാന്റിയൻ സഭയിലും തിരുശേഷിപ്പുകൾ നിക്ഷേപിക്കും. നാം വിശുദ്ധന്മാരുടെ പേരുകൾ കൂദാശയിൽ മധ്യസ്ഥതയ്ക്കായി ഉപയോഗിക്കും. നാലടി ഉയരം, ആറടി നീളം, മൂന്നര അടി വീതി ഇതാണ് സാധാരണ അളവ്. ചിറ്റുശീല, മെഴുകുതിരിക്കാൽ ഇവ കൊണ്ട് അലങ്കരിക്കും. ഒരു കുരിശ് നിർബന്ധം. ത്രോണോസ് കൂദാശ ചെയ്തതല്ലെങ്കിലും കൂദാശ ചെയ്ത തബിലൈത്താ വച്ച് കുർബ്ബാന അർപ്പിക്കാം. താഴെ ചവിട്ടുപടിയായി ദർഗായും കാണും. ത്രോണോസ് തടി കൊണ്ടും കല്ലു കൊണ്ടും പണിയാം. ഒരു ത്രോണോസിൽ ഒരു ദിവസം ഒരു കുർബ്ബാന. ഇതാണ് കാനോൻ നിയമം. വൈദികൻ ഒരു ദിവസം ഒരു കുർബ്ബാന അർപ്പിക്കാനേ ഇപ്പോൾ അനുവാദമുള്ളൂ. മൂന്ന് ത്രോണോസുകളും മൂന്നിന്മേൽ കുർബ്ബാനയും പില്ക്കാല ക്രമീകരണമാണ്. സാധാരണ ത്രോണോസിന്റെ പിൻഭാഗത്തായി ദുഃഖവെള്ളിയാഴ്ചയിലെ കബറടക്കത്തിനുള്ള സൗകര്യം ക്രമീകരിക്കാറുണ്ട്.

ദ

ദക്ഷിണേന്ത്യൻ സഭ (സി. എസ്. ഐ.): ദക്ഷിണേന്ത്യയിലെ ആംഗ്ലിക്കൻ സഭ, മെത്തേഡിസ്റ്റ് സഭ, തെന്നിന്ത്യാ ഐക്യസഭ (പ്രസ്ബിറ്റീരിയൻ, കോൺഗ്രിഗേഷണൽ, ഡച്ച് റിഫോർമ്ഡ്, ബാസൽ മിഷൻ, ലൂതറൻ എന്നിവ ചേർന്നത്) എന്നീ മൂന്ന് സ്വതന്ത്ര പ്രൊട്ടസ്റ്റണ്ട് സഭകൾ 1947 സെപ്തം. 27-ന് ദക്ഷിണേന്ത്യൻ സഭ എന്ന പേരിൽ ഒന്നിച്ചു. 10 ലക്ഷം വിശ്വാസികളുള്ള ഈ സഭ 1888-ലെ ലാംബെത്ത് സമ്മേളനം പ്രഖ്യാപിച്ച ചതുർ പ്രമാണങ്ങൾ വിശ്വാസത്തിന്റെ അടിസ്ഥാനമായി സ്വീകരിച്ചു. കോൺഗ്രിഗേഷണൽ, പ്രസ്ബിറ്റീരിയൻ, ആംഗ്ലിക്കൻ പട്ടത്വങ്ങൾ പരസ്പരം ഇവർ അംഗീകരിച്ചു. ഭാവിയിലെ പട്ടംകൊടകൾ കൈവെപ്പുള്ള എപ്പിസ്ക്കോപ്പൽ സ്ഥാനാഭിഷേകമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തു. 1948-ൽ ലാംബെത്ത് കോൺഫ്രൻസ് അംഗീകാരം നൽകി. 1955-ൽ നിയന്ത്രിത പരസ്പര സംസർഗ്ഗം അനുവദിച്ചു. 1962-ൽ കുർബ്ബാനക്രമം, പ്രഭാത-സന്ധ്യാ നമസ്ക്കാരങ്ങൾ, പട്ടംകൊട ശുശ്രൂഷ, മറ്റു ചെറിയ പ്രാർത്ഥനക്രമങ്ങൾ ഇവയടങ്ങിയ പ്രാർത്ഥന പുസ്തകം അംഗീകരിച്ചു.

ദനഹാ: ഉദയം എന്നർത്ഥം. ജനുവരി 6-ന് (മുമ്പ് മകരം 6-ന്) യേശുവിന്റെ മാമ്മൂദീസാ മാറാനായ പെരുന്നാളായി വെള്ളം വാഴ്വിന്റെ ക്രമം എന്ന പ്രത്യേക ശുശ്രൂഷക്രമത്തോടെ ആചരിക്കുന്നു. പാശ്ചാത്യ സഭകൾ വിദ്വാന്മാർ യേശുവിനെ വന്ദിച്ചതിന്റെ ഓർമ്മ ജനുവരി 6-ന് നടത്തുന്നു. സർപ്പത്തിന്റെ തല ചതയ്ക്കപ്പെടും എന്ന ഏദനിലെ പ്രവചനം യോർദ്ദാനിൽ നിറവേറി. യോർദ്ദാനിൽ മറഞ്ഞുകിടന്ന പഴയസർപ്പത്തിന്റെ തല യേശു തകർത്തു എന്ന ദനഹാ ശുശ്രൂഷയിലെ പരാമർശത്തിൽ നിന്നാണ് ഭാഗവതം കഥയിലെ കാളിയ മർദ്ദനം എന്ന മിത്ത് വികസിപ്പിച്ചെടുത്തിട്ടുള്ളത്. സ്നാനാർത്ഥികൾക്ക് ഈ ദിവസം മാമ്മൂദീസാ നൽകിയിരുന്നതിനാലും ത്രിത്വത്തിന്റെ വെളിപാട് ഉണ്ടായതിനാലും ഇതിനെ പ്രകാശത്തിന്റെ പെരുന്നാൾ എന്ന് വിളിക്കും. വീടുകൾക്കു മുമ്പിൽ വാഴപ്പിണ്ടിയിൽ ദീപനിര തെളിയിച്ച് പിണ്ടിപ്പെരുന്നാൾ എന്ന് പേർ നൽകി ഈ പ്രകാശപ്പെരുന്നാളിന്റെ ചൈതന്യത്തെ കുന്നംകുളം (പാലൂർ) പ്രദേശത്തെ ക്രിസ്ത്യാനികൾ ദൃശ്യവത്ക്കരിക്കുന്നുണ്ട്. ക്രിസ്തുമസും ദനഹായും ഒന്നിച്ച് ആഘോഷിച്ചിരുന്നു. ആർമ്മീനിയായിൽ ഇപ്പോഴും അങ്ങ

നെയാണ്. 3-ാം നൂറ്റാണ്ടു മുതൽ ഈ ആചരണത്തെപ്പറ്റിയുള്ള രേഖകൾ ലഭിക്കുന്നുണ്ട്. പാലസ്തീനിൽ യോർദ്ദാൻ നദിയും ഈജിപ്റ്റിൽ നൈൽ നദിയും ബൈസന്റയിൻ സഭകളിൽ സമീപത്തുള്ള കുളങ്ങളും ജലാശയങ്ങളും വാഴ്ത്തുന്ന രീതി ഇന്നും തുടരുന്നു. ചില സ്ഥലങ്ങളിൽ രാക്കുളിപ്പെരുന്നാൾ എന്ന് ഇതിനെ വിളിക്കുന്നു. സഭയിലെ അംഗത്വം സ്ത്രീപുരുഷന്മാർക്ക് നൽകുന്ന കൂദാശയായി യഹൂദസഭയിലെ പരിച്ഛേദനയുടെ വികാസമായി ഇതിനെ കാണാം. നിത്യപുരോഹിതനായ ക്രിസ്തു യഹൂദ പൗരോഹിത്യ ശൃംഖലയിലേക്ക് പ്രവേശിക്കുന്നതിന്റെ (മറിയാമ്മിൽ നിന്നുള്ള ജഡധാരണത്തിന്റെ സമാന്തര സംഭവം) ഭാഗമായും ദനഹായെ വ്യാഖ്യാനിക്കാം.

ദമസ്കോസ്: സിറിയയുടെ തലസ്ഥാനം. സിറിയൻ പാത്രിയർക്കീസിന്റെ ആസ്ഥാനം അന്ത്യോഖ്യാ, ഹോംസ്, മർദ്ദീൻ എന്നീ കേന്ദ്രങ്ങൾക്ക് ശേഷം ഇപ്പോൾ ദമസ്ക്കോസിലാണ്. അവിടത്തെ സഭയെ ഉപദ്രവിക്കാനുള്ള വരവിനിടയിലാണ് ശൗലിനെ പൗലൂസ് ആക്കി മാറ്റിയ സ്വർഗ്ഗീയ ദർശനം സംഭവിച്ചത്.

ദയറാ: ഭവനം എന്നർത്ഥം. സന്യാസിമാരുടെ ഭവനം എന്ന അർത്ഥത്തിൽ സന്യാസത്തെ ദയറോയൂസോ എന്നും സന്യാസവ്രതം സ്വീകരിച്ചവരെ ദയറോയോ (ദയറായക്കാരൻ - ദയറോയോസോ - ദയറായക്കാരികൾ) എന്ന് പറയും. മലങ്കരയിലെ ഒന്നാമത്തെ ദയറാ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ 1872-ൽ സ്ഥാപിച്ച വെട്ടിക്കൽ ദയറാ ആണ്. അതിന്റെ തലവൻ ആയി ചാത്തുരുത്തിൽ ഗീവറുഗീസ് കോറിയെ റമ്പാൻസ്ഥാനം നൽകി പുലിക്കോട്ടിൽ മെത്രാച്ചൻ നിയമിച്ചു. രണ്ടാമത്തെ ദയറാ 1919-ൽ പണിക്കർവീട്ടിൽ ഫാ. ഗീവറുഗ്ഗീസും (പിന്നീട് മലങ്കര റീത്ത് ഉണ്ടാക്കിയ മാർ ഈവാനിയോസ്) മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശനും (മാർ തേവോദോസ്യോസ്) ചേർന്ന് സ്ഥാപിച്ച ബഥനി ആശ്രമം ആണ്.

ദയറാ പട്ടക്കാരൻ: അവിവാഹിത വൈദികൻ എന്ന് സാധാരണ അർത്ഥം. ദയറായിൽ അംഗത്വമുള്ള വൈദികൻ എന്ന് സവിശേഷാർത്ഥം.

ദയറായക്കാരൻ: സന്യാസി. ദയറായിൽ അംഗത്വം സ്വീകരിച്ചവൻ.

ദയറാകൾ - ഇരട്ട: പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയുള്ള ദയറാകൾ ഒരേ ഭരണത്തിലും ഒരേ സംവിധാനത്തിലും ഒരേ സുപ്പീരിയറുടെ കീഴിലുമാണെങ്കിൽ ഇരട്ട - ദയറ എന്ന് വിളിക്കും. പ്രത്യേക കെട്ടിടങ്ങൾ, സുപ്പീരിയറും ദേവാലയവും ഉപയോഗിക്കുന്നു.

ദയറോയൂസോ: സന്യാസം എന്നർത്ഥം. സന്യാസികൾക്കും സന്യാ

സിനികൾക്കുമായി ദയറോയൂസോയ്ക്കു രണ്ട് വ്യത്യസ്ത ക്രമങ്ങൾ ഉണ്ട്. ഈ സ്ഥാനങ്ങൾ നൽകുന്നത് ദയറായുടെ അധിപന്മാരാണ്. ദയറായുടെ അധിപൻ എന്ന സങ്കല്പത്തിലാണ് മെത്രാന്മാർ ഈ സ്ഥാനം നൽകുന്നത്. ഈ സ്ഥാനം കൂദാശയല്ല. സ്ഥാനം നൽകുന്നത് കുർബ്ബാനയോടനുബന്ധിച്ച് വേണമെന്നില്ല. സ്ഥാനദാതാവ് അംശവസ്ത്രങ്ങൾ അണിയണമെന്നുമില്ല. സിറിയൻ സഭയിൽ അവൈദികരെയാണ് ദയറോയൂസോ നൽകി ദയറായിൽ പ്രവേശിപ്പിക്കുന്നത്. ആവശ്യമെങ്കിൽ ഇവരിൽ നിന്ന് യോഗ്യന്മാരെ തെരഞ്ഞെടുത്ത് കശ്ശീശന്മാരായോ മെത്രാന്മാരായോ പട്ടം കൊടുക്കും. ഈ സമ്പ്രദായത്തിൽ നിന്നാണ് മെത്രാനാകും മുമ്പ് സന്യാസ വസ്ത്രം നൽകുന്ന പതിവ് സഭയിൽ സംക്രമിച്ചത്. ദയറോയൂസോ സ്വീകരിച്ചവരെ ഗുരു എന്ന അർത്ഥത്തിൽ റബ്ബാൻ എന്ന് വിളിച്ചിരുന്നു. അതിൽ അനുനാസികസംസർഗ്ഗം ചേർന്നാണ് മലയാളത്തിലെ റമ്പാൻ ഉണ്ടാകുന്നത്. കറുത്ത ളോഹയും പുറങ്കുപ്പായവും മസനപ്സായും കുരിശുമാലയും ചെരിപ്പും ദയറായക്കാരുടെ വേഷം. ഹൂദായകാനോൻ ഇവർക്ക് മാംസഭക്ഷണം വിലക്കിയിട്ടുണ്ട്. പ്രസിദ്ധ ഗ്രന്ഥകാരന്മാരും ഗുരുക്കന്മാരും ദയറായുടെ സംഭാവന ആയിരുന്നു. ദയറാക്കാർ സാധാരണ പ്രാർത്ഥനകൾക്കും നോമ്പുകൾക്കും പുറമേ പ്രത്യേക പ്രാർത്ഥനകളും വ്രതങ്ങളും നിർവഹിക്കുവാൻ ബാധ്യസ്ഥരാണ്.

ദയറാകൾ മലങ്കരയിൽ: 1872-ൽ സ്ഥാപിച്ച വെട്ടിക്കൽ സെന്റ് തോമസ് ദയറായ്ക്കു പുറമേ ബഥനി ആശ്രമം, പത്തനാപുരം മൗണ്ട് താബോർ ദയറാ, പാമ്പാടി മാർ കുറിയാക്കോസ് ദയറാ, വാകത്താനം വള്ളിക്കാട്ട് ദയറാ, ഞാലിയാകുഴി ബസ്സേലിയോസ് ദയറാ, ചെങ്ങമനാട് ബേത്‌ലഹേം ദയറാ, ഓതറ സെന്റ് ജോർജ്ജ് ദയറാ, പാലമൂട് കുറിയാക്കോസ് ദയറാ, പത്തനംതിട്ട ബേസിൽ ദയറാ, കണ്ടനാട് കർമ്മേൽ ദയറാ, തുടങ്ങിയവയാണ് മലങ്കരയിലെ പ്രസിദ്ധ ദയറാകൾ. ഇവയിൽ പലതിലും സന്യാസിനീ വിഭാഗവും പ്രവർത്തിക്കുന്നു. സ്കൂളുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ, വൃദ്ധഭവനങ്ങൾ എന്നിവയിലുള്ള പ്രവർത്തനങ്ങൾക്ക് ദയറാകളിലെ അംഗങ്ങൾ നേതൃത്വം നൽകുന്നു.

ദർഗാ: പദവി, പടി എന്നർത്ഥം. ത്രോണോസിന്റെ മുമ്പിൽ കൂദാശാനുഷ്ഠാന വേളയിൽ കാർമ്മികന് കയറി നില്ക്കുവാനുള്ള അല്പം ഉയർന്ന പദവിയാണ് സാധാരണ ഗതിയിൽ ദർഗാ. പൗരോഹിത്യത്തിന്റെ വിവിധ വിഭാഗങ്ങൾക്കും ദർഗാകൾ എന്ന് പറയും. ആരാധനകളെ നിയന്ത്രിക്കുന്നത് ദർഗ ആണെന്ന് പറഞ്ഞാൽ പ്രധാന കാർമ്മികന്റെ നിയന്ത്രണത്തിൽ ആരാധന നടക്കണം എന്നാണ് അർത്ഥം.

ദശാംശം: ദശാംശം സഭയ്ക്ക് നൽകുന്നത് പുരാതന ശൈലിയാണ്.

ഒരാളിന്റെ വരവിന്റെ പത്തിലൊന്ന് ദേവാലയത്തിന് നൽകണം. ദശാംശ മായി ലഭിക്കുന്ന ആദായത്തിന്റെ നാലിൽ ഒരു ഭാഗം പുരോഹിതനുള്ള താണ്. ബാക്കി മൂന്നു ഭാഗം പള്ളിക്കാര്യങ്ങൾക്കും ദരിദ്രജന ക്ഷേമ ത്തിനും ബിഷപ്പിന്റെ ചെലവുകൾക്കും നീക്കിവച്ചിരുന്നു. ദശാംശ സമർ പ്പണമാണ് സ്തോത്രകാഴ്ചയായി സ്വീകരിക്കുന്നത്. ഇതിന് വേദപുസ്തക അടിസ്ഥാനമുണ്ട് (അവ 14:22, മത്താ. 10:10, 23:23, 1 കോരി. 9:7). ഇന്ന് സ്തോത്രകാഴ്ചയായും മാസവരി തുടങ്ങിയവയായും കർമ്മഫീസ് ആയും വിശ്വാസികൾ നൽകുന്ന പണം തന്നെയാണ് ദേവാലയ കാര്യങ്ങൾക്കും ശമ്പളത്തിനും മറ്റും ഉപയോഗിക്കുന്നത്. പഴയ രീതിയിൽ ഉല്പന്നങ്ങളും വിളവിലൊരു ഭാഗവും ദേവാലയത്തിൽ സമർപ്പിക്കുന്ന രീതി ഇപ്പോഴും ഉണ്ട്. ആദ്യ വിളവ്, ആദ്യ ശമ്പളം, പക്ഷിമൃഗാദികളുടെ ആദ്യജാതന്മാർ ഇവ ഇന്നും ദേവാലയങ്ങളിൽ സമർപ്പിക്കുന്നത് ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ്.

ദശേന്ദ്രിയങ്ങൾ: അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും അഞ്ച് കർമ്മേന്ദ്രിയ ങ്ങളും ഉൾപ്പെട്ട പത്ത് ഇന്ദ്രിയങ്ങൾ സാംഖ്യ ദർശനം അംഗീകരിച്ചിരി ക്കുന്നു. കണ്ണ്, മൂക്ക്, നാക്ക്, ചെവി, ത്വക്ക് എന്നിവ ജ്ഞാനേന്ദ്രിയങ്ങൾ. വായ്, കൈകൾ, കാലുകൾ, ജനനേന്ദ്രിയം, വിസർജ്ജനേന്ദ്രിയം എന്നിവ കർമ്മേന്ദ്രിയങ്ങൾ. പത്തു കമ്പിയുള്ള വീണ എന്ന് മനുഷ്യനെ ആരാധന ക്രമത്തിൽ നിർവചിക്കുന്നത് ഈ അർത്ഥത്തിലാണ്. തൈലാഭിഷേക ശുശ്രൂഷയിൽ ഈ ദശേന്ദ്രിയങ്ങളെ തൈലം കൊണ്ട് പ്രതീകാത്മകമായി മുദ്രയിട്ട് പാപമോചനം പ്രഖ്യാപിക്കുന്നു.

ദാനിയേൽ, കെ. എൻ. (1878–1965): മേലുകരയിൽ 1878 ഫെബ്രു. 23–ന് ജനിച്ചു. 1893–ൽ 'ആത്മ സഹായസംഘം' രൂപീകരിച്ചു. സുവിശേഷ പ്രസംഗകൻ, വാഗ്മി, ചരിത്രകാരൻ, ഗ്രന്ഥകാരൻ. മാർത്തോമ്മാ സഭയെ ന്യായീകരിച്ചുകൊണ്ട് ശിശുസ്നാപനത്തിന്റെ ന്യായീകരണം, മാർത്തോ മ്മാസഭയിൽ പട്ടത്വത്തിന്റെ സാധുത്വം, അബ്രഹാം മല്പാന്റെ നവീകര ണത്തിന്റെ നീതീകരണം, റോമ്മാസഭയിലെ ചില ഉപദേശങ്ങളുടെ ദൂഷ്യ വശങ്ങൾ ഇവയെക്കുറിച്ച് ഗ്രന്ഥങ്ങൾ ചമച്ചു. ഒടുവിൽ കൂടുതൽ നവീക രണം സഭയിൽ അദ്ദേഹം ആവശ്യപ്പെട്ടത് 'ദാനിയേൽ കേസി'ന് കാരണ മായി. കേസ് തോറ്റപ്പോൾ 1961–ൽ സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യ സ്ഥാപിച്ചു. മലങ്കര മാർത്തോമ്മാ സുറിയാനിസഭയിലെ കൈവെപ്പ്, മലങ്കര സഭാചരിത്രവും ഉപദേശങ്ങളും, സെന്റ് തോമസ് ക്രിസ്ത്യാനികളുടെ കൈവശമുള്ള ചെപ്പേടുകളെപ്പറ്റിയുള്ള പഠനങ്ങൾ, പാപ്പായുടെ ആധിപത്യം, ജെറോമും പാപ്പായുടെ അപ്രമാദിത്വവും, പുരാതന തക്സാകളെക്കുറിച്ചുള്ള വിമർശ പഠനം, മലങ്കരസഭയും നവീ കരണവും, തക്സാ ശാസ്ത്രവെളിച്ചത്തിൽ നവീകരണം, മൂറോനഭി

ഷേകം, ഡോ. ഏബ്രഹാം മാർത്തോമ്മാ, മാർത്തോമ്മാ സഭയുടെ ആധുനിക അവസ്ഥ, വേട്ടക്കാരന്റെ കണി, മങ്ങിമാറിപ്പോയ നിർമ്മലതങ്കം, ഇത്രടമോ, മാർത്തോമ്മാസഭ വിഷമസന്ധിയിൽ എന്നിങ്ങനെ പതിനഞ്ചിലേറെ പുസ്തകങ്ങൾ 1914-നും 1961-നും ഇടയിൽ മലയാളത്തിലും ഇംഗ്ലീഷിലുമായി രചിച്ചു. 1965 ജൂലൈ 5-ന് അന്തരിച്ചു.

ദാനിയേൽ: 1. ദാവീദിന്റെ 2-ാം പുത്രൻ (2 ശമു. 3:8; 1 ദിന. 3:1). 2. പുരോഹിതൻ (എബ്രാ. 8:2; നെഹ. 10:6). 3. ദാര്യാവേശ് രാജാവ് സിംഹക്കൂട്ടിൽ ഇട്ട പ്രസിദ്ധി നേടിയവൻ. 4. ദാനിയേലിന്റെ പ്രവചനം. ആകെ 12 അധ്യായങ്ങൾ. മക്കാബിയ കാലത്ത് ബി. സി. രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ടു. ആദ്യഭാഗം ചരിത്ര വസ്തുതകൾ. അടുത്തഭാഗം ദാനിയേലിന്റെ ദർശനങ്ങൾ. അപ്പോക്കാലിപ്റ്റിക്കിൽപ്പെടുന്നു. ആധുനിക സെക്ടേറിയൻ വിഭാഗങ്ങൾ ഇവയെ പ്രമുഖ പ്രസംഗവിഷയമാക്കുന്നു.

ദായക്രമം: സ്വത്തിന്റെയും അവകാശത്തിന്റെയും പിന്തുടർച്ച. മക്കത്തായമാണ് (ആൺമക്കളിലൂടെയുള്ള പിന്തുടർച്ച) ക്രിസ്ത്യാനികളും പരിഷ്കൃത വിഭാഗങ്ങളും സ്വീകരിച്ചിട്ടുള്ളത്. വിവാഹബന്ധവും കുടുംബബന്ധങ്ങളും അവ്യവസ്ഥിതമായിരുന്നതിനാൽ അമ്പത് കൊല്ലം മുമ്പ് വരെ നായർ സമുദായത്തിലും മറ്റും സഹോദരിമാരുടെ മക്കളിലൂടെ പിന്തുടർച്ച കേരളത്തിൽ കണക്കാക്കിയിരുന്നു. ഇപ്പോൾ അവരും മക്കത്തായം സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

ദാവീദ്: യിസ്രായേലിന്റെ രണ്ടാമത്തെ രാജാവ്. യിശ്ശായിയുടെ പുത്രൻ. ബോവസിന്റെയും രൂത്തിന്റെയും പൗത്രൻ. പ്രിയൻ, നായകൻ എന്ന് ഈ എബ്രായ പദത്തിന് അർത്ഥം. ഗായകൻ, കവി, പ്രവാചകൻ, ഭക്തൻ, യോദ്ധാവ്, ഭരണകർത്താവ്, നയതന്ത്ര വിദഗ്ദ്ധൻ എന്നിങ്ങനെ ബഹുമുഖ പ്രതിഭ. ഇദ്ദേഹത്തിന്റെ കാലം യിസ്രായേലിന്റെ സുവർണ്ണകാലം. യേശുവിനെ ദാവീദിന്റെ പുത്രൻ എന്നും ദൈവരാജ്യത്തെ ദാവീദിന്റെ സിംഹാസനം എന്നും വിശേഷിപ്പിച്ചിരുന്നു. മിക്ക സങ്കീർത്തനങ്ങളും അദ്ദേഹത്തിന്റെ രചനകൾ ആണ്. കുടിലിൽ നിന്ന് കൊട്ടാരത്തിലേയ്ക്കുയർത്തി. കിന്നരവും കവിതയും വിദഗ്ദ്ധമായി പ്രയോഗിച്ചു. ആരാധനാലയം പണിയാൻ ആയില്ലെങ്കിലും ആരാധനയെ ഏകീകരിച്ചു. അനുതാപ സങ്കീർത്തനങ്ങൾ ദാവീദിന്റെ രചനകൾ. സുറിയാനി സഭയുടെ എല്ലാ കൂദാശാനുഷ്ഠാനങ്ങളിലും ശുശ്രൂഷാക്രമങ്ങളിലും നമസ്ക്കാരക്രമങ്ങളിലും സങ്കീർത്തനങ്ങൾ അവിഭാജ്യമാണ്. ഏവൻഗേലിയോൻ വായനയ്ക്ക് മുമ്പ് ചൊല്ലുന്ന മിക്ക പെസ്ഗോമോകളും ദാവീദിന്റെ രചനകൾ ആണ്. ദാവീദിനൊരു ഗാനം (ഒ. എൻ. വി.), ആ മനുഷ്യൻ നീ തന്നെ (സി. ജെ. തോമസ്) തുടങ്ങിയ കവിതകളിലും നാടകങ്ങളിലും കേന്ദ്ര കഥാപാത്രം

ദാവീദ് ആണ്. കേരളത്തിൽ താവു, താവപ്പൻ, താരു, താരപ്പൻ, താരുകുട്ടി, തുടങ്ങിയ പേരുകൾ ദാവീദിന്റെ തൽഭവങ്ങൾ ആണ്. കന്യകമറിയാം ദാവീദ് കുലത്തിൽപെട്ടവൾ, യൗസേപ്പും അപ്രകാരം തന്നെ. ദാവീദിന്റെ പട്ടണമാണ് ബേത്‌ലഹേം.

ദാവൂദ് മെത്രാൻ: എ. ഡി. 295-300 കാലത്ത് പേർഷ്യൻ ഉൾക്കടലിന്റെ തീരപ്രദേശത്തുള്ള ബെസ്രായിലെ മെത്രാൻ. ശഹലൂപ്പാ, പാപ്പാ എന്നീ പാത്രിയർക്കീസന്മാരുടെ കാലത്ത് ഇന്ത്യയിൽ വന്നതായി വിശ്വസിക്കപ്പെടുന്നു.

ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ: '*കാതോലിക്കാമാർ മലങ്കരസഭയിൽ*' കാണുക.

ദീപ്തിക്: '*തുബ്ദേൻ*' കാണുക.

ദിമെത്രിയോസ്,അലക്സാന്ത്രിയയിലെ: അലക്സാന്ത്രിയായിലെ ഒന്നാമത്തെ മെത്രാൻ. അലക്സാന്ത്രിയൻ വേദശാസ്ത്രകലാശാലയെ വളർത്തി. മതസംവാദത്തിനായി ഇന്ത്യയിൽ നിന്ന് ക്ഷണംകിട്ടിയപ്പോൾ ഉപാധ്യക്ഷൻ പന്തേനൂസിനെ 190-ൽ കേരളത്തിലേക്കയച്ചു. പൊന്നാനി-അലക്സാന്ത്രിയാ തുറമുഖങ്ങൾ വഴി വിദേശവ്യാപാരം നടത്തിയിരുന്ന കാലത്ത് ഇത് സ്വഭാവികബന്ധമായിരുന്നു. ബുദ്ധമത / ശൈവമത സംവാദത്തിൽ സഫലമായി നേതൃത്വം നൽകിയ പന്തേനൂസ് മലങ്കരയിൽ നിന്ന് ലഭിച്ച സുവിശേഷവും (മാർത്തോമ്മായുടെ?) ശേഖരിച്ച് അലക്സാന്ത്രിയായിൽ തിരിച്ചെത്തി. ദിമെത്രിയോസ് പന്തേനൂസിനെയും 203-ൽ ഓറിഗനെയും വൈദിക കലാലയത്തിൽ അധ്യക്ഷന്മാരാക്കി. ജ്ഞാനവാദക്കാരുമായി നിരന്തരം പോരാട്ടം നടത്തിയ ഇദ്ദേഹത്തെ കോപ്റ്റിക് ഓർത്തഡോക്സ് സഭ വിശുദ്ധനായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ കാലത്ത് പന്ത്രണ്ട് പട്ടക്കാർ അടങ്ങിയ കൗൺസിലാണ് സഭയിലെ മെത്രാന്മാർക്ക് പട്ടം കൊടുത്ത് നിയമിച്ചിരുന്നത്.

ദിവ്യബോധനം: സഭയിലെ അവൈദികരുടെ വിശ്വാസപരിശീലന പദ്ധതി. 1984-ൽ വൈദിക സെമിനാരി അധ്യാപകരുടെ പ്രധാന ചുമതലയിൽ ആരംഭിച്ചു. രണ്ടു വർഷം വീതം ദൈർഘ്യമുള്ള പി. ഒ. സി. ഇ., ഡി. ഒ. സി. ഇ. എന്നിങ്ങനെ സർട്ടിഫിക്കറ്റ് - ഡിപ്ലോമ കോഴ്സുകളും തിരുവചനഭാഷ്യം സർട്ടിഫിക്കറ്റ് കോഴ്സും നടത്തുന്നു. ഇംഗ്ലീഷ്- മലയാളം കോഴ്സുകളിൽ പത്തുവീതം വിഷയങ്ങൾക്ക് സെമിനാരി അധ്യാപകർ തയാറാക്കിയ പാഠപുസ്തകങ്ങൾ പ്രകാരം പ്രാദേശിക ഇടവകകളിൽ റഗുലർ കോഴ്സും കറസ്പോണ്ടൻസ് കോഴ്സുകളും നടത്തുന്നു. ഈ കോഴ്സുകളിലെ ആവശ്യത്തിനായി 30 പാഠപുസ്തകങ്ങൾ മലയാളം-

ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിച്ചു. ഫാ. സി. സി. ചെറിയാൻ കോ-ഓർഡിനേറ്ററായി ആരംഭിച്ച ഈ പഠനപദ്ധതി ഇപ്പോൾ അമേരിക്കയിലേക്കും വ്യാപിച്ചിരിക്കുന്നു.

ദീക്ഷ: ഭാര്യയുടെ ഗർഭകാലത്ത് ഭർത്താവും പ്രിയപ്പെട്ടവരുടെ മരണത്തെത്തുടർന്ന് ബന്ധുക്കളും നിശ്ചിതകാലത്തേക്ക് താടിയും മുടിയും വളർത്തി നടത്തുന്ന വ്രതം.

ദീപം: തോമസ് പോൾ എറണാകുളത്തു നിന്ന് ആരംഭിച്ച സാഹിത്യപ്രധാന മാസിക. പിന്നീട് ദിനപ്പത്രമായി. തോമസ് ചെറിയാൻ, ടി. തോമസ്, പി. വി. തമ്പി മുതലായവർ പത്രാധിപസ്ഥാനം വഹിച്ചു.

ദീപിക: മാന്നാനം സെന്റ് ജോസഫ് പ്രസ്സിൽ നിന്ന് 1887 ഏപ്രിൽ 15ന് പുളിക്കപ്പറമ്പിൽ കുരിയൻ മാസ്റ്റർ പത്രാധിപരായി 'നസ്രാണിദീപിക' എന്ന പേരിൽ തുടങ്ങി. 1895-ൽ മാസത്തിൽ മൂന്നു തവണ. 1899-ൽ വാരിക. 1912-ൽ ദ്വൈവാരിക, 1927-ൽ ദിനപ്പത്രം. 1931-ൽ വീണ്ടും വാരികയായി. 1939-ൽ കോട്ടയത്തു നിന്ന് പ്രസിദ്ധീകരണം. പേർ ദീപിക എന്നായി. കോട്ടയത്തു നിന്നും തൃശൂർ നിന്നും ഇറങ്ങുന്നു. രാഷ്ട്രദീപിക, കർഷകൻ, കരിയർ ദീപിക, ബിസിനസ് ദീപിക എന്നിവയും ദീപികയുടെ ഉപ പ്രസിദ്ധീകരണങ്ങളാണ്.

ദീപ്തി: ഓർത്തഡോക്സ് സെമിനാരിയുടെ വാർഷിക പ്രസിദ്ധീകരണം. 1977 മുതൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നു.

ദീയസ്ക്കോറോസ്, അലക്സാന്ത്രിയ: നെസ്തോറിനെ എതിർത്ത് 449-ലെ എഫേസൂസ് സുന്നഹദോസിൽ ഉറച്ച നിലപാടെടുത്തു. ഇരുസ്വഭാവത്തിനെതിരെ പോരാടിയ എവുത്തിക്കൂസിനെ അനുകൂലിച്ചു. 451-ൽ കൽക്കദൂനിയ സിനഡ് ഇദ്ദേഹത്തെ സഭാഭ്രംശം ചെയ്തു. 454-ൽ ദിവംഗതനായി. 5-ാം തുബ്ദേനിൽ ഇദ്ദേഹത്തെ ഓർക്കുന്നു.

ദീയസ്കോറോസ്, മാർ: ആറാം മാർത്തോമ്മായുടെ അന്ത്യകാലത്ത് വിദേശത്തു നിന്ന് മലങ്കരയിലെത്തിയ മെത്രാൻ. 1806 കന്നി 18-ന് കൊച്ചിയിൽ അന്തോണിയോസ് ശെമ്മാശനോടൊപ്പം ഇദ്ദേഹം വന്നപ്പോൾ സ്ഥാനസാധുതയുള്ള രണ്ടു മെത്രാന്മാർ ഇവിടെ ഉണ്ടായിരുന്നു. മെത്രാന്റെ സ്ഥാനവസ്ത്രങ്ങളൊന്നും കൂടാതെ വന്ന ഇദ്ദേഹം ചിത്തഭ്രമം ബാധിച്ച ഒരാളെപ്പോലെയാണ് പെരുമാറിയത്. ദ്രവ്യാഗ്രഹി ആയിരുന്നു. ഇദ്ദേഹത്തിന്റെ വിക്രിയകൾ *നിരണം ഗ്രന്ഥവരി* വിവരിച്ചിട്ടുണ്ട്. സഭ ഒന്നടങ്കം ഇദ്ദേഹത്തെ വെറുത്തു. 1808-ൽ എല്ലാവരും ചേർന്ന് രണ്ടു പേരെയും കപ്പൽ കയറ്റി അയച്ചു.

ദീയസ്ക്കോറോസ്, ഗീവറുഗീസ് മാർ: 1926 ഒക്ടോ. 12-ന് കോഴഞ്ചേരി തേവർവേലിൽ കുഞ്ഞുപാപ്പിയുടെയും അച്ചാമ്മയുടെയും മകനായി ജനിച്ചു. പി. ജി. ബിരുദം നേടി ബാങ്ക് സെക്രട്ടറിയായി. പിന്നീട് ജോലി രാജിവച്ച് 1963-ൽ ശെമ്മാശുപട്ടവും 1964-ൽ വൈദികപട്ടവും സ്വീകരിച്ചു. യരുശലേമിൽ വേദശാസ്ത്ര പഠനം. 1970-ൽ റാന്നിയിൽ ഹോളി ട്രിനിറ്റി ആശ്രമം സ്ഥാപിച്ചു. തുമ്പമൺ ഭദ്രാസന സെക്രട്ടറി. 1978 മെയ് 15-ന് പഴഞ്ഞിയിൽ വെച്ച് പ. മാത്യൂസ് I കാതോലിക്കാ മെത്രാൻ സ്ഥാനം നൽകി. തിരുവനന്തപുരത്തിന്റെ പ്രഥമ മെത്രാൻ. ഉള്ളൂർ ഓർത്തഡോക്സ് ചർച്ച് സെന്റർ, കുളത്തൂർ വികലാംഗ ശിശുക്ഷേമകേന്ദ്രം, തിരുവനന്തപുരം ഹോളി ട്രിനിറ്റി സ്കൂൾ, കോൺവെന്റ് എന്നിവ അദ്ദേഹത്തിന്റെ സംഭാവനകൾ. 23-7-1999 ന് ദിവംഗതനായി. റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ കബറടക്കപ്പെട്ടു. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് പിതാവിന്റെ ഭാഗിനേയൻ ആണിദ്ദേഹം.

ദിയോദോറസ് (-394): തർസോസിന്റെ മെത്രാൻ. അന്ത്യോഖ്യൻ വേദശാസ്ത്ര വ്യാഖ്യാതാവ്. ജോൺ ക്രിസോസ്റ്റം, മൗപ്സെസ്ത്യായിലെ തെയോദോർ എന്നിവർ ശിഷ്യപ്രമുഖർ. 361-നും 65-നും ഇടയിൽ അന്ത്യോഖ്യായുടെ മീലിത്തിയോസിൽ നിന്ന് പട്ടമേറ്റു. 372-78 വരെ അറിയോസിനൊപ്പം. നാടു കടത്തപ്പെട്ടു. 378-ൽ തർസൂസിന്റെ മെത്രാനായി മീലിത്തിയോസ് പട്ടം കൊടുത്തു. 381-ലെ കോൺസ്റ്റാണ്ടിനോപ്പിൾ സിന്നഡിൽ പങ്കെടുത്തു. പില്ക്കാലത്ത് അലക്സാന്ത്രിയായിലെ കൂറിലോസ് ഇദ്ദേഹത്തെ നെസ്തോറിയൻ എന്ന് കുറ്റപ്പെടുത്തി. അദ്ദേഹത്തിന്റെ രചനകൾ നശിപ്പിക്കപ്പെട്ടു. സൃഷ്ടി മീമാംസ, കാലനിർണ്ണയശാസ്ത്രം, വേദവ്യാഖ്യാനം, വേദശാസ്ത്രം എന്നിവ ഉൾക്കൊള്ളുന്നവയാണ് കൃതികൾ.

ദീവന്നാസ്യോസ്, കോരിന്തിലെ: രണ്ടാം നൂറ്റാണ്ടിൽ കോരിന്തിലെ മെത്രാൻ. വിശ്വാസപാലനത്തിനായി ലേഖനങ്ങൾ രചിച്ചു.

ദീവന്നാസ്യോസ്, അലക്സാന്ത്രിയയിലെ (248-265): മഹാനായ ദീവന്നാസ്യോസ്. ഓറിഗന്റെ ശിഷ്യൻ. വിദ്യാപീഠത്തിലെ പ്രധാന ഗുരു. മെത്രാൻ. അക്രൈസ്തവൻ. ഓറിജന്റെ സ്വാധീനത്തിൽ ക്രിസ്തുമതം സ്വീകരിച്ചു. പുത്രന്റെ നിത്യതയിൽ ഊന്നി പഠിപ്പിച്ചു. പീഡനകാലത്ത് ഈജിപ്ഷ്യൻ സഭയെ നയിച്ചു. അദ്ദേഹത്തിന്റെ രണ്ടു കത്തുകൾ ലഭ്യമായിട്ടുണ്ട്.

ദീവന്നാസ്യോസ് അരയോപഗൈറ്റ്: മൂശെ ബർക്കീപ്പാ, ബർ സ്ലീബി തുടങ്ങിയവർ ഇദ്ദേഹത്തെ പൗലൂസ് ശ്ലീഹായുടെ ശിഷ്യനും ആതൻസിലെ മെത്രാനും ആയി ആദരിക്കുന്നു. ലാറ്റിൻ മിസ്റ്റിസിസത്തെ ഇദ്ദേഹത്തിന്റെ കൃതികൾ സ്വാധീനിച്ചു. അന്ത്യോഖ്യയിലെ സേവേറിയോസ്

കൽക്കിദൂന്യർക്കെതിരെ ഇദ്ദേഹത്തെ ഉദ്ധരിക്കുന്നുണ്ട്. 'മിസ്റ്റിക്കൽ വേദ ശാസ്ത്രം' എന്ന കൃതി ശ്രദ്ധേയം. നാലു ഗ്രന്ഥങ്ങളും 10 ലേഖനങ്ങളും ഇദ്ദേഹത്തിന്റേതായി ലഭിച്ചിട്ടുണ്ട്. 'എക്ലീസിയാസ്റ്റിക്കൽ ഹയറാർക്കി' കൂദാശകളുടെ ദൈവശാസ്ത്രത്തെ പ്രതിപാദിക്കുന്നു. കുർബ്ബാന, മാമ്മൂദീസാ, പട്ടംകൊട, സന്യാസപ്രസ്ഥാനം, ശവസംസ്ക്കാരം എന്നീ അഞ്ചെണ്ണമാണ് അദ്ദേഹത്തിന്റെ ചിന്തയിൽ കൂദാശകൾ. ഇവയ്ക്ക് 'പൂർണ്ണതകൾ' എന്ന് അദ്ദേഹം പേരിട്ടു. 'പൂർണ്ണതകളുടെ പൂർണ്ണത' എന്ന് കുർബ്ബാനയെ നിർവചിച്ചത് ഇദ്ദേഹമാണ്. ഇദ്ദേഹം 6-ാം നൂറ്റാണ്ടിൽ ജീവിച്ചു എന്നാണ് ചില ആധുനികരുടെ അഭിപ്രായം.

ദീവന്നാസ്യോസ്, ബർ സ്ലീബി: 1154-ൽ മാറാഷ് – മാബൂഗ് മെത്രാൻ ആയി. 1166-ൽ ആമീദിന്റെ ചുമതലയേറ്റു. പദ്യങ്ങൾ, പ്രാർത്ഥനകൾ, ഉൽബോധനങ്ങൾ, ആരാധനക്രമങ്ങൾ, ഇവാഗറിയിസിന്റെ 'ആറു നൂറ്റാണ്ടുകൾ' എന്ന കൃതിയുടെ സുറിയാനി പരിഭാഷ, അതിന്റെ വ്യാഖ്യാനം, വേദവിപരീതങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ള പ്രബന്ധം, സുറിയാനി കുർബ്ബാന ക്രമവും വിശ്വാസസത്യങ്ങളെ അധികരിച്ചുള്ള ആഖ്യാനങ്ങൾ, പഴയനിയമ – പുതിയനിയമങ്ങളുടെ വ്യാഖ്യാനങ്ങൾ എന്നീ കൃതികൾ രചിച്ചു. വ്യാഖ്യാനങ്ങൾ ധ്യാനാത്മകമാണ്. ഒരു അന്നാഫുറ ഇദ്ദേഹത്തിന്റെ പേരിൽ ഉണ്ട്. ഹാശാ ആഴ്ചയിലെ എല്ലാ യാമപ്രാർത്ഥനകളിലെയും പ്രുമിയോൻ സെദ്റാകളും കുർബ്ബാനയിലെ ഖണ്ഡിപ്പിന്റെ ശുശ്രൂഷയിൽ ചൊല്ലുന്ന വിശ്വാസപ്രമാണവും ഇദ്ദേഹത്തിന്റേതാണ്. 1171 നവംബർ 2-ന് അന്തരിച്ചു. ഇദ്ദേഹത്തിന്റെ വേദവ്യാഖ്യാനങ്ങൾ മലങ്കരയിൽ പ്രചുര പ്രചാരം നേടിയിരുന്നു. കൈയെഴുത്തു സുറിയാനിയിൽ പല ഗ്രന്ഥപ്പുരകളിലും ഇതിന്റെ പകർപ്പു കാണുന്നുണ്ട്.

ദീവന്നാസ്യോസ്, വലിയ മാർ: '*പകലോമറ്റം മെത്രാന്മാർ*', '*മാർ ത്തോമ്മാ ആറാമൻ*' കാണുക.

ദീവന്നാസ്യോസ്, കരോട്ടുവീട്ടിൽ ശെമവൂൻ മാർ: പത്രോസ് തൃതീയൻ ബാവാ കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് 1877 മെയ് 17-ന് മെത്രാപ്പോലീത്താ ആയി വാഴിച്ചു. കൊച്ചിയുടെ പ്രഥമ മെത്രാനായി നിയമിച്ചു. കൊച്ചിയിലെ പള്ളികൾ അദ്ദേഹത്തെ സ്വീകരിച്ചില്ല. സ്വന്തം ഇടവകയായ കണ്ടനാട് പള്ളിയുടെ ഒരു മുറിയിൽ താമസിച്ചു. അവിടെത്തന്നെ കുർബ്ബാന അർപ്പിച്ചുപോന്നു. ഇദ്ദേഹം എഴുതിയ അപ്രകാശിത കയ്യെഴുത്ത് കൃതിയാണ് *കണ്ടനാട് ഗ്രന്ഥവരി.* 18-ാം നൂറ്റാണ്ടിലെ വിശദമായ മലങ്കരസഭാ ചരിത്രമാണിത്. 1886 ഒക്ടോബർ 2-ന് കാലം ചെയ്തു. കടുങ്ങമംഗലം പള്ളിയിൽ കബറടക്കപ്പെട്ടു. '*കണ്ടനാട് ഗ്രന്ഥവരി*' കാണുക.

ദീവന്നാസ്യോസ് പ്രഥമൻ, പുലിക്കോട്ടിൽ ജോസഫ് മാർ (1740–1816): പാലൂർ ചാട്ടുകുളങ്ങര ആർത്താറ്റ് ഇടവകയിൽ കുന്നംകുളം അങ്ങാടിയിൽ പുലിക്കോട്ടിൽ ചുമ്മാർ–ഏലിശ്ബാ ദമ്പതികളുടെ പുത്രൻ. 1740 നവം. 25–ന് ജനിച്ചു. ഇട്ടൂപ്പ് (ഇട്ടി + യൗസേപ്പ്) എന്ന് വിളിക്കപ്പെട്ടു. കുന്നംകുളം തെക്കേക്കര പൈലപ്പൻ ആശാൻ, കാണിപ്പയ്യൂർ നമ്പൂതിരി എന്നിവരിൽ നിന്ന് സാമാന്യ വിജ്ഞാനവും തച്ചുശാസ്ത്രവിദ്യയും പരിശീലിച്ച ഇട്ടൂപ്പ് പഴഞ്ഞി പള്ളിയിലെ മല്പാൻ പള്ളിക്കൂടത്തിൽ സുറിയാനി അഭ്യസിച്ചു. വൈദികപഠനകാലത്ത് കുർബ്ബാനക്രമവും സങ്കീർത്തന പുസ്തകവും സുറിയാനിയിൽ നിന്ന് പരിഭാഷപ്പെടുത്തി. 1751–ൽ മലങ്കരയിലെത്തി കുന്നംകുളം ചിറളയം പള്ളിയിൽ താമസമാക്കിയ ശാക്രുള്ള മഫ്രിയാന ഇട്ടൂപ്പിന് ശെമ്മാശുപട്ടം നൽകി. മുളന്തുരുത്തിയിലെ മല്പാൻ പള്ളിക്കൂടത്തിൽ ഉപരിപഠനങ്ങൾ പരിശീലിച്ചു. ശാക്രുള്ള മഫ്രിയാനയിൽ നിന്ന് (?) കശ്ശീശാസ്ഥാനമേറ്റ നവവൈദികൻ കുന്നംകുളം ചിറളയം പള്ളിയിൽ ഒരു മല്പാൻ പാഠശാല ക്രമീകരിച്ച് വൈദികവിദ്യാർത്ഥികളെ പഠിപ്പിച്ചു. അങ്ങനെ ഇട്ടൂപ്പ് മല്പാൻ ആയി. കാട്ടുമങ്ങാട്ട് കൂറിലോസ് തിരു–കൊച്ചിയിൽ നിന്ന് നാടുകടത്തപ്പെട്ടപ്പോൾ മല്പാൻ ആ സംഘത്തെ കൂട്ടിക്കൊണ്ടുവന്ന് ആദ്യം കുന്നംകുളത്തും പിന്നീട് തൊഴിയൂരിലും അഭയം കൊടുത്തു. തൊഴിയൂർ പള്ളിയും നാലുകെട്ട് മാതൃകയിൽ ആസ്ഥാനവും 1774–ൽ മല്പാൻ പണിയിച്ചു.

1789–ൽ ടിപ്പു സുൽത്താൻ ആർത്താറ്റ് – പാലൂർ ദേവാലയം അഗ്നിക്കിരയാക്കി. ആളുകളെ മതംമാറ്റത്തിന് നിർബന്ധിച്ചു. വഴങ്ങാത്തവരെ ആർത്താറ്റ് വൃക്ഷശിഖരങ്ങളിൽ തൂക്കിക്കൊന്നു. ആർത്താറ്റ് നിന്ന് സമീപ പ്രദേശങ്ങളിലേക്ക് സുറിയാനി ക്രിസ്ത്യാനികൾ ചിതറി ഓടി. മല്പാൻ അവരെ ധൈര്യപ്പെടുത്തി കുന്നംകുളത്തും പഴഞ്ഞിയിലും യഹൂദ മാതൃകയിൽ നഗരവും അങ്ങാടിയും സംവിധാനം ചെയ്ത് അവിടെ പാർപ്പിക്കുകയും രണ്ടിടത്തും ഉണ്ടായിരുന്ന പള്ളികൾ പുനർ നിർമ്മിക്കുകയും ചെയ്തു. 1800–ൽ കുന്നംകുളം സന്ദർശിച്ച ഡോ. ഫ്രാൻസിസ് ബുക്കാനൻ, തന്നെ ശിഷ്യസമേതം സന്ദർശിച്ച അവിവാഹിതനും സസ്യഭുക്കുമായ മല്പാനെ കുറിച്ചെഴുതിയിട്ടുണ്ട്. വലിയങ്ങാടിയിൽ പടിഞ്ഞാറും തെക്കും ഉണ്ടായിരുന്ന അന്തിമാളൻകാവുകൾ മണക്കുളം രാജാവും കൊച്ചിയുടെ ശക്തൻതമ്പുരാനും സുറിയാനിക്കാർക്ക് നൽകിയത് മല്പാൻ സ്വീകരിച്ച് ആരാധനാ സൗകര്യമൊരുക്കി. മേല്പുര കത്തി വർഷങ്ങളോളം തർക്കത്തിലിരുന്ന ആർത്താറ്റ് പള്ളി ശക്തൻതമ്പുരാന്റെ സഹായത്തോടെ നറുക്കെടുപ്പിലൂടെ വീണ്ടെടുക്കുകയും പള്ളി പുനർനിർമ്മാണം ചെയ്ത് ആരാധനായോഗ്യമാക്കുകയും ചെയ്തു.

സ്വാതന്ത്ര്യപ്രേമിയായ മല്പാൻ 'ആർത്താറ്റ് പടിയോല' എന്ന സഭാ

സ്വാതന്ത്ര്യത്തിന്റെ മാഗ്നാക്കാർട്ടാ ചെമ്പുതകിടിൽ വട്ടെഴുത്തിൽ എഴുതിച്ച് 1806-ൽ ആറാം മാർത്തോമ്മായ്ക്കും ശക്തൻ തമ്പുരാനും നല്കി. ഡോ. ക്ലോഡിയസ് ബുക്കാനന്റെ ആഗ്രഹപ്രകാരം മല്പാനും കായംകുളത്ത് പീലിപ്പോസ് റമ്പാനും ചേർന്ന് സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്ത മലയാളം ബൈബിൾ പ്രസിദ്ധീകരണത്തിന് തയാറാക്കി. ഇതിൽ പ്രീതനായ ബുക്കാനൻ ആർത്താറ്റ് പള്ളിയിൽ ഒരു വലിയ സ്വർണ്ണ പത്താക്ക് സമ്മാനമായി സമർപ്പിച്ചു. 7-ാം മാർത്തോമ്മായുടെ കാലശേഷം 1809-ൽ കണ്ടനാട് പടിയോല അദ്ദേഹം തയ്യാറാക്കിയത് കണ്ടനാട് സുന്നഹദോസ് അംഗീകരിക്കുകയും അദ്ദേഹത്തെ 8-ാം മാർത്തോമ്മായുടെ രണ്ട് ഉപദേശകരിലൊരാളായി നിയമിച്ചു. 1809 ചിങ്ങം 15-ന് മല്പാൻ 8-ാം മാർത്തോമ്മായിൽ നിന്ന് കണ്ടനാട് തീരുമാനപ്രകാരം റമ്പാൻ സ്ഥാനമേറ്റു.

ബ്രിട്ടീഷ് റസിഡണ്ടും തിരുവിതാംകൂർ റാണിയുമായി സൗഹൃദം നേടിയ റമ്പാൻ അവരുടെ സഹായത്തോടെ കോട്ടയത്ത് നാലുകെട്ടിന്റെ മാതൃകയിൽ വൈദികസെമിനാരി നിർമ്മിക്കുകയും 1815-ൽ 25 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. റമ്പാൻ, സ്ഥാപക പ്രിൻസിപ്പൽ ആയി. റവ. തോമസ് നോർട്ടനെ അധ്യാപകനായി നിയമിച്ചു. സെമിനാരിപ്പണിക്ക് വട്ടിപ്പണത്തിന്റെ പലിശ സർക്കാർ റമ്പാന് നൽകിയിരുന്നു. ഇതിന്റെ സാങ്കേതിക തടസം പരിഹരിക്കുവാൻ റമ്പാൻ തന്റെ ആത്മമാതാവായ പഴഞ്ഞിപ്പള്ളിയിൽ വച്ച് തൊഴിയൂരിന്റെ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സീനോസിൽ നിന്ന് 1815 മാർച്ച് 21-ന് മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ മലങ്കര മെത്രാപ്പോലീത്താ ആയി. 1816 ജനുവരി 10-ന് അദ്ദേഹത്തിന് അനുകൂലമായി തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാർ രാജകീയ വിളംബരം പ്രസിദ്ധപ്പെടുത്തി. 8-ാം മാർത്തോമ്മാ അധികാരത്തിൽ നിന്ന് ബഹിഷ്കൃതനായി. പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കോട്ടയം പഴയസെമിനാരിയെ വൈദികപരിശീലനകേന്ദ്രത്തോടൊപ്പം മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനവും, സഭയുടെ സെക്രട്ടറിയേറ്റും ആക്കിത്തീർത്തു. സെമിനാരിയുടെ ഭരണത്തിനും കൈവശത്തിനും കേണൽ മൺറോയുടെ സഹായത്തോടെ ശ്രമിച്ച മിഷണറിമാർ നിരാശരായി. ബൈബിൾ 1811-ൽ ബോംബെ കൊറിയർ പ്രസിൽ അച്ചടിച്ചത് ബുക്കാനൻ അയച്ചത് മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കുമായി വിതരണം ചെയ്തു. ബൈബിൾ പഴയനിയമം മുഴുവൻ മിഷണറിമാരുടെ ആഗ്രഹപ്രകാരം അദ്ദേഹം വിവർത്തനം ചെയ്തുവെങ്കിലും അത് ഭാഷാശുദ്ധി പോരെന്ന കാരണത്താൽ അച്ചടിക്കപ്പെട്ടില്ല. അദ്ദേഹം ആരംഭിച്ച ചാപ്പൽ നിർമ്മാണം അദ്ദേഹത്തിന് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. 8-ാം മാർത്തോമ്മാ അനധികൃതമായി നിയമിച്ച ഒമ്പതാം മാർത്തോമ്മായെ സ്ഥാനഭ്രഷ്ടനാക്കി സ്ഥാനചിഹ്നങ്ങൾ ഏറ്റുവാങ്ങി. ഹൈന്ദ

വക്ഷേത്രങ്ങളിൽ ഉത്സവങ്ങൾക്കും മറ്റും സൗജന്യമായി ഊഴിയവേല ചെയ്യുവാനുള്ള ബാധ്യതയിൽ നിന്ന് നിയമം മൂലം സുറിയാനിക്കാർ ഒഴിവാക്കപ്പെട്ടതും ഞായറാഴ്ച ഒഴിവുദിവസമായി പ്രഖ്യാപിക്കപ്പെട്ടതും, സർക്കാർ ഓഫീസുകളിൽ ആദ്യമായി ക്രിസ്ത്യാനികൾക്ക് നിയമനം ലഭിച്ചതും 1816-ൽ എല്ലാ സിവിൽ കോടതികളിലും ഓരോ ക്രിസ്ത്യൻ ജഡ്ജിയെ നിയമിക്കുവാൻ ഭരണപരിഷ്ക്കാരമേർപ്പെടുത്തിയതും പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സർക്കാരിൽ ചെലുത്തിയ സ്വാധീനത്തിന്റെ ഫലമായിട്ടാണ്. 1813-ൽ ക്രിസ്ത്യാനികളുടെ സ്ഥിതിയെക്കുറിച്ചന്വേഷിക്കുവാൻ നിയമിതനായ കമ്മീഷന്റെ ശുപാർശയെ തുടർന്ന് അന്നുണ്ടായിരുന്ന 52 പള്ളികളോടും ചേർത്തു ഓരോ സ്കൂൾ ആരംഭിക്കുവാൻ ഉത്തരവുണ്ടായതും ശ്രദ്ധേയമാണ്. സന്യാസ വ്രതാനുഷ്ഠാനങ്ങളിൽ അന്ത്യംവരെയും സത്യസന്ധത പുലർത്തിയ ഇദ്ദേഹം 1816-ൽ തന്റെ വികാരി ജനറൽ ആയി പുന്നത്ര ജോർജ് കത്തനാരെ നിയമിച്ചു. പകലോമറ്റം മെത്രാന്മാരുടെ കുടുംബവാഴ്ച അവസാനിപ്പിച്ച ഈ വിശുദ്ധൻ 1816 നവംബർ 24-ന് ദിവംഗതനായി. 25-ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ കബറടക്കി. ഇദ്ദേഹത്തിന്റെ ജീവചരിത്രം ഫാ. ഡോ. ജോസഫ് ചീരൻ രചിച്ചു.

ദീവന്നാസ്യോസ്, പുന്നത്ര മാർ (1817–1825): കോട്ടയം താഴത്ത് പുന്നത്ര കുടുംബാംഗം. കുര്യൻ എന്നും ജോർജ്ജ് എന്നും പേർ കാണുന്നു. പഴയസെമിനാരി സ്ഥാപകന്റെ വികാരി ജനറൽ ആയിരുന്ന ഇദ്ദേഹത്തെ തൊഴിയൂരിന്റെ കിടങ്ങൻ ഗീവറുഗ്ഗീസ് മാർ പീലക്സീനോസ് കോട്ടയം ചെറിയപള്ളിയിൽ വെച്ച് മാർ ദീവന്നാസ്യോസ് എന്ന സ്ഥാനപ്പേരിൽ 1817 ഒക്ടോബർ 19-ന് അഭിഷേകം ചെയ്തു.

സെമിനാരി സ്ഥാപകന്റെ കാലശേഷം കിടങ്ങൻ മെത്രാച്ചന്റെ നിയന്ത്രണത്തിൽ ഏല്പിക്കപ്പെട്ടിരുന്ന പഴയസെമിനാരിയിൽ ഇതിനോടകം മിഷണറിമാർ സകുടുംബം താമസിക്കാൻ തുടങ്ങിയതിനാൽ പുന്നത്ര മെത്രാൻ കോട്ടയം ചെറിയപള്ളിയുടെ കിഴക്കേവശത്ത് ഒരു മുറി പണിയിച്ച് അവിടെ താമസമാക്കുകയും പകൽ സെമിനാരിയിൽ പോയി സായിപ്പുമാരുമായി ആലോചിച്ച് കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തുവന്നു. മിഷണറിമാരുമായി അക്കാലത്ത് നല്ല ബന്ധമായിരുന്നു. കല്ലട മൺറോതുരുത്ത്, മങ്കോട്ട തുടങ്ങിയ സ്ഥലങ്ങൾ മെത്രാച്ചന്റെയും, സായിപ്പുമാരുടെയും പേരുകളിൽ സംയുക്തമായി ആധാരം ചെയ്ത് വാങ്ങിയത് ഇക്കാലത്താണ്. ബെഞ്ചമിൻ ബെയിലി, ജോസഫ് ഫെൻ, ഹെൻറി ബേക്കർ എന്നിവരാണ് ഇക്കാലത്ത് സെമിനാരിയിൽ താമസിച്ച മിഷണറിമാർ. സ്കൂൾ സ്ഥാപനം, പുസ്തക പ്രസിദ്ധീകരണം, സുവിശേഷഘോഷണം എന്നിവ തകൃതിയായി നടന്നു. 1820-ൽ പഴയസെമിനാരിയിൽ ദക്ഷിണേന്ത്യയിലെ ആദ്യത്തെ അച്ചടികേന്ദ്രം സ്ഥാപിതമായി.

ബെയിലി വിവർത്തനം ചെയ്ത വി. മത്തായിയുടെ സുവിശേഷം 1825-ൽ ഇവിടെ നിന്ന് പ്രസിദ്ധീകരിച്ചു. അന്ത്യകാലമായപ്പോഴേക്കും നവീകരണ വ്യഗ്രത പ്രകടമാക്കിയ മിഷണറിമാരും പുന്നത്ര മെത്രാച്ചനും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ആരംഭിച്ചു. 1825 ഇടവം 5-ന് അദ്ദേഹം നിര്യാതനായി. കോട്ടയം ചെറിയപള്ളിയിൽ കബറടക്കപ്പെട്ടു. കിടങ്ങൻ മെത്രാച്ചന്റെ സഫ്രഗൻ എന്ന നിലയിലാണിദ്ദേഹം ഭരണം നടത്തിയത്.

ദീവന്നാസ്യോസ്, ചേപ്പാട്ട് ഫിലിപ്പോസ് മാർ (1781–1855): ചേപ്പാട്ട് ആഞ്ഞിലിമൂട്ടിൽ കുടുംബത്തിൽ 1781-ൽ ജനിച്ചു. ഫീലിപ്പോസ് മല്പാൻ എന്നറിയപ്പെട്ട ഇദ്ദേഹം പുന്നത്ര മാർ ദീവന്നാസ്യോസിന്റെ കാലശേഷം പിൻഗാമിയായി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ടു. 1825 ചിങ്ങം 15-ന് കോട്ടയം ചെറിയപള്ളിയിൽ വച്ച് കിടങ്ങൻ ഗീവറുഗീസ് പീലക്സീനോസ് ഇദ്ദേഹത്തെ മാർ ദീവന്നാസ്യോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. കിടങ്ങൻ മെത്രാച്ചന്റെ കാലത്ത് സഫ്രഗനായും അതിന് ശേഷം മലങ്കര മെത്രാപ്പോലീത്താ ആയും ഭരണം നടത്തി. സഭയിൽ നവീകരണം ഫലപ്രാപ്തിയിലെത്തിക്കുവാൻ ധൃതി കാണിച്ച മിഷണറിമാരും ചേപ്പാട്ടു മെത്രാനും തമ്മിൽ ഉരസലുണ്ടായി. കൽക്കട്ടാ ബിഷപ്പ് ദാനിയേൽ വിൽസൻ ഉന്നയിച്ച നവീകരണ നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ 1836 മകരം 5-ന് അദ്ദേഹം മാവേലിക്കര സുന്നഹദോസ് വിളിച്ചുകൂട്ടി. സിനഡ് നവീകരണ നിർദ്ദേശങ്ങൾ തള്ളുകയും മിഷണറിബന്ധം വിച്ഛേദിക്കുവാൻ തീരുമാനിക്കുകയും ചെയ്ത് മാവേലിക്കര പടിയോലയ്ക്ക് രൂപം നൽകി. തുടർന്ന് 1840-ൽ കൊച്ചിയിൽ വച്ച് ചേർന്ന സ്വത്തുവിഭജന കമ്മിറ്റിയുടെ തീരുമാനപ്രകാരം - കൊച്ചിൻ അവാർഡ് - മലങ്കരസഭയുടെ സ്വത്ത് വിഭജിച്ച് മിഷണറിമാർ പിരിയുകയും സി. എം. എസ്. സഭയ്ക്ക് തുടക്കമിടുകയും ചെയ്തു.

സഭയിൽ തന്നെ തുടർന്ന് നവീകരണാനുകൂലികൾ ശക്തിപ്പെട്ടുവന്നു. ഇതിനിടയിൽ കിടങ്ങൻ മെത്രാച്ചൻ കാലം ചെയ്തു. കൂത്തൂർ ഗീവർഗ്ഗീസ് മല്പാനെ തൊഴിയൂരിൽ കൂറിലോസ് എന്ന പേരിൽ മെത്രാനായി ചേപ്പാട്ട് മെത്രാച്ചൻ പട്ടംകൊടുത്തു. സിറിയയിൽ നിന്ന് വന്ന മാർ അത്താനാസ്യോസ് തൊഴിയൂരിലെ സ്ഥാനസാധുതയില്ലാത്ത മെത്രാനിൽ നിന്ന് പട്ടമേറ്റതിനാൽ ചേപ്പാട്ടു മെത്രാച്ചൻ വീണ്ടും പട്ടമേല്ക്കണമെന്ന് ശഠിക്കുകയും അതിനെ അനുകൂലിച്ച പ്രമാണികളായ പല പട്ടക്കാരും അത്താനാസ്യോസിൽ നിന്ന് അഴിച്ചു പട്ടമേല്ക്കുകയും ചെയ്തതിൽ ചേപ്പാട്ട് മെത്രാച്ചൻ ഇടപെടുകയും അഴിച്ചു പട്ടമേറ്റവരെ മുടക്കുകയും ചെയ്തു. ഈ നടപടിയെ മിഷണറിമാരും സർക്കാരും ശരിവയ്ക്കുകയും അത്താനാസ്യോസിനെ തിരിച്ചയക്കുകയും ചെയ്തു. ക്രമേണ നവീകരണാനുകൂലികൾ അവരിൽ മെത്രാന്റെ ശിക്ഷയേറ്റ മാത്യൂസ് ശെമ്മാശനെ സിറിയയി

ലേക്കയക്കുകയും ശെമ്മാശൻ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അവകാശപ്പെട്ടുകൊണ്ട് തിരിച്ചെത്തുകയും അബ്രഹാം മല്പാൻ തുടങ്ങിയ നവീകരണ നേതാക്കൾ പുതിയ മെത്രാനെ അനുകൂലിക്കുകയും ചെയ്തതോടെ വൃദ്ധനായ ചേപ്പാട്ട് മെത്രാച്ചൻ അവശനിലയിലായി. സഹായത്തിനെത്തിയ യൂയാക്കീം കൂറിലോസിന് അധികാരം ഏല്പിച്ചുകൊടുത്ത് ചേപ്പാട്ട് മെത്രാച്ചൻ സ്ഥാനത്യാഗം ചെയ്തു. നവീകരണാനുകൂലികളായ സർക്കാരും പാലക്കുന്നത്തു മെത്രാനും യൂയാക്കീം മാർ കൂറിലോസും സ്ഥാനമൊഴിഞ്ഞ മെത്രാച്ചനോട് നീതി കാട്ടിയോ എന്ന് അനേകർ സംശയിച്ചിട്ടുണ്ട്. ഒരു യുദ്ധസാഹചര്യത്തിൽ ആയുധം താഴെവച്ചത് എതിരാളിയെ പരോക്ഷമായി സഹായിക്കാൻ പര്യാപ്തമായി.

1855 ഒക്ടോബർ 12-ന് ഇദ്ദേഹം നിര്യാതനായി. ചേപ്പാട്ട് പള്ളിയിൽ കബറടക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ ജീവചരിത്രം പി. എ. ഉമ്മൻ ജഡ്ജി രചിച്ചു.

ദീവന്നാസ്യോസ് II, പുലിക്കോട്ടിൽ ജോസഫ് മാർ (1833–1909): പാലൂർ-ചാട്ടുകുളങ്ങര കുന്നംകുളം പുലിക്കോട്ടിൽ കുരിയൻ-താണ്ടമ്മ ദമ്പതികളുടെ പുത്രൻ. ജനനം 7-12-1833. പിതൃവ്യൻ പുലിക്കോട്ടിൽ ജോസഫ് കത്തനാരിൽ നിന്ന് സുറിയാനി പഠിച്ചു. മലയാളം, അല്പാല്പം ഇംഗ്ലീഷ്, ഹിന്ദി, സുറിയാനി, അറബി ഭാഷകൾ വശമാക്കിയിരുന്നു. 1846 ഒക്ടോ. 6-ന് കോതമംഗലം ചെറിയപള്ളിയിൽ വച്ച് ചേപ്പാട്ട് മാർ ദീവന്നാസ്യോസ് ആദ്യപട്ടം നൽകി. സ്തേഫാനോസ് മാർ അത്താനാസ്യോസ് ആർത്താറ്റ് പള്ളിയിൽ വച്ച് 1849-ൽ പൂർണ്ണശെമ്മാശുപട്ടവും 1852 ആഗസ്റ്റ് 19-ന് ചാലശ്ശേരി പള്ളിയിൽ വച്ച് യൂയാക്കീം കൂറിലോസ് കശ്ശീശാപട്ടം നൽകി. ചിറളയം പള്ളിയിൽ നവപൂജാർപ്പണം. പഴഞ്ഞിപള്ളിയിൽ പ്രഥമനിയമനം. നവീകരണത്തോടും അതിന്റെ നേതാവായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനോടും എതിരിടുന്നതിന്റെ ഭാഗമായി യൂയാക്കീം കൂറിലോസിനുവേണ്ടി കോഴിക്കോട്ടും മദ്രാസ് ഹൈക്കോടതിയിലും തൊഴിയൂർ വ്യവഹാരങ്ങൾ നടത്തി. നവീകരണ മെത്രാൻ നവീകരിച്ച് പ്രസിദ്ധപ്പെടുത്തിയ നമസ്ക്കാര-കുർബ്ബാനക്രമത്തിന് ബദൽ ക്രമം ആദ്യം കോഴിക്കോട്ടുനിന്നും പിന്നീട് പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് എന്ന് സ്വന്തം പേരിൽ അച്ചുകൂടം സ്ഥാപിച്ച് അവിടെ നിന്നും നവീകരിക്കാത്ത ക്രമങ്ങളും അച്ചടിച്ച കുർബ്ബാന തക്സായും ഇറക്കി. (1856–1858). മലങ്കരസഭയുടെ അഭ്യർത്ഥനപ്രകാരം ഇദ്ദേഹത്തെ 1864 മെയ് 8-ന് മർദ്ദീനിൽ വച്ച് യാക്കോബ് II പാത്രിയർക്കീസ് റമ്പാനായും മെയ് 9-ന് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാനായും സ്ഥാനങ്ങൾ നൽകി. ഈ മർദ്ദീൻ യാത്രയുടെ വിവരണം 'ഒരു പരദേശ യാത്രയുടെ

കഥ' എന്ന പേരിൽ ഇദ്ദേഹം രചിച്ചത് മലയാളത്തിലെ രണ്ടാമത്തെ യാത്രാ വിവരണ ഗ്രന്ഥമായി ആദരിക്കപ്പെടുന്നു. വൈദികസെമിനാരിയും പല പഴയപള്ളികളും രാജകീയ വിളംബരത്തിന്റെ പിൻബലമുള്ള പാലക്കുന്നത്ത് വലിയമെത്രാച്ചന്റെ കൈവശമായിരുന്നു. കുന്നംകുളം, പരുമല, കോട്ടപ്പുറം, വെട്ടിക്കൽ എന്നിവിടങ്ങളിൽ വൈദികസെമിനാരികളും ഡസൻകണക്കിന് ദേവാലയങ്ങളും 250-ലേറെ പ്രാഥമിക വിദ്യാലയങ്ങളും സ്ഥാപിച്ച ഇദ്ദേഹം കേരളപതാക, ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പത്രമാസികകളിലൂടെ ഭരണത്തിന് സുതാര്യത നൽകി. 1873-ൽ പരുമലയിലും 1876-ൽ മുളന്തുരുത്തിയിലും വച്ച് ചേർന്ന മലങ്കര പള്ളിപ്രതിപുരുഷ യോഗങ്ങളിൽ വച്ച് ഭാരതത്തിലെ ഒന്നാമത്തെ സമുദായസംഘടനയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും അതിന്റെ കർമ്മസമിതിയായ മാനേജിംഗ് കമ്മറ്റിയ്ക്കും രൂപംനൽകുകയും സഭാഭരണഘടനയുടെ അംഗീകൃത പ്രാഗ്‌രൂപം ആവിഷ്ക്കരിക്കരിക്കുകയും ചെയ്തു. താൻ സ്ഥാപിച്ച 3 ഇംഗ്ലീഷ് സ്കൂളുകളും 250-ലേറെ പ്രൈമറി വിദ്യാലയങ്ങളിലും ജാതി-മത-വർണ്ണ-ലിംഗ ഭേദമെന്യേ സാർവത്രിക വിദ്യാഭ്യാസം നടപ്പിലാക്കിയത് കേരള നവോത്ഥാനത്തിന് കാരണമായി. അന്ത്യോഖ്യാ പാത്രിയർക്കീസിനെ പരുമല സുന്നഹദോസ് തീരുമാനപ്രകാരം (1873) 1875-ൽ മലങ്കരയിലേക്ക് ക്ഷണിച്ചുവരുത്തുകയും അദ്ദേഹത്തിന്റെ സഹായത്തോടെ നവീകരണമെത്രാന്റെ രാജകീയാംഗീകാരം പിൻവലിപ്പിക്കുകയും കോടതിയിൽ അദ്ദേഹത്തെയും അദ്ദേഹം പിൻഗാമിയായി വാഴിച്ച തോമസ് അത്താനാസ്യോസിനെയും നവീകരണ പ്രവർത്തനങ്ങളെയും നിയമപരമായി പ്രതിരോധിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. സെമിനാരിയും പള്ളികളും വീണ്ടെടുത്തു. 1889-ലെയും 1895-ലേയും തിരു-കൊച്ചി റോയൽ കോടതി വിധികളിലൂടെ അദ്ദേഹത്തിന്റെ വിജയം പരിപൂർണ്ണമായി.

മെത്രാൻട്രസ്റ്റി, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി എന്നിവരുടെ നിയമനങ്ങളിലൂടെ സഭയിലെ എല്ലാ വിഭാഗങ്ങൾക്കും സഭാഭരണത്തിൽ പങ്കാളിത്തം അനുവദിച്ചു. മഹാജനസഭയിലൂടെ അത്മായ നേതാക്കളെയും അഖില മലങ്കര വൈദികസംഘത്തിലൂടെ വൈദികരെയും അദ്ദേഹം സംഘടിപ്പിച്ചു. വിദ്യാർത്ഥിപ്രസ്ഥാനം, സണ്ടേസ്കൂൾ പ്രസ്ഥാനം, സുവിശേഷസംഘം, ജാത്യൈക്യസംഘം, യാക്കോബായ സഭാ അഭിവർദ്ധിനീ സംഘം, വിജാതീയ മിഷൻ, ബ്രഹ്മവാർ-ഗോവാ മിഷൻ എന്നിവ ഇദ്ദേഹമാണ് ആദ്യമായി സംഘടിപ്പിച്ചത്. പാത്രിയർക്കീസ് ഏകപക്ഷീയമായി വാഴിച്ച 6 മെത്രാന്മാരും വിഭജിച്ച ഏഴ് മെത്രാസനങ്ങളും ശിഥിലീകരണത്തിന് ഹേതുവാക്കാതെ സഭയുടെ ശക്തീകരണത്തിന് മുഖാന്തിരമാക്കുവാൻ ഇദ്ദേഹം യത്നിച്ചു. പരുമല മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ

ദീവന്നാസ്യോസ് എന്നിവർക്ക് സന്യാസം നൽകി അവരെ പ്രയോജനപ്പെടുത്തി. ലൗകികാധികാരം സമ്മതിക്കുന്ന ഉടമ്പടി നിഷേധിച്ചതിന്റെ പേരിൽ രണ്ടു വട്ടം പത്രോസ് തൃതീയൻ മുടക്കുകയും മലങ്കര അസോസ്യേഷൻ പിരിച്ചുവിടുകയും ചെയ്തുവെങ്കിലും അനുരഞ്ജനകലയുടെ മാന്ത്രികനായ അദ്ദേഹത്തിന്റെ കീഴിൽ മലങ്കരസഭ ഭിന്നത കൂടാതെ ഒറ്റക്കെട്ടായി നിന്നതിനാൽ പാത്രിയർക്കീസിന്റെ നിരോധനം മൂലം വ്യവഹാരങ്ങളോ ഒരു ചെറിയ പോറൽ പോലുമോ സഭയിലുണ്ടായില്ല. പാത്രിയർക്കീസിന്റെ ലൗകികാധികാരമോഹങ്ങൾ റോയൽക്കോടതി വിധിയിലൂടെ തകർക്കുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞു. 1901-ൽ ആ വിജിഗീഷുവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി അസോസ്യേഷൻ തീരുമാനപ്രകാരം കോട്ടയത്തു വച്ച് വൃശ്ചികം 12-ന് ആഘോഷിച്ചു. എം. പി. വർക്കി ഗദ്യത്തിലും അന്ധകവി പുലുത്തുരുത്തിൽ ചാക്കോ ഗാനരൂപത്തിലും 'മാർ ദീവന്നാസ്യോസ്' എന്നും 'ദീവന്നാസ്യോസ് ചരിത്രഗാനം' എന്നും പേരുകളിൽ ഓരോ ജീവചരിത്ര രചന പ്രസിദ്ധീകൃതമായി.

അദ്ദേഹത്തിന്റെ പ്രേരണപ്രകാരം അസോസ്യേഷൻ വട്ടശ്ശേരിൽ ഗീവർഗീസ് റമ്പാനെ പിൻഗാമിയാക്കി തെരഞ്ഞെടുക്കുകയും മെത്രാൻസ്ഥാനമേറ്റ് വന്നപ്പോൾ ഔദ്യോഗിക ചുമതലകൾ ഔപചാരികമായും നിയമപരമായും ഏല്പിച്ച് മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ആസ്ഥാനവും അധികാരവും ഒഴിഞ്ഞ് കോട്ടയം ചെറിയപള്ളിയിലേക്ക് വിശ്രമാർത്ഥം താമസം മാറ്റുകയും ചെയ്തു. റോമ്മൻ സഭയിൽ നിന്ന് സ്വീകരിച്ച വൈദികനെ അൽവാറീസ് യൂലിയോസ് എന്ന നാമത്തിലും പ്രിസ്ബിറ്റീറിയൻ സഭയിലെ വൈദികനെ റിനി വിലാത്തി തീമോത്തിയോസ് എന്ന പേരിലും മെത്രാൻ സ്ഥാനം കൊടുപ്പിച്ച് അവരെ ഗോവയിലേയ്ക്കും അമേരിക്കയിലേയ്ക്കും നിയോഗിച്ച ഇദ്ദേഹം 1909 ജൂലൈ 12-ന് പരലോകം പൂകി. കോട്ടയം പഴയസെമിനാരിയുടെ വടക്കേ മുറിയിൽ കബറടക്കി. അദ്ദേഹത്തിന്റെ സമഗ്ര ജീവചരിത്രം ഫാ. ഡോ. ജോസഫ് ചീരൻ രചിച്ചു.

ദീവന്നാസ്യോസ്, പ. വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ (1858-1934): മല്ലപ്പള്ളി വട്ടശ്ശേരിൽ ജോസഫ് - ഏലിയാമ്മ ദമ്പതികളുടെ മകൻ. ജനനം 31-10-1858. 12-10-1876-ന് പത്രോസ് തൃതീയൻ 'മ്സമ്രോനോ' സ്ഥാനം നൽകി. വെട്ടിക്കൽ ദയറായിലും പരുമല സെമിനാരിയിലും മാർ ഗ്രിഗോറിയോസിൽ നിന്ന് സഭാചരിത്രം, ആരാധന, സുറിയാനി, വിശ്വാസം എന്നിവ പഠിച്ചു. 16-12-1879 ന് പൂർണ്ണ ശെമ്മാശുപട്ടവും 16-1-1880 ന് കശീശാപട്ടവും മാർ ഗ്രിഗോറിയോസിൽ നിന്ന് സ്വീകരിച്ചു. ശെമ്മാശനായിരിക്കേ 1876-ൽ അബ്ദുള്ളാ ഗ്രീഗോറിയോസിന്റെ ദ്വിഭാഷിയായി മലങ്കര മുഴുവൻ സന്ദർശിച്ചു. പരുമല സെമിനാരിയിൽ മല്പാനായും മാനേജർ

ആയും നിയമിതനായി. കോട്ടയം എം. ഡി. സെമിനാരി പ്രിൻസിപ്പൽ ആയും പഴയസെമിനാരി മല്പാനായും പ്രവർത്തിച്ചു. 1903 നവം. 2-ന് പരുമല സെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് റമ്പാൻ സ്ഥാനം നൽകി. കോനാട്ട് മല്പാനുമൊന്നിച്ച് കുർബാനക്രമം മലയാളത്തിൽ ഗാനങ്ങളും ഇന്നത്തെ തുബ്ദേനുകളും ചേർത്തു പരിഷ്ക്കരിച്ച് 1903-ൽ പ്രസിദ്ധീകരിച്ചു. *മതോപദേശസാരം*, *സുറിയാനി ഒന്നാംപാഠം* എന്നീ പ്രാമാണിക ഗ്രന്ഥങ്ങളും രചിച്ചു. 14-2-1908 ലെ പഴയസെമിനാരി അസോസ്യേഷൻ മലങ്കര മെത്രാന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. 31-5-1908 ന് യെരുശലേമിൽ വച്ച് അബ്ദുള്ളാ പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടക്കാരനായി വാഴിച്ചു. നാട്ടിലെത്തിയ ഇദ്ദേഹത്തിന് ചുമതലകളും ആസ്ഥാനവും നിയമപരമായും ഔപചാരികമായും ഒഴിഞ്ഞുകൊടുത്തു പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കോട്ടയം ചെറിയപള്ളിയിലേക്ക് മാറി താമസിച്ചു. 1909 ജൂലായ് 12-നുശേഷം കൊച്ചു മെത്രാച്ചൻ പൂർണ്ണ മലങ്കര മെത്രാപ്പോലീത്താ ആയി.

1911-ൽ അബ്ദുള്ളാ പാത്രിയർക്കീസ് അന്യായമായി മുടക്കി. ഭൂരിഭാഗം സമുദായാംഗങ്ങളും മെത്രാപ്പോലീത്തായെ അനുകൂലിച്ചു. വൈദിക ട്രസ്റ്റിയും അത്മായട്രസ്റ്റിയും പാത്രിയർക്കീസിനൊപ്പം കൂടി. തുടർന്ന് അന്ത്യോഖ്യായുടെ സീനിയർ പാത്രിയർക്കീസ് മുടക്ക് വ്യർത്ഥമാണെന്ന് പ്രഖ്യാപിച്ചു. അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ ക്ഷണിക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായി. മുറിമറ്റത്തിൽ മാർ ഈവാനിയോസ് ഒന്നാം കാതോലിക്കാ ആയി. മലങ്കരസഭയിൽ രണ്ടു കക്ഷികൾ രൂപപ്പെട്ടു. സഭാ സമാധാനത്തെ പ്രതി മർദീൻ യാത്ര ഉൾപ്പെടെ മെത്രാപ്പോലീത്താ നടത്തിയ ശ്രമങ്ങൾ വിഫലമായി. കോടതിയിൽ അനുകൂലമായും പ്രതികൂലമായും വിധികൾ ഉണ്ടായി. സെമിനാരിയുടെ കൈവശാവകാശം പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടു. സമാന്തര അസോസ്യേഷനും സമാന്തര ട്രസ്റ്റികളും ഉണ്ടായി. വിശ്വസ്ത ശിഷ്യൻ ബഥനിയുടെ മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നിവരുടെ നേതൃത്വത്തിൽ ഒരു വിഭാഗം മലങ്കര റീത്ത് സൃഷ്ടിച്ച് കത്തോലിക്കാസഭയിൽ ചേക്കേറി. സഭാസമാധാനത്തിന് വേണ്ടി കാതോലിക്കേറ്റ് ഇല്ലായ്മ ചെയ്യാൻ പോലും ഒരു ദുർബല നിമിഷത്തിൽ ദൃഢവ്രതനായ ഇദ്ദേഹം സന്നദ്ധനായി. വ്യവഹാരം അദ്ദേഹത്തിന്റെ ബഹുമുഖ പ്രതിഭയെയും പാണ്ഡിത്യത്തെയും നിഷ്പ്രഭവും നിഷ്ഫലവുമാക്കി. ഒരു ഭരണഘടനയ്ക്ക് രൂപം നൽകുവാൻ ശ്രമിച്ചു എങ്കിലും എപ്പിസ്കോപ്പൽ അധികാരങ്ങളെപ്പറ്റി അത്മായ പ്രമുഖർ പ്രകടിപ്പിച്ച തത്വങ്ങളോട് യോജിക്കായ്കയാൽ അത് പാസ്സാക്കിയെടുക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ കാലത്ത് നാലു പാത്രിയർക്കീസന്മാരും മൂന്ന് കാതോലി

ക്കാമാരും അധികാരം വഹിച്ചു. കറകളഞ്ഞ നിഷ്ഠകളും കാപട്യലേശമില്ലാത്ത ഭക്തിയും ചര്യകളും പ്രത്യുല്പന്നമതിത്വം തികഞ്ഞ പാണ്ഡിത്യവും ഉന്നതശീർഷനായ അദ്ദേഹത്തെ അനന്യനാക്കുന്നു. എല്ലാ ആത്മീയ പ്രസ്ഥാനങ്ങൾക്കും ശക്തി പകർന്ന അദ്ദേഹം സഭാഭാസുരൻ എന്ന് വിശേഷിപ്പിക്കപ്പെട്ടു. 1934 ഫെബ്രു. 23-ന് ദിവംഗതനായി. കോട്ടയം പഴയസെമിനാരി ചാപ്പലിന്റെ തെക്കേ മുറിയിൽ കബറടക്കപ്പെട്ടു. പ. സുന്നഹദോസ് 2003 ഫെബ്രു 24-ന് അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

അദ്ദേഹത്തിന്റെ കോടതിമൊഴികളും ഗ്രന്ഥങ്ങളും സമാഹരിച്ച് 'നിത്യാക്ഷരങ്ങൾ' എന്ന പേരിൽ ഇസ്സഡ്. എം. പാറേട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രഭാഷണങ്ങളും സൂക്തങ്ങളും ഡോ. സാമുവൽ ചന്ദനപ്പള്ളി സമാഹരിച്ച് 'മലങ്കരസഭാപിതാക്കന്മാർ' എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. 'മലങ്കരസഭയുടെ കോട്ട' എന്ന പേരിൽ അദ്ദേഹത്തിന്റെ ജീവചരിത്രം കെ. വി. മാമ്മൻ, അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, ഫാ. ഡോ. ജോസഫ് ചീരൻ എന്നിവർ ചേർന്ന് രചിച്ചു.

ദീവന്നാസ്യോസ്, തോമ്മാ മാർ (1887–1972): മാവേലിക്കര കല്ലുംപുറത്ത് മാത്യുവിന്റെയും ഏലിയാമ്മയുടെയും മകൻ. 1887 ജൂൺ 8-ന് ജനിച്ചു. 1937-ൽ ഓക്സ്ഫോർഡിൽ വേദശാസ്ത്രത്തിൽ ഉപരിപഠനം. 1912 നവംബറിൽ ചെങ്ങന്നൂർ പഴയസുറിയാനി പള്ളിയിൽ വച്ച് വട്ടശ്ശേരിൽ മെത്രാപ്പോലീത്താ ശെമ്മാശുപട്ടം നൽകി. 1934-ൽ കശ്ശീശാപട്ടം, 1937-ൽ റമ്പാൻ സ്ഥാനം, 1940 മെയ് 6-ന് മാവേലിക്കരയിൽ വച്ച് മേല്പട്ടം, ആലുവാ യു. സി. കോളജിൽ വച്ച് മെത്രാപ്പോലീത്താ സ്ഥാനം എന്നിവ ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ നൽകി. 1944-ൽ നിരണത്തിന്റെ ചുമതല നൽകി. പത്തനാപുരം ദയറായും കോൺവെന്റും സ്ഥാപിച്ചു. ഹൈസ്കൂളുകൾ, ട്രെയിനിംഗ് കോളജ്, ആർട്ട്സ് കോളജ് എന്നിവ സ്ഥാപിച്ചു. മലങ്കരസഭയെ പ്രതിനിധാനം ചെയ്തു എഡിൻബറോ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന ലോക ക്രൈസ്തവ കോൺഫ്രൻസുകളിൽ സംബന്ധിച്ചു. എക്യുമെനിക്കൽ രംഗത്തും വിദേശരാജ്യങ്ങളിലും മലങ്കരസഭയെ പരിചയപ്പെടുത്തുന്നതിൽ അലക്സിയോസ് മാർ തേവോദോസ്യോസിനോടൊപ്പം തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചു. 1972 ഡിസംബർ 3-ന് കാലം ചെയ്തു. പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം 'മഹാനായ ദീവന്നാസ്യോസ്' എന്ന പേരിൽ പോൾ മണലിൽ രചിച്ചു.

ദീവന്നാസ്യോസ്, സഖറിയ മാർ (1924–1997): കുണ്ടറ മുളമൂട്ടിൽ ചാണ്ടപ്പിള്ള-എലിസബത്ത് ദമ്പതികളുടെ പുത്രൻ. ജനനം 6-8-1924.

തിരുച്ചിറപ്പള്ളി നാഷണൽ കോളജിൽ നിന്ന് ബി. എ. യും മദ്രാസ് മെസ്റ്റൺ കോളജിൽ നിന്ന് ബി. എഡും നേടി. 1940-ൽ പത്തനാപുരം ദയറായിൽ അംഗമായി. 1945-ൽ ശെമ്മാശുപട്ടവും 1951-ൽ കശ്ശീശാപട്ടവും ആശ്രമ ഗുരു തോമ്മാ ദീവന്നാസ്യോസിൽ നിന്ന് സ്വീകരിച്ചു. തൃശിനാപ്പിള്ളി, മധുര, മദ്രാസ് എന്നിവിടങ്ങളിൽ വികാരിയായി. 1971-ൽ റമ്പാൻ ആയി. 1976 ഓഗസ്റ്റ് 15-ന് മാവേലിക്കര അസോസ്യേഷൻ മെത്രാൻസ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1978 മെയ് 15-ന് പഴഞ്ഞിപ്പള്ളിയിൽ വച്ച് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ മെത്രാനായി വാഴിച്ചു. 1979 ജനുവരി 1-ന് മദ്രാസ് ഭദ്രാസനത്തിന്റെ ചുമതലയേറ്റു.

മലങ്കരസഭാ മാസികയുടെ ചീഫ് എഡിറ്റർ, മദ്രാസ് യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, തൃശ്ശിനാപ്പിള്ളി ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, മദ്രാസ് മെഡിക്കൽ മിഷൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. റഷ്യ, റൂമേനിയ, ബൾഗേറിയ, അമേരിക്കാ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. ധ്യാനഗുരു, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രശസ്തൻ. 7-7-1997 ൽ അന്തരിച്ചു. പത്തനാപുരം ദയറായിൽ കബറടക്കി.

ദീവന്നാസ്യോസ്, ഔഗേൻ മാർ (1955-2007): റാന്നി മുക്കാലുമൺ വെള്ളക്കല്ലുങ്കൽ മാവേലിൽ പേരങ്ങാട്ട് മത്തായി കുരിയന്റെ മകൻ. ജനനം 1-7-1955. 1980-ൽ വൈദികനായി. ദേവലോകം കാതോലിക്കേറ്റ് അരമന മാനേജർ, എപ്പിസ്ക്കോപ്പൽ സിന്നഡിന്റെ ഓഫീസ് സെക്രട്ടറി, മാത്യൂസ് I കാതോലിക്കായുടെ പ്രൈവറ്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. മാത്യൂസ് I ബാവ റമ്പാനാക്കി. വള്ളിക്കാട്ട് ദയറാ മാനേജർ ആയി സേവനം ചെയ്തു. മാർത്തോമ്മാ മാത്യൂസ് II കാതോലിക്കാ പരുമല സെമിനാരിയിൽ വച്ച് 2005 മാർച്ച് 5-ന് മെത്രാനായി വാഴിച്ചു. ഇടുക്കി മെത്രാസനത്തിന്റെ ചുമതല നിർവഹിക്കവേ 6-6-2007 ൽ കാറപകടത്തിൽ ദിവംഗതനായി. വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടക്കി. അദ്ദേഹത്തിന്റെ ജീവചരിത്രം ജേക്കബ് കൊച്ചേരി രചിച്ചു.

ദുക്റോനോ / തോറാന: ഓർമ്മ എന്ന് അർത്ഥം. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ഈ പേരിൽ അറിയപ്പെടുന്നു. മാറാനായപ്പെരുന്നാൾ ആയി ദുക്റോനോ - ജൂലായ് 3 / പണ്ട് കർക്കിടകം 3 - നാം കൊണ്ടാടുന്നു. ശ്ലീഹായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽ നിന്ന് കൊണ്ടുപോയി ഉറഹായിൽ പ്രതിഷ്ഠിച്ചതിന്റെ ഓർമ്മയാണ് ഈ പെരുന്നാൾ.

ദുഃഖവെള്ളിയാഴ്ച: വലിയ വെള്ളിയാഴ്ച എന്ന് സുറിയാനി പിതാക്കൾ. ഗുഡ് ഫ്രൈഡേ എന്ന് പാശ്ചാത്യരും. ക്രിസ്തുവിന്റെ മരണവും ഉയിർപ്പും ഒന്നിച്ച് ആദ്യ കാലങ്ങളിൽ അനുസ്മരിച്ചു. പ്രഭാതം, മൂന്നാം

മണി, ഉച്ച, ഒമ്പതാം മണി എന്നിങ്ങനെ അന്നത്തെ 4 യാമങ്ങളിലെ പ്രാർത്ഥനകളും സ്കീപ്പൂസായയുടെയും കബറടക്കത്തിന്റെയും ശുശ്രൂഷകളും ഒന്നിച്ചു നടത്തുന്നതിനാൽ അന്നത്തെ ആരാധനകൾ അത്യന്തം ദീർഘമാണ്. തെക്കേവാതിൽ വഴി പുറത്തുകടന്ന് പ്രദക്ഷിണമായി വടക്കേ വാതിൽ വഴി അകത്തു പ്രവേശിക്കുന്ന രണ്ടു പ്രദക്ഷിണങ്ങൾ യഥാക്രമം ക്രിസ്തുവിന്റെ ഗോഗുൽത്തായിലേക്കുള്ള വിലാപയാത്രയിലും ശവസംസ്ക്കാര യാത്രയിലും ഉള്ള പങ്കുചേരലാണ്. രണ്ടാം പ്രദക്ഷിണം പള്ളിയകത്ത് മാത്രമായും നടത്താറുണ്ട്. ക്രിസ്തുവിന്റെ കുരിശുമരണത്തെ ധ്യാനിച്ച് കുരിശു കുമ്പിടുന്ന പതിവ് അന്നത്തെ ആരാധനയുടെ പ്രത്യേകതയാണ്. ത്രോണോസിലോ പ്രത്യേക സ്ഥലത്തോ നിശ്ചിത അനുഷ്ഠാനങ്ങളോടെ കബറടക്ക ശുശ്രൂഷ നടത്തും. കുരിശിൽ നിന്നുള്ള വാഴ്വിന്റെ പ്രതീകമായി ചെന്നിനായകവും ചൊറുക്കയും കലർത്തിയ പാനീയം അല്പം രുചിച്ചുകൊണ്ട് വിശ്വാസികൾ പിരിഞ്ഞു പോകുന്നു. '*സ്ലീബാ വന്ദനവ്*' കാണുക.

ദൂതൻ: വാർത്ത കൊണ്ടുപോകുന്ന ആൾ. സ്വർഗ്ഗസന്ദേശം ഭൂമിയിൽ മനുഷ്യരെ അറിയിക്കുന്നതുകൊണ്ട് മാലാഖമാർ ഈ പേരിൽ അറിയപ്പെടുന്നു. ദൂതന്റെ ജോലിയാണ് ദൗത്യം.

ദൂതൻ: സഭയുടെ മിഷൻ ബോർഡിന്റെ മുഖപത്രം. മാവേലിക്കര സുവിശേഷാലയത്തിൽ നിന്ന് മിഷൻ വാർത്തകൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി ത്രൈമാസികമായി 1989 മുതൽ പ്രസിദ്ധീകരിച്ചു വരുന്നു.

ദെലീലാ: ന്യായാധിപൻ ശിംശോന്റെ ഭാര്യയായ ഫെലിസ്ത്യ സ്ത്രീ (ന്യായാ. 16-ാം അദ്ധ്യായം കാണുക).

ദേവലോകം: കാതോലിക്കേറ്റ് അരമനയും സഭയുടെ പല കേന്ദ്ര ആഫീസുകളും സ്ഥിതിചെയ്യുന്ന കോട്ടയം പട്ടണത്തിലുള്ള ഒരു സ്ഥലം. '*കാതോലിക്കേറ്റ് അരമന*' കാണുക.

ദേവാനന്ദൻ, ഡോ. പി. ഡി. (1901-1962): 1901 ജൂലൈ 8-ന് ജനിച്ചു. സിലോണിൽ അദ്ധ്യാപകൻ. പിന്നീട് ബാംഗ്ലൂർ യു.ടി.സി. യിൽ അദ്ധ്യാപകൻ. ഡോക്ടർ ബിരുദം നേടി. ഇംഗ്ലണ്ട്, ന്യൂയോർക്ക് എന്നിവിടങ്ങളിൽ വേദശാസ്ത്രാധ്യാപകൻ. ഡൽഹി വൈ.എം.സി.എ. യുടെ ജനറൽ സെക്രട്ടറി. 1954-ൽ സി.എസ്.ഐ. പട്ടക്കാരനായി. C.I.S.R.S. (Christian Institute for the Study of Religion and Society) യുടെ പ്രഥമ ഡയറക്ടർ. വിവിധ സർവ്വകലാശാലകൾ ഇദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് നൽകി. The Concept of Maya, Our Task Today, The Gospel and the Hindu Intellec-

tual, The Gospel and Renascent Hinduism, Christian issues in Southern Asia, Preparation for Dialogue, The Christian Concern in Hinduism എന്നിവ പ്രമുഖ കൃതികളാണ്. 1962 ആഗസ്റ്റ് 10-ന് അദ്ദേഹം അന്തരിച്ചു.

ദേശകുറി: ഇടവക അതിലെ അംഗങ്ങൾക്കു നൽകുന്ന സാക്ഷ്യപത്രമാണ് ദേശകുറി. ഈ യോഗ്യതാ സാക്ഷ്യപത്രത്തിൽ ഇടവകയെ പ്രതിനിധീകരിച്ച് ഇടവകയോഗത്തിന്റെ അദ്ധ്യക്ഷൻ കൂടിയായ വികാരി ഒപ്പിട്ടിരിക്കണം. പട്ടംകൊട, വിവാഹം, ഇടവക ചേരൽ മുതലായ ഘട്ടങ്ങളിൽ ഈ ദേശകുറി അനിവാര്യമാണ്. ജനനത്തീയതി, മാമൂദീസാ തീയതി, വീട്ടുപേർ, മാതാപിതാക്കളുടെ പേർ, വിവാഹകാര്യങ്ങൾ, ദേശകുറിയുടെ ഉദ്ദേശ്യം, കൈക്കൊണ്ട കൂദാശകൾ മുതലായവ അതിൽ രേഖപ്പെടുത്തിയിരിക്കണം. ഇത് കൊടുക്കുന്നതും സ്വീകരിക്കുന്നതും അതത് പള്ളി വികാരിമാരാണ്. വി. കുർബ്ബാനാ സംസർഗമുള്ള സഭകളിലെ പള്ളികൾ തമ്മിലേ ദേശകുറി കൊടുക്കാറുള്ളു.

ദേശത്തുപട്ടക്കാർ: ഭരണത്തിലുണ്ടെങ്കിലും ഇല്ലെങ്കിലും ഒരിടവകയിൽ ഒന്നിലേറെ വൈദികർ ഉണ്ടാകാം. വികാരി ഒഴിച്ചുള്ളവർ ദേശത്തുപട്ടക്കാർ എന്ന പേരിൽ അറിയപ്പെടുന്നു. മേല്പട്ടക്കാരുടെ സർക്കുലറുകളിലും മറ്റും ഈ പദപ്രയോഗം ഇന്നും കാണാം.

ദേഹണ്ണം: ദേഹ ദണ്ഡം എന്ന് മുഴുവൻ രൂപം. ദേഹാധ്വാനം എന്നർത്ഥം. എല്ലാ ശാരീരിക അധ്വാനങ്ങളെയും ഈ പേരിൽ പറയാമെങ്കിലും സദ്യവട്ടം തയാറാക്കുന്ന അടുക്കളയിലെ പാചകക്കാരൻ എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കാറുള്ളത്.

ദൈവകോപം: വ്യക്തിയുടെയോ സമൂഹത്തിന്റെയോ പാപം, അനീതി, അഭക്തി ഇവയ്ക്കെതിരെ നീതിമാനായ ദൈവത്തിന്റെ ആളത്തപരമായ പ്രതികരണം. കാൽവറിയിലെ യാഗം ദൈവകോപത്തെ രമ്യമാക്കുന്നു. നീതിയും കരുണയും കുരിശിലെ സ്നേഹത്തിൽ സമന്വയിക്കുന്നു.

ദൈവജനം: വിളിച്ചു വേർതിരിക്കപ്പെട്ടവർ എന്ന നിലയിൽ ഇസ്രായേൽ ദൈവജനം എന്ന് വിളിക്കപ്പെട്ടു. ഈ അർത്ഥത്തിൽത്തന്നെ പുതിയ ഇസ്രായേൽ ആയ സഭയും ദൈവജനമെന്ന് വിളിക്കപ്പെടുന്നു.

ദൈവജ്ഞാനം: ദൈവം നൽകുന്ന വെളിപാടുകളുടെയും ദർശനങ്ങളുടെയും അടിസ്ഥാനത്തിൽ ദൈവത്തെക്കുറിച്ച് മനുഷ്യർക്ക് ലഭിക്കുന്ന ജ്ഞാനം. ദിവ്യജ്ഞാനമെന്ന് ആരാധനക്രമത്തിൽ ഇതിനെ പറയും.

ദൈവദാസൻ: ദൈവത്തിന്റെ ദാസൻ എന്നാണ് അബ്ദേ ദാലോഹോ

എന്ന പേരിനർത്ഥം. അതിന്റെ അറബി ഭാഷാ തൽഭവമാണ് അബ്ദുള്ളാ.

ദൈവദാസി: റോമ്മൻ കത്തോലിക്കാസഭയിൽ വിശുദ്ധ സ്ത്രീകളെ ആ പദവിയിൽ പ്രഖ്യാപിക്കുന്നതിന് മുമ്പ് നൽകുന്ന പല ബഹുമതിഘട്ട ങ്ങളിൽ ഒന്നാണ് ദൈവദാസി എന്ന ടൈറ്റിൽ.

ദൈവദൂഷണം: ചിന്ത, വാക്ക്, കർമ്മം എന്നിവകൊണ്ട് ദൈവത്തേ യോ ദൈവികമായതിനെയോ ദുഷിക്കൽ. ദൈവദൂഷണം ശിക്ഷാർഹമായി ഗണിക്കുന്ന മതങ്ങളും രാഷ്ട്രങ്ങളുമുണ്ട്.

ദൈവനീതി: നിയമബോധമാണ് നീതി. ദൈവിക നിയമങ്ങൾ ദൈവി കനീതിക്ക് ആലംബം. പാപം ശിക്ഷിക്കപ്പെടണമെന്നത് ദൈവനീതി. സൃഷ് ടിയെ വീണ്ടെടുക്കണമെന്നത് ദൈവസ്നേഹം. ഈ നീതിയും സ്നേഹവും സമന്വയിച്ചതാണ് ആത്മത്യാഗത്തിന്റെ പാരമ്യമായ ക്രൂശുമരണം. നീതി യും സ്നേഹവും അവിടെ ഉത്ഘോഷിക്കപ്പെടുന്നു.

ദൈവപരിപാലനം: മനുഷ്യനെക്കുറിച്ചും സൃഷ്ടിയെക്കുറിച്ചും ഉള്ള ദൈവിക പദ്ധതിയുടെ പൂർണ്ണതയിലേക്ക് ചരിത്രത്തിന്റെ കാലത്തിലൂടെ സൃഷ്ടിയെ ദൈവം പരിപാലിച്ച് നയിക്കുന്നു. നീതിയും, കരുണയും ആ പരിപാലനയുടെ പൈതൃക ഭാവങ്ങളാണ്.

ദൈവപ്രസവിത്രി: തെയോടോക്കോസ് എന്ന ഗ്രീക്കു പദത്തിന്റെ വിവർത്തനം. '*ദൈവമാതാവ്*' കാണുക.

ദൈവമാതാവ്: എന്റെ കർത്താവിന്റെ മാതാവ് എന്ന് എലിസബത്ത്. മറിയാമിനെ ചൊല്ലിയുണ്ടായ വിവാദത്തിൽ ക്രിസ്റ്റോടോക്കോസ് എന്ന നെസ്തോറിന്റെ ചിന്തയെ സഭ നിരാകരിച്ചു. തെയോടോക്കോസ് എന്ന വിശേഷണം എഫേസൂസ് സുന്നഹദോസ് അംഗീകരിച്ചു. അതിന്റെ സുറി യാനി വിവർത്തനമാണ് യൊൽദാസ് ആലോഹോ എന്നത്. അത് മലയാ ളത്തിൽ ദൈവപ്രസവിത്രി എന്നും ദൈവമാതാവെന്നും പരിഭാഷപ്പെ ടുത്തിയിട്ടുണ്ട്. മറിയാം പ്രസവിച്ചത് ദൈവത്തെ എന്ന പ്രഖ്യാപനമാണ് ഈ പദം ഊന്നുന്നത്. തമ്പുരാനെ പെറ്റ അമ്മ എന്നാണ് മലയാള ഭാഷ യിലെ ആദ്യകാല ആരാധനക്രമങ്ങളിൽ മറിയാമ്മിനെ വിശേഷിപ്പിച്ചു കാണുന്നത്. ത്രിത്വത്തിൽ രണ്ടാമനായ അനാദ്യന്ത വചനം മറിയാമ്മിൽ നിന്ന് ജഡം ധരിച്ചു എന്ന വിശ്വാസസത്യത്തിന്റെ പ്രശ്നമായതിനാൽ ഈ പദപ്രയോഗം പ്രധാനമാണ്. അലക്സാന്ത്രിയായിലെ കൂറിലോസ് ആണ് ഈ വാദത്തിന്റെ പ്രമുഖ വക്താവ്. ദൈവത്തെ ഉത്ഭവിപ്പിച്ചവൾ എന്ന അർത്ഥമല്ല, ദൈവത്തെ വഹിച്ചവൾ എന്ന അർത്ഥമാണ് ഈ പദ ത്തിലൂടെ സഭ ഘോഷിക്കുന്നത്. രക്ഷ മറിയാമ്മിനും ആവശ്യമായതി നാൽ അമലോത്ഭവസിദ്ധാന്തം സഭ സ്വീകരിക്കുന്നില്ല. എന്നാൽ മധ്യസ്ഥ

തയ്ക്കുവേണ്ടി പരിശുദ്ധ സ്ഥാനികളിൽ ഒന്നാം സ്ഥാനം പുരാതനസഭ കളെല്ലാം മറിയാമ്മിന് നൽകുന്നു. മന്ന നിക്ഷേപിക്കപ്പെട്ട ചെപ്പ്, രണ്ടാമത്തെ സ്വർഗ്ഗം, സ്വർഗ്ഗത്തിലേക്ക് എത്തുന്ന ഗോവണി തുടങ്ങി നിരവധി ഉപമാനങ്ങൾ സഭ മറിയാമിനെ വിശേഷിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

ദൈവരാജ്യം: ദൈവഹിതം അനുവർത്തിക്കപ്പെടുന്ന അവസ്ഥ. രാജ്യവും രാജാവുമൊക്കെ യിസ്രായേൽ ജനതയുടെ പശ്ചാത്തലത്തിലെ പ്രയോഗം. കർത്തൃപ്രാർത്ഥനയിൽ ഈ പദമുണ്ട്. ദൈവരാജ്യം ഒരേ സമയം വർത്തമാനകാല അനുഭവവും ഭാവികാല യാഥാർത്ഥ്യവുമാണ്. ഒരിടയനും ഒരു തൊഴുത്തും, ഓശാന നാളിലെ സ്തുതികൾ, ദാവീദ് പുത്രൻ, ചെങ്കോൽ അവന്റെ കാലുകൾക്കിടയിൽ നിന്ന് മാറിപ്പോകയില്ല, അവന്റെ രാജ്യം എന്നേക്കുമുള്ളത് തുടങ്ങിയ വേദപുസ്തക ശൈലികൾ ദൈവരാജ്യത്തിന്റെ വ്യാഖ്യാനങ്ങൾ ആണ്. താൻ നിത്യ രാജാവും, നിത്യ പുരോഹിതനും, നിത്യ പ്രവാചകനും എന്ന് വിദ്വാന്മാരുടെ കാഴ്ചദ്രവ്യങ്ങൾ പ്രതീകവല്ക്കരിക്കുന്നതായി യൽദാക്രമത്തിലുണ്ട്. നീതിയും സമാധാനവും സന്തോഷവും ആണ് ദൈവരാജ്യമെന്ന് അപ്പസ്തോലന്മാർ പ്രസ്താവിച്ചിരുന്നു. മിശിഹാ എന്നാൽ അഭിഷിക്തൻ എന്നർത്ഥം. രാജാവായും പുരോഹിതനായും പ്രവാചകനായും നിത്യമായി അഭിഷേകം സ്വീകരിച്ചവൻ എന്നർത്ഥം. സ്വർഗ്ഗം ചായിച്ചിറങ്ങിയ യേശു തന്റെ ശരീരമായ സഭയിൽ സ്വർഗ്ഗരാജ്യത്തിന്റെ അടിസ്ഥാനശില പാകി. സഭ മൂലം സകലരെയും ദൈവം സ്വർഗ്ഗരാജ്യത്തിലേക്ക് ക്ഷണിക്കുന്നു. ഈ രാജ്യത്തിന്റെ നയങ്ങളും സ്വഭാവങ്ങളും യേശുവിന്റെ ഉപമകൾ വ്യക്തമാക്കുന്നു. സൃഷ്ടിക്കു വേണ്ടി ദൈവം ഒരുക്കുന്ന കാലാതീതമായ നിത്യദൈവസാന്നിധ്യമാണ് ദൈവരാജ്യം.

ദൈവവിജ്ഞാനീയം: '*ദൈവശാസ്ത്രം*' കാണുക.

ദൈവവിളി: ദൈവസംസർഗ്ഗത്തിനായും വ്യക്തി-സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന്നായും ദൈവം മനുഷ്യനെ വിളിച്ചുകൊണ്ടേയിരിക്കുന്നു. ചിലർ അത് കേൾക്കുന്നു; അനുകൂലമായി പ്രതികരിക്കുന്നു. ജീവിതവിജയം കണ്ടെത്തുന്നു. ചിലർ കേൾക്കുന്നില്ല; കേട്ടാലും അനുകൂലമായി പ്രതികരിക്കുന്നില്ല; ജീവിതം അസംതൃപ്തിയിൽ കലാശിക്കുന്നു. മോശയും ശമുവേലും അപ്പസ്തോലന്മാരും ആദ്യ വിഭാഗത്തിന് ഉദാഹരണം. കുടുംബജീവിതം, സന്യാസം, പൗരോഹിത്യം, നേതൃത്വം ഇവയിലൊക്കെ വിജയിക്കുന്നത് അവയ്ക്കായി വിളിക്കപ്പെട്ടവർ മാത്രം. പ്രാർത്ഥന, ആരാധന, ധ്യാനം, വായന, പ്രവാചകരെ ശ്രദ്ധിക്കൽ, ദർശനം എന്നീ അവസരങ്ങൾ വിളി ശ്രവിക്കാനുള്ള അവസരങ്ങളാകാറുണ്ട്. വിളിയും ജന്മവാസനയും കഴിവുകളും തമ്മിൽ ആപേക്ഷിക ബന്ധമുണ്ട്.

ഓരോ വിളിയിലും വെല്ലുവിളിയുണ്ട്. വിളിയോട് വിശ്വസ്തത പാലിക്കുവാൻ അധ്വാനവും നിതാന്ത ജാഗ്രതയും ദൈവകൃപയും അനിവാര്യം. പുരോഹിതസ്ഥാനങ്ങൾ നൽകുന്നതിന് മുമ്പ് സഭയുടെയും ദൈവത്തിന്റെയും വിളി കാർമ്മികൻ പ്രഖ്യാപിക്കാറുണ്ട്.

ദൈവശാസ്ത്രം: ദൈവത്തെപ്പറ്റി പ്രതിപാദിക്കുന്ന വിജ്ഞാനശാഖയാണ് തിയോളജി. പഞ്ചേന്ദ്രിയ ഗ്രഹണത്തിന്റെ പരിമിതിയെപ്പറ്റി ബോധ്യം വേണം. പ്രാർത്ഥന, ദൈവസംസർഗ്ഗം, വിശുദ്ധി, ആരാധന, എന്നിവയിലൂടെ ലഭിക്കുന്ന ആന്തരീയ വെളിപാടുകളുടെ ആകെത്തുകയാണ് ദൈവശാസ്ത്രം. യുക്തിയേക്കാൾ വിശ്വാസമാണ് ഇവിടെ ശോഭിക്കുക. വചനത്തിന്റെ ദൈവത്വം ഉൽഘോഷിച്ച യോഹന്നാൻ ശ്ലീഹായെയും ത്രിത്വവിശ്വാസത്തെ ഉത്ഘോഷിച്ച നാസിയാൻസിലെ ഗ്രീഗോറിയോസിനെയും മാത്രമേ സഭാചരിത്രകാരനായ യൂസേബിയോസ് ദൈവശാസ്ത്രജ്ഞൻ എന്ന് വിശേഷിപ്പിക്കുന്നുള്ളൂ. അത് രണ്ടും മഹനീയമായ വെളിപാടുകളും ദർശനങ്ങളുമാണ്. എല്ലാ വിജ്ഞാനശാഖകളും ആഴത്തിൽ പഠിക്കുന്ന ദൈവശാസ്ത്ര പഠനത്തെ സഹായിക്കും. മുൻവിധിയില്ലാത്ത ‘ ശിശു’സഹജമായ ധൈഷണിക നൈർമ്മല്യത്തിലാണ് ദൈവശാസ്ത്ര പുഷ്പങ്ങൾ പ്രത്യക്ഷപ്പെടുക.

ദൈവസാദൃശ്യം: തന്റെ സാദൃശ്യത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. ദൈവം ആത്മാവാകയാൽ ദൈവസാദൃശ്യം രൂപസാദൃശ്യമല്ല; അവസ്ഥാ സാദൃശ്യമാണ്. ഗുണസമ്പൂർണ്ണതയും സ്വതന്ത്രബുദ്ധിയും പ്രത്യുല്പാദനശേഷിയും ഒക്കെച്ചേർന്ന ദൈവീകരണ അവസ്ഥയാണ് ദൈവസാദൃശ്യം. പാപം മൂലം ഈ സാദൃശ്യം വികലമായി. ഇത് വീണ്ടെടുക്കലാണ് രക്ഷ. അതിന്റെ മാതൃകയും പാഠങ്ങളും വിളികളും മനുഷ്യാവതാര വ്യാപാരങ്ങളുടെ സമഗ്രതയിൽ അടങ്ങിയിരിക്കുന്നു. ഈ സമഗ്രത സഭയിൽ ആവശ്യക്കാർക്ക് വിതരണം ചെയ്യുവാൻ സഭയിൽ സംഭരിക്കപ്പെട്ടിരിക്കുന്നു.

ദൈവാലയം: ദൈവം വസിക്കുന്ന ഇടം. പരമമായ ദൈവാലയം മനുഷ്യമനസ്സാണ്. എങ്കിലും സ്ഥലകാല വിധേയനായ മനുഷ്യൻ സ്ഥലകാല വിധേയമായ ആരാധനകൾ അർപ്പിക്കുവാൻ ദൈവാലയം ചമക്കുന്നു. ആത്മത്യാഗ പ്രതീകമായി കാഴ്ചകൾ സമർപ്പിക്കുന്നു. ദൈവം ചരിത്രത്തിലൊരിക്കലായി നിർവ്വഹിച്ച മനുഷ്യരക്ഷയുടെ അവതാരഘട്ടങ്ങളിൽ കൂദാശാപരമായി പങ്കുചേർന്ന് ദിവ്യസംസർഗ്ഗം അനുഭവിക്കുന്നു. പഞ്ചേന്ദ്രിയഗ്രാഹ്യമായ ആരാധന അണച്ച് ദൈവത്തെയും രക്ഷാപദ്ധതികളെയും അനുഭവിക്കുന്നു. ദൈവാലയത്തിൽ ത്രോണോസ് അതിപ്രധാനം. മേല്പട്ടക്കാരൻ അത് വി. തൈലം കൊണ്ട് അഭിഷേകം ചെയ്തു ശുദ്ധീ

കരിക്കുന്നു. അതിനെ കേന്ദ്രീകരിച്ച് നിശ്ചിത ആരാധനക്രമങ്ങളോടെ പുരോഹിതർ നിയമപ്രകാരമുള്ള കൂദാശകളും ആരാധനകളും ജനത്തിന്റെ മുമ്പിൽ നിന്ന് അർപ്പിക്കുന്നു. ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ ജന ങ്ങൾക്കായി ശേഖരിച്ച് വിതരണം ചെയ്യുന്നു. സഭയുടെ ദൃശ്യരൂപമാണ് ദേവാലയം. അത് സ്വർഗ്ഗത്തിന്റെ പ്രതീകം. മനുഷ്യമനസ്സിനെ സ്വർഗ്ഗീയ വിശുദ്ധിയിൽ നിലനിർത്തുവാനും വളർത്തുവാനുമുള്ള ദൈവിക പദ്ധ തിയുടെ ആവിഷ്ക്കാരമാണ് ദൈവാലയം. അതിൽ ത്രിത്വം വസിക്കുന്നു. ദൈവമാതാവും വിശുദ്ധന്മാരും വാങ്ങിപ്പോയ സർവ്വരും മനുഷ്യരുടെ വർ ത്തമാനകാല ആരാധനകളിൽ പങ്കുചേരുന്നു. ക്രിസ്തു സാധിച്ച രക്ഷ യുടെ പേടകം അവിടെ തുറക്കപ്പെടുന്നു. യഥാർത്ഥ ആവശ്യക്കാർക്ക് അത് അനുഭവവേദ്യമാകുന്നു. ഭൂമിയെ സ്വർഗ്ഗത്തോടും തിരിച്ചും ബന്ധിപ്പിക്കുന്ന ഭൗമികവും അഭൗമികവുമായ സംവിധാനം.

ദൈവാലയം, യരുശലേം: മോശയുടെ കാലത്ത് സമാഗമന കൂടാരം താല്ക്കാലിക ദേവാലയമായിരുന്നു. രാജ്യം സുസ്ഥാപിതമായപ്പോൾ ദാവീദ് സ്ഥിരമായ ഒരാലയം പണിയാൻ ഒരുക്കങ്ങൾ കൂട്ടി. എങ്കിലും ശലമോന്റെ കാലത്താണ് ദൈവാലയ നിർമ്മാണം യാഥാർത്ഥ്യമായത്. എബ്രായലേഖനം വിവരിക്കുംപ്രകാരം യെരുശലേം ദൈവാലയം വിശിഷ്ട മായിരുന്നു. നിത്യാരാധന നടത്തുന്ന ഒരു വിശുദ്ധസ്ഥലവും ആണ്ടിലൊ രിക്കൽ മഹാപുരോഹിതൻ മാത്രം രക്തസഹിതം ആരാധന അർപ്പിക്കുന്ന മഹാവിശുദ്ധസ്ഥലവും ആയിരുന്നു പ്രധാന ഭാഗങ്ങൾ. യഹൂദന് ഈ ഒരൊറ്റ ദേവാലയമേ ഉള്ളൂ; യാഗപീഠം അവിടെ മാത്രം. പൊതുവായ വായനയും പ്രാർത്ഥനയും പ്രബോധനവും നടത്തുവാൻ സിനഗോഗുകൾ സ്ഥാപിക്കാറുണ്ട്. യേരുശലേം ദേവാലയത്തിന്റെ ദിശയെ അഭിമുഖീകരി ച്ചാണ് യഹൂദർ പ്രാർത്ഥിക്കുക. പെസഹാ, കൂടാരപെരുന്നാൾ, പെന്തി ക്കോസ്തി എന്നിവ മൂന്നും അവിടത്തെ പ്രധാന പെരുന്നാളുകൾ. ഈ ആലയമാണ് കച്ചവടക്കാരുടെ ഗുഹയാക്കിത്തീർത്തുവെന്ന് പറഞ്ഞു ക്രിസ്തു ചമ്മട്ടി എടുത്തത്. ഈ മന്ദിരം പൊളിപ്പിൻ; മൂന്ന് ദിവസത്തി നകം ഞാനത് പണിയും എന്ന് കർത്താവ് പറഞ്ഞതും ഈ ആലയത്തിൽ വച്ചു തന്നെ. ക്രിസ്തുവിന് ശേഷം ഇത് കല്ലിന്മേൽ കല്ലു ശേഷിക്കാതെ റോമ്മൻ ആക്രമണഫലമായി തകർക്കപ്പെട്ടു. ഇന്ന് യഹൂദന് ദേവാലയ മില്ല, ബലിയില്ല, പുരോഹിതനും പ്രവാചകനുമില്ല. യെരൂശലേം ദേവാല യത്തിന്റെ പുറംമതിലിന്റെ ഒരു ഭാഗം മാത്രം അവശേഷിച്ചിട്ടുണ്ട്. ഗത കാല പ്രതാപമോർത്ത് ഇന്ന് യഹൂദന്മാർ ആ മതിലിൽ തലതല്ലി പ്രാർത്ഥി ക്കുക മൂലം ആ മതിലിന് വിലാപമതിൽ എന്ന് പേരായിട്ടുണ്ട്.

ദൈവാസ്തികൃവാദം: ദൈവം ഉണ്ട് എന്ന വാദം. ഇതിന് നാല് അനുകൂല വാദഗതികൾ ഉണ്ട്. 1. ഓണ്ടോളജിക്കൽ വാദം. ഭൗതികവസ്തു

ക്കൾക്കാധാരമായ ആശയപൂർണ്ണത ദൈവം എന്ന യാഥാർത്ഥ്യത്തിലേ ഉള്ളൂ. 2. കോസ്മോളജിക്കൽ വാദം. കാരണമില്ലാതെ കാര്യമില്ല; ആദി കാരണം ദൈവമാണ്. 3. റ്റീലിയോളജിക്കൽ വാദം. പ്രപഞ്ചത്തിൽ ദൃശ്യ മായ ഒരു ഡിസൈൻ ഉണ്ട്. ആ സംവിധാന ധൈഷണികത ദൈവമാണ്. 4. മോറൽ വാദം. മനഃസാക്ഷിക്കും ധാർമ്മികതക്കും പിന്നിൽ ഒരു നിയാ മകശക്തി അനിവാര്യം. അത് ദൈവമാണ്.

ദൈവാസ്തിത്വം: ദൈവാസ്തിത്വം അന്വേഷിച്ച റോമ്മൻ കത്തോ ലിക്കാസഭയിലെ പ്രമുഖ ദൈവശാസ്ത്രജ്ഞനായ തോമസ് അക്വിനാസ് തന്റെ സുമ്മാ തിയോളജിയിൽ അഞ്ചു വാദങ്ങൾ ഉന്നയിക്കുന്നു. 1. ചലനവിധേയമായ പ്രപഞ്ചത്തെ ചലിപ്പിക്കുന്ന ശക്തിയാണ് ദൈവം. 2. കാരണമില്ലാതെ കാര്യമില്ല. കാര്യപരമ്പരയുടെ പിന്നിൽ ഹേതു പരമ്പര യുണ്ട്. ആദിഹേതു ദൈവം. 3. എല്ലാ അസ്തിത്വങ്ങളും ആപേക്ഷിക ങ്ങൾ ആണ്. അവയ്ക്കാധാരമായ സ്വയംസ്ഥിതമായ ആത്യന്തിക അസ്തിത്വം ദൈവമാണ്. 4. എല്ലാ ഗുണങ്ങളും ആപേക്ഷികവും അപൂർ ണ്ണവും ആണ്. ഗുണപൂർണ്ണത ദൈവമാണ്. 5. മൂർത്ത പ്രപഞ്ചം ഏതോ ലക്ഷ്യത്തിലേക്ക് നയിക്കപ്പെടുന്നു. നയിക്കുന്നവൻ ദൈവമാണ്. ദൈവത്തെ അറിയുവാനുള്ള ഉപകരണം യുക്തിയല്ല; വിശ്വാസം ആണ്. അറിവു നല്കുന്നത് ദൈവകൃപയാണ്. ദൈവം ആത്മാവാണ്; ശരീര ത്തിന്റെ ടൂൾ ഉപയോഗിച്ച് മനസ്സിലാക്കാനാവില്ല. ശാസ്ത്രത്തിന്റെ വിഷയം ഇന്ദ്രിയപ്രാപ്യമായ വസ്തുപ്രപഞ്ചമാണ്. പ്രപഞ്ചലക്ഷ്യം, അദൃശ്യപ്ര പഞ്ചം, നന്മ, തിന്മ, ധർമ്മം, അധർമ്മം ഇവയൊന്നും ശാസ്ത്രവിഷയമേ യല്ല. ഈ ഉത്കണ്ഠകൾ ആത്മീയ അന്വേഷണം അനിവാര്യമാക്കുന്നു. ദൈവം മനുഷ്യനെ ഭയത്തിൽ നിന്ന് മോചിപ്പിച്ച് നന്മയെക്കുറിച്ച് ബോധ്യം നൽകുന്നു. തന്മൂലം യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭവും ദൈവാ സ്തിത്വനിഷേധം ഭോഷത്തവും ആകുന്നു.

ദൈവീകരണം: ക്രിസ്തീയ ജീവിതലക്ഷ്യം ദൈവീകരണം. സത്താ പരമായി ദൈവമാകലില്ല; ദൈവികരാകലേ ഉള്ളൂ. മനുഷ്യാവതാരത്തെ പ്പറ്റി അത്താനാസ്യോസ് പറഞ്ഞത് അതാണ്. മനുഷ്യൻ ദൈവികനാവാൻ ദൈവം മനുഷ്യനായി. മനുഷ്യരക്ഷ ദൈവീകരണമാണ്. ദൈവത്തിന്റെ സൽഗുണങ്ങളെ പ്രാപിക്കുവാനുള്ള സാധ്യതയാണ് ദൈവസാദൃശ്യം. ദൈവവുമായുള്ള പൂർണ്ണസംസർഗ്ഗത്തിനായി മനുഷ്യൻ സൃഷ്ടിക്കപ്പെ ട്ടിരിക്കുന്നു. ആ അവസ്ഥയിലേക്കുള്ള ഉദ്ധ്യയനമാണ് ദൈവീകരണം. തല യോളം വളരുക, അവർ തമ്മിൽ ഒന്നായിരിക്കുക, പുതിയ സൃഷ്ടി തുട ങ്ങിയ വേദപുസ്തകപദങ്ങൾ ഈ അവസ്ഥയെ ലക്ഷ്യമാക്കുന്നു. കല്പ നകളുടെ ആചരണം, മനുഷ്യബന്ധങ്ങളിൽ പരിരക്ഷിക്കുന്ന വിശുദ്ധി, കൂദാശാനുഷ്ഠാനങ്ങൾ, സന്യാസം, വൈയക്തികവും സാമൂഹികവുമായ

ആരാധനകൾ എന്നിവയിലൂടെ നാം പ്രാപിക്കുവാൻ ലക്ഷ്യം വക്കുന്നത് ദൈവീകരണമാണ്.

ദ്രഹ്മ: 'ദ്രാക്മ' എന്ന ഗ്രീക്കിന്റെ തൽഭവം. ഗ്രീക്ക് വെള്ളിനാണയം. തൂക്കത്തിന്റെ അളവായും പറഞ്ഞിരുന്നു. മത്താ. 17:27-ലെയും ലൂക്കോ. 15:8-ലെയും പരാമർശങ്ങൾ കാണുക.

ദ്രവത്വം: ഖരം, ദ്രവം, വാതകം എന്നീ മൂന്ന് അവസ്ഥകളിൽ ഒന്ന്. അഴുകുന്നത് എന്ന് അർത്ഥം. ശരീരം ദ്രവത്വ വിധേയം. പുനരുത്ഥാനം കഴിഞ്ഞ ദ്രവത്വം അതിജീവിച്ച ശരീരം പ്രാപിക്കുന്ന ഈ അവസ്ഥയാണ് 1 കോരി. 15:53-ൽ പറയുന്ന അദ്രവത്വം. സ്ഥൂലശരീരം ദ്രവിക്കും, സൂക്ഷ്മ ശരീരം ദ്രവത്വവിധേയമല്ല. അത് ആത്മശരീരമാണ്. അവിടത്തെ വ്യവ സ്ഥിതികളും അഭൗമമാണ്. സ്ഥൂലത്തിൽ നിന്ന് സൂഷ്മത്തിലേയ്ക്കുള്ള യാത്രയുടെ ഇടത്താവളമാണ് ലൗകികജീവിതം.

ധ

ധരിയായ്കൾ: തെക്കൻ തിരുവിതാംകൂറിലെ ഒരു വിഭാഗം ക്രിസ്ത്യാനികൾ. തൊഴിൽ വ്യാപാരം. തന്മൂലം ചെട്ടികൾ എന്നറിയപ്പെടുന്നു. ശൈവ മുന്നേറ്റക്കാലത്ത് ഭസ്മം ധരിക്കാൻ കൂട്ടാക്കാതിരുന്നതിനാൽ ഈ പേർ വന്നു എന്നും തരീസാ എന്ന പദത്തിന്റെ പരിണാമ ഭേദമാണിതെന്നും അഭിപ്രായങ്ങളുണ്ട്. കുടുമയും കടുക്കനും ധരിച്ചിരുന്ന ഇവർ അടുത്തകാലം വരെ തിരുവിതാംകോട് പ്രദേശത്ത് കാണപ്പെട്ടിരുന്നു.

ധൂപക്കുറ്റി: യെരുശലേം ദേവാലയത്തിൽ വിശുദ്ധസ്ഥലത്ത് ധൂപപീഠമുണ്ടായിരുന്നു (പുറ. 30:1–10). സുഗന്ധവർഗ്ഗക്കൂട്ടും ഉണ്ടായിരുന്നു. ശവസംസ്കാരത്തിനും സുഗന്ധവർഗ്ഗം ഉപയോഗിച്ചു. കല്ലറ സന്ദർശിക്കുമ്പോൾ സുഗന്ധം അർപ്പിക്കുക പതിവായിരുന്നു. ഈ പതിവുകൾ ക്രൈസ്തവസഭകളിലേക്ക് സംക്രമിച്ചു. തീക്കനലിൽ സുഗന്ധവർഗ്ഗമിട്ട് സുഗന്ധം പുറപ്പെടുവിക്കാനുതകുന്ന ഉപകരണമാണ് ധൂപക്കുറ്റി. ധൂപക്കുറ്റിക്ക് പൊതുവായും അതിന്റെ ഓരോ ഭാഗത്തിനും പ്രത്യേകമായും വ്യാഖ്യാനങ്ങൾ ഉണ്ട്. കരിയിടുന്ന അടിത്തട്ട് ഭൂമി; മേൽത്തട്ട് സ്വർഗ്ഗം, ചങ്ങലകൾ വി. ത്രിത്വം (നാലു ചങ്ങലകളിൽ രണ്ടെണ്ണം ക്രിസ്തുവിന്റെ ദൈവ – മനുഷ്യ പൂർണ്ണതകളെ വ്യഞ്ജിപ്പിക്കുന്നു). ചങ്ങലകളിലെ 12 മണികൾ അപ്പോസ്തോല പ്രതീകം. കരി മനുഷ്യൻ, അഗ്നി പരിശുദ്ധാത്മാവ്, കനൽ രൂപാന്തരപ്പെട്ട മനുഷ്യൻ. കന്യകയുടെ ഗർഭപാത്രത്തിൽ വസിച്ച പുത്രൻ തമ്പുരാൻ ആണെന്നും വ്യാഖ്യാനമുണ്ട്. പട്ടക്കാരൻ ഉൾപ്പെട്ടു നടത്തുന്ന എല്ലാ ശുശ്രൂഷകളിലും ധൂപം ഉപയോഗിക്കും. അതിന്റെ ധൂപനത്തിന് നിർദ്ദിഷ്ട സമയങ്ങളുണ്ട്. ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായി കുന്തുരുക്കത്തിന്റെ പുക നൽകുന്ന സുഗന്ധം ഘ്രാണേന്ദ്രിയം വഴി വിശ്വാസികൾ ആസ്വദിച്ച് അനുഭവിക്കുന്നു. സമൂഹാരാധനയിൽ ദുർഗന്ധം അനുഭവപ്പെടാതിരിക്കുവാനും ഇതുപകരിക്കുന്നു. ത്രോണോസിൽ നിന്നുള്ള അനുഗ്രഹങ്ങളും സമാധാനവും വിശ്വാസികൾക്ക് കാർമ്മികൻ ആശംസിക്കുന്നത് വിതരണം ചെയ്യാനുള്ള മാധ്യമമായും ധൂപം ഉപയോഗപ്പെടുന്നു. പട്ടക്കാർ ധൂപം വീശുന്നവനെ റൂശ്മ ചെയ്തു അനുഗ്രഹിക്കുന്നതും വിശ്വാസികൾ ധൂപത്തെ കുരിശു വരച്ച് വണങ്ങി സ്വീകരിക്കുന്നതും ധൂപസമേതം കൈകസ്തൂരി നല്കുന്നതും അനുഗ്രഹത്തി

ന്റേയും സമാധാന സ്വീകരണത്തിന്റേയും പങ്കുചേരലാണ്. ദൈവമാതാവ്, വിശുദ്ധന്മാർ, സ്ലീബാ, പുരോഹിതന്മാർ, മൃതന്മാർ തുടങ്ങിയവരുടെ അനുസ്മരണയിൽ ധൂപാർപ്പണം ചെയ്യുന്നത് ആദരവിന്റേയും അവരുടെ മധ്യസ്ഥതയും സ്മരണയും ആകുന്ന വാഴ്വ് പ്രാപിക്കുന്നതിന്റേയും സൂചനയാണ്. വിശുദ്ധീകരണത്തിനും ധൂപം ഉപയോഗിക്കും. ധൂപക്കുറ്റി വാഴ്വിൽ ത്രിത്വവിശ്വാസം പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. വി. മൂറോൻ കൂദാശയിൽ പന്ത്രണ്ട് ധൂപക്കുറ്റികൾ ഒരേ സമയം ഉപയോഗിക്കുന്നു.

ധൂപപ്രാർത്ഥന: നമസ്കാരങ്ങളിലും ശുശ്രൂഷകളിലും ധൂപസഹിതം നടത്തുവാൻ നിർദ്ദേശിക്കുന്ന ധൂപപ്രാർത്ഥനയാണ് എത്രോ. പദത്തിന് ധൂപം എന്ന് അർത്ഥം. ദൈവമാതാവ്, പരിശുദ്ധന്മാർ, സ്ലീബാ, പട്ടക്കാർ, മൃതർ തുടങ്ങിയവരെ ഓർക്കുന്നത് ധൂപം അർപ്പിച്ചുകൊണ്ടാണ്. സ്മരണയുടെ സുഗന്ധത്തിലും അവരുടെ മധ്യസ്ഥത മൂലം ലഭിക്കുന്ന അനുഗ്രഹത്തിലും തന്മൂലം എല്ലാവരും കുരിശ് വരച്ച് പങ്കുചേരുന്നു. പട്ടക്കാരനെ കൂടാതെ ധൂപാർപ്പണമോ ധൂപപ്രാർത്ഥനയോ ചൊല്ലാറില്ല. മനുഷ്യന്റെ വിഭവങ്ങൾ ദൈവത്തിന് സമർപ്പിച്ച് ശുദ്ധീകരണം പ്രാപിച്ച് അത് മനുഷ്യർക്കായി പങ്കുവയ്ക്കുന്ന ക്രൈസ്തവ ജീവിത സുകൃതത്തിന്റെ പ്രതീകാർത്ഥം കൂടെ ധൂപത്തിനുണ്ട്.

ധൂപാർപ്പണം: മതപരമായ ചടങ്ങുകൾക്ക് ധൂപം ഉപയോഗിക്കുന്ന പതിവ് സെമിറ്റിക് മതങ്ങൾക്ക് പൂർവികമായി ഉണ്ട്. സുഗന്ധവർഗ്ഗം തയാറാക്കുന്നവിധം ദൈവകല്പനപ്രകാരം മോശ വിവരിക്കുന്നുണ്ട് (പുറ. 30: 34-38). സമാഗമനകൂടാരത്തിൽ ധൂപപീഠം ഉണ്ടായിരുന്നു. രാവിലെയും വൈകിട്ടും ധൂപാർപ്പണം നടത്തണമായിരുന്നു (പുറ. 30:7-8). ധൂപാർപ്പണം പുരോഹിതന്റെ മുഖ്യ ചുമതലയാണ് (1 ശമു. 2:28; സംഖ്യ 16:5). മഹാപുരോഹിതൻ അതിവിശുദ്ധസ്ഥലത്ത് ധൂപവുമായി പ്രവേശിക്കണം. പ്രാർത്ഥന സൗരഭ്യവാസനയായി സ്വർഗ്ഗത്തിലേക്ക് ഉയരുന്നു എന്ന് താല്പര്യം. ആദ്യകാല പുതിയനിയമ ആരാധനയിൽ ധൂപം ഉപയോഗിച്ചു (വെളി. 5:8; 8:5).

ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമാണ് ധൂപം. പരിശുദ്ധാത്മാവാസം പ്രഖ്യാപിക്കുന്ന സമയങ്ങളിൽ മേഘാവൃതമായ അന്തരീക്ഷം സൃഷ്ടിക്കാൻ പുകച്ചുരുൾ ഉപയോഗപ്പെടുന്നു. ദേശത്തെങ്ങും ഉണ്ടായ അന്ധകാരം ദുഃഖവെള്ളിയാഴ്ച സൃഷ്ടിക്കുന്നത് സമൃദ്ധമായ പുകച്ചുരുളുകൾ ഉണ്ടാക്കിയിട്ടാണ്. ധൂപാർപ്പണത്തിന്റെ ചുമതല പുരോഹിതനാണ്. പുരോഹിതന്റെ അനുവാദം വാങ്ങി ശുശ്രൂഷക്കാരനും പുരോഹിതന് വേണ്ടി ധൂപം അർപ്പിക്കാം. തന്മൂലമാണ് ഓരോ തവണയും ധൂപാർപ്പണത്തിന് മുമ്പായും ധൂപക്കുറ്റി സ്വീകരിക്കുമ്പോഴും ശുശ്രൂഷക്കാരൻ

പുരോഹിതന്റെ വലതുകരം ചുംബിക്കുന്നത്. ആദ്യം ത്രോണോസിനും പട്ടക്കാർക്കും ധൂപം വീശി അനുഗ്രഹം സ്വീകരിച്ചിട്ടു വേണം ജനങ്ങളുടെ നേരെ പട്ടക്കാരുടെ അനുഗ്രഹമായി സുഗന്ധം പ്രസരിപ്പിക്കുവാൻ. പഞ്ചേന്ദ്രിയങ്ങൾക്ക് ആരാധനയിലുള്ള പങ്കാളിത്തം ഉറപ്പു വരുത്തുവാൻ ധൂപാർപ്പണം അത്യാവശ്യം. പട്ടക്കാരൻ വാഴ്ത്തിയ സുഗന്ധം മാത്രമേ ധൂപാർപ്പണത്തിനായി ഉപയോഗിക്കുവാൻ അനുവാദമുള്ളൂ.

ന

നകാരം: ഘോഷയാത്രകളിലും മറ്റും ഉപയോഗിക്കുന്ന വലിയ പെരുമ്പറ.

നഗരി കാണിക്കൽ: കഹനൈത്തായുടെ (മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും ശവസംസ്കാരക്രമം) അന്ത്യഭാഗത്ത് നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൗതികശരീരം ആഘോഷപൂർവം വിലാപയാത്രയായി കൊണ്ടുപോയി ഉയർത്തി യാത്ര ചോദിക്കൽ ചടങ്ങ് നിർദ്ദിഷ്ട വാക്യങ്ങളും പ്രതിവാക്യങ്ങളും ചൊല്ലി ഔപചാരികമായി നടത്തും. നഗര - ഗ്രാമ - പ്രദക്ഷിണം നടത്തുന്നില്ല എങ്കിൽ പള്ളിക്കു ചുറ്റും ഒരു വട്ടം പ്രദക്ഷിണം നടത്തും. അതിനുശേഷം വായനകളും പള്ളിയിലെ യാത്ര പറച്ചിലിന്റെ അനുഷ്ഠാനങ്ങളും യഥാവിധി നടത്തിയതിന് ശേഷം കബറടക്കം നടത്തുന്നു.

നക്ഷത്രം: ക്രിസ്തുവിന്റെ ജനന സമയത്ത് ആകാശ ദേശത്ത് കണ്ട അസാധാരണ നക്ഷത്രത്തെ അനുസ്മരിപ്പിക്കുവാൻ ക്രിസ്മസ് കാലത്ത് നക്ഷത്രാകൃതിയുള്ള വിളക്കുകളും അലങ്കാരങ്ങളും വീടുകളിൽ ക്രമീകരിക്കുന്നു. ക്രിസ്മസ് കരോൾ സംഘം നക്ഷത്ര വിളക്കുകൾ വഹിക്കും. ക്രിസ്മസ് ട്രീകളിൽ നക്ഷത്രക്കൂടുകളും നക്ഷത്രാകൃതിയിൽ വെട്ടിയെടുത്ത തിളക്കമുള്ള കാർഡുകളും തൂക്കിയിടുന്നു.

നട: കയറിയിറങ്ങാനുള്ള കൽപ്പടവുകൾ. ദേവാലയങ്ങളുടെ പ്രവേശന വഴിയ്ക്കും ഈ പേരുണ്ട്.

നടപടി: കൂദാശാനുഷ്ഠാനങ്ങളുടെയും മറ്റു ശുശ്രൂഷകളുടെയും സംവിധാനക്രമം നടപടിക്രമമെന്ന് അറിയപ്പെടുന്നു. മലയാളത്തിൽ ആദ്യത്തെ നടപടിക്രമം തയാറാക്കിയത് പത്രോസ് തൃതീയൻ ബാവായുടെ കാലത്ത് പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം കോനാട്ട് മാത്തൻ മല്പാൻ ആണ്. തകിടിയിൽ യാക്കോബ് കത്തനാർ ഒരു നടപടിക്രമം തയാറാക്കി. ഇന്ന് പ. സുന്നഹദോസ് നിർദ്ദേശിച്ച് തയാറാക്കി അംഗീകരിച്ച നടപടി ക്രമമാണ് - ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ്

മെത്രാപ്പോലീത്താ തയാറാക്കിയത് - മലങ്കരസഭ ഉപയോഗിക്കുന്നത്. 'ശുശ്രൂഷാ സംവിധാനം' എന്നാണ് ഈ നടപടിക്രമത്തിന്റെ പേര്.

പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ ആരാധനാ പരിഷ്ക്കരണ കല്പന പരുമല തിരുമേനി തർജ്ജമ ചെയ്ത് ഒരു ലഘു ഗ്രന്ഥമായി പ്രസിദ്ധീകരിച്ചതിന്റെ പേരും നടപടിക്രമം എന്നാണ്. 1877 മകരം 15-ാം തീയതി കൊച്ചീക്കോട്ടപ്പള്ളിയിൽ നിന്നും അയച്ച കല്പനയാണ് ഒരു ലഘു ഗ്രന്ഥമായി അന്ന് പ്രസിദ്ധീകരിക്കപ്പെട്ടത്. ഈ ഗ്രന്ഥം ഏതാനും ദശകങ്ങൾക്കു മുമ്പ് സിറിയൻ പബ്ലിക്കേഷൻസ് മുളന്തുരുത്തി പുനഃപ്രസിദ്ധീകരിച്ചു.

നടപ്പന്തൽ: പ്രദക്ഷിണവഴിയിൽ ആഘോഷപൂർവം കെട്ടിയുണ്ടാക്കുന്ന അലങ്കരിച്ച പന്തൽ. ചില സ്ഥലങ്ങളിൽ പള്ളി പ്രദക്ഷിണങ്ങളിലും മറ്റും വൈദികരുടെ മുകളിൽ വിടർത്തിപ്പിടിക്കുന്ന മേൽക്കട്ടിയ്ക്കും ഈ പദം ഉപയോഗിക്കുന്നു.

നടമേൽപള്ളി: തൃപ്പൂണിത്തുറപ്പള്ളി ഈ പേരിൽ അറിയപ്പെടുന്നു. കരിങ്ങാച്ചിറ ഇടവകയിൽ നിന്ന് പിരിഞ്ഞു സെന്റ് മേരിയുടെ നാമത്തിൽ പണിത പള്ളി. മാളിയേക്കൽ മാത്തിരി മുൻകൈ എടുത്തു. വാളംതുരുത്തി ഭട്ടതിരി സ്ഥലം നൽകി. മാർ കൗമ്മാ സഹദായുടെ തിരുശേഷിപ്പ് മദ്ബഹായുടെ വടക്കു വശത്ത് സ്ഥാപിച്ചിട്ടുണ്ട്. മലങ്കര മെത്രാന്മാരും കൊച്ചി രാജാക്കന്മാരും അതത് കാലങ്ങളിൽ ഇവിടെവച്ച് കൂടിക്കാഴ്ചകൾ നടത്താറുണ്ട്. ആശീർവാദവും അംഗീകാരവും കൈമാറിയിരുന്നു. പത്രോസ് മാർ ഒസ്താത്തിയോസ്, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് എന്നിവർ ഈ ഇടവകാംഗങ്ങൾ ആയിരുന്നു.

നടവരവ്: ദേവാലയ ഭണ്ഡാരത്തിൽ നിന്നുള്ള വരവിനം.

നടവഴക്കം: വിവാഹത്തോടനുബന്ധിച്ച് വധൂവരന്മാരിൽ നിന്ന് ഈടാക്കിയിരുന്ന വരുമാന ഇനങ്ങളിൽ ഒന്ന്.

നടവാതിൽ: ദൈവാലയങ്ങളുടെ പ്രധാന പ്രവേശന ദ്വാരം.

നടതള്ളുക: വഴിപാടായി മൃഗങ്ങളെ ക്ഷേത്രനടയിൽ ഭക്തിപൂർവ്വം ഉപേക്ഷിക്കുന്ന ചടങ്ങ്.

നടയിരുത്തുക: വഴിപാടായി ആനയേയും മറ്റും സമർപ്പിക്കുന്നതിനെ നടയിരുത്തുക എന്ന് പറയും.

നട നടോ നട: വധൂവരന്മാരെയും മറ്റും ആഘോഷപൂർവ്വം വീട്ടിലേക്കും മണിയറയിലേക്കും എതിരേല്ക്കുമ്പോൾ ആർപ്പുവിളിയോടെ നട

ത്തുന്ന ഈണത്തിലുള്ള സ്വീകരണപദം.

നൺഷിയോ: അംബാസഡറിന്റെ സ്ഥാനവും ഗവൺമെണ്ടിനോട് ചുമതലയുമുള്ള മാർപ്പാപ്പായുടെ പ്രതിനിധി. വത്തിക്കാൻ ഗവൺമെന്റിന്റെ നയതന്ത്ര പ്രതിനിധി.

നന്മ നിറഞ്ഞ മറിയം: തൈബൂസോ എന്ന പദം 'നന്മ' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്ത് ഉപയോഗിച്ചിരുന്നു. റോമ്മൻ കത്തോലിക്കർ ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. ശരിയായ അർത്ഥം കൃപ എന്നാണ്.

നമസ്കാരം: നമിച്ചുകൊണ്ടുള്ള – മുട്ടുകുത്തലിന് പ്രാധാന്യമുള്ള – പ്രാർത്ഥന. ഏഴു യാമങ്ങളിലേക്കും എഴുതപ്പെട്ട നമസ്ക്കാരക്രമമുണ്ട്. ഗദ്യപ്രാർത്ഥനകളും ഗാനരൂപത്തിലുള്ള അപേക്ഷകളും സങ്കീർത്തനങ്ങളും ഉണ്ട്. സാധാരണദിനങ്ങൾ, ഞായർ – പെരുന്നാൾ ദിനങ്ങൾ, നാല്പത് നോമ്പ്, കഷ്ടാനുഭവ ആഴ്ച, മൂന്ന് നോമ്പ് എന്നീ ഘട്ടങ്ങളിൽ പ്രത്യേകം നമസ്ക്കാരക്രമങ്ങളുണ്ട്. സാധാരണ മൂന്ന് യാമങ്ങളിലെ പ്രാർത്ഥനകൾ ഒന്നിച്ച് സന്ധ്യയിലും നാല് യാമങ്ങൾ ചേർത്ത് പ്രഭാതത്തിലും വലിയനോമ്പിലും മൂന്ന് നോമ്പിലും ഉച്ച നമസ്ക്കാരം വേറെ ആയും നടത്തും.

നമസ്കാരം പള്ളിയിൽ: നമസ്കാരക്രമങ്ങളുടെ ഹ്രസ്വരൂപമാണ് കുടുംബാരാധനക്രമമായി ക്രമീകരിച്ചിട്ടുള്ളത്. പൂർണ്ണരൂപം വൈദികരുടെ നേതൃത്വത്തിൽ പള്ളിയിലാണ് നടത്തുക. അപ്പോൾ പ്രാർത്ഥന, സങ്കീർത്തനം, പ്രബോധനം, ഗീതങ്ങൾ, ധൂപപ്രാർത്ഥന, വേദവായനകൾ, ധൂപസമർപ്പണം, ആശീർവ്വാദം എന്ന ക്രമീകരണം ഉണ്ട്. ദയറാക്കാർക്കും ആശ്രമങ്ങളിൽ നടത്തുവാൻ ഇവ കൂടാതെ രഹസ്യപ്രാർത്ഥന, ഉച്ച നമസ്ക്കാരം എന്നിവ വേറെയുമുണ്ട്.

ഓരോ ദിവസത്തിലും ആഴ്ചകളിലും പെരുന്നാളുകളിലും നമസ്കാരത്തിൽ നിബന്ധിച്ച ഗാനങ്ങൾക്കും കൗമ്മാകൾക്കും എട്ട് നിർദ്ദിഷ്ട രാഗങ്ങളും സഭ ക്രമീകരിച്ചിട്ടുണ്ട്. നമസ്കാരം ഏറിയകൂറും സംഗീതമായതിനാൽ ഗീതങ്ങളുടെ ഈ വർണ്ണഭേദം ആരാധനയെ സ്വർഗ്ഗീയ ലഹരിയിലേക്കുയർത്തുന്നു.

നരകം: പാപികളുടെ നിത്യ ദണ്ഡനസ്ഥലം (ആവ. 32:22; ദാനി. 7:10). കെടാത്ത അഗ്നിനരകത്തെപ്പറ്റി പുതിയനിയമത്തിലും സൂചനകൾ കാണാം (മാർക്കോ. 9:43). പാപത്തോടുള്ള ദിവ്യപ്രതികരണത്തിന്റെ പ്രതീകമാണ് നരകം. '*ഗീഹാന*' കാണുക.

നല്ല വാതിൽ: വധൂഗൃഹത്തിൽ നിന്ന് വരന്റെ ഗൃഹത്തിലേക്ക് ആദ്യമായി പ്രവേശിക്കുന്ന ചടങ്ങിന് ചില പ്രദേശങ്ങളിൽ ഈ പേർ ഉപയോഗിക്കുന്നു.

നല്ലില വലിയപള്ളി: തിരുവനന്തപുരം ഭദ്രാസനം. 1893-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ, മാർ ഗബ്രിയേലിന്റെ നാമത്തിൽ ശിലാസ്ഥാപനം നടത്തി. പള്ളിയുടെ പുനർനിർമ്മാണം പൂർത്തിയായതിനെത്തുടർന്ന് 1958 മേടം 20-ന് ഗീവറുഗ്ഗീസ് II കാതോലിക്കാ കൂദാശ ചെയ്തു. 4 കുരിശിൻതൊട്ടികൾ ഉണ്ട്. 250 കുടുംബങ്ങൾ.

നവീകരണം: കത്തോലിക്കാ സഭയിൽ 14-17 നൂറ്റാണ്ടുകൾക്കിടയിൽ സംഭവിച്ച വ്യതിയാനങ്ങൾ. ഇംഗ്ലണ്ടിൽ ജോൺ വൈക്ലിഫും (1330-84) ബൊഹീമിയയിൽ ജോൺ ഹസ്സും (1372-1415) സഭയുടെ ഘടനയെയും ശൈലിയെയും ചോദ്യം ചെയ്തു. പാപമോചനച്ചീട്ടിന്റെ വില്പനയ്ക്കെതിരെ 1517-ൽ മാർട്ടിൻ ലൂതർ എന്ന വൈദികൻ പരസ്യമായി രംഗത്തുവന്നു. പാപ്പായുടെ അധികാരം, വസ്തുമാറ്റ ഉപദേശം, അവിവാഹിത പട്ടത്വം എന്നിവ ലൂതർ ചോദ്യം ചെയ്തു. സ്വിറ്റ്സർലണ്ടിൽ സ്വിംഗ്ളി പാപ്പായ്ക്കും സന്യാസപ്രസ്ഥാനങ്ങൾക്കുമെതിരെ പ്രവർത്തിച്ചു. ജോൺ കാൽവിൻ 1541-ൽ നവീകരണത്തിന് ദൈവശാസ്ത്ര ചിന്ത നല്കി. ഇവയ്ക്കൊക്കെ ശക്തമായ ജനപിന്തുണ ലഭിച്ചു. ഇംഗ്ലണ്ടിലെ ഹെൻട്രി എട്ടാമൻ പാപ്പായുടെ ആധിപത്യത്തിൽ നിന്ന് ഇംഗ്ലണ്ടിലെ ജനതയെ മോചിപ്പിച്ചു. പശ്ചിമ ജർമ്മനി, ഫ്രാൻസ്, നെതർലാണ്ട്, സ്കോട്ട്ലണ്ട് എന്നിവയിൽ നവീകരണം പടർന്ന് പന്തലിച്ചു. നവീകരണസഭകൾ പ്രോട്ടസ്റ്റണ്ടുകാർ എന്നറിയപ്പെട്ടു.

നവീകരണം മലങ്കരയിൽ: 19-ാം നൂറ്റാണ്ടിൽ വൈദികസെമിനാരിയിൽ അധ്യാപനത്തിനായി നിയമിക്കപ്പെട്ട മിഷണറിമാർ മലങ്കരസഭയിൽ നവീകരണ ആശയം പ്രചരിപ്പിച്ചു. തൽഫലമായി മാവേലിക്കര സുന്നഹദോസ് നവീകരണ നിർദ്ദേശങ്ങൾ നിരാകരിച്ചു (‘*മാവേലിക്കര സുന്നഹദോസ്*’ കാണുക). തുടർന്ന് മാരാമണ്ണ് ഏബ്രഹാം മല്പാന്റെ നേതൃത്വത്തിൽ ഒരു സംഘം നവീകരണവാദികൾ സഭയിൽ പ്രബലപ്പെട്ടു. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് മലങ്കര മെത്രാൻ എന്ന് വിവാദമധ്യേ രാജകീയാംഗീകാരം നേടുകയും നവീകരണത്തെ പിന്തുണക്കുകയും ചെയ്തു. പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ മലങ്കരസഭ ഈ അഭിനവ നവീകരണ സംരംഭത്തെ ചെറുക്കുകയും അത് സെമിനാരിക്കേസിൽ കലാശിക്കുകയും ചെയ്തു. 1789-ലെ റോയൽക്കോടതി വിധിയോടെ തർക്കങ്ങൾ

അന്തിമമായി തീരുമാനിക്കപ്പെട്ടു. നവീകരണക്കാർക്ക് മലങ്കരസഭയിലെ പൊതുസ്വത്തുക്കളിന്മേലും പള്ളികളിന്മേലും അവകാശമില്ലെന്ന റോയൽ ക്കോടതി വിധിയോടെ തർക്കങ്ങൾ അന്തിമമായി തീരുമാനിക്കപ്പെട്ടു. നവീ കരണക്കാർക്ക് മലങ്കരസഭയിലെ പൊതുസ്വത്തുക്കളിന്മേലും പള്ളികളി ന്മേലും അവകാശമില്ലെന്ന് റോയൽക്കോടതി വിധിച്ചതോടെ നവീകരണ ക്കാർ പിരിഞ്ഞുപോവുകയും മാർത്തോമ്മാ സഭ എന്ന പുതിയ ഒരു സഭ രൂപീകരിക്കുകയും ചെയ്തു. '*മാർത്തോമ്മാ സഭ*' കാണുക.

നവീകരണസഭകൾ: നവീകരണം പ്രഖ്യാപിച്ച പ്രോട്ടസ്റ്റണ്ട് സഭക ളുടെ പൊതുവായ പേര്. തീവ്ര സമീപനം നവീകരണത്തിൽ സ്വീകരിച്ച കാൽവിനിസ്റ്റുകളെയാണ് പ്രത്യേകമായി ഉദ്ദേശിക്കുന്നത്. ലൂതറൻ സഭ അതിൽ ഉൾപ്പെടുന്നില്ല.

നർസായി: നെസ്തോറിയൻ വേദശാസ്ത്രജ്ഞൻ. എഡേസായിൽ 437-ൽ സെമിനാരി അധ്യാപകൻ. 471-ൽ നിസിബീസിൽ നെസ്തോറി യൻ സ്കൂൾ ആരംഭിച്ചു. പഴയനിയമത്തിന് വ്യാഖ്യാനങ്ങൾ രചിച്ചു. പരി ശുദ്ധാത്മ കിന്നരം എന്ന് അദ്ദേഹത്തെ വിളിക്കുന്നു. ഒട്ടേറെ ആരാധനാ ഗീതങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ തൃശ്ശൂരിൽ പൗരസ്ത്യ കൽദായസഭ ഒരു പ്രസ് സ്ഥാപിച്ചിട്ടുണ്ട്.

നവോമി: ബേത്‌ലഹേമ്യൻ ഏലിമലേക്കിന്റെ ഭാര്യ. ക്ഷാമകാലത്ത് മോവാബിൽ പോയി. പുത്രഭാര്യ രൂത്തിനൊപ്പം തിരിച്ചുവന്നു (രൂത്ത് 1:22).

നയോമി വെട്ടത്ത്, ഡോ.: കുന്നംകുളം ചെറുവത്തൂർ ഡോ. സി. സി. മാത്യുവിന്റെയും ഇട്ട്യേനത്തിന്റെയും മകൾ. 25-1-1935 ന് ജനിച്ചു. എം.ബി.ബി.എസ്., എം.എസ്., ഡി.ഒ.എം.എസ്. തുടങ്ങിയ ബിരുദങ്ങൾ നേടി. കങ്ങഴ, കോലഞ്ചേരി, എറണാകുളം ലൂർദ്, മരട്, നെട്ടൂർ ആശുപ ത്രികളിൽ നേത്രചികിത്സ നടത്തി. യു. എസ്. എ., വെല്ലൂർ, തിരുവനന്ത പുരം മെഡിക്കൽ കോളജ് എന്നിവിടങ്ങളിൽ സേവനം ചെയ്തു. മെഡി ക്കൽ മേഖലയിൽ ബൈബിൾ ക്ലാസ് പതിവാണ്. അമൂല്യ സത്യങ്ങൾ എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നസ്രാണി: നസ്രായന്റെ അനുയായികൾ എന്ന നിലയിൽ കേരള ക്രൈസ്തവ ജനത മലങ്കര നസ്രാണികൾ എന്ന് അറിയപ്പെട്ടു. നസ്രാണി മാപ്പിള എന്ന് മറ്റു മാപ്പിളമാരിൽ നിന്ന് അവരെ വേർതിരിച്ച് പറഞ്ഞിരുന്നു. പ്രസിദ്ധ സഭാചരിത്രകാരനായ ഇസഡ്. എം. പാറേട്ടിന്റെ മലങ്കരസഭാ ചരിത്രപരമ്പരയുടെ പേര് മലങ്കര നസ്രാണികൾ എന്നാണ്. സഭാചരിത്ര കാരനായ എം. കുര്യൻ തോമസ് 'നസ്രാണി പഠനങ്ങൾ' എന്ന പേരിൽ ഒരു ഗ്രന്ഥപരമ്പര രചിച്ചു വരുന്നു. 'നസ്രാണി' എന്ന പേരിൽ ഒരു ലിറ്റിൽ

മാഗസിൻ 1989–1991 കാലത്ത് ജോയ്സ് തോട്ടയ്ക്കാട് പ്രസിദ്ധീകരിച്ചിരുന്നു.

നസ്രാണി ജഡ്ജിമാർ: തിരുവിതാംകൂറിൽ 1811 മുതലും കൊച്ചിയിൽ 1812 മുതലും കേണൽ മൺറോ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന്റെ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) ഉപദേശപ്രകാരം നസ്രാണി ജഡ്ജിമാരെ നിയമിച്ചു. തിരുവിതാംകൂറിൽ പത്മനാഭപുരം, തിരുവനന്തപുരം, വൈക്കം, മാവേലിക്കര, ആലുവ എന്നിവിടങ്ങളിൽ ഉള്ള ജില്ലാക്കോടതികളിലും തിരുവനന്തപുരത്ത് അപ്പീൽ കോടതിയായ ചതുർക്കോടതിയിലും (മൂന്ന് ജഡ്ജിമാരും ദിവാൻജിയും ഉൾപ്പെട്ട ചതുർക്കോടതി പിന്നെ സദിർക്കോടതി എന്ന് പരിണമിച്ചു) കൊച്ചിയിൽ തൃശ്ശൂർ, എറണാകുളം, തൃപ്പൂണിത്തുറ എന്നീ ജില്ലാക്കോടതികളിലും എറണാകുളത്തെ അപ്പീൽ കോടതിയിലും നസ്രാണി ജഡ്ജിമാർ ഉണ്ടായിരുന്നു. ചാത്തനൂർ കൊച്ചുകോശി, ടി. കുഞ്ഞുമാക്കാണ്ട, കോയിപ്പുറത്ത് ചാക്കോ ഗീവറുഗ്ഗീസ്, തേവലക്കര കുഞ്ഞുമ്മച്ചൻ, തുമ്പുങ്കൽ കുഞ്ഞുവർക്കി, ടി. കൊച്ചുകോശി, പൂതിയോട്ട് കൊച്ചിട്ടിക്കുരുവിള, അടങ്ങപ്പുറത്ത് ജഡ്ജി, തുമ്പമൺ തെക്കേവീട്ടിൽ പീലിപ്പോസ്, പുതുപ്പള്ളി ചാഴ്വലത്ത് ഉലഹന്നാൻ, പുതുപ്പള്ളി താഴത്ത് മാത്തു, ടി. താഴത്ത് രണ്ടാം ജഡ്ജി, കാർത്തികപ്പള്ളിൽ പനച്ചമൂട്ടിൽ ഈപ്പൻ, മൂലമണ്ണിൽ ജഡ്ജി എന്നിവർ തിരുവിതാംകൂറിലും (തൊമ്മൻ ഔസേപ്പ്, മാത്തു പോത്തൻ ജഡ്ജി, പുത്തൻകാവിൽ ആലുംമൂട്ടിൽ ജഡ്ജി എന്നിവരെപ്പറ്റിയും പരാമർശമുണ്ട്) എടക്കുളത്ത് പുന്നാപ്പറമ്പിൽ ഊക്കൻ, ഊക്കൻ കുഞ്ഞിഐപ്പ് രണ്ടാം ജഡ്ജി, കാക്കശ്ശേരി (കുന്നംകുളം) ഐപ്പ്, ഒല്ലൂർ മേച്ചേരിൽ ഇട്ട്യേച്ചൻ, പഴഞ്ഞി പാടത്ത് ചേറു, മഴുവഞ്ചേരി പറമ്പത്ത് കോരുത്, കൊട്ടേക്കാട്ട് കൊളങ്ങാട്ട് ജഡ്ജി, പുന്നത്തുറ ഉതുപ്പ്, താഴത്തങ്ങാടിയിൽ തട്ടുങ്കൽ പുത്തൻപുരയ്ക്കൽ ഉതുപ്പ്, കണിയാവെള്ളി അവിരാ, കുന്നംകുളം ചീരൻ ജഡ്ജി, മാണി എന്നിവർ കൊച്ചിയിലും ജഡ്ജിമാരായി സേവനം അനുഷ്ഠിച്ചു (കൂടുതൽ വിവരങ്ങൾക്ക് *മലങ്കരസഭാ വിജ്ഞാനകോശം* പു. 424–25 കാണുക).

1836–ലെ മാവേലിക്കര സുന്നഹദോസിനോടുള്ള അമർഷം നിമിത്തം മിഷണറിമാർ പ്രേരണ ചെലുത്തി ഇരു സർക്കാരിലേയും നസ്രാണി ജഡ്ജിമാരെ ഒരേ ദിവസം പിരിച്ചുവിട്ടു.

നസ്രാണി – നമ്പൂതിരി സാദൃശ്യങ്ങൾ: എ. ഡി. 7, 8 നൂറ്റാണ്ടുകളിൽ കേരളത്തിലെത്തിയ നമ്പൂതിരിമാർ അന്നത്തെ കേരളത്തിലെ ശ്രേഷ്ഠവിഭാഗമായ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ നിന്ന് ഏറെ കാര്യങ്ങൾ സ്വാംശീകരിച്ചു. പാലൂർ ഭാഗത്താണ് ഇത് തുടങ്ങിയത്. ഏട്ടൻ, ഏച്ചി

എന്നിവ അതേപടി സ്വീകരിച്ചു. അപ്പനെ ചെറിയ വ്യത്യാസം വരുത്തി പിതൃസഹോദരനാമമായി സ്വീകരിച്ചു. സമാവർത്തന ക്രിയയ്ക്ക് രണ്ടാം ജന്മം എന്ന് പേരിട്ട് പുതിയ സൃഷ്ടി എന്ന സങ്കല്പം സ്വീകരിച്ചു. മക്കത്തായം സ്വീകരിച്ചു. പിന്നിൽ ഞൊറിഞ്ഞുടുക്കുന്ന പത്തു മുഴം വെള്ള മുണ്ട് നമ്പൂതിരി സ്ത്രീകൾ സ്വീകരിച്ചു. വിവാഹബന്ധത്തിന് നാല് തലമുറയെങ്കിലും അകലം വേണം. താലി, താലികെട്ട്, താലിയോടുള്ള ബഹുമാനം, വിവാഹത്തിലെ പുരോഹിത സാന്നിധ്യം ഇവ ശ്രദ്ധേയം. സ്ത്രീധനം, വിവാഹപ്പന്തൽ, മുക്കാലിപ്പലകയിൽ കയറ്റി നിർത്തിയ അനുഷ്ഠാനങ്ങൾ, അയിനിഊൺ, പേരിടൽ, 41 ദിന ശ്രാദ്ധം ഇവയും ശ്രദ്ധേയം. കുർബ്ബാനയെ ദൃശ്യകലയെന്ന മട്ടിൽ വീക്ഷിച്ച് തൽസാദൃശ്യത്തിൽ രൂപം കൊടുത്ത കൂത്തും കൂടിയാട്ടവും കഥകളിയും ഏറെ പഠനാർഹം. അതിലെ ചടങ്ങുകളും വേഷങ്ങളും മുദ്രകളും വാദ്യങ്ങളും സമയക്രമങ്ങളും ഇതിവൃത്ത സ്വീകരണവും ഒക്കെ ദേവാലയകർമ്മങ്ങൾ, പുരോഹിതവേഷങ്ങൾ തുടങ്ങിയവയോട് കടപ്പെട്ടിരിക്കുന്നു. ജീവിതത്തിലെ പ്രധാനഘട്ടങ്ങളെ മതവുമായി ബന്ധപ്പെടുത്തി അവയിൽ പുരോഹിത കർമ്മാനുഷ്ഠാനങ്ങൾ ഏർപ്പെടുത്തിയതും പഠനാർഹങ്ങളായ സമാനതകൾ ആണ്.

നസ്രാണി പട്ടാളം: വ്യാപാരം കുലത്തൊഴിലായതിനാൽ തൽസംരക്ഷണാർത്ഥം ആയുധപരിശീലനം അപരിത്യാജ്യമായിരുന്നു. സൈനിക പരിശീലനം അവർക്ക് അനുവദിക്കപ്പെട്ടിരുന്നു. എട്ടു വയസ്സു മുതൽ കച്ചവട പരിശീലനത്തോടൊപ്പം ആയുധ പരിശീലനവും ആരംഭിക്കുന്നു. നീണ്ട ലോഹപ്പിടിയുള്ള കത്തി അരപ്പട്ടയിൽ സൂക്ഷിച്ചിരിക്കും. വലതു കൈയിൽ ഉറയൂരിയ വാളും ഇടതുകൈയിൽ പരിചയും പിടിച്ചാണ് ഇവർ സഞ്ചരിക്കുക. ഇവർ നായാട്ടുകാരും പടയാളികളും ആയിരുന്നു. യുദ്ധകാലത്ത് ആവശ്യപ്പെടുമ്പോൾ ഈ നസ്രാണി സൈന്യം രാജാവിന്റെ പടയായി വർത്തിക്കും. ക്രിസ്ത്യാനി ഭടന്മാരുടെ സംഖ്യ രാജാക്കന്മാർക്ക് സുരക്ഷിതത്വവും അഭയവും അഭിമാനവും അയൽ രാജാക്കന്മാരിൽ നിന്ന് ആദരവും ലഭിക്കാൻ കാരണമായി. അവരുടെ വിശ്വസ്തതയും ധീരതയും സത്യസന്ധതയും പരിശീലനമികവും അതിന് കാരണമായി. വടുകപ്പട എന്ന് ചരിത്രത്തിൽ പരാമർശിച്ചിട്ടുള്ളത് നസ്രാണിപ്പട്ടാളത്തെ ആണെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. തലപ്പള്ളി രാജാക്കന്മാരായ കക്കാട്, അയിനിക്കൂർ, മണക്കുളം, പുന്നത്തൂർ രാജകുടുംബങ്ങൾ അംഗരക്ഷകരെന്ന നിലയിൽ രാജകൊട്ടാരങ്ങളുടെ നടപ്പാതകളിൽ ഇരുവശത്തും സൈന്യപരിശീലനം ലഭിച്ച സുറിയാനി ക്രിസ്ത്യാനികളെ കുടിപാർപ്പിച്ചിരുന്നു. അവർക്ക് പള്ളികളും പണിയിച്ചു കൊടുത്തു.

നസ്രാണിപ്പേരുകൾ: ബൈബിൾ ബന്ധമുള്ളതും ദ്രാവിഡ രൂപമുള്ളതുമായിരുന്നു ക്രിസ്ത്യാനികളുടെ പേരുകൾ.

പത്രോസ്: പാത്തു, പാത്തപ്പൻ, പാത്തുക്കുട്ടി, പുരവത്തു, പൊരോത്ത, പോത്തൻ, പോത്ത. *ദാവീദ്*: താവു, താവു അപ്പൻ, താരു, താരപ്പൻ, താത്തു, തരിയൻ, തരിയത്, താരുകുട്ടി. *സ്തേഫാനോസ്*: എസ്തപ്പാൻ, ഇത്താപ്പിരി, പുന്നൂസ്, പുന്നൻ, ഈപ്പൻ. *വർഗ്ഗീസ്*: വാറു, വറിയത്, വറീക്കുട്ടി, വറതപ്പൻ, വർക്കി, വക്കൻ, വാറുണ്ണി, കീവറീയത്.

അബ്രഹാം: ഇട്ടൻ, ഇട്ടി, അവിര, അവറാച്ചൻ, അവറാൻ, ഇട്ട്യേര, ഇട്ട്യേച്ചൻ, അയ്പൂരു, അയ്പോര, ഐപ്പ്. *സഖറിയാ*: ചേറു, ചേറപ്പൻ, സ്കറിയാ, ചെറിയത്, കുറിയാ, ചെറിയാൻ, ചേറുകുട്ടി. *യോഹന്നാൻ*: ലോന, ലോനപ്പൻ, ഓനൻ, ഓനച്ചൻ, ഉലഹന്നാൻ, യൂനസ്. *അന്ത്രയോസ്*: അന്തപ്പൻ, അന്ത്രു, അന്തപ്പായി, അന്ത്രപ്പേർ. *തോമസ്*: തൊമ്മൻ, തൊമ്മി, ഉമ്മൻ, തോമ്മാ, മാമ്മൻ. *ശീമോൻ*: ചുമ്മാർ, ചിമ്മൻ, ശീമോൻ, ശെമവൂൻ.

പൗലൂസ്: പാവു, പാവുണ്ണി, പാവുഅപ്പൻ, പൈലി, പൈലപ്പൻ, പൈലുണ്ണി, പൗലോ. *ഇയ്യോബ്*: ഇയ്യു, ഇയ്യപ്പൻ, ഇയ്യുണ്ണി, ഈപ്പൻ, ഇയ്യുകുട്ടി. *യാക്കോബ്*: കാക്കു, കാക്കുണ്ണി, കാക്കപ്പൻ, ചാക്കോ, ചാക്കോരു. *ഇസഹാക്ക്*: സാക്കു, ചാക്കു, ചാക്കുണ്ണി. *അലക്സന്ത്രയോസ്*: ചാണ്ടി, ഇടിച്ചാണ്ടി. *ഔഗേൻ*: കൊച്ചക്കൻ, കൊച്ചോക്കൻ. *പീലിപ്പോസ്*: പീലി. *യോശുവാ*: കോശി. *മാർക്കോസ്*: മാണി. *മത്തായി*: മത്ത, മാത്തൻ, മാത്തു, മാത്തുക്കുട്ടി, മാത്തപ്പൻ, മാത്തച്ചൻ, ഇട്ടിമാത്തു. *കുറിയാക്കോസ്*: കുറു, കുരിയൻ, കുരിയത്, കുരിയാക്കു, കുരിയപ്പൻ, കോര, കോരുത്, കുരുവിള.

സാറ: എത്താമ്പിള, വിത്താണ്ട, താണ്ട, കുഞ്ഞിത്താണ്ട, കാണ്ട, കാണ്ടമ്മ, സാറാമ്മ, കൊച്ചിത്താ. *ഏലിശുബാ*: ഇലിശ, ഇളച്ചി, കുഞ്ഞിളച്ചി, ഇളച്ചാർ, ഇളച്ചാരുണ്ണി, ഏലി, ലിസിയാ, അച്ചാമ്മ, അച്ചാ, അച്ചായി, അച്ചാരു. *സൂസന്ന*: ആച്ചി, ശോശാ, ശോശാമ്മ, ശൂശാ. *ഹന്ന*: കുഞ്ഞന്നം, അന്നം, അന്നമ്മ, കുഞ്ഞാണി, ആനി, ഇറ്റ്യേനം. *ജോസഫ്*: യോസ്, ഇട്ടൂപ്പ്, ഉട്ടൂപ്പ്, ഉതുപ്പ്, ഉതുപ്പൂരു, ഇട്ടൂപ്പുണ്ണി.

നസ്രാണി മാപ്പിള: മാപ്പിള = മഹാപ്പിള്ള. കച്ചവടക്കാർ എന്ന നിലയിൽ രാജാക്കന്മാർ നൽകിവന്ന ബഹുമതി. കടലിനക്കരെ നിന്ന് വന്നവരെ ജോനക മാപ്പിളമാർ (യവന = ജോനക) എന്നും ക്രിസ്ത്യാനി കച്ചവടക്കാരെ നസ്രാണി മാപ്പിളമാർ എന്നും വിളിച്ചുവന്നു. അടുത്തകാലം വരെ ഈഴവർ ഉൾപ്പെടെയുള്ളവർ പൂജക ബഹുമതിയായി ക്രിസ്ത്യാനിയെ മാപ്പിളമാർ എന്നും ക്രിസ്ത്യാനി സ്ത്രീയെ മാപ്പിളച്ചിമാർ എന്നും അഭിസംബോധന ചെയ്തിരുന്നു.

നസ്രേത്ത്: ജോസഫിന്റേയും മറിയയുടെയും ഗ്രാമം. യേശു വളർന്ന സ്ഥലം.

നാടകശാല: പള്ളിയുടെ പടിഞ്ഞാറെ ഭാഗത്തെ പ്രാകാരം. വിശ്വാസ പഠിതാക്കളുടെ സ്ഥലം. വേദപുസ്തക സംഭവങ്ങൾ ഇവിടെ ദൃശ്യരൂപ ത്തിൽ അവതരിപ്പിച്ചതുകൊണ്ട് ഈ പേർ വന്നു. ഇതിന് സമാന്തരമാ യാണ് ക്ഷേത്രങ്ങളിൽ കൂത്തമ്പലങ്ങൾ ഉയർത്തിയിട്ടുള്ളത്.

നാട്ടുകൂട്ടം: ഗ്രാമസഭ. പഴയ ജനാധിപത്യശൈലിയിലെ നാട്ടുകാരുടെ പ്രതിനിധിസഭ. പഴയ പള്ളിപ്പൊതുയോഗങ്ങളുടെ ശൈലി ഇവയ്ക്കുണ്ടാ യിരുന്നു.

നാട്ടുക്രിസ്ത്യാനികൾ: വിദേശ ക്രൈസ്തവ വിഭാഗങ്ങളിൽ നിന്ന് കേരളത്തിലെ അവിഭക്ത ക്രൈസ്തവസഭയുടെ പൂർവിക അവകാശികളെ ഈ പേരിൽ വിശേഷിപ്പിക്കുന്നു.

നാത്തൂൻ: ഭർത്തൃസഹോദരിയും, സഹോദരഭാര്യയും ഈ പേരിൽ വിളിക്കപ്പെടുന്നു. നാത്തൂന്മാർ തമ്മിലുള്ള നിത്യകലഹം നാത്തൂൻപോർ എന്ന പേരിൽ അറിയപ്പെടുന്നു.

നാഥാൻ: കൊടുക്കുന്നവൻ എന്നർത്ഥം. 1. ദാവീദിന്റെ പുത്രൻ. 2. യിസ്രായേലിലെ പ്രവാചകൻ (ദാവീദ് സംഭവം ഓർക്കുക).

നാനംമോനം: വട്ടെഴുത്തിന്റെ ലിപിമാലയ്ക്കുള്ള മറ്റൊരു പേർ.

നാലംഗസമിതി: 1653-ൽ കൂനൻകുരിശു സത്യം കഴിഞ്ഞ് പന്ത്രണ്ട് പേറെദ്യൂത്തെന്മാർ ചേർന്ന് മെത്രാനായി വാഴിച്ച ഒന്നാം മാർത്തോമ്മായെ സഹായിക്കുവാൻ നിയോഗിക്കപ്പെട്ട ഉപദേശകസമിതി. ഈ നാലംഗ വൈദികസമിതിയിൽ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ, വേങ്ങൂർ ഗീവറുഗ്ഗീസ് കത്തനാർ, പറമ്പിൽ ചാണ്ടിക്കത്തനാർ, പള്ളിവീ ട്ടിൽ ചാണ്ടിക്കത്തനാർ എന്നിവരായിരുന്നു അംഗങ്ങൾ. ഒടുവിൽ പറഞ്ഞ രണ്ടുപേരും ഏറെ താമസിയാതെ മറുഭാഗത്ത് ചേർന്നു.

നാല്പത് നോമ്പ്: പഴയനിയമസഭയിൽ മോശയും ഏലിയാവും ഈ നോമ്പ് ആചരിച്ചു. യേശു പരസ്യ വ്യാപാരത്തിനു മുമ്പായി ഈ നോമ്പ് ആചരിച്ചു. ഈ നോമ്പിൽ അഞ്ച് ദിവസത്തേയ്ക്ക് - തിങ്കൾ തൊട്ട് വെള്ളി വരെ - പ്രത്യേക നമസ്കാരക്രമമുണ്ട്. ഉപവാസ ദിനങ്ങളാകയാൽ ശനി, ഞായർ മാത്രമേ സാധാരണഗതിയിൽ കുർബ്ബാനയുള്ളൂ. ആദ്യത്തെ രണ്ടാഴ്ച കഴിഞ്ഞാൽ മാമ്മൂദീസാ നടത്താറില്ല. വിശ്വാസപഠനത്തിന്റെ കാലം കൂടെയായിരുന്നു ഈ ദിനങ്ങൾ. കഷ്ടാനുഭവത്തിന്റെ ദിവസങ്ങൾ ചേർത്ത് അമ്പത് നോമ്പ് എന്ന് സാധാരണ പറയുന്നു. കുർബ്ബാന ഇല്ലാത്ത ദിവസങ്ങളിൽ ഉപവാസം നിർബന്ധം. ചില പള്ളികളിൽ ആളുകൾ കൂട്ട മായി പള്ളിക്കെട്ടിടത്തിൽ താമസിച്ച് ഈ നോമ്പുകൾ നേർച്ചയും വഴി

പാടുമായി നോൽക്കാറുണ്ട്.

നാല്പത് സഹദേന്മാർ: 4-ാം നൂറ്റാണ്ടിൽ (323) രക്തസാക്ഷിത്വം വരിച്ചവർ. ഓർമ്മ മാർച്ച് 9. ടർക്കിയിലെ സെബസ്തി നഗരത്തിൽ ലിസിനസ് ചക്രവർത്തി പട്ടാളക്കാരോട് വിഗ്രഹങ്ങൾക്ക് ബലി കഴിപ്പാൻ ആജ്ഞാപിച്ചു. 40 പേർ അനുസരിച്ചില്ല. അവർ രചിച്ച കൃതിയാണ് 'ക്രിസ്തുവിന്റെ സഹദാമാർ ആയ 40 പേരുടെ ഉടമ്പടി.' മഞ്ഞുതടാകത്തിൽ ഇവരെ നിർത്തി. അവരിൽ ഒരാൾ വിശ്വാസത്യാഗിയായി. അയാളുടെ സ്ഥാനം മറ്റൊരാൾ ഏറ്റെടുത്തു. 40 പേരും മരവിച്ച് മരിച്ച് രക്തസാക്ഷികളായി.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (എൻ.സി.സി.ഐ.): ഇന്ത്യയിലെ സഭകളുടെ എക്യുമെനിക്കൽ വേദി. 27 അംഗ സഭകൾ, 14 റീജിയണൽ ക്രിസ്ത്യൻ കൗൺസിലുകൾ, 12 അഖിലേന്ത്യാ ക്രിസ്ത്യൻ സംഘടനകളും 7 റിലേറ്റഡ് ഏജൻസികളും അംഗങ്ങൾ. മിക്ക കത്തോലിക്കേതര സഭകളും അംഗങ്ങൾ. 1910-ൽ എഡിൻബറോയിൽ ചേർന്ന ലോക മിഷണറിസമ്മേളനം ഇന്ത്യയിൽ ചലനമുണ്ടാക്കി. 1914 ഫെബ്രുവരിയിൽ കൽക്കട്ടാ വൈ. എം. സി. എ. യിൽ വച്ച് രൂപംകൊണ്ടു. 1923-ൽ റാഞ്ചിയിൽ ചേർന്ന സമ്മേളനം അടുത്ത പുരോഗതിയുടെ ഘട്ടമായി. ക്രമേണ നാഷണൽ ക്രിസ്ത്യൻ കൗൺസിൽ ഇൻ ഇന്ത്യ എന്ന പേർ സ്വീകരിച്ചു. 1979-ൽ ഇന്നത്തെ പേർ സ്വീകരിക്കുകയും ഓർത്തഡോക്സ് സഭ അംഗത്വം സ്വീകരിക്കുകയും ചെയ്തു. ഡബ്ല്യൂ. സി. സി. യോട് അഫിലിയേറ്റ് ചെയ്തു. കൗൺസിലിന്റെ ആസ്ഥാനം നാഗ്പ്പൂർ. എൻ.സി.സി. റിവ്യൂ ഔദ്യോഗിക ജിഹ്വ.

നാസീർ: ഒരു വ്രതം. വീഞ്ഞ് ആസ്വദിക്കുകയില്ല, ക്ഷൗരമില്ല; മൃതദേഹ സ്പർശനമില്ല. യഹൂദമതത്തിലെ ഒരു വ്രതാചാരം. ശിംശോന്റെയും സ്നാപക യോഹന്നാന്റെയും വ്രതങ്ങൾക്ക് സമാനതയുണ്ട്.

നാസ്തികൻ: ദൈവനിഷേധകൻ. ആത്മാവിനെയും വേദങ്ങളെയും നിഷേധിക്കുന്നവർ ഭാരതത്തിൽ ഈ പേരിൽ അറിയപ്പെടുന്നു. ജൈന - ബുദ്ധ - ചാർവാക ദർശനങ്ങളെ നാസ്തിക ദർശനങ്ങളെന്ന് പറയുന്നു.

നാഹൂം: ആശ്വാസപൂർണ്ണൻ എന്ന് അർത്ഥം. ബി. സി. ഏഴാം നൂറ്റാണ്ടിലെ പ്രവാചകൻ.

നിക്കൊളവാസ്, സഖറിയ മാർ: 1959 ഓഗ. 13-ന് ജനിച്ചു. സാഖാ പ്രഥമൻ പാത്രിയർക്കീസിൽ നിന്ന് 15-8-1993 ൽ മെത്രാൻ സ്ഥാനമേറ്റു. 1995-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് കാതോലിക്കേറ്റിൽ സ്വീകരിക്കപ്പെട്ടു. അമേരിക്കൻ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്താ

ആയി പ്രവർത്തിക്കുന്നു.

നിക്കോദിമോസ്: ജനങ്ങളുടെ ജേതാവ് എന്ന് അർത്ഥം. യേശുവിന്റെ രഹസ്യ ശിഷ്യൻ (യോഹ. 3:1 മു). യേശുവിന്റെ സംസ്കാരത്തിൽ പങ്കു ചേർന്നു. സന്നദ്രിം സംഘാംഗം. യേശുവിന്റെ ശിഷ്യത്വം സ്വീകരിച്ചതിനെ ത്തുടർന്ന് പുറത്താക്കപ്പെട്ടു.

നിക്കോളോ കോണ്ടി: ഇന്ത്യ സന്ദർശിച്ച ഇറ്റാലിയൻ സഞ്ചാരി (1438). മൈലാപ്പൂരിൽ മാർത്തോമ്മാശ്ലീഹായുടെ കബറിടം സന്ദർശി ച്ചതായും ഇന്ത്യയിൽ അങ്ങിങ്ങായി നെസ്തോറിയൻ ക്രിസ്ത്യാനികൾ ധാരാളമുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

നിഖ്യാ വിശ്വാസപ്രമാണം: അറിയോസിന്റെ വേദവിപരീതം ചർച്ച ചെയ്യാൻ 325-ൽ നിഖ്യയിൽ സമ്മേളിച്ച സിന്നഡ് അംഗീകരിച്ച വിശ്വാ സപ്രമാണം. ഇന്നത്തെ രൂപത്തിൽ വികസിച്ചത് 381-ലെ കോൺസ്റ്റാണ്ടി നോപ്പിൾ സിന്നഡിൽ വച്ചാണ്. മാമ്മൂദീസായിൽ ഏറ്റ് പറയാൻ ഓരോ സഭയിലും വിശ്വാസപ്രമാണം ഉണ്ടായിരുന്നു. അപ്രകാരം യെരുശലേമിൽ ഉപയോഗിച്ച വിശ്വാസപ്രമാണം നിഖ്യയിൽ ഭേദഗതി ചെയ്തു അംഗീക രിച്ചു. പിന്നീട് മൂന്നും നാലും ഖണ്ഡികകൾ കുസ്തന്തീനോപ്പോലീസ് സിന്നഡ് രൂപംകൊടുത്ത് അംഗീകരിച്ചു. 473-ൽ അന്ത്യോഖ്യാ പാത്രിയർ ക്കീസ് പത്രോസ് ഇത് കുർബ്ബാനയിൽ ഉപയോഗിച്ചു. സഭകളുടെ ഐക്യ അടിസ്ഥാനമായി നിഖ്യാ വിശ്വാസപ്രമാണത്തെ അപ്പോസ്തോലിക സഭ കൾ അംഗീകരിക്കുന്നു.

നിഖ്യാ സുന്നഹദോസ് I (325): കുസ്തന്തീനോസ് ചക്രവർത്തി 325-ൽ അറിയോസിന്റെ വേദവിപരീതം ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത സാർവത്രിക സിന്നഡ്. ബിഥിന്യായിലെ നിഖ്യയിൽ 325 ജൂൺ മാസത്തിൽ 318 പിതാക്കന്മാർ സമ്മേളിച്ചു.

പുത്രൻ ഇല്ലാത്ത ഒരു കാലം പിതാവിനുണ്ടായിരുന്നുവെന്ന് അല ക്സാന്ത്രിയൻ വൈദികൻ അറിയോസ് വാദിച്ചു. പുത്രൻ സൃഷ്ടിയാണ്, പിതാവിനേക്കാൾ കുറഞ്ഞവനാണ്, എന്നൊക്കെ അറിയോസ് വാദിച്ചു. കോർദാവോയിലെ ബിഷപ്പ് ഹോസിയൂസും അന്ത്യോഖ്യൻ ബിഷപ്പ് ഒസ്താത്തിയോസും ആധ്യക്ഷ്യം വഹിച്ചു. അറിയോസിനെയും രണ്ടു അനുയായികളെയും ചക്രവർത്തി സ്ഥാനഭ്രഷ്ടരാക്കി നാടുകടത്തി. ശേഷംപേർ ഭേദഗതി ചെയ്ത യെരുശലേം വിശ്വാസപ്രമാണം ഒപ്പുവച്ച് അംഗീകരിച്ചു. ഉയിർപ്പു പെരുന്നാളിന്റെ തർക്കം പരിഹരിച്ചു. ആകെ ഇരുപത് കാനോനാകൾ അംഗീകരിച്ചു.

നിഖ്യാ സുന്നഹദോസ് II (787): ഐക്കൺ വിവാദത്തിൽ തീരുമാ

നമെടുക്കുവാൻ ഇത് കൂടി. ബൈസന്റയിൻ - റോമൻ പാരമ്പര്യങ്ങൾ ഇതിനെ 7-ാം സാർവ്വത്രിക സിന്നഡ് ആയി അംഗീകരിച്ചിട്ടുണ്ട്. 787 സെപ്തം. 14-ന് ചേർന്നു. ഐക്കണുകളെ വണങ്ങാമെന്ന് നിശ്ചയിച്ചു. ഭരണസംബന്ധമായി 22 കാനോനാകൾ അംഗീകരിച്ചു. അവയിൽ പലതും ഹൂദായ കാനോനിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നിത്യനാശം: നിത്യനാശത്തിന്റെ മുൻനിർണ്ണയം കാൽവിൻ പഠിപ്പിച്ചു. ട്രെന്റ് കൗൺസിൽ ഇതിനെ തിരസ്കരിച്ചിട്ടുണ്ട്.

നിധിയിരിക്കൽ മാണിക്കത്തനാർ (1842-1904): ഇമ്മാനുവൽ ഏബ്രഹാം കത്തനാർ എന്ന് മുഴുവൻ പേർ. കുറവിലങ്ങാട്ട് കത്തോലിക്കാ ഇടവകയിൽ 1842 മെയ് 22-ന് ജനിച്ചു. 1875-ൽ വൈദികൻ. നസ്രാണി ദീപിക പത്രാധിപർ, ഭാഷാപോഷിണി സഭയുടെ ഉപ രക്ഷാധികാരി, കോട്ടയം വികാരി ജനറൽ എന്നീ നിലകളിൽ പ്രവർത്തിച്ചു. മലങ്കരസഭയിലെ രണ്ട് കൂറ്റുകാരെയും ഐക്യത്തിലേക്കു നയിക്കുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായോട് സഹകരിച്ച് ജാതൈക്യ സംഘടന രൂപവൽക്കരിക്കുവാൻ സഹകരിച്ചു. കോട്ടയത്ത് ഈ സംഘടനയ്ക്കു വേണ്ടി ഇരുവരുടെയും പേരിൽ വുഡ്ലാൻഡ്സ് ബംഗ്ലാവും സ്ഥലവും വില കൊടുത്തു വാങ്ങിയെങ്കിലും സ്വസഭയുടെ പ്രതിഷേധ വിലക്കുകളുടെ പശ്ചാത്തലത്തിൽ മാണിക്കത്തനാർ പിൻവാങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ഷെയർ തിരിച്ചുകൊടുത്ത് സ്ഥലം മെത്രാപ്പോലീത്താ മലങ്കരസഭയുടേതാക്കി. ഇന്നത്തെ എം. ഡി. - ബസ്സേലിയോസ് കോളജ്, മലയാള മനോരമ എന്നിവ ഉൾപ്പെടുന്ന വിസ്തൃത ഭൂമിയാണ് ആ സ്ഥലം. കത്തനാർ 1904 ജൂൺ 20-ന് അന്തരിച്ചു.

നിനുവാ: മെസപ്പൊട്ടോമിയായിലെ പുരാതന സംസ്കാരകേന്ദ്രം. ബി. സി. 4500 മുതലുള്ള ചരിത്രമുണ്ട്. ബി. സി. 2300 മുതൽ ഇഷ്ത്താർ ദേവതയുടെ ആലയം ഉണ്ട്. 705-ൽ നിനുവ സെൻഖരീബിന്റെ തലസ്ഥാന നഗരിയായി. യോനയുടെ പുസ്തകം നിനുവയുടെ ചരിത്രത്തിന്റെ ഒരു ഭാഗമാണ്. നിനുവാ എന്നാൽ രക്തനഗരം എന്നർത്ഥം. ശോണിതപുരം എന്ന പേരിൽ ഇതിന്റെ കഥ ഭാരതീയ പുരാണങ്ങളിലുണ്ട്. ഇവർ കേരളത്തിൽ കുടിയേറിപ്പാർത്തുവെന്നും അവരാണ് അസുരന്മാർ എന്നും മഹാബലിയും ഓണവുമൊക്കെ നിനുവാക്കാരുടെ ഉത്സവങ്ങൾ കുടിയേറ്റക്കാരോടൊപ്പം കേരളത്തിൽ പ്രവേശിച്ചതാണെന്നും എൻ. വി. കൃഷ്ണവാരിയർ അഭ്യൂഹിച്ചിട്ടുണ്ട്. നിനുവായിലെ ഗവേഷണങ്ങൾ അസുർ ബെനിപാലിന്റെ ലൈബ്രറിയുടെ അവശിഷ്ടങ്ങൾ കണ്ടെത്തുവാൻ സഹായിച്ചിട്ടുണ്ട്. ഉഷാ - അനിരുദ്ധ വിവാഹകഥ നിനുവ - ഭാരത ബന്ധത്തിന് പുതിയ ഭാഷ്യങ്ങൾ നൽകുന്നു. 1708-ൽ മലങ്കരയിലെത്തി 1731-ൽ നിര്യാതനായ ബിഷപ്പ്

ഗബ്രിയേൽ നിനുവാ സ്വദേശി ആയിരുന്നു.

നിനുവാ നോമ്പ്: *'മൂന്ന് നോമ്പ്'* കാണുക.

നിയമം: ന്യായപ്രമാണം. മോശ മുഖേന ലഭിച്ചു (യോന 1:17). സന്മാർഗ്ഗം, സാമൂഹ്യാചാരം, കുടുംബമര്യാദ എന്നിവയുണ്ട്. ഇസ്രായേലിനെ ഒരു ജനതയായി നിലനിർത്തിയത് ന്യായപ്രമാണം ആണ്. മോശയുടെ അഞ്ചു പുസ്തകങ്ങൾ അടങ്ങിയ തോറയാണ് ന്യായപ്രമാണം. ആരാധനയും, ആചാരാനുഷ്ഠാനങ്ങൾക്കും തർക്ക പരിഹാരത്തിനും അതു പ്രമാണമായി. ന്യായപ്രമാണത്തിന് 5 ഭാഗങ്ങൾ 1. പത്തു കല്പന (പുറ. 20; ആവ. 5; പുറ. 34). 2. നിയമപുസ്തകം (പുറ. 20:22–23:33). 3. ആവർത്തനപ്പുസ്തകത്തിലെ പ്രമാണങ്ങൾ. 4. വിശുദ്ധിയുടെ പ്രമാണം (സദാചാര കർമ്മാനുഷ്ഠാന ഭാഗം. ലേവ്യ 17–26). 5. പുരോഹിതന്മാരുടെ പ്രമാണം (പുറപ്പാട് അന്ത്യ അധ്യായം, ലേവ്യ പുസ്തകം, ആവർത്തനം, യോശുവാ).

നിയമപ്പെട്ടകം: യഹോവയുടെ പെട്ടകം, സാക്ഷ്യപെട്ടകം. മരം കൊണ്ട് നിർമ്മിച്ചു. അകവും പുറവും സ്വർണ്ണം കൊണ്ട് പൊതിഞ്ഞു. നാലടി നീളം രണ്ടേകാൽ അടി വീതം വീതിയും ഉയരവും. അകത്ത് 10 കല്പനകളെഴുതിയ രണ്ടു കല്പലകകൾ (ആവ. 10:2). മരുഭൂയാത്രയിൽ കൂടെ വഹിച്ചു (സംഖ്യ 10:33). ഒടുവിൽ ശീയോ എന്ന ആരാധനസ്ഥലത്ത് പ്രതിഷ്ഠിച്ചു. യഹോവയുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകം. 1 ശമു. 4:1–7; 2 ശമു. 6:10). ശലമോൻ ഇത് ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു. പിന്നീടുള്ള ചരിത്രം അജ്ഞാതം. എബ്രായ ലേഖനത്തിൽ സൂചനയുണ്ട് (9:4).

നിയോകൈസറിയാ സിന്നഡ്: 315-ലെ സുപ്രധാന പ്രാദേശിക സിന്നഡ്. 15 കാനോനാകൾ നിർമ്മിച്ചു. ഹൂദായ കാനോനിൽ ഇവയിൽ പലതും ചേർത്തിട്ടുണ്ട്.

നിരണം ഗ്രന്ഥവരി: മേപ്രാൽ കണിയാന്ത്ര കുടുംബത്തിൽ നിന്നും കണ്ടെടുത്ത സഭാചരിത്ര കൈയെഴുത്ത് ഗ്രന്ഥം. 179 ഓലകളിലായി എഴുതപ്പെട്ടു. 1750 മുതൽ 1829 വരെയുള്ള സംഭവങ്ങളാണ് മുഖ്യ പ്രതിപാദ്യം. ഇവ കൂടാതെ മലങ്കരയുടെ ആദ്യകാല ചരിത്രം, ആഗോള ക്രൈസ്തവസഭയുടെ ആദ്യ നൂറ്റാണ്ടുകളിലെ ചരിത്രം, ചില വേദസംഭവങ്ങളുടെ വിവരണങ്ങൾ, മുഹമ്മദ് നബിയെക്കുറിച്ചുള്ള ലഘു വിവരണം, അന്ത്യോഖ്യാ – മലങ്കര വഴി വിവരം എന്നിവയും ഉണ്ട്. പകലോമറ്റം മെത്രാന്മാരുടെ താല്പര്യങ്ങളും വ്യാഖ്യാനങ്ങളും ധാരാളം പ്രതിഫലിക്കുന്ന പകലോമറ്റം കുടുംബഡയറി എന്ന് ഇത് വിവരിക്കപ്പെട്ടിട്ടുണ്ട്. 6-ാം മാർത്തോമ്മായുടെ കാലത്ത് അദ്ദേഹത്തിന് മുഖ്യപങ്കാളിത്തമുള്ള സംഭവങ്ങൾ അതിവിസ്തൃതമായി വിവരിച്ചിട്ടുണ്ട്. മലങ്കരസഭാ ചരിത്രം ഉൾപ്പെ

ടെയുള്ള ചരിത്ര വസ്തുതകളിൽ സാരമായ തെറ്റുകളും അർത്ഥഗർഭമായ മൗനങ്ങളും സംഭവിച്ചിട്ടുണ്ട്. 7-ാം മാർത്തോമ്മായുടെ കാലത്ത് ഇതെഴു താനാരംഭിച്ചു. 1829-ൽ രചന അവസാനിച്ചു. ചില കൈക്രിയകൾ പലപ്പോ ഴായി നടന്നുവെന്ന് വരികൾക്കിടയിലെ കുറിപ്പുകളും മാർജിനിലെ കുറിപ്പു കളും സംശയം ജനിപ്പിക്കുന്നുണ്ട്. 6-ാം മാർത്തോമ്മായുടെ കത്തോലിക്കാ മതപ്രവേശനവും കണ്ടനാട്ട് പടിയോലയും ഗ്രന്ഥകാരൻ ചില സൂചനകൾ മാത്രം നൽകി അവഗണിച്ചു. ആർത്താറ്റ് പടിയോലയെ തീരെ അവഗ ണിച്ചു. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ അന്ത്യോഖ്യയും പക ലോമറ്റം കുടുംബവുമാണ് മലങ്കരസഭയുടെ തലതൊട്ടപ്പന്മാർ എന്ന് സ്ഥാപിക്കുവാൻ വേണ്ടി അന്ത്യോഖ്യൻ മെത്രാന്മാരുടെ അനുഗ്രഹാശിസ്സു കളോടെ രചിക്കപ്പെട്ടതാണീ ഗ്രന്ഥം.

സഭാചരിത്ര ഗവേഷകരായ എം. കുര്യൻ തോമസിന്റെയും ജോയ്സ് തോട്ടയ്ക്കാടിന്റെയും നേതൃത്വത്തിൽ ഈ പുസ്തകം 2002-ൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2004-ൽ പോൾ മണലിൽ എഡിറ്റ് ചെയ്ത് ഈ കൃതി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗവും പ്രസിദ്ധീക രിച്ചു.

നിരണം പള്ളി: മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികളിൽ ഒന്ന്. പുരാതന നാവിക-വാണിജ്യകേന്ദ്രമായ ഇവിടെ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ദേവാലയം പല തവണ പുതുക്കിപ്പണിതിട്ടുണ്ട്. 1259-ൽ പുതുക്കിപ്പണിത വിവരം ശിലാഫലകത്തിലുണ്ട്. ഇപ്പോഴത്തെ പള്ളി 1912 ഫെബ്രു. 14-ന് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് കൂദാശ ചെയ്തു. തിരു വിതാംകൂറിൽ ഇപ്പോഴുള്ള എല്ലാ പള്ളികളുടെയും തലപ്പള്ളി. *അങ്കമാലി, നിരണം* എന്ന് പള്ളികളെ ക്രമത്തിൽ ലിസ്റ്റ് ചെയ്യുന്ന ഒരു ശൈലി ഒരു നൂറ്റാണ്ടു മുമ്പ് ഉണ്ടായിരുന്നു. രണ്ടാം മാർത്തോമ്മാ, അഞ്ചാം മാർ ത്തോമ്മാ എന്നിവർ ഇവിടെ കബറടങ്ങി. ഒന്നാം കാതോലിക്കായുടെ സ്ഥാനാരോഹണം 1912 സെപ്തം. 15-നും രണ്ടാം കാതോലിക്കായുടെ സ്ഥാനാരോഹണം 1925 ഏപ്രിൽ 30-നും ഇവിടെ വച്ച് നടന്നു. 1962-ലും 1974-ലും മലങ്കര അസോസ്യേഷൻ ഇവിടെ സമ്മേളിച്ചു. 1975-ൽ ഡോ. ഒസ്താത്തിയോസ് തുടങ്ങി അഞ്ച് പേർക്ക് ഇവിടെ വച്ച് മെത്രാൻ സ്ഥാനം നൽകി. ആയിരത്തിലധികം വീടുകൾ, മൂന്ന് ചാപ്പലുകൾ, ഒരു ഹൈസ് കൂൾ, ഒരു എൽ. പി. സ്കൂൾ, ഐ. ടി. സി. എന്നിവ ഈ പള്ളിക്കുണ്ട്. പത്രോസ് തൃതീയൻ, അബ്ദുള്ളാ, അബ്ദൽ മശിഹാ, യാക്കോബ് തൃതീ യൻ എന്നീ പാത്രിയർക്കീസന്മാർ ഈ ദേവാലയം സന്ദർശിച്ചിട്ടുണ്ട്. ചങ്ങ നാശ്ശേരി, എടത്വാ, ചമ്പക്കുളം, ചെങ്ങന്നൂർ, ചെന്നിത്തല, തിരുവല്ല, കല്ലൂ പ്പാറ പ്രദേശങ്ങളിലുള്ള പള്ളികൾ ഇവിടെനിന്ന് പല കാലങ്ങളിലായി പിരിഞ്ഞുപോയവ ആണ്. 'നിരണം പള്ളി ചരിത്രം' അഡ്വ. പി. സി. മാത്യു

പുലിക്കോട്ടിൽ 2006-ൽ രചിച്ചിട്ടുണ്ട്.

നിരണം ഭദ്രാസനം: '*മലങ്കരസഭയിലെ മെത്രാസനങ്ങൾ/ഭദ്രാസനങ്ങൾ*' കാണുക.

നിലയിണ ഒഴിക്കുക: ക്രിസ്ത്യൻ വിവാഹങ്ങൾക്കും വിശേഷാവസരങ്ങളിലും അരിമാവ് കൊണ്ട് നടത്തുന്ന ചിത്രമെഴുത്താണ് നെലോണ. ഉദയംപേരൂർ കാനോനാകളിൽ ഈ പ്രാദേശിക കലാരൂപ രചന നിരോധിച്ചിട്ടുണ്ട്.

നിലയ്ക്കൽ പള്ളി (പുതുപ്പള്ളി): 1891 മെയ് 5-ന് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് ശിലാസ്ഥാപനം നിർവഹിച്ചു. 12 ശ്ലീഹന്മാരുടെ നാമത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ പള്ളി പ്രതിഷ്ഠിച്ചു. പ്രാരംഭകാലത്ത് നവീകരണക്കാർ പള്ളിയുടെ മേൽ അവകാശം ഉന്നയിക്കുകയും കേസുണ്ടാകുകയും ചെയ്തെങ്കിലും 1904-ലെ അന്തിമവിധി ഇടവകകയ്ക്ക് ഗുണകരമായിത്തീർന്നു. പ്രശസ്തമായ നിലയ്ക്കൽ കൺവൻഷൻ 1930-ൽ ആരംഭിച്ചു. 1989-ൽ പുതിയ പള്ളി പണിത് കൂദാശ ചെയ്തു. റാവുസാഹിബ് ഒ. എം. ചെറിയാൻ, ജസ്റ്റീസ് കെ. കെ. ലൂക്കോസ്, ഡോ മേരി പുന്നൻ ലൂക്കോസ്, കന്നുകുഴിയിൽ കുരുവിള എഞ്ചിനിയർ, സി. ഐ. ഇട്ടി, എം. കുര്യൻ, ഡോ. സി. ജെ. റോയ്, ടി. സി. ഉമ്മൻ, റവ. ഡോ. മാത്യു പി. ജോൺ, എം. ഐപ്പ്, പി. എൻ. നൈനാൻ തുടങ്ങിയ പല പ്രഗത്ഭരും ഇടവകാംഗങ്ങളാണ്.

നിലവിളക്ക്: മതകർമ്മസാക്ഷിയാണ് വിളക്ക്. നിലകളുള്ള വിളക്ക്, നിലത്തു വയ്ക്കുന്ന വിളക്ക്. എണ്ണ ഒഴിച്ച് തിരിയിട്ട് കത്തിക്കുന്നു. പള്ളികളിൽ ആല് വിളക്കും തൂക്കു വിളക്കും. പ്രദക്ഷിണങ്ങളിൽ കോൽവിളക്ക്. വീടുകളിൽ നിലവിളക്ക്. ഓടു കൊണ്ടുണ്ടാക്കിയത്. പ്രാർത്ഥനാവേളകൾ, മംഗളകർമ്മങ്ങൾ, പള്ളി പ്രദക്ഷിണങ്ങൾ തുടങ്ങിയ വേളകളിൽ കൊളുത്തിവയ്ക്കും.

നീട്ട്: രാജകല്പനയുടെ രേഖ. നിയമന - അവകാശ പത്രങ്ങൾ. തീട്ടൂരം എന്നും പറയും.

നീസാൻ: യഹൂദ കലണ്ടറിൽ ഒന്നാം മാസം. അതിന്റെ 14-ാം ദിവസം പെസഹാ. ഇതിന്റെ പുരാതന എബ്രായനാമം ആബീബ് എന്നാണ്. ബി. സി. ആറാം നൂറ്റാണ്ടിലെ പ്രവാസത്തിന് ശേഷം ഈ ബാബിലോണിയൻ പേർ യഹൂദന്മാർ സ്വീകരിച്ചു. ബാബിലോണിയൻ സംസ്കാര സ്വാധീനഫലമായി കേരളത്തിലും തത്തുല്യമായ മേട മാസം ആദ്യ മാസമായിരുന്നു. മേടവിഷു നമുക്ക് ആണ്ടാരംഭം. ജ്യോതിഷത്തിൽ മേടം രാശിയാണ് ആദ്യത്തേത്. ബാബിലോണിയയിലെ കൽദായരുടെ സംസർഗ്ഗം മൂലമാണ്

ജ്യോതിഷവിദ്യയും കല്പഗണിതവും നമ്മുടെ നാട്ടിലെത്തിയതെന്ന് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും കേസരി ഏ. ബാലകൃഷ്ണ പിള്ളയും നിരീക്ഷിച്ചിട്ടുണ്ട്.

നീസാൻ കുസുമം: മധ്യപൂർവദേശങ്ങളിലെ ആദ്യമാസം നീസാൻ (ഏപ്രിൽ-മേടം). വസന്തകാലമാണത്. നീസാൻ കുസുമം വസന്ത പ്രതിനിധി. സൃഷ്ടി നടന്നത് നീസാൻ (മേടം) ഒന്ന് മുതല്ക്കെന്ന സുറിയാനി സംസ്കാര പാരമ്പര്യം 12-ാം നൂറ്റാണ്ടിൽ മാർ ദീവന്നാസ്യോസ് ബർസ്ലീബി രചിച്ച കഷ്ടാനുഭവആഴ്ചയിലെ പ്രുമിയോനുകളിൽ കാണുന്നുണ്ട്.

നീഷേ (1844-1900): ജർമ്മൻ തത്വജ്ഞാനി. ലൂതറൻ പട്ടക്കാരന്റെ മകൻ. പ്രൊഫസർ ആയിരുന്നു. ആധുനിക യുഗത്തിന്റെ പ്രവാചകൻ. യുക്തിയെ തരംതാഴ്ത്തി ഇച്ഛാശക്തിയ്ക്ക് പ്രാമുഖ്യം നൽകിയ ഷോഫെൻഹോവർ സ്വാധീനിച്ചു. സൂപ്പർമാൻ എന്ന ആശയത്തിന്റെ വക്താവായി. ക്രിസ്തീയ മൂല്യങ്ങൾ ഇല്ലാതായാലേ ഇത് സാധ്യമാകൂ എന്നതിനാൽ മൂല്യങ്ങളെ അദ്ദേഹം നിഷേധിച്ചു. 1889-ൽ ബുദ്ധിശക്തി തീരെ നശിച്ചു. സാറാഇസ്ട്ര എന്ന സാഹിത്യസുന്ദരമായ തത്വവാക്യ സമാഹാരം വിശ്വവിഖ്യാതമാണ്.

നീറോ: എ. ഡി. 54-ൽ റോമ്മാ ചക്രവർത്തിയായി. നീറോ ക്ലോഡിയസ് കൈസർ എന്ന് പൂർണ്ണ നാമധേയം. പുതിയ കെട്ടിടനിർമ്മാണങ്ങൾക്കായി 64-ൽ റോമ്മാ പട്ടണത്തിന് തീ വച്ചു. റോമ്മാ നഗരം കത്തിയെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണ വായിച്ചുവത്രേ. കുറ്റം ക്രിസ്ത്യാനികളുടെ മേൽ ചുമത്തി അവരെ വേട്ടയാടി. ഈ ആദ്യ പീഡന കാലത്ത് പത്രോസ് - പൗലോസ് ശ്ലീഹന്മാർ രക്തസാക്ഷികളായി. 68-ൽ പട്ടാളവിപ്ലവമുണ്ടായി നീറോയെ റോമൻ സെനറ്റ് വധശിക്ഷയ്ക്ക് വിധിച്ചു. ഭ്രാന്തുപിടിച്ച നീറോ കഴുത്തറത്ത് ആത്മഹത്യ ചെയ്തു.

നുള്ളിക്കൊട: വിവാഹത്തിന് സന്ധ്യക്കും വിവാഹം കഴിഞ്ഞു ഗൃഹപ്രവേശനവേളയിലും നൽകുന്ന മധുരം കൊടുക്കലിന് 'നുള്ളിക്കൊട' എന്ന് പ്രാദേശിക പേരുണ്ട്. ചിരണ്ടിയ നാളികേരവും പഞ്ചസാരയും ചേർത്ത മിശ്രിതമാണ് ഈ ഔപചാരിക 'മധുരം.'

നെബുക്കദ്നേസർ: ബാബിലോണിയൻ സാമ്രാജ്യ സ്ഥാപകൻ നേബോ പോളാസ്റ്ററിന്റെ മകൻ (ബി. സി. 605-562). 605-ൽ ഈജിപ്റ്റും പാലസ്തീനും 597-ൽ യഹൂദ്യയും ആക്രമിച്ച് കീഴ്പെടുത്തി. 586-ലെ ആക്രമണത്തിൽ യെരുശലേം തകർത്തു.

നേബോ-പിസ്ഗാ: മോവാബ് ദേശത്തുള്ള അസാരീം പർവതനിര

യിലെ ഒരു മല. ഇതിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ് പിസ്ഗാ. ഇവിടെനിന്ന് മോശ പാലസ്തീൻ നാട് കണ്ടു. അങ്ങോട്ട് പ്രവേശിക്കാനാവാതെ നേബോയിൽ വച്ച് മരിച്ച് അവിടെത്തന്നെ അടക്കപ്പെട്ടു (ആവ. 32:49; 34:5).

നെയ്‌വിളക്ക്: നിലവിളക്കിൽ എണ്ണയ്ക്ക് പകരം നെയ്യൊഴിക്കുമ്പോൾ അത് നെയ്‌വിളക്കായി.

നെല്ലിക്കൽ സെന്റ് മേരീസ് പള്ളി: ചെങ്ങന്നൂർ ഭദ്രാസനം. നവീകരണത്തെ ചെറുത്ത് ചുങ്കത്ത് കുടുംബക്കാർ നല്കിയ സ്ഥലത്ത് പണിത പള്ളി. 1873-ൽ സ്ഥാപിച്ച ഈ ദേവാലയം മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II കൂദാശ ചെയ്തു. 1950-ൽ പുതുക്കിപ്പണിതു. 1988-ൽ പണി പൂർത്തിയായി.

നെല്ലും നീരും: എല്ലാ ദാനവും സമ്മാനവും ഉദകപൂർവം (ജലസഹിതം) നൽകലാണ് കേരളീയ പാരമ്പര്യം. ചെപ്പേടുകളും ഭൂമിയുടെ അവകാശ രേഖകളും ഉദകപൂർവം നൽകിയിരുന്നു. വിവാഹിതരായ ദമ്പതികൾക്ക് നെൽവിത്തുകൾ ഇട്ട ജലംകൊണ്ട് വരവേല്ക്കുന്ന ചടങ്ങാണ് നെല്ലും നീരും വീഴ്ത്തൽ. നെന്മണിയിട്ട വെള്ളത്തിൽ വിവാഹമോതിരം മുക്കി നെറ്റിയിൽ കുരിശ് വരയ്ക്കലാണിതിന്റെ ചടങ്ങ്. ചില സ്ഥലത്ത് വെള്ളത്തിൽ വെറ്റിലയോ കുരുത്തോലയോ മുക്കി അതുകൊണ്ട് കുരിശു വരയ്ക്കും. ചില സ്ഥലത്ത് ഇലകൾ വെള്ളത്തിൽ മുക്കി വധൂവരന്മാരുടെ മേൽ മൂന്നു വട്ടം തളിച്ച് എതിരേല്ക്കുന്നു. പാലൂർ - കുന്നംകുളം പ്രദേശത്ത് നെല്ലും നീരും വീഴ്ത്താൻ പിതൃസഹോദരിക്കാണ് അവകാശം. മുക്കാലിയിൽ (കൊരണ്ടിയിൽ) കയറ്റിനിർത്തി കാൽ കഴുകി മൂന്ന് പ്രാവശ്യം സദസ്സിന്റെ അനുവാദം ചോദിച്ച് ഉറപ്പുവരുത്തിയാണ് അവകാശിയായ അമ്മായി ഇത് നിർവഹിക്കുന്നത്. വെള്ളത്തിലിട്ട നെൽവിത്ത് ഉർവ്വരതയുടെ പ്രതീകമാണ് എന്ന് ഓർമ്മിക്കാവുന്നതാണ്. തന്മൂലമാവാം കാർഷിക കേരളത്തിൽ ഈ പതിവ് ഉത്ഭവിച്ചത്.

നെസ്തോർ: കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസ്. വി. മറിയാമ്മിനെ ക്രിസ്റ്റോടോക്കോസ് (ക്രിസ്തുവിനെ പ്രസവിച്ചവൾ) എന്ന് വിളിക്കുവാൻ പഠിപ്പിച്ചു. 431-ൽ ചേർന്ന എഫേസൂസ് സിന്നഡ് അദ്ദേഹത്തെ വേദവിപരീതിയായി ശപിച്ചു. അലക്സാന്ത്രിയായിലെ കൂറിലോസ് നിർദ്ദേശിച്ച തെയോടോക്കോസ് (ദൈവത്തെ പ്രസവിച്ചവൾ) എന്ന പദം അംഗീകരിക്കുകയും ചെയ്തു. മലങ്കരസഭയിലേക്ക് പേർഷ്യയിലെ നെസ്തോർ മെത്രാന്മാർ പലപ്പോഴും വന്നിട്ടുണ്ട്. പല പ്രദേശങ്ങളിലും നെസ്തോറിയൻ ആചാരങ്ങൾ പ്രചരിക്കുവാൻ കാരണം അതാണ്. തൃശൂരിലെ സുറായികൾ എന്നറിയപ്പെടുന്ന കൽദായ സുറിയാനിക്കാർ നെസ്

തോർ അനുയായികൾ ആണ്. ഇവരുടെ കൈവെപ്പ് സാധുവാണ്. ഉപദേശം അസാധുവും.

നെസ്തോറിയനിസം: തിഗ്രീസിൽ സെലൂക്യ ടെസിഫോണിൽ നെസ്തോറിയർ താവളമുറപ്പിച്ചു. നെസ്തോറിയമതം സ്വീകരിച്ച കാതോലിക്കോസിനെ പൗരസ്ത്യ പാത്രിയർക്കീസായി അവർ പ്രഖ്യാപിച്ചു. ഇവരുടെ മിഷനറിപ്രസ്ഥാനം താരതമ്യേന സുശക്തം ആയിരുന്നു. പക്ഷേ മുസ്ലീം വളർച്ച അവരെ തളർത്തി. ഇന്ന് അവർ അസ്സീറിയൻ ക്രിസ്ത്യാനികൾ എന്ന് അറിയപ്പെടുന്നു. തൃശൂരിലെ കൽദായസഭ അതിന്റെ ഇന്ത്യൻ ശാഖയാണ്.

നേർച്ച: ഉദ്ദിഷ്ടകാര്യസിദ്ധി, ദൈവകൃപയോടുള്ള നന്ദി ഇവയുടെ സൂചകമായി ദേവാലയത്തിൽ നടത്തുന്ന വിവിധതരം വഴിപാടുകളാണ് നേർച്ച. പക്ഷിമൃഗാദികൾ, ഫലമൂലാദികൾ, ഭക്ഷണവിഭവങ്ങൾ എന്നിങ്ങനെ പലവിധം നേർച്ചകളുണ്ട്. പണം, വിവിധ ലോഹങ്ങളിൽ തീർത്ത രൂപങ്ങൾ, ധാന്യങ്ങൾ തുടങ്ങിയവയും ഇതിൽ പെടും. ഭക്ഷണവിഭവങ്ങൾ പുരോഹിതൻ ആശീർവദിച്ച് ജനങ്ങൾക്ക് നൽകും. മറ്റുള്ളവ ലേലം ചെയ്ത് കിട്ടുന്ന തുക പള്ളിവരുമാനത്തിൽ ചേർക്കും. മുട്ടുകുത്തൽ, ശയനപ്രദക്ഷിണം, ഉപവാസം, വെടിക്കെട്ട്, സ്ഥാവര ജംഗമ വസ്തുക്കളുടെ ദാനം, പെരുന്നാൾ ഏറ്റെടുക്കൽ, തിരികത്തിക്കൽ, കുർബ്ബാന ചൊല്ലിക്കൽ, പള്ളിയുപകരണങ്ങൾ നൽകൽ, അടിമ സമർപ്പിക്കൽ, ആരാധനയ്ക്ക് ശേഷമുള്ള കഞ്ഞി വിതരണം, പന്ത്രണ്ട് പൈതങ്ങളുടെ നേർച്ച, വിവിധ വസ്തുക്കൾ കൊണ്ടുള്ള തുലാഭാരം എന്നിങ്ങനെ വൈവിധ്യമാർന്ന നേർച്ചകൾ ഉണ്ട്. ആദ്യഫലങ്ങൾ നേർച്ചയായി സമർപ്പിക്കുന്ന പതിവും ഉണ്ട്.

നേർച്ചക്കഞ്ഞി: ആരാധനകൾക്കായി പള്ളിയിൽ വച്ച്, ഭക്തർ സമർപ്പിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് തയാറാക്കുന്ന കഞ്ഞി. ചില പള്ളികളിൽ ദുഃഖവെള്ളിയാഴ്ചയും ഉപവാസപ്രാർത്ഥനാദിനങ്ങളിലും മാത്രവും ചില പള്ളികളിൽ നോമ്പിലെ ഞായറാഴ്ചകളിൽ മാത്രവും ചില പള്ളികളിൽ എല്ലാ ഞായറാഴ്ചകളിലും കഞ്ഞി തയാറാക്കുന്നു. പണ്ടുകാലത്ത് പള്ളിയിൽ സമർപ്പിച്ച അപ്പങ്ങൾ കുർബ്ബാന കഴിഞ്ഞ് ആളുകൾ പങ്കിട്ടനുഭവിച്ചിരുന്ന വിശിഷ്ട പതിവിനെ ഇത് ഓർമ്മിപ്പിക്കുന്നു. ഈ പതിവിന്റെ അവശിഷ്ട സ്മരണയാണ് ബുർക്സാ അപ്പ വിതരണത്തിലുള്ളത്. കുർബ്ബാനയുടെ യാത്രയയപ്പ് വാക്യത്തിലെ 'യാത്രാ ഭക്ഷണങ്ങളോടെ' എന്ന പദം അങ്ങനെ അന്വർത്ഥമാവുന്നു.

നേർച്ചയപ്പം: വെള്ളയപ്പം, പാച്ചോർ, നെയ്യപ്പം തുടങ്ങിയ നേർച്ചകൾ. പട്ടക്കാർ ഇത് ആശീർവദിച്ച് ആരാധകർക്കായി വിതരണം ചെയ്യുന്നു.

നേർച്ചവിളമ്പ്: പെരുന്നാളിനും മറ്റും നേർച്ചയായി ലഭിക്കുന്ന വിഭവങ്ങൾ തയാറാക്കി നടത്തുന്ന സദ്യ. പെരുന്നാൾ സദ്യയും ഈ വകുപ്പിൽ പെടുത്താം. നേർച്ചവിളമ്പോടെ പെരുന്നാൾ പരിപാടികൾ സമാപിക്കും. പള്ളിപ്പറമ്പിലോ സമീപത്തുള്ള റോഡിൽത്തന്നെയോ വരിയായി ഇരുന്നു ഇലയിൽ സദ്യ വിളമ്പുന്ന പതിവ് മാറി ആ സ്ഥാനത്ത് ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്ന പതിവ് സ്ഥാനം പിടിച്ചിരിക്കുന്നു.

നൈനാൻ ഏബ്രഹാം, പ്രൊഫ.: പുതുപ്പള്ളി കടുപ്പിൽ ഏബ്രഹാമിന്റെ പുത്രൻ. 1921-ൽ ജനിച്ചു. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്കോടെ മാസ്റ്റർ ബിരുദം എടുത്തു. ആലുവ യു. സി., നാഗ്പൂർ ഹിസ്ലോപ്പ്, പത്തനംതിട്ട കാതോലിക്കേറ്റ്, കാൺപൂർ ക്രൈസ്റ്റ് ചർച്ച് കോളജുകളിൽ പ്രവർത്തിച്ചു. കാൺപൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ, കോളജ് ഡവലപ്പ്മെന്റ് കൗൺസിൽ ഡയറക്ടർ, കേരള സെന്റർ ഫോർ ഹയർ എജ്യൂക്കേഷൻ ഡയറക്ടർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. കാൺപൂർ ഇടവകയുടെ രൂപീകരണത്തിൽ മുഖ്യ പങ്ക് വഹിച്ച ഇദ്ദേഹം വൈദികസെമിനാരി ഗവേണിംഗ് ബോർഡ് അംഗമാണ്.

നൈനാൻ, സി. ഐ.: മാവേലിക്കര വടക്കേത്തലയ്ക്കൽ കുഞ്ചാറ്റിൽ ഇടിച്ചാണ്ടിയുടെയും അന്നമ്മയുടെയും മകൻ. 2-10-1898 ൽ ജനിച്ചു. ഹൈസ്കൂൾ അധ്യാപകൻ, പ്രശസ്ത സുവിശേഷകൻ. കോയമ്പത്തൂർ തടാകം ആശ്രമം, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് എന്നിവയുടെ ബോർഡിൽ അംഗം. കുണ്ടറ സെമിനാരി ഹൈസ്കൂൾ, തഴക്കര എം. എസ്. എസ്. ഹൈസ്കൂൾ എന്നിവയിൽ ഹെഡ്മാസ്റ്റർ. 1965 ഡിസം. 7-ന് നിര്യാതനായി.

നൊവാത്തിയോസ്: റോമിലെ ബിഷപ്പ്. റോമ്മിൽ കൊർന്നേലിയോസ് ബിഷപ്പ് ജീവിച്ചിരുന്നതിനാൽ 250-നോടടുത്തു ബിഷപ്പ് ആയ ഇദ്ദേഹത്തെ റിബൽ ആയി ഗണിക്കുന്നു. മൂന്നാം നൂറ്റാണ്ടിലെ പീഡയിൽ വിശ്വാസത്യാഗികളോട് ഇദ്ദേഹം അയവില്ലാത്ത നിലപാടെടുത്തത് പ്രശ്നമായി. ഈ ഭിന്നത നൊവോത്തിയോസ് ശീശ്മ എന്നറിയപ്പെടുന്നു. 251-ൽ ബിഷപ്പ് കൊർന്നല്യോസ് വിളിച്ചുചേർത്ത സിന്നഡ് ഇദ്ദേഹത്തെയും അനുയായികളെയും ബഹിഷ്കരിച്ചു. 258 കാലത്തു വലേറിയൻ ചക്രവർത്തിയുടെ പീഡനകാലത്ത് ഇദ്ദേഹം രക്തസാക്ഷിത്വം വരിച്ചതായി വിശ്വസിക്കപ്പെടുന്നു.

നോമ്പ് പിടിക്കുക: നോമ്പ് ആരംഭിക്കുക, നോമ്പ് അനുഷ്ഠിക്കുക എന്നൊക്കെ അർത്ഥം. ആസക്തി വെടിഞ്ഞ് പുണ്യപരിശീലനവും ദൈവസംസർഗ്ഗവും വർദ്ധിപ്പിക്കലാണ് നോമ്പ് നോൽക്കുന്നതിന്റെ ലക്ഷ്യം. ഇഷ്ട ഭക്ഷണങ്ങളും ലഹരികളും വെടിഞ്ഞ് സസ്യാഹാരം മിതമായി

കഴിച്ച് ചിട്ടയായി പ്രാർത്ഥനകൾ നടത്തി നോമ്പുകാലം ദേവാലയത്തിൽ താമസിക്കുന്നവരുമുണ്ട്. പഞ്ചേന്ദ്രിയങ്ങൾക്ക് അടിമപ്പെട്ടു പോകുന്ന ഇച്ഛാ ശക്തി വീണ്ടെടുത്ത് അതിനെ ദൈവത്തോടുള്ള വിധേയത്വത്തിൽ ശക്തീ കരിക്കുകയാണ് നോമ്പ് പിടിക്കലിന്റെ ലക്ഷ്യം. മൂന്ന് നോമ്പും അമ്പത് നോമ്പും ഉപവാസ നോമ്പുകൾ ആണ്. അക്കാലത്ത് ശനി, ഞായർ ദിന ങ്ങളിൽ മാത്രം ഉപവാസമില്ല. ഉപവാസനാളുകളിൽ വി. കുർബ്ബാന ഇല്ല. ആ ദിവസങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ഉച്ച നമസ്ക്കാരത്തിൽ 40 കുമ്പിടീലും ഉണ്ട്.

നോമ്പ് വീടൽ: എല്ലാ നോമ്പുകളുടെയും സമാപനം നോമ്പു വീടൽ ആണ്. എന്നാലും ഇരുപത്തിഅഞ്ച് നോമ്പ്, അമ്പത് നോമ്പ് എന്നിവ യുടെ സമാപനമാണ് ആ പേരിൽ സാധാരണ അറിയപ്പെടുന്നത്. എല്ലാ നോമ്പും അവസാനിക്കുന്നത് പള്ളിയിൽ നടത്തുന്ന വി. കുർബ്ബാനയോ ടെയാണ്. വെള്ളയപ്പവും (കള്ളു ചേർത്തുണ്ടാക്കുന്ന അപ്പം) ഇറച്ചിക റിയും നോമ്പ് വീടലിന്റെ പ്രത്യേക കേരളീയ വിഭവങ്ങളാണ്. 25, 50 നോമ്പുകൾ രാത്രിയിൽ നടത്തുന്ന പ്രത്യേക ശുശ്രൂഷകൾക്ക് ശേഷമുള്ള കുർബ്ബാനയോടെയാണ് സമാപിക്കുന്നത്. ഈ രണ്ടു നോമ്പു വീടലുകളും പടക്കം, വെടി, പൂത്തിരി തുടങ്ങിയ കരിമരുന്ന് പ്രയോഗങ്ങൾ കൊണ്ട് ഉത്സവച്ഛായയോടെ ആഘോഷിക്കുന്നു. അവധി ദിനങ്ങൾ ആയതിനാൽ ചിലർ ഉല്ലാസയാത്രകളും ബന്ധുഗൃഹ സന്ദർശനങ്ങളും ആ ദിവസങ്ങ ളിൽ ക്രമീകരിക്കുന്നു.

നോമ്പും പ്രാർത്ഥനയും: സഭാജീവിതത്തെ പ്രതിപാദിക്കുന്ന ഒരു ശൈലി. സാത്താനെ ജയിക്കാൻ ഇത് രണ്ടും അനിവാര്യമെന്ന് ക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. നോമ്പും നമസ്ക്കാരവും ഉപവാസവും പ്രാർത്ഥ നയും എന്നിങ്ങനെ ഈ ശൈലിയ്ക്ക് പാഠഭേദങ്ങൾ ഉണ്ട്.

നോർട്ടൻ, റവ. തോമസ്: കോട്ടയം പഴയസെമിനാരി സ്ഥാപിച്ച പ്പോൾ അവിടെ സകുടുംബം താമസിച്ച് അധ്യാപനം നിർവഹിക്കുകയും മിഷണറി പ്രവർത്തനം നടത്തുകയും ചെയ്വാൻ കേണൽ മൺറോ ക്ഷണിച്ചുവരുത്തിയ ആംഗ്ലേയ സി.എം.എസ്. വൈദിക മിഷനറി. മൺറോ യുടെ നിർദ്ദേശത്തെ സെമിനാരി സ്ഥാപകനും മലങ്കര മെത്രാപ്പോലീത്താ യുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ അനു വദിച്ചില്ല. പകരം ആലപ്പുഴ താമസിച്ചുകൊണ്ട് സെമിനാരിയിലെ അധ്യാ പനവും സഭയിലെ മിഷനറി പ്രവർത്തനവും നടത്തുവാൻ അനുവാദം നൽകി. 1816-ൽ പ്രവർത്തനം തുടങ്ങി. സെമിനാരി സ്ഥാപകൻ ദിവംഗത നായ ശേഷം ഇടക്കാല മലങ്കര മെത്രാപ്പോലീത്താ ആയി രംഗപ്രവേശനം ചെയ്ത തൊഴിയൂരിന്റെ കിടങ്ങൻ പീലക്സീനോസിന്റെ അനുവാദം ലഭി

ച്ചതിനെ തുടർന്ന് നോർട്ടൻ സെമിനാരിയിലേക്ക് താമസം മാറ്റി. 1840-ൽ അദ്ദേഹം നിര്യാതനായി.

നോവീസ്: സന്യാസ ശിഷ്യാർത്ഥി. കർക്കശമായ ശിക്ഷണത്തിന് വിധേയമായ പരിശീലനകാലം. സഭാ വസ്ത്രങ്ങൾ ധരിക്കാം. പുറത്താക്കുകയോ അംഗത്വം കൊടുക്കുകയോ ആവാം.

നോവേന: പ്രത്യേക കൃപാവരം ലഭിക്കുവാൻ പാശ്ചാത്യസഭയിൽ പ്രത്യേകിച്ച് റോമ്മൻ കത്തോലിക്കാസഭയിൽ നടത്തുന്ന ഒമ്പത് ദിവസത്തെ ധ്യാനം. 17-ാം നൂറ്റാണ്ടു മുതൽ നിലവിൽ വന്നു. പെന്തിക്കോസ്തിയിൽ അപ്പോസ്തോലന്മാർ കാത്തിരുന്നതാണ് ഈ ആചരണത്തിന് ആലംബം.

ന്യായപ്രമാണം: '*നിയമം*' കാണുക.

ന്യായാധിപന്മാർ: മോശയും അദ്ദേഹത്തിന്റെ സഹായികളായി ശതാധിപന്മാരും സഹസ്രാധിപന്മാരും യിസ്രായേലിൽ ന്യായം നടത്തിയിരുന്നു. (ആവ. 1:9-18). യോശുവായുടെ കാലശേഷം യഹോവ ന്യായാധിപന്മാരെ എഴുന്നേല്പിച്ചു (ന്യായ. 2:16). ഇവരെ രക്ഷകൻ എന്നും വിളിച്ചിരുന്നു (ന്യായ. 3:9, 15). യുദ്ധകാലത്ത് പടത്തലവൻ ആയും സമാധാനകാലത്ത് ഭരണാധിപൻ ആയും ഇവർ അറിയപ്പെട്ടു. പുരോഹിതനായ ഏലിയും ശമുവേലും ഇസ്രായേലിന് ന്യായപാലനം നടത്തി (1 ശമു. 4:18, 1 ശമു. 7:15). പിന്നീട് ന്യായപാലനം നടത്തിയത് രാജാക്കന്മാർ ആയിരുന്നു (1 ശമു. 8:20, 2 ശമു. 14:4; 15:27; 1 രാജ. 7:7). അതിനുശേഷം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു (1 ദിന. 26:29). പ്രവാസത്തിന് ശേഷം എസ്രായുടെ കാലത്ത് ഓരോ ഗ്രാമത്തിലും മൂപ്പന്മാരുടെ സംഘം ന്യായപാലനം നടത്തി (എബ്രാ. 7:25).

യോശുവ മുതൽ രാജാക്കന്മാരുടെ കാലം വരെയുള്ള നേതാക്കന്മാർ പൊതുവെ ന്യായാധിപന്മാർ എന്ന് അറിയപ്പെടുന്നു. അവർ ദേശീയ നേതാക്കന്മാർ ആയിരുന്നു. ഒത്നിയേൽ, ബാരാക്ക്, ഗിദെയോൻ, അബിമേലേക്ക്, യിപ്താഹ്, ശിംശോൻ, ശമുവേൽ എന്നിവരാണ് പ്രധാന ന്യായാധിപന്മാർ. ദെബോറയെപ്പോലെ സ്ത്രീകളും ന്യായപാലനം നടത്തിയിരുന്നു.

ന്യായാസനം: റോമൻ ഗവർണർ വിധി പ്രസ്താവിക്കുമ്പോൾ ഉപവിഷ്ടരാകുന്ന പീഠം. പീലാത്തോസ് ഇപ്രകാരം ന്യായാസനത്തിലിരുന്നതായി പുതിയനിയമത്തിൽ കാണുന്നു. ജഡ്ജിമാരുടെ ഇരിപ്പിടത്തെ നീതിപീഠം, ന്യായാസനം എന്നിങ്ങനെ വിശേഷിപ്പിക്കാറുണ്ട്.

പ

പകലോമറ്റം: മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ മലങ്കരയിലെ പൗരോഹിത്യ നൽവരം തങ്ങളുടെ കുടുംബ പൂർവികരിൽ ഏല്പിക്കപ്പെട്ടിരുന്നതായി എ. ഡി. 16–ാം നൂറ്റാണ്ടു മുതൽ അവകാശപ്പെട്ടുപോന്ന കുറവിലങ്ങാട്ടെ കുടുംബം. പാലൂരിൽ നിന്ന് കുറവിലങ്ങാട് എത്തുന്നതു വരെയുള്ള ചരിത്രം അജ്ഞാതമാണ്. ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ പകലോമറ്റം സഭാ നേതാവ് ഗീവറുഗ്ഗീസ് അർക്കദിയാക്കോൻ ആണ്. 1568–ൽ മലങ്കരയിൽ വന്ന മാർ അബ്രഹാമിന്റെയും (1597–ൽ അങ്കമാലിയിൽ കബറടങ്ങി) 1599–ലെ ഉദയംപേരൂർ സുന്നഹദോസിന്റെയും സമകാലീനനായ അദ്ദേഹം 1640–ൽ നിര്യാതനായപ്പോൾ അർക്കദിയാക്കോൻ തോമസ് ആ പദവിയിൽ നിയമിതനായി. 1653–ലെ കൂനൻകുരിശു പ്രതിജ്ഞ കഴിഞ്ഞ് അതിന് നേതൃത്വം നൽകിയ തോമ്മാ അർക്കദിയാക്കോനെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ പന്ത്രണ്ട് പട്ടക്കാർ ചേർന്ന് മെത്രാനായി വാഴിച്ചപ്പോൾ ആ തറവാട്ടിൽ ആദ്യ മെത്രാൻ ആവിർഭവിച്ചു. പിന്നീട് ആ തറവാട്ടുകാരും തറവാട്ടിൽ ദത്തു നിന്നവരും ആയ ഒമ്പത് പേർ മെത്രാന്മാരായി. പലരുടെ സ്ഥാനസാധുതയെപ്പറ്റിയും സഭയിൽ വിവാദങ്ങളും തന്മൂലം ഭിന്നതകളും ഉണ്ടായി. പകലോമറ്റം പാരമ്പര്യത്തെ വിദേശ മെത്രാന്മാരും വിദേശ മെത്രാന്മാരുടെ അന്ത്യോക്യൻ പൈതൃകത്തെ പകലോമറ്റം മെത്രാന്മാരും പരസ്പര ധാരണയോടെ ഏറ്റുപാടി. 1816–ൽ ഒമ്പതാം മാർത്തോമ്മായെ കടമറ്റത്തു വച്ച് അനധികൃതമായി 8–ാം മാർത്തോമ്മാ അണിയിച്ച മെത്രാൻവേഷങ്ങളിൽ നിന്നും ചമയങ്ങളിൽ നിന്നും 1816–ൽ മോചിപ്പിച്ചതോടെ പകലോമറ്റം കുടുംബക്കാരുടെ മെത്രാൻ വാഴ്ച അസ്തമിച്ചു. 1815 മുതൽ തെരഞ്ഞെടുപ്പ് മേലധ്യക്ഷപദവിയുടെ മാനദണ്ഡമാവാൻ തുടങ്ങി.

1900–ത്തിനു ശേഷം രൂപംകൊണ്ട 'കുടുംബയോഗങ്ങൾ' തങ്ങളുടെ കുടുംബചരിത്രങ്ങൾ പകലോമറ്റം കുടുംബവുമായും അതുവഴി മാർത്തോമ്മാ ശ്ലീഹായുമായും ബന്ധിപ്പിച്ച് തങ്ങൾ പൂർവീക നസ്രാണികളാണെന്നു വരുത്താൻ ബോധപൂർവം ശ്രമമാരംഭിച്ചതോടെ പകലോമറ്റം വീണ്ടും ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടു. പകലോമറ്റത്തിന്റെ പിന്തുടർച്ച അവകാശപ്പെടുന്ന കുടുംബയോഗങ്ങളുടെ കൂട്ടായ്മ പകലോമറ്റം മഹാ

കുടുംബയോഗം എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ ക്രിസ്തീയ കുടുംബയോഗങ്ങളിൽ അറുപതു ശതമാനവും പകലോമറ്റം പിന്തുടർച്ച അവകാശപ്പെടുന്നു എന്നതാണ് രസകരമായ വസ്തുത.

പാക്കൻഹാം വാൽഷ്, ബിഷപ്പ്: ഐർലണ്ട് സ്വദേശി. ആംഗ്ലിക്കൻ ബിഷപ്പ്. കൽക്കട്ടാ ബിഷപ്സ് കോളജ് പ്രിൻസിപ്പൽ. കോയമ്പത്തൂർ തടാകം ആശ്രമം ആരംഭിച്ചു. 1935-ൽ ഹോംസിൽ മലങ്കരസഭാ സമാധാനമുണ്ടാക്കാൻ പാത്രിയർക്കീസിനെ കാണുകയും ചില കൂടിയാലോചനകൾ നടത്തുകയും ചെയ്തു. തടാകം ക്രിസ്തുശിഷ്യാശ്രമം മലങ്കര സഭയ്ക്ക് ദാനം ചെയ്തു. സമ്പാദ്യവും നാട്ടിലെ സ്വത്തും മലങ്കരസഭയ്ക്കു നൽകുന്ന മരണപത്രം എഴുതി 1959 ജനു. 9-ന് ദിവംഗതനായി. തടാകം ആശ്രമത്തിൽ കബറടക്കപ്പെട്ടു. വി. കുർബ്ബാനയെക്കുറിച്ചും സഭാചരിത്രത്തെക്കുറിച്ചും ശ്രദ്ധേയമായ കൃതികൾ രചിച്ചു.

പക്കോമിയോസ്: ക്രൈസ്തവ സന്യാസ പ്രസ്ഥാനത്തെ ഒരു സമൂഹമായി സംഘടിപ്പിച്ച താപസഗുരു. മൂന്നാം നൂറ്റാണ്ടിൽ സൈനികനായി ഈജിപ്റ്റിൽ ജീവിതമാരംഭിച്ചു. പിന്നീട് ക്രിസ്ത്യാനിയായി സന്യാസം സ്വീകരിച്ചു. 320-ൽ നൈൽ നദീതീരത്ത് സന്യാസികൾക്ക് സമൂഹമായി താമസിക്കാൻ ഒരാശ്രമം സ്ഥാപിച്ചു. ഒരു പൊതുജീവിത നിയമാവലിയും ക്രമപ്പെടുത്തി. ആ മാതൃകയെ അനുകരിച്ചാണ് പില്ക്കാലത്ത് ആശ്രമ പ്രസ്ഥാനങ്ങൾ - സന്യാസ സ്ഥാപനങ്ങൾ - വളർന്ന് വികസിച്ചത്. അദ്ദേഹം ക്രോഡീകരിച്ച സന്യാസനിയമങ്ങൾ പ്രശസ്തമാണ്. മെയ് 14 -ന് ഇദ്ദേഹത്തിന്റെ ഓർമ്മ കൊണ്ടാടുന്നു.

പക്കോമിയോസ്, ജോസഫ് മാർ (1926-1991): മുളക്കുളം പൂവത്തുങ്കൽ വർക്കി-അന്നമ്മ ദമ്പതികളുടെ പുത്രൻ. ജനനം 19-6-1926. പത്തനംതിട്ട, എറണാകുളം സെന്റ് ആൽബർട്ട്സ്, മഹാരാജാസ് കോളജുകളിൽ നിന്നായി ബി.എ., എം.എ. ബിരുദങ്ങൾ നേടി. ഇംഗ്ലണ്ടിലെ കാർഡിഫ് സെന്റ് മൈക്കിൾസ് കോളജിൽ വേദശാസ്ത്ര പഠനം നടത്തി. 1945 ഏപ്രിൽ 7-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് ഗീവറുഗ്ഗീസ് II കാതോലിക്കാ യൗപ്പദ്യക്കിനോ സ്ഥാനം നൽകി. 1952 ജൂൺ 22-ന് ചെങ്ങന്നൂർ ബഥേൽ ചാപ്പലിൽ വച്ച് ഔഗേൻ മാർ തീമോത്തിയോസ് കശ്ശീശാപട്ടം നൽകി. പൊങ്ങലടി, വയലത്തല, ഫോർട്ട് കൊച്ചി, മലയാ, സിങ്കപ്പൂർ, എറണാകുളം പള്ളികളിൽ സേവനം അനുഷ്ഠിച്ചു. യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ്, സുന്നഹദോസിന്റെ ഓഫീസ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ച ഇദ്ദേഹത്തെ 1974-ലെ നിരണം അസോസ്യേഷൻ മെത്രാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു.

1975 ഫെബ്രു. 15-ന് പുത്തൻകാവ് പള്ളിയിൽ വച്ച് ദാനിയേൽ മാർ

പീലക്സിനോസ് റമ്പാൻ സ്ഥാനം നല്കി. 1975 ഫെബ്രുവരി 16-ന് നിരണത്തുവച്ച് മാർ പക്കോമിയോസ് എന്ന പേരിൽ ഔഗേൻ I കാതോലിക്കാ മെത്രാപ്പോലീത്താ ആയി വാഴിച്ചു. 1976 ജൂലായ് 19 മുതൽ കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലയിൽ നിയമിതനായി.

എപ്പിസ്കോപ്പൽ സിനഡിന്റെ സെക്രട്ടറി, കാതോലിക്കേറ്റ് & എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ, സഭാ ഫിനാൻസ് കമ്മറ്റി ചെയർമാൻ, ദിവ്യബോധനം വൈസ് പ്രസിഡന്റ്, മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഒന്നാം കാതോലിക്കായുടെ ജീവചരിത്രം, വി. കൂദാശകളും ആചാരാനുഷ്ഠാനങ്ങളും, വി. അന്തോണിയോസിന്റെ ജീവചരിത്രം എന്നിവ രചിച്ചു. ചരിത്രഗവേഷകനും സംഘാടകനും പ്രഭാഷകനും ആയ ഇദ്ദേഹം 19-8-1991 ന് നിര്യാതനായി. 20-ന് മുളക്കുളം കർമ്മേൽകുന്ന് പള്ളിയിൽ കബറടക്കി.

പക്കോമിയോസ്, പൗലൂസ് മാർ: കുറിച്ചി ഇടവകയിൽ പുത്തൻപുരയ്ക്കൽ കുടുംബത്തിന്റെ കോലത്തുകളം ശാഖയിലെ നെയ്ശ്ശേരിൽ കെ. കെ. ജോണിന്റെ പുത്രൻ. ജനനം 26-1-1946. കേരളാ സർവകലാശാലയിൽ നിന്ന് എം.എ. യും സെറാമ്പൂരിൽ നിന്ന് ബി.ഡി. യും ഇംഗ്ലണ്ട് ലീഡ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് സി. ആർ. ബിരുദവും നേടി. ബഥനി ആശ്രമത്തിലെ അംഗം. 8-1-1974 ൽ വൈദികനായി. വടശ്ശേരിക്കര, ചങ്ങനാശ്ശേരി, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. സന്യാസ പ്രസ്ഥാനങ്ങളുടെ സെക്രട്ടറി ആയിരുന്നു. പരുമലയിൽ 1992 സെപ്റ്റം. 10-ന് നടന്ന മലങ്കര അസോസ്യേഷനിൽ മത്സരിച്ച് വിജയിച്ചു. 1992 ഡിസം. 19-ന് റമ്പാനായി. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ പരുമല സെമിനാരിയിൽ വച്ച്, 1993 ആഗസ്റ്റ് 16-ന് മാർ പക്കോമിയോസ് എന്ന സ്ഥാനപ്പേരിൽ ഇദ്ദേഹത്തെ മെത്രാനാക്കി. ഇടുക്കിയുടെ പൂർണ്ണ ചുമതലയും അങ്കമാലിയുടെ സഹായ മെത്രാൻ സ്ഥാനവും നൽകി. പിന്നീട് ഇടുക്കിയിൽ നിന്ന് വിടർത്തി മാവേലിക്കരയുടെ ചുമതല നൽകി. 2005-ൽ അങ്കമാലിയിൽ നിന്ന് വിടർത്തി. ബഥനിയുടെ വിസിറ്റർ ബിഷപ്പായി തുടരുന്നു. മർത്ത മറിയം സമാജം പ്രസിഡണ്ടായി പ്രവർത്തിച്ചു. കാതോലിക്കേറ്റ് & എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജരായും, വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡണ്ട് ആയും പ്രവർത്തിക്കുന്നു.

പഞ്ചകല്യാണി: പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന് റസിഡണ്ട് ജനറൽ കല്ലൻ സമ്മാനിച്ച കുതിര. അസൂയാവഹമായ അംഗസൗഷ്ഠവവും തലയെടുപ്പും ബുദ്ധിശക്തിയും ഈ വിശ്വസ്ത വാഹനത്തിനുണ്ടായിരുന്നു. മാത്യൂസ് മാർ അത്താനാസ്യോസിനെക്കുറിച്ചും ഈ കുതിരയെക്കുറിച്ചും പ്രതിപാദിക്കുന്ന ചിത്രമെഴുത്ത് കെ. എം. വർഗീ

സിന്റെ ചരിത്ര നോവലിന്റെ പേരും പഞ്ചകല്യാണി എന്നു തന്നെ.

പഞ്ചഗ്രന്ഥങ്ങൾ: അഞ്ചു ചുരുളുകൾ എന്നർത്ഥമുള്ള പെന്ററ്റുക്ക് എന്ന ഗ്രീക്കു പദത്തിന്റെ വിവർത്തനം. പഴയനിയമത്തിലെ തോറ (ന്യായ പ്രമാണം) ആണിത്. മോശ മുഖേന ലഭിച്ച പാരമ്പര്യങ്ങൾ അടങ്ങിയ ഈ പുസ്തകങ്ങളെ ഓറൈത്തായുടെ പുസ്തകങ്ങൾ, ന്യായപ്രമാണ പുസ്തകങ്ങൾ, മോശയുടെ പുസ്തകം എന്നൊക്കെ പറയും. ഇസ്രായേലിന്റെ ദേശീയ, സാമൂഹ്യ, രാഷ്ട്രീയ, മത, വിശ്വാസ, ചരിത്ര പാരമ്പര്യങ്ങളെ ചരിത്രാതീത സംഭവങ്ങളും കഥകളും ഐതിഹ്യങ്ങളും മിത്തുകളും ചേർത്തു വർണ്ണാഭമായി അവതരിപ്പിച്ചിരിക്കുകയാണിതിൽ. ചരിത്രാതീത വിവരണങ്ങൾ ഉല്പ. 1–11 വരെ അദ്ധ്യായങ്ങൾ. ദൈവത്തിലൂടെയുള്ള ഇസ്രായേലിന്റെ രക്ഷണ്യപ്രവർത്തനത്തെ ഏറ്റുപറയുന്ന വിശ്വാസസംഹിതയാണ് ഈ ഗ്രന്ഥങ്ങളുടെ കേന്ദ്രബിന്ദു. അതിനുമുമ്പ് അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ ജീവചരിത്രം കേന്ദ്രബിന്ദുവിനെ വലയം ചെയ്യുന്നു. അതിന്നപ്പുറത്തെ വലയമാണ് ചരിത്രാതീത മിത്തുകൾ. ഉള്ളടക്കം ആസ്പദമാക്കിയാണ് ഗ്രീക്കു ലത്തീൻ ബൈബിളിൽ ശീർഷകങ്ങൾ. ആദ്യ അധ്യായത്തിലെ ആദ്യ പദമാണ് എബ്രായ ബൈബിളിലെ ശീർഷകം.

പഞ്ചാംഗങ്ങൾ: '*സഭാവർഷം*', '*ഗ്രീഗോറിയൻ കലണ്ടർ*' ഇവ കാണുക.

പഞ്ചമുറിവുകൾ: കൈകളിൽ രണ്ട്, കാലുകളിൽ രണ്ട്, വിലാപ്പുറത്ത് ഒന്ന് എന്നിങ്ങനെ ക്രിസ്തുവിന്റെ അഞ്ച് മുറിവുകൾ പഞ്ചക്ഷതങ്ങൾ. കവികളും ഇതിനെ പരാമർശിച്ചിട്ടുണ്ട്.

പഞ്ചസരണികൾ: ദൈവത്തിന്റെ അസ്തിത്വം തെളിയിക്കാൻ തോമസ് അക്വിനാസ് പ്രയോഗിച്ച 5 വാദമുഖങ്ങൾ. 1. ചലനത്തിന് പിന്നിൽ ചലിപ്പിക്കുന്നവൻ ഉണ്ടായിരിക്കണം. 2. കാരിത കാരക ശ്രേണിയ്ക്കു പിന്നിൽ അകാരിതകാരകൻ ഉണ്ടായിരിക്കണം. 3. സോപാധിക വസ്തുക്കൾക്ക് പിന്നിൽ പരമമായി ഒന്നുണ്ടായിരിക്കണം. 4. ഏറ്റക്കുറച്ചിലുകൾക്കപ്പുറം എല്ലാം തികഞ്ഞവർ ഉണ്ടായിരിക്കണം. 5. ലക്ഷ്യബോധം അസ്ഥാനത്തല്ലാതിരിക്കാൻ പരമലക്ഷ്യം ഉണ്ടായിരിക്കണം.

പടയോട്ടം: 1779–ലെ ടിപ്പുവിന്റെ പടയോട്ടം മലങ്കരസഭാ ചരിത്രത്തിൽ പ്രധാന സംഭവമാണ്. ആർത്താറ്റ് പള്ളിപ്പാട്ടിന്റെ വിഷയം ഈ ചരിത്ര സംഭവവും തുടർന്നുള്ള സംഭവവികാസവുമാണ്. പാലൂർ–ചാട്ടുകുളങ്ങര; കോട്ടക്കാവ് പള്ളികൾ അഗ്നിക്കിരയാക്കപ്പെട്ടതും തലപ്പള്ളിയിലെ പൂർവ്വിക പാലൂർ ക്രിസ്ത്യാനികൾ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിലേക്ക്

ഏറ്റവും ഒടുവിൽ കുടിയേറിപ്പാർത്തതും ഈ പടയോട്ടത്തിന്റെ ഫലമായിട്ടാണ്.

പടിയോല: കടലാസ് പ്രയോഗത്തിൽ വരുന്നതിന് മുമ്പ് രേഖകൾ എഴുതിവച്ചിരുന്നത് ഓലയിലാണ്. കുടപ്പനയോലയും ചെമ്പ് തകിടും വിഷയത്തിന്റെ പ്രാധാന്യം അനുസരിച്ച് ഉപയോഗിക്കും. യോഗനിശ്ചയങ്ങളും രാജശാസനങ്ങളും രേഖപ്പെടുത്തിയ ഓലകൾ ആണ് പടിയോലകൾ. ആർത്താറ്റ് പടിയോല, കണ്ടനാട് പടിയോല, മാവേലിക്കര പടിയോല, അങ്കമാലി പടിയോല എന്നിങ്ങനെ ചില പടിയോലകൾ മലങ്കരസഭാ ചരിത്രത്തിൽ ഉണ്ട്. ഇതിൽ ആർത്താറ്റ് പടിയോലയുടെ അസ്സൽ ചെമ്പോലയിൽ വട്ടെഴുത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. മറ്റു പടിയോലകൾ പിന്നീട് കടലാസിൽ പകർത്തിയെഴുതിയ രൂപത്തിൽ കാണപ്പെടുന്നു. ഭാഷാ, ചരിത്ര പഠനത്തിൽ പ്രഥമ ആകര സാമഗ്രികൾ എന്ന നിലയിൽ ഇവയ്ക്ക് വലിയ ചരിത്ര മൂല്യമുണ്ട്. ആർത്താറ്റ് പടിയോല ഇടവകയുടെ യോഗനിശ്ചയവും മറ്റുള്ളവ പള്ളിപ്രതിപുരുഷയോഗ നിശ്ചയങ്ങളുമാണ്.

പടാർത്ത: പടവാർത്ത. യുദ്ധവാർത്തകൾ എന്നർത്ഥം. പള്ളിയിലെ പ്രസംഗങ്ങൾക്ക് പടാർത്ത പറയുക എന്ന് പഴയ മലയാളത്തിൽ ഉപയോഗിച്ചിരുന്നു.

പട്ടം: തിളങ്ങുന്ന തകിടു കൊണ്ടുള്ള ശിരോഭൂഷണം. രാജാക്കന്മാർക്കും പുരോഹിതന്മാർക്കും മഹാപണ്ഡിതന്മാർക്കും ഇത് ഔപചാരികമായി സഭാമധ്യത്തിൽ വച്ച് അണിയിച്ചിരുന്നു. പട്ടത്താനം എന്ന പദം ഓർക്കുക. രാജാവിനെയും പുരോഹിതനെയും തലയിൽ അഭിഷേകം ചെയ്ത് ശിരോഭൂഷണം അണിയിക്കും, പട്ടംകെട്ടുക എന്ന പേർ അങ്ങനെ വന്നു. ഇപ്പോൾ തൽസ്ഥാനത്തുള്ളത് പരിശുദ്ധാത്മാവിന്റെ അഭിഷേകവും മുദ്രണവും തൊപ്പി ധരിപ്പിക്കലുമാണ്. മുദ്രണ സമയത്ത് പുരോഹിത പട്ടാഭിഷേക പ്രഖ്യാപനത്തിൽ പട്ടംകെട്ടപ്പെടുന്നു എന്ന് വിളംബരം ചെയ്ത് ത്രിത്വനാമത്തിൽ മൂന്ന് വട്ടം ആഘോഷമായി സ്ഥാനാർത്ഥിയുടെ നെറ്റിയിൽ പ്രധാന കാർമ്മികൻ കുരിശടയാളം ചാർത്തും. ഇപ്പോൾ പട്ടം എന്ന പദം സ്ഥാനമെന്ന അർത്ഥത്തിൽ കവിപ്പട്ടം, രാജപട്ടം എന്നിങ്ങനെ ഉപയോഗിക്കുന്നു. പട്ടം ഏറ്റവൻ പട്ടക്കാരൻ. പട്ടക്കാരുടെ മേലന്വേഷകൻ മേല്പട്ടക്കാരൻ. മശിഹായുടെ അഭിഷേകം ആണ് പരിശുദ്ധാത്മാവ് മുഖേന പട്ടംകൊട ശുശ്രൂഷയിൽ ലഭിക്കുന്നത്. ആത്മാവിലും ശരീരത്തിലും അഴിഞ്ഞുപോകാത്ത മുദ്രയാണ് പട്ടത്വത്തിന്റേത്. പ്രധാന കൂദാശകളിലൊന്ന്.

പട്ടംകൊട: ശെമ്മാശൻ, കശ്ശീശാ, എപ്പിസ്ക്കോപ്പാ എന്നിവരെ അഭിഷേകം ചെയ്യുന്ന കൂദാശ. മേല്പട്ടക്കാരൻ ആണിതിന്റെ കാർമ്മികൻ.

കുർബ്ബാന മദ്ധ്യേ നിർവഹിക്കുന്നു. സഭ തെരഞ്ഞെടുത്ത സ്ഥാനാർത്ഥി സഭയുടെ മുമ്പാകെ വിശ്വാസം ഏറ്റുപറഞ്ഞ് ഒപ്പു വയ്ക്കുന്നു. മേല്പട്ട ക്കാരൻ അവരെ കൈപിടിച്ച് ത്രോണോസിന് മുമ്പിൽ യഥാവിധി നിർത്തി നിർദ്ദിഷ്ടമായ ശുശ്രൂഷക്രമം നടത്തുന്നു. അഭിഷേകവും കൈവെപ്പും മുദ്രണവും പ്രഖ്യാപനവും കഴിഞ്ഞ് സ്ഥാനോചിത പ്രതീകങ്ങൾ അവർക്കു നൽകുകയും സ്ഥാനോചിത അംശവസ്ത്രങ്ങൾ അവരെ ധരിപ്പിക്കുകയും വി. കുർബ്ബാന നൽകി ശുശ്രൂഷ പൂർത്തിയാക്കുകയും ചെയ്യുന്നു. പ. റൂഹാ പട്ടം കൊടുക്കുന്നു എന്നാണ് സഭയുടെ അധികൃത ഭാഷ്യം. പട്ടം കൊട ആവർത്തിക്കപ്പെടാൻ പാടില്ലാത്ത കൂദാശയാണ്. സാധുവായ കൂദാശാനുഷ്ഠാനത്തിന് സാധുവായ പട്ടംകൊട അനിവാര്യമാകുന്നു.

പട്ടവും ബ്രഹ്മചര്യവും: പട്ടക്കാർക്ക് ബ്രഹ്മചര്യം എന്ന ആശയം ആദിമസഭയിൽ ഇല്ലായിരുന്നു. മറിച്ച് അധ്യക്ഷന്റെ യോഗ്യതകൾ വിവരിക്കുന്ന വേദഭാഗങ്ങളിൽ കുടുംബസ്ഥരായ അധ്യക്ഷരെയാണ് സഭ വിഭാവനം ചെയ്തിട്ടുള്ളത്. പില്ക്കാലത്ത് പട്ടം ഏല്ക്കുന്നതിന് മുമ്പ് വിവാഹം ആഗ്രഹിക്കുന്നവർ അത് നടത്തിയിരിക്കണമെന്ന് പൗരസ്ത്യ സഭ നിയമമുണ്ടാക്കി. പാശ്ചാത്യസഭകൾ എൽവീറാ കൗൺസിലിൽ വൈദിക ബ്രഹ്മചര്യം നിയമവല്ക്കരിക്കാൻ ശ്രമിച്ചു. 386-ൽ സിറിസിയസ് പാപ്പ ഇത് നിർബന്ധമാക്കി. പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ മെത്രാന്മാർ അവിവാഹിതർ ആയിരിക്കണമെന്ന് പില്ക്കാല സഭ നിശ്ചയിച്ചു. പ്രോട്ടസ്റ്റണ്ട് സഭകളിൽ ബിഷപ്പുമാർക്കും വിവാഹം നിഷിദ്ധമല്ല.

പട്ടംവെട്ടൽ: പട്ടംകൊടയുടെ ശുശ്രൂഷയുടെ ആദ്യഭാഗത്ത് സ്ഥാനാർത്ഥിയുടെ ശിരസ്സിൽ നിന്ന് കുരിശാകൃതിയിൽ കാർമ്മികൻ ത്രിത്വനാമത്തിൽ ഒരു കാർമ്മികവാക്യം ചൊല്ലി ഔപചാരികമായി രോമം കത്രിക്കുന്ന ക്രിയയെ പട്ടംവെട്ടുക എന്ന് പറയാറുണ്ട്. മൃഗീയ വികാരങ്ങളിൽ നിന്ന് വേർതിരിക്കപ്പെടുന്നു എന്നാണിതിന്റെ സൂചന.

പട്ടക്കാരൻ: '*കശീശാ*', '*പുരോഹിതൻ*', '*കത്തനാർ*', '*കഹന*' എന്നീ ശീർഷകങ്ങൾ കാണുക.

പട്ടത്വസ്ഥാനങ്ങൾ: വി. കുർബ്ബാന അർപ്പിക്കുവാനും മാമ്മൂദീസാ നടത്തുവാനുമുള്ള പൗരോഹിത്യാധികാരം യേശു പന്ത്രണ്ട് അപ്പോസ്തലന്മാർക്ക് നൽകി. പഴയനിയമ പശ്ചാത്തലത്തിൽ ഈ പൗരോഹിത്യ നൽവരം കഹനൂസായാണ്. അപ്പോസ്തോലന്മാർ കൈവെപ്പ് മൂലം കൂടുതൽ പുരോഹിതസ്ഥാനികളെ നിയമിച്ചു. ഓരോ കൂട്ടായ്മയിലും വി. കുർബ്ബാനയും വി. മാമ്മൂദീസായും അനിവാര്യമായിരുന്നതിനാൽ കൂട്ടായ്മകളുടെ എണ്ണം കൂടുംതോറും കൂദാശാനുഷ്ഠാനകരുടെ എണ്ണവും കൂടി വന്നു. പ്രാദേശിക കൂട്ടായ്മകളുടെ സംഖ്യ വർദ്ധിച്ചപ്പോൾ അവയുടെ

മേലന്വേഷണം അനിവാര്യമായി. അങ്ങനെ പുരോഹിത നൽവരത്തിന് പ്രാദേശിക അധ്യക്ഷസ്ഥാനികൾ എന്ന കശ്ശീശന്മാരും പ്രവിശ്യാദ്ധ്യക്ഷന്മാർ എന്ന എപ്പിസ്ക്കോപ്പന്മാരും ഉണ്ടായി. കശീശായെ എപ്പിസ്ക്കോപ്പാ എന്നും എപ്പിസ്ക്കോപ്പായെ കശീശ എന്നും പര്യായപദങ്ങളെപ്പോലെ പുതിയനിയമത്തിൽ പ്രയോഗിച്ചിട്ടുള്ളത് നൽവരത്തിൽ രണ്ടും ഏകസ്ഥാനമായിരുന്നതിനാലാണ്. അങ്ങനെ ഏകമായിരുന്ന പട്ടത്വസ്ഥാനം കശ്ശീശാ, എപ്പിസ്ക്കോപ്പാ എന്നു രണ്ടായി. പിന്നീട് ശുശ്രൂഷാസ്ഥാനികളെ അപ്പോസ്തോലന്മാർ നിയമിച്ചപ്പോൾ ശെമ്മാശന്മാരുണ്ടായി. സഭയുടെ പിന്നീടുള്ള വളർച്ചയിൽ പല സ്ഥലങ്ങളിൽ പല കാലങ്ങളിലൂടെ കഹനൂസായുടെ ഏറെ ചുമതലകൾ എപ്പിസ്ക്കോപ്പായിലേക്ക് ധ്രുവീകരിക്കപ്പെട്ടു. അലക്സന്ത്രിയ തുടങ്ങിയ സ്ഥലങ്ങളിൽ 4–ാം നൂറ്റാണ്ടു വരെ കശ്ശീശന്മാർ പട്ടംകൊടയും മറ്റും നടത്തിയിരുന്നുവെങ്കിലും ക്രമേണ പട്ടംകൊട എപ്പിസ്കോപ്പായുടെ മാത്രം ചുമതലയും അധികാരവുമായി. മെത്രാപ്പോലീത്താ, കാതോലിക്കാ, പാത്രിയർക്കീസ്, പാപ്പാ തുടങ്ങിയ സ്ഥാനങ്ങൾ എപ്പിസ്ക്കോപ്പായുടെ കാലാന്തര വികാസങ്ങളാണ്.

ഭരണീയരുടെ തെരഞ്ഞെടുപ്പും അപ്പോസ്തോലസ്ഥാനികളുടെ കൈവെപ്പും പട്ടത്വത്തിന് അത്യന്താപേക്ഷിതമെന്ന് അപ്പോസ്തോലകാലത്ത് തന്നെ നിയമമുണ്ടായി. എപ്പിസ്ക്കോപ്പന്മാരെയും കശ്ശീശന്മാരെയും കൂദാശാനുഷ്ഠാനത്തിലും ഭരണത്തിലും സഹായിക്കുന്നവരാണ് ശെമ്മാശന്മാർ. ഇവർക്കൊക്കെ ഉപവിഭാഗങ്ങളും ഉപചുമതലകളും അവ സൂചിപ്പിക്കുന്ന സ്ഥാനചിഹ്നങ്ങളും അംശവസ്ത്രങ്ങളും ഉണ്ട്. ഓരോ സ്ഥാനത്തിനും പ്രത്യേക ശുശ്രൂഷക്രമവും അനുഷ്ഠാനസംവിധാനവുമുണ്ട്.

പട്ടാങ്ങപ്പെട്ട: പട്ടാങ്ങ് = സത്യം. ലുപ്ത പ്രചാരമായ ഒരു മലയാള പദം. പഴയ പ്രാർത്ഥനക്രമങ്ങളിൽ പട്ടാങ്ങപ്പെട്ട ദൈവംതമ്പുരാനേ എന്ന പ്രയോഗം കാണുന്നുണ്ട്.

പട്രിസ്റ്റിക്സ്: ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടു മുതൽ എട്ടാം നൂറ്റാണ്ടു വരെ ജീവിച്ച സഭാപിതാക്കന്മാരുടെ രചനകളെപ്പറ്റിയുള്ള പഠനശാഖ. വേദപുസ്തകം ശരിയായി ഗ്രഹിക്കാൻ ഈ പഠനം അനിവാര്യമാണ്. മറ്റ് സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിനും ഈ വാക്ക് ഉപയോഗിക്കും.

പണിക്കർ: മികച്ച ആയുധ പരിശീലനം തെളിയിച്ചവർക്ക് ജാതിമത ഭേദമെന്യേ നാടുവാഴികൾ നൽകിയിരുന്ന ബഹുമതി. ജ്യോതിഷം കുലത്തൊഴിലായി സ്വീകരിച്ചവർ ഈ പേരിൽ അറിയപ്പെടുന്നു.

പതാരം: വാച്യാർത്ഥത്തിൽ ദശാംശം. എന്നാൽ വിവാഹത്തിന്

വധുവിന് ലഭിക്കുന്ന സ്വത്തവകാശത്തിൽ നിന്ന് പള്ളിക്കാര്യത്തിലേക്ക് ഈടാക്കുന്ന സംഖ്യയാണ് പതാരം (പതവാരം) അഥവാ പസാരം. ഇപ്പോൾ ഇത് അഞ്ചു ശതമാനമാണ്. പകുതി വധു അവളുടെ ഇടവകയിലും മറ്റേ പകുതി വരൻ വരന്റെ ഇടവകയിലും നൽകണം. സ്ത്രീധനം നിർത്തലാക്കിയതോടെ ഇടവകക്കാരെ പല സ്ലാബുകളിലായി തിരിച്ച് ആ സ്ലാബിനു നിശ്ചയിച്ചിരിക്കുന്ന തുക അടപ്പിക്കുകയാണിപ്പോൾ ചെയ്യുന്നത്.

പത്താക്ക്: 1808 ജനു. 14-ന് ഡോ. ക്ലോഡിയസ് ബുക്കാനൻ മലങ്കരയിലെ എല്ലാ പള്ളികളുടെയും പേരിൽ ഒരു സ്വർണ്ണമെഡൽ പാലൂർ-ചാട്ടുകുളങ്ങര പള്ളിക്കു സമ്മാനിച്ചുകൊണ്ട് വൈദികരുടെയും വിശ്വാസികളുടെയും മുമ്പിൽ വച്ച് മദ്ബഹായിലെ പ്രധാന ത്രോണോസിൽ സമർപ്പിച്ചു. ഇത് പത്താക്ക് എന്ന് കുന്നംകുളത്തും സഭാചരിത്രത്തിലും അറിയപ്പെടുന്നു. ആറേമുക്കാൽ ഇഞ്ച് ചുറ്റളവും ആറ് രൂപാത്തൂക്കം ഘനവുമുള്ള പത്താക്കിന്റെ ഒരു വശത്ത് യേശുവിന്റെ മാമ്മൂദീസായും മറുഭാഗത്ത് കൊടി പിടിച്ച് നില്ക്കുന്ന സ്നാനാർത്ഥിയുടെ ചിത്രവും ആലേഖനം ചെയ്തിട്ടുണ്ട്. ആദ്യവശത്ത് 'കർത്താവായ യേശുവേ, നിന്റെ സ്നാനം ഞങ്ങളുടെ സ്നാനത്തിന്റെ യഥാർത്ഥ മാതൃകയാകുന്നു' എന്നും മറുഭാഗത്ത് 'പ. ജ്ഞാനസ്നാനം, വിശ്വാസം, ധർമ്മം, ആശ ഇവയെ ഉളവാക്കുന്നു' എന്നും കൊടിയടയാളത്തിൽ 'ഇതാ ദൈവത്തിന്റെ കുഞ്ഞാട്' എന്നും ജർമ്മൻ ഭാഷയിൽ എഴുതിയിട്ടുണ്ട്.

കുന്നംകുളം-ആർത്താറ്റ് മഹാഇടവകയുടെ കേന്ദ്ര ഓഫീസ് സ്ഥിതി ചെയ്യുന്ന പഴയപള്ളിയിലെ മേൽപ്പട്ടിൽ സൂക്ഷിച്ചിട്ടുള്ള ഈ പുരാവസ്തു 1909-ൽ അബ്ദുള്ളാ പാത്രിയർക്കീസ് പള്ളി സന്ദർശിച്ചപ്പോൾ കരസ്ഥമാക്കി കൊണ്ടുപോയി. മദ്ധ്യസ്ഥന്മാർ മുഖേന ആവശ്യപ്പെട്ട് തിരിച്ച് കിട്ടാതെ വന്നപ്പോൾ പള്ളിക്കാർ പാത്രിയർക്കീസിന് സിവിൽ-ക്രിമിനൽ നടപടിയുടെ മുന്നോടിയായി വക്കീൽ നോട്ടീസയച്ചു. അതോടെ ബാവ പത്താക്ക് പള്ളിയിൽ തിരിച്ചേല്പിച്ചു.

പത്തനംതിട്ട: ജില്ലയുടെ ആസ്ഥാനം. തുമ്പമൺ ഭദ്രാസനത്തിന്റെ ആസ്ഥാനമായ ബേസിൽ അരമനയും സഭയുടെ ആദ്യത്തെ കോളജ് ആയ കാതോലിക്കേറ്റ് കോളജും ഇവിടെയാണ്.

പത്തനാപുരം മൗണ്ട് താബോർ ദയറ: 1934-ൽ ഫാ. സി. എം. തോമസ് (തോമ്മാ മാർ ദീവന്നാസ്യോസ്) സ്ഥാപിച്ചു. ദിദിമോസ് പ്രഥമൻ കാതോലിക്കാ, സഖറിയാ മാർ ദീവന്നാസ്യോസ്, ജോബ് മാർ പീലക്സീനോസ്, ഡോ. യാക്കോബ് മാർ ഐറേനിയസ് ഇവർ ഈ ആശ്രമാംഗങ്ങൾ. തൃശിനാപ്പിള്ളി, ബ്രഹ്മവാർ, നിലമ്പൂർ, മൈലം, മധുരമല, കുര്യനയം എന്നിവിടങ്ങളിൽ ശാഖകൾ. 3 കോളജ്, 5 ഹൈസ്ക്കൂൾ, 3 എൽ.

പി. സ്കൂൾ എന്നിവ നടത്തുന്നു.

പത്തനാപുരം മൗണ്ട് താബോർ കോൺവെന്റ്: 1925-ൽ ഡീ. സി. എം. തോമസ് സ്ഥാപിച്ചു. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നു. 50-ലേറെ അംഗങ്ങൾ ഉണ്ട്.

പത്തിച്ചിറ സെന്റ് ജോൺസ് പള്ളി: മാവേലിക്കര മെത്രാസനം. 1875-ൽ അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് ശിലാസ്ഥാപനം നടത്തി. 1971-ൽ പുതുക്കിപ്പണിതു. 1975 ജനുവരിയിൽ മാത്യൂസ് I കാതോലിക്കാ കൂദാശ ചെയ്തു. മറ്റം സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഐ. ടി. സി. ഇവ പ്രവർത്തിക്കുന്നു. ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് ഈ ഇടവകാംഗമാണ്.

പത്മോസ്: ഈ ദ്വീപിലേക്ക് യോഹന്നാൻ ശ്ലീഹാ എഫേസോസിൽ നിന്ന് നാടുകടത്തപ്പെട്ടു; എ. ഡി. 95-ൽ. ഇവിടെവച്ച് വെളിപാട് പുസ്തകം രചിച്ചു (വെളി. 1:9). ഏഷ്യാമൈനറിൽ നിന്ന് 55 കി. മീ. തെക്കു പടിഞ്ഞാറായി കിടക്കുന്ന ഈ ദ്വീപ് ഇപ്പോൾ ഗ്രീസിന്റെ അധീനതയിലാണ്. 1088-ൽ ഇവിടെ ഒരു സന്യാസാശ്രമം സ്ഥാപിച്ചു.

പത്ത് കല്പനകൾ: മതപരവും ധാർമ്മികവും സാമൂഹികവുമായ ജീവിത നിലവാരം പ്രഖ്യാപിക്കുന്ന യിസ്രായേലിന്റെ ന്യായപ്രമാണത്തിന്റെ കേന്ദ്രഭാഗം (പുറ. 20:1-17; ആവ. 5:6-20). ആദ്യത്തെ നാലും ദൈവാഭിമുഖവും ഒടുവിലത്തെ ആറെണ്ണം സമൂഹാഭിമുഖവും ആകുന്നു. ഗിരിപ്രഭാഷണത്തിൽ യേശു ഈ കല്പനകളെ അക്ഷരത്തിൽ നിന്ന് ആത്മാവിലേക്കും ശരീരത്തിൽ നിന്ന് മനസ്സിലേക്കും ബുദ്ധിയിലേക്കും ആഴപ്പെടുത്തി.

പത്തുബാധകൾ: ഈജിപ്തിലെ ജനങ്ങളുടെ മേൽ മോശ മുഖേന ദൈവം നല്കിയ പത്തു ശിക്ഷാവിധികൾ. 1. വെള്ളം രക്തമായിത്തീർന്നു. 2. തവളകളുടെ പെരുപ്പം. 3. പേൻ. 4. നായീച്ച. 5. മൃഗവസന്ത. 6. കഠിനമായ പുണ്ണ്. 7. വെട്ടുക്കിളി. 8. കൽമഴ. 9. മൂന്ന് ദിവസത്തെ അന്ധകാരം. 10. കടിഞ്ഞൂൽ സംഹാരം (പുറ. 7-11 വരെ അധ്യായങ്ങൾ കാണുക).

പത്ഥ്യോപദേശം: സത്യോപദേശം. കേരള സഭാചരിത്രത്തിൽ മാർത്തോമ്മാ സഭയിൽ ഒരു ഗ്രൂപ്പ് പത്ഥ്യോപദേശക്കാർ എന്ന് അറിയപ്പെട്ടു. കെ. എൻ ദാനിയേലും കൂട്ടരും കൂടുതൽ നവീകരണം ആവശ്യപ്പെട്ടു. വ്യവഹാരങ്ങളിൽ - ദാനിയേൽ കേസ് - പരാജയപ്പെട്ടു. അവർ പിരിഞ്ഞ് സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ സ്ഥാപിച്ചു.

പത്രസീൻ: മേൽപ്പട്ടക്കാരൻ കാപ്പയ്ക്കു മുകളിൽ മുന്നിലും പിന്നി

ലുമായി നീട്ടിഇടുന്ന വലിയ ഊറാറ. ബത്തർ - ശീൽ എന്ന പദത്തിന്റെ രൂപ പരിണാമം (അർത്ഥം - വലിയ തുണി).

പത്രോസ്: ശ്ലീഹന്മാരിൽ മൂപ്പൻ. യോനാ പിതാവ്. സഹോദരൻ അന്ത്രയോസുമൊത്ത് യേശുവിന്റെ ശിഷ്യനായി. ശീമോൻ (ഞാങ്ങണ) ആദ്യത്തെ പേർ. പിന്നീട് പത്രോസ് (കീപ്പാ=പാറ) എന്ന് പേരായി. യാക്കോബ്, യോഹന്നാൻ എന്നിവരോടൊപ്പം പത്രോസ് തൂണുകളിലൊരാൾ (മത്താ. 16:13-19; ലൂക്കോ. 22:8; മത്താ. 26:73 മു.). ശ്ലീഹന്മാരുടെ തലവന്മാരിൽ ഒരാൾ ഇദ്ദേഹമാണ്. അന്ത്യോഖ്യൻ സഭയുടെ സ്ഥാപകൻ. നീറോ റോമിൽ വച്ച് വധിച്ചു. ശ്ലീഹായുടെ അപേക്ഷപ്രകാരം തല കീഴാക്കി കുരിശിൽ തറച്ചാണ് കൊന്നത്. ജൂൺ 29-ന് ഓർമ്മപ്പെരുന്നാൾ; പൗലൂസ് ശ്ലീഹായുടെ സ്മരണയോടൊന്നിച്ച് സംയുക്തമായി കൊണ്ടാടുന്നു. അന്നാണ് ശ്ലീഹാ നോമ്പു വീടൽ. മാറാനായപ്പെരുന്നാളിന്റെ സ്ഥാനം ആ ദിവസത്തിന് സഭ നല്കുന്നു. പത്രോസിന്റെ പരമാധികാരവും മറ്റും പിൽക്കാലത്ത് റോമ്മാ സഭ പുറപ്പെടുവിച്ച അടിസ്ഥാനരഹിതമായ അവകാശവാദങ്ങളാണ്.

പത്രോസിന്റെ വെളിപാട്: രണ്ടാം നൂറ്റാണ്ടിലുണ്ടായ (ആരംഭത്തിൽ) അകാനോനിക വെളിപാട് പുസ്തകം. വിശ്വാസികളുടെ പരലോകസ്ഥിതിയെപ്പറ്റി അപ്പോസ്തോലന്മാർക്ക് നൽകുന്ന വെളിപാടുകളാണ് പ്രമേയം.

പത്രോസിന്റെ ലേഖനങ്ങൾ: രണ്ട് ലേഖനങ്ങളിൽ ഒന്ന് റോമ്മിൽ വച്ച് ഏഷ്യാമൈനറിലെ പീഡിതരെ ആശ്വസിപ്പിക്കാൻ എഴുതി. വ്യാജ ഉപദേഷ്ടാക്കൾക്കെതിരെയുള്ള മുന്നറിയിപ്പാണ് രണ്ടാം ലേഖനത്തിന് വിഷയം.

പത്രോസിന്റെ സുവിശേഷ പ്രഭാഷണങ്ങൾ: 2-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധം മുതൽ ഈ നിലയിൽ അറിയപ്പെടുന്നു. അലക്സാന്ത്രിയയിലെ ക്ലീമ്മീസിന് ഈ ഗ്രന്ഥം പൂർണ്ണരൂപത്തിൽ പരിചിതമായിരുന്നു.

പത്രോസ് കാസോറാ: കാൽസിഡോൺ സിന്നഡിനെ നിരാകരിച്ച അന്ത്യോഖ്യൻ പാത്രിയർക്കീസ്. 470-നടുത്ത് സ്ഥാനം പ്രാപിച്ചു. കാസോറ - അലക്കുപണിക്കാരൻ. കൗമ്മായിലെ 4-ാം വാക്യം ഇദ്ദേഹത്തിന്റെ സംഭാവനയാണ്. വിശ്വാസപ്രമാണം ആരാധനയിൽ ഉൾപ്പെടുത്തിയതും ഇദ്ദേഹമാണ്.

പത്രോസ് കശ്ശീശാ: കൂനൻകുരിശു സത്യത്തെ തുടർന്ന് 17-ാം നൂറ്റാണ്ടിൽ മെത്രാന്മാർക്ക് വേണ്ടി അലക്സാന്ത്രിയൻ സഭാകേന്ദ്രത്തിൽ എത്തിയ മലങ്കരസഭാ വൈദികൻ. ഇദ്ദേഹത്തെക്കുറിച്ച് ഒരറബി ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ വിവരം ഫാ. കുറിയാക്കോസ് ഒ.ഐ.സി. യോട്

അലക്സാന്ത്രിയൻ (കോപ്റ്റിക്) സഭയിലെ ഒരു സന്യാസാശ്രമത്തിലെ അംഗങ്ങൾ പറയുകയും ഗ്രന്ഥം വായിച്ചു കേൾപ്പിക്കുകയും ചെയ്തതായി അദ്ദേഹത്തിന്റെ *ഒരു വിദേശ യാത്രയും കുറെ ചിതറിയ ചിന്തകളും* എന്ന യാത്രാവിവരണ ഗ്രന്ഥത്തിൽ പറയുന്നു. പത്രോസ് കശീശായുടെ അഭ്യർത്ഥനപ്രകാരം മലങ്കരസഭയ്ക്കു വേണ്ടി ഒരു മെത്രാപ്പോലീത്തായെ വാഴിച്ച് അയച്ചുവെങ്കിലും മുസ്ലീം ഭരണാധികാരികൾ ആ മെത്രാപ്പോലീത്തായെ പിടിച്ച് കൊല്ലുകയും പത്രോസ് കശീശാ രക്ഷപ്പെട്ട് അന്ത്യോഖ്യയിലേക്കു മെത്രാനെ തേടി പോകുകയും ചെയ്തുവെന്നാണ് അറബി ഗ്രന്ഥത്തിൽ പറയുന്നത്.

പത്രോസ് കശ്ശീശ, എം. പി.: '*ഒസ്താത്തിയോസ്, പത്രോസ് മാർ*' കാണുക.

പത്രോസ് ശെമ്മാശൻ, എം. പി.: '*ഒസ്താത്തിയോസ്, പത്രോസ് മാർ*' കാണുക.

പത്രോസിന്റെ വിലാപം: സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നഷ്ടപ്പെടുത്തിയതിനാൽ സ്വർഗ്ഗവും ഭൂമിയും എന്നെക്കുറിച്ച് കരയും. കർത്താവേ എനിക്ക് വാതിൽ തുറന്ന് തരേണമേ എന്ന് പുറത്തെ വാതില്ക്കൽ ഇരുന്ന പത്രോസ് നടത്തിയ വിലാപം കാനോനാ നമസ്കാരത്തിൽ (തിങ്കൾ പാതിരാത്രി) കാണുന്നു.

പത്രോസിന്റെ തിരസ്കാരം: ബാല്യക്കാരിയുടെ ചോദ്യങ്ങൾക്കുത്തരമായി മൂന്ന് പ്രാവശ്യം താൻ അവനെ അറിയുകയില്ല എന്ന് കോഴി കൂവുന്നതിന് മുമ്പ് പത്രോസ് തള്ളിപ്പറഞ്ഞ സംഭവം.

പത്രോസിന്റെ ഏറ്റുപറച്ചിൽ: മൂന്ന് പ്രാവശ്യം തള്ളിപ്പറഞ്ഞതിന്റെ പ്രായശ്ചിത്തമായി 'ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന് മൂന്ന് പ്രാവശ്യം ഏറ്റുപറയിച്ച് അവൻ നഷ്ടപ്പെടുത്തിയ ശ്ലീഹൂസായുടെ അധികാരങ്ങൾ ഉയിർപ്പിന് ശേഷം കർത്താവ് പത്രോസിന് തിരിച്ചുകൊടുത്തു.

പത്രോസും പാറയും: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹാ ആകുന്നു എന്ന വിശ്വാസപ്രഖ്യാപനത്തെ ക്രിസ്തു പാറ എന്ന് വിശേഷിപ്പിച്ചതായി മാർ യാക്കോബിന്റെ കുർബ്ബാനതക്സ.

പത്രോസ് തൃതീയൻ (1872–1894): മലങ്കരസഭ സന്ദർശിച്ച ആദ്യത്തെ അന്ത്യോഖ്യൻ പാത്രിയർക്കീസ്. യാക്കോബ് ദ്വിതീയൻ അന്തരിച്ചതിനെത്തുടർന്ന് പൂനിക് ഇടവകയുടെ യൂലിയോസ് പത്രോസ് സ്ഥാനം പ്രാപിച്ചു; 1872 ജൂൺ 16-ന്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണശ്രമങ്ങളുടെ ഫലപ്രദമായ ചെറുത്തുനില്പിന്

വേണ്ടി 1873-ലെ പരുമല അസോസ്യേഷൻ തീരുമാനപ്രകാരം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ ക്ഷണിക്കുകയും യാത്രാച്ചിലവിനായി അദ്ദേഹം ആവശ്യപ്പെട്ട 500 പവൻ പല ഘട്ടങ്ങളിലായി അയച്ചുകൊടുക്കുകയും ചെയ്തു. 1875 ജൂണിൽ അദ്ദേഹം മലങ്കരയിലെത്തി. അദ്ദേഹത്തിന്റെ അഭ്യർത്ഥനപ്രകാരം പാലക്കുന്നത്തു മെത്രാച്ചന്റെ രാജകീയ വിളംബരം 1876 മാർച്ച് 4-ന് പിൻവലിക്കപ്പെട്ടു.

1876 ജൂൺ 27-ന് ആരംഭിച്ച മുളന്തുരുത്തി സുന്നഹദോസിൽ വച്ച് 1873-ൽ പരുമലയിൽ വച്ച് രൂപംകൊണ്ട മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ, മലങ്കര മാനേജിംഗ് കമ്മറ്റി എന്നിവയ്ക്ക് വിപുലമായ അടിത്തറ നൽകി നിലവിൽ വരുത്തുകയും പരുമല നിശ്ചയങ്ങൾ പുതിയ രൂപഭാവങ്ങളിൽ മുളന്തുരുത്തിക്കാനോനുകൾ എന്ന പേരിൽ കൂടുതൽ ഔദ്യോഗികമാവുകയും ചെയ്തു. മലങ്കരസഭയെ സിറിയൻസഭയുടെ കോളനിയാക്കാനുള്ള ശ്രമങ്ങളും പാത്രിയർക്കീസ് നടത്തി എങ്കിലും അതൊന്നും വേണ്ടത്ര വിജയിച്ചില്ല. 1876 ഓഗസ്റ്റ് 27-ന് മുളന്തുരുത്തിപ്പള്ളിയിൽ വച്ച് അദ്ദേഹം മൂറോൻ കൂദാശ ചെയ്തു. പാത്രിയർക്കീസിന് മലങ്കരയിൽ ലൗകിക അധികാരങ്ങൾ ഉണ്ടെന്നു സമ്മതിക്കുന്ന വിധേയത്വ ഉടമ്പടി നൽകാൻ വിസമ്മതിച്ചതിനാൽ ബാവ ഏകപക്ഷീയമായി മലങ്കരയെ ഏഴ് മെത്രാസനങ്ങളായി വിഭജിക്കുകയും ആറു പുതിയ മെത്രാന്മാരെ വാഴിച്ച് അവയിൽ ചുമതലപ്പെടുത്തുകയും ചെയ്തു. മലങ്കര മെത്രാപ്പോലീത്തായെയും ഒന്നിലേറെ തവണ വാക്കു മൂലവും രേഖാ മൂലവും നിരോധിച്ചു. പിന്നീട് അസോസ്യേഷൻ പ്രസിഡന്റ് സ്ഥാനത്തു നിന്നു നീക്കുകയും അസോസ്യേഷൻ പിരിച്ചുവിടുകയും ചെയ്തു. പല കബറിടങ്ങളും പൊളിക്കുകയും ചിലത് സ്ഥാനംമാറ്റി സ്ഥാപിക്കുകയും ചെയ്തു. മലങ്കരയിലെ ശുശ്രൂഷകളുടെ ചടങ്ങുകളും നടപടിച്ചട്ടങ്ങളും ശുശ്രൂഷക്രമങ്ങളും ഭേദഗതി ചെയ്തു അന്ത്യോഖ്യൻ രീതികൾ നടപ്പിലാക്കി. ദൈനംദിനജീവിതത്തിൽ പോലും മലയാളികൾ അറബിവേഷവും സംസ്കാരവും സ്വീകരിക്കണമെന്ന് കല്പനയിറക്കി. 1877 മെയ് മാസത്തിൽ മലങ്കര മെത്രാപ്പോലീത്തായെ നിഷ്ഫലമായി മുടക്കിയത് പിൻവലിച്ച് അദ്ദേഹം മടങ്ങിപ്പോയി. 1889-ൽ റോയൽ കോടതി വിധി ഉണ്ടായപ്പോൾ വീണ്ടും മലങ്കര മെത്രാപ്പോലീത്തായെ മുടക്കുന്ന കല്പന അയച്ചു. മെത്രാപ്പോലീത്തൻ ട്രസ്റ്റിയും വൈദികട്രസ്റ്റിയും അത്മായ ട്രസ്റ്റിയും ഏകാത്മാവിൽ പ്രവർത്തിച്ചിരുന്നതുകൊണ്ട് പാത്രിയർക്കീസിന്റെ മുടക്ക് കല്പനയ്ക്ക് അതെഴുതിയ കടലാസിന്റെ വില പോലും മലങ്കരയിൽ ആരും നൽകിയില്ല. അദ്ദേഹം 1894 ഒക്ടോബർ 8-ന് കാലം ചെയ്തു കുർക്ക്മാദയറായിൽ കബറടങ്ങി (*'മുളന്തുരുത്തി സുന്നഹദോസ്'* കാണുക).

പത്രോസ് തൃതീയൻ വാഴിച്ച മെത്രാന്മാർ: മലങ്കര മെത്രാപ്പോലീത്തായുടെ സഹകരണവും ആലോചനയും സാന്നിദ്ധ്യവും കൂടാതെയും മലങ്കര പള്ളിയോഗത്തിന്റെ തെരഞ്ഞെടുപ്പില്ലാതെയും ആറ് മെത്രാന്മാരെ മൂന്ന് ഘട്ടങ്ങളിലായി പത്രോസ് III പട്ടംകൊടുത്തു. വടക്കൻപറവൂർ പള്ളിയിൽ വച്ച് 1876 വൃശ്ചികം 22-ന് കോനാട്ട് ഗീവറുഗീസ് യൂലിയോസ്, കടവിൽ പൗലൂസ് അത്താനാസ്യോസ് എന്നിവർക്കും വൃശ്ചികം 29-ന് അമ്പാട്ട് ഗീവറുഗ്ഗീസ് കൂറിലോസ്, ചാത്തുരുത്തിൽ ഗീവറുഗ്ഗീസ് ഗ്രീഗോറിയോസ് എന്നിവർക്കും കുന്നംകുളം ചിറളയം പള്ളിയിൽ വച്ച് 1877 ഇടവം 5-ന് മുറിമറ്റത്തിൽ പൗലൂസ് ഈവാനിയോസ്, കരോട്ട്‌വീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് എന്നിവർക്കും ആണ് മെത്രാൻസ്ഥാനം നൽകിയത്. അവസാനം പട്ടം കിട്ടിയ രണ്ടുപേരും പാത്രിയർക്കീസ് അനധികൃതമായി പട്ടം കൊടുക്കാൻ പോകുന്നു എന്നറിഞ്ഞതിനെ തുടർന്ന് പ്രതിഷേധം അറിയിക്കുകയും മാനേജിംഗ് കമ്മിറ്റിയിൽ നിന്ന് രാജി വയ്ക്കുകയും ചെയ്തവരാണ്. അവരും അവസാനം പാത്രിയർക്കീസിന് ഉടമ്പടി എഴുതിക്കൊടുത്ത് പട്ടം വാങ്ങിച്ചു എന്നത് പുലിക്കോട്ടിൽ തിരുമേനിയോടൊപ്പം നിന്നിട്ട് വലിയ പ്രയോജനമില്ല എന്ന തിരിച്ചറിവിലാകാം. പാത്രിയർക്കീസ് തിരികെപോയതോടെ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു. നവീകരണക്കാരുമായുള്ള കേസ് നടത്താനുള്ള പണപ്പിരിവും കേസ് നടത്തിപ്പും ഇനി പുതിയ മെത്രാന്മാർ ചെയ്തുകൊള്ളട്ടെ എന്ന് പുലിക്കോട്ടിൽ തിരുമേനി നിലപാടെടുത്തതോടെ ശേഷം മെത്രാന്മാർ ആ ഭാരത്തിൽ നിന്നു തലയൂരാൻ അദ്ദേഹത്തിനു വിധേയപ്പെട്ടു. ഭിന്നിപ്പിച്ച് കാര്യം നേടാമെന്ന പത്രോസ് തൃതീയന്റെ അറബി ബുദ്ധി അതോടെ പരാജയപ്പെട്ടു.

പത്രോസ് തൃതീയന്റെ പരിഷ്ക്കാരങ്ങൾ: 1. വി. കുർബ്ബാനയിൽ നിലവിലുള്ള തുബ്ദേനുകൾക്ക് പകരം സിറിയൻ സഭയിൽ പ്രയോഗത്തിലുള്ള ആറ് തുബ്ദേനുകൾ നടപ്പിൽ വരുത്തി. 2. കുർബ്ബാന വിശ്വാസികൾക്കു കൊടുക്കുന്നത് കുർബ്ബാനയ്ക്ക് ശേഷമായിരിക്കണമെന്ന് നിർദ്ദേശിച്ച് കല്പന മൂലം നടപ്പിലാക്കി. 3. മാമ്മൂദീസായിൽ 'ദൈവം ചൊന്നാൻ അഹറോനെ പൂശുക നീ.....' എന്ന് തുടങ്ങുന്ന ഗാനം കൂട്ടിച്ചേർത്തു. 4. വി. മൂറോന്റെ ഉപയോഗത്തിന് നവീനമായ അർത്ഥ വ്യാഖ്യാനങ്ങൾ നൽകി. 5. ഹൂദായ കാനോൻ അംഗീകരിപ്പിച്ചു. 6. യൽദായുടെ ക്രമം വ്യത്യാസപ്പെടുത്തി. 7. ദനഹായുടെ ക്രമത്തിൽ മാറ്റം വരുത്തി. 8. മാമ്മൂദീസായിൽ ആൺകുഞ്ഞുങ്ങളെ മദ്ബഹായിൽ പ്രവേശിപ്പിച്ചു. 9. ദനഹാ കഴിഞ്ഞ് തൊട്ടിയിൽ ആദ്യം ആൺകുഞ്ഞിനെ മുക്കുവാൻ നിർദ്ദേശിച്ചു. 10. വലിയ നോമ്പാരംഭത്തിലെ പട്ടക്കാർ നടത്തിയിരുന്ന സൈത്തു കൂദാശ നിരോധിച്ച് പകരം ശൂബ്ക്കോനോ ശുശ്രൂഷ നടപ്പിലാക്കി. 11. പാതിനോമ്പിന് ഒരു ക്രമം നടപ്പിലാക്കി. 12. സ്കീപ്പൂസായുടെ ക്രമത്തിൽ ചില

പുതിയ അനുഷ്ഠാനങ്ങൾ ആവിഷ്കരിച്ചു. 13. ഉയിർപ്പുക്രമത്തിൽ മാറ്റ ങ്ങൾ വരുത്തി. 14. പെന്തിക്കോസ്തിയുടെ വെള്ളം തളിക്കൽ ഏർപ്പെ ടുത്തി. 15. മെത്രാന്മാർക്ക് മുമ്പുണ്ടായിരുന്ന തൊപ്പി നിർത്തലാക്കി മത്ത ങ്ങാമുടി നടപ്പിലാക്കി. 16. മെത്രാന്മാർ അണിഞ്ഞിരുന്ന സൂർപ്ലീസ് തുട ങ്ങിയ വസ്ത്രങ്ങൾക്കു പകരം കറുത്ത പുറങ്കുപ്പായം ആവിഷ്കരിച്ചു. 17. ശെമ്മാശന്മാരുടെ അൽമത്തി എന്ന സ്ഥാനവസ്ത്രം നിരോധിച്ചു. 18. പട്ടക്കാർക്ക് തൊപ്പി നിർബന്ധമാക്കി. 19. സ്വർഗ്ഗാരോഹണപ്പെരുന്നാളിന് ഒരു ക്രമം ആവിഷ്കരിച്ചു. 20. ഓശാനയുടെ ക്രമത്തിലും പുതിയ പാട്ടുകൾ ചേർത്തു, പഴയ പാട്ടുകളും മറ്റും മാറ്റി. 21. ഹാശാ ആഴ്ചയിൽ പുതിയ നടപടിക്രമങ്ങൾ നടപ്പിലായി. കൂടുതൽ വിവരങ്ങൾക്ക് *ഇന്ത്യൻ ഓർത്ത ഡോക്സ് സഭ: ചരിത്രവും സംസ്കാരവും* പു. 583–834; *മലങ്കരസഭയും സിറിയൻ പാത്രിയർക്കീസുമാരുടെ അധികാര ദുർവിനിയോഗവും* പു. 59–113 എന്നീ പുസ്തകങ്ങൾ പരിശോധിക്കുക.

പത്രോസ് തൃതീയനും പാലക്കുന്നത്ത് വലിയ മെത്രാച്ചനും: പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന് മലങ്കര മെത്രാൻ എന്ന നിലയിൽ ലഭിച്ച രാജകീയ വിളംബരം പിൻവലിക്കപ്പെടുവാൻ പത്രോസ് തൃതീയന്റെ മലങ്കരസഭാ സന്ദർശനം നിർണ്ണായകമായി സഹായിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്ന് സ്ഥാനം ഏറ്റതിന്റെ പേരിൽ മലങ്കര മെത്രാൻ സ്ഥാനം പിടിച്ചുപറ്റിയ അദ്ദേഹം പാത്രിയർക്കീസ് വന്ന പ്പോൾ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപെടാതെ ഒഴിഞ്ഞുമാറി. പാത്രിയർ ക്കീസ് ആവശ്യപ്പെട്ടിട്ടും മെത്രാച്ചൻ ബാവായെ കാണാൻ കൂട്ടാക്കിയില്ല. ഒടുവിൽ മെത്രാച്ചൻ നിരണംപള്ളിയിലുണ്ടെന്നറിഞ്ഞ് പത്രോസ് തൃതീ യൻ, മെത്രാച്ചനെ സന്ദർശിക്കുവാൻ നിരണത്തേയ്ക്കു ചെന്നു. കാണാൻ കൂട്ടാക്കാതെ മാത്യൂസ് അത്താനാസ്യോസ് മുറിയിൽ കയറി വാതിൽ അട ച്ചിരിക്കയും ബാവായിൽ നിന്ന് സംരക്ഷണം ആവശ്യപ്പെട്ട് സർക്കാരി ലേക്ക് അപേക്ഷ നൽകുകയും ബാവാ സ്ഥലംവിടുന്നതു വരെ അടച്ച് പൂട്ടിയ മുറിയിൽ കഴിയുകയും ചെയ്തു. പത്രോസ് ബാവാ മെത്രാച്ചനെ മെത്രാനടുത്ത് ബഹുമതിപ്പേർ ഒന്നും ഉപയോഗിക്കാതെ 'ബലയാർ' എന്ന് മാത്രം ആവർത്തിച്ച് വിശേഷിപ്പിക്കുകയാണ് ചെയ്തത്. രണ്ടു വർഷത്തോ ളം പാത്രിയർക്കീസ് മലങ്കരയിൽ താമസിച്ചിട്ടും പാലക്കുന്നത്ത് മെത്രാച്ചൻ ബോധപൂർവം ഒഴിഞ്ഞുമാറിയതുകൊണ്ട് അവർ തമ്മിലുള്ള സന്ദർശനം നടന്നില്ല. പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാൻ സ്ഥാനം ഏറ്റിരു ന്നില്ല എന്നും റമ്പാൻ സ്ഥാനം മാത്രമേ ഏറ്റിരുന്നുള്ളൂ എന്നും ഈ സാഹ ചര്യത്തിൽ ചില ചരിത്രകാരന്മാർ ധ്വന്യാത്മകമായ അഭ്യൂഹങ്ങൾ പുറപ്പെ ടുവിച്ചിട്ടുണ്ട്.

പത്രോസ് തൃതീയനും പരിവാരങ്ങളും: പത്രോസ് തൃതീയൻ

1875-ൽ വന്നപ്പോൾ അദ്ദേഹത്തിന്റെ പരിവാരത്തിൽ ഏറ്റവും ശ്രദ്ധേയൻ പില്ക്കാലത്ത് പാത്രിയർക്കാ സ്ഥാനത്ത് വന്ന മാർ ഗ്രീഗോറിയോസ് അബ്ദുള്ളാ ആയിരുന്നു. പത്രോസ് തൃതീയൻ കൂദാശ ചെയ്ത മൂറോൻ പള്ളികളിൽ വിതരണം ചെയ്യാൻ ഇദ്ദേഹത്തെ ഏല്പിച്ചു. മാർ ഗ്രീഗോറിയോസ് പള്ളികൾക്ക് മൂറോൻ വിറ്റ് അനധികൃതമായി പണമുണ്ടാക്കുകയും ലഭിച്ച പണം പാത്രിയർക്കീസിന് നല്കാതിരിക്കുകയും ചെയ്തപ്പോൾ പാത്രിയർക്കീസ് കുപിതനായി. പാത്രിയർക്കീസ് അബ്ദുള്ളായെ മുടക്കി. മലങ്കരയിൽ വച്ച് മൂന്ന് തവണയായി നടന്ന മെത്രാൻ വാഴ്ചകളിൽ മാർ അബ്ദുള്ളായെ പാത്രിയർക്കീസ് പങ്കെടുപ്പിച്ചില്ല. ഒടുവിൽ തിരിച്ചു പോകുമ്പോൾ എത്രയുംവേഗം മാർ അബ്ദുള്ളാ മലങ്കര വിട്ട് സ്വദേശത്തേയ്ക്ക് പോകണമെന്നും അദ്ദേഹത്തെ മലങ്കരസഭയിലെ പള്ളികളിൽ പ്രവേശിപ്പിക്കരുതെന്നും കല്പന എഴുതി പുതിയ മെത്രാന്മാരെ ഏല്പിച്ചിട്ടാണ് ബാവാ തീവണ്ടി കയറിയത്.

പത്രോസ് തൃതീയനും പുലിക്കോട്ടിൽ ദീവന്നാസ്യോസും: അതിഥിയും ആതിഥേയനും. 1873-ലെ പരുമല അസോസ്യേഷൻ നിർദ്ദേശിച്ചതനുസരിച്ച് മാർ ദീവന്നാസ്യോസ് പത്രോസ് തൃതീയനെ ക്ഷണിച്ചു. അതിഥി ആവശ്യപ്പെട്ടപ്രകാരം ആതിഥേയൻ 500 പവൻ അയച്ചു കൊടുത്തു. അതിഥിയ്ക്ക് മലങ്കരയിൽ രാജോചിത സ്വീകരണം ലഭിച്ചു. ആതിഥേയൻ ആവശ്യപ്പെട്ടപ്രകാരം നവീകരണമെത്രാന്റെ രാജകീയ വിളംബരം റദ്ദാക്കിക്കിട്ടുവാൻ അതിഥി സഹായിച്ചു. പിന്നീട് ആതിഥേയനെ അവഗണിച്ച് അതിഥി മലങ്കരയെ കോളനിയാക്കുവാൻ ശ്രമിച്ചു. ആതിഥേയൻ വിസമ്മതിച്ചു. 1876-ൽ ആതിഥേയനെ മറികടന്ന് മുളന്തുരുത്തി സുന്നഹദോസിൽ ഇടവകകളെ ഉടമ്പടിയിലൂടെ ബന്ധിപ്പിക്കാൻ കഴിയാതെ വന്നപ്പോൾ അതിഥിയുടെ കോപം ആളിക്കത്തി. ആതിഥേയനെ നിഷ്പ്രഭനാക്കാൻ മലങ്കരയെ ഏഴ് ഭദ്രാസനങ്ങളാക്കി. മലങ്കരയുടെ മെത്രാനായ ആതിഥേയനെ ഏഴിലൊന്നിന്റെ മെത്രാനായി പരിമിതപ്പെടുത്തി. ആറു മെത്രാന്മാരെ സ്വന്ത ഇഷ്ടപ്രകാരം വാഴിച്ച് അവർക്ക് ഭദ്രാസനങ്ങളിൽ സ്വതന്ത്ര ഭരണം നൽകി. ഒടുവിൽ ആതിഥേയനെ മുടക്കുകയും അസോസ്യേഷൻ പ്രസിഡണ്ട് സ്ഥാനത്തുനിന്ന് പുറത്താക്കുകയും ചെയ്തു. ആതിഥേയൻ നയതന്ത്രജ്ഞതയാൽ പിണക്കരംഗം അഭിമുഖമായി സൃഷ്ടിക്കാതെ നോക്കി. എല്ലാം കടിച്ചമർത്തി ആതിഥേയൻ അതിഥിയെ യാത്രയാക്കി. അതിഥി ചെയ്തുവച്ച എല്ലാ ബന്ധനങ്ങളെയും ആതിഥേയൻ ദൈവാശ്രയം കൊണ്ടും പ്രാർത്ഥന കൊണ്ടും നയതന്ത്രജ്ഞത കൊണ്ടും അതിജീവിച്ചു. കണ്ഠകോടാലികളെ കണ്ഠാഭരണങ്ങളാക്കി. റോയൽക്കോടതി വിധിക്കു ശേഷം കലിതുള്ളിയ അതിഥിയുടെ മുടക്കു കല്പനയെ ട്രസ്റ്റിമാർ തമ്മിലുള്ള ഐക്യദാർഢ്യം കൊണ്ട് ചിന്നഭിന്നമാക്കുകയും അതിഥി

മലങ്കരയിൽ വിക്ഷേപിച്ച ചാരസ്ഥാനീയനായ സ്ലീബാ ശെമ്മാശനെ സ്നേഹം കൊണ്ടും ഔദാര്യം കൊണ്ടും നിരായുധനാക്കുകയും ചെയ്തു. മലങ്കരയിൽ ഭിന്നതയുണ്ടാക്കുന്നതിൽ അതിഥി തീർത്തും പരാജയപ്പെട്ടു.

പത്രോസ് തൃതീയനും മലങ്കര അസോസ്യേഷനും: 1876-ൽ മുളന്തുരുത്തി സുന്നഹദോസിൽ പത്രോസ് തൃതീയൻ ആധ്യക്ഷ്യം വഹിച്ചു. അവിടെ വച്ച് ദൃഢമാക്കിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ രക്ഷാധികാരിസ്ഥാനം അദ്ദേഹത്തിനായി വ്യവസ്ഥ ചെയ്തു. അസോസ്യേഷൻ പില്ക്കാലത്ത് അദ്ദേഹം പിരിച്ചുവിട്ട് കല്പനയിറക്കി.

പത്രോസ് തൃതീയനും ഭദ്രാസന വിഭജനവും: ഏകമായിരുന്ന മലങ്കരസഭയെ പത്രോസ് തൃതീയൻ ഏകപക്ഷീയമായി ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചു. 1. കൊച്ചി. 2. അങ്കമാലി. 3. കണ്ടനാട്. 4. കോട്ടയം. 5. നിരണം. 6. തുമ്പമൺ. 7. കൊല്ലം.

പത്രോസ് തൃതീയനും മുടക്കുകളും: പത്രോസ് തൃതീയൻ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്, പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസ്, ആലത്തൂർ പനയ്ക്കൽ ജോസഫ് മാർ കൂറിലോസ് എന്നിവരെ പദവികളിൽ നിന്ന് കല്പന മൂലം നിഷ്കാസനം ചെയ്തു. ആതിഥേയനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയനെ രണ്ടു വട്ടം മുടക്കി.

പത്രോസ് തൃതീയനും കണ്ടനാട് ഗ്രന്ഥവരിയും: കണ്ടനാട് ഗ്രന്ഥവരിയിലെ പ്രധാന കഥാപാത്രങ്ങളിലൊരാൾ പത്രോസ് തൃതീയൻ ബാവായാണ്. പത്രോസ് തൃതീയന്റെ മലങ്കര സന്ദർശനത്തിന്റെ ദൃക്സാക്ഷിയായ കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് സംഭവങ്ങളെ ഗ്രന്ഥവരിയിൽ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു.

പത്രോസും തോമ്മായും കുറിയാക്കോസും: 1599-ലെ ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങൾ നടപ്പാക്കാൻ മെനേസ്സിസ് മെത്രാച്ചൻ പാലൂർ-ചാട്ടുകുളങ്ങര പള്ളിയിലെത്തിയപ്പോൾ പാലൂർക്കാർ അവതരിപ്പിച്ച പ്രഹസനത്തിലെ മൂന്ന് കഥാപാത്രങ്ങൾ. സ്റ്റേജിലെത്തിയ പത്രോസ് റോമ്മിന്റെ ആഗോളാധിപത്യത്തെ അനുകൂലിച്ചും തോമ്മാ അതിനെ പ്രതിരോധിച്ചും വാദമുഖങ്ങൾ ഉയർത്തി. മദ്ധ്യസ്ഥനായ കുറിയാക്കോസ് സഹദാ തോമ്മായെ പിന്തുണച്ചുകൊണ്ട് വിധി പ്രസ്താവിച്ചു. ഇതോടെ വിയർത്തുപോയ ആർച്ച് ബിഷപ്പ് മെനേസ്സിസിനെ നാട്ടുകാർ ആർത്താട്ടി ബഹിഷ്കരിച്ചു. ആർത്താട്ടുകാർ എന്ന് ഇടവകക്കാർക്ക് നവീനമായ പേർ സിദ്ധിക്കുകയും ചെയ്തു.

പദവി: ദർഗ എന്ന് സുറിയാനി. ത്രോണോസിന്റെ മുമ്പിലെ പടി.

വൈദികസ്ഥാനങ്ങളെ വിവിധ ദർഗാകൾ എന്ന് പറയും.

പദവികൾ, എഴുപത്തിരണ്ട്: '*എഴുപത്തിരണ്ടു പദവികൾ*' കാണുക.

പന്തേനൂസ്: അലക്സാന്ത്രിയൻ വൈദികശാലയുടെ അധ്യക്ഷൻ. എ. ഡി. 190-ൽ ഒരു മതസംവാദത്തിൽ പങ്കെടുക്കുവാൻ ഇദ്ദേഹം പ്രത്യേക ക്ഷണപ്രകാരം മലങ്കരസഭയിൽ എത്തി. ക്ലീമ്മിസ് ഇദ്ദേഹത്തിന്റെ ശിഷ്യൻ. വിജയകരമായി സംവാദം നയിച്ച കാര്യം യൂസേബിയോസും ജെറോമും രേഖപ്പെടുത്തുന്നു. ബുദ്ധ-ജൈന-ശൈവ യോഗികളുമായിട്ടായിരുന്നു സംവാദം. ഇവിടെ പ്രചരിച്ചിരുന്ന ഒരു അരമായ സുവിശേഷം അദ്ദേഹം തിരിച്ചുപോക്കിൽ അലക്സാന്ത്രിയായിലേക്ക് കൊണ്ടുപോയി. മലങ്കര - അലക്സാന്ത്രിയാ സഭകൾ തമ്മിൽ ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടുകളിൽ നിലവിലിരുന്ന സംസ്കാര സംസർഗ്ഗത്തിന്റെയും വിനിമയങ്ങളുടെയും സൂചക പ്രതീകമാണ് പന്തേനൂസ് അഥവാ പാന്റീനസ്.

പന്ത്രണ്ട് പട്ടക്കാരുടെ കൈവെപ്പ്: എ. ഡി. 325 വരെ അലക്സാന്ത്രിയാ സഭയിൽ മെത്രാന്മാരെ വാഴിച്ചിരുന്നത് പന്ത്രണ്ട് പ്രസ്ബിറ്റർമാരുടെ കൗൺസിൽ ആണ്. ഈ സമ്പ്രദായം ആ സഭയുമായി ബന്ധത്തിലിരുന്ന മലങ്കരസഭയിലും തുടർന്നു. 1653-ൽ ഒന്നാം മാർത്തോമ്മായെ 12 പട്ടക്കാർ ചേർന്ന് വാഴിക്കുവാൻ കല്പന എഴുതിയ ഇഗ്നാത്യോസ് അലക്സാന്ത്രിയൻ പാപ്പാ (പാത്രിയർക്കീസ്) അഭിഷേകം ചെയ്ത സഭാധ്യക്ഷൻ ആയിരുന്നു. ഒന്നാം മാർത്തോമ്മായെ വാഴിച്ച 12 വൈദികർ അന്ന് മലങ്കരയിലുണ്ടായിരുന്ന പേറെദ്‌യൂത്തെന്മാർ ആണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. '*പേറെദ്‌യൂത്തെന്മാർ*' കാണുക.

പന്ത്രണ്ട് (ഗോത്ര) പിതാക്കന്മാർ: 1. രൂബേൻ. 2. ശിമയോൻ. 3. ലേവി. 4. യെഹൂദാ. 5. സെബലൂൻ. 6 . യിസ്സാഖാർ. 7. ദാൻ. 8. ഗാദ്. 9. ആശേർ. 10. നഫ്താലി. 11. യൗസേഫ്. 12. ബെന്യാമിൻ (ഉല്പ. 49:3-28).

പന്ത്രണ്ട് (സുറിയാനി) മാസങ്ങൾ: 1. നീസാൻ (ഏപ്രിൽ), 2. ഈയോർ (മെയ്), 3. ഹ്സീറോൻ (ജൂൺ), 4. തോമൂസ് (ജൂലൈ), 5. ഓബ് (ആഗസ്റ്റ്), 6. ഈലൂൽ (സെപ്തംബർ), 7. തെശ്രീൻക്ദിം (ഒക്ടോബർ), 8. തെശ്രീൻഹ്രോയ് (നവംബർ), 9. കോനൂൻക്ദീം (ഡിസംബർ), 10. കോനൂൻ ഹ്രോയ് (ജനുവരി), 11. ശ്ബോത്ത് (ഫെബ്രുവരി), 12. ഓദോർ (മാർച്ച്).

പന്ത്രണ്ട് മലയാളം മാസങ്ങൾ: 1. ചിങ്ങം, 2. കന്നി, 3. തുലാം, 4. വൃശ്ചികം, 5. ധനു, 6. മകരം, 7. കുംഭം, 8. മീനം, 9. മേടം, 10. ഇടവം, 11. മിഥുനം, 12. കർക്കിടകം.

കൊല്ലവർഷം ക്രിസ്തുവർഷമാക്കാൻ ചിങ്ങം 1 മുതൽ ധനു 16 വരെ 824-ഉം ധനു 17 മുതൽ 825-ഉം കൂട്ടണം.

പന്ത്രണ്ട് കർത്തൃശിഷ്യന്മാർ: 1. പത്രോസ്, 2. അന്ത്രയോസ്, 3. യാക്കോബ്, 4. യോഹന്നാൻ, 5. ഫിലിപ്പോസ്, 6. ബർത്തുൽമായി, 7. മത്തായി, 8. തോമസ്, 9. അൽഫായിയുടെ പുത്രൻ യാക്കോബ്, 10. എരിവുകാരൻ ശീമോൻ, 11. യാക്കോബിന്റെ സഹോദരൻ യൂദാ, 12. ഇസ്കൊര്യാത്ത് യൂദാ.

പന്ത്രണ്ട് പട്ടക്കാരുടെ നേർച്ച: ക്രിസ്തുവിന്റെയും ശിഷ്യരുടെയും എണ്ണത്തിന് 13 വൈദികരെ ക്ഷണിച്ചു നടത്തുന്ന ഒരു നേർച്ച. പ്രാർത്ഥനയ്ക്കു ശേഷം ആതിഥേയൻ അവരുടെ കാൽ കഴുകി ഭക്ഷണം നൽകുന്നു. വീടുകളിലോ പള്ളികളിലോ നടത്താറുണ്ട്.

പന്ത്രണ്ട് പൈതങ്ങളുടെ നേർച്ച: പന്ത്രണ്ട് വയസ്സിൽ കുറവുള്ള പന്ത്രണ്ട് കുഞ്ഞുങ്ങളെ വിളിച്ച് പട്ടക്കാരന്റെ നേതൃത്വത്തിൽ പ്രാർത്ഥനയും അതിനുശേഷം സദ്യവിളമ്പും നടത്തുന്നു. ഈ രണ്ട് നേർച്ചകളും പ്രാദേശിക ആചാരങ്ങളാണ്. നെയ്യപ്പവും പഴവും നേർച്ചയുടെ മുഖ്യ വിഭവങ്ങൾ.

പനയ്ക്കൽ കുടുംബം: പാലൂർ-ചാട്ടുകുളങ്ങര ഇടവകയിലെ ഒരു പ്രധാന കുടുംബം. പ്രസിദ്ധ വ്യാപാരികൾ. കുന്നംകുളം കേച്ചേരി പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുന്ന അടയ്ക്ക സംസ്കരിച്ച് കൊച്ചിയിൽ നിന്ന് വിദേശങ്ങളിലേക്ക് കയറ്റിഅയച്ചിരുന്ന ഇവർക്ക് കൊച്ചി രാജകുടുംബത്തിൽ സ്ഥാനവും രാജസദസ്സിൽ അംഗത്വവും ഉണ്ടായിരുന്നു. 17-ാം നൂറ്റാണ്ടു മുതൽ വിദേശങ്ങളുമായി നടത്തിയ കത്തിടപാടുകൾക്ക് ഇവർ മുൻകൈ എടുത്തു. തൊഴിയൂർ മെത്രാസനാസ്ഥാനം നിൽക്കുന്ന സ്ഥലം പനയ്ക്കൽ താരു പുന്നത്തൂർ രാജാവിൽ നിന്ന് സ്വന്തം പേരിൽ വാങ്ങി ദാനം ചെയ്തതാണ്. പെങ്ങാമുക്ക് പഴയപള്ളി പനയ്ക്കൽ കുടുംബം വക ആയിരുന്നു. പനയ്ക്കൽ കുടുംബാംഗങ്ങളാണ് തൊഴിയൂരിലെ ആലത്തൂർ ജോസഫ് കൂറിലോസ് I, ആലത്തൂർ പൗലൂസ് മാർ അത്താനാസ്യോസ്, ആലത്തൂർ ജോസഫ് മാർ കൂറിലോസ്, യാക്കോബായ വിഭാഗത്തിലെ ബന്യാമിൻ ജോസഫ് ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ. 19-ാം നൂറ്റാണ്ടിലെ കാക്കു (യാക്കോബ്) മല്പാനും 20-ാം നൂറ്റാണ്ടിലെ നിരവധി ഗ്രന്ഥങ്ങൾ (കുർബ്ബാന ധ്യാനവും കീർത്തന മാലയും ഉൾപ്പെടെ) രചിച്ച കാക്കു (യാക്കോബ്) അച്ചനും ഈ കുടുംബക്കാർ ആണ്. ഓമല്ലൂർ പ്രദേശത്തുള്ള വിളവിനാൽക്കാരുടെ കുടുംബ ചരിത്രത്തിൽ അവർ നൂറ്റാണ്ടുകൾക്ക് മുമ്പ് ചാട്ടുകുളങ്ങര വിട്ട് തെക്കോട്ട് കുടിയേറിപ്പാർത്ത പനക്കൽ കുടുംബക്കാരാണെന്ന് അവകാശപ്പെട്ടിട്ടുണ്ട്.

നവീകരണപ്രസ്ഥാനത്തെ ചെറുക്കുവാൻ കുന്നംകുളം പ്രദേശത്ത് നേതൃത്വം നൽകിയ കുടുംബങ്ങളുടെ നേതൃത്വം ഇവർക്കായിരുന്നു. ഉദയംപേരൂർ സിന്നഡിന്റെ സമകാലീനനായ ഒരു പനയ്ക്കൽ ചേറു (സ്കറിയാ) കത്തനാരെപ്പറ്റി *ആർത്താറ്റ് പള്ളിച്ചരിത്രം* പരാമർശിക്കുന്നുണ്ട്.

പനക്കൽ ഐപ്പൂരു: മുഴുവൻ പേർ പനയ്ക്കൽ പാത്തപ്പൻ ഐപ്പൂരു മുതലാളി. കോട്ടയം പഴയസെമിനാരിയും പള്ളികളും നവീകരണക്കാരുടെ കൈവശത്തിലായ കാലത്ത് ഐപ്പൂരുവിന്റെ കൊച്ചിയിലുള്ള പാണ്ടികശാലയായിരുന്നു മലങ്കരസഭയുടെ കൂടിയാലോചനാവേദി. കൊച്ചിയിൽ കപ്പലിറങ്ങുന്ന വിദേശ സഭാധ്യക്ഷന്മാരുടെ ആദ്യതാവളം ഈ പാണ്ടികശാല. കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് കുന്നംകുളത്തു നിന്ന് കൊച്ചി പാണ്ടികശാലയിലേക്കാണ് മാറ്റിസ്ഥാപിച്ചത്. കേരളപതാകയും മറ്റും പ്രസിദ്ധീകരണം ആരംഭിച്ചതും ഇവിടെ. പുലിക്കോട്ടിൽ ജോസഫ് കത്തനാർക്ക് മർദ്ദീൻ യാത്രയ്ക്കാവശ്യമായ പണം ആദ്യം വാഗ്ദാനം ചെയ്തതും പത്രോസ് തൃതീയൻ ബാവാ ആവശ്യപ്പെട്ട 500 പവൻ വഴിച്ചെലവ് അയയ്ക്കുവാൻ ഗണ്യമായ തുക നൽകിയതും ബാക്കി തുക സമാഹരിക്കുവാൻ ഒത്താശകൾ ചെയ്തതും ഇദ്ദേഹമാണ്. 1873-ലെ പരുമല സുന്നഹദോസും 1876-ലെ മുളന്തുരുത്തി സുന്നഹദോസും ആസൂത്രണം ചെയ്തതിൽ ഐപ്പൂരു അത്മായ നേതൃത്വത്തിന്റെ മുൻപന്തിയിൽ ഉണ്ടായിരുന്നു. പരുമല മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുപ്പിൽ അത്മായ നേതാക്കളിൽ രണ്ടാം പേരുകാരനും ഐപ്പൂരു മുതലാളി ആയിരുന്നു. പത്രോസ് തൃതീയൻ ബാവായോട് സംസാരിക്കുമ്പോൾ മലങ്കരസഭയുടെ വക്താവ് ഐപ്പൂരു ആയിരുന്നുവെന്ന് കണ്ടനാട്ട് ഗ്രന്ഥവരി സാക്ഷിക്കുന്നു. സഭയോട് ആലോചിക്കാതെ മെത്രാന്മാരെ വാഴിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള വിയോജനകുറിപ്പ് ബാവായ്ക്ക് ഒപ്പിട്ട് കൈമാറി രാജി പ്രഖ്യാപിച്ചവരിൽ നേതൃസ്ഥാനം ഐപ്പൂരുവിനുണ്ടായിരുന്നു. പത്രോസ് ബാവാ സഭാ പ്രതിനിധികളെന്ന നിലയിൽ വിളിപ്പിച്ച് സംസാരിച്ചിരുന്നതും ഇദ്ദേഹത്തെയാണ്. മാത്യൂസ് പ്രഥമൻ കാതോലിക്കാ എടുത്ത് മാറ്റുന്നതുവരെ ഇദ്ദേഹത്തിന്റെ എണ്ണഛായാ ചിത്രം കോട്ടയം പഴയസെമിനാരിയുടെ കമ്മറ്റി മാളികയെ അലങ്കരിച്ചിരുന്നു.

പനയ്ക്കൽ കുഞ്ഞാത്തു: ആർത്താറ്റ് കുന്നംകുളം മഹാ ഇടവകയുടെ കമ്മറ്റി പ്രസിഡണ്ട് ആയി മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് നിയമിച്ചു. ദീർഘകാലം കൈക്കാരനായിരുന്ന ഇദ്ദേഹം അവ്യവസ്ഥിതമായി കിടന്ന പള്ളിവക സ്ഥാവര സ്വത്തുക്കൾക്ക് ആധാരങ്ങൾ കണ്ടെത്തി ലിസ്റ്റ് തയാറാക്കി. എം. ജെ. ഡി. സ്കൂൾ മാനേജർ ആയിരിക്കേ ആയത് അപ്ഗ്രേഡ് ചെയ്യിച്ചു. ആർത്താറ്റ് പള്ളിയുടെ

പടിപ്പുര മാളിക പണിയിച്ചു. ഏറെ ക്ലേശിച്ച് *ആർത്താറ്റ് പള്ളിച്ചരിത്രം* എന്ന പുസ്തകം രചിച്ചു. മലങ്കരസഭയിലെ ആദ്യത്തെ പള്ളിച്ചരിത്രമാണത്.

പനയ്ക്കൽ കൂരിയപ്പൻ: ആർത്താറ്റ്-ചാട്ടുകുളങ്ങര ഇടവകയിൽ ജീവിച്ച പ്രതിഭാശാലിയായ ഒരു കവി. 1789-ൽ ചാട്ടുകുളങ്ങരപ്പള്ളി ടിപ്പുവിന്റെ നേതൃത്വത്തിൽ മൈസൂർപ്പട തകർത്തതും അങ്ങാടി നശിപ്പിച്ചതും പിന്നീട് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ അപേക്ഷപ്രകാരം കൊച്ചി രാജാവ് ശക്തൻ തമ്പുരാൻ ഇരുകക്ഷികളെയും വിളിച്ചുകൂട്ടി ഉഭയകക്ഷി സമ്മതപ്രകാരം നറുക്കെടുപ്പിലൂടെ പള്ളി സുറിയാനിക്കാർക്ക് ലഭിച്ചതും (1805) അദ്ദേഹം 'ആർത്താറ്റ് പള്ളിപ്പാട്ട്' എന്ന കൃതിയിൽ സരസമായും വിശദമായും ചിത്രീകരിച്ചിട്ടുണ്ട്.

പനയ്ക്കൽ കൂറിലോസ് I: '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

പനയ്ക്കൽ കൂറിലോസ് II: '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

പനയ്ക്കൽ പൗലൂസ് മാർ അത്താനാസ്യോസ്: '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

പനയ്ക്കൽ താരു: കുന്നംകുളത്തെ സഭാസ്നേഹിയും ധനാഢ്യനുമായ ആൾ. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിൽ മെത്രാൻ സ്ഥാന കർമ്മങ്ങൾ നടത്തരുതെന്ന് നിരോധനം ഉണ്ടായപ്പോൾ പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ അഭയംകൊടുത്ത് കുന്നംകുളത്ത് കൊണ്ടുവന്ന് പാർപ്പിച്ച കാട്ടുമങ്ങാട്ട് കൂറിലോസിനും സഹോദരങ്ങൾക്കും വേണ്ടി ബ്രിട്ടീഷ് മലബാറിൽ തൊഴിയൂർ എന്ന സ്ഥലത്ത് പുന്നത്തൂർ രാജാവിൽ നിന്ന് സ്വന്തം പേരിൽ കുറെ സ്ഥലം വിലയ്ക്ക് വാങ്ങി 1774-ൽ അവിടെ കെട്ടിടം പണിത് അവരെ താമസിപ്പിച്ച മഹാശയൻ. ആ പറമ്പ് (1774-ൽ വാങ്ങിയത്) ഇന്നും പനയ്ക്കൽ പറമ്പ് എന്ന പേരിൽ അറിയപ്പെടുന്നു. ആർത്താറ്റ് പടിയോലയിൽ ഒപ്പുവച്ച പനയ്ക്കൽ താരു ഇദ്ദേഹം തന്നെ.

പനയ്ക്കൽ യാക്കോബ് മല്പാൻ: 19-ാം നൂറ്റാണ്ടിൽ ആർത്താറ്റ് -കുന്നംകുളം മഹാഇടവകയുടെ അമരക്കാരനായിരുന്ന വൈദിക ശ്രേഷ്ഠൻ. പഴഞ്ഞിയിലും കുന്നംകുളത്തും പ്രവർത്തിച്ച മല്പാൻ പാഠശാലയിലെ പ്രധാന മല്പാൻ. ആർത്താറ്റ് പള്ളിയുടെ വടക്കേ വരാന്തയിൽ കബറടങ്ങിയ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർക്ക് ശേഷം (ഇദ്ദേഹം 8-ാം മാർത്തോമ്മായിൽ നിന്ന് 1808 കന്നി 8-ന് ആർത്താറ്റ് പള്ളിയിൽ വച്ച്

കോറൂയോ പട്ടം സ്വീകരിച്ചു) ഇദ്ദേഹമായിരുന്നു സുറിയാനിക്കാരുടെ കുന്നംകുളത്തെ ജാതിക്ക് കർത്തവ്യൻ. മലങ്കരസഭയുടെ പോരാളിയായി നവീകരണത്തെ ചെറുക്കുവാൻ കുന്നംകുളം പ്രദേശത്ത് ഇദ്ദേഹം നേതൃത്വംനൽകി. 1873-ൽ ചേർന്ന പരുമല അസോസ്യേഷനിലും 1876-ൽ ചേർന്ന മുളന്തുരുത്തി അസോസ്യേഷനിലും ഇദ്ദേഹം കുന്നംകുളത്തെ പ്രതിനിധീകരിക്കുകയും പരുമല മാനേജിംഗ് കമ്മറ്റിയിൽ നാലംഗ വൈദിക സമിതിയിലും മുളന്തുരുത്തി മാനേജിംഗ് കമ്മറ്റിയിൽ ഇരുപത്തിരണ്ട് അംഗ വൈദികസമിതിയിലും അംഗമാവുകയും ചെയ്തു.

പനയ്ക്കൽ കാക്കു അച്ചൻ (1875-1955): 1898 മാർച്ച് 23-ന് കുറുപ്പമ്പടി പള്ളിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയനിൽ നിന്ന് കോറൂയോ സ്ഥാനം ഏറ്റ ഇദ്ദേഹം പരുമല മാർ ഗ്രീഗോറിയോസിൽ നിന്ന് കശ്ശീശാ പട്ടം ഏറ്റു. അതുല്യ പ്രതിഭാശാലിയായിരുന്നു. പനയ്ക്കൽ യാക്കോബ് കത്തനാർ - അതാണ് പൂർണ്ണനാമധേയം - കുറച്ചുകാലം കോട്ടയം വൈദികസെമിനാരിയിൽ അധ്യാപകനായിരുന്നു. ലേഖനങ്ങൾ, പ്രസംഗങ്ങൾ, വിവർത്തനങ്ങൾ, ധ്യാനങ്ങൾ എന്നീ വിഭാഗങ്ങളിലായി ഇരുപതോളം കൃതികൾ അദ്ദേഹം രചിച്ചു. അവയിൽ 1905-ൽ പ്രസിദ്ധീകരിച്ച കുർബ്ബാനധ്യാനം, മാർ ദീവന്നാസ്യോസ് വിജയം ദശകത്രയം, മാർ ദീവന്നാസ്യോസ് ചരമഗീതം, സുറിയാനി കീർത്തന മാല എന്നിവ ശ്രദ്ധേയങ്ങളാണ്. സുറിയാനി ആരാധനക്രമങ്ങളിലെ ഗീതങ്ങൾ വിവർത്തനം ചെയ്ത് ആരാധന സ്വദേശ ഭാഷയിൽ എന്ന പ്രസ്ഥാനത്തിന് തുടക്കം കുറിച്ച കൃതിയാണ് കീർത്തനമാല. കുർബ്ബാനധ്യാനം മലയാളത്തിൽ കുർബ്ബാനയ്ക്ക് ആദ്യമുണ്ടായ വ്യാഖ്യാനമാണ്. വിജ്ഞാനഭിക്ഷാംദേഹിയായ അദ്ദേഹം സ്വന്തം ഇടവകപ്പള്ളിയിൽ പ്രവേശനം ലഭിക്കാതെ നിരാശനായി. കുറെക്കാലം പാത്രിയർക്കീസ് ഭാഗത്തെ പള്ളികൾ നടത്തി. ഒടുവിൽ കത്തോലിക്കാ സഭയുടെ വാതിൽ വിവാഹിതനായ അദ്ദേഹത്തെ സ്വീകരിച്ചു. 1955-ൽ പുതുശ്ശേരി പള്ളിയിൽ അദ്ദേഹം അന്ത്യവിശ്രമം പൂകി.

പനയ്ക്കൽ മാത്തു: 1949-ൽ കുന്നംകുളത്തു രൂപംകൊണ്ട മുനിസിപ്പാലിറ്റിയുടെ പ്രഥമ ചെയർമാൻ ആയ ഇദ്ദേഹം 1899-ൽ കുന്നംകുളം ഇയ്യാക്കുവിന്റെയും ഇളച്ചാരുടെയും ദ്വിതീയ പുത്രനായി ജനിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസുമായി നേരിട്ട് എഴുത്തിടപാടുകൾ നടത്തിയിരുന്ന അദ്ദേഹം നേതൃശേഷികൊണ്ടും കുടുംബ കുലീനത കൊണ്ടും ധനശേഷികൊണ്ടും ഒരു തലമുറയുടെ മുഴുവൻ ജനനേതാവും പാത്രിയർക്കാ കക്ഷിയുടെ അഖില മലങ്കര നേതാവും ആയിരുന്നു. ഏലിയാസ് തൃതീയൻ ബാവാ മഞ്ഞനിക്കരയിൽ അകാലചരമം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ വിലയേറിയ സ്ഥാനചിഹ്നങ്ങൾ ഭദ്രമായി സൂക്ഷിച്ചത് ഇദ്ദേഹത്തിന്റെ നിലവറയിലാണ്. മാർ ഒസ്താത്തിയോസ്, മാർ യൂലിയോസ്

എന്നീ ഡലിഗേറ്റുകൾക്കുള്ള പാത്രിയർക്കാ കല്പനകൾ ഇദ്ദേഹം മുഖേന യാണ് മലങ്കരയിൽ എത്തിയിരുന്നത്. ഇദ്ദേഹത്തിന്റെ ശക്തമായ ശുപാർശ യിലാണ് പൗലോസ് മാർ സേവേറിയോസിന് (കൊച്ചി) പാത്രിയർക്കീസ് മെത്രാൻസ്ഥാനം നൽകിയത്. 12 വർഷക്കാലം കുന്നംകുളം വൈ. എം. സി. എ. യുടെ അധ്യക്ഷൻ ആയിരുന്നു. സഭാവ്യവഹാരം സാമ്പത്തി കമായി അദ്ദേഹത്തെ തളർത്തി. 1958–ൽ സഭ യോജിച്ചതിന് ശേഷം അദ്ദേഹം അന്ത്യംവരെ യോജിച്ച സഭയുടെ വക്താവായി നിലകൊണ്ടു. 1959 ആഗസ്റ്റിൽ സപ്തതി വർഷത്തിൽ അന്തരിച്ചു. ആർത്താറ്റ് പഴയ പള്ളി യിൽ കബറടക്കി.

പരദേശി മോക്ഷയാത്ര: അന്യാപദേശ (അലിഗറി) രൂപത്തിൽ 1670 കളിൽ ജോൺ ബനിയൻ എഴുതിയ ഗ്രന്ഥം. 100–ൽപ്പരം ഭാഷകളിൽ വിവ ർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. മോക്ഷമാർഗ്ഗത്തിൽ ജീവിതമാരംഭിച്ച ഒരു ക്രിസ് ത്യാനി നേരിടുന്ന വിവിധ പ്രലോഭനങ്ങളും യാത്രയുടെ വിജയകരമായ പര്യവസാനവും ആണ് ഇതിലെ പ്രതിപാദ്യം.

പരിചമുട്ടുകളി: കേരളീയ ആയോധനകല. കച്ചകെട്ടി, ചിലമ്പ ണിഞ്ഞ് ദേഹത്ത് എണ്ണ കുളിർക്കെ തേച്ച് വാളും പരിചയും ധരിച്ച് വൃത്ത ത്തിൽ നിന്ന് നീട്ടിപ്പാടി തുടങ്ങി ദ്രുതതാളത്തിൽ അവസാനിക്കുന്ന ഗാന ങ്ങൾ പാടി ചുവടുകൾ വച്ച് നടത്തുന്ന കളി. ക്രിസ്ത്യൻ ഇതിവൃത്തത്തിൽ ഗാനങ്ങൾ രചിച്ച് ക്രൈസ്തവർ ഈ കല സ്വന്തമാക്കിയിട്ടുണ്ട്. വിവാഹം, പെരുന്നാൾ എന്നീ ആഘോഷവേളകളിൽ ഇവ അവതരിപ്പിക്കുന്ന പ്രദേശ ങ്ങൾ ഉണ്ട്.

പരിവർജ്ജനം: ഭക്ഷണ നിയന്ത്രണം. വി. അന്തോണിയോസ് അപ്പം, ഉപ്പ്, വെള്ളം ഇവ ഒഴിച്ചുള്ളതെല്ലാം വർജ്ജിച്ചു. നവീകരണകാലത്ത് ഇവ അവഗണിക്കപ്പെട്ടു. ഭക്ഷണപരമായ വിലക്കുകൾ പലതും മാർപ്പാപ്പാ നീക്കി. പൗരസ്ത്യസഭകൾ ബുധൻ, വെള്ളി ദിനങ്ങളിലുള്ള വർജ്ജനം ഇന്നും തുടരുന്നു.

പരിശുദ്ധ പിതാവ്: സഭകളുടെ പ്രധാന മേലധ്യക്ഷന്മാർ ഈ പേരിൽ വിശേഷിപ്പിക്കപ്പെടുന്നു.

പരിശുദ്ധന്മാരോടുള്ള മധ്യസ്ഥത: അബ്രഹാമിന്റെയും ഇസഹാ ക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നത് പഴയനിയമകാലം മുതലേ അംഗീകരിക്കപ്പെട്ട ആശയമാണ്. അത് യേശുവിന്റെ മധ്യസ്ഥതയ്ക്ക് എതിരോ നിഷേധമോ അല്ല. നാം പരിശുദ്ധന്മാർക്ക് വേണ്ടിയും പരിശുദ്ധ ന്മാർ നമുക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നത് സഭയുടെ കൂട്ടായ്മയിലെ പങ്കാ ളിത്തമുള്ളവർ എന്ന നിലയിലാണ്. സഭയുടെ ദൃശ്യ–അദൃശ്യ വിഭാഗ

ത്തിലുള്ളവർ പരസ്പരം മധ്യസ്ഥന്മാരാണ്. ലാസറിന്റെ ഉപമയിൽ ധനവാൻ ലാസറിനെ മധ്യസ്ഥനായി അംഗീകരിക്കുന്നുണ്ട്. എന്നാൽ മധ്യസ്ഥതകൾ വിശുദ്ധിയിൽ ജീവിക്കുവാനും വളരുവാനുമുള്ള വ്യക്തിയുടെ ഉത്തരവാദിത്തത്തിന് പകരം നില്ക്കുന്നവയല്ല.

പരിശുദ്ധാത്മാവ്: വ്യക്തികൾ, പുരോഹിതന്മാർ, പ്രവാചകന്മാർ, വി. സഭാശുശ്രൂഷകർ എന്നിവ മുഖേന പരിശുദ്ധാത്മാവ് സൃഷ്ടിയെ ദൈവോദ്ദേശ്യപ്രകാരമുള്ള അന്ത്യത്തിലേക്ക് നയിക്കുന്നു. പെന്തിക്കോസ്തിയിൽ സഭയിൽ അവതരിച്ച പരിശുദ്ധാത്മാവിനെ മാമ്മൂദീസായിൽ നാം സ്വീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സഭയിൽ വൈദികശുശ്രൂഷയിലൂടെ ദൈവകൃപ വിതരണം ചെയ്യുന്നു.

പരിശുദ്ധ പദവി: സഭയുടെ സ്ഥിരമായ സാക്ഷ്യവും അനുഭവവുമാണ് പരിശുദ്ധ പദവിയുടെ മാനദണ്ഡം. മരണശേഷം അസ്ഥികളിലും മറ്റും വിശുദ്ധിയുടെ അദ്ഭുത പ്രവർത്തനശക്തി വസിക്കുമെന്ന് വേദപുസ്തകം സാക്ഷിക്കുന്നു. മോശയുടെ വടി, യൗസേപ്പിന്റെ അസ്ഥികൾ (ഉല്പ. 50:25), ഏലിയാവിന്റെ പുതപ്പ്, പത്രോസിന്റെ നിഴൽ എന്നിവ ഉദാഹരണം. ഇപ്രകാരം ദീർഘകാലം നിരീക്ഷിച്ചതിന് ശേഷം അവയുടെ റിപ്പോർട്ടുകൾ ശേഖരിച്ച് പഠിച്ച് അവരെ പരിശുദ്ധപദവിയിൽ പ്രഖ്യാപിക്കാറുണ്ട്. ഓർത്തഡോക്സ് സഭ ഇതിനെ നിഷേധിക്കുന്നില്ലെങ്കിലും വളരെയൊന്നും പ്രോത്സാഹിപ്പിക്കുന്നില്ല. പരിശുദ്ധന്മാരുടെ അസ്ഥികൾ പള്ളിയുടെ ശിലാസ്ഥാപനത്തിൽ വയ്ക്കുക, തിരുശേഷിപ്പ് പേടകങ്ങൾ (ഗ്ലൂസ്കോമേ) പള്ളികളിൽ സൂക്ഷിക്കുക എന്നിവ സഭയിലെ പുരാതന പതിവുകളാണ്.

പരിശുദ്ധാത്മാവിന് വിരുദ്ധമായ പാപം: അനുതാപത്തിന്റെ വാതിൽ അടച്ചു കളയുക, പരിശുദ്ധാത്മാവിന്റെ സത്യവെളിപാടുകളെ നിഷേധിക്കുക, ദുർവ്യാഖ്യാനം നൽകി അവയെ തമസ്കരിക്കുക എന്നിവയാണ് പൊതുവിൽ പരിശുദ്ധാത്മാവിന് വിരോധമായ പാപങ്ങൾ.

പരിഷ്കാരപ്പാതി: കന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കിരി സുറിയാനി ക്രിസ്ത്യാനികളുടെ 19-ാം നൂറ്റാണ്ടിലെ സാമൂഹ്യാചാരങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയ മലയാള നോവൽ. ഇന്ദുലേഖയ്ക്ക് സമാന്തരമായി സമകാല സുറിയാനിസഭാ സാമൂഹ്യ പ്രതിഫലനം ഈ കൃതിയിൽ ഉണ്ട്.

പരീക്ഷകൾ, ക്രിസ്തുവിന്റെ: (മത്താ: 4:1 മു, മാർക്കോ. 1:13; ലൂക്കോസ് 4:1 മു.) പ്രലോഭനങ്ങൾ ഇവയാണ്: 1. കല്ല് അപ്പമായിത്തീരുവാൻ കല്പിക്കുക. 2. ദേവാലയത്തിന്റെ മുകളിൽ നിന്ന് ചാടുക. 3.

സാത്താനെ നമസ്കരിക്കുക. ഈ മൂന്നും ആക്ഷരികമെന്നതിനേക്കാൾ മാനസിക തലത്തിലുള്ള പ്രലോഭനങ്ങളായി മനസ്സിലാക്കണം.

പരീശന്മാർ: പ്രബലമായ യഹൂദ മതവിഭാഗം. വേർതിരിക്കപ്പെട്ടവർ എന്ന് പദാർത്ഥം. മതതീക്ഷ്ണത മുഖമുദ്ര. ഇവർ യവനസംസ്കാര സ്വാധീനത്തിൽ നിന്ന് മതത്തെ സംരക്ഷിച്ചു. ആത്മാവിന്റെ അനശ്വരത, പുനരുത്ഥാനം, ദൈവദൂതന്മാർ എന്നിവയിൽ വിശ്വസിച്ചു. ന്യായപ്രമാണത്തിന്റെ കാവൽ ഭടന്മാർ. മതത്തിന്റെ ബാഹ്യരൂപം അമിത പ്രധാനമെന്ന് കരുതിയ ഇവർക്ക് ക്രിസ്തുവിനെ മനസ്സിലാക്കാനായില്ല. തന്മൂലം അവർ ക്രൂശകരായി. കാപട്യവും പ്രകടനാത്മകതയും എന്നിവ പരീശത്വം എന്ന ശൈലി അർത്ഥമാക്കുന്നു.

പരുമല: പമ്പാ നദിയാൽ ചുറ്റപ്പെട്ട ദ്വീപ്. പത്തനംതിട്ട ജില്ലയിൽ മാന്നാറിന് സമീപം. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണശ്രമങ്ങളെ ചെറുക്കുവാൻ തെക്കൻ പ്രദേശങ്ങളിൽ ഒരു കേന്ദ്രം ആഗ്രഹിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന് അരികുപുറത്ത് മാത്തൻ എന്ന ആൾ യക്ഷിദ്വീപ് എന്ന് വിളിക്കപ്പെട്ട പരുമലയിൽ കുറെ സ്ഥലം നൽകി. അദ്ദേഹം പരുമലയെ തെക്കൻ പ്രദേശങ്ങളിലുള്ള തന്റെ ആസ്ഥാനമാക്കി 1872-ൽ അവിടെ വാസം ആരംഭിച്ചു. അവിടെ ഒരു അഴിപ്പുര നിർമ്മിച്ച് വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ ഒരു സെമിനാരി ക്രമീകരിച്ചു.

പരുമല തിരുമേനി: നവീകരണ നേതാവായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന്റെ കൈവശത്തിൽ കോട്ടയം പഴയസെമിനാരി അകപ്പെട്ടു പോയതിനാൽ സത്യവിശ്വാസം വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാച്ചൻ പരുമലയിൽ 1872-ൽ ആരംഭിച്ച പരുമല സെമിനാരിയിലെ മല്പാൻ ആയി താൻ സന്യാസം നൽകി വെട്ടിക്കൽ ദയറായിൽ നിയമിച്ച മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവറുഗ്ഗീസ് റമ്പാനെ 1872-ൽ തന്നെ നിയമിച്ചു. 1876-ൽ റമ്പാച്ചൻ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാനായി പരുമലയിൽ നിരണം ഭദ്രാസനത്തിന്റെ ആസ്ഥാനം ക്രമീകരിച്ചപ്പോൾ അദ്ദേഹം പരുമല തിരുമേനി എന്നും അവിടെത്തന്നെ താമസിച്ചിരുന്ന പുലിക്കോട്ടിൽ വലിയതിരുമേനിയിൽ നിന്ന് തിരിച്ചറിയുവാൻ കൊച്ചുതിരുമേനി എന്നും വിളിച്ചു. 1902-ൽ അദ്ദേഹം അവിടെ കബറടങ്ങിയതോടെ പരുമല എന്ന വാക്കിന് മാർ ഗ്രീഗോറിയോസിന്റെ കബറിടസ്ഥാനമായ തീർത്ഥാടനകേന്ദ്രം എന്ന് അർത്ഥമായി.

പരുമല സെമിനാരി: കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശം ആയപ്പോൾ വൈദിക പരിശീലനത്തിനായി പുലിക്കോ

ട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II പരുമലയിൽ 1872-ൽ ആരംഭിച്ച വൈദിക പരിശീലനകേന്ദ്രം. പമ്പയാറിന്റെ തീരമാണിത്. മെത്രാപ്പോലീത്തായെ കൂടാതെ, ചാത്തുരുത്തിൽ ഗീവറുഗ്ഗീസ് റമ്പാൻ, വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ എന്നിവർ മല്പാന്മാരായിരുന്നു. പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ ഒരു പള്ളിയുണ്ട്. പരുമല മാർ ഗ്രീഗോറിയോസും കരോട്ടുവീട്ടിൽ യൂയാക്കീം മാർ ഈവാനിയോസും ഇവിടെ കബറടങ്ങി. ഒരു ധ്യാനമന്ദിരവും ആശുപത്രിയും നേഴ്സിംഗ് സ്കൂളും അവിടെ ഇപ്പോൾ പ്രവർത്തിക്കുന്നു.

1912 സെപ്തം. 8-ന് ഗീവറുഗ്ഗീസ് മാർ ഗ്രീഗോറിയോസ്, 1930 നവം. 3-ന് ഗീവറുഗീസ് മാർ പീലക്സീനോസ്, 1991 ഏപ്രിൽ 30-ന് കുറിയാക്കോസ് മാർ ക്ലീമ്മിസ്, ഗീവറുഗ്ഗീസ് മാർ കൂറിലോസ്, സഖറിയ മാർ അന്തോണിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഇയ്യോബ് മാർ പീലക്സിനോസ്; 2005 മാർച്ച് 5-ന് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. സഖറിയാ മാർ തെയോഫിലോസ്, ഔഗേൻ മാർ ദീവന്നാസ്യോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ മേല്പട്ടക്കാർ ഇവിടെ വച്ച് സ്ഥാനം പ്രാപിച്ചു. 1991 ഏപ്രിൽ 29-ന് മാത്യൂസ് ദ്വിതീയൻ, 2005 നവം. 31-ന് ദിദിമോസ് പ്രഥമൻ എന്നീ കാതോലിക്കാമാരുടെ സ്ഥാനാരോഹണം ഇവിടെ നടന്നു. 1873 സെപ്തംബർ അസോസ്യേഷൻ തൊട്ട് 2007 മാർച്ച് അസോസ്യേഷൻ വരെ നിരവധി അസോസ്യേഷൻ യോഗങ്ങൾ പരുമല സെമിനാരിയിൽ ചേർന്നിട്ടുണ്ട്.

പരുമല പടിയോല: 1873 ചിങ്ങം 27-ന് നവീകരണക്കാരെ പ്രതിരോധിക്കുവാൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ താൻ പുതുതായി നിർമ്മിച്ച പരുമല സെമിനാരിയിൽ മലങ്കരയിലെ പള്ളി പ്രതിപുരുഷന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. യൂയാക്കീം മാർ കൂറിലോസ് ആധ്യക്ഷ്യം വഹിച്ച ഈ യോഗത്തിൽ വച്ചാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്ന പേരിൽ കേരളത്തിലെ ആദ്യത്തെ സമുദായ സംഘടന രൂപംകൊണ്ടത്. ആദ്യത്തെ മാനേജിംഗ് കമ്മിറ്റിയും ഇവിടെ വച്ച് രൂപംകൊണ്ടു. പുലിക്കോട്ടിൽ മെത്രാച്ചൻ യോഗത്തിൽ പ്രമേയങ്ങളായി അവതരിപ്പിച്ച ഇരുപത്തിയേഴ് ഖണ്ഡികകൾ യോഗം ചർച്ച ചെയ്തു തീരുമാനിച്ചു. ആ തീരുമാനങ്ങളുടെ സമാഹാരമാണ് 1873-ലെ പരുമല പടിയോല. ഈ പടിയോലയിലെ വിഷയങ്ങൾ തന്നെയാണ് 1876-ലെ മുളന്തുരുത്തി സുന്നഹദോസ് നിശ്ചയിച്ച കാനോനുകളിലും ഉൾപ്പെടുത്തിയിട്ടുള്ളത്. രണ്ടിടത്തും അവതാരകൻ പുലിക്കോട്ടിൽ മെത്രാച്ചൻ ആയിരുന്നു. പടിയോലയിലെ നിശ്ചയങ്ങൾ ചുരുക്കത്തിൽ: 1. നവീകരണത്തിന്റെ പ്രശ്നങ്ങളിൽ ഒരു ഡപ്യൂട്ടേഷനെ നിയമിക്കുന്നു. 2. മലങ്കര അസോസ്യേഷൻ പ്രഖ്യാപിക്കുന്നു. 3. അസോസ്യേഷനിൽ എല്ലാ

ഇടവകകളും അംഗങ്ങളായിരിക്കും. 4. അസോസ്യേഷന്റെ ആഭിമുഖ്യ ത്തിൽ ഗണ്യമായ ഒരു സംഖ്യ സ്വരൂപിക്കണം. 5. ഒരു മാനേജിംഗ് കമ്മറ്റി അസോസ്യേഷന്റെ കർമ്മസമിതിയായി രൂപീകരിക്കുന്നു. 6. ഒരാളെ സെക്രട്ടറി ആയും ഒരാളെ മുതൽപിടി ആയും നിയമിക്കുന്നു. 7. കമ്മറ്റി ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രവർത്തിക്കണം. 8. ചട്ടങ്ങൾ ഉണ്ടാക്കുവാനും വ്യവഹാരങ്ങൾ നടത്തുവാനും കമ്മറ്റിക്ക് അധികാരം നൽകുന്നു. 9. സ്കൂളുകളും അച്ചടിശാലകളും ആരംഭിക്കണം. 10. എല്ലാ ഇടവകകളിലും ആൺ-പെൺ പഠിത്തവീടുകൾ കമ്മറ്റി സ്ഥാപിക്കണം. 11. പള്ളികളുടെ കാലോചിത റിപ്പയർ കമ്മറ്റി ഉറപ്പു വരുത്തണം. 12. പള്ളികൾക്ക് സ്ഥാവര ജംഗമ സ്വത്തുക്കളുടെ സ്റ്റോക്ക് റജിസ്റ്റർ ഉണ്ടാക്കണം. 13. മാമ്മൂദീസാ, വിവാഹം, ശവസംസ്കാരം തുടങ്ങിയവയ്ക്ക് പള്ളികളിൽ റജിസ്റ്റർ സൂക്ഷി ക്കണം. 14. സുവിശേഷകരെ ശമ്പളം കൊടുത്ത് നിയമിക്കണം. 15. കാനോ നാകൾ, നടപടികൾ, വ്യാഖ്യാനങ്ങൾ ഇവയുടെ പുസ്തകങ്ങൾ മലയാള ത്തിൽ അച്ചടിക്കണം. 16. അസോസ്യേഷന്റെ സമ്മതം ഉള്ളവരെ മാത്രം മെത്രാന്മാരായി സ്വീകരിക്കണം. 17. മെത്രാച്ചന്റെ സഹായിയായി ഒരു അർക്കദിയാക്കോനെ അസോസ്യേഷൻ തെരഞ്ഞെടുക്കണം. 18. മെത്രാന്റെ ചെലവുകൾ സഭ വഹിക്കണം. 19. വരവ് ചെലവുകളുടെ റിപ്പോർട്ട് അച്ച ടിച്ച് പ്രസിദ്ധപ്പെടുത്തണം. 20. വൈദിക വിദ്യാർത്ഥികൾ ഇടവകയുടെയും മാനേജിംഗ് കമ്മറ്റിയുടെയും സർട്ടിഫിക്കറ്റ് നേടണം. 21. കാലോചിത നിയമങ്ങൾ കമ്മറ്റി ഉണ്ടാക്കണം. 22. മെമ്പർമാരെ ആക്കാനും നീക്കാനും കമ്മറ്റിയെ അധികാരപ്പെടുത്തുന്നു. 23. ഡപ്യൂട്ടേഷന്റെ നിയന്ത്രണം കമ്മറ്റിക്കാകുന്നു. 24. ഈ നിശ്ചയങ്ങൾ അച്ചടിപ്പിച്ച് സർക്കാർ അധികാ രസ്ഥാനങ്ങളിൽ കോപ്പി നൽകണം. 25. ആറു മാസത്തിനകം ആളുകളെ ചേർത്ത് അസോസ്യേഷൻ യോഗം പൂർണ്ണമാക്കണം. 26. പരുമല സ്ഥലം നൽകിയ മാത്തന് നന്ദി രേഖപ്പെടുത്തുന്നു. 27. യോഗാദ്ധ്യക്ഷന് നന്ദി പറയുന്നു; നിശ്ചയങ്ങളെ ഉറപ്പിക്കുന്നു.

80-ൽ അധികം പള്ളിക്കാർ യോഗത്തിൽ പങ്കെടുത്തതായി കണ്ടനാട് ഗ്രന്ഥവരി സാക്ഷ്യപ്പെടുത്തുന്നു. യോഗ തീയതി ചിങ്ങം 25-ന് എന്നും കാണുന്നുണ്ട്.

പരുമല സുന്നഹദോസ്: 1878 കുംഭം 6-ന് (ഫെബ്രു. 18) മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീ യന്റെ അധ്യക്ഷതയിൽ ചേർന്ന അസോസ്യേഷൻ യോഗത്തെ പരുമല സുന്നഹദോസ് എന്ന് പറയാറുണ്ട്. തീരുമാനങ്ങൾ: 1. പത്രോസ് തൃതീയൻ പിരിച്ചുവിട്ട അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും പുനർജ്ജീവിപ്പിച്ച് പ്രവർത്തന സജ്ജമാക്കി. 2. അതിന്റെ പ്രസിഡന്റ് മലയാളത്തിനുടെ മെത്രാപ്പോലീത്താ എന്ന് അറിയപ്പെടുന്നതാണ്. 3. വ്യവഹാരം നടത്തിപ്പ്,

വിദ്യാലയ-സെമിനാരി സ്ഥാപനം ഇവ നടത്തുന്നതാണ്. 4. പുതിയ മെമ്പർമാരെ ചേർത്തു കമ്മറ്റി വിപുലപ്പെടുത്തി. പാത്രിയർക്കീസിന് രജിസ്റ്റേർഡ് ഉടമ്പടി കൊടുത്ത് മെത്രാൻ സ്ഥാനം പ്രാപിച്ച ആറു പുതിയ മെത്രാന്മാരും പുലിക്കോട്ടിൽ മെത്രാച്ചൻ അസോസ്യേഷൻ പ്രസിഡണ്ടായി പൊതു സമുദായം വക കാര്യങ്ങൾ നടത്തുന്നത് തങ്ങൾക്ക് സമ്മതമാണെന്ന് ഒരു സമ്മതപത്രം രേഖാ മൂലം അറിയിച്ചത് മൂലമാണ് ഈ ക്രമീകരണം സാധ്യമായത്. ഈ തീരുമാനപ്രകാരമാണ് നവീകരണ കക്ഷിക്കാർക്ക് എതിരായി സെമിനാരി വ്യവഹാരം ആരംഭിച്ചത്.

പരേതർ: ഇവർ അന്ത്യന്യായവിധിയ്ക്കായി പറുദീസായിൽ പാർക്കുന്നു. അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടി എന്ന് പറയുന്നത് പറുദീസായെക്കുറിച്ചാണ്. പ്രാർത്ഥന മൂലം ഇവരുമായി സംസർഗ്ഗം പുലർത്തുന്നു. പരസ്പര മധ്യസ്ഥപ്രാർത്ഥന സാധ്യം. ലാസറിന്റെയും ധനവാന്റെയും ഉപമ ഇക്കാര്യത്തിൽ ആവശ്യമായ വെളിച്ചം വീശുന്നു. പരേതാവസ്ഥയിലും ആത്മവളർച്ച സാധ്യം. അവർക്ക് കേൾക്കാം, കാണാം, ദുഃഖിക്കാം, സന്തോഷിക്കാം, അനുതപിക്കാം; മനസാന്തരപ്പെടുകയും ചെയ്യാം. മാമ്മൂദീസാ മൂലം ലഭിച്ച മുദ്ര - സഭാംഗത്വം - മരണം കൊണ്ട് അഴിഞ്ഞു പോകുന്നില്ല.

പർസൂപ്പാ: മുഖം എന്ന് പദാർത്ഥം. യേശുക്രിസ്തു ഏക ക്നൂമ്മാ. മനുഷ്യത്വവും ദൈവത്വവും ഇതിൽ അവിഭാജ്യമായ ഏകസാരാംശമായി സംയോജിച്ചിരിക്കുന്നു.

പല്ലക്ക്: പഴയ കാലത്തെ വാഹനം. അമാലന്മാർ ഇത് ചുമക്കുന്നു. ക്രിസ്ത്യാനികൾക്ക് ചെപ്പേടിൽ നൽകിയ രാജപദവികളിൽ ഇത് ഉൾപ്പെടുന്നു. പഴയ മെത്രാപ്പോലീത്തൻ ആസ്ഥാനങ്ങളിൽ ഉപയോഗശൂന്യമായ പല്ലക്ക് പുരാവസ്തുവായി കാണുന്നുണ്ട്.

പവിത്രരചനകൾ: പരുമല മാർ ഗ്രീഗോറിയോസിന്റെ രചനകൾ സമാഹരിച്ച് ആമുഖ പഠനത്തോടെ ഡോ. സാമുവൽ ചന്ദനപ്പള്ളി 1980-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ പേരാണ് പവിത്ര രചനകൾ. ഈ ഗ്രന്ഥം വിവിധ യൂണിവേഴ്സിറ്റികളിൽ പാഠപുസ്തകമായിരുന്നു. പരുമല തിരുമേനി രചിച്ചതും മലയാളത്തിലെ ലക്ഷണമൊത്ത പ്രഥമ യാത്രാവിവരണഗ്രന്ഥവുമായ ഊർശ്ലേം യാത്രാവിവരണം ഈ കൃതിയിലൂടെയാണ് സാഹിത്യ ലോകത്ത് അവതരിപ്പിക്കപ്പെട്ടത്.

പവിത്രീകരണം: വേർതിരിച്ച് പ്രതിഷ്ഠിക്കൽ. കഹനൂസായുടെ നൽവരങ്ങളിൽ ഒന്ന്. എല്ലാ കൂദാശകളും പവിത്രീകരണമാണ്. ഈ നൽവരത്തിന്റെ സ്ഥാനചിഹ്നമാണ് പൗരസ്ത്യ സഭയിൽ സ്ലീബാ.

പശ്ചാത്താപം: കുമ്പസാരത്തിന്റെ ആദ്യഘട്ടം. മുടിയൻപുത്രന്റെ ഉപമയിലും (ലൂക്കോ. 15:11-32; 18:9-14) ഇതിന്റെ മാതൃകകൾ കാണാം.

പശ്ചിമ താരക: 1864 ആഗസ്റ്റിൽ കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരണമാരംഭിച്ച മലയാള പത്രം. കോട്ടയം അക്കര കുര്യൻ റൈട്ടറായിരുന്നു ഉടമകളിൽ പ്രധാനി. പുകടിയിൽ ഇട്ടൂപ്പ് റൈട്ടറും, ടി. ജെ. പൈലിയും ആദ്യ പത്രാധിപന്മാർ. 1872 ചിങ്ങം 1 മുതൽ കൊച്ചിയിൽ നിന്ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ആരംഭിച്ച കേരളപതാകയും പശ്ചിമതാരകയും ഒന്നിച്ച് കുറെക്കാലം പ്രസിദ്ധീകരിച്ചു. ഏറെക്കാലം തുടരാനായില്ല. 1977-ൽ പുനഃപ്രസിദ്ധീകരണം ഉണ്ടായി. കോട്ടയം അക്കര സി. ചെറിയാൻ പത്രാധിപർ. വീണ്ടും അത് നിലച്ചുപോയി.

പസാരം: '*പതാരം*' കാണുക.

പള്ളി: രാജകീയതയെ കുറിക്കുന്ന ഉപചാരപദം. പള്ളിയുറക്കം, പള്ളിക്കെട്ട്, പള്ളിപ്പാണി, പള്ളികൊള്ളുക എന്നീ ശൈലികൾ ഉദാഹരണം.

പള്ളി: ബുദ്ധ-ജൈന ദേവാലയങ്ങളിൽ നിന്ന് യഹൂദ-ക്രൈസ്തവ-ഇസ്ലാം ദേവാലയങ്ങൾക്ക് ഈ പേർ സിദ്ധിച്ചു. പള്ളി ചേർന്ന സ്ഥലപ്പേരുകൾ കേരളത്തിൽ ധാരാളമുണ്ട്. എ. ഡി. 7-ാം നൂറ്റാണ്ടിന് ശേഷം ബ്രാഹ്മണരുടെ നേതൃത്വത്തിൽ ഹിന്ദുമതദേവാലയങ്ങൾ ഉയർന്നപ്പോൾ അവർ ഈ ദ്രാവിഡ പദം ഉപയോഗിക്കാതെ ആര്യഭാഷയിലെ ക്ഷേത്ര സംജ്ഞ ഉപയോഗിച്ചു. അവർണ്ണ ദ്രാവിഡ വിഭാഗക്കാരുടെ ആരാധനാലയങ്ങൾ 'കാവുകൾ' ആയി തുടർന്നു.

പള്ളി ഉപകരണങ്ങൾ: പള്ളിയ്ക്കും ഉപകരണങ്ങൾക്കും സ്ഥൂലാർത്ഥവും പ്രതീകാർത്ഥവും ഉണ്ട്. ഉപകരണങ്ങൾ ഇവയാണ്. ത്രോണോസ്, ദർഗ, കുരിശ്, മെഴുകുതിരിക്കാലുകൾ, ചിറ്റുശീല, വിരിക്കൂട്ടം, വിവിധ വിരികൾ, തബ്ലൈത്താ, കാസാ, പീലാസാ, ശോശപ്പാ, കബിലാന, കൗക്ക്ബാ, ഗ്മുർത്തോ സ്പോഞ്ച്, വെള്ളം പാത്രം, ടവലുകൾ, കൈമണി, മറുവഹസാ, ധൂപക്കുറ്റി, കുന്തുരുക്കം, കരി, തിരശ്ശീല, ഏവൻഗേലിയോൻ മേശ, അധ്യക്ഷന്റെ ഇരിപ്പിടം തുടങ്ങിയവ മദ്ബഹായിലെ പ്രധാന ഉപകരണങ്ങൾ.

താഴെ പ്രാർത്ഥനാമേശ, കുരിശ്, രണ്ട് തിരികൾ, മാമ്മൂദീസായ്ക്ക് പ്രത്യേക മുറി ഇല്ലെങ്കിൽ തെക്കുഭാഗത്ത് തൊട്ടി, വിളക്ക്, മണി, മ്നൊർത്തോ, ഭണ്ഡാരം (അപ്പം തയാറാക്കുന്ന അച്ചും അടിച്ച് കാച്ചാനുള്ള സംവിധാനവും മറ്റും ഉണ്ടാവും), പ്രദക്ഷിണങ്ങൾക്കുപയോഗിക്കുന്ന കുരിശുകൾ, കൊടി, മേക്കട്ടി, മുത്തുക്കുട തുടങ്ങിയവ പള്ളിയുടെ ധനശേഷിക്കാനുപാതികമായി ഉണ്ടാവും. അപ്പം, വീഞ്ഞ്, വി. തൈലങ്ങൾ ഇവ

സൂക്ഷിക്കുന്ന ചെപ്പുകളും കുപ്പികളും ഉപകരണങ്ങളിൽപ്പെടുന്നു. പണ്ട് പ്രസംഗപീഠമായി ബീമായും ഉണ്ടായിരുന്നു.

പള്ളിക്കാർ: ഒരു പള്ളിയുടെ ഭരണസീമയിൽപ്പെട്ട ഇടവകക്കാർ എന്നും പള്ളിഭരണത്തിന്റെ ചുമതലക്കാർ എന്നും അർത്ഥം.

പള്ളി, വിഭജനം: കിഴക്കു പടിഞ്ഞാറായി പണിയുന്ന പള്ളിയുടെ കിഴക്കേ ഉയർന്ന ഭാഗം അതിവിശുദ്ധസ്ഥലം എന്ന ബലിപീഠം കേന്ദ്രമായ ഭാഗമാണ്. താഴെ നമസ്കാരമേശ കിടക്കുന്ന രണ്ടാംഭാഗം വിശുദ്ധസ്ഥലം. ജനം നില്ക്കുന്ന ഭാഗം പ്രാകാരം. മാമ്മൂദീസാ തൊട്ടിയുടെ മുറിയും വസ്ത്രം മാറുന്ന ചമയമുറിയും സ്നാനാർത്ഥികൾ നില്ക്കുന്ന നാടക ശാലയും ദേവാലയ വിഭജനത്തിൽപ്പെടുന്നു. ആദ്യത്തെ മൂന്ന് ഭാഗം നിശ്ചയമായും കാണും. അവ അഴികളിട്ടും അല്പാല്പം ഉയർത്തിപ്പണി തും വേർതിരിക്കും. കുരിശടയാളമുള്ള വിരികൾ എല്ലാ പീഠങ്ങളിലും ഇട്ടിരിക്കണം.

പള്ളിക്കൂദാശ: ഒരു കെട്ടിടം പള്ളിയാകണമെങ്കിൽ മേല്പട്ടക്കാരൻ മൂറോൻ അഭിഷേകം ചെയ്ത് യഥാവിധി ശിലാസ്ഥാപന ശുശ്രൂഷ നടത്തി യിരിക്കണം. അതിനുശേഷമേ കൂദാശ പാടുള്ളൂ. ബലിപീഠവും ഒപ്പം തബി ലൈത്തായും അതിനുശേഷം മേല്പട്ടക്കാരൻ പള്ളിയും ഉപകരണങ്ങളും ത്രിത്വനാമത്തിലും വിശുദ്ധന്മാരുടെ മധ്യസ്ഥതയിലും മുദ്രണങ്ങൾ നടത്തി ആഘോഷപൂർവ്വം കുരിശ് ത്രോണോസിൽ പ്രതിഷ്ഠിച്ചതിന് ശേഷം വി. കുർബ്ബാന ചൊല്ലുന്നു. താല്ക്കാലിക കൂദാശ അനുവാദമുള്ള പട്ടക്കാർ ക്കും നടത്താം. പലവട്ടം പള്ളി പൊളിച്ചു പണിതാലും ശിലാസ്ഥാപനം ആവർത്തിച്ചുകൂടാ. പുതിയ പള്ളി പണിതാൽ പള്ളിയുടെ മുദ്രണവും അഭിഷേകവും ആവർത്തിക്കാം. ദീർഘശുശ്രൂഷയാണ്. ആദ്യഭാഗം തലേന്ന് സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം നടത്താം.

പള്ളിക്കുളം: ചില പള്ളികളോടനുബന്ധിച്ച് കാണുന്ന കുളങ്ങൾ പണ്ട് മാമ്മോദീസാ നടത്തിയിരുന്നവയാവാം.

പള്ളിക്കൂടം: പള്ളിയോട് ചേർന്നത് എന്ന അർത്ഥത്തിൽ വിദ്യാലയ ങ്ങളെ ഈ പേരിൽ പറഞ്ഞുവന്നു. എഴുത്തുപള്ളി എന്ന പ്രയോഗമുണ്ട്.

പള്ളിക്രമം: പള്ളിയിൽ നടത്തുന്ന ശുശ്രൂഷകളുടെ അംഗീകൃതവും ഔദ്യോഗികവുമായ ലിഖിതരൂപം.

പള്ളിത്താമം: പള്ളിയുടെ താഴ്വര എന്ന അർത്ഥത്തിൽ ഈ പേർ ഉപയോഗിച്ചു. മുളന്തുരുത്തിയിൽ പള്ളിത്താഴം ഇപ്പോഴുമുണ്ട്. തൃശ്ശൂർ വടക്കുന്നാഥക്ഷേത്രം ബുദ്ധപ്പള്ളിയായിരുന്നതിനാൽ ഇന്നത്തെ വടക്കേ

ബസ്സ്റ്റാന്റ് പ്രദേശങ്ങളെ പള്ളിത്താമം എന്ന് പറഞ്ഞിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു.

പള്ളിപ്പാട്ട് സെന്റ് ജോർജ്ജ് പള്ളി: നിരണം ഭദ്രാസനം. ആഞ്ഞിലിമൂട്ടിൽ ഗീവറുഗ്ഗീസ് സ്ഥലം നൽകി. 1873-ൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ പള്ളി സ്ഥാപിച്ചു. 1914-ലും 1966-ലും 1988-ലും പുതുക്കിപ്പണിതു. മൂന്ന് കുരിശിൻതൊട്ടികളും പാരീഷ് ഹാളും ഉണ്ട്. 350 കുടുംബങ്ങൾ. ഗീവറുഗ്ഗീസ് സഹദായുടെ ഓർമ്മ, ചേപ്പാട്ട് മാർ ദീവന്നാസ്യോസിന്റെ ഓർമ്മ, പള്ളിവച്ച ദിനം എന്നീ പെരുന്നാളുകൾ കൊണ്ടാടുന്നു.

പള്ളിപ്പാട്ടുകൾ: ചില പുരാതന ദേവാലയങ്ങൾക്ക് സ്വന്തമായ പള്ളിപ്പാട്ടുകൾ ഉണ്ട്. പി. യു. ലൂക്കാ ചില പള്ളിപ്പാട്ടുകൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1829-ൽ രചിച്ച ആർത്താറ്റ് പള്ളിപ്പാട്ട് അച്ചടിയിൽ ലഭ്യമാണ് (കവി പനയ്ക്കൽ ഇക്കാക്കു കുരിയപ്പൻ). പലപ്പോഴും പള്ളിയുടെ ആരംഭം, പ്രാരംഭ പ്രവർത്തകർ, സമകാല ദേശചരിത്രം എന്നിവയുടെ പ്രഥമ ആകര സാമഗ്രികൾ ആകാറുണ്ട് ഈ പാട്ടുകൾ. പള്ളിപ്പാട്ടുകളിലെ തരിതായ്ക്കൾ, സൂര്യവംശം തുടങ്ങിയ പ്രയോഗങ്ങൾ ഗവേഷണങ്ങൾക്ക് വഴി തുറന്നിടുന്നുണ്ട്.

പള്ളിമണി: ആരാധനാസമയങ്ങൾ അറിയിക്കുവാൻ ഇതുപയോഗിക്കുന്നു. മണിമാളിക പണിതോ മറ്റ് ഉയർന്ന ഭാഗങ്ങളിലോ മണി സ്ഥാപിക്കുന്നു. ആരാധനയിൽ പ്രധാന ഘട്ടങ്ങൾ സൂചിപ്പിക്കുവാൻ ചെറിയ കൈമണികൾ ഉപയോഗിക്കുന്നു. സന്ധ്യയിലും, പ്രഭാതത്തിലും, നോമ്പുകാലങ്ങളിൽ ഉച്ചയ്ക്കും വലിയ മണി അടിക്കും. ശ്ലീഹന്മാരുടെ സംഖ്യയും കർത്താവിന്റെ വയസ്സും മണിയടിയുടെ എണ്ണവുമായി ബന്ധപ്പെടുത്തി പറയുന്ന പ്രാദേശിക പാരമ്പര്യമുണ്ട്.

പള്ളിമേട: പള്ളിമാളിക. ഒരു കാലത്ത് പള്ളിയുടെ നാടകശാലകൾക്കു മുകളിൽ മേല്പട്ടക്കാർക്കും വൈദികർക്കും വിശ്രമിക്കുവാനുള്ള സ്ഥലവും മേൽപ്പൂട്ട് അറയും ക്രമീകരിച്ചിരുന്നു. ഇപ്പോൾ പള്ളിപ്പുരയിടത്തിൽ സൗകര്യമുള്ള സ്ഥലത്ത് ഇവയെല്ലാം ക്രമീകരിക്കുവാനുള്ള മേടകൾ പണിയുന്നു.

പള്ളി വാ (ബാ) ണ പെരുമാൾ: ക്രിസ്തുമതം സ്വീകരിച്ച ഒരു കേരള ചക്രവർത്തി. കാലത്തെപ്പറ്റിയും അദ്ദേഹം ചേർന്ന മതത്തെപ്പറ്റിയും ഏകാഭിപ്രായമില്ല. കുരിശുമാലയണിഞ്ഞ ഒരു രാജാവിന്റെ ഓട്ടുപ്രതിമ നീലംപേരൂർ ക്ഷേത്രപരിസരത്തിൽ നിന്നും ലഭിച്ചിട്ടുള്ളത് ഇദ്ദേഹത്തിന്റേതെന്ന് വിശ്വസിക്കപ്പെടുന്നു.

പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ: '*ചാണ്ടിക്കത്തനാർ, പള്ളിവീട്ടിൽ*' കാണുക.

പഴഞ്ഞി സെന്റ് മേരീസ് പള്ളി: കുന്നംകുളം ഭദ്രാസനത്തിലെ ഒരു പഴയപള്ളി. 800 ഭവനങ്ങൾ ഉണ്ട്. സ്ഥാപനകാലം കൃത്യമായി അറിഞ്ഞുകൂടാ. 1249 സ്ഥാപന വർഷം എന്ന് ചില പുസ്തകങ്ങളിൽ കാണുന്നത് ഒരു രസികനായ വൈദികന്റെ സാഹസികഭാവനയാണ്. ചേരരാജാക്കന്മാരുടെ തലസ്ഥാനമായ പഴയവഞ്ചിയാണ് പഴഞ്ഞി എന്ന് പരിണമിച്ചത്. കാട്ടുമങ്ങാട്ട് കൂറിലോസ് 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ചാട്ടുകുളങ്ങരപള്ളിയുടെ കുരിശുപള്ളിയായി ഇതിനെ പരാമർശിക്കുന്നുണ്ട്. ശില്പസുഭഗമായ ഇതിന്റെ മദ്ബഹായിലെ ശില്പങ്ങൾ പേർഷ്യൻ ബന്ധം സൂചിപ്പിക്കുന്നു. ബൈസാന്റിയൻ അംഗീകാരമുള്ള ഐക്കൺകല മദ്ബഹായിൽ പരക്കേ കാണാം. ഇലച്ചായം കൊണ്ട് വരച്ച ബൈബിൾ ദൃശ്യങ്ങളുടെ ആലേഖനങ്ങൾ സമൃദ്ധിയായിട്ടുണ്ട്. പഠനവിധേയമാവാത്ത പുരാതന ഗ്രന്ഥശേഖരം ഇവിടെയുണ്ട്. പ്രാചീനമായ ഒരു പഠിത്തവീടായിരുന്നു ഈ പള്ളി. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും (പഴയസെമിനാരി സ്ഥാപകൻ) കായംകുളം പീലിപ്പോസ് റമ്പാനും ഈ മല്പാൻ ഭവനത്തിലെ അദ്ധ്യാപകർ ആയിരുന്നു. 1815 മാർച്ച് 21-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്താ, 1978 മെയ് 15-ന് യാക്കോബ് മാർ പോളിക്കാർപ്പോസ്, ഗീവറുഗ്ഗീസ് മാർ ദീയസ്കോറോസ്, സഖറിയ മാർ ദീവന്നാസ്യോസ്, മാത്യൂസ് മാർ ബർന്നബാസ്, യൂഹാനോൻ മാർ അത്താനാസ്യോസ് എന്നിവർ ഈ പള്ളിയിൽ വച്ച് മേല്പ്പട്ടക്കാരായി വാഴിക്കപ്പെട്ടു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ്, ഈ തലമുറയിലെ പ്രമുഖ സഭാചരിത്ര ഗ്രന്ഥകാരൻ ഫാ. ഡോ. ജോസഫ് ചീരൻ എന്നിവർ ഈ ഇടവകാംഗങ്ങൾ ആണ്. 1871-ൽ ആരംഭിച്ച ഇവിടത്തെ സൺഡേസ്കൂൾ മലങ്കരയിലെ ഏറ്റവും പഴക്കമുള്ള സൺഡേസ്കൂൾ ആണ്. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ, കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശമായതിനാൽ സഭയുടെ ആസ്ഥാനമായി ഈ പള്ളിയെ ഉപയോഗിച്ചു. ഗ്രീസിലെ പീറ്റർ രാജകുമാരൻ, കൊച്ചി ദിവാന്മാരായ ബോഗ്, ഷൺമുഖം ഷെട്ടി, ഉപരാഷ്ട്രപതി കെ. ആർ. നാരായണൻ എന്നിവർ പള്ളി സന്ദർശിച്ചു. പെങ്ങാമുക്ക്, കാട്ടകാമ്പാൽ, മൂലേപ്പാട്, മങ്ങാട്, കരിക്കാട്, പെരുന്തുരുത്തി, ഐനൂർ, കോട്ടോൽ എന്നീ ഇടവകകളുടെ മാതൃദേവാലയം ഇതാണ്. പഴഞ്ഞി എം. ഡി. കോളജ് മൂന്ന് വർഷം ഈ പള്ളിയിൽ പ്രവർത്തിച്ചു. പള്ളി പുനർനിർമ്മാണത്തിന്റെ അന്ത്യഘട്ടത്തിലാണിപ്പോൾ.

പഴഞ്ഞി ബൈബിൾ: കഴിഞ്ഞ തലമുറയിൽ പഴഞ്ഞി പള്ളിയിലെ

ആയുഷ്ക്കാല വികാരിയായിരുന്ന ഫാ. ഗീവറുഗ്ഗീസ് ചീരന്റെ ഗ്രന്ഥശേഖരത്തിൽ നിന്ന് കയ്യെഴുത്ത് രൂപത്തിൽ കണ്ടെടുത്ത് ഫാ. ഡോ. ജോസഫ് ചീരൻ 'ഭാരതത്തിലെ പ്രാചീന ബൈബിൾ' എന്ന് ശീർഷകം നല്കി ആമുഖപഠനത്തോടെ പ്രസിദ്ധീകരിച്ച ബൈബിൾ. പുസ്തക, അദ്ധ്യായ, വാക്യ വിഭജനം കൂടാതെ പഴയനിയമ സംഭവങ്ങൾ ഇതിൽ ആഖ്യാനം ചെയ്തിരിക്കുന്നു. പരിഭാഷയുടെ ഓരോ പേജിനും ഉള്ളടക്കം അടിസ്ഥാനമാക്കി ശീർഷകം നൽകിയിട്ടുണ്ട്. പേരുകൾ സുറിയാനി ശൈലിയിൽ മൂശ, യേശു ബർനൂൻ എന്നിങ്ങനെ ചേർത്തിരിക്കുന്നു. കാനോനിക ബൈബിളിൽ കാണാത്ത ചില സംഭവങ്ങളും വിവരണങ്ങളും ഇതിൽ കാണുന്നുണ്ട്. ഉദയമ്പേരൂർ കാനോനിൽ വിലക്കിയ ഭാരതീയ ബൈബിളും എ. ഡി. 190-ൽ പന്തേനൂസ് അലക്സാന്ത്രിയായിൽ നിന്ന് വന്നപ്പോൾ ഇവിടെ കണ്ട അറമായ സുവിശേഷവും ഈ മലയാള വിവർത്തനത്തിന്റെ മൂലകൃതിയാകാം. യേശുവിന്റെ ബാല്യകാല കഥകൾ ദൃക്സാക്ഷിയെപ്പോലെ വിവരിച്ചിരിക്കുന്നു. രചയിതാവ് മാർത്തോമ്മാശ്ലീഹായാണോ എന്ന് സംശയം ജനിപ്പിക്കുന്ന പല ഭാഗങ്ങളും ഇതിലുണ്ട്.

പഴഞ്ഞി സണ്ടേസ്കൂൾ: മലങ്കര ഓർത്തഡോക്സ് സഭയിലെ ഏറ്റവും പ്രാചീനവും വിപുലവുമായ സൺഡേസ്കൂൾ എന്ന് 1970-ൽ അന്നത്തെ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ രേഖകളുടെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തിയ ഈ സണ്ടേസ്കൂൾ 1870-ൽ പ്രവർത്തനം ആരംഭിച്ച് നിലക്കാതെ പ്രവർത്തിക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സമാന്തര ക്ലാസ്സുകളും അതത് വിഭാഗത്തിലെ അധ്യാപകരുമുണ്ട്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ആണ് സ്ഥാപകൻ. 1971-ൽ ശതാബ്ദി ആഘോഷിച്ചു.

പഴമ വായന: ഓർത്തഡോക്സ് ആരാധനകൾ വേദപുസ്തക സമ്പുഷ്ടങ്ങളാണ്. ശുശ്രൂഷക്രമങ്ങളിലെ വേദപരാമർശങ്ങൾ, വേദോദ്ധരണികൾ, വേദപുസ്തക കഥാപാത്രങ്ങൾ, വേദപുസ്തക സംഭവങ്ങൾ എന്നിവയ്ക്കു പുറമേ ഓരോ ഞായറാഴ്ചയിലും പെരുന്നാളിലും ശുശ്രൂഷകളിലും വായിക്കുന്ന വേദഭാഗങ്ങളും വേദവായനക്കുറിപ്പിൽ ക്രമീകരിച്ചിട്ടുണ്ട്. ഓരോന്നിലും കുറഞ്ഞത് പഴയപുതിയ നിയമ ഭാഗങ്ങളിൽ നിന്നായി ആറ് വായനകളെങ്കിലും കാണും. പഴയനിയമ ഭാഗങ്ങൾ നമസ്ക്കാരമേശയിൽ നിന്നാണ് വായിക്കുക. ഈ സമയത്ത് വിശ്വാസികൾക്ക് ഇരിക്കുവാൻ അനുവാദമുണ്ട്. വേദഭാഗങ്ങൾ എഴുത്തുകാർക്ക് സഭ നൽകിയ വിശേഷണങ്ങൾ ചേർത്ത് പരിചയപ്പെടുത്തിയതിന് ശേഷമാണ് വായിക്കുക. ദീർഘദർശിമാരിൽ തലവനായ മോശ, രാജാവും നിബിയുമായ ദാവീദ്, മഹത്വമുള്ള ഏശായ തുടങ്ങിയവയാണ് വിശേഷണങ്ങൾ.

പഴയ കുർബ്ബാനക്രമം: വട്ടശ്ശേരിൽ ഗീവറുഗ്ഗീസ്സ്, കോനാട്ട് മാത്തൻ എന്നീ മല്പാന്മാർ ചേർന്ന് പ്രസിദ്ധീകരിച്ച ആധുനിക കുർബ്ബാനക്രമത്തിന് മുമ്പ് അവിഭക്ത സഭയിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ നിരവധി പതിപ്പുകളായി അച്ചടിച്ച് മലങ്കരസഭയിൽ എങ്ങും പ്രചാരത്തിലിരുന്ന കുർബ്ബാനക്രമം. ഇതിലെ തുബ്ദേനുകൾ പാടേ വ്യത്യസ്തം; ഹ്രസ്വം; അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകളും മറ്റും അതിൽ ഉണ്ടായിരുന്നില്ല.

പഴയകൂറ്റുകാർ: 1599-ലെ ഉദയംപേരൂർ സുന്നഹദോസിൽ അവിഭക്ത മലങ്കരസഭ റോമൻ വിശ്വാസവും ഭരണവും സ്വീകരിച്ചു. എന്നാൽ 1653-ൽ ഇതിൽ വലിയൊരു വിഭാഗം കൂനൻകുരിശുസത്യം ചെയ്തു മലങ്കരയിലെ പൂർവ്വിക വിശ്വാസത്തിലേക്ക് തിരിച്ചുവന്നു. തിരിച്ചുവന്നവരെ പുതിയകൂറ്റുകാർ എന്നും ഉദയംപേരൂർ നിലപാടിൽ ഉറച്ചുനിന്നവരെ പഴയകൂറ്റുകാരെന്നും റോമൻ സഭയുടെ പ്രചാരണകേന്ദ്രം വിശേഷിപ്പിച്ചത് ചരിത്രത്തിൽ വിജയിക്കുകതന്നെ ചെയ്തു. അങ്ങനെ സാക്ഷാൽ പൂർവികർ പുതിയകൂറ്റുകാരും ആധുനികർ പഴയകൂറ്റുകാരും എന്ന വൈരുദ്ധ്യം മലങ്കരസഭാചരിത്രത്തിൽ സ്ഥാനം പിടിച്ചു.

പഴയ നമസ്ക്കാരം: കോനാട്ട് മാത്തൻ മല്പാൻ, സഭ രണ്ട് കക്ഷികളായി പിരിഞ്ഞതിനുശേഷം പുറത്തിറക്കിയ നിത്യപ്രാർത്ഥനക്രമം എന്ന പാമ്പാക്കുട നമസ്ക്കാരത്തിന് മുമ്പ് അവിഭക്ത മലങ്കരസഭ ഉപയോഗിച്ചിരുന്ന പ്രാചീന കുടുംബാരാധനക്രമം. ഇതിൽ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് നവീകരണം കലർത്തി. പുലിക്കോട്ടിൽ ജോസഫ് കത്തനാർ നവീകരണം ഒഴിവാക്കി പൂർവ്വിക കുടുംബാരാധനക്രമവും കുർബാനക്രമവും ചേർന്ന പഴയനമസ്ക്കാര പുസ്തകം നിരവധി പതിപ്പുകളിലായി പതിനായിരകണക്കിന് കോപ്പികൾ 1909-ൽ അദ്ദേഹത്തിന്റെ മരണംവരെ അച്ചടിച്ചുകൊണ്ടിരുന്നു. എറണാകുളം ജില്ല ഒഴിച്ച് മലങ്കരസഭ മുഴുവൻ ആ നമസ്ക്കാരക്രമമാണ് വീടുകളിൽ ഉപയോഗിച്ചിരുന്നത്. കോനാട്ടച്ചന്റെ നിത്യപ്രാർത്ഥനക്രമം എറണാകുളം ജില്ലയിൽ മാത്രം പ്രചരിച്ചു.

പഴയനിയമ കാനോൻ: കാനോൻ എന്നത് ഗ്രീക്കുപദം. അളവുകോൽ എന്ന് അർത്ഥം. മതവിശ്വാസം അടിസ്ഥാനമായി യഹൂദന്മാർ സ്വീകരിച്ചതും ക്രൈസ്തവസഭ അംഗീകരിച്ചതുമായ പഴയനിയമ പുസ്തക സമുച്ചയമാണ് പഴയനിയമ കാനോൻ. എ. ഡി. 90-ൽ ജാമ്നിയായിൽ ചേർന്ന യഹൂദ റബിമാരുടെ സമ്മേളനത്തിൽ പഴയനിയമ കാനോനിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങളെക്കുറിച്ച് അഭിപ്രായഐക്യം ഉണ്ടായി. പല ഘട്ടങ്ങളിലായിട്ടാണ് പുസ്തകങ്ങൾക്ക് പൊതുവെ അംഗീകാരം ലഭിച്ചത്.

'*പുതിയനിയമ കാനോൻ*' കാണുക.

പഴയസെമിനാരി: കേരളത്തിലെ കത്തോലിക്കേതര വൈദികസെമിനാരികളിൽ ആദ്യത്തേത്. 1808-ലെ കണ്ടനാട് പടിയോലയിലെ താല്പര്യപ്രകാരം 1814-ൽ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ ഈ പഠിത്തവീട് സ്ഥാപിച്ചു. ബ്രിട്ടീഷ് റസിഡന്റ് കേണൽ മൺറോയും തിരുവിതാംകൂർ റാണിയും ഈ യത്നത്തിന് സഹായം നൽകി. കോട്ടയം പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ മീനച്ചിലാറിന്റെ തീരത്ത് പതിനാറ് ഏക്കർ സ്ഥലം തിരുവിതാംകൂർ റാണി കരമൊഴിവായി ഔസേപ്പ് റമ്പാന്റെ പേരിൽ നല്കി. 1814 ഫെബ്രു. 15-ന് കല്ലിട്ട് പണി തുടങ്ങി. 1815 മാർച്ചിൽ പണി പൂർത്തിയാക്കി ആദ്യബാച്ചിൽ വിദ്യാർത്ഥികളെ ചേർത്തു. റമ്പാൻ പ്രധാന അദ്ധ്യാപകൻ. റവ. തോമസ് നോർട്ടനും ആലപ്പുഴ താമസിച്ച് സെമിനാരിയിൽ അധ്യാപനം നടത്തി. 1815 മാർച്ച് 21-ന് ഇട്ടൂപ്പ് റമ്പാൻ പഴഞ്ഞിപള്ളിയിൽ വച്ച് തൊഴിയൂരിന്റെ കിടങ്ങൻ മാർ പീലക്സീനോസിൽ നിന്ന് മേല്പട്ടസ്ഥാനം ഏറ്റതോടെ കോട്ടയം പഴയസെമിനാരി മലങ്കരമെത്രാപ്പോലീത്തായുടെ ആദ്യത്തെ ഔദ്യോഗിക ആസ്ഥാനമായി, സഭയുടെ കേന്ദ്ര സെക്രട്ടേറിയേറ്റുമായി. 1816 നവം. 24-ന് അദ്ദേഹം നിര്യാതനായി 25-ന് പഴയസെമിനാരി ചാപ്പലിൽ കബറടക്കപ്പെട്ടപ്പോൾ അതൊരു തീർത്ഥാടനകേന്ദ്രമായി. 1817-ൽ സെമിനാരിയിൽ ഇംഗ്ലീഷ് പഠനം ആരംഭിച്ചപ്പോൾ കേരളത്തിലെ ഒന്നാമത്തെ ഇംഗ്ലീഷ് ഭാഷാ പഠനകേന്ദ്രമായി. 1836-ലെ മാവേലിക്കര സുന്നഹദോസ് മിഷണറിബന്ധം വിച്ഛേദിച്ചതിന് ശേഷം നവീകരണക്കാരുമായി ഉണ്ടായ വിവാദങ്ങൾ സെമിനാരിക്കേസിന് കാരണമായി. പാലക്കുന്നത്ത് മെത്രാച്ചനിൽ നിന്ന് കേസ് വിജയിച്ച് ലഭിച്ച സെമിനാരിയിൽ പുലിക്കോട്ടിൽ മെത്രാച്ചൻ താമസമാക്കി (1886 ജൂലായ് 3-ന്). അദ്ദേഹത്തിന്റെയും പിൻഗാമി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും കബറിടങ്ങൾ വടക്കും തെക്കും മുറികളിൽ സ്ഥിതിചെയ്യുന്നു. വടക്കേ കബർ മുറിയിൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ കബറിടവും ഉണ്ട്. 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ പാത്രിയർക്കീസ് കക്ഷിയുമായുള്ള വടംവലികളുടെ വേദിയും തൽഫലമായി നടന്ന ആനപ്പാപ്പി വധവേദിയും പഴയസെമിനാരി ആയിരുന്നു. മാനേജിംഗ് കമ്മിറ്റി കൂടുന്ന കമ്മിറ്റി മാളികയും ബസ്ഗാസാ മുറിയും സോഫിയാ സെന്ററും നാലുകെട്ട് ശൈലിയിൽ പണിയപ്പെട്ട ബഹുനിലകെട്ടിടത്തിലെ സെമിനാരിയുടെ മുഖം പ്രൗഢഗംഭീരമാക്കുന്നു. മലങ്കരസഭയുടെ ദൃശ്യപ്രതീകമെന്ന് കോട്ടയം പഴയസെമിനാരിയെ വിശേഷിപ്പിക്കാം.

പഴയസെമിനാരിയിലെ മല്പാന്മാർ: പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, കോനാട്ട് യോഹന്നാൻ മല്പാൻ, പാലക്കുന്നത്ത് ഏബ്രഹാം മല്പാൻ, കൈതയിൽ ഗീവറുഗ്ഗീസ് മല്പാൻ, കോനാട്ട് ഗീവറുഗ്ഗീസ്

മല്പാൻ, വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, പൂതക്കുഴിയിൽ ഏബ്രഹാം മല്പാൻ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ, ഞാർത്താങ്കൽ കോരത് മല്പാൻ, ടി. ജി. ഏബ്രഹാം മല്പാൻ തുടങ്ങിയവർ സെമിനാരിയിൽ വിവിധ കാലങ്ങളിൽ അധ്യാപനം നിർവഹിച്ച സുറിയാനി മല്പാന്മാർ ആയിരുന്നു.

പഴയസെമിനാരി മാനേജർമാർ: വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് റമ്പാൻ, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, വാളക്കുഴി യൗസേഫ് കത്തനാർ, ചുണ്ടേവാലിൽ ജേക്കബ് കത്തനാർ, ടി. സി. ജേക്കബ് കത്തനാർ, ഫാ. കെ. പീലിപ്പോസ്, ഫാ. ടി. വി. വർഗ്ഗീസ്, ഫാ. പി. എ. കുറിയാക്കോസ്, റമ്പാൻ ഫാ. പി. എം. ഗീവറുഗ്ഗീസ്, ഫാ. കെ. വി. ജോസഫ് എന്നിവർ പഴയസെമിനാരിയിൽ വിവിധ കാലങ്ങളിൽ മാനേജർ സ്ഥാനം വഹിച്ചിട്ടുണ്ട്. ഫാ. എം. സി. കുറിയാക്കോസാണ് ഇപ്പോഴത്തെ മാനേജർ.

പഴയസെമിനാരി, ദിവ്യബോധനം: 1984-ൽ മലങ്കരസഭയിലെ അത്മായവിഭാഗത്തിന് സഭാവിജ്ഞാനീയത്തിൽ പരിശീലനം നൽകുവാൻ വൈദികസെമിനാരിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ സ്വയം പഠന പരിശീലന പദ്ധതിയ്ക്ക് നൂറുകണക്കിന് പ്രാദേശിക സെന്ററുകളും പ്രാദേശിക അദ്ധ്യാപകരുമുണ്ട്. ഈ സൗകര്യവും കറസ്പോണ്ടൻസ് കോഴ്സിന്റെ സൗകര്യവും പ്രയോജനപ്പെടുത്തി ആയിരക്കണക്കിന് സഭാംഗങ്ങൾ സഭയുടെ ഈ വേദശാസ്ത്ര പദ്ധതിയെ വൻ പ്രസ്ഥാനമായി വളർത്തുന്നു. സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദതലങ്ങളിൽ ഓരോ തലത്തിലും പത്തുവിഷയങ്ങൾ വീതം ഉൾപ്പെടുത്തിയാണ് ഈ പദ്ധതി ക്രമീകരിച്ചിട്ടുള്ളത്. മുപ്പതിലേറെ പാഠപുസ്തകങ്ങൾ ഈ ആവശ്യത്തിനായി സെമിനാരി അദ്ധ്യാപകർ തയാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഈ സ്വപ്നം പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ഡയറക്ടർ എന്ന നിലയിൽ ഫാ. റ്റി. ജെ. ജോഷ്വായും കോ-ഓർഡിനേറ്റർ - രജിസ്ട്രാർ എന്നീ നിലകളിൽ ഫാ. സി. സി. ചെറിയാനും, ഫാ. ഡോ. ജോർജ് പുലിക്കോട്ടിൽ, ഫാ. ജോൺ പണിക്കർ, ഫാ. ജേക്കബ് മാത്യു തുടങ്ങിയവരും അനുഷ്ഠിച്ച സേവനം അവിസ്മരണീയമാണ്.

പഴയസെമിനാരി, സോഫിയാ സെന്റർ: പഴയസെമിനാരിയുടെ പ്രവേശനകവാടത്തിന് സമീപം 1974-ൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് നേതൃത്വം നൽകി നിർമ്മിച്ച അത്മായ പരിശീലനകേന്ദ്രം. '*സോഫിയ, സെന്റർ*' കാണുക.

പഴയസെമിനാരി, സ്മൃതി മന്ദിരം: 2002 നവംബർ 25-ന് കോട്ടയം

പഴയസെമിനാരി സ്ഥാപകന്റെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച്, സെമിനാരി കോമ്പൗണ്ടിൽ ഒന്നരക്കോടിയോളം രൂപ ചെലവഴിച്ച് പണിത ഗംഭീരമായ മൂന്ന് നിലക്കെട്ടിടം - സ്മൃതി സമുച്ചയം എന്ന പേരിൽ - പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ഉദ്ഘാടനം ചെയ്തു. പ. മാത്യൂസ് പ്രഥമൻ സ്മാരകമായി സഭാ മാനേജിംഗ് കമ്മിറ്റി ഹാളും, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് സ്മാരകമായി ലൈബ്രറി കോംപ്ലക്സും, ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് സ്മാരകമായി എക്യുമെനിക്കൽ പഠനഗവേഷണകേന്ദ്രവും മൂന്ന് നിലകളിലായി സജ്ജീകരിച്ചിട്ടുണ്ട്. മലങ്കരസഭയിലെ എല്ലാ പ്രധാന പള്ളികളുടെയും രേഖാചിത്രങ്ങൾ പ്രതിഷ്ഠിച്ച പിക്ചർ ഗാലറി സന്ദർശകരെ ആകർഷിക്കുന്നു.

പഴയസെമിനാരി, ശ്രുതി: ആരാധനാഗീതങ്ങളെ ചിട്ടപ്പെടുത്തി സംഗീത വാസനയുള്ളവരെ പരിശീലിപ്പിക്കുവാനായി സെമിനാരിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ആശയമായ ഈ പ്രസ്ഥാനത്തിന്, അദ്ദേഹം തന്നെ കണ്ടെത്തി സംഗീതത്തിൽ വിദേശ രാജ്യങ്ങളിൽ നിന്ന് ഉപരി വിദ്യാഭ്യാസം നൽകി തയാറാക്കിക്കൊണ്ടു വന്ന സംഗീതജ്ഞനായ എം. പി. ജോർജ്ജ് അച്ചൻ നേതൃത്വം നൽകുന്നു. സഭയിലെ ഗായകസംഘങ്ങൾ ശ്രുതിയിൽ രജിസ്റ്റർ ചെയ്തു ഏകോപിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

പഴയസെമിനാരി, പാരീഷ് മിഷൻ: വൈദികവിദ്യാർത്ഥികളെ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ചെറു ഗ്രൂപ്പുകളായി തിരിച്ച് ആവശ്യാനുസരണം വിവിധ ഇടവകകളിൽ അവധിക്കാലങ്ങളിൽ ക്യാമ്പ് ചെയ്ത് വിശ്വാസ വിഷയങ്ങളിൽ പ്രസംഗങ്ങളും ക്ലാസ്സുകളും നടത്തുകയും ഭവന സന്ദർശനം, കൗൺസിലിംഗ് തുടങ്ങിയവ നടത്തുകയും ഇടവകകളുടെ പ്രവർത്തനരംഗങ്ങൾ വൈദിക വിദ്യാർത്ഥികളെ പരിചയപ്പെടുത്തുകയും ചെയ്യുന്ന വൈദികസെമിനാരിയുടെ ഒരു സംരംഭം.

പഴയസെമിനാരി, എഫ്. എഫ്. ആർ. ആർ. സി.: ഓർത്തഡോക്സ് - മാർത്തോമ്മാ - സി. എസ്. ഐ. സെമിനാരികളുടെ സംയുക്ത ആഭിമുഖ്യത്തിൽ വേദശാസ്ത്രത്തിൽ ഗവേഷണപഠനത്തിന് അവസരമൊരുക്കുന്ന പ്രസ്ഥാനം. ഡോക്ടർ ഓഫ് തിയോളജി, മാസ്റ്റർ ഓഫ് തിയോളജി എന്നീ ബിരുദങ്ങൾക്കായി വിദ്യാർത്ഥികൾ ഈ കേന്ദ്രത്തിൽ പഠിക്കുന്നു. മാർത്തോമ്മാ വൈദിക സെമിനാരിയിൽ ഓഫീസ് പ്രവർത്തിക്കുന്നു. മൂന്നു വൈദികസെമിനാരികളിലുമായി വിദ്യാർത്ഥികൾ താമസിക്കുന്നു. സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഗവേഷണ പഠന കേന്ദ്രങ്ങളിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്നു.

പഴയസെമിനാരി കോഴ്സുകൾ: ഇടവകയുടെയോ ഭദ്രാസന മെത്രാപ്പോലീത്തായുടെയോ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷ പാസ്സായവരെ ചേർക്കുന്നു. പ്രീഡിഗ്രി വിദ്യാഭ്യാസം നേടിയവർക്കായി ജി. എസ്. ടി. കോഴ്സും ബിരുദധാരികൾക്കായി ബി. ഡി. ബിരുദകോഴ്സും നടത്തുന്നു (ഇപ്പോൾ ഡിഗ്രിയുള്ളവർക്കു മാത്രമേ പ്രവേശനം നൽകുന്നുള്ളു). സിലബസ്സും പരീക്ഷയും നടത്തുന്നതും ബിരുദം നൽകുന്നതും സെറാമ്പൂർ യൂണിവേഴ്സിറ്റിയാണ്. ജി. എസ്. റ്റി. പാസ്സായവർക്ക് ഏതാനും പേപ്പർ കൂടെ എഴുതിയാൽ ബി. ഡി. ലഭിക്കുവാൻ സൗകര്യമുണ്ട്. നിഷ്ഠയോടു കൂടിയ ആരാധനാജീവിതം പരിശീലിക്കുവാൻ സൗകര്യമുണ്ട്. വിപുലമായ ലൈബ്രറി സൗകര്യവും പഠനാനുബന്ധ പ്രവർത്തനങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

പഴയസെമിനാരി, ഇൻസർവ്വീസ് കോഴ്സുകൾ: ഇടവക ശുശ്രൂഷയിലുള്ള വൈദികരെ ബാച്ചുകളായി സംഘടിപ്പിച്ച് ഇൻ സർവ്വീസ് കോഴ്സുകൾ നടത്തുവാൻ സെന്റ് തോമസ് വൈദികസംഘത്തിന്റെ സഹകരണത്തോടെ വൈദികസെമിനാരി ശ്രമിച്ചുകൊണ്ടിരിക്കുന്നു.

പഴയസെമിനാരി അദ്ധ്യാപകർ: ഫാ. ഡോ. കെ. എം. ജോർജ്ജ് (പ്രിൻസിപ്പൽ), ഫാ. ഡോ. ജേക്കബ് കുരിയൻ (വൈസ് പ്രിൻസിപ്പൽ), ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഫാ. ടി. ജെ ജോഷ്വാ, ഡീക്കൻ ഡോ. കെ. എ. ജോർജ്ജ്, ഫാ. ഡോ. വി. പി. വർഗ്ഗീസ്, ഫാ. സി. സി. ചെറിയാൻ, ഫാ. ഡോ. ടി. ഐ. വർഗ്ഗീസ്, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. ജോൺ മാത്യൂസ്, ഫാ. എം. പി. ജോർജ്ജ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം, ഫാ. ഡോ. മാത്യു ബേബി, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. ഡോ. ജോർജ്ജ് പുലിക്കോട്ടിൽ, ഫാ. ഡോ. സാബു കുരിയാക്കോസ്, ഫാ. ഡോ. ജോൺ പണിക്കർ, ഫാ. ജേക്കബ് മാത്യു, ഫാ. തോമസ് വർഗീസ്, ഫാ. ജോസ് ജോൺ തുടങ്ങിയവർ അധ്യാപനം നിർവഹിക്കുന്നു.

പഴയസെമിനാരി: മുൻ അധ്യാപകർ: സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (മാർ ദീവന്നാസ്യോസ്), റവ. തോമസ് നോർട്ടൺ, പീറ്റ്, ബെഞ്ചമിൻ ബെയ്‌ലി, ഹെൻറി ബേക്കർ, കൈതയിൽ ഗീവറുഗ്ഗീസ് മല്പ്പാൻ, പാലക്കുന്നത്ത് ഏബ്രഹാം മല്പാൻ, കോനാട്ട് ഗീവറുഗ്ഗീസ് മല്പാൻ (ഗീവർഗീസ് മാർ യൂലിയോസ്), പനയ്ക്കൽ യാക്കോബ് മല്പാൻ, വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ (പ. വട്ടശ്ശേരിൽ തിരുമേനി), കോനാട്ട് മാത്തൻ മല്പാൻ, കല്ലാശ്ശേരി പുന്നൂസ് റമ്പാൻ (ഗീവർഗീസ് ദ്വിതീയൻ ബാവാ), ഇലവിനാമണ്ണിൽ കുരിയാക്കോസ്

മല്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, ഫാ. ഇ. പി. ജേക്കബ്, ഫാ. കെ. ഡേവിഡ്, ഫാ. കെ. ഫീലിപ്പോസ് (ഫീലിപ്പോസ് മാർ തെയോഫിലോസ്), സി. ജെ. സ്കറിയാ മല്പാൻ, വി. കെ. മാത്യൂസ് റമ്പാൻ (മാത്യൂസ് പ്രഥമൻ ബാവാ), ഔഗേൻ മാർ തീമോത്തിയോസ് (ഔഗേൻ ബാവാ), ഫാ. ഡോ. കെ. എം. സൈമൺ, ഒ. ജെ. മോസ്സസ്, സി. ഇ. ജോർജ്ജ്, ഫാ. ഇ. മാത്യൂസ് (മാത്യൂസ് ദ്വിതീയൻ ബാവാ), സഭാകവി സി. പി. ചാണ്ടി, ഫാ. പി. വി. വർഗ്ഗീസ്, ഫാ. പി. എസ്. സാമുവേൽ, ഫാ. എൻ. എ. യോഹന്നാൻ മല്പാൻ (യൂഹാനോൻ മാർ സേവേറിയോസ്), ഫാ. എം. വി. ജോർജ്ജ് (ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്), ഫാ. ടി. ജെ. ഏബ്രഹാം മല്പാൻ, ഫാ. കെ. എം. അലക്സാണ്ടർ, ഫാ. ഡോ. കെ. സി. തോമസ് (തോമസ് മാർ മക്കാറിയോസ്), ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, ഫാ. കെ. കെ. മാത്യൂസ് (മാത്യൂസ് മാർ ബർണബാസ്), ഫാ. ഫീലിപ്പോസ് തോമസ് (ഫീലിപ്പോസ് മാർ യൗസേബിയോസ്), ഫാ. ഡോ. കെ. എൽ. മാത്യു വൈദ്യൻ, ഫാ. ഡോ. വി സി. ശാമുവേൽ, ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ജോസഫ് വെണ്ടറപ്പള്ളി, ഫാ. സഖറിയ ഒ. ഐ. സി. തുടങ്ങിയവർ വിവിധ കാലങ്ങളിൽ പഴയ സെമിനാരിയിൽ അദ്ധ്യാപകരായി പ്രവർത്തിച്ചിട്ടുണ്ട്.

പറങ്കി: ഫ്രങ്കായക്കാർ – പോർച്ചുഗീസുകാർ – എന്ന പദത്തിന്റെ തത്ഭവരൂപം. പറങ്കി മാങ്ങ, പറങ്കി അണ്ടി, പറങ്കി മാവ് തുടങ്ങിയവ ഓർക്കുക. 1498 മുതൽ ഡച്ച് ആധിപത്യം ഉണ്ടാകുന്നതുവരെ ഒന്നര നൂറ്റാണ്ടിലധികം കാലം പോർച്ചുഗീസ് സംസർഗ്ഗം സഭയിലും സംസ്കാരത്തിലും സ്വാധീനം ചെലുത്തി. '*ഉദയംപേരൂർ സിനഡ്*' കാണുക.

പറമ്പിൽ ചാണ്ടിക്കത്തനാർ: '*അലക്സാണ്ടർ ഡി. കാമ്പോ*' കാണുക.

പറവൂർ പള്ളി: മാർത്തോമ്മാ ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന കോട്ടക്കാവ് പള്ളിയ്ക്കു സമീപം ആലുവ – കൊടുങ്ങല്ലൂർ റൂട്ടിൽ സ്ഥിതി ചെയ്യുന്നു. കോട്ടക്കാവ് പള്ളിയുടെ പൂർവിക അവകാശികൾ ഈ സ്ഥലത്ത് – വടക്കൻപറവൂർ – ഒരു പള്ളി വച്ചു. പട്ടമന പറവൂർ എന്നും സ്ഥലത്തിന് പ്രസിദ്ധിയുണ്ട്. അന്ത്യോഖ്യൻ പിതാവെന്ന് തെറ്റിദ്ധരിക്കപ്പെട്ട 1665 –ലെ മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീലിന്റെ കബറിടം ഇവിടെയാണ്. അന്ത്യോഖ്യൻ മെത്രാന്മാരുടെ വേഷഭൂഷാദികൾ അണിയിച്ച് അദ്ദേഹത്തിന്റെ ഒരു സാങ്കല്പിക ചിത്രം പള്ളിയിൽ വരപ്പിച്ച് പ്രചരിപ്പിക്കുന്നുണ്ട്. വാസ്തവം അറിയുന്ന പത്രോസ് തൃതീയൻ ബാവാ 1876–ൽ ഈ പള്ളി സന്ദർശിച്ചപ്പോൾ മദ്ബഹായിലായിരുന്ന ഇദ്ദേഹത്തിന്റെ കബറിടം കണ്ട് കുപിതനായി കബർ പൊളിപ്പിച്ച് ഭൗതികാവശിഷ്ടം മുഴുവൻ മദ്ബഹാ

യിലെ കബറിൽ നിന്ന് നീക്കം ചെയ്തു. വിശ്വാസികൾ പിന്നീട് ആ ഭൗതി കാവശിഷ്ടം താഴെ പള്ളിയകത്ത് ഒരു കബർ പണിയിച്ച് അവിടെ സംസ്ക്കരിച്ചു. മാർ ഗ്രിഗോറിയോസിന്റെ സുസ്താത്തിക്കോൻ തൊഴിയൂർ ആർക്കൈവ്സിൽ നിന്ന് ഫാ. ഡോ. ജോസഫ് ചീരൻ കണ്ടെടുത്തതോടെ ഇദ്ദേഹം അന്ത്യോഖ്യൻ മെത്രാൻ അല്ലെന്ന് സ്ഥിരീകരിക്കപ്പെട്ടു. പത്രോസ് തൃതീയൻ ബാവാ ഈ പള്ളിയിൽ വച്ച് 1876-ൽ തൊട്ടടുത്ത രണ്ടു ഞായറാഴ്ചകളിലായി കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, കോനാട്ട് ഗീവറുഗ്ഗീസ് മാർ യൂലിയോസ്, അമ്പാട്ട് ഗീവറുഗ്ഗീസ് മാർ കൂറിലോസ്, ചാത്തുരുത്തിൽ ഗീവറുഗ്ഗീസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ അഭിഷേകം ചെയ്തു. അങ്കമാലി ഭദ്രാസനത്തിൽ ഈ പള്ളി പ്രമുഖ തീർത്ഥാടന കേന്ദ്രമായിട്ടുണ്ട്. പറവൂർ പള്ളിയുടെ ചരിത്രം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പറുദീസാ: ഏദൻതോട്ടം. ദൈവത്തോടുള്ള സംസർഗ്ഗത്തിൽ വാസം എന്ന് താല്പര്യം. മരിച്ചവരുടെ ആത്മാക്കൾ പറുദീസായിൽ അന്ത്യന്യായവിധി കാത്തു കഴിയുന്നു. അവർക്ക് ശരീരമില്ലെന്നേയുള്ളു. ആത്മാവിൽ അവർ സജീവർ ആണെന്ന് ലാസറിന്റെയും ധനവാന്റെയും ഉപമ വ്യക്തമാക്കുന്നു. പറുദീസായെ 'അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും മടി' എന്ന് ആരാധനാക്രമങ്ങൾ വിശേഷിപ്പിക്കുന്നു. ലൂക്കോ 23:43; 2 കോരി 12:4; വെളി 2:7 എന്നീ ഭാഗങ്ങളിൽ പറുദീസായെപ്പറ്റി പരാമർശങ്ങൾ ഉണ്ട്.

പറൂസിയ: രണ്ടാംവരവിനെ സൂചിപ്പിക്കുന്ന ഗ്രീക്കു പദം. ഈ രാജ്യം കർത്തൃപ്രാർത്ഥനയിലും വിശ്വാസപ്രമാണത്തിലും സഭ പ്രത്യാശിക്കുന്നു.

പാച്ചോർ: പാലിൽ വേവിക്കുന്ന ചോറ്. വിവാഹസദ്യയുടെ ആദ്യ വിഭവമായി ഇത് വിളമ്പിയിരുന്നു. കട്ടയായി മുറിച്ച പാച്ചോറും ശർക്കര ഉരുക്കിയ പാനിയും ആദ്യം വിളമ്പും; പിന്നീടാണ് ഇലയിൽ ചോറു വിളമ്പുക. വെള്ളപാച്ചോറും ശർക്കര ചേർത്ത പാച്ചോറും നേർച്ചയായി പള്ളിയിൽ സമർപ്പിക്കുന്ന പതിവുണ്ട്. കൊയ്ത്തുകാലത്ത് ആദ്യഫലമെന്ന നിലയിൽ ആദ്യം കൊയ്ത നെല്ലിന്റെ അരി പാച്ചോറായി പാകം ചെയ്തു പള്ളിയിൽ നേർച്ചയായി സമർപ്പിക്കാറുണ്ട്.

പാണിഗ്രഹണം: കൈപിടിക്കൽ. വിവാഹം എന്നർത്ഥം. ഭാരതീയ പാരമ്പര്യപ്രകാരം വിവാഹ കൂദാശയിൽ ക്രൈസ്തവ സഭയും ഈ ചടങ്ങു സ്വീകരിച്ചു. പത്രോസ് തൃതീയൻ വരുന്നതിന് മുമ്പ് 1875 വരെ ഏവൻഗേലിയോൻ വായനയ്ക്ക് തൊട്ടുമുമ്പാണ് വധൂവരന്മാരുടെ കൈപിടിപ്പിച്ചിരുന്നത്. മാർത്തോമ്മാ, തൊഴിയൂർ സഭകളിൽ ഇപ്പോഴും അപ്രകാരം തന്നെ. മലങ്കരസഭയിൽ അവസാനഭാഗത്ത് നടത്തുന്നു. അനുയോജ്യമായ

ഒരു കുറിപ്പ് അവിടെ കാണുന്നത് ടെക്സ്റ്റിൽ ഉണ്ടായിരുന്നതല്ല.

പാതാളം: മരണാനന്തരം ആത്മാക്കൾ അധിവാസം ചെയ്യുന്ന ഇടം. ശീയോൾ എന്ന് പറയും. കർത്താവ് മരണശേഷം പാതാളത്തിലെ മൃതന്മാരോട് പ്രസംഗിച്ചു (1 പത്രോ. 3:19; 4:6). പാതാളത്തിൽ പഞ്ചേന്ദ്രിയങ്ങൾ മൗനത്തിലാണ്. ജ്ഞാനേന്ദ്രിയങ്ങൾ സജീവങ്ങളും. പറുദീസാ പുണ്യാത്മാക്കളുടെ സങ്കേതവും പാതാളം ശുദ്ധീകരിക്കപ്പെടുന്നവരുടെ താവളവും ആണ്. രണ്ടിടത്തും ആത്മീയ വളർച്ചയും പ്രാർത്ഥനാ സംസർഗ്ഗവും സാധ്യം.

പാതാളകരണ്ടി/വരണ്ടി: കിണറ്റിൽ പോയ പാളയോ ബക്കറ്റോ മറ്റോ എടുക്കുവാൻ ഉപയോഗിക്കുന്ന ലോഹനിർമ്മിത കൊളുത്തുകളുള്ള ഒരു ഉപകരണം.

പാതിനോമ്പ്: വലിയനോമ്പിന്റെ പകുതിയിൽ (ബുധനാഴ്ച) വി. കുർബ്ബാന അർപ്പിക്കും. മോശ പാളയത്തിന്റെ മധ്യത്തിൽ പിച്ചള സർപ്പത്തെ നാട്ടിയതുപോലെ ദേവാലയമധ്യത്തിൽ നാട്ടിയ മ്നോർത്തോ (ഗോഗുൽത്താ) യിൽ ആഘോഷിച്ച കുരിശ് പുരോഹിതൻ പ്രാർത്ഥനാപൂർവം പ്രതിഷ്ഠിക്കും. പാതിനോമ്പിന്റെ പ്രതിഷ്ഠാ ശുശ്രൂഷ പത്രോസ് തൃതീയൻ ബാവാ മലങ്കരയിൽ പ്രചരിപ്പിച്ചതാണ്.

പാതിര: പാതിരാവ്. ദിവസത്തിലെ ഏഴ് യാമപ്രാർത്ഥനകളിൽ മൂന്നാമത്തേത്. ഇതിന് നാലു ഘട്ടങ്ങൾ ഉണ്ട്. ഓരോന്നും ക്രൂബേന്മാരുടെ കൗമ്മാ കൊണ്ടും നാലാമത്തേത് ഹാലേലൂയ്യാ കൊണ്ടും വിഭജിക്കപ്പെട്ടിരിക്കുന്നു. 4-ാം കൗമ്മായുടെ ആരംഭത്തിൽ തിരി കത്തിച്ച് മദ്ബഹാ തുറക്കും. ധൂപപ്രാർത്ഥനകൾ ഓരോ ദിവസത്തേയ്ക്കുമുള്ളത് നടത്തും. മാലാഖമാരുടെ സ്തുതിപ്പോടു കൂടെ പാതിരായുടെ പ്രാർത്ഥന അവസാനിക്കും. സാധാരണ വെളുപ്പിന് പ്രഭാത പ്രാർത്ഥനയ്ക്ക് മുമ്പായിട്ടാണ് ഇത് നടത്താറുള്ളത്.

പാതിരി: പാദ്രേ എന്ന സ്പാനിഷ് പദത്തിന്റെ തത്ഭവം. പുരോഹിതൻ എന്നർത്ഥം. അർണ്ണോസ് പാദ്രി എന്ന പേർ ഓർക്കുക. ഫാദർ എന്ന ഇംഗ്ലീഷ് പദവും പിതാ എന്ന സംസ്കൃത പദവും ഒരേ ഭാഷാസ്വഭാവം പ്രകടമാക്കുന്നു.

പാത്രിയർക്കീസ്: ഗ്രീക്കു പദം. പ്രധാന പിതാവ് എന്ന് അർത്ഥം. ഗോത്രപിതാവ്. ഗോത്രപിതാക്കന്മാർ ഈ പേരിൽ അറിയപ്പെട്ടിരുന്നു. സന്നിദ്രിം സംഘാധ്യക്ഷന്മാർക്കും ഈ പേരുണ്ട്. വലിയ പട്ടണങ്ങളിലെ ബിഷപ്പുമാരെ ക്രിസ്തീയസഭ ഈ പേർ നൽകി ബഹുമാനിച്ചു. 4-ാം നൂറ്റാണ്ടു മുതൽ റോം, അലക്സന്ത്ര്യാ, അന്ത്യോഖ്യായ്ക്കും 381 മുതൽ

കോൺസ്റ്റാണ്ടിനോപ്പിളിനും ഈ ബഹുമതി ലഭിച്ചു. സ്വയംശീർഷകത്വ മുള്ള ദേശീയ സഭയുടെ അധ്യക്ഷന്മാർക്ക് റോമ്മാസാമ്രാജ്യം ആ പേർ നല്കി. പേർഷ്യൻ സഭ ദേശീയ അധ്യക്ഷന് കാതോലിക്കാ എന്ന സമാന്തരനാമം നൽകി. റോമ്മാ പാത്രിയർക്കീസ് കാലക്രമത്തിൽ പാപ്പ എന്ന പേർ സ്വീകരിച്ചു. മധ്യശതകങ്ങളിൽ റഷ്യാ, ജോർജ്ജിയ, സെർബിയാ, റൂമേനിയ, ബുൾഗേറിയാ എന്നിവയെല്ലാം പാത്രിയർക്കാ കേന്ദ്രങ്ങളായി പ്രഖ്യാപിക്കപ്പെട്ടു. ഓറിയന്റൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഈജിപ്റ്റ്, സിറിയാ, എത്യോപ്യാ എന്നിവിടങ്ങളിലെ ദേശീയ തലവന്മാർ പാത്രിയർക്കീസന്മാർ എന്നും അർമ്മേനിയായിലെയും ഇന്ത്യയിലേയും ദേശീയ തലവന്മാർ കാതോലിക്കാ എന്ന പേരിലും അറിയപ്പെടുന്നു. അർമ്മേനിയായിൽ കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസ് സ്ഥാനം ഉണ്ട്. നെസ്തോറിയർ അവരുടെ തലവനായ കാതോലിക്കായെ പാത്രിയർക്കീസ് എന്ന് വിളിക്കുന്നു.

പാനിയും പഴവും: പനയുടെ മധുരക്കള്ളു കുറുക്കി പാനി ഉണ്ടാക്കുന്നു. സദ്യയുടെ അവസാനം പഴവും പാനിയും ഇലയിൽ കുഴച്ച് ചേർത്തു കഴിക്കുന്ന ഔപചാരിക ചടങ്ങ് ക്രൈസ്തവ സദ്യകൾക്കുണ്ട്. പായസത്തിന് സമാന്തരമാണിത്.

പാപം: ദൈവഹിതമായ നേർവഴിയിൽ നിന്നുള്ള പതനമാണ് പാപം. അനുസരണക്കേടിൽ ഇത് പ്രതിഫലിക്കുന്നു. തന്മൂലം ദൈവ സംസർഗ്ഗം നഷ്ടപ്പെട്ടു; ദൈവതേജസ് വികലമായി, മനുഷ്യവർഗ്ഗത്തെ മുഴുവൻ ബാധിച്ചു, പ്രപഞ്ചത്തെ മുഴുവൻ വികലമാക്കി. പാപത്തിന് ശാരീരികം, മാനസികം, ധൈഷണികം എന്നീ തലങ്ങളുണ്ട് (മത്താ. 5:21 മു). ആദാം പാപ പ്രതീകം. രണ്ടാം ആദാമായ ക്രിസ്തു വീണ്ടെടുപ്പിന്റെയും രക്ഷയുടെയും പ്രതീകം. '*ആദ്യപാപം*', '*ആദാമ്യപാപം*' എന്നീ ശീർഷകങ്ങൾ കാണുക.

പാപം, പരിശുദ്ധാത്മാവിനെതിരെ: '*പരിശുദ്ധാത്മാവിന് വിരോധമായ പാപം*' കാണുക.

പാപപരിഹാരദിനം: യഹൂദൻ നിസ്രി 10-ന് ഈ വലിയ പെരുന്നാൾ ആഘോഷിക്കും (ലേവ്യ 16-ാം അധ്യായം). ഈ ഉപവാസപ്പെരുന്നാളിന് യോം കിപ്പൂർ എന്ന് പേർ. ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ തന്റെയും ജനത്തിന്റേയും പാപപരിഹാരത്തിനായി യാഗം കഴിക്കുന്നു. ഈ വാർഷിക പാപപരിഹാരയാഗത്തെ യേശു നടത്തിയ യാഗവുമായി എബ്രായലേഖനകർത്താവ് താരതമ്യം ചെയ്യുന്നുണ്ട് (എബ്രാ. 7:25).

പാപമോചനം: പാപശിക്ഷയിൽ നിന്നും പാപദാസ്യത്തിൽ നിന്നും

മോചനം. കുമ്പസാരവും കുർബ്ബാനാനുഭവവും ഒരിക്കലായി ആദാമ്യപാപമോചനത്തിനായുള്ള മാമ്മൂദീസായും പാപമോചന മുഖാന്തിരങ്ങളായി സഭ വിതരണം ചെയ്യുന്നു.

പാപ്പാ: ഗ്രീക്കു - ലത്തീൻപദം. പിതാവ് എന്നർത്ഥം. അലക്സാന്ത്രിയായിലെ പാത്രിയർക്കീസ് ആദ്യം പാപ്പാ എന്ന് വിളിക്കപ്പെട്ടു. പിന്നീട് റോമിലെ പാത്രിയർക്കീസ് ആ പദം ഉപയോഗിച്ചു. പത്രോസിന്റെ പിൻഗാമിയും ക്രിസ്തുവിന്റെ വികാരിയും തന്മൂലം അപ്രമാദിത്വമുള്ളവനും ആണെന്ന് കത്തോലിക്കാസഭ അവകാശപ്പെടുന്നു. കർദ്ദിനാൾമാരുടെ സംഘം ആയ കോൺക്ലേവ് പാപ്പായെ തെരഞ്ഞെടുക്കുന്നു. മലങ്കരയിൽ 1653-ൽ വന്ന ഇഗ്നാത്തിയോസ് അഹത്തള്ള പാത്രിയർക്കീസിനെ അയച്ചത് പാപ്പാ ആണെന്ന് അഹത്തള്ളായുടെ ഒരു കത്തിൽ കാണുന്നു. ഈ പാപ്പാ അലക്സാന്ത്രിയായിലെ പാപ്പാ ആണ്.

പാമ്പാക്കുട പള്ളികൾ: മൂവാറ്റുപുഴയ്ക്കടുത്ത ഗ്രാമം. 1825-ൽ കോനാട്ട് ഏബ്രഹാം മല്പാൻ സ്ഥാപിച്ച സെന്റ് ജോൺസ് വലിയ പള്ളിയും 1887-ൽ പാലപ്പിള്ളിൽ അബ്രഹാം മല്പാൻ സ്ഥാപിച്ച സെന്റ് തോമസ് ചെറിയപള്ളിയും ഇവിടെയാണ്. ആദ്യത്തേതിൽ 700 ഭവനങ്ങളും രണ്ടാമത്തേതിൽ 185 വീട്ടുകാരും ഉണ്ട്. രണ്ടും കുടുംബപ്പള്ളികളാണ്. വലിയപള്ളിയിൽ കോനാട്ട് മല്പാന്മാർ നടത്തിയിരുന്ന പഠിത്തവീടും 1879-ൽ കോനാട്ട് യൂലിയോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച സുറിയാനി അച്ചുകൂടവും പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയന്റെ നേതൃത്വത്തിൽ ആരംഭിച്ച ത്രിസൈശുബഹോ സെന്ററും അവിടെ കോനാട്ട് മല്പാന്മാരുടെ സ്മരണയ്ക്കായി പ്രവർത്തിക്കുന്ന സുറിയാനി ഗവേഷണ കേന്ദ്രവും ഉണ്ട് (‘*ത്രിസായ് ശുബഹോ സെന്റർ*’ കാണുക). ചെറിയപള്ളിയിൽ മലങ്കരയിലെ ഒന്നാം കാതോലിക്കാ മാർ ബസ്സേലിയോസ് പൗലൂസ് പ്രഥമന്റെ കബറിടം ഉണ്ട്. രണ്ടു പള്ളികളും തീർത്ഥാടകരെ ആകർഷിക്കുന്നു.

പാമ്പാക്കുട നമസ്കാരം: കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ വിവർത്തനം ചെയ്ത് സംഗ്രഹിച്ച് 1910-ൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ നിത്യപ്രാർത്ഥനക്രമം. മല്പാന്റെ ശിഷ്യന്മാരിലൂടെ എറണാകുളം ജില്ലയിൽ ഈ ക്രമത്തിന് പ്രചുരപ്രചാരം ലഭിച്ചു.

പാമ്പാക്കുട മല്പാൻ പാഠശാല: കോട്ടയം പഴയസെമിനാരിയ്ക്ക് സമാന്തരമായി 1825-ൽ പാമ്പാക്കുടയിൽ സ്ഥാപിതമായ പഠിത്തവീട്. കോനാട്ട് യോഹന്നാൻ മല്പാൻ, മാത്തൻ മല്പാൻ മുതൽ പേർ ഇവിടെ അധ്യാപകർ ആയിരുന്നു. ‘*കോനാട്ട് മല്പാൻ*’, ‘*പാമ്പാക്കുട*’ എന്നീ ശീർഷകങ്ങൾ കാണുക.

പാമ്പാടി തിരുമേനി: '*മാർ ഗ്രീഗോറിയോസ് കുറിയാക്കോസ്*' കാണുക.

പാമ്പാടി ദയറാ: മാർ കുറിയാക്കോസ് ദയറ കോട്ടയം പൊത്തമ്പുറം കുന്നിന്റെ നിറുകയിൽ 1914 കർക്കിടകം 15-ന് സ്ഥാപിച്ചു. 1920 മെയ് 28-ന് കണ്ടനാടിന്റെ യൂയാക്കീം ഈവാനിയോസ് ദയറാപ്പള്ളിയ്ക്ക് കല്ലിട്ടു. 1923 മകരം 7-ന് വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, വാകത്താനം പീലക്സി നോസ് എന്നിവർ ചേർന്ന് പള്ളി കൂദാശ ചെയ്തു. പാമ്പാടി മാർ ഗ്രീഗോ റിയോസ് ആജീവനാന്തം ഇവിടെ താമസിച്ചു. 1991-ൽ ദയറാപ്പള്ളി പുതു ക്കിപ്പണിതു. മാർ ഗ്രീഗോറിയോസ്, പാറേട്ട് മാർ ഈവാനിയോസ് എന്നി വരുടെ കബറിടങ്ങൾ സ്ഥിതിചെയ്യുന്ന ഈ പുണ്യഭൂമി തീർത്ഥാടനകേന്ദ്ര മാണ്. അഭയഭവൻ, ബാലഭവൻ, ഐ. റ്റി. സി, ഹയർസെക്കണ്ടറി സ്കൂൾ, കെ. ജി. കോളജ് എന്നിവ ഇവിടെയുണ്ട്.

പാരിഷ് മിഷൻ: 1955-ൽ തുടങ്ങി. സ്വന്തം പ്രസിദ്ധീകരണങ്ങളുള്ള പാരിഷ് മിഷൻ ഒരു കൊല്ലം ശരാശരി ഇരുപത് ഇടവകകളിൽ നാലോ അഞ്ചോ ദിവസം ദൈർഘ്യമുള്ള പ്രവർത്തനം നടത്തുന്നു. '*പഴയസെമി നാരി, പാരീഷ് മിഷൻ*' എന്ന ശീർഷകം കാണുക.

പാർത്ഥ്യം: പേർഷ്യ. സൊരാഷ്ട്രിയനിസം മുഖ്യ മതം. മാണിക്കയ നിസം ഇവിടെ ആരംഭിച്ചു. മാർത്തോമ്മാശ്ലീഹാ ഈ സഭ സ്ഥാപിച്ചു. ആദ്യനൂറ്റാണ്ടുകളിൽ അലക്സാന്ത്രിയയ്ക്ക് ശേഷം മലങ്കരസഭ സം സർഗ്ഗം പുലർത്തിയിരുന്നത് മുഖ്യമായും പേർഷ്യൻ സഭയുമായിട്ടാണ്. നെസ്തോറിയനിസം മലങ്കരയിൽ അങ്ങിങ്ങ് പ്രത്യക്ഷപ്പെട്ടത് ഈ ബന്ധം മൂലമാണ്. ക്നായിത്തോമ്മായുടെ നേതൃത്വത്തിലെ പേർഷ്യൻ കുടിയേ റ്റവും പേർഷ്യൻ കുരിശുകളും ഈ ബന്ധത്തിന്റെ നിത്യസ്മാരകങ്ങൾ ആണ്.

പാലപ്പിള്ളിൽ മാണി പൗലൂസ് കത്തനാർ: പാമ്പാക്കുട 1879 മിഥുനം 24-ന് ജനിച്ചു. പരുമല മാർ ഗ്രീഗോറിയോസ് ശെമ്മാശുപട്ടവും മുറിമറ്റത്തിൽ കാതോലിക്കാ കശ്ശീശാപട്ടവും നൽകി. കോട്ടയം എം. ഡി. ഹൈസ്കൂൾ ലൈബ്രേറിയൻ ആയിരുന്നു. 1911-ൽ വൈദിക ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ടു. മുറിമറ്റത്തിൽ കാതോലിക്കായുടെ അന്ത്യകാലത്ത് അദ്ദേഹത്തെ ശുശ്രൂഷിക്കുവാനുള്ള ചുമതല അച്ചൻ ഏറ്റെടുത്ത് ബാവായെ പാമ്പാക്കുട ചെറിയപള്ളിയിൽ താമസിപ്പിച്ച് ശുശ്രൂഷിച്ചു. ബാവാ അന്തരിച്ചപ്പോൾ താൻ വികാരിയായ പാമ്പാക്കുട ചെറിയപള്ളി യിൽ കബറടക്കി. അച്ചൻ 1955 ഡിസംബർ 25-ന് അന്തരിച്ചു. ചെറിയപ ള്ളിയിൽ അദ്ദേഹത്തെ കബറടക്കി.

പാലയൂർ: പാലൂരിന്റെ സെന്റ് തോമസ് പൈതൃകം അവകാശപ്പെട്ട് പ്രചാരണകലയുടെ മിടുക്കിലൂടെ അംഗീകാരം പിടിച്ചുപറ്റിയ ചാവക്കാടിന്റെ പ്രാന്തപ്രദേശം. 1800-ൽ ഡോ. ഫ്രാൻസിസ് ബുക്കാനൻ ഇവിടം സന്ദർശിച്ചു. ഇവിടെയുള്ള പള്ളിയെ ചാവക്കാട് പള്ളി എന്നും അവിടത്തെ പുരോഹിതനെ ചാവക്കാട്ടുള്ള സുറിയാനിക്കാരുടെ പാപ്പാ എന്നുമാണ് ഡയറിയിൽ വിശേഷിപ്പിച്ചിട്ടുള്ളത്. എന്നാൽ തങ്ങളുടെ പൈതൃക ദേവാലയമായിരുന്ന പാലൂരിലെ സെന്റ്തോമസ് സ്ഥാപിച്ച തലപ്പള്ളി 1805-ൽ കൊച്ചി രാജാവ് ശക്തൻ തമ്പുരാൻ നറുക്കിട്ട് സുറിയാനിക്കാർക്ക് മാത്രമായി അവകാശം നിശ്ചയിച്ച് തീട്ടൂരം എഴുതിയപ്പോൾ തങ്ങൾക്ക് കിട്ടിയ ചാവക്കാട് സെന്റ് കുറിയാക്കോസ് പള്ളിയ്ക്കു സെന്റ് തോമസ് പരിവേഷം നൽകുവാൻ ആരംഭിച്ചു. പള്ളി നിൽക്കുന്ന ചാവക്കാടിന്റെ പ്രാന്തപ്രദേശത്തിന് പാലയൂർ എന്ന് പേരിട്ടും മാർ കുറിയാക്കോസ് സഹദായുടെ പ്രതിഷ്ഠാനാമം മാറ്റി സെന്റ് തോമസ് എന്ന് ഭേദപ്പെടുത്തിയും ചില പുരാതനലക്ഷ്യങ്ങൾ ശേഖരിച്ചും സ്ഥാപിച്ചും സെന്റ്തോമസ് ഐതിഹ്യങ്ങളിൽ പറയുന്ന ഐതിഹ്യങ്ങൾക്ക് വേദികൾ വേർതിരിച്ചും സെന്റ് തോമസ് പൈതൃകം 4-ാം നൂറ്റാണ്ടിന് ശേഷം മാത്രം സ്ഥാപിക്കപ്പെട്ട ചാവക്കാട് പള്ളിയെ അണിയിച്ചു. പഴയകൂറ്റുകാർ എന്ന് പുത്തൻ കത്തോലിക്കാസഭയെ അംഗീകരിച്ച കേരള ചരിത്രം ഈ പ്രചാരണവും ദൗർഭാഗ്യവശാൽ അംഗീകരിച്ചിട്ടുണ്ട്.

പാലിയേക്കരപള്ളി: പഴയപള്ളി തീവച്ച് നശിപ്പിക്കപ്പെട്ടു. കേണൽ മൺറോയുടെ ഉത്തരവിൻപ്രകാരം തീവച്ചവർക്ക് ചുമത്തിയ പിഴയിൽ ഒരു ഭാഗം ഉപയോഗിച്ച് തിരുവല്ലയിൽ 1815 മാർച്ച് 7-ന് ഈ പള്ളി വി. ഗീവറുഗ്ഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ചു. നിരണം ഭദ്രാസനത്തിൽപെട്ട ഈ പള്ളിയുടെ മദ്ബഹായിൽ ധാരാളം ചുമർ ചിത്രങ്ങൾ ഉണ്ട്.

പാലിയം: റോമ്മൻ കത്തോലിക്കാസഭയിൽ മാർപാപ്പായും കർദ്ദിനാൾമാരും അധികാരചിഹ്നമായി ഉപയോഗിക്കുന്ന ഒരു സ്ഥാനവസ്ത്രം.

പാലൂർ: ചാട്ടുകുളത്തിന്റെ തീരത്ത് ആർത്താറ്റ് ജൂതക്കുന്നിൽ ഉണ്ടായിരുന്ന ജൂതസിനഗോഗ് രൂപഭേദപ്പെടുത്തി മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച കേരള ക്രൈസ്തവരുടെ തലപ്പള്ളി. പാലൂർ പ്രദേശം എന്നും ചാട്ടുകുളങ്ങര എന്നും ഇത് അറിയപ്പെട്ടു. 1599-ൽ ആർച്ച് ബിഷപ്പ് മെനേസ്സിസിനെ ആർത്ത് ആട്ടി ഇറക്കിയ സംഭവം മുതൽക്ക് ഇടവകക്കാർക്ക് ആർത്താട്ടുകാർ എന്ന് പേരായി. പാലൂർ എന്ന പേർ ചരിത്രത്തിൽ മാത്രമായി അവശേഷിച്ചു. കേരള ക്രൈസ്തവരുടെ ഈ തലപ്പള്ളി ആർത്താറ്റ് പള്ളി എന്ന് അറിയപ്പെടുന്നു. പ്ലീനി വിവരിക്കുന്ന പാലൊറ പാലൂർ പ്രദേശമാണ്. വിസ്തൃത പ്രദേശമായ പാലൂർ പ്രദേശത്തായിരുന്നു വിദേശവ്യാപാര തുറ

മുഖം - പിന്നീട് പൊന്നാനി - സ്ഥിതിചെയ്തിരുന്നത്. നമ്പൂതിരിമാർ കേരളത്തിൽ കുടിയേറിപ്പാർത്തത് ഈ തുറമുഖം മുഖേനയെന്ന് കാണിപ്പയ്യൂർ നമ്പൂതിരിയുടെ '*ആര്യന്മാരുടെ കുടിയേറ്റ*'ത്തിൽ കാണുന്നു. പ്രാചീന റോമൻ കോളനിയും അഗസ്റ്റസ് ദേവാലയവും സ്ഥിതിചെയ്തിരുന്ന അഗതിയൂരും പാലൂർ പ്രദേശത്താണ്. പില്ക്കാലത്ത് ചെറുപ്രദേശങ്ങൾ പ്രത്യേകം പേരുകളിൽ അറിയപ്പെട്ടപ്പോൾ പാലൂർ എന്ന പ്രാചീന നാമം ചരിത്രത്തിൽ ഒതുങ്ങി.

പാലൂർ നാടകം: ഉദയംപേരൂർ സുന്നഹദോസിന്റെ (1599) തീരുമാനങ്ങൾ നടപ്പാക്കുവാൻ പള്ളികൾ സന്ദർശിച്ചുകൊണ്ടേയിരുന്ന ആർച്ച് ബിഷപ്പും പരിവാരവും സുന്നഹദോസിനെ ബഹിഷ്ക്കരിച്ച പാലൂർ - ചാട്ടുകുളങ്ങര പള്ളിയിലെത്തി. ആർച്ച് ബിഷപ്പിന്റെ മുമ്പിൽ പള്ളിക്കാർ ഒരു പ്രഹസനം അവതരിപ്പിച്ചു. മൂന്ന് കഥാപാത്രങ്ങളും മൂന്ന് രംഗങ്ങളുമുള്ള ഒരു നാടകം. ആദ്യരംഗത്തിലെ നായകൻ പത്രോസ് ശ്ലീഹാ. അദ്ദേഹം ആഗോളസഭയുടെ അധിപൻ പത്രോസിന്റെ പിൻഗാമിയായ റോമ്മൻ പാപ്പായാണെന്നുള്ളതിന്റെ ന്യായങ്ങൾ വിശദീകരിച്ചുകൊണ്ട് ആത്മരക്ഷയ്ക്ക് പാപ്പായെ സ്വീകരിച്ചേ മതിയാവൂ എന്ന് തന്മയത്വത്തോടെ സദസ്യരെ ബോധവല്ക്കരിച്ചത് മുൻനിരയിലിരുന്ന് നാടകം കണ്ട ആർച്ച് ബിഷപ്പിന് ഇഷ്ടപ്പെട്ടു. അടുത്ത രംഗത്തിൽ വേഷമിട്ട് രംഗത്തെത്തിയത് തോമ്മാശ്ലീഹായാണ്. പത്രോസിന്റെ വാദമുഖങ്ങളെല്ലാം ക്രിസ്തുവിന്റെ പഠിപ്പിക്കലിന് വിരുദ്ധമാണെന്നും പത്രോസ് മലങ്കരയിൽ നടത്തുന്നത് അതിനീചമായ അജമോഷണമാണെന്നും തോമായുടെ വേഷക്കാരൻ പ്രമാണങ്ങൾ നിരത്തിയത് സദസ്യരെ രസിപ്പിച്ചു. മൂന്നാം രംഗത്തിലെ വേഷക്കാരൻ മാർ കുറിയാക്കോസ് സഹദാ ആയിരുന്നു. അദ്ദേഹം രണ്ടുപേരുടെയും വാദമുഖങ്ങളെ നിർദ്ദാക്ഷിണ്യം വിശകലനം ചെയ്ത് ന്യായാധിപന്റെ പീഠത്തിലിരുന്ന് മാർത്തോമ്മായുടെ വാദമുഖങ്ങളെ അനുകൂലിച്ചുകൊണ്ട് അന്തിമവിധി പ്രസ്താവിച്ചപ്പോൾ ആർച്ച്ബിഷപ്പ് വിയർത്തു. കാണികൾ കൂവിയാർത്തുവിളിച്ച് ആർച്ചുബിഷപ്പിനെയും പരിവാരത്തെയും ആട്ടിപ്പുറത്താക്കി. ഈ സംഭവം ബിഷപ്പ് ബ്രൗൺ അദ്ദേഹത്തിന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതോടെ പാലൂർ - ചാട്ടുകുളങ്ങര ഇടവകക്കാർക്ക് ആർത്താട്ടുകാർ എന്ന് പേർ വീണു.

പാലൂർ മെത്രാസനം: ഉദയംപേരൂർ സുന്നഹദോസിന് മുമ്പ് തന്നെ പാലൂരിനെ ഒരു മെത്രാസനമായി റോം പ്രഖ്യാപിക്കുകയും ആർച്ച്ഡീക്കൻ ഗീവറുഗ്ഗീസിന് അതിന്റെ മെത്രാൻസ്ഥാനം വാഗ്ദത്തം ചെയ്യപ്പെട്ടതുമാണ്. അദ്ദേഹം ആ ഓഫർ നിരാകരിച്ചതോടെ ആ മെത്രാസനം നിലവിൽ വന്നില്ല. എന്നാൽ 1876-ൽ പത്രോസ് തൃതീയൻ മലങ്കരസഭയെ ആറ് മെത്രാസനമായി വിഭജിച്ചപ്പോൾ കൊച്ചി സംസ്ഥാനത്തുള്ള പള്ളികളെ

പാലൂർ മെത്രാസനം എന്ന് പ്രഖ്യാപിച്ചതായും പിൻഗാമി അബ്ദുള്ളാ പാത്രിയർക്കീസ് പാലൂർ മെത്രാസനം എന്ന് കല്പനകളിൽ പ്രയോഗിച്ചിരുന്നതായും രേഖകൾ ഉണ്ട്. പിന്നീട് പാലൂർ മെത്രാസനത്തിലുൾപ്പെട്ട കൊച്ചി, രാജ്യതലസ്ഥാനമാകയാൽ കൊച്ചിയുടെ പേർ മെത്രാസന നാമമായിത്തീരുകയുമാണുണ്ടായത്.

പാഴ്സണേജ്: പാഴ്സൺ, പാസ്റ്റർ എന്നീ പദങ്ങൾക്ക് ഇടയൻ എന്നർത്ഥം. തവണയുള്ള ആഴ്ചകളിൽ വൈദികൻ പള്ളിയിൽ താമസിച്ച് പള്ളിയിലെ ശുശ്രൂഷകളും ഇടയപരിപാലനവും നടത്തുന്ന രീതിയാണ് സുറിയാനി സഭയുടെ പാരമ്പര്യം. അതിന് പള്ളിയുടെ മേൽത്തട്ടുമുറിയോ മറ്റോ മതിയായിരുന്നു. കുടുംബസമേതം വൈദികർ പള്ളിയിൽ താമസിക്കുന്ന പാശ്ചാത്യശൈലി വന്നതോടെ ഓരോ പള്ളിക്കും ആ വിധം കുടുംബമായി താമസിക്കാനുള്ള പാർസണേജുകൾ ഉണ്ടായി വരുന്നു.

പാറക്കലീത്താ: '*പരിശുദ്ധാത്മാവ്*' കാണുക.

പാറപ്പുറത്ത് (1924–1981): മലയാളത്തിലെ പ്രസിദ്ധ പട്ടാള കഥാകൃത്തും നോവലിസ്റ്റും. യഥാർത്ഥ നാമം കെ. ഇ. മത്തായി. 1924 നവം. 24-ന് മാവേലിക്കരയിൽ ജനിച്ചു. പട്ടാളസേവനത്തിന് ശേഷം സാഹിത്യ പ്രവർത്തക സഹകരണസംഘം പ്രസിഡന്റ് ആയിരുന്നു. കേരള സാഹിത്യഅക്കാദമി അവാർഡും സാഹിത്യ പ്രവർത്തക അവാർഡും എം. പി. പോൾ പ്രൈസും ലഭിച്ചു. നിണമണിഞ്ഞ കാല്പാടുകൾ, പണിതീരാത്ത വീട്, ആകാശത്തിലെ പറവകൾ, അരനാഴികനേരം എന്നീ നോവലുകളിൽ സുറിയാനി സമുദായത്തിന്റെ ജീവിതാവിഷ്ക്കരണമാണ് മുഖ്യം. ഇവയിൽ പലതും ചലച്ചിത്രമായിട്ടുണ്ട്. അദ്ദേഹം സ്വന്തം കൃതികൾക്ക് തിരക്കഥയും എഴുതി. കഥാസമാഹാരങ്ങൾ, നോവലുകൾ, നാടകം, ആത്മകഥ എന്നിങ്ങനെ അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനം വ്യാപിച്ചു കിടക്കുന്നു. 1981 ഡിസം. 30-ന് നിര്യാതനായി.

പാറയ്ക്കൽ അച്ചൻ (1916–1988): പാറയ്ക്കൽ കുറിയാക്കോസ് കോറെപ്പിസ്കോപ്പാ 1916-ൽ ജനിച്ചു. 1938-ൽ കശ്ശീശാ. പുതുപ്പള്ളി പള്ളി വികാരി. 1987-ൽ കോറെപ്പിസ്കോപ്പാ. മദ്യവർജ്ജനപ്രസ്ഥാനം സംസ്ഥാനതല സംഘാടകനും സെക്രട്ടറിയുമായ ഇദ്ദേഹം അദ്ധ്യാപകനും കഥാപ്രസംഗകനും കൂടി ആയിരുന്നു. 1988-ൽ അന്തരിച്ചു.

പാറേട്ട്, ഇസ്സഡ്. എം: സഭാചരിത്രകാരൻ, പത്രപ്രവർത്തകൻ. മലങ്കര നസ്രാണികൾ എന്ന ഗ്രന്ഥപരമ്പര, മലങ്കര നസ്രാണികൾ: പദവിയും ജാത്യാചാരങ്ങളും, മലങ്കരയും അന്ത്യോഖ്യായും, മുളന്തുരുത്തി സുന്നഹദോസ്, പുതുപ്പള്ളിപ്പള്ളിച്ചരിത്രം എന്നീ പ്രശസ്ത സഭാചരിത്ര

ഗവേഷണകൃതികളും വക്രപ്പുലിയും പെരുമ്പാറ്റയും, പള്ളിവാണപെരുമാൾ, കൂനൻകുരിശ്, ക്നായിത്തൊമ്മൻ, മാർ ഗീവറുഗ്ഗീസ് സഹദാ, പരുമല പുണ്യവാളൻ എന്നീ ചരിത്രാഖ്യായികകളും അമ്മിണി, അത്ഭുത വിഗ്രഹം, ആരണ്യ കന്യക, ആരണ്യപുത്രി തുടങ്ങി ഇരുപതോളം നോവലുകളും ഹിപ്പ്നോട്ടിസം, രേഖാശാസ്ത്രം, ശകുനശാസ്ത്രം, ഫലദീപിക, ചമൽക്കാര ചിന്താമണി (ഒടുവിലത്തെ മൂന്നും ഇംഗ്ലീഷ് കൃതികൾ) തുടങ്ങിയ ശാസ്ത്ര ഗ്രന്ഥങ്ങളും രചിച്ചു. പാറേട്ട് മാർ ഈവാനിയോസിന്റെ സഹോദരൻ. സ്കറിയ എന്ന് പേര്. സഭാ സേവകൻ, പൗരപ്രഭ, പത്രിക എന്നിവയുടെ സ്ഥാപകനും പത്രാധിപരും ആയിരുന്നു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ എന്നിവരുടെ ബൃഹത്ച്ചരിത്രങ്ങൾ സമകാല രേഖകളുടെ അടിസ്ഥാനത്തിൽ ആദ്യം രചിച്ചത് - മലങ്കര നസ്രാണികൾ ഗ്രന്ഥപരമ്പര - ഇദ്ദേഹമാണ്. 1981 ജൂൺ 16-ന് നിര്യാതനായി.

പാറേമ്മാക്കൽ തോമ്മാ കത്തനാർ: 1731-ൽ പാലായ്ക്കടുത്ത് ജനിച്ചു. സംസ്കൃതം, തമിഴ്, ലത്തീൻ, പോർച്ചുഗൽ ഭാഷകൾ അഭ്യസിച്ചു. സഭാസംയോജനം സംബന്ധിച്ച് 6-ാം മാർത്തോമ്മാ പാപ്പായ്ക്ക് സമർപ്പിക്കുന്ന ഒരു നിവേദനവുമായി 18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ റോമ്മിൽ പോയ കരിയാറ്റി ജോസഫ് മല്പാനെ തോമ്മാ കത്തനാർ അനുഗമിച്ചു. സംഭവബഹുലവും വിചിത്രാനുഭവങ്ങൾ നിറഞ്ഞതുമായ ഈ യാത്രയെപ്പറ്റി 1785-ൽ വർത്തമാനപ്പുസ്തകം എന്ന പേരിൽ പാറേമ്മാക്കൽ തോമ്മാ കത്തനാർ രചിച്ച ബൃഹത് യാത്രാവിവരണം ഭാരതീയ ഭാഷകളിൽത്തന്നെ ആദ്യത്തെ യാത്രാവിവരണ കൃതിയാണ്. പാതിരി മലയാളച്ചുവയുണ്ടെങ്കിലും മലയാള ഗദ്യചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ഈ കൃതി. തോമസ് അക്വിനാസിന്റെ ക്രിസ്ത്വനുകരണം അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. റോമ്മാ യാത്രയ്ക്കുശേഷം കൊടുങ്ങല്ലൂരിലെ ഗോവർണദോർ (ഗവർണർ) ആയി ഇദ്ദേഹം നിയമിതനായി. 1799-ൽ അങ്കമാലിയിൽ വച്ച് നിര്യാതനായി.

പിച്ചള സർപ്പം: അഗ്നി സർപ്പ ദംശനബാധയെ പ്രതിരോധിക്കുവാൻ (സംഖ്യ 21:9) മോശ യിസ്രായേല്യ പാളയത്തിൽ പിച്ചളസർപ്പത്തെ ഉയർത്തി. ഗോഗുൽത്തായിൽ കുരിശിക്കപ്പെട്ട യേശുവിന്റെ ഉപമാനവും മുൻകുറിയും (യോഹ. 3:14). സർപ്പത്തെ സൗഖ്യപ്രതീകമായി ആശുപത്രികളുടെ എംബ്ലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. പിന്നീട് ഈ പിച്ചളസർപ്പം ആരാധനാ വിഷയമായപ്പോൾ യെഹസ്കിയേൽ രാജാവ് അതിനെ നശിപ്പിച്ചു. ഇടയന്മാരുടെ വടിയിൽ സർപ്പപ്രതീകം വന്നത് ഈ പശ്ചാത്തലത്തിലാകാം. ക്രിസ്തുവിന്റെ കഷ്ടാനുഭവ ധ്യാനത്തിന്റെ ആരംഭമായി ഓർത്തഡോക്സ്സഭ ദേവാലയ മധ്യത്തിൽ കുരിശ് നാട്ടുമ്പോൾ പിച്ചള

സർപ്പം നാട്ടിയ പുരാവൃത്തം സഭ സ്മരിക്കുന്നു.

പിടി: കുഴച്ച അരിമാവ് ചെറിയ ഉരുളകളായി ഉരുട്ടി അരിപ്പൊടി കുറുക്കുന്നതോടൊപ്പം വേവിച്ചെടുക്കുന്ന ഭക്ഷ്യവിഭവം. സുറിയാനി ക്രിസ്ത്യാനികൾ ഇറച്ചിക്കറി ചേർത്ത് അവരുടെ പ്രത്യേക വിഭവങ്ങളിലൊന്നായി ഇതിനെ കണക്കാക്കുന്നു.

പിടി, പിട: സ്ത്രീലിംഗ സൂചകപദം. പിടിയാന, പിടക്കോഴി എന്നീ പദങ്ങൾ ശ്രദ്ധിക്കുക.

പിടിപ്പണം: കുട്ടികളെ കൊണ്ട് ദേവാലയത്തിൽ സമർപ്പിക്കുന്ന വഴിപാട് പണം.

പിടിയരി: ദേവാലയ ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കുന്ന അരി. ഒരു പിടി അരി ഓരോ പാചകവേളയിലും ഇപ്രകാരം മാറ്റി വയ്ക്കുന്നത് കുറെ ദിവസം കഴിയുമ്പോൾ ഒന്നിച്ച് പള്ളിയിൽ ഏല്പിക്കും.

പിണ്ടിപ്പെരുന്നാൾ: ജനുവരി 6 (പണ്ട് മകരം 6) പ്രകാശപ്പെരുന്നാളായ ദനഹ. വീട്ടുമുറ്റത്ത് വാഴപ്പിണ്ടിയിൽ നിരനിരയായി കുത്തിനിർത്തിയ സ്പൂണുകളിൽ എണ്ണയൊഴിച്ച് തിരിയിട്ട് കത്തിച്ച് ക്രൈസ്തവ ദീപാവലിയായി ആഘോഷിക്കുന്നു. പാലൂർ പ്രദേശത്തും തൃശ്ശൂർ ജില്ലയുടെ മറ്റു ഭാഗങ്ങളിലും സമുദായഭേദം കൂടാതെ ഈ ആചാരമുണ്ട്. കുന്നംകുളത്ത് ഇതൊരു ദേശീയോത്സവഛായ സൃഷ്ടിക്കാറുണ്ട്. രാക്കുളിപ്പെരുന്നാൾ എന്നും ചിലർ ഇതിനെ പറയുന്നു.

പിതാവ്: ജഡികമായും ആത്മീയമായും ജനിപ്പിക്കുന്നവൻ. അച്ചൻ, അപ്പൻ, ആബൂൻ എന്നീ പദങ്ങൾ എല്ലാം ഒരേ അർത്ഥം ഉൾക്കൊള്ളുന്നു. പാത്രിയർക്കീസും പാപ്പായും ഈ അർത്ഥമുള്ള പദങ്ങൾ തന്നെ.

പിശാച്: വ്യക്തിത്വം അസന്തുലിതമാവുമ്പോൾ ഉണ്ടാകുന്ന മാനസിക അസ്വാസ്ഥ്യങ്ങൾ പിശാചിന്റെ സൃഷ്ടിയാണെന്ന് കരുതുന്നവരുണ്ട്. പല ഭൂതബാധകളും മാനസികരോഗങ്ങൾ തന്നെ. അല്ലാത്തവയും ഉണ്ട്. പിശാചും പൈശാചിക അധികാരവും ഒരു വേദപുസ്തക യാഥാർത്ഥ്യമാണ്. അവയുടെ മേൽ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് അധികാരം നല്കുന്നു (മാർക്കോ. 3:15).

പി. സി. ഏബ്രഹാം: കോട്ടയം പടിഞ്ഞാറേക്കര ചാക്കോയുടെയും അന്നമ്മയുടെയും മകൻ. ജനനം 1922-ൽ. ബി. എ.; എൽ. എൽ. ബി. ബിരുദങ്ങൾ നേടി. പടിഞ്ഞാറേക്കര ഏജൻസീസ്, പടിഞ്ഞാറേക്കര എസ്റ്റേറ്റ് എന്നിവയുടെ മാനേജിംഗ് ഡയറക്ടർ. 27 വർഷം അത്മായ ട്രസ്റ്റിയായും (1980-2007), 14 വർഷം സഭാ സെക്രട്ടറിയായും സേവനമനുഷ്ടിച്ചു.

പ്ലാനിംഗ് കമ്മിറ്റി കൺവീനർ, വർക്കിംഗ് കമ്മിറ്റിയംഗം തുടങ്ങി വിവിധ നിലകളിൽ മലങ്കരസഭയെ സേവിച്ചിട്ടുണ്ട്.

പിറവം കലണ്ടർ: പിറവം വലിയപള്ളിയുടെ തെക്കേ ത്രോണോസിന്റെ തെക്കേ ഭിത്തിയിലെ പെരുന്നാൾ കണക്ക്. 36 പെരുന്നാളുകൾ തീയതി മുറയ്ക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. മകരം മുതൽ ധനു വരെ മലയാളമാസത്തിലും തീയതിയിലുമാണ് എഴുത്ത്.

പിറവം മർദ്ദനം: ആലുവാ വട്ടമേശ സമ്മേളനനിശ്ചയത്തിൽ നിന്ന് പാത്രിയർക്കീസ് നേതൃത്വം പിൻവാങ്ങിയതിൽ പ്രതിഷേധിച്ച് ഔഗേൻ തീമോത്തിയോസിന്റെ നേതൃത്വത്തിൽ കണ്ടനാട് ഭദ്രാസന പൊതുയോഗം കാതോലിക്കേറ്റിൽ ചേർന്നതായി 1941-ൽ പ്രഖ്യാപിച്ചു. ഇതിനെത്തുടർന്ന് മാർ യൂലിയോസ്, മാർ തീമോത്തിയോസിനെ സസ്പെൻഡ് ചെയ്യുന്ന കല്പന പുറപ്പെടുവിച്ചതോടെ പല പള്ളികളും കൂട്ടായ തീരുമാനത്തിൽ നിന്ന് പിന്മാറി. ഈ പശ്ചാത്തലത്തിൽ ഹാശാ ആഴ്ചയിലെ ശുശ്രൂഷകൾക്കായി പിറവം പള്ളിയിൽ താമസിച്ചിരുന്ന ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ ഏതാനും പേർ ചേർന്ന് വ്യാഴാഴ്ച രാത്രിയിൽ ശാരീരികമായി മർദ്ദിച്ചു. ഈ കറുത്ത അധ്യായം പിറവം മർദ്ദനമെന്ന പേരിൽ അറിയപ്പെടുന്നു. പ. ഔഗേൻ ബാവായുടെ ജീവചരിത്രത്തിലെ ഒരു പ്രധാന അദ്ധ്യായമാണ് 'പിറവം മർദ്ദനം.'

പിറവം വലിയപള്ളി: മൂന്നു രാജാക്കന്മാരുടെ പള്ളി. കന്യകമറിയാമ്മിന്റെ നാമത്തിലാണ് പള്ളി. ജനു. 6-ലെ ദനഹായാണ് (രാക്കുളി) പ്രധാന പെരുനാൾ. പിറവം കലണ്ടർ ഈ പള്ളിയിലാണ്. ഈസ്റ്റർ സീസണിൽ പന്ത്രണ്ട് പൈതങ്ങളുടെ നേർച്ച പ്രധാന വഴിപാടാണ്. മൂന്ന് നോമ്പ് വീടലിനും ക്രിസ്മസിനും ഈ നേർച്ച പ്രധാനം. മദ്ബഹായിൽ ചുമർ ചിത്രങ്ങൾ ഉണ്ട്. ഉദയംപേരൂർ സുന്നഹദോസ് കാലത്ത് ആർച്ച് ബിഷപ്പ് സന്ദർശിച്ച 77 പള്ളികളിൽ ഇതുണ്ട്. കൂനൻകുരിശിന് ശേഷം മാർ ത്തോമ്മാ മെത്രാന്റെ കീഴിൽ ഉറച്ചുനിന്നു. റോമ്മൻ വിഭാഗം 1618-ൽ പിരിഞ്ഞുപോയി.

പിറവം സെമിനാരി: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാപ്പോലീത്തായ്ക്ക് സംഭാവനയായി ലഭിച്ച സ്ഥലത്ത് 1901 ധനു 16-ന് അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി പ്രമാണിച്ച് 'മാർ യൗസേപ്പ് ജൂബിലി സ്കൂൾ' എന്ന ഇംഗ്ലീഷ് സ്കൂളിന് അദ്ദേഹം ശിലയിട്ടു. 1903 മകരത്തിൽ മെത്രാപ്പോലീത്താ സ്കൂൾ ഉദ്ഘാടനം ചെയ്തു. ഇവിടെ വച്ചാണ് ശുശ്രൂഷകളുടെ നടപടിക്രമം എഴുതിയുണ്ടാക്കിയത്. ഇവിടെ ചേർന്ന വൈദികയോഗം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന് മഫ്രിയാന സ്ഥാനം നൽകുവാൻ പാത്രിയർക്കീസി

നോട് അഭ്യർത്ഥിച്ചു. 1918 മുതൽ പൗലൂസ് മാർ കൂറിലോസ് ഇവിടെ വൈദികരെ പരിശീലിപ്പിച്ചു. 1921-ന് ശേഷം ഔഗേൻ മാർ തീമോത്തിയോസ് വൈദികപരിശീലനത്തിന് നേതൃത്വം നൽകി. ഇംഗ്ലീഷ് സ്കൂൾ നിലച്ചു. ഒരു മിഡിൽ സ്കൂൾ ആരംഭിച്ചു. അത് പിന്നീട് ഹൈസ്കൂൾ ആയി പിറവം പള്ളിവക സ്ഥലത്ത് പ്രവർത്തിച്ചു വരുന്നു.

പീഡനങ്ങൾ: ആദ്യകാലത്ത് സ്തേഫാനോസും മറ്റുള്ളവരും രക്തസാക്ഷികളായി. നീറോ (64-68), ഡൊമിഷ്യൻ (81-96), ട്രോജൻ (98-117), ഹാഡ്രിയൻ (117-138), മാർക്കസ് ഔറേലിയസ് (161-180), കമ്മോഡസ്റ്റ് (180-192), സെപ്റ്റിമസ് സെവറസ് (193-211), ഡിഷ്യസ് (249-251), ഡയോക്ലീഷ്യൻ (284-305), ഗലേറിയസ്, മാക്സന്റിയസ് തുടങ്ങിയ ചക്രവർത്തിമാർ റോമിലും സാപ്പോർ II (310-380) തുടങ്ങിയവർ പേർഷ്യയിലും നടത്തിയ പീഡനങ്ങളിൽ ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ രക്തസാക്ഷികളായി.

പീലക്സിനോസ്, കിടങ്ങൻ ഗീവറുഗ്ഗീസ് മാർ: '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' എന്ന ശീർഷകം കാണുക.

പീലക്സിനോസ്, ഗീവറുഗ്ഗീസ് മാർ (1897-1951): പുത്തൻകാവ് കിഴക്കേതലയ്ക്കൽ തോമസ് കത്തനാരുടെ പുത്രൻ. ജനനം 18-6-1897. സെറാമ്പൂരിൽ നിന്ന് ബി. ഡി. യും കൽക്കട്ടാ യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എ. യും നേടി. ബഥനിയുടെ മാർ ഈവാനിയോസ് സഭ വിട്ടപ്പോൾ എം. എ. ക്കാരനായ ഇദ്ദേഹത്തെ വട്ടശ്ശേരിൽ തിരുമേനി പകരം കണ്ടെത്തി അദ്ദേഹത്തിന്റെ പിതാവിനോട് സഭയ്ക്കു വേണ്ടി ചോദിച്ചു വാങ്ങിയതാണ്. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് കുണ്ടറ സെമിനാരിയിൽ വച്ച് ശെമ്മാശുപട്ടവും 1929-ൽ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ ഓശാന ശനിയാഴ്ച ആർത്താറ്റ് വലിയപള്ളിയിൽ വച്ച് പൂർണ്ണശെമ്മാശുപട്ടവും നൽകി. പുത്തൻകാവ് പള്ളിയിൽ വച്ച് വട്ടശ്ശേരിൽ ദീവന്നാസ്യോസ് കശ്ശീശാപട്ടം നൽകി. 1928 നവംബർ 3-ന് പരുമലയിൽ വച്ച് ഗീവറുഗ്ഗീസ് II റമ്പാൻ സ്ഥാനവും 1930 നവംബർ 2-ന് പരുമലയിൽ വച്ച് മാർ പീലക്സീനോസ് എന്ന പേരിൽ മെത്രാൻ സ്ഥാനവും നൽകി. 1934 ജൂൺ 1-ന് മെത്രാപ്പോലീത്താ സ്ഥാനം നൽകി. തുമ്പമൺ ഭദ്രാസനത്തിന്റെ ചുമതല നൽകി. ഭദ്രാസന ഓഫീസ് കെട്ടിടം, അരമന എന്നിവ ഉണ്ടാക്കി. കഠിനാധ്വാനിയായ ഇദ്ദേഹം മെത്രാനായ ശേഷവും ബസ് യാത്ര തുടർന്നു. മലങ്കര റീത്തുകാരുടെ അജമോഷണ പരിശ്രമങ്ങളെ പ്രതിരോധിക്കുന്നതിൽ മുൻപന്തിയിൽ നിന്നു. പത്തനംതിട്ട കാതോലിക്കേറ്റ് ഹൈസ്കൂളും പുത്തൻകാവ് മെട്രോപ്പോലീത്തൻ ഹൈസ്കൂളും അദ്ദേഹം സ്ഥാപിച്ചു. ഇരവിപേരൂർ ആശുപത്രിയും ചെങ്ങന്നൂർ ബഥേൽ ചാപ്പലും

അരമനയും നിർമ്മിച്ചു. ഓതറ ദയറ, ബേസിൽ ദയറ എന്നിവയുടെ സ്ഥാപകൻ. സൺഡേസ്കൂൾ പ്രസിഡന്റ്, മിഷൻ പ്രസിഡന്റ്, കല്ലൂപ്പാറ കൺവൻഷൻ സംഘാടകൻ എന്നീ സ്ഥാനങ്ങൾ വഹിച്ചു. പത്തനംതിട്ട കോളജ് അനുവദിച്ച് കിട്ടും മുമ്പേ അന്തരിച്ചു. വാഗ്മി, സംഘാടകൻ, ആരാധനയുടെ മികവ്, സംഗീത മികവ് എന്നീ കാര്യങ്ങളിൽ ശ്രദ്ധേയൻ. കക്ഷി സമുദായ ഭേദമെന്യേ സുഹൃത് ബന്ധം വളർത്തി; നിലനിർത്തി. 1951-ന് കോട്ടയം മൂവാറ്റുപുഴ, ആലുവാ ഫെലോഷിപ്പ് ഹൗസ്, തൃശ്ശൂർ വഴി പഴഞ്ഞിയിലെത്തി അവിടെയും കുന്നംകുളത്തും കൺവൻഷൻ പ്രസംഗം നടത്തി. 1951 ഏപ്രിൽ 17-ന് മരത്തംകോട് ചാപ്പലിൽ വച്ച് നിര്യാതനായി. ഭൗതികശരീരം പുത്തൻകാവ് പള്ളിയിൽ 18-ന് കബറടക്കി. പുത്തൻകാവിൽ കൊച്ചുതിരുമേനി എന്ന് അറിയപ്പെടുന്നു.

പീലക്സിനോസ്, ദാനിയേൽ മാർ (1910-1990): ഓമല്ലൂർ വടുതല ഈശോ കത്തനാരുടെ പുത്രൻ. ജനനം 10-5-1910. തിരുവനന്തപുരം മഹാരാജാസിൽ നിന്ന് ബി. എ., സെറാമ്പൂരിൽ നിന്ന് ബി. ഡി. ബിരുദങ്ങൾ നേടി. വട്ടശ്ശേരിൽ ദീവന്നാസ്യോസ് കോറൂയോ സ്ഥാനം നൽകി. 1938 ഡിസംബർ 11-ന് ഗീവറുഗ്ഗീസ് ദ്വിതീയൻ ശെമ്മാശനാക്കി; 1944 ജൂൺ 9-ന് കശ്ശീശാസ്ഥാനവും നൽകി. 1937 മുതൽ പുത്തൻകാവ് കൊച്ചുതിരുമേനിയുടെ സെക്രട്ടറിയായി. കൈപ്പട്ടൂർ, ഓമല്ലൂർ, മുള്ളനിക്കാട്, മല്ലശ്ശേരി, വാഴമുട്ടം ഈസ്റ്റ്, തുമ്പമൺ ഏറം, കാദീശ്ത്താ, തുമ്പമൺ നോർത്ത്, നരിയാപുരം ഇടവകകളിൽ വികാരി.

1951-ൽ മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1951 സെപ്തം. 21-ന് ഗീവറുഗ്ഗീസ് II റമ്പാനാക്കി. 1953 മെയ് 15-ന് കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് മാർ പീലക്സിനോസ് എന്ന പേരിൽ എപ്പിസ്കോപ്പാ സ്ഥാനം നൽകി. തുമ്പമൺ സഹായ മെത്രാനായി, അചിരേണ പൂർണ്ണ സാരഥിയും. 1959 ജൂലൈ 12-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്താ ആയി.

കാതോലിക്കേറ്റ് ഹൈസ്കൂൾ അദ്ധ്യാപകൻ, കോളജിന്റെ സ്ഥാപക പ്രിൻസിപ്പൽ, തുമ്പമൺ ഭദ്രാസന സെക്രട്ടറി, കാതോലിക്കായുടെ അസിസ്റ്റന്റ്, കൊച്ചി സഹായ മെത്രാൻ, സിനഡ് സെക്രട്ടറി, വിദ്യാർത്ഥിപ്രസ്ഥാനം - യുവജനപ്രസ്ഥാനം പ്രസിഡന്റ്, എം. ഒ. സി. കോളജ് മാനേജർ, കോർപ്പറേറ്റ് സ്കൂൾ മാനേജർ, ബേസിൽ ദയറാ സുപ്പീരിയർ, റൂൾ കമ്മിറ്റി ചെയർമാൻ തുടങ്ങിയ വിവിധ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

1954-ലെ അമേരിക്കയിലെ എവാൻസ്റ്റൺ ലോക ക്രൈസ്തവ സമ്മേളനത്തിലും 1961-ലെ ഗ്രീസ് പാൻ ഓർത്തഡോക്സ് സമ്മേളനത്തിലും 1965-ൽ അഡിസ് അബാബയിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ്

കോൺഫ്രൻസിലും 1963-ലെ മോസ്ക്കോ പാത്രിയർക്കേൽ ജൂബിലി സമ്മേളനത്തിലും സഭയെ പ്രതിനിധീകരിച്ചു. ഇംഗ്ലണ്ട്, ഫ്രാൻസ്, സ്വിറ്റ്സർലണ്ട്, ഗ്രീസ്, വിശുദ്ധനാടുകൾ ഇവ സന്ദർശിച്ചു. തുമ്പമൺ ഭദ്രാസനത്തിന്റെ ആധുനിക ശില്പി എന്ന വിശേഷണം അർഹിക്കുന്നു. 1990 ഡിസം. 13-ന് നിര്യാതനായി. 14-ന് പത്തനംതിട്ട ബേസിൽ ദയറാ ചാപ്പലിൽ കബറടക്കപ്പെട്ടു. മാത്യൂസ് പ്രഥമൻ ബാവായെ കാതോലിക്കാ ആയി വാഴിച്ച ചടങ്ങുകളിൽ പാറേട്ട് മാർ ഈവാനിയോസിനോടൊപ്പം പ്രധാന കാർമ്മികത്വം വഹിച്ചു. ഗ്രീഗോറിയോസ്, ഒസ്താത്തിയോസ്, തേവോദോസ്യോസ്, മക്കാറിയോസ്, പക്കോമിയോസ് ഇവരുടെ മെത്രാൻ വാഴ്ചയ്ക്കു മുമ്പ് അവർക്ക് പുത്തൻകാവിൽ വച്ച് റമ്പാൻ സ്ഥാനം നൽകിയത് ദാനിയേൽ മാർ പീലക്സിനോസ് ആണ്.

പീലക്സിനോസ്, പൗലൂസ് മാർ (1914-1996): ചെറായി സെന്റ് മേരീസ് ഇടവകയിൽ പുതുശ്ശേരി ജോസഫ് കശ്ശീശാ-എലിശബത്ത് ദമ്പതിമാരുടെ മകൻ. ജനനം 12-6-1914. ആലുവാ യു. സി. കോളജിൽ നിന്ന് ബി. എ. പാസ്സായി. 1933-ൽ കോട്ടയം വലിയപള്ളിയിൽ വച്ച് മാർ യൂലിയോസ് ശെമ്മാശുപട്ടം നൽകി. മഞ്ഞനിക്കര ദയറായിൽ പഠിച്ചു. 1938-ൽ യൂലിയോസിൽ നിന്ന് കശ്ശീശാ പട്ടമേറ്റു. സിലോൺ, മദ്രാസ്, ബ്രഹ്മവാർ, തിരുവനന്തപുരം, പാറത്തോട് സേവനം. യൂലിയോസിന്റെ സെക്രട്ടറി, മഞ്ഞനിക്കര ദയറായിലെ മല്പാൻ. 1952 ഏപ്രിൽ 25-ന് കണ്ടനാട് ഭദ്രാസനയോഗം തെരഞ്ഞെടുത്തു. ഒക്ടോബർ 19-ന് ഹോംസിൽ വച്ച് അപ്രേം ബാവാ മെത്രാനാക്കി. 1953-ൽ കണ്ടനാട് ഭദ്രാസനച്ചുമതലയേറ്റു. 1958-ലെ സഭാ യോജിപ്പിന് ശേഷം കണ്ടനാടിന്റെ ജൂനിയർ മെത്രാനായി. കാതോലിക്കേറ്റിന്റെ കീഴിൽ ആചന്ദ്രതാരം നിലനിൽക്കുമെന്ന് പുത്തൻകാവ് അസോസിയേഷനിൽ വച്ച് പ്രസ്താവിച്ചു. ഔഗേൻ ബാവാ കാതോലിക്കാ ആയപ്പോൾ പൂർണ്ണ ഭദ്രാസന സാരഥ്യം ഏറ്റെടുത്തു. അന്ത്യോഖ്യൻ മൂവ്മെന്റിന്റെ പേരിൽ സുന്നഹദോസ് മുടക്കി. പിന്നീട് തിരിച്ചുവന്നു. മാർത്തോമ്മായുടെ പൗരോഹിത്യം, സിംഹാസനം എന്നിവയുടെ പേരിൽ സഭാവിഭജനം ഉണ്ടായപ്പോൾ രണ്ടാം ഘട്ടത്തിൽ ഇദ്ദേഹം യോജിപ്പ് ഉപേക്ഷിക്കുകയും ബസ്സേലിയോസ് പൗലോസ് രണ്ടാമൻ എന്ന പേരിൽ സമാന്തര കാതോലിക്കാ സ്ഥാനം പാത്രിയർക്കീസിൽ നിന്ന് സ്വീകരിക്കുകയും ചെയ്തു. സാഖാ ബാവായെ വാഴിച്ചപ്പോൾ ഇദ്ദേഹം പ്രധാന കാർമ്മികനായിരുന്നു പോലും. 1-9-96 ൽ അനുയായികളായ മെത്രാന്മാരാൽ ഒറ്റപ്പെടുത്തപ്പെട്ട ഇദ്ദേഹം അന്തരിച്ചു; പിറമാടം ദയറായിൽ കലുഷിതമായ അന്തരീക്ഷത്തിൽ കബറടക്കപ്പെട്ടു.

പീലക്സിനോസ്, ഇയ്യോബ് മാർ: 1939-ൽ തിരുവല്ലാ മേപ്രാലിൽ ജനനം. പത്തനാപുരം താബോർ ദയറാ അംഗം. 1972-ൽ വൈദികൻ.

പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളജിൽ അധ്യാപകൻ, പ്രിൻസിപ്പൽ, മേപ്രാൽ സെന്റ് ജോൺസ് ഇടവക വികാരി. 1989 ഡിസം. 28-ന് മേല്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1991 ഏപ്രിൽ 30-ന് പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ പരുമല സെമിനാരിയിൽ വച്ച് മേല്പട്ടക്കാര നായി അഭിഷേകം ചെയ്തു. ഡൽഹിയുടെ സഹായമെത്രാനായി നിയമി ക്കപ്പെട്ടു. 1996-ൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അന്തരിച്ചതിനെ ത്തുടർന്ന് ഡൽഹി മെത്രാസനത്തിന്റെ പൂർണ്ണ ചുമതലയിൽ തുടരുന്നു.

പീലാസാ: വി. കുർബ്ബാനയിൽ അപ്പം സമർപ്പിക്കുന്ന പൂജാ പാത്രം.

പീസ് ലീഗ്: 1912-ൽ ആരംഭിച്ച സഭാ വ്യവഹാരങ്ങൾക്ക് പരിഹാരം കാണാൻ കോട്ടയം കേന്ദ്രമായി രൂപംകൊണ്ട 1949-ലെ സംഘടന. രണ്ടു ഭാഗത്തെ യുവാക്കളും ഇതിൽ അംഗങ്ങൾ ആയി. ഇവരുടെ ശ്രമഫല മായി ചിങ്ങവനം അപ്രേം സെമിനാരിയിൽ 1950 ജനുവരി 9-ന് ഇരു ഭാഗ ത്തെയും മേല്പട്ടക്കാർ സമ്മേളിച്ചു. 1912-ലെ കാതോലിക്കേറ്റിന്റെ സാധുത ചോദ്യം ചെയ്യപ്പെട്ടതിനാൽ അലക്സിയോസ് മാർ തേവോദോസ്യോസ് പീസ്‌ലീഗ് പ്രവർത്തകരുടെ ഭീഷണി അവഗണിച്ച് ഇറങ്ങിപ്പോയി. ശേഷം പേർ ഭീഷണിക്ക് വഴങ്ങി; പിന്നീട് പിന്മാറി. പാത്രിയർക്കീസും ആ വ്യവ സ്ഥകൾ അംഗീകരിച്ചില്ല. ക്രമേണ പീസ്‌ലീഗ് ഇല്ലാതെയായി. '*ചിങ്ങവനം സമ്മേളനം*' കാണുക.

പീറ്റ്, ജോസഫ്: സി. എം. എസ്. മിഷണറി. 1833-ൽ പഴയസെമിനാ രിയിൽ അദ്ധ്യാപകൻ. മിഷൻ പ്രവർത്തനവും ഭാഷാ സേവനവും നടത്തി. 1841-ൽ മലയാള വ്യാകരണം പ്രസിദ്ധപ്പെടുത്തി. ഇദ്ദേഹം സെമിനാരി യിലെ ബെസ്ഗാസാമുറി കുത്തിത്തുറന്ന് രേഖകൾ കൈവശപ്പെടുത്തി യതിനെത്തുടർന്നാണ് മിഷണറിമാരുമായുള്ള ബന്ധം വഷളായത്. അസ ഹിഷ്ണുവായ ഈ മിഷണറി 1865-ൽ മാവേലിക്കര വച്ച് നിര്യാതനായി. അവിടെ സംസ്കരിക്കുകയും ചെയ്തു.

പീറ്റർ കെ. സി.: പ്രശസ്ത വിദ്യാഭ്യാസ പ്രവർത്തകൻ, സാമൂഹ്യ ശാസ്ത്രജ്ഞൻ. ഉദയംപേരൂർ കാറ്റാടിയിൽ കെ. പി. ചാക്കോയുടെ പുത്രൻ. 1921 ഒക്ടോ. 17-ന് ജനനം. എം. എ., എൽ. എൽ. ബി. പാസ്സായി. തൃശ്ശൂർ സെന്റ് തോമസ് കോളജ്, കോതമംഗലം അത്താനേഷ്യൻ കോളജ് അദ്ധ്യാപകൻ. സുൽത്താൻ ബത്തേരി - കോലഞ്ചേരി കോളജുകളിൽ പ്രിൻസിപ്പൽ. 13 പുസ്തകങ്ങൾ എഴുതി. തൃപ്പൂണിത്തുറ ഓപ്പൺ യൂണി വേഴ്സിറ്റി കോളജ് പ്രിൻസിപ്പൽ, കോഴ്സ് ഡയറക്ടർ എന്നീ നിലക ളിൽ പ്രവർത്തിച്ചു.

പേരിശ്ശേരി സെന്റ് മേരീസ് പള്ളി: ചെങ്ങന്നൂർ ഭദ്രാസനം.

നാമാവശേഷമായിപ്പോയ പള്ളിയും സ്ഥലവും ഉടമസ്ഥർ 1908 തുലാം 21-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായ്ക്ക് തീറെഴുതി കൊടുത്തതിനെത്തുടർന്ന് പുതിയ ഇടവക രൂപം കൊണ്ടു. 1911-ൽ പുന്നൂസ് റമ്പാൻ ഇവിടെ കുരിശ് വച്ച് കുർബ്ബാന ചൊല്ലി. 1912-ൽ അബ്ദൽ മശിഹാ പാത്രിയർക്കീസ് മദ്ബഹായ്ക്ക് ശില യിട്ടു. 1929-ൽ ഗീവറുഗ്ഗീസ് I കാതോലിക്കാ പുതിയ പള്ളിയുടെ മദ്ബഹായ്ക്ക് ശിലയിട്ടു. 25 വർഷങ്ങൾ കൊണ്ട് പണി പൂർത്തിയായി. 1954-ൽ ദാനിയേൽ മാർ പീലക്സിനോസ് പള്ളി കൂദാശ ചെയ്തു.

പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ: കൊല്ലം ഭദ്രാസനം. മാവേലിക്കരയ്ക്കടുത്തുള്ള ഈ പള്ളി 1000 വർഷത്തിലേറെ പഴക്കമുള്ളതാണ്. 1978-ൽ പുതുക്കി പണിതു. 1200-ലേറെ കുടുംബങ്ങൾ ഉണ്ട്. ഇവിടെവച്ചാണ് 1836-ലെ മാവേലിക്കര സുന്നഹദോസ് നടന്നതും പടിയോല എഴുതിയതും. '*മാവേലിക്കര സുന്നഹദോസ്*' കാണുക.

പുതുക്കിപ്പട്ടം: നിയമസാധുതയില്ലാതെ പട്ടം ഏറ്റവർ വീണ്ടും പട്ടം ഏല്ക്കുന്ന രീതി. നവീകരണവിഭാഗത്തിൽ നിന്നും തൊഴിയൂർ പാരമ്പര്യത്തിൽ നിന്നും പട്ടമേറ്റ പലരും ഇപ്രകാരം അഴിച്ചു പട്ടമേറ്റിട്ടുണ്ട്. അഴിച്ചുപട്ടമേറ്റ കോനാട്ട് മല്പാൻ, പാലക്കുന്നത്ത് മല്പാൻ തുടങ്ങിയവർക്കെതിരെ ചേപ്പാട്ട് മെത്രാച്ചൻ ചില ശിക്ഷണ നടപടികൾ സ്വീകരിക്കുകയും സർക്കാരിൽ പരാതിപ്പെട്ട് അവരെ ജയിലിലടയ്ക്കുകയും ചെയ്തിട്ടുണ്ട്. പാലക്കുന്നത്ത് അത്താനാസ്യോസിൽ നിന്നും പട്ടമേറ്റ പലർക്കും പട്ടം സാധൂകരിക്കാനായി യൂയാക്കീം കൂറിലോസും പുലിക്കോട്ടിൽ ദീവന്നാസ്യോസ് ദ്വിതീയനും കോർഎപ്പിസ്കോപ്പാ സ്ഥാനം നൽകിയിട്ടുണ്ട്. അത്താനാസ്യോസിൽ നിന്നും കോറൂയോ പട്ടമേറ്റ ചാത്തുരുത്തിൽ ഗീവർഗീസ് അച്ചനും (പരുമല തിരുമേനി) കോർഎപ്പിസ്കോപ്പാ സ്ഥാനം ഏറ്റത് പട്ടം സാധൂകരിക്കാനാണോ എന്ന് ചില ചരിത്രകാരന്മാർ സംശയിക്കുന്നുണ്ട്. ഈ വിഷയം റോയൽകോടതി മൊഴികളിലും പരാമർശിക്കുന്നുണ്ട്.

പുതിയനിയമ കാനോൻ: മൂന്ന് മാനദണ്ഡങ്ങൾ വച്ച് പുതിയനിയമ കാനോൻ രൂപപ്പെട്ടു. 1. കൃതികളുടെ രചയിതാക്കൾ ശ്ലീഹന്മാരോ ശ്ലൈഹിക പാരമ്പര്യത്തിൽപ്പെട്ടവരോ ആകണം. 2. വെളിപ്പെട്ട സത്യങ്ങൾക്കനുസൃതമായ ഉള്ളടക്കം. 3. പൊതു സമ്മതി ആർജ്ജിച്ചവ ആയിരിക്കണം. നാലാം നൂറ്റാണ്ടോടെയാണ് പുതിയനിയമ കാനോൻ ഏതാണ്ട് രൂപപ്പെട്ടത്. 367-ൽ അത്താനാസ്യോസ് 27 പുസ്തകങ്ങളുടെ പട്ടിക നൽകുന്നു. 397-ലെ കാർത്തേജ് കൗൺസിൽ 27 പുസ്തകങ്ങൾ അംഗീകരിച്ചു. സുറിയാനി സഭയുടെ കാനോനിൽ (പ്ശീത്താ) നാലു സുവിശേഷങ്ങൾ, പ്രവൃത്തികൾ, പൗലൂസിന്റെ 14 ലേഖനങ്ങൾ, യാക്കോബിന്റെ

ലേഖനം, 1 പത്രോസ്, 1 യോഹന്നാൻ എന്നിവയും സ്ഥാനംപിടിച്ചു. പൊതുവിലുള്ള മറ്റു ലേഖനങ്ങൾ 5-ാം നൂറ്റാണ്ടിലേ അംഗീകരിക്കപ്പെട്ടുള്ളൂ. വെളിപാടിന് അംഗീകാരം ലഭിച്ചിരുന്നില്ല.

പുതുഞായർ: ഉയിർപ്പു കഴിഞ്ഞു ആദ്യ ഞായർ. ഉയിർപ്പ് ഹൈ സണ്ടേ, പുതു ഞായറാഴ്ച ലോ സണ്ടേ എന്നും പാശ്ചാത്യർ. അന്ന് മാർ ത്തോമ്മാ ശ്ലീഹായുടെ ഓർമ്മ ആചരിക്കുന്നു. പുതിയ വേദവായനക്കുറിപ്പിൽ യുവാക്കളുടെ ഞായറാഴ്ചയായി വേർതിരിച്ചിട്ടുണ്ട്.

പുതുപ്പള്ളിപ്പള്ളി: പ്രമുഖ ജോർജിയൻ തീർത്ഥാടനകേന്ദ്രം. വി. ഗീവറുഗ്ഗീസ് സഹദായുടെ നാമത്തിൽ. തെക്കുംകൂർ രാജാക്കന്മാർ പണിയിച്ചുവത്രേ. മേടം 15-24 വരെ പെരുന്നാൾ. പൊന്നിൻകുരിശും, വെച്ചൂട്ട് സദ്യയും കോഴിവെട്ടും പ്രസിദ്ധം (കോഴിവെട്ട് ഇപ്പോൾ ആചരിക്കുന്നില്ല). 36 കരകളിലെ ആളുകൾ ചേർന്ന് ആചാരാനുഷ്ഠാനങ്ങളോടെ നടത്തുന്ന പെരുന്നാൾ. പള്ളി 2004-ൽ ഗംഭീരമായി പുതുക്കിപ്പണിതു; വി. ഗീവറുഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ചു. പാറേട്ട് മാർ മാത്യൂസ് ഈവാനിയോസ്, നരിമറ്റത്തിൽ മാർ യൂഹാനോൻ സേവേറിയോസ് എന്നിവരും ഇസ്സഡ്. എം. പാറേട്ടും ഈ ഇടവകക്കാരാണ്. 2006 ഒക്ടോ. 12-ന് പൗരസ്ത്യ ജോർജിയൻ തീർത്ഥാടനകേന്ദ്രമായി പ. ദിദിമോസ് ബാവാ പ്രഖ്യാപിച്ചു.

പുതുപ്പാടി: പുതുപ്പാടി സെന്റ് പോൾസ് ആശ്രമവും ബാലഭവനും സെന്റ് പോൾസ് കോൺവെന്റും ബാലികാ ഭവനവുമാണ് പ്രധാന സഭാ സ്ഥാപനങ്ങൾ. ഫാ. എം. വി. ജോർജ്ജ് (ഗീവർഗീസ് മാർ ഒസ്താത്തിയോസ്) ആണ് ഇവയുടെ സ്ഥാപകൻ. മണമേൽ കുടുംബം നൽകിയ 25 ഏക്കർ ഉൾപ്പെടെ 50 ഏക്കർ സ്ഥലം സ്വന്തമായുണ്ട്.

1958 ആഗസ്റ്റ് 1-ന് ഫാ. പി. എം. തോമസ് ചുമതലയേറ്റു. ചാപ്പൽ, സെന്റ് ജോൺസ് ഹോം, പ്രായമായ കുട്ടികൾക്കുള്ള മാർ ഗ്രിഗോറിയോസ് ഹോം, അടുക്കള, ഭക്ഷണശാല, സ്റ്റോർ, ആശ്രമക്കെട്ടിടം എന്നിവയുണ്ട്. പി. എം. തോമസ് റമ്പാൻ അന്തരിച്ചശേഷം സഭാ മിഷൻ ബോർഡ് ഡയറക്ടർ കെ. ഐ. ഫിലിപ്പ് റമ്പാൻ ആശ്രമത്തിന്റെ ചുമതലകൾ വഹിക്കുന്നു.

കോൺവെന്റിന്റെ നാമം സിസ്റ്റേഴ്സ് ഓഫ് മിഷണറീസ് ഓഫ് ക്രൈസ്റ്റ് എന്നാണ്. 1978-ൽ ആരംഭിച്ചു. ഇപ്പോൾ വൃദ്ധ ഭവനം (1979), ബാലികാ ഭവനം, ശിശു ഭവനം (1980) എന്നിവ പ്രവർത്തിക്കുന്നു.

പുത്തൻകാവ് പള്ളി: ചെങ്ങന്നൂർ ഭദ്രാസനത്തിലെ കത്തീഡ്രൽ. 6-ാം മാർത്തോമ്മാ 1793 വൃശ്ചികം 19-ന് ദൈവമാതാവിന്റെ നാമത്തിൽ

സ്ഥാപിച്ചു. കല്ലട മുത്തപ്പന്റെ – അന്ത്രയോസ് – നാമത്തിൽ ഒരു കുരിശു പള്ളിയുണ്ട് (ഓർമ്മ കുംഭം 18, 19). തുമ്പമൺ ഭദ്രാസനത്തിന്റെ ഗീവറുഗ്ഗീസ് പീലക്സിനോസ്, അദ്ദേഹത്തിന്റെ സഹോദരപുത്രൻ ചെങ്ങന്നൂരിന്റെ തോമസ് മാർ അത്താനാസ്യോസ് എന്നിവർ ഈ ഇടവകക്കാരാണ്. സഭാസമാധാനം കഴിഞ്ഞ് ആദ്യ അസോസ്യേഷൻ നടന്നത് ഇവിടെ വച്ചാണ്. പിരളശ്ശേരി, മുളക്കുഴ, ആറാട്ടുപുഴ, കുറിച്ചിമുട്ടം, കൂർത്തമല, നെല്ലിക്കൽ, ഇടനാട്, മംഗലം എന്നീ ഇടവകകൾ ഇവിടെനിന്ന് പിരിഞ്ഞു പോയവർ. ആറാം മാർത്തോമ്മാ, എട്ടാം മാർത്തോമ്മാ, പുത്തൻകാവ് മാർ പീലക്സിനോസ് എന്നിവരുടെ കബറിടങ്ങൾ ഇവിടെയാണ്. അവരുടെ ഓർമ്മ സംയുക്തമായി ഏപ്രിൽ 16, 17 തീയതികളിൽ ആചരിക്കുന്നു.

പുനർജ്ജന്മം: കർമ്മഫലം അനുഭവിക്കുവാൻ ആത്മാക്കൾ പുനർജ്ജനിക്കുന്നു എന്ന് യവന മതങ്ങളും ഭാരതീയ മതങ്ങളും പഠിപ്പിക്കുന്നു. ഇത് ക്രിസ്തീയ വിശ്വാസത്തിന് നിരക്കുന്നതല്ല.

പുനർ വിവാഹം: വിവാഹത്തിലെ ഒരംഗം മരിച്ചാൽ മാത്രം മറ്റേ ആളിന് പുനർവിവാഹം ആകാം. പുനർ വിവാഹിതർക്ക് മോതിരം വാഴ്വും കിരീടം വാഴ്വും ഇല്ല. അവരുടെ വിവാഹ ശുശ്രൂഷ അനുതാപക്രമമാണ്. പണ്ട് ഈ ശുശ്രൂഷ വീട്ടിൽ വച്ചാണ് നടത്തിയിരുന്നത്.

ഇപ്പോൾ കോടതി മുഖേന വിവാഹമോചനം നേടിയവർക്ക് നിയമോപദേശം തേടിയശേഷം പുനർ വിവാഹത്തിന് കാതോലിക്കാബാവാ അനുമതി നൽകുന്നുണ്ട്.

പുന്നൻ ലൂക്കോസ്, മിസ്സിസ്: കോട്ടയം തേറത്താനത്ത് ഡോ. പുന്നന്റെ പുത്രി. ലണ്ടനിൽ നിന്ന് എം. ബി. ബി. എസ്., എൽ. എം. എന്നീ ബിരുദങ്ങൾ സമ്പാദിച്ചു. ഇംഗ്ലണ്ടിൽ ജോലി ചെയ്തു. ഹൈക്കോടതി ജഡ്ജി പുതുപ്പള്ളി കന്നുകുഴിയിൽ കെ. കെ. ലൂക്കോസിന്റെ പത്നി. തിരുവിതാംകൂറിലെ ഡർബാർ ഫിസിഷ്യൻ. ശ്രീചിത്തിര തിരുനാൾ മഹാരാജാവ് 'വൈദ്യശാസ്ത്ര കുശല' അവാർഡ് നൽകി. തിരുവിതാംകൂർ ലജിസ്ലേറ്റീവ് കൗൺസിലിലെ ആദ്യ വനിതാ അംഗം. തിരുവിതാംകൂർ വൈ. ഡബ്ല്യൂ. സി. എ. പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ദേവലോകത്തെ ആദ്യത്തെ സഭാ കേന്ദ്ര ഓഫീസ് കെട്ടിടം നിർമ്മിച്ചുകൊടുത്തു.

പുന്നൂസ് പി. ഇ. പുള്ളോലിക്കൽ: പ്രമുഖ ഗണിത ശാസ്ത്രജ്ഞൻ. 1929-ൽ തോട്ടയ്ക്കാട് പുള്ളോലിക്കൽ പി. റ്റി. ഈപ്പന്റെയും അന്നമ്മയുടെയും പുത്രനായി ജനിച്ചു. 1950-ൽ ഗണിതശാസ്ത്രത്തിൽ ബിരുദം. ഗണിതശാസ്ത്രസംബന്ധമായ പത്തോളം ഗ്രന്ഥങ്ങൾ രചിച്ചു. തോട്ടയ്ക്കാട്

സെന്റ് തോമസ് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. തോട്ടയ്ക്കാട് മാർ അപ്രേം ഇടവകാംഗം.

പുരാണ കഥാനിഘണ്ടു: മലബാറിൽ ജുഡീഷ്യൽ സർവ്വീസിൽ മജിസ്ത്രേട്ടായി പ്രവർത്തിച്ച പൈലോ പോൾ 1899-ൽ പ്രസിദ്ധപ്പെടുത്തി. 3000 ശീർഷകം ഉണ്ട്. കേരള സാഹിത്യ അക്കാദമി ഏതാനും വർഷം മുമ്പ് ഈ കൃതി പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുരാണിക് എൻസൈക്ലോപീഡിയാ: പുതുപ്പള്ളി വെട്ടം മാണി പ്രസിദ്ധപ്പെടുത്തിയ ഈ കൃതിയ്ക്ക് നിരവധി പതിപ്പുകൾ ഉണ്ടായി.

പുരാതന പള്ളികൾ: ഗുവയാ രചിച്ച 'ജോർണാദ' എന്ന ഗ്രന്ഥത്തിൽ 16-ാം നൂറ്റാണ്ടിലെ 106 പള്ളികളെപ്പറ്റി പരാമർശിക്കുന്നു. അവ ഇവയാണ്: 1. അകപ്പറമ്പ്, 2. അങ്കമാലി, 3. അങ്കമാലി കിഴക്കേപള്ളി, 4. അങ്കമാലി ചെറിയപള്ളി, 5. അതിരമ്പുഴ, 6. അമ്പഴക്കാട്, 7. അരുവിത്തുറ, 8. ആരക്കുഴ, 9. ആലങ്ങാട്, 10. ആലപ്പുഴ, 11. ഇടപ്പള്ളി, 12. ഇലഞ്ഞി, 13. ഉദയംപേരൂർ, 14. എറണാകുളം, 15. കൂനമ്മാവ്, 16. കടമ്പനാട്, 17. കടമറ്റം, 18. കടുത്തുരുത്തി, 19. കടുത്തുരുത്തി ചെറിയപള്ളി, 20. കണ്ണൂർ, 21. കരുനാഗപ്പള്ളി, 22. കല്ലട, 23. കല്ലിശ്ശേരി, 24. കല്ലൂർക്കാട്, 25. കല്ലൂപ്പാറ, 26. കാഞ്ഞിരപ്പള്ളി, 27. കാഞ്ഞൂർ, 28. കായംകുളം, 29. കാരക്കുന്നം, 30. കാർത്തികപ്പള്ളി, 31. കുടമാളൂർ, 32. കുടവെച്ചൂർ, 33. കുണ്ടറ, 34. കുരംകുളം, 35. കുറവിലങ്ങാട്, 36. കുറുപ്പമ്പടി, 37. കൊച്ചി, 38. കൊടുങ്ങല്ലൂർ, 39. കൊടുങ്ങല്ലൂർ-2, 40. കൊട്ടേക്കാട്, 41. കൊരട്ടി, 42. കൊല്ലം, 43. കൊല്ലം -2, 44. കോട്ടയം, 45. കോട്ടയം ചെറിയ, 46. കോതമംഗലം, 47. കോതമംഗലം ചെറിയ, 48. കോതനല്ലൂർ, 49. കോലഞ്ചേരി, 50. കോഴിക്കോട്, 51. ചങ്ങനാശ്ശേരി, 52. ചാലക്കുടി, 53. ചുങ്കം, 54. ചെങ്ങന്നൂർ, 55. ചെമ്പിൽ, 56. ചേപ്പാട്, 57. ചേന്ദമംഗലം, 58. ചേർപ്പുങ്കൽ, 59. ചൊവ്വര, 60. ഞാറയ്ക്കൽ, 61. തളിപ്പറമ്പ്, 62. തിരുവാങ്കോട്, 63. തുമ്പമൺ, 64. തുരുത്തിപ്പുറം, 65. തൃപ്പൂണിത്തുറ, 66. തെക്കൻ കൂറ്റ്, 67. തെ. പറവൂർ, 68. തേവലക്കര, 69. തോടമല, 70. നാഗപ്പുഴ, 71. നിരണം, 72. നെടിയശാല, 73. പള്ളിപ്പുറം, 74. പള്ളുരുത്തി, 75. പഴുവിൽ, 76. പറവൂർ, 77. പാലൂർ, 78. പാല, 79. പിറവം, 80. പുതുക്കാട്, 81. പുത്തൻചിറ, 82. പുളിങ്കുന്ന്, 83. പുറക്കാട്, 84. പൂഞ്ഞാർ, 85. ഭരണങ്ങാനം, 86. മഞ്ഞപ്ര, 87. മറ്റം, 88. മട്ടാഞ്ചേരി, 89. മണർകാട്, 90. മലയാറ്റൂർ, 91. മാവേലിക്കര, 92. മുട്ടുചിറ, 93. മുട്ടം, 94. മുതലക്കോടം, 95. മുഹമ്മ, 96. മുളന്തുരുത്തി, 97. മൂഴിക്കുളം, 98. മൈലകൊമ്പ്, 99. വടകര, 100. വടക്കാഞ്ചേരി, 101. വടയാർ, 102. വായ്പൂർ, 103. വെണ്മണി, 104. വെളിയനാട് വടക്കൻ, 105. വൈക്കം, 106. വൈപ്പിക്കോട്ട.

ഒരു നൂറ്റാണ്ടു മുമ്പുള്ള മലങ്കരയിലെ പള്ളികളുടെ ലിസ്റ്റ് ഗീവർഗീസ്

റമ്പാൻ (രണ്ടാം കാതോലിക്കാ) 1906-ൽ പ്രസിദ്ധീകരിച്ച *മലങ്കര ഇടവക പഞ്ചാംഗ*ത്തിൽ കൊടുത്തിരിക്കുന്നത് ഇപ്രകാരമാണ്:

ബ്രിട്ടീഷ് സംസ്ഥാനം: (കൊച്ചി ഇടവക) 1. ചാലശെരി കിഴക്കെ പള്ളി, 2. ടി. പടിഞ്ഞാറെ പള്ളി, 3. കൊച്ചീക്കൊട്ടയിൽ പള്ളി.

കൊച്ചി സംസ്ഥാനം: 4. ആർത്താറ്റു പള്ളി, 5. കുന്നംകുളം പഴയപള്ളി, 6. ടി. കിഴക്കെ പുത്തൻപള്ളി, 7. ടി. തെക്കെ കുരിശുപള്ളി, 8. ടി. ചിറ ളയത്തു പള്ളി, 9. പഴഞ്ഞി, 10. പേങ്ങാമുക്കു പള്ളി, 11. പോർക്കുളത്തു പള്ളി, 12. ചേലക്കര പള്ളി, 13. ചക്കരക്കടവു വലിയപള്ളി, 14. ടി. ചെറിയപള്ളി, 15. അയ്യമ്പെള്ളി പള്ളി, 16. കൊച്ചീ മട്ടാഞ്ചേരി പള്ളി, 17. കരിങ്ങാശ്ര പള്ളി, 18. തൃപ്പൂണിത്ര, 19. തിരുവാങ്കുളത്തു പള്ളി, 20. മുള ന്തുരുത്തി പള്ളി, 21. വടയാപ്പറമ്പു പള്ളി, 22. മാന്തുരുത്തു പള്ളി, 23. കാഞ്ഞിരമറ്റം പള്ളി, 24. കാരിക്കോടു പള്ളി, 25. വെട്ടിക്കൽ പള്ളി.

തിരുവിതാംകൂർ സംസ്ഥാനം: (അങ്കമാലി ഇടവക) 26. അങ്കമാലി പള്ളി 27. അകപ്പറമ്പു പള്ളി, 28. വടക്കൻപറവൂർ പള്ളി, 29. പെരുമ്പടത്ത് പള്ളി, 30. പൊയ്ക്കാട്ടുശേരി പള്ളി, 31. പീച്ചാനിക്കാട്ടു പള്ളി, 32. ടി. താബൊർ പള്ളി, 33. മഞ്ഞപ്ര പള്ളി, 34. ആലുവാ പള്ളി, 35. കുറുപ്പുംപടി പള്ളി, 36. (ടി. മലേൽ കുരിശു ബെത് സൊഹദൊ പള്ളി), 37. വെങ്ങൂർ പള്ളി, 38. തുരുത്തിപ്പിള്ളി പള്ളി, 39. അല്ലപ്ര പള്ളി, 40. പെരുമ്പാവൂർ ബെതെൽ സൂലൊക്കൊ പള്ളി, 41. വെങ്ങോല പള്ളി, 42. പള്ളിക്കര പള്ളി, 43. ടി. മലേൽ കുരിശു പള്ളി, 44. ടി. താമരച്ചാൽ പള്ളി, 45. ടി. കിഴക്കമ്പലത്തു പള്ളി, 46. ടി. കാക്കനാട്ടു പള്ളി, 47. കോട്ടപ്പടി പള്ളി, 48. ചേലാടു പള്ളി, 49. കോതമംഗലം വലിയപള്ളി, 50. ടി. ചെറിയപള്ളി, 51. പോത്താനി ക്കാടു പള്ളി, 52. കാരക്കുന്നം പള്ളി, 53. റാക്കാടു പള്ളി, 54. ടി. കടാതി കുരിശുപള്ളി, 55. മാറാടി പള്ളി, 56. കുന്നക്കുരുടി പള്ളി, 57. തൃക്കള ത്തൂരു പള്ളി, 58. മഴുവന്നൂർ പള്ളി, 59. ചെറുകോട്ടുകുന്നേൽ പള്ളി,

(കണ്ടനാട്ടു ഇടവക) 60. കണ്ടനാട്ടു പള്ളി, 61. കണ്യാട്ടുനിരപ്പെൽ പള്ളി, 62. കോലഞ്ചേരി പള്ളി, 63. പുത്തൻകുരിശു പള്ളി, 64. കുറുഞ്ഞി പള്ളി, 65. നീറാമ്മോളത്തു പള്ളി, 66. കോട്ടൂരു പള്ളി, 67. കടമറ്റം പള്ളി, 68. വടകര പള്ളി, 69. ടി. പാലക്കൊഴ പള്ളി, 70. ടി. മണ്ണത്തൂര പള്ളി, 71. ടി. കൂത്താട്ടുകുളം പള്ളി, 72. ടി. പെരിയാമ്പ്ര പള്ളി, 73. ടി. കുഴിക്കാട്ടു കുന്നു പള്ളി, 74. ടി. പുതുവേലി പള്ളി, 75. മുളക്കുളം പള്ളി, 76. ടി. മണ്ണ ക്കുന്നെൽ പള്ളി, 77. ടി. കുന്നെൽ പുത്തൻ പള്ളി, 78. ടി. പാറേൽ പള്ളി, 79. ചെമ്മഞ്ചി പള്ളി, 80. പിറവം പള്ളി, 81. ഓണക്കൂർ പള്ളി, 82. നെച്ചൂരു പള്ളി, 83. വടയാപ്പറമ്പു പള്ളി, 84. കാരാമ്മക്കുന്നെൽ പള്ളി, 85. മാമ്മല ശേരി പള്ളി, 86. രാമങ്ങലം പള്ളി, 87. കിഴുമുറി പള്ളി, 88. പാമ്പാക്കുട

പള്ളി, 89. ടി. പുത്തൻപള്ളി, 90. ചെമ്പിൽ പള്ളി, 91. മണകുന്നം പള്ളി, 92. തെക്കൻപറവൂർ പള്ളി.

(കോട്ടയം ഇടവക) 93. കോട്ടയം വലിയപള്ളി, 94. ടി. ചെറിയപള്ളി, 95. ടി. പുത്തൻ, 96. ടി. പുത്തനങ്ങാടി കുരിശുപള്ളി, 97. ടി. മാർ ഏലിയാ ചാപ്പൽ, 98. പാണമ്പടിക്കൽ പള്ളി, 99. ചെങ്ങളത്തിൽ പള്ളി, 100. കുമരകം പള്ളി, 101. കല്ലുങ്കത്ര പള്ളി, 102. പരിപ്പ പള്ളി, 103. കോട്ടയം സിമ്മനാരി പള്ളി, 104. പാറമ്പുഴ പള്ളി, 105. പേരൂർ പള്ളി, 106. മണർകാട്ടു പഴയപള്ളി, 107. ടി. പുത്തൻപള്ളി, 108. മാങ്ങാനത്തു പള്ളി, 109. അമയന്നൂ വടക്കൻമണ്ണൂരു പള്ളി, 110. കാരിക്കാമറ്റം പള്ളി, 111. പാമ്പാടി പള്ളി, 112. കങ്ങഴ പള്ളി, 113. മീനടം കിഴക്കെ പള്ളി, 114. ടി. പടിഞ്ഞാറെ പള്ളി, 115. പുതുപ്പെള്ളി പള്ളി, 116. നിലയ്ക്കൽ പള്ളി, 117. അഞ്ചേരി പള്ളി, 118. തോട്ടയ്ക്കാടു പള്ളി, 119. പുതുശേരി പള്ളി, 120. നാലുന്നാക്കൽ പള്ളി, 121. വാകത്താനം പള്ളി, 122. ടി. വള്ളിക്കാട്ടു പള്ളി, 123. ടി. വെട്ടിക്കക്കുന്നേൽ പള്ളി, 124. പള്ളത്തു പള്ളി, 125. പാക്കിൽ പള്ളി, 126. ആലപ്പുഴ (കൊല്ലാടു) പള്ളി, 127. ചിങ്ങോനത്തു പള്ളി, 128. ടി. പുത്തൻപള്ളി, 129. കുഴിമറ്റത്തു പള്ളി, 130. കുറിച്ചി പള്ളി, 131. നീലമ്പേരൂർ പള്ളി, 132. വെളിയനാടു പള്ളി, 133. ചേന്ദംകരി പള്ളി, 134. വാഴൂർ പള്ളി.

(നിരണം ഇടവക) 135. നിരണം പള്ളി, 136. വളഞ്ഞവട്ടത്തു പള്ളി, 137. മേപ്പാടത്തു പള്ളി, 138. എരതോട്ടു പള്ളി, 139. മാന്നാത്തു പള്ളി, 140. നെടുമ്പ്രത്തു പള്ളി, 141. തലവടി കിഴക്കെക്കര പള്ളി, 142. തലവടി പടിഞ്ഞാറെക്കര പള്ളി, 143. എടത്വാ പള്ളി, 144. ചേപ്പാടു പള്ളി, 145. പള്ളിപ്പാട്ടു പള്ളി, 146. കാരിച്ചാൽ പള്ളി, 147. കരുവാറ്റാ പള്ളി, 148. കാർത്തികപ്പള്ളി പള്ളി, 149. അരാഴി പള്ളി, 150. ചെന്നിത്തല പള്ളി, 151. മെപ്രാൽ വലിയപള്ളി, 152. ടി. പുത്തൻപള്ളി, 153. കാരെയ്ക്കൽ പള്ളി, 154. തിരുവല്ലാ പാലിയക്കര പള്ളി, 155. ടി. കട്ടപ്പ്രത്തു പള്ളി, 156. ടി. തെക്കെ പുത്തൻപള്ളി, 157. മല്ലപ്പെള്ളി പള്ളി, 158. ടി. പുത്തൻപള്ളി, 159. ചെങ്ങരൂർ പള്ളി, 160. തുരുത്തിക്കാട്ടു പള്ളി, 161. വെണ്ണിക്കുളത്തു പള്ളി, 162. കല്ലൂപ്പാറ പള്ളി, 163. കറ്റൊട്ടു പള്ളി, 164. ഇരവിപേരൂർ പള്ളി, 165. കവിയൂർ പഴയപള്ളി, 166. ടി. സ്ലീബാ പള്ളി, 167. ഇരുവെള്ളിപ്രാ പള്ളി, 168. ഇലഞ്ഞിയ്ക്കൽ കുരിശുപള്ളി, 169. പരുമല സെഹിയോൻ പള്ളി.

(തുമ്പമൺ ഇടവക) 170. തുമ്പമൺ വലിയപള്ളി, 171. ടി. കാദിശ്ത്താ പള്ളി, 172. ഉളകാടി പള്ളി, 173. തുമ്പമൺ മർത്തൊമ്മാ പുത്തൻ, 174. ചന്ദനപ്പെള്ളി പള്ളി, 175. കുടച്ചനാട്ടു പള്ളി, 176. ഓമല്ലൂർ പള്ളി, 177. കൈപ്പട്ടൂർ പള്ളി, 178. കൊടുമൺ, 179. കിഴവള്ളൂർ പള്ളി, 180. വാഴമുട്ടത്തു പള്ളി, 181. ഏറത്തു തുമ്പമൺ പള്ളി, 182. മല്ലശേരി പള്ളി, 183.

പ്രക്കാനത്തു പള്ളി, 184. മാക്കാങ്കരെ പള്ളി, 185. കുമ്പഴ പഴയപള്ളി, 186. ടി. പുത്തൻപള്ളി, 187. പരിയാരത്തു പള്ളി, 188. ടി. പുത്തൻ പള്ളി, 189. മൈലപ്രാ പള്ളി, 190. എലന്തൂർ പള്ളി, 191. കടമ്മിനിട്ട പള്ളി, 192. അറത്തി പള്ളി, 193. പുന്തല പള്ളി, 194. മാന്തുക പള്ളി, 195. വെണ്മണി പള്ളി, 196. ടി. പുത്തൻ പള്ളി, 197. കുന്നത്തു പള്ളി, 198. ഉള്ളന്നൂർ പള്ളി, 199. അയിത്തല പള്ളി, 200. റാന്നി പള്ളി, 201. തോട്ടുമൺ പള്ളി, 202. കാട്ടൂർ പള്ളി, 203. വയലത്തു പള്ളി, 204. വൈക്കത്തു പള്ളി, 205. അയിരൂർ പഴയ പള്ളി, 206. ടി. പുത്തൻ പള്ളി, 207. ടി. മതാപ്പാറ പള്ളി, 208. കോഴഞ്ചേരി വലിയപള്ളി, 209. ടി. പുത്തൻ പള്ളി, 210. വഞ്ചിത്തറ പള്ളി, 211. മെഴുവേലിൽ പള്ളി, 212. കുറിയന്നൂർ പള്ളി, 213. മാരാമണ്ണ് പള്ളി, 214. പുത്തൻകാവിൽ വലിയപള്ളി, 215. ടി. പുത്തൻ പള്ളി, 216. നെല്ലിക്കൽ പള്ളി, 217. തട്ടയ്ക്കാട്ടു പള്ളി, 218. കല്ലൂശേരി പള്ളി, 219. ചെങ്ങന്നൂർ പള്ളി, 220. ഉമയാറ്റുകര, 221. ഇടവങ്കാട്ടു പള്ളി, 222. ഇടവങ്കാട്ടു പള്ളി, 223. ബുധനൂർ, 224. ബുധനൂർ, 225. ചുനക്കര പള്ളി, 226. ചുനക്കര പള്ളി,, 227. നൂറനാട്ടു പള്ളി.

(കൊല്ലം ഇടവക) 228. കൊല്ലത്തു പള്ളി, 229. മാവേലിക്കര പുതിയകാവു പള്ളി, 230. ടി. പുത്തൻപള്ളി, 231. പത്തിച്ചിറ പള്ളി, 232. കായങ്കുളത്തു പള്ളി, 233. കൊറ്റമ്പെള്ളി പള്ളി, 234. തഴവാ പള്ളി, 235. ചൂരനാട്ടു പള്ളി, 236. ടി. പുത്തൻപള്ളി, 237. പുത്തൂർ പള്ളി, 238. കാരിക്കൽ പള്ളി, 239. കടമ്പനാട്ടു പള്ളി, 240. കല്ലൊവല്ല്യ പള്ളി, 241. ടി. കൊടുവള പള്ളി, 242. ടി. കിഴക്കെഭാഗത്തു പുത്തൻ പള്ളി, 243. കുണ്ടറ വലിയപള്ളി, 244. ടി. പുത്തൻപള്ളി, 245. ടി. കിഴക്കെ ഭാഗത്തു പുത്തൻ പള്ളി, 246. നല്ലാ പള്ളി, 247. തെവലക്കര പള്ളി, 248. കോഴിക്കോട്ടു പള്ളി, 249. പെരിനാട്ടു പള്ളി, 250. മുഖത്തല പള്ളി, 251. ചാത്തന്നൂർ പള്ളി, 252. ആതിച്ചനല്ലൂർ പള്ളി, 253. ചെങ്കുളത്തു പള്ളി, 254. ടി. പുത്തൻ പള്ളി, 255. വെങ്ങൂർ പള്ളി, 256. പൂയപ്പെള്ളി പള്ളി, 257. ഓടനാവട്ടത്തു പഴയപള്ളി, 258. ടി. പുത്തൻപള്ളി, 259. നെല്ലിക്കുന്നത്തു പള്ളി, 260. കൊട്ടാരക്കര പള്ളി, 261. ടി. കോട്ടപ്പുറത്തു പള്ളി 262. ടി. കുറ്റീഭാഗത്തു പള്ളി, 263. ടി. കിഴക്കെ തെരുവിൽ പള്ളി, 264. തലൂർ പള്ളി, 265. ടി. പുത്തൻ പള്ളി, 266. എളമ്പൽ പള്ളി, 267. പുനലൂർ പള്ളി, 268. കരവാളൂർ പുത്തൻ പള്ളി, 269. അഞ്ചൽ പള്ളി, 270. പെരുങ്ങള്ളൂർ പള്ളി, 271. കമ്പങ്കോട്ടു പള്ളി, 272. വാളകത്തു പള്ളി, 273. ഏനാത്തു പഴയപള്ളി, 274. ടി. പുത്തൻ പള്ളി, 275. കുളക്കടെ പള്ളി, 276. കലയപുരത്തു പഴയപള്ളി, 277. ടി. പുത്തൻ പള്ളി, 278. പെരിങ്ങനാട്ടു പള്ളി, 279. കണ്ണുങ്കോട്ടു പള്ളി, 280. ആനന്ദപ്പെള്ളി പള്ളി, 281. പറക്കോട്ടു പള്ളി, 282. കലഞ്ഞൂർ പള്ളി, 283. തിരുവനന്തപുരം പള്ളി, 284. തിരുവാങ്കോട്ടു പള്ളി.

പുരോഹിതൻ: വൈദികൻ, യാഗാധ്യക്ഷൻ.

പുരോഹിതൻ മാസിക: സെന്റ് തോമസ് വൈദിക സംഘത്തിന്റെ മുഖപത്രം. ത്രൈമാസികം. 1983 മാർച്ചിൽ പ്രസിദ്ധീകരണമാരംഭിച്ചു. വൈദികസെമിനാരിയിൽ ഓഫീസ്. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന് ശേഷം ഇപ്പോൾ ഫാ. ഡോ. കെ. എം. ജോർജ്ജ് ആണ് ചീഫ് എഡിറ്റർ.

പുലകുളിയടിയന്തിരം: മരണം മൂലം അടുത്ത ബന്ധുക്കൾ ആചരിക്കുന്ന അശുദ്ധി സങ്കല്പമാണ് പുല. സസ്യാഹാരം മാത്രം കഴിച്ച് മംഗളകർമ്മാനുഷ്ഠാനങ്ങളിലൊന്നും പങ്കെടുക്കാതെ വ്രതദീക്ഷയിൽ കഴിയുന്നു. ഓരോ സമുദായത്തിനും പുലയുടെ കാലാവധി വ്യത്യസ്തമാണ്. 41 ദിവസങ്ങളിലെ ക്രിസ്തീയ സമുദായത്തിന്റെ ആചരണം ഈ കേരളീയ ആചാരത്തോട് സാധർമ്മ്യമുള്ളതാണ്.

പുലിക്കോട്ടിൽ കുടുംബം: കുന്നംകുളം, പഴഞ്ഞി, പാലൂർ പ്രദേശങ്ങളിൽ 'ചീരൻ, പുലിക്കോടൻ, ചെറുവത്തൂക്കാരൻ...” ഇത്യാദി പ്രാചീന ഗാനത്തിൽ കാണുംപ്രകാരമുള്ള പുരോഹിത കുടുംബം. പാലൂർ പ്രദേശത്തെ അറിയപ്പെടുന്ന പല മല്പാന്മാരും ഈ കുടുംബക്കാരാണ്. പുലികൊടിയടയാളമായ ചോളവംശജരാണിവരുടെ വംശപൂർവ്വികർ എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. കോട്ടയം പഴയസെമിനാരി സ്ഥാപകൻ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായും പരുമല സെമിനാരി സ്ഥാപകനായ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്തായും തൊഴിയൂരിലെ കുരുമാംകുഴി ഗീവറുഗ്ഗീസ് മാർ കൂറിലോസും ഈയിടെ പട്ടമേറ്റ പാത്രിയർക്കീസ് കക്ഷിയിലെ പത്രോസ് മാർ ഒസ്താത്തിയോസും ഈ കുടുംബക്കാർ ആണ്. അര ഡസൻ വൈദികർ ഈ തലമുറയിൽ ആ കുടുംബത്തിൽ നിന്ന് വിവിധ സഭകളിൽ വൈദികരായിട്ടുണ്ട്. തലമുറകളായി തലപ്പള്ളി രാജാക്കന്മാരുടെ സൈന്യത്തലവന്മാർ പുലിക്കോട്ടിൽ കുടുംബക്കാർ ആയിരുന്നുവെന്നും ആ പശ്ചാത്തലത്തിലാണ് തലപ്പള്ളി രാജാക്കന്മാരായ പുന്നത്തൂർ ശാഖ കോട്ടപ്പടിയിലും ചിറളയം ശാഖ കുന്നംകുളം ചിറളയത്തും മണക്കുളം ശാഖ കുന്നംകുളം കിഴക്കേ അങ്ങാടിയിലും പള്ളി നിർമ്മിക്കാൻ ഒത്താശകൾ ചെയ്തു കൊടുത്തതെന്നും പറയപ്പെടുന്നു.

പുലിക്കോട്ടിൽ ഗീവറുഗ്ഗീസ് മാർ കൂറിലോസ്: '*മലബാർ സ്വതന്ത്ര സുറിയാനി സഭ*' കാണുക.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് I: '*ദീവന്നാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് I*' കാണുക.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II: '*ദീവന്നാസ്യോസ്, പുലിക്കോട്ടിൽ ജോസഫ് II*' കാണുക.

പുലിക്കോട്ടിൽ ജോസഫ് റമ്പാൻ: '*ജോസഫ് റമ്പാൻ, പുലിക്കോട്ടിൽ*' കാണുക.

പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ്, കുന്നംകുളം: പരുമല സെമിനാരി സ്ഥാപകൻ വൈദികനായിരിക്കെ കുന്നംകുളത്ത് ആരംഭിച്ച പ്രസ്. നവീകരിക്കാത്ത കുർബ്ബാന - പ്രാർത്ഥനക്രമവും സുറിയാനി കുർബ്ബാനതക്സായും ഇവിടെ അച്ചടിച്ചു. ഈ പ്രസ് ആണ് കൊച്ചിയിലും പരുമലയിലും സെന്റ് തോമസ് പ്രസ് ആയി മാറ്റി സ്ഥാപിക്കപ്പെട്ടത്.

പുൾക്കേറിയാ: 451-ലെ കൽക്കിദോന്യ സിനഡ് വിളിച്ചുചേർത്ത ബൈസാന്റിയൻ രാജ്ഞി. തിയോഡേഷ്യസ് II ചക്രവർത്തിയുടെ സഹോദരി. റോമൻ ബിഷപ്പിനോട് ചേർന്ന് അലക്സാന്ത്രിയായിലെ ദീയസ്ക്കോറോസിനെതിരെ നടപടി എടുപ്പിച്ചു.

പുറംകുപ്പായം: കറുത്തതോ ചുവന്നതോ ആയ ഉൾക്കുപ്പായത്തിന് പുറമേ കശ്ശീശന്മാരും കോറിമാരും മേല്പട്ടക്കാരും കശ്ശീശാ റമ്പാന്മാരും ധരിക്കുന്ന അയഞ്ഞ മേൽവസ്ത്രം. അംശവസ്ത്രങ്ങൾ അണിയുമ്പോൾ ഇത് നീക്കം ചെയ്യുന്നു.

പുറപ്പാട് പുസ്തകം: മോശയുടെ രണ്ടാം പുസ്തകം. ഗ്രീക്ക് സെപ്റ്റ്വജന്റിൽ ഈ ശീർഷകം നൽകി. ഒരു ദൈവാധിപത്യ വ്യവസ്ഥിതി ഇതിലൂടെ രൂപപ്പെട്ടു. യിസ്രായേലിന്റെ രക്ഷാചരിത്രത്തിന് അഞ്ചു മുഖങ്ങൾ. 1. പിതാക്കന്മാരോടുള്ള വാഗ്ദാനം, 2. പുറപ്പാട്, 3. സീനായ് ഉടമ്പടികൾ, 4. മരുഭൂപ്രയാണം, 5. കനാൻ വാസം. നടുവിലെ മൂന്ന് സംഭവങ്ങളും മറ്റു രണ്ടു സംഭവങ്ങളുടെ സൂചനകളും പുറപ്പാട് പുസ്തകത്തിലുണ്ട്.

പുറപ്പാട് സംഭവം: 430 വർഷത്തെ ഈജിപ്തിലെ അടിമവാസം കഴിഞ്ഞ് ബി. സി. പതിമൂന്നാം നൂറ്റാണ്ടിൽ മോശയുടെ നേതൃത്വത്തിൽ അദ്ഭുതകരമായി പെസഹായിലൂടെ വിമോചനം നേടി 40 വർഷത്തെ യാത്രയിലൂടെ ഇസ്രായേൽ ഒരു ദൈവജനതയും രാഷ്ട്രവുമായി രൂപഭേദം പ്രാപിച്ചു. ഒരു ജനതയുടെ പൈതൃകത്തിലെ അവിസ്മരണീയമായ അധ്യായം. ഇസ്രായേലിന്റെ ഈ അനുഭവങ്ങൾക്ക് പുതിയ പേരുകളും വ്യാഖ്യാനങ്ങളും നൽകി പുതിയനിയമ സഭ അവയെ ആദരിക്കുന്നു.

പൂമുഖം: ദേവാലയത്തിന്റെ പടിഞ്ഞാറുഭാഗം. മുഖവട്ടം, പൂമുഖം, നാടകശാല എന്നൊക്കെ പറയും. സ്നാനാർത്ഥികളുടെ സ്ഥലം, കലാ

പരിപാടികൾക്കായുള്ള ക്ഷേത്രത്തിലെ കൂത്തമ്പലം ഇതിന്റെ സമാന്തര സൃഷ്ടിയാണ്. '*നാടകശാല*' കാണുക.

പൂവിതറൽ: ഓശാന പ്രദക്ഷിണത്തിലും മറ്റും കുട്ടികൾ പൂവിതറുന്ന സമ്പ്രദായം ഉണ്ട്. 'ഊശാനാ സംഭവത്തെ' വർത്തമാനകാല അനുഭവമാക്കാൻ ഇത് സഹായിക്കുന്നു.

പെങ്കീസാ: ഞായറാഴ്ചകളിലെയും ആണ്ടടക്കമുള്ള പെരുന്നാളുകളിലെയും നമസ്ക്കാരക്രമമാണിത്. മൂന്ന് വാല്യങ്ങളായി ഇത് പാമ്പാക്കുടയിൽ നിന്ന് പ. ഗീവറുഗ്ഗീസ് ദ്വിതീയന്റെ ഉത്സാഹത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പെങ്കീസാ നമസ്ക്കാരങ്ങളുടെ പ്രുമിയോൻ-സെദ്റാകളും സ്ലൂസോ-എത്രോകളും ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ (ഔഗേൻ ബാവാ) വിവർത്തനം ചെയ്ത് രണ്ട് വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പെങ്കീസാനമസ്ക്കാരം സഭയിൽ അസ്തമിച്ചമട്ടാണ്.

പെട്ടകം: പെട്ടി. നോഹയുടെ പെട്ടകം (ഉല്പ. 6:14-8:19; ലൂക്കോ. 17:27); നിയമപെട്ടകം (നിയമത്തിന്റെ കല്പലകകളും മന്നാ ഇട്ട് വച്ച പൊൻ പാത്രം, അഹറോന്റെ തളിർത്ത വടി എന്നിവ ഇതിൽ സൂക്ഷിച്ചിരുന്നു. യഹോവയുടെ പെട്ടകം എന്ന് പറഞ്ഞുവന്നു. പുറ. 25:10-22; 35:12; ആവ. 10:1; യോശു. 6:4; 1 ശമു. 6:8; എബ്രാ 9:4), മോശയെ നദിയിൽ ഒഴുക്കുവാൻ ഞാങ്ങണകൊണ്ട് ഉണ്ടാക്കിയ പെട്ടകം (പുറ. 2:3) ഇങ്ങനെ വിവിധ പെട്ടകങ്ങൾ വേദപുസ്തകം പരാമർശിച്ചിട്ടുണ്ട്.

പെന്തിക്കോസ്തി: അമ്പതാമത്തെ എന്ന് ഗ്രീക്കിൽ അർത്ഥം. ആദ്യഫലപ്പെരുന്നാൾ ആയും സീനായ് ഉടമ്പടി സ്മാരകമായും പെസഹായ്ക്കു ശേഷം അമ്പതാം ദിവസം യഹൂദർ ആഘോഷിച്ച പെരുന്നാളിന്റെ ക്രൈസ്തവ രൂപാന്തരം. മാളികയിലെ പരിശുദ്ധാത്മാവിന്റെ അവരോഹണവും മൂവായിരം പേരുടെ മാമ്മൂദീസായും കൊയ്ത്തു പെരുന്നാൾ - ആദ്യഫല പെരുന്നാൾ തന്നെ. ഏഴ് ശബ്ബത്തിന് ശേഷം എന്നതിനാൽ വാരപ്പെരുന്നാൾ എന്ന് പേരായി. ഈസ്റ്റർ കഴിഞ്ഞ് അമ്പതാം ദിവസം പുതിയനിയമസഭ പരിശുദ്ധാത്മ പുതുക്കത്തിന്റെ ഈ പെരുന്നാൾ ആഘോഷിക്കുന്നു (പ്രവൃത്തി 2:1-42). മാമ്മൂദീസായിൽ പ്രാപിച്ച പരിശുദ്ധാത്മാവിന്റെ പുതുക്കം ഈ ദിവസം പ്രാപിക്കുന്നു.

പെന്തിക്കോസ്തിയും കാത്തിരിപ്പും: സ്വർഗ്ഗാരോഹണപ്പെരുന്നാൾ കഴിഞ്ഞു പെന്തിക്കോസ്തി വരെ പത്ത് ദിവസം കാത്തിരിപ്പിന്റെ നാളുകൾ എന്ന് പറയും. കർത്തൃനിയോഗപ്രകാരം ഉയരത്തിൽ നിന്ന് ശക്തി പ്രാപിക്കുവാൻ ശിഷ്യന്മാർ നഗരത്തിൽ കാത്തിരുന്നതിന്റെ അനുസ്മ

രണം. അപ്രഖ്യാപിതമായ നോമ്പന്തരീക്ഷം ഈ ദിവസങ്ങൾക്ക് നൽകുന്നു. വിവാഹവും മറ്റും ഈ ദിവസങ്ങളിൽ നടത്തുന്നില്ല.

പെന്തിക്കോസ്തി ശുശ്രൂഷ: മുട്ടുകുത്തലിന്റെ ശുശ്രൂഷ എന്ന പേരിൽ പെന്തിക്കോസ്തി ഞായറാഴ്ച നടത്തുന്ന ശുശ്രൂഷയ്ക്ക് മൂന്ന് ഭാഗങ്ങൾ ഉണ്ട്. മൂന്ന് ശുശ്രൂഷകൾ യഥാക്രമം ത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളെ അഭിസംബോധന ചെയ്യുന്നു. ശുശ്രൂഷകളുടെ സംവിധാനം ഒന്നുതന്നെ. പ്രാരംഭ പ്രാർത്ഥന, കോനൂനാകൾ, പ്രൊമിയോൻ-സെദ്റാകൾ, ഗാനം, ധൂപപ്രാർത്ഥന, ഗാനം, സൂമോറോ, വേദവായനകൾ, കുമ്പിടൽ, വെള്ളം തളിച്ചുകൊണ്ടുള്ള പള്ളിയകത്തെ പ്രദക്ഷിണം ഇതാണ് സംവിധാനക്രമം. കപ്പദോക്യൻ പിതാക്കന്മാർ നൽകുന്ന ത്രിത്വനിർവചനങ്ങൾ വിശദമായി ഈ ശുശ്രൂഷകളിൽ പ്രസംഗിക്കപ്പെടുന്നു. വലിയ നോമ്പ് കഴിഞ്ഞ് ഔപചാരികമായി മുട്ടുകുത്തൽ സഭ പുനരാരംഭിക്കുന്നതുകൊണ്ടാണ് മുട്ടുകുത്തൽ ശുശ്രൂഷ എന്ന് പേരായത്. കുർബ്ബാനയുടെ കുക്കിലിയോനുകൾ കഴിഞ്ഞു ശുശ്രൂഷ നടത്തുന്നു. അന്ന് ഏഴാം രാഗമാണ്.

പെന്തിക്കോസ്തിയും വെള്ളം തളിക്കലും: പെന്തിക്കോസ്തിയിലെ വെള്ളം തളിക്കൽ മലങ്കരസഭയിൽ ആരംഭിച്ചത് 1875-ൽ മലങ്കര സന്ദർശിച്ച പത്രോസ് പാത്രിയർക്കീസ് ആണ്.

പെന്തിക്കോസ്റ്റലിസം: 1906-ൽ അമേരിക്കയിൽ ലോസ് ആഞ്ചൽസിൽ ആരംഭിച്ച ആധുനിക ക്രൈസ്തവ പ്രസ്ഥാനം. ഇന്ത്യൻ പെന്തക്കോസ്ത് സഭ (പാസ്റ്റർ കെ. ഇ. ഏബ്രഹാം സ്ഥാപകൻ), സിലോൺ പെന്തക്കോസ്ത് (പാസ്റ്റർ പോൾ സ്ഥാപകൻ), ചർച്ച് ഓഫ് ഗോഡ്, ശാരോൻ ദൈവസഭ, അപ്പോസ്തോലിക് ദൈവസഭ, അസംബ്ലീസ് ഓഫ് ഗോഡ്, ന്യൂ ഇന്ത്യാ പെന്തക്കോസ്തൻ സഭ എന്നിങ്ങനെ പല വിഭാഗങ്ങളുണ്ട്. അവരുടെ നിലപാടുകൾ പൊതുവായി ഇവയാണ്. 1. അന്യഭാഷാനൽവരം പരിശുദ്ധാത്മാവിന്റെ അനിവാര്യമായ ലക്ഷണമാണ്; കാത്തിരിപ്പോടെ അത് സ്വീകരിച്ചുകൊണ്ടേയിരിക്കണം. 2. രോഗശാന്തിയുടെയും ഭൂതോച്ചാടനത്തിന്റെയും അദ്ഭുതസിദ്ധികൾ അവകാശപ്പെടുന്നു. 3. വിശ്വാസ സ്നാനം നിർബ്ബന്ധം. 4. അനുഭവസാക്ഷ്യം പരസ്യമായി പറയണം. 5. വ്യക്തിപരമായി സുവിശേഷസാക്ഷ്യം വഹിക്കണം. 6. ആരാധനകൾക്ക് നിർദ്ദിഷ്ട ക്രമങ്ങൾ വേണ്ട; വൈകാരികാന്തരീക്ഷം സൃഷ്ടിക്കണം. 7. പൗരോഹിത്യ പിന്തുടർച്ചയോ പൗരോഹിത്യക്രമങ്ങളോ നിഷേധിക്കുന്നു. ഇന്ത്യയിലെ പെന്തക്കോസ്തു വിഭാഗങ്ങൾക്ക് അമേരിക്ക, നോർവ്വേ, സ്വീഡൻ, ഇംഗ്ലണ്ട് തുടങ്ങിയ വിദേശങ്ങളിലെ സംഘടനകളുമായി ബന്ധമുണ്ട്. ഗഹനമായ ഒരു ദൈവശാസ്ത്ര പിൻബലം അവർക്കില്ല.

സാമൂഹ്യപ്രശ്നങ്ങളിൽ അവർക്ക് താല്പര്യമില്ല. സഭൈക്യചിന്ത അവർക്ക് പ്രസക്തമല്ല.

പെരികൊറേസിസ്: വി. ത്രിത്വം വിവിധ ആളത്തങ്ങൾ ആണെങ്കിലും ഒരാളത്വത്തിന്റെ വ്യാപാരത്തിൽ ഇതര ആളത്തങ്ങളും പങ്കുചേരുന്നു എന്ന ആശയം ധ്വനിപ്പിക്കുന്ന ഗ്രീക്കുപദം. ഈ ചിന്ത ഓർത്തഡോക്സ് നിലപാടിൽ സ്വീകാര്യമാണ്.

പെരിനാട് സെന്റ് തോമസ് പള്ളി: കൊല്ലം ഭദ്രാസനം. 1884-ൽ സ്ഥാപിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II കൂദാശ ചെയ്തു. വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ വികാരിയായിരുന്നു. പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കായുടെ ഇടവക പള്ളിയാണിത്.

പെരുംചെട്ടി: '*ചെട്ടി*' കാണുക.

പെരുന്നാളുകൾ: വലിയനാൾ. യേശുക്രിസ്തുവിന്റെ പ്രധാന ജീവിത സംഭവങ്ങൾ, സഭാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ, ഇടവകയിലെ ചില പ്രധാന സംഭവങ്ങൾ ഇവ ഉത്സവഛായയിൽ ആഘോഷിക്കുന്നു. പെരുന്നാളുകൾക്ക് ആത്മീയം, ലൗകികം, സാമൂഹികം, സാംസ്കാരികം, സാമ്പത്തികം എന്നിങ്ങനെ വിവിധ മുഖങ്ങൾ ഉണ്ട്. യൽദാ, ദനഹാ തുടങ്ങിയവ, സ്ലീബാ കണ്ടെത്തിയത്, വിശുദ്ധന്മാരുടെ ഓർമ്മ തുടങ്ങിയവ, ഇടവകയുടെ ശിലാസ്ഥാപനം, വാർഷികം തുടങ്ങിയവ പെരുന്നാൾ വിഷയങ്ങളാണ്. ബന്ധുമിത്രാദികളുടെ സമാഗമം, വാദ്യമേളങ്ങളുടെയും ഗജവീരന്മാരുടെയും അകമ്പടിയോടെ ഘോഷയാത്രകൾ, കരിമരുന്ന് പ്രയോഗങ്ങൾ, കലാപരിപാടികൾ, വൻവ്യാപാരം, ആരാധനകൾ, ദേശീയ സംസ്കാര മുദ്രകൾ എന്നിവ പെരുന്നാളുകളെ ആകർഷകവും പഠനീയവുമാക്കുന്നു. ഓരോ പെരുന്നാളിനും അതത് വിഷയങ്ങളെ ആധാരമാക്കി രചിച്ച പ്രത്യേക നമസ്കാരക്രമങ്ങൾ സുറിയാനി സഭയിലുണ്ട്. അതാണ് പെങ്കീസാനമസ്ക്കാരക്രമം. ഓരോ ദിനത്തിനും നിർദ്ദിഷ്ട രാഗസംവിധാനങ്ങളുമുണ്ട്.

പെരുന്നാളുകൾ, യഹൂദന്മാരുടെ: യെരുശലേം കേന്ദ്രീകരിച്ച് മൂന്ന് പ്രധാന പെരുന്നാളുകൾ യഹൂദർ ഉത്സവമായി ആചരിച്ചു. 1. പെസഹാ (ശീർഷകം കാണുക), 2. പെന്തിക്കോസ്തി (ശീർഷകം കാണുക) 3. കൂടാരപ്പെരുന്നാൾ (ശീർഷകം കാണുക). ഇവ കൂടാതെ ശബത് (ശീർഷകം കാണുക) ആചരണം ഉണ്ടായിരുന്നു. ഏഴാമത്തെ വർഷം ശാബത് വർഷം. അമ്പതാം വർഷം യോബേൽ എന്ന യഹോവയുടെ പ്രസാദവർഷമാണ്. 4. പുരീം. പേർഷ്യയിൽ യഹൂദന്മാർക്ക് ലഭിച്ച വിമോചനത്തിന്റെ പെരുന്നാൾ (എസ്തേ. 3:7; 4:3) 5. പ്രതിഷ്ഠോത്സവം. യെരുശലേം ദേവാലയം

പുറജാതിരാജാവായ അന്തിയോക്കസ് എപ്പിപ്പാനസ് അശുദ്ധമാക്കിയ ശേഷം യൂദാസ് മക്കാബിയാസ് വീണ്ടെടുത്ത് ശുദ്ധീകരിച്ചതിനെ ഓർമ്മിക്കുന്നു. 6. കാഹളനാദോത്സവം, വിറക് പെരുന്നാൾ, അമാവാസ്യ, പാപ പരിഹാര ദിനം എന്നീ ദിനങ്ങൾ.

പെരുമാക്കന്മാർ: എ. ഡി. 8-ാം ശതകം മുതൽ പന്ത്രണ്ടാം ശതകം വരെ ചേരസാമ്രാജ്യം ഭരിച്ച ചക്രവർത്തിമാർ. കേരളോൽപ്പത്തി കൃതികളിൽ പെരുമാക്കന്മാരെപ്പറ്റി നിരവധി ഐതിഹ്യങ്ങളുണ്ട്. ഒടുവിലത്തെ പെരുമാൾ ചേരമാൻപെരുമാൾ.

പെലേജിയസ്: ക്രൈസ്തവ സന്യാസി. 5-ാം നൂറ്റാണ്ട്. പൗലൂസിന്റെ ലേഖനങ്ങളുടെ വ്യാഖ്യാനവും വിശ്വാസത്തിന്റെ ഗ്രന്ഥവും ആണ് മുഖ്യ കൃതികൾ. പാപം ചെയ്യാതിരിക്കാൻ മനുഷ്യന് കഴിയുമെന്ന പഠിപ്പിക്കൽ പെലേജിയനിസം എന്നറിയപ്പെടുന്നു. അഗസ്റ്റിന്റെ ചിന്തയ്ക്ക് വിരുദ്ധമാണിത്. 431-ലെ എഫേസൂസ് സുന്നഹദോസ് ഇതിനെ വിരുദ്ധോപദേശം എന്ന് പ്രഖ്യാപിച്ചു.

പെലേജിയസ് (350-425): ബ്രിട്ടീഷ് സന്യാസി. കൃപ പോലെ മനുഷ്യന്റെ ഇച്ഛാശക്തിയും ഉത്തരവാദിത്തബോധവും രക്ഷയിൽ നിർണ്ണായകമെന്ന് പഠിപ്പിച്ചു.

പെഷീത്താ: എ. ഡി. 5-ാം നൂറ്റാണ്ടുമുതൽ സുറിയാനിസഭയിൽ പ്രാബല്യത്തിൽ വന്ന വേദപുസ്തകപാഠം. സാധാരണപാഠം എന്ന് വാക്കിനർത്ഥം. സുറിയാനിസഭയുടെ ഔദ്യോഗിക വേദപുസ്തകം.

പെസഹാ: എബ്രായപദം. കടന്ന് പോക്ക് എന്നർത്ഥം. ഈജിപ്തിൽ നിന്ന് അദ്ഭുതകരമായി ദൈവം നൽകിയ വിമോചനത്തിന്റെ പെരുന്നാൾ. വിമോചകനായ ദൈവം. വിമോചിതജനം ദൈവജനമായ ഇസ്രായേൽ എന്ന ചിന്ത ഉറച്ചു. ഇത് ദേശീയ പെരുന്നാളും ഗാർഹിക ഉത്സവവും ആയിരുന്നു. യെരുശലേം ദൈവാലയത്തിൽ ഈ പെരുന്നാൾ ആഘോഷിക്കുവാൻ ഓരോ യഹൂദനും അഭിലഷിക്കുന്നു. ദേവാലയാങ്കണത്തിൽ പെസഹാ കുഞ്ഞാടിനെ അറുത്ത് രക്തം യാഗപീഠത്തിൽ സമർപ്പിക്കുന്നു. മാംസം പാകം ചെയ്തു ഭക്ഷിക്കും. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ എന്നു പേരുണ്ട്. യഹൂദന്റെ പെസഹാ വെള്ളിയാഴ്ച ആയിരുന്നു. അന്ന് ക്രിസ്തു കുരിശിക്കപ്പെട്ടു. പെസഹായുടെ മിസ്റ്റിക് പശ്ചാത്തലത്തിൽ അതിനെ സാക്ഷാൽ പെസഹാ യാഗമായി ക്രിസ്തുമതം വ്യാഖ്യാനിച്ചു. ആ കാഴ്ചപ്പാടിലാണ് പഴയനിയമത്തിലെ അബ്രഹാമിന്റെ ബലി തൊട്ട് പെസഹാ അനുഷ്ഠാനവും ലേവ്യ പുരോഹിതന്മാർ അനുഷ്ഠിച്ച യാഗകർമ്മങ്ങളും പുതിയനിയമം വ്യാഖ്യാനിക്കുന്നത്. ക്രിസ്തുവരെയുള്ള

യാഗങ്ങൾ നിഴൽ; ക്രിസ്തുവിന്റെ യാഗം സത്യം. പുരോഹിതൻ, രക്തത്താൽ പാപപരിഹാരം, ഊനമില്ലാത്ത കുഞ്ഞാട് ഇവയെല്ലാം നിഴലിലും പൊരുളിലും പ്രസക്തം.

പെസഹായും അന്ത്യഅത്താഴവും: വെള്ളിയാഴ്ച പുളിപ്പില്ലാത്ത അപ്പത്തിന്റെ സാക്ഷാൽ പെസഹാ. തന്മൂലം ഒരു ദിവസം മുമ്പ് വ്യാഴാഴ്ച പുളിപ്പുള്ള അപ്പം ഉപയോഗിച്ച് ക്രിസ്തു പെസഹാ ആചരിക്കുകയും പഴയനിയമ പെസഹായുടെ പങ്കാളിത്തം ഔപചാരികമായി ആഘോഷിക്കുകയും പുതിയനിയമ പെസഹായുടെ ഔപചാരികവും യോഗാത്മകവും യാഗാത്മകവുമായ ഉദ്ഘാടനം അപ്പവീഞ്ഞുകളിൽ സ്ഥാപിക്കുകയും യോഗാത്മകഭാഷയിൽ അപ്പത്തിലും വീഞ്ഞിലുമുള്ള പങ്കാളിത്തം തന്റെ ശരീരരക്തങ്ങളിലുള്ള പങ്കാളിത്തത്തിനും പാപമോചനത്തിനും നിത്യജീവനും വേണ്ടി തന്റെ അനുസ്മരണ ഘട്ടങ്ങളിലൊക്കെയും അനുഷ്ഠിക്കുവാനായി ശിഷ്യന്മാരെ ഭരമേല്പിക്കുകയും ചെയ്തു.

പെസഹാ ആചരണത്തിന്റെ സമയം: അത്താഴത്തോടനുബന്ധിച്ചാണ് പെസഹാ ആചരണം. ക്രിസ്തുവിന്റെ കുർബ്ബാന സ്ഥാപനവും അപ്രകാരമായിരുന്നു. ആദിമസഭ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ കുർബ്ബാന അർപ്പിച്ചതും സന്ധ്യയ്ക്ക് തന്നെ. കുർബ്ബാനാനുഭവം ഉപവാസത്തിന് ശേഷം എന്ന ക്രമീകരണം ഉണ്ടായതോടെ കുർബ്ബാനസമയം പ്രഭാതത്തിലേക്ക് മാറി.

പെസഹായുടെ പരിപാടികൾ: കാലുകഴുകൽ ശുശ്രൂഷ, വി. മൂറോൻ കൂദാശ, വി. കുർബ്ബാനാനുഷ്ഠാനം എന്ന ക്രമത്തിലാണ് പെസഹായുടെ അനുഷ്ഠാനങ്ങൾ ക്രമീകരിച്ചവിധം പുരാതന കൈയെഴുത്ത് ആണ്ടുതക്സാക്രമത്തിലും കാനോനിലും കാണുന്നത്. സൗകര്യത്തെ പ്രതി ക്രമീകരണങ്ങൾ പല കാലത്തും സ്ഥലങ്ങളിലും ഭേദപ്പെട്ടിട്ടുണ്ട്.

പെസഹാ വസ്തുതകൾ: പ്രത്യേക കൗമ്മാ. ശുബ്ക്കോനോ ചോദിക്കുമെങ്കിലും കൈമുത്തില്ല; കൈകസ്തൂരിയും സമാധാന ആശംസകളുമില്ല. കൗമ്മാ, ധൂപക്കുറ്റി വാഴ്വ്, കുക്കുലിയോൻ സമയങ്ങളിൽ പെസഹായുടെ കൗമ്മാ ചൊല്ലും; എക്ബായും മാനീസായും ചൊല്ലുമെങ്കിലും മറ്റ് പരസ്യ മധ്യസ്ഥപ്രാർത്ഥനകളില്ല. കൗമ്മായോട് ചേർത്ത് കൃപ നിറഞ്ഞ മറിയം ചൊല്ലുന്നില്ല. സാധാരണഗതിയിൽ നമസ്ക്കാരത്തിന് ത്രോണോസിൽ തിരി കത്തിക്കലോ മറ വലിക്കലോ ഇല്ല. പകരം ഗോഗുൽത്തായിൽ തിരി കത്തിക്കും. കുർബ്ബാനയ്ക്ക് മാത്രം മേശ മദ്ബഹായിൽ കയറ്റിവച്ച് ഏവൻഗേലിയോൻ വായിക്കും. നമസ്ക്കാര സമയങ്ങളിൽ നമസ്കാരമേശയുടെ സമീപം മേശ വച്ചാണ് ഏവൻഗേലിയോൻ വായിക്കുക. സഭാംഗങ്ങൾ എല്ലാവരും അന്ന് വി. കുർബ്ബാനാനുഭവത്തിൽ പങ്കുചേരും.

പെസഹാ, വീടുകളിൽ: പെസഹാ നാളിൽ വീടുകളിൽ ഇണ്ടേറി അപ്പവും തേങ്ങാപ്പാലിൽ അരിമാവ് വേവിച്ച് മധുരം ഇട്ട് കുറുക്കിയതും ചേർത്ത് കഴിക്കും. അപ്പത്തിന് കുരിശപ്പം എന്ന് പറയും. എല്ലാവരെയും അടുക്കൽ ഭക്തിപൂർവ്വം വിളിച്ചുവരുത്തി കാരണവർ അപ്പം മുറിച്ച് പാലിൽ മുക്കി കഴിക്കുവാൻ എല്ലാവർക്കും നൽകും. ഈ ആചാരം ഇന്നും ഭക്തി പൂർവ്വം പാലിക്കപ്പെടുന്നു.

പെസഹായും കാലുകഴുകലും: പെസഹാനാളിലെ നമസ്ക്കാര ങ്ങളെല്ലാം പൂർത്തിയാക്കി പന്ത്രണ്ടുപേരെ ശിഷ്യരുടെ സാദൃശ്യത്തിൽ രണ്ടു പന്തിയായി ഇരുത്തി നിർദ്ദിഷ്ട ശുശ്രൂഷയോടെ കാൽ കഴുകുന്ന അനുഷ്ഠാനം. മലങ്കര ഓർത്തഡോക്സ് സഭയിൽ ഈ ശുശ്രൂഷ മേല്പ ട്ടക്കാർ മാത്രമേ സാധാരണയായി ഇപ്പോൾ നടത്തുക പതിവുള്ളൂ.

പെസ്ഗോമോ: വാക്യം എന്നർത്ഥം. സാധാരണ ഏവൻഗേലിയോൻ വായനയ്ക്കു മുമ്പായി ഹാലേലൂയ്യാ ചേർത്ത് ആഘോഷപൂർവം പാടുന്ന സങ്കീർത്തന വാക്യത്തെയാണ് ഈ പദം കൊണ്ടുദ്ദേശിക്കുന്നത്. പട്ടം കൊടയിലും മറ്റും ചില കോലോകൾക്ക് മുമ്പായും ശ്ഹീമ്മാ നമസ്ക്കാ രത്തിൽ ചില പാട്ടുകൾക്ക് മുമ്പായും പെസ്ഗോമാകൾ കാണുന്നുണ്ട്.

പേത്തുർത്താ: നോമ്പാരംഭത്തിന്റെ തലേ ദിവസം. വിഭവസമൃദ്ധമായ ഭക്ഷണം അന്നത്തെ പ്രത്യേകതയാണ്. അന്ന് നോമ്പിന്റെ തലേദിവസ മാകയാൽ വിവാഹകൂദാശ നടത്താറില്ല.

പേപ്പസി: പോപ്പിന്റെ ആധിപത്യം. പോപ്പ് = പിതാവ്. ആദ്യം അല ക്സാന്ത്രിയൻ പാത്രിയർക്കീസും പിന്നീട് റോമ്മാ പാത്രിയർക്കീസും ഈ പദം സ്വീകരിച്ചു. സാർവത്രികസഭയുടെ മേൽ പേപ്പസി അധികാരം അവ കാശപ്പെടുന്നു. രാഷ്ട്രീയ പ്രാധാന്യത്തിന്റെ പശ്ചാത്തലത്തിൽ ഉന്നയി ക്കപ്പെട്ട ഈ അവകാശവാദത്തിന് പിൽക്കാലത്ത് പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ വേദപുസ്തക പിന്തുണ റോമ്മാസഭ അവകാശപ്പെട്ടു. പത്രോസിന്റെ പരമാധികാരത്തിന് വേദത്തിൽ തെളിവോ ന്യായീകരണമോ ഇല്ലെന്ന് മറ്റെല്ലാ സഭകളും ചിന്തിക്കുന്നു. സഭകളുടെ ഐക്യപ്രസ്ഥാന ത്തിന് പേപ്പൽ അവകാശവാദങ്ങൾ വിഘ്നം സൃഷ്ടിക്കുന്നു.

പേരപ്പൻ/ പേരമ്മ: പിതൃസഹോദരൻ/ മാതൃസഹോദരി, വലിയ പ്പൻ, മാതൃസഹോദരിയുടെ ഭർത്താവ്.

പേർഷ്യൻ കുടിയേറ്റം: '*ക്നാനായക്കാർ*' കാണുക.

പേർഷ്യൻ കുരിശുകൾ: എ. ഡി. 7-10 ശതകങ്ങളിൽ പുലർത്തിയ പേർഷ്യൻ ബന്ധങ്ങളുടെ സ്മാരകം. കോട്ടയം വലിയപള്ളിയിൽ 2, കട

മറ്റം ഓർത്തഡോക്സ് പള്ളിയിലും മുട്ടുചിറ കത്തോലിക്കാ പള്ളിയിലും ഓരോന്ന്. പേർഷ്യൻ ശില്പകലാ മാതൃകയിൽ കല്ലിൽ കൊത്തിയ കുരിശുകൾ. പാലവി ഭാഷയിലെഴുതിയ ലിഖിതങ്ങളുമുണ്ട്. 'എന്റെ നാഥനായ ക്രിസ്തുവേ, ഇതിനെ കൊത്തിയുണ്ടാക്കിയ സുറിയാനിക്കാരൻ വഹർബൂക്കിന്റെ മകൻ അഫ്റാസിനോട് കരുണ ചെയ്യേണമേ' എന്നാണ് ലിഖിതത്തിന്റെ വിവർത്തനം. കൊല്ലത്ത് 824-ൽ വന്ന ബിഷപ്പ് ആണ് ഈ അഫ്രാസ് എന്ന് അഭിപ്രായമുണ്ട്. മദ്രാസ് മൈലാപ്പൂർ സെന്റ് തോമസ് മൗണ്ടിലും ഒരു കുരിശുണ്ട്. കോട്ടയം വലിയപള്ളിയിലെ രണ്ടാമത്തെ കുരിശിൽ 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ എനിക്ക് പ്രശംസിപ്പാൻ ഇടവരരുതേ' എന്ന വേദവാക്യം കാണുന്നു. കടമറ്റം പള്ളിയിലെ കുരിശിൽ 'നിനവേയിൽ നിന്നുള്ള സുന്ദരപക്ഷിയായ ഞാൻ ഈ നാട്ടിലേക്ക് വന്നിരിക്കുന്നു. എഴുതിയത് ക്ഷമിക്കുന്നവനായ പരിശുദ്ധ മശിഹാ കഷ്ടതയിൽ നിന്ന് മോചിപ്പിച്ച ഷാപ്പർ എന്ന ഞാൻ' എന്ന് എഴുതിയിരിക്കുന്നു.

പേർഷ്യൻ ബന്ധം: തെഗ്രീസ് ആസ്ഥാനമാക്കി എ. ഡി. 628-ൽ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ ആയി മോറൂസോയെ നിയമിച്ചുകൊണ്ട് അത്താനാസ്യോസ് ഗാമോലോ പാത്രിയർക്കീസ് ഒരു സഭ സ്ഥാപിച്ചു. അദ്ദേഹം മഫ്രിയാന എന്നും കിഴക്കിന്റെ കാതോലിക്കാ എന്നും വിളിക്കപ്പെട്ടു. മൂന്നാം നൂറ്റാണ്ടിലെഴുതിയ തോമാസിന്റെ പ്രവൃത്തികൾ കേരളത്തിൽ പ്രചരിച്ചു. ബസ്രായിലെ ബിഷപ്പ് ദൂദി 300-നടുത്ത് ഇന്ത്യയിൽ വന്നു. 5-ാം നൂറ്റാണ്ടിൽ ഈ ബന്ധത്തിന് കൂടുതൽ തെളിവുകളുണ്ട്. 6-ാം നൂറ്റാണ്ടിൽ കോസ്മസ് എഴുതിയ യാത്രാവിവരണത്തിൽ പേർഷ്യക്കാരൻ ബിഷപ്പ് കൊല്ലത്തുള്ളതായി സാക്ഷിച്ചിട്ടുണ്ട്. എ. ഡി. 650-823 കാലത്ത് ഈ ബന്ധമുണ്ടായിരുന്നതിന് തെളിവുകളുണ്ട്. 4-ാം നൂറ്റാണ്ടിലും 9-ാം നൂറ്റാണ്ടിലും കൊടുങ്ങല്ലൂരും കൊല്ലത്തും നടന്ന 2 കുടിയേറ്റങ്ങൾ (ക്നായിത്തോമ്മാ, മാർ സാപ്പോർ, മാർ ഫ്രോദ് എന്നിവരുടെ നേതൃത്വത്തിൽ) ഈ ബന്ധം ദൃഢപ്പെടുത്തുന്നു. 1503-ൽ പേർഷ്യൻ മെത്രാന്മാരിലൊരാളായ മാർ യാക്കോബ് മലങ്കരയിൽ വന്നു. 1597-ൽ അന്തരിച്ച മാർ അബ്രഹാം പേർഷ്യൻ മെത്രാൻ ആയിരുന്നു. 1708-ൽ വന്ന മാർ ഗബ്രിയേലും പേർഷ്യൻ സഭാംഗമാണ്. ഔദ്യോഗികമായോ അല്ലാതെയോ മലങ്കരയും പേർഷ്യയും തമ്മിൽ ബന്ധങ്ങൾ ഉണ്ടായിരുന്നു എന്നത് നിസ്തർക്കമായ കാര്യമാണ്.

പേർഷ്യൻ സഭ: ഇറാൻ, ഇറാക്ക് ചേർന്നതാണ് പഴയ പേർഷ്യ. ക്രിസ്തുമതം ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാശ്ലീഹാ വഴി അവിടെയെത്തി. ആദായി, ആഗായി എന്നിവർ ആദ്യചുമതലക്കാർ. എ. ഡി. 291-നോടടുത്ത് പേർഷ്യൻ തലസ്ഥാനമായ സെലൂക്യയിൽ ബിഷപ്പ് ആയി

രുന്ന പാപ്പാ ബാർ ആഗായി ആണ് ഒന്നാമത്തെ പേർഷ്യൻ കാതോലിക്കാ. 486-ൽ പേർഷ്യൻ സിനഡ് ഔദ്യോഗികമായി നെസ്തോറിനെ സഭാപിതാവായി അംഗീകരിച്ചു. സെലൂഷ്യയിൽ 4-ാം നൂറ്റാണ്ടിന് മുമ്പ് രൂപംകൊണ്ട കാതോലിക്കാ ആസ്ഥാനം 8-ാം നൂറ്റാണ്ടിൽ ബാഗ്ദാദിലേക്കും 13-ാം നൂറ്റാണ്ടിൽ വടക്കൻ മെസപ്പൊട്ടേമിയായിലും മാറ്റി സ്ഥാപിച്ചു. 16-ാം നൂറ്റാണ്ടിൽ ഒരു വിഭാഗം നെസ്തോറിയരുമായും ഒരു ഭാഗം കത്തോലിക്കാ വിഭാഗമായും ധ്രുവീകരിക്കപ്പെട്ടു. കേരളത്തിലെ, അലക്സാന്ത്രിയ കേന്ദ്രമായ വിദേശവ്യാപാരം 4-ാം നൂറ്റാണ്ടിൽ നിലച്ചു. വ്യാപാരം പേർഷ്യയിലെ ബ്രെസാ തുറമുഖത്ത് കേന്ദ്രീകരിക്കപ്പെട്ടു. കേരളത്തിലും തുറമുഖം പൊന്നാനിയിൽ നിന്ന് ആദ്യം കൊടുങ്ങല്ലൂരിലേക്കും പിന്നീട് കൊല്ലത്തേയ്ക്കും മാറി. പേർഷ്യൻ മെത്രാന്മാർ സ്ഥിരമായോ തുടർച്ചയായോ ഇവിടെ ഉണ്ടായിരുന്നില്ല. അപ്രകാരമുള്ള ഒരു കബറിടവും മലങ്കരയിൽ ഇല്ല. അവരിൽ ചിലർ നെസ്തോറിയാ വിശ്വാസക്കാരായിരുന്നു. തന്മൂലം നെസ്തോർ വിശ്വാസം പലയിടത്തും പ്രാദേശികമായി കാണപ്പെട്ടു.

പേർഷ്യൻ സുന്നഹദോസുകൾ: 1. ആദ്യ സിനഡ് 315-ൽ കൂടി. പേർഷ്യൻ സഭയുടെ ആകമാനനേതൃത്വം അവകാശപ്പെട്ട പണ്ഡിതനായ പാപ്പാ എന്ന മെത്രാനെ തരംതാഴ്ത്തി പകരം സൈമൺ സെലൂഷ്യൻ ബിഷപ്പ് ആയി. പിന്നീട് പാപ്പാ തിരിച്ച് അധികാരത്തിലെത്തി. 328-ൽ അദ്ദേഹം നിര്യാതനായി. സൈമൺ വീണ്ടും അധികാരത്തിലെത്തി.

2. 410-ൽ ഇസഹാക്ക് കാതോലിക്കായുടെ അധ്യക്ഷതയിൽ സെലൂഷ്യയിൽ വച്ച് കൂടിയ സിനഡിൽ 40 ബിഷപ്പുമാർ പങ്കെടുത്തു. നിഖ്യായുടെ നിശ്ചയങ്ങൾ അംഗീകരിച്ചു. അതത് കാലത്തെ കാതോലിക്കായെ നിർദ്ദേശിക്കുവാൻ ചക്രവർത്തിയെ ചുമതലപ്പെടുത്തി.

3. 420-ൽ യാബ് ആലോഹോ കാതോലിക്കായുടെ അധ്യക്ഷതയിൽ പത്ത് പേർ പങ്കെടുത്തു. സന്യാസജീവിതത്തിന് മേന്മ പ്രഖ്യാപിക്കുന്ന റോമൻ നയം സ്വീകരിച്ചു.

4. 424-ൽ 36 ബിഷപ്പുമാർ ദദ് യേശു കാതോലിക്കായുടെ അധ്യക്ഷതയിൽ സിനഡ് ചേർന്നു. 'കാതോലിക്കായ്ക്ക്' എതിരെ പരാതി പാടില്ലെന്ന് നിശ്ചയിച്ചു. കാതോലിക്കായെ പാത്രിയർക്കീസ് എന്ന് സംബോധന ചെയ്തു. പേർഷ്യൻ സഭയുടെ സ്വാതന്ത്ര്യം ഉറപ്പിച്ചു.

പേറെദ് യൂത്താ: യുവാക്കളെ വർദ്ധിപ്പിക്കുന്ന എന്നർത്ഥം. മഫ്രിയാനയുടെയും പേറെദ്യൂത്തായുടെയും ക്രിയാധാതു വർദ്ധിപ്പിക്കുക, ഫലം ഉൽപ്പാദിപ്പിക്കുക എന്നൊക്കെ അർത്ഥമുള്ള 'മ്ഫ്രേ' എന്നാണ്. സഭയിലെ പേറെദ്യൂത്താ സ്ഥാനികൾക്ക് സഭ തെരഞ്ഞെടുത്ത സ്ഥാനാർ

ത്ഥികൾക്ക് ശെമ്മാശു-കശ്ശീശാ പട്ടങ്ങൾ നൽകുവാൻ പുരാതന കാനോനാകൾ അനുവദിച്ചിട്ടുണ്ട്. മലങ്കരയിൽ മുളന്തുരുത്തി, കണ്ടനാട്, അങ്കമാലി എന്നീ പള്ളികളിൽ 17-ാം നൂറ്റാണ്ടിൽ ഈ സ്ഥാനി ഉണ്ടായിരുന്നതായി രേഖയുണ്ട്. മെത്രാന്മാരുടെ സ്ഥിര സാന്നിധ്യം ലഭ്യമായപ്പോൾ ഈ സ്ഥാനികൾ ഇല്ലാതെയായി.

പൈലിപ്പിള്ള, പി. എം.: കോലഞ്ചേരി പെരുമ്പിള്ളിൽ മാത്യുവിന്റെ പുത്രൻ. ജനനം 15-6-1921. കോൺട്രാക്റ്റർ. പൈലിപ്പിള്ള ആൻഡ് സൺസ്, എഞ്ചിനീയേഴ്സ് ആൻഡ് കോൺട്രാക്റ്റേഴ്സ് എന്നീ സ്ഥാപനങ്ങളുടെ മാനേജിംഗ് പാർട്ട്ണർ. വൈ. എം. സി. എ. യുടെ സൗത്ത് വെസ്റ്റ് ഇന്ത്യാ റീജിയൻ ചെയർമാൻ, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ച ഒരു പൊതുജനപ്രവർത്തകൻ. 2007 ജൂലൈ മാസത്തിൽ അന്തരിച്ചു.

പൈലോ പോൾ: സംസ്കൃത പണ്ഡിതൻ. ഒളശ്ശ കല്ലത്ത് പൈലോ -ഏലിയാമ്മ ദമ്പതികളുടെ മകൻ. 1863-ൽ ജനിച്ചു. തഹശീൽദാർ, മജിസ്ട്രേട്ട് എന്നീ നിലകളിൽ ജോലി ചെയ്തു. ആചാരാനുഷ്ഠാനങ്ങൾ, മലയാള പഴഞ്ചൊല്ലുകളുടെ ഒരു സമാഹരണം, മലയാള വേദപുസ്തകത്തിന്റെ പദാനുക്രമണിക, ഹൈന്ദവ പുരാണ കഥാനിഘണ്ടു, അമരകോശ ബാലബോധിനി, ശ്രീരാമനും ഹരിശ്ചന്ദ്രനും, നാടക കഥാസംഗ്രഹം, കാന്തിമതീ പുരാണം, രത്നബാലിക, ബഥനി കഷ്ടാനുഭവ ധ്യാനമാല, മറിയാമ്മയുടെ മരുമക്കൾ എന്നീ കൃതികൾ രചിച്ചു. 1936 ആഗസ്റ്റ് 4-ന് നിര്യാതനായി.

പൊന്തിയോസ് പീലാത്തോസ്: എ. ഡി. 26-36 വരെ യഹൂദയിലെ റോമൻ ഗവർണർ. പിടിവാശിക്കാരൻ, ക്രൂരൻ, മുരണ്ട പ്രകൃതക്കാരൻ, കൈക്കൂലിക്കാരൻ, അന്യരെ ആക്ഷേപിക്കുന്നവൻ, കൈയേറ്റക്കാരൻ, മോഷ്ടാവ്, ധനദുർവിനിയോഗക്കാരൻ, വിചാരണ കൂടാതെ വധശിക്ഷ വിധിക്കുന്നവൻ എന്നിങ്ങനെ ഹേരോദാ ആഗ്രിപ്പാ, ജോസീഫസ്, ഫൈലോ എന്നിവർ അദ്ദേഹത്തെപ്പറ്റി സമകാല വിമർശം നടത്തിയിട്ടുണ്ട്. പീലാത്തോസ് ആത്മഹത്യ ചെയ്തുവെന്നും ഭാര്യ പില്ക്കാലത്ത് ക്രിസ്തുമതം സ്വീകരിച്ചുവെന്നും പാരമ്പര്യങ്ങൾ പറയുന്നു.

പൊയ്കയിൽ യോഹന്നാൻ: പ്രത്യക്ഷ രക്ഷാ ദൈവസഭയുടെ സ്ഥാപക ഗുരു. മാർത്തോമ്മാ സഭാംഗം. ക്രമേണ 'പറയ' വിഭാഗത്തിന്റെ ഗുരുദേവനായി. ശ്രീമൂലം പ്രജാസഭയിലെ അംഗം. 1939-ൽ സമാധിയടഞ്ഞു. ഭാര്യ ജാനമ്മയും പുത്രനും പ്രസ്ഥാനത്തെ നയിക്കുന്നു. നാലു ലക്ഷത്തോളം അംഗങ്ങളും ഇരുനൂറോളം ശാഖകളുമുണ്ട്. ഇരവിപേരൂരിൽ ആസ്ഥാനം. 'കുമാരഗുരുദേവൻ' എന്ന് ഇദ്ദേഹം വിളിക്കപ്പെടുന്നു.

പോത്തൻ, എം. സി.: മേപ്രാൽ മണമേൽ എം. സി. ചാണ്ടി - തങ്കമ്മ ദമ്പതിമാരുടെ മകൻ. 1922-ൽ ജനനം. മലബാറിൽ പ്ലാന്റർ. വ്യവസായ വാണിജ്യ മേഖലകളിൽ ശ്രദ്ധേയൻ. മാനേജിംഗ് കമ്മിറ്റി അംഗം, ബത്തേരി കോളജിന്റെ സ്ഥാപകാംഗം, ട്രഷറാർ, കാര്യമ്പാടി കണ്ണാശുപത്രി സ്ഥാപകരിലൊരാൾ, സ്പൈസസ് ബോർഡ് മെമ്പർ, കോഴിക്കോട് യങ് ചലഞ്ചേഴ്സ് ക്ലബ് പ്രസിഡന്റ്. വയനാട് കുടിയേറ്റക്കാരുടെ നേതാവും മലബാർ കുടിയേറ്റക്കാരുടെ ആദ്യകാല സംഘാടകനും ആയിരുന്നു. 1993 മാർച്ച് 14-ന് നിര്യാതനായി.

പോത്തൻ, ഡീക്കൻ എൻ. ഐ.: കോട്ടയം നാലാത്ര കിഴക്കേപതിനെട്ട് വിരുത്തിയിൽ കൊച്ചിട്ടിയുടെയും ഏലിയാമ്മയുടെയും മകൻ. 28-6-1884 ൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം സെറാമ്പൂർ കോളജിൽ ബി. ഡി. പൂർത്തിയാക്കി. വീയപുരം, എം. ഡി. സെമിനാരി സ്കൂൾ, തിരുമൂലപുരം ബാലികമഠം സ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകനായിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ആരംഭിച്ച സണ്ടേസ്കൂൾ പ്രസ്ഥാനം സഭയിലാകെ പടർന്ന് പിടിച്ചിരുന്നു. എൻ. ഐ. പോത്തൻ ആ പ്രസ്ഥാനത്തിന്റെ പ്രഥമ സെക്രട്ടറിയായി. ഒരേകീകൃത സിലബസും കരിക്കുലവും അദ്ദേഹം തയാറാക്കി. സ്വന്തം ചിലവിൽ വേദാദ്ധ്യാപകൻ എന്ന മാസിക പ്രസിദ്ധീകരിച്ച് സണ്ടേസ്കൂൾ പാഠങ്ങൾ പ്രസിദ്ധീകരിച്ചു. സിറിയൻ ക്രിസ്ത്യൻ സ്റ്റുഡൻസ് കോൺഫ്രൻസ്, മാക്കാംകുന്ന് കൺവൻഷൻ ഇവയുടെ പ്രാരംഭ പ്രവർത്തകനായിരുന്നു. 1929 ജനുവരി 7-ന് ബഥനിയുടെ മാർ ഈവാനിയോസിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. ആ വർഷം ഒക്ടോബർ 31-ന് ശെമ്മാശൻ അകാലചരമം പ്രാപിച്ചു. ഒളശ്ശ പള്ളിയിൽ സംസ്കരിച്ചു.

പോർട്ടുഗീസ് പദങ്ങൾ മലയാളത്തിൽ: 1. അരമന, 2. അലമാര, 3. ആത്ത, 4. ആയ, 5. ഇലുമ്പി, 6. ചിലുമ്പി, 7. ഇസ്തിരി, 8. കപ്പിത്താൻ, 9. കപ്പേള, 10. കശുമാവ്, 11. കസേര, 12. കളസം, 13. കാപ്പ, 14. കുരിശ്, 15. കുലേർ, കൊളര്, കുലശേർ, 16. കുമ്പസാരം, 17. കുശിനി, 18. കൊന്ത, 19. കോപ്പ, 20. ചാക്ക്, 21. ചാറ, 22. ചാവി, 23. ചിന്തേർ, 24. ജന്നൽ, 25. തംബേർ, തമ്പോർ, 26. തൂവാല, 27. തോത്, 28. പട്ടാളം, 29. പാതിരി, 30. പിരാകുക, 31. വീണ, 32. പേന, 33. പേര, 34. പേത്രത്താ, 35. പോർക്ക്, 36. പോർട്ടിക്കോ, 37. ബത്തേരി, 38. ലേലം, 39. ബോർമ, 40. മേശ, 41. മേസ്തിരി, 42. വരാന്ത, 43. വിനാഗിരി, 44. വിജാഗിരി, 45. വീപ്പാ, 46. വീഞ്ഞ്, 47. വെന്തിഞ്ഞ, 48. വെഞ്ചരിക്കുക, 49. ളോഹ, 50. റാന്തൽ, 51. റീപ്പാ, 52. റേന്ത.

പോർട്ടുഗീസുകാർ: 1498 മെയ് 21-ന് വാസ്ക്കോഡിഗാമ കോഴിക്കോട്ടെത്തി കച്ചവടം ആരംഭിച്ചു. ക്രമേണ പല ഇന്ത്യൻ പ്രദേശങ്ങളും അവ

രുടെ ആധിപത്യത്തിലായി. ഒന്നര നൂറ്റാണ്ട് ഈ ഭരണം തുടർന്നു. ഗോവയിലും മറ്റും 1961 വരെ ഈ ആധിപത്യം നിലനിന്നു. ഗോവ അവരുടെ രാഷ്ട്രീയ-മത പ്രവർത്തനങ്ങളുടെ തലസ്ഥാനമായി. 1534-ൽ ഗോവ ഒരു മെത്രാസനമായി; 1558-ൽ ആർച്ച് ബിഷപ്പിന്റെ ആസ്ഥാനവും. അവരുടെ നാടുകളിൽ സുവിശേഷ പ്രവർത്തനം നടത്തി രൂപപ്പെടുത്തുന്ന കത്തോലിക്കാ സഭയിൽ പോർച്ചുഗലിന് വളരെയേറെ അധീശത്തം റോം അനുവദിച്ചു. ഈ അധികാരം 'പാദ്രോഅഡോ' എന്ന് അറിയപ്പെട്ടു. കൊച്ചി രാജാവുമായി സൗഹൃദം സ്ഥാപിച്ച പോർച്ചുഗീസ് അധികാരികളെ പീഡനങ്ങളുടെ മധ്യേ കഴിയുന്ന കേരള ക്രിസ്ത്യാനികൾ സന്ദർശിച്ച് അഭിവാദ്യവും വിധേയത്വവും അറിയിക്കുകയും പൂർവിക ചെങ്കോലും മറ്റും സൈനികശക്തിയുടെ പിൻബലമുള്ള അവർക്ക് അടിയറ വയ്ക്കുകയും ചെയ്തു. ഇക്കാലത്ത് ബാബിലോണിൽ നിന്ന് 5 കല്ദായ മെത്രാന്മാർ കേരളത്തിൽ വന്നിരുന്നു (1490-1503). അവരിൽ ചിലർ പോർച്ചുഗീസുകാരെ പിന്തുണച്ചു. പിന്നീട് വന്ന 4 കൽദായ ബിഷപ്പുമാരും അവരെ പിന്തുണച്ചു. കൊടുങ്ങല്ലൂരിലും വൈപ്പിക്കോട്ടയിലും സെമിനാരികൾ സ്ഥാപിച്ച് പോർത്തുഗീസ് സംസ്കാരം അവർ ഇവിടെ വളർത്തിയെടുത്തു. ഗോവൻ ആർച്ച് ബിഷപ്പ് അലക്സിസ് ഡി മെനേസിസ് കേരളത്തിലെത്തി അന്നത്തെ ആർച്ച് ഡീക്കനെ പണിപ്പെട്ട് വശത്താക്കി. 1599-ൽ ഉദയംപേരൂരിൽ ചേർന്ന സഭാപ്രതിനിധികളുടെ യോഗത്തിൽ മലങ്കരസഭയുടെ വിശ്വാസാചാര-ഭരണപരമായ നിയന്ത്രണം റോമ്മിനെ ഏല്പിക്കുന്ന കാനോനാകൾ ഏകപക്ഷീയമായി അംഗീകരിക്കപ്പെട്ടു. കൊടുങ്ങല്ലൂർ കേന്ദ്രമാക്കി ജസ്യൂട്ട് ആർച്ച് ബിഷപ്പ് മലങ്കരസഭയെ റോമിന് കീഴിൽ നയിച്ചു. ഉദയംപേരൂർ സിന്നഡ് ബഹിഷ്ക്കരിച്ച രണ്ട് ഇടവകകൾ ഉണ്ടായിരുന്നു. പാലൂർ-ചാട്ടുകുളങ്ങരയും തെക്ക് തിരുവിതാംകോടും. ക്രമേണ കൂടുതൽ ഇടവകകൾ മാനസികമായി റോമിനോട് അകന്നു. അവരുടെ അപേക്ഷപ്രകാരം അലക്സാന്ത്രിയാ പാപ്പാ അയച്ച അഹത്തള്ളാ പാത്രിയർക്കീസിനെ പോർത്തുഗീസുകാർ അപായപ്പെടുത്തി എന്ന വാർത്ത അവരെ റോമ്മിനെതിരെ സംഘടിപ്പിച്ചു. 1653-ൽ കൂനൻകുരിശ് സത്യം മട്ടാഞ്ചേരിയിൽ പ്രഖ്യാപിച്ച് അവർ റോമ്മൻ ബന്ധം ഉപേക്ഷിച്ചു. അവർ അന്നത്തെ തോമസ് അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചു. എന്നാൽ അസഹ്യമായ രാഷ്ട്രീയ-മത പീഡനങ്ങൾ മൂലം കൂനൻകുരിശു സത്യം പ്രഖ്യാപിച്ചവർക്ക് അതിൽ നിലനിൽക്കുവാനായില്ല. 1599-ലെ നിലപാടിൽ തുടർന്നവരെ പഴയകൂറ്റുകാരെന്നും അതിന് മുമ്പുള്ള പൂർവികതയിലേക്ക് മടങ്ങിവന്നവരെ പുതിയകൂറ്റുകാർ എന്നും ശക്തമായ റോമ്മൻ പ്രചാരണ തന്ത്രം വിശേഷിപ്പിച്ചു. 1662-ൽ പോർച്ചുഗീസ് രാഷ്ട്രീയ-മതാധിപത്യം ഡച്ച് ആധിപത്യത്തിന് വഴിമാറി. പോർച്ചുഗീസ് കാലഘട്ടം കേരളത്തിൽ കത്തോലിക്കാ സഭയ്ക്ക് വേരോട്ടം ഉണ്ടാക്കി; അവിഭക്ത സഭാ

പാരമ്പര്യത്തിന്റെ അവകാശികൾക്ക് ശൈഥില്യവും.

പോളിക്കാർപ്പോസ് (69–115): റോമ്മാസാമ്രാജ്യത്തിൽ ഏഷ്യൻ പ്രവിശ്യയിൽ സ്മിർണ്ണയിൽ ജനിച്ചു വളർന്നു. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യൻ. സ്മിർണ്ണയിലെ ബിഷപ്പായി. അഗ്നിമയനായ ഇഗ്നാത്യോസ് റോമിലേക്കുള്ള രക്തസാക്ഷിത്വത്തിന്റെ യാത്രയിൽ ഇദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചു. പോളിക്കാർപ്പോസിന്റെ വിസ്താരവും രക്തസാക്ഷിത്വവും പ്രസിദ്ധമാണ്. വിസ്താരവേളയിൽ ക്രിസ്തുവിനെ ഉപേക്ഷിക്കുവാൻ നിർബന്ധിക്കപ്പെട്ടപ്പോൾ പോളിക്കാർപ്പോസ് പറഞ്ഞു: "86 വർഷം ഞാൻ ക്രിസ്തുവിനെ സേവിച്ചു. അവൻ ഇതുവരെയും ഒരന്യായവും പ്രവർത്തിച്ചില്ല. അങ്ങനെ എങ്കിൽ എന്നെ വീണ്ടെടുത്ത ആ രാജാവിനെ ഞാൻ എങ്ങനെ തള്ളിപ്പറയും?" അദ്ദേഹം അഗ്നിക്കിരയായി രക്തസാക്ഷിമരണം പ്രാപിച്ചു. സ്മിർണയിലെ സഭ ഫിലോമിലിയത്തിലെ സഭയ്ക്ക് പോളിക്കാർപ്പോസിന്റെ രക്തസാക്ഷിത്വം എന്ന ലേഖനം എഴുതി അയച്ചു. ആ രേഖയിലാണ് പരിശുദ്ധന്മാരുടെ ഓർമ്മ കഴിക്കുന്നതിന്റെയും തിരുശേഷിപ്പ് ബഹുമാനിക്കുന്നതിന്റെയും ഏറ്റവും പുരാതനമായ ചരിത്രത്തെളിവുള്ളത്. ഫിലിപ്യ സഭയ്ക്കെഴുതിയ ഒരു കത്ത് മാത്രമേ അദ്ദേഹത്തിന്റെ രചനയായി ലഭിച്ചിട്ടുള്ളൂ.

പോളിക്കാർപ്പോസ്, യാക്കോബ് മാർ (1921–1986): കൊച്ചി അയ്യമ്പിള്ളി മഴുവഞ്ചേരി കുടുംബാംഗം. മുളന്തുരുത്തി ചാക്കോ മാത്യുവിന്റെയും അന്നമ്മയുടെയും മകൻ. 1921 ഫെബ്രു. 19–ന് ജനിച്ചു. കുണ്ടറ, തഴക്കര, കാർത്തികപ്പള്ളി, കോട്ടയം എം. ഡി. ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്റർ ആയി. 1948 ജൂലായ് 3–ന് ഗീവറുഗ്ഗീസ് II ബാവാ കശ്ശീശാപട്ടം നൽകി. 1978 മെയ് 15–ന് പഴഞ്ഞിയിൽ വച്ച് മാത്യൂസ് I ബാവ മേല്പട്ടം നൽകി. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അസിസ്റ്റന്റായി കൊച്ചി ഭദ്രാസനത്തിലേക്ക് നിയമിക്കപ്പെട്ടു. ഏതാനും വർഷങ്ങൾക്കകം അദ്ദേഹവും രോഗിയായി. 1986 ഡിസം. 26 –ന് കാലം ചെയ്തു. ഭദ്രാസനാസ്ഥാനമായ കൊരട്ടി സീയോൻ സെമിനാരിയിൽ കബറടക്കപ്പെട്ടു.

പോൾ, എം. ടി.: വടക്കൻപറവൂർ മുട്ടത്തോട്ടിൽ അഡ്വ. എം. പി. തോമസിന്റെ പുത്രൻ. 1931–ൽ ജനിച്ചു. എഞ്ചിനീയർ ആയ ഇദ്ദേഹം ഇന്ത്യൻ അലുമിനീയം കമ്പനിയിൽ വർക്ക്സ് മാനേജർ ആയി റിട്ടയർ ചെയ്തു. ഏറെക്കാലം മാനേജിംഗ് കമ്മിറ്റി അംഗം. മലങ്കരസഭാ അസോസിയേഷൻ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു.

പോൾ പോത്തൻ: മല്ലപ്പള്ളി കയ്യാലേത്ത് കെ. ഇ. ഐപ്പ് എഞ്ചിനീയറുടെ മകൻ. 1921–ൽ ജനിച്ചു. ഇന്ത്യൻ രാസവള നിർമ്മാണ രംഗത്ത്

വിദഗ്ധൻ. ദേശീയതലത്തിൽ അംഗീകാരവും ആദരവും നേടിയ ഇദ്ദേഹത്തിന് രാഷ്ട്രപതി 'പത്മശ്രീ' ബഹുമതി സമ്മാനിച്ചു. പൊതുമരാമത്തു ഇറിഗേഷൻ സെക്ഷൻ ആഫീസർ, എഫ്. എ. സി. ടി. ഉദ്യോഗസ്ഥൻ, ഇഫ്കോ മാനേജിംഗ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. ടെക്നോക്രാറ്റും മാനേജ്മെന്റ് വിദഗ്ധനും ആയിരുന്നു. 2006-ൽ നിര്യാതനായി.

പോൾ മത്തായി: മാവേലിക്കര ചെമ്പകശ്ശേരിൽ മത്തായിയുടെയും തങ്കമ്മയുടെയും മകൻ. 1935 ജൂലായ് 1-ന് ജനിച്ചു. സൂപ്രണ്ടിംഗ് എൻജിനീയർ ആയി റിട്ടയർ ചെയ്തു. മാനേജിംഗ് കമ്മിറ്റി, പ്ലാനിംഗ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി എന്നിവയിൽ അംഗമായും വത്തിക്കാൻ ഡയലോഗ് കമ്മിറ്റി അംഗം, അസോസ്യേഷൻ സെക്രട്ടറി, വർക്കിംഗ് കമ്മിറ്റി, അഡ്വൈസറി കമ്മിറ്റി മെംബർ, പരുമല ചർച്ച് കൗൺസിൽ സെക്രട്ടറി, കെ. സി. സി. വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. സ്ത്രീസമാജം സെക്രട്ടറി അക്കാമ്മ പോൾ ആണ് ഭാര്യ. മുൻ കേന്ദ്രമന്ത്രി സി. എം. സ്റ്റീഫന്റെ സഹോദരൻ.

പോൾ മണലിൽ: 1955 ആഗസ്റ്റ് 21-ന് പത്തനാപുരം എം. ജി. അലക്സാണ്ടറുടെ മകനായി ജനിച്ചു. സാഹിത്യത്തിലും ജേർണലിസത്തിലും മാസ്റ്റർ ബിരുദം നേടി. മലയാള മനോരമയിൽ 1981 മുതൽ പത്രാധിപസമിതി അംഗമായി പ്രവർത്തിക്കുന്നു. ജേണലിസം എഡ്യുക്കേഷണൽ ട്രസ്റ്റ് ഫെല്ലോഷിപ്പും മികച്ച പത്രപ്രവർത്തനത്തിനുള്ള ദേശീയ-രാജ്യാന്തര ബഹുമതികളും ലഭിച്ചു. വൈക്കം മുഹമ്മദ് ബഷീർ, സുകുമാർ അഴീക്കോട്, തോമ്മാ മാർ ദീവന്നാസ്യോസ് എന്നിവരുടെ ജീവചരിത്രങ്ങൾ അടക്കം ഇരുപതിലേറെ പുസ്തകങ്ങൾ എഴുതി. വിദ്യാർത്ഥിപ്രസ്ഥാനം സ്റ്റുഡൻഡ് പ്രസിഡന്റ് ആയിരുന്നു. നിരവധി സാഹിത്യ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

പോൾ സി. വർഗ്ഗീസ്, ഡോ: വൈക്കം ചെറുകോത്ത് സി. എം. വർഗ്ഗീസിന്റെ മകൻ. 1927 ഒക്ടോ. 22-ന് ജനനം. എം. എ., എൽ. എൽ. ബി., ഡോക്ടറേറ്റ് ബിരുദങ്ങൾ നേടി. കോട്ടയം സി. എം. എസ്. കോളജ്, പൂനാ നാഷണൽ ഡിഫൻസ് അക്കാദമി എന്നിവിടങ്ങളിൽ അദ്ധ്യാപകൻ. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പൽ ആയിരുന്നു. ഓർത്തഡോക്സ് സെമിനാരിയിൽ അധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. അഞ്ചു ഗ്രന്ഥങ്ങൾ രചിച്ചു. മൂന്ന് പുസ്തകങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു.

പൗലോനീസ് പാതിരി (1748-1806): ആസ്ത്രിയ സ്വദേശി. 1748 ഏപ്രിൽ 23-ന് ജനിച്ചു. 1776-ൽ കർമ്മലീത്താ മിഷനറിയായി വരാപ്പുഴ

യിലെത്തി. ലത്തീൻ, ഇംഗ്ലീഷ്, സുറിയാനി, മലയാളം, സംസ്കൃതം, തമിഴ്, എന്നീ ഭാഷകൾ അനായാസേന കൈകാര്യം ചെയ്തു. ത്രേസ്യാ ചരിതം, കൂദാശപ്പുസ്തകം, നൂറ് പഴഞ്ചൊല്ലുകൾ, മലയാളം-ഇംഗ്ലീഷ്-പോർത്തുഗീസ്-ഇംഗ്ലീഷ് വ്യാകരണം തുടങ്ങി അസംഖ്യം കൃതികൾ രചിച്ചു. 1789-ൽ തിരിച്ചുപോയി. റോമിൽ പൗരസ്ത്യ ഭാഷാ പ്രൊഫസർ, പ്രോപ്പഗൻഡാ മിഷനറിസംഘം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. വികാരി അപ്പസ്തോലിക് എന്ന ബഹുമതി നൽകി റോം ഇദ്ദേഹത്തെ ആദരിച്ചു.

പൗരസ്ത്യ താരം: കൊല്ലം മെത്രാസനത്തിന്റെ ഔദ്യോഗിക ജിഹ്വ. 1990 മുതൽ പ്രസിദ്ധീകരിക്കുന്നു.

പൗരോഹിത്യം: പഴയനിയമത്തിൽ മഹാപുരോഹിതർ, പുരോഹിതർ, ലേവ്യൻ എന്നീ മൂന്ന് വൈദികസ്ഥാനങ്ങൾ ഉണ്ടായിരുന്നു (ലേവ്യ 8, പുറ. 29; ഉല്പ. 28:38; ലേവ്യ 10:7; ആവ. 18:11). പൗരോഹിത്യം സഭയിലാണ് (1 പത്രോ. 2:9-10; വെളി. 1:6). സഭയിൽ വിവിധ പുരോഹിതസ്ഥാനികൾ ഉണ്ട് (1 കോരി. 12:27-28; 1 തിമോ. 3; തീത്തോ. 1:5). പുരോഹിതൻ ക്രിസ്തുവിന്റെ കൗദാശിക സാന്നിധ്യമായി ബലി അർപ്പിക്കുന്നു; വിശ്വാസം സംരക്ഷിക്കുന്നു; പഠിപ്പിക്കുന്നു ; വിശുദ്ധിയിലേക്ക് നയിക്കുന്നു; യേശുവിനെ അനുദിന അനുഭവമാക്കുവാൻ സഹായിക്കുന്നു. ഏകമായ പൗരോഹിത്യം പിന്നീട് കശ്ശീശ, എപ്പിസ്കോപ്പാ എന്നിങ്ങനെ വിഭജിക്കപ്പെട്ടു (കൊഹനൊ, റീശ് കൊഹനെ-ആചാര്യൻ, പ്രധാന ആചാര്യൻ). ശുശ്രൂഷക്കാരനായ ശെമ്മാശനെ ചേർത്തപ്പോൾ വൈദികസ്ഥാനങ്ങൾ മൂന്നായി. ഇവയ്ക്ക് പല അവാന്തര വിഭാഗങ്ങളും ചുമതലകളും സ്ഥാന വസ്ത്രങ്ങളും ചുമതലകൾ അനുസ്മരിപ്പിക്കുന്ന സ്ഥാനചിഹ്നങ്ങളുമുണ്ട്. ജനങ്ങൾ തെരഞ്ഞെടുക്കുക, അപ്പോസ്തോലസ്ഥാനികൾ കൈവെപ്പിലൂടെ പരിശുദ്ധാത്മാവിന്റെ സമൃദ്ധിയായ നൽവരം പകരുക ഇവയാണ് പട്ടംകൊടയുടെ അടിസ്ഥാന തത്വങ്ങൾ. സാധുവായ കൂദാശാനിർവഹണത്തിന് സാധുവായ കൈവെപ്പുള്ള പൗരോഹിത്യം അനിവാര്യമാണ്. അഴിയാത്ത മുദ്ര നൽകപ്പെടുന്നതിനാൽ പൗരോഹിത്യദാനം ഒരു കാരണവശാലും ആവർത്തിക്കപ്പെടുവാൻ പാടുള്ളതല്ല. പൗരോഹിത്യത്തിൽ രാജാവും പ്രവാചകനും പുരോഹിതനും സമന്വയിക്കുന്നു. പൗരോഹിത്യ ക്രമത്തിന്റെ സ്ഥാനങ്ങൾ ഇന്ന് കാണുംപ്രകാരം പല സ്ഥലങ്ങളിലും പല കാലങ്ങളിലുമായി ആവശ്യാനുസരണം വികസിച്ച് വന്നവയാണ്. ശുദ്ധീകരണം, പ്രകാശനം എന്നിവയാണ് പൗരോഹിത്യ നൽവരങ്ങൾ. ഇവ പ്രാപിക്കുന്നതിന്റെ സൂചനയായി ഇരു കാൽമുട്ടുകളും കുത്തി നിന്ന് പുരോഹിത നൽവരം പ്രാപിക്കുന്നുവെന്ന് കത്തോലിക്കാ - കൽദായ - സുറിയാനി സഭകൾ ഔദ്യോഗികമായി വ്യാഖ്യാനിക്കുന്നു.

പൗലോസ് കെ. എ. ജഡ്ജി: വടക്കൻപറവൂർ കടവിൽ കുടുംബത്തിൽ 1889-ൽ ജനിച്ചു. കോട്ടയത്തും മദ്രാസിലുമായി ബിരുദ-നിയമ ബിരുദ പഠനങ്ങൾ പൂർത്തിയാക്കി. അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. കൊച്ചി സംസ്ഥാന മജിസ്ട്രേട്ട്, മുൻസിഫ്, ജഡ്ജി ഒടുവിൽ ഹൈക്കോടതി ജഡ്ജി എന്നീ ഉദ്യോഗങ്ങൾ വഹിച്ചു. സത്യസന്ധത, ആദർശധീരത, ക്ഷമാശീലം, മിതഭാഷണം എന്നിവകൊണ്ട് ഏറെ ആദരിക്കപ്പെട്ടു. സഭയിലെ അത്മായനേതാവായിരുന്നു. മാനേജിംഗ് കമ്മിറ്റി മെമ്പർ. തൃശ്ശൂർ ഇടവകയുടെ പ്രവർത്തനത്തിലും ചെമ്പുക്കാവ് പള്ളിയുടെ സ്ഥാപനയിലും ഇദ്ദേഹം നിർണ്ണായകസ്ഥാനം വഹിച്ചു. എം. എ. ചാക്കോ സൂപ്രണ്ടിന്റെ മകൾ മാമ്മി സഹധർമ്മിണി. താമസം ഏറിയഭാഗവും തൃശ്ശൂരിൽ. 1982 ജൂൺ 21-ന് നിര്യാതനായി. തൃശ്ശൂർ സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. ക്രിസ്തുവിന്റെ ജീവിതം ഇതിവൃത്തമായി ഒരു കാവ്യം രചിച്ചിട്ടുണ്ട്.

പൗലോസ്, കെ. പി.: കോലഞ്ചേരി കടയിരുപ്പ് നെച്ചുപ്പാടം കുടുംബത്തിൽ 1916-ൽ ജനിച്ചു. സിവിൽ എഞ്ചിനീയറിംഗ് കോൺട്രാക്റ്റർ ആയി. കോലഞ്ചരി മെഡിക്കൽ മിഷൻ സെക്രട്ടറി, കോലഞ്ചേരി കോളജ് ഗവേണിംഗ് ബോഡി അംഗം, സഭാ മാനേജിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. നിര്യാതനായി.

പൗലൂസ്, തീബ്സിലെ: ആദ്യത്തെ അറിയപ്പെടുന്ന ക്രൈസ്തവ സന്യാസി. ഈജിപ്തിലെ തീബ്സിൽ ജനിച്ചു. തേജസ്വിയായ മഹർഷി. വി. അന്തോനിയോസിന് ഇദ്ദേഹം സ്വന്തം പുറംകുപ്പായം സമ്മാനിച്ചു. അന്തോനിയോസ് അത് അത്താനാസ്യോസിന് നൽകി.

പൗലെ, ശ്മിശത്തുകാരൻ: അന്ത്യോഖ്യൻ മെത്രാൻ. 268-ൽ സഭാഭ്രഷ്ടൻ. മനുഷ്യനായ യേശുവിൽ ദൈവത്തിന്റെ വചനം ഇറങ്ങി വസിച്ചു എന്ന നിലപാടു മൂലമാണ് ഭ്രഷ്ടനാക്കപ്പെട്ടത്.

പൗലൂസ് ശ്ലീഹാ: ശ്ലീഹന്മാരിൽ തലവന്മാരായ പത്രോസും പൗലോസും. സഭയുടെ പ്രധാനശില്പിയും പണിക്കാരനും. തർസോസിൽ ജനിച്ചു. ബന്യാമിൻ ഗോത്രം പരീശ കുടുംബം. ശൗൽ എന്ന് പേർ. ജനനാൽ റോമ്മാ പൗരൻ, ഗമാലിയേലിന്റെ ശിഷ്യത്വം; യഹൂദ-യവന-റോമ്മാ സംസ്കാര സ്വാധീനം. ആദ്യം ക്രിസ്തുസഭയെ നശിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധൻ. അ. പ്ര. 9, 22, 26; ഗലാ. 1:12 മു. ഭാഗങ്ങളിൽ വിവരിക്കുന്ന അലൗകികദർശനം ശൗലിന്റെ മാനസാന്തരത്തിന് കാരണമായി. പിന്നീട് പൗലൂസ് പുതിയ മനുഷ്യനായി. മൂന്ന് മിഷനറി യാത്രകൾ നടത്തി. കുപ്രോസ് ദ്വീപ്, ഗലാത്യ, മക്കദോനിയ, അഖായ, ഫ്രുഗിയ, എഫേസൂസ് എന്നീ പ്രദേശങ്ങളിൽ സഭ സ്ഥാപിച്ചു. ഏറെ പീഡനങ്ങൾ സഹിച്ചു.

നീറോയുടെ പീഡനത്തിൽ എ. ഡി. 66-67 ൽ അദ്ദേഹം റോമ്മിൽ വച്ച് പത്രോസിനോടൊപ്പം രക്തസാക്ഷിയായി. പുതിയനിയമത്തിലെ പതിനാല് ലേഖനങ്ങൾ - പുതിയനിയമത്തിന്റെ നാലിൽ ഒരു ഭാഗം - വി. പൗലൂസിന്റെ ലേഖനങ്ങൾ ആണ്. ക്രിസ്തുമത ദർശനങ്ങളും സിദ്ധാന്തങ്ങളും ഈ ലേഖനങ്ങളിലൂടെ ആവിഷ്ക്കരിക്കപ്പെട്ടു. ഓർമ്മ ജൂൺ 29-ന്.

പൗലൂസ് മാർ ഈവാനിയോസ്: '*ബസ്സേലിയോസ് പൗലൂസ്*' കാണുക.

പൗലൂസ് മാർ ഗ്രീഗോറിയോസ്: '*ഗ്രീഗോറിയോസ്, പൗലോസ് മാർ*' കാണുക.

പൗലൂസ് മാർ പക്കോമിയോസ്: '*പക്കോമിയോസ്, പൗലൂസ് മാർ*' കാണുക.

പൗലൂസ് മാർ പീലക്സിനോസ്: '*പീലക്സിനോസ്, പൗലൂസ് മാർ*' കാണുക.

പൗലൂസ് മാർ മിലിത്തിയോസ്: '*മിലിത്തിയോസ്, പൗലോസ് മാർ*' കാണുക.

പൗലൂസ് മാർ അത്താനാസ്യോസ്: '*അത്താനാസ്യോസ്, കടവിൽ പൗലൂസ് മാർ*' കാണുക.

പൗലൂസ് മാർ അത്താനാസ്യോസ്: 'അത്താനാസ്യോസ്, കുറ്റിക്കാട്ടിൽ പൗലൂസ് *മാർ*' കാണുക.

പൗലൂസ് മാർ സേവേറിയോസ്: '*സേവേറിയോസ്, പൗലൂസ് മാർ*' കാണുക.

പൗലോസ്: പ്രാദേശിക രൂപങ്ങൾ: പൈലി, പൈലുണ്ണി, പൈലപ്പൻ, പോൾ, പാവു, പോളച്ചൻ, പൈലോത്, പൈലോ, പാവുണ്ണി മുതലായവ.

പൗലോസ്, ഫാ. എം. വി.: കോതമംഗലം മരങ്ങാട്ട് കുടുംബാംഗം. 1931 മകരം 6-ന് ജനിച്ചു. 1949-ൽ ശെമ്മാശ്ശൻ. 1964-ൽ കശ്ശീശ. വെക്കേഷൻ ബൈബിൾ സ്കൂൾ പ്രസ്ഥാനത്തിന്റെ ആദ്യകാല സംഘാടകൻ. മുഴുവൻ സമയ സുവിശേഷകൻ, അദ്ധ്യാപകൻ, സണ്ടേസ്കൂൾ ഭദ്രാസന ഡയറക്ടർ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രശസ്തൻ.

പൗലോസ് തൂബോനോ: 'ഭാഗ്യവാനായ' എന്ന വിശേഷണം സഭാപിതാക്കന്മാർ പൗലൂസ് ശ്ലീഹായ്ക്ക് നൽകിയിട്ടുണ്ട്.

പ്ലീറോമ: ഗ്രീക്കുപദം. 'നിറവ്' എന്നർത്ഥം. ദൈവത്തിന്റെ പൂർണ്ണത ക്രിസ്തുവിലുണ്ടെന്ന് പൗലൂസ് സമർത്ഥിച്ചു (കൊലോ. 1:19).

പ്ലേറ്റോ (ബി. സി. 427–346): ആതൻസിൽ അരിസ്റ്റോത്തിന്റെ മകൻ. സോക്രട്ടീസിന്റെ ശിഷ്യൻ. 387–ൽ ആതൻസിൽ അക്കാദമി എന്ന വിദ്യാപീഠം സ്ഥാപിച്ചു. അരിസ്റ്റോട്ടിൽ പ്ലേറ്റോയുടെ ശിഷ്യൻ. തത്വചിന്താപരമായ സംവാദങ്ങൾ ഡയലോഗ് എന്ന പേരിൽ ക്രോഡീകരിച്ചു. പ്ലേറ്റോയുടെ 'റിപ്പബ്ലിക്' എന്ന കൃതി പ്രശസ്തമാണ്. ആശയവാദത്തിന്റെ ഉപജ്ഞാതാവാണിദ്ദേഹം. ആത്മാവ് അനശ്വരം, പരമജ്ഞാനം ഗണിതശാസ്ത്രതത്വങ്ങളിൽ, അറിവ് അനുഭൂതിയിലൂടെ, യഥാർത്ഥജ്ഞാനം അന്തർജ്ഞാനം എന്നിവയാണ് അദ്ദേഹത്തിന്റെ നിലപാടുകൾ. പാശ്ചാത്യചിന്തയുടെ പ്രഭവസ്ഥാനം പ്ലേറ്റോ ആണ്. അദ്ദേഹത്തിന്റെ സമീപനം ആത്മനിഷ്ഠവും സമന്വയപരവും ആണ്.

പ്ലോട്ടൈനസ്: 2–ാം നൂറ്റാണ്ടിലെ അലക്സാന്ത്രിയൻ ദാർശനികൻ. നിയോപ്ലേറ്റോണിസത്തിന്റെ വക്താവ്. സമഗ്രമായ വിശ്വദർശനവും അദ്വയമായ സമന്വയ സമീപനവും പ്രപഞ്ചാത്മാവിനെക്കുറിച്ചുള്ള സങ്കല്പവും ഇദ്ദേഹത്തിന്റെ ചിന്തയുടെ പ്രമുഖധാരകളാണ്. എനിയഡുകൾ എന്ന കൃതി രചിച്ചു.

പ്രക്സീസ്: ഗ്രീക്ക്. നടപടികൾ എന്നർത്ഥം. ലൂക്കോസ് രചിച്ചുവെന്ന് കരുതുന്നു. പത്രോസിന്റെയും പൗലോസിന്റെയും നടപടികൾ ഇതിൽ വിവരിച്ചിരിക്കുന്നു. ആദിമസഭയുടെ ഉത്ഭവം, വളർച്ച, ഘടന, അതിന്റെ ആത്മീയവും സാമൂഹികവുമായ അവസ്ഥകൾ എന്നിവ പ്രതിപാദിക്കുന്ന സഭാചരിത്ര ഗ്രന്ഥമാണിത്. ആരാധനകൾ, സംഘടനാപരമായ രൂപം, പൗരോഹിത്യക്രമങ്ങൾ, കൂദാശാപരമായ അനുഷ്ഠാനങ്ങൾ എന്നിവയുടെ ഉത്ഭവചരിത്രം ഇതിലുണ്ട്. ശുശ്രൂഷകളിൽ വടക്ക് ഭാഗത്ത് യഹൂദാ ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്താണ് ഇതിന്റെ വായന നിജപ്പെടുത്തിയിട്ടുള്ളത്. ഹാബീബായ് (എന്റെ വാത്സല്യമുള്ളവരേ) എന്ന പദം ഇതിന്റെ സൂചനയാണ്.

പ്രതിനവീകരണം: നവീകരണക്കാർ 16–ാം നൂറ്റാണ്ടിൽ ഉയർത്തിയ ഭീഷണികളെ ഫലപ്രദമായും ക്രിയാത്മകമായും നേരിടുവാൻ കത്തോലിക്കാസഭ ഉദ്യമിച്ചു. സ്വയം ശുദ്ധീകരണം പ്രഖ്യാപിച്ചു. അതിന്റെ പ്രധാന ഏജൻസി ഇഗ്നേഷ്യസ് ലയോള രൂപംകൊടുത്ത ജസ്യൂട്ട് ഓർഡർ ആയിരുന്നു.

പ്രതിമ: '*ഐക്കൺ*' കാണുക.

പ്രതിബിംബം: '*ഐക്കൺ*' കാണുക.

പ്രതിവാക്യം: ആരാധനയിൽ നേതാവ് നടത്തുന്ന പ്രാർത്ഥനകൾക്കും ആഹ്വാനങ്ങൾക്കും ശേഷംപേർ നൽകുന്ന പ്രതികരണം.

പ്രതിഷ്ഠ: സമർപ്പണം. ദൈവാലയ സമർപ്പണവും സന്യാസവ്രത സമർപ്പണവും ഈ പേരിൽ അറിയപ്പെടുന്നു.

പ്രതിഷ്ഠോത്സവം: ശലോമോൻ നിർമ്മിച്ച യെരൂശലേം ദേവാലയം ബി. സി. 587-ൽ ബാബിലോൺ രാജാവ് നെബൂക്കദ്നേസർ നശിപ്പിച്ചു. പ്രവാസം കഴിഞ്ഞ് ദേവാലയം വീണ്ടും പണിതു. ബി. സി. 168-ൽ അന്തിയോക്കസ് എപ്പിഫാനസ് കേടുപാടുകൾ വരുത്തി അശുദ്ധിപ്പെടുത്തി. അതിവിശുദ്ധസ്ഥലത്ത് വിഗ്രഹം പ്രതിഷ്ഠിച്ചു. പന്നിയെ ബലി കഴിക്കുകയും ചെയ്തു. മക്കാബിയ കുടുംബക്കാർ ഇതിനെ ചെറുത്തു. യുദായുടെ നേതൃത്വത്തിൽ ദേവാലയം തിരിച്ചുപിടിച്ചു. 165 ഡിസംബർ മാസത്തിൽ ദേവാലയത്തിന്റെ കേടുപാടുകൾ പോക്കി ശുദ്ധീകരിച്ചു. ആരാധനയ്ക്കായി പുനഃപ്രതിഷ്ഠിച്ചു (1 മക്കാ. 4:36-59). ഈ സംഭവം യഹൂദർ ആണ്ടുതോറും പ്രതിഷ്ഠാ പെരുനാൾ എന്ന പേരിൽ ആഘോഷിച്ചു. ഹനൂഖാ എന്ന് ഈ ഉത്സവം എബ്രായ ഭാഷയിൽ അറിയപ്പെടുന്നു. കൂദോശ് ഈത്തോ; ഹൂദോസ് ഇത്തോ പെരുന്നാൾ സഭ ആഘോഷിക്കുന്നത് ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാവുന്നതാണ്.

പ്രതീകങ്ങൾ: അദൃശ്യതയുടെ ദൃശ്യരൂപമാണ് പ്രതീകം. ഭാഷപോലും ആശയപ്രതീകമാണ്. പരിച്ഛേദന, ദേവാലയം, യാഗപീഠം, സാക്ഷ്യപെട്ടകം, കൃപാസനം, ചിറക് വിരിച്ച കെരൂബുകളുടെ പ്രതിമ, മന്ന ഇട്ടുവച്ച പൊൻപാത്രം, അഹറോന്റെ തളിർത്തവടി, നിയമത്തിന്റെ കല്പലകകൾ എന്നിവയൊക്കെ പഴയനിയമകാലത്ത് അതിവിശുദ്ധ പ്രതീകങ്ങൾ ആയിരുന്നു. ഇവ മിക്കതും പ്രവാസകാലത്ത് അപ്രത്യക്ഷമായി. എ. ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ സിനഗോഗുകളിൽ ചിത്രങ്ങൾ പ്രതീകങ്ങളായി ഉപയോഗിച്ചു. പുതിയനിയമസഭയിൽ കുരിശ്, മദ്ബഹാ, തിരശ്ശീല, ത്രോണോസ്, മെഴുകുതിരികൾ, ഏവൻഗേലിയോൻ മേശ, ധൂപക്കുറ്റി, അംശവസ്ത്രങ്ങൾ, മാമ്മൂദീസാ തൊട്ടി, തുടങ്ങിയ വസ്തുക്കളും റൂശ്മാ, മുട്ടുകുത്തൽ, തലകുനിക്കൽ, കൈകൾ ഉയർത്തിപ്പിടിക്കൽ, പ്രദക്ഷിണം തുടങ്ങിയ കർമ്മങ്ങളും പ്രതീകമാണ്. ആരാധനകളും അനുഷ്ഠാനങ്ങളും ക്രിസ്തുജീവിതത്തിന്റെ പ്രതീകമായി ഗ്രഹിക്കണം.

പ്രത്യാശ: സ്നേഹം, വിശ്വാസം, പ്രത്യാശ ഇവ മൂന്നും ക്രിസ്തീയ സുകൃതങ്ങൾ (1 കോരി. 13:13). ആത്മാവിന്റെ നങ്കൂരമാണ് പ്രത്യാശ (എബ്രാ. 6:18). 'മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനുള്ള ലോകത്തിലെ പുതിയജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു' എന്ന പ്രത്യാശ പ്രാപിച്ചുകൊണ്ടാണ് നിഖ്യാ വിശ്വാസപ്രമാണം അവസാനിക്കുന്നത്. പുന

രുത്ഥാനമാണ് ക്രൈസ്തവജീവിതത്തിന്റെ കേന്ദ്ര പ്രത്യാശ.

പ്രദക്ഷിണം: വലം വയ്ക്കുക എന്നർത്ഥം. ഈ അർത്ഥത്തിൽ ദുഃഖ വെള്ളിയാഴ്ച മാത്രമേ പ്രദക്ഷിണമുള്ളൂ. മറ്റെല്ലാം ഇടംവക്കലാണ്. ദുഃഖ വെള്ളിയാഴ്ച ഒഴിച്ചുള്ള പ്രദക്ഷിണങ്ങൾ വടക്കുവശത്തുനിന്ന് പടിഞ്ഞാറോട്ടുള്ള ദിശയിലാണ് നടത്തുന്നത്. തെക്കേവാതിലിലൂടെ അകത്ത് പ്രവേശിക്കും. യൽദൊ, ദനഹാ, പാതിനോമ്പ്, ഓശാന, ഉയിർപ്പ്, ദുഃഖവെള്ളി തുടങ്ങിയ ദിവസങ്ങളിൽ പ്രദക്ഷിണമുണ്ട്. ഓരോ സംഭവത്തെ അവ അനുസ്മരിപ്പിക്കുന്നു. യൽദാ: വിദ്വാന്മാരുടെ യാത്ര; ദനഹാ: യേശുവിന്റെ യോർദ്ദാനിലേക്കുള്ള യാത്ര; പാതിനോമ്പ്: ഹേലേനി രാജ്ഞിയുടെ യെരുശലേം യാത്ര; ഓശാന: യേശുവിന്റെ യേരുശലേം പ്രവേശനം; ഉയിർപ്പ്: സുഗന്ധം പൂശുവാൻ സ്ത്രീകൾ കല്ലറയിലേക്ക് യാത്രചെയ്തത്; ദുഃഖ വെള്ളി ഒന്നാം പ്രദക്ഷിണം: യേശുവിന്റെ ഗോഗുൽത്തായിലേക്കുള്ള യാത്ര; രണ്ടാം പ്രദക്ഷിണം: യേശുവിന്റെ ശവസംസ്കാര ഘോഷയാത്ര എന്നിങ്ങനെ ഓരോ പ്രദക്ഷിണവും ക്രിസ്തുജീവിതത്തിലെ അതത് സംഭവങ്ങളിൽ നമ്മെ പങ്കുകാരാക്കുന്നു. പള്ളിപ്പെരുന്നാൾ പ്രദക്ഷിണം സഭയുടെ വിജയം പ്രഘോഷിക്കുന്ന ജൈത്രയാത്രയുടെ പ്രതീകം. പ്രദക്ഷിണങ്ങൾക്ക് അംശവസ്ത്രമണിഞ്ഞ കാർമ്മികരും ശുശ്രൂഷക്കാരും കുരിശും ഏവൻഗേലിയോനും പള്ളിയുപകരണങ്ങളും പിടിക്കും. ഉയിർപ്പുപെരുന്നാളിൽ തിരുശേഷിപ്പ് പേടകവും പിടിക്കാൻ നിർദ്ദേശമുണ്ട്. അരുളിക്കാ കുരിശിന്റെ അലംകൃതമായ ഐക്കൺ ആണ്.

പ്രബോധനങ്ങൾ, അപ്പൊസ്തലന്മാരുടെ: ഡിഡസ്കാലിയാ. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സിറിയായിൽ രചിച്ചതാവാം. എപ്പിസ്ക്കോപ്പായുടെ കർത്തവ്യങ്ങൾ, പ്രായശ്ചിത്തം, ആരാധനക്രമങ്ങൾ, സഭാപീഡനത്തിലെ സമീപനങ്ങൾ, വിധവമാർ, ശെമ്മാശിനിമാർ, നിരപ്പിന്റെ ശുശ്രൂഷ, വഴിപാടുകളുടെ ക്രമീകരണം ഇവയാണ് മുഖ്യവിഷയങ്ങൾ. ഫാ. ചേടിയത്തിന്റെ മലയാളം വിവർത്തനം ലഭ്യമാണ്.

പ്രയോർ: ലത്തീൻ പദം. മതസംഘടനാ നേതാക്കൾ. ആശ്രമാധിപന്റെ തൊട്ടുതാഴെയുള്ള സ്ഥാനി.

പ്രവചനം: എല്ലാ മതങ്ങൾക്കും വിവിധ പേരുകളിൽ പ്രവചനവും പ്രവാചകരും ഉണ്ട്. ഇസ്രായേൽ പ്രവാചകന്മാർ ദൈവനീതിയുടെയും വിശുദ്ധിയുടെയും വക്താക്കൾ. അതത് കാലത്തെപ്പറ്റിയുള്ള ദൈവഹിതമാണ് പ്രവചനം. ഭാവിയെപ്പറ്റിയുള്ള വെളിപാടുകളും പ്രവചനം തന്നെ.

പ്രവാചകൻ: ദൈവഹിതം ദർശനത്തിലൂടെ അറിഞ്ഞ് അത് ശക്തമായ മാധ്യമത്തിലൂടെ ജനതയെ അറിയിക്കുന്നവനാണ് പ്രവാചകൻ.

പ്രവാചകന്റെ അടിസ്ഥാന യോഗ്യതയാണ് ദർശനശേഷി. അവതരണ ശേഷിയും മുഖ്യം തന്നെ. ദൈവിക രഹസ്യങ്ങൾ, സാമൂഹിക മൂല്യങ്ങൾ, സാമൂഹിക പരിവർത്തനങ്ങൾ എന്നിവയെചൊല്ലി അശാന്തനായ പ്രവാചകൻ പൂർണ്ണതാവാദിയാണ്. ചരിത്രത്തിലെ പല വിപ്ലവകാരികളിലും പ്രവാചകമുഖം ഓർക്കാവുന്നതാണ്. സമകാല തലമുറകൾക്ക് വളരെ മുമ്പ് സഞ്ചരിക്കുന്ന പ്രവാചകന്മാരെ സമകാല തലമുറ തിരിച്ചറിയാറില്ല. പ്രവാചകന്മാർ കൊല്ലപ്പെടുന്നത് ഈ പശ്ചാത്തലത്തിലാണ്. പുരോഹിതന്റെ ഒരു മുഖം പ്രവാചകന്റേതാണ്. വേദവ്യാഖ്യാനങ്ങളിലൂടെ അദ്ദേഹം ദൈവഹിതത്തെ നിർഭയമായി കാലത്തോട് വിളിച്ചുപറയുന്നു; സാഹസികമായ ദൗത്യബോധത്തോടെ.

പ്രവാസങ്ങൾ, യഹൂദരുടെ: അന്യദേശവാസമാണ് പ്രവാസം. 1. അസ്സീറിയൻ പ്രവാസം. ബി. സി. 722-ൽ രൂബേൻ, ഗാദ്, മനശ്ശെ എന്നീ ഗോത്രക്കാരെ മെസപ്പൊട്ടോമിയായിലേക്ക് അടിമകളായി കൊണ്ടുപോയി. തിഗ്ലത്ത് പെലേ III ശമരിയ കീഴടക്കിയശേഷം ഇസ്രായേൽക്കാരെ നാടുകടത്തി. 2. ബാബിലോൺ പ്രവാസം: ബി. സി. 597-581. നെബുക്കദ്നേസർ യെരുശലേം ആക്രമിച്ച് ഉന്നതരെ ബാബിലോണിൽ അടിമകളാക്കി പാർപ്പിച്ചു. 3. ഈജിപ്ഷ്യൻ പ്രവാസം: 5-ാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ വ്യവസായ പ്രാധാന്യമുള്ള ഒരു നഗരത്തിൽ യൂദന്മാരുടെ കോളനിയുണ്ടായിരുന്നു. ഇക്കാലത്ത് എബ്രായ വേദപുസ്തകം ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തു.

പ്രസ്ബിറ്റർ: '*കശ്ശീശാ*' കാണുക.

പ്രസ്ബിറ്റീരിയൻ സഭ: പ്രസ്ബിറ്റർമാരുടെ കൈവെപ്പിലൂടെ ആചാര്യന്മാരെ വാഴിക്കുന്ന സമ്പ്രദായം അംഗീകരിച്ച ക്രൈസ്തവ സഭകൾ.

പ്രസുദേന്തി: പ്രസിഡണ്ട്. ലാറ്റിൻപദം. റോമൻ കത്തോലിക്കാസഭ പെരുന്നാൾ ഏറ്റ് നടത്തുന്നവരെ ഈ പേരിൽ ബഹുമാനിക്കാറുണ്ട്.

പ്രളയം: ഉല്പ. 6:5-9:17. പല ജനതകൾക്കും പ്രളയപുരാണങ്ങളുണ്ട്. യൂദന്മാർക്കും ബാബിലോണിയക്കാർക്കും ഭാരതീയർക്കും അത് സമാനമാണ്. നോഹയുടെ കാലത്തെ ജലപ്രളയം ഏവരും അംഗീകരിക്കുന്നുണ്ട്. ഏകദേശം ബി. സി. 4000 ആണ് പ്രളയകാലം. യവനർക്കും പ്രളയപുരാണവും പ്രളയദേവനുമുണ്ട്.

പ്രായശ്ചിത്തങ്ങൾ: പാപപ്രായശ്ചിത്തം ദൈവവുമായി അനുരഞ്ജനപ്പെടുവാനുള്ള മാർഗ്ഗമായി മതങ്ങൾ പഠിപ്പിക്കുന്നു. പഴയനിയമയാഗം ഈ പശ്ചാത്തലത്തിലുള്ളതാണ്. യേശുവിന്റെ യാഗവും ഈ പശ്ചാത്തലത്തിൽ ഗ്രഹിക്കാം (1. യോഹ. 4:10). അനുതാപം, ഏറ്റുപറച്ചിൽ എന്നിവയും

വേദവായന, കുമ്പിടിൽ, ഉപവാസം, ദാനധർമ്മം തുടങ്ങിയവയും പ്രായശ്ചിത്ത മാർഗ്ഗങ്ങൾ ആണ്. കുമ്പസാരവേളകളിൽ പാപക്ഷമയോടൊപ്പം പ്രായശ്ചിത്തവിധികളും കുമ്പസാര പിതാവ് കല്പിക്കാറുണ്ട്. അവ യഥാവിധി നിർവഹിക്കപ്പെടണം. പാപത്തിന്റെ ഏറ്റക്കുറച്ചിലുകളും ഗൗരവവും പ്രായശ്ചിത്തത്തെ വ്യത്യസ്തമാക്കുന്നു.

പ്രാർത്ഥന, വാങ്ങിപ്പോയവർക്കായി: സഭയുടെ വിശ്വാസവും പുരാതനമായ ആചാരവുമാണിത്. ഭൗതികമരണം ഒരാളെ കർത്തൃശരീരമായ സഭയിൽ നിന്ന് അന്യപ്പെടുത്തുന്നില്ല. കാലാതീത സമൂഹമാണ് സഭ. സഭാംഗങ്ങളുടെ കാലാതീത സംസർഗ്ഗമാണ് പ്രാർത്ഥന. പുനരുത്ഥാന ദിവസം വരെയും ആത്മാക്കൾക്ക് വളരുവാൻ കഴിയുമെന്ന് ലാസറിന്റെയും ധനവാന്റെയും ഉപമ പഠിപ്പിക്കുന്നു. 1. പത്രോ. 3:19; 4:6 തുടങ്ങിയ ഭാഗങ്ങൾ മൃതർ ആത്മാവിൽ സജീവത പുലർത്തുന്നു എന്ന് സംശയാതീതമായി വ്യക്തമാക്കുന്നു. 2. തിമോ. 1:16–18 വരെ ഭാഗത്ത് പൗലൂസ് ഈ വിശ്വാസം പ്രാവർത്തികമാക്കുന്നു. മറുരൂപമലയിൽ മോശയും ഏലിയാവും പ്രത്യക്ഷപ്പെട്ടതും ഈ വിശ്വാസത്തെ ബലപ്പെടുത്തുന്നു. പാപത്തിൽ മരിച്ചവരെ മാത്രമേ മരണം മൗനിയാക്കുന്നുള്ളൂ.

പ്രാർത്ഥനായോഗങ്ങൾ: കുടുംബങ്ങളുടെ പ്രാർത്ഥനാകൂട്ടായ്മകൾ. പരസ്പരം പ്രബോധിപ്പിക്കുവാനും ധൈര്യപ്പെടുത്തുവാനും ആശ്വാസം പകരുവാനും ആത്മീയചൈതന്യം പകരുവാനും ഇവ മൂലം കഴിയും. വായനായോഗങ്ങൾ എന്നും ഇവയെ വിളിക്കാറുണ്ട്.

പ്രിസ്കില്ലാ: അക്വില്ലായുടെ ഭാര്യ. ക്ലോഡിയസ് ചക്രവർത്തി നാടുകടത്തിയപ്പോൾ ഇവർ റോമിൽ നിന്ന് കോരിന്തിൽ താമസിച്ചു. പൗലൂസ് ശ്ലീഹായ്ക്ക് ആതിഥ്യമരുളി. ഇവരുടെ ഭവനം വിശ്വാസികൾ കൂടിവരുന്ന കേന്ദ്രമായി.

പ്രിസ്താ: ത്രോണോസ് മൂടുന്ന വിരി. ചിറ്റുശീല - ചിത്തോല - എന്നും പറയും. വി. ത്രിത്വ സൂചനയായി മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കും. കുരിശടയാളം ഉണ്ടായിരിക്കും.

പ്രിസ്ബറ്റേറിയനിസം: കശ്ശീശന്മാർ സഭാഭരണം നിർവഹിക്കുന്ന സംവിധാനം. ആദിമകാലത്ത് കശ്ശീശാ, എപ്പിസ്ക്കോപ്പാ എന്നീ നാമങ്ങൾ പരസ്പരം വച്ചുമാറാവുന്ന പര്യായപദങ്ങൾ ആയിരുന്നു. പിന്നീട് അവ വ്യതിരിക്തങ്ങളായി. നവീകരണം ഉണ്ടായപ്പോൾ ജോൺ കാൽവിൻ പ്രിസ്ബറ്റേറിയൻ സംവിധാനത്തെ അനുകൂലിച്ചു. എപ്പിസ്ക്കോപ്പസിയോടുള്ള എതിർപ്പാണ് കാരണം. ഓരോ ഇടവകയും പ്രിസ്ബിറ്ററുടെ കീഴിൽ പൂർണ്ണസ്വതന്ത്രഘടകമാണെന്ന് ഇവർ ചിന്തിച്ചു. ഇന്ത്യയിലും ഈ വിഭാഗങ്ങൾ ഉണ്ടായിരുന്നു. അത് സി. എൻ. ഐ., സി. എസ്. ഐ. എന്നീ

കൂട്ടായ്മകളിൽ പിന്നീട് ലയിച്ചു. ചരിത്രപരമായ എപ്പിസ്ക്കോപ്പസി അവർ അംഗീകരിക്കുകയും ചെയ്തു. പ്രിസ്ബറ്റേറിയനിസം എപ്പിസ്ക്കോപ്പസി യോട് ചരിത്രം രേഖപ്പെടുത്തിയ താക്കീതും വിയോജനക്കുറിപ്പുമായി വായിക്കാവുന്നതാണ്.

പ്രുമിയോൻ, സെദ്റ: ആമുഖം, നിര എന്ന് ഗ്രീക്ക് വാക്കുകൾക്ക് യഥാക്രമം അർത്ഥം. ഓരോ ദിവസം – അഥവാ ഓരോ ശുശ്രൂഷയിൽ – നിബന്ധിച്ച പ്രുമിയോൻ സെദ്റാകൾ പ്രാർത്ഥനാരൂപത്തിൽ അതത് വിഷ യങ്ങളെച്ചൊല്ലി സഭ പരസ്യശുശ്രൂഷകളിൽ നടത്തുന്ന ഔദ്യോഗിക പ്രബോധനങ്ങളാണ്. ഇതിന്റെ സാന്നിധ്യം ഉള്ളതുകൊണ്ടാണ് ഓർത്ത ഡോക്സ് സഭ മറ്റൊരു വാചാടോപം ആരാധനാമധ്യേ പ്രസംഗരൂപത്തിൽ അനിവാര്യമല്ല എന്ന നിലപാടെടുത്തത്. 7–ാം നൂറ്റാണ്ടു മുതൽ സെദ്റാ കൾ നിലവിൽ വന്നു. എ. ഡി. 648–ലെ യോഹന്നാൻ പാത്രിയർക്കീസ്, 649–ലെ തിഗ്രീസിലെ മോറൂസോ കാതോലിക്കാ, മാർ സേവേറിയോസ്, അത്താനാസ്യോസ് II (686) ഇവർ മുഖ്യ സെദ്റാ രചയിതാക്കൾ ആണ്. പല സെദ്റാകളുടെയും കർത്തൃത്വം അജ്ഞാതമാണ്. ഓരോ ദിവസ ത്തെയും ഏവൻഗേലിയോനിലെ മുഖ്യപ്രമേയത്തെ വ്യാഖ്യാനിച്ചുകൊണ്ട് സെദ്റാകൾ രചിക്കപ്പെട്ടതായി കരുതുന്നു. വിവർത്തനം ചെയ്യപ്പെടാത്ത സെദ്റാകൾ ഇനിയും ധാരാളമുണ്ട്.

പ്രേത്തോറിൻ: റോമൻ സൈന്യാധിപൻ താമസിച്ചിരുന്ന കൂടാരം. സൈന്യ ആസ്ഥാനം, ഗവർണർ, ചക്രവർത്തി എന്നിവരുടെ ആസ്ഥാനങ്ങ ൾക്കു ഈ പേർ വന്നു. പുതിയനിയമത്തിൽ റോമൻ ഗവർണറുടെ വസ തിക്ക് ഈ പേർ കാണാം. യെരുശലേമിലെ ഗവർണറുടെ കൊട്ടാരവളപ്പിൽ യേശുവിനെ വിസ്തരിക്കുവാൻ പ്രേത്തോറിനിലേക്ക് പീലാത്തോസ് കൊണ്ടുപോയി. യഹൂദാനേതാക്കൾ പുറത്തു നിന്നതേ ഉള്ളൂ.

പ്രോ–ഓറിയന്റെ: ഓറിയന്റൽ ഓർത്തഡോക്സ് സഭകളും കത്തോ ലിക്കാ സഭയും തമ്മിൽ വേദശാസ്ത്ര ചർച്ച നടത്തുവാൻ പ്രവർത്തിക്കുന്ന ഒരു സംയുക്ത ഡയലോഗ് ഗ്രൂപ്പാണിത്. ഓസ്ട്രിയായിലെ വിയന്നായിൽ ആണ് തലസ്ഥാനം. 1971, 1973, 1976, 1978, 1988 വർഷങ്ങളിൽ വിയന്നയിൽ വച്ച് സുപ്രധാന ചർച്ചകൾ നടന്നു. ചർച്ചയുടെ റിപ്പോർട്ടുകൾ ഗ്രന്ഥങ്ങ ളായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ കത്തോ ലിക്കാ സഭയുമായി ചേർന്ന് പല ഓർത്തഡോക്സ് സഭകളും ഔദ്യോഗിക വേദശാസ്ത്ര കമ്മീഷനുകൾ രൂപവത്കരിച്ചിട്ടുണ്ട്.

പ്രൊഖൊരോസ്: '*ശെമ്മാശന്മാർ, ആദ്യത്തെ ഏഴ് പേർ*' കാണുക.

ഫ

ഫണ്ടമെന്റലിസം: വി. വേദപുസ്തകത്തെ ആക്ഷരികമായി വിശ്വസിക്കുന്ന പ്രൊട്ടസ്റ്റണ്ട് യാഥാസ്ഥിതിക വീക്ഷണം. 1895-ൽ അമേരിക്കയിൽ നടന്ന നയാഗ്രാ ബൈബിൾ കോൺഫ്രൻസ് വേദപുസ്തകത്തിന്റെ ആധികാരികത, യേശുക്രിസ്തുവിന്റെ ദൈവത്വം, കന്യകാജനനം, രക്ഷാനിർണ്ണയം, ശാരീരിക ഉയിർപ്പ്, രണ്ടാമത്തെ വരവ് എന്നീ ഫണ്ടമെന്റലിസത്തിന്റെ അടിസ്ഥാനപ്രമേയം അംഗീകരിച്ചു. മൗലികതത്വങ്ങൾ: സത്യത്തിന്റെ സാക്ഷി എന്ന 12 ലഘുഗ്രന്ഥങ്ങൾ പ്രസ്ഥാനത്തിന്റെ സൈദ്ധാന്തിക അടിത്തറയാണ്.

ഫർമാൻ: ക്രൈസ്തവ സഭാ മേലധ്യക്ഷന്മാർക്ക് തുർക്കി സർക്കാർ നൽകുന്ന അധികാരപത്രം. മലങ്കരസഭയിലെ പഴയ രാജകീയ വിളംബരത്തിന് സമാന്തരമാണിത്.

ഫാക്കൽട്ടി: പ്രത്യേകാനുമതി. പ്രത്യേക വിഷയം പഠിപ്പിക്കുന്ന അധ്യാപകരുടെ സംഘത്തെ ഫാക്കൽറ്റി എന്ന് പറയുന്നു.

ഫാദർ: പിതാവ്. മാമ്മൂദീസാ, കുമ്പസാരം, പട്ടം ഇവയിൽ കാർമ്മികരായ പട്ടക്കാരെ പിതാവ് എന്ന് പൊതുവായി വിളിക്കുന്നു. ആബൂൻ എന്ന സുറിയാനിവാക്കിനും ഇതേ അർത്ഥമാണ്. വീണ്ടും ജനനത്തിന്റെ കൂദാശ ഒരു ആത്മീയ പിതൃത്വമാകയാൽ ഈ പേർ അന്വർത്ഥം.

ഫേബിയൻ, വി.: 236-250 വരെ റോമ്മാ നഗരത്തിലെ മെത്രാൻ. ഡിഷ്യസിന്റെ 250-ലെ പീഡനകാലത്ത് രക്തസാക്ഷിയായി.

ഫിലാദൽഫിയാ: സഹോദരസ്നേഹം. ഇന്നത്തെ തുർക്കിയിലെ ഒരു നഗരം. വെളിപാട് പുസ്തകത്തിലെ സപ്തസഭകളിൽ ഒന്ന് (വെളി. 1:11; 3:7). ആധുനിക പേർ അലാസെഫീർ.

ഫിലമോൻ: പൗലൂസ് ശ്ലീഹായുടെ മിത്രവും കൂട്ടുവേലക്കാരനും. റോമിലെ ജയിലിൽ നിന്ന് പൗലൂസ് ഫിലമോന് അയച്ച കത്ത് വേദപുസ്തകത്തിലുണ്ട്.

ഫിലിപ്പ്, കെ. എം.: ജനീവ ആസ്ഥാനമായ ലോക വൈ. എം. സി.

എ. അലയൻസ് പ്രസിഡണ്ട് ആയ ആദ്യ ഏഷ്യക്കാരൻ. ഹാൻകോക്ക് പ്ലാസ്റ്റിക്സ് ആൻഡ് റബർ ഇൻസ്റ്റിറ്റ്യൂട്ട് (യു. കെ.) അവാർഡ് ലഭിച്ച രണ്ടാമത്തെ ഏഷ്യക്കാരൻ. കെ. സി. മാമ്മൻ മാപ്പിളയുടെ പുത്രൻ. 1912 മെയ് 12-ന് കോട്ടയത്തു ജനിച്ചു. ബിരുദമെടുത്ത് ട്രാവൻകൂർ നാഷണൽ ബാങ്ക് അസി. മാനേജർ & സെക്രട്ടറി ആയി. ബോംബെയിൽ ഇന്ത്യാ കോഫി ആൻഡ് ടീ ഡിസ്ട്രിബ്യൂഷൻ കമ്പനി സ്ഥാപിച്ചു.

ഫിലിപ്യാ: കിഴക്കൻ മാസിഡോണിയായിലെ ഒരു നഗരം. അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവ് സ്വന്തം പേർ ഈ നഗരത്തിന് നൽകി. ഇവിടെവച്ച് പൗലൂസ് തടവിലായി. റോമിലെ കാരാഗൃഹത്തിൽ നിന്ന് ഫിലിപ്യാ സഭയ്ക്ക് ലേഖനമെഴുതി.

ഫിലിയോക്കെ: പരിശുദ്ധ റൂഹായുടെ പുറപ്പാടിനെപ്പറ്റി വിശ്വാസ പ്രമാണം തിരുത്തി പുത്രനിൽ നിന്നും (ഫിലിയോക്കെ - ലത്തീൻ രൂപം) എന്ന് പാശ്ചാത്യസഭകൾ തിരുത്തി. അടുത്തകാലത്തായി പാശ്ചാത്യസഭകളിൽ ഒരു പ്രബലവിഭാഗം ഈ തിരുത്ത് പിൻവലിച്ചു.

ഫിലെയാ: ഗ്രീക്കുഭാഷയിൽ സ്നേഹം. സൗഹൃദം എന്ന് അർത്ഥം (*അഗപ്പെ, ഈറോസ്* കാണുക).

ഫിലോക്കാലിയാ: ഒറിഗന്റെ ആത്മീയപ്രബോധനങ്ങൾ അധ്യാത്മ പ്രേമം (ഫിലോക്കാലിയ) എന്ന പേരിൽ കപ്പദോക്യൻ പിതാക്കന്മാർ- ബസ്സേലിയോസും നാസിയാൻസസിലെ ഗ്രീഗോറിയോസും- ക്രോഡീകരിച്ചു. സന്യാസ-മിസ്റ്റിക് കൃതികളിൽ അതുല്യം. ഫിലോക്കാലിയയുടെ കുറെ ഭാഗം 'അധ്യാത്മപ്രേമം' എന്ന പേരിൽ സ്വാമി സിദ്ധിനാഥാനന്ദ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് 1983-ൽ വാഗമൺ കുരിശുമല ആശ്രമം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൂർണ്ണ രൂപത്തിലുള്ള തർജമ മലങ്കരസഭാംഗമായ ചെറിയാൻ ഈപ്പന്റെ ഉത്സാഹത്തിൽ പരിഭാഷപ്പെടുത്തി ഇപ്പോൾ പ്രസിദ്ധീകരിച്ചു വരുന്നു. ആതോസിലെ സന്യാസി നിക്കോദിമോസ് 1809-ൽ രചിച്ച കൃതിയുടെ പേരും 'ഫിലോക്കാലിയ' എന്നാണ്.

ഫീലക്സീനോസ്, മാബൂഗ് (450-523): കൽക്കിദോൻ സിനഡിനെ എതിർത്ത സുറിയാനി ദൈവശാസ്ത്രജ്ഞൻ. പത്രോസ് ഫുള്ളർ ബാവ 485-ൽ മാബൂഗിലെ മെത്രാനായി നിയമിച്ചു. ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള പതിമൂന്ന് പ്രസംഗങ്ങൾ, മനുഷ്യാവതാരത്തെക്കുറിച്ചുള്ള പഠിപ്പിക്കൽ, പുതിയനിയമത്തിന്റെ സുറിയാനി പരിഭാഷ എന്നിവ രചിച്ചു. അഞ്ചാം തൂബ്ദേനിൽ ഇദ്ദേഹത്തെ ഓർക്കുന്നു. ഇദ്ദേഹത്തിന്റെ പ്രാർത്ഥനാക്രമം പഴയനമസ്ക്കാരപ്പുസ്തകത്തിൽ ഉണ്ട്.

ഫീലക്സിനോസ്, ദാനിയേൽ മാർ: '*പീലക്സിനോസ്, ദാനിയേൽ*

മാർ' കാണുക.

ഫീലക്സിനോസ്, പൗലൂസ് മാർ: *'പീലക്സിനോസ്, പൗലോസ് മാർ'* കാണുക.

ഫീലക്സിനോസ്, ഇയ്യോബ് മാർ: *'പീലക്സിനോസ്, ഇയ്യോബ് മാർ'* കാണുക.

ഫിലിപ്പോസ്: ഹേരോദാ രാജാവിന് മക്കാബിയ വംശജയായ മറിയ മ്നായിൽ ജനിച്ച പുത്രൻ. ഹെരോദ്യ ഇയാളുടെ ഭാര്യയും ശലോമി മകളും ആയിരുന്നു. ഈ ഹെരോദ്യയെ ഹെരോദാവിന്റെ മറ്റൊരു പുത്രൻ അന്തിപ്പാസ് ഭാര്യയായി സ്വീകരിച്ചു. ഫിലിപ്പോസിന് രാജ്യഭരണമില്ലായിരുന്നു.

ഫിലിപ്പോസ്: ഹേരോദാ രാജാവിന് അഞ്ചാമത്തെ ഭാര്യയിൽ ജനിച്ച മകൻ. പിതാവിന്റെ മരണശേഷം പാലസ്തീന്റെ വടക്ക് കിഴക്കൻ മേഖലയിലെ ഏതാനും പ്രദേശങ്ങൾ ഭരിച്ചു. 37 വർഷത്തെ ഭരണം കഴിഞ്ഞ് എ.ഡി. 33-ൽ മരിച്ചു. നീതിനിഷ്ഠൻ, ഭരണനിപുണൻ. പാനിയാസ് എന്ന നഗരം പുനർ നിർമ്മിച്ച് കൈസര്യാ ഫിലിപ്പിയാ എന്ന് പേരിട്ടു. സഹോദര പുത്രി ശലോമിയെ ഭാര്യയായി സ്വീകരിച്ചു.

ഫിലിപ്പോസ്, ഫാ. കെ.: *'തെയോഫിലോസ്, പീലിപ്പോസ് മാർ'* കാണുക.

ഫിലിപ്പോസ് മാർ തെയോഫിലോസ്, ഡോ.: *'തെയോഫിലോസ്, പീലിപ്പോസ് മാർ'* കാണുക.

ഫിലിപ്പോസ് തോമസ്, ഫാ.: *'യൗസേബിയോസ്, പീലിപ്പോസ് മാർ'* കാണുക.

ഫീലിപ്പോസ്, ഫാ. പി. എം. (1902-1986): തോട്ടയ്ക്കാട് പുത്തേട്ടുകടുപ്പിൽ കുടുംബാംഗം. പരിയാരം മാർ അപ്രേം പള്ളി ഇടവകപ്പട്ടക്കാരനായിരുന്നു. തോട്ടയ്ക്കാട് സെന്റ് തോമസ് സ്കൂൾ സ്ഥാപിച്ചു. മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയംഗം, പഞ്ചായത്ത് പ്രസിഡണ്ട് തുടങ്ങി വിവിധ നിലകളിൽ സേവനമനുഷ്ഠിച്ചു. 1986 ജൂലൈ 11-ന് നിര്യാതനായി.

ഫിലിപ്പോസ് കോറെപ്പിസ്ക്കോപ്പാ, ഫാ. ടി. വി.: മേൽപ്പാടം സെന്റ് കുരിയാക്കോസ് ഇടവകയിൽ ടി. ജി. വർഗ്ഗീസിന്റെ മകൻ. 1921 ജൂൺ 17-ന് ജനിച്ചു. കോട്ടയത്തും ന്യുയോർക്കിലുമായി വൈദിക വിദ്യാഭ്യാസം നടത്തി. 28-9-1947 ൽ വൈദികൻ. കണ്ടനാട് കർമ്മേൽ ദയറായിൽ അംഗം. ദയറാ മാനേജർ. സ്ലീബാദാസ സമൂഹം സെക്രട്ടറിയായിരുന്നു. 1963 ഒക്ടോ. 27-ന് കോർഎപ്പിസ്ക്കോപ്പാ സ്ഥാനം ലഭിച്ചു. 2004 മെയ്

5-ന് നിര്യാതനായി.

ഫിലിപ്പോച്ചൻ നാലാത്ര: '*പോത്തൻ എൻ. ഐ. ഡീക്കൻ*' കാണുക.

ഫീലിപ്പോസ് ശെമ്മാശൻ: ആദ്യത്തെ ഏഴ് ശെമ്മാശന്മാരിലൊരാൾ. ശമര്യയിൽ സുവിശേഷവേല. എത്യോപ്യൻ ഷണ്ഡനെ മാനസാന്തരപ്പെടുത്തി സ്നാനപ്പെടുത്തി. കൈസര്യയിൽ സ്ഥിരതാമസമാക്കി. ഇദ്ദേഹത്തിന്റെ പേരിൽ ഒരു സുവിശേഷം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

ഫീലിപ്പോസ് ശ്ലീഹാ: 12 ശിഷ്യന്മാരിൽ ഒരുവൻ. ബെത്സയിദാക്കാരൻ. നഥാനിയേലിനെ ആനയിച്ചു. 'ഫീലിപ്പോസിന്റെ പ്രവൃത്തികൾ' എന്ന ഒരു രേഖയുണ്ട്. ഏഷ്യാ, ലിദിയാ പ്രദേശങ്ങളിൽ വേല ചെയ്തു. ഒഫിയോറിമയിൽ വച്ച് മരത്തിൽ തലകീഴായി തൂക്കപ്പെട്ട് രക്തസാക്ഷിത്വം വരിച്ചതായി കരുതപ്പെടുന്നു.

ഫീലിപ്പോസ്, ഇ. എം.: ഇടവഴിക്കൽ ഇ. എം. ഫിലിപ്പ്. മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ, മലങ്കര സഭയുടെ രഹസ്യപേടകം (ആത്മകഥ) എന്നീ കൃതികൾ രചിച്ചു. 1858 മകരം 15-ന് ജനിച്ചു. അന്ത്യോഖ്യൻ പക്ഷപാതിയായിരുന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ സെക്രട്ടറി, വ്യവഹാരകാര്യ സെക്രട്ടറി, മലങ്കര അസോസ്യേഷൻ - മാനേജിംഗ് കമ്മിറ്റി സെക്രട്ടറി എന്നീ നിലകളിൽ നിസ്തുല സേവനം നിർവഹിച്ചു. സെമിനാരിക്കേസിന്റെ മുഖ്യ നടത്തിപ്പുകാരൻ. ഇടവകപത്രികയുടെ പത്രാധിപർ. 1914 ചിങ്ങം 9-ന് നിര്യാതനായി. കോട്ടയം വലിയപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

ഫീലിപ്പോസ്, അഡ്വ. ഇ. ജെ.: നിരണം ഇലഞ്ഞിക്കൽ ചാക്കോച്ചന്റെ പുത്രൻ. തിരുവനന്തപുരത്ത് പ്രസിദ്ധ അഭിഭാഷകൻ. വട്ടിപ്പണക്കേസിൽ ജില്ലാ, ഹൈക്കോടതികളിൽ വാദിച്ചു. സഭാഭരണഘടനാശില്പികളിലൊരാൾ. സമുദായക്കേസിൽ നിയമോപദേശകൻ. മാനേജിംഗ് കമ്മറ്റി അംഗം. 1961 മെയ് 3-ന് അന്തരിച്ചു.

ഫീലിപ്പോസ് ഇ. ജോൺ: നിരണം ഇലഞ്ഞിക്കൽ ജോൺ വക്കീലിന്റെ പുത്രൻ. സ്റ്റേറ്റ് കോൺഗ്രസ് സംഘാടകരിൽ ഒരാൾ. ജനകീയ ഭരണം വന്നപ്പോൾ മന്ത്രിയായി. ഐക്യകേരളം നേടിയെടുക്കുവാൻ ശ്രമിച്ചു. അഴിമതി ആരോപണം ഉയർന്നപ്പോൾ രാജി വച്ചു. കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ സ്ഥാപക നേതാക്കളിൽ ഒരാൾ. നിര്യാതനായി.

ഫെയ്ത്ത് ആൻഡ് ഓർഡർ പ്രസ്ഥാനം: വിശ്വാസവും പട്ടത്വവും. ഒരു എക്യുമെനിക്കൽ പ്രസ്ഥാനം. 1927 മുതൽ ലോക സഭാ സമിതികളുടെ

ഒരു ചർച്ചാവേദിയാണിത്. 1948-ലെ ആംസ്റ്റർഡാം സമ്മേളനം മുതൽ പ്രസ്ഥാനം ലൈഫ് ആൻഡ് വർക്ക് പ്രസ്ഥാനവുമായി യോജിച്ചു പ്രവർത്തിക്കുന്നു. അഖിലലോക സഭാ കൗൺസിലിന്റെ ഒരു പ്രധാന കമ്മീഷൻ ആണിത്. 1952-ൽ ലണ്ടനിലും 1963-ൽ മോൺട്രീലിലും 1971-ൽ ലുവെയിനിലും 1924-ൽ ആക്രയിലും 1978-ൽ ബാംഗ്ലൂരിലും 1982-ൽ ലീമായിലും ഇതിന്റെ സമ്മേളനങ്ങൾ ചേർന്നു. പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മാമ്മൂദീസാ, കുർബ്ബാന, പട്ടത്വം എന്നിവയെക്കുറിച്ച് ഒരു പ്രമാണരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കത്തോലിക്കാ-ഓർത്തഡോക്സ്-പ്രൊട്ടസ്റ്റണ്ട് വേദശാസ്ത്രജ്ഞന്മാരുടെ കൂട്ടായ ചർച്ച ഈ രേഖകളിൽ പ്രതിഫലിക്കുന്നു.

ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ് (1): ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് വൈദികനായിരുന്നപ്പോൾ 1967-ൽ വിദ്യാർത്ഥികൾക്കായി രചിച്ച പ്രശസ്ത കൃതി. പൗരസ്ത്യ ഓർത്തഡോക്സ് സഭാപിതാക്കന്മാരെ പരിചയപ്പെടുത്തുന്ന ലഘു കൃതി.

ഫെയ്ത്ത് ഓഫ് അവർ ഫാദേഴ്സ് (2): മലങ്കരസഭയുടെ ചരിത്രം, ഉപദേശം എന്നിവയെക്കുറിച്ച് വൈദിക വിദ്യാർത്ഥി ആയിരുന്ന ചീരൻ വർഗ്ഗീസ് എഴുതിയ ഗ്രന്ഥം. വട്ടശ്ശേരിൽ തിരുമേനിയുടെ നോട്ടുകൾ ആധാരമാക്കി 1920-കളിൽ പഴഞ്ഞി സ്വദേശിയായ വർഗ്ഗീസ് മലയാളത്തിൽ രചിച്ച കൃതി ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു (4-12 -2000).

ഫെലിസ്ത്യർ: അബ്രഹാമിന്റെ കാലം മുതൽ (ഉല്പ. 10:14) ശക്തരും പോരാളികളുമായ ഫെലിസ്ത്യരെപ്പറ്റി പരാമർശമുണ്ട്. കനാൻ നാട്ടിൽ ഇസ്രായേൽ പ്രവേശിച്ചതു മുതൽ അവർ തമ്മിൽ സംഘർഷം തുടങ്ങി. ന്യായാധിപ-രാജാക്കന്മാരുടെ കാലഘട്ടങ്ങളിൽ സംഘർഷം തുടർന്നു. ദാഗോൻ, അസ്തോരേത്ത്, ബേൽസ്ബൂബ് എന്നിവർ ഫെലിസ്ത്യ ദേവന്മാർ. ക്ഷേത്രങ്ങളും ഉണ്ടായിരുന്നു. ഫെലിസ്ത്യരുടെ നിവാസഭൂമി എന്നാണ് പാലസ്തീൻ എന്ന പേരിന്റെ അർത്ഥം. ഇന്ന് പാലസ്തീൻകാർ മിക്കവാറും അറബികളാണ്. സംഘർഷം ഇപ്പോഴും തുടരുന്നു.

ഫേബാ: ശോഭിക്കുന്നവൾ എന്ന് അർത്ഥം. കെംക്രയ സഭയിലെ ശെമ്മാശിനി. റോമാലേഖനം ഫേബ വശം കൊരിന്തിൽ നിന്ന് റോമിലേക്ക് കൊടുത്തയച്ചു (റോമ. 16:1).

ഫോർമലിസം: മൂന്ന് അർത്ഥതലങ്ങൾ. 1. ബാഹ്യാചാരങ്ങൾക്ക് അമിത പ്രാധാന്യം നൽകൽ. 2. അവസരവാദത്തിന്റെ പര്യായമായി ഈ പദം ഉപയോഗിച്ചിരുന്നു. 3. നിയമത്തിന്റെ മൂല്യം വിസ്മരിച്ച് അക്ഷരത്തിന്

പ്രാധാന്യം നൽകൽ.

ഫ്രാൻസിസ് ഓഫ് അസ്സീസി, വി.: 1181-ൽ ജനനം. 1226-ൽ മരണം. അസ്സീസിയിലെ ഒരു ഗുഹയിൽ വച്ച് ക്രിസ്തുദർശനം ഉണ്ടായി. ദാരിദ്ര്യ വ്രതം സ്വീകരിച്ചു. ക്രിസ്തുവിനെ പൂർണ്ണമായി അനുകരിക്കുവാൻ ശ്രമിച്ചു. അനുയായികളെ ചേർത്തു ഫ്രാൻസിസ്ക്കൻ സന്യാസ സഭയുണ്ടാക്കി. സന്യാസിനീ സമൂഹവും ഉണ്ടായി. പ്രപഞ്ചജീവികളെ സ്നേഹിച്ച അദ്ദേഹം ക്രിസ്തുവിന്റെ പഞ്ചക്ഷതങ്ങൾ സ്വശരീരത്തിൽ അനുഭവിച്ചു.

ഫ്രാൻസിസ് ഗാർസിയാ: ഉദയംപേരൂർ സിനഡ് കഴിഞ്ഞ് 1599 മുതൽ ജസ്യൂട്ട് സഭ മലങ്കരയെ ഭരിച്ചു. 1642 മുതൽ 1653 വരെ ഭരിച്ചത് ആർച്ച് ബിഷപ്പ് ഫ്രാൻസിസ് ഗാർസിയാ. വൈദികരുടെ ബ്രഹ്മചര്യം, രൂപങ്ങളുടെ പ്രതിഷ്ഠ, ലത്തീൻ ഭാഷ എന്നിവയിൽ അദ്ദേഹം കടുംപിടുത്തക്കാരൻ ആയിരുന്നു. ഇവ സുറിയാനി പശ്ചാത്തലമുള്ള മലങ്കരസഭയെ പ്രകോപിപ്പിച്ചു. തോമ്മാ അർക്കദിയാക്കോനെ ഗാർസിയാ പൂർണ്ണമായും അവഗണിച്ചു. അഹത്തള്ളായുടെ വരവും വധവും ഇക്കാലത്താണ് സംഭവിച്ചത്. മട്ടാഞ്ചേരിയിലെ കൂനൻകുരിശിൽ ഗാർസിയായ്ക്കും റോമൻ അധീശത്വത്തിനും എതിരായി തോമ്മാ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ മലങ്കര സഭ വിമോചനപ്രതിജ്ഞ പ്രഖ്യാപിച്ചു. മാർത്തോമ്മാ ഒന്നാമനെ സൈനികമായി വേട്ടയാടുവാനും ബന്ധനസ്ഥനാക്കുവാനും ഗാർസിയ ഭടന്മാരെ ഏർപ്പാടാക്കിയിരുന്നു.

ഫ്രാൻസിസ് സേവിയർ (1506-1552): റോമ്മൻ കത്തോലിക്കാ മിഷണറി. 1534-ൽ പാരീസിൽ വച്ച് ഇഗ്നേഷ്യസ് ലയോളയെ കണ്ടുമുട്ടി. അദ്ദേഹം രൂപംകൊടുത്ത ജസ്യൂട്ട് സമൂഹത്തിൽ അംഗമായി. 1537-ൽ പട്ടമേറ്റു. 1540 മാർച്ച് 15-ന് ഇന്ത്യയിലേക്ക് പുറപ്പെട്ടു. ഇന്ത്യയുടെ തെക്കു കിഴക്കൻ തീരപ്രദേശങ്ങളിൽ മുക്കുവരുടെ ഇടയിൽ പ്രവർത്തിച്ചു. 1544-ൽ പതിനായിരത്തിലധികം പേരെ അദ്ദേഹം സഭയിൽ ചേർത്തു. മലാക്കയിലും നരഭോജികൾ ഉള്ള മൊളൂക്കാസ് ദ്വീപുകളിലും അദ്ദേഹം പ്രവർത്തിച്ചു. ജപ്പാനിലും സുവിശേഷവേല ചെയ്തു. പിന്നീട് ഇന്ത്യയിൽ ജസ്യൂട്ട് പ്രവിശ്യാ സുപ്പീരിയർ ആയി. 1552 ഡിസം 3-ന് രോഗബാധിതനായി; നിര്യാതനായി. ഇദ്ദേഹത്തിന്റെ മൃതശരീരം ഗോവായിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ഫ്രാൻസിസ്ക്കൻ സന്യാസസമൂഹം: '*ഫ്രാൻസിസ് ഓഫ് അസ്സീസി*' കാണുക.

ഫ്രെദ്യൂത്തെ: '*പേറെദ്യൂത്തെ*' കാണുക.

ബ

ബ്കുൽമേദേം എസ്ബാക്കീസ്: 'അഖിലം ഞാനാരാഞ്ഞിട്ടും' എന്നാരംഭിക്കുന്ന ഒരു സുറിയാനിഗാനം. ആ രാഗത്തിനും ആ പേർ ഉപയോഗിക്കുന്നു.

ബ്കുലഹൂൻ യൗമോസോ ദ്ഹായൈൻ ല് ഒൽമ്മീൻ: 'ഞങ്ങളുടെ ജീവിതനാളുകൾ മുഴുവനിലും' എന്നർത്ഥം. പ്രുമിയോനുകളുടെ ഉപസംഹാര ഭാഗം. ഇത് ഇപ്പോഴും സുറിയാനിയിൽത്തന്നെ ചൊല്ലുന്നു.

ബത്താസർ: യേശുവിനെ സന്ദർശിച്ച മൂന്ന് പൗരസ്ത്യ വിദ്വാന്മാരിൽ ഒരാൾ. മൂര് കാഴ്ച വച്ചത് ബത്താസർ ആണെന്ന് പാരമ്പര്യം. മറ്റ് രണ്ടു പേർ മെൽക്കിയോർ, കാസ്പർ.

ബത്രൈഹൂൻ ഒൽമെല് ഓലം ഒൽമ്മീൻ: 'രണ്ടു ലോകങ്ങളിലും എന്നേക്കും ഉണ്ടായിരിക്കട്ടെ' എന്നർത്ഥം.

ബഞ്ചമിൻ കോശി, ജസ്റ്റീസ്: പത്തനംതിട്ട ജില്ലയിലെ ആറാട്ടുപുഴ കാളിയാങ്കലായ വലിയവീട്ടിൽ താഴത്തേടത്തു കെ. ഒ. കോശിയുടെ പുത്രനായി 1947 മെയ് 13-ന് ജനിച്ചു. മാർ ഈവാനിയോസ് കോളജിൽ നിന്നു രസതന്ത്രത്തിൽ ബിരുദം. എറണാകുളം ലോ കോളജിൽ നിന്നു ബി. എൽ., എൽ. എൽ. എം. ബിരുദങ്ങൾ. അഭിഭാഷകനായി 1968 ഒക്ടോബറിൽ സന്നതെടുത്തു. 17-1-96 ൽ കേരള ഹൈക്കോടതി ജഡ്ജിയായി. ആസ്പിൻ വോൾ കമ്പനി, വില്യം ഗൂഡേക്കർ കമ്പനി എന്നിവയുടെ ഡയറക്ടർ. തികഞ്ഞ സഭാ സ്നേഹി. കൊച്ചി ഭദ്രാസന കൗൺസിൽ മെമ്പർ ആയി പ്രവർത്തിച്ചിട്ടുണ്ട്.

ബത്തർശീൽ: മേല്പട്ടക്കാർ കാപ്പയുടെ മീതെ മുമ്പിലും പിമ്പിലുമായി ധരിക്കുന്ന വലിയ ഊറാറ. ഇതിനെ ഇപ്പോൾ പത്രസീൻ എന്ന് പറയുന്നു.

ബഥാന്യ: അനന്യ (നെഹ. 11:32) എന്നും ഇപ്പോൾ ഏലാസരിയേ (ലാസറിന്റെ സ്ഥലം) എന്നും പേരുള്ള സ്ഥലം. ഒലീവ് മലയുടെ തെക്കേ ചെരുവിൽ. ആശ്വാസഭവനം എന്നർത്ഥം. അത്തിയുടെ ഭവനം എന്നും

ഉത്തരം നൽകുന്ന ഭവനം എന്നും പറയാം. യേശു പലപ്പോഴും താമസിച്ച ലാസർ, മാർത്ത, മറിയം ഇവരുടെ വീട് ഇവിടെയാണ്.

ബർക്യോമ്മോ: ഉടമ്പടിയുടെ മകൻ. വ്രതമെടുത്തവൻ.

ബനായ്ക്യോമോ: ഉടമ്പടി ചെയ്ത മക്കൾ.

ബസ്ക്യോമ്മോ: ഉടമ്പടിയുടെ മകൾ. വൈദിക പത്നിയെ ഈ പദം കൊണ്ട് അഭിസംബോധന ചെയ്യുന്നു.

ബർത്തുൽമായി: തുൽമായിയുടെ പുത്രൻ. 12 ശ്ലീഹരിൽ ഒരുവൻ. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. നഥാനിയേൽ ഇദ്ദേഹം തന്നെ എന്ന് ചിന്തിക്കുന്നവരുണ്ട്. ബർത്തുൽമായിയുടെ രക്തസാക്ഷിത്വം എന്ന ഒരു അപ്പൊക്രിഫൽ കൃതിയുണ്ട്. ഇദ്ദേഹം ഇന്ത്യയുടെ സുവിശേഷകൻ എന്നും പാരമ്പര്യമുണ്ട്.

ബനിയൻ, ജോൺ (1628-88): വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളുടെ ഉടമ. ദരിദ്രപശ്ചാത്തലം. പരദേശി മോക്ഷയാത്ര, തിരുപ്പോരാട്ടം, ആത്മകഥനം, പാപികളിൽ പ്രമുഖന് അത്യന്തം വർദ്ധിച്ച കൃപ എന്നീ കൃതികൾ പ്രസിദ്ധം.

ബർദൈസാൻ: സ്വദേശം ഉറഹാ. എ. ഡി. 154-നും 222-നും ഇടയിൽ ജീവിച്ചു. മാബൂഗിൽ ജനിച്ചു. 25-ാം വയസ്സിൽ ക്രിസ്തുമതം സ്വീകരിച്ച് പുരോഹിതനായി. വേദശാസ്ത്രം, തത്വശാസ്ത്രം, തർക്കശാസ്ത്രം, നിയമം, ഭൂമിശാസ്ത്രം, വാനനിരീക്ഷണം എന്നീ വിഷയങ്ങളിൽ കാവ്യങ്ങളും ഗ്രന്ഥങ്ങളും രചിച്ച് പ്രസിദ്ധനായി. സുറിയാനി രചനകൾ ശിഷ്യൻ ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തു.

ബർന്നബാസ് (ലേഖനം): ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിന്റെ ഒടുവിലോ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ എഴുതപ്പെട്ടു. പൗലൂസിന്റെ കൂട്ടുവേലക്കാരൻ എന്നാണ് പൊതുവേ അഭിപ്രായം. അപ്പോസ്തോലിക പിതാക്കന്മാരുടെ കൃതികളിൽ ഈ ലേഖനം ഉൾപ്പെടുന്നു. വേദശാസ്ത്രപരം (1-17 അധ്യായങ്ങൾ), സന്മാർഗ്ഗപരം (18-21) എന്നീ രണ്ട് ഭാഗങ്ങൾ ഈ ലേഖനത്തിനുണ്ട്.

ബർന്നബാസ്, മാത്യൂസ് മാർ: പെരുമ്പാവൂർ വെങ്ങോല കല്ലറയ്ക്കപറമ്പിൽ കെ. വി. കോരയുടെ മകൻ. 1924 ഓഗസ്റ്റ് 9-ന് ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബിരുദവും ഉസ്മാനിയാ യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദവും സെറാമ്പൂരിൽ നിന്ന് ബി. ഡി. യും എടുത്തു. 1943-ൽ ശെമ്മാശൻ. 1951-ൽ കശ്ശീശാ. വൈദികസെമിനാരിയിൽ അധ്യാപകനും വാർഡനുമായി. 1977 മെയ് 15-ന് മാവേലിക്കര അസോസ്യേ

ഷൻ തെരഞ്ഞെടുപ്പിനെത്തുടർന്ന് 1978 മെയ് 15-ന് പഴഞ്ഞിയിൽ വെച്ച് മാത്യൂസ് പ്രഥമൻ കാതോലിക്കാ മേല്പട്ടം നൽകി. അങ്കമാലിയുടെ അസിസ്റ്റന്റ് ആക്കി. 1981 ഫെബ്രുവരിയിൽ കോട്ടയം പഴയസെമിനാരിയിൽ വെച്ച് മെത്രാപ്പോലീത്താ സ്ഥാനം നൽകി. കോട്ടയം ഭദ്രാസനത്തിന്റെ അസിസ്റ്റന്റ്, ഇടുക്കി ഭദ്രാസനാധിപൻ എന്നീ സ്ഥാനങ്ങൾക്ക് ശേഷം 1992 മുതൽ അമേരിക്കയുടെ ചുമതല വഹിക്കുന്നു. മർത്തമറിയം സമാജം, ബാലികാസമാജം എന്നിവയുടെ പ്രസിഡണ്ട്, മലങ്കരസഭ പത്രാധിപ സമിതി പ്രസിഡണ്ട്, ദിവ്യബോധനം വൈസ് പ്രസിഡണ്ട് എന്നീ നിലക ളിൽ സേവനം അനുഷ്ഠിച്ച ഇദ്ദേഹം കുർബ്ബാനയുടെ വ്യാഖ്യാനം രചിച്ചു. ധ്യാനഗുരു, സംഘാടകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രശസ്തൻ.

ബർന്നബാസിന്റെ സുവിശേഷം: ഇറ്റാലിയൻ ഭാഷയിലുള്ള വ്യാജ ലിഖിതം. 15-ാം നൂറ്റാണ്ടിന് ശേഷമുള്ളത്. ക്രിസ്തുമതം ത്യജിച്ച് ഇസ്ലാം സ്വീകരിച്ച ആളാണ് ഗ്രന്ഥകർത്താവ്.

ബർസൗമ്മാ (അന്ത്യോഖ്യാ): എ. ഡി. 5-ാം നൂറ്റാണ്ടിൽ ജീവിച്ച സന്യാസി. 5-ാം തുബ്ദേനിൽ ഓർക്കുന്നു. വിശുദ്ധൻ. 458 ഫെബ്രു. 1-ന് അന്തരിച്ചു. മെലിത്തേനിൽ ഇദ്ദേഹത്തിന്റെ പേരിൽ ഒരാശ്രമമുണ്ട്. കബ റിടം തീർത്ഥാടനകേന്ദ്രമാണ്.

ബർസൗമ്മാ (പേർഷ്യൻ): എ. ഡി. അഞ്ചാം നൂറ്റാണ്ട്. നിസിബീ സിലെ ബിഷപ്പ്. നെസ്തോറിയൻ. പേർഷ്യയിൽ നെസ്തോറിയനിസം പ്രചരിപ്പിച്ചു.

ബസ്പുർക്കാന: ശുദ്ധീകരണസ്ഥലം. മരിച്ചുപോയവരുടെ ആത്മാ ക്കൾ അവരവരുടെ പാപങ്ങളനുസരിച്ച് ഇവിടെ വച്ച് ദണ്ഡനം അനുഭവിച്ച് ശുദ്ധീകരിക്കപ്പെടുന്നു എന്ന് കത്തോലിക്കാസഭ പഠിപ്പിച്ചു. പണം കൊടുത്ത് പാപ്പായിൽ നിന്ന് ദണ്ഡവിമോചനച്ചീട്ട് വാങ്ങിയാൽ ദണ്ഡന ത്തിൽ നിന്നൊഴിവാക്കുമെന്ന പഠിപ്പിക്കലിനെതിരെയാണ് മാർട്ടിൻ ലൂഥർ നവീകരണപ്രസ്ഥാനം ആരംഭിച്ചു.

ബസ്മൽക്കോ: രാജപുത്രി എന്നർത്ഥം. ദൈവമാതാവിനെ ഓർത്തു ചൊല്ലുന്ന ധൂപപ്രാർത്ഥനയിലെ കുക്കിലിയോന്റെ ആദ്യപദങ്ങൾ (സങ്കീ. 45:9).

ബസ്സിലിക്കാ: ക്രിസ്ത്യൻ ആരാധനയ്ക്കുപയോഗപ്പെടുത്തിയ കെട്ടിട ങ്ങൾ. ചില ദേവാലയങ്ങൾക്ക് പോപ്പ് നൽകുന്ന പദവിയാണിപ്പോൾ. മേജർ ബസ്സിലിക്കാകളും മൈനർ ബസ്സിലിക്കാകളുമുണ്ട്.

ബസ്സേലിയോസ്: മലങ്കര ഓർത്തഡോക്സ് സഭയിലെ കാതോലി

ക്കാമാരുടെ സ്ഥാനപ്പേര്‍. 4-ാം നൂറ്റാണ്ടില്‍ കൈസരിയന്‍ മെത്രാപ്പോലീത്താ ഒരു ബസ്സേലിയോസ് ആയിരുന്നു. ആ പേര്‍ തെഗ്രീസിലെ കാതോലിക്കാ സ്ഥാനനാമമായി ഉപയോഗിച്ചു. ആ പാരമ്പര്യം മലങ്കരസഭയില്‍ തുടരുന്നു.

ബസ്സേലിയോസ് കൈസരിയ (330–379): കപ്പദോക്യന്‍ പിതാക്കന്മാരില്‍ പ്രഥമന്‍. പൗരസ്ത്യ ഗ്രീക്ക് സന്യാസ നായകന്‍. ഒരു സഹോദരന്‍ നിസ്സായിലെ മെത്രാനായിരുന്ന ഗ്രീഗോറിയോസ്. മറ്റൊരു സഹോദരന്‍ പത്രോസ് സെബസ്ക്കിയില്‍ മെത്രാന്‍. മൂത്ത സഹോദരി മക്രീന സന്യാസിനി. നാസിയാന്‍സസിലെ ഗ്രിഗോറിയോസ് സുഹൃത്ത്. അവര്‍ രണ്ടു പേരും കൂടി ഒറിഗന്റെ ആത്മീയ പ്രബോധനങ്ങളെ ഫിലോക്കാലിയ എന്ന പേരില്‍ ക്രോഡീകരിച്ചു. കൈസറിയായുടെയും പൊന്തോസിന്റെയും മെത്രാനായി വാഴിക്കപ്പെട്ടു. അറിയോസ്-മക്കദോനിയോസ് ചിന്തകളെ ചെറുത്തു. പരിശുദ്ധാത്മാവിനെ സംബന്ധിച്ച പ്രബന്ധം രചിച്ചു. സാമൂഹ്യ പ്രവര്‍ത്തനത്തിന്റെ ഭാഗമായി ആശുപത്രികള്‍, വഴിയോര വിശ്രമാലയങ്ങള്‍, ധര്‍മ്മശാലകള്‍, തൊഴില്‍ശാലകള്‍ എന്നിവ നിര്‍മ്മിച്ചു. ഓരോ പട്ടണത്തിലും 'ദരിദ്രരുടെ സംരക്ഷണകേന്ദ്രം' സ്ഥാപിച്ചു. വിശ്വാസ സമര്‍ത്ഥനപരം, വേദപുസ്തകപരം, സാമൂഹ്യസേവനപരം, സ്വകാര്യകത്തുകള്‍ എന്ന് അദ്ദേഹത്തിന്റെ കൃതികള്‍ നാലു വിഭാഗമായി തിരിച്ചിട്ടുണ്ട്. 379 ജനു. 1-ന് അദ്ദേഹം ദിവംഗതനായി.

ബസ്സേലിയോസ് യല്‍ദോ, മാര്‍: 1685-ല്‍ മലങ്കരയില്‍ വന്ന മഫ്രിയാന-കാതോലിക്കാ സ്ഥാനങ്ങള്‍ വഹിച്ചിരുന്ന പേര്‍ഷ്യയിലെ മാര്‍ മത്തായിയുടെ ദയറായിലെ സഭാധ്യക്ഷന്‍. അര്‍മ്മീനിയന്‍ കച്ചവടക്കാരുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തില്‍ ഇദ്ദേഹവും മാര്‍ ഈവാനിയോസും സൂറത്ത് വഴി കോതമംഗലത്തെത്തി. വൃദ്ധനായ ഇദ്ദേഹം 13-ാം ദിവസം അന്തരിച്ചു. കോതമംഗലം ചെറിയപള്ളിയുടെ മദ്ബഹായില്‍ തെക്കുഭാഗത്തായി കബറടക്കപ്പെട്ടു. കന്നി 20-ന് (ഒക്ടോ. 3-ന്) ഇദ്ദേഹത്തിന്റെ പെരുന്നാള്‍ ആഘോഷിക്കുന്നു. കൂടെവന്ന ഈവാനിയോസ് എപ്പിസ്ക്കോപ്പായെ അദ്ദേഹം സെപ്തം. 24-ന് മെത്രാപ്പോലീത്താ ആയി അവരോധിച്ച് സുസ്താത്തിക്കോന്‍ നല്‍കി. അലക്സാന്ത്രിയ പാത്രിയര്‍ക്കീസുമായി സംസര്‍ഗ്ഗം പുലര്‍ത്തിയ ആളാണെന്ന് അദ്ദേഹത്തിന്റെ പള്ളിക്രമങ്ങള്‍ തെളിയിക്കുന്നു. 1947 നവം. 2-ന് മലങ്കരയിലെ സിന്നഡ് ഇദ്ദേഹത്തെ വിശുദ്ധനെന്ന് പ്രഖ്യാപിച്ചു. കോതമംഗലം പള്ളിയിലെ ഇദ്ദേഹത്തിന്റെ കബറിടം തീര്‍ത്ഥാടനകേന്ദ്രമാണ്.

ബസ്സേലിയോസ് ശക്രള്ളാ, മാര്‍: 1751-ല്‍ മലങ്കരയില്‍ വന്ന മൂന്നംഗ സഭാധ്യക്ഷ സംഘത്തിന്റെ നേതാവ്. കുറെക്കാലം കുന്നംകുളം ചിറളയം

പള്ളിയിൽ താമസിച്ചു. പിന്നീട് അന്ത്യംവരെ മട്ടാഞ്ചേരിയിൽ പാർത്തു. അന്നത്തെ മലങ്കരസഭാധ്യക്ഷൻ 5-ാം മാർത്തോമ്മായുമായി രമ്യതപ്പെട്ടില്ല. കാട്ടുമങ്ങാട്ട് കുരിയന് കൂറിലോസ് എന്ന പേരിലും ജോർജ്ജിന് ഗീവർഗ്ഗീസ് എന്ന പേരിലും കശ്ശീശാപട്ടം നൽകി. കൈവശമുണ്ടായിരുന്ന വി. ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് കൂറിലോസ് കശ്ശീശായെ ഏല്പിച്ചു. മഫ്രിയാന 1764 ഒക്ടോബർ 20-ന് കണ്ടനാട് പള്ളിയിൽ കബറടങ്ങി. മട്ടാഞ്ചേരിപള്ളി സ്ഥാപിച്ചത് ഇദ്ദേഹമാണ്.

ബസ്സേലിയോസ് പൗലൂസ് പ്രഥമൻ: '*കാതോലിക്കാമാർ, മലങ്കരയിലെ*' കാണുക.

ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ: '*കാതോലിക്കാമാർ, മലങ്കരയിലെ*' കാണുക.

ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ: '*കാതോലിക്കാമാർ, മലങ്കരയിലെ*' കാണുക.

ബസ്സേലിയോസ് ഔഗേൻ പ്രഥമൻ: '*കാതോലിക്കാമാർ, മലങ്കരയിലെ*' കാണുക.

ബസേലിയോസ് മാത്യൂസ് പ്രഥമൻ: '*കാതോലിക്കാമാർ, മലങ്കരയിലെ*' കാണുക.

ബസേലിയോസ് മാത്യൂസ് ദ്വിതീയൻ: '*കാതോലിക്കാമാർ, മലങ്കരയിലെ*' കാണുക.

ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ: '*കാതോലിക്കാമാർ, മലങ്കരയിലെ*' കാണുക.

ബൾഗേറിയൻ സഭ: 9-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ സഭ. ബൈസന്റയിൻ പാരമ്പര്യം. കോൺസ്റ്റാന്റിനോപ്പിളിന്റെ കീഴിലായിരുന്നു. 13-ാം നൂറ്റാണ്ടിൽ സ്വതന്ത്രമായി. പൂർണ്ണസ്വാതന്ത്ര്യം 1945-ലേ കിട്ടിയുള്ളൂ. 60 ലക്ഷം വിശ്വാസികളും രണ്ടായിരത്തിലേറെ പള്ളികളും രണ്ടു ഡസനിലേറെ മേല്പട്ടക്കാരും 2000-ൽ പരം പുരോഹിതന്മാരുമുണ്ട്.

ബറബ്ബാസ്: അപ്പന്റെ മകൻ എന്ന് അർത്ഥം. പീലാത്തോസ് ജനഹിത പ്രകാരം ബറബാസിനെ വിട്ടയക്കുകയും യേശുവിനെ കുരിശിൽ തറയ്ക്കുവാൻ വിട്ടുകൊടുക്കുകയും ചെയ്തു.

ബാക്കോസ്: '*സർഗീസ്, ബാക്കോസ്*' കാണുക.

ബാപ്റ്റിസ്റ്റുകൾ: വലിയ പ്രൊട്ടസ്റ്റണ്ട് സഭകളിൽ ഒന്ന്. ബില്ലിഗ്രഹാം,

മാർട്ടിൻ ലൂതർ കിംഗ് തുടങ്ങിയവർ ഈ സഭയിൽ പെട്ടവരാണ്.

ബാർത്ത്, കാൾ (1866–1968): പ്രൊട്ടസ്റ്റണ്ട് ദൈവശാസ്ത്രജ്ഞൻ. ജനീവയിൽ പട്ടക്കാരൻ, പ്രൊഫസർ. റോമാലേഖനത്തിന് വ്യാഖ്യാനമെഴുതി. നാസിസത്തെ ചെറുത്തു. സിസ്റ്റമാറ്റിക് തിയോളജിയുടെ വക്താവ്. മനുഷ്യൻ തികച്ചും ദൈവകൃപയുടെ ആശ്രിതൻ എന്ന് പഠിപ്പിച്ചു.

ബാബിലോൺ: ബാബേൽ. അതിപ്രാചീന സംസ്കാരകേന്ദ്രം. നിമ്രോദ് സ്ഥാപിച്ചു. യൂഫ്രട്ടീസിന്റെ കരയിൽ. ബാഗ്ദാദിന്റെ അമ്പത് മൈൽ തെക്ക്. ഇന്ന് ശൂന്യം. അബ്രഹാമിന്റെ സമകാലികൻ ഹമ്മുറാബി ഇതിനെ രാജ്യതലസ്ഥാനമാക്കി. ക്ഷേത്രങ്ങളും രാജകൊട്ടാരങ്ങളും ചുറ്റും ഭീമമായ കോട്ടയും നൗകാശയങ്ങളുമുണ്ടായിരുന്നു. ബി. സി. 689-ൽ അശ്ശൂർ രാജാവ് സെൻഹരീബ് ഇതിനെ നിരോധിച്ചു. ഇടിച്ചുനിരത്തി. നെബുക്കദ് നേസർ പണിതുയർത്തി. ബി. സി. 539-ൽ പേർഷ്യൻ രാജാവ് കോരെശ് പിടിച്ചടക്കി. ഇപ്പോൾ മരുഭൂമിയാണ്. ബാബിലോണിനെതിരെയുള്ള പ്രവചനങ്ങൾ (യെശ. 13:1; 14:4; 48:14; യിര. 25:12) നിറവേറി. ഗണിതശാസ്ത്രം, വാനശാസ്ത്രം, ശസ്ത്രപ്രയോഗം, വൈദ്യം എന്നിവയിൽ നിപുണർ. മൺപലകകളിൽ എഴുതി പുസ്തകം രചിച്ചു. ബഹുദേവതാരാധനക്കാർ. ആകാശദേവൻ ബേൽ, ഭൂമിദേവൻ, സൂര്യദേവൻ, ചന്ദ്രദേവി, കാമദേവി എന്നിവർ പ്രധാനികൾ. ഘോഷയാത്രകളും ഉത്സവങ്ങളും ക്ഷേത്രവഴിപാടുകളും സമൃദ്ധം. മിക്ക പരേതരും അന്ധകാരപൂർണ്ണമായ 'അരലൂ' എന്ന സ്ഥലത്ത് ദുരിതം അനുഭവിക്കുമത്രേ. ധൂർത്ത്, വിഗ്രഹാരാധന, കപടഭക്തി, അതിക്രമം, ദുർമാർഗം എന്നിവ നിറഞ്ഞ റോമ്മാനഗരത്തെയും പാപസ്വഭാവത്തെയും പ്രതീകാത്മകമായി ഈ പദം അർത്ഥമാക്കുന്നു.

ബാബുപോൾ, ഡോ. ഡി.: കുറുപ്പംപടി ചീരോത്തോട്ടത്തിൽ പി. എ. പൗലൂസ് കോറെപ്പിസ്ക്കോപ്പായുടെ മകൻ. ഐ. എ. എസിൽ പ്രവേശിച്ചു. കലക്ടർ, പോർട്ട് ട്രസ്റ്റ് ചെയർമാൻ, ചീഫ് സെക്രട്ടറി, ഓംബുഡ്സ്മാൻ തുടങ്ങിയ വലിയ പദവികൾ അലങ്കരിച്ചു. സാഖാ പാത്രിയർക്കീസിന്റെ മലങ്കര സന്ദർശനത്തിൽ സർക്കാർ പ്രതിനിധി ആയും ദ്വിഭാഷി ആയും പ്രവർത്തിച്ചു. വിനി വിസി വിഡി, എ സെയിന്റ് ഫ്രം കൂദേദ്, വേദശബ്ദ രത്നാകരം തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു. സാഖാ പാത്രിയർക്കീസ് ബാർ ഈത്തോ ബ്രീറോ എന്ന ബഹുമതി സമ്മാനിച്ചു.

ബാർ ഈത്തോ ബ്രീറോ: സഭയുടെ നിഷ്ക്കളങ്ക പുത്രൻ എന്നർത്ഥം.

ബാബേൽ: ഗോപുരം പണി, ഭാഷയുടെ കലക്കം എന്നിവയുടെ

പേരിൽ ബാബേൽ കുപ്രസിദ്ധി നേടി. ദൈവത്തോടുള്ള മനുഷ്യന്റെ മറുതലിപ്പ്, അഹങ്കാരം, ശൈഥില്യം എന്നിവയെ ഈ പദം കുറിക്കുന്നു.

ബാബേൽ തീച്ചൂള: രാജാവിന്റെ ബിംബം വന്ദിക്കുവാൻ വിസമ്മതിച്ച ശദ്രക്, മേശക്ക്, അബേദനഗോ എന്നിവരെ രാജാജ്ഞപ്രകാരം തീച്ചൂളയി ലെറിഞ്ഞു എന്നും നാലാമതൊരാളായി അവരോടൊപ്പം അഗ്നിയിൽ സഞ്ച രിച്ച ദൈവം അവരെ രക്ഷപ്പെടുത്തി എന്നും വേദപുസ്തകം വിവരിക്കുന്നു. ഏതു കാലത്തേയും അഗ്നിപരീക്ഷകളെ ആ പദം പ്രതീകമെന്ന നിലയിൽ അർത്ഥമാക്കുന്നു. മൂന്ന് പേരുകൾ സുറിയാനി പാരമ്പര്യത്തിൽ ഹാനനിയ, അസ്സറിയാ, മിശായേൽ എന്ന് വ്യത്യസ്തമായി കാണുന്നു.

ബാബേൽ, രണ്ടാം: ഭാഷാ ശൈഥില്യം ഉണ്ടായ ബാബേൽ സംഭ വത്തെ പുതിയനിയമം പെന്തിക്കോസ്തി പെരുന്നാളിൽ സെഹിയോൻ മാളികയിൽ ശ്ലീഹന്മാർക്ക് ലഭിച്ച ഭാഷാ നൽവരത്തോട് താരതമ്യം ചെയ്യു ന്നുണ്ട്. മാളികയെ രണ്ടാം ബാബേൽ എന്ന് വിശേഷിപ്പിക്കുന്നു.

ബാനർജി, ഡോ. കെ. എം. (1813–1885): ബംഗാളി. 1813 മെയ് 24 ന് ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. 1832–ൽ അദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു. 1839–ൽ ആംഗ്ലിക്കൻ സഭാ വൈദികൻ. സംസ്കൃതം, ഹിന്ദി, ഗ്രീക്ക്, ലത്തീൻ, എബ്രായ, ഒറിയാ, ഇംഗ്ലീഷ്, ബംഗാളി തുടങ്ങിയ ഭാഷകളിൽ കൃതഹസ്തൻ. വിവിധ ഭാഷകളിലായി നിരവധി ആധികാരിക ഗ്രന്ഥങ്ങൾ രചിച്ചു. 1885 മെയ് 11–ന് നിര്യാതനായി.

ബാരാക്ക്: എബ്രായപദം=മിന്നൽ. വിശ്വാസവീരൻ. എബ്രായ ലേഖനത്തിൽ വിശ്വാസവീരന്മാരുടെ പട്ടികയിൽ ബാരാക്കിന്റെ പേരുണ്ട് (എബ്രാ. 11:32; ന്യായാ. 4:6 മു).

ബാലസമാജം: സഭയിലെ ആത്മീയപ്രസ്ഥാനം. 1982–ൽ സംഘടി പ്പിച്ചു. 2007–ൽ ബാലികാ സമാജത്തെക്കൂടി ഉൾപ്പെടുത്തി ബാലസമാജം എന്ന പേരിൽ ഒറ്റ പ്രസ്ഥാനമായി മാറിയിട്ടുണ്ട്.

ബാലായ്, മാർ: എ. ഡി. 350–നും 450–നും ഇടയിൽ ജീവിച്ച സുറി യാനി കവി. അപ്രേമിന്റെ ശിഷ്യൻ. ആലപ്പോയിൽ ഒരു കോർഎപ്പി സ്ക്കോപ്പാ. അഞ്ച് മാത്രകൾ വീതമുള്ള വരികൾ. 9–ാം മണി, സൂത്താറ, ആറാം മണി നമസ്ക്കാരങ്ങളുടെ ഒടുവിൽ ബാലായിയുടെ അപേക്ഷകൾ ക്രമീകരിച്ചിട്ടുണ്ട്.

ബാലികാസമാജം: ആത്മീയസംഘടന. 1984 മുതൽ പ്രത്യേക വാർ ഷിക കോൺഫ്രൻസുകൾ നടത്തിവരുന്നു.

ബാവാകക്ഷി: മലങ്കരയിൽ സഭാവിഭാഗങ്ങളിൽ പാത്രിയർക്കീസ്

ബാവായെ സവിശേഷമായി അനുകൂലിക്കുന്നവർ.

ബാസിലിസ്ക്കസ്: 474-ൽ ലിയോ ഒന്നാമൻ ചക്രവർത്തിയ്ക്കു ശേഷം അധികാരത്തിലേറിയ ബിസന്റയൻ ചക്രവർത്തി. സീനോ തൽ സ്ഥാനം പിന്നീട് കൈവശപ്പെടുത്തി. ബാസിലിസ്ക്കസിനെ വധിച്ചു.

ബാസിലൈഡിസ്: 2-ാം നൂറ്റാണ്ട്. അലക്സാന്ത്രിയൻ ജ്ഞാനവാദി. സുവിശേഷ ഭാഷ്യം 24 വാല്യങ്ങളായി എഴുതി.

ബാറാലോഹോ: ദൈവപുത്രൻ എന്ന് അർത്ഥം. കുക്കിലിയോനുകൾക്ക് പകരം ചില പ്രദേശങ്ങളിൽ ഉപയോഗിച്ചു വന്ന ഗാനമാല.

ബാർ എബ്രായ: '*ഗ്രിഗോറിയോസ് ബാർ എബ്രായ*' കാണുക.

ബാറൂക്ക്: അനുഗ്രഹിക്കപ്പെട്ടവൻ. 1. യിരമ്യായുടെ ശിഷ്യൻ. പ്രവചനം രേഖപ്പെടുത്തി (യിര. 32:12-14; 43:3, 6) 2. അപ്പൊക്രിഫാ ഗ്രന്ഥങ്ങളിലുൾപ്പെട്ട ഒരു പുസ്തകം. യിരമ്യാവിന്റെ ശിഷ്യൻ എഴുതിയത്. 3. ഒരു പുരോഹിതൻ. നെഹമ്യാവ് യരുശലേം പുനർ നിർമ്മിച്ചപ്പോൾ സഹായിച്ച പുരോഹിതൻ (നെഹ. 3:20; 10:6).

ബാറെക്മോർ: കർത്താവേ അനുഗ്രഹിക്കേണമേ എന്ന് അർത്ഥം. ആശിർവാദം അപേക്ഷിച്ചുകൊണ്ട് ആരാധകരോ അവരുടെ പ്രതിനിധിയായി ശെമ്മാശനോ ആരാധനകളിൽ കാർമ്മികനോട് തങ്ങളെ അനുഗ്രഹിക്കുവാനും കൂദാശകളിൽ റൂശ്മ ചെയ്യുവാനും നടത്തുന്ന ഈ അഭ്യർത്ഥനയ്ക്ക് സാമാന്യമായി മൂന്ന് ആശീർവാദ ക്രിയകളിലൂടെയാണ് കാർമ്മികൻ പ്രതികരിക്കുക. 1. ഗാനങ്ങൾ ചൊല്ലുമ്പോൾ ബാറെക്മോർ എന്ന അഭ്യർത്ഥന സ്വീകരിച്ച് കാർമ്മികൻ ത്രിത്വസ്തുതി വാക്യം ഉച്ചരിച്ച് (ശുബഹോ) ജനങ്ങളെ റൂശ്മാ ചെയ്യും (ഗാനശുശ്രൂഷകൾ ജനങ്ങളെ അഭിമുഖീകരിച്ച് നടത്തുന്നത് ഈ റൂശ്മാ അർത്ഥവത്താകുവാനാണ്). കൂദാശാനുഷ്ഠാനങ്ങളിൽ ബാറെക്മോർ ചൊല്ലുമ്പോൾ ത്രിത്വനാമം ചൊല്ലി മൂന്നുവട്ടം റൂശ്മാ ചെയ്യും. 3. കുർബ്ബാനയിലും പള്ളിക്കൂദാശയിലും മാത്രം ബാറെക്മോർ ചൊല്ലുമ്പോൾ 'ബാറെക് ഉ കാദെശ്' എന്ന കാർമ്മികവാക്യം ഉച്ചരിച്ച് രണ്ടും ഒന്നുമായി മുമ്മൂന്ന് റൂശ്മാകൾ നടത്തും. ബാറെക്മോർ എന്ന പദത്തിൽ മൊറിയോ (കർത്താവ് - യജമാനൻ) കാർമ്മികനായ പട്ടക്കാരനോ മേല്പട്ടക്കാരനോ ആണെന്ന് മൂശെ ബർക്കീപ്പായും മറ്റും വ്യാഖ്യാനിച്ചിട്ടുണ്ട്.

പ്രധാന കാർമ്മികന്റെ കൈമുത്തി ശുശ്രൂഷക്കാരൻ വായനകൾ നടത്തുമ്പോഴും സീനിയർ വൈദികസ്ഥാനികളുടെ സാന്നിധ്യത്തിൽ ജൂണിയർ വൈദികസ്ഥാനികൾ പ്രാർത്ഥനകളും ക്രിയകളും നടത്തുമ്പോഴും

അനുഗ്രഹവും അനുവാദവും വാങ്ങിക്കുന്നതിന്റെ സൂചനയായി ബാറെക്മോർ ചൊല്ലി പ്രാർത്ഥന ആരംഭിക്കും. മേല്പട്ടക്കാരുടെയും പട്ടക്കാരുടെയും കൈമുത്തുമ്പോഴും ബാറെക്മോർ പറയും.

ബാറെക് ഉകാദേശ്; വക്സോ: വിശുദ്ധ കുർബ്ബാനയിലെ സ്ഥാപന പദങ്ങൾ. രണ്ടും ഒന്നുമായി മുമ്മൂന്ന് റൂശ്മാകൾ അപ്പവീഞ്ഞുകളിന്മേൽ വരയ്ക്കുന്നു. വക്സോ (മുറിയ്ക്കുകയും ചെയ്തു) എന്ന് പറയുമ്പോൾ അപ്പം ഔപചാരികമായി മുറിയ്ക്കും (നമ്മുടെ സഭയിൽ പരിശുദ്ധാത്മ ആവാസത്തോടെ അപ്പവീഞ്ഞുകളിൽ ഒരു വട്ടം കൂടെ റൂശ്മാ നടത്തും).

ബാറെക് ഉ കാദെശ്: പള്ളിക്കൂദാശയിൽ ഭിത്തികളിലും കട്ടിളപ്പടികളിലും മാമ്മൂദീസാ തൊട്ടിയിലും മൂറോൻ അഭിഷേകം നടത്തുമ്പോൾ ചൊല്ലുന്ന കാർമ്മികപദങ്ങൾ 'ബാറെക് ഉ കാദെശ്' എന്നാണ്.

ബിനോയ്, ചാത്തുരുത്തി: മുളന്തുരുത്തിയിൽ ജിമ്മി ചാത്തുരുത്തിയുടെയും ഏലിയാമ്മയുടെയും മകൻ. ഗിരിപൗർവം എന്ന ഖണ്ഡകാവ്യവും നിരവധി കാവ്യങ്ങളും രചിച്ചു. കോലഞ്ചേരി കോളജിൽ മലയാളം അധ്യാപകനായിരുന്നു. നിര്യാതനായി.

ബിലയാം (ബാലാം): (സംഖ്യ 22, 23, 24 അധ്യായങ്ങൾ). യിസ്രായേലിനെതിരെ ശാപവാക്കുകൾ ചൊരിയാൻ മോവാബ് രാജാവ് ബാലാക്കിനാൽ അയക്കപ്പെട്ട ദർശകൻ. അപ്രകാരം ചെയ്വാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. ഇദ്ദേഹത്തെ നീചപാത്രമായി 2 പത്രോ. 2:15–ൽ കാണുന്നു.

ബിലയാമിന്റെ കഴുത: '*ബിലയാം*' കാണുക. യാത്രാവാഹനമായ കഴുത വഴിമദ്ധ്യേ യാത്ര തുടരാൻ വിസമ്മതിച്ചു. ദർശകൻ കഴുതയെ പലവട്ടം പ്രഹരിച്ചു. അദ്ഭുതകരമായി കഴുത സംസാരിച്ചു. ആ യാത്രയ്ക്കെതിരെ ദൈവദൂതസംഘം വഴിതടഞ്ഞു നിന്നതുമൂലമാണ് മുന്നോട്ട് പോവാനാവാത്തതെന്ന് കഴുത പറഞ്ഞു. പ്രവാചകന് ദർശിക്കാനാവാത്ത ദർശനം കഴുത ദർശിച്ചു.

ബിഷപ്പ്: '*എപ്പിസ്ക്കോപ്പാ*' കാണുക.

ബീമാ: അർത്ഥം: സിംഹാസനം. ന്യായാസനപീഠം. ദേവാലയങ്ങളിൽ ഏവൻഗേലിയോൻ വായന, പ്രസംഗം, സ്ലീബാ ആഘോഷം ഇവ നടത്തുവാൻ ദേവാലയ പ്രാകാരത്തിൽ ക്രമീകരിക്കുന്ന ഉയർന്ന പീഠം. ദേവലോകം, ആർത്താറ്റ്, പുത്തൻകാവ്, പാമ്പാക്കുട (വലിയ) തുടങ്ങിയ പള്ളികളിൽ ഇപ്പോഴും കാണാം. മൂറോൻ കൂദാശയിൽ മൂന്ന് ഗൂദാകളിലൊന്ന് ക്രമീകരിക്കുന്നത് ബീമായിലാണ്. സിനഗോഗുകളിലും കത്തോലിക്കാ –

പ്രൊട്ടസ്റ്റണ്ട് ദേവാലയങ്ങളിലും ഈ പീഠം കാണാം.

ബുക്കാനൻ, ഡോ. ക്ലോഡിയസ് (1766-1815): 1797-ൽ കൽക്കട്ടായിലെത്തി. വെല്ലസ്ലിയുടെ ചാപ്ലെൻ. ക്രിസ്ത്യൻസ് റിസർച്ചസ് ഇൻ ഏഷ്യ (1811), എക്ലീസിയാസ്റ്റിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (1805) പ്രൊമോട്ടിംഗ് ക്രിസ്ത്യാനിറ്റി ഇൻ ഇന്ത്യാ, മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ എന്നീ കൃതികൾ രചിച്ചു. 1806-ൽ മലങ്കരസഭയിലെ പള്ളികൾ സന്ദർശിച്ചു. കണ്ടനാട് വച്ച് 6-ാം മാർത്തോമ്മായുമായി സംഭാഷണം നടത്തി. സഭകൾ തമ്മിലുള്ള സഹകരണം, വേദപുസ്തക വിവർത്തനം എന്നിവയ്ക്കായി വടക്കും തെക്കുമുള്ള പണ്ഡിതരും ജനസമ്മതരുമായ രണ്ടു വൈദികരെ ആറാം മാർത്തോമ്മാ പരിചയപ്പെടുത്തിയതനുസരിച്ച് ബുക്കാനൻ പ്രയോജനപ്പെടുത്തി. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനും കായംകുളം പീലിപ്പോസ് റമ്പാനും തിമ്മയ്യാപ്പിള്ളയും എന്നിങ്ങനെ മൂന്നു പേർ ബുക്കാനന്റെ ശമ്പളം സ്വീകരിച്ച് ബൈബിൾ പരിഭാഷയിൽ ഏർപ്പെട്ടതായി മെമ്മോയേഴ്സിൽ ബുക്കാനൻ സൂചിപ്പിക്കുന്നുണ്ട്. ആറാം മാർത്തോമ്മാ സമ്മാനിച്ച സുറിയാനി വേദപുസ്തകം ബുക്കാനൻ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ലൈബ്രറിക്ക് സമ്മാനിച്ചു. 1808 ജനുവരി 14-ന് ബുക്കാനൻ പാലൂർ-ചാട്ടുകുളങ്ങരപ്പള്ളി സന്ദർശിക്കുകയും, ആ സ്ഥലവും പള്ളിയും ഉള്ളിലുയർത്തിയ മതിപ്പിന്റെ ആദരസൂചകമായി 'മലങ്കരയിലെ എല്ലാ പള്ളികളുടെയും പേരിൽ' ഒരു വലിയ സ്വർണ്ണപ്പതക്കം - പത്താക്ക് - ത്രോണോസിൽ സമർപ്പിക്കുകയും ജീവകാരുണ്യപ്രവർത്തനങ്ങൾക്കായുള്ള ഒരു സംഖ്യ കാണിക്കയായി സമർപ്പിക്കുകയും ചെയ്തു. പുലിക്കോട്ടിൽ മല്പാനും കായംകുളം റമ്പാനും പരിഭാഷപ്പെടുത്തിയ 4 സുവിശേഷങ്ങൾ ബോംബെ കൊറിയർ പ്രസിൽ അച്ചടിച്ച് നൂറ് കോപ്പി സഭയ്ക്ക് നൽകി. സുറിയാനി ബൈബിൾ ലണ്ടനിൽ അച്ചടിപ്പിച്ച് അതിന്റെ കോപ്പികളും മലങ്കരസഭയിലെത്തിച്ചു. ബോംബെ കൊറിയർ പ്രസ്സിൽ അച്ചടിച്ച ഈ ബൈബിൾ - ആദ്യത്തെ മലയാളം ബൈബിൾ വിവർത്തനം - റമ്പാൻ ബൈബിൾ, ബുക്കാനൻ ബൈബിൾ (1811) എന്നീ പേരുകളിൽ അറിയപ്പെടുന്നു. ബുക്കാനന്റെ പുസ്തകങ്ങൾ ആർത്താറ്റ് രക്തസാക്ഷികളെക്കുറിച്ച് അവശേഷിക്കുന്ന ഏക രേഖയാണ്. പില്ക്കാല മിഷണറിമാർ മലങ്കര സഭയിൽ വരുവാൻ ബുക്കാനന്റെ ഗവേഷണഗ്രന്ഥങ്ങൾ പ്രചോദനം നൽകി.

ബുക്കാനൻ, ഡോ. ഫ്രാൻസിസ്: 1762 ഫെബ്രു. 15-ന് എഡിൻബറോയിൽ ജനിച്ചു. ഡോ. തോമസ് ബുക്കാനന്റെ മകൻ. 1800-1801 ൽ 'മദ്രാസിൽ നിന്നും മൈസൂർ, കാനറ, മലബാർ എന്നീ രാജ്യങ്ങളിലൂടെയുള്ള ഒരു യാത്ര" എന്ന വിശിഷ്ട ഗ്രന്ഥം രചിച്ചു. 1800 ഡിസം. 9-ന് കുന്നംകുളം സന്ദർശിച്ച വിവരവും മേല്ക്കൂര നഷ്ടപ്പെട്ട നിലയിൽ പാലൂർ-ചാട്ടുകുള

ങ്ങരപള്ളി ഗംഭീരമായി തലയുയർത്തി നില്ക്കുന്നതിനെപ്പറ്റിയും കുന്നംകുളത്ത് പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ ശിഷ്യനുമൊന്നിച്ച് സന്ദർശിച്ചതിനെപ്പറ്റിയും കുന്നംകുളത്തെ സഭയുടെ ശ്ലൈഹിക പാരമ്പര്യത്തെപ്പറ്റിയും അദ്ദേഹം എഴുതിയ രേഖകൾ ചരിത്രപരമായി വിലപ്പെട്ടവയാണ്. *നിരണം ഗ്രന്ഥവരി* തുടങ്ങിയ സഭാചരിത്രങ്ങൾ അവഗണിച്ച സഭാചരിത്രസംഭവങ്ങൾ ഫ്രാൻസിസ് ബുക്കാനനും ഏതാനും വർഷങ്ങൾക്കു ശേഷം ക്ലോഡിയസ് ബുക്കാനനും അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി. കുന്നംകുളം ക്രിസ്ത്യാനികളുടെ നഗരസംവിധാനം, പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ വസ്ത്രധാരണം, ആകർഷകമായ വ്യക്തിത്വം, അദ്ദേഹത്തിൽ പ്രകടമായ ജൂതസാദൃശ്യം തുടങ്ങിയ കാര്യങ്ങൾ ഒരു ഡോക്ടറുടെ നിരീക്ഷണ വൈഭവത്തോടും സാഹിത്യകാരന്റെ ആവിഷ്ക്കാര ചാരുതയോടും കൂടെ അദ്ദേഹം ചരിത്രത്തിന്റെ ഭാഗമാക്കി. 1829 ജൂൺ 15-ന് അദ്ദേഹം നിര്യാതനായി.

ബുക്കാനന്റെ കേരളം: ഡോ. സി. കെ. കരീം പ്രസിദ്ധീകരിച്ച ഗ്രന്ഥം. ഡോ. ഫ്രാൻസിസ് ബുക്കാനൻ 1801-ൽ രചിച്ച യാത്രാവിവരണത്തിന്റെ വിവർത്തനമാണിത്.

ബുർക്ക്സാ അപ്പം: വാഴ്വിന്റെ അപ്പം. കുർബ്ബാനയ്ക്കായി സമർപ്പിക്കപ്പെടുന്ന അപ്പശേഖരം ഒടുവിൽ വിശ്വാസികൾക്ക് വിഭജിച്ച് കൊടുക്കുന്ന പുരാതനമായ 'അഗപ്പെ'യുടെ അവശിഷ്ടരൂപമായി കുർബ്ബാനയ്ക്ക് തയ്യാറാക്കുന്ന ഒരപ്പം ഒടുവിൽ അനുഗ്രഹിച്ച് വിശ്വാസികൾക്ക് പ്രതീകാത്മക ഭക്ഷണമായി വിഭജിച്ച് ശുശ്രൂഷകൻ നൽകുന്നു. അഗപ്പെയിൽ വിളമ്പുകാർ ശെമ്മാശന്മാർ - ശുശ്രൂഷകർ - ആയിരുന്നു.

ബെയിലി, ബെഞ്ചമിൻ (1791-1871): 1816-1850 വരെ കോട്ടയം കേന്ദ്രമാക്കി പ്രവർത്തിച്ച സി. എം. എസ്. മിഷണറി. ആംഗ്ലിക്കൻസഭയുടെ ബുക്ക് ഓഫ് കോമൺ പ്രയർ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. പുതിയനിയമം 1829-ലും രണ്ടു നിയമങ്ങളും 1842-ലും മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. സ്വയം രൂപകല്പന ചെയ്ത പ്രസ്സിലാണ് അച്ചടി നിർവഹിച്ചത്. മലയാളം - ഇംഗ്ലീഷ്, ഇംഗ്ലീഷ് - മലയാളം നിഘണ്ടുക്കളും തയാറാക്കിയ അദ്ദേഹം ആരംഭകാലത്ത് പഴയ സെമിനാരി കേന്ദ്രമാക്കി പ്രവർത്തിച്ചു.

ബെയ്‌ലി പ്രസ്: ബെഞ്ചമിൻ ബെയിലി സ്വകീയമായി സംവിധാനം ചെയ്ത് കോട്ടയം ചാലുകുന്നിൽ സ്ഥാപിച്ച പ്രസ്. അദ്ദേഹം വിവർത്തനം ചെയ്ത ബൈബിളും മറ്റും അച്ചടിച്ച് പ്രസിദ്ധീകരിച്ചത് ഈ പ്രസിൽ നിന്നാണ് (1829).

ബെസ് അവിയൂസോ: അർത്ഥം സമാധാന ഭവനം. 1958-ൽ ഉണ്ടായ സഭാ സമാധാനത്തെ അനുസ്മരിച്ചുകൊണ്ട് തൃശ്ശൂർ സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ പണിത കെട്ടിടത്തിന് പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ ഈ പേർ നൽകി.

ബെസ് അവിയൂസോ: കൊച്ചി ഭദ്രാസനത്തിൽ അരീപ്പാലത്ത് പ്രവർത്തിക്കുന്ന വൃദ്ധഭവനത്തിന് ഈ പേർ ആണ് നൽകിയിട്ടുള്ളത്.

ബെസ്കുദിശാ: വിശുദ്ധിയുടെ ഭവനം എന്നർത്ഥം. മദ്ബഹായുടെ ഒരു വിശേഷണം.

ബെസ്ഗാസാ മുറി: കോട്ടയം പഴയസെമിനാരിയിലെ മേമ്പൂട്ടുമുറി. താക്കോലുകൾ മൂന്നെണ്ണം മൂന്ന് ട്രസ്റ്റിമാർ വശമായിരുന്നു പണ്ട്. ഇത് കുത്തിത്തുറന്ന് അനധികൃതമായി പീറ്റ് സായിപ്പ് മലങ്കരസഭയെ ചേപ്പാട്ട് മെത്രാച്ചന്റെ കാലത്ത് പ്രകോപിപ്പിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്ത് മൂന്നു താക്കോലുകളും അദ്ദേഹം കൈവശം വച്ചുവെന്ന് പറഞ്ഞാണ് വൈദിക-അത്മായ ട്രസ്റ്റിമാർ പിണങ്ങിയത്. മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനം ദേവലോകമായതോടെ ഈ മുറിയുടെ പ്രസക്തി നഷ്ടപ്പെട്ടു.

ബെസ്പുർക്കാന: ക്രിസ്തുവിൽ മരിച്ചവർക്ക് പാപശുദ്ധീകരണ സ്ഥലം. ഇത് കത്തോലിക്കാ ഉപദേശമാണ്.

ബേക്കർ ഹെൻറി: കോട്ടയം പഴയസെമിനാരി കേന്ദ്രമാക്കി പ്രവർത്തിച്ച ആദ്യ സി. എം. എസ്. മിഷണറിമാരിലൊരാൾ. ബേക്കർ 1818-ൽ സകുടുംബം എത്തി. പള്ളികളോട് ചേർത്ത് വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ ബേക്കർ കൂടുതൽ ശ്രദ്ധിച്ചു. 1821-ൽ സ്കൂളുകൾ 35 എണ്ണമായി. 1821-ൽ കോട്ടയത്ത് അധ്യാപകപരിശീലനത്തിനായി ഒരു ഗ്രാമർ സ്കൂൾ സ്ഥാപിച്ചു. പള്ളം, കൊല്ലാട്, ഒളശ്ശ എന്നിവിടങ്ങളിൽ സി. എം. എസ്. പള്ളികൾ പണിയിച്ചു.

ബേക്കർ, മിസ്സിസ്: മിസ്സിസ് ബേക്കർ മിസ്സിസ് ഫെന്നിന്റെ സഹായത്തോടെ 1918-ൽ ബേക്കർ ബംഗ്ലാവിൽ പെൺകുട്ടികൾക്കായി തിരുവിതാംകൂറിലെ ആദ്യത്തെ ഗേൾസ് ഹൈസ്കൂൾ ആരംഭിച്ചു.

ബേബി വർഗ്ഗീസ്, ഫാ. ഡോ.: നെടുമാവ് വട്ടുകുന്നേൽ വി. പി. പോത്തന്റെ മകൻ. 9-9-1953 ൽ ജനിച്ചു. B. Sc., G. S. T., B. D. ബിരുദങ്ങൾക്ക് ശേഷം പാരീസ് കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് M.Th. ഉം സോർബോണിൽ നിന്ന് D. Th. ഉം നേടി. 1985 മുതൽ ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ. കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ

റിസേർച്ച് ഇൻസ്റ്റിട്യൂട്ട് (SEERI) അദ്ധ്യാപകനും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റിസേർച്ച് ഗൈഡും ആണ്. പുരോഹിതൻ മാസികയുടെ അസോസ്യേറ്റ് എഡിറ്റർ, F. F. R. R. C. യുടെയും സെമിനാരിയുടെയും രജിസ്ട്രാർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. ഇംഗ്ലീഷ്, ഫ്രഞ്ച്, മലയാളം ഭാഷകളിലായി 12 ഗ്രന്ഥങ്ങൾ രചിച്ചു.

ബേതിലഹേം: അപ്പത്തിന്റെ ഭവനം. യേശുവിന്റെ ജന്മസ്ഥലം. എഫ്രാത്താ ഗോത്രക്കാർ പാർത്തതിനാൻ എഫ്രാത്താ എന്നും പേരുണ്ട്. ദാവീദിന്റെ പട്ടണം എന്നും പേരുണ്ട്. ബേതിലഹേം ജനനസംഭവം മീഖാ പ്രവചിച്ചു (5:13). ഹെലേനി രാജ്ഞി ഇവിടെ 4-ാം നൂറ്റാണ്ടിൽ പണിത പള്ളി ഇന്നുമുണ്ട്. ഇതിനടുത്ത് ഒരു ഗുഹയിലിരുന്ന് ജെറോം ലത്തീനിലേക്ക് വേദപുസ്തക പരിഭാഷ നടത്തി.

ബേൽസബൂൽ: സാത്താന്റെ തലവന്റെ പേർ. (മത്താ. 12:24).

ബേസ് ഹാനനിയാ: ഹാനനിയാ പ്രഭൃതികൾ എന്നർത്ഥം. ബാബിലോണിലേക്ക് അടിമകളായി കൊണ്ടുപോയ 3 പേർ. അവരുടെ ബാബിലോണിയ നാമങ്ങൾ ശദ്രക്ക്, മേശക്ക്, അബദനഗോ. എബ്രായ സാഹചര്യത്തിൽ അത് ഹാനനിയ, അസറിയാ, മിശായേൽ എന്നാണ്.

ബേസനിയ: ബെഥനി ഗ്രാമത്തിന്റെ പേർ.

ബൈബിൾ: '*വേദപുസ്തകം*' കാണുക.

ബൈബിൾ ശൈലികൾ, മലയാളത്തിൽ: അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും (മത്താ. 11:28), അന്നന്നത്തെ അപ്പം (മത്താ. 6:11), അറുപതും നൂറും മേനി വിളയുക (മത്താ: 13:8), ആകാശത്തിലെ പറവകൾ (മത്താ. 6:26), ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കൾ (മത്താ. 7:15), ഇടയനില്ലാത്ത ആടുകൾ (മത്താ. 9:36), ഇടുക്കുവാതിൽ (മത്താ. 7:13), എഴുതിയത് എഴുതി (യോഹ. 19:22), ഒട്ടകവും സൂചിക്കുഴയും (മാർക്കോ. 10:25), യൂദായുടെ ചുംബനം, ഒറ്റിക്കൊടുക്കുക (മാർക്കോ. 14:43-47), ഓശാന പാടുക (മത്താ. 21:9), കനാൻ നാട്, പാലും തേനും ഒഴുകുന്ന നാട്, വാഗ്ദത്തനാട് (ഉല്പ. 12), കപടഭക്തർ (മത്താ. 24:29), കലപ്പയ്ക്ക് കൈവെച്ച ശേഷം പിന്നോട്ട് നോക്കുക (ലൂക്കോ. 9:62), കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുക, വിതച്ചത് കൊയ്യുക (ഹോശ. 8:7), കൈ കഴുകുക (മത്താ. 27:24), കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും (മത്താ. 22:21), ചുവരെഴുത്ത് (ദാനി. 5-ാം അധ്യായം), ചെകുത്താൻ വേദമോതുക, ചെകുത്താന്റെ വേദം (മത്താ. 4:6), തള്ളിക്കളഞ്ഞ കല്ല്, വീട് പണിയുന്നവർ, മൂലക്കല്ലായിത്തീരുക (മത്താ. 26:34, 71), തണ്ടിന്മേലുള്ള വിളക്ക് (മത്താ. 5:13), താലന്ത് (മത്താ. 25:15), നല്ല ശമര്യാക്കാരൻ

(ലൂക്കോ. 10:29), പരീക്ഷ (മത്താ. 6:11), പഴയ തുരുത്തിയിൽ പുതിയ വീഞ്ഞ് (മത്താ. 9:17), പാനപാത്രം (മത്താ. 26:34), പാറപ്പുറത്ത് വിതച്ച വിത്ത്, വിത്ത് വിതയ്ക്കുക, പാറപ്പുറം (മത്താ. 13:5), പാറമേൽ പണിത വീട്, മണലിന്മേൽ പണിത വീട് (മത്താ. 7:24 മു.), പുതിയ ആകാശവും പുതിയ ഭൂമിയും (2 പത്രോ. 3:8; വെളി. 21), ഭൂമിയുടെ ഉപ്പ് (മത്താ. 5:13), മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും (മർക്കോ. 10:31), മുപ്പത് വെള്ളിക്കാശ് (മത്താ. 27:3), മുടിയനായ പുത്രൻ (ലൂക്കോ. 15:11–12), വാൾ എടുക്കുന്നവൻ വാളാൽ (മത്താ. 26:52), വിധവയുടെ ചില്ലിക്കാശ് (ലൂക്കോ. 21:14), വിലക്കപ്പെട്ട കനി (ഉല്പ. 3:3) പാപത്തിന്റെ കനി, വെള്ള പൂശിയ ശവക്കല്ലറ (മത്താ. 24:27) തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ബൈബിൾ ശൈലികൾ മലയാള ഭാഷയിലും സാഹിത്യത്തിലും പ്രയോഗത്തിലുണ്ട്.

ബൈബിൾക്കവിതകൾ, മലയാളത്തിൽ: ഒ. എൻ. വി.: ദാവീദിനൊരുഗാനം, സോളമന് ഒരു ഗീതം, ഇന്നും, ധൂർത്തപുത്രൻ, ജ്ഞാനസ്നാനം, സ്രഷ്ടാവിന്റെ ദുഃഖം.

സുഗതകുമാരി: കണ്ണനെത്തേടി, ഏദനിൽ നിന്ന്, പുതിയൊരു നാർസിസ്, കാളിയമർദ്ദനം.

സച്ചിദാനന്ദൻ: കല്ലിനടിയിൽപെട്ട മനുഷ്യൻ, ആത്മാഹുതി, ക്രിസ്തുവിന്റെ ശവക്കച്ച, ശ്യാമസംഗീതം, മാർച്ച് 30, 1976, പുനർജ്ജന്മം, സത്യവാങ്മൂലം, ഉയിർത്തെഴുന്നേല്പ്, കാറ്റിന്റെ പാട്ട്, വിയറ്റ്നാം, ആരാണ് ശത്രു, തിരസ്കാരം, നിഷ്പക്ഷത, മൂന്ന് ദൃഷ്ടാന്തകഥകൾ, ബ്ളീഡിംഗ് ഹാർട്ട്, ഏകാകിയായ സാത്താൻ മനുഷ്യനെ വെല്ലുവിളിക്കുന്നു, ഫ്രാൻസിസ്, ലോകാവസാനം തുടങ്ങി ബൈബിൾ ഇതിവൃത്തങ്ങൾ അടങ്ങിയ ധാരാളം മലയാള കവിതകൾ ഉണ്ട്. ആധുനിക കവികൾക്ക് ഏറെ പ്രിയങ്കരമാണ് ബൈബിൾ ഇതിവൃത്തങ്ങൾ.

ബൈബിൾ ബിംബങ്ങൾ മലയാളകവിതയിൽ: ആധുനിക മലയാള കവിതയിലെ ബിംബകല്പനകൾ ബൈബിൾ പ്രമേയവുമായി ബന്ധമുള്ളവയാണ്. ചില ഇമേജുകൾ പരിശോധിക്കാം. കുരിശ്, ക്രിസ്തു, ഉയിർത്തെഴുന്നേല്പ്, ഉപ്പ്, അഗ്നി, സൂര്യൻ, രക്ഷകൻ, അറിവിൻ കനി, നക്ഷത്രം, രക്തം ചിന്തുന്ന സൂര്യൻ, പ്രവാചകനെപ്പോലെ താണുവരുന്ന സൂര്യൻ, മെഴുകുതിരികൾ, ക്രൂശിതരൂപം, അപ്പവും വീഞ്ഞും, ഒലിവില, വാഗ്ദത്തഭൂമി, നഷ്ടസ്വർഗ്ഗം, പ്രാവുകൾ, ഇടയൻ, മാംസവും രക്തവും, നിലവിളിക്കുന്ന രക്തം, അയൽക്കാരന്റെ കുഞ്ഞാട്, അയൽക്കാരന്റെ മുന്തിരിത്തോട്ടം, ജീവന്റെ വൃക്ഷം, ആണിപ്പഴുതുകൾ, കാണാക്കുരിശുകൾ, വെള്ളം വീഞ്ഞാക്കുക, വഴികാട്ടിയ നക്ഷത്രങ്ങൾ, അറിവിൻ കനി തിന്നോർ, പറുദീസാ, വ്യാകുലമാതാവ്, മുൾമുടി, തൃക്കോവിൽ മാലിന്യം,

കാരുണ്യത്തിന്റെ വിളക്ക്, കുരിശിന്റെ തണൽ, കുഞ്ഞാടിൻപറ്റങ്ങൾ, പുളി പ്പിക്കാത്ത അപ്പം, ആട്ടിൻകുട്ടി, ബലിമണം, കുന്തുരുക്കം, തിരുവത്താഴം, ദുഃഖവെള്ളി, പഞ്ചക്ഷതങ്ങൾ, വചനം, സ്വർഗ്ഗ കവാടം, പൂട്ടിയ താക്കോൽ, പാമ്പിൻപത്തി ചവിട്ടുക, പഴയസർപ്പം, ഒടുക്കത്തെ അത്താഴം, കുരിശിൻ കുളമ്പടി, മുടിയനായ പുത്രൻ, കുമ്പസാരം, ആറാമത്തെ തിരുമുറിവ്, മനു ഷ്യപുത്രൻ, ഛേദിക്കപ്പെട്ട ശിരസ്, എന്നിലും ശക്തൻ എനിക്ക് പിമ്പേ, സാത്താൻ.

ബൈബിൾ, ആധുനിക മലയാളകവിതയിൽ: കോട്ടയം മഹാ ത്മാഗാന്ധി സർവകലാശാലയിൽ ഡോക്ടർ ബിരുദത്തിനായി യു. സി. കോളജ് അധ്യാപകനായിരുന്ന ഫാ. ഡോ. ജോസഫ് ചീരൻ സമർപ്പിച്ച ഗവേഷണ പ്രബന്ധം. പ്രബന്ധം പൂർണ്ണരൂപത്തിൽ തൃശൂർ മലയാള പഠന ഗവേഷണകേന്ദ്രം 2004-ൽ പ്രസിദ്ധീകരിച്ചു. സച്ചിദാനന്ദൻ, സുഗതകുമാരി, ഒ. എൻ. വി. തുടങ്ങിയ കവികളെ സവിശേഷ നിരീക്ഷണത്തിന് വിഷയമാ ക്കിയിട്ടുണ്ട്.

ബൈബിൾ, ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റഡി: മലങ്കര ഓർ ത്തഡോക്സ് സഭയുടെ ചുമതലയിൽ 2009-ൽ പ്രസിദ്ധീകരിക്കുന്ന ബൈബിളിന്റെ മലയാള വിവർത്തനം. ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നൂറാം വാർഷികം പ്രമാണിച്ച് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഡോ. സഖറിയ മാർ തെയോഫിലോസ് കൺവീനറും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഫാ. ഡോ. മാത്യു ബേബി (ഹീബ്രു-ഗ്രീക്ക് ഭാഷാ വിദഗ്ദ്ധൻ), ഫാ. ഡോ. ജോസഫ് ചീരൻ (മലയാള ഭാഷാ വിദഗ്ദ്ധൻ) തുടങ്ങിയവർ പ്രവർത്തകരു മായ ഒരു സമിതി ഈ പ്രവർത്തനത്തിന് മേൽനോട്ടം നിർവ്വഹിക്കുന്നു.

ബൈബിൾ, റമ്പാൻ: മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസി ദ്ധീകരിച്ച ആദ്യത്തെ ബൈബിൾ ഈ പേരിൽ അറിയപ്പെടുന്നു. 1811-ൽ ബോംബെ കൊറിയർ പ്രസ്സിൽ അച്ചടിച്ചിറക്കിയ ഈ പുസ്തകത്തിൽ 4 സുവിശേഷങ്ങൾ മാത്രമേ ഉള്ളൂ. കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും (കോട്ടയം പഴയസെമിനാരി സ്ഥാപകൻ), കായംകുളം പീലി പ്പോസ് റമ്പാനും ഇതിന്റെ സുറിയാനിയിൽ നിന്നുള്ള വിവർത്തകർ എന്ന നിലയിലും തിമ്മയ്യാപ്പിള്ള തമിഴ് പണ്ഡിതൻ എന്ന നിലയിലും ഈ സംരം ഭത്തിൽ ഡോ. ക്ലോഡിയസ് ബുക്കാനനോട് സഹകരിച്ചു. ബൈബിൾ വിവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന മൂന്ന് പേർക്കു ശമ്പളം നൽകിവരുന്ന വിവരം ഡോ. ബുക്കാനൻ തന്റെ 'സ്മരണ'കളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചതുരവടിവിൽ കല്ലച്ചിൽ അച്ചടിച്ച ഈ ഗ്രന്ഥം അല്പം ക്ലേശിച്ചാൽ

ഇപ്പോഴും പാരായണയോഗ്യമാണ്. മലയാളഭാഷ, ബൈബിൾ ചരിത്രം എന്നിവയുടെ ഗവേഷണത്തിൽ ഈ പുസ്തകത്തിന് വലിയ സാധ്യതകൾ ഉണ്ട്.

ബൈസൻ്റയിൻ സഭകൾ: കൽക്കിദൂൻ സിനഡ് അംഗീകരിക്കുന്ന സഭകൾ ആണിവ. 1. കുസ്തന്തീനോപ്പോലീസിലെ സഭ. 381-ൽ പാത്രിയർക്കേറ്റായി. ഈസ്റ്റാംബൂളിലെ ഫനാർ ആസ്ഥാനം. എക്യുമെനിക്കൽ പാത്രിയർക്കീസ് എന്ന് വിളിക്കപ്പെടുന്നു. 2. അലക്സാന്ത്രിയൻ സഭയിലൊരു ചെറിയ വിഭാഗം കോൺസ്റ്റാണ്ടിനോപ്പിളിന്റെ കീഴിൽ. 3. അന്ത്യോഖ്യൻ സഭ. ഗ്രീക്കുസ്വാധീനം. ആസ്ഥാനം ഡമാസ്കസ്. 4. യെരുശലേമിലെ സഭ. സ്വതന്ത്രസഭ. യെരുശലേം പാത്രിയർക്കീസിന്റെ കീഴിൽ. 5. സ്ലാവോണിക് സഭകൾ: ബഗൾഗേറിയായിൽ 9-ാം നൂറ്റാണ്ടിൽ സഭയുണ്ടായി. 1945-ൽ പൂർണ്ണസ്വാതന്ത്ര്യം. 60 ലക്ഷം അംഗങ്ങൾ. 6. റഷ്യൻ സഭ. 10-ാം നൂറ്റാണ്ടിൽ സ്ഥാപിതം. 15-ാം നൂറ്റാണ്ടിൽ സ്വാതന്ത്ര്യം. 1589-ൽ ആദ്യ റഷ്യൻ പാത്രിയർക്കീസ്. 1917-ൽ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു. 500 ലക്ഷം അംഗങ്ങൾ. 7. സെർബിയൻ സഭ. 1346-ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 1922-ൽ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു. 75 ലക്ഷം അംഗങ്ങൾ. 8. പോളണ്ടിലെ സഭ. 1949-ൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 9. ചെക്കോസ്ലാവോക്യൻ സഭ. 1959-ൽ പൂർണ്ണ സ്വാതന്ത്ര്യം നേടി. 10. റൂമേനിയാ, അൽബേനിയാ. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്വതന്ത്രമായി. 150 ലക്ഷം അംഗങ്ങൾ ഉണ്ട്. 11. ജോർജ്ജിയൻ സഭ. 1917-ൽ സ്വതന്ത്രമായി. 12. ഗ്രീക്ക് സൈപ്രസ് സഭകൾ. സ്വാതന്ത്ര്യം നേടിയ ചെറിയ സഭ. 13. സീനായ് സഭ. യരുശലേം പാത്രിയർക്കീസിന്റെ കീഴിൽ 300 സഭാംഗങ്ങൾ. 14. മറ്റ് ഓട്ടോണമസ് സഭകൾ. ജപ്പാൻ, ചൈന, ഫിൻലാൻഡ്, ഉൾഭരണ സ്വാതന്ത്ര്യമേ ഉള്ളൂ. മറ്റു പാത്രിയർക്കേറ്റുകളെ ആശ്രയിക്കുന്ന ഈ സഭകളെ ഒരുമിച്ച് നിർത്തുന്നത് വി. കുർബ്ബാനയിലുള്ള സംസർഗ്ഗമാണ്.

ബൈസാൻ്റിയം: എ. ഡി. 330 നു മുമ്പ് കോൺസ്റ്റാണ്ടിനോപ്പിളിന്റെ പേർ. റോമിന്റെ കിഴക്കേ ഭാഗം തലസ്ഥാനമാക്കാൻ കുസ്തന്തീനോസ് ചക്രവർത്തി ബൈസാൻ്റിയം പുനർനിർമ്മിച്ച് സ്വന്തം പേർ നൽകി. ഇന്ന് ഈസ്റ്റാംബൂൾ എന്ന് വിളിക്കപ്പെടുന്നു.

ബൊയിത്തിയസ്: 524-ൽ രാജദ്രോഹകുറ്റം ചുമത്തി ദാർശനികനും രാജ്യഭരണതന്ത്രജ്ഞനുമായ ഇദ്ദേഹത്തെ വധിച്ചു. അഞ്ചു വാല്യങ്ങളുള്ള 'ഡി കോൺസൊലേഷ്യൻ ഫിലോസോഫിയാ' രചിച്ചു. ജയിലിൽ വച്ചായിരുന്നു ഗ്രന്ഥരചന. അരിസ്റ്റോട്ടിലിന്റെ കൃതികൾ വിവർത്തനം ചെയ്തു; വ്യാഖ്യാനിച്ചു. ത്രിത്വം സംബന്ധിച്ചും കൽക്കദൂൻ നിലപാടിനെ സംബന്ധിച്ചും പ്രബന്ധങ്ങൾ രചിച്ചു. പാശ്ചാത്യസഭ സേവേറിയോസ് എന്ന

പേരിൽ വിശുദ്ധനായി പ്രഖ്യാപിച്ചിട്ടുണ്ട്.

ബോത്തെ ദ് ഹാശോ: കഷ്ടാനുഭവ ആഴ്ചയിൽ ബോവൂസോകൾക്കു മുമ്പായി ചൊല്ലുന്ന ഒരു കഷ്ടാനുഭവ ഗീതമാല. എല്ലാ യാമങ്ങളിലും ഈ പേരിൽ തൽസ്ഥാനത്ത് ഗീതമാലയുണ്ട്. ശനി ഒഴിച്ചുള്ള ദിവസങ്ങളിൽ ഉപക്രമഭാഗങ്ങൾ സമാനമാണ്. ഉപസംഹാര ഭാഗവും സദൃശമാണ്.

ബോംബെ ഭദ്രാസനം: '*മലങ്കരസഭ: ഭദ്രാസനങ്ങൾ*' കാണുക.

ബോൺഹോഫർ, ഡീട്രിച്ച് (1906-45): ലൂതറൻ പാസ്റ്റർ. ബെർലിനിലെ മനഃശാസ്ത്ര ഡോക്ടറുടെ മകൻ. സെമിനാരി അധ്യാപകനായി. ശിഷ്യത്വത്തിന്റെ വില, പ്രവർത്തനവും സത്തയും എന്നിവ പ്രധാന കൃതികൾ. മതരഹിത ക്രിസ്തീയതയുടെ വക്താവ്. സഭയുടെ ആമൂലാഗ്ര നവീകരണം ലക്ഷ്യം വച്ചു. ഹിറ്റ്ലറുടെ കോൺസെൻട്രേഷൻ ക്യാമ്പിൽ പീഡിപ്പിക്കപ്പെട്ടു.

ബോവൂസോ: അപേക്ഷ. മാർ യാക്കോബ്, മാർ അപ്രേം, മാർ ബാലായി എന്നീ കവികൾ രചിച്ച കവിതകൾ. സാധാരണ ദിവസങ്ങളിലും പെരുന്നാളുകൾ, കഷ്ടാനുഭവ ആഴ്ച, നോമ്പുദിവസങ്ങൾ എന്നിവയിലും ഓരോ യാമപ്രാർത്ഥനയും അവസാനിക്കുന്നത് ബോവൂസോയിലാണ്. എട്ട് രാഗങ്ങളിൽ ചൊല്ലാം. ഹാശാ, നോമ്പുദിനങ്ങൾ പ്രത്യേക രാഗങ്ങൾ ഉണ്ട്. മാർ യാക്കോബിന്റെ ബോവൂസോയുടെ എട്ടു രാഗങ്ങൾക്കും മധ്യനിറുത്തുകൾക്ക് അലംകൃത രാഗവ്യത്യാസം - ശുഹലോഫോ - ഉണ്ട്.

ബ്രദർ: സഹോദരൻ. ആശ്രമങ്ങളിൽ അവൈദികാംഗങ്ങൾ. 'സാധു' എന്നും വിളിക്കും.

ബ്രദറൻ സമൂഹങ്ങൾ: ഇംഗ്ലണ്ടിൽ രൂപംകൊണ്ട പ്ലിമത്ത് ബ്രദറൻ സംഘടനയിൽ നിന്ന് വിവിധ ബ്രദറൻ സംഘടനകൾ ഉണ്ടായി. നാഗൽ എന്ന മിഷണറി 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കേരളത്തിൽ പ്രചരിപ്പിച്ചു. ഇ. എച്ച്. നോയൽ ആണ് മറ്റൊരു മിഷണറി. മഹാകവി കെ. വി. സൈമൺ ഈ സഭയിലെ പ്രധാന പ്രസംഗകനും കവിയും ആയിരുന്നു. 'സത്യപ്രകാശിനി' അങ്കമാലിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തുന്നു. വേർപാടുകാർ എന്ന് ഇവരെ വിളിക്കുന്നു. പൗരോഹിത്യക്രമങ്ങൾ അവർക്കില്ല. വിശ്വാസസ്നാനം സ്വീകരിച്ചു. അന്യഭാഷയെ എതിർക്കുന്നു. പെന്തക്കോസ്തു വിഭാഗവുമായി ബന്ധമില്ല.

ബ്രഹ്മചര്യം, ബ്രഹ്മചാരി: നാല് ആശ്രമങ്ങളിൽ ആദ്യത്തേത്. ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിവയാണ് മറ്റ് മൂന്ന് ആശ്രമ

ങ്ങൾ. അവിവാഹിത അവസ്ഥ. ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവൻ ബ്രഹ്മചാരി. ബ്രാഹ്മണർക്ക് ഇത് ഉപനയനകാലമാണ്. ഈ ആശ്രമം വിദ്യാഭ്യാസ കാലഘട്ടമാണ്.

ബ്രഹ്മവാർ മിഷൻ: ദക്ഷിണ കാനറ ജില്ലയിൽ ഉടുപ്പിക്കടുത്താണ് ബ്രഹ്മവാർ. കത്തോലിക്കാ മിഷണറിമാർ ഫാ. അന്റോണിയോ ഫ്രാൻസിസ് സേവിയർ എന്നിവർ സ്ഥാപിച്ചു. ഫാ. അൽവാറീസ് നമ്മുടെ സഭയിൽ ചേർന്നു. 500-ൽ പരം കുടുംബങ്ങൾ ഓർത്തഡോക്സ് സഭയിൽ ചേർന്നു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ അനുവാദപ്രകാരം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മേല്പട്ടം പ്രാപിച്ച അൽവാറീസ് മാർ യൂലിയോസ് ബ്രഹ്മവാർ മിഷന് നേതൃത്വം നൽകി. 1923-ൽ അദ്ദേഹം അന്തരിച്ചു. പത്തനാപുരം മൗണ്ട് താബോർ ആശ്രമം ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നു. ഇപ്പോൾ ബ്രഹ്മവാർ മദ്രാസ് ഭദ്രാസനത്തിലാണ്. ഫാ. ഡോ. എൻ. ജെ. തോമസ് റമ്പാൻ ദീർഘകാലം ബ്രഹ്മവാർ മിഷന്റെ ചുമതല വഹിച്ചിരുന്നു.

ബ്രിട്ടോ, ജോൺ: '*ജോൺ ബ്രിട്ടോ*' കാണുക.

ബ്രീക്കുവീക്കോറോ: ക്രോബേന്മാരുടെ കൗമ്മായുടെ ആദ്യ ഭാഗം. "എന്നേക്കും തന്റെ ഇടത്തിൽ നിന്ന്..." എന്നതിന്റെ സുറിയാനിയിലുള്ള ആദ്യ പദങ്ങൾ. സൂത്താറ, രാത്രിയാമങ്ങളിൽ ഇത് ചൊല്ലുന്നു.

ഭ

ഭക്തിമാർഗ്ഗം: 17–ാം നൂറ്റാണ്ടിൽ ലൂതറൻ സഭയുടെ നിർജ്ജീവാവസ്ഥ അകറ്റുവാൻ സ്പീനർ എന്ന ഭക്തൻ വീട്ടുപ്രാർത്ഥനയിൽ തുടങ്ങിയ പ്രസ്ഥാനം. ജർമ്മനിയിൽ ഇത് വേഗം പ്രചരിച്ചു. ജോൺ വെസ്‌ലിയുടെ മെത്തേഡിസ്റ്റ് പ്രസ്ഥാനം ഇതിൽ നിന്ന് ആരംഭിച്ചു.

ഭക്തിപ്രസ്ഥാനം കേരളത്തിൽ: കേരളത്തിൽ ഭക്തിപ്രസ്ഥാനം തുഞ്ചത്തെഴുത്തച്ഛനിൽ ആരംഭിക്കുന്നു. ഹിന്ദുമത നവോത്ഥാനമായിരുന്നു ലക്ഷ്യം.

ഭക്തിപ്രസ്ഥാനം ഭാരതത്തിൽ: ഹിന്ദിസാഹിത്യത്തിൽ തുളസീദാസ്, കബീർ, റഹീം തുടങ്ങിയ കവികളുടെ കാലം ഭക്തിപ്രസ്ഥാനത്തിന്റെ കാലമായിരുന്നു. രാമായണകാവ്യങ്ങൾ വിവിധ ഭാരതീയ ഭാഷകളിൽ വിരചിതമാകുവാൻ ഇത് കാരണമായി.

ഭക്തിമാർഗത്തിലേക്ക് ഒരു പീഠിക: വി. ഫ്രാൻസിസ് ഡിസെയിൻസ് ആത്മീയ ജീവിതാനുഭവങ്ങളെപ്പറ്റി രചിച്ച അനുഷ്ഠാന ഗ്രന്ഥം.

ഭദ്രാസനങ്ങൾ: ഇടവകകൾ കൂട്ടിച്ചേർത്തു ഭദ്രാസനം രൂപവൽക്കരിക്കുന്നു. ഒരു പട്ടണവും സമീപ ഇടവകകളും ചേർന്നാണ് പഴയ ഭദ്രാസനങ്ങൾ രൂപവൽക്കരിച്ചിരുന്നത്. ഗ്രാമ ഇടവകകളിലെ മേൽനോട്ടക്കാരായ ഇടയന്മാരെ കോറിഎപ്പിസ്ക്കോപ്പാ എന്നും നഗര ഇടവകകളിലെ മേൽനോട്ടക്കാരെ മെത്രാപ്പോലീത്തൻ എപ്പിസ്ക്കോപ്പാ എന്നും വിളിച്ചിരുന്നു. പില്ക്കാലത്ത് ഗ്രാമഇടയന്മാർ കശ്ശീശന്മാരും നഗരഇടയന്മാർ മെത്രാന്മാരായും ഗണിക്കപ്പെട്ടു. മെത്രാന്റെ അധികാരപരിധിയാണ് ഇന്ന് ഭദ്രാസനം അഥവാ മെത്രാസനം. അതിസൂക്ഷ്മമായ വിശകലനത്തിൽ ഇന്നത്തെ അവസ്ഥയിൽ പോലും ഒരു മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിലുള്ള സഭ സ്വയംഭരണക്ഷമമാണ്.

ഭദ്രാസനങ്ങൾ മലങ്കരയിൽ: 1876 വരെയും മലങ്കരസഭ ഭദ്രാസനങ്ങളായി വിഭജിക്കപ്പെട്ടിരുന്നില്ല. 1876–ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരസഭയെ കൊച്ചി, അങ്കമാലി, കണ്ടനാട്, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം എന്നിങ്ങനെ ഏഴു ഭദ്രാസനങ്ങളായി തിരിച്ചു.

1910-ൽ ക്നാനായ ഭദ്രാസനവും 1938-ൽ ബാഹ്യകേരള ഭദ്രാസനവും ഉടലെടുത്തു. 1953-ൽ മലബാർ, 1976-ൽ ബാഹ്യകേരളം വിഭജിച്ച് മദ്രാസ്, ബോംബെ, കൽക്കത്താ, ഡൽഹി. 1979-ൽ അമേരിക്കയും, തിരുവനന്തപുരവും 1982-ൽ ഇടുക്കിയും കോട്ടയം സെൻട്രലും, 1985-ൽ ചെങ്ങന്നൂർ, കുന്നംകുളം, സുൽത്താൻബത്തേരി. പിന്നീട് അമേരിക്ക വിഭജിച്ച് യു. കെ.-കാനഡ, അങ്കമാലി വിഭജിച്ച് അങ്കമാലി വെസ്റ്റ്, അങ്കമാലി ഈസ്റ്റ്, കണ്ടനാട് വിഭജിച്ച് കണ്ടനാട് വെസ്റ്റ്, കണ്ടനാട് ഈസ്റ്റ് എന്നീ ഭദ്രാസനങ്ങൾ രൂപപ്പെട്ടു. 1990-കളിൽ മാവേലിക്കര രൂപപ്പെട്ടു. 2002-ലെ സഭാ സംയോജനത്തെത്തുടർന്ന് തൃശൂർ ഭദ്രാസനവും സഭയുടെ ഭാഗമായി. വിശദവിവരങ്ങൾക്ക് '*മലങ്കരസഭ: ഭദ്രാസനങ്ങൾ*' കാണുക.

ഭവനവാഴ്വ്: '*വീടു കൂദാശ*' കാണുക.

ഭദ്രാസന കൗൺസിൽ: ഭദ്രാസന ഭരണത്തിൽ മെത്രാപ്പോലീത്തായുടെ സഹായത്തിനായി ഭദ്രാസനയോഗം തെരഞ്ഞെടുക്കുന്ന വൈദിക-അവൈദിക പ്രതിനിധികൾ അടങ്ങിയ സമിതി.

ഭദ്രാസനയോഗം: ഓരോ ഇടവകയിലെയും വൈദികനും തെരഞ്ഞെടുക്കപ്പെട്ട അവൈദിക പ്രതിനിധികളും അടങ്ങിയ സമിതി.

ഭദ്രാസന സെക്രട്ടറി: ഭദ്രാസനയോഗം തെരഞ്ഞെടുക്കുന്നു. മാനേജിംഗ് കമ്മിറ്റിയിലും വർക്കിംഗ് കമ്മിറ്റിയിലും ക്ഷണിതാവ്.

ഭദ്രാസനപ്പള്ളി: മെത്രാപ്പോലീത്തന്മാരുടെ ആസ്ഥാന ദേവാലയം - കത്തീഡ്രൽ.

ഭണ്ഡാരം: ദേവാലയത്തിലേക്കുള്ള വഴിപാടുകൾ നിക്ഷേപിക്കുന്ന പെട്ടി. മുൻകാലങ്ങളിൽ നിത്യവരുമാനം ശേഖരിക്കുവാൻ ഉള്ള ഭണ്ഡാരങ്ങൾക്കു പുറമേ വിലകൂടിയ ദേവാലയസ്വത്തുക്കൾ സൂക്ഷിക്കാൻ മേൽപ്പൂട്ട് എന്ന ഭണ്ഡാരവും ഉണ്ടായിരുന്നു. ഓർത്തഡോക്സ് സഭാ ഭരണഘടനയനുസരിച്ച് വികാരിയും കൈക്കാരനും ചേർന്ന് വേണം ഇത് തുറക്കുവാൻ.

ഭാരതസഭകൾ: പതിനാറാം നൂറ്റാണ്ടു വരെയും മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഭാരതസഭ അവിഭക്തമായിരുന്നു. അലക്സാന്ത്രിയ, പേർഷ്യ, അർമ്മീനിയ തുടങ്ങിയ പുരാതന സഭകളുമായി സംസർഗ്ഗമുണ്ടായിരുന്നുവെങ്കിലും അതൊന്നും സഭാവിഭജനം സൃഷ്ടിച്ചില്ല. പോർട്ടുഗീസ് ആഗമനം മുതൽ വിഭജന ചരിത്രം ആരംഭിക്കുന്നു.

1. റോമ്മൻ കത്തോലിക്കാ സഭ: ലത്തീൻ, സീറോ-മലബാർ, സീറോ മലങ്കര റീത്തുകൾ.

2. പ്രൊട്ടസ്റ്റണ്ട് വിഭാഗങ്ങൾ: ചർച്ച് മിഷൻ സൊസൈറ്റി, ലണ്ടൻ മിഷണറി സൊസൈറ്റി, ബാസൽ മിഷൻ എന്നിവ യോജിച്ച് 1947-ൽ ദക്ഷിണേന്ത്യാസഭയും 1970-ൽ ഉത്തരേന്ത്യൻ സഭയും രൂപീകൃതമായി. ഇവ കൂടാതെ ലൂതറൻ സഭ, മെത്തഡിസ്റ്റ് സഭ, രക്ഷാസൈന്യം, ചില ബാപ്റ്റിസ്റ്റ് വിഭാഗങ്ങൾ എന്നിവയും ഈ വിഭാഗത്തിൽപ്പെടുന്നു. ഇവ കൂടാതെ ഏതാനും പെന്തക്കോസ്തു സമൂഹങ്ങളും ഉണ്ട്. പ്രാദേശിക ഭാഷയിൽ വേദപുസ്തകവും ആരാധനാക്രമങ്ങളും രചിക്കുക, സാംസ്ക്കാരിക പുരോഗതിയ്ക്കായി ആതുരസേവനം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുക തുടങ്ങിയ വിഷയങ്ങളിൽ ഈ വിഭാഗങ്ങൾ മാതൃകാപരമായി പ്രവർത്തിച്ചു.

3. സുറിയാനി സഭകൾ: ഓർത്തഡോക്സ് സഭയാണ് പ്രമുഖം. അവിഭക്ത സഭയുടെ പൂർവ്വിക അവകാശികൾ. 18-ാം നൂറ്റാണ്ടു മുതൽ പാശ്ചാത്യസുറിയാനിസഭയുടെ സ്വാധീനത്തിലാണ്. ആ സ്വാധീനം മൂലം ഉണ്ടായ കക്ഷിവഴക്കുകൾ ഇന്നും തുടരുന്നു.

1772-ൽ മെത്രാൻ സ്ഥാനം അവകാശപ്പെട്ട് കാട്ടുമങ്ങാട്ട് കൂറിലോസ് മൂലം ഉണ്ടായ ഭിന്നത മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഉത്ഭവത്തിന് കാരണമായി (‘*മലബാർ സ്വതന്ത്ര സുറിയാനി സഭ*’ കാണുക).

കിഴക്കൻ സുറിയാനി പാരമ്പര്യം നിലനിർത്തുന്ന സഭയാണ് തൃശ്ശൂർ കേന്ദ്രമാക്കി നിലനില്ക്കുന്ന കല്ദായ സഭ. ഭാരതത്തിലെ നെസ്തോറിയാ വിഭാഗം.

നവീകരണത്തിന്റെ പേരിൽ പ്രൊട്ടസ്റ്റണ്ട് ആശയങ്ങളും നവീകരിച്ച സുറിയാനി ആരാധനാ പാരമ്പര്യങ്ങളും നിലനിർത്തുന്ന സഭയാണ് മാർത്തോമ്മാ സഭ. അവരിൽ നിന്ന് ഭിന്നിച്ച് കൂടുതൽ നവീകരണവാദികളായി പുതിയ സഭ സ്ഥാപിച്ചതാണ് സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ.

അർമ്മീനിയൻ സഭയുടെ പള്ളികൾ കൽക്കട്ട, മദ്രാസ്, ബോംബെ എന്നിവിടങ്ങളിലുണ്ട്. എച്ച്മിയാഡ്സെനിലെ കാതോലിക്കായുടെ കീഴിൽ കൽക്കട്ടയിലെ ഒരു മെത്രാൻ ഇവയുടെ ചുമതല വഹിക്കുന്നു. ഒരു കാലത്ത് വിദേശവ്യാപാരത്തിലെ പങ്കാളികളായി അർമ്മീനിയാക്കാർ കേരളത്തിലും ഉണ്ടായിരുന്നു. 1685-ൽ മലങ്കരയിലെത്തിയ യൽദൊ ബാവായെയും മറ്റും കൊണ്ടുവന്ന ഇടനിലക്കാർ അർമ്മീനിയക്കാരാണ്.

ഇന്ത്യയിലെ ചെറിയ ന്യൂനപക്ഷമാണ് ക്രിസ്ത്യാനികൾ. എന്നാലും ഇന്ത്യയെ രുചിപ്പിക്കുവാനും പ്രകാശിപ്പിക്കുവാനും അവർക്ക് കഴിഞ്ഞു. ഇന്ത്യൻ നവോത്ഥാനത്തിൽ അവർക്ക് നിർണ്ണായക പങ്കുണ്ട്. ഭാരതത്തിലെ മതപരിഷ്ക്കരണവും മത നവീകരണ യത്നങ്ങളും ക്രിസ്തുമത

ത്തോടും ബൈബിളിനോടും കടപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസം, ആതുര സേവനം, ഉദാത്തമായ കുടുംബസങ്കല്പം, സ്ത്രീപുരുഷ സമത്വം, അധ കൃതോദ്ധാരണം തുടങ്ങി ഇന്ന് ഇന്ത്യയെ പ്രബുദ്ധതയിലേക്ക് നയിച്ച പല രംഗങ്ങളും തുടങ്ങിവച്ചത് ക്രൈസ്തവസഭകൾ ആണ്.

ഭാരത സഭാചരിത്രം: മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ ക്രൈസ്തവ സഭ സ്ഥാപിച്ചതിനെപ്പറ്റി ലോക സഭാചരിത്രങ്ങളിലും ആരാധനാ സാഹി ത്യങ്ങളിലും തൃപ്തികരമായ തെളിവുണ്ട്. ബി. സി. മുതൽ വിദേശവാണി ജ്യത്തിലേർപ്പെട്ട നാടാണ് ഇന്ത്യ. പൊന്നാനി - അലക്സാന്ത്രിയ കപ്പൽ വ്യാപാരം ലോകപ്രസിദ്ധമാണ്. തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർ ദൈവ മാതാവിന്റെ പള്ളിയും കേരളത്തിലെ അതിശക്തമായ പുരാതന പാരമ്പ ര്യവും ഈ ചരിത്രസത്യം ബലപ്പെടുത്തുന്നു. അലക്സാന്ത്രിയാ വ്യാപാര ബന്ധം മലങ്കരയുടെ ആദ്യകാല അലക്സാന്ത്രിയാ ബന്ധത്തെ സൂചിപ്പി ക്കുന്നു. ഈ ബന്ധത്തിന്റെ തെളിവാണ് 190-ലെ അലക്സാന്ത്രിയൻ വേദ ശാസ്ത്ര കലാലയാധ്യക്ഷനായ പാന്തേനൂസിന്റെയും 5-ാം നൂറ്റാണ്ടിലെ കോസ്മോസിന്റെയും സന്ദർശനങ്ങൾ. അക്കാലത്ത് പൊന്നാനിയുടെ തുറ മുഖപട്ടണമായ പാലൂരിലെ തലപ്പള്ളി ഇന്ത്യൻ ക്രൈസ്തവരുടെ പിള്ള തൊട്ടിലാണ്. സംഘകാലത്തെ കേരളീയ ക്രിസ്തുമതത്തെക്കുറിച്ചും ബലി യനുഷ്ഠാനങ്ങളെപ്പറ്റിയും സംഘകൃതികളെ ആധാരമാക്കിയ പഠനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. സെന്റ് തോമസ് ഐതിഹ്യങ്ങളും ഭാരതത്തിൽ പ്രചരി ച്ചിരുന്ന അകാനോനിക ബൈബിളും അതിന്റെ അടിസ്ഥാനത്തിൽ രൂപ പ്പെട്ടതായി സംഘകാലകൃതികൾ വെളിപ്പെടുത്തുന്ന ധർമ്മസംസ്ക്കാരവും ഈ സൂചനയെ സാധൂകരിക്കുന്നു.

കൊടുങ്ങല്ലൂർ കേന്ദ്രമാക്കി പുരോഗമിച്ച വിദേശ വ്യാപാര ബന്ധത്തിൽ മലങ്കരസഭയ്ക്ക് പേർഷ്യൻ സഭയുമായി ബന്ധമുണ്ടായി. ബിഷപ്പ് യോഹ ന്നാനും മാർ യൗസേപ്പും ക്നായിത്തൊമ്മനും ഇരവികൊത്തൻ ചെപ്പേടും ക്നായിത്തൊമ്മൻ ചെപ്പേടും ഉറഹായിലെ തിരുശേഷിപ്പ് (മാർത്തോ മ്മായുടെ) സ്ഥാപനവും പേർഷ്യൻ കുരിശുകളും തരീസാപ്പള്ളി ചെപ്പേടും ശബരീശോയും ഫ്രോദ് - അഫ്രോത്ത് ബിഷപ്പുമാരും ഈ കാലഘട്ട ത്തിന്റെ നാഴികക്കല്ലുകളാണ്. യഹൂദാ-ബുദ്ധ-ജൈന-ദ്രാവിഡ സമൂഹ ങ്ങളിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവരും പേർഷ്യൻ കുടിയേറ്റക്കാരും അടങ്ങിയ കേരളീയ ക്രൈസ്തവ സമൂഹം കേരളത്തിൽ വ്യാപാര - കാർ ഷിക ജനത എന്ന നിലയിലും സൈനികയോദ്ധാക്കൾ എന്ന നിലയിലും കേരളത്തിന്റെ ഉന്നത സാമൂഹ്യപദവികൾ നേടിയിരുന്നു. അവർക്ക് സ്വന്ത മായൊരു രാജവംശം പോലും ഉണ്ടായിരുന്നു. ബൈബിളും ആരാധനകളും സുറിയാനിഭാഷയും കേരളത്തെ സാംസ്ക്കാരികമായി സമ്പന്നമാക്കി. അലക്സാന്ത്രിയൻ മാതൃകയിൽ ഒരിടവകയിലെ വൈദികരുടെ തലവൻ

- പേറെദ്യൂത്ത - ആവശ്യാനുസരണം പട്ടക്കാരെ വാഴിച്ചു. ബിഷപ്പിന്റെ കൈവെപ്പ് അനിവാര്യമായി കരുതിയിരുന്നില്ല. അക്കാലത്തെ ഒരു ബിഷപ്പിന്റെയും കബറിടം മലങ്കരയിൽ അറിയപ്പെട്ടിരുന്നില്ല. പോർച്ചുഗീസ് ആഗമനം വരെയും മലങ്കരസഭ ഏകവും അവിഭക്തവും ആയിരുന്നു. ആദി കാലങ്ങളിൽ ശൈവ-വൈഷ്ണവ- ഇസ്ലാം - ബ്രാഹ്മണ വിഭാഗങ്ങളിൽ നിന്ന് പീഡനങ്ങൾ ഉണ്ടായിരുന്നു. 14-ാം നൂറ്റാണ്ടു മുതൽ ബ്രാഹ്മണാധി പത്യം രാജകീയാംഗീകാരം നേടിയതോടെ ക്രിസ്ത്യാനികളുടെ പ്രതാപ ത്തിന് ക്ഷതം തട്ടി. 16-ാം നൂറ്റാണ്ടിൽ വന്ന പറങ്കിശക്തികളെ അവർ സ്വാഗതം ചെയ്തത് തന്മൂലമാണ്. വിദേശങ്ങളിലെ മതപോരാട്ടങ്ങൾ മലങ്കരസഭയ്ക്ക് അപ്രസക്തമായിരുന്നു. എന്നാൽ അർക്കദിയാക്കോൻ ഗീവറുഗീസിന്റെ ഭരണത്തിൽ ഏകയോഗക്ഷേമമായി കഴിഞ്ഞിരുന്ന മലങ്ക രസഭയെ റോമ്മൻ ആധിപത്യത്തിലുള്ള തങ്ങളുടെ കീഴിലാക്കുവാൻ ഈ വിധേയത്വത്തെ പോർച്ചുഗീസ് സഭാധികൃതർ പ്രയോജനപ്പെടുത്തി. സെമി നാരികൾ സ്ഥാപിച്ചും ലത്തീൻ ആരാധനകൾ ആവിഷ്ക്കരിച്ചും പ്രാദേ ശിക രാജാക്കന്മാരുടെ മേൽ തങ്ങൾ നേടിയെടുത്ത സ്വാധീനം, ആകർ ഷകമായ പൊന്തിഫിക്കൽ ആരാധനകൾ, ശക്തമായ സഭാനിയമ വ്യവ സ്ഥകൾ എന്നിവ പ്രലോഭനങ്ങളായി ചൂണ്ടിക്കാണിച്ചും ആവശ്യമായിടത്ത് ഭീഷണിപ്പെടുത്തിയും അവർ മലങ്കരയിൽ ധാരാളം അനുയായികളെ സൃഷ്ടിച്ചു. തീരപ്രദേശങ്ങളിൽ ഫ്രാൻസിസ് സേവ്യർ തുടങ്ങിയ ജസ്യൂട്ട് മിഷണറിമാർ നടത്തിയ മതപരിവർത്തനങ്ങളും വലിയ ചലനങ്ങൾ ഉണ്ടാക്കി. എല്ലാം സമ്മേളിച്ചപ്പോൾ 1599-ൽ ആർച്ച് ബിഷപ്പ് മെനേസിസ് വിളിച്ചുചേർത്ത ഉദയംപേരൂർ സിന്നഡ് റോമ്മിനോട് വിധേയത്വം പ്രഖ്യാപിക്കുന്ന ഡിക്രികൾ അംഗീകരിക്കുവാൻ തയാറായി. വടക്ക് പാലൂർ-ചാട്ടുകുളങ്ങര ഇടവകയും തെക്ക് തിരുവിതാംകോട് ഇടവകയും ഈ കൂറുമാറ്റത്തിൽ പ്രതിഷേധിച്ച് മാറിനിന്നു. മാറിയ സാഹചര്യത്തിൽ ഒരു ബിഷപ്പിന് വേണ്ടി സുറിയാനി പശ്ചാത്തലമുള്ള മലങ്കരസഭ പൗര സ്ത്യസഭാകേന്ദ്രങ്ങളെ സമീപിച്ചു. അലക്സാന്ത്രിയാ പോപ്പ് അയച്ച അഹത്തള്ളാ പാത്രിയർക്കീസിനെ അപായപ്പെടുത്തിയതിൽ വിജൃംഭിത വീര്യയായ മലങ്കരസഭ മട്ടാഞ്ചേരിയിലെ കൂനൻകുരിശിൽ ആലാത്തു കയർ കെട്ടി റോമ്മൻ ബന്ധം വിച്ഛേദിക്കുന്ന പ്രതിജ്ഞ പ്രഖ്യാപിച്ചു; തോമസ് അർക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരിൽ 12 വൈദികർ ചേർന്ന് പൂർവിക മാതൃകയിൽ മെത്രാനാക്കി.

17, 18 നൂറ്റാണ്ടുകളിൽ പല വിദേശ സഭകളിലേയും അധ്യക്ഷന്മാർ സഹായിച്ചു. പകലോമറ്റം തറവാട്ടിൽ നിന്ന് 9 മെത്രാന്മാരുണ്ടായി. ഇതി നിടയിൽ ആർത്താറ്റ് പടിയോല മലങ്കരയുടെ സ്വാതന്ത്ര്യവും തനിമയും പ്രഖ്യാപിച്ചു. സി. എം. എസ്. മിഷണറിമാരുടെ സഹായത്തോടെ

പുലിക്കോട്ടിൽ ദീവന്നാസ്യോസ് I കോട്ടയം പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം ക്രമീകരിച്ചു. മിഷണറി ബന്ധം നവീകരണ സമ്മർദ്ദമായപ്പോൾ മാവേലിക്കരയിൽ 1836-ൽ ചേർന്ന സിന്നഡിൽ വച്ച് അവരുമായുള്ള ബന്ധങ്ങൾ വിച്ഛേദിച്ചു. അവർ പോയശേഷം അവശേഷിക്കുന്ന കുറേ നവീകരണവാദികൾ ഒരു റിബൽ മെത്രാനെ വാഴിച്ച് സംഘടിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസ് രണ്ട് മെത്രാന്മാരെ അയച്ചു. വിഫലമായതിനാൽ ഒരു മലയാളിയെ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമനെ വാഴിച്ചയച്ചു. റിബൽ മെത്രാന് രാജകീയാംഗീകാരം കിട്ടിയതിനാൽ അദ്ദേഹത്തിൽ നിന്ന് സഭയെ മോചിപ്പിക്കാനായില്ല. ഒടുവിൽ മലങ്കരസഭ പാത്രിയർക്കീസിനെ ക്ഷണിച്ചു; അദ്ദേഹം വന്നു. രാജാക്കന്മാർ പിന്തുണച്ചു. പരുമലയിൽ വച്ച് 1873-ൽ രൂപീകരിച്ച അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും നയപരിപാടികളും 1876-ൽ മുളന്തുരുത്തിയിൽ വെച്ച് ദൃഢപ്പെടുത്തി. ബാവാ ഏഴ് ഭദ്രാസനങ്ങളാക്കി സഭയെ തിരിച്ച് 6 മെത്രാന്മാരെ വാഴിച്ച് നിയമിച്ച്, സിറിയൻ സമ്പ്രദായങ്ങൾ മലങ്കരയിൽ പാകിയുറപ്പിച്ച് മടങ്ങിപ്പോയി. തുടർന്നുണ്ടായ സെമിനാരിക്കേസിൽ നവീകരണ വിഭാഗം അന്തിമമായി 1889-ൽ പരാജയപ്പെട്ടു. മാർത്തോമ്മാസഭ എന്ന പേരിൽ പുതിയ ഒരു സഭ രൂപീകരിച്ച് നവീകരണവിഭാഗം പിരിഞ്ഞുപോയി. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II ന് പഴയസെമിനാരി ലഭിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയുടെ കാലത്ത് അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ വന്നു. മുൻ പാത്രിയർക്കീസിനെപ്പോലെ ഇദ്ദേഹവും ലൗകികാധികാരം സമ്മതിക്കുന്ന ഉടമ്പടി മലങ്കരമെത്രാനോട് ആവശ്യപ്പെട്ടു. മുൻ മലങ്കര മെത്രാനെപ്പോലെ ഇദ്ദേഹവും നിഷേധിച്ചു. മലങ്കരമെത്രാനും കൂട്ടുട്രസ്റ്റികളുമായി രസക്ഷയമുണ്ടായിരുന്ന കാലമായിരുന്നു അത്. വൈദിക ട്രസ്റ്റിയുടെയും അത്മായട്രസ്റ്റിയുടെയും പിന്തുണയോടെ പാത്രിയർക്കീസ് മലങ്കരമെത്രാനെ മുടക്കി. സമുദായം രണ്ടു കക്ഷികളായി ധ്രുവീകരിക്കപ്പെട്ടു. മലങ്കരസഭാ ഭരണത്തിന് അനുകൂലികളായ മെത്രാന്മാരെ വാഴിച്ച് സമാന്തര ഭരണം ഉണ്ടാക്കി പാത്രിയർക്കീസ് യാത്രയായി. വട്ടിപ്പണക്കേസ് ആരംഭിച്ചു. അന്ത്യോഖ്യയിൽ ഭരണകൂടം അധികാരത്തിൽ നിന്ന് ബഹിഷ്ക്കരിച്ച സീനിയർ പാത്രിയർക്കീസിന്റെ സഹകരണത്തിൽ മലങ്കരസഭ മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ പൗരസ്ത്യ കാതോലിക്കാ ആയി 1912-ൽ വാഴിച്ചു. ജില്ലാ കോടതിയിൽ മെത്രാൻ കക്ഷിയും ഹൈക്കോടതിയിൽ ബാവാകക്ഷിയും വിജയിച്ചു. അനുരഞ്ജനശ്രമങ്ങൾ വിഫലമായി. പല പാത്രിയർക്കീസന്മാരും കാതോലിക്കാമാരും പ്രശ്നകാലത്തു ജീവിച്ച ട്രസ്റ്റിമാരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. പകരം പുതിയ മുഖങ്ങൾ വന്നു. 1958-ൽ മെത്രാൻകക്ഷിയ്ക്കനുകൂലമായി സമുദായക്കേസിൽ സുപ്രീംകോടതിയിൽ നിന്ന് അന്തിമവിധിയുണ്ടായി. ഇതിനിടയിൽ ദേവലോകത്തേയ്ക്ക് കാതോലിക്കായുടെ

ആസ്ഥാനം മാറിയിരുന്നു. അന്തിമവിധിയുടെ പശ്ചാത്തലത്തിൽ ജേതാവായ കാതോലിക്കോസ് മറുഭാഗത്തെ ഔദാര്യപൂർവ്വം സ്വീകരിച്ച് സഭയിൽ സമാധാനമുണ്ടാക്കുകയും സഭാഭരണം ഭരണഘടനയ്ക്കു വിധേയമായി ക്രമീകരിക്കുകയും ചെയ്തു. ഭരണഘടനപ്രകാരം അടുത്ത കാതോലിക്കാ ഇരുഭാഗത്തിന്റെയും സഹകരണത്തോടെ പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ വാഴിക്കപ്പെട്ടു.

പ്രസക്തി നഷ്ടപ്പെട്ട അന്ത്യോഖ്യൻ ഡലിഗേറ്റിന്റെ ശ്രമഫലമായി രൂപംകൊണ്ട അസംതൃപ്ത വിഭാഗത്തെ പാത്രിയർക്കീസ് പിന്തുണച്ചു. മാർത്തോമ്മായുടെ പൗരോഹിത്യവും സിംഹാസനവും നിഷേധിക്കുന്ന ഒരു സർക്കുലറിലൂടെ വീണ്ടും ഒരു വിഭജനത്തിന് അരങ്ങൊരുങ്ങി. ധ്രുവീകരിക്കപ്പെട്ട സ്വന്തം കക്ഷിക്കുവേണ്ടി പാത്രിയർക്കീസ് ഭരണഘടനാവിരുദ്ധമായി മെത്രാന്മാരെയും ഒടുവിൽ സമാന്തര കാതോലിക്കായെയും വാഴിച്ചത് വീണ്ടും സമുദായക്കേസിന് കാരണമായി 1995-ൽ വീണ്ടും സുപ്രീം കോടതി കാതോലിക്കാഭാഗത്തിന് അനുകൂലമായ വിധി പ്രസ്താവിച്ചു. വീണ്ടും ഒരു യോജിപ്പിന്റെ ശ്രമങ്ങൾ നടന്നത് പക്ഷേ വിജയിച്ചില്ല. അക്രമം കൊണ്ടും രാഷ്ട്രീയബലവും ഒന്നുരണ്ട് ജില്ലകളിലെ വോട്ട് ബലം ഉപയോഗിച്ച് നിയമവ്യവസ്ഥകളെ വെല്ലുവിളിച്ചുകൊണ്ടും മറുഭാഗം ഒരു സ്വതന്ത്രസഭ സ്ഥാപിക്കുന്നതിനിടയിൽ മറുഭാഗത്തെ 3 മെത്രാന്മാരും കുറെ പള്ളികളും കാതോലിക്കേറ്റിൽ സ്വീകരിക്കപ്പെട്ടു. 1995-ലെ വിധി നടപ്പിലാക്കി കിട്ടുവാനുള്ള ശ്രമങ്ങൾ കോടതികളിൽ തുടർന്നുകൊണ്ടിരിക്കുന്നു.

ഭാരതസഭകൾ: ഫാ. ഡോ. വി. സി. ശമുവേൽ ദിവ്യബോധനം പഠന പദ്ധതിയ്ക്കു വേണ്ടി രചിച്ച സഭാചരിത്രത്തിന്റെ രണ്ടാം ഭാഗം.

ഭാരതസഭ 21-ാം നൂറ്റാണ്ടിൽ: 1. കത്തോലിക്കർ: a. ലത്തീൻ സഭ b. സീറോ-മലബാർ സഭ c. സീറോ-മലങ്കര സഭ.

2. നവീകരണ വിഭാഗങ്ങൾ: a. സി. എസ്. ഐ. (1947), b. സി. എൻ. ഐ. (1970) c. മാർത്തോമ്മാ സഭ. d. മറ്റു നവീകരണ വിഭാഗങ്ങൾ.

3. ഓർത്തഡോക്സ് സഭ.

കത്തോലിക്കാ വിഭാഗങ്ങൾ ഒഴിച്ച് മറ്റു സഭകൾ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയിലും (NCCI) ലോകസഭാ കൗൺസിലിലും അംഗത്വമെടുത്തിട്ടുണ്ട്.

ഇവ കൂടാതെ കൽദായസഭ (അസ്സീറിയൻ), തൊഴിയൂർ സഭ എന്നിവയും ചെറിയ സംഘമായി പ്രവർത്തിക്കുന്നു.

ഭാരതവത്ക്കരണം: ക്രൈസ്തവസഭകൾ നടത്തുന്ന തദ്ദേശീയവത്ക്കരണശ്രമം ഈ പേരിൽ അറിയപ്പെടുന്നു. ദൈവശാസ്ത്രം, സംഗീതം, ആരാധനാശൈലി, ദേവാലയശില്പം, കാർമ്മികവസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ധീരമായ പരീക്ഷണങ്ങൾ നടക്കുന്നുണ്ട്.

ഭൂതോച്ചാടനം: ലോകമതങ്ങളിലെല്ലാം ഇതുണ്ട്. യേശുവും ശിഷ്യരും ഈ ശുശ്രൂഷ നിർവഹിച്ചു. സഭ അത് തുടർന്നു. സ്നാനാർത്ഥികളുടെ മേൽ ഭൂതോച്ചാടനത്തിന്റെയും നിരോധനത്തിന്റെയും പ്രാർത്ഥന ചൊല്ലുന്നു. ശിരസ്സിൽ കൈവച്ച് മൂന്നുതവണ മൂമ്മൂന്ന് റൂശ്മാകൾ പട്ടക്കാരൻ നടത്തുന്നു. 'അശുദ്ധാത്മാവേ നീ സമൂലം നീങ്ങിപ്പോവുക, മത്സരിക്കരുത്' എന്നാണ് അതിന്റെ ഒടുവിലത്തെ വാക്യം. അതുകഴിഞ്ഞാണ് ഉപേക്ഷണ വാക്യവും സ്വീകരണ വാക്യവും പ്രഖ്യാപിക്കുന്നത്.

ഭൂതോച്ചാടകൻ: ഭൂതോച്ചാടകന്മാർ എന്ന വിഭാഗം സഭാ സ്ഥാനികളിലുണ്ടായിരുന്നു. അതൊരു പരിശുദ്ധാത്മ നൽവരം ആണെന്ന് പഠിപ്പിച്ചു. ഇന്ന് പട്ടക്കാർ ആ ശുശ്രൂഷ നിർവഹിക്കുന്നു.

മ

മക്കദോനിയ: ഫിലിപ്യാ, തെസ്സലോനിക്യാ, ബെരോവ ഉൾപ്പെടെ ആറ് പ്രവിശ്യകൾ ചേർന്ന പ്രദേശം. ബി. സി. 7–ാം നൂറ്റാണ്ടിൽ പെർഡിക്കാസ് I ആണ്. ഫിലിപ്പിന്റെയും അലക്സാണ്ടറുടെയും കാലത്ത് അത്യുച്ചാവസ്ഥയിൽ. നൈൽ മുതൽ സിന്ധുനദി വരെ വിസ്തൃതം. 148–ൽ റോമൻ പ്രവിശ്യയായി. ഏഷ്യയും പടിഞ്ഞാറും ബന്ധിക്കുന്ന കരമാർഗ്ഗം. മക്കദോന്യർ പൗലൂസിനെ സഹായിക്കുന്നുണ്ട്. ഔദാര്യനിധികളാണ് നാട്ടുകാർ.

മക്കളിലപ്പൻ...: മരിച്ചവരുടെ ഓർമ്മയിൽ ചൊല്ലുന്ന കുക്കിലിയോന്റെ ആദ്യഭാഗം.

മക്കാബിയർ: ഓർത്തഡോക്സ്–കത്തോലിക്കാ സഭകൾ അംഗീകരിച്ച പഴയനിയമത്തിലെ കൃതി. ഒന്നും രണ്ടും പുസ്തകങ്ങൾ ഉണ്ട്. ബി. സി. രണ്ടാം നൂറ്റാണ്ടിൽ യഹൂദർക്ക് ആത്മീയവും രാഷ്ട്രീയവുമായ നേതൃത്വം നൽകിയ കുടുംബം. 2009–ൽ പ്രസിദ്ധീകരിക്കുന്ന ഓർത്തഡോക്സ് സ്റ്റഡി ബൈബിളിൽ ഈ പുസ്തകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

മക്കാബിയരുടെ കുടുംബം: ഹശ്മോന്യ വംശജനായ മറ്റാത്തിയൂസ് എന്ന യഹൂദ പുരോഹിതന്റെ അഞ്ചു മക്കൾ മക്കാബിയർ. ജോൺ, സൈമൺ, യൂദാസ്, ഏലിയാസ്, യോനാഥാൻ. മൂന്നാമൻ യൂദാസ് മക്കാബി. മക്കാബി=ചുറ്റിക. ബി. സി. 169–ൽ അന്തിയോക്കസ് എപ്പിപ്പാനസ് യെരുശലേം ആക്രമിച്ച് ദേവാലയം അശുദ്ധമാക്കി വിഗ്രഹം പ്രതിഷ്ഠിച്ച് പന്നിയെ ബലി അർപ്പിച്ചപ്പോൾ ആരാധന, ന്യായപ്രമാണം, തിരുവെഴുത്തുകൾ എന്നിവ നശിപ്പിക്കപ്പെട്ടു. പരിച്ഛേദന നിർത്തലാക്കി. ഇതിനെ നേരിടുവാൻ അപ്പനും മക്കളും ധൈര്യപ്പെട്ടു. അവർ ജയിച്ചു. നഗരവും ദേവാലയവും വീണ്ടെടുത്തു. പുനഃപ്രതിഷ്ഠ നടത്തി. യഹൂദർ ഈ സംഭവം പിന്നീട് ജനതയുടെ ഒരു പെരുന്നാൾ ആയി ഈ സംഭവത്തെ ഗൗരവത്തിലെടുത്തു.

മക്കാബിയർ – പുസ്തകങ്ങൾ: ബി. സി. രണ്ടാം നൂറ്റാണ്ടിലെ ചരിത്രം. ബി. സി. 175 മുതൽ 134 വരെയുള്ള ചരിത്രം. എബ്രായ ഭാഷയിൽ

എഴുതി. ഗ്രീക്കു വിവർത്തനമേ ഇന്നുള്ളൂ.

മക്കാറിയോസ്, ഡോ. തോമസ് മാർ: അയിരൂർ കുറ്റിക്കണ്ടത്തിൽ എ. റ്റി. ചാക്കോയുടെ മകൻ. 1926 മെയ് 26–ന് ജനനം. എം. എ., ബി. ഡി., എസ്. റ്റി. എം., ഡോക്ടറേറ്റ് ബിരുദങ്ങൾ എടുത്തു. 1951–ൽ ശെമ്മാശൻ, 1952–ൽ കശ്ശീശാ. ഗീവറുഗീസ് II ബാവാ പട്ടങ്ങൾ നൽകി. 1975 ഫെബ്രു. 16–ന് നിരണത്തു വച്ച് ഔഗേൻ I ബാവ മെത്രാനായി വാഴിച്ചു. ആദ്യം ബോംബെ ഭദ്രാസനത്തിലും 1979–ൽ അമേരിക്കയിലും ഒടുവിൽ യു. കെ.–കാനഡ ഭദ്രാസനത്തിലും നിയമിക്കപ്പെട്ടു. മലങ്കര സഭാസംരക്ഷണ സമിതി പ്രസിഡണ്ട്, കോട്ടയം വൈദികസെമിനാരി അധ്യാപകൻ, അമേരിക്കയിൽ റിച്ച് മൗണ്ട് യൂണിയൻ തിയോളജിക്കൽ കോളജ് വിസിറ്റിംഗ് പ്രൊഫസർ, മലങ്കര മെത്രാപ്പോലീത്തായുടെ അസിസ്റ്റണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. റമ്പാൻ ലാസറസ് കോറെപ്പിസ്ക്കോപ്പാ, ഫാ. ഡോ. കെ. സി. മാത്യൂസ് എന്നിവർ സഹോദരന്മാരും സിസ്റ്റർ മറിയാ സഹോദരിയുമാണ്. സഭാചരിത്ര പണ്ഡിതനാണ്. 'മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം' എന്നൊരു കൃതി രചിച്ചിട്ടുണ്ട്.

മക്കാറിയോസ്, വി. (ഉ. 300–390): ഈജിപ്റ്റിൽ ജീവിച്ചു. 30–ാം വയസ്സിൽ ഒരു സന്യാസകോളനി സ്ഥാപിച്ചു. ഈജിപ്റ്റിലെ മൊണാസ്റ്റിസിസത്തിന്റെ കേന്ദ്രമായി ഇത് വളർന്നു. അന്തോണിയോസിന്റെ അനുഭാവി. അത്താനാസ്യോസിന്റെ പ്രചാരകൻ. അറിയോസ്യർ ഇദ്ദേഹത്തെ നാടുകടത്തി.

മക്കാറിയോസ് (ഉ. 384): യെരുശലേം ബിഷപ്പ്. അറിയോസിനെതിരെ നിഖ്യയിൽ പങ്കെടുത്തു. കർത്താവിന്റെ കുരിശ് ഹെലേനി രാജ്ഞി കണ്ടെടുക്കുന്നത് ഇദ്ദേഹത്തിന്റെ കാലത്താണ്.

മക്കാറിയോസ്, ആർച്ച് ബിഷപ്പ്: സൈപ്രസിലെ പ്രസിഡണ്ട്. മലങ്കരസഭ സന്ദർശിച്ചിട്ടുണ്ട്.

മക്കിത്തൊപ്പി: പട്ടക്കാർ ഉപയോഗിക്കുന്ന കറുത്ത തൊപ്പി. പട്ടംകൊടയിൽ രോമം കത്രിച്ച തലയിൽ തൊപ്പി ധരിക്കുക എന്ന പതിവ് സിറിയൻ മെത്രാന്മാർ നടപ്പാക്കിയതാണ്. മുടി വെട്ടിമാറ്റിയ തലയിൽ ചേർന്ന് കിടക്കുന്ന തൊപ്പിയായിരുന്നു ആദ്യം. യൂയാക്കീം മാർ കൂറിലോസ് ആണ് ഇന്നത്തെ തൊപ്പി നിർദ്ദേശിച്ചത്. മസനപ്സായ്ക്ക് കീഴിൽ മെത്രാന്മാരും മറ്റും ധരിക്കുന്നത് പഴയ പറ്റുതൊപ്പി തന്നെയാണ്. കശീശാസ്ഥാനം ഏറ്റവർക്ക് മാത്രം സഭ ഔദ്യോഗികമായി അംശവസ്ത്രത്തിന്റെ ഭാഗമായി തൊപ്പിയും വാഴ്ത്തിക്കൊടുക്കുന്നു. കശ്ശീശായ്ക്ക് താഴെയുള്ള സ്ഥാനികൾക്ക് ഔദ്യോഗികമായി തൊപ്പി ഇല്ല. കീഴ്വഴക്കമനുസരിച്ച് മലങ്കര

സഭയിൽ തുടരുന്നുവെന്നു മാത്രം.

മക്കോഡിയ: മലങ്കരസഭയുടെ ഉത്തരേന്ത്യൻ സേവനങ്ങളുടെ ഭാഗമായ ഭിലായ് മിഷന്റെ ഘടകമാണു മക്കോഡിയ മിഷൻ സെന്റർ. ഇവിടെ 20-ൽ പരം യുവാക്കൾക്കു താമസിച്ചു പഠിക്കുന്നതിനും പഠനം കഴിഞ്ഞു മാന്യമായ വേതനത്തോടെ സേവനം ചെയ്യുന്നതിനും സൗകര്യമുണ്ട്.

മക്രീന, വി. (327-379): കപ്പദോക്യൻ പിതാക്കന്മാരായ കൈസറിയായിലെ ബസ്സേലിയോസിന്റെയും, നിസ്സായിലെ ഗ്രിഗോറിയോസിന്റെയും സഹോദരി. സഹോദരന്മാരെ സന്യാസത്തിലേക്ക് പ്രേരണ നൽകി. സ്ത്രീകൾക്കായി ഒരു മഠം സ്ഥാപിച്ചു. രോഗീശുശ്രൂഷ അവരുടെ മുഖ്യ മിഷൻ പ്രവർത്തനം ആയിരുന്നു.

മഗ്ദല: ഗോപുരം എന്ന് അർത്ഥം. മറിയയുടെ സ്വദേശം.

മഞ്ചൽ: അമാലന്മാർ തോളിൽ വച്ച് നടന്ന വാഹനം. രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും മെത്രാന്മാർക്കും സ്വന്തം മഞ്ചൽ ഉണ്ടായിരുന്നു. ഇതിന്റെ ആഡംബരരൂപമാണ് പല്ലക്ക്. പല്ലക്കിലോ മഞ്ചലിലോ മൃതദേഹം കൊണ്ടുപോകുമ്പോൾ മൗനം പാലിക്കും. അല്ലാത്തപക്ഷം താളാത്മക ശബ്ദം പുറപ്പെടുവിക്കണം.

മട്ടയ്ക്കൽ മല്പാൻ: വട്ടിപ്പണക്കേസിന്റെ ആരംഭകാലത്ത് കോട്ടയം പഴയസെമിനാരിയിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് നിയമിച്ച നിരണം സ്വദേശിയായ മാനേജർ; പേർ അലക്സന്ത്രയോസ് കത്തനാർ. ഇദ്ദേഹം സെമിനാരിയിൽ മല്പാനും ആയിരുന്നു. പരുമല പിതാവിന്റെ ശിഷ്യൻ. നിരണം മട്ടയ്ക്കൽ ബഹനാൻ കത്തനാരുടെ മകൻ. 1865-ൽ ജനിച്ചു. ഇദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകനാണ് അലക്സിയോസ് മാർ തേവോദോസിയോസ്. ബഥനി ആശ്രമം പ്രസിദ്ധീകരിച്ച കുർബ്ബാന തക്സാ, പ്രുമിയോനുകൾ, ഹാശാ പ്രുമിയോനുകൾ എന്നീ വിവർത്തനങ്ങളും ജനനപ്പെരുന്നാൾ പ്രാർത്ഥന, കഷ്ടാനുഭവഗീതങ്ങൾ എന്നിവയും അദ്ദേഹത്തിന്റെ വിവർത്തനങ്ങൾ ആണ്. 1938 ആഗസ്റ്റ് 29-ന് അന്തരിച്ചു. നിരണം പള്ളിയിൽ കബറടക്കി.

മട്ടാഞ്ചേരിപ്പള്ളി: കൊടുങ്ങല്ലൂരും, കൊച്ചിയും വിദേശ വാണിജ്യ കേന്ദ്രമായതോടെ മട്ടാഞ്ചേരി യഹൂദരുടെയും ക്രിസ്ത്യാനികളുടെയും കേന്ദ്രമായി. അങ്ങാടിയിൽ പള്ളിയുണ്ടായി. 1653-ലെ കൂനൻകുരിശ് സത്യം പ്രഖ്യാപിച്ചത് മട്ടാഞ്ചേരി പള്ളിയിൽ വച്ചായിരുന്നു. 1751-ൽ വന്ന ശക്രള്ള ബാവാ ഇത് പുനർ നിർമ്മാണം നടത്തിയിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഒരിക്കൽക്കൂടി പുനർ നിർമ്മാണം നടന്നു. അന്ന് കൊച്ചിയുടെ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അതിന്റെ

പൂർണ്ണ കൂദാശ നിർവഹിച്ചു. ഇന്ന് മട്ടാഞ്ചേരിയിൽ ക്രിസ്ത്യാനികൾ എണ്ണ ത്തിൽ കുറവാണ്. കൊച്ചി പള്ളിയുടെ (ഫോർട്ട് കൊച്ചി) കീഴിൽ നില കൊള്ളുന്നു. ഇവിടെ ഉണ്ടായിരുന്ന കൂനൻകുരിശിൽ ആലാത്തു കയർ കെട്ടി അതിൽ പിടിച്ചാണ് എല്ലാവരും സത്യപ്രഖ്യാപനത്തിൽ പങ്കുചേർ ന്നത്. കൂനൻകുരിശ് സത്യ സ്മാരക കുരിശ് ഇപ്പോൾ സ്ഥാപിച്ചിട്ടുണ്ട്.

മഠം: തമിഴ് ബ്രാഹ്മണരുടെ വീട്. വേദാധ്യായന സ്ഥലവും ഈ പേരിൽ അറിയപ്പെടുന്നു. കോൺവെന്റുകൾക്ക് മഠം എന്ന് പറയും. കന്യാസ്ത്രീ മഠം, മഠത്തിൽ ചേരുക എന്ന പ്രയോഗങ്ങൾ അങ്ങനെ ഉണ്ടായി.

മഠങ്ങൾ, മലങ്കരയിലെ: ബഥനി മഠം റാന്നി, മൗണ്ട് താബോർ മഠം പത്തനാപുരം, മേരി മഗ്ദലന മഠം കുന്നംകുളം, ബഥനി മഠം കുന്നംകുളം, ബേത്‌ലഹേം സെന്റ് മേരീസ് കിഴക്കമ്പലം, നസ്രേത്തു മഠം ഓതറ, സെന്റ് മേരീസ് ബസലേൽ മഠം ശൂരനാട്, സെന്റ് പോൾസ് പുതുപ്പാടി, മൗണ്ട് കാർമ്മൽ കല്ലട, സെന്റ് മേരീസ് അടൂർ തുടങ്ങിയവയാണ് മലങ്കരയിലെ മുഖ്യ മഠങ്ങൾ.

മഡോണ: മൈ ലേഡി എന്നതിന്റെ ഇറ്റാലിയൻ രൂപം. വി. മറിയാമിന്റെ പടങ്ങളും രൂപങ്ങളും ഈ പേരിൽ പരാമർശിക്കപ്പെടുന്നു.

മണർകാട് പള്ളി: എ. ഡി. 900-നടുത്ത് ഈ ദൈവമാതാവിന്റെ പള്ളി സ്ഥാപിതമായി എന്ന് പഴമക്കാർ പറയുന്നു. ഹൈക്കലായിൽ വട്ടെഴുത്ത് ശിലാലിഖിതങ്ങൾ ഉണ്ട്. 910-ലും 920-ലും കബറിടങ്ങളിൽ സ്ഥാപിച്ച ശിലാരേഖകൾ ആണിവ. കുറേക്കാലം നവീകരണക്കാരുടെ കൈവശമാ യിരുന്നു. കത്തോലിക്കാ സ്വാധീനത്തിൽ എട്ടുനോമ്പ് ഇവിടെ പെരുന്നാൾ ആയി ആചരിക്കുന്നു. പെരുന്നാൾ പ്രമാണിച്ച് കന്യകമറിയാമിന്റെ ചിത്രം സൂക്ഷിച്ച പെട്ടി തുറന്ന് പൊതുദർശനത്തിന് വയ്ക്കാറുണ്ട്. 1836-ൽ മിഷണറി പീറ്റ് സായിപ്പ് ഈ പെരുന്നാളിനെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ട്. 1982-ൽ സാക്കാ പാത്രിയർക്കീസ് ദൈവമാതാവിന്റെ സൂനോറോ സ്ഥാപിച്ചു. 1982 ഫെബ്രു. 27-ന് അദ്ദേഹം ഇവിടെവച്ച് മൂറോൻ കൂദാശ ചെയ്തു. സെന്റ് മേരീസ് കോളജ് ഐ. ടി. സി., ഹൈസ്ക്കൂൾ, നഴ്സറി സ്കൂൾ, ആശുപത്രി, നഴ്സിംഗ് സ്കൂൾ എന്നിവ നടത്തുന്നു. 13 കരകളി ലായി 3000 കുടുംബങ്ങൾ ഉണ്ട്.

മണലിൽ അച്ചൻ: '*ജേക്കബ് മണലിൽ, ഫാദർ*' കാണുക.

മണവറ: വിവാഹം കഴിഞ്ഞ് ദമ്പതികളെ പ്രവേശിപ്പിക്കുന്ന അലങ്കൃത മുറി. മണവാളനും മണവാട്ടിയും പ്രവേശിക്കുന്നതുകൊണ്ട് അറ മണവറ യായി. അവരെ ഇരുത്തുന്ന വേദി മണക്കോലം. ആർപ്പുവിളികളോട് കൂടി മധുരം കൊടുത്ത് മണവറയിൽ മാതൃസഹോദരനും പത്നിയും ചേർന്ന്

പ്രവേശിപ്പിക്കുന്ന ഔപചാരിക ചടങ്ങ് കുന്നംകുളം പ്രദേശങ്ങളിൽ ഇപ്പോഴുമുണ്ട്.

മണവാട്ടി: വധു. മണം ആളുന്നവൾ എന്ന് പദാർത്ഥം. ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ. പ്രതീകാത്മകമായ ഈ പശ്ചാത്തലമാണ് വിവാഹ കൂദാശയിലെ ചടങ്ങുകൾക്കും പ്രാർത്ഥനകൾക്കും പ്രബോധനങ്ങൾക്കും ആധാരം. ആൾ + ത്തി = ആൾത്തി = ആട്ടി എന്ന് പദനിഷ്പത്തി.

മണവാളൻ: വരൻ.

മണികൾ: ദേവാലയത്തിലെ ആരാധനാസമയം അറിയിച്ച് ക്ഷണിക്കുവാൻ ക്രൈസ്തവ ദേവാലയങ്ങളിൽ ഉയർന്ന സ്ഥലത്തോ മണിമാളിക കെട്ടി അതിലോ സ്ഥാപിക്കുന്ന വലിയ ഓട്ടുമണികൾ. സന്തോഷ സന്താപ വേളകളിലും പള്ളികളിൽ ആളുകളെ വിളിച്ചുചേർക്കുവാനും മണിനാദം ഉപയോഗിക്കുന്നു. ശുശ്രൂഷക്കാർ ആരാധനയിലെ പ്രധാന സമയങ്ങൾ സൂചിപ്പിക്കുവാൻ ചെറിയ കിലുക്കുമണികൾ ഉപയോഗിക്കുന്നു. ലോഹ നിർമ്മിത മണികൾക്ക് മുമ്പ് 'മരമണികൾ' ഉപയോഗത്തിലിരുന്നു.

മണിഗ്രാമം: പ്രാചീന കേരളത്തിലെ വ്യാപാര സംഘടനകൾ ആണ് അഞ്ചുവണ്ണം, മണിഗ്രാമം എന്ന് അഭിപ്രായമുണ്ട്. ചെപ്പേടുകളിലാണ് ഈ പ്രയോഗം മുഖ്യമായും കാണുന്നത്. മാണി മതക്കാരുടെ ഗ്രാമമെന്ന് ബർണൽ അഭിപ്രായപ്പെടുന്നു. 'മണിഗ്രാമപ്പട്ടം കൊടുത്തോം' എന്നാണ് വീരരാഘവ പട്ടയത്തിലെ പ്രയോഗം. അഞ്ചുവണ്ണം യഹൂദന്മാരുടെയും മണിഗ്രാമം ക്രൈസ്തവരുടെയും വ്യാപാര സംഘടനകൾ എന്ന പക്ഷത്തിനാണ് പ്രചാരം. ഗ്രാമത്തലവൻ എന്ന അർത്ഥവും സംഗതമാണ്. വർത്തക പ്രമാണികൾക്ക് നൽകുന്ന സ്ഥാനം എന്ന നിലയിൽ വർത്തക സമുദായമായ ക്രൈസ്തവനായകരെ ഗ്രാമത്തലവൻ പദവി നൽകി രാജാക്കന്മാർ ആദരിച്ച് അംഗീകരിച്ചതാവാം. വീരരാഘവ പട്ടയത്തിലെ പ്രസക്തഭാഗം 'ഇരവി കൊത്തനായ ചേരമാൻ ലോകപ്പെരുംചെട്ടിയ്ക്ക് മണിക്കിരാമ പട്ടം കുടുത്തോം" എന്നാണ്. കൊടുങ്ങല്ലൂർ കേന്ദ്രമാക്കിയാണിവർ എ. ഡി. 9 മുതൽ 12 വരെ ശതകങ്ങളിൽ വ്യാപാരം നടത്തിയിരുന്നത്.

മണ്ണുമ്മൂട്, സി. ജെ.: കോട്ടയം അമയന്നൂർ കോവൂപ്പറമ്പിൽ ചാക്കോയുടെയും മറിയാമ്മയുടെയും മകൻ. 12-1-1928 ൽ ജനനം. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലും കോട്ടയം ബസ്സേലിയോസ് കോളജിലും അധ്യാപകൻ. നിരവധി പദ്യകൃതികളും മൂന്ന് ഗദ്യ കൃതികളും രചിച്ചു. 2003-ൽ അന്തരിച്ചു.

മൺറോ, കേണൽ ജോൺ: സ്കോട്ട്ലണ്ട് സ്വദേശി. പ്രസ്ബിറ്റീരിയൻ സഭാംഗം. 1791-ൽ സൈനികോദ്യോഗസ്ഥനായി ഇന്ത്യയിലെത്തി.

1810-ൽ തിരുവിതാംകൂർ റസിഡണ്ട് ആയി. ദിവാൻ കൂടെ ആയിരുന്നു. 1812-ൽ കൊച്ചിയിലെ ദിവാനും ആയി. തിരുവിതാംകൂറിലെ അടിമസമ്പ്രദായം നിർത്തലാക്കി. ക്രിസ്ത്യാനികളുടെ പല അവശതകൾക്കും പരിഹാരം കണ്ടു. കോട്ടയം വൈദികസെമിനാരി സ്ഥാപിക്കുവാനും ദേവാലയങ്ങൾ നിർമ്മിക്കുവാനും വേദപുസ്തക പരിഭാഷ നിർവഹിക്കുവാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന് പ്രോത്സാഹനം നൽകി. 1819-ൽ ഇദ്ദേഹം മടങ്ങിപ്പോയി. മദ്രാസിൽ മേജർ ജനറലായി. 1825-ൽ നാട്ടിലേക്ക് വീണ്ടും മടങ്ങി. 1858-ൽ ദിവംഗതനായി.

മൺറോ തുരുത്ത്: അഷ്ടമുടിക്കായലിനും കല്ലടയാറിനും മദ്ധ്യേ അഞ്ചു ചതുരശ്ര മൈൽ വിസ്തൃതിയിലുള്ള തെങ്ങിൻതോപ്പ് പ്രദേശം. റാണി ഗൗരി ലക്ഷ്മിബായ് പഴയസെമിനാരിയുടെയും മിഷണറിമാരുടെയും പ്രവർത്തനങ്ങൾക്കായി കേണൽ മൺറോയുടെ ശുപാർശപ്രകാരം വിട്ടുകൊടുത്തു. മിഷണറിബന്ധം വിച്ഛേദിച്ചപ്പോൾ 1840 ഏപ്രിൽ 4-ലെ കൊച്ചിൻ അവാർഡ് പ്രകാരം ഈ സ്ഥലം സി. എം. എസ്. കാർക്ക് ലഭിച്ചു. 1930-ൽ റാണി സേതു ലക്ഷ്മീഭായ് ഇത് സർക്കാരിലേക്ക് തിരിച്ചെടുത്തു. തെങ്ങും നെല്ലുമാണ് മുഖ്യകൃഷി.

മതങ്ങൾ: മനുഷ്യനോളം പഴക്കമുണ്ട്. അറിയപ്പെടുന്ന മതങ്ങൾക്കെല്ലാം ഏഷ്യൻ പശ്ചാത്തലമാണുള്ളത്. സെമിറ്റിക് മതങ്ങൾ. 1. യഹൂദർ, ക്രൈസ്തവർ, ഇസ്ലാം.

ഭാരത മതങ്ങൾ 1. ഹിന്ദു 2. ജൈനർ. 3. ബുദ്ധർ, സിക്കുമതം.

പേർഷ്യ: സോരാഷ്ട്രിയൻ. ചൈന: ടാവോ, കൺഫ്യൂഷ്യസ്. ജപ്പാൻ: ഷിന്റോ. സെമിറ്റിക് മതങ്ങളെ പ്രവാചകമതങ്ങൾ എന്ന് പറയും. ജനസംഖ്യയിൽ മതങ്ങളുടെ സ്ഥാനം: ക്രിസ്തുമതം, ഇസ്ലാം, ഹിന്ദു മതം. മതങ്ങൾ തമ്മിൽ സാമ്യവ്യത്യാസങ്ങൾ ഉണ്ട്. മതസ്ഥാപകരുടെയും മറ്റും ദർശനങ്ങളാണ് സാമ്യവ്യത്യാസങ്ങൾക്ക് കാരണം. എല്ലാ രാഷ്ട്രീയ സിദ്ധാന്തങ്ങളും ജനനന്മയെ ലക്ഷ്യം വക്കുന്നതുകൊണ്ട് എല്ലാ രാഷ്ട്രീയ സിദ്ധാന്തങ്ങളും ഒന്നാണെന്ന് പറയാത്തതുപോലെ മനുഷ്യനന്മയെക്കുറിച്ചുള്ള സങ്കല്പങ്ങളും അവ ആർജ്ജിക്കാനുള്ള വ്യത്യസ്ത പരിശീലന പദ്ധതികളും ദൈവ-മനുഷ്യ ദർശനങ്ങളും മതങ്ങൾക്ക് താരതമ്യ പ്രസക്തി നൽകുന്നു.

മതദ്രോഹവിചാരണ: ദുരുപദേശത്തെക്കുറിച്ച് മുടക്ക് കല്പിച്ച നടപടികൾ. പാപ്പായുടെ ചുമതലയിൽ ഈ കോടതി പ്രവർത്തിച്ചു. പില്ക്കാലത്ത് ശാരീരിക ദണ്ഡനങ്ങളും മരണവും വിധിക്കുമായിരുന്നു. 1820-ൽ എന്നേക്കുമായി ഇതിന്റെ പ്രവർത്തനം നിലച്ചു. പോർച്ചുഗീസ് ഭരണ

കാലത്ത് ഇന്ത്യയിൽ ഈ കോടതിയുടെ പ്രവർത്തനം ഉണ്ടായിരുന്നു.

മതസംഗതി: വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ രചിച്ച വിശ്വാസപ്രമാണ ഗ്രന്ഥം. പിന്നീട് 'മതോപദേശസാരം' എന്ന പേരിലും ഈ കൃതി പ്രസിദ്ധീകരിക്കപ്പെട്ടു. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ അനുമതിയോടെ പ്രസിദ്ധീകരിക്കപ്പെട്ട ഈ ഗ്രന്ഥം സെമിനാരി വിദ്യാർത്ഥികൾക്ക് നൽകാൻ തയാറാക്കിയ നോട്ടുകൾ വികസിപ്പിച്ചെടുത്തതാണ്. വിശ്വാസസത്യങ്ങളെ നിർവചിക്കുകയും അവയുടെ വേദപുസ്തകാടിസ്ഥാനം പരിശോധിക്കുകയും ചെയ്യുന്നു. ഈ ഗ്രന്ഥം ഏറെക്കാലം സണ്ടേസ്കൂളുകളിൽ പാഠപുസ്തകമായിരുന്നു. മതസംഗതികൾ എന്ന പേരിലും ഈ പുസ്തകം അറിയപ്പെടുന്നു.

മതേതരത്വം: സെക്കുലർ എന്ന പദം മതനിരപേക്ഷം എന്ന അർത്ഥത്തിൽ ആണ് ഇന്ന് ഇന്ത്യയിൽ ഉപയോഗിക്കുന്നത്. മതാത്മകമല്ലാത്തത് എന്നാണ് പദത്തിന്റെ അർത്ഥം.

മത്താത്തിയസ്: ബി. സി. രണ്ടാം നൂറ്റാണ്ടിൽ അന്തിയോക്കസ് എപ്പപ്പാനിയോസിന്റെ നേതൃത്വം യെരുശലേം പിടിച്ചു. ദേവാലയം അശുദ്ധ ബലി മൂലം വികൃതമാക്കി. മത്താത്തിയോസ് എന്ന ധീരനായകന്റെ നേതൃത്വത്തിൽ യഹൂദന്മാർ ആലയം വീണ്ടെടുത്ത് പുനഃപ്രതിഷ്ഠ നടത്തി. വേദത്തിൽ മക്കുബായക്കാരുടെ പുസ്തകത്തിൽ ഈ സംഭവം വിവരിച്ചിരിക്കുന്നു.

മത്തായി നൂറനാൽ, ഫാ.: റാക്കാട് വർക്കിയുടെയും ഏലിയാമ്മയുടെയും മകൻ. 1-4-1928 ൽ ജനനം. 16-12-1951 ൽ പൗലൂസ് മാർ സേവേറിയോസ് വൈദികപട്ടം നൽകി. 1951 മുതൽ സുൽത്താൻബത്തേരി പള്ളി വികാരി. 1987-ൽ വൈദികട്രസ്റ്റി. ബത്തേരി കോളജ് സ്ഥാപകൻ, സംസ്ഥാന സഹകരണബാങ്ക് ഡയറക്ടർ, കേന്ദ്ര സഹകരണ ബോർഡ് മെമ്പർ, വൈ. എം. സി. എ. നാഷണൽ എക്സിക്യൂട്ടീവ് അംഗം, കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റ് അംഗം, ബത്തേരി അഡ്മിനിസ്ട്രേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. എ. കെ. ജി. യോടൊപ്പം മലബാർ കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾക്കായി സമരം ചെയ്തു. നിയമസഭാ ഇലക്ഷനിൽ മത്സരിച്ചു തോറ്റു. നിയമസഭാ ഇലക്ഷനിൽ സ്ഥാനാർത്ഥിയായ ആദ്യ ഓർത്തഡോക്സ് സഭാ പുരോഹിതൻ. 2004-ൽ നിര്യാതനായി.

മത്തായിയുടെ സുവിശേഷം: ചുങ്കക്കാരൻ ലേവി. 12 പേരിൽ ഒരാൾ. എ.ഡി. 85-നോടടുത്ത് യഹൂദ സുവിശേഷം, സഭാസുവിശേഷം എന്നും വിളിക്കുന്ന ഈ പുസ്തകം രചിക്കപ്പെട്ടു. വംശാവലി, ജനനം,

ശുശ്രൂഷയുടെ ആരംഭം, ഗിരിപ്രഭാഷണം, അദ്ഭുതപ്രവൃത്തികൾ, പ്രബോധനം, യേശുവിന്റെ പ്രാധാന്യം, തിരസ്ക്കാരം, ഉപമകൾ, അദ്ഭുതങ്ങൾ, പ്രതികൂല പ്രതികരണങ്ങൾ, യെരുശലേം യാത്ര, സഭാ ശിക്ഷണത്തെപ്പറ്റി പ്രബോധനം, രൂക്ഷമായ എതിർപ്പ്, ദൈവരാജ്യത്തിന്റെ ആഗമന സൂചനകൾ, മരണം, പുനരുത്ഥാനം എന്നിവയാണ് 26 അധ്യായങ്ങളിലെ ഉള്ളടക്കം. ആദ്യത്തെ മൂന്ന് സമവീക്ഷണ സുവിശേഷങ്ങളിൽപ്പെടുന്നു.

മത്സ്യം: ക്രിസ്തീയ കലയിലും സാഹിത്യത്തിലും മത്സ്യം ക്രിസ്തുവിന്റെ പ്രതീകമാണ്. രണ്ടാം നൂറ്റാണ്ടു മുതൽ മാമ്മൂദീസായുടെയും കുർബ്ബാനയുടെയും പ്രതീകമായി മത്സ്യം ഉപയോഗിച്ചു.

മത്ഥിയാസ്: മറ്റാത്തിയാസ് - യഹോവായുടെ ദാനം - എന്ന് പൂർണ്ണനാമം. നഷ്ടപ്പെട്ട യൂദായുടെ സ്ഥാനത്തേയ്ക്ക് ശേഷം ശ്ലീഹന്മാർ ഇദ്ദേഹത്തെ തെരഞ്ഞെടുത്തു (അ. പ്ര. 1:26). യഹൂദ്യയിൽ സുവിശേഷിച്ചതായും യഹൂദന്മാർ കല്ലെറിഞ്ഞ് കൊന്നതായും പാരമ്പര്യമുണ്ട്.

മധ്യസ്ഥ പ്രാർത്ഥന: രാജാക്കന്മാരും പ്രവാചകന്മാരും പുരോഹിതന്മാരും മധ്യസ്ഥപ്രാർത്ഥന നടത്തുവാനുള്ളവർ ആയിരുന്നു (യോവേൽ 2:17, 2 ശമു. 24:17, യിര. 37:3, 42:2-4, ഉല്പ. 18:16-23, മക്കാ. II 12: 41-46). ക്രിസ്തുവാണ് മധ്യസ്ഥൻ. ശത്രുക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ കല്പിച്ചപ്പോൾ (മത്താ. 5:44, 45) ഓരോ സഭാംഗത്തെയും കർത്താവ് മദ്ധ്യസ്ഥനാക്കുന്നു. സഹോദരന്റെ കാവൽക്കാരൻ എന്നാൽ സഹോദരന്റെ മദ്ധ്യസ്ഥൻ എന്ന് അർത്ഥം. യഹൂദസഭയിൽ മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥനയുണ്ടായിരുന്നു. ക്രിസ്തു അതിനെ നിരോധിച്ചില്ല. മരിച്ചവർ സഭയുടെ ആരാധനാ കൂട്ടായ്മയുടെ ഭാഗമാകയാൽ സഭ ആദിമകാലം മുതൽ അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അബ്രഹാമിനോട് ധനവാൻ പ്രാർത്ഥിക്കുന്നതായി ലാസറിന്റെ ഉപമയിൽ കാണുന്നു. 4-ാം നൂറ്റാണ്ടു മുതൽ മധ്യസ്ഥപ്രാർത്ഥനകൾ കുർബ്ബാനയുടെ ഭാഗമായി. കുർബ്ബാനയിൽ ആദ്യ ഭാഗം (തൂയോബോ) മുഴുവനും കുർബ്ബാനാരംഭത്തിലും എക്ബായും മാനീസായും പ്രുമിയോൻ കഴിഞ്ഞുള്ള ഹൂസോയോയും തുബ്ദേനുമായി ബന്ധപ്പെട്ട പ്രാർത്ഥനകളും കുക്കിലിയോനുകളും മധ്യസ്ഥ പ്രാർത്ഥനകൾ ആണ്. യാമപ്രാർത്ഥനകളിലും നല്ലൊരു ഭാഗം മധ്യസ്ഥ പ്രാർത്ഥനകൾ തന്നെ. ഹാശാ ആഴ്ചയിൽ അവയുടെ പരസ്യ പ്രാധാന്യം അല്പം കുറയുന്നു.

മധ്യസ്ഥ പ്രാർത്ഥന എന്ന് ഇന്ന് പരക്കെ അറിയപ്പെടുന്നത് സഭ രണ്ടായി നിന്നപ്പോൾ പാത്രിയർക്കീസ് ഭാഗത്തെ പള്ളികളിൽ സ്ലീബാ മാർ ഒസ്താത്തിയോസ് ആരംഭിച്ച ദൈവമാതാവിനോടുള്ള ഒരു പ്രത്യേക

പ്രാർത്ഥനയാണ്. അനൗദ്യോഗികമായ ആ പ്രാർത്ഥനകളിൽ അവധാനത കൂടാതെ ചേർത്ത കുറെ പ്രയോഗങ്ങളും ക്രിയകളും പ്രവേശിച്ചുകൊണ്ടേയിരിക്കുന്നു. കുർബ്ബാനയുടെ ഏകാഗ്രത നഷ്ടപ്പെടുന്നതു മൂലം ചിലർ ഇത് കുർബ്ബാനയ്ക്ക് ശേഷമേ നടത്തുക പതിവുള്ളൂ. പ്രത്യേക കർമ്മ ഫീസ് ഈടാക്കി നടത്തിയിരുന്ന ഈ പ്രാർത്ഥന പള്ളിയുടെയും വൈദികരുടെയും വരുമാന ഇനങ്ങളിലൊന്നായിരുന്നതിനാൽ ഇത് പ്രചുരപ്രചാരം നേടിയിട്ടുണ്ട്. ഇപ്പോൾ വി. ദൈവമാതാവിനോടും പ. പരുമല തിരുമേനിയോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ അടങ്ങിയ പ്രാർത്ഥനാപുസ്തകങ്ങൾ പ്രചരിക്കുന്നുണ്ട്.

മദ്ധ്യാഹ്ന നമസ്ക്കാരം: ഉച്ച. ഏഴ് യാമങ്ങളിൽ ഒന്ന്. സാധാരണ പ്രഭാത പ്രാർത്ഥനയോടൊന്നിച്ച് നടത്തുന്നു. യേശു മധ്യാഹ്നത്തിൽ കുരിശിൽ കിടന്നു. അതാണ് ആ സമയത്തിന്റെ പ്രാധാന്യം. കാനോനാ നമസ്ക്കാരത്തിൽ ദൈവമാതാവ്, പരിശുദ്ധന്മാർ, മരിച്ചുപോയവർ എന്നീ വിഭാഗങ്ങളെ സ്മരിക്കുന്ന മൂന്ന് ഗാനങ്ങളും മൂന്ന് വിഭാഗങ്ങളെയും പരാമർശിക്കുന്ന മാർ ബാലായിയുടെ അപേക്ഷയും ചൊല്ലിയതിന് ശേഷം മാർ സേവേറിയോസിന്റെ മാനീസായും കൗമ്മായും വിശ്വാസപ്രമാണവും കുക്കിലിയോനുകളും ചൊല്ലി അവസാനിപ്പിക്കും. മദ്ധ്യാഹ്ന നമസ്ക്കാരത്തിന് ശേഷമേ വി. കുർബ്ബാന അർപ്പിക്കുവാൻ അനുവാദമുള്ളു. മൂന്ന് നോമ്പിലും വലിയ നോമ്പിലും നോമ്പിന്റെ പ്രാർത്ഥനാക്രമം ഉപയോഗിക്കുന്നു. വിശ്വാസപ്രമാണം കഴിഞ്ഞു 40 കുമ്പിടീലും നടത്തും. സന്യാസാശ്രമങ്ങളിലും മറ്റും നടത്തുന്ന ഉച്ച നമസ്ക്കാരക്രമം വേറെയുണ്ട്. സാധാരണ ഉച്ചനമസ്ക്കാരം പ്രഭാതത്തിൽ നടത്തിയാലും സന്യാസാശ്രമങ്ങളിലും മറ്റും ഉച്ചയ്ക്ക് ദയറായക്കാരുടെ ഈ ഉച്ചനമസ്ക്കാരം നടത്തും. ഇത് വിവർത്തനം ആവശ്യമായ പ്രതിദിന ക്രമമാണ്.

മദ്ബഹാ: കൃത്യമായി പറഞ്ഞാൽ ത്രോണോസും തബിലൈത്തായും. ബലിയർപ്പിക്കപ്പെടുന്ന പീഠം എന്നർത്ഥം. സാധാരണ ബലിപീഠം സ്ഥിതിചെയ്യുന്ന ഉയർന്ന വേദിയെ മദ്ബഹാ എന്ന് പറയും. പൂർണ്ണശെമ്മാശന് താഴെയുള്ളവർക്ക് മദ്ബഹായിൽ നിയമപ്രകാരം പ്രവേശനമില്ല. പള്ളിക്കൂദാശയിൽ പ്രധാന ഭാഗം മദ്ബഹാ – ത്രോണോസും തബിലൈത്തായും – ശുദ്ധീകരിക്കുന്ന ശുശ്രൂഷയാണ്. ത്രോണോസിന് പുറമേ എവൻഗേലിയോൻ മേശ, കാർമ്മികന്റെ ഇരിപ്പിടം എന്നിവയാണ് തിരശ്ശീലകൊണ്ട് മറയ്ക്കപ്പെട്ട മദ്ബഹായിലെ പ്രധാന ഉപകരണങ്ങൾ. കുർബ്ബാന ദൃശ്യ പ്രധാന കർമ്മാനുഷ്ഠാനമാകയാൽ അന്തരീക്ഷ സൃഷ്ടിക്കാവശ്യമായ വസ്ത്രാലങ്കാരങ്ങൾ, ദീപാലങ്കാരങ്ങൾ, ശബ്ദം, താളം എന്നിവയ്ക്കൊക്കെ ഏർപ്പാടുകൾ ഉണ്ട്. കുരിശ് അടയാളമുള്ള മറശ്ശീല വടക്കോട്ട് വലിച്ച് തുറക്കുന്നു. ബൈസന്റയിൽ സഭകളിൽ ഐക്കൺ ആലേഖനം

ചെയ്ത സ്ക്രീനുകൾ തൽസ്ഥാനത്ത് ഉപയോഗിക്കുന്നു.

മദ്രാസ് ഭദ്രാസനം: '*മലങ്കരയിലെ ഭദ്രാസനങ്ങൾ*' കാണുക.

മദ്റോശോ: അഭ്യസനം. മദ്റശ്ത്തോ – സ്കൂൾ. പ്രബോധന സന്ദേശങ്ങൾ അടങ്ങിയ കവിതകൾ സുറിയാനി സാഹിത്യത്തിൽ ഈ പേരിൽ അറിയപ്പെടുന്നു. ഹാശാ നമസ്ക്കാരങ്ങളിലും മറ്റും ഇവ ധാരാളമുണ്ട്. ഇവ ഒഴിവാക്കിയാലും ആരാധനയുടെ ഘടനയും സാംഗത്യവും വ്യത്യാസപ്പെടുന്നില്ല.

മധുരം വയ്ക്കുക: വധൂവരന്മാരെ വിവാഹശുശ്രൂഷയുടെ തലേദിവസം അവരവരുടെ വീട്ടിലും വിവാഹാനന്തരം സ്വീകരണ സ്ഥലത്തും മധുരം നൽകി സ്വീകരണം പ്രഖ്യാപിക്കുന്നു. ചിരകിയെടുത്ത നാളികേരത്തിൽ പഞ്ചസാര കലർത്തി പുരോഹിതനോ തറവാട്ടിലെ കാരണവരോ അത് ത്രിത്വനാമത്തിൽ ആശീർവ്വദിച്ച് സദസ്സിന്റെ അനുവാദം അഭ്യർത്ഥിച്ച് വാങ്ങി മൂന്നു പ്രാവശ്യം വധൂവരന്മാർക്ക് നൽകും. ആ സമയത്ത് കുരവയിടുന്ന പതിവുണ്ട്. തലേദിവസം കല്യാണം കുളിപ്പിക്കുക എന്ന ചടങ്ങിന്റെ ഭാഗമായി വേദിയിൽ വെച്ച് സമ്മാനങ്ങൾ കൊടുത്തു കഴിഞ്ഞ ശേഷമാണ് മധുരം വയ്ക്കുക. വിവാഹം കഴിഞ്ഞും വധൂവരന്മാരെ കാലു കഴുകി നെല്ലും നീരും വീഴ്ത്തി വേദിയിലിരുത്തി സമ്മാനങ്ങൾ കൊടുത്തുകഴിഞ്ഞ ശേഷമാണ് മധുരംവയ്ക്കൽ ചടങ്ങ്. ജീവിതകാലം മുഴുവൻ ദൈവം അവർക്ക് മധുരാനുഭവങ്ങൾ നൽകട്ടെ എന്ന് സദസ്സ് പ്രാർത്ഥിച്ച് ആശീർവദിക്കുന്നതിന്റെ പ്രതീകാത്മക ചടങ്ങാണിത്. വധൂവരന്മാർ മധുരം ആസ്വദിച്ചു കഴിഞ്ഞാൽ അവശിഷ്ട മധുരം സദസ്സ് പങ്കിട്ടനുഭവിക്കുന്നത് വിവാഹസന്തോഷത്തിന്റെ പങ്കാളിത്തമായി കരുതുന്നത് സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യമാണ്.

മനപ്പിള്ളി സെന്റ് കുരിയാക്കോസ് ചാപ്പൽ: കാതോലിക്കാ ബാവായുടെ പ്രൈവറ്റ് ചാപ്പൽ. 1953-ൽ സ്ഥാപിച്ചു. 1957-ൽ വി. കുറിയാക്കോസ് സഹദായുടെ തിരുശേഷിപ്പുകൾ ഗീവറുഗ്ഗീസ് II കാതോലിക്കാ സ്ഥാപിച്ചു. 1976-ൽ മാർ ഗ്രിഗോറിയോസ് കുരിശിൻതൊട്ടി മാത്യൂസ് I കാതോലിക്കാ കൂദാശ ചെയ്തു.

മനശ്ശെ: 'വിസ്മരിക്കുവാനിടയാക്കുന്നു' എന്നർത്ഥം.

1. മനശ്ശെ: ഈജിപ്തിൽ വച്ച് യൗസേപ്പിന് ജനിച്ച ആദ്യ പുത്രൻ. ഇദ്ദേഹത്തെയും അനുജൻ എഫ്രയിമിനെയും ഗോത്ര പിതാക്കന്മാരുടെ അവകാശത്തിൽപ്പെടുത്തിയിട്ടുണ്ട്. ഗിദഗോനും യിപ്താഹും മനശ്ശെ ഗോത്രത്തിൽപ്പെട്ട ന്യായാധിപന്മാർ.

2. മനശ്ശെ: ഹിസ്കിയാവിന്റെയും ഹെപ്സീബായുടെയും മകൻ. യഹൂദ്യാ രാജാവ്. ബി. സി. 696–642 വരെ അമ്പത്തഞ്ച് വർഷം ഭരിച്ചു (2 രാജാ. 21:1–2). നാടെങ്ങും ബാൽ, അസേര പ്രതിഷ്ഠകൾ ഉയർന്ന മതാധഃപതനഘട്ടം. ഹിശോം താഴ്വരയിൽ സ്വന്തം മക്കളെ അഗ്നിപ്രവേശം ചെയ്യിക്കുന്ന കർമ്മം നടത്തി.

മനശ്ശെയുടെ പ്രാർത്ഥന: ഒരു അപ്പൊക്രിഫൽ പുസ്തകം. ഡിഡസ് കാലിയായിലും അപ്പോസ്തോലിക് കോൺസ്റ്റിറ്റ്യൂഷനിലും ഇത് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മനുഷ്യാവതാരം: ത്രിത്വത്തിലെ രണ്ടാമൻ വചനം പൂർണ്ണമനുഷ്യനായ സംഭവം. വചനം ജഡം എടുത്തു (യോഹ. 1:1–14). എ. ഡി. 6–ാം നൂറ്റാണ്ടിൽ വിരചിതമായ ഭാഗവതത്തിലെ വൈഷ്ണവ അംശാവതാരമല്ലിത്. യുഗം തോറും സംഭവിക്കുന്നതുമല്ല. ഒരിക്കലായി നടന്ന അതുല്യവും അവ്യാഖ്യേയവും ആയ ചരിത്രസംഭവം. മനുഷ്യാവതാരത്തിലൂടെ സാധിച്ച നിത്യമായ പ്രപഞ്ചരക്ഷയും വീണ്ടെടുപ്പും ആവശ്യാനുസരണം വിതരണം ചെയ്യുവാൻ സഭയിൽ നിക്ഷേപിച്ചിരിക്കുന്നു. സാർവകാലികവും സാർവദേശീയവുമായ രക്ഷയും വീണ്ടെടുപ്പും. എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഈ അവതാര രഹസ്യം തോമ്മാ ശ്ലീഹാ പ്രഖ്യാപിച്ചു (യോഹ. 20:28). പൗലൂസും യോഹന്നാനും ഈ വിശ്വാസം വിശദീകരിച്ചു (യോഹ. 1:18, 14:7–10, എബ്രാ. 1:1 മു, യോഹ. 3:16, റോമ. 5:5, 8:32, എബ്രാ. 7:3, 16, 24–28, 2:15, യോഹ. 12:31, 16:11, 1 തീമോ. 2:5). താൻ ദൈവപുത്രൻ (യോഹ. 1:14, 18; 3:16, 8:58, 14:7 മു; യോഹ. 1:1, 18, 1 യോഹ. 1:1–3, വെളി. 19:13). ദൈവത്തിന്റെ പ്രതിരൂപം - ഐക്കൺ (2 കോരി 4:4, കൊലോ. 1:15, എബ്രാ 1:3). ദൈവരൂപത്തിലുള്ളവൻ (ഫിലി. 2:6). പ്രകാശത്തിൽ നിന്നുള്ള പ്രകാശം (എബ്രാ. 1:3). മനുഷ്യാവതാരത്തിൽ വെറുമയാക്കി (ഫിലി. 2:7, 2 കോരി. 8:9, കൊലോ 2:9; 1:19).

'ക്രിസ്തു വിജ്ഞാനീയം', 'വേദവിപരീതങ്ങൾ' എന്നീ ശീർഷകങ്ങൾ കാണുക.

മനോഗുണം: സ്നേഹം, കരുണ എന്നീ അർത്ഥത്തിൽ ഉപയോഗിച്ച പഴയ മലയാളപദം.

മനോഗുണപ്രവൃത്തികൾ: 14 എണ്ണം. 1. വിശപ്പുള്ളവർക്ക് ഭക്ഷണം നൽകുക, 2. ദാഹിച്ചവരെ കുടിപ്പിക്കുക, 3. അതിഥി സൽക്കാരം. 4. നഗ്നർക്ക് വസ്ത്രധാരണം, 5. രോഗീസന്ദർശനം, 6. ബന്ധനസ്ഥരെ സന്ദർശിക്കൽ, 7. മരിച്ചവരെ സംസ്ക്കരിക്കൽ, 8. ദുർബലരെ ഉറപ്പിക്കുക, 9. പാപികളെ ശാസിക്കുക, 10. കുറ്റങ്ങൾ ക്ഷമിക്കുക, 11. തുണയറ്റവർക്ക്

സങ്കടനിവൃത്തി വരുത്തുക, 12. സഹനശീലം പുലർത്തുക, 13. ഭോഷന്മാർക്ക് അറിവ് പറഞ്ഞുകൊടുക്കുക, 14. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക. ആദ്യത്തെ ഏഴും ശാരീരികവും പിന്നെയുള്ളത് ആത്മീയവും.

മന്നാ: മരുഭൂ വാസക്കാലത്ത് യിസ്രായേലിന് ദൈവം നൽകിയ അതത് ദിവസത്തേയ്ക്കുള്ള വിശിഷ്ട ഭക്ഷണം. കനാനിൽ പ്രവേശിച്ചപ്പോൾ ഈ സ്വർഗ്ഗ ഭക്ഷണം നിലച്ചു. ക്രിസ്തുവിന്റെയും കുർബ്ബാനയുടെയും മുൻസൂചകം (യോഹ. 6:49). മന്ന ഇട്ടുവെച്ച പൊൻപാത്രം കൂടാരത്തിൽ സൂക്ഷിച്ചു. ഇത് ദൈവമാതാവിന്റെ സൂചകം. ദൈവത്തിന്റെ കരുതലിനെ മന്ന ഓർമ്മിപ്പിക്കുന്നു.

മന്ത്രം: വേദങ്ങളിലെ ശ്ലോകങ്ങൾ. മന്ത്രത്തിന് മൂന്ന് ശീർഷകങ്ങൾ കാണും. 1. മന്ത്ര ദ്രഷ്ടാവ് = മന്ത്രം രചിച്ച ആൾ. 2. ദേവത = മന്ത്രത്തിന്റെ പ്രമേയം. 3. ഛന്ദസ് = വൃത്തം.

മന്ത്രം: ധ്യാനപൂർവം ആവർത്തിച്ചോ മറ്റോ ഉരുവിടുന്ന സ്തോത്രങ്ങളെയും പ്രാർത്ഥനകളെയും മന്ത്രം എന്ന് പറയും. അതത് ദേവതകളെ ആവാഹിക്കുവാൻ, പ്രത്യക്ഷപ്പെടുത്തുവാൻ മന്ത്രോപാസകർക്ക് കഴിയും എന്ന് വിശ്വാസം.

മന്ത്രകോടി: മന്ത്രം - പ്രാർത്ഥന - ചൊല്ലി അണിയിക്കുന്ന കോടി വസ്ത്രം. വിവാഹത്തിൽ മന്ത്രകോടി വധുവിന് നൽകുന്നത് ഭാരതീയ ആചാരമാണ്. വിവാഹകൂദാശയിൽ അതിന് നിർദ്ദിഷ്ട പ്രാർത്ഥനയില്ല. ചിലർ മന്ത്രകോടി അണിയുമ്പോൾ ചൊല്ലുന്ന ഗാനം അനധികൃതമായി കൂട്ടിച്ചേർത്തതാണ്. താലിയും മന്ത്രകോടിയും ഭാരതീയാചാരങ്ങളായി വിവാഹകൂദാശയിൽ സ്വീകരിക്കപ്പെട്ടവയാണ്. മന്ത്രകോടിയുടെ ദേശ്യഭേദമാണ് മന്ത്രവടി.

മന്ത്രദ്രഷ്ടാവ്: മന്ത്രങ്ങൾ അപൗരുഷേയങ്ങളാണ്. മനുഷ്യ നിർമ്മിതമല്ല. ഋഷിമാർക്ക് അവ പ്രത്യക്ഷമാകുന്നു. അവർ അത് പകർത്തിവയ്ക്കുന്നു എന്ന അർത്ഥത്തിൽ വേദമന്ത്ര രചയിതാക്കളെ മന്ത്രദ്രഷ്ടാക്കൾ എന്ന് പറയും.

മന്ത്രവാദി: മന്ത്രം ചൊല്ലൽ പ്രൊഫഷൻ ആയി സ്വീകരിച്ച ആൾ. മറ്റുള്ളവർക്ക് ദോഷം വരുത്തുന്ന ആഭിചാരകർമ്മങ്ങൾ ചെയ്യുന്ന ദുർമന്ത്രവാദികളും ലക്ഷണം പറയുന്ന ശകുനക്കാരും ജ്യോത്സ്യന്മാരുമൊക്കെ ഈ പേരിൽ അറിയപ്പെടാറുണ്ട്. അന്യർക്ക് ഗുണവും ദോഷവും വരുത്തുവാൻ ഇവർക്ക് സിദ്ധിയുണ്ടത്രേ. ശൗൽ മന്ത്രവാദിയെ കണ്ടതായും ഫറവോ മന്ത്രവാദികളെ വരുത്തിയതായും പഴയനിയമത്തിൽ കാണു

ന്നുണ്ട്. ക്രൈസ്തവർക്ക് ഈ വിശ്വാസമില്ല. മന്ത്രം ജപിച്ച് ഏലസും കൂടും നൽകുന്ന വൈദികരെ മുടക്കുവാൻ ഹൂദായ കാനോൻ നിർദ്ദേശിക്കുന്നു.

മഫ്രിയാന: വർദ്ധിപ്പിക്കുക, ഫലം കായ്ക്കുക എന്നർത്ഥം. ഉല്പാദിപ്പിക്കുന്നവൻ എന്ന അർത്ഥത്തിൽ പട്ടം കൊടുക്കുന്ന സ്ഥാനിയെ ഈ പേരിൽ വിശേഷിപ്പിക്കാം. സഭയുടെ അനുവാദത്തോടെ കശ്ശീശാ പട്ടം വരെ കൊടുക്കുന്നവർ ഫ്രെദ് യൂത്താ - പേറെദ്‌യൂത്താ - സ്ഥാനികൾ സഭയിലുണ്ടായിരുന്നു. 1665-ലെ അബ്ദുൽ ജലീൽ ഗ്രീഗോറിയോസും തൊട്ടുമുമ്പ് തോമസ് അർക്കദിയാക്കോനും എഴുതിയ രേഖകളിൽ മലങ്കരസഭയിൽ ഫ്രെദ്‌യൂത്തെ സ്ഥാനികൾ ഉള്ളതായി രേഖയുണ്ട്. മെത്രാന്മാരെ വാഴിക്കുന്നവൻ എന്ന അർത്ഥമാണ് 'മഫ്രിയാന'യിലും കാണുന്നത്. പേർഷ്യയിൽ നെസ്തോർ വിശ്വാസം സ്വീകരിച്ച കാതോലിക്കായ്ക്ക് സമാന്തരമായി 629-ൽ തെഗ്രീസിൽ വാഴിക്കപ്പെട്ട മോറൂസോ ആണ് പ്രഥമ മഫ്രിയാന. 1685-ൽ കേരളത്തിൽ വന്ന യൽദൊ ബാവാ താൻ മഫ്രിയാനയും കാതോലിക്കായുമാണെന്ന് സ്വന്തം പേർ സ്വന്തം പള്ളിക്രമപുസ്തകങ്ങളിൽ വിവരിച്ചിട്ടുണ്ട്. പാത്രിയർക്കാ - മഫ്രിയാന സ്ഥാനികൾ തമ്മിലുള്ള കലഹം തീർക്കുവാൻ 869-ൽ കപ്പർത്തുത്താ സുന്നഹദോസ് ആവശ്യമായ കാനോനാകൾ പ്രഖ്യാപിച്ചു. '*കപ്പർത്തുത്താ സുന്നഹദോസ്*' കാണുക.

മഫ്രിയാന - കാതോലിക്കാ: 1912-ൽ അബ്ദുൽ മശിഹാ പാത്രിയർക്കീസിന്റെ സഹകരണത്തോടെ മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെട്ടത് മഫ്രിയാനാസ്ഥാനം മാത്രമാണെന്നും കാതോലിക്കാസ്ഥാനം അല്ലെന്നും മഫ്രിയാന തെഗ്രീസിൽ പാത്രിയർക്കീസിന് വിധേയനായിരുന്നതുപോലെ ഇന്ത്യൻ മഫ്രിയാന പാത്രിയർക്കീസിന് കീഴ്പ്പെട്ടിരിക്കണമെന്നും ഒരനാവശ്യവാദവും ചിന്താക്കുഴപ്പവും സഭാചരിത്രവൃത്തങ്ങളിൽ അടുത്തകാലത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആവശ്യപ്പെട്ടത് കാതോലിക്കായെ വാഴിക്കുവാൻ, 1912-ൽ വാഴിക്കപ്പെട്ടത് കാതോലിക്കാ, അബ്ദുൽ മശിഹായുടെ തൽസംബന്ധിയായ അധികാരപത്രത്തിലെ പദവും കാതോലിക്കാ, 1934-ലെ ഭരണഘടനയിലെ പദവും കാതോലിക്കാ - ഇങ്ങനെയിരിക്കേ സഭാചരിത്ര അധ്യാപകർ നടത്തുന്ന ഒരു കസർത്തു വിദ്യയായേ ഈ വിവാദത്തെ കാണാനാവൂ. ഒരു സഭയ്ക്ക് അതിന്റെ തലവന്റെ പേർ പ്രഖ്യാപിക്കുവാൻ സ്വാതന്ത്ര്യവും അധികാരവും ഉണ്ട്. മലങ്കരസഭ കാതോലിക്കാ എന്നപേരാണ് സ്വീകരിച്ച് പ്രഖ്യാപിച്ചത്. സെലൂക്യയിൽ നെസ്തോർ വിശ്വാസം സ്വീകരിച്ച് നിപതിച്ചുപോയ പൗരസ്ത്യ കാതോലിക്കാസ്ഥാനം 1912-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സഹകരണത്തോടെ മലങ്കരയിൽ മാറ്റി സ്ഥാപിച്ചു എന്ന് അതിനെ ചരിത്രപരമായി വ്യാഖ്യാനവും നൽകാവുന്നതാണ്.

മരണം: മവേത്ത് (എബ്രായ) മൗത്തോ (സുറിയാനി). ശാരീരിക മരണം. മരണം മൂലം പിതാക്കന്മാരോട് ചേരുന്നു, ശീയോളിൽ (സങ്കീ. 88:10–12). ഏദൻതോട്ടത്തിലെ മരണം പാപം മൂലം ദൈവസംസർഗ്ഗത്തിൽ നിന്നുള്ള വേർപെടൽ ആണ് (യെഹ. 18:4; ഉല്പ. 3). മരണത്തെ ക്രിസ്തു അതിജീവിച്ചതോടെ ക്രിസ്തു ഉയിർപ്പിന്റെ പ്രത്യാശയും പ്രതീകവുമായി. ക്രിസ്തുവിലാവുക എന്നാൽ ഉയിർപ്പിൽ അവകാശിയാവുക എന്നർത്ഥം. അവർക്ക് ശാരീരിക മരണം ഉറക്കം മാത്രം (1 തീമോ. 4:13–18). മരണം മാമ്മൂദീസായാണ്. മാമ്മൂദീസായിൽ മരണം ഉയിർപ്പിലേക്ക് നയിക്കുന്ന അവസ്ഥാന്തരത്തിന്റെ അച്ചാരം നാം സ്വീകരിക്കുന്നു (മാർക്കോ. 10:38 മു). പാപജീവിതം ആത്മീയ മൃതാവസ്ഥയാണ്. അവർ മരിച്ചാലും മൗന തയിലാണ് (സങ്കീ. 115:17). ക്രിസ്തുവിൽ മാമ്മൂദീസായിലൂടെ ഏകീഭാവം നേടുമ്പോൾ പുനരുത്ഥാനവും ജീവനുമായ ക്രിസ്തുവിൽ നാം പങ്കാളി കളാകുന്നു. വരുവാനുള്ള ലോകത്തിലെ പുതിയ ജീവന്റെ വാഗ്ദാനം മാമ്മൂദീസായിലെ വാഗ്ദാനവും അച്ചാരവുമാണ്. മാമ്മൂദീസായിലെ മുദ്ര ണങ്ങൾ നിത്യജീവനിലേക്കാണ്. നമ്മുടെ പ്രത്യാശ രണ്ടു ലോകങ്ങളിലും പ്രസക്തമാണ്. 'മരണത്തെ വിട്ട് ജീവനിലേക്ക് കടക്കുക' എന്ന തിരു വചനം അർത്ഥവത്താകുന്നത് ഈ കൂദാശയിൽ പ്രകടമാണ്. പഴയമനു ഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുകയാണല്ലോ വീണ്ടും ജനനത്തിലെ ആത്മീയ തലം.

മരണകരമായ 7 പാപങ്ങൾ: 1. നിഗളം, 2. അത്യാഗ്രഹം, 3. മോഹം, 4. കോപം, 5. അതിഭക്ഷണം, 6. അസൂയ, 7. അലസത.

മരണാനന്തരാവസ്ഥ (1): മരണാനന്തരം ആത്മാക്കൾ ശീയോളിൽ പിതാക്കന്മാരോടൊപ്പം കഴിയുന്നു (യെശ. 14:15, യെഹ. 31:16, 17). ദൈവം അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണ്; മരിച്ചവരുടെ ദൈവമല്ല (മത്താ. 22:32). മറുരൂപമലയിൽ മോശയും ഏലി യാവും സന്നിഹിതരാണ് (മത്താ. 17:3). ലാസറിന്റെ ഉപമ ഈ വിശ്വാ സത്തെ നാടകീയമായി വ്യാഖ്യാനിക്കുന്നു (ലൂക്കോ. 16). കള്ളനോടുള്ള വാഗ്ദാനവും മരണാനന്തര ജീവിതാവസ്ഥ വ്യക്തമാക്കുന്നു (ലൂക്കോ. 23:43). ശരീരം വിട്ട് ക്രിസ്തുവിനോടു കൂടെ ജീവിക്കും (ഫിലി. 1:23). മരി ച്ചവർക്ക് പൗലൂസ് നിദ്രകൊള്ളുന്നവർ എന്ന പദം ഉപയോഗിക്കുന്നു (1 തെസ. 4:13). ലാസറിന്റെ കബർ സന്ദർശിക്കുമ്പോൾ ക്രിസ്തു പറഞ്ഞത് ലാസർ നിദ്ര കൊള്ളുന്നു എന്നാണ്. ഉയിർപ്പിന് മുമ്പ് യേശു പാതാള ത്തിൽ സുവിശേഷം പ്രസംഗിച്ചു എന്ന് പത്രോസ് (4:6; 3:19). മരണാന ന്തരം ആത്മാക്കൾ സജീവം. അവർക്ക് വളരാം, മനന്തിരിയാം, പശ്ചാത്ത പിക്കാം. ഇക്കാരണത്താലാണ് അവർക്ക് വേണ്ടി സഭ പ്രാർത്ഥിക്കുന്നത്.

മരണാനന്തരാവസ്ഥ (2): ഔഗേൻ മാർ തീമോത്തിയോസ് എഴുതിയ ദൈവശാസ്ത്രപരമായ ഒരു പുസ്തകം.

മർക്കബ്സാ സിനഡ് (എ.ഡി. 424): പേർഷ്യൻ കാതോലിക്കാ ദാദ് യേശു 424-ൽ മർക്കബ്സായിൽ വിളിച്ചുകൂട്ടിയ സിന്നഡിൽ ആറ് മെത്രാപ്പോലീത്തന്മാരും മുപ്പത് മെത്രാന്മാരും പങ്കെടുത്തു. കാതോലിക്കേറ്റും പാത്രിയർക്കേറ്റും തുല്യമെന്ന് പ്രഖ്യാപിച്ചു. കാതോലിക്കായെപ്പറ്റിയുള്ള പരാതികൾ ക്രിസ്തുവിന്റെ ന്യായവിധിക്കായി വിട്ടു. പാശ്ചാത്യ പാത്രിയർക്കീസും പൗരസ്ത്യ പാത്രിയർക്കീസും (കാതോലിക്കാ) തുല്യം – അതാണ് കാരണം.

മർക്കിയൻ വിശ്വാസം: ഒരു മെത്രാന്റെ മകൻ ആണ് മാർസിയൻ. റോമ്മിൽ ഇദ്ദേഹം സ്ഥാപിച്ച സഭയ്ക്ക് സ്വന്തം വേദപുസ്തകവും പൗരോഹിത്യ ക്രമീകരണവും രക്ഷാസിദ്ധാന്തവും ഉണ്ടായിരുന്നു. മെത്രാന്മാരും കശ്ശീശന്മാരും ശെമ്മാശന്മാരുമുള്ള ഈ സഭ രക്ഷ ആത്മാവിന് എന്ന് പരിമിതപ്പെടുത്തി. സാത്താന്റെ ആദ്യജാതൻ എന്ന് ഇദ്ദേഹത്തെ പോളിക്കാർപ്പോസ് വിശേഷിപ്പിച്ചു.

മർക്കോസ്, ഡോ. ഏ. റ്റി (1919–1977): ആനിത്തോട്ടം തോമസ് മാർക്കോസിന്റെ പുത്രൻ. 20–7–1919 ൽ ജനിച്ചു. എം. എ., എൽ. എൽ. എം. ലക്നോ യൂണിവേഴ്സിറ്റിയിൽ നിന്ന് നിയമത്തിൽ ഡോക്ടറേറ്റ്. അമേരിക്കയിൽ ഹാർവാർഡ് ലോ കോളജിൽ 'ഫെലോ.' കേരള, കൊച്ചി യൂണിവേഴ്സിറ്റികളിൽ നിയമവിഭാഗം പ്രൊഫസർ. ഇംഗ്ലണ്ടിലും അമേരിക്കയിലും വിസിറ്റിംഗ് പ്രൊഫസർ. ലോകപ്രശസ്തമായ സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച് ശ്രദ്ധേയനായി. മാനേജിംഗ് കമ്മിറ്റി അംഗം. 1977-ൽ ഒക്ടോ. 15-ന് ഒരു സമ്മേളനത്തിൽ പങ്കെടുക്കുവാൻ ലണ്ടനിൽ എത്തിയപ്പോൾ അവിടെവച്ച് അന്തരിച്ചു.

മർക്കോസ്: അറിയിപ്പുകാരിൽ ഒരാൾ. പത്രോസിന്റെ മകൻ എന്ന് സുറിയാനി പാരമ്പര്യം. ക്രിസ്തു പെസഹാ ആചരിച്ചതും കുർബ്ബാന സ്ഥാപിച്ചതും പരിശുദ്ധാത്മാവ് അഗ്നിനാവാകൃതിയിൽ അവതരിച്ചതും യെരുശലേമിലെ ഇദ്ദേഹത്തിന്റെ മാളികയിലാണ്.

മർക്കോസിന്റെ സുവിശേഷം: പത്രോസിൽ നിന്ന് ലഭിച്ച വിവരങ്ങൾ സുവിശേഷരചനയ്ക്ക് ആധാരമായി. മത്തായിയും ലൂക്കോസും ഈ സുവിശേഷത്തെ ഉപജീവിച്ചതായി കരുതപ്പെടുന്നു. വിവരണം സംക്ഷിപ്തമാണ്. 16 അധ്യായങ്ങൾ ഉണ്ട്.

മർത്തമറിയം സമാജം: മോർ എന്നതിന്റെ സ്ത്രീലിംഗ രൂപമാണ് മൊർത്. മർത്ത് എന്നത് തത്ഭവം. ദൈവമാതാവിന്റെ നാമത്തിൽ സ്ത്രീ

കൾക്കായി രൂപീകരിക്കപ്പെട്ട ആത്മീയ പ്രസ്ഥാനം. കണ്ടത്തിൽ കെ. എം. അന്നാമ്മ ആദ്യ സെക്രട്ടറി. പുത്തൻകാവിൽ മാർ പീലക്സീനോസ് ആദ്യ പ്രസിഡണ്ട്. ആലീസ് മാണി ദീർഘകാലം സെക്രട്ടറിയായി പ്രവർത്തിക്കുകയും പ്രസ്ഥാനത്തെ മലങ്കരയിലുടനീളം പ്രചരിപ്പിക്കുകയും ചെയ്തു. പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പ്രകാശിക്കുക ഇവയാണ് ലക്ഷ്യങ്ങൾ. ഇടവക-ഭദ്രാസന-സഭാ തലത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി അംഗീകൃത ഭരണഘടനയുണ്ട് (1964-ൽ). കോട്ടയത്തു കഞ്ഞിക്കുഴിയിൽ കേന്ദ്ര ഓഫീസ് പ്രവർത്തിക്കുന്നു.

മർത്ത് ശ്മൂനി: യെരുശലേം പിടിച്ചടക്കിയ അന്തിയോക്കസ് എപ്പിപ്പാനസ് യഹൂദരെ പീഡിപ്പിച്ചു. അക്കാലത്ത് ശ്മൂനിയും 7 മക്കളും രക്തസാക്ഷികളായി (2 മക്കാ. 7).

മർത്ത് യൂലിയാന: പാശ്ചാത്യ സഭയിലെ ശുദ്ധിമതി. തിരുവത്താഴപ്പെരുന്നാൾ (കോർപ്പസ് ക്രിസ്റ്റി) പെന്തിക്കോസ്തിയ്ക്കു ശേഷം രണ്ടാം ഞായറാഴ്ച എന്ന് ക്രമീകരിക്കുവാൻ അത്യധ്വാനം ചെയ്ത ഒരു കന്യാസ്ത്രീമഠം സുപ്പീരിയർ.

മലങ്കര: കേരളത്തിന്റെ പല പേരുകളിൽ ഒന്ന്. മലബാർ, മീലീബാർ, മലയാളം എന്നിവ മറ്റു പേരുകൾ. കിഴക്ക് പശ്ചിമഘട്ടം (സഹ്യൻ) അതിർത്തിയായതുകൊണ്ട് ഈ പേർ കടൽ മാർഗ്ഗം എത്തിയവർ നൽകി. കേരളത്തിലെ സഭയാണ് മലങ്കരസഭ. അതിന് മാലിയൻ കരയുമായി ഉണ്ടെന്ന് പറയുന്ന ബന്ധം പിൽക്കാലത്ത് കൊടുങ്ങല്ലൂരിന് സിദ്ധിച്ച പ്രാധാന്യത്തിന്റെ പശ്ചാത്തലത്തിൽ രൂപംകൊണ്ടതാണ്. മാർത്തോമ്മാശ്ലീഹാ വരുന്ന കാലത്ത് വിദേശികളെ വാണിജ്യമാർഗ്ഗത്തിൽ ബന്ധിക്കുന്ന തുറമുഖം പൊന്നാനിയും തുറമുഖ പട്ടണം പാലൂരും ആയിരുന്നു. പാലൂരിലെ പള്ളി തലപ്പള്ളി എന്നും അത് നില്ക്കുന്ന താലൂക്കും ആ പ്രദേശം ഭരിക്കുന്ന രാജവംശവും തലപ്പള്ളി എന്നും അറിയപ്പെടാനുള്ള കാരണവും അതു തന്നെ.

മലങ്കര-അലക്സാന്ത്രിയ ബന്ധം: '*അലക്സാന്ത്രിയാ*' കാണുക.

മലങ്കര അന്ത്യോഖ്യാ ബന്ധം: 1581-ൽ ഇഗ്നാത്യോസ് ദാവൂദ്ശായുടെ തെരഞ്ഞെടുപ്പിൽ ആദ്യം ഒപ്പിട്ട ആളുടെ പേർ ഇപ്രകാരം പ്രസ്താവിച്ച് കാണുന്നു: 'കിഴക്കിന്റെയും ഇന്ത്യയുടെ, അതായത് പരിശുദ്ധനായ തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെയും കാതോലിക്കോസായ ബസ്സേലിയോസ്' (വത്തിക്കാൻ രേഖ, ഏണസ്റ്റ് ഹണ്ടിംഗ്മാൻ കണ്ടെത്തി). കപ്പർത്തൂത്താ സുന്നഹദോസ് നിർദ്ദേശിച്ചതിൻപ്രകാരം രണ്ട് സ്വതന്ത്ര സഭകൾ തെരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും പങ്കെടുക്കുന്ന

ശൈലിയാണിത്. അന്ത്യോഖ്യൻ സഭാചരിത്രമെഴുതിയ ആരും ആ സഭയ്ക്ക് ഇന്ത്യൻ സഭയുമായി ബന്ധമുണ്ടെന്ന് അവകാശപ്പെട്ടിട്ടില്ല. അന്ത്യോഖ്യൻ ബന്ധം 1685-ൽ വന്ന മാർ ഈവാനിയോസിൽ തുടങ്ങി. 1751-ൽ വന്ന ഈവാനിയോസ് അത് വിപുലമാക്കി. 19-ഉം 20-ഉം നൂറ്റാണ്ടുകളിൽ വന്ന യൂയാക്കീം കൂറിലോസും, യാക്കോബ് ദ്വിതീയൻ, പത്രോസ് തൃതീയൻ, അബ്ദുള്ള, അബ്ദുൽ മശിഹാ, അപ്രേം, ഏലിയാസ് III, യാക്കൂബ് III എന്നീ പാത്രിയർക്കീസന്മാരും മാവേലിക്കര-മുളന്തുരുത്തി സുന്നഹദോസും കൂടി ആ ബന്ധം ആഴപ്പെടുത്തി. അതിന് മുമ്പുള്ള ബന്ധത്തിന്റെ കഥകൾ 17, 18, 19 നൂറ്റാണ്ടുകളിൽ പകലോമറ്റം മെത്രാന്മാർ ബോധപൂർവം സംഘടിതമായി പ്രചരിപ്പിച്ചുണ്ടാക്കിയവയാണ്. ഈ ബന്ധം 18-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട *നിരണം ഗ്രന്ഥവരി*യിൽ ആദ്യമായി പ്രത്യക്ഷപ്പെടുകയും പിന്നീട് വന്ന ചരിത്രകാരന്മാർ അത് അന്ധമായി പകർത്തുകയും ചെയ്തു.

മലങ്കരസഭയും കാതോലിക്കേറ്റും: '*കാതോലിക്കേറ്റും മലങ്കരസഭയും*' കാണുക.

മലങ്കരസഭാ പ്രസിദ്ധീകരണ വിഭാഗം: സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായി മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻസ് (എം.ഒ.സി.പി.) 1982-ൽ രൂപീകൃതമായി. മാത്യൂസ് മാർ അത്താനാസ്യോസ് (മാത്യൂസ് പ്രഥമൻ) ഇറക്കിയിരുന്ന ആരാധനാക്രമങ്ങളുടെ പകർപ്പവകാശം അദ്ദേഹം എം.ഒ.സി. ക്ക് നൽകി. പാമ്പാക്കുട യൂലിയോസ് പ്രസ്, വിദ്യാർത്ഥിപ്രസ്ഥാനം എന്നിവർ പ്രസിദ്ധീകരിച്ചിരുന്ന ആരാധനാക്രമങ്ങളുടെയും പകർപ്പവകാശം ലഭിച്ചതോടെ ആരാധനക്രമങ്ങൾ ഏതാണ്ടെല്ലാം തന്നെ എം.ഒ.സി. യാണ് പ്രസിദ്ധീകരിക്കുന്നത് എന്ന നിലയിലായി. സഭാംഗങ്ങളായ എഴുത്തുകാരുടെ അനേകം ഗ്രന്ഥങ്ങളും എം.ഒ.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ പരുമലയിൽ ഒരു പുസ്തകശാല ആരംഭിച്ചിട്ടുണ്ട്. എം.ഒ.സി. യുടെ രൂപീകരണത്തിലും വളർച്ചയിലും ഫാ. റ്റി. ജി. സഖറിയ നിർണ്ണായക നേതൃത്വം നൽകി. തുടർന്നു ചുമതലയേറ്റ ഫാ. കെ. എം. സഖറിയയെ തുടർന്ന് ഫാ. തോമസ് വർഗീസ് ഇപ്പോൾ സെക്രട്ടറി.

മലങ്കര ഓർത്തഡോക്സ് സഭാ മിഷൻ ബോർഡ്: ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് പ്രസിഡണ്ടായ ബോർഡ് ആത്മീയ പ്രസ്ഥാനങ്ങൾ, മിഷൻ സംഘടനകൾ, ആശ്രമങ്ങൾ, മഠങ്ങൾ തുടങ്ങിയവയുടെ കോ-ഓർഡിനേഷൻ ആണ്. മിഷൻ പ്രവർത്തകരെ പരിശീലിപ്പിക്കുക, മിഷൻ സെന്ററുകൾ സ്ഥാപിക്കുക, വാർത്താ മാധ്യമങ്ങൾ, ലഘുലേഖകൾ, പ്രസിദ്ധീകരണങ്ങൾ, ആരാധനാകേന്ദ്രങ്ങൾ, ദുരിതാ

ശ്വാസ പ്രവർത്തനങ്ങൾ, മതേതര സേവനം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. ബാലഭവനങ്ങൾ, കുഷ്ഠരോഗികളുടെയും എയ്ഡ്സ് രോഗികളുടെയും കുഞ്ഞുങ്ങളുടെ പുനരധിവാസം, എയ്ഡ്സ് രോഗികളുടെ സംരക്ഷണം, മന്ദബുദ്ധികളുടെ സംരക്ഷണം തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ അഖിലേന്ത്യാ വ്യാപകമായി മിഷൻ ബോർഡ് ചെയ്യുന്നു. മാവേലിക്കര സെന്റ് പോൾസ് മിഷൻ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മിഷൻ ബോർഡ് ഓഫീസാണ് എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത്.

മലങ്കര നസ്രാണികൾ: ഇസഡ്. എം. പാറേട്ട് രചിച്ച സഭാചരിത്ര ഗ്രന്ഥ പരമ്പരയുടെ പേർ. പത്തു വാല്യങ്ങൾ സ്വന്തം ചെലവിൽ ഇറക്കി. മൂന്നാം വാല്യം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയന്റെയും നാലാം വാല്യം വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസിന്റെയും അഞ്ചാം വാല്യം ബസേലിയോസ് ഗീവറുഗ്ഗീസ് ദ്വിതീയന്റെയും ആറാം വാല്യം ഔഗേൻ പ്രഥമൻ ബാവായുടെയും കാലഘട്ടങ്ങളെ പ്രതിപാദിക്കുവാൻ ഉപയോഗിച്ചു. വട്ടശ്ശേരിൽ തിരുമേനി കേസുകളിൽ നൽകിയ സാക്ഷിമൊഴികളും അദ്ദേഹത്തിന്റെ രചനകളും ചേർത്ത് 'നിത്യാക്ഷരങ്ങൾ' എന്ന പേരിൽ 3 വാല്യങ്ങൾ പ്രസിദ്ധീകരിച്ചു. 74-ാം വയസ്സിലാണ് അദ്ദേഹം ചരിത്രരചന ആരംഭിച്ചത്. ഇത്ര ബൃഹത്തായ മലങ്കരസഭാചരിത്ര രചന ആരും നടത്തിയിട്ടില്ല. ഒന്നാം തരം ആകര സാമഗ്രിയാണ് അദ്ദേഹത്തിന്റെ കൃതികൾ.

മലങ്കര മല്പാൻ: മലങ്കര സഭാധ്യക്ഷന്മാർ പ്രസിദ്ധ മല്പാന്മാർക്ക് നൽകിയ ഒരു ബഹുമതി. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II വട്ടശ്ശേരിൽ ഗീവർഗ്ഗീസ് കത്തനാർക്കും കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പായ്ക്കും ഈ സ്ഥാനം നൽകി. കോനാട്ട് അബ്രഹാം മല്പാൻ, ഞാർത്താങ്കൽ കോരതു മല്പാൻ എന്നിവർക്കും ഈ ബഹുമതി ലഭിച്ചു.

മലങ്കര മെഡിക്കൽ മിഷൻ: 1964-ലെ കോലഞ്ചേരി ആശുപത്രിയാണ് മെഡിക്കൽ മിഷന്റെ ശ്രദ്ധേയമായ ആദ്യ സംരംഭം. പരുമല ആശുപത്രിയും കങ്ങഴ ആശുപത്രിയും കുന്നംകുളം ആശുപത്രിയും മെഡിക്കൽ മിഷന്റെ പേരിലുള്ളവയാണ്.

മലങ്കര മെത്രാപ്പോലീത്താ: 1876 വരെ മലങ്കരസഭയിൽ ഒരു മെത്രാപ്പോലീത്തായേ ഉണ്ടായിരുന്നുള്ളൂ. അർക്കദിയോക്കാൻ സ്ഥാനിയുടെയും പകലോമറ്റം മെത്രാന്മാരുടെയും കാലശേഷം പുലിക്കോട്ടിൽ യൗസേപ്പ് മാർ ദീവന്നാസ്യോസ് പ്രഥമൻ മെത്രാപ്പോലീത്തായെ തിരുവിതാംകൂർ-കൊച്ചിരാജാക്കന്മാർ കേണൽ മൺറോയുടെ ഉപദേശപ്രകാരം രാജകീയ വിളംബരങ്ങളിലൂടെ അംഗീകരിച്ചപ്പോഴാണ് മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനപദത്തിന് ഔപചാരിക പ്രാധാന്യം കൈവന്നത്. 1876-ന്

ശേഷം പല മെത്രാന്മാർ ഒരേസമയം ഉണ്ടായി എങ്കിലും അവരൊക്കെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും പ്രസിഡണ്ടായ മലങ്കര മെത്രാപ്പോലീത്തായുടെ സഫ്രഗന്മാരായിട്ടാണ് ഭരണം നടത്തിയത്. 1934-ൽ പൗരസ്ത്യ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ ആയി 1934-ലെ കോട്ടയം എം. ഡി. അസോസ്യേഷൻ തെരഞ്ഞെടുത്തതിന് ശേഷം രണ്ടു സ്ഥാനങ്ങളും ഒരാളിൽ ഇന്നുവരെ നിക്ഷിപ്തമായിരിക്കുന്നു. സഭാ ഭരണഘടനയ്ക്ക് വിധേയമായി അദ്ദേഹമാണ് മലങ്കരസഭയുടെ പ്രധാന മേലധ്യക്ഷൻ. അദ്ദേഹത്തെ അസോസ്യേഷൻ തെരഞ്ഞെടുക്കുന്നു.

മലങ്കര സഭാജ്യോതിസ് (1): കോട്ടയം പഴയസെമിനാരി സ്ഥാപകൻ കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് അദ്ദേഹത്തിന്റെ 175-ാം ചരമവാർഷികം സഭാതലത്തിൽ ഒരു വർഷം നീണ്ടുനിന്ന വിവിധ പരിപാടികളോടെ ആഘോഷിച്ചതിന്റെ പര്യവസാനമായി എപ്പിസ്കോപ്പൽ സിന്നഡ് മലങ്കര സഭാജ്യോതിസ് എന്ന പരിശുദ്ധ ബിരുദം നൽകി ആദരിച്ചു; 1990-ൽ. പ. മാത്യൂസ് ദ്വിതീയൻ ബാവാ ആർത്താറ്റ് പള്ളിയിൽ വച്ച് ആ തീരുമാനം ഒരു പൊതു കല്പനയിലൂടെ പ്രഖ്യാപിച്ചു.

മലങ്കര സഭാജ്യോതിസ് (2): മലങ്കര സഭാജ്യോതിസ് എന്ന പേരിൽ ഫാ. ഡോ. ജോസഫ് ചീരൻ കോട്ടയം പഴയസെമിനാരി സ്ഥാപകന്റെ ജീവചരിത്രം 1991-ൽ രചിച്ചു. പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ അത് പ്രസിദ്ധീകരിച്ചു.

മലങ്കര സഭാജ്യോതിസ് (3): കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായുടെ 175-ാം ചരമവാർഷികം 1990-ൽ അഖില മലങ്കര സഭാതലത്തിൽ ആഘോഷിച്ചപ്പോൾ സംഘടിപ്പിച്ച വിവിധ സെമിനാറുകളിലെ പ്രബന്ധങ്ങൾ എഡിറ്റ് ചെയ്ത് ഫാ. ഡോ. ജോസഫ് ചീരൻ 1991-ൽ പ്രസിദ്ധപ്പെടുത്തിയ പ്രബന്ധ സമാഹാരം.

മലങ്കര സഭാ ഭാസുരൻ: '*ദീവന്നാസ്യോസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ*' എന്ന ശീർഷകം കാണുക.

മലങ്കര സഭാരത്നം: ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് അദ്ദേഹം സഭയ്ക്കു നൽകിയ സമഗ്ര സംഭാവനകളെ മുൻനിർത്തി മലങ്കര സഭാരത്നം എന്ന ബഹുമതി പ. സുന്നഹദോസ് നൽകി. മെത്രാപ്പോലീത്തായുടെ നവതി സമ്മേളനത്തിൽ (ഡിസം. 9, 2007) പ. ദിദിമോസ് പ്രഥമൻ ബാവാ പ്രഖ്യാപനം നടത്തി.

മലങ്കരസഭാ മാസിക: 1946 ആഗസ്റ്റ് 8-ന് പ്രസിദ്ധീകരണം ആരംഭിച്ച സഭയുടെ ഔദ്യോഗിക മാസിക. 1911-ൽ ഇടവകപത്രിക നിലച്ചതിന് ശേഷം നീണ്ട 35 കൊല്ലങ്ങൾക്ക് ശേഷം ഒരു സഭാ പ്രസിദ്ധീകരണം ഔദ്യോഗികമായി ഇറങ്ങി. സഭാ സെക്രട്ടറിയായിരുന്ന എ. എം. വർക്കിയുടെ ആശയമായിരുന്നു ഈ പ്രസിദ്ധീകരണം. കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന് പ്രസിദ്ധീകരിക്കുന്നു. ഫാ. ഡോ. ജോൺ പണിക്കർ ആണ് ഇപ്പോഴത്തെ ചീഫ് എഡിറ്റർ.

മലങ്കരസഭയും കേരള സംസ്കാരവും: പ്രൊഫ. ഫാ. ജോസഫ് ചീരൻ 1994-ൽ രചിച്ച സഭാചരിത്രഗ്രന്ഥം. പുതുതായി കണ്ടെടുത്ത 36 സഭാചരിത്ര രേഖകൾ ഈ രചനയെ ബലിഷ്ഠമാക്കുന്നു.

മലങ്കര സഭാസേവകൻ: 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ കോട്ടയത്തുനിന്ന് പൗരധ്വനി പത്രത്തോടൊപ്പം വെള്ളിയാഴ്ച തോറും പ്രസിദ്ധീകരിച്ചിരുന്ന വാരിക. ഇസഡ്. എം. പാറേട്ട്, എൻ. ഐ. പോത്തൻ, ജോർജ്ജ് ജോസഫ് പടിഞ്ഞാറേതലയ്ക്കൽ, എം. സി. മാത്യു മാളിയേക്കൽ എന്നിവരായിരുന്നു പത്രത്തിന്റെ പ്രവർത്തകർ.

മലങ്കരയുടെ പ്രവാചകൻ: കൊച്ചി ഭദ്രാസനത്തിന്റെ ഭാഗ്യസ്മരണാർഹനായ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രം ആധാരമാക്കി ഫാ. ഡോ. ജോസഫ് ചീരൻ രചിച്ച കൃതി.

മലങ്കരസഭാ ചരിത്രത്തിലെ പടിയോലകൾ: മലങ്കര സഭാചരിത്രത്തിന്റെ വഴിവിളക്കുകളായ പടിയോലകളെ ആധാരമാക്കി ഫാ. ഡോ. ജോസഫ് ചീരൻ രചിച്ച ഗവേഷണ ഗ്രന്ഥം.

മലങ്കരസഭയും സിറിയൻ പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗവും: ഫാ. ഡോ. ജോസഫ് ചീരൻ, കെ. വി. മാമ്മൻ എന്നിവർ സംയുക്തമായി രചിച്ച സഭാചരിത്ര ഗ്രന്ഥം.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ: കേരളത്തിലെ ഒന്നാമത്തെ സമുദായ സംഘടന. 1873-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II പരുമലയിൽ വിളിച്ചുകൂട്ടിയ പള്ളി പ്രതിപുരുഷ യോഗത്തിൽ വച്ച് രൂപീകരിക്കപ്പെട്ടു. 1876-ൽ പത്രോസ് III ബാവാ അധ്യക്ഷത വഹിച്ച മുളന്തുരുത്തി സുന്നഹദോസിൽ വച്ച് സ്ഥിരീകരിക്കപ്പെട്ടു. മലങ്കരയിലെ എല്ലാ ഇടവകകളിലെയും പട്ടക്കാർക്കും അത്മായക്കാർക്കും അംഗത്വമുള്ള ഈ യോഗം മലങ്കര മെത്രാപ്പോലീത്താ, കാതോലിക്കാ, മേല്പട്ടക്കാർ, വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, മാനേജിംഗ്

കമ്മിറ്റി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുന്ന പാർലമെന്റ് ആണ്. 1934-ലെ സഭാഭരണഘടന ഇതിന്റെ അധികാരങ്ങളും ചുമതലകളും നിർവചിച്ചു. 1958, 1995 വർഷങ്ങളിൽ സുപ്രീംകോടതി ഇതിന്റെ അധികാരത്തെ അംഗീകരിച്ചു.

മലങ്കരസഭ - ഭദ്രാസനങ്ങൾ:

തിരുവനന്തപുരം: 1979 ജനുവരി 1-ന് ഈ ഭദ്രാസനം നിലവിൽ വന്നു. കൊല്ലം ഭദ്രാസനത്തിലെ 92 പള്ളികളെ ഇതിന്റെ പരിധിയിലാക്കി. പ്രഥമസാരഥി ഗീവറുഗ്ഗീസ് മാർ ദീയസ്ക്കോറോസ്. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് പുതിയ സാരഥി. 110 പള്ളികളും 70 വൈദികരും ഉണ്ട്. ഉള്ളൂരിലെ ഓർത്തഡോക്സ് സെന്റർ 1988 മുതൽ ഭദ്രാസനാസ്ഥാനം. ചെറുവയ്ക്കൽ താബോർ ഗിരിയിലെ 13 ഏക്കർ സ്ഥലത്ത് വികലാംഗ ബാലഭവനം, ആയൂരിൽ മാർ ദീവന്നാസ്യോസ് സെന്ററിൽ ചാപ്പൽ, മർത്തമറിയം മന്ദിരം, ടൈലറിംഗ് സ്കൂൾ, കിന്റർഗാർട്ടൻ എന്നിവയും റബർ കൃഷിയും ഹോളി ട്രിനിറ്റി എൽ. പി. സ്കൂൾ, ഹോളിക്രോസ് കോൺവെന്റ് എന്നിവയും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കരവാളൂർ എന്നിവിടങ്ങളിൽ യഥാക്രമം അഞ്ച് ഏക്കറും ഒരു ഏക്കറും ഭൂമി സ്വന്തമായുണ്ട്. കാരുണ്യ ഗൈഡൻസ് സെന്റർ ഇവിടെ പ്രവർത്തിക്കുന്നു. വിലാസം: ഓർത്തഡോക്സ് ചർച്ച് സെന്റർ, ഉള്ളൂർ, മെഡിക്കൽ കോളജ് പി. ഒ. തിരുവനന്തപുരം - 695011. ഫോൺ: 0471-282509.

കൊല്ലം: 1876-ൽ നിലവിൽ വന്നു. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമ സാരഥി. പരുമല മാർ ഗ്രീഗോറിയോസ്, കുറിച്ചി ഗീവറുഗ്ഗീസ് മാർ ഗ്രീഗോറിയോസ്, അലക്സിയോസ് മാർ തേവോദോസ്യോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവർ സാരഥികളായിരുന്നു. മാത്യൂസ് മാർ എപ്പിപ്പാനിയോസ് 1985 മുതൽ ചുമതലയേറ്റു. 150 പള്ളികളും 120 വൈദികരും ഉണ്ട്.

ശാസ്താംകോട്ട മെഡിക്കൽ മിഷൻ, അടൂർ ബോയ്സ് ഹോം, അടൂർ മർത്തമറിയം മന്ദിരം, അടൂർ കോൺവെന്റ്, ശൂരനാട്-ആദിച്ചനല്ലൂർ കോൺവെന്റുകൾ, ചെങ്ങമനാട്-പട്ടാഴി-ചായലോട്-കിഴക്കേ കല്ലട-ശൂരനാട് ആശ്രമങ്ങൾ, സുവിശേഷാലയം, കുണ്ടറ-കോട്ടപ്പുറം സെമിനാരികൾ, പത്തനാപുരം ദയറ-കോൺവെന്റ്, അടൂർ-കൊട്ടാരക്കര കോളജുകൾ, 16 സ്കൂളുകൾ എന്നിവ ഭദ്രാസന പരിധിയിലുണ്ട്. മാത്യൂസ് II കാതോലിക്കായുടെ കബറിടം ശാസ്താംകോട്ടയിലാണ്. വിലാസം: ബിഷപ്പ് ഹൗസ്, ക്രോസ് ജങ്ഷൻ, കൊല്ലം - 1. ഫോൺ: 0474-743535, 746900.

തുമ്പമൺ: 1876-ൽ നിലവിൽ വന്നു. കോനാട്ട് ഗീവറുഗ്ഗീസ് മാർ യൂലി യോസ് പ്രഥമ സാരഥി. പരുമല മാർ ഗ്രീഗോറിയോസ്, യൂയാക്കീം മാർ ഈവാനിയോസ്, പുത്തൻകാവിൽ ഗീവറുഗ്ഗീസ് മാർ പീലക്സിനോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നിവർ ചുമതല വഹിച്ചിട്ടുണ്ട്. ഫിലി പ്പോസ് മാർ യൗസേബിയോസ് ആണ് ഇപ്പോഴത്തെ സാരഥി. പുലിക്കോ ട്ടിൽ മാർ ദീവന്നാസ്യോസ് II, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ഔഗേൻ I കാതോലിക്കാ എന്നീ മലങ്കര മെത്രാന്മാർ നേരിട്ടും ഭരിച്ചിട്ടുണ്ട്. പ. ഏലിയാസ് തൃതീയൻ, മാർ യൂലിയോസ്, മാർ യാക്കോബ് യൂലിയോസ്, മാർ ബന്യാമിൻ ഒസ്താത്തിയോസ് ഇവർ കബറടങ്ങിയ മഞ്ഞനിക്കര ദയറാ ഇവിടെയാണ്. 120 പള്ളികളും 110 വൈദികരും ഉണ്ട്. മാർ പീല ക്സീനോസ് ഐ. റ്റി. സി., പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, യൂത്ത് സെന്റർ, മൈലപ്ര ആശ്രമം, നിലയ്ക്കൽ-ചായൽ പള്ളി എന്നിവ ഭദ്രാസ നത്തിലെ സ്ഥാപനങ്ങൾ ആണ്. വിലാസം: ബേസിൽ അരമന, പത്തനം തിട്ട പി. ഒ. ഫോൺ: 95473-322243, 325942.

ചെങ്ങന്നൂർ: തുമ്പമൺ, നിരണം, കൊല്ലം മെത്രാസനങ്ങളിലെ ഏതാനും പള്ളികളെ ചേർത്ത് 1985 മാർച്ച് 10-ന് ഈ മെത്രാസനം രൂപം കൊണ്ടു. പ്രഥമ സാരഥി തോമസ് മാർ അത്താനാസ്യോസ്. 65 പള്ളി കളും 70 വൈദികരും ഉണ്ട്. ചെങ്ങന്നൂരിലെ ബഥേൽ അരമന ആസ്ഥാനം. ബഥേൽ പത്രിക (മാസികയായി പ്രസിദ്ധീകരിക്കുന്നു) ഔദ്യോഗിക പ്രസി ദ്ധീകരണം. വിലാസം: ബഥേൽ അരമന, ചെങ്ങന്നൂർ പിൻ. 689121 ഫോൺ: 0479-453310, 451331.

നിരണം: 1876-ൽ നിലവിൽ വന്ന മെത്രാസനത്തിന്റെ പ്രഥമ സാരഥി പരുമല മാർ ഗ്രീഗോറിയോസ്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാ സ്യോസ് II, കുറിച്ചി മാർ ഗ്രീഗോറിയോസ്, ജോസഫ് മാർ സേവേറി യോസ്, തോമ്മാ മാർ ദീവന്നാസ്യോസ്, ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താ ത്തിയോസ് എന്നിവർ സാരഥികളായിരുന്നു. ഇപ്പോൾ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ചുമതല വഹിക്കുന്നു.

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച നിരണം ഉൾപ്പെടെ 100 പള്ളികളും 120 വൈദികരും ഉണ്ട്. മാവേലിക്കര സെന്റ് പോൾസ് സുവിശേഷസംഘം, ഹരിപ്പാട് മിഷൻ സെന്റർ, കരുണഗിരി ബാലഭവൻ, 2 ആശുപത്രികൾ, 15 സ്കൂളുകൾ, ഒരു ഐ. റ്റി. സി. എന്നിവ പ്രവർത്തിക്കുന്നു. വിലാസം: ബഥനി അരമന, തിരുവല്ല - 689101 ഫോൺ: 0473-601357, 603357.

കോട്ടയം: 1876-ൽ നിലവിൽ വന്നു. പ്രഥമ സാരഥി കടവിൽ പൗലോസ് മാർ അത്താനാസ്യോസ്. പൗലൂസ് മാർ ഈവാനിയോസ്, ഗീവറുഗ്ഗീസ് മാർ പീലക്സിനോസ് (വള്ളിക്കാട്ട്), വട്ടശ്ശേരിൽ മാർ ദീവ

ന്നാസ്യോസ്, കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, ജോസഫ് മാർ പക്കോമിയോസ്, യൂഹാനോൻ മാർ അത്താനാസ്യോസ്, മാത്യൂസ് പ്രഥമൻ കാതോലിക്കാ, മാത്യൂസ് മാർ ബർന്നബാസ് എന്നിവർ ചുമതല വഹിച്ചു. ഇപ്പോഴത്തെ സാരഥി ഗീവറുഗ്ഗീസ് മാർ ഈവാനിയോസ്. എം. ഡി. സെമിനാരിയിൽ ഓഫീസ് പ്രവർത്തിക്കുന്നു. 80 പള്ളികളും 95 വൈദികരുമുണ്ട്. പാമ്പാടി കുറിയാക്കോസ് ദയറാ, എം. ജി. എം. അഭയഭവൻ-ബാലഭവൻ, ഐ. റ്റി. സി., ബി. എം. എം. സ്കൂൾ തുടങ്ങിയവ പ്രവർത്തിക്കുന്നു. വിലാസം: കെ. എം. ജി. സെന്റർ, കോട്ടയം - 686001. ഫോൺ: 0481-2564329.

കൊച്ചി: 1876-ൽ രൂപീകൃതമായി. കരോട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് പ്രഥമ സാരഥി. അദ്ദേഹത്തിന് ശേഷം ഇരുകക്ഷികളുടെയും പള്ളികൾ അതത് മലങ്കര മെത്രാപ്പോലീത്തന്മാരുടെ ഭരണത്തിലായിരുന്നു. 1958-ലെ സഭാസമാധാനത്തിന് ശേഷം ഇരുഭാഗത്തെയും പള്ളികൾ പൗലൂസ് മാർ സേവേറിയോസിന്റെ ഭരണത്തിലായി. അതിനുശേഷം ഗീവറുഗ്ഗീസ് II, ഔഗേൻ I എന്നീ കാതോലിക്കാമാരും ദാനിയേൽ മാർ പീലക്സിനോസും ചുമതല വഹിച്ചു. 1966-ൽ യൂഹാനോൻ മാർ സേവേറിയോസ് ചുമതലയേറ്റു. മാമ്പ്ര സീനായ് ആശ്രമം ആയിരുന്നു നേരത്തെ ആസ്ഥാനം. ഇപ്പോൾ കൊരട്ടിയിലെ സീയോൻ സെമിനാരി ആണ് ആസ്ഥാനം. ഇടക്കാലത്ത് യാക്കോബ് മാർ പോളിക്കാർപ്പോസ് സഹായ മെത്രാപ്പോലീത്താ ആയി. ഇപ്പോൾ സഖറിയാ മാർ അന്തോണിയോസ് പൂർണ്ണ ചുമതല വഹിക്കുന്നു. 45 പള്ളികളും 40 വൈദികരും ഉണ്ട്. പരുമല മാർ ഗ്രീഗോറിയോസ്, പൗലൂസ് മാർ പീലക്സിനോസ്, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, പത്രോസ് മാർ ഒസ്താത്തിയോസ് എന്നിവർ ഈ ഭദ്രാസനക്കാരാണ്. രണ്ടു മെത്രാപ്പോലീത്തന്മാരുടെ - യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ് - കബറിടങ്ങളും പൗലൂസ് മാർ സേവേറിയോസിന്റെ സ്മാരക കബറിടവും കൊരട്ടി സെമിനാരി ചാപ്പലിൽ ഉണ്ട്. ഏതാനും കാലം സീയോൻ സന്ദേശം മാസിക പ്രവർത്തിച്ചു. തെക്ക് എറണാകുളവും വടക്ക് തൃശ്ശൂരും കേന്ദ്രീകരിച്ചാണ് പള്ളികൾ മിക്കവാറും. വിലാസം: സീയോൻ സെമിനാരി, കൊരട്ടി ഈസ്റ്റ്, ചാലക്കുടി, ഫോൺ: 0488-732023.

കുന്നംകുളം: 1985 ഏപ്രിൽ 14-ന് മെത്രാസനം രൂപീകൃതമായി. പൗലൂസ് മാർ മിലിത്തിയോസ് ആണ് പ്രഥമ സാരഥി. ആർത്താറ്റ് പള്ളിയിൽ ആയിരുന്നു ആദ്യത്തെ ആസ്ഥാനം. പിന്നീട് ആർത്താറ്റ് തന്നെ ആറര ഏക്കർ സ്ഥലത്ത് മനോഹരമായ അരമനയും ചാപ്പലും നിർമ്മിച്ച് ആസ്ഥാനം അങ്ങോട്ട് മാറ്റി. 50 പള്ളികളും 35 വൈദികരും ഉണ്ട്. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പാലൂർ-ചാട്ടുകുളങ്ങരപള്ളി, പഴഞ്ഞി എം. ഡി.

കോളജ്, കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി, ബഥനി ആശ്രമവും ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളും, മേരി മഗ്ദലൈൻ കോൺവെന്റ്, കുന്നംകുളം എം. ജെ. ഡി. ഹൈസ്കൂൾ, ആർത്താറ്റ് ഐ. റ്റി. സി. എന്നീ സ്ഥാപനങ്ങൾ ഭദ്രാസനാതിർത്തിയിലുണ്ട്. ക്രിസ്ത്യൻ സ്റ്റഡി സെന്ററിന്റെ ചുമതലയിൽ 'ഇടവകപത്രിക' എന്ന മാസിക നടത്തുന്നു. സ്ലീബാ മാർ ഒസ്താത്തിയോസ്, പൗലൂസ് മാർ സേവേറിയോസ് എന്നിവരെ കബറടക്കിയ ആർത്താറ്റ് സിംഹാസന പുത്തൻപള്ളി, പുത്തൻകാവ് പീലക്സിനോസ് കാലംചെയ്ത മരത്തംകോട് പള്ളി എന്നിവയും കോട്ടയം പഴയസെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് I, കോട്ടയം എം. ഡി. - പരുമല സെമിനാരികളുടെ സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II, നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ് എന്നിവരുടെ ജന്മസ്ഥലങ്ങളും ഈ ഭദ്രാസനത്തിന്റെ അതിർത്തിയിലാണ്. വിലാസം: ബിഷപ്പ്സ് ഹൗസ്, പി. ഒ. ആർത്താറ്റ് - 680521. ഫോ. 04885 223001, 225001.

തൃശ്ശൂർ: കൊച്ചി ഭദ്രാസനത്തിൽ 1970-കളിൽ ഉണ്ടായ കക്ഷിഭിന്നതയെത്തുടർന്ന് തൃശ്ശൂർ മേഖലയിൽ രൂപീകൃതമായ സമാന്തര ഇടവകകൾ ചേർന്നാണ് ഈ മെത്രാസനം രൂപപ്പെട്ടത്. ഭദ്രാസനം 1995-ലെ സുപ്രീംകോടതി വിധിക്കുശേഷം ഔപചാരികമായി കാതോലിക്കേറ്റിൽ ചേർന്നു. ഇരുപതിൽ താഴെ പള്ളികളും അത്രത്തോളം വൈദികരുമേ ഇപ്പോൾ ഉള്ളൂ. ചുവന്നമണ്ണിൽ ഒരു സ്കൂളും ഒരു സ്റ്റഡി സെന്ററും ഉണ്ട്. ആസ്ഥാനം മണ്ണുത്തിയിലാണ്. യൂഹാനോൻ മാർ മിലിത്തോസ് ചുമതല വഹിക്കുന്നു. വിലാസം: ഗത്സീമോൻ അരമന, മണ്ണുത്തി, തൃശ്ശൂർ. ഫോൺ: 0487 2371039, 2371748.

മലബാർ: കുടിയേറ്റം മൂലം മലബാറിൽ സഭ ശക്തമായപ്പോൾ 1940 കളിൽ മലബാർ ഭദ്രാസനം രൂപീകരിച്ചു. പൗലൂസ് മാർ സേവേറിയോസ് പ്രഥമ സാരഥി. പിന്നീട് സഭ 1958-ൽ യോജിച്ചപ്പോൾ പത്രോസ് മാർ ഒസ്താത്തിയോസ് ചുമതലയേറ്റു. 1966-ൽ തോമസ് മാർ തീമോത്തിയോസ് ചുമതലയേറ്റതോടെ വളർച്ച ത്വരിതപ്പെട്ടു. കോഴിക്കോട് ആർ. ഇ. കോളജിനടുത്ത് ആസ്ഥാനമുണ്ടായി. താല്ക്കാലിക ഷെഡുകൾ മാറി പള്ളികൾ സ്ഥിരം കെട്ടിടങ്ങളായി. ഇപ്പോഴത്തെ സാരഥി ഡോ. സഖറിയ മാർ തെയോഫിലോസ് ആണ്. കുറേക്കാലം ഹെർമ്മോൻ സന്ദേശം എന്ന മാസിക പ്രസിദ്ധീകരിച്ചിരുന്നു. പുതുപ്പാടി സെന്റ് പോൾസ് ആശ്രമം, ബാലഭവനം, ബാലികഭവനം, കോൺവെന്റ്, മഞ്ഞപ്ര ചിൽഡ്രൻസ് ഹോം, എന്നിവയും 5 സ്കൂളുകളും മെത്രാസനത്തിലുണ്ട്. വിലാസം: മൗണ്ട് ഹെർമ്മോൻ അരമന, ആർ. ഇ. കോളജ് പി. ഒ. കോഴിക്കോട് ഫോൺ: 0495-287278.

സുൽത്താൻബത്തേരി: 1886 ജനു. 14-ന് നിലവിൽ വന്നു. കാതോലിക്കാബാവ പ്രഥമ സാരഥിയും തോമസ് മാർ തീമോത്തിയോസ് സഹായിയും. 60 പള്ളികളും 30 വൈദികരും ഉണ്ട്. കുറിയാക്കോസ് മാർ ക്ലീമ്മിസ് ചുമതല വഹിക്കുന്നു. ബത്തേരി കോളജ് ഓഫീസ് ബത്തേരി പള്ളിയിൽ ആയിരുന്നു ആദ്യം. വിലാസം: നിർമ്മലഗിരി, പൂമല, എസ്. ബത്തേരി-673592 ഫോൺ: 0493-620969.

മദ്രാസ്: ബാഹ്യകേരള ഭദ്രാസനം വിഭജിച്ച് രൂപീകരിച്ച ഈ മെത്രാസനത്തിൽ ആന്ധ്രാ, കർണ്ണാടക, തമിഴ്നാട്, മലയാ, മലേഷ്യ, സിങ്കപ്പൂർ, ആസ്ത്രേലിയ എന്നിവിടങ്ങളിലെ ഇടവകകൾ ഉൾപ്പെടുന്നു. 1976-ൽ നിലവിൽ വന്ന മെത്രാസനത്തിൽ സ്തേഫാനോസ് മാർ തേവോദോസ്യോസ് പ്രഥമ സാരഥി. 1979 മുതൽ സഖറിയാ മാർ ദീവന്നാസ്യോസ്. ഇപ്പോൾ ഡോ. യാക്കോബ് മാർ ഐറേനിയോസ് ചുമതല വഹിക്കുന്നു. 60 ഇടവകകളും 60 വൈദികരും ഉണ്ട്. മദ്രാസ് മെഡിക്കൽ മിഷൻ, മൈസൂർ ശാന്തി ഭവൻ, വെല്ലൂർ സ്നേഹഭവൻ, ബാംഗ്ലൂർ സർവ്വീസ് സെന്റർ എന്നിവ പ്രവർത്തിക്കുന്നു. വിലാസം: 56, സൂരപ്പേട്ട് മെയിൻ റോഡ്, വിനായകനഗർ, മദ്രാസ് - 600099. ഫോൺ: 044-5561897, 5560645.

ബോംബെ: ബാഹ്യകേരളം വിഭജിച്ച് 1976-ൽ ബോംബെ രൂപീകൃതമായി. പ്രഥമ സാരഥി ഡോ. തോമസ് മാർ മക്കാറിയോസ്. അതിന് ശേഷം ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്. ഇപ്പോൾ ഗീവറുഗ്ഗീസ് മാർ കൂറിലോസ് ചുമതല വഹിക്കുന്നു. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, ബഹറീൻ, ദോഹ, സൗദി അറേബ്യ എന്നിവിടങ്ങളിലായി 60 ഇടവകകൾ. 50 വൈദികരും. 1989-ൽ ഭദ്രാസനകേന്ദ്രം ഉണ്ടായി. സ്റ്റുഡന്റ് സെന്റർ, 17 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പത്ത് മെഡിക്കൽ സെന്റർ - സൗജന്യ ക്ലിനിക്കുകൾ എന്നിവ പ്രവർത്തിക്കുന്നു. വിലാസം: ഓർത്തഡോക്സ് ചർച്ച് സെന്റർ, മാർ തെയോഫിലോസ് മാർഗ്, സെക്ടർ 10-എ, വാഷി, നവി മുംബൈ - 400703. ഫോൺ: 91-22-7663427.

ബാഹ്യകേരളം: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ഗോവ, ബ്രഹ്മവാർ തുടങ്ങിയ ഇടവകകളിലേക്ക് അൽവാറീസ് മാർ യൂലിയോസിനെയും അമേരിക്കയിലേക്ക് റിനിവിലാത്തി മാർ തീമോത്തിയോസിനെയും നിയോഗിച്ചതോടെ 19-ാം നൂറ്റാണ്ടിൽ മലങ്കരസഭയ്ക്ക് ബാഹ്യകേരളത്തിൽ ഇടവകകളും പ്രവർത്തനവും ഉണ്ടായി. എങ്കിലും അത് വളർത്തിയെടുക്കുവാനോ നിലനിർത്തുവാൻ പോലുമോ പില്ക്കാലത്ത് കഴിഞ്ഞില്ല. 1938-ൽ സ്ഥാനമേറ്റ അലക്സിയോസ് മാർ തേവോദോസ്യോസിന്റെ കഠിനപ്രയത്നം മൂലം ബാഹ്യകേരള ഇടവകകൾ ഒരു ഭദ്രാസനമായി രൂപംകൊണ്ടു. അദ്ദേഹത്തിന് ശേഷം മാത്യൂസ് മാർ അത്താനാ

സ്യോസ് ബാഹ്യകേരള ഇടവകകൾക്ക് കൂടുതൽ ശക്തി പകർന്നു. 1975 ആയപ്പോഴേയ്ക്കും ബാഹ്യകേരളം വിഭജനസജ്ജമായി. ആറേഴ് മെത്രാസനങ്ങളായി ബാഹ്യകേരളം വിഭജിക്കപ്പെട്ടു. അതോടെ ബാഹ്യകേരളം എന്ന മെത്രാസനം ഇല്ലാതെയായി. മദ്രാസ്, ബോംബെ, കൽക്കട്ട, ദൽഹി, അമേരിക്ക, യു. കെ. - കാനഡ ഇവയെല്ലാം ബാഹ്യകേരള മെത്രാസനത്തിന്റെ സന്താനങ്ങൾ ആണ്.

കൽക്കട്ട: 1976-ൽ നിലവിൽ വന്നു. ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് പ്രഥമ സാരഥി. ഇപ്പോൾ മലങ്കര മെത്രാപ്പോലീത്തായായ ദിദിമോസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൽ. ഗീവർഗീസ് മാർ കൂറിലോസ് സഹായി. 60 പള്ളികളും 60 വൈദികരും ഉണ്ട്.

ആശ്രമം 1, കോൺവെന്റ് 1, ബാലഭവൻ 1, സ്കൂൾ 27, കോളജ് 1, എഞ്ചിനീയറിംഗ് കോളജ് 1, മിഷൻ സെന്റർ 5, സെമിനാരി 1, ബാലവാടികൾ 150, വൊക്കേഷനൽ ട്രെയിനിംഗ് സെന്റർ 15, അഡൽട്ട് എജ്യുക്കേഷൻ സെന്റർ 10, പ്രോജക്ടുകൾ പുരോഗമിക്കുന്ന ഗ്രാമങ്ങൾ 72 എന്നിങ്ങനെ വിപുലമായ വിദ്യാഭ്യാസ സാമൂഹിക-മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നു. ഭിലായ്, കലഹണ്ടി മിഷനുകളും നാഗപ്പൂർ വൈദികസെമിനാരിയും പ്രത്യേക പരാമർശം അർഹിക്കുന്നു. വിലാസം: സെന്റ് തോമസ് ആശ്രമം, പി. ബി. 24, കൈലാഷ് നഗർ, ഭിലായ്, ദുർഗ്, ഫോൺ: 0788-381309, 383266.

ഡൽഹി: 1975-ൽ രൂപീകൃതമായ മെത്രാസനത്തിൽ 1976 ജൂലൈ 11 മുതൽ പ്രഥമ സാരഥിയായി ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് ചുമതലയേറ്റു. 60 പള്ളികളും 50 വൈദികരും ഉണ്ട്. 5 സീനിയർ സെക്കണ്ടറി സ്കൂൾ, 10 മറ്റു സ്കൂളുകളുമുണ്ട്. അന്താരാഷ്ട്ര അവാർഡുകൾ ദ്വൈവാർഷികമായി നൽകുന്ന സോഫിയാ സൊസൈറ്റി, ശാന്തിഗ്രാം വിദ്യാനികേതൻ, മെഡിക്കൽ മിഷൻ എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്. ഇയ്യോബ് മാർ പീലക്സീനോസ് ആണ് ഇപ്പോഴത്തെ ഭദ്രാസന സാരഥി. വിലാസം: ഡൽഹി ഓർത്തഡോക്സ് ചർച്ച് സെന്റർ, തുഗ്ലക്കാബാദ് ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയാ, ന്യൂഡൽഹി - 110062, ഫോൺ: 011-6086417, 6089203, 6084975.

കോട്ടയം സെൻട്രൽ: 1982 ഏപ്രിൽ 21-ന് നിലവിൽ വന്നു. മലങ്കര മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള ഭരണത്തിലുണ്ടായിരുന്ന പള്ളികളാണ് ഈ മെത്രാസനത്തിൽ. അതത് കാലത്തെ മലങ്കര മെത്രാപ്പോലീത്താമാർ ഇവയുടെ ചുമതല വഹിക്കുന്നു. മാർത്തോമ്മാ മാത്യൂസ് I, മാത്യൂസ് II, ഇവർക്ക് ശേഷം ദിദിമോസ് I കാതോലിക്കാ ഇപ്പോൾ ചുമതല വഹിക്കുന്നു. ദേവലോകം അരമനയിൽ ഓഫീസ്. പന്ത്രണ്ട് ദേവാലയങ്ങൾ.

അത്രയും വൈദികർ.

വൈദികസെമിനാരി, ബസേലിയോസ് കോളജ്, ചെറിയപള്ളി ആശുപത്രി, സെന്റ് ജോൺസ്, സെന്റ് തോമസ് ഹൈസ്കൂൾ, കിന്റർഗാർട്ടൻ, താഴത്തങ്ങാടി സ്കൂൾ എന്നിവ ഈ മെത്രാസനത്തിന്റെ പരിധിയിലാണ്. വിലാസം: കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം - 686038. ഫോൺ: 0481-578234, 578499, 570569.

ഇടുക്കി: 1982-ൽ നിലവിൽ വന്നു. പ്രഥമ സാരഥി മാത്യൂസ് മാർ ബർന്നബാസ്. മാത്യൂസ് മാർ സേവേറിയോസ്, പൗലൂസ് മാർ പക്കോമിയോസ്, ഔഗേൻ മാർ ദീവന്നാസ്യോസ് എന്നിവർ ചുമതല വഹിച്ചു. 35 പള്ളികളും 25 വൈദികരും ഉണ്ട്. ഇപ്പോൾ മലങ്കര മെത്രാപ്പോലീത്തായായ ദിദിമോസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൽ. പൗലൂസ് മാർ മിലിത്തിയോസ് സഹായി. ഇടുക്കി മെഡിക്കൽ സെന്റർ, കുളമാവ് സോഷ്യൽ വെൽഫയർ സെന്റർ എന്നിവ സ്ഥാപനങ്ങൾ. വിലാസം: ഗത്സീമോൻ അരമന, ചക്കുപള്ളം, കുമിളി - 686509, ഫോൺ: 0486-882248.

കണ്ടനാട് ഈസ്റ്റ്: 1876-ൽ രൂപീകരിക്കപ്പെട്ട ഈ മെത്രാസനത്തിന്റെ പ്രഥമ സാരഥി പൗലൂസ് മാർ ഈവാനിയോസ്. പിന്നീട് ഔഗേൻ മാർ തീമോത്തിയോസും പൗലൂസ് മാർ പീലക്സീനോസും, ജോസഫ് മാർ പക്കോമിയോസും സാരഥികളായി. 2002-ൽ ഭദ്രാസനം ഈസ്റ്റ്-വെസ്റ്റ് എന്നിങ്ങനെ രണ്ടായി തിരിച്ചു. ഡോ. തോമസ് മാർ അത്താനാസ്യോസ് ചുമതല വഹിക്കുന്നു. ഒരു പ്രതിമാസ ബുള്ളറ്റിൻ ഭദ്രാസനകേന്ദ്രം പ്രസിദ്ധീകരിക്കുന്നു. വിലാസം: ബിഷപ്പ്സ് ഹൗസ്, മൂവാറ്റുപുഴ.

കണ്ടനാട് വെസ്റ്റ്: 1876-ൽ രൂപീകരിക്കപ്പെട്ട കണ്ടനാട് മെത്രാസനം പൗലൂസ് മാർ ഈവാനിയോസ്, ഔഗേൻ മാർ തീമോത്തിയോസ്, പൗലൂസ് മാർ പീലക്സിനോസ് എന്നിവർക്കുശേഷം രണ്ടായി വിഭജിച്ചു. വെസ്റ്റ് കണ്ടനാടിന്റെ ചുമതല ജോസഫ് മാർ പക്കോമിയോസിനായിരുന്നു. ഇപ്പോഴത്തെ സാരഥി ഡോ. മാത്യൂസ് മാർ സേവേറിയോസ് ആണ്. ആദ്യ ആസ്ഥാനം മുളന്തുരുത്തി വെട്ടിക്കൽ ദയറ ആയിരുന്നു. ഇപ്പോൾ മീമ്പാറയിലാണ്. വിലാസം: മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ - 682308. ഫോൺ: 0484-760286; 763025.

കാനഡ - യു. കെ. - യൂറോപ്പ്: അമേരിക്കൻ മെത്രാസനം വിഭജിച്ച് ഇത് നിലവിൽ വന്നു. പ്രഥമ സാരഥി ഡോ. തോമസ് മാർ മക്കാറിയോസ്. വിലാസം: എപ്പിസ്കോപ്പൽ ഡയോസിഷൻ ഹൗസ്, 1114, Dalaware Avenue, Buffalo, New York - 14209. Ph. 716 - 886 - 1207.

ക്നാനായ: ഇടവഴിക്കൽ സേവേറിയോസ് പ്രഥമ സാരഥി. മാർ ദീയ

സ്ക്കോറോസ് റീത്തിൽ പോകുന്നതിന് മുമ്പ് ഈ മെത്രാസനത്തിന്റെ ചുമതല വഹിച്ചു. ചിങ്ങവനം ആസ്ഥാനമാക്കി ഏബ്രഹാം മാർ ക്ലീമ്മിസ് ആണ് ദീർഘകാലം ചുമതല വഹിച്ചത്. സഭാവിഭജനത്തിന്റെ ഫലമായി ഇപ്പോൾ കാതോലിക്കാ നേരിട്ട് ഭരണം നിർവ്വഹിക്കുന്നു. ഓഫീസ് ദേവലോകത്ത്.

മാവേലിക്കര: 1990-കളിൽ രൂപംകൊണ്ട ഈ മെത്രാസനത്തിന്റെ പ്രഥമ സാരഥി പൗലോസ് മാർ പക്കോമിയോസ്.

അമേരിക്ക: 1979-ൽ നിലവിൽ വന്നു. പ്രഥമ മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ്. ഇപ്പോൾ മാത്യൂസ് മാർ ബർണബാസ് ചുമതല വഹിക്കുന്നു. ഡോ. സഖറിയാ മാർ നിക്കൊളവാസ് സഹായമെത്രാൻ.

മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ സഭ): മുളന്തുരുത്തി ഇടവകയിൽ കാട്ടുമങ്ങാട്ട് കുരിയൻ 1751-ൽ മലങ്കരയിലെത്തിയ ശാക്രുള്ള മാർ ബസ്സേലിയോസ് മഫ്രിയാനായിൽ നിന്ന് കൂറിലോസ് എന്ന പേരിൽ കശ്ശീശാ പട്ടമേറ്റു. അദ്ദേഹത്തോടൊപ്പം സഹോദരന്മാരായ യാക്കോബ്, ബെന്യാമിൻ (പുരവത്ത്), ഗീവറുഗ്ഗീസ് എന്നിവരും പട്ടമേറ്റിരുന്നു. മുളന്തുരുത്തി പള്ളിയോഗത്തിന്റെ അനുമതി കൂടാതെ പട്ടമേറ്റ ഇടവകയിലെ ശുശ്രൂഷക കുടുംബത്തിലെ ഈ നാല് വൈദികരെയും പള്ളിയിൽ പ്രവേശിപ്പിക്കുവാൻ മാതൃഇടവക വിസമ്മതിച്ചതിനെത്തുടർന്ന് ഈ നാല് അവിവാഹിത പട്ടക്കാരും ആരാധനാ സൗകര്യമില്ലാതെ വലഞ്ഞു. നാലഞ്ചുകൊല്ലം മട്ടാഞ്ചേരി, കണ്ടനാട് പള്ളികളിൽ ഇവർ ഇടവകപട്ടക്കാരുടെ സഹായികളായി കഴിഞ്ഞുകൂടി. 1764-ൽ ശക്രുള്ള ബാവ അന്തരിച്ചതോടെ ഇവരുടെ കാര്യം പരുങ്ങലിലായി. ഒടുവിൽ 1767 മെയ് 10-ന് അവർ സമീപത്തുള്ള തേവനൽ വനപ്രദേശത്ത് മാർ ബഹനാം സഹദായുടെ നാമത്തിൽ ഒരു ദയറായും ചാപ്പലും പണിയുകയും അവിടേക്ക് താമസം മാറ്റുകയും ചെയ്തു. വനപ്രദേശത്ത് ഉണ്ടായിരുന്ന ആദിവാസി വൈദ്യന്മാരിൽ നിന്നും മന്ത്രവാദികളിൽ നിന്നും ഇവർ മന്ത്രവാദം, സർപ്പ വിഷ-പേപ്പട്ടി വിഷ ചികിത്സ, നേത്രചികിത്സ തുടങ്ങിയ വിദ്യകളും ഒറ്റമൂലി ഔഷധ പ്രയോഗങ്ങളും പരിശീലിച്ച് പ്രസിദ്ധി നേടി. ഭക്തിയുടെ പരിവേഷം ചികിത്സയ്ക്കുണ്ടായിരുന്നു. വിദേശത്തുനിന്ന് 1751-ൽ വന്ന മാർ ഗ്രീഗോറിയോസ് നേത്രരോഗം ബാധിച്ചതിനെത്തുടർന്ന് കാട്ടുമങ്ങാട് കൂറിലോസ് കശ്ശീശാ അദ്ദേഹത്തെ ചികിത്സാർത്ഥം മുളന്തുരുത്തിയിൽ കൊണ്ടുവന്നു. കൂറിലോസ് കശ്ശീശാ മാർ ഗ്രീഗോറിയോസിനെ ചികിത്സിക്കുവാനും ശുശ്രൂഷിക്കുവാനുമായി മുളന്തുരുത്തിയിൽ താമസമാക്കി. ചികിത്സ നടന്നുകൊണ്ടിരിക്കേ 1772 വൃശ്ചികം 17-ന് കൂറിലോസിന് മട്ടാഞ്ചേരിപ്പള്ളിയിൽ വച്ച് മാർ ഗ്രീഗോറിയോസ് റമ്പാൻ സ്ഥാനം നൽകി.

അന്ന് വി. കുർബ്ബാന അർപ്പിച്ചത് കാറ്റാടി കുരുവിള കത്തനാർ ആണെന്ന് എല്ലാ ചരിത്രകാരന്മാരും എഴുതിയിട്ടുണ്ട്. സ്ഥാനവസ്ത്രങ്ങൾ വാഴ്ത്തി കൊടുത്തത് മാർ ഗ്രീഗോറിയോസും. കൂറിലോസ് റമ്പാൻ അന്നുമുതൽ താൻ മെത്രാൻ സ്ഥാനമേറ്റതായി അവകാശപ്പെട്ടു. വിവരം 6-ാം മാർത്തോമ്മായുടെയും മാർ ഈവാനിയോസിന്റെയും ചെവിയിലെത്തി. വാസ്തവമന്വേഷിപ്പാൻ അവർ ഏതാനും പ്രതിനിധികളെ മുളന്തുരുത്തിയിലേക്കയച്ചു. താൻ ഇക്കാര്യമൊന്നും അറിഞ്ഞതല്ലെന്ന് മാർ ഗ്രീഗോറിയോസിൽ നിന്ന് മറുപടിയും ലഭിച്ചു. അതിനുശേഷം മാർ ഗ്രീഗോറിയോസിനെ സന്ദർശകരിൽ നിന്നും ഒളിപ്പിച്ച് പാർപ്പിക്കുകയും മാർ ഗ്രീഗോറിയോസ് പുറമേക്ക് എഴുത്തുകൾ കൊടുത്തയയ്ക്കാതിരിക്കുവാൻ കൂറിലോസ് ശ്രമിക്കുകയും ചെയ്തു. 1772 മകരം 23-ന് കൂറിലോസ്-ഗീവറുഗ്ഗീസ് എന്നിവർക്ക് തന്റെ സ്വത്തുക്കൾ നൽകുന്ന ഒസ്യത്ത് എഴുതിയ ഗ്രീഗോറിയോസ് 1772 മിഥുനം 27-ന് അന്തരിച്ചു. മാർ ഗ്രീഗോറിയോസിനോടൊപ്പം വിദേശത്തുനിന്ന് വന്ന മാർ ഈവാനിയോസും മലങ്കര മെത്രാപ്പോലീത്താ മാർ ദീവന്നാസ്യോസും തൊട്ടടുത്ത് കണ്ടനാട് പള്ളിയിൽ ഉണ്ടായിരുന്നുവെങ്കിലും അവരെ അറിയിക്കാതെ ഗ്രീഗോറിയോസിനെ കൂറിലോസ് കബറടക്കി. ദുരൂഹമായ ഈ മരണവും കബറടക്കവും പ്രകോപനപരമായിരുന്നതിനാൽ കൂറിലോസിനെതിരായി ആറാം മാർത്തോമ്മായും മാർ ഈവാനിയോസും സർക്കാരിൽ പരാതി നൽകി. വിചാരണയിൽ തന്റെ സ്ഥാനത്തെ സാധൂകരിക്കുവാൻ സാക്ഷിയോ സുസ്താത്തിക്കോനോ ഇല്ലാതിരുന്നതിനാൽ മെത്രാനാണെന്ന അവകാശവാദം കോടതി നിരാകരിച്ചു. തിരുവിതാംകൂർ - കൊച്ചി സംസ്ഥാനങ്ങളിൽ മെത്രാന്റെ കർമ്മങ്ങൾ ചെയ്യരുതെന്ന് കോടതി വിലക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ സഹായത്തോടെ കാട്ടുമങ്ങാട്ട് കുടുംബം കുന്നംകുളത്തെത്തി. കുന്നംകുളം കിഴക്കേ അങ്ങാടിയിൽ ഏതാനും മാസം താമസിച്ചു. ഇതിനിടയിൽ 1774-ൽ കുന്നംകുളത്തോട് ചേർന്ന് ബ്രിട്ടീഷ് മലബാറിൽ പുന്നത്തൂർ രാജാവിന്റെ വക ഏതാനും സ്ഥലം പനയ്ക്കൽ താരു എന്ന ആളിന്റെ പേരിൽ വിലകൊടുത്ത് വാങ്ങി അവിടെ ഒരു ചാപ്പലും താമസസ്ഥലവും ക്രമീകരിച്ച് താമസം അങ്ങോട്ടുമാറ്റി. ക്രമേണ ആ പറമ്പിന്റെ സൗകര്യപ്രദമായ ഒരു സ്ഥലത്ത് നാലുകെട്ടിന്റെ മാതൃകയിൽ ഇരുനിലകെട്ടിടവും പള്ളിയും സ്ഥാപിച്ച് താമസവും ചികിത്സകളും ആരംഭിച്ചു. പേപ്പട്ടി വിഷത്തിനുള്ള ഒറ്റമൂലിക അവരെ പെട്ടെന്ന് പ്രശസ്തരാക്കി. എണ്ണയും നെയ്യും കാച്ചി ആയുർവേദ ചികിത്സയും മന്ത്രവാദ ചികിത്സയും അവിടെ നടന്നിരുന്നു. 1802 ജൂലായ് 10-ന് (മിഥുനം 27-ന്) കൂറിലോസ് അന്തരിച്ചു. ഗുരുവായ ശക്രള്ള മഫ്രിയാനയിൽ നിന്ന് ലഭിച്ച ഗീവറുഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ച തൊഴിയൂർ പള്ളിയുടെ മദ്ബഹായുടെ വടക്ക് ഭാഗത്ത്

അദ്ദേഹം കബറടക്കപ്പെട്ടു.

മാർ കൂറിലോസ് കാട്ടുമങ്ങാട്ട് II (1704-1808) – 1794-ൽ കൂറിലോസ് II വാഴിക്കപ്പെട്ടു. അദ്ദേഹം ഭക്തനായി അറിയപ്പെടുന്നു. അദ്ദേഹം കോട്ടയം പനവേലിൽ കണിയാവെള്ളി യൗസേപ്പ് കശ്ശീശായെ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചു. അദ്ദേഹം ഏറെ താമസിയാതെ അന്തരിച്ചു. തൊഴിയൂരിൽ കബറടക്കി. പെങ്ങാമുക്കു സ്വദേശി ചീരൻ സ്കറിയാ കശ്ശീശായെ പീലക്സിനോസ് എന്ന പേരിൽ മെത്രാനായി വാഴിച്ച് ചുമതലകൾ ഏല്പിച്ച് മുളന്തുരുത്തിയിലേയ്ക്ക് മടങ്ങി. 1809 മെയ് 29-ന് അദ്ദേഹം അന്തരിച്ചു. വെട്ടിക്കൽ ദയറായിൽ കബറടക്കപ്പെട്ടു.

ചീരൻ സ്കറിയാ മാർ പീലക്സീനോസ് (1808-1811) – 1807-ൽ സ്ഥാനമേറ്റു. ഇദ്ദേഹം 1811-ൽ കിടങ്ങൻ ഗീവറുഗ്ഗീസ് കശ്ശീശായെ പീലക്സിനോസ് എന്ന പേരിൽ സ്ഥാനം നൽകി. അന്തരിച്ചു. തൊഴിയൂരിൽ കബറടക്കി.

ഗീവറുഗ്ഗീസ് മാർ പീലക്സിനോസ്, കിടങ്ങൻ (1811-1829): ഇദ്ദേഹം 1816 മീനം 9-ന് പഴഞ്ഞി ഓർത്തഡോക്സ് പള്ളിയിൽ വച്ച് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനെ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ ഇദ്ദേഹം മലങ്കരമെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടു. 1817 തുലാം 26-ന് കോട്ടയം ചെറിയപള്ളിയിൽ അന്നത്തെ വികാരി ജനറാൾ പുന്നത്ര ഗീവറുഗ്ഗീസ് കത്തനാരെ മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. അദ്ദേഹം ഹ്രസ്വായുഷ്മാനായി കാലം ചെയ്തപ്പോൾ ചേപ്പാട്ട് പീലിപ്പോസ് മല്പാനെ മാർ പീലക്സിനോസ് എന്ന പേരിൽ കോട്ടയം ചെറിയപള്ളിയിൽ വച്ച് കിടങ്ങൻ പിതാവ് മെത്രാപ്പോലീത്താ ആയി വാഴിച്ചു; 1825-ൽ. അദ്ദേഹം 1829 ഫെബ്രു. 7-ന് കാലം ചെയ്തു. തൊഴിയൂരിൽ കബറടക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്ത് മിഷനറിമാർ കോട്ടയം പഴയസെമിനാരിയിൽ സകുടുംബം താമസമായി. തന്മൂലം പുന്നത്ര മെത്രാപ്പോലീത്തായ്ക്കു കോട്ടയം ചെറിയപള്ളിയിൽ ഒരു മുറി പണിത് അവിടെ താമസിക്കേണ്ടിവന്നു. പഴയസെമിനാരി സ്ഥാപകൻ സെമിനാരിയിലെ ലൈബ്രറിയിൽ ശേഖരിച്ച് ലിസ്റ്റ് ചെയ്ത അമൂല്യമായ സുറിയാനി കയ്യെഴുത്ത് ഗ്രന്ഥങ്ങൾ ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ വൈദികസെമിനാരി ഏല്പിക്കപ്പെട്ടകാലത്ത് അപ്രത്യക്ഷമായതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

ഗീവറുഗ്ഗീസ് മാർ കൂറിലോസ് കൂത്തൂർ (1829-1856): പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ ശിഷ്യൻ കൂത്തൂർ ഗീവറുഗ്ഗീസ് മല്പാനെ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് 1829 മീനം 15-ന് മാർ കൂറിലോസ് എന്ന പേരിൽ മെത്രാ

നായി വാഴിച്ച് സുസ്താത്തിക്കോൻ നൽകി. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് 1836-ൽ വിളിച്ചുചേർത്ത മാവേലിക്കര സുന്നഹദോസിൽ ഇദ്ദേഹം പങ്കെടുത്തു. ഇദ്ദേഹമാണ് തൊഴിയൂർ പള്ളിയോട് ചേർന്ന് വടക്കും പടിഞ്ഞാറും കിടക്കുന്ന തെങ്ങിൻതോപ്പുകൾ സമ്പാദിച്ചത്. 1856-ൽ ജൂൺ 16-ന് അദ്ദേഹം കാലംചെയ്തു തൊഴിയൂരിൽ കബറടങ്ങി.

യൗസേപ്പ് മാർ കൂറിലോസ് ആലത്തൂർ പനയ്ക്കൽ (1857-1888): ആർത്താറ്റ് ഇടവകയുടെ പരിരക്ഷണയിലായിരുന്നു അക്കാലം വരെ തൊഴിയൂർ പള്ളിയും സ്വത്തുക്കളും. നവീകരണനേതാവായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് അനധികൃതമായി പാത്രിയർക്കീസിൽ നിന്ന് മെത്രാൻസ്ഥാനം ഏറ്റതായി അവകാശപ്പെട്ട് സർക്കാരിൽ നിന്ന് രാജകീയവിളംബരം കൈവശപ്പെടുത്തിയെങ്കിലും നവീകരണ നേതാവായ അദ്ദേഹത്തെ ആർത്താറ്റ് ഇടവക സ്വീകരിച്ചില്ല. മാർ കൂറിലോസ് കാലംചെയ്തപ്പോൾ തൊഴിയൂരിലെ അരമനയും പള്ളിയും മറ്റും പൂട്ടി മുദ്ര വച്ച് താക്കോലുകൾ പതിവുപോലെ ആർത്താറ്റുപള്ളിയിലെ അന്നത്തെ വികാരി ആലത്തൂർ പനക്കൽ ജോസഫ് കത്തനാരെ ഏല്പിച്ചു. ആർത്താറ്റ് ഇടവകയിലെ കോലാടി ചാക്കുണ്ണി കശ്ശീശായെ കൂത്തൂർ കൂറിലോസിന്റെ പിൻഗാമിയായി വാഴിക്കുവാൻ ആർത്താറ്റ് യോഗക്കാർ ആഗ്രഹിച്ചു. ആർത്താറ്റ് ഇടവകക്കാർക്ക് അഭിമതനായ യൂയാക്കീം കൂറിലോസ് സ്വസഹോദരന്റെ വിവാഹം പ്രമാണിച്ച് കുന്നംകുളം യാത്ര നീട്ടിവച്ച സൗകര്യം ഉപയോഗപ്പെടുത്തി മെത്രാൻസ്ഥാനകാംക്ഷിയായ ആലത്തൂർ യൗസേഫ് കത്തനാർ പാലക്കുന്നത്ത് മെത്രാച്ചനുമായി ബന്ധപ്പെട്ടു. നയകോവിദനായ അദ്ദേഹം തൊഴിയൂരിൽ എത്തി അരമനയുടെ മുദ്രകൾ പൊട്ടിച്ചു. യൗസേപ്പ് കത്തനാരിൽ നിന്ന് താക്കോലുകൾ വാങ്ങി അരമന തുറന്ന് കൈവശപ്പെടുത്തി. വിവരമറിഞ്ഞ ആർത്താറ്റ് യോഗക്കാർ അക്രമാസക്തരായി തൊഴിയൂരിലെത്തി എങ്കിലും പാലക്കുന്നത്ത് മെത്രാച്ചന്റെ സതീർത്ഥ്യൻ പുത്തൻകാവിൽ ആലുംമൂട്ടിൽ ജോർജ്ജ് ചാവക്കാട്ട് മുൻസിഫിന്റെ പിൻബലം കൊണ്ട് ആർത്താറ്റുകാർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. യൗസേപ്പ് കത്തനാരെ മെത്രാപ്പോലീത്താ ആയി വാഴിച്ചിട്ടാണ് പാലക്കുന്നത്ത് മെത്രാച്ചൻ തിരിച്ചുപോയത്. ഇതേത്തുടർന്ന് തൊഴിയൂർ വ്യവഹാരം ആരംഭിച്ചു. കോഴിക്കോട് കീഴ്ക്കോടതിയിലും മദ്രാസ് അപ്പീൽ കോടതിയിലും വാദി യൂയാക്കീം കൂറിലോസ് പരാജയപ്പെടുകയും കേസിന്റെ ചെലവിലേക്ക് യൂയാക്കീം കൂറിലോസിന്റെ കൈവശമായിരുന്ന ചാലശ്ശേരി പള്ളി, പോർക്കളം പള്ളി, മട്ടാഞ്ചേരിപള്ളി എന്നിവ വിട്ടുകൊടുക്കേണ്ടി വരികയും ചെയ്തു. ഇതോടെ തൊഴിയൂരിലെ മെത്രാൻ മലബാർ സ്വതന്ത്രസുറിയാനിസഭയുടെ അധ്യക്ഷൻ എന്ന പേർ സ്വീകരിച്ചു. ചാലശ്ശേരി, പോർക്കളം, മട്ടാഞ്ചേരി എന്നീ പള്ളികൾ സ്വതന്ത്ര സഭയുടെ

ആദ്യത്തെ ഇടവകപ്പള്ളികൾ ആവുകയും ചെയ്തു. കുന്നംകുളത്ത് അദ്ദേഹം ഒരു പള്ളി സ്ഥാപിച്ചു. 1888 മകരം 20-ന് കാലം ചെയ്തു. ഇദ്ദേഹത്തെ കബറടക്കിയ കല്ലറയിലാണ് പിൻഗാമികൾ എല്ലാവരും കബറടക്കപ്പെടുന്നത്. പിൻഗാമിയായി മാളിയേക്കൽ യൗസേഫ് മാർ അത്താനാസ്യോസിനെ 1883 ഒക്ടോബർ 14-ന് പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസിന്റെ സഹകരണത്തിൽ അദ്ദേഹം വാഴിച്ചു. 1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് മുളന്തുരുത്തിയിൽ കൂദാശ ചെയ്ത വി. മൂറോൻ അബ്ദുള്ളാ ഗ്രീഗോറിയോസിൽ നിന്ന് ഇദ്ദേഹം വാങ്ങി സൂക്ഷിക്കുകയും അതിൽ ഒരു ഭാഗം മാർത്തോമ്മാ സഭയ്ക്ക് നൽകുകയും ചെയ്തു.

യൗസേപ്പ് മാർ അത്താനാസ്യോസ് (1883-1898): ആലത്തൂർ മെത്രാച്ചന് ശേഷം ഇദ്ദേഹം 1888-ൽ ഭരണമേറ്റു. വൈധവ്യം നേരിട്ട മാർത്തോമ്മാ സഭയ്ക്കുവേണ്ടി കോട്ടയം ചെറിയപള്ളിയിൽ വച്ച് തീത്തൂസ് ഒന്നാമൻ മെത്രാപ്പോലീത്തായെ ഇദ്ദേഹം 1894 മകരം 6-ന് വാഴിച്ചു. 1898 മാർച്ച് 4-ന് കാലം ചെയ്തു തൊഴിയൂരിൽ കബറടക്കപ്പെട്ടു. അദ്ദേഹം മാർത്തോമ്മാ സഭയിലെ തോമസ് മാർ അത്താനാസ്യോസിന്റെ സഹകരണത്തിൽ പുലിക്കോട്ടിൽ കുരുമാംകുഴി ഗീവറുഗ്ഗീസ് മാർ കൂറിലോസിന് 1892 മാർച്ച് 20-ന് മെത്രാൻസ്ഥാനം നൽകിയിരുന്നു.

ഗീവർഗ്ഗീസ് മാർ കൂറിലോസ് പുലിക്കോട്ടിൽ (1892-1935): കരുമാംകുഴി പുലിക്കോട്ടിൽ മാർ കൂറിലോസ് 1892 മാർച്ച് 20-ന് മെത്രാനായി. 1898-ൽ ഭരണം കയ്യേറ്റു. പഴഞ്ഞി (1912), കല്ലുംപുറം (1921) എന്നീ പള്ളികൾ സ്ഥാപിച്ച് കൂദാശ ചെയ്തു. ചാലശ്ശേരിയിലും തൊഴിയൂരും ഓരോ ഹയർ എലിമെണ്ടറി സ്കൂളും പഴഞ്ഞിയിലും പോർക്കളത്തും ഓരോ ലോവർ പ്രൈമറി സ്കൂളും ആരംഭിച്ചു. 1917 ഡിസംബർ 9-ന് പനയ്ക്കൽ പൗലൂസ് മാർ അത്താനാസ്യോസിനെ മെത്രാനായി വാഴിച്ചു. 1927-ൽ അദ്ദേഹം അകാലചരമം പ്രാപിച്ചു. കരുമാംകുഴി മെത്രാച്ചൻ തീത്തോസ് പ്രഥമന്റെ വാഴ്ചയിൽ (1894) സഹകാർമ്മികനായിരുന്നു. 1898 വൃശ്ചികം 25-ന് പുത്തൻകാവ് പഴയപള്ളിയിൽ വച്ച് തീത്തൂസ് ദ്വിതീയനെ മെത്രാനായി വാഴിച്ചു. 1917 ധനു 14-ന് ഏബ്രഹാം മാർത്തോമ്മായ്ക്ക് മെത്രാൻ സ്ഥാനം കൊടുത്തു. 1935 ഏപ്രിൽ 21-ന് (ഓശാന) അദ്ദേഹം കാലം ചെയ്തു. തൊഴിയൂരിൽ കബറടക്കപ്പെട്ടു.

കുറിയാക്കോസ് മാർ കൂറിലോസ് (1935-1947): കോട്ടപ്പടി കൂത്തൂർ കുറിയാക്കോസ് മാർ കൂറിലോസിനെ 1935 ചിങ്ങം 23-ന് തീത്തൂസ് മാർത്തോമ്മാ ദ്വിതീയനും സഫ്രഗൻ ഏബ്രഹാം മാർത്തോമ്മായും ചേർന്ന് വാഴിച്ചു. അഗതിയൂർ പള്ളി 1935-ൽ സ്ഥാപിച്ചതും കുന്നംകുളം പള്ളി

1940-ൽ പുതുക്കിപ്പണിയിച്ചതും ഇദ്ദേഹമാണ്. 1939-ൽ യൂഹാനോൻ മാർ ത്തോമ്മാ, മാത്യൂസ് അത്താനാസ്യോസ് എന്നിവരുടെ മെത്രാൻ സ്ഥാനാ ഭിഷേകത്തിൽ പങ്കെടുത്തു. 1947 ഒക്ടോബർ 15-ന് അദ്ദേഹം നിര്യാത നായി. തൊഴിയൂരിൽ കബറടക്കി.

ഗീവറുഗ്ഗീസ് മാർ കൂറിലോസ്, ചീരൻ (1948-1967): 1948 ജൂലായ് 25-ന് ഇദ്ദേഹത്തെ യൂഹാനോൻ മാർത്തോമ്മാ, മാത്യൂസ് അത്താനാസ്യോ സിന്റെ സഹകരണത്തിൽ മെത്രാനായി വാഴിച്ചു. ഇദ്ദേഹം തൊഴിയൂർ സഭയുടെ വികാരി ജനറൽ ആയിരുന്ന ചീരൻ ഇയ്യുണ്ണി കശ്ശീശായുടെ സീമന്ത പുത്രനാണ്. പെരുമണ്ണൂർ പള്ളി, സുവിശേഷ സംഘം, തൊഴി യൂർ സെന്റ് ജോർജ്ജ് ഹൈസ്കൂൾ, പോർക്കളം സ്കൂളിന്റെ അപ് ഗ്രേഡിംഗ് ഇവ നടന്നത് ഇദ്ദേഹത്തിന്റെ കാലത്താണ്. അലക്സാണ്ടർ തെയോഫിലോസ്, തോമസ് അത്താനാസ്യോസ്, ഫിലിപ്പോസ് ക്രിസോ സ്റ്റം എന്നിവരുടെ മെത്രാൻ സ്ഥാനശുശ്രൂഷയിൽ പങ്കെടുത്തു. 1951-ൽ പഴഞ്ഞിയിലെ അഗതിമന്ദിരം ഇദ്ദേഹം സ്ഥാപിച്ചു. 1967 ജൂൺ 8-ന് കാലം ചെയ്തു. തൊഴിയൂരിൽ കബറടക്കപ്പെട്ടു.

പൗലൂസ് മാർ പീലക്സിനോസ്: അയ്യംകുളങ്ങര ഫാ. പോൾ തോമസിന് 1967 ഡിസംബർ 16-ന് ഡോ. യൂഹാനോൻ മാർത്തോമ്മാ മാർ പീലക്സിനോസ് എന്ന പേരിൽ മേല്പട്ടസ്ഥാനം നൽകി. 1968 മെയ് 5-ന് പെരുമണ്ണൂർ പള്ളിയും പുതുക്കിപ്പണിത അഞ്ഞൂർ ബഹനാം ചാപ്പൽ 1968 ഫെബ്രു. 25-നും പുതുക്കിപ്പണിത പോർക്കളം പള്ളിയുടെ മദ്ബഹാ 1970 മാർച്ച് 1-നും അദ്ദേഹം കൂദാശ ചെയ്തു. കൊരട്ടിക്കര ചാപ്പൽ 1971 ഒക്ടോ. 15-നും കരിക്കാട്ട് ചാപ്പൽ 1971 നവംബർ 24-നും കൂദാശ ചെയ്തു. 1969-ൽ കുന്നംകുളത്ത് സഭ വകയായി ഒരു അച്ചടിശാലയും 1971 ഫെബ്രു. 7-ന് തൊഴിയൂരിൽ മാർ കൂറിലോസ് മിഷൻ ആശുപത്രിയും സ്ഥാപിച്ചു. 1975 ജനു. 19-ന് ചാലശ്ശേരി അഗതിമന്ദിരത്തിന് ശിലാസ്ഥാപനം നടത്തി. 1976 ആഗസ്റ്റ് 15-ന് ഉദ്ഘാടനം ചെയ്തു. 1977 ഓഗസ്റ്റ് 28-ന് അദ്ദേഹം മലങ്കര കത്തോലിക്കാ സഭയിൽ (റീത്തു) ചേർന്നു.

മാത്യൂസ് മാർ കൂറിലോസ് (1978-86): കൂത്തൂർ മാത്യൂസ് മാർ കൂറി ലോസ് മെത്രാപ്പോലീത്തായെ 1978 ജനുവരി 18-ന് അലക്സാണ്ടർ മാർ ത്തോമ്മാ വാഴിച്ചു. മദ്രാസ് ദേവാലയം 1981 ജനു. 11-ന് ഇദ്ദേഹം കൂദാശ ചെയ്തു. ഇദ്ദേഹം 1986-ൽ കാലം ചെയ്ത് തൊഴിയൂരിൽ കബറടങ്ങി.

ജോസഫ് മാർ കൂറിലോസ് (ആലത്തൂർ പനക്കൽ)*:* 1986 ആഗസ്റ്റ് 27-ന് ഇദ്ദേഹത്തെ അലക്സാണ്ടർ മാർത്തോമ്മാ വാഴിച്ചു. ഇദ്ദേഹം തൊഴി യൂർ പള്ളി പുതുക്കിപ്പണിയിച്ച് 1989 ഏപ്രിൽ 16-ന് കൂദാശ ചെയ്തു. കുന്നംകുളം പള്ളി പുതുക്കിപ്പണിതു. 1990-ൽ പോർക്കളം പള്ളി പുതു

ക്കിപ്പണിതു. 1987 സെപ്തം. 7-ന് പഴഞ്ഞിപള്ളി പുതുക്കിപ്പണിതത് കൂദാശ ചെയ്തു. കല്ലുംപുറം പള്ളി പുതുക്കിപ്പണിതത് 1986 ഒക്ടോ. 25-ന് കൂദാശചെയ്തു. മദ്രാസ് പള്ളി പുതുക്കിപ്പണിത് 1996 ജനു. 26-ന് കൂദാശ ചെയ്തു. എറണാകുളം പള്ളി 1995 ആഗ. 27-ന് കൂദാശ ചെയ്തു. തിരുത്തിക്കാട് ചാപ്പൽ 1996 മാർച്ച് 10-ന് കൂദാശ ചെയ്തു. ഇംഗ്ലണ്ടിൽ തൊഴിയൂരിന്റെ അനുഭാവികളെ ചേർത്തു ഒരു സപ്പോർട്ടിംഗ് ഗ്രൂപ്പ് സൃഷ്ടിച്ചു. അസുഖം മൂലം 2001-ൽ സ്ഥാനമൊഴിഞ്ഞു. സിറിൽ ബസ്സേലിയോസിനെ 2001 മെയ് 28-ന് മെത്രാനായി വാഴിച്ചു. 2001 മെയ് 28-ന് സിറിൽ മാർ ബസ്സേലിയോസ് ഇദ്ദേഹത്തിന് വലിയ മെത്രാപ്പോലീത്താ സ്ഥാനം നൽകി.

സിറിൽ മാർ ബസ്സേലിയോസ്: ആലത്തൂർ പനയ്ക്കൽ ജോസഫ് മാർ കൂറിലോസ് 2001 മെയ് 28-ന് ഇദ്ദേഹത്തെ വാഴിച്ചു. ഇദ്ദേഹമാണ് ഇപ്പോഴത്തെ തൊഴിയൂർ മെത്രാപ്പോലീത്താ. സ്ഥാനമൊഴിഞ്ഞ മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്താ എന്ന് അറിയപ്പെടുന്നു.

സഭയിലെ വൈദികർ: ഫാ. ബാബു വർഗ്ഗീസ് (68), ഫാ. ജേക്കബ് ചെറുവത്തൂർ (63), ഫാ. ജോബ് ചീരൻ (55), ഫാ. വർഗ്ഗീസ് കൂത്തൂർ (47), ഫാ. വർഗ്ഗീസ് വാഴപ്പള്ളി (44), ഫാ. ഡോ. പി. സി. ചാക്കോ (74), ഫാ. പ്രിൻസ് കോലാടി (35), ഫാ. കെ. എ. ജോബ് (41), ഫാ. സി. വി. ഗീവർ (34), ഫാ. ഗീവർ ചെമ്മണ്ണൂർ (29), ഫാ. തോമസ് കുരിയൻ (27), ഡീക്കൺ ശീമോൻ ചെറുവത്തൂർ (27) എന്നിങ്ങനെ ഒരു ശെമ്മാശനടക്കം 12 വൈദികർ ഉണ്ട്.

ദേവാലയങ്ങൾ: തൊഴിയൂർ, അഞ്ഞൂർ, കുന്നംകുളം, പോർക്കളം, ചാലശ്ശേരി, പഴഞ്ഞി, കല്ലുംപുറം, പെരുമണ്ണൂർ, കൊരട്ടിക്കര, കരിക്കാട്, മദ്രാസ്, എറണാകുളം, പെരിങ്ങോട് എന്നിവിടങ്ങളിലായി 13 ദേവാലയങ്ങളും തൊഴിയൂർ, അഗതിയൂർ, തുരുത്തിക്കാട് എന്നിവിടങ്ങളിൽ 3 ചാപ്പലുകളും ഉണ്ട്.

അവിഭക്ത മലങ്കരസഭയുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും അന്യൂനം നിലനിർത്തുന്ന സഭയാണിത്. നവീകരണ സഭയുടെ കൈവെപ്പ് സ്വീകരിക്കുന്നതിനാൽ ഇവരുടെ കൈവെപ്പ് ഇപ്പോൾ മലങ്കരസഭ സ്വീകാര്യമായി പരിഗണിക്കുന്നില്ല.

മലയാള മനോരമ: 1888-ൽ കോട്ടയത്ത് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ നേതൃത്വത്തിലും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II തുടങ്ങിയ മലങ്കരസഭാ നേതാക്കളുടെ സഹകരണത്തിലും ആരംഭിച്ച് വൻ പ്രസ്ഥാനമായി വളർന്ന മനോരമക്കമ്പനിയുടെ ആഭിമുഖ്യത്തിൽ

ജന്മംകൊണ്ട പത്രം. ദേശീയ-സഭാ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയ പത്രം 1928-ൽ ദിനപ്പത്രമായി. 1938-ൽ തിരുവിതാം കൂർ സർക്കാർ മലയാള മനോരമ കണ്ടുകെട്ടി ലൈസൻസ് റദ്ദാക്കി. ഒട്ടുംവൈകാതെ കുന്നംകുളം എ. ആർ. പി. (അക്ഷരരത്നപ്രകാശിക) പ്രസ്സിൽ നിന്ന് പ്രസിദ്ധീകരണം ആരംഭിച്ചു. 1947-ൽ കോട്ടയത്ത് പ്രസി ദ്ധീകരണം പുനരാരംഭിച്ചു. ഇടവകപത്രിക എന്ന മുഖപത്രം നിർത്തലാക്കപ്പെട്ടതിന് ശേഷം മലങ്കരയുടെ മുഖപത്രമെന്ന നിലയിൽ മലയാള മനോരമ പ്രയോജനപ്പെട്ടു. മനോരമയ്ക്ക് കേരളത്തിൽ വേരോട്ടം ഉണ്ടായ തങ്ങനെയാണ്. കെ. സി. മാമ്മൻ മാപ്പിള ദീർഘകാലം ചീഫ് എഡിറ്റർ ആയിരുന്നു. അദ്ദേഹത്തിനും കെ. എം. ചെറിയാനും ശേഷം കെ. എം. മാത്യു ഇപ്പോൾ ചീഫ് എഡിറ്റർ ആണ്. മനോരമ വാരിക, ഭാഷാപോഷിണി, വനിത, ദി വീക്ക്, മനോരമ ഇയർബുക്ക്, ബാലരമ, തൊഴിൽ വീഥി മുതലായവ മനോരമയുടെ ഉപ പ്രസിദ്ധീകരണങ്ങളാണ്. കേരളത്തിലെ മിക്ക ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഇന്ത്യയിലെ വൻ നഗരങ്ങളിൽ നിന്നും, ചില ഗൾഫ് നഗരങ്ങളിൽ നിന്നും പത്രം പ്രസിദ്ധീകരിക്കുന്നു. ഇന്ത്യൻ പ്രാദേശിക ഭാഷാപത്രങ്ങളിൽ ഏറ്റവും കൂടുതൽ പ്രചാരം ഈ പത്രം നേടിയിട്ടുണ്ട്, 15 ലക്ഷം കോപ്പി.

മലയാറ്റൂർ: എറണാകുളം ജില്ലയിലെ ആലുവാ താലൂക്കിലെ തീർത്ഥാടനകേന്ദ്രം. മലയാറ്റൂരിലെ കുരിശുമുടിയും സെന്റ് തോമസ് ദേവാലയവും കത്തോലിക്കാസഭ സെന്റ് തോമസ് തീർത്ഥാടനകേന്ദ്രമായി വികസിപ്പിച്ചിട്ടുണ്ട്. ശ്ലീഹായുടെ കാല്പാടുകൾ അവിടെ പാറയിൽ കാണുന്നുണ്ടത്രേ. 'പൊന്നിൻകുരിശു മുത്തപ്പാ പൊൻമലകയറ്റം' എന്ന് പാടി പുതുഞായറാഴ്ച സീസണിൽ ആളുകൾ മല കയറുന്നു.

മല്പാൻ: 'മൽപ്പോനോ'യുടെ തത്ഭവം. ഗുരു എന്നർത്ഥം. സുറിയാനി അധ്യാപകരെയാണ് ഈ പേർകൊണ്ട് അർത്ഥമാക്കുന്നത്. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ, കൂത്തൂർ ഗീവറുഗ്ഗീസ് മല്പാൻ, പനയ്ക്കൽ കാക്കു മല്പാൻ, കോനാട്ട് യോഹന്നാൻ മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ, കോനാട്ട് അബ്രഹാം മല്പാൻ, വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ, കായംകുളം പീലിപ്പോസ് റമ്പാൻ, ചേപ്പാട്ട് പീലിപ്പോസ് മല്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, നരിമറ്റത്തിൽ യോഹന്നാൻ മല്പാൻ, പാലക്കുന്നത്ത് ഏബ്രഹാം മല്പാൻ, തെങ്ങുംതറയിൽ ഗീവറുഗീസ് മല്പാൻ, ഞാർത്താങ്കൽ കോരതു മല്പാൻ മുതലായി അറിയപ്പെടുന്ന പല മല്പാന്മാരും അവിസ്മരണീയരാണ്.

മല്പാൻ പള്ളിക്കൂടം: വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ. പഴഞ്ഞി, കുന്നംകുളം, പാമ്പാക്കുട, വടവുകോട്, കുറുപ്പ

മ്പടി, കോതമംഗലം, മുളന്തുരുത്തി എന്നിവിടങ്ങളിലെ പള്ളികളോടനുബന്ധിച്ച് വിവിധ കാലങ്ങളിൽ മല്പാൻ പള്ളിക്കുടങ്ങൾ പ്രവർത്തിച്ചിരുന്നു.

മശിഹാ: അഭിഷിക്തൻ - ക്രിസ്തു - എന്നർത്ഥം. യഹൂദാ സഭയുടെ പ്രതീക്ഷയായിരുന്നു മശിഹാ. യേശുവാണ് മശിഹാ എന്ന ശ്ലൈഹിക സംഘത്തിന്റെ കണ്ടെത്തൽ പത്രോസ് പ്രഖ്യാപിച്ചു (മത്താ. 16:13-20). ശമരിയാക്കാരിയോട് ആ സത്യം യേശു തന്നെ വെളിപ്പെടുത്തി (യോഹ. 4:26). യഹൂദരുടെ പ്രതീക്ഷയിൽ യേശുവിന് രാജകീയ പരിവേഷം ആണുണ്ടായിരുന്നത്. കഷ്ടപ്പെടുന്ന ഒരു മശീഹാ ദാസസങ്കല്പത്തോട് അവർക്ക് പൊരുത്തപ്പെടാനായില്ല. അതാണ് ഗോഗുൽത്ത സംഭവത്തിലേക്ക് മശിഹായെ നയിച്ചത്.

മ്ശീഹായിലുള്ള അഭിഷേകത്തിന്റെ തൈലമാണ് വി. മൂറോൻ. ദൈവത്വവും മനുഷ്യത്വവും അദ്ഭുതകരമായി സമ്മേളിച്ച ക്രിസ്തുവിന്റെ പ്രതീകമായ മൂറോൻ അഭിഷേകത്തിലൂടെ മാമ്മൂദീസാ ഒരുവനെ ക്രിസ്തു ആക്കുന്നു.

മസുമൂറാകൾ: പാട്ട് എന്നർത്ഥം. ന്യായപ്രമാണം, പ്രവാചകന്മാർ, എഴുത്തുകൾ എന്നീ മൂന്ന് വിഭാഗങ്ങളിൽ എഴുത്തുകളിൽ പെടുന്നു. ബി. സി. 200-ന് മുമ്പ് സങ്കീർത്തനങ്ങൾ വിരചിതമായി. ദാവീദ്, ആസാഫ്, കോരഹ് പുത്രന്മാർ, ശലോമോൻ, ഹേമാൻ, ഏഥാൻ, മോശ എന്നിവർ സങ്കീർത്തനങ്ങൾ രചിച്ചു. 1-41, 42-72, 73-89, 90-106, 107-150 എന്നിങ്ങനെ അഞ്ച് ഭാഗങ്ങൾ ഉണ്ട്.

മസുമൂറാകൾ, അനുതാപത്തിന്റെ: 6, 32, 38, 51, 102, 130, 142 എന്നീ ഏഴെണ്ണം അനുതാപത്തിന്റെ സങ്കീർത്തനങ്ങൾ എന്ന് അറിയപ്പെടുന്നു. കൂദാശാനുഷ്ഠാനങ്ങൾക്കും അനുഭവത്തിനും ഒരുങ്ങുന്നവർ ഇത് വായിക്കുന്നത് അഭികാമ്യമാണ്. ഇതിൽ 51-ാം സങ്കീർത്തനം മിക്ക ശുശ്രൂഷകളിലും ആമുഖമായി ഉപയോഗിക്കുന്നു. പ്രഭാത പ്രാർത്ഥനയുടെ ഭാഗമാണ് ആ സങ്കീർത്തനം.

മസനപ്സാ: സുറിയാനി പാരമ്പര്യമുള്ള സഭകളിലെ സന്യാസിമാർ അണിയുന്ന ശിരോവസ്ത്രം. 13 കുരിശുകൾ തയ്ച്ച് പിടിപ്പിക്കും. റമ്പാൻ - ദയറോയൂസോ - ശുശ്രൂഷയിൽ ഈ ശിരോവസ്ത്രം നൽകും.

മഹറോൻ: മുടക്ക്, ഭ്രഷ്ട് എന്നർത്ഥം. വിശ്വാസ വിപരീതം, അസാന്മാർഗ്ഗിക ജീവിതം എന്നിവയുടെ പേരിൽ എടുക്കുന്ന നടപടി. സഭകളുടെ വിഭജന ചരിത്രം പലപ്പോഴും മുടക്കുകളുടെ ചരിത്രം ആകാറുണ്ട്.

മഹാദേവർപട്ടണം: എ. ഡി. നാലാം നൂറ്റാണ്ടിൽ പേർഷ്യയിൽ നിന്ന് ക്നായിത്തോമ്മായുടെ നേതൃത്വത്തിൽ വന്ന കുടിയേറ്റക്കാർക്ക് ചേരമാൻ പെരുമാൾ കൊടുങ്ങല്ലൂരിനടുത്ത് പെരിയാർ തീരത്ത് നൽകിയ സ്ഥലം. ഈ പട്ടണത്തിലെ അങ്ങാടിയുടെ വടക്കുഭാഗത്ത് നാട്ടുക്രിസ്ത്യാനികളും തെക്കുഭാഗത്ത് നവാഗതരും താമസിച്ചതായും ഇരുകൂട്ടർക്കും ആചാര വൈവിധ്യങ്ങൾ ഏർപ്പെടുത്തിയതായും പാരമ്പര്യം.

മഹാപുരോഹിതൻ: അഹറോന്യ വംശജരായ മഹാപുരോഹിതൻ പാലിക്കേണ്ട നിയമങ്ങൾ ലേവ്യ 21:10, പുറ. 29; ലേവ്യ 8:33-36 എന്നീ വേദഭാഗങ്ങളിൽ കാണാം. അദ്ദേഹത്തിന്റെ സ്ഥാനാരോഹണ സമ്പ്രദായങ്ങൾ പുറ. 29:8-ൽ വിവരിച്ചിട്ടുണ്ട്. അദ്ദേഹം അണിഞ്ഞിരുന്ന പ്രത്യേക അലങ്കാരങ്ങൾ പുറ. 28:15-30 ഭാഗത്തു കാണാം. അദ്ദേഹത്തിന്റെ ചുമതലകൾ ലേവ്യ 16-ൽ വിവരിച്ചിട്ടുണ്ട്. പുതിയനിയമ സഭയിൽ പുരോഹിതന്മാരുടെ തലവൻ എന്ന നിലയിൽ റീശ് കൊഹനെ എന്ന് പറയും. കൊഹനേന്മാരും റീശ് കൊഹനേന്മാരും നൽവരത്തിൽ സമരും അധികാരപരിധിയിൽ വ്യത്യസ്തരുമായിരുന്നു. കശ്ശീശന്മാരുടെ കൈവെപ്പ് (1 തീമോ. 4:14) എന്ന് പൗലോസ് ശ്ലീഹാ പറയുന്നു. ക്രമേണ പട്ടംകൊട, പള്ളിക്കൂദാശ, തൈലം കൂദാശ തുടങ്ങിയവ മഹാപുരോഹിതന്മാരുടെ മാത്രം ചുമതലയായി നിജപ്പെടുത്തി. അവർക്ക് പ്രത്യേകമായി സ്ഥാനചിഹ്നമായി തലവൻ സ്ഥാനത്തിന് അംശവടി നൽകുന്നു. ചുവന്ന ഉൾക്കുപ്പായവും കാപ്പയ്ക്ക് മുകളിൽ അണിയുന്ന വലിയ ഊറാറയും അലംകൃതമായ തൊപ്പിയും (ശീലമുടി) അവരുടെ പ്രത്യേക അംശവസ്ത്രങ്ങൾ. മദ്ബഹായിലെ 13 ഇരിപ്പിടങ്ങളിൽ മധ്യഭാഗത്ത് മഹാപുരോഹിതന്റെ ഇരിപ്പിടം - സിംഹാസനം - ദേവാലയ സംവിധാനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ശുദ്ധീകരിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന പുരോഹിതവൃന്ദത്തിന്റെ മേലന്വേഷകർ ആണിവർ. ശവസംസ്കാര ശുശ്രൂഷയിൽ (കഹനൈത്താ) ആദിമ സഭയിലെന്നപോലെ ഒരേ വിശേഷണങ്ങളാണ് മേല്പട്ടക്കാർക്കും പട്ടക്കാർക്കും സഭ ഔദ്യോഗികമായി നൽകിയിട്ടുള്ളത്.

മറിയം: 1. കർത്താവിന്റെ മാതാവായ മറിയം, 2. ബഥനി ലാസറിന്റെ സഹോദരി (ലൂക്കോ. 10:38-42), 3. മഗ്ദലന മറിയം (ലൂക്കോ. 8:2), 4. യാക്കോബിന്റെ അമ്മ മറിയം (മത്താ. 27:55-28:1), 5. മാർക്കോസിന്റെ അമ്മ മറിയം (അ. പ്ര. 12:12), 6. റോമിലെ സഭയെ പോഷിപ്പിച്ച മറിയം (റോമ. 16:6).

മറിയം, വി. കന്യക: പഴയനിയമ സൂചനകൾ. 1. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കും (ഉല്പ. 3-15), 2. കന്യക ഗർഭം ധരിച്ച് മകനെ പ്രസവിക്കും (യെശ. 7:14). പുതിയനിയമത്തിൽ പരിശു

ദ്ധാത്മാവിനാൽ ഗർഭിണിയായി (മത്താ. 1:18), എലിസബേത്തിന്റെ സാക്ഷ്യം (ലൂക്കോ. 1:43), മറിയാമിന്റെ മധ്യസ്ഥത (യോഹ. 2:1-11), യോഹന്നാനെ ഭരമേല്പിക്കുന്നു (യോഹ. 19:25), എഫേസൂസ് സിന്നഡിൽ തെയോടോക്കോസ് - യൊൽദാസ് ആലോഹോ, ദൈവമാതാവ് - എന്ന നിർവചനം സഭ നൽകി. മറിയം അമലോത്ഭവയല്ല. സ്വാഭാവിക മരണമടഞ്ഞു ഒലിവ് മലയുടെ താഴ്വാരത്തിൽ സംസ്കരിക്കപ്പെട്ട അവർ മരണശേഷം സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെട്ടു എന്ന് ഒരു പാരമ്പര്യമുണ്ട്. മറിയം സഭയുടെ പ്രതീകം (വെളി. 12:1-6). സങ്കീർത്തനം 45-ലെ പ്രസക്തഭാഗം മറിയാമ്മിനെ ഓർക്കുന്ന കുക്കിലിയോൻ ആയി (നിന്നാൾ സ്തുതിയൊട് രാജമകൾ...) ചൊല്ലുന്നു.

മറിയാമ്മ നാടകം: കൊച്ചീപ്പൻ തരകൻ (1861-1926) 1892-ൽ എഴുതി 1903-ൽ പ്രസിദ്ധീകരിച്ച മലയാളത്തിലെ ഒന്നാമത്തെ സാമൂഹികനാടകം. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലെ അമ്മായിയമ്മപ്പോരാണ് പ്രമേയം. സംസ്കൃത നാടകശൈലിയിൽ സംഭാഷണങ്ങളും ശ്ലോകങ്ങളും ഉണ്ട്. 2007-ൽ പോൾ മണലിൽ എഡിറ്റ് ചെയ്ത് ഈ കൃതി കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചിട്ടുണ്ട്. '*കൊച്ചീപ്പൻ തരകൻ*' കാണുക.

മറുഭാഷ: '*അന്യഭാഷ*' കാണുക.

മറുരൂപം: യേശുവിന്റെ തേജസ്കരണം (മർക്കോ. 19:2-8; മത്താ. 17: 1-8; ലൂക്കോസ് 9:28-36; 2 പത്രോ. 1:16).

മറുരൂപമല: താബോർ മലയെ മറുരൂപമല എന്ന് പറയുന്നു.

മറുരൂപം, കഥാപാത്രങ്ങൾ: യേശു തേജസ്കരിക്കപ്പെട്ടപ്പോൾ മോശയും ഏലിയാവുമായി സംഭാഷണം ചെയ്യുന്നതായി കാണപ്പെട്ടു.

മറുരൂപം, സാക്ഷികൾ: മറുരൂപമലയിലെ സംഭവങ്ങൾക്ക് പത്രോസും യാക്കോബും യോഹന്നാനും സാക്ഷികൾ ആയി.

മറുരൂപപ്പെരുനാൾ: യുഗാന്ത്യത്തിൽ ശാരീരികാവസ്ഥയ്ക്കുണ്ടാകുന്ന രൂപാന്തരത്തിന്റെ മുൻ ആസ്വാദനം. ആഗസ്റ്റ് 6-ന് സഭ ഈ ദിനം മാറാനായപ്പെരുന്നാൾ ആയി ആഘോഷിക്കുന്നു.

മറുവിലസിദ്ധാന്തം: മോചനദ്രവ്യം നൽകി അടിമയുടെ സ്ഥാനത്തേക്കുവീണ ആദാമിനെ ക്രിസ്തു വീണ്ടെടുത്തു എന്ന രക്ഷാസിദ്ധാന്തം. നിസ്സായിലെ ഗ്രീഗോറിയോസ്, ഐറേനിയോസ്, റൂഫൈനസ്, ക്രിസോസ്റ്റം അഗസ്റ്റിനോസ്, ലിയോ, ഗ്രിഗറി തുടങ്ങിയവർ ഇതിനെ അനുകൂലിച്ചു. ദൈവത്തിന്റെ നീതിബോധത്തിന് ക്രിസ്തു നൽകിയ വില.

മാത്തൻ, റവ. ജോർജ്ജ് (1819-1870): പുത്തൻകാവിൽ 1819 സെപ്തംബർ 25-ന് ജനിച്ചു. എബ്രായ, ലത്തീൻ, ഗ്രീക്ക്, ഫ്രഞ്ച്, ഇംഗ്ലീഷ്, സംസ്കൃതം, തെലുങ്ക്, തമിഴ്, കർണ്ണാടകം എന്നീ ഭാഷകൾ അഭ്യസിച്ചു. ബീജഗണിതം, ക്ഷേത്രഗണിതം, ഭൂമിശാസ്ത്രം, തർക്കശാസ്ത്രം, ലോകചരിത്രം എന്നീ വിഷയങ്ങൾ അഭ്യസിച്ചു. മലങ്കരസഭയിൽ നിന്ന് ആംഗ്ലേയസഭയിൽ ചേർന്നു. 1844-ൽ ശെമ്മാശൻ. 1847-ൽ ആദ്യത്തെ നാട്ടുപാദ്രി. മലയാളഭാഷയുടെ ആദ്യത്തെ വ്യാകരണഗ്രന്ഥം - മലയാഴ്മയുടെ വ്യാകരണം - രചിച്ചു. സത്യവാദഖേടം, സംയുക്തി, ഒരു സംവാദം, മറുജന്മം, സ്ത്രീകളുടെ യോഗ്യമായ സാമൂഹ്യസ്ഥിതി, ബാലാഭ്യസനം, നാനാർത്ഥം, അന്തരീക്ഷം, മരുമക്കത്തായത്താലുള്ള ദോഷങ്ങൾ ഇവയാണ് മറ്റു കൃതികൾ. മലയാള ഗദ്യസാഹിത്യത്തിന്റെ പിതാവ്. 1870 മാർച്ച് 4-ന് അന്തരിച്ചു.

മാത്തൻ മല്പാൻ, കോനാട്ട്: പാമ്പാക്കുട കോരയുടെ പുത്രൻ. 30-3-1860 ൽ ജനിച്ചു. കോനാട്ട് ഫാ. ഗീവറുഗ്ഗീസ് (യൂലിയോസ്), ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് എന്നിവർ ഗുരുനാഥന്മാർ. 1871-ൽ ശെമ്മാശൻ. 1883-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II കശ്ശീശാപട്ടം നൽകി. 1890-ൽ പുലിക്കോട്ടിൽ മെത്രാച്ചൻ മലങ്കര മല്പാൻ സ്ഥാനം നൽകി. അങ്കമാലി ഭദ്രാസന വികാരി ജനറൽ ആയിരുന്നു. 1926-ൽ സ്ലീബാ ഒസ്താത്തിയോസ് കോറെപ്പിസ്കോപ്പാ സ്ഥാനം നൽകി. കോട്ടയം സെമിനാരി മല്പാൻ. കോനാട്ട് ഗ്രന്ഥശേഖരം വിപുലമാക്കി. 1888-ൽ പുലിക്കോട്ടിൽ മെത്രാച്ചന്റെ ത്രിസായ് ശുബഹോ സമൂഹം രൂപീകരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ കാലത്ത് അവിഭക്തസഭയിലെ വൈദിക ട്രസ്റ്റിയായിരുന്ന (1892) ഇദ്ദേഹം കോർഎപ്പിസ്ക്കോപ്പാ സ്ഥാനം പ്രാപിച്ചു (1926). പിന്നീട് വന്ന മലങ്കര മെത്രാപ്പോലീത്തായ്ക്കെതിരെ പ്രവർത്തിച്ചതിനാൽ ട്രസ്റ്റി സ്ഥാനത്തുനിന്ന് നീക്കം ചെയ്യപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായ മെത്രാൻ സ്ഥാനാർത്ഥിയായി വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് റമ്പാന്റെ പേർ മലങ്കര അസോസ്യേഷനിൽ നിർദ്ദേശിച്ച് അംഗീകാരം നേടിയ മല്പാൻ പില്ക്കാലത്ത് ട്രസ്റ്റിമാർ തമ്മിലുണ്ടായ അധികാര വടംവലിയിൽ മെത്രാപ്പോലീത്തൻ ട്രസ്റ്റിയുടെ എതിർ ചേരിയിൽ അത്മായ ട്രസ്റ്റിയോടൊപ്പം നിലയുറപ്പിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മുമ്പിൽ നിന്ന് മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായി പോരാടിയത് 1909 മുതൽ തുടങ്ങിയ കക്ഷിമത്സരങ്ങൾക്ക് ആരംഭം കുറിച്ചു. ഒടുവിൽ പശ്ചാത്തപിച്ച് സമാധാനശ്രമങ്ങൾ ആരംഭിച്ചത് പൂർത്തീകരിക്കാനാവാതെ 1927 നവം. 8-ന് അദ്ദേഹം ദിവംഗതനായി.

പാമ്പാക്കുട നമസ്കാരം എന്ന് പില്ക്കാലത്ത് പ്രശസ്തമായ നമ

സ്കാരം എഡിറ്റ് ചെയ്തും നിലവിലുള്ള പ്രാർത്ഥനകൾ ക്രോഡീകരിച്ചും ചിലത് വിവർത്തനം ചെയ്തും പ്രസിദ്ധീകരിച്ചു. സുറിയാനിയിൽ നിന്ന് വേദപുസ്തകം പുതിയനിയമം വിവർത്തനം ചെയ്തു. പ്രസിദ്ധീകരിച്ചത് അദ്ദേഹത്തിന്റെ കാലശേഷം മാത്രം. 'ജീവനിക്ഷേപം' എന്ന പേരിലും 'സീമത്ഹായെ' എന്ന പേരിലും മലയാളം-സുറിയാനി മാസികകൾ അദ്ദേഹം പ്രസിദ്ധീകരിച്ചു. ഇദ്ദേഹവും വട്ടശ്ശേരിൽ മല്പാനും ഒന്നിച്ച് ചേർന്ന് ഇന്ന് പ്രയോഗത്തിലിരിക്കുന്ന കൃംതാ നമസ്കാരക്രമം ചേർന്ന കുർബ്ബാനക്രമം തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ചു. 1903-ൽ ഇറങ്ങിയ ഈ കൃതിയിലൂടെയാണ് യുയാക്കീം കൂറിലോസ് ആവിഷ്കരിച്ച അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകൾ അടങ്ങിയ തുബ്ദേനുകൾ മലങ്കരസഭയിൽ വ്യാപകമായി പ്രചരിച്ചത്. അതുവരെയും വ്യത്യസ്തമായ തുബ്ദേനുകൾ നിലവിലിരുന്നു. ഇദ്ദേഹത്തിന്റെ പാവനസ്മരണ നിലനിർത്തുവാൻ പാമ്പാക്കുട ത്രീസായ് ശുബഹോ സെന്ററിൽ സുറിയാനി ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നു. ഇദ്ദേഹത്തിന്റെ കാലത്താണ് മലങ്കരസഭയിൽ ഉപയോഗത്തിലുള്ള മിക്ക സുറിയാനി ശുശ്രൂഷാക്രമങ്ങളും പാമ്പാക്കുട മാർ യൂലിയോസ് പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിച്ചത്.

മാത്തൻ, സി. പി.: സുഡാനിലെ ഇന്ത്യൻ അംബാസഡർ ആയിരുന്ന ഇദ്ദേഹം തിരുവല്ലാ ചാലക്കുഴിയിൽ മാമ്മൻ പൗലോസിന്റെ മകനായി 18-5-1890 ൽ ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിലും തിരുവനന്തപുരം ലോ കോളജിലും പഠിച്ചു. 1919-ൽ ക്വയിലോൺ ബാങ്ക് തുടങ്ങി. ട്രാവൻകൂർ നാഷണൽ ബാങ്കുമായി സംയോജിച്ച് നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് ആയി. കെ. സി. മാമ്മൻ മാപ്പിളയും സി. പി. മാത്തനും ബാങ്കിന്റെ ഉടമകളായിരിക്കേ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെ പ്രോത്സാഹിപ്പിച്ചതിനാൽ രണ്ടുപേരും ജയിലിൽ അടയ്ക്കപ്പെട്ടു. സി. പി. മാത്തൻ ഗാർഡിയൻ ഓഫ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആയിരുന്നു. സി. പി. രാമസ്വാമി അയ്യർ വിധിച്ച ജയിൽവാസത്തിൽ നിന്ന് വിമുക്തനായ മാത്തൻ രാഷ്ട്രീയ പ്രവർത്തകനായി. തിരുവിതാംകൂർ പ്രജാസഭാ മെമ്പർ ആയി പല വർഷങ്ങൾ പ്രവർത്തിച്ചു. 1952-ൽ തിരുവല്ലയിൽ നിന്ന് ലോകസഭാംഗമായി. 1958-ൽ അംബാസഡർ. സഭാ സംയോജനത്തിനായി അത്യദ്ധ്വാനം ചെയ്തു. 1960-ൽ ഇന്റർനാഷണൽ ക്രിസ്ത്യൻ ഫെല്ലോഷിപ്പിന്റെ ആംസ്റ്റർഡാം സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഇദ്ദേഹം പാരീസിൽ വച്ച് ജൂൺ 2-ന് അന്തരിച്ചു.

മാത്തുതരകൻ: മാർപ്പാപ്പായുടെ കീഴിൽ മലങ്കരയിലെ പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും യോജിക്കുവാൻ ആഗ്രഹിച്ച കത്തോലിക്കാ സഭാംഗമാണ് തച്ചിൽ മാത്തുതരകൻ. കപ്പൽ കച്ചവടക്കാരനും ലക്ഷപ്രഭുവുമായ ഇദ്ദേഹം തിരുവിതാംകൂറും ടിപ്പുവുമായി നടന്ന യുദ്ധസന്നാ

ഹങ്ങളിൽ തിരുവിതാംകൂർ രാജാവിന് വേണ്ടി പണം കണക്കില്ലാതെ ചെല വഴിച്ച ദേശാഭിമാനിയാണ്. 14 ലക്ഷത്തോളം രൂപ സർക്കാരിലേക്ക് അദ്ദേഹം കടം കൊടുത്തിരുന്നു. രാജാ കേശവദാസൻ ദിവാൻജിയുടെ ഉറ്റമിത്രം ആയിരുന്നു. അന്നത്തെ മലങ്കരമെത്രാൻ 6–ാം മാർത്തോമ്മാ പുത്തൻകാവ് പള്ളിയുടെ നിർമ്മാണത്തിനായി ഇദ്ദേഹത്തോട് കടപ്പെട്ടി രിക്കുന്നു. സഭാസംയോജനത്തിന് ആറാം മാർത്തോമ്മാ പല കൂടിയാ ലോചനകളിൽ പങ്കെടുത്തു. ഒടുവിൽ സമ്മർദ്ദതന്ത്രങ്ങളിലൂടെ തരകൻ വിജയിച്ചു. 6–ാം മാർത്തോമ്മാ സ്വന്തം നിലയിൽ കത്തോലിക്കാസഭയിൽ ചേർന്നു. ഏതാനുംമാസം അവിടെ ഒറ്റപ്പെട്ട് കഴിയുകയും ചെയ്തു. ആയിടെ രാഷ്ട്രീയ കാരണങ്ങളാൽ തരകനെതിരായി ലഹളയുണ്ടായി. വേലുത്തമ്പി ഈ വിപ്ലവത്തിന് നേതൃത്വം നൽകി. തമ്പി ദളവാസ്ഥാനം ഏറ്റപ്പോൾ തരകനെ തിരുവനന്തപുരത്ത് തടവിലാക്കി. 1799 മിഥുനം 19–ന് തരകന്റെ ചെവികൾ ചെത്തിക്കളഞ്ഞു. രാജാവ് ദുഃഖത്തോടെ ഈ വിവരം അറിഞ്ഞ് തരകന് സ്വർണ്ണനിർമ്മിതമായ രണ്ടു ചെവികൾ സമ്മാനിച്ചു. 1814 മേടം 26–ന് തച്ചിൽ മാത്തുതരകൻ അന്തരിച്ചു.

മാത്യു, പ്രൊഫ. സി. പി. (1896–1970): അയിരൂർ ചെറുകര പീലി പ്പോസ് കശ്ശീശായുടെ പുത്രൻ. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോള ജിന്റെ സ്ഥാപകരിലൊരാൾ, പ്രൊഫസർ, പ്രിൻസിപ്പാൾ. പ്രാർത്ഥനക്രമ റിവിഷൻ കമ്മിറ്റി, ഇന്റർ ചർച്ച് റിലേഷൻ കമ്മിറ്റി, മാർത്തോമ്മാ സഭാ കൗൺസിൽ, കോളീജിയറ്റ് ബോർഡ്, സഭാതാരക എഡിറ്റോറിയൽ ബോർഡ് ഇവയിൽ അംഗം. മാർത്തോമ്മാ – ഓർത്തഡോക്സ് ഡയലോഗ് ഗ്രൂപ്പ് സൃഷ്ടിച്ചു. ഈ ഗ്രൂപ്പ് ചർച്ച ചെയ്തു ക്രിയാത്മക നിർദ്ദേശങ്ങൾ ഐക്യത്തിനായി പ്രസിദ്ധീകരിച്ചു. ഫാ. പോൾ വർഗ്ഗീസും (ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്) പ്രൊഫ. സി. പി. മാത്യുവും ഇതിന് നേതൃത്വം നൽകി. ഡബ്ല്യൂ. സി. സി. യുടെ സെൻട്രൽ കമ്മിറ്റി, രണ്ടാം വത്തിക്കാൻ കൗൺസിൽ നിരീക്ഷകൻ, ഇന്ത്യൻ പാർലമെന്റ് അംഗം, എന്നീ നിലകളിൽ പ്രവർത്തിച്ചു. കോട്ടയം എം. ടി. സെമിനാരിയിലെ എക്യുമെനിക്കൽ പഠനകേന്ദ്രം അദ്ദേഹത്തിന്റെ സ്മാരകം. തക്സാ നിരൂ പണം, എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിന് ശേഷം, ക്രിസ്തു വിഭാഗിക്ക പ്പെട്ടിരിക്കുന്നുവോ, അപവാദ നിരൂപണം, ദി ഇന്ത്യൻ ചർച്ച് ഓഫ് സെന്റ് തോമസ് എന്നിവ അദ്ദേഹം രചിച്ചു. 1970 സെപ്റ്റംബർ 24–ന് അന്തരിച്ചു.

മാത്യു, കെ. എം: കെ. സി. മാമ്മൻ മാപ്പിളയുടെ പുത്രൻ. കോട്ടയം കണ്ടത്തിൽ കുടുംബത്തിൽ 2–1–1917 ൽ ജനിച്ചു. 1954–ൽ മനോരമയുടെ മാനേജിംഗ് എഡിറ്റർ ആയി. 1973–ൽ ചീഫ് എഡിറ്റർ. 1977–ൽ ഭാഷാപോ ഷിണി പുനരാരംഭിച്ചു. പി. ടി. ഐ. ചെയർമാൻ, ഐ. എൻ. എസ്. പ്രസി ഡന്റ്, അന്താരാഷ്ട്ര പത്രപ്രവർത്തക സമിതികളിൽ അംഗമാണ്. 1991–ൽ

വാർത്താവിതരണരംഗത്തെ അവാർഡിനർഹനായി. പ്രസിഡണ്ടിന്റെ പത്മശ്രീ അവാർഡ് നേടി. കേരള അത്‌ലറ്റിക് അസോസ്യേഷൻ പ്രസിഡന്റ് ആയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മനോരമയ്ക്ക് രാജ്യവ്യാപകമായി എഡീഷൻസ് ഉണ്ടാവുകയും ഇന്ത്യയിൽ ഏറ്റവും പ്രചാരമുള്ള ഭാഷാദിനപത്രം എന്ന സ്ഥാനം നേടുകയും ചെയ്തു. കോട്ടയം ബസേലിയോസ് കോളജിന്റെ സ്ഥാപനത്തിൽ മുൻകൈ എടുത്തു. മലങ്കരസഭയുടെ മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി എന്നിവയിൽ ദീർഘകാലം പ്രവർത്തിച്ച അത്മായനേതാവാണ് അദ്ദേഹം.

മാത്യു, കെ. ടി.: കുന്നംകുളം കോലാടി വടക്കൂട്ട് താവുവിന്റെ പുത്രൻ. 13-11-1895 ൽ ജനിച്ചു. രണ്ടുതവണ കൊച്ചിയിലെ എം. എൽ. സി. യായി തെരഞ്ഞെടുക്കപ്പെട്ടു. 1944-ൽ കുന്നംകുളത്തു അന്ധ - ബധിര - മൂക വിദ്യാലയം സ്ഥാപിച്ചു. കേരളത്തിൽ അതൊരാദ്യ സംരംഭമായിരുന്നു. സർക്കാർ വിദ്യാലയമായി അതിന്നും പ്രശോഭിക്കുന്നു. 1946 മാർച്ച് 16-ന് അന്തരിച്ചു.

മാത്യു, മിസ്സിസ് കെ. എം.: മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യുവിന്റെ ഭാര്യ. ചാത്തന്നൂർ നെടുഞ്ചെറയിൽ ഡോ. ജോർജ്ജ് ഫിലിപ്പിന്റെയും ശോശാമ്മയുടെയും മകൾ. പാചകസാഹിത്യത്തിൽ 20-തോളം പുസ്തകങ്ങൾ രചിച്ചു. വനിതയുടെ ചീഫ് എഡിറ്റർ ആയിരുന്നു. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് 1992-ൽ റേച്ചൽ തോമസ് അവാർഡ് നേടി. നിര്യാതയായി.

മാത്യൂസ്, ഫാ. ഡോ. കെ. ടി.: കടമ്മനിട്ട കിഴക്കേപ്പറമ്പിൽ തോമസിന്റെ മകൻ. 23-8-1949 ൽ ജനിച്ചു. എം. എ.; ജി. എസ്. റ്റി., ബി. ഡി. ബിരുദങ്ങൾ നേടി. കുമ്പഴ, കോന്നി ഇടവകകളിൽ പ്രവർത്തിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ അധ്യാപകൻ, പ്രിൻസിപ്പൽ. മാനേജിംഗ് കമ്മിറ്റി അംഗം, യുവജനപ്രസ്ഥാനത്തിന്റെ ഭദ്രാസന വൈസ് പ്രസിഡണ്ട്, ഇടവകപത്രിക പത്രാധിപസമിതി അംഗം എന്നീ നിലകളിൽ സേവനം ചെയ്തു.

മാത്യൂസ് റമ്പാൻ: ഫാ. കോശി ഈശോയുടെ മകൻ. 30-9-1904 ൽ ജനിച്ചു. മൈലപ്ര കുറിയാക്കോസ് ആശ്രമം സ്ഥാപിച്ചു. 1931-ൽ വൈദികനായി. 1942-ൽ റമ്പാനായി. അട്ടച്ചാക്കൽ, തണ്ണിത്തോട്, കുമ്പഴ ഇടവകകളിൽ സേവനം ചെയ്തു. അട്ടച്ചാക്കൽ സെന്റ് ജോർജ്ജ് ഹൈസ്കൂൾ സ്ഥാപകൻ. 1991 സെപ്റ്റംബർ 4-ന് നിര്യാതനായി. പ്രാർത്ഥനാ മനുഷ്യനായിരുന്ന അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ അനേകർ അഭയം തേടുന്നു.

മാത്യൂസ്, ഫാ. കെ. ബി.: നിരണം മട്ടയ്ക്കൽ കാരിക്കോട്ട് ബർ

സ്ലീബാ കത്തനാരുടെയും സാറാമ്മയുടെയും മകൻ. 13-4-1914 ൽ ജനിച്ചു. 1933-ൽ കോറൂയോ. പഴയസെമിനാരിയിൽ സുറിയാനി അദ്ധ്യാപകൻ. 1938-ൽ കശ്ശീശാ. 1940 മുതൽ 45 വർഷക്കാലം പരുമല സെമിനാരിയുടെ മാനേജർ ആയിരുന്നു. പാവുക്കര, പരുമല സെന്റ് തോമസ്, സെന്റ് ജോർജ്ജ് എന്നീ പള്ളികളും ഒരു ഐ. ടി. സി. യും സ്ഥാപിച്ചു. ഹോമിയോ ഡോക്ടർ കൂടി ആയിരുന്ന അദ്ദേഹം മുൻകൈ എടുത്തു സ്ഥാപിച്ചതാണ് പരുമല മാർ ഗ്രീഗോറിയോസ് മിഷൻ ആശുപത്രി. പരുമല സെമിനാരിയുടെ വികസനം സാധിച്ച അദ്ദേഹം പരുമല സെമിനാരി റെക്ടർ ആയി അന്ത്യകാലം കഴിച്ചുകൂട്ടി. നിര്യാതനായി.

മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പാ, ഫാ. ഡോ.: തേവലക്കര കിഴക്കേടത്ത് കെ. ഒ. ലൂക്കോസ് വൈദ്യന്റെ മകൻ. 27-3-1953 ൽ ജനിച്ചു. ബി. എസ്. സി., ജി. എസ്. റ്റി., ബി. ഡി., എം. റ്റി. എച്ച്. എന്നീ ബിരുദങ്ങൾ നേടി. റഷ്യയിൽ വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്തി ഡോക്ടർ ബിരുദം എടുത്തു. വൈദികസെമിനാരി അദ്ധ്യാപകൻ, വൈദികസംഘം ജനറൽ സെക്രട്ടറി, യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് ചർച്ച് പബ്ലിക്കേഷൻ കമ്മിറ്റി അംഗം, ബാലജനസഖ്യം രക്ഷാധികാരി, ഓർത്തഡോക്സ് യൂത്ത് മാസികയുടെ ചീഫ് എഡിറ്റർ, മാവേലിക്കര സെന്റ് പോൾസ് മിഷൻ പരിശീലനകേന്ദ്രം പ്രിൻസിപ്പൽ എന്നീ നിലകളിൽ പ്രവർത്തിച്ച ഇദ്ദേഹം 'വേദശാസ്ത്ര വീഥിയിൽ' തുടങ്ങി ഇരുപതോളം ഗ്രന്ഥങ്ങൾ രചിച്ചു. ശാസ്താംകോട്ട സെന്റ് ബേസിൽ ബൈബിൾ സ്കൂൾ പ്രിൻസിപ്പൽ, ഭദ്രാസന ഇന്റേണൽ മിഷൻ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. 2007 സെപ്റ്റംബർ മാസത്തിൽ കോർഎപ്പിസ്കോപ്പായായി.

മാത്യൂസ്, ഫാ. ഡോ. എം. എ.: '*സേവേറിയോസ്, ഡോ. മാത്യൂസ് മാർ*' കാണുക.

മാത്യു പനയ്ക്കൽ: 1899-ൽ കുന്നംകുളം പിമ്പിരിയം പനയ്ക്കൽ ഇയ്യാക്കുവിന്റെയും ഇളച്ചാരുടെയും മകനായി ജനിച്ചു. ഗംഭീരാകാരവും കുലീന മുഖശ്രീയുമുള്ള ഇദ്ദേഹം 1949-ൽ രൂപംകൊണ്ട കുന്നംകുളം മുനിസിപ്പാലിറ്റിയുടെ പ്രഥമ ചെയർമാനും എക്സിക്യൂട്ടീവ് കമ്മീഷണറും ആയിരുന്നു. ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട കുന്നംകുളം വൈ. എം. സി. എ. യുടെ പ്രസിഡണ്ടായി ഒരു വ്യാഴവട്ടക്കാലം പ്രവർത്തിച്ചു. പാത്രിയർക്കീസ് ഭാഗത്തെ അതികായനായ ഇദ്ദേഹത്തിന്റെ പേരിലാണ് സ്ലീബാ മാർ ഒസ്താത്തിയോസ്, ഏലിയാസ് മാർ യൂലിയോസ് എന്നീ അന്ത്യോഖ്യൻ ഡലിഗേറ്റുമാർക്ക് അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ കല്പനകൾ അയച്ചിരുന്നത്. ഹോംസിലെ പാത്രിയർക്കീസ് മാർ അപ്രേമിന് ഇന്ത്യയുടെ

ശബ്ദം മാത്യുവിന്റെ ശബ്ദമായിരുന്നു. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് മഞ്ഞനിക്കരയിൽ വച്ച് അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ വില പിടിച്ച സ്വർണ്ണ ഉരുപ്പടികൾ - സ്വർണ്ണ അംശവടി, കുരിശുമാല, സ്ലീബാ തുടങ്ങിയവ - ഭദ്രമായി വിശ്വാസപൂർവം ഇദ്ദേഹത്തെയാണ് ഏല്പിച്ചത്. കക്ഷിവ്യവഹാരങ്ങൾ അദ്ദേഹത്തെ ശാരീരികമായും മാനസികമായും സാമ്പത്തികമായും തളർത്തി. 1958-ൽ സഭാസംയോജനമുണ്ടായപ്പോൾ മുതൽ അദ്ദേഹം ഐക്യത്തിന്റെ വക്താവായി. പിന്നീടുണ്ടായ അന്ത്യോഖ്യൻ മൂവ്മെന്റിൽ അനുഭവസമ്പന്നനായ അദ്ദേഹം സഹകരിച്ചില്ല. 1969 ആഗസ്റ്റിൽ 70-ാം വയസ്സിൽ അന്തരിച്ചു. ആർത്താറ്റ് വലിയപള്ളിയിൽ സംസ്കരിക്കപ്പെട്ടു. സിംഹാസനപ്പള്ളിയുടെ പുനർ നിർമ്മാണം, വടക്കേ ഇരുനിലകെട്ടിടത്തിന്റെ നവീകരണം എന്നിവയിൽ ഇദ്ദേഹത്തിന്റെ നേതൃത്വം നിർണ്ണായകം ആയിരുന്നു.

മാത്യു, അഡ്വ. പി. സി.: കുന്നംകുളം പുലിക്കോട്ടിൽ ചാക്കുണ്ണിയുടെയും കുട്ടായിയുടെയും മകൻ. 1935-ൽ ജനിച്ചു. മദ്രാസ്, മൈസൂർ, കേരളാ സർവകലാശാലകളിൽ നിന്ന് ബി. എ., ബി. എൽ., എം. എസ്. ഡബ്ല്യു., ഡി. എസ്. എസ്. ബിരുദങ്ങൾ നേടി. കാലടി സംസ്കൃത സർവകലാശാലയിൽ ക്രിസ്ത്യാനികളുടെ പടിയോലകളെപ്പറ്റി ഗവേഷണം നടത്തുന്നു. രക്താംബരം, കുളിരുള്ള രാത്രിയിൽ, അർദ്ധരാത്രിയിൽ എന്നീ ചെറുകഥാ സമാഹാരങ്ങളും ആർത്താറ്റ് പള്ളിപ്പാട്ടും ചരിത്രരേഖകളും, കെ. സി. മാമ്മൻ മാപ്പിളയും മലങ്കരസഭയും, കുന്നംകുളം കാവടിക്കേസ്, നിരണം പള്ളിച്ചരിത്രം, റാവുസാഹിബ് ഡോ. ചീരൻ വർഗ്ഗീസ് എന്നീ ചരിത്രഗ്രന്ഥങ്ങളും രചിച്ചു. കെ. ടി. മാത്യു, ഡോ. സി. സി. മാത്യു എന്നീ ചരിത്രഗ്രന്ഥങ്ങൾ പണിപ്പുരയിലാണ്. ആനപ്പാപ്പി, വട്ടശ്ശേരിൽ തിരുമേനി, ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രവും സംസ്കാരവും, നീതിക്കുവേണ്ടിയുള്ള നിയമയുദ്ധം, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, പുത്തൻകാവ് കൊച്ചുതിരുമേനി എന്നീ ഗ്രന്ഥങ്ങളുടെ സഹഗ്രന്ഥകാരനാണ്. മലങ്കര സഭ, ഇടവകപത്രിക എന്നീ സഭാമാസികകളുടെ പത്രാധിപസമിതി അംഗമാണ്. 2005-ലെ ന്യൂയോർക്ക് സെന്റ് ഗ്രീഗോറിയോസ് സൊസൈറ്റിയുടെ അവാർഡിന് അർഹനായി.

മാത്യു, ഡോ. പി. എം.: മാവേലിക്കര കരിപ്പുഴയിൽ 31-1-1933 ന് ജനിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എ. യും. ഡോക്ടറേറ്റും മനഃശാസ്ത്രത്തിൽ നേടി. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ അദ്ധ്യാപകനായി. സർവവിജ്ഞാനകോശത്തിൽ അസി. എഡിറ്ററായി. മനഃശാസ്ത്രം, കുടുംബജീവിതം എന്നീ പ്രസിദ്ധീകരണങ്ങളുടെ എഡിറ്റർ. രതിവിജ്ഞാനകോശത്തിന്റെ എഡിറ്റർ. നിരവധി മനഃശാസ്ത്ര ഗ്രന്ഥങ്ങൾ രചിച്ചു. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ മനഃശാസ്ത്ര ലേഖനങ്ങൾ

എഴുതുന്നു; സംശയങ്ങൾക്ക് മറുപടി നൽകുന്നു. ആത്മീയ സംഘടനകളുടെ കേന്ദ്രതല വാർഷിക കോൺഫ്രൻസുകളിൽ ഡോ. മാത്യുവിന്റെ സാന്നിധ്യം വിലമതിക്കപ്പെട്ടിട്ടുണ്ട്.

മാത്യു, ഡോ. സി. സി.: 1897 ജനു. 5-ന് കുന്നംകുളം ചെറുവത്തൂർ ചേറുവിന്റെയും കുഞ്ഞായിയുടെയും മകനായി ജനിച്ചു. മധുര അമേരിക്കൻ കോളജിൽ നിന്ന് ബിരുദം നേടി. കുന്നംകുളം ഗേൾസ് ഹൈസ്കൂൾ, മാള ലോവർ സെക്കണ്ടറിസ്കൂൾ, എറണാകുളം എസ്. ആർ. പി. ഹൈസ്കൂൾ, പഴഞ്ഞി ലോവർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനും ഹെഡ്മാസ്റ്ററുമായി. 1930-ൽ എം. എ.; 1931-ൽ ഡോക്ടറേറ്റ് ബിരുദങ്ങൾ അമേരിക്കയിൽ നിന്ന് നേടി. മുളന്തുരുത്തി, കുന്നംകുളം എന്നിവിടങ്ങളിൽ ഹെഡ്മാസ്റ്ററും ആനപ്പാറ ട്രെയ്നിംഗ് സ്കൂളിൽ പ്രിൻസിപ്പലുമായി. കൊച്ചിൻ പരീക്ഷാ ബോർഡ് സെക്രട്ടറി, പാഠപുസ്തക കമ്മിറ്റി സെക്രട്ടറി എന്നീ നിലകളിലും പ്രശസ്തനായി. കൊച്ചിൻ പാർട്ടിയുടെ സ്ഥാപകരിൽ ഒരാളായ ഇദ്ദേഹം കുന്നംകുളം നഗരസഭയുടെ ചെയർമാൻ ആയിരുന്നു. എത്യോപ്യയിൽ ഹെയ്‌ലി സലാസി ചക്രവർത്തിയുടെ വിദ്യാഭ്യാസകാര്യോപദേഷ്ടാവും അമേരിക്കയിൽ മോർമോൺ സർവകലാശാലയിൽ വിസിറ്റിംഗ് പ്രൊഫസറുമായിരുന്നു. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റായിരുന്ന കാലത്ത് ഉദ്യോഗസ്ഥ സഹകരണ സംഘത്തിന്റെ അധ്യക്ഷനായിരുന്നു. സഭാ മാനേജിംഗ് കമ്മിറ്റി മെമ്പർ ആയിരുന്ന ഇദ്ദേഹം മലങ്കരസഭയിലെ ഒന്നാമത്തെ ഡോക്ടർ ബിരുദധാരിയാണ്. 1979 മാർച്ച് 6-ന് നിര്യാതനായി. ആർത്താറ്റ് സിംഹാസനപ്പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

മാത്യു പി. വി.: സഭാചരിത്രകാരൻ. *സുഗന്ധനാട് നസ്രാണി ചരിത്രം* തുടങ്ങി നിരവധി സഭാചരിത്ര ഗ്രന്ഥങ്ങൾ എഴുതി സ്വന്തമായി പ്രസിദ്ധീകരിച്ചു. നിര്യാതനായി.

മാത്യൂസ് മാർ അത്താനാസ്യോസ്: '*അത്താനാസ്യോസ്, പാലക്കുന്നത്ത് മാത്യൂസ് മാർ*' കാണുക.

മാത്യൂസ് മാർ ഈവാനിയോസ്: '*ഈവാനിയോസ്, പാറേട്ട് മാത്യൂസ് മാർ*' കാണുക.

മാത്യൂസ് മാർ അത്താനാസ്യോസ്: '*ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് I*' കാണുക.

മാത്യൂസ് മാർ കൂറിലോസ്: '*ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് II*' കാണുക.

മാത്യൂസ് മാർ കൂറിലോസ് (തൊഴിയൂർ): '*മലബാർ സ്വതന്ത്ര സുറിയാനിസഭ*' കാണുക.

മാത്യൂസ് മാർ എപ്പിപ്പാനിയോസ്: '*എപ്പിപ്പാനിയോസ്, മാത്യൂസ് മാർ*' കാണുക.

മാത്യൂസ് മാർ സേവേറിയോസ്, ഡോ.: '*സേവേറിയോസ്, ഡോ. മാത്യൂസ് മാർ*' കാണുക.

മാത്യൂസ് മാർ ബർണബാസ്: '*ബർണബാസ്, മാത്യൂസ് മാർ*' കാണുക.

മാനസാന്തരം/കുമ്പസാരം: സ്നാപക യോഹന്നാനും യേശുവും പരസ്യശുശ്രൂഷ ആരംഭിച്ചത് മാനസാന്തരപ്പെടുവാനുള്ള ആഹ്വാനത്തോടെയാണ്. യേശുവിന്റെ പല ഉപമകളുടെയും വിഷയം ഇതാണ് (ലൂക്കോ. 15). ഡിഡാക്കേയിൽ (എ. ഡി. 100) മാനസാന്തരവും പാപം ഏറ്റുപറയലും കുർബ്ബാനാനുഭവത്തോട് ബന്ധപ്പെടുത്തിയിരിക്കുന്നു. ദൈവവുമായുള്ള ഐക്യത്തിന്റെ ഉപാധിയെന്ന് ഇഗ്നാത്യോസ് (എ. ഡി. 107); പാപത്തെ ഉരുക്കുന്ന തീച്ചൂള എന്ന് ഒറിഗൻ (185–253). കൺഫെസ് എന്ന പദത്തിന്റെ ലാറ്റിൻ–പോർത്തുഗീസ് രൂപമാണ് കുമ്പസാരം എന്ന പദമായത്. കുമ്പസാരത്തിന്റെ കേരളീയ പ്രാചീനപദം 'മവദ പറയുക' എന്ന ലുപ്ത പദമാണ്. കുറ്റം ഏറ്റുപറയുക എന്നർത്ഥം. മൗദ്യോനൂസോ – ഏറ്റുപറയുക – എന്ന സുറിയാനി മൂലപദമാണ് 'മവദ'യുടെ ആലംബം. മവദ പ്രാദേശികമായി 'അവദ'യും ആയിട്ടുണ്ട്. കുമ്പസാരം പ്രചരിച്ചപ്പോൾ 'മവദ പറയുക' എന്ന ശൈലി പ്രാചീന മലയാളത്തിന്റെ ഇരുട്ടുമുറിയിലൊതുങ്ങി. '*കുമ്പസാരം*' കാണുക.

മാനിക്കനിസം: ബാബിലോണിലെ പാർത്ഥ്യൻ വംശജൻ. 215–275 കാലം. സൊറാഷ്ട്രിയർ ഇദ്ദേഹത്തെ ഇന്ത്യയിലേക്ക് നാടുകടത്തി. സന്യാസജീവിതത്തിന്റെ വക്താവായിരുന്നു. സസ്യാഹാരനിഷ്ഠ പ്രധാനം. കേരളത്തിൽ പ്രചാരമുള്ള മാണിയും ശൈവ പ്രചാരകനായ മാണിക്കവാചകരും തിരുവോണകഥയിലെ വൈഷ്ണവാവതാരമായ വാമനനും ഒരാളാണോ എന്ന ചിന്ത ഗവേഷണം അർഹിക്കുന്നു. മാണി എന്നാൽ ഉയരം കുറഞ്ഞവൻ എന്ന് അർത്ഥമുണ്ട്. മാന്നേയ്സ് എന്നാണ് ബാബിലോണിയൻ സംസ്കാരത്തിൽ ഇദ്ദേഹത്തിന്റെ പേർ.

മാനീസോ: സ്തുതിപ്പ് എന്നർത്ഥം. സുറിയാനി സാഹിത്യത്തിൽ പ്രദക്ഷിണസമയത്തും മറ്റും ഉപയോഗിക്കുന്ന ഒരു കൂട്ടം ഗാനങ്ങൾക്ക് മാനീസാകൾ എന്ന് പറയും.

മാനേജിംഗ് കമ്മിറ്റി: 1873-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ പരുമലയിൽ വിളിച്ചുകൂട്ടിയ മലങ്കരപ്പള്ളി പ്രതിപുരുഷയോഗം രൂപീകരിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ കർമ്മസമിതിയാണ് മാനേജിംഗ് കമ്മിറ്റി. കേരളത്തിലെ ആദ്യത്തെ സമുദായ സംഘടനയായ അസോസ്യേഷനെയും അതിന്റെ കർമ്മസമിതിയായ മാനേജിംഗ് കമ്മിറ്റിയെയും 1876-ൽ മുളന്തുരുത്തിയിൽ പത്രോസ് III പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ ചേർന്ന മുളന്തുരുത്തി സുന്നഹദോസ് അംഗീകരിച്ച് സ്ഥിരീകരിച്ചു (*'പരുമല സമ്മേളനം'*, *'മുളന്തുരുത്തി സുന്നഹദോസ്'* എന്നീ ശീർഷകങ്ങൾ കാണുക). മെത്രാന്മാർ, വൈദികർ, അത്മായർ എന്നീ മൂന്ന് വിഭാഗങ്ങളും ഇതിലുണ്ട്. അംഗസംഖ്യ അതത് കാലത്ത് അസോസ്യേഷൻ നിശ്ചയിക്കും. അംഗങ്ങളെ അസോസ്യേഷൻ തെരഞ്ഞെടുക്കും. എല്ലാ മെത്രാന്മാരും, വൈസ് പ്രസിഡണ്ടുമാർ. മലങ്കര മെത്രാൻ പ്രസിഡണ്ട്. വർക്കിംഗ് കമ്മിറ്റി അംഗങ്ങളും, ഭദ്രാസന സെക്രട്ടറിമാരും പങ്കെടുക്കുന്നു. അത്മായ-വൈദിക ട്രസ്റ്റിമാർ, അസോസ്യേഷൻ സെക്രട്ടറി എന്നിവരും മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്യുന്നവരും അംഗങ്ങളാണ്. കാലാവധി അഞ്ചു വർഷം. അധികാരങ്ങളും ചുമതലകളും സഭാ ഭരണഘടന നിർവചിച്ചിട്ടുണ്ട്. മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഭരണപരമായി ഉള്ള മേലധികാര സ്ഥാപനങ്ങളാണ് അസോസ്യേഷനും മാനേജിംഗ് കമ്മിറ്റിയും എന്ന് വട്ടശ്ശേരിൽ പിതാവ് കോടതി സാക്ഷിമൊഴികളിൽ പലതവണ വ്യക്തമാക്കിയിട്ടുണ്ട്.

മാണി, വെട്ടം: കോട്ടയം പുതുപ്പള്ളി വെട്ടം ഉലഹന്നാന്റെ മകൻ. 27-8-1921 ന് ജനിച്ചു. സംസ്കൃതാധ്യാപകൻ. 1964-ൽ പുരാണിക് എൻസൈക്ലോപീഡിയാ പ്രസിദ്ധീകരിച്ചു. പത്തു പുസ്തകങ്ങൾ വേറെയും രചിച്ചു. 1987 മെയ് 29-ന് നിര്യാതനായി.

മാണി, സി. കെ.: പ്രമുഖ സഹകരണ പ്രവർത്തകൻ. രാഷ്ട്രീയ നേതാവ്. പുതുപ്പള്ളി പഞ്ചായത്ത് പ്രസിഡണ്ട്, പുതുപ്പള്ളി വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡണ്ട് തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിച്ചു. നിര്യാതനായി.

മാണിക്കവാചകർ: 9-ാം നൂറ്റാണ്ടിലെ ശൈവമതാചാര്യൻ, തമിഴ് കവി. പാണ്ഡ്യനാട്ടിൽ വാതവൂരിൽ ജനിച്ചു. പാണ്ഡ്യരാജാവിന്റെ മന്ത്രിയായി. ചിദംബരത്തുവച്ച് മരിച്ചു. ഇദ്ദേഹത്തിന്റെ പതികങ്ങൾ സമാഹരിച്ചതാണ് തിരുവാചകം. 12-ാം നൂറ്റാണ്ടിൽ രചിച്ച പെരിയപുരാണത്തിൽ (ചേക്കിഴാർ രചിച്ചു) ഇദ്ദേഹം പാലൂരിലെ വേദക്കാട്ട് ജൈനവിദ്യാലയം ശൈവകേന്ദ്രമാക്കിത്തീർത്ത കഥ വിവരിക്കുന്നുണ്ട്. ബുദ്ധ-ജൈന മതങ്ങളോടൊപ്പം ക്രൈസ്തവ മതത്തേയും ഇദ്ദേഹം പീഡിപ്പിച്ചതായി ശൈവ

പുരാണത്തിൽ കാണാം. 4-ാം നൂറ്റാണ്ടിൽ ഇദ്ദേഹം ജീവിച്ചു എന്നും പ്രബലമായ പാരമ്പര്യമുണ്ട്.

മാത്തൻ തരകൻ, മഹാകവി പുത്തൻകാവിൽ: പുത്തൻകാവിൽ കിഴക്കേത്തലയ്ക്കൽ ഈപ്പൻ മാത്തന്റെയും മറിയാമ്മയുടെയും മകൻ. 6-9-1903 ൽ ജനിച്ചു. സ്കൂൾ അധ്യാപകൻ. 1952 മുതൽ കാതോലിക്കേറ്റ് (പത്തനംതിട്ട) കോളജ് അധ്യാപകൻ, പ്രിൻസിപ്പൽ. മദ്രാസ്, കേരള യൂണിവേഴ്സിറ്റികളുടെ പരീക്ഷാ ബോർഡ്, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയുടെ ചെയർമാൻ ആയിരുന്നു. മഹാകവി, കേരള സാഹിത്യ അക്കാദമി അംഗം, കേരള സ്കൗട്ട് കമ്മീഷണർ, ഓർത്തഡോക്സ് സെമിനാരി അധ്യാപകൻ, ഗായകൻ, ഗാനരചയിതാവ് എന്നീ നിലകളിൽ പ്രശസ്തി നേടി. വിശ്വദീപം മഹാകാവ്യം, കാവ്യസങ്കീർത്തനം, ബൈബിൾ കാവ്യം, പ്രഥമപ്രളയം, ഹേരോദാവ്, വേദാന്തമുരളി, ശൂനേം കുമാരി തുടങ്ങി കവിത, നിരൂപണം, ഉപന്യാസം, വിവർത്തനം, നോവൽ, ജീവചരിത്രം എന്നീ പ്രസ്ഥാനങ്ങളിലായി അമ്പതിൽപ്പരം കൃതികൾ രചിച്ചു. സാഹിത്യതാരം, സഭാവത്സലൻ തുടങ്ങിയ അവാർഡ് - ബഹുമതികൾ ലഭിച്ചു. 1993 ഏപ്രിൽ 6-ന് അന്തരിച്ച ഇദ്ദേഹത്തിന്റെ പുത്രന്മാരാണ് ഡോ. കെ. എം. തരകനും, ഡോ. കെ. എം. ജോസഫും.

മാന്തുരുത്തേൽ സെന്റ് ജോൺസ് പള്ളി: കൊച്ചി ഭദ്രാസനം. 1858-ൽ പണി ആരംഭിച്ചു. 1875-ൽ പണി പൂർത്തിയായി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമ ദിവ്യബലി അർപ്പിച്ചു. 1978-ൽ വിപുലീകരിച്ചു. മാത്യൂസ് I കാതോലിക്കാ കൂദാശ ചെയ്തു. മണലിൽ യാക്കോബ് കത്തനാർ ആയുഷ്ക്കാലം മുഴുവൻ ഇവിടെ വികാരിയായിരുന്നു. 1912-ൽ അബ്ദുൽ മശിഹാ പാത്രിയർക്കീസിനും വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനും സ്വീകരണം നൽകി.

മാപ്പിള: ഭർത്താവ് എന്ന് ഒരർത്ഥം. വ്യാപാരികളായ (പിള്ള) മഹാന്മാർ എന്ന അർത്ഥത്തിൽ കേരളത്തിലെ വ്യാപാരി സമുദായങ്ങൾ ആയ ക്രിസ്ത്യൻ-മുസ്ലീം സമുദായത്തിലെ പുരുഷന്മാരെ മാപ്പിള എന്നും ആ സമുദായത്തിലെ സ്ത്രീകളെ മാപ്പിളച്ചി, മാപ്പിളച്ചിയമ്മ എന്നും വിളിച്ചിരുന്നു. കാൽ നൂറ്റാണ്ടു മുമ്പു വരെ അപ്രകാരമുള്ള സംബോധനകൾ സർവസാധാരണമായിരുന്നു. മാപ്പിളപ്പാട്ട്, മാപ്പിള മലയാളം, മാപ്പിളക്കലാപം എന്നീ പ്രയോഗങ്ങളിൽ മാപ്പിള മുസ്ലീം സമുദായത്തെ അർത്ഥമാക്കുന്നു.

മാപ്പിളപ്പാട്ട്: അറബിപദങ്ങളും മലയാളപദങ്ങളും ചേർത്ത് മറ്റൊരു മണിപ്രവാളമെന്ന നിലയിൽ മുസ്ലീം ഇതിവൃത്തങ്ങളെ ആധാരമാക്കി വിരചിതമായ പാട്ടുകൾ. മുസ്ലീം കലകളായ ഒപ്പന, ദഫർമുട്ടുകളി തുടങ്ങിയ

വയിൽ ഈ പാട്ടുകൾ ഉപയോഗിക്കുന്നു.

മാപ്പിള മലയാളം: അറബിപദങ്ങൾ ചേർത്തുപയോഗിക്കുന്ന വടക്കൻ കേരളത്തിലെ പ്രാദേശിക മലയാള ദേശ്യഭേദത്തെയും ലക്ഷദ്വീപ് തുടങ്ങി മുസ്ലീം ഭൂരിപക്ഷ മലയാളികളുടെ ഭാഷയേയും ഈ പദം അർത്ഥമാക്കുന്നു.

മാപ്പിള ലഹള: 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജന്മിമാർക്കും രാഷ്ട്രീയാധികാരികൾക്കും എതിരെ നടന്ന ലഹള. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുഖച്ഛായ ഈ സമരങ്ങൾക്കു നൽകുവാൻ ചില ശ്രമങ്ങൾ നടന്നിട്ടുണ്ട്.

മാപ്പിളച്ചെട്ടികൾ: ക്രിസ്ത്യാനികളായ വ്യാപാരികളെ ചില സ്ഥലങ്ങളിൽ ഈ പേരിൽ വിശേഷിപ്പിക്കുന്നു.

മാംദാന: സ്നാപകൻ എന്ന് അർത്ഥം. യോഹന്നാൻ ഈ വിശേഷണത്തിൽ അറിയപ്പെടുന്നു.

മാമ്മൻ മാപ്പിള, കെ. സി.: മനോരമ സ്ഥാപകൻ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ ജ്യേഷ്ഠൻ കെ. എ. ചെറിയാന്റെ പ്രഥമ പുത്രൻ. 4-5-1873 ന് ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബിരുദമെടുത്തു. പിതൃവ്യൻ അന്തരിച്ചപ്പോൾ 1940-ൽ മനോരമയുടെ പത്രാധിപരായി. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനായി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനോടൊന്നിച്ച് പോരാടിയ മഹാനായ പത്രാധിപർ.

ക്രാന്തദർശിയായ വ്യവസായി, സാമൂഹിക-രാഷ്ട്രീയ സാമ്പത്തിക ചിന്തകൻ, സംഘാടകൻ എന്നീ നിലകളിൽ കേരളത്തിന്റെ സാംസ്കാരിക -ധാർമ്മിക മേഖലകളിൽ വൻ സ്വാധീനമായി. തിരുവിതാംകൂറിൽ ഉത്തരവാദിത്ത ഭരണം സ്ഥാപിക്കുവാനും ദിവാൻ സർ സി. പി. രാമസ്വാമി അയ്യർക്കെതിരെ നാടിനെ പ്രബുദ്ധമാക്കുവാനും അദ്ദേഹം ഉദ്യമിച്ചു. മാമ്മൻ മാപ്പിള ചുമതല വഹിച്ച മനോരമയും നാഷണൽ ക്വയിലോൺ ബാങ്കും പ്രവർത്തനരഹിതമാക്കി മാമ്മൻ മാപ്പിളയെ ജയിലിലടച്ചുകൊണ്ടാണ് സി. പി. അരിശം പോക്കിയത്. വ്യക്തിപരമായി മലങ്കര മെത്രാനോട് വിയോജിക്കുവാൻ പല കാരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും സഭയുടെ നന്മയെ പ്രതി സ്വന്തം കാര്യം വിസ്മരിച്ച് മലങ്കര മെത്രാനെ ശക്തിപ്പെടുത്തുന്ന നിലപാടുകൾ സ്വീകരിച്ചു. അബ്ദുള്ളാ പാത്രിയർക്കീസിന്റെ മുടക്ക്, കാതോലിക്കേറ്റിനെതിരായ ഹൈക്കോടതിവിധി എന്നീ പ്രതിസന്ധികളിൽ കെ. സി. മാമ്മൻമാപ്പിള എഴുതിയ മുഖപ്രസംഗങ്ങളും ലേഖനങ്ങളും സമുദായത്തെ വർദ്ധിതവീര്യരാക്കാൻ സഹായിച്ചു. സുറിയാനിസഭാ സംരക്ഷകൻ എന്ന പ്രത്യേക പത്രിക മനോരമയിൽ നിന്ന് അദ്ദേഹം പ്രസിദ്ധീക

രിച്ചു. സമുദായക്കേസിൽ പലവട്ടം അദ്ദേഹം സഭയ്ക്കനുകൂലമായി സാക്ഷിമൊഴി നൽകി. പഴയസെമിനാരി നഷ്ടപ്പെടാവുന്ന ഒരു സാധ്യതയെ ചെറുക്കുവാൻ അദ്ദേഹം മുൻകൈ എടുത്താണ് ദേവലോകത്തെ കെട്ടിടവും സ്ഥലവും സഭയ്ക്ക് വേണ്ടി സമ്പാദിച്ചത്. കോട്ടയം എം. ഡി. സ്കൂൾ ഹെഡ്മാസ്റ്റർ ആയ കാലം മുതൽ അന്ത്യം വരെ വിശ്വസ്തമായി അദ്ദേഹം സഭയെ സേവിച്ചു. അത്യന്ത സങ്കീർണ്ണമായ പ്രതിസന്ധികളിൽ പതറാതെ സഭയെയും തന്റെ ചുമതലയിലുള്ള പത്രത്തേയും ധാർമ്മിക അടിത്തറയിൽ പരിപോഷിപ്പിച്ച അദ്ദേഹത്തിന് പത്രത്തിന്റെയും സഭയുടെയും ഗതിയെ വിജയത്തിന്റെ സുവർണ്ണതീരത്തേക്കുള്ള സുനിശ്ചിത ദിശയിൽ നയിക്കുവാൻ കഴിഞ്ഞു. 1953 ഡിസംബർ 31-ന് അദ്ദേഹം അന്തരിച്ചു. മലങ്കരസഭയുടെ ഉള്ളറകളിലെ അമരക്കാരൻ എന്ന അത്യപൂർവ ബഹുമതി പനയ്ക്കൽ ഐപ്പൂരു മുതലാളിയ്ക്ക് ശേഷം കെ. സി. മാമ്മൻ മാപ്പിളയ്ക്ക് അർഹതപ്പെട്ടതാണ്.

മാമ്മൻ, ഡോ. കെ. സി.: കണ്ടത്തിൽ കെ. എം. ചെറിയാന്റെ പുത്രൻ. 4-3-1930 ന് ജനനം. ലണ്ടനിൽ നിന്ന് ശിശുരോഗ ചികിത്സയിൽ പ്രത്യേക വൈദഗ്ദ്യം നേടി. വെല്ലൂർ മെഡിക്കൽ കോളജിൽ ശിശുരോഗ വിഭാഗം പ്രൊഫസർ. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുടെ ഡയറക്ടറായി. സഭയുടെ മെഡിക്കൽ മിഷൻ സെക്രട്ടറിയായി പ്രവർത്തിച്ചു. കോലഞ്ചേരി ആശുപത്രിയുടെ വിജയികളിൽ പ്രധാന ശില്പി ഇദ്ദേഹമാണ്. സഭാ മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി എന്നിവയിൽ സജീവ അംഗമായിരുന്നു. ഭാര്യ ഡോ. അന്നമ്മ വളഞ്ഞവട്ടം കുരീക്കാട്ടിൽ കുടുംബാംഗമാണ്.

മാമ്മൻ, കെ. ഇ.: കണ്ടത്തിൽ കെ. സി. ഈപ്പന്റെ പുത്രൻ. പ്രമുഖ സ്വാതന്ത്ര്യ സമര സേനാനി. തികഞ്ഞ ഗാന്ധിയൻ. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സമരത്തിൽ പങ്കെടുത്തു ജയിൽവാസം അനുഷ്ഠിച്ചു. പഠനവും നിലച്ചു. സഭാ സമാധാനാർത്ഥം പീസ്ലീഗ് കോട്ടയത്തു കുരിശുപള്ളി അങ്കണത്തിൽ നടത്തിയ ഉപവാസ സത്യഗ്രഹത്തിൽ പങ്കെടുത്തു. സഭാ മാനേജിംഗ് കമ്മിറ്റിയിലും അംഗമായിരുന്നു. എൺപതു കഴിഞ്ഞിട്ടും പ്രസരിപ്പോടെ ആനുകാലികപ്രശ്നങ്ങളോട് ഇന്നും ശക്തമായി പ്രതികരിക്കുന്നു. അവിവാഹിതൻ.

മാമ്മൻ വറുഗ്ഗീസ്: കെ. സി. മാമ്മൻ മാപ്പിളയുടെ പുത്രനായ കെ. എം. വറുഗ്ഗീസ് മാപ്പിളയുടെ പുത്രൻ. തോട്ടം ഉടമയും വ്യവസായിയുമായ മാമ്മൻ വറുഗ്ഗീസ് മലയാള മനോരമയുടെ പ്രിന്ററും പബ്ലിഷറുമാണ്. കൂടാതെ സഭാ വർക്കിംഗ് കമ്മിറ്റി മെമ്പർ, മാങ്ങാനം മന്ദിരം ആശുപത്രി ഭരണസമിതി ചെയർമാൻ, ജി. മാർട്ട് പ്രൊപ്രൈറ്റർ മുതലായ നിലകളിൽ

പ്രവർത്തിക്കുന്നു. സഭാ ട്രസ്റ്റിയായിരുന്ന പരേതനായ ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിന്റെ പുത്രി അന്നമ്മയാണു ഭാര്യ. പുലിക്കോട്ടിൽ ജോസഫ് റമ്പാൻ മാതൃ സഹോദരനാണ്.

മാമ്മൻ, കെ. വി: പത്തനംതിട്ട കോട്ടയ്ക്കൽ എം. വർഗ്ഗീസിന്റെ പുത്രൻ. 26-5-1930 ൽ ജനനം. മലയാള മനോരമ റിട്ട. അസി. എഡിറ്റർ. ആനുകാലിക സംഭവങ്ങളെക്കുറിച്ച് ജാഗ്രതയോടെ പ്രതികരിക്കുന്ന അത്മായ നേതാവ്. 50 വർഷം ചർച്ച് വീക്കിലിയുടെ അസി. എഡിറ്റർ ആയിരുന്നു. മലങ്കരസഭാ മാസികയുടെ പത്രാധിപസമിതി അംഗം, കോട്ടയം (മാങ്ങാനം) കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കോട്ടയ്ക്കൽ പബ്ലിഷേഴ്സിന്റെ സ്ഥാപകനും പ്രസാധകനും. ഇന്ത്യൻ ഓർത്തഡോക്സ് സഭ-ചരിത്രവും സംസ്കാരവും, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, യാച്ചാരത്തെ ഫിലിപ്പ് റമ്പാച്ചൻ, സഭാതർക്കം-നിയമയുദ്ധം, ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ്, പറേട്ട് മാർ ഈവാനിയോസ്, പി. സി. കോരുത്, സഭാകവി സി. പി. ചാണ്ടി, രണ്ടായിരം വർഷം പിന്നിട്ട മലങ്കരസഭ, മലങ്കരസഭയിലെ കാതോലിക്കാമാർ, വട്ടശ്ശേരിൽ തിരുമേനി - മലങ്കരസഭയുടെ കോട്ട, പ. ഔഗേൻ ബാവ, താബോറിലെ താപസവര്യൻ, ചേപ്പാട്ട് മാർ ദീവന്നാസ്യോസ്, കാതോലിക്കാ ബാവാമാരുടെ കാലടികളിൽ, ആനപ്പാപ്പിയും മലങ്കര വർഗ്ഗീസും, ക്രിസ്തീയ ശതഗീതാഞ്ജലി, യാച്ചാരം, പുത്തൻകാവിൽ തിരുമേനി, മലങ്കരസഭയും സിറിയൻ പാത്രിയർക്കീസന്മാരുടെ അധികാര ദുർവിനിയോഗവും, ഇന്ത്യൻ ഓർത്തഡോക്സ് സഭ 52-2007, ബൈബിൾ നാമസമാഹാരം, ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്ര വിജ്ഞാനകോശം എന്നിങ്ങനെ സഭാചരിത്ര - ജീവചരിത്ര പ്രധാനങ്ങളായ നിരവധി മലയാളം ഗ്രന്ഥങ്ങളും പാമ്പാടി തിരുമേനി, യാച്ചാരം, കുറിച്ചി ബാവ, ഫീലിപ്പോസ് മാർ തെയോഫിലോസ്, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, മാർ ഔഗേൻ കാതോലിക്കോസ് എന്നിവരെപ്പറ്റി ഇംഗ്ലീഷ് പുസ്തകങ്ങളും പ്രസാധനം ചെയ്തു. ഇവയിൽ ഭൂരിഭാഗം പുസ്തകങ്ങളിലും കെ. വി. മാമ്മൻ ഗ്രന്ഥകാരനോ സഹഗ്രന്ഥകാരനോ ആണ്. ഭാര്യ ലീലാമ്മ മാങ്ങാനം മന്ദിരം ലേയാമ്മ സ്മാരക നേഴ്സിംഗ് സ്കൂൾ മുൻ പ്രിൻസിപ്പലാണ്.

മാമ്മൂദീസാ: സ്നാനം എന്ന് അർത്ഥം. ക്രിസ്തുസഭയിലേക്കുള്ള പ്രവേശക കൂദാശ. ഇത് സ്വീകരിച്ചവർക്കേ മറ്റു കൂദാശകൾ സ്വീകരിപ്പാൻ അർഹതയുള്ളൂ. ഈ കൂദാശ ക്രിസ്തു സ്ഥാപിച്ചു (മർക്കോസ് 16:16, മത്താ. 28:19). സഭ അത് ആചരിച്ചു. മാമ്മൂദീസാ ജലത്തിൽ നിന്നും ആത്മാവിൽ നിന്നും ദൃശ്യമായും അദൃശ്യമായും നടക്കുന്നത് വീണ്ടും ജനനമാണ്. മൂറോൻ കലർത്തിയ ജലവും പട്ടക്കാരന്റെ കൈവെപ്പും ആണ് അതിന്റെ മാധ്യമങ്ങൾ. പട്ടക്കാരൻ വലതുകരം സ്നാനാർത്ഥിയുടെ

ശിരസ്സിൽ അർപ്പിക്കുന്നു. ഇടതുകൈ കൊണ്ട് മൂറോൻ മിശ്രിതമായ ജലം സ്നാനാർത്ഥിയുടെ നാലു ഭാഗത്തുനിന്നുമായി സ്ലീബാ ഭാഷയിൽ കോരി ഒഴിച്ചുകൊണ്ട് ത്രിത്വനാമത്തിൽ മാമ്മൂദീസാ സ്വീകരിച്ചതിന്റെ പ്രഖ്യാപനം നടത്തുന്നു.

മാമ്മൂദീസായുടെ പ്രായം: ഏതു പ്രായക്കാർക്കും മാമ്മൂദീസാ നൽകാം. യഹൂദാസഭ 8-ാം നാളിൽ നടത്തുന്ന പരിച്ഛേദന സ്നാനത്തിന്റെ മുൻകുറിയാണ്. ആദിമസഭ കുഞ്ഞുങ്ങൾക്ക് സ്നാനം നൽകിവന്നു. മാമ്മൂദീസാ സഭാംഗത്വത്തിന്റെ കൂദാശയാകയാൽ എല്ലാ പ്രാചീന ക്രൈസ്തവ സഭകളും ശിശുസ്നാനം പ്രോത്സാഹിപ്പിക്കുന്നു. സ്നാന സംബന്ധമായ ചില ചടങ്ങുകൾ നിർവഹിക്കുവാൻ ശിശുസ്നാനത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ കുറയും. ഓർത്തഡോക്സ് സഭ മാമ്മൂദീസായോടൊപ്പം സ്ഥിരീകരണ കൂദാശയും (മൂറോൻ) വി. കുർബ്ബാനയും കുഞ്ഞുങ്ങൾക്ക് നൽകുന്നു.

മാമ്മൂദീസായിലെ തൈലങ്ങൾ: ആനന്ദതൈലവും സുഗന്ധതൈലവും (മൂറോൻ) മാമ്മൂദീസായിൽ ഉപയോഗിക്കുന്നു. ആദ്യത്തേത് ഏതൊരു മേല്പട്ടക്കാരനും രണ്ടാമത്തേത് സഭയിലെ പ്രധാന മേലധ്യക്ഷനും കൂദാശ ചെയ്ത് പട്ടക്കാർ വഴി വിതരണം ചെയ്യുന്നു.

മാമ്മൂദീസായിലെ മധ്യസ്ഥൻ: സ്നാനാർത്ഥി ശിശുവാണെങ്കിൽ ഉപേക്ഷണവാക്യ - സ്വീകരണവാക്യ ശപഥങ്ങൾ പ്രഖ്യാപിക്കുവാനും ശിശുവിനെ ഏറ്റുവാങ്ങുവാനുമായി സഭാംഗമായ സ്ത്രീപുരുഷന്മാരെ യഥാക്രമം പെൺ പൈതലിനും ആൺ പൈതലിനും മധ്യസ്ഥരായി സ്വീകരിക്കുന്നു.

മാമ്മൂദീസാ നടത്താത്ത കാലം: സാധാരണഗതിയിൽ വലിയനോമ്പിൽ രണ്ടാഴ്ചകൾ കഴിഞ്ഞാൽ മാമ്മൂദീസാ നടത്താറില്ല.

മാമ്മൂദീസാ - കാർമ്മികൻ: മാമ്മൂദീസാ ഒരു കൂദാശയാണ്. അംശവസ്ത്രമണിഞ്ഞ കശ്ശീശയെങ്കിലും ആകണം കാർമ്മികൻ. സൗകര്യം പോലെ കുർബ്ബാനയ്ക്കു മുമ്പോ പിമ്പോ മാമ്മൂദീസാ നടത്തും.

മാമ്മൂദീസാത്തൊട്ടി: പള്ളിയുടെ തെക്കുഭാഗത്തെ മുറിയിലോ പള്ളിയ്ക്കകത്ത് ഹൈക്കലായിൽ തെക്കുഭാഗത്തോ തൊട്ടി സ്ഥാപിക്കുന്നു. കിഴക്കുഭാഗത്ത് കാർമ്മികന് പടിഞ്ഞാറോട്ട് അഭിമുഖമായി നിൽക്കുവാൻ ആവശ്യമായ സ്ഥലം വേണം. വെള്ളം ആവശ്യം കഴിഞ്ഞാൽ ഒഴിഞ്ഞു പോകാൻ ഒരു ദ്വാരം ക്രമീകരിക്കുക പതിവുണ്ട്. പള്ളിക്കൂദാശ ചെയ്യുമ്പോൾ മേല്പട്ടക്കാരൻ വി. മൂറോൻ കൊണ്ട് മാമ്മൂദീസാതൊട്ടി അഭിഷേകം ചെയ്യും. ദനഹാ ശുശ്രൂഷകളിൽ തൊട്ടിയിൽ കുരിശ് നിക്ഷേപിച്ച്

അതിൽ വാഴ്ത്തിയ വെള്ളം കുരിശാകൃതിയിൽ വീഴ്ത്തുന്ന ഒരു അനുഷ്ഠാനം നിർവഹിപ്പാനുണ്ട്.

മാമ്മൂദീസായുടെ ക്രമങ്ങൾ: മാമ്മൂദീസായുടെ ശുശ്രൂഷാക്രമം കാലങ്ങളിലൂടെ രൂപംപ്രാപിച്ച് വളർന്നിട്ടുണ്ട്. വി. സേവേറിയോസ് (എ. ഡി. 538)–ൽ ഗ്രീക്കിൽ രചിക്കുകയും എഡേസ്സായിലെ യാക്കോബ് (എ. ഡി. 708) സുറിയാനിയിലേക്ക് പരിഭാഷപ്പെടുത്തുകയും ബാർ എബ്രായ (1286) എഡിറ്റ് ചെയ്യുകയും ചെയ്ത ക്രമമാണ് നാം ഉപയോഗിക്കുന്നത്. മാമ്മൂദീസായ്ക്ക് ആദ്യഭാഗം ഒരുക്കം, രണ്ടാം ഭാഗം നിർവഹണം എന്നീ രണ്ടു ഭാഗങ്ങൾ ഉണ്ട്. സ്ഥിരീകരണക്കൂദാശയായ മൂറോൻ അഭിഷേകത്തെയും വിശുദ്ധ കുർബ്ബാനാനുഭവത്തെയും മാമ്മൂദീസായുടെ ഭാഗമായി കണക്കാക്കാവുന്നതാണ്.

മാമ്മൂദീസാ – വീട്ടിൽ: രോഗം മൂലമോ മറ്റോ കുഞ്ഞുങ്ങളെ വീട്ടിൽ വച്ച് മാമ്മൂദീസാ നടത്തേണ്ടി വന്നാൽ അത് ചെയ്യാം. അതിന് പ്രത്യേക ക്രമമൊന്നുമില്ല. പള്ളിയിൽ വച്ച് കൂദാശ ചെയ്ത വെള്ളം, മൂറോൻ, ആനന്ദതൈലം ഇവ കൊണ്ടുപോകണം. കുർബ്ബാനാനുഭവം പിന്നീട് പള്ളിയിൽ വരുമ്പോൾ നടത്തിയാൽ മതിയാവും.

മാമ്മൂദീസാ ഒരിക്കൽ: നിത്യമുദ്രണം പ്രാപിക്കുന്നതിനാൽ യാതൊരു കാരണവശാലും മാമ്മൂദീസാ ആവർത്തിച്ചു കൂടാ. അംഗീകാരമില്ലാത്ത സഭകളിലെ അംഗങ്ങൾക്ക് മൂറോൻ അഭിഷേകം നൽകി മാമ്മൂദീസായെ സ്ഥിരീകരിക്കുവാൻ അനുവാദമുണ്ട്. മാമ്മൂദീസാ ഏറ്റ ആളിന് പാപമോചനത്തിന് കുമ്പസാരം മതിയാകും.

മാമ്മൂദീസായുടെ സാധുത: സാധുവായ കൈവെപ്പുള്ള പട്ടക്കാരൻ നടത്തുന്ന മാമ്മൂദീസായ്ക്ക് സാധുതയുണ്ട്. കൈവെപ്പ് സ്വീകാര്യമല്ലാത്തതിനാൽ മാർത്തോമ്മാ, സി. എസ്. ഐ., സി. എൻ. ഐ., തൊഴിയൂർ തുടങ്ങിയ സഭകളുടെ മാമ്മൂദീസാ സാധുവായി നാം ഗണിക്കുന്നില്ല. എങ്കിലും അവർക്കു വീണ്ടും മാമ്മൂദീസാ നൽകുന്നില്ല. പകരം വി. മൂറോൻ അഭിഷേകം നടത്തി അവരുടെ മാമ്മൂദീസായ്ക്ക് പൂർത്തീകരണം നൽകുന്നു.

മാമ്മോൻ: മാമോനാ എന്ന അരമായ പദം. ധനം, ലാഭം എന്ന് അർത്ഥം. ധനദേവത എന്നർത്ഥം വന്നു.

മായ: സ്വയം ഉണ്മയില്ലാത്തത് മായ. തന്മൂലം പ്രപഞ്ചം മായയെന്ന് ശങ്കരാചാര്യൻ. ഉണ്മ ദൈവത്തിന് മാത്രം. ഇതാണ് അദ്വൈത വാദത്തിന്റെ കാതൽ. പക്ഷേ, പ്രപഞ്ചത്തിന്റെ അസ്തിത്വം രാമാനുജൻ അംഗീകരിച്ചു. അസ്ഥിരം എന്ന അർത്ഥത്തിലാണ് ഈ പദം 'സഭാപ്രസംഗി'യിലും മറ്റും

ഉപയോഗിച്ചിട്ടുള്ളത്.

മായൽത്തോ: പ്രവേശനം എന്ന് അർത്ഥം. ശിശുവായ യേശുവിനെ ദേവാലയത്തിൽ 40-ാം ദിവസം പ്രവേശിപ്പിച്ച സംഭവം അന്ന് അനുസ്മരിക്കപ്പെടുന്നു (ലൂക്കോ. 2:22-). ഫെബ്രുവരി 2-ന് മായൽത്തോ. അത് മാറാനായപ്പെരുന്നാൾ ആണ്. കർമ്മേൽ ദയറായിൽ കബറടങ്ങിയ പത്രോസ് മാർ ഒസ്താത്തിയോസ് പിതാവിന്റെ ഓർമ്മ അന്നാണ്.

മാരാമണ്ണ് പള്ളി: കോഴഞ്ചേരിക്കടുത്ത് കന്യകമറിയാമ്മിന്റെ നാമത്തിൽ ചെങ്ങന്നൂർ പള്ളിയിൽ നിന്ന് പിരിഞ്ഞവർ 4-ാം മാർത്തോമ്മായുടെ കാലത്ത് ഈ പള്ളി സ്ഥാപിച്ചു. പാലക്കുന്നത്ത് അബ്രഹാം മല്പാൻ സ്വന്തം ഇടവക കൂടിയായ ഈ പള്ളിയിൽ വച്ച് നവീകരിച്ച തക്സാ ആദ്യമായി ഉപയോഗിച്ചു. കേസിൽ തോറ്റെങ്കിലും നവീകരണക്കാർക്ക് ഈ പള്ളിയിൽ ഓർത്തഡോക്സ്കാരോടൊപ്പം ആരാധന നടത്താൻ അനുവാദം നൽകി. 1908-ൽ ഓർത്തഡോക്സുകാർ പുതിയ പള്ളി സ്ഥാപിച്ച് പിരിഞ്ഞുപോയി. പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ്, തോമസ് അത്താനാസ്യോസ് എന്നിവരുടെ കബറിടം ഈ പള്ളിയിൽ സ്ഥിതിചെയ്യുന്നു.

മാരാമൺ സെന്റ് മേരീസ് പള്ളി: ചെങ്ങന്നൂർ ഭദ്രാസനം. 1908-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II-ന്റെ അനുവാദത്തോടെ സ്കറിയാ കത്തനാർ സ്ഥാപിച്ചു. 1930-ൽ തോമസ് കോറെപ്പിസ്ക്കോപ്പാ പുനഃസ്ഥാപിച്ചു. 1940-ൽ പാമ്പാടി മാർ ഗ്രീഗോറിയോസ് ശിലയിട്ടു. 1952-ൽ ഔഗേൻ മാർ തീമോത്തിയോസ് കൂദാശ ചെയ്തു.

മാർക്കിയാൻ, ചക്രവർത്തി (450-457): 451-ൽ കൽക്കിദൂൻ സിന്നഡ് വിളിച്ചുകൂട്ടി. രാഷ്ട്രീയശക്തി ഉപയോഗിച്ച് സിന്നഡ് തീരുമാനങ്ങൾ നടപ്പിലാക്കുവാൻ ഈ ബൈസന്റയിൻ ചക്രവർത്തി ഉദ്യമിച്ചു. അലക്സന്ത്രിയായെ അവഗണിച്ച് കുസ്തന്തീനോസ്പോലീസിന് രണ്ടാം സ്ഥാനം നൽകുവാൻ പരിശ്രമിച്ചു. സഭ വിഭജിതമായി. ശക്തി ക്ഷയിച്ചു. ഇരുസ്വഭാവ വാദത്തെ അനുകൂലിച്ച സിന്നഡ് റോമിന് തൃപ്തികരമായി. പൂർവിക പാത്രിയർക്കേറ്റുകൾ ഇതോടെ ഇരു ചേരികളായി ധ്രുവീകരിക്കപ്പെട്ടു.

മാർക്കോ പോളോ: 1254-നടുത്തു ജനിച്ചു. 1324-ൽ ചരമം പ്രാപിച്ചു. പോപ്പിന്റെയും ചക്രവർത്തിയുടെയും പ്രതിനിധിയായി 1271-ൽ ഇന്ത്യ, ചൈന മുതലായ പൗരസ്ത്യ ദേശങ്ങൾ സന്ദർശിച്ച ലോക സഞ്ചാരി. യാത്രാവിവരണ കൃതി രചിച്ചിട്ടുണ്ട്.

മാർഗംകളി: കേരള ക്രൈസ്തവരുടെ പ്രാചീന കലാരൂപം. വിവാഹം,

പെരുന്നാൾ എന്നീ അവസരങ്ങളിൽ അവതരിപ്പിച്ചിരുന്നു. പന്ത്രണ്ടു പേർ അരയും തലയും മുറുക്കി വട്ടത്തിൽ നിന്ന് ചുവടുകൾ വച്ച് മാർഗ്ഗംകളിപ്പാട്ടുകൾ പാടി അവതരിപ്പിക്കുന്നു. മാർത്തോമ്മാ ചരിത്രമാണ് പ്രധാനപ്പെട്ട വിഷയം. പോർത്തുഗീസുകാരുടെ വരവിന് മുമ്പ് ഈ നൃത്തകലാരൂപം കേരളത്തിൽ – പ്രത്യേകിച്ചും തെക്കൻ കേരളത്തിൽ – പ്രചാരത്തിലിരുന്നു.

മാർട്ടിൻ ലൂതർ: കത്തോലിക്കാസഭയിലെ നവീകരണ നേതാവ്. 1483-ൽ ജർമ്മനിയിൽ തുറിൻഗിയ ഗ്രാമത്തിൽ ജനിച്ചു. 1507-ൽ വൈദികൻ. ആഗസ്റ്റീനിയൻ സന്യാസി. അധ്യാപകൻ, വേദശാസ്ത്രത്തിൽ ഡോക്ടർ ബിരുദം. റോമ്മാ, ഗലാത്യ, എബ്രായ ലേഖനങ്ങൾക്ക് വ്യാഖ്യാനമെഴുതി. വിശ്വാസത്താലുള്ള നീതീകരണമായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. റോമ്മൻ സഭയിലെ അനാചാരങ്ങളെ ചോദ്യം ചെയ്തു. പാപമോചനച്ചീട്ടിനെ നിശിതമായി വിമർശിച്ചു. സഭയുടെ ദുഷിപ്പുകളെ വിമർശിച്ച് 95 പ്രഖ്യാപനങ്ങൾ അടങ്ങിയ രേഖ വിറ്റൻബർഗ് ദേവാലയത്തിൽ ഒട്ടിച്ച് 1517-ൽ പ്രസിദ്ധീകരിച്ചു. റോം അദ്ദേഹത്തെ 1521-ൽ മുടക്കി. അദ്ദേഹത്തിന് അനുയായികൾ ഏറെയുണ്ടായി. 1525-ൽ അദ്ദേഹം ഒരു കന്യാസ്ത്രീയെ വിവാഹം കഴിച്ചു. 1546-ൽ അദ്ദേഹം നിര്യാതനായി. വേദപുസ്തകം മാത്രമാണ് വിശ്വാസത്തിനാധാരം; രക്ഷയുടെ ഏക അടിസ്ഥാനം വിശ്വാസം. ലൂതറൻ സഭ ഇദ്ദേഹത്തെ പ്രാമാണികനായി ഗണിക്കുന്നു. പ്രോട്ടസ്റ്റണ്ട് സഭയുടെ പിതാവാണ് ഇദ്ദേഹമെങ്കിലും ആ സഭകൾ അനേകവട്ടം പില്ക്കാലങ്ങളിൽ വിഭജിതമായി. ബൈബിളിന്റെ സഭാപശ്ചാത്തലം അവഗണിച്ചത് ലൂതറിന്റെ അപാകതയായിരുന്നു. ആചാരപരമായ കാര്യങ്ങളിൽ പലതും കത്തോലിക്കാസഭ ലൂതറിന്റെ നിലപാടിന് അനുകൂലമായി തിരുത്തിയിട്ടുണ്ട്.

മാർത്ത: ബഥാന്യയിലെ ലാസറിന്റെ സഹോദരി (ലൂക്കോ. 10:38).

മാർത്തോമ്മൻ പാട്ട്: മാർത്തോമ്മാ ചരിതം ആധാരമാക്കി വിവിധ കാലങ്ങളിൽ രചിക്കപ്പെട്ട ഈ വിഭാഗത്തിൽപെട്ട പാട്ടുകൾ പാടി വിവാഹം, പെരുന്നാൾ എന്നീ അവസരങ്ങളിൽ മാർഗംകളി അവതരിപ്പിച്ചിരുന്നു. മാളിയേക്കൽ തോമ്മാ റമ്പാൻ എഴുതിയ തോമ്മാ പർവവും പുരാതനമായ വീരടിയാൻപാട്ടും ഈ ഗണത്തിൽ പെടുന്നു. പകലോമറ്റം മെത്രാന്മാരുടെ കാലത്തെഴുതപ്പെട്ടവയാണ് പല മാർത്തോമ്മൻ പാട്ടുകളും. ചരിത്രപരമായി അവയുടെ മൂല്യം സംശയാതീതമല്ല.

മാർ തോമസ് അച്ചുകൂടം, കുന്നംകുളം: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ സ്ഥാപിച്ച അച്ചുകൂടം. 1850-കളിൽ അദ്ദേഹം വൈദികനായിരിക്കേ പുലിക്കോട്ടിൽ

ജോസഫ് കത്തനാഴ്സ് പ്രസ് എന്ന പേരിലാണ് ഇത് കുന്നംകുളത്ത് ആരംഭിച്ചത്. പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാപ്പോലീത്താ നവീകരിച്ച നമസ്കാരം കോട്ടയം പഴയസെമിനാരിയിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിന് ബദലായി നവീകരിക്കാത്ത പ്രാർത്ഥനക്രമവും കുർബ്ബാനക്രമവും സുറിയാനി കുർബ്ബാന തക്സായും (മാമ്മൂദീസാ-വിവാഹ ക്രമങ്ങൾ അടങ്ങിയത്) പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസിലെ കല്ലച്ച് യന്ത്രത്തിൽ നിന്ന് അദ്ദേഹം പ്രസിദ്ധീകരിച്ചു. കൊച്ചിയിലെ ആദ്യത്തെ പ്രസും ഭാരതത്തിലെ ആദ്യത്തെ പാശ്ചാത്യ സുറിയാനി അച്ചടികേന്ദ്രവും ഇതായിരുന്നു.

മാർത്തോമ്മസ് അച്ചുകൂടം, കൊച്ചി: പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ 1865-ൽ സ്ഥാനമേറ്റ് മലങ്കരയിലെത്തിയപ്പോൾ പഴയസെമിനാരി നവീകരണമെത്രാന്റെ കൈവശമായിരുന്നതിനാൽ കൊച്ചിയിലെ പ്രമുഖ വ്യാപാരിയായിരുന്ന കുന്നംകുളം പനയ്ക്കൽ ഐപ്പൂരുവിന്റെ പാണ്ടികശാലയാണ് ആസ്ഥാനമായി ഉപയോഗിച്ചിരുന്നത്. പുലിക്കോട്ടിൽ ജോസഫ് കത്തനാർസ് പ്രസ് 1870-ൽ കൊച്ചിയിൽ പനക്കൽ ഐപ്പൂരുവിന്റെ പാണ്ടികശാലയിലേക്ക് മാറ്റി സ്ഥാപിച്ചു. 1872 ചിങ്ങം 1 മുതൽ ദ്വൈവാരികയായി കേരളപതാക അവിടെനിന്ന് പ്രസിദ്ധീകരിച്ചു. പിന്നീട് വിദ്യാരത്നപ്രകാശിക സ്ഥാപിച്ച പാറമേൽ ഇട്ടൂപ്പും അക്ഷരരത്നപ്രകാശിക - യഥാക്രമം വി. ആർ. പി., ഏ. ആർ. പി. - പുലിക്കോട്ടിൽ ഇട്ടൂപ്പും സെന്റ് തോമസ് പ്രസിലെ ജോലിക്കാർ ആയിരുന്നു. അചിരേണ കൊച്ചി സെന്റ് തോമസ് പ്രസിൽ നിന്ന് ഇടവകപത്രിക എന്ന ഒരു സഭാമാസികയുടെ പ്രസിദ്ധീകരണവും മെത്രാപ്പോലീത്താ ആരംഭിച്ചു.

മാർ തോമസ് അച്ചുകൂടം, പരുമല: 1872-ന് ശേഷം പരുമല സെമിനാരി സ്ഥാപിക്കപ്പെട്ടതോടെ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ ആസ്ഥാനം പരുമലയിൽ ക്രമീകരിച്ചതോടെ മാർ തോമസ് അച്ചുകൂടം പരുമലയിലേക്ക് മാറ്റി സ്ഥാപിച്ചു. ഇതോടെ പാറമേൽ ഇട്ടൂപ്പ്, മാളിയമ്മൻ കുഞ്ഞുവറീയത്, പുലിക്കോട്ടിൽ ഇട്ടൂപ്പ് എന്നിവർ സ്വദേശത്ത് പുതിയ പ്രസ്സുകൾ ആരംഭിച്ചു. പരുമലയിലെ മാർ തോമസ് അച്ചുകൂടത്തിൽ നിന്ന് ഇടവകപത്രികയും വിശ്വാസസംബന്ധമായ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. നവീകരണ വ്യവഹാരം കഴിഞ്ഞ് 1889-ൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ കോട്ടയം പഴയസെമിനാരി കൈവശപ്പെടുത്തി അവിടെ താമസം ആരംഭിച്ചതോടെ പരുമലയിലെ പ്രസ് ഉപയോഗമില്ലാതെ വന്നു.

മാർ തോമസ് അച്ചുകൂടം, കോട്ടയം: പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസും പിൻഗാമി തോമസ് അത്താനാസ്യോസും പ്രസിദ്ധീകരിച്ച നമസ്കാരം, കുർബ്ബാനക്രമം, മലങ്കരക്കാനോൻ തുടങ്ങിയവ

ഈ പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിച്ചു. 1886 കർക്കിടകം 3 മുതൽ സെമിനാരിയുടെ കൈവശം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിൽ വന്നുചേർന്നതോടെ ഈ പ്രസ് അദ്ദേഹം ഉപയോഗിച്ചു. ഇടവകപത്രികയ്ക്കു പുറമേ സുറിയാനി സുവിശേഷകൻ എന്ന മാസികയും വിശ്വാസസംബന്ധമായ പുസ്തകങ്ങളും ശ്ഹീമ്മാ നമസ്കാരം, ആണ്ടുതക്സാ, കൂദാശക്രമം എന്നിവയുടെ സുറിയാനിക്രമങ്ങളും ഇവിടെനിന്ന് അച്ചടിക്കുവാൻ തുടങ്ങി. 1912 കാലത്ത് കക്ഷി വഴക്ക് തുടങ്ങിയ സമയത്ത് പ്രസ്സ് പ്രവർത്തനരഹിതമാവുകയും ചെയ്തു. അതുവരെ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണശാലയായിരുന്നു മാർ തോമസ് അച്ചുകൂടം.

മാർത്തോമ്മാ ആറാമൻ: '*ദീവന്നാസ്യോസ്, വലിയ മാർ*' നോക്കുക.

മാർത്തോമ്മാ മാത്യൂസ് പ്രഥമൻ: '*മലങ്കരയിലെ കാതോലിക്കാമാർ*' കാണുക.

മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ: '*മലങ്കരയിലെ കാതോലിക്കാമാർ*' കാണുക.

മാർത്തോമ്മാ ദിദിമോസ് പ്രഥമൻ: '*മലങ്കരയിലെ കാതോലിക്കാമാർ*' കാണുക.

മാർ മാത്യൂസ് അത്താനാസ്യോസ്: '*അത്താനാസ്യോസ്, മാത്യൂസ് മാർ*' കാണുക.

മാർ തോമ്മാ ദീവന്നാസ്യോസ്: '*ദീവന്നാസ്യോസ്, തോമ്മാ മാർ*' കാണുക.

മാർ തോമസ് അത്താനാസ്യോസ്: '*അത്താനാസ്യോസ്, തോമസ് മാർ*' കാണുക.

മാർ തോമസ് അത്താനാസ്യോസ്, ഡോ.: '*അത്താനാസ്യോസ്, ഡോ. തോമസ് മാർ*' കാണുക

മാർ തോമസ് തീമോത്തിയോസ്: '*മലങ്കരയിലെ കാതോലിക്കാമാർ*', '*ദിദിമോസ് പ്രഥമൻ*' കാണുക.

മാർ തോമസ് മക്കാറിയോസ്, ഡോ.: '*മക്കാറിയോസ്, ഡോ. തോമസ് മാർ*' കാണുക.

മാർത്തോമ്മാ മെത്രാന്മാർ (പകലോമറ്റം):

മാർത്തോമ്മാ I (1653-1670): പകലോമറ്റം കുടുംബത്തിലെ തോമ്മാ അർക്കദിയാക്കോൻ കൂനൻകുരിശു സത്യത്തെത്തുടർന്ന് 12 ആചാര്യന്മാർ

(പേറെദ്‌യൂത്തെ സ്ഥാനികൾ) പറവൂരിനടുത്തുള്ള ആലങ്ങാട്ട് വച്ച് ഇദ്ദേഹത്തെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ മെത്രാനായി വാഴിച്ചു. 4 പ്രശസ്ത വൈദികരെ ഉപദേശകരായി സഭ നിയമിച്ചുകൊടുത്തു. ഇദ്ദേഹത്തിന്റെ കാലത്ത് അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് മലങ്കരയിലെത്തി. കത്തോലിക്കാ വിഭാഗത്തിൽ നിന്ന് *ചുമ്മാ മെത്രാൻ* എന്ന നിന്ദയും വധഭീഷണികളും സഹിച്ചു. ഇദ്ദേഹവും മാർ ജലീൽ ഗ്രീഗോറിയോസും ചേർന്ന് അനന്തിരവനെ രണ്ടാം മാർത്തോമ്മാ ആയി വാഴിച്ചു. 1670 ഏപ്രിൽ 22-ന് അങ്കമാലി ചെറിയപള്ളിയിൽ കബറടങ്ങി.

മാർത്തോമ്മാ II (1670-1686): മാർത്തോമ്മാ ഒന്നാമനും അബ്ദുൽ ജലീൽ ഗ്രിഗോറിയോസും ചേർന്ന് 1670-ൽ ഇദ്ദേഹത്തെ നിരണത്ത് വച്ച് മെത്രാനായി വാഴിച്ചു. ഈ പകലോമറ്റം മെത്രാന്റെ ആസ്ഥാനവും നിരണം ആയിരുന്നു. കല്ലട മുത്തൻ എന്ന് അറിയപ്പെടുന്ന അന്ത്രയോസ് (1678-1686) ഇദ്ദേഹത്തിന്റെ കാലത്താണ് മലങ്കരയിലെത്തിയത്. മാർത്തോമ്മാ രണ്ടാമന്റെ കാലത്താണ് മാർ ബസ്സേലിയോസ് യൽദൊ മഫ്രിയാനയും (1685) മാർ ഈവാനിയോസും (1685-1693) മലങ്കരയിലെത്തിയത്. ഇദ്ദേഹം 1686 ഏപ്രിൽ 13-ന് നിര്യാതനായി. നിരണം പള്ളിയിൽ കബറടക്കപ്പെട്ടു.

മാർത്തോമ്മാ III (1686-1688): പകലോമറ്റം കുടുംബത്തിലെ ഇദ്ദേഹത്തെ കണ്ടനാട്ട് പള്ളിയിൽ വച്ച് മാർ ഈവാനിയോസ് 1686-ൽ ഇന്ത്യ മുഴുവന്റേയും എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു. 1688 ഏപ്രിൽ 19-ന് ഇദ്ദേഹം അന്തരിച്ചു. കടമ്പനാട് പള്ളിയിൽ ഇദ്ദേഹത്തെ കബറടക്കി.

മാർത്തോമ്മാ IV (1689-1728): പകലോമറ്റം കുടുംബക്കാരനായ ഇദ്ദേഹത്തിന് മണർകാട്ട് വച്ച് മാർ ഈവാനിയോസ് 1689-ൽ പട്ടം കൊടുത്തു. കൊടുത്തത് കശ്ശീശ (ഇന്ത്യ മുഴുവന്റേയും) എന്നാണ് മാർ ഈവാനിയോസിന്റെ പട്ടംകൊട പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഏതായാലും ഇദ്ദേഹത്തിന്റെ മെത്രാൻസ്ഥാന സാധുതയെ ചൊല്ലി സഭയിൽ തർക്കമുണ്ടായി. ഇദ്ദേഹത്തിന്റെ കാലത്ത് മാർ ഗബ്രിയേൽ എന്ന് പേരായ ഒരു നെസ്തോറിയൻ മെത്രാൻ (1708-1731) മലങ്കരയിലെത്തി. ഇദ്ദേഹത്തിന്റെ കാലത്ത് മാർ ഈവാനിയോസ് അന്തരിച്ചു. 5-ാം മാർത്തോമ്മായെ തന്റെ പിൻഗാമിയായി വാഴിച്ചശേഷം 4-ാം മാർത്തോമ്മാ 1728 മീനം 13-ന് അന്തരിച്ചു. കണ്ടനാട് പള്ളിയിൽ ഇദ്ദേഹത്തെ കബറടക്കി.

മാർത്തോമ്മാ V (1728-1765): പകലോമറ്റം വംശജനായ ഇദ്ദേഹത്തെ നാലാം മാർത്തോമ്മാ 1728-ൽ വാഴിച്ചു. മുൻഗാമിയുടെ മെത്രാൻസ്ഥാനത്തെച്ചൊല്ലിയുണ്ടായ വിവാദങ്ങൾ ഇദ്ദേഹത്തിന്റെ കാര്യത്തിലും ഉണ്ടായി. 1738-ലും 1745-ലും 1746-ലുമായി ഇദ്ദേഹം വിദേശങ്ങളിലേക്കയച്ച മൂന്ന് സുറിയാനി കത്തുകൾ 1751-ൽ മലങ്കരയിലെത്തിയ വിദേശ സഭാധ്യക്ഷ

ന്മാരുടെ പ്രാർത്ഥനാപുസ്തകങ്ങളിൽ നിന്ന് ഈ ലേഖകൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കത്തുകളെ തുടർന്നാണ് 1751-ൽ ശക്രുള്ളാ മഫ്രിയാന, മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് തുടങ്ങിയ മേല്പട്ടക്കാരടങ്ങിയ ഒരു സംഘം മലങ്കരയിലെത്തിയത്. 5-ാം മാർത്തോമ്മായ്ക്ക് 12000 രൂപാ കടപ്പെടുത്തിയാണ് ഇവർ ഡച്ച് കപ്പലിൽ കൊച്ചിയിലെത്തിയത്. ഈ തുക കൊടുക്കാനാവാതെ മെത്രാൻ ഒളിച്ചുനടന്നു. വന്നവർ തടവിലുമായി. ഒടുവിൽ ചില പള്ളിക്കാർ പണം നൽകി മെത്രാന്മാരെ മോചിപ്പിച്ചു. മെത്രാന്മാരും അഞ്ചാം മാർത്തോമ്മായും തമ്മിൽ അനുരഞ്ജനമുണ്ടായില്ല. അദ്ദേഹം കത്തോലിക്കാ സഭാംഗമായിരുന്ന അനന്തിരവനെ 6-ാം മാർത്തോമ്മാ ആയി 1760-ൽ അഭിഷേകം ചെയ്തു. ഇക്കാലത്ത് മാർ ഈവാനിയോസ് എന്ന ഒരു വിദേശ മെത്രാൻ കേരളത്തിലെത്തി (1739-1751). മഫ്രിയാനയും സംഘവും വന്നതോടെ അദ്ദേഹം സ്വദേശത്തേയ്ക്ക് തിരിച്ചുപോയി. അഞ്ചാം മാർത്തോമ്മാ 1765 മെയ് 8-ന് അന്തരിച്ചു. നിരണം വലിയപള്ളിയിൽ കബറടക്കപ്പെട്ടു.

മാർത്തോമ്മാ VI (1760-1808): 'ദീവന്നാസ്യോസ്, വലിയ മാർ' കാണുക.

മാർത്തോമ്മാ VII (1796-1809): പകലോമറ്റം തറവാട്ടിലെ മാത്തൻ കത്തനാരെ 1794 മേടം 7-ന് കായംകുളം പീലിപ്പോസ് കത്തനാരൊന്നിച്ച് ആറാം മാർത്തോമ്മാ റമ്പാൻ ആക്കി. 1796 മേടം 24-ന് ചെങ്ങന്നൂർ പള്ളിയിൽ വച്ച് മാത്തൻ റമ്പാനെ ഏഴാം മാർത്തോമ്മാ എന്ന സ്ഥാനനാമത്തിൽ ആറാം മാർത്തോമ്മാ വാഴിച്ചു. *നിരണം ഗ്രന്ഥവരി* ഇദ്ദേഹത്തെ ഇളയ അച്ചൻ എന്നാണ് പരാമർശിച്ചിട്ടുള്ളത്; 6-ാം മാർത്തോമ്മായെ വലിയ അച്ചൻ എന്നും. ഇവരുടെ കാലത്ത് മാർ ദീയസ്ക്കോറോസ് എന്ന ഒരു പരദേശ മെത്രാൻ 1805 കന്നി 18-ന് മലങ്കരയിലെത്തി. വഴക്കാളിയായ ഇദ്ദേഹത്തെ 7-ാം മാർത്തോമ്മായുടെ പരാതിയെ തുടർന്ന് സർക്കാർ ഇടപെട്ട് തിരിച്ചയച്ചു. ആറാം മാർത്തോമ്മായുടെ കാലശേഷം 1808 ഏപ്രിലിൽ 7-ാം മാർത്തോമ്മാ സഭാഭരണം കയ്യേറ്റു. ഇദ്ദേഹം 1808 ഡിസംബറിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ പലിശയ്ക്കായി നിക്ഷേപിച്ച 3000 പൂവരാഹനാണ് സഭാചരിത്രത്തിൽ 'വട്ടിപ്പണം' എന്ന് അറിയപ്പെടുന്നത്. കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാനെയും കായംകുളം ഫീലിപ്പോസ് റമ്പാനെയും ഇദ്ദേഹം ഉപദേശകരായി പരിഗണിച്ചിരുന്നു. അദ്ദേഹം 1809 ജൂലൈ 4-ന് കണ്ടനാട് വച്ച് ദിവംഗതനായി. കോലഞ്ചേരി പള്ളിയിൽ കബറടക്കപ്പെട്ടു. *നിരണം ഗ്രന്ഥവരി*യുടെ നിർമ്മാണത്തെ ഇദ്ദേഹം ത്വരിതപ്പെടുത്തി.

മാർത്തോമ്മാ VIII (1809-1816): 7-ാം മാർത്തോമ്മാ പകലോമറ്റം കുടുംബത്തിലെ അവസാനത്തെ മെത്രാൻ ആയിരുന്നു. അദ്ദേഹം രോഗ

ശയ്യയിൽ മരണാസന്നനായി കിടന്നപ്പോൾ ദത്ത് മൂലം പകലോമറ്റം കുടുംബത്തിലേക്ക് സ്വീകരിക്കപ്പെട്ട ഒരു വൈദികനെ തല്പരകക്ഷികൾ 8-ാം മാർത്തോമ്മാ എന്ന് പ്രഖ്യാപിച്ചു. ചലനമറ്റുകൊണ്ടിരുന്ന 7-ാം മാർത്തോമ്മായുടെ കൈകൾ സ്ഥാനാർത്ഥിയുടെ തലയിൽ ശുശ്രൂഷകളും കുർബ്ബാനയും കൂടാതെ മറ്റുള്ളവർ എടുത്തുവച്ചതിനെയാണ് തൽപ്പരകക്ഷികൾ കൈവെപ്പ് എന്ന് വിശേഷിപ്പിച്ചത്. ഇത് സഭയിൽ ഭിന്നതകൾക്കിടയാക്കി. എങ്കിലും 1809 ചിങ്ങം 1-ന് ചേർന്ന കണ്ടനാട് സുന്നഹദോസ് തയാറാക്കിയ കണ്ടനാട് പടിയോല പ്രകാരം ഭരണം നടത്താമെന്ന് ഉറപ്പുനൽകിയതിനാൽ സഭ അദ്ദേഹത്തെ ആ വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുകയും യോഗതീരുമാനപ്രകാരം 8-ാം മാർത്തോമ്മായിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ച കുന്നംകുളം പുലിക്കോട്ടിൽ ഈട്ടൂപ്പ് റമ്പാനെയും കായംകുളം ഫീലിപ്പോസ് റമ്പാനെയും 8-ാം മാർത്തോമ്മായുടെ ഉപദേശകരായി നിയമിക്കുകയും ചെയ്തു. വട്ടിപ്പണപ്പലിശ പടിയോലയിലെ നിർദ്ദേശപ്രകാരം വൈദികരുടെ പഠിത്തവീട് പണിയാൻ ഉപയോഗിക്കണമെന്ന റമ്പാന്മാരുടെ ഉപദേശം 8-ാം മാർത്തോമ്മാ അവഗണിച്ചത് പ്രശ്നകാരണമായി. പ്രശ്നങ്ങളിൽ കേണൽ മൺറോ ഇടപെട്ടു. അദ്ദേഹത്തിന്റെ സഹായത്തോടെ ലഭിച്ച വട്ടിപ്പണപ്പലിശയും മറ്റും ഉപയോഗിച്ചു തിരുവിതാംകൂർ റാണി സംഭാവനയായി നൽകിയ കോട്ടയത്തെ വിസ്തൃത ഭൂമിയിൽ ഇട്ടൂപ്പ് റമ്പാൻ വൈദികസെമിനാരിയുടെ നിർമ്മാണം ആരംഭിച്ചതിന് സഭയുടെ മുഴുവൻ പിന്തുണയും ലഭിച്ചു. മെത്രാനല്ലാത്ത ആളെ വട്ടിപ്പണപ്പലിശ ഏല്പിച്ചതിനെതിരെ 8-ാം മാർത്തോമ്മാ നൽകിയ പരാതിയെത്തുടർന്ന് ഇട്ടൂപ്പ് റമ്പാൻ മലങ്കര പള്ളിയോഗത്തിന്റെ തെരഞ്ഞെടുപ്പും റസിഡണ്ടിന്റെ ഉപദേശവും അനുസരിച്ച് തൊഴിയൂരിന്റെ കിടങ്ങൻ ഗീവർഗ്ഗീസ് പീലക്സിനോസിൽ നിന്ന് പഴഞ്ഞി പള്ളിയിൽ വച്ച് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മലങ്കര മെത്രാപ്പോലീത്തായായി സ്ഥാനം പ്രാപിച്ചു. ഇതിനെതിരെ 8-ാം മാർത്തോമ്മാ സർക്കാരിലേക്ക് നൽകിയ പരാതികളൊന്നും ഫലപ്രാപ്തിയിലെത്തിയില്ല. പരിത്യക്തനും നിരാശനുമായ 8-ാം മാർത്തോമ്മാ വൃദ്ധനായ ചിറ്റപ്പനെ - ഐപ്പ് കശ്ശീശായെ - 9-ാം മാർത്തോമ്മാ എന്ന പേരിൽ അനധികൃതമായി വാഴിച്ചു. 1816 ജനുവരി 22-ന് നിര്യാതനായി; പുത്തൻകാവ് പള്ളിയിൽ കബറടക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്ത് കോട്ടയം വൈദികസെമിനാരി പ്രവർത്തനം ആരംഭിച്ചു.

മാർത്തോമ്മാ IX (1815-1817/18): സ്വന്തം മെത്രാൻസ്ഥാനം അസാധുവാണെന്ന് സഭയും സർക്കാരും തീരുമാനം പ്രഖ്യാപിച്ചതിനെ അംഗീകരിക്കാതെ 8-ാം മാർത്തോമ്മാ തന്റെ വൃദ്ധതയിൽ പൈനുംമൂട്ടിൽ കത്തനാരെക്കൊണ്ട് കുർബ്ബാന ചൊല്ലിച്ച് സ്വന്തം ചിറ്റപ്പന് ഒമ്പതാം മാർത്തോമ്മാ

എന്ന പേരിൽ കൈവെപ്പ് നൽകി. സാധു പ്രകൃതിയായ ഇദ്ദേഹം വെട്ടിക്കൽ ഒരു കുരിശ് റൂശ്മാ ചെയ്തതല്ലാതെ മറ്റൊന്നും ചെയ്തില്ല എന്ന് *നിരണം ഗ്രന്ഥവരി*യും മറ്റും പ്രസ്താവിക്കുന്നു. രാജകീയ വിളംബരം ലഭിച്ച പുലിക്കോട്ടിൽ മലങ്കര മെത്രാപ്പോലീത്താ ഇദ്ദേഹത്തിനെതിരെ സർക്കാരിൽ പരാതി നൽകി; അനുകൂലമായ വിധി സമ്പാദിച്ചതിനെത്തുടർന്ന് കടമറ്റത്ത് ചെന്ന് ഐപ്പ് മെത്രാന്റെ സ്ഥാനവസ്ത്രങ്ങളും വടിയും മുടിയും ഏറ്റുവാങ്ങി. വൃദ്ധനായ ഇദ്ദേഹം 1817/18 -ൽ നിര്യാതനായി. കടമറ്റം പള്ളിയിൽ കബറടക്കപ്പെട്ടു. പിന്നീട് പകലോമറ്റം മേൽവിലാസത്തിൽ മേല്പട്ടക്കാർ ഉണ്ടായില്ല.

മാർത്തോമ്മാസഭാ: സി. എം. എസ്. മിഷണറിമാരുടെ നവീകരണ ശ്രമങ്ങളെ 1836-ലെ മാവേലിക്കര സിനഡ് പരാജയപ്പെടുത്തിയതിനെത്തുടർന്ന് അവരുടെ അനുകൂലികൾ സഭ വിട്ടുപോയെങ്കിലും പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ നേതൃത്വത്തിൽ ഒരു വിഭാഗം സഭയിൽ നവീകരണാനുകൂലികളായി തുടരുകയും അനധികൃതമായി നവീകരിച്ച തക്സാ പ്രകാരം കുർബ്ബാന അർപ്പിക്കുവാൻ ധൈര്യപ്പെടുകയും അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് അച്ചടക്കരാഹിത്യത്തെ പ്രതി പാലക്കുന്നത്ത് മല്പാനെയും അനുയായികളെയും മുടക്കുകയും ചെയ്തതോടെ സഭയിൽ പ്രതിസന്ധിയായി. സ്വസഹോദരപുത്രൻ പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ വിദേശത്ത് ചെന്ന് മെത്രാനായി എന്ന അവകാശവാദവുമായി 1843-ൽ കൊച്ചിയിലെത്തിയതോടെ പ്രശ്നങ്ങൾ ഗുരുതരമായി. വിവാദാതീതമല്ലാതിരുന്ന സുസ്താത്തിക്കോൻ മെത്രാപ്പോലീത്താ വിളിച്ചുകൂട്ടിയ യോഗത്തെയോ മെത്രാപ്പോലീത്തായെയോ ഏൽപ്പിക്കാതെ നവീകരണാനുയായികളെ മാത്രം വിളിച്ചുകൂട്ടി വായിച്ചത് വിവാദമായി. സഭയുടെ ആവശ്യത്തെപ്രതി പാത്രിയർക്കീസയച്ച യൂയാക്കീം കൂറിലോസ്, സ്തേപ്പാനോസ് മാർ അത്താനാസ്യോസ് എന്നിവർക്ക് ഫലപ്രദമായി ഒന്നും ചെയ്യാനായില്ല. ചേപ്പാട്ട് മെത്രാച്ചൻ രാജിവച്ച ഒഴിവിൽ പാലക്കുന്നത്തെ മെത്രാച്ചനെ നിയമിച്ചുകൊണ്ട് രാജകീയ വിളംബരം പുറപ്പെട്ടതോടെ അദ്ദേഹം കോടതികൾക്ക് അപ്രാപ്യനായി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1856-ൽ മർദ്ദീനിൽ പോയി മേല്പട്ടം ഏറ്റ് നവീകരണമെത്രാനോട് വിഫലമായി യുദ്ധത്തിലേർപ്പെട്ടു. ഒടുവിൽ പരുമല സമ്മേളനം 1873-ൽ ക്ഷണിച്ചതനുസരിച്ച് പത്രോസ് III പാത്രിയർക്കീസ് മലങ്കരയിൽ വന്ന് രാജാക്കന്മാരെ നേരിൽ കണ്ട് അഭ്യർത്ഥിച്ചതിനെ തുടർന്ന് രാജകീയ വിളംബരം പിൻവലിക്കപ്പെട്ടു. പാത്രിയർക്കീസിനെ അഭിമുഖീകരിക്കാതെ ഒളിച്ചുകഴിഞ്ഞ നവീകരണ മെത്രാൻ പിൻഗാമിയായി നേരത്തെ പട്ടംകൊടുത്ത തോമസ് മാർ അത്താനാസ്യോസിനെ നിയമിച്ചു. തുടർന്ന് പാലക്കുന്നത്ത് തോമസ് മാർ അത്താനാ

സ്യോസും പുലിക്കോട്ടിൽ മെത്രാച്ചനും തമ്മിൽ നടന്ന സെമിനാരിക്കേസിൽ നവീകരണ വിഭാഗം പരാജയപ്പെടുകയും സഭാസ്വത്തുക്കളുടെയും പള്ളികളുടെയും അവകാശം പുലിക്കോട്ടിൽ മെത്രാച്ചനെ ഏല്പിക്കുവാൻ നിർബദ്ധനാവുകയും ചെയ്തു. രാജി വ്യവസ്ഥകൾ രാജാവിന്റെ മധ്യസ്ഥതയിൽ നടന്നുവെങ്കിലും നവീകരണമെത്രാൻ വഴങ്ങിയില്ല. ഒടുവിൽ പഴയ സെമിനാരി 1886-ൽ ഒഴിപ്പിച്ചെടുത്തു; 1889-ൽ സ്ഥാനചിഹ്നങ്ങൾ ഒഴിഞ്ഞുകൊടുത്തു, ഒടുവിൽ പള്ളികളും ഒഴിഞ്ഞുകൊടുത്തു. തോമസ് അത്താനാസ്യോസും നവീകരണാനുകൂലികളും പുതിയ ഒരു സഭയുടെ ബാനറിൽ പള്ളികളും ഇടവകകളും സ്ഥാപിച്ചു. ആ പുതിയ സ്വതന്ത്ര സഭയാണ് മാർത്തോമ്മാസഭ. പില്ക്കാലത്ത് ഈ സഭ അഭിവൃദ്ധിപ്പെട്ടു. പിൻഗാമിയെ വാഴിക്കാതെ പാലക്കുന്നത്ത് മെത്രാച്ചൻ കാലം ചെയ്തപ്പോൾ തൊഴിയൂർ മെത്രാൻ സഹായത്തിനെത്തി. അവർ ഇപ്പോഴും പട്ടംകൊടയിൽ പരസ്പരം സഹകരിക്കുന്നുണ്ട്. 1926-ൽ കോട്ടയത്ത് പുതിയ സെമിനാരി ഉണ്ടായി. പുതിയ മെത്രാന്മാരുണ്ടായി. നവീകരണം കൂടുതൽ ശക്തിപ്പെടുത്താൻ കെ. എൻ. ദാനിയേൽ നടത്തിയ ആഹ്വാനങ്ങളും കോടതി വ്യവഹാരങ്ങളും സഭയിൽ വിഭജനമുണ്ടാക്കി. അതിന്റെ ഫലമാണ് സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ (1961). ഇപ്പോൾ ആറു ഭദ്രാസനങ്ങളും 800-ലേറെ പള്ളികളും 200-ഓളം സ്കൂളുകളും ആശുപത്രികളും മിഷൻ സെന്ററുകളുമുണ്ട്. മാരാമൺ കൺവൻഷൻ അവരുടെ വാർഷിക അഭിമാന കൂട്ടായ്മ പ്രവർത്തനമാണ്. പൗരസ്ത്യ ആരാധനാക്രമങ്ങൾ ഭേദഗതി ചെയ്തുപയോഗിക്കുന്നു. പൗരസ്ത്യസഭയുടെ പൗരോഹിത്യഘടനയും വേഷസാദൃശ്യങ്ങളും അവിവാഹിത എപ്പിസ്ക്കോപ്പസിയും ഉണ്ടെങ്കിലും ഉപദേശ വിശ്വാസങ്ങളിൽ ഇത് തികഞ്ഞ പ്രൊട്ടസ്റ്റണ്ട് സഭയാണ്. മധ്യസ്ഥതകളില്ല; മരണാനന്തര പ്രാർത്ഥനകളില്ല. പാരമ്പര്യങ്ങൾ അംഗീകരിക്കുന്നില്ല, എല്ലാറ്റിനും അടിസ്ഥാനം ബൈബിൾ മാത്രം. സഭാതലവൻ മെത്രാപ്പോലീത്താ. മറ്റു മേല്പട്ടക്കാർ എപ്പിസ്ക്കോപ്പന്മാർ. ഇവരുടെ കൈവെപ്പും കൂദാശകളും സാധുവായി മലങ്കരസഭ അംഗീകരിച്ചിട്ടില്ലാത്തതിനാൽ പരസ്പരം വിവാഹദേശകുറി മുതലായവ കൊടുക്കുകയില്ല. അവരുടെ സഭാ പ്രവേശനത്തിന് മൂറോൻ അഭിഷേകം നടത്തുന്നു.

മാർത്തോമ്മാ ഇവാഞ്ചലിക്കൽ സഭ: മാർത്തോമ്മാ സഭയിലെ നവീകരണം ദുർബലമെന്ന് ആരോപിച്ച് കെ. എൻ. ദാനിയേൽ തുടങ്ങിയവർ കൂടുതൽ നവീകരണം ആവശ്യപ്പെട്ടത് സഭയിൽ വിവാദമായി. വ്യവഹാരങ്ങളിൽ ദാനിയേൽ തീർത്തും പരാജയപ്പെട്ടതോടെ അതിനവീകരണവാദക്കാർ മാർത്തോമ്മാ ഇവാഞ്ചലിക്കൽ ചർച്ച് എന്ന പേർ സ്വീകരിച്ച് പുതിയ സഭയായി. വിവാഹിത എപ്പിസ്ക്കോപ്പസി ഇവർ അംഗീകരിച്ചു.

അഞ്ചു കൊല്ലത്തേക്കാണ് എപ്പിസ്ക്കോപ്പാ സ്ഥാനം.

മാർത്തോമ്മാ ധർമ്മോ: 1904 സെപ്തം. 21-ന് തുർക്കിയിലെ ഈയ്യൽ ഗ്രാമത്തിൽ ജനിച്ചു. 1952-ൽ അമേരിക്കയിൽ വച്ച് മാർ ഈശൈ ശീമോൻ പാത്രിയർക്കീസ് മെത്രാപ്പോലീത്താ ആയി വാഴിച്ചു. 1952 ജൂണിൽ ഇന്ത്യയുടെ മെത്രാപ്പോലീത്താ ആയി. 1968 സെപ്തം. 7 വരെ തൃശ്ശൂരിൽ തുടർന്നു. 1964-ൽ പാത്രിയർക്കീസ് മുടക്കി. 1969-ൽ ഇദ്ദേഹം ദിവംഗതനായി. 1974-ൽ ഹൈക്കോടതി മുടക്ക് അസാധുവായി പ്രഖ്യാപിച്ചു.

മാർത്തോമ്മാ ശ്ലീഹാ: ഇരട്ട എന്നർത്ഥമുള്ള ദിദിമോസ് എന്നു ഗ്രീക്കു പേർ. യോജിച്ചിരുന്ന ഇരട്ട വിരലുകൾ കർത്താവിന്റെ വിലാപ്പുറം സ്പർശിച്ചപ്പോൾ വിടർന്നുവത്രേ. മൂന്ന് പ്രധാന സന്ദർഭങ്ങളിൽ ഇദ്ദേഹത്തെ കാണാം. 1. അവനോടുകൂടെ മരിക്കേണ്ടുന്നതിന് നമുക്കും പോകാം (യോഹ. 11:16). 2. കർത്താവേ നീ എവിടെ പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല, പിന്നെ വഴി എങ്ങനെ അറിയും? (യോഹ. 14:5). 3. എന്റെ കർത്താവും എന്റെ ദൈവവുമേ (യോഹ. 20:28). തോമ്മായുടെ നടപടികൾ 2-3 നൂറ്റാണ്ടുകൾക്കിടയിൽ രചിക്കപ്പെട്ടു. പാലസ്തീനാ, മെസപ്പൊട്ടോമിയാ, പേർഷ്യ, മേദിയാ, കിർക്കാനിയാ, ബാക്ടിയാ എന്നീ സ്ഥലങ്ങൾക്ക് ശേഷം 52-ൽ പാലൂരിലെത്തി. പാലൂർ കൂടാതെ കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, ചായൽ, ഗോക്കമംഗലം, കോട്ടക്കാവ് തുടങ്ങി ഏഴു പള്ളികൾ സ്ഥാപിച്ചതായി ഐതിഹ്യം പറയുന്നു. ഒരു സുറിയാനി സുവിശേഷം രചിക്കുകയോ പരിചയപ്പെടുത്തുകയോ ചെയ്തു. ചീരൻ, പുലിക്കോട്ടിൽ തുടങ്ങിയ ബുദ്ധ-ജൈന ക്രിസ്ത്യാനികളിൽ നിന്ന് പട്ടക്കാരെ നിയമിച്ചതായി പാലൂർ പാരമ്പര്യവും പകലോമറ്റം, ശങ്കരപുരി തുടങ്ങിയ ബ്രാഹ്മണ കുടുംബങ്ങളിൽ നിന്ന് പട്ടക്കാരെ നിയമിച്ചതായി കുറവിലങ്ങാട് പാരമ്പര്യവും അവകാശപ്പെടുന്നു. എ. ഡി. 72-ൽ അദ്ദേഹം രക്തസാക്ഷി മരണം പ്രാപിച്ച് മയിലാപ്പൂരിൽ സംസ്കരിക്കപ്പെട്ടു. 4-ാം നൂറ്റാണ്ടിൽ ഭൗതികാവശിഷ്ടം എഡേസായിലേക്ക് കൊണ്ടുപോയത്രേ. പുതുഞായറാഴ്ചയും ഡിസം. 18-21 നും ജൂലൈ 3-നും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ നടത്തുന്നു. രണ്ടാമത്തേത് രക്തസാക്ഷിത്വ മരണം. മൂന്നാമത്തേത് എഡേസായിലേക്ക് തിരുശേഷിപ്പുകൾ കൊണ്ടുപോയ ദുക്റോനോ. തോമ്മാശ്ലീഹായുടെ പാരമ്പര്യം അവകാശപ്പെടുന്ന ഏക സഭ മലങ്കരസഭയാണ്. ഇദ്ദേഹം ഉത്തരേന്ത്യയിലും തമിഴ്നാട്ടിലും ചൈനയിലും പ്രേഷിതപ്രവർത്തനം നടത്തിയതായി വിശ്വസിക്കപ്പെടുന്നു.

മാർത്തോമ്മായുടെ നടപടികൾ: ആക്റ്റാ തോമ്മാ എന്ന കൃതി മൂന്നാം നൂറ്റാണ്ടിലെ അപ്പൊക്രിഫൽ രചനയാണ്. 14 നടപടികളായി ഗ്രന്ഥത്തെ തിരിച്ചിട്ടുണ്ട്. തോമ്മാപർവം ഇതിനെ ആധാരമാക്കി രചിച്ച

താണ്. വലിയപാറേട്ട് മാത്യൂസ് കത്തനാർ (മാർ ഈവാനിയോസ്), എസ്. കരിപ്പായി എന്നിവർ ഈ കൃതി മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

മാർസിയൻ: ഏഷ്യാമൈനറിലെ സിനോപ്പ് എന്ന സ്ഥലത്ത് 160-നോടടുത്ത് ജീവിച്ച ഒരു വേദവിപരീതി. ഇദ്ദേഹത്തിനെതിരെ ഐറേനിയസും തെർത്തുല്യനും ധാരാളം എഴുതി. ബൈബിളിന്റെ പല ഭാഗങ്ങളെയും നിരാകരിച്ച് സ്വന്തം ബൈബിൾ എഡിറ്റ് ചെയ്തു. യഹോവ ദൈവത്തേക്കാൾ ഒരു പടി താഴ്ന്നവനാണ്. യേശുക്രിസ്തുവിന്റെ പിതാവ് യഹോവയാം ദൈവമല്ല. ക്രിസ്തുവിന്റെ മനുഷ്യാവതാരം യഥാർത്ഥമല്ല തുടങ്ങിയവയാണ് ഇദ്ദേഹത്തിന്റെ ചിന്തകൾ. ഇദ്ദേഹത്തിന്റെ ക്രിസ്തുശാസ്ത്രം ഡോസെറ്റിസം (തോന്നൽ) എന്ന് അറിയപ്പെടുന്നു (‘*മാർക്കിയൻ*’ കാണുക).

മാർ സെല്ലസ്: അങ്കോറയിലെ ബിഷപ്പ്. എ. ഡി. 374. പുത്രനും പരിശുദ്ധാത്മാവും സൃഷ്ടിയും വീണ്ടെടുപ്പിനുവേണ്ടി ഉണ്ടായ താല്ക്കാലിക ആളത്തങ്ങളാകുന്നു. ഈ ദുരുപദേശത്തെ ഖണ്ഡിക്കുവാൻ വിശ്വാസ പ്രമാണത്തിൽ ‘തന്റെ രാജ്യത്തിനവസാനമില്ലാത്തവനുമായ’ എന്ന വിശേഷണം സഭ കൂട്ടിച്ചേർത്തു.

മാലാഖ: ദൂതൻ. ദൈവഹിതം വെളിപ്പെടുത്തുന്നു. ദൂതന്മാർ സൈനികർ. സൈന്യങ്ങളുടെ യഹോവ എന്നും തന്മൂലം പേരായി. ആരാധനയിൽ മാലാഖമാരുടെ സാന്നിധ്യമുണ്ട് (എബ്രായ 12-ാം അദ്ധ്യായം). മാലാഖമാരുടെ വൃന്ദങ്ങൾ ഇവയാണ്: 1. സ്രാപ്പികൾ ആരാധനാവൃന്ദം (യെശ. 6:2). 2. ക്രൂബേന്മാർ: ജ്ഞാനവൃന്ദം (യെഹ. 10:3-5). ഹൈലാവോസേന്മാർ: ശക്തിവൃന്ദം (എഫേ. 1:21).

2. 1. മോറാവേസേന്മാർ: കർത്തവ്യത്വവൃന്ദം (എഫേ. 1:21). 2. മൗത്ത്ബേന്മാർ: ഭരണവൃന്ദം (എഫേ. 1:21). 3. ശൂൽത്തോനേന്മാർ: അധികാരവൃന്ദം (ദാനി. 10:13).

3. 1. റീശന്വോസേന്മാർ: സമാധാനവൃന്ദം (യെശ. 63:9). 2. റീശൈ മാലാഖമാർ: ദൂതവൃന്ദം (യോശു. 5:14-15). 3. മാലാഖമാർ: സ്ഥാനപതി വൃന്ദം (സങ്കീ. 104:4).

മാലാഖി: എന്റെ ദൂതൻ. പന്ത്രണ്ട് ചെറിയ പ്രവാചക ഗ്രന്ഥങ്ങളിൽ ഏറ്റവും ചെറുത്. ബി. സി. അഞ്ചാം നൂറ്റാണ്ടിലേതെന്ന് കരുതുന്നു. ആദ്യ ഭാഗം ഇസ്രായേലിന്റെ പാപത്തെക്കുറിച്ചാണ്. രണ്ടാം ഭാഗം കുറ്റവാളികൾക്ക് ലഭിക്കുന്ന ശിക്ഷയും അനുതാപികൾക്ക് ലഭിക്കുന്ന പ്രതിഫലവും.

മാലിയാങ്കര: കൊടുങ്ങല്ലൂരിനടുത്ത് മാർത്തോമ്മായുടെ വരവിനെ

പ്പറ്റി ഐതിഹ്യമുള്ള ഒരു സ്ഥലം. ജൂത കേന്ദ്രങ്ങൾ ആയിരുന്നു. മുസിരീസ് ഈ സ്ഥലമാണെന്ന് ഒരഭിപ്രായമുണ്ട്. വിദേശവ്യാപാരത്തിന്റെ രണ്ടാം ഘട്ടത്തിൽ കൊടുങ്ങല്ലൂർ ശ്രദ്ധേയമായി എങ്കിലും ആദ്യഘട്ടത്തിലെ അല ക്സന്ത്രിയാ വ്യാപാരത്തിന്റെ കേരളീയകേന്ദ്രം പൊന്നാനി തുറമുഖവും തുറമുഖ നഗരം പാലൂരും ആയിരുന്നു എന്നും ബെസ്രാ മുതലായ പേർ ഷ്യൻ വ്യാപാരം ആരംഭിച്ച കാലത്ത് കൊടുങ്ങല്ലൂർ തുറമുഖം വ്യാപാര കേന്ദ്രമായി എന്നുമുള്ള അഭിപ്രായം കൂടുതൽ ചരിത്രപരമായി സ്വീകാ ര്യമായിത്തോന്നുന്നു.

മാവൂർബോ: പുകഴ്ച എന്നർത്ഥം. എലിശബേത്ത് മറിയാമ്മിനെ കണ്ടപ്പോൾ പാടിയ പാട്ട് ഈ പേരിൽ അറിയപ്പെടുന്നു. ഈ പാട്ടിനെ തുടർന്ന് രാത്രിനമസ്ക്കാരത്തിന്റെ 4-ാം കൗമ്മായിൽ പാടുവാൻ നിർദ്ദേ ശിച്ച മുപ്പതോളം ഗാനങ്ങൾ ശ്ഹീമ്മാ നമസ്ക്കാരത്തിൽ ഈ പേരിൽ അറിയപ്പെടുന്നു.

മാവേലിക്കര പടിയോല: കോട്ടയം പഴയസെമിനാരിയിൽ പ്രവർ ത്തിച്ച മിഷണറിമാരുടെ സമ്മർദ്ദതന്ത്രങ്ങളെത്തുടർന്ന് അവർ നിർദ്ദേശിച്ച നവീകരണ പദ്ധതിയെപ്പറ്റി ആലോചിക്കാൻ ചേപ്പാട്ട് മാർ ദീവന്നാസ്യോ സും തൊഴിയൂർ കൂത്തൂർ കൂറിലോസും വിളിച്ചുകൂട്ടിയ മലങ്കര പള്ളി പ്രതിപുരുഷ യോഗനടപടികൾ മാവേലിക്കര പടിയോല എന്ന പേരിൽ അറിയപ്പെടുന്നു. 1836 ജനുവരി 16-ന് ചേർന്ന മാവേലിക്കര സുന്നഹദോസ് മിഷണറിമാരുടെ നവീകരണ നിർദ്ദേശങ്ങൾ അവരുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്തു തിരസ്ക്കരിച്ചു. കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പ് ദാനി യേൽ വിത്സന്റെ നിർദ്ദേശങ്ങളാണ് യോഗം നിരാകരിച്ചത്. ഈ പടിയോ ലയെ തുടർന്ന് മലങ്കരസഭയുടെ മിഷണറിബന്ധം അവസാനിച്ചു. സ്വത്ത് ഏകപക്ഷീയമായി വിഭജിക്കുന്ന കൊച്ചിൻ അവാർഡ് പ്രഖ്യാപിക്കപ്പെട്ടു. 1840 ഏപ്രിൽ 4-ന് കൊച്ചിൻ കമ്മറ്റി അതിന്റെ തീരുമാനങ്ങൾ പ്രഖ്യാപിച്ചു.

മാവേലിക്കര കത്തീഡ്രൽ: കായംകുളം കാദീശാ പള്ളിയിൽ നിന്ന് പിരിഞ്ഞവർ വച്ച ഈ പള്ളി ആദ്യകാലത്ത് കാദീശ്ത്താ പള്ളി എന്ന് അറിയപ്പെട്ടു. എ. ഡി. 943-ൽ സ്ഥാപിക്കപ്പെട്ടതായി കരുതുന്നു. 1978-ൽ പുതുക്കിപ്പണിത് കൂദാശ നടത്തി. 16-1-1836 ലെ മാവേലിക്കര സിനഡ് ഇവിടെയാണ് സമ്മേളിച്ചത്. 1100 കുടുംബങ്ങൾ, 5 ചാപ്പലുകൾ, ഒരു ഐ. ടി. സി. ഇവ പ്രവർത്തിക്കുന്നു. റീത്ത് സ്ഥാപകൻ ഗീവറുഗ്ഗീസ് മാർ ഈവാനിയോസ്, തോമ്മാ മാർ ദീവന്നാസ്യോസ്, ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ, ഫാ. എൻ. ജി. കുരിയൻ, സി. ഐ. നൈനാൻ, ചിത്രമെഴുത്ത് കെ. എം. വറുഗീസ്, ഫാ. കെ. എം. അലക്സാണ്ടർ, ജേക്കബ് കുരിയൻ, എ. എം. വർക്കി, സി. എം. സ്റ്റീഫൻ, ഡോ. പി. സി.

അലക്സാണ്ടർ, പോൾ മത്തായി എന്നിവർ ഈ ഇടവകക്കാരാണ്.

മാവേലിക്കര മിഷൻ പരിശീലനകേന്ദ്രം: 1953-ൽ ഫാ. എം. വി. ജോർജ്ജ് (ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ്) സ്വന്തം സ്ഥലത്ത് സെന്റ് പോൾസ് സുവിശേഷാലയം സ്ഥാപിച്ചു. 1979-ൽ അത് മലങ്കര സഭയുടെ പ്രഥമ മിഷൻ പരിശീലനകേന്ദ്രമായി. 1979-ൽ ത്രിവത്സര പരി ശീലന കോഴ്സ് ആരംഭിച്ചു. മധ്യവേനൽ അവധിക്കാലത്തു രണ്ടാഴ്ചത്തെ ബൈബിൾ ക്ലാസ് നടത്തിവരുന്നു. ചാപ്പൽ, കോൺഫ്രൻസ് ഹാൾ, ഹോസ്റ്റൽ, ലൈബ്രറി, സെന്റ് പോൾസ് പ്രസ്, ബുക്ക് ഡിപ്പോ എന്നിവ പ്രവർത്തിക്കുന്നു. സഭാ മിഷൻ സൊസൈറ്റി, മിഷൻ ബോർഡ് എന്നിവ യുടെ ഓഫീസുകളും ഇവിടെ പ്രവർത്തിക്കുന്നു. 'ദൂതൻ' ത്രൈമാസികം ഇവിടെ നിന്നും പ്രസിദ്ധീകരിക്കുന്നു. ഡോ. നഥനയേൽ റമ്പാനാണ് പ്രിൻ സിപ്പൽ.

മാറാ: കൈപ്പ് എന്നർത്ഥം. ചെങ്കടൽ കടന്ന യിസ്രായേൽ നേരിട്ടത് കയ്പുള്ള ജലത്തെ ആയിരുന്നു. ആ സ്ഥലത്തിന് മാറാ എന്ന് പേരിട്ടു. ഈ ജലം മധുര രസമുള്ളതായി മാറി (പുറ. 15:22; സംഖ്യ 33:8).

മാറാനാഥാ: ആദിമസഭയിലെ യുഗാന്ത്യ പ്രത്യാശ പ്രകടിപ്പിക്കുന്ന പദം (1 കോരി. 18:22; വെളി. 20:20). അർത്ഥം: 'കർത്താവേ വരേണമേ.'

മാറി: സെലൂഷ്യ ടെസിഫോണിൽ ആദ്യമായി ക്രിസ്തുമതം പ്രസം ഗിച്ചു. പേർഷ്യൻസഭയുടെ സ്ഥാപകൻ തോമ്മാശ്ലീഹായാണെങ്കിലും സെലൂഷ്യയെ മാറിയുടെ സിംഹാസനം എന്ന് വിളിക്കുന്നു. ആദായിയാണ് മാറിയെ സെലൂഷ്യയിലേക്ക് നിയോഗിച്ചത്.

മാറോനൈറ്റ്സ്: 5-ാം നൂറ്റാണ്ടിൽ സിറിയയിൽ ജീവിച്ച മാറോൻ സന്യാസിയുടെ അനുയായികൾ. കല്ക്കദൂൻ വിശ്വാസം സ്വീകരിച്ചു. 12-ാം നൂറ്റാണ്ടിൽ ഇവർ കത്തോലിക്കാ റീത്തായി. ഇവരുടെ പാത്രിയർക്കീസ് ലബനോനിൽ ആണ്. ജെ. എസ്. അസ്സേമാനി - ബിബ്ലോത്തിയാ ഓറിയ ന്റാലിസ് എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് - ഈ സഭയിലെ അംഗമാണ്. 1665-ൽ മലങ്കരയിൽ വന്ന മാർ ഗ്രിഗോറിയോസ് അബ്ദുൽ ജലീൽ ഈ സഭയുടെ അംഗമാണെന്ന് ചില സഭാചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

മിഡിൽ ഈസ്റ്റ് കൗൺസിൽ ഓഫ് ചർച്ചസ്: 1974-ൽ രൂപം കൊണ്ടു. വേദപുസ്തകം, നിഖ്യാവിശ്വാസം, അപ്പോസ്തോലിക വിശ്വാസ പ്രമാണം എന്നിവ സ്വീകരിക്കുന്ന മധ്യപൂർവ്വ ദേശത്തെ സഭകളുടെ പ്രാദേ ശിക കൂട്ടായ്മ. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ, ബൈസാന്റിയൻ ഓർത്തഡോക്സ് സഭകൾ, പ്രൊട്ടസ്റ്റണ്ട് എപ്പിസ്കോപ്പൽ സഭകൾ എന്നി വയും 1988-ൽ മിഡിൽ ഈസ്റ്റിലെ കത്തോലിക്കാ സഭകളും അംഗത്വം

സ്വീകരിച്ചു. 140 ലക്ഷം പേരുടെ പ്രാതിനിധ്യം. കൗൺസിലിന്റെ ആസ്ഥാനം ബേയ്റൂട്ടിലാണ്.

മിത്ത്: മിത്തോസ് = കഥ. ഗ്രീക്ക്പദം. ബൈബിളിൽ മിത്തുകളുണ്ടെന്നും ചരിത്രമേ ഉള്ളൂ എന്നും വിവിധ വാദങ്ങൾ ഉണ്ട്.

മിക്രാഷ്: എബ്രായ പദം. ആരായുക, പഠിക്കുക എന്ന് അർത്ഥം. തിരുവെഴുത്തുകളുടെ വാല്യങ്ങളും വ്യാഖ്യാനങ്ങളുമാണ് ഇവയുടെ ഉള്ളടക്കം. ക്രോഡീകരിക്കപ്പെട്ടത് എ. ഡി. രണ്ടാം നൂറ്റാണ്ടിൽ.

മിന്ന്: താലി. ഭാരതീയ പാരമ്പര്യത്തിന്റെ മാതൃകയിൽ കുരിശാകൃതി ഉൾക്കൊള്ളുന്ന ഈ സ്വർണ്ണാഭരണം മന്ത്രകോടിയുടെ നൂലിൽ കോർത്ത് വിവാഹകൂദാശയിൽ മണവാളൻ മണവാട്ടിയുടെ കഴുത്തിൽ ബന്ധിക്കുന്നു; കാർമ്മികന്റെ അനുവാദത്തോടെ.

മിരിയാം: മോശയുടെയും അഹറോന്റെയും സഹോദരി. പ്രവാചകി (സംഖ്യ. 26:59, പുറ. 15:20). മോശയെ എതിർത്തു പരിഹസിച്ച മിര്യാം കുഷ്ഠരോഗിണിയായി (സംഖ്യ 12:1).

മിലാൻ വിളംബരം: വടക്കൻ ഇറ്റലിയിലെ പട്ടണം. ക്രിസ്ത്യാനികൾക്ക് മതസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് കുസ്തന്തീനോസ് ചക്രവർത്തി എ. ഡി. 313-ൽ പുറപ്പെടുവിച്ച വിളംബരം. ഇതോടെ എല്ലാ മതങ്ങൾക്കും മതജീവിത സ്വാതന്ത്ര്യം റോം അനുവദിച്ചു.

മിൽട്ടൺ, ജോൺ (1608-74): 17-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ച പണ്ഡിത കവി. സഭയെ വിമർശിച്ചു. പറുദീസാ നഷ്ടം, പറുദീസാ ലാഭം, സാംസൺ, അഗോനിസ്റ്റസ് എന്നീ മഹാകാവ്യങ്ങൾ രചിച്ചു. ക്രിസ്ത്യൻ 'വിശ്വാസസംഹിത' അദ്ദേഹത്തിന്റെ ദൈവശാസ്ത്ര കൃതിയാണ്.

മിലിത്തിയോസ്, പൗലൂസ് മാർ: 1946 ഓഗസ്റ്റ് 30-ന് പഴഞ്ഞി ഇടവകയിൽ വെസ്റ്റ് മങ്ങാട് കൊള്ളന്നൂർ ഐപ്പുവിന്റെയും കുഞ്ഞീറ്റിയുടെയും മകനായി ജനിച്ചു. തൃശ്ശൂർ സെന്റ് തോമസ്, കോട്ടയം സി. എം. എസ്., സെറാമ്പൂർ യൂണിവേഴ്സിറ്റികളിൽ നിന്ന് B. Sc., M. A., B. D. ബിരുദങ്ങൾ നേടി. 1972 ഏപ്രിൽ 8-ന് പരുമല വച്ച് യൗപ്പദ്യക്കിനോ, 1973 മെയ് 31-ന് കൊരട്ടിയിൽ പൂർണ്ണശെമ്മാശൻ, 1973 ജൂൺ 2-ന് കൊരട്ടിയിൽ കശ്ശീശാ എന്നീ സ്ഥാനങ്ങൾ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ നൽകി. മൂലേപ്പാട്, എറണാകുളം പള്ളികളിൽ സഹവികാരി. കോട്ടയം, തിരുവനന്തപുരം സ്റ്റുഡന്റ് സെന്ററുകളിൽ വാർഡൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. 28-12-1982 ന് തിരുവല്ല അസോസ്യേഷൻ മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. 14-5-1983 ന് മാത്യൂസ് മാർ

കൂറിലോസ് (നിയുക്ത കാതോലിക്കാ) റമ്പാൻ സ്ഥാനം നൽകി. പരുമല യിൽ വച്ച് യൂഹാനോൻ മാർ സേവേറിയോസിൽ നിന്ന് ആരാധനയുടെ ഉപരി പാഠങ്ങൾ പരിശീലിച്ചു. 15-5-1985 ന് പുതിയകാവ് പള്ളിയിൽ വച്ച് മാത്യൂസ് പ്രഥമൻ ബാവാ മേല്പട്ടസ്ഥാനം നൽകി. 29-8-1985 ന് കുന്നം കുളം മെത്രാസനത്തിന്റെ പ്രഥമ സാരഥിയായി പാലൂർ - ആർത്താറ്റ് പള്ളിയിൽ സുന്ത്രോണീസോ ശുശ്രൂഷ നടത്തി. യുവജനപ്രസ്ഥാനം, സണ്ടേസ്കൂൾ എന്നിവയുടെ അധ്യക്ഷനായിരുന്നു. ഭദ്രാസനത്തിന് തല യെടുപ്പുള്ള ഒരാസ്ഥാനം നിർമ്മിച്ചു. വൈദികക്ഷേമനിധി സെക്രട്ടറി, കൊച്ചി വനിതാ സമാജം വൈസ് പ്രസിഡണ്ട്, പഴഞ്ഞി എം. ഡി. കോളജ് ലോക്കൽ മാനേജർ, കൊച്ചി ഭദ്രാസന അസിസ്റ്റന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹത്തെ 2006 ഒക്ടോബർ 12-ന് പരുമലയിൽ ചേർന്ന മലങ്കര അസോസ്യേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തിരഞ്ഞെടുത്തു. അങ്കമാലി വെസ്റ്റ്, ഈസ്റ്റ്, ഇടുക്കി മെത്രാസനങ്ങളുടെ അസിസ്റ്റന്റ് മെത്രാപ്പോലീത്താ ആയും കാതോലിക്കായുടെ അസിസ്റ്റന്റ് ആയും പ്രവർത്തിക്കുന്നു. പല വിദേശ രാജ്യങ്ങളും സന്ദർശിച്ചു.

മിലിത്തൂസ്, സർദ്ദീസിലെ: രണ്ടാം നൂറ്റാണ്ടിലെ വേദശാസ്ത്ര ജ്ഞൻ. 190-ന് മുമ്പേ നിര്യാതനായി. ചരിത്രകാരനായ യുസേബിയോസ്, ഐറേനിയോസ്, തെർത്തുല്യൻ, അലക്സാന്ത്രിയായിലെ ക്ലിമ്മീസ്, ഓറി ഗൻ എന്നിവരെ ഇദ്ദേഹം സ്വാധീനിച്ചു. വേദവ്യാഖ്യാനത്തിന് പുതിയ മുഖം നൽകി. മിത്തുകളെ വ്യാഖ്യാനിച്ചു. പഴയ-പുതിയ നിയമങ്ങൾ തമ്മി ലുള്ള ബന്ധം വ്യാഖ്യാനിച്ചു.

മിലിത്തോസ്, യൂഹാനോൻ മാർ: എറണാകുളം ഏഴക്കരനാട് മുറി മാക്കിൽ മാർക്കോസ് - സാറാമ്മ ദമ്പതികളുടെ മകൻ. 4-7-1954 ൽ ജനിച്ചു. കോലഞ്ചേരി കോളജിൽ നിന്ന് ബിരുദം. ബാംഗ്ലൂർ യുണൈറ്റഡ് തിയോ ളജിക്കൽ കോളജിൽ നിന്ന് ബി. ഡി. യും എം. ടി. എച്ചും നേടി. ചിക്കാഗോ ലൂതറൻ സ്കൂൾ ഓഫ് തിയോളജിയിൽ നിന്ന് ടി. എച്ച്. എം. നേടി. ഡോക് ടറൽ ബിരുദത്തിന് ഗവേഷണം നടത്തുന്നു. ഡമാസ്കസ് അപ്രേം സെമി നാരിയിൽ സുറിയാനി പഠനം. 31-1-1973 ന് ശെമ്മാശൻ, 23-5-1986 കശ്ശീശാ സ്ഥാനങ്ങൾ പൗലൂസ് ദ്വിതീയൻ കാതോലിക്കാ നൽകി. വെട്ടിക്കൽ സെമി നാരി അധ്യാപകനും വലമ്പൂർ പള്ളി വികാരിയും ആയിരുന്നു. 22-12-1990 -ന് റമ്പാൻ സ്ഥാനവും 23-12-1990 ന് മെത്രാപ്പോലീത്താ പട്ടവും സാഖാ പ്രഥമൻ ബാവാ നൽകി. 1990 മുതൽ തൃശൂർ ഭദ്രാസന ചുമതലയേറ്റു. പല വിദേശ രാജ്യങ്ങളും സന്ദർശിച്ചു. 1995-ലെ സുപ്രീംകോടതി വിധിയെ തുടർന്ന് മെത്രാസനയോഗ തീരുമാനപ്രകാരം കാതോലിക്കേറ്റിൽ സ്വീകരി ക്കപ്പെട്ടു. 2002-ൽ മാത്യൂസ് ദ്വിതീയൻ ബാവാ തൃശ്ശൂരിൽ സ്ഥിരപ്പെടുത്തി

നിയമിച്ചു. യുവജനപ്രസ്ഥാനം പ്രസിഡണ്ട്, നാഗപ്പൂർ സെമിനാരി വിസി റ്റിംഗ് പ്രൊഫസർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന അദ്ദേഹം ശാസ്ത്ര കേരളം, സമകാലിക മലയാളം തുടങ്ങിയവയിൽ ലേഖനമെഴുതുന്നു. വേരുകൾ തേടി, സ്വാതന്ത്ര്യവും സ്വയംപര്യാപ്തതയും, മാനവികതയുടെ കാഴ്ചപ്പാടുകൾ എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഈയിടെ കാലിഫോർ ണിയായിൽ ഇദ്ദേഹം അദ്ധ്യക്ഷനായി ഒരു മിഷൻ സെന്റർ പ്രവർത്തി ക്കുന്നു. 2007 നവം. 21-ന് സിറിയൻ സഭാംഗമായ മൂസ ഗുർഗാന്, മാർ സേവേറിയോസ് എന്ന പേരിൽ ഇദ്ദേഹവും ഡോ. തോമസ് മാർ അത്താ നാസ്യോസും ചേർന്ന് പ. സുന്നഹദോസിന്റെ അനുവാദത്തോടെ മെത്രാൻ സ്ഥാനം നൽകി.

മിഷൻ പഠനസമിതി: 1986 മുതൽ ഓർത്തഡോക്സ് മിഷൻ ബോർ ഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ അസോസ്യേഷൻ ഓഫ് മിഷൻ സ്റ്റഡീസ് (NAMS).

മിഷന്റെ ചരിത്രം ഇന്ത്യയിൽ: *കത്തോലിക്കാ മിഷൻ:* 16-ാം നൂറ്റാ ണ്ടിൽ പോർത്തുഗീസുകാരുടെ വരവോടെ ആരംഭിച്ചു. ഡൊമിനിക്കൻ സന്യാസസമൂഹം, ഫ്രാൻസിക്കൻ സന്യാസസമൂഹം എന്നിവർ ഈ രംഗത്ത് പ്രവർത്തിച്ചു. ഗോവയിൽ സെമിനാരി സ്ഥാപിച്ചു. 1541-ൽ ജസ്യൂട്ട് പ്രസ്ഥാന സ്ഥാപകാംഗമായ ഫ്രാൻസിസ് സേവ്യർ രംഗത്തെത്തി. 20000 പേരെ സഭയിൽ ചേർത്തു. ഗോവയിലും കൊച്ചിയിലും കോളജുകൾ സ്ഥാപിച്ചു. അധഃകൃതരെ ഉദ്ധരിക്കുവാൻ ശ്രമിച്ചു. 16-ാം നൂറ്റാണ്ടിൽ ആർച്ച് ബിഷപ്പ് മെനേസിസ്സിന്റെ നേതൃത്വത്തിൽ ഏതാനും മിഷണറിമാർ വന്നു. റോബർട്ട് ഡി. നോബിലി മധുര ആസ്ഥാനമാക്കി ഭാരതീയ സംസ് ക്കാരത്തോട് താദാത്മ്യപ്പെട്ട് പ്രവർത്തിച്ചു. ജോൺ ഡി. ബ്രിട്ടോ, ഫാ. ബെസ്ചി എന്നിവർ മധുരയിലെ പ്രവർത്തനം തുടർന്നു. സാമൂഹിക-വിദ്യാഭ്യാസ-സാമ്പത്തിക മേഖലകളിൽ അവർ അതുല്യ സംഭാവനകൾ നൽകി.

പ്രൊട്ടസ്റ്റണ്ട് മിഷൻ: 1709 ജൂലൈ 9-ന് ആദ്യ മിഷണറി സീഗൽബർഗ് ഇന്ത്യയിലെത്തി. പഴയനിയമം രൂത്തിന്റെ പുസ്തകം വരെ തമിഴിൽ വിവർ ത്തനം ചെയ്തു. വിദ്യാലയങ്ങൾ സ്ഥാപിച്ചു. നാഗപട്ടണം, സിലോൺ എന്നീ സ്ഥലങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു. 1919-ൽ ഷൂർട്ട്സും മറ്റും തമിഴ്നാട്ടിൽ പ്രവർത്തിച്ചു. 1741 മുതൽ മദ്രാസ്, സിലോൺ, തഞ്ചാവൂർ തൃശ്ശിനാപ്പിള്ളി എന്നിവിടങ്ങളിൽ മിഷൻവേല നടന്നു. വിദ്യാലയ സ്ഥാപനം പ്രധാന ദൗത്യമായി കരുതി. 1782-ൽ ബാപ്റ്റിസ്റ്റ് മിഷൻ വന്നു. വില്യം കേറി 1793-ൽ ഇന്ത്യയിലെത്തി. വിദ്യാലയസ്ഥാപനം നടത്തി. ഭാരതീയ ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്തു. 1799-ൽ

ജോഷ്വാ മാർഷ്മാൻ, വില്യം വാർഡ് എന്നിവരും കേറിയോട് ചേർന്നു. പ്രസും ബോർഡിംഗ് സ്കൂളും നടത്തി. 23 ഭാഷകളിൽ പുതിയനിയമം കേറി വിവർത്തനം ചെയ്യിച്ച് പ്രസിദ്ധീകരിച്ചു. ബൈബിൾ മുഴുവൻ ആറ് ഭാഷകളിൽ ഇറക്കി. 1818-ൽ സെറാമ്പൂർ കോളജ് സ്ഥാപിച്ചു. സെറാമ്പൂർ മിഷൻ ബംഗാൾ, ബർമ്മ, ഒറീസാ, ഭൂട്ടാൻ, ഹിന്ദുസ്ഥാൻ എന്നിവിടങ്ങളിൽ വ്യാപിച്ചു. 1830-ൽ അലക്സാണ്ടർ ഡഫ് കൽക്കട്ടയിലെത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ചു. 1854 മുതൽ പെൺകുട്ടികൾക്കായി വിദ്യാഭ്യാസം, മെഡിക്കൽമിഷൻ, അനാഥാലയങ്ങൾ, കുഷ്ഠരോഗാശുപത്രികൾ തുടങ്ങിയവ തുടങ്ങി. സതി, ശൈശവ വിവാഹം, ജാതിവ്യവസ്ഥ, നിരക്ഷരത എന്നിവയ്ക്കെതിരെ പോരാടി.

ഓർത്തഡോക്സ് മിഷൻ പ്രവർത്തനം: എ. ഡി. 52-ൽ സ്ഥാപിതമായ സഭ ബുദ്ധ-ജൈന നിരീശ്വരപ്രസ്ഥാനങ്ങൾക്ക് ദൈവവിശ്വാസത്തിന്റെ വെളിച്ചം പകർന്നുകൊടുത്തു. സംഘകാല കൃതികളിൽ പ്രകടമാവുന്ന ധർമ്മചിന്തകൾ ബൈബിളിലേതാണ്. ശൈവ-വൈഷ്ണവ-ബ്രാഹ്മണ പ്രസ്ഥാനങ്ങളിലെ പ്രാകൃത ദൈവചിന്തകളെ സാത്വികമാക്കുവാൻ ക്രിസ്തുമതം അവയെ സ്വാധീനിച്ചു. ക്രിസ്തുമത ദേവാലയങ്ങളുടെ മാതൃകയിൽ ഹൈന്ദവ ആരാധനാലയങ്ങൾ ഉയർന്നു. കാലങ്ങളിലൂടെ ഉയർന്നുവന്ന വേദ-ഇതിഹാസ-പുരാണങ്ങൾ ബൈബിൾ-ക്രിസ്തുമത സംസ്കാരങ്ങളെ ആവോളം ഉൾക്കൊണ്ടു. ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളെ മതവുമായി ബന്ധപ്പെടുത്തുന്ന പതിവുകളും ഉണ്ടായി. ക്രൈസ്തവ ആരാധനകൾ നിലനിർത്തിയ ദൃശ്യചാരുതകളും പ്രബോധന ധർമ്മവും കൂത്ത്, കൂടിയാട്ടം, കഥകളി, തുള്ളൽ തുടങ്ങിയ കലാരൂപങ്ങളുടെ ആവിർഭാവത്തിന് കാരണമായി.

19-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലുണ്ടായ ആർത്താറ്റ് പടിയോല ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യബോധത്തെ ത്രസിപ്പിച്ചു. ദേശീയധാരയുമായി അലിഞ്ഞുചേർന്ന ക്രിസ്തീയമതം നാടിന്റെ സാമ്പത്തിക-വ്യാപാരമേഖലകളെ സമ്പന്നമാക്കി. 19, 20 നൂറ്റാണ്ടുകളിലായി കേരളത്തിന്റെ രാഷ്ട്രീയ-മത-സാമൂഹിക-സാംസ്ക്കാരിക മേഖലകളിൽ നടന്ന നവോത്ഥാനത്തിന്റെ ആദി സ്രോതസ് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനും കായംകുളം ഫീലിപ്പോസ് റമ്പാനും ഡോ. ക്ലോഡിയസ് ബുക്കാനന്റെ സഹായത്തോടെ മലയാളത്തിൽ വിവർത്തനം ചെയ്ത് 1811-ൽ ബോംബെ കൊറിയർ പ്രസിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധീകരിച്ച ആദ്യത്തെ മലയാളം ബൈബിൾ വിവർത്തനമാണ്. 1815-ൽ കോട്ടയം പഴയസെമിനാരിയിൽ കേരളത്തിൽ ആദ്യമായി അരങ്ങേറിയ ഇംഗ്ലീഷ് വിദ്യാഭ്യാസവും സഭയുടെ മിഷൻ പ്രവർത്തനമാണ്. 1873-ൽ പരുമലയിലും 1876-ൽ മുളന്തുരുത്തിയിലുമായി രൂപംകൊണ്ട് പൂർണ്ണരൂപം പ്രാപിച്ച കേരളത്തിലെ ആദ്യത്തെ സാമുദാ

യിക സംഘടനയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ കേരളത്തിലുടനീളം ആരംഭിച്ച ഇരുനൂറ്റി അമ്പത് വിദ്യാലയങ്ങൾ ജാതി-മത-വർണ്ണ-ലിംഗ ഭേദമെന്യേ സാർവത്രിക വിദ്യാഭ്യാസ സൗകര്യം ആദ്യമായി സജ്ജമാക്കിയപ്പോഴും കേരളപതാക ഇടവകപത്രിക, സുറിയാനി സുവിശേഷകൻ എന്നീ പത്രങ്ങൾ പ്രസിദ്ധീകരിച്ചപ്പോഴും മിഷൻ പ്രവർത്തനത്തിന്റെ ഉദാത്ത മാതൃകകൾ ആവിഷ്ക്കരിക്കുകയായിരുന്നു. മെത്രാപ്പോലീത്താ ആരംഭിച്ച യാക്കോബായ സഭാ അഭിവർദ്ധിനീ സംഘം, മഹാജനസഭ, ത്രീസൈ ശൂബഹോ സെന്ററുകൾ, വിജാതീയ മിഷൻ എന്നിവയും വൈദികസംഘം, സണ്ടേസ്കൂൾ പ്രസ്ഥാനം, വിദ്യാർത്ഥിപ്രസ്ഥാനം, ദയറാപ്രസ്ഥാനം എന്നിവയും ഒന്നാന്തരം മിഷണറി പ്രവർത്തനങ്ങൾ ആയിരുന്നു. പരുമല മാർ ഗ്രിഗോറിയോസ് ആ പ്രവർത്തനത്തിൽ പിന്തുണ നൽകി. ഇവരുടെ പ്രവർത്തനഫലമായി സഭാവിശ്വാസികളുടെ എണ്ണവും ദേവാലയങ്ങളുടെ എണ്ണവും വർദ്ധിച്ചു.

വിവാഹം ദേവാലയത്തിൽ വച്ച് സാക്ഷികളുടെ മദ്ധ്യേ പുരോഹിതന്റെ കാർമ്മികത്വത്തിൽ നടത്തുക, വിവാഹത്തിന് പങ്കാളികളും സാക്ഷികളും കാർമ്മികനും ഒപ്പിട്ട റജിസ്റ്റർ സൂക്ഷിക്കുക, വരന്റെ വീട്ടിൽ വധു താമസിക്കുക, പിതൃദായക്രമം നടപ്പിലാക്കുക, ഏകപത്നീവ്രതവും ഏകഭർത്തൃവ്രതവും അംഗീകരിക്കുക, പൊതുശ്മശാനം ഉണ്ടാവുക, ജീവിതത്തിലെ പ്രധാനഘട്ടങ്ങളിൽ പുരോഹിതന്റെ ആശീർവാദം അനിവാര്യമാക്കുക, സ്ത്രീസ്വാതന്ത്ര്യം പ്രാവർത്തികമാക്കുക, ശൈശവവിവാഹം ഒഴിവാക്കുക, വീടുകളിൽ വിശുദ്ധ ഗ്രന്ഥപാരായണവും പ്രാർത്ഥനകളും ദിനചര്യയാക്കുക തുടങ്ങി കേരളീയ ജീവിതത്തെ സംശുദ്ധമാക്കുന്ന ഒട്ടുമിക്ക സംരംഭങ്ങളും മലങ്കരസഭയുടെ മിഷൻ പ്രവർത്തനങ്ങൾ കൊണ്ടുണ്ടായവയാണ്. സൗത്ത് കാനറാ, ശ്രീലങ്ക എന്നിവിടങ്ങളിൽ അദ്ദേഹം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായിൽ നിന്ന് പ്രചോദനം ആർജ്ജിച്ച് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 1924 സെപ്തം. 27-ന് ആരംഭിച്ച സ്ലീബാദാസസമൂഹമാണ് മിഷൻ രംഗത്തെ മറ്റൊരു കാൽവെപ്പ്. കേരളത്തിലെ അധഃസ്ഥിത സമുദായങ്ങളെ മുഖ്യധാരയിലേക്ക് ക്ഷണിക്കുംവിധമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. കാൽലക്ഷം പേരെങ്കിലും അദ്ദേഹത്തിന്റെ മിഷൻ പ്രവർത്തനഫലമായി സഭയിലംഗങ്ങളായി.

പെരുമ്പാവൂരിൽ 1924-ൽ ആത്തുങ്കൽ ഗീവറുഗ്ഗീസ് കോറെപ്പിസ്ക്കോപ്പായുടെ അത്യധ്വാനഫലമായി രൂപംകൊണ്ട പൗരസ്ത്യ സുവിശേഷ സമാജം മലങ്കരസഭയുടെ മിഷൻ പ്രവർത്തനത്തിന്റെ ആധുനിക അധ്യായ

മാണ്. അവികസിത പ്രദേശങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു. അവശ വിഭാഗങ്ങളെയും അനാഥരെയും ആശ്രമങ്ങളിൽ സംരക്ഷിച്ച് സ്വയം പര്യാപ്തതയിലേക്ക് നയിച്ചും പൗരസ്ത്യ സുവിശേഷസമാജം മിഷൻ പ്രവർത്തനം നടത്തുന്നു. ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് 1953 മുതൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾ അസൂയാവഹമാണ്. വിവാഹസഹായ ഫൗണ്ടേഷൻ, സിക്ക് എയ്ഡ് ഫൗണ്ടേഷൻ, പുതുപ്പാടി ആശ്രമം, മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയം, യാച്ചാരം, കലഹണ്ടി, മക്കോഡിയ തുടങ്ങി നിരവധി പ്രോജക്ടുകളിലൂടെ മലങ്കരസഭയുടെ മിഷൻ പ്രവർത്തനം ഇന്ന് സജീവമാണ്. മാർത്തോമ്മാ ശ്ലീഹായുടെ 19-ാം ചരമശതാബ്ദി പ്രമാണിച്ച് നാടുനീളെ ബാലഭവനങ്ങളും അനാഥാലയങ്ങളും ഉണ്ടായി. മന്ദബുദ്ധികളെയും എയ്ഡ്സ് രോഗികളെയും, കുഷ്ഠരോഗികളെയും പരിചരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങളും അവരുടെ പുനരധിവാസകേന്ദ്രങ്ങളും ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. കൽക്കട്ട മിഷന്റെ ചുമതലയിൽ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസ് നിർവഹിക്കുന്ന വിദ്യാഭ്യാസ-ആതുരസേവന-തൊഴിൽ മേഖലകൾ മിഷൻരംഗത്തെ പുതിയ പ്രതീക്ഷകളാണ്. ഒരു ദേശീയസഭയുടെ ഉത്തരവാദിത്വത്തോടെ മിഷൻ പരിശീലനം നൽകി പ്രവർത്തകരെ സജ്ജമാക്കുവാൻ മാവേലിക്കര സെന്റ് പോൾസ് മിഷൻകേന്ദ്രം ഉദ്യമിക്കുന്നു. ദൂതൻ എന്ന ഒരു മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. 1979 മുതൽ മാവേലിക്കര സുവിശേഷാലയം മിഷൻ പരിശീലനകേന്ദ്രമായി പ്രവർത്തിക്കുന്നു. 1935-ൽ തുമ്പമൺ ഭദ്രാസനമിഷൻ ആരംഭിച്ചു. 1930-ൽ ബാഹ്യകേരള മിഷന് അലക്സിയോസ് മാർ തേവോദോസ്യോസ് ആരംഭം കുറിച്ചു. 1972-ൽ ഭിലായ് മിഷനും 1964-ൽ ആൻഡമാൻ മിഷനും പ്രവർത്തനം ആരംഭിച്ചു. ഓർത്തഡോക്സ് മിഷൻ സൊസൈറ്റിയുടെയും ഗവേണിംഗ് ബോർഡിന്റെയും ചുമതലയിൽ ഭാരതത്തിലെ എല്ലാ സ്റ്റേറ്റുകളിലും മിഷൻകേന്ദ്രങ്ങളും ബാലഗ്രാമുകളും പ്രവർത്തിക്കുന്നു.

മിഷൻ - തത്വങ്ങൾ: അയയ്ക്കൽ എന്നർത്ഥം. പിതാവ് പുത്രനെ അയച്ചതും പുത്രൻ ശിഷ്യരെ അയച്ചതും മിഷൻ ആണ് (യോഹ. 20:21). ദൈവത്തിന്റെ ജീവനിൽ സൃഷ്ടിക്ക് പങ്കാളിത്തമുണ്ടാവാനുള്ള പ്രവർത്തനങ്ങൾ ആണ് മിഷന്റെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റാനുള്ള ചുമതലയാണ് സഭയുടെ മിഷൻ. മിഷന്റെ പര്യായമാണ് സാക്ഷ്യം. ഈ സാക്ഷ്യത്തിൽ ഏതാനും ഇഴകൾ കാണാം. 1. മിഷന്റെ സ്രോതസും മാതൃകയും ത്രിത്വത്തിന്റെ സ്നേഹവും കൂട്ടായ്മയും ആണ്. 2. സർവപ്രപഞ്ചത്തിന്റെയും രൂപാന്തരം ലക്ഷ്യം. 3. യേശുക്രിസ്തുവിനെ പരിശുദ്ധാത്മാവിൽ പ്രപഞ്ചത്തിന് മുഴുവൻ സഭ പ്രസക്തമാക്കുന്നു. 4. വി. കുർബ്ബാനയിൽ

നിന്ന് മിഷൻ ആരംഭിക്കുന്നു. വി. കുർബ്ബാനയിലേക്ക് നയിക്കുന്നു. 5. മനുഷ്യാവതാരത്തെ ഓരോ സാഹചര്യത്തിനും പ്രസക്തമാക്കണം; തത്വത്തിലും ഉള്ളടക്കത്തിലും. 6. എല്ലാ മതങ്ങളും ജനതകളും ദേശീയതകളും (എഫേ 3:19) ദൈവസ്നേഹത്തെ അറിയൽ മിഷന്റെ വിശാല ലക്ഷ്യമാണ്. 7. യേശു തന്റെ മിഷനെ നിർവചിച്ചു (യെശ. 61:1, 2; ലൂക്കോ. 4:18-19). അതുതന്നെയാണ് സഭയുടെ മിഷൻ. ഭൂമിയുടെ ഉപ്പും വെളിച്ചവും ആവുകയാണ് മിഷൻ പ്രവർത്തനം അർത്ഥമാക്കുന്നത്.

മിഷ്ന: എബ്രായപദം. പ്രബോധനം. റാബിമാരുടെ പ്രബോധനങ്ങൾ ഈ പേരിൽ എ. ഡി. 2-ാം നൂറ്റാണ്ടിൽ സമാഹരിച്ച് പ്രസിദ്ധീകരിക്കപ്പെട്ടു. തിരുവെഴുത്തുകൾ കഴിഞ്ഞാൽ അടുത്ത പ്രാധാന്യം മിഷ്നായ്ക്കുണ്ട്.

മിസ്സാൽ: ദിവ്യബലി അർപ്പിക്കുമ്പോൾ ആണ്ടടക്കം ഉപയോഗിക്കേണ്ട പ്രാർത്ഥനകളുടെ സമാഹാരം. പല പ്രദേശങ്ങളിൽ മിസ്സാലുകൾ രൂപം കൊണ്ടിട്ടുണ്ട്.

മിസ്രയിം: ഈജിപ്റ്റിന്റെ പേർ. ബി. സി. 3000-ൽ ഈജിപ്ഷ്യൻ സംസ്കാരം പ്രബലം. യൗസേഫ് വഴി ഇസ്രായേൽ ഗോത്രങ്ങൾ ഈജിപ്റ്റിലെത്തി. 400 വർഷം അവർ അവിടെ അടിമകളായി. മോശ വിടുതലിന് നേതൃത്വം നൽകി. അടിമത്വം-വിടുതൽ ഇവയുടെ പ്രതീകം. ഇവിടുത്തെ സഭ ഈഗുപ്തായ സഭ. കോപ്റ്റിക് സഭ എന്നും പറയും. ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബത്തിലെ അംഗം. ആസ്ഥാനം അലക്സാന്ത്രിയ. ആദ്യകാലത്ത് ഇന്ത്യയുമായി വാണിജ്യബന്ധം. തന്മൂലം ഇന്ത്യ - അലക്സാന്ത്രിയാ സഭകൾ തമ്മിൽ സുദൃഢമായ ബന്ധം ഉണ്ടായി.

മിസ്റ്ററി: രഹസ്യം - റോസോ - എന്ന് കുർബ്ബാനയ്ക്ക് പര്യായമുണ്ട്.

മിസ്റ്റിസിസം: നിഗൂഢവും പരമവുമായ സത്യത്തെ പ്രാപിക്കുവാനുള്ള മനുഷ്യാത്മാവിന്റെ ത്വരയും അന്വേഷണവുമാണ് യോഗാത്മകതയുടെ സമീപനവും അന്തർധാരയും. ആത്മനിഷ്ഠമാണ് അനുഭൂതി. യോഗാത്മകാനുഭൂതികൾ ഭാഷയ്ക്ക് വഴങ്ങുക പ്രയാസം. പ്രതീകങ്ങൾ വഴി ആവിഷ്ക്കരിക്കുന്നു. ഒരുവൻ ക്രിസ്തുവിലാകുക, ക്രിസ്തുവാകുന്ന തലയോളം വളരുക, ഞാനും പിതാവും ഒന്നാകുന്നു. ഇതൊക്കെ മിസ്റ്റിക് ആവിഷ്ക്കാരങ്ങളാണ്. ഉത്തമഗീതത്തെ മിസ്റ്റിക് തലത്തിൽ വ്യാഖ്യാനിക്കാം. മണവാളനും മണവാട്ടിയും തലയും ശരീരവും ഇടയനും ആടുകളും, തൊഴുത്തും വാതിലും ഇങ്ങനെ മിസ്റ്റിക് വ്യാഖ്യാനം ആവശ്യമായ പ്രതീകങ്ങൾ ബൈബിളിൽ ധാരാളമുണ്ട്. മൂന്ന് തലം സങ്കല്പ്പിക്കാറുണ്ട്.

1. ഈശ്വരസാക്ഷാത്ക്കാരത്തിനുള്ള ആത്മതൃഷ്ണ. 2. നഷ്ടപ്പെട്ടത് വീണ്ടെടുക്കുവാൻ മുന്നേറുന്ന അനുഭവം. 3. പ്രേമ പാരവശ്യം മൂലം

ഒന്നാവാൻ വെമ്പുന്ന ഹൃദയങ്ങൾ.

മിസ്റ്റിക്കൽ ദൈവശാസ്ത്രം: ദൈവസംസർഗ്ഗത്തിലേക്ക് നയിക്കുന്ന മാർഗ്ഗങ്ങളുടെ ചർച്ച. കൗദാശിക ജീവിതത്തിലെ ധ്യാനമുറകൾ, പ്രാർത്ഥനാനുഭവങ്ങൾ, ഉപവാസം, വ്രതാനുഷ്ഠാനങ്ങൾ എന്നിവയെ കുറിച്ചുള്ള പ്രതിപാദനം ഈ മേഖലയിൽ ഉൾപ്പെടുന്നു. ദീവന്നാസ്യോസ് അരയോപഗൈറ്റിന്റെയും വ്ളാഡിമർ ലോസ്കിയുടെയും കൃതികൾ പൗരസ്ത്യ പാരമ്പര്യത്തിൽ അറിയപ്പെടുന്ന ഉദാഹരണങ്ങളാണ്. വിവാഹകൂദാശയിലെ 'ഏദൻതോട്ടം നട്ടോനേ' എന്ന ഗീതവും 'പാവനസഭ ചൊന്നീടുന്ന....' എന്ന ഗീതവും മിസ്റ്റിക് സ്വഭാവം ഉൾക്കൊള്ളുന്നു.

മീഖാ: ബി. സി. 8-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രവാചകൻ. യഹോവയ്ക്ക് തുല്യൻ ആർ എന്ന് പേരിന്റെ അർത്ഥം. ശമര്യർക്കും യെരുശലേമിനും അദ്ദേഹം സന്ദേശങ്ങൾ നൽകി. ധാർമ്മികതയുടെ പ്രവാചകൻ. ഉയിർത്തെഴുന്നേറ്റ ആമോസ് എന്ന് വിശേഷിപ്പിക്കാം. കർഷകരുടെയും ഇടയരുടെയും നേതാവ്. അവശത, ജന്മിമാരുടെ ചൂഷണം, സാമ്പത്തിക അസമത്വം, അഴിമതി, അധർമ്മങ്ങൾ ഇവയ്ക്കെതിരെ പ്രതികരിച്ചു. ശിക്ഷാരക്ഷകളുടെ സന്ദേശമായിരുന്നു അത്. ആമോസിന്റെ നീതിബോധം, ഹോശായായുടെ സ്നേഹസങ്കല്പം, ഏശായായുടെ വിശുദ്ധിയും വിനയവും ഒത്തുചേർന്നാൽ മീഖാ പ്രവചനമായി.

മീഖായേൽ: ദൈവതുല്യൻ ആര്? എന്നർത്ഥം. മാലാഖമാരുടെ തലവൻ (സംഖ്യ 13:13; 1 ദിന. 5:13). മഹാസർപ്പത്തോട് പടവെട്ടുമ്പോൾ മീഖായേലിനെ കാണാം (വെളി. 12:7). മീഖായേലിനെപ്പറ്റി ആവ. 34:6, പുറ. 2:12, 10:13; 21; 12:1 എന്നീ ഭാഗങ്ങളിൽ പരാമർശമുണ്ട്.

മീഖായേൽ റാബോ (1126-99): ബർസൗമ്മാ സന്യാസാശ്രമാംഗം. അവിടത്തെ അധിപനായി. 1166-ൽ അന്ത്യോഖ്യൻ പാത്രിയർക്കീസായി ഉയർത്തപ്പെട്ടു. സൃഷ്ടിപ്പു മുതൽ 1195 വരെയുള്ള കാലഘട്ടത്തിന്റെ വൃത്താന്തപുസ്തകം അദ്ദേഹം എഴുതി. ഇത് അദ്ദേഹത്തെ സുറിയാനി സഭയിലെ മഹാനായ ചരിത്രകാരൻ എന്ന ബഹുമതിക്കർഹനാക്കി.

മുഖവാരം: പള്ളിയുടെ പടിഞ്ഞാറേ എടുപ്പ്. അതത് കാലത്തെ വാസ്തു - ശില്പ കലകൾ ഇതിന്റെ നിർമ്മാണത്തിൽ പ്രതിഫലിക്കാറുണ്ട്.

മുടക്ക്/മഹറോൻ: വി. കുർബ്ബാനാ സംസർഗ്ഗത്തിൽ നിന്ന് ഒരാളെ നിരോധിക്കുന്ന അച്ചടക്കനടപടി. ഒരാളെ ശാപംചൊല്ലി ബഹിഷ്ക്കരിക്കലാണ് മഹറോൻ. മുടക്കുമൂലം ഒരാൾ പ്രാപിച്ച ആത്മീയ നൽവരങ്ങളൊന്നും നഷ്ടപ്പെടുകയില്ല. സഭാചരിത്രത്തിൽ മുടക്കുകളുടെ പരമ്പര കാണാം. മുടക്കിന്റെ ഗൗരവം വർദ്ധിക്കുവാൻ മുടക്കിനോട് ബന്ധ

പ്പെടുത്തി സഭയ്ക്കില്ലാത്ത ചില വ്യാഖ്യാനങ്ങൾ മുടക്കുന്നവർ നടത്തുക പതിവാണ്. മുടക്കുന്നതും മുടക്കു തീർക്കുന്നതും പ്രഖ്യാപനങ്ങൾ വഴി യാണ്. അതിന് കൂദാശകളോ ശുശ്രൂഷകളോ ആയി ബന്ധമില്ല.

മുട്ടുചിറ കുരിശ്: മുട്ടുചിറ കത്തോലിക്കാപള്ളിയിലെ പേർഷ്യൻ കുരിശ്. അഞ്ചാം നൂറ്റാണ്ടിൽ സ്ഥാപിതമായി. കുരിശിന് ചുറ്റും കരിങ്കൽ വിളക്കുകൾ ഉണ്ട്.

മുതലവായൻതൊപ്പി: അന്ത്യോഖ്യാബന്ധം തുടങ്ങുന്നതിന് മുമ്പ് മലങ്കരയിലെ മേല്പട്ടക്കാർ ഉപയോഗിച്ചിരുന്ന കിരീടം. പുലിക്കോട്ടിൽ ദ്വിതീയൻ മെത്രാച്ചന്റെ കാലം മുതലാണ് മത്തങ്ങാമുടി മലങ്കരയിൽ സ്വീക രിക്കപ്പെട്ടത്. മലങ്കരമെത്രാപ്പോലീത്താ അപൂർവ്വമായി ഇപ്പോഴും ഇത് ഉപയോഗിക്കുന്നുണ്ട്. അന്ത്യോഖ്യാ ബന്ധത്തിന് മുമ്പ് മലങ്കരയിൽ നിന്ന് വേർപെട്ട തൊഴിയൂർ സഭയിലെയും മാർത്തോമ്മാ സഭയിലേയും മേല്പട്ട ക്കാർക്ക് ഈ കിരീടമേ ഇപ്പോഴും ഉള്ളൂ.

മുതലാളി: മലങ്കര നസ്രാണികളിൽ ചിലർക്ക് ചില നാടുവാഴികൾ ഈ ബഹുമതി നല്കിയിരുന്നു. ആ കുടുംബക്കാർ ആ പേർ തുടർന്നും ഉപയോഗിക്കാറുണ്ട്.

മുതൽപിടി: ട്രഷറർ. പഴയ സ്ഥാനപ്പേർ. കൈക്കാരനെ പണ്ട് ഈ പേരിൽ അറിഞ്ഞിരുന്നു.

മുത്തുക്കുട: മുത്തുകളും അലുക്കുകളും കെട്ടി അലങ്കരിച്ച ബഹു വർണ്ണ പട്ടുശീലക്കുട. രാജകീയ എഴുന്നള്ളത്തുകളിൽ ഉപയോഗിച്ചിരുന്നു. ഇവ ഉപയോഗിക്കുവാൻ സുറിയാനിക്കാർക്ക് ചെപ്പേടുകളിൽ അനുവാദം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രദക്ഷിണങ്ങൾക്കും സ്വീകരണ ഘോഷയാത്ര കൾക്കും ഉപയോഗിക്കുന്നു.

മുൻനിർണ്ണയം: രക്ഷയെപ്പറ്റി മുൻനിർണ്ണയസിദ്ധാന്തം ഓർത്തഡോ ക്സ് സഭയിലില്ല. മുൻനിർണ്ണയം രക്ഷയിലും ശിക്ഷയിലും ഉണ്ടെന്ന് കാൽ വിൻ പഠിപ്പിച്ചു. ഇസ്ലാമിന്റെ 'കിസ്മത്ത്' ഇതിനോട് യോജിച്ചു പോകുന്നു. അത് മനുഷ്യസ്വാതന്ത്ര്യത്തെ അവഗണിക്കുന്നു. മനുഷ്യന്റെ ചുമതലകളെ നിസ്സാരമാക്കുന്നു. ദൈവനന്മയെ ചോദ്യം ചെയ്യുന്നു. വേദത്തിൽ ഈ ഉപ ദേശം ഇല്ല. രക്ഷാസാധ്യതയുടെ സാർവത്രികതയെ നിഷേധിക്കുന്നു. ചിലരെ നിത്യാഗ്നിക്കായി ദൈവം മുൻനിർണ്ണയിക്കുമെന്ന് പറയാനാവില്ല. കാലാതീത ജ്ഞാനിയായ ദൈവം മുന്നറിയുന്നു എന്നേ പറയാനാവൂ.

മുന്മത്വം: ത്രിത്വത്തിന്റെ പഴയപദം.

മുസ്സിരീസ്: പഴയകാലത്തെ കേരള തുറമുഖം. കൊടുങ്ങല്ലൂർ

ആണെന്ന് പറയാറുണ്ട്. മൂന്ന് മുഖങ്ങൾ ഉള്ളത് എന്നർത്ഥമുള്ളതിനാൽ ഇത് തുറമുഖ സമുച്ചയമാണെന്ന് പറയാറുണ്ട്. പൊന്നാനി തുറമുഖമാണെന്നും പൊന്നാനിക്കടുത്തുള്ള മൂ(ക്കു)തല ആണെന്നും ചിന്തിക്കുന്നവരുണ്ട്. തലശ്ശേരി, ഫറോക്ക്, പൊന്നാനി എന്നീ തുറമുഖ സമുച്ചയമാണെന്ന അഭിപ്രായക്കാരുമുണ്ട്. '*കൊടുങ്ങല്ലൂർ*' കാണുക.

മുഹമ്മദ് നബി: ഇസ്ലാം വീക്ഷണത്തിൽ അന്ത്യ പ്രവാചകൻ. എ. ഡി. 570–നോടടുത്ത് ജനിച്ചു. മാതാപിതാക്കൾ അബ്ദുള്ള–ആമിന. ഹീറാ ഗുഹയിൽ വെച്ച് വെളിപാടുണ്ടായി, പ്രവാചകനായി. വിധവയെ വിവാഹം ചെയ്തു. അദ്ദേഹത്തിന് ലഭിച്ച വെളിപാടുകളുടെ സമാഹാരമാണ് ഖുർ–ആൻ. വിശ്വാസപ്രഖ്യാപനം, നമസ്ക്കാരം, നോമ്പ്, തീർത്ഥാടനം, സാധു സംരക്ഷണം ഇവ അഞ്ചും ഇസ്ലാമിന്റെ അഞ്ച് തൂണുകളാണ്. ഇസ്ലാം സ്ഥാപകനായ ഇദ്ദേഹം 63–ാം വയസ്സിൽ അന്തരിച്ചു.

മുളന്തുരുത്തിപ്പള്ളി: 1225–ൽ സ്ഥാപിച്ചതായി കരുതപ്പെടുന്നു. പള്ളി ഭരണം തലമുറകളായി പാലക്കൽ തരകന്മാർ നിർവഹിക്കുന്നു. ഭരണക്കാരനെ മനുഷ്യം എന്ന് വിളിച്ചിരുന്നു. 1653–ന് ശേഷം ഒന്നാം മാർത്തോമ്മായെ അനുകൂലിച്ചു. 1685–ലെ യൽദൊ ബാവായുടെ വരവുമായി ബന്ധപ്പെട്ട് ഈ പള്ളിക്കാരാണ് കൊച്ചിയിൽ വരാറുള്ള അർമ്മീനിയൻ വ്യാപാരികളുമായി കരാറുണ്ടാക്കിയത്. യാത്രാച്ചിലവ് അവധിക്കകം കൊടുത്ത് തീർക്കാഞ്ഞതിനാൽ മാർ ഈവാനിയോസിനെ ഈ പള്ളിയിൽ നിന്ന് ഇറക്കിക്കൊണ്ടുപോയതും പള്ളിയുടെ ഇറയം വാളെടുത്തുവെട്ടി ഭീകരാന്തരീക്ഷം ഉണ്ടാക്കിയതും കളപ്പുരക്കൽ ചാക്കോ കത്തനാർ രംഗം ശാന്തമാക്കി മാർ ഈവാനിയോസിനെ മോചിപ്പിച്ചതും അങ്ങാടിയിൽ നടന്ന് വീടുകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങി പണയം വച്ച് യാത്രാച്ചിലവ് കൊടുത്തുതീർത്തതും മലങ്കര വികാരി എന്ന് അദ്ദേഹത്തിന് പേർ ലഭിച്ചതും ക്രമേണ പള്ളികളിൽ ചെന്ന് പിരിവെടുത്ത് പണയാഭരണങ്ങൾ തിരിച്ചെടുത്ത് ഉടമസ്ഥർക്ക് നൽകിയതും ഒരു പഴയ ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1685–ൽ വന്ന മാർ ഈവാനിയോസും 1751–ന് വന്ന മാർ ഗ്രിഗോറിയോസും 1845–ൽ വന്ന യൂയാക്കീം മാർ ഈവാനിയോസും ഇവിടെ കബറടങ്ങി. 1575–ൽ പള്ളി പുതുക്കിപ്പണിതു. 1876–ൽ പത്രോസ് തൃതീയൻ സുന്നഹദോസ് വിളിച്ചുകൂട്ടിയതും മൂറോൻ കൂദാശ ചെയ്തതും ഈ പള്ളിയിൽ വച്ചാണ്. 1876 ആഗസ്റ്റ് 27–ന് ശേഷം 1911 ആഗസ്റ്റ് 19–നും ഇവിടെ വച്ച് മൂറോൻ കൂദാശ ചെയ്തു; അബ്ദുള്ള ബാവാ. പരുമല മാർ ഗ്രീഗോറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ് എന്നിവർ ഈ ഇടവകക്കാരാണ്. പുലിക്കോട്ടിൽ മെത്രാച്ചൻ (ദ്വിതീയൻ) സ്ഥാപിച്ച മലങ്കരയിലെ ആദ്യത്തെ ദയറ - വെട്ടിക്കൽ - ഈ ഇടവകയിലാണ്. കാട്ടുമങ്ങാട്ട് കൂറിലോസ് I, കൂറിലോസ് രണ്ടാമൻ എന്നിവരും ഈ ഇടവകാംഗങ്ങളാണ്.

നവീകരണാധിപത്യം നടന്ന കാലത്ത് കൊച്ചിയിലെ പനയ്ക്കൽ ഐപ്പൂരുവിന്റെ പാണ്ടികശാലയും മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയും മലങ്കരയുടെ പ്രധാന പ്രവർത്തനകേന്ദ്രങ്ങൾ ആയിരുന്നു. ജൂലൈ 3-ന് പ്രധാന പെരുന്നാൾ ആഘോഷിക്കുന്നു.

മുളന്തുരുത്തി സുന്നഹദോസ്: മലങ്കര സഭാചരിത്രത്തിൽ ശ്രദ്ധേയമായ ഈ മലങ്കര പള്ളിപ്രതിപുരുഷയോഗം 1876 മിഥുനം 15 മുതൽ 18 വരെ മലങ്കരയിൽ ആദ്യമായി കാലുകുത്തിയ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ – പത്രോസ് III – അദ്ധ്യക്ഷതയിൽ ചേർന്നു. നവീകരണകക്ഷിയെ നേരിടുവാൻ 1873-ൽ പരുമലയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് വിളിച്ചുകൂട്ടിയ സുന്നഹദോസിലെ നിശ്ചയങ്ങളെയും കേരളത്തിലെ ആദ്യത്തെ സാമുദായിക സംഘടനയായി അന്ന് രൂപം കൊണ്ട മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും അതിന്റെ കർമ്മസമിതിയായ മാനേജിംഗ് കമ്മറ്റിയും സുന്നഹദോസ് സ്ഥിരപ്പെടുത്തുകയും വിവിധ റജിസ്റ്ററുകൾ ഉണ്ടാക്കൽ, അന്ത്യോഖ്യായുമായുള്ള ബന്ധം വ്യക്തമാക്കൽ, റീശിസാപ്പിരിവ് എന്നിവയെപ്പറ്റി നിശ്ചയങ്ങൾ എടുക്കുകയും ചെയ്തു. 103 പള്ളികളിൽ നിന്നായി 279 പേർ മിനിട്ട്സിൽ – കാനോനാകളിൽ – ഒപ്പുവച്ചു. പ്രാരംഭയോഗത്തിൽ 2000-ത്തോളം പേർ സംബന്ധിച്ചതായി ഒരു സാക്ഷിമൊഴിയിൽ കാണുന്നു. ചാത്തുരുത്തി ഗീവറുഗീസ് റമ്പാൻ, പാത്രിയർക്കീസ് ബാവായുടെ ദ്വിഭാഷിയായി വർത്തിച്ചു. പല സെഷനുകളിലായി ചർച്ച ചെയ്തു നിശ്ചയിച്ച 18 കാനോനാകൾ മിക്കവയും 1873-ലെ പരുമല നിശ്ചയങ്ങൾ തന്നെ ആയിരുന്നു. മലങ്കരയെ കോളനിയാക്കാൻ സുന്നഹദോസിൽ പത്രോസ് തൃതീയൻ നടത്തിയ ഏകപക്ഷീയമായ ശ്രമങ്ങൾ വിഫലമായി. മലങ്കര മെത്രാപ്പോലീത്താ ആഗ്രഹിച്ച കാര്യങ്ങൾ സഫലമാവുകയും ചെയ്തു. ദൂരവ്യാപകമായ ഫലങ്ങൾ സിനഡ് ഉണ്ടാക്കി.

മൂടുപടം (1): മൂടുപടം പാതിവ്രത്യം, വിനയം, ലജ്ജ എന്നിവയുടെ പ്രതീകമാണ്. അറബി-യഹൂദ പാരമ്പര്യത്തിൽ മാത്രമല്ല; അഭിജ്ഞാന ശാകുന്തളം അഞ്ചാമങ്കത്തിൽ കൊട്ടാരത്തിലേക്ക് പുറപ്പെടുന്ന ശകുന്തള അവകുണ്ഠനവതി – മൂടുപടം അണിഞ്ഞവൾ – ആയിട്ടാണ് രംഗത്ത് പ്രത്യക്ഷപ്പെടുന്നത്. സുറിയാനിസഭയുടെ വിവാഹശുശ്രൂഷയിൽ വധുവിനെ മൂടുപടം അണിയിക്കുന്നുണ്ട്. മണവാട്ടിസഭയുടെ പ്രതീകങ്ങൾ എന്ന നിലയിൽ പുരോഹിതസ്ഥാനികളും സന്യാസിനികളും ശിരോവസ്ത്രം അണിയുന്നു.

മൂടുപടം (2): പൂജാപാത്രങ്ങൾ ആവരണം ചെയ്യുന്ന ശോശപ്പാ.

മൂന്നാംമണി നമസ്ക്കാരം: ഏഴു യാമങ്ങളിൽ ഒന്ന്. പീലാത്തോസ്

യേശുവിനെ ക്രൂശിക്കുവാൻ വിധിച്ച സമയം ആണിത്. ഏഴരയുടെ നമസ്കാരം എന്നും പറയും. അതത് ദിവസത്തെ രാഗത്തിൽ ഇത് നടത്തുന്നു. പ്രഭാതനമസ്ക്കാരത്തോട് ചേർത്ത് സാധാരണ നടത്തുന്നു. ഓരോ ദിവസത്തെയും മൂന്നാം മണി നമസ്ക്കാരത്തിന് പ്രത്യേക വിഷയങ്ങളുണ്ട്. ഒരു പാട്ടിന്റെ രണ്ട് അടികളും യാക്കോബിന്റെയോ അപ്രേമിന്റെയോ അപേക്ഷയോ ചേർന്നാൽ പ്രാർത്ഥനയുടെ രൂപമായി. പെങ്കീസാ നമസ്ക്കാരത്തിൽ പ്രുമിയോൻ-സെദ്റാ തുടങ്ങിയവയും ഉണ്ട്.

മൂന്നിന്മേൽ കുർബ്ബാന: ഒരു ദേവാലയത്തിൽ മൂന്ന് ത്രോണോസിൽ മൂന്ന് വൈദികർ ഒരേ സമയം കുർബ്ബാന അർപ്പിക്കും. ഒരാൾ ചൊല്ലും. മറ്റുള്ളവർ മൗനമായി ചൊല്ലി ക്രിയകൾ അനുഷ്ഠിക്കും. മലങ്കരയിൽ മാത്രം കാണുന്ന ഒരു പതിവാണിത്. ആഘോഷങ്ങൾ, പെരുന്നാളുകൾ എന്നിവയുടെ ഒരു ചടങ്ങായിട്ടുണ്ട് ഇത്. മൂന്ന് വികസിച്ച് അഞ്ചും ഏഴും തൊട്ട് 19 വരെ ത്രോണോസുകളിൽ കുർബ്ബാന നടത്തിയ സന്ദർഭങ്ങളുണ്ട്. ദയറാകളിൽ ഒന്നിലേറെ വൈദികർക്ക് കുർബ്ബാന അർപ്പിക്കാൻ ഒന്നിലേറെ ത്രോണോസുകൾ കത്തോലിക്കാ പള്ളിയിൽ കാണുന്നുണ്ട്. ആ സ്വാധീനമാകാം ഇതിന്റെ പിന്നിൽ.

മൂപ്പൻ: കശ്ശീശാ എന്ന പദത്തിന്റെ അർത്ഥം. കശ്ശീശായും എപ്പിസ്ക്കോപ്പായും ഒരേ നൽവരമുള്ള കൊഹനെ സ്ഥാനികളാണ്. ആദിമസഭയിൽ പര്യായപദമായി ഉപയോഗിച്ചിരുന്നു (അ. പ്ര. 20:17; ഫിലി. 1:1; തീത്തോ. 1:6, 7). മൂപ്പന്മാരുടെ കൈവെപ്പ്, കൂട്ടുകശ്ശീശ എന്നൊക്കെ വേദപുസ്തക പരാമർശമുണ്ട്. 4-ാം നൂറ്റാണ്ടിലെ നിഖ്യാ കൗൺസിലിൽ വച്ചാണ് ഇവരുടെ അധികാരങ്ങളും ചുമതലകളും വ്യത്യസ്തമായി നിർവചിച്ചത്. അലക്സാന്ത്രിയായിലും ഇന്ത്യയിലുമൊക്കെ മെത്രാൻസ്ഥാനികളെപ്പോലും വാഴിച്ചിരുന്നത് മൂപ്പന്മാരുടെ കൗൺസിൽ ആണ്. പട്ടംകൊടുക്കൽ, തൈലം കൂദാശകൾ, പള്ളിക്കൂദാശകൾ എന്നിവ പില്ക്കാലത്ത് എപ്പിസ്ക്കോപ്പന്മാർക്ക് മാത്രമായി വേർതിരിച്ചു. കശ്ശീശ ഒരിടവകയുടെ കൊഹനോ ആയിരുന്നു. എപ്പിസ്ക്കോപ്പാ പല ഇടവകകളെ മേൽനോട്ടം വഹിക്കുന്ന റീശ് കൊഹനെയും. ഇപ്പോഴും കശ്ശീശന്മാരുടെയും മേല്പ്പട്ടക്കാരുടെയും ശവസംസ്ക്കാര ക്രമം ഒന്ന് തന്നെ. ഒരേ വിശേഷണപദങ്ങൾ കൊണ്ട് രണ്ടു സ്ഥാനികളെയും വിശേഷിപ്പിക്കുന്നു. ശനിയാഴ്ച മൂന്നാം മണി നമസ്ക്കാരത്തിലും കശ്ശീശ - എപ്പിസ്ക്കോപ്പന്മാരെ ഒന്നിച്ച് കൊഹനേ ശബ്ദത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൂർ (മീറാ): ഔഷധമൂല്യമുള്ള സുഗന്ധദ്രവ്യം. കിഴക്കു നിന്ന് വന്ന വിദ്വാന്മാരുടെ കാഴ്ചവസ്തുക്കളിൽ ഇതുണ്ടായിരുന്നു.

മൂശെ ബർകീപ്പാ: ബെസ്റാമാൻ ഭദ്രാസനത്തിന്റെ മാർ സേവേറി

യോസിന്റെ അപരനാമം. 9-ാം നൂറ്റാണ്ടിൽ ജീവിച്ചു. 913-ൽ നിര്യാതനായി. വേദപുസ്തക വ്യാഖ്യാനം, മാമ്മൂദീസാ, കുർബ്ബാന, മൂറോൻ, ആണ്ടടക്കമുള്ള ഞായറുകൾ പെരുന്നാളുകൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ എന്നിവ സുറിയാനിയിൽ രചിച്ചു. കുർബ്ബാന-മാമ്മൂദീസ-മൂറോൻ വ്യാഖ്യാനങ്ങൾ മലങ്കരസഭയിൽ പ്രചുരപ്രചാരം നേടിയിരുന്നു.

മൂസൽ: ഉത്തര ഇറാക്കിൽ തിഗ്രീസ് നദിയുടെ വലത്തുഭാഗത്ത് നിനുവായ്ക്കെതിരായി സ്ഥിതിചെയ്യുന്നു. രണ്ടാം നൂറ്റാണ്ടു മുതൽ ക്രിസ്തുമതം പ്രചരിച്ചു. 5-ാം നൂറ്റാണ്ടു മുതൽ പേർഷ്യൻ സഭയുടെയും 7-ാം നൂറ്റാണ്ടു മുതൽ സിറിയൻ സഭയുടെയും മെത്രാപ്പോലീത്തൻ ആസ്ഥാനം. ഇവിടുത്തെ സെന്റ് തോമസ് പള്ളിയിൽ നിന്നെടുത്ത മാർത്തോമ്മായുടെ ഭൗതികാവശിഷ്ടമാണ് യാക്കൂബ് III പാത്രിയർക്കീസ് 1965-ൽ പ. ഔഗേൻ ബാവായെ ഏല്പിച്ചത്.

മൂറോൻ: സുഗന്ധതൈലം. ദൈവത്വവും മനുഷ്യത്വവും അദ്ഭുതകരമായി സമ്മേളിച്ച മശിഹായുടെ പ്രതീകം. മാമ്മൂദീസായിൽ കൈവെപ്പിന്റെയും പരിശുദ്ധാത്മ പൂർത്തീകരണത്തിന്റെയും സൂചനയായി മൂറോൻ ഉപയോഗിക്കുന്നു. പ്രാഥമികമായി മശിഹായുടെ പരിമളവാസനയാണ് മൂറോൻ. തന്മൂലം മശിഹായോടുള്ള സാഹോദര്യം ലഭിക്കുന്നു. മൂറോൻ കലർത്തി സജ്ജമാക്കിയ ജലം ആചാര്യന്റെ കൈവെപ്പോടുകൂടി സ്നാർത്ഥികളുടെ ശിരസ്സിൽ കോരിഒഴിച്ച് ത്രിത്വനാമത്തിൽ സ്നാനം പ്രഖ്യാപിക്കുമ്പോൾ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നുമുള്ള സ്നാനം പൂർണ്ണമാവുന്നു. സ്ഥിരീകരണ കൂദാശയിൽ ശിശുവിനെ മൂറോൻകൊണ്ട് അഭിഷേകം ചെയ്തു പരിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണം പ്രഖ്യാപിക്കുന്നു. ത്രോണോസും തബ്ലൈത്തായും പള്ളിയും പള്ളിയുപകരണങ്ങളും പള്ളിക്കൂദാശയിൽ മൂറോൻ കൊണ്ട് അഭിഷേകം ചെയ്ത് സ്ലീബാ ഭാഷയിൽ മുദ്രണം ചെയ്യുന്നു. ഒരു സഭയിലെ പ്രധാന തലവൻ മൂറോൻ ശുദ്ധീകരിക്കുന്നു. സുദീർഘവും ആഘോഷപൂർണ്ണവുമായ ഈ കൂദാശ പെസഹാനാളിൽ നടത്തുവാൻ കാനോൻ നിർദ്ദേശിക്കുന്നു. നേരത്തെ ഔഷധങ്ങളും മറ്റും ചേർത്ത് പാകപ്പെടുത്തിയ തൈലമാണ് കൂദാശ ചെയ്യുന്നത്. സൗകര്യത്തെപ്രതി വലിയനോമ്പിന്റെ പശ്ചാത്തലമുള്ള മറ്റു ദിവസങ്ങളിലും ഇത് നടത്താറുണ്ട്. സാധുവായ കൈവെപ്പില്ലാത്ത സഭയിലെ അംഗങ്ങളെ മൂറോൻ അഭിഷേകം മൂലം മാമ്മൂദീസായുടെ പൂർത്തീകരണം പ്രഖ്യാപിച്ച് സഭയിൽ അംഗത്വം നൽകുന്നു.

മൂറോൻകൂദാശകൾ, മലങ്കരയിൽ: 1. പത്രോസ് തൃതീയൻ, മുളന്തുരുത്തി, 27-2-1876. 2. അബ്ദുള്ളാ ദ്വിതീയൻ, മുളന്തുരുത്തി 19-8-1911. 3. ഗീവറുഗ്ഗീസ് ദ്വിതീയൻ, കോട്ടയം പഴയസെമിനാരി, 22-4-1932. 4. ഗീവറു

ഗ്ഗീസ് ദ്വിതീയൻ, കോട്ടയം പഴയസെമിനാരി, 22-4-1951. 5. ഔഗേൻ പ്രഥമൻ, കോട്ടയം പഴയസെമിനാരി, 21-12-1967. 6. മാത്യൂസ് പ്രഥമൻ, കോട്ടയം പഴയസെമിനാരി, 1-4-1977. 7. മാത്യൂസ് പ്രഥമൻ, കോട്ടയം ദേവലോകം, 25-3-1988. 8. മാത്യൂസ് ദ്വിതീയൻ, കോട്ടയം ദേവലോകം, 26-3-1999.

മെക്കാളെ, കേണൽ: 1800-ൽ കേരളത്തിലെ ബ്രിട്ടീഷ് റസിഡണ്ട്. ഇദ്ദേഹത്തിന്റെ പ്രേരണയിലും ഡോ. ക്ലോഡിയസ് ബുക്കാനന്റെ നേതൃത്വത്തിലുമാണ് പുലിക്കോട്ടിൽ (കുന്നംകുളം) ഇട്ടൂപ്പ് മല്പാനും കായംകുളം ഫീലിപ്പോസ് റമ്പാനും സുറിയാനിയിൽ നിന്ന് മലയാളത്തിലേക്കു വിവർത്തനം ചെയ്തുകൊടുത്ത മലയാളം ബൈബിൾ ബോംബെ കൊറിയർ പ്രസ്സിൽ നിന്ന് 1811-ൽ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടത്. ഇദ്ദേഹത്തിന്റെ സഹകരണത്തോടെയാണ് വട്ടിപ്പണം 3000 പൂവരാഹൻ ബ്രിട്ടീഷ് സർക്കാരിൽ ഏല്പിച്ചത്. മലങ്കരസഭയിലെ മിക്ക പ്രാചീന ദേവാലയങ്ങളും ഇദ്ദേഹം സന്ദർശിച്ചു. ബ്രിട്ടീഷ് ഇന്ത്യയിലെ വിദ്യാഭ്യാസ നയത്തിന്റെ ആവിഷ്ക്കർത്താവ് ഇദ്ദേഹമാണ്. വേലുത്തമ്പിയുടെ നേതൃത്വത്തിൽ ചതിപ്രയോഗത്തിലൂടെ നടന്ന ഒരു വധശ്രമത്തിൽ നിന്ന് അത്യദ്ഭുതകരമായി അദ്ദേഹം രക്ഷപ്പെട്ടു. വധശ്രമത്തിന്റെ പേരിൽ സൈന്യത്തിന് പില്ക്കാലത്ത് വലിയ വില നല്കേണ്ടി വന്നു.

മെത്രാൻകക്ഷി: '*കക്ഷിവഴക്കുകൾ*' കാണുക.

മെത്രാപ്പോലീത്താ: മെട്രോപ്പോലീത്തൻ എപ്പിസ്ക്കോപ്പാ. നഗരത്തിലെ മെത്രാൻ എന്നർത്ഥം. ഗ്രാമത്തിലെ മെത്രാൻ കോറിഎപ്പിസ്ക്കോപ്പാ. ഈ രണ്ട് സ്ഥാനങ്ങൾ പില്ക്കാലത്ത് കശ്ശീശാ; മെത്രാപ്പോലീത്താ എന്ന് വ്യത്യാസപ്പെട്ടു. രൂപത്തോടൊപ്പം ഭാവങ്ങൾക്കും വ്യത്യാസമുണ്ടായി. പട്ടംകൊട, തൈലം കൂദാശ, പള്ളിക്കൂദാശ എന്നിവ മെത്രാപ്പോലീത്തന്മാർ മാത്രം നടത്തുന്ന പതിവുണ്ടായി. പിന്നീട് സുന്നഹദോസ് അധ്യക്ഷന്മാരായ മെത്രാപ്പോലീത്താ, കാതോലിക്കാ, പാത്രിയർക്കീസ് എന്നിവർക്ക് മാത്രമേ മൂറോൻ കൂദാശയും മെത്രാൻ വാഴ്ചയും നടത്താനാവൂ എന്ന് വന്നു. പല സ്ഥലത്തും പല കാലത്തും ആയിട്ടാണ് ഈ പരിണാമങ്ങൾ സംഭവിച്ചത്. മേല്പട്ടക്കാരുടെ സ്ഥാനചിഹ്നമാണ് അംശവടി. മദ്ബഹാ ക്രമീകരണത്തിൽ 13 ഇരിപ്പിടങ്ങളിൽ മധ്യഭാഗത്തുള്ള പ്രധാന ഇരിപ്പിടം മെത്രാപ്പോലീത്തായ്ക്കുള്ളതാണ്.

മെനേസ്സിസ്, ആർച്ച്ബിഷപ്പ്: ഗോവയിലെ ആർച്ച് ബിഷപ്പായി അഗസ്റ്റീനിയൻ സന്യാസസമൂഹാംഗമായ ഇദ്ദേഹം 1595-ൽ ചുമതലയേറ്റു. അവിഭക്ത മലങ്കരസഭയെ റോമ്മിന് കീഴിൽ കൊണ്ടുവരുവാൻ പ്രതിജ്ഞാബദ്ധനായ ഇദ്ദേഹം കൊച്ചിയിലെത്തി ഗീവറുഗീസ് അർക്കദിയാക്കോന്റെ

പ്രതിഷേധത്തെ വകവക്കാതെ നിരവധിപേർക്ക് പട്ടംകൊടുത്തു. 1599 ജൂൺ 20-ന് ഉദയംപേരൂരിൽ ദിവസങ്ങളോളം നീണ്ടുനിന്ന പള്ളി പ്രതിനിധിയോഗം - സുന്നഹദോസ് - കൂടുകയും മലങ്കരയിലെ പൗരസ്ത്യ പാരമ്പര്യങ്ങളും ഭരണവും റോമ്മൻ മാതൃകയിൽ വ്യത്യാസപ്പെടുത്തുന്ന കാനോനാകൾ വായിച്ച് പാസ്സാക്കുകയും ചെയ്തു. വടക്ക് പാലൂർ-ചാട്ടുകുളങ്ങര ഇടവകയും തെക്ക് തിരുവിതാംകോട് ഇടവകയും സുന്നഹദോസിൽ നിന്ന് സാഹസികമായി വിട്ടുനിന്നു. സ്വാധീനങ്ങളും പ്രലോഭനങ്ങളും സൈനികശക്തിയും സുന്നഹദോസിനെ വൻ വിജയമാക്കി. പോർത്തുഗീസ് ഭരണത്തിൻകീഴിൽ രാജാക്കന്മാരും നിസ്സഹായരായിരുന്നു. സുന്നഹദോസിന് ശേഷം മെനേസ്സിസ് പള്ളികളിൽ സന്ദർശനം നടത്തി. ഉദയംപേരൂർ തീരുമാനങ്ങൾക്കനുസൃതമായി ഗ്രന്ഥങ്ങൾ തിരുത്തി, പതിവുകൾ മാറ്റി, വിവാഹിതരായ പുരോഹിതന്മാരുടെ ഭാര്യമാരെ പിരിച്ചയപ്പിച്ചു. തിരുത്താനാവാത്ത ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കി. 1599 നവംബർ 16-ന് ആർച്ച് ബിഷപ്പ് അലക്സിസ് ഡി മെനേസിസ് ഗോവയിലേക്ക് മടങ്ങി. 1609-ൽ പോർച്ചുഗലിലേക്ക് മടങ്ങിപ്പോയി.

മെന്ഓലം വാദാമ്മൊല് ഓലം ഒൽമ്മീൻ ആമ്മീൻ: സത്യമായും ആദിമുതൽ അന്ത്യംവരെ എന്നെന്നേക്കും തന്നെ എന്ന് അർത്ഥം. ത്രിത്വസ്തുതിയുടെ പ്രതിവാക്യം.

മെമ്രാ: പ്രസ്താവന. അപ്രേമിന്റെ അപേക്ഷകൾക്ക് ഈ പേർ ഉപയോഗിക്കുന്നു.

മെലിത്തിയോസ്, അന്ത്യോഖ്യാ: അന്ത്യോഖ്യയിലെ ന്യൂനപക്ഷമായിരുന്ന നിഖ്യാ വിശ്വാസികൾക്കുവേണ്ടി 360-ൽ ഇദ്ദേഹം അന്ത്യോഖ്യയിൽ പ്രവർത്തനം ആരംഭിച്ചു. പലവട്ടം നാടുകടത്തപ്പെട്ടു. 381-ലെ കുസ്തന്തീനോസ് സിന്നഡിൽ അദ്ദേഹം ആധ്യക്ഷ്യം വഹിച്ചു. സുന്നഹദോസിന്റെ നാളുകളിൽ അദ്ദേഹം ദിവംഗതനായി.

മെലിത്തിയോസ്, ഈജിപ്റ്റ്: ലിക്കോപ്പോലീസിലെ അധ്യക്ഷൻ. ഡയോക്ലീഷ്യൻ പീഡയുടെ കാലത്ത് (303) സഭയെ ഉപേക്ഷിച്ചവർ പിന്നീട് തിരിച്ചുവന്നപ്പോൾ അവരോട് കർക്കശഭാവം പുലർത്തിയ മെത്രാൻ. അദ്ദേഹവും പീഡനത്തിൽ അന്തരിച്ചു.

മെല്ലൂസ്, ജോൺ: 1874-ൽ കേരളത്തിൽ വന്ന കൽദായ മെത്രാൻ. റോമ്മിനോട് അനുരഞ്ജനപ്പെടുവാൻ ശ്രമിച്ചു. 1877-ൽ റോം അദ്ദേഹത്തെ മുടക്കി. കൽദായ പാത്രിയർക്കീസ് 1878-ൽ തിരിച്ചുവിളിച്ചു. അദ്ദേഹം 1882 വരെ കേരളത്തിൽ വസിച്ചു. ഇദ്ദേഹത്തെ അനുകൂലിച്ച കത്തോലിക്കാ പള്ളികൾ ക്രമേണ നിലപാട് മാറ്റി. ഒടുവിൽ 1882-ൽ മെല്ലൂസ് സ്വദേശ

ത്തേക്ക് പോയി. ഇദ്ദേഹം മൂലം ഉണ്ടായ വിഭജനങ്ങൾ മെല്ലൂസ് ശീശ്മ എന്ന് അറിയപ്പെടുന്നു.

മെൽക്കിയോർ: ഉണ്ണിയേശുവിനെ സന്ദർശിച്ച വിദ്വാന്മാരിൽ ഒരാൾ. കാസ്പർ, ബൽത്താബർ - ഇവർ അപരർ.

മെൽക്കിസദേക്ക്: നീതിയുടെ രാജാവ് എന്നർത്ഥം. ശാലേം രാജാവ്. അബ്രഹാം ഇദ്ദേഹത്തിന് ദശാംശം കൊടുത്തു (ഉല്പ. 14:18-20). സങ്കീ. 110:4-ൽ പരാമർശമുണ്ട്. അപ്പവും വീഞ്ഞും കൊണ്ട് ഈ നിത്യപുരോ ഹിതൻ ബലി അർപ്പിച്ചു. യേശു മെൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യ പുരോഹിതൻ (എബ്രാ. 5:6, 7:11). അബ്രഹാം ജന്തുബലി നടത്തുമ്പോൾ തന്നെ രക്തരഹിതബലിയുടെ അനുഷ്ഠാനം മെൽക്കിസദേക്കിൽ കാണുന്നു. ഈ രാജപുരോഹിതന്റെ രക്തരഹിത യാഗ പാരമ്പര്യം പെസ ഹായിൽ ക്രിസ്തു സ്വീകരിച്ച് അനുവർത്തിച്ച് പുതിയനിയമസഭയെ ഏല് പിച്ചു.

മെൽക്കൈറ്റ്സ്: കൽക്കിദൂൻ നിശ്ചയത്തെ അനുകൂലിച്ചവർ ഈ പേരിൽ വിളിക്കപ്പെട്ടു. പില്ക്കാലത്ത് അലക്സാന്ത്രിയാ, അന്ത്യോഖ്യാ, യെരുശലേം പാത്രിയർക്കീസന്മാരുടെ പരിധിയിൽപ്പെട്ട ബൈസാന്റിയൻ ഓർത്തഡോക്സ് സഭ ഈ പേരിൽ അറിയപ്പെട്ടു.

മെസപ്പൊത്തോമിയാ: തെഗ്രീസിനും യൂഫ്രട്ടീസിനും ഇടയ്ക്കുള്ള പുരാതന ബാബിലോൺ സാമ്രാജ്യം. ഇറാക്ക്, തുർക്കി, സിറിയ ഇവയുടെ ചില ഭാഗങ്ങൾ ഈ പ്രദേശത്താണ്. ഉല്പ. 24:10, 1 ദിന. 19:6, ആവ. 23:4 എന്നീ വേദഭാഗങ്ങൾ കാണുക.

മെഴുകുതിരികൾ: നിലവിളക്കുകൾ, മെഴുകുതിരികൾക്ക് വഴിമാറി. മെഴുകുതിരികൾക്ക് പ്രതീകാർത്ഥമുണ്ട്. ഇരുട്ടുള്ള ഗുഹകളിൽ കുർബ്ബാന അർപ്പിച്ചിരുന്ന കാലത്തും സന്ധ്യ മുതലുള്ള പ്രാർത്ഥനകളിലും തിരിയുടെ പ്രകാശം ആവശ്യം. സന്ധ്യയ്ക്കൊരു തിരി, സുത്താറായ്ക്ക് 2, ത്രോണോ സിൽ 12, എവൻഗേലി വായിക്കുമ്പോൾ 2, മറ്റു ശുശ്രൂഷകളിൽ 2, എതി രേല്പിന് അസംഖ്യം. ഇതൊക്കെ ആവശ്യാനുസരണവും അലങ്കാര ത്തിനും ആഘോഷത്തിനും വേണ്ടിയും ഉണ്ടായ പില്ക്കാല ക്രമീകരണ ങ്ങൾ ആണ്. ത്രോണോസിൽ മൃഗങ്ങളുടെ കൊഴുപ്പ് ചേർന്ന തിരികൾ ഉപയോഗിക്കാറില്ല. ത്യാഗത്തിന്റെ പ്രതീകമായി മെഴുകുതിരി എന്ന ഇമേജ് - കാവ്യബിംബം - ആധുനിക കവിതയിൽ ധാരാളം ഉപയോഗിച്ചിട്ടുണ്ട്.

മേക്കട്ടി: നടപ്പന്തലും കട്ടിലിന്ന് മുകളിലെ വിതാനവും. രാജകീയ പദവി. ചെപ്പേടുകളിൽ ഈ പദവി ക്രിസ്ത്യാനികൾക്ക് നൽകിയിട്ടുണ്ട്. പ്രദക്ഷിണങ്ങളിൽ ഇത് ഉപയോഗിക്കുന്നു. പട്ടക്കാരെയും മേല്പട്ടക്കാ

രെയും എതിരേല്ക്കുമ്പോഴും ഉപയോഗിക്കുന്നു.

മേനാവ്: പല്ലക്ക്. ആളുകൾ - അമാലന്മാർ - വഹിക്കുന്ന വാഹനം. രാജാക്കന്മാർക്കും മേല്പട്ടക്കാർക്കും പ്രഭുക്കൾക്കും സ്വന്തം വാഹനങ്ങൾ ഉണ്ടായിരുന്നു. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II ഉപയോഗിച്ച മേനാവ് കോട്ടയം പഴയസെമിനാരിയിലുണ്ട്.

മേമ്പൂട്ട്: പൊതുമുതൽ സൂക്ഷിക്കുന്ന പല പൂട്ടുകളുള്ള ലോക്കർ. സാധാരണ മുറിത്തട്ടിന് മുകളിലായിരിക്കും. ഓരോ പൂട്ടിന്റെയും താക്കോൽ ഓരോ ചുമതലക്കാരൻ വശം. ചുമതലക്കാർ ഒത്തുകൂടിയാലേ വില കൂടിയ രേഖകളും മറ്റും സൂക്ഷിക്കുന്ന മേമ്പൂട്ട് തുറക്കാനാവൂ.

മേരി ജോൺ, കൂത്താട്ടുകുളം: കൂത്താട്ടുകുളം വടകര ചൊള്ള മ്പേൽ യോഹന്നാൻ കോറെപ്പിസ്ക്കോപ്പായുടെയും അന്നാമ്മയുടെയും മകൾ. 1905 ജനു. 22-ന് ജനിച്ചു. തപാൽ വകുപ്പിൽ ഉദ്യോഗസ്ഥ. ദ്രുതക വനത്തിൽ മൂന്ന് സ്വർണ്ണമെഡലുകൾ നേടി. പ്രഭാതപുഷ്പം, തെരഞ്ഞെ ടുത്ത കവിതകൾ, ബാഷ്പമണികൾ, അഗ്നിനക്ഷത്രം, അമ്മയും മകളും, ചിത്ര, കഥാസമാഹാരം തുടങ്ങിയ കൃതികൾ രചിച്ചു. രണ്ട് കൃതികൾ വിവർത്തനം ചെയ്തു. മലയാളത്തിലെ പ്രസിദ്ധ കവയിത്രിയായ മേരി സാഹിത്യകാരനായ സി. ജെ. തോമസിന്റെ സഹോദരിയാണ്.

മേരി ജോൺ തോട്ടം: സിസ്റ്റർ ബനീഞ്ഞ്ജയുടെ ആദ്യനാമം. മലയാ ളത്തിലെ പ്രസിദ്ധ കവയിത്രി. 'ലോകമേ യാത്ര' അതീവ പ്രസിദ്ധം. ബൈബിൾ കവിതകളാണധികവും.

മേലങ്കി: പുറങ്കുപ്പായം. ഇറുകിയ ഉൾക്കുപ്പായത്തിന് മുകളിൽ അണിയുന്ന അയഞ്ഞ പുറങ്കുപ്പായം. യഹൂദ റാബിമാർ ഇത് ധരിച്ചിരുന്നു. പട്ടക്കാരും മേല്പട്ടക്കാരും റമ്പാന്മാരും ഇത് ധരിക്കുന്നു. ഗുരുസ്ഥാന ചിഹ്നമാണിത്. ദി റോബ് എന്ന പേരിൽ ലോയ്ഡ് സി. ഡഗ്ലാസ് രചിച്ച ഇംഗ്ലീഷ് നോവൽ മേലങ്കി എന്ന പേരിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. യേശുവിന്റെ അങ്കിയാണ് അതിന്റെ ഇതിവൃത്തം.

മേൽപ്പട്ടക്കാരൻ: മേൽനോട്ടം വഹിക്കുന്ന പട്ടക്കാരൻ, പട്ടക്കാരുടെ മേൽനോട്ടം നിർവഹിക്കുന്നവൻ എന്നർത്ഥം. മെത്രാൻ, മെത്രാപ്പോ ലീത്താ, കാതോലിക്കാ, പാത്രിയർക്കീസ്, പാപ്പാ ഇവരൊക്കെ ഈ ഗണ ത്തിൽ പെടും. സുറിയാനി പാരമ്പര്യത്തിൽ റീശ് കൊഹനെ - പ്രധാന ആചാര്യൻ - എന്ന് പറയും. ഇവർക്കും പട്ടക്കാർക്കും ഒരേ ശവസംസ്ക്കാര ക്രമമാണ് ഉപയോഗിക്കുന്നത് - കഹനൈത്തായുടെ ക്രമം. സ്ഥാനചിഹ്നം: അംശവടി.

മേശ കഴിക്കുക: മേശമേൽ ഭക്ഷണം വിളമ്പുന്നത് പ്രഭു സാധാരണമായ ചടങ്ങ്. തന്മൂലം പ്രഭുസ്ഥാനീയരായവർ ഭക്ഷണം കഴിക്കുന്നതിനെ മേശ കഴിക്കുക എന്ന് അലങ്കാരികമായി പറഞ്ഞുവന്നു. ഊൺമേശ, കാപ്പിമേശ, മേശ ഒരുക്കുക, മേശയ്ക്ക് സമയമായി എന്നീ പ്രയോഗങ്ങൾ അപ്രകാരം ഫ്യൂഡൽ സംസ്കാരത്തിൽ ജനിച്ചവയാണ്.

മേഴ്സി ജോൺ മാത്യു: മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ബി. എ., സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി. ഡി., എം. റ്റി. എച്ച്. ബിരുദങ്ങൾ നേടി. പുതിയനിയമ പണ്ഡിതയും ഗ്രന്ഥകാരിയും. ഇംഗ്ലണ്ടിലെ ജോർജ് ബൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്കോളർ. ഇപ്പോൾ ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ പ്രൊജക്ടിന്റെ പ്രധാന ചുമതലക്കാരിൽ ഒരാൾ.

മൈലപ്രാ സെന്റ് ജോർജ്ജ് പള്ളി: തുമ്പമൺ ഭദ്രാസനം. 1891-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം രൂപീകരിച്ച ഇടവകക്കായി പരുമല മാർ ഗ്രീഗോറിയോസ് ദേവാലയ ശിലാസ്ഥാപനം നിർവഹിച്ചു. അഞ്ചു കുരിശിൻതൊട്ടികളും രണ്ട് ചാപ്പലുകളും ഒരു ഓഡിറ്റോറിയവും ഉണ്ട്. മെയ് 6, 7 പ്രധാന പെരുന്നാളുകൾ.

മൈലാഞ്ചി ഇടുക: ഔഷധമൂല്യമുള്ള ചെടി. ചാറിന് ചുവന്ന നിറമാണ്. ചാറെടുത്ത് കൈവെള്ളയിലും നഖങ്ങളിലും കാലിലും ഓരോ ആകൃതിയിൽ അലങ്കരിക്കാറുണ്ട്. ഇതൊരു വിവാഹച്ചടങ്ങാണ്. പല സമുദായങ്ങളിലും. തൽസമയത്ത് പാടുവാൻ മൈലാഞ്ചിപ്പാട്ടുകൾ ഉണ്ട്. മൈലാഞ്ചി കാലുകളിൽ പുരട്ടിയാൽ വളംകടിയിൽ നിന്ന് രക്ഷ നേടാമെന്ന് നാട്ടറിവ് പറയുന്നു.

മൈലാപ്പൂർ: തമിഴ്നാട്ടിൽ മദ്രാസിന്റെ ഒരു ഭാഗം. തോമ്മാ ശ്ലീഹായുടെ കബറിടം ഇവിടെ സ്ഥിതിചെയ്യുന്നു. അറബിയിലും സുറിയാനിയിലും മീലീബാർ എന്നാണ് മലബാറിന് പറയുക. മദ്രാസിന്റെ പല ഭാഗങ്ങളും മലബാറിൽ ഉൾപ്പെട്ടിരുന്നു. മീലീബാർ ആദ്യപദം മയിൽ എന്ന് ഉച്ചരിക്കുവാൻ പാകത്തിലാണ് അറബിയിലും സുറിയാനിയിലും എഴുതുന്നത്. മയിലും മയിലാപ്പൂരും ഒക്കെ മീലീബാർ - മലബാർ - എന്ന സ്ഥലപ്പേരുമായി ബന്ധപ്പെടുത്തിയാണ് ഗ്രഹിക്കേണ്ടത്. ശ്ലീഹായുടെ തിരുശേഷിപ്പ് 165-ൽ എഡേസായിലേക്ക് മാറ്റപ്പെട്ടതായി പാരമ്പര്യം പറയുന്നു. 373-ൽ മാർ അപ്രേം ഈ സംഭവത്തെ കീർത്തിച്ചിട്ടുണ്ട്. 16-ാം നൂറ്റാണ്ടിൽ കബറിടം പോർച്ചുഗീസ് അധീനത്തിലായി. ഈ തീർത്ഥാടനകേന്ദ്രം കത്തോലിക്കാ സഭയുടെ കൈവശമാണിന്ന്. 72-ൽ ഡിസം. 21-ന് ശ്ലീഹാ ഇവിടെ വച്ച് സാക്ഷിമരണം പ്രാപിച്ചു.

മൈസൂർ പടയോട്ടം: മൈസൂർ സുൽത്താൻ ടിപ്പു 1779-ൽ നടത്തിയ ആക്രമണം ഈ പേരിൽ അറിയുന്നു. ഈ പടയോട്ടകാലത്ത് പാലൂർ-ചാട്ടുകുളങ്ങര പള്ളി അഗ്നിക്കിരയായി, അങ്ങാടി തകർക്കപ്പെട്ടു. അനേകംപേർ വിശ്വാസനിഷ്ഠയുടെ പേരിൽ സമീപത്തുള്ള വൃക്ഷശിഖരങ്ങളിൽ തൂക്കിക്കൊല്ലപ്പെട്ട് രക്തസാക്ഷികളായി. ചാട്ടുകുളങ്ങര രക്തസാക്ഷികളുടെ നഗരമായതിന്റെ ദൃക്സാക്ഷിവിവരണം തദ്ദേശവാസികളിൽ നിന്ന് 1808-ൽ കേട്ട രൂപത്തിൽ ഡോ. ക്ലോഡിയസ് ബുക്കാനൻ തന്റെ 'സ്മരണ'കളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മൊണ്ടാനിസം: രണ്ടാം നൂറ്റാണ്ടിൽ മൊന്താനസ് എന്ന ആൾ സഭയിൽ ഉണർവുണ്ടാക്കാൻ തുടങ്ങിയ പ്രസ്ഥാനം. ഏഷ്യയിലെ ഫ്രിജിയായിൽ ആരംഭിച്ചു. ജീവിതത്തോടുള്ള നിഷേധകാത്മകസമീപനം, അപക്വമായ സാമൂഹ്യവീക്ഷണം, വ്യക്ത്യധിഷ്ഠിത പരിശുദ്ധാത്മ പ്രവർത്തന വ്യാഖ്യാനം എന്നിവയുടെ പേരിൽ ഈ പ്രസ്ഥാനത്തെ സഭ പരിത്യജിച്ചു. അന്ത്യോഖ്യായിലെ സെറാപ്പിയോൺ ഇതിനെതിരെ പ്രതികരിച്ചു.

മൊർത്ത് മറിയം: മൊർ എന്ന പദത്തിന്റെ സ്ത്രീലിംഗ രൂപമാണ് മൊർത്. ഭാഗ്യവതി, വാഴ്ത്തപ്പെട്ടവൾ എന്നർത്ഥം. മർത് എന്ന് തത്ഭവ രൂപം.

മൊറിയോ റാഹേം അലൈൻ ഉ ആദാറൈൻ: കർത്താവേ ഞങ്ങളോട് കരുണ ചെയ്തു ഞങ്ങളെ സഹായിക്കേണമേ. ഈ സുറിയാനി പദസമുച്ചയം എത്രോ, ബോവൂസോ എന്നിവയ്ക്ക് മുമ്പായി ചൊല്ലുന്നു.

മോഡലിസം: ആദിമസഭയിൽ ത്രിത്വത്തെ സംബന്ധിച്ചുണ്ടായ വികല വ്യാഖ്യാനം. ദൈവം ആയിരിക്കുന്ന മൂന്ന് അവസ്ഥകളാണ് ത്രിത്വം. ആളത്വഭേദമില്ല എന്ന് ഇവർ പഠിപ്പിച്ചു.

മോഡറേറ്റർ: പ്രസ്ബിറ്ററീരിയൻ സഭയിൽ പരമാധികാര അസംബ്ലിയുടെ അധ്യക്ഷനാണ് മോഡറേറ്റർ. ഇടവകയുടെ മോഡറേറ്റർ വികാരി. കാസ്റ്റിംഗ് വോട്ട് മാത്രമേ അദ്ദേഹത്തിനുള്ളൂ. സി. എസ്. ഐ. യിൽ മോഡറേറ്റർ ബിഷപ്പിനെ 2 വർഷത്തേയ്ക്ക് തെരഞ്ഞെടുക്കുന്നു. റൈറ്റ്. റവ. എന്ന് വിശേഷിപ്പിക്കപ്പെടുന്നു.

മോണിസം: ആത്യന്തികമായി ഏകതത്വമേ ഉള്ളൂ. അതിന് ആളത്വം നിർബ്ബന്ധമല്ല എന്ന പാശ്ചാത്യ ചിന്ത.

മോണോസെലിട്ടിസം: ഏക ഇച്ഛാവാദം. യേശുവിൽ രണ്ടു സ്വഭാവങ്ങളുണ്ട്. ഇച്ഛ ഒന്നേയുള്ളൂ. സഭ ഇത് നിരാകരിച്ചു.

മോതിരം: 7-ാം നൂറ്റാണ്ടിൽ പാശ്ചാത്യസഭയിൽ ബിഷപ്പിന്റെ സ്ഥാന ചിഹ്നമായി മോതിരം പ്രത്യക്ഷപ്പെട്ടു. പൗരസ്ത്യസഭയിൽ ഈ പതിവ്

ഇല്ല.

മോതിരം വാഴ്‌വ്: ഔദ്യോഗികമായ വിവാഹ നിശ്ചയത്തിന്റെ ശുശ്രൂഷ. കാർമ്മികൻ ത്രിത്വനാമത്തിൽ മോതിരങ്ങൾ വാഴ്ത്തി നിയുക്ത വധൂവരന്മാരെ അണിയിക്കുന്നതോടെ വിവാഹനിശ്ചയം ഔദ്യോഗികമായി പൂർത്തിയാവുന്നു. ക്രിസ്തുവിന്റെ മണവാട്ടി സഭയിലേക്ക് ക്രിസ്തു മോതി രമണിയിച്ച് സ്വീകരിക്കുന്നു എന്നതാണ് കാർമ്മികൻ മോതിരമണിയി ക്കുന്നതിന്റെ സാംഗത്യം.

മോവാബ്: സോദോം നാശം കഴിഞ്ഞ് ലോത്തിന് തന്റെ മൂത്ത പുത്രി യിൽ ഉണ്ടായ മകൻ (ഉല്പ. 19:37). ഇദ്ദേഹത്തിന്റെ പിൻഗാമികൾ മോവാ ബ്യർ. അവരുടെ സ്ഥലവും മോവാബ്. ചാവുകടലിന്റെ കിഴക്കുഭാഗം.

മോശ: ഇസ്രായേൽ മക്കളുടെ വിമോചനത്തിന് ദൈവം നിയോഗിച്ച പ്രവാചക ശ്രേഷ്ഠൻ. ബി. സി. 13-ാം നൂറ്റാണ്ടിൽ ജനിച്ചു. മോശ = വെള്ള ത്തിൽ നിന്ന് വലിച്ചെടുക്കപ്പെട്ടവൻ (പുറ. 2:10). യിത്രോ പുരോഹിതന്റെ മകൾ സിപ്പോറയെ വിവാഹം കഴിച്ചു (പുറ. 2:21). ഹോറേബിൽ വച്ച് മുൾപ്പടർപ്പിൽ ദർശനമുണ്ടായി (പുറ. 3). ദൈവനിയോഗപ്രകാരം സഹോ ദരൻ അഹറോന്റെ സഹായത്തോടെ ഫറവോയിൽ നിന്ന് ജനതയെ മോചി പ്പിച്ചു. 40 വർഷത്തെ മരുഭൂ പ്രയാണം. ഈ യാത്രയിൽ അവർ ഒരു ജന തയായി. സീനായിൽ വച്ച് ദൈവത്തിൽ നിന്ന് പത്തു കല്പനകൾ അട ങ്ങിയ ന്യായപ്രമാണം പ്രാപിച്ചു. കനാൻ കണ്ടു. പ്രവേശിക്കുന്നതിന് മുമ്പ് നേബോ താഴ്‌വരയിൽ അദ്ദേഹം മരിച്ചടക്കപ്പെട്ടു. ഇസ്രായേൽ ജനതയുടെ വിമോചകൻ, യഹോവയെ അഭിമുഖമായി ദർശിച്ചവൻ, ഇസ്രായേലിന്റെ രാഷ്ട്രശില്പി, ധാർമ്മിക-മതജീവിതത്തെ രൂപപ്പെടുത്തിയ ധർമ്മോപദേ ഷ്ടാവ്, അഗ്നിപരീക്ഷകളിൽ ജനത്തോടൊപ്പം നിന്ന് പതറാതെ അവരെ ലക്ഷ്യത്തിലേക്ക് നയിച്ച ജനനേതാവ് എന്നീ നിലകളിൽ മോശ അവി സ്മരണീയനാണ്. വേദപുസ്തകത്തിലെ ആദ്യത്തെ അഞ്ചു പുസ്തക ങ്ങൾ മോശ രചിച്ചതായി വിശ്വസിക്കപ്പെടുന്നു. ദീർഘദർശിമാരിൽ തല വൻ എന്ന് സഭ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു.

മോശെ വത്സലം ശാസ്ത്രീയാർ (1847-1916): 1847-ൽ അന്തോണി എന്ന സുവിശേഷകന്റെ മകനായി ജനിച്ചു. സംസ്കൃതം, തമിഴ്, തെലുങ്ക്, മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ വ്യുല്പത്തി നേടി. നാഗർകോവി ലിൽ വൈദികപരിശീലനം നേടി. മൂല്യവത്തായ ധാരാളം ക്രിസ്തീയ ഗാന ങ്ങൾ രചിച്ചു. പ്രാർത്ഥനമാല, അദ്ഭുതദർശനം, ക്രിസ്തുചരിതം, സ്വർ ണ്ണമാല, യരൂശലേംപുത്രിമാരുടെ വിലാപങ്ങൾ, ധ്യാനകീർത്തനങ്ങൾ എന്നീ കൃതികൾ രചിച്ചു. 1916 ഫെബ്രു 20-ന് ഇദ്ദേഹം നിര്യാതനായി.

മോറാനായ പെരുന്നാളുകൾ: കർത്താവിനെ സംബന്ധിച്ച പെരു

ന്നാളുകൾ. 1. യൽദാ (ഡിസം. 25), 2. ദനഹാ (ജനു. 6), 3. മായൽത്താ (ഫെബ്രു. 2), 4. സൂബോറോ (മാർച്ച് 25), 5. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ (ജൂൺ 29), 6. കൂടാരപെരുന്നാൾ (ആഗസ്റ്റ് 6), 7. ശൂനോയോ (ആഗസ്റ്റ് 15), 8. സ്ലീബാ (സെപ്തം. 14), മാർത്തോമ്മായുടെ ദുക്റോനോ (ജൂലായ് 3), സ്വർഗ്ഗാരോഹണം, ഇവ കൂടാതെ ജനു. 1 (ആണ്ടാരംഭം), മൂന്ന് നോമ്പ് വീടൽ, നാല്പതാം വെള്ളി, പെസഹാ, ദുഃഖവെള്ളി, ദുഃഖശനി, ഞായറാഴ്ചകൾ തുടങ്ങിയവയിൽ ദേവാലയാരാധനകളിൽ പങ്കെടുക്കുവാനും വിശുദ്ധമായി ആചരിക്കുവാനും കടപ്പെട്ടിരിക്കുന്നു.

മോറാൻ: ഞങ്ങളുടെ കർത്താവ്. Our Lord എന്നർത്ഥം. കുറിയോസ് (ഗ്രീക്കു), മൊറിയോ (സുറിയാനി) ഇവ ദൈവത്വം പ്രഘോഷിക്കുന്നു. 'മോറാൻ ആത്താ' എന്ന് അറമായ ഭാഷയിൽ ശ്ലീഹന്മാർ പ്രാർത്ഥിച്ചു (1 കോരി. 16:22). സഭയുടെ പ്രധാന മേലധ്യക്ഷന്മാരെയും ഉപചാരപൂർവം മോറാൻ എന്ന് വിശേഷിപ്പിക്കുന്നു.

മോറാവോസേ: മാലാഖമാരുടെ ഒരു ഗണം.

മോറാൻ എസറാഹാം അലൈൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ എന്നർത്ഥം.

മോറാൻ ഹൂസ് റാഹേം അലൈൻ: ഞങ്ങളുടെ കർത്താവേ കൃപ ചെയ്യേണമേ എന്നർത്ഥം.

മോറാൻ അനിൻ റാഹേം അലൈൻ: ഞങ്ങളുടെ കർത്താവേ ഉത്തരമരുളി ഞങ്ങളോട് കരുണ ചെയ്യേണമേ എന്നർത്ഥം.

മോറാൻ യേശുമശിഹാ: സന്ധ്യായാമത്തിന്റെ ഉപസംഹാര പ്രാർത്ഥന.

മോറൂസോ മഫ്രിയാന (629-649): പേർഷ്യയിലെ തെഗ്രീസിൽ വാഴിക്കപ്പെട്ട ആദ്യത്തെ മഫ്രിയാന. സെലൂഷ്യൻ കാതോലിക്കേറ്റ് നെസ്തോറിനെ സ്വീകരിച്ചതുമൂലമാണ് പുതിയ സ്ഥാനി ഉണ്ടായത്. കിഴക്കിന്റെ കാതോലിക്കാ എന്ന് വിളിക്കപ്പെട്ട മോറൂസോ 649-ൽ ദിവംഗതനായി. അദ്ദേഹം ഒരു അനാഫുറാ രചിച്ചിട്ടുണ്ട്.

മൗദ്യാനന്മാർ: ഏറ്റു പറയുന്നവർ. കുമ്പസാരത്തിന് മലങ്കരയിൽ പണ്ട് മവദ (അവദ) പറയുക എന്ന് ഉപയോഗിച്ചിരുന്നു. വിശ്വാസം ഏറ്റുപറയുന്നവരും പാപം ഏറ്റുപറയുന്നവരും മൗദ്യാനന്മാർ ആണ്. അനേകം മൗദ്യാനന്മാർ രക്തസാക്ഷികൾ ആയിട്ടുണ്ട്.

മൗദ്യോനൂസോ: ഏറ്റുപറച്ചിൽ-കുമ്പസാരം. കൂദാശകളിലൊന്ന്. സഭയുടെ കല്പനകളിലൊന്ന്. അനുതാപത്തിന്റെ കൂദാശ. ഏറ്റുപറച്ചിൽ,

പ്രായശ്ചിത്തം ഇവ ഭാഗമാണ്. അനുതാപിയുടെ ഏറ്റുപറച്ചിൽ കേട്ട് പ്രബോധനകൾ നൽകി, പ്രായശ്ചിത്തം വിധിച്ച് തലയിൽ കൈവച്ച് പാപമോചനം പട്ടക്കാരൻ പ്രഖ്യാപിക്കുന്നു. ഏത് കൂദാശകൾക്കും മുമ്പേ ഈ കൂദാശ നടത്തിയിരിക്കണം. മനസ്സിന്റെയും ശരീരത്തിന്റെയും സൗഖ്യദാന ശുശ്രൂഷയാണിത്. മലങ്കരസഭാ ഭരണഘടനയനുസരിച്ച് പൊതുയോഗത്തിന്റെ അംഗം ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മൗമ്യോനോ: സത്യം ചെയ്യിക്കുന്നവൻ എന്ന് അർത്ഥം. മൗമ്യാനേന്മാർ താഴ്ന്ന വൈദികസ്ഥാനം. മാമ്മൂദീസായിൽ ഇവർ പിശാചിനെതിരെ സത്യം ചെയ്യിക്കുന്നു. ഇപ്പോൾ ഇത് കാർമ്മികൻ തന്നെയാണ് നിർവഹിക്കുന്നത്.

മൗലിക സുകൃതങ്ങൾ: 1. വിവേകം. 2. നീതിബോധം. 3. ആത്മനിയന്ത്രണം. 4. സഹനം. പൗലൂസ് ശ്ലീഹാ മൗലിക സുകൃതങ്ങളായി വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയെ കോരിന്ത്യ ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. ഭാരതീയർ സത്യം, അസ്തേയം, അപരിഗ്രഹം, ബ്രഹ്മചര്യം എന്നിവ മൗലിക സുകൃതങ്ങളായി കരുതുന്നു.

മ്ഗൂശേന്മാർ: '*വിദ്വാന്മാർ*' കാണുക.

മ്നൊർത്തോ: വിളക്ക് തണ്ട് എന്നർത്ഥം. പാതിനോമ്പിന് ഗോഗുൽത്തായെ പ്രതീകവത്ക്കരിച്ച് കുരിശ് നാട്ടുന്ന പീഠമാണ് മ്നൊർത്തോ. കഷ്ടാനുഭവ ആഴ്ച വരെ ചുവപ്പും അതുകഴിഞ്ഞ് കറുപ്പും വസ്ത്രങ്ങൾ മ്നൊർത്തോയിൽ കുരിശടയാളത്തോടെ ധരിപ്പിക്കും. ഊറാറ ചുറ്റിയ കുരിശും രണ്ട് തിരികളും കാണും. ത്രോണോസിന്റെ ബഹുമതി മ്നൊർത്തോയ്ക്ക് നൽകുന്നു.

മ്ശീഹോ: അഭിഷിക്തൻ. മശിഹാ എന്ന് തത്ഭവം.

മ്ശെംശോനോ: ശുശ്രൂഷകൻ. ശെമ്മാശൻ എന്ന് തത്ഭവരൂപം.

മ്സമ്രോനോ: പാട്ടുകാരൻ. ശെമ്മാശു സ്ഥാനങ്ങളിൽ ഒന്ന്. ഗായക സംഘാംഗങ്ങൾ എന്ന് പറയാം. ഊറാറ കെട്ടുന്ന ശൈലിയിൽ നിന്ന് ഈ ഗണത്തെ തിരിച്ചറിയാം. മലങ്കരയിലെ പാരമ്പര്യത്തിൽ തൊപ്പിയും ശുശ്രൂഷക്കുപ്പായവും നൽകുന്നു. മൂന്നാംപട്ടം എന്ന് സാധാരണ പറയും. ഈ സ്ഥാനം ഏല്ക്കുന്നവർക്ക് സങ്കീർത്തനപ്പുസ്തകം സ്ഥാനചിഹ്നമായി നൽകുന്നു. അവർ സങ്കീർത്തനങ്ങൾ മനഃപാഠമാക്കിയിരിക്കണമെന്ന് കാനോൻ നിർദ്ദേശിക്കുന്നു. മദ്ബഹായ്ക്കു താഴെയാണിവരുടെ യഥാർത്ഥ സ്ഥാനം.

മ്ഹസിയോ നോഹോകിൻ: പ്രുമിയോൻ കഴിഞ്ഞുള്ള ഹൂസോയോ പ്രാർത്ഥനയുടെ ആദ്യ പദങ്ങൾ.

യ

യജമാനൻ: 1808-ലെ കണ്ടനാട് പടിയോലയിൽ മേല്പട്ടക്കാരനെ ഈ പേരിൽ പരാമർശിച്ചിരിക്കുന്നു. 1811-ലെ ബൈബിൾ വിവർത്തനത്തിൽ ഈ പദത്തിന് പകരം അച്ചൻ എന്ന് എല്ലായിടത്തും ഉപയോഗിച്ചിരിക്കുന്നു.

യജ്ജുർവേദം: നാലു വൈദിക വേദങ്ങളിലൊന്ന്. ഋക്ക്, സാമം, അഥർവം - മറ്റു വേദങ്ങൾ.

യഥാസ്ഥാനപ്പെടുത്തുക: പൂർവസ്ഥാനത്തേയ്ക്ക് തിരിച്ചുകൊണ്ടു വരിക.

യരൂശലേം: സമാധാന നഗരം എന്ന് അർത്ഥം. യഹൂദ - ക്രൈസ്തവ - ഇസ്ലാം മതങ്ങൾക്ക് പുണ്യ നഗരം. ശാലേം എന്നാണ് പഴയ പേര്. ദാവീദ് ആസ്ഥാനമാക്കി. ദാവീദിന്റെ നഗരം എന്ന് പേരായി. ശലോമോൻ ദൈവാലയം പണിതു. യഹൂദന്റെ ഏക ദേവാലയം. ബി. സി. 587-ൽ നെബുക്കദ്നേസർ പട്ടണം നശിപ്പിച്ചു. ബി. സി. 168-ൽ അന്തിയോക്കസ് എപ്പിപ്പാനസ് ആക്രമിച്ചു; മക്കാബിയർ വീണ്ടെടുത്തു. ഹേരോദാവ് നഗരം വിപുലീകരിച്ചു. എ. ഡി. 70-ൽ റോമ്മാക്കാർ ഉന്മൂലനാശം വരുത്തി. പ്രവാചകന്മാരെ കൊല്ലുന്നവൾ എന്ന് യേശു ഈ നഗരത്തെ വിളിച്ചു. യേശു ഇവിടെ ക്രൂശിക്കപ്പെട്ടു. നഗരത്തിന്റെ പേര് ഏലിയ കാപ്പിറ്റോലിനാ എന്ന് വ്യത്യാസപ്പെട്ടു. 1948-ൽ ഇസ്രായേൽ രാഷ്ട്രം രൂപീകൃതമായപ്പോൾ യരുശലേം അവരുടെ തലസ്ഥാനമായി. സ്വർഗ്ഗത്തിന്റെ പ്രതിരൂപമാണ് യരുശലേം. 'മീതെയുള്ള യരുശലേം' എന്ന് പൗലൂസും 'പുതിയ യെരുശലേം' എന്ന് യോഹന്നാനും ഉപയോഗിച്ചു.

യരൂശലേം ദേവാലയം: ഇസ്രായേലിന്റെ മതജീവിതകേന്ദ്രം. ആദ്യം ശലോമോൻ നിർമ്മിച്ചു. പ്രവാസം കഴിഞ്ഞ് സെറുബാബ്ബേലിന്റെ നേതൃത്വത്തിൽ പുനർനിർമ്മിച്ചു. ഹേറോദേസ് നവീകരിച്ചു.

ഏഴുവർഷം കൊണ്ട് ശലോമോൻ പണിത ആലയം (1 രാജാ. 6:2-36). പ്രാകാരം, വിശുദ്ധ സ്ഥലം, അതിവിശുദ്ധ സ്ഥലം. പടിഞ്ഞാറ് അതിവിശുദ്ധസ്ഥലം, കിഴക്ക് പ്രകാരം. പ്രകാരം: ചുറ്റമ്പലം. ആടുമാടുകളുടെ വില്പനയും നാണയം മാറ്റുന്നവരുടെ ബിസിനസും വിജാതീയർ ആരാ

ധിക്കുന്നതും ഇവിടെയാണ്. പ്രാകാരത്തെയും വിശുദ്ധസ്ഥലത്തെയും ഒരു ഭിത്തി വേർതിരിച്ചു. വേർപാടിന്റെ നടുച്ചുമർ. ചുമരിനപ്പുറം വിജാതീയർക്ക് പ്രവേശനമില്ല. വിശുദ്ധസ്ഥലം ഏറ്റവും വിസ്തൃതമായത്. ധൂപപീഠം, കാഴ്ചയപ്പത്തിന്റെ മേശ, നിലവിളക്കുകൾ ഇവിടെയാണ്. പുരോഹിതർ നിത്യവും ഇവിടെ ധൂപം അർപ്പിച്ചു. പ്രാകാരത്തേക്കാൾ ഉയർന്നസ്ഥലം. അതിവിശുദ്ധസ്ഥലം ഏറ്റവും ഉയർന്നത്. വിശുദ്ധസ്ഥലത്തേക്കാൾ ഏഴടി ഉയരംകൂടും. ഇവിടം വേർതിരിക്കുന്നത് തിരശ്ശീലയാണ് (മത്താ. 27:51). ഇവിടെ സാക്ഷ്യപെട്ടകം, അതിന് മീതെ ചിറക് വിടർത്തി നില്ക്കുന്ന കെരൂബുകൾ, അതിന്റെ മധ്യത്തിലാണ് കൃപാസനം. ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ രക്തവുമായി പ്രവേശിച്ച് കൃപാസനത്തിൽ തളിക്കും; പാപമോചനത്തിന്നായി.

നെബുക്കദ്നാസർ 586-ൽ നശിപ്പിച്ചത് 70 വർഷത്തെ ബാബിലോൺ പ്രവാസം കഴിഞ്ഞു സെറുബാബേൽ പഴയ ഘടനയിൽ ദേവാലയം പുനർ നിർമ്മിച്ചു. മുൻ ദേവാലയത്തിന്റെ പ്രൗഢി ഉണ്ടായിരുന്നില്ല. ബി. സി. 169-ൽ അന്തിയാക്കോസ് എപ്പിപ്പാനസ് നശിപ്പിച്ചത് യൂദാസ് മക്കാബി യസ് പുതുക്കി പ്രതിഷ്ഠോത്സവം നടത്തി (യോഹ. 10:22).

ബി. സി. 19-ൽ ഹേരോദാവ് യെരൂശലേം മോടിപിടിപ്പിക്കുവാൻ തുടങ്ങി. എ. ഡി. 64-ൽ പണി പൂർത്തിയായി. എ. ഡി. 70-ൽ തീത്തൂസ് ചക്ര വർത്തി ആക്രമിച്ചു. കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതെ ഇടിച്ചുനിരത്തി. ഇതുവരെ ദേവാലയം പണിയാൻ കഴിഞ്ഞിട്ടില്ല.

യരൂശലേം സുന്നഹദോസ്: സഭയുടെ ഒന്നാം സിനഡ് (അ. പ്ര. 15-ാം അധ്യായം). വിജാതീയരുടെ സഭാപ്രവേശം പരിച്ഛേദനയ്ക്ക് ശേഷം മാത്രം മതി എന്ന വാദം ചർച്ചാ വിഷയം. യരൂശലേം ബിഷപ്പ് - കർത്തൃ സഹോദരൻ - മാർ യാക്കോബ് ആധ്യക്ഷ്യം വഹിച്ചു. പരിച്ഛേദന ഏല്ക്കേ ണ്ടതില്ല എന്നും വിജാതീയാചാരങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കണമെന്ന് ഞങ്ങൾക്കും പരിശുദ്ധാത്മാവിനും തോന്നി എന്നുമുള്ള തീരുമാനം യാ ക്കോബ് പ്രഖ്യാപിച്ചു. നിശ്ചയം വിജാതീയസഭകളെ അറിയിക്കുവാൻ ബർന്നബാസിനെയും ശീലാസിനെയും പൗലോസിനോടു കൂടെ അയച്ചു. ഈ ആദ്യ സിന്നഡിൽ പൗരോഹിത്യഗണം മാത്രമല്ല പങ്കെടുത്തത്.

യൽദൊ: ജനനം. യേശുവിന്റെ ജനനം. ഡിസം. 25-ന്. '*ക്രിസ്മസ്*', '*ജൂലിയൻ കലണ്ടർ*' കാണുക.

യൽദൊ മഫ്രിയാന: '*ബസ്സേലിയോസ്, യൽദൊ മാർ*' കാണുക.

യവനന്റെ അങ്ങാടി: പൊന്നാനിത്തുറമുഖം കേന്ദ്രമായി ചേര രാജാ ക്കന്മാർ വിദേശ വ്യാപാരം നടത്തിയ കാലത്ത് വ്യാപാരാർത്ഥം യവനന്മാർ

പാലൂരിൽ വസിച്ചിരുന്നു. പാലൂരിൽ അവരുടെ ആവാസ കേന്ദ്രം ‘യോനോന്റെ അങ്ങാടി’ എന്ന പേരിൽ പഴഞ്ഞിയിൽ ഇപ്പോഴും കാണാം.

യവനായ: ഗ്രീക്കു സംബന്ധിയായ. കേരളത്തിൽ ജോനകൻ, യോനോൻ തുടങ്ങിയ പദങ്ങളാൽ ഇവരെ സൂചിപ്പിച്ചു. ക്രിസ്തുവിന്റെ കാലത്ത് സ്വന്തം ചിന്താപദ്ധതിയും ദർശനവും മതവും മൂലം ഇവർ ഏറ്റവും ഔന്നത്യം നേടി. ഇന്നത്തെ ഇംഗ്ലീഷിന്റെ സ്ഥാനം അന്ന് ഗ്രീക്കിനുണ്ടായിരുന്നതിനാലാണ് പുതിയനിയമം ഗ്രീക്കിൽ രചിച്ചത്. ഭാരതം അലക്സാന്ത്രിയ തുറമുഖം വഴി ഗ്രീക്കുകാരുമായി വ്യാപാരം നടത്തിയിരുന്നു. പൊന്നാനിയായിരുന്നു വ്യാപാരത്തിന്റെ ഭാരതീയ തുറമുഖം. പാലൂർ തുറമുഖ പട്ടണവും.

യവനായ വർഷം: സെല്യൂസിഡ് അബ്ദം അഥവാ ഗ്രേഷ്യൻ അബ്ദം. 312 ബി. സി. യിൽ അലക്സാണ്ടർ ചക്രവർത്തിയുടെ സേനാനായകൻ സെലൂക്കസ് I ആന്റിയോക്കസിൽ നിന്ന് ബാബിലോണിയ തിരിച്ചുപിടിച്ചതിന്റെ സ്മാരകമായി ഈ അബ്ദം ആരംഭിച്ചു. യഹൂദർ, അറബികൾ, പൗരസ്ത്യ ക്രൈസ്തവർ എന്നിവർ ഈ അബ്ദം ഉപയോഗിച്ചു. 18, 19 നൂറ്റാണ്ടുകളിൽ വിദേശത്തുനിന്ന് വന്ന അധ്യക്ഷന്മാർ ക്രിസ്തുവർഷത്തോടൊപ്പം യവനായ വർഷവും ഉപയോഗിച്ചു. ആദ്യത്തെ 8 മാസം വരെ (ഈലൂൽ വരെ) 311-ഉം ഒക്ടോബർ തൊട്ട് ഓബ് (ആഗസ്റ്റ്) ഉൾപ്പെടെ 312-ഉം ഗ്രീക്കു വർഷത്തിൽ നിന്ന് കുറച്ചാൽ എ. ഡി. അബ്ദം കിട്ടും.

യഹൂദന്മാർ: അബ്രഹാമിന്റെ സന്തതി. എബ്രായക്കാർ, യഹൂദർ, ഇസ്രായേല്യർ എന്നൊക്കെ പേർ. ഇവർ ഇസ്രായേൽ, യഹൂദർ എന്നീ രണ്ടു പേരുകൾ സ്വീകരിച്ചു. പിന്നീട് ഒരേ പേരിൽ അറിയപ്പെട്ടു. കൽദായരുടെ ഊരിൽ നിന്ന് പുറപ്പെട്ട് തലമുറകളിലൂടെ കനാനിലെത്തി. ക്ഷാമകാലത്ത് ഈജിപ്തിലെത്തി. 400 കൊല്ലം കഴിഞ്ഞ് വീണ്ടും കനാനിലെത്തി. ശൗലിന്റെ കാലം മുതൽ ഒരു രാഷ്ട്രമായി. യഹൂദാ, ബെന്യാമിൻ ഗോത്രങ്ങൾ യഹൂദാ രാജ്യമെന്നും ശേഷം 10 ഗോത്രങ്ങൾ ശമര്യാ എന്നും അറിയപ്പെട്ടു. എ. ഡി. 70-ൽ യഹൂദർ നിശ്ശേഷം തകർക്കപ്പെട്ടു. ലോകമെങ്ങും ചിതറിപ്പോയി. ശലോമോന്റെ കാലം മുതൽ യഹൂദാസാന്നിധ്യം കേരളത്തിലുണ്ട്. എ. ഡി. 70-ന് ശേഷം അവരുടെ സംഖ്യ വർദ്ധിച്ചു. അവരുടെ കേന്ദ്രങ്ങളിലെല്ലാം സിനഗോഗ് ആരാധന ഉണ്ടായിരുന്നു. 20-ാം നൂറ്റാണ്ടിൽ മിക്കവരും മടങ്ങിപ്പോയി. ആരാധനാഭാഷയും അധ്യയന ഭാഷയും എബ്രായ ആണ്. ഏകദൈവ വിശ്വാസം യഹൂദന്റെ സംഭാവന. വിഗ്രഹങ്ങളും ലൈംഗികതയും ആരാധ്യമായിരുന്ന ഒരു ലോകത്തിൽ അത്യുദാത്തമായ ദൈവ-മതസങ്കല്പം യഹൂദർ നിലനിർത്തി. സമാഗമന

കൂടാരത്തിൽ ആരംഭിച്ച് യെരുശലേം ദൈവാലയത്തിൽ ഏകദൈവാരാധന വികസിച്ച് കേന്ദ്രീകൃതമായി. വിപുലമായ ബലിയനുഷ്ഠാനവും പുരോഹിത സംവിധാനവും ഇവർ വികസിപ്പിച്ചെടുത്തു. മോശയുടെ 10 കല്പനകൾ മനുഷ്യന്റെ ഏറ്റവും ഉദാത്തമായ ധാർമ്മിക അടിത്തറയായി. ക്രമേണ നിയമങ്ങൾ ദുർവഹമായിത്തീർന്നു. ക്രൈസ്തവ ദേവാലയം, ആരാധന, വിശ്വാസം, പെരുന്നാളുകൾ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ യഹൂദമത സംസ്കാരങ്ങളുടെ സ്വാധീനം പ്രകടമാണ്.

യഹൂദാ ഗോത്രം: 12 ഗോത്രങ്ങളിൽ പ്രധാനം. ദാവീദിന്റെയും ശലമോന്റെയും കാലത്ത് ഉച്ചാവസ്ഥ പ്രാപിച്ചു (ബി. സി. 1000). മറിയയും യൗസേപ്പും ഈ ഗോത്രക്കാർ. യേശുവിനെ ദാവീദ് പുത്രൻ എന്ന് വിളിച്ചിരുന്നു. യാക്കോബിന്റെ മകൻ യൂദാ ഗോത്രപിതാവ്. യഹൂദാ ഒരു ബാല സിംഹം എന്ന് പ്രവചനം.

യഹൂദ്യ: യഹൂദാഗോത്രം കൈവശപ്പെടുത്തിയ പാലസ്തീന്റെ തെക്കു ഭാഗം. യരൂശലേം, ബേത്‌ലഹേം, ഹെബ്രോൻ എന്നിവ പ്രസിദ്ധ നഗരങ്ങൾ. ശലമോന്റെ കാലശേഷമാണ് യഹൂദ്യാ, ഇസ്രായേൽ എന്ന് വിഭജനമുണ്ടായത്. തലസ്ഥാനം യെരൂശലേം. ബി. സി. 589-ൽ നെബുക്കദ്നേസ്സർ ആക്രമിച്ചു. തദ്ദേശവാസികളെ അടിമകളായി ബാബിലോണിൽ കൊണ്ടുപോയി. മക്കാബിയരുടെ കാലത്ത് യഹൂദ്യ സ്വതന്ത്രമായി. യഹൂദ്യ എന്ന സ്ഥലനാമത്തിൽ നിന്ന് യഹൂദന്മാർ എന്ന പേർ ഉണ്ടായി.

യഹോവ - നാമങ്ങൾ: 1. യഹോവ യിരേ = യഹോവ കരുതിക്കൊള്ളും (ഉല്പ. 22:14). 2. യഹോവ റോഫി = ഞാൻ സൗഖ്യമാക്കുന്ന യഹോവ (പുറ. 15:26). 3. യഹോവ നിസ്സി = യഹോവ എന്റെ കൊടി (പുറ. 17:15). 4. യഹോവ മെക്കദിഷ്കീം = ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു (പുറ. 31:12). 5. യഹോവ ഷാലോം = യഹോവ സമാധാനമാകുന്നു (ന്യായാ. 6:24). 6. യഹോവ സിദ്ക്കേനു = യഹോവ നമ്മുടെ നീതിയാകുന്നു (യിര. 23:6). 7. യഹോവാ ഷമ്മാ = യഹോവ അവിടെ (യെഹ. 48:25).

യഹോവാ രക്ഷിക്കുന്നു എന്ന എബ്രായ പദങ്ങളുടെ പരിണാമമാണ് യേശു.

യഹോവാ സാക്ഷികൾ: യെശ. 43:12-ൽ നിന്ന് ഈ പേർ സ്വീകരിച്ചു. 1852-ൽ അമേരിക്കയിൽ ജനിച്ച ചാൾസ് ടെയ്സ് റസ്സൽ ആണ് സ്ഥാപകൻ. തന്മൂലം റസ്സൽ മതമെന്നും പേരുണ്ടായി. 1872-ൽ അദ്ദേഹം ആരംഭിച്ച ബൈബിൾ സ്കൂൾ വാച്ച് ടവർ സൊസൈറ്റി ആയി വികസിച്ചു. 1916-ൽ റുതർ ഫോർഡ് നേതാവായി. സുവിശേഷപ്രചാരവേലയിൽ

തല്പരർ. ലഘുലേഖകൾ, ദൃശ്യശ്രാവ്യ പരിപാടികൾ എന്നിവ വിപുല മായിട്ടുണ്ട്. അവർ 1. ത്രിത്വവിശ്വാസം നിഷേധിക്കുന്നു. 2. യേശു ആദ്യ സൃഷ്ടി. 3. യേശു മനുഷ്യൻ മാത്രമായിരുന്നു. 4. യേശു മരിച്ചപ്പോൾ അസ്തിത്വം ഇല്ലാതായി. 5. ക്രിസ്തു ഉയിർത്തത് ശരീരത്തോടെയല്ല. 6. പരിശുദ്ധാത്മാവിന് ദൈവത്വമോ ആളത്വമോ ഇല്ല. 7. മനുഷ്യൻ മരിച്ചാൽ അവന്റെ ആത്മാവ് അവശേഷിക്കുന്നില്ല. 8. 1914-ൽ ജാതികളുടെ കാലം തികഞ്ഞു. 1918-ൽ ക്രിസ്തു രാജ്യം സ്ഥാപിച്ചു. 144000 റസ്സൽ മതക്കാർക്ക് സ്വർഗ്ഗം. അർമ്മഗദ്ദോൻ യുദ്ധത്തെ യഹോവാസാക്ഷികൾ മാത്രം അതി ജീവിക്കും. ഭൂമിയിൽ 1000 വർഷത്തേയ്ക്ക് പറുദീസാ സ്ഥാപിക്കും. 9. മറ്റു ക്രൈസ്തവ വിഭാഗങ്ങളും ശേഷം എല്ലാവരും അർമ്മഗദോൻ യുദ്ധ ത്തിൽ നശിക്കും. വേദപുസ്തകം മാത്രമാണ് പ്രമാണം. പല കൃത്രിമ ങ്ങളും കാണിച്ച സ്വതന്ത്ര പരിഭാഷ ഉപയോഗിക്കുന്നു. അറിയോസിന്റെ ഉപദേശങ്ങളുടെ പുതിയ പതിപ്പായി, മക്കദോനിയോസിന്റെ ഉപദേശങ്ങ ളുടെ പുതിയ പതിപ്പായി ഈ ആധുനിക വിഭാഗത്തെ കാണാം. ക്രിസ്ത്യാ നികൾ എന്ന പേർ ഇവർ അർഹിക്കുന്നില്ല.

യഹോശാഫാത്ത്: എബ്രായ = യഹോവാ ന്യായം വിധിച്ചിരിക്കുന്നു. ഈ പേരിൽ പലരുണ്ട്. 1. ശലോമോൻ നിയമിച്ച ഒരു ഉദ്യോഗസ്ഥൻ (1 രാജാ. 4:7). 2. യഹൂദായെ ഭരിച്ച രാജാവ് (2 ദിന. 17:2; 12-19). 3. യിസ്രാ യേലിലെ പത്താമത്തെ രാജാവ് (2 രാജാ. 9:2). അന്ത്യന്യായവിധി നട ത്തുന്ന താഴ്വരയാണിത് (യോവേൽ 3:2, 12). കെദ്രോൻ താഴ്വരയെ ഈ പേരിൽ പരാമർശിക്കാറുണ്ട്.

യാക്കോബ് കത്തനാർ, പനയ്ക്കൽ: കുന്നംകുളത്ത് 1875 ജൂലൈ 28-ന് ജനിച്ചു. 23-3-1898 ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ കുറുപ്പമ്പടിയിൽ വച്ച് കോറൂയോ പട്ടം നൽകി. പരുമല മാർ ഗ്രീഗോറിയോസ് കശ്ശീശാപട്ടം നൽകി. കോട്ടയം പഴയസെമിനാരിയിൽ ഏതാനും കാലം മല്പാൻ ആയിരുന്നു. ചെറായി, ചേലക്കര, ആർത്താറ്റ് സിംഹാസനപള്ളി തുടങ്ങിയ ഇടവകകളിൽ പ്രവർത്തിച്ചു. ചേലക്കര, ആർത്താറ്റ് സിംഹാസനപള്ളി എന്നിവിടങ്ങളിൽ പ്രസിദ്ധീകരണശാലകൾ ആരംഭിച്ചു. മലയാളത്തിലെ ആദ്യത്തെ കുർബ്ബാന വ്യാഖ്യാനം വി. കുർ ബ്ബാന ധ്യാനം എന്ന പേരിൽ 1905-ൽ പ്രസിദ്ധീകരിച്ചു. മാർ ദീവന്നാ സ്യോസ് വിജയം (ദശകത്രയം), മാർ ദീവന്നാസ്യോസ് ചരമഗീതം, സുറി യാനി കീർത്തനമാല, ശ്രീയേശു ചരിതം, പത്തു പ്രസംഗങ്ങൾ, പത്തു പാഠങ്ങൾ തുടങ്ങി പതിനഞ്ചിലേറെ പുസ്തകങ്ങൾ പ്രതിഭാശാലിയും വിവിധ ഭാഷാപണ്ഡിതനുമായ അദ്ദേഹം പ്രസിദ്ധീകരിച്ചു. അന്ത്യകാലം അദ്ദേഹം കഴിച്ചുകൂട്ടിയത് കത്തോലിക്കാസഭയിൽ കുന്നംകുളം പുതുശ്ശേരി പള്ളിയിലാണ്. അവിടെ അദ്ദേഹം 1955 ആഗസ്റ്റ് 4-ന് അന്തരിച്ച് കബറട

ക്കപ്പെട്ടു. സ്വദേശത്ത് 'പനക്കൽ കാക്കു അച്ചൻ' എന്ന് അറിയപ്പെടുന്നു.

യാക്കോബ് നാടകം: കുന്നംകുളം പാറമേൽ കുത്തൂർ ഇട്ടൂപ്പ് രചിച്ച നാടകം. സംസ്കൃത നാടകശൈലിയിൽ വിരചിതമായ നാടകം 19-ാം നൂറ്റാണ്ടിൽ അരങ്ങേറി. മലയാള നാടക സാഹിത്യത്തിൽ പ്രഥമ ഗണനീയമായ കൃതിയാണിത്.

യാക്കോബ് മല്പാൻ, പനയ്ക്കൽ: 19-ാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ആർത്താറ്റ്-പാലൂർ ഇടവകയിൽ ജീവിച്ചിരുന്ന പണ്ഡിതനായ മല്പാൻ. പഴഞ്ഞിയിലും കുന്നംകുളത്തും അക്കാലങ്ങളിൽ പ്രവർത്തിച്ചിരുന്ന മല്പാൻ പാഠശാലകളിൽ ഇദ്ദേഹമായിരുന്നു പ്രധാന മല്പാൻ (കോട്ടയം പഴയസെമിനാരി നവീകരണക്കാരുടെ കൈവശമായിരുന്നു അക്കാലങ്ങളിൽ). ആർത്താറ്റ് സെഹിയോൻ ബംഗ്ലാവിൽ പ്രവർത്തിച്ച സെമിനാരിയിൽ ശെമവൂൻ റമ്പാനോടൊപ്പം (പിന്നീട് ശീമക്കാരൻ ശെമവൂൻ അത്താനാസ്യോസ്) ഇദ്ദേഹവും മല്പാനായിരുന്നു. 1873-ൽ പരുമലയിലും 1876-ൽ മുളന്തുരുത്തിയിലും ചേർന്ന സുന്നഹദോസുകളിൽ ആർത്താറ്റ് കുന്നംകുളം ഇടവകയെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയും രണ്ടു സ്ഥലത്തും വച്ച് രൂപപ്പെട്ട മാനേജിംഗ് കമ്മിറ്റികളിൽ അംഗമാവുകയും ചെയ്തു. ഇദ്ദേഹത്തിന്റെ സമർത്ഥമായ നേതൃത്വം മൂലമാണ് കരുത്തനായ പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിന് കുന്നംകുളത്ത് ശക്തമായ പിന്തുണ ലഭിക്കാതെ പോയത്. തൊഴിയൂരിന്റെ കൂത്തൂർ മാർ കൂറിലോസ് ആണ് ഇദ്ദേഹത്തിന് കശ്ശീശാപട്ടം നൽകിയത്.

യാക്കൂബ് മാർ ഐറേനിയസ്, ഡോ.: '*ഐറേനിയോസ്, ഡോ. യാക്കോബ് മാർ*' കാണുക.

യാക്കോബ് മാർ പോളിക്കാർപ്പോസ്: '*പോളിക്കാർപ്പോസ്, യാക്കോബ് മാർ*' കാണുക.

യാക്കോബ് ശ്ലീഹാ: അല്ഫായിയുടെ പുത്രൻ. പന്ത്രണ്ട് ശിഷ്യരിൽ ഒരാൾ (മത്താ. 9:9; മർക്കോ. 2:14). ചെറിയ യാക്കോബ് എന്ന് ഇദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുണ്ട് (മർക്കോ. 15:40). ഈജിപ്റ്റിലും അറേബിയായിലും സുവിശേഷം അറിയിച്ചതായും ബത്നൽ ദസറൂഗ് എന്ന സ്ഥലത്തുവച്ച് കുരിശിൽ തറയ്ക്കപ്പെട്ട് രക്തസാക്ഷി ആയി എന്നും വിശ്വസിക്കപ്പെടുന്നു.

യാക്കോബ് മാർ, എഡേസ്സാ (640-708): എഡേസായിലെ മെത്രാൻ. സുറിയാനി പണ്ഡിതൻ, വേദശാസ്ത്രജ്ഞൻ, ദാർശനികൻ, ചരിത്രകാരൻ, വേദപുസ്തക വ്യാഖ്യാതാവ്, സുറിയാനി വ്യാകരണ പണ്ഡിതൻ ഈ നിലകളിൽ ശ്രദ്ധേയനായ ഇദ്ദേഹം അന്ത്യോഖ്യായ്ക്ക് സമീപം എൽദേബാ ഗ്രാമത്തിൽ ജനിച്ചു. 684-ൽ മെത്രാനായി. സുറിയാനി, ഹീബ്രു,

ഗ്രീക്കു ഭാഷകളിൽ അവഗാഹം നേടിയ അദ്ദേഹം സഭാപിതാക്കന്മാരുടെ അനേകം ഗ്രീക്ക് രചനകൾ സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. അന്ത്യോഖ്യായിലെ വി. സേവേറിയോസിന്റെ മിക്ക കൃതികളും ഇക്കൂട്ടത്തിൽ പെടുന്നു. മെത്രാൻ ഭരണം ഉപേക്ഷിച്ച് ഒരു ദയറായിൽ 11 കൊല്ലം അധ്യാപകൻ ആയിരുന്നു. 9 കൊല്ലം പഴയനിയമത്തിന്റെ പെഷീത്താ വിവർത്തനം മെച്ചപ്പെടുത്തുവാൻ ഉപയോഗിച്ചു. പഴയനിയമ ഗ്രന്ഥങ്ങൾ അധ്യായങ്ങളായി തിരിച്ചു. പഴയനിയമ പുസ്തകങ്ങൾക്ക് വ്യാഖ്യാനമെഴുതി. പഞ്ചഗ്രന്ഥങ്ങൾ, ഏശായ, ദാനിയേൽ, 1-ഉം 2-ഉം ശമുവേൽ എന്നിവയുടെ വ്യാഖ്യാനങ്ങൾ പൂർണ്ണരൂപത്തിൽ ലഭിച്ചിട്ടുണ്ട്. യൂസേബിയോസിനെ മാതൃകയാക്കി ഒരു സഭാചരിത്ര ഗ്രന്ഥവും രചിച്ചു. യാക്കോബിന്റെ തക്സാ മെച്ചപ്പെടുത്തുവാനും മാമ്മൂദീസാ, വിവാഹം എന്നിവയുടെ ക്രമങ്ങൾ, സഭാ പഞ്ചാംഗം, യാമപ്രാർത്ഥനകൾ എന്നിവ രചിക്കുവാനും ക്രോഡീകരിക്കുവാനും മുൻകൈ എടുത്തു. ഒരു അനാഫുറ രചിച്ചു. ദാർശനിക പദങ്ങളുടെ അർത്ഥം വിവരിക്കുന്ന എൻകിറിഡിയോൺ രചിച്ചു. സുറിയാനി ഭാഷയ്ക്ക് വ്യാകരണവും ഉച്ചാരണനിയമങ്ങളും ഉണ്ടാക്കി. സുറിയാനി ഭാഷയിലെ ഇന്നത്തെ സ്വരലിപിയായ 'പുള്ളികൾ' ഇദ്ദേഹത്തിന്റെ സംഭാവനയാണ്.

യാക്കൂബ് III പാത്രിയർക്കീസ്: സിറിയൻ സഭയുടെ 1957 മുതലുള്ള പാത്രിയർക്കീസ്. അബ്ദുൽ ആഹാദ് റമ്പാൻ എന്ന പേരിൽ 1934 മുതൽ 1946 വരെ മഞ്ഞനിക്കര ദയറായിൽ സുറിയാനി മല്പാൻ ആയിരുന്നു. മലയാളം അറിയാം. 1950-ൽ ബേയ്റൂട്ടിൽ യാക്കോബ് സേവേറിയോസ് എന്ന പേരിൽ മെത്രാനായി. 1958-ൽ മലങ്കരസഭയിലെ വ്യവഹാരം സുപ്രീംകോടതിവിധി മൂലം അവസാനിച്ചപ്പോൾ ഗീവറുഗ്ഗീസ് II കാതോലിക്കായുടെ സമാധാനനിർദ്ദേശത്തെ ഇദ്ദേഹം സ്വാഗതം ചെയ്യുകയും പരസ്പര സ്വീകരണം മൂലം സഭയിൽ സമാധാനം ഉണ്ടാവുകയും ചെയ്തു. 1964-ൽ ഔഗേൻ പ്രഥമൻ കാതോലിക്കായുടെ സ്ഥാനാരോഹണത്തിൽ സഭയുടെ ക്ഷണം സ്വീകരിച്ച് അധ്യക്ഷത വഹിച്ചു. 1970-ൽ കുപ്രസിദ്ധിയാർജ്ജിച്ച 203-ാം നമ്പർ കല്പനയിലൂടെ മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യവും സിംഹാസനവും നിഷേധിക്കുന്ന കല്പന അയച്ച് സഭയിൽ പുതിയ വിവാദങ്ങൾക്ക് തിരികൊളുത്തി. 1972-ൽ ഭരണഘടനാ വിധേയമായി നടന്ന സഭാസ്വീകരണത്തെ വെല്ലുവിളിച്ചുകൊണ്ട് ഒരു ഡലിഗേറ്റിനെ അദ്ദേഹം മലങ്കരയിലേക്ക് നിയോഗിച്ചു. പിന്നീട് പല മെത്രാന്മാരെയും ഒടുവിൽ ഒരു സമാന്തര കാതോലിക്കായെയും വാഴിച്ച്, അദ്ദേഹം കൂടി മുൻകൈ എടുത്ത് 1958-ൽ യാഥാർത്ഥ്യമാക്കിയ സഭാസമാധാനത്തെ ഫലത്തിൽ ഇല്ലാതാക്കി. 1974-ൽ കൂടിയ മലങ്കര സിനഡ് അദ്ദേഹം സ്വയം സഭയ്ക്കിതരനായി എന്ന് പ്രഖ്യാപിച്ചു. സുറിയാനി സഭാചരിത്രം എന്ന

ഒരു ഗ്രന്ഥം ചമച്ചു. 1980 ജൂൺ 26-ന് ഡമാസ്കസിൽ ഇദ്ദേഹം കാലം ചെയ്തു.

യാക്കോബ്, മാർ (1552): മെസപ്പൊട്ടേമ്യയിൽ നിന്ന് 1504-ൽ ഇന്ത്യയിലെത്തിയ 4 മെത്രാന്മാരിലൊരാൾ. പൗരസ്ത്യ പാരമ്പര്യങ്ങൾ ഉപേക്ഷിച്ച് പാശ്ചാത്യരുടെ പ്രീതി നേടി. ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടു. അന്ത്യകാലം കൊച്ചിയിലെ ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ കഴിച്ചുകൂട്ടി. അവിടെയും അനഭിമതനായ അദ്ദേഹം 1550-നും 52-നും ഇടയ്ക്ക് അന്തരിച്ചു.

യാക്കോബ്, ചെറിയ: മർക്കോ. 15:40-ൽ പറയുന്ന അല്ഫായിയുടെ മകൻ. 12 ശ്ലീഹന്മാരിൽ ഒരുവൻ. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

യാക്കോബിന്റെ തക്സാ: കർത്താവിന്റെ സഹോദരൻ യാക്കോബിന്റെ ഈ ക്രമം സുറിയാനിയിലാണ്. സിറിയായിലും അർമ്മീനിയായിലും ഇത് ഉപയോഗിക്കുന്നു. സുറിയാനി തക്സാകൾ എല്ലാം ഈ മാതൃകയിൽ രചിക്കപ്പെട്ടവയാണ്. പട്ടംകൊട, നവപൂജാർപ്പണം, മാറാനായ പ്പെരുനാളുകൾ എന്നീ സുപ്രധാന ഘട്ടങ്ങളിൽ ഈ തക്സാ ഉപയോഗിക്കുവാൻ നിർദ്ദേശമുണ്ട്. യെരൂശലേം പാരമ്പര്യത്തിൽ വിരചിതമാണീ തക്സാ.

യാക്കോബ് ബുർദ്ദാന: കൽക്കീദൂൻ സുന്നഹദോസിനെ സ്വീകരിക്കാത്തവർ 6-ാം നൂറ്റാണ്ടിൽ ക്ഷീണിച്ചു. വൈദികരെ പുറത്താക്കിയതു മൂലം സഭയ്ക്ക് ആത്മീയ നേതൃത്വം ഇല്ലാതായി. സിറിയായിൽ തെല്ലാ നഗരത്തിൽ ജനിച്ച ഇദ്ദേഹം സുറിയാനി - ഗ്രീക്കു ഭാഷകൾ അഭ്യസിച്ചു. സന്യാസം വരിച്ചു. ചക്രവർത്തി എതിരായിരുന്നെങ്കിലും തോവോദോറാ ചക്രവർത്തിനി ഇവരെ സഹായിച്ചു. അലക്സാന്ത്രിയായിലെ തേവോദോസ്യോസ് പാത്രിയർക്കീസ് ഇദ്ദേഹത്തെ എഡേസ്സായിലെ മെത്രാനായി പട്ടംകൊടുത്തു. അദ്ദേഹം സിറിയാ, പാലസ്തീൻ, ഈജിപ്റ്റ്, ഏഷ്യാ മൈനർ, മെസപ്പൊട്ടേമിയ തുടങ്ങിയ സ്ഥലങ്ങളിലായി വിവിധ വൈദിക സ്ഥാനികളെ പട്ടംകൊടുത്തു നിയമിച്ചു. ചാക്കുകൊണ്ട് തയ്ച്ച (ബുർദ്ഓ) വസ്ത്രം ധരിച്ച് വേഷപ്രച്ഛന്നൻ ആയി സഞ്ചരിച്ചു. അങ്ങനെ ബുർദ്ദാന എന്ന് പേരായി. അന്ത്യോഖ്യൻ സുറിയാനിക്കാർക്ക് 2 പാത്രിയർക്കീസന്മാരെയും മേല്പട്ടക്കാരും പട്ടക്കാരും ശെമ്മാശന്മാരുമായി അനവധി വൈദികരെയും അദ്ദേഹം വാഴിച്ചു. അലക്സന്ത്രിയായുടെ സഹായത്തോടെ അന്ത്യോഖ്യൻ സഭയിലെ കൈവെപ്പിന്റെ ക്ഷാമം ഇപ്രകാരം അദ്ദേഹം പരിഹരിച്ചു. '*യാക്കോബായ*' കാണുക.

യാക്കോബ് ശ്ലീഹാ: സെബദിയുടെ പുത്രൻ, യോഹന്നാന്റെ സഹോ

ദരൻ, ബ്നായർ ഗേശ് (ഇടിയുടെ മക്കൾ) എന്ന് വിളിക്കപ്പെട്ടവൻ. ശിഷ്യരുടെ അകംവൃത്തത്തിൽ ഒരാൾ. ബത്സയ്ദാ സ്വദേശി. മീൻപിടുത്തം തൊഴിൽ. യഹൂദ്യ, ശമര്യ, സ്പെയിൻ എന്നിവിടങ്ങളിൽ സുവിശേഷം അറിയിച്ചു. രക്തസാക്ഷിത്വം വരിച്ച ആദ്യ അപ്പസ്തോലൻ ഇദ്ദേഹമാണ്. ഹേരോദാവ് വാൾ കൊണ്ട് കൊല്ലിച്ചു (അ. പ്ര. 12). അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ സ്പെയിനിൽ അടക്കം ചെയ്തു.

യാക്കോബ്, സെറൂഗ് (449–521): സുറിയാനി പദ്യസാഹിത്യത്തിൽ അതികായൻ, കവി, വേദശാസ്ത്രജ്ഞൻ. യൂഫ്രട്ടീസ് നദീതീരത്ത് ഹൗറായിൽ ജനിച്ചു. എഡേസായിൽ പഠിച്ചു. നെസ്തോറിന്റെ വിശ്വാസത്തെ എതിർത്തു. 518-ൽ സെറൂഗിലെ ബത്നാം നഗരത്തിന്റെ മെത്രാനായി. അന്ത്യോഖ്യായിലെ സേവേറിയോസ് ആണ് വാഴിച്ചത്. സുറിയാനിയിൽ 763 കാവ്യ പ്രസംഗങ്ങൾ രചിച്ചു. 'പരിശുദ്ധാത്മാവിന്റെ വീണയും ഓർത്തഡോക്സ് സഭയുടെ കിന്നരവും' എന്ന് ഇദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. ഇദ്ദേഹം എഴുതിയ 300-ൽപരം കവിതകൾ ലഭ്യമാണ്. പോൾ ബഡ്ജാൻ പാരീസിൽ നിന്ന് 212 കവിതകൾ പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ 43 എഴുത്തുകളും 8 പ്രസംഗങ്ങളും ലഭ്യമാണ്. ഒരു അനാഫുറ രചിച്ചു. ഒരു മാമ്മൂദീസാക്രമം എഴുതി. ഗീതങ്ങൾ ആരാധനാക്രമങ്ങളിൽ ഉപയോഗിക്കുന്നു. പന്ത്രണ്ട് മാത്രകൾ വീതമുള്ള ഇദ്ദേഹത്തിന്റെ ബോവൂസാ എട്ട് നിറങ്ങളിലും വ്യത്യസ്തമായ മറ്റു രാഗങ്ങളിലും ചൊല്ലുന്നു. ഇദ്ദേഹത്തിന്റെ കാവ്യ മാതൃകയിലാണ് ഔഗേൻബാവയും മറ്റും കുർബ്ബാനയുടെ ഹൂത്തോമ്മോ ഗാനങ്ങൾ രചിച്ചിട്ടുള്ളത്.

യാക്കോബായ: യാക്കോബിനോട് ചേർന്ന എന്നർത്ഥം. അന്ത്യോഖ്യൻ സഭയിൽ കൈവെപ്പ് മുറിഞ്ഞുപോയപ്പോൾ അലക്സന്ത്രിയായിൽ നിന്ന് പട്ടമേറ്റ് വന്ന മാർ യാക്കോബ് അന്ത്യോഖ്യൻ സഭയ്ക്കാവശ്യമായ പാത്രിയർക്കീസ്, മേല്പട്ടക്കാർ, വൈദികർ എന്നിവരെ ആവശ്യാനുസരണം പട്ടംകൊടുത്തു നിയമിച്ചു. അദ്ദേഹം വാഴിച്ച പൗലേ പാത്രിയർക്കീസ് യാക്കോബുമായി തർക്കത്തിലായി. പൗലേയുടെ കക്ഷിക്കാർ യാക്കോബിന്റെ കക്ഷിയെ യാക്കൂബായക്കാർ എന്ന് വിളിച്ചു. തർക്കം ഏറെക്കുറെ ആ തലമുറയിൽത്തന്നെ അവസാനിച്ചെങ്കിലും യാക്കൂബായക്കാർ എന്ന പേർ നിലനിന്നു. പില്ക്കാലങ്ങളിൽ കൽക്കിദൂൻ സിന്നഡിനെ സ്വീകരിക്കാത്തവരെല്ലാം ആ പേരിൽ വിശേഷിപ്പിക്കപ്പെട്ടു. അന്ത്യോഖ്യൻ സംസർഗ്ഗമുണ്ടായപ്പോൾ മലങ്കരസഭയും ആ തെറ്റായ പേരിൽ അറിയപ്പെട്ടു.

യാക്കൂബായക്കാർ: ആറാം നൂറ്റാണ്ടിലെ യാക്കൂബ് ബുർദ്ദാനയുടെ അനുയായികൾ എന്ന് കത്തോലിക്കർ, മലങ്കര സുറിയാനി സഭയെ ആക്ഷേ

പിച്ചു തുടങ്ങിയ കാലത്ത് അതിനെ ചെറുക്കുവാനും ആ പേരിനെ ന്യായീകരിക്കുവാനുമായി സ്ലീബാ മാർ ഒസ്താത്തിയോസ് എന്ന സിറിയൻ മെത്രാൻ *യാക്കൂബായക്കാർ* എന്ന പേരിൽ ഒരു പുസ്തകം എഴുതി.

യാക്കോബായസഭാ അഭിവർദ്ധിനീസംഘം: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ ആർത്താറ്റ് കുന്നംകുളം മഹാഇടവകയിൽ രൂപംകൊടുത്ത മിഷൻ സംഘടന. ഇതിന്റെ ആഭിമുഖ്യത്തിൽ സമീപപ്രദേശങ്ങളിൽ വായനായോഗങ്ങൾ, ഇടവകകളിൽ സണ്ടേസ്കൂളുകൾ, സുവിശേഷയോഗങ്ങൾ, വീടുകളിൽ കൂടിനമസ്ക്കാരം, അനാഥാലയങ്ങൾ സ്ഥാപിക്കുക എന്നീ പരിപാടികൾ ആരംഭിച്ചു. കുന്നംകുളം-പഴഞ്ഞി പ്രദേശങ്ങളിൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലുമായി ആരംഭിച്ച ഒരു ഡസനോളം വിദ്യാലയങ്ങൾ ഈ മിഷൻ സംഘടനയുടെ ആഭിമുഖ്യത്തിലാണ് സ്ഥാപിക്കപ്പെട്ടത്. തന്റെ ശിഷ്യനും മിഷൻ പ്രവർത്തനങ്ങളിൽ സഹായിയുമായിരുന്ന ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസിന്റെ അകാല ദേഹവിയോഗത്തെ തുടർന്ന് യാക്കോബായസഭ അഭിവർദ്ധിനീ സംഘം എന്ന പേർ മാറ്റുകയും മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ അസോസ്യേഷൻ (എം. ജി. എം. അസോസ്യേഷൻ) എന്ന പേർ സ്വീകരിക്കുകയുമാണുണ്ടായത്.

യാച്ചാരം ബാലഗ്രാം: ആന്ധ്രയിൽ നാഗാർജ്ജുന സാഗർ റോഡിൽ (ഹൈദരാബാദിൽ നിന്നും 50 കിലോമീറ്റർ അകലെ) പ്രവർത്തിക്കുന്നു. കുഷ്ഠരോഗികളുടെ കുഷ്ഠം ബാധിക്കാത്ത കുട്ടികളെ മാറ്റി താമസിപ്പിച്ച് അവർക്ക് സംരക്ഷണം നൽകുന്നു. 1985-ൽ ആരംഭിച്ചു. കെ. എ. ഫിലിപ്പ് റമ്പാൻ ഡയറക്ടർ. നൂറിൽപരം കുട്ടികളെ നൂറേക്കർ വരുന്ന സ്ഥലത്തു ശരിയായ വിധത്തിൽ സംരക്ഷിക്കുന്നു. യാച്ചാരത്തിന്റെ ചരിത്രം 'യാച്ചാരം മലങ്കരസഭയുടെ മഹത്വമേറിയ സേവനസരണി' എന്ന പേരിൽ കെ. വി. മാമ്മൻ രചിച്ചിട്ടുണ്ട്.

യാ. സു. ക്രി.: യാക്കോബായ സുറിയാനി ക്രിസ്ത്യാനി എന്ന് വികസിതരൂപം. ഈ പേരിലാണ് 17-ാം നൂറ്റാണ്ടു മുതൽ മലങ്കരസഭയും അതിന്റെ ഇടവകകളും അറിയപ്പെട്ടിരുന്നത്. സഭാ ഭരണഘടനയിൽ ഈ കാര്യം വിശദീകരിച്ചിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ പ്രസിഡണ്ടിന്റെ മുദ്രയിലും ഈ പ്രയോഗം ഉണ്ടായിരുന്നു.

യാക്കോബായ സുറിയാനി സഭയുടെ സ്വരൂപം: 1869-ൽ ഇടവഴിക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ ഇംഗ്ലീഷിൽ എഴുതി ഇംഗ്ലണ്ടിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ. മലങ്കരസഭയുടെ വിശ്വാസം, ആചാരം, ചരിത്രം തുടങ്ങിയവയെപ്പറ്റി ഒരു മലയാളി പ്രസിദ്ധീ

കരിച്ച ആദ്യ ഗ്രന്ഥം. 1879-ൽ മലയാള വിവർത്തനം പ്രസിദ്ധീകൃതമായി.

യാഗം: ബലി. ദൈവപ്രസാദം, പാപപരിഹാരം, കൃതജ്ഞതാ പ്രകടനം, കാര്യസാധ്യം, ദൈവാനുഗ്രഹം ഇവയെ പ്രതി ഫലമൂലാദികൾ, മൃഗങ്ങൾ, സമ്പത്ത്, മനുഷ്യജീവൻ എന്നിവ ബലിയായി വിവിധ കാലങ്ങളിലും സ്ഥലങ്ങളിലും സാർവത്രികമായി നടന്നിരുന്നു. ഹോമയാഗം, സർവാംഗ ഹോമയാഗം, ഭോജനയാഗം, പാനീയയാഗം, സമാധാനയാഗം, സ്തോത്രയാഗം, നേർച്ചയാഗം, സ്വമേധായാഗം, പാപയാഗം, പരിമളയാഗം തുടങ്ങിയവ പഴയനിയമത്തിൽ കാണുന്നു. അശ്വമേധം തുടങ്ങിയവ ഭാരതീയ പാരമ്പര്യത്തിലുമുണ്ട്. ക്രിസ്തുവിന്റെ മരണം പഴയനിയമ യാഗങ്ങളുടെ പൂർത്തീകരണമായി സഭ കാണുന്നു. ക്രിസ്തു സ്വയം യാഗമായി. ക്രിസ്തുവിന്റെ ആവർത്തിക്കപ്പെടാനാവാത്ത യാഗാർപ്പണത്തിൽ വി. കുർബ്ബാനയിലൂടെ കാലദേശാതീതമായി പ്രപഞ്ചം പങ്കുചേരുന്നു. പുതിയ യാഗ പദാർത്ഥങ്ങൾ ക്രിസ്തു ഉപദേശിച്ച് പ്രയോഗിച്ച് വ്യാഖ്യാനിച്ച അപ്പവീഞ്ഞുകൾ തന്നെ.

യാമപ്രാർത്ഥനകൾ: ഏഴു യാമങ്ങളിലേക്ക് പ്രാർത്ഥനകൾ സഭ ക്രമീകരിച്ചിട്ടുണ്ട് (സങ്കീ. 119:164). സഭയുടെ നിർബ്ബന്ധിത പ്രാർത്ഥനകളാണിവ. കാനോനാ നമസ്ക്കാരമെന്നും പറയും. ഏഴു യാമങ്ങൾ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളോട് ബന്ധപ്പെടുത്തിയിരിക്കുന്നു. 1. സന്ധ്യാ (കർത്താവിനെ ക്രൂശിൽ നിന്നിറക്കി സുഗന്ധം പൂശി). 2. സൂത്താറ (കർത്താവിന്റെ കബറടക്കം). 3. പാതിരാത്രി (കർത്താവിനെ ബന്ധിച്ചു). 4. പ്രഭാതം (പീലാത്തോസിന്റെ മുമ്പാകെ വിസ്തരിക്കപ്പെട്ടു). 5. മൂന്നാം മണി (ക്രൂശിക്കുവാൻ വിധി പ്രസ്താവിച്ചു). 6. ആറാം മണി (കർത്താവിനെ ക്രൂശിച്ചു). 7. ഒമ്പതാം മണി (കർത്താവ് പ്രാണനെ വിട്ടു). പ്രാർത്ഥനകൾ പദ്യത്തിൽ വിരചിക്കപ്പെട്ടിരിക്കുന്നു. ഗദ്യ വിവർത്തനവും പദ്യ വിവർത്തനവും ഉണ്ട്. ഞായറാഴ്ച നമസ്ക്കാരത്തിൽ നിന്ന് തിരിച്ചറിയുവാൻ സാധാരണ നമസ്ക്കാരം (ശ്ഹീമ്മാ) എന്ന് പറയുന്നു. ഓരോ യാമത്തിനും പ്രത്യേക വിഷയങ്ങൾ ഉണ്ട്. ഒമ്പതാം മണി, രാത്രി, മൂന്നാം മണി, ആറാം മണി അതത് ദിവസത്തേയ്ക്കുള്ള നിർദ്ദിഷ്ട രാഗങ്ങളിൽ ചൊല്ലുന്നു. ഒമ്പതാം മണി, സന്ധ്യാ, സൂത്താറാ എന്നീ യാമങ്ങൾ കൂട്ടിച്ചേർത്ത് സന്ധ്യയിലും ശേഷം 4 യാമങ്ങൾ കൂട്ടിച്ചേർത്തു പ്രഭാതത്തിലുമായി രണ്ട് നേരങ്ങളിലായി ഏഴ് യാമങ്ങളിലെ പ്രാർത്ഥനകൾ നടത്തുന്നു. നോമ്പുകാലങ്ങളിൽ ഉച്ചയ്ക്കും നടത്തുന്നു. വലിയനോമ്പിലും മൂന്ന് നോമ്പിലും സാധാരണ കുമ്പിടലുകൾക്കു പുറമേ നാല്പതു കുമ്പിടീൽ നടത്തുന്നു. പട്ടക്കാർ സഭയുടെ ഔദ്യോഗിക ജിഹ്വകളാകയാൽ സഭയുടെ ഈ യാമ പ്രാർത്ഥനകൾ അവരെ സംബന്ധിച്ച് നിർബ്ബന്ധിതമാകുന്നു.

യിപ്താഹ്: ദൈവം തുറക്കുന്നു എന്നർത്ഥം. ബി. സി. 1100-ൽ ജീവിച്ച യിസ്രായേലിലെ ന്യായാധിപൻ (ന്യായാ. 11:1-12:7). ഗിലയാദിലെ ഒരു വേശ്യാപുത്രൻ. അമ്മോന്യരുടെ ആക്രമണത്തിൽ യിസ്രായേലിന് വേണ്ടി യുദ്ധം ചെയ്ത് വിജയിച്ചു. നേർച്ച നിവർത്തിപ്പാൻ സ്വപുത്രിയെ യാഗം കഴിച്ചു.

യിരെമ്യാവ്: ബി. സി. 7-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 6-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലും യെരൂശലേമിൽ ജീവിച്ച പ്രവാചകൻ. ഹിൽക്കിയ പുരോഹിതന്റെ മകൻ. ബാബിലോൺ പ്രവാസത്തിന്റെയും (627) യെരൂശലേമിന്റെ വീഴ്ചയുടെയും (587) കാലം വരെ പ്രവചിച്ചു. യിരെമ്യാവിനെ ഈജിപ്തിൽ വച്ച് കല്ലെറിഞ്ഞു കൊന്നുവെന്നാണ് പാരമ്പര്യം. ദൈവം ഉയർത്തട്ടെ എന്ന് പേരിന്റെ അർത്ഥം.

യിസ്രായേൽ: 1. യാക്കോബിന്റെ പേർ (ഉല്പ. 32:28; 35:10; ഹോശ. 12:4). ദൈവത്തോടും മനുഷ്യനോടും മല്ലടിച്ച് ജയിച്ചവൻ എന്ന് പേരിന്റെ അർത്ഥം. 2. യിസ്രായേലിന്റെ 12 മക്കളുടെ ഗോത്രങ്ങളും അവരുടെ പിൻതലമുറകളും ഈ പേരിൽ അറിയപ്പെട്ടു. 3. യിസ്രായേൽ വംശം ഈജിപ്തിൽ നിന്ന് വന്ന് പാർത്ത കനാൻ നാടിനെ ഇസ്രായേൽ എന്ന് വിളിച്ചു. 4. 1947-ൽ യഹൂദന്മാരുടെ സ്വതന്ത്ര രാഷ്ട്രമായി ഇസ്രായേൽ രൂപം കൊണ്ടു. കേരളത്തേക്കാൾ ചെറിയ രാജ്യം. ലബാനോൻ, സിറിയ, യോർദ്ദാൻ, ഈജിപ്ത് എന്നിവ അയൽ രാജ്യങ്ങൾ.

യുക്തിവാദം: മനുഷ്യബുദ്ധിക്ക് സ്വീകാര്യമായതിനെ മാത്രം സ്വീകരിക്കുന്ന ഒരു ചിന്താപദ്ധതി. ഇന്ത്യയിൽ കൽക്കത്തായിൽ 1828-ൽ ഉടലെടുത്തു. ഡോ. എ. ടി. കോവൂർ, എം. സി. ജോസഫ് എന്നിവരാണ് കേരളത്തിൽ ഈ പ്രസ്ഥാനാരംഭക്കാർ. പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ളയും, ഇടമറുകും (മുൻ മലങ്കര സഭാംഗം) യുക്തിവാദത്തിന്റെ കേരളീയാചാര്യന്മാരായിരുന്നു.

യുഗാന്ത്യ ദൈവശാസ്ത്രം: എസ്ക്കറ്റോളജിയുടെ പരിഭാഷ. ചരിത്രം എങ്ങനെ അന്ത്യം കാണുമെന്ന് പഠിക്കുന്നു. യഹോവയുടെ ദിവസം ന്യായവിധിയുടെ ദിവസം എന്നൊക്കെ പഴയനിയമത്തിലുണ്ട്. ദൈവാധിപത്യം സ്ഥാപിതമാകുമെന്നും ശാന്തിയും നീതിയും നടമാടുമെന്നും പ്രവാചകന്മാർ ദർശിച്ചു (യെശ. 2:4, മീഖാ 4:3, യെശ. 11:6, സെഖ. 8:12). ബി. സി. രണ്ടാം നൂറ്റാണ്ടിന് ശേഷം അപ്പോക്കാലിപ്റ്റിക്കൽ കൃതികളിൽ ഈ സന്ദേശത്തിന് പ്രാധാന്യം കൈവന്നു.

ഈ പ്രതീക്ഷകൾ യേശുക്രിസ്തുവിൽ നിറവേറാൻ ആരംഭിച്ചു എന്നും പരിസമാപ്തി രണ്ടാം വരവിൽ എന്നും പുതിയനിയമം വിശ്വസിച്ചു

(1 പത്രോ. 1:20, എബ്രാ. 1:2, 1 കോരി. 10;11, മാർക്കോ. 3:17, ലൂക്കോ. 12:20 മു). യുഗാന്ത്യത്തിൽ നാലു കാര്യങ്ങൾ സംഭവിക്കും. 1. ക്രിസ്തുവിന്റെ പുനരാഗമനം. 2. പൊതുവായ പുനരുത്ഥാനം. 3. ന്യായവിധി. 4. പുതിയ സൃഷ്ടി (റോമ. 8:19–23). 'വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവൻ' – അതാണ് വിശ്വാസപ്രമാണത്തിൽ സഭയുടെ പ്രതീക്ഷ.

യുവജനപ്രസ്ഥാനം, ഓർത്തഡോക്സ്: 1937–ൽ പ്രസ്ഥാനം ആരംഭിച്ചു. പി. ഇ. ദാനിയേൽ ക്ലേറി (ദാനിയേൽ പിലക്സീനോസ്) ആദ്യ സെക്രട്ടറി. 1967–ൽ ഭരണഘടന സിന്നഡ് അംഗീകരിച്ചു. തുടർന്ന് പുതുപ്പള്ളി തോണിപുരയ്ക്കൽ ടി. സി. ഉമ്മൻ സെക്രട്ടറിയായി. ആരാധന, പഠനം, സേവനം എന്നിവയാണ് ലക്ഷ്യങ്ങൾ. ഓർത്തഡോക്സ് യൂത്ത് മാസിക അടുത്തകാലം വരെ പ്രവർത്തിച്ചു. കുന്നംകുളത്ത് ഒരു ഓഫീസ് കെട്ടിടവും ഉണ്ടായി. മാത്യൂസ് മാർ കൂറിലോസ്, തോമസ് മാർ തീമോത്തിയോസ്, ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നിവർ പ്രസിഡണ്ടുമാരായിരുന്നു. ഇപ്പോഴത്തെ പ്രസിഡണ്ട് യൂഹാനോൻ മാർ മിലിത്തോസ് ആണ്. കോട്ടയത്തെ കേന്ദ്ര ഓഫീസിൽ നിന്ന് 'ഓർത്തഡോക്സ് യുവജനം' എന്ന മാസിക പ്രസിദ്ധീകരിക്കുന്നു. ഇടവക-മെത്രാസന-സഭാതലത്തിൽ പ്രവർത്തനങ്ങളുണ്ട്.

യുസ്തിനിയാനോസ് I (527–565): 527–ൽ റോമ്മാ ചക്രവർത്തി. റോമ്മാ പാപ്പായെ പ്രീതിപ്പെടുത്തുവാൻ കൽക്കിദൂന്യ വിരോധികളെ പീഡിപ്പിച്ചു. ചക്രവർത്തിനി തേവോദോറാ അവരെ സംരക്ഷിച്ചു.

യൂക്കറിസ്റ്റിക് കോൺഗ്രസ്: വി. കുർബ്ബാനയോടുള്ള ഭക്തി വർദ്ധിപ്പിക്കുവാൻ റോമ്മാസഭ നടത്തുന്ന അന്താരാഷ്ട്ര സമ്മേളനം. 1881–ൽ ആരംഭിച്ചു. 1964–ൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പോൾ ആറാമൻ മാർപ്പാപ്പാ പങ്കെടുത്തു. അന്ന് പോപ്പും ഔഗേൻ ബാവായും തമ്മിൽ കൂടിക്കാഴ്ച നടത്തി. മാർപ്പാപ്പായും കാതോലിക്കാബാവായും സൗഹൃദസന്ദേശങ്ങളും കൈമാറി. അവ 'പ. ഔഗേൻ ബാവ, കാതോലിക്കേറ്റിന്റെ കാവൽ ഭടൻ' എന്ന പുസ്തകത്തിലുണ്ട്.

യൂണിയൻ ഓഫ് ഇവാൻജലിക്കൽ സ്റ്റുഡന്റ്സ് ഓഫ് ഇന്ത്യ: ഇന്ത്യയിൽ കോളജ് വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്നു. ഇന്റർനാഷണൽ ഫെല്ലോഷിപ്പ് ഓഫ് ഇവാൻജലിക്കൽ സ്റ്റുഡന്റ്സുമായി അഫിലിയേഷൻ ഉണ്ട്. 1954–ൽ ഭരണഘടനയുണ്ടായി. ക്രിസ്തുവുമായുള്ള ബന്ധം പരമലക്ഷ്യമാക്കുന്നതുകൊണ്ട് ഇതിന്റെ അംഗങ്ങൾ പിൽക്കാലത്ത് സെക്ടേറിയൻ വിഭാഗങ്ങളിൽ എത്തിച്ചേരുന്നു.

യൂണിയൻ ക്രിസ്ത്യൻ കോളജ്, ആലുവാ: എക്യുമെനിക്കൽ

ദർശനവുമായി കെ. സി. ചാക്കോ ആലുവായിൽ ആരംഭിച്ച കോളജ്. സ്ഥാപനം 1921-ൽ. കക്ഷിവഴക്കുകളുടെ കാലത്ത് ഇത് ഓർത്തഡോക്സ് കാരുടെ വടക്കൻ കേന്ദ്രം ആയിരുന്നു. കോളജ് ചാപ്പൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ പൂർണ്ണകൂദാശ നടത്തി. അലക്സി യോസ് മാർ തേവോദോസ്യോസ്, തോമ്മാ മാർ ദീവന്നാസ്യോസ് എന്നീ എപ്പിസ്കോപ്പന്മാരെ ഇവിടെവച്ച് മെത്രാപ്പോലീത്തന്മാരാക്കി. ആലുവാ വട്ടമേശ സമ്മേളനത്തിനും മറ്റും ഗീവറുഗ്ഗീസ് II കാതോലിക്കാ ഇവിടെ നിന്നാണ് തൃക്കുന്നത്തു സെമിനാരിയിലേക്ക് പുറപ്പെട്ടത്. കോളജിന്റെ അനുബന്ധ സ്ഥാപനങ്ങൾ ഫെല്ലോഷിപ്പ് ഹൗസ്, റൂറൽ മെഡിക്കൽ സെന്റർ, സെറ്റിൽമെന്റ് - മഹിളാലയം സ്കൂളുകൾ.

യൂണിവേഴ്സലിസം: ആത്യന്തികമായി എല്ലാവരും രക്ഷ പ്രാപിക്കു മെന്ന ദൈവശാസ്ത്ര ചിന്ത. കാൾ ബാർത്തിന്റെ ദർശനം.

യൂണിറ്റേറിയനിസം: ത്രിത്വ വിശ്വാസനിഷേധം. 16-ാം നൂറ്റാണ്ടിന് ശേഷം യൂറോപ്പിലും അമേരിക്കയിലും രൂപംകൊണ്ട ക്രിസ്തീയ വിഭാഗ ങ്ങൾ. അറിയോസും മക്കദോനിയോസും ഇവരെ സ്വാധീനിച്ചിട്ടുണ്ട്. യഹോവാ സാക്ഷികൾ വാസ്തവത്തിൽ ആ പേർ ഉപയോഗിക്കുന്നില്ലെ ങ്കിലും ആ വിഭാഗത്തിലുൾപ്പെടുന്നു.

യൂയാക്കീം മാർ ഈവാനിയോസ് (1858-1925): തുമ്പമൺ, കണ്ട നാട് മെത്രാപ്പോലീത്താ. കണ്ടനാട് കരോട്ടുവീട്ടിൽ കോരയുടെ പുത്രൻ. 1858-ൽ ജനനം. കോനാട്ട് യൂലിയോസ് ഗുരു. പത്രോസ് തൃതീയൻ 5-5-1876 ന് കണ്ടനാട് വച്ച് യൗപ്പദ്യക്കിനോ പട്ടം നൽകി. 6-4-1882 ൽ കടുങ്ങ മംഗലം പള്ളിയിൽ വച്ച് ശെമവൂൻ മാർ ദീവന്നാസ്യോസ് പൂർണ്ണശെമ്മാശു പട്ടവും കോട്ടയം പഴയസെമിനാരിയിൽ വച്ച് പുലിക്കോട്ടിൽ മാർ ദീവ ന്നാസ്യോസ് ദ്വിതീയൻ കശ്ശീശാപട്ടവും നൽകി. പഴയസെമിനാരിയിലും പരുമല സെമിനാരിയിലും മാനേജർ. 1908-ൽ അബ്ദുള്ളാ II ബാവ റമ്പാ നാക്കി. 1913 ഫെബ്രു. 9-ന് ചെങ്ങന്നൂർ പഴയസുറിയാനി പള്ളിയിൽ വച്ച് അബ്ദുൽ മശിഹാ ബാവ മെത്രാൻസ്ഥാനം നൽകി. പരുമലയായിരുന്നു ആസ്ഥാനം. 1925 ജൂൺ 6-ന് കാലം ചെയ്തു. പരുമല സെമിനാരിയിൽ കബറടങ്ങി.

യൂലിയാനോസ് (322-363): കുസ്തന്തീനോസ് രാജാവിന്റെ അന ന്തിരവൻ. കോൺസ്റ്റാന്റിനോപ്പിളിൽ ജനിച്ചു. 355 നവം. 6-ന് ചക്രവർത്തി യായി പ്രഖ്യാപിക്കപ്പെട്ടു. മുൻഗാമികൾ ക്രിസ്ത്യാനികൾക്ക് നൽകിയ ആനുകൂല്യങ്ങൾ റദ്ദാക്കി. ക്രിസ്തുമത വിരുദ്ധനായ ഇദ്ദേഹം 363 ജൂൺ 26-ന് അമ്പേറ്റ് മൃതിയടഞ്ഞു. പല പുസ്തകങ്ങളും രചിച്ചിട്ടുണ്ട്.

യൂലിയോസ്, അൽവാറീസ് മാർ: റോമ്മൻ സഭയിൽ നിന്ന് ഓർത്തഡോക്സ് വിശ്വാസത്തിലേക്ക് വന്ന ഗോവ സ്വദേശിയായ വൈദികൻ. 1887-ൽ ഓർത്തഡോക്സ് വിശ്വാസം സ്വീകരിച്ചു. 1889 ജൂലൈ 29-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് കടവിൽ മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മേല്പട്ടക്കാരനായി വാഴിച്ചു. ഒന്നിലേറെ ഗോവൻ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്ന ഇദ്ദേഹം ഗോവയിലെ പാദ്രുവോദാ ഭരണത്തിനെതിരെ പോരാടിയിരുന്നു. ഈ സമരവും സഭാത്യാഗവും അദ്ദേഹത്തെ കത്തോലിക്കാസഭയുടെ ശത്രുവാക്കി. പല കുറ്റങ്ങളും ആരോപിക്കപ്പെട്ട് തടവിലായി. തടവിൽവച്ച് 1923 സെപ്തം. 23-ന് അദ്ദേഹം നിര്യാതനായി. അവകാശികളും സംരക്ഷകരും ചുമതലക്കാരും ആയി ആരുമില്ല എന്ന അവസ്ഥയിൽ ഒരു വൈദികന്റെ പോലും സാന്നിധ്യമില്ലാതെ മലങ്കരസഭയുടെ ആ മെത്രാപ്പോലീത്താ പഞ്ചിമിലെ മുനിസിപ്പൽ ശ്മശാനത്തിൽ സംസ്കരിക്കപ്പെട്ടു. പില്ക്കാലത്ത് ബാഹ്യകേരളത്തിന്റെ മാത്യൂസ് മാർ അത്താനാസ്യോസ് (മാത്യൂസ് I കാതോലിക്കാ) മുൻഗാമികളുടെ തെറ്റ് തിരുത്തി. ഇദ്ദേഹത്തിന്റെ കബറിടം കണ്ടുപിടിച്ച് 1981-ൽ പഞ്ചിം സെന്റ് മേരീസ് പള്ളിയിൽ ശവസംസ്കാര ശുശ്രൂഷ ക്രമപ്രകാരം നടത്തി ഭൗതികാവശിഷ്ടം കബറടക്കി.

1911-ൽ വട്ടശ്ശേരിൽ മെത്രാച്ചനെ അബ്ദുള്ളാ ബാവ മുടക്കിയപ്പോൾ ആ മുടക്കിനെ അകാരണമെന്ന് സകാരണം സമർത്ഥിച്ചുകൊണ്ടും മലങ്കര മെത്രാന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും പരസ്യകല്പന ഇറക്കിയ അദ്ദേഹത്തെ കുപിതനായ പാത്രിയർക്കീസ് മുടക്കി. മുടക്കിനെ അദ്ദേഹം വകവെച്ചില്ല.

1892-ൽ സിലോണിൽ വച്ച് റിനിവിലാത്തി മാർ തീമോത്തിയോസിനെ വാഴിച്ചപ്പോൾ ഇദ്ദേഹം സഹകാർമ്മികനായിരുന്നു. ലത്തീൻ ക്രമങ്ങളും ആചാരങ്ങളും നിലനിർത്തിക്കൊണ്ട് ഇദ്ദേഹത്തോടൊപ്പം മലങ്കരസഭയിൽ ചേർന്ന കൊങ്കിണി ക്രിസ്ത്യാനികൾ ബ്രഹ്മവാർ, മംഗലാപുരം, ഗോവ, ബോംബെ എന്നീ സ്ഥലങ്ങളിലുണ്ട്.

യൂലിയോസ്, ഏലിയാസ് മാർ: സിറിയൻ സഭാംഗം. 1923 സെപ്തം. 23-ന് മർദീനിൽ വച്ച് ഏലിയാസ് തൃതീയൻ മേല്പട്ടം നൽകി. മാർ ദീവന്നാസ്യോസിന്റെ മുടക്ക് തീർത്ത കല്പന ഇദ്ദേഹം വഴി മലങ്കരയിലേക്ക് കൊടുത്തയച്ചു. എങ്കിലും തന്ത്രപരമായി അത് പ്രസിദ്ധീകരിക്കാതെ സഭയിൽ വഴക്കു വർദ്ധിപ്പിച്ചു. മഞ്ഞനിക്കര ദയറായിൽ താമസിച്ച് പാത്രിയർക്കീസ് കക്ഷിയെ ബലപ്പെടുത്തി. 1958-ൽ സുപ്രീംകോടതി വിധിയെ

ത്തുടർന്നുണ്ടായ പരസ്പര സ്വീകരണത്തിൽ പാത്രിയർക്കീസിന് വേണ്ടി കാതോലിക്കായുടെ സമാധാനകല്പന കൈപ്പറ്റിയതും പാത്രിയർക്കീസിന്റെ സമാധാനകല്പന കൈമാറിയതും ഇദ്ദേഹമായിരുന്നു. പിന്നീട് സിംഹാസനപ്പള്ളികളുടെ ഭരണത്തിനുവേണ്ടി അദ്ദേഹം കോടതി കയറി. 1962 ഫെബ്രു. 19-ന് കാലം ചെയ്തു മഞ്ഞനിക്കര ദയറായിൽ കബറടങ്ങി.

യൂലിയോസ്, കോനാട്ട് ഗീവറുഗ്ഗീസ് മാർ: കുന്നംകുളം കോനാട്ട് മാത്തന്റെയും പാലപ്പിള്ളിൽ കുഞ്ഞെളച്ചാരുടെയും മകൻ. 1829-ൽ ജനിച്ചു. പരുമല മാർ ഗ്രീഗോറിയോസിന്റെ ഗുരു. 1879-ൽ പാമ്പാക്കുട സുറിയാനി പ്രസ്സ് സ്ഥാപിച്ചു. 1875-ൽ പത്രോസ് III ചിറളയം (കുന്നംകുളം) പള്ളിയിൽ വച്ച് റമ്പാനാക്കി. 1876 ഡിസം. 3-ന് വടക്കൻപറവൂർ വച്ച് മേല്പട്ടക്കാരനായി. തുമ്പമൺ ഇടവകയുടെ പ്രഥമ സാരഥി. 1884 മീനം 9-ന് കാലം ചെയ്തു. പാമ്പാക്കുട വലിയപള്ളിയിൽ കബറടക്കി. ഇദ്ദേഹത്തിന്റെ സഹോദരനാണ് കോനാട്ട് മാത്തൻ മല്പാൻ

യൂയോമയം: വിദ്വാൻകുട്ടി അച്ചൻ - റവ. ജോസഫ് യുസ്തോസ് - 1881-ൽ സ്ഥാപിച്ച ഉണർവ് പ്രസ്ഥാനം. ഈ മതക്കാരെ 'അഞ്ചരക്കാർ' എന്ന് വിളിക്കുന്നു.

യൂലീത്തി: മാർ കുറിയാക്കോസ് സഹദായുടെ മാതാവ്. മകനോടൊപ്പം രക്തസാക്ഷിത്വം വരിച്ചു. '*കുറിയാക്കോസ് സഹദാ*' കാണുക.

യൂഹാനോൻ, മാർ: എ. ഡി. 325-ൽ ഇന്ത്യയെ പ്രതിനിധീകരിച്ച് നിഖ്യാ സുന്നഹദോസിന്റെ കാനോനാകളിൽ ഒപ്പുവച്ച പേർഷ്യൻ മെത്രാൻ. ഇക്കാര്യം യൂസേബിയോസ് രചിച്ച സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യൂസേബിയസ് (260-340): '*യൗസേബിയോസ്*' എന്ന ശീർഷകം കാണുക. *എക്ലീസിയാസ്റ്റിക്കൽ ഹിസ്റ്ററി*യുടെ കർത്താവ്.

യൂഹാനോൻ മാർത്തോമ്മാ, ഡോ. (1893-1976): 1893 ആഗസ്റ്റ് 7-ന് ജനിച്ചു. ബാംഗ്ലൂരിൽ നിന്ന് ബി. ഡി. പാസ്സായി. കോട്ടയം എം. ടി. സെമിനാരിയിൽ അധ്യാപകൻ, 1927-ൽ ശെമ്മാശൻ. ചെറിയമഠത്തിൽ സ്കറിയ മല്പാന്റെ കീഴിൽ സുറിയാനി പഠിച്ചു. ന്യൂയോർക്കിൽ നിന്ന് എസ്. റ്റി. എം. 1937-ൽ എപ്പിസ്കോപ്പാ. 1947-ൽ മാർത്തോമ്മാ മെത്രാപ്പോലീത്താ. ഡബ്ല്യു. സി. സി. യുടെ പ്രസിഡണ്ടുമാരിൽ ഒരാളായി. സി. എസ്. ഐ., സി. എൻ. ഐ. സഭകളുമായി സഹകരണം യാഥാർത്ഥ്യമാക്കി. ദാനിയേൽ കേസിനെ അതിജീവിച്ചു. 1964-ൽ സെറാമ്പൂർ യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകി. ഒരു ഡസനിലേറെ ഗ്രന്ഥങ്ങൾ രചിച്ചു.

1976 സെപ്തം. 27-ന് ദിവംഗതനായി.

യൂഹാനോൻ മാർ സേവേറിയോസ്: '*സേവേറിയോസ്, യൂഹാനോൻ മാർ*' കാണുക.

യൂഹാനോൻ മാർ മിലിത്തോസ്: '*മിലിത്തോസ്, യൂഹാനോൻ മാർ*' കാണുക.

യൂഹാനോൻ മാർ അത്താനാസ്യോസ്: '*അത്താനാസ്യോസ്, യൂഹാനോൻ മാർ*' കാണുക.

യെഹസ്ക്കീയേൽ: ബി. സി. 7-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 6-ാം നൂറ്റാണ്ടിന്റെ പൂർവാദ്ധത്തിലുമായി ജീവിച്ച പ്രവാചകൻ. ബുസിയായുടെ മകൻ. 597-ൽ നെബുക്കദ്നേസ്സർ യെരൂശലേം ആക്രമിച്ചശേഷം ബാബിലോണിലേക്ക് പ്രവാസിയായി കൊണ്ടുപോകപ്പെട്ടു. യെരൂശലേമിന്റെ പുനർനിർമ്മാണത്തെപ്പറ്റി പ്രവചിച്ചു. പുരോഹിതൻ, പ്രവാചകൻ, ഇടയൻ, കാവൽക്കാരൻ, തത്വചിന്തകൻ, ദൈവദർശകൻ എന്നീ നിലകളിൽ വലിയ സ്ഥാനം. ആശ നശിച്ച ജനതയ്ക്ക് പ്രത്യാശ നൽകുന്ന സ്വഭാവവും വെളിപാട് സാഹിത്യശൈലിയും യെഹസ്കിയേൽ കൃതിയിൽ കാണുന്നുണ്ട്.

യെഹോയാക്കീം: യഹൂദാ രാജാവ്. ഏലിയാക്കീം എന്നും പേരുണ്ട്. ദൈവവിരുദ്ധമായ സ്വേച്ഛാധിപത്യം. അന്യായ പരമ്പര അരങ്ങേറി. 605 ബി. സി. യിൽ ഇദ്ദേഹത്തിന്റെ വാഴ്ചയുടെ നാലാം ആണ്ടിൽ ബാബേൽ രാജാവ് നെബുക്കദ്നേസ്സർ മിസ്രയിമിനെ തോല്പിച്ച് പാലസ്തീൻ പിടിച്ചടക്കി; യഹൂദയും പിടിച്ചടക്കി. രാജാവിന്റെ ശരീരം യിരമ്യാ പ്രവചിച്ചിരുന്നതുപോലെ പട്ടണമതിലിന്റെ പുറത്തേയ്ക്ക് വലിച്ചെറിഞ്ഞതായി യഹൂദാ ചരിത്രകാരൻ ജോസീഫസ് എഴുതുന്നു (യിരെ. 22:18 മു).

യെറോബയാം I: ശലോമോന്റെ പുത്രൻ രെഹബയാമിനെ തോല്പിച്ച് രാജാവായ ആൾ. വിഗ്രഹാരാധനയിലേക്ക് ജനത്തെ ആകർഷിച്ചു (1 രാജാ. 12:29). നൊബാത്തിന്റെ മകനായ 'യെറോബയാമിന്റെ പാപം' എന്ന് ഇതിനെ പഴയനിയമം വിശേഷിപ്പിക്കുന്നു (2 രാജ. 15:9).

യെറോബയാം II: യേഹു രാജവംശത്തിൽ 4-ാം രാജാവായി ഇസ്രായേലിനെ ഭരിച്ചു. 'ജനം വർദ്ധിക്കുന്നു' എന്നർത്ഥം. നല്ല ഭരണം ആയിരുന്നു; ആത്മീയമായ അധഃപതനം ഉണ്ടായി. ആമോസും ഹോശായയും ഇക്കാലത്തെ ധാർമ്മിക അധഃപതനത്തെ വിമർശിച്ചു. ധനവാനും ദരിദ്രനും തമ്മിൽ അന്തരം, പൊള്ളയായ മതാചാരങ്ങൾ, സമ്പത്തിലുള്ള ആശ്രയബോധം ഇവ ഈ കാലഘട്ടത്തിന്റെ സവിശേഷതകൾ (ആമോ. 2:6, 7;

5:21-24; 7:10-17; 6:1-8).

യേശു: യോശുവാ എന്നും പറയാം. എബ്രായ പദം. യഹോവ രക്ഷിക്കുന്നു എന്നർത്ഥം. നൂന്റെ പുത്രനായ യോശുവാ കനാൻ നാട് വിഭജിച്ചു. ബാറാസീറ എന്ന അപ്പൊക്രിഫൽ കൃതി രചിച്ചത് ഒരു യോശുവാ ആണ്.

യേശു ചരിത്രപുരുഷൻ ആണ്. പുതിയനിയമ പുസ്തകങ്ങളെക്കൂടാതെ യഹൂദചരിത്രകാരനായ ജോസീഫസും റോമ്മൻ ചരിത്രകാരൻ ടാസിറ്റസും റോമൻ ഗവർണർ ആയ പ്ലീനിയും യേശുവിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. പരിശുദ്ധാത്മാവിനാൽ കന്യകമറിയാമ്മിൽ നിന്ന് ജഡം ധരിച്ചു. ബത്‌ലഹേമിൽ ജനിച്ചു, നസറേത്തിൽ വളർന്നു. മരപ്പണിക്കാരൻ യൗസേഫ് വളർത്തുപിതാവ്. 30-ാം വയസ്സിൽ യോഹന്നാനിൽ നിന്ന് സ്നാനമേറ്റു. പ്രസംഗിച്ചു. 12 ശിഷ്യരെ തെരഞ്ഞെടുത്തു നിയോഗിച്ചു. രോഗസൗഖ്യവും പുതുജീവനും നൽകി. ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ. മതദുഷിപ്പുകളെ വിമർശിച്ചു. പരസ്യശുശ്രൂഷ മൂന്ന് വർഷത്തിലേറെ. കുർബ്ബാന സ്ഥാപിച്ചു. ബന്ധിതനായി, വിസ്തരിക്കപ്പെട്ടു, മരണ വിധിയേറ്റു. എ. ഡി. 26-36 ൽ പീലാത്തോസിന്റെ കാലത്തു ക്രൂശിക്കപ്പെട്ടു. മൂന്നാം നാൾ ഉയിർത്തു. അതിനും ദൃക്സാക്ഷികളുണ്ട്. മനുഷ്യപുത്രൻ എന്ന് അദ്ദേഹം സ്വയം വിശേഷിപ്പിച്ചു. അദ്ദേഹം പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവും ആയിരുന്നു. അബ്രഹാമിന്റെ സന്തതി, ദാവീദിന്റെ പുത്രൻ (മത്താ. 1:1), മനുഷ്യപുത്രൻ (മത്താ. 16:27), ദൈവപുത്രൻ (യോഹ. 5:17; 10:30), ക്രിസ്തു-മശിഹാ (മത്താ. 16:16), വചനം (യോഹ. 1:1), കർത്താവിന്റെ ദാസൻ (ലൂക്കോ. 22:37), അമ്മാനുവേൽ (മത്താ. 1:22), മഹാപുരോഹിതൻ (സങ്കീ. 110:4), രക്ഷകൻ (മത്താ. 18:11), നല്ല ഇടയൻ (യോഹ 10:11) എന്നിങ്ങനെ പല പേരുകൾ അദ്ദേഹത്തിനുണ്ട്. അദ്ദേഹം സ്വർഗ്ഗാരോഹണം ചെയ്തു. പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായി.

വ്യാസ മഹർഷി രചിച്ച 'ഭവിഷ്യ പുരാണ'ത്തിൽ യേശുവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പല പരാമർശങ്ങളും കാണുന്നുണ്ട്.

യേശുദാസൻ: പ്രശസ്ത കാർട്ടൂണിസ്റ്റ്. മനോരമയിലെ 'വാരഫലം' എന്ന കാർട്ടൂൺ പംക്തി ശ്രദ്ധേയം. കേരള സംഗീതനാടക അക്കാദമി അദ്ധ്യക്ഷനായിരുന്നിട്ടുണ്ട്.

യൊസീഫസ്/ ജോസീഫസ് (എ. ഡി. 37-100): യഹൂദാ ചരിത്രകാരൻ. പാലസ്തീനിൽ ജനിച്ചു. 70-ൽ റോമ്മാ പൗരൻ. 77-ൽ യഹൂദയുദ്ധചരിത്രം എഴുതി. 94-ൽ യഹൂദന്മാരുടെ പൗരാണിക കാലങ്ങൾ ഇരുപത് വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. സൃഷ്ടി മുതൽ യുദ്ധകാലം വരെയുള്ള ചരിത്രം. 18-ാം വാല്യത്തിൽ യേശുക്രിസ്തുവിനെ പരാമർശിക്കുന്ന

ഭാഗമുണ്ട്.

യോഗാത്മകത: '*മിസ്റ്റിസിസം*' എന്ന ശീർഷകം കാണുക.

യോഥാം: യഹോവ പരിപൂർണ്ണൻ എന്നർത്ഥം. യെരുബ്ബാലിന്റെ 70 പുത്രരിൽ ഇളയവൻ ഈ പേരുകാരൻ ആണ്. ഉസ്സിയാവിന്റെ പുത്രൻ മറ്റൊരു യോഥാം. യഹൂദയുടെ 12-ാം രാജാവ്. ദൈവഭയത്തിൽ ബി. സി. 740–732 വരെ ഭരിച്ചു.

യോന: പ്രാവ് എന്ന് അർത്ഥം. ചെറിയ പ്രവാചകരിൽ ഒരാൾ. അമീത്ഥായുടെ മകൻ (2 രാജ. 14:25). ബി. സി. 8-ാം നൂറ്റാണ്ടിൽ ജീവിച്ചു. 4-ാം നൂറ്റാണ്ടിലാണ് പ്രവചനകഥയായി യോനയുടെ പുസ്തകം രചിക്കപ്പെട്ടത്. അസ്സീറിയായുടെ തലസ്ഥാനം നിനുവേ. നിനുവേയിലേക്കയക്കപ്പെട്ട യോന തർശീശിലേക്ക് കപ്പൽ കയറി. കടലിലേക്ക് എറിയപ്പെട്ട പ്രവാചകനെ തിമിംഗലം വിഴുങ്ങി; മൂന്നാം ദിവസം കരയിൽ ഛർദ്ദിച്ചു. നിനുവായിൽ ചെന്ന് മാനസാന്തരം പ്രസംഗിച്ചു. നിനുവാ അനുതപിച്ചു. ദൈവശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടു. പാപികളുടെ രക്ഷയ്ക്കായി ദൈവം കാത്തിരിക്കുന്നു എന്നും മറുതലിക്കുന്നവനെ ദൈവം സന്ദർശിക്കുമെന്നും ആ പുസ്തകം പഠിപ്പിക്കുന്നു. മത്സ്യത്തിന്റെ വയറ്റിൽ യോന എന്ന പ്രകാരം യേശു കബറിൽ വസിച്ചു (മത്താ. 12:39–41). 3 നോമ്പിലെ ധ്യാനവിഷയം ഈ സംഭവങ്ങൾ ആണ്.

യോർദ്ദാൻ: പാലസ്തീനിൽ 170 കി. മീറ്റർ നീളവും 30 മീറ്റർ വീതിയുമുള്ള നദി. അബ്രഹാം, ലോത്ത് (ഉല്പ. 13:10–11), യാക്കോബ് (ഉല്പ. 32:10), യോശുവ (യോശു. 3:4), ഏലിയ, ഏലീശാ (2 രാജ. 2:8, 13; 5:10), യോഹന്നാൻ (മാർക്കോ. 1:4–9) എന്നീ പ്രവാചകന്മാർക്ക് യോർദ്ദാനുമായി ബന്ധമുണ്ട്. ഇസ്രായേലിന്റെയും ജോർദ്ദാന്റെയും അതിർത്തിയാണ് ഇന്ന് ഈ നദി. യേശു യോർദ്ദാനിൽ സ്നാനമേറ്റു. യേശുവിന്റെ യോർദ്ദാൻ യാത്രയാണ് ദനഹായുടെ പ്രദക്ഷിണത്തിന്റെ ധ്യാനവിഷയം.

യോവേൽ: ഫെഥുവേലിന്റെ പുത്രൻ (1:1). ചെറിയ പ്രവാചകൻ. പുരോഹിത പ്രവാചകൻ. പദാർത്ഥം 'യഹോവയാകുന്നു ദൈവം.' ബി. സി. 4-ാം നൂറ്റാണ്ട് ജീവിതകാലം. ക്ഷാമം മൂലം ധാന്യവും വീഞ്ഞും ലഭിക്കാതെയായി. യാഗം നിലച്ചു (1:13). സർവർക്കും ലഭിക്കുന്ന രക്ഷ, ആത്മാവിന്റെ ദാനം, യഹോവയുടെ ആലയത്തിൽ നിന്ന് പുറപ്പെടുന്ന ഉറവ എന്നീ പ്രയോഗങ്ങൾ ക്രിസ്തുവിന്റെയും സഭയുടെയും ജീവിതത്തിൽ നിറവേറി എന്ന് സഭ വ്യാഖ്യാനിക്കുന്നു.

യോവേൽ വർഷം: യഹൂദ നിയമപ്രകാരം 50-ാം വർഷം യോവേൽ വർഷം (ലേവ്യ 25). അടിമകൾ സ്വതന്ത്രരാവുന്നു. ഭൂമി പൂർവിക അവകാ

ശികൾക്ക് ലഭിക്കുന്നു. ഏഴു ശബത്ത് കഴിഞ്ഞ് ഭൂമിക്ക് വിശ്രമവും മോചനവും എന്ന സന്ദേശം ഇതിലുണ്ട്.

യോശിയാവ്: ബി. സി. 640-ൽ യഹൂദരാജാവ് അമോർ വധിക്കപ്പെട്ടു. 8-ാം വയസ്സിൽ മകൻ യോശിയാവ് രാജാവായി. 31 വർഷം യെരൂശലേം ഭരിച്ചു. ഉത്തമനായ ഭരണകർത്താവ്. പെസഹാ പുനഃസ്ഥാപിച്ചു. ഈജിപ്ഷ്യൻ യുദ്ധത്തിൽ വധിക്കപ്പെട്ടു (2 രാജ. 21:24; 23:30, 2 ദിന. 33:25-35:26; യിര. 22:15-16).

യോശുവ: എബ്രായ പദം. ഗ്രീക്കു രൂപം യേശു. യഹോവ തന്നെ വീണ്ടെടുപ്പ് എന്ന് അർത്ഥം. 4 യോശുവാമാർ പഴയനിയമത്തിലുണ്ട്. 1. മോശയുടെ പിൻഗാമി (സംഖ്യ 13:8-16). 2. നിയമപെട്ടകം വഹിച്ച വണ്ടി വന്നു നിന്ന വയലിന്റെ ഉടമ (1 ശമു. 6:14). 3. യോശീയാവിന്റെ കാലത്തു യെരൂശലേമിന്റെ തലവൻ (2 രാജ. 23:8). 4. യെരൂശലേം ദൈവാലയം പുനർനിർമ്മിച്ച പുരോഹിതൻ (ഹഗ്ഗാ. 1:12; സെഖ. 3:1; എബ്രാ. 3:2; 4:3; നെഹ. 12:1; 10:9).

യോഹന്നാൻ, ടി. സി.: 1989-ൽ ഭോപ്പാലിൽ നടന്ന ദേശീയ ചാമ്പ്യൻഷിപ്പിൽ 3 സ്വർണ്ണമെഡൽ നേടിയ മലയാളി. ആലപ്പുഴ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗം. പോലീസ് ഹെഡ് കോൺസ്റ്റബിൾ.

യോഹന്നാൻ സ്നാപകൻ: ആചാര്യൻ സഖറിയായുടെയും അഹറോന്യ വംശജയായ ഏലിശുബായുടെയും പുത്രൻ. യേശുവിന്റെ മുന്നോടി. സത്യത്തിന്റെ ശബ്ദം, മരുഭൂമിയിലെ ശബ്ദം, നീതിസൂര്യന്റെ ഉദയത്തെ വിളിച്ചറിയിക്കുന്ന ഉദയനക്ഷത്രം എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്നു. മാനസാന്തര സ്നാനം പ്രസംഗിച്ചു. യേശുവിനെ സ്നാനപ്പെടുത്തി. ഹേരോദാ അന്തിപ്പാസിന് ഹേരോദ്യയുമായുണ്ടായ അവിശുദ്ധ ബന്ധത്തെ പരസ്യമായി ചോദ്യം ചെയ്തു. തടവിലാക്കപ്പെട്ടു; ശിരച്ഛേദനം ചെയ്യപ്പെട്ടു. ഇദ്ദേഹത്തിന്റെ പല ശിഷ്യന്മാരും യേശുവിന്റെ ശിഷ്യർ ആയി. ജനു. 8-ന് ഓർമ്മ.

യോഹന്നാന്റെ സുവിശേഷം: സെബദി പുത്രനും 12 ശിഷ്യരിൽ ഒരാളുമായ യോഹന്നാൻ രചിച്ചു. നിത്യതയുടെ സുവിശേഷം, സ്നേഹത്തിന്റെ സുവിശേഷം, ജീവന്റെ സുവിശേഷം എന്നൊക്കെ അറിയപ്പെടുന്നു. സുവിശേഷലക്ഷ്യം 20:31-ലുണ്ട്. ജ്ഞാനവാദം രക്ഷാഹേതുകമല്ല. യവനചിന്തയിൽ ക്രിസ്തുവിനെ അവതരിപ്പിക്കാനാവും. യഹൂദസംസ്കാര പ്രതീക്ഷകളുടെ പൂർത്തീകരണമാണ് ക്രിസ്തു. യേശു ചരിത്രപുരുഷൻ തന്നെ എന്നൊക്കെ ഈ സുവിശേഷം വ്യക്തമാക്കി. കാലക്രമമല്ല, ദൈവശാസ്ത്രവീക്ഷണമാണ് ഈ സുവിശേഷത്തെ മറ്റ് സുവിശേഷങ്ങളിൽ

നിന്ന് വ്യത്യസ്തമാക്കുന്നത്.

യൗപ്പദ്യക്കിനോ: '*ആവ്പ്പദ്യക്കിനോ*' കാണുക.

യൗസേപ്പ് (1): മറിയയ്ക്ക് വിവാഹം നിശ്ചയിച്ചുറപ്പിച്ച പ്രതിശ്രുത വരൻ. ഗർഭിണിയായ മറിയാമ്മിനെ ഉപേക്ഷിക്കുവാൻ ആദ്യം ചിന്തിച്ചെങ്കിലും ദൈവദർശനം അനുസരിച്ച് അവൾക്ക് രക്ഷകനായി യേശുവിന്റെ വളർത്തു പിതാവായിത്തീർന്ന നീതിമാൻ. യൗസേപ്പിന്റെ മക്കൾ പേർവഴി ചാർത്താൻ പോയ ബെത്‌ലഹേം യാത്രയിൽ യോസേഫിനെയും മറിയയെയും അനുഗമിച്ചിരുന്നതായി പഴഞ്ഞിയിൽ നിന്ന് കണ്ടെടുക്കപ്പെട്ട പ്രാചീന ഭാരതീയ സുവിശേഷത്തിൽ കാണുന്നു.

യൗസേപ്പ് (2): യാക്കോബിന്റെയും റാഹേലിന്റെയും മകൻ. കോമളൻ, സ്വപ്ന വ്യാഖ്യാതാവ്. സഹോദരങ്ങൾ അടിമയായി വിറ്റു. ഈജിപ്റ്റിൽ ദൈവം കാത്തു. ഭരണാധികാരിയായി. കനാനിൽ ക്ഷാമമുണ്ടായപ്പോൾ പിതാവിനെയും സഹോദരങ്ങളെയും മിസ്രയിമിൽ സ്വീകരിച്ചു. കനാനിലേക്ക് തിരിച്ചുപോകുന്ന കാലത്ത് തന്റെ അസ്ഥികളെ പരദേശത്തു ഉപേക്ഷിക്കരുതെന്ന് മക്കളെ ഏല്പ്പിച്ചു. പിൻമുറക്കാർ അതു പാലിച്ചു. മോശയുടെ നേതൃത്വത്തിൽ കനാൻ യാത്ര ആരംഭിച്ചപ്പോൾ യൗസേപ്പിന്റെ അസ്ഥികളെ ശേഖരിച്ചു. മോശ അത് നഗരത്തിന്റെ കോട്ട എന്ന മട്ടിൽ യിസ്രായേലിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. യൗസേപ്പിന്റെ മക്കളായ എഫ്രേയിമും മനശ്ശയും ഗോത്രപിതാക്കന്മാരായി പില്ക്കാലത്തു അറിയപ്പെട്ടു.

യൗസേഫ് മാർ, ഉറഹ: 4-ാം നൂറ്റാണ്ടിൽ ക്നായിത്തോമ്മായോടൊപ്പം കൊടുങ്ങല്ലൂരിൽ എത്തിയതായി കരുതപ്പെടുന്ന പേർഷ്യൻ മെത്രാൻ. അദ്ദേഹത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

യൗസേബിയോസ്, കൈസരിയ (263-340): സഭാചരിത്രത്തിന്റെ പിതാവ്. കൈസര്യായിൽ ജനിച്ചു. കൈസര്യാ വിദ്യാപീഠത്തിൽ പഠിച്ചു. കൈസര്യായിൽ മെത്രാനായി. സഭാചരിത്രം രചിച്ചു. പത്ത് പുസ്തകങ്ങളായി ഇത് വിഭജിക്കപ്പെട്ടിരിക്കുന്നു. സുവിശേഷത്തിന് വേണ്ടിയുള്ള ഒരുക്കം, സുവിശേഷത്തിന്റെ സാക്ഷ്യം, സഭയുടെ വേദശാസ്ത്രം, കുസ്തന്തിനോസിന്റെ ജീവിതം എന്നീ കൃതികളും അദ്ദേഹം രചിച്ചു.

യൗസേബിയോസ്, നിക്കോമേദിയ: 4-ാം നൂറ്റാണ്ടിൽ നിക്കോമേദിയാ ബിഷപ്പ്. അറിയോസിന്റെ സുഹൃത്ത്. നിഖ്യാ സുന്നഹദോസ് നിശ്ചയങ്ങളെ എതിർത്തു. അത്താനാസ്യോസിനെ പീഡിപ്പിച്ചു. കുസ്തന്തീനോസ് രാജാവിനെ അവസാനകാലം ക്രിസ്ത്യാനിയാക്കി.

യൗസേബിയോസ്, ദോറിലിയോൻ: എ. ഡി. 5-ാം നൂറ്റാണ്ടിൽ ഫ്രുഗിയായിലെ ഡോറിലിയത്തെ ബിഷപ്പ്. നെസ്തോറിനും എവുത്തിക്കോസിനും എതിരേ പഠിപ്പിച്ചു. 449-ൽ രണ്ടാം എഫേസൂസ് സിന്നഡ് അന്ത്യോക്യൻ ചിന്താഗതിക്കാരനായ ഇദ്ദേഹത്തെ മുടക്കി നാടുകടത്തി. 451-ൽ കല്ക്കിദൂൻ സിനഡിൽ പങ്കെടുത്ത് അതിന്റെ പ്രധാന രൂപരേഖ തയാറാക്കി.

യൗസേബിയോസ്, ഫിലിപ്പോസ് മാർ: പത്തനംതിട്ട നാരങ്ങാനം പുത്തൻപറമ്പിൽ പി. ജി. തോമസിന്റെയും സാറാമ്മയുടെയും മകൻ. 1931 ജൂൺ 16-ന് ജനിച്ചു. ആലുവാ യു. സി. കോളജിൽ നിന്ന് ബിരുദമെടുത്ത് റെയിൽവേ ഉദ്യോഗസ്ഥനായി. 1962-ൽ ഉദ്യോഗം രാജിവച്ച് സെറാമ്പൂരിൽ നിന്ന് ബി. ഡി., എം. റ്റി. എച്ച്. എന്നിവയും ജനീവയിൽ നിന്ന് ദൈവശാസ്ത്രത്തിൽ പി. ജി. ഡിപ്ലോമയും കരസ്ഥമാക്കി. 1972 ഡിസം. 21-ന് ശെമ്മാശൻ. 1974 ജൂൺ 7-ന് കശ്ശീശ. ദുർഗ്ഗാപൂർ, ലണ്ടൻ, പുല്ലാട്, കുമ്മനം ഇടവകകളുടെ വികാരി. വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി, തടാകം ആശ്രമം സുപ്പീരിയർ, കൽക്കട്ട ബിഷപ്പ്സ് കോളജ് ലക്ചറർ, കോട്ടയം സെമിനാരി അധ്യാപകൻ, മിഷൻ സൊസൈറ്റി-മിഷൻ ബോർഡ് വൈസ് പ്രസിഡണ്ട്, മലങ്കരസഭാ മാസിക പത്രാധിപസമിതി പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു.

1982 ഡിസം. 28-ന് തിരുവല്ല അസോസ്യേഷൻ മേല്പട്ടസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. 1983 മെയ് 14-ന് മാത്യൂസ് മാർ കൂറിലോസ് റമ്പാൻ സ്ഥാനവും 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് മാത്യൂസ് പ്രഥമൻ കാതോലിക്കാ മെത്രാൻപട്ടവും നൽകി. ആഗസ്റ്റ് മുതൽ തുമ്പമൺ സഹായമെത്രാനായി. 1991 ഒക്ടോബർ 26-ന് പൂർണ്ണ ചുമതലയേറ്റു. വിദ്യാർത്ഥിപ്രസ്ഥാനം പ്രസിഡണ്ട്, ഇന്റർ ചർച്ച് റിലേഷൻസ് കമ്മിറ്റി പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

ര

രക്തരഹിത ബലി: പഴയനിയമ ബലിയിലെ രക്തച്ചൊരിച്ചിൽ അവസാനിപ്പിച്ച് പുതിയനിയമ പെസഹായിൽ ക്രിസ്തു സ്ഥാപിച്ച അപ്പവീഞ്ഞുകൾ യാഗപദാർത്ഥമായ വി. കുർബ്ബാനയെ രക്തരഹിത ബലി എന്ന് പറയുന്നു. അബ്രഹാമിന്റെ സമകാലികൻ മല്ക്കിസദേക്കും ഈ യാഗപദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

രക്തസാക്ഷി: '*സഹദാ*' കാണുക.

രക്ഷ: രക്ഷ ദൈവീകരണമാണ്. പ്രായോഗിക ജീവിതത്തിൽ വിടുതൽ ആണ് രക്ഷ. ഒരിക്കലായുള്ള കഷ്ടാനുഭവ പൂർത്തീകരണത്തിലൂടെ കർത്താവ് രക്ഷ സമ്പാദിച്ച് സഭയിൽ നിക്ഷേപിച്ചിരിക്കുന്നു. പട്ടക്കാർ വഴി കൂദാശകൾ മുഖേന രക്ഷ വിതരണം ചെയ്യുന്നു. പുനരാഗമനത്തിൽ രക്ഷാപൂർണ്ണത അനുഭവമാകും. ദൈവപദ്ധതിയോട് ക്രിയാത്മകമായി പ്രതികരിക്കുന്നവർക്ക് രക്ഷ വിശ്വാസം മൂലം ദാനമായി ലഭിക്കുന്നു.

രക്ഷാ സിദ്ധാന്തങ്ങൾ: 1. മറുവില സിദ്ധാന്തം. നാസിയാൻസിലെ ഗ്രീഗോറിയോസ് അവതരിപ്പിച്ചു. ദൈവനീതിയ്ക്ക് യാഗമായി സ്വയം സമർപ്പിച്ചുകൊണ്ട് പാപം ചെയ്ത സൃഷ്ടിയെ യേശു വീണ്ടെടുത്തു.

2. പൂർത്തീകരണ സിദ്ധാന്തം. ഐറേനിയസ് ഇതിന്റെ വക്താവ്. ക്രിസ്തുവിൽ താദാത്മ്യപ്പെട്ട് രണ്ടാം ആദാമിൽ പങ്കാളിത്തം നേടി രക്ഷപ്പെടുക.

3. തൃപ്തീകരണ സിദ്ധാന്തം. ആൻസലം (1033-1109) ആണ് ഇതിന്റെ അവതാരകൻ. ക്രിസ്തുവിൽ മനുഷ്യവർഗ്ഗം ദൈവത്തെ തൃപ്തിപ്പെടുത്തി രക്ഷ നേടുന്നു.

4. ധാർമ്മിക പ്രചോദന സിദ്ധാന്തം. പീറ്റർ അബലാഡ് (1079-1142) ഇതവതരിപ്പിച്ചു. ക്രൂശിലെ സ്നേഹം മനുഷ്യരക്ഷയ്ക്കു നിദാനമാകുന്നു.

5. ശിക്ഷാവാഹക സിദ്ധാന്തം. എല്ലാവർക്കും വേണ്ടി ഏകൻ ക്രൂശിൽ ശിക്ഷ ഏറ്റുവാങ്ങി. തന്മൂലം രക്ഷ ഏവർക്കും ലഭിക്കുന്നു.

6. യാഗ സിദ്ധാന്തം. ഓർത്തഡോക്സ് സഭകൾ ഈ കാഴ്ചപ്പാട് പുലർത്തുന്നു. കാൽവറിയിലെ പരമയാഗം കുർബ്ബാന വഴി വിശ്വാസികൾക്ക് കാലദേശാതീതമായി അനുഭവവേദ്യമാകുന്നു. ഈ രക്തരഹിത ബലിയിലെ പങ്കാളിത്തം രക്ഷയിലെ പങ്കാളിത്തമാണ്.

ഇരുപക്ഷത്തെയും ഒന്നാക്കി ക്രിസ്തു രക്ഷ സാധിച്ചതായി എല്ലാവരും സമ്മതിക്കുന്നു.

രക്ഷാ സൈന്യം: ഇംഗ്ലണ്ടിലെ വില്യംബൂത്ത് രൂപകല്പന ചെയ്ത സംഘടന. 'രക്ഷിക്കുന്നതിനായി രക്ഷിക്കപ്പെട്ടു' എന്ന് മുദ്രാവാക്യം. ഓരോ വിശ്വാസിയും പടയാളികൾ. പട്ടാളച്ചിട്ട പ്രവർത്തനശൈലിയായി. സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം അധികാരവും പ്രവർത്തനസ്വാതന്ത്ര്യവുമുണ്ട്. കൂദാശകളും പൗരോഹിത്യക്രമവും ഇല്ല. അപ്പസ്തോലിക കൈവെപ്പോ പാരമ്പര്യമോ ഇവർ അവകാശപ്പെടുന്നില്ല. ക്യാപ്റ്റൻ, മേജർ, കേണൽ എന്നിങ്ങനെ സ്ഥാനങ്ങൾ. വിശ്വാസപ്രമാണം ആരാധനകളിൽ ഉപയോഗിക്കുന്നില്ല. ചേരുമ്പോൾ ഒരു പ്രതിജ്ഞാപത്രം ഒപ്പിട്ട് നൽകണം. 1882-ൽ ഇവർ ഇന്ത്യയിലെത്തി. കുറ്റവാളികളുടെ പുനരധിവാസം, ആതുരശുശ്രൂഷ, മെഡിക്കൽ-വിദ്യാഭ്യാസ രംഗം ഇവരുടെ ഇടയിൽ പ്രവർത്തിക്കുന്നു. ആസ്ഥാനം ലണ്ടനിൽ.

രണ്ടാം ആദാം: ക്രിസ്തുവിന്റെ ഒരു സ്ഥാനപ്പേർ. രക്ഷ നേടിയ പുതിയ മനുഷ്യവർഗ്ഗത്തിന്റെ തലവൻ. ഒന്നാം ആദാം വീണുപോയ മനുഷ്യവർഗ്ഗത്തിന്റെ പ്രതീകം. പൗലോസിന്റെ ആശയം (റോമ. 5:14; 1 കോരി. 5:45).

രഹസ്യ പ്രാർത്ഥന (1): ഔദ്യോഗികമായ കാനോനിക പ്രാർത്ഥനകൾക്ക് പുറമേ ഓരോ യാമത്തിലേയും അനുയോജ്യമായ അനവധി രഹസ്യപ്രാർത്ഥനകൾ പിതാക്കന്മാർ രചിച്ചിട്ടുണ്ട്. അനുതാപ പ്രധാനമാണ്. ദയറായക്കാർ ഇതുപയോഗിക്കേണ്ടതുണ്ട്. ഈ പേരിൽ ഒരു ഗ്രന്ഥം പുന്നൂസ് റമ്പാൻ (ഗീവറുഗ്ഗീസ് ദ്വിതീയൻ ബാവാ) വിവർത്തനം ചെയ്ത് 1902-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രഹസ്യപ്രാർത്ഥന (2): കുർബ്ബാന, മാമ്മൂദീസാ, പട്ടംകൊട, പള്ളിക്കൂദാശ എന്നീ ശുശ്രൂഷകളിൽ രഹസ്യപ്രാർത്ഥനകൾ ഉണ്ട്. പരിശുദ്ധാത്മവിളിയുടെ പ്രാർത്ഥനകൾ രഹസ്യ പ്രാർത്ഥനകളാണ്.

രാജകീയ വിളംബരം: പകലോമറ്റം കുടുംബ വാഴ്ചയ്ക്ക് ശേഷം തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ മലങ്കര മെത്രാനായി കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പഴഞ്ഞിയിൽ വച്ച് കിടങ്ങൻ മെത്രാച്ചനിൽ നിന്ന് മെത്രാൻ പട്ടമേറ്റപ്പോൾ വിവാദങ്ങൾ ഒഴിവാക്കുവാൻ

8-ാം മാർത്തോമ്മാ നിര്യാതനായ ഉടനെ പുതിയ മെത്രാനെ അംഗീകരിച്ചുകൊള്ളണമെന്ന് കാണിച്ച് തിരുവിതാംകൂർ-കൊച്ചി രാജാക്കന്മാർ കേണൽ മൺറോ ആവശ്യപ്പെട്ടതനുസരിച്ച് ആദ്യമായി രാജകീയ വിളംബരം പ്രസിദ്ധീകരിച്ചു. 1816-ലാണിത്. അദ്ദേഹത്തിന്റെ കാലശേഷം കിടങ്ങൻ മെത്രാച്ചനും പുന്നത്ര മെത്രാച്ചനും ചേപ്പാട്ട് മെത്രാച്ചനും വിളംബരം ലഭിച്ചു. ചേപ്പാട്ട് മെത്രാച്ചൻ രാജിവക്കുകയാൽ മലങ്കരമെത്രാൻ സ്ഥാനം അവകാശപ്പെട്ട പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്, യൂയാക്കീം മാർ കൂറിലോസിന്റെ അപേക്ഷ നിരസിച്ച് 1848-ലെ കൊല്ലം കമ്മിറ്റിയുടെ ശുപാർശപ്രകാരം സർക്കാർ വിളംബരം നൽകിയത് ആഭ്യന്തരപ്രശ്നങ്ങൾക്കിടയാക്കി. 1875-ൽ പത്രോസ് III ബാവ നേരിട്ട് രാജാവിനെ സന്ദർശിച്ച് അഭ്യർത്ഥിച്ചതിൻപ്രകാരം 1875-ൽ ആയില്യം തിരുന്നാൾ, 1852-ൽ ഉത്രം തിരുനാൾ നൽകിയ വിളംബരം റദ്ദാക്കി. അതോടെ രാജകീയ വിളംബരം മലങ്കര മെത്രാന്മാർക്കനുകൂലമായി പ്രസിദ്ധപ്പെടുത്തുന്ന ഈ രീതി മലങ്കരയിൽ അസ്തമിച്ചു. '*തിരുവെഴുത്ത് വിളംബരം*' കാണുക.

രാജാക്കന്മാർ: മേലേക്ക് എന്ന എബ്രായ പദം. ആദ്യത്തെ ഇസ്രായേൽ രാജാവായി ശൗലിനെ ശമുവേൽ വാഴിച്ചു. ദാവീദും ശലമോനും അദ്ദേഹത്തിന്റെ പിൻഗാമികൾ. പിന്നീട് യഹൂദാ, യിസ്രായേൽ എന്ന് രാജ്യം വിഭജിതമായി. രാജാക്കന്മാരുടെ പുസ്തകങ്ങൾ അവരുടെ കാലത്തെ വിവരിക്കുന്നു. പുരോഹിതൻ, സേനാപതി, രായസക്കാരൻ, മന്ത്രി, ഊഴിയവേലക്കാരുടെ മേധാവി, കാര്യക്കാരുടെ മേധാവി എന്നിവരെ രാജാവ് നിയമിച്ചു. ജനങ്ങളിൽ നിന്ന് നികുതി വാങ്ങിയിരുന്നു.

ദൈവത്തെ ഇസ്രായേലിന്റെ രാജാവെന്ന് വിളിച്ചു. പ്രവാചകന്മാർ മിശിഹായെ രാജാവെന്ന് വിശേഷിപ്പിച്ചു (സെഖ. 9:9; യെശ. 32:1). മക്കാബിയരുടെ കാലത്തു മഹാപുരോഹിതന്മാർ രാജാവിന്റെ സ്ഥാനവും വഹിച്ചിട്ടുണ്ട്.

രൂത്ത്: സംതൃപ്തി എന്ന് അർത്ഥം. രൂത്തിന്റെ പുസ്തകം രൂത്തിന്റെ കഥയാണ്. വിധവയായ രൂത്തിനെ ബോവസ് വിവാഹം കഴിച്ചു. മകൻ ഓബേദ്; ദാവീദിന്റെ പിതാമഹൻ. ന്യായാധിപതിമാരുടെ കാലവും രാജാക്കന്മാരുടെ കാലവും തമ്മിൽ ബന്ധിപ്പിക്കുന്ന പുസ്തകമാണ് രൂത്ത്. മാതൃകാ സ്ത്രീ.

രൂപങ്ങൾ: രൂപങ്ങൾ ഉണ്ടാക്കുന്നത് പാപമെന്ന് മോശയുടെ ന്യായപ്രമാണം. എന്നാൽ മോശ ദൈവകല്പനപ്രകാരം പിച്ചള സർപ്പത്തെ ഉയർത്തി (സംഖ്യ 21:9). പൊന്നു കൊണ്ടുള്ള കെരൂബുകളെ ഉണ്ടാക്കി. ഒലീവ് മരം കൊണ്ട് 10 മുഴം ഉയരമുള്ള രണ്ടു കെരൂബുകളെ (1 രാജ.

6:23) ഉണ്ടാക്കി അതിവിശുദ്ധ സ്ഥലത്ത് സ്ഥാപിച്ചു. രണ്ടാം നൂറ്റാണ്ടിൽ ചിത്രകല ദൈവാലയത്തിൽ അനുവദിക്കപ്പെട്ടു. റോമ്മാസഭയിൽ പ്രതിമ കളും ഓർത്തഡോക്സ് സഭകളിൽ ഐക്കണുകളും അനുവദിക്കപ്പെട്ടു. നവീകരണക്കാർ ഇതിനെ നഖശിഖാന്തം എതിർത്തു.

റോമക്കുപ്പായം: സന്യാസികൾ ധരിച്ചിരുന്ന വസ്ത്രം.

ല

ലണ്ടൻ മിഷണറി സമൂഹം: 1795-ൽ എൽ. എം. എസ്. സ്ഥാപിതമായി. ആംഗ്ലിക്കൻ, കോൺഗ്രിഗേഷണലിസ്റ്റ്, പ്രസ്ബിറ്റീരിയൻ, വെസ്ലിയൻ സമൂഹത്തിലെ അംഗങ്ങൾ ആണ് ഈ മിഷണറി സംഘടനയ്ക്ക് രൂപം നൽകിയത്. കേരളത്തിന്റെ തെക്കേ അറ്റത്ത് ഇവർ പ്രവർത്തിച്ചിരുന്നു.

ലത്തീൻ വല്ക്കരണം: അവിഭക്ത മലങ്കരസഭയിൽ നിലവിലിരുന്ന സുറിയാനി പാരമ്പര്യങ്ങളെയും ഭാഷയെയും മാറ്റി തൽസ്ഥാനത്ത് ലത്തീൻ ഭാഷയും പാരമ്പര്യങ്ങളും പ്രതിഷ്ഠിക്കുവാൻ 16-ാം നൂറ്റാണ്ടിൽ ഗോവൻ ആർച്ച് ബിഷപ്പ് അലക്സിസ് ഡി. മെനേസ്സിന്റെ നേതൃത്വത്തിൽ നടന്ന സംഘടിത ശ്രമം. 1599-ലെ ഉദയംപേരൂർ സിന്നഡിൽ അതേറെക്കുറെ വിജയം കണ്ടു. ഇന്ന് കത്തോലിക്കാ സഭയിൽ സുറിയാനി പാരമ്പര്യത്തിലേക്ക് തിരിച്ചുപോകണമെന്ന് ആഗ്രമുള്ള അനേകരുണ്ട്.

ലത്തീൻ കത്തോലിക്കർ: റോമ്മാപ്പാപ്പായുടെ കീഴിൽ ലത്തീൻ ആരാധനാഭാഷയായി ഉപയോഗിക്കുന്ന കത്തോലിക്കാ റീത്ത്.

ലത്തീൻ റീത്ത്: ലത്തീൻ കത്തോലിക്കാ സഭ.

ലന്തക്കാർ: ഡച്ചുകാർ. പോർച്ചുഗീസുകാരെ തുരത്തി 1663-ൽ ഡച്ചു ശക്തി കേരളത്തിൽ പ്രാബല്യത്തിൽ വന്നു. സഭാകാര്യങ്ങളിൽ അവർ ഉദാസീനർ ആയിരുന്നു. ഇവരുമായി വ്യാപാരക്കരാറുണ്ടാക്കിയതിന്റെ ഫലമായിട്ടാണ് 1751-ലെ വിദേശ സഭാമേലധ്യക്ഷന്മാർ കേരളത്തിലെത്തിയത്. വിദേശ മെത്രാന്മാർ ഡച്ച് അധികാരികളിൽ നിന്ന് കടം വാങ്ങിയ തുകയെല്ലാം യാത്രച്ചെലവിന്റെ പേരിൽ 5-ാം മാർത്തോമ്മായുടെ ചുമലിൽ പതിച്ചു. 12000 രൂപ കൊടുക്കാനാവാതെ ആഗതരായ സഭാധ്യക്ഷന്മാർ തടവിൽ കിടന്നു. കുന്നംകുളം, മുളന്തുരുത്തി, ചെങ്ങന്നൂർ തുടങ്ങിയ പള്ളിക്കാർ പണം ചെലവിട്ട് മെത്രാന്മാരെ മോചിപ്പിച്ചു.

ലവോദിക്യ: ഏഷ്യയിലെ ഒരു യവന നഗരം. ടർക്കിയുടെ അതിർത്തിയിൽ പെടുന്നു. മൂന്നാം നൂറ്റാണ്ടിൽ സെലൂസിഡ് രാജാവ് സ്ഥാപിച്ചു.

സ്വഭാര്യയുടെ പേർ (ലവൂദീസ്) നൽകി. വെളിപാട് പുസ്തകത്തിലെ ഏഴു സഭകൾക്കുള്ള കത്തുകളിൽ അവസാനത്തേത് ഈ സഭയ്ക്കാണ് (3:14-22).

ലവോദിക്യാ സിനഡ്: 340-നും 381-നും ഇടയ്ക്ക് കൂടി. 60 കാനോനുകൾ കാണുന്നു.

ലവോദിക്യൻ കാനോനാകൾ: 4-ാം ശതകത്തിൽ 60 ലവോദിക്യൻ കാനോനാകൾ ആദിമ ക്രിസ്തീയ ചട്ടത്തിൽ കാണുന്നു. വിശ്വാസ വൈപരീത്യങ്ങൾ, ആരാധനക്രമം, പ്രായശ്ചിത്തം, സഭാചട്ടങ്ങൾ, നോമ്പനുഷ്ഠാനകാലം എന്നിവയാണ് വിഷയങ്ങൾ.

ലവോദിക്യ ലേഖനം: വി. പൗലോസിന്റെ അപ്പോക്രിഫൽ ലേഖനം. 4-5 നൂറ്റാണ്ടുകളിൽ രചന. വി. അഗസ്റ്റിന്റെ എഴുത്തുകളിൽ ഈ ലേഖനത്തെപ്പറ്റി സൂചനയുണ്ട്. കൊലോസ്യ ലേഖനത്തിൽ (4:16) ലവോദിക്യ സഭയുടെ ആവശ്യത്തെപ്പറ്റി എഴുതിയിട്ടുണ്ട്.

ലാസറസ് ഒ. ഐ. സി., ഫാ.: അയിരൂർ കുറ്റിക്കണ്ടത്തിൽ ഏ. റ്റി. ചാക്കോയുടെ മകൻ. 28-7-1933 ൽ ജനിച്ചു. ബി. എ., ബി. എഡ്., ജി. എസ്. റ്റി., എം. റ്റി. എസ്. എന്നീ ബിരുദങ്ങൾ നേടി. ബഥനി ആശ്രമാംഗമായിരുന്നു. 21-5-1958 ൽ വൈദികൻ. എം. ജി. ഒ. സി. എസ്. എം. ജനറൽ സെക്രട്ടറി, മലങ്കരസഭാ മാസിക എഡിറ്റോറിയൽ ബോർഡ് അംഗം, കുന്നംകുളം ബഥനി സ്കൂൾ പ്രിൻസിപ്പൽ, മാർ മക്കാറിയോസിന്റെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. മാർ മക്കാറിയോസിന്റെ ജീവചരിത്രം എഴുതി; ധാരാളം ലേഖനങ്ങൾ എഴുതി. ഇപ്പോൾ അമേരിക്കയിൽ സേവനം ചെയ്യുന്നു. റമ്പാനും കോർഎപ്പിസ്കോപ്പായുമാണ്.

ലാംബത്ത്: 600-ലേറെ വർഷമായി കാന്റർബറി ആർച്ച് ബിഷപ്പിന്റെ ലണ്ടനിലെ ആസ്ഥാനം. 1658-ൽ ലാംബത്ത് ഭവനം ആർച്ച് ബിഷപ്പിന്റെ കൊട്ടാരമായി.

ലാംബത്ത് പ്രമാണങ്ങൾ: 1595-ൽ ക്രോഡീകരിക്കപ്പെട്ട ഒമ്പത് ദൈവശാസ്ത്ര പ്രമാണങ്ങൾ. കാൽവിനിസത്തിലെ മുൻനിർണ്ണയവാദം അവയുടെ അടിസ്ഥാനമായിരുന്നു. രക്ഷയ്ക്ക് മുൻനിർണ്ണയമുണ്ട്. യോഗ്യതയല്ല തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനം എന്നൊക്കെ ഈ പ്രമാണങ്ങൾ വിശദീകരിക്കുന്നു.

ലാബി ശ്ലീഹാ, മാർ: തദ്ദായി എന്ന് വിളിക്കപ്പെട്ട യഹൂദായുടെ മറ്റൊരു പേർ. കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

ലാംബത്ത് സമ്മേളനങ്ങൾ: ആംഗ്ലിക്കൻ കമ്മ്യൂണിയനിൽ പെട്ട

ബിഷപ്പുമാരുടെ സമ്മേളനം കാന്റർബറി ആർച്ച് ബിഷപ്പിന്റെ ആസ്ഥാന മായ ലാംബത്ത് കൊട്ടാരത്തിൽ വച്ച് പത്തു കൊല്ലത്തിലൊരിക്കൽ നട ത്തുന്നു. ഇംഗ്ലണ്ടിൽ തെംസ് നദിയുടെ തീരത്താണ് ലാംബത്ത്. 1867-ൽ ആദ്യസമ്മേളനം. 1988-ൽ 500-ഓളം ബിഷപ്പുമാർ സംബന്ധിച്ചു. വനിത കളെ ബിഷപ്പ് ആക്കുവാൻ 1988-ലെ ലാംബത്ത് സമ്മേളനം ബഹുഭൂരിപ ക്ഷത്തോടെ തീരുമാനിച്ചു. പരിശുദ്ധ റൂഹാ പിതാവിൽ നിന്നും പുത്ര നിൽ നിന്നും പുറപ്പെടുന്നു എന്ന ഭാഗം - ഫിലിയോക്ക് - 1988-ൽ നീക്കം ചെയ്തു. ഇതര സഭകളോട് ആംഗ്ലിക്കൻ സഭ പുലർത്തുന്ന സമീപനം ലാംബത്ത് ക്വാഡ്രിലേറ്ററൽ സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാണ്.

1. വേദപുസ്തകം വിശ്വാസത്തിന്റെ അടിസ്ഥാനം. 2. ശ്ലൈഹിക വിശ്വാസപ്രമാണവും നിഖ്യാ വിശ്വാസപ്രമാണവും സ്വീകരിക്കുക. 3. മാമ്മൂ ദീസാ, കുർബ്ബാന എന്നീ കൂദാശകൾ സ്വീകരിക്കുക. 4. ചരിത്രപരമായ എപ്പിസ്കോപ്പേറ്റ് അംഗീകരിക്കുക.

ലാസർ (ഏലയാസർ): ദൈവം സഹായമായവൻ. രണ്ടു ലാസർമാർ. 1. ബഥനിയിലെ ലാസർ (യോഹ. 11). 2. ദരിദ്രനും രോഗിയുമായ ലാസർ (ലൂക്കോ. 16:19-31).

ലാസറിന്റെ പള്ളികൾ: പാലൂർ പ്രദേശത്ത് കോട്ടപ്പടി, ചിറളയം, കുന്നംകുളം പഴയപള്ളി എന്നിവ ഈ നാമത്തിലാണ്.

ലാസറിന്റെ അന്നാഫുറ: മാർ ലാസറിന്റെ പേരിൽ ഒരു അന്നാഫുറ സുറിയാനി സഭയിലുണ്ട്.

ലാസർ മെത്രാൻ: സൈപ്രസ് ദ്വീപിലെ പ്രഥമ മെത്രാൻ. അവർ വിശുദ്ധനായി കരുതുന്നു. ഇദ്ദേഹം കർത്താവ് ഉയിർപ്പിച്ച ലാസർ തന്നെ യാണെന്ന് അവർ വിശ്വസിക്കുന്നു.

ലാറ്ററൻ ഉടമ്പടി: 1929 ഫെബ്രു. 16-ന് ഇറ്റലി രാഷ്ട്രവും കത്തോ ലിക്കാ സഭയുടെ തലസ്ഥാനമായ വത്തിക്കാനും ചേർന്നുണ്ടാക്കിയ ഉട മ്പടി. ഇതുപ്രകാരം വത്തിക്കാൻ പട്ടണം പരമാധികാര രാഷ്ട്രമായി. റോം തലസ്ഥാനമായ ഇറ്റാലിയൻ രാഷ്ട്രത്തെ വത്തിക്കാനും അംഗീകരിച്ചു. റോമൻ മതത്തെ ഇറ്റലി, രാഷ്ട്രത്തിന്റെ മതമായി അംഗീകരിച്ചു.

ലിയോ I പാപ്പ (440-461): പാപ്പായുടെ പരമാധികാരവാദം ഇദ്ദേ ഹത്തിൽ തുടങ്ങുന്നു. 449-ലെ എഫേസൂസ് സിന്നഡിലേക്ക് ടോം ഓഫ് ലിയോ (ലിയോയുടെ വിശ്വാസപ്രമാണം) അയച്ചുകൊടുത്തു. അത് പരി ഗണിക്കപ്പെട്ടില്ല. 451-ൽ കൽക്കിദൂൻ സിന്നഡിൽ 'ടോം' അംഗീകരിച്ചു.

ലിയോ I ചക്രവർത്തി (457-474): 400-ൽ ജനിച്ചു. പട്ടാള മേധാവി

യായിരുന്നു.

ലിലിയോ: രാത്രി എന്നർത്ഥം. രാത്രി നമസ്കാരം. ഏഴു യാമങ്ങളിൽ ഒന്ന്. ഇത് നടത്താതെ മദ്ബഹായിൽ പ്രവേശിക്കുവാൻ പാടില്ല.

ലിവിംഗ്സ്റ്റൺ, ഡേവിഡ് (1813–73): ആഫ്രിക്കൻ വനാന്തരങ്ങളിലെത്തി അവിടെ സംസ്കാരസുഗന്ധം പരത്തിയ മനുഷ്യസ്നേഹി. ദക്ഷിണാഫ്രിക്കയിൽ സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു. ആഫ്രിക്കയിൽ പല നദികളും തടാകങ്ങളും കണ്ടുപിടിച്ചു. 1873-ൽ നിര്യാതനായി. വെസ്റ്റ് മിൻസ്റ്റർ ആബിയിൽ സംസ്കരിച്ചു.

ലിവ്യാഥാൻ: ഇയ്യോബ് 41-ലും സങ്കീർത്തനം 74-ലും സൂചനയുണ്ട്. ജലജീവി. മുതലയോ, തിമിംഗലമോ ആകാം. പിശാചിനും ഈ പേരുണ്ട്. കോമൺവെൽത്താണെന്ന് റ്റി. ഹോബ്സ്.

ലീമാ രേഖ: അഖിലലോക സഭാകൗൺസിലിന്റെ Faith & order കമ്മീഷൻ സഭൈക്യം മുൻനിർത്തി 1982-ൽ പ്രസിദ്ധീകരിച്ച രേഖ. മാമ്മൂദീസാ, കുർബ്ബാന, പട്ടത്വം എന്നിവയെക്കുറിച്ച് ഉദാരമായ സമീപനങ്ങൾ രേഖയിലുണ്ട്. സഭകൾ ഔദ്യോഗികമായി ഇത് അംഗീകരിച്ചിട്ടില്ല.

ലീനസ്, മാർ: വി. പത്രോസ്, വി. പൗലൂസ് ശ്ലീഹന്മാർക്ക് ശേഷം റോമിലെ ആദ്യ ബിഷപ്പ്.

ലുക്യാനോസ് (ലൂഷ്യൻ): അന്ത്യോഖ്യൻ പാഠശാല സ്ഥാപിച്ച വേദശാസ്ത്രജ്ഞനും രക്തസാക്ഷിയുമായ പുരോഹിതൻ. സെപ്ത്വജിന്റിന്റെയും നാലു സുവിശേഷങ്ങളുടെയും മൂലകൃതി പരിഷ്ക്കരിച്ചു. 312-ൽ ഈ വിശുദ്ധൻ നിക്കോമീഡിയായിൽ വച്ച് വധിക്കപ്പെട്ടു.

ലുത്തിനിയാ (1): നായകനും ജനങ്ങളും വാക്യപ്രതിവാക്യങ്ങളായി ചൊല്ലുന്ന രൂപത്തിലുള്ള പ്രാർത്ഥനകൾ. 4-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അന്ത്യോഖ്യയിൽ ഇത് ആവിർഭവിച്ചു. ഖണ്ഡിപ്പിന്റെ (കുർബ്ബാനയിൽ) ശുശ്രൂഷയിലും ശവസംസ്ക്കാര ശുശ്രൂഷയിലും ദനഹാ, ഓശാന, പെന്തിക്കോസ്തി, മൂറോൻ കൂദാശ, പള്ളിക്കൂദാശ തുടങ്ങിയവയിൽ ലുത്തിനിയാകൾ കാണുന്നു.

ലുത്തിനിയാ (2): മേല്പട്ടക്കാരും മറ്റും പള്ളിയിൽ മദ്ബഹായിൽ പ്രവേശിച്ച് നടത്തുന്ന ധൂപപ്രാർത്ഥനകൾക്കും ലുത്തിനിയാ എന്ന് പറയാറുണ്ട്.

ലുദിയാ: ഏഷ്യാമൈനറിൽ ഉള്ള ഒരു സ്ഥലം. രക്താംബര വ്യാപാരിയായ ഒരു സ്ത്രീയുടെ പേർ (അ. പ്ര. 16:14–15). യൂറോപ്പിലെ ഒന്നാ

മത്തെ ക്രിസ്ത്യാനി എന്ന് ലുദിയായെ വിശേഷിപ്പിക്കാറുണ്ട്.

ലൂക്കാ: പ്രാചീന പള്ളിപ്പാട്ടുകൾ ശേഖരിച്ച് പ്രസിദ്ധീകരിച്ച ഒരു മലയാളി. പുത്തൻപുരയ്ക്കൽ ഉതുപ്പ് ലൂക്കാ എന്ന് മുഴുവൻ പേര്.

ലൂക്കോസ്: സുവിശേഷ രചയിതാവ്. അപ്പോസ്തോല പ്രവൃത്തിയും ഇദ്ദേഹം എഴുതി. വൈദ്യനായ ഇദ്ദേഹം വി. പൗലൂസിന്റെ സഹപ്രവർത്തകനും സഹയാത്രികനും ആയിരുന്നു.

ലൂക്കോസിന്റെ സുവിശേഷം: എ. ഡി. 85-നോടടുത്ത് യഹൂദേതര വിഭാഗങ്ങളെ ഉദ്ദേശിച്ച് ഗ്രീസിലോ, റോമിലോ, കൈസരിയായിലോ വച്ച് കാലഗണനയനുസരിച്ച് എഴുതിയ ക്രിസ്തുചരിത്രം. സാർവലൗകിക ദർശനം, അധഃസ്ഥിതരെക്കുറിച്ച് ശ്രദ്ധ, പാപികളോട് ആർദ്രത, യഹൂദേതരിലെ നന്മ, സ്ത്രീകളുടെ പങ്കാളിത്തം, ആരാധനാപരമായ പ്രതിബദ്ധത, പരിശുദ്ധാത്മാവിന്റെ സ്ഥാനം എന്നിവ കേന്ദ്രചിന്തകളാണ്. ഉള്ളടക്ക വിശകലനം: 1. മുഖവുര (1:1-4). 2. യേശുവിന്റെയും യോഹന്നാന്റെയും ജനനവും ബാല്യവും (1:5-2:52). 3. യോഹന്നാന്റെ ശുശ്രൂഷ (3:1-20). 4. യേശുവിന്റെ മാമ്മൂദീസായും പരീക്ഷയും (3:21-4:13). 5. പരസ്യശുശ്രൂഷ (4:14-9:50). 6. ഗലീല മുതൽ യരൂശലേം വരെ (9:51-19:27). 7. കഷ്ടതയും മരണവും (19:28-23:56). 8. ഉയിർപ്പ്, പ്രത്യക്ഷത, സ്വർഗ്ഗാരോഹണം (24:1-53).

ലൂതർ, മാർട്ടിൻ (1483-1546): ജർമ്മൻ നവീകരണത്തിന്റെ ഉപജ്ഞാതാവ്. തൊഴിലാളി പുത്രൻ. അഗസ്റ്റിനിയൻ ദയറായിൽ അംഗമായി. 1507-ൽ വൈദികൻ. വിറ്റൻബർഗ് സർവകലാശാലയിൽ പ്രൊഫസർ. ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. വിശ്വാസത്താൽ നീതീകരണം എന്ന് പഠിപ്പിച്ചു. കത്തോലിക്കാസഭയുടെ പാപമോചനച്ചീട്ട് വില്പന ഉൾപ്പെടെയുള്ള ജീർണ്ണതകൾക്കെതിരെ പോരാടി. 95 പ്രമാണങ്ങൾ പ്രസിദ്ധീകരിച്ചു. 1520-ൽ ലൂതൻ വിശ്വാസത്യാഗിയായി പ്രഖ്യാപിക്കപ്പെട്ടു. ജർമ്മൻ ഭാഷയിലേക്ക് അദ്ദേഹം ബൈബിൾ വിവർത്തനം ചെയ്തു. 1524-ൽ അദ്ദേഹം വിവാഹിതനായി. ലൂതറുടെ നവീകരണം സഭയെ ആത്മപരിശോധനയ്ക്ക് പ്രേരിപ്പിച്ചു. കൂദാശകളിൽ കുർബ്ബാനയും മാമ്മൂദീസായും മാത്രം ലൂതർ അംഗീകരിച്ചു. മരണാനന്തര പ്രാർത്ഥനകൾ, പ്രതിമകൾ തുടങ്ങി കത്തോലിക്കാ ആചാരങ്ങൾക്കെതിരെ ആഞ്ഞടിച്ചു.

ലൂതറനിസം: തിരുവചനം മാത്രം അടിസ്ഥാനം. മനുഷ്യൻ പാപിയാണ്. വിശ്വാസം മൂലം നീതീകരണം പ്രാപിക്കുന്നു. ആരാധനയിൽ വചനശുശ്രൂഷക്കാണ് പ്രാധാന്യം.

ലൂസ്: യാക്കോബിന് ദർശനം ഉണ്ടായ സ്ഥലം. ബേഥേൽ എന്ന് അറിയപ്പെട്ടു (ഉല്പ. 28:19).

ലൂക്കോസ്, കെ. കെ.: കൊല്ലം 1062-ൽ പുതുപ്പള്ളി കെ. കെ. കുരുവിള എഞ്ചിനിയറുടെ മകനായി പുതുപ്പള്ളി വലിയ കിഴക്കേക്കര കുടുംബത്തിൽ ജനിച്ചു. ബി. എൽ. പാസ്സായി മദ്രാസ് ഹൈക്കോടതിയിലും തിരുവനന്തപുരം ഹൈക്കോടതിയിലും പ്രാക്ടീസ് ചെയ്തു. ജില്ലാ - ഹൈക്കോടതികളിൽ ഗവ. പ്ലീഡർ ആയിരുന്നു. പിന്നീട് ജില്ലാ ജഡ്ജിയായും ഒടുവിൽ ഹൈക്കോടതി ജഡ്ജിയായും ചിത്തിരതിരുനാൾ മഹാരാജാവ് നിയമിച്ചു. തിരുവനന്തപുരം യുവജനക്രിസ്തീയ സംഘം, ഭിക്ഷുക നിവാരണസംഘം, തിരുവിതാംകൂർ ജന്തു ബന്ധു സംഘം എന്നിവയുടെ നേതൃനിരയിലുണ്ടായിരുന്നു.

ലൂയീസ് പഴയപറമ്പിൽ, മാർ (1847-1919): 1847 മാർച്ച് 25-ന് ചങ്ങനാശ്ശേരി പുളിങ്കുന്നിൽ ജനിച്ചു. 1870-ൽ കർമ്മലീത്താ സന്യാസി. 1896-ൽ രൂപംകൊണ്ട എറണാകുളം വികാരിയാത്തിന്റെ വികാരി അപ്പോസ്തോലിക്കാ. 1896-ൽ തന്നെ മെത്രാനായി. സുറിയാനിക്കാരുടെ അഭ്യുന്നതിക്കായി ശ്രമിച്ചു. 1919 ഡിസം. 8-ന് അന്തരിച്ചു. ഇദ്ദേഹത്തിന്റെ ജീവചരിത്രം ഐ. സി. ചാക്കോ രചിച്ചു.

ലൂസിഫർ: പ്രകാശവാഹകൻ എന്ന് ലത്തീനിൽ അർത്ഥം (യശ. 14:12) സാത്താന്റെ പര്യായം.

ലൂർദ്ദ്: ഫ്രാൻസിലെ തീർത്ഥാടകകേന്ദ്രം. 1858-ൽ 14 വയസ്സുള്ള ബാലികയ്ക്ക് ഇവിടെ കന്യകമറിയാമ്മിന്റെ ദർശനമുണ്ടായത്രേ.

ലേയാ: കാട്ടുപശു എന്നർത്ഥം. ലാബാന്റെ മൂത്ത പുത്രി. യാക്കോബിന്റെ പ്രഥമ ഭാര്യ. രൂബേൻ, ശിമയോൻ, ലേവി, യഹൂദാ, ഇസ്സാഖാർ, സെബലൂൻ, ദിന എന്നിവരുടെ മാതാവ്.

ലേവ്യർ: ദേവാലയ ശുശ്രൂഷകർ. ഇസ്രായേലിന്റെ പുരോഹിത ഗോത്രം.

ലോകപെരുംചെട്ടി: '*ചെട്ടി*', '*മണിഗ്രാമക്കാർ*' കാണുക.

ലോക കൗൺസിൽ, സഭകളുടെ: 1948-ൽ ആംസ്റ്റർഡാമിൽ വച്ച് രൂപപ്പെട്ടു. ഒരു ഭരണഘടനയുണ്ട്. 300-ൽ പരം സഭകളും സഭാ ഘടനകളും ഇതിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. ഡോ. എം. എം. തോമസ്, ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് എന്നിവർ സഭാ കൗൺസിലിന് നേതൃത്വം കൊടുത്ത പ്രമുഖ മലയാളികളാണ്.

ലോഗോസ് (1): വചനം. എബ്രായ-ദാബാർ. സുറി. ദബ്റോ. ജഡം ധരിച്ച ദൈവവചനമാണ് ക്രിസ്തു എന്ന് യേശുവിനെ യോഹന്നാൻ നിർവചിച്ചു. ദൈവത്തിന്റെ ചിന്ത, വാക്ക്, ശക്തി എന്നിവ ആ പദം ഉൾക്കൊ

ള്ളുന്നു. അവന്റെ വായിലാത്മാവാൽ സകലതും ഉളവായി. വചനത്തെ ഒരു ആളത്തമായി പുതിയനിയമ ലേഖകർ അവതരിപ്പിച്ചു.

ലോഗോസ് (2): ദൈവശാസ്ത്രത്തിൽ ദൈവവചനം. ബി. സി. 500–ൽ, ലോകത്തിൽ വ്യാപരിച്ച് ഭരിക്കുന്ന ശക്തിയെന്ന് ഹെരാക്ലീറ്റസ്. ദൈവത്തിനും ലോകത്തിനും ഇടയിൽ മധ്യവർത്തിയെന്ന് ചരിത്രകാരനായ ഫൈലോ. പുതിയനിയമത്തിൽ യോഹന്നാൻ ഇതിനെ ദൈവപുത്രനായി വ്യാഖ്യാനിച്ചു.

ലോഗിയാ: ഗ്രീക്ക്. വചനങ്ങൾ എന്നർത്ഥം.

ലോ ചർച്ച്: ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ എപ്പിസ്ക്കോപ്പസി, പൗരോഹിത്യാധികാരം എന്നിവയുടെ പ്രധാന്യം കുറച്ച് കാണുന്ന വിഭാഗം. ഇവയ്ക്ക് പ്രാധാന്യം കൊടുത്തവരെ 18–ാം നൂറ്റാണ്ടു മുതൽ ഹൈ ചർച്ച് എന്ന് വിശേഷിപ്പിച്ചു. 19–ാം നൂറ്റാണ്ടിൽ ഇവരെ ഇവാഞ്ചലിക്കൻസ്, ബ്രോഡ് ചർച്ച് മെൻ എന്നും പറയുന്നു.

ലോവോസാർ: ലാസറിന്റെ സുറിയാനി രൂപം.

ലോംജിനസ്: യേശുവിന്റെ വിലാപ്പുറത്ത് കുത്തിയ പടയാളി.

വ

വചനിപ്പ്, ദൈവമാതാവിന്റെ: ഗബ്രിയേൽ മാലാഖായുടെ വചനിപ്പോടെ മറിയാം പ്രകൃത്യതീതമായി യേശുവിനെ ഗർഭം ധരിച്ചു. മാർച്ച് 25-ന് ഇത് മാറാനായപ്പെരുന്നാളായി ആഘോഷിക്കുന്നു. വി. കുർബ്ബാന അർപ്പിക്കുവാൻ അനുവാദമില്ലാത്ത ദുഃഖവെള്ളിയാഴ്ച ആയാൽപ്പോലും ഈ ദിവസം പെരുന്നാൾ മുറയിൽ പ്രാധാന്യം നൽകി പെരുന്നാൾ നമസ്കാരവും കുർബ്ബാനയും നടത്തുന്നു. അന്നത്തെ ആരാധനയുടെ രാഗം 4 ആണ്. മാർച്ച് 25 കൂടാതെ കലണ്ടർ പ്രകാരം ആരാധനാവർഷത്തിന്റെ നാലാം ഞായറാഴ്ചയും ഈ പെരുന്നാൾ ആഘോഷിക്കുന്നു. ഡിസം. 25 ജനനപ്പെരുന്നാൾ ആയി ക്രമീകരിക്കപ്പെട്ടതിന് ശേഷമാണ് മാർച്ച് 25-ാം തീയതിയിലെ വചനിപ്പ് (സുബോറോ) ആഘോഷിച്ചു തുടങ്ങിയത്. 8-ാം നൂറ്റാണ്ടു മുതൽ എല്ലാ സഭകളും ഈ പെരുന്നാൾ ആഘോഷിക്കുന്നു.

വഞ്ചിക: '*ഭണ്ഡാരം*' കാണുക.

വടക്കൻപറവൂർ മാർത്തോമ്മൻ പള്ളി: മാർത്തോമ്മാ പാരമ്പര്യമുള്ള കോട്ടയ്ക്കാവ് പള്ളിയുടെ സമീപത്ത് മോറാനീശോമശീഹാ പിറന്നിട്ട് 1566-ാം കാലം വൃശ്ചിക ഞായർ 16-ാം തീയ്യതി പട്ടമന പറവൂർ പള്ളി വയ്പ്പാൻ മാർ യൗസേഫ് മെത്രാനും മറ്റു പല ദേശത്തുപട്ടക്കാരും ഇണങ്ങരും കൂടി കുരിശും നാട്ടി കുർബ്ബാനയും ചെയ്തു; അന്നുതന്നെ. കൊല്ലവർഷം 742 വൃശ്ചിക ഞായർ 16-ാം തീയ്യതി" എന്ന് തമിഴ് ലിപിയിൽ പടിഞ്ഞാറു ഒരു ശിലാഫലകവും മലയാളം വിവർത്തനത്തിൽ മറ്റൊരു ശിലാലിഖിതവും കാണുന്നു. 1599 മുതൽ 1653 വരെ റോമ്മൻ കത്തോലിക്കാ ഭരണത്തിൽ. 1665-ൽ വന്ന അബ്ദുൽ ജലീൽ മാർ ഗ്രീഗോറിയോസ് 1671 ഏപ്രിൽ 24-ന് ഇവിടെ കാലം ചെയ്തു. മദ്ബഹായിൽ അടക്കപ്പെട്ടു. 1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് കബറിടം പൊളിച്ച് കബറിലെ ഭൗതികാവശിഷ്ടം മുഴുവൻ നീക്കംചെയ്തു. പിന്നീട് വിശ്വാസികൾ പള്ളിയകത്ത് ഒരു കബർ തയാറാക്കി ഭൗതികാവശിഷ്ടം അതിൽ നിക്ഷേപിച്ചു. അദ്ദേഹത്തിന്റേതെന്ന് കരുതപ്പെടുന്ന അംശവസ്ത്രങ്ങളും പൂജാപാത്രങ്ങളും മറ്റും ഇവിടെ ഉണ്ട്. അന്ത്യോഖ്യൻ പിതാവ് ആണ് ഇദ്ദേഹം എന്ന ധാരണയിൽ അന്ത്യോഖ്യൻ മെത്രാന്റെ വേഷങ്ങളും ചമ

യങ്ങളും വരച്ച് ചേർത്ത് ഇദ്ദേഹത്തിന്റെ ഒരു സാങ്കല്പിക ചിത്രം 20-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പ്രചരിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ അറബിക്-ഗാർസുനിയിൽ എഴുതിയ സുസ്താത്തിക്കോൻ തൊഴിയൂർ ആർക്കൈവ്സിൽ നിന്ന് 20-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഫാ. ഡോ. ജോസഫ് ചീരൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതോടെ അദ്ദേഹത്തിന് അന്ത്യോഖ്യൻ സഭയുമായി ബന്ധമില്ലെന്ന് വ്യക്തമായി. അദ്ദേഹത്തിന്റെ പേരിൽ എല്ലാ മാസവും 24-ാം തീയതി ആ പള്ളിയിൽ പെരുന്നാൾ ആഘോഷിക്കുന്ന പതിവ് 1983 മുതൽ ആരംഭിച്ചിട്ടുണ്ട്.

ഈ പള്ളിയിൽ വച്ച് പത്രോസ് തൃതീയൻ ബാവ 1876 ഡിസം. 3-ന് കടവിൽ പൗലോസ് മാർ അത്താനാസ്യോസ്, പാമ്പാക്കുട കോനാട്ട് ഗീവറുഗ്ഗീസ് മാർ യൂലിയോസ്, ഡിസം. 10-ന് മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവറുഗ്ഗീസ് മാർ ഗ്രീഗോറിയോസ്, അമ്പാട്ട് ഗീവറുഗ്ഗീസ് മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്തന്മാരെ വാഴിച്ചു. *പറവൂർ മാർത്തോമ്മൻ പള്ളിച്ചരിത്രം* എന്ന പേരിൽ മുൻ വികാരി പി. ജെ. യോഹന്നാൻ കത്തനാർ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട് (1919).

വടക്കും ഭാഗർ: കൊടുങ്ങല്ലൂരിൽ മഹാദേവർ പട്ടണത്ത് തെരുവിന്റെ വടക്കു ഭാഗത്തു താമസിച്ചിരുന്ന വ്യാപാരികളായ നാട്ടുക്രിസ്ത്യാനികളെ വടക്കുംഭാഗർ എന്ന് പറഞ്ഞുപോന്നു. ക്നായിതോമ്മാ കൊണ്ടുവന്ന പേർഷ്യൻ ക്രിസ്ത്യാനികൾ തെക്കെ ഭാഗത്ത് വ്യാപാരവും താമസവും ആരംഭിച്ചപ്പോൾ ആണ് വടക്കുംഭാഗർ എന്ന് വിളിക്കുവാൻ തുടങ്ങിയത്. ഇവർ പരസ്പരം വർഗ്ഗസങ്കരം വരാതിരിപ്പാൻ ഇരുകൂട്ടർക്കും വ്യത്യസ്താചാരങ്ങൾ ഏർപ്പെടുത്തിയതായി ഒരു പ്രാചീന കൈയെഴുത്ത് സഭാചരിത്രം വിവരിക്കുന്നു.

വടി: അംശവടി. മേല്പട്ടക്കാരന്റെ സ്ഥാനചിഹ്നം. ഒറ്റ പത്തിയിലും ഇരട്ടപ്പത്തിയിലും പണി ചെയ്യാറുണ്ട്. മുകളിൽ സ്ലീബാ കാണും. സുറിയാനി പാരമ്പര്യത്തിൽ മാത്രമേ സർപ്പപ്പത്തിയുടെ മാതൃക അംശവടിയിൽ കാണുന്നുള്ളു.

വടിയും മുടിയും വയ്പിക്കുക: അനധികൃതമായി മെത്രാൻ ചമയങ്ങളായ അംശവടിയും മുടിയും ധരിക്കുന്നവരെ നിയമനടപടികൾ എടുത്ത് സ്ഥാനഭ്രഷ്ടരാക്കുന്നതിനെ ഈ ശൈലി വിവരിക്കുന്നു. ആറാം മാർത്തോമ്മാ കാട്ടുമങ്ങാട്ട് കൂറിലോസിനെയും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പ്രഥമൻ ഒമ്പതാം മാർത്തോമ്മായെയും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ പാലക്കുന്നത്ത് തോമസ് അത്താനാസ്യോസിനെയും സ്ഥാനചിഹ്നങ്ങൾ അഴിച്ചുവാങ്ങി ഇറക്കിവിട്ടതായി സഭാചരിത്രം പറയുന്നു.

വടുകൻ: വടക്കർ. തമിഴ്നാടിന്റെ വടക്ക് ഡെക്കാനിൽ തെലുങ്ക്-കർണ്ണാടകക്കാരുടെ പൂർവികരെ സംഘംകൃതികൾ വടുകർ എന്ന് വിളിക്കുന്നു.

മാർഗ്ഗത്തിൽ ചേർന്നവർ, ജോനകർ, യവനർ, അറബി എന്നിവരെയും ഈ പദം അർത്ഥമാക്കുന്നു. വടുകപ്പട്ടാളം - ക്രിസ്ത്യാനിപ്പട്ടാളം, വടുകപ്പറ - ക്രിസ്ത്യാനികൾ അളക്കാൻ ഉപയോഗിച്ച പറയും വാദ്യങ്ങൾക്കുപയോഗിച്ച പെരുമ്പറയും.

വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്യോസ്: '*ദീവന്നാസ്യോസ്, വട്ടശ്ശേരിൽ മാർ*' കാണുക.

വട്ടക്കുന്നേൽ ബാവ: '*ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ*' കാണുക.

വട്ടിപ്പണം: കന്നടയിലെ ബഡ്ഡി. പലിശ എന്നർത്ഥം. ഏഴാം മാർത്തോമ്മാ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ എട്ടു ശതമാനം പലിശയ്ക്ക് നിക്ഷേപിച്ച 3000 പൂവരാഹൻ - 10500 രൂപ. ഇതിൽ 7560 രൂപ പള്ളികൾ നശിപ്പിച്ചതിന്റെ പേരിൽ ഹിന്ദുക്കളിൽ നിന്ന് പ്രായശ്ചിത്തമായി സർക്കാർ വസൂൽ ചെയ്ത് ഏല്പിച്ച സംഖ്യയാണ്. ഈ പലിശ സെമിനാരിപ്പണിക്ക് ഉപയോഗിക്കുവാൻ ഉപദേശകരായ പുലിക്കോട്ടിൽ റമ്പാനും കായംകുളം റമ്പാനും കണ്ടനാട്ട് പടിയോലയുടെ അടിസ്ഥാനത്തിൽ നൽകിയ ഉപദേശം എട്ടാം മാർത്തോമ്മാ അവഗണിച്ചതുമൂലമാണ് റമ്പാന്മാർ സർക്കാരിൽ പരാതി നൽകിയത്. മൂന്ന് വർഷത്തെ പലിശ പുലിക്കോട്ടിൽ റമ്പാന് കൊടുത്തു. അദ്ദേഹം അത് സെമിനാരി - കോട്ടയം പഴയ സെമിനാരി - പണിയ്ക്ക് ഉപയോഗിച്ചു. 1936 വരെ വട്ടിപ്പണപ്പലിശ സെമിനാരി ആവശ്യങ്ങൾക്ക് ഉപയോഗിച്ചു. പിന്നീട് സമാന്തര മലങ്കര മെത്രാന്മാരും ട്രസ്റ്റികളും ഉണ്ടായപ്പോൾ അവകാശത്തർക്കമായി. അതാണ് വട്ടിപ്പണക്കേസ്. മെത്രാപ്പോലീത്താ - വൈദിക - അത്മായ ട്രസ്റ്റിമാർ ഒപ്പിട്ടാലേ പലിശ ലഭിക്കൂ. മണലിലച്ചൻ സഭാ വൈദികട്രസ്റ്റിയായിരുന്ന കാലത്താണ് അവസാനമായി വട്ടിപ്പണപ്പലിശ വാങ്ങിയത്.

വട്ടിപ്പണക്കേസ്: '*വട്ടിപ്പണം, സമുദായക്കേസ്*' എന്നീ ശീർഷകങ്ങൾ കാണുക.

വത്തിക്കാൻ: മാർപ്പാപ്പായുടെ ആസ്ഥാനം. ഇറ്റലിയിൽ റോമ്മാ പട്ടണത്തിൽ. 108 ഏക്കർ. ലോകത്തിലെ ഏറ്റവും ചെറിയ സ്വതന്ത്ര പരമാധികാര രാഷ്ട്രം. സെന്റ് പീറ്റേഴ്സ് ബസ്സലിക്കാ ഇവിടെയാണ്. വത്തിക്കാൻ ഗ്രന്ഥശാല ലോകപ്രസിദ്ധം. ചെറിയ പോലീസ് സേനയുണ്ട്.

വത്തിക്കാൻ കൗൺസിലുകൾ: 1869-ൽ കൂടിയ പ്രഥമ കൗൺസിൽ മാർപ്പാപ്പായുടെ പരമാധികാരവും അപ്രമാദിത്തവും സ്ഥാപിച്ചു. 1962-65 ൽ കൂടിയ രണ്ടാം വത്തിക്കാൻ കൗൺസിൽ സഭാഐക്യം ചർച്ച ചെയ്യാൻ ജോൺ 23-ാമൻ വിളിച്ചുകൂട്ടി. സഭയുടെ ആധുനീകരണം, സമകാല പ്രശ്നങ്ങളോടുള്ള പ്രതികരണം, ഇതര സഭകളോട് ഉദാരമായ സമീപനം എന്നീ വിഷയങ്ങളിൽ ഈ കൗൺസിൽ പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

വസ്തുമാറ്റോപദേശം: വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകളുടെ മുഴുവൻ സാരാംശവും ക്രിസ്തുവിന്റെ മാംസവും രക്തവും ആയി മാറുന്നു എന്ന് ലാറ്ററൻ കൗൺസിൽ പഠിപ്പിച്ച കത്തോലിക്കാസഭയുടെ ട്രാൻസ്സബ്സ്റ്റാൻഷിയേഷൻ. ട്രെന്റ് കൗൺസിൽ ഈ ഉപദേശം ഉറപ്പിച്ചു. പൗരസ്ത്യ വേദശാസ്ത്രജ്ഞന്മാർ ഈ പദം സ്വീകരിച്ചിട്ടില്ല.

വറുഗ്ഗീസ്, ഫാ. കെ. സി. (1904-1979): തടാകം ക്രിസ്തുശിഷ്യാശ്രമം സ്ഥാപകരിലൊരാൾ. ഒളശ്ശ കോമടത്തുശ്ശേരിൽ ചാക്കോയുടെയും മറിയത്തിന്റെയും മകൻ. 1904 ജൂലൈ 27-ന് ജനിച്ചു. കോട്ടയം എം. ഡി., ആലുവ യു. സി. കോളജ്, കൽക്കട്ട ബിഷപ്പ്സ് കോളജ് എന്നിവിടങ്ങളിൽ പഠിച്ചു. 1935-ൽ ബാഹ്യകേരളത്തിൽ ഓർത്തഡോക്സ് മിഷൻ പ്രവർത്തനകേന്ദ്രമായി കോയമ്പത്തൂരിനടുത്ത് ആശ്രമം സ്ഥാപിച്ചു. 1948-ൽ വൈദികനായി. ബിഷപ്പ് വാൽഷിന്റെ ശിഷ്യൻ. മരണം വരെ ആശ്രമത്തിന്റെ ആചാര്യസ്ഥാനം വഹിച്ചു. വിവാഹിതൻ. 1979 ഒക്ടോബർ 9-ന് അന്തരിച്ചു. ആശ്രമം ചാപ്പലിന്റെ വടക്കുഭാഗത്തു സംസ്കരിച്ചു.

വർഗ്ഗീസ് കെ. സി., ഫാ.: മലബാർ സ്വതന്ത്ര സുറിയാനിസഭയിലെ പ്രശസ്ത വൈദികൻ. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ. 'മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം' എന്ന ഗ്രന്ഥം രചിച്ചു.

വർക്കി, എ. എം. (1892-1944): മാവേലിക്കര പുതിയകാവ് ആലിന്റെ തെക്കേതിൽ മാത്യുവിന്റെ പുത്രൻ. 1892 ജനു. 27-ന് ജനിച്ചു. തിരുവല്ല എം. ജി. എം. സ്കൂൾ അധ്യാപകൻ. 1919-ൽ കൊല്ലത്ത് ജില്ലാക്കോടതിയിൽ വക്കീൽ. ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ പ്രഥമ പ്രിൻസിപ്പലായി 29-ാം വയസ്സിൽ ചുമതലയേറ്റു. 21 കൊല്ലം ആ ചുമതല വഹിച്ചു. ഫസ്റ്റ് ഗ്രേഡ് റസിഡൻഷ്യൽ കോളജായി വളർത്തി. ആലുവായിൽ മുനിസിപ്പൽ ചെയർമാൻ ആയി. വേദശാസ്ത്രജ്ഞനായ അദ്ദേഹം 1932-ൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ഫെല്ലോഷിപ്പിൽ അംഗമായി. ലണ്ടനിൽ മലങ്കരസഭയെക്കുറിച്ച് പ്രഭാഷണം നടത്തി. മദ്രാസ് താംബരം കോളജിൽ വിസിറ്റിംഗ് പ്രൊഫസർ ആയിരുന്നു. 1942-43 കാലത്ത് മലങ്കരസഭയുടെ ഓണററി അസോസ്യേഷൻ സെക്രട്ടറിയായി പ്രവർത്തിച്ചു. ഭരണഘടനാ കമ്മിറ്റിയിൽ അംഗമായിരുന്നു. ഓർത്തഡോക്സ് സെമിനാരിയെ

നവീകരിക്കുവാൻ മുൻകൈ എടുത്തു. കാതോലിക്കാദിനപ്പിരിവ് എന്ന ആശയത്തിന്റെ ശില്പികളിൽ ഒരാൾ. മലങ്കരസഭാ മാസിക സ്ഥാപിക്കുന്ന തിന് നേതൃത്വം നൽകി. സഭാസമാധാനത്തിന് വേണ്ടി മലങ്കര പള്ളിപ്രതി പുരുഷന്മാർ സമ്മേളിച്ച ആലുവാ പ്രതിപുരുഷയോഗത്തിന്റെ പ്രധാന സംഘാടകൻ. വ്യത്യസ്ത ക്രൈസ്തവ പാരമ്പര്യങ്ങൾക്ക് സംവാദം നട ത്തുവാൻ സി. പി. മാത്തനുമൊന്നിച്ച് മൂന്ന് സമ്മേളനങ്ങൾ നടത്തി. 1944 ജൂൺ 5-ന് നിര്യാതനായി. ആലുവാ കോളജിൽ ഇദ്ദേഹത്തിന്റെ ഓർമ്മ യ്ക്കായി വർക്കി മെമ്മോറിയൽ ഹാൾ സ്ഥിതിചെയ്യുന്നു.

വർക്കി, എം. പി.: അത്മായ പ്രമുഖൻ. തൃപ്പൂണിത്തുറ മൂക്കഞ്ചേ രിൽ പത്രോസ് മാർ ഒസ്താത്തിയോസിന്റെ സഹോദരൻ. ലൗകികാധി കാരം പാത്രിയർക്കീസിന് കൊടുക്കാൻ പാടില്ലെന്ന് അബ്ദുള്ളാ പാത്രി യർക്കീസ് വിളിച്ചുകൂട്ടിയ 1909 നവം. 25-27 കോട്ടയം പഴയസെമിനാരി അസോസ്യേഷനിൽ ആദ്യം പറഞ്ഞ ആൾ. കൊച്ചി അഞ്ചൽ സൂപ്രണ്ടായ അദ്ദേഹം പരുമല മാർ ഗ്രീഗോറിയോസ്, പുലിക്കോട്ടിൽ മാർ ദീവന്നാ സ്യോസ് II എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

വർക്കി വർഗ്ഗീസ് (ആനപ്പാപ്പി): തിരുവല്ല നെടുമ്പ്രം താലൂക്കിൽ പെരിങ്ങര ആറ്റുപുറത്ത് വർക്കി വർഗ്ഗീസ്. ആകാരഗാംഭീര്യം കൊണ്ട് ആന പ്പാപ്പി എന്ന് വിളിക്കപ്പെട്ടു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന് വധഭീ ഷണി ഉണ്ടായകാലത്ത് ഇദ്ദേഹം അംഗരക്ഷകരുടെ നേതാവായി കൊണ്ടു വരപ്പെട്ടു. 1912 മാർച്ച് 30-ന് കോട്ടയം പഴയസെമിനാരിയുടെ സമീപം മീനച്ചിലാറിന്റെ മണൽപ്പുറത്തുവച്ച് പാത്രിയർക്കീസ് വിഭാഗത്തിന്റെ ഗുണ്ട കൾ നിരായുധനായ ആനപ്പാപ്പിയെ മൃഗീയമായി വധിച്ചു. കോട്ടയം പുത്തൻപള്ളി സെമിത്തേരിയിൽ ഇദ്ദേഹത്തെ സംസ്കരിച്ചു. കെ. വി. മാമ്മനും അഡ്വ. പി. സി. മാത്യുവും ചേർന്ന് എഴുതിയ *ആനപ്പാപ്പി* എന്ന പുസ്തകത്തിലും ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് എഴുതിയ *ഗിരി ദീപ*ത്തിലും വർക്കി വർഗ്ഗീസിന്റെ വധം വിവരിച്ചിട്ടുണ്ട്.

വർഗ്ഗീസ് ചീരൻ: 1893-ൽ ചീരൻ വറീയതിന്റെയും കുഞ്ഞന്നത്തി ന്റെയും മകനായി പഴഞ്ഞിയിൽ ജനിച്ചു. പൗരോഹിത്യ പദവിയിലേക്ക് അനുയോജ്യരായ വ്യക്തികളെ ഇടവക സന്ദർശനത്തിൽ കണ്ടെത്തുവാൻ ശ്രമിച്ചിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ പൂർവിക പുരോഹിത കുടുംബാംഗമായ വർഗ്ഗീ സിനെ കൊണ്ടുപോയി കോട്ടയം പഴയസെമിനാരിയിൽ താമസിപ്പിച്ച് വൈദിക പരിശീലനം നടത്തി. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനുമായിരുന്നു ഗുരുനാഥന്മാർ. പുലിക്കോട്ടിൽ മെത്രാപ്പോലീത്തായ്ക്കു ശേഷം വട്ടശ്ശേരിൽ മെത്രാച്ചന്റെ സെക്രട്ടറിയായി.

1912 മാർച്ച് 31-ന് കോട്ടയം പഴയസെമിനാരി ചാപ്പലിൽ ആദ്യപട്ടം ഏല്ക്കാൻ ക്രമീകരണങ്ങൾ പൂർത്തിയായി എങ്കിലും 30-ാം തീയതി സന്ധ്യയ്ക്ക് മെത്രാപ്പോലീത്തായുടെ അംഗരക്ഷകൻ ആനപ്പാപ്പി മൃഗീയമായി വധിക്കപ്പെട്ടതിനെത്തുടർന്ന് വികാര സമ്മർദ്ദത്തിലായ മെത്രാപ്പോലീത്താ പട്ടംകൊട മാറ്റിവച്ചു. ആ സംഭവം വർഗ്ഗീസിലും വലിയ ഷോക്കേല്പിച്ചു. സഭയിൽ സമാധാനം ഉണ്ടാവാതെ പട്ടമേല്ക്കുകയില്ലെന്ന് വർഗ്ഗീസ് തീരുമാനിച്ചു. അദ്ദേഹം സെമിനാരി വിട്ടു. പഠനം നടത്തി അധ്യാപകനായി പരുമലയിൽ കുടുംബജീവിതം നയിക്കവേ കല്ലിശ്ശേരി പള്ളിയിലെത്തിയ ഏലിയാസ് തൃതീയൻ പാത്രിയർക്കീസിനെ സന്ദർശിച്ചു. സുറിയാനി ഭാഷയിൽ ഭംഗിയായ ആശയവിനിമയം നടത്തിയ ആ യുവാവിൽ ബാവ സംപ്രീതനാവുകയും പട്ടമേല്ക്കുവാൻ ക്ഷണിക്കുകയും ചെയ്തു. വർഗ്ഗീസ് തന്റെ മുൻ തീരുമാനം മാറ്റിയില്ല. 1956-ൽ 63-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. പരുമല ശ്മശാനത്തിൽ സംസ്കരിച്ചു. അദ്ദേഹം എഴുതിവച്ചിരുന്ന ഒരു കൈയെഴുത്തു ഗ്രന്ഥം Faith of Our Fathers എന്ന ശീർഷകത്തിൽ മക്കൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു 2000-ൽ പ്രസിദ്ധീകരിച്ചു.

വർഗ്ഗീസ്, ഫാ. പി. വി.: തോനയ്ക്കാട് ഇടവക പി. സി. വറുഗ്ഗീസിന്റെ മകൻ. 29-10-1926 ൽ ജനിച്ചു. ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എ., ലണ്ടനിൽ നിന്ന് ബി. ഡി., അമേരിക്കയിൽ നിന്ന് എസ്. റ്റി. എം. ബിരുദങ്ങൾ നേടി. പി. വി. വർഗ്ഗീസ് ക്ലേറി എന്ന് അറിയപ്പെട്ടു. 6-3-1982 ൽ യൂഹാനോൻ മാർ സേവേറിയോസ് വൈദികപട്ടം നൽകി. മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി, വൈദിക സെമിനാരി പാർട്ട്-ടൈം അധ്യാപകൻ, കാതോലിക്കേറ്റ് ആൻഡ് എം. ഡി. സ്കൂൾ ഓഫീസ് മാനേജർ, കേരള പ്രൈമറി സ്കൂൾ മാനേജേഴ്സ് അസോസ്യേഷൻ പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. *അമേരിക്കൻ ഇടവകകളിലൂടെ* എന്ന ഒരു പഠനഗ്രന്ഥം പ്രസിദ്ധീകരിച്ചു. പാലായിൽ പീസ് കോർണറും കോട്ടയത്തു പീസ് ഹില്ലും നടത്തുന്നു.

വർഗ്ഗീസ്, ഫാ. ഡോ. റ്റി. ഐ.: സഭാ ചരിത്ര ഗവേഷകൻ. കർണ്ണാടകയിൽ ചിക്മാംഗലൂർ ഇട്ടൂപ്പ് ഇടിയന്റെ പുത്രൻ. 8-8-1951 ൽ ജനിച്ചു. ജി. എസ്. റ്റി., ബി. ഡി., എം. റ്റി. എച്ച്. എന്നീ ബിരുദങ്ങൾക്ക് ശേഷം സഭാചരിത്രത്തിൽ ഡോക്ടറേറ്റ് നേടി. 31-5-1980 ൽ വൈദികനായി. കോട്ടയം വൈദികസെമിനാരിയിൽ അധ്യാപകനാണ്. 'അന്ത്യോഖ്യാബന്ധം 19-ാം നൂറ്റാണ്ടിന്റെ സൃഷ്ടി' എന്ന ഒരു പുസ്തകം രചിച്ചിട്ടുണ്ട്.

വർഗ്ഗീസ്, ഫാ. സി. ഒ.: തുമ്പമൺ ചക്കിട്ടേടത്ത് വറുഗ്ഗീസ് ഉമ്മന്റെ മകൻ. 23-4-1936 ൽ ജനിച്ചു. എം. എസ്. സി., ജി. എസ്. റ്റി. എന്നീ ബിരുദങ്ങൾ നേടി. ന്യൂയോർക്കിൽ നിന്ന് എം. ആർ. ഇ., എസ്. റ്റി. എം. ബിരുദ

ങ്ങൾ സമ്പാദിച്ചു. 16-6-1961 ൽ വൈദികൻ. തുമ്പമൺ ഭദ്രാസന സെക്രട്ടറി, ഡയറക്ടറി ചീഫ് എഡിറ്റർ, അമേരിക്കൻ ലിറ്റർജിക്കൽ കമ്മിറ്റി സെക്രട്ടറി, സണ്ടെസ്കൂൾ കരിക്കുലം കമ്മിറ്റി മെമ്പർ എന്നീ നിലകളിലും ബോംബെ ഭദ്രാസനകേന്ദ്രത്തിൽ കോ-ഓർഡിനേറ്റർ ആയും പ്രവർത്തിച്ചു.

വർഗ്ഗീസ്, മലങ്കര: മാനേജിംഗ് കമ്മിറ്റി അംഗം, ആത്മീയ സംഘടനകളിലെ സജീവ പ്രവർത്തകൻ, പെരുമ്പാവൂരിലെ പ്രസിദ്ധ വ്യാപാരി. കക്ഷിവഴക്കിന്റെ പശ്ചാത്തലത്തിൽ മലങ്കരസഭയുടെ പോരാളിയായിരുന്നു പെരുമ്പാവൂരിലെ ടി. എം. വർഗ്ഗീസ്. വിഘടിതവിഭാഗത്തിന്റെ ഒത്താശയോടെ ഏർപ്പാടാക്കിയ വാടകഗുണ്ടകൾ 2002 ഡിസംബർ 5-ന് പട്ടാപ്പകൽ വെട്ടിക്കൊന്നു. മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പു കൂടാതെ മേല്പട്ടം ഏറ്റ തോമസ് ദീവന്നാസ്യോസ് മെത്രാച്ചനെ പെരുമ്പാവൂർ പള്ളിയിൽ നിരോധിക്കുന്ന കോടതി ഉത്തരവ് സമ്പാദിച്ചതിലുള്ള പ്രതികാരമാണ് കൊലയുടെ പിന്നിൽ പ്രവർത്തിച്ച അധമവും ക്രൂരവുമായ വികാരം. അറുപതിനായിരം രൂപ ഗുണ്ടകൾക്ക് ലഭിച്ചതായി പ്രതികൾ പോലീസിൽ അറിയിച്ചു. മലങ്കര ടിംബേഴ്സ് എന്ന തടിമില്ലിന്റെ ഉടമയായിരുന്നു മധ്യവയസ്കനായ ടി. എം. വർഗ്ഗീസ്. ടി. എം. വറുഗ്ഗീസ് കൊലക്കേസ് ഇപ്പോൾ ഭാര്യ സാറാമ്മയുടെ ഹർജിയെ തുടർന്ന് ഹൈക്കോടതി സി. ബി. ഐ. അന്വേഷണത്തിനു വിട്ടിരിക്കുന്നു.

വർഗ്ഗീസ് ചീരൻ, ഡോ. റാവു സാഹിബ്: 1882-ൽ ചീരൻ വറീയത് താരു - മാത്തിരിയുടെയും മകനായി കുന്നംകുളത്ത് ജനിച്ചു. മെഡിക്കൽ ബിരുദമെടുത്ത് മദ്രാസ്, ഊട്ടി, തഞ്ചാവൂർ, ചാവക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ അസി. സർജൻ, സൂപ്രണ്ട്, ഡി. എം. ഒ. എന്നീ നിലകളിൽ പ്രവർത്തിച്ചു. അബ്ദുള്ളാ ബാവായ്ക്ക് 1909-ൽ മദ്രാസിൽ നൽകിയ സ്വീകരണം, 1921-ലെ ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജ് സ്ഥാപനം, മദ്രാസ് ഇടവകയുടെ സ്ഥാപനം, 1908-ലെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സ്ഥാപനം, 1917-ലെ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ കുന്നംകുളം കോൺഫ്രൻസ്, 1924-ലെ സ്ലീബാദാസ സമൂഹസ്ഥാപനം, മഹാജനസഭ സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ് എന്ന പേരിൽ നടത്തിയ പുനഃസ്ഥാപനം എന്നിവയിലൊക്കെ ഡോ. ചീരൻ വർഗ്ഗീസിന്റെ പങ്കും നേതൃത്വവും നിർണ്ണായകം ആയിരുന്നു. 1946-ൽ അദ്ദേഹത്തിന് ബ്രിട്ടീഷ് സർക്കാർ റാവു സാഹിബ് എന്ന ബഹുമതി നൽകി. 1958 മാർച്ച് 4-ന് ആ കർമ്മയോഗി ദിവംഗതനായി. തൃശ്ശൂർ സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ സംസ്കരിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ ജീവചരിത്രം അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ രചിച്ചു. അതിന്റെ ഇംഗ്ലീഷ് വിവർത്തനവും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

വർഗ്ഗീസ് മാപ്പിള, കണ്ടത്തിൽ: സാഹിത്യകാരനും അത്മായ നേതാവും മനോരമ സ്ഥാപക പത്രാധിപരുമായ ഇദ്ദേഹം 1858-ൽ തിരുവല്ല കണ്ടത്തിൽ ഈപ്പന്റെയും സാറാമ്മയുടെയും മകനായി ജനിച്ചു. 1881-ൽ 'കേരളമിത്രം' പത്രാധിപർ. 1885-ൽ ചെങ്ങന്നൂർ താലൂക്ക് മുതൽ പിടിക്കാരൻ, 1886-ൽ സദാചാര സംഘം സ്ഥാപകൻ, സി. എം. എസ്. കോളജിൽ മലയാളം മുൻഷി. 1890-ൽ മനോരമ കമ്പനിയും പത്രവും ആരംഭിച്ചു. 1896-ൽ ഭാഷാപോഷിണി മാസിക ആരംഭിച്ചു. കോട്ടയം എം. ഡി. ഹൈസ്കൂൾ, തിരുമൂലപുരം ബാലികാമഠം എന്നിവ സ്ഥാപിക്കുവാൻ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയനെ സഹായിച്ചു. ഗദ്യ-പദ്യ സാഹിത്യ വളർച്ചക്കായി യത്നിച്ചു. സാഹിത്യകാരന്മാർക്ക് പ്രതിഫലവും പാരിതോഷികവും നൽകുന്ന പതിവ് മലയാളത്തിൽ ആരംഭിച്ചു. 1904 ജൂൺ 26-ന് അന്തരിച്ചു. ദർപ്പവിച്ഛേദനം, യോഷാഭൂഷണം, വിസ്മയജനനം, പത്തുവൃത്തം, എബ്രായക്കുട്ടി, കലഹിനീദമനകം, സച്ചരിത ശതകം തുടങ്ങി നാടകം, വിവർത്തനം, കവിത എന്നീ മേഖലകളിൽ 9 പുസ്തകങ്ങൾ രചിച്ചു. ഓർത്തഡോക്സ് കുർബ്ബാനക്രമത്തിലെ ഗാനവിവർത്തനം ഇദ്ദേഹവും കൊട്ടാരത്തിൽ ശങ്കുണ്ണിയും ചേർന്ന് നിർവഹിച്ചു. *കീർത്തനമാലയും* ഇദ്ദേഹത്തിന്റെ കൃതിയാണ്.

വർഗ്ഗീസ്, ചിത്രമെഴുത്ത് കെ. എം.: 1888 ഏപ്രിൽ 22-ന് മാവേലിക്കര തഴക്കര പവ്വത്തിക്കുന്നേൽ വീട്ടിൽ ജനിച്ചു. കൊട്ടാരം ആർട്ടിസ്റ്റ് മുകുന്ദൻ തമ്പിയുടെ കീഴിൽ ചിത്രമെഴുത്ത് പരിശീലിച്ചു. മലയാളം ഗദ്യകവിതയുടെ പ്രണേതാവ്. ആത്മപോഷിണി, കഥാമാലിക എന്നീ മാസികകളുടെ പത്രാധിപർ. ആറു ചരിത്രകഥകളും ഒരു നോവലും രണ്ട് സഭാചരിത്രഗ്രന്ഥങ്ങളും, ഒരു ഗദ്യകവിതാ സമാഹാരവും, ഒരു കഥാസമാഹാരവും പ്രസിദ്ധീകരിച്ചു. മഗ്ദലന മറിയത്തിന്റെ ടിപ്പണിയും അവതാരികയും എഴുതി. കെ. വി. മാമ്മൻ ജീവചരിത്രം രചിച്ചിട്ടുണ്ട്.

വർഗീസ് വൈദ്യൻ: തേവലക്കര വൈദ്യൻ കുടുംബാംഗം. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രാരംഭ നേതാക്കളിൽ ഒരാൾ. സി. പി. ഐ. നേതാവും മന്ത്രിയുമായിരുന്ന റ്റി. വി. തോമസിനെ രാഷ്ട്രീയരംഗത്തേക്ക് കൊണ്ടുവന്നയാൾ. പിന്നീട് വ്യവസായി. സിനിമാ തിരക്കഥാകൃത്തും സംവിധായകനുമായ ചെറിയാൻ കല്പകവാടി പുത്രനാണ്.

വർഗീസ് ജോൺ തോട്ടപ്പുഴ: ഗവേഷകൻ. ഗാന്ധിയൻ സ്റ്റഡീസിൽ പി. ജി., ഗണിതശാസ്ത്രത്തിൽ അദ്ധ്യാപന ബിരുദം, ജേർണലിസത്തിൽ പി. ജി. ഡിപ്ലോമാ. തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഇടവകാംഗം. മലയാള മനോരമയിൽ സീനിയർ എഡിറ്റോറിയൽ റിസർച്ച് അസിസ്റ്റന്റ്. നിരവധി ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലങ്കരസഭയിലെ

മേൽപട്ടക്കാരുടെ സ്ഥാനാഭിഷേകം, നിര്യാണം, മൂറോൻ കൂദാശകൾ, അസോസ്യേഷൻ യോഗങ്ങൾ തുടങ്ങിയവയുടെ തീയതികൾ സമാഹരിച്ച് 'മലങ്കരസഭാ ചരിത്ര ഫലകങ്ങൾ' എന്ന ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ബഥേൽ പത്രിക' മാസികയുടെ എഡിറ്റോറിയൽ ബോർഡ് അംഗം.

വടകര സെന്റ് ജോൺസ് പള്ളി: കണ്ടനാട് ഭദ്രാസനം. ഉദയംപേരൂർ സിനഡിൽ പങ്കെടുത്തു. മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് ആസ്ഥാനമായി ഉപയോഗിച്ചു. ഔഗേൻ മാർ തീമോത്തിയോസ് സെന്റ് ജോൺസ് ഹൈസ്കൂൾ സ്ഥാപിച്ചു. നാടകാചാര്യനും നാടകകൃത്തുമായ സി. ജെ. തോമസ് (ശെമ്മാശൻ) ഈ ഇടവക വികാരിയായിരുന്ന ചൊള്ളമ്പേൽ യോഹന്നാൻ കോറെപ്പിസ്കോപ്പായുടെ മകനാണ്; കൂത്താട്ടുകുളം മേരി ജോൺ മകളും.

വടക്കൻമണ്ണൂർ സെന്റ് തോമസ് പള്ളി: കോട്ടയം ഭദ്രാസനം. 1898-ൽ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് സ്ഥാപിച്ച വിജാതീയ മിഷന്റെ പ്രവർത്തനഫലമായി അമയന്നൂരിൽ രൂപംകൊണ്ട ഇടവകക്കാർക്കായി മറ്റത്തിൽ തോമ്മാ നൽകിയ സ്ഥലത്ത് സ്ഥാപിച്ച പള്ളിയിൽ കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ വി. കുർബ്ബാന അർപ്പിച്ചു. അചിരേണ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II ഈ പള്ളി ഇടവകയായി പ്രഖ്യാപിച്ചു. വട്ടക്കുന്നേൽ കുരിയൻ കത്തനാർ ആയിരുന്നു വികാരി. 1909-ൽ പുനർ നിർമ്മാണം ആരംഭിച്ചു. 1917-ൽ പൂർത്തിയായി. 1934-ൽ വട്ടശ്ശേരിൽ മലങ്കരമെത്രാപ്പോലീത്താ കൂദാശ ചെയ്തു. 1983-ൽ വിപുലീകരിച്ചു പണിതു. അതിന്റെ കൂദാശ 1984 ഡിസം. 29-ന് മാത്യൂസ് I കാതോലിക്കാ നിർവഹിച്ചു. 450 കുടുംബങ്ങൾ ഉണ്ട്.

വടവുകോട് വി. മർത്തമറിയം പള്ളി: 1922 ഡിസം.15-ന് സ്ഥാപിച്ചു. സ്ലീബാ മാർ ഒസ്താത്തിയോസ് ആദ്യ ബലിയർപ്പിച്ചു. കുരിശിങ്കൽ മാണി മല്പാൻ, തേനുങ്കൽ വർഗ്ഗീസ് മല്പാൻ, ഞാർത്താങ്കൽ കോരത് മല്പാൻ എന്നിവർ വികാരിമാർ ആയിരുന്നു. 1943-ൽ പള്ളി പുതുക്കിപ്പണിതു. 1972-ൽ സുവർണ്ണജൂബിലി ആഘോഷിച്ചു. ഏറെക്കാലം ഈ ദേവാലയം പാത്രിയർക്കീസ് ഭാഗത്തെ മല്പാൻ പള്ളിക്കൂടമായി പ്രവർത്തിച്ചിട്ടുണ്ട്.

വർത്തമാനപ്പുസ്തകം: മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ കൃതി. പാറേമാക്കൽ തോമ്മാ കത്തനാർ 1777-ൽ കാരിയാറ്റിൽ യൗസേപ്പ് മല്പാനുമൊന്നിച്ച് മലങ്കരസഭയിലെ ഇരുകൂറുകളുടെയും ഐക്യത്തെപ്പറ്റി ചർച്ച ചെയ്യാൻ ആറാം മാർത്തോമ്മായുടെ എഴുത്തുംവാങ്ങി റോമ്മിലേക്ക് നടത്തിയ യാത്രയാണ് ഈ കൃതിയുടെ പ്രമേയം. ദേശവിവരണം, ആത്മകഥ എന്നിവയുടെ സ്വഭാവം പുലർത്തുന്നു. 1740-ൽ ജനിച്ച ഗോവർ

ണദോർ തോമ്മാക്കത്തനാർ 1799-ൽ അന്തരിച്ചു.

വലിയനോമ്പ്: പുരാതന കാനോനിക നോമ്പ്. 40 ദിവസത്തെ നോമ്പും പത്തു ദിവസത്തെ കഷ്ടാനുഭവ ധ്യാനവും ഉൾപ്പെടെ 50 ദിവസം ആചരിക്കുന്നു. ഉയിർപ്പു പെരുന്നാളിന്റെ ഒരുക്കകാലം. മോശ, ഏലിയ, നിനുവാക്കാർ, യേശു എന്നിവർ 40 നാൾ ഉപവസിച്ചു. ഉയിർപ്പു പെരുന്നാളിലെ മാമ്മൂദീസായ്ക്കു മുമ്പുള്ള വിശ്വാസപഠന കാലം കൂടെയാണിത്. വലിയനോമ്പിൽ ആഴ്ചയിലെ അഞ്ച് ദിവസങ്ങൾക്കും കഷ്ടാനുഭവ ആഴ്ചയിലെ ആറു ദിവസങ്ങൾക്കും വെവ്വേറെ നമസ്കാരക്രമങ്ങളുണ്ട്. വലിയനോമ്പിൽ ആഴ്ചവട്ടത്തിന്റെ അഞ്ചുദിനങ്ങളും ഉപവാസദിനങ്ങളാകയാൽ കുർബ്ബാന അർപ്പിക്കാറില്ല. ആദ്യത്തെ രണ്ടാഴ്ച കഴിഞ്ഞാൽ മാമ്മൂദീസായും നടത്താറില്ല. ഉച്ചനമസ്ക്കാരം കഴിഞ്ഞ് സാധാരണ കുമ്പിടീലുകൾക്ക് പുറമേ നാല്പത് കുമ്പിടീൽ ഉണ്ട്. പേത്തുർത്തോ ഞായർ തുടങ്ങി കൊത്തിനേ, ഗർബോ, മ്ശറിയോ, ക്നാനയിത്തോ, ക്പിപ്ത്തൊ, സമിയോ, ഊശാന, കൃംതാ എന്നീ 8 ഞായറാഴ്ചകൾ അമ്പതു ദിവസത്തിനകത്തു വരും. പാതിനോമ്പിന് കുർബ്ബാന അനുഷ്ഠിക്കും. പള്ളി മധ്യത്തിൽ മ്നൊർത്തോ നാട്ടും. മാർച്ച് 25 വലിയനോമ്പിൽ വന്നാൽ അന്ന് നോമ്പും ഉപവാസവുമില്ല; പെരുന്നാൾ മുറയിൽ കുർബ്ബാന ചൊല്ലും. പാതിനോമ്പിനും 40-ാം വെള്ളിയാഴ്ചയിലും കുർബ്ബാനയുണ്ടെങ്കിലും നോമ്പിന്റെ പ്രാർത്ഥനയാണ്. വലിയനോമ്പിൽ ഉപവാസമനുഷ്ഠിച്ച് പള്ളിയിൽ താമസിക്കുന്ന പുരാതന പതിവ് പാലൂർ-ചാട്ടുകുളങ്ങര പ്രദേശത്തെ പള്ളികളിൽ ഇപ്പോഴും തുടരുന്നു. മൂറോൻ കൂദാശയുടെ ദിനം കാനോൻ നിർദ്ദേശിക്കുന്നത് പെസഹാ വ്യാഴാഴ്ചയാണ്.

വലിയമ്മ: അമ്മയുടെ ജ്യേഷ്ഠത്തി, അമ്മയുടെ അമ്മ, അപ്പന്റെ അമ്മ, അപ്പന്റെ ജ്യേഷ്ഠന്റെ പത്നി, പ്രായമുള്ള സ്ത്രീ എന്നിവരെ വല്യമ്മ എന്ന് വിളിക്കും.

വല്യപ്പൻ: അപ്പന്റെ ജ്യേഷ്ഠൻ, അപ്പന്റെ അപ്പൻ, അമ്മയുടെ അപ്പൻ, അമ്മയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവ്, ആദരണീയരായ വൃദ്ധന്മാർ തുടങ്ങിയവരെ ഇപ്രകാരം വിളിക്കും.

വസ്ത്രധാരണം, നസ്രാണികളുടെ: വെള്ളനിറത്തോട് പ്രതിപത്തി കൂടും. കൗപീനവും മുണ്ടും തോളിലിടുന്ന രണ്ടാംമുണ്ടും സാധാരണ വേഷം. വീട്ടിനകത്ത് കൈമുണ്ട് (കൗപീനം), മുണ്ട് മാത്രമേ കാണൂ. പണിസ്ഥലത്ത് കൗപീനവും കുറിയമുണ്ടും മാത്രം. സ്ത്രീകളുടെ വേഷമാണ് ശ്രദ്ധേയം. ഏഴുവാര നീളമുള്ള കച്ചമുണ്ട് ഡബിൾമുണ്ടായി പുറകിൽ ഞൊറിയിട്ട് ചുറ്റുന്നു. മേൽക്കുപ്പായം 'ചട്ട' ആണ്. യാത്രയിൽ ഒരു കവണിയും കാണും. കേരളീയ സ്ത്രീകൾ അർധനഗ്നകളായി കഴിയുവാൻ

നിയമമുള്ള നാട്ടിലാണ് ക്രിസ്ത്യാനി സ്ത്രീകൾ ഈ കുലീനവേഷം ധരിച്ചിരുന്നത്. കഥകളി സ്ത്രീവേഷത്തിൽ ഈ സമീപനം സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

വള്ളിക്കാട്ട് ദയറ: നവീകരണത്തെ ചെറുക്കുവാൻ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയൻ വാകത്താനം അയനാട്ട്കുന്നിൽ 1868-ൽ ദയറാ ദേവാലയം സ്ഥാപിച്ചു. 1908-ൽ അതിന്റെ ചുമതല കാരുചിറ ഗീവറുഗ്ഗീസ് റമ്പാനെ ഏല്പിച്ചു. അദ്ദേഹം ആ സ്ഥാപനത്തെ സ്ഥാപനോദ്ദേശ്യപ്രകാരം ദയറാ ആയി വളർത്തി. പിന്നീട് മെത്രാനായപ്പോൾ ഇവിടെ വൈദികരെ പരിശീലിപ്പിച്ചു. 1928-ൽ അദ്ദേഹം കാലം ചെയ്ത് ദയറായിൽ കബറടങ്ങി. അനാഥമായിത്തീർന്ന ദയറാ മാർത്തോമ്മാ മാത്യൂസ് I ബാവായുടെ ഉത്സാഹത്തിൽ ഫാ. വിനോയി (ഔഗേൻ മാർ ദീവന്നാസ്യോസ്) പുനർ നിർമ്മാണം നടത്തി; 1982-ൽ പൂർത്തീകരിച്ചു. ദയറായുടെ ആധുനികകാല ശില്പിയായ ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കബറിടവും ഇവിടെയാണ്.

വാകത്താനം സെന്റ് ജോൺസ് വലിയപള്ളി: 1847 ജനു. 10-ന് ശിലാസ്ഥാപനം. 1848-ൽ കൂദാശ (കോട്ടയം ഭദ്രാസനം). പ്രധാന പെരുന്നാൾ ജനുവരി 10. മാർ ബസ്സേലിയോസ് ഗീവറുഗ്ഗീസ് I ന്റെ ഇടവക. 600-ലേറെ കുടുംബങ്ങൾ. രണ്ടു ചാപ്പലുകളും 4 സണ്ടെസ്കൂളുകളും പ്രവർത്തിക്കുന്നു. യെരൂശലേം, പുത്തൻചന്ത, പൊങ്ങന്താനം, വെട്ടിക്കുന്ന്, ഞാലിയാകുഴി, പാത്താമുട്ടം ഇടവകകളുടെ മാതൃദേവാലയം.

വാങ്ങിപ്പ്: ദൈവമാതാവിന്റെ വാങ്ങിപ്പ് ആഗസ്റ്റ് 15-ന് ആഘോഷിക്കുന്നു. 15 ദിവസത്തെ നോമ്പിന്റെ അനുഷ്ഠാനവുമുണ്ട്. ഓർത്തഡോക്സ് സഭയ്ക്ക് വാങ്ങിപ്പ് ഒരു പാരമ്പര്യം മാത്രം. കത്തോലിക്കാസഭ അത് ഒരു വിശ്വാസസത്യമായി അംഗീകരിക്കുന്നു. അടക്കപ്പെട്ട ശരീരം ദ്രവത്വം കാണാതെ എടുത്തുകൊള്ളപ്പെട്ടു എന്ന് പാരമ്പര്യം അവകാശപ്പെടുന്നു.

വാതിൽ തുറപ്പാട്ട്: വിവാഹപ്പാട്ടുകളിലൊന്ന്. മണവറയുടെ വാതിൽ തുറക്കാനുള്ള അഭ്യർത്ഥനയാണ് പാട്ടിന്റെ പ്രമേയം.

വായനക്കാരൻ: താഴ്ന്ന ശെമ്മാശു സ്ഥാനം. നാലാം പട്ടം. കോറൂയോ എന്ന് പറയും. ഏവൻഗേലിയോൻ ഒഴികെയുള്ള വേദപുസ്തകം സ്ഥാനചിഹ്നമായി നൽകുന്നു. കുനിഞ്ഞ് മദ്ബഹാ വാതുക്കൽ നിന്ന് പട്ടമേൽക്കണം. മലങ്കരയുടെ പാരമ്പര്യത്തിൽ തൊപ്പിയുണ്ട്. എന്നാലും അന്ന് വാഴ്ത്തികൊടുക്കുന്നില്ല. ഈ സ്ഥാനം കോറെപ്പിസ്കോപ്പായ്ക്ക് കൊടുക്കാം.

വായനാ പീഠം: ഏവൻഗേലിയോൻ മേശ.

വായനക്കുറിപ്പ്: ഓരോ ആരാധനാ ദിനത്തിലും വിവിധ വേദഭാഗങ്ങളിൽ നിന്ന് വായിക്കുവാൻ നിർദ്ദേശിക്കുന്ന പാഠങ്ങൾ രേഖപ്പെടുത്തിയ വേദവായനക്കുറിപ്പ്.

വായനപ്പടി (1): ഓരോ ദിവസത്തിലേക്ക് നിർദ്ദേശിച്ച പഴയനിയമ ഭാഗങ്ങൾ ദിവസക്രമത്തിൽ ക്രമീകരിച്ചത്.

വായനപ്പടി (2): ഓരോ ദിവസത്തേക്കുമുള്ള ലേഖനങ്ങൾ ദിവസക്രമത്തിൽ ക്രമീകരിച്ചത്.

വായനപ്പടി (3): ഓരോ ദിവസത്തേയ്ക്കുമുള്ള ഏവൻഗേലിയോൻ ദിവസക്രമത്തിൽ ക്രമീകരിച്ചത്.

വാൽഷ്, ബിഷപ്പ് പെക്കൻഹാം (1871-1959): 1871 മാർച്ച് 22-ന് അയർലണ്ടിൽ കിൽക്കാനിയിൽ ജനിച്ചു. ബിഷപ്പായിരുന്ന പിതാവ് ഡീക്കൻ പട്ടം നൽകി. 1896-ൽ മിഷണറിയായി ഇന്ത്യയിൽ വന്നു. 1901-ൽ വൈദികൻ. 1902-ൽ റാഞ്ചി സ്കൂളിന്റെയും 1903-ൽ തൃശ്ശിനാപ്പിള്ളി കോളജിന്റെയും ചുമതല വഹിച്ചു. 1915-ൽ ആസാം ബിഷപ്പായി. 12 കൊല്ലം കൽക്കട്ട ബിഷപ്പ്സ് കോളജ് പ്രിൻസിപ്പൽ. സ്ഥാനം രാജിവച്ച് തടാകം ആശ്രമം സ്ഥാപിച്ചു. രോഗശാന്തി വരം ഉണ്ടായിരുന്നു. ദക്ഷിണേന്ത്യാ സന്യാസ സഭാരൂപീകരണത്തിന് നേതൃത്വം നൽകി. ആ സഭയിൽ ബിഷപ്പായി സേവനം അനുഷ്ഠിച്ചു. 1959 ജനു. 9-ന് നിര്യാതനായി. അര ഡസനിലധികം ഗ്രന്ഥങ്ങൾ രചിച്ചു. ജീവചരിത്രം 'തടാകത്തിലെ താപസവര്യൻ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

വാസ്കോ ഡെ ഗാമ (1460-1524): പോർട്ടുഗലിൽ 1460-ൽ ജനിച്ചു. സാഹസിക നാവികൻ. 1498-ൽ കോഴിക്കോട് കാപ്പാട്ട് കപ്പലിറങ്ങി. ഭാരതത്തിലേക്ക് പുതിയ സമുദ്രപാത തുറന്ന് പോർച്ചുഗീസ് വ്യാപാരം ആരംഭിച്ചു. രാജാക്കന്മാർ അദ്ദേഹത്തെ മാറി മാറി സ്വീകരിച്ചു. വ്യാപാരക്കുത്തകക്കാരായിരുന്ന അറബികൾക്ക് സഹിച്ചില്ല. നിരന്തരം യുദ്ധമുണ്ടായി. പോർച്ചുഗീസ് ആധിപത്യം ഇന്ത്യയിൽ പലയിടത്തും ഉണ്ടായി. അവിഭക്ത കേരള ക്രൈസ്തവസഭ വിഭജിക്കുവാൻ ഈ വരവ് കാരണമായിത്തീർന്നു. തങ്ങൾക്ക് സംരക്ഷണം നൽകാൻ കേരള ക്രൈസ്തവർ കേരളത്തിലെത്തിയ ഗാമയോട് അപേക്ഷിച്ചതായും പൂർവിക രാജകീയ ചെങ്കോൽ ഗാമയെ ഏല്പിച്ചതായും ചരിത്രമുണ്ട്.

വായനായോഗം: പള്ളിയില്ലാത്ത സ്ഥലങ്ങളിൽ സമീപത്തുള്ള വൈദികരുടെയോ അനുയോജ്യരായ ആളുകളുടെയോ നേതൃത്വത്തിൽ ഞായറാഴ്ച ഉച്ചതിരിഞ്ഞ് നടത്തിയിരുന്ന യോഗം. വേദവായനകൾ, പ്രസംഗം, പാട്ട്, പ്രാർത്ഥന ഇവയാണ് പരിപാടികൾ. പല വായനാ

യോഗങ്ങളും പില്ക്കാലത്ത് പള്ളികളായി വികസിച്ചു. നവീകരണ കാല ത്താണ് ഈ പ്രാർത്ഥനാകൂട്ടായ്മകൾ വിപുലമായി സംഘടിപ്പിക്കപ്പെട്ടത്. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയൻ സ്ഥാപിച്ച യാക്കോബായ അഭിവർദ്ധിനീ സംഘത്തിന്റെയും ത്രീസായ് ശൂബഹോ സംഘത്തിന്റെയും പ്രാഥമിക ചുമതല വായനായോഗങ്ങൾ ആവശ്യാനുസരണം സംഘടി പ്പിക്കുക എന്നതായിരുന്നു.

വാസ്തു ബലി: തച്ചു ശാസ്ത്രദേവൻ വാസ്തു. വീട് നിർമ്മിച്ച് താമ സമാരംഭിക്കുമ്പോൾ നടത്തുന്ന പ്രാർത്ഥന, സദ്യ മുതലായവയെ വാസ്തു ബലി (വാസ്തോലി) എന്ന് പ്രാദേശികമായി വിശേഷിപ്പിക്കാറുണ്ട്. ചിലർ കുറ്റൂശാ എന്നും പറയുന്നു.

വാളിക: നസ്രാണി സ്ത്രീകൾ കാതിലണിഞ്ഞിരുന്ന ആഭരണം. നീണ്ട തണ്ടും രണ്ടിഞ്ചോളം വൃത്തം വരുന്ന ഇലയുമാണ് അതിന്റെ സ്വരൂപം.

വാഴ്ചകൾ: അദൃശ്യമായ ആത്മീയ ജീവികളുടെ സ്വാധീനവും ആധി പത്യവും ദൃശ്യലോകത്തിലുണ്ടത്രേ (എഫേ. 1:21; കൊലോ. 1:16; 2:15).

വാഴ്വ്: അനുഗ്രഹം. പുരോഹിതസ്ഥാനികൾ നല്കുന്ന അനുഗ്രഹം. എല്ലാ ശുശ്രൂഷകളുടെയും അന്ത്യത്തിൽ കാർമ്മികൻ കുരിശാകൃതിയിൽ വാഴ്വ് നൽകുകയോ സ്ലീബാ മുത്തിക്കുകയോ ചെയ്യുന്നു. പെരുന്നാൾ പ്രദക്ഷിണം സമാപിക്കുമ്പോഴും വാഴ്വ് പതിവുണ്ട്. മേല്പട്ടക്കാർ ആഘോഷപൂർവം വാഴ്വ് നൽകുന്ന പതിവും ഉണ്ട്. വിവാഹകൂദാശയിലും പട്ടംകൊടയിലും പള്ളികൂദാശയിലും പ്രത്യേക വാഴ്വ് ഗീതങ്ങളും വാഴ് വുകളും ഉണ്ട്. ബാറെക്മോർ എന്ന അഭ്യർത്ഥനയ്ക്ക് ത്രിത്വസ്തുതി ചൊല്ലി കുരിശാകൃതിയിൽ വാഴ്ത്തുന്ന പതിവുണ്ട്.

വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളി: കോട്ടയം ഭദ്രാസനം. 1906-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ അനുവാദ പ്രകാരം ചെറിയമഠത്തിൽ യാക്കോബ് കത്തനാർ സ്ഥാപിച്ചു. യാക്കോബ് ബുർദ്ദാനയുടെ ഓർമ്മ ഡിസം. 28-ന് ആഘോഷിക്കുന്നു. ഡോ. മാത്യൂസ് മാർ സേവേറിയോസ് ഈ ഇടവകാംഗമാണ്.

വാറോല: നോട്ടീസ്. പണ്ട് എഴുത്തുകൾ എല്ലാം ഓലയിലായിരുന്ന തുകൊണ്ട് ഈ പേർ വന്നു. മേലധികാരി നല്കുന്ന ഏത് അറിയിപ്പിനെയും കാരണം കാണിക്കാൻ ആവശ്യപ്പെടുന്ന നോട്ടീസും ഇതിന്റെ പരിധിയിൽ പെടുന്നു. ഊരും പേരുമില്ലാതെ പ്രസിദ്ധീകരിക്കുന്ന നോട്ടീസുകളെയും പ്രസിദ്ധീകരണങ്ങളെയുമാണ് ഇപ്പോൾ ഈ പേരിൽ വിശേഷിപ്പിക്കുന്നത്.

വികസനം: അഖിലലോക സഭാകൗൺസിൽ ഉപ്സാല (1968) യിൽ

ഊന്നൽ നൽകിയ ദൗത്യസൂചകപദം. വിമോചനത്തിലൂടെ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം. ഈ വിഷയത്തെപ്പറ്റി കെ. സി. സി. 1986-ൽ പ്രസിദ്ധീകരിച്ച 'സഭയും വികസനവും' എന്ന ഗ്രന്ഥം ചർച്ച ചെയ്യുന്നു.

വികാരി: ഇടവകയുടെ ഭരണപരമായ വൈദിക കർമ്മങ്ങൾക്കായി നിയോഗിക്കപ്പെടുന്ന പട്ടക്കാരൻ. അദ്ദേഹം ഇടവകയിൽ ആരാധനാസമൂഹത്തിന്റെയും ഭക്തസംഘടനകളുടെയും ഇടവകഭരണത്തിന്റെയും അധ്യക്ഷനാണ്. മെത്രാപ്പോലീത്തായുടെ മേലധ്യക്ഷതയ്ക്കും മേലന്വേഷണത്തിനും വിധേയൻ. കൈക്കാരനോടുകൂടി പള്ളിവക സ്വത്തുക്കളുടെ ട്രസ്റ്റി. മെത്രാപ്പോലീത്താ നിയമിക്കുന്നു. 17-ാം നൂറ്റാണ്ടു മുതൽ ഈ ക്രമീകരണം നടപ്പിലായി. നേരത്തെയുണ്ടായിരുന്നത് ആയുഷ്ക്കാല വികാരിമാരാണ്. തവണമുറയിൽ അതത് ആഴ്ചയിലെ ഭരണപരവും വൈദികവുമായ എല്ലാ കാര്യങ്ങളും നിർവഹിച്ചിരുന്നു. ഇടവക തെരഞ്ഞെടുത്തയയ്ക്കുന്ന സ്ഥാനാർത്ഥികൾക്ക് പട്ടം കൊടുക്കുന്ന ചുമതല മാത്രമേ സാധാരണഗതിയിൽ മെത്രാപ്പോലീത്തായ്ക്ക് ഇടവകക്കാര്യത്തിൽ നിർവഹിക്കാനുണ്ടായിരുന്നുള്ളൂ. ദേശഭരണത്തിൽ നാട്ടുകൂട്ടം എന്ന പോലെ ഇടവക ഭരണത്തിൽ ഇടവകയോഗം സ്വതന്ത്ര യൂണിറ്റായിരുന്നു.

വികാരി അപ്പസ്തോലിക്: അധികാരവും മേൽനോട്ട ചുമതലയും ഇല്ലാതെ കത്തോലിക്കാസഭ നിയമിക്കുന്ന ബഹുമതി മാത്രമായ ബിഷപ്പ് സ്ഥാനം.

വികാരി, ക്രിസ്തുവിന്റെ: 8-ാം നൂറ്റാണ്ടിൽ മാർപാപ്പാ ഈ സ്ഥാനം അവകാശപ്പെട്ടു. 13-ാം നൂറ്റാണ്ടായപ്പോൾ പത്രോസിന്റെ പിൻഗാമി എന്നും ഇവർ അവകാശപ്പെട്ടു. ചില ബിഷപ്പുമാരും ഈ പദവി അവകാശപ്പെടുന്നുണ്ട്.

വികാരി ജനറൽ: ബിഷപ്പിന്റെ പ്രാതിനിധ്യം വഹിക്കുന്ന വൈദിക സ്ഥാനി. പഴയ ആർച്ച് ഡീക്കന്റെ പുതിയ പേർ.

വിക്ലീഫ് ജോൺ: 14-ാം നൂറ്റാണ്ടിൽ ജീവിച്ച നവീകരണ നേതാവായ വൈദികൻ.

വിട കൊള്ളുക: യാത്രയാവുക.

വിടൻ: കാമചാരി.

വിതച്ചത് കൊയ്യും: ഒരു വേദപുസ്തക പ്രമാണം. ഭാരതീയ പുരാണേതിഹാസങ്ങളിൽ ഈ ആശയമുള്ള വരികൾ ആവർത്തിച്ച് കാണുന്നു. പ്രവൃത്തിയുടെ ഫലം പ്രവൃത്തി ചെയ്ത ആൾക്ക് അനുഭവിക്കേണ്ടിവരും. കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യുക എന്ന മലയാളശൈലി ഇതിന്റെ

വികസിത രൂപമാണ്.

വിദ്യാർത്ഥിപ്രസ്ഥാനം, ഓർത്തഡോക്സ്: മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് 1908-ൽ വിദ്യാർത്ഥിപ്രസ്ഥാനം ഔപചാരികമായി രൂപീകരിച്ചു. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ഫാ. പി. ടി. ഗീവറുഗ്ഗീസ് (മാർ ഈവാനിയോസ്), കെ. സി. ചാക്കോ, എ. എം. വർക്കി, കെ. സി. മാമ്മൻ മാപ്പിള, എം. എ. ചാക്കോ, ഇ. ജെ. ജോൺ, എ. പീലിപ്പോസ്, കെ. വി. ചാക്കോ, പത്രോസ് മത്തായി, കെ. സി. ഈപ്പൻ, വി. ജെ. ഇട്ടിച്ചെറിയാ, ഡോ. ചീരൻ വർഗ്ഗീസ് എന്നിവർ ആദ്യകാല നേതാക്കൾ. 1908 ജനുവരി 1-ന് രൂപവൽക്കരിക്കപ്പെട്ട ആദ്യത്തെ കമ്മിറ്റിയിൽ കെ. സി. ചാക്കോ, സി. ഒ. ഉമ്മൻ, ഡോ. ചീരൻ വർഗ്ഗീസ്, എ. എ. പോൾ, റ്റി. റ്റി. മാത്യു, കെ. ജെ. ജേക്കബ്, പി. എ. ഏബ്രഹാം, ഇ. ജെ. പീലിപ്പോസ് എന്നിവർ അംഗങ്ങൾ ആയിരുന്നു. അലക്സിയോസ് മാർ തേവോദോസ്യോസ് ദീർഘകാലം പ്രസിഡണ്ടായിരുന്നു. തുടർന്ന് ഡാനിയേൽ മാർ പീലക്സിനോസ് പ്രസിഡന്റായി. 1958-ൽ സിറിയൻ വിദ്യാർത്ഥി കോൺഫ്രൻസ് സഭാസമാധാനത്തെത്തുടർന്ന് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം എന്ന പേർ സ്വീകരിച്ചു. 1966-ന് ശേഷം ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് പ്രസിഡണ്ടായതോടെ പ്രസ്ഥാനം ഉന്മേഷം കൊണ്ടു. കോളജുകളിലും ഹൈസ്കൂളുകളിലും യൂണിറ്റുകൾ സ്ഥാപിച്ചു. 500-ൽ പരം പ്രതിനിധികൾ ഡിസം. അവധിക്കാലത്തെ വാർഷിക കോൺഫ്രൻസിൽ പങ്കെടുക്കുന്നു. ഏകദിന കോൺഫ്രൻസുകൾ, സോണൽ കോൺഫ്രൻസുകൾ, ധ്യാനയോഗങ്ങൾ, കലാമത്സരങ്ങൾ, മാർഗ്ഗനിർദ്ദേശ ക്യാമ്പുകൾ എന്നിവ ശ്രദ്ധേയമായി നടക്കുന്നു. കോട്ടയം, തിരുവനന്തപുരം, ബോംബെ, കോതമംഗലം, ആലുവാ എന്നിവിടങ്ങളിൽ വിദ്യാർത്ഥി ഹോസ്റ്റലുകൾ നടത്തുന്നു. കേന്ദ്ര ഓഫീസ് കോട്ടയം എം. ഡി. ഹോസ്റ്റലിൽ - സ്റ്റുഡന്റ്സ് സെന്ററിൽ - പ്രവർത്തിക്കുന്നു. ഒരു പ്രസിദ്ധീകരണവിഭാഗവും ബുക്ക് ഷോപ്പും അവിടെ ഉണ്ട്. ആരാധന, പഠനം, സേവനം ഇവയാണ് മുദ്രാവാക്യങ്ങൾ. ഫീലിപ്പോസ് മാർ യൗസേബിയോസ് ആണ് ഇപ്പോഴത്തെ പ്രസിഡന്റ്. 2008-ൽ പ്രസ്ഥാനത്തിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി ഓർത്തഡോക്സ് സ്റ്റഡി ബൈബിൾ പ്രസിദ്ധീകരിക്കുവാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ശതാബ്ദി 2007 ഡിസംബറിൽ തുമ്പമണ്ണിൽ ആരംഭിക്കും. നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ്, ബോംബെയുടെ ഗീവറുഗ്ഗീസ് മാർ കൂറിലോസ്, മലബാറിന്റെ ഡോ. സഖറിയ മാർ തെയോഫിലോസ് എന്നിവർ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ നേതാക്കൾ ആയിരുന്നു.

വിദ്വാൻകുട്ടി (1835-1877): വിദ്വാൻകുട്ടി അച്ചൻ. റവ. ജോസഫ്

യുസ്ത്തൂസ് എന്നും അറിയപ്പെടുന്നു. പാലക്കാട് മണിപ്പുരം ഗ്രാമത്തിൽ തമിഴ് ബ്രാഹ്മണ കുടുംബത്തിൽ 1835-ൽ ജനിച്ചു. രാമയ്യർ എന്ന് പേർ. 1861-ൽ ആംഗ്ലേയ സഭയിൽ വൈദികനായി. കാർത്തികപ്പള്ളിയിൽ നിയമിതനായി. സംസ്കൃത പരിജ്ഞാനം, പ്രസംഗപാടവം, ഗാനചാതുരി ഇവയിൽ മികവുറ്റ അദ്ദേഹം ഉണർവ് പ്രസ്ഥാനം വ്യാപകമാക്കി. 'യൂയോമയം' എന്നൊരു സഭ 1881-ൽ സ്ഥാപിച്ചു. അതിന്റെ അനുയായികളെ 'അഞ്ചരക്കാർ' എന്ന് വിളിക്കുന്നുണ്ട്. നിത്യാക്ഷരങ്ങൾ, വിശുദ്ധ വെണ്മഴു, നിത്യജീവ പദവി, യൂയോമയ ഭാഷാ പുസ്തകം, യൂയോമയ ഗീതങ്ങൾ എന്നിവ രചിച്ചു. 1877-ൽ നിര്യാതനായി.

വിനീഗർ ബൈബിൾ: ജോൺ ബാസ്ക്കെറ്റ് 1716-17 ൽ അച്ചടിച്ച ബൈബിൾ. ലൂക്കോസ് 20-ാം അധ്യായത്തിലെ മുന്തിരിത്തോട്ടത്തിന്റെ ഉപമ എന്നതിന് പകരം വിനാഗിരിയുടെ ഉപമ എന്ന് അച്ചടിച്ചതിനാൽ ഈ പേർ വന്നു.

വിൻസെന്റ് ഡി പോൾ, വി.: ലാസറിസ്റ്റ് ഫാദേർസ് ആൻഡ് ദി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി എന്ന സംഘടനയുടെ സ്ഥാപകൻ. ജീവിത കാലം മുഴുവൻ വിവിധ പീഡനങ്ങൾ സഹിച്ചു. ആതുരാലയങ്ങൾ സ്ഥാപിക്കുകയും ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തു. 1660-ൽ ചരമമടഞ്ഞു. കത്തോലിക്കാസഭ അദ്ദേഹത്തെ 1737-ൽ വിശുദ്ധനായി പ്രഖ്യാപിച്ചു. 1833-ൽ സൊസൈറ്റി ഓഫ് വിൻസന്റ് ഡി പോൾ എന്ന സംഘടന സ്ഥാപിക്കുകയും ചെയ്തു.

വിമോചന ദൈവശാസ്ത്രം: ദൈവ വിജ്ഞാനീയത്തിലെ പുതിയ ശാഖ. 1960-ൽ തെക്കേ അമേരിക്കയിൽ ആരംഭിച്ചു. 1973-ൽ ഗുസ്റ്റാറോ ഗുട്ടേറസ് രചിച്ച തിയോളജി ഓഫ് ലിബറേഷൻ എന്ന ഗ്രന്ഥം ഇറങ്ങിയതോടെ വൻ പ്രസ്ഥാനമായി. ദരിദ്രലക്ഷങ്ങളെ മനുഷ്യാന്തസിലേക്ക് മോചിപ്പിക്കുക - അതാണ് പ്രഖ്യാപിത ലക്ഷ്യം. ഏഷ്യനമേരിക്കൻ-ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ഇത് ശക്തമായ പ്രസ്ഥാനം. വ്യാവസായിക-മുതലാളിത്ത വ്യവസ്ഥിതിയിൽ നിന്നും വർഗ്ഗ വിവേചനത്തിൽ നിന്നും സ്വേച്ഛാധികാരത്തിൽ നിന്നും മോചനം നേടുക. ബൈബിളിനെ ഈ കാഴ്ചപ്പാടിൽ വ്യാഖ്യാനിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ആധുനിക സാഹിത്യകാരന്മാർ ബൈബിൾ പ്രമേയങ്ങൾ, കഥാപാത്രങ്ങൾ എന്നിവ ഈ തത്വശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ സഫലമായി വിശകലനം ചെയ്യുന്നു. ആഫ്രിക്കൻ ദൈവശാസ്ത്രം, കറുത്തവരുടെ ദൈവശാസ്ത്രം, വിമോചന ദൈവശാസ്ത്രം, വർഗ്ഗരഹിത സമൂഹത്തിന്റെ ദൈവശാസ്ത്രം, സ്ത്രീവിമോചന ദൈവശാസ്ത്രം ഇവയൊക്കെ ഈ ചിന്തയുടെ പരിധിയിൽ പെടും.

വിയന്നാ സമ്മേളനം (1911-12): വിശുദ്ധ നാടിന് വേണ്ട സഹായം നൽകുവാനും സഭയെ നവീകരിക്കുവാനും വേണ്ടി കൂടിയ സമ്മേളനം. പാപ്പാ വിളിച്ചുകൂട്ടി.

വിരിക്കൂട്ട്: ത്രോണോസിന്റെ മധ്യത്തിൽ തബിലൈത്തായുടെ മുകളിൽ വിരിക്കുന്ന വർണ്ണാഭമായ അലംകൃതമായ വിരിപ്പ്. വെള്ള, പച്ച, ചുവപ്പ് എന്നീ നിറങ്ങൾ സാധാരണ ഉപയോഗിക്കുന്നു. ചുവപ്പ് പ്രപഞ്ചത്തെയും പച്ച ഭൂമിയെയും വെള്ള സഭയെയും സൂചിപ്പിക്കുന്നതായി ചിലർ വ്യാഖ്യാനിക്കുന്നു. മധ്യഭാഗത്ത് കിഴക്കു പടിഞ്ഞാറായി കാസാ പീലാസകളും തെക്കും വടക്കുമായി കബിലാനാകളും ശോശപ്പായും വയ്ക്കാൻ ആവശ്യമായ വലുപ്പം വേണം. ത്രോണോസിന്റെ പടിഞ്ഞാറു ഭാഗത്തേക്ക് ഇറങ്ങിക്കിടക്കുന്ന ഭാഗം അപ്പം, പീലാസ, ആട്ടിൻകുട്ടി, മുന്തിരിവള്ളി, തുടങ്ങിയവയുടെ ചിത്രങ്ങൾ കസവു നൂലിൽ തയ്ച്ച് പിടിപ്പിച്ച് വിരിക്കൂട്ടത്തെ ആകർഷകമാക്കാറുണ്ട്.

വിലക്ക്, വിവാഹസംബന്ധമായ: ആണ്ടിലെ അഞ്ച് കാനോനിക നോമ്പുകൾ, ബുധൻ, വെള്ളി ദിവസങ്ങൾ, സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങൾ, ഞായർ, തിങ്കൾ ഒഴികെയുള്ള മറ്റു ദിവസങ്ങൾ ഇവയിൽ വിവാഹം നടത്തുന്നില്ല. വിവാഹ സംസർഗ്ഗം പുലർത്തുന്നതിന് വിലക്കുള്ളതുകൊണ്ടാണ് ഈ ക്രമീകരണം. നോമ്പ് ദിവസങ്ങളിലും ഉപവാസ ദിനങ്ങളുടെ തലേദിവസങ്ങളിലും വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ കടപ്പെട്ട ദിവസങ്ങളുടെ തലേ നാളുകളിലും ഈ വിലക്ക് നിലനില്ക്കുന്നു.

വില്ലാർവട്ടം രാജവംശം: എ. ഡി. 10-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂരിനടുത്ത് ചേന്ദമംഗലം ആസ്ഥാനമായി നിലനിന്നിട്ടുള്ള ക്രൈസ്തവ രാജവംശം. തോമ്മാ രാജാവ് എന്ന് സ്ഥാനനാമം. അനന്തരാവകാശികളില്ലാതെ അന്യം നിന്നപ്പോൾ കൊച്ചിയിൽ ലയിച്ചു. വാസ്കോഡിഗാമ വന്നപ്പോൾ അഗ്രം വെള്ളികെട്ടി മണികൾ തൂങ്ങിക്കിടക്കുന്ന 'വില്ലാർവെട്ടം ചെങ്കോൽ' മലങ്കര നസ്രാണികൾ ഗാമയ്ക്ക് സമ്മാനിച്ചതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വില്യം വേർഡ്സ് വർത്ത് (1770-1850): ആംഗ്ലേയ കവി. 1797-ൽ എസ്. ടി. കോളറിഡ്ജുമായി ചേർന്ന് ലിറിക്കൻ ബല്ലാഡ് പ്രസിദ്ധീകരിച്ചു. പ്രകൃതികവി. 1843-ൽ ആസ്ഥാന കവിയായി അംഗീകരിക്കപ്പെട്ടു.

വിവാഹം: സ്ത്രീപുരുഷബന്ധത്തിന്റെ സാമൂഹ്യ അംഗീകാരം. പല നാട്ടിലും പല കാലത്തും പല രൂപത്തിൽ നടന്നിരുന്നു. സഭയിൽ ഇത് ആജീവനാന്ത ബന്ധത്തിന്റെ കൂദാശയാണ്. സഭയിൽ വച്ച് പരസ്പര സമ്മ

തത്തോടെ സാക്ഷികളെ മുൻനിർത്തി കാർമ്മികൻ നിശ്ചിത ശുശ്രൂഷ പൂർത്തിയാക്കി ഈ കൂദാശ നിർവഹിക്കുന്നു. ആദ്യഭാഗം മോതിരം വാഴ്വ് ആണ്. വിവാഹ നിശ്ചയത്തിന്റെ ക്രമമാണിത്. രണ്ടാം ശുശ്രൂഷ സാക്ഷാൽ വിവാഹത്തിന്റെ കിരീടം വാഴ്വ് എന്ന് പേർ. ഒരു കാലത്ത് കിരീടം വാഴ്ത്തിയിരുന്നെങ്കിലും തൽസ്ഥാനത്ത് ഇപ്പോൾ കുരിശുമാലയാണ് വാഴ്ത്തി അണിയിക്കുന്നത്. ക്രിസ്തു മണവാട്ടിയെ മോതിരമണിയിച്ചും കിരീടമണിയിച്ചും മണവാട്ടി സഭയിലേക്ക് സ്വീകരിക്കുന്നതിന്റെ ഭാഗമായി മോതിരം അണിയിക്കുന്നതും കിരീടം അണിയിക്കുന്നതും കാർമ്മികൻ ആണ്. താലികെട്ട് നാട്ടാചാരമാണ്. അത് വരൻ നിർവഹിക്കുന്നു. വിവാഹത്തിലേർപ്പെടുന്ന വധൂവരന്മാർ സഭാംഗത്വം ഉള്ളവരാകണം. മറ്റ് ഇടവകകളിൽ നിന്ന് വരുമ്പോൾ അതത് വികാരിമാരുടെ ദേശക്കുറി കൊണ്ടു വരണം. ഇരുവരും കുമ്പസാരിച്ചിരിക്കണം. പ്രായപൂർത്തി ആയവരാകണം. വിവാഹം കഴിഞ്ഞു വധൂവരന്മാരും സാക്ഷികളും കാർമ്മികനും വിവാഹ രജിസ്റ്ററിൽ ഒപ്പിടണം. രണ്ടാഴ്ച മുമ്പ് വധൂവരന്മാരുടെ പള്ളികളിൽ വിവാഹവിവരം വിശദാംശങ്ങളോടെ ആരാധനയുടെ ഭാഗമായി പ്രസിദ്ധപ്പെടുത്തണം. മോതിരം വാഴ്വും കിരീടം വാഴ്വും ഒരേ ദിവസം പള്ളിയിൽ വച്ചുതന്നെ നടത്തുന്ന സമ്പ്രദായമാണ് നിലവിലുള്ളത്.

വിവാഹം, രണ്ടാം: മരണം മൂലം പങ്കാളി നഷ്ടപ്പെട്ടവർക്ക് ആവശ്യമെങ്കിൽ പുനർവിവാഹം നടത്താം. ആ ശുശ്രൂഷ അനുതാപക്രമമാണ്. രണ്ടുപേരും രണ്ടാം വിവാഹക്കാരാണെങ്കിൽ ആ ക്രമം നടത്തുന്നു. ഒരാൾ ആദ്യവിവാഹമാണെങ്കിൽ വിവാഹകൂദാശക്രമം തന്നെ നടത്തുന്നു. അപ്പോൾ രണ്ടാം വിവാഹക്കാർക്ക് മോതിരമിടീൽ, കിരീടം വാഴ്വ് തുടങ്ങിയ ക്രിയകൾ നടത്തുകയില്ല. ആദ്യകാലങ്ങളിൽ രണ്ടാം വിവാഹ ശുശ്രൂഷ വീട്ടിൽവച്ചാണ് നടത്തിയിരുന്നത്.

വിവാഹ സഹായ ഫൗണ്ടേഷൻ: 1970-ൽ ആരംഭിച്ചു. 1975 മുതൽ ചാരിറ്റബിൾ സൊസൈറ്റിയായി പ്രവർത്തിക്കുന്നു. ഇടവകയിൽ യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിക്കുന്നു. കേന്ദ്ര ആഫീസ് തിരുവനന്തപുരം. ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് ആണ് ഇതിന്റെ സ്ഥാപകൻ.

വിവാഹാചാരങ്ങൾ: ഇവ ദേശകാല ഭേദമനുസരിച്ചാണ്. ഒരാഴ്ചത്തെ ചടങ്ങ് ഉണ്ടായിരുന്നു. പന്തൽ കാൽനാട്ടുക, ഉണക്കനെല്ലു കുത്തുക. അതിന്റെ പാടുകൾ ഒക്കെ ഇല്ലാതായി. ഒരാഴ്ച മുമ്പെങ്കിലും കല്ല്യാണം വിളിച്ച് ചൊല്ലുന്ന പതിവ് പള്ളിയിൽ നടക്കും. ഔദ്യോഗികമായി മലങ്കരസഭയിൽ വരന്റെ ഇടവകയിലാണ് കല്ല്യാണം നടക്കുക. വിവാഹത്തിന് മുമ്പ് സ്ഥാനാർത്ഥികൾ കുമ്പസാരിച്ചിരിക്കും. അതു കഴിഞ്ഞാൽ അവർ കഴിവതും വീടിന് വെളിയിൽ പോയിരുന്നില്ല. വിവാഹനിശ്ചയം

വധുവിന്റെ വീട്ടിൽ വച്ച് നടത്തും. വധൂഗൃഹത്തിലെ വിരുന്ന് അന്ന് നടത്തുന്ന സമ്പ്രദായം ഇപ്പോഴുണ്ട്. വിവാഹ നിശ്ചയത്തിന്റെ ചടങ്ങിന് ഇരുഭാഗത്തെയും തറവാട്ടിലെ കാരണവന്മാരും മാതൃസഹോദരന്മാരും കുരിശാകൃതിയിൽ അഭിമുഖമായി പുല്പായയിൽ ഇരുന്ന് നിലവിളക്ക് കൊളുത്തി വരന്റെ കാരണവർ വലതുകരത്തിൽ സ്വർണ്ണമോതിരം വച്ച് അതിന്മേൽ വേദപുസ്തകം വച്ച് ശേഷംപേർ അതിന്മേൽ കൈവച്ച് വിവാഹ നിശ്ചയ പ്രഖ്യാപനം നടത്തുന്ന രീതി കുന്നംകുളം ഭാഗത്തിപ്പോഴുമുണ്ട്. വിവാഹ നിശ്ചയത്തിന് കൈവയ്ക്കുക എന്ന പേരും ഉണ്ട്. അതൊരു ഉടമ്പടി പ്രഖ്യാപനമാകുന്നു എന്ന് തന്മൂലം ഉറപ്പുവരുത്തുന്നു. വിവാഹത്തിന് രണ്ടു ദിവസത്തെ ചടങ്ങാണ്. തലേദിവസം ചിലയിടത്ത് ഗുരുദക്ഷിണ. അതുകഴിഞ്ഞാൽ നാട്ടിലെ ക്ഷുരകൻ ഔപചാരികമായി അന്തം (ചന്തം) ചാർത്തും. അതു കഴിഞ്ഞാൽ എണ്ണതേപ്പിക്കാൻ വേദിയിൽ ഒരു ചെറിയ പീഠം ഇട്ട് അതിന്മേൽ വെള്ള വിരിച്ച് സ്ഥാനാർത്ഥിയെ കൈപിടിച്ചിരുത്തും. അനുവാദം വാങ്ങി മൂന്ന് തവണ തലയിൽ എണ്ണയിടും. അതുകഴിഞ്ഞ് കല്ല്യാണം കുളിപ്പിക്കുന്നതിന്റെ ഭാഗമായി വേദിയിൽ നിന്ന് കൈപിടിച്ചിറക്കി പുറത്തുകൊണ്ടുപോയി കാൽ കഴുകിക്കും. പിന്നെ നെല്ലും നീരും ചേർത്ത വെള്ളത്തിൽ മോതിരം മുക്കി നെറ്റിയിൽ മുദ്രയിടും. എണ്ണ തേപ്പിക്കലും വേദി ഒരുക്കലും കുളിപ്പിക്കലും നെല്ലും നീരും വീഴ്ത്തലും അമ്മായിയുടെ - പിതൃസഹോദരി - അവകാശമാണ്. കൈപിടിക്കൽ മാതൃസഹോദരന്റേയും. കുളികഴിഞ്ഞ് വേദിയിൽ കസേരയിലിരുത്തും. പിന്നീട് സമ്മാനങ്ങൾ നൽകി കഴിഞ്ഞാൽ തറവാട്ടിലെ കാരണവർ - വൈദികനുണ്ടെങ്കിൽ അദ്ദേഹം - മധുരം വാഴ്ത്തി മൂന്ന് വട്ടം ഔപചാരികമായി നൽകും. വെള്ളവും കൊടുക്കും. അതു കഴിഞ്ഞാൽ സന്ധ്യാപ്രാർത്ഥന. അതിന് ശേഷം മാതുലൻ കൈപിടിച്ച് പന്തലിലേക്ക് ആനയിക്കും. മധുരം കൊടുക്കുമ്പോഴും ആനയിക്കുമ്പോഴും കുരവയും ആർപ്പും ഉണ്ട്. ഒടുവിൽ സദ്യ. പിറ്റേന്നാൾ വിവാഹം കഴിഞ്ഞ് വരുമ്പോഴും ഈ ചടങ്ങുകൾ ആവർത്തിക്കും. വരന്റെ ഗൃഹത്തിൽ വിരുന്ന് സദ്യ നടക്കും. നാലാം നാൾ വധൂ വരന്മാരെ വധൂഗൃഹത്തിലേക്ക് കൊണ്ടുപോകും. കല്ല്യാണം കുളിപ്പിച്ച് വരുമ്പോഴും പള്ളിയിലേക്ക് പുറപ്പെടുമ്പോഴും ശകുനത്തിനായി ആളെ ഒരുക്കിനിർത്തുന്ന പതിവ് ചില സ്ഥലങ്ങളിലുണ്ട്. പ്രാർത്ഥനയ്ക്ക് ശേഷം പള്ളിയിലേക്ക് പുറപ്പെടും. യഥാശക്തി വാദ്യമേളങ്ങൾ, ആർപ്പുവിളികൾ, വാഹനങ്ങൾ എന്നിവ ഒപ്പം ഉണ്ടാകും. വധുവിന്റെ വീട്ടിലും വരന്റെ വീട്ടിലും ആഭരണങ്ങൾ, വസ്ത്രങ്ങൾ ഇവ സമ്മാനമായി ലഭിക്കും. അടുത്ത ബന്ധുക്കൾ വന്ന് കാണുന്നതും ഒരു ചടങ്ങാണ്. തേങ്ങ ചിരകിയതിൽ പഞ്ചസാര കലർത്തുന്നതാണ് മധുരം. വധുവരന്മാർക്ക് അത് കൊടുത്തു കഴിഞ്ഞാൽ ബാക്കിവരുന്നത് സദസ്യർക്കു നൽകും. വരവേല്പിൽ എപ്പോഴും നിലവിളക്ക് കാണും.

കേക്ക് മുറിക്കലും കരിക്ക് കുടിക്കലും ഒക്കെ അടുത്തകാലത്തുണ്ടായ ചടങ്ങുകളാണ്. വധുവിനെ സ്വർണ്ണമാലയണിയിച്ച് അമ്മായിയമ്മ സ്വീകരിക്കുന്നതും വരൻ അമ്മായിയമ്മയ്ക്ക് കച്ച കൊടുക്കുന്നതും തിരിച്ച് അമ്മായിയമ്മ വരനെ മോതിരമോ മാലയോ അണിയിക്കുന്നതും പ്രാദേശികമായ ചില ചടങ്ങുകൾ ആണ്. കച്ച തഴുകുക എന്ന് ഈ ചടങ്ങിനെ പറയും. അടച്ചുതുറപ്പാട്ട്, അന്തംചാർത്ത് പാട്ട്, മാർഗ്ഗംകളി, പരിചമുട്ട് കളി എന്നിവ യഥാശക്തി നടത്തുന്നവരുണ്ട്. ഇപ്പോൾ പലയിടത്തും തലേദിവസത്തെ ചടങ്ങുകൾ അസ്തമിച്ചിരിക്കുന്നു. വിവാഹം വീട്ടിൽ നിന്ന് മണ്ഡപങ്ങളിലേക്ക് മാറിക്കഴിഞ്ഞു. സദ്യയ്ക്ക് ആദ്യമായി പാച്ചോറും പാനിയും പിന്നീട് മാത്രം ചോറും വിളമ്പുമായിരുന്നു. ഇപ്പോൾ അത് ആദ്യം ഭക്ഷണവും പിന്നീട് ഐസ്ക്രീമുമായി മാറിയിട്ടുണ്ട്.

വിവാഹ ലൈസൻസ്: ഇടവക പള്ളിയിലെ കുറിയുടെ സ്ഥാനത്ത് ബിഷപ്പുമാർ നേരിട്ട് നല്കുന്ന വിവാഹാനുമതി. യൂറോപ്പിൽ ഇതിന് നിയമസാധുത്വമുണ്ട്.

വിവാഹ മോചനം: വിവാഹമോചനം സഭ അനുവദിച്ചിട്ടില്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ വിവാഹമോചനം അനുവദിക്കുവാൻ കാനോൻ അനുവദിക്കുന്നുണ്ട്. അനിവാര്യഘട്ടങ്ങളിൽ ബിഷപ്പുമാർക്ക് വിവാഹ മോചനം അനുവദിക്കാം.

വിവാഹ വിലക്കുകൾ: പ്രായപൂർത്തിയാകാത്തവർ, സ്ഥിരമായ ലൈംഗികത്തകരാറുകൾ, പ്രാബല്യത്തിലുള്ള മുൻവിവാഹം, സഭാംഗത്വമില്ലായ്മ, പരസ്പരം സമ്മതമില്ലാതെയുള്ള വിവാഹം എന്നിവ വിവാഹത്തിനുള്ള കാനോനിക തടസ്സങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. വധൂവരന്മാർ തമ്മിലുള്ള രക്തബന്ധവും ഇക്കൂട്ടത്തിൽപ്പെടുന്നു.

വിവാഹം വിളിച്ചുചൊല്ല്: വധൂവരന്മാരുടെ ഇടവകകളിൽ വിവാഹത്തിന്റെ പങ്കാളികൾ, വയസ്സ്, വിലാസം തുടങ്ങിയ കാര്യങ്ങൾ പരസ്യാരാധനയുടെ മദ്ധ്യേ പ്രസിദ്ധീകരിച്ച് തടസ്സങ്ങൾ ഉണ്ടെങ്കിൽ അറിയിക്കാൻ നൽകുന്ന അവസരം. വിവാഹം കുറ്റമറ്റതാക്കാൻ ഈ നടപടി സഹായിക്കും. രണ്ടാഴ്ച മുമ്പ് സാധാരണഗതിയിൽ വിളിച്ചു ചൊല്ല് നടത്തും.

വിശുദ്ധന്മാർ: ക്രിസ്തീയ വിശ്വാസികൾക്കുള്ള പേരാണിത്. പിൽക്കാലത്ത് സുകൃത ജീവിതം നയിക്കുന്നവർക്ക് ഈ പദം ഉപയോഗിച്ചു. അംഗീകൃത മാനദണ്ഡങ്ങളുടെ പേരിൽ ഔദ്യോഗികമായി സഭകൾ ചിലരെ വിശുദ്ധരായി പ്രഖ്യാപിക്കാറുണ്ട്. അവർ സഭയിലെ പൊതു മധ്യസ്ഥന്മാരാണ്. അവരുടെ നാമത്തിൽ പള്ളി പ്രതിഷ്ഠിക്കാം. ത്രോണോസ് പ്രതിഷ്ഠിക്കാം. കാലം കൊണ്ട് വിശുദ്ധരെന്ന് ജനസമ്മതിയാർജ്ജിച്ചവരെയാണ് ഇപ്ര

കാരം വിശുദ്ധരായി പ്രഖ്യാപിക്കാറുള്ളത്.

വിശുദ്ധന്മാരുടെ സംസർഗ്ഗം: ശരീരം വിട്ടാലും ആരാധനയിൽ വിശുദ്ധരുമായി സംസർഗ്ഗം സാധ്യമാകുന്നു. സഭ ശരീരം വിട്ടവരുടെയും കൂട്ടായ്മയാണ്. നാം അവർക്ക് വേണ്ടിയും അവർ നമുക്കു വേണ്ടിയും പ്രാർത്ഥിക്കുന്നതിലൂടെ ഈ സംസർഗ്ഗവും കൂട്ടായ്മയും ക്രിയാത്മകമാകുന്നു.

വിശുദ്ധ സഹദേന്മാർ: ക്രിസ്തുവിനെ പ്രതി രക്തസാക്ഷികൾ ആയവർ. സാക്ഷികൾ എന്ന് പദാർത്ഥം. ബേത്‌ലഹേമിലെ കുഞ്ഞുങ്ങളും ആദിമ നൂറ്റാണ്ടുകളിലെ മതപീഡനത്തിൽ കൊല്ലപ്പെട്ടവരും ഈ ഗണത്തിൽ പെടുന്നു. ഇവർ മധ്യസ്ഥർ ആകുന്ന പള്ളികളും ത്രോണോസുകളും ഇവരുടെ നാമത്തിൽ പ്രതിഷ്ഠിക്കുന്നു.

വിശുദ്ധ എപ്പിപ്പാനിയോസ് (315-403): പാലസ്തീൻ സ്വദേശി. സന്യാസപ്രസ്ഥാനത്തിന്റെ വക്താവ്. 335-ൽ യഹൂദ്യയിൽ സന്യാസാശ്രമം സ്ഥാപിച്ചു. 367-ൽ സലാമീസിലെ മെത്രാപ്പോലീത്താ.

വി. കന്യക - പ്രത്യക്ഷതകൾ: ലൂർദ്ദിന് (ഫ്രാൻസ്) സമീപം 18 തവണ പ്രത്യക്ഷപ്പെട്ടത്രേ. 1858 ഫെബ്രു. 11-നും ജൂലായ് 16-നും മധ്യേ.

വിശുദ്ധ കല്ലറ: യെരൂശലേമിൽ പാറയിലുള്ള കബറിടം വി. ഹെലേനി കണ്ടുപിടിച്ചു. യേശുവിന്റെ കല്ലറ.

വിശുദ്ധ കുന്തം: യേശുവിന്റെ വിലാപ്പുറം തുളച്ച കുന്തം.

വിശുദ്ധന്മാരോടുള്ള ഭക്തി: രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടം ആദിമസഭയിൽ ആദരിക്കപ്പെട്ടു. തിരുശേഷിപ്പുകൾ പള്ളിയുടെ ശിലയോടൊപ്പം സ്ഥാപിച്ചിരുന്നു. 2-ാം നൂറ്റാണ്ട് മുതല്ക്ക് ഇതിന് പ്രചാരം ഉണ്ടായി. യഹൂദസഭയിലും വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ ആദരിക്കപ്പെട്ടു. ഉദാ. യൗസേപ്പിന്റെ അസ്ഥികൾ, ഏലിയാവിന്റെ പുതപ്പ് etc. നവീകരണ നേതാക്കൾ നഖശിഖാന്തം എതിർത്തു.

വിശുദ്ധ പട്ടത്വക്രമം: ശെമ്മാശൻ, കശീശാ, ബിഷപ്പ് എന്നീ പട്ടത്വ സ്ഥാനങ്ങൾ കൂദാശയായി ഗണിക്കുന്നു.

വിശ്വദീപം: ബൈബിൾ ഇതിവൃത്തമാക്കി പുത്തൻകാവ് മാത്തൻ തരകൻ രചിച്ച മഹാകാവ്യം.

വിശ്വാസം: ചില ബോധ്യങ്ങൾ. ഇവ ജീവിതത്തിന്റെ ഗതി നിർണ്ണയിക്കുന്നു, നിയന്ത്രിക്കുന്നു. ഏറ്റവും പ്രധാനം ദൈവവിശ്വാസം തന്നെ. അതൊരു വിശ്വാസ പരിശീലനവും ആരോഗ്യകരമായ സാമൂഹ്യബന്ധം സുദൃഢമാക്കുന്ന മാർഗ്ഗവും ആണ്. കാണാത്ത കാര്യങ്ങളിലുള്ള

നിശ്ചയവും ആശിക്കുന്നതിന്റെ ഉറപ്പും മനസ്സിന്റെ ആരോഗ്യത്തെ സുന ശ്ചിതമാക്കുന്നു. ഒരു പ്രത്യയശാസ്ത്രത്തിന് വേണ്ടി ത്യാഗം ചെയ്യുവാനും മരണം വരിക്കുവാൻ പോലും മനുഷ്യർ തയാറാകുന്നത് ആ പ്രത്യയശാ സ്ത്രത്തിലുള്ള വിശ്വാസം മൂലമാണ്. ഏറ്റവും വലിയ പ്രത്യയശാസ്ത്ര മാണ് ദൈവികത. അതിന്റെ ക്രിയാപദ്ധതിയാണ് ശരിയായ മതം. തന്മൂലം വിശ്വാസത്തിന് മതപരമായ അർത്ഥത്തിലാണ് ആഴം സിദ്ധിക്കുന്നത്. അച ഞ്ചലമായ ദൈവവിശ്വാസമുള്ളവർ തന്മൂലം വിശ്വാസി എന്ന് വിളിക്കപ്പെ ടുന്നു. അബ്രഹാമിനെ വിശ്വാസികളുടെ പിതാവായി നാം ആദരിക്കുന്നത് ഈ അചഞ്ചലതയെ മുൻനിർത്തിയാണ്.

വിശ്വാസത്താലുള്ള നീതീകരണം: രക്ഷാബോധം ആണ് നീതീ കരണം. അതിന്റെ മാനദണ്ഡം വിശ്വാസമെന്ന് പ്രബലമായ ഒരു പക്ഷ മുണ്ട്. വിശ്വാസത്താലുള്ള നീതീകരണം വി. പൗലൂസിന്റെ ശക്തമായ നിലപാടാണ്. രക്ഷയും നീതീകരണവും ദൈവത്തിന്റെ ദാനമാണ്. വിശ്വാസം മൂലം അതു പ്രാപിക്കുവാൻ നാം അർഹത നേടുന്നു. വിളി ദാനവും വിശ്വാസം പ്രതികരണവും ആകുന്നു. പ്രവൃത്തി കൂടാതെ വിശ്വാസം പ്രകടമാവുകയില്ല. ആക്കാര്യം യാക്കോബ് ശ്ലീഹാ വിശദീക രിക്കുന്നുണ്ട്.

വിശ്വാസ സ്നാനം: വിശ്വാസികൾക്കാണ് സ്നാനം. ഏറ്റുപറയുന്ന വർ മാത്രമല്ല വിശ്വാസികൾ. ജനിതക ശാസ്ത്രപ്രകാരം പിതാവിന്റെ വിശ്വാസം, സംസ്കാരം എന്നിവയിൽ ഗർഭസ്ഥ ശിശു പോലും അവകാ ശിയാണ്. അതുകൊണ്ടാണ് വെള്ളം തൊടാതെ യിസ്രായേൽ ചെങ്കടൽ പ്രയാണം നടത്തിയതിനെ സ്നാനത്തിന്റെ മുൻകുറി എന്ന് വേദം പറയു ന്നത്. ചെങ്കടൽ യാത്രയിൽ എല്ലാ പ്രായക്കാരും ഉണ്ടായിരുന്നു. ആദിമസഭ വിശ്വാസികളുടെ കുഞ്ഞിനെ സ്നാനത്തിൽ നിന്ന് വിലക്കിയിരുന്നില്ല. 8-ാം നാളിലെ പരിച്ഛേദനപോലെ സഭയിലെ പ്രവേശക കൂദാശയാണ് സ്നാനം. ഏറ്റ് പറയാൻ പ്രായമാകാത്തവർക്കുവേണ്ടിയാണ് മാമ്മൂദീസായിൽ മധ്യ സ്ഥനെ സഭ പ്രയോജനപ്പെടുത്തിയത്. '*ഡിഡാക്കേ*' കാണുക.

വിശ്വാസപ്രമാണങ്ങൾ: വിശ്വാസ വിഷയങ്ങൾക്ക് വിവിധ വ്യാഖ്യാ നങ്ങൾ ഉണ്ടായപ്പോൾ ഔദ്യോഗിക നിലപാടുകൾ ആവശ്യമായി. അങ്ങനെ വിശ്വാസപ്രമാണങ്ങൾ ഉണ്ടായി. എ. ഡി. 325-ലെ നിഖ്യാ വിശ്വാ സപ്രമാണമാണ് പ്രധാനം. അറിയോസിന്റെ വേദവിപരീതമാണിതിന്റെ പശ്ചാത്തലം. 381-ൽ കൂടിയ കുസ്തന്തീനോപോലീസിലെ സിനഡ് പരി ശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശ്വാസപ്രമാണത്തിന് രൂപം നൽകി. ഇവ കൂടാതെ അപ്പസ്തോലിക വിശ്വാസപ്രമാണം, അത്താനാസ്യോസിന്റെ വിശ്വാസപ്രമാണം എന്നിവയുണ്ട്. ആംഗ്ലേയ സഭകളും പല പ്രോട്ടസ്റ്റണ്ട്

വിഭാഗങ്ങളും ഇവയുപയോഗിക്കുന്നു. കിഴക്കൻ സഭകൾ നിഖ്യാ വിശ്വാസപ്രമാണമാണ് ഉപയോഗിക്കുന്നത്. ത്രിത്വം, സഭ, മാമ്മോദീസാ, ഉയിർപ്പ്, മരണാനന്തര ജീവിതം തുടങ്ങിയ വിഷയങ്ങളിലുള്ള സഭയുടെ ഔദ്യോഗിക നിലപാടുകൾ നിഖ്യാ വിശ്വാസപ്രമാണത്തിൽ സാർവത്രിക സിനഡുകൾ ക്രോഡീകരിച്ചിരിക്കുന്നു. പ്രതിദിന പ്രാർത്ഥനകളിലും ദേവാലയ ശുശ്രൂഷകളിലും വിശ്വാസപ്രമാണം ചൊല്ലുന്നു.

വിശ്വാസികൾ: സവിശേഷമായ അർത്ഥത്തിൽ ക്രിസ്തുമാർഗ്ഗം വിശ്വസിച്ചവർ. വിശ്വാസത്താൽ അവർ ജീവിക്കുന്നു (റോമ. 1:17). വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (അ. പ്ര. 16:31). കേൾവിക്കാരെ, വിശ്വാസികളുടെ സമൂഹമേ എന്ന് പ്രസംഗകർ അഭിസംബോധന ചെയ്യാറുണ്ട്.

വിളക്കുകൾ: എണ്ണയിൽ തിരിയിട്ട് കത്തിക്കുന്ന സംവിധാനം. മൺവിളക്ക്, ലോഹവിളക്കു മുതൽ വൈദ്യുത വിളക്കുകൾ വരെ സുലഭം. കോലുവിളക്ക്, നിലവിളക്ക് എന്നിവ ആവശ്യാനുസരണം ഉപയോഗിക്കുന്നു. മെഴുകുതിരികളും വിളക്കു തന്നെ.

വിളക്കുമണി: പള്ളിയിൽ മാത്രം കെടാവിളക്ക് സൂക്ഷിച്ചിരുന്നു. അത് സന്ധ്യ തോറും വീടുകളിൽ കത്തിച്ചു കൊണ്ടുപോവാൻ സമയം അറിയിച്ചുകൊണ്ട് സന്ധ്യക്ക് നമസ്കാരമണിക്കു മുമ്പേ വിളക്കുമണി അടിക്കുമായിരുന്നു. ഇന്ന് അതിന് പ്രസക്തി ഇല്ലാതായി.

വിളനിലം, ഡോ. ജെ. വി.: കേരള യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ. ചെങ്ങന്നൂർ വിളനിലം വി. സി. വർഗ്ഗീസിന്റെ പുത്രൻ. 1935 ഓഗസ്റ്റ് 11-ന് ജനിച്ചു. M.A., M.S., D. Litt., Ph. D. എന്നീ ബിരുദങ്ങൾ നേടി. കേരള സർവകലാശാലയിൽ ജേർണലിസം പ്രൊഫസർ, അമേരിക്കയിൽ ടെമ്പിൾ, പെൻസിൻവാനിയ സർവകലാശാലകളിൽ അധ്യാപകനായിരുന്നു. എട്ട് ഇംഗ്ലീഷ് ഗ്രന്ഥങ്ങളും ഏഴു മലയാളം ഗ്രന്ഥങ്ങളും രചിച്ചു.

വിളിച്ചുചൊല്ല്: വിവാഹത്തിന് മുമ്പ് വധൂവരന്മാരുടെ ഇടവകകളിൽ ആരാധനാമധ്യേ വിവാഹം നടത്തുന്ന വിവരങ്ങൾ വിശദാംശങ്ങളോടെ പ്രസിദ്ധീകരിക്കുന്ന ചടങ്ങ്. വിവാഹം നടത്തുവാൻ കാനോനിക തടസ്സം ആർക്കെങ്കിലും ഉന്നയിക്കുവാനുണ്ടെങ്കിൽ അതിനവസരം ലഭിക്കുവാനാണ് രണ്ടാഴ്ച മുമ്പ് പരസ്യമായി വിവരം വിളിച്ചു പറയുന്നത്. നിയമാനുസൃതമല്ലാത്ത വിവാഹങ്ങൾ തടയുവാനും വിവാഹത്തിന്റെ സാമൂഹിക പ്രസക്തി ഉറപ്പുവരുത്തുവാനും ഈ ചടങ്ങ് സഹായിച്ചിട്ടുണ്ട്.

വീടുകൂദാശ: ഭവനശുദ്ധീകരണത്തിന് പ്രത്യേക ശുശ്രൂഷക്രമമുണ്ട്.

വീട് പണിത് താമസമാകുമ്പോഴും പിന്നീട് ആണ്ടിലൊരിക്കലും ഈ ശുശ്രൂഷ നടത്തുക പതിവാണ്. പ്രാർത്ഥനകൾക്ക് ശേഷം കട്ടളപ്പടികളിൽ പട്ടക്കാരൻ ത്രിത്വനാമത്തിൽ മുദ്രയിട്ട് ശുദ്ധീകരണം പ്രഖ്യാപിക്കുന്നു. വെള്ളം വാഴ്ത്തലും തളിക്കലും ഇതിന്റെ ഭാഗമായി ക്രമത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വെള്ളത്തിൽ കുന്തുരുക്കം ഇടും. ചില ഇടങ്ങളിൽ മുദ്രണത്തിന് വെള്ളത്തിന് പകരം കളഭക്കുഴമ്പ് ഉപയോഗിക്കുന്നു. ചിലയിടത്ത് വീടിന് ചുറ്റും പ്രദക്ഷിണം വക്കാറുണ്ട്. ശുശ്രൂഷ നടത്തുന്ന വൈദികൻ ഔദ്യോഗിക വസ്ത്രങ്ങൾ അണിഞ്ഞിരിക്കണം.

വീരടിയാൻ പാട്ടുകൾ: വീരടിയാന്മാർ - പാണന്മാർ - വിവാഹ എതിരേല്പിനും മറ്റും ക്രൈസ്തവ ഭവനത്തിലെത്തി പാടുന്ന പാട്ട്. തോമ്മാശ്ലീഹായുടെ പ്രവർത്തനം, ക്നായിത്തോമ്മായുടെ ചരിത്രം ഒക്കെയാവും ഇതിവൃത്തം. പാട്ടുകാർക്ക് പാരിതോഷികം നൽകിയിരുന്നു. ഈ പാട്ടുകൾ ഇന്ന് പ്രചാരലുപ്തമായി.

വെച്ചൊരുക്കം: നേർച്ച, ഊട്ട്, അടിയന്തിരങ്ങൾ ഇവയ്ക്കുള്ള സദ്യ പാകം ചെയ്തു ഒരുക്കുക എന്നർത്ഥം.

വെട്ടിക്കൽ കുരിശ്: മുളന്തുരുത്തി ഇടവകയിൽ സ്ഥിതിചെയ്യുന്നു. മാർത്തോമ്മാ ഒമ്പതാമൻ ഈ കുരിശ് കെട്ടിടം കൂദാശ ചെയ്തു. 1816-ൽ കൂദാശ നടന്ന വിവരം *നിരണം ഗ്രന്ഥവരി*യിൽ കാണുന്നു. മുളന്തുരുത്തി ഇടവകയുടെ ഒരു അഗതി മന്ദിരം നേരത്തെ ഇവിടെ ഉണ്ടായിരുന്നു.

വെട്ടിക്കൽ ദയറാ: മുളന്തുരുത്തി ഇടവകക്കാരായ കാട്ടുമങ്ങാട്ട് കൂറിലോസും സഹോദരങ്ങളും അനധികൃതമായി പട്ടമേറ്റ് മെത്രാൻ സ്ഥാനമവകാശപ്പെട്ടപ്പോൾ സർക്കാരുകൾ അവരെ നാട്ടിൽ നിന്ന് ബഹിഷ്കരിച്ചു. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാൻ അവർക്ക് അഭയം നൽകി തൊഴിയൂരിൽ താമസിപ്പിച്ചു. ജ്യേഷ്ഠൻ കൂറിലോസ് അനുജൻ ഗീവറുഗ്ഗീസ് കത്തനാരെ മെത്രാനായി വാഴിച്ച് തൊഴിയൂരിൽ അന്തരിച്ചു. രണ്ടാം കൂറിലോസ് ചീരൻ മാർ പീലക്സീനോസിനെ തൊഴിയൂരിൽ വാഴിച്ച് സ്വദേശത്തേക്ക് മടങ്ങി. അദ്ദേഹവും കാട്ടുമങ്ങാട്ട് കുടുംബത്തിലെ ഒരു അബ്രഹാം റമ്പാനും വെട്ടിക്കൽ ഉള്ള കെട്ടിടത്തിൽ താമസിച്ചുവരവേ അന്തരിച്ചു. കൂറിലോസ് രണ്ടാമൻ അവിടെ അടക്കപ്പെട്ടു. 1809-ൽ ഈ കബറടക്കം നടന്നതോടെ കെട്ടിടത്തോട് ചേർന്ന് ഒരു കുരിശുവക്കാൻ തീരുമാനമായി. 1816-ൽ ഒമ്പതാം മാർത്തോമ്മാ കുരിശ് കൂദാശ ചെയ്തു. പിന്നീട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II ആവശ്യപ്പെട്ടതനുസരിച്ച് കെട്ടിടവും കുരിശും വടക്കൻ പ്രദേശത്തെ വൈദിക പരിശീലനത്തിനായി പള്ളിക്കാർ വിട്ടുകൊടുത്തു. മുളന്തുരുത്തിപ്പള്ളിയിലെ ചാത്തുരുത്തി ഗീവറുഗ്ഗീസ്

കോറിക്കും മൂക്കഞ്ചേരിൽ ഗീവറുഗ്ഗീസ് കത്തനാർ മുതൽപേർക്കും പുലിക്കോട്ടിൽ മെത്രാപ്പോലീത്താ 1872 മീനം 26-ന് റമ്പാൻ സ്ഥാനം നൽകി വെട്ടിക്കൽ കുരിശുപള്ളിയിലേക്ക് നിയോഗിക്കുകയും ആ സ്ഥാപനത്തെ മലങ്കരയിലെ ഒന്നാമത്തെ ദയറാ ആയി പ്രഖ്യാപിക്കുകയും പരുമല റമ്പാച്ചനെ റീശ് ദയറോ ആയി നിയമിക്കുകയും അദ്ദേഹത്തിന്റെ ചുമതലയിൽ അതൊരു വൈദികപരിശീലനകേന്ദ്രമാക്കുകയും ചെയ്തു . പരുമല റമ്പാച്ചൻ മലങ്കരയിലെങ്ങും ഒരു പിരിവ് നടത്തി പള്ളിയും ദയറാകെട്ടിടവും പരിഷ്കരിച്ചു. ഇതിലേക്കായി അദ്ദേഹം പുറപ്പെടുവിച്ച അഭ്യർത്ഥനയുടെ പൂർണ്ണരൂപം *കണ്ടനാട് ഗ്രന്ഥവരി*യിലുണ്ട്. ക്രമേണ ദയറാ ഒരു തീർത്ഥാടനകേന്ദ്രമായി വളർന്നു. 1876-ൽ പത്രോസ് III പട്ടം കൊടുത്ത ആറ് മെത്രാന്മാരും ഇവിടെ 40 നാൾ വ്രതമെടുത്തു താമസിച്ചു. പാത്രിയർക്കീസിന്റെ ഇംഗിതത്തിനെതിരായി മലങ്കര അസോസ്യേഷൻ പുനർജ്ജീവിപ്പിക്കുവാനും മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പുലിക്കോട്ടിൽ വലിയ മെത്രാപ്പോലീത്തായെ ബഹുമാനിക്കുവാനും കോട്ടയം പഴയസെമിനാരി തുടങ്ങി മലങ്കരയുടെ പൊതുവിന്നടുത്ത ഭരണവും ചുമതലയും മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്, മലങ്കര അസോസ്യേഷൻ പ്രസിഡണ്ട് മാർ ദീവന്നാസ്യോസ് എന്നീ പദവികളും അദ്ദേഹത്തെ ഏല്പിക്കുവാനും തീരുമാനമായത് വെട്ടിക്കൽ ധ്യാനഫലമായിട്ടായിരുന്നു. 1877 ഇടവം 22-ന് പരുമല മെത്രാച്ചന്റെ പ്രധാന കാർമ്മികത്വത്തിലും ശേഷം പേരുടെ സഹകരണത്തിലും വെട്ടിക്കൽ ദയറാ പള്ളിയുടെ കൂദാശ നിർവഹിച്ചു. ഈ ദയറാ മലങ്കരയുടെ പൊതു സ്വത്താണെന്ന് കൊല്ലവർഷം 1092-ൽ വിധിയുണ്ടായി. 1976-ൽ കണ്ടനാട് ഭദ്രാസനത്തിന്റെ ജോസഫ് മാർ പക്കോമിയോസ് ഇവിടം ആസ്ഥാനമാക്കി. അദ്ദേഹത്തിന്റെ സുന്ത്രോണീസോ അവിടെ നടത്തി. കെട്ടിടങ്ങൾ പുനരുദ്ധരിക്കപ്പെട്ടു. 1976-ൽ പരുമല പിതാവിന്റെ തിരുശേഷിപ്പ് ഇവിടെ സ്ഥാപിച്ചു. 1977 ഡിസം. 10-ന് മുകളിലെ ചാപ്പലിന്റെ ത്രോണോസ് പരുമല പിതാവിന്റെ നാമത്തിൽ മാത്യൂസ് പ്രഥമൻ ബാവാ കൂദാശ ചെയ്തു. ഡിസം. 10-ന് പരുമല പിതാവിന്റെ ഓർമ്മ ആഘോഷിക്കുന്നു. ഇപ്പോൾ ദയറാ വക ഒരു സ്കൂൾ നടത്തുന്നു. യൽദൊ റമ്പാൻ ദയറായുടെ മാനേജർ ആണ്.

വെട്ടു കുട (പള്ളിക്കുട): പള്ളി പ്രദക്ഷിണങ്ങൾക്കും മറ്റും ഉപയോഗിക്കുന്ന മേൽ വശം പരന്ന വൃത്താകൃതിയിലുള്ള വർണ്ണാഭമായ കുട. തഴക്കുട എന്ന് പദവികളിൽ വർണ്ണിക്കുന്ന രാജകീയ ചിഹ്നമാണിത്.

വെൺകൊറ്റക്കുട: രാജചിഹ്നം. സ്വീകരണങ്ങൾക്ക് ഇവ ഉപയോഗിച്ചിരുന്നു.

വെൺ പാച്ചോർ: ശർക്കര ചേർക്കാത്ത മധുരമില്ലാത്ത പാച്ചോർ.

വെസ്ട്രി: സ്ഥാന വസ്ത്രങ്ങൾ, പൂജാപാത്രങ്ങൾ ഇവ സൂക്ഷിക്കുന്ന മുറി.

വെളിപാട്: ദൈവത്തെ പരിമിത വിഭവനായ മനുഷ്യൻ അറിയുന്നത് വെളിപാടുകളിലൂടെയാണ്. യേശുക്രിസ്തുവിലൂടെ പൂർണ്ണ വെളിപാടുണ്ടായി (എബ്രായ 1:1). ദൈവം നൽകിയ വെളിപാടിന്റെ മനുഷ്യരിലൂടെയുള്ള പ്രതിഫലനമാണ് വേദപുസ്തകം.

വെളിപാട് പുസ്തകം: അപ്പോക്കാലിപ്റ്റിക് കൃതി. പ്രതീകങ്ങളും നിഗൂഢസങ്കേതങ്ങളും ഇതിൽ സമൃദ്ധം. ഇത് യോഹന്നാൻ ശ്ലീഹാ എ. ഡി. 90–ന് ശേഷം ഡൊമിഷ്യൻ ചക്രവർത്തിയുടെ പീഡനകാലത്ത് രചിച്ചു. ആദ്യകാല വേദപുസ്തക കാനോനിൽ ഉണ്ടായിരുന്നില്ല, പിന്നീട് ചേർത്തു. ആക്ഷരിക വ്യാഖ്യാനം പ്രസക്തമാവുകയില്ല. പ്രതീകങ്ങളും സംഖ്യകളും ഗ്രഹിക്കുവാൻ എളുപ്പമല്ല. തന്മൂലം ആരാധനാമദ്ധ്യേ ഇതിലെ വായനകൾ ഉപയോഗിക്കുന്നില്ല.

വെളിപാട് സാഹിത്യം: 'അപ്പോക്കാലിപ്റ്റിക്' എന്ന ഗ്രീക്കു പദത്തിന് വെളിപ്പെടുത്തുന്നത് എന്നർത്ഥം. യഹൂദാ അപ്പോക്കാലിപ്റ്റിക് സാഹിത്യം ബി. സി. 200–നും എ. ഡി. 100–നും മദ്ധ്യേ എഴുതപ്പെട്ടു. '*അപ്പോക്കാലിപ്റ്റിക് ഗ്രന്ഥങ്ങൾ*' കാണുക.

വെള്ളിയാഴ്ച: യേശുവിന്റെ കഷ്ടാനുഭവസ്മരണയുടെ ദിനം. ഉപവാസദിനമായി ആചരിക്കുന്നു. മനുഷ്യനെ സൃഷ്ടിച്ചത് വെള്ളിയാഴ്ചയാണെന്ന് ബൈബിൾ സൂചിപ്പിക്കുന്നു. ഇസ്ലാമിന്റെ വെള്ളിയാഴ്ചയാദരവ് ഈ പശ്ചാത്തലത്തിലാണ്.

വെളിയനാട് സുന്നഹദോസ്: 1877 മകരം 15–ന് പത്രോസ് III ബാവ തെക്കൻ പള്ളികളുടെ പ്രതിനിധിയോഗം വെളിയനാട്ട് സെന്റ് സ്റ്റീഫൻസ് പള്ളിയിൽ വിളിച്ചു ചേർത്തു. നവീകരണക്കാർക്കെതിരെ തെക്കൻ പള്ളികളെ ഏകോപിപ്പിക്കുവാനാണ് കൂട്ടിയത്.

വെളുത്തച്ചന്റെ ഓർമ്മ: മാർ ഇഗ്നാത്തിയോസ് അഹത്തള്ളാ 1653 ജനു. 3–ന് കൊച്ചിക്കായലിൽ കെട്ടിത്താഴ്ത്തപ്പെട്ട് മൃതിയടഞ്ഞു. അദ്ദേഹത്തിന്റെ ഓർമ്മ അർത്തുങ്കൽ പള്ളിയിൽ വെളുത്തച്ചന്റെ ഓർമ്മ എന്ന പേരിൽ നടത്തിവരുന്നു.

വെള്ളയും കരിമ്പടവും: വിവാഹ വിരുന്നുകളിലും അതിഥിസല്ക്കാരത്തിലും വെള്ളയും കരിമ്പടവും വിരിക്കുക ക്രിസ്ത്യാനികൾക്ക് ലഭിച്ച പദവികളിലൊന്നാണ്. പുല്പായയിൽ കരിമ്പടവും അതിന് മീതെ വെള്ളയും വിരിക്കും. ഈ ചടങ്ങ് പ്രചാരലുപ്തമായി.

വെള്ളിക്കോൽ: ത്രാസുകൾക്കു മുമ്പ് തൂക്കം അറിയാൻ ഉപയോഗിച്ച ഉപകരണം. 'ഭാരക്കോൽ' പദവികളിൽ കാണുന്നു. കോലിന്റെ ഒരു ഭാഗത്ത് ഭാരം അറിയാനുള്ള വസ്തു ഘടിപ്പിച്ചിരിക്കും. കോലിൽ പ്രത്യേകം അട യാളപ്പെടുത്തിയ ചാലുകളിൽ ചരട് കെട്ടിയതിൽ ഉയർത്തിപ്പിടിച്ച് ബാലൻസ് ചെയ്യുമ്പോൾ കൃത്യമായി തൂക്കം അറിയാം.

വെള്ളിക്കോൽ: ഈ തൂലികാനാമത്തിൽ സഭാമാസികകളിൽ വിമർ ശന ലേഖനങ്ങൾ പ്രത്യക്ഷപ്പെടുമായിരുന്നു. ഫാ. വെണ്ടറപ്പിള്ളിയാണ് ഈ തൂലികാനാമത്തിൽ എഴുതിയിരുന്നത്.

വെറോണിക്കാ: യേശു കുരിശുംചുമന്ന് ഗോഗുൽത്തായിലേക്ക് പോകുമ്പോൾ വെള്ളത്തൂവാല കൊണ്ട് മുഖം ഒപ്പിയെടുത്ത സ്ത്രീ. ആ തുണിക്കഷണത്തിൽ യേശുവിന്റെ മുഖരൂപം പതിഞ്ഞതായി പാശ്ചാത്യ പാരമ്പര്യം.

വേദപുസ്തകം (ബൈബിൾ): ബൈബിൾ. തിരുവെഴുത്തുകൾ, സത്യവേദപുസ്തകം തുടങ്ങിയ പേരുകൾ. പുതിയ പഴയനിയമങ്ങൾ. എ. ഡി. 90–ൽ റബിമാർ ജാംനിയ കൗൺസിലിൽ വച്ച് 39 പഴയനിയമ പുസ്ത കങ്ങൾ എന്ന് നിശ്ചയിച്ചു. ഇവ കൂടാതെ ഗ്രീക്കു ബൈബിളിൽ ജൂഡിത്ത്, സുഭാഷിതങ്ങൾ, മക്കാബിയർ ഒന്നും രണ്ടും തുടങ്ങിയവ ഉൾപ്പെടെ ഏഴു പുസ്തകങ്ങൾ കൂടി ഉണ്ടായിരുന്നു. ഈ ഗ്രീക്കു ബൈബിളാണ് യേശു ഉപയോഗിച്ചിരുന്നത്. 1611–ൽ എല്ലാം എല്ലാവരും അംഗീകരിച്ചു. പിന്നീട് പ്രോട്ടസ്റ്റണ്ട് ബൈബിളിൽ ഒടുവിൽ ചേർത്ത 7 പുസ്തകങ്ങൾ നീക്കം ചെയ്തു.

27 പുസ്തകങ്ങൾ പുതിയനിയമ വേദപുസ്തക കാനോനിൽ ഉണ്ട്.

ചരിത്രം, കഥ, കവിത, ജീവചരിത്രം, ലേഖനങ്ങൾ, നാടകം, സാരോ പദേശങ്ങൾ എന്നീ വിവിധ സാഹിത്യരൂപങ്ങൾ ബൈബിളിൽ നിന്ന് വിക സിച്ച് വന്നവയാണ്. ബി. സി. 1000 – എ. ഡി. 100 വർഷങ്ങളിലാണ് വേദ പുസ്തക സമുച്ചയം രൂപപ്പെട്ടത്. ഗ്രന്ഥകാരന്മാരിൽ രാജാക്കന്മാർ, ആട്ടി ടയന്മാർ, മീൻപിടുത്തക്കാർ, വൈദ്യന്മാർ, റാബിമാർ, ചുങ്കം പിരിവുകാർ, ദാർശനികർ എന്നിവർ ഉൾപ്പെടുന്നു.

വേദപുസ്തകം സഭയിൽ നിന്ന് സഭയ്ക്ക് വേണ്ടി രൂപപ്പെട്ടു. ആരാ ധനാ പശ്ചാത്തലത്തിലാണ് അവയുടെ ഉത്ഭവവും വളർച്ചയും. പുസ്ത കങ്ങളെ എഡിറ്റ് ചെയ്തതും തരംതിരിച്ചതും ചിലതിനെ പുറന്തള്ളി ചില തിനെ സ്വീകരിച്ചതും സഭയാണ്. തന്മൂലം സമ്പന്നമായ സഭാ പൈതൃക ത്തിന്റെയും ആരാധനാ പാരമ്പര്യങ്ങളുടെയും മൂർത്തവും സജീവവുമായ ഘടകമാണ് വേദപുസ്തകം. സഭയുടെ വിശ്വാസാചാരങ്ങൾ രൂപപ്പെടു

ത്തുന്നതിലും നിലനിർത്തുന്നതിലും ആ വിശുദ്ധ ഗ്രന്ഥത്തിന് വലിയ പങ്കുണ്ട്. എന്നാലും വിശ്വാസത്തിന്റെ ഏക ആധാരം ബൈബിൾ ആണെന്ന് പുരാതന സഭകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

വേദപുസ്തകം (ഓർത്തഡോക്സ് സഭ): സ്വന്തമായ ഒരു ബൈബിൾ വിവർത്തനത്തിന്റെ അഭാവത്തിൽ ബൈബിൾ സൊസൈറ്റിയുടെ പരിഭാഷ ഉപയോഗിച്ചുവരുന്നു. എന്നാൽ 2009-ൽ പ്രസിദ്ധീകരിക്കത്തക്കവിധം ബൈബിളിന്റെ ഔദ്യോഗിക വിവർത്തനം ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ചുമതലയിൽ തയാറായി വരുന്നു.

വേദപുസ്തകത്തിന്റെ ആധികാരികത: വേദപുസ്തകം ദൈവിക വെളിപാടിന്റെ ആവിഷ്കാരമാകുന്നു. എഴുത്തുകാരുടെയും വിവർത്തകരുടെയും ഭാഷയുടെയും അച്ചടിയുടെയും പരിമിതികൾ ഉണ്ടെങ്കിലും സന്ദേശപരമായ ആധികാരികത പരിശുദ്ധാത്മ പ്രവർത്തനമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സഭയുടെ പശ്ചാത്തലത്തിൽ വേദപുസ്തകത്തിന്റെ ആധികാരികതയ്ക്ക് ശോഭ വർദ്ധിക്കുന്നു.

വേദപുസ്തക പഠനം: വെളിപാടും പ്രതികരണവുമാണ് വേദപുസ്തകം. ചരിത്ര പശ്ചാത്തലം, രചയിതാവ്, ഉദ്ദേശ്യം എന്നിവ പരിഗണിക്കണം. രൂപം, ഘടന, ശൈലി, വിവർത്തനത്തിൽ വന്ന സ്ഖലിതങ്ങൾ എന്നിവയും പ്രധാനം. വാച്യാർത്ഥം പോലെ വ്യംഗ്യാർത്ഥമുള്ള ധ്വനികൾ തിരിച്ചറിയണം. കാലിക സന്ദേശവും കാലാതീത സന്ദേശവും ദേശീയ പ്രസക്തിയും അന്തർദ്ദേശീയ പ്രസക്തിയും ഗ്രഹിക്കണം. താരതമ്യ പഠനവും ധ്യാനവും പ്രയോജനപ്പെടും. സഭയുടെ ആധികാരികമായ പഠിപ്പിക്കൽ, ചരിത്രപരവും നിരൂപണപരവുമായ പഠനങ്ങൾ, പ്രവചനം-പൂർത്തീകരണം ഇവയുടെ ബന്ധങ്ങൾ, രൂപഘടനയും ഉള്ളടക്കവും തമ്മിലുള്ള ബന്ധം, എഴുത്തുകൾ രൂപമെടുത്ത് വളർന്ന ആരാധനയുടെ അന്തരീക്ഷം, വായ്മൊഴികൾ എന്നിവ വേദപുസ്തക പഠനത്തിൽ അനിവാര്യമാണ്.

വേദപുസ്തക പരിഭാഷ: എബ്രായഭാഷയിൽ രചിക്കപ്പെട്ട പഴയനിയമം അലക്സാന്ത്രിയായിൽ വച്ച് ബി. സി. 2-ാം നൂറ്റാണ്ടിൽ ഗ്രീക്കിൽ സെപ്റ്റ്വജിന്റ് എന്ന പേരിൽ വിവർത്തനം ചെയ്യപ്പെട്ടു. എ. ഡി. 4-ാം നൂറ്റാണ്ടിൽ ജറോം ലത്തീനിൽ വൾഗേറ്റ് പരിഭാഷ തയാറാക്കി. റോമ്മാസഭയുടെ ഔദ്യോഗികമായ ഈ പരിഭാഷ 1000 വർഷത്തിലധികം ഉപയോഗിച്ചു. രണ്ടാം നൂറ്റാണ്ടിൽ സുറിയാനി പരിഭാഷയുണ്ടായി. 5-ാം നൂറ്റാണ്ടിൽ അത് പരിഷ്കരിച്ചു. അതാണ് പെഷീത്താ: സുറിയാനി സഭകളുടെ ഔദ്യോഗിക വിവർത്തനം. 508-ൽ ഇത് വീണ്ടും പ്രസിദ്ധീകരിച്ചു. ഈജിപ്റ്റിൽ 4-ാം നൂറ്റാണ്ടിൽ സഹിദിക് എന്നും ബൊഹെയിരിക്ക് എന്നും രണ്ട് പരിഭാഷകൾ ഉണ്ടായി. എത്യോപ്യൻ ഭാഷയിലും ഇക്കാലത്ത് പരി

ഭാഷയുണ്ടായി. അർമ്മീനിയൻ, ജോർജ്ജിയൻ ഭാഷകളിലും പുരാതന വിവർത്തനങ്ങൾ ഉണ്ടായി.

1534-ൽ ഇംഗ്ലീഷ് പരിഭാഷയുണ്ടായി. 1611-ൽ ഇംഗ്ലണ്ടിൽ ജെയിംസ് ഒന്നാമൻ നടത്തിച്ച പരിഭാഷ ഓതറൈസ്ഡ് വെർഷൻ എന്നും കിംഗ് ജെയിംസ് വെർഷൻ എന്നും അറിയപ്പെടുന്നു. പിന്നീട് റിവൈസ്ഡ് വെർഷൻ തുടങ്ങി നിരവധി ഇംഗ്ലീഷ് പരിഭാഷകൾ ഉണ്ടായി. ഇന്ത്യയിൽ 1714-ൽ തമിഴ്, 1743-ൽ ഉറുദു, 1801-ൽ ബംഗാളി, 1808-ൽ സംസ്കൃതം, 1809-12 ൽ കന്നഡ, 1811-ൽ മറാത്തി, 1809-11 ൽ ഹിന്ദി, 1811-ൽ മലയാളം, 1811-ൽ ഒറിയ, 1811-24 ൽ മണിപ്പുരി, 1815-19 ൽ ആസാമീസ്, 1815-ൽ ജയ്പുരി, പഞ്ചാബി, കുനൂജി, ബലൂചി, 1818-ൽ കൊങ്കിണി, 1819-ൽ മുൾട്ടാനി, പുഷ്ത്, 1820-ൽ ഗുജറാത്തി, കാഷ്മീരി, ഡോഗ്രീ, ഗോസാലി, 1821-ൽ ഭാജലി, മാർവാഡി, നേപ്പാളി, 1822-ൽ ഉദയപുരി, ഹരാവോദി, 1823-ൽ ബീക്കാനീറി, ബ്രുജ്, ഉജ്ജയിനി, 1824-ൽ ഭാട്ടി, ഖാസി, മഗധി, 1825-ൽ സിന്ധി, 1826-ൽ കരാവൂനി, 1832-ൽ പല്പ, 1832-ൽ ഗുർവാളി എന്നീ വിവിധ പരിഭാഷകൾ ഉണ്ടായി.

പുലിക്കോട്ടിൽ ജോസഫ് (ഇട്ടൂപ്പ്) റമ്പാനും (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) കായംകുളം ഫീലിപ്പോസ് റമ്പാനും സുറിയാനി ബൈബിളിലെ സുവിശേഷങ്ങൾ വിവർത്തനം ചെയ്തത് ഡോ. ക്ലോഡിയസ് ബുക്കാനൻ ബോംബെയിലെ കൊറിയർ പ്രസ്സിൽ നിന്ന് 1811-ൽ പ്രസിദ്ധീകരിച്ചു. ഒരു നൂറ്റാണ്ടിന് ശേഷം കോനാട്ട് മാത്തൻ മല്പാൻ സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്തു പുതിയനിയമം ഔഗേൻ മാർ തീമോത്തിയോസ് പരിശോധിച്ച് കോനാട്ട് അബ്രഹാം മല്പാൻ പ്രസിദ്ധീകരിച്ചു. കടവിൽ അത്താനാസ്യോസ് (1832-1907) വിവിധ ഭാഗങ്ങൾ വിവർത്തനം ചെയ്തു. തകടിയിൽ യാക്കോബ് കത്തനാർ വായനപ്പടി ഏവൻ ഗേലിയോൻ 1940-കളിൽ പ്രസിദ്ധീകരിച്ചു. പെഷീത്താ ബൈബിൾ മലയാളത്തിലേക്ക് പൂർണ്ണമായി വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചത് 1990 കളിൽ കത്തിയാമ്പറമ്പിൽ കുരിയൻ കോറെപ്പിസ്കോപ്പായാണ്.

ബെഞ്ചമിൻ ബെയ്‌ലി ഇംഗ്ലീഷ് പുതിയനിയമത്തിന്റെ മലയാളം പരിഭാഷ 1829-ലും പൂർണ്ണ ബൈബിൾ പരിഭാഷ 1841-ലും പ്രസിദ്ധീകരിച്ചു. പെഷീത്താ ബൈബിൾ പൂർണ്ണമായും മലയാളത്തിലേക്ക് പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ വിവർത്തനം ചെയ്തു എന്നും വിവർത്തനത്തിന് ഭാഷാശുദ്ധി കുറവായതിനാൽ ബെയ്‌ലി പുതിയ പരിഭാഷ നടത്തുകയാണുണ്ടായതെന്നും പി. ചെറിയാന്റെ സഭാചരിത്രത്തിന്റെ അനുബന്ധത്തിൽ ചേർത്ത മിഷണറിമാരുടെ എഴുത്തുകൾ വ്യക്തമാക്കുന്നു.

സെറാമ്പൂർ മിഷണറിയായി വന്ന വില്യം കേറി 1834-ൽ അദ്ദേഹം നിര്യാ

തനാകുന്നതിന് മുമ്പായാണ് ഭാരതീയ ഭാഷകളിലെ ബൈബിൾ വിവർത്തനത്തിന് നേതൃത്വം നൽകിയത്. ലോകമെങ്ങുമുള്ള ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനഫലമായി 1200-ലധികം ലോകഭാഷകളിൽ ബൈബിൾ പരിഭാഷ ലഭ്യമാണ്.

വേദപുസ്തകം ഇന്ത്യയിൽ: 190-ൽ അലക്സാന്ത്രിയയിൽ നിന്ന് വന്ന് മതസംവാദങ്ങളിൽ നേതൃത്വം നൽകിയ പണ്ഡിതൻ പാന്റീനസ് ഇന്ത്യയിൽ സുവിശേഷം ഉള്ളതായി അറിഞ്ഞിരുന്നു. മാർത്തോമ്മാശ്ലീഹാ പഴയനിയമവും പുതിയനിയമവും ഒന്നിച്ചുചേർത്ത് പുസ്തക-അധ്യായ-വാക്യ വിഭജനമില്ലാതെ ചരിത്രമെന്ന നിലയിൽ രചിച്ച കൃതി ഇവിടെ പ്രചരിച്ചു. ക്രിസ്ത്യാനികളുടെ ആദ്യ തലമുറ യഹൂദർ ആയതിനാൽ ഈ അരമായ ബൈബിൾ അവർക്ക് സുഗ്രാഹ്യമായിരുന്നു. കേരളത്തിൽ വച്ച് രചിക്കപ്പെട്ട ജാതകകഥകളിലും ബുദ്ധമതസാഹിത്യത്തിലും എ. ഡി. 9-ാം നൂറ്റാണ്ടുവരെ നടന്ന ശൈവ-വൈഷ്ണവ പുരാണ രചനകളിലും മിത്തുകളിലും ബൈബിൾ ഉൾപ്രവേശിച്ചതിന്റെ പശ്ചാത്തലം ഇതാണ്. ദൃശ്യകലാരൂപ പ്രധാനമായ ക്രിസ്ത്യൻ ആരാധനകൾ കേരളീയ ദൃശ്യകലകൾ ആയ കൂത്ത്, കൂടിയാട്ടം, കഥകളി, തുള്ളൽ എന്നീ ക്ഷേത്രകലകളുടെ ഉദ്ഭവ വികാസങ്ങൾക്ക് കാരണമായി. ഈ കലകൾ ആദ്യം രൂപം കൊണ്ടത് കേരള ക്രൈസ്തവരുടെ പിള്ളത്തൊട്ടിലും തലപ്പള്ളിയുമായ പാലൂരിന്റെ സമീപപ്രദേശങ്ങളിലാണെന്നത് ശ്രദ്ധേയമാണ്. സുറിയാനി, ഗ്രീക്ക് വേദപരിഭാഷകൾ രണ്ടാം നൂറ്റാണ്ടിന് ശേഷം ലഭ്യമായതോടെ പുരാണ രചനകൾ രൂപപ്പെട്ടു. വ്യാസകൃതമായ ഭവിഷ്യ മഹാപുരാണത്തിലും മറ്റും സുറിയാനി ഉച്ചാരണമുള്ള ബൈബിൾ പേരുകളും അവയുടെ ഭാരതീയവല്ക്കരിക്കപ്പെട്ട രൂപ പരിണാമങ്ങളും ബൈബിൾക്കഥകളും അതേപടി കാണുന്നുണ്ട്. സംഘസാഹിത്യത്തിൽ കാണുന്ന ധർമ്മ പ്രകാശം ബൈബിളിന്റേതാണ്. മതപീഡനകാലത്ത് ബുദ്ധചരിതം എന്ന് ശീർഷകം നൽകി വേഷം മാറിയ ബൈബിൾ കേരളത്തിൽ പരിരക്ഷിക്കപ്പെട്ടു എന്ന് തൃപ്പൂണിത്തുറ സംസ്കൃത കോളജിലെ ഗ്രന്ഥശാലയെപ്പറ്റി പഠനം നടത്തിയ ചരിത്ര ഗവേഷകൻ എൻ. കെ. ജോസ് നിരീക്ഷിച്ചിട്ടുണ്ട്. അവിടെ സൂക്ഷിച്ച ബുദ്ധചരിതം എന്ന് ശീർഷകമുള്ള പല ഗ്രന്ഥങ്ങളും ക്രിസ്തുചരിത്രമാണെന്ന് അദ്ദേഹം സാക്ഷിക്കുന്നു. ഒന്നാം നൂറ്റാണ്ടുമുതൽ ക്രിസ്തുസഭ എന്നപോലെ ബൈബിളും ഇന്ത്യയിൽ ഉണ്ടായിരുന്നു എന്നാണ് വസ്തുതകൾ തെളിയിക്കുന്നതും. പൊന്നാനി-അലക്സാന്ത്രിയ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് നടന്ന വിദേശ വാണിജ്യമാണ് ഇതിന്റെ ചരിത്ര പശ്ചാത്തലം.

വേദപുസ്തക സമൂഹം: ബൈബിൾ സൊസൈറ്റി 1804-ൽ സ്ഥാപിതമായത് ഇംഗ്ലണ്ടിൽ. 1811-ൽ കൽക്കട്ടായിലും 1820-ൽ മദ്രാസിലും ശാഖ

കൾ ഉണ്ടായി. വില്യം കേറി ഇതിനുമുമ്പ് ബൈബിൾ പരിഭാഷകൾ ആരംഭിച്ചിരുന്നു. വിവിധ സഭകൾ ഒരുമിച്ച് പ്രവർത്തിക്കുന്ന ഈ വേദി ലോകമെങ്ങുമുള്ള ഭാഷകളിൽ വേദപുസ്തകം ലഭ്യമാക്കുവാൻ യത്നിക്കുന്നു. വിവർത്തനത്തിൽ ചില വൈകല്യങ്ങൾ ഉണ്ടെങ്കിലും സ്വന്തം ബൈബിൾ ഉണ്ടാകുന്നതുവരെ ഇതുപയോഗിക്കുവാൻ പല സഭകളും അനുവദിച്ചിട്ടുണ്ട്. ബൈബിളും അതിന്റെ ഭാഗങ്ങളും കുറഞ്ഞവിലയിൽ ലഭ്യമാക്കുവാൻ യുണൈറ്റഡ് ബൈബിൾ സൊസൈറ്റിയിൽ അംഗമായ ഇന്ത്യൻ ബൈബിൾ സൊസൈറ്റി സഫലമായി യത്നിക്കുന്നു. ഇന്ത്യയിൽ 11 ശാഖകളുണ്ട്. കേരള ശാഖയുടെ ആസ്ഥാനം കോട്ടയം.

വേദവായനക്കുറിപ്പ്: സിന്നഗോഗ് ആരാധനയുടെ മാതൃകയിൽ ക്രിസ്തീയാരാധനയിലും വേദവായനകൾക്ക് സ്ഥാനമുണ്ടായി. തുടർച്ചയായി വായിക്കുന്ന രീതി സഭ പകർത്തുകയായിരുന്നു. സുറിയാനി സഭയിലെ വേദവായനക്കുറിപ്പ് യെരൂശലേം സഭയിലുദ്ഭവിച്ചു. 4-ാം നൂറ്റാണ്ടിൽ യെരൂശലേമിന്റെ കൂറിലോസ് അന്തിമരൂപം നൽകി. തെരഞ്ഞെടുത്ത വേദഭാഗങ്ങൾ ക്രോഡീകരിച്ചതാണ് ഡയറ്റസറോൺ. പല വേദവായനക്കുറിപ്പുകൾ നിലവിലുണ്ട്. സഭാവർഷത്തെ വിവിധ കാലങ്ങൾ ആയി തിരിച്ച് ഓരോ കാലത്തിനും അനുയോജ്യമായ വേദഭാഗങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. മലങ്കരസഭ സ്വന്തം വേദവായനക്കുറിപ്പാണ് ഉപയോഗിക്കുന്നത്.

വേദവിപരീതങ്ങൾ: 1. മാർസിയനിസം: ലോകത്തെ സൃഷ്ടിച്ച് ക്രൂരമായി ഭരിച്ച ദുഷ്ടതയുടെ മൂർത്തിയായ പഴയനിയമ ദൈവത്തെ പരാജയപ്പെടുത്തി ക്രിസ്തു ലോകത്തെ രക്ഷിച്ചു. രക്ഷ ആത്മാവിന് മാത്രം. രണ്ടാം നൂറ്റാണ്ടിൽ കൊരിന്തിലെ മാർ ദീവന്നാസ്യോസ് മാർസിയനെ ഖണ്ഡിച്ചു.

2. മൊണ്ടാനിസം: രണ്ടാം നൂറ്റാണ്ടിൽ മൊണ്ടാനസ് ആരംഭിച്ച ഉണർവ് പ്രസ്ഥാനം. അപക്വമായ ഇവരുടെ നിലപാടുകളെ അന്ത്യോഖ്യായിലെ സെറാപ്പിയോൺ ഖണ്ഡിച്ചു.

3. ജ്ഞാനവാദം: വെളിപാടിലൂടെ ലഭിക്കുന്ന ജ്ഞാനം യേശുവിലുണ്ട്. മനുഷ്യാവതാരം നിഷേധിച്ചു. ഹെഗസിപ്പോസും ഐറേനിയോസും ഇതിനെ ഖണ്ഡിച്ചു.

4. അറിയൂസ്: അലക്സാന്ത്രിയ സഭയിലെ കശ്ശീശ (256-336). യേശുവിന്റെ ദൈവത്വം നിഷേധിച്ചു. ക്രിസ്തുവിൽ മനുഷ്യാത്മാവില്ല. വചനം സൃഷ്ടിയാണ്. വി. അത്താനാസ്യോസ് ഈ വാദങ്ങളെ ഖണ്ഡിച്ചു. 325-ൽ നിഖ്യാ സുന്നഹദോസ് അറിയോസിനെയും അനുയായികളെയും ശപിച്ചു.

5. അപ്പോളിനാറീസ്: സിറിയയിലെ ലവോദിക്യൻ മെത്രാൻ. യേശുവിന്റെ മനുഷ്യത്വം നിഷേധിച്ചു. മനുഷ്യാത്മാവിന് പകരം വചനം ആയിരുന്നു. നാസിയാൻസിലെ ഗ്രീഗോറിയോസ് ഇത് ഖണ്ഡിച്ചു. 381-ലെ കോൺസ്റ്റാണ്ടിനോപ്പിൾ സിനഡ് ഇക്കൂട്ടരെ ശപിച്ച് തള്ളി.

6. നെസ്തോർ: കോൺസ്റ്റാണ്ടിനോപ്പിളിലെ പാത്രിയർക്കീസ്. യേശുവിന് രണ്ട് സ്വഭാവങ്ങളുണ്ട്. കന്യകമറിയാം ദൈവമാതാവല്ല എന്നിവ പഠിപ്പിച്ചു. അലക്സാണ്ട്രിയായിലെ കൂറിലോസ് ഇതിനെ ഖണ്ഡിച്ചു. 431-ലെ എഫേസൂസ് സിനഡ് ഇവരെ ശപിച്ചു.

പരിശുദ്ധാത്മാവിന്റെ പുറപ്പാട്, യുഗാന്ത്യവും ക്രിസ്തുവിന്റെ രണ്ടാം വരവും, ദൈവമാതാവിന്റെ ജനനം, പൗരോഹിത്യം തുടങ്ങിയ വിവിധ വിഷയങ്ങളിൽ പില്ക്കാലത്ത് വേദവിപരീതങ്ങൾ ഉണ്ടായിട്ടുണ്ട്. അതത് കാലത്തെ സഭയുടെ ഔദ്യോഗിക കൗൺസിലുകൾ ചേർന്ന് അവയെ തിരസ്ക്കരിക്കുകയും അതത് വിഷയത്തിൽ ഔദ്യോഗിക നിലപാടുകൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

വേദശാസ്ത്രം അന്ത്യോഖ്യൻ: '*അന്ത്യോഖ്യൻ വേദശാസ്ത്രം*' കാണുക.

വേദശാസ്ത്ര കലാലയം, അലക്സാന്ത്രിയ: ലോക പ്രസിദ്ധം. പൊന്നാനി-അലക്സാന്ത്രിയ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് ബി. സി. നൂറ്റാണ്ടുകളിൽ ആരംഭിച്ച വിദേശവാണിജ്യം അലക്സാന്ത്രിയൻ സഭയുമായും അലക്സാന്ത്രിയൻ വേദശാസ്ത്രകലാശാലയുമായും മലങ്കരസഭയ്ക്ക് ബന്ധമുണ്ടാവാൻ സാഹചര്യമുണ്ടാക്കി. രണ്ടാം നൂറ്റാണ്ടിൽ ഇവിടെയുണ്ടായ ഒരു മതസംവാദത്തിൽ പങ്കെടുക്കുവാൻ സഭയുടെ ക്ഷണപ്രകാരം വന്നെത്തിയത് 190-ൽ കലാശാലയുടെ ഉപാധ്യക്ഷനായ പാന്റീനസ് ആയിരുന്നു. ക്ലീമ്മീസ്, അത്താനാസ്യോസ്, കൂറിലോസ്, ഓറിജൻ തുടങ്ങിയവർ ഈ കലാശാലയിലെ പ്രസിദ്ധ അധ്യാപകർ ആയിരുന്നു. '*അലക്സാന്ത്രിയൻ സഭ*', '*അലക്സാന്ത്രിയൻ ദൈവശാസ്ത്രം*' എന്നീ ശീർഷകങ്ങങ്ങൾ കാണുക.

വേദക്കാട്: വേദവനം, വേദാരണ്യം, തിരുമറൈക്കാട് തുടങ്ങിയ പേരുകളിൽ പുരാണ പ്രസിദ്ധവും ഇന്നും ആ പേരിൽ നിലനിൽക്കുന്നതുമായ സ്ഥലം. പാലൂർ പ്രദേശത്ത് കുന്നംകുളം-പഴഞ്ഞി റൂട്ടിൽ പോർക്കളം വില്ലേജിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലം ബുദ്ധ-ജൈന-ശൈവ-വൈഷ്ണവ-ബ്രാഹ്മണ മതക്കാർ വിവിധ കാലങ്ങളിൽ വേദാധ്യയനശാലയായി ഉപയോഗിച്ചിട്ടുണ്ട്.

വേദശാസ്ത്രം, ആധുനിക: കത്തോലിക്കാ വേദശാസ്ത്രം: 1.

സഭയ്ക്കുള്ളിൽത്തന്നെ വ്യത്യസ്തതകളും ബഹുത്വാത്മകതകളും ഉള്ളത് പരിപോഷിപ്പിക്കപ്പെടണം. 2. അധികാരത്തെ ഇടയത്വശുശ്രൂഷയുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കണം. 3. പ്രാപഞ്ചിക ഐക്യവും മതസംസ്കാര സമന്വയനവും അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ ആകണം. കാൾ റാണർ (1904–1984. കൃതികൾ: Studies on Modern Theology, etc), പി. ഷൂണൻബർഗ്, ഹെൻറി ഡിലുബി, ജോൺ കോർട്ട് നീമുറേ, വൈ. കോൺഗാർ എന്നിവർ ഈ രംഗത്ത് ശ്രദ്ധേയരാണ്.

ഓർത്തഡോക്സ് വേദശാസ്ത്രജ്ഞരിൽ വ്ളാഡിമർ ലോസ്കി, ഫാ. ജോർജ്ജ് ഫ്ളോറോസ്കി, ഫാ. അലക്സാണ്ടർ ഷ്മേമാൻ, ഫാ. ജോൺ മെയൻഡോർഫ്, ക്രിസോസ്കമോസ് മെത്രാപ്പോലീത്താ, പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ ശ്രദ്ധേയർ ആണ്. മിസ്റ്റിക്കൽ തിയോളജി, ഓർത്തഡോക്സ് വേദശാസ്ത്രത്തിന് ഒരു മുഖവുര എന്നീ ഗ്രന്ഥങ്ങൾ ശ്രദ്ധേയം.

കൽക്കദൂന്യ-കൽക്കദോന്യ ഇതര സഭകളുടെ സംവാദത്തിൽ ഉണ്ടായിരുന്ന സംവാദത്തിൽ ഇരു കൂട്ടർക്കും സ്വീകാര്യമായ ചില സംജ്ഞകൾ കണ്ടെത്തിയതും ശാസ്ത്രസാങ്കേതിക ചിന്തയോടുള്ള പാശ്ചാത്യ സമീപനം വികലമാണെന്ന സിദ്ധാന്തവും പ്രപഞ്ചത്തോട് സാക്രമെന്റൽ ആയ സമീപനം പുലർത്തണമെന്ന ആശയവും പാശ്ചാത്യ-പൗരസ്ത്യ സമീപന സമന്വയത്തിന്റെ രൂപരേഖ നിർദ്ദേശിക്കൽ എന്നീ തലങ്ങളിൽ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞന്മാർ - പ്രത്യേകിച്ചും ഇന്ത്യൻ ഓർത്തഡോക്സ് വേദശാസ്ത്രജ്ഞന്മാരായ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഫാ. ഡോ. വി. സി. ശമുവേലും - തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രോട്ടസ്റ്റണ്ട് വേദശാസ്ത്രം വ്യാഖ്യാന ശാസ്ത്രത്തിന്റെ ശാസ്ത്രീയ അടിത്തറയായി ടെക്സ്റ്റ്വൽ ക്രിട്ടിസിസം, ഹിസ്റ്റോറിക്കൽ ക്രിട്ടിസിസം, ഡീമിത്തോളജൈസേഷൻ തുടങ്ങിയ സിദ്ധാന്തങ്ങൾ; മതരൂപമില്ലാത്ത ക്രിസ്തീയത, ബഹുത്വാത്മകതയിലെ ക്രിസ്തുശാസ്ത്രം, വിമോചന ക്രിസ്തു ദർശനം, പ്രപഞ്ച സമഗ്രതയ്ക്കായുള്ള ദാനം എന്നീ സമീപനങ്ങൾ ശ്രദ്ധേയം. ബുൾട്ട് മാൻ, ബാർത്ത്, കുൾമാൻ, പോൾ ടില്ലിക്ക്, എം. എം. തോമസ് തുടങ്ങിയവർ ഈ രംഗത്ത് ശ്രദ്ധേയരാണ്.

വേദശാസ്ത്രം, ഭാരതീയ: മലങ്കരസഭ ആരംഭം മുതലേ ചില നിലപാടുകൾ അവലംബിച്ചു.

1. സഭയുടെ ആരാധനയിലും സന്ദേശത്തിലും കഴിയുന്നത്ര തദ്ദേശീയത പുലർത്തണം. 2. ഗാർഹിക ജീവിതം, നാമകരണം, സാമൂഹികാചാരങ്ങൾ തുടങ്ങിയവയിൽ ഒരേസമയം ക്രിസ്തീയതയും തദ്ദേശീയതയും പ്രതിബിംബിക്കണം. 3. ക്രൈസ്തവ വിരുദ്ധമല്ലാത്ത നാട്ടാചാര ക്രമങ്ങളെ

വർജ്ജിക്കേണ്ടതില്ല. 4. ഉത്സവങ്ങളിലും മറ്റും സന്ദേശം ചോർന്നു പോവാതെ സാംസ്കാരിക-കലാഭിമുഖ്യം പുലർത്തണം. 5. മതപ്രചാരണം ഒരു പ്രഖ്യാപിത പരിപാടി ആയിരുന്നു കൂടാ.

6. സഹോദര സമുദായാംഗങ്ങളെ ആരാധനയിൽ പങ്കെടുക്കാനനുവദിക്കുന്നതിലൂടെ ഒരു തരം സുവിശേഷവേല നിർവഹിക്കുകയും മതസംവാദങ്ങളിലൂടെ പരസ്പരം അറിയാൻ ശ്രമിക്കുകയും ചെയ്തു. 7. സ്നേഹം, വിശ്വസ്തത, കഠിനാധ്വാനം തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങൾ പാലിച്ച് നിശ്ശബ്ദ സുവിശേഷവേല ചെയ്തു. 8. മതത്തെ കഴിയുന്നത്ര അളവിൽ സമീപ സാഹചര്യങ്ങളോട് സമരസപ്പെടുത്തി ഒരു വിദേശീയ ചുവ ഇല്ലായ്മ ചെയ്യുവാൻ ബോധപൂർവം യത്നിച്ചു.

ഈ സമഭാവനയിൽ കുതിർത്ത സഭാജീവിതം പരിസര സമുദായങ്ങളിൽ വൻ സ്വാധീനമായി. ദേവതകളും മൂർത്തികളും മിത്തുകളും ആരാധനകളുമൊക്കെ സാത്വികതയിലേക്ക് വളർന്നു. നോമ്പുകൾ പ്രചരിച്ചു. അഹിംസ ആരാധ്യമായി, ക്രിസ്ത്യൻ വിവാഹരീതി, കുടുംബജീവിതം, വസ്ത്രധാരണം തുടങ്ങിയവ അനുകരണീയമായി. ദേവാലയങ്ങളും ദേവാലയാരാധനകളും പ്രചരിച്ചു. ജന്തുബലി ക്രമേണ അപ്രത്യക്ഷമായി. പൂവ് ബലിസാധനമായി. ഏകദൈവവിശ്വാസത്തിന്റെ മാനസികാന്തരീക്ഷം സജ്ജമായി. ദേവകഥകളെ വ്യാഖ്യാനിച്ച് അവതരിപ്പിക്കുന്ന ദൃശ്യകലാരൂപങ്ങൾ ആവിർഭവിച്ചു.

ഭാരതീയ-ക്രൈസ്തവ മതസമ്പർക്കം ഭാരതീയമായ ക്രൈസ്തവ ചിന്താപദ്ധതിയും ക്രൈസ്തവമായ ഭാരതീയ ചിന്താപദ്ധതിക്കും ആരംഭമായി. സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി, രാജാറാം മോഹൻ റോയ്, കേശവ് ചന്ദ്രസെൻ തുടങ്ങിയവർ ഈ രംഗത്ത് പ്രവർത്തിച്ച ആധുനികർ ആണ്. വിമോചനപ്രസ്ഥാനങ്ങൾ ഭാരതത്തിൽ സ്വാഗതം ചെയ്യപ്പെട്ടു. പൗരസ്ത്യ പൈതൃകം പൊതുവിൽ ഐക്യസാധ്യതകൾ ആരായുന്നു. കെ. എം. ബാനർജി, വി. ചെഞ്ചയ്യ, സാധു സുന്ദർസിംഗ്, റെയമുണ്ടോ പണിക്കർ, പൗലോസ് മാർ ഗ്രീഗോറിയോസ്, മാർ ഒസ്താത്തിയോസ്, ഫാ. ഡോ. വി. സി. ശാമുവേൽ തുടങ്ങിയവർ ഈ ചിന്താപദ്ധതികളിൽ മുന്നിട്ട് നിന്നവരാണ്.

വേദാധ്യാപകൻ: 1920-കളിൽ കോട്ടയത്തുനിന്ന് സണ്ടെസ്കൂൾ അധ്യാപകരെ ഉദ്ദേശിച്ച് പ്രസിദ്ധീകരിച്ച മാസിക. ഇടവകപത്രിക നിർത്തലാക്കിയ ശേഷം ഉദ്ദേശം ഒരു വ്യാഴവട്ടക്കാലത്തിന് ശേഷം പുറപ്പെട്ട ഈ മാസികയുടെ പത്രാധിപർ എൻ. ഐ. പോത്തൻ ആയിരുന്നു. മാസികയുടെ പ്രസിദ്ധീകരണ ചിലവുകൾ പത്രാധിപർ തന്നെ വഹിച്ചു. ഇടവകകളിൽ സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന സണ്ടെസ്കൂളുകളെ മലങ്കരസഭ

യുടെ കീഴിൽ ഒരു വൻ പ്രസ്ഥാനമാക്കി സംഘടിപ്പിക്കുവാൻ വേദാധ്യാപകൻ ഉദ്യമിച്ചു. അഖില മലങ്കര സഭാടിസ്ഥാനത്തിൽ ഒരു സണ്ടേസ്കൂൾ കരിക്കുലവും സിലബസ്സും വേദാധ്യാപകൻ പ്രസിദ്ധീകരിച്ചു. പ്രസ്ഥാനത്തിന്റെ ആദ്യ സെക്രട്ടറി കൂടിയായ നാലാത്ര എൻ. ഐ. പോത്തൻ ആണ് കരിക്കുലവും സിലബസും തയാറാക്കിയത്.

വേൾഡ് മിഷൻ ആൻഡ് ഇവാഞ്ചലിസം: 1921-ൽ രൂപീകരിച്ച്, 1961-ൽ ഡബ്ല്യു. സി. സി. യുമായി ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയ അന്തർദ്ദേശീയ മിഷണറി കൗൺസിൽ. 1963-ൽ ഈ സംഘടനയ്ക്ക് രൂപം നൽകി. 1963-ൽ മെക്സിക്കോയിലും (വിഷയം: ആറ് ഭൂഖണ്ഡങ്ങളിലെ മിഷൻ), 1972-73 ബാങ്കോക്കിലും (വിഷയം: രക്ഷ ഇന്ന്) 1980-ൽ ആസ്ത്രേലിയായിലെ മെൽബോണിലും (വിഷയം: നിന്റെ രാജ്യം വരേണമേ) 1989-ൽ യു. എസ്. എ. യിൽ സാൻ ആൻന്റോണിയോയിലും (നിന്റെ ഇഷ്ടം നടക്കേണമേ. മിഷൻ ക്രിസ്തുവിന്റെ വഴിയിൽ) കോൺഫ്രൻസുകൾ നടന്നു.

ലക്ഷ്യങ്ങൾ: 1. സുവിശേഷവ്യാപനം. 2. സഭാ ഐക്യവും ക്രിസ്തീയ സാക്ഷ്യവും. 3. മിഷൻ അറിവുകൾ പങ്കുവയ്ക്കുക. 4. ദരിദ്രരെ ഉദ്ധരിക്കുക. മിഷൻ ദൗത്യത്തിലേക്ക് സഭകളെ ബോധവത്ക്കരിക്കുക. etc.

വേർപാടുകാർ: ചർച്ച് ഓഫ് ഇംഗ്ലണ്ടിൽ നിന്ന് വിഘടിച്ച് സ്വതന്ത്ര സഭ രൂപീകരിച്ചവരെ ഈ പദം അർത്ഥമാക്കുന്നു. സംഘടിതവും വ്യവസ്ഥാപിതവുമായ സഭകൾക്ക് വെളിയിലുള്ളവർ എന്ന് അർത്ഥം.

വൈ. എം. സി. എ.: 1844-ൽ ജോർജ്ജ് വില്യംസ് ഇംഗ്ലണ്ടിൽ ആരംഭിച്ച പ്രാർത്ഥനാ സമൂഹപ്രസ്ഥാനം. 1878 മുതൽ ആസ്ഥാനം ജനീവയിൽ. 90 രാജ്യങ്ങളിലായി പതിനായിരത്തിലധികം ശാഖകൾ ഉണ്ട്. 1975-77 ൽ ഓർത്തഡോക്സ് സഭാംഗമായ കെ. എം. ഫിലിപ്പ് വൈ. എം. സി. എ. ലോക കൗൺസിലിന്റെ പ്രസിഡണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുക, വിദ്യാർത്ഥി ഹോസ്റ്റലുകൾ, ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ, ക്യാമ്പ് സൈറ്റുകൾ, മന്ദബുദ്ധികൾക്കായി പഠനകേന്ദ്രങ്ങൾ തുടങ്ങിയവ നടത്തുന്നു.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഹൈ-വൈ, യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി യൂണി-വൈ, എന്നീ വിഭാഗങ്ങൾ ഉണ്ട്. എല്ലാ വർഷവും നവംബർ രണ്ടാംവാരം പ്രാർത്ഥനാവാരമായി കൊണ്ടാടുന്നു.

വൈദിക വിദ്യാഭ്യാസം (ഭാരതത്തിൽ): ആദിമനൂറ്റാണ്ടുകളിൽ വൈദികവിദ്യാഭ്യാസത്തിനായി മലങ്കരസഭ അലക്സാന്ത്രിയൻ വൈദിക കലാശാലയെ ഉപജീവിച്ചു വന്നു. പൊന്നാനി-അലക്സാന്ത്രിയ തുറമുഖ

ങ്ങൾ വഴി നടന്ന വിദേശവ്യാപാരം ഇത് സുഗമമാക്കി. 7-ാം നൂറ്റാണ്ടിന് ശേഷം വ്യാപാരം പേർഷ്യൻ തുറമുഖങ്ങളും കൊടുങ്ങല്ലൂരും മുഖേന ആയപ്പോൾ വൈദിക വിദ്യാഭ്യാസത്തിന് പേർഷ്യൻ വൈദിക വിദ്യാലയങ്ങളെ ആശ്രയിച്ചു പോന്നു.

മൂന്നാം ഘട്ടത്തിൽ പണ്ഡിതരായ മല്പാന്മാർ സൗകര്യമുള്ള പള്ളികളിലോ സ്വഭവനത്തിലോ ക്രമീകരിച്ച മല്പാൻ പള്ളിക്കൂടങ്ങളിലായിരുന്നു വൈദിക വിദ്യാഭ്യാസം നടന്നിരുന്നത്. ദാഹമുള്ളവർക്ക് ആവശ്യാനുസരണം വിജ്ഞാനം ലഭിച്ചു എങ്കിലും പള്ളിക്രമങ്ങൾ പരിശീലിക്കുന്ന മിനിമം അഭ്യസനം കൊണ്ട് മിക്കവരും തൃപ്തിയടയുന്ന ഈ സമ്പ്രദായം വൈദികരുടെ അറിവിന്റെ ചക്രവാളത്തെ ഏറെ സങ്കോചിപ്പിച്ചു. ആവശ്യമായ പള്ളിക്രമങ്ങൾ പകർത്തിയെടുക്കുക, അവ ഉപയോഗിക്കുവാൻ ആവശ്യമായ സുറിയാനി ഭാഷാജ്ഞാനം നേടുക ഇതായിരുന്നു ആ പഠനത്തിന്റെ സ്വഭാവം. നിശ്ചിത കാലദൈർഘ്യമോ പാഠ്യപദ്ധതികളോ ഇല്ലാതിരുന്നതിനാൽ വൈദിക വിദ്യാഭ്യാസം വീർപ്പുമുട്ടി. മല്പാൻ ശുപാർശ ചെയ്താലേ പട്ടം കൊടുക്കുമായിരുന്നുള്ളൂ. പഴഞ്ഞി, കുന്നംകുളം, കുറുപ്പമ്പടി, മുളന്തുരുത്തി, ചേപ്പാട്ട്, പാമ്പാക്കുട എന്നിവിടങ്ങളിൽ മല്പാൻ പാഠശാലകൾ പ്രവർത്തിച്ചിരുന്നതായി അറിയാം.

പോർത്തുഗീസുകാരാണ് ആധുനിക രീതിയിൽ സെമിനാരികൾ ആരംഭിച്ചത്. ഫ്രാൻസിസ്കൻ സന്യാസികൾ കൊടുങ്ങല്ലൂരിൽ ആദ്യസെമിനാരി സ്ഥാപിച്ചു. വൈപ്പിക്കോട്ടയിലും വരാപ്പുഴയിലും മംഗലപ്പുഴയിലും പിന്നീട് സെമിനാരികൾ ഉണ്ടായി. പാശ്ചാത്യ പാരമ്പര്യപ്രകാരമായിരുന്നു അവിടങ്ങളിൽ വൈദിക പരിശീലനം. കൂനൻകുരിശു സത്യത്തിനു ശേഷം (1653) വീണ്ടും മല്പാൻ പാഠശാലകൾ ഗുരുകുല സമ്പ്രദായത്തിൽ പരിശീലിപ്പിച്ചു. 1809-ൽ ചേർന്ന കണ്ടനാട് സുന്നഹദോസ് തെക്കും വടക്കും പഠിത്തവീടുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ മെത്രാന്റെ അപ്രീതിയെ അവഗണിച്ച് 1814-ൽ കോട്ടയത്ത് സെമിനാരിപ്പണി ആരംഭിച്ചു. തിരുവിതാംകൂർ റാണിയും റസിഡന്റ് കേണൽ മൺറോയും പള്ളിക്കാരും ഈ ഉദ്യമത്തെ സഹായിച്ചു. 1815-ൽ പണി പൂർത്തിയാക്കി ആദ്യബാച്ചിനെ പ്രവേശിപ്പിച്ചു. അധ്യാപകരായി മിഷണറിമാരുടെ സഹായം ലഭിച്ചു. പിന്നീട് കോട്ടയം സെമിനാരി നവീകരണക്കാരുടെ കൈവശത്തിലായപ്പോൾ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II കുന്നംകുളം സെഹിയോൻ ബംഗ്ലാവ്, വെട്ടിക്കൽ ദയറാ, കോട്ടയം എം. ഡി., മാവേലിക്കര തഴക്കര, പരുമല എന്നിവിടങ്ങളിൽ മൈനർ സെമിനാരികൾ പ്രവർത്തനം ആരംഭിച്ചു. 1960-ൽ കോട്ടയം പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം പുനരാരംഭിച്ചു. 1965-ൽ 150-ാം വർഷം സെമിനാരി സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫി

ലിയേറ്റ് ചെയ്തു. ഇപ്പോൾ ബി. ഡി. നൽകുന്നു. 1990-ൽ 175 വർഷം തികഞ്ഞതിന്റെ ജൂബിലി ആഘോഷിച്ചു. സ്മാരകമായി സഭാവിജ്ഞാന കോശം പ്രസിദ്ധീകരിച്ചു.

സെമിനാരികൾ, റോമ്മൻ കത്തോലിക്കാ: പൂന, ഡാർജിലിംഗ്, ബാംഗ്ലൂർ, ആലുവാ, കോട്ടയം വടവാതൂർ, തിരുവനന്തപുരം പട്ടം എന്നീ വൻ സെമിനാരികളും കുറെ മൈനർ സെമിനാരികളും കത്തോലിക്കാ സഭയ്ക്ക് ഇന്ത്യയിലുണ്ട്.

സെമിനാരികൾ, പ്രോട്ടസ്റ്റണ്ട്: ആദ്യസെമിനാരി വില്യം കേറി 1816-ൽ സെറാമ്പൂരിൽ സ്ഥാപിച്ചു. കൽക്കട്ടായിലെ ബിഷപ്പ്സ് കോളജ്, ജബൽപ്പൂർ ലിയോണാർഡ് തിയോളജിക്കൽ കോളജ്, മധുര തമിഴ്നാട് തിയോളജിക്കൽ കോളജ്, ജോർഹാട്ട് തിയോളജിക്കൽ സെമിനാരി, മദ്രാസിലെ ഗുരുകുലം സെമിനാരി, ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളജ്, അലഹബാദിലുള്ള സെമിനാരികൾ, കോട്ടയത്തെ എം. ടി. സെമിനാരി, കണ്ണമ്മൂല യുണൈറ്റഡ് തിയോളജിക്കൽ സെമിനാരി എന്നിവ പ്രശസ്തമായി പ്രവർത്തിക്കുന്നു.

ഓർത്തഡോക്സ് സെമിനാരിയും മാർത്തോമ്മാ സെമിനാരിയും കണ്ണമ്മൂല സെമിനാരിയും ചേർന്ന് ഒരു സംയുക്ത ഗവേഷണ പഠനകേന്ദ്രം (F.F.R.R.C.) ക്രമീകരിച്ചതനുസരിച്ച് ആ സെമിനാരി വിദ്യാർത്ഥികൾക്ക് എം. റ്റി. എച്ച്., ഡി. റ്റി. എച്ച്. ബിരുദങ്ങൾ നേടുവാൻ സെറാമ്പൂർ യൂണിവേഴ്സിറ്റി സൗകര്യപ്പെടുത്തിയിട്ടുണ്ട്.

വൈദികസംഘം (1): 1900 മേട മാസം 20-ാം തീയതി പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ കോട്ടയം എം. ഡി. സെമിനാരിയിൽ വിളിച്ചുചേർത്ത യോഗത്തിൽ വച്ച് സംഘടിപ്പിച്ച അഖില മലങ്കര വൈദിക സംഘടന. നേരത്തെ ചുമതലപ്പെടുത്തിയ എക്സിക്യൂട്ടീവ് കമ്മറ്റി തയാറാക്കിയ സംഘനിയമങ്ങൾ അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 1900 മേടം 1-ന് കടമ്പനാട് പള്ളിയിൽ നിന്ന് മലങ്കര മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും കല്പന അയച്ചു.

വൈദികസംഘം (2): പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ആരംഭിച്ച പല മഹത് പ്രസ്ഥാനങ്ങളും അദ്ദേഹത്തിന്റെ അന്ത്യത്തോടെ പ്രവർത്തനം നിലച്ചതുപോലെ വൈദികസംഘവും നിലച്ചുപോയി. പിന്നീട് അത് പുനഃസംഘടിപ്പിക്കുന്നത് 1980-ൽ സെന്റ് തോമസ് വൈദികസംഘം എന്ന പേരിൽ മാത്യൂസ് പ്രഥമൻ കാതോലിക്കായാണ്. കേന്ദ്രക്കമ്മറ്റി രൂപം കൊടുത്ത ഭരണഘടനപ്രകാരം പ്രവർത്തിക്കുന്നു. മൂന്ന് വർഷം കൂടു

മ്പോൾ ജനറൽ അസംബ്ലി കൂടുന്നുണ്ട്. കേന്ദ്ര ഓഫീസ് കോട്ടയം പഴയ സെമിനാരിയിൽ. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് അതിന്റെ പ്രസിഡണ്ടായിരുന്നു (1980-1996). അദ്ദേഹത്തിന് ശേഷം ഡോ. മാത്യൂസ് മാർ സേവേറിയോസ് പ്രസിഡണ്ട് ആയി. ഇപ്പോൾ ഗീവറുഗ്ഗീസ് മാർ ഈവാനിയോസ് ആണ് പ്രസിഡന്റ്. 1989-ൽ സംഘത്തിന്റെ ചുമതലയിൽ വൈദികഡയറക്ടറി പ്രസിദ്ധീകരിച്ചു. 'പുരോഹിതൻ' ത്രൈമാസികം സംഘത്തിന്റെ മുഖപത്രമായി പ്രസിദ്ധീകരിക്കുന്നു.

വൈദ്യന്മാർ, ചക്കാലയ്ക്കൽ: കൂത്താട്ടുകുളം വടകര ഇടവകയിൽ വൈദ്യന്മാരുടെ കുടുംബം. തലമുറകളായി ഇവർ വൈദ്യവൃത്തി ചെയ്യുന്നു.

വൈദ്യന്മാർ, തേവലക്കര: പേർഷ്യയിൽ നിന്ന് 825-ൽ സാപ്പോർ ഈശോയുടെ നേതൃത്വത്തിൽ കുടിയേറിപ്പാർത്ത ഭിഷക് (ഹക്കീം) വംശത്തിൽപെട്ട ഒരു വിഭാഗം തേവലക്കരയിൽ സ്ഥിരതാമസമായി. ചികിത്സയിൽ പ്രാവീണ്യം നേടി. ക്രിസ്തുമതം സ്വീകരിച്ച ബ്രാഹ്മണ കുടുംബമാണിവരുടേതെന്ന് മറ്റൊരഭിപ്രായവുമുണ്ട്.

വൈപ്പിക്കോട്ട സെമിനാരി: പറവൂർക്കു സമീപം ചേന്ദമംഗലത്ത് ജസ്യൂട്ടുകാർ 16-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച സെമിനാരി. ഇവിടെ സുറിയാനി പഠനത്തിന് ഊന്നൽ നൽകി. 1541-ൽ സ്ഥാപിച്ച കൊടുങ്ങല്ലൂർ സെമിനാരിയിലെ ലത്തീൻ പരിശീലനം പരാജയപ്പെട്ടപ്പോൾ ആണ് 1584-ൽ ഈ സെമിനാരി ആരംഭിച്ചത്. ഉദയംപേരൂർ സിനഡ് വിജയിക്കുവാൻ ഇതും കാരണമായി. സുന്നഹദോസിന് കല്പന അയച്ചത് ഇവിടെനിന്ന്. ആർച്ച് ഡീക്കൻ ഗീവർഗ്ഗീസിന്റെ സഹായി ആയി നിയമിച്ചത് ഈ സെമിനാരി റെക്ടർ ആയ ഫാ. റോസിനെ ആണ്. 1664-ൽ ഡച്ച് ആധിപത്യം വന്നപ്പോൾ ഈശോ സഭക്കാർ സെമിനാരി ഉപേക്ഷിച്ചു. 1789-ൽ ടിപ്പുവിന്റെ പടയോട്ടക്കാലത്തു സെമിനാരി തകർക്കപ്പെട്ടു.

വൈറ്റ് ഫ്രയർസ്: വെളുത്ത വസ്ത്രം ധരിച്ച കർമ്മലീത്താ സന്യാസികൾ.

വൈറ്റ് ഫാദേഴ്സ്: ആഫ്രിക്കൻ മിഷണറി സമൂഹം. 1868-ൽ ആരംഭം. ഇവരുടെ പ്രവർത്തനഫലമായാണ് അടിമ വ്യാപാരം അവസാനിച്ചത്.

വൈറ്റ് സന്യാസിമാർ: വെള്ള വസ്ത്രധാരണം ഇഷ്ടപ്പെട്ട സിസ്റ്റേഴ്സ്യൻ സന്യാസിമാർ.

വോൾട്ടയർ (1694-1778): ഫ്രാങ്കോയിസ് മാരി ആറൂവെറ്റ് എന്ന ഫ്രഞ്ച് എഴുത്തുകാരന്റെ തൂലികാനാമം. കത്തോലിക്കാസഭയുടെ അനാചാരങ്ങളെ എതിർത്തു. ഫ്രഞ്ച് വിപ്ലവത്തിന് കാരണമായി.

വ്യവഹാരം: കോടതി മുഖേനയുള്ള തർക്ക പരിഹാര ശ്രമം.

വ്രതം: ശരീരമനസ്സുകളെ നിയന്ത്രിക്കുവാൻ ശീലിക്കുന്ന നിഷ്ടകൾ. സന്യാസവ്രതം, ഏകഭാര്യാവ്രതം, പാതിവ്യത്യം, ഏക ഭർതൃവ്രതം തുടങ്ങിയ ശൈലികളിൽ പ്രതിജ്ഞ എന്നും അർത്ഥമുണ്ട്. കന്യാവ്രതം, ഉണ്ണാവ്രതം തുടങ്ങിയ ശൈലിയിലും ഈ അർത്ഥമുണ്ട്.

ശ

ശക്തൻ തമ്പുരാൻ (1): 1751 കർക്കിടകം 10-ന് വള്ളാരപ്പിള്ളി കോവിലകത്ത് ജനനം. 1805 കന്നി 13-ന് നിര്യാതനാവുകയും ചെയ്ത കൊച്ചിയുടെ രാമവർമ്മ രാജാവാണ് ശക്തൻ തമ്പുരാൻ. ദേശീയബോധത്തിന്റെയും രാജ്യഭക്തിയുടെയും പേരിൽ സുറിയാനി ക്രിസ്ത്യാനികളോട് അദ്ദേഹം അനുഭാവം പ്രദർശിപ്പിച്ചുപോന്നു. കുന്നംകുളം സന്ദർശനത്തിൽ കിഴക്കുപടിഞ്ഞാറെ അങ്ങാടികൾ മണക്കുളം രാജാവിനും ചിറളയം അങ്ങാടി ചിറളയം രാജാവിനും അവിടെ തിങ്ങിപ്പാർക്കുന്ന സുറിയാനി ക്രിസ്ത്യാനികൾ അതത് രാജാക്കന്മാർക്കും സ്വന്തമാണെന്നറിഞ്ഞപ്പോൾ തെക്കേ അങ്ങാടിയിലെ ക്രിസ്ത്യാനികളുടെ ഉടമസ്ഥത തനിക്കായിരിക്കണമെന്ന് അഭിമാനപൂർവം പ്രഖ്യാപിച്ച ആളാണദ്ദേഹം. ഈ പ്രഖ്യാപനത്തോടെ മണക്കുളം രാജാവിന്റെ പ്രജകൾക്ക് മാത്രമായിരുന്ന പഴയ പള്ളി തന്റെ പുത്തൻ പ്രജകൾക്ക് നഷ്ടപ്പെട്ടുവെന്ന് കണ്ടപ്പോൾ തെക്കേ അങ്ങാടിയിലെ അന്തിമാളൻകാവ് ദേവാലയമായി ഉപയോഗിച്ചുകൊള്ളുവാൻ അനുവദിച്ച ഔദാര്യനിധിയായ രാജാവ്. പുലിക്കോട്ടിൽ ഇട്ടൂപ്പ് മല്പാന്റെ (കോട്ടയം പഴയസെമിനാരി സ്ഥാപകൻ) അപേക്ഷാനുസരണം ദശാബ്ദങ്ങളായി തർക്കത്തെപ്രതി പൂട്ടിക്കിടന്ന് അനാഥമാവുകയും ടിപ്പു സുൽത്താന്റെ പടയോട്ടത്തിൽ അഗ്നിക്കിരയാക്കപ്പെടുകയും ചെയ്ത സെന്റ് തോമസ് സ്ഥാപിച്ച പാലൂർ ചാട്ടുകുളങ്ങരപ്പള്ളി സന്ദർശിച്ച് ഇരു വിഭാഗങ്ങൾക്കും സ്വീകാര്യമായ ഒരു തർക്കപരിഹാരം നിർദ്ദേശിച്ച നയതന്ത്രജ്ഞൻ. തന്റെ മന്ത്രിയായ പാലിയത്തച്ചനെ ചാട്ടുകുളങ്ങരപള്ളിയിലേക്കയച്ച് നറുക്കിട്ട് അവകാശം തീർപ്പാക്കിയ പ്രജാതല്പരൻ. നറുക്കെടുപ്പിൽ പള്ളി സുറിയാനിക്കാർക്കും ചാപ്പൽ റോമാക്കാർക്കും കിട്ടി. കുന്നംകുളത്തെപ്പോലെ തൃശ്ശൂരിനെ വ്യാപാര നഗരമാക്കുവാൻ കുന്നംകുളത്തു നിന്ന് കുറെ സുറിയാനി ക്രിസ്ത്യാനികളെ തൃശ്ശൂരിൽ പുത്തൻപേട്ടയിൽ അദ്ദേഹം ക്ഷണിച്ചുകൊണ്ടുവന്ന് പാർപ്പിച്ചു.

ശക്തൻ തമ്പുരാൻ (2): ശക്തൻ തമ്പുരാന്റെ ജീവചരിത്ര ഗ്രന്ഥം. പുത്തേഴത്ത് രാമമേനോൻ രചിച്ചത്. ഒരു മാതൃഭൂമി പ്രസിദ്ധീകരണം.

ശങ്കരപുരി: പാലൂരിൽ മാർത്തോമ്മാ ക്രിസ്തുമതത്തിൽ ചേർത്ത്

പൗരോഹിത്യം നൽകിയതായി 17-ാം നൂറ്റാണ്ടിന് ശേഷമുണ്ടായ ഐതിഹ്യത്തിലെ ബ്രാഹ്മണ കുടുംബം. ക്രിസ്തുവർഷം ഒന്നാം ശതകത്തിൽ ശൈവരോ വൈഷ്ണവരോ ബ്രാഹ്മണരോ കേരളത്തിൽ ആഗമിച്ചിരുന്നില്ലെന്ന കണ്ടെത്തലോടെ ഈ ഐതിഹ്യത്തിന്റെ ചരിത്രപരമായ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.

ശങ്കരാചാര്യൻ: കേരളത്തിലെ ശൈവ-വൈഷ്ണവ-ബ്രാഹ്മണ മതങ്ങളെ ഏകോപിച്ച് അദ്വൈതസിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിൽ ഹിന്ദുമതം എന്ന നവീന ദർശനം എ. ഡി. 9-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച കാലടി സ്വദേശിയായ ദാർശനികൻ. ഹിന്ദു എന്ന ദേശനാമം നൽകിയപ്പോൾ ആ മതം ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടു. പുതിയ മതപ്രചാരണത്തിനായി ഒന്നിലേറെ തവണ അദ്ദേഹം ഇന്ത്യ മുഴുവൻ സന്ദർശിച്ചിട്ടുണ്ട്. വേദോപനിഷത്തുകൾക്ക് അദ്ദേഹം സ്വന്തം ഭാഷ്യങ്ങൾ ചമച്ചു.

ശങ്കുണ്ണി, കൊട്ടാരത്തിൽ: കോട്ടയം കൊട്ടാരത്തിൽ വാസുദേവൻ ഉണ്ണിയുടെ മകൻ. 1855 മീനം 23-ന് ജനിച്ചു. പതിനൊന്ന് സ്വതന്ത്ര ഭാഷാ നാടകങ്ങളും മൂന്ന് സംസ്കൃത നാടകങ്ങളും അഞ്ച് ആട്ടക്കഥകളും ഏഴ് കൈകൊട്ടിക്കളിപ്പാട്ടുകളും ആറ് ഗദ്യപ്രബന്ധങ്ങളും ഐതിഹ്യമാലയുടെ നാല് വാല്യങ്ങളും രചിച്ചു. 1893-ൽ കോട്ടയത്ത് ആരംഭിച്ച എം. ഡി. ഹൈസ്കൂളിൽ മലയാളം മുൻഷി. മനോരമയിലും ഭാഷാപോഷിണിയിലും കവിതാ പരിശോധകൻ. 1937-ൽ നിര്യാതനായി. വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും ചേർന്നു പ്രസിദ്ധീകരിച്ച ക്യംതാക്രമം ചേർന്ന കുർബ്ബാനക്രമത്തിലെ ഗീതങ്ങൾ തയാറാക്കുവാൻ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയോടൊപ്പം കൊട്ടാരത്തിൽ ശങ്കുണ്ണിയും സഹകരിച്ചു.

ശദ്രക്: ബാബേലിൽ തീച്ചൂളയിലെറിയപ്പെട്ട് ഉപദ്രവമേല്ക്കാതെ രക്ഷപെട്ട മൂന്ന് യുവാക്കളിൽ ഒരാൾ. മേശക്, അബേദനഗോ എന്നിവരാണ് മറ്റുള്ളവർ. ഹാനനിയ, അസറിയാ, മിശായേൽ എന്നും ഇവർ അറിയപ്പെടുന്നു.

ശനിയാഴ്ച: യഹൂദന്മാരുടെ ശബത്. ഏഴാം ദിവസം. മക്കാബ്യരുടെ കാലത്ത് ആചാരം ശക്തമായി.

ശബത്ത് വർഷം: ഏഴാം വർഷം ഭൂമിയ്ക്ക് വിശ്രമം നൽകണം. കടങ്ങൾ ഇളച്ച് കൊടുക്കണം. അടിമകളെ മോചിപ്പിക്കണം. '*യോവേൽ വർഷം*' കാണുക.

ശമര്യർ: യഹൂദരും അസ്സിറിയക്കാരും ചേർന്ന സങ്കരവർഗ്ഗം. മോശയുടെ അഞ്ചു പുസ്തകങ്ങൾ മാത്രം പ്രമാണം. പരിച്ഛേദനയും ശബത്താ

ചരണവും ഉണ്ട്. ഗെരിസീം മലയിൽ ദേവാലയം പണിത് ആരാധിച്ചു. യേശുവുമായി സംസാരിച്ച ശമര്യാക്കാരിയുടെ കഥയും (യോഹ. 4:1–42) നല്ല ശമര്യാക്കാരന്റെ ഉപമയും (ലൂക്കോ. 10:30–37) ബൈബിളിലുണ്ട്.

ശമുവേൽ: എഫ്രയിമ്യനായ എല്ക്കാനയുടെയും ഹന്നായുടെയും മകൻ. ഏലിയുടെ ശിഷ്യനും പിൻഗാമിയും. ദൈവത്താൽ കേൾക്കപ്പെട്ട വൻ എന്ന് പദാർത്ഥം. ശമുവേൽ പ്രവാചകനായി. യിസ്രായേലിന്റെ ന്യായാധിപനായി. ശൗലിനെ രാജാവായി വാഴിച്ചു (1 ശമു. 11:15). പിന്നീട് ദാവീദിനെ അഭിഷേകം ചെയ്തു (1. ശമു. 16:1). രണവീരനല്ല, ഭക്തനായി രുന്നു. അദ്ദേഹത്തിന്റെ മരണത്തിൽ എല്ലാവരും വിലപിച്ചു (1 ശമു. 25:1). സ്വദേശമായ രാമയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

ശമുവേൽ, ഫാ. ഡോ. വി. സി.: ഓമല്ലൂർ ഇടയിൽ കുടുംബത്തിൽ 1912-ൽ ജനിച്ചു. മഞ്ഞനിക്കര ദയറായിൽ സുറിയാനി പഠിച്ചു. ആലുവാ യു. സി. കോളജിലും മദ്രാസ് ക്രിസ്ത്യൻ കോളജിലും പഠിച്ച് എം. എ. ഡിഗ്രി നേടി. മഞ്ഞനിക്കര ദയറായിൽ മല്പാൻ. സെറാമ്പൂർ കോളജ്, ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജ്, എത്യോപ്യൻ തിയോ ളജിക്കൽ കോളജ്, കോട്ടയം ഓർത്തഡോക്സ് സെമിനാരി എന്നിവിട ങ്ങളിൽ അധ്യാപകൻ. സുറിയാനി ഭാഷയിലും പൗരസ്ത്യ ദൈവശാസ്ത്ര ത്തിലും സഭാചരിത്രത്തിലും ക്രിസ്തുവിജ്ഞാനീയത്തിലും പണ്ഡിതൻ. ലോകസഭാ കൗൺസിലിന്റെ ഫെയ്ത്ത് ആൻഡ് ഓർഡർ കമ്മീഷൻ അംഗം, ഓർത്തഡോക്സ് സഭകളുടെ വക്താവ്, ബൈസന്റയിൻ ഓർത്ത ഡോക്സ് സഭകളുമായും കത്തോലിക്കാ സഭയുമായുമുള്ള ഡയലോഗു കളിൽ അംഗം എന്നിങ്ങനെ വിലപ്പെട്ട സേവനം കാഴ്ച വച്ചു. സഭ വള രുന്നു, ഭാരതസഭ, അന്ത്യോഖ്യാ-മലങ്കര ബന്ധം, യേശുക്രിസ്തു ആര്, കാൽസിഡോൺ സിനഡ്: റീ എക്സാമിൻഡ്, ട്രൂത്ത് ട്രയംഫ്സ് തുട ങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു. കൽക്കിദൂൻ സിനഡിന്റെ വേർതിരിവ് ഭാഷാ പരമായ തെറ്റിദ്ധാരണ കൊണ്ടും മറ്റും ഉണ്ടായതാണെന്ന് സമർത്ഥിക്കുന്ന അദ്ദേഹത്തിന്റെ ഡോക്ടറൽ ഗ്രന്ഥം ആ വിഭാഗവുമായുള്ള ചർച്ചകൾ ഫലപ്രദമാക്കാൻ സഹായിക്കുന്നുണ്ട്. 'സ്വാനുഭവവേദിയിൽ' എന്ന പേരിൽ ഒരു ആത്മകഥ രചിച്ചിട്ടുണ്ട്. അനേകം അന്താരാഷ്ട്ര സമ്മേളന ങ്ങളിൽ മലങ്കരസഭയെ പ്രതിനിധീകരിച്ചിട്ടുണ്ട്. *വൈദികരുടെ വൈദികൻ* എന്ന പേരിൽ ഇദ്ദേഹത്തെ അനുസ്മരിക്കുന്ന ഒരു ബൃഹത്ഗ്രന്ഥം ശിഷ്യരും ആരാധകരും ചേർന്ന് പ്രസിദ്ധീകരിച്ചു. 1998 നവംബർ 18-ന് വൈദികരുടെ മല്പാൻ ആയ ആ പ്രതിഭാശാലി ബാംഗ്ലൂരിൽ അന്തരിച്ചു.

ശയനനമസ്കാരം: കൗമ്മാ, 4-ാം സങ്കീർത്തനം, അപ്രേമിന്റെ 'ഞങ്ങൾക്കുള്ള കർത്താവേ' എന്ന് തുടങ്ങുന്ന നീണ്ട ബോവൂസാ, ത്രിത്വ

ത്തോടുള്ള പ്രാർത്ഥന, വിശ്വാസപ്രമാണം എന്നിവ ചേർത്ത് ഓർത്ത ഡോക്സ് സഭ കിടക്കുന്നതിന് മുമ്പ് ശയനനമസ്കാരം നടത്തുന്നു. ആശ്ര മങ്ങളിലും മറ്റും ഇത് ദിനചര്യയുടെ ഭാഗം. ഇത് കഴിഞ്ഞാൽ പൂർണ്ണ നിശബ്ദത പാലിക്കണം.

ശരീരദണ്ഡനം: ഉപവാസം, നോമ്പ്, മുട്ടുകുത്തൽ തുടങ്ങിയവ ആത്മ സംയമനം സാധിക്കുവാൻ നടത്തുന്ന ശരീര ദണ്ഡനങ്ങളാണ്.

ശലോമി: സമാധാനം എന്ന് അർത്ഥം. 2 പേരെ കാണുന്നു. 1. ഹെരോ ദ്യയുടെ പുത്രി (മർക്കോസ് 6:22). 2. യാക്കോബിന്റെയും യോഹന്നാന്റെയും മാതാവ് (മർക്കോസ് 15:40; 16:1).

ശലോമോൻ: സമാധാനം എന്നർത്ഥം. യിസ്രായേലിലെ മൂന്നാം രാജാവ്. ദാവീദിന്റെയും ബത്ശേബയുടെയും മകൻ (2 ശമു. 12:24). രാജാ ക്കന്മാർ, ദിനവൃത്താന്തം പുസ്തകങ്ങളിൽ ഇദ്ദേഹത്തിന്റെ ചരിത്രം ഉണ്ട്. ശലോമോന്റെ കാലം സുവർണ്ണകാലം എന്ന് പ്രകീർത്തിക്കപ്പെട്ടു. നാഥാൻ പ്രവാചകൻ യെദീദ്യാവ് (യഹോവയ്ക്ക് പ്രിയൻ) എന്ന പേർ നൽകി. ബി.സി. 976–937 വരെ ഭരിച്ചു. യെരൂശലേം ദൈവാലയം പണിതു. ഇസ്രാ യേലിലെ വിജ്ഞാനസാഹിത്യത്തിന്റെ പിതാവ്. സദൃശ്യവാക്യങ്ങൾ, ഉത്തമഗീതം, സഭാപ്രസംഗി എന്നിവ അദ്ദേഹത്തിന്റെ കൃതികളായി ഗണി ക്കപ്പെടുന്നു. അന്യജാതിക്കാരായ ഭാര്യമാരുടെ സമ്മർദ്ദത്തിൽ അന്യദേ വന്മാർക്ക് പൂജാഗിരികൾ പണിതു. ക്രമേണ സ്വേച്ഛാധിപത്യവും ക്രൂര തയും വളർന്നു. ഇദ്ദേഹത്തിന്റെ ശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു.

ശലോമോന്റെ ജ്ഞാനം: അപ്പോക്രിഫൽ പുസ്തകങ്ങളിലൊന്ന്.

ശലോമോന്റെ സങ്കീർത്തനങ്ങൾ: കോഡക്സ് അലക്സാണ്ട്രിനസ് എന്ന കൈയെഴുത്ത്പ്രതിയിൽ ഈ ശീർഷകത്തിൽ 18 സങ്കീർത്തനങ്ങൾ കാണുന്നുണ്ട്.

ശൽമൂസാ: പൂർണ്ണത, ഉഭയസമ്മതം എന്നൊക്കെ അർത്ഥം. പട്ടമേ ല്ക്കുന്ന കശ്ശീശാ-മേല്പട്ട സ്ഥാനാർത്ഥികൾ പട്ടംകൊടശുശ്രൂഷയുടെ ആദ്യഭാഗമായി വായിച്ച് ഒപ്പിട്ട് പ്രധാന കാർമ്മികന് സമർപ്പിക്കുന്ന വിശ്വാസ പ്രതിജ്ഞയും വിധേയത്വവും അടങ്ങിയ ഉടമ്പടി. എല്ലാ സ്ഥാനാർത്ഥികളും പട്ടംകൊട പുസ്തകത്തിൽ സ്ലീബാ ഭാഷയിൽ ഒപ്പി ടുന്ന രീതിയാണ് മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. ഇപ്പോൾ മേൽപ്പട്ട സ്ഥാനാർത്ഥികൾ ഒപ്പിട്ട് സമർപ്പിക്കുന്ന വിശ്വാസപ്രതിജ്ഞയെയാണ് ഈ പേർ കൊണ്ട് വ്യവഹരിക്കുന്നത്. കശ്ശീശന്മാരുടെ ശൽമൂസാ അവർക്ക് പകരം അമാലോഗിയ എന്ന് പേർ നൽകി മേൽപ്പട്ടക്കാർ വായിച്ച് ഒടു വിൽ കശ്ശീശാ സ്ഥാനാർത്ഥിയെക്കൊണ്ട് പ്രതിജ്ഞ ഏറ്റുപറയിച്ച് ഒപ്പിടു

വിക്കുന്ന രീതിയാണ് നിലവിൽ വന്നിട്ടുള്ളത്. ഈ ശൽമൂസായ്ക്ക് നിയമപ്രാബല്യം ലഭിക്കാൻ വേണ്ടിയാണ് പല പാത്രിയർക്കീസന്മാരും ശൽമൂസായുടെ സ്ഥാനത്ത് രജിസ്റ്റേർഡ് ഉടമ്പടികൾ പട്ടംകൊടുക്കുവാനുള്ള വ്യവസ്ഥയായി ഉന്നയിച്ചത്.

ശവസംസ്കാരം: മൃതദേഹം ആദരപൂർവം സംസ്കരിക്കുവാൻ പല മതങ്ങളിലും പല നാടുകളിലും വിവിധ മാർഗ്ഗങ്ങളുണ്ട്. ദഹിപ്പിക്കൽ, തൈലം ഒഴിച്ച് കല്ലറകളിൽ സംസ്കരിക്കൽ തുടങ്ങിയവ. വീട്ടിൽ നിന്ന് പായയിൽ കിടത്തിയ മൃതശരീരം കബറുകളിൽ വഹിച്ച് പള്ളിയിൽ കൊണ്ടുവന്ന് കുഴിവെട്ടി അടക്കുകയായിരുന്നു പഴയപതിവ്. പള്ളികളിലെ ശ്മശാനവും പില്ക്കാല ഏർപ്പാടാണ്. സാമ്പത്തികശേഷിയുള്ളവർ ശവക്കുഴി കല്ലറ കെട്ടി ശഥാശക്തി മോടിപിടിപ്പിക്കുന്ന പതിവും അടുത്തകാലത്തുണ്ടായതാണ്. പുതിയ മൃതശരീരം അടക്കുമ്പോൾ പഴയസ്ഥലത്തെ അസ്ഥികൾ ശേഖരിച്ച് നിക്ഷേപിക്കുവാൻ ശ്മശാനങ്ങളിൽ അസ്ഥിക്കിണർ ഉണ്ടായിരുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകമായി നാലുവീതം ശുശ്രൂഷകൾ ശവസംസ്കാര ക്രമത്തിൽ ഉണ്ട്. മേല്പട്ടക്കാർ ഉൾപ്പെടെയുള്ള കഹനേന്മാർക്ക് എട്ട് ക്രമങ്ങളുള്ള കഹനൈത്തായുടെ ക്രമം വേറെയുണ്ട്. വിശ്വാസികളുടെ മൃതദേഹം പ്രാർത്ഥനാപൂർവം സംസ്കരിക്കുവാൻ ഹൂദായകാനോനിൽ നിർദ്ദേശമുണ്ട്. ശവസംസ്കാരം കൂദാശയല്ല (കൂദാശയാണെന്ന് അവകാശപ്പെടുന്ന പിതാക്കന്മാരുമുണ്ട്. ഉദാ. ദീവന്നാസ്യോസ് അരയോപഗൈറ്റ്). പട്ടക്കാരില്ലെങ്കിൽ വിശ്വാസികൾക്ക് ശുശ്രൂഷ നടത്താം. അന്യസഭാ വൈദികരുടെ പങ്കാളിത്തം സ്വീകാര്യമല്ല. മൃതശരീരത്തിൽ ഒഴിക്കുന്ന തൈലം കൂദാശ ചെയ്തത് ആകരുത്. കുരിശടയാളമുള്ള വെള്ളത്തുണികൊണ്ട് ഒടുവിൽ മുഖം മൂടണം.

ശാബത്: ഏഴാമത്തേത് എന്നർത്ഥം. ഏഴാം ദിവസത്തിനും ആ പേരാണ്. ആറുദിവസം വേല ചെയ്തു ഏഴാം ദിവസം വിശ്രമിക്കണം എന്നത് ദൈവകല്പന (ഉല്പ. 2:2 മുതൽ). 39 കാര്യങ്ങൾ ശാബതിൽ വിലക്കിയിട്ടുണ്ട്. ശാബത് ലംഘനം ദൈവവുമായുള്ള ഉടമ്പടിയുടെ ലംഘനം (സംഖ്യ 35:32–36). ആഴ്ചയിലൊരു ദിനം വിശ്രമിക്കുക എന്നത് അധ്വാനിക്കുന്നവന്റെ അവകാശമായി യഹൂദസഭയിൽ നടപ്പിലായി, ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ അധ്വാനിക്കുന്നവന് ലഭിച്ച അംഗീകാരം. ഏഴ് ശാബത് വർഷം തികയുമ്പോൾ 50–ാം വർഷം ഭൂമിയ്ക്കും വിശ്രമം നൽകുവാൻ വ്യവസ്ഥയുണ്ട്. അതാണ് യോവേൽ വർഷം. മനുഷ്യാന്തസ്സിന്റെ പ്രശ്നമാണ് ശാബത്. യഹൂദാ റാബിമാർ അത് മതത്തിന്റെ മാത്രം വിഷയമായി സങ്കോചിപ്പിച്ചതിനെ ക്രിസ്തു എതിർത്തു. ക്രിസ്തുവിന്റെ ഉയിർപ്പോടെ വിശ്രമദിനം ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലേക്ക്

ആദിമസഭ മാറ്റി. മനുഷ്യപുത്രൻ ശാബതിനും കർത്താവാകുന്നു (മർക്കോസ് 2:23-28).

ശാബത് മിഷൻ: 1843-ൽ ക്രിസ്തു വരുമെന്ന് വില്യം മില്ലർ എന്ന അമേരിക്കക്കാരൻ പ്രവചിച്ചു. 1863-ൽ മിഷൻ രൂപീകരിച്ചു. സഹസ്രാബ്ദവാഴ്ചയുണ്ട്. വിശുദ്ധന്മാർക്ക് പറുദീസാ നൽകും. വേദപുസ്തകം മാത്രം പ്രമാണം. വിശ്വാസസ്നാനം ആചരിക്കുന്നു. വെള്ളിയാഴ്ച അസ്തമിച്ച് ശനി അസ്തമയം വരെ ശാബത് ആചരിക്കണം. ദശാംശ സമർപ്പണം നിർബ്ബന്ധം. സസ്യാഹാരം നിർബ്ബന്ധം. പുകവലി, മദ്യപാനം പാടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും നടത്തുന്നു. ധാരാളം പ്രസിദ്ധീകരണങ്ങൾ ഉണ്ട്.

ശാബോർ: പേർഷ്യൻ സഭയിൽ 4-ാം നൂറ്റാണ്ടിൽ ജീവിച്ച സന്യാസി. സപ്പോർ രാജാവിന്റെ (309-79) പീഡനകാലത്ത് പീഡകൾ സഹിച്ചു. 23 ലേഖനങ്ങൾ പ്രസിദ്ധം. സന്യാസം, പ്രാർത്ഥന, ഉപവാസം, ദാനധർമ്മം, അനുതാപം, ഉയിർപ്പ്, പരിച്ഛേദന, ഈസ്റ്റർ, ശാബത്, യേശുവിന്റെ ദൈവികപുത്രത്വം, കന്യാത്വം, ത്രിത്വം, ക്രിസ്തുവിലുള്ള രക്ഷ തുടങ്ങിയവയാണ് ലേഖനങ്ങളിലെ പ്രമേയങ്ങൾ. വേദപാണ്ഡിത്യം പ്രകടം.

ശാബ്റീശോ, പ്രോദ്: 'യേശുവിൽ പ്രത്യാശയുള്ള' എന്നർത്ഥം. പേർഷ്യയിലെ പേർ. ഈ പേരിൽ 823-ൽ ഒരാൾ കൊടുങ്ങല്ലൂരിലെത്തി. അവരോടൊപ്പം പ്രോദ്, സാപ്പോർ എന്നീ രണ്ട് മെത്രാന്മാർ ഉണ്ടായിരുന്നു. ഇവർ കൊല്ലം രാജാവിന്റെ ആവശ്യപ്രകാരം കൊല്ലം ഒരു തുറമുഖമായി 'തോണ്ടി' വികസിപ്പിച്ചെടുക്കുകയും കൊല്ലത്തെ വിദേശവ്യാപാരകേന്ദ്രമാക്കി വികസിപ്പിക്കുകയും കൊല്ലം നഗരം പണിയുകയും ചെയ്തു. 825-ൽ നടന്ന ഈ സംഭവങ്ങൾ വേണാട്ട് രാജാവിനെ പ്രശസ്തനും സമ്പന്നനുമാക്കി. ഇതാണ് കൊല്ലവർഷം പ്രഖ്യാപിക്കുവാനുള്ള സാഹചര്യം. കൃതജ്ഞതാസൂചകമായി കൊല്ലം രാജാവ് സ്ഥാണു രവിവർമ്മ പേർഷ്യൻ ക്രിസ്ത്യാനികൾക്കായി തരീസാപ്പള്ളി പണിയാൻ സഹായം നൽകുകയും പള്ളിക്കാർക്ക് തരീസാപള്ളി ചെപ്പേട് നൽകുകയും ചെയ്തു. കാദീശന്മാർ എന്നറിയപ്പെടുന്നത് കേരളത്തിൽ ഇവരാണ്. കാദീശാ പള്ളികൾ ഇവരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടവയാണ്. ഇവർ നെസ്തോറിയർ ആയിരുന്നു എന്ന് മുദ്രകുത്തി 1599-ലെ ഉദയംപേരൂർ സിനഡ് ഇവരെ ശപിക്കുകയും ഇവരുടെ പേരിൽ സ്ഥാപിക്കപ്പെട്ട കൊല്ലം, കായംകുളം പള്ളികൾ കാദീശാപള്ളികൾ എന്ന് തിരുത്തുകയും ചെയ്തു.

ശാബറീശോ പന്തളം രാജാവ് സംരക്ഷണം നൽകിയ രാജകുമാരനായി വളർന്നു എന്നും ഇദ്ദേഹമാണ് ശൈവ-വൈഷ്ണവ ഐക്യം സാധിച്ച് അയ്യപ്പൻ എന്നും ശബരീശൻ എന്നും പില്ക്കാലത്ത് അറിയപ്പെട്ടതെന്നും

ചില ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്. ബുദ്ധ-ജൈന-ക്രൈസ്തവ-ശൈവ-വൈഷ്ണവ-ഇസ്ലാം മതസംയോഗം അയ്യപ്പഭക്തിയിൽ ഇഴചേർന്നിട്ടുണ്ട്.

ശാരോൻ: സമതലം എന്നർത്ഥം. യോപ്പ മുതൽ കർമ്മേൽ പർവതത്തിന്റെ തെക്കുവരെ വ്യാപിച്ചുകിടക്കുന്ന സമതലം. ശാരോനിലെ പനിനീർ പൂവ് വിഖ്യാതം (ഉത്ത. 2:1).

ശാസനങ്ങൾ: കേരളീയ ഭരണകർത്താക്കൾ ക്രൈസ്തവ നേതാക്കൾക്ക് വിവിധ കാലങ്ങളിൽ നൽകിയ പദവികളുടെ ചെപ്പേടുകൾ.

1. *ഇരവികൊത്തൻ ചെപ്പേട്* (കാലം 230 എന്നും 14-ാം നൂറ്റാണ്ട് എന്നും): വീരരാഘവചക്രവർത്തി ഇരവികൊത്തന് നല്കി. മണിഗ്രാമപട്ടവും മറ്റനവധി അവകാശങ്ങളും ചന്ദ്രാദിത്യന്മാരുടെ കാലത്തേക്ക് നല്കി.

2. *ക്നായിത്തൊമ്മൻ ചെപ്പേട്* (345): കൊടുങ്ങല്ലൂർ ചക്രവർത്തി മഹാദേവർ പട്ടണം ഉൾപ്പെടെ പദവികൾ ദാനം ചെയ്തു.

3. *തരീസാപ്പള്ളി ശാസനം:* 849-ൽ സ്ഥാണു രവിവർമ്മ അയ്യനടികൾ മുഖേന കൊല്ലം തരീസാപള്ളി പണിവാനും ഈഴവർ, വണ്ണാർ, ചാന്നാൻ ഇവരുടെ മേൽ അധികാരം നടത്തുവാനും അധികാരം നൽകുന്ന ശാസനം അവരെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും 72 പദവികൾ അവർക്ക് നൽകുകയും ചെയ്തു. '*പദവികൾ, എഴുപത്തിരണ്ട്*' കാണുക.

ശാസ്ത്രിമാർ (സപ്രേന്മാർ): രാജാക്കന്മാർക്ക് ആലോചനക്കാർ, രായസക്കാർ (ട്രഷറി ഉദ്യോഗസ്ഥർ), കലവറക്കാർ, ഭണ്ഡാരം, കരം, ജനസംഖ്യയെടുപ്പ് എന്നിവയുടെ മേൽനോട്ടക്കാർ - ഇവരെ ശാസ്ത്രിമാർ എന്ന് വിളിച്ചു. പദാർത്ഥം കണക്കെഴുതുന്നവർ. ഭൂരിപക്ഷവും ലേവി ഗോത്രക്കാർ. ചിലപ്പോൾ ഇവർ പട്ടാള മേലധികാരികളും സ്ഥാനപതികളും ആയി നിയോഗിക്കപ്പെടുന്നു.

തിരുവെഴുത്ത് പഠിക്കുകയും പഠിപ്പിക്കുകയും പകർത്തിയെഴുതുകയും ചെയ്യുന്നവർ മതപശ്ചാത്തലത്തിൽ ശാസ്ത്രിമാർ ആയി. കർമ്മാനുഷ്ഠാനൈക വ്യഗ്രരായ ഇവരെ യേശു എതിർത്തു. അംഗീകൃത ഗുരുവിന്റെ ശിഷ്യനു മാത്രം അവകാശപ്പെട്ടതാണ് ശാസ്ത്രിപദവി. 30 വയസ്സോടെ പരീക്ഷയിൽ മികവ് തെളിയിക്കുന്നവരെ ശാസ്ത്രിസംഘം കൈവെപ്പ് നൽകി ശാസ്ത്രിപീഠത്തിലേക്ക് പോകാൻ അനുവാദം നൽകി എഴുത്തുപലകയും താക്കോലും പ്രതീകാത്മകമായി അവനെ ഏല്പിക്കുന്നു (മത്താ. 16:19). അത്തിവൃക്ഷത്തണലിൽ ഇവർ ധ്യാനിക്കുകയും ന്യായപ്രമാണം പഠിപ്പിക്കുകയും ചെയ്യും. ഇവർ യഹൂദന്മാരുടെ ഉപദേഷ്ടാ

ക്കളും ന്യായാധിപരും ആയിരുന്നു. യേശുവിന്റെ കാലം കഴിഞ്ഞ് 200 കൊല്ലം കൂടി ഇവർക്ക് യഹൂദരിൽ നിർണ്ണായക സ്ഥാനമുണ്ടായിരുന്നു.

ശിംശോൻ: സൂര്യൻ എന്നർത്ഥം. ഫെലിസ്ത്യ ശത്രു. യിസ്രായേലിലെ അവസാനത്തെ വലിയ ന്യായാധിപൻ. ദാൻ ഗോത്രത്തിൽ മനോഹയുടെ പുത്രൻ (ന്യായാ. 13:2-16). നസറായ വ്രതക്കാരൻ, ദലീല എന്ന കാമുകി യായിരുന്നു പതനഹേതു.

ശിമയോൻ: ദേവാലയത്തിൽ ശിശുവായ യേശുവിനെ എടുത്ത് ഗീതം പാടി വാഴ്ത്തിയ ഭക്തനായ വൃദ്ധൻ.

ശിമയോൻ: യാക്കോബിന്റെ മകൻ. എബ്രായഗോത്രപിതാവ്.

ശിമയോന്റെ പാട്ട്: ലൂക്കോ 2:29-32. നിത്യപ്രാർത്ഥനയുടെ ഭാഗമായി പല സഭകളും ഉപയോഗിക്കുന്നു. അപ്പോസ്തോലിക് കോൺസ്റ്റിറ്റ്യൂഷ നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശില്പങ്ങൾ, പള്ളികളിലെ: കരിങ്കല്ലിൽ കൊത്തിയ മാമ്മൂദീസാ തൊട്ടി, കൽക്കുരിശ് തുടങ്ങിയവ പഴയപള്ളികളിൽ കാണാം. മദ്ബഹാ യുടെ പ്രവേശനദ്വാരത്തിലും മേൽത്തട്ടിലും പുഷ്പങ്ങൾ, മാലാഖമാർ, ലതകൾ തുടങ്ങിയവയുടെ ശില്പങ്ങൾ സാധാരണമാണ്. താമര, ആന, മയിൽ, കുരിശ്, പ്രാവ്, മുന്തിരിവള്ളി, ഗോതമ്പ് കതിർ, കുഞ്ഞാട് ഇവ യുടെ ശില്പങ്ങൾ തൂണുകളിലും അതിർക്കാലുകളിലും (കടച്ചി-ശ്ലിക്കാൻ) കാണുന്നുണ്ട്. ഈ ശില്പങ്ങളെല്ലാം സവിശേഷമായ അർത്ഥത്തിൽ പ്രതീ കാത്മകങ്ങളാണ്.

ശിശുസ്നാനം: വിശ്വാസികളുടെ മക്കൾക്ക് ശിശുപ്രായത്തിൽ മാമ്മൂ ദീസാ നൽകുന്നു. പരിച്ഛേദന എട്ടാംനാളിൽ നടത്തിയിരുന്നതുപോലെ ഇതും പ്രവേശക കൂദാശയാണ്. പുരാതന സഭകളും പ്രോട്ടസ്റ്റണ്ട് സഭക ളിൽ ഏറിയകൂറും ശിശുസ്നാനം നൽകുന്നു. കുടുംബങ്ങളെ സ്നാന പ്പെടുത്തിയതായി വേദം സാക്ഷിക്കുന്നു (അ. പ്ര. 16:33; 16:15; 10:1 മു; 1 കോരി. 1:16). ഒന്നാം തലമുറക്കാർക്ക് മുതിർന്നതിന് ശേഷമുള്ള സ്നാനവും രണ്ടാം തലമുറ മുതൽ ശിശുസ്നാനവും നൽകിയിരുന്നത് സഭ പിന്തുട രുന്നു. ശിശുക്കൾക്ക് അനുഗ്രഹം പ്രാപിക്കാൻ കഴിയും (ലൂക്കോസ് 1:44, മർക്കോ. 10:55; 10:14). ജനിതകശാസ്ത്രപ്രകാരം ഒരാളിന്റെ വിശ്വാസ പൈതൃകം കുഞ്ഞു ജനനത്തിൽത്തന്നെ അവകാശിക്കുന്നു. ചെങ്കടൽ പ്രയാണത്തെ സ്നാനത്തിന്റെ മുൻകുറിയായി വേദം വ്യാഖ്യാനിക്കുന്നു. ചെങ്കടൽ പ്രയാണത്തിൽ ശിശുക്കളും ഉണ്ടായിരുന്നു. എറ്റുപറയാൻ കഴി വില്ലാത്തതുമൂലം മധ്യസ്ഥൻ അത് നിർവഹിക്കുന്നു. ശിശുക്കളുടെ മാമ്മൂ ദീസായെപ്പറ്റിയും മധ്യസ്ഥർ ഏറ്റുപറയുന്നതിനെപ്പറ്റിയും ഡിഡാക്കേ

പരാമർശിക്കുന്നുണ്ട്.

ശീമ (1): വിദേശികളുടെ പൊതുനാമം. മലങ്കരയിൽ മധ്യപൗരസ്ത്യ ദേശക്കാരെ അപ്രകാരം പറയും. വിദേശങ്ങളിൽ നിന്ന് വന്ന എന്നർത്ഥ ത്തിൽ ശീമച്ചക്ക, ശീമപ്പേരക്ക തുടങ്ങിയ പ്രയോഗങ്ങളുണ്ട്.

ശീമനമസ്കാരം: ശ്ഹീമ്മോ = സാധാരണ. ഇത് ലോപിച്ച് 'ശീമാ' ആയതാണ്. ഞായറാഴ്ചകളിലും പെരുന്നാളുകളിലും നടത്തുന്ന പെങ്കീസാ നമസ്കാരത്തിൽ നിന്നും ആറു ദിവസത്തെ സാധാരണ നമ സ്കാരം തിരിച്ചറിയാൻ ഈ പദം ഉപയോഗിക്കും. വൈദികരുടെയും സഭ യുടെയും ഔദ്യോഗിക പ്രാർത്ഥനയായതിനാൽ കാനോനാ നമസ്കാര മെന്നും പറയും. സുദീർഘമാണ്. ഓരോ യാമത്തിലെ പ്രാർത്ഥനയുടെ ഓരോ വിഷയത്തിനും 4-ൽ കുറയാതെ ഗാനങ്ങൾ ഉണ്ട്. ഒന്നും മൂന്നും ഗാനങ്ങൾ ഒരു വിഭാഗവും രണ്ടും നാലും വേറെ വിഭാഗവും (ശുബഹോ, മെനഓലം അടികൾ എന്ന് പറയും). രണ്ടു വിഭാഗങ്ങളും ഓരോ ആഴ്ച കളിൽ മാറി മാറി ഉപയോഗിക്കും. ശുബഹോ അടികൾക്കു മാത്രമേ ഇപ്പോൾ വിവർത്തനം ഉള്ളൂ. സ്ലൂസോ, മസുമൂറോ, എക്ബോ, പ്രുമിയോൻ, സെദ്റ, കോലോ, എത്രോ, കോലോകൾ, കുക്കിലിയോൻ, എക്ബോ, കോലോ, ബോവൂസോ എന്നിങ്ങനെ ഗദ്യപദ്യാത്മകമാണ് പ്രാർത്ഥനകൾ. പാതിരാത്രി, മൂന്നാംമണി, ആറാം മണി, ഒമ്പതാംമണി എന്നീ യാമങ്ങ ളിലെ പാട്ടുകൾക്ക് ഓരോ ദിവസവും നിർദ്ദിഷ്ട രാഗങ്ങൾ ഉണ്ട്. സഭ യുടെ ദൈവശാസ്ത്രം ഈ വൈവിധ്യമാർന്നതും സുദീർഘവുമായ പ്രാർ ത്ഥനകളിൽ അന്തർഭവിച്ചിരിക്കുന്നു. കുരിശുവരയും മുട്ടുകുത്തലും ധൂപാർ പ്പണവും കൈമുത്തും നമസ്കാരത്തിന്റെ അവിഭാജ്യഭാഗങ്ങൾ ആണ്. നവീകരണക്കാർ ഈ പ്രാർത്ഥനക്രമം അപ്പാടെ ഉപേക്ഷിച്ചു.

ശീമോൻ, ആഭിചാരക്കാരൻ: ശമര്യയിലെ ആഭിചാരക്കാരൻ (അ. പ്ര. 8:9-24). പരിശുദ്ധാത്മശക്തി പണം കൊടുത്ത് സ്വന്തമാക്കാൻ ആഗ്ര ഹിച്ചു. ആത്മവരങ്ങളും ആത്മീയ സ്ഥാനങ്ങളും പണം കൊടുത്തു വാങ്ങു ന്നത് 'ശീമോന്യപാപം' എന്ന് അറിയപ്പെടുന്നു. പട്ടം കൊടുക്കുമ്പോഴും തബ്ലൈത്താ നൽകുമ്പോഴും പ്രതിഫലം ഇച്ഛിക്കരുതെന്ന് ഹൂദായ കാനോൻ.

ശീമോൻ, കനാന്യൻ: പന്ത്രണ്ട് ശ്ലീഹന്മാരിലൊരാൾ. എരിവുകാ രൻ എന്നും പറയുന്നു. ന്യായപ്രമാണത്തിൽ തീവ്രവാദി. പൗരസ്ത്യനാ ടുകളിൽ സുവിശേഷം അറിയിച്ചു എന്ന് പാരമ്പര്യം. വാൾകൊണ്ട് അറ ക്കപ്പെട്ടു എന്നും പാരമ്പര്യം പറയുന്നു. മെയ് 10-ന് പൗരസ്ത്യസഭ ഓർമ്മ കൊണ്ടാടുന്നു.

ശീമോൻ, കുറേനക്കാരൻ: കേൾക്കുന്നവൻ എന്ന് പദാർത്ഥം. കാൽവറി യാത്രയിൽ യേശുവിന്റെ കുരിശ് താങ്ങിക്കൊടുത്തു.

ശീമോൻ പത്രോസ്: പന്ത്രണ്ട് ശ്ലീഹന്മാരിൽ പ്രമുഖൻ. കേഫാ എന്ന് അരമായ. പത്രോസ് എന്ന് ഗ്രീക്ക്. ശീമോൻ എന്ന് ആദ്യനാമം. ഗലീലയിൽ ബെത്സയിദാക്കാരൻ. കുടുംബസ്ഥൻ, മീൻപിടുത്തക്കാരൻ, അന്ത്രയോസിന്റെ ജ്യേഷ്ഠ സഹോദരൻ. ശിഷ്യരിൽ അകംവൃത്തത്തിലും പ്രധാനി. ശിഷ്യസമൂഹത്തിന്റെ നാവ്. മത്ഥിയാസിന്റെ തെരഞ്ഞെടുപ്പിലും പെന്തിക്കോസ്തിയിലും നേതൃസ്ഥാനത്ത് പത്രോസുണ്ട്. ആദ്യ പ്രസംഗകൻ, ആദ്യ അദ്ഭുത പ്രവർത്തകൻ, ആദ്യ തടവുപുള്ളി. യഹൂദേതരരെ സഭയിൽ ചേർക്കാൻ ഇദ്ദേഹത്തിന്റെ ദർശനം സഹായകമായി. യഹൂദ്യ, പരിസരപ്രദേശങ്ങൾ, അന്ത്യോഖ്യായും പരിസരവും, ഏഷ്യയുടെ ചില ഭാഗങ്ങൾ, റോം എന്നിവ അദ്ദേഹത്തിന്റെ വേലസ്ഥലങ്ങൾ. മർക്കോസ് എപ്പോഴും അനുഗമിച്ചു. മർക്കോസ് പത്രോസിന്റെ മകൻ ആണെന്ന് ഒരു പാരമ്പര്യമുണ്ട്.

നീറോ ചക്രവർത്തി പത്രോസിനെ കുരിശിച്ചു; അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം തല കീഴായിട്ട്. എ. ഡി. 67 ജൂൺ 29-ന് പത്രോസും പൗലൂസും ഒരുമിച്ച് രക്തസാക്ഷികൾ ആയെന്ന് പാരമ്പര്യം. അവരെ ശ്ലീഹന്മാരുടെ തലവന്മാർ എന്ന് വിളിക്കുന്നു. 13 ദിവസത്തെ നോമ്പോടുകൂടി അവരുടെ പെരുന്നാൾ സഭ കൊണ്ടാടുന്നു. പത്രോസിനെ സംസ്കരിച്ചിടത്താണ് റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കാ. യെരൂശലേമിൽ വച്ചും റോമ്മിൽ വച്ചും രണ്ടു ലേഖനം എഴുതി. സമന്മാരിൽ മുമ്പൻ എന്ന സ്ഥാനം പത്രോസിന് സഭ നൽകുന്നു. മറ്റ് അപ്പസ്തോലന്മാരുടെ മേലധികാരിയാണിദ്ദേഹം എന്ന റോമ്മൻ നിലപാട് ക്രൈസ്തവലോകം നിരാകരിക്കുന്നു.

ശീമോൻ, ആദായിയിലെ: 1701 മെയ് 22-ന് ആദായിയിലെ ശീമോൻ ആലങ്ങാട്ട് പള്ളിയിൽ വച്ച് സുറിയാനിക്കാരായ റോമൻ കത്തോലിക്കരുടെ മെത്രാനായി. മെത്രാൻവാഴ്ചയ്ക്ക് ശേഷം അദ്ദേഹം ഫ്രഞ്ചു ഗവർണരുടെ തടവിൽ പോണ്ടിച്ചേരിയിൽ 1720-ൽ മരിക്കുന്നതുവരെ കഴിഞ്ഞുകൂടി. റോമൻ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ട കൽദായനായിരുന്നു ഇദ്ദേഹം. റാഫേൽ മെത്രാൻ 1695-ൽ നിര്യാതനായ ഒഴിവിലേക്ക് നിയോഗിക്കപ്പെട്ട ആഞ്ചലോസ് ഫ്രാൻസിസിനോട് ഗോവ ആർച്ച് ബിഷപ്പിനും മറ്റും താല്പര്യമില്ലാത്തതിനാലാണ് പ്രോപ്പഗാൻഡ പുതിയ മെത്രാൻ സ്ഥാനാർത്ഥിയായി ആദായിയിലെ ശീമോനെ നിയോഗിച്ചത്.

ശീലമുടി: '*അംശവസ്ത്രങ്ങൾ*' കാണുക.

ശീലവ്യഞ്ജനാദി: പള്ളിയിലെ ജംഗമസ്വത്തുക്കൾക്ക് പൊതുവായി

ഉപയോഗിച്ചിരുന്ന ഈ പദം 1808-ലെ കണ്ടനാട് പടിയോലയിൽ ഉപയോഗിച്ചിട്ടുണ്ട്.

ശീലാസ്: വി. പൗലൂസിനെ അനുഗമിച്ച ആദിമസഭയിലെ ഒരു ശിഷ്യൻ. മക്കദോനിയയിൽ മരിച്ചടക്കപ്പെട്ടു.

ശീലോം: ഇസ്രായേലിന്റെ ആദ്യ ആരാധനാകേന്ദ്രം. യരൂശലേം ദേവാലയം സ്ഥാപിച്ചപ്പോൾ പ്രാധാന്യം നഷ്ടപ്പെട്ടു.

ശീലോഹോം: അയക്കപ്പെട്ടവൻ എന്നർത്ഥം. യെരൂശലേമിലെ ഒരു കുളം. ജന്മനാ അന്ധനായ ഒരാളെ യേശു കണ്ണിൽ ചെളി തേച്ച് കഴുകുവാൻ അയച്ചത് ഈ കുളത്തിലേക്കാണ്. കുരുടൻ കാഴ്ച പ്രാപിച്ചു.

ശീശ്മാ: വേദവിപരീതം. സഭയിൽ വിടവുകൾ ഉണ്ടാക്കുന്നവർ ശീശ്മക്കാർ. ശപിച്ച് തള്ളപ്പെട്ടവരെയും ശീശ്മക്കാർ എന്ന് പറയാറുണ്ട്.

ശുബ്ക്കോനോ (1): ക്ഷമ, അനുരഞ്ജനം എന്ന് അർത്ഥം. വി. കുർബ്ബാനയിൽ കാർമ്മികൻ പടിഞ്ഞാറോട്ട് തിരിഞ്ഞ് കൈവിടുത്തി പ്രാർത്ഥിപ്പാൻ നടത്തുന്ന അനുഷ്ഠാനമാണ് ശുബ്ക്കോനോ.

ശുബ്ക്കോനോ (2): ദുഃഖശനിയാഴ്ച കുർബ്ബാന കഴിഞ്ഞ് നടത്തുന്ന ശുശ്രൂഷയാണ് ശുബ്ക്കോനോ. കർത്താവിന്റെ ഉയിർപ്പുമൂലം സാധിച്ച അനുരഞ്ജനത്തിന്റെ അനുഷ്ഠാന ക്രിയയാണിത്. 1876-ൽ പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിൽ വന്നപ്പോൾ ഇത് വലിയനോമ്പാരംഭിക്കുന്ന തിങ്കളാഴ്ച ഉച്ചനമസ്കാരത്തോട് ചേർത്ത് നടത്തുവാൻ ക്രമീകരിച്ചു. വലിയനോമ്പിന്റെ തിങ്കളാഴ്ച അനുതാപത്തിന്റെ കൂദാശയായി കന്തീലായുടെ ക്രമപ്രകാരം സൈത്ത് വാഴ്ത്തി ജനത്തെ മുദ്രകുത്തുന്ന അനുഷ്ഠാനം പട്ടക്കാർ നടത്തിയിരുന്നത് റദ്ദാക്കിയാണ് തൽസ്ഥാനത്ത് ശുബ്ക്കോനോ ശുശ്രൂഷ ക്രമീകരിച്ചത്. തദനുസരണമായി പ്രാർത്ഥനകളെ വ്യത്യാസപ്പെടുത്തുകയും ചെയ്തു. പഴയനടപടിക്രമങ്ങളിൽ ഈ കാര്യം രേഖപ്പെടുത്തിയിരുന്നു.

ശുശ്രൂഷ: മേശയിൽ ശുശ്രൂഷിക്കുക - ഭക്ഷണം വിഭജിച്ചു കൊടുക്കുന്നതിൽ സഹായിക്കുക. കർത്തൃമേശയിൽ ശുശ്രൂഷിക്കുക - കുർബ്ബാനാനുഷ്ഠാനത്തിലും വിതരണത്തിലും കാർമ്മികനെ സഹായിക്കുക. വചനം വിഭജിച്ചു കൊടുക്കുന്നത് - വചന ശുശ്രൂഷ. സാമൂഹ്യകടമകൾ നിറവേറ്റുന്നതും ധനശേഖരം നടത്തുന്നതും ശുശ്രൂഷ തന്നെ. ആരാധനയും ഒരു ശുശ്രൂഷയാണ്.

ശുശ്രൂഷകൻ: *'ശെമ്മാശൻ'* എന്ന പദം കാണുക.

ശുശ്രൂഷക്കുപ്പായം: അംശവസ്ത്രത്തിന്റെ പ്രാഥമിക വസ്ത്രം. കറുത്തകുപ്പായത്തിന്റെ മുകളിൽ ഇത് ധരിക്കുന്നു.

ശെമവൂൻ ദെസ്തുനി (386–459): തൂൺ തപസ്വി. സിലിഷ്യായിൽ സീസ് ഗ്രാമത്തിൽ ജനിച്ചു. ഇടയൻ. 403–ൽ സന്യാസി. ഒരാഴ്ചക്കാലം തുടർച്ചയായി ഉപവസിച്ചിരുന്നു. കൽത്തൂൺ കെട്ടി തപസ്സാരംഭിച്ചു. തോൽക്കുപ്പായവും ശിരോവസ്ത്രവും വേഷം. 56 വർഷത്തെ താപസ ജീവിതത്തിന് ശേഷം 459–നോടടുത്തു ദിവംഗതനായി.

ശെമ്മാശൻ: മ്ശെംശോനോയുടെ തത്ഭവം. ശുശ്രൂഷകൻ. ഡീക്കൺ ഇംഗ്ലീഷ്. അപ്പസ്തോലിക കാലത്ത് ഈ സ്ഥാനം ആവിർഭവിച്ചു (അ. പ്ര. 6:1 മു). തെരഞ്ഞെടുപ്പും കൈവെപ്പും അനിവാര്യം. ആരാധനയിലും സാമൂഹ്യരംഗത്തും ശുശ്രൂഷിക്കുകയാണ് ദൗത്യം. ശെമ്മാശന്മാരിൽ പല ഗണങ്ങളുണ്ട്. 1. മ്സമ്രോനേന്മാർ–പാട്ടുകാർ. പട്ടംകൊടയിൽ സ്ഥാനചിഹ്നമായി സങ്കീർത്തനപ്പുസ്തകം കൊടുക്കും. 2. കോറൂയോ – വായനക്കാരൻ. സ്ഥാനചിഹ്നമായി ഏവൻഗേലിയോൻ ഒഴികെയുള്ള വേദപുസ്തകം നൽകും. 3. ആപ്പ്ദ്യക്കിനോ – വാതിൽകാവൽക്കാരൻ. കത്തിച്ച തിരി സ്ഥാനചിഹ്നമായി കൊടുക്കും. 4. ശെമ്മാശൻ. കുരിശുമാലയും ഏവൻഗേലിയോനും കൊടുക്കും. 5. അർക്കദിയാക്കോൻ. അംശവടി സ്ഥാനചിഹ്നമായി കൊടുക്കും. ശുശ്രൂഷക്കുപ്പായവും വിവിധതരത്തിൽ കെട്ടുന്ന ഊറാറയുമാണ് അംശവസ്ത്രങ്ങൾ. പൂർണ്ണ ശെമ്മാശനേ സാങ്കേതികമായി മദ്ബഹായിൽ പ്രവേശനമുള്ളൂ. അയാൾക്ക് പട്ടക്കാരന്റെ കല്പനപ്രകാരം കുർബ്ബാന കൊടുക്കാം, ഏവൻഗേലിയോൻ വായിക്കാം. പൂർണ്ണശെമ്മാശൻ വലുതുകാൽ മുട്ടുകുത്തിനിന്ന് സ്ഥാനമേൽക്കണം. സ്തേഫാനോസ് ശെമ്മാശന്റെ ഓർമ്മയ്ക്ക് മാത്രമായി ഏവൻഗേലിയോൻ വായന ചുരുങ്ങി. ശെമ്മാശസ്ഥാനം ആയുഷ്കാല സ്ഥാനമായിട്ടാണ് സഭയിൽ നിലവിൽ വന്നത്. ഇന്ന് കശ്ശീശായ്ക്കു മുമ്പുള്ള ഒരു ഘട്ടമായി ബാർ എബ്രായ അതിനെ സങ്കോചിപ്പിച്ചിരിക്കുന്നു.

ശെമ്മാശന്മാർ, ഏഴ്: നീതിപൂർവം ഭക്ഷണം വിതരണം ചെയ്യാൻ മേശയിലെ ശുശ്രൂഷയ്ക്കായി സഭ തെരഞ്ഞെടുത്ത ഏഴ് ശെമ്മാശന്മാരെ അപ്പോസ്തോലന്മാർ കൈവെപ്പ് മൂലം സ്ഥാനം നൽകി ചുമതലയേല്പിച്ചു (അ. പ്ര. 6–ാം അ.). അവർ 1. സ്തേഫാനോസ്. 2. ഫീലിപ്പോസ്. 3. പ്രൊഖൊരോസ്. 4. നിക്കാനോർ. 5. തീമോൻ. 6. പർമ്മനോസ്. 7. നിക്കൊലവാസ്. ഇവർ നല്ല അംഗീകാരം ലഭിച്ചവരും ജ്ഞാനവും പരിശുദ്ധാത്മാവും നിറഞ്ഞവരുമായിരുന്നു. സ്തേഫാനോസ് രക്തസാക്ഷിയായി. ഫിലിപ്പോസ് സുവിശേഷകനായി പ്രവർത്തിച്ചു. മറ്റുള്ളവരെപ്പറ്റി ഒന്നും അറിയുന്നില്ല.

ശെമ്മാശിനിമാർ: ശ്ലൈഹികസഭയിൽ ശെമ്മാശിനിമാർ ഉണ്ടായിരുന്നു. ഫേബാ ശെമ്മാശിനിയാണ് (റോമർ 16:1). മാമ്മൂദീസായിൽ സ്ത്രീ സ്ഥാനാർത്ഥികളെ ഒരുക്കുവാനും അവരുടെ മാമ്മൂദീസായിൽ കാർമ്മികനെ സഹായിക്കുകയും സ്നാനമേറ്റവരെ മൂറോൻ പൂശുകയും ചെയ്തു വന്നു. കാനോനിൽ ശെമ്മാശിനിമാരുടെ ജോലികൾ വിവരിക്കുന്നുണ്ട്.

ശേം: നോഹയുടെ ആദ്യപുത്രൻ (ഉല്പ. 5:32; 6:10). പ്രളയത്തിൽ നിന്ന് രക്ഷപെട്ടു. സെമിറ്റിക് - ശേമ്യർ - എന്ന പദം ഈ പേരിൽ നിന്നുണ്ടായി. അറബികൾ, യഹൂദർ എന്നിവരും അവരുടെ ഭാഷകളും സെമിറ്റിക് എന്ന പദം കൊണ്ട് അറിയപ്പെടുന്നു.

ശേക്കൽ: തൂക്കത്തിന് യഹൂദർ ഉപയോഗിച്ച അളവ്. അതൊരു നാണയവും ആയിരുന്നു (പുറ. 30:13). 20 വയസ്സ് പ്രായമുള്ള പുരുഷൻ തലവരിപ്പണമായി അര ശേക്കൽ ദേവാലയനടത്തിപ്പിന് നൽകണമായിരുന്നു. ഇതിന് തുല്യമാണ് 2 ദ്രഹ്മപ്പണം.

ശേമ: യഹൂദന്മാരുടെ വിശ്വാസപ്രഖ്യാപനം. എല്ലാ പുരുഷന്മാരും രാവിലെയും വൈകിട്ടും ശേമാ ഉരുവിടണം.

ശൈനോ: ശാന്തി എന്നർത്ഥം. ഒരു ആശംസാപദം.

ശോശപ്പാ: അപ്പവീഞ്ഞുകൾ ഒരുക്കിയശേഷം കാസാപീലാസകൾ മൂടുന്ന കുരിശടയാളമുള്ള വെള്ളത്തുണി. മേഘത്തിന്റെ പ്രതീകം. കുർബ്ബാനയിൽ സമാധാനം നൽകി ഒന്നാം റൂശ്മായ്ക്ക് മുമ്പായി ഇത് ഔപചാരികമായി ആഘോഷപൂർവം നീക്കം ചെയ്യുന്നു.

ശോശാമ്മ, ഒ. പി.: തമിഴ്നാട് സംസ്ഥാന ലാന്റ് റവന്യൂ കമ്മീഷണറായ ഒ. പി. ശോശാമ്മ, കോട്ടയം ഭദ്രാസനത്തിലെ വടക്കൻമണ്ണൂർ പള്ളി ഇടവകാംഗം പരേതനായ ഓമത്തിൽ ഒ. റ്റി. പോത്തന്റെ പുത്രിയും കോന്നി കത്തീഡ്രൽ ഇടവകാംഗം മണ്ണിക്കോയിക്കൽ മാമ്മൻ എം. ഉമ്മന്റെ ഭാര്യയുമാണ്. സണ്ടേസ്കൂൾ മത്സര പരീക്ഷയിൽ തുടർച്ചയായി അഞ്ചു മുതൽ ഒമ്പതു വരെ ക്ലാസുകളിൽ (1960–64) അഖില മലങ്കര അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. മലങ്കര അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായി 2007 മാർച്ച് 21-ന് നടന്ന അസോസിയേഷനിൽ റിട്ടേണിംഗ് ഓഫീസറായി ഈ വനിത പ്രവർത്തിക്കുകയും മലങ്കര മെത്രാപ്പോലീത്തായോടും മെത്രാപ്പോലീത്താമാരോടും ട്രസ്റ്റിമാരോടുമൊപ്പം വേദി പങ്കിടുകയും മലങ്കര അസോസിയേഷനെ അഭിസംബോധന ചെയ്യുകയും ചെയ്തു.

ശൗൽ: 1. യിസ്രായേലിലെ ഒന്നാമത്തെ രാജാവായി ശമുവേൽ

അഭിഷേകം ചെയ്തു. ബെന്യാമിൻ ഗോത്രത്തിലെ കീശിന്റെ പുത്രൻ (1 ശമു. 9:1–2). ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ അദ്ദേഹവും പുത്രന്മാരും മരിച്ചു (1 ശമു. 31).

2. വി. പൗലൂസിന്റെ ആദ്യനാമം എബ്രായയിൽ. പൗലൂസ് എന്നത് ഗ്രീക്ക് നാമം.

ശ്ലോമ്മോ: സമാധാനം. ആശംസാപദം. ഇതിന്റെ ഏബ്രായപദം 'ഷാലോം.' യഹൂദർ അഭിവാദനപദമായുപയോഗിച്ചു.

ശ്ലോമ്മോല്കുലകൂൻ: നിങ്ങൾക്കെല്ലാവർക്കും സമാധാനം. ഉത്ഥാനംചെയ്ത ക്രിസ്തു ശിഷ്യരോട് പറഞ്ഞ വാക്യം (യോഹ. 20:19). ക്രൈസ്തവാരാധനയിൽ കാർമ്മികൻ നൽകുന്ന ആശംസയ്ക്ക് ഉയിർപ്പിന്റെ പശ്ചാത്തലമാണുള്ളത്.

ശ്ഹീമ്മാനമസ്കാരം: '*ശീമാനമസ്കാരം*' കാണുക.

ഷ

ഷെക്കീന: ദൈവസാന്നിധ്യം. ഷാക്കാൻ എന്ന എബ്രായപദത്തിന് വസിക്കുക എന്നർത്ഥം. ദൈവത്തിന്റെ പ്രകാശം എന്നും അർത്ഥമുണ്ട്. മോശ സീനായിൽ വച്ച് ഷെക്കീനാ ദൈവമഹത്വം കണ്ടു.

ഷാഫ്, ഫിലിപ്പ് (1819–93): ജർമ്മൻ വംശജനായ അമേരിക്കൻ വേദശാസ്ത്രജ്ഞനും സഭാചരിത്രകാരനും. സഭാചരിത്രം 12 വാല്യങ്ങൾ ആയി പ്രസിദ്ധീകരിച്ചു.

ഷ്വയിറ്റ്സർ, ആൽബർട്ട് (1875–1965): ജർമ്മൻ വേദശാസ്ത്രജ്ഞൻ, ഭിഷഗ്വരൻ, സംഗീത വിദഗ്ദൻ, മിഷണറി, വൈദികൻ, വൈദികകോളജിൽ പ്രിൻസിപ്പൽ, പ്രസിദ്ധനായ ഗ്രന്ഥകാരൻ. 1953–ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. ആഫ്രിക്കയിൽ സുവിശേഷ പ്രവർത്തനം നടത്തി.

ഷോപ്പൽ ഓവർ, ആർതർ (1788–1860): ജർമ്മൻ തത്വജ്ഞാനി. ദോഷൈക സിദ്ധാന്തത്തിന്റെ ശില്പി. ജീവിതാന്ത്യകാലത്ത് അംഗീകാരം ലഭിച്ചു. ഏകാന്തജീവിതത്തിലായിരുന്നു താല്പര്യം.

സ

സംക്ഷേപവേദാർത്ഥം: ഇറ്റാലിയൻ മിഷനറി ഫാ. ക്ലെമന്റ് 1772-ൽ മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച പുസ്തകമായി ഇത് പ്രസിദ്ധീകരിച്ചു. ചോദ്യോത്തരരൂപത്തിൽ ക്രിസ്തീയ വേദസാരങ്ങളെ കത്തോലിക്കാ കാഴ്ചപ്പാടിൽ അപഗ്രഥിച്ചിരിക്കുന്നു.

സഖറിയ, ഫാ. റ്റി. ജി.: ചെങ്ങന്നൂർ കല്ലിശ്ശേരി തോട്ടത്തിവീട്ടിൽ വർഗ്ഗീസ് കത്തനാരുടെയും കുഞ്ഞമ്മയുടെയും മകൻ. 1930 ഏപ്രിൽ 6-ന് ജനിച്ചു. B. A., B. D., S. T. M., ബിരുദങ്ങൾ നേടി. 1948 ജൂൺ 26-ന് ശെമ്മാശൻ. 16-6-1970 ൽ കശ്ശീശാ. ഔഗേൻ മാർ തീമോത്തിയോസ്, ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ എന്നിവരുടെ ശിഷ്യനും, സെക്രട്ടറിയും ആയിരുന്നു. പല വിദേശരാജ്യങ്ങളും സന്ദർശിച്ചു. കാതോലിക്കേറ്റ് ഓഫീസ്, കാതോലിക്കേറ്റ് പ്രസ്, മലങ്കരസഭാ മാസിക എന്നിവയുടെ മാനേജർ, സണ്ടെസ്കൂൾ പബ്ലിക്കേഷൻ ഓഫീസർ, എം. ഒ. സി. പബ്ലിക്കേഷൻസ് പ്രഥമ സെക്രട്ടറി, സഭാ മാനേജിംഗ് കമ്മിറ്റി അംഗം, ദേവലോകം അരമന മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പ. ഗീവറുഗീസ് രണ്ടാമന്റെ ജീവചരിത്രവും, കാതോലിക്കാമാരുടെ കാലടികൾ എന്നിവയും കൃതികൾ.

സഖറിയ മാർ തെയോഫിലോസ്, ഡോ.: '*തെയോഫിലോസ്, ഡോ. സഖറിയ മാർ*' കാണുക.

സഖറിയാ മാർ അന്തോണിയോസ്: '*അന്തോണിയോസ്, സഖറിയാ മാർ*' കാണുക.

സഖറിയാ മാർ ദീവന്നാസ്യോസ്: '*ദീവന്നാസ്യോസ്, സഖറിയാ മാർ*' കാണുക.

സണ്ടെസ്കൂൾ, പൗരസ്ത്യ ഓർത്തഡോക്സ്: നവീകരണത്തെ ചെറുക്കുവാൻ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ ആഹ്വാനപ്രകാരം മിക്ക ഇടവകകളിലും സണ്ടെസ്കൂൾ ആരംഭിച്ചു. ഇടവകപത്രികയിൽ ഇത് സംബന്ധിച്ച് ധാരാളം വാർത്തകൾ കാണുന്നു. 1873-ലെ പരുമല യോഗത്തിൽ 13-ാം നിശ്ചയത്തിൽ

മതവിദ്യാഭ്യാസ പുരോഗതി സുറിയാനി ക്രിസ്ത്യാനി സമൂഹത്തിന്റെ ലക്ഷ്യമായി മലങ്കര മെത്രാപ്പോലീത്താ പ്രഖ്യാപിക്കുന്നുണ്ട്. തെക്കൻപ്രദേശങ്ങൾ ഈ ആഹ്വാനം സ്വീകരിച്ച് സുറിയാനി സുവിശേഷ പ്രചാരസംഘവും കോതമംഗലം പ്രദേശങ്ങളിൽ ത്രീസായ് ശുബഹോ സംഘവും കോട്ടയം പ്രദേശങ്ങളിൽ മലങ്കര സുറിയാനി സുവിശേഷ സംഘവും കുന്നംകുളം പ്രദേശത്ത് യാക്കോബായ സഭാ അഭിവർദ്ധിനീ സംഘവും കോഴഞ്ചേരി പ്രദേശത്ത് യാക്കോബായ സുറിയാനി സഹോദരൈക്യ സംഘവും അതത് പ്രദേശങ്ങളിൽ സണ്ടേസ്കൂൾ പ്രവർത്തനത്തിന് നേതൃത്വം നൽകി. ഇപ്രകാരം സ്ഥാപിക്കപ്പെട്ട ആദ്യത്തെ സണ്ടേസ്കൂൾ പഴഞ്ഞിപള്ളിയിലെ സണ്ടേസ്കൂൾ (1870) ആണെന്ന് ഒ. എസ്. എസ്. എ. ഇ. ഡയറക്ടർ ജനറൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 1900-ൽ പ്രസിദ്ധീകരണം ആരംഭിച്ച സുറിയാനി സുവിശേഷകൻ ഇടവകകളിലെ സണ്ടേസ്കൂൾ വിദ്യാഭ്യാസത്തിന് ഉതകുന്ന വേദകഥകളും ചരിത്രപാഠങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. 1906-ൽ പ്രസിദ്ധീകരിച്ച ആദ്യത്തെ സഭാപഞ്ചാംഗത്തിൽ 85 സ്ഥലങ്ങളിൽ സണ്ടേസ്കൂൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1908-ൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്താ സംഘടിപ്പിച്ച സിറിയൻ വിദ്യാർത്ഥി കോൺഫ്രൻസ് (പില്ക്കാലത്തെ എം. ജി. ഒ. സി. എസ്. എം.) സണ്ടേസ്കൂൾ പ്രവർത്തനദൗത്യം മുഖ്യ ദൗത്യമായി ഏറ്റെടുക്കുന്നുണ്ട്.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് സണ്ടേസ്കൂളുകൾ ഒരു സംഘടനയാക്കി ഏകോപിച്ചു. ആദ്യ സെക്രട്ടറിയായി ഒളശ്ശ നാലാത്ര എൻ. ഐ. പോത്തനെ (പിന്നീട് ശെമ്മാശൻ) നിയമിച്ചു. അദ്ദേഹം സ്വന്തം പത്രാധിപത്യത്തിൽ സ്വന്തം പണം മുടക്കി വേദാധ്യാപകൻ എന്ന മാസിക സണ്ടേസ്കൂൾ അധ്യാപകർക്ക് വേണ്ടി പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. പൊതുവായി പ്രസ്ഥാനത്തിന് ഒരു കരിക്കുലവും സിലബസും ആദ്യമായി സെക്രട്ടറി രൂപംകൊടുത്ത് അവതരിപ്പിച്ചത് ആ മാസികയിലൂടെയാണ്. 1917-ൽ വിദ്യാർത്ഥിസംഘത്തിന്റെ ഭരണഘടനയിൽ സണ്ടേസ്കൂൾ പ്രവർത്തനം ലക്ഷ്യമാക്കുന്നതായി പ്രസ്താവിച്ചു. അധ്യാപകർക്കായുള്ള പരിശീലന ക്ലാസ്സുകൾ സെക്രട്ടറി സംഘടിപ്പിച്ചിരുന്നു. 1932-ൽ ഫാ. കെ. ഡേവിഡ് സെക്രട്ടറിയായി. അതോടെ പ്രസ്ഥാനത്തിന് വേരോട്ടം വർദ്ധിച്ചു. 1958-ൽ സഭ യോജിച്ചപ്പോൾ പൗലൂസ് പീലക്സിനോസ് പ്രസിഡണ്ടും കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പാ ഡയറക്ടർ ജനറലും ഫാ. കെ. ഡേവിഡ് പാഠപുസ്തക കമ്മിറ്റി ചുമതലക്കാരനുമായി ഇരുഭാഗത്തെയും സണ്ടേസ്കൂൾ പ്രവർത്തനം ഒ. എസ്. എസ്. എ. ഇ. എന്ന പേരിൽ ഏകോപിപ്പിച്ചു. അതിനുശേഷം മാർ കൂറിലോസും മാർ എപ്പിപ്പാനിയോസും മാർ മിലിത്തിയോസും പ്രസിഡണ്ടന്മാരായും സി. വി. ജോർജ്ജ് കോറെ

പ്പിസ്ക്കോപ്പാ, ഫാ. ടി. ജെ. ജോഷ്വാ എന്നിവർ ഡയറക്ടർ ജനറൽമാരായും പ്രവർത്തിച്ചു. സിലബസ് പരിഷ്ക്കരണം നടന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം നടപ്പാക്കി. ഒ. വി. ബി. എസ്. വിജയപൂർവ്വം നടത്തുന്നു.

സത്യം: സ്ഥിരതയുള്ളത്. പരിശുദ്ധാത്മാവ് സത്യത്തിന്റെ ആത്മാവ്. സത്യം ദൈവമാണ്. എല്ലാ നന്മയുടെയും ആകത്തുകയാണ് സത്യം.

സത്യവാൻ കൊട്ടാരക്കര: സാമൂഹ്യ പ്രവർത്തകൻ, ചിത്രകാരൻ. സ്കൂൾ അദ്ധ്യാപകനായിരുന്നു. സ്കൂളിലെ രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പ് നിർത്തലാക്കണമെന്ന ആവശ്യവുമായി ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ചു. വിദ്യാഭ്യാസ സുരക്ഷാ സമിതി എന്ന പ്രസ്ഥാനത്തിന്റെ കൺവീനർ. സഭയിലെ അഴിമതിക്കും ദുഷിപ്പുകൾക്കുമെതിരെ പ്രതികരിക്കുന്നു. മികച്ച സാമൂഹ്യ പ്രവർത്തകനുള്ള നിരവധി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

സത്യോപദേശം: '*പത്ഥ്യോപദേശം*' കാണുക.

സന്നദ്രീം: യഹൂദപരമാധികാരസമിതി. 71 അംഗങ്ങൾ. കൂടെ ഇരിക്കുന്നത് എന്ന് പദാർത്ഥം. മോശ ഇത്തരം സംഘം ആദ്യമായി രൂപീകരിച്ചു. പ്രവാസശേഷം എസ്രാ പുനഃസംഘടിപ്പിച്ചു. എ. ഡി. 70-ൽ യരൂശലേം നശിച്ചപ്പോൾ ഈ സംഘം ഇല്ലാതായി. മഹാപുരോഹിതൻ അധ്യക്ഷൻ. സദൂക്യരും - പരീശരും അംഗങ്ങൾ. യഹൂദ്യയിൽ മാത്രം അധികാരം. ഈ സമിതിയെ ധിക്കരിച്ചാൽ മരണശിക്ഷ. വധശിക്ഷ നടപ്പാക്കാൻ റോമ്മാ സർക്കാരിന്റെ അനുമതി വേണം. മൂന്നിൽരണ്ട് ഭൂരിപക്ഷം കിട്ടിയാലേ കുറ്റക്കാരനെന്ന് വിധിക്കൂ.

സന്ധിയാലോചനകൾ: സെമിനാരിക്കേസ് കാലത്ത് മഹാരാജാവ് (തിരുവിതാംകൂർ) ഇടപെട്ട് രാജിയാലോചനകൾ നടത്തി. സഭയിലെ വിശ്വാസാചാരങ്ങൾ വ്യത്യാസംകൂടാതെ പാലിക്കുമെങ്കിൽ സ്ഥാനം ഒഴിയുവാൻ തയാറാണെന്ന് കേസുകളിൽ അന്തിമമായി വിജയിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് II മഹാരാജാവിനോട് സന്നദ്ധത പ്രകടിപ്പിച്ചു. അത് സാധ്യമല്ലെന്ന് പാലക്കുന്നത്ത് തോമസ് അത്താനാസ്യോസ് മഹാരാജാവിനെ അറിയിച്ചതോടെ രാജിശ്രമങ്ങൾ പരാജയപ്പെട്ടു.

സെമിനാരിക്കേസ് ആരംഭിക്കുന്നതിന് മുമ്പ് പത്രോസ് തൃതീയൻ ബാവാ രാജിയാലോചനകൾക്കായി പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനെ പലവട്ടം പല കേന്ദ്രങ്ങളിലേക്കായി ക്ഷണിച്ചു. ക്ഷണം സ്വീകരിക്കപ്പെട്ടില്ല. ഒടുവിൽ പാലക്കുന്നത്ത് മെത്രാൻ നിരണം പള്ളിയിലുണ്ടെന്നറിഞ്ഞ് പാത്രിയർക്കീസും അനുയായികളും ഭരണാധികാരിയായ

മെത്രാനെ സന്ദർശിക്കുവാൻ നിരണം പള്ളിയിലെത്തി. എന്നാൽ പലർ മുഖേന സന്ദർശനത്തിനും ചർച്ചയ്ക്കും ക്ഷണിച്ചിട്ടും കതക് അടച്ച് പൂട്ടിയ മുറിയിൽ ഒളിച്ചിരുന്നതല്ലാതെ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ബാവായുടെ രാജിയാലോചനയോട് സഹകരിച്ചില്ല.

പിന്നീട് 20-ാം നൂറ്റാണ്ടിൽ കാതോലിക്കാ-പാത്രിയർക്കീസ് കക്ഷികൾ തമ്മിൽ വ്യവഹാരം നടക്കുമ്പോഴും സന്ധിയാലോചനകൾ നടന്നു. അവ താഴെ ചേർക്കുന്നു.

1. ഇ. ജെ. ജോൺ വക്കീൽ മെത്രാപ്പോലീത്താ-അത്മായ ട്രസ്റ്റികളെ വിളിച്ച് നടത്തിയ രാജിശ്രമം പരാജയപ്പെട്ടു. 2. മലങ്കരമെത്രാൻ മർദ്ദീനിൽ ചെന്ന് ഏലിയാസ് III ബാവായുമായി നടത്തിയ ചർച്ച. അത് വിജയിച്ചുവെങ്കിലും മാർ യൂലിയോസ് മെത്രാൻ സമാധാനകല്പന മുക്കിയതോടെ ഫലത്തിൽ പരാജയപ്പെട്ടു. 3. ഇർവിൻ പ്രഭു, ബിഷപ്പ് വാൽഷ്, ആർച്ച് ബിഷപ്പ് ഗോർ, ബിഷപ്പ് വെസ്റ്റ് കോർട്ട് എന്നിവർ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. 4. ഏലിയാസ് III മലങ്കരയിലെത്തി രാജിശ്രമം എന്ന നാടകം നടത്തി. പരാജയപ്പെട്ടു. 5. ഗീവറുഗീസ് II ബാവാ ഹോംസിൽ അപ്രേം ബാവായെ കണ്ടു. ചർച്ച നിഷ്ഫലമായി.

6. ആലുവാ വട്ടമേശ സമ്മേളനം പരാജയപ്പെട്ടു. 7. കെ. സി. ചാക്കോ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. 8. പീസ് ലീഗിന്റെ ഭീഷണി കലർന്ന രാജിശ്രമം പരാജയപ്പെട്ടു. 9. സുപ്രീംകോടതി വിധിയിലൂടെ കാര്യങ്ങൾ തീരുമാനിക്കപ്പെട്ടു. വ്യവസ്ഥകളൊന്നും കൂടാതെ പാത്രിയർക്കീസ് കാതോലിക്കേറ്റിനെ സ്വീകരിച്ചു. ഭരണഘടനയ്ക്ക് വിധേയമായി പാത്രിയർക്കാ വിഭാഗത്തെ കാതോലിക്കോസ് സ്വാഗതം ചെയ്തു. 1970 വരെ സമാധാനം നിലനിന്നു.

സന്യാസി/സന്യാസിനി: ഭാരതീയ പാരമ്പര്യത്തിൽ 4-ാം ആശ്രമം. വിരക്തിയാണ് ഭാവം. എല്ലാ ആസക്തികളോടും വൈരാഗ്യം വന്ന അവസ്ഥ. ക്രൈസ്തവ പാരമ്പര്യത്തിൽ ഏകാന്തവാസവും സമൂഹവാസവും ഉണ്ട്. തീബ്സിലെ വി. പൗലൂസും അന്തോണിയോസും ഏകാന്ത ജീവിതക്കാർ. പക്കോമിയോസും ബസ്സേലിയോസും ദയറാ സമൂഹത്തിൽ ജീവിച്ചു.

ബസ്സേലിയോസിന്റെ സഹോദരി മക്രീന ശ്രദ്ധേയ വ്യക്തിത്വം. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നിവയാണ് മുദ്രാവാക്യങ്ങൾ. സന്യാസത്തിന്റെ പ്രധാന ചടങ്ങുകൾ തലയിൽ ശിരോവസ്ത്രവും തോളിൽ മരക്കുരിശും അണിയിക്കുക എന്നതാണ്. സന്യാസവും പൗരോഹിത്യവും തമ്മിൽ ബന്ധമില്ല. ദയറായിൽ നിന്നാണ് സിറിയായിലും മറ്റും

പുരോഹിതന്മാരെയും മേല്പട്ടക്കാരെയും തെരഞ്ഞെടുത്തിരുന്നത്. '*ആശ്ര മപ്രസ്ഥാനം*' കാണുക.

സന്യാസപ്രസ്ഥാനം, ക്രിസ്തീയ: ദാരിദ്ര്യം, ജീവിത വിശുദ്ധി, അനുസരണം ഇവ മുദ്രാവാക്യം. പരിപൂർണ്ണ വിശുദ്ധ ജീവിതം നയിക്കു വാനുള്ള തൃഷ്ണ. ക്രമേണ കൈയെഴുത്തു ഗ്രന്ഥങ്ങൾ പകർത്തുക, പഠി പ്പിക്കുക, ഗവേഷണം നടത്തുക, കലകളെ പോഷിപ്പിക്കുക എന്നീ ചുമ തലകൾ ഏറ്റെടുത്തു. ആരംഭം ഈജിപ്റ്റിൽ. അന്തോണിയോസ് ഉപജ്ഞാ താവ്.

സന്യാസവൈദികർ: വ്രതവാഗ്ദാനം ചെയ്ത് ആശ്രമ നിയമാവലി യനുസരിച്ച് ജീവിക്കുന്ന വൈദികർ.

സപ്ത ദേവാലയങ്ങൾ: മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ ഏഴ് പള്ളികൾ സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, ചായൽ, ഗോക്കമംഗലം, കോട്ടക്കാവ്, പാലൂർ എന്നിവയാണവ.

സഫ്രഗൻ ബിഷപ്പ്: മെത്രാപ്പോലീത്തായുടെ പ്രതിനിധിയായ ബിഷപ്പ്. അസിസ്റ്റണ്ട് ബിഷപ്പിനെയും ഈ പേരിൽ വിശേഷിപ്പിക്കുക പതി വാണ്.

സബ് ഡീക്കൻ: '*അപ്പ്ദ്യക്കിനോ*' കാണുക. 5-ാം പട്ടം. ഉപ ശെമ്മാശൻ.

സബെല്യൻ വാദം: മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ വേദവിപ രീതം. ദൈവം ഏക ആളത്വം. മൂന്നു കാലങ്ങളിൽ ആ ആളത്വം പിതാ വായും പുത്രനായും റൂഹാ ആയും വെളിപ്പെട്ടു. സബെല്യോസിനെ സഭ നിരാകരിച്ചു.

സഭാകാഹളം: കുന്നംകുളം പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ (റമ്പാൻ) എ. ഏർ. പി. (അക്ഷര രത്നപ്രകാശിക) യിൽ നിന്ന് പ്രസിദ്ധീ കരിച്ച മാസിക. വട്ടിപ്പണക്കേസിൽ തോറ്റസമയത്ത് ശെമ്മാശന്റെ തൂലി കയിൽ നിന്ന് പുറപ്പെട്ട വീറുറ്റ മുഖപ്രസംഗങ്ങൾ സമുദായത്തിന്റെ ഉശിരും ചൊടിയും വർദ്ധിപ്പിക്കാൻ സഹായിച്ചു. "മല്ലപ്പള്ളി മെത്രാച്ചൻ ശീമയിൽ നിന്ന് മടങ്ങി വന്നശേഷം 'കാഹളം' പത്രത്തിൽ ശെമ്മാശൻ കളിച്ച കളി കണ്ട് ആശ്ചര്യപരതന്ത്രനായി" എന്ന് റമ്പാച്ചന്റെ ജീവചരിത്രകാരൻ ഫാ. സി. കെ. മറ്റം *സ്മരണകിരണങ്ങളിൽ* രേഖപ്പെടുത്തിയിരിക്കുന്നു. വട്ടശ്ശേ രിൽ തിരുമേനിക്ക് 'സഭാ ഭാസുരൻ' എന്ന വിശേഷണം കൊടുത്തതും സഭാ കാഹളമാണ്.

സഭാചന്ദ്രിക: ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ നിന്ന് അങ്ക

മാലി മെത്രാസനത്തിന്റെ ജിഹ്വയായി പ്രസിദ്ധീകരിച്ചിരുന്ന മാസിക. അടുത്തകാലം വരെ മാസത്തിലൊന്ന് എന്നതു മാറ്റി ത്രൈമാസികമായി പ്രസിദ്ധീകരിച്ചിരുന്നു. ഇപ്പോൾ പ്രസിദ്ധീകരണം നിലച്ച മട്ടാണ്.

സഭാചരിത്രം, ആകമാന: അഞ്ചുകാലങ്ങൾ ആണ് പ്രധാന ഘട്ടങ്ങൾ 1. എ. ഡി. 324 വരെ. 2. സുന്നഹദോസുകളുടെ കാലം 3. മധ്യശതകങ്ങൾ 4. നവീകരണം. 5. ആധുനിക കാലം.

1. സഭ റോമ്മാ സാമ്രാജ്യത്തിലും പേർഷ്യൻ സാമ്രാജ്യത്തിലും ഭാരതത്തിലും ചൈനയിലുമായി വ്യാപിച്ചു. വളർച്ചയുടെ ഭാഗമായി പീഡകൾ ഏല്ക്കേണ്ടി വന്നു. പലരും രക്തസാക്ഷികളായി. 324-ൽ റോമ്മാ ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുകയും ഔദ്യോഗികമതമായി ക്രിസ്തുമതത്തെ അംഗീകരിക്കുകയും ചെയ്തതോടെ പീഡകൾ ഒട്ടു ശാന്തമായി. ആരാധന, വിശ്വാസം എന്നിവ രൂപംകൊണ്ട കാലം. മാമ്മൂദീസായും കുർബ്ബാനയും ആരാധനയുടെ കേന്ദ്രഭാഗങ്ങൾ ആയി. ജീവിതവിശുദ്ധി പാലിച്ചു. ത്രിയേകദൈവം, പുത്രന്റെ മനുഷ്യാവതാരം എന്നിവ ഘോഷിക്കപ്പെട്ടു. ഒപ്പം വിശ്വാസവിപരീതങ്ങൾ ഉണ്ടായി. മൊണ്ടേനിസത്തിന്റെ ഉണർവ് ആശയങ്ങൾ, ജ്ഞാനവാദത്തിന്റെ ഗുരു ദൈവവിശ്വാസം, ഏക ആളത്വം മൂന്നു കാലങ്ങളിൽ മൂന്നായി പ്രത്യക്ഷപ്പെട്ടു എന്ന സബെല്യനിസം (മോഡലിസം) ഏകദൈവത്തിൽ മൂന്ന് ശക്തികൾ എന്ന് ത്രിത്വത്തെ വ്യാഖ്യാനിച്ച ഡൈനമിസം, പുത്രൻ സൃഷ്ടിയെന്ന അറിയോന്യവാദം ഇവരെയൊക്കെ സഭ ഉപേക്ഷിച്ചു. ഒപ്പം അപ്പോസ്തോല പിതാക്കന്മാർ, അപ്പോളജിസ്റ്റുകൾ, രക്തസാക്ഷികൾ എന്നിവരെയും ജസ്റ്റിനെയും ഐറേനിയോസിനെയും സഭാപിതാക്കന്മാരായി പ്രഖ്യാപിച്ചു.

2. 325-ലെ നിഖ്യാ സിനഡ് അറിയോസിനെതിരെ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ ഒരു വിശ്വാസപ്രമാണം അംഗീകരിച്ചു. ത്രിത്വനാമത്തിലെ മാമ്മൂദീസാ വേദവിപരീതികൾ നൽകിയാലും സ്വീകാര്യമെന്ന് നിശ്ചയിച്ചു. ഈസ്റ്റർ തീയതിയെപ്പറ്റി തീരുമാനിച്ചു. കൂടാതെ 20 നിയമങ്ങൾ സ്വീകരിച്ചു. 410-ൽ കൂടിയ പേർഷ്യൻ സിന്നഡ് നിഖ്യാവിശ്വാസപ്രമാണം അംഗീകരിച്ചു. 381-ലെ കുസ്തന്തീനോപോലീസിലെ സിനഡ് നിഖ്യാനിശ്ചയങ്ങൾ സ്ഥിരീകരിച്ചു. 431-ലെ എഫേസൂസ് സിനഡ് നെസ്തോറിയോസിനെ സഭാഭ്രംശം ചെയ്തു. 451-ൽ കൂടിയ കൽക്കിദൂൻ സിനഡ് ഇരുസ്വഭാവവാദം അംഗീകരിച്ചു.

3. കൽക്കിദൂൻ സിനഡ് ക്രൈസ്തവലോകത്തെ വിഭജിച്ചു. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കൽക്കിദൂൻ സിനഡിനെതിരായും മറ്റു സഭകൾ അനുകൂലമായും വർത്തിച്ചു. പാശ്ചാത്യസഭ റോമിന്റെ കീഴിൽ ധ്രുവീകരിക്കപ്പെട്ടു. പൗരസ്ത്യസഭകൾ ഇതിനെ എതിർത്തു. പൗരസ്ത്യ സഭയിൽ

ഗ്രീക്കു സ്വാധീനം അംഗീകരിച്ചവർ ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ ആയി ഒന്നിച്ചപ്പോൾ പൗരസ്ത്യസഭ രണ്ടായി. ഓറിയന്റൽ സഭകളും ബൈസന്റയിൻ സഭകളും. പാശ്ചാത്യസഭ പേപ്പസിയെ കേന്ദ്രമാക്കി പുരോഗമിച്ചു.

4. പാശ്ചാത്യസഭയിൽ ഞെട്ടലേല്പിച്ചുകൊണ്ട് മാർട്ടിൻ ലൂതറിന്റെ നേതൃത്വത്തിൽ 1517-ൽ നവീകരണം യൂറോപ്പിൽ അരങ്ങേറി. പേപ്പസിയ്ക്കെതിരായി 95 പ്രസ്താവനകൾ ലൂതർ പുറത്തിറക്കി. ലൂതറിന് ശക്തമായ പിന്തുണ ലഭിച്ചു. ജോൺ കാൽവിൻ, സ്വിംഗ്ലി തുടങ്ങിയവർ നവീകരണത്തിന്റെ വ്യാസവും ആഴവും വർദ്ധിപ്പിച്ചു. ട്രെന്റ് സിന്നഡ് (1545-50, 50-52, 60-64) ലൂതറിന്റെ ആശയങ്ങളെ നിരസിച്ചു. ലൂതറൻ, കാൽവിനിസ്റ്റ്, പ്രസ്ബിറ്റീറിയൻ, ആംഗ്ലിക്കൻ, കോൺഗ്രിഗേഷണൽ, ബാപ്റ്റിസ്റ്റ് എന്നീ പ്രൊട്ടസ്റ്റണ്ട് സഭകൾ 16, 17 നൂറ്റാണ്ടുകളിൽ ഉദ്ഭവിച്ചു. ഇവരെല്ലാം വേദപുസ്തകത്തിന്റെ കേന്ദ്രസ്ഥാനം അംഗീകരിച്ചു; പാപ്പായുടെ ആഗോളാധികാരത്തെ നിഷേധിച്ചു.

5. ഇപ്പോൾ ചിത്രം ഇതാണ്. റോമൻസഭ, ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ, ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ, പേർഷ്യൻ സഭ, പല തട്ടിൽ കഴിയുന്ന പ്രൊട്ടസ്റ്റണ്ട് സഭകൾ. വ്യവസ്ഥാപിത സഭകളിൽ സഭാഐക്യത്തെപ്പറ്റി ബോധ്യമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം കത്തോലിക്കാസഭയും ഒന്നയഞ്ഞിട്ടുണ്ട്. പ്രൊട്ടസ്റ്റണ്ട് സഭകളും ഓർത്തഡോക്സ് സഭകളും അഖിലലോക സഭാകൗൺസിൽ, ദേശീയ കൗൺസിലുകൾ എന്നിവ വഴിയായി എക്യുമെനിക്കൽ സംരംഭങ്ങളിൽ സഹകരിക്കുന്നു.

സഭാജ്യോതിസ് (1): കോട്ടയം ഓർത്തഡോക്സ് സെമിനാരി സ്ഥാപകനും 1811-ലെ മലയാളം ബൈബിളിന്റെ വിവർത്തകരിൽ നേതാവും ആയ കുന്നംകുളം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായെ 175-ാം ചരമജൂബിലി വർഷത്തിൽ 1990-ൽ മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സിന്നഡ് മാത്യൂസ് II ബാവായുടെ അധ്യക്ഷതയിൽ 'മലങ്കര സഭാജ്യോതിസ്' എന്ന ബഹുമതി ബിരുദം നൽകി ആദരിച്ചു. ആദ്യമായി മലങ്കരസഭ ഒരു മെത്രാപ്പോലീത്തായ്ക്ക് നൽകിയ ബിരുദം. ബൈബിൾ വിവർത്തനത്തിലൂടെയും സെമിനാരി സ്ഥാപനത്തിലൂടെയും സമൂഹത്തെയും സഭയെയും പ്രകാശം നൽകി നയിച്ചു എന്ന ചരിത്രബോധ്യത്തിന്റെ അംഗീകാരമാണ് ആ ബിരുദ പ്രഖ്യാപനത്തെ സാധ്യമാക്കിയ ചേതോവികാരം. ബൈബിളും സെമിനാരിയും സമൂഹത്തിലെ അന്ധകാരത്തെ ഭേദിക്കുന്ന വജ്രസൂചിയായിരുന്നു എന്ന ചരിത്രസാക്ഷ്യം ഇതിലൂടെ പ്രഘോഷിതമായി. ഇത് സംബന്ധിച്ച പ്രഖ്യാ

പനം സുന്നഹദോസധ്യക്ഷൻ പാലൂർ ചാട്ടുകുളങ്ങര പള്ളിയിലെ ആരാധ നാമദ്ധ്യേ മൂന്ന് വട്ടം വലതുകരമുയർത്തി പ്രഖ്യാപിച്ചു. ദിഗന്തങ്ങളെ വിറ കൊള്ളിക്കുന്ന വെടിപടഹങ്ങളുടെ ഗംഭീര ശബ്ദം ആ പ്രഖ്യാപനത്തെ ഏറ്റുവാങ്ങിക്കൊണ്ടാണ് ഒരു വർഷം നീണ്ടു നിന്ന അദ്ദേഹത്തിന്റെ 175-ാം ചരമവാർഷികം സഭാതലത്തിൽ കുന്നംകുളത്ത് സമാപിച്ചത്. ആഘോ ഷങ്ങളുടെ ഭാഗമായി നടന്ന സെമിനാറുകളിലെ പ്രബന്ധങ്ങൾ 'സെമിനാർ പ്രബന്ധങ്ങൾ' എന്ന പേരിലും അദ്ദേഹത്തിന്റെ ജീവചരിത്രം സഭാ ജ്യോതിസ് എന്ന പേരിലും പ്രസിദ്ധീകരിക്കപ്പെട്ടു.

സഭാജ്യോതിസ് (2): കോട്ടയം പഴയസെമിനാരി സ്ഥാപകനും 1811-ലെ മലയാളം ബൈബിളിന്റെ വിവർത്തകനുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ മലങ്കര മെത്രാപ്പോലീത്തായുടെ ജീവചരിത്രം ആധാരമാക്കി അദ്ദേഹത്തിന്റെ 175-ാം ചരമവാർഷികത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥം. ഇതിന്റെ ഗ്രന്ഥകർത്താവ് ഫാ. ഡോ. ജോസഫ് ചീരൻ. പ്രസാധകൻ: നിയുക്ത കാതോലിക്കാ പൗലൂസ് മാർ മിലിത്തിയോസ്. പ്രസിദ്ധീകരണ വർഷം 1990.

സഭാപരിപാലനശാസ്ത്രം: ദൈവശാസ്ത്രത്തിന്റെ ഒരു വിഭാഗം. ആരാധന, ഇടവകഭരണം, ഇടവക സന്ദർശനം മുതലായവയാണ് ഇതിലെ വിഷയങ്ങൾ.

സഭാപിതാക്കന്മാർ: സഭയുടെ ആധികാരിക വക്താക്കൾ. ബസ്സേ ലിയോസ്, നാസിയാൻസസിലെ ഗ്രീഗോറിയോസ് തുടങ്ങിയവർ.

സഭാപിതാക്കന്മാരുടെ വിജ്ഞാനീയം: സഭാപിതാക്കളുടെ എഴു ത്തുകളെ പഠിക്കുന്ന ശാഖ.

സഭാബഹിഷ്ക്കരണം: ഭ്രഷ്ട്. സഭാപരമായ കുറ്റകൃത്യങ്ങളുടെ പേരിൽ സഭാധികാരികൾ സ്വീകരിക്കുന്ന കാനോനികമായ ശിക്ഷാനടപ ടികൾ.

സഭാഭരണഘടന (ഓർത്തഡോക്സ് സഭ): 1928 ഓഗസ്റ്റ് 15-ന് മാനേജിംഗ് കമ്മറ്റി റാവുസാഹിബ് ഒ. എം. ചെറിയാൻ കൺവീനർ ആയി ഒരു കമ്മറ്റി രൂപീകരിച്ചു. എപ്പിസ്ക്കോപ്പസിയുടെ അധികാരവ്യാപ്തി യെപ്പറ്റിയുള്ള വിവാദങ്ങൾ ഏറെ പ്രശ്നമുണ്ടാക്കി. എല്ലാ വിഷയങ്ങളിലും എപ്പിസ്ക്കോപ്പൽ സിനഡിന് പരമാധികാരമുണ്ടായിരിക്കണമെന്ന് മലങ്കര മെത്രാപ്പോലീത്താ ശഠിച്ചു. ആത്മീയ കാര്യങ്ങളിൽ മാത്രമേ അതാകാവൂ എന്ന് കമ്മറ്റിയും ശഠിച്ചു. ഒടുവിൽ മലങ്കര മെത്രാപ്പോലീത്താ 1934 ഫെബ്രു വരിയിൽ കാലംചെയ്തതിന് ശേഷം 1934 ഡിസംബർ 26-ന് കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന അസോസ്യേഷൻ ഭരണഘടന അംഗീ

കരിച്ച് നടപ്പിലാക്കി. എപ്പിസ്ക്കോപ്പൽ ശൈലിയും ജനകീയശൈലിയും സമന്വയിപ്പിച്ച വ്യവസ്ഥകളാണ് 1934-ലെ ഭരണഘടനയിൽ ഉണ്ടായിരുന്നത്. ഭരണഘടന പാസ്സാക്കിയ യോഗം സാധുവായ അസോസ്യേഷൻ ആണെന്ന് 1958-ലും 1934-ലെ ഭരണഘടന എല്ലാ സഭാസ്ഥാപനങ്ങൾക്കും ഇടവകകൾക്കും ബാധകമാണെന്ന് 1995-ലും സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു. 1951-ലും 1967-ലും ചില ഭേദഗതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭരണഘടനയ്ക്ക് വിധേയമായി സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേകം ഭരണഘടനകളും നടപടിച്ചട്ടങ്ങളും നിലവിലുണ്ട്.

സഭാഭാസുരൻ: '*മലങ്കര സഭാ ഭാസുരൻ*' കാണുക.

സഭാലക്ഷണങ്ങൾ: നാല് അടിസ്ഥാന ലക്ഷണങ്ങൾ. 1. ഏകം, 2. വിശുദ്ധം, 3. കാതോലികം, 4. ശ്ലൈഹികം.

സഭാവർഷം: '*ആരാധനാവത്സരം*' കാണുക.

സഭാവിജ്ഞാനീയം: യേശുവിലൂടെ ത്രിത്വത്തെക്കുറിച്ചുള്ളതാണ് സഭയുടെ അടിസ്ഥാന വിശ്വാസം. അതിൽത്തന്നെ ക്രിസ്തുവിന്റെ മരണവും ഉയിർപ്പും പ്രധാനം. അപ്പോസ്തോലന്മാരുടെ വിളിയും പെന്തിക്കോസ്തിയിലെ ആത്മസ്നാനവും പ്രധാന ഘടകങ്ങൾ തന്നെ. സഭയ്ക്ക് പല പ്രതീകാത്മക പേരുകളുണ്ട്. 1. ദൈവജനം. 2. പുതിയ ഇസ്രായേൽ, 3. ദൈവത്തിന്റെ മന്ദിരം, 4. ക്രിസ്തുവിന്റെ മണവാട്ടി, 5. ക്രിസ്തുവിന്റെ ശരീരം.

സാക്ഷികളുടെ വലിയ സമൂഹവും സഭയിലുണ്ട്. സഭയുടെ 4 വിശേഷണങ്ങൾ: 1. ഏകം, 2. വിശുദ്ധം, 3. കാതോലികം, 4. അപ്പോസ്തോലികം. സഭയുടെ വിശ്വാസപ്രമാണത്തിൽ ഈ അടിസ്ഥാന വിശ്വാസകാര്യങ്ങളെല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്നു.

സഭാശാസ്ത്രം: ഗ്രീക്കിൽ എക്ലീസിയാ. സഭാ ആരാധനാകേന്ദ്രങ്ങളുടെ നിർമ്മിതി, അവയുടെ അലങ്കാരരീതികൾ മുതലായവ വിവരിക്കുന്ന ശാഖ. സഭയെപ്പറ്റിയുള്ള പഠനങ്ങൾക്കും ഈ പദം ഉപയോഗിക്കുന്നു. '*സഭാവിജ്ഞാനീയം*' കാണുക.

സഭാസമാധാനം: 1958-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് രണ്ടു കക്ഷികളായി നിന്നിരുന്ന മലങ്കരസഭ 1958 ഡിസംബറിൽ പരസ്പരം സ്വീകരിച്ചു. പാത്രിയർക്കീസും കാതോലിക്കോസും പരസ്പരം സ്വീകരിച്ചു. സഭയിൽ സമാധാനമുണ്ടായി. 1934-ൽ പാസ്സാക്കി നടപ്പിലിരിക്കുന്ന സഭാഭരണഘടനയ്ക്ക് വിധേയമായിരുന്നു സ്വീകരണം. കോടതിച്ചെലവ് മറുവിഭാഗത്തിന് നൽകണമെന്ന വിധിയിൽ നിന്ന് രക്ഷപ്പെടാനായിരുന്നു പാത്രി

യർക്കീസ് വിഭാഗം പെട്ടെന്ന് സമാധാനത്തിന് മുതിർന്നത്. സമാധാനത്തെ തുടർന്ന് ഗീവർഗീസ് ദ്വിതീയൻ ബാവാ ആ പണം വേണ്ട എന്ന് തീരുമാനിച്ചു. 1970-ന് ശേഷം സിറിയൻ പാത്രിയർക്കീസും ഒരു വിഭാഗവും ഭരണഘടനാലംഘനം തുടർച്ചയായി സ്വീകരിച്ചതോടെ സഭാസമാധാനം തകർക്കപ്പെട്ടു.

സഭാസേവകൻ: ഇസഡ്. എം. പാറേട്ട് സ്വന്തം ഉടമസ്ഥതയിൽ നടത്തിയിരുന്ന ഒരു പത്രം. കാതോലിക്കേറ്റിന്റെ നിലപാടുകൾ ഈ പത്രം വിശദീകരിച്ചു. സഭയിലെ അനാശാസ്യ പ്രവണതകളെ വിമർശിച്ചു.

സമാഗമന കൂടാരം: യഹോവയുടെ നിർദ്ദേശപ്രകാരം മോശ നിർമ്മിച്ചു. സാക്ഷ്യപെട്ടകം പ്രധാന ഭാഗം (പുറ. 25:10-22). മഹാവിശുദ്ധ സ്ഥലവും വിശുദ്ധ സ്ഥലവും തിരശ്ശീല കൊണ്ട് വേർതിരിക്കപ്പെട്ടു. മഹാവിശുദ്ധ സ്ഥലത്ത് ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മാത്രം പ്രവേശിച്ച് പാപപരിഹാര ശുശ്രൂഷ അർപ്പിച്ചു (ലേവ്യ 16). ധൂപാർപ്പണത്തിന് സ്വർണ്ണയാഗപീഠം, സ്വർണ്ണം പൊതിഞ്ഞ മേശ, ശിഖരങ്ങളുള്ള സ്വർണ്ണ വിളക്ക്, പേടകത്തിന്റെ മുകൾഭാഗം കൃപാസനം. അവിടെ കെരൂബുകൾ. കൂടാരത്തെക്കുറിച്ചും, ഓരോ ഉപകരണത്തെക്കുറിച്ചും (പുറ. 35:40, പുറ. 36-39) പഴയനിയമത്തിൽ വിവരിച്ചിട്ടുണ്ട്. കാഹളമൂതി ആളുകളെ വിളിച്ചുകൂട്ടി. നിയമപെട്ടകം ഗിൽഗാലിൽ ആയിരുന്നു. സൈന്യത്തോടൊപ്പം പെട്ടകവും കൊണ്ടുപോയി. യെശീഹോ, ഹായ്, ഏബാൻ, ശീലോ എന്നിവിടങ്ങളിൽ കൂടാരം സ്ഥാപിച്ചു. ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ് കൂടാരം.

സമാധാനം: വി. കുർബ്ബാനയിൽ കാർമ്മികൻ ദർഗായിൽ പ്രവേശിച്ചാൽ സഭാംഗങ്ങൾ പരസ്പരം സമാധാനം നൽകുന്ന അനുഷ്ഠാനമുണ്ട്. ശുബ്ക്കോനോ ശുശ്രൂഷയിലും ഉയിർപ്പിന്റെ പ്രത്യേക ശുശ്രൂഷയിലും ഔപചാരികമായി സമാധാനം പരസ്പരം കൈമാറുന്ന അനുഷ്ഠാനമുണ്ട്. കൈകസ്തൂരി കൊടുക്കുക എന്ന് ഈ അനുഷ്ഠാനത്തിന് പര്യായമുണ്ട്.

സമാധാനം നൽകുക: കുർബ്ബാന, മാമ്മൂദീസാ, പട്ടംകൊട, മൂറോൻ കൂദാശ തുടങ്ങിയ ശുശ്രൂഷകളിൽ കാർമ്മികൻ ജനങ്ങളുടെ നേരെ സ്ലീബാ ഭാഷയിൽ സമാധാനം ആശംസിക്കുന്ന ക്രിയാനുഷ്ഠാനമുണ്ട്.

സമിയോ: കുരുടൻ. നോമ്പിലെ ആറാം ഞായർ. അന്ന് കാതോലിക്കാ - സഭാ - ദിനം കൂടെയാണ്.

സമുദായക്കേസുകൾ: 1. സെമിനാരിക്കേസ്. കോട്ടയം പഴയസെമിനാരി ഉൾപ്പെടെയുള്ള മലങ്കരസഭയുടെ സ്വത്തുക്കൾ നവീകരണക്കാരിൽ നിന്ന് മോചിപ്പിക്കുവാൻ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നടന്ന

വ്യവഹാരം. നവീകരണക്കാർക്കെതിരായി 1889-ൽ റോയൽക്കോടതി വിധിയുണ്ടായി.

2. വട്ടിപ്പണക്കേസ്. അബ്ദുള്ള പാത്രിയർക്കീസ് വട്ടശ്ശേരിൽ മെത്രാച്ചനെ മുടക്കിയതിനെ തുടർന്നുണ്ടായ കേസ്. മലങ്കര മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായ വിധിയുണ്ടായി.

3. ഭരണഘടനയുണ്ടാക്കിയതിനാൽ ഗീവർഗീസ് II ബാവായെയും മറ്റും സഭയ്ക്കെതിരായി പ്രഖ്യാപിക്കുവാൻ പാത്രിയർക്കീസ് ഭാഗം നടത്തിയ സമുദായക്കേസ്. 1958-ൽ സുപ്രീംകോടതി കാതോലിക്കോസിനനുകൂലമായി വിധിച്ചു.

4. സഭയിലെ സ്വത്തുക്കൾ മാവേലിക്കര സിന്നഡിനെത്തുടർന്ന് വിഭജിക്കാൻ നിയമിതമായ കൊച്ചിൻ കമ്മറ്റിയുടെ 1840 ഏപ്രിൽ 4- ലെ കൊച്ചിൻ അവാർഡ്.

5. കൊല്ലം കമ്മിറ്റി. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് രാജിവച്ച സ്ഥാനത്ത് മലങ്കരമെത്രാനായി ആരെ നിയമിക്കണമെന്ന് ശുപാർശ ചെയ്യാൻ മഹാരാജാവ് നിയമിച്ച കൊല്ലം കമ്മിറ്റി പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന് അനുകൂലമായി വിധി പ്രസ്താവിച്ചു.

6. 1970-ന് ശേഷം അനധികൃതമായി പാത്രിയർക്കീസ് വാഴിച്ച മെത്രാന്മാർക്ക് മലങ്കരസഭയിൽ സ്ഥാനമില്ലെന്ന് പ്രഖ്യാപിക്കുവാൻ നൽകിയ കേസിൽ 1995-ൽ സുപ്രീംകോടതി കാതോലിക്കോസിന് അനുകൂലമായി വിധി പ്രസ്താവിച്ചു.

7. സുപ്രീംകോടതി വിധി നടപ്പിലാക്കിക്കിട്ടുവാനുള്ള കേസ് അന്തിമ വിധിക്കായി സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്നു.

സമുദായട്രസ്റ്റിമാർ: മലങ്കരസഭയുടെ പൊതുസമുദായം വക സ്വത്തുക്കളുടെ ഭരണം നിർവഹിക്കുവാൻ മൂന്ന് ട്രസ്റ്റിമാരെ സഭ ഔദ്യോഗികമായി ചുമതലപ്പെടുത്തി. മേല്പട്ടക്കാരൻ മാത്രം കൈകാര്യം ചെയ്തിരുന്ന ആ അധികാരം വികേന്ദ്രീകരിക്കുവാൻ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II 1873-ലെ പരുമല സുന്നഹദോസിൽ സംവിധാനമുണ്ടാക്കുകയും 1876-ലെ മുളന്തുരുത്തി സുന്നഹദോസ് അത് സ്ഥിരപ്പെടുത്തുകയും ചെയ്തു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനും മാനേജിംഗ് കമ്മറ്റിയും സമുദായട്രസ്റ്റികളും ഈ വികേന്ദ്രീകരണത്തിന്റെ ഭാഗമാണ്. മെത്രാന്മാരുടെ ഏകനായക ശക്തി സഭയ്ക്ക് ഗുണകരമല്ലെന്ന മലങ്കര മെത്രാപ്പോലീത്തായുടെ അന്നത്തെ പ്രസ്താവന ഏതുകാലത്തും മലങ്കരസഭ ഗൗരവത്തിലെടുക്കേണ്ടതുണ്ട്. ട്രസ്റ്റിമാർ ഇവരാണ്. 1. മലങ്കര മെത്രാപ്പോലീത്താ (മെത്രാപ്പോ

ലീത്തൻ ട്രസ്റ്റി), 2. വൈദികട്രസ്റ്റി, 3. അത്മായ ട്രസ്റ്റി. ഈ മൂന്ന് പേരെയും മലങ്കര അസോസ്യേഷൻ തെരഞ്ഞെടുക്കണം.

സമുദായ സെക്രട്ടറി: അസോസ്യേഷന്റെയും മാനേജിംഗ് കമ്മറ്റി യുടെയും സെക്രട്ടറി. ഇദ്ദേഹത്തെ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടു ക്കുന്നു.

സമുദായ സംഘടന: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേ ഷൻ മലങ്കരസഭയുടെ സമുദായ സംഘടനയാണ്. കേരളത്തിലെ ഒന്നാ മത്തെ സമുദായ സംഘടനയും ഇത് തന്നെ. 1873–ൽ ഇത് ജന്മംകൊണ്ടു; പരുമലയിൽ. 1876–ൽ മുളന്തുരുത്തിയിൽ വച്ച് ഇത് ദൃഢപ്പെടുത്തി.

സർഗീസ്, ബാക്കോസ്: എ. ഡി. 303–ൽ രക്തസാക്ഷികളായി. റോമൻ പട്ടാളക്കാർ ആയിരുന്നു. ജൂപ്പിറ്റർ ദേവന് ബലികഴിക്കാൻ വിസമ്മ തിച്ചതിനെ തുടർന്ന് പീഡനത്തിൽ ബാക്കോസ് മരിച്ചു. സർഗീസ് ശിര ച്ഛേദം ചെയ്യപ്പെട്ടു. രണ്ടുപേരും പില്ക്കാലത്ത് ബിസന്റിയൻ സൈന്യ ത്തിന്റെ കാവൽപിതാക്കളായി അംഗീകരിക്കപ്പെട്ടു. ഒക്ടോ. 7–ന് ഓർമ്മ പ്പെരുന്നാൾ.

സർദിക്കാ സിന്നഡ്: 343–ൽ സർദിക്കായിൽ കൂടി. കോർദോവായിലെ ഹോസിയൂസ് അധ്യക്ഷൻ. അത്താനാസ്യോസ് ഉൾപ്പെടെ 170 ബിഷപ്പുമാർ സംബന്ധിച്ചു. നിഖ്യാ സിന്നഡിന് പിന്തുണ പ്രഖ്യാപിച്ചു.

സർപ്ലീസ്: റോമൻ–ആംഗ്ലിക്കൻ സഭകളിൽ വൈദികരും മറ്റും അണി യുന്ന വെളുത്ത അങ്കി. ഒരു കാലത്ത് മലങ്കര മെത്രാന്മാർ ഇത് ഉപയോ ഗിച്ചിരുന്നു (സുർപ്ലീസ് എന്നും പറയും).

സർവായുധവർഗ്ഗം: എഫേ. 6:10 മു. കാണുന്ന പദം. റോമൻ പടയാളി യുടെ വേഷത്തെ ആത്മീയമായി പൗലൂസ് വ്യാഖ്യാനിച്ചു. 1. സത്യമെന്ന അരക്കച്ച. 2. നീതിയാകുന്ന കവചം. 3. സമാധാന സുവിശേഷ സന്നദ്ധത യുടെ പാദരക്ഷ. 4. വിശ്വാസമെന്ന പരിച. 5. രക്ഷയെന്ന പടത്തൊപ്പി. 6. ദൈവവചനമാകുന്ന വാൾ.

സഹദാ: സാക്ഷി; രക്തസാക്ഷി. സഭ സ്മരിക്കുന്നു. തിരുശേഷിപ്പു കളെ ബഹുമാനിക്കുന്നു.

സഹദേന്മാരുടെ പട്ടണം: പൊതു സഭാചരിത്രത്തിൽ കാർത്തേജ് ഈ വിശേഷണത്താൽ അറിയപ്പെടുന്നു. മലങ്കരസഭാ ചരിത്രത്തിൽ ചാട്ടു കുളങ്ങര – കുന്നംകുളം ഈ ബഹുമതി അർഹിക്കുന്നു.

സഹനം: '*കഷ്ടത*' കാണുക.

സഹസ്രാബ്ദവാഴ്ച: വെളി. 20:2-7 ഭാഗത്തു കാണുന്ന ആശയം. ആയിരം വർഷം സാത്താൻ പാതാളത്തിൽ ബന്ധിക്കപ്പെടും. വിശുദ്ധ ജനം ഉയിർത്ത് ക്രിസ്തുവിനോട് ചേർന്ന് ഭരണം നടത്തും. വാഴ്ചയുടെ ഒടുവിൽ സാത്താൻ വിശുദ്ധരോട് പോരാടും. ഈ ആക്ഷരിക വ്യാഖ്യാനം സഭ സ്വീകരിച്ചിട്ടില്ല. കാലപൂർണ്ണതയിൽ യേശു അനന്തമായി വാഴും, സാത്താൻ അന്തിമമായി പരാജയപ്പെടും എന്ന അർത്ഥമാണ് പിതാക്കന്മാർ ഈ പ്രസ്താവനയ്ക്ക് നൽകിയിട്ടുള്ളത്.

സാംസൺ ഏബ്രഹാം: എഴുത്തുകാരൻ. തിരുവല്ലയ്ക്കടുത്ത് കുന്നന്താനം സ്വദേശി. ബൈബിൾ നിഘണ്ടു തുടങ്ങി പത്തോളം ഗ്രന്ഥങ്ങൾ രചിച്ചു.

സാക്സൺ വിശ്വാസപ്രഖ്യാപനം (1551): പ്രൊട്ടസ്റ്റണ്ട് വിശ്വാസ പ്രമാണം. വിശ്വാസത്താലുള്ള നീതീകരണത്തിന് അടിവരയിട്ടു. സഭ കാണപ്പെടുന്ന കൂട്ടായ്മയാണ്. കൂദാശയുടെ ദാനങ്ങൾ അനുഭവിക്കുന്ന വർക്ക് മാത്രം. ദൈവശാസ്ത്രജ്ഞന്മാർ മാത്രം ഇതിൽ ഒപ്പുവച്ചു.

സാക്ഷ്യപെട്ടകം: യഹോവയുടെ സാന്നിദ്ധ്യത്തിന്റെ സാക്ഷ്യവും പ്രതീകവുമായി സമാഗമനകൂടാരത്തിലും ദേവാലയത്തിലും വിശുദ്ധസ്ഥലത്ത് പ്രതിഷ്ഠിച്ചിരുന്ന പേടകം. നിയമത്തിന്റെ പലകകൾ, അഹറോന്റെ തളിർത്തവടി, മന്നാ ഇട്ടുവച്ച പൊൻപാത്രം എന്നിവ അതിനകത്ത് നിക്ഷേപിക്കപ്പെട്ടിരുന്നു.

സാക്ഷി: വിവാഹകൂദാശയിലും സുസ്ഥാത്തിക്കോനിലും രണ്ടു സാക്ഷികൾ വീതം ഒപ്പിടുവാൻ സഭ നിർദ്ദേശിക്കുന്നു.

സാക്ഷികളുടെ സമൂഹം: ആരാധനയിൽ പങ്കെടുക്കുന്ന ദൃശ്യ-അദൃശ്യ വിഭാഗങ്ങൾ.

സാജൻ പീറ്റർ: തിരുവനന്തപുരം പേരൂർക്കട ഇടവകയിൽ വേങ്ങശ്ശേരിൽ വി. സി. പീറ്ററിന്റെ പുത്രൻ. 1953 മാർച്ച് 7-ന് ജനനം. എം. എ., എം. ബി. എ., എൽ. എൽ. ബി., ഐ. എ. എസ്. എന്നീ ബിരുദങ്ങൾ നേടി. തിരുവനന്തപുരം, തൃശൂർ ആർ. ഡി. ഒ., പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ, ടൂറിസം വികസന കോർപ്പറേഷൻ എം. ഡി., പത്തനംതിട്ട, കോട്ടയം കളക്ടർ എന്നീ നിലകളിൽ പ്രശസ്തമായി പ്രവർത്തിച്ചു. ഇപ്പോൾ റബ്ബർ ബോർഡ് ചെയർമാൻ.

സാത്താൻ: ശത്രു, എതിരാളി. തിന്മയുടെ പ്രതീകം. പഴയനിയമത്തിൽ സാത്താന് ആളത്തം നൽകിയാണ് എഴുത്തുകാർ വർണ്ണിച്ചിട്ടുള്ളത്. ദൈവത്തിന്റെ എതിരാളി. സാത്താൻ ഒരു യാഥാർത്ഥ്യം. തിന്മയുടെ മൂർത്തി.

ക്രിസ്തു സാത്താന്റെ ആധിപത്യം പരാജയപ്പെടുത്തി. യുഗാന്ത്യത്തിൽ സാത്താന് അന്തിമ പരാജയം സംഭവിക്കും.

സാത്താനെ ഉപേക്ഷിക്കൽ: മാമ്മൂദീസായിലെ ഒരു ഭാഗം. 'അപ്പോസ്തോലിക പാരമ്പര്യം' എന്ന കൃതിയിൽ ഹിപ്പോളിറ്റസ് സ്നാപനം വിവരിക്കുമ്പോൾ ഈ കാര്യം പറയുന്നു. നിശ്ചിത രൂപമുള്ള ഉപേക്ഷണ വാക്യം പറയിക്കുക ഒരു കാലത്ത് ശുശ്രൂഷകരുടെ ജോലിയായിരുന്നു. ഇപ്പോൾ കാർമ്മികൻ തന്നെ പറയിക്കുന്നു. പടിഞ്ഞാറോട്ട് തിരിഞ്ഞാണ് സ്നാനാർത്ഥി ഇത് ചൊല്ലുക. മധ്യസ്ഥൻ സ്നാനാർത്ഥിയുടെ ഇടത് കൈ ഇടത്തുകൈ കൊണ്ട് പിടിച്ചിരിക്കും.

സാദീക്കോ: നീതിമാൻ. പരിശുദ്ധന്മാരുടെ കുക്കിലിയോനിലെ ആരംഭ പദം.

സാദൂക്യർ: പരീശരോട് ശത്രുതയുള്ള യഹൂദ വിഭാഗം. മതപരമായി യാഥാസ്ഥിതികർ. പാരമ്പര്യങ്ങളെ നിഷേധിച്ചു. ആത്മാക്കളിലും മാലാഖമാരിലും വിശ്വാസമില്ല. പ്രവൃത്തിയനുസരിച്ച് ഫലം കിട്ടുമെന്ന് പഠിപ്പിച്ചു.

സാധനം (1): മേല്പട്ടക്കാരുടെ എഴുത്തുകളെ സാധനം എന്ന് പറഞ്ഞിരുന്നു.

സാധനം (2): പാതിവ്രത്യശങ്കയിൽ സ്മാർത്തവിചാരത്തിന് ഹാജരാക്കപ്പെടുന്ന സ്ത്രീയെ 'സാധനം' എന്ന് വിളിച്ചിരുന്നു.

സാധു: സന്യാസി. റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ ആദ്യത്തെ ഘട്ടം. സാധു സുന്ദർസിംഗ് etc.

സാധു: നിയമത്തിന്റെ പിൻബലമുള്ളത്.

സാധു മത്തായി (1884–1971): 1884 ഫെബ്രുവരി 22-ന് ഒളശ്ശ കൊച്ചുവീട്ടിൽ കെ. ഐ. മത്തായി (സാധു മത്തായിച്ചൻ) ജനിച്ചു. അധ്യാപകനായിരുന്നു. ആലപ്പുഴ കേന്ദ്രമാക്കി മിഷണറി പ്രവർത്തനം നടത്തി. ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് (ആലപ്പുഴ), കരപ്പുറം മിഷൻ (ചേർത്തല) എന്നിവ രൂപപ്പെട്ടു. ആംഗ്ലിക്കൻ സഭാംഗമായിരുന്നു. കോട്ടയത്തിനടുത്ത് മാങ്ങാനത്ത് ക്രൈസ്താവാശ്രമവും കേരള ബാലഗ്രാമും സംഘടിപ്പിച്ചു. 1971 ആഗസ്റ്റ് 30-ന് നിര്യാതനായി.

സാധു കൊച്ചുകുഞ്ഞുപദേശി: ഇടയാറന്മുള മൂത്താംപാക്കൽ വീട്ടിൽ 1884-ൽ ജനിച്ചു. ഇടയാറന്മുള ഐക്യ ക്രിസ്തീയ കൂട്ടായ്മ സംഘടിപ്പിച്ചു. ക്രിസ്തീയ ഭക്തി പരിശീലന സമാജം, സ്ത്രീധന പരിത്യാഗ പ്രസ്ഥാനം, സൗജന്യ വിദ്യാഭ്യാസ പ്രസ്ഥാനം, തെന്നിന്ത്യാ മോക്ഷ

പ്രയാണസംഘം, ക്രിസ്തീയ ശുശ്രൂഷാസംഘം എന്നിവയ്ക്ക് തുടക്കമിട്ടു. അനാഥമന്ദിരങ്ങളും മറ്റും സ്ഥാപിച്ചു. പരമാർത്ഥ ക്രിസ്ത്യാനിത്വം, പരമാനന്ദ ക്രിസ്തീയ ജീവിതം, വ്യാപാരധർമ്മം, സ്ത്രീധനത്യാഗം, മലങ്കര സഭയിലെ ആത്മീയ ഉണർവ് എന്നിവ അദ്ദേഹത്തിന്റെ കൃതികൾ ആണ്. പ്രഭാത ദൂതൻ എന്ന മാസിക നടത്തി. ഒട്ടേറെ പ്രശസ്തമായ സുവിശേഷഗാനങ്ങൾ രചിച്ചു. ആശ്വാസഗീതങ്ങൾ അദ്ദേഹത്തിന്റെ രചനയാണ്. മാർത്തോമ്മാ സഭാംഗമായ ഇദ്ദേഹം 1945 നവം. 30 -ന് ദിവംഗതനായി.

സാന്റാക്ലോസ്: സെന്റ് നിക്കോളാസിന്റെ ചുരുക്ക രൂപം. മൈറായിലെ ബിഷപ്പ്. കുട്ടികളുടെ രക്ഷാധികാരിയും സ്നേഹിതനുമായി കരുതിപ്പോരുന്നു. ക്രിസ്തുമസ് ആഘോഷത്തിന്റെ അവിഭാജ്യഘടകം.

സാപ്പോർ: പേർഷ്യയിൽ ഈ പേരിൽ സൊറാഷ്ട്രിയ മതക്കാരായ രണ്ടു ചക്രവർത്തിമാർ (241-271; 310-379) ഉണ്ടായിരുന്നു. രണ്ടാമന്റെ കാലത്തു ശക്തമായ ക്രിസ്തുമത പീഡനം ഉണ്ടായി. 345-ൽ ഉണ്ടായതായി പറയുന്ന ക്നായിതോമ്മായുടെ നേതൃത്വത്തിലുള്ള കുടിയേറ്റം ഈ കാലത്ത് സംഭവിച്ചതാകാമെന്ന് പല ചരിത്രകാരന്മാരും ചൂണ്ടിക്കാട്ടുന്നു.

സാമുവൽ ചന്ദനപ്പള്ളി, ഡോ.: ചന്ദനപ്പള്ളി ചരിവുകാലായിൽ ഗീവറുഗ്ഗീസ് ദാനിയേലിന്റെയും കുഞ്ഞമ്മയുടെയും മകൻ. 1940 മെയ് 26-ന് ജനിച്ചു. M. A., Ph. D. നേടി. കാതോലിക്കേറ്റ് കോളജിൽ അധ്യാപകൻ (1962-93), റിസേർച്ച് സെന്റർ ഡയറക്ടർ. മിഷണറി മലയാളം ആയിരുന്നു ഗവേഷണ വിഷയം. മികച്ച ഗവേഷകനുള്ള യു. ജി. സി. അവാർഡും (1969) മികച്ച അധ്യാപകനുള്ള ഫാ. മത്ഥിയാസ് അഖിലേന്ത്യാ അവാർഡും (1989) ലഭിച്ചു. 'മലങ്കര സഭാപിതാക്കന്മാർ'ക്ക് നാല് അവാർഡുകൾ ലഭിച്ചു. എം. ജി. യൂണിവേഴ്സിറ്റി പി. ജി. ബോർഡ് ഓഫ് സ്റ്റഡീസ്, വൈ. എം. സി. എ. യുടെ സൗത്ത് വെസ്റ്റ് ഇന്ത്യാ സാഹിത്യ വിഭാഗം ചെയർമാൻ, ബൈബിൾ പരിഭാഷാ സമിതിയംഗം, ആർക്കൈവ്സ് അഡ്വൈസറി ബോർഡ് അംഗം, ഉള്ളൂർ ഓപ്പൺ യൂണിവേഴ്സിറ്റി ഫാക്കൽട്ടി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1993-ൽ യു. ജി. സി. യുടെ സീനിയർ റിസേർച്ച് ഫെലോഷിപ്പ് ലഭിച്ചു. ഇരുപതിൽപ്പരം ഗ്രന്ഥങ്ങൾ രചിച്ചു. കേരള യൂണിവേഴ്സിറ്റി ഡി. ലിറ്റ് ബിരുദം നൽകി ആദരിച്ചു. നിര്യാതനായി.

സാമൂതിരി: കോഴിക്കോട് തലസ്ഥാനമാക്കി മലബാർ ഭരിച്ച നെടിയിരിപ്പു സ്വരൂപത്തിന്റെ തലവൻ. ഇദ്ദേഹത്തിന്റെ ആസ്ഥാനത്തെ 'പതിനെട്ടരക്കവികൾ' അലങ്കരിച്ചിരുന്നു. രേവതീ പട്ടത്താനം എന്ന പാണ്ഡിത്യ ബഹുമതി സ്ഥാനദാനം ഏർപ്പാടാക്കി. പാലൂർ പ്രദേശങ്ങൾ പലപ്പോഴും മലബാറിന്റെ കീഴിലായിരുന്നു. തലപ്പള്ളി രാജാക്കന്മാരിൽ പുന്നത്തൂർ

രാജാവ് സാമൂതിരിയെ അനുകൂലിച്ചു. സാമൂതിരി വള്ളുവനാട് പിടിച്ചടക്കിയശേഷം നാട് തിരിച്ചുപിടിച്ചെടുക്കാൻ വള്ളുവക്കോനാതിരി നടത്തിയ സായുധസമരങ്ങളാണ് തിരുനാവായിലെ മാമാങ്കത്തിന്നാധാരം.

സാരാംശം: സത്ത. ത്രിത്വത്തിലെ മൂന്ന് ആളത്തങ്ങൾക്കും ഒരേ സത്തയാണുള്ളത്. ത്രിത്വത്തിലെ ആളത്തങ്ങൾ സത്തയിൽ - സാരാംശത്തിൽ ഏകവും ആളത്തത്തിൽ ത്രിത്വവും ആണ്.

സാരാംശത്തിൽ സമത്വം: പിതാവിനോട് പുത്രനുള്ള ബന്ധം നിർവചിച്ച നിഖ്യാ വിശ്വാസപ്രമാണത്തിലെ 'ശ്വേബൂസിയാ'യുടെ മലയാള വിവർത്തനം. പിതാവിന്റെയും പുത്രന്റെയും ഉണ്മയും സത്തയും ഒന്നുതന്നെ എന്ന് പ്രഖ്യാപിക്കുന്നു.

സാർദീസ്: ഏഷ്യയിലെ ഈ റോമൻ നഗരം ഇന്ന് തുർക്കിയുടെ ഭാഗമാണ്. ഇവിടുത്തെ സഭയ്ക്ക് ഒരു ലേഖനം എഴുതുന്നതായി വെളിപാടു പുസ്തകത്തിൽ കാണാം (31:1-6).

സാറ: രാജ്ഞി. എബ്രായപദം. അബ്രഹാമിന്റെ ഭാര്യ.

സാറാ ചാക്കോ: W. C. C. യുടെ പ്രസിഡണ്ടായ പ്രഥമ വനിത. കൊച്ചി പോലീസ് കമ്മീഷണർ ആയിരുന്ന തൃശ്ശൂർ മഴുവഞ്ചേരിപ്പറമ്പത്ത് എം. എ. ചാക്കോയുടെ പുത്രി. 1905 ഫെബ്രു. 13-ന് ജനിച്ചു. ലക്നോ ഇസബെല്ലാ തോബേൺ കോളജിന്റെ പ്രിൻസിപ്പൽ ആയിരുന്നു. 1954 ജനു. 25-ന് നിര്യാതയായി. അവരുടെ പേരിൽ കോട്ടയം വൈദികസെമിനാരിയിൽ ഒരു പുസ്തകശേഖരം ഉണ്ട്. ജീവചരിത്രം എം. കുര്യൻ രചിച്ചു.

സാറാമ്മ ജേക്കബ്: നിരണം തുണ്ടിയിൽ തോമസിന്റെയും മറിയാമ്മയുടെയും മകൾ. ഇലഞ്ഞിക്കൽ ജോൺ ജേക്കബിന്റെ ഭാര്യ. വിമോചന സമരത്തിൽ പങ്കെടുത്തു. സാമൂഹ്യസേവനം നടത്തി. കേന്ദ്ര സോഷ്യൽ വെൽഫയർ ബോർഡ് ഉപദേശകസമിതിയുടെ അധ്യക്ഷ ആയിരുന്നു. 2007-ൽ അന്തരിച്ചു.

സിംഹാസനപ്പള്ളികൾ: കക്ഷിവഴക്കിനെത്തുടർന്ന് പാത്രിയർക്കീസ് ഭാഗം സമാന്തരമായി നിർമ്മിച്ച ഇടവകകൾ. 1958-ലെ സഭാ സമാധാനത്തെത്തുടർന്ന് ഇവ അതത് ഭദ്രാസനങ്ങളിൽ ലയിച്ചു. എന്നാൽ സമാധാനം തകർന്നപ്പോൾ ഇവയെപ്രതി വ്യവഹാരങ്ങൾ ആവിർഭവിച്ചു. സിംഹാസനപള്ളികൾക്ക് വേണ്ടി പ്രത്യേക മെത്രാൻ നിയമിതനായിട്ടുണ്ട്.

സി. എം. എസ്.: 18-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ രൂപപ്പെട്ട മിഷണറി പ്രസ്ഥാനം. 1799-ൽ സ്ഥാപിക്കപ്പെട്ടു. 1812-ൽ കൽക്കട്ടയിലും 1814-ൽ

മദ്രാസിലും 1818-ൽ ബോംബെയിലും ശാഖകൾ ഉണ്ടായി. കേണൽ മൺറോ ഇവരെ കേരളത്തിലേക്ക് ക്ഷണിച്ചു. തോമസ് നോർട്ടൺ ആദ്യ മിഷണറി. സെമിനാരിയിൽ അധ്യാപനം നടത്തി. പിന്നീട് ബഞ്ചമിൻ ബെയിലി, ഹെൻറി ബേക്കർ, ജോസഫ് ഫെൻ എന്നിവർ വന്നു. പിന്നീട് വന്ന ജോസഫ് പീറ്റിനെപ്പോലുള്ളവർ തീവ്രവാദികൾ ആയിരുന്നു. അവർ മലങ്കര സഭയെ നവീകരിക്കുവാൻ ശ്രമിച്ചത് വിവാദമായി. മരണാനന്തര പ്രാർത്ഥനകളും മധ്യസ്ഥതകളും അന്ധവിശ്വാസമാണെന്ന് പള്ളികളിൽ ക്കയറി പ്രസംഗിക്കുവാൻ മിഷണറിമാർ ധാർഷ്ട്യം കാട്ടി. ഒടുവിൽ 1836-ൽ കൂടിയ മാവേലിക്കര സിന്നഡ് മിഷണറി ബന്ധം വിച്ഛേദിക്കുവാൻ തീരുമാനിക്കുകയും നവീകരണ നിർദ്ദേശങ്ങൾ നിരാകരിക്കുകയും ചെയ്തു. 1840-ൽ കൊച്ചിൻ അവാർഡ് പ്രകാരം സ്വത്ത് വിഭജിച്ച് പിരിഞ്ഞു. അവർ സ്വതന്ത്രമായി പള്ളികൾ വച്ച് ഇടവകകൾ രൂപീകരിച്ചു. പിന്നീട് 1947-ൽ ദക്ഷിണേന്ത്യൻ സഭയിൽ ലയിക്കുകയും ചെയ്തു. വിദ്യാഭ്യാസരംഗത്തും വേദപുസ്തകം വിവർത്തനം ചെയ്ത് പ്രചരിപ്പിക്കുന്നതിലും സെമിനാരി പ്രവർത്തനത്തിലും അവരുടെ സഹായസഹകരണങ്ങൾ മലങ്കരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

സി. എൻ. ഐ.: 1970-ൽ സി. എൻ. ഐ. (ചർച്ച് ഓഫ് നോർത്ത് ഇന്ത്യ) രൂപീകരിച്ചു. ഉത്തരേന്ത്യയിലെ ബാപ്റ്റിസ്റ്റ് സഭകൾ, ഇന്ത്യയിലെ ബ്രദറൻ സഭ, ദി ഡിസൈപ്പിൾസ് ഓഫ് ക്രൈസ്റ്റ്, ചർച്ച് ഓഫ് ഇന്ത്യ (ആംഗ്ലിക്കൻ), മെത്തേഡിസ്റ്റ് സഭ, യുണൈറ്റഡ് ചർച്ച് ഓഫ് നോർത്ത് ഇന്ത്യാ എന്നിവരാണ് അംഗസഭകൾ. ചരിത്രപരമായ എപ്പിസ്ക്കോപ്പസി, മാമ്മൂദീസാ, കുർബ്ബാന എന്നിവ അംഗീകരിച്ചു. ഇടവക-ഭദ്രാസന-സഭാതലത്തിൽ ഭരണം. പ്രധാനതലവൻ മോഡറേറ്റർ. മെത്രാന്മാരും വൈദികരും അത്മായ പ്രതിനിധികളും ഉൾപ്പെട്ട സിന്നഡിനാണ് പരമാധികാരം. ആസ്ഥാനം ന്യൂഡൽഹിയാണ്. വിവിധ സംസ്ഥാനങ്ങളിൽ 23 ഭദ്രാസനങ്ങൾ ഉണ്ട്. ഐക്യം, സാക്ഷ്യം, സേവനം ഇവയാണ് മുദ്രാവാക്യം. നിരവധി വിദ്യാഭ്യാസ പ്രസ്ഥാനങ്ങൾ ഉണ്ട്.

സി. എസ്. ഐ.: ചർച്ച് ഓഫ് സൗത്ത് ഇന്ത്യാ. 1947-ൽ ഈ ഐക്യസഭ രൂപംകൊണ്ടു. അമേരിക്കൻ കോൺഗ്രിഗേഷൻ മിഷൻ, ലണ്ടൻ മിഷണറി സൊസൈറ്റി, ബാസൽ മിഷൻ, സി. എം. എസ്. ഇവയാണ് അംഗസഭകൾ. കോൺഗ്രിഗേഷണൽ പ്രസ്ബിറ്റീരിയൻ, എപ്പിസ്ക്കോപ്പൽ പാരമ്പര്യങ്ങൾ ഈ ഐക്യധാരയിൽ ലയിച്ചു. വേദപുസ്തകം അടിസ്ഥാനം. അപ്പോസ്തോലിക വിശ്വാസപ്രമാണവും നിഖ്യാ വിശ്വാസപ്രമാണവും അംഗീകരിക്കുന്നു. മാമ്മൂദീസായും കുർബ്ബാനയും കൂദാശകളായി അംഗീകരിക്കുന്നു. എപ്പിസ്ക്കോപ്പൽ ഭരണസംവിധാനം അംഗീകരിക്കുന്നു. 21 ഭദ്രാസനങ്ങളും 20 ലക്ഷം ജനങ്ങളുമുണ്ട്. ഇടവക, ഭദ്രാസനം, സഭ എന്നീ

മൂന്ന് തലങ്ങൾ. മോഡറേറ്റർ ഭരിക്കുന്നു. സിന്നഡിൽ ബിഷപ്പുമാരും വൈദികരും അൽമായരുമുണ്ട്. അനേകം വിദ്യാഭ്യാസസ്ഥാപനങ്ങളും ആശുപത്രികളും നടത്തുന്നു.

സിക്സ്റ്റസ് റോമിലെ: എ. ഡി. 257-ൽ റോമിലെ സഭയുടെ തലവൻ. വലേറിയൻ പീഡനകാലത്ത് 258-ൽ റോമ്മാ സഭയുടെ ഈ വിശുദ്ധൻ രക്തസാക്ഷിയായി.

സിക്ക് എയ്ഡ് ഫൗണ്ടേഷൻ (S. A. F.): രോഗികൾക്കായി മലങ്കര സഭയുടെ ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് 1974-ൽ സ്ഥാപിച്ച പ്രസ്ഥാനം. തിരുവനന്തപുരത്ത് കേന്ദ്രഓഫീസ്. രോഗികൾക്ക് മരുന്നും പരിചരണവും ലഭ്യമാക്കുന്നു.

സിനാക്സിസ്: ഗ്രീക്കുപദം. പൗരസ്ത്യസഭയുടെ വി. കുർബ്ബാനയ്ക്കായുള്ള സമ്മേളനം. പാശ്ചാത്യർ ഏതു കൂടിവരവിനെയും അർത്ഥമാക്കുന്നു.

സിൻക്രറ്റിസം: മതസാംസ്കാരികമിശ്രണം. തദ്ദേശീയികരണത്തിൽ സിൻക്രറ്റിസം സംഭവിക്കുന്നു.

സിൻഡസ്മോസ്: ബൈസന്റയിൻ ഓർത്തഡോക്സ് സഭയിലെ യുവജന ഐക്യവേദി. സിൻഡസ്മോസ് ന്യൂസ് എന്ന പ്രസിദ്ധീകരണമുണ്ട്. സെൻട്രൽ സെക്രട്ടറിയേറ്റ് പാരീസിൽ. നമ്മുടെ യുവജനപ്രസ്ഥാനം ഇതിൽ അസോസ്യേറ്റ് അംഗമാണ്.

സിപ്രിയൻ (എ. ഡി. 250–258): അഫ്രിക്കൻ സഭയിലെ ചിന്തകൻ. -കുപ്രിയാനോസ്. അക്രൈസ്തവനായി കാർത്തേജിൽ ജനിച്ചു. ക്രിസ്ത്യാനിയായി; മെത്രാനായി. ഡീഷ്യന്റെ പീഡനകാലത്ത് ഒളിവിലിരുന്ന് സഭയെ പരിപാലിച്ചു. റോമിലെ ബിഷപ്പുമായി വേദവിപരീതികളുടെ മാമ്മൂദീസായെക്കുറിച്ച് ഭിന്നതയുണ്ടായി. വലേറിയൻ പീഡനത്തിൽ നാടുകടത്തപ്പെട്ടു. സഭയുടെ ഐക്യം, ഡൊനാറ്റസിസ്, രക്തസാക്ഷിത്വത്തിനുള്ള ആഹ്വാനം, വീണവരെക്കുറിച്ച്, കർത്തൃപ്രാർത്ഥന തുടങ്ങിയ കൃതികൾ രചിച്ചു.

സി. ബി. സി. ഐ.: കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യാ. ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര വിഭാഗങ്ങളിലായി ഇരുപതോളം ആർച്ച് ബിഷപ്പുമാരും തൊണ്ണൂറിലേറെ ബിഷപ്പുമാരും അംഗങ്ങളാണ്. 'കാത്തലിക് ഇന്ത്യ' സംഘടനയുടെ മുഖപത്രം.

സിമണി: അധ്യാത്മിക അധികാരങ്ങൾ പണം കൊടുത്ത് വാങ്ങുന്ന ആചാരം.

സിറിൽ I, വി.: *'കൂറിലോസ്, യെരുശലേമിലെ'* കാണുക.

സിറിൽ II: *'കൂറിലോസ്, അലക്സാന്ത്രിയ'* കാണുക.

സിറിൽ മാർ ബസ്സേലിയോസ്: *'മലബാർ സ്വതന്ത്ര സുറിയാനി സഭ'* എന്ന ശീർഷകം കാണുക.

സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കാലത്ത് സഭയിലെ ശക്തമായ അത്മായപ്രസ്ഥാനമായി പ്രവർത്തിച്ച മലങ്കര മഹാജനസഭ പിൻഗാമിയുടെ കാലത്ത് പ്രവർത്തനരഹിതമായി. ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കായുടെ കാലത്ത് 1948 നവം. 2-ന് സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ് എന്ന പേരിൽ മഹാജനസഭ പുനർ ജനിച്ചു. കാതോലിക്കാ രക്ഷാധികാരി. മാവേലിക്കര ജേക്കബ് കുര്യൻ ആദ്യ പ്രസിഡണ്ട്. ജോർജ്ജ് വള്ളക്കാലി ജനറൽ സെക്രട്ടറി. സഭയുടെ സാമൂഹ്യ-രാഷ്ട്രീയ വേദിയായി പ്രവർത്തിച്ചു. റവ. ഡോ. സി. റ്റി. ഈപ്പൻ, കെ. ഒ. മാത്യു വള്ളക്കാലിൽ എന്നിവർ പ്രസിഡണ്ടുമാരായിരുന്നു.

സീദോൻ സുന്നഹദോസ്: 512-ൽ നടന്ന അന്ത്യോഖ്യയുടെ പ്രാദേശിക സിന്നഡ്. കൽക്കിദൂൻ സിന്നഡിനെ അംഗീകരിച്ച് സഭാധ്യക്ഷൻ ഫ്ളാവിയനെ മാറ്റി സേവേറിയോസിനെ പന്ത്രണ്ട് സിറിയൻ മെത്രാന്മാർ ചേർന്ന് അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിച്ചു.

സീനായ് ഉടമ്പടി: സീനായിൽ / ഹോറേബിൽ വച്ച് മോശ പത്ത് കല്പനകൾ സ്വീകരിച്ചു (പുറ. 32:15; 34:29). സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ നടന്ന ഉടമ്പടിയാണിത്. സീനായ് ഉടമ്പടി പെന്തിക്കോസ്തി പെരുന്നാളിൽ ഇസ്രായേൽ അനുസ്മരിച്ചു.

സീയോൻ: *'യെരുശലേം'*, *'സെഹിയോൻ'* കാണുക.

സീയോൻ സന്ദേശം: കൊച്ചി ഭദ്രാസനത്തിൽ നിന്ന് പ്രസിദ്ധീകരിച്ച മാസിക. 1971-ൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകൃതമായി. ഡീക്കൻ ജോസഫ് ചീരൻ ആയിരുന്നു പത്രാധിപർ.

സീയോൻ സെമിനാരി: കൊച്ചി ഭദ്രാസനത്തിന്റെ ആസ്ഥാനമായി പൗലൂസ് മാർ സേവേറിയോസ് കൊരട്ടിയിൽ സ്ഥാപിച്ച ആസ്ഥാനം. പിൻഗാമിയായ യൂഹാനോൻ മാർ സേവേറിയോസ് ചില പരിഷ്ക്കാരങ്ങൾ വരുത്തി. പുരയിടം തെങ്ങിൻതോപ്പാക്കി. ചാപ്പൽ പുതുക്കിപ്പണിതു. ചാപ്പലിന്റെ കബർമുറിയിൽ യൂഹാനോൻ മാർ സേവേറിയോസ്, യാക്കോബ് മാർ പോളിക്കാർപ്പോസ് എന്നിവരുടെ കബറിടങ്ങളും പൗലൂസ് മാർ

സേവേറിയോസിന്റെ സ്മാരക കബറിടവും ഉണ്ട്. സെമിനാരിയിൽ സമ്പന്നമായ ഒരു ലൈബ്രറി ഉണ്ട്.

സുന്തുക: ഫിലിപ്യ സഭയിലെ ഒരു ശെമ്മാശിനി (ഫിലി. 4:2).

സുന്ത്രോണീസോ: ഗ്രീക്കുപദം. സിംഹാസനാരോഹണം എന്ന് അർത്ഥം. മേല്പട്ടക്കാരൻ ഇടവകയിൽ ചെന്ന് അധികാരം ഏല്ക്കുമ്പോൾ നടത്തുന്ന ശുശ്രൂഷ. ഓക്സിയോസ് പാടലും സുസ്താത്തിക്കോൻ വായിക്കലുമാണ് പ്രധാന ചടങ്ങുകൾ. കശ്ശീശാപട്ടം പ്രാപിച്ച ഒരാൾ മേല്പട്ടക്കാരനായി വാഴിക്കപ്പെടുമ്പോൾ ഈ ക്രമം മാത്രമേ, ഒരു കാലത്ത് നടത്തിയിരുന്നുള്ളൂ. ബാർ എബ്രായ ഇതിന് മാറ്റം വരുത്തി.

സുനഗോഗ്: ഗ്രീക്കുപദം. സമ്മേളനം എന്നർത്ഥം. മതപരമായി സംഘടിപ്പിക്കപ്പെട്ട സമൂഹവും ആരാധനാസ്ഥലവും ഈ പേരിൽ അറിഞ്ഞിരുന്നു. യഹൂദന് യാഗാർപ്പണം അനുവദിക്കപ്പെട്ട ദേവാലയം യരുശലേമിൽ മാത്രം. അവർ താമസിക്കുന്ന കോളനികളിൽ സുന്നഗോഗ് സ്ഥാപിച്ച് വായനയും പ്രബോധനവും പ്രാർത്ഥനയും നടത്താം. പ്രധാന കവാടം തെക്കുഭാഗത്ത്. ന്യായപ്രമാണച്ചുരുളും പ്രവാചക പുസ്തകങ്ങളും സൂക്ഷിക്കുന്ന പെട്ടി, മേശയിട്ട ഉയർന്നപീഠം, പെട്ടിക്കു മുമ്പിൽ രാവും പകലും വിളക്കു കത്തും. നീതിന്യായ കോടതിയായും വിദ്യാലയമായും പരിഗണിക്കപ്പെട്ടു. ചുമതലക്കാരനെ സുന്നഗോഗ് പ്രമാണി എന്ന് വിളിച്ചു. ആരാധനയ്ക്ക് 4 ഘട്ടങ്ങൾ ഉണ്ട്.

1. ഷേമ – കേൾക്കുക എന്നർത്ഥം. പഞ്ചഗ്രന്ഥത്തിലെ മൂന്ന് ഭാഗങ്ങൾ (ആവ. 6:4–9; 11:13–21; സംഖ്യ 15:37–41) ആശീർവാദത്തിന് ശേഷം വായിക്കും.

2. കൈ ഉയർത്തുക. നിയമിക്കപ്പെട്ട ഒരാൾ പ്രാർത്ഥന ചൊല്ലും. ജനം ആമേൻ പറയും. 18 പ്രാർത്ഥനകൾ ഉപയോഗിക്കുന്നു.

3. പഴയനിയമ പാഠവായന. 5. പുസ്തകങ്ങൾ 154 ഭാഗങ്ങളായി തിരിച്ചു. ഒരു പുരോഹിതൻ, ഒരു ലേവ്യൻ, മറ്റ് 5 പേർ ഇങ്ങനെ 7 വായനകൾ. ശബ്ബത്ത് ദിവസത്തിലെ ആരാധനയിൽ പ്രബോധനം ഉൾപ്പെട്ടിരുന്നു. 4. ആശീർവാദം. പുരോഹിതൻ നടത്തും. അതോടെ ആരാധന അവസാനിക്കും. ചിലപ്പോൾ ധർമ്മശേഖരം എടുത്തിരുന്നു. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തീയാരാധന രൂപംകൊണ്ടത്. മലങ്കരസഭയിൽ പാലൂർ, മറ്റം എന്നിവിടങ്ങളിൽ സുന്നഗോഗ് ഉണ്ടായിരുന്നു. പറവൂർ, മട്ടാഞ്ചേരി എന്നിവിടങ്ങളിൽ ഇപ്പോഴുമുണ്ട്.

സുന്നഹദോസുകൾ: ഗ്രീക്കുപദം. സംഗമം എന്നർത്ഥം. സാർവത്രി

കങ്ങളും പ്രാദേശികങ്ങളും ഉണ്ട്. ഇവയിൽ മേല്പട്ടക്കാർക്ക് പുറമേ സഭയുടെ എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യമുണ്ട്. ഓറിയന്റൽ സഭകൾ മൂന്നും ബൈസാന്റിയൻ സഭകൾ ഏഴും കത്തോലിക്കാ സഭ 21 ഉം സിനഡുകളെ സാർവത്രിക സിനഡുകളായി ഗണിക്കുന്നു. ഉദയംപേരൂർ, മാവേലിക്കര, മുളന്തുരുത്തി സുന്നഹദോസുകളിൽ സഭയുടെ പൂർണ്ണ പങ്കാളിത്തമുണ്ടായിരുന്നു. ആ അർത്ഥത്തിൽ മലങ്കര അസോസ്യേഷനും സഭാ മാനേജിംഗ് കമ്മറ്റിയുമാണ് പൂർണ്ണ സുന്നഹദോസുകൾ. മെത്രാന്മാർ മാത്രം സമ്മേളിക്കുന്നതു എപ്പിസ്ക്കോപ്പൽ കൗൺസിലുകളാണ്. മലങ്കര സഭയിൽ അവയെ സുന്നഹദോസ് എന്ന് വിളിക്കുന്നു.

സുമ്മാ തിയോളജിയാ: വി. തോമസ് അക്വിനാസ് എഴുതിയ മത സിദ്ധാന്തം. അപൂർണ്ണ കൃതിയാണ്.

സൂർസും കോർഡാ: ലത്തീൻ പദങ്ങൾ. ഹൃദയം ഉയർത്താൻ എന്ന അർത്ഥം. 'ഈ സമയത്തു നാമെല്ലാവരുടെയും ബോധങ്ങളും....." എന്ന് പട്ടക്കാരൻ നടത്തുന്ന ആഹ്വാനം.

സുൽത്താൻബത്തേരി: '*മലങ്കരസഭയിലെ ഭദ്രാസനങ്ങൾ*' കാണുക.

സുവിശേഷം: യുവാൻഗേലിയോൻ എന്ന ഗ്രീക്കുപദം. ഏശായ 66:1 ഉദ്ധരിച്ച് ക്രിസ്തുതന്നെ സുവിശേഷദൗത്യം പ്രഖ്യാപിക്കുന്നുണ്ട് (ലൂക്കോസ് 4:18). ദൈവരാജ്യം സമാഗതമായി – അതാണ് ഉള്ളടക്കം. രക്ഷ എന്നും അർത്ഥമാക്കാം. സുവിശേഷത്തെക്കുറിച്ച് ഗ്രന്ഥകാരന്മാർ പുലർത്തിയ കാഴ്ചപ്പാടുകളാണ് ലിഖിത സുവിശേഷങ്ങൾ.

സുവിശേഷവേല: വാക്കിലൂടെയും ജീവിതത്തിലൂടെയും സുവിശേഷ മർമ്മം വെളിപ്പെടുത്തൽ. ദൈവകല്പനയാണത്. സുവിശേഷ വേലയുടെ അന്തിമലക്ഷ്യം മതം മാറ്റമല്ല. മനുഷ്യന്റെ സമഗ്ര വികസനമാണ്. വലവീശി അജ്ഞരെ സഭയിൽ ചേർക്കുന്ന സുവിശേഷവേല തരംതാണ തറവേലയാണ്.

സുറായികൾ: ചർച്ച് ഓഫ് ദി ഈസ്റ്റ്, പൗരസ്ത്യ സഭ, നെസ്തോറിയൻ, കൽദായ എന്നൊക്കെ പേരുകളുള്ള തൃശൂരിലെ സഭയെ സുറായികൾ എന്ന് വിളിക്കുന്നു. ലത്തീൻകാർ അങ്ങനെ വിളിച്ചതാകണം.

സുറിയാ: മെഡിറ്ററേനിയൻ കടലിന്റെ കിഴക്കേതീരത്തുള്ള ഗ്രാമം. ഹൂര്യർ, അക്കാഡിയർ, അസീറിയാക്കാർ, പേർഷ്യക്കാർ എന്നിവർ മാറി മാറി ഭരിച്ചു. ബി. സി. 4–ാം നൂറ്റാണ്ടിൽ അലക്സാണ്ടറും (ഗ്രീക്കു സംസ്ക്കാരം) ബി. സി. 2–ാം നൂറ്റാണ്ടിൽ അന്ത്യോഖസ് എപ്പിപ്പാനിയസും ഭരിച്ചു. ബി. സി. 64–ൽ റോമാക്കാരും 4–ാം നൂറ്റാണ്ടിൽ ബൈസാന്റിയൻ സാമ്രാ

ജ്യവും ഭരിച്ചു. 634-ൽ മുസ്ലീം ഭരണത്തിലായി. ഡമാസ്കസ് തലസ്ഥാന മായി. 15-ാം നൂറ്റാണ്ടിൽ ടൈമൂർ കൊള്ളയടിച്ചു. 83% ശതമാനം മുസ്ലീം. 14% ക്രിസ്ത്യാനികൾ. 3% ഡ്രൂസ്. അറബി മുഖ്യഭാഷ. ഒന്നോ രണ്ടോ ഗ്രാമങ്ങൾ സുറിയാനി സംസാരിക്കുന്നു.

സുറിയാനി: പുരാതന സെമിറ്റിക് ഭാഷ. ബി. സി. 7-ാം നൂറ്റാണ്ടു മുതൽ 6-ാം നൂറ്റാണ്ടുവരെ കൽദായ സാമ്രാജ്യത്തിന്റെയും 6-ാം നൂറ്റാണ്ടു മുതൽ 4-ാം നൂറ്റാണ്ടുവരെ പേർഷ്യൻ സാമ്രാജ്യത്തിന്റെയും ഔദ്യോഗിക ഭാഷ. അരമായ ഭാഷാഭേദത്തിൽ നിന്ന് എ. ഡി. 1-ാം നൂറ്റാണ്ടിൽ സുറി യാനി രൂപംപൂണ്ടു. എഡേസായിൽ ജനിച്ചു. മെസപ്പൊട്ടോമിയൻ ക്രിസ് ത്യാനികളുടെ ഭാഷയായി എ. ഡി. 50-ന് ശേഷം. ഇറാൻ, ഇറാക്ക് ഭാഗത്ത് കൽദായ-കിഴക്കൻ ഉച്ചാരണവും, സിറിയ - പാലസ്തീൻ ഭാഗത്ത് പടി ഞ്ഞാറൻ ഉച്ചാരണവും ധ്രുവീകരിക്കപ്പെട്ടു. 8-ാം നൂറ്റാണ്ടു മുതൽ പാശ്ചാ ത്യർ 'സെർത്തോ' ലിപി ഉപയോഗിച്ചു. 10-ാം നൂറ്റാണ്ടിൽ പൗരസ്ത്യലിപി യുണ്ടായി. എ. ഡി. 3 മുതൽ 7 വരെ നൂറ്റാണ്ടുകൾ സുറിയാനി സാഹിത്യ ത്തിന്റെ സുവർണ്ണകാലം. അഫ്രാത്ത്, അപ്രേം (4-ാം നൂറ്റാണ്ട്), സെറുഗി ലെ യാക്കോബ്, നർസായി, മാബൂഗിലെ പീലക്സിനോസ് (5, 6 നൂറ്റാണ്ടു കൾ), എഡേസയിലെ യാക്കൂബ് (7-ാം നൂറ്റാണ്ട്) തുടങ്ങിയവർ ഭാഷയെ പോഷിപ്പിച്ചു. പിന്നീട് മൂശേ ബർകീപ്പാ, മീഖായേൽ റാബോ, ദീവന്നാ സ്യോസ് ബർസ്ലീബി എന്നിവർ ഭാഷയെ സമ്പന്നമാക്കി. ക്രമേണ സുറി യാനി അപ്രത്യക്ഷമാവാൻ തുടങ്ങി. മാർ ഗ്രീഗോറിയോസ് ബാർ എബ്രായ യ്ക്കു ശേഷം അതിന് കാര്യമായ വളർച്ച ഉണ്ടായില്ല. വേദപുസ്തകം, വേദശാസ്ത്രം, ചരിത്രം, ആരാധന എന്നീ വിഷയങ്ങളിലെ ഗ്രന്ഥങ്ങൾ അമൂല്യവും പഠനീയവും ആണ്. പേർഷ്യൻ, അന്ത്യോഖ്യൻ മലങ്കരസഭ കൾ ആരാധനകളിൽ ഉപയോഗിക്കുന്നു. അന്ത്യോഖ്യൻ സഭയുടെ ചില ആശ്രമങ്ങളിലും സിറിയായിലെ ചില ഗ്രാമങ്ങളിലും സുറിയാനി സംസാരി ക്കുന്നവർ ഉണ്ട്. പുസ്തകങ്ങൾ, മാസികകൾ, ഷേക്സ്പിയർ വിവർത്തന ങ്ങൾ എന്നിവ ഈ ഭാഷയിൽ ലഭ്യമാണ്. കൽദായ സുറിയാനിയാണ് മലങ്കരയിൽ നേരത്തെ ഉപയോഗിച്ചിരുന്നത്. 17-ാം നൂറ്റാണ്ടു മുതൽ പാശ്ചാ ത്യലിപി പ്രചരിച്ചു. കർസോനി എഴുതുവാൻ കൽദായലിപിയാണ് കൂടു തലും ഉപയോഗിച്ചിട്ടുള്ളത്. മലയാളത്തിലേക്ക് കടം വാങ്ങിയ പല സുറി യാനി പദങ്ങളും കൽദായ ശൈലിയിൽ ഉച്ചരിക്കുന്നു. ഉദാ. കൗമ്മാ, സ്ലീബാ, തക്സാ, കുർബ്ബാന etc.

സുറിയാനി അക്ഷരമാല (1): ഓലഫ്, ബേസ്, ഗോമൽ, ദോലത്, ഹേ, വാവ്, സയിൻ, ഹേസ്, തേസ്, യൂദ്, കോഫ്, ലോമദ്, മീം, നൂൻ, സെമിക്കസ്, എ. ഫേ, സോദെ, കോഫ്, റീശ്, ശീൻ, താവ് എന്നിങ്ങനെ ഇരുപത്തിരണ്ടാണ് സുറിയാനി അക്ഷരങ്ങൾ.

സുറിയാനി അക്ഷരമാല (2): 119-ാം സങ്കീർത്തനത്തിലെ ഖണ്ഡികകൾക്ക് ഈ അക്ഷരമാല ശീർഷകമായി ഉപയോഗിച്ചിട്ടുണ്ട്. ഉച്ചാരണഭേദമുണ്ട്.

സുറിയാനി അക്ഷരമാല: പാശ്ചാത്യ സുറിയാനിയുടെയും പൗരസ്ത്യ സുറിയാനിയുടെയും അക്ഷരമാല ഒന്ന് തന്നെ. വിന്യാസശൈലിയിലും ഉച്ചാരണത്തിലും അല്പം ഭേദമുണ്ട്. രണ്ടും സെമിറ്റിക് ശൈലിയിൽ വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്നു. അക്ഷരമാലയിലെ അക്ഷരങ്ങൾ വ്യഞ്ജന സ്വഭാവമുള്ളവയാണ്.

സുറിയാനി അക്ഷരമാല - സ്വരങ്ങൾ: സുറിയാനിയിൽ സ്വരങ്ങൾ കാണിക്കുവാൻ വ്യഞ്ജനാക്ഷരങ്ങൾക്ക് മുകളിലായി സ്വരം രേഖപ്പെടുത്തും. സ്വരത്തിന് എഴുത്തുപുള്ളികൾ, കുത്തുപുള്ളികൾ എന്ന് രണ്ട് ശൈലികളുണ്ട്. അ, ഇ, ഉ, എ, ഒ എന്നിവയാണ് സ്വരങ്ങൾ. ഇവയ്ക്ക് ഹ്രസ്വദീർഘം കാണിക്കാൻ പ്രത്യേകം ലിപികളില്ല. അവ പരിചയം കൊണ്ട് മനസ്സിലാക്കേണ്ടതാണ്.

സുറിയാനി ക്രിസ്ത്യാനി: കേരള ക്രിസ്ത്യാനികൾക്ക് ഉപയോഗിച്ചിരുന്ന പൊതുപ്പേർ. ആരാധനാഭാഷയിൽ നിന്ന് ഈ പേർ ലഭിച്ചു. ലത്തീൻ ക്രിസ്ത്യാനികളിൽ നിന്ന് തിരിച്ചറിയാൻ തിരുവിതാംകൂർ സർക്കാർ 18-ാം നൂറ്റാണ്ടിൽ ഉപയോഗിച്ചു.

സുറിയാനിഗ്രന്ഥപ്പുരകൾ, പ്രാചീന: മലങ്കരയിൽ ഏറ്റവും കൂടുതൽ കയ്യെഴുത്ത് സുറിയാനിഗ്രന്ഥങ്ങൾ പാമ്പാക്കുട കോനാട്ട് ലൈബ്രറിയിലാണ് ഉള്ളത്. ദേവലോകം അരമനയിൽ പ. മാത്യൂസ് പ്രഥമൻ ബാവാ സമാഹരിച്ച ഗ്രന്ഥങ്ങൾ കൂടി ലഭിച്ചതോടെ രണ്ടാം സ്ഥാനം കോട്ടയം പഴയസെമിനാരി ആർക്കൈവ്സിനായി. തൊഴിയൂർ സഭയുടെ ആസ്ഥാനത്തും, തൃശൂർ കൽദായ ബിഷപ്പ്സ് ഹൗസിലും തിരുവനന്തപുരം പട്ടം-തിരുവല്ല റീത്ത് അരമനകളിലും മാന്നാനം സെന്റ് ജോസഫ് ആശ്രമം, എറണാകുളം-തൃശൂർ കത്തോലിക്കാ ബിഷപ്പ് ഹൗസുകൾ, കോട്ടയം എം. ടി. സെമിനാരി, തിരുവല്ല പുലാത്തീൻ, കുരുവിളശ്ശേരി സി. എം. ഐ. ആശ്രമം, പഴഞ്ഞി ഓർത്തഡോക്സ് പള്ളി, പഴഞ്ഞി ചീരൻ തറവാട്ടിലെ ഗ്രന്ഥപ്പുര എന്നിവിടങ്ങളിൽ പഴയ പൗരസ്ത്യ-പാശ്ചാത്യ സുറിയാനി കയ്യെഴുത്തു ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്നു.

കേരളത്തിലെ പല പ്രാചീന ഗ്രന്ഥങ്ങളും രേഖകളും വത്തിക്കാൻ ഗ്രന്ഥശേഖരത്തിലുണ്ട്. ബ്രിട്ടീഷ് മ്യൂസിയം, ഓക്സ്ഫോർഡ്-കേംബ്രിഡ്ജ്-പാരീസ്-ലൈഡൻ-ആംസ്റ്റർഡാം തുടങ്ങിയ സ്ഥലങ്ങളിലെ ആർക്കൈവ്സുകളിലും കുറെ എണ്ണം ഉണ്ട്.

സുറിയാനി പദങ്ങൾ, മലയാളത്തിൽ: ആകൽക്കറുസാ, ആബൂൻ, ഊറാറ, ഓശാന, കന്തീല, കപ്യാർ, കബർ, കശ്ശീശാ, കാപ്പാ, കാദീശാ, കാസാ, കൽദായ, കുർബ്ബാന, കൂദാശ, കൗമ്മാ, തക്സാ, ദനഹാ, ദയറാ, ദുക്റാന, നസ്രാണി, നിബിയന്മാർ, പറുദീസാ, പീലാസാ, പെസഹാ, ബ്സ്ക്യാമ്മാ, ബാവാ, മർത്ത്, മദ്ബഹാ, മല്പാൻ, മശിഹാ, മഹറോൻ, മസ്മൂറാ, മാംദാന, മാമ്മോൻ, മാമ്മൂദീസാ, മാർ മാറാനായ, മൂറോൻ, മെത്രാപ്പോലീത്താ, യവനായ, യാക്കോബായ, ശമ്രായ, ശെമ്മാശൻ, ശ്ലീഹാ, സഹദാ, സാത്താൻ, സ്ലീബാ, ഹൈക്കലാ, ഹാശാ, റമ്പാൻ, റാസാ, റൂശ്മാ, റൂഹാ, റൂഹ്കുദീശാ ഇങ്ങനെ നിരവധി പദങ്ങൾ മലയാളം തൽസമമായും തൽഭവമായും സ്വീകരിച്ചിട്ടുണ്ട്.

സുറിയാനി മാസങ്ങൾ: 1. കോനൂൻ ഹ്രോയ് 2. ശ്ബോത്, 3. ഓദോർ, 4. നീസാൻ, 5. ഈയോർ, 6. ഹ്സീറോൻ, 7. തോമ്മൂസ്, 8. ഓബ്, 9. ഈലൂൽ, 10. തെശ്രീൻക്ദീം, 11. തെശ്രീൻഹ്രോയ്, 12. കോനൂൻക്ദീം (ജനുവരി ക്രമത്തിൽ)

സുറിയാനി രാഗങ്ങൾ: സുറിയാനിയിൽ മിക്ക ഗാനങ്ങളും എട്ട് വ്യത്യസ്ത രാഗങ്ങളിൽ ചൊല്ലുവാൻ ചിട്ടപ്പെടുത്തിയിട്ടുണ്ട്. രാഗങ്ങളെ നിറങ്ങൾ എന്ന് പറയും. ഈ ചിട്ടപ്പെടുത്തിയ രാഗമാലികയെ എക്കാറ എന്ന് പറയും. മലങ്കരസഭയിലെ ആരാധനകളുടെ അംഗീകൃത സംഗീതം സുറിയാനി രാഗങ്ങളാണ്.

സുറിയാനി സുവിശേഷകൻ: പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് II മലങ്കര മെത്രാപ്പോലീത്താ ആരംഭിച്ച മാസിക. വിജാതീയ മിഷൻ, സണ്ടേസ്കൂൾ, ആഭ്യന്തര മിഷൻ എന്നിവയെ പ്രചോദിപ്പിക്കുവാനും ഏകീകരിക്കുവാനുമായി സഭാതലത്തിൽ കോട്ടയം പഴയസെമിനാരിയിൽ നിന്ന് പ്രസിദ്ധീകരിച്ചു. ഇതിന്റെ പ്രചാരണത്തിനായി 1907 കന്നി 21–ന് കോട്ടയം പഴയസെമിനാരിയിൽ നിന്ന് ഒരു പൊതുകല്പന പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മിഷൻപ്രവർത്തനം, സണ്ടെസ്കൂൾ പ്രവർത്തനം തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങളുടെ ഉത്തേജനമായിരുന്നു ലക്ഷ്യം. കേരള പതാക, ഇടവകപ്പത്രിക എന്നിവയ്ക്കു ശേഷം അദ്ദേഹം വ്യത്യസ്ത ലക്ഷ്യം വച്ചിറക്കിയ മൂന്നാമത്തെ മാസിക. പിൻഗാമിയുടെ കാലത്ത് പ്രവർത്തനം നിലച്ചു.

സുറിയാനി സഭ: 1920 മുതൽ തിരുവനന്തപുരം സിറ്റി പ്രസ്സിൽ നിന്നും എൻ. ജെ. ഫെർണാണ്ടസ് പ്രിന്ററും പബ്ലീഷറുമായി പ്രസിദ്ധീകരിച്ച മാസിക. ജേക്കബ് കുര്യൻ പത്രാധിപരും എ. ജെ. ഡേവിഡ് ജോയിന്റ് എഡിറ്ററും ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ്, വി. കെ. സഖറിയാ, വി. ഐ. ജേക്കബ്, പീലിപ്പോസ് മത്തായി എന്നിവർ പത്രാധിപസമിതി

അംഗങ്ങളും ആയിരുന്നു. രണ്ടു കൊല്ലത്തിന് ശേഷം നിലച്ച മാസിക പത്തു കൊല്ലം കഴിഞ്ഞ് തിരുവനന്തപുരം പോപ്പുലർ പ്രസ്സിൽ നിന്ന് ഇ. ചാക്കോ പബ്ലീഷർ ആയി പുനഃപ്രസിദ്ധീകരിച്ചു. പത്രോസ് മത്തായി, ഫാ. എൻ. പി. സ്കറിയാ, അഡ്വ. പൈലി മത്തായി, എം. പി. വർക്കി, ചിത്രമെഴുത്ത് കെ. എം. വർഗ്ഗീസ്, അഡ്വ. പി. കെ. മാത്യു, എം. എൽ. സി. കെ. ടി. മാത്യു (കുന്നംകുളം), അഡ്വ. കെ. ടി. തോമസ്, ഹെഡ്മാസ്റ്റർ വി. കെ. ഈപ്പൻ തുടങ്ങിയവരാണ് ലേഖകർ. 'ജനത്തിന്റെ ശബ്ദം, ദൈവത്തിന്റെ ശബ്ദം' 'Vox populi, Vox Dei' എന്ന മുദ്രാവാക്യം കവർ പേജിൽ കാണുന്നതിനാൽ സഭയിലെ അത്മായ പത്രം ആണെന്ന് ഗ്രഹിക്കാം. സഭാഭരണഘടനയുടെ നിർമ്മാണം ചർച്ചാവിഷയമായിരുന്ന അക്കാലത്ത് 'കാതോലിക് സഭ' എന്ന പ്രസിദ്ധീകരണം എപ്പിസ്ക്കോപ്പൽ ഭരണത്തെ ന്യായീകരിച്ച് അതിനനുകൂലമായി എഴുതിയിരുന്നപ്പോൾ എപ്പിസ്ക്കോപ്പൽ ഭരണശൈലി മലങ്കരസഭയ്ക്കനുയോജ്യമല്ല എന്ന ആശയം പ്രചരിപ്പിക്കുവാൻ പത്രോസ് മത്തായിയുടെ നേതൃത്വത്തിൽ ആരംഭിച്ച മാസികയാണിത്. സുറിയാനി പാരമ്പര്യമുള്ള സഭകൾ യോജിക്കണമെന്ന സന്ദേശവും മാസിക നൽകുന്നുണ്ട്.

സുറിയാനി സഭ: അബ്ദുൽ ആഹാദ് റമ്പാൻ (പിന്നീട് യാക്കോബ് III പാത്രിയർക്കീസ്) മഞ്ഞനിക്കര താമസിക്കുമ്പോൾ എഴുതിയ സഭാചരിത്രം. തകിടിയിൽ യാക്കോബ് കത്തനാർ അത് മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട്.

സുറിയാനി സഭാചരിത്രം: കണിയാമ്പറമ്പിൽ കുരിയൻ കോറെപ്പിസ്ക്കോപ്പാ എഴുതിയ പുസ്തകം. സഭാചരിത്രത്തേക്കാൾ 1970 കളിലുണ്ടായ കക്ഷിവഴക്കുകളെ അന്ത്യോഖ്യൻ പക്ഷത്തെ അന്യായമായി ന്യായീകരിക്കുന്ന വിധത്തിൽ എഴുതുവാനാണ് പുസ്തകത്തിൽ കൂടുതൽ ഉദ്യമിച്ചിട്ടുള്ളത്. ചരിത്രപരമായി അപഗ്രഥിക്കുന്ന സമീപനമല്ല, അന്ത്യോഖ്യൻ അനുയായികളുടെ ഭ്രമത്തെ ചൂഷണം ചെയ്യുന്ന സമീപനമാണ് ഗ്രന്ഥത്തിൽ ഉടനീളം. അദ്ദേഹം ഉദ്ധരിക്കുന്ന മിക്ക ഗ്രന്ഥകാരന്മാരും കക്ഷിവഴക്കിൽ ഒരു ഭാഗത്തെ ന്യായീകരിക്കുവാൻ ഗ്രന്ഥമെഴുതിയവരാണ്. അവയിൽ പലതിനും വിശ്വാസ്യതയോ പ്രാമാണികതയോ കാണുന്നില്ല.

സൂഗീസോ: ഒരു ഗണം സുറിയാനിപ്പാട്ടുകൾ. മിക്കവയും സംഭാഷണ രൂപത്തിലാണ്; കാവ്യാത്മകവും.

സൂത്താറ: സുറിയാനിപദം. കാവൽ. ഏഴ് യാമങ്ങളിൽ ഒന്ന്. പള്ളികളിൽ ഈ സമയത്ത് ത്രോണോസിൽ രണ്ട് തിരികൾ കത്തിക്കും. ഞായറാഴ്ചകളിലും പെരുന്നാളുകളിലും അതത് ദിവസത്തെ രാഗമുണ്ട്. 91, 121

സങ്കീർത്തനങ്ങൾ, സേവേറിയോസിന്റെ അപേക്ഷ, ക്രോബേന്മാരുടെ സ്തുതിപ്പ്, വിശ്വാസപ്രണാമം, അനുതാപ മെമ്രാകൾ ഇവ ചൊല്ലും.

സൂമ്മോറോ: സുറിയാനി. പാട്ട് എന്നർത്ഥം. പഴയനിയമഭാഗങ്ങൾ വായിക്കുന്നതിന് മുമ്പ് ചൊല്ലുന്ന സങ്കീർത്തനഭാഗങ്ങൾക്ക് സൂമ്മോറോ എന്ന് പറയും.

സൂമ്മോറോ: കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിന്റെ ആഭിമുഖ്യത്തിലുള്ള ഒരു ഗായകസംഘത്തിന്റെ പേര് സൂമ്മോറോ എന്നാണ്.

സൂലോക്കോ: സുറിയാനി. ആരോഹണം എന്ന് അർത്ഥം. സ്വർഗ്ഗാരോഹണം. മാറാനായ പെരുന്നാൾ. അഞ്ചാം രാഗം.

സൂസന്ന: പഴയനിയമ അപ്പോക്രിഫൽ ഗ്രന്ഥം. യൊവാക്കീമിന്റെ സുന്ദരിയായ ഭാര്യ. അവളെ ബാബിലോണിലെ രണ്ട് ന്യായാധിപന്മാർ പ്രലോഭിപ്പിച്ച് പരാജയപ്പെട്ടു. ഒടുവിൽ അവൾക്കെതിരെ അവർ പറഞ്ഞ കള്ളസാക്ഷ്യം ദാനിയേൽ ജ്ഞാനം ഉപയോഗിച്ച് പരാജയപ്പെടുത്തി. ഇതാണ് സൂസന്നയുടെ ഇതിവൃത്തം.

സൃഷ്ടി: ത്രിത്വത്തിന്റെ പ്രവൃത്തിയാണ് സൃഷ്ടി. സൃഷ്ടി യാദൃച്ഛികസംഭവമല്ല. സൃഷ്ടിയുടെ ക്രമം പരിണാമ സിദ്ധാന്തത്തോട് ഒത്തുപോകുന്നുണ്ട്. സൃഷ്ടി നല്ലത് എന്ന് ദൈവം കണ്ടു. ശൂന്യതയിൽ നിന്ന് സൃഷ്ടിച്ചു. മനുഷ്യനെ പൊടിയിൽ നിന്ന് സൃഷ്ടിച്ചു. പദാർത്ഥമായ മണ്ണും ആത്മീയമായ ദൈവശ്വാസവും അവനിലുണ്ട്. ദൈവം സൃഷ്ടിയിൽ ഉൾപ്പെടുന്നില്ല. ദൈവസ്നേഹത്തിൽ നിന്ന് സൃഷ്ടി ഉണ്ടായി. ദൈവത്തിലേക്ക് ലക്ഷ്യം വച്ചിരിക്കുന്നു. സൃഷ്ടിയിൽ വീണ്ടെടുപ്പിന്റെ ചിന്തയും ഉണ്ട്.

സെക്ടേറിയൻ വിഭാഗങ്ങൾ: വ്യവസ്ഥാപിത സഭകൾക്ക് വെളിയിലുള്ള വിഭാഗങ്ങൾ. ഒരു നേതാവിനെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ചരിത്രവുമായി ബന്ധമില്ല. സ്വന്തം മികവിൽ അഭിമാനം. ഒരു സിദ്ധാന്തത്തിൽ ഊന്നുന്നു. പൗരോഹിത്യത്തെ നിഷേധിക്കുന്നു. വേദപുസ്തകത്തെക്കുറിച്ച് അവർ നൽകുന്ന ഭാഷ്യം മാത്രം പ്രമാണം.

സെഖര്യാവ്: ഈ പേരിൽ 28 പേർ ഉണ്ട്. പ്രധാനി പ്രവാചകൻ. ഹഗ്ഗായിയുടെ സഹപ്രവർത്തകൻ. യെരുശലേം ആലയ നിർമ്മാണ തല്പരൻ. ബി. സി. 520 മുതൽ പ്രവചിച്ചു.

സെഖര്യാ പുരോഹിതൻ: സ്നാപക യോഹന്നാന്റെ പിതാവ് (ലൂക്കോ. 1:5 മു.).

സെദക്കിയാവ്: യഹോവ നീതിമാൻ. യഹൂദയിലെ അവസാന രാജാവ്. ബി. സി. 6–ാം നൂറ്റാണ്ട്.

സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം, യാച്ചാരം: 1985–ൽ കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത മക്കളെ വിദ്യാഭ്യാസം നൽകി വളർത്തുവാൻ ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് ആരംഭിച്ച പ്രസ്ഥാനം. 100 കുട്ടികൾ അവിടെയുണ്ട്. കെ. ഐ. ഫിലിപ്പ് റമ്പാച്ചൻ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

സെന്റ് തോമസ് അച്ചുകൂടം: പുലിക്കോട്ടിൽ ജോസഫ് കത്തനാഴ്സ് പ്രസ് എന്ന പേരിൽ പുലിക്കോട്ടിൽ ജോസഫ് കത്തനാർ കുന്നംകുളത്ത് ആരംഭിച്ച അച്ചുകൂടം അദ്ദേഹം മെത്രാനായി കൊച്ചിയിൽ താമസമാക്കിയപ്പോൾ സെന്റ് തോമസ് അച്ചുകൂടം എന്ന പേരിൽ കൊച്ചിയിൽ സ്ഥാപിച്ചു. പനയ്ക്കൽ അയ്പൂരുവിന്റെ പണ്ടകശാലയിൽ പ്രവർത്തിച്ച ഈ പ്രസിൽ നിന്നാണ് കേരളപതാക എന്ന പത്രം പ്രസിദ്ധീകരിച്ചത്. പാറമേൽ ഇട്ടൂപ്പ്, പുലിക്കോട്ടിൽ ഇട്ടൂപ്പ് എന്നിവർ ഇതിലെ ജോലിക്കാരായിരുന്നു. മെത്രാപ്പോലീത്താ പിന്നീട് പ്രസ് പരുമലയിലേക്ക് മാറ്റി സ്ഥാപിച്ചപ്പോൾ പാറമേൽ ഇട്ടൂപ്പ് 'വിദ്യാരത്നപ്രഭ' എന്ന പേരിലും പുലിക്കോട്ടിൽ ഇട്ടൂപ്പ് അക്ഷരരത്ന പ്രകാശിക എന്ന പേരിലും (വി. ആർ. പി.; എ. ആർ. പി.) കുന്നംകുളത്ത് രണ്ടു പ്രസ്സുകൾ സ്ഥാപിച്ചു. പരുമലയിൽ വച്ച് സെന്റ് തോമസ് പ്രസ് ഇടവകപ്പത്രിക ഇറക്കി. കോട്ടയം പഴയസെമിനാരി കൈവശത്തിൽ വന്നപ്പോൾ അവിടെ പ്രവർത്തിച്ചിരുന്ന സെന്റ് തോമസ് പ്രസ് സ്വന്തമായതോടെ പരുമല പ്രസ് നാമാവശേഷമായി. പിന്നീട് ഇടവകപ്പത്രിക, സുറിയാനി സുവിശേഷകൻ, സുറിയാനി–മലയാളം പുസ്തകങ്ങൾ എന്നിവ കോട്ടയത്തു നിന്ന് അച്ചടിച്ചിറക്കി.

സെന്റ് തോമസ് കാരുണ്യ ഗൈഡൻസ് സെന്റർ: തിരുവനന്തപുരത്ത് ഉള്ളൂരിൽ കേന്ദ്ര ഓഫീസ്. രോഗികൾക്ക് മാർഗ്ഗനിർദ്ദേശവും സഹായവും നൽകുന്നു. 1989–ൽ ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ് ആരംഭിച്ചു.

സെന്റ് തോമസ് കുരിശ് (പേർഷ്യൻ കുരിശ്): 1. കടമറ്റം പള്ളിയിൽ. 864–ൽ സ്ഥാപിതം. 2. കോട്ടയം വലിയപള്ളിയിൽ ഒന്ന് വലുതും ഒന്ന് ചെറുതുമായി രണ്ടു കുരിശുകൾ ഉണ്ട്. 3. മുട്ടുചിറ പള്ളിയിൽ ഒരു കുരിശുണ്ട്. 4. മദ്രാസിലെ സെന്റ് തോമസ് മൗണ്ടിൽ ഒരു കുരിശ്. കുരിശുകളിൽ പാലവി ഭാഷയിൽ ലിഖിതങ്ങൾ ഉണ്ട്. മുകളിൽ പ്രാവും താഴെ താമരപ്പൂവും ഉണ്ട്. പേർഷ്യൻ മാതൃകയിൽ ഇവിടെ കൊത്തിയെടുക്കപ്പെട്ടു എന്ന അഭിപ്രായവുമുണ്ട്.

സെന്റ് തോമസ് മൗണ്ട്: മാർത്തോമ്മാ മല, ആദമ്പാ മലയെന്നും പേരുണ്ട്. വി. തോമസ് രക്തസാക്ഷിയായ സ്ഥലം. തീർത്ഥാടനകേന്ദ്രമാണ്. പോർച്ചുഗീസുകാർ ആ പാരമ്പര്യങ്ങളും ഐതിഹ്യങ്ങളും വളർത്തി വികസിപ്പിച്ചെടുത്തു. ഇവിടത്തെ കുരിശിലെ ലിഖിതം ഇപ്രകാരം വായിച്ചെടുത്തിട്ടുണ്ട്: 'എന്റെ നാഥനായ മ്ശീഹാ, ഇതു കൊത്തിയ സുറിയാനിക്കാരനും മഹർബ്വുന്നിന്റെ മകനുമായ അഫ്രാസിനോട് കരുണയുണ്ടായിരിക്കേണമേ.'

സെന്റ് തോമസ് വൈദികസംഘം: '*വൈദികസംഘം*' കാണുക.

സെന്റ് പീറ്റേഴ്സ് ദേവാലയം, റോം: പത്രോസിന്റെ ക്രൂശീകരണ സ്ഥലത്ത് കോൺസ്റ്റന്റയിൻ ചക്രവർത്തി പടുത്തുയർത്തിയ ദേവാലയം. ലോകത്തിൽ ഏറ്റവും വിശാലമായ പള്ളി. 619 അടി നീളം. 130–ലേറെ പാപ്പാമാരെ ഇതിനടിയിൽ സംസ്കരിച്ചിട്ടുണ്ട്.

സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ: 1953–ൽ ഫാ. എം. വി. ജോർജ്ജ് (ഗീവർഗീസ് മാർ ഒസ്താത്തിയോസ്) മലങ്കരസഭയുടെ മിഷൻ കേന്ദ്രമായി സ്ഥാപിച്ചു. 1979 മുതൽ മിഷൻ പരിശീലനകേന്ദ്രം. 40 വർഷമായി അവധിക്കാലത്തു രണ്ടാഴ്ചത്തെ വേദപഠനകോഴ്സ് നടത്തുന്നു. ദൂതൻ എന്ന ത്രൈമാസിക ഇറക്കുന്നു. സഞ്ചാരമിഷണറി സംഘം പ്രവർത്തിക്കുന്നു.

സെപ്റ്റ്വജിന്റ്: എബ്രായ പഴയനിയമത്തിന്റെ പ്രാചീനമായ ഗ്രീക്ക് വിവർത്തനം.

സെഫന്യാവ്: ചെറിയ പ്രവാചകൻ. ബി. സി. 627–ൽ പ്രവർത്തിച്ചു. യഹോവയുടെ ന്യായവിധി മുഖ്യപ്രമേയം.

സെബദി: യാക്കോബ്, യോഹന്നാൻ ശ്ലീഹന്മാരുടെ പിതാവ്. മീൻപിടുത്തക്കാരൻ.

സെബസ്ത്യായിലെ നാല്പത് സഹദേന്മാർ: 320–ൽ ലിസിനിയൻ ചക്രവർത്തിയുടെ പീഡനകാലത്ത് രക്തസാക്ഷികളായ നാല്പത് പേർ. അർമ്മീനിയായിലെ തണുത്തുറഞ്ഞ മഞ്ഞുകട്ടയിൽ നിർത്തപ്പെട്ടു. ഒരാൾ കയറിയപ്പോൾ തൽസ്ഥാനത്ത് മറ്റൊരു പടയാളി മരണം വരിച്ചു.

സെബസ്ത്യാനോസ്: ഡയോക്ലിഷ്യൻ പീഡനകാലത്ത് സഹദാമരണം പ്രാപിച്ചു. അമ്പേറ്റ് മരണത്തെ അതിജീവിച്ച അദ്ദേഹത്തെ ചക്രവർത്തി തല്ലിക്കൊല്ലിച്ചു.

സെബസ്ത്യാനി, ജോസഫ്: 1657–ൽ റോം നേരിട്ട് ഇന്ത്യയിലേക്ക

യച്ച കർമ്മലീത്താ മിഷണറി. ഇറ്റലിക്കാരൻ. കൂനൻകുരിശ് പ്രത്യാഘാതത്തെ നേരിടാൻ അയക്കപ്പെട്ടു. 1622-ൽ സ്ഥാപിതമായ പ്രോപ്പഗാൻഡാ സമൂഹത്തിലെ വൈദികനായിരുന്നു. 1659 ഡിസംബറിൽ അദ്ദേഹത്തെ മെത്രാനാക്കി. 1663-ൽ ഡച്ച് നിർദ്ദേശത്തെത്തുടർന്ന് അദ്ദേഹത്തിനും ഇന്ത്യ വിടേണ്ടി വന്നു. പറമ്പിൽ ചാണ്ടിക്കത്തനാരെ മെത്രാനാക്കി സ്ഥലം വിട്ടു.

സെമിനാരി: വേദശാസ്ത്രം പഠിപ്പിക്കുന്ന കോളജുകളെ സെമിനാരി എന്ന് പറയുന്നു.

സെമിനാരി അധ്യാപകർ: കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ അദ്ധ്യാപകർ: ഫാ. ഡോ. കെ. എം. ജോർജ്ജ് (പ്രിൻസിപ്പൽ), ഫാ. ഡോ. ജേക്കബ് കുരിയൻ (വൈസ് പ്രിൻസിപ്പൽ), ഡോ. ഗീവറുഗ്ഗീസ് മാർ ഒസ്താത്തിയോസ്, ഗീവറുഗ്ഗീസ് മാർ ഈവാനിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഫാ. ടി. ജെ. ജോഷ്വാ, ഫാ. എം. പി. ജോർജ്ജ്, ഡീക്കൻ ഡോ. കെ. എ. ജോർജ്ജ്, ഫാ. ഡോ. വി. പി. വർഗ്ഗീസ്, ഫാ. സി. സി. ചെറിയാൻ, ഫാ. ഡോ. ജോൺ മാത്യൂസ്, ഫാ. ഡോ. മാത്യു ബേബി, ഫാ. ഡോ. ജോൺ പണിക്കർ, ഫാ. ഡോ. ടി. ഐ. വർഗ്ഗീസ്, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം, ഫാ. ജേക്കബ് മാത്യു, ഫാ. ഡോ. സാബു കുറിയാക്കോസ്, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഫാ. തോമസ് വർഗീസ്, ഫാ. തോമസ് വർഗീസ് അമയിൽ, ഫാ. ജോസ് ജോൺ തുടങ്ങിയവർ അധ്യാപകരായി പ്രവർത്തിക്കുന്നു.

സെമിനാരി മുൻ അധ്യാപകർ: പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, തോമസ് നോർട്ടൺ, പീറ്റ്, കൈതയിൽ ഗീവറുഗ്ഗീസ് മല്പാൻ, പാലക്കുന്നത്ത് അബ്രഹാം മല്പാൻ, പനയ്ക്കൽ യാക്കോബ് മല്പാൻ, വട്ടശ്ശേരിൽ ഗീവറുഗ്ഗീസ് മല്പാൻ, കോനാട്ട് മാത്തൻ മല്പാൻ, കല്ലാച്ചേരിൽ പുന്നൂസ് റമ്പാൻ, ഇലവിനാമണ്ണിൽ കുരിയാക്കോസ് മല്പാൻ, മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ, ഫാ. ഇ. പി. ജേക്കബ്, ഫാ. കെ. ഡേവിഡ്, ഫാ. കെ. പീലിപ്പോസ്, സി. ജെ. സ്കറിയാ മല്പാൻ, വി. കെ. മാത്യൂസ് റമ്പാൻ, സഭാ കവി സി. പി. ചാണ്ടി, ഔഗേൻ മാർ തീമോത്തിയോസ്, ഫാ. ഡോ. കെ. എം. സൈമൺ, ഡീ. ഒ. ജെ. മോസസ്, ഫാ. സി. ഇ. ജോർജ്ജ്, റവ. ഡോ. സി. റ്റി. ഈപ്പൻ, ഫാ. ഇ. മാത്യൂസ്, ഫാ. പി. വി. വർഗ്ഗീസ്, ഫാ. പി. എസ്. സാമുവേൽ, എൻ. എ. യോഹന്നാൻ മല്പാൻ, റ്റി. ജി. ഏബ്രഹാം മല്പാൻ, ഫാ. ഡോ. വി. സി. ശാമുവേൽ, എൻ. കെ. കോരത് മല്പാൻ, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, ഫാ. ഡോ. കെ. സി. തോമസ്, ഫാ. കെ. കെ മാത്യൂസ്, ഫാ. കെ. എം. അലക്സാണ്ടർ, ഫാ

ഡോ. എം. ഒ. ജോൺ, ഫാ. ഫീലിപ്പോസ് തോമസ്, ഫാ. ഡോ. കെ. എൽ. മാത്യു വൈദ്യൻ, ഫാ. ജോസഫ് വെണ്ടറപ്പിള്ളി, ഫാ. സഖറിയ ഒ. ഐ. സി., ഫാ. ജോർജ് പുലിക്കോട്ടിൽ തുടങ്ങിയവർ അറിയപ്പെടുന്ന മുൻ സെമിനാരി അധ്യാപകർ ആയിരുന്നു. പാർട്ട് ടൈം അധ്യാപകരായി വേറെയും ചിലർ പ്രവർത്തിച്ചിട്ടുണ്ട്.

സെർബിയൻ സഭ: ബൈസന്റയിൻ വിഭാഗത്തിൽ യുഗോസ്ലാവിയായിലെ സഭ. 1220-ൽ വി. സബ്ബാസ് ആദ്യ മെത്രാൻ. 14-ാം നൂറ്റാണ്ടിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 1920-ൽ സ്വതന്ത്ര സഭയായി. 80 ലക്ഷം വിശ്വാസികൾ, 25 മേല്പട്ടക്കാർ. 1965-ൽ ഡബ്ല്യു. സി. സി. അംഗത്വം എടുത്തു.

സെലൂഷ്യാ: 1. പേർഷ്യൻ ചക്രവർത്തി സെലൂക്കസ് I സ്ഥാപിച്ച സെലുക്യ ടെസിഫോൺ. എ. ഡി. 291-ൽ പാപ്പാ ബർ ആഗായി ആദ്യ മെത്രാൻ. പിന്നീട് ആ കേന്ദ്രം വളർന്നു. 410-ൽ കാതോലിക്കേറ്റ് അംഗീകൃതമായി. 486-ൽ അത് നെസ്തോറിയനിസം സ്വീകരിച്ചു. 8-ാം നൂറ്റാണ്ടിൽ ആസ്ഥാനം ബാഗ്ദാദിലേക്ക് മാറി. പോർത്തുഗീസുകാർ വരുമ്പോൾ ഈ കാതോലിക്കാ അയച്ച മെത്രാന്മാർ മലങ്കരയിൽ ഉണ്ടായിരുന്നു.

2. റോമാ സാമ്രാജ്യത്തിൽ അന്ത്യോഖ്യായുടെ തുറമുഖപട്ടണം. സൈനിക കേന്ദ്രമായിരുന്നു. പൗലൂസ് ശ്ലീഹാ ഒന്നാം മിഷണറിയാത്ര ഇവിടെ നിന്നാണ് ആരംഭിച്ചത് (അ. പ്ര. 13:4).

സെഹിയോൻ-സീയോൻ: യരൂശലേം നഗരത്തിന്റെ പഴയപേർ. സ്വർഗ്ഗീയ നഗരത്തിന്റെ പ്രതീകം (എബ്രാ. 12:22).

സെറാഫീം: മാലാഖമാരിൽ ഒരു ഗണം. ഏശായ ഇവരെ കണ്ടു (6:2-7).

സെറാഫീം, വി.: റഷ്യൻ സഭയുടെ പരിശുദ്ധൻ. 1759 ജൂലൈ 19-ന് ജനനം. ആധ്യാത്മിക ഗുരു. സാരോവിലെ ആശ്രമാംഗം. സെറാഫീം എന്ന പേർ സ്വീകരിച്ചു (മുൻ പേർ പ്രൊഖോർ മോഷ്നിൻ). 1793-ൽ പട്ടമേറ്റു. 25 വർഷം ഏകാന്തവാസം. 1815-ൽ മറിയാമിന്റെ പ്രത്യേക വെളിപാട്. തുടർന്ന് ശുശ്രൂഷാരംഗത്തേക്ക് തിരിച്ചുവന്നു. മിസ്റ്റിക് അനുഭവം സിദ്ധിച്ച ആൾ. 1833 ജനുവരി 2-ന് ദിവംഗതനായി. 1903-ൽ വിശുദ്ധപദവി.

സെറാമ്പൂർ കോളജ്: 1818-ൽ വില്യം കേറി സ്ഥാപിച്ചു. 1827-ൽ ബിരുദദാന കേന്ദ്രമായി. അറിയപ്പെട്ട എല്ലാ വിഷയങ്ങളും പ്രമുഖ ഭാഷകളും പഠിപ്പിച്ചു. ജാതിമത ഭേദമെന്യേ പ്രവേശനം. ഇടയ്ക്ക്വച്ച് സുവിശേഷ പരിശീലനകേന്ദ്രം മാത്രമായി. 1906-ൽ പുനരുദ്ധരിക്കപ്പെട്ടു. 1912-ൽ ഇത് ബംഗാളിലെ ഓക്സ്ഫോർഡ് എന്ന് വിശേഷിപ്പിക്കപ്പെട്ടു. ഫാ. പി. ടി. ഗീവറുഗ്ഗീസ് (ആർച്ച് ബിഷപ്പ് ഈവാനിയോസ്) ഇവിടെ അധ്യാപകനാ

യിരുന്നു. 1915-ൽ ബി. ഡി. ബിരുദം ആദ്യമായി നൽകി. ബി. റ്റി. എച്ച്., ബി. ഡി., ബി. സി. എസ്., എം. റ്റി. എച്ച്., ബി. ആർ. ഇ., ഡി. റ്റി. എച്ച്. എന്നീ ബിരുദങ്ങൾ നൽകുന്നു. ഇന്ത്യയിലും ശ്രീലങ്കയിലുമായി മുപ്പതോളം സെമിനാരികളും വേദശാസ്ത്രകോളജുകളും ഇവിടെ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. അവിടത്തെ ഗ്രന്ഥശേഖരം ശ്രദ്ധേയം.

സേലാ: സങ്കീർത്തനങ്ങളിലും ഹബക്കുക്കിന്റെ പ്രവചനത്തിലും കാണുന്ന പദം. അർത്ഥം അറിവില്ല. പാട്ടുകാർക്കുള്ള സൂചനയാവാം.

സേവേറിയോസ്, മാർ: 538-ൽ കാലം ചെയ്ത സേവേറിയോസിനെ തുബ്ദേനിൽ ഓർക്കുന്നു. 431-ലെ എപ്പേസൂസ് സിന്നഡിൽ പങ്കെടുത്ത ബിഷപ്പ് സേവേറിയോസിന്റെ മകൻ. 5-ാം നൂറ്റാണ്ടിൽ ജനിച്ചു. സന്യാസം സ്വീകരിച്ച പണ്ഡിതൻ. 512-ൽ അദ്ദേഹം അന്ത്യോഖ്യൻ സഭാധ്യക്ഷനായി. രാഷ്ട്രീയ കാലാവസ്ഥ മാറിയപ്പോൾ അദ്ദേഹം ഈജിപ്റ്റിലെ ഒരാശ്രമത്തിൽ കാലം കഴിച്ചു. കുർബ്ബാനയിൽ ചൊല്ലുന്ന ഉച്ചനമസ്ക്കാരം കഴിഞ്ഞുള്ള മാനീസാ ഇദ്ദേഹം രചിച്ചതാണ്.

സേവേറിയോസ്, വാളക്കുഴിയിൽ ജോസഫ് മാർ: മല്ലപ്പള്ളി ആനിക്കാട് വാളക്കുഴി കുടുംബത്തിൽ 1894 ഏപ്രിൽ 7-ന് ജനിച്ചു. സെറാമ്പൂരിൽ നിന്ന് ബി. എ. പാസ്സായി. 1920-ൽ വൈദികനും 1932-ൽ റമ്പാനുമായി. പഴയസെമിനാരി മാനേജർ ആയിരുന്നു. ഗീവറുഗീസ് II ബാവാ 1933 മെയ് 25-ന് മേല്പട്ടസ്ഥാനം നൽകി. നിരണത്തിന്റെ ചുമതല നൽകി. 1937-ൽ റീത്തിൽ ചേർന്നു. 1938-ൽ തിരുവല്ല അഡ്മിനിസ്ട്രേറ്റർ. 1950-ൽ തിരുവല്ലായുടെ മെത്രാൻ. 1955 ജനു. 13-ന് അന്തരിച്ചു.

സേവേറിയോസ്, പൗലൂസ് മാർ (1910-1962): ചെറായി മുളയിരിക്കൽ കുഞ്ഞിട്ടൂപ്പിന്റെയും എളിച്ചിയുടെയും പുത്രൻ. 1910 നവം. 6-ന് ജനിച്ചു. കോതമംഗലം എം. റ്റി. ഇട്ടീരാ മല്പാൻ ഗുരു. 1926-ൽ കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസ് ശെമ്മാശുപട്ടവും 1930-ൽ കശ്ശീശാ പട്ടവും 1934 ആഗസ്റ്റ് 19-ന് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് റമ്പാൻ സ്ഥാനവും നൽകി. 1939-ൽ മാമ്പ്ര സീനായ് ആശ്രമം സ്ഥാപിച്ചു. 1946 ഓഗസ്റ്റ് 4-ന് അപ്രേം പാത്രിയർക്കീസ് കൊച്ചി മെത്രാപ്പോലീത്താ ആയി നിയമിച്ചു. ഏറെ താമസിയാതെ കൊരട്ടി സീയോൻ സെമിനാരി സ്ഥാപിച്ചു. തൃശ്ശൂർ ഭാഗത്തെ കുടിയേറ്റ പ്രദേശത്തെ പള്ളികളും മലബാർ ദേശത്തെ മിക്ക പഴയ പള്ളികളും ഇദ്ദേഹം ആരംഭിച്ചവയാണ്. 1958-ലെ സഭാസമാധാനത്തോടെ കാതോലിക്കേറ്റിൽ ഐക്യപ്പെട്ടു. ഇരുഭാഗത്തിന്റെയും കൊച്ചി മെത്രാപ്പോലീത്താ ആയി. മലബാർ ഇദ്ദേഹത്തിൽ നിന്ന് വിടർത്തുകയും ചെയ്തു. സഭാ യോജിപ്പിനെതിരായി മാർ യൂലിയോസും മറ്റും നടത്തിയ വിഭാഗീയ പ്രവർത്തനങ്ങളെ വീറോടെ എതിർത്തു. 1962

മാർച്ച് 17-ന് ദിവംഗതനായി. ആർത്താറ്റ് സിംഹാസന പുത്തൻപള്ളിയിൽ തെക്കുവശത്തെ കബറിൽ സംസ്കരിക്കപ്പെട്ടു.

സേവേറിയോസ്, യൂഹാനോൻ മാർ (1920-1990): പുതുപ്പള്ളി തൃക്കോതമംഗലം നരിമറ്റത്തിൽ വർഗ്ഗീസ് അവിരായുടെയും മറിയാമ്മയുടെയും ഇളയപുത്രൻ. 1920 ജനുവരി 14-ന് ജനിച്ചു. വാകത്താനത്തും പുതുപ്പള്ളിയിലുമായി ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പിതൃസഹോദരീപുത്രൻ കെ. വി. ഗീവറുഗീസ് റമ്പാനിൽ നിന്ന് സുറിയാനി ഭാഷയും ഔഗേൻ മാർ തീമോത്തിയോസിൽ നിന്ന് വ്യാകരണവും കാനോനും പഠിച്ചു. മലയാളത്തിലും സുറിയാനിയിലും അനുപമമായ പാണ്ഡിത്യം നേടി. തൃക്കോതമംഗലം ശർബീൽ ദയറായിലും പാമ്പാടി ദയറായിലും ജീവിച്ച് ഭക്തിജീവിതവും സന്യാസനിഷ്ഠകളും പരിശീലിച്ചു. 1943 ഏപ്രിൽ 7-ന് ശെമ്മാശുപട്ടവും ജൂലൈ 7-ന് കശ്ശീശാപട്ടവും ഔഗേൻ തീമോത്തിയോസിൽ നിന്ന് സ്വീകരിച്ചു. പാമ്പാടി ദയറാ, പള്ളം സെഹിയോൻ, അമയന്നൂർ, കാരാട്ട്കുന്നേൽ എന്നീ പള്ളികൾ നടത്തി. ദീർഘകാലം കോട്ടയം പഴയസെമിനാരിയിൽ മല്പാനായും ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കായുടെ അർക്കദിയാക്കോൻ ആയും പ്രവർത്തിച്ചു. 1966 ഫെബ്രുവരി 26-ന് റമ്പാനായി. 1966 ആഗസ്റ്റ് 24-ന് കോലഞ്ചേരിയിൽ വച്ച് ഔഗേൻ ബാവാ മെത്രാപ്പോലീത്താ ആയി വാഴിച്ചു. 1966 ഒക്ടോബർ 1-ന് കൊച്ചിയുടെ ചുമതലയേറ്റു.

സെമിനാരി മല്പാൻ, സെമിനാരി ചാപ്ലെൻ, മർത്തമറിയം സമാജം പ്രസിഡണ്ട്, ബൈബിൾ റിവിഷൻ കമ്മിറ്റി അംഗം, സീയോൻ സന്ദേശം മാസിക പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. 1950 മുതൽ 1990 വരെ മലങ്കരയിൽ മെത്രാന്മാരായ എല്ലാവരെയും മേല്പട്ടസ്ഥാനത്തിന്റെ ഉപരിക്രമങ്ങൾ പരിശീലിപ്പിച്ചത് അദ്ദേഹമാണ്. കൊച്ചി ഭദ്രാസന ഡയറക്ടറിയുടെ പ്രസാധകനാണ്.

പ്രവാചകസഹജമായ ഉൾക്കാഴ്ചയോടെ അദ്ദേഹം എഴുതിയ ശതക്കണക്കിന് ലേഖനങ്ങൾ അദ്ദേഹത്തിന് മലങ്കരയുടെ പ്രവാചകൻ എന്നും മലങ്കരയുടെ മഹാമല്പാൻ എന്നും അംഗീകാരം നൽകിയിട്ടുണ്ട്. *ശുശ്രൂഷാസംവിധാനം* എന്ന അദ്ദേഹത്തിന്റെ മാസ്റ്റർപീസ് ആരാധനകളിൽ അദ്ദേഹം നേടിയ ഗവേഷണാത്മകമായ ജ്ഞാനത്തിന്റെ ആഴത്തിന്റെ ശാശ്വത സ്മാരകമാണ്. കാനോനാ നമസ്കാരം, വലിയനോമ്പിലെയും കഷ്ടാനുഭവ ആഴ്ചയിലെയും മൂന്ന് നോമ്പിലേയും നമസ്ക്കാരങ്ങൾ എന്നിവ അദ്ദേഹം വിവർത്തനം ചെയ്തു. 1950 മുതൽ മലങ്കരയിൽ നടന്ന മൂറോൻ കൂദാശകളിലും മേല്പട്ടസ്ഥാനാരോഹണങ്ങളിലും അദ്ദേഹമായിരുന്നു പ്രധാന കാർമ്മികന്മാരുടെ പ്രധാന സഹായി. എക്കാറ വിദഗ്ധനായ

അദ്ദേഹം മദ്ബഹായിലെ വീണാനാദം ആയിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം *മലങ്കരയുടെ പ്രവാചകൻ* എന്ന പേരിൽ ഫാ. ഡോ. ജോസഫ് ചീരൻ പ്രസിദ്ധീകരിച്ചു. *വഴിത്തിരിവിലെ വെല്ലുവിളികൾ, ഇത് നിങ്ങൾക്ക് ഏതുമില്ലയോ?, സഭയിലെ പ്രതിസന്ധികൾ* എന്നിവ അദ്ദേഹത്തിന്റെ തെരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരമാണ്. അദ്ദേഹം 1990 മെയ് 16-ന് ദിവംഗതനായി. അദ്ദേഹം പുതുക്കിപ്പണിയിച്ച കൊരട്ടി സീയോൻ സെമിനാരി ചാപ്പലിന്റെ കബർ മുറിയിൽ വടക്കേ കബറിൽ അന്ത്യവിശ്രമം കൊള്ളുന്നു. കൊരട്ടി ആസ്ഥാനത്തെ തെങ്ങിൻതോപ്പും തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന മാർ സേവേറിയോസ് ഫൗണ്ടേഷനും അദ്ദേഹത്തിന്റെ സ്മാരകങ്ങൾ ആണ്. അദ്ദേഹത്തിന്റെ ഫലിതം ധ്വനിക്കുന്ന വാഗ്മിതയും ധ്യാനപ്രസംഗങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രവാചകോചിതമായ നെടുവീർപ്പുകളും പ്രകടനാത്മകത ഒട്ടുമില്ലാത്ത ഭക്തി ജീവിതവും ആരാധനയുടെ സജീവതയും അനേകരെ ആവേശംകൊള്ളിച്ചിട്ടുണ്ട്. റഷ്യ, അമേരിക്ക തുടങ്ങിയ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

സേവേറിയോസ്, ഡോ. മാത്യൂസ് മാർ: വാഴൂർ മറ്റത്തിൽ ചെറിയാൻ അന്ത്രയോസിന്റെ പുത്രൻ. 1949 ഫെബ്രു. 12-ന് ജനനം. ബി. എസ്. സി., ബി. ഡി. ബിരുദങ്ങൾക്ക് ശേഷം റഷ്യയിൽ വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് M.Th., ഉം ഡോക്ടറേറ്റും നേടി. 1976-ൽ മാർത്തോമ്മാ മാത്യൂസ് I ശെമ്മാശു പട്ടവും 1978 ജൂണിൽ കശ്ശീശാസ്ഥാനവും സ്വീകരിച്ചു. 1991 ഏപ്രിൽ 30-ന് മാത്യൂസ് II കാതോലിക്കാ എപ്പിസ്ക്കോപ്പാ ആയി വാഴിച്ചു.

1984 മുതൽ വൈദികസെമിനാരി അധ്യാപകൻ, കോട്ടയം സെൻട്രൽ, ഇടുക്കി എന്നിവയുടെ മെത്രാപ്പോലീത്താ, വൈദികസംഘം ജനറൽ സെക്രട്ടറി. വൈദിക ഡയറക്ടറി ഇദ്ദേഹത്തിന്റെ ചുമതലയിൽ പ്രസിദ്ധപ്പെടുത്തി. സെൻട്രൽ ഫിനാൻസ് കമ്മിറ്റി പ്രസിഡണ്ട്, എം. ഒ. സി. പബ്ലിക്കേഷൻസ് പ്രസിഡണ്ട്, വൈദികസംഘം പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. കണ്ടനാട് ഭദ്രാസനാധിപനായും സുന്നഹദോസ് സെക്രട്ടറിയായും പ്രവർത്തിക്കുന്നു. കണ്ടനാട് മെത്രാസനത്തിൽ പല ജീവകാരുണ്യപ്രവർത്തനങ്ങളും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്.

സൈത്ത് (1): ഒലിവ്. ഒലിവ് കായയിൽ നിന്ന് എടുക്കുന്ന എണ്ണയെ സൈത്ത് എന്ന് പറയുന്നു. ഔഷധവീര്യമുള്ള എണ്ണയാണിത്. മൃതശരീരത്തിൽ വീഴ്ത്തുവാനും അപ്പം അടിച്ചുകാച്ചുമ്പോൾ അച്ചിൽ ഉപയോഗിക്കുവാനും സൈത്ത് ഉപയോഗിക്കുന്നു. മൂറോൻ തയ്യാറാക്കുന്നത് ഒലിവെണ്ണയിൽ ഏതാനും ഔഷധങ്ങളും സുഗന്ധങ്ങളും ചേർത്തുകൊണ്ടാണ്.

സൈത്ത് (2): മാമ്മൂദീസായിൽ ആനന്ദതൈലമായി ഉപയോഗിക്കുന്നത് സൈത്ത് കൂദാശ ചെയ്താണ്. സുറിയാനി പാരമ്പര്യത്തിൽ ഒരു ബിഷപ്പാണ് കൂദാശ ചെയ്യുന്നത്.

സൈത്ത് (3): രോഗികളുടെ തൈലാഭിഷേകത്തിനുള്ള സൈത്ത്. ഇതും സുറിയാനി പാരമ്പര്യത്തിൽ ബിഷപ്പ് ശുദ്ധീകരിക്കുന്നു. പട്ടക്കാരൻ കത്തീല ശുശ്രൂഷ നടത്തുകയാണെങ്കിൽ ആ തൈലവും ഈ ആവശ്യത്തിന് ഉപയോഗിക്കാം.

സൈമൺ കെ. വി., മഹാകവി (1883–1944): ഇടയാറന്മുള കുന്നുംപുറത്ത് 1883 ഫെബ്രു. 17–ന് ജനിച്ചു. വേദവിഹാരം മഹാകാവ്യം രചിച്ചു. ശതകാനുയായി, ഗാനപ്രസൂനം, ജീവകാരുണ്യം, ക്രിസ്തീയ സംഗീതാരത്നാവലി, സംഗീതശതകം, ക്രൈസ്തവ സഭാചരിത്രം, മതസംബന്ധമായ രണ്ടു പ്രസംഗങ്ങൾ എന്നിവ രചിച്ചു. മാർത്തോമ്മാസഭ വിട്ട് 'വിയോജിത പ്രസ്ഥാന'ത്തിന് അടിത്തറപാകി. 1944 ഫെബ്രു. 20–ന് അന്തരിച്ചു.

സൊക്കൊട്രാ: ഇന്ത്യാ സമുദ്രത്തിലെ ദ്വീപ്. യവനർ ഇവിടെ വസിച്ചു. മാർത്തോമ്മാശ്ലീഹാ ഈ ദ്വീപു വഴി വന്നുവെന്ന് 'തോമ്മായുടെ നടപടികളിൽ' കാണുന്നു.

സൊഡാലിറ്റി: സൊഡാലീസ് = സഖാവ്. ഈശോ സഭാ സ്ഥാപനങ്ങളിൽ മാതാവിന്റെ നാമത്തിലുള്ള ഭക്തസംഘടന.

സോക്രട്ടീസ് (ബി. സി. 469–399): പാശ്ചാത്യ ചിന്തകൻ. പ്ലേറ്റോയുടെ ഗുരു. വാദപ്രതിവാദ രീതിയിലായിരുന്നു ഇദ്ദേഹത്തിന്റെ അധ്യാപന ശൈലി. ആത്മാവ് അനശ്വരമെന്ന് പഠിപ്പിച്ചു. നിലവിലുള്ള ദൈവങ്ങളെ അംഗീകരിക്കുന്നില്ലെന്ന് കുറ്റം ആരോപിച്ച് അദ്ദേഹത്തെ വിഷം കുടിപ്പിച്ചു. അന്ത്യം സംഭവിച്ചു. ക്രിസ്തുവിന് മുമ്പ് ജീവിച്ച ക്രിസ്ത്യാനി എന്ന് ഇദ്ദേഹത്തെ അലക്സാണ്ട്രിയായിലെ ക്ലിമ്മീസ് വിശേഷിപ്പിച്ചു.

സോക്രട്ടീസ് (2): 4–ാം നൂറ്റാണ്ടിൽ ജീവിച്ച സഭാചരിത്രകാരൻ. 379 നോടടുത്ത് കോൺസ്റ്റാണ്ടിനോപ്പിളിൽ ജനിച്ചു. നിയമവും തത്വശാസ്ത്രവും പഠിച്ചു. യൗസേബിയോസിന്റെ മരണശേഷം ചരിത്രരചന ആരംഭിച്ചു. 324–450 കാലഘട്ടത്തിന്റെ പ്രാമാണിക ചരിത്രകാരനാണദ്ദേഹം. വൈദികനായ ഇദ്ദേഹം സ്ക്കൊളാസ്റ്റിക്കസ് എന്നും അറിയപ്പെടുന്നു.

സോദോം ഗോമോറ: ചാവുകടലിന്റെ തെക്കുവശം (ഉല്പ. 14:10). സോദോം തിന്മയുടെ പര്യായം. സ്വവർഗ്ഗരതിയായിരുന്നു സോദോമ്യപാപം. തീയും ഗന്ധകവും കൊണ്ട് നശിപ്പിക്കപ്പെട്ടു; ലോത്തും കുടും

ബവും ദൈവനിയോഗപ്രകാരം ഓടിരക്ഷപെട്ടു. കല്പന ലംഘിച്ചവൾ - ലോത്തിന്റെ ഭാര്യ - ഉപ്പുതൂണായി (ഉല്പ. 19:24-25).

സോപ്പാ: പാലസ്തീനിലെ ഔഷധച്ചെടി. ഇലകൾ കൂട്ടിക്കെട്ടി ശുദ്ധീകരണവേളകളിൽ വെള്ളമോ രക്തമോ തളിച്ചിരുന്നു (സങ്കീ. 51:7). ഈ ചെടിയുടെ തണ്ടിന്മേൽ വീഞ്ഞു മുക്കിയ സ്പോഞ്ച് കെട്ടി യേശുവിന്റെ ചുണ്ടുകളിൽ എത്തിച്ചു (യോഹ. 19:29).

സോഫിയാ: വിജ്ഞാനം എന്ന് സാധാരണ അർത്ഥം. സർവ്വ സൃഷ്ടിക്കും വേണ്ടിയുള്ള ദൈവ വിജ്ഞാനമെന്ന് വേദശാസ്ത്രപരമായ അർത്ഥം.

സോഫിയാ സെന്റർ: വിജ്ഞാനകേന്ദ്രം. കോട്ടയം പഴയസെമിനാരിയിൽ നടത്തപ്പെടുന്ന അത്മായ പരിശീലനകേന്ദ്രം. 1974-ൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് സ്ഥാപിച്ചു. 30 പേർക്ക് താമസിക്കാം. സമ്മേളനഹാൾ, ഭക്ഷണശാല, ചാപ്പൽ എന്നിവയുണ്ട്.

സോഫിയാ ബുക്സ്: പൗരസ്ത്യ ഓർത്തഡോക്സ് പിതാക്കന്മാരുടെ ജീവിതവും ദർശനവും മലങ്കരസഭയ്ക്കു പരിചയപ്പെടുത്തുവാനായി ജോയ്സ് തോട്ടയ്ക്കാട് 1997-ൽ സ്ഥാപിച്ചു. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് പ്രസിഡണ്ട്. 30-ലേറെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

സോബർനോസ്റ്റ്: സഭ, യോഗം എന്നർത്ഥമുള്ള റഷ്യൻ പദമാണ് സോബർ. കാതോലിക സഭ എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നു.

സോർ, സീദോൻ: ഫിനീഷ്യൻ തുറമുഖങ്ങൾ. മെഡിറ്ററേനിയൻ തീരത്ത്. സോറിലെ രാജാവായിരുന്നു ഹീറാം. യെരുശലേം ദേവാലയ നിർമ്മാണത്തിന് മരം സോറിൽ നിന്ന് ലഭിച്ചു. ഹീറാമിന്റെ കപ്പലുകൾ മലബാറിൽ വന്ന് വിഭവങ്ങൾ ശേഖരിച്ചിരുന്നു. പൗലൂസ് ഇവിടം സന്ദർശിച്ചു (അ. പ്ര. 21:3-7). എപ്പിസ്ക്കോപ്പൽ ആസ്ഥാനമായി. 335-ൽ ഇവിടെ ഒരു പ്രാദേശിക സിനഡ് കൂടി.

സോഷ്യൽ ഗോസ്പൽ: വ്യക്തിയുടെ മുക്തി, സമൂഹത്തിന്റെ രക്ഷ ഇവ മുദ്രാവാക്യം. 19-ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റണ്ട് സഭ ഈ വഴിയ്ക്ക് ചിന്തിക്കുന്നു.

സൗഖ്യദാനശുശ്രൂഷ: രോഗശാന്തി യേശുവിന്റെ ശുശ്രൂഷയുടെ ഭാഗം. സഭ അത് തുടരുന്നു. ഔഷധവും, വിദഗ്ദ്ധ ചികിത്സയും ദൈവഹിതം. ശാരീരിക-മാനസിക-ആത്മീയ സൗഖ്യം ലക്ഷ്യമാക്കണം. കുമ്പസാരം ഒരു ചികിത്സാ പദ്ധതിയാണ്. കുർബ്ബാനയും കൂദാശകളും ഔഷധമാണ്. സൗഖ്യദാന ശുശ്രൂഷയായ തൈലാഭിഷേകവും കന്തീലയും സഭ

യിലെ കൂദാശകളിൽ ഒന്നാണ്.

സ്കറിയാ മല്പാൻ, ചെറിയമഠത്തിൽ: ചെറിയമഠത്തിൽ യാക്കോബ് കത്തനാരുടെ മകൻ. 1894-ൽ ജനിച്ചു. 1914-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ശെമ്മാശുപട്ടം നൽകി. സെറാമ്പൂരിൽ വേദശാസ്ത്ര പഠനം. 1919-ൽ കശ്ശീശാ. സെമിനാരിയിൽ അദ്ധ്യാപകൻ, പ്രിൻസിപ്പൽ, മലങ്കരസഭയുടെ ഗമാലിയേൽ, സെമിനാരി അടച്ചകാലത്ത് മാങ്ങാനം എബനേസർ ദയറാ സ്ഥാപിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറി. 1923-ൽ വട്ടശ്ശേരിൽ മെത്രാച്ചനോടും 1934-ൽ ഗീവറുഗീസ് II ബാവായോടും ഒന്നിച്ച് ദമാസ്കസും വിശുദ്ധ നാടുകളും സന്ദർശിച്ചു. 1924-25 കാലത്ത് ബ്രഹ്മവാർ മിഷൻ പ്രവർത്തനം. പിന്നീട് സെമിനാരി പ്രിൻസിപ്പാൾ. 1952 മെയ് 11-ന് തിരുവനന്തപുരത്തു വച്ച് നിര്യാതനായി. വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയങ്കണത്തിൽ സംസ്കരിച്ചു.

സ്കൊളാസ്റ്റിസിസം: പാശ്ചാത്യസഭയിൽ മധ്യശതകങ്ങളിൽ രൂപം കൊണ്ട വൈജ്ഞാനിക സമീപനം. ആൽബർട്ട്, തോമസ് അക്വിനാസ്, എക്കാർട്ട് തുടങ്ങിയ ചിന്തകർ ഇതിന്റെ വക്താക്കൾ ആണ്.

സ്തുതിഗീതം: കുർബ്ബാനയുടെ പ്രാരംഭത്തിലെ ത്രിത്വസ്തുതി.

സ്തേഫാനോസ്: (ഗ്രീക്ക്) കിരീടം എന്നർത്ഥം. 7 ശെമ്മാശന്മാരിൽ പ്രധാനി (അ. പ്ര. 6-7). സഹദേന്മാരിൽ മുമ്പൻ. കർമ്മയോഗി, അദ്ഭുത പ്രവർത്തകൻ, പ്രഭാഷകൻ (അ. പ്ര. 7:55-56). കല്ലെറിഞ്ഞു കൊന്നു. സ്വർഗ്ഗീയ ദർശനം കണ്ടുകൊണ്ടും കല്ലെറിയുന്നവർക്കായി പ്രാർത്ഥിച്ചുകൊണ്ടും രക്തസാക്ഷിയായി. ജനു. 8 ഓർമ്മപ്പെരുന്നാൾ. ഈ ദിവസം പൂർണ്ണ ശെമ്മാശന്മാർക്ക് വി. കുർബ്ബാനയിൽ ഏവൻഗേലിയോൻ വായിക്കാം.

സ്തോത്രകാഴ്ച (1): തിരുവത്താഴ ശുശ്രൂഷയ്ക്ക് ആരാധകർ അപ്പവീഞ്ഞുകൾ സമർപ്പിക്കുന്നതിനെ സ്തോത്രകാഴ്ച എന്ന് പറയും.

സ്തോത്രകാഴ്ച (2): ആരാധനകളിൽ സമർപ്പിക്കപ്പെടുന്ന വഴിപാടുകൾ.

സ്തൗമൻകാലോസ്: ഗ്രീക്കു വാക്കുകൾ. അർത്ഥം: 'നന്നായി നില്ക്കണം.' പ്രുമിയോൻ സഭയുടെ വിശ്വാസപ്രബോധനമാണ്. അത് നടക്കുമ്പോൾ ശ്രദ്ധിക്കണം എന്നാണ് ശെമ്മാശൻ നൽകുന്ന പ്രബോധനത്തിന്റെ അർത്ഥം. അതിന്റെ ജനപക്ഷത്തു നിന്നുള്ള പ്രതികരണമാണ് കുറിയേലായിസോൻ എന്ന പ്രാർത്ഥന.

സ്ത്രീധനം: ഏതെങ്കിലും തരത്തിൽ സ്ത്രീധന സമ്പ്രദായം എല്ലാ സമൂഹങ്ങളിലും നിലനിന്നിരുന്നു. പിതൃസ്വത്തിൽ സ്ത്രീക്കുള്ള

അവകാശം വിവാഹസമയത്ത് സ്ത്രീക്ക് നൽകുന്നു. വിവാഹശേഷം വധു വരന്റെ വീട്ടിൽ അംഗമാകുന്നു. സ്ത്രീധനത്തുക പള്ളിയിൽ പ്രഖ്യാപിക്കുകയും അതിന്റെ നിശ്ചിത ശതമാനം പള്ളിക്ക് നൽകുകയും ചെയ്തിരുന്നു. 1961–ൽ സ്ത്രീധന നിരോധന ബിൽ വന്നു. എങ്കിലും പല പേരുകളിൽ സ്ത്രീധന വ്യവസ്ഥിതി ഇന്നും തുടരുന്നു.

സ്ഥാത്തിക്കോൻ: സുസ്താത്തിക്കോൻ എന്നും പറയും. പട്ടമേല്ക്കുന്ന മേല്പട്ടക്കാരന് സ്ഥാനം നൽകുന്ന സുന്നഹദോസിന്റെ അധ്യക്ഷൻ നൽകുന്ന അധികാരപത്രമാണിത്. ശുശ്രൂഷയിൽ പങ്കെടുത്ത രണ്ടു മേല്പട്ടക്കാർ ഇതിൽ സാക്ഷിവാചകം രേഖപ്പെടുത്തി ഒപ്പിടണം. വിദേശത്തുവച്ച് പട്ടമേറ്റും രഹസ്യമായി പട്ടമേറ്റും വരുന്നവരുടെ സാക്ഷ്യപത്രമാണ് സ്ഥാത്തിക്കോൻ. കാട്ടുമങ്ങാട്ട് ഒന്നാം കൂറിലോസിനും പാലക്കുന്നത്ത് വലിയ അത്താനാസ്യോസിനും തങ്ങളുടെ സ്ഥാനസാധുത തെളിയിക്കാൻ യഥാർത്ഥ സ്ഥാത്തിക്കോനോ സാക്ഷികളോ ഉണ്ടായിരുന്നില്ല. എല്ലാ പട്ടംകൊടകൾക്കും സ്ഥാത്തിക്കോൻ നൽകിയിരുന്നു.

സ്ഥാനചിഹ്നങ്ങൾ: വൈദികർക്ക് അവരുടെ ദൗത്യം സൂചിപ്പിക്കുന്ന സ്ഥാനചിഹ്നങ്ങൾ പട്ടംകൊടയിൽ നൽകുവാൻ ക്രമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്: 1. 'മ്സമ്രോനോ': സങ്കീർത്തനപുസ്തകം. 2. കോറൂയോ: ഏവൻഗേലിയോൻ ഒഴിച്ചുള്ള വേദപുസ്തകം. 3. ആപ്പ്ദ്യകിനോ: കത്തിച്ച മെഴുകുതിരി. 4. ശെമ്മാശൻ: കുരിശുമാലയും ഏവൻഗേലി പുസ്തകവും. 5. കശ്ശീശാ: സ്ലീബാ, ഏവൻഗേലിയോൻ, ഐക്കൺ, തിരുശേഷിപ്പ് പേടകം. എപ്പിസ്കോപ്പാ: അംശവടി.

സ്ഥാനവസ്ത്രങ്ങൾ: 1. ശെമ്മാശൻ: സാധാരണവസ്ത്രങ്ങൾക്ക് പുറമേ കറുത്ത കുപ്പായവും ശുശ്രൂഷക്കുപ്പായവും സ്ഥാനയോജ്യമായ ഊറാറ ധാരണവും (മലങ്കരയുടെ പാരമ്പര്യത്തിൽ തൊപ്പിയും).

2. കശ്ശീശാ: സാധാരണവസ്ത്രം - കറുത്തകുപ്പായം, പുറങ്കുപ്പായം, തൊപ്പി. കൂദാശാനുഷ്ഠാനങ്ങളിൽ ശുശ്രൂഷക്കുപ്പായം, ചെരിപ്പ്, കാപ്പാ സെറ്റ് തുടങ്ങിയവ.

3. കശ്ശീശാ റമ്പാൻ: കശ്ശീശായുടെ വേഷം കൂടാതെ തലയിൽ തൊപ്പിയ്ക്കുമുകളിൽ മസനപ്സാ.

4. കോറെപ്പിസ്കോപ്പാ: കശ്ശീശായുടെ കറുത്തകുപ്പായത്തിന് പകരം ചുവപ്പ് കുപ്പായം. കൂദാശകളിൽ കാപ്പായ്ക്ക് മീതെ ചെറിയകാപ്പാ.

5. മേല്പട്ടക്കാരൻ: കശ്ശീശായുടെ തൊപ്പി മസ്നപ്സ്സായ്ക്കു മുകളിൽ മുടി ആയി അണിയുന്നു. കൂദാശകളിൽ തൊപ്പി മസ്നപ്സായ്ക്ക് കീഴിൽ ക്രമീകരിക്കുന്നു. അംശവസ്ത്രമായി കശ്ശീശായുടെ അംശവസ്ത്രങ്ങൾക്ക്

പുറമേ വലിയ ഊറാറ (പത്രസീൻ), തലയിൽ ശീലമുടി, അംശവടി.

ആരാധനകളിൽ മദ്ബഹായുടെ ഇരുവശങ്ങളിലുമുള്ള കശ്ശീശന്മാരുടെ പന്ത്രണ്ട് ഇരിപ്പിടങ്ങളുടെ മധ്യത്തിൽ മേല്പട്ടക്കാരന്റെ സിംഹാസനം ക്രമീകരിക്കുന്നു.

സ്ഥിരീകരണം: മാമ്മൂദീസാ ഏറ്റവർ പ്രായപൂർത്തിയാകുമ്പോൾ ബിഷപ്പ് അവരുടെ തലയിൽ കൈവച്ച് നടത്തുന്ന ശുശ്രൂഷയാണ് കത്തോലിക്കാ-പ്രൊട്ടസ്റ്റണ്ട് സഭകളിൽ സ്ഥിരീകരണം. ഓർത്തഡോക്സ് സഭയിൽ മേല്പട്ടക്കാരന്റെ കൈവെപ്പിന്റെയും കൂടെ പ്രതീകമായ മൂറോൻ തൈലം കൊണ്ട് മുദ്രണവും അഭിഷേകവും നടത്തി മാമ്മൂദീസായോടനുബന്ധിച്ച് തന്നെ പട്ടക്കാരൻ സ്ഥിരീകരണ കൂദാശ നടത്തുകയും അതുകഴിഞ്ഞ് കുർബ്ബാന കൊടുക്കുകയും ചെയ്യുന്നു. അംഗീകൃത പൗരോഹിത്യം ഇല്ലാത്ത സഭകളിലെ മാമ്മൂദീസാക്കാരെയും സ്ഥിരീകരണ ശുശ്രൂഷ നടത്തി സഭാംഗത്വം നൽകുന്നു.

സ്നാപനം: *'മാമ്മൂദീസാ'* കാണുക.

സ്നേഹം (അഗപ്പെ): അടിസ്ഥാന സുകൃതം. ദൈവം മനുഷ്യരെ സ്നേഹിക്കുന്നു. മനുഷ്യൻ ദൈവത്തെ സ്നേഹിക്കുകയാണ് ആവശ്യം. മനുഷ്യൻ തമ്മിൽ സ്നേഹം ആവശ്യമാണ്.

സ്നേഹവിരുന്ന്: വിശ്വാസികൾ സംഗമിക്കുമ്പോൾ നടത്തുന്ന വിരുന്ന്. ആരാധനാ സമൂഹങ്ങളും വി. കുർബ്ബാനയ്ക്ക് മുമ്പ് സ്നേഹവിരുന്ന് നടത്തിയിരുന്നു (1 കോരി. 11:17 മു). പിന്നീട് ഉപവാസത്തോടെ കുർബ്ബാന ആരംഭിച്ചപ്പോൾ സ്നേഹവിരുന്ന് കുർബ്ബാനയ്ക്ക് ശേഷമായി. അതിന്റെ അവശിഷ്ടാചാരമാണ് ബുർക്ക്സാ വിതരണം. കുർബ്ബാന കഴിഞ്ഞ് പല ഇടവകകളും നടത്തുന്ന കഞ്ഞിയും മറ്റും സ്നേഹവിരുന്നിന്റെ രൂപാന്തരങ്ങളായി കരുതാവുന്നതാണ്.

സ്പർഹായേ: ജീവന്റെ പുസ്തകം. കുർബ്ബാനയിൽ ഓർക്കപ്പെടുവാൻ മരിച്ചുപോയവരുടെ റജിസ്റ്റർ സൂക്ഷിക്കുന്ന പള്ളികളുണ്ട്. ഈ ലിസ്റ്റ് സ്പർഹായേ എന്ന് അറിയപ്പെടുന്നു.

സ്മുർണ്ണാ: ഏഷ്യാമൈനറിലെ വാണിജ്യകേന്ദ്രം. വെളിപാട് പുസ്തകം പരാമർശിക്കുന്ന ഒരു സഭ (1:11; 2:8-11). മാർ ഇഗ്നാത്തിയോസ് റോമിലേക്കുള്ള രക്തസാക്ഷിത്വ യാത്രയിൽ ഇവിടെവച്ച് നാലു ലേഖനങ്ങൾ എഴുതി. എ. ഡി. 156-ൽ രക്തസാക്ഷിയായ വി. പോളിക്കാർപ്പോസ് ഇവിടത്തെ മെത്രാൻ ആയിരുന്നു.

സ്ലീബാ: കുരിശ്. ശാപത്തിന്റെ പ്രതീകം. രക്ഷയുടെ പ്രതീകമായി.

ആരാധനയിൽ കുരിശിന് പ്രാധാന്യമുണ്ട്. കുരിശു സ്ഥാപനയും എഴുന്നള്ളിക്കലുമുണ്ട്. അനുഗ്രഹിക്കാനുള്ള നൽവരത്തിന്റെ സ്ഥാനചിഹ്നമായി പട്ടക്കാരും മേല്പട്ടക്കാരും സ്ലീബാ കൊണ്ട് ജനത്തെ അനുഗ്രഹിക്കുന്നു. കുരിശ് വരച്ച് ജനം അനുഗ്രഹം സ്വീകരിക്കുന്നു. അനുഗ്രഹദാനത്തിന്റെ എല്ലാ മുദ്രണങ്ങളും സ്ലീബാ ഭാഷയിലാണ്. സ്ലീബാ സ്വയമേവ വിശുദ്ധമാകയാൽ അതിന്മേൽ വിശുദ്ധീകരണ കർമ്മങ്ങൾ നടത്തുന്നില്ല.

സ്ലീബാ ആഘോഷം: പള്ളിയുടെ ശിലാസ്ഥാപനം, പള്ളികൂദാശ, മൂറോൻകൂദാശ, ദനഹാ, ഊശാന, ദുഃഖവെള്ളി, ഉയിർപ്പു തുടങ്ങിയ ആണ്ടുതക്സാ ശുശ്രൂഷകൾ, കുരിശുസ്ഥാപനം തുടങ്ങിയ ആരാധനകളിൽ നാലു ഭാഗത്തേക്കുമായി വിശദമായ കൗമ്മാ വാക്യപ്രതി വാക്യങ്ങളായി ചൊല്ലിക്കൊണ്ട് പട്ടക്കാരനോ മേല്പട്ടക്കാരനോ നടത്തുന്ന ക്രമമാണിത്. യൽദാ, സ്വർഗ്ഗാരോഹണം തുടങ്ങിയ ശുശ്രൂഷകളിൽ ഇത് അടുത്തകാലത്തായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

സ്ലീബാ എഴുന്നള്ളിപ്പ്: പെരുന്നാളിനോടനുബന്ധിച്ച് ചെറിയ കുരിശ് കൈയിൽ വഹിച്ചുകൊണ്ട് പള്ളിക്കു ചുറ്റുമായി നടത്തുന്ന പ്രദക്ഷിണ വഴിപാടിനെയും ആഘോഷമായ പള്ളിപ്രദക്ഷിണങ്ങളെയും ഈ പേരിൽ വ്യവഹരിക്കുന്നു.

സ്ലീബാദാസസമൂഹം: 1924-ലെ സ്ലീബാപെരുന്നാൾ ദിവസം മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശൻ ആരംഭിച്ചു. സഭയിലെ പ്രമുഖ മിഷണറി സമൂഹം. 25000-ലധികം പേരെ സഭയിൽ ചേർക്കുവാൻ കഴിഞ്ഞു. അധകൃതരുടെ കുടിലുകളിലാണ് പ്രവർത്തനം. മുളന്തുരുത്തി കർമ്മേൽ ദയറാ ആസ്ഥാനം. 'അബ്ദേദ സ്ലീബോ' എന്ന പേരിൽ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. സ്ഥാപക പ്രസിഡണ്ടിന്റെ കാലശേഷം പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ട്. ആദ്യകാല സെക്രട്ടറി ടി. വി. പിലിപ്പോസ് കോർഎപ്പിസ്കോപ്പായായിരുന്നു. ഇപ്പോൾ എം. ടി. സാമുവൽ റമ്പാൻ സെക്രട്ടറി.

സ്ലീബാപെരുന്നാൾ: മാറാനായപെരുന്നാൾ. സെപ്തം. 14-ന് ആചരിക്കുന്നു. കുസ്തന്തീനോസ് ചക്രവർത്തിയുടെ അമ്മ ഹേലേനി രാജ്ഞി സ്ലീബാ കണ്ടെടുത്തതിന്റെ സ്മരണ. കൊയ്ത്തുകാലമായതിനാൽ ചില പ്രദേശങ്ങളിൽ പുത്തരിപ്പെരുന്നാൾ അന്ന് കൊണ്ടാടുന്നു. അവൽ നേർച്ച, പാച്ചോർ നേർച്ച മുതലായവ നടത്തുന്നു. രാഗം എട്ട്.

സ്ലീബാ വന്ദനവ്: ദുഃഖവെള്ളിയാഴ്ചയിലെ പ്രത്യേക ശുശ്രൂഷ. ബലിയുടെ പ്രതീകമാണ് കുരിശ്. സ്ലീബാ വന്ദനവിൽ ക്രിസ്തുവിന്റെ ബലിയെ കുരിശിന്റെ പ്രതീകത്തിലൂടെ സഭ സ്മരിക്കുന്നു, പുനരനുഭവിക്കുന്നു. ഗലാത്യ ലേഖനത്തിൽ വി. പൗലൂസ് പറയുംപോലെ ക്രൂശിക്കപ്പെട്ട യേശു

വിനെ വരച്ചുകാണിക്കുവാനുള്ള ഉദ്യമമാണ് സ്ലീബാ വന്ദനവിന്റെ ക്രമം.

സ്ലെയർ മാക്കർ, ഫ്രെഡറിക് ഡാനിയേൽ (1768–1834): ജർമ്മൻ ദൈവശാസ്ത്രജ്ഞൻ. മതം അനന്തതയുടെ അവബോധമാണെന്ന് പഠിപ്പിച്ചു.

സ്ലൂസോ: പ്രാർത്ഥന. പ്രാരംഭ പ്രാർത്ഥനകൾ ഈ പേരിൽ അറിയപ്പെടുന്നു. കന്തീല ശുശ്രൂഷയിലും മറ്റും സ്ലൂസോകൾ തൈലം വാഴ്‌വിന്റെ പ്രാർത്ഥന കൂടെയാണ്. സ്ലൂസോ ചൊല്ലുമ്പോൾ തൈലത്തിന്മേൽ ത്രിത്വനാമത്തിൽ മൂന്ന് തവണ റൂശ്മാ ചെയ്യും.

സ്വഭാവം, ക്രിസ്തുവിന്റെ: ക്രിസ്തുവിൽ രണ്ട് സ്വഭാവങ്ങൾ അവിഭാജ്യമായി ഏകമായി നില്ക്കുന്നു. ഏകസ്വഭാവവാദം എന്ന് പറയാം. കൽക്കിദോൻ സിനഡ് ഇരു സ്വഭാവവാദം സ്വീകരിച്ചതോടെ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഏക സ്വഭാവവാദികൾ എന്നറിയപ്പെട്ടു.

സ്വർഗ്ഗം: ദൈവം വാഴുന്ന ഒരു സ്ഥലമെന്ന് എല്ലാവരും കരുതുന്നു. സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനം. ഒരു അവസ്ഥയും അനുഭവവും ആണ്. ഇന്ദ്രിയാതീതമായ അനുഭവം. അദ്രവത്വമുള്ള ശരീരം അമർത്യമാവും. അതാണ് യുഗാന്ത്യ പ്രതീക്ഷ. പുതിയ ആകാശവും പുതിയ ഭൂമിയും (യെശ. 65:17; 2 പത്രോ. 3:10–13).

സ്വർഗ്ഗരാജ്യം: '*ദൈവരാജ്യം*' കാണുക.

സ്വർഗ്ഗാരോഹണം: പുനരുത്ഥാനം കഴിഞ്ഞ് 40-ാം നാൾ യേശു സ്വർഗ്ഗാരോഹണം ചെയ്തു. ഒലിവ് മലയിൽ ശിഷ്യന്മാർ ഈ സംഭവത്തിന് സാക്ഷികളായി. മഹത്വീകരിക്കപ്പെട്ട ശരീരത്തോടെ സ്വർഗ്ഗാരോഹണം ചെയ്തു. യേശുവിനെ സ്തേഫാനോസ് ദർശിക്കുന്നു. ദൈവീകരിക്കപ്പെട്ട മനുഷ്യജാതിയുടെ ആദ്യഫലമെന്ന് സ്വർണ്ണനാവുകാരൻ. മാറാനായപ്പെരുന്നാൾ. 5-ാം രാഗം.

സ്വർണ്ണവെള്ളിയാഴ്ച: പെന്തിക്കോസ്തിക്കുശേഷം ആദ്യവെള്ളി. സുന്ദരം ഗോപുരവാതില്ക്കൽ മുടന്തനെ പത്രോസ് സൗഖ്യമാക്കിയ സംഭവം അനുസ്മരിക്കുന്നു.

സ്രാഫി: മാലാഖമാരുടെ ഒരു ഗണം (യെശ. 6:2 മു). സറാഫ്= എരിയുക.

സ്റ്റാർ ഓഫ് ദ് ഈസ്റ്റ്: പൗരസ്ത്യതാരം. ഫാ. ഡോ. സി. റ്റി. ഈപ്പൻ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് ത്രൈമാസികം. 1979-ൽ ഇതിന്റെ ചുമതല ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് ഏറ്റെടുത്തു. സെമിനാരിയിൽ നിന്ന്

ഡൽഹിയിലേക്ക് പ്രസിദ്ധീകരണം മാറ്റി. 1997-ൽ പ്രസിദ്ധീകരണം നിലച്ചു. 2007-ൽ വീണ്ടും പ്രസിദ്ധീകരണമാരംഭിച്ചു.

സ്റ്റീഫൻ ബ്രിട്ടോ: ഉദയംപേരൂർ സിനഡിന് ശേഷം 1624 നവം. 20-ന് സഭാ ചുമതലയേറ്റ മെത്രാൻ. അർക്കദിയാക്കോനുമായി നല്ല ബന്ധത്തിൽ കഴിഞ്ഞു. ഗീവറുഗീസ് ആർച്ച് ഡീക്കൻ അന്തരിച്ചപ്പോൾ പകലോമറ്റം തോമസിനെ പുതിയ ആർച്ച് ഡീക്കനായി നിയമിച്ചു. 1641 ഡിസം. 2-ന് ബ്രിട്ടോ നിര്യാതനായി.

സ്റ്റീഫൻ, സി. എം. (1918-1984): മാവേലിക്കര ചെമ്പകശ്ശേരി മത്തായിയുടെ മകൻ. 1918 ഡിസം. 23-ന് ജനിച്ചു. അഖില കേരള ബാലജന സഖ്യം പ്രസിഡണ്ട്. തിരുവിതാംകൂർ വിദ്യാർത്ഥി ഫെഡറേഷൻ ജനറൽ സെക്രട്ടറി. ഉത്തരവാദപ്രക്ഷോഭത്തിൽ പങ്കെടുത്തു. ഒരു വർഷം തടവുശിക്ഷയേറ്റു. തൃശൂർ സെന്റ് തോമസ് കോളജിൽ പഠിച്ചു. ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തു. നിയമപരീക്ഷ പാസ്സായി. ഹൈദ്രബാദ് ബുള്ളറ്റിൻ, ഫൈനാൻഷ്യൽ ടൈംസ് എന്നിവയിൽ പ്രവർത്തിച്ചു. 'പൗരപ്രഭ' നടത്തി. സി. പി. യെ എതിർത്തപ്പോൾ പത്രം നിരോധിച്ചു. കേരള നിയമസഭയിലേക്കും ലോകസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1975-ൽ കോൺഗ്രസ് പാർലമെണ്ടറി പാർട്ടി ഉപനേതാവായി. 1978-ൽ ലോകസഭയിൽ പ്രതിപക്ഷനേതാവായി. കേന്ദ്ര മന്ത്രിസഭയിൽ വാർത്താവിനിമയത്തിന്റെയും ഷിപ്പിംഗിന്റെയും മന്ത്രിയായി. കോൺഗ്രസിന്റെ അഖിലേന്ത്യാ സെക്രട്ടറിയായി. മലങ്കരസഭയെ അകമഴിഞ്ഞു സ്നേഹിച്ചു. 1984 ജനു. 16-ന് അന്തരിച്ചു.

സ്റ്റോയിക് ചിന്ത: ആതൻസിലെ സെനോ സ്ഥാപിച്ച ചിന്ത. പ്രകൃതി നിയമം, മനഃസാക്ഷിയുടെ നിയമവും പ്രധാനം. ദൈവം ഊർജ്ജമാണ്. അന്തര്യാമിയാണ്. മനുഷ്യസാഹോദര്യം പ്രധാനമാണ്.

ഹ

ഹഗിയോഗ്രാഫ്: പഴയനിയമ കാനോനിക ഗ്രന്ഥങ്ങളുടെ മൂന്നാം ഭാഗത്തിന്റെ ശീർഷകം. ന്യായപ്രമാണങ്ങളും പ്രവാചകന്മാരും ഒഴികെയുള്ള പുസ്തകങ്ങൾ (സങ്കീർത്തനം, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, എസ്ഥേർ, 1, 2 ദാനിയേൽ, 1, 2 ദിനവൃത്താന്തം, എസ്രാ, നെഹമ്യാവ്, etc).

ഹഗിയോഗ്രാഫി: വിശുദ്ധന്മാരുടെ ജീവചരിത്ര ഗ്രന്ഥങ്ങൾ.

ഹഗിയോളജി: വിശുദ്ധിയുടെ ശാസ്ത്രം. വിശുദ്ധരുടെ ജീവിതം, അവരെപ്പറ്റിയുള്ള ഐതിഹ്യം എന്നിവ ഇതിന്റെ വിഷയങ്ങളാണ്.

ഹയറാർക്കി: പുരോഹിതശ്രേണി. വൈദികരുടെ സംഘടിത വ്യവസ്ഥിതി. മാലാഖമാരുടെ ശ്രേണിയും ഈ പേരിൽ അറിയപ്പെടുന്നു.

ഹഗ്ഗായി: ചെറിയ പ്രവാചകരിലൊരാൾ. ബി. സി. 522–516. അർത്ഥം: യഹോവയുടെ ഉത്സവം. പ്രവാസം കഴിഞ്ഞ് ദേവാലയ നിർമ്മാണം ആരംഭിച്ച പശ്ചാത്തലം. ആലയനിർമ്മാണത്തെ പ്രചോദിപ്പിച്ചു.

ഹന്ന: കൃപ. 1. ഏല്ക്കാനയുടെ രണ്ടു ഭാര്യമാരിലൊരാൾ (1 ശമു. 2:18). ശമുവേൽ പ്രവാചകന്റെ അമ്മ. 2. വിധവ, വൃദ്ധ, പ്രവാചകി. ദേവാലയത്തിൽ ജീവിച്ചു. യേശുവിനെ ദേവാലയത്തിൽ സമർപ്പിച്ചപ്പോൾ ഹന്നാ അവിടെയുണ്ട് (ലൂക്കോസ് 2:36). അന്ന, അന്നം, അന്നമ്മ എന്നീ പേരുകൾക്കാധാരം.

ഹന്നാവ് (അന്നാസ്): എ. ഡി. 6–15 വരെ മഹാപുരോഹിതൻ. ഹന്നാവിന്റെ അഞ്ചു പുത്രന്മാരും മരുമകനും (കയ്യാപ്പാ) മഹാപുരോഹിതന്മാരായിത്തീർന്നു.

ഹബക്കൂക്ക്: ചെറിയ പ്രവാചകരിലൊരാൾ. ബി. സി. 7–ാം നൂറ്റാണ്ടിൽ യഹൂദ്യയിൽ ജനിച്ചു. ചാവുകടൽ ചുരുളിൽ ഇതിന്റെ വ്യാഖ്യാനം കണ്ടെത്തി. ഈ പ്രവചനം പൗലൂസ് ഉദ്ധരിക്കുന്നുണ്ട് (2:4, റോമ. 1:7; ഗലാ. 3:3–11).

ഹമനീഖാ: അയ്മനിയ എന്ന് സംസാരഭാഷ. ഊറാറ രണ്ടു തലയും മുന്നിലേക്കായി കഴുത്തിൽ ചുറ്റി ധരിക്കുന്നു. കശീശായുടെ അടിസ്ഥാന അംശവസ്ത്രം. മാല എന്ന് പദാർത്ഥം. പുറങ്കുപ്പായത്തിനകത്തായും ധരിക്കാം. പുറങ്കുപ്പായത്തിന്റെ ബോർഡർ ആയി ഊറാറ തയ്ച്ച് ക്രമീക രിക്കാവുന്നതാണ്. മാർ കവചമായി ഇതിനെ വിശേഷിപ്പിക്കാം (എഫേ. 6:14).

ഹവ്വാ: ജീവൻ നൽകുന്നത്. ആദിമാതാവ്. മറിയാമിനെ രണ്ടാം ഹവ്വാ എന്ന് വിശേഷിപ്പിക്കുന്നു.

ഹസിയോ: പുരോഹിതൻ.

ഹ്സീറോൻ: സുറിയാനിയിൽ ജൂൺ മാസം.

ഹാദെസ് മ്ലേ റഹമ്മേ: വാങ്ങിപ്പോയവരെ ഓർക്കുന്ന മാർ ബാലാ യിയുടെ അപേക്ഷ. ഒമ്പതാം മണി നമസ്ക്കാരത്തിൽ ഇത് ചൊല്ലുന്നു.

ഹാബേൽ: ആദിമാതാപിതാക്കളുടെ രണ്ടാമത്തെ പുത്രൻ.

ഹാബേലിന്റെ കാഴ്ച: ഉല്പത്തി പുസ്തകം വിവരിക്കുന്ന ഹാബേ ലിന്റെ സ്വീകരിക്കപ്പെട്ട യാഗം (ഹാബേലിൻ കുഞ്ഞാട്).

ഹാബേലിന്റെ വധം: അസൂയാലുവായ ജ്യേഷ്ഠൻ കായേൻ ഹാബേ ലിനെ വധിച്ചു.

ഹാബേലിന്റെ രക്തം: ജ്യേഷ്ഠനോട് ക്ഷമിക്കുവാൻ ഹാബേലിന്റെ രക്തം സംസാരിക്കുന്നതായി എബ്രായലേഖനം (12:24).

ഹാബേൽ എവിടെ!: കായേന്റെ മുമ്പിൽ ദൈവം ഉന്നയിച്ച ചോദ്യം.

ഹാബീബായ്: 'എന്റെ വാത്സല്യമുള്ളവർ' എന്നർത്ഥം. ആദിമസഭ യഹൂദരെ സംബോധന ചെയ്തിരുന്ന പദം. യഹൂദരെ ഉദ്ദേശിച്ചെഴുതിയ ലേഖനങ്ങളും അപ്പോസ്തോല പ്രവൃത്തികളും വായിക്കുന്നതിന് മുമ്പായി വടക്കുഭാഗത്തെ അഭിസംബോധനാപദമായി ഇത് ഉപയോഗിക്കുന്നു. പട്ടക്കാർ വി. കുർബ്ബാനയിൽ യാത്രയയപ്പിന്റെ അന്ത്യ ആശീർവാദത്തിലും ശുബ്ക്കോനോ ചോദിക്കുമ്പോളും ഈ പദം - ആഹായ്ൻ ഉഹാബീബാ യ്ൻ - ഉപയോഗിക്കുന്നു.

ഹാം: നോഹയുടെ രണ്ടാമത്തെ പുത്രൻ.

ഹാലോ: ദിവ്യതയുടെ പ്രകാശ പരിവേഷം.

ഹാമാൻ: പേർഷ്യൻ രാജാവ് അഹശ്വരേശിന്റെ പ്രധാനമന്ത്രി. എസ്തേ

റിന്റെ പുസ്തകത്തിൽ ഇദ്ദേഹം സമൃദ്ധിയായി പ്രത്യക്ഷപ്പെടുന്നു. യഹൂദന്മാരെ നശിപ്പിക്കുവാൻ വിഫലമായി ശ്രമിച്ച നീച കഥാപാത്രം. പുരീം പെരുന്നാളിൽ ഹാമാന്റെ പ്രതിമയുണ്ടാക്കി തൂക്കിലേറ്റുന്ന ആചാരമുണ്ട്.

ഹാലേലൂയ്യാ: ദൈവത്തെ സ്തുതിപ്പിൻ എന്നർത്ഥം. എബ്രായപദം. കുക്കിലിയോനുകളും ആഘോഷമായി പാടുന്ന സങ്കീർത്തനങ്ങളിലും ഇത് എട്ട് രാഗങ്ങൾക്ക് അനുയോജ്യമായി സംവിധാനം ചെയ്തിരിക്കുന്നു. നിത്യവും പാതിരാത്രി നമസ്ക്കാരത്തിന്റെ ആരംഭത്തിൽ മൂന്നു വട്ടം ഹാലേലുയ്യാ പാടി സ്തുതി അർപ്പിക്കുമ്പോൾ ഒരു തിരി കത്തിച്ച് മദ്ബഹാ തുറക്കുന്നു. ഏവൻഗേലിയോൻ വായനയുടെ പെസ്ഗോമ്മോയുടെ ആരംഭത്തിൽ ഹാലേലുയ്യാ പാടുന്നു.

ഹാശാ: കഷ്ടത. പീഡാനുഭവവാരത്തെ ഹാശാ ആഴ്ച എന്നും ആ ദിവസങ്ങളിലെ പ്രാർത്ഥനകളെ ഹാശാ നമസ്ക്കാരം എന്നും പറയും. ഹാശാനാളുകൾ, ഹാശാരാഗം, ഹാശായുടെ കൗമ്മാകൾ, ഹാശാ ആഴ്ചയിലെ മുറകൾ എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. ഈ ആഴ്ചയിൽ സമാധാനാശംസകളോ സമാധാനം കൊടുക്കലോ ഇല്ല. ഔപചാരികമായ മധ്യസ്ഥപ്രാർത്ഥനകൾ ഇല്ല. സാധാരണഗതിയിൽ മദ്ബഹായുടെ മറ തുറക്കുന്നില്ല. ഓരോ ദിവസവും ചിലപ്പോൾ യാമവും കൗമ്മാ വ്യത്യാസപ്പെടുന്നു. പാട്ടുകൾക്ക് പ്രത്യേകമായ രാഗങ്ങൾ ഉണ്ട്. അവർക്ക് വർണ്ണഭേദം ഇല്ല. പകിട്ടും കുറവാണ്. ഹാശായുടെ നിറം പൊതുവേ കറുപ്പ്. ഹാശായുടെ രുചി പൊതുവേ കയ്പ്.

ഹിജറാ: മുസ്ലീം വർഷം. മുഹമ്മദ് മെക്കയിൽ നിന്ന് മെദീനയിലേക്ക് ഓടിപ്പോയ സംഭവം ആധാരം. ഇത് നടന്നത് എ. ഡി. 622 ജൂലൈ 16 –നാണ്. ഒരു വർഷത്തിന് 354–355 ദിവസങ്ങൾ.

ഹിന്ദുധർമ്മം: ഹിന്ദുപദം ദേശവാചിയാണ് (എസ്തേർ 1:1). ആര്യന്മാർ കുടിയേറിപ്പാർത്ത് ആര്യവേദങ്ങൾ ഭാരതത്തിൽ പ്രചരിപ്പിച്ചു. വൈദികമതം എന്നും സനാധന ധർമ്മം എന്നുമായിരുന്നു പേർ. 1. ധർമ്മ, അർത്ഥകാമ, മോക്ഷം (പുരുഷാർത്ഥങ്ങൾ). 2. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ (നാല് വർണ്ണങ്ങൾ). 3. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം (4 ആശ്രമങ്ങൾ). 4. ജീവിതഘട്ടങ്ങളിലെ ഷോഡശസംസ്ക്കാരങ്ങൾ. 5. കർമ്മ–കർമ്മ ഫലസിദ്ധാന്തം. ഇവ അടിസ്ഥാന പ്രമാണം. അനവധി ധാരകളുണ്ടായിരുന്ന മതങ്ങളെ – മുഖ്യമായും ശൈവം, വൈഷ്ണവം, ബ്രാഹ്മണം – ചേർത്ത് എ. ഡി. 9–ാം നൂറ്റാണ്ടിൽ ഹിന്ദു മതം എന്ന ദേശീയനാമം മതവാചയായി ഉപയോഗിച്ചു.

ഹിപ്പാലസ്: അറബിക്കടലിലെ തെക്കുപടിഞ്ഞാറൻ കാറ്റിന്റെ സഹായ

ത്താൽ അലക്സാന്ത്രിയാ തുറമുഖത്തു നിന്ന് 40 ദിവസം കൊണ്ട് കേരള തീരത്തെത്താം എന്ന് എ. ഡി. 45-ൽ കണ്ടെത്തിയ നാവികൻ.

ഹിപ്പോളിറ്റസ് (എ. ഡി. 235): റോമിലെ ക്രൈസ്തവ നേതാവ്. വേദവ്യാഖ്യാനം, പട്ടത്വക്രമീകരണം എന്നീ വിഷയങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി. 'അപ്പോസ്തോലിക പാരമ്പര്യം' മുഖ്യകൃതി. ദാനിയേലിന്റെ പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനം, ക്രിസ്തുവിനെക്കുറിച്ചും അന്തിക്രിസ്തുവിനെക്കുറിച്ചും ഉള്ള വിശദീകരണം, എല്ലാ അബദ്ധോപദേശങ്ങൾക്കുമെതിരെ ഇവയാണ് മറ്റ് പ്രമുഖ കൃതികൾ. വലിയ പാപത്തിൽ വീഴുന്നവരെ തിരിച്ചെടുത്തുകൂടാ എന്ന കർക്കശ നിലപാട് സ്വീകരിച്ചു. സ്വയം സമാന്തര മെത്രാനും സമാന്തര പോപ്പുമായി പ്രഖ്യാപിച്ചു. നാടുകടത്തപ്പെട്ടു. സാർദീനിയായിൽ വച്ച് രക്തസാക്ഷിയായി.

ഹിലരി (എ. ഡി. 315-368): പാശ്ചാത്യസഭയുടെ അത്താനാസ്യോസ്. അറിയോസിനെതിരെ പോരാടി. കുടുംബജീവിതം നയിച്ചു. പ്വാസിയേർസിലെ മെത്രാനായി സഭാജീവിതവും നയിച്ചു. 'വി. ത്രിത്വം', 'സുന്നഹദോസുകൾ' എന്നിവ മുഖ്യ കൃതികൾ. അക്രൈസ്തവനായി ജനിച്ച അദ്ദേഹം അന്വേഷണത്തിലൂടെ യേശുവിനെ കണ്ടെത്തി. പീഡകൾ സഹിച്ചു. സമാധാനപൂർണ്ണമായിരുന്നു ജീവിത സായാഹ്നം.

ഹിസ്കീയാവ്: ആഹാസിന് ശേഷം ബി. സി. 715-നോടടുത്തു യഹൂദ്യയിൽ രാജാവായി. പിച്ചളസർപ്പം ആരാധ്യവിഗ്രഹമായപ്പോൾ അദ്ദേഹം അത് നശിപ്പിച്ചു (2 രാജാ. 18:4). പാറ തുരന്ന് ഗീഹോനിൽ നിന്ന് ശീലോഹോം കുളത്തിലേക്ക് വെള്ളം ലഭ്യമാക്കി ജലക്ഷാമം പരിഹരിച്ചു (2. രാജാ. 20:20; 2 ദിന. 32:30).

ഹീറാം: ശലോമോന്റെ സമകാലീനൻ. ഹീറാമിന്റെ കപ്പലുകൾ ഓഫീറിലെ സ്വർണ്ണവും മറ്റ് വിഭവങ്ങളും ശേഖരിച്ചതായി രാജാക്കന്മാരുടെ പുസ്തകത്തിൽ പരാമർശമുണ്ട്. യെരുശലേം ദേവാലയ നിർമ്മാണത്തിന് ഇവ ഉപയോഗിക്കപ്പെട്ടു.

ഹൂത്തോമ്മോ: സമാപനം എന്നർത്ഥം. പല ശുശ്രൂഷകളിലും ഗദ്യത്തിൽ ഹൂത്തോമ്മോ ഉണ്ട്. ചിലപ്പോൾ ആശീർവാദ രൂപത്തിൽ; ചിലപ്പോൾ പ്രബോധന രൂപത്തിൽ. കുർബ്ബാനയിൽ യാക്കോബിന്റെയും അപ്രേമിന്റെയും രാഗത്തിൽ ഹൂത്തോമ്മാകൾ പില്ക്കാലത്ത് വിന്യസിക്കപ്പെട്ട് കുർബ്ബാനയുടെ ഭാഗമായിത്തീർന്നിട്ടുണ്ട്. ഔഗേൻ ബാവാ ആണ്ടടക്കമുള്ള ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും സുറിയാനിയിൽ ഹൂത്തോമ്മാകൾ രചിച്ചു. മലയാള വിവർത്തനം അദ്ദേഹം തന്നെ തയാറാക്കി. ഗാനങ്ങൾ രചിച്ചത് സഭാകവി സി. പി. ചാണ്ടിയാണ്.

ഹൂദായ കാനോൻ: പതിമൂന്നാം നൂറ്റാണ്ടിൽ മാർ ഗ്രീഗോറിയോസ് ബാർ എബ്രായ സുറിയാനി ഭാഷയിൽ ക്രോഡീകരിച്ച സുറിയാനി സഭയുടെ കാനോൻ ഗ്രന്ഥം. 'വഴികാണിക്കൽ' എന്ന് വാക്കിന് അർത്ഥം. ആകെ നാല്പത് അദ്ധ്യായങ്ങൾ. ആദ്യത്തെ പത്ത് അധ്യായങ്ങൾ സഭാ ജീവിത സംബന്ധിയാണ്. അതിന്റെ മലയാള വിവർത്തനം കോനാട്ട് ഏബ്രഹാം മല്പാൻ നടത്തിയിട്ടുണ്ട്. നാലാം നൂറ്റാണ്ടു മുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെ നടന്ന വിവിധ സുന്നഹദോസുകളിലെ സ്വീകാര്യമായ നിശ്ച യങ്ങളും നിർദ്ദേശങ്ങളും ബാർ എബ്രായ ഉൾപ്പെടെയുള്ള ചില പിതാക്ക ന്മാരുടെ അഭിപ്രായങ്ങളും ആശീർവാദങ്ങളും വിശദീകരണങ്ങളും ഇതി ലുണ്ട്. 17-ാം നൂറ്റാണ്ടിൽ ഭാഗികമായും 19-ാം നൂറ്റാണ്ടിൽ പൂർണ്ണമായും ഈ നിയമഗ്രന്ഥത്തിന്റെ സുറിയാനി കയ്യെഴുത്തുപ്രതികൾ മലങ്കരസഭ യിലെത്തി. സെമിനാരിക്കേസിൽ നവീകരണവിഭാഗം ഹാജരാക്കിയ വ്യാജ മലങ്കരക്കാനോനെ നേരിടുവാൻ മുളന്തുരുത്തി കാനോനാകളും മലങ്കര യിലെ പതിവുകളും ഉൾപ്പെടുത്തിയ ഹൂദായ കാനോൻ മലങ്കരസഭ ഹാജ രാക്കി (അന്ന് കൂട്ടിച്ചേർത്ത ഒരു ഡസനോളം നിയമങ്ങൾ ശീശക്ക് മെത്രാ ച്ചൻ കഴിഞ്ഞ ദശകത്തിൽ ഹോളണ്ടിൽ നിന്ന് അച്ചടിച്ച് പ്രസിദ്ധപ്പെടു ത്തിയ സുറിയാനിക്കാനോൻ ഗ്രന്ഥത്തിൽ അനുബന്ധമായി കൊടുത്തി ട്ടുണ്ട്). പിന്നീടുണ്ടായ വട്ടിപ്പണക്കേസിലും സമുദായക്കേസിലും അനധി കൃതമായി കക്ഷിതാല്പര്യങ്ങളെ മാത്രം മുൻനിർത്തി ഇരുന്നൂറോളം തിരു ത്തലുകൾ കൂട്ടിച്ചേർത്തും അസംഖ്യം ഭാഗങ്ങൾ വിട്ടുകളഞ്ഞും ഹൂദായ കാനോന്റെ ഒരു വികൃതരൂപം പാത്രിയർക്കീസ് പക്ഷം ഹാജരാക്കി. 18 അക്കം കാനോൻ എന്ന് കോടതി പേരിട്ട ആ അസത്യ കാനോൻ വെട്ടി ക്കൽ സെമിനാരിയിൽ നിന്ന് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹോളണ്ടിൽ നിന്ന് ശീശക്ക് മെത്രാച്ചൻ പ്രസിദ്ധീകരിച്ച കാനോനും പാരീ സിൽ അച്ചടിച്ച കാനോനും കോനാട്ട് ഏബ്രഹാം മല്പാൻ വിവർത്തനം ചെയ്ത കാനോനും ഹൂദായ കാനോന്റെ ശരിയായ പതിപ്പുകൾ ആണ്. കോനാട്ട് മാത്തൻ മല്പാൻ വട്ടിപ്പണക്കേസിൽ സത്യം ചെയ്തു ഹാജ രാക്കിയ അസത്യ കാനോനും വെട്ടിക്കൽ ഉദയഗിരി സെമിനാരി പ്രസിദ്ധീ കരിച്ച മലയാള വിവർത്തനവും ഹൂദായ കാനോന്റെ വികൃതവും വിരൂപ വുമായ പതിപ്പാണ്. കൃത്രിമം എഴുതിച്ചേർത്തത് സ്ലീബാ മാർ ഒസ്താ ത്തിയോസ് ആണെന്നാണ് കരുതപ്പെടുന്നത്.

ഹൂദൊസ് ഈത്തോ: സഭയുടെ പുതുക്കം. സഭാകലണ്ടറിലെ രണ്ടാം ഞായർ. യൂദാസ് മത്താത്തിയോസ് യെരുശലേം ദേവാലയം വീണ്ടെടുത്ത് ശുദ്ധീകരിച്ചതിനെത്തുടർന്ന് യഹൂദർക്കും ഒരു പ്രതിഷ്ഠാ പെരുന്നാൾ ഉണ്ടായിരുന്നു.

ഹൂസോയോ: പാപപരിഹാരം എന്നർത്ഥം. കുർബ്ബാനാനുഭവത്തിനൊ

രുങ്ങുന്ന അനുതാപിയുടെ തലയിൽ കൈവച്ച് പട്ടക്കാരൻ നടത്തുന്ന പാപമോചന പ്രഖ്യാപനം. പ്രുമിയോൻ-സെദ്റാകൾക്കിടയിൽ നടത്തുന്ന പ്രാർത്ഥനയ്ക്കും ഈ പേർ ഉപയോഗിക്കുന്നു. കുമ്പസാരത്തിന്റെ ഒടുവിൽ നടത്താനുള്ള ഈ പ്രാർത്ഥന കുമ്പസാരം കൂടാതെയും അനുതാപികളുടെ തലയിൽ കൈവച്ച് ചൊല്ലാറുണ്ട്. അവൈദികരുടെ മേലും വൈദികരുടെ മേലും നടത്തുവാൻ പ്രത്യേകം ഹൂസോയോ പ്രാർത്ഥനകൾ ഉണ്ട്.

ഹൂസോയോ ഹ്വീലി...: വിവിധ പട്ടംകൊടക്രമങ്ങളിൽ സ്ഥാനാർത്ഥിയെ ആശംസിക്കുന്ന ഗാനമാലികയുടെ ആദ്യ പദങ്ങൾ.

ഹെഗസിപ്പസ്: രണ്ടാം നൂറ്റാണ്ടിൽ പാലസ്തീനിൽ ജീവിച്ച യഹൂദനായിരുന്ന സഭാചരിത്രകാരൻ. ജ്ഞാനവാദികൾക്കെതിരെ 'സ്മരണകൾ' എന്ന പേരിൽ അഞ്ചു പുസ്തകം എഴുതി. യൗസേബിയോസിന്റെ സഭാചരിത്രം അതിന്റെ ലഭ്യമായ ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. യെരൂശലേം സഭയുടെ പ്രാരംഭ ചരിത്രം അതിലുണ്ട്. റോമ്മിലെ ബിഷപ്പുമാരുടെ ആദ്യ പട്ടികയായി ഇത് ഗണിക്കപ്പെടുന്നു.

ഹെഗൽ: ജർമ്മൻ തത്വചിന്തകൻ. തീസിസ്, ആന്റി തീസിസ്, സിന്തെസിസ് എന്നിങ്ങനെ ചിന്താവികസനത്തെപ്പറ്റിയുള്ള തന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചു. സർവതലസ്പർശിയായ ആശയവാദത്തിന്റെ വക്താവ്.

ഹെർമാസ്: ഇടയൻ എന്ന രേഖയുടെ കർത്താവ്. അപ്പോസ്തോലിക പിതാവ്. എ. ഡി. 140-155 കാലത്തു എഴുതിയ ലേഖനം രൂപകാർത്ഥശൈലിയിലാണ്. സന്മാർഗ്ഗ മാലയാണത്.

ഹെർമിറ്റ്: ഈഹിദായക്കാരൻ. ഏകാന്തവാസിയായ സന്യാസി.

ഹെർമ്മോൻ: വിശുദ്ധസ്ഥലം എന്നർത്ഥം. പാലസ്തീന്റെ അതിർത്തിയിൽ ലെബനോനിനെതിരെ മഞ്ഞ് മൂടിക്കിടക്കുന്ന ശൈലം. ഉയരം 2814 മീറ്റർ. സീരിയോൻ എന്നും പേരുണ്ട് (ആവ. 4:48). ഇവിടെ വച്ചാണ് മറുരൂപം സംഭവിച്ചതെന്ന് കരുതപ്പെടുന്നു. ഈ മഞ്ഞ് യോർദ്ദാൻ നദിയെ പോഷിപ്പിക്കുന്നു.

മലബാർ മെത്രാസനാസ്ഥാനത്തിന് ഈ പേർ നൽകിയിട്ടുണ്ട്.

ഹെർമ്മോൻ സന്ദേശം: മലബാർ മെത്രാസനസ്ഥാനമായ ഹെർമ്മോൻ അരമനയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന മാസിക.

ഹെബ്രോൻ: യഹൂദ്യ മലനാടിന്റെ തെക്കുള്ള ഒരു പട്ടണം. മുന്തിരിക്കും ഒലിവിനും പ്രസിദ്ധം. കീര്യത്ത് അർബ്ബാ എന്ന് പഴയ പേർ (ഉല്പ.

23:2; യോശു. 20:7). അൽവലീൻ എന്ന് ഇപ്പോഴത്തെ അറബിനാമം (സ്നേഹിതന്റെ സ്ഥലം). മക്പേലാ ഗുഹ ഇവിടെയാണ് (ഹറം എൽ വലീലിൽ). ലേവ്യ പട്ടണം. 100 സങ്കേത നഗരങ്ങളിലൊന്ന്. ദാവീദിന്റെ ആദ്യകാല അഭയകേന്ദ്രവും അഭിഷേകസ്ഥലവും ആദ്യകാല തലസ്ഥാനനഗരിയും. ബി. സി. 164-ൽ യൂദാ മക്കാബിയസ് ഇത് പിടിച്ചെടുത്തു (1 മക്കാ. 5:65).

ഹെറാൾഡ്, ഓർത്തഡോക്സ്: കാതോലിക്കേറ്റ് സപ്തതിയോടനുബന്ധിച്ച് 1982-ൽ ദേവലോകത്തു നിന്ന് ആരംഭിച്ച പ്രസിദ്ധീകരണം. ഡോ. സാമുവേൽ ചന്ദനപ്പള്ളി മുഖ്യ പത്രാധിപർ. 1991-ൽ നിലച്ചു. ഇപ്പോൾ ഓൺലൈൻ പ്രസിദ്ധീകരണമായി രംഗത്തുണ്ട്.

ഹേരോദാ രാജാക്കന്മാർ: കർത്താവിന്റെ കാലത്ത് പാലസ്തീൻ ഭരിച്ചവർ. ഏശാവിന്റെ വംശക്കാരായ ഏദോമ്യർ ആയിരുന്നു ഇവരുടെ പൂർവികർ. ഇവർ പൂർണ്ണ യഹൂദരെന്ന് യാഥാസ്ഥിതികവിഭാഗം പരിഗണിച്ചിരുന്നില്ല.

1. ഹേരോദാ അന്തിപ്പേറ്റർ; ജൂലിയസ് സീസർ ബി. സി. 47-ൽ നിയമിച്ചു.

2. വലിയവനായ ഹേരോദ (ബി. സി. 374). യെരൂശലേം ദേവാലയം പുതുക്കിപ്പണിയാൻ ഉദ്യമിച്ചു. അധികാര ഭ്രാന്തൻ.

3. ഹേരോദ് ആർക്കലവോസ് (ബി. സി. 4 – എ. ഡി. 6): ബലഹീനൻ. ഇദ്ദേഹത്തിനെതിരെ 'എരിവുകാർ' രൂപപ്പെട്ടു.

4. ഹേരോദ് അന്തിപ്പാസ് (ബി. സി. 4 – എ. ഡി. 39): യേശു ഇദ്ദേഹത്തെ 'കുറുക്കൻ' എന്ന് വിളിച്ചു. തന്ത്രജ്ഞൻ. യോഹന്നാൻ മാംദാന വിമർശിച്ചു. അധാർമ്മിക ജീവിതത്തിന്റെ പര്യായം.

5. അഗ്രിപ്പാ ഒന്നാമൻ (എ. ഡി. 37-44): വലിയവനായ ഹേരോദ് എന്ന് അറിയപ്പെട്ടു.

6. ഹെരോദ് അഗ്രിപ്പാ II (എ. ഡി. 60-100): അഗ്രിപ്പാ I ന്റെ മകൻ. വി. പൗലൂസ് ഇദ്ദേഹത്തിന്റെ മുമ്പിൽ വിശ്വാസപ്രഖ്യാപനം നടത്തി (അ. പ്ര. 26:1-23). എ. ഡി. 50-ൽ രാജാവായി.

ഹേരോദ്യാ: ഹേരോദാവിന്റെ പുത്രനായ അരിസ്റ്റോബുലോസിന്റെ മകൾ. പിതൃസഹോദരൻ പീലിപ്പോസിനെ വിവാഹം കഴിച്ചു. അവരുടെ മകൾ ശലോമി. പീലിപ്പോസിന്റെ സഹോദരൻ അന്തിപ്പാസിന്റെ ഭാര്യയായിത്തീർന്നു. സ്നാപക യോഹന്നാന്റെ ശിരസ്സ് പുത്രി മൂലം ആവശ്യപ്പെട്ടവൾ.

ഹേലേനി: യെരുശലേമിൽ കർത്താവിനെ കുരിശിച്ച കുരിശ് കണ്ടെത്തിയ റോമ്മാ രാജ്ഞി. ഈ സംഭവം സ്ലീബാ പെരുന്നാളിന്റെ പ്രമേയം.

ഹേവോറെ: ഉയിർപ്പു മുതൽ പുതുഞായർ വരെയുള്ള ദിവസങ്ങളെ ഹേവോറെ നാളുകൾ എന്ന് വായനക്കുറിപ്പിൽ വിശേഷിപ്പിച്ചിരിക്കുന്നു. വെണ്മ എന്നർത്ഥം. സ്നാനമേറ്റവർ വെണ്മയുടെ പ്രതീകമായി വെള്ള വസ്ത്രം ധരിച്ച് ഒരാഴ്ചക്കാലം ആരാധനയിൽ പങ്കെടുത്ത് വി. കുർബ്ബാന അനുഭവിച്ചു. ശേഷംപേരും അവരുടെ മാമ്മൂദീസായെ അനുസ്മരിച്ച് ശുഭ്ര വസ്ത്രധാരികളായി ഈ ദിവസങ്ങളിലെ ആരാധനയിൽ പങ്കുകൊണ്ടു. ഹേവോറെ നാളുകളിൽ മുഴുവൻ ക്യംതാ ഞായറിന്റെ നമസ്കാരക്രമം ഉപയോഗിക്കുന്നു. ഒന്ന് തൊട്ട് ക്രമമായി എട്ടു രാഗങ്ങൾ എട്ടു ദിവസങ്ങൾക്ക് ഉപയോഗിക്കുന്നു.

ഹൈക്കലെ: ആരാധനാസ്ഥലം എന്നർത്ഥം. പള്ളിയുടെ ഏറ്റവും വിസ്തൃതമായ ഭാഗം. പള്ളിക്കൂദാശയിൽ ഹൈക്കലായ്ക്ക് പ്രത്യേക ശുശ്രൂഷ ക്രമം ഉണ്ട്.

ഹൈ ചർച്ച്: ആംഗ്ലേയ സഭയിലെ ഒരു ഗ്രൂപ്പ്. എപ്പിസ്കോപ്പസി, കൂദാശകളുടെ സ്വഭാവം എന്നിവയിൽ ഉയർന്ന ചിന്ത. തീവ്ര നവീകരണത്തെ എതിർക്കുന്നു.

ഹൈറാർക്കി: വൈദികസ്ഥാനികളുടെ നിര. എപ്പിസ്കോപ്പന്മാരെ മാത്രം കത്തോലിക്കർ ഉൾപ്പെടുത്തുന്നു. ആംഗ്ലിക്കൻ സഭയിൽ മൂന്ന് വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നു. സുറിയാനി പാരമ്പര്യത്തിൽ തെക്സോദ്കഹനൂസോ ആണ് സമാനപദം. സ്വർഗ്ഗീയമാലാഖമാരുടെ വൃന്ദങ്ങളുമായി അതിനെ ബന്ധപ്പെടുത്തുന്നു. അപ്പോസ്തോലികകാലത്ത് കശീശാ–എപ്പിസ്കോപ്പാ സ്ഥാനങ്ങൾ നൽവരസമാനതയുള്ള പര്യായപദങ്ങൾ ആയിരുന്നു (അ. പ്ര. 20:28). സഭ വികസിച്ചപ്പോൾ കശ്ശീശാ ഒരു സ്ഥലത്തെ സഭയുടെ മാത്രം ചുമതലക്കാരും എപ്പിസ്കോപ്പന്മാർ പല ഇടവകകളുടെ മേലന്വേഷണക്കാരുമായി. പിന്നീട് വികസനം വർദ്ധിച്ചപ്പോൾ എപ്പിസ്കോപ്പന്മാരെ അന്വേഷിക്കുവാൻ നഗരകേന്ദ്രങ്ങളിൽ മെത്രാപ്പോലീത്തന്മാർ ഉണ്ടായി. റോമ്മാസാമ്രാജ്യത്തിലെ പ്രധാന പട്ടണങ്ങളിലെ - റോം, അലക്സന്ത്ര്യാ, അന്തോഖ്യാ, കോൺസ്റ്റാണ്ടിനോപ്പിൾ - അധ്യക്ഷന്മാർക്ക് പാത്രിയർക്കാ പദവി ഉണ്ടായി. ഇതൊക്കെ റോമ്മാ സാമ്രാജ്യത്തിലെ വികസന ചരിത്രം. പേർഷ്യയിലും അർമ്മീനിയായിലും സഭാധ്യക്ഷൻ കാതോലിക്കാ എന്ന് വിളിക്കപ്പെട്ടു. പാത്രിയർക്കീസും പോപ്പും കാതോലിക്കായും അതത് സഭയിൽ പ്രധാന മേലധ്യക്ഷന്മാരും സമാന്തര സ്ഥാനികളുമാണ്.

ഹോമോ വുസ്യോസ്: പിതാവിന്റെയും പുത്രന്റെയും ഉണ്മ (സ്വത്വം,

സാരാംശം) ഒന്ന് തന്നെ എന്ന അർത്ഥത്തിലുള്ള ഗ്രീക്കു ശൈലി. അറിയോസിന്റെ ഉപദേശത്തെ നേരിടുവാൻ നിഖ്യാ സിനഡ് ഉപയോഗിച്ച പദം. ശ്വേബൂസിയാ ലാബൂയ് എന്ന് സുറിയാനിയിലും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവൻ എന്ന് വിവർത്തനത്തിലും ഉപയോഗിക്കുന്നു.

ഹോശന്നാ: '*ഓശാന*' കാണുക.

ഹോശയാ: ബി. സി. 8-ാം നൂറ്റാണ്ട്. യഹോവ മോചിപ്പിക്കുന്നു എന്നർത്ഥം. ഇസ്രായേലിൻെറ അവിശ്വസ്തതയെ സ്വകുടുംബജീവിത പശ്ചാത്തലത്തിൽ വിമർശിക്കുന്നു.

ഹോശോ വബ്കുൽ സ്ബാൻല് ഒൽമ്മീൻ: ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും എന്നർത്ഥം. പ്രാർത്ഥനകളുടെ ഉപസംഹാരഭാഗം. ജനം ആമ്മീൻ എന്ന് പ്രതികരിക്കുന്നു.

ഹോളി ഇന്നസന്റ്സ്: ഹേരോദാവിന്റെ കല്പനപ്രകാരം ബേത്ലഹേമിൽ വധിക്കപ്പെട്ട നിഷ്കളങ്കരായ കുഞ്ഞുങ്ങൾ. ഡിസംബർ 27-ന് ശിശുവധപ്പെരുന്നാൾ സഭ ആചരിക്കുന്നു.

ഹോളിനസ്, ഹിസ്: സഭാതലവന്മാരുടെ ഔപചാരിക വിശേഷണം.

റ

റ്ശേം കോസോ: കാസാ റൂശ്മാ ചെയ്യൽ. കുർബ്ബാന ചൊല്ലാൻ അനുവാദമില്ലാത്ത ദിവസങ്ങളിൽ ആവശ്യമെങ്കിൽ കാസാ റൂശ്മാ ചെയ്യാൻ കാനോൻ അനുവദിച്ചിട്ടുണ്ട്. അതിന് അനാഫുറായ്ക്ക് സമാന്തരമായ ഒരു തക്സായുമുണ്ട്.

റബ്ബാൻ, ജോസഫ്: ജൂതപട്ടയം അഭിസംബോധന ചെയ്യുന്നത് ഒരു ജോസഫ് റബ്ബാനെയാണ്. യഹൂദ റാബിയാകാം, ക്രിസ്ത്യൻ റമ്പാനുമാകാം. അനുനാസികം ചേർന്ന രൂപമാണ് റമ്പാൻ.

റംശോ: ഏഴ് യാമങ്ങളിൽ ആദ്യത്തേത്. സന്ധ്യാ. സന്ധ്യാനമസ്കാരം.

റമ്പ സുഖം: റമ്പാൻ സ്ഥാനം. 'സുഖം' എന്ന പദം അനുപ്രയോഗിച്ച് നാമരൂപം ഉണ്ടാക്കിയിരുന്നു. പട്ടസുഖം, രാജസുഖം, etc.

റമ്പാൻ: സന്യാസി. റാബാൻ എന്നാണ് പദം. ഗുരു, വലിയവൻ. ഇടയിൽ അനുനാസികം ചേർന്ന് റമ്പാൻ ഉണ്ടായി. ആശ്രമാധ്യക്ഷന്മാർ ഈ സ്ഥാനം നൽകുന്നു. ഇതിന് പൗരോഹിത്യവുമായി ബന്ധമില്ല. ദയറായക്കാരിൽ നിന്ന് പണ്ട് മെത്രാന്മാരെ തെരഞ്ഞെടുത്തിരുന്ന പാരമ്പര്യത്തെ ഓർത്ത് മെത്രാൻ സ്ഥാനാർത്ഥികൾക്ക് മെത്രാൻപട്ടം നൽകുന്നതിനു മുമ്പായി റമ്പാൻ സ്ഥാനം നൽകുന്നു. 13 കുരിശ് തയ്ച്ച് ചേർത്ത മസനപ്സാ (ശിരോവസ്ത്രം), കറുത്ത ഉൾക്കുപ്പായവും ഇടക്കെട്ടും, പുറംകുപ്പായം, തടിക്കുരിശ്, ചെരിപ്പ് എന്നിവ അണിയിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ശുശ്രൂഷാക്രമങ്ങൾ ഉണ്ട്.

റമ്പാൻ പാട്ട്: മാർത്തോമ്മാചരിത്രം പ്രമേയമായ മലയാളം പാട്ടുസാഹിത്യകൃതി. 448 വരികൾ. ഒരു മാളിയേക്കൽ തോമ്മാ റമ്പാൻ രചിച്ചു. മാർത്തോമ്മാ മാമ്മൂദീസാ നൽകിയ ഒരു നിരണം തോമ്മാ റമ്പാൻ രചിച്ചു എന്നും അദ്ദേഹത്തിന്റെ 48-ാം തലമുറക്കാരനായ റമ്പാൻ 1601-ൽ സംക്ഷേപിച്ചു എന്നും ഐതിഹ്യം. പാറേട്ടിന്റെ *മലങ്കര നസ്രാണികൾ* 1-ാം വാല്യത്തിൽ ഇത് പൂർണ്ണമായി ഉദ്ധരിച്ചിട്ടുണ്ട്. 18-ാം നൂറ്റാണ്ടിലെ രചനയാവാനേ ചരിത്രപരമായി സാധ്യതയുള്ളൂ.

റവറന്റ്: ആദരസൂചകമായി വൈദികരെ അഭിസംബോധന ചെയ്യുന്ന ഉപചാരപദം.

റവ., റൈറ്റ്: മെത്രാന്മാർക്ക് റൈറ്റ് റവ. എന്ന് ഉപയോഗിക്കും.

റവ., മോസ്റ്റ്: മെത്രാപ്പോലീത്തന്മാർക്ക് മോസ്റ്റ് റവറന്റ് എന്ന് ഉപയോഗിക്കും.

റവ., വെരി.: കോർഎപ്പിസ്കോപ്പാ, വികാരി ജനറൽ, റമ്പാൻ എന്നിവർക്ക് വെരി. റവ. ഉപയോഗിക്കുന്നു.

റഷ്യൻ സഭ: 9–ാം നൂറ്റാണ്ടിൽ ബൈസന്റിയൻ മിഷണറിമാർ സ്ഥാപിച്ചു. ഏറ്റവും അംഗസംഖ്യയുള്ള ഓർത്തഡോക്സ് സഭ. 988–ൽ കീവിലെ രാജാവ് വ്ളാഡിമർ ക്രിസ്തുമതം സ്വീകരിച്ചു. കീവിലെ ആസ്ഥാനം പില്ക്കാലത്ത് മോസ്കോവിലേക്ക് മാറ്റി. 15–ാം നൂറ്റാണ്ടിൽ സ്വതന്ത്രമായി. 1917–ൽ ഭരണക്രമം അംഗീകരിച്ചു. പാത്രിയർക്കാസ്ഥാനം പുനഃസ്ഥാപിച്ചു. 90 മേല്പട്ടക്കാരുണ്ട്. 25000 പള്ളികൾ, രണ്ട് അക്കാഡമികളും എട്ട് ചെറിയ സെമിനാരികളും പ്രവർത്തിക്കുന്നു.

റസിഡണ്ട്: ഇന്ത്യൻ നാട്ടുരാജ്യങ്ങളിലെ ബ്രിട്ടീഷ് പ്രതിനിധി. ജോൺ മെക്കാളെ, കേണൽ മൺറോ എന്നിവർ മലങ്കരസഭാ ചരിത്രത്തിൽ സ്ഥാനമുള്ളവരാണ്. വൈദികസെമിനാരി സ്ഥാപനത്തിലും മറ്റും മൺറോ വലിയ സഹായം നൽകി. 19–ാം നൂറ്റാണ്ടിന്റെ ഒന്നും രണ്ടും ദശകങ്ങളിൽ ആരംഭിച്ച മിഷണറി ബന്ധം അവരിലൂടെ ആരംഭിച്ചു.

റാക്കാട് പള്ളിലിഖിതം: മൂവാറ്റുപുഴയ്ക്ക് സമീപം. 1685–ൽ വന്ന മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ പണിതു. മദ്ബഹായിലെ സുറിയാനി ലിഖിതം ഇങ്ങനെ വിവർത്തനം ചെയ്യാം: "മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കോബ് രണ്ടാമൻ പാത്രിയർക്കീസിന്റെയും ബഹനാൻ മഫ്രിയാനയാകുന്ന മോർ ബസ്സേലിയോസിന്റെയും മലങ്കരയുടെ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന യൂയാക്കീം മാർ കൂറിലോസിന്റെയും നാളുകളിൽ മശിഹാകാലം 1857–ൽ വലിയ നോമ്പിന്റെ മധ്യമായ മീനമാസം 13–ാം തീയതി അഞ്ചാം പാത്രിയർക്കീസായ ഊർശ്ലേമിന്റെ മെത്രാപ്പോലീത്താ ഉറഹാക്കാരൻ അബ്ദേദ് നുഹറോ ആകുന്ന മാർ ഗ്രീഗോറിയോസും അബ്ദുള്ള എന്ന ദയറാക്കാരനും ഊർശ്ലേം പള്ളിയുടെ ഫണ്ട് ശേഖരണത്തിന് ഇവിടെ എത്തി." ഇതിലെ ചരിത്രാംശങ്ങൾ ഇപ്പോൾ അപ്രത്യക്ഷമായിട്ടുണ്ട്. 1974–ൽ പ്രസിദ്ധീകരിച്ച മാർ കൂറിലോസ് സുവനീറിൽ ആത്തുങ്കൽ ഗീവറുഗ്ഗീസ് കോറെപ്പിസ്കോപ്പാ റാക്കാട് പള്ളി മദ്ബഹായിലെ കൈയെഴുത്ത് ലിഖിതത്തിൽ 'മാർത്തോമ്മാശ്ലീഹായുടെ സിംഹാസന' പരാമർശം ഉള്ളതായി സാക്ഷിച്ചിട്ടുണ്ട്.

റാണി ലക്ഷ്മീബായ്: 1810 മുതൽ 1815 വരെ തിരുവിതാംകൂർ ഭരിച്ചു. യൂറോപ്യൻ നേതൃത്വത്തിൽ നായർ പട്ടാളവും കുതിരപ്പട്ടാളവും ഉണ്ടാക്കി. പഴയസെമിനാരി പണിയാൻ കോട്ടയത്ത് സ്ഥലം കരമൊഴിവായി പുലിക്കോട്ടിൽ അവുസേപ്പ് റമ്പാന് നൽകി.

റാഫേൽ: പ്രധാന മാലാഖ. തോബിത്ത്, ഈനോക്ക് എന്നീ അപ്പോക്രിഫൽ ഗ്രന്ഥങ്ങളിൽ റാഫേൽ മാലാഖയുടെ സാന്നിധ്യമുണ്ട്.

റാബി: എബ്രായപദം. ഗുരു എന്നർത്ഥം. റബുനി എന്നത് ആദരസൂചകമായ പദം.

റാവുസാഹിബ് ഒ. എം. ചെറിയാൻ: പുതുപ്പള്ളിയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ 1874 ജൂലൈ 12-ന് ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബിരുദം. കോട്ടയം എം. ടി. സെമിനാരി ഹൈസ്കൂൾ അധ്യാപകൻ, വിദ്യാഭ്യാസ വകുപ്പിൽ ചീഫ് ഇൻസ്പെക്ടർ, സഭയിലെ അത്മായപ്രമുഖൻ. ഭരണഘടനാ കമ്മിറ്റി കൺവീനർ, കാതോലിക്കാ നിധി ശേഖരണത്തിന്റെ ആദ്യ പ്രവർത്തകൻ. 18 കൊല്ലത്തെ തപസ്യയുടെ ഫലമായി 'ഹൈന്ദവധർമ്മ സുധാകരം' രചിച്ചു. 30000 കൈയെഴുത്ത് പേജ്, 20 വാല്യങ്ങൾ. കാലകാലന്റെ കൊലയറ, മശിഹാ ഭക്തിലഹരി, ക്രൈസ്തവ ധർമ്മ നവനീതം (അപ്പോസ്തോല പ്രവൃത്തികളുടെ വ്യാഖ്യാനം), കാതോലിക്കാ സിംഹാസന ചരിത്രം എന്നിവ അദ്ദേഹത്തിന്റെ കൃതികൾ ആണ്.

റാവുസാഹിബ് ചീരൻ വർഗ്ഗീസ്: '*വർഗ്ഗീസ് ചീരൻ, ഡോ.*' എന്ന ശീർഷകം കാണുക.

റാസ: റോസോയുടെ തത്ഭവം. രഹസ്യം, പ്രതീകം. കുർബ്ബാനയ്ക്ക് റോസോ എന്നും പര്യായമുണ്ട്. കുർബ്ബാന എഴുന്നള്ളിച്ച് നടത്തുന്ന പ്രദക്ഷിണമാണ് റാസാ. പിന്നീട് അത് പ്രദക്ഷിണത്തിന്റെ പര്യായമായി. കുരിശ് പിടിച്ചുള്ള റാസാ യേശുവിന്റെ നഗരസന്ദർശനത്തിന്റെ സൂചനയാണ്. ഇടവകയിലെ കുരിശിൻതൊട്ടികളിലേക്ക് ചെന്ന് അവിടെ ധൂപപ്രാർത്ഥന നടത്തും. ജനങ്ങൾ വീട്ടുപടിക്കലും മറ്റും നിലവിളക്കും മെഴുകുതിരിയും കത്തിച്ചുവച്ച് റാസായെ എതിരേല്ക്കും. സമാപനത്തിൽ പട്ടക്കാരൻ കുരിശുയർത്തി ജനത്തെ ആശീർവദിക്കും.

റാഹേൽ: ലാബാന്റെ പുത്രി. യാക്കോബിന്റെ ഇഷ്ട ഭാര്യ. യോസേഫും ബെന്യാമിനും മക്കൾ. ബേതിലഹേമിന് സമീപം രാമായിൽ സംസ്കരിച്ചു.

റിബേക്കാ: ബെഥുവേലിന്റെ പുത്രി. യിസഹാക്കിന്റെ ഭാര്യ. ഏശാവിന്റെയും യാക്കോബിന്റെയും അമ്മ (റോമ. 9:10). 20 വർഷത്തെ കാത്തി

രിപ്പിന് ശേഷം പ്രസവിച്ചു.

റിവാർദെഷീർ: പുരാതന പേർഷ്യൻ മെത്രാസനം.

റീത്ത് പ്രസ്ഥാനം: റൈറ്റ് എന്ന ഇംഗ്ലീഷ് പദത്തിന്റെ തത്ഭവം. പ്രാദേശിക പാരമ്പര്യം നിലനിർത്തി റോമ്മൻ ആധിപത്യം സ്വീകരിക്കുന്ന രീതി. കേരളത്തിൽ മൂന്ന് റീത്തുകൾ ഉണ്ട്. ലത്തീൻ റീത്ത്, സീറോ മലബാർ റീത്ത്, മലങ്കര റീത്ത്. 1930-ൽ മലങ്കരസഭയിൽ നിന്ന് മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ കത്തോലിക്കാ സഭയിൽ ചേർന്നവരെയാണ് ഈ പേരിൽ മലങ്കരയിൽ പൊതുവായി അറിയുന്നത്.

റീശ്: സുറിയാനിയിലെ ഒരക്ഷരം. പ്രധാനി, മുമ്പൻ, തലവൻ എന്നൊക്കെ അർത്ഥം. റീശ് ശെംശോനോ പ്രധാന ശെമ്മാശൻ. റീശ് ദയറോയോ, റീശ് കൊഹനെ, റീശ് എപ്പിസ്കോപ്പാ, റീശ് സുന്നഹദോസ്, റീശ് ശ്ലീഹെ, റീശ് സൊഹദെ, റീശ് മാലാഖെ എന്നൊക്കെ പ്രയോഗങ്ങൾ ഉണ്ട്.

റീശ് എപ്പിസ്കോപ്പാ: മെത്രാന്മാരിൽ പ്രധാനി.

റീശ് കൊഹനെ: പുരോഹിതന്മാരിൽ പ്രധാനി.

റീശ് ദയറോ: ദയറായുടെ പ്രധാനി.

റീശ് ദയറോയെ: ദയറായക്കാരിൽ പ്രധാനി.

റീശ് പാത്രിയർക്കു: പാത്രിയർക്കീസന്മാരിൽ പ്രധാനി.

റീശ് മാലാഖെ: പ്രധാന മാലാഖ.

റീശ് മെത്രാപ്പോലീത്താ: മെത്രാപ്പോലീത്തന്മാരിൽ പ്രധാനി.

റീശ് ശെംശോനോ: പ്രധാന ശെമ്മാശൻ.

റീശ് ശ്ലീഹോ: പ്രധാന ശ്ലീഹാ.

റീശായ് ദശ്ളീഹേ: ശ്ലീഹന്മാരിൽ തലവന്മാർ.

റീശ് സൊഹദേ: സഹദേന്മാരിൽ മുമ്പൻ.

റീശ് സുന്നഹദോസ്: സുന്നഹദോസ് അധ്യക്ഷൻ.

റീശ്ശാത്തോ: ആണ്ടാരംഭം.

റീശീസാ: തലവരിപ്പണം. സഭാംഗം സഭാതലവന് കൊടുക്കാൻ ബാധ്യതയുള്ള നിശ്ചിത സംഭാവന.

റീശോ ദൻബിയേ: ദീർഘദർശിമാരിൽ പ്രധാനി.

റൂമേനിയൻ സഭ: തെക്കു കിഴക്കൻ യൂറോപ്പിലെ പട്ടണം. തലസ്ഥാനം ബുക്കാറെസ്റ്റ്. ബൈസാന്റിയൻ ഓർത്തഡോക്സ് സഭ. സ്വയം ശീർഷകത്വം ഉണ്ട്. അന്ത്രയോസിനെ സ്ഥാപകനായി ഗണിക്കുന്നു. ആദ്യം ലത്തീൻ. പിന്നീട് സ്ലാവോണിക് ഭാഷ കലർന്ന് റൂമേനിയൻ ഭാഷയുണ്ടായി. 1925-ൽ പാത്രിയർക്കേറ്റായി. 1949-ൽ സഭാഭരണഘടനയുണ്ടായി. 1959-ൽ ഏഴായിരം സന്യാസിമാർ ഉണ്ടായിരുന്നു. ഐക്കൺ, കുരിശ്, മെഴുകുതിരി ഇവകൾ ഉണ്ടാക്കി ധനം നേടുന്നു. ആറ് സെമിനാരികളും രണ്ട് തിയോളജിക്കൽ യൂണിവേഴ്സിറ്റികളും ഉണ്ട്. 15 ദശലക്ഷം അംഗങ്ങൾ. ഡബ്ല്യു. സി. സി. യിൽ അംഗത്വം 1961 മുതൽ ജസ്റ്റീനിയൻ, തെയോഡിക്റ്റസ് എന്നീ പാത്രിയർക്കീസന്മാർ മലങ്കരസഭ സന്ദർശിച്ചിട്ടുണ്ട്.

റൂശ്മാ: മുദ്ര എന്നർത്ഥം. ഉഭയസമ്മതത്തിന്റെ ഒപ്പ് എന്ന അർത്ഥത്തിൽ ഒപ്പ് റൂശ്മാ എന്ന് പറയാറുണ്ട്.

റൂൾ കമ്മിറ്റി: ഭരണഘടനാപരിഷ്കാരത്തിനായി 1934-ലെ സഭാഭരണഘടന ഏർപ്പെടുത്തിയ ഒരു ക്രമീകരണം.

റൂഫൈനസ്: ഒറിജന്റെ കൃതികളുടെ ലത്തീൻ പരിഭാഷകൻ. 345 നോടടുത്ത് കാൻകോർഡിയായിൽ ജനിച്ചു. അദ്ദേഹവും ജെറോമും സുഹൃത്തുക്കൾ, സന്യാസിമാരും.

റൂഹാ: ആത്മാവ്. കാറ്റ് എന്നും അർത്ഥമുണ്ട്.

റൂസോ (1712-78): റൂസോ ജീൻ ജാക്കീസ്. ഫ്രെഞ്ചു വിപ്ലവത്തിന്റെ വിത്ത് പാകിയ കാൽവിനിസ്റ്റ് പശ്ചാത്തലമുള്ള കത്തോലിക്കാ എഴുത്തുകാരൻ. ദൈവകൃപ ആവശ്യമില്ല. ആദിപാപം ഇല്ല. യുക്തി, മനസ്സാക്ഷി, ഇച്ഛാശക്തി, ഇവ മാത്രം. ഹ്യുമനിസ്റ്റ് ലിബറലിസത്തിന്റെ വക്താവായി.

റെക്ടർ: സെമിനാരി പ്രിൻസിപ്പൽമാർ.

റെനി വിലാത്തി മാർ തീമോത്തിയോസ്: പോളീഷ് വംശജൻ. 1854 ജനു. 24-ന് ജനിച്ചു. കത്തോലിക്കാ സഭാംഗം. ഓൾഡ് കാതലിക് ചർച്ചിലും റഷ്യൻ ഓർത്തഡോക്സ് സഭയിലും വൈദികൻ. 1891-ൽ സുറിയാനി സഭയിൽ ചേർന്നു. 1892 മെയ് 29-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ നിർദ്ദേശപ്രകാരം ശ്രീലങ്കയിൽ വച്ച് കടവിൽ മാർ അത്താനാസ്യോസ്, അൽവാറീസ് മാർ യൂലിയോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നിവർ ചേർന്ന് മെത്രാപ്പോലീത്താ ആയി വാഴിച്ചു. മലങ്കര മെത്രാപ്പോലീത്താ അദ്ദേഹത്തെ അമേരിക്കയിലേക്ക് നിയോഗിച്ചു.

ആഫ്രിക്കാ, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ അനേകം ഇട വകകൾ സ്ഥാപിച്ചു; വൈദികരെയും മേല്പട്ടക്കാരെയും പട്ടം കെട്ടി. 1929 ജൂലായ് 8-ന് ഫ്രാൻസിലെ പോന്ദ് കോൽ ബർട്ടിൽ വച്ച് കാലം ചെയ്തു.

റോക്കോസ്, തോമസ്: 1861-ൽ പേർഷ്യയിലെ കൽദായ പാത്രിയർക്കീസ് കേരളത്തിലേക്കയച്ച മേല്പട്ടക്കാരൻ. പൗരസ്ത്യബന്ധത്തിലേക്ക് മടങ്ങാൻ സീറോ മലബാർസഭ ആഗ്രഹിച്ചതാണ് പശ്ചാത്തലം. 80 പള്ളികൾ പൂർണ്ണമായും 34 പള്ളികൾ ഭാഗികമായും പുതിയ മെത്രാനെ സ്വീകരിച്ചു. എങ്കിലും റോമിന്റെ സമ്മർദ്ദം മൂലം അദ്ദേഹം തിരിച്ച് മടങ്ങുവാൻ നിർബ്ബന്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രവർത്തനത്തെ റോക്കോസ് ശീശ്മ എന്ന് കത്തോലിക്കർ പറയും.

റോം: റോമ്മാ സാമ്രാജ്യത്തിന്റെയും ഇറ്റലിയുടെയും തലസ്ഥാനം. പത്രോസ്-പൗലൂസ് ശ്ലീഹന്മാർ ഇവിടെവച്ച് രക്തസാക്ഷികളായി. രാഷ്ട്രീയ കാരണങ്ങളാൽ റോം പാത്രിയർക്കാ ആസ്ഥാനമായി. അതേ കാരണത്താൽ പാപ്പാസ്ഥാനം അവകാശപ്പെട്ടു. പത്രോസിന്റെ പിൻഗാമി എന്ന് അവകാശപ്പെടുന്നു. പാപ്പായുടെ ആസ്ഥാനം വത്തിക്കാൻ. ആ രാഷ്ട്രത്തിന്റെ - വത്തിക്കാന്റെ - തലവൻ പാപ്പാ ആണ്.

റോമ്മൻ കത്തോലിക്കാസഭ: റോമ്മിലെ പാത്രിയർക്കീസിന്റെ കീഴിൽ - പാപ്പായുടെ കീഴിൽ - ലോകവ്യാപകമായി വിവിധ പ്രാദേശിക റീത്തുകളിലായി വ്യാപിച്ചുകിടക്കുന്ന സുശക്തവും സുഘടിതവുമായ എപ്പിസ്കോപ്പൽ സഭ. 324-ൽ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചപ്പോൾ രാഷ്ട്രീയ പിൻബലം ലഭിച്ചു. പത്രോസ്-പൗലൂസ് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വം സ്ഥലമേന്മ വർദ്ധിപ്പിച്ചു പോപ്പിന്റെ അപ്രമാദിത്വം അംഗീകരിക്കുന്നു. പുരോഹിതൻ, മെത്രാൻ, ആർച്ച് ബിഷപ്പ്, കർദ്ദിനാൾ, മാർപാപ്പ ഇതാണ് ഹയറാർക്കി. പത്രോസിന് മറ്റു ശിഷ്യന്മാരുടെ മേൽ അധീശത്വം ഉണ്ടെന്നും ആ അധീശത്തം പിൻഗാമിയായ പോപ്പിനുണ്ടെന്നും അവർ അവകാശപ്പെടുന്നു. പൗരോഹിത്യാധികാരം അതുല്യം. ഏഴ് കൂദാശകൾ അംഗീകരിക്കുന്നു. മരിച്ചവരെ ഓർക്കുന്നു. മധ്യസ്ഥപ്രാർത്ഥനയുണ്ട്. അമലോത്ഭവ വിശ്വാസം, ജന്മപാപം എന്ന ഉപദേശം, വി. കുർബ്ബാനയിൽ അപ്പവീഞ്ഞുകൾക്ക് വസ്തുഭേദം ഭവിക്കുന്നു എന്ന സിദ്ധാന്തം എന്നിവയുണ്ട്. നിയമം, അച്ചടക്കം ഇവ കൃത്യമായി പാലിക്കുന്നു. പ്രോട്ടസ്റ്റാണ്ടിസത്തെ ചെറുക്കുവാൻ ട്രെന്റ് കൗൺസിൽ (1545-47) സഹായിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-65) സഭാബന്ധങ്ങളിൽ ആരോഗ്യകരമായ വ്യതിയാനങ്ങൾ ഉണ്ടാക്കി. ആ സഭ കൽക്കിദൂൻ വിശ്വാസം സ്വീകരിക്കുന്നു. പരിശുദ്ധാത്മാവ് 'പുത്രനിൽ നിന്നും' പുറപ്പെടുന്നു എന്ന് കൂട്ടിച്ചേർത്തു. പാപ്പായുടെ അപ്രമാദിത്തം ശഠിക്കുന്നു. പത്രോസിന്റെ അതുല്യ

സ്ഥാനം ശഠിക്കുന്നു. വൈദികബ്രഹ്മചര്യം നിർബ്ബന്ധം. പാപ്പായോട് മാത്രം വിധേയത്വമുള്ള എപ്പിസ്കോപ്പസി ഭരണം നടത്തുന്നു. സഭയുടെ ഏകം, വിശുദ്ധം, കാതോലികം, അപ്പോസ്തോലികം എന്ന നാലു ലക്ഷണങ്ങളിൽ കാതോലികം എന്ന പദം സഭാ നാമമായി ഉപയോഗിക്കുന്നു.

ഈ സഭയുടെ പൗരോഹിത്യവും കൂദാശകളും സാധുവായി നാം ഗണിക്കുന്നു. 1599-ലെ ഉദയംപേരൂർ സുന്നഹദോസ് അവിഭക്ത മലങ്കരസഭയിൽ വിള്ളലുണ്ടാക്കി. സീറോ മലബാർ എന്ന കത്തോലിക്കാ റീത്ത് ഉദ്ഭവിപ്പിച്ചു. ലത്തീൻ റീത്ത്, മലങ്കര റീത്ത് എന്നിവയാണ് കേരളത്തിൽ മറ്റ് കത്തോലിക്കാ റീത്തുകൾ.

റോമ്മൻ ഡയറി: റോമ്മൻ സഭയുടെ ഔദ്യോഗിക പഞ്ചാംഗം.

റോമൻ പാത്രിയർക്കീസ്: പാത്രിയർക്കാ സ്ഥാനങ്ങളിൽ ഒന്നാമത്തേത്. രാഷ്ട്രീയ പ്രാധാന്യമാണ് ഈ പ്രാഥമ്യത്തിന് ഹേതു. ഇദ്ദേഹം പില്ക്കാലത്ത് പാപ്പ എന്ന നാമം അവകാശപ്പെട്ടു.

റോയ്, ഡോ. സി. ജെ.: പുതുപ്പള്ളി ചാത്തമ്പടം ജോസഫിന്റെ മകൻ. 1935 ജൂലൈ 13-ന് ജനനം. പത്രപ്രവർത്തകൻ, കോളജധ്യാപകൻ. 1984 മുതൽ മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ മലയാളം തലവൻ. മലയാളത്തിൽ അഞ്ചു ഗ്രന്ഥങ്ങളും, ഇംഗ്ലീഷിൽ മൂന്ന് ഗ്രന്ഥങ്ങളും രചിച്ചു. നിരവധി അക്കാദമിക് സംഘടനകളിലും സാംസ്കാരിക സംഘടനകളിലും നേതൃത്വം നൽകുന്നു. സാഹിത്യകാരനും ഭാഷാഗവേഷകനുമായി അറിയപ്പെടുന്നു. പുതുപ്പള്ളി നിലയ്ക്കൽ ഇടവകാംഗം.

റോയൽക്കോടതി വിധി: നവീകരണക്കാരുമായി 19-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ നടന്ന സെമിനാരിക്കേസിന്റെ അന്തിമ വിധി. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് ദ്വിതീയനും പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസുമായിരുന്നു ഇരുവിഭാഗങ്ങളിലെ പ്രധാന നേതാക്കൾ. 1879-ൽ ആലപ്പുഴ ജില്ലാകോടതിയിൽ കേസ് ആരംഭിച്ചു. ജില്ലാകോടതിയിലും തിരുവിതാംകൂർ ഹൈക്കോടതിയിലും പുലിക്കോട്ടിൽ മെത്രാച്ചൻ വിജയിച്ചു. മറുപക്ഷം രാജകീയകോടതിയിൽ അപ്പീൽ നൽകി. രണ്ട് ഹൈന്ദവ ന്യായാധിപന്മാരും ഒരു യൂറോപ്യൻ ക്രിസ്ത്യൻ ന്യായാധിപനും വാദം കേട്ടു. ഹൈന്ദവ ജഡ്ജിമാർ പുലിക്കോട്ടിൽ മെത്രാച്ചന് അനുകൂലമായും യൂറോപ്യൻ ജഡ്ജി കീഴ്ക്കോടതിയോട് വിയോജിച്ചും വിധിയെഴുതി. മഹാരാജാവ് നടത്തിയ രാജി ശ്രമത്തോട് നവീകരണമെത്രാനും അനുയായികളും യോജിക്കാതെ വന്നപ്പോൾ ഭൂരിപക്ഷവിധിയെ അനുകൂലിച്ച് മഹാരാജാവ് ഒപ്പുവച്ചു. കൊച്ചി രാജാവും തുല്യമായ തീർപ്പിൽ ഒപ്പുവച്ചു. 1889-ൽ ഉണ്ടായ ഈ റോയൽകോടതി വിധിപ്രകാരം മലങ്കരസഭ

യുടെ എല്ലാ സ്വത്തുക്കളും നവീകരണമെത്രാനിൽ നിന്ന് പുലിക്കോട്ടിൽ മെത്രാച്ചൻ ഏറ്റുവാങ്ങി. നവീകരണ വിഭാഗം മാർത്തോമ്മാസഭ എന്ന പേരിൽ ഒരു പുതിയ സഭയുണ്ടാക്കി പിരിഞ്ഞുപോയി.

റോസ്, ഫ്രാൻസിസ്: 1599-ലെ ഉദയംപേരൂർ സിന്നഡിന് ശേഷം കൊടുങ്ങല്ലൂർ മെത്രാനായി 1599 ഡിസം. 20-ന് ഫ്രാൻസിസ് റോസിനെ റോം നിയമിച്ചു. ഭദ്രാസനാസ്ഥാനം അങ്കമാലിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്ക് മാറ്റി. ഉദയംപേരൂർ നിശ്ചയങ്ങളിൽ വ്യതിയാനം വരുത്തുവാൻ 1608-ൽ റോസ് അങ്കമാലിയിൽ ഒരു സുന്നഹദോസ് കൂടി. തീരുമാനങ്ങൾ 'റോസിന്റെ കാനോനാകൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1603-ൽ റോസും മിഷണറിമാരും ചേർന്ന് ഇടവകകൾ സന്ദർശിച്ച് കുമ്പസാരവും കുർബ്ബാനാനുഭവവും വിശ്വാസകാര്യങ്ങളും പ്രചരിപ്പിച്ച് പ്രാവർത്തികമാക്കി. 1599 മുതൽ 1624 വരെ അർക്കദിയാക്കോനുമായി ബന്ധം ശിഥിലമായി. അർക്കദിയാക്കോനെ റോസ് മുടക്കി. അർക്കദിയാക്കോന്റെ പാരമ്പര്യാവകാശങ്ങൾ റോസ് നിഷേധിച്ചു. 1624 ഫെബ്രുവരിയിൽ റോസ് നിര്യാതനായി.

റോസ് വാട്ടർ: ദുഃഖവെള്ളിയാഴ്ച കബറടക്കശുശ്രൂഷയിൽ റോസ് വാട്ടർ - പനിനീർ വെള്ളം - ഉപയോഗിക്കുന്നു.

അനുബന്ധം

ആമുഖം

സഭാചരിത്ര വിജ്ഞാനകോശത്തിൽ സഭയുമായി ബന്ധപ്പെട്ട പ്രധാന വ്യക്തികളുടെയും (അക്കരയിലും ഇക്കരയിലും ഉള്ളവരുടെ) സ്ഥാപന ങ്ങളുടെയും മറ്റും ചിത്രങ്ങൾ ചേർക്കണ്ടതാണെങ്കിലും പല പരിമിതിക ളുടെ പശ്ചാത്തലത്തിൽ അവ ചേർക്കാൻ സാധിക്കാതെ വന്നു. വർഷങ്ങ ൾക്കു മുമ്പ് കടന്നുപോയ ചിലരുടെ ഫോട്ടോകൾ ലഭ്യമല്ല. പലരും, ഫോട്ടോകൾ ആവശ്യപ്പെട്ടിട്ടും തന്നുമില്ല. ചോദിച്ചുവാങ്ങിയ ചിത്രങ്ങൾ ചേർക്കാതിരിക്കാനും സാധ്യമല്ലല്ലോ. കാതോലിക്കേറ്റിന്റെ ശതാബ്ദി വർ ഷമായ 2012-ൽ പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്ന സഭാ ചരിത്ര വിജ്ഞാനകോശത്തിൽ കൂടുതൽ വിവരങ്ങളും മറ്റും നൽകാൻ കഴിയുമെന്നാണു ഗ്രന്ഥകർത്താവിന്റെ ശുഭപ്രതീക്ഷ. ആ സ്വപ്നം സാക്ഷാത്കരിക്കട്ടെ എന്നാണു പ്രസാധകന്റെ ആഗ്രഹം. ഒട്ടധികം പ്രമുഖ വ്യക്തികളുടെ ചിത്രങ്ങളും സ്ഥാപനങ്ങളെപ്പറ്റിയുള്ള വിവരങ്ങളും ഈ ചെറിയ ചിത്രശാലയ്ക്കു വെളിയിലാണ്. മനഃപൂർവ്വമല്ലാത്ത ഈ നടപടി വിശാലമനസ്കർ ക്ഷമിക്കുമെന്നുറപ്പുണ്ട്. ഒരു വിദഗ്ധ സമിതിക്കു മാത്രമേ കുറ്റമറ്റ വിജ്ഞാനകോശം തയ്യാറാക്കാൻ സാധിക്കുകയുള്ളു എന്നും അറിയാം.

സഭയെ നയിച്ചവരുടെയും നയിക്കുന്നവരുടെയും ചിത്രങ്ങൾ ചേർക്കാ തിരുന്നാൽ അത് വരുംതലമുറകൾക്കു നികത്താനാവാത്ത ഒരു നഷ്ടമാ യിരിക്കും. അതുകൊണ്ടാണ് അനുബന്ധത്തിൽ ഇക്കാര്യം വ്യക്തമായി എടുത്തുപറയുന്നത്. സഭാചരിത്ര വിജ്ഞാനകോശം ആരുടെയും അതിരറ്റ അഭിനന്ദനം പിടിച്ചുപറ്റത്തക്കവിധം അനുപമ രീതിയിൽ തയാറാക്കിയ ഫാ. ഡോ. ജോസഫ് ചീരന് ഈ അനുബന്ധത്തിൽ കൈയില്ലെന്നുള്ള കാര്യം വ്യക്തമാക്കാൻ ഭാരിച്ച സാമ്പത്തികബാധ്യത ഏറ്റെടുത്ത പ്രസാ ധകൻ ആഗ്രഹിക്കുന്നു. വന്നുപോയിട്ടുള്ള കുറവുകൾക്ക് ഉത്തരവാദിയും പ്രസാധകനാണ്. സമ്പൂർണ്ണ സഭാചരിത്ര വിജ്ഞാനകോശത്തിനുവേണ്ടി നമുക്കു കാത്തിരിക്കാം. കാലം അതിവേഗം കടന്നുപോകും.

പ്രസാധകൻ

സഭയും കേസുകളും അഭിഭാഷകരും

പല ദുഷ്ടശക്തികളുടെ പ്രത്യേക ലക്ഷ്യങ്ങളും, പ്രേരണകളും, പ്രവൃത്തികളും മൂലം മലങ്കരസഭയിൽ ദശാബ്ദങ്ങളായി നിലവിലിരിക്കുന്നതും ഒരു തെറ്റായ ക്രൈസ്തവ സാക്ഷ്യവുമായ സഭാകേസുകളുടെ ചരിത്രം നിർഭാഗ്യവശാൽ സഭാചരിത്രത്തിന്റെ ഒരു ഭാഗമാണെന്നും, സഭയെ ആത്മാർത്ഥമായി സേവിക്കുന്നവർ ഇതേപ്പറ്റി പഠിച്ചു ശരിയായ അറിവു നേടി തർക്കങ്ങൾ തീർക്കാൻ യത്നിക്കണമെന്നും കാനോൻ വിദഗ്ധനും കൂടി ആയിരുന്ന പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ *ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ* എന്ന ഞങ്ങളുടെ പുസ്തകത്തിന്റെ അവതാരികയിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഈ വിജ്ഞാനകോശത്തിന്റെ സംവിധ കല്പനയുടെ പരിധിയിൽ കേസു കാര്യം ഒരു പക്ഷെ വരികയില്ലെങ്കിലും ഒഴിവാക്കാനാവില്ലെന്നു കരുതിയാണു കേസിനെപ്പറ്റി ചില കാര്യങ്ങൾ അനുബന്ധമായി കുറിക്കുന്നത്. ഇതു തയ്യാറാക്കുന്നതിൽ സഹകരിക്കുകയും സഹായിക്കുകയും ചെയ്തത് സഭാകേസുകളെപ്പറ്റി ആധികാരികമായി പഠിക്കുകയും മലങ്കരസഭയിലും മറ്റും ലേഖനങ്ങൾ എഴുതുകയും ചെയ്തുകൊണ്ടിരിക്കുന്ന കോട്ടയത്തെ ഒരു പ്രമുഖ അഭിഭാഷകനായ സജി കൊടുവത്താണ്. 1995-ലെ സുപ്രീംകോടതി വിധി വരുന്നതിനു മുമ്പുള്ള കേസുവിചാരണവേളയിൽ എഫ്. എസ്. നരിമാൻ കെ. ജോർജ് മുതലായ കാതോലിക്കാഭാഗത്തെ പ്രമുഖ അഭിഭാഷകർക്കു വേണ്ട രേഖകളും മറ്റും യഥാസമയം തെരഞ്ഞെടുത്തു നൽകുന്നതിനു വേണ്ടി ഡൽഹിയിൽ താമസിക്കുകയും കേസുവാദ വേളയിൽ കോടതിയിൽ സന്നിഹിതരാകുകയും ചെയ്ത കോട്ടയത്തെ അഭിഭാഷകരാണ് സജി കൊടുവത്തും, കുര്യൻ പുന്നൂസും.

മലങ്കരസഭയുടെ ചരിത്രഗതിയെ തിരിച്ചുവിട്ട സുപ്രധാന വ്യവഹാരങ്ങളിലെല്ലാം അന്തിമ വിജയം മലങ്കര ഓർത്തഡോക്സ് സഭയ്ക്കായിരുന്നു എന്നതു ശ്രദ്ധേയമാണ്. തികഞ്ഞ സഭാസ്നേഹികളും പ്രഗത്ഭരുമായ ഒട്ടധികം അഭിഭാഷകരുടെയും, നേതൃഗുണവും അർപ്പണമനോഭാവവുമുണ്ടായിരുന്ന ഏതാനും മഹത് വ്യക്തികളുടെയും ഉത്കൃഷ്ട സേവനമാണ് ഉജ്വലമായ വിജയങ്ങൾ കൈവരിക്കാൻ ഇടയാക്കിയത്.

ഇ. ജെ. ജോൺ: മലങ്കരസഭയുടെ പൗരുഷ സന്താനങ്ങളിൽ എക്കാലവും തലയുയർത്തി നില്ക്കുന്ന യുഗപ്രഭാവവാനാണു നിരണം ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ. പ്രശസ്തനായ അഭിഭാഷകൻ എന്നതോടൊപ്പം മഹാരാജാവു മുതൽ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും അംഗീകാരം നേടിയിരുന്ന സമാദരണീയനായിരുന്നു ജോൺ വക്കീൽ.

മലങ്കര സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ ശക്തി സ്രോതസ്സ് സമുന്നതരായ ഏതാനും സമുദായസ്നേഹികളായിരുന്നു. ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, കൊച്ചി പോലീസ് സൂപ്രണ്ട് എം. എ. ചാക്കോ, റാവുസാഹിബ് ഒ. എം. ചെറിയാൻ എന്നിവരായിരുന്നു മാർ ദീവന്നാസിയോസിന്റെ ആലോചനാസമിതിയിലെ പ്രമുഖ അംഗങ്ങൾ.

സമുദായ കാര്യങ്ങളിൽ നെടുംതൂണായി നിന്നു പ്രവർത്തിച്ച ജോൺ വക്കീൽ തിരുവിതാംകൂർ ഹൈക്കോടതിയിലെ അതിപ്രഗത്ഭനായ അഭി ഭാഷകനും ലോ കോളജ് പ്രിൻസിപ്പലുമായിരുന്നു. വട്ടിപ്പണക്കേസിൽ, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ പ്രഥമ കാര്യവിചാരകനായിരുന്നു അദ്ദേഹം. ഈ കേസിൽ മാർ ദീവന്നാസ്യോസിന്റെ ഭാഗം സാക്ഷിയായി അദ്ദേഹം മൊഴി നൽകി.

പാത്രിയർക്കീസ് കക്ഷിക്കുവേണ്ടി സർ സി. പി. രാമസ്വാമി അയ്യർ വട്ടിപ്പണക്കേസിൽ ഹാജരായി. അല്ലടി കൃഷ്ണസ്വാമി അയ്യർ, നൂജന്റ് ഗ്രാന്റ് തുടങ്ങിയവരായിരുന്നു മാർ ദീവന്നാസിയോസിന്റെ ഭാഗത്തെ അഭി ഭാഷകർ.

വട്ടിപ്പണക്കേസിൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്ന് ആദ്യ മുണ്ടായ വിധി വട്ടശ്ശേരിൽ തിരുമേനിക്ക് എതിരായിരുന്നു. എന്നാൽ, ആ വിധി റിവ്യൂ ചെയ്തുണ്ടായ അന്തിമവിധിയിൽ മാർ അബ്ദുള്ളാ പാത്രി യർക്കീസ് മാർ ദീവന്നാസിയോസിനെ മുടക്കിയതു സാമാന്യനീതിക്കു നിരക്കുന്നതല്ലെന്നു കോടതി തീർപ്പു കല്പിച്ചു. വട്ടശ്ശേരിൽ തിരുമേനിക്കെ തിരെ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ചു വിശദീകരണം പാത്രി യർക്കീസ് നൽകിയിരുന്നില്ലെന്നു കോടതി കണ്ടെത്തി. സമൂഹത്തിലെ ഉന്നതസ്ഥാനീയനായിരുന്ന ഇ. ജെ. ജോണിന്റെ മൊഴി മുഖവിലയ്ക്കെടു ത്തായിരുന്നു കോടതി ഈ തീരുമാനം കൈക്കൊണ്ടത്.

ഇ. ജെ. ഫിലിപ്പോസ്: ഇലഞ്ഞിക്കൽ ഇ. ജെ. ജോണിന്റെ പിതൃ സഹോദരപുത്രനാണ് ഇ. ജെ. ഫിലിപ്പോസ്. വട്ടിപ്പണക്കേസിൽ "മെത്രാ ൻകക്ഷി"യുടെ കേസ് നടത്തിപ്പിലെ തേരാളി ഇദ്ദേഹമായിരുന്നു. വട്ടിപ്പ ണക്കേസ് വിവിധ കോടതികളിൽ ദീർഘമായ വിചാരണയും വാദവും നടത്തിയാണു പരിസമാപ്തിയിലെത്തിയത്. സംഭവബഹുലമായ ഈ കാലഘട്ടത്തിൽ മലങ്കരസഭയ്ക്ക് ഇ. ജെ. ഫിലിപ്പോസിൽ നിന്നു ലഭിച്ച സേവനം തങ്കലിപികളിൽ എഴുതപ്പെടേണ്ടതാണ്. 1934-ലെ ഭരണഘടനാ ശില്പികളിലൊരാൾ കൂടിയാണ് ഇ. ജെ. ഫിലിപ്പോസ്. ഒന്നാം സമുദായ ക്കേസിന്റെ ആദ്യകാല നടത്തിപ്പിലും ഇ. ജെ. ഫിലിപ്പോസ് മുൻപന്തിയി ലുണ്ടായിരുന്നു.

ഒന്നാം സമുദായക്കേസ്

കോട്ടയം ജില്ലാക്കോടതി മുതൽ സുപ്രീംകോടതി വരെ വിവിധ കോടതികളിൽ പലവട്ടം ഒന്നാം സമുദായക്കേസ് വാദം കേൾക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുള്ളതാണ്.

ഈ കേസിൽ പാത്രിയർക്കീസ് ഭാഗത്തെ (വാദിഭാഗം) വക്കീൽ വി. വി. അനന്തപത്മനാഭനും കാതോലിക്കാഭാഗത്തെ അഭിഭാഷകർ ടി. ജെ. മാത്യു തെള്ളിയിലും, കെ. ചെറിയാൻ വട്ടക്കുന്നേലും ആയിരുന്നു. വിസ്താര കോടതി അന്യായം ചെലവുസഹിതം തള്ളി കാതോലിക്കാ പക്ഷത്തിന് അനുകൂലമായി കേസ് വിധിച്ചു.

ഈ വിധിയെതുടർന്ന് പാത്രിയർക്കീസ് ഭാഗം ഹൈക്കോടതിയിൽ കൊടുത്ത അപ്പീലിൽ അവർക്കുവേണ്ടി റൊണാൾഡ് ബ്രാഡ്വൽ എന്ന ധ്വരയും കെ. പി. ഏബ്രഹാമും കാതോലിക്കോസിനുവേണ്ടി ടി. ആർ. വെങ്കിടരാമശാസ്ത്രിയും ഇ. ജെ. ഫിലിപ്പോസും ഹാജരായി. തിരുവിതാംകൂർ ഹൈക്കോടതി ചീഫ് ജസ്റ്റീസ് റ്റി. എം. കൃഷ്ണസ്വാമി അയ്യർ അധ്യക്ഷനായ മൂന്നംഗ ബഞ്ചിലെ മറ്റംഗങ്ങൾ ജി. ഡി. നോക്സും, എസ്. ഐ. സത്യനേശനുമായിരുന്നു. ചീഫ് ജസ്റ്റീസ് കാതോലിക്കോസിനനുകൂലമായി വിധിഎഴുതി. എന്നാൽ, മറ്റു രണ്ടുപേരും എതിർത്താണു വിധി നൽകിയത്. ഈ ഭൂരിപക്ഷവിധിക്കെതിരെ കാതോലിക്കാഭാഗം റിവ്യൂ നൽകിയപ്പോഴേക്കും കേസുകേട്ട മൂന്നു ജഡ്ജിമാരും റിട്ടയർ ചെയ്തിരുന്നു. തന്നിമിത്തം റിവ്യൂ കേൾക്കാൻ കോടതിക്ക് അധികാരമുണ്ടോ എന്ന പ്രശ്നം ഉയർന്നു.

ഈ കേസ് പിന്നീട് അഞ്ചു ജഡ്ജിമാരുള്ള ബഞ്ചിലേക്ക് റഫർ ചെയ്തു. കാതോലിക്കാ ഭാഗത്തേയ്ക്ക് മദ്രാസിലെ മുൻ അഡ്വക്കേറ്റ് ജനറൽ കെ. രാജാ അയ്യരും പാത്രിയർക്കീസ് ഭാഗത്തേക്കു സി. കെ. ഡഫ്താരി, അമീൻ എന്നിവരും ഹാജരായി. റിവ്യൂ കേൾക്കാൻ കോടതിയ്ക്ക് അധികാരമുണ്ടെന്നു വിധി ഉണ്ടായി. എന്നാൽ 1949-ലെ തിരു - കൊച്ചി സംയോജനത്തെതുടർന്ന് വന്ന തിരു-കൊച്ചി ഹൈക്കോടതി കേസ് പുനഃപരിശോധിക്കുന്നതിന് തക്ക കാരണങ്ങളില്ലെന്ന് പറഞ്ഞ് റിവ്യൂ ഹർജി തള്ളി. കാതോലിക്കാ ഭാഗത്തേക്കു മുൻ ഇന്ത്യൻ അഡ്വ. ജനറൽ സർ എൻ. പി. എഞ്ചിനീയറും മറുഭാഗത്തേക്കു പഞ്ചാബ് ഹൈക്കോടതി മുൻ ജഡ്ജി അച്ചു റാമുമാണ് വാദം നയിച്ചത്. സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കുന്നതിനുള്ള അപേക്ഷയും ഹൈക്കോടതി നിരസിച്ചു. എന്നാൽ ഇതിനെതിരെ കാതോലിക്കാപക്ഷം നൽകിയ പ്രത്യേകാനുമതി ഹർജി സുപ്രീംകോടതി അനുവദിച്ച് അപ്പീൽ ഫയലിൽ സ്വീകരിച്ചു. ബാരിസ്റ്റർ എം. കെ. നമ്പ്യാരായിരുന്നു കാതോലിക്കാ

ഭാഗത്തെ അഭിഭാഷകൻ. എതിർപക്ഷത്ത് ആറ്റോർണി ജനറൽ എം. സി. സെതൽവാദ്, സോളിസിറ്റർ ജനറൽ സി. കെ, ഡഫ്ത്താതി, കെ. പി. ഏബ്രഹാം എന്നിവരാണു ഹാജരായത്. റിവ്യൂ അനുവദിച്ചു വീണ്ടും കേസു കേൾക്കാൾ ഹൈക്കോടതിയോടു സുപ്രീംകോടതി ആവശ്യപ്പെട്ടു.

ജസ്റ്റീസുമാരായ ശങ്കരൻ, ജി. കുമാരപിള്ള, എം. എസ്. മേനോൻ എന്നിവരുടെ ഫുൾബഞ്ച് കേസ് കേട്ടു പാത്രിയർക്കീസു കക്ഷിക്ക് അനുകൂലമായി വിധിച്ചു. പാത്രിയർക്കീസ് ഭാഗത്തേക്കു തൈക്കാട്ടു സുബ്രഹ്മണ്യയ്യരും, കെ. പി. ഏബ്രഹാമും ഹാജരായപ്പോൾ ബാരിസ്റ്റർ എം. കെ. നമ്പ്യാർ, എം. ഏബ്രഹാം, ഇ. ജെ. ഫിലിപ്പോസ്, കെ. സി. ജോൺ എന്നിവരാണ് കാതോലിക്കാ കക്ഷിക്കുവേണ്ടി വാദിച്ചത്. തുടർന്ന് 1958-ൽ സുപ്രീംകോടതിയിൽ കാതോലിക്കാകക്ഷി അപ്പീൽ സമർപ്പിക്കുകയും ബാരിസ്റ്റർ എം. കെ. നമ്പ്യാർ വാദിക്കുകയും ചെയ്തു (നമ്പ്യാരുടെ പുത്രനാണ് ഇപ്പോൾ സുപ്രീംകോടതിയിലെ പ്രശസ്ത അഭിഭാഷകനായ കെ. കെ. വേണുഗോപാൽ). മറുകക്ഷിക്കുവേണ്ടി കെ. പി. ഏബ്രഹാമും തൈക്കാട്ടു സുബ്രഹ്മണ്യയ്യരും ഹാജരായി. 1958 സെപ്തംബർ 12-നു അപ്പീൽ അനുവദിച്ചു ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസ് അദ്ധ്യക്ഷനായ ഭരണഘടനാബഞ്ച് വിധി പ്രസ്താവിച്ചു. എൻ. എച്ച്. ഭഗവതി, ബി. പി. സിൻഹ, കെ. സുബ്ബറാവു, കെ. എൻ. വാഞ്ചു എന്നിവരായിരുന്നു ഇതര ജഡ്ജിമാർ.

മലങ്കരസഭയിൽ കാതോലിക്കേറ്റ് സ്ഥാപനത്തോടെ പാത്രിയർക്കീസിന്റെ അധികാരം അസ്തമനാവസ്ഥയിലെത്തി (vanishing point) യെന്ന എം. കെ. നമ്പ്യാരുടെ വാദം 1958-ലെ ഭരണഘടനാബഞ്ച് അടിവരയിട്ട് അംഗീകരിച്ചു. നിരാശയുടെയും അപമാനത്തിന്റെയും ഇരുളിൽ കഴിഞ്ഞിരുന്ന മലങ്കരസഭ, സ്വാതന്ത്ര്യത്തിന്റെ പുതു പുത്തൻ സുവർണ്ണപ്പുലരി ദർശിക്കുവാനിടയായത് എം. കെ. നമ്പ്യാരുടെ പണ്ഡിതോചിതമായ കേസ് വാദം കൊണ്ടായിരുന്നു.

എം. ഏബ്രഹാം: ഒന്നാം സമുദായക്കേസിൽ, കേരള ഹൈക്കോടതിയിൽ എം. കെ. നമ്പ്യാർക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും നമ്പ്യാർ വരുന്നതുവരെ കേസ്‌വാദം തുടരുകയും ചെയ്ത ചെങ്ങന്നൂർ സ്വദേശിയായ എം. ഏബ്രഹാമിന്റെ സഭാസേവനം അദ്വിതീയമാണ്. കേസുകളുടെ കോടതിയിലെ നടത്തിപ്പിനോടൊപ്പം സഭാകാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന വ്യുൽപ്പത്തി നിമിത്തം ഒരു നിർണ്ണായക കാലഘട്ടത്തിൽ മലങ്കരസഭയുടെ ശ്രദ്ധേയനായ നിയമോപദേശകൻ എന്ന നിലയിലും എം. ഏബ്രഹാം പ്രവർത്തിച്ചു. രണ്ടാം സമുദായക്കേസിന്റെ നടത്തിപ്പിലും എം. ഏബ്രഹാം മുൻപന്തിയിലുണ്ടായിരുന്നു.

കെ. ചെറിയാൻ: വട്ടക്കുന്നേൽ ചെറിയാൻ വക്കീൽ, ബസ്സേലിയോസ്

മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെ സഹോദരനും കോട്ടയം ബാറിലെ സമാദരണീയനായ അഭിഭാഷകനുമായിരുന്നു. കെ. ചെറിയാൻ സഭാകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു.

ഒന്നാം സമുദായക്കേസു കാര്യങ്ങളിലും, രണ്ടാം സമുദായക്കേസിലെ അന്യായം തയ്യാറാക്കിയതുൾപ്പെടെയുള്ള കേസിന്റെ ആദ്യകാല നടത്തിപ്പിലും കെ. ചെറിയാൻ വലുതായ പങ്കാണു വഹിച്ചത്. രണ്ടാം സമുദായ ക്കേസിന്റെ ആരംഭകാലത്ത് കെ. ചെറിയാൻ, കെ. ജോർജ്, പി. റ്റി. മാത്യു, സി. റ്റി. ജോസഫ്, എം. ഏബ്രഹാം എന്നീ അഭിഭാഷകരും മാത്യൂസ് പ്രഥമൻ കാതോലിക്കായും (അന്ന് മാർ അത്താനാസിയോസ്) കൂട്ടായി ചർച്ചകൾ നടത്തിയാണ് കേസിന്റെ ഗതിയെപ്പറ്റി തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നത്.

കെ. ജോർജ്: കോട്ടയം ബാറിലെ പ്രമുഖ അഭിഭാഷകനായ കെ. ജോർജാണ് രണ്ടാം സമുദായക്കേസ് നടത്തിപ്പിന്റെ നേതാവ്. അന്യായം തയ്യാറാക്കിയതു മുതൽ കേസിന്റെ എല്ലാ തലങ്ങളിലും കെ. ജോർജുണ്ടായിരുന്നു. കാതോലിക്കാപക്ഷത്തിനു വേണ്ടി സാക്ഷികളെ വിസ്തരിച്ചതും ഇദ്ദേഹമായിരുന്നു.

രണ്ടാം സമുദായക്കേസിലെ കേരള ഹൈക്കോടതി സിംഗിൾ ബഞ്ചിൽ (റ്റി. ചന്ദ്രശേഖര മേനോൻ) വാദം നടത്തിയ സീനിയർ അഡ്വക്കേറ്റ് എസ്. നാരായണൻ പോറ്റിയും ഡിവിഷൻ ബഞ്ചിലെ (ജ. യു. എൽ. ഭട്ട്, കെ. പി. ബാലനാരായണ മാരാർ) മുമ്പാകെയും സുപ്രീംകോടതിയിലും വാദം നയിച്ച ഫാലി എസ്. നരിമാനും കെ. ജോർജിന്റെ സിവിൾ നിയമ പാണ്ഡിത്യത്തെയും സമുദായക്കേസു കാര്യങ്ങളിലെ അവഗാഹത്തെയും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്.

വട്ടശ്ശേരിൽ തിരുമേനിയെപ്പോലെ തിളക്കമാർന്ന ഭരണാധികാരിയായിരുന്ന മാത്യൂസ് പ്രഥമൻ ബാവായുടെ ശക്തി, അദ്ദേഹം വിശ്വാസമർപ്പിച്ചിരുന്ന കെ. ജോർജ്, മനോരമ പത്രാധിപർ കെ. എം. മാത്യു, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം, പടിഞ്ഞാറേക്കര പി. സി. ഏബ്രഹാം, സി. എം. സ്റ്റീഫൻ, ഇ. ജോൺ ജേക്കബ് തുടങ്ങിയവരിൽ ആയിരുന്നു.

രണ്ടാം സമുദായക്കേസു കൂടാതെ, 1972 മുതൽ സമുദായത്തോടു ബന്ധപ്പെട്ട ഒട്ടധികം കേസുകളിൽ കേരളത്തിലെ വിവിധ കോടതികളിലും കേരളത്തിനു പുറത്തുള്ള കോടതികളിലും സഭയുടെ അഭിഭാഷകനായിരുന്നു കെ. ജോർജ്. പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ സമുദായത്തിന്റെ പ്രമുഖ നിയമോപദേശകനായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ നിസ്തുല സേവനം മലങ്കരസഭയ്ക്ക് ഒരു കാലത്തും വിസ്മരിക്കാനാവില്ല.

എഫ്. എസ്. നരിമാൻ: ഇന്നും സുപ്രീംകോടതിയിലെ അഭിഭാഷ

കരിൽ അഗ്രഗാമിയായ ഫാലി എസ്. നരിമാന്റെ മഹത്തായ സേവനം രണ്ടാം സമുദായക്കേസിൽ മലങ്കരസഭയ്ക്കു ലഭിച്ചു.

കേരള ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ചിലും സുപ്രീംകോടതിയിലും കാതോലിക്കായ്ക്കു വേണ്ടി നരിമാൻ ഹാജരായി. ആഴ്ചകളും മാസങ്ങളും നീണ്ടുനിന്ന വാദത്തിനിടയിൽ മറ്റെല്ലാ കേസുകളും മാറ്റിവച്ചശേഷമാണ് സമുദായക്കേസിൽ നരിമാൻ ശ്രദ്ധിച്ചത്.

കെ. ജോർജിന്റെയും സി. റ്റി. ജോസഫിന്റെയും സാന്നിദ്ധ്യവും സഹായവും എക്കാലവും നരിമാൻ വിലമതിച്ചിരുന്നു. ഇവരെക്കൂടാതെയുള്ള, സമുദായത്തിന്റെ കേസു നടത്തിപ്പിൽ താല്പര്യമില്ലാതിരുന്നതിനാൽ 'പോലീസ് സഹായ റിട്ട് ഹർജി' സുപ്രീംകോടതിയിൽ അന്തിമ വാദത്തിനു വന്നപ്പോൾ എഫ്. എസ്. നരിമാൻ ഹാജരാകുവാൻ വിസമ്മതിച്ചുവത്രെ.

സി. റ്റി. ജോസഫ്: രണ്ടാം സമുദായക്കേസിന്റെ നടത്തിപ്പിൽ ആദ്യന്തം മുളന്തുരുത്തി മാർത്തോമൻ പള്ളി ഇടവകാംഗമായ സി. റ്റി. ജോസഫ് സജീവമായി ഉണ്ടായിരുന്നു. എറണാകുളത്തെ ഒരു പ്രമുഖ സിവിൽ അഭിഭാഷകനാണദ്ദേഹം. ആഴത്തിലും പരപ്പിലും കേസിന്റെ നാനാവശങ്ങൾ പഠിച്ച സി. റ്റി. ജോസഫിന്റെ കൂടി പ്രയത്നഫലമാണ് രണ്ടാം സമുദായക്കേസിലെ, കാതോലിക്കാ പക്ഷത്തിനനുകൂലമായുണ്ടായ വിധി എന്നു വിശേഷിപ്പിക്കാം. നരിമാൻ സുപ്രീംകോടതിയിൽ കേസ് വാദം നടത്തിക്കൊണ്ടിരുന്നപ്പോൾ ആയിരക്കണക്കിനു പേജുകൾ വരുന്ന കേസു രേഖകളിലെ ഏതുഭാഗത്തെപ്പറ്റിയും കൃത്യമായ പേജ് നമ്പർ സഹിതം കോടതിയിൽ പറയുവാൻ സി. റ്റി. ജോസഫിനു കഴിഞ്ഞിരുന്നു.



അഡ്വ. കെ. ചെറിയാൻ വട്ടക്കുന്നേൽ

എഫ്. എസ്. നരിമാൻ

അഡ്വ. എം. എബ്രഹാം

അഡ്വ. സി.റ്റി. ജോസഫ്

അഡ്വ. കെ. ജോർജ്ജ്

പി. സി. ഏബ്രഹാം: കഴിഞ്ഞ ആറു ദശാബ്ദത്തിനിടയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ സഭാ സെക്രട്ടറി, ട്രസ്റ്റി എന്നീ നിലകളിൽ നിർണ്ണായകസ്ഥാനം വഹിക്കുകയും സഭയുടെ മുഖ്യ സാരഥികളായിരുന്ന പ. ഗീവറുഗീസ് രണ്ടാമൻ, പ. ഔഗേൻ പ്രഥമൻ, പ. മാത്യൂസ് പ്രഥമൻ, പ. മാത്യൂസ് ദ്വിതീയൻ, പ. ദിദിമോസ് ഒന്നാമൻ എന്നീ കാതോലിക്കാമാരുടെ വിശ്വസ്ത ഉപദേശകനായിരിക്കുകയും ചെയ്ത പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര സഭയുടെ ഏതു പ്രതിസന്ധിയിലും കാതോലിക്കാമാർ ആശ്രയിച്ചിരുന്ന മുഖ്യ അത്താണിയാണ്. വാകത്താനം കാരുചിറ പ. ഗീവറുഗീസ് ഒന്നാമൻ ബാവായുമായി കുടുംബ ബന്ധമുള്ള ഏബ്രഹാം മാതൃസഹോദരനായ കെ. സി. മാമ്മൻ മാപ്പിളയുടെ നിർദ്ദേശപ്രകാരമാണ് 1951-ൽ സഭാസേവനരംഗത്തു വന്നത്. തോട്ടം ഉടമയും പ്രമുഖ വ്യവസായിയുമായ ഏബ്രഹാം, സ്വാർത്ഥലാഭം, പ്രതിഫലേഛ എന്നിവ ഒരിക്കലും ഒട്ടും സ്പർശിക്കാതെയാണു തികച്ചും തൃപ്തനായി പ്രായത്തെ മുൻനിറുത്തി ആയുഷ്ക്കാല ട്രസ്റ്റിസ്ഥാനത്തു നിന്നു സ്വയം വിരമിച്ചത്.

പലതവണ വിരമിക്കാൻ ആഗ്രഹിച്ചു എങ്കിലും സഭാധ്യക്ഷന്മാർ നിർബന്ധിച്ചതിനാൽ ട്രസ്റ്റി സ്ഥാനത്തു തുടരുകയാണുണ്ടായത്. സഭാകാര്യങ്ങൾ തന്റെ രക്തത്തിൽ അലിഞ്ഞു കിടക്കുന്നതിനാൽ ഏബ്രഹാം ഇന്നും സഭാനേതാക്കളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നത്.

വ്യവസ്ഥാപിതമായ രീതിയിൽ ബന്ധപ്പെട്ടവർ മുന്നോട്ടു പോകാഞ്ഞാൽ സഭയിൽ അനുരഞ്ജനത്തിനോ ഐക്യത്തിനോ സാധ്യതയില്ലെന്നാണ് എല്ലാ ഉള്ളുകള്ളികളും അറിയാവുന്ന അദ്ദേഹം വിശ്വസിക്കുന്നത്. ചില പ്രധാന പള്ളികളിൽ ഇരു വിഭാഗങ്ങളും താല്ക്കാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും സെമിത്തേരികൾ പൊതുവായി ഉപയോഗിക്കുകയും ചെയ്യുന്നതായിരിക്കും ഇപ്പോഴത്തെ സംഘർഷം ഒഴിവാക്കാനുള്ള ഒരു മാർഗ്ഗം എന്ന് കെ. വി. മാമ്മനോട് ഒരഭിമുഖ സംഭാഷണത്തിൽ പറഞ്ഞു.

മലങ്കരസഭയുടെ ഭരണഘടന ഭേദഗതി ചെയ്യുക, മേല്പട്ടക്കാരുടെ റിട്ടയർമെന്റ് പ്രായം നിശ്ചയിക്കുക, പണം കൈകാര്യം ചെയ്യുന്നതിനുള്ള സുവ്യക്തമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക, സ്ത്രീകൾക്ക് സമ്പൂർണ്ണഅംഗത്വം നൽകുക മുതലായവ ഉടനെ ചെയ്യണം. തെരഞ്ഞെടുക്കപ്പെടുന്ന സമിതികളുടെ അധികാരങ്ങൾ അന്യൂനം നിലനിർത്തിയാൽ സഭയുടെ ഭാവി ശുഭമാകും എന്നും ഏബ്രഹാം കരുതുന്നു.

തികഞ്ഞ സഭാസ്നേഹിയും സത്യസന്ധനുമായ ഏബ്രഹാം കഴിഞ്ഞ

60 വർഷത്തിനിടയിൽ ചെയ്ത ബഹുമുഖ സഭാസേവനങ്ങളെ മുൻനിറുത്തി അദ്ദേഹത്തെ The leading Churchman of 20th century എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. ഒരു പ്രത്യേക ചുറ്റുപാടിൽ ദേവലോകം അരമനയിരിക്കുന്ന സ്ഥലം പി. സി. ഏബ്രഹാമിന്റെ പേരിൽ വാങ്ങി എന്നത് അദ്ദേഹത്തെപ്പറ്റി സഭയ്ക്കും പ. ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കും ഉണ്ടായിരുന്ന മതിപ്പിന്റെ തെളിവാണ്.

കെ. ഇ. ചെറിയാൻ (1910–1981): തയ്യിൽ കെ. സി. ഈപ്പന്റെ സീമന്ത പുത്രൻ. നാഷണൽ ക്വയിലോൺ ബാങ്കിന്റെ തിരുവനന്തപുരം ശാഖാ മാനേജർ, വിതുര ഗോഗുൽ എസ്റ്റേറ്റ് മാനേജർ, ബാങ്ക് ഓഫ് ന്യൂ ഇന്ത്യാ സ്ഥാപക ജനറൽ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ച കെ. ഇ. ചെറിയാൻ തന്റെ ബാങ്ക് എസ്. ബി. ടി. യിൽ ലയിച്ചശേഷം സിൻഡിക്കേറ്റ് ബാങ്ക് ഡവലപ്പ്മെന്റ് ഓഫീസർ, എം. ആർ. എഫ്. വടവാതൂർ മാനേജർ എന്നീ സ്ഥാനങ്ങളും പ്രശസ്തമായി വഹിച്ചു. നേരത്തെ തിരുവനന്തപുരത്തെ സാമൂഹ്യജീവിതത്തിൽ നിറഞ്ഞുനിന്ന സത്യസന്ധനായ കെ. ഇ. ചെറിയാൻ സഭാ മാനേജിംഗ് കമ്മറ്റി അംഗമായും പ്രമുഖ വൈ. എം. സി. എ. പ്രവർത്തകനായും മറ്റും സേവനമനുഷ്ഠിച്ചു. തിരുവനന്തപുരം ഇടവക വക മാർ ബസേലിയോസ് മന്ദിരം നിർമ്മിച്ച മൂന്നംഗ കമ്മറ്റിയിൽ ഒരാളായിരുന്നു. തൃശൂർ നടക്കാവുകാരൻ എൻ. ഒ. ഈനാശുവിന്റെ പുത്രി 1990-ൽ പരേതയായ ഏലിക്കുട്ടിയാണ് ഭാര്യ.

എൽസി യോഹന്നാൻ ശങ്കരത്തിൽ: കവയിത്രി. കടമ്പനാട് സ്വദേശിനി. പിതാവ് താഴേതിൽ റ്റി. ജി. തോമസ്. 1970-ൽ അമേരിക്കയിലെത്തി. അദ്ധ്യാപനത്തിലും കെമിക്കൽ എൻജിനിയറിംഗിലും മാസ്റ്റർ ബിരുദങ്ങൾ നേടി. നാസാ കൗണ്ടി ഡിപ്പാർട്ടുമെന്റ് ഓഫ് പബ്ലിക് വർക്ക്സ് എൻജിനീയർ ആയിരുന്നു. ഭർത്താവ് അമേരിക്കൻ ഭദ്രാസനത്തിലെ പ്രഥമ വൈദികനും പ്രഥമ കോർഎപ്പിസ്ക്കോപ്പായുമായ ഡോ. യോഹന്നാൻ ശങ്കരത്തിൽ.

കൃതികൾ: 1. കന്നിക്കൺമണി, 2. സ്നേഹതീർത്ഥം, 3. ദാവീദിന്റെ രണ്ട് മുഖങ്ങൾ, 4. ഗലീലയുടെ തീരങ്ങൾ, 5. മൂല്യമാലിക, 6. ഗീതാഞ്ജലി (വിവർത്തനം), 7. ഇനിയും പൂക്കുന്ന സ്നേഹം, 8. ഒരു വട്ടം കൂടി. ധാരാളം കഥകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒട്ടധികം പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

കല്ലുപുരയ്ക്കൽ കൊച്ച് (1872–1940): മലങ്കരസഭയുടെ ഒരു മുതൽക്കൂട്ടായിരുന്നു കുമരകം മെത്രാൻകായൽ കുത്തിയെടുക്കാൻ പ. വട്ടശ്ശേരിൽ തിരുമേനി നിയോഗിച്ച കുറിച്ചി കോലത്തുകളത്തിലായ കൊച്ചുപുരയ്ക്കൽ പോത്തൻ പുന്നൂസ് (കൊച്ച്). ആജ്ഞാശക്തിയും തൊഴിലാളി

കളിൽ, വിശിഷ്യ ദളിത് വിഭാഗങ്ങളിൽ പൊതുസമ്മതനുമായിരുന്ന കൊച്ച് ഈ ചുമതല ഒരു ദൈവനിയോഗമായി കണക്കാക്കിയാണു കാര്യക്ഷമമായി നിറവേറ്റിയത്. പോത്തൻ പുന്നൂസിന്റെ പിതാവായ പുന്നൂസ് പുന്നൂസിന്റെ സഹോദരി ഏലിയാമ്മയുടെ പുത്രനാണു വട്ടശ്ശേരിൽ തിരുമേനി. കൊച്ചിന്റെ ഭാര്യ കുമരകം നെല്ലാനിക്കലായ മൂലശ്ശേരി മറിയാമ്മ.

എ. എം. മാത്യു: തലവടി അടങ്ങപ്പുറത്തു കോടിക്കൽ കുടുംബാംഗവും ആലുവായിൽ നാഷണൽ ക്വയിലോൺ ബാങ്ക് മാനേജരും പിന്നീട് വ്യവസായിയുമായിരുന്ന എ. എം. മാത്യുവിന്റെ പുത്രനാണ് എ. എം. മാത്യു (എം. എസ്. സി. എൻജിനീയറിംഗ്). 1954-ൽ സ്റ്റേറ്റു സർവ്വീസിൽ പ്രവേശിച്ചു. ആലുവാ മംഗലപ്പുഴപാലം, മീങ്കര, കാളിയാർ, കാഞ്ഞിരപ്പുഴ പ്പുഴ മുതലായ ഡാമുകളുടെ നിർമ്മാണചുമതല വഹിച്ചു. കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ പ്രോജക്ട് എൻജിനീയർ, പീച്ചി എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. ഇന്ത്യാ ഗവൺമെന്റ് നിയോഗിച്ചതിനാൽ അഞ്ചു വർഷം നൈജീരിയായിൽ വാട്ടർ ബോർഡ് ചീഫ് എൻജിനീയറായിരുന്നു. 1986-ൽ കേരള ചീഫ് എൻജിനീയറായി റിട്ടയർ ചെയ്തു.

1986 മുതൽ മലങ്കരസഭയുടെ ആർക്കിടെക്ച്ചർ ആൻഡ് എൻജിനീയറിംഗ് ഡയറക്ടറായി സന്നദ്ധ സേവനം വഹിക്കുന്നു. ചാൾസ് കൊറയ എന്ന വിശ്വപ്രസിദ്ധ ശില്പി രൂപകല്പന ചെയ്ത പുതിയ പരുമലപ്പള്ളി, പീരുമേട് എൻജിനീയറിംഗ് കോളജ്, പഴയസെമിനാരി സ്മൃതി മന്ദിരം, ശ്രുതി സ്കൂൾ കെട്ടിടം, ദേവലോകത്തെ ബാവാമാരുടെ കബർ, അരമനയുടെ നോർത്ത് വിംഗ്, സഭവക പല സ്ഥാപനങ്ങളുടെ ഒട്ടധികം ഓഡിറ്റോറിയങ്ങൾ, ആശുപത്രികൾ, പള്ളികൾ മുതലായവ മാത്യുവിന്റെ മേൽനോട്ടത്തിലാണ് നിർമ്മിച്ചത്. കോട്ടയം എമർജൻസി മെഡിക്കൽ സർവ്വീസസിന്റെ സ്ഥാപക സെക്രട്ടറി, മറിയപ്പള്ളിയിലെ മന്ദബുദ്ധി ക്ഷേമസമിതിയുടെയും പല വികലാംഗ ക്ഷേമകേന്ദ്രങ്ങളുടെയും പ്രവർത്തകൻ. കോട്ടയം പുന്നാപറമ്പിൽ പിലു മാത്യുവാണു ഭാര്യ.

വറുഗീസ് ഈപ്പൻ: വെണ്ണിക്കുളം കൂടത്തുംമുറിയിൽ കെ. ജി. ഈപ്പന്റെ പുത്രനായ വറുഗീസ് ഈപ്പൻ (ജോയി) എം. എ. കഴിഞ്ഞ് ഇന്ത്യാ ഗവൺമെന്റിന്റെ എക്കണോമിക് സർവ്വീസിൽ ജോലി സ്വീകരിച്ചു. ഏതാനും വർഷം കഴിഞ്ഞ് രാജി വച്ച് വ്യവസായ-കയറ്റുമതി രംഗങ്ങളിൽ പ്രവേശിച്ചു. കയറ്റുമതി സംബന്ധിച്ച് പല ദേശീയ അവാർഡുകൾ നേടി. വ്യവസായിയായി തുടരുന്ന അദ്ദേഹം സാമൂഹ്യ സേവനരംഗത്തും കടന്നു.

മദ്രാസിൽ പാവപ്പെട്ടവർക്കുവേണ്ടി വീടുകൾ നിർമ്മിച്ചുകൊടുക്കുക, നിർധനരായ കുട്ടികൾക്കുവേണ്ടിയുള്ള ഫോസ്റ്റർ സ്കൂളുകൾ സ്ഥാപി

ക്കുക തുടങ്ങിയ സംരംഭങ്ങളിൽ വ്യാപൃതനാണ്. മദ്രാസ് മെഡിക്കൽ മിഷന്റെ സ്ഥാപക സെക്രട്ടറിയായി 15 വർഷം സേവനം ചെയ്ത വറുഗീസ് ഇപ്പോൾ മിഷന്റെ വൈസ് പ്രസിഡന്റാണ്. പോണ്ടിച്ചേരിയിലെ പ്രശസ്ത മായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ (മെഡിക്കൽ കോളജ്) ചെയർമാനുമാണ്. പ്രശസ്ത ദൈവശാസ്ത്രജ്ഞനും സഭാചരിത്രകാരനു മായിരുന്ന റവ. ഡോ. സി. ഇ. ഏബ്രഹാമിന്റെ പുത്രി ശാന്തയാണു വറു ഗീസ് ഈപ്പന്റെ പത്നി.

റവ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോർഎപ്പിസ്ക്കോപ്പാ: അമേരിക്കൻ ഭദ്രാസനത്തിലെ പ്രഥമ കോർഎപ്പിസ്ക്കോപ്പായായ കുമ്പഴ ശങ്കരത്തിൽ ഡോ. എം. യോഹന്നാൻ (71) ദൈവശാസ്ത്രത്തിൽ ഉന്നത പഠനം നടത്താൻ 1970-ൽ ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ ചേർന്ന് എസ്. ടി. എം. കരസ്ഥമാക്കി. തുടർന്ന് അമേരി ക്കയിൽ ഓർത്തഡോക്സ് ഇടവകകൾ സംഘടിപ്പിക്കാൻ പ. ഔഗേൻ ബാവാ നിയോഗിച്ചു.

ന്യൂയോർക്കിലെ സെന്റ് തോമസ് ഇടവക (ഇപ്പോൾ യോങ്കേഴ്സ്) രൂപവൽക്കരിച്ച് 1977 വരെ വികാരിയായിരുന്നു. ഇതാണ് യു. എസ്. ലെ പ്രഥമ ഓർത്തഡോക്സ് ഇടവക. എൽമോണ്ടിലെ സെന്റ് ഗ്രിഗോറി യോസ് ഇടവക 1977-ൽ സ്ഥാപിച്ചശേഷം 1986 വരെ അവിടെ വികാരിയാ യിരുന്നു. ഡിട്രോയിറ്റിലെയും വാഷിംഗ്ടണിലെയും സെന്റ് തോമസ് പള്ളി കളും ആരംഭിച്ചു. സേറ്റൻ ഐലണ്ടിലെ ഇടവകയിലും ഫിലാഡൽഫിയ സെന്റ് തോമസ് പള്ളിയിലും ആദ്യ വികാരിയായിരുന്നു. ഇപ്പോൾ സഭയു ടെയും സമൂഹത്തിന്റെയും വിവിധ സേവന പ്രവർത്തനങ്ങളിൽ വ്യാപൃത നാണ്.

നേരത്തെ പ. ഔഗേൻ ബാവായുടെ സെക്രട്ടറി, 'മലങ്കരസഭ'യുടെ എഡിറ്റർ മുതലായ നിലകളിലും സേവനം ചെയ്തിട്ടുള്ള ശങ്കരത്തിൽ കോർഎപ്പിസ്ക്കോപ്പാ, പ്രമുഖ കൺവൻഷൻ പ്രസംഗകനും എഴുത്തു കാരനും, സഭാ മാനേജിംഗ് കമ്മിറ്റി അംഗവും, സംഘാടകനും, ധ്യാനഗു രുവും ആണ്. ഭാര്യ കവയിത്രിയായ എൽസി യോഹന്നാൻ.

ഒ. എ. മാത്യു: പള്ളം എടത്തുംപടിക്കൽ കുടുംബത്തിന്റെ ഒറ്റത്തെ ക്കൽ ശാഖയിലെ ഒ. എ. മാത്യു ഗവ. എച്ച്. എസ്. ഹെഡ്മാസ്റ്ററും എക്സാ മിനേഷൻ ബോർഡ് സെക്രട്ടറിയുമായിരുന്നു. റിട്ടയർ ചെയ്തശേഷം കാതോലിക്കേറ്റ് ഓഫീസിൽ ഡപ്യൂട്ടി സെക്രട്ടറിയായി 20-ൽ പരം വർഷം സേവനം അനുഷ്ഠിച്ചു. 1920-ൽ ജനിച്ചു. 2005 ഏപ്രിൽ 10-ന് നിര്യാതനായി. ഭാര്യ പാറമ്പുഴ തുരുത്തേൽ കുഞ്ഞമ്മ മാത്യു.

കുറിച്ചി തോപ്പിൽ പുന്നൂസ് വക്കീൽ: പാത്രിയർക്കീസ് വാഴിച്ച ഒരു മെത്രാനെ മാത്രമേ കാതോലിക്കായായി അവരോധിക്കുകയുള്ളൂ എന്ന പ. അബ്ദുൽ മശിഹാ ബാവായുടെ നിർബന്ധം മലങ്കര സഭാനേതാക്കളെ കുഴച്ചു. അന്ന് മൂവാറ്റുപുഴയിൽ പ്രാക്ടീസ് ചെയ്തിരുന്ന കുറിച്ചി തോപ്പിൽ പുന്നൂസ് വക്കീലിനു 1876-ൽ പത്രോസ് പാത്രിയർക്കീസ് വാഴിച്ച കണ്ടനാട് ഇടവകയുടെ മുറിമറ്റത്തിൽ മാർ ഈവാനിയോസിനോടു വളരെ താല്പര്യവും സ്നേഹബഹുമാനാദരങ്ങളും ഉണ്ടായിരുന്നു. അദ്ദേഹവും കോട്ടയത്തു നിന്ന് എത്തിയ കെ. സി. മാമ്മൻമാപ്പിളയും ഒന്നിച്ചു അർദ്ധരാത്രിയിൽ പാമ്പാക്കുടയിൽ എത്തി മെത്രാപ്പോലീത്തായെ വിളിച്ചുണർത്തി. ഇവരുടെ നിർബന്ധം മൂലം രാത്രി തന്നെ മെത്രാപ്പോലീത്താ നിരണത്തു ചെന്നു ബാവായെ സന്ദർശിച്ചു. വൃദ്ധനായ മാർ ഈവാനിയോസിനെ ബാവാ സകല വിവരങ്ങളും ധരിപ്പിച്ചു. "മലങ്കരസഭ നശിക്കാതിരിക്കാൻ മെത്രാച്ചൻ ഈ സ്ഥാനം സ്വീകരിച്ചേ തീരൂ" എന്ന ബാവായുടെ കല്പന മാർ ഈവാനിയോസ് സ്വീകരിച്ചു. പുന്നൂസ് വക്കീലിന്റെ നിർബന്ധം കൊണ്ടാണു കാതോലിക്കാവാഴ്ച നടന്നതെന്നു സാരം. അബ്ദുള്ളയുടെ മുടക്കിനെതിരെ മുറിമറ്റത്തിൽ മാർ ഈവാനിയോസും അൽവാറീസ് മാർ യൂലിയോസും കല്പന ഇറക്കിയതും വക്കീലിന്റെ നിർദ്ദേശപ്രകാരമാണ്.

പി. എൻ. നൈനാൻ: പുതുപ്പള്ളി നിലയ്ക്കൽ ഇടവകയിലെ പന്തലമുറിയിൽ കുടുംബാംഗം. ആദ്യം ആലുവാ മഹിളാലയം അധ്യാപകൻ. പിന്നീട് കാതോലിക്കേറ്റ് അരമനയിൽ ഡപ്യൂട്ടി സെക്രട്ടറിയായി 40 വർഷം സേവനം ചെയ്തു. 1958-ലെ സഭാസമാധാന വ്യവസ്ഥകളിൽ 'പാത്രിയർക്കീസിനെ ഭരണഘടനയ്ക്കു വിധേയമായി സ്വീകരിക്കുന്നു' എന്ന പ്രയോഗം പി. എൻ. നൈനാനും അഡ്വ. വട്ടക്കുന്നേൽ കെ. ചെറിയാനും നിഷ്കർഷിച്ചതിനെ തുടർന്നാണു ചേർത്തത്.

കെ. എം. കുര്യാക്കോസ്: വാകത്താനം കൊച്ചുപ്ലാപ്പറമ്പിൽ കുടുംബാംഗം. പത്തനംതിട്ട കാതോലിക്കേറ്റ്, കോട്ടയം ബസേലിയോസ് കോളജുകളിൽ പ്രൊഫസർ, പഴഞ്ഞി മാർ ഡയനീഷ്യസ്, ഭിലായ് സെന്റ് തോമസ് കോളജുകളിൽ പ്രിൻസിപ്പൽ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. യു. ജി. സി. യുടെ നാഷണൽ അസ്സസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ പീർ ടീം മെമ്പർ. ഏറ്റവും മികച്ച കോളജ് പ്രിൻസിപ്പൽമാർക്കു നൽകപ്പെടുന്ന ഹിഗ്ഗിൻ ബോതം നാഷണൽ അവാർഡുൾപ്പെടെ മൂന്ന് ദേശീയ പുരസ്കാരങ്ങൾ നേടി. ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി, ഭിലായ് സെന്റ് തോമസ് മിഷൻ സെക്രട്ടറി, ചർച്ച് വീക്കിലി എഡിറ്റർ എന്നീ നിലകളിലും പ്രവർത്തിച്ചു. മലങ്കരസഭയ്ക്ക് ഹിന്ദിയിൽ കുർബ്ബാന തക്സാ തയ്യാറാക്കി. മുഖ്യ

കൃതികൾ: പവിത്ര് ബലിദാൻ, വിനയാവലി, പാമ്പാടി തിരുമേനി.

കെ. ടി. ഇടിക്കുള: തിരുവല്ലാ കല്ലറയ്ക്കൽ കൊച്ചിടുക്കുളയുടെ പുത്രനായി 1938 ഡിസം. 10-ന് ജനിച്ചു. എം. ജി. എം. ഹൈസ്കൂൾ പഠനം കഴിഞ്ഞു ജോലി തേടി ഡൽഹിക്കു പോയി. എയർഫോഴ്സിൽ ജോലി സ്വീകരിക്കുകയും എയർക്രാഫ്റ്റ് എൻജിനീയറിംഗിൽ പരിശീലനം നേടുകയും ചെയ്തു. 1968-ൽ പെരുമ്പാവൂർ മഞ്ഞശ്ശേരി പരേതനായ വറുഗീസ് പത്രോസിന്റെ പുത്രി മറിയക്കുട്ടിയെ വിവാഹം ചെയ്തു. പിന്നീട് അമേരിക്കയിലേക്ക് പോയ ഇടിക്കുളയും ഭാര്യയും അവിടെ ജോലി സ്വീകരിക്കുകയും പല പ്രശ്നങ്ങൾ നേരിട്ടു വിജയിക്കുകയും ചെയ്തു. താൻ ജോലി ചെയ്തിരുന്ന കമ്പനി കടം കൊണ്ട് തകർന്നപ്പോൾ കെ. ടി. ഇടിക്കുള അപ്പന്റെ പേരു ചേർത്ത് ന്യൂയോർക്കിൽ തോമസ് എയർക്രാഫ്റ്റ് തുടങ്ങി. ഭാര്യയും ആശുപത്രി ജോലി വിട്ട് കമ്പനിയിൽ ചേർന്നു. വലിയ മത്സരങ്ങളെ നേരിട്ടു ഇടിക്കുളയുടെ കമ്പനി വളരെ വേഗം വളർന്നു. ഇപ്പോൾ അമേരിക്കയിലെ ഒരു വലിയ വ്യവസായിയും സഭാ മാനേജിംഗ് കമ്മറ്റി അംഗവുമാണ്. ബാല്യകാലം മുതൽ തന്നെ സഭയുടെ അരുമ സന്താനമായി വളർന്നുവന്ന ഇടിക്കുള മലങ്കരസഭയുടെ മിഷൻ ബോർഡിനും വിവിധ സ്ഥാപനങ്ങൾക്കും പള്ളികൾക്കും പ്രകൃതി ദുരന്ത നിവാരണത്തിനും ഭദ്രാസനങ്ങൾക്കും വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും ബാലഭവനുകൾക്കും മറ്റും ലക്ഷക്കണക്കിന് രൂപ സംഭാവന ചെയ്തിട്ടുണ്ട്. ഇതു മറ്റാരും അറിയണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നുമില്ല. എഴുപതിൽ എത്തിയിരിക്കുന്ന ഇടിക്കുളയ്ക്ക് മൂന്നു പുത്രിമാരാണുള്ളത്. പ്രമാണവും പ്രവൃത്തിയും സമന്വയിപ്പിച്ചുകൊണ്ടു പോകുന്ന ഇടിക്കുള ലളിതജീവിത പ്രേമിയാണ്.

അപ്രേം റമ്പാൻ: മൈലപ്രാ മാർ കുറിയാക്കോസ് ആശ്രമം സ്ഥാപകനായ വേലശ്ശേരിൽ പി. ഐ. മാത്യൂസ് റമ്പാൻ 1991 സെപ്തംബറിൽ അന്തരിച്ചതിനെ തുടർന്ന് കോന്നി പുന്നൂരേത്ത് കുടുംബാംഗമായ അപ്രേം റമ്പാൻ ആശ്രമം സുപ്പീരിയറായി സേവനം നടത്തിവരുന്നു. അപ്രേം റമ്പാൻ 1942-ലാണ് (അന്നു അധ്യാപകനായിരുന്ന പി. കെ. ഡേവിഡ്) അട്ടച്ചാക്കൽ ദയറായിൽ ചേർന്നത്. ഈ ദയറാ പി. ഐ. മാത്യൂസ് റമ്പാൻ മൈലപ്രായിലേക്ക് മാറ്റി മാർ കുറിയാക്കോസ് ആശ്രമം എന്ന പേരിടുകയാണുണ്ടായത്.

റ്റി. സഖറിയാ മാണി: റിട്ട. ഇൻകംടാക്സ് ചീഫ് കമ്മീഷണറായ സഖറിയാ മാണി കോട്ടയം താഴത്തങ്ങാടിയിൽ തട്ടുങ്കൽ കുടുംബാംഗമാണ്. 1965-66 വർഷങ്ങളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ ഇംഗ്ലീഷദ്ധ്യാപകനായിരുന്നു. 1966-ൽ ഐ. ആർ. എസിലേക്ക് തെരഞ്ഞെ

ടുക്കപ്പെട്ടു. 2002-ൽ റിട്ടയർ ചെയ്ത ശേഷം 4 വർഷം പോണ്ടിച്ചേരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ അഡ്മിനിസ്ട്രേറ്റർ ആയിരുന്നു.

സഭാ മാനേജിംഗ് കമ്മിറ്റിയിലും, വർക്കിംഗ് കമ്മറ്റിയിലും ആലോചനാ സമിതിയിലും അംഗമായിരുന്നു. വൈദികസെമിനാരിയുടെ ഗവേണിംഗ് ബോർഡ് അംഗവും, പീരുമേട് 'മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി'യുടെ ഓണററി അഡ്വൈസറുമാണ്.

എം. ഐപ്പ് മന്ദപ്പറമ്പിൽ: പുതുപ്പള്ളി മന്ദപ്പറമ്പിൽ ഐയ്പ് മത്തായിയുടെ പുത്രൻ. ജനനം 1907 ഡിസംബർ 5. 1928-ൽ ബിരുദം നേടി. കോട്ടയം എം. ഡി. എച്ച്. എസിൽ രണ്ടു കൊല്ലം അദ്ധ്യാപകൻ. 1931-ൽ പുതുപ്പള്ളി സെന്റ് ജോർജ്ജ് എച്ച്. എസിൽ അദ്ധ്യാപകനായും പിന്നീട് ഹെഡ്മാസ്റ്ററായും 39 വർഷം സേവനം അനുഷ്ഠിച്ചു. നിലയ്ക്കൽ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ, നിലയ്ക്കൽ കൺവൻഷന്റെ പ്രാരംഭപ്രവർത്തകൻ, 24 വർഷം കൺവൻഷൻ സെക്രട്ടറി, പ്രഭാഷകൻ, മനുഷ്യസ്നേഹി, മാങ്ങാനം മന്ദിരം ഭരണസമിതി അംഗം, മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയംഗം വർക്കിംഗ് കമ്മറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. *തെരഞ്ഞെടുത്ത ലേഖനങ്ങൾ* എന്ന പേരിൽ രചനകൾ സമാഹരിച്ചു പ്രസിദ്ധീകരിച്ചു.

തോമസ് കുര്യൻ: പനയംപാല താഴത്തേമലയിൽ ഇ. കെ. തോമസിന്റെ പുത്രൻ. ദോഹയിൽ 37 കൊല്ലം സേവനം ചെയ്ത തോമസ് കുര്യനാണ് ദോഹയിലെ ദി മലങ്കര സെന്റ് തോമസ് ഓർത്തഡോക്സ് പാരിഷിന്റെ സ്ഥാപക നേതാവ് (പള്ളി സ്ഥാപനം 1973 സെപ്റ്റം. 22). കറുകച്ചാലിൽ പള്ളി സ്ഥാപിക്കാൻ മുൻകൈയെടുക്കുന്നു. ഭാര്യ ചേന്നംകരി വൻപള്ളിൽ അമ്മിണി.

ജോസഫ് ചെറിയാൻ (പൂപ്പള്ളി കുട്ടിയച്ചൻ): ചേന്നങ്കേരി പുത്തൻപുരയ്ക്കൽ ഔസേഫ് കൊച്ചൗസേപ്പിന്റെ പുത്രനായി 1881-ൽ ജനിച്ചു. ആലപ്പുഴയുടെ വാണിജ്യപ്രാധാന്യം കണക്കിലെടുത്തും ബിസിനസ്സ് പ്രമാണിച്ചും കൊച്ചൗസേഫ് ആലപ്പുഴയ്ക്ക് താമസം മാറ്റി. തുടർന്ന് കെ. സി. മാമ്മൻമാപ്പിള, നാവള്ളിലച്ചൻ എന്നിവരുടെ സഹകരണത്തോടെ 1919-ൽ ഒരു ചെറിയ പള്ളി ആരംഭിച്ചു. എന്നാൽ വളർന്നുകൊണ്ടിരുന്ന ആലപ്പുഴയിൽ ധാരാളം ആളുകൾ എത്തിയതിനാൽ ഒരു വലിയ പള്ളി വേണ്ടി വന്നു. മാമ്മൻ മാപ്പിള, ഇ. ജോൺ കുരുവിള എന്നിവരുമായി ആലോചിച്ചു കുട്ടിയച്ചൻ വട്ടശ്ശേരിൽ തിരുമേനിയുടെ അനുവാദത്തോടെ പള്ളിക്കുള്ള സ്ഥലം (വഴിച്ചേരിപ്പള്ളി) വാങ്ങി നൽകി. അതിന്റെ കല്ല് പുത്തൻകാവിൽ നിന്നു കുട്ടിയച്ചന്റെ ഇളയപുത്രൻ മോനിച്ചൻ (ചെറിയാൻ

വറുഗീസ്) കൊണ്ടുവരികയും പ. ഗീവറുഗീസ് രണ്ടാമൻ 1949-ൽ ശിലാ സ്ഥാപനം നടത്തുകയും ചെയ്തു. രാഷ്ട്രീയ, സാമുദായിക, സാമൂഹിക, കാർഷിക, വ്യാവസായിക രംഗങ്ങളിലെല്ലാം ശോഭിച്ച കുട്ടിയച്ചനാണ് നെഹ്റു ട്രോഫി മത്സര വള്ളംകളിക്കു തുടക്കമിട്ട 1952 നവംബറിലെ ചുണ്ടൻ വള്ളംകളി നെഹ്റുവിനു വേണ്ടി സംഘടിപ്പിച്ചതും നെഹ്റുവിന്റെ കൈയിൽ നിന്നും നെഹ്റു ട്രോഫി വാങ്ങിയതും. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിനുവേണ്ടി ധാരാളം തടി സംഭാവന ചെയ്ത കുട്ടിയച്ചൻ സമുദായ കേസു തോറ്റപ്പോൾ 1951-ൽ കൊട്ടാരക്കര നിന്നു കോട്ടയത്തേക്കുള്ള ബാവായുടെ യാത്രയ്ക്കു വേണ്ടി ഹംസരഥം തയ്യാറാക്കി നൽകി.

ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പാ: പത്തനംതിട്ട തെങ്ങുംതറയിൽ മല്പാൻ ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ, മാത്യൂസ് ദ്വിതീയൻ ബാവാ ഉൾപ്പെടെ ഇരുനൂറിൽപരം വൈദികരുടെ സുറിയാനി മല്പാനായിരുന്നു. മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ വികാരി, കാതോലിക്കേറ്റ് ഹൈസ്ക്കൂൾ-കോളജ് എന്നിവയുടെ പ്രാരംഭ പ്രവർത്തകൻ. പല പള്ളികൾ സ്ഥാപിച്ചു. പരേതനായ ഫാ. റ്റി. ജി. ഏബ്രഹാം പുത്രനും ടി. ജി. ജോൺ കോർഎപ്പിസ്ക്കോപ്പാ പൗത്രനുമാണ്.

കെ. എം. മാത്യു തിരുവല്ല: കാവുംഭാഗം കണ്ടത്തിൽ കുടുംബാംഗം. തിരുവല്ലാ എം. ജി. എം., കോട്ടയം എം. ഡി. എന്നിവിടങ്ങളിൽ ഹെഡ് മാസ്റ്ററായിരുന്നു. അദ്ധ്യാപകർക്കുള്ള സംസ്ഥാന-ദേശീയ അവാർഡുകൾ നേടി. നിരണം സുവിശേഷസംഘം പ്രവർത്തകനും നല്ല പ്രഭാഷകനും ആണ്.

കെ. മാത്തൻ: മലയാള മനോരമയിൽ ചീഫ് സബ് എഡിറ്ററും നിയമകാര്യ വിദഗ്ദനുമായിരുന്ന കെ. മാത്തൻ (കരുനാട്ട്, കുറിച്ചി) ബി. എസ്. സി. കഴിഞ്ഞു അദ്ധ്യാപകനായി. എൽ. എൽ. ബി. പാസ്സായ ശേഷം ജേർണലിസം തെരഞ്ഞെടുത്തു. 1958, 1995 എന്നീ വർഷങ്ങളിലെ സഭാ കേസ് സംബന്ധിച്ച സുപ്രീംകോടതി വിധികളും 1990-ലെ ഹൈക്കോടതി വിധിയും സമർത്ഥമായി തർജ്ജമ ചെയ്ത് പുസ്തകങ്ങളാക്കി. മാത്തന്റെ Law Dictionary English and Malayalam എന്ന പ്രശസ്ത പുസ്തകം പെൻ ബുക്സ് ആണ് പ്രസാധനം ചെയ്തത്. ഭാര്യ ലീലാമ്മ മേപ്രാൽ കണിയാന്ത്ര കുടുംബാംഗമാണ്.

ഫാ. പി. ജോർജ്: കറ്റാനം പള്ളി ഇടവകാംഗം. 1958 മെയ് 18-ന് പ. ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായിൽ നിന്നു ശെമ്മാശുപട്ടവും 1966 ഡിസംബറിൽ മാത്യൂസ് മാർ കൂറിലോസിൽ നിന്നും വൈദികപട്ടവും ലഭിച്ചു. കറ്റാനത്തിനു സമീപത്തുള്ള 15-ൽ പരം പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയിൽ 1989 മുതൽ 2002

വരെ അംഗമായിരുന്നു. മാന്നാനം സെന്റ് ജോസഫ് ട്രെയിനിംഗ് കോളജ്, പത്തനാപുരം മൗണ്ട് താബോർ ട്രെയിനിംഗ് കോളജ്, കൊട്ടാരക്കര സെന്റ് ഗ്രീഗോറിയോസ് കോളജ് എന്നിവിടങ്ങളിൽ ലക്ചററായും പ്രിൻസിപ്പൽ ആയും സേവനം ചെയ്തു. A Background to Social studies and world affairs എന്ന പുസ്തകം Macmillan Publication, Madras 1970-ൽ പ്രസിദ്ധപ്പെടുത്തി.

ടി. എസ്. പൗലൂസ്: ഓണക്കൂർ വാളനടിയിൽ സ്കറിയാ കത്തനാരുടെ പുത്രനും കോട്ടയം മാർ ഏലിയാ ചാപ്പൽ മുൻ വികാരി ഫാ. ടി. എസ്. തോമസിന്റെ സഹോദരനും. ബാങ്കർ, കർഷക പ്രമുഖൻ, പഞ്ചായത്ത് മെമ്പർ തുടങ്ങി പല മേഖലകളിൽ പ്രശസ്ത സേവനം ചെയ്തു. കുടുംബംവക ഓണക്കൂർ ഓർത്തഡോക്സ് വലിയപള്ളി സഭയ്ക്ക് എഴുതിക്കൊടുത്തു. ഫാ. ജോർജ് പൗലോസ് (അമേരിക്ക) പുത്രനാണ്.

ഡോ. നഥനിയേൽ റമ്പാൻ: മാവേലിക്കര തഴക്കര വഴുവാടിതോപ്പിൽ എം. ജോർജിന്റെ പുത്രൻ. ജനനം 1953 ഫെബ്രുവരി 10. എം. എ., ബി. ഡി. ദൈവശാസ്ത്രം, തത്വശാസ്ത്രം, വേദപഠനം എന്നിവ സംബന്ധിച്ച 12 പുസ്തകങ്ങൾ രചിച്ചു. ഇപ്പോൾ സഭാ മിഷൻ ബോർഡ് സെക്രട്ടറി, എം. റ്റി. സി. പ്രിൻസിപ്പൽ, പുതുപ്പാടി സെന്റ് പോൾസ് ആശ്രമം സുപ്പീരിയർ, ദൈവശാസ്ത്രത്തിൽ ഈയിടെ ഡോക്ടറേറ്റ് നേടി.

ഉമ്മൻ ചാണ്ടി: പുതുപ്പള്ളി കരോട്ടുവള്ളക്കാലിൽ കെ. ഒ. ചാണ്ടിയുടെ പുത്രൻ. ബാലജനസഖ്യം, കെ. എസ്. യു., യൂത്ത് കോൺഗ്രസ് എന്നിവയിലൂടെ രാഷ്ട്രീയ രംഗത്ത് എത്തി. ബി. എ., എൽ. എൽ. ബി. 1970-ൽ സി. പി. എം. നേതാവായിരുന്ന ഇ. എം. ജോർജിനെ തോല്പിച്ചുകൊണ്ടു പുതുപ്പള്ളിയിൽ നിന്നു വിജയിച്ച ഉമ്മൻചാണ്ടി കഴിഞ്ഞ 38 വർഷമായി എം. എൽ. എ., യു. ഡി. എഫ്. കൺവീനർ, മന്ത്രി, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്. കറപുരളാത്ത ആദർശധീരനായ രാഷ്ട്രീയ നേതാവ്. ജനസമ്പർക്കവും, വ്യക്തിബന്ധവും അന്യൂനം നിലനിർത്തുന്ന സമുന്നത ലീഡർ. ഭാര്യ മറിയാമ്മ കാനറാ ബാങ്ക് ഉദ്യോഗസ്ഥ.

എൻജിനീയർ കെ. എം. മാത്യു: മേപ്രാൽ കട്ടപ്പുറത്ത് കുടുംബാംഗം. തിരു-കൊച്ചി പി. ഡബ്ല്യു. ഡി. ഡപ്യൂട്ടി ചീഫ് എൻജിനീയറായിരുന്നു. ഭാര്യ തിരുവല്ലാ കല്ലൂർ കുടുംബാംഗമായ കാവുംഭാഗം താഴ്ചയിൽ ശോശാമ്മ. മൂവാറ്റുപുഴയിൽ ജോലി ചെയ്യവേ ഔഗേൻ മാർ തീമോത്തിയോസ്, കാതോലിക്കാ പക്ഷത്തേക്കു വരുന്നതു സംബന്ധിച്ച കൂടിയാലോചനകളിൽ മാത്യു സജീവമായി പങ്കെടുത്തു. തക്കലയിൽ വച്ച് തിരുവാങ്കോട് പള്ളിയിൽ ആരാധന തുടങ്ങുന്ന കാര്യത്തിൽ മുൻകൈ എടുത്തു. തിരുവല്ലാ വേങ്ങൽ പള്ളി പുതുക്കിപ്പണിക്കു നേതൃത്വം നല്കി.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെയും, മാവേലിക്കര പുതിയകാവ് പള്ളിമേട തുടങ്ങി സഭ വക പല കെട്ടിടങ്ങളുടെയും പ്ലാനുകൾ വരച്ചു. നിർമ്മാണത്തിനു മേൽനോട്ടം വഹിച്ചു. ജസ്റ്റിസ് ജോൺ മാത്യു ആറു പുത്രന്മാരിൽ ഒരാളാണ്.

ഫാ. പൗലൂസ് റ്റി. പീറ്റർ: കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഇടവകയിൽ താമരച്ചാലിൽ ഫാ. റ്റി. ഐ. പീറ്ററിന്റെ പുത്രനായി 1947 മെയ് 21-ന് ജനിച്ചു. കോതമംഗലം മാർ അത്താനാസ്യോസ് കോളജിൽ നിന്ന് ബി. എസ്. സി. യും ആഗ്ര സെന്റ് ജോൺസ് കോളജ്, ന്യൂയോർക്ക് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്ന് എം. എ. ബിരുദങ്ങളും കരസ്ഥമാക്കി. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ജി. എസ്. റ്റി. യും സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്കോടെ ബി. ഡി. യും പാസ്സായി. 1969 സെപ്റ്റംബർ 6-ന് ശെമ്മാശ് പട്ടവും, 1989 ഡിസംബർ 28-ന് വൈദികപട്ടവും സ്വീകരിച്ചു. അന്തർദേശീയ സിവിൽ സർവ്വീസ് പരീക്ഷയിൽ രണ്ടാംറാങ്ക് കരസ്ഥമാക്കി 1975 ജൂൺ 2-ന് ഐക്യരാഷ്ട്ര സംഘടനയിൽ ഔദ്യോഗികജീവിതം ആരംഭിച്ചു. ഇപ്പോൾ യു. എൻ. സെക്രട്ടറി ജനറലിന്റെ എക്സിക്യൂട്ടീവ് ഓഫീസിന്റെ ഡപ്യൂട്ടി ചീഫ് ഓഫ് പ്രോട്ടോക്കോൾ ആയി പ്രവർത്തിക്കുന്നു. ബസ്കിയാമ്മ ഡോ. അമ്മു പൗലോസ് ന്യൂയോർക്ക് നാസു യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിൽ നിയോ നാറ്റോളജി വിഭാഗം അസിസ്റ്റന്റ് ഡയറക്ടറാണ്.

കെ. കെ. ജോൺ: കുറിച്ചി കോലത്തുകളത്തിൽ നെയ്ശ്ശേരിയിൽ കുരുവിളയുടെ പുത്രൻ. 1915 ജനു. 15-ന് ജനനം. ഗവ. എച്ച്. എസ്. ഹെഡ്മാസ്റ്ററായി 1971-ൽ റിട്ടയർ ചെയ്തശേഷം എം. ഡി. ആൻഡ് കാതോലിക്കേറ്റ് സ്കൂൾസ് കോർപ്പറേറ്റ് ഓഫീസ് സെക്രട്ടറിയായിരുന്നു. 1995 ഓഗസ്റ്റ് 31-നു നിര്യാതനായി. തിരുമൂലപുരം ബാലികാമഠം എച്ച്. എസ്. ഗവേണിംഗ് ബോർഡ് മെമ്പറും മുണ്ടകപ്പാടം മന്ദിരം കമ്മിറ്റിയംഗവും ആയിരുന്നു. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ പുത്രനാണ്.

തോമസ് നീലാർമഠം: സാഹിത്യകാരൻ. അദ്ധ്യാപകൻ. കാർത്തികപ്പള്ളി നീലാർമഠത്തിൽ കെ. തോമസിന്റെ പുത്രൻ. കമ്മ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷൻ, കെ. ടി. ഇടിക്കുള ഫൗണ്ടേഷൻ എന്നിവയുടെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ഏഴു ഗ്രന്ഥങ്ങൾ രചിച്ചു. 12 ഗ്രന്ഥങ്ങൾ എഡിറ്റ് ചെയ്തു.

വിപിൻ കെ. വർഗീസ്: സഭാചരിത്ര ഗവേഷകൻ. സൗത്ത് പാമ്പാടി സെന്റ് തോമസ് ഇടവകയിലെ കുരയ്ക്കവയലിൽ വർഗീസിന്റെ പുത്രൻ. യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന കമ്മറ്റിയംഗം. 'ദക്ഷിണധ്വനി'യുടെ പത്രാധിപർ.